കേരള സർക്കാർ

# സാമ്പത്തിക അവലോകനം 2021

## വാല്യം 1

മാർച്ച് 2022

കേരള സംസ്ഥാന ആസൂത്രണ ബോർഡ്



കേരള സർക്കാർ

# സാമ്പത്തിക അവലോകനം 2021

കേരള സംസ്ഥാന ആസൂത്രണ ബോർഡ്,

തിരുവനന്തപുരം, കേരളം, ഇന്ത്യ

മാർച്ച് 2022

**വാല്യം 1**

**സാമ്പത്തിക അവലോകനം 2021**
കേരള സംസ്ഥാന ആസൂത്രണ ബോർഡ് തിരുവനന്തപുരം, കേരളം, ഇന്ത്യ

ഡിസൈൻ & ലേഔട്ട്: **സി-ഡിറ്റ്, www.cdit.org**

# മുഖവുര

2021 മെയ് മാസത്തിൽ, 44 വർഷത്തിനു ശേഷം, സംസ്ഥാനത്ത് ഒരു സർക്കാരിനെ ജനങ്ങൾ വീണ്ടും തിരഞ്ഞെടുത്തതിലൂടെ കഴിഞ്ഞ അഞ്ച് വർഷത്തെ സാമ്പത്തിക നയത്തിന് അംഗീകാരം ലഭിക്കുകയാണ് ഉണ്ടായത്. ജനങ്ങൾ സർക്കാരിലുള്ള വിശ്വാസം ആവർത്തിച്ച് ഉറപ്പിക്കുകയും നയസമീപനത്തിൽ തുടർച്ച ഉറപ്പാക്കുകയും ചെയ്തു.

കഴിഞ്ഞ അഞ്ചുവർഷക്കാലം മുൻകാലങ്ങളെ അപേക്ഷിച്ച് പലതരത്തിലുള്ള വെല്ലുവിളികൾ നിറഞ്ഞതായിരുന്നു. തീവ്രമായ കാലാവസ്ഥാ ദുരന്തസംഭവങ്ങൾ ഉണ്ടായി: 2017–ൽ വെള്ളപ്പൊക്കവും 2018 ലും 2019 ലും വെള്ളപ്പൊക്കവും മണ്ണിടിച്ചിലുമുണ്ടായി. സംസ്ഥാനത്തെ രണ്ടു ജില്ലകളിൽ 2018–ൽ നിപ്പ വൈറസ് ബാധയുണ്ടായി. 2016 ലെ നോട്ടുനിരോധനവും 2017–ൽ ജി.എസ്.ടി നടപ്പിലാക്കിയതും സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയിൽ പുതിയ സമ്മർദ്ദങ്ങൾക്കു കാരണമായി. മറ്റു സ്ഥലങ്ങളിലെന്നപോലെ കേരളത്തിലും കോവിഡ്–19 മഹാമാരിയുമായി ബന്ധപ്പെട്ട പ്രതിസന്ധി മുമ്പെങ്ങുമില്ലാത്തവിധം അനിശ്ചിതത്വം സൃഷ്ടിച്ചു.

അഞ്ചുവർഷമായി കേരള സർക്കാരിന് പലവിധ വെല്ലുവിളികൾ അഭിമുഖീകരിക്കേണ്ടിവന്നെങ്കിലും സമ്പദ് വ്യവസ്ഥയുടെ വിവിധ മേഖലകളിൽ ഹ്രസ്വകാല, ഇടക്കാല, ദീർഘകാല നേട്ടങ്ങൾ കൈവരിച്ചു. കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ പൊതുവിദ്യാഭ്യാസം; ആരോഗ്യ സേവനങ്ങളുടെ ലഭ്യത; പാവപ്പെട്ടവർക്കും ഭവനരഹിതർക്കും വീട് നിർമ്മിക്കുന്നതിൽ ഒരു പുതിയ കാഴ്ചപ്പാടും നേട്ടവും; അടിസ്ഥാനസൗകര്യ വികസനത്തിൽ ഒരു പരിവർത്തനം; കൃഷി, വ്യവസായം, വിവരസാങ്കേതികവിദ്യ, വിനോദസഞ്ചാരം എന്നിവയ്ക്ക് പുതിയൊരു ഊന്നൽ; പ്രാദേശിക സർക്കാരുകളുടെ ശാക്തീകരണം; സാമൂഹിക സുരക്ഷയുടെയും സ്ത്രീശാക്തീകരണത്തിന്റെയും മെച്ചപ്പെടുത്തൽ എന്നീകാര്യങ്ങളിൽ പതിറ്റാണ്ടുകൾക്കിടയിലെ ഏറ്റവും വലിയ മാറ്റങ്ങളാണ് ഉണ്ടായത്.

കേരളം, പ്രത്യേകിച്ച് സമീപകാലത്ത്, മിക്ക സൂചികകളിലും സംസ്ഥാനങ്ങളുടെ റാങ്കിംഗിൽ ഒന്നാമതെത്തിയിട്ടുണ്ട്, അല്ലെങ്കിൽ ആദ്യ അഞ്ച് സംസ്ഥാനങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ട്. തുടർച്ചയായി മൂന്നുവർഷം (2018, 2019, 2020) എസ്.ഡി.ജി ഇന്ത്യ സൂചികയിൽ ഒന്നാംസ്ഥാനത്താണ് കേരളം. നീതി ആയോഗിന്റെ ബഹുമുഖ ദാരിദ്ര്യ സൂചിക പ്രകാരം കേരളത്തിലെ പ്രതിശീർഷ അനുപാതം 0.71 ശതമാനമാണ്, ഇത് രാജ്യത്തെ സംസ്ഥാനങ്ങളിലെ ഏറ്റവും താഴ്ന്ന നിരക്കാണ്. ഇന്ത്യ നൈപുണ്യ റിപ്പോർട്ട് 2022 യുവാക്കളുടെ തൊഴിൽ ക്ഷമതയുടെ കാര്യത്തിൽ സംസ്ഥാനങ്ങളിൽ കേരളത്തിന് മൂന്നാം സ്ഥാനമാണ് നൽകിയിരിക്കുന്നത്.

ആസൂത്രിത സാമ്പത്തിക വികസനമാണ് ഈ നേട്ടങ്ങളുടെ കേന്ദ്രബിന്ദു. കേരള സംസ്ഥാനം ആസൂത്രണ പ്രക്രിയയിൽ കർശനമായിട്ടും പ്രതിജ്ഞാബദ്ധമായിരിക്കുന്നു. കേരള സർക്കാരിപ്പോൾ പതിനാലാം പഞ്ചവത്സര പദ്ധതി (2022–27) ആവിഷ്കരിക്കുകയാണ്.

വാക്സിനുകൾ വികസിപ്പിക്കുന്നതിന്റെയും കോവിഡ്–19 മഹാമാരിക്കെതിരായ വാക്സിൻ വിതരണത്തിന്റെയും പശ്ചാത്തലത്തിൽ 2021 ശുഭാപ്തിവിശ്വാസത്തോടെയാണ് ആരംഭിച്ചതെങ്കിലും സാമ്പത്തിക പ്രവർത്തനങ്ങൾ ഏറെക്കുറെ മന്ദഗതിയിലായിരുന്നു. പ്രതിസന്ധിയിൽ നിന്ന് ഒരു പരിധിവരെ രക്ഷപ്പെട്ടുനിന്നത് കാർഷിക മേഖലയായിരുന്നു.

പ്രത്യേകിച്ചും മൃഗവിഭവ മേഖല വളർച്ച  രേഖപ്പെടുത്തുകയുണ്ടായി. വ്യാവസായിക മേഖലയോടൊപ്പം പ്രവർത്തിക്കുകയും പ്രാദേശിക സർക്കാരുകളുടെ ശക്തി പ്രയോജനപ്പെടുത്തിയും പ്രതിസന്ധിഘട്ടങ്ങളിൽ വളർച്ചയെ പുനരുജ്ജീവിപ്പിക്കാനും നിലനിർത്താനുമുള്ള കൃഷി, മത്സ്യബന്ധനം, മൃഗവിഭവങ്ങൾ എന്നിവയുടെ സാധ്യതകൾ മഹാമാരിയുടെ തുടക്കത്തിൽത്തന്നെ കേരള സർക്കാർ തിരിച്ചറിഞ്ഞു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സുഭിക്ഷ കേരളം പരിപാടി മഹാമാരിയുടെ പ്രാരംഭ ഘട്ടത്തിൽ ആരംഭിച്ചു.

സാമ്പത്തിക ഉത്തേജനം നൽകുന്നതിന് സർക്കാരിന്റെ ആദ്യകാല ഇടപെടലുകൾ ഇല്ലായിരുന്നുവെങ്കിൽ വളർച്ചാനിരക്ക് വളരെയധികം കുറയുമായിരുന്നു. 2021 ജൂൺ മാസത്തിൽ 20,000 കോടി രൂപയുടെ രണ്ടാം സാമ്പത്തിക പാക്കേജ് പ്രഖ്യാപിച്ചു. ആദ്യ പാക്കേജ് പ്രഖ്യാപിച്ചത് 2020 മാർച്ച് മാസത്തിലാണ് (കേരളമാണ് ഉത്തേജക പാക്കേജ് നടപ്പിലാക്കിയ ആദ്യ സംസ്ഥാനം). അതിനു പുറമേ, ചെറുകിട വ്യവസായങ്ങൾക്കായി 5,650 കോടി രൂപയുടെ പുനരുജ്ജീവന പാക്കേജും പ്രഖ്യാപിച്ചു. സർക്കാർ പൊതുജനാരോഗ്യ കേന്ദ്രങ്ങളിൽ  എല്ലാവർക്കും സൗജന്യ ആരോഗ്യ പരിചരണം മുടങ്ങാതെ നൽകിക്കൊണ്ടിരുന്നു. ആരും പട്ടിണി കിടക്കരുത് എന്നുറപ്പുവരുത്തി എല്ലാവർക്കും ഭക്ഷണ കിറ്റുകൾ വിതരണം ചെയ്തു. നൂറുദിന പരിപാടികളിലൂടെ സാമ്പത്തിക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിച്ചു. തൊഴിൽ സൃഷ്ടിക്കലും ഉപജീവന മാർഗ്ഗം സൃഷ്ടിക്കലും എല്ലാ സർക്കാർ ഉദ്യമങ്ങളുടെയും പ്രധാന ദൗത്യമായിരുന്നു. 2021 ൽ സർക്കാർ നവകേരളം പദ്ധതിയുടെ രണ്ടാംഘട്ടം ആരംഭിച്ചു. വിനോദസഞ്ചാരം മഹാമാരിക്കുശേഷമുള്ള പുനരുജ്ജീവനത്തിൽ ഒരു പ്രധാന പങ്കുവഹിക്കും. ഈ മേഖലയിലെ ആദ്യശ്രമങ്ങളുടെ ഭാഗമായി 2021–ൽ കാരവൻ ടൂറിസനയം പ്രഖ്യാപിച്ചു.


സംസ്ഥാന സർക്കാർ ഈ ചെലവുകളെല്ലാം ഏറ്റെടുത്തത് കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള സാമ്പത്തിക പരിമിതികൾക്കുള്ളിലാണ്. അടുത്ത വർഷങ്ങളിൽ സാമ്പത്തിക പരിമിതികൾ കൂടുതൽ കർശനമായേക്കാം. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത റവന്യൂ കമ്മി ഗ്രാന്റുകൾ 2023–24 നുശേഷം നിർത്തലാക്കും. ജി.എസ്.ടി നഷ്ടപരിഹാരം 2022 ജൂണിൽ അവസാനിച്ചേക്കാം. കൂടാതെ സംസ്ഥാനങ്ങൾക്ക് അനുവദിച്ചിട്ടുള്ള കടമെടുക്കൽ പരിധി 2025–26 മുതൽ 3 ശതമാനം എന്നതിലേക്ക് തിരികെകൊണ്ടുവരും. ഈ സാഹചര്യത്തിൽ സമ്പദ്‌വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കാനുള്ള കോവിഡാനന്തര വീണ്ടെടുക്കൽ പരിശ്രമങ്ങളിൽ നാം ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. സമ്പദ് വ്യവസ്ഥയുടെ സുസ്ഥിര വളർച്ച  പ്രോത്സാഹിപ്പിക്കുന്നതിനുള്ള കർത്തവ്യം മാറ്റിവയ്ക്കാനാവില്ല.

ഈ വർഷത്തെ പ്രമേയ അധ്യായം കേരളത്തിലെ ജനകീയാസൂത്രണത്തിന്റെ 25 വർഷം  എന്ന വിഷയമാണ്. കേരളം പ്രാദേശിക ഭരണത്തിന്റെ കാര്യത്തിൽ മാതൃകാ സംസ്ഥാനമാണ്. കാലക്രമേണ പ്രാദേശിക സർക്കാരുകൾ ജനപങ്കാളിത്തത്തിന്റെയും പ്രാദേശിക ജനാധിപത്യത്തിന്റെയും ശക്തമായ മാധ്യമങ്ങളായി പരിണമിച്ചു. പ്രാദേശിക സർക്കാരുകൾ വികസനത്തിന്റെ ഫലങ്ങൾ ജനങ്ങളിലെത്തിക്കുകയും പ്രതിസന്ധി ഘട്ടങ്ങളിൽ മാതൃകാപരമായ പങ്ക് വഹിക്കുകയും ചെയ്തു. അടുത്ത 25 വർഷത്തിനുള്ളിൽ പ്രാദേശിക സർക്കാരുകളും വളർച്ചയുടെ എഞ്ചിനുകളായി ഉയർന്നുവരണം.

മുൻ വർഷങ്ങളിലെന്നപോല, സാമ്പത്തിക അവലോകനത്തിൽ സർക്കാർ വകുപ്പുകളുടെ നയങ്ങളും പരിപാടികളും സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുന്നു. ഇത് വിവിധ വകുപ്പുകളുടെ പ്രകടനത്തെക്കുറിച്ചും വരുംവർഷങ്ങളിൽ കൈകാര്യം ചെയ്യേണ്ട പ്രശ്നങ്ങളെക്കുറിച്ചും ചർച്ചചെയ്യുന്നു. മേഖലകളിലെ പ്രധാനപ്പെട്ട നേട്ടങ്ങൾ ബന്ധപ്പെട്ട ഭാഗത്ത് പ്രാധാന്യത്തോടെ അവതരിപ്പിച്ചിരിക്കുന്നു.

അവലോകനം രണ്ടു വാല്യങ്ങളിലായി അവതരിപ്പിക്കുന്നു. വാല്യം 1–ൽ സർക്കാർ വകുപ്പുകളുടെ നയങ്ങൾ, പരിപാടികൾ, നേട്ടങ്ങൾ എന്നിവ ഉൾപ്പെടുന്നു. വാല്യം 2 അനുബന്ധ സ്ഥിതിവിവര കണക്കുകൾ അവതരിപ്പിക്കുന്നു. സാമ്പത്തിക അവലോകനം 2021 ഇംഗ്ലീഷിലും മലയാളത്തിലും പ്രസിദ്ധീകരിക്കുന്നു. ഡിജിറ്റൽ പതിപ്പ് സംസ്ഥാന ആസൂത്രണ ബോർഡിന്റെ വെബ്സൈറ്റായ www.spb.kerala.gov.in –ൽ അപ് ലോഡ് ചെയ്യും.

വി കെ രാമചന്ദ്രൻ



വൈസ് ചെയർപേഴ്സൺ
ഫെബ്രുവരി 1, 2022

# ഉള്ളടക്കം


| | | |
|---|---|---|
| | **കേരളം ഒറ്റനോട്ടത്തിൽ** | vii |
| | **കേരളത്തിന്റെ സാമൂഹിക-സാമ്പത്തിക സൂചികകൾ – ദ്രുതവീക്ഷണം** | xv |
| | **ജില്ലകൾ – അവലോകനം** | xix |
| | **പട്ടികകൾ** | xxi |
| | **ബോക്സുകൾ** | xxix |
| | **ചിത്രങ്ങൾ** | xxxv |
| **അദ്ധ്യായം 1** | **കേരള സമ്പദ് വ്യവസ്ഥ** | **1** |
| **1.1** | സ്ഥൂല സാമ്പത്തിക രംഗത്തെ സമീപകാല പ്രവണതകൾ | 3 |
| **1.2** | ജനസംഖ്യ വിവരണം | 13 |
| **1.3** | ദാരിദ്ര്യത്തിന്റെ സൂചകങ്ങൾ | 18 |
| **1.4** | വികസന ഉദ്യമങ്ങളിൽ ധനകാര്യ സ്ഥാപനങ്ങളുടെ പങ്ക് | 21 |
| **1.5** | സംസ്ഥാനത്തിന്റെ ധനസ്ഥിതി | 28 |
| **1.6** | വാർഷിക പദ്ധതി 2021–22 | 36 |
| **അദ്ധ്യായം 2** | **കേരളത്തിലെ അധികാര വികേന്ദ്രീകരണത്തിന്റെ ഇരുപത്തിയഞ്ച് വർഷങ്ങൾ** | **41** |
| **അദ്ധ്യായം 3** | **കൃഷിയും അനുബന്ധ മേഖലകളും** | **61** |
| **3.1** | കാർഷികമേഖല | 63 |
| **3.2** | സഹകരണം | 87 |
| **3.3** | കന്നുകാലി വികസനം | 96 |
| **3.4** | മത്സ്യ വികസനം | 112 |
| **3.5** | ജലവിഭവങ്ങൾ | 119 |
| **3.6** | വനം – വന്യജീവി സംരക്ഷണം | 126 |
| **3.7** | പരിസ്ഥിതി | 136 |
| **3.8** | ഭക്ഷ്യസുരക്ഷയും പൊതുവിതരണ സമ്പ്രദായവും | 147 |
| **അദ്ധ്യായം 4** | **ഉല്പന്ന നിർമ്മാണ മേഖല** | **153** |
| **4.1** | വ്യാവസായിക മേഖല | 155 |
| **4.2** | ഉല്പന്ന നിർമ്മാണ മേഖല | 159 |
| **4.3** | പൊതുമേഖലാ സ്ഥാപനങ്ങൾ | 162 |
| **4.4** | സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ | 172 |
| **4.5** | ഭക്ഷ്യ സംസ്കരണം | 180 |

| | | |
|---|---|---|
| 4.6 | പരമ്പരാഗത വ്യവസായങ്ങൾ | 182 |
| **അദ്ധ്യായം 5** | **സേവന മേഖല** | **205** |
| 5.1 | വിവരസാങ്കേതിക വിദ്യ | 207 |
| 5.2 | ശാസ്ത്ര സേവനങ്ങളും ഗവേഷണവും | 220 |
| 5.3 | വിനോദ സഞ്ചാരം | 235 |
| 5.4 | വിദേശ വ്യാപാരം | 246 |
| 5.5 | പൊതു സേവനങ്ങൾ | 255 |
| 5.6 | ജനങ്ങളിലേക്ക് | 264 |
| **അദ്ധ്യായം 6** | **മാനവ വികസനം** | **269** |
| 6.1 | വിദ്യാഭ്യാസം | 271 |
| 6.2 | വൈദ്യ ശുശ്രൂഷയും പൊതുജനാരോഗ്യവും | 290 |
| 6.3 | ജനസംഖ്യ ഘടനയിലെ മാറ്റങ്ങൾ | 311 |
| **അദ്ധ്യായം 7** | **തൊഴിലും സാധ്യതകളും** | **317** |
| 7.1 | തൊഴിലും തൊഴിലാളി ക്ഷേമവും | 319 |
| 7.2 | തൊഴിൽ | 329 |
| 7.3 | നൈപുണ്യ വികസനം | 338 |
| **അദ്ധ്യായം 8** | **സാമൂഹിക ഉൾച്ചേർക്കൽ – ഉദ്യമങ്ങൾ** | **349** |
| 8.1 | ലിംഗ പദവിയും വികസനവും | 351 |
| 8.2 | സാമൂഹിക – സാമ്പത്തിക ദുർബലതകളെ അഭിമുഖീകരിക്കൽ | 369 |
| 8.3 | സാമൂഹ്യ സുരക്ഷാ സംവിധാനങ്ങൾ | 383 |
| **അദ്ധ്യായം 9** | **കല, സംസ്കാരം, കായികം** | **395** |
| 9.1 | കലയും സംസ്കാരവും | 397 |
| 9.2 | കായികവും യുവജനകാര്യവും | 405 |
| **അദ്ധ്യായം 10** | **പ്രവാസി മലയാളികൾ** | **415** |
| **അദ്ധ്യായം 11** | **പശ്ചാത്തല സൗകര്യം** | **423** |
| 11.1 | ഗതാഗതം | 425 |
| 11.2 | ഊർജ്ജം | 455 |
| 11.3 | വാർത്താവിനിമയം | 466 |
| 11.4 | കുടിവെള്ളം | 470 |
| 11.5 | ഭവന നിർമ്മാണം | 480 |
| 11.6 | നവകേരള നിർമ്മാണം | 484 |
| 11.7 | കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി) | 489 |
| 11.8 | കാസറഗോഡ് വികസന പാക്കേജ് | 493 |
| **അദ്ധ്യായം 12** | **പ്രാദേശിക സർക്കാരും വികേന്ദ്രീകൃത ആസൂത്രണവും** | **495** |
| | ശബ്ദാവലി | **533** |
| | ചുരുക്കപ്പേരുകൾ | **535** |

# കേരളം ഒറ്റനോട്ടത്തിൽ

കോവിഡ്–19, അതിന്റെ ഭാഗമായ നിയന്ത്രണ നടപടികൾ എന്നിവയുടെ ഫലമായി കേരളത്തിന്റെ സാമ്പത്തിക വളർച്ചയിൽ രാജ്യത്തിന്റെയും ലോകത്തിന്റെയും പല ഭാഗങ്ങളിലെയും പോലെ ഇടിവുണ്ടായി. ത്വരിത കണക്കുകൾ പ്രകാരം മൊത്ത സംസ്ഥാന സംയോജിത മൂല്യം (സ്ഥിര വിലയിൽ) 2019–20–ലെ 2.19 ശതമാനം എന്ന് നിലയിൽ നിന്നു 2020–21–ൽ (–)8.16 ശതമാനത്തിലേക്ക് താഴ്ന്നു. നടപ്പു വിലയിൽ, മൊത്ത സംസ്ഥാന സംയോജിത മൂല്യം 2019–20–ലെ 5.28 ശതമാനം വളർച്ചയിൽ നിന്നു 2020–21–ൽ (–)2.54 ശതമാനമായി കുറഞ്ഞു. മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപന്ന വളർച്ചയിലെ ഇടിവ് സ്ഥിര വിലയിൽ (–)9.20 ശതമാനവും നടപ്പ് വിലയിൽ (–)3.01 ശതമാനവും ആണ്. 2019–20–ൽ പ്രസ്തുത വളർച്ചാ നിരക്കുകൾ യഥാക്രമം 2.22 ശതമാനവും 4.58 ശതമാനവുമായിരുന്നു.

ത്വരിത കണക്കുകൾ പ്രകാരം നടപ്പു വിലയിൽ പ്രാഥമിക മേഖല 2020–21–ൽ 6.28 ശതമാനം വളർച്ച രേഖപ്പെടുത്തി. ഉത്പാദന, സേവന മേഖലകളിലെ വളർച്ച യഥാക്രമം (–)3.71 ശതമാനവും (–)3.64 ശതമാനവുമായിരുന്നു. വ്യവസായം, വ്യാപാരം, അറ്റകുറ്റ സേവനങ്ങൾ, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, നിർമ്മാണം, റോഡ് ഗതാഗതം, സാമ്പത്തിക സേവനങ്ങൾ, പൊതുഭരണം എന്നിവ ഉൾപ്പെടെയുള്ള മേഖലകൾ ബാധിക്കപ്പെട്ടു. സമ്പദ് വ്യവസ്ഥയുടെ ചാലക ശക്തികളായ മേഖലകളെയാണ് പകർച്ചവ്യാധിയും തൽഫലമായി കഴിഞ്ഞ രണ്ട് വർഷമായി നിലനിൽക്കുന്ന അടച്ചിടലും പ്രധാനമായി ബാധിച്ചത്.

2018 ലും 2019 ലും മുൻ ദൃഷ്ടാന്തമില്ലാത്ത തരത്തിലുള്ള വെള്ളപ്പൊക്കം ബാധിച്ച സംസ്ഥാന സമ്പദ്‌വ്യവസ്ഥയെ കോവിഡ്–19 പകർച്ചവ്യാധി വീണ്ടും പിന്നോട്ട് കൊണ്ടുപോയി. കാലാവസ്ഥാ വ്യതിയാനങ്ങളുടെ ആഘാതങ്ങൾക്കും 2021 അതിവൃഷ്ടിക്കും സംസ്ഥാനം സാക്ഷ്യം വഹിച്ചു. 2021 മാർച്ച് 1 മുതൽ 2021 മെയ് 31 വരെ സംസ്ഥാനത്തു ലഭിച്ച കാലവർഷപൂർവ്വ മഴ സാധാരണ ലഭ്യമാക്കുന്നതിൽ നിന്നു 111 ശതമാനം അധികമായിരുന്നു. വടക്ക് കിഴക്കൻ കാലവർഷ കാലഘട്ടത്തിൽ സംസ്ഥാനത്ത് സാധാരണ ലഭിച്ചിരുന്നത് 456.6 മില്ലീമീറ്റർ മഴയായിരുന്നെങ്കിൽ 2021 ഒക്ടോബർ 1 മുതൽ നവംബർ 30 വരെയുള്ള വടക്ക് കിഴക്കൻ കാലവർഷ കാലഘട്ടത്തിൽ 981 മില്ലീമീറ്റർ മഴ ലഭിച്ചു, ഇത് 114 ശതമാനത്തിന്റെ വ്യതിയാനമാണ്. കാലാവസ്ഥാ വ്യതിയാന ആഘാതങ്ങൾ വളർച്ചാ ക്രമത്തെ ബാധിക്കുകയും സംസ്ഥാനത്തിന്റെ സുസ്ഥിര വികസനത്തിനു ഗുരുതരമായ ഭീഷണി ഉയർത്തുകയും ചെയ്യുന്നു.

ഇടക്കിടെ കേരള സർക്കാർ പ്രഖ്യാപിച്ചുകൊണ്ടിരുന്ന സാമ്പത്തിക ഉത്തേജക പാക്കേജുകളുടെ അഭാവത്തിൽ വളർച്ചാ മുരടിപ്പ് കൂടുതൽ ശക്തമാക്കുമായിരുന്നു. 2020 മാർച്ചിലും 2021 ജൂണിലും 20,000 കോടി രൂപയുടെ രണ്ട് സാമ്പത്തിക ഉത്തേജക പാക്കേജുകൾ സർക്കാർ പ്രഖ്യാപിച്ചു. കൂടാതെ, 2021 ജൂലൈയിൽ ചെറുകിട വ്യവസായങ്ങളെ പിന്തുണയ്ക്കു ന്നതിനായി 5,650 കോടി രൂപയുടെ അനുബന്ധ പാക്കേജും പ്രഖ്യാപിച്ചു. സാമ്പത്തിക പ്രവർത്തനങ്ങൾ കർശനമായി നിയന്ത്രിക്കപ്പെട്ടിരുന്ന കാലത്ത് വളർച്ചയെ ഉത്തേജിപ്പിക്കാൻ ഉത്തേജക പാക്കേജുകൾ സഹായകമായി.

വളർച്ചയിൽ ഇടിവുണ്ടായിട്ടും, 2020–21–ലെ പ്രതിശീർഷ മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപന്ന കണക്കുകൾ പ്രകാരം, അഖിലേന്ത്യാ ശരാശരിയുടെ 1.5 മടങ്ങ് അധികം വരുമാനമുള്ള താരതമ്യേന ഉയർന്ന വരുമാനമുള്ള സംസ്ഥാനമായി കേരളം തുടരുന്നു. ദാരിദ്ര്യത്തിന്റെ കാര്യത്തിൽ, നീതി ആയോഗിന്റെ ആദ്യത്തെ ബഹുമുഖ ദാരിദ്ര്യ സൂചിക റിപ്പോർട്ട് പ്രകാരം, ഇന്ത്യയിലെ ഏറ്റവും ദാരിദ്ര്യം കുറഞ്ഞ സംസ്ഥാനമാണ് കേരളം.

മുമ്പ് സൂചിപ്പിച്ചതുപോലെ, പകർച്ചവ്യാധിയും സാമ്പത്തിക തളർച്ചയും ബാധിച്ച സമ്പദ് വ്യവസ്ഥയെ പുനരുജ്ജീവിപ്പി ക്കാൻ സംസ്ഥാനം ഒരു പ്രതി–ചാക്രിക സാമ്പത്തിക നയം സ്വീകരിക്കുകയും വിവിധ ഉത്തേജക പാക്കേജുകളിലൂടെ സമ്പദ് വ്യവസ്ഥയിലേക്ക് പണം കടത്തിവിടുകയും ചെയ്തു. അവശ്യ സേവനങ്ങളും സാധനങ്ങളും പണവും നൽകി സമൂഹത്തിലെ ഏറ്റവും ദുർബലവിഭാഗങ്ങൾക്ക് ആശ്വാസം നൽകുന്നതിന് സർക്കാർ രംഗത്തിറങ്ങി. നിലവിലുള്ള ധനപരമായ പരിമിതികൾക്കുള്ളിൽ നിന്നു കൊണ്ടുതന്നെ സാമ്പത്തിക വീണ്ടെടുപ്പിനും വളർച്ചയ്ക്കും സംസ്ഥാനം മുൻഗണന നൽകി. 2020–21–ൽ റവന്യൂ കമ്മി/ മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപന്ന അനുപാതം 2019–20–ലെ 1.76 ശതമാനത്തിൽ നിന്നു 2.51 ശതമാനമായി ഉയർന്നു. ബജറ്റ് കണക്കുകൾ പ്രകാരം 2021–22–ലെ റവന്യൂ കമ്മി/ മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപന്ന അനുപാതം 1.93 ശതമാനമായി കണാകാക്കുന്നു. 2019–20 ൽ 2.89 ശതമാനമായിരുന്ന ധനക്കമ്മി/ മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപന്ന അനുപാതം, 2020–21–ൽ 4.40 ശതമാനമായി വർദ്ധിക്കുകയും 2021–22–ൽ ഇത് 3.5 ശതമാനമായതായും കണകാക്കുന്നു. പ്രസ്തുത വർദ്ധനവ് കേന്ദ്ര സർക്കാർ സംസ്ഥാനത്തിന്റെ കടമെടുക്കൽ പരിധി മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപന്നത്തിന്റെ 3 ശതമാനം എന്ന നിലയിൽ നിന്ന് 5 ശതമാനമായി ഉയർത്തിയതിന്റെ പശ്ചാത്തലത്തിലാണ് എന്നത് ശ്രദ്ധേയമാണ്.

2020–21–ൽ മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപന്നത്തിന്റെ അനുപാതം എന്ന നിലയിൽ സംസ്ഥാനത്തിന്റെ വരുമാനം 2019–20–ലെ 10.94 ശതമാനത്തിൽ നിന്ന് 12.21 ശതമാനമായി നേരിയ തോതിൽ വർദ്ധിച്ചു. സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനവും സംസ്ഥാനത്തിന്റെ തനത് നികുതിയേതര വരുമാനവും യഥാക്രമം 5.3 ശതമാനവും 40 ശതമാനവും കുറഞ്ഞിട്ടും, റവന്യൂ കമ്മി ഗ്രാന്റുകൾ വഴിയും ചരക്ക് സേവന നികുതി നഷ്ടപരിഹാരത്തിലൂടെയും കേന്ദ്രത്തിൽ നിന്നു ലഭിച്ച വരുമാനത്തിൽ വർദ്ധനവുണ്ടായതിനാൽ സംസ്ഥാനത്തിന്റെ വരുമാനം 8.2 ശതമാനം വർദ്ധിച്ചു. എന്നിരുന്നാലും, പതിനഞ്ചാം ധനകാര്യ കമ്മീഷൻ കാലയളവിൽ നികുതി വിഹിതത്തിൽ സംസ്ഥാനത്തിന്റെ വിഹിതം 14–ാം ധനകാര്യ

കമ്മീഷൻ കാലയളവിലെ 2.5 ശതമാനത്തിൽ നിന്ന് 1.925 ശതമാനമായി ചുരുങ്ങി എന്നത് കേരളത്തെ സംബന്ധിച്ച് ആശങ്കാജനകമാണ്. ഇത് സംസ്ഥാനത്തിന്റെ വരുമാനത്തിൽ ഗണ്യമായ നഷ്ടമുണ്ടാക്കും. മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപന്നത്തിന്റെ അനുപാതം എന്ന നിലയിൽ മൂലധനവിഹിതം 2019–20–ലെ 1.03 ശതമാനത്തിൽ നിന്ന് 2020–21–ൽ 1.61 ശതമാനമായി നേരിയ തോതിൽ വർദ്ധിച്ചു, 2019–20 നെ അപേക്ഷിച്ച് 2020–21–ൽ മൂലധന ചെലവ് 11 ശതമാനം വർദ്ധിച്ചു.

സാമ്പത്തിക മേഖലയിലുണ്ടായ തടസങ്ങൾ സമ്പദ് വ്യവസ്ഥയിലെ വിലകളുടെ പ്രവണതകളെ ബാധിച്ചു. 2021 ജനുവരി മുതൽ സെപ്റ്റംബർ വരെ അഖിലേന്ത്യാ ഉപഭോക്തൃ വില സൂചിക പ്രകാരമുള്ള പണപ്പെരുപ്പം 4.06 ശതമാനത്തിനും 6.3 ശതമാനത്തിനും ഇടയിൽ ചാഞ്ചാട്ടകയുണ്ടായി. ഇതേ കാലയളവിൽ കേരളത്തിൽ ഉപഭോക്തൃ വില സൂചിക പ്രകാരമുള്ള പണപ്പെരുപ്പം കുറവായിരുന്നു, അതു 4.04 ശതമാനത്തിനും 5.85 ശതമാനത്തിനും ഇടയിൽ ആയിരുന്നു. കോവിഡ്–19 പകർച്ചവ്യാധിയുടെ സമയത്ത് പുനരുജ്ജീവന തന്ത്രത്തിന്റെ ഒരു പ്രധാന ഭാഗം സമ്പദ് വ്യവസ്ഥയുടെ വായ്പാ പ്രേരിത വളർച്ചയായിരുന്നു. സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റിയുടെ കണക്കുകൾ പ്രകാരം, മാർച്ച് 2020 നെ അപേക്ഷിച്ച് 2021–ൽ സംസ്ഥാനത്തെ വാണിജ്യ ബാങ്കുകളും സഹകരണ ബാങ്കുകളും വിതരണം ചെയ്ത തുകയിൽ 8.28 ശതമാനം വർദ്ധനവ് ഉണ്ടായി. 2019 മാർച്ചിനെ അപേക്ഷിച്ച 2020 മാർച്ചിൽ രേഖപ്പെടുത്തിയ 7.6 ശതമാനം വളർച്ചയേക്കാൾ കൂടുതലായിരുന്നു ഇത്. എന്നിരുന്നാലും, കേരളത്തിലെ വായ്പാ നിക്ഷേപ അനുപാതം ആശങ്കാജനകമാണ്. ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളുടെ വായ്പാ നിക്ഷേപ അനുപാതം 2020–ലെ 64.26 ശതമാനത്തിൽ നിന്ന് 2021–ൽ 61.52 ശതമാനമായി കുറഞ്ഞു. ഇതു അഖിലേന്ത്യാ ശരാശരിയായ 71.47 ശതമാനത്തേക്കാൾ കുറവാണ്.

മേഖലാധിഷ്ഠിത വളർച്ച പരിശോധിക്കുകയാണെങ്കിൽ, 2019–20 നെ അപേക്ഷിച്ച് 2020–21–ൽ സംസ്ഥാനത്തെ കാർഷിക മേഖല പുരോഗതി പ്രകടിപ്പിച്ചു. സാമ്പത്തിക സ്ഥിതിവിവര കണക്ക് ഡയറക്ടറേറ്റിൽ നിന്നുള്ള കണക്കുകൾ പ്രകാരം, മൊത്ത സംസ്ഥാന സംയോജിത മൂല്യത്തിൽ (2011–12–ലെ സ്ഥിര വിലയിൽ) കൃഷി, കാർഷിക അനുബന്ധ മേഖലകളുടെ വിഹിതം 2019–20–ലെ 8.38 ശതമാനത്തിൽ നിന്ന് 2020–21–ൽ 9.44 ശതമാനമായി വർദ്ധിച്ചു. വിള മേഖലയുടെ സംഭാവനയും ഈ കാലയളവിൽ 4.32–ൽ നിന്ന് 4.96 ശതമാനമായി വർദ്ധിച്ചു.

കൃഷി, കാർഷിക അനുബന്ധ മേഖലകളുടെ (വിളകൾ, കന്നുകാലികൾ, വനം, മരം മുറിക്കൽ, മത്സ്യബന്ധനം, അക്വാകൾച്ചർ എന്നിവ ഉൾപ്പെടെയുള്ള) മൊത്ത സംസ്ഥാന സംയോജിത മൂല്യത്തിന്റെ (2011–12–ലെ സ്ഥിര വിലയിൽ) വാർഷിക വളർച്ചാ നിരക്കിൽ വാർഷിക ഏറ്റക്കുറച്ചിലുകൾ കാണാം. ഈ മേഖല 2017–18–ൽ 2.11 ശതമാനം വളർച്ച രേഖപ്പെടുത്തി. വെള്ളപ്പൊക്കത്തിന്റെയും തൽഫലമായുള്ള നാശനഷ്ടങ്ങളുടെയും ഫലമായി, വളർച്ചാ നിരക്ക് 2018–19 ലും 2019–20 ലും ഇടിഞ്ഞു. 2019–20–ലെ (–)5.09 ശതമാനവുമായി താരതമ്യപ്പെടുത്തുമ്പോൾ 2020–21–ൽ കൃഷി കാർഷിക അനുബന്ധ മേഖലകളുടെ വളർച്ചാ നിരക്ക് 3.38 ശതമാനമായിരുന്നു. വിള മേഖലയിലെ വളർച്ച 2019–20–ൽ (–)5.53 ശതമാനവും 2020–21–ൽ 5.44 ശതമാനമായിരുന്നു. കന്നുകാലി മേഖലയും വിള മേഖലയും 2020–21–ൽ സ്ഥിര വിലയിൽ വളർച്ച രേഖപ്പെടുത്തി.

2020–21–ലെ ഭൂവിനിയോഗ കണക്കുകൾ പ്രകാരം, മൊത്തം ഭൂമിശാസ്ത്രപരമായ 38.86 ലക്ഷം ഹെക്ടറിൽ, മൊത്തം കൃഷി വിസ്തീർണം 25.69 ലക്ഷം ഹെക്ടറും (66.10 ശതമാനം) അറ്റ വിസ്തൃതി 20.35 ലക്ഷം ഹെക്ടറുമാണ് (52.37 ശതമാനം). കാർഷികേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ഭൂമി 11.86 ശതമാനവും, വനമേഖല 27.83 ശതമാനവുമാണ്. കൃഷിക്ക അനുയോജ്യമായ പാഴ്ഭൂമിയും നിലവിലെ തരിശുനിലവും യഥാക്രമം 2.42 ശതമാനവും 1.40 ശതമാനവുമാണ്. 2019–20–ലെ ഭൂവിനിയോഗ വിവരശേഖരണം ഏറെക്കുറെ സമാനമായിരുന്നു.

2020–21ൽ 25.69 ലക്ഷം ഹെക്ടറിലെ മൊത്ത വിളവിൽ നെല്ല്, പയർവർഗ്ഗങ്ങൾ, മരച്ചീനി, റാഗി, ചെറുകിട തിന, മധുരക്കിഴങ്ങ്, മറ്റ് കിഴങ്ങുകൾ എന്നിവ ഉൾപ്പെടുന്ന ഭക്ഷ്യവിളകൾ 11.03 ശതമാനമാണ്. 2020–21ൽ പയർവർഗ്ഗങ്ങളും ചെറുകിട തിനകളും ഒഴികെയുള്ള ഭക്ഷ്യവിളകളുടെ ഉൽപാദനത്തിൽ വർദ്ധനവുണ്ടായി. നാണ്യവിളകളായ കശുവണ്ടി, റബ്ബർ, കുരുമുളക്, തേങ്ങ, ഏലം, തേയില, കാപ്പി എന്നിവ 62.3 ശതമാനവും, റബ്ബർ, കാപ്പി, തേയില, ഏലം എന്നിവ മൊത്തം കൃഷിയിടത്തിന്റെ 27.7 ശതമാനവുമാണ്. അരി, മരച്ചീനി, മധുരക്കിഴങ്ങ് എന്നിവയുടെ ഉത്പാദനം യഥാക്രമം 6.8, 16.8, 56.6 ശതമാനം വർധിച്ചു. സുഗന്ധവ്യഞ്ജനങ്ങളുടെ കാര്യത്തിൽ കുരുമുളകിന്റെ ഉൽപാദനത്തിൽ കുറവുണ്ടായപ്പോൾ ഇഞ്ചി, മഞ്ഞൾ എന്നിവയുടെ ഉൽപ്പാദനം വർധിച്ചു. തോട്ടവിളകളുടെ കാര്യത്തിൽ കാപ്പി, തേയില, ഏലം എന്നിവയുടെ ഉൽപ്പാദനം വർധിച്ചപ്പോൾ റബ്ബർ ഉൽപാദനത്തിൽ നേരിയ ഇടിവ് രേഖപ്പെടുത്തി. മുൻവർഷത്തെ അപേക്ഷിച്ച്, നേന്ത്ര പ്പഴത്തിന്റെ ഉൽപാദനത്തിൽ 0.8 ശതമാനം കുറവുണ്ടായപ്പോൾ മറ്റ് വാഴകളിൽ 1.5 ശതമാനം വർധനവ് രേഖപ്പെടുത്തി. 2019–20നെ അപേക്ഷിച്ച് 2020–21–ൽ കശുവണ്ടിയുടെ ഉത്പാദനം 7.5 ശതമാനം വർദ്ധിച്ചു.

2021–ൽ കാർഷിക മേഖലയിലെ ഒരു പ്രധാന ഇടപെടൽ കർഷകർക്ക് ഉറപ്പുനൽകുന്ന വില സുഗമമാക്കുന്നതിന് "കേരള ഫാം ഫ്രഷ് പഴം പച്ചക്കറി – അടിസ്ഥാന വില" എന്ന പരിപാടി അവതരിപ്പിച്ചതാണ്. സംസ്ഥാനത്ത് 16 ഇനം പച്ചക്കറികൾക്കും പഴങ്ങൾക്കും അടിസ്ഥാന വില നിശ്ചയിച്ചു. അടിസ്ഥാന വിലയേക്കാൾ താഴെ വിപണി വില ഇടിഞ്ഞാൽ വിലയിലെ വ്യത്യാസത്തിൽ കർഷകർക്ക് നഷ്ടപരിഹാരം നൽകും.

2020–21ൽ സമുദ്ര മത്സ്യബന്ധനത്തിൽ നിന്ന് 3.9 ലക്ഷം ടണ്ണും ഉൾനാടൻ മത്സ്യബന്ധനത്തിൽ നിന്ന് 2.24 ലക്ഷം

ടണ്ണമായി 6.14 ലക്ഷം ടൺ ആണ് കേരളത്തിലെ മൊത്തം മത്സ്യ ഉൽപ്പാദനം. 2019–20ലെ മത്സ്യ ഉൽപ്പാദനത്തേക്കാൾ (6.8 ലക്ഷം ടൺ) കുറവാണിത്. കേരളത്തിലെ ഉൾനാടൻ മത്സ്യ ഉൽപ്പാദനം കഴിഞ്ഞ നാലു വർഷത്തിനിടെ ക്രമാനുഗതമായി വർദ്ധിച്ചു. 2017–18ൽ 1.89 ലക്ഷം ടണ്ണായിരുന്നത് 2020–21ൽ 2.24 ലക്ഷം ടണ്ണായി ഉയർന്നു. ഉൾനാടൻ മത്സ്യബന്ധനത്തിലെ ഒരു പ്രധാന തടസ്സം ഗുണനിലവാരമുള്ള മത്സ്യ വിത്തിന്റെ ലഭ്യതയാണ്. മത്സ്യവിത്തുൽപാദനത്തിൽ സ്വയംപര്യാപ്തത ഉറപ്പാക്കാൻ പുതിയ ഹാച്ചറികൾ സ്ഥാപിച്ചു. ഡിപ്പാർട്ട്മെന്റ് ഹാച്ചറികൾ വഴി 2020–21ൽ 15.02 കോടി വിത്തുൽപ്പാദനം നേടിയിട്ടുണ്ട്.

സംസ്ഥാനത്തെ പ്രധാന ജലസേചന പദ്ധതികളായ മൂവാറ്റുപുഴ, ഇടമലയാർ, കാരാപ്പുഴ, ബാണാസുരസാഗർ എന്നിവയുടെ പൂർത്തീകരണത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചതാണ് ജലവിഭവ മേഖലയിലെ പ്രധാന ഇടപെടലുകളിലൊന്ന്. 2020–ൽ മൂവാറ്റുപുഴ പദ്ധതി കമ്മീഷൻ ചെയ്തത് ഒരു ചരിത്ര നേട്ടമാണ്. നാല് പതിറ്റാണ്ട് മുമ്പ് ആരംഭിച്ച പഴശ്ശി ജലസേചന പദ്ധതി നവീകരിക്കാനുള്ള ശ്രമങ്ങൾ 2021–22 ഓടെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. ഡയറക്ടറേറ്റ് ഓഫ് ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സിന്റെ വിലയിരുത്തൽ പ്രകാരം സംസ്ഥാനത്തെ മൊത്തം ജലസേചന പ്രദേശം 3.897 ലക്ഷം ഹെക്ടറും മൊത്ത ജലസേചന മേഖല 5.215 ലക്ഷം ഹെക്ടറുമാണ്. 2019–20 (5.176 ലക്ഷം ഹെക്ടർ) നെ അപേക്ഷിച്ച് 2020–21ൽ മൊത്ത ജലസേചന വിസ്തൃതിയിൽ നേരിയ വർധനയുണ്ടായിട്ടുണ്ട്, എന്നിരുന്നാലും അറ്റ ജലസേചന പ്രദേശം 4.041 ലക്ഷം ഹെക്ടറിൽ നിന്ന് 3.897 ലക്ഷം ഹെക്ടറായി കുറഞ്ഞു. 2020–21 കാലയളവിൽ നെല്ലും തെങ്ങും പ്രധാന നേട്ടങ്ങൾ കൈവരിച്ച വിളകളായി തുടരുന്നു. ഈ രണ്ട് വിളകളുടെയും ജലസേചന വിസ്തൃതി കഴിഞ്ഞ വർഷത്തേക്കാൾ വർദ്ധിച്ചു.

കേരളത്തിന്റെ സാമൂഹിക–സാമ്പത്തിക വികസന പ്രക്രിയയിൽ സഹകരണ സ്ഥാപനങ്ങൾ ഒരു പ്രധാന പങ്ക് വഹിക്കുന്നു. സഹകരണ സംഘങ്ങളുടെ ഉൽപന്നങ്ങളുടെ ബ്രാൻഡിംഗ്, വിപണനം, പ്രളയബാധിതർക്ക് ആശ്വാസവും പുനരധിവാസ പിന്തുണയും നൽകാൻ കെയർ കേരള, പെൻഷൻ വിതരണം, വിദ്യാർത്ഥികൾക്ക് ഓൺലൈൻ ക്ലാസുകൾക്കായി മൊബൈൽ ഫോണുകൾ വാങ്ങാൻ പലിശരഹിത വായ്പ നൽകുന്ന വിദ്യാതരംഗിണി പദ്ധതി, പണമിടപാടുകാരുടെ പിടിയിൽ നിന്ന് ആളുകളെ രക്ഷിക്കാനുള്ള മുറ്റത്തെമുല്ല പദ്ധതി, നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനുള്ള നിക്ഷേപ സമാഹരണ കാമ്പയിൻ തുടങ്ങി നിരവധി സംരംഭങ്ങൾ പതിമൂന്നാം പദ്ധതിയിൽ സഹകരണസംഘങ്ങൾ ആരംഭിച്ചിട്ടുണ്ട്. രാജ്യത്ത് ആദ്യമായിട്ടാണ് യുവജന സഹകരണ സംഘങ്ങൾ ആരംഭിച്ചത്. 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി സർക്കാർ നിശ്ചയിച്ച ലക്ഷ്യമായ 25 കൂട്ടായ്മകളെ അപേക്ഷിച്ച് 30 യുവജന കൂട്ടായ്മകൾ ആരംഭിച്ചു. സർക്കാരിന്റെ 100 ദിന പരിപാടിയുടെ ഭാഗമായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സഹകരണ വകുപ്പ് സംഭാവന നൽകി.

എല്ലാ കാലത്തും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുക എന്നത് സർക്കാരിന്റെ നയത്തിന്റെ ആണിക്കല്ലാണ്. വിതരണ ശൃംഖലയുടെ കമ്പ്യൂട്ടർവൽക്കരണവും റേഷൻ കാർഡുകളുടെ അന്തർ സംസ്ഥാന പോർട്ടബിലിറ്റിയും സർക്കാർ വിജയകരമായി പൂർത്തിയാക്കി. 2021 ആഗസ്റ്റ് വരെ സംസ്ഥാനത്തെ റേഷൻ കാർഡ് ഉടമകളുടെ എണ്ണം 90.70 ലക്ഷമാണ്. പകർച്ചവ്യാധിയുടെ കാലത്ത് എല്ലാ റേഷൻ കാർഡ് ഉടമകൾക്കും സർക്കാർ അവശ്യവസ്തുക്കൾ സൗജന്യമായി നൽകി. 2021ലെ ഓണത്തിന് തലേന്ന് 86.92 ലക്ഷം കുടുംബങ്ങൾക്ക് ഭക്ഷണ കിറ്റുകൾ വിതരണം ചെയ്തു. ആലപ്പുഴ, തൃശ്ശൂർ, കോട്ടയം എന്നിവിടങ്ങളിൽ സർക്കാർ ആരംഭിച്ച സുഭിക്ഷ ഹോട്ടലുകളിൽ 20 രൂപയ്ക്ക് ഉച്ചഭക്ഷണം ലഭിക്കും. എല്ലാ ജില്ലകളിലും സുഭിക്ഷ ഹോട്ടലുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചുവരികയാണ്.

നിർമ്മാണ മേഖലയെ സംബന്ധിച്ചിടത്തോളം, കേരളത്തിന്റെ മൊത്ത ആഭ്യന്തര ഉത്പാദനത്തിന്റെ (സ്ഥിരമായ വിലയിൽ) ദ്രുത കണക്കുകൾ അനുസരിച്ച്, 2020–21–ൽ ഈ മേഖലയിലെ വളർച്ച (–)8.94 ശതമാനമായിരുന്നു. പതിമൂന്നാം പദ്ധതി കാലയളവിൽ, സംസ്ഥാനത്തെ എംഎസ്എംഇകളുടെ പ്രോത്സാഹനത്തിന് സർക്കാർ ഊന്നൽ നൽകി. 2020–21ൽ 1221.86 കോടി രൂപ മുതൽമുടക്കിൽ സംസ്ഥാനത്ത് 11,540 പുതിയ എംഎസ്എംഇ യൂണിറ്റുകൾ ആരംഭിക്കുകയും 44,975 പേർക്ക് തൊഴിൽ നൽകുകയും ചെയ്തു. 2021–22ൽ, 21,382 പേർ ജോലി ചെയ്യുന്ന 5,326 പുതിയ യൂണിറ്റുകൾ 2021 സെപ്റ്റംബർ 30 വരെ ആരംഭിച്ചു. സംസ്ഥാനത്തെ പൊതുമേഖലാ യൂണിറ്റുകളാണ് സർക്കാരിന്റെ മറ്റൊരു ശ്രദ്ധാകേന്ദ്രം. പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തിരഞ്ഞെടുപ്പും റിക്രൂട്ട്മെന്റും കാര്യക്ഷമമാക്കാനുള്ള നീക്കത്തിലാണ് സർക്കാർ. സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ വിറ്റുവരവ് 2019–20 നെ അപേക്ഷിച്ച് 2020–21–ൽ 4.7 ശതമാനം വർദ്ധിച്ചു. പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ളിൽ, ടെക്സ്റ്റൈൽ മേഖലയിലെ ചില യൂണിറ്റുകളുടെ പ്രകടനം മെച്ചപ്പെട്ടു എന്നതാണ് ശ്രദ്ധേയമായ വികസനം.

വ്യവസായങ്ങളിൽ കോവിഡ്–19 മഹാമാരിയുടെ ആഘാതം ഗുരുതരമായിരുന്നു. വിതരണ ശൃംഖലയിലെ തടസ്സം, വിപണികൾ അടച്ചുപൂട്ടൽ, തൊഴിൽ ദിനങ്ങളുടെ നഷ്ടം എന്നിവ മിക്ക വ്യവസായങ്ങളുടെയും ഉൽപ്പാദനത്തെയും വിൽപ്പനയെയും ബാധിച്ചു. പരമ്പരാഗത വ്യവസായങ്ങളെ സാരമായി ബാധിച്ചു. കൈത്തറി മേഖലയിൽ, 2019–20 നെ അപേക്ഷിച്ച്, 2020–21–ൽ, മൊത്തം തറികളുടെ എണ്ണം, മൊത്തം ഉൽപ്പാദനം, ഉൽപ്പാദന മൂല്യം, ഉൽപ്പാദന ക്ഷമത, മൊത്തം വിറ്റുവരവ്, നെയ്ത്തുകാരുടെ എണ്ണം, തൊഴിൽ ദിനങ്ങൾ, തൊഴിൽ ചെയ്യുന്ന സ്ത്രീകളുടെ എണ്ണം എന്നിവ 2020–21–ൽ ഗണ്യമായി കുറഞ്ഞു. വളർച്ചയിലും തൊഴിലവസരങ്ങളിലും വ്യാവസായിക മേഖലയുടെ പ്രസക്തി കണക്കിലെടുത്ത്, വ്യവസായ ഭദ്രത പാക്കേജും കോവിഡ് സമാശ്വാസ പദ്ധതിയും അവതരിപ്പിച്ചുകൊണ്ട് പകർച്ചവ്യാധിയുടെ കാലത്ത് വ്യവസായങ്ങൾക്ക് സർക്കാർ പിന്തുണ നൽകി. മഹാമാരിയിൽ നിന്നും പ്രേരിതമായ അനിശ്ചിതത്വങ്ങൾക്കിടയിലും, പരമ്പരാഗത വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ സർക്കാർ തുടർന്നു. ഉദാഹരണത്തിന്, കയർ മേഖലയിൽ, കയർ, പ്രകൃതിദത്ത ഫൈബർ ഉൽപന്നങ്ങൾ എന്നിവയെക്കുറിച്ചുള്ള അന്താരാഷ്ട്ര പരിപാടിയായ

കയർ കേരള 2021 ന്റെ ഒമ്പതാമത് എഡിഷൻ 2021 ഫെബ്രുവരി 16 മുതൽ ഫെബ്രുവരി 21 വരെ നടന്നു. ആലപ്പുഴയെ നാഡീകേന്ദ്രമാക്കി, ഒരു ഓൺലൈൻ പ്ലാറ്റ്ഫോമിലാണ് പരിപാടി നടന്നത്. രാജ്യത്തുടനീളമുള്ള ഇരുനൂറോളം വെർച്വൽ സ്റ്റാളുകളുള്ള ഒരു ഇന്റർനാഷണൽ എക്സ്പോ ക്രമീകരിച്ചു. ബയേഴ്സ് ആൻഡ് സെല്ലേഴ്സ് മീറ്റ്, സെമിനാറുകൾ, ചർച്ചകൾ, സാംസ്കാരിക പരിപാടികൾ എന്നിവയും പരിപാടിയുടെ ഭാഗമായി നടന്നു. ഏകദേശം 5 ലക്ഷം കാഴ്ചക്കാരും 527 ഉൽപ്പന്നങ്ങൾ വാങ്ങുന്നവരും ഓൺലൈനിൽ ഇവന്റ് സന്ദർശിച്ചു. ഈ പരിപാടിയുടെ പ്രദർശകർ 616.73 കോടി രൂപയുടെ ഓർഡറുകൾ നേടി, അതിൽ ഏകദേശം 448.73 കോടി രൂപയുടെ ഓർഡറുകൾ സംസ്ഥാനത്ത് നിന്നുള്ള എക്സിബിറ്റർമാർക്കും 121 കോടി രൂപയുടെ ഓർഡറുകൾ സംസ്ഥാനത്തിന് പുറത്തുള്ള എക്സിബിറ്റർമാർക്കുമാണ്.

കേരളത്തിന്റെ സാമ്പത്തിക വളർച്ചയുടെ മുഖ്യഘടകങ്ങളിലൊന്നാണ് സേവന മേഖല. ഗവൺമെന്റിന്റെ സജീവമായ പിന്തുണയോടെ കേരളം രാജ്യത്തെ ഒരു പ്രധാന വിവരസാങ്കേതികവിദ്യയുടെ ലക്ഷ്യസ്ഥാനമായി ഉയർന്നു. സർക്കാരിന്റെ പ്രധാന വിവരസാങ്കേതികവിദ്യ പദ്ധതികൾ, സ്കിൽ ഡെലിവറി പ്രോജക്ട്, കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (കെ ഫോൺ) എന്നിവ മികച്ച രീതിയിൽ പുരോഗമിക്കുന്നു. കെ ഫോൺ പ്രോജക്റ്റ് 2022 ഏപ്രിൽ 30–നകം പൂർത്തീകരിക്കും. സംസ്ഥാനത്ത് സ്റ്റാർട്ടപ്പുകളെ പരിപോഷിപ്പിക്കുന്നതിന് കേരളം സുസ്ഥിരമായ ഒരു സംവിധാനം സൃഷ്ടിച്ചിട്ടുണ്ട്. മഹാമാരിയുടെ കാലത്തും സ്റ്റാർട്ടപ്പുകളുടെ എണ്ണത്തിൽ വർധനയുണ്ടായി.

കോവിഡ് 19 മഹാമാരി കാരണം വിനോദ സഞ്ചാര മേഖല ആഗോള തലത്തിൽ ഒരു പ്രതിസന്ധി നേരിട്ടു കൊണ്ടിരിക്കുന്നു. 2021ലെ ആദ്യ ആറ് മാസത്തെ മൊത്തം രാജ്യാന്തര സന്ദർശകരുടെ എണ്ണം ഏകദേശം 16,000 മാത്രമാണ്, ഇത് 2020–ലെ ആദ്യത്തെ ആറ് മാസത്തെ അപേക്ഷിച്ച് ഏകദേശം 3 ലക്ഷം കുറവാണ്. 2021ലെ ആദ്യ ആറു മാസത്തെ ആഭ്യന്തര സഞ്ചാരികളുടെ എണ്ണം ഏകദേശം 27 ലക്ഷം മാത്രമാണ്, ഇത് 2020ലെ ആദ്യ ആറ് മാസത്തെ അപേക്ഷിച്ച് 10 ലക്ഷം കുറവുമാണ്. 2018 മുതൽ സംസ്ഥാനത്ത് വെള്ളപ്പൊക്കവും നിപ്പ വൈറസും ടൂറിസം മേഖലയെ ബാധിച്ചു. കോവിഡ്–19 മഹാമാരി ഉള്ളതിനാൽ, 2020–ൽ വിനോദസഞ്ചാരികളുടെ എണ്ണം ഗണ്യമായി കുറഞ്ഞു. 2020ൽ സംസ്ഥാനത്തെ മൊത്തം വിദേശ വിനോദസഞ്ചാരികളുടെ എണ്ണം 3.4 ലക്ഷമാണ്, 2019–ലെ 11.89 ലക്ഷവുമായി താരതമ്യം ചെയ്യുമ്പോൾ 71.36 ശതമാനം കുറവാണ്. 2020ൽ കേരളത്തിലേയ്ക്കുള്ള ആഭ്യന്തര വിനോദ സഞ്ചാരികളുടെ വരവിന്റെ എണ്ണം 49.8 ലക്ഷം ആയിരുന്നു, ഇത് 2019 നെ അപേക്ഷിച്ച 183.84 ലക്ഷത്തേക്കാൾ 72.86 ശതമാനം കുറവാണ്. 2020ൽ സംസ്ഥാനത്തെ വിനോദസഞ്ചാരികളുടെ എണ്ണം 2019ൽ അവരുടെ എണ്ണത്തിന്റെ നാലിലൊന്ന് മാത്രമായിരുന്നു. ഇതു ഈ മേഖലയിലെ പ്രതിസന്ധിയുടെ ഗൗരവം പ്രതിഫലിപ്പിക്കുന്നു. ഫലത്തിൽ, വിനോദസഞ്ചാരത്തിന്റെ (വിദേശവും ആഭ്യന്തരവും) മൊത്തം വരുമാനം 2019–ൽ 45,010 കോടി രൂപയിൽ നിന്ന് 2020ൽ 11,335 കോടി രൂപയായി കുറഞ്ഞു.

മഹാമാരിക്ക് ശേഷമുള്ള കാലഘട്ടത്തിൽ വിനോദസഞ്ചാരികളുടെ അഭിരുചിക്ക് അനുസൃതമായി സന്ദർശകർക്ക് സുരക്ഷിതവും ഇഷ്ടാനുസൃതവും പ്രകൃതിയോട് ചേർന്നുള്ളതുമായ യാത്രാനുഭവം വാഗ്ദാനം ചെയ്യുന്ന കാരവൻ ടൂറിസം നയം കേരള സർക്കാർ പ്രഖ്യാപിച്ചു. സ്വകാര്യ നിക്ഷേപകരും ടൂർ ഓപ്പറേറ്റർമാരും പ്രദേശവാസികളും പ്രധാന തല്പരകക്ഷികളായുള്ള പിപിപി രീതിയിലാണ് കാരവൻ കേരള വികസിപ്പിച്ചിരിക്കുന്നത്. ടൂറിസം കാരവനുകളും കാരവൻ പാർക്കുകളുമാണ് ഈ പ്രവർത്തനത്തിന്റെ രണ്ട് പ്രധാന ഘടകങ്ങൾ. സംസ്ഥാനത്തിന്റെ സാംസ്കാരിക, പൈതൃക, പാരിസ്ഥിതിക വിനോദസഞ്ചാരം ശക്തിപ്പെടുത്തുന്നതിനും വിനോദസഞ്ചാരികളുടെ വരവ് വർദ്ധിപ്പിക്കുന്നതിനും "ജൈവ വൈവിധ്യ സർക്യൂട്ട്", "മലബാർ ലിറ്റററി സർക്യൂട്ട്" തുടങ്ങിയ രണ്ട് പുതിയ ടൂറിസം സർക്യൂട്ട് പദ്ധതികൾ അടുത്തിടെ സർക്കാർ പ്രഖ്യാപിച്ചു. സംസ്ഥാനത്ത് ഗുണനിലവാരമുള്ള പൊതു ടോയ്‌ലറ്റുകളുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി റിഫ്രഷ്മെന്റ് സൗകര്യങ്ങളും ടോയ്‌ലറ്റ് കോംപ്ലക്സുകളും സ്ഥാപിക്കുന്നതിനായി സംസ്ഥാന സർക്കാർ വിഭാവനം ചെയ്ത നൂതന പരിപാടിയാണ് "ടേക്ക് എ ബ്രേക്ക്" (ടിഎബി). മുഖ്യമന്ത്രിയുടെ 100 ദിന പരിപാടിയുടെ ഭാഗമായി 100 "ടേക്ക് എ ബ്രേക്ക്" സൗകര്യങ്ങൾ പൂർത്തിയാക്കി. വിനോദസഞ്ചാരികളുടെ പൊതു ശുചിത്വ സൗകര്യങ്ങൾക്കായുള്ള ദീർഘകാല ആവശ്യം പരിഹരിക്കാനും പദ്ധതിയിലൂടെ സംസ്ഥാനം ലക്ഷ്യമിടുന്നു. ഇത് സംസ്ഥാനത്തെ ടൂറിസം വ്യവസായത്തിന്റെ വികസനത്തിന് വലിയ സംഭാവന നൽകും.

മഹാമാരി കാലഘട്ടത്തിൽ മിക്ക മേഖലകളിലെയും വളർച്ചയിലും സാമ്പത്തിക പ്രവർത്തനത്തിലും ഇടിവുണ്ടായതോടെ തൊഴിൽ വിപണിയെ പ്രതികൂലമായി ബാധിച്ചു. നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിന്റെ ത്രൈമാസ ബുള്ളറ്റിൻ അനുസരിച്ച്, 2021 മാർച്ചിൽ അവസാനിക്കുന്ന പാദത്തിൽ, നിലവിലെ പ്രതിവാര സ്ഥിതി അനുസരിച്ച് കേരളത്തിലെ നഗരപ്രദേശങ്ങളിലെ തൊഴിൽ പങ്കാളിത്ത നിരക്ക് (എൽഎഫ്പിആർ) 2020 ജനുവരി മുതൽ മാർച്ച് വരെയുള്ള 37.2 ശതമാനത്തിൽ നിന്ന് 2021 ജനുവരി മുതൽ മാർച്ച് വരെ 35.7 ശതമാനമായി കുറഞ്ഞു. 2020 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള പാദത്തിൽ, സമ്പദ്‌വ്യവസ്ഥ തുടർച്ചയായ ലോക്ക്ഡൗൺ കാലയളവിൽ ആയിരുന്നപ്പോൾ, എൽഎഫ്പിആർ 34.50 ശതമാനമായിരുന്നു. വാർഷിക തൊഴിൽ പങ്കാളിത്ത നിരക്ക് കണക്കാക്കുന്നത് അനുസരിച്ച്, 2018–19–ലെ 39.5 ശതമാനത്തിൽ നിന്ന് 2019–20ൽ 40.5 ശതമാനമായി കേരളത്തിലെ എൽഎഫ്പിആർ വർധിച്ചതായി 2019–20ലെ പീരിയോഡിക് ലേബർ ഫോഴ്സ് സർവേ (പിഎൽഎഫ്എസ്) കാണിക്കുന്നു.

കേരളത്തിലെ എല്ലാ മേഖലകളിലെയും ശരാശരി കൂലി നിരക്ക് ഇന്ത്യയുടെ ശരാശരി കൂലി നിരക്കിനെക്കാൾ (നഗരങ്ങളിലും ഗ്രാമങ്ങളിലും) കൂടുതലാണ്. സംസ്ഥാനത്ത് കുടിയേറ്റ തൊഴിലാളികളുടെ (അതിഥി തൊഴിലാളികൾ എന്ന് വിളിക്കപ്പെടുന്ന) ഗണ്യമായ സാന്നിധ്യത്തിനുള്ള പ്രധാന കാരണങ്ങളിലൊന്നാണിത്. കേരളത്തിലെ കുടിയേറ്റം, അനൗപചാരിക തൊഴിൽ, നഗരവൽക്കരണം എന്നിവയെക്കുറിച്ചുള്ള ഡോ. ജജതി കേഷരി പരിദ, ഡോ. കെ രവിരാമൻ എന്നിവരുടെ

സമീപകാല പഠനമനുസരിച്ച്, 2017-18-ൽ കേരളത്തിലെ മറ്റ് സംസ്ഥാന കുടിയേറ്റക്കാരുടെ എണ്ണം 31.5 ലക്ഷമാണ്. ഈ കണക്കുകൾ മഹാമാരിക്ക് മുമ്പുള്ള സാഹചര്യവുമായി ബന്ധപ്പെട്ടതാണ്. ലോക്ക്ഡൗൺ കാലത്ത് അതിഥി തൊഴിലാളികളുടെ ജോലി, ഭക്ഷണം, മരുന്ന്, യാത്ര, വാക്സിനേഷൻ, മഹാമാരിയുമായി ബന്ധപ്പെട്ട മറ്റ് മുൻകരുതലുകൾ എന്നിവയെ കുറിച്ചുള്ള ആശങ്കകൾ പരിഹരിക്കാൻ സർക്കാർ എല്ലാ ശ്രമങ്ങളും നടത്തി.

തൊഴിലില്ലായ്മ കേരളത്തെ സംബന്ധിച്ചിടത്തോളം ഗുരുതരമായ ഒരു ആശങ്കയാണ്. 2019-20-ലെ പിഎൽഎഫ്എസിന്റെ കണക്കനുസരിച്ച്, 2018-19-ലെ 9 ശതമാനത്തിൽ നിന്ന് 2019-20-ൽ തൊഴിലില്ലായ്മ നിരക്ക് 10 ശതമാനമായി വർദ്ധിച്ചു. ഇത് 2019-20-ലെ അഖിലേന്ത്യാ തൊഴിലില്ലായ്മ നിരക്കായ 4.8 ശതമാനത്തേക്കാൾ വളരെ കൂടുതലാണ്. കൂടാതെ, 17 ലക്ഷത്തിലധികം പ്രവാസി മലയാളികൾ കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തേക്ക് മടങ്ങി. മടങ്ങിയെത്തിയ പ്രവാസികളിൽ 72 ശതമാനം പേർക്കും ജോലി നഷ്ടപ്പെട്ടു. പ്രവാസികളുടെ പുനരധിവാസവും പുനഃസംയോജനവും വലിയ വെല്ലുവിളിയാണ്. തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കുന്നതിനായി, അടുത്ത അഞ്ച് വർഷത്തിനുള്ളിൽ സമ്പദ്‌വ്യവസ്ഥയിൽ 20 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി കേരള നോളജ് ഇക്കണോമി മിഷൻ എന്ന ബൃഹത്തായ പരിപാടിക്ക് സർക്കാർ തുടക്കമിട്ടിട്ടുണ്ട്. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള തന്ത്രത്തിന് നൈപുണ്യ വികസനം നിർണായകമാണ്. അഡീഷണൽ സ്കിൽസ് അക്വിസിഷൻ പ്രോഗ്രാം (എഎസ്എപി) സംസ്ഥാനത്തെ നൈപുണ്യ വികസന സാഹചര്യത്തെ പരിവർത്തനം ചെയ്യുന്നതിൽ പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. 2022-ലെ ഇന്ത്യാ നൈപുണ്യ റിപ്പോർട്ടിൽ മഹാരാഷ്ട്രയ്ക്കും ഉത്തർപ്രദേശിനും ശേഷം തൊഴിലവസരത്തിന്റെ കാര്യത്തിൽ കേരളത്തിന് മൂന്നാം സ്ഥാനമാണ്. സ്ത്രീകളുടെ തൊഴിൽ സാധ്യതകളിൽ കേരളം നാലാം സ്ഥാനത്താണ്. വരും വർഷങ്ങളിൽ പരമാവധി നിയമന പ്രവർത്തനങ്ങൾ പ്രവചിക്കുന്ന മികച്ച 5 സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. സംസ്ഥാനത്ത് ശക്തമായ നൈപുണ്യ ആവാസവ്യവസ്ഥ വികസിപ്പിക്കുന്നതിൽ സർക്കാർ നടത്തിയ ഇടപെടലുകളുടെ ഫലമാണ് ഈ സംഭവവികാസങ്ങൾ പ്രതിഫലിപ്പിക്കുന്നത്.

അടിസ്ഥാന സൗകര്യ വികസനത്തിനാണ് കേരള സർക്കാർ പ്രഥമ പരിഗണന നൽകുന്നത്. വൈദ്യുതി മേഖലയിൽ, പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ ടാപ്പുചെയ്യുന്നതിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസനത്തിന് മുൻതൂക്കം നൽകുന്നതിന് കിഫ്ബി ഒരു പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. 2021 സെപ്റ്റംബർ വരെ, 44,323 കോടി രൂപയുടെ 912 അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ അനുവദിച്ചു. കൂടാതെ, ആറ് പദ്ധതികൾക്കുള്ള ഭൂമി ഏറ്റെടുക്കൽ പ്രക്രിയയ്ക്ക് 20,000 കോടി രൂപയുടെ അംഗീകാരം ലഭിച്ചു, അതായത് മൊത്തം 64,323 കോടി രൂപയ്ക്ക് അനുവാദം ലഭിച്ചു. കിഫ്ബി പദ്ധതികളുടെ പ്രധാന പങ്ക് റോഡ് മേഖലയിലാണ്, അതിനുശേഷം ജലസ്രോതസ്സുകളും വൈദ്യുതി മേഖലയുമാണ്. റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് കീഴിൽ 2021 സെപ്തംബർ 30-ന്, 12 വകുപ്പുകളുടെ പദ്ധതികൾക്ക് 7803.95 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതികളുടെ പ്രധാന ഭാഗം റോഡുകളുടെയും പാലങ്ങളുടെയും മേഖലയുടേതാണ്.

അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ ലൈഫ് മിഷൻ ഒരു പ്രധാന പങ്ക് വഹിക്കുന്നു. 2016-ൽ സർക്കാർ ആരംഭിച്ച ഒരു പ്രധാന ഭവന പദ്ധതിയാണ് ലൈഫ് മിഷൻ. 2021 നവംബർ 2-ന് ഈ പദ്ധതി പ്രകാരം ആകെ 2,76,009 വീടുകൾ നിർമ്മിച്ചു. ജലവിതരണ മേഖലയിൽ, സംസ്ഥാനവും കേന്ദ്രവും തുല്യ തുക വിനിയോഗിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ "ജൽ ജീവൻ മിഷന്റെ" കീഴിൽ കേരളം 4,04,464 ഗ്രാമീണ ഗാർഹിക കണക്ഷനുകൾ നൽകിയിട്ടുണ്ട്.

സാമൂഹിക സംരക്ഷണം ഉറപ്പാക്കുന്നതിൽ കേരളം ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷത്തിനിടെ ക്ഷേമ പെൻഷനുകൾ 2016-ലെ ഒരു ഗുണഭോക്താവിന് 600 രൂപ എന്നതിൽ നിന്നും 2021-ൽ ഒരു ഗുണഭോക്താവിന് 1600 രൂപ എന്നതിലേക്ക് വർധിപ്പിച്ചു. 2021 ഒക്ടോബറിലെ കണക്കനുസരിച്ച് സംസ്ഥാനത്ത് 51.35 ലക്ഷം പെൻഷൻകാർ ഉണ്ട്, അതിൽ 32 ലക്ഷം സ്ത്രീ ഗുണഭോക്താക്കളാണ്. വിവിധ ക്ഷേമനിധി ബോർഡുകൾ വഴി ക്ഷേമ പെൻഷനുകളും വിതരണം ചെയ്യുന്നു. 2020-21ൽ 17.2 ലക്ഷം ഗുണഭോക്താക്കൾക്കായി 951 കോടി രൂപ വിതരണം ചെയ്തു. സ്ത്രീകളുടെയും കുട്ടികളുടെയും ഇടയിലുള്ള വിളർച്ച (അനീമിയ) കുറയ്ക്കുന്നതിന്, സ്ത്രീകളുടെയും കുട്ടികളുടെയും വകുപ്പ് 2021 ജനുവരി 12 മുതൽ ഒരു വർഷത്തേക്ക് "കാമ്പയിൻ 12" എന്ന പേരിൽ ഒരു ബോധവൽക്കരണ കാമ്പയിൻ ആരംഭിച്ചു.

പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളിലെ ജനങ്ങളുടെ മാനവ വികസനവും വരുമാനവും വർദ്ധിപ്പിക്കുന്നതിൽ സംസ്ഥാന സർക്കാർ പ്രതിജ്ഞാബദ്ധമാണ്. 2020-21ൽ കോഴിക്കോട്, കണ്ണൂർ ജില്ലകളിലായി രണ്ട് പുതിയ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ആരംഭിച്ചു. ഹൈസ്കൂൾ, ഹയർസെക്കൻഡറി ക്ലാസുകളിലെ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കായി 6935 പഠനമുറികൾ 2020-21ൽ നിർമിച്ചു. 2021-22ൽ 2,307 പഠനമുറികളും നിർമ്മിച്ചു (2021 സെപ്റ്റംബർ 30 വരെ). 'അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആൻഡ് ഡെവലപ്മെന്റ് സ്കീം' പ്രകാരം 800 പ്രതിഭാധനരായ ആദിവാസി വിദ്യാർഥികൾക്ക് സഹായം നൽകി. 2020-21ൽ 6 നൈപുണ്യ പരിശീലന പരിപാടികളിൽ 1,600 പട്ടികവർഗ യുവാക്കൾ പങ്കെടുത്തു. പൂർത്തിയാക്കിയ പരിശീലന പരിപാടികളിൽ നിന്ന് 317 യുവാക്കളെ സ്വകാര്യ സംരംഭങ്ങളിലേക്ക് റിക്രൂട്ട് ചെയ്തു. ഇടുക്കി, വയനാട് ആദിവാസി മേഖലകളിലെ പോഷകാഹാര പര്യാപ്തത പരിഹരിക്കുന്നതിനായി ഹരിത രശ്മി എന്ന നൂതന പൈലറ്റ് പദ്ധതിക്ക് പട്ടികവർഗ വകുപ്പ് തുടക്കമിട്ടു. ഇടുക്കിയിലും വയനാട്ടിലുമുള്ള 2500 പട്ടികവർഗ കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു.

കേരളത്തിന് അഭിമാനകരമായ പാരമ്പര്യമുള്ള രണ്ട് മേഖലകളാണ് വിദ്യാഭ്യാസവും ആരോഗ്യവും. ഈ പൈതൃകം ശക്തിപ്പെടുത്താനുള്ള സർക്കാരിന്റെ ശ്രമങ്ങൾ തുടരുകയാണ്. 2020-21-ലെ 37.58 ലക്ഷത്തിൽ നിന്ന്

2021–2022–ൽ വിദ്യാർത്ഥികളുടെ പ്രവേശനം 38.68 ലക്ഷമായി വർദ്ധിച്ചു. എൽപി, യുപി വിഭാഗങ്ങളിലാണ് ഈ വർധനവ് പ്രകടമായിരിക്കുന്നത്. സർക്കാർ, സർക്കാർ എയ്ഡഡ് സ്കൂളുകളിൽ കഴിഞ്ഞ 5 വർഷത്തിനിടെ പുതുതായി ചേർന്ന കുട്ടികളുടെ എണ്ണം 8.91 ലക്ഷം ആണ്. സർക്കാർ സ്കൂളുകളിലേക്കുള്ള വിദ്യാർത്ഥി പ്രവേശനത്തിന്റെ വലിയ മാറ്റമാണ് ഇത് വ്യക്തമാക്കുന്നത്. ജൂൺ 1 മുതൽ ഫസ്റ്റ് ബെൽ 2.0 വഴി ഡിജിറ്റൽ ക്ലാസുകൾ ആരംഭിച്ച് പകർച്ചവ്യാധിയുടെ സമയത്ത് അക്കാദമിക് തുടർച്ച ഉറപ്പാക്കുന്നതിൽ സംസ്ഥാന സർക്കാർ വിജയിച്ചു.

ആരോഗ്യ മേഖലയിൽ, എല്ലാ മെഡിക്കൽ പ്രാക്ടീഷണർമാർക്കും ഉപയോഗിക്കാവുന്ന വ്യക്തിഗത മെഡിക്കൽ റെക്കോർഡുകളുടെ ഒരു ഡാറ്റാബേസ് നിർമ്മിക്കാൻ ലക്ഷ്യമിടുന്ന ഇ–ഹെൽത്ത് പദ്ധതിക്ക് സർക്കാർ ഊന്നൽ നൽകിയിട്ടുണ്ട്. 326 ആശുപത്രികളിൽ ഇ–ഹെൽത്ത് പദ്ധതി പൂർത്തിയായി. 2,62,96,323 പേരുടെ വിവരങ്ങൾ ശേഖരിച്ച് ഇലക്ട്രോണിക് രേഖകളായി സൂക്ഷിക്കുന്ന രാജ്യത്തെ ഏക സംസ്ഥാനമാണ് കേരളം.

മാലിന്യ സംസ്കരണത്തിന്റെ പ്രാധാന്യം സർക്കാർ തിരിച്ചറിയുകയും ഈ മേഖലയിൽ നിരവധി ശ്രമങ്ങൾ നടത്തുകയും ചെയ്തു. കേരളത്തിൽ പ്രതിദിനം 10504 ടൺ ഖരമാലിന്യം (ടിപിഡി) ഉത്പാദിപ്പിക്കുന്നുണ്ടെന്നാണ് കണക്ക്; ഇതിൽ 3472 ടൺ നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും 7032 ടൺ ഗ്രാമപഞ്ചായത്തുകളും ഉത്പാദിപ്പിക്കുന്നു. മാലിന്യത്തിന്റെ 49 ശതമാനം വീടുകളിലും 36 ശതമാനം സ്ഥാപനങ്ങളിലും 15 ശതമാനം പൊതുസ്ഥലങ്ങളിലുമാണ്. 2019–20, 2020–21 വർഷങ്ങളിൽ ക്ലീൻ കേരള കമ്പനി യഥാക്രമം 173 ടണ്ണും 77 ടണ്ണും ഇ–മാലിന്യം ശേഖരിച്ചു. 2021–22 കാലഘട്ടത്തിൽ, "എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തം" എന്ന മുദ്രാവാക്യം വൻതോതിൽ പ്രചരിപ്പിക്കുകയും ഉറവിടത്തിൽ തന്നെ സംസ്കരിക്കാൻ സംസ്ഥാന വ്യാപകമായി ക്രമീകരണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു.

സംസ്ഥാന സർക്കാരിന്റെ ഒരു പ്രധാന ഇടപെടൽ തടസ്സരഹിതമായ പൊതു സേവനങ്ങൾ ലഭ്യമാക്കുക എന്നതാണ്. കേരള ഇ–സേവന പോർട്ടൽ, ഇ–സേവനം, എം–സേവനം എന്ന മൊബൈൽ ആപ്ലിക്കേഷൻ എന്നിവ ഈ ദിശയിലുള്ള സുപ്രധാന സംഭവവികാസങ്ങളാണ്. ഒരു നല്ല ഭരണ സംരംഭമെന്ന നിലയിൽ ആരംഭിച്ച ഇ–സേവനം, സാങ്കേതികവിദ്യ ഉപയോഗിച്ച് കേരള സർക്കാരിന്റെ മിക്കവാറും എല്ലാ ഓൺലൈൻ സേവനങ്ങളും (G2C, G2B) ഒരൊറ്റ പ്ലാറ്റ്ഫോമിൽ സംയോജിപ്പിച്ചു. 60–ലധികം വകുപ്പുകളുടെ 500 ഓളം സേവനങ്ങൾ ഒരൊറ്റ പ്ലാറ്റ്ഫോമിൽ ഏകീകരിക്കുന്നതിനു പുറമേ, എല്ലാ മൊബൈൽ സൗഹൃദ സേവനങ്ങളും (ഏകദേശം 450 സേവനങ്ങൾ) എം–സേവനം എന്ന ഏകീകൃത മൊബൈൽ ആപ്ലിക്കേഷൻ വഴിയാണ് നൽകുന്നത്.

വിവരങ്ങളുടെ സുതാര്യതയും വ്യാപനവുമാണ് സർക്കാരിന്റെ ഭരണത്തിന്റെ കാതൽ. മുഖ്യമന്ത്രിയുടെ പത്തിന പരിപാടിയിൽ ഉൾപ്പെട്ട സത്യമേവ ജയതേ എന്ന ഡിജിറ്റൽ മീഡിയ ഇൻഫർമേഷൻ ലിറ്ററസി കാമ്പയിന്റെ ഭാഗമായി, സമൂഹമാധ്യമങ്ങളിൽ അഴിച്ചുവിടുന്ന തെറ്റായ പ്രചാരണങ്ങൾക്കെതിരെ പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ സി–ഡിറ്റ് നാല് വീഡിയോകൾ തയ്യാറാക്കിയിട്ടുണ്ട്. ഈ വീഡിയോകൾ 2021 ഫെബ്രുവരി 09 മുതൽ വിക്ടേഴ്സ് ടിവിയിൽ സംപ്രേക്ഷണം ചെയ്യുകയുണ്ടായി.

കല, സംസ്കാരം, കായികം എന്നിവ പ്രത്യേക ഊന്നൽ നൽകുന്ന മേഖലകളാണ്. 2021–ലെ ടോക്കിയോ ഒളിമ്പിക്സിൽ ഇന്ത്യ 7 മെഡലുകൾ നേടിയിരുന്നത് ഇന്ത്യയുടെ ചരിത്ര നേട്ടമായിരുന്നു. ടോക്കിയോ ഒളിമ്പിക്സ് കേരളത്തിനും അവിസ്മരണീയമായിരുന്നു. 2021–ലെ ടോക്കിയോ ഒളിമ്പിക്സിൽ കേരളത്തിൽ നിന്ന് 9 കളിക്കാർ പങ്കെടുത്തു. അതിൽ 6 പേർ ട്രാക്കിലും ഫീൽഡിലുമാണ്. ഇന്ത്യൻ ഹോക്കി ടീം അംഗം ശ്രീ പി ആർ ശ്രീജേഷ് വെങ്കല മെഡൽ നേടി. ഒളിമ്പിക്സ് മെഡൽ നേടുന്ന രണ്ടാമത്തെ മലയാളിയാണ് അദ്ദേഹം.

കലയിലും സംസ്കാരത്തിലും, വജ്രജൂബിലി ഫെല്ലോഷിപ്പ് സ്കീമിന് 241 കലാരൂപങ്ങളിൽ നിന്ന് 825 കലാകാരന്മാരെ തിരഞ്ഞെടുത്തു. ആയിരം യുവകലാകാരന്മാർക്കുള്ള ഡയമണ്ട് ജൂബിലി ഫെല്ലോഷിപ്പ് സ്കീം കേരളത്തിന്റെ വൈവിധ്യവും സമ്പന്നവുമായ കലാ പാരമ്പര്യത്തിന്റെ ശക്തി കണ്ടെത്തുന്നതിനും സമൂഹത്തിന് മുന്നിൽ അവതരിപ്പിക്കുന്നതിനുമുള്ള ഒരു പദ്ധതിയാണ്. ഫൈൻ ആർട്സിൽ നിശ്ചിത യോഗ്യതയും നാടൻ കലകളിൽ പ്രാവീണ്യവുമുള്ള യുവതീ യുവാക്കളെ തിരഞ്ഞെടുത്ത് അവർക്ക് മറ്റുള്ളവരെ പരിശീലിപ്പിക്കാനുള്ള വേദിയൊരുക്കുന്നതാണ് പദ്ധതി. ഈ പദ്ധതി ഒരു നിശ്ചിത സമയത്തേക്ക് ഫെലോഷിപ്പുകൾ നൽകി കലാകാരന്മാരെ പിന്തുണയ്ക്കുന്നു.

മഹാമാരിയുടെ കാലത്ത് കലാകാരന്മാർക്ക് സർക്കാർ പിന്തുണ നൽകി. കോവിഡ്–19 മഹാമാരി മൂലം ഉപജീവനമാർഗം നഷ്ടപ്പെട്ട 32,000 കലാകാരന്മാർക്കും അനുബന്ധ തൊഴിലാളികൾക്കും 2 മാസത്തേക്ക് 1,000 രൂപ വീതം 640 ലക്ഷം രൂപയുടെ അടിയന്തര ധനസഹായം നൽകി. 10 വർഷം തുടർച്ചയായി കലാരംഗത്ത് പ്രവർത്തിക്കുന്നവരും കേരളത്തിൽ സ്ഥിരതാമസമാക്കിയവരുമായ കലാകാരന്മാരെയാണ് ധനസഹായത്തിനായി തിരഞ്ഞെടുത്തത്. സാംസ്കാരിക വകുപ്പും അക്കാദമികളും മുഖേന ദുരിതാശ്വാസത്തിന് അപേക്ഷ സമർപ്പിക്കാൻ കഴിയാതിരുന്നവരും മറ്റ് ധനസഹായം ലഭിക്കാത്തവരുമായ 29,050 കലാകാരന്മാർക്കും അനുബന്ധ തൊഴിലാളികൾക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ഒരാൾക്ക് 1000 രൂപ വീതം 290.50 ലക്ഷം രൂപ വിതരണം ചെയ്തു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ശക്തമായ ഇടപെടലിലൂടെ എല്ലാ മേഖലകളിലെയും വികസനം സംസ്ഥാനം മുന്നോട്ട് കൊണ്ടുപോയി. ജനകീയാസൂത്രണത്തിന്റെ 25 വർഷം ആഘോഷിക്കുന്ന കേരളം വികേന്ദ്രീകൃത ഭരണത്തിലും ജനകീയാസൂത്രണത്തിലും മറ്റുള്ളവർക്ക് മാതൃകയാണ്. പതിമൂന്നാം പദ്ധതി കാലഘട്ടത്തിൽ, തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളുടെ ആസൂത്രണ പ്രക്രിയ കാര്യക്ഷമമാക്കുന്നതിനും സേവനങ്ങൾ വിതരണം ചെയ്യുന്നത് ശക്തിപ്പെടുത്തുന്നതിനുമായി നിരവധി നടപടികൾ സ്വീകരിച്ചു. പ്രതിസന്ധി ഘട്ടങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പലതരത്തിൽ സംഭാവന നൽകി. വെള്ളപ്പൊക്കമോ മഹാമാരിയോ ആകട്ടെ, വിവിധ പ്രതിസന്ധികളെ അതിജീവിക്കാൻ ജനങ്ങളെ സഹായിച്ചത് വാസ്തവത്തിൽ അവരുടെ നേതൃത്വവും പങ്കുമാണ്. വരും വർഷങ്ങളിൽ, പ്രാദേശിക സർക്കാരുകൾ വളർച്ചയുടെ ചാലക ശക്തികളായി ഉയർന്നുവരുകയും വളർച്ചയെ നയിക്കാൻ സമ്പദ്‌വ്യവസ്ഥയിലെ ഉൽപാദന ശക്തികളെ ഉത്തേജിപ്പിക്കുകയും വേണം.

കോവിഡ്–19 മഹാമാരി മൂലമുണ്ടായ ബുദ്ധിമുട്ടുകൾക്കിടയിലും സമ്പദ്‌വ്യവസ്ഥയിലെ വളർച്ചയും വികസനവും പ്രോത്സാഹിപ്പിക്കുന്നതിനും സാമൂഹിക പരിരക്ഷയും ക്ഷേമവും ഉറപ്പാക്കുന്നതിനുമുള്ള നയം സംസ്ഥാന സർക്കാർ തുടർന്നു. ഉയർന്ന സാമ്പത്തിക വളർച്ചയും ജനങ്ങളുടെ മെച്ചപ്പെട്ട ജീവിതനിലവാരവും കൈവരിക്കുന്നതിന് ഉയർന്ന നിലവാരമുള്ള ഭൗതികവും സാമൂഹികവുമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചുകൊണ്ട് മുന്നോട്ട് പോകാനുള്ള കരുത്ത് കേരളം വളർത്തിയെടുക്കും.

# കേരളത്തിന്റെ സാമൂഹിക സാമ്പത്തിക സൂചികകൾ– ദ്രുതവീക്ഷണം

| ക്രമ നമ്പർ | ഇനം | യൂണിറ്റ് | 1960-61 | 1970-71 | 1980-81 | 1990-91 | 2000-01 | 2010-11 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | ഭൂവിസ്തൃതി | സ്ക്വയർ കി.മി | 38856.7 | 38864 | 38863 | 38863 | 38863 | 38863 | 38863 | 38863 | 38863 | 38863 | 38863 |
| ഭരണരംഗം | | | | | | | | | | | | | |
| 2 | റവന്യൂ ഡിവിഷനുകൾ | എണ്ണം | | | | | | 21 | 21 | 26 | 27 | 27 | 27 |
| 3 | ജില്ലകൾ | എണ്ണം | 9 | 10 | 12 | 14 | 14 | 14 | 14 | 14 | 14 | 14 | 14 |
| 4 | താലൂക്കുകൾ | എണ്ണം | 55 | 56 | 58 | 61 | 63 | 63 | 75 | 75 | 75 | 77 | 77 |
| 5 | വില്ലേജുകൾ | എണ്ണം | | 1326 | 1331 | 1364 | 1452 | 1532 | 1664 | 1664 | 1664 | 1664 | 1664 |
| 6 | ടൗണുകൾ | എണ്ണം | 92 | 88 | 106 | 197 | 159 | 520 | 520 | 520 | 520 | 520 | 520 |
| സെൻസസ് അനുസരിച്ചുള്ള ജനസംഖ്യ | | | 1951 | 1961 | 1971 | 1981 | 1991 | 2001 | | | | | 2011 |
| 7 | ആകെ | ആയിരത്തിൽ | 13549 | 16904 | 21347 | 25454 | 29099 | 31844 | | | | | 33406 |
| 8 | പുരുഷന്മാർ | ആയിരത്തിൽ | | 8362 | 10588 | 12609 | 14289 | 15469 | | | | | 16027 |
| 9 | സ്ത്രീകൾ | ആയിരത്തിൽ | | 8542 | 10760 | 12885 | 14810 | 16373 | | | | | 17379 |
| 10 | ഗ്രാമം | ആയിരത്തിൽ | | 14351 | 17880 | 20682 | 21618 | 23574 | | | | | 17471 |
| 11 | നഗരം | ആയിരത്തിൽ | | 2552 | 3467 | 4771 | 7018 | 8267 | | | | | 15935 |
| 12 | പട്ടിക ജാതിക്കാർ | ആയിരത്തിൽ | | 1422 | 2002* | 2549 | 2887 | 3124 | | | | | 3040 |
| 13 | പട്ടികവർഗ്ഗക്കാർ | ആയിരത്തിൽ | | 208 | 193* | 261 | 321 | 364 | | | | | 485 |
| 14 | ജനസാന്ദ്രത | ആളുകളുടെ എണ്ണം സ്ക്വയർ കി.മി | | 435 | 549 | 655 | 749 | 819 | | | | | 860 |
| 15 | സാക്ഷരതാ നിരക്ക് | ശതമാനം | | 55 | 60 | 70 | 90 | 90 | | | | | 94 |
| 16 | സ്ത്രീ പുരുഷ അനുപാതം | 1000 പുരുഷന്മാർക്ക്/ സ്ത്രീകൾ | | 1022 | 1016 | 1032 | 1036 | 1058 | | | | | 1084 |
| 17 | നഗര ജനസംഖ്യ | ശതമാനം | | 15 | 16 | 19 | 24 | 26 | | | | | 48 |
| സംസ്ഥാന മൊത്ത ആഭ്യന്തര ഉൽപ്പന്നം–സ്ഥിരവിലയിൽ | | | 1960-61 | 1970-71 | 1980-81 | 1990-91 | 2000-01 | 2009-10 | 2016-17 | 2017-18 | 2018-19 | 2019-20(P) | 2020-21(Q) |
| 18 | സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉൽപ്പന്നം | രൂപ കോടിയിൽ | 462 | 1255 | 3823 | 12195 | 63715 | 180812 | 485301.54 | 516189.76 | 554228.31 | 566522.70 | 514399.99 |
| 19 | പ്രാഥമികമേഖല (ജി.എസ്.വി.എ) | രൂപ കോടിയിൽ | 241 | 653 | 1682 | 4756 | 14017 | 15966 | 45936.94 | 47619.23 | 46114.01 | 43161.34 | 44804.72 |
| 20 | ദ്വിതീയ മേഖല (ജി.എസ്.വി.എ) | രൂപ കോടിയിൽ | 68 | 163 | 841 | 3171 | 14017 | 38249 | 123289.49 | 129866.26 | 130450.39 | 126923.80 | 114871.28 |
| 21 | തൃതീയ മേഖല (ജി.എസ്.വി.എ) | രൂപ കോടിയിൽ | 153 | 439 | 1300 | 4268 | 35680 | 126597 | 266144.63 | 283268.51 | 303661.64 | 320680.82 | 291020.18 |
| 22 | പ്രതിശീർഷ വരുമാനം | രൂപയിൽ | 276 | 594 | 1508 | 4207 | 19951 | 47360 | 141398 | 149650 | 159878 | 162610.00 | 146910 |
| കൃഷി | | | 1960-61 | 1970-71 | 1980-81 | 1990-91 | 2000-01 | 2009-10 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 |
| 23 | വിളവിറക്കിയ യഥാർത്ഥ ഭൂവിസ്തൃതി | 000 ഹെക്ടർ | 1923 | 2171 | 2180 | 2247 | 2206 | 2079 | 2015 | 2040 | 2033 | 2026 | 2035 |
| 24 | മൊത്തമായി കൃഷിചെയ്ത ഭൂവിസ്തൃതി | 000 ഹെക്ടർ | 2349 | 2933 | 2885 | 3020 | 3022 | 2669 | 2584 | 2579 | 2571 | 2586 | 2569 |
| 25 | മൊത്തമായി ജലസേചനം നടത്തിയ ഭൂവിസ്തൃതി | 000 ഹെക്ടർ | | | 381 | 385 | 460.3 | 458 | 497 | 539.87 | 515.39 | 517.64 | 521.48 |
| 26 | മൊത്തം വിളവിറക്കിയ ഭൂവിസ്തൃതിയിൽ മൊത്തം ജലസേചനം നടത്തിയ ഭൂവിസ്തൃതി | ശതമാനം | | | 13 | 13 | 15 | 18 | 19 | 21 | 20 | 20.01 | 20.3 |
| പ്രധാന വിളകൾ കൃഷി ചെയ്ത ഭൂമി | | | 1960-61 | 1970-71 | 1980-81 | 1990-91 | 2000-01 | 2012-13 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 |
| 27 | നെല്ല് | 000 ഹെക്ടർ | 779 | 875 | 802 | 559 | 347 | 197 | 166 | 189 | 198 | 191.05 | 201.8 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 28 | പയറുവർഗ്ഗങ്ങൾ | 000 ഹെക്ടർ | 44 | 40 | 34 | 23 | | 3 | 1.74 | 1.9 | 2.5 | 2.26 | 2.01 |
| 29 | കരിമ്പ് വിളവെടുത്ത പ്രദേശം | 000 ഹെക്ടർ | 9 | 8 | 8 | 8 | 3 | 2 | | 1.05 | 1.01 | 0.95 | 0.92 |
| 30 | റബ്ബർ | 000 ഹെക്ടർ | 133 | 188 | 238 | 384 | 474 | 545 | 551.05 | 551 | 551.2 | 551.03 | 550.65 |
| 31 | തേയില | 000 ഹെക്ടർ | 40 | 37 | 36 | 35 | 37 | 30 | 30.2 | 30 | 36.47 | 35.87 | 35.87 |
| 32 | തെങ്ങ് | 000 ഹെക്ടർ | 501 | 719 | 651 | 870 | 926 | 798 | 781.5 | 760.4 | 760.94 | 760.77 | 768.81 |
| 33 | കവുങ്ങ് | 000 ഹെക്ടർ | 54 | 86 | 61 | 65 | | 102 | 97.7 | 94.6 | 95.73 | 96.9 | 96.57 |
| 34 | നിലക്കടല | 000 ഹെക്ടർ | 16 | 15 | 9 | 13 | | 0.7 | | 0.27 | 0.18 | 0.12 | 0.11 |
| 35 | കുരുമുളക് | 000 ഹെക്ടർ | 100 | 12 | 108 | 169 | 202 | 85 | 85.2 | 85.1 | 82.76 | 83.76 | 82.12 |
| 36 | ഏലം | 000 ഹെക്ടർ | 29 | 47 | 56 | 67 | 41 | 42 | 39 | 39.1 | 38.88 | 39.69 | 39.14 |
| 37 | ഇഞ്ചി | 000 ഹെക്ടർ | 12 | 12 | 13 | 14 | 12 | 5 | 5.15 | 4.37 | 3.27 | 2.82 | 2.7 |
| പ്രധാനവിളകളുടെ ഉല്പാദനം | | | 1960–61 | 1970–71 | 1980–81 | 1990–91 | 2000–01 | 2012–13 | 2016–17 | 2017–18 | 2018–19 | 2019–20 | 2020–21 |
| 38 | നെല്ല് | 000 ടണ്ണിൽ | 1068 | 1298 | 1272 | 1087 | 751 | 509 | 436 | 521.3 | 578.25 | 587.1 | 626.88 |
| 39 | പയറുവർഗ്ഗങ്ങൾ | 000 ടണ്ണിൽ | 18 | 13 | 22 | 17 | | 3 | 1.7 | 2.04 | 2.3 | 2.18 | 1.92 |
| 40 | കരിമ്പ് | 000 ടണ്ണിൽ | 38 | 38 | 48 | 52 | 28 | 17 | | 11.5 | 10.63 | 12.08 | 10.66 |
| 41 | റബ്ബർ | 000 ടണ്ണിൽ | 24 | 88 | 140 | 308 | 560 | 800 | 540.4 | 540.7 | 492.5 | 533.5 | 519.5 |
| 42 | തേയില | 000 ടണ്ണിൽ | 39 | 43 | 48 | 63 | 69 | 63 | 61.5 | 62.23 | 60.76 | 59.26 | 66.85 |
| 43 | നാളികേരം | ദശലക്ഷം എണ്ണം | 3220 | 3981 | 3008 | 4232 | 5536 | 5799 | 5384 | 5230 | 5299 | 4814 | 4788 |
| 44 | അടയ്ക്ക | 000 ടണ്ണിൽ | 8 | 13 | 11 | 13 | | 118 | 116.8 | 108.5 | 99.92 | 92.75 | 103.16 |
| 45 | നിലക്കടല | 000 ടണ്ണിൽ | 14 | 16 | 8 | 10 | 10 | 9 | | 0.38 | 0.24 | 0.15 | 0.14 |
| 46 | കുരുമുളക് | 000 ടണ്ണിൽ | 27 | 25 | 29 | 47 | 61 | 46 | 34.06 | 37.9 | 36.77 | 34.54 | 33.59 |
| 47 | ഏലം | 000 ടണ്ണിൽ | 1 | 1 | 3 | 3 | | 10 | 17.14 | 18.3 | 11.53 | 10.07 | 20.57 |
| 48 | ഇഞ്ചി | 000 ടണ്ണിൽ | 11 | 20 | 32 | 46 | 42 | 22 | 20.47 | 18.9 | 15.12 | 11.92 | 12.09 |
| കന്നുകാലി സെൻസസ് | | | 1977 | 1982 | 1987 | 1996 | 2003 | 2007 | 2012 | | 2019 | 2020 | 2021 |
| 49 | ആകെ കന്നുകാലികൾ | ലക്ഷത്തിൽ | 53 | 56 | 55 | 56 | 35 | 36 | 38.88 | | 38.36 | 38.36 | 38.36 |
| 50 | ആകെ പൗൾട്രി | ലക്ഷത്തിൽ | | 152 | 185 | 308 | 139 | 127 | 238.45 | | 298.18 | 298.18 | 298.18 |
| വനം | | | 1960–61 | 1970–71 | 1980–81 | 1990–91 | 2000–01 | 2011–12 | 2016–17 | 2017–18 | 2018–19 | 2019–20 | 2020–21 |
| 51 | വനവിസ്തൃതി | 000 ഹെക്ടർ | 1056 | 1056 | 1123 | 1122 | 1115 | 1131 | 1131 | 1152 | 1152 | 1152 | 1152 |
| ഫാക്ടറികൾ | | | 1971 | 1981 | 1991 | 2001 | 2011 | 2012 | 2017 | 2018 | 2019 | 2020 | 2021 |
| 52 | പ്രവർത്തിക്കുന്ന ഫാക്ടറികൾ | എണ്ണം | 3024 | 9106 | 13255 | 18554 | 19676 | 20473 | 22998 | 23335 | 24254 | 24468 | 24464 |
| 53 | ജീവനക്കാർ | എണ്ണം | 206839 | 300515 | 368738 | 436410 | 644606 | 644802 | 678058 | 698679 | 726195 | 702901 | 698551 |
| 54 | ലക്ഷം ജനസംഖ്യയിൽ ജീവനക്കാരുടെ നിരക്ക് | എണ്ണം | 969 | 1181 | 1267 | 1370 | 1930 | 1930 | 2030 | 2091 | 2174 | 2104 | 2091 |
| വൈദ്യുതി | | | കാർഷിക ഉപഭോഗം | 1980–81 | 1990–91 | 2000–01 | 2009–10 | 2011–12 | 2016–17 | 2017–18 | 2018–19 | 2019–20 | 2020–21 |
| 55 | ആകെ ഉല്പാദനം | ദശലക്ഷം യൂണിറ്റ് | 2126 | 5242 | 5491 | 7656 | 6495 | 8351 | 4380 | 5474.4 | 7577.02 | 5722.81 | 7057.9 |
| 56 | ആകെ ഉപഭോഗം | ദശലക്ഷം യൂണിറ്റ് | | 2869 | 5282 | 10319 | 12878 | 16182 | 20038 | 21159.19 | 22361.45 | 22948.82 | 22151.59 |
| 57 | വ്യാവസായിക ഉപഭോഗം | ദശലക്ഷം യൂണിറ്റ് | | 2025 | 2697 | 3784 | 4002 | 4926 | 5260 | 5648.31 | 5820.49 | 5683.3 | 5051.64 |
| 58 | കാർഷിക ഉപഭോഗം | ദശലക്ഷം യൂണിറ്റ് | | 125 | 288 | 350 | 225 | 286 | 322 | 346 | 337.65 | 348.48 | 403.24 |
| 59 | ഗാർഹിക ഉപഭോഗം | ദശലക്ഷം യൂണിറ്റ് | | 409 | 1621 | 4688 | 5931 | 7706 | 10281 | 10574.8 | 10864.34 | 11898.13 | 12695.8 |
| വിദ്യാഭ്യാസം | | | 1970–71 | 1980–81 | 1990–91 | 2000–01 | 2009–10 | 2012–13 | 2016–17 | 2017–18 | 2018–19 | 2019–20 | 2020–21 |
| 60 | പ്രൈമറി സ്കൂളുകൾ | എണ്ണം | 9437 | 9605 | 9682 | 9714 | 9828 | 9737 | 9861 | 9852 | 9841 | 9833 | 9858 |
| 61 | എൻറോൾമെന്റ് – പ്രൈമറി സ്കൂൾ | ആയിരത്തിൽ | 4156 | 4284 | 4402 | 3637 | 3015 | 2545 | 2377 | 2384 | 2428 | 2450 | 2492 |
| 62 | ഹൈസ്കൂളുകൾ | എണ്ണം | 1199 | 1971 | 2451 | 2596 | 2814 | 2890 | 3021 | 3119 | 3120 | 3118 | 3128 |
| 63 | എൻറോൾമെന്റ് –ഹൈസ്കൂൾ | ആയിരത്തിൽ | | 1310 | 1498 | 1611 | 1443 | 1426 | 1325 | 1297 | 1276 | 1267 | 1266 |
| ആരോഗ്യം | | | 1970–71 | 1980–81 | 1990–91 | 2000–01 | 2009–10 | 2011–12 | 2016–17# | 2017–18# | 2018–19# | 2019–20# | 2020–21# |
| 64 | ആശുപത്രികൾ | എണ്ണം | 553 | 746 | 1199 | 1319 | 1254 | 1255 | 1463 | 1470 | 1470 | 1471*** | 1471*** |
| 65 | കിടക്കകളുടെ എണ്ണം | എണ്ണം | 21777 | 32447 | 38726 | 38242 | 37021 | 37388 | 56257 | 56596 | 56596 | 57713*** | 57995*** |
| ജനസംഖ്യാപരമായ അവസ്ഥ | | | 1970–71 | 1980–81 | 1990–91 | 2001 | 2009 | 2010 | 2011 | 2017## | 2018## | 2020–21## | |
| 66 | ജനനനിരക്ക് | ആയിരം ജനങ്ങളിൽ | 32 | 26 | 20 | 16 | 15 | 15 | 15 | 14.2 | 13.9 | 13.5 | |
| 67 | മരണ നിരക്ക് | ആയിരം ജനങ്ങളിൽ | 9 | 6 | 6 | 7 | 7 | 7 | 7 | 6.8 | 6.9 | 7.1 | |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 68 | ശിശു മരണ നിരക്ക് | ആയിരം ജനങ്ങളിൽ | 61 | 37 | 21 | 11 | 12 | 14 | 13 | 10 | 7 | 6 | |
| ഗതാഗതം | | | 1970–71 | 1980–81 | 1990–91 | 2000–01 | 2010–11 | 2011–12 | 2016–17 | 2017–18 | 2018–19 | 2019–20 | 2020–21 |
| 69 | റെയിൽപാതകളുടെ ദൈർഘ്യം | കി.മി | 892 | 921 | 988 | 1148 | 1257 | 1257 | 1257 | 1257 | 1257 | 1257 | 1745 ### |
| 70 | ആകെ റോഡുകളുടെ ദൈർഘ്യം** | കി.മി | 18037 | 94145 | 128403 | 125835 | 151652 | 244373 | 218942 | 229349.2 | 273113.3 | 229082.02 | 238773.02 |
| 71 | മോട്ടോർ വാഹനങ്ങൾ | എണ്ണം | 86234 | 195000 | 648000 | 2111885 | 6072019 | 8048673 | 11030037 | 12042691 | 13334984 | 14184184 | 14847163 |
| തദ്ദേശ സ്ഥാപനങ്ങൾ | | | 1990–91 | 2000–01 | 2006–07 | 2007–08 | 2008–09 | 2010–11 | 2016–17 | 2017–18 | 2018–19 | 2019–20 | 2020–21 |
| 72 | ജില്ലാ പഞ്ചായത്ത് | എണ്ണം | | 14 | 14 | 14 | 14 | 14 | 14 | 14 | 14 | 14 | 14 |
| 73 | ബ്ലോക്ക് പഞ്ചായത്ത് | എണ്ണം | | 152 | 152 | 152 | 152 | 152 | 152 | 152 | 152 | 152 | 152 |
| 74 | ഗ്രാമപഞ്ചായത്ത് | എണ്ണം | 983 | 990 | 999 | 999 | 999 | 978 | 941 | 941 | 941 | 941 | 941 |
| 75 | മുനിസിപ്പാലിറ്റികൾ | എണ്ണം | 58 | 53 | 53 | 53 | 53 | 60 | 87 | 87 | 87 | 87 | 87 |
| 76 | കോർപ്പറേഷനുകൾ | എണ്ണം | 3 | 5 | 5 | 5 | 5 | 5 | 6 | 6 | 6 | 6 | 6 |

#അലോപ്പതിയും ആയുഷ്യം ഉൾപ്പെടെ
##എസ്.ആർ.എസ് മെയ് 2019, 2020, 2021 ഒക്ടോബർ
### റൂട്ടിന്റെ നീളവും റണ്ണിംഗ് ട്രാക്കും ഉൾപ്പടെ
*അടിസ്ഥാന വർഷം 2011-12
**എൽ.എസ്.ജി.ഡി നോൺ പക്കാറോഡ് ഒഴികെ
***ആർ സി സി ഉൾപ്പെടെ
(P)താൽകാലിക എസ്റ്റിമേറ്റ്
(Q)ത്വരിത എസ്റ്റിമേറ്റ്

# ജില്ലകൾ ഒറ്റനോട്ടത്തിൽ

| ക്രമ നമ്പർ | ഇനം | തിരുവനന്തപുരം | കൊല്ലം | പത്തനംതിട്ട | ആലപ്പുഴ | കോട്ടയം | ഇടുക്കി | എറണാകുളം |
|---|---|---|---|---|---|---|---|---|
| 1 | ഭൂവിസ്തൃതി (ചതുരശ്ര കിലോമീറ്ററിൽ) | 2192 | 2491 | 2637 | 1414 | 2208 | 4358 | 3068 |
| 2 | വനഭൂമി (ചതുരശ്ര കിലോമീറ്ററിൽ)* | 1304 | 1322 | 1956 | 80 | 1104 | 3151 | 1366 |
| 3 | ജനസംഖ്യ 2011 (ലക്ഷത്തിൽ) | 33.01 | 26.35 | 11.97 | 21.28 | 19.75 | 11.1 | 32.82 |
| | ഗ്രാമം | 15.3 | 14.48 | 10.65 | 9.79 | 14.09 | 10.57 | 10.48 |
| | പുരുഷന്മാർ | 7.25 | 6.81 | 5 | 4.65 | 6.93 | 5.27 | 5.18 |
| | സ്ത്രീകൾ | 8.05 | 7.68 | 5.66 | 5.15 | 7.16 | 5.3 | 5.3 |
| | പതിറ്റാണ്ടിലെ വളർച്ചയുടെ ശതമാനം (2001–2011) | –28.6 | –31.7 | –4 | –34.2 | –14.8 | –1.4 | –35.7 |
| | നഗരം | 17.72 | 11.87 | 1.32 | 11.48 | 5.65 | 0.52 | 22.34 |
| | പുരുഷന്മാർ | 8.57 | 5.66 | 0.62 | 5.48 | 2.76 | 0.26 | 11.01 |
| | സ്ത്രീകൾ | 9.15 | 6.21 | 0.71 | 6 | 2.91 | 0.26 | 11.33 |
| | പതിറ്റാണ്ടിലെ വളർച്ചയുടെ ശതമാനം (2001–2011) | 62.3 | 154.8 | 6.3 | 84.8 | 88.6 | –9.6 | 51.3 |
| | ജനസാന്ദ്രത | 1508 | 1061 | 452 | 1504 | 895 | 255 | 1072 |
| | മത്സ്യത്തൊഴിലാളികൾ (എണ്ണം) | 164883 | 123100 | 2073 | 167794 | 24420 | 691 | 133387 |
| | പട്ടികജാതിക്കാരുടെ ജനസംഖ്യ ആകെ ജനസംഖ്യയുടെ ശതമാനത്തിൽ | 11.3 | 12.5 | 13.7 | 9.5 | 7.8 | 13.1 | 8.2 |
| | പട്ടികവർഗ്ഗക്കാരുടെ ജനസംഖ്യ ആകെ ജനസംഖ്യയുടെ ശതമാനത്തിൽ | 0.8 | 0.4 | 0.7 | 0.3 | 1.1 | 5.0 | 0.5 |
| 4 | സാക്ഷരതാ നിരക്ക് (2011) | | | | | | | |
| | പുരുഷന്മാർ | 94.2 | 95.8 | 97.7 | 97.9 | 97.2 | 94.8 | 97.1 |
| | സ്ത്രീകൾ | 90.9 | 91.9 | 96.3 | 94.8 | 95.7 | 89.6 | 94.3 |
| 5 | കൊഴിഞ്ഞു പോയവരുടെ ശതമാനം 2019–20 (ഏറ്റവും പുതിയത്) | | | | | | | |
| | ലോവർ പ്രൈമറി | 159 | 68 | 1 | 2 | 69 | 117 | 256 |
| | അപ്പർ പ്രൈമറി | 72 | 23 | 1 | 1 | 25 | 31 | 77 |
| | ഹൈസ്കൂൾ | 203 | 48 | 2 | 27 | 77 | 157 | 167 |
| 6 | ജി.എസ്.വി.എ 2020–21 (ത്വരിതം) സ്ഥിരവിലയിൽ | | | | | | | |
| | ജി.എസ്.വി.എ അടിസ്ഥാന വിലയിൽ (രൂപ ലക്ഷത്തിൽ) | 4777314 | 4156843 | 1335007 | 3251811 | 2879484 | 1497504 | 5650813 |
| | ജി.എസ്.വി.എ ശതമാനത്തിലെ പങ്ക് | | | | | | | |
| | പ്രാഥമികം | 7.01 | 8.99 | 21.47 | 5.72 | 12.17 | 31.44 | 7.19 |
| | ദ്വിതീയം | 24.90 | 25.12 | 22.04 | 31.40 | 20.99 | 20.02 | 23.66 |
| | ത്രിതീയം | 68.08 | 65.89 | 56.49 | 62.88 | 66.82 | 48.54 | 69.15 |
| 7 | കേരളത്തിലെ നെല്ലുല്പാദനം (2020–21) ടണ്ണിൽ | 5660 | 5219 | 11144 | 125803 | 54268 | 1900 | 10971 |
| 8 | യഥാർത്ഥ ജലസേചിത വിസ്തൃതി (2020–21) ഹെക്ടറിൽ | 6464.07 | 4659.54 | 7224 | 36275.99 | 16860.5 | 43881.54 | 21795.23 |
| 9 | വാണിജ്യബാങ്കുകളുടെ എണ്ണം (മാർച്ച് 2021) | 736 | 402 | 385 | 395 | 522 | 193 | 1013 |
| 10 | "സി.ഡി. അനുപാതം" | 66.71 | 62.54 | 24.83 | 45.75 | 51.68 | 110.4 | 80.44 |
| 11 | രജിസ്റ്റർ ചെയ്ത എസ്.എസ്.ഐ.കൾ/ എം.എസ്.എം.ഇ.കൾ 2020–21 | 729 | 745 | 646 | 791 | 544 | 284 | 1165 |
| 12 | പൊതുമരാമത്ത് റോഡുകളുടെ ദൈർഘ്യം (കിലോമീറ്ററിൽ) ** | 2377.04 | 1924.09 | 1993.27 | 1405.4 | 3310.4 | 2661.28 | 2964.49 |
| 13 | വാഹനങ്ങളുടെ എണ്ണം | 1849460 | 1102051 | 622374 | 1024963 | 903171 | 315679 | 2131332 |
| 14 | എത്തിച്ചേർന്ന വിനോദ സഞ്ചാരികൾ 2020 | | | | | | | |
| | വിദേശ സഞ്ചാരികൾ (എണ്ണത്തിൽ) | 90550 | 5141 | 659 | 46629 | 20072 | 20163 | 134952 |
| | ആഭ്യന്തര സഞ്ചാരികൾ (എണ്ണത്തിൽ) | 861130 | 137228 | 48960 | 207507 | 139038 | 503938 | 1103200 |

*തുറന്ന വനം ഉൾപ്പെടെ , ** എൽ.എസ്.ജി.ഡി നോൺ പക്കാ റോഡ് ഒഴികെ

| ക്രമ നമ്പർ | ഇനം | തൃശ്ശൂർ | പാലക്കാട് | മലപ്പുറം | കോഴിക്കോട് | വയനാട് | കണ്ണൂർ | കാസറഗോഡ് | ആകെ |
|---|---|---|---|---|---|---|---|---|---|
| 1 | ഭൂവിസ്തൃതി (ചതുരശ്ര കിലോമീറ്ററിൽ) | 3032 | 4480 | 3550 | 2344 | 2131 | 2966 | 1992 | **38863** |
| 2 | വനഭൂമി (ചതുരശ്ര കിലോമീറ്ററിൽ)* | 1159 | 2084 | 1981 | 1437 | 1580 | 1654 | 966 | **21144** |
| 3 | ജനസംഖ്യ 2011 (ലക്ഷത്തിൽ) | 31.21 | 28.11 | 41.13 | 30.86 | 8.17 | 25.23 | 13.07 | **334.06** |
| | ഗ്രാമം | 10.25 | 21.33 | 22.96 | 10.13 | 7.88 | 8.82 | 7.98 | **174.71** |
| | പുരുഷന്മാർ | 4.88 | 10.31 | 10.95 | 4.85 | 3.86 | 4.26 | 3.88 | **84.08** |
| | സ്ത്രീകൾ | 5.36 | 11.02 | 12 | 5.29 | 3.99 | 4.56 | 4.11 | **90.63** |
| | പതിറ്റാണ്ടിലെ വളർച്ചയുടെ ശതമാനം (2001–2011) | –52 | –5.7 | –29.8 | –43 | –4.6 | –26.3 | –17.7 | **–25.9** |
| | നഗരം | 20.96 | 6.77 | 18.17 | 20.73 | 0.32 | 16.41 | 5.09 | **159.35** |
| | പുരുഷന്മാർ | 9.92 | 3.28 | 8.65 | 9.86 | 0.15 | 7.56 | 2.41 | **76.19** |
| | സ്ത്രീകൾ | 11.04 | 3.49 | 9.52 | 10.86 | 0.16 | 8.85 | 2.68 | **83.16** |
| | പതിറ്റാണ്ടിലെ വളർച്ചയുടെ ശതമാനം (2001–2011) | 149.7 | 89.8 | 410.2 | 88.2 | 6.6 | 35.3 | 117.8 | **92.8** |
| | ജനസാന്ദ്രത | 1031 | 627 | 1157 | 1316 | 384 | 852 | 657 | **860** |
| | മത്സ്യത്തൊഴിലാളികൾ (എണ്ണം) | 90306 | 2534 | 82044 | 106613 | 230 | 60208 | 43342 | **1001625** |
| | പട്ടികജാതിക്കാരുടെ ജനസംഖ്യ ആകെ ജനസംഖ്യയുടെ ശതമാനത്തിൽ | 10.4 | 14.4 | 7.5 | 6.5 | 4.0 | 3.3 | 4.1 | **9.1** |
| | പട്ടികവർഗ്ഗക്കാരുടെ ജനസംഖ്യ ആകെ ജനസംഖ്യയുടെ ശതമാനത്തിൽ | 0.3 | 1.7 | 0.6 | 0.5 | 18.5 | 1.6 | 3.7 | **1.5** |
| 4 | സാക്ഷരതാ നിരക്ക് (2011) | | | | | | | | |
| | പുരുഷന്മാർ | 96.98 | 92.27 | 95.78 | 97.57 | 92.84 | 97.54 | 93.93 | **96.1** |
| | സ്ത്രീകൾ | 93.85 | 84.99 | 91.55 | 93.16 | 85.94 | 93.57 | 86.13 | **92.1** |
| 5 | കൊഴിഞ്ഞു പോയവരുടെ ശതമാനം 2019–20 (ഏറ്റവും പുതിയത്) | | | | | | | | |
| | ലോവർ പ്രൈമറി | 24 | 224 | 156 | 126 | 54 | 59 | 49 | **1364** |
| | അപ്പർ പ്രൈമറി | 15 | 93 | 120 | 65 | 84 | 30 | 52 | **689** |
| | ഹൈസ്കൂൾ | 28 | 210 | 218 | 194 | 416 | 89 | 123 | **1959** |
| 6 | ജി.എസ്.വി.എ 2020–21 (ത്വരിതം) സ്ഥിരവിലയിൽ | | | | | | | | |
| | ജി.എസ്.വി.എ അടിസ്ഥാന വിലയിൽ (രൂപ ലക്ഷത്തിൽ) | 4507892 | 3158861 | 4406779 | 3873880 | 891346 | 3198448 | 1483636 | **45069618** |
| | ജി.എസ്.വി.എ ശതമാനത്തിലെ പങ്ക് | | | | | | | | |
| | പ്രാഥമികം | 6.94 | 13.71 | 9.18 | 6.86 | 19.45 | 7.94 | 15.42 | **9.94** |
| | ദ്വിതീയം | 24.17 | 25.99 | 23.91 | 29.80 | 19.85 | 30.82 | 27.99 | **25.49** |
| | ത്രിതീയം | 68.89 | 60.30 | 66.91 | 63.34 | 60.70 | 61.25 | 56.59 | **64.57** |
| 7 | കേരളത്തിലെ നെല്ലുല്പാദനം (2020–21) ടണ്ണിൽ | 87655 | 246992 | 30504 | 2663 | 23088 | 14408 | 6611 | **626888** |
| 8 | യഥാർത്ഥ ജലസേചിത വിസ്തൃതി (2020–21) ഹെക്ടറിൽ | 62998.24 | 80818.04 | 27859.10 | 3978.78 | 13696.29 | 11143.65 | 52138.71 | **389793.68** |
| 9 | വാണിജ്യബാങ്കുകളുടെ എണ്ണം (മാർച്ച് 2021) | 759 | 492 | 505 | 467 | 147 | 394 | 227 | **6637** |
| 10 | സി.ഡി. അനുപാതം | 52.68 | 64.27 | 52.87 | 71.01 | 132.35 | 49.95 | 75.49 | **61.52** |
| 11 | രജിസ്റ്റർ ചെയ്ത എസ്.എസ്.ഐ.കൾ/ എം.എസ്.എം.ഇ.കൾ 2020–21 | 1855 | 1477 | 1149 | 903 | 308 | 724 | 220 | **11540** |
| 12 | പൊതുമരാമത്ത് റോഡുകളുടെ ദൈർഘ്യം (കിലോമീറ്ററിൽ) ** | 1932.34 | 2101.84 | 2375.27 | 1952.22 | 856.95 | 2223.16 | 1444.34 | **29522.15** |
| 13 | വാഹനങ്ങളുടെ എണ്ണം | 1504867 | 1019082 | 1354684 | 1384217 | 247215 | 935399 | 452669 | **14847163** |
| 14 | എത്തിച്ചേർന്ന വിനോദ സഞ്ചാരികൾ 2020 | | | | | | | | |
| | വിദേശ സഞ്ചാരികൾ (എണ്ണത്തിൽ) | 3416 | 742 | 4100 | 5262 | 4131 | 2754 | 2184 | **340755** |
| | ആഭ്യന്തര സഞ്ചാരികൾ (എണ്ണത്തിൽ) | 587599 | 152152 | 197629 | 380559 | 347625 | 246400 | 76007 | **4988972** |

*തുറന്ന വനം ഉൾപ്പെടെ , ** എൽ.എസ്.ജി.ഡി നോൺ പക്കാ റോഡ് ഒഴികെ

# പട്ടികകൾ


| പട്ടിക നമ്പർ | ഇനം | പേജ് |
|---|---|---|
| 1.1.1 | കേരളത്തിന്റെ സംസ്ഥാന ആഭ്യന്തരോല്പന്നവും പ്രതിശീർഷ വരുമാനവും | 4 |
| 1.1.2. | ഇന്ത്യയുടെ മൊത്തം ദേശീയ വരുമാനം, ആഭ്യന്തരോൽപന്നം , പ്രതിശീർഷ വരുമാനം 2011-12 വിലയിലും നടപ്പ് വിലയിലും | 5 |
| 1.1.3 | വിവിധ മേഖലകളിൽ മൊത്ത മൂല്യവർദ്ധിത, തൊഴിൽ വിഹിതം കേരളത്തിലും ഇന്ത്യയിലും, 2019-20 | 8 |
| 1.1.4 | ജില്ല തിരിച്ചുള്ള മൊത്ത സംസ്ഥാന സംയോജിത മൂല്യം | 9 |
| 1.1.5 | ജില്ല തിരിച്ചുള്ള അടിസ്ഥാന വിലയിലെ പ്രതിശീർഷ മൊത്ത സംയോജിത മൂല്യം സ്ഥിര ( 2011-12) വിലയിൽ | 9 |
| 1.1.6 | പണപ്പെരുപ്പ നിരക്ക്, അഖിലേന്ത്യാ & കേരളം, ഉപഭോക്തൃ വിലസൂചികഅടിസ്ഥാനമാക്കി (പൊതു), ഒക്ടോബർ 2021, (ശതമാനത്തിൽ) | 11 |
| 1.2.1 | വ്യത്യസ്ത പ്രായവിഭാഗങ്ങളുടെ ജില്ല തിരിച്ചുള്ള അനുപാതം-2011 | 16 |
| 1.3.1 | ഇന്ത്യയിലെയും കേരളത്തിലെയും കേവല ദാരിദ്ര്യ നിരക്ക് 1973-74 മുതൽ 2011-12 വരെ | 18 |
| 1.4.1 | കേരളത്തിലെ ബാങ്ക് ശാഖകളുടെ എണ്ണം ഇനം തിരിച്ച്, 2021-ൽ | 21 |
| 1.4.2 | പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 2021 മാർച്ച് വരെ നൽകിയ വായ്പകളുടെ വിവരം ബാങ്ക് ഇനം തിരിച്ച് (രൂപ കോടിയിൽ) | 24 |
| 1.4.3 | കേരളത്തിലെ സഹകരണ മേഖലയുടെ പ്രകടനം (രൂപ കോടിയിൽ) | 26 |
| 1.4.4 | കെ.എസ്.എഫ്.ഇ യുടെ 2020-21 വർഷത്തെ ബിസിനസ് ഇടപാടുകൾ | 26 |
| 1.5.1 | 13, 14, 15 ധനകാര്യ കമ്മീഷൻ റിപ്പോർട്ടുകളിൽ കേന്ദ്രം സംസ്ഥാനങ്ങൾക്ക് നികുതി വിഭവങ്ങൾ തിരശ്ചീനമായി വിഭജിക്കാനുള്ള മാനദണ്ഡം (ശതമാനത്തിൽ) | 29 |
| 1.5.2 | കേന്ദ്ര വിഹിതത്തിന്റെ കൈമാറ്റം (രൂപകോടിയിൽ) | 32 |
| 1.5.3 | റവന്യൂ ചെലവിലെ പ്രവണത (രൂപ കോടിയിൽ) | 33 |
| 1.5.4 | മൂലധന വിഹിതത്തിന്റെ പ്രവണത (തുക കോടിയിൽ) | 33 |
| 1.5.5 | വാർഷിക പദ്ധതികളുടെ വിഹിതം മേഖലതിരിച്ചുള്ള താരതമ്യ വിഹിതം, രൂപ കോടിയിൽ, 2020-21, 2021-22 | 34 |
| 1.6.1 | കേരളത്തിന്റെ പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ വാർഷിക പദ്ധതി വിഹിതം | 36 |
| 1.6.2 | കേരളത്തിന്റെ പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ മേഖല തിരിച്ചുള്ള പദ്ധതി വിഹിതം | 37 |
| 1.6.3 | ഇന്ത്യയിലെ കാർഷിക അനുബന്ധ മേഖലയിലെ വളർച്ചാ നിരക്ക് | 37 |
| 3.1.1 | മൊത്തംമൂല്യവർദ്ധനവിൽ (ജി.വി.എ/ജി.എസ്.വി.എ) കാർഷിക അനുബന്ധ മേഖലയുടെ പങ്ക് ദേശീയ തലത്തിലും സംസ്ഥാനതലത്തിലും (സ്ഥിരവില, അടിസ്ഥാനവർഷം 2011-12) | 63 |
| 3.1.2 | ഉല്പാദനം തിരിച്ചും വിളതിരിച്ചുമുള്ള തദ്ദേശീയ രാസ ജൈവ കീടനാശിനികളുടെ ഉപഭോഗം 2018-19 മുതൽ 2020-21 വരെ (മെട്രിക് ടൺ, ടെക്നിക്കൽ ഗ്രേഡ് ) | 64 |
| 3.1.3 | ഉല്പാദനം തിരിച്ചും വിളതിരിച്ചുമുള്ള തദ്ദേശീയ രാസ ജൈവ കീടനാശിനികളുടെ ഉപഭോഗം 2018-19 മുതൽ 2020-21 വരെ (മെട്രിക് ടൺ, ടെക്നിക്കൽ ഗ്രേഡ്) | 73 |
| 3.1.5 | 2019-20-ൽ വിവിധ വായ്പകളുടെ ഏജൻസി തിരിച്ചുള്ള വിവരണം | 82 |
| 3.2.1 | കാർഷിക വായ്പകളുടെ ജില്ല തിരിച്ചുള്ള വിവരണം | 94 |

| | | |
|---|---|---|
| 3.3.1 | പതിമൂന്നാം പഞ്ചവത്സര പദ്ധതി – പദ്ധതിവിഹിതവും, ചെലവും | 97 |
| 3.3.2 | കേരളത്തിലെ തീറ്റപ്പുൽ കൃഷിയിടങ്ങളുടെ വിസ്തൃതി (2014–15 മുതൽ 2020–21 വരെ) | 101 |
| 3.3.3 | പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ അനുവദിച്ച തുകയും, ചെലവും | 104 |
| 3.3.4 | ധനകാര്യ നിർവ്വഹണം (പതിമൂന്നാം പഞ്ചവത്സര പദ്ധതി) ക്ഷീര മേഖല (തുക ലക്ഷത്തിൽ) | 109 |
| 3.5.1 | കേരളത്തിലെ വൻകിട–ഇടത്തര ജലസേചന പദ്ധതികൾ | 121 |
| 3.5.2 | ഹരിതകേരളത്തിനു കീഴിലുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ | 125 |
| 3.6.1 | മനുഷ്യ–വന്യമൃഗ സമ്പർക്കം മൂലമുള്ള പ്രതികൂല സംഭവങ്ങളുടെ വിശദാംശങ്ങളും നഷ്ടപരിഹാരവും 2020–21 | 130 |
| 3.8.1 | വിവിധ വിഭാഗം കാർഡുടമകൾക്ക് സംസ്ഥാന സർക്കാർ ചെലവഴിച്ച സബ്സിഡി, രൂപ ലക്ഷത്തിൽ | 148 |
| 4.1.1 | ഘടനയും താരതമ്യ വലുപ്പവുമായി ബന്ധപ്പെട്ട കേരളത്തിലെ മൊത്തം ഫാക്ടറിരംഗത്തിന്റെ വ്യവസായത്തിലെ തൊഴിലിന്റെയും മൂല്യവർധനവിന്റെയും പങ്ക്, ഇന്ത്യയുമായി ബന്ധപ്പെട്ട് കേരളത്തിലെ മൊത്തം വ്യവസായങ്ങളുടെ പങ്ക്, 2017–18. | 156 |
| 4.1.2 | തിരഞ്ഞെടുത്ത പ്രധാന വ്യവസായങ്ങളിലെ തൊഴിൽ, 2017–18, കേരളത്തിലെയും ഇന്ത്യയിലെയും (എണ്ണത്തിൽ) | 158 |
| 4.2.1 | ധാതുക്കളിൽ നിന്നും ലഭിച്ച വരുമാനം | 160 |
| 4.2.2 | ഖനന വകുപ്പിന്റെ പദ്ധതി വിഹിതവും ചെലവും (രൂപ ലക്ഷത്തിൽ) | 161 |
| 4.3.1 | വ്യവസായ വകുപ്പിന് കീഴിലുള്ള സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ: പദ്ധതിവിഹിതം, വിറ്റുവരവ്, അറ്റാദായം (രൂപ കോടിയിൽ) | 165 |
| 4.3.2 | കെ.എസ്.ഐ.ഡി.സി യുടെ പ്രധാന സാമ്പത്തിക പരാമീറ്ററുകൾ (കോടി രൂപയിൽ) | 167 |
| 4.3.3 | കെ.എസ്.ഐ.ഡി.സി യ്ക്ക് ലഭിച്ച പദ്ധതി തുകയും ചെലവ് വിവരങ്ങളും 2016–17 മുതൽ 2021–22 വരെ (രൂപ കോടിയിൽ) | 167 |
| 4.3.4 | കിൻഫ്രയുടെ പ്രധാന സാമ്പത്തിക പാരാമീറ്ററുകൾ (രൂപ കോടിയിൽ) | 169 |
| 4.3.5 | കിൻഫ്രയ്ക്ക് ലഭിച്ച പദ്ധതി തുകയും ചെലവ് വിവരങ്ങളും (രൂപ കോടിയിൽ) | 169 |
| 4.4.1 | എം.എസ്.എം.ഇ കളുടെ വർഗ്ഗീകരണം | 172 |
| 4.4.2 | പതിമൂന്നാം പഞ്ചവത്സര പദ്ധതി വിഹിതവും ചെലവും, രൂപ ലക്ഷത്തിൽ | 173 |
| 4.4.3 | 2016–17 മുതൽ 2020–21 വരെയുള്ള എം എസ് എം ഇ മേഖലയിലെ നേട്ടം | 174 |
| 4.4.4 | കേരളത്തിൽ ഓരോ ഉപമേഖലയ്ക്ക് കീഴിലും ആരംഭിച്ച പുതിയ എംഎസ്എംഇ യൂണിറ്റുകളുടെ വിശദംശങ്ങൾ | 175 |
| 4.4.5 | പ്രധാന, ചെറുകിട വ്യവസായ എസ്റ്റേറ്റുകളുടെ എണ്ണം, മാർച്ച് 31, 2021 വരെ | 176 |
| 4.4.6 | ആഗസ്റ്റ് 31, 2021 വരെ കേരളത്തിലെ അർഹരായ എം.എസ്.എം.ഇ. വായ്പക്കാർക്ക് അനുവദിച്ചതും വിതരണം ചെയ്തതുമായ അടിയന്തിര വായ്പാ സൗകര്യം | 178 |
| 4.6.1 | സംസ്ഥാന പദ്ധതി വിഹിതവും ടെക്സ്റ്റൈൽ മേഖലയ്ക്കുള്ള ചെലവും (പൊതുമേഖലാ സ്ഥാപനങ്ങളും ഖാദിയും ഒഴികെ), ലക്ഷം രൂപയിൽ | 187 |
| 4.6.2 | ഇന്ത്യയിലെ ഖാദി, ഗ്രാമ വ്യവസായങ്ങളിലെ ഉൽപാദനം, വിൽപന, തൊഴിൽ 2016–17 മുതൽ 2020–21 വരെ | 190 |
| 4.6.3 | പതിമൂന്നാം പഞ്ചവത്സര പദ്ധതി വിഹിതവും ചെലവും (രൂപ ലക്ഷത്തിൽ) | 191 |
| 4.6.4. | 2020–21 വർഷങ്ങളിൽ കേരളത്തിലെ ഖാദി, ഗ്രാമ വ്യവസായങ്ങളിലെ ഉത്പാദനം, വിൽപന, തൊഴിൽ, വേതനം | 191 |
| 4.6.5. | കേരളത്തിലെ ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ വിഹിതവും അതിന്റെ ചെലവും (രൂപ ലക്ഷത്തിൽ) | 192 |

| | | |
|---|---|---|
| 4.6.6. | പ്രധാന മന്ത്രിയുടെ തൊഴിലാദാന പദ്ധതി (പിഎം ഇ ജി പി) യുടേയും ഗ്രാമീണ തൊഴിൽ ദാന പദ്ധതി (ആർ ഈ ജി പി)യുടെയും നേട്ടങ്ങൾ, 2020–21 | 192 |
| 4.6.7 | സംസ്ഥാന പദ്ധതി വിഹിതവും കയർ മേഖലയ്ക്കുള്ള ചെലവും (പൊതുമേഖലാ സ്ഥാപനങ്ങൾ ഒഴികെ) ലക്ഷം രൂപയിൽ | 194 |
| 4.6.8 | കേരളത്തിലെ അസംസ്കൃത കശുവണ്ടിയുടെ ഉത്പാദനം – 2014–15 മുതൽ 2020–21 വരെ, ഹെക്ടറിലും മെട്രിക് ടണ്ണിലും | 199 |
| 4.6.9 | കശുവണ്ടി മേഖലയിലെ സംസ്ഥാന സർക്കാർ ഏജൻസികളുടെ പദ്ധതി വിഹിതവും ചെലവും, 2020–21, 2021–22, രൂപ കോടിയിലും ശതമാനത്തിലും | 200 |
| 4.6.10 | കോടി രൂപയിൽ കെ.എസ്.സി.ഡി.സി യുടെ വിൽപ്പന വിറ്റുവരവ് | 200 |
| 4.6.11 | കാപെക്സിന്റെ വിൽപ്പന വിറ്റുവരവ്(കോടി രൂപയിൽ) | 201 |
| 5.1.1 | പദ്ധതി വിഹിതവും ചെലവും (രൂപ കോടിയിൽ) | 209 |
| 5.1.2 | സംസ്ഥാന സമ്പദ് ഘടനയിൽ ടെക്നോപാർക്കിന്റെ സംഭാവന | 213 |
| 5.1.3 | ടെക്നോപാർക്കിന്റെ അധീനതയിലുള്ള ഭൂമി. | 212 |
| 5.1.4 | ഇൻഫോപാർക്കിന്റെ അധീനതയിലുള്ള ഭൂമി | 214 |
| 5.1.5 | ഇൻഫോപാർക്കിന്റെ പ്രധാന ഭൗതിക നേട്ടം | 215 |
| 5.1.6 | സൈബർപാർക്കിൻറെ ഭൌതിക നേട്ടങ്ങൾ | 215 |
| 5.1.7 | കെഎസ്യു എമ്മിന്റെ പ്രധാന ഭൗതിക നേട്ടങ്ങൾ | 218 |
| 5.2.1 | പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ശാസ്ത്ര സാങ്കേതിക മേഖലയ്ക്ക് കീഴിലുള്ള ഏജൻസികളുടെ വിഹിതവും ചെലവും (രൂപ ലക്ഷത്തിൽ) | 220 |
| 5.2.2 | ഗവേഷണ–വികസന കേന്ദ്രങ്ങളുടെ പ്രധാന  പ്രകടനം, 2020–21–ൽ | 223 |
| 5.2.3 | ആർ.സി.സി യുടെ 2018–19 ലെയും 2019–20–ലെയും, 2020–21 ലെയും രൂപരേഖ ഒറ്റനോട്ടത്തിൽ | 228 |
| 5.2.4 | രജിസ്റ്റർ ചെയ്ത രോഗികളുടെ എണ്ണം, (സ്പെഷ്യാലിറ്റി ക്ലിനിക്ക്അ ടിസ്ഥാനത്തിൽ), 2018–19, 2019–20, 2020–21 വർഷങ്ങളിൽ | 230 |
| 5.2.5 | സ്പെഷ്യാലിറ്റി ക്ലിനിക്കുകളിൽ രജിസ്റ്റർ ചെയ്ത ലിംഗാടിസ്ഥാനത്തിലുള്ള പുതിയ കേസുകൾ | 231 |
| 5.2.6 | ആർ.സി.സിയിലേക്ക് റഫർ ചെയ്യപ്പെട്ട കേസുകൾ 2018–19, 2019–20, 2020–21 വർഷങ്ങളിൽ | 232 |
| 5.2.7 | കേന്ദ്ര – സംസ്ഥാന സർക്കാർ പദ്ധതികൾ, 2019–20 & 2020–21 | 232 |
| 5.3.1 | ഇന്ത്യയിലും കേരളത്തിലും എത്തിയ വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം മാസാടിസ്ഥാനത്തിൽ 2019 ലും 2020 ലും | 237 |
| 5.3.2 | 2018, 2019, 2020 വർഷങ്ങളിൽ കേരളത്തിലെ ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണം മാസാടിസ്ഥാനത്തിൽ | 238 |
| 5.3.4 | സംസ്ഥാന പദ്ധതിവിഹിതവും ചെലവും 2017–18 മുതൽ 2021–22 വരെ | 244 |
| 5.4.1 | ഇന്ത്യയുടെ മൊത്തം കയറ്റുമതിയും ഇറക്കുമതിയും, മൂല്യം യു.എസ് ബില്യൺ ഡോളറിൽ, 2015–16 മുതൽ 2020–21 വരെ | 246 |
| 5.4.2 | കൊച്ചി തുറമുഖം വഴി കൈകാര്യം ചെയ്ത ചരക്കുകൾ, 2018–19 മുതൽ 2020–21 വരെ (അളവ്: ലക്ഷം മെട്രിക് ടൺ) | 247 |
| 5.4.3 | സമുദ്രോല്പന്നങ്ങളുടെ കയറ്റുമതി– ഇന്ത്യയിലും കേരളത്തിലും, 2015–16 മുതൽ 2020–21വരെ (അളവ്: മെട്രിക് ടൺ, മൂല്യം: കോടി രൂപയിൽ) | 248 |
| 5.4.4 | കശുവണ്ടി പരിപ്പിന്റെ കയറ്റുമതി, ഇന്ത്യയും കേരളവും (2014–15 മുതൽ 2020–21 വരെ), (അളവ്: മെട്രിക് ടൺ, മൂല്യം: കോടി രൂപയിൽ) | 251 |
| 5.4.5 | ഇന്ത്യയിൽ നിന്നും കേരളത്തിലെ തുറമുഖങ്ങൾ വഴിയുമുള്ള തേയില കയറ്റുമതി, 2015–16 മുതൽ 2020–21 വരെ, (അളവ്: മെട്രിക് ടൺ, മൂല്യം: ലക്ഷം രൂപയിലും) | 252 |

| | | |
|---|---|---|
| 5.4.6 | സുഗന്ധ വ്യഞ്ജനങ്ങളുടെ കയറ്റുമതി– കേരളവും ഇന്ത്യയും, 2015–16 മുതൽ 2020–21 വരെ (അളവ്: മെട്രിക് ടൺ, മൂല്യം: ലക്ഷം രൂപയിൽ) | 253 |
| 5.5.1 | തടവുകാരുടെ എണ്ണം 2016 മുതൽ 2021 മാർച്ച് 31 വരെയുള്ള കാലയളവിൽ | 260 |
| 5.5.2 | 2015 മുതൽ 2020 വരെയുള്ള ജുഡീഷ്യൽ പ്രൊബേഷണർമാരുടെ എണ്ണം | 262 |
| 6.1.1 | സാക്ഷരതാ പദ്ധതികളുടെ നിലവിലെ അവസ്ഥ– 2020–21 | 272 |
| 6.1.2 | പന്ത്രണ്ടാം തരത്തിലും, പത്താം തരത്തിലും തുല്യതാ കോഴ്സുകളിൽ ചേർന്നവരുടെ എണ്ണം 2020ലും 2021ലും | 273 |
| 6.1.3 | കേരളത്തിലെ പൊതു വിദ്യാലയങ്ങളിൽ പ്രവേശനം നേടിയ പുതിയ വിദ്യാർത്ഥികൾ, 2016–17 മുതൽ 2021–22 വരെ | 275 |
| 6.1.4 | കേരളത്തിലെ സ്കൂളുകളിലെ പട്ടിക ജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ അനുപാതം, 2021–22–ൽ (താൽക്കാലികം) | 274 |
| 6.1.5 | സ്കൂളുകളിലെ കൊഴിഞ്ഞുപോകൽ നിരക്ക് | 275 |
| 6.1.6 | ജില്ല തിരിച്ചുള്ള കൊഴിഞ്ഞുപോകൽ നിരക്ക് 2019–20 | 276 |
| 6.1.7 | ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾ | 282 |
| 6.1.8 | 2020–21–ൽ ഉന്നത വിദ്യാഭ്യാസത്തിന് പ്രവേശനം നേടിയ എസ്.സി, എസ്.ടി വിദ്യാർത്ഥികൾ | 283 |
| 6.1.9 | ബി.ടെക് ഫലം, 2021 | 286 |
| 6.1.10 | എസ്.സി, എസ്.ടി ബി.ടെക് വിദ്യാർത്ഥികളുടെ വിജയശതമാനം, 2021 | 286 |
| 6.1.11 | പോളിടെക്നിക്കുകളിലെ പട്ടിക ജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ അനുപാതം | 288 |
| 6.2.1 | ഇന്ത്യയുമായി താരതമ്യംചെയ്തുള്ള കേരളത്തിന്റെ ശിശുമരണനിരക്കിന്റെ വിവിധ സൂചകങ്ങൾ, അമ്മമാർക്ക് ശരിയായ വൈദ്യസഹായം ലഭിക്കുന്ന ജനനത്തിന്റെ ശതമാനം എന്നിവയുടെ വിശദാംശങ്ങൾ | 291 |
| 6.2.2 | ഇന്ത്യയുമായി താരതമ്യംചെയ്തുള്ള കേരളത്തിന്റെ സാമൂഹിക, ആരോഗ്യ, ജനസംഖ്യ സൂചകം | 292 |
| 6.2.3 | ആർദ്രം മിഷന്റെ കീഴിലുള്ള ആശുപത്രികളിലെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ സ്ഥിതി | 294 |
| 6.2.4 | ഇ–ഹെൽത്ത് പ്രോഗ്രാമിന് കീഴിൽ ജില്ല തിരിച്ചുള്ള ജനസംഖ്യാസർവേ വിവരങ്ങൾ | 295 |
| 6.2.5 | വകുപ്പ് തിരിച്ചുള്ള പദ്ധതി വിഹിതവും ചെലവും (പതിമൂന്നാം പദ്ധതി 2017–22) (രൂപ ലക്ഷത്തിൽ) | 295 |
| 6.2.6 | ആരോഗ്യ കുടുംബക്ഷേമത്തിനുള്ള നിക്ഷേപം (രൂപ കോടിയിൽ) | 296 |
| 6.2.7 | കേരളത്തിലെ സാംക്രമികരോഗങ്ങളുടെ വ്യാപനം | 297 |
| 6.2.8 | കേരളത്തിലെ ജലജന്യരോഗങ്ങളുടെ വ്യാപനം | 298 |
| 6.2.9 | ഇന്ത്യയിലെയും കേരളത്തിലെയും എച്ച്.ഐ.വി. കണക്കുകൾ | 299 |
| 6.2.10 | കോവിഡ്–19 രോഗത്തിന്റെ പ്രധാന വിശദാംശങ്ങളും അതിന്റെ നിയന്ത്രണ പ്രവർത്തനങ്ങളും * | 300 |
| 6.2.11 | ശ്വാസ് ക്ലിനിക്കുകൾ, സി.ഒ.പി.ഡി, ആസ്ത്മ എന്നിവയുടെ സ്ക്രീനിംഗ്, രോഗനിർണയ വിശദാംശങ്ങൾ | 301 |
| 6.2.12 | എൻ.എച്ച്.എം–നുള്ള കേന്ദ്രസഹായം 2016–17 മുതൽ 2021–22 വരെ (ഒക്ടോബർ 31 വരെ) | 305 |
| 6.2.13 | ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ പ്രധാന നേട്ടം 2020–21 | 306 |
| 6.2.14 | ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റിന്റെ പ്രധാന നേട്ടങ്ങൾ–2019–20, 2020–21 വരെ | 307 |
| 6.2.15 | വിവിധ വിഭാഗങ്ങളിൽ അഫിലിയേറ്റ്ചെയ്തിട്ടുള്ള ഗവൺമെന്റ്, എയ്ഡഡ്, അൺഎയ്ഡഡ് കോളേജുകളുടെ വിവരങ്ങൾ (ഒക്ടോബർ 2021 ലെ എണ്ണം) | 308 |

| | | |
|---|---|---|
| 6.2.16 | ഓരോ പഠനശാഖയിലെയും വിദ്യാർത്ഥികളുടെ വാർഷിക പ്രവേശനത്തിന്റെ വിശദാംശങ്ങൾ, പുരുഷ/സ്ത്രീ വിദ്യാർത്ഥികളുടെ എണ്ണം, 2021 ഒക്ടോബർ | 309 |
| 6.3.1 | കേരളത്തിലെ വൃദ്ധസദനങ്ങളിലെ അന്തേവാസികളുടെ എണ്ണം, 2016–17 മുതൽ 2020–21 വരെ | 314 |
| 6.3.2 | പെൻഷൻ ഗുണഭോക്താക്കൾ (തദ്ദേശഭരണ സ്ഥാപനം തിരിച്ച്) | 314 |
| 6.3.3 | വയോമിത്രം പദ്ധതിയുടെ ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ (2017–18 മുതൽ 2021–22) | 316 |
| 7.1.1 | യുഷ്വൽ സ്റ്റാറ്റസ് (ps ss), 2017–18, 2018–19, 2019–20 എന്നിവ പ്രകാരം തൊഴിൽ സേനയുടെ പങ്കാളിത്ത നിരക്ക് (LFPR) ശതമാനത്തിൽ | 320 |
| 7.1.2 | കേരളത്തിലും ഇന്ത്യയിലുമുള്ള നിലവിലെ പ്രതിവാര സ്ഥിതി അനുസരിച്ച് തൊഴിൽ സേനയുടെ പങ്കാളിത്ത നിരക്ക് (എൽ.എഫ്.പി.ആർ) (ശതമാനത്തിൽ), 2020–2021 മുതൽ | 321 |
| 7.1.3 | സാധാരണ നില അനുസരിച്ച് തൊഴിലാളി ജനസംഖ്യാ അനുപാതം (WPR) (ശതമാനത്തിൽ) | 322 |
| 7.1.4 | കേരളത്തിന്റെയും ഇന്ത്യയുടെയും കറന്റ് വീക്കിലി സ്റ്റാറ്റസ് പ്രകാരം തൊഴിലാളി ജനസംഖ്യാ നിരക്ക് (ഡബ്ല്യു.പി.ആർ) (ശതമാനത്തിൽ) | 323 |
| 7.1.5 | പൊതുമരാമത്ത് ഒഴികെയുള്ള കാഷ്വൽ ലേബർ ജോലികളിൽ നിന്നുള്ള പ്രതിദിന ശരാശരി വേതന വരുമാനം ഇന്ത്യയ്ക്കും കേരളത്തിനുമുള്ള (CWS) രൂപയിൽ | 323 |
| 7.1.6 | ഗ്രാമീണ ഇന്ത്യയിലെയും കേരളത്തിലെയും ശരാശരി പ്രതിദിന വേതന നിരക്ക് | 324 |
| 7.1.7 | ഫാക്ടറികളിലെ തൊഴിലാളികളുടെ എണ്ണം | 325 |
| 7.1.8 | കേരളത്തിലെ വ്യാവസായിക അപകടങ്ങൾ, 2013 മുതൽ 2020 വരെ | 326 |
| 7.1.9 | കേരളത്തിലെ കുടിയേറ്റ തൊഴിലാളികളുടെ ജില്ല തിരിച്ചുള്ള കണക്കാക്കിയ എണ്ണം, 2017–18–ൽ | 326 |
| 7.1.10 | ജില്ല തിരിച്ച ആവാസ് കാർഡിന്റെ വിശദാംശങ്ങൾ | 326 |
| 7.2.1 | പൊതു മേഖല തൊഴിൽ–സ്ത്രീ പങ്കാളിത്തം, 2020–21 | 333 |
| 7.3.3 | സ്വയം തൊഴിൽ പദ്ധതി പ്രകാരം ഗുണഭോക്താക്കളായ പട്ടികജാതിക്കാരുടെ എണ്ണം 2020–21, 2021–22 കാലയളവിൽ | 340 |
| 7.3.4 | പട്ടികവർഗ്ഗ യുവാക്കൾക്കായി നടത്തിയ നൈപുണ്യ പരിശീലനത്തിന്റെയും പ്ലെയ്സ്മെന്റിന്റെയും വിശദാംശങ്ങൾ | 341 |
| 7.3.5 | DDU–GKY–യിൽ പരിശീലനം ലഭിച്ചവരുടെയും നിയമിതരായവരുടെയും എണ്ണം | 341 |
| 7.3.6 | നോർക്ക റൂട്ട്സിന് കീഴിലുള്ള നൈപുണ്യ പരിശീലനം | 341 |
| 7.3.7 | സ്കിൽ രജിസ്ട്രി മൊബൈൽ ആപ്ലിക്കേഷന്റെ നിലവിലെ അവസ്ഥ | 345 |
| 7.3.8 | വിവിധ കേന്ദ്രങ്ങൾക്ക് കീഴിലുള്ള പരിശീലനത്തിന്റെയും പ്ലെയ്സ്മെന്റിന്റെയും വിശദാംശങ്ങൾ | 346 |
| 7.3.9 | കരിയർ വികസന കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ | 347 |
| 7.3.10 | സംസ്ഥാന ജോബ് പോർട്ടലിന്റെ നിലവിലെ അവസ്ഥ | 348 |
| 8.1.1 | വിവിധ തലങ്ങളിലെ സാക്ഷരതയുടെ ശതമാനം (വയസ്സ് 15–49) | 352 |
| 8.1.2 | വിവിധ തലങ്ങളിൽ പെൺകുട്ടികളുടെ പ്രവേശനം 2021–22 | 353 |
| 8.1.3 | മെഡിക്കൽ വിദ്യാഭ്യാസത്തിലെ പെൺകുട്ടികളുടെ വാർഷിക പ്രവേശന അനുപാതം 2021–22 (ഒക്ടോബർ 2021) | 353 |
| 8.1.4 | മറ്റു പ്രൊഫഷണൽ കോഴ്സുകളിലെ പെൺകുട്ടികളുടെ പ്രവേശനുപാതം 2021–22 | 353 |
| 8.1.5 | ഇന്ത്യയിലെയും കേരളത്തിലെയും സ്ത്രീകളുടെ ആരോഗ്യസ്ഥിതി | 354 |
| 8.1.6 | മാതൃ പരിചരണത്തിന്റെ സൂചകങ്ങൾ | 355 |

| | | |
|---|---|---|
| 8.1.7 | പൊതു ജോലികളല്ലാതെ കൂലിപ്പണിയിൽ നിന്ന് ഓരോ ദിവസവുമുള്ള ശരാശരി വേതനം / ശമ്പളം / വരുമാനം എന്നിവയിലെ ലിംഗപദവി വ്യത്യാസം | 356 |
| 8.1.8 | കേരളത്തിലും ഇന്ത്യയിലുമുള്ള സ്ത്രീ തൊഴിലാളികൾ ശതമാനത്തിൽ (സിഡബ്ല്യൂഎസ്) | 357 |
| 8.1.9 | സംഘടിത മേഖലയിലെ തൊഴിൽ | 358 |
| 8.1.10 | സർക്കാരിന്റെ വിവിധ തലങ്ങളിലെ വനിതാ ജീവനക്കാരുടെ വിന്യാസം | 358 |
| 8.1.11 | കേരളത്തിലെ വിവര സാങ്കേതിക (ഐറ്റി) മേഖലയിലെ തൊഴിൽ സൃഷ്ടിക്കൽ | 359 |
| 8.1.12 | അയൽക്കൂട്ടങ്ങളിലൂടെയുള്ള സാമ്പത്തിക ഉൾപ്പെടുത്തൽ | 359 |
| 8.1.13 | കുടുംബശ്രീയുടെ കീഴിലുള്ള കൂട്ടുത്തരവാദിത്ത സംഘങ്ങളും (ജെ.എൽ.ജി) സൂക്ഷ്മ സംരംഭങ്ങളും | 360 |
| 8.1.14 | കേരളത്തിൽ നൽകിയിട്ടുള്ള എൻ ആർ ഇ ജി എ തൊഴിൽ നില, 2018–19 മുതൽ 2020–21 വരെ | 360 |
| 8.1.15 | തീരുമാനമെടുക്കുന്നതിൽ വനിതാ പങ്കാളിത്തം | 361 |
| 8.2.1 | കേരളത്തിലെ പട്ടികജാതി–പട്ടിക വർഗ്ഗ ജനസംഖ്യയുടെ പൊതു വിവരങ്ങൾ | 369 |
| 8.2.2 | പട്ടികജാതി ഉപപദ്ധതിയിലും പട്ടികവർഗ്ഗ ഉപപദ്ധതിയിലും വകയിരുത്തിയ വിഹിതം (തുക കോടിയിൽ), 2017–18 മുതൽ 2021–22 വരെ | 370 |
| 8.2.3 | 2020–21 ലെ ആരോഗ്യ മേഖലയിലെ പ്രധാന ഭൗതിക നേട്ടങ്ങൾ | 376 |
| 8.3.1 | വിവിധ തരത്തിലുള്ള വൈകല്യങ്ങളുടെ വിശദാംശങ്ങൾ | 385 |
| 9.1.1 | പുരാവസ്തു വകുപ്പിന് കീഴിലുള്ള മ്യൂസിയങ്ങൾ | 398 |
| 9.1.2 | ഇരുപത്തി അഞ്ചാമത് ഐ.എഫ്.എഫ്.കെയുടെ വേദികളുടെയും പ്രതിനിധികളുടെയും | 404 |
| 9.2.1. | ഉപയോഗവും ഇരിപ്പിടവും അനുസരിച്ച് കേരളത്തിലെ പ്രധാന 10 സ്റ്റേഡിയങ്ങൾ | 406 |
| 9.2.2 | എലൈറ്റ് സ്കീമിന് കീഴിൽ പ്രവർത്തിക്കുന്ന മികവിന്റെ കേന്ദ്രങ്ങൾ | 407 |
| 9.2.3 | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നൽകുന്ന വിവിധ കായിക അവാർഡുകൾഉറവിടം: കേരള സംസ്ഥാന കായിക സമിതി. | 409 |
| 9.2.4 | കേരള 2019–20 ൽ നടന്ന സ്പോർട്സ് മീറ്റിലെ ജില്ല തിരിച്ചുള്ള മെഡൽ നില | 410 |
| 10.1.1 | കേരളത്തിലെ ജില്ല തിരിച്ചുള്ള പ്രവാസികൾ 2018 –ൽ | 417 |
| 10.1.3 | കോവിഡ്–19 പ്രവാസികളുടെ തിരിച്ചു വരവിന്റെ കണക്ക് (ജാഗ്രത പോർട്ടൽ പ്രകാരം ഇൻവേർഡ് സ്റ്റാറ്റസ്) | 421 |
| 10.1.4 | യാത്രക്കാരുടെ വിശദാംശങ്ങൾ | 421 |
| 10.1.5 | പ്രവാസികളുടെ തിരിച്ചു വരവ്: കാരണങ്ങൾ | 421 |
| 10.1.6 | 2021–ൽ നോർക്ക റൂട്ട്സ് വഴിയുള്ള സഹായം | 422 |
| 10.1.7 | പെൻഷനും മറ്റ് ക്ഷേമ പദ്ധതികൾക്കും വേണ്ടിയുള്ള ചെലവ്അവലംബം: നോർക്ക പ്രവാസി വെൽഫെയർ ബോർഡ് | 422 |
| 11.1.1 | ഇന്ത്യയിലെ റോഡ് ശൃംഖല | 425 |
| 11.1.2 | കേരളത്തിലെ ദേശീയ പാതകൾ | 426 |
| 11.1.3 | കേരളത്തിലെ റോഡുകളുടെ ഏജൻസി തിരിച്ചുള്ള വിശദാംശങ്ങൾ 2019–20 മുതൽ 2020–21 വരെ | 427 |
| 11.1.4 | കേരളത്തിലെ റോഡ് അപകടങ്ങളുടെ പ്രവണത, 2011–2020–ൽ | 430 |
| 11.1.5 | വിവിധ തരം റോഡുകളിലെ അപകട സ്ഥലങ്ങൾ | 430 |
| 11.1.6 | 2020–21, 2021–22 വർഷങ്ങളിലെ ഗതാഗത മേഖലയിലെ അടങ്കലും ചെലവും (2021 സെപ്റ്റംബർ വരെയുള്ള ചെലവ്), ₹ ലക്ഷം രൂപയിൽ | 438 |
| 11.1.7 | വാട്ടർ മെട്രോ–ധനവിനിയോഗം, ₹ കോടിയിൽ | 441 |

| | | |
|---|---|---|
| 11.1.8 | കേരളത്തിലെ വൻകിട ചെറുകിട തുറമുഖങ്ങളിൽ ചരക്ക് കൈകാര്യം ചെയ്യൽ (മില്യൺ ടണ്ണിൽ) | 447 |
| 11.1.9 | കഴിഞ്ഞ 5 വർഷത്തെ ദേശീയ ജലപാത–3 ലെ ചരക്ക് നീക്കം ദശലക്ഷം ടൺ (എൽ എം റ്റി) | 450 |
| 11.1.10 | കേരളത്തിലെ ദേശീയ ജലപാതകൾ | 450 |
| 11.1.11 | വകുപ്പ് തിരിച്ചുള്ള 2019–20 മുതൽ 2021–22 വരെയുള്ള പദ്ധതി വിഹിതവും ചെലവും (രൂപ ലക്ഷത്തിൽ) | 453 |
| 11.2.1 | ഇന്ത്യയുടെ മൊത്തം സ്ഥാപിതശേഷി 2021 സെപ്റ്റംബർ 31 അനുസരിച്ചുള്ളത് | 455 |
| 11.2.2 | ആഗസ്റ്റ് 31 അനുസരിച്ചുള്ള ഇന്ത്യയുടെ മൊത്തം സ്ഥാപിതശേഷി | 455 |
| 11.2.3 | കേരള സംസ്ഥാനത്തിന്റെ ഊർജ്ജ മേഖലയുടെ സംക്ഷിപ്ത രൂപം, 2020–21–ൽ | 457 |
| 11.2.4 | വാർഷിക പദ്ധതി വിഹിതവും ചെലവുകളും (രൂപ ലക്ഷത്തിൽ), 2020–21, 2021–22 വർഷങ്ങളിൽ | 458 |
| 11.2.5 | കെ എസ് ബി എല്ലിന്റെ ആഭ്യന്തര ഉൽപാദന ശേഷി | 459 |
| 11.2.6 | നിർമ്മാണം പുരോഗമിക്കുന്ന സംസ്ഥാനത്തെ പ്രധാന ജല വൈദ്യുത പദ്ധതികൾ | 460 |
| 11.3.1 | പോസ്റ്റ് ഓഫീസുകളുടെ ജില്ല തിരിച്ചുള്ള എണ്ണം, 2021, സെപ്റ്റംബർ 30 വരെ | 467 |
| 11.3.2 | കേരള തപാൽ സർക്കിളിന്റെ ഇ–അധിഷ്ഠിതവും മൂല്യവർദ്ധിതവുമായ സേവനങ്ങൾ | 468 |
| 11.4.1 | 2021 ആഗസ്റ്റ് 31 പ്രകാരം ജലനിധിയുടെ | 478 |
| 11.5.1 | ജല വിതരണ കണക്ഷനുകളുടെ ജില്ലാ തല വിവരങ്ങൾ | 481 |
| 11.6.1 | ലൈഫ് മിഷൻ നിർമ്മിച്ച വീടുകളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ | 484 |
| 11.6.2 | 2021 സെപ്റ്റംബർ 30 വരെ വിവിധ പദ്ധതികൾക്കായി ഭരണാനുമതി നൽകിയിട്ടുള്ളതിന്റെ വിശദാംശങ്ങൾ തുക കോടിയിൽ | 486 |
| 11.7.1 | 2021 സെപ്റ്റംബർ വരെയുള്ള കിഫ്ബി അംഗീകരിച്ച പ്രോജക്ടുകളുടെ ഏകീകൃത വിശദാംശങ്ങൾ | 489 |
| 11.7.2 | കിഫ്ബി ധനസമാഹരണം–പുരോഗതി | 491 |
| 11.7.3 | സർക്കാരിൽ നിന്ന് ലഭിച്ച മോട്ടോർ വാഹന നികുതി, പെട്രോളിയം സെസ്സ് എന്നിവയുടെ വിഹിതം | 491 |
| 11.7.4 | അടിസ്ഥാന സൗകര്യത്തിനും ലാൻഡ് അക്വസിഷൻ പൂളിനും കീഴിൽ കിഫ്ബി അംഗീകരിച്ച പദ്ധതികളുടെ വിവരണം | 492 |
| 11.8.1 | കാസറഗോഡ് വികസന പാക്കേജ് സാമ്പത്തിക പുരോഗതി (ഒക്ടോബർ 31, 2021 വരെ) | 493 |
| 11.8.2 | കാസറഗോഡ് വികസന പാക്കേജ് ഭൗതീക പുരോഗതി (ഒക്ടോബർ 31, 2021 വരെ) | 493 |
| 12.1.1 | പ്രാദേശിക സർക്കാരുകളുടെ (2015–16 മുതൽ 2021–22 വരെ) പൊതുവിഭാഗം ഫണ്ടിലെ സാധാരണ വിഹിതത്തിലെ മൊത്തം ചെലവിൽ ഉൽപാദന മേഖലയുടെ വിഹിതം, രൂപ കോടിയിൽ | 501 |
| 12.1.2 (a) | വനിതാ ഘടക പദ്ധതി – പ്രോജക്ടുകളുടെ എണ്ണവും വകയിരുത്തലും പതിമൂന്നാം പഞ്ചവത്സര പദ്ധതി – തസ്വഭവ തല ക്രോഡീകൃത വിവരങ്ങൾ, 2017–22 | 501 |
| 12.1.2 (b) | വനിതാ ഘടക പദ്ധതി – പ്രോജക്ടുകളുടെ എണ്ണവും ശതമാനവും – മേഖലാ തല വിവരങ്ങൾ, 2017–22 | 501 |
| 12.1.3 | നൂതന പ്രോജക്ടുകൾ – തസ്വഭ സ്ഥാപന തല ക്രോഡീകൃത വിവരങ്ങൾ – 31.08.2021 വരെ, രൂപ കോടിയിൽ | 502 |
| 12.1.4 | 13–ാം പദ്ധതിയിലെ പ്രാദേശിക സർക്കാരുകൾക്ക് പദ്ധതി വിഹിതം, വികസന ഫണ്ട് കോടിയിൽ | 503 |
| 12.1.5 | 13–ാം പദ്ധതിയിൽ പ്രാദേശിക സർക്കാറുകളുടെ മെയിന്റനൻസ് ഫണ്ടും പൊതു ആവശ്യ ഫണ്ടും, കോടിയിൽ | 504 |
| 12.1.6 | പ്രാദേശിക സർക്കാരുകളുടെ പദ്ധതി വിഹിതവും ചെലവും, വികസന ഫണ്ട് കോടിയിൽ | 504 |

| | | |
|---|---|---|
| 12.1.7 (a) | (എ) തസ്വഭ സ്ഥാപനതല ദുരന്ത നിവാരണ പ്രോജക്ടുകളുടെ വിവരങ്ങൾ, തുക കോടിയിൽ | 505 |
| 12.1.7 (b) | (ബി) തസ്വഭ സ്ഥാപനതല ദുരന്ത നിവാരണ പ്രോജക്ടുകളുടെ വിവരങ്ങൾ, തുക കോടിയിൽ | 505 |
| 12.1.8 | തസ്വഭ സ്ഥാപനങ്ങൾ ഏറ്റെടുത്തിട്ടുള്ള കോവിഡ്–19 പ്രത്യേക പദ്ധതികളുടെ വിശദാംശങ്ങൾ, 2020–21, തുക കോടിയിൽ | 507 |
| 12.1.9 | സുഭിക്ഷ കേരളം – തസ്വഭ സ്ഥാപന തലത്തിലുള്ള പ്രോജക്ട് വിവരങ്ങൾ 2020–21, രൂപ കോടിയിൽ | 508 |
| 12.1.10 | സുഭിക്ഷ കേരളം – മേഖലാ തലത്തിലുള്ള പ്രോജക്ട് വിവരങ്ങൾ, രൂപ കോടിയിൽ | 508 |
| 12.1.11 | സുഭിക്ഷ കേരളം – മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ/ അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതികളുടെ വിവരങ്ങൾ | 509 |
| 12.1.12 | കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് – ബേസിക് ഗ്രാന്റ് ഉപയോഗിച്ച് ഏറ്റെടുത്ത പ്രോജക്ടുകൾ – തസ്വഭ സ്ഥാപന തലത്തിൽ, തുക കോടിയിൽ | 510 |
| 12.1.13 | പതിനഞ്ചാം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് – ടൈഡ് ഗ്രാന്റ് ഉപയോഗിച്ച് ഏറ്റെടുത്ത പ്രോജക്ടുകളുടെ വിശദാംശങ്ങൾ (ശുചിത്വം, കുടിവെള്ളം) – തസ്വഭ സ്ഥാപന തലത്തിൽ (തുക കോടിയിൽ) | 510 |
| 12.1.14 | നഗരസഞ്ചയങ്ങൾക്കുള്ള പദ്ധതികൾക്കായി 2020–21–ൽ കേന്ദ്ര ധനകാര്യകമ്മീഷൻ വകയിരുത്തിയ തുകയുടെ വിശദാംശങ്ങൾ | 511 |
| 12.1.15 | വിവിധ തലത്തിലുള്ള തദ്ദേശ സ്ഥാപനങ്ങൾക്ക് വകയിരുത്തിയിട്ടുള്ള വികസന ഫണ്ട് വിഹിതം. 2020–21, തുക കോടിയിൽ | 512 |
| 12.1.16 | വാർഷിക പദ്ധതി 2020–21 പൊതുമേഖലാ ഫണ്ടിൽ സാധാരണ വിഹിത ചെലവിൽ ഉത്പാദനമേഖലയുടെ പങ്ക് (കോടി രൂപ) | 513 |
| 12.1.17 | പ്രത്യേകമേഖലകളുടെ പദ്ധതിക്കുള്ള ചെലവ് വിഹിതം (2020–21) | 514 |
| 12.1.18 | ശുചിത്വ പദവി കൈവരിച്ച തദ്ദേശഭരണ സ്ഥാപനങ്ങൾ സംബന്ധിച്ച വിവരങ്ങൾ (2021 നവംബർ വരെ) | 516 |

# ചിത്രങ്ങൾ


| പട്ടിക നമ്പർ | ഇനം | പേജ് |
|---|---|---|
| 1.1.1 | കേരളത്തിന്റെ ജി എസ് വി എ യുടെയും ഇന്ത്യയുടെ ജിവിഎയുടെയും വാർഷിക വളർച്ചാ നിരക്ക് ശതമാനത്തിൽ | 6 |
| 1.1.2 | പ്രതിശീർഷ അറ്റ ആഭ്യന്തര ഉല്പന്നവും പ്രതിശീർഷ അറ്റ സംസ്ഥാന ആഭ്യന്തര ഉല്പന്ന വും സ്ഥിര വിലയിൽ (2011–12 ) | 7 |
| 1.1.3 | ഇന്ത്യയിലെ പണപ്പെരുപ്പ നിരക്ക് 2021 ജനുവരി മുതൽ സെപ്റ്റംബർ വരെ, ശതമാന ത്തിൽ | 10 |
| 1.1.4 | 2021 ജനുവരി മുതൽ സെപ്റ്റംബർ വരെയുള്ള കേരളത്തിലെ വിലക്കയറ്റ നിരക്ക് (ശതമാനത്തിൽ) | 12 |
| 1.2.1 | കേരളത്തിലെ ജനസംഖ്യ | 13 |
| 1.2.2 | കേരളത്തിലെ ഗ്രാമീണ, നഗര ജനസംഖ്യ | 14 |
| 1.2.3 | കേരളത്തിൽ കുട്ടികളുടെ ജനസംഖ്യ ശതമാനം | 14 |
| 1.2.4 | പ്രായവിഭാഗ വിതരണം (ശതമാനം), കേരളം 1961–2011 | 15 |
| 1.4.1 | കേരളത്തിലെ ബാങ്ക് നിക്ഷേപത്തിന്റെ വളർച്ച (2012 മുതൽ 2021 വരെ ) | 22 |
| 1.4.2 | പ്രാഥമിക മേഖലയിലെ വായ്പ വിതരണത്തിന്റെ വിഹിതം, 2021 മാർച്ച് വരെ | 23 |
| 1.4.3 | കാർഷിക വായ്പ വിഹിതം 2021 മാർച്ച് വരെയുള്ളത് | 23 |
| 1.4.4 | കേരളത്തിലെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളുടെ നിക്ഷേപങ്ങളുടെയും വായ്പയുടെ യും ജില്ല തിരിച്ചുള്ള വിവരണം | 25 |
| 1.5.1 | റവന്യൂ വരുമാനത്തിന്റെ വാർഷിക വളർച്ചയുടെ വിവരങ്ങൾ (ശതമാനത്തിൽ) | 30 |
| 1.5.2 | വിവിധ സ്രോതസ്സുകളിൽ നിന്നുളള സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം (ശതമാനത്തിൽ) | 30 |
| 1.5.3 | സംസ്ഥാനത്തിന്റ തനത് നികുതി വരുമാനത്തിന്റെ വിശദാംശങ്ങൾ | 31 |
| 1.5.4 | വിവിധ ധനകാര്യ കമ്മീഷനുകളെ അടിസ്ഥാനമാക്കിയുള്ള നികുതി വരുമാനത്തിന്റെ പങ്കുവയ്ക്കാൻ പറ്റുന്ന അറ്റവിഹിതത്തിന്റെ പ്രവണത | 32 |
| 3.1.1 | തെക്ക് പടിഞ്ഞാറൻ കാലവർഷത്തിൽ 2021 ജൂൺ ഒന്നു മുതൽ സെപ്റ്റംബർ 30 വരെ ലഭിച്ച മഴ | 65 |
| 3.1.2 | വടക്കു കിഴക്കൻ കാലവർഷത്തിൽ 2021 ഒക്ടോബർ 1 മുതൽ നവംബർ 30 വരെ ലഭിച്ച മഴ | 65 |
| 3.1.3 | 2020–21–ൽ കേരളത്തിലെ ഭൂവിനിയോഗ രീതി | 66 |
| 3.1.4 | 2011–12 നെ അപേക്ഷിച്ച് 2012–13 മുതൽ മുൻ വർഷങ്ങളിൽ നെല്ലിന്റെ വിസ്തൃതി, ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവയിൽ വന്ന മാറ്റം (ശതമാനത്തിൽ) | 67 |
| 3.1.5 | കഴിഞ്ഞ പത്ത് വർഷത്തെ കേരളത്തിലെ മൊത്തം കാർഷിക വായ്പ വിതരണത്തിൽ നിക്ഷേപ, ഉൽപ്പാദന വായ്പകളുടെ വിഹിതം | 83 |
| 3.1.6 | കഴിഞ്ഞ പത്ത് വർഷത്തെ കേരളത്തിലെ മൊത്തം കാർഷിക വായ്പ വിതരണത്തിൽ നിക്ഷേപ, ഉൽപ്പാദന വായ്പകളുടെ വിഹിതം | 83 |
| 3.1.7 | കാർഷിക മേഖലയിലെ നിക്ഷേപ വായ്പയുടെ ഏജൻസി തിരിച്ചുള്ള വിതരണം | 84 |
| 3.3.1 | കന്നുകാലി മേഖലയിലെ ഉല്പന്നങ്ങളുടെ ഉല്പാദനം 2013–14 മുതൽ 2020–21 വരെ | 98 |
| 3.3.2 | കേരളത്തിലെ ഇനം തിരിച്ചുള്ള ക്ഷീര ഉല്പാദനം 2020–21 –ൽ | 98 |

| | | |
|---|---|---|
| 3.3.3 | കേരളത്തിലെ ഇനം തിരിച്ചുള്ള മുട്ട ഉല്പാദനം | 99 |
| 3.3.4 | കേരളത്തിൽ 2020–21 ലെ ഇനം തിരിച്ചുള്ള മാംസ ഉല്പാദനം | 100 |
| 3.3.5 | കന്നുകാലി ഉല്പന്നങ്ങളുടെ ശരാശരി വിലനിലവാര പ്രവണത 2015–16 മുതൽ 2020–21 വരെ | 107 |
| 3.4.1 | കേരളത്തിലെ ഉൾനാടൻ ജലാശയങ്ങളുടെ വിശദാംശങ്ങൾ | 112 |
| 3.4.2 | ഇന്ത്യയിലെയും കേരളത്തിലേയും മത്സ്യ ഉൽപ്പാദനം | 113 |
| 3.4.3 | കേരളത്തിലെ മത്സ്യമേഖലയിലെ സ്ത്രീ പുരുഷ അനുപാതം | 115 |
| 3.4.4 | കേരളത്തിലെ മത്സ്യബന്ധന തുറമുഖങ്ങളുടെ ലൊക്കേഷൻ | 117 |
| 3.5.1 | ജലസേചന വകുപ്പിനു കീഴിലെ ജലസംഭരണികളിലെ സംഭരണ നില 2020–2021 (300 ലക്ഷം ക്യൂബിക് മീറ്റർ) | 120 |
| 3.6.1 | വനത്തിൽ നിന്നുള്ള വരുമാനം 2017–18 മുതൽ 2020–21 വരെ | 130 |
| 3.7.1 | കേരളത്തിലെ ജനവാസകേന്ദ്രങ്ങളിലെ പ്രധാന നിരീക്ഷണ സ്റ്റേഷനുകളിലെ വായു മലിനീകരണത്തിന്റെ വാർഷിക ശരാശരി മൂല്യങ്ങൾ, 2020 | 139 |
| 3.7.2 | കേരളത്തിലെ നിരീക്ഷണ സ്റ്റേഷനുകളിലെ വായു മലിനീകരണത്തിന്റെ വാർഷിക ശരാശരി മൂല്യങ്ങൾ, 2020 | 140 |
| 3.7.3 | കേരളത്തിലെ "വ്യവസായിക" മേഖലകളിലെ നിരീക്ഷണ സ്റ്റേഷനുകളിലെ വായു മലിനീകരണത്തിന്റെ വാർഷിക ശരാശരി മൂല്യങ്ങൾ, 2021 | 140 |
| 3.7.4 | തിരഞ്ഞെടുത്ത നദീകേന്ദ്രങ്ങളിലെ ബി.ഒ.ഡി നില 2019 ലും 2020 ലും | 141 |
| 3.8.1 | വിവിധ വിഭാഗം കാർഡുടമകൾ, 2021 ആഗസ്റ്റ് മാസം വരെ, ശതമാനത്തിൽ | 149 |
| 3.8.2 | ഉച്ചഭക്ഷണ പരിപാടി 2014–15 മുതൽ 2020– 21 വരെ | 150 |
| 4.2.1 | ഇന്ത്യയിലെ ഉൽപന്ന നിർമ്മാണ മേഖലയിൽ നിന്നുള്ള വാർഷിക വളർച്ച മൊത്ത മൂല്യ വർദ്ധനവ്, സ്ഥിരവിലയിൽ, ശതമാനത്തിൽ | 159 |
| 4.2.2 | കേരളത്തിലെ, ഉല്പന്ന നിർമ്മാണ മേഖലയുടെ വാർഷിക വളർച്ചാ മൊത്ത മൂല്യ വർദ്ധനവ്, സ്ഥിരവിലയിൽ, ശതമാനത്തിൽ | 160 |
| 4.2.3 | കേരളത്തിലെ ഖനന ക്വാറി മേഖലയിൽ നിന്നുള്ള വരുമാനത്തിന്റെ വാർഷിക വളർച്ചാ നിരക്ക്, മൊത്ത മൂല്യ വർദ്ധനവ്, ശതമാനത്തിൽ | 160 |
| 4.3.1 | കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ നിക്ഷേപത്തിൽ കേരളത്തിന്റെ വിഹിതം, ശതമാനത്തിൽ | 162 |
| 4.4.1 | 2020–21 ൽ നിർമ്മാണ, സേവന മേഖലയിൽ രജിസ്റ്റർ ചെയ്ത സൂക്ഷ്മ, ചെറുകിട ഇടത്തരം യൂണിറ്റുകളുടെ എണ്ണം | 174 |
| 4.4.2 | 2019–20, 2020–21 വർഷങ്ങളിലെ പുതിയ എംഎസ്എംഇ യുണിറ്റുകളും സൃഷ്ടിച്ച തൊഴിലവസരങ്ങളും | 174 |
| 4.4.3 | 2019–20 ലും 2020–21 ലും കേരളത്തിലെ പുതിയ എം എസ് എം ഇ യൂണിറ്റുകൾ, ജില്ല തിരിച്ച് | 175 |
| 4.4.4 | കേരളത്തിൽ ഓരോ ഉപമേഖലയ്ക്ക് കീഴിലും 2020–21 ൽ ആരംഭിച്ച പുതിയ എംഎസ്എംഇ യൂണിറ്റുകളുടെ എണ്ണം, ശതമാനത്തിൽ | 176 |
| 4.6.1 | 2020–21 ജില്ലതിരിച്ചുള്ള വില്പന ലക്ഷ്യങ്ങളും നേട്ടങ്ങളുംസംബന്ധിക്കുന്ന വിശദാംശങ്ങൾ | 192 |
| 4.6.2 | കേരള സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളും കയർഫെഡും ചേർന്ന് നടത്തിയ കയർ, കയർ ഉൽപന്നങ്ങളുടെ കയറ്റുമതി, ലക്ഷം രൂപയിൽ | 194 |
| 5.1.1 | ടെക്നോപാർക്കിലെ ബിൽറ്റ് അപ്പ് ഏര്യയുടെ വളർച്ച | 213 |
| 5.1.2 | ടെക്നോപാർക്കിലെ കമ്പനികളുടെവളർച്ച | 213 |
| 5.1.3 | ടെക്നോപാർക്കിൽ നിന്നുള്ള കയറ്റുമതി | 213 |
| 5.1.4 | ടെക്നോപാർക്കിലെ തൊഴിലവസരങ്ങളുടെ വർദ്ധന | 214 |

| | | |
|---|---|---|
| 5.2.1 | പിന്തുണ ലഭിക്കുന്ന പ്രോജക്റ്റുകളിൽ കെഎസ്‌സിഎസ്ടിഇയുടെ 2020–21 ലെ നേട്ടങ്ങൾ | 226 |
| 5.2.2 | 2010–11 മുതൽ 2020–21 വരെ ആർ.സി.സിയിൽ രജിസ്റ്റർ ചെയ്ത പുതിയ കേസുകളുടെ എണ്ണം | 229 |
| 5.2.3 | 2020–21–ൽ രജിസ്റ്റർ ചെയ്ത പുതിയ കേസുകൾ, ജില്ലാ അടിസ്ഥാനത്തിൽ | 230 |
| 5.2.4 | 2020–21–ൽ സ്പെഷ്യാലിറ്റി ക്ലിനിക്കുകളിൽ രജിസ്റ്റർ ചെയ്ത പുതിയ രോഗികളുടെ ശതമാനം | 230 |
| 5.2.5 | പുതിയതായി രജിസ്റ്റർ ചെയ്ത പുതിയ രോഗികളുടെ പ്രായവും ലിംഗവുമനുസരിച്ചുള്ള കണക്ക്, 2020–21–ൽ | 231 |
| 5.3.1 | 2011 മുതൽ 2020 വരെ കേരളത്തിലേക്കും ഇന്ത്യയിലേക്കുമുള്ള വിനോദ സഞ്ചാരികളുടെ വരവിന്റെ വാർഷിക വളർച്ചാ നിരക്ക്, ശതമാനത്തിൽ | 236 |
| 5.3.2 | കേരളത്തിലേക്ക് വിദേശ വിനോദ സഞ്ചാരികളെ സംഭാവന ചെയ്യുന്നതിൽ മുൻപന്തിയിൽ നില്ക്കുന്ന 10 രാജ്യങ്ങൾ, ശതമാനത്തിൽ, 2019, 2020 വർഷങ്ങളിൽ | 237 |
| 5.3.3 | 2020 ൽ കേരളം സന്ദർശിച്ച വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം മേഖല തിരിച്ച്, ശതമാനത്തിൽ | 238 |
| 5.3.4 | 2011 മുതൽ 2020 വരെ കേരളത്തിലെ ആഭ്യന്തര വിനോദ സഞ്ചാരികളുടെ വരവിന്റെ വാർഷിക വളർച്ചാ നിരക്ക്, ശതമാനത്തിൽ | 239 |
| 5.3.5 | വിദേശ വിനോദ സഞ്ചാരികളെ സംഭാവന ചെയ്യുന്നതിൽ മുൻപന്തിയിൽ നില്ക്കുന്ന 10 സംസ്ഥാനങ്ങൾ, ശതമാനത്തിൽ, 2019 ലും 2020 –ലും | 239 |
| 5.3.6 | മേഖലാടിസ്ഥാനത്തിൽ ആഭ്യന്തര വിനോദ സഞ്ചാരികളുടെ സന്ദർശനം, 2020 ൽ (ശതമാനത്തിൽ) | 240 |
| 5.3.7 | വിനോദസഞ്ചാര മേഖലയിൽ നിന്നും ലഭ്യമായ മൊത്തം വരുമാനം 2010 മുതൽ 2020 വരെ, രൂപ കോടിയിൽ | 240 |
| 5.4.1 | സമുദ്രോല്പന്നങ്ങളുടെ കയറ്റുമതി വളർച്ചാനിരക്കുകൾ (അളവിൽ)–ഇന്ത്യ, കേരളം– കേരളത്തിന്റെ വിഹിതം, 2015–16 മുതൽ 2020–21 വരെ, ശതമാനത്തിൽ | 248 |
| 5.4.2 | 2020–21–ൽ ഇന്ത്യയിൽ നിന്ന് കയറ്റി അയച്ച സമുദ്രോൽപന്നങ്ങളും അവയുടെ വിപണി വിഹിതവും (ശതമാനത്തിൽ) | 249 |
| 5.4.3 | 2020–21–ൽ കേരളത്തിൽ നിന്ന് കയറ്റി അയച്ച സമുദ്രോല്പന്നങ്ങളും വിപണി വിഹിതവും (ശതമാനത്തിൽ) | 249 |
| 5.4.4 | 2020–21–ൽ ഇന്ത്യൻ സമുദ്രോല്പന്നങ്ങളുടെ പ്രധാന വിദേശ വിപണികൾ, വിപണി വിഹിതം ശതമാനത്തിൽ | 249 |
| 5.4.5 | 2020–21–ൽ കേരളത്തിൽ നിന്നുള്ള സമുദ്രോല്പന്നങ്ങളുടെ പ്രധാന വിദേശ വിപണികൾ, വിപണി വിഹിതം | 250 |
| 5.4.6 | ഇന്ത്യയിൽ നിന്നും കേരളത്തിൽ നിന്നുമുള്ള കയറും കയറുൽപ്പന്നങ്ങളുടെയും കയറ്റുമതി, 2015–16 മുതൽ 2020–21 വരെ, (അളവ്: ലക്ഷം മെട്രിക് ടൺ) | 252 |
| 5.4.7 | ഇന്ത്യയുടേയും കേരളത്തിന്റെയും സുഗന്ധ വ്യഞ്ജനങ്ങളുടെ കയറ്റുമതി (അളവിൽ) വളർച്ചാ നിരക്കുകൾ, ശതമാനത്തിൽ, (2015–16 മുതൽ 2020–21 വരെ) | 253 |
| 5.5.1 | ജില്ല തിരിച്ചുള്ള റീ–സർവേ അപ്പീലുകൾ സ്വീകരിച്ചതും അന്തിമമാക്കിയതും – 2020 | 255 |
| 5.5.2 | സൈബർ സെല്ലിൽ രജിസ്റ്റർ ചെയ്ത കുറ്റകൃത്യങ്ങളുടെ എണ്ണം | 258 |
| 6.1.1 | മാനേജ്മെന്റ് തിരിച്ച് വിദ്യാലയങ്ങളുടെ എണ്ണം 2020–21 | 273 |
| 6.1.2 | കേരളത്തിലെ വിദ്യാർത്ഥികളുടെ മാനേജ്മെന്റ് അടിസ്ഥാനത്തിലും വിഭാഗം തിരിച്ചുമുള്ള പ്രവേശനം, 2021–22–ൽ | 274 |
| 6.1.3 | 2020–21 ലെ ഡിഗ്രി കോഴ്സുകളിലെ വിദ്യാർത്ഥികളുടെ സ്ത്രീ പുരുഷ അനുപാതം | 281 |
| 6.1.4 | ബിരുദ ബിരുദാനന്തര ബിരുദ കോഴ്സിലെ പട്ടികജാതി/പട്ടികവർഗ വിദ്യാർത്ഥികൾ ശതമാനത്തിൽ | 282 |
| 6.2.1 | ഡിഎച്ച്എസിന് കീഴിൽ കേരളത്തിലെ ആശുപത്രി കിടക്കകളുടെ ജില്ല തിരിച്ചുള്ള വിതരണം | 303 |

| | | |
|---|---|---|
| 6.2.2 | കെയുഎച്ച്എസിന് കീഴിലുള്ള സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് കോളേജുകൾ ശതമാനം | 308 |
| 7.2.1 | ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലേയും/കേന്ദ്രഭരണ പ്രദേശങ്ങളിലേയും15 വയസ്സും അതിൽ കൂടുതലുമുള്ളവരുടെ യൂഷ്വൽ സ്റ്റാറ്റസ് (പി.എസ്. + എസ്.എസ്) പ്രകാരമുള്ള തൊഴിലില്ലായ്മ നിരക്കുകൾ, ശതമാനത്തിൽ | 330 |
| 7.2.2 | കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് [(യൂഷ്വൽ സ്റ്റാറ്റസ് (പി.എസ്+എസ്.എസ്), (നിലവിലെ പ്രതിവാര സ്റ്റാറ്റസ് (സി ഡബ്ല്യൂ എസ്)] ശതമാനത്തിൽ | 331 |
| 7.2.3 | യൂഷ്വൽ സ്റ്റാറ്റസ് (പി.എസ്+എസ്.എസ്) പ്രകാരം കേരളത്തിലെയും ഇന്ത്യയിലെയും യുവജനങ്ങൾക്കിടയിലെ (15 മുതൽ 29 വയസ്സ് വരെ) തൊഴിലില്ലായ്മാ നിരക്ക് (ശതമാനത്തിൽ) | 332 |
| 7.2.4 | കേരളത്തിലെ സംഘടിത മേഖലയിലെ തൊഴിൽ – (ലക്ഷത്തിൽ) | 332 |
| 7.2.5 | പൊതുമേഖലയിലെ തൊഴിൽ വിതരണം | 333 |
| 7.2.6 | സംഘടിത മേഖലയിലെ പ്രധാനപ്പെട്ട തൊഴിൽ വിതരണം – മാർച്ച് 2021 (ശതമാനത്തിൽ) | 334 |
| 7.2.7 | കേരളത്തിലെ തൊഴിലന്വേഷകർ (എണ്ണം ലക്ഷത്തിൽ) | 334 |
| 7.2.8 | വിദ്യാഭ്യാസ യോഗ്യത അടിസ്ഥാനമാക്കിയുള്ള കേരളത്തിലെ തൊഴിലന്വേഷകർ | 335 |
| 7.2.9 | തൊഴിലന്വേഷകരുടെ ജില്ലതിരിച്ചുള്ള കണക്കുകൾ, 2021 ആഗസ്റ്റ് 31 വരെ, (ലക്ഷത്തിൽ) | 336 |
| 7.2.10 | കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള നിയമനങ്ങൾ | 337 |
| 8.1.1 | വിവിധ വർഷങ്ങളിലെ സ്ത്രീകളിലെ തൊഴിൽ സേനാ പങ്കാളിത്ത നിരക്ക് (എൽ.എഫ്.പി.ആർ) | 351 |
| 8.1.2 | കേരളത്തിലെ സ്ത്രീ പുരുഷൻമാരുടെ (എല്ലാ പ്രായക്കാരും) തൊഴിൽ പങ്കാളിത്ത നിരക്ക്. | 356 |
| 8.1.3 | സ്ത്രീ തൊഴിലാളികളുടെ വ്യാവസായികാടിസ്ഥാനത്തിലുള്ള അനുപാതം | 357 |
| 8.1.4 | സംഘടിത മേഖലയിലെ സ്ത്രീ തൊഴിലിന്റെ വളർച്ച | 358 |
| 8.1.5 | സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ | 362 |
| 8.2.1 | 2017–18 മുതൽ 2020–21 വരെ ഭൂമി ലഭ്യമായ പട്ടികജാതി കുടുംബങ്ങളുടെ എണ്ണം | 370 |
| 8.2.2 | വിവാഹ ധനസഹായത്തിന് അനുവദിച്ച വിഹിതവും ചെലവും പ്രയോജനം ലഭിച്ച കുടുംബങ്ങളുടെ എണ്ണവും, രൂപ ലക്ഷത്തിൽ, 2017–18 മുതൽ 2020–21 വരെ | 372 |
| 8.2.3 | എം.ജി.എൻ.ആർ.ഇ.ജി.എസ് കേരള ട്രൈബൽ പ്ലസ് പ്രോഗ്രാമിന് കീഴിൽ സഹായം ലഭിച്ച പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം | 377 |
| 8.2.4 | ഒബിസി, ഒഇസി വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രീ–മെട്രിക്, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ | 382 |
| 10.1.1 | കേരളത്തിലെ പ്രവാസികളുടെ ജില്ല തിരിച്ചുള്ള എണ്ണം, 2013, 2018 വർഷങ്ങളിൽ | 418 |
| 10.1.2 | കേരളത്തിൽ നിന്നുള്ള കുടിയേറ്റക്കാരുടെ എണ്ണം, 1998 മുതൽ 2018 വരെ | 418 |
| 10.1.3 | തിരിച്ച് വരവിലുള്ള അറ്റവർദ്ധന, 2013–2018–ൽ | 419 |
| 11.1.1 | മോട്ടോർ വാഹനങ്ങളുടെ എണ്ണത്തിലെ വളർച്ച, 2011 മുതൽ | 427 |
| 11.1.2 | രജിസ്റ്റർ ചെയ്ത മോട്ടോർ വാഹനങ്ങൾ ഇനം തിരിച്ച്, 2021–22–ൽ | 428 |
| 11.1.3 | കേരളത്തിൽ ഉണ്ടായിട്ടുള്ള റോഡ് അപകടങ്ങളുടെ വാഹന ഇനം തിരിച്ചുള്ള വിശദാംശങ്ങൾ 2020–ൽ | 429 |
| 11.1.4 | കേരളത്തിലെ മോട്ടോർ വാഹന അപകടങ്ങളുടെ പ്രവണത | 429 |
| 11.1.5 | 2020–21 ലെ വൻകിട–ചെറുകിട തുറമുഖങ്ങളിലെ വിദേശ– തീരദേശ ചരക്ക് ഗതാഗതത്തിന്റെ പങ്ക് | 445 |

| | | |
|---|---|---|
| 11.1.6 | കേരളത്തിലെ ദേശീയ സംസ്ഥാന ജലപാതകൾ | 452 |
| 11.2.1 | കേരളത്തിലെ വൈദ്യുതോർജ്ജ ഉപഭോഗം | 457 |
| 11.2.2 | എ.റ്റി & സി നഷ്ടവും, റ്റി&ഡി നഷ്ടവും (ശതമാനത്തിൽ) | 458 |
| 11.2.3 | കേരളത്തിന്റെ മൊത്തം സ്ഥാപിത ശേഷി 2020–21 | 459 |
| 11.3.1 | വയർലെസ് സേവന ദാതാക്കളുടെ മാർക്കറ്റ് വിഹിതം | 466 |
| 11.3.2 | വയർ ലൈൻ സേവന ദാതാക്കളുടെ മാർക്കറ്റ് വിഹിതം | 466 |
| 11.4.1 | ജലവിതരണ പദ്ധതികളുടെ പരിധിയിൽ വരുന്ന കുടുംബങ്ങളുടെ (2021 ആഗസ്റ്റ് 31 വരെ) ജില്ലതിരിച്ചുള്ള അനുപാതം | 472 |
| 11.4.2 | 2021 ആഗസ്റ്റ് 31 ലെ ജില്ല തിരിച്ചുള്ള ആളോഹരി ജലലഭ്യത | 473 |
| 11.7.1 | മേഖല തിരിച്ചുള്ള കിഫ്ബി ധനസഹായം | 490 |
| 11.7.2 | 2021 സെപ്തംബർ വരെയുള്ള കിഫ്ബി പ്രോജക്റ്റുകളുടെ ഭൗതിക പ്രകടനം | 491 |
| 11.7.3 | കിഫ്ബിയുടെ സാമ്പത്തിക പ്രകടനം (2021 സെപ്റ്റംബർ വരെ) | 492 |
| 12.1.1 | പ്രാദേശിക സർക്കാരുകളുടെ ഓരോ പാദത്തിലെയും പദ്ധതി ചെലവ്, 2017–18 മുതൽ 2021–22 വരെ, ശതമാനത്തിൽ | 499 |
| 12.1.2 | പ്രാദേശിക സർക്കാരുകളുടെ ഓരോ പാദത്തിലെയും പദ്ധതി ചെലവ്, 2017–18 മുതൽ 2021–22 വരെ, ശതമാനത്തിൽ | 499 |
| 12.1.3 | വിവിധ തലത്തിലുള്ള പ്രാദേശിക സർക്കാറുകൾ പദ്ധതി മെയിന്റിനൻസ് ഫണ്ടിൽ നിന്നുള്ള ടെണ്ടർ സേവിംഗ് (കോടി രൂപയിൽ), 2017–18, 2018–19, 2019–20, 2020–21 വർഷങ്ങളിൽ | 502 |
| 12.1.4 | തദ്ദേശസ്ഥാപനങ്ങളുടെ വിവിധ സ്രോതസ്സുകളിൽ നിന്നുള്ള ചെലവ് (2020–21) | 512 |
| 12.1.5 | വിതരണം ചെയ്ത വികസന ഫണ്ട് അടിസ്ഥാനത്തിൽ വിവിധ പ്രാദേശിക സർക്കാരുകളുടെ ചെലവ് | 512 |
| 12.1.6 | 2020–21 ൽ വിതരണം ചെയ്ത ഫണ്ട് അടിസ്ഥാനത്തിൽ പ്രാദേശിക സർക്കാരുകളുടെ വിഭാഗം തിരിച്ചുള്ള ചെലവ് | 513 |
| 12.1.7 | തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നടത്തിയ മൊത്തം ചെലവിൽ വിവിധ മേഖലകളുടെ പങ്ക്, 2020–21–ൽ | 514 |
| 12.1.8 | ഉത്പാദനമേഖലയിലെ ആകെ ചെലവിന്റെ ഉപമേഖല തിരിച്ചുള്ള ചെലവ് വിഹിതം (2020–21) ശതമാനത്തിൽ | 514 |
| 12.1.9 | സേവനമേഖലയിലെ ആകെ ചിലവിൽ ഉപമേഖല തിരിച്ചുള്ള 2020–21 ലെ ചെലവ് വിഹിതം, ശതമാനം | 515 |
| 12.1.10 | പശ്ചാത്തലമേഖലയിലെ ആകെ ചെലവിൽ ഉപമേഖല തിരിച്ചുള്ള ചെലവ് വിഹിതം (2020–21) | 516 |

# ബോക്സ്


| പട്ടിക നമ്പർ | ഇനം | പേജ് |
|---|---|---|
| 1.1.1 | കോവിഡ് –19 ന്റെ ആഘാതം നേരിടുന്നതിനായി കേരള സർക്കാർ പ്രഖ്യാപിച്ച സാമ്പത്തിക പാക്കേജുകൾ | 6 |
| 1.2.1 | സെൻസസ് 2021 | 16 |
| 1.3.1 | കേരളം നീതി ആയോഗിന്റെ മൾട്ടി–ഡൈമൻഷണൽ ദാരിദ്ര്യ സൂചിക പ്രകാരം ഏറ്റവും കുറഞ്ഞ ദാരിദ്ര്യമുള്ള സംസ്ഥാനം | 20 |
| 1.6.1 | കേരള ലുക്ക്സ് എഹേഡ്: ഒരു അന്താരാഷ്ട്ര സമ്മേളനവും സംവാദവും | 38 |
| 1.6.2 | പ്ലാൻസ്പേസ് | 38 |
| 2.1 | കുടുംബശ്രീയും അതിന്റെ നേട്ടങ്ങളും | 47 |
| 2.2 | സെൻ കമ്മിറ്റി 1996 – പ്രധാന ശുപാർശകൾ | 48 |
| 2.3 | എം.എ ഉമ്മൻ കമ്മിറ്റി 2009 – പ്രധാന നിർദേശങ്ങൾ | 49 |
| 3.4.1 | ജലകൃഷിയിലെ നൂതന സാങ്കേതിക വിദ്യകൾ | 113 |
| 4.3.2 | കെ.എസ്.ഐ.ഡി.സി യുടെ പ്രധാന പ്രവര്ത്തനങ്ങളും നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളും | 167 |
| 4.3.3 | കിൻഫ്രയിലെ നിലവിലുള്ള പദ്ധതികൾ | 170 |
| 5.1.1 | കേരളത്തിലെ ഐ.ടി മേഖലയുടെ പ്രകടനം | 208 |
| 5.2.1 | ആശുപത്രി സ്ഥിതി വിവരക്കണക്കുകൾ | 229 |
| 5.2.2 | ലോക്ക്ഡൗൺ സമയത്ത് ആർസിസിയുടെ പ്രവർത്തനങ്ങൾ | 233 |
| 5.3.1 | കേരള ടൂറിസം ഒറ്റനോട്ടത്തിൽ | 242 |
| 5.5.1 | പതിമൂന്നാം പദ്ധതി കാലയളവിൽ രജിസ്ട്രേഷൻ വകുപ്പിൽ നടപ്പിലാക്കിയ പ്രധാന സംരംഭങ്ങൾ | 256 |
| 5.5.2 | പോലീസ് വകുപ്പിന്റെ പ്രധാന പ്രചാരണ പ്രവർത്തനങ്ങൾ | 257 |
| 5.5.3 | കുട്ടികളുടെ സുരക്ഷിതത്വത്തിന്റെയും സുരക്ഷയുടെയും വർഷം – 2021 | 258 |
| 5.5.4 | ഇ–സേവനം, എം–സേവനം – എല്ലാ സർക്കാർ സേവനങ്ങളും ഒരൊറ്റ പോർട്ടലിലും മൊബൈൽ ആപ്പിലും | 258 |
| 5.5.5 | പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ (2017–22) വകുപ്പിന്റെ നേട്ടങ്ങൾ | 261 |
| 5.6.1 | സത്യമേവ ജയതെ' – ഡിജിറ്റൽ മീഡിയ, ഇൻഫർമേഷൻ ലിറ്ററസി ക്യാമ്പയിൻ | 266 |
| 6.1.1 | കൂൾ (കൈറ്റിന്റെ ഓപ്പൺ ഓൺലൈൻ ലേണിംഗ് ) അധ്യാപകർക്കുള്ള പ്ലാറ്റ്ഫോം | 279 |
| 6.1.2 | സമഗ്ര ശിക്ഷ കേരളയുടെ പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ പ്രധാന സംരംഭ ങ്ങൾ/പ്രവർത്തനങ്ങൾ | 279 |
| 6.1.3 | എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിലെ ഹെർ എംപവർമെന്റ് ഇന് എഞ്ചിനീയറിംഗ് എജ്യുക്കേഷൻ (ഷീ) പദ്ധതി | 287 |
| 6.2.1 | സംസ്ഥാന ഭക്ഷ്യ സുരക്ഷാ സൂചിക 2020–21–ൽ രണ്ടാം റാങ്കോടെ കേരളം | 307 |
| 6.3.1 | എൽഡർലി ഇൻ ഇന്ത്യ റിപ്പോർട്ട് 2021, പ്രസക്ത ഭാഗങ്ങൾ | 313 |

| | | |
|---|---|---|
| 7.2.1 | ആഗോള തൊഴിൽ കാഴ്ചപ്പാട് | 329 |
| 7.2.2 | കേരളത്തിൽ വൻതോതിലുള്ള തൊഴിൽ സംരംഭം | 336 |
| 7.3.1 | കേരളത്തിലെ ഐ.എസ്.ഒ സർട്ടിഫൈഡ് ഐടിഐകൾ | 343 |
| 7.3.2 | പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ നേട്ടങ്ങൾ | 343 |
| 7.3.3 | ഇന്ത്യയുടെ നൈപുണ്യ റിപ്പോർട്ട് 2022 | 348 |
| 8.2.1 | പട്ടികജാതി വിദ്യാർത്ഥികൾക്ക് 2020–21–ൽ നൽകിയ പ്രധാന വിദ്യാഭ്യാസ ആനുകൂല്യങ്ങള് (പ്രയോജനം ലഭിച്ച വിദ്യാര്ത്ഥികളുടെ എണ്ണം) | 371 |
| 8.2.2 | വിദ്യാഭ്യാസ മേഖലയിലെ പ്രധാന നേട്ടങ്ങൾ 2020–21–ൽ | 375 |
| 8.2.3 | 2020–21 ലെ ആരോഗ്യ മേഖലയിലെ പ്രധാന ഭൗതിക നേട്ടങ്ങൾ | 375 |
| 8.2.4 | ഹരിത രശ്മി | 379 |
| 9.1.1 | പുരാവസ്തു വകുപ്പിന് കീഴിലുള്ള മ്യൂസിയങ്ങൾ | 398 |
| 9.1.2 | 'സമം' സിഗ്നേച്ചർ ഫിലിം | 404 |
| 9.2.1 | ഡയറക്ടറേറ്റിന്റെ പ്രത്യേക പദ്ധതികൾ | 406 |
| 9.2.2 | പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ കായിക യുവജനകാര്യ ഡയറക്ടറേറ്റിന്റെ നേട്ടങ്ങൾ | 408 |
| 9.2.3 | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള സ്റ്റേഡിയങ്ങളും നീന്തൽക്കുളങ്ങളും | 409 |
| 9.2.4 | ടോക്കിയോ ബക്സ് 2021 | 410 |
| 9.2.5 | പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ കേരള യുവജനക്ഷേമ ബോർഡിന്റെ നേട്ടങ്ങൾ | 412 |
| 10.1.1 | IMF–ഫിനാൻസ് ആൻഡ് ഡെവലപ്മെന്റ് ജൂൺ 2020–ന്റെ പ്രധാന കണ്ടെത്തലുകൾ | 420 |
| 11.1.1 | പഴയ വാഹനങ്ങളുടെ പൊളിക്കൽ നയം | 432 |
| 11.1.2 | തുറമുഖ ബിൽ 2021–നെ സംബന്ധിച്ച കേരളത്തിന്റെ ഉത്കണ്ഠ | 448 |
| 11.2.1 | വൈദ്യുതി ഭേദഗതി ബിൽ 2021 | 456 |
| 11.4.1 | ലോകാരോഗ്യ സംഘടന/യൂണിസെഫ്, ജോയിന്റ് മോണിറ്ററിംഗ് പ്രോഗ്രാം (ജെ എം പി) റിപ്പോർട്ട് 2021– പ്രധാന ഭാഗങ്ങൾ | 470 |
| 11.4.2 | കെ.ഡബ്ല്യൂ.എ യുടെ കീഴിലുള്ള സമഗ്ര ഇ–സൊല്യൂഷനുകൾ | 477 |
| 11.4.3 | പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ കേരള വാട്ടര് അതോറിറ്റിയുടെ (കെ.ഡബ്ല്യൂ.എ) നേട്ടങ്ങൾ | 479 |
| 11.4.4 | പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിലെ ജലനിധി പദ്ധതിയുടെ നേട്ടങ്ങൾ | 479 |
| 11.6.1 | ആർ.കെ.ഐ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് സ്വീകരിച്ച തന്ത്രങ്ങൾ | 488 |
| 12.1.1 | സ്മാർട്ട് ഗാർബേജ് മാനേജ് മെന്റ് | 523 |

അദ്ധ്യായം

# 1

# കേരള സമ്പദ് വ്യവസ്ഥ

അദ്ധ്യായം
1

# കേരള സമ്പദ് വ്യവസ്ഥ

## 1.1 സ്ഥൂല സാമ്പത്തിക രംഗത്തെ സമീപകാല പ്രവണതകൾ

ലോക സമ്പദ്‌വ്യവസ്ഥയിൽ കോവിഡ്–19 മഹാമാരി കാരണമുള്ള പ്രതിസന്ധി തുടരുകയാണ്, ഇത് 2020 വർഷത്തിലെ രണ്ടാംപാദത്തിലെ സാമ്പത്തിക പ്രവർത്തനങ്ങൾ നിലക്കുന്നതിനിടയാക്കി. വൈറസിന്റെ വ്യാപനം നിയന്ത്രിക്കുന്നതിനായി ലോകമെമ്പാടുമുള്ള സർക്കാരുകൾ ശാരീരിക അകലം, ലോക്ക്ഡൗൺ, ക്വാറന്റെൻ എന്നീ നടപടികൾ സ്വീകരിക്കുകയും സാമ്പത്തിക പ്രവർത്തനങ്ങളെ ദൂരവ്യാപകമായി നിയന്ത്രിക്കുകയും ചെയ്തു.

2021–ലെ വേൾഡ് എക്കണോമിക്ക് സിറ്റുവേഷൻ ആൻഡ് പ്രോസ്പെക്ട്സ് (യുണൈറ്റഡ് നേഷൻസ് ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക് ആന്റ് സോഷ്യൽ അഫയേഴ്സ് (UN DESA) ന്റെ റിപ്പോർട്ട്) അനുസരിച്ച്, 2020–ൽ ലോകത്തിലെ മൊത്ത ഉൽപ്പാദനം 4.3 ശതമാനം കുറഞ്ഞതായി കണക്കാക്കി. വികസിത സമ്പദ്‌വ്യവസ്ഥകളിലെ ഉൽപ്പാദനം 2020–ൽ 5.6 ശതമാനം ചുരുങ്ങുമെന്ന് കണക്കാക്കപ്പെടുകയും, 2021 ൽ 4.0 ശതമാനമായി വളർച്ച വീണ്ടെടുക്കുമെന്നും പ്രതീക്ഷിക്കുന്നു. കോവിഡ് മഹാമാരി പൊട്ടിപ്പുറപ്പെടാൻ വൈകിയതും അതിന്റെ വ്യാപനം തടയാൻ സർക്കാരുകൾ പൊതുവെ കൈക്കൊണ്ട കുറഞ്ഞ നിയന്ത്രണ നടപടികൾ മൂലവും വികസ്വര രാജ്യങ്ങളിൽ ഇത് താരതമ്യേന വളരെ കുറഞ്ഞ രീതിയിലെ ബാധിച്ചിട്ടുള്ളു, അതായത് 2020–ൽ ഉല്പാദനം 2.5 ശതമാനമാണ് കുറഞ്ഞിട്ടുള്ളത്. 2021–ൽ വികസ്വര രാജ്യങ്ങളിലെ സമ്പദ്‌വ്യവസ്ഥ 5.7 ശതമാനമായി വളരുമെന്ന് പ്രതീക്ഷിക്കുന്നു. ഏറ്റവും താഴ്ന്ന വികസിത രാജ്യങ്ങളിൽ (എൽഡിസി) മൊത്ത ആഭ്യന്തര ഉൽപ്പാദനം (ജിഡിപി) 2020–ൽ 1.3 ശതമാനം കുറഞ്ഞുവെങ്കിലും, 2021–ൽ വളർച്ചാ നിരക്ക് 4.9 ശതമാനത്തിൽ എത്തുമെന്ന് പ്രതീക്ഷിക്കുന്നു.

കോവിഡ്–19 മഹാമാരി വിവിധ രാജ്യങ്ങളെയും ജനവിഭാഗങ്ങളെയും വ്യത്യസ്തമായിട്ടാണ് ബാധിച്ചിട്ടുള്ളത്. മഹാമാരി ഗുരുതരമായി ബാധിച്ച എല്ലാ രാജ്യങ്ങളിലും പ്രതിസന്ധിയുടെ ആരോഗ്യ സാമ്പത്തിക ആഘാതങ്ങൾ ഏറ്റവും കൂടുതൽ ബാധിച്ചത് പ്രത്യേക പിന്നോക്കാവസ്ഥയിലുള്ള സാമൂഹിക വരുമാന ഗ്രൂപ്പുകളെയാണ്. എന്നിരുന്നാലും, വികസ്വര രാജ്യങ്ങൾക്കിടയിലും ആഘാതത്തിന്റെ അളവിൽ കാര്യമായ വ്യത്യാസങ്ങളുണ്ട്, ലാറ്റിൻഅമേരിക്കയെയും കരീബിയൻ, ദക്ഷിണേഷ്യൻ സമ്പദ്‌വ്യവസ്ഥകളെയും ഇത് ഏറ്റവും കൂടുതൽ ബാധിച്ചു. ഇതിൽ നിന്നും വ്യത്യസ്തമായി 2020–ൽ ജിഡിപി 1 ശതമാനം വർദ്ധിച്ച് കിഴക്കൻ ഏഷ്യയിലെ സമ്പദ്‌വ്യവസ്ഥ മറ്റെല്ലാ വികസ്വര പ്രദേശങ്ങളേക്കാളും താരതമ്യേന മെച്ചപ്പെട്ട നിലയിലായി. ചൈനയുടെ വേഗത്തിലുള്ളതും ശക്തവുമായ വീണ്ടെടുക്കലിന്റെ പിൻബലത്തിൽ, കിഴക്കൻ ഏഷ്യൻ സമ്പദ്‌വ്യവസ്ഥ 2021–ൽ 6.4 ശതമാനം വളരുമെന്ന് പ്രവചിക്കപ്പെടുന്നു.

ഇന്ത്യയിൽ മഹാമാരി മൂലമുണ്ടായ ആഘാതം സാമ്പത്തിക പ്രവർത്തനങ്ങളിൽ വലിയ തോതിൽ തടസ്സങ്ങൾ സൃഷ്ടിച്ചു. ആഭ്യന്തര ആവശ്യകതയും കയറ്റുമതിയും കുത്തനെ ഇടിഞ്ഞതിനാൽ മിക്കവാറും എല്ലാ മേഖലകളെയും ഇത് പ്രതികൂലമായി ബാധിച്ചിട്ടുണ്ട് (ചില ശ്രദ്ധേയമായ ഒഴിവാക്കലുകൾ ഉണ്ടെങ്കിലും)

### കേരളത്തിന്റെ വരുമാനത്തിലും സാമ്പത്തിക വളർച്ചയിലുമുള്ള പ്രവണതകൾ

കേരളം താരതമ്യേന ഉയർന്ന വരുമാനമുള്ള ഒരു ഇന്ത്യൻ സംസ്ഥാനമാണ്. ത്വരിത കണക്ക് പ്രകാരം 2020–21–ൽ കേരളത്തിലെ പ്രതിശീർഷ ആഭ്യന്തരോൽപ്പന്നം 1,46,910 രൂപ ആയിരുന്നു. ദേശീയ ശരാശരി (2020–21–ൽ) 99,694 രൂപയായിരുന്നു. മറ്റൊരു തരത്തിൽ പറഞ്ഞാൽ, 2020–21 –ൽ കേരളത്തിലെ ഒരു വ്യക്തിയുടെ ശരാശരി വരുമാനം എന്നത് ഇന്ത്യയിലെ ശരാശരി വരുമാനത്തിന്റെ ഏകദേശം 1.5 ഇരട്ടിയാണ്. ഹരിയാന, കർണാടക, തെലങ്കാന, തമിഴ്നാട്, മഹാരാഷ്ട്ര, ഗുജറാത്ത് എന്നിവയ്ക്കൊപ്പം രാജ്യത്തെ ഏറ്റവും ഉയർന്ന പ്രതിശീർഷ വരുമാനമുള്ള സംസ്ഥാനങ്ങളിൽ കേരളവും ഉൾപ്പെടുന്നു.

കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥ കഴിഞ്ഞ മൂന്ന് വർഷമായി നിരവധി തിരിച്ചടികൾ നേരിട്ടു കൊണ്ടിരിക്കുന്നു. 2017–ലെ ഓഖി ചുഴലിക്കാറ്റും 2018–ലേയും 2019–ലേയും അതിശക്തമായ മഴയുടെ ഫലമായുണ്ടായ കനത്ത വെള്ളപ്പൊക്കവും സംസ്ഥാനത്തിന് തിരിച്ചടിയായി. അപ്രതീക്ഷിതമായുള്ള ഗൾഫ് രാജ്യങ്ങളിലെ സാമ്പത്തിക പ്രതിസന്ധി മൂലം നിരവധി പ്രവാസി തൊഴിലാളികൾ സംസ്ഥാനത്തേക്ക് തിരിച്ചു വന്നതും, വിദേശത്തു നിന്നുള്ള പണ പ്രവാഹം മന്ദഗതിയിലായതും കേരള സമ്പദ്‌വ്യവസ്ഥയെ പ്രതികൂലമായി ബാധിച്ചു. ഏറ്റവും ഒടുവിൽ കോവിഡ്–19 മഹാമാരിയുമായി ബന്ധപ്പെട്ടുണ്ടായ സാമ്പത്തിക പ്രതിസന്ധിയും കേരളത്തിന്റെ സാമ്പത്തിക പ്രവർത്തനങ്ങളെ ഗുരുതരമായി ബാധിച്ചു. അന്താരാഷ്ട്ര യാത്രയ്ക്കുള്ള നിയന്ത്രണങ്ങൾ,

**പട്ടിക 1.1.1** കേരളത്തിന്റെ സംസ്ഥാന ആഭ്യന്തരോപ്പന്നവും പ്രതിശീർഷ വരുമാനവും

| | വരുമാനം (രൂപ ലക്ഷത്തിൽ) | | | വളർച്ചാ നിരക്ക് (ശതമാനം) | |
|---|---|---|---|---|---|
| | 2018-19 | 2019-20 (പി) | 2020-21 (ക്യൂ) | 2019-20 (പി) | 2020-21 (ക്യൂ) |
| **മൊത്തം സംസ്ഥാന ആഭ്യന്തരോൽപ്പന്നം** | | | | | |
| എ) സ്ഥിര വിലയിൽ (2011-12) | 55422831 | 56652270 | 51439999 | 2.22 | -9.20 |
| ബി) നടപ്പ് വിലയിൽ | 78828558 | 82437420 | 79957111 | 4.58 | -3.01 |
| **അറ്റ സംസ്ഥാന ആഭ്യന്തരോൽപ്പന്നം** | | | | | |
| എ) സ്ഥിര വിലയിൽ (2011-12) | 51078693 | 52145465 | 47227225 | 2.09 | -9.43 |
| ബി) നടപ്പ് വിലയിൽ | 71216110 | 74222347 | 71803439 | 4.22 | -3.26 |
| **മൊത്തം സംസ്ഥാന സംയോജിത മൂല്യം ( ജി എസ് വി എ ) അടിസ്ഥാന വിലയിൽ** | | | | | |
| എ) സ്ഥിര വിലയിൽ (2011-12) | 48022604 | 49076596 | 45069618 | 2.19 | -8.16 |
| ബി) നടപ്പ് വിലയിൽ | 69618249 | 73291499 | 71428858 | 5.28 | -2.54 |
| **സംസ്ഥാന പ്രതിശീർഷ ആഭ്യന്തരോൽപ്പന്നം** | | | | | |
| എ) സ്ഥിര വിലയിൽ (2011-12) | 159878 | 162610 | 146910 | 1.71 | -9.66 |
| ബി) നടപ്പ് വിലയിൽ | 227397 | 236621 | 228353 | 4.06 | -3.49 |
| **അറ്റ സംസ്ഥാന പ്രതിശീർഷ ആഭ്യന്തരോൽപ്പന്നം** | | | | | |
| എ) സ്ഥിര വിലയിൽ (2011-12) | 147347 | 149674 | 134878 | 1.58 | -9.89 |
| ബി) നടപ്പ് വിലയിൽ | 205437 | 213041 | 205067 | 3.70 | -3.74 |

അവലംബം: സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്
പി: താത്കാലികം, ക്യൂ: ത്വരിതം

കർശനമായ സാമൂഹിക അകലം പാലിക്കൽ മാന ദണ്ഡങ്ങൾ, വ്യാവസായിക പ്രവർത്തനങ്ങൾ നിർത്തിവെക്കൽ എന്നിവ മിക്കവാറും എല്ലാ മേഖലകളെയും പ്രത്യേകിച്ച് ട്രാവൽ, ടൂറിസം, റെസ്റ്റോറന്റുകൾ തുടങ്ങിയ മേഖലകളെ ഗുരുതരമായി ബാധിച്ചു.

കേരളത്തിൽ ജി.എസ്.വി.എ യുടെ (മൊത്തം സംസ്ഥാന സംയോജിത മൂല്യം) വളർച്ച (2011-12 സ്ഥിര വിലയിൽ) 2019-20-ലെ 2.19 ശതമാനത്തിൽ നിന്ന് 2020-21-ൽ (-)8.16 ശതമാനമായി കുത്തനെ കുറഞ്ഞു. കേരളത്തിൽ 2020-21-ലെ ജി.എസ്.വി.എയുടെ (മൊത്തം സംസ്ഥാന സംയോജിത മൂല്യം) വളർച്ചാ നിരക്ക് കുറഞ്ഞത് കോവിഡ്-19 മഹാമാരി മൂലമുള്ള പ്രതികൂല ആഘാതം കാരണമാണ്.

മൊത്തം സംസ്ഥാന ആഭ്യന്തരോൽപ്പന്നം (ജിഎസ്ഡിപി) 2011-12-ലെ സ്ഥിര വിലയിൽ 2019-20-ലെ താൽക്കാലിക കണക്കുകളിലെ 5,66,52,270 ലക്ഷം രൂപയിൽ നിന്ന് 2020-21-ലെ ത്വരിത കണക്കിൽ 5,14,39,999 ലക്ഷം രൂപയായി കുറഞ്ഞു. 2019-20-ലെ 2.22 ശതമാനം വളർച്ചയു മായി താരതമ്യം ചെയ്യുമ്പോൾ 2020-21-ൽ (-)9.20 ശതമാനം നെഗറ്റീവ് വളർച്ചാ നിരക്കാണ് കാണിക്കുന്നത്. നടപ്പുവിലയിൽ ജിഎസ്ഡിപി 2019-20 ലെ താൽ ക്കാലിക കണക്കുകളിലെ 8,24,37,420 ലക്ഷം രൂപയിൽ നിന്ന് (-)3.01 ശതമാനം നെഗറ്റീവ് വളർച്ചയോടെ 2020-21-ൽ 7,99,57,111 ലക്ഷം രൂപയായി കുറഞ്ഞു. വിശദാംശങ്ങൾ **പട്ടിക 1.1.1**-ൽ നൽകിയിരിക്കുന്നു.

## ദേശീയതലത്തിലുള്ള പ്രവണതകൾ

സ്ഥിതിവിവരകണക്ക് പദ്ധതി നടപ്പാക്കൽ മന്ത്രാലയത്തിന് (എം.ഒ.എസ്.പി.ഐ) കീഴിലുള്ള കേന്ദ്ര സ്റ്റാറ്റിസ്റ്റിക്സ് ഓഫീസിന്റെ (സിഎസ്ഒ) കണക്ക് പ്രകാരം ഇന്ത്യയുടെ മൊത്ത ദേശീയ വരുമാനം 2011-12-ലെ സ്ഥിരവിലയിൽ മുൻവർഷത്തെ 144.27 ലക്ഷം കോടി രൂപയിൽ നിന്ന് 2020-21-ൽ 133.84 ലക്ഷം കോടി രൂപയായായതായി കണക്കാക്കിയിരിക്കുന്നു. വളർച്ചാനി രക്കിന്റെ അടിസ്ഥാനത്തിൽ മൊത്ത ദേശീയ വരുമാനം 2019-20-ലെ 4.2 ശതമാനവുമായി താരതമ്യം ചെയ്യുമ്പോൾ 2020-21-ൽ (-)7.2 ശതമാനം കുറഞ്ഞതായി കാണാം . ഇന്ത്യയുടെ മൊത്തം സംയോജിത മൂല്യം (ജിവിഎ) (2011-12)-ലെ സ്ഥിര വിലയുടെ അടിസ്ഥാനത്തിൽ, 2019-20-ൽ 132.71 ലക്ഷം കോടി രൂപയിൽ നിന്നും 2020-21 ആയപ്പോഴേക്കും 124.53 ലക്ഷം കോടി രൂപയായി, 2019-20-ലെ ജിവിഎയെക്കാൾ (-)6.2 ശതമാനം നെഗറ്റീവ് വളർച്ചയാണ് 2020-21-ൽ കാണിക്കുന്നത്. മൊത്ത ആഭ്യന്തര ഉത്പ്പന്നം (ജിഡിപി) (2011-12)-ലെ സ്ഥിര വിലയുടെ അടിസ്ഥാനത്തിൽ, 2019-20-ൽ 145.69 ലക്ഷം കോടി രൂപയിൽ നിന്നും 2020-21 ആയപ്പോഴേക്കും 135.12 ലക്ഷം കോടി രൂപയായി, ഇത് 2019-20 ലെ ജിഡിപി യെക്കാൾ (-)7.2 ശതമാനം നെഗറ്റീവ് വളർച്ചയാണ് 2020-21-ൽ കാണിക്കുന്നത്.

**പട്ടിക 1.1.2 ഇന്ത്യയുടെ** മൊത്തം ദേശീയ വരുമാനം, ആഭ്യന്തരോൽപ്പന്നം , പ്രതിശീർഷ വരുമാനം 2011-12 വിലയിലും നടപ്പ് വിലയിലും (രൂപ കോടിയിൽ)

| ക്രമ നം | ഇനം | 2011-12 സ്ഥിര വിലയിൽ | | | നടപ്പ് വിലയിൽ | | |
|---|---|---|---|---|---|---|---|
| | | 2018-19 | 2019-20 | 2020-21 (പി.ഇ) | 2018-19 | 2019-20 | 2020-21 (പി.ഇ) |
| 1 | മൊത്തം ആഭ്യന്തര ഉൽപ്പന്നം (ജി.ഡി.പി) | 1,40,03,316 | 1,45,69,268 (4.0) | 1,35,12,740 (-7.2) | 1,88,86,957 | 2,03,51,013 (7.8) | 1,97,45,670 (-3.0) |
| 2 | അറ്റ ആഭ്യന്തരോൽപ്പന്നം (എൻ.ഡി.പി) | 1,23,92,839 | 1,28,22,882 (3.5) | 1,18,74,000 (-7.4) | 1,69,06,970 | 1,81,87,414 (7.6) | 1,76,46,082 (-3.0) |
| 3 | മൊത്തം സംയോജിത മൂല്യം (ജി.വി.എ) അടിസ്ഥാന വിലയിൽ | 1,27,44,203 | 1,32,71,471 (4.1) | 1,24,53,430 (-6.2) | 1,71,61,213 | 1,84,61,343 (7.6) | 1,79,15,167 (-3.0) |
| 4 | മൊത്തം ദേശീയ വരുമാനം(ജി.എൻ.ഐ) | 1,38,50,857 | 1,44,27,632 (4.2) | 1,33,84,612 (-7.2) | 1,86,84,632 | 2,01,57,899 (7.9) | 1,95,61,348 (-3.0) |
| 5 | അറ്റ ദേശീയ വരുമാനം (എൻ.എൻ.ഐ) | 1,22,40,380 | 1,26,81,246 (3.6) | 1,17,45,872 (-7.4) | 1,67,04,645 | 1,79,94,301 (7.7) | 1,74,61,759 (-3.0) |
| 6 | പ്രതിശീർഷ മൊത്ത ആഭ്യന്തരോൽപ്പന്നം (രൂപ) | 1,05,526 | 1,08,645 (3.0) | 99,694 (-8.2) | 1,42,328 | 1,51,760 (6.6) | 1,45,680 (-4.0) |
| 7 | പ്രതിശീർഷ അറ്റ ആഭ്യന്തരോൽപ്പന്നം (രൂപ) | 93,389 | 95,622 (2.4) | 87,631 (-8.3) | 1,27,407 | 1,35,626 (6.4) | 1,30,229 (-3.9) |

കുറിപ്പ്:ബ്രാക്കറ്റിൽ പറയുന്ന അക്കങ്ങൾ മുൻവർഷത്തിനു മേലുള്ള ശതമാനം ആകുന്നു .
പി.ഇ- പ്രൊവിഷണൽ എസ്റ്റിമേറ്റ്
അവലംബം: കേന്ദ്ര സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്.

വിശദാംശങ്ങൾ **പട്ടിക 1.1.2**-ൽ നൽകിയിരിക്കുന്നു. 2020-21-ലെ നടപ്പ് വിലയിൽ ഇന്ത്യയുടെ ജിഡിപി 197.45 ലക്ഷം കോടി രൂപയായി കണക്കാക്കപ്പെടുന്നു, ഇത് 2019-20 ലെ ജിഡിപി ആയ 203.51 ലക്ഷം കോടി രൂപയെക്കാൾ (-)3.0 ശതമാനം നെഗറ്റീവ് വളർച്ചാ നിരക്ക് കാണിക്കുന്നു. 2020-21-ലെ നടപ്പ് വിലയിൽ ഇന്ത്യയുടെ ജിവിഎ 179.15 ലക്ഷം കോടി രൂപയായി കണക്കാക്കപ്പെടുന്നു, 2019-20-ലെ 184.61 ലക്ഷം കോടി രൂപയുമായി താരതമ്യം ചെയ്യുമ്പോൾ ഇത് (-)3.0 ശതമാനം കുറവാണ്. പ്രതിശീർഷ മൊത്ത ആഭ്യന്തര ഉത്പന്നം (2011-12 വിലയിൽ) 2019-20-ലെ 1,08,645 രൂപയിൽ നിന്ന് (-)8.2 ശതമാനം കുറവ് രേഖപ്പെടുത്തി 2020-21-ൽ 99,694 രൂപയായി കണക്കാക്കുന്നു. നടപ്പ് വിലയിലെ പ്രതിശീർഷ മൊത്ത ആഭ്യന്തര ഉത്പന്നം മുൻ വർഷത്തെ 1,51,760 രൂപയിൽ നിന്നും (-)4.0 ശതമാനം നെഗറ്റീവ് വളർച്ചയോടെ 2020-21-ൽ 1,45,680 രൂപയായി കുറഞ്ഞതായി കാണക്കാക്കുന്നു.

ഇന്ത്യയുടെ മൊത്ത ആഭ്യന്തര ഉൽപ്പന്നം, അറ്റ ആഭ്യന്തര ഉൽപ്പന്നം, മൊത്ത ദേശീയ വരുമാനം, അറ്റ ദേശീയ വരുമാനം എന്നിവയെ സംബന്ധിക്കുന്ന 2012-13 മുതൽ 2020-21 വരെയുള്ള വിശദാംശങ്ങൾ മുൻ വർഷത്തെ അപേക്ഷിച്ചുള്ള ശതമാന മാറ്റത്തോടെ (2011-12) നടപ്പ്, സ്ഥിര വിലയിൽ **അനുബന്ധം 1.1.1, 1.1.2, 1.1.3, 1.1.4**-ൽ കൊടുത്തിട്ടുണ്ട്. നടപ്പ്,സ്ഥിര വിലയിലെ (2011-12) മൊത്തം ജി.വി.എ യുടെ മേഖലാ വിതരണവും മുൻ വർഷത്തെ അപേക്ഷിച്ചുള്ള ശതമാന മാറ്റവും **അനുബന്ധം 1.1.5**-ലും **1.1.6**-ലും നൽകിയിട്ടുണ്ട്.

### കോവിഡ്-19 മഹാമാരിയും കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിലെ സമ്മർദ്ദവും

കോവിഡ്-19 മഹാമാരി സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയിൽ ആഘാതം ഉണ്ടാക്കുകയും ധനസ്ഥിതിയിൽ കടുത്ത ഞെരുക്കം ഉണ്ടാക്കുകയും ചെയ്യതോടൊപ്പം 2020-21-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റുമായി ബന്ധപ്പെട്ട് മൊത്തം സംസ്ഥാന ആഭ്യന്തര ഉത്പാദനത്തിൽ കുറവ് നേരിടുകയും ഉണ്ടായി. ജിഎസ്ഡിപിയിലെ ഈ കുറവ് സമ്പദ് വ്യവസ്ഥയെ കൂടുതൽ രൂക്ഷമാക്കുമായിരുന്നു,എന്നാൽ 2020 മാർച്ചിൽ മഹാമാരിയുടെ ആദ്യ ഘട്ടത്തിൽ പ്രഖ്യാപിച്ച 20,000 കോടി രൂപയുടെ സാമ്പത്തിക പാക്കേജ് ഉത്തേജനമായി. ഈ ഉത്തേജക പാക്കേജ് ഏറ്റവും ദുർബലരായ ആളുകളെ ലക്ഷ്യം വച്ചുള്ളതും, മുഴുവൻ സമൂഹത്തിനും പ്രയോജനം ചെയ്യുന്നതും, മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിൽ (ജിഎസ്ഡിപി) കോവിഡ്-19 മഹാമാരിയുടെ ആഘാതം വലിയ തോതിൽ കുറയ്ക്കുന്നതുമായിരുന്നു. കോവിഡ്-19-ന്റെ സാമ്പത്തിക ആഘാതം പരിഹരിക്കുന്നതിനായി കേരള സർക്കാർ പ്രഖ്യാപിച്ച വിവിധ ഉത്തേജക പാക്കേജുകളുടെ വിശദാംശങ്ങൾ **ബോക്സ് 1.1.1**-ൽ നൽകിയിരിക്കുന്നു.

ലോക്ക്ഡൗണും സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ പ്രത്യേകിച്ചും 2020-21-ലെ ആദ്യ പാദത്തിൽ പ്രതികൂലമായി ബാധിച്ചു. സമ്പദ്‌വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിനായി ടൂറിസം, എംഎസ്എംഇ, കൃഷി എന്നീ മേഖലകളിലെ വളർച്ച പ്രോത്സാഹിപ്പിക്കുന്നതിലൂടെ വേഗത്തിലുള്ള വീണ്ടെടുക്കൽ ഉറപ്പാക്കുന്നതിനും തൊഴിലുകൾ സൃഷ്ടിക്കുന്നതിനും സർക്കാർ

**ബോക്സ് 1.1.1** കോവിഡ് –19 ന്റെ ആഘാതം നേരിടുന്നതിനായി കേരള സർക്കാർ പ്രഖ്യാപിച്ച സാമ്പത്തിക പാക്കേജുകൾ

കോവിഡ്–19 മഹാമാരി മൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനായി കേരള സർക്കാർ വിവിധ ഉത്തേജക പാക്കേജുകൾ പ്രഖ്യാപിച്ചു.

2020 മാർച്ചിൽ 20,000 കോടി രൂപയുടെ ആദ്യ സാമ്പത്തിക പാക്കേജ് പ്രഖ്യാപിച്ചു. ഇത്തരമൊരു പാക്കേജ് പ്രഖ്യാപിച്ച ആദ്യ സംസ്ഥാനമാണ് കേരളം. ഇന്ത്യാ ഗവൺമെന്റ് പ്രഖ്യാപിച്ച സാമ്പത്തിക പാക്കേജിനേക്കാൾ വളരെ മുൻപ് തന്നെ കേരളം വലിയ തോതിലുള്ള പ്രസ്തുത പാക്കേജ് പ്രഖ്യാപിച്ചു. ഏഴ് മാസത്തെ ക്ഷേമ പെൻഷൻ നൽകുന്നതിനുള്ള തുക, ആരോഗ്യ പാക്കേജുകൾക്കായി 500 കോടി രൂപ, കുടുംബശ്രീ പദ്ധതിയിലൂടെ വായ്പയ്ക്ക് 2000 കോടി രൂപ, ഗ്രാമങ്ങളിലെ തൊഴിലുറപ്പ് പദ്ധതികൾക്കായി 2000 കോടി രൂപ, ക്ഷേമ പെൻഷനുകൾക്ക് അർഹതയില്ലാത്ത ബിപിഎൽ, അന്ത്യോദയ കുടുംബങ്ങൾക്ക് 1,000 രൂപ വീതം ആശ്വാസ ധനസഹായമായി നൽകുന്നതിന് 150 കോടി രൂപ, വിവിധ മേഖലകളിലെ കുടിശ്ശിക പരിഹരിക്കുന്നതിന് 14,000 കോടി രൂപ, എപിഎൽ, ബിപിഎൽ കുടുംബങ്ങൾക്ക് സൗജന്യ റേഷൻ നൽകുന്നതിന് 100 കോടി രൂപ, സബ്സിഡിയോടെ 20 രൂപ നിരക്കിൽ ഭക്ഷണം നൽകുന്നതിന് 50 കോടി രൂപ എന്നിവയാണ് ഈ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

മഹാമാരിയുടെ രണ്ടാം തരംഗത്തിന്റെ പശ്ചാത്തലത്തിൽ ഇത് മൂലമുണ്ടായ സാമൂഹിക സാമ്പത്തിക, ആരോഗ്യ വെല്ലുവിളികളെ നേരിടുന്നതിനായി 2021 ജൂണിൽ 20,000 കോടി രൂപയുടെ രണ്ടാം സാമ്പത്തിക പാക്കേജ് പ്രഖ്യാപിച്ചു. ആരോഗ്യ അടിയന്തിരാവശ്യങ്ങൾക്കായി 2800 കോടി രൂപ, ഉപജീവനമാർഗം നഷ്ടപ്പെട്ട് പ്രതിസന്ധിയിലായവർക്ക് സഹായം നേരിട്ട് നൽകുന്നതിനായി 8,900 കോടി രൂപ, സാമ്പത്തിക പുനരുജ്ജീവനത്തിനായി നൽകുന്ന വായ്പകളുടെ പലിശ സബ്സിഡിയായി 8,300 കോടി രൂപ എന്നിവയാണ് ഈ പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

കോവിഡ്–19 – മൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധി കാരണം ദുരിതത്തിലായ ചെറുകിട വ്യാപാരികൾക്കും കർഷകർക്കും സബ്സിഡിയുള്ള വായ്പകളിലൂടെയും പലിശ ഇളവുകളിലൂടെയും ചെറുകിട വ്യവസായങ്ങളെ സഹായിക്കുന്നതിനായി 2021 ജൂലൈയിൽ 5,650 കോടി രൂപയുടെ അനുബന്ധ പാക്കേജും സർക്കാർ പ്രഖ്യാപിച്ചു.


പദ്ധതിയിടുന്നു. മൂലധനച്ചെലവ് വർധിപ്പിക്കുകയും വികസന–ക്ഷേമ നടപടികൾ തുടരുകയും ചെയ്യും. ഉൽപ്പാദനപരവും വരുമാനദായകവുമായ സേവനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് മുൻതൂക്കം നൽകും.

കേരളത്തിന്റെ ജി.എസ്.വി.എ യുടെയും ഇന്ത്യയുടെ ജി.വി.എ–യുടെയും വാർഷിക വളർച്ചാ നിരക്ക് ശതമാനത്തിൽ (രണ്ടും 2011–12 സ്ഥിരവിലയിൽ) **ചിത്രം 1.1.1**–ൽ കാണിച്ചിരിക്കുന്നു.

കേരളത്തിലെ കാർഷിക അനുബന്ധ മേഖലകളിലെ മൂല്യവർദ്ധിത വളർച്ച 2018–19–ലും 2019 – 20–ലും നെഗറ്റീവ് ആയിരുന്നു. പ്രസ്തുത വർഷങ്ങളിലെ വളർച്ചാ നിരക്ക് യഥാക്രമം (–)2.09 ശതമാനം, (–)5.09 ശതമാനം എന്നിങ്ങനെ ആയിരുന്നു. എന്നാൽ 2020–21–ൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് 3.8 ശതമാനം വളർച്ച രേഖപ്പെടുത്തി ശ്രദ്ധേയമായ പുരോഗതി കൈവരിച്ചു.

കേരളത്തിലെ നിർമ്മാണ മേഖലയിലെ മൂല്യവർദ്ധിത വളർച്ച 2019–20–ലെ (–)1.09 ശതമാനത്തിൽ നിന്ന് 2020–21 ആയപ്പോഴേക്കും (–)10.31 ശതമാനമായി കുത്തനെ കുറഞ്ഞു. ഇതിന് പ്രധാന കാരണം 2020–21–ൽ പല സേവന മേഖലകളിലും സാമ്പത്തിക സേവനങ്ങളിലും പ്രഖ്യാപിച്ച ലോക്ക് ഡൗൺ ആണ്.

**ചിത്രം 1.1.1** കേരളത്തിന്റെ ജി എസ് വി എ യുടെയും ഇന്ത്യയുടെ ജിവിഎയുടെയും വാർഷിക വളർച്ചാനിരക്ക് ശതമാനത്തിൽ (രണ്ടും 2011–12 സ്ഥിരവിലയിൽ)




അവലംബം: കേന്ദ്ര സ്റ്റാറ്റിസ്റ്റിക്സ് ഓഫീസ്, സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്

മൂല്യവർദ്ധിത വളർച്ചയുമായി ബന്ധപ്പെട്ട് ഉൽപ്പന്ന നിർമ്മാണ മേഖലയിലും മോശം പ്രകടനമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മൂല്യവർധിത വളർച്ചയുടെ വാർഷിക നിരക്ക് 2018–19, 2019–20, 2020–21 എന്നീ വർഷങ്ങളിൽ യഥാക്രമം (–)5.28 ശതമാനം, (–)5.11 ശതമാനം, (–)8.94 ശതമാനം എന്നിങ്ങനെയായിരുന്നു.

ചുരുക്കത്തിൽ, 2016–17 മുതൽ 2018–19 വരെയുള്ള കാലയളവിൽ, സംസ്ഥാനം അഭിമുഖീകരിച്ച നിരവധി തിരിച്ചടികൾക്കിടയിലും ദേശീയ സമ്പദ്‌വ്യവസ്ഥയിലെ മാന്ദ്യത്തിന്റെ പ്രത്യക്ഷമായ സൂചനകൾക്കിടയിലും കേരളത്തിന്റെ ജിഎസ്‌വിഎ നിരക്കുകൾ താരതമ്യേന വേഗത്തിൽ വളർന്നു. മത്സ്യബന്ധനവും മത്സ്യകൃഷിയും, ഉൽപ്പന്ന നിർമ്മാണം, വ്യാപാരം, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, സാമൂഹിക സേവനങ്ങൾ പ്രധാനമായും വിദ്യാഭ്യാസം, ആരോഗ്യം, പൊതു സേവനങ്ങൾ, പ്രൊഫഷണൽ സേവനങ്ങൾ തുടങ്ങിയവയാണ് ഈ വേഗത്തിലുള്ള വളർച്ചയ്ക്ക് സംഭാവന നൽകിയ മേഖലകൾ. കെമിക്കൽ, ഇലക്ട്രിക്കൽ മേഖലകളിലെ സംസ്ഥാന പൊതുമേഖലാ യൂണിറ്റുകളുടെ പ്രകടനം, പെട്രോളിയം ശുദ്ധീകരണത്തിലെ പുത്തൻ നിക്ഷേപങ്ങൾ, ഇലക്ട്രോണിക് ഘടകങ്ങളുടെ നിർമ്മാണത്തിനുള്ള പുതിയ പ്രചോദനം എന്നിവ 2016–17 മുതൽ കേരളത്തിന്റെ വ്യാവസായിക മേഖലയുടെ മെച്ചപ്പെട്ട പ്രകടനത്തിന്റെ പ്രത്യേകതകളാണ്. എന്നിരുന്നാലും, കോവിഡ്–19 മഹാമാരി സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രവർത്തനങ്ങളെ സാരമായി തടസ്സപ്പെടുത്തുകയും വളർച്ചാ നിരക്ക് കുറയ്ക്കുകയും ചെയ്തു.

കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ ജിഎസ്‌വിഎയുടെ മേഖലാ വിതരണത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 1.1.7, 1.1.8** എന്നിവയിൽ നൽകിയിരിക്കുന്നു. കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ ജിഎസ്ഡിപി ശതമാന വ്യതിയാനം മുൻ വർഷത്തെ അപേക്ഷിച്ച് **അനുബന്ധം 1.1.9**–ൽ നൽകിയിരിക്കുന്നു. 2011–12 മുതൽ 2017–18 വരെയുള്ള കാലയളവിലെ സ്ഥിര, നടപ്പ് വിലകളിലെ ജിഎസ്‌വിഎ, എൻഎസ്‌വിഎ എന്നിവ **അനുബന്ധം 1.1.10,1.1.11, 1.1.12, 1.1.13** എന്നിവയിൽ നൽകിയിരിക്കുന്നു.


## സംസ്ഥാന പ്രതിശീർഷ വരുമാനം

ത്വരിത കണക്കുകൾ പ്രകാരം, 2020–21–ൽ സംസ്ഥാന പ്രതിശീർഷ മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപ്പാദനം (2011–12) സ്ഥിര വിലയിൽ 1,46,910 രൂപയാണ്, 2019–20–ലെ താത്കാലിക കണക്കുപ്രകാരം 1,62,610 രൂപ ആയിരുന്നു. ഇത് 2020–21–ൽ (–)9.66 ശതമാനം നെഗറ്റീവ് വളർച്ചാ നിരക്ക് രേഖപ്പെടുത്തുന്നു. നടപ്പ് വിലയിൽ സംസ്ഥാന പ്രതിശീർഷ ജിഎസ്ഡിപി 2019–20–ൽ 2,36,621 രൂപ ആയിരുന്നത് 2020–21–ൽ (–)3.49 ശതമാനം വളർച്ച കുറഞ്ഞ് 2,28,353 രൂപയായി. താത്കാലിക കണക്കുകൾ പ്രകാരം 2019–20–ൽ പ്രതിശീർഷ അറ്റ സംസ്ഥാന ആഭ്യന്തര ഉല്പന്നം (എൻഎസ്ഡിപി) (2011–12) സ്ഥിര വിലയിൽ 1,49,674 ആയിരുന്നത് 2020–21–ലെ ത്വരിത കണക്കുകൾ പ്രകാരം (–)9.89 ശതമാനം വളർച്ച കുറഞ്ഞ് 1,34,878 രൂപയായി. 2012–13 മുതൽ 2020–21 വരെ കേരളത്തിന്റെ പ്രതിശീർഷ അറ്റ സംസ്ഥാന ആഭ്യന്തര ഉല്പന്നം (2011–12 സ്ഥിര വിലയിൽ), ദേശീയ അറ്റ ആഭ്യന്തര ഉത്പന്നത്തെക്കാൾ ഉയർന്നതാണെന്ന് **ചിത്രം 1.1.2**–ൽ നിന്നും വ്യക്തമാകുന്നതാണ്.

## മേഖലാടിസ്ഥാനത്തിലുള്ള മൂല്യവർദ്ധനവിന്റേയും തൊഴിലിന്റേയും വിതരണം

കേരളത്തിലെ സമ്പദ്‌വ്യവസ്ഥയുടെയും തൊഴിൽ സേനയുടേയും ഘടന ഇന്ത്യയുടെ മറ്റ് ഭാഗങ്ങളിൽ നിന്നും പ്രത്യക്ഷത്തിൽ തന്നെ വ്യത്യസ്തമാണ്. 2019–20–ൽ പോലും ഇന്ത്യയിലെ മൊത്തം തൊഴിലാളികളുടെ 45.84 ശതമാനവും കൃഷിയും അനുബന്ധ പ്രവർത്തനങ്ങളിലുമാണ് ഏർപ്പെട്ടിരിക്കുന്നത്. എന്നാൽ, കേരളത്തിൽ വർഷങ്ങളായി കാർഷികമേഖലയിൽ നിന്ന് തൊഴിലാളികളുടെ വലിയ തോതിലുള്ള പിൻമാറ്റം ഉണ്ടായിട്ടുണ്ട്, 2019–20–ൽ കാർഷിക, അനുബന്ധ

**ചിത്രം 1.1.2** പ്രതിശീർഷ അറ്റ ആഭ്യന്തര ഉല്പന്നവും പ്രതിശീർഷ അറ്റ സംസ്ഥാന ആഭ്യന്തര ഉല്പന്നവും സ്ഥിര വിലയിൽ (2011–12 ), രൂപയിൽ




അവലംബം: കേന്ദ്ര സ്റ്റാസ്റ്റിക്സ് ഓഫീസ്, സാമ്പത്തിക സ്ഥിതി വിവരണ കണക്ക് വകുപ്പ് (കേരള)

**പട്ടിക 1.1.3.** വിവിധ മേഖലകളിൽ മൊത്ത മൂല്യവർദ്ധിത, തൊഴിൽ വിഹിതം കേരളത്തിലും ഇന്ത്യയിലും, 2019-20

| മേഖലകൾ | മൊത്ത മൂല്യവർദ്ധനയിലുള്ള വിഹിതം | | തൊഴിലിലെ വിഹിതം | |
|---|---|---|---|---|
| | കേരളം (ജിസ്‌വിഎ) | ഇന്ത്യ (ജിവിഎ) | കേരളം | ഇന്ത്യ |
| കൃഷി, കന്നുകാലികൾ, വനം, മത്സ്യബന്ധനം | 8.4 | 14.83 | 21.89 | 45.56 |
| മൈനിംഗും ക്വാറിയിങ്ങും | 0.4 | 2.43 | 0.26 | 0.28 |
| പ്രാഥമിക മേഖല | 8.8 | 17.26 | 22.15 | 45.84 |
| ഉൽപ്പന്ന നിർമ്മാണം | 11.1 | 17.10 | 10.59 | 11.15 |
| വൈദ്യുതി, ഗ്യാസ്, ജലവിതരണം, മറ്റ് യൂട്ടിലിറ്റി സേവനങ്ങൾ | 1.3 | 2.26 | 0.57 | 0.61 |
| നിർമ്മാണം | 13.4 | 7.80 | 19.4 | 11.63 |
| ദ്വിതീയമേഖല | 25.9 | 27.16 | 30.56 | 23.39 |
| വ്യാപാരം, അറ്റകുറ്റപ്പണി, ഹോട്ടൽ & റസ്റ്റോറന്റ് | 18.0 | 15.85 | 18.2 | 13.22 |
| ഗതാഗതം, സംഭരണം പ്രക്ഷേപണവുമായി ബന്ധപ്പെട്ട ആശയവിനിമയവും സേവനങ്ങളും | 7.7 | 4.5 | 8.74 | 5.62 |
| സാമ്പത്തിക, റിയൽ എസ്റ്റേറ്റ്, പ്രൊഫഷണൽ സേവനങ്ങൾ | 22.9 | 21.97 | 5.15 | 2.01 |
| പബ്ലിക് അഡ്മിനിസ്ട്രേഷനും മറ്റ് സേവനങ്ങളും | 16.8 | 13.25 | 15.2 | 9.92 |
| തൃതീയമേഖല | 65.3 | 55.57 | 47.29 | 30.77 |
| | 100.00 | 100.00 | 100.0 | 100.0 |

ഉറവിടങ്ങൾ: ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ( ജിഎസ്‌വിഎ- കേരളം ), നാഷണൽ അക്കൗണ്ട് സ്റ്റാറ്റിസ്റ്റിക്സ് (ജിവിഎ ഓഫ് -ഇന്ത്യ), സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് 2019-20-ൽ നടത്തിയ ആനുകാലിക ലേബർ ഫോഴ്സ് സർവേ (പി.എൽ.എഫ്.എസ്) ( തൊഴിലിനെക്കുറിച്ചുള്ള ഡാറ്റയ്ക്കായി)

പ്രവർത്തനങ്ങളിലെ തൊഴിലാളികളുടെ പങ്ക് 22.15 ശതമാനമായി കുറഞ്ഞു. മൊത്ത മൂല്യ വർദ്ധനയിൽ കൃഷിയും അനുബന്ധ പ്രവർത്തനങ്ങളുടെയും പങ്ക് കേരളത്തിലും ഇന്ത്യയിലും യഥാക്രമം 8.4 ശതമാനവും 14.83 ശതമാനവുമാണ്.മൊത്തത്തിലുള്ള മൂല്യവർദ്ധനയിൽ കേരളത്തിൽ ഉൽപ്പന്ന നിർമ്മാണത്തിന്റെ പങ്ക് ഇന്ത്യയുടെ മൊത്തത്തിലുള്ള 17.10 ശതമാനവുമായി താരതമ്യം ചെയ്യുമ്പോൾ 11.0 ശതമാനം മാത്രമായിരുന്നു. (**പട്ടിക 1.1.3** കാണുക).

അതേസമയം,സമ്പദ്‌വ്യവസ്ഥയിൽ നിർമ്മാണ – സേവന മേഖലകളിൽ കേരളം നൽകുന്ന സംഭാവന ഇന്ത്യയുടെ മറ്റ് ഭാഗങ്ങളെ അപേക്ഷിച്ച് കൂടുതലാണ്. 2019–20–ൽ മൊത്ത മൂല്യവർദ്ധനവിലേക്കുള്ള നിർമ്മാണ മേഖലയുടെ വിഹിതം കേരളത്തിലും ഇന്ത്യയിലും യഥാക്രമം 13.4 ശതമാനവും 7.80 ശതമാനവുമാണ്. 2019–20–ൽ കേരളത്തിലെ മൊത്തം തൊഴിലാളികളുടെ 47.29 ശതമാനവും മൊത്ത മൂല്യവർദ്ധനയുടെ 65.3 ശതമാനവും സേവന മേഖലയിലാണുള്ളത്. ദേശീയ തലത്തിൽ, മൊത്ത മൂല്യ വർദ്ധനയിലേക്കും തൊഴിലിലേക്കുമുള്ള സേവന മേഖലയുടെ വിഹിതം യഥാക്രമം 55.57 ശതമാനവും 30.77 ശതമാനവും ആയിരുന്നു **(പട്ടിക 1.1.3 കാണുക).**

## ജില്ലാതല മൊത്ത സംസ്ഥാന സംയോജിത മൂല്യം

അടിസ്ഥാന വിലയിലുള്ള മൊത്ത സംസ്ഥാന സംയോജിത മൂല്യത്തിന്റെ ജില്ലാ വിതരണത്തിൽ (നടപ്പുവില) എറണാകുളം ജില്ല 2019–20–ലെ 91,30,248 ലക്ഷം രൂപയിൽ നിന്ന് 2020–21 ൽ 87,98,043 ലക്ഷം രൂപയായി കുറഞ്ഞ് നെഗറ്റീവ് വളർച്ചാ നിരക്ക് (–)3.64 ശതമാനം രേഖപ്പെടുത്തിയെങ്കിലും,ഉയർന്ന വരുമാനം നേടുന്ന ജില്ലയായി തുടരുന്നു. സ്ഥിര വിലയിൽ (2011–12),2019–20 –ൽ ഇത് 62,64,401 ലക്ഷം രൂപയായിരുന്നത് 2020–21 ൽ 56,50,813 ലക്ഷം രൂപയായി. വിശദാംശങ്ങൾ **പട്ടിക 1.1.4** –ൽ നൽകിയിട്ടുണ്ട്.

## ജില്ലാതല പ്രതിശീർഷ വരുമാനം (ജി.എസ്.വി.എ)

2020–21–ലും എറണാകുളം ജില്ല (2011–12 സ്ഥിരവിലയിൽ) 1,63,345 രൂപയുമായി പ്രതിശീർഷ വരുമാനത്തിൽ ഒന്നാം സ്ഥാനത്ത് തുടരുന്നതായി ജില്ലാതല പ്രതിശീർഷ വരുമാനത്തിന്റെ വിശകലനം കാണിക്കുന്നു. 2019–20–ൽ ഇത് 1,82,086 രൂപയായിരുന്നു. പ്രതിശീർഷ വരുമാനത്തിൽ ജില്ലകളുടെ സ്ഥാനവും വളർച്ചയും **പട്ടിക 1.1.5**–ൽ കൊടുത്തിരിക്കുന്നു.

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ 2020–21 വർഷത്തിലെ പ്രതിശീർഷ വരുമാനം സംസ്ഥാന ശരാശരിയേക്കാൾ ഉയർന്നതായി **പട്ടിക 1.1.5** കാണിക്കുന്നു. കാസർകോട്, മലപ്പുറം, പാലക്കാട്, പത്തനംതിട്ട, കോഴിക്കോട്, കണ്ണൂർ, വയനാട് എന്നീ ജില്ലകളിൽ പ്രതിശീർഷ വരുമാനം സംസ്ഥാന ശരാശരിയെ അപേക്ഷിച്ച് കുറവാണ്. 2018–19 മുതൽ 2020–21 വരെയുള്ള വർഷങ്ങളിലെ നടപ്പുവിലയിലും സ്ഥിരവിലയിലുമുളള ജില്ലാതല, മേഖലാതല മൊത്ത സംസ്ഥാന സംയോജിത മൂല്യം **അനുബന്ധം 1.1.14, 1.1.15, 1.1.16, 1.1.17, 1.1.18, 1.1.19** എന്നിവയിൽ നൽകിയിരിക്കുന്നു.

## വിലക്കയറ്റം – സമീപകാല പ്രവണതകൾ

കോവിഡ് മഹാമാരിയുടെ വ്യാപനവും തുടർന്ന് സാമ്പത്തിക മേഖലകളിൽ ഏർപ്പെടുത്തിയ കടുത്ത നിയന്ത്രണങ്ങളും ഭാരതത്തിലുടനീളം അവശ്യ വസ്തുക്കളുടെ വിലകൾ വർദ്ധിക്കുന്നതിനുള്ള സാഹചര്യമൊരുക്കി. നടപ്പ് സാമ്പത്തിക

**പട്ടിക 1.1.4.** ജില്ല തിരിച്ചുള്ള മൊത്ത സംസ്ഥാന സംയോജിത മൂല്യം

| ക്രമ നം | ജില്ല | മൊത്തം സംസ്ഥാന സംയോജിത മൂല്യം (ലക്ഷം രൂപയിൽ) നടപ്പ് വിലയിൽ | | | സ്ഥിര വിലയിൽ | | |
|---|---|---|---|---|---|---|---|
| | | 2019-20 (പി) | 2020-21 (ക്യൂ) | വളർച്ചാ നിരക്ക് (%) | 2019-20 (പി) | 2020-21 (ക്യൂ) | വളർച്ചാ നിരക്ക് (%) |
| 1 | തിരുവനന്തപുരം | 7711739 | 7526447 | -2.40 | 5170499 | 4777314 | -7.60 |
| 2 | കൊല്ലം | 6864859 | 6664006 | -2.93 | 4512965 | 4156843 | -7.89 |
| 3 | പത്തനംതിട്ട | 2166292 | 2137062 | -1.35 | 1420832 | 1335007 | -6.04 |
| 4 | ആലപ്പുഴ | 5242550 | 5113498 | -2.46 | 3545194 | 3251811 | -8.28 |
| 5 | കോട്ടയം | 4536764 | 4383483 | -3.38 | 3127054 | 2879484 | -7.92 |
| 6 | ഇടുക്കി | 2554880 | 2549576 | -0.21 | 1532021 | 1497504 | -2.25 |
| 7 | എറണാകുളം | 9130248 | 8798043 | -3.64 | 6264401 | 5650813 | -9.79 |
| 8 | തൃശ്ശൂർ | 7413550 | 7171931 | -3.26 | 4983484 | 4507892 | -9.54 |
| 9 | പാലക്കാട് | 5134508 | 5085384 | -0.96 | 3379961 | 3158861 | -6.54 |
| 10 | മലപ്പുറം | 7136657 | 7082740 | -0.76 | 4750252 | 4406779 | -7.23 |
| 11 | കോഴിക്കോട് | 6329101 | 6137437 | -3.03 | 4246912 | 3873880 | -8.78 |
| 12 | വയനാട് | 1509349 | 1473783 | -2.36 | 965978 | 891346 | -7.73 |
| 13 | കണ്ണൂർ | 5142509 | 4937771 | -3.98 | 3535435 | 3198448 | -9.53 |
| 14 | കാസർകോട് | 2418492 | 2367699 | -2.10 | 1641607 | 1483636 | -9.62 |
| | മൊത്ത സംസ്ഥാന സംയോജിതമൂല്യം | 73291499 | 71428858 | -2.54 | 49076596 | 45069618 | -8.16 |

അവലംബം: സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് , (പി)- പ്രൊവിഷണൽ ക്യൂ: ത്വരിതം)

**പട്ടിക 1.1.5** ജില്ല തിരിച്ചുള്ള അടിസ്ഥാന വിലയിലെ പ്രതിശീർഷ മൊത്ത സംയോജിത മൂല്യം സ്ഥിര ( 2011-12) വിലയിൽ


| ക്രമ നം | ജില്ല | 2019-20 (പി) രൂപ | റാങ്ക് | 20120-21 (ക്യൂ) രൂപ | റാങ്ക് | വളർച്ചാ നിരക്ക് (%) |
|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 153905 | 5 | 141910 | 5 | -7.79 |
| 2 | കൊല്ലം | 168471 | 2 | 154879 | 2 | -8.07 |
| 3 | പത്തനംതിട്ട | 121735 | 10 | 114726 | 10 | -5.76 |
| 4 | ആലപ്പുഴ | 165373 | 3 | 151554 | 3 | -8.36 |
| 5 | കോട്ടയം | 156942 | 4 | 144363 | 4 | -8.02 |
| 6 | ഇടുക്കി | 140289 | 7 | 137376 | 7 | -2.08 |
| 7 | എറണാകുളം | 182086 | 1 | 163345 | 1 | -10.29 |
| 8 | തൃശ്ശൂർ | 153252 | 6 | 137960 | 6 | -9.98 |
| 9 | പാലക്കാട് | 113247 | 13 | 105090 | 11 | -7.20 |
| 10 | മലപ്പുറം | 103752 | 14 | 95044 | 14 | -8.39 |
| 11 | കോഴിക്കോട് | 129714 | 9 | 117501 | 9 | -9.42 |
| 12 | വയനാട് | 113636 | 12 | 104375 | 13 | -8.15 |
| 13 | കണ്ണൂർ | 134725 | 8 | 121321 | 8 | -9.95 |
| 14 | കാസർകോട് | 117081 | 11 | 104947 | 12 | -10.36 |
| | കേരളം | 140865 | | 128716 | | -8.62 |

വർഷത്തിന്റെ ആദ്യത്തെ അഞ്ചു മാസങ്ങളിൽ വിലക്കയറ്റ നിരക്ക് വളരെയധികം വർദ്ധിച്ചു. ഉപഭോക്തൃ വിലസൂചിക 4.2 ശതമാനത്തിൽ നിന്നു 6.3 ശതമാനമെന്ന ഉയർന്ന നിരക്കിലേക്ക് കടന്നു. ഈ കാലയളവിലെ ശരാശരി ഉപഭോക്തൃ വിലസൂചിക 5.5 ശതമാനമായിരുന്നുവെങ്കിലും ഇത് റിസർവ് ബാങ്ക് ലക്ഷ്യമിട്ട 4 ശതമാനമെന്ന പരിധിയിലും ഉയർന്ന നിരക്കിലായിരുന്നു. 2021 മേയ്, ജൂൺ മാസങ്ങളിൽ അവശ്യ വസ്തുക്കളുടെ വിലനിലവാരസൂചിക 6 ശതമാനമെന്ന ഉപരി നിരക്കിനെയും മറികടന്നു. ഇന്ധന വിലയിലും തുടർന്ന് ഉൽപ്പന്നങ്ങളുടെ കടത്ത് കൂലിയിലും ഉണ്ടായ വർദ്ധനവു മൂലം വിപണിയിൽ ഉണ്ടായ സമ്മർദ്ദങ്ങൾ ആണ് ഈ കടുത്ത വിലവർദ്ധനവിനു കാരണമായി മാറിയതെന്ന് അനുമാനിക്കാം. 2021 ഒക്ടോബറിലെ ഭാരതീയ റിസർവ് ബാങ്കിന്റെ മോണിട്ടറി പോളിസി കമ്മിറ്റി റിപ്പോർട്ടിൽ 2021–22ലെ വിലനിലവാര സൂചിക 5.1 ശതമാനമെന്ന നിരക്കിൽ കണക്കാക്കുന്നു. ഇത് ഏപ്രിൽ മുതൽ ജൂൺ വരെയുള്ള ആദ്യ പാദത്തിൽ 5.2 ശതമാനമെന്ന നിരക്കിലും, ജൂലായ് മുതൽ സെപ്റ്റംബർ വരെയുള്ള രണ്ടാം പാദത്തിൽ 5.4 ശതമാനമെന്ന നിരക്കിലും, ഒക്ടോബർ മുതൽ ഡിസംബർ വരെയുള്ള മൂന്നാം പാദത്തിൽ 4.7 ശതമാനമെന്ന നിരക്കിലും, ജനുവരി മുതൽ മാർച്ച് വരെയുള്ള നാലാം പദത്തിൽ 5.3 ശതമാനമെന്നനിരക്കിലും കണക്കാക്കുന്നു. വില വർദ്ധനവ് നിയന്ത്രിക്കുന്നതിനും അവശ്യ വസ്തുക്കളുടെ മതിയായ ലഭ്യത ഉറപ്പുവരുത്തുന്നതിനും ധനപരമായ മുൻകരുതലുകൾ അത്യന്താപേക്ഷിതമാണ്. വ്യാവസായിക വളർച്ചക്ക് ഉതകുന്നതും മഹാമാരിയുടെ പ്രഹരങ്ങളെ ശമിപ്പിക്കുന്നതിനുതകുന്നതുമായ ധനനയങ്ങൾ തന്നെ തുടരുന്നതിന് റിസർവ് ബാങ്ക് തീരുമാനിക്കുകയുണ്ടായി. റിസർവ് ബാങ്കിന്റെ മോണിട്ടറി പോളിസി കമ്മിറ്റി മെയ് 2020 മുതൽ ഒക്ടോബർ 2021 വരെ തുടർച്ചയായ എട്ടു തവണ യോഗം ചേർന്നെങ്കിലും ചരിത്രത്തിലെ ഏറ്റവും കുറഞ്ഞ പലിശ നിരക്ക് തുടരുന്നതിനുള്ള തീരുമാനമാണ് കൈക്കൊണ്ടത്.

കേരളത്തിലെ ഉപഭോക്തൃ വിലസൂചിക ഇന്ത്യയുടെതുമായി താരതമ്യം ചെയ്യുമ്പോൾ 2021 ആഗസ്റ്റ് മാസത്തിൽ 3.67 ശതമാനത്തിൽ നിന്നും 2021 സെപ്റ്റംബർ മാസത്തിൽ 2.98 ശതമാനമായി കുറഞ്ഞു. കേരളത്തിലെ പണപ്പെരുപ്പ നിരക്ക് ഇന്ത്യയുടെതുമായി താരതമ്യം ചെയ്യുമ്പോൾ തുലോം കുറവാണ്. 2021 സെപ്റ്റംബർ മാസത്തെ അഖിലേന്ത്യാ കേരള പണപ്പെരുപ്പ നിരക്ക് **പട്ടിക 1.1.6** –ൽ കൊടുത്തിരിക്കുന്നു.

2021 ജനുവരി മുതൽ സെപ്റ്റംബർ വരെയുള്ള ഇന്ത്യയിലെ പണപ്പെരുപ്പ നിരക്ക് (ശതമാനത്തിൽ) **ചിത്രം 1.1.3**–ൽ കാണിച്ചിരിക്കുന്നു.

**ചിത്രം 1.1.3** ഇന്ത്യയിലെ പണപ്പെരുപ്പ നിരക്ക് 2021 ജനുവരി മുതൽ സെപ്റ്റംബർ വരെ, ശതമാനത്തിൽ




അവലംബം: കേന്ദ്ര സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്

**പട്ടിക 1.1.6** പണപ്പെരുപ്പ നിരക്ക്, അഖിലേന്ത്യാ & കേരളം, ഉപഭോക്തൃ വിലസൂചികഅടിസ്ഥാനമാക്കി (പൊതു), ഒക്ടോബർ 2021, (ശതമാനത്തിൽ)

| ഉപഭോക്തൃ വിലസൂചിക | സെപ്റ്റംബർ 2021 | | | ആഗസ്റ്റ് 20201 | | |
|---|---|---|---|---|---|---|
| | ഗ്രാമം | നഗരം | സംയോജിതം | ഗ്രാമം | നഗരം | സംയോജിതം |
| ഭാരതം | 4.13 | 4.57 | 4.35 | 5.28 | 5.32 | 5.3 |
| കേരളം | 2.72 | 3.45 | 2.98 | 3.41 | 4.09 | 3.67 |

ഉറവിടം: ദേശീയ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്, പ്രോഗ്രാം നടപ്പിലാക്കൽ - സ്റ്റാറ്റിസ്റ്റിക്കൽ മന്ത്രാലയം, ഭാരത സർക്കാർ

### കാർഷിക ഉൽപന്നങ്ങളുടെ മൊത്ത വില സൂചിക

കേരളത്തിലെ കാർഷിക ഉൽപന്നങ്ങളുടെ മൊത്തവില സൂചികയിൽ മുൻവർഷത്തെ അപേക്ഷിച്ച് 2021 –ൽ നേരിയ വർദ്ധനവ് ഉണ്ടായി. 2020 ലെ 130.09 എന്ന നിരക്കിൽ നിന്നും 2021 ജൂൺ മാസത്തോടെ 130.99 ആയി വർദ്ധിച്ചു (അടിസ്ഥാനം 2015–2016=100). ഭക്ഷ്യ, ഭക്ഷ്യേതര വിളകളുടെ വിലയിൽ നാമമാത്രമായ വർദ്ധനവാണ് (0.69 ശതമാനം) രേഖപ്പെടുത്തിയത്. ഇതിന് നിദാനമായത് പയറുവർഗ്ഗങ്ങൾ, സാധാരണ വിളകൾ, എണ്ണക്കുരുക്കൾ, പാനീയങ്ങൾ എന്നിവയുടെ വിലയിലുണ്ടായ വർദ്ധനവാണ്. ഭക്ഷ്യവിളകളിൽ ധാന്യങ്ങൾ, പഴങ്ങളും–പച്ചക്കറികളും, പലവ്യഞ്ജനങ്ങളും–സുഗന്ധവ്യഞ്ജനങ്ങളും എന്നിവയുടെ വിലയിൽ യഥാക്രമം 5.93 ശതമാനം, 5.99 ശതമാനം, 10.82 ശതമാനം കുറവ് രേഖപ്പെടുത്തി. മറുഭാഗത്ത് ഭക്ഷ്യേതര ഇനങ്ങളുടെ മൊത്ത വില സൂചിക 2020 ലെ 123.52 ൽ നിന്ന് 2021 ജൂൺ വരെ 148.97 ആയി വർദ്ധിച്ചു. 20.61 ശതമാനം വർദ്ധനവാണ് ഭക്ഷ്യേതര ഇനങ്ങളുടെ മൊത്ത വിലയിൽ ഉണ്ടായത് ഇതിൽ എണ്ണക്കുരുക്കളുടെ വില 2020 ൽ 157.52 ൽ നിന്ന് 2021 ജൂൺ വരെ 195.99 ആയി ഉയർന്നു. 2020–2021 ലെ കേരളത്തിലെ കാർഷികോത്പന്നങ്ങളുടെ മൊത്ത വില സൂചിക (അടിസ്ഥാനം:2015–16=100) **അനുബന്ധം 1.1.20**–ൽ കൊടുത്തിരിക്കുന്നു.

കേരളത്തിൽ മാസംതോറുമുള്ള ഭക്ഷ്യവസ്തുക്കളുടെ സൂചിക 2021 ജനുവരി മാസത്തിൽ 144.30–ൽ നിന്നും ഡിസംബറിൽ 127.20 ആയി കുറഞ്ഞു. എന്നാൽ ഭക്ഷ്യേതര വസ്തുക്കളുടെ സൂചിക യഥാക്രമം 128.17–ൽ നിന്നും 147.21 ആയി ഉയർന്നു. അതുപോലെ 2021 ലെ മൊത്തവിലസൂചിക പ്രകാരം എല്ലാ ഭക്ഷ്യവസ്തുക്കളുടെയും ഉൽപാദനസൂചിക 2021 ജനുവരി മാസത്തിൽ 131.25–ൽ നിന്നും 2021 ജൂൺ മാസത്തിൽ 126.34 ആയി കുറഞ്ഞു. ഭക്ഷ്യവിളകളുടെ മൊത്തവിലസൂചിക പ്രകാരം 2021 ജനുവരിയിലെ 125.69 ൽ നിന്ന് 2021 ജൂണിൽ 117.89 ആയി കുറഞ്ഞപ്പോൾ ഭക്ഷ്യേതര വിളകളുടേത് 144.55–ൽ നിന്ന് 146.57 ആയി ഉയർന്നു. കേരളത്തിലെ കാർഷിക ഉല്പന്നങ്ങളുടെ 2020 ജനുവരി മുതൽ 2021 ജൂൺ വരെയുള്ള പ്രതിമാസ മൊത്തവില സൂചിക (2015–16=100) അടിസ്ഥാനത്തിൽ **അനുബന്ധം 1.1.21**–ൽ കൊടുത്തിരിക്കുന്നു.

### ഉപഭോക്തൃ വിലസൂചിക

കേരളത്തിലെ ഉപഭോക്തൃ വില സൂചികയുടെ വാർഷിക ശരാശരി(അടിസ്ഥാന വർഷം 2011–12=100) 2019 ൽ 167.24–ൽ നിന്നും 2020 ൽ 174.18 ആയി വർദ്ധിച്ചു. 2021 ജൂലൈ വരെയുള്ള കേരളത്തിന്റെ ഉപഭോക്തൃ വിലസൂചിക 180.76 ആണ് മുൻ വർഷത്തെ അപേക്ഷിച്ച് 4.15 ശതമാനം വർദ്ധനവ് രേഖപ്പെടുത്തി. 2020 ൽ ഏറ്റവും കൂടുതൽ വിലക്കയറ്റം രേഖപ്പെടുത്തിയിരിക്കുന്നത് പത്തനംതിട്ടയിലും (6.25 ശതമാനം ) തുടർന്ന് പുനലൂർ (5.59 ശതമാനം) ആലപ്പുഴ (5.23 ശതമാനം)എന്നീ കേന്ദ്രങ്ങളിലുമാണ്. ഏറ്റവും കുറവ് വിലക്കയറ്റ നിരക്ക് രേഖപ്പെടുത്തിയിരിക്കുന്നത് പാലക്കാട് ജില്ലയിലാണ്. തെരഞ്ഞെടുത്ത കേന്ദ്രങ്ങളിലെ വിലസൂചികയുടെ വാർഷിക ശരാശരിയും ശതമാന വ്യതിയാനവും **അനുബന്ധം 1.1.22**–ൽ കാണിച്ചിട്ടുണ്ട്. അവശ്യ സാധനങ്ങളുടെ 2021 ജനുവരി മുതൽ സെപ്റ്റംബർ വരെയുള്ള പ്രതിമാസ ചില്ലറ വ്യാപാര വില നിരക്കുകൾ **അനുബന്ധം 1.1.23**–ൽ കാണിച്ചിട്ടുണ്ട്.


### വില സമാനത

കർഷകർക്ക് കൃഷി ചെയ്യുന്നതിന് വരുന്ന ചെലവും അതിൽ നിന്നുണ്ടാകുന്ന വരുമാനവും കണക്കിലെടുത്താണ് വില സമാനതാ സൂചിക കണക്കാക്കുന്നത്. 2020 ൽ കണക്കാക്കിയ വിലസമാനതാ സൂചിക 56.50 ആണ്. ഇത് 2019 ലെ 58.08 എന്ന നിരക്കിനേക്കാൾ കുറവാണ്. കർഷകർക്ക് നൽകിയ വിലയുടെ സൂചിക 16,063.42 ആണ് എന്നാൽ അവർക്ക് ലഭിച്ച വിലയുടെ സൂചിക 9,055.50 ആണ്. കർഷകർ വലിയ പ്രതിസന്ധി ഘട്ടത്തിലൂടെ കടന്നു പോകുന്നു എന്നതാണ് ഇത് സൂചിപ്പിക്കുന്നത്. ഉയർന്ന നിരക്കിലെ വേതനവും വർദ്ധിച്ച നിരക്കിലെ കടത്ത് കൂലികളും പ്രതിദിനം കൃഷി ചെലവിലുണ്ടായികൊണ്ടിരിക്കുന്ന വർദ്ധനവും ഇതിന് കാരണമായി. കൂടാതെ കോവിഡ് രണ്ടാം തരംഗം ഈ പ്രതികൂലാവസ്ഥയെ കൂടുതൽ രൂക്ഷമാക്കി. കർഷകർക്ക് ലഭിച്ച വിലയുടെയും നൽകിയ വിലയുടെയും സൂചികയുടെ വാർഷിക ശരാശരി **അനുബന്ധം 1.1.24**–ൽ ചേർത്തിട്ടുണ്ട്.

### വേതനം

കേരളത്തിൽ കാർഷിക മേഖലയിലെ വിദഗ്ധ തൊഴിലാളികളുടെ ശരാശരി ദിവസ വേതന നിരക്ക് വർഷം തോറും വർദ്ധിച്ചു വരുന്നു. മരപ്പണിക്കാരുടെയും കൽപ്പണിക്കാരുടെയും ദിവസ വേതന നിരക്ക് 2019–20–ൽ യഥാക്രമം 895.58 ഉം 903.17 ഉം ആയിരുന്നത് 2020–21 ൽ 946.95 ഉം 950.52 ഉം ആയി വർദ്ധിച്ചിട്ടുണ്ട്. ഈ കാലയളവിൽ മരപ്പണിക്കാരുടെ ദിവസവേതന നിരക്കിൽ 5.74 ശതമാനവും കൽപ്പണിക്കാരുടെ ദിവസ വേതന നിരക്കിൽ 5.24 ശതമാനവും വർദ്ധനവാണ് ഉണ്ടായത്. കാർഷിക മേഖലയിലെ വിദഗ്ധ തൊഴിലാളികളുടെ 2008–09 മുതൽ 2020–21 വരെയുള്ള ശരാശരി ദിവസ വേതന നിരക്ക് **അനുബന്ധം 1.1.25**–ൽ കാണിച്ചിരിക്കുന്നു.

**ചിത്രം 1.1.4** 2021 ജനുവരി മുതൽ സെപ്റ്റംബർ വരെയുള്ള കേരളത്തിലെ വിലക്കയറ്റ നിരക്ക് (ശതമാനത്തിൽ)




അവലംബം: കേന്ദ്ര സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്

അവിദഗ്ധ തൊഴിലാളികളുടെ ശരാശരി ദിവസവേതന നിരക്ക് 2008-09-ൽ പുരുഷൻമാർക്ക് 224.40 ഉം സ്ത്രീകൾക്ക് 159.02 ഉം ആയിരുന്നു. പതിമൂന്ന് വർഷങ്ങൾ പിന്നിട്ടപ്പോൾ 2020-21-ൽ വേതന നിരക്കിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. അതായത് പുരുഷൻമാരുടെ വേതന നിരക്ക് 230.61 ശതമാനം വർദ്ധിച്ച് 741.89 രൂപയും സ്ത്രീകളുടെ വേതന നിരക്ക് 237.49 ശതമാനം വർദ്ധിച്ച് 536.68 രൂപയുമായിട്ടുണ്ട്. വേതന വർദ്ധനവിലുള്ള നിരക്കും സ്ത്രീ പുരുഷ വേതനങ്ങൾ തമ്മിലുള്ള വ്യതിയാനവും 2008-09 മുതൽ ക്രമമായി കുറഞ്ഞു വരുന്ന പ്രവണതയാണ് കണ്ടുവരുന്നത്. കാർഷിക മേഖലയിലെ അവിദഗ്ദ്ധ തൊഴിലാളികളുടെ 2008-09 മുതൽ 2020-21 വരെയുള്ള ദിവസ വേതന നിരക്ക് **അനുബന്ധം 1.1.26**-ൽ കൊടുത്തിരിക്കുന്നു.

## സംസ്ഥാന ഇടപെടലുകൾ

മഹാമാരിയുടെ എല്ലാ ഘട്ടങ്ങളിലും ഭക്ഷണവും അവശ്യ വസ്തുക്കളും ജനങ്ങളിൽ എത്തിക്കാൻ സർക്കാർ മതിയായ പരിശ്രമങ്ങൾ ഏറ്റെടുക്കുകയുണ്ടായി. എല്ലാ വിഭാഗത്തിലുമുള്ള ജനങ്ങൾക്കും റേഷൻ കടകൾ വഴി ഭക്ഷ്യ കിറ്റുകൾ എത്തിച്ചു നൽകി. സപ്ലൈ കോ, കൺസ്യൂമർ ഫെഡ്, സഹകരണ സ്ഥാപനങ്ങൾ എന്നിവ വഴി കുറഞ്ഞ നിരക്കിൽ അവശ്യ വസ്തുക്കൾ വിതരണം ചെയ്തു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ആരംഭിച്ച സാമൂഹ്യ അടുക്കളകളിൽ നിന്നും ആവശ്യമുള്ള എല്ലാ ജനങ്ങൾക്കും ഭക്ഷണപ്പൊതികൾ നേരിട്ട് എത്തിച്ചു നൽകി. കൂടാതെ കുടുംബശ്രീ സംരംഭമായ ജനകീയ ഹോട്ടലുകൾ ഭക്ഷണ വില പിടിച്ചു നിർത്തുന്നതിൽ വലിയ ഇടപെടലുകൾ നടത്തി. പൊതു വിതരണ സംവിധാനത്തെ മെച്ചപ്പെടുത്തുന്നതിനുള്ള സർവ വിധ പിന്തുണയും സർക്കാർ ബജറ്റിലൂടെ വിഭാവനം ചെയ്യുകയും തുക വകയിരുത്തുകയും ചെയ്തു.

ആഗോള തലത്തിൽ ഇന്ധന വിലയിലുണ്ടായ തുടർച്ചയായ വർദ്ധനവും രൂപയുടെ വിനിമയ നിരക്കിലുള്ള ഇടിവും വിലക്കയറ്റത്തിന്റെ വർദ്ധന നിരക്കിനു തുടർച്ചയായ ഉൽപ്രേരകമാകുന്നു. സമീപ ഭാവിയിൽ ഇതിനുള്ള പരിഹാരം പ്രതീക്ഷിക്കാവുന്നതാണ്. അവശ്യ വസ്തുക്കളുടെ ലഭ്യത ഉറപ്പാക്കൽ സംസ്ഥാന സർക്കാരിന്റെ മാത്രം അധികാര പരിധിക്കുള്ളിൽ നിൽക്കുന്നതല്ലെങ്കിലും കേരളം ഇക്കാര്യത്തിൽ കാര്യക്ഷമമായ ഇടപെടലുകളാണ് നടത്തിവരുന്നത്.

# 1.2 ജനസംഖ്യ വിവരണം

### ഇന്ത്യയിലെ ജനസംഖ്യ

2011–ലെ സെൻസസ് പ്രകാരം ഇന്ത്യയിലെ മൊത്തം ജനസംഖ്യ 1,21,08,54,977–ഉം 2001–ലെ സെൻസസ് പ്രകാരം മൊത്തം ജനസംഖ്യ 1,02,86,18,821–ഉം ആണ്. 2011–ലെ സെൻസസ് പ്രകാരം ഇന്ത്യയിൽ 62,32,70,258 പുരുഷന്മാരും 58,75,84,719 സ്ത്രീകളുമാണ് ഉള്ളത്. രാജ്യത്തെ മൊത്തം ജനസംഖ്യയുടെ ജനസാന്ദ്രത ചതുരശ്ര കിലോ മീറ്ററിന് 382 എന്ന അനുപാതത്തിലാണ്. 2011–ൽ രാജ്യത്തെ സ്ത്രീ പുരുഷ അനുപാതം 1,000 പുരുഷന്മാർക്ക് 943 സ്ത്രീകൾ എന്നതാണ്. ഇത് ഗ്രാമീണ പ്രദേശങ്ങളിൽ 949 -ഉം നഗര മേഖലയിൽ 929–ഉം ആണ്. 2011–ൽ രാജ്യത്തെ 0–6 വയസ്സിനിട യിലുള്ള കുട്ടികളുടെ എണ്ണം 16,45,15,253 ആണ്. ഇതേ പ്രായക്കാർക്കിടയിലെ ശിശു ആൺ–പെൺ അനുപാതം 1,000 ആൺകുട്ടികൾക്ക് 918 പെൺകുട്ടികൾ എന്ന തരത്തിലാണ്.

### സംസ്ഥാനത്തിന്റെ ജനസംഖ്യാ വിവരണം

2011–ലെ ഇന്ത്യയിലെ സെൻസസ് പ്രകാരം കേരളത്തിലെ ജനസംഖ്യ 3,34,06,061 ആണ്, അതായത് ഇന്ത്യൻ ജനസംഖ്യയുടെ 2.76 ശതമാനം. കേരളത്തിലെ ആകെ ജനസംഖ്യയിൽ 48 ശതമാനം പുരുഷന്മാരും 52 ശതമാനം സ്ത്രീകളുമാണ് (**ചിത്രം 1.2.1**). ഗ്രാമീണ ജനസംഖ്യ 1,74,71,135–ഉം നഗര ജനസംഖ്യ 1,59,34,926–ഉം ആണ്. വിശദാംശങ്ങൾ **ചിത്രം 1.2.2**–ൽ നൽകിയിരിക്കുന്നു.

### ജനസംഖ്യ വളർച്ച


2001–2011 കാലയളവിലെ ജനസംഖ്യയുടെ ദശാബ്ദ വളർച്ച നിരക്ക് നോക്കുമ്പോൾ ഇന്ത്യൻ സംസ്ഥാനങ്ങളിൽ വെച്ച് ഏറ്റവും കുറവ് ജനസംഖ്യാ വളർച്ചാ നിരക്ക് (4.9 ശതമാനം) കേരളത്തിലാണ്. ജില്ലകളിൽ ഏറ്റവും ഉയർന്ന ജനസംഖ്യാ വളർച്ച നിരക്ക് മലപ്പുറത്തും (13.4 ശതമാനം) ഏറ്റവും കുറവ് പത്തനംതിട്ടയിലുമാണ് (–)3.0 ശതമാനം. ഇടുക്കിയിലും ജനസംഖ്യാ വളർച്ചാനിരക്ക് പൂജ്യത്തിൽ താഴെയാണ് കാണിക്കുന്നത് (–)1.8 ശതമാനം. ഇടുക്കി, കോട്ടയം, ആലപ്പുഴ, കൊല്ലം, പത്തനംതിട്ട, തിരുവനന്തപുരം എന്നീ ആറ് തെക്കൻ ജില്ലകളിൽ ജനസംഖ്യാ വളർച്ചാനിരക്ക് മറ്റു ജില്ലകളേക്കാൾ താരതമ്യേന കുറവാണ്. (**അനുബന്ധം 1.2.1**)

### കുട്ടികളുടെ ജനസംഖ്യ

2001–ലെ സെൻസസ് പ്രകാരം കുട്ടികളുടെ ജനസംഖ്യ 37,93,146 (11.9 ശതമാനം) ആയിരുന്നത് 2011–ൽ 34,72,955 (10.3 ശതമാനം) ആയിട്ടുണ്ട്. കേരളത്തിൽ കുട്ടികളുടെ (0–6 വയസ്സ്) ജനസംഖ്യ കുറഞ്ഞു വരുന്ന പ്രവണതയാണ് സെൻസസ് ഡാറ്റ കാണിക്കുന്നത്. ദേശീയതലത്തിൽ 2001–ൽ കുട്ടികളുടെ ജനസംഖ്യ മൊത്തം ജനസംഖ്യയുടെ 15.9 ശതമാനമായിരുന്നത് 2011–ൽ 13.5 ശതമാനമായി. 2011 ലെ സെൻസസ് പ്രകാരം തമിഴ്നാട് (9.5 ശതമാനം), കർണ്ണാടക (11.2 ശതമാനം), ആന്ധ്രാപ്രദേശ് (10.2 ശതമാനം) എന്നീ സംസ്ഥാനങ്ങളിലെ കുട്ടികളുടെ അനുപാതം ദേശീയ ശരാശരിയെക്കാൾ കുറവാണ്.


2001–ലെയും 2011–ലെയും സെൻസസ് പ്രകാരമുള്ള കേരളത്തിലെ കുട്ടികളുടെ ജനസംഖ്യാനുപാത ശതമാനത്തിന്റെ ജില്ല തിരിച്ചുള്ള താരതമ്യ **ചിത്രം 1.2.3–ൽ** കാണിച്ചിരിക്കുന്നു. കുട്ടികളുടെ ജനസംഖ്യ ഏറ്റവും കൂടുതൽ മലപ്പുറം ജില്ലയിലും (5,74,041) ഏറ്റവും കുറവ് വയനാട് ജില്ലയിലും (92,324) ആണ്. കേരളത്തിൽ കുട്ടികളുടെ ജനസംഖ്യാനുപാതം കുറയുന്ന പ്രവണത എല്ലാ ജില്ലകളിലും കാണുന്നുണ്ട് (**അനുബന്ധം 1.2.1**). കൊല്ലം ഒഴികെയുള്ള തെക്കൻ ജില്ലകളിൽ രണ്ടു ശതമാനം കുറവ് കാണിക്കുമ്പോൾ വയനാട് ഒഴികെയുള്ള വടക്കൻ

**ചിത്രം 1.2.1** കേരളത്തിലെ ജനസംഖ്യ





അവലംബം: സെൻസസ് 2001 & 2011

**ചിത്രം 1.2.2** കേരളത്തിലെ ഗ്രാമീണ, നഗര ജനസംഖ്യ




അവലംബം: സെൻസസ് 2001, 2011

**ചിത്രം 1.2.3** കേരളത്തിൽ കുട്ടികളുടെ ജനസംഖ്യ ശതമാനം




അവലംബം: സെൻസസ് 2001 & 2011

ജില്ലകളിൽ ഈ കുറവ് ഒരു ശതമാനമാണ്. കൊല്ലം ജില്ലയിൽ ഇത് ഒരു ശതമാനവും വയനാട് ജില്ലയിൽ ഇത് രണ്ടു ശതമാനവുമാണ്.

### സാക്ഷരത

2011-ലെ സെൻസസ് പ്രകാരം ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഏറ്റവും ഉയർന്ന സാക്ഷരതയുള്ള സംസ്ഥാനമാണ് കേരളം (93.91 ശതമാനം). 2001-ലെ സെൻസസ് പ്രകാരം കേരളത്തിലെ സാക്ഷരതാ നിരക്ക് 90 ശതമാനമായിരുന്നു. കേരള ജനതയിൽ 96.02 ശതമാനം പുരുഷൻമാരും 91.98 ശതമാനം സ്ത്രീകളും സാക്ഷരരാണ്. ദേശീയ തലത്തിൽ 82.14 ശതമാനം പുരുഷൻമാരും 65.46 ശതമാനം സ്ത്രീകളും സാക്ഷരരാണ്. ജില്ലകളിൽ സാക്ഷരതയിൽ ഒന്നാം സ്ഥാനത്ത് 97.2 ശതമാനവുമായി കോട്ടയവും, തൊട്ടുപിന്നിൽ 96.5 ശതമാനവുമായി പത്തനംതിട്ടയുമാണുള്ളത്. ഏറ്റവും കുറഞ്ഞ സാക്ഷരതാ നിരക്ക് യഥാക്രമം വയനാട്ടിലും (89 ശതമാനം) പാലക്കാടുമാണ് (89.3 ശതമാനം). കേരളത്തിലെ ഏറ്റവും കുറഞ്ഞ സാക്ഷരതാ നിരക്കായ വയനാട്ടിലെ 89 ശതമാനം പോലും ദേശീയ ശരാശരിയേക്കാൾ മുകളിലാണ്.

2001–ലെ സെൻസസുമായി താരതമ്യം ചെയ്യുമ്പോൾ എല്ലാ ജില്ലകളിലെയും സാക്ഷരതാ നിരക്കിൽ വർദ്ധനവ് ഉണ്ടായതായിക്കാണാവുന്നതാണ്. വിശദാംശങ്ങൾ **അനുബന്ധം 1.2.1**–ൽ കൊടുത്തിട്ടുണ്ട്.

### സ്ത്രീപുരുഷ അനുപാതം

ജനസംഖ്യയിലെ 1,000 പുരുഷന്മാരിൽ സ്ത്രീകളുടെ എണ്ണമാണ് സ്ത്രീപുരുഷ അനുപാതം. 2001–ലെ സെൻസസുമായി താരതമ്യം ചെയ്യുമ്പോൾ 2011–ൽ കേരളത്തിലെ സ്ത്രീപുരുഷാനുപാതം 26 പോയിന്റ് വർദ്ധിച്ച് 1084–ൽ എത്തി. 1981 മുതൽ 1991 വരെ ഇത് 1,032–ൽ നിന്ന് 1,036 ആയും 2001–ൽ 1,058 ആയും വർദ്ധിച്ചു. സ്ത്രീ പുരുഷ അനുപാതം ഒന്നിന് മുകളിൽ തുടർന്ന് പോകുന്ന ഒരേയൊരു സംസ്ഥാനമാണ് കേരളം. 2011–ൽ തമിഴ്നാട്ടിൽ സ്ത്രീപുരുഷാനുപാതം 996–ഉം, കർണ്ണാടകയിൽ 973–ഉം, ആന്ധ്രാപ്രദേശിൽ 993–ഉം ദേശീയ തലത്തിൽ 943 –ഉം ആണ്.

കേരളത്തിലെ എല്ലാ ജില്ലകളും പോസിറ്റീവ് സ്ത്രീപുരുഷാനുപാതം കാണിക്കുന്നു എന്നതാണ് സംസ്ഥാനത്തിന്റെ മറ്റൊരു പ്രധാന സവിശേഷത. ജില്ലകളിൽ ഏറ്റവും ഉയർന്ന സ്ത്രീ പുരുഷാനുപാതം (1,136) കണ്ണൂരും തൊട്ടുപിന്നിൽ പത്തനംതിട്ടയുമാണ് (1,132). ഏറ്റവും കുറവ് ഇടുക്കിയും (1,006), തൊട്ടു മുകളിൽ എറണാകുളവുമാണ് (1,027). എല്ലാ ജില്ലകളിലും 1,000–ത്തിന് മുകളിലാണ് സ്ത്രീ–പുരുഷ അനുപാതം. 2001–ൽ വയനാടിലെ സ്ത്രീ പുരുഷ അനുപാതം 1,000–ൽ താഴെയായിരുന്നു (994). സ്ത്രീപുരുഷാനുപാതം ഏറ്റവും കുറഞ്ഞ ജില്ലയായ ഇടുക്കിയും (1,006) ഏറ്റവും ഉയർന്ന ജില്ലയായ കണ്ണൂരും (1,136) തമ്മിൽ 130 പോയിന്റിന്റെ അന്തരമാണുള്ളത്. വിശദാംശങ്ങൾ **അനുബന്ധം 1.2.2**–ൽ കൊടുത്തിരിക്കുന്നു.

### കുട്ടികളിലെ ആൺ–പെൺ അനുപാതം (0–6 വയസ്)

കേരളത്തിൽ കുട്ടികളിലെ ആൺ– പെൺ അനുപാതം (1,000 ആൺകുട്ടികളിൽ പെൺകുട്ടികളുടെ എണ്ണം) 2011– ലെ സെൻസസ് പ്രകാരം 964 ആണ്. 2001 –ലെ സെൻസസ് പ്രകാരം ഇത് 960 ആയിരുന്നു. നമ്മുടെ അയൽ സംസ്ഥാനങ്ങളിൽ കുട്ടികളിലെ ആൺ–പെൺ അനുപാതം തമിഴ്നാട്ടിൽ 943–ഉം, കർണ്ണാടകയിൽ 948–ഉം ആന്ധ്രാപ്രദേശിൽ 939–ഉം ദേശീയ ശരാശരി 919 ഉം ആണ്. ജില്ലകളിൽ ആൺ– പെൺ അനുപാതത്തിൽ ഏറ്റവും മുന്നിൽ നിൽക്കുന്നത് പത്തനംതിട്ടയാണ് (976). തൊട്ടുപിന്നിലായി കൊല്ലം (973), കണ്ണൂർ (971) എന്നീ ജില്ലകളാണ്. തൃശ്ശൂരിലാണ് ഏറ്റവും കുറഞ്ഞ അനുപാതം (950). ഏറ്റവും കുറഞ്ഞതും കൂടിയതും തമ്മിൽ 26 പോയിന്റ് അന്തരമാണുള്ളത്. ഏറ്റവും ഉയർന്ന ദശാബ്ദ വർദ്ധനവ് കൊല്ലത്തും (13) തൊട്ടുപിന്നിൽ കോഴിക്കോട്ടുമാണ് (10). മറ്റെല്ലാ ജില്ലകളുടെയും ദശാബ്ദമാറ്റം പത്തിൽ താഴെയാണ്. തൃശ്ശൂർ (–)8, ഇടുക്കി (–)5, ആലപ്പുഴ (–)5 എന്നീ ജില്ലകളിൽ കുട്ടികളിലെ ആൺ–പെൺ അനുപാതത്തിൽ ദശാബ്ദ വളർച്ച പൂജ്യത്തിനും താഴെയാണ്. വിശദാംശങ്ങൾ **അനുബന്ധം 1.2.2**–ൽ കൊടുത്തിരിക്കുന്നു.

### ജനസാന്ദ്രത


2011–ലെ സെൻസസ് പ്രകാരം കേരളത്തിന്റെ ജനസാന്ദ്രത ഒരു ചതുരശ്രകിലോമീറ്ററിൽ 860 ആളുകൾ എന്നതാണ്. ഇത് ദേശീയ ജനസാന്ദ്രതയേക്കാൾ (382) വളരെ ഉയർന്നതാണ്. ജില്ലകളിൽ ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ള ജില്ല തിരുവനന്തപുരവും (1,508) ,ഏറ്റവും കുറവ് ജനസാന്ദ്രതയുള്ള ജില്ല (255) ഇടുക്കിയുമാണ്. 2001–നെ അപേക്ഷിച്ച് പത്തനംതിട്ടയും ഇടുക്കിയും ഒഴികെയുള്ള എല്ലാ ജില്ലകളിലും ജനസാന്ദ്രത വർദ്ധിച്ചിട്ടുണ്ട് വിശദാംശങ്ങൾ **അനുബന്ധം 1.2.1**–ൽ കൊടുത്തിരി ക്കുന്നു.

### പ്രായവിഭാഗ അനുപാതം

കഴിഞ്ഞ അമ്പത് വർഷത്തിനിടയിലെ കേരളത്തിലെ ജനസംഖ്യാപരമായ മാറ്റം ശ്രദ്ധേയമാണ്. 0–14 പ്രായവിഭാഗത്തിലുള്ള ജനസംഖ്യ 1961–ൽ 43 ശതമാനമായിരുന്നത് 2011–ൽ 23.4 ശതമാനമായി കുറഞ്ഞു. മെച്ചപ്പെട്ട ആരോഗ്യ സംവിധാനങ്ങളുടെ ലഭ്യതയും, ആയുർദൈർഘ്യം വർദ്ധിച്ചതും കാരണം 60 വയസ്സിനു മുകളിലുള്ളവരുടെ അനുപാതം, 1961–ൽ 5 ശതമാനം ആയിരുന്നത് 2011–ൽ 12.7 ശതമാനം ആയി വർദ്ധിച്ചു. ദേശീയ തലത്തിൽ, ജനസംഖ്യയുടെ 29.5 ശതമാനം 0–14 വയസ്സിനിടയിലും 62.5 ശതമാനവും 15–59 വിഭാഗത്തിലും 8 ശതമാനം 60 വയസ്സിന് മുകളിലുള്ളവരുമാണ് (**ചിത്രം 1.2.4** ).

ഈ പ്രവണത തുടരുകയാണെങ്കിൽ, 0–14 വയസ്സിനിടയിലുള്ള ജനസംഖ്യയുടെ അനുപാതം കുറഞ്ഞുവരുന്നതിനാൽ, തൊഴിൽ ചെയ്യുന്ന പ്രായ വിഭാഗത്തിലേക്കുള്ള ജനസംഖ്യയുടെ (15–59) കൂട്ടിച്ചേർക്കൽ സമീപഭാവിയിൽ കുറയും. അതുപോലെ 60 വയസ്സിനു മുകളിലുള്ളവരുടെ

**ചിത്രം 1.2.4** പ്രായവിഭാഗ വിതരണം (ശതമാനം), കേരളം 1961–2011




അവലംബം: സെൻസസ് ഡേറ്റ

**പട്ടിക 1.2.1** വ്യത്യസ്ത പ്രായവിഭാഗങ്ങളുടെ ജില്ല തിരിച്ചുള്ള അനുപാതം–2011

| | ജില്ല | ജില്ലയിലെ മൊത്തം ജനസംഖ്യയിൽ വ്യത്യസ്ത പ്രായ വിഭാഗങ്ങളുടെ എണ്ണം | | | ജില്ലയിലെ മൊത്തം ജനസംഖ്യയിൽ വ്യത്യസ്ത പ്രായ വിഭാഗങ്ങളുടെ ശതമാനം | | |
|---|---|---|---|---|---|---|---|
| | | 0–14 | 15–59 | 60+ | 0–14 | 15–59 | 60+ |
| 1 | കാസർകോഡ് | 3,42,696 | 8,35,111 | 1,29,568 | 26.2 | 63.9 | 9.9 |
| 2 | കണ്ണൂർ | 5,94,411 | 16,06,593 | 3,21,999 | 23.6 | 63.7 | 12.8 |
| 3 | വയനാട് | 2,12,246 | 5,26,414 | 78,760 | 26.0 | 64.4 | 9.6 |
| 4 | കോഴിക്കോട് | 7,49,692 | 19,72,762 | 3,63,839 | 24.3 | 63.9 | 11.8 |
| 5 | മലപ്പുറം | 12,41,491 | 25,26,407 | 3,45,022 | 30.2 | 61.4 | 8.4 |
| 6 | പാലക്കാട് | 6,78,192 | 17,95,096 | 3,36,646 | 24.1 | 63.9 | 12.0 |
| 7 | തൃശ്ശൂർ | 6,88,592 | 20,01,050 | 4,31,558 | 22.1 | 64.1 | 13.8 |
| 8 | എറണാകുളം | 6,93,215 | 21,35,689 | 4,53,484 | 21.1 | 65.1 | 13.8 |
| 9 | ഇടുക്കി | 2,47,338 | 7,32,193 | 1,29,443 | 22.3 | 66.0 | 11.7 |
| 10 | കോട്ടയം | 4,13,849 | 12,47,065 | 3,13,637 | 21.0 | 63.2 | 15.9 |
| 11 | ആലപ്പുഴ | 4,46,279 | 13,57,100 | 3,24,410 | 21.0 | 63.8 | 15.2 |
| 12 | പത്തനംതിട്ട | 2,32,670 | 7,50,202 | 2,14,540 | 19.4 | 62.7 | 17.9 |
| 13 | കൊല്ലം | 5,83,023 | 17,00,534 | 3,51,818 | 22.1 | 64.5 | 13.3 |
| 14 | തിരുവനന്തപുരം | 7,07,280 | 21,60,992 | 4,33,155 | 21.4 | 65.5 | 13.1 |
| | കേരളം | 78,30,974 | 2,13,47,208 | 42,27,879 | 23.4 | 63.9 | 12.7 |

അവലംബം: സെൻസസ് 2011

**ബോക്സ് 1 .2 .1** സെൻസസ് 2021

ഇന്ത്യയിലെ ആദ്യത്തെ സെൻസസ് 1872–ൽ സമാഹൃതമല്ലാതെ നടത്തുകയും 1881–ൽ രാജ്യത്തൊട്ടാകെയുള്ള സമാഹൃത സെൻസസ് ആദ്യമായി നടത്തുകയും ചെയ്തു. തുടർന്ന് പത്തുവർഷത്തിലൊരിക്കൽ ഇടവേളകളില്ലാതെ സെൻസസ് നടത്തി വരുന്നു. 2011– ൽ ആണ് അവസാനമായി ജനസംഖ്യാ കണക്കെടുപ്പ് നടത്തിയത്. അടുത്ത ദശാബ്ദ സെൻസസ് പതിനാറാം സെൻസസ് ആയിരിക്കും.

2021 ലെ സെൻസസ് സംബന്ധിച്ച വിജ്ഞാപനം 2019 മാർച്ച് 28 ന് കേന്ദ്രം ഗസറ്റിൽ പ്രസിദ്ധീകരിച്ചു. 2021–ലെ സെൻസസ് രണ്ട് ഘട്ടങ്ങളിലായി നടത്താനാണ് തീരുമാനിച്ചിരുന്നത്, 2020 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെ ഭവന സെൻസസും, 2021 ഫെബ്രുവരി 9 മുതൽ ജനസംഖ്യാ കണക്കെടുപ്പും. എന്നാൽ കോവിഡ്–19 മഹാമാരിയുടെ വ്യാപനം കാരണം സെൻസസ് നടത്താൻ സാധിച്ചില്ല. 2021–ലെ സെൻസസ് പേന, പേപ്പർ ഉപയോഗിച്ചുളള സെൻസസിൽ നിന്നും ഡിജിറ്റൽ സെൻസസിലേക്ക് മാറുന്നു. മൊബൈൽ ഫോൺ ആപ് ഉപയോഗിച്ച് വിവരങ്ങൾ ഡിജിറ്റലായി ശേഖരിക്കും. എന്യൂമറേറ്റർമാരായി സ്കൂൾ അദ്ധ്യാപകരെ നിയോഗിക്കുകയും അവരെ ഉപയോഗിച്ച് വിവരശേഖരണവും നടത്തുകയും ചെയ്യും. കൂടാതെ വ്യക്തികൾക്ക് സ്വയം എന്യൂമറേറ്റർമാരായി മൊബൈൽ ഫോൺ ഉപയോഗിച്ച് വിവരങ്ങൾ രേഖപ്പെടുത്തുന്നതിനും സാധിക്കും.സ്വയം എന്യൂമറേറ്റർ ആയവരുടെ കാര്യത്തിൽ, ഒരോ ഫീൽഡിലേയും പ്രസക്തമായ കോഡുകളുടെ സഹായത്താൽ ആവശ്യമായ വിശദാംശങ്ങൾ പൂരിപ്പിക്കാവുന്നതാണ്. സ്വന്തമായി വിശദാംശങ്ങൾ നൽകിയതിന് ശേഷം രജിസ്റ്റർ ചെയ്ത നമ്പറിലേക്ക് ഒരു തിരിച്ചറിയൽ നമ്പർ അയച്ചു നൽകും. എന്യൂമറേറ്റർക്ക് ലഭ്യമായ പ്രസ്തുത തിരിച്ചറിയൽ നമ്പർ ഉപയോഗിച്ച് ഡാറ്റ സ്വയമേവ സമന്വയിപ്പിക്കുന്നതിന് ഉദ്യോഗസ്ഥനെ സഹായിക്കും. സെൻസസ് സംബന്ധിച്ച എല്ലാ പ്രവർത്തനങ്ങളും സെൻസസ് പോർട്ടൽ വഴി നിയന്ത്രിക്കുകയും നിരീക്ഷിക്കുകയും ചെയ്യും.

വർദ്ധിച്ചുവരുന്ന അനുപാതം സർക്കാരിന് ഉയർന്ന സാമൂഹിക സുരക്ഷാ ബാധ്യതകൾ ഉണ്ടാക്കും.

### പ്രായവിഭാഗം – ജില്ലാതല അനുപാതം

2011 ലെ സെൻസസ് പ്രകാരം വിവിധ പ്രായക്കാർക്കിടയിലുള്ള ജനസംഖ്യയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ **പട്ടിക 1.2.1**–ൽ കൊടുത്തിരിക്കുന്നു. സംസ്ഥാനത്തെ ജനസംഖ്യയുടെ 63.9 ശതമാനം തൊഴിൽ സേനയുൾക്കൊള്ളുന്ന 15–59 പ്രായ വിഭാഗത്തിലും, 23.4 ശതമാനം 0–14 പ്രായ വിഭാഗത്തിലും 12.7 ശതമാനം 60 വയസ്സിന് മുകളിൽ പ്രായമുള്ള വിഭാഗത്തിലും ഉൾപ്പെടുന്നവരുമാണ്. ജില്ലകളുടെ കാര്യമെടുത്താൽ തൊഴിൽ

സേനയുൾക്കൊള്ളുന്ന (15–59) വിഭാഗത്തിൽ ഏറ്റവും ഉയർന്ന ശതമാനം ഇടുക്കി (66 ശതമാനം) ജില്ലയിലാണ്, ഏറ്റവും കുറവ് മലപ്പുറം (61.4 ശതമാനം) ജില്ലയിലുമാണ്. വയോജനങ്ങൾ ഉൾക്കൊള്ളുന്ന (60 ഉം അതിന് മുകളിലും) പ്രായ വിഭാഗത്തിൽ ഉയർന്ന ശതമാനം പത്തനം തിട്ട (17.9 ശതമാനം) ജില്ലയും, ഏറ്റവും കുറവ് മലപ്പുറം (8.4 ശതമാനം) ജില്ലയിലുമാണ്. അതേ സമയം 0–14 പ്രായ വിഭാഗത്തിൽ ഉൾപ്പെടുന്നവർ ഏറ്റവും കൂടുതൽ മലപ്പുറം (30.2 ശതമാനം) ജില്ലയിലും ഏറ്റവും കുറവ് പത്തനം തിട്ട (19.4 ശതമാനം) ജില്ലയിലുമാണ്.

വ്യത്യസ്ത പ്രായ വിഭാഗങ്ങളിലെ എണ്ണം കണക്കിലെടുത്താൽ 0–14, 15–59 എന്നീ രണ്ട് പ്രായ വിഭാഗങ്ങളിലും ഏറ്റവും കൂടുതൽ പേർ ഉള്ളത് മലപ്പുറം ജില്ലയിലാണ് (യഥാക്രമം 12.4 ലക്ഷം, 25.2 ലക്ഷം). അതേ സമയം 60 വയസ്സും അതിനു മുകളിലും പ്രായമുള്ളവരുടെ വിഭാഗ ത്തിൽ ഏറ്റവും കൂടുതൽ പേരുള്ളത് എറണാകുളം ജില്ലയിലാണ്. എല്ലാ പ്രായ വിഭാഗങ്ങളിലും ഏറ്റവും കുറവ് എണ്ണം ആൾക്കാർ ഉള്ളത് വയനാട് ജില്ലയിലാണ്.

## നഗരവൽക്കരണം

വികസനത്തിന്റെ പ്രേരണാശക്തിയും ചാലകവുമായിട്ടാണ് നഗരവൽക്കരണത്തെ പൊതുവെ കണക്കാക്കുന്നത്. ഗ്രാമപ്രദേശങ്ങൾ നഗരങ്ങളായി മാറുന്നതും മനുഷ്യാധിവാസ പ്രദേശങ്ങൾ നഗരമായി മാറുന്ന പ്രവണതയുമാണ് നഗരവത്ക്കരണമെന്ന് സൂചിപ്പിക്കുന്നത്. ഇരുപതാം നൂറ്റാണ്ടിലെ ആദ്യ സെൻസസിൽ (1901–ൽ) സംസ്ഥാന ജനസംഖ്യ 6.4 ദശലക്ഷം ആയിരുന്നു. ഇതിൽ 5.9 ദശലക്ഷം അതായത് 92.9 ശതമാനം ഗ്രാമീണ മേഖലയിലായിരുന്നു ജീവിച്ചിരുന്നത്. നഗര ജനസംഖ്യ അഞ്ച് ലക്ഷം മാത്രമായിരുന്നു. ഇത് സംസ്ഥാനത്തെ മൊത്തം ജനസംഖ്യയുടെ 10 ശതമാനത്തിൽ താഴെയായിരുന്നു. നൂറു വർഷത്തിനിടയിൽ മൊത്തം ജനസംഖ്യയിൽ ഗ്രാമീണ ജനതയുടെ അനുപാതം കുറയുകയും 2001–ൽ അത് 74 ശതമാനം ആയിത്തീരുകയും ചെയ്തു. 2011 ലെ സെൻസസിൽ ഗ്രാമീണ, നഗര പ്രദേശങ്ങൾക്കിടയിൽ സംസ്ഥാന ജനസംഖ്യ ഏകദേശം തുല്യമായി വിഭജിക്കപ്പെട്ട അവസ്ഥയിലാവുകയും ചെയ്തു. നിലവിൽ സംസ്ഥാനത്തിന്റെ നഗര ജനസംഖ്യ 159 ദശലക്ഷം ആണ്. ഇത് ആകെ ജനസംഖ്യയിൽ 47.7 ശതമാനമാണ്. അതേ സമയം ഗ്രാമീണ ജനസംഖ്യ 174 ദശലക്ഷം (52.3 ശതമാനം) വുമാണ്. നഗര ജനസംഖ്യയുടെ ദശാബ്ദ വളർച്ചാ നിരക്ക് 2011–ൽ 92.72 ശതമാനമാണ്. രാജ്യത്തെ ഏറ്റവും കൂടുതൽ നഗരവത്കരിക്കപ്പെട്ട സംസ്ഥാനങ്ങളിൽ മൂന്നാം സ്ഥാനമാണ് കേരളത്തിന്. മാത്രവുമല്ല, ദ്രുതഗതിയിൽ നഗരവത്കൃതമാവുന്ന സംസ്ഥാനവും കൂടിയാണ് കേരളം. നഗര ജനസംഖ്യയുടെ അനുപാതം ഏറ്റവും കൂടുതലുള്ള ജില്ല എറണാകുളമാണ് (68.1 ശതമാനം).

2011–ൽ സെൻസസ് നഗരങ്ങളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായതിനാൽ നഗരങ്ങളുടെ എണ്ണത്തിൽ വൻ വർദ്ധനയുണ്ടായി എന്നത് വ്യക്തമാണ്. ഒരു സെൻസസ്സ് ടൗൺ എന്നത് നിയമപരമായി നഗരമായി പ്രഖ്യാപിക്കപ്പെടാത്തതും ജനസംഖ്യ 5,000–ൽ അധികവും ജനസാന്ദ്രത ചുരുങ്ങിയത് ചതുരശ്ര കിലോമീറ്ററിന് 400 വ്യക്തികളും; കാർഷിക മേഖലയ്ക്ക് പുറത്ത് ചുരുങ്ങിയത് 75 ശതമാനം പുരുഷന്മാർ തൊഴിലെടുക്കുന്ന നഗര സ്വഭാവത്തിലെത്തപ്പെട്ടതുമായ പ്രദേശമാണ്. 2011 സെൻസസ് അനുസരിച്ച്, കേരളത്തിൽ 461 സെൻസസ് നഗരങ്ങളും, 59 സ്റ്റാറ്റ്യൂട്ടറി നഗരങ്ങളുമുണ്ട്. 2001 സെൻസസ് കണക്കുകൾ പ്രകാരം ഇവ യഥാക്രമം 99 ഉം 60 ഉം ആയിരുന്നു. ഇതിൽ നിന്നും സെൻസസ് നഗരങ്ങളുടെ എണ്ണത്തിൽ 366 ശതമാനം വളർച്ചയുണ്ടായതായി കാണാം.

സെൻസസ് നഗരങ്ങളുടെ ഈ വർഗ്ഗീകരണം ഗ്രാമീണ ജനസംഖ്യാ വളർച്ച നെഗറ്റീവിലേക്ക് എത്തിക്കുകയുണ്ടായി. 2001, 2011 സെൻസസുകളിൽ നഗര ജനസംഖ്യയുടെ ദശാബ്ദ ജനസംഖ്യാ വളർച്ചാ നിരക്ക് 3.90 ശതമാനമാണ്. ഇത് സംസ്ഥാന ശരാശരിയായ 4.86 ശതമാനം വളർച്ചാ നിരക്കിനേക്കാൾ കുറവുമാണ്. നഗരങ്ങളിലെ ജനസംഖ്യാ വളർച്ചയുടെ ആധാരം നഗരങ്ങളിലേക്കുള്ള കുടിയേറ്റമല്ലെന്നാണ് ഇത് കാണിക്കുന്നത്. സംസ്ഥാനത്ത് നഗര ജനസംഖ്യാ വളർച്ച മുഖ്യമായും സെൻസസ് ടൗണുകളുടെ വർദ്ധനവ് മൂലമാണെന്ന് കാണാം. അത് സംസ്ഥാനത്തെ നഗരവത്കരണത്തിലേക്ക് നയിക്കുകയുണ്ടായി.

135 പട്ടണങ്ങളുള്ള തൃശ്ശൂർ ജില്ലയിലാണ് ഏറ്റവുമധികം പട്ടണങ്ങൾ ഉള്ളത്. ഇത് സംസ്ഥാനത്തെ ആകെ പട്ടണങ്ങളുടെ 25 ശതമാനത്തിലധികമാണ്. ഏകദേശം 60 ശതമാനം പട്ടണങ്ങളും തൃശ്ശൂർ, കണ്ണൂർ, എറണാകുളം, കോഴിക്കോട് ജില്ലകളിലാണ്. 8 ജില്ലകളിൽ നാഗരിക ജനസംഖ്യ ദശലക്ഷം കടന്നിട്ടുണ്ട്. ഇതിൽ എറണാകുളമാണ് (68.1 ശതമാനം) മുന്നിൽ, തുടർന്ന് തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം ജില്ലകളും. സംസ്ഥാനത്തെ ആകെ നഗരജനസംഖ്യയുടെ 50 ശതമാനത്തോളം മേൽ നാലു ജില്ലകളിലാണ് വസിക്കുന്നത്. വയനാട്, ഇടുക്കി ജില്ലകളിൽ ഓരോ സ്റ്റാറ്റ്യൂട്ടറി ടൗണുകളൊഴികെ 2011 സെൻസസിൽ പുതിയതായി പട്ടണങ്ങളൊന്നും രൂപീകൃതമായിട്ടില്ല. സംസ്ഥാനത്ത് ഏറ്റവും കുറവ് നഗരവാസികളുള്ള ജില്ല വയനാടാണ് (3.8 ശതമാനം). 2001–2011 കാലയളവിൽ നഗര ജനസംഖ്യാ വളർച്ചയുടെ കണക്കെടുത്താൽ ഇടുക്കി ഒഴികെയുള്ള എല്ലാ ജില്ലകളിലും നഗര ജനസംഖ്യയിൽ വർദ്ധനവുണ്ടായിട്ടുണ്ട്. മലപ്പുറം ജില്ല നഗര ജനസംഖ്യാ വളർച്ചയിൽ ഗണ്യമായ വർദ്ധനവാണ് കാണിക്കുന്നത്, പിന്നിലായി കൊല്ലം, തൃശ്ശൂർ, കാസർഗോഡ് എന്നിവയാണ്. വയനാട്ടിലാണ് ഏറ്റവും കുറഞ്ഞ വളർച്ചാ നിരക്ക്.

സംസ്ഥാനത്തെ ആകെ ജനസംഖ്യയിൽ മലപ്പുറം, പാലക്കാട് എന്നീ രണ്ട് ജില്ലകളിലാണ് ഗ്രാമീണ ജനസംഖ്യയുടെ 25 ശതമാനത്തോളം വസിക്കുന്നത്. കാസർഗോഡ്, കോട്ടയം, പത്തനംതിട്ട, കൊല്ലം, ഇടുക്കി, വയനാട് എന്നീ ജില്ലകളിൽ ഗ്രാമീണ ജനസംഖ്യ നഗര ജനസംഖ്യയേക്കാൾ കൂടുതലുള്ളതായും കാണാം. ഇടുക്കിയിലും വയനാട്ടിലും ആകെ ജനസംഖ്യയുടെ 95 ശതമാനത്തിലധികവും ഗ്രാമീണ ജനസംഖ്യയാണ്.

## 1.3 ദാരിദ്ര്യത്തിന്റെ സൂചകങ്ങൾ

കോവിഡ്–19 മഹാമാരി 2020–ൽ 100 ദശലക്ഷത്തിലധികം ആളുകളെ കടുത്ത ദാരിദ്ര്യത്തിലേക്ക് തള്ളിവിട്ടേക്കാം. ഈ റിപ്പോർട്ടിലെ ഈ കണ്ടെത്തലുകളുടെ വിശകലനം സൂചിപ്പിക്കുന്നത്, പുതിയ ദരിദ്രർ മഹാമാരി ആരംഭിക്കുന്നതിന് മുമ്പ് ദരിദ്രരായിരുന്നവരിൽ നിന്ന് വ്യത്യസ്തരായേക്കാമെന്നാണ്. പുതിയ ദരിദ്രരിൽ വലിയൊരു പങ്ക് ഇതിനകം ഉയർന്ന ദാരിദ്ര്യ നിരക്കുമായി മല്ലിടുന്ന രാജ്യങ്ങളിൽ കേന്ദ്രീകരിക്കപ്പെട്ടുമെങ്കിലും, ഇടത്തരം വരുമാനമുള്ള രാജ്യങ്ങളേയും സാരമായി ബാധിക്കും. മൊത്തത്തിൽ ബേസ് ലൈൻ സാഹചര്യത്തിൽ പുതിയ ദരിദ്രരിൽ ഏകദേശം 72 ദശലക്ഷവും (താഴ്ന്ന സാഹചര്യത്തിൽ 94 ദശലക്ഷവും) ഇടത്തരം വരുമാനമുള്ള രാജ്യങ്ങളിലായിരിക്കും കേന്ദ്രീകൃതമാവുക. ഇത് ആകെയുള്ള ദരിദ്രരുടെ മുക്കാൽ ഭഗത്തിലധികം വരും. വികസനത്തിനും ദാരിദ്ര്യനിർമാർജ്ജനത്തിനും എതിരെയുള്ള ഈ തിരിച്ചടി നേരിടണമെങ്കിൽ പുതിയ ബിസിനസ്സുകളിലേക്കും മേഖലകളിലേക്കും മൂലധനം, തൊഴിൽ വൈദഗ്ധ്യം, നൂതനത്വം എന്നിവ അനുവദിച്ചു കൊണ്ട് രാജ്യങ്ങൾ കോവിഡിന് ശേഷമുള്ള മറ്റൊരു സമ്പദ് വ്യവസ്ഥയ്ക്ക് തയ്യാറെടുക്കേണ്ടതുണ്ട്. (പോവർട്ടി & ഷെയേർഡ് പ്രോസ്പരിറ്റി 2020, ലോകബാങ്ക്)

അതിനാൽ, ഇന്ത്യയുടെ വികസന ഘട്ടം കണക്കിലെടുക്കുമ്പോൾ മൊത്തത്തിലുള്ള സമ്പദ് വ്യവസ്ഥ വിപുലീകരിച്ചു കൊണ്ട് സാമ്പത്തിക വളർച്ച നേടിയെടുക്കുകയും അതു വഴി ദരിദ്രരെ ദാരിദ്ര്യത്തിൽ നിന്ന് കര കയറ്റാൻ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. പുനർവിതരണ ലക്ഷ്യങ്ങൾ അപ്രധാനമാണെന്ന് ഈ നയം സൂചിപ്പിക്കുന്നില്ല. എന്നാൽ സമ്പദ് വ്യവസ്ഥ വിപുലീകരിച്ചാൽ മാത്രമേ വികസ്വര സമ്പദ് വ്യവസ്ഥയിൽ പുനർ വിതരണം സാധ്യമാകൂ (സാമ്പത്തിക സർവ്വേ 2020–21) രണ്ട് പ്രസ്താവനകളും ഒരുമിച്ച് വായിക്കുമ്പോൾ ദാരിദ്ര്യ പ്രശ്നത്തിന്റെ തീവ്രതയാണ് സൂചിപ്പിക്കുന്നത്. ഒരു വശത്ത് ഉയർന്ന സാമ്പത്തിക വളർച്ച കൈവരിക്കുന്നതിലും മറുവശത്ത് ദുർബലരായ ആളുകൾക്ക് കൈത്താങ്ങ്, സാമ്പത്തിക പിന്തുണ എന്നിവ നൽകുന്നതിന്റെ ആവശ്യകതയിലേക്കും ശ്രദ്ധാ കേന്ദ്രീകരിക്കേണ്ടതാണ്. നയപരമായ നടപടികളുടെ ന്യായമായ മിശ്രിതം ആവശ്യമാണ്.

ചരിത്രപരമായി രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് തികച്ചും വ്യത്യസ്തമായ ഒരു വികസന പാതയാണ് കേരളം പിന്തുടരുന്നത്. ഭൂപരിഷ്ക്കരണം, വിദ്യാഭ്യാസ–ആരോഗ്യ പരിപാലനത്തിന്റെ വ്യാപനം, വികേന്ദ്രീകരണം, പെൻഷൻ പദ്ധതികൾ, പൊതുവിതരണ സമ്പ്രദായം, കുടുംബശ്രീ പരിപാടികൾ, വാർഷിക പദ്ധതി നടത്തിപ്പ് എന്നിവ സംസ്ഥാനത്തെ ഗ്രാമ നഗര ദാരിദ്ര്യത്തിന്റെ തോത് കുറയ്ക്കുന്നതിൽ വലിയ പങ്കാണ് വഹിച്ചിട്ടുള്ളത്. 2011–12 ലെ ഔദ്യോഗിക കണക്കുകൾ കാണിക്കുന്നത് കേരളത്തിലെ കേവല ദാരിദ്ര്യ നിരക്ക് 11.3 ശതമാനമാണെന്നാണ്. ഇതാകട്ടെ കഴിഞ്ഞ 40 വർഷത്തെ ഏറ്റവും കുറഞ്ഞ നിരക്കുമാണ്. 1973–74 മുതൽ 2011–12 വരെ രാജ്യത്തെയും സംസ്ഥാനത്തെയും കേവല ദാരിദ്ര്യ നിരക്ക് **പട്ടിക 1.3.1**–ൽ നൽകിയിരിക്കുന്നു.

1973–74–ൽ 59.79 ശതമാനം ആയിരുന്ന കേരളത്തിലെ കേവല ദാരിദ്ര്യ നിരക്കെങ്കിൽ 2011–12 ആയപ്പോൾ ഇത് 11.3 ശതമാനമായി കുറഞ്ഞതായികാണാം. എന്നാൽ ഇതേ കാലയളവിൽ രാജ്യത്തെ ദാരിദ്ര്യ നിരക്ക് 54.88 ശതമാനത്തിൽ (ഇത് കേരളത്തെക്കാളും കുറവാണ്) നിന്നും 29.5 ശതമാനം മാത്രമായിട്ടാണ് കുറഞ്ഞത്. ഗ്രാമ നഗരദാരിദ്ര്യത്തിന്റെ അനന്തരഫലങ്ങൾ കുറയ്ക്കുന്നതിൽ ഗണ്യമായ പുരോഗതി കൈവരിക്കാൻ

**പട്ടിക 1.3.1** ഇന്ത്യയിലെയും കേരളത്തിലെയും കേവല ദാരിദ്ര്യ നിരക്ക് 1973–74 മുതൽ 2011–12 വരെ

| വർഷം | കേരളം | | | ഇന്ത്യ | | |
|---|---|---|---|---|---|---|
| | ഗ്രാമം | നഗരം | ആകെ | ഗ്രാമം | നഗരം | ആകെ |
| 1973–74 | 59.19 | 62.74 | 59.79 | 56.44 | 49.01 | 54.88 |
| 1977–78 | 51.48 | 55.62 | 52.22 | 53.07 | 45.24 | 51.32 |
| 1983 | 39.03 | 45.68 | 40.42 | 45.65 | 40.79 | 44.48 |
| 1987–88 | 29.10 | 40.33 | 31.79 | 39.09 | 38.20 | 38.86 |
| 1993–94 | 25.76 | 24.55 | 25.43 | 37.27 | 32.36 | 35.97 |
| 1999–00 | 9.38 | 20.27 | 12.72 | 27.09 | 23.62 | 26.10 |
| 2004–05 | 13.2 | 20.2 | 15.0 | 28.3 | 25.7 | 27.5 |
| രംഗരാജൻ കമ്മിറ്റി കണക്കാക്കൽ | | | | | | |
| 2009–10 | 9.7 | 23.7 | 16.0 | 39.6 | 35.1 | 38.2 |
| 2011–12 | 7.3 | 15.3 | 11.3 | 30.9 | 26.4 | 29.5 |

അവലംബം: പ്ലാനിംഗ് കമ്മീഷൻ, ഭാരത സർക്കാർ, 2014
1973-74 മുതൽ 2004–05 വരെ ലക്ഡാവാല രീതിയാണ് ഉപയോഗിച്ചിരിക്കുന്നത്)

കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. 1973-74 മുതൽ 2011-12 വരെ കേരളത്തിലെ ഗ്രാമ നഗരദാരിദ്ര്യ നിരക്ക് യഥാക്രമം 59.19 ശതമാനത്തിൽ നിന്നും 7.3 ശതമാനമായും 62.74 ശതമാനത്തിൽ നിന്നും 15.3 ശതമാനമായും കുറഞ്ഞതായി കാണാം. എന്നാൽ ഇതേ കാലയളവിൽ ഇന്ത്യയിലെ ദാരിദ്ര്യ നിരക്ക് യഥാക്രമം ഗ്രാമപ്രദേശങ്ങളിൽ 56.44 ശതമാനത്തിൽ നിന്നും 30.9 ശതമാനമായും നഗരപ്രദേശങ്ങളിൽ 49.01 ശതമാനത്തിൽ നിന്നും 26.4 ശതമാനവുമായാണ് കുറഞ്ഞിട്ടുള്ളത്. ദരിദ്രരുടെ അനുപാതം ഗണ്യമായി കുറയ്ക്കുക എന്നത് കേരളത്തിന് മുന്നിലുള്ള വെല്ലുവിളി തന്നെയാണ്. ഈ നേട്ടം സാധ്യമാക്കുന്നതിനായ് ഒട്ടനവധി പദ്ധതികൾ തുടർന്നും നടപ്പിലാക്കുന്നതിൽ സംസ്ഥാനം ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്.

സാമൂഹ്യ സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിൽ കുടുംബങ്ങളെ റാങ്ക് ചെയ്യുക എന്ന ലക്ഷ്യത്തോടെ ഭാരതസർക്കാർ 2011-ൽ സാമൂഹ്യ-സാമ്പത്തിക ജാതി സെൻസസ് (എസ്.ഇ.സി.സി.) നടത്തുകയുണ്ടായി. ദാരിദ്ര്യത്തിന് വളരെ വിശാലവും പരിവർത്തനാത്മകവുമായ നിർവ്വചനം നൽകുന്നതിനാൽ സാമൂഹ്യ-സാമ്പത്തിക ജാതി സെൻസസിന് വളരെയധികം പ്രാധാന്യം ഉണ്ട്. ഏഴ് മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയാണ് സാമൂഹ്യ-സാമ്പത്തിക ജാതി സെൻസസ് ഇല്ലായ്മയുടെ സൂചിക (deprivation index) നിർണ്ണയിച്ചിരിക്കുന്നത്. 2011 ലെ സാമൂഹ്യ-സാമ്പത്തിക ജാതി സെൻസസ് പ്രകാരം സംസ്ഥാനത്തെ 76.99 ലക്ഷം കുടുംബങ്ങളിൽ 63.19 ലക്ഷം കുടുംബങ്ങളും (82.08 ശതമാനം) ഗ്രാമീണമേഖലയിൽ അധിവസിക്കുന്നവരാണ്. ഇതിൽ 10.32 ശതമാനം പട്ടികജാതി കുടുംബങ്ങളും 1.63 ശതമാനം പട്ടികവർഗ്ഗ കുടുംബങ്ങളുമാണ്. ഗ്രാമീണ കുടുംബങ്ങളിൽ 19.16 ലക്ഷവും (30.33 ശതമാനം) ദാരിദ്ര്യ ദുരിതമനുഭവിക്കുന്നവരാണ് (deprivation). ഇല്ലായ്മയുടെ (deprivation) തോത് ഏറ്റവും കൂടുതൽ പാലക്കാട് (42.33 ശതമാനം) ജില്ലയിലും തൊട്ടു പിന്നിലായി തിരുവനന്തപുരം (38.36 ശതമാനം), വയനാട് (36.33 ശതമാനം) എന്നീ ജില്ലകളുമാണ്. ഇല്ലായ്മയുടെ (deprivation) കുറഞ്ഞ തോത് എറണാകുളം (20.30 ശതമാനം), കോട്ടയം (23.02 ശതമാനം), കണ്ണൂർ (24.25 ശതമാനം) തുടങ്ങിയ ജില്ലകളിലാണെന്ന് കാണാവുന്നതാണ്. സംസ്ഥാനത്തെ ആകെയുള്ള ഗ്രാമീണ പട്ടികജാതി കുടുംബങ്ങളിൽ 57.66 ശതമാനവും ഗ്രാമീണ പട്ടികവർഗ്ഗ കുടുംബങ്ങളിൽ 61.68 ശതമാനവും ഇല്ലായ്മയിൽ (deprivation) കഴിയുന്നവരാണ്. സംസ്ഥാനത്തെ വിവിധ വിഭാഗങ്ങളിൽപ്പെടുന്ന ഗ്രാമീണ കുടുംബങ്ങളുടെ ഇല്ലായ്മയുടെ (deprivation) ജില്ലതിരിച്ചുള്ള കണക്ക് (ശതമാനത്തിൽ) **അനുബന്ധം 1.3.1**- ൽ നൽകിയിരിക്കുന്നു.

ഇല്ലായ്മയുടെ (deprivation) വിവിധ സൂചകങ്ങൾ പരിശോധിച്ചാൽ, സംസ്ഥാനത്തെ ഗ്രാമീണ കുടുംബങ്ങളിൽ ഇല്ലായ്മയുടെ (deprivation) ഉയർന്ന നിരക്ക് കാണിക്കുന്ന സൂചിക വരുമാനത്തിന്റെ മുഖ്യപങ്കും കായിക അധ്വാനം ആവശ്യമായ താത്ക്കാലിക തൊഴിലിലൂടെ കണ്ടെത്തുന്ന ഭൂരഹിത കുടുംബങ്ങളും (18.86 ശതമാനം). തൊട്ടു പിന്നിലായി പട്ടികജാതി/പട്ടിക വർഗ്ഗ കുടുംബങ്ങൾ (7.11 ശതമാനം), സ്ത്രീ ഗൃഹനാഥയായിട്ടുള്ള '16-നും 59-നും ഇടയിൽ പ്രായമുള്ള ഒരു പുരുഷ അംഗം പോലും ഇല്ലാത്തതുമായ കുടുംബങ്ങൾ' (3.65 ശതമാനം) എന്നിവയാണ്. ഇല്ലായ്മയുടെ (deprivation) നിരക്ക് കുറഞ്ഞ് കാണിക്കുന്നത് 'ഭിന്നശേഷിക്കാരായ അംഗങ്ങളും പ്രായപൂർത്തിയായ ശാരീരികശേഷിയുള്ള ഒരു അംഗം പോലും ഇല്ലാത്തതും' (0.19 ശതമാനം), 'താല്ക്കാലിക ഭിത്തിയോടും മേൽക്കൂരയോടുംകൂടിയ ഒറ്റ മുറി മാത്രമുള്ളവരിലും (1.43 ശതമാനം), '25 വയസ്സിനു മുകളിൽ പ്രായമായ നിരക്ഷരർ (1.81 ശതമാനം) എന്നീ സൂചകങ്ങളിലാണ്. വിവിധ ഇല്ലായ്മയുടെ സൂചകങ്ങൾ (deprivation index) അടിസ്ഥാനമാക്കി ദരിദ്ര ഗ്രാമീണ കുടുംബങ്ങളുടെ ജില്ലതിരിച്ചുള്ള കണക്ക് (ശതമാനത്തിൽ) **അനുബന്ധം 1.3.2**-ൽ നൽകിയിട്ടുണ്ട്.

സാമൂഹ്യ-സാമ്പത്തിക ജാതി സെൻസസ് പ്രകാരം സംസ്ഥാനത്തെ 70.75 ശതമാനം ഗ്രാമീണ കുടുംബങ്ങളിലെയും മുഖ്യ അന്നദാതാവിന്റെ പ്രതിമാസ വരമാനം 5,000 രൂപയിൽ താഴെ മാത്രമാണ്, എന്നാൽ രാജ്യത്തെ 74.52 ശതമാനം കുടുംബങ്ങളും ഈ വിഭാഗത്തിലാണ് ഉൾപ്പെടുന്നത്. സംസ്ഥാനത്തെ വയനാട് (79.67 ശതമാനം), മലപ്പുറം (75.55 ശതമാനം), പാലക്കാട് (74.38 ശതമാനം) എന്നീ ജില്ലകളിൽ ഇതിന്റെ ഉയർന്ന അനുപാതവും എറണാകുളം (64.37 ശതമാനം), കോട്ടയം (64.46 ശതമാനം), പത്തനംതിട്ട (64.66 ശതമാനം) എന്നീ ജില്ലകളിൽ കുറഞ്ഞ അനുപാതവും രേഖപ്പെടുത്തുന്നുണ്ട്.

ഗ്രാമീണ കുടുംബങ്ങളുടെ മുഖ്യ വരുമാന സ്രോതസ്സ് നോക്കുകയാണെങ്കിൽ, 50.61 ശതമാനം ഗ്രാമീണ കുടുംബങ്ങളും 'കായികവും താത്ക്കാലികവുമായ തൊഴിലിനെയും' 10.26 ശതമാനം കുടുംബങ്ങൾ 'കാർഷിക മേഖലയെയും' ആശ്രയിക്കുന്നതായി കാണാവുന്നതാണ്. ദേശീയതലത്തിൽ നോക്കിയാൽ ഇത് യഥാക്രമം 51.18 ശതമാനവും 30.10 ശതമാനവുമാണ്. കായികവും താത്ക്കാലികവുമായ തൊഴിലിൽ ഏർപ്പെടുന്നവർ ഏറ്റവും കൂടുതൽ ഉള്ളത് മലപ്പുറം ജില്ലയിലും (65.05 ശതമാനം) ഏറ്റവും കുറവ് പത്തനംതിട്ട ജില്ലയിലുമാണ് (31.71 ശതമാനം).

ദാരിദ്ര്യത്തിന്റെ കണക്കുകൾ നോക്കിയാൽ കേരളം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറെ പുരോഗതി നേടിയിട്ടുണ്ടെങ്കിലും ഇല്ലായ്മയിൽ കഴിയുന്നവരെയും കാണാവുന്നതാണ്. സംസ്ഥാനത്തെ പട്ടികജാതി, പട്ടികവർഗം, മത്സ്യതൊഴിലാളികൾ, മൺപാത്രമുണ്ടാക്കുന്നവർ, കരകൗശലത്തൊഴി ലാളികൾ തുടങ്ങിയ ചില സാമൂഹ്യ വിഭാഗങ്ങൾക്കിടയിലും ദാരിദ്ര്യം കേന്ദ്രീകരിക്കപ്പെട്ടിട്ടുള്ളതായി കാണാൻ സാധിക്കുന്നതാണ്. കേന്ദ്ര, സംസ്ഥാന പദ്ധതികളിൽ പുതിയ ഉപജീവന പദ്ധതികൾ രൂപകല്പനചെയ്ത് ഇവർക്കിടയിൽ നടപ്പിലാക്കിയാൽ മാത്രമേ സംസ്ഥാനത്തെ ദാരിദ്ര്യം കുറയ്ക്കുവാൻ സാധിക്കുകയുള്ളു എന്ന വസ്തുതയിലേക്കാണ് ഇതെല്ലാം വിരൽചൂണ്ടുന്നത്. പട്ടികജാതി, പട്ടികവർഗ, ഫിഷറീസ് വകുപ്പുകൾ ഒട്ടനവധി ദാരിദ്ര്യ നിർമ്മാർജ്ജന/ഉപജീവനമാർഗ പദ്ധതികൾ ഈ വിഭാഗങ്ങളുടെ ഉന്നമനത്തിനായി നടപ്പിലാക്കി വരുന്നുണ്ട്. ദാരിദ്ര്യത്തിന്റെ വ്യാപ്തി കുറഞ്ഞിട്ടുണ്ടെങ്കിലും പാർശ്വവത്കൃത വിഭാഗങ്ങൾക്കിടയിൽ

**ബോക്സ് 1.3.1** കേരളം നീതി ആയോഗിന്റെ മൾട്ടി–ഡൈമൻഷണൽ ദാരിദ്ര്യ സൂചിക പ്രകാരം ഏറ്റവും കുറഞ്ഞ ദാരിദ്ര്യമുള്ള സംസ്ഥാനം

നീതി ആയോഗിന്റെ ആദ്യ ബഹുമുഖ ദാരിദ്ര്യ സൂചിക (എം.പി.ഐ) റിപ്പോർട്ട് അനുസരിച്ച് ഇന്ത്യയിൽ ഏറ്റവും കുറഞ്ഞ ദാരിദ്ര്യം ഉള്ള സംസ്ഥാനമായി കേരളം ഉയർന്നു. കേരളം (0.71 ശതമാനം), ഗോവ (3.76 ശതമാനം), സിക്കിം (3.82 ശതമാനം), തമിഴ്നാട് (4.89 ശതമാനം), പഞ്ചാബ് (5.59 ശതമാനം) എന്നിവ രാജ്യത്തെ ഏറ്റവും താഴ്ന്ന ദാരിദ്ര്യ നിലവാരം രേഖപ്പെടുത്തി സൂചികയിൽ ഏറ്റവും താഴെയാണ്. സൂചിക പ്രകാരം ബീഹാർ, ജാർഖണ്ഡ്, ഉത്തർപ്രദേശ് എന്നിവയാണ് ദരിദ്ര സംസ്ഥാനങ്ങൾ. ബീഹാറിൽ 51.91 ശതമാനം, മധ്യപ്രദേശ് (36.65 ശതമാനം) സൂചികയിൽ നാലാം സ്ഥാനത്താണ്. മേഘാലയ (32.67 ശതമാനം) അഞ്ചാം സ്ഥാനത്താണ്. ദരിദ്രരുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനത്തിനായുള്ള സംസ്ഥാനത്തിന്റെ അചഞ്ചലമായ പ്രതിബദ്ധതയാണ് എം.പി.ഐ സൂചികയിൽ നേടിയെടുത്ത ഉയർന്ന സ്ഥാനം വ്യക്തമാക്കുന്നത്.

ദാരിദ്ര്യം ലഘൂകരിക്കുന്നതിനുള്ള നടപടികളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുക എന്നത് സംസ്ഥാനത്തിന്റെ മുന്നിലുള്ള ഒരു പ്രധാന ചുമതലയാണ്.

### അതിദാരിദ്ര്യം

സംസ്ഥാനത്തെ തീവ്രദാരിദ്ര്യം ഇല്ലാതാക്കുകയാണ് കേരള സർക്കാർ ലക്ഷ്യമിടുന്നത്. തീവ്രദാരിദ്ര്യത്തിന് കാരണമാകുന്ന പ്രധാന ദുരിത ഘടകങ്ങൾ വിശകലനം ചെയ്യുന്നതിനും അവ മറികടക്കാനുള്ള നടപടികൾ നിർദ്ദേശിക്കുന്നതിനും ആഴത്തിലുള്ള സർവ്വേ നടത്തുമെന്ന് പ്രഖ്യാപനം ആണ് ഇപ്പോഴത്തെ സർക്കാർ എടുത്ത ആദ്യ തീരുമാനം. അഗതി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് അഗതി രഹിത കേരളം പരിപാടി സംസ്ഥാനത്ത് ഇപ്പോഴും തുടരുന്നുണ്ട്. പദ്ധതിയുടെ ഗുണഭോക്താക്കളായി 1.6 ലക്ഷം പേരുണ്ട്. നിർദ്ദിഷ്ട സർവ്വേയിൽ നിലവിലെ പരിപാടിയിൽ ഉൾപ്പെടാത്ത എല്ലാവരേയും കണ്ടെത്തും. നിലവിൽ ഏകദേശം 4.5 ലക്ഷം കുടുംബങ്ങൾ, പ്രായമായവർ, മാനസികമോ ശാരീരികമോ ആയ അവശതകൾ അനുഭവിക്കുന്നവർ, തളർത്തുന്ന രോഗങ്ങളാൽ ബുദ്ധിമുട്ടുന്നവർ, അനാഥരായ കുട്ടികൾ, ഭവനരഹിതരായ ആളുകൾ, ഇപ്പോൾ ജോലിയില്ലാത്ത ദീർഘകാല കുടിയേറ്റക്കാരുടെ കുടുംബങ്ങൾ തുടങ്ങിയവർക്കാണ് മുൻഗണന.

ആലപ്പുഴയിലെ പട്ടികവർഗ്ഗ ഉള്ളാടർ സമുദായത്തിലെ കുടുംബങ്ങൾക്കായി തയ്യാറാക്കിയ പി.കെ. കാളൻ പദ്ധതി പോലെ വിജയകരമായ പദ്ധതികളുടെ അനുഭവത്തന്റെ വെളിച്ചത്തിൽ ഇത്തരത്തിൽ തീവ്രദാരിദ്ര്യമനുഭവിക്കുന്ന ഓരോ കുടുംബത്തിന്റേയും ആവശ്യങ്ങളും പ്രശ്നങ്ങളും കണ്ടെത്തി അവരെ ദാരിദ്ര്യത്തിൽ നിന്ന് കരകയറ്റുന്നതിനുള്ള കുടുംബാധിഷ്ഠിത സൂക്ഷ്മ പദ്ധതികൾ തയ്യാറാക്കുകയാണ് ലക്ഷ്യം. ഈ പദ്ധതികൾ തയ്യാറാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരെ ഉപയോഗിക്കുകയും പാർപ്പിടം, പോഷകാഹാരം, ആരോഗ്യം മുതലായവയ്ക്ക് നിലവിലുള്ള പദ്ധതികൾ പ്രയോജനപ്പെടുത്തി ഉപജീവന പരിപാടികൾ ആവിഷ്ക്കരിക്കുയും ചെയ്യും.

ഗ്രാമവികസന കമ്മീഷണറേറ്റിനാണ് സർവ്വേയുടെ ചുമതല. ദരിദ്രരും ദുർബലരുമായ സമൂഹങ്ങളുടെ വീട്ടുതോറുമുള്ള സർവ്വേ ആരംഭിച്ചു കഴിഞ്ഞു. വാർഡ് അടിസ്ഥാനത്തിലുള്ള സർവ്വേയിൽ, സമൂഹം (എസ്.സി/എസ്.ടി), തീരദേശവാസികൾ, ശാരീരികവും മാനസികവുമായ വൈകല്യമുള്ളവർ, ജോലി ചെയ്യാൻ കഴിയാത്തവർ, പ്രാഥമിക അത്താണിയില്ലാത്ത കുടുംബങ്ങൾ (മരിച്ചവരോ ഉപേക്ഷിക്കപ്പെട്ടവരോ) എന്നിങ്ങനെ വിവിധ മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി വെവ്വേറെ ലിസ്റ്റുകൾ തയ്യാറാക്കും.

അങ്ങേയറ്റം ദരിദ്രരെ കണ്ടെത്തി അവരെ ദാരിദ്ര്യരേഖയ്ക്ക് മുകളിൽ ഉയർത്തുന്നത് സംസ്ഥാനത്തെ പാർശ്വവൽക്കരിക്കപ്പെട്ടവരുടേയും ദുർബലരായ സമൂഹങ്ങളുടേയും ഇല്ലായ്മകൾ പരിഹരിക്കുന്നതിന് വളരെയധികം സഹായിക്കും.

# 1.4 വികസന ഉദ്യമങ്ങളിൽ ധനകാര്യ സ്ഥാപനങ്ങളുടെ പങ്ക്

എല്ലാ സമ്പദ് വ്യവസ്ഥയിലും നിഷ്ക്രിയ സമ്പാദ്യങ്ങളെ കാര്യക്ഷമമായ നിക്ഷേപങ്ങളാക്കി മാറ്റാൻ ധനകാര്യ സ്ഥാപനങ്ങൾ സുപ്രധാനമായ പങ്ക് വഹിക്കുന്നു. കോവിഡ്–19 മഹാമാരി സംസ്ഥാനത്തുടനീളമുള്ള സാമ്പത്തിക പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തി. സമ്പദ്ഘടനയെ പുനരുജ്ജീവിപ്പിക്കാനും, നിലനിർത്താനും സമ്പദ് വ്യവസ്ഥയിൽ കോവിഡ്–19 സൃഷ്ടിച്ച ആഘാതം ലഘൂകരിക്കാനും നിരവധി വായ്പ പദ്ധതികൾ സർക്കാർ പ്രഖ്യാപിച്ചു. ഈ പദ്ധതികളുടെ ഫല പ്രദമായ നിർവ്വഹണത്തിന് ധനകാര്യ സ്ഥാപനങ്ങൾ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

### ദേശീയതലത്തിലും സംസ്ഥാന തലത്തിലും ബാങ്കുകളുടെ വളർച്ച

2021 മാർച്ച് മാസം പ്രസിദ്ധീകരിച്ച ആർബിഐ ത്രൈമാസ സ്ഥിതിവിവരക്കണക്കുകൾ പ്രകാരം ഇന്ത്യയിലുടനീളമുള്ള ബാങ്ക് ശാഖകളുടെ എണ്ണം 1,50,207 ആണ്. ഏറ്റവും കൂടുതൽ ബാങ്ക് ശാഖകൾ ഉള്ള ഇന്ത്യൻ സംസ്ഥാനം ഉത്തർപ്രദേശാണ് (17,666). മഹാരാഷ്ട്രയും (13,160), തമിഴ്നാട്ടും (11,692) യഥാക്രമം രണ്ടും മൂന്നും സ്ഥാനത്തുണ്ട്. ഇന്ത്യയിലെ മൊത്തം ബാങ്ക് ശാഖകളുടെ 4.42 ശതമാനം കേരളത്തിലാണ്; അതായത് 6,637 ശാഖകൾ. എന്നാൽ സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുടെ (എസ്എൽബിസി) ഡാറ്റ പ്രകാരം, 2021 മാർച്ച് വരെ കേരളത്തിലെ മൊത്തം ബാങ്ക് ശാഖകളുടെ എണ്ണം, സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ ഉൾപ്പെടെ 7,610 ആണ്. മൊത്തം ബാങ്ക് ശാഖകളിൽ 21.3 ശതമാനം ശാഖകൾ നഗരപ്രദേശത്തും 66.4 ശതമാനം ശാഖകൾ അർദ്ധ നഗരപ്രദേശത്തും 12.3 ശതമാനം ശാഖകൾ ഗ്രാമീണ മേഖലയിലുമാണ്. ആർബിഐയുടെ കണക്കുകൾ പ്രകാരം, രാജ്യത്തെ അർദ്ധ നഗര പ്രദേശങ്ങളിൽ ഏറ്റവും കൂടുതൽ ബാങ്ക് ശാഖകൾ ഉള്ള ഇന്ത്യൻ സംസ്ഥാനം കേരളമാണ് (**അനുബന്ധം 1.4.1**). എസ്എൽബിസി റിപ്പോർട്ട് അനുസരിച്ച് കേരളത്തിലെ ബാങ്കുകളുടെ ഗ്രൂപ്പ് തിരിച്ചുള്ള ബ്രാഞ്ച് ശൃംഖല **പട്ടിക 1.4.1**–ൽ കാണിച്ചിരിക്കുന്നു.

എസ്.എൽ.ബി.സി റിപ്പോർട്ട് അനുസരിച്ച്, 2021 മാർച്ചിൽ കേരളത്തിൽ ആകെ 6,319 ഷെഡ്യൂൾഡ് വാണിജ്യ ബാങ്ക് (പൊതുമേഖല വാണിജ്യ ബാങ്കുകളും സ്വകാര്യ മേഖലാ വാണിജ്യ ബാങ്കുകളും പ്രാദേശിക ഗ്രാമീണ ബാങ്കുകളും മാത്രം ഉൾപ്പെടെ) ശാഖകളാണുള്ളത്. എന്നാൽ 2020 മാർച്ചിൽ 6,353 ബാങ്ക് ശാഖകൾ ഉണ്ടായിരുന്നു. 2021 മാർച്ചിൽ 34 ബാങ്ക് ശാഖകൾ കുറഞ്ഞു. 2021 മാർച്ചിൽ കേരള ഗ്രാമീൺ ബാങ്കിന്റെ ആകെ ശാഖകളുടെ എണ്ണം 634 ആണ്, ഇത് മുൻ വർഷത്തേതിന് തുല്യമാണ്. എന്നാൽ ചെറുകിട ധനകാര്യ ബാങ്കുകളുടെയും സഹകരണ ബാങ്കുകളുടെയും കാര്യത്തിൽ, 2021 മാർച്ചിൽ ബാങ്ക് ശാഖകളുടെ എണ്ണത്തിൽ യഥാക്രമം 61 ശാഖകളുടെയും 7 ശാഖകളുടെയും വർദ്ധനവ് കാണിക്കുന്നു.

### നിക്ഷേപം

ആർബിഐ കണക്കുകൾ പ്രകാരം 2021 മാർച്ച് അവസാനത്തോടെ രാജ്യത്തെ മൊത്തം നിക്ഷേപം മുൻ വർഷത്തേക്കാൾ 12.3 ശതമാനം വർദ്ധിച്ചു. 2020 മാർച്ച് മാസത്തെ അപേക്ഷിച്ച് 2021 മാർച്ച് മാസത്തിൽ കേരളത്തിലെ മൊത്തം ബാങ്ക് നിക്ഷേപത്തിൽ 11.31 ശതമാനം വർദ്ധനവുണ്ടായി. 2021 മാർച്ച് മാസത്തിലെ കണക്കനുസരിച്ച്, രാജ്യത്തെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളിലെ മൊത്തം നിക്ഷേപം 1,54,39,970 കോടി രൂപയാണ്. 2020 മാർച്ചിൽ ഇത് 1,37,50,146 കോടി രൂപയായിരുന്നു. 2021 മാർച്ചിലെ കണക്കനുസരിച്ച് കേരളത്തിലെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളിലെ നിക്ഷേപങ്ങളുടെ വിഹിതം രാജ്യത്തെ മൊത്തം നിക്ഷേപങ്ങളുടെ 3.95 ശതമാനമാണ്. രാജ്യത്ത് ഏറ്റവും കൂടുതൽ ബാങ്ക് നിക്ഷേപമുള്ളത് മഹാരാഷ്ട്രയിലാണ് (19.78 ശതമാനം) (**അനുബന്ധം 1.4.2**). മഹാനഗര പ്രദേശങ്ങളിലെ ആകെ നിക്ഷേപങ്ങളുടെ വളർച്ചാ നിരക്ക് (14.9 ശതമാനം) ഗ്രാമപ്രദേശങ്ങളേക്കാൾ (6.9 ശതമാനം) വളരെ കൂടുതലാണ്. പൊതുമേഖലാ ബാങ്കുകളിൽ ആകെ നിക്ഷേപം 10.4 ശതമാനം വർദ്ധിച്ചു; അതേസമയം ആർബിഐ റിപ്പോർട്ട് പ്രകാരം ചെറുകിട ധനകാര്യ ബാങ്കുകളുടെ മൊത്തം നിക്ഷേപത്തിൽ 25.6 ശതമാനം വളർച്ചാ നിരക്ക് രേഖപ്പെടുത്തുന്നു.

**പട്ടിക 1.4.1** കേരളത്തിലെ ബാങ്ക് ശാഖകളുടെ എണ്ണം ഇനം തിരിച്ച്, 2021–ൽ

| ക്രമ നമ്പർ. | ബാങ്കുകളുടെ ഇനം | ബ്രാഞ്ചുകൾ | | | |
|---|---|---|---|---|---|
| | | ഗ്രാമം | അർദ്ധനഗരം | നഗരം | മൊത്തം |
| 1 | പൊതുമേഖലാ വാണിജ്യ ബാങ്കുകൾ | 138 | 2359 | 841 | 3338 |
| 2 | പ്രാദേശിക ഗ്രാമീണ ബാങ്കുകൾ | 53 | 542 | 39 | 634 |
| 3 | സ്വകാര്യ വാണിജ്യ ബാങ്കുകൾ | 145 | 1633 | 569 | 2347 |
| 4 | ചെറുകിട ധനകാര്യ ബാങ്കുകൾ | 147 | 110 | 35 | 292 |
| 5 | സഹകരണ ബാങ്കുകൾ * | 449 | 411 | 139 | 999 |
| | മൊത്തം | 932 | 5055 | 1623 | 7610 |

അവലംബം: സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി റിപ്പോർട്ട് മാർച്ച് 2021
* കേരള ബാങ്ക് ശാഖകൾ ഉൾപ്പെടെ

എസ്എൽബിസി റിപ്പോർട്ട് പ്രകാരം മുൻവർഷത്തെ അപേക്ഷിച്ച് കേരളത്തിലെ മൊത്തം നിക്ഷേപത്തിൽ 11 ശതമാനം വർദ്ധനവുണ്ടായിട്ടുണ്ട്. 2021 മാർച്ച് മാസത്തെ എസ്എൽബിസി റിപ്പോർട്ട് പ്രകാരം കേരളത്തിലെ മൊത്തം ബാങ്ക് നിക്ഷേപം (വാണിജ്യ ബാങ്കുകൾ, പ്രാദേശിക ഗ്രാമീണ ബാങ്കുകൾ, ചെറുകിട ധനകാര്യ ബാങ്കുകൾ എന്നിവയുടെ നിക്ഷേപം ഉൾപ്പെടെ) 6,05,914 കോടി രൂപയാണ്, 2020 മാർച്ചിൽ ഇത് 5,44,372 കോടി രൂപയായിരുന്നു. കേരളത്തിലെ ബാങ്ക് നിക്ഷേപങ്ങളുടെ വർദ്ധനവ് **ചിത്രം 1.4.1 (അനുബന്ധം 1.4.3)** എന്നിവയിൽ വ്യക്തമാക്കിയിരിക്കുന്നു.

### ആഭ്യന്തര നിക്ഷേപവും പ്രവാസി നിക്ഷേപവും


2021 മാർച്ചിലെ കണക്കനുസരിച്ച് മൊത്തം ബാങ്ക് നിക്ഷേപത്തിൽ ആഭ്യന്തര നിക്ഷേപം 3,76,278 കോടി രൂപയും (മൊത്തം നിക്ഷേപത്തിന്റെ 62.1 ശതമാനം) പ്രവാസി നിക്ഷേപം 2,29,636 കോടി രൂപയും (മൊത്തം നിക്ഷേപത്തിന്റെ 37.9 ശതമാനം) ആണ്, അതേസമയം 2020 മാർച്ചിൽ ഇത് യഥാക്രമം 3,35,674 കോടി രൂപയും 2,08,698 കോടി രൂപയായിരുന്നു. 2021 മാർച്ചിലെ മൊത്തം ആഭ്യന്തര നിക്ഷേപം മുൻവർഷത്തേക്കാൾ 12 ശതമാനം കൂടുതലാണ്. 2021 മാർച്ചിൽ ബാങ്കിംഗ് മേഖലയിലെ മൊത്തം പ്രവാസി നിക്ഷേപം 10 ശതമാനത്തിലധികം വാർഷിക വളർച്ചാ നിരക്ക് കാണിക്കുന്നു.

കേരളത്തിലെ പൊതുമേഖലാ ബാങ്കുകളെ അപേക്ഷിച്ച് സ്വകാര്യമേഖലാ ബാങ്കുകളിലെ പ്രവാസി നിക്ഷേപം വളരെ കൂടുതലാണ്. പൊതുമേഖലാ ബാങ്കുകളുടെ മൊത്തം പ്രവാസി നിക്ഷേപം 1,05,234 കോടി രൂപയാണ് (പൊതുമേഖലാ ബാങ്കുകളുടെ മൊത്തം നിക്ഷേപത്തിന്റെ 33 ശതമാനം), സ്വകാര്യമേഖലാ ബാങ്കുകളുടെ പ്രവാസി നിക്ഷേപം 1,20,778 കോടി രൂപയുമാണ് (സ്വകാര്യ മേഖല ബാങ്കുകളുടെ മൊത്തം നിക്ഷേപത്തിന്റെ 46 ശതമാനം). 2021 മാർച്ചിലെ കണക്കനുസരിച്ച് ചെറുകിട ധനകാര്യ ബാങ്കുകളുടെ മൊത്തം നിക്ഷേപത്തിന്റെ 21 ശതമാനം പ്രവാസി നിക്ഷേപമാണ്. 2021 മാർച്ചിൽ ചെറുകിട ധനകാര്യ ബാങ്കുകൾക്കു പ്രവാസി നിക്ഷേപമായി 1870.9 കോടി രൂപ ലഭിച്ചു, ഇത് മുൻ വർഷത്തെ അപേക്ഷിച്ച് 43.2 ശതമാനം കൂടുതലാണ് (**അനുബന്ധം 1.4.4**).

### വായ്പകൾ


ആർ ബി ഐയുടെ ത്രൈമാസ റിപ്പോർട്ട് പ്രകാരം ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളുടെ സംസ്ഥാനാടിസ്ഥാനത്തിലുള്ള വായ്പാധനസഹായങ്ങളുടെ പട്ടിക **അനുബന്ധം 1.4.5–ൽ** ഉൾക്കൊള്ളിച്ചിരിക്കുന്നു. എസ് എൽ ബി സി യുടെ 2021 മാർച്ചിലെ കണക്കനുസരിച്ച് കേരളത്തിലെ വാണിജ്യ ബാങ്കുകളും സഹകരണ ബാങ്കുകളും ചേർന്ന് 4,43,554.33 കോടി രൂപ വായ്പയായി വിതരണം ചെയ്തു. 2020 മാർച്ചിലെ കണക്കുമായി

**ചിത്രം 1.4.1** കേരളത്തിലെ ബാങ്ക് നിക്ഷേപത്തിന്റെ വളർച്ച (2012 മുതൽ 2021 വരെ )




അവലംബം: സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി റിപ്പോർട്ട് മാർച്ച് 2021

**ചിത്രം 1.4.2** പ്രാഥമിക മേഖലയിലെ വായ്പ വിതരണത്തിന്റെ വിഹിതം, 2021 മാർച്ച് വരെ




അവലംബം: സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി റിപ്പോർട്ട് മാർച്ച് 2021

(4,09,607.65) താരതമ്യം ചെയ്യുമ്പോൾ 8.28 ശതമാനം വർദ്ധനവുണ്ട്. പൊതുമേഖലാ വാണിജ്യ ബാങ്കുകൾ, സ്വകാര്യമേഖല വാണിജ്യ ബാങ്കുകൾ, പ്രാദേശിക ഗ്രാമീണ ബാങ്കുകൾ, ചെറുകിട ധനകാര്യ ബാങ്കുകൾ (എസ്എഫ്ബി) എന്നിവയുൾപ്പെടെ എല്ലാ വാണിജ്യ ബാങ്കുകളും ചേർന്ന് 2021 മാർച്ച് അവസാനത്തോടെ 3,92,669.16 കോടി രൂപ വിതരണം ചെയ്തു. 2020 മാർച്ചിൽ ഇത് 3,59,274 കോടി രൂപയായിരുന്നു. ഇതിൽ പൊതുമേഖലാ വാണിജ്യ ബാങ്കുകൾ 2,15,118.05 കോടി രൂപയും, സ്വകാര്യ മേഖലയിലെ വാണിജ്യ ബാങ്കുകൾ 1,54,143.68 കോടി രൂപയും, പ്രാദേശിക ഗ്രാമീണ ബാങ്കുകൾ 18,456.80 കോടി രൂപയും, ചെറുകിട ധനകാര്യ ബാങ്കുകൾ 4,950.63 കോടി രൂപയും വായ്പയായി നൽകി. മുൻവർഷത്തെ അപേക്ഷിച്ച് മുൻഗണനാ മേഖലയ്ക്ക് നൽകിയ വായ്പകളിൽ 6 ശതമാനം വർദ്ധനവുണ്ടായിട്ടുണ്ട്. പൊതുമേഖലാ വാണിജ്യബാങ്കുകൾ 44.54 ശതമാനവും സഹകരണ ബാങ്കുകൾ 20.3 ശതമാനവും പ്രാഥമികമേഖലകൾക്ക് വായ്പയായി നൽകിയിട്ടുണ്ട്. പ്രാഥമിക മേഖലയിലെ വിതരണത്തിൽ കേരള ഗ്രാമീണ ബാങ്കിന് 15.46 ശതമാനം വിഹിതമുണ്ട്. പ്രാഥമിക മേഖലയുടെ വിഹിതം **ചിത്രം 1.4.2**–ൽ കാണിച്ചിരിക്കുന്നു.


### കാർഷിക വായ്പ

വാണിജ്യ ബാങ്കുകൾ, പ്രാദേശിക ഗ്രാമീണ ബാങ്കുകൾ, ചെറുകിട ധനകാര്യ ബാങ്കുകൾ, സഹകരണ ബാങ്കുകൾ എന്നിവ മുഖേന 2021 മാർച്ചിൽ നൽകിയ മൊത്തം കാർഷിക വായ്പകൾ 2020 മാർച്ചിലെ 89,500 കോടി രൂപയിൽ നിന്ന് 6.9 ശതമാനം വർധിച്ച് 95,676 കോടി രൂപയായി. മുൻവർഷത്തെ പോലെ തന്നെ 2021 മാർച്ചിലും മൊത്തം വായ്പയുടെ 22 ശതമാനം തന്നെയാണ് കാർഷിക വായ്പയായി നൽകിയത്. വിവിധ ബാങ്കുകളുടെ കാർഷിക വായ്പ വിഹിതം **ചിത്രം 1.4.3**–ൽ രേഖപ്പെടുത്തിയിരിക്കുന്നു.

### പട്ടിക ജാതി /പട്ടിക വർഗ്ഗ ദുർബല വിഭാഗങ്ങൾക്കുള്ള വായ്പകൾ

2021 മാർച്ച് വരെ സംസ്ഥാനത്തെ വിവിധ ബാങ്കുകൾ പട്ടിക ജാതി വിഭാഗത്തിന് 5,354.1 കോടി രൂപയും പട്ടിക വർഗ്ഗ വിഭാഗത്തിന് 1,205.7 കോടി രൂപയും വായ്പയായി വിതരണം ചെയ്തു. 2020 മാർച്ച് വരെ ഇത് യഥാക്രമം 5,147.3 കോടി രൂപയും 1,204.9 കോടി രൂപയുമായിരുന്നു. മുൻവർഷത്തെ അപേക്ഷിച്ച് പട്ടികജാതിക്കാർക്ക് നൽകിയ വായ്പയിൽ 4 ശതമാനം വർദ്ധനവും

**ചിത്രം 1.4.3** കാർഷിക വായ്പ വിഹിതം 2021 മാർച്ച് വരെയുള്ളത്




അവലംബം: സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി റിപ്പോർട്ട് മാർച്ച് 2021

പട്ടികവർഗ്ഗക്കാർക്ക് നൽകിയ അഡ്വാൻസുകളിൽ നാമമാത്രമായ വർദ്ധനവ് രേഖപ്പെടുത്തുന്നു. എസ് എൽ ബി സി റിപ്പോർട്ട് പ്രകാരം പൊതുമേഖലാ ബാങ്കുകൾ പട്ടികജാതിക്കാർക്ക് നൽകിയ വായ്പകളിൽ മുൻവർഷത്തെ അപേക്ഷിച്ച് 21.43 ശതമാനത്തിന്റെ കുറവും പട്ടിക വർഗ്ഗ വിഭാഗത്തിന് നൽകിയ വായ്പകളിൽ 12.83 ശതമാനത്തിന്റെ കുറവും രേഖപെടുത്തുന്നു. സഹകരണ ബാങ്കുകൾ പട്ടികജാതിവിഭാഗത്തിനു നൽകിയ വായ്പയിൽ മുൻവർഷത്തെ അപേക്ഷിച്ച് 273 ശതമാനം വർദ്ധനവ് രേഖപ്പെടുത്തുന്നു എന്നാൽ പട്ടികവർഗ്ഗവിഭാഗക്കാർക്ക് നൽകിയ വായ്പയിൽ 45 ശതമാനം കുറവ് രേഖപ്പെടുത്തി. 2021 മാർച്ചിൽ, സംസ്ഥാനത്ത് ദുർബല വിഭാഗങ്ങൾക്കായി 86,995 കോടി രൂപ വായ്പയിനത്തിൽ വിതരണം ചെയ്തിട്ടുണ്ട്, ഇത് 2020 മാർച്ചിനെ (85,398 കോടി രൂപ) അപേക്ഷിച്ച് ഒരു ശതമാനം മാത്രമാണ് വർദ്ധിച്ചത്. പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 2021 മാർച്ച് വരെ നൽകിയ വായ്പകളുടെ വിവരം ബാങ്ക് ഇനം തിരിച്ച് **പട്ടിക 1.4.2**–ൽ നൽകിയിട്ടുണ്ട്.

### ഭവനവായ്പ

എസ് എൽ ബി സി യുടെ 2021 മാർച്ചിലെ കണക്കനുസരിച്ച് വാണിജ്യ ബാങ്കുകളും സഹകരണ ബാങ്കുകളും ഉൾപ്പെടെ കേരളത്തിലെ ബാങ്കുകൾ 7,11,356 ഗുണഭോക്താക്കൾക്കായി 39,507 കോടി രൂപയുടെ ഭവന വായ്പ അനുവദിച്ചിട്ടുണ്ട്. 2020 മാർച്ചിൽ ഇത് 8,27,096 ഗുണഭോക്താക്കൾക്കായി 37,324 കോടി രൂപയായിരുന്നു. മുൻവർഷത്തെ അപേക്ഷിച്ച് ഭവന വായ്പയായി അനുവദിച്ച തുകയിൽ 5.85 ശതമാനം വർദ്ധനവ് രേഖപ്പെടുത്തിയെങ്കിലും ഗുണഭോക്താക്കളുടെ എണ്ണത്തിൽ 14 ശതമാനം കുറവുണ്ടായി. 2020–21 വർഷത്തിൽ പൊതുമേഖല ബാങ്കുകൾ 3,22,301 ഗുണഭോക്താക്കൾക്കായി 22,138 കോടിരൂപയും പ്രാദേശിക ഗ്രാമീണ ബാങ്കുകൾ 60,132 ഗുണഭോക്താക്കൾക്കായി 3,038 കോടി രൂപയും സ്വകാര്യ മേഖല വാണിജ്യ ബാങ്കുകൾ 84,253 ഗുണഭോക്താക്കൾക്കായി 5,497 കോടി രൂപയും ചെറുകിട ധനകാര്യ ബാങ്കുകൾ 10,787 ഗുണഭോക്താക്കൾക്കായി 110 കോടി രൂപയും സഹകരണ ബാങ്കുകൾ 2,33,883 ഗുണഭോക്താക്കൾക്കായി 8,725 കോടി രൂപയും ഭവന വായ്പയായി വിതരണം ചെയ്തു. സഹകരണ ബാങ്കുകൾ ഭവനവായ്പ നൽകിയ ഗുണഭോക്താക്കളുടെ എണ്ണത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് 37.5 ശതമാനം കുറവുണ്ടായി. എന്നാൽ അവർ ഭവനവായ്പയായി നൽകിയ തുകയിൽ 4 ശതമാനത്തോളം വർധനവുണ്ടായി. ഭവനവായ്പയുടെ ഭൂരിഭാഗം വിഹിതവും (56 ശതമാനം) പൊതു മേഖലാ വാണിജ്യ ബാങ്കുകളാണ് വിതരണം ചെയ്തിരിക്കുന്നത് രണ്ടാം സ്ഥാനത്ത് സഹകരണ ബാങ്കുകളാണ്. ഇത് ഭവനവായ്പയുടെ 22 ശതമാനമാണ്.

### വിദ്യാഭ്യാസ വായ്പ

2021 മാർച്ച് മാസത്തിൽ 3,48,594 വിദ്യാർത്ഥികൾക്കായി 1,07,40 കോടി രൂപ വിദ്യാഭ്യാസ വായ്പയായി വിതരണം ചെയ്തു. മുൻവർഷത്തെ അപേക്ഷിച്ച് അനുവദിച്ച തുകയിൽ 4.6 ശതമാനത്തിന്റെ കുറവ് രേഖപ്പെടുത്തുന്നു. ആകെ വിതരണം ചെയ്ത വിദ്യഭ്യാസ വായ്പയുടെ 81 ശതമാനവും പൊതുമേഖലാ വാണിജ്യ ബാങ്കുകളാണ് നൽകിയത്, അതായത് 2,30,494 വിദ്യാർത്ഥികൾക്കായി 8,745.61 കോടി രൂപ നൽകി. 2021 മാർച്ച് വരെ പ്രാദേശിക ഗ്രാമീണ ബാങ്കുകൾ 19,780 വിദ്യാർത്ഥികൾക്ക് 571.37 കോടി രൂപയും, സ്വകാര്യ മേഖല വാണിജ്യ ബാങ്കുകൾ 35,277 വിദ്യാർത്ഥികൾക്ക് 1,252.44 കോടി രൂപയും, ചെറുകിട ധനകാര്യ ബാങ്കുകൾ 61,189 വിദ്യാർത്ഥികൾക്ക് 113.40 കോടി രൂപയും, സഹകരണ ബാങ്കുകൾ 1,854 വിദ്യാർത്ഥികൾക്ക് 57.48 കോടി രൂപയും വിതരണം ചെയ്തു.

### വായ്പാ നിക്ഷേപ അനുപാതം

ആർബിഐയുടെ ത്രൈമാസ സ്ഥിതിവിവരക്കണക്കുകൾ അനുസരിച്ച് 2021 മാർച്ച് അവസാനത്തോടെ ഇന്ത്യയിലെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളുടെ വായ്പാ നിക്ഷേപ

**പട്ടിക 1.4.2** പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 2021 മാർച്ച് വരെ നൽകിയ വായ്പകളുടെ വിവരം ബാങ്ക് ഇനം തിരിച്ച് (രൂപ കോടിയിൽ)

| ക്രമ നമ്പർ | ബാങ്ക് | പട്ടികജാതിക്കാർക്കുള്ള വായ്പ 2021 | | പട്ടികവർഗ്ഗക്കാർക്കുള്ള വായ്പ 2021 | | പട്ടികജാതിക്കാർക്കുള്ള വായ്പ 2020 | | പട്ടികവർഗ്ഗക്കാർക്കുള്ള വായ്പ 2020 | | ശതമാനാടിസ്ഥാനത്തിൽ കുറവ്/കൂടുതൽ എസ്.സി | ശതമാനാടിസ്ഥാനത്തിൽ കുറവ്/കൂടുതൽ എസ്.ടി |
|---|---|---|---|---|---|---|---|---|---|---|---|
| | | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക | | |
| 1 | പൊതുമേഖലാ വാണിജ്യ ബാങ്കുകൾ | 163643 | 3164.92 | 34140 | 706.63 | 222151 | 4028.37 | 43476 | 810.63 | -21.43 | -12.83 |
| 2 | പ്രാദേശിക ഗ്രാമീണ ബാങ്കുകൾ | 37264 | 271.15 | 20065 | 146 | 40149 | 244.67 | 20683 | 126.04 | 10.82 | 15.84 |
| 3 | സ്വകാര്യമേഖല വാണിജ്യ ബാങ്കുകൾ | 252138 | 693 | 66701 | 144.18 | 59844 | 340.72 | 3906 | 45.35 | 103.39 | 217.93 |
| 4 | ചെറുകിട ധനകാര്യ ബാങ്കുകൾ | 152042 | 374.27 | 58641 | 147.07 | 146062 | 305.41 | 50027 | 108.94 | 22.55 | 35.00 |
| 5 | സഹകരണ ബാങ്കുകൾ | 35462 | 850.71 | 7759 | 61.82 | 13532 | 228.13 | 8632 | 114.03 | 273 | -45 |
| | മൊത്തം | 640549 | 5354.05 | 187306 | 1205.7 | 481738 | 5147.3 | 126724 | 1204.99 | 4.02 | 0.06 |

അവലംബം: സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി റിപ്പോർട്ട് മാർച്ച് 2021

അനുപാതം 76 ശതമാനത്തിൽ നിന്ന് 71.47 ശതമാനമായി കുറഞ്ഞു. ഏറ്റവും ഉയർന്ന വായ്പ നിക്ഷേപ അനുപാതം ഉള്ള ഇന്ത്യൻ സംസ്ഥാനം ആന്ധ്രാപ്രദേശാണ് (128.72 ശതമാനം). മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് തമിഴ്നാട് (101.51 ശതമാനം), മഹാരാഷ്ട്ര (94.83 ശതമാനം), തെലങ്കാന (90.37 ശതമാനം) സംസ്ഥാനങ്ങളിൽ ഉയർന്ന വായ്പനിക്ഷേപ അനുപാതമാണ്. 2020–ലും ആന്ധ്രപ്രദേശിനാണ് ഏറ്റവും കൂടുതൽ വായ്പ നിക്ഷേപ അനുപാതം ഉണ്ടായിരുന്നത്.

ആർബിഐ റിപ്പോർട്ട് അനുസരിച്ച്, കേരളത്തിലെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളുടെ വായ്പ നിക്ഷേപ അനുപാതം 2020 മാർച്ചിലെ 64.26 ശതമാനത്തിൽ നിന്ന് 2021 മാർച്ചിൽ 61.52 ശതമാനമായി കുറഞ്ഞു (**അനുബന്ധം 1.4.6**). കേരളത്തിലെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളിലെ മൊത്തം നിക്ഷേപം 2020 മാർച്ചിൽ 5,47,651 കോടി രൂപയായിരുന്നത് 2021 മാർച്ചിൽ 6,10,519 കോടി രൂപയായി ഉയർന്നു. ഈ കാലയളവിലെ വായ്പ 3,51,908 കോടി രൂപയിൽ നിന്നും 3,75,588 കോടി രൂപയായി വർദ്ധിച്ചു. എസ് എൽ ബി സിയുടെ കണക്ക് പ്രകാരം 2021 മാർച്ച് വരെ സഹകരണ ബാങ്കുകളുടെ വായ്പയും നിക്ഷേപവും ഉൾപ്പെടെ കേരളത്തിന്റെ വായ്പ നിക്ഷേപ അനുപാതം 65 ശതമാനമാണ്.

ഇന്ത്യയിലെ പൊതുമേഖലാ ബാങ്കുകളുടെ വായ്പ നിക്ഷേപ അനുപാതം 2020 മാർച്ചിലെ 70.18 ശതമാനത്തിൽ നിന്ന് 2021 മാർച്ചിൽ 65.85 ശതമാനമായി കുറഞ്ഞു. സംസ്ഥാനാടിസ്ഥാനത്തിൽ വിശകലനം ചെയ്യുമ്പോൾ ആന്ധ്രാപ്രദേശിനാണ് ഏറ്റവും ഉയർന്ന വായ്പാ നിക്ഷേപ അനുപാതം (136.20 ശതമാനം). തമിഴ്നാടും (103.05 ശതമാനം), തെലങ്കാനയും (95.10 ശതമാനം) ആണ് രണ്ടും മൂന്നും സ്ഥാനത്തുള്ളത്. കേരളത്തിലെ പൊതുമേഖലാ ബാങ്കുകളിലെ വായ്പ നിക്ഷേപ അനുപാതം 2020 മാർച്ചിലെ 66.62 ശതമാനത്തിൽ നിന്ന് 2021 മാർച്ചിൽ 64.74 ശതമാനമായി കുറഞ്ഞു (**അനുബന്ധം 1.4.7**).


### ബാങ്കിംഗ് സ്ഥിതി വിവര കണക്കിന്റെ ജില്ല തിരിച്ചുള്ള വിശകലനം

ജില്ല തിരിച്ചുള്ള ബാങ്കിംഗ് സ്ഥിതി വിവരകണക്ക് സംബന്ധിച്ച ആർ.ബി.ഐയുടെ രേഖകൾ പ്രകാരം സംസ്ഥാനത്ത് ഏറ്റവുമധികം ബാങ്ക് ശാഖകൾ എറണാകുളം ജില്ലയിലാണ് (1,013). രണ്ടാം സ്ഥാനം തൃശ്ശൂരും (759), മൂന്നാം സ്ഥാനം തിരുവനന്തപുരവും (736) ആണ്. വയനാട്ടിലെ ബാങ്ക് ശാഖകളുടെ എണ്ണം 2021 മാർച്ചിൽ 147 ആയി വർദ്ധിച്ചെങ്കിലും സംസ്ഥാനത്ത് ഏറ്റവും കുറവ് ബാങ്ക് ശാഖകൾ ഈ ജില്ലയിലാണ്. (അനുബന്ധം 1.4.8). 2021 മാർച്ച് വരെയുള്ള കേരളത്തിലെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളുടെ നിക്ഷേപങ്ങളുടെയും വായ്പയുടെയും ജില്ല തിരിച്ചുള്ള വിവരണം **ചിത്രം 1.4.4**–ൽ കാണിച്ചിരിക്കുന്നു.

### കേരളത്തിലെ സഹകരണ ബാങ്കിംഗ് മേഖല

കേരളത്തിലെ ഗ്രാമീണ സാമ്പത്തിക മേഖലയുടെ നട്ടെല്ലാണ് സഹകരണ ബാങ്കുകൾ. മൊത്തം ബാങ്ക് ശാഖയുടെ 13 ശതമാനവും സഹകരണ മേഖലയിലാണ്. 2021 മാർച്ച് വരെ കേരളത്തിൽ ആകെ 999 സഹകരണ ബാങ്ക് ശാഖകളുണ്ട്. 999 ശാഖകളിൽ 449 എണ്ണം ഗ്രാമപ്രദേശത്തും 411 എണ്ണം അർദ്ധ നഗരപ്രദേശത്തും 139 എണ്ണം നഗരപ്രദേശത്തുമാണ്. ഗ്രാമീണ മേഖലയിലെ ബാങ്ക് ശാഖകളുടെ എണ്ണം 2020 മാർച്ചിൽ 457 ആയിരുന്നത് 2021 മാർച്ചിൽ 449 ആയി കുറഞ്ഞു. എന്നിരുന്നാലും അർദ്ധ നഗര പ്രദേശങ്ങളിൽ ബാങ്ക് ശാഖകളുടെ എണ്ണം 49 ശതമാനം വർദ്ധിച്ചു. നഗരപ്രദേശങ്ങളിൽ ശാഖകളുടെ എണ്ണത്തിൽ 46 ശതമാനം കുറവുണ്ടായി.

**ചിത്രം 1.4.4** കേരളത്തിലെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളുടെ നിക്ഷേപങ്ങളുടെയും വായ്പയുടെയും ജില്ല തിരിച്ചുള്ള വിവരണം




അവലംബം: ഭാരതീയ റിസേർവ് ബാങ്കിന്റെ ത്രൈമാസ റിപ്പോർട്ട്, മാർച്ച് 2021

2021 മാർച്ച് വരെ വാണിജ്യ ബാങ്കുകൾ, പ്രാദേശിക ഗ്രാമീണ ബാങ്കുകൾ, ചെറുകിട ധനകാര്യ ബാങ്കുകൾ, സഹകരണ ബാങ്കുകൾ എന്നിവയുടെ മൊത്തം നിക്ഷേപം 6,77,127 കോടി രൂപയാണ്, ഇത് 2020 മാർച്ചിനെ അപേക്ഷിച്ച് 11.2 ശതമാനം വർദ്ധനവ് കാണിക്കുന്നു. മൊത്തം ബിസിനസിൽ സഹകരണ സ്ഥാപനങ്ങളുടെ വിഹിതം 11 ശതമാനം ആണ്. 2021 മാർച്ച് വരെ സംസ്ഥാനത്തെ വാണിജ്യ ബാങ്കുകളിൽ നിന്നും സഹകരണ സ്ഥാപനങ്ങളിൽ നിന്നുമുള്ള മൊത്തം വയ്പ 4,43,554 കോടി രൂപയായിരുന്നു, ഇതിൽ സഹകരണ ബാങ്കുകളുടെ വിഹിതം 50,885 കോടി രൂപയാണ്, ഇത് വാണിജ്യ, സഹകരണ മേഖലകളിലെ മൊത്തം വായ്പകളുടെ 11 ശതമാനം വരും. 2021 മാർച്ച് വരെ സംസ്ഥാനത്തെ വാണിജ്യ, സഹകരണ ബാങ്കുകളിൽ നിന്നുള്ള മൊത്തം കാർഷിക വായ്പ 95,676 കോടി രൂപയാണ്. ഇതിൽ സഹകരണ ബാങ്കുകളുടെ വിഹിതം 8,585 കോടി രൂപയാണ് (9 ശതമാനം). സഹകരണ ബാങ്കുകൾ അവരുടെ വായ്പയുടെ 59 ശതമാനവും മുൻഗണനാ മേഖലയ്ക്കും 4 ശതമാനം സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ മേഖലയ്ക്കും നൽകുന്നു. സഹകരണ മേഖലയുടെ പ്രകടനം (**പട്ടിക 1.4.3.**) –ൽ കാണിച്ചിരിക്കുന്നു.

## ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനങ്ങൾ

### കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റെർപ്രൈസസ് (കെ.എസ്.എഫ്.ഇ)

1969–ൽ കേരള സർക്കാരിന്റെ ഉടമസ്ഥതയിൽ ആരംഭിച്ച ബാങ്കിങ് ഇതര ധനകാര്യ സ്ഥാപനമാണ് കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റെർപ്രൈസസ്. കെ.എസ്.എഫ്.ഇ യുടെ പ്രധാന ബിസിനസ്സ് വിഭാഗങ്ങൾ ചിട്ടി, വായ്പ നൽകൽ, നിക്ഷേപ സ്വരൂപണം എന്നിവയാണ്. മാർച്ച് 2021 അനുസരിച്ച് മൊത്തം പ്രതിമാസ വിറ്റുവരവ് 28,702 കോടി രൂപയാണ്, 2020 മാർച്ചിൽ ഇതു 23,895 കോടി രൂപയായിരുന്നു.

2021 മാർച്ചിൽ കമ്പനിക്ക് ചിട്ടി സുരക്ഷാ നിക്ഷേപമായി 3,225 കോടി രൂപയുണ്ട്, 2020 മാർച്ചിൽ ഇത് 3,043 കോടി രൂപയായിരുന്നു.കെ എസ എഫ് ഇ യുടെ മറ്റു നിക്ഷേപങ്ങൾ 2020 മാർച്ചിൽ 2,122 കോടി രൂപയായിരുന്നത് 2021 മാർച്ചിൽ 4,662 കോടി രൂപയായി വർദ്ധിച്ചു. കിഫ്ബി ബോണ്ടിൽ 360.31 കോടി രൂപയും കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിൽ 670 കോടി രൂപയും കെ.എസ്.എഫ്.ഇ നിക്ഷേപിച്ചിട്ടുണ്ട്. 2020–21–ലെ കെ.എസ്.എഫ്.ഇ യുടെ ബിസിനസ് ഇടപാടുകൾ **പട്ടിക 1.4.4**–ൽ ഉള്ളടക്കം ചെയ്തിരിക്കുന്നു.

**കെ.എസ്.എഫ്.ഇ യുടെ 2020–21 വർഷത്തെ ബിസിനസ് ഇടപാടുകൾ**

| ക്രമ നമ്പർ | വിശദാംശങ്ങൾ | രൂപ (കോടിയിൽ) |
|---|---|---|
| 1 | ചിട്ടി (ഔട്ട്സ്റ്റാൻഡിങ് പ്രതിമാസ സലാ) | 2410 |
| 2 | വായ്പ (ഔട്ട്സ്റ്റാൻഡിങ്) | 8112 |
| 3 | നിക്ഷേപം (ഔട്ട്സ്റ്റാൻഡിങ്) | 18180 |
| 4 | 2021 മാർച്ച് 31 വരെയുള്ള മൊത്തം പ്രതിമാസ വിറ്റുവരവ് | 28702 |
| 5 | ചിട്ടി (വാർഷിക സലാ ) | 26470 |
| 6 | മൊത്തം വിറ്റുവരവ് | 52762 |

ഉറവിടം: കെഎസ്എഫ്ഇയിൽ നിന്നുള്ള റിപ്പോർട്ട്

**പട്ടിക 1.4.3** കേരളത്തിലെ സഹകരണ മേഖലയുടെ പ്രകടനം (രൂപ കോടിയിൽ)

| ക്രമ നമ്പർ | ഘടകം | മാർച്ച്2021 | | | സഹകരണ മേഖലയുടെ വിഹിതം (%) |
|---|---|---|---|---|---|
| | | സഹകരണ മേഖല | വാണിജ്യ ബാങ്കുകൾ + പ്രാദേശിക ഗ്രാമീണ ബാങ്കുകൾ + ചെറുകിട ധനകാര്യ സ്ഥാപനങ്ങൾ | ആകെ | |
| 1 | ശാഖകൾ | 999 | 6611 | 7610 | 13 |
| 2 | ആകെ നിക്ഷേപം | 71213 | 605914 | 677127 | 11 |
| 3 | ആകെ വായ്പകൾ | 50885 | 392669 | 443554 | 11 |
| 4 | ആകെ ബിസിനസ്സ് | 122098 | 998583 | 1120681 | 11 |
| 5 | മുൻഗണനാ മേഖലയ്ക്കുള്ള വായ്പ | 29779 | 190433 | 220212 | 14 |
| 6 | മുൻഗണനാ മേഖലയ്ക്കുള്ള വായ്പ(ശതമാനം) | 59% | 48% | 50% | .... |
| 7 | കാർഷിക വായ്പ | 8585 | 87091 | 95676 | 9 |
| 8 | കാർഷിക വായ്പ (ശതമാനം) | 17% | 22% | 22% | .... |
| 9 | എം.എസ്.എം.ഇ വായ്പകൾ | 2170 | 59971 | 62141 | 3 |
| 10 | എം.എസ്.എം.ഇ വായ്പകൾ (ശതമാനം) | 4% | 15% | 14% | ...... |
| 11 | വായ്പ നിക്ഷേപ അനുപാതം | 71.45 | 64.81% | 65.51% | ...... |

അവലംബം: സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി റിപ്പോർട്ട് മാർച്ച് 2021

### കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (കെഎഫ്സി)

1951–ലെ സ്റ്റേറ്റ് ഫിനാൻഷ്യൽ കോർപ്പറേഷൻ ആക്ട് അനുസരിച്ച് രൂപീകരിച്ച കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ഉൽപ്പാദന, സേവന മേഖലകളിലെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകിക്കൊണ്ട് സംസ്ഥാനത്തിന്റെ സാമ്പത്തിക, വ്യാവസായിക, സാമൂഹിക വികസനത്തിന് വളരെ വലിയ സംഭാവന ചെയ്യുന്നു.കെഎഫ്സിയുടെ അറ്റാദായത്തിൽ വൻ ഇടിവ് സംഭവിച്ചു, 2019–20–ൽ 18.4 കോടി രൂപയായിരുന്നത് 2020–2–ൽ 6.6 കോടി രൂപയായി കുറഞ്ഞു. ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിലേർപ്പെട്ടിരിക്കുന്ന യൂണിറ്റുകൾക്കും കോവിഡ്–19 ലഘൂകരിക്കുന്നതിൽ സേവനങ്ങൾ നൽകുന്ന യൂണിറ്റുകൾക്കും കോർപ്പറേഷൻ കോവിഡ് റിലീഫ് ലോണുകൾ നൽകി.കെഎഫ്സിയുടെ മറ്റൊരു വായ്പ പദ്ധതി നിലവിലുള്ള ഉപഭോക്താക്കൾക്ക് അധിക ജാമ്യമൊന്നുമില്ലാതെ ടോപ്പ് അപ്പ് വായ്പകൾ നൽകുന്നതാണ്. സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾക്കായി കെ എഫ് സി 50 ലക്ഷം രൂപ വരെ വായ്പ ധനസഹായം നൽകി.കെഎഫ്സിയെക്കുറിച്ചുള്ള കൂടുതൽ വിശദാംശങ്ങൾ ഈ അവലോകനത്തിന്റെ വ്യവസായ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1.5 സംസ്ഥാനത്തിന്റെ ധനസ്ഥിതി

കേരളത്തിന്റെ സമ്പദ് ഘടന സമാനതകളില്ലാത്ത ഒരു മാതൃകയാണ്. സംസ്ഥാനത്ത് ക്ഷേമവും ഭൗതിക പശ്ചാത്തല വികസനവും ഉറപ്പുവരുത്തുന്നതിന് ആവശ്യമായ വിഭവ സമാഹരണം ഒരു ഭാഗത്തും അവയുടെ യുക്തിസഹമായ വിതരണം മറുഭാഗത്തും നിർവ്വഹിക്കേണ്ട തായിട്ടുണ്ട്. 2016-ലെ നോട്ട് നിരോധനം, ചരക്കു സേവന നികുതി നടപ്പിലാക്കിയതിന്റെ പ്രശ്നങ്ങൾ, 2017-ലെ ഓഖി ചുഴലിക്കാറ്റ്, നിപ്പാ വൈറസിന്റെ വ്യാപനം, 2020-ലും 2021 ലും കൊറോണ വൈറസ് വ്യാപനത്തെ തുടർന്ന് പടർന്നുപിടിച്ച മഹാവ്യാധി എന്നിവ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്രോതസ്സുകളേയും സാമ്പത്തിക ഘടനയേയും പ്രതികൂലമായി ബാധിച്ചു. ഈ സാമ്പത്തിക അനിശ്ചിതത്വത്തിനും പ്രകൃതി ദുരന്തങ്ങൾക്കും ഇടയിലും ജനക്ഷേമം ഉറപ്പുവരുത്തുന്നതിനുള്ള എല്ലാ കരുതലുകളും വിവേകത്തോടെയുള്ള ധന വിനിയോഗവും സർക്കാർ കൈക്കൊണ്ടു. യഥാർത്ഥത്തിൽ ഈ അനിശ്ചിതാവസ്ഥ സർക്കാരിന്റെ സ്വാഭാവികമായ വരവുകളെ തടസ്സപ്പെടുത്തുകയും അപ്രതീക്ഷിത ചെലവുകൾ ഏറ്റെടുക്കേണ്ട ധാർമ്മിക ഉത്തരവാദിത്വത്തിലേക്ക് നയിക്കുകയും ചെയ്തു. മഹാമാരിയെ തുടർന്ന് സാമ്പത്തികരംഗത്ത് ഉണ്ടായ ശോഷണം ശമിപ്പിക്കുന്നതിനുള്ള കൈതാങ്ങുകൾ നൽകുന്നതിനും ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിനുമായി മുൻപ് സ്വീകരിച്ചിരുന്ന നടപടികൾക്ക് ഒരു താൽക്കാലിക വിരാമം നൽകേണ്ടതായി കൂടി വന്നു. സമൂഹത്തിലെ ഏറ്റവും ദുർബലരായ വിഭാഗത്തിന് അവശ്യസേവനങ്ങൾ, ഭക്ഷ്യവസ്തുക്കൾ, സാമ്പത്തിക സഹായം തുടങ്ങിയ ആശ്വാസകരമായ നടപടികൾ സർക്കാർ ഏറ്റെടുത്തു. കടുത്ത സാമ്പത്തിക ഞെരുക്കത്തിൽ സംസ്ഥാനം എല്ലാ ജനങ്ങൾക്കും സാർവ്വത്രികമായി ഏറ്റവും അവശ്യസേവനങ്ങൾ നൽകുകയുണ്ടായി. സാമ്പത്തിക രംഗത്തെ താങ്ങി നിർത്തുന്നതിനും ധനസ്ഥിതിയുടെ മുരടിപ്പ് ലഘൂകരിക്കുന്നതിനുമായി നിലവിലുള്ള സാമ്പത്തിക ഏകീകരണ ചട്ടക്കൂടിൽ തന്നെ തുടർന്നുകൊണ്ട് ധനസ്ഥിതി വീണ്ടെടുത്ത് പുരോഗതി കൈവരിക്കുന്നതിനുള്ള മുൻഗണനയാണ് ഇപ്പോൾ സർക്കാർ സ്വീകരിച്ചിട്ടുള്ളത്.

സംസ്ഥാന സർക്കാരിന്റെ നിയന്ത്രണങ്ങൾക്ക് അതീതമായ നിരവധി ഘടകങ്ങൾ സർക്കാരിന്റെ ധനസ്ഥിതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ചരക്ക് സേവന നികുതി നടപ്പിലാക്കിയതോടെ സംസ്ഥാനങ്ങൾക്ക് നികുതി വർദ്ധനവിനുള്ള ഇടപെടലുകൾക്ക് പരിമിതികളും നിയന്ത്രണങ്ങളും ഉണ്ടായി. ചരക്ക് സേവന നികുതിയുമായി ബന്ധപ്പെട്ട നഷ്ടപരിഹാര വിഹിതം സമയ ബന്ധിതമായി ലഭ്യമാക്കുന്നതും സംസ്ഥാനത്തിന്റെ ധനസ്ഥിതി കൂടുതൽ പരിതാപകരമാകാൻ കാരണമായി. മുൻ വർഷങ്ങളെ അപേക്ഷിച്ച് കേന്ദ്ര സഹായ പദ്ധതികൾക്ക് ലഭിച്ചുകൊണ്ടിരുന്ന വിഹിതത്തിലും ഗണ്യമായ കുറവുണ്ടായി. കൂടാതെ, കേരള സംസ്ഥാനത്തിന് അനുവദിച്ചു വരുന്ന കേന്ദ്ര വിഹിതത്തിലും തുടർച്ചയായി കുറവ് രേഖപ്പെടുത്തുന്നു. പതിനാലാം ധനകാര്യ കമ്മീഷൻ നിശ്ചയിച്ച സംസ്ഥാന വിഹിതമായ 2.5 ശതമാനത്തിൽ നിന്നും പതിനഞ്ചാം ധനകാര്യ കമ്മീഷൻ കാലഘട്ടത്തിൽ 1.925 ശതമാനമായി കുറച്ച നടപടി സംസ്ഥാന വരുമാനത്തിൽ ഗണ്യമായ കുറവ് വരുത്തി. കേന്ദ്ര സർക്കാർ വലിയതോതിൽ സെസ്സുകളും സർചാർജ്ജുകളും പിരിച്ചെടുക്കുന്നെങ്കിലും ഈ വരുമാനം സംസ്ഥാനങ്ങളുമായി പങ്കു വയ്ക്കുന്നതിന് ഭരണഘടനാപരമായി വ്യവസ്ഥയില്ല.

ഈ പ്രതിസന്ധികൾക്കിടയിലും ഉൽപാദനക്ഷമമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ഉതകുന്ന തരത്തിലുള്ള ഒരു നവീന സമ്പദ് വ്യവസ്ഥ കെട്ടിപ്പടുക്കുന്നതിനുള്ള നടപടികൾ ആണ് സർക്കാർ ലക്ഷ്യം വച്ചിട്ടുള്ളത്. ഐക്യരാഷ്ട്രസഭ നിശ്ചയിച്ചിട്ടുള്ള സുസ്ഥിര വികസന ലക്ഷ്യ സൂചകങ്ങളെ അടിസ്ഥാനമാക്കി നീതി ആയോഗ് കണക്കാക്കിയിട്ടുള്ള സുസ്ഥിര വികസന സൂചികയിൽ കേരളം തുടർച്ചയായി ഒന്നാം സ്ഥാനം നിലനിർത്തി വരുന്നു. വിദ്യാഭ്യാസം, ആരോഗ്യം എന്നീ സാമൂഹ്യ സേവന രംഗങ്ങളിൽ കേരളം ഏറ്റെടുത്ത് നടപ്പിലാക്കി വരുന്ന പദ്ധതികളുടെ മികവാണ് ഇതിന് കാരണം. സർക്കാർ മുൻഗണന നൽകി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്ന ഹരിത കേരളം, ലൈഫ്, ആർദ്രം, പൊതു വിദ്യാഭ്യാസ യജ്ഞം എന്നീ നാല് മിഷനുകൾ കേരള ജനതയുടെ ജീവിത നിലവാരത്തിൽ ഉണ്ടാക്കിയ മാറ്റങ്ങൾ എടുത്തു പറയേണ്ടത് തന്നെയാണ്.

സുസ്ഥിര വികസനം ഉറപ്പാക്കുന്നതിന് അടിസ്ഥാന സൗകര്യ രംഗത്ത് വൻതോതിലുള്ള നിക്ഷേപങ്ങൾ സർക്കാർ പ്രോത്സാഹിപ്പിക്കുന്നു. അടിസ്ഥാന സൗകര്യ രംഗത്ത് സർക്കാർ വിഭാവനം ചെയ്ത പ്രധാന പദ്ധതികൾ കണ്ണൂർ എയർ പോർട്ട്, ഗെയിൽ പൈപ്പ് ലൈൻ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം, കൊച്ചി വാട്ടർ മെട്രോ, കൊച്ചി മെട്രോയുടെ രണ്ടാം ഘട്ടം, കെ-ഫോൺ (കേരള ഫൈബർ ഒപ്റ്റിക്ക് നെറ്റ് വർക്ക്) തുടങ്ങിയവയാണ്. സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് ഉത്തേജനം നൽകുന്നതിനായി പൊതു ചെലവ് വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. ഇത്തരം പദ്ധതികൾക്കുള്ള വരുമാനം കണ്ടെത്തുന്നതിന് നികുതി/നികുതിയേതര വരുമാനത്തിലൂടെ ഫലപ്രദമായ വിഭവ സമാഹരണം കണ്ടെത്തുവാനുള്ള ശ്രമങ്ങൾ നടത്തി വരുന്നു.

2019-20-ലെ റവന്യൂ കമ്മി 1.76 ശതമാനം എന്ന നിലയിൽ നിന്നും 2020-21-ൽ 2.51 ശതമാനമായി. 2021-22-ലെ കണക്കനുസരിച്ച് റവന്യൂ കമ്മി 1.93 ശതമാനമാണെന്ന് കണക്കാക്കുന്നു. മൊത്തം സംസ്ഥാന ആഭ്യന്തര ഉല്പാദനം അടിസ്ഥാനമാക്കിയുള്ള ധനക്കമ്മി 2019-20 -ലെ 2.89 ശതമാനത്തിൽ നിന്നും 2020-21-ൽ 4.40 ശതമാനം ആയും 2021-22-ൽ 3.5 ശതമാനമായും വർദ്ധിച്ചതായി കണക്കാക്കുന്നു. ദേശീയ അന്തർദേശീയ തലത്തിൽ നിലവിലുള്ള സാമ്പത്തിക മാന്ദ്യവും പകർച്ച വ്യാധിയെ നേരിടാനുള്ള അനുബന്ധ ചെലവും കാരണം ഇപ്പോഴത്തെ സാമ്പത്തിക പ്രതിസന്ധി തുടരാൻ സാധ്യതയുണ്ട്. കൊറോണ വൈറസിന്റെ വകഭേദങ്ങളുടെ ആവിർഭാവവും മൂന്നാം തരംഗവും സാമ്പത്തിക രംഗത്ത്

പുതിയ പ്രതിസന്ധികൾ സൃഷ്ടിക്കുന്നു. 2011–12 മുതൽ 2021–22 വരെയുള്ള കമ്മി സൂചിക **പട്ടിക 1.5.1**–ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**വരുമാനം**

സംസ്ഥാനത്തിന്റെ വരവുകളെ റവന്യൂ വരുമാനം മൂലധന വരുമാനം എന്നിങ്ങനെ രണ്ടായി തരം തിരിക്കാം. സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം, നികുതിയേതര വരുമാനം, കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതം, കേന്ദ്ര ധനസഹായം എന്നിവ ഉൾപ്പെടുന്നതാണ് റവന്യൂ വരുമാനം. എന്നാൽ മൂലധന വരുമാനത്തിൽ വിവിധതരം വായ്പകളും, മുൻകൂറുകളും ആഭ്യന്തര സ്രോതസ്സുകളിൽ നിന്നുള്ള വായ്പാ വരുമാനം, കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പ, ഓഹരി വിൽപന/പൊതു സ്വത്ത് വിറ്റഴിക്കൽ തുടങ്ങിയവയിൽ നിന്നുള്ള വരുമാനം, പബ്ളിക് അക്കൗണ്ട്സിലെ തുക എന്നിവ ഉൾപ്പെടുന്നു.

**റവന്യൂ വരുമാനം**

സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം 2010–11–ൽ 30990.95 കോടി രൂപ ആയിരുന്നത് 2020–21–ൽ 97616.83 കോടി രൂപയായി വർദ്ധിച്ചു. ഈ കാലയളവിലെ ശരാശരി വാർഷിക വളർച്ചാ നിരക്ക് 12.16 ശതമാനം രേഖപ്പെടുത്തി. എന്നിരുന്നാലും സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ വളർച്ചാനിരക്ക് 2010–11–ലെ 18.71 ശതമാനത്തിൽ നിന്നും 2020–21 ൽ 8.19 ശതമാനമായി കുറഞ്ഞു. 2019–20 ൽ സംസ്ഥാന റവന്യൂ വരുമാനം മൊത്തം സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ 10.94 ശതമാനം എന്ന അനുപാതത്തിൽ നിന്നും 2020–21–ൽ 12.21 ശതമാനമായി വർദ്ധിച്ചു. സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം (–)5.3 ശതമാനവും നികുതിയേതര വരുമാനം (–)40 ശതമാനവും കുറവ് രേഖപ്പെടുത്തിയെങ്കിലും സംസ്ഥാനത്തിന്റെ ആകെ വരുമാനത്തിൽ 8.2 ശതമാനം വർദ്ധനവ് രേഖപ്പെടുത്തിയത് കേന്ദ്രം അനുവദിച്ച ചരക്ക് സേവന നികുതി നഷ്ടപരിഹാര വിഹിതം, ധനക്കമ്മി ഗ്രാന്റ് എന്നിവ മൂലമാണ്. 2020–21–ൽ സംസ്ഥാനത്തിന്റെ ആകെ റവന്യൂ വരുമാനത്തിൽ 7392.16 കോടി രൂപയുടെ വർദ്ധനവ് രേഖപ്പെടുത്തി.

സംസ്ഥാന റവന്യൂ വരുമാനത്തിന്റെ പ്രധാന ഉറവിടം സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനമാണ്. 2020–21–ൽ മൊത്തം റവന്യൂ വരുമാനത്തിൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 47660.84 കോടി രൂപയാണ് (48.82 ശതമാനം). സംസ്ഥാനത്തിന്റെ തനത് നികുതിയേതര വരുമാനം 7327.31 കോടി രൂപയാണ് (7.51 ശതമാനം). കേന്ദ്ര നികുതികളുടെയും ഗ്രാന്റുകളുടെയും വിഹിതം 42628.68 കോടി രൂപയാണ് (43.67 ശതമാനം). കേന്ദ്രം അനുവദിച്ച തുകയിൽ നികുതി വിഹിതം 11560.40 കോടി രൂപയും ഗ്രാന്റുകൾ, ധനസഹായം എന്നിവയുടെ വിഹിതം 31068.28 കോടി രൂപയും ആണ്. കേന്ദ്രത്തിൽ നിന്നും ലഭിച്ച പദ്ധതി വിഹിതത്തിൽ 18048.80 കോടി രൂപ ധനകാര്യ കമ്മീഷൻ അവാർഡ് ആണ്. വിവിധ സ്രോതസ്സുകളിൽ നിന്നുള്ള സംസ്ഥാന റവന്യൂ വരുമാനത്തിന്റെ വാർഷിക വളർച്ചയുടെ വിവരങ്ങൾ **ചിത്രം 1.5.1**–ൽ നൽകിയിരിക്കുന്നു. സംസ്ഥാന റവന്യൂ വരുമാനത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 1.5.1**–ലും നൽകിയിരിക്കുന്നു.


2013–14–ൽ മൊത്തം റവന്യൂ വരുമാനത്തിൽ കേന്ദ്ര സഹായം 23.6 ശതമാനമായിരുന്നു. 2014–15 ന ശേഷം ഈ വിഹിതത്തിൽ വർദ്ധനവുണ്ടായതിന് കാരണം കേന്ദ്രാവിഷ്കൃത പദ്ധതികളിലെ കേന്ദ്ര വിഹിതം പദ്ധതി നിർവ്വഹണ ഏജൻസികൾക്ക് നേരിട്ട് നൽകുന്നതിന് പകരം സംസ്ഥാന ബഡ്ജറ്റിലൂടെ

**പട്ടിക 1.5.1** 2011–12 മുതൽ 2021–22 വരെ യുള്ള മുഖ്യ കമ്മി സൂചകങ്ങൾ (രൂപ കോടിയിൽ)

| വർഷം | റവന്യൂ കമ്മി | | ധനകമ്മി | | പ്രാഥമിക ധനകമ്മി | |
|---|---|---|---|---|---|---|
| | തുക | ജി.എസ്.ഡി.പി യുടെ ശതമാനം | തുക | ജി.എസ്. ഡി.പി യുടെ ശതമാനം | തുക | ജി.എസ്. ഡി.പി യുടെ ശതമാനം |
| 2011–12 | 8034.26 | 2.21 | 12814.77 | 3.520 | 6521.17 | 1.79 |
| 2012–13 | 9351.45 | 2.27 | 15002.47 | 3.639 | 7797.66 | 1.89 |
| 2013–14 | 11308.6 | 2.43 | 16944.13 | 3.644 | 8678.74 | 1.87 |
| 2014–15 | 13796 | 2.69 | 18641.72 | 3.637 | 8872.13 | 1.73 |
| 2015–16 | 9656.81 | 1.73 | 17818.46 | 3.194 | 6707.61 | 1.20 |
| 2016–17 | 15484.59 | 2.44 | 26448.35 | 4.17 | 14331.85 | 2.26 |
| 2017–18 | 16928.21 | 2.41 | 26837.41 | 3.83 | 11717.48 | 1.67 |
| 2018–19 | 17461.92 | 2.22 | 26958.30 | 3.42 | 10210.39 | 1.30 |
| 2019–20 | 14495.25 | 1.76 | 23837.48 | 2.89 | 4622.78 | 0.56 |
| 2020–21 | 20063.5 | 2.51 | 35203.69 | 4.40 | 14228.33 | 1.78 |
| 2021–22 (ബി.ഇ) | 16910.12 | 1.93 | 30697.59 | 3.50 | 8757.39 | 1.00 |

അവലംബം:ധനകാര്യ വകുപ്പ്, കേരള സർക്കാർ

**ചിത്രം1.5.1** റവന്യൂ വരുമാനത്തിന്റെ വാർഷിക വളർച്ചയുടെ വിവരങ്ങൾ (ശതമാനത്തിൽ)





അവലംബം: ധനകാര്യ വകുപ്പ്, കേരള സർക്കാർ

വകയിരുത്തുന്ന രീതി നടപ്പിലാക്കിയതാണ്. 2020–21–ൽ കേന്ദ്രത്തിൽ നിന്നുള്ള വിഹിതം ഏറ്റവും ഉയർന്ന് 43.67 ശതമാനത്തിലെത്തി. ഇത് 2021–22–ൽ 34.21 ശതമാനമായി കുറയുമെന്ന് പ്രതീക്ഷിക്കുന്നു. കേരളവും മറ്റ് പല സംസ്ഥാനങ്ങളും 2022 ജൂണിനു ശേഷവും ചരക്ക് സേവന നികുതി നഷ്ടപരിഹാരം തുടരണമെന്ന് ആവശ്യപ്പെടുന്നുണ്ട്. കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ചു കൊണ്ടിരിക്കുന്ന റവന്യൂ കമ്മി ഗ്രാന്റ് 2023–24–ൽ അവസാനിക്കും. വിവിധ സ്രോതസ്സുകളിൽ നിന്നുള്ള സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം **ചിത്രം 1.5.2**–ൽ നൽകിയിരിക്കുന്നു.

### (i) സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം

സംസ്ഥാന തനത് നികുതി വരുമാനത്തിന്റെ മുഖ്യ സ്രോതസ് ചരക്ക് സേവന നികുതി, പെട്രോളിയം, മദ്യം എന്നിവയുടെ വില്പനനികുതി, സ്റ്റാമ്പ്ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ്, സംസ്ഥാന എക്സൈസ് ഡ്യൂട്ടി, വാഹന നികുതി, ഭൂനികുതി തുടങ്ങിയവയാണ്. 2013–14 ൽ സംസ്ഥാന തനത് നികുതി വരുമാനം ആകെ വരുമാനത്തിന്റെ 65.06 ശതമാനം ആയിരുന്നു. കോവിഡ്–19 ന്റെ പശ്ചാത്തലത്തിൽ ആഭ്യന്തരവും ബാഹ്യവുമായ പല ഘടകങ്ങളും കേരള സമ്പദ് വ്യവസ്ഥയെ ബാധിച്ചതിനാലാണ് 2020–21 കാലഘട്ടത്തിൽ സംസ്ഥാന തനത് നികുതി വരുമാനം ആകെ വരുമാനത്തിന്റെ 48.82 ശതമാനമായി കുറഞ്ഞത്. സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 1.5.2**–ൽ കാണിച്ചിരിക്കുന്നു.

**ചിത്രം 1.5.2** വിവിധ സ്രോതസ്സുകളിൽ നിന്നുള്ള സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം(ശതമാനത്തിൽ)




അവലംബം: ധനകാര്യ വകുപ്പ്, കേരള സർക്കാർ

2020–21–ൽ സംസ്ഥാന തനത് നികുതി വരുമാനം 47,660.84 കോടി രൂപ ആയിരുന്നു. ഇതിൽ മുഖ്യ ഭാഗവും സംസ്ഥാനത്തിന്റെ ചരക്ക് സേവന നികുതിയാണ്. 2020–21–ൽ ചരക്കുസേവന നികുതി വരുമാനം 20,028.31 കോടി രൂപയാണ്. ഇത് ആകെ നികുതി വരുമാനത്തിന്റെ 42.02 ശതമാനമാണ്. വില്പനനികുതി 37.11 ശതമാനം (17,689.17 കോടി രൂപ), 7.32 ശതമാനം സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും (3,489.59 കോടി രൂപ), 7.10 ശതമാനം വാഹനനികുതി (3,386.28 കോടി രൂപ), 4.89 ശതമാനം സംസ്ഥാന എക്സൈസ് ഡ്യൂട്ടി (2,329.22 കോടി രൂപ), 1.04 ശതമാനം ഭൂനികുതി (493.35 കോടി രൂപ) ആണ്. 2020–21–ലെ വിവിധ സ്രോതസ്സുകളിൽ നിന്നുള്ള നികുതി വരുമാനത്തിന്റെ വിശദാംശങ്ങൾ **ചിത്രം 1.5.3**–ൽ കാണിച്ചിരിക്കുന്നു.

### (ii) സംസ്ഥാനത്തിന്റെ തനത് നികുതിയേതര വരുമാനം

സംസ്ഥാന നികുതിയേതര വരുമാനത്തിന്റെ മുഖ്യ സ്രോതസ്സ് സംസ്ഥാന ഭാഗ്യക്കുറിയിൽ നിന്നുള്ള വരുമാനമാണ്. കൂടാതെ, പലിശ, ഡിവിഡന്റ്, വനവിഭവങ്ങളിൽ നിന്നുള്ള വരുമാനം, സാമൂഹ്യ സേവന മേഖലകളിൽ നിന്നും ലഭിക്കുന്ന ഫീസ്, പിഴ എന്നിവ കൂടി ഇതിൽ ഉൾപ്പെടുന്നു. 2020–21–ൽ സംസ്ഥാന നികുതിയേതര വരുമാനം 7327.31 കോടി രൂപ ആയിരുന്നു. 2019–20–ൽ ലഭിച്ച 12265.22 കോടി രൂപയുമായി താരതമ്യം ചെയ്യുമ്പോൾ 40.26 ശതമാനം കുറവ് രേഖപ്പെടുത്തി.

സംസ്ഥാന ഭാഗ്യക്കുറികളിൽ നിന്നും 2020–21 ൽ ലഭിച്ച വരുമാനം 4,873.01 കോടി രൂപയാണ്. 2019–20 നെ അപേക്ഷിച്ച് (9,973.66 കോടി രൂപ) 51.14 ശതമാനം കുറവാണുണ്ടായത്. സാമൂഹ്യ സേവന മേഖലകളിൽ നിന്നും 965.38 കോടി രൂപ, പലിശ ഇനത്തിൽ 246.64 കോടി രൂപ, വനവിഭവങ്ങളിൽ നിന്നുള്ള വരുമാനം 236.61 കോടി രൂപ മറ്റിനങ്ങളിൽ നിന്നും 1,005.67 കോടി രൂപയും ലഭ്യമാകുകയുണ്ടായി. സംസ്ഥാനത്തിന്റെ തനത് നികുതിയേതര വരുമാനത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 1.5.3**–ൽ കാണിച്ചിരിക്കുന്നു.


### (iii) കേന്ദ്ര വിഹിത കൈമാറ്റം

ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്യുന്ന നികുതി വിഹിതവും ഗ്രാന്റും കേന്ദ്ര ഗവൺമെന്റ് വിതരണം ചെയ്യുന്ന ഗ്രാന്റുമാണ് കേന്ദ്ര വിഹിത കൈമാറ്റത്തിന്റെ രണ്ട് മുഖ്യ ഘടകങ്ങൾ. ഭരണഘടനയുടെ ആർട്ടിക്കിൾ 280 പ്രകാരമാണ് സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി കൈമാറ്റം ധനകാര്യ കമ്മീഷൻ നിർണ്ണയിച്ചിരിക്കുന്നത്. ഭരണഘടനയുടെ ആർട്ടിക്കിൾ 275 പ്രകാരം റവന്യൂ കമ്മി കുറയ്ക്കുന്നതിന് സംസ്ഥാനങ്ങൾക്ക് ഗ്രാന്റ് ഇൻ എയ്ഡ് ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്യുന്നു. ഇതു കൂടാതെ പ്രത്യേക മേഖലകൾക്ക് ധനകാര്യ കമ്മീഷൻ പ്രത്യേക ഗ്രാന്റും അനുവദിക്കുന്നു. പതിനാലാം ധനകാര്യ കമ്മീഷൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ദുരന്തനിവാരണത്തിനും ഒഴികെ മറ്റ് പ്രത്യേക മേഖലകൾക്കൊന്നും ഗ്രാന്റ് അനുവദിച്ചില്ല. നികുതി കൈമാറ്റവും റവന്യൂ കമ്മി ഗ്രാന്റും ചേർന്നതാണ് കേന്ദ്ര വിഹിത കൈമാറ്റത്തിന്റെ മാറ്റം വരുത്താവുന്ന ഭാഗം. കേന്ദ്രാവിഷ്കൃത പദ്ധതികളിലെ കേന്ദ്ര വിഹിതം ഉൾപ്പെടെയുള്ള ഘടകങ്ങൾ ചെലവഴിക്കുമ്പോൾ അതിൽ മാറ്റം വരുത്താൻ സംസ്ഥാനങ്ങൾക്ക് സാധ്യമല്ല.

പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾ പ്രകാരം കേന്ദ്ര സർക്കാരിന്റെ മൊത്തം നികുതി വരുമാനത്തിൽ സംസ്ഥാനങ്ങളുടെ വിഹിതം 41 ശതമാനമാണ്. പങ്കിടൽ രീതിയിൽ പതിനാലാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ കേരളത്തിനുള്ള കേന്ദ്ര നികുതിയുടെ അറ്റവിഹിതം 2.5 ശതമാനമായിരുന്നു. നികുതി വിഭവങ്ങൾ തിരശ്ചീനമായി വിഭജിക്കാനുള്ള മാനദണ്ഡങ്ങളിൽ വന്ന മാറ്റങ്ങൾ നിമിത്തം കേരളത്തിന് ഒരു വർഷത്തേയ്ക്കുള്ള അറ്റനികുതി പതിനഞ്ചാമത് ധനകാര്യ കമ്മീഷൻ പ്രകാരം 1.925 ശതമാനമായി കുറഞ്ഞു. വിവിധ ധനകാര്യ കമ്മീഷനുകളെ അടിസ്ഥാനമാക്കിയുള്ള നികുതി വരുമാനത്തിന്റെ പങ്കുവയ്ക്കാൻ പറ്റുന്ന അറ്റ വിഹിതത്തിന്റെ പ്രവണത **ചിത്രം 1.5.4**–ൽ കാണിച്ചിരിക്കുന്നു.


കേന്ദ്ര നികുതികളിൽ ഓരോ സംസ്ഥാനത്തിന്റെയും വിഹിതം നിർണ്ണയിക്കാൻ 13, 14, 15 കമ്മീഷനുകൾ ഉപയോഗിച്ച മാനദണ്ഡങ്ങളും ഓരോ മാനദണ്ഡത്തിനും

**ചിത്രം 1.5.3** സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ വിശദാംശങ്ങൾ




അവലംബം: ധനകാര്യ വകുപ്പ്, കേരള സർക്കാർ

**ചിത്രം 1.5.4** വിവിധ ധനകാര്യ കമ്മീഷനുകളെ അടിസ്ഥാനമാക്കിയുള്ള നികുതി വരുമാനത്തിന്റെ പങ്കുവയ്ക്കാൻ പറ്റുന്ന അറ്റവിഹിതത്തിന്റെ പ്രവണത




ഉറവിടം : വിവിധ ധനകാര്യ കമ്മീഷനുകൾ, ഭാരത സർക്കാർ

നിശ്ചയിച്ചിട്ടുള്ള പ്രാമുഖ്യവും **പട്ടിക 1.5.2**–ൽ നൽകിയിരിക്കുന്നു.

2020–21–ൽ സംസ്ഥാനത്തേക്കുള്ള മൊത്തം കേന്ദ്ര വിഹിത കൈമാറ്റം 42,628.68 കോടി രൂപയാണ്, 2019–20–ൽ ഇത് 27,636.31 കോടി രൂപയായിരുന്നു. കേന്ദ്ര നികുതി വിഹിതമായി 2020–21–ൽ ലഭിച്ച തുക 11,560.40 കോടി രൂപയാണ്. ഇത് 2019–20 (16,401.05 കോടി രൂപ) മായി താരതമ്യം ചെയ്യുമ്പോൾ 29.51 ശതമാനത്തിന്റെ കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. ചരക്ക് സേവന നികുതി നടപ്പിലാക്കിയതിൽ ഉണ്ടായ നഷ്ടപരിഹാര തുകയായ 6,721.38 കോടി രൂപ ഉൾപ്പെടെ ഗ്രാന്റ് ഇൻ ഏയ്ഡായി 2020–21–ൽ കേന്ദ്രത്തിൽ നിന്നും സംസ്ഥാനത്തിന് ലഭിച്ച തുക 31,068.28 കോടി രൂപയാണ്. കേന്ദ്ര കൈമാറ്റത്തിന്റെ വിശദാംശങ്ങൾ **പട്ടിക 1.5.3**–ൽ ചേർത്തിരിക്കുന്നു.

## ചെലവ്

റവന്യൂ ചെലവ്, മൂലധന ചെലവ്, വായ്പാ തിരിച്ചടവിൽ ഉണ്ടാകുന്ന ചെലവ് എന്നിങ്ങനെ മൂന്ന് ഘടകങ്ങളാണ് സംസ്ഥാന ചെലവിൽ ഉൾപ്പെട്ടിരിക്കുന്നത്. 2010–11 മുതൽ 2020–21 വരെയുള്ള കാലഘട്ടത്തിനിടയിൽ പദ്ധതി, പദ്ധതിയേതര വിഭാഗത്തിലുള്ള മൊത്തം ചെലവ് 38,790.24 കോടി രൂപയിൽ നിന്നും 1,38,884.49 കോടി രൂപയായി വർദ്ധിച്ചു. സംയോജിത വാർഷിക വളർച്ചാ നിരക്ക് 13.60 ശതമാനമാണ്. 2020–21–ലെ ആകെ ചെലവായ 1,38,884.49 കോടി രൂപയിൽ 1,06,594.46 (76.75 ശതമാനം) കോടി രൂപ പദ്ധതിയേതര ചെലവും 32290.03 കോടി രൂപ (23.25 ശതമാനം) പദ്ധതി ചെലവുമാണ്. പദ്ധതി ചെലവുകൾക്ക് 2019–20–ലെതിനെ അപേക്ഷിച്ച് 4.73 ശതമാനത്തിന്റെ നേരിയ വർദ്ധനവുണ്ടായി.

## റവന്യൂ ചെലവുകൾ

വികസന ചെലവുകളും വികസനേതര ചെലവുകളുമാണ് റവന്യൂ ചെലവിൽ ഉൾപ്പെടുന്നത്. വിദ്യാഭ്യാസം, ആരോഗ്യം, കൃഷി, മൃഗസംരക്ഷണം, വ്യവസായം, തൊഴിലും തൊഴിലവസരങ്ങളും എന്നിവയിലുണ്ടായ ചെലവുകളാണ് വികസന ചെലവുകൾ. പലിശ അടവ്, പെൻഷൻ വിതരണം, കടബാധ്യതകൾ, ഭരണപരമായ സേവനങ്ങൾ, മറ്റുള്ളവ എന്നിവയാണ് വികസനേതര

**പട്ടിക 1.5.2** 13, 14, 15 ധനകാര്യ കമ്മീഷൻ റിപ്പോർട്ടുകളിൽ കേന്ദ്രം സംസ്ഥാനങ്ങൾക്ക് നികുതി വിഭവങ്ങൾ തിരശ്ചീനമായി വിഭജിക്കാനുള്ള മാനദണ്ഡം (ശതമാനത്തിൽ)

| മാനദണ്ഡം | പതിമൂന്നാം ധനകാര്യ കമ്മീഷൻ | പതിനാലാം ധനകാര്യ കമ്മീഷൻ | പതിനഞ്ചാം ധനകാര്യ കമ്മീഷൻ |
|---|---|---|---|
| ജനസംഖ്യ (1971) | 25 | 17.5 | – |
| ജനസംഖ്യ (2011) | – | 10 | 15 |
| വരുമാന വ്യത്യാസം | 47.5 | 50 | 45 |
| മേഖല | 10 | 15 | 15 |
| വനമേഖല | – | 7.5 | – |
| വനവും പരിസ്ഥിതിയും | – | – | 10 |
| ജനസംഖ്യാപരമായ മാറ്റം | – | – | 12.5 |
| നികുതിയും സാമ്പത്തിക പരിശ്രമവും | – | – | 2.5 |
| ധനപരമായ അച്ചടക്കം | 17.5 | – | – |

ഉറവിടം: വിവിധ ധനകാര്യ കമ്മീഷനുകൾ, ഭാരത സർക്കാർ

**പട്ടിക 1.5.3** കേന്ദ്ര വിഹിതത്തിന്റെ കൈമാറ്റം (രൂപകോടിയിൽ)

| വർഷം | കേന്ദ്ര നികുതിയിലും ചുങ്കത്തിലുമുള്ള വിഹിതം | | പദ്ധതി പദ്ധതിയേതര ഇനത്തിൽ കേന്ദ്രത്തിൽ നിന്നും ലഭിച്ച ധനസഹായം | | ആകെ കൈമാറ്റം | |
|---|---|---|---|---|---|---|
| | തുക | വാർഷിക വളർച്ചാ നിരക്ക് (ശതമാനം) | തുക | വാർഷിക വളർച്ചാ നിരക്ക് (ശതമാനം) | തുക | വാർഷിക വളർച്ചാ നിരക്ക് (ശതമാനം) |
| 2012–13 | 6840.65 | 14.19 | 3021.53 | –18.54 | 9862.18 | 1.68 |
| 2013–14 | 7468.68 | 9.18 | 4138.21 | 36.96 | 11606.9 | 17.69 |
| 2014–15 | 7926.29 | 6.13 | 7507.99 | 81.43 | 15434.3 | 32.98 |
| 2015–16 | 12690.7 | 60.11 | 8921.35 | 18.82 | 21612 | 40.03 |
| 2016–17 | 15225 | 19.97 | 8510.35 | –4.61 | 23735.4 | 9.82 |
| 2017–18 | 16833.1 | 10.56 | 8527.84 | 0.21 | 25360.9 | 6.85 |
| 2018–19 | 19038.2 | 13.10 | 11389 | 33.55 | 30427.1 | 19.98 |
| 2019–20 | 16401.1 | –13.85 | 11235.3 | –1.35 | 27636.3 | –9.17 |
| 2021–22 | 11560.4 | –29.51 | 31068.28 | 176.52 | 42628.68 | 54.25 |

ഉറവിടം: ധനകാര്യ വകുപ്പ്, കേരള സർക്കാർ

ചെലവുകളിൽ ഉൾപ്പെട്ടിരിക്കുന്നത്. റവന്യൂ ചെലവുകളുടെ വിശദാംശങ്ങൾ **പട്ടിക 1.5.4**–ൽ ചേർത്തിരിക്കുന്നു. 2006–07 മുതൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ധന സഹായം "ഗ്രാന്റ് ഇൻ എയ്ഡും സംഭാവനകളും" എന്ന പട്ടികയിലാണ് ഉൾപ്പെടുത്തിവരുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന വികസന ചെലവും ഈ ഇനത്തിൽ കണക്കാക്കുന്നു. പൂർത്തിയായ പദ്ധതികളുടെ പ്രവർത്തന സംരക്ഷണ ചെലവുകളും റവന്യൂ ചെലവിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. സർവകലാശാലകളിലെയും സംസ്ഥാന സ്വയംഭരണ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ ശമ്പളവും പെൻഷൻ ബാധ്യതകളും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ ബാധ്യതകളും നിറവേറ്റുന്നതിനായി സംസ്ഥാനം നൽകുന്ന ഗ്രാന്റുകൾ

**പട്ടിക 1.5.4** റവന്യൂ ചെലവിലെ പ്രവണത (രൂപ കോടിയിൽ)

| | ആകെ റവന്യൂ ചെലവ് | | വികസന ചെലവ് | | വികസനേതര ചെലവ് | |
|---|---|---|---|---|---|---|
| | തുക | വാർഷിക വളർച്ചാ നിരക്ക് ശതമാനം | തുക | ആകെ റവന്യൂ ചെലവിന്റെ ശതമാനം | തുക | ആകെ റവന്യൂ ചെലവിന്റെ ശതമാനം |
| 2008–09 | 28223.85 | 13.39 | 15154.3 | 53.69 | 13069.6 | 46.31 |
| 2009–10 | 31132.38 | 10.31 | 16908.6 | 54.31 | 14223.8 | 45.69 |
| 2010–11 | 34664.81 | 11.35 | 18918.6 | 54.58 | 15746.2 | 45.42 |
| 2011–12 | 46044.62 | 32.83 | 25069.8 | 54.45 | 20974.8 | 45.55 |
| 2012–13 | 53488.74 | 16.17 | 29889.0 | 55.88 | 23599.7 | 44.12 |
| 2013–14 | 60485.50 | 13.08 | 32921.1 | 54.43 | 27564.4 | 45.57 |
| 2014–15 | 71746.43 | 18.62 | 39182.2 | 54.61 | 32564.2 | 45.39 |
| 2015–16 | 78689.47 | 9.68 | 41762.7 | 53.07 | 36926.8 | 46.93 |
| 2016–17 | 91096.31 | 15.77 | 48602.6 | 53.35 | 42493.7 | 46.65 |
| 2017–18 | 99948.35 | 9.72 | 52979.5 | 53.01 | 46968.8 | 46.99 |
| 2018–19 | 110316.39 | 10.37 | 56788.0 | 51.48 | 53528.4 | 48.52 |
| 2019–20 | 104719.92 | –5.07 | 47550.2 | 45.41 | 57169.7 | 54.59 |
| 2020–21 | 123446.33 | 17.88 | 71224.0 | 57.70 | 52222.3 | 42.30 |
| 2021–22 | 147891.18 | 19.80 | 79378.3 | 53.67 | 68512.9 | 46.33 |

2006-07 മുതൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള സഹായം സർക്കാരിൽ നിന്നുള്ള ധനസഹായം എന്നും സംഭാവന എന്നും തരം തിരിച്ചിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള വികസന ചെലവും കണക്കാക്കപ്പെടുന്നു.

റവന്യൂചെലവായാണ് കണക്കാക്കുന്നത്. ഇത്തരത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാകുന്ന വരുമാനത്തിന്റെ പ്രധാന ഭാഗം പ്രാദേശിക സർക്കാർ തലത്തിൽ മൂലധന ആസ്തികൾ സൃഷ്ടിക്കുന്നതിനാണ് ഉപയോഗിക്കുന്നത്.

2019-20-ൽ 1,04,719.92 കോടി രൂപയായിരുന്ന മൊത്തം റവന്യൂ ചെലവ് 2020-21-ൽ 1,23,446.33 കോടി രൂപയായി വർദ്ധിച്ചു. 2020-21-ലെ മൊത്തം റവന്യൂ ചെലവിൽ 17,939.54 കോടി രൂപ വികസന ചെലവും 1,05,506.79 കോടി രൂപ വികസനേതര ചെലവുമാണ്. റവന്യൂ ചെലവും മൊത്തം ആഭ്യന്തര ഉൽപാദനവുമായുള്ള അനുപാതം കണക്കിലെടുക്കുമ്പോൾ 2019-20-ൽ 12.70 ശതമാനമായിരുന്നത് 2020-21-ൽ 15.43 ശതമാനമായി വർദ്ധിച്ചു.

2020-21 കാലയളവിൽ മുൻവർഷവുമായി താരതമ്യംചെയ്യുമ്പോൾ ബാധ്യതപ്പെട്ട ചെലവ് വർദ്ധിച്ചിട്ടുള്ളതായി കാണാം. മൊത്തം റവന്യൂ ചെലവിന്റെ 69.13 ശതമാനവും ബാധ്യതപ്പെട്ട ചെലവുകളായ പെൻഷൻ, ശമ്പളം, പലിശ തിരിച്ചടവ്, സബ്സിഡികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വികസന ചെലവുകൾ എന്നിവയാണ്. 2019-20-ൽ മൊത്തം റവന്യൂ ചെലവിന്റെ 30.25 ശതമാനം ശമ്പള ഇനത്തിലായിരുന്നത് 2020-21-ൽ 22.46 ശതമാനമായി കുറഞ്ഞു. പെൻഷൻ ചെലവ് 2019-20-ൽ 18.21 ശതമാനമായിരുന്നത് 2020-21 ൽ 15.35 ശതമാനമായി കുറഞ്ഞു. 2019-20-ൽ പലിശയിനത്തിലുണ്ടായ ചെലവ് 18.35 ശതമാനവും 2020-21-ൽ 16.84 ശതമാനവുമാണ്. റവന്യൂ ചെലവുകളുടെ വിശദാംശങ്ങൾ **അനുബന്ധം 1.5.4**-ലും **അനുബന്ധം 1.5.5**-ലും കാണിച്ചിരിക്കുന്നു.

## മൂലധന ചെലവ്

മാനവ ശേഷി വികസനത്തിനുള്ള ചെലവ് സംസ്ഥാനത്തിന്റെ ആകെ ചെലവിന്റെ ഭൂരിഭാഗം വരുന്ന റവന്യൂ ചെലവിനത്തിൽ വർഗ്ഗീകരിക്കുന്നതിനാൽ മൂലധന ചെലവിന്റെ വിഹിതം എല്ലായിപ്പോഴും കുറവായി കണക്കാക്കുന്നു. ഭാവിയിലേക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക എന്ന ചുമതല സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാണ്. സംസ്ഥാന സമ്പദ് വ്യവസ്ഥയുടെ സുസ്ഥിര വികസനം ഉറപ്പുവരുത്തുന്നതിനും മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി നവീനമായ ഒരു ധനവിനിമയരീതി തന്നെ സർക്കാർ ഇതിനകം ഏറ്റെടുത്തിട്ടുണ്ട്. മൂലധന പദ്ധതികളിൽ ദീർഘകാല നിക്ഷേപം ആകർഷിക്കുന്നതിൽ സർക്കാർ ആരംഭിച്ച ബദൽ വികസന മാതൃക ഇതിനകം തന്നെ നല്ല സൂചനകൾ നൽകി തുടങ്ങിയിട്ടുണ്ട്. മൂലധന ചെലവിന്റെയും മൊത്തം ചെലവുകളുടേയും വിശദാംശങ്ങൾ **അനുബന്ധം 1.5.6**-ലും മൂലധന ചെലവിന്റെ പ്രവണത **അനുബന്ധം 1.5.7**-ലും നൽകിയിരിക്കുന്നു.

കഴിഞ്ഞ ഏതാനും വർഷങ്ങളായി വിവിധ മേഖലകളിലെ മൂലധന പദ്ധതികളിൽ സർക്കാർ വിഹിതം കൂടി വരുന്നതായി കാണാം. സംസ്ഥാനത്തിന്റെ മൂലധന വിഹിതം 2019-20-ൽ 8,454.80 കോടി രൂപയായിരുന്നത്, 2020-21-ൽ 12,889.65 കോടി രൂപയായി വർദ്ധിച്ചു. മൂലധന വിഹിതവും മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപാദനവും തമ്മിലുള്ള അനുപാതം 2019-20-ൽ 1.03 ശതമാനമായിരുന്നത് 2020-21-ൽ 1.61 ശതമാനമായി വർദ്ധിച്ചു. 2020-21-ൽ മൂലധന വിഹിതത്തിലെ 22.35 ശതമാനം പൊതുമരാമത്ത് പ്രവൃത്തികൾക്കും 3.77 ശതമാനം വ്യവസായങ്ങൾക്കും തൊഴിൽ മേഖലയ്ക്കും 3.61 ശതമാനം കൃഷിക്കും അനുബന്ധ മേഖലകൾക്കും 2.34 ശതമാനം ജലസേചനത്തിനും വകയിരുത്തി. വിവിധ വർഷങ്ങളിൽ വകയിരുത്തിയ മൂലധന വിഹിതത്തിന്റെ കണക്കുകൾ **പട്ടിക 1.5.5**-ൽ കൊടുത്തിരിക്കുന്നു.

## കടബാധ്യത

ആഭ്യന്തര കടം, കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന വായ്പകളും മുൻകൂർ തുകകളും ചെറുകിട സമ്പാദ്യ പദ്ധതികൾ, പ്രോവിഡന്റ് ഫണ്ട് നിക്ഷേപം തുടങ്ങിയ അക്കൗണ്ടുകളുമായി ബന്ധപ്പെട്ട് ബാധ്യതകളും ഉൾപ്പെടുന്നതാണ് സംസ്ഥാനത്തിന്റെ കടം. കഴിഞ്ഞ 5 വർഷമായി സംസ്ഥാനത്തിന്റെ ധനകാര്യ കമ്മിയിൽ

**പട്ടിക 1.5.5** മൂലധന വിഹിതത്തിന്റെ പ്രവണത (തുക കോടിയിൽ)

| വർഷം | ജലസേചനം | കൃഷിയും അനുബന്ധ മേഖലകളും | വ്യവസായം, തൊഴിൽ, തൊഴിൽ സാധ്യതകൾ | പൊതു മരാമത്ത് | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|
| 2012-13 | 340.6 | 192.11 | 273.95 | 2142.92 | 1653.71 | 4603.29 |
| 2013-14 | 342.39 | 210.62 | 342.24 | 1549.43 | 1849.65 | 4294.33 |
| 2014-15 | 270.24 | 355.9 | 260.22 | 1578.94 | 1789.29 | 4254.59 |
| 2015-16 | 526.23 | 473.08 | 334.94 | 2924.26 | 3241.53 | 7500.04 |
| 2016-17 | 674.83 | 555.62 | 516.79 | 3001.88 | 5376.83 | 10125.95 |
| 2017-18 | 544.4877 | 629.83 | 548.06 | 2595.57 | 4430.92 | 8748.87 |
| 2018-19 | 271.777 | 543.95 | 276.74 | 2000.48 | 4337.58 | 7430.54 |
| 2019-20 | 282.83 | 340.37 | 254.01 | 2435.51 | 5142.08 | 8454.8 |
| 2020-21 | 302.14 | 464.87 | 486.1 | 2881.18 | 8755.36 | 12889.65 |
| 2021-22 | 532.09 | 444.95 | 718.37 | 1784.71 | 9116.15 | 12596.27 |

ഉറവിടം: ധനകാര്യ വകുപ്പ്, കേരള സർക്കാർ

കുറവ് വരുത്തുന്നതിന് പ്രധാനമായും ആശ്രയിക്കുന്നത് വിപണിയിൽ നിന്നുള്ള കടമെടുപ്പ്, ചെറുകിട സമ്പാദ്യ പദ്ധതികൾ, പ്രോവിഡന്റ് ഫണ്ട് നിക്ഷേപത്തിൽ നിന്നുള്ള നീക്കിയിരുപ്പ് എന്നിവയായിരുന്നു.

2020–21–ൽ സംസ്ഥാനത്തിന്റെ കടബാധ്യത 296900.85 കോടി രൂപയാണ്. കടത്തിന്റെ വാർഷിക വളർച്ചാ നിരക്ക് 2019–20 ൽ 10.47 ശതമാനം ആയിരുന്നത് 2020–21–ൽ 14.06 ശതമാനമായി വർദ്ധിച്ചു. കടവും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപാദനവും തമ്മിലുള്ള അനുപാതം 2019–20 ൽ 31.58 ശതമാനമായിരുന്നു. 2020–21–ൽ ഇത് 37.13 ശതമാനമാണ്. റവന്യൂ വരവിലെ അപ്രതീക്ഷിതമായ ഇടിവും റവന്യൂ ചെലവിലെ വർദ്ധനവും മൂലം സംസ്ഥാനത്തിന് കേന്ദ്ര സർക്കാർ അനുവദിച്ച അധിക കടമെടുപ്പ് പ്രയോജനപ്പെടുത്തിയതാണ് ഈ വർദ്ധനവിന് കാരണം. റവന്യൂ വരുമാനത്തെ അടിസ്ഥാനമാക്കി കടബാധ്യതയുടെ അനുപാതം 2019–20–ലെ 288.51 ശതമാനമായിരുന്നത് നേരിയ വർദ്ധനവ് രേഖപ്പെടുത്തി 2020–21–ൽ 310.06 ശതമാനമായി.

2020–21 വർഷത്തിൽ സംസ്ഥാനത്തിന്റെ മൊത്തം കടബാധ്യതയിൽ 62.93 ശതമാനം ആഭ്യന്തര കടമാണ്. 2019–20–ൽ 1,65,960.03 കോടി രൂപയായിരുന്ന ആഭ്യന്തര കടം 2020–21–ൽ 1,90,474.09 കോടി രൂപയായി വർദ്ധിച്ചു. ആഭ്യന്തര കടത്തിന്റെ വർദ്ധനവ് 2020–21–ൽ 14.77 ശതമാനമാണ്. ചെറുകിട നിക്ഷേപ പദ്ധതികൾ, പ്രോവിഡന്റ് ഫണ്ട് എന്നിവയിലെ ബാധ്യത ആകെ ബാധ്യതയുടെ 32.12 ശതമാനമാണ്. 2019–20–ൽ 85,671.17 കോടി രൂപയായിരുന്ന ചെറുകിട നിക്ഷേപ പദ്ധതികൾ, പ്രോവിഡന്റ് ഫണ്ട് എന്നിവയിലെ ബാധ്യത, 2020–21–ൽ 97,219.13 കോടി രൂപയായി വർദ്ധിച്ചു. കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പയുടേയും മുൻകൂർ തുകയുടേയും ബാധ്യത 2020–21–ൽ 9,207.64 കോടി രൂപയാണ്. 2020–21 വർഷത്തെ മൊത്തം കടവും നീക്കിയിരുപ്പ് കടവും യഥാക്രമം 42,355.47 കോടി രൂപയും 21,551.68 കോടി രൂപയുമാണ്.

സമ്പദ് വ്യവസ്ഥ കടുത്ത സാമ്പത്തിക മാന്ദ്യത്തിലായിരിക്കുമ്പോൾ ഉയർന്ന കമ്മി അനിവാര്യമാണ്. മാനുഷികവും സാമ്പത്തികവുമായ പ്രതിസന്ധികളോടുള്ള പ്രതികരണത്തിൽ സംസ്ഥാനം ഒരു മാറ്റവും വരുത്തുന്നില്ല. മുൻ വർഷങ്ങളിൽ സമ്പദ് വ്യവസ്ഥക്ക് അകത്തുനിന്നും പുറത്തുനിന്നും ഉണ്ടായ തടസ്സങ്ങളിൽ നിന്നും മോചനം നേടി പുനർ നിർമ്മാണ പ്രക്രിയയ്ക്ക് ആക്കം കൂട്ടുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. എഫ്.ആർ.ബി.എം ആക്ട് നിഷ്കർഷിച്ചിരിക്കുന്ന രീതിയിലുള്ള ധനവിനിയോഗ മാനദണ്ഡങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് കുറഞ്ഞ കാലയളവിനുള്ളിൽ തന്നെ അത് സാദ്ധ്യമാക്കുക എന്നത് അത്ര എളുപ്പമല്ല. എന്നിരുന്നാലും, സംസ്ഥാനത്തിന്റെ വികസനച്ചെലവുകൾ തടസ്സപ്പെടുത്താതെ നിലവിലുള്ള സാമ്പത്തിക മാന്ദ്യത്തെ ചെറുക്കുകയെന്ന ലക്ഷ്യത്തോടെ പരമാവധി വിഭവങ്ങൾ സമാഹരിക്കാനുള്ള തന്ത്രപരമായ ശ്രമം ഏറ്റെടുക്കാൻ സംസ്ഥാനം ബാധ്യസ്ഥമാണ്.

# 1.6 വാർഷിക പദ്ധതി 2021-22

സർക്കാരിന്റെ വികസന സമീപനത്തെയും, വികസന കാഴ്ചപ്പാട് നേടിയെടുക്കുന്നതിന് വിഭവങ്ങളെ മുൻഗണനാടിസ്ഥാനത്തിൽ വകയിരുത്തുന്നതിനും ആസൂത്രണം ലക്ഷ്യമിടുന്നു. സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വാർഷിക പദ്ധതികളും പഞ്ചവത്സര പദ്ധതികളും അവിഭാജ്യമായ ഒരു ഘടകമാണ്. കേന്ദ്ര സർക്കാരും ഭൂരിഭാഗം ഇന്ത്യൻ സംസ്ഥാനങ്ങളും പഞ്ചവത്സര പദ്ധതി രൂപീകരണം അവസാനിപ്പിച്ചുവെങ്കിലും കേരള സർക്കാർ പഞ്ചവത്സര പദ്ധതികളും വാർഷികപദ്ധതി കളും തയ്യാറാക്കി മുന്നോട്ട് പോകുകയാണ്.

**വാർഷിക പദ്ധതി 2021–22**

സംസ്ഥാനത്തിന്റെ പഞ്ചവത്സരപദ്ധതി രൂപീകരണത്തിലും വാർഷിക പദ്ധതി രൂപീകരണത്തിലും കേരള സംസ്ഥാന ആസൂത്രണ ബോർഡ് ഒരു സുപ്രധാന പങ്ക് വഹിക്കുന്നു. വാർഷിക പദ്ധതി 2021–22, പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ അവസാനവർഷമാണ്. കോവിഡ്–19 മഹാമാരിയും അതിന്റെ തുടർച്ചയായ അടച്ചുപൂട്ടലുകളും മറ്റു നിയന്ത്രണങ്ങളും സംസ്ഥാന സമ്പദ്‌വ്യവസ്ഥയിൽ അതിരൂക്ഷമായി വ്യാപിച്ചിരുന്ന സമയത്താണ് 2021–22 വാർഷിക പദ്ധതി രൂപീകരണം നടന്നത്.

**പട്ടിക 1.6.1** വാർഷിക പദ്ധതികളുടെ വിഹിതം മേഖലതിരിച്ചുള്ള താരതമ്യ വിഹിതം, രൂപ കോടിയിൽ, 2020–21, 2021–22

| ക്രമ നം | | 2020–21 | | | 2021–22 | | | വർദ്ധനവ്/ കുറവ് % |
|---|---|---|---|---|---|---|---|---|
| | | സംസ്ഥാന വിഹിതം | കേന്ദ്ര സഹായം | ആകെ വിഹിതം | സംസ്ഥാന വിഹിതം | കേന്ദ്ര സഹായം | ആകെ വിഹിതം | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| I | കൃഷിയും അനുബന്ധ സേവനങ്ങളും | 1463.77 | 242.08 | 1705.85 | 1528.42 | 287.38 | 1815.80 | 6.45 |
| II | ഗ്രാമ വികസനം | 1598.50 | 4146.37 | 5744.87 | 1607.72 | 4358.69 | 5966.41 | 3.86 |
| III | പ്രാദേശിക വികസനത്തിനുള്ള പ്രത്യേക പരിപാടി | 243.24 | 12.00 | 255.24 | 245.67 | 12.00 | 257.67 | 0.95 |
| IV | ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണവും | 461.51 | 177.57 | 639.58 | 469.69 | 59.00 | 528.69 | -17.34 |
| V | ഊർജ്ജം | 1764.57 | 0.00 | 1764.57 | 1150.11 | 0.00 | 1150.11 | -34.82 |
| VI | വ്യവസായവും, ധാതുക്കളും | 859.70 | 0.00 | 859.70 | 1059.70 | 6.75 | 1066.45 | 24.05 |
| VII | ഗതാഗതം | 1703.63 | 0.00 | 1703.63 | 1444.25 | 0.00 | 1444.25 | -15.23 |
| VIII | ശാസ്ത്ര സാങ്കേതിക വിദ്യയും പരിസ്ഥിതിയും | 924.84 | 117.98 | 1042.82 | 954.44 | 55.30 | 1009.74 | -3.17 |
| IX | പൊതു സാമ്പത്തിക സേവനങ്ങൾ | 1828.38 | 85.29 | 1913.67 | 1343.38 | 94.38 | 1437.76 | -24.87 |
| X | സാമൂഹ്യ സേവനം | 8522.82 | 4359.04 | 12881.86 | 8615.58 | 4523.41 | 13138.99 | 2.00 |
| XI | പൊതുസേവനങ്ങൾ | 81.04 | 36.00 | 117.04 | 81.04 | 36.00 | 117.04 | 0.00 |
| | ആകെ (I–XI ) | 19452.00 | 9176.33 | 28628.33 | 18500.00 | 9432.91 | 27932.91 | -2.43 |
| XII | എൽ.എസ്.ജി.ഡി | 7158.00 | 0.00 | 7158.00 | 7280.00 | 0.00 | 7280.00 | 1.70 |
| XIII | ആർ.കെ .ഐ | 1000.00 | 0.00 | 1000.00 | 1830.00 | 0.00 | 1830.00 | 83.00 |
| | ആകെ | 27610.00 | 9176.33 | 36786.33 | 27610.00 | 9432.91 | 37042.91 | 0.70 |

അവലംബം: പ്ലാൻസ്പെയ്സ് ,സംസ്ഥാന ആസൂത്രണ ബോർഡ്

വിഭവപരിമിതികളുടെ വെല്ലുവിളികൾക്കിടയിലും ആവശ്യങ്ങൾ നിറവേറ്റാനുള്ള പ്രതിബദ്ധത മൂലം സംസ്ഥാന സർക്കാർ 2021–22 വർഷത്തേക്കുള്ള വാർഷിക പദ്ധതി വിഹിതം 2020–21–ന് തുല്യമായി തന്നെ നിലനിർത്തി. കോവിഡ്–19 മഹാമാരി സൃഷ്ടിച്ച പ്രതിസന്ധി മറികടക്കുന്നതിനും സമ്പദ്‌വ്യവസ്ഥയിൽ സുസ്ഥിരമായ ജീവനോപാധികൾ പ്രോത്സാഹിപ്പിക്കുന്നതിനും 2021–22 വാർഷിക പദ്ധതി ഊന്നൽ നൽകി. കാർഷിക ഉത്പാദനം കൂട്ടുന്നതിനും, കർഷകർക്ക് മതിയായ വരുമാനം ഉറപ്പാക്കുന്നതിനും വ്യവസായ ഉല്പാദന മേഖലയിൽ പ്രത്യേകിച്ചും സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഇവയിലൂടെ സമ്പദ്‌വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കാനും പദ്ധതി ഊന്നൽ നൽകി.

2021–22 വാർഷിക പദ്ധതിയുടെ മൊത്തം അടങ്കൽ 37,042.91 കോടി രൂപയാണ്. ഇതിൽ 27,610 കോടി രൂപയുടെ സംസ്ഥാന പദ്ധതിയും 9,432.91 കോടി രൂപയുടെ കേന്ദ്ര സഹായവും ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി പദ്ധതി വിഹിതം വിഭജനം ചെയ്യുന്നത് സംസ്ഥാന പദ്ധതിയുടെ ഒരു സുപ്രധാന സവിശേഷതയാണ്. സംസ്ഥാന പദ്ധതിയുടെ മൊത്തം വിഹിതമായ 27,610 കോടി രൂപയിൽ 7,280 കോടി രൂപ (സംസ്ഥാന പദ്ധതിയുടെ 26 ശതമാനം) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും, ബാക്കി 20,330 കോടി രൂപ സംസ്ഥാന സർക്കാരിന്റെ പദ്ധതികൾക്കായും നീക്കിവച്ചിട്ടുണ്ട്. അതുപോലെ പട്ടികജാതി ഉപപദ്ധതിയ്ക്കായി (എസ്.സി.എസ്.പി) 2,708.54 കോടി രൂപയും പട്ടിക വർഗ്ഗ ഉപ പദ്ധതിയ്ക്കായി 781.36 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്. കൂടാതെ 4,025.40 കോടി രൂപ പ്രത്യേകമായി പെൺകുട്ടികൾക്കും സ്ത്രീകൾക്കും മാത്രമായാണ് നീക്കിവച്ചിരിക്കുന്നത്. ഇതിൽ 5.00 കോടി രൂപ ട്രാൻസ് ജെൻഡർ വിഭാഗത്തിനായി മാറ്റി വച്ചിട്ടുണ്ട്. 2021–22–ൽ കുട്ടികളുടെ ക്ഷേമത്തിനായി 1,896.35 കോടി രൂപയാണ് ഉദ്ദേശിച്ചിട്ടുള്ളത്. 2020–21, 2021–22 വർഷങ്ങളിലെ വാർഷിക പദ്ധതികളുടെ വിഹിതം **പട്ടിക 1.6.1**–ൽ നൽകിയിട്ടുണ്ട്.

### പതിമൂന്നാം പഞ്ചവത്സര പദ്ധതി

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ (2017–22) മൊത്തം ബജറ്റ് വിഹിതം 1,41,480 കോടി രൂപയാണ്. പതിമൂന്നാം പദ്ധതി വളരെയധികം പ്രതിസന്ധികൾ നിറഞ്ഞ ഒരു കാലഘട്ടത്തിലൂടെയായിരുന്നു കടന്ന് പോയത്. പദ്ധതികൾക്കായുള്ള വിഭവങ്ങളുടെ ലഭ്യതയെയും പദ്ധതികളുടെ നടത്തിപ്പിനെയും ബാധിക്കുന്ന നിരവധി വെല്ലുവിളികൾ പ്രകൃതി ദുരന്തങ്ങളുടെ രൂപത്തിലും സംസ്ഥാനത്തിന് നേരിടേണ്ടി വന്നു.പദ്ധതി കാലയളവിന്റെ അവസാന വർഷങ്ങളിൽ കോവിഡ്–19–ന്റെ ഫലമായുണ്ടായ അടച്ചുപൂട്ടൽ കാരണം സമ്പദ് വ്യവസ്ഥ വീണ്ടും പ്രതിസന്ധിയിലായി. ആയതിനാൽ പദ്ധതിയുടെ അവസാന കാലയളവിൽ വിഭാവനം ചെയ്തതുപോലെ വിഹിതത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടില്ല.

എല്ലാ പരിമിതികൾക്കിടയിലും ഉത്പാദന മേഖലകളെ പുനരുജ്ജീവിപ്പിക്കാനും ചെലവുകൾ കാര്യക്ഷമമാക്കാനും സുസ്ഥിരമായ ജീവനോപാധികൾ സൃഷ്ടിക്കാനും സമ്പദ്‌വ്യവസ്ഥയെ പുനർനിർമ്മിക്കാനും സർക്കാർ വിഭവങ്ങൾ അനുവദിക്കുന്നതിന് എല്ലാ നടപടികളും സ്വീകരിച്ചു. സാമൂഹിക നീതി, ലിംഗസമത്വം എന്നി മേഖലകളിലെ സംരംഭങ്ങളാണ് ഈ ശ്രമങ്ങൾക്ക് പൂരകമായത്.

സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതം അനുവദിക്കൽ, ജെൻഡർ ബജറ്റ്, പട്ടികജാതി ഉപപദ്ധതി, പട്ടിക വർഗ്ഗ ഉപപദ്ധതി എന്നിവയ്ക്കുള്ള വിഹിതം എന്നിവ പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ചില പ്രധാന സവിശേഷതകളാണ്.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ മൊത്തം പദ്ധതി വിഹിതവും മേഖല തിരിച്ചുള്ള പദ്ധതി വിഹിതവും **പട്ടിക 1.6.2** ലും **പട്ടിക 1.6.3**–ലും നൽകിയിരിക്കുന്നു.

**പട്ടിക 1.6.2** കേരളത്തിന്റെ പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ വാർഷിക പദ്ധതി വിഹിതം

| വർഷം | സംസ്ഥാന പദ്ധതിയുടെ ബജറ്റ് വിഹിതം |
|---|---|
| 1 | 2 |
| 2017–18 | 26500 |
| 2018–19 | 29150 |
| 2019–20 | 30610 |
| 2020–21 | 27610 |
| 2021–22 | 27610 |
| ആകെ | 141480 |

അവലംബം: വാർഷിക പദ്ധതി രേഖകൾ

**പട്ടിക 1.6.3** കേരളത്തിന്റെ പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ മേഖല തിരിച്ചുള്ള പദ്ധതി വിഹിതം

| ക്രമം നം | മേഖല | ബജറ്റ് വിഹിതം | മൊത്തം പദ്ധതി വിഹിതത്തിന്റെ ശതമാനം |
|---|---|---|---|
| I | കൃഷിയും അനുബന്ധ സേവനങ്ങളും | 8405.24 | 5.94 |
| II | ഗ്രാമ വികസനം | 8650.63 | 6.11 |
| III | സഹകരണം | 727.79 | 0.51 |
| IV | ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണവും | 2682.15 | 1.90 |
| V | ഊർജ്ജം | 8109.53 | 5.73 |
| VI | വ്യവസായവും ,ധാതുക്കളും | 7503.30 | 5.30 |

| | | | |
|---|---|---|---|
| VII | ഗതാഗതം | 10129.87 | 7.16 |
| VIII | ശാസ്ത്ര സാങ്കേതിക വിദ്യയും പരിസ്ഥിതിയും | 1238.84 | 0.88 |
| IX | പൊതു സാമ്പത്തിക സേവനങ്ങൾ | 12827.15 | 9.07 |
| X | സാമൂഹ്യ സേവനം | 45607.02 | 32.24 |
| XI | പൊതുസേവനങ്ങൾ | 432.98 | 0.31 |
| XII | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം | 35165.50 | 24.86 |
| | ആകെ | 141480.00 | 100 |

അവലംബം: വാർഷിക പദ്ധതി രേഖകൾ

**ബോക്സ് 1.6.1** കേരള ലുക്ക്സ് എഹേഡ്: ഒരു അന്താരാഷ്ട്ര സമ്മേളനവും സംവാദവും

കേരളത്തിന്റെ സമ്പദ് വ്യവസ്ഥയുടെ നിർണായകമെന്ന് കണ്ടെത്തിയ ചില മേഖലകളിലെ മുൻനിര ദേശീയ അന്തർദേശീയ വിദഗ്ധരുമായി സംവദിക്കുന്നതിനായി 2021 ഫെബ്രുവരി 1 മുതൽ 3 വരെ "കേരള ലുക്ക്സ് എഹേഡ് " എന്ന വിഷയത്തിൽ ത്രിദിന ഓൺലൈൻ അന്താരാഷ്ട്ര സമ്മേളനവും സംവാദവും കേരള സർക്കാർ സംഘടിപ്പിച്ചു. കേരള സംസ്ഥാന ആസൂത്രണ ബോർഡായിരുന്നു സമ്മേളനത്തിന്റെ മുഖ്യ സംഘാടകർ.

ലോകമെമ്പാടുമുള്ള മികച്ച പ്രവർത്തനങ്ങളിൽ നിന്നും അനുഭവങ്ങളിൽ നിന്നും പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട് കേരളത്തിലെ സമ്പദ്‌വ്യവസ്ഥയെ നവീകരിക്കുന്നതിനും പുതിയ തലത്തിലുള്ള ഉൽപ്പാദനവും അപ്രകാരമുണ്ടാകുന്ന വരുമാന വർദ്ധനവുവഴി കേരളത്തിലെ എല്ലാ ജനവിഭാഗങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വികസനം എന്നതായിരുന്നു സമ്മേളനത്തിന്റെ ലക്ഷ്യം.

മൂന്ന് ദിവസത്തെ ഓൺലൈൻ സമ്മേളനത്തിൽ ഒമ്പത് വിഷയങ്ങൾ ഉൾക്കൊള്ളുന്ന 22 സെഷനുകൾ ഉണ്ടായിരുന്നു. ആ ഒമ്പത് വിഷയങ്ങൾ താഴെ പറയുന്നവയായിരുന്നു: കൃഷി, മത്സ്യബന്ധനം, മൃഗസമ്പത്ത് എന്നീ മേഖലകളുടെ നവീകരണം; വിവരസാങ്കേതികവിദ്യ; ആധുനിക നൈപുണ്യ വികസനം; ഇ-ഗവേണൻസ്; ആധുനിക വ്യവസായ സാധ്യതകൾ; അക്കാദമിക് സഹകരണവും ടൂറിസവും ഉൾപ്പെടെയുള്ള ഉന്നത വിദ്യാഭ്യാസം. അതത് മേഖലകളിലെ കേരളത്തിന്റെ സംരംഭങ്ങൾ പ്രദർശിപ്പിക്കുന്നതിന് പ്രാദേശിക സർക്കാരുകൾ, ഫെഡറലിസവും വികസന ധനസഹായവും എന്നീ രണ്ട് പ്രത്യേക സെഷനുകളുമുണ്ടായിരുന്നു കൂടാതെ, കേരളത്തിലെ ഭാവി വ്യാവസായിക വളർച്ചയ്ക്കുള്ള മാർഗരേഖ ചർച്ച ചെയ്യുന്ന ഒരു പ്രത്യേക വ്യവസായ സെഷനും ഉണ്ടായിരുന്നു.

മൂന്ന് ദിവസത്തെ സമ്മേളനത്തിൽ 11 രാജ്യങ്ങളിൽ നിന്നുള്ള 190-ലധികം പ്രഭാഷകരും നിരവധി പ്രധാന ബഹുരാഷ്ട്ര, ദേശീയ സംഘടനകളും പങ്കെടുത്തു. നോബൽ സമ്മാന ജേതാക്കളായ പ്രൊഫസർ ജോസഫ് ഇ സ്റ്റിഗ്ലിറ്റ്സ്, പ്രൊഫസർ അമർത്യ സെൻ, ഇന്ത്യയിലെ പ്രമുഖ വ്യവസായികളായ സർവ്വശ്രീ രത്തൻ ടാറ്റ, അസിം പ്രേംജി, ആനന്ദ് മഹീന്ദ്ര, കിരൺ മജുംദാർ ഷാ, എം എ യൂസഫ് അലി, ക്രിസ് ഗോപാലകൃഷ്ണൻ, ബി രവി പിള്ള, ആസാദ് മൂപ്പൻ, ലോകാരോഗ്യ സംഘടനയുടെ ചീഫ് സയന്റിസ്റ്റ് ഡോ.സൗമ്യ സ്വാമിനാഥൻ, വേൾഡ് ഫുഡ് പ്രൈസ് ജേതാവ് ഡോ.എം.വി ഗുപ്ത, അന്താരാഷ്ട്ര ഐടി ബിസിനസുകളുടെ മുതിർന്ന പ്രതിനിധികൾ, മുതിർന്ന ദേശീയ അന്തർദേശീയ പണ്ഡിതന്മാർ, ശാസ്ത്രജ്ഞർ, സാങ്കേതിക വിദഗ്ധർ, മറ്റ് വിദഗ്ധർ എന്നിവരായിരുന്നു ഈ സമ്മേളനത്തിലെ പ്രഭാഷകർ. കേന്ദ്ര സർക്കാർ, ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷൻ, മറ്റ് ദേശീയ അന്തർദേശീയ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുള്ള വിദഗ്ധരും സമ്മേളനത്തിൽ പങ്കെടുത്തു.

മന്ത്രിമാർ, പാർലമെന്റിലെയും കേരള നിയമസഭയിലെയും അംഗങ്ങൾ, സർക്കാരിലെ മുതിർന്ന ഉദ്യോഗസ്ഥർ, ശാസ്ത്രജ്ഞർ, സാങ്കേതിക വിദഗ്ധർ, വിദ്യാർത്ഥികൾ, അധ്യാപകർ, സാമൂഹിക പ്രവർത്തകർ, ഭരണാധികാരികൾ, രാഷ്ട്രീയ പ്രവർത്തകർ, മാധ്യമ പ്രവർത്തകർ എന്നിവർ സമ്മേളനത്തിൽ പങ്കെടുത്തു. പണ്ഡിതർ, അക്കാദമിക് വിദഗ്ധർ, വ്യവസായ സ്ഥാപനങ്ങൾ, കർഷക സംഘടനകൾ, തദ്ദേശസ്വയംഭരണ സ്ഥാപന പ്രതിനിധികൾ, സ്ഥാപന മേധാവികൾ, സംഘടനകൾ, യുവജനങ്ങൾ എന്നിവരും സമ്മേളനത്തിൽ പങ്കെടുത്തിരുന്നു.

**ബോക്സ് 1.6.2** പ്ലാൻസ്പേസ്

സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതും സംസ്ഥാനത്തെ വിവിധ വകുപ്പുകളും ഏജൻസികളും നടപ്പിലാക്കുന്നതുമായ പദ്ധതികളുടെ തത്സമയ നിരീക്ഷണം സുഗമമാക്കുന്ന സംസ്ഥാനത്തെ ഓൺലൈൻ പദ്ധതി നിരീക്ഷണ സംവിധാനമാണ് പ്ലാൻസ്പേസ്. കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസ് ഇന്നവേഷൻ ആൻഡ് ടെക്നോളജി (നിലവിലുണ്ടായിരുന്ന ഐ ഐ ഐ റ്റി എം -കെ )യുടെ സാങ്കേതിക പിന്തുണയോടെ കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് വികസിപ്പിച്ച ജി 2 ജി ഇ-ഗവേർണൻസ് ഫ്രെയിംവർക്കിലുള്ള ഒരു വെബ് അധിഷ്ഠിത ഓൺലൈൻ മാനേജ്മെന്റ് വിവര സംവിധാനമാണിത്. സർക്കാർ തലത്തിൽ തീരുമാനമെടുക്കുന്നവർക്കും ആസൂത്രകർക്കും പദ്ധതികൾ ഫലപ്രദമായി നടപ്പാക്കുന്നതിനും സമയബന്ധിതവും അനുയോജ്യവുമായ തീരുമാനങ്ങൾ എടുക്കുവാനും ഇടപെടലുകൾ നടത്തുവാനും ഇത് സൗകര്യമൊരുക്കുന്നു. മാത്രമല്ല, വകുപ്പ് തല പദ്ധതി നിർവ്വഹണ പുരോഗതിയുടെ തൽസമയ വിവരങ്ങൾ സംസ്ഥാനത്തെ എല്ലാ പൗരന്മാർക്കും ഓൺലൈനിലൂടെ ലഭ്യമാക്കുന്നു, ഇത്തരത്തിൽ പദ്ധതി നിർവ്വഹണത്തിലും നിരീക്ഷണത്തിലും സുതാര്യത ഉറപ്പാക്കുന്നു.

എല്ലാ പദ്ധതികളുടെയും പ്രസക്തമായ വിവരങ്ങൾ, അവയുടെ വിവിധ ഘടകങ്ങൾ, ഭൗതികവും സാമ്പത്തികവുമായ പുരോഗതി എന്നിവ രേഖപ്പെടുത്തി ലഭ്യമാക്കുന്നതിനും പ്ലാൻസ്പേസ് സഹായിക്കുന്നു. കൂടാതെ പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ടവർക്കായി ചലനാത്മകവും ആവശ്യാനുസരണമുള്ളതുമായ റിപ്പോർട്ടുകൾ തയ്യാറാക്കി നൽകുന്നു. ജില്ലാതല പദ്ധതി നിരീക്ഷണ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി, 2015–16–ൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പ്ലാൻസ്പേസ് വ്യാപിപ്പിച്ചു. ഇത് ജില്ലാ, ഉപജില്ലതലത്തിൽ നടപ്പിലാക്കുന്ന പദ്ധതി പുരോഗതി സമയബന്ധിതമായി അപ്ഡേറ്റ് ചെയ്യുന്നതിനും, കൃത്യതയും സമയക്രമവും പാലിക്കുന്നതിനും സഹായിക്കുന്നു.

പ്ലാൻസ്പേസ് അതിന്റെ പ്രവർത്തന സാധ്യത ഓരോവർഷവും വിപുലീകരിച്ചു വരുന്നു, വകുപ്പുകൾ പദ്ധതി നിർദ്ദേശങ്ങൾ ഈ പോർട്ടലിലൂടെ ഓൺലൈനായി സമർപ്പിക്കുന്നു. വകുപ്പുകൾ, അവരുടെ സ്ഥാപനത്തിനുള്ളിലെ ചർച്ചകൾക്ക് ശേഷം, അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള പദ്ധതി തയ്യാറാക്കുകയും സംസ്ഥാനത്തിന്റെ വാർഷിക പദ്ധതി തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് കൂടുതൽ ചർച്ചകൾക്കായി സംസ്ഥാന ആസൂത്രണ ബോർഡിന് സമർപ്പിക്കുകയും ചെയ്യുന്നു.

2020–21 കാലയളവിൽ സെക്രട്ടറിയേറ്റിലെ ഇ–ഓഫീസുമായി പ്ലാൻ സ്പേസ് സംയോജിപ്പിച്ചു. തൻമൂലം തീരുമാനമെടുക്കൽ പ്രക്രിയയിൽ സിസ്റ്റത്തിന്റെ പ്രവർത്തനക്ഷമതയും ഉപയോഗക്ഷമതയും വർദ്ധിക്കുന്നു. കൂടാതെ ഈ സോഫ്റ്റ്‌വെയർ കൂടുതൽ പ്രയോജനപ്രദമാക്കുന്നതിനായി പ്ലാൻസ്പേസിന്റെ പുതിയ പതിപ്പിന്റെ വികസനം 2020–21–ൽ ആരംഭിച്ചിട്ടുണ്ട്. തദ്ദേശ സ്ഥാപന തലം വരെയുള്ള എല്ലാ പദ്ധതികളുടെയും നിർവഹണത്തിലെ എല്ലാ ഘട്ടങ്ങളെയും സംബന്ധിച്ച വിവരങ്ങൾ പുതിയ പതിപ്പിൽ നിരീക്ഷണത്തിനായി ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നു കൂടാതെ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ വിവിധ ഘട്ടങ്ങളിലെ ജിയോ ടാഗ് ചെയ്ത ചിത്രങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിനുള്ള സംവിധാനവും ഉൾപ്പെടുന്നതാണ്.

ഇതിനുപുറമെ, പബ്ലിക് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (പിഎഫ്എംഎസ്), ബജറ്റ് 2.0, ഇ–നിയമസഭയുടെ കോൺസ്റ്റിട്യൂൻസി മാനേജ്മെന്റ് ആപ്പ് എന്നിവയുമായി പ്ലാൻസ്പേസ് സംയോജിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്. ഇന്ത്യാ ഗവൺമെന്റിന്റെ കൺട്രോളർ ജനറൽ ഓഫ് അക്കൗണ്ട്സ് വികസിപ്പിച്ച് നടപ്പിലാക്കി വരുന്ന ഒരു വെബ് അധിഷ്ഠിത ഓൺലൈൻ സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനാണ് പിഎഫ്എംഎസ്. സംസ്ഥാനത്തുടനീളം നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കേന്ദ്ര സർക്കാരിന്റെ എല്ലാ പദ്ധതികൾക്കും അനുവദിച്ചിരിക്കുന്ന ഫണ്ടുകൾ ട്രാക്കുചെയ്യുന്നതിന് ഇത് സഹായകമാകും. ബജറ്റ് 2.0–യുമായി പ്ലാൻസ്പേസിന്റെ സംയോജനം, ബജറ്റ് എസ്റ്റിമേറ്റുകളും തുടർന്നുള്ള ബജറ്റ് വിശദാംശങ്ങളും പ്ലാൻസ്പേസിൽ തത്സമയം ലഭ്യമാക്കാൻ സഹായകമാകും. ഇ–നിയമസഭയുടെ കോൺസ്റ്റിട്യൂൻസി മാനേജ്മെന്റ് ആപ്പുമായി പ്ലാൻസ്പേസ് സംയോജിപ്പിക്കുന്നത് നിയമസഭാ മണ്ഡലം തിരിച്ചുള്ള പദ്ധതി നിരീക്ഷണം സുഗമമാക്കും.

ചുരുക്കത്തിൽ, പ്ലാൻസ്പേസ് ഒരു ഫലപ്രദമായ ഓൺലൈൻ നിരീക്ഷണ–മൂല്യനിർണ്ണയ സംവിധാനം മാത്രമല്ല, വിവിധ വകുപ്പുകളുടെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട വിശകലനത്തിനും വിവരശേഖരണത്തിനും സമഗ്രവും ശാസ്ത്രീയവും വിശ്വസനീയവുമായ ഡാറ്റ ബേസ് ലഭ്യമാക്കുന്ന ഒരു സംവിധാനം കൂടിയാണ്. പ്ലാൻസ്പേസിന്റെ കൂടുതൽ പ്രത്യേകതകൾ ഉള്ള പുതിയ പതിപ്പ് ഈ പോർട്ടലിനെ കൂടുതൽ പ്രയോജനപ്രദമാക്കും.

അദ്ധ്യായം

# 2

# കേരളത്തിലെ അധികാര വികേന്ദ്രീകരണത്തിന്റെ ഇരുപത്തിയഞ്ച് വർഷങ്ങൾ

അദ്ധ്യായം

2

# കേരളത്തിലെ അധികാര വികേന്ദ്രീകരണത്തിന്റെ ഇരുപത്തിയഞ്ച് വർഷങ്ങൾ

കേരളത്തിന്റെ വികേന്ദ്രീകൃതാസൂത്രണ രംഗത്തെ അനുഭവം പങ്കാളിത്ത വികസനത്തിന്റെ ഏറ്റവും ഫലപ്രദമായ മാതൃകയായി ആഗോളതലത്തിൽത ന്നെ ശ്രദ്ധിക്കപ്പെട്ടിട്ടുള്ളതാണ്. മുകൾത്തട്ടിൽ നിന്നും താഴെത്തട്ടിലേക്കുള്ളതും ഉദ്യോഗസ്ഥകേന്ദ്രീകൃതവുമെ ന്നും വിമർശിക്കപ്പെട്ടിരുന്ന ഒരു ആസൂത്രണ പ്രക്രിയയെ പൂർണ്ണമായും പരിഷ്ക്കരിക്കുന്നതിനുള്ള മാർഗ്ഗമായിരുന്നു ജനകീയാസൂത്രണം. രണഘടനയുടെ 73, 74-ാം ഭേദഗതിയിലൂടെ ഭരണപരവും സാമ്പത്തികവുമായ അധികാരങ്ങൾ പ്രാദേശിക സർക്കാരുകൾക്ക് കൈമാറ്റം ചെയ്തു കൊണ്ടാണ് ഇത് സാധ്യമാക്കിയത്. മറ്റ് വികസന ആസൂത്രണ സംവിധാനങ്ങളുമായി താ രതമ്യപ്പെടുത്തുമ്പോൾ, കേരളത്തിലെ പ്രാദേശിക ഭരണസംവിധാനം തികച്ചും ജനപങ്കാളിത്തത്തിലധി ഷ്ഠിതമാണെന്ന് പരക്കെ പ്രശംസിക്കപ്പെട്ടിട്ട ുള്ളതാണ്. സമൂഹത്തിലെ അടിസ്ഥാന പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്നതിൽ ഈ സംവിധാനത്തിനുള്ള വ്യാപ്തിയും പ്രതികരണാത്മകതയുമാണ് ഇതിനു കാരണം.

സംസ്ഥാന രൂപീകരണത്തിന് ശേഷം ജനാധിപത്യ വികേന്ദ്രീകരണത്തിനായി ഏറ്റെടുത്ത തുടർച്ചയായ പരിശ്രമങ്ങളുടെ ഫലപ്രദമായ പരിസമാപ്തി ആയിരുന്നു കാൽ നൂറ്റാണ്ട് മുമ്പ് ആരംഭിച്ച ജനകീയാസൂത്രണ പരിപാടി. ജനകീയാസൂത്രണത്തിന്റെ രജതജൂബിലി ആഘോഷിക്കുകയും സംസ്ഥാനം പതിനാലാം പഞ്ചവത്സര പദ്ധതിയിലേക്ക് പ്രവേശിക്കുകയും ചെയ്യുന്ന ഘട്ടത്തിൽ വികേന്ദ്രീകരണത്തിന്റെ നേട്ടങ്ങളെക്കുറിച്ചും പോരായ്മ കളെക്കുറിച്ചുമുള്ള അവലോകനം നടത്തുന്നതും അതിനെ മെച്ചപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ മുന്നോട്ട് വെക്കുന്നതും പ്രധാനമാണ്.

ഈ അധ്യായത്തിൽ, കേരളത്തിലെ വികേന്ദ്രീകൃത ആസൂത്രണ മാതൃകയുടെ പരിണാമവഴികൾ വിവരിക്കുകയും അതിനെ സാമൂഹിക-സാമ്പത്തിക വികസനത്തിന്റെ ചാലകശക്തിയാക്കുന്നതിന്റെ സാധ്യതകൾ പരിശോധിക്കുകയുമാണ് ചെയ്യുന്നത്.

### വികേന്ദ്രീകൃത ആസൂത്രണത്തിന്റെ പരിണാമം

ഭരണഘടനയുടെ 73, 74-ാം ഭേദഗതിയുടെ പശ്ചാത്തലത്തിൽ തദ്ദേശഭരണത്തിൽ ജനപങ്കാളിത്തം ഉറപ്പാക്കാനുള്ള ശ്രമങ്ങൾ ഒൻപതാം പഞ്ചവത്സര പദ്ധതിയോടെ ഒരു പുതിയ ഘട്ടത്തിലെത്തിയെങ്കിലും അതിന് മുൻപ് തന്നെ ജനാധിപത്യ വികേന്ദ്രീകരണ ത്തിൽ ഗണ്യമായ അനുഭവ സമ്പത്ത് കേരളത്തിനുണ്ടായി രുന്നു. ഇ.എം.എസ് നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള സംസ്ഥാനത്തെ ആദ്യ സർക്കാർ തന്നെ അധികാര വികേന്ദ്രീകരണത്തിന് തുടക്കമിടുകയുണ്ടായി. തദ്ദേശസ്ഥാ പനങ്ങളുടെ സാമൂഹ്യക്ഷേമ പ്രവൃത്തികളിലോ ചെറിയ വികസനപ്രവർത്തനങ്ങളിലോ മാത്രം ഒതുങ്ങിനിൽക്കുന്ന ഉദ്യോഗസ്ഥ വികേന്ദ്രീകരണ പ്രക്രിയ എന്നതിനുമപ്പുറം വികേന്ദ്രീകരണത്തെ സംബന്ധിച്ച് വിശാലമായ കാഴ്ചപ്പാടുണ്ടായിരുന്ന വ്യക്തിയായിരുന്നു ഇ എം എസ് നമ്പൂതിരിപ്പാട്. അദ്ദേഹം അധികാര വികേന്ദ്രീകരണ പ്രക്രിയയെ കേന്ദ്ര-സംസ്ഥാന തലം മുതൽ പ്രാദേശികതലം വരെ ബന്ധിപ്പിക്കുന്ന ഒരു ബൃഹത്തായ രാഷ്ട്രീയ പ്രക്രിയാക്കി മാറ്റുകയുണ്ടായി. (ഐസക്ക് 1998). ഇ.എം.എസിന്റെ അധ്യക്ഷതയിൽ 1957-ൽ രൂപീകരിച്ച ആദ്യത്തെ ഭരണപരിഷ്ക്കാര കമ്മീഷൻ അധികാര വികേന്ദ്രീകരണത്തിനും വിവിധ തലങ്ങളിലെ ഭരണസംവിധാനങ്ങളുടെ ജനാധിപത്യ വൽക്കരണത്തിനും വ്യക്തമായ നടപടികൾ ശുപാർശ ചെയ്യുകയുണ്ടായി. എന്നാൽ, അധികാരവികേന്ദ്രീ കരണ അജണ്ട കേരളത്തിൽ ജനകീയാസൂത്രണ ക്യാമ്പയിനായി രൂപാന്തരപ്പെടാൻ ദശാബ്ദങ്ങൾ തന്നെ എടുത്തു.

ദേശീയ തലത്തിൽ, 1957-ലെ ബൽവന്തറായ് മേത്ത കമ്മിറ്റി, 1978-ലെ അശോക മേത്ത കമ്മിറ്റി തുടങ്ങി വിവിധ കമ്മിറ്റികൾ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ മുഖേന ജനാധിപത്യ വികേന്ദ്രീകരണം ശുപാർശ ചെയ്തിരുന്നു. കേരളത്തിൽ, 1990-91 ൽ ജില്ലാ കൗൺസിലുകൾ ഒരു ഹ്രസ്വകാല പരീക്ഷണം എന്ന നിലയിൽ രൂപീകരിക്കപ്പെട്ടു.

ഗ്രാമപ്രദേശങ്ങളിൽ ഗ്രാമപഞ്ചായത്തും മധ്യതലത്തിൽ ബ്ലോക്ക് പഞ്ചായത്തും ജില്ലാതലത്തിൽ ജില്ലാപഞ്ചായത്തും എന്ന ത്രിതല സംവിധാനവും നഗരപ്രദേശങ്ങളിൽ മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും എന്ന സംവിധാനം ഭരണഘടനയുടെ 73-ഉം 74-ഉം ഭേദഗതികൾ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഭരണഘടനയുടെ 74-ാം ഭേദഗതി ഓരോ ജില്ലയിലും ജില്ലാ ആസൂത്രണ സമിതികളുടെ (ഡി.പി.സി) രൂപീകരണം നിർബന്ധമാ ക്കുകയുണ്ടായി. ഗ്രാമ-നഗര പ്രദേശങ്ങളെ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ജില്ലാതല പദ്ധതികൾ തയ്യാറാക്കുന്നതിൽ ഡി.പി.സി കളെ ചുമതലപ്പെടുത്തി. പഞ്ചായത്തിരാജ് സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യേണ്ട 29 വിഷയങ്ങളും

വ്യക്തമാക്കപ്പെടുകയും സംസ്ഥാനം ഇതിനായി നിയമനിർമ്മാണം നടത്തുന്നതിനും ഭരണഘടനാ ഭേദഗതിയിൽ വ്യവസ്ഥ ചെയ്യുകയുണ്ടായി. ഇതനുസരിച്ച്, സംസ്ഥാനത്ത് കേരള പഞ്ചായത്ത് രാജ് ആക്റ്റ്–1994, കേരള മുനിസിപ്പാലിറ്റീസ് ആക്റ്റ്–1994 എന്നിവ ഭരണഘടനാ ഭേദഗതിക്കനുസൃതമായി നിലവിൽ വരികയുണ്ടായി. കൂടാതെ, ത്രിതല പഞ്ചായത്തിരാജ് സംവിധാനത്തിലേക്കുള്ള ആദ്യ തെരഞ്ഞെടുപ്പും നടന്നു. 1995–ന്റെ അവസാന പാദത്തോടെ പഞ്ചായത്ത് രാജ് സ്ഥാപങ്ങൾ നിലവിൽ വരികയും 1995 സെപ്റ്റംബറിൽ പുറപ്പെടുവിച്ച സമഗ്ര സർക്കാർ ഉത്തരവ് പ്രകാരം പ്രധാന വികസന വകുപ്പുകളിലെ സാങ്കേതിക–മിനിസ്റ്റീരിയൽ വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥരുടെ പ്രവർത്തന നിയന്ത്രണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാക്കുകയും വികേന്ദ്രീകരണത്തിന്റെ പൂർണ്ണ അന്തസത്ത ഉൾക്കൊണ്ടു കൊണ്ട് 1996–97 ബജറ്റ് രേഖയുടെ അനുബന്ധം IV ആയി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഫണ്ട് വിഭജന വിശദാംശങ്ങൾ പ്രത്യേകമായി ഉൾക്കൊള്ളിക്കുകയും ഇതിൻ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി ഗ്രാന്റ്–ഇൻ–എയ്ഡും (അൺടൈഡ് ഫണ്ടുകൾ ഉൾപ്പെടെ) നൽകുകയുണ്ടായി.

സർക്കാർ 1996–ൽ ചുമതലപ്പെടുത്തിയ സെൻ കമ്മിറ്റി കേരളത്തിലെ ജനാധിപത്യ വികേന്ദ്രീകരണ പ്രക്രിയയെ വിലയിരുത്തി 1997 ഡിസംബറിൽ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. സമിതിയുടെ ശുപാർശകൾക്ക് അനുസൃതമായി 1999–ൽ കേരള പഞ്ചായത്തീരാജ് നിയമത്തിലും കേരള മുനിസിപ്പാലിറ്റി നിയമത്തിലും സമഗ്രമായ ഭേദഗതികൾ വരുത്തുകയുണ്ടായി.

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഭരണപരവും സാമ്പത്തികവുമായ അധികാരങ്ങൾ കൈമാറിക്കൊണ്ട് ഒമ്പതാം പഞ്ചവത്സര പദ്ധതി രൂപീകരിക്കുന്നതിന്റെ ഭാഗമായി പ്രാദേശിക പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനുള്ള ബൃഹത്തായ പ്രചാരണ പരിപാടി അഥവാ 'പീപ്പിൾസ് പ്ലാൻ' പ്രോഗ്രാമിന് ('ജനകീയസൂത്രണം') ആരംഭം കുറിക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി, തദ്ദേശഭരണ സ്ഥാപനങ്ങൾ ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ സംസ്ഥാന വിഹിതത്തിൽ അവർക്കായി നീക്കിവച്ചിരുന്ന 35 ശതമാനം വിനിയോഗിച്ച് പ്രാദേശിക വികസന പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് നിർദ്ദേശിക്കപ്പെടുകയുണ്ടായി. വിദഗ്ധർ, ജനപ്രതിനിധികൾ, സന്നദ്ധപ്രവർത്തകർ, സാധാരണക്കാർ തുടങ്ങിയവരുമായുള്ള വിപുലമായ കൂടിയാലോചനകളുടേയും, പ്രാദേശിക ആസൂത്രണത്തിലെ മുൻകാല അനുഭവപാഠങ്ങളുടേയും വെളിച്ചത്തിൽ പങ്കാളിത്ത ആസൂത്രണത്തിനായി ഒരു പുതിയ രീതിശാസ്ത്രം തന്നെ വികസിപ്പിച്ചെടുക്കുകയുണ്ടായി.

ഇ.കെ. നായനാർ സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിയായിരുന്ന കാലഘട്ടത്തിലാണ് ജനകീയാസൂത്രണ പരിപാടി ആരംഭിച്ചത്. സംസ്ഥാന ആസൂത്രണ ബോർഡ് ഈ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുകയുണ്ടായി. സംസ്ഥാന ആസൂത്രണ ബോർഡിൽ ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത് അന്നത്തെ വൈസ് ചെയർമാനായിരുന്ന ഐ.എസ്. ഗുലാത്തി, മെമ്പർ ടി.എം. തോമസ് ഐസക്, മറ്റ് മെമ്പർമാർ, വികേന്ദ്രീകൃതാസൂത്രണ വിഭാഗം ഉദ്യോഗസ്ഥർ എന്നിവരാണ്. ജനകീയാസൂത്രണത്തിന് വേണ്ടി ഒരു പ്രത്യേക സെൽ തന്നെ ആസൂത്രണ ബോർഡിൽ രൂപീകരിക്കുകയുണ്ടായി. പ്രാദേശിക വികസനത്തിൽ പങ്കാളിത്ത ആസൂത്രണം സാധ്യമാക്കുന്നതിന് സംസ്ഥാന ആസൂത്രണ ബോർഡ് വ്യത്യസ്തമായ ആറ് ഘട്ടങ്ങളുള്ള ഒരു പരിപാടിക്ക് രൂപം നൽകിയിരുന്നു. ആദ്യഘട്ടത്തിൽ (ഓഗസ്റ്റ്–ഒക്ടോബർ 1997), ഗ്രാമസഭകൾ വിളിച്ചുകൂട്ടുകയും പ്രദേശവാസികളായ ജനങ്ങൾ പ്രാദേശിക ആവശ്യങ്ങൾ വിലയിരുത്തുകയുണ്ടായി. രണ്ടാം ഘട്ടത്തിൽ, (ഒക്ടോബർ–ഡിസംബർ 1997) എല്ലാ ഗ്രാമപഞ്ചായത്തുകളിലും വികസന സെമിനാറുകൾ നടത്തുകയും തുടർന്ന് വികസന പദ്ധതികൾ തയ്യാറാക്കുന്നതിനായി ഏകദേശം 12,000 'ടാസ്ക് ഫോഴ്സുകൾ' രൂപീകരിക്കുകയും ഓരോ ഗ്രാമ പഞ്ചായത്തിലും ഏകദേശം 12 ടാസ്ക് ഫോഴ്സുകൾ വീതം പ്രവർത്തിക്കുകയും ഈ ടാസ്ക് ഫോഴ്സുകളിൽ ഏകദേശം 1,20,000 ആളുകൾ പങ്കാളികളാവുകയും ചെയ്തു. മൂന്നാം ഘട്ടത്തിൽ, (നവംബർ 1997–മാർച്ച് 1998) സംസ്ഥാന ആസൂത്രണ ബോർഡ് നിർദ്ദേശിച്ച മാതൃകയിൽ വിഭാവനം ചെയ്ത പ്രവർത്തനങ്ങളുടെ സ്വഭാവം, സാമ്പത്തികവും സംഘടനാപരവുമായ വിശദാംശങ്ങൾ എന്നിവ ഉൾപ്പെടുത്തി 'വികസന റിപ്പോർട്ടുകൾ' തയ്യാറാക്കുകയുണ്ടായി. നാലാം ഘട്ടത്തിൽ (മാർച്ച്–ജൂൺ 1998) താഴെത്തട്ടിൽ പദ്ധതികൾ തയ്യാറാക്കുകയും അഞ്ചാം ഘട്ടത്തിൽ (ഏപ്രിൽ–ജൂലൈ 1998) താഴേത്തട്ടിലുള്ള പദ്ധതികൾ സംയോജിപ്പിച്ച് കൊണ്ടും ബ്ലോക്ക്–ജില്ലാ പഞ്ചായത്തുകൾ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനും ഗ്രാമപഞ്ചായത്ത് പദ്ധതികൾക്ക് പൂരകമായ സ്വന്തം പദ്ധതികൾ രൂപം നൽകുന്നതിനും നടപടികളുണ്ടായി. അതിനു ശേഷം ആറാം ഘട്ടത്തിൽ (മെയ്–ഒക്ടോബർ 1998) തദ്ദേശഭരണ സ്ഥാപനങ്ങൾ ആവിഷ്കരിച്ച പ്രോജക്ടുകളുടെ സാധ്യതകൾ വിലയിരുത്തുന്നതിനും ഭേദഗതികൾ നിർദ്ദേശിക്കുന്നതിനുമായി തെരഞ്ഞെടുത്ത മേഖലകളിൽ വൈദഗ്ധ്യമുള്ള സന്നദ്ധപ്രവർത്തകർ അടങ്ങുന്ന വോളണ്ടിയർ ടെക്നിക്കൽ കോർപ്പസ് (VTC) രൂപീകരിച്ചു. ബ്ലോക്ക്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലങ്ങളിൽ വിദഗ്ധ സമിതികൾ രൂപീകരിച്ചത്, ഒരു വശത്ത് പ്ലാനും പ്രോജക്ടുകളും വിലയിരുത്തുന്നതിന് ഡി.പി.സി യെ സഹായിക്കുന്നതിനും മറുവശത്ത് പ്രാദേശികതല ആസൂത്രണത്തിന് സാങ്കേതിക സഹായം നൽകുന്നതിനും വേണ്ടിയായിരുന്നു. ഓരോ ഘട്ടത്തിലും ഉയർന്നു വന്നിരുന്ന പ്രശ്നങ്ങളെ വിലയിരുത്തി സമയാസമയങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി മുന്നോട്ട് പോവുകയാണുണ്ടായത്.

മുൻപ് സൂചിപ്പിച്ചത് പോലെ, കേരളത്തിലെ വികേന്ദ്രീകൃത ആസൂത്രണത്തിന്റെ മാതൃക ജനപങ്കാളിത്തത്തോടെ നാടിന്റെ വികസന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ഫലപ്രദമായ ചട്ടക്കൂടായി കണക്കാക്കപ്പെടുന്നു. ജനങ്ങളെ കേന്ദ്രീകരിച്ചുകൊണ്ടുള്ള വികേന്ദ്രീകൃതാസൂത്രണം മനുഷ്യ വിഭവങ്ങൾ, പ്രകൃതി വിഭവങ്ങൾ, സാമ്പത്തിക സ്രോതസ്സുകൾ എന്നിവ പ്രയോജനപ്പെടുത്തി പ്രാദേശിക വികസനം ത്വരിതപ്പെടുത്തുമെന്നും സംസ്ഥാനത്തിന്റെ ഉൽപാദന അടിത്തറ ശക്തിപ്പെടുത്തുന്നതിന് സഹായകരമാവുമെന്നും പ്രതീ

ക്ഷിച്ചിരുന്നു. പൊതു ആസ്തികൾ സൃഷ്ടിച്ചും, പ്രാഥമിക മേഖലയിൽ ഭൂ-ജല മാനേജ്മെന്റിലൂടെ പൊതു വിഭവ സ്രോതസ്സുകൾ ശരിയായി വിനിയോഗിച്ചും വികസനം നേടിയെടുക്കാനും ലക്ഷ്യം വെച്ചിരുന്നു. മാത്രമല്ല, ജനപങ്കാളിത്തത്തോടെ വികസന പ്രവർത്തനങ്ങൾ കൂടുതൽ ഉത്തരവാദിത്വമുള്ളതും സുതാര്യവും, കാര്യക്ഷമവുമാക്കുവാനും ലക്ഷ്യമിട്ടിരുന്നു. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന പ്രക്രിയ സുതാര്യവും യഥാർത്ഥ ആവശ്യങ്ങളെ മുൻനിർത്തിയായതിനാൽ സാമൂഹിക സുരക്ഷാ സംവിധാനങ്ങളുടേയും സേവന സംവിധാനങ്ങളുടേയും ഗുണമേന്മ ഗണ്യമായി മെച്ചപ്പെടുകയുണ്ടായി.

എന്നിരുന്നാലും, വികേന്ദ്രീകൃത ആസൂത്രണത്തിന്റെ പരിണാമത്തിന്റെ ഗതി മാറ്റിക്കൊണ്ട് 2001-ൽ പുതുതായി വന്ന സർക്കാർ 'പീപ്പിൾസ് പ്ലാൻ ക്യാമ്പെയ്നി'നെ 'കേരള വികസന പരിപാടി' എന്ന് പുനർനാമകരണം ചെയ്യുകയുണ്ടായി. പത്താം പഞ്ചവത്സര പദ്ധതി കാലയളവിൽ (2002-2007) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി പഞ്ചവത്സര ആസൂത്രണ സമീപനം പുതിയ സർക്കാർ പരീക്ഷിക്കുകയുണ്ടായി. ചില മാറ്റങ്ങൾ ഉണ്ടായെങ്കിലും, ആസൂത്രണ പ്രക്രിയയിലെ ജനപങ്കാളിത്തം ഈ ഘട്ടത്തിൽ അപ്രത്യക്ഷമാവുകയും പ്രക്രിയകൾ വെറും നടപടി പ്രധാനമായി മാറുകയും ചെയ്യുതായി പിന്നീട് വ്യാപകമായി നിരീക്ഷിക്കപ്പെടുകയുണ്ടായി. പതിനൊന്നാം പഞ്ചവത്സര പദ്ധതി കാലഘട്ടത്തിൽ, വികേന്ദ്രീകരണത്തിന്റെ സ്ഥാപനവൽക്കരണ പ്രക്രിയ പൂർത്തീകരിക്കുന്നതിനായി 'ജനകീയാസൂത്രണ പരിപാടി' (പീപ്പിൾസ് പ്ലാൻ) എന്ന ആശയം തിരികെ കൊണ്ടുവരികയുണ്ടായി. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ വിവരസാങ്കേതിക വിദ്യയുടെ ഉപയോഗത്തിലൂടെ ആസൂത്രണ പ്രക്രിയയെ ശക്തിപ്പെടുത്തുന്നതിന് ചില ശക്തമായ നടപടികൾ സ്വീകരിച്ചു. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചത് സംസ്ഥാനം അഭിമുഖീകരിക്കുന്ന രണ്ടാം തലമുറ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായിരുന്നു. പ്രാദേശിക സാമ്പത്തിക വികസനത്തിനും മെച്ചപ്പെട്ട സാമൂഹിക സേവനങ്ങൾ ഉറപ്പാക്കുന്നതിനും പ്രാധാന്യം നൽകുകയുണ്ടായി.

പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ അത്യപൂർവങ്ങളായ പ്രകൃതിദുരന്തങ്ങളെ സംസ്ഥാനത്തിന് നേരിടേണ്ടി വന്നു. സമ്പദ്‌വ്യവസ്ഥയ്ക്ക് കനത്ത ആഘാതം സൃഷ്ടിച്ച തുടർച്ചയായ രണ്ട് പ്രളയങ്ങളുടെ കെടുതികളിൽ നിന്ന് സംസ്ഥാനം കരകയറാൻ ശ്രമിക്കുന്നതിന് തൊട്ടുപിന്നാലെ കോവിഡ്-19 മഹാമാരിയുടെ പിടിയിലാവുകയുണ്ടായി. പ്രകൃതിദുരന്തങ്ങളിൽ പെട്ട ജനങ്ങളുടെ പുനരധിവാസത്തിനും ഉപജീവനം വീണ്ടെടുക്കുന്നതിനും സംസ്ഥാനത്തിന്റെ പുനർനിർമ്മിതിക്കുമായി പ്രാദേശിക വികസന മുൻഗണനകൾ പുനർനിർവചിക്കാൻ സംസ്ഥാനം പ്രതിജ്ഞാബദ്ധമായി. ഇത്തരം പ്രതിസന്ധികളെ നേരിടാനായി ചില ദീർഘകാലതന്ത്രങ്ങളും സംസ്ഥാനത്തിന് രൂപപ്പെടുത്തേണ്ടി വന്നു.

രാജ്യത്തിന്റെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി വികേന്ദ്രീകരണ പ്രക്രിയ സംസ്ഥാനം ഏറ്റെടുത്തതും സമഗ്രവും കാലികവുമായ പരിഷ്ക്കരണങ്ങളോടെയുള്ള ഇതിന്റെ തുടർച്ച പ്രാദേശിക സർക്കാരുകളിലേക്കുള്ള അധികാരക്കൈമാറ്റത്തിലൂടെ പൊതുജന പങ്കാളിത്തം സാധ്യമാക്കുകയും ചെയ്തു ഈ പ്രസ്ഥാനം രാജ്യത്തിനകത്തും ആഗോളതലത്തിലും ഏറെ അംഗീകാരം പിടിച്ചുപറ്റി.

### കേരളത്തിലെ ജനാധിപത്യ വികേന്ദ്രീകരണം: ചില സവിശേഷതകൾ

കേരളത്തിലെ ജനാധിപത്യ വികേന്ദ്രീകരണത്തിന്റെ ശ്രദ്ധേയമായ സവിശേഷതയായിരുന്നു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് ഉദ്യോഗസ്ഥരേയും പ്രവർത്തനങ്ങളും ഫണ്ടും കൈമാറ്റം ചെയ്ത 'ബിഗ് ബാംഗ്' സമീപനം. സാധാരണ രീതിയിൽ ഭരണസംവിധാനം ക്രമപ്പെടുത്തുന്നതിനുള്ള പരിപാടികളാണ് ആദ്യമായി ചിട്ടപ്പെടുത്തുന്നത്. പിന്നീടാണ് ഭരണ സംവിധാനങ്ങളും ഉദ്യോഗസ്ഥ സംവിധാനങ്ങളും സ്ഥാപിക്കുന്നത്. എന്നാൽ ഇവിടെ, പരമ്പരാഗത രീതിയിൽ നിന്നും മാറി ഒരു പുതിയ വികസന പാത വെട്ടിത്തുറക്കാനുള്ള ധീരമായ ശ്രമമാണ് ഉണ്ടായതെന്ന് പറയാം. ആദ്യം വിഭവങ്ങൾ കൈമാറുകയും പിന്നീട് അതനുസരിച്ച സംവിധാനങ്ങൾ സ്ഥാപിക്കുകയുമാണ് ചെയ്തത്. വികേന്ദ്രീകരണ പ്രക്രിയകളുടെ നടപടികളും വിനിയോഗിക്കേണ്ട ഫണ്ടുകളുടെ അളവും കണക്കിലെടുക്കുമ്പോൾ, പദ്ധതികൾ നടപ്പിലാക്കുന്നതിലെ തടസ്സങ്ങൾ സ്വാഭാവികമായിരുന്നു. സാമ്പത്തിക വികേന്ദ്രീകരണം വിജയകരമാക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിനും അനിവാര്യമായ അനുബന്ധ പരിഷ്ക്കാരങ്ങൾ നടപ്പിലാക്കുന്നതിനും സർക്കാർ നിർബന്ധിതരായി. ഓരോ സമയത്തും ഉയർന്നുവന്ന വിവിധങ്ങളായ ഭരണപരമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പുതിയ നടപടിക്രമങ്ങളും സംവിധാനങ്ങളും സ്ഥാപിക്കുന്നതിനായി നിരന്തരമായ കൂടിയാലോചന പ്രക്രിയ ആവശ്യമായി വന്നു. വികേന്ദ്രീകൃത ആസൂത്രണത്തിന്റെ പ്രധാന സവിശേഷതകളുടെ ഒരു ചെറിയ വിവരണം ചുവടെ നൽകുന്നു.

ഒന്നാമതായി, മനുഷ്യവിഭവശേഷി പ്രയോജനപ്പെടുത്തുന്നതിനും, ഇതുപയോഗിച്ച് തദ്ദേശസ്ഥാപനങ്ങളുടെ വികസന പദ്ധതികൾ താഴെത്തട്ടിൽ നിന്നും ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനുമുള്ള സാധ്യതകളാണ് ഇത് തുറന്ന് തന്നത്. ഗ്രാന്റ്-ഇൻ-എയ്ഡ് അനുവദിക്കണമെങ്കിൽ തദ്ദേശ സ്ഥാപനം സമഗ്രമായ പദ്ധതി തയ്യാറാക്കണം എന്നത് ഒരു മുന്നുപാധിയായി മാറി. ജനങ്ങളുടെ ആവശ്യങ്ങൾ മനസ്സിലാക്കി റിപ്പോർട്ടുകൾ തയ്യാറാക്കുക, പദ്ധതികൾ ആവിഷ്കരിക്കുക തുടങ്ങി ജനപങ്കാളിത്തത്തിലധിഷ്ഠിതമായ വിപുലമായ ഒരു പ്രക്രിയ ഇതിന് മുന്നോടിയായി നടക്കേണ്ടതായിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ, സന്നദ്ധ ഏജൻസികൾ, ഗ്രാമസഭകളിൽ ഒത്തുകൂടുന്ന സാധാരണ ജനങ്ങൾ, ഉദ്യോഗസ്ഥർ, അനൗദ്യോഗിക വിദഗ്ധർ, സന്നദ്ധ പ്രവർത്തകർ എന്നിവരുടെ വലിയ പങ്കാളിത്തം ഇതിന് ആവശ്യമുണ്ട്. പ്രാദേശിക വികസന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി തദ്ദേശീയമായ അറിവും വൈദഗ്ധ്യവും പ്രയോഗിക്കുന്നതിനോടൊപ്പം തന്നെ തീരുമാനമെടുക്കൽ പ്രക്രിയയിൽ പാർശ്വവൽകൃത സമൂഹങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനും സഹായകമായിട്ടുണ്ട്.

രണ്ടാമതായി, വികേന്ദ്രീകൃത ആസൂത്രണം വിജയകരമായി നടപ്പിലാക്കുന്നതിനും ഈ സംവിധാനത്തെ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനും നിയമപരമായ ചട്ടക്കൂട് അനിവാര്യമായി. സംസ്ഥാനത്ത് 1994–ൽ നിലവിൽ വന്ന കേരള പഞ്ചായത്ത് രാജ് നിയമവും കേരള മുനിസിപ്പാലിറ്റി നിയമവും അധികാരവികേന്ദ്രീകരണത്തിന്റെ ആദ്യ വർഷങ്ങളിലെ അനുഭവങ്ങളുടെ വെളിച്ചത്തിൽ 1999–ൽ ഭേദഗതി ചെയ്യുകയുണ്ടായി. ഇത്, കേരളത്തിലെ തദ്ദേശഭരണ സംവിധാനത്തിന് ശക്തവും നിയമപരവുമായ അടിത്തറ നൽകുന്നതിന് സഹായിച്ചു. വിവിധ തലങ്ങളിലുള്ള തദ്ദേശസ്ഥാപനങ്ങളുടെ പ്രവർത്തന മേഖലകൾ വ്യക്തമായി വേർതിരിക്കുകയും ഗ്രാമസഭകൾ പോലുള്ള ജനാധിപത്യ വേദികളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർവ്വചിക്കപ്പെടുകയും ചെയ്യുകയുണ്ടായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തെരഞ്ഞെടുക്കപ്പെട്ട തലവന്മാരെ എക്സിക്യൂട്ടീവ് അതോറിറ്റിയായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ട വിവിധ വകുപ്പുകളിലെ ഏറ്റവും മുതിർന്ന ഉദ്യോഗസ്ഥരെ ആ വിഷയമേഖലയുടെ എക്സ് ഒഫീഷ്യോ സെക്രട്ടറിമാരായും മാറ്റുകയുണ്ടായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ സ്വന്തം ജീവനക്കാരുടെയും കൈമാറ്റം ചെയ്ത സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും മേൽ അച്ചടക്കനടപടിക്കുള്ള അധികാരങ്ങൾ ഉൾപ്പെടെ പൂർണ്ണമായ ഭരണ സ്വാതന്ത്ര്യം നൽകുകയുണ്ടായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽ സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണ അധികാരങ്ങൾ കുറയ്ക്കുന്നതിനും ഭേദഗതിയിലൂടെ സാധിച്ചു. ഓംബുഡ്സ്മാനുമായോ അപ്പലേറ്റ് ട്രിബ്യൂണലുമായോ കൂടിയാലോചിച്ചുകൊണ്ട് ഒരു നിയതമായ നടപടിക്രമങ്ങളിലൂടെ മാത്രമേ ഒരു പ്രാദേശിക ഗവൺമെന്റിന്റെ തീരുമാനങ്ങളോ പ്രമേയങ്ങളോ സംസ്ഥാന സർക്കാരിന് റദ്ദാക്കാൻ കഴിയൂ. അതുപോലെ, ബഡ്ജറ്റ് പാസാക്കുന്നതിൽ പരാജയപ്പെടുകയോ ഭൂരിപക്ഷം അംഗങ്ങളും രാജിവെക്കുകയോ ചെയ്താൽ മാത്രമേ ഒരു തദ്ദേശ ഭരണസ്ഥാപനത്തെ പിരിച്ചുവിടാൻ സർക്കാരിന് കഴിയൂ. മറ്റെല്ലാ സാഹചര്യങ്ങളിലും ചാർജ്ജ് മെമ്മോ നൽകിക്കൊണ്ട് നടപടിക്രമങ്ങൾ പാലിക്കേണ്ടതും ഭരണസമിതി പിരിച്ചുവിടുന്നതിന് മുമ്പായി സർക്കാർ ഓംബുഡ്സ്മാന്റെ അഭിപ്രായം തേടേണ്ടതുമാണ്.

മൂന്നാമതായി, എല്ലാ സ്വയംഭരണാധികാരങ്ങളോടും കൂടി പൂർണ്ണമായും അധികാരം വിനിയോഗിക്കാൻ കഴിയുന്ന ശക്തമായ സർക്കാരുകളായി പ്രാദേശിക സർക്കാരുകളെ മാറ്റുന്നതിന് അധികാര വികേന്ദ്രീകരണം സഹായിച്ചു. സർക്കാർ നിയന്ത്രണം കുറയ്ക്കുന്നതിനും ജനാധിപത്യ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനും ഇത് സഹായകമായി. ഇതിന്റെ ഭാഗമായി, ജനാധിപത്യ വികേന്ദ്രീകരണത്തെ ശക്തിപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനുമായി ഒട്ടനവധി സ്ഥാപനങ്ങൾ നിലവിൽ വന്നു. അവയിൽ ഏറ്റവും പ്രധാനപ്പെട്ടത് തദ്ദേശസ്വയംഭരണ സ്ഥാപന തെരഞ്ഞെടുപ്പുകൾ നടത്തുന്നതിനും നിരീക്ഷിക്കുന്നതിനുമായുള്ള സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, സംസ്ഥാന സർക്കാർ ചുമത്തുന്ന നികുതി, തീരുവ മുതലായവ സംസ്ഥാന സർക്കാരിനും തദ്ദേശഭരണ സ്ഥാപനങ്ങൾക്കുമിടയിൽ വിഭജിക്കുന്നതിനുള്ള സംസ്ഥാന ധനകാര്യ കമ്മീഷൻ, നയങ്ങളും പ്രവർത്തന പ്രശ്നങ്ങളും ചർച്ച ചെയ്യുന്നതിനായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള സംസ്ഥാന വികസന കൗൺസിൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ക്രമക്കേടുകൾ പരിശോധിക്കാൻ ഹൈക്കോടതി ജഡ്ജി നിയന്ത്രിക്കുന്നതും വിപുലമായ അധികാരങ്ങളുള്ളതുമായ ഓംബുഡ്സ്മാൻ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകിയ ലൈസൻസ്, പെർമിറ്റുകൾ എന്നിവയിൽ പൗരന്മാർ നൽകുന്ന അപ്പീലുകൾ പരിഗണിക്കുന്നതിനായി ജില്ലാ ജഡ്ജി അധ്യക്ഷനായിട്ടുള്ള അപ്പലേറ്റ് ട്രിബ്യൂണൽ എന്നിവയാണവ.

നാലാമതായി, പ്രാദേശിക പ്രശ്നങ്ങൾ കണ്ടെത്തി ജനങ്ങളെയും ജനപ്രതിനിധികളെയും, ഉദ്യോഗസ്ഥരേയും സന്നദ്ധ പ്രവർത്തകരേയും ഏകോപിപ്പിച്ച് വികസന പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള വിപുലമായ ജനകീയ പ്രചാരണം പ്രാദേശിക പദ്ധതികൾ ആവിഷ്കരിക്കുന്നതിലെ നൂതന മാർഗ്ഗമായിരുന്നു. കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് പോലുള്ള സംഘടനകൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ താഴെത്തട്ടിൽ നടത്തിയ ആസൂത്രണ പരീക്ഷണങ്ങളിലെ അനുഭവപാഠങ്ങൾ പീപ്പിൾസ് പ്ലാൻ ക്യാമ്പെയ്ൻ എളുപ്പത്തിലും വേഗതത്തിലുമുള്ളതാക്കി തീർത്തു. വിപുലമായ പ്രചാരണം ആരംഭിച്ചതിനോടൊപ്പം തന്നെ വികേന്ദ്രീകരണ പ്രക്രിയകൾ വിശദമായി പരിശോധിക്കാൻ സെൻ കമ്മിറ്റിയെ ചുമതലപ്പെടുത്തിയതും ശ്രദ്ധേയമാണ്. പദ്ധതി ആസൂത്രണം, നിർവ്വഹണം, നിരീക്ഷണം എന്നിവയുടെ എല്ലാ ഘട്ടങ്ങളിലും ജനങ്ങളുടെയും ജനപ്രതിനിധികളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നതിന് ആവശ്യമായതെല്ലാം ക്യാമ്പെയ്നിൽ ഉറപ്പാക്കിയിരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പദ്ധതികൾ തയ്യാറാക്കുന്നതിനായുള്ള ഗ്രാമസഭയിൽ വികസന പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതിലൂടെ ആരംഭിക്കുന്ന ജനാധിപത്യ പ്രക്രിയയായിട്ടാണ് ഇതിനെ വിഭാവനം ചെയ്തത്. പദ്ധതി രൂപീകരണത്തിന്റെയും നടപ്പാക്കലിന്റെയും ഈ ശ്രേണിയിൽ വിവിധ വികസന മേഖലകളുടെ വിലയിരുത്തൽ, ക്യാമ്പെയ്നിലെ അംഗങ്ങളുടെ പരിശീലനം, പ്രാദേശിക സർക്കാരുകളുടെ പ്രോജക്ട് നിർദ്ദേശങ്ങളുടെ പരിശോധന തുടങ്ങി പ്രധാനപ്പെട്ട മേഖലകളിൽ ശ്രദ്ധ പതിപ്പിച്ചുകൊണ്ട് സമഗ്രമായ മാർഗ്ഗനിർദ്ദേശങ്ങൾ രൂപപ്പെടുത്തൽ, മുൻഗണനാ മേഖലകളിൽ മതിയായ വകയിരുത്തലുകൾ, മേഖലാ പരിധി നിശ്ചയിക്കൽ, നിർബന്ധിത വകയിരുത്തലുകൾ, ലിംഗപരമായ വിഷയങ്ങളെ മുഖ്യധാരയിൽ എത്തിക്കൽ എന്നിവ വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയിലൂടെ സാധ്യമാക്കി.

വികേന്ദ്രീകൃതാസൂത്രണ പ്രക്രിയക്ക് നേതൃത്വം നൽകുന്നതിൽ സംസ്ഥാന ആസൂത്രണ ബോർഡ് സുപ്രധാനമായൊരു പങ്കാണ് വഹിച്ചത്. ആസൂത്രണ ബോർഡിന്റെ നേതൃത്വത്തിൽ സാങ്കേതിക സഹായം, നടപടിക്രമങ്ങളുടെ മാതൃകകൾ, പ്രധാന മേൽനോട്ട പ്രവർത്തനങ്ങൾ, ഭരണപരമായ ഇടപെടലുകൾ എന്നിവ മാത്രമല്ല, പ്രാദേശിക തലത്തിലും ജില്ലാ തലത്തിലും ഒരു ലക്ഷത്തിലധികം കീ റിസോഴ്സ്പേഴ്സൺമാരെ ഉൾപ്പെടുത്തി ബൃഹത്തായ പരിശീലന പരിപാടിക്ക് തുടക്കമിടുകയുമുണ്ടായി.

**ബോക്സ് 2.1** കുടുംബശ്രീയും അതിന്റെ നേട്ടങ്ങളും

വികസനത്തിന്റെ ചാലകശക്തിയായിട്ടുള്ള പ്രധാന ഘടകങ്ങളിൽ ഒന്നായ സ്ത്രീ ശാക്തീകരണം ജനകീയാസൂത്രണ ക്യാമ്പയിനുകളുടെ പ്രധാന ലക്ഷ്യങ്ങളിലൊന്നായി കണക്കാക്കിയിരുന്നു. ഒട്ടനവധി പരിശീലന പരിപാടികളിലൂടെ വനിതകളെ നേതൃത്വത്തിലേക്കെത്തിച്ചും, സ്ത്രീകളുടെ പദവി ചര്‍ച്ച ചെയ്ത് കൊണ്ടും അയൽ ക്കൂട്ടങ്ങളെ ഗ്രാമസഭകളുടെ അനുബന്ധ ഫോറമാക്കി കൊണ്ടും ലിംഗനീതി ഉറപ്പാക്കി പ്രാദേശിക ഭരണപ്രക്രിയ മെച്ചപ്പെടുത്തിയും വനിതാ വികസന ഏജൻസികള്‍ക്ക് അർഹമായ ഇടം ഉറപ്പാക്കുകയുണ്ടായി. ഈ ശ്രമങ്ങൾ കുടുംബശ്രീയുടെ രൂപീകരണത്തിന് വഴിയൊരുക്കുകയുണ്ടായി. കേരളത്തിലെ പൊതു സമൂഹത്തിലെ പൊതു പദാവലിയായ 'കുടുംബശ്രീ', പ്രാദേശിക തലം മുതൽ ആരംഭിക്കുന്ന വനിതാ കൂട്ടായ്മകളുടെ ഒരു ശൃംഖലയാണ്. ആലപ്പുഴയിലെയും മലപ്പുറത്തെയും കമ്മ്യൂണിറ്റി മൊബിലൈസേഷൻ അനുഭവങ്ങളുടെ വികാസമാണ് കുടുംബശ്രീയുടെ രൂപീകരണത്തിലേക്ക് നയിച്ചത്. സംസ്ഥാനത്ത് വികേന്ദ്രീകരണ പരീക്ഷണങ്ങൾ നടക്കുന്ന പശ്ചാത്തലത്തിൽ, ദാരിദ്ര്യ നിർമ്മാർജ്ജന തന്ത്രം ആവിഷ്ക്കരിക്കുന്നതിനായി മൂന്നംഗ കമ്മിറ്റി രൂപീകരിക്കുകയുണ്ടായി.ഈ സമിതിയുടെ ശുപാർശ പ്രകാരമാണ് സംസ്ഥാന ദാരിദ്ര്യ നിർമാർജന മിഷൻ – കുടുംബശ്രീ രൂപീകരിക്കപ്പെട്ടത്. സാമ്പത്തികേതര മാനദണ്ഡങ്ങൾ കൂടി കണക്കിലെടുത്ത് ദരിദ്രരെ കണ്ടെത്തുകയും അങ്ങനെ കണ്ടെത്തിയ ദരിദ്രരെ കമ്മ്യൂണിറ്റി ബേസ്ഡ് ഓർഗനൈസേഷന്റെ (CBO) ശൃംഖലയുടെ കീഴിലാക്കി സംഘടിപ്പിക്കുകയുമുണ്ടായി. അയൽക്കൂട്ടങ്ങൾ, ഏരിയ ഡെവലപ്മെന്റ് സൊസൈറ്റികൾ, കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റികൾ എന്നിങ്ങനെ മൂന്ന് തലത്തിലായി ഇത് പ്രവർത്തിക്കുന്നു. ഒരു പ്രദേശത്തെ 10–20 സ്ത്രീ അംഗങ്ങളുള്ള അയൽപക്ക ഗ്രൂപ്പുകളാണ് താഴെത്തട്ടിലുള്ളത്. ഓരോ വാർഡിലെയും അയൽ ക്കൂട്ടങ്ങളെ അഫിലിയേറ്റ് ചെയ്ത് എ.ഡി.എസും സി.ഡി. എസും രൂപീകരിക്കുന്നു. 2021 സെപ്റ്റംബർ 15 വരെയുള്ള കണക്കുകള്‍പ്രകാരം കുടുംബശ്രീ ശൃംഖലയിൽ 2,94,436 അയൽ ക്കൂട്ടങ്ങളും 19,489 എ.ഡി.എസുകളും 1,064 സി.ഡി.എസു.കളും ഉണ്ട്. ആകെ 45,85,677 സ്ത്രീകളാണ് കുടുംബശ്രീയിൽ അംഗത്വമുള്ളവര്‍. പ്രായപൂർത്തിയായ എല്ലാ സ്ത്രീകൾക്കും കുടുംബശ്രീ അംഗത്വം ലഭ്യമാണ്. ഇത് ഒരു കുടുംബത്തിന് ഒരു അംഗത്വം എന്ന രീതിയിൽ പരിമിതപ്പെടുത്തിയിരിക്കുന്നു. കേന്ദ്ര ഗ്രാമവികസന മന്ത്രാലയം (MoRD) 2011–ൽ ദേശീയ ഗ്രാമീണ ഉപജീവന മിഷന് (NRLM) കീഴിലെ സംസ്ഥാന ഗ്രാമീണ ഉപജീവന മിഷനായി (SRLM) കുടുംബശ്രീയെ അംഗീകരിച്ചിട്ടുണ്ട്. എല്ലാ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളും കുടുംബശ്രീ മുഖേന നടപ്പിലാക്കാൻ 1998–ൽ തീരുമാനിക്കുകയുണ്ടായി. സംസ്ഥാനത്തുടനീളമുള്ള കുടുംബശ്രീ യൂണിറ്റുകൾക്ക് സർക്കാരിന്റെ പിന്തുണാ സംവിധാനമായി സംസ്ഥാന ദാരിദ്ര്യ നിർമാർജന മിഷൻ സ്ഥാപിക്കുന്നതിലേക്ക് ഇത് നയിക്കുകയുണ്ടായി. പഞ്ചായത്തുകള്‍ക്ക് കൈമാറിയ ദാരിദ്ര്യനിർമ്മാർജ്ജനം, ശിശു സംരക്ഷണം, വയോജന സംരക്ഷണം, ആരോഗ്യ സംരക്ഷണം എന്നിവയുമായി ബന്ധപ്പെട്ട ഒട്ടനവധി പ്രവർത്തനങ്ങളിൽ പഞ്ചായത്തുകളും കുടുംബശ്രീ ഗ്രൂപ്പുകളും തമ്മിലുള്ള ഏകോപനം ഉണ്ടായിട്ടുണ്ട്. ഇന്റഗ്രേറ്റഡ് ചൈൽഡ് ഡെവലപ്മെന്റ് സ്കീം (ഐ.സി.ഡി.എസ്) എന്ന കേന്ദ്രാവിഷ്കൃത പദ്ധതിക്ക് കീഴിൽ, അങ്കണവാടികളിൽ അഥവാ ശിശു സംരക്ഷണ കേന്ദ്രങ്ങളിലേക്ക് പൂരക പോഷകാഹാരത്തിന്റെ ഭാഗമായ 'ന്യൂട്രിമിൽ' എന്ന മൾട്ടിഗ്രെയ്ൻ പൗഡര്‍വിതരണം ചെയ്യുന്നത് കുടുംബശ്രീ ഗ്രൂപ്പുകളാണ്. ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യത്തിന് കീഴിൽ അംഗീകൃത സോഷ്യൽ ഹെൽത്ത് ആക്ടിവിസ്റ്റുകളായി (ആശ) പ്രവർത്തിക്കുന്നതും സംസ്ഥാന സർക്കാരിന്റെ ആശ്രയ എന്ന പദ്ധതിയിൽ വയോജനങ്ങളുടെയും നിരാലംബരുടെയും പരിചരണവും കുടുംബശ്രീയാണ് ഏറ്റെടുത്ത് നടത്തുന്നതും കുടുംബശ്രീയാണ്. സി.ഡി. എസ്സുകൾക്ക് എല്ലാ ഗ്രാമ പഞ്ചായത്തിലും ഓഫീസുകള്‍ഉണ്ട്. പണമടയ്ക്കുന്നതിലെ കാലതാമസം, അപര്യാപ്തമായ പിന്തുണാസംവിധാനം എന്നിവ ഒഴിവാക്കി നിർത്തിയാൽ കുടുംബശ്രീ വനിതകൾ അവരുടെ പ്രവർത്തനങ്ങൾ നിരന്തരമായി മെച്ചപ്പെടുത്തുകയും നേതൃപാടവം ഉയർത്തുന്നതായും കാര്യശേഷി വർദ്ധിപ്പിക്കുന്നതായും ചെയ്യുന്നതിൽ കഴിവും പ്രകടിപ്പിക്കുന്നുണ്ട്. പ്രാദേശികസർക്കാരുകളും വനിതാ കൂട്ടായ്മയും തമ്മിലുള്ള ബന്ധം കേരളത്തിലെ പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ ഒരു പ്രധാന സവിശേഷത തന്നെയാണ്.

അഞ്ചാമതായി, സാമ്പത്തിക സ്രോതസ്സുകളുടെ നീതിയുക്തമായ വിഭജനം വികേന്ദ്രീകൃത ആസൂത്രണത്തിലെ അവിഭാജ്യ ഘടകമാണ്. ഫോർമുല അടിസ്ഥാനമാക്കി തുല്യമായ രീതിയിൽ പ്രാദേശിക സർക്കാരുകൾക്ക് ഫണ്ട് ലഭ്യമാക്കി. മുൻപ് സൂചിപ്പിച്ച പോലെ ഒമ്പതാം പഞ്ചവത്സര പദ്ധതിയിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവിഷ്കരിക്കേണ്ട പദ്ധതികൾക്കും പരിപാടികൾക്കുമായി സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 35 ശതമാനത്തിലധികം തുക നീക്കിവെക്കാൻ കഴിഞ്ഞു. പദ്ധതി വിഹിതത്തിന്റെ 70 മുതൽ 85 ശതമാനം വരെ ഗ്രാമീണ ജനസംഖ്യയ്ക്ക് അനുസൃതമായി ജില്ലാ–ബ്ലോക്ക്–ഗ്രാമ പഞ്ചായത്തുകൾക്കും വകയിരുത്തുകയുണ്ടായി. കൂടാതെ, പൊതുമാർഗ്ഗ രേഖയുടെ ചട്ടക്കൂടിൽ നിന്ന് കൊണ്ട് പ്ലാൻ ഫണ്ടുകളുടെ 90 ശതമാനവും പ്രാദേശിക ഗവൺമെന്റുകൾക്ക് യഥേഷ്ടം പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനായി വിനിയോഗിക്കാൻ കഴിഞ്ഞു. കുറഞ്ഞത് 40 ശതമാനം ഫണ്ടെങ്കിലും ഉൽപ്പാദന മേഖലയിൽ നിക്ഷേപിക്കണമെന്നും (നഗരപ്രദേശങ്ങളിൽ 10 ശതമാനം) അടിസ്ഥാന സൗകര്യ വികസനത്തിൽ 30 ശതമാനത്തിൽ കൂടുതൽ ഫണ്ട് (നഗരപ്രദേശങ്ങളിൽ 50 ശതമാനം) വകയിരുത്താൻ പാടില്ലെന്നും ജെൻഡർ സെൻസിറ്റീവ് പദ്ധതികൾക്കായി 10 ശതമാനമെങ്കിലും നീക്കിവയ്ക്കണമെന്നും നിഷ്ക്കർഷിച്ചു. വിവിധ വിഷയമേഖലയിലെ പദ്ധതികളിലെ സബ്സിഡികൾക്ക് ഉയർന്ന പരിധി നിശ്ചയിച്ചിട്ടുമുണ്ട്. മുഴുവൻ പ്ലാൻ ഫണ്ടും പൂർണ്ണമായി പദ്ധതികൾക്കായി വകയിരുത്തേണ്ടതുമാണ്. കൂടാതെ നിയമസഭ പാസാക്കിയ

സംസ്ഥാന ബജറ്റിന്റെ അനുബന്ധം IV ൽ പ്രാദേശിക സർക്കാരുകൾക്കുള്ള മുഴുവൻ ഗ്രാന്റുകളും വെവ്വേറെ ബഡ്ജറ്റ് ചെയ്തിരിക്കുന്നതിനാൽ, ഗ്രാന്റുകൾ മറ്റ് ആവശ്യങ്ങൾക്ക് അനുമതി കൂടാതെ വകമാറ്റാനാകില്ല. കാലാകാലങ്ങളിൽ ഫണ്ടുകളുടെ കൈമാറ്റം സംബന്ധിച്ച നടപടിക്രമവും പുറപ്പെടുവിക്കാറുണ്ട്. നിലവിൽ മൂന്ന് ഗഡുക്കളായിട്ടാണ് പ്രാദേശിക സർക്കാരുകൾക്ക് ഫണ്ട് കൈമാറ്റം ചെയ്യപ്പെടുന്നത്. സംസ്ഥാനത്തെ ധനവികേന്ദ്രീകരണം, സർക്കാർ പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് മാത്രമല്ല സാമ്പത്തികവും രാഷ്ട്രീയവുമായ ഉത്തരവാദിത്തം വർദ്ധിപ്പിക്കുന്നതിനും സഹായമായിട്ടുണ്ട്.

വികേന്ദ്രീകൃത ആസൂത്രണം ആരംഭിച്ചതു മുതൽ, സംസ്ഥാനത്തിന്റെ പദ്ധതി വിഹിതത്തിന്റെ ശരാശരി 25 ശതമാനം പ്രാദേശിക സർക്കാരുകൾക്ക് വികസന ഫണ്ടായി വകയിരുത്തുന്നുണ്ട്. കൂടാതെ, തനത് നികുതി വരുമാനത്തിന്റെ 4 ശതമാനം ജനറൽ

**ബോക്സ് 2.2** സെൻ കമ്മിറ്റി 1996 – പ്രധാന ശുപാർശകൾ

വികേന്ദ്രീകരണ പ്രക്രിയയുടെ നിർവ്വഹണം, സ്ഥാപനവൽക്കരണം തുടങ്ങിയവയുമായി ബന്ധപ്പെട്ട വിഷയങ്ങൾ പഠിച്ച് ശുപാർശകൾ മുന്നോട്ട് വെയ്ക്കുന്നതിനായി പശ്ചിമബംഗാൾ ആസൂത്രണ ബോർഡിന്റെ വൈസ് ചെയർമാനായിരുന്ന എസ് ബി സെൻ അധ്യക്ഷനായ കമ്മിറ്റി 1966–ൽ നിലവിൽ വന്നു. ഈ കമ്മിറ്റി വകുപ്പുതല ജീവനക്കാരുടെ വിന്യാസം സംബന്ധിച്ച നിര്ദ്ദേശം ഉൾപ്പെടെ നാല് ഭാഗങ്ങളുള്ള റിപ്പോർട്ട് സര്ക്കാരിന് സമർപ്പിക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിൽ സെൻ കമ്മറ്റിയുടെ പ്രധാന ശുപാർശകൾ താഴെ കൊടുക്കുന്നു:

- ആസൂത്രണ പ്രക്രിയയിൽ ജന പങ്കാളിത്തം ഉറപ്പാക്കേണ്ടതുണ്ട് പദ്ധതികളുടെ രൂപീകരണം, വിഭവങ്ങളുടെ വിനിയോഗം എന്നിവ സംബന്ധിച്ച് ജനങ്ങളുടെ അഭിപ്രായം പ്രകടിപ്പിക്കുന്നതിനും തീരുമാനങ്ങളെടുക്കുന്നതിനും, അവബോധം ഉണ്ടാക്കുന്നതിനും അയൽക്കൂട്ടങ്ങൾ, വാർഡ് സഭകൾ തുടങ്ങിയവയിലൂടെ ഇത് സാധ്യമാക്കേണ്ടതാണ്.
- ഓരോ തദ്ദേശ സ്ഥാപനങ്ങളുടേയും അധികാരങ്ങളും പ്രവർത്തനങ്ങളും ഉത്തരവാദിത്തങ്ങളും വ്യക്തമായി നിർവ്വചിക്കുകയും അവ സർക്കാർ നിയന്ത്രണത്തിൽ നിന്ന് മുക്തമാണെന്ന് ഉറപ്പാക്കുകയും വേണം.
- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനെ ശക്തിപ്പെടുത്തുകയും പ്രാദേശിക സർക്കാർ തീരുമാനങ്ങളിന്മേലുള്ള അപ്പീലുകൾ, അധികാരദുരുപയോഗം, സ്വജനപക്ഷപാതം, അഴിമതി എന്നിവ പരിഹരിക്കുന്നതിനായി അപ്പലേറ്റ് ട്രിബ്യൂണൽ, ഓംബുഡ്സ്മാൻ തുടങ്ങിയ പുതിയ സ്ഥാപനങ്ങൾ രൂപീകരിക്കുകയും വേണം.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പൗരന്മാർക്ക് സൗകര്യങ്ങളും സേവനങ്ങളും നൽകുന്ന സംവിധാനം എന്നതിനപ്പുറം പ്രാദേശിക സാമ്പത്തിക വികസനത്തിന് ലക്ഷ്യം വെയ്ക്കുകയും അതിനനുസരിച്ച് പദ്ധതികൾ ഏറ്റെടുക്കുവാൻ സാധിക്കുന്ന തരത്തിൽ നിയമങ്ങൾ ഭേദഗതി ചെയ്യേണ്ടതുമാണ്.
- വിഭവങ്ങൾ സ്വരൂപിക്കാനും സമാഹരിക്കാനും തദ്ദേശസ്ഥാപനങ്ങളെ പ്രാപ്തമാകും വിധം നൂതന മാർഗ്ഗങ്ങൾ തേടണം.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും ജനപ്രതിനിധികളുടെയും കാര്യശേഷി വർദ്ധിപ്പിക്കേണ്ടതുണ്ട്. അതിനായി ജോലിയുടെ ഭാഗമായി ഫീൽഡ്തല നിർവ്വഹണത്തിലും കൃത്യമായ പരിശീലനം നൽകേണ്ടതാണ്.
- പദ്ധതി രൂപീകരണത്തിലും നിർവഹണത്തിലും ലൈൻ ഡിപ്പാർട്ടുമെന്റുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കേണ്ടതും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും ഉപദേശങ്ങളും, ക്രിയാത്മക നിർദ്ദേശങ്ങളും നൽകേണ്ടതുമാണ്.
- ഗ്രാമ സഭകൾക്ക് വ്യക്തമായ അധികാരങ്ങളും ഉത്തരവാദിത്തങ്ങളും നൽകണം. തീരുമാനങ്ങൾ എടുക്കുന്നതിൽ ജനങ്ങളുടെ മികച്ച പങ്കാളിത്തം ഉറപ്പാക്കുന്നതിനായി അയൽക്കൂട്ടങ്ങൾ പോലെയുള്ള മികച്ച പിന്തുണാ സംവിധാനങ്ങളുടെ യോഗങ്ങൾ ഇടക്കിടയ്ക്ക് വിളിച്ച് ചേർത്ത് പങ്കാളിത്തം വിപുലീകരിക്കണം.
- കേരളത്തിലെ ഗ്രാമ–നഗര പ്രദേശങ്ങൾ തമ്മിലുള്ള വ്യത്യാസം വളരെ നേർത്തതായതിനാൽ ഗ്രാമ–നഗര പ്രദേശങ്ങളെ ഉൾപ്പെടുത്തി ഒരു ജില്ലാ കൗൺസിൽ രൂപീകരിക്കേണ്ടതുണ്ട്.
- ഗ്രാമപഞ്ചായത്തുകളിലൂടെ കടന്നു പോകുന്ന റോഡുകളുടെ കാര്യത്തിൽ ഒരു പഞ്ചായത്തിന് ചുമതല നൽകുന്നതിനു പകരം, ദേശീയ–സംസ്ഥാന പാതകൾ സർക്കാരിന്റെയും, ജില്ലാ റോഡുകൾ ജില്ലാ പഞ്ചായത്തിന്റെയും ബ്ലോക്ക് പഞ്ചായത്തിന്റെയും ഉത്തരവാദിത്തമായി തുടരുമ്പോൾ സർവീസ് ഏരിയ തത്വം പാലിക്കേണ്ടതുണ്ട്. ഗ്രാമപഞ്ചായത്ത് അവരുടെ അധികാര പരിധിയിലുള്ള മറ്റ് റോഡുകൾ പരിപാലിക്കേണ്ടതാണ്.
- പരമാവധി പങ്കാളിത്തത്തോടെ പ്രാദേശികതല ആസൂത്രണം ഉറപ്പാക്കുന്നതിനായി വിഭവസമാഹരണത്തോടെയുള്ള അഞ്ച് ഘട്ട പ്രക്രിയകൾ പിന്തുടരേണ്ടതുണ്ട്. വാർഷിക പദ്ധതിക്കും പഞ്ചവത്സര പദ്ധതികൾക്കും പുറമേ, സ്പേഷ്യൽ ഇൻഫ്രാസ്ട്രക്ചർ വികസനത്തിന് ഊന്നൽ നൽകി 15 വർഷത്തേക്കുള്ള ഒരു വികസന പരിപ്രേക്ഷ്യവും പഞ്ചായത്തുകൾ തയ്യാറാക്കേണ്ടതാണ്.
- ഓരോ പഞ്ചായത്തും പൗരന്മാർക്ക് നൽകുന്ന സേവനങ്ങളുടെ മാനദണ്ഡങ്ങൾ വ്യക്തമായി രേഖപ്പെടുത്തണം. സിറ്റിസൺ ചാർട്ടർ കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിനായി ഒരു സ്വതന്ത്ര ഓഡിറ്റ് കമ്മീഷനും, പൗരന്മാർക്ക് വിവരാവകാശത്തിനുള്ള സംവിധാനം, പരാതികൾ പരിഹരിക്കുന്നതിനായി ഒരു പരാതി പരിഹാര സെൽ എന്നിവ കൂടി ഉണ്ടായിരിക്കേണ്ടതാണ്.

പർപ്പസ് ഫണ്ടായും തനത് നികുതി വരുമാനത്തിന്റെ 6.5 ശതമാനം മെയിന്റനൻസ് ഫണ്ടായും (4 ശതമാനം റോഡുകളുടെ മെയിന്റനൻസിനും, 2.5 ശതമാനം റോഡിതര ആസ്തികളുടെ മെയിന്റനൻസിനും) ഓരോ വർഷവും വകയിരുത്തുന്നു. ആദ്യ ഘട്ടങ്ങളിൽ നികുതി വരുമാനത്തിന്റെ 3.5 ശതമാനം ജനറൽ പർപ്പസ് ഫണ്ടായും, 5.5 ശതമാനം മെയിന്റനൻസ് ഫണ്ടായും വകയിരുത്തിയിരുന്നു. മെയിന്റനൻസ് ഗ്രാന്റിൽ നിന്നും പദ്ധതികൾ ആവിഷ്ക രിക്കുന്നതിലും നടപ്പാക്കുന്നതിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പൂർണ സ്വാതന്ത്ര്യവുമുണ്ട്.

ദുർബല വിഭാഗങ്ങളുടെ ശാക്തീകരണവും സാമൂഹിക സമത്വവും ഉറപ്പുവരുത്തുന്നതിനു ള്ള നടപടിയെന്ന നിലയിൽ, പട്ടികജാതി ഉപപദ്ധതിയും പട്ടികവർഗ്ഗ ഉപപദ്ധതിയും തദ്ദേ ശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതാ ണ്. സംസ്ഥാനത്തെ മൊത്തം ജനസംഖ്യയിൽ പട്ടികജാതി, പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ ജനസംഖ്യയുടെ അനുപാതത്തിനനുസരിച്ചാണ് സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്ന് (സംസ്ഥാനത്തെ പദ്ധതിയിൽ എസ്.സി.പി, ടി.എസ്. പി പദ്ധതികൾക്കായി വകയിരുത്തുന്ന തുക പ്രസ്തുത വിഭാഗത്തിലെ ജനസംഖ്യാനുപാതത്തേക്കാ ളും കൂടുതലായിട്ടാണ്) എസ്.സി.പിക്കും റ്റി. എസ്.പിക്കും പദ്ധതി ഫണ്ട് വകയിരുത്തുന്നത്. എസ്.സി.പി/റ്റി.എസ്.പി പദ്ധതി വിഹിതത്തിന്റെ ഒരു ഭാഗം തുക വികേന്ദ്രീകൃത ആസൂത്രണത്തിന് കീഴിലുള്ള സ്കീമുകൾ നടപ്പിലാ ക്കുന്നതിനായി തദ്ദേശഭരണ സ്ഥാപനങ്ങൾക്കായി നീക്കിവെച്ചിരിക്കുന്നു. കേരളത്തിന്റെ വികേന്ദ്രീകൃത ആസൂത്രണത്തിലെ ഏറ്റവും പ്രധാനപ്പെട്ട സവി ശേഷതകളിലൊന്ന് സ്ത്രീകളുടെയും പരിഗണന അർഹിക്കുന്നവരുടേയും (വയോധികർ, കുട്ടികൾ, ഭിന്നശേഷിക്കാർ, ഭിന്നലിംഗക്കാർ, മറ്റ് ദുർബല വിഭാഗങ്ങൾ, സാന്ത്വന പരിചരണം ആവശ്യമുള്ളവർ) താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനാ യി പ്രത്യേക ഊന്നൽ നൽകുന്നു എന്നതാണ്.

### വികേന്ദ്രീകരണവും വികസന കാഴ്ചപ്പാടുകളിലെ മാറ്റങ്ങളും

ജനകീയാസൂത്രണ ക്യാമ്പയിനിന്റെ തുടക്കം

**ബോക്സ് 2.3** എം.എ ഉമ്മൻ കമ്മിറ്റി 2009 – പ്രധാന നിർദേശങ്ങൾ

- കൃത്യമായ മാർഗ്ഗരേഖ ഉണ്ടായിട്ടും പ്രാദേശിക സർക്കാരുകൾ ഉൽപ്പാദനമേഖലയിൽ പദ്ധതികൾ ആവിഷ്ക്കരിക്കാറില്ലെന്നും അതിനാൽ വിഷയ മേഖലകള്ക്ക് വിഹിതവും മുൻഗണനകളും നിശ്ചയിച്ച് നൽകേണ്ടതും ഉൽപ്പാദനത്തിനനുകൂലമായി പദ്ധതികള്മാറ്റേണ്ടതാണെന്നും ഉമ്മൻ കമ്മിറ്റി ചൂണ്ടിക്കാണിക്കുകയുണ്ടായി. നികുതി, നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന് നികുതികളുടെ വൈവിധ്യവൽക്കരണവും സമിതി നിർദ്ദേശിക്കുകയുണ്ടായി. വസ്തു, തൊഴിൽ, വിനോദ നികുതികൾ തുടങ്ങിയ പ്രധാന നികുതികളുടെ കണക്കുകൾ ശാസ്ത്രീയമായി വിലയിരുത്തേണ്ടതും ഡിമാൻഡ് രജിസ്റ്റര്തയ് യാറാക്കേണ്ടതുമാണെന്ന് സമിതി നിർദ്ദേശിച്ചു.
- ഒമ്പതാം പദ്ധതിയുമായി താരതമ്യം ചെയ്യുമ്പോൾ പത്താം പദ്ധതിയിലെ 6 പ്രധാന കാർഷിക വിളകളുടെ വളർച്ച അത്ര ആശാവഹമല്ലായിരുന്നെന്നും വിവിധ വകുപ്പുകൾ/ഏജൻസികൾ തമ്മിലുള്ള ഏകോപനമില്ലായ്മയാണ് ഇതിന് പ്രധാന കാരണമെന്നും കമ്മിറ്റി ചൂണ്ടിക്കാണിക്കുകയുണ്ടായി. കാർഷിക ഉൽപ്പാദനം മെച്ചപ്പെടുത്തുന്നതിനായി കൃഷിഭവൻ ഉദ്യോഗസ്ഥരുടെ സജീവ ഇടപെടൽ, കാർഷിക പ്രവർത്തനങ്ങൾ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തൽ, കാർഷിക പ്രവർത്തനങ്ങൾ നടത്തുന്ന പാടശേഖര സമിതികൾക്ക് കൂലി സബ്സിഡി, കാർഷിക പദ്ധതികൾക്കായുള്ള കർഷകരുടെ ഗ്രാമസഭ, പ്രദേശത്തിന് അനുയോജ്യമായ കാർഷിക നയം എന്നിവ കാർഷിക മേഖലയിലെ ശുപാർശകളിൽ ചിലതാണ്.
- ഗ്രാമസഭകളുടെ പുനരുജ്ജീവനം, വർക്കിംഗ് ഗ്രൂപ്പുകളുടെയും സാങ്കേതിക ഉപദേശക ഗ്രൂപ്പുകളുടെയും സാങ്കേതിക അടിത്തറ മെച്ചപ്പെടുത്തൽ, വിഭവം, സ്ഥലപരാസൂത്രണം, പാരിസ്ഥിതി എന്നിവ പരിഗണിച്ചുള്ള ആസൂത്രണ പ്രവർത്തനങ്ങൾ, ലൈൻ ഡിപ്പാർട്ട്മെന്റുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും തമ്മിലുള്ള ഫലപ്രദമായ ഏകോപനം, പദ്ധതിക്കായി സമയപരിധി, ആസ്തി പരിപാലനം എന്നിവയുമായി ബന്ധപ്പെട്ട ഉത്തരവാദിത്തങ്ങളുള്ള ഒരു പ്രോജക്ട് മാനേജ്മെന്റ് സിസ്റ്റം സ്ഥാപിക്കുവാനും നിർദേശിക്കുകയുണ്ടായി.
- ആരോഗ്യമേഖലയിലാകട്ടെ, തദ്ദേശഭരണ സ്ഥാപനങ്ങളും മാതൃവകുപ്പും തമ്മിലുള്ള ഇരട്ട നിയന്ത്രണത്തിന്റെ പ്രശ്നം, ചുമതലകളും ഉത്തരവാദിത്തങ്ങളും പ്രവര്ത്തനങ്ങളും കൃത്യമായി നിർവ്വഹിച്ചു കൊണ്ട് മികച്ച ഏകോപനത്തോടെ പരിഹരിക്കേണ്ടതായിട്ടുണ്ട്. ഹെൽത്ത് ഇൻഫർമേഷൻ സിസ്റ്റത്തിന്റെ (എച്ച്.ഐ.എസ്) കൃത്യത, പൊതുജനങ്ങൾക്കുള്ള സേവന വിതരണം മെച്ചപ്പെടുത്തൽ, ആരോഗ്യ സംവിധാനത്തിന്റെ ദൈനംദിന മാനേജ്മെന്റ്, ആരോഗ്യ സംവിധാനത്തിനുള്ള മാനുവൽ എന്നീ ശുപാര്ശകളും മുന്നോട്ട് വെയ്ക്കുകയുണ്ടായി.
- പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങള്ക്കായി ആസൂത്രണം, മുൻഗണന നിശ്ചയിക്കൽ, പദ്ധതിവിഹിതത്തിന്റെ ഫലപ്രദമായ വിനിയോഗം, കൂടുതൽ നൂതനമായ പദ്ധതികളുടെ ഉൾപ്പെടുത്തൽ, ഭൂമി, ഉപജീവനമാർഗം, വിദ്യാഭ്യാസം എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുക എന്നിവ ശ്രദ്ധ ചെലുത്തേണ്ട മേഖലകളായി കമ്മിറ്റി ചൂണ്ടിക്കാണിക്കുകയുണ്ടായി. വനിതാ ഘടക പദ്ധതി നിർവ്വഹണം പരിശോധിക്കുമ്പോൾ സ്ത്രീ കേന്ദ്രീകൃത പദ്ധതികൾ പ്രാദേശിക സർക്കാരുകൾ ഏറ്റെടുത്തതായി കാണുന്നില്ല എന്നും കമ്മിറ്റി ചൂണ്ടിക്കാണിക്കുകയുണ്ടായി.

രാജ്യത്തെ വികേന്ദ്രീകൃത അധികാര ചരിത്രത്തിലെ നാഴികക്കല്ലായി കണക്കാക്കപ്പെടുന്നു. ഫണ്ടും ചുമതലകളും സംവിധാനങ്ങളും പ്രാദേശിക സർക്കാരുകളിലേക്ക് കൈമാറുകയുണ്ടായി. ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നതിൽ ജനകീയാസൂത്രണം സുപ്രധാനമായ പങ്കാണ് വഹിച്ചിട്ടുള്ളത്. ഇന്ത്യയിൽ നടപ്പിലാക്കിയ ഏറ്റവും വിപുലവും കാര്യക്ഷമവുമായ വികേന്ദ്രീകരണ പരിപാടി ആയിരുന്നു ഇത് എന്നതിൽ തർക്കമില്ല. ഈ ക്യാമ്പയിൻ, സംസ്ഥാന ഭരണത്തിന്റെ പുനഃസംഘാടനത്തിന് തന്നെ വഴി വെച്ചിട്ടുണ്ടെന്ന് കാണാവുന്നതാണ്. മാത്രവുമല്ല, 1992 ലെ ഭരണഘടനാ ഭേദഗതി ഏറ്റവും ഫലപ്രദമായി നടപ്പിലാക്കിയ ഇന്ത്യൻ സംസ്ഥാനം കേരളമാണെന്നും നിരവധി പഠനങ്ങളിൽ പരാമർശിക്കുന്നു (തോമസ് ഐസക്ക് & ഫ്രാങ്കി, 2002; വെറോൺ, 2001; ലോക ബാങ്ക്, 2000). പ്രാദേശിക സർക്കാരുകൾക്ക് കൈമാറിയ മേഖലകളിൽ എല്ലാം തന്നെ വലിയ മാറ്റങ്ങൾ ഉണ്ടായിട്ടുള്ളതായും കാണാവുന്നതാണ്.

സാമൂഹ്യ–സാമ്പത്തിക വ്യത്യാസങ്ങളില്ലാതെ ആസൂത്രണ പ്രക്രിയയുടെ ഭാഗമായ ഗ്രാമസഭയിൽ പങ്കെടുക്കാൻ ജനങ്ങൾക്ക് അവസരം ലഭിച്ചു. വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഭാഗമായി പുതുതായി രൂപീകരിച്ച ഈ വേദി ജനങ്ങൾക്ക് വികസനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും ആശങ്കകളും ആശയങ്ങളും പങ്ക് വെക്കാനുള്ള അവസരമൊരുക്കുകയുണ്ടായി. ജനപങ്കാളിത്തം ആസൂത്രണത്തിന്റെ പ്രാരംഭ ഘട്ടത്തിൽ മാത്രം ഒതുങ്ങി നിൽക്കാതെ മറിച്ച് പദ്ധതികളുടെ ആത്യന്തിക ഫലം വിലയിരുത്തുന്ന ഘട്ടം വരെ നീളുന്ന ഒന്നായി മാറുകയും ചെയ്തു.

രണ്ടാമതായി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള അധികാരസ്ഥാനങ്ങളിൽ മൂന്നിലൊന്നും സ്ത്രീകൾക്കായി സംവരണം ചെയ്തത് അധികാര വികേന്ദ്രീകരണത്തിൽ ലിംഗസമത്വത്തിനു പ്രത്യേക ഊന്നൽ നൽകാൻ കഴിഞ്ഞിട്ടുണ്ട്. ഈ സംവരണാനുപാതം 2010–ൽ 33.3 ശതമാനത്തിൽ നിന്നും 50 ശതമാനമായി വർദ്ധിപ്പിക്കുകയുണ്ടായി. ജനകീയാസൂത്രണ പ്രക്രിയയുടെ ആറ് ഘട്ടത്തിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയാറാക്കിയ വികസന റിപ്പോർട്ടിൽ സ്ത്രീകളുടെ പ്രശ്നങ്ങൾ സംബന്ധിച്ച് ഒരു പ്രത്യേക അധ്യായം തന്നെ നിർബന്ധമാക്കിയിരുന്നു. ഇത് സംസ്ഥാനത്തുടനീളമുള്ള സ്ത്രീകളുടെ അവസ്ഥയെക്കുറിച്ചും അവ മെച്ചപ്പെടുത്തുന്നതിനുള്ള സാധ്യതകളെക്കുറിച്ച് പഠിക്കുന്നതിനും പ്രാദേശിക സർക്കാരുകളെ പ്രേരിപ്പിക്കുകയുണ്ടായി. ജനകീയാസൂത്രണ പ്രക്രിയയിലെ എല്ലാ പരിശീലന പരിപാടികളിലും ലിംഗസമത്വം ഒരു പ്രധാന വിഷയമായി ഉൾപ്പെടുത്തുകയുണ്ടായി. വികസന വഴികളിൽ അതുവരെ കേട്ടുകേൾവി ഇല്ലാത്ത ഒന്നായിരുന്നു അത്. കൂടാതെ, ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും അവരുടെ മൊത്തം പദ്ധതി വിഹിതത്തിന്റെ ഒരു നിശ്ചിത ശതമാനം (10 ശതമാനം) തുക സ്ത്രീകൾക്ക് മാത്രമായുള്ള വനിതാ ഘടക പദ്ധതികൾക്കായി നിർബന്ധമായി വകയിരുത്താനും തീരുമാനിച്ചു. വികസന പരിപാടികൾ ആസൂത്രണം ചെയ്യുമ്പോൾ വികസന പരിപാടികളുടെ ലിംഗപരമായ വിഷയങ്ങൾ കൂടി പരിഗണിക്കേണ്ടത് അത്യന്താപേക്ഷിതമായി.

മൂന്നാമതായി, പ്രാദേശിക സർക്കാർ സ്ഥാപനങ്ങൾക്ക് പ്രത്യേകമായി എസ്.സി.പി, റ്റി.എസ്.പി ഫണ്ടുകൾ അനുവദിച്ചത് വഴി വികസന പരിപാടികൾ ആവിഷ്കരിക്കുമ്പോൾ സമൂഹത്തിലെ പാർശ്വവത്കൃത വിഭാഗങ്ങൾക്ക് കാര്യമായ ഊന്നൽ ലഭിക്കുകയും അവരെ കൂടി വികസനത്തിൽ ഉൾച്ചേർക്കുന്നതിനും കഴിഞ്ഞു. ഇത് പ്രാദേശിക തലത്തിൽ ദുർബല വിഭാഗങ്ങളുടെ യഥാർത്ഥ വികസന ആവശ്യങ്ങൾ കണക്കാക്കുന്നതിനും വിവിധ മേഖലകളിൽ പ്രശ്നാധിഷ്ഠിത ആസൂത്രണത്തിന് സൗകര്യമൊരുക്കുന്നതിനും സഹായിച്ചു. പങ്കാളിത്ത ആസൂത്രണത്തിന്റെ എല്ലാ ഘട്ടങ്ങളിലും എസ്‌സി/എസ്ടി വിഭാഗങ്ങളുടെയും സ്ത്രീകളുടെയും സ്ഥിര പ്രാതിനിധ്യത്തിന് ഇത് കാരണമായിട്ടുണ്ട്. വികേന്ദ്രീകൃത ഭരണത്തിൽ പാർശ്വവത്കൃത വിഭാഗങ്ങൾ കൂടുതൽ ശാക്തീകരിക്കപ്പെട്ടതായും കാണാം.

നാലാമതായി, വികേന്ദ്രീകരണം, തദ്ദേശ സ്ഥാപനങ്ങൾക്ക് വിവിധ മേഖലകളിൽ ആസ്തികൾ രൂപകൽപന ചെയ്യുന്നതിനും സൃഷ്ടിക്കുന്നതിനും സ്വാതന്ത്ര്യം നൽകുകയുണ്ടായി. വിവിധ വകുപ്പുകളുടെ പ്രാദേശിക സ്ഥാപനങ്ങൾ തദ്ദേശ സർക്കാരുകളുടേതാക്കി മാറ്റിയ തോടെ മുകൾത്തട്ടിൽ നിന്നുമുള്ള അനുമതികൾക്ക് കാത്തു നിൽക്കാതെ ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ഇത്തരം സ്ഥാപനങ്ങളിൽ പുതിയ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള ഇടപെടലുകൾ നടത്താനും സാധിക്കുകയുണ്ടായി. സാങ്കേതികമായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും ബന്ധപ്പെട്ട വകുപ്പുകളുടേയും ഇരട്ട നിയന്ത്രണം ഉണ്ടെങ്കിലും പദ്ധതി വിഹിതം ഉപയോഗിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നേരിട്ട് ആസ്തികൾ സൃഷ്ടിക്കാനും കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളുടെ ആസ്തികളുടെ അറ്റകുറ്റപ്പണികൾ, റോഡിതര മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് കൃത്യമായി ഏറ്റെടുക്കുന്നതിനും സാധിച്ചിട്ടുണ്ട്. ആസ്തികൾ സൃഷ്ടിക്കുന്നതിനുള്ള സ്വാതന്ത്ര്യം എല്ലാ വികസന മേഖലകളിലും ശ്രദ്ധേയമായ പുരോഗതി നേടി എടുക്കുന്നതിന് കാരണമായിട്ടുണ്ട്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത് ഗ്രാമീണ റോഡുകളാണ്. ചെറുകിട ജലസേചന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും സഹായകമായിട്ടുണ്ട്. ലൈഫ് മിഷന്റെ ശ്രദ്ധേയമായ നേട്ടങ്ങളിൽ നിന്ന് വ്യക്തമാകുന്നത് ഗ്രാമീണ ഭവനനിർമ്മാണവും ഗണ്യമായി മെച്ചപ്പെട്ടിട്ടുണ്ട് എന്ന് തന്നെയാണ്. ശുചീകരണത്തിനും മറ്റ് പൊതു സൗകര്യങ്ങൾക്കുമുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതും പല മടങ്ങായി വർദ്ധിച്ചിട്ടുണ്ട്.

അഞ്ചാമതായി, പ്രാദേശിക സർക്കാരുകളുടെ സേവന വിതരണ സംവിധാനങ്ങളിലും കാര്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്. പ്രാഥമിക ആരോഗ്യ സംരക്ഷണം, ശിശു സംരക്ഷണം, പ്രാഥമിക വിദ്യാഭ്യാസം, കുടിവെള്ളം, ശുചിത്വം, റോഡുകൾ, ജലസേചന സൗകര്യങ്ങൾ, പാവപ്പെട്ടവർക്ക് പാർപ്പിടം, കർഷകർക്ക് സഹായം, സ്ത്രീകൾ/പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ വരുമാനം, തൊഴിൽ എന്നിവ സേവനങ്ങളുടെ ശ്രേണിയിൽ ഉൾപ്പെടുന്നു. സിവിൽ രജിസ്ട്രേഷൻ, ലൈസൻസ് വിതരണം തുടങ്ങിയ നിർബന്ധിത

സേവനങ്ങൾ കമ്പ്യൂട്ടർവൽക്കരിച്ചതിലൂടെ ഇവ സുഗമമാക്കുകയും വേഗത്തിലാക്കുകയും ചെയ്തു. അധികാര വികേന്ദ്രീകരണത്തിന്റെ പശ്ചാത്തലത്തിൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഇ-ഗവേണൻസ് സംവിധാനങ്ങൾ മൂലം അപേക്ഷകളിന്മേലുള്ള നടപടികൾ സുതാര്യമാക്കുകയും വേഗത്തിൽ സേവനം നൽകുന്നതിനും സഹായിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർവൽക്കരണത്തിലെ നേട്ടങ്ങൾ ഇൻഫർമേഷൻ കേരള മിഷൻ എന്ന ഭാഗത്ത് വിശദമായി ചർച്ച ചെയ്യുന്നുണ്ട്. സംസ്ഥാനത്തെ സാമൂഹിക സുരക്ഷാ സംവിധാനം ശക്തിപ്പെടുത്തുക എന്നത് അധികാര വികേന്ദ്രീകരണത്തിന്റെ മുഖമുദ്രയാണ്. ഈ പ്രക്രിയയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ വഴി കൂടുതൽ സേവനങ്ങൾ സാമൂഹിക സുരക്ഷാ സംവിധാനം മെച്ചപ്പെടുത്തുകയുമുണ്ടായി.

ആറാമതായി വികേന്ദ്രീകരണം താഴേത്തട്ടിൽ പ്രാദേശിക സാമ്പത്തിക വികസന ഇടപെടലുകൾക്ക് ശക്തമായ അടിത്തറയിടുകയുണ്ടായി. ദാരിദ്ര്യ നിർമ്മാർജ്ജനം, ഉപജീവന സുരക്ഷ, വരുമാനദായകമായ തൊഴിൽ തുടങ്ങിയവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് സേവനമേഖലയിൽ നിക്ഷേപം നടത്തിയതിലൂടെയാണ് ഇത് സാധ്യമാക്കിയത്. രാജ്യത്തെ വനിതാ കൂട്ടായ്മകളുടെ ഏറ്റവും വലിയ ശൃംഖലയായ കുടുംബശ്രീയുടെ രൂപീകരണം ഇതിൽ ഏറ്റവും ശ്രദ്ധേയമാണ്. സ്ത്രീകളെ സാമൂഹികമായും സാമ്പത്തികമായും രാഷ്ട്രീയപരമായും ശാക്തീകരിക്കുന്നതിൽ കുടുംബശ്രീയുടെ പങ്ക് വളരെ വലുതാണ്. കുടുംബശ്രീയിൽ അംഗങ്ങളായ സ്ത്രീകൾ രാഷ്ട്രീയ അധികാരസ്ഥാനങ്ങളിൽ എത്തുകയും പ്രാദേശിക സർക്കാരുകളുടെ തലവന്മാരും മറ്റ് പല ഉന്നതപദവികളും ഏറ്റെടുത്തതായി അടുത്തിടെ നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്.

ഏഴാമതായി, വികേന്ദ്രീകൃത ആസൂത്രണം മുഖേന സുതാര്യവും കാര്യക്ഷമവുമായ ഒരു ഭരണം താഴേത്തട്ടിൽ സ്ഥാപിക്കുന്നതിന് ഒട്ടനവധി ഇടപെടലുകൾ ഉണ്ടായിട്ടുണ്ട്. തീരുമാനമെടുക്കുന്നതിലും സേവന വിതരണം കാര്യക്ഷമമാക്കുന്നതിനുമുള്ള പ്രത്യേക മാനേജ്മെന്റ്-വിവരസാങ്കേതിക സംവിധാനങ്ങൾ പ്രാദേശിക സർക്കാരുകൾക്ക് ലഭ്യമാക്കുന്നതിനുള്ള ഒട്ടനവധി ശ്രമങ്ങൾ നടന്നിട്ടുണ്ട്.

രാജ്യത്ത് തന്നെ ആദ്യമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർവൽക്കരണത്തിന് തുടക്കമിട്ട കേരളത്തിന്റെ ഇ-ഗവേണൻസ് പ്രോഗ്രാമായ ഇൻഫർമേഷൻ കേരള മിഷന്റെ രൂപീകരണം എടുത്തു പറയേണ്ടത് തന്നെയാണ്. രാജ്യത്തെ തദ്ദേശ സ്ഥാപനങ്ങളുടെ ഏറ്റവും വലുതും സമഗ്രവുമായ, കമ്പ്യൂട്ടറൈസേഷൻ സംരംഭമാണ് ഐ.കെ.എം. എല്ലാ തലങ്ങളിലുമുള്ള പ്രാദേശിക സർക്കാരുകളുടെ എല്ലാ പ്രവർത്തനങ്ങൾക്കും ഐ.കെ.എം പ്രത്യേകം പ്രത്യേകം സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനുകൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഐ.കെ.എം വികസിപ്പിച്ച ഏറ്റവും പ്രധാനപ്പെട്ട ആപ്ലിക്കേഷനുകളിൽ ഒന്നാണ് 'സുലേഖ'. ഇത് പ്രാദേശിക സർക്കാരുകളുടെ വികസന പദ്ധതികളുടെ രൂപീകരണവും നിർവ്വഹണവും കൈകാര്യം ചെയ്യുന്ന ഒരു സമഗ്ര MIS സംവിധാനമാണ്. സിവിൽ രജിസ്ട്രേഷന്റെയും സേവന വിതരണത്തിന്റെയും സങ്കീർണ്ണമായ പ്രക്രിയ സുഗമമാക്കുന്നതിനായി 'സേവന', അക്കൗണ്ടിംഗ്, ഫിനാൻസ് മാനേജ്മെന്റ് തുടങ്ങിയവയ്ക്ക് സൗകര്യമൊരുക്കുന്ന 'സാംഖ്യ' തുടങ്ങിയ വിവിധ സോഫ്റ്റ് വെയറുകൾ ഇതിന്റെ ഭാഗമായിട്ടുണ്ട്. പ്രാദേശിക ഗവൺമെന്റുകളുടെ എല്ലാ ഭരണപരവും വികസനപരവുമായ പ്രവർത്തനങ്ങളെ സമഗ്രമായി സമന്വയിപ്പിക്കാൻ കഴിയുന്ന ഒരു സമഗ്ര വിവരസംവിധാനം (ഇന്റഗ്രേറ്റഡ് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം) രൂപീകരിക്കുന്നതിനായി ഐ.കെ.എം ന്റെ ആപ്ലിക്കേഷനുകൾ സംയോജിപ്പിച്ചിട്ടുണ്ട്. നിലവിലുള്ള സംവിധാനങ്ങളെ ഘട്ടംഘട്ടമായി ഇലക്ട്രോണിക് സംവിധാനത്തി ലേക്ക് പരിവർത്തനം ചെയ്യുന്നതിന് ഐ.കെ.എം ലക്ഷ്യം വയ്ക്കുന്നു.

എട്ടാമതായി, പ്രാദേശിക സർക്കാരുകൾ, പൗരന്മാരുടെ അറിയാനുള്ള അവകാശം സംരക്ഷിക്കുന്നതിനായി മികച്ച പൊതു ഇന്റർഫേസ് സ്ഥാപിക്കുകയുണ്ടായി. സദ്ഭരണം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നൂതന ആശയങ്ങൾ തദ്ദേശഭരണ സംവിധാനത്തിൽ സംയോജിപ്പിച്ച് ഭരണം കൂടുതൽ സുതാര്യവും സ്വീകാര്യവുമാക്കുകയും ചെയ്തിട്ടുണ്ട്. തീരുമാനമെടുക്കുന്നതിലെ സുതാര്യത ഉറപ്പാക്കുന്നതിലും ഭരണപരമായ തീരുമാനങ്ങൾ ജനങ്ങളെ അറിയിക്കുന്നതിലും വിവരാവകാശ നിയമം വലിയ പങ്കു വഹിച്ചിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ പൗരന്മാരുടെ അവകാശങ്ങൾ സൂചിപ്പിക്കുന്ന പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചതും, തദ്ദേശഭരണ സ്ഥാപനം നൽകുന്ന സേവനങ്ങളും അവയുടെ നിലവാരവും പ്രസിദ്ധപ്പെടുത്തിയതും സുതാര്യത മെച്ചപ്പെടുത്തുന്നതിന് ഏറെ സഹായകരമായിട്ടുണ്ട്. പ്രാദേശിക സർക്കാരുകളുടെ പ്രവർത്തനങ്ങൾ ഓഡിറ്റു ചെയ്യുന്നതിനും പെർഫോമൻസ് ഓഡിറ്റിന്റെ ഒരു വിഭാഗവും പ്രവർത്തിക്കുന്നുണ്ട്. ഇത് നടപടിക്രമങ്ങളും പ്രക്രിയകളും പാലിക്കുന്നതിൽ സഹായകമായിട്ടുണ്ട്. ചുരുക്കത്തിൽ സിറ്റിസൺ ഇന്റർഫേസ് പ്രാദേശിക ഭരണം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് സഹായിച്ചു എന്ന് പറയാം.

ഒമ്പതാമതായി, വികേന്ദ്രീകൃത ആസൂത്രണത്തിൽ ഒട്ടനവധി അക്കാദമിക, ഗവേഷണ, വികസന സ്ഥാപനങ്ങളെ ചേർത്തു നിർത്തി പ്രാദേശിക വികസന പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള അവസരമുണ്ട്. അധികാര വികേന്ദ്രീകരണത്തിന്റെ ആദ്യവർഷം മുതൽ തന്നെ ഒട്ടനവധി സ്ഥാപനങ്ങളും സംഘടനകളും ജനകീയാസൂത്രണ ക്യാമ്പയിന്റെ ഭാഗമായിരുന്നു. സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് (CDS) നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് (NCESS), സെന്റർ ഫോർ വാട്ടർ റിസോഴ്സ് ഡെവലപ്മെന്റ് ആൻഡ് മാനേജ്മെന്റ് (CWRDM), കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി (KAU), കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KFRI) എന്നീ സ്ഥാപനങ്ങളും ഒട്ടനവധി സംഭാവനകൾ നൽകുകയുണ്ടായി. സംസ്ഥാന ആസൂത്രണ ബോർഡും കില പോലുള്ള സ്ഥാപനങ്ങളും വികേന്ദ്രീകരണത്തിന്റെ രീതിശാസ്ത്രം പരിഷ്ക്കരിക്കുന്നതിലും വിവിധ പരിപാടികളുടെ നടത്തിപ്പും ഗതിയും നിശ്ച

യിക്കുന്നതിലും വിവിധ മേഖലകളിൽ വികേന്ദ്രീകരണം ഉണ്ടാക്കിയ സ്വാധീനം പഠന വിധേയമാക്കുന്നതിലും പ്രധാന പങ്കുവഹിച്ചിട്ടുണ്ട്.

പത്താമതായി, വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയയെ പഠനവിധേയമാക്കി സത്വര നിർദ്ദേശങ്ങൾ സമർപ്പിക്കുന്ന തിനായി സർക്കാർ നിയോഗിച്ച കമ്മിറ്റികൾ വികേന്ദ്രീകൃത ആസൂത്രണത്തിന്റെ നേട്ടങ്ങളും പോരായ്മകളും വിശദമായി പഠിച്ചുകൊണ്ട് സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകൾ ഈ പ്രക്രിയ കാര്യക്ഷമമാക്കുന്നതിനും വികേന്ദ്രീകരണം കൂടുതൽ ഫലപ്രദമാക്കുന്നതിനുമായി അടിസ്ഥാനപരമായി വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും മുന്നോട്ടുള്ള വഴികൾ, തിരുത്തലുകൾ എന്നിവ സംബന്ധിച്ചും ധാരാളം നിർദ്ദേശങ്ങൾ മുന്നോട്ട് വെക്കുകയുണ്ടായി. കേരളത്തിലെ ഈ വികസന അനുഭവങ്ങളും സമീപനങ്ങളും മറ്റ് ചില സംസ്ഥാനങ്ങളിലും അനുകരിക്കുകയുണ്ടായിട്ടുണ്ട്.

### വികേന്ദ്രീകൃത ആസൂത്രണ പരിപാടിയുടെ പ്രധാന നേട്ടങ്ങൾ

സംസ്ഥാനത്തിന്റെ വികസനനയങ്ങൾ നടപ്പാക്കുന്നതിലും വികസന സംബന്ധിയായ എല്ലാ ചർച്ചകളിലും വികേന്ദ്രീകൃതാസൂത്രണം കേന്ദ്രബിന്ദുവായി മാറിയിരിക്കുന്നു. തദ്ദേശഭരണ സ്ഥാപനങ്ങൾ സമൂഹത്തിൽ അത്രമേൽ നിലയുറപ്പിച്ചതിനാൽ പ്രാദേശിക വികസനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അവഗണിച്ച് കൊണ്ട് ഒരു സർക്കാരിനും ഇനി മുന്നോട്ട് പോകാനാവില്ല. വിവിധ മേഖലകളിലെ വികസനത്തിന് വികേന്ദ്രീകൃത ആസൂത്രണം നിർണായകമായി മാറിയിട്ടുണ്ട്.

വികേന്ദ്രീകൃതാസൂത്രണവും അത് ഉയർത്തുന്ന വികസന നിർവ്വഹണവും ശക്തമായ ഒരു വികസന സമീപനവും ഒരു പൊതു സംവാദ അജണ്ടയായി മാറുകയും സ്ഥാപനവൽക്കരിക്കപ്പെട്ടിരിക്കുകയും ചെയ്തിരിക്കുന്നു. സംസ്ഥാന സർക്കാർ പ്രാദേശിക വികസനം യാഥാർത്ഥ്യമാക്കുന്നതിന് പ്രാദേശിക സർക്കാരുകൾക്ക് അർഹമായ വിഹിതം ഉറപ്പാക്കുന്നുണ്ട്. വികേന്ദ്രീകൃത ആസൂത്രണത്തിന്റെ നേട്ടങ്ങൾ അവലോകനം ചെയ്യുമ്പോൾ ഇക്കാലയളവിൽ പ്രധാന മേഖലകളിൽ കാര്യമായ വികസനം ഉണ്ടായിട്ടുണ്ട് എന്ന് തന്നെയാണ് കാണിക്കുന്നത്.

മുൻപ് ചർച്ച ചെയ്തത് പോലെ, ഈ ഇരുപത്തിയഞ്ച് വർഷത്തിനിടയിൽ, പ്രാദേശിക ഗവൺമെന്റുകളുടെ സേവന വിതരണം ഗണ്യമായി മെച്ചപ്പെടുകയും മറ്റു സംസ്ഥാനങ്ങൾ പിന്തുടരുന്ന സേവന വിതരണ സ്വീകാര്യവത്ക്കരണത്തിന് ശക്തവും വിശ്വസനീയമായ ബദലായി ഇതിനെ കാണാൻ കഴിയും. വികേന്ദ്രീകൃത സംവിധാനത്തിൽ തദ്ദേശ സ്ഥാപനങ്ങൾ കൈവരിച്ച നേട്ടങ്ങളുടെ ഒരു ഹ്രസ്വ വിവരണം ചുവടെ ചേർക്കുന്നു:

### പൊതുജനാരോഗ്യം

സംസ്ഥാനത്ത്, താരതമ്യേന മെച്ചപ്പെട്ട ഒരു പൊതുജനാരോഗ്യ സംവിധാനമാണുള്ളത്. പൊതുജനാരോഗ്യ സംവിധാനവും പ്രാദേശിക സർക്കാരുകളും കൈകോർത്ത തിന്റെ ഭാഗമായി മഹാമാരി കൈകാര്യം ചെയ്തതിൽ കേരളം ദേശീയ അന്തർദേശീയ ശ്രദ്ധ നേടുകയുണ്ടായി. ഗ്രാമ, ബ്ലോക്ക്, ജില്ലാ തലങ്ങളിലെ ആരോഗ്യ കേന്ദ്രങ്ങളുടെ സൗകര്യങ്ങൾ പടിപടിയായി മെച്ചപ്പെടുത്തിയതും അതിനായി മതിയായ ഫണ്ട് പ്രാദേശിക സർക്കാരുകൾ നീക്കി വെച്ചതും 'ആർദ്രം' മിഷന്റെ പ്രവർത്തനങ്ങളും ശ്രദ്ധേയമായ നേട്ടങ്ങൾക്ക് ഇടയാക്കി. പൊതുജനാരോഗ്യം, ആരോഗ്യ അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങി ഏകദേശം എല്ലാ സൂചികകളിലും പ്രഥമ സ്ഥാനത്തുള്ള സംസ്ഥാനമെന്ന ബഹുമതി കേരളത്തിന് ലഭിച്ചിട്ടുണ്ട്. കൂടുതൽ ഇടപെടലുകളിലൂടെ കേരളം ആരോഗ്യ സംവിധാനം മെച്ചപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. 1990–കളിൽ ആരോഗ്യരംഗത്ത് നിലനിന്നിരുന്ന പരിതാപകരമായ പ്രവണതകൾ ഈ മേഖലയിൽ വകയിരുത്തുന്ന തുകയുടെ അപര്യാപ്തത വ്യക്തമാക്കുകയും സാംക്രമിക രോഗങ്ങൾ തടയുന്നതിന് ആരോഗ്യ സംരക്ഷണത്തിനുള്ള ആവശ്യകത വർദ്ധിപ്പിക്കുകയുമുണ്ടായി. ആരോഗ്യ ചെലവുകളുടെ വർദ്ധനവ്, ദരിദ്രർക്ക് ആരോഗ്യ സേവനങ്ങൾ ലഭിക്കുന്നതിലെ അസമത്വം, ഡെങ്കിപ്പനി, ക്ഷയരോഗം എന്നീ അസുഖങ്ങളുടെ അഭികാമ്യമല്ലാത്ത വർദ്ധനവ് എന്നിവ കുറച്ച് വർഷങ്ങളായി സംസ്ഥാനത്ത് അനുഭവപ്പെട്ടുവെങ്കിലും 2006 മുതൽ 2011 വരെ ഇതിൽ മാറ്റങ്ങൾ കണ്ടു തുടങ്ങിയിരുന്നു. ആരോഗ്യ മേഖലയിൽ ബജറ്റ് വിഹിതം 5.1 ശതമാനം വരെ വർദ്ധിപ്പിക്കുകയുണ്ടായി.

പൊതുജനാരോഗ്യ മേഖലയിലെ നിരന്തരമായ ഇടപെടലുകളും പൊതുജനാരോഗ്യ സേവനങ്ങളുടെ സാർവത്രികവൽക്കരണവും ജനങ്ങളിൽ ആരോഗ്യ അവബോധം സൃഷ്ടിക്കാനായതും കേരളത്തിലെ മെച്ചപ്പെട്ട ആരോഗ്യ നിലയ്ക്ക് കാരണമായ ശ്രദ്ധേയ ഘടകങ്ങളാണ്. 2018–ലെ നിപ വൈറസ് ബാധയും കോവിഡ്–19 മഹാമാരിയും സംസ്ഥാനം കൈകാര്യം ചെയ്ത രീതി ലോകാരോഗ്യ സംഘടനയിലും ആഗോളതലത്തിലും ശ്രദ്ധ നേടിയിരുന്നു. ഇത് വ്യക്തമാക്കുന്നത്, പൊതുജനാരോഗ്യം സംരക്ഷിക്കുന്നതിൽ കേരളത്തിലെ ആരോഗ്യമേഖല ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാണ് എന്ന് തന്നെയാണ്.

പൊതുജനാരോഗ്യ സംരക്ഷണവും കൈമാറിക്കിട്ടിയ പ്രാഥമിക, ദ്വിതീയ ആരോഗ്യ സ്ഥാപനങ്ങളുടെ മാനേജ്മെന്റും തദ്ദേശഭരണ സ്ഥാപനങ്ങളുടെ സുപ്രധാന ഉത്തരവാദിത്തമായിരുന്നു. ഈ ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങളെ സജ്ജരാക്കുന്നതിന് ഗണ്യമായ ബജറ്റ് വിഹിതവും അനുവദിക്കുകയുണ്ടായി. അധികാരവികേന്ദ്രീകരണത്തിന് മുമ്പ് വരെ അവഗണിക്കപ്പെട്ടിരുന്ന പ്രാഥമികാരോഗ്യ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പ്രാധാന്യം നൽകുകയുണ്ടായി.

1996 നും 2006 നും ഇടയിലുള്ള ദശകത്തിൽ ഡയേറിയ പോലുള്ള രോഗങ്ങളുടെ വ്യാപനം മുൻ ദശകങ്ങളെ അപേക്ഷിച്ച് ഗണ്യമായി കുറഞ്ഞതായി കേരള വികസന റിപ്പോർട്ട് 2021 സൂചിപ്പിക്കുന്നു. അതുപോലെ, ശുദ്ധവും സുരക്ഷിതവുമായ കുടിവെള്ളം നൽകാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്തിയ ശ്രമങ്ങൾ ജലജന്യ രോഗങ്ങളുടെ ആവിർഭാവം കുറയ്ക്കുന്നതിന് കാരണമായി. സുരക്ഷിതമായ കുടിവെള്ളം നൽകാൻ കഴിഞ്ഞത് ഡയേറിയ പോലുള്ള രോഗങ്ങൾ കുറയ്ക്കുന്നതിന് കാരണമായിട്ടുണ്ട്.

എന്നാൽ രണ്ട് ശ്രദ്ധേയമായ ഇടപെടലുകൾ പ്രത്യേക പരാമർശം അർഹിക്കുന്നവയാണ്. അതിൽ ആദ്യത്തേത്, കുടുംബത്തിന്റെ മാത്രം പരിചരണത്തിൽ കഴിഞ്ഞിരുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്കായി ബഡ്സ് സ്കൂളുകൾ സ്ഥാപിച്ചു എന്നതാണ്. രണ്ടാമത്തേത്, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ പാലിയേറ്റീവ് കെയർ യൂണിറ്റുകൾ സ്ഥാപിക്കുകയും വീടുകളിൽ കിടപ്പിലായവർക്കായുള്ള സാന്ത്വന പരിചരണ സംവിധാനം നടപ്പിലാക്കിയതുമാണ്. ഈ രണ്ട് പരിപാടികളിലും സന്നദ്ധ പ്രവർത്തനം നടത്തുന്നത് കുടുംബശ്രീ വനിതാ ഗ്രൂപ്പുകളാണ്.

കെട്ടിട നിർമ്മാണം, അടിസ്ഥാന സൗകര്യവികസനം, മരുന്നുകൾ, പകർച്ചവ്യാധികൾ തടയൽ തുടങ്ങിയവയിൽ മാത്രം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആരോഗ്യമേഖലയിലെ ഇടപെടലുകൾ ഒതുങ്ങിപ്പോയതായും ആരോഗ്യ സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്താൻ ബോധപൂർവ്വമായ ഇടപെടലുകൾ നടത്താൻ കഴിഞ്ഞില്ല എന്നും പൊതുവെ വിമർശനമുണ്ടായിരുന്നു. മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളിലൂടെയും സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തിയതിലൂടെയും സാധ്യമായ ഏറ്റവും മികച്ച രോഗപ്രതിരോധം, ചികിത്സ, സാന്ത്വന പരിചരണം എന്നിവ നൽകിക്കൊണ്ട് 13-ാം പദ്ധതിയിൽ ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ നടത്തിയ വലിയ ഇടപെടലുകളുടെ ഫലമായി സ്ഥിതി ഗണ്യമായി മെച്ചപ്പെടുത്തുന്നതിന് സഹായിച്ചിട്ടുണ്ട്. ആരോഗ്യ പരിപാലന രംഗത്ത് മാറ്റത്തിന് തുടക്കമിട്ടു കൊണ്ട് 2016-17 ൽ ആരംഭിച്ച 'ആർദ്രം' മിഷൻ എന്ന ദൗത്യത്തിന് കീഴിൽ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ (PHC) കുടുംബാരോഗ്യ കേന്ദ്രങ്ങളായി (FHC) മാറ്റുന്നതിനും, അതായത്, വ്യക്ത്യാധിഷ്ഠിത സേവന പാക്കേജുകളിലൂടെ എല്ലാവരുടെയും ആരോഗ്യ സംരക്ഷണ ആവശ്യങ്ങൾ നിറവേറ്റുന്നതിനും, രോഗപ്രതിരോധം, ചികിത്സ, സാന്ത്വനപരിചരണം, പുനരധിവാസപരിചരണം എന്നിവ ഉറപ്പാക്കുന്നതിനും ലക്ഷ്യമിടുകയുണ്ടായി. സമൂഹത്തിന്റെ ആരോഗ്യ, സംരക്ഷണ ആവശ്യങ്ങൾ നിറവേറ്റുക, എല്ലാ ജില്ലാ ആശുപത്രികളെയും അടിസ്ഥാന സ്പെഷ്യാലിറ്റി സേവനങ്ങളും, മൾട്ടി-സ്പെഷ്യാലിറ്റി സേവനങ്ങളും നൽകുന്ന സ്ഥാപനങ്ങളാക്കി മാറ്റുന്നതിനും ലക്ഷ്യം വെക്കുകയുണ്ടായി. കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ (കിഫ്ബി) ധനസഹായത്തോടെ ജില്ലാ, താലൂക്ക് ആശുപത്രികളിൽ കാത്ത് ലാബുകളും ഡയാലിസിസ് സെന്ററുകളും കാർഡിയാക് കെയർ യൂണിറ്റുകളും (സി.സി.യു) സ്ഥാപിക്കുകയും കൂടാതെ, മെഡിക്കൽ കോളേജുകളിലെ ഔട്ട്പേഷ്യന്റ് വിഭാഗത്തിൽ കാണുന്നത് പോലെ, ഗുണനിലവാരമുള്ള പരിചരണ സേവനങ്ങൾ ജില്ലാ, താലൂക്ക് ആശുപത്രികളിൽ സ്ഥാപിക്കുകയും കൂടാതെ, 5,289-ലധികം ആശുപത്രി ജീവനക്കാരെ നിയമിക്കുകയും, വികസന ഫണ്ട് ഇരട്ടിയാക്കുകയും, ദ്വിതീയ, തൃതീയ ആരോഗ്യ പരിപാലന തലത്തിലുള്ള സ്ഥാപനങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനായി ഫണ്ട് നീക്കിവെക്കുകയും ചെയ്യുകയുണ്ടായി. നീതി ആയോഗ് പ്രസിദ്ധീകരിച്ച ഏറ്റവും പുതിയ ആരോഗ്യ സൂചകങ്ങൾ കാണിക്കുന്നത് ജനങ്ങൾക്ക് മെച്ചപ്പെട്ട ആരോഗ്യ സേവനങ്ങൾ നൽകുന്ന സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളം ഒന്നാമതാണെന്നാണ്.

### പൊതു വിദ്യാഭ്യാസം

എൺപതുകളുടെ അവസാനത്തിലും തൊണ്ണൂറുകളിലും രാജ്യത്തിന്റെ മറ്റു സംസ്ഥാനങ്ങളിലെ പോലെ തന്നെ കേരളത്തിലും സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായി (തൊണ്ണൂറുകളുടെ തുടക്കത്തിൽ 1.5 ലക്ഷം കുട്ടികളിൽ നിന്ന് തൊണ്ണൂറുകളുടെ മധ്യത്തോടെ 3.6 ലക്ഷം കുട്ടികൾ). തുടർന്നുള്ള ദശകത്തിലും ഇത് തുടരുകയുണ്ടായി. പൊതുഎയ്ഡഡ് സ്കൂളുകളിലെ കുട്ടികളുടെ എണ്ണത്തിലെ കുറവ് സ്കൂളുകളുടെ അടച്ചുപൂട്ടലിന് വരെ കാരണമായി.

ഈ സാഹചര്യത്തിൽ, പൊതുവിദ്യാലയങ്ങളിലെ വിദ്യാഭ്യാസ നിലവാരം ഉയർത്താനുള്ള ബോധപൂർവമായ ശ്രമമാണ് സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടായത്. ഘട്ടം ഘട്ടമായുള്ള നവീകരണത്തിലൂടെ പൊതുവിദ്യാഭ്യാസത്തെ പുനരുജ്ജീവിപ്പിക്കുക എന്നതായിരുന്നു ഇതിനായി സ്വീകരിച്ച സുപ്രധാന നടപടികളിലൊന്ന്. നവകേരള മിഷന്റെ ഭാഗമായി, 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' എന്ന പേരിൽ സ്കൂൾ വിദ്യാഭ്യാസ സംരക്ഷണ പരിപാടി സർക്കാർ ആരംഭിക്കുകയുണ്ടായി. പൊതുമേഖലയിലെ സ്കൂൾ വിദ്യാഭ്യാസ സേവനങ്ങളുടെ ഗുണനിലവാരം ഉയർത്തുന്നതിലാണ് കൂടുതൽ ശ്രദ്ധ നൽകിയത്. ഈ ഇടപെടലുകൾ വിജയിച്ചു എന്നതിന്റെ പ്രകടമായ തെളിവായിരുന്നു കഴിഞ്ഞ കുറച്ച് വർഷങ്ങളായി സർക്കാർ സ്കൂളുകളിൽ കുട്ടികളുടെ പ്രവേശനത്തിൽ ഉണ്ടായ അസാധാരണമായ വർദ്ധനവ്. ഇതര സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി സ്വകാര്യ മേഖലയിലേക്ക് വിദ്യാർത്ഥികൾ വലിയ തോതിൽ പോവുന്ന പ്രവണതയിൽ മാറ്റം വരികയുണ്ടായി. ഗവൺമെന്റ്, എയ്ഡഡ് സ്കൂളുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തിയത് സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസത്തിൽ പുതിയ ഒരു 'പുൾ ഫാക്ടർ' തന്നെ സൃഷ്ടിക്കുകയുണ്ടായി. സ്കൂൾ വിദ്യാഭ്യാസം സമ്പ്രദായം കൂടുതൽ സാമൂഹിക ഉൾച്ചേർക്കലുകൾ ക്ക് വഴിവെക്കുകയും ചെയ്യുകയുണ്ടായി (കേരള വികസന റിപ്പോർട്ട് 2021). പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ എൻറോൾമെന്റ് റിപ്പോർട്ട് കാണിക്കുന്നത് 2016-17 നും 2020-21 നും ഇടയിൽ IX-ാം ക്ലാസിൽ അധികമായി 8 ലക്ഷത്തിലധികം വിദ്യാർത്ഥികൾ കേരളത്തിലെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ചേർന്നിട്ടുണ്ടെന്നാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ, സിവിൽ സൊസൈറ്റി ഓർഗനൈസേഷനുകൾ, പൊതുജനങ്ങൾ എന്നിവർ വഹിച്ച സജീവമായ പങ്കാളിത്തമാണ് ഇതിന് കാരണമായതെന്ന് കാണാം.

സ്കൂൾ വിദ്യാഭ്യാസ മേഖലയിലെ നിക്ഷേപം കഴിഞ്ഞ അഞ്ച് വർഷമായി ഗണ്യമായി വർദ്ധിച്ചു വരുന്നു. സർക്കാർ മേഖലയിലെ സ്കൂൾ വിദ്യാഭ്യാസ മേഖലയിലെ നിക്ഷേപം വിദ്യാഭ്യാസ വകുപ്പിൽ നിന്ന് തദ്ദേശഭരണ സ്ഥാപന പദ്ധതികളിലേക്ക് മാറി എന്നതാണ് ഇതിനുള്ള പ്രധാന കാരണം. പൊതുവിദ്യാഭ്യാസത്തിനായുള്ള മൊത്തം പദ്ധതിയിൽ പ്രാദേശിക പദ്ധതിയുടെ വിഹിതം 2016-17-ൽ 387.95 കോടിയിൽ നിന്ന് 2021-22-ൽ 1,023.38 കോടി രൂപയായി ഉയർന്നിട്ടുണ്ട്. വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനായി പ്രാദേശിക സർക്കാരുകൾ ഏർപ്പെടുത്തിയ

വൈവിധ്യമാർന്ന പിന്തുണാ സംവിധാനങ്ങൾ ഇതിൽ ഉൾപ്പെടുന്നു (കേരള ഡവലപ്മെന്റ് റിപ്പോർട്ട്– പട്ടിക 10.2). വിദ്യാഭ്യാസ രംഗത്തെ സർവ ശിക്ഷാ അഭിയാൻ (എസ്.എസ്.എ) പോലെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതം വഹിക്കുന്നത് പ്രാദേശിക സർക്കാരുകളാണ്.

സ്കൂൾ വിദ്യാഭ്യാസ ഗുണനിലവാര സൂചികയിൽ 100–ൽ 76.6 സ്കോറോടെ ഇന്ത്യയിലെ വലിയ 20 സംസ്ഥാനങ്ങൾക്കിടയിൽ ഒന്നാം സ്ഥാനത്താണ് കേരളം എന്നത് സംസ്ഥാനത്തെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിലും വിദ്യാഭ്യാസനിലവാരത്തിലും സമാനതകളില്ലാത്ത പുരോഗതിയെയാണ് കാണിക്കുന്നത്. വികേന്ദ്രീകൃത ആസൂത്രണം സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിൽ നിക്ഷേപിക്കാനുള്ള സ്വാതന്ത്ര്യവും അധികാരവും പ്രാദേശിക സർക്കാരുകൾക്ക് നൽകിയിരുന്നു. സ്കൂൾ കെട്ടിടങ്ങൾ, ടോയ്‌ലറ്റുകൾ, കുടിവെള്ളം, ഫർണിച്ചറുകൾ, അധ്യാപന ഉപകരണങ്ങൾ, കായിക സൗകര്യങ്ങൾ എന്നിവയിൽ പ്രാദേശിക സർക്കാരുകൾ മികച്ച രീതിയിൽ നിക്ഷേപം നടത്തിയിട്ടുണ്ട്. കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി) വഴി സ്കൂളുകൾക്ക് സ്മാർട്ട് ക്ലാസ് ഉൾപ്പെടെയുള്ള അത്യാധുനിക അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കാനുള്ള വൻകിട നിക്ഷേപത്തിന് സാധ്യതയൊരുക്കി. സ്കൂൾ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിൽ അധ്യാപകരക്ഷാകർതൃ സമിതികളേയും സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികളെയും മറ്റ് കമ്മ്യൂണിറ്റി സംവിധാനങ്ങളേയും സജീവമാക്കുന്നതിൽ പ്രാദേശിക സർക്കാരുകൾ കാര്യമായ പങ്ക് വഹിച്ചിട്ടുണ്ട്. പല പ്രാദേശിക സർക്കാരുകളും വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുന്നതിനായി സ്കോളർഷിപ്പുകളും അവാർഡുകളും ഏർപ്പെടുത്തിയിട്ടുമുണ്ട്. വിദ്യാർത്ഥികൾക്കിടയിലെ 'ഡിജിറ്റൽ ഡിവൈഡ്' പരിഹരിക്കുന്നതിനും മഹാമാരി കാലത്ത് ഓൺലൈൻ വിദ്യാഭ്യാസം ഉറപ്പ് വരുത്തുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങൾ വളരെ ക്രിയാത്മകമായ ഇടപെടലുകൾ നടത്തി. കൗൺസിലിംഗ്, പരിശീലന പരിപാടികൾ തുടങ്ങിയ ഒട്ടനവധി നൂതന പദ്ധതികൾ ഏറ്റെടുക്കുന്നതിന് പ്രാദേശിക സർക്കാരുകൾ സ്കൂളുകളെ സഹായിച്ചിട്ടുണ്ട്.

ഒന്നു മുതൽ എട്ട് വരെ ക്ലാസുകളിലെ കുട്ടികൾക്ക് സൗജന്യ പാഠപുസ്തക വിതരണം, സ്കൂളുകളിൽ വികലാംഗ സൗഹൃദ അടിസ്ഥാന സൗകര്യങ്ങൾ, പഠന വിടവുകൾ നികത്തുന്നതിനുള്ള പരിപാടികൾ, ശാരീരികവും ബുദ്ധിപരവുമായ വൈകല്യമുള്ള കുട്ടികളുടെ ആവശ്യങ്ങൾ പരിഹരിക്കുന്നതിനുള്ള പ്രത്യേക പരിപാടികൾ എന്നിവ നടപ്പിലാക്കുന്നുണ്ട്. ഉന്നതവിദ്യാഭ്യാസ രംഗത്തെ പുരോഗതിയുടെ കാര്യത്തിലും കേരളത്തിന് അന്താരാഷ്ട്ര അംഗീകാരം ലഭിച്ചിട്ടുണ്ട്.

## ദാരിദ്ര്യത്തിന്റെ ലഘൂകരണം

കേരളം ആദ്യകാലത്ത് തന്നെ ഭൂപരിഷ്ക്കരണം, പൊതുവിതരണം, സാർവത്രിക വിദ്യാഭ്യാസം മുതലായവ നടപ്പിലാക്കുകയും ദാരിദ്ര്യ നിർമ്മാർജ്ജനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്തിരുന്നു. സംസ്ഥാനത്തെ ദാരിദ്ര്യം കുറയ്ക്കാൻ കഴിഞ്ഞത് ജനകീയാസൂത്രണ പരിപാടിയുടെ ഒരു പ്രധാന നേട്ടമാണ്. ഇതിനുള്ള പ്രധാന കാരണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കിയ ക്ഷേമ പരിപാടികളാണ്. വികേന്ദ്രീകൃത ആസൂത്രണം ആരംഭിച്ചതോടെ പഞ്ചായത്ത് രാജ്, നഗരപാലിക സ്ഥാപനങ്ങളെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിന്റെ ചുമതല ഏൽപ്പിക്കുകയും നിരവധി സാമൂഹിക സുരക്ഷാ പദ്ധതികൾ നടപ്പാക്കാനുള്ള അവസരം ലഭിക്കുകയുമുണ്ടായി. വികേന്ദ്രീകരണ ആസൂത്രണ പ്രക്രിയ ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി നടത്തിയ ഇടപെടലുകൾക്ക് വേഗം കൂട്ടി. വിവിധ സംസ്ഥാനാവിഷ്കൃത, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിന് പുറമെ, സംസ്ഥാന ദാരിദ്ര്യ നിർമ്മാർജന മിഷന് (കുടുംബശ്രീ) ആരംഭം കുറിച്ചതോടെ ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് കൂടുതൽ ഊർജം ലഭിക്കുകയുമുണ്ടായി. പാർപ്പിടം, ജലവിതരണം, ശുചിത്വം, കണക്റ്റിവിറ്റി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രശംസനീയമായ ഇടപെടലുകളാണ് നടത്തിയത്. പ്രവർത്തനവേഗതക്കും വ്യാപ്തിക്കും പുറമേ അടിസ്ഥാനാവശ്യങ്ങൾ ലഭ്യമാക്കുന്നതിലെ കാര്യക്ഷമതയും ശ്രദ്ധേയമാണ്. 9–ാം പഞ്ചവത്സര പദ്ധതിയിൽ (ജനകീയാസൂത്രണ ക്യാമ്പയിൻ കാലയളവ്) തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കായി വിനിയോഗിച്ച പ്ലാൻ ഫണ്ടിന്റെ 40 ശതമാനവും ദാരിദ്ര്യ നിർമ്മാർജന പരിപാടികൾക്കായി നേരിട്ട് വിനിയോഗിച്ചതായി കണക്കാക്കപ്പെടുന്നു. ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി പ്രത്യേക ഉപപദ്ധതിക്ക് വ്യവസ്ഥയില്ലായിരുന്നെങ്കിലും പ്രാദേശിക ഭരണകൂടം അവരുടെ പദ്ധതികളിൽ ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി ശക്തമായ ശ്രമങ്ങളാണ് നടത്തിയത്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലേക്ക് കൂടുതൽ ഫണ്ടുകൾ പ്രാദേശിക ഗവൺമെന്റുകൾ വഴി എത്തിച്ചേരുകയുണ്ടായി (സാമ്പത്തിക അവലോകനം 2001, പേജ് 199).

ഔദ്യോഗിക കണക്കുകൾ പ്രകാരം, കേരളത്തിലെ കേവല ദാരിദ്ര്യ അനുപാതം (GoI, 2014)
1973–74–ൽ 59.9 ശതമാനത്തിൽ നിന്ന് 1993–94–ൽ 25.43 ശതമാനമായി കുറയുകയും 2011–12–ൽ അത്
11.3 ശതമാനമായി വീണ്ടും കുറഞ്ഞതായും കാണാം. 2011–12 ൽ ഗ്രാമങ്ങളിലെ ദാരിദ്ര്യം 7.3 ശതമാനമായി കുറഞ്ഞപ്പോൾ നഗരങ്ങളിലെ ദാരിദ്ര്യം 15.3 ശതമാനമാണെന്ന് കാണാം.

ശരാശരി ദാരിദ്ര്യം കണക്കിലെടുത്താൽ, ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം മെച്ചപ്പെട്ട സ്ഥിതിയിലാണെങ്കിലും സംസ്ഥാനത്ത് ഇപ്പോഴും ദാരിദ്ര്യം അനുഭവിക്കുന്ന നിരവധി ജനവിഭാഗങ്ങൾ ഉള്ളതായി കാണാം. കേരളത്തിലെ ദാരിദ്ര്യം പ്രധാനമായും കേന്ദ്രീകരിച്ചിരിക്കുന്നത് പട്ടിക ജാതി–പട്ടികവർഗക്കാർ, മത്സ്യത്തൊഴിലാളികൾ, കുശവൻമാർ, കരകൗശല തൊഴിലാളികൾ തുടങ്ങിയ ചില സാമൂഹിക വിഭാഗങ്ങളിലാണ്. സംസ്ഥാനത്തെ ദാരിദ്ര്യം കുറയ്ക്കുന്നതിന്, വിവിധ കേന്ദ്ര–സംസ്ഥാന പദ്ധതികളുടെ സംയോജനവും ഇവയെ കേന്ദ്രീകരിച്ചുള്ള പ്രത്യേക പ്രവർത്തനങ്ങളും, ഈ മേഖലകളിൽ

പ്രത്യേക ഉപജീവന പരിപാടികളുടെ ആവശ്യകതയി ലേക്കമാണ് വിരൽ ചൂണ്ടുന്നത്. സമൂഹത്തിലെ ഏറ്റവും അവശതയനുഭവിക്കുന്നവർക്കായി ഗ്രാമപഞ്ചായ ത്തുകൾ 'അന്ന അന്ത്യോദയ' എന്ന കേന്ദ്ര പദ്ധതി പ്രയോജനപ്പെടുത്തി 2001-ൽ 'ആശ്രയ' എന്ന പേരിൽ ഒരു പദ്ധതിക്ക് തുടക്കമിടുകയും സംസ്ഥാന വിഭവങ്ങൾ കൂടി ഉപയോഗിച്ച് പദ്ധതി നടപ്പിലാക്കിയതിലൂടെ സംസ്ഥാനം പദ്ധതി നിർവ്വഹണത്തിൽ ഒന്നാമതെത്തി നിൽക്കുന്നു. ഈ പദ്ധതി പ്രകാരം പ്രാദേശിക സർക്കാർ തലത്തിൽ നിരാലംബരായ ആളുകളെ കണ്ടെത്തി അവർക്ക് ഭക്ഷ്യധാന്യങ്ങളും അവശ്യവസ്തുക്കളും മരുന്നും മറ്റ് പരിചരണവും നൽകുകയും ഒപ്പം പാർപ്പിടം ഇല്ലാത്തവർക്ക് പാർപ്പിടവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും നൽകുന്നു. ആരോഗ്യപ്രവർത്തക രുടെ സന്ദർശനവും സാധനങ്ങളും സേവനങ്ങളും എത്തിക്കുന്നതും കുടുംബശ്രീ വനിതാ കൂട്ടായ്മകളുടെ സജീവമായ സഹകരണത്തോടെയാണ്. സംസ്ഥാനത്തെ അതിദാരിദ്ര്യം പരിഹരിക്കുന്നതിനായി സർക്കാർ അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ആദ്യഘട്ടത്തിൽ അതിദാരിദ്ര്യം അനുഭവിക്കുന്നവരെ കണ്ടെത്തുന്നതിനായി സർവ്വേ നടത്തുകയും തുടർന്ന് അതിദരിദ്രരായി കണ്ടെത്തിയവരുടെ ഉന്നമനത്തിനായി കുടുംബാധിഷ്ഠിത മൈക്രോ പ്ലാനുകൾ തയ്യാറാക്കുന്നതി നും ലക്ഷ്യമിടുകയുണ്ടായി.

### പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ ശാക്തീകരണം

മുൻപ് സൂചിപ്പിച്ചത് പോലെ, പ്രത്യേക ഘടക പദ്ധതിയും (എസ്.സി.പി) ട്രൈബൽ സബ് പ്ലാനും (ടി.എസ്.പി) പട്ടികവിഭാഗങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള രണ്ട് പ്രധാന ഉപാധികളാണ്. എസ്.സി.പി/ടി.എസ്.പി പദ്ധതി വിഹിതം പട്ടികജാതി/ പട്ടികവർഗ്ഗ ജനസംഖ്യയേക്കാൾ കൂടിയ അനുപാതത്തിൽ സംസ്ഥാന പദ്ധതിയിൽ നിന്നും വകയിരുത്തുന്നു. വികേന്ദ്രീകൃത ആസൂത്രണ പരിപാടിയുടെ ഭാഗമായി തദ്ദേശ സ്ഥാപനങ്ങൾ എസ്സിപി/ടിഎസ്പി പദ്ധതികൾ നടപ്പിലാക്കുന്നതിൽ നിർണായക പങ്ക് വഹിക്കുന്നു.

### അടിസ്ഥാന സൗകര്യ വികസനം

#### റോഡുകൾ

വികേന്ദ്രീകൃത ആസൂത്രണത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട നേട്ടങ്ങളിലൊന്ന് അടിസ്ഥാന സൗകര്യ വികസനമാണ്. പ്രത്യേകിച്ചും ഗ്രാമീണ റോഡുകളുടെ നിർമ്മാണം മൂലം റോഡ് കണക്റ്റിവിറ്റിയിൽ വലിയ മാറ്റമുണ്ടാക്കാൻ കഴിഞ്ഞു. നിലവിലുള്ള റോഡുകൾ നവീകരിക്കുന്നതി നോ പുതിയ റോഡുകൾ നിർമിക്കുന്നതിനോ വികസന ഫണ്ടിന്റെ 19 ശതമാനത്തോളം തുക തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ നീക്കിവച്ചിട്ടുണ്ട്. പ്രാദേശിക റോഡിന്റെ നീളം 1,15,306 കിലോമീറ്ററിൽ നിന്ന് 2,00,989 കിലോമീറ്ററായി 1995-96 മുതൽ 2020-21 കാലയളവിൽ വർദ്ധിച്ചിട്ടുണ്ട്. റോഡ് നവീകരണത്തിനു ള്ള ഉയർന്ന നിക്ഷേപം നഗര, ഗ്രാമീണ റോഡുകളുടെ ഗുണനിലവാരം ഗണ്യമായി മെച്ചപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തുടനീളം ചെറിയ റോഡുകൾ ഏതാണ്ട് തുല്യമായിട്ടാണ് വിതരണം ചെയ്തിട്ടുള്ളതെന്നും കാണാവുന്നതാണ്.

#### വൈദ്യുതീകരണം

കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകളായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ വീടുകൾ വൈദ്യുതീകരിക്കാനുള്ള ശ്രമം നടത്തിയിട്ടുണ്ട്. ഗാർഹിക വൈദ്യുതീകരണ പദ്ധതികൾ 1997 മുതൽ പ്രാദേശിക പദ്ധതികളുടെ സ്ഥിരം സവിശേഷതയാ യിരുന്നു. പ്ലാൻ ഫണ്ടുകളുടെ ഏതാണ്ട് രണ്ടോ മൂന്നോ ശതമാനം ഊർജമേഖലയ്ക്ക് നീക്കിവെക്കുന്നുണ്ട്. ഒമ്പതാം പഞ്ചവത്സര പദ്ധതിക്കും പതിമൂന്നാം പഞ്ചവത്സര പദ്ധ തികൾക്കുമിടയിൽ ആറ് ലക്ഷത്തിലധികം വീടുകൾ വയറിംഗ് നടത്തി വൈദ്യുതീകരിക്കുകയുണ്ടായി. രണ്ട് പ്രാദേശിക സർക്കാരുകൾ ചെറുകിട ജലവൈദ്യുത യൂണിറ്റുകൾ പോലും സ്ഥാപിച്ചിട്ടുണ്ട്. അവ ഇപ്പോഴും വിജയകരമായി പ്രവർത്തിക്കുന്നു. സൗരോർജ്ജത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച് പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾക്കും ഊന്നൽ നൽകിയിട്ടുണ്ട്.

#### പാർപ്പിടം

വികേന്ദ്രീകൃത ആസൂത്രണത്തിന്റെ ഏറ്റവും ശ്രദ്ധേയമായ നേട്ടങ്ങളിലൊന്ന് ഭവന നിർമ്മാണത്തിലെ പുരോഗതിയാണ്. ഒമ്പതാം പഞ്ചവത്സര പദ്ധതിയിൽ 5.7 ലക്ഷം വീടുകൾ നിർമ്മിക്കുകയും അതിൽ 32,000 വീടുകൾ ഭൂരഹിതർക്ക് നിർമ്മിച്ച് നൽകുകയും ഏകദേശം 1.9 ലക്ഷം വീടുകൾ നവീകരിക്കുകയും ചെയ്യുകയുണ്ടായി. പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലത്ത് പാർപ്പിടവും ഉപജീവനമാർഗ്ഗവും വിഭാവനം ചെയ്യുന്ന പരിപാടി സംസ്ഥാന സർക്കാർ വിവിധ ഭവനനിർമ്മാണ പരിപാടികളെ ഏകോപിപ്പിച്ച് ലൈഫ് മിഷന്റെ കീഴിൽ നടപ്പിലാക്കി വരുന്നു. ലൈഫ് മിഷന്റെ വിവരങ്ങൾ കൂടി ഉൾപ്പെടുത്തി ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട ഒരു പ്രത്യേക അധ്യായം ഈ സാമ്പത്തിക അവലോകന റിപ്പോർട്ടിൽ പ്രത്യേകമായുണ്ട്.

#### ശുചിത്വവും മാലിന്യ സംസ്കരണവും

ഖര-ദ്രവമാലിന്യ നിർമ്മാർജ്ജനം, ഡ്രെയിനേജ്, സാമൂഹിക ശുചിത്വം, പരിസ്ഥിതി ശുചിത്വം തുടങ്ങിയവ സംസ്ഥാനം അഭിമുഖീകരിക്കുന്ന ഒരു വലിയ പ്രശ്നമായി മാറിയിരിക്കുന്നു. പ്രതിദിനം സംസ്ഥാനത്ത് 10,504 ടൺ മാലിന്യം ഉൽപ്പാദിപ്പിക്കപ്പെടുന്നുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വികേന്ദ്രീകൃതമായ മാലിന്യ നിർമ്മാർജ്ജനത്തിന് വലിയ ഇടപെടലുകളാണ് ഹരിതകേരള മിഷന്റെ പ്രവർത്തനങ്ങളിലൂടെ നടത്തി വരുന്നത്. തദ്ദേശ സർക്കാരുകളുടെ വികസന നയത്തിൽ ഖരദ്രവ മാലിന്യ നിർമ്മാർജ്ജനത്തിന് വലിയ ഊന്നൽ തുടർന്നും ഉണ്ടായിരിക്കും.

### ഉൽപ്പാദനമേഖലയിലെ നേട്ടങ്ങൾ

വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയയിലൂടെ സംസ്ഥാനത്തെ ഉൽപ്പാദന മേഖല മെച്ചപ്പെടുമെന്ന് പ്രതീക്ഷിച്ചിരുന്നു. ഭൂമി, ജലം പോലുള്ള വിഭവങ്ങൾ ഉപയോഗിച്ച് പങ്കാളിത്തപരവും ശാസ്ത്രീയവുമായ വിനിയോഗത്തിലൂടെ വികസനം സാധ്യമാക്കുക എന്നതായിരുന്നു ലക്ഷ്യം വെച്ചിരുന്നത്. പ്രധാന വിളകളുടെ ഉൽപ്പാദനവും ഉൽ പ്പാദനക്ഷമതയും വർദ്ധിപ്പിച്ച് ഭക്ഷ്യ-ഉപജീവന സുരക്ഷ മെച്ചപ്പെടുത്തുക, മൃഗസംരക്ഷണം മെച്ചപ്പെടുത്തുക, മാംസം, മുട്ട, പാൽ എന്നിവയുടെ ആവശ്യകതക്കനു സരിച്ച് ഉത്പാദനം വർദ്ധിപ്പിക്കുക, മത്സ്യസമ്പത്ത്

വികസിപ്പിക്കുക എന്നിവയായിരുന്നു ഇതിന്റെ പ്രധാന ലക്ഷ്യങ്ങൾ. വരുമാനദായക പ്രവർത്തനം എന്ന നിലയിൽ ഉൽപ്പാദനമേഖലയിൽ നിക്ഷേപം ഉറപ്പാക്കുന്നതിനായി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ മേഖലയിൽ ഏറ്റെടുക്കുന്ന പദ്ധതികൾക്ക് നിർബന്ധിത വകയിരുത്തലുകൾ ഉണ്ടായി.

കാർഷിക മേഖലയെ പിന്തുണയ്ക്കുന്നതിനുള്ള സംഘടനാ സംവിധാനം ഈ കാലയളവിൽ വികസിപ്പിക്കുകയുണ്ടായി. കേരള നെൽവയലും തണ്ണീർത്തടവും മാറ്റുന്നതിനുള്ള നിയമം (2008) നടപ്പാക്കുകയും നെൽവയൽ നികത്തുന്നത് തടയുന്നതിനായി സർക്കാർ നടത്തുന്ന ശ്രമങ്ങൾ, ഭൂപരിവർത്തനം, ഫീൽഡ് പരിശോധനകൾ എന്നിവയിൽ ജാഗ്രത പാലിക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്.

നെൽകൃഷി പുനരുജ്ജീവിപ്പിക്കുന്നതിനായി തണ്ണീർത്തട പദ്ധതികൾ തയ്യാറാക്കിയും ഉപയോഗിക്കാത്ത ടാങ്കുകളും കുളങ്ങളും പുനഃസ്ഥാപിച്ചും കനാലുകളുടെ ആഴം കൂട്ടിയും നദീതീരങ്ങളും അനുബന്ധ പ്രവർത്തനങ്ങളും ഏറ്റെടുത്തും കർഷകർക്ക് വിത്തുകളും ഉപകരണങ്ങളും വിതരണം ചെയ്തും 'ലേബർ ബാങ്കുകൾ' രൂപീകരിച്ചും, ആധുനിക യന്ത്രങ്ങളും ഉപകരണങ്ങളും കാർഷിക രീതികളും പരിചയപ്പെടുത്തുന്നതിന് പരിശീലനം നൽകിയും പല പഞ്ചായത്തുകളും ഒട്ടനവധി പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയുണ്ടായി. കുടുംബശ്രീയുടെ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ (ജെ.എൽ.ജി) കാർഷിക വൃത്തിയിൽ നിന്നും പിന്മാറിയ കൃഷിക്കാരുടെ ഭൂമി പാട്ടത്തിനെടുത്ത് നെൽകൃഷിയും പച്ചക്കറി കൃഷിയും കൃഷി ഒരു ലാഭകര സംരംഭമായി ഏറ്റെടുക്കാൻ കർഷക കുടുംബങ്ങളെ പ്രാപ്തരാക്കുകയും ചെയ്യുകയുണ്ടായി. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കുന്നത്കൃഷിക്ക് കൂടുതൽ ഉണർവ്വ് നൽകുകയുണ്ടായി.

എന്നിരുന്നാലും, ഉൽപ്പാദന വർദ്ധനവിലെ ചില മാതൃകകൾ ഒഴിച്ച് നിർത്തിയാൽ വികേന്ദ്രീകരണ ആസൂത്രണത്തിന് ഭക്ഷ്യവിളകൾ കൃഷി ചെയ്യുന്ന വിസ്തൃതിയിലും ഉൽപാദനത്തിലും ഉണ്ടായിട്ടുള്ള ഇടിവിനെ തടയാൻ സാധിച്ചില്ല എന്നതാണ് യാഥാർത്ഥ്യം. കൃഷിയോഗ്യമായ ഭൂമി കാർഷികേതര ആവശ്യങ്ങൾക്കായി മാറ്റപ്പെടുന്നതും വിവിധ ഏജൻസികൾ തമ്മിലുള്ള ഏകോപനത്തിന്റെ അഭാവവും കാർഷിക വികസനത്തെ സാരമായി ബാധിച്ചു. ഇത് 'സുഭിക്ഷ കേരളം' പദ്ധതിയുടെ പിറവിക്ക് കാരണമായി. ഭക്ഷ്യവിളകളുടെ ഉൽപ്പാദനത്തിൽ സംസ്ഥാനം സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി സർക്കാർ മുന്നോട്ട് വെച്ച ഒരു പരിപാടിയാണ് 'സുഭിക്ഷ കേരളം'.

### വ്യവസായം

സംസ്ഥാനത്ത് സൂക്ഷ്മ സംരംഭങ്ങളും ചെറുകിട ഇടത്തര സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ സുപ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. ബാക്ക് എന്റ് സബ്സിഡികൾ നൽകികൊണ്ടാണ് വ്യക്തികൾക്കും വനിതാ കൂട്ടായ്മകൾക്കും സംരംഭങ്ങൾ ആരംഭിക്കുന്നതിനായി തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രോത്സാഹനം നൽകിയത്. പാർശ്വവത്ക്ക രിക്കപ്പെട്ട വിഭാഗങ്ങളേയും ചെറുകിട സംരംഭങ്ങൾ ആരംഭിക്കുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ സഹായിച്ചിട്ടുണ്ട്. പരമ്പരാഗത ഗ്രാമീണ സംരംഭങ്ങൾക്ക് അസംസ്കൃത പദാർത്ഥങ്ങളും ഉപകരണങ്ങളും വാങ്ങാനുള്ള സഹായം നൽകിവരുന്നത് പലിശ സബ്സിഡി വഴിയാണ്. ഇൻകുബേഷൻ സെന്ററുകൾ, കമ്മ്യൂണിറ്റി ഫെസിലിറ്റേഷൻ സെന്ററുകൾ എന്നിവ തുടങ്ങിയത് വഴി ചെറുകിട സ്റ്റാർട്ട് അപ്പുകൾ തുടങ്ങാൻ സഹായിക്കുന്നു. നിരവധി ജില്ലാ പഞ്ചായത്തുകൾ വ്യവസായ പാർക്കുകൾ തുടങ്ങുവാൻ വേണ്ടി സ്ഥലം ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

തൊഴിൽ സൃഷ്ടിക്ക് കൂടുതൽ ഊന്നൽ നൽകിവരുന്ന സാഹചര്യത്തിൽ, ഓരോ ആയിരത്തിലും 5 പേർക്ക് തൊഴിൽ എന്ന ഒരു പ്രധാന തൊഴിൽ ദാന പരിപാടി ആരംഭിച്ചിട്ടുണ്ട്. ഇത് പ്രാദേശിക സർക്കാരുകൾ വഴി വൻ തോതിൽ വ്യാവസായിക സംരംഭങ്ങൾ തുടങ്ങാൻ ഏറെ പ്രയോജനപ്പെടും. സംസ്ഥാനത്തെ പ്രധാന സംരംഭങ്ങളായ "ഒരു ലക്ഷം വാണിജ്യ സംരംഭങ്ങൾ, ഒരു തദ്ദേശഭരണ സ്ഥാപനം ഒരു ഉൽപ്പന്നം എന്ന പ്രധാന പരിപാടികൾക്കും തദ്ദേശഭരണ സ്ഥാപനങ്ങൾ സൗകര്യം ഒരുക്കും.

### ടൂറിസം

സംസ്ഥാനത്ത് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ ശ്രമങ്ങൾക്ക് വലിയ സഹായമാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകിയത്. പ്രാദേശിക സാമ്പത്തിക വികസനം സാധ്യമാക്കുന്നതിലും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വരുമാനം ലഭിക്കുന്നതിനും ടൂറിസം ഒരു പ്രധാന പങ്ക് വഹിക്കുന്നുണ്ട്. ടൂറിസം കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാനും, നിക്ഷേപങ്ങൾ സുഗമമാക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ സമയബന്ധിതമായി ലൈസൻസും അനുമതിയും നൽകിയും ഇതിനെ സഹായിച്ചുവരുന്നു. ടൂറിസം ഡിപ്പാർട്ട്മെന്റുമായി സഹകരിച്ച് പ്രാദേശിക ഉത്തരവാദിത്ത ടൂറിസം വികസിപ്പിക്കുന്നതിനുള്ള പ്രോജക്ടുകൾ ജില്ലാ പഞ്ചായത്തുകൾ ഏറ്റെടുത്തിട്ടുണ്ട്. ഫെസിലിറ്റേഷൻ സെന്ററുകൾ സ്ഥാപിക്കുക വഴിയും ടൂറിസം അനുബന്ധ പ്രവർത്തനങ്ങളിൽ പരിശീലനം നൽകികൊണ്ടും, ടൂറിസ്റ്റുകൾക്ക് സേവനലഭ്യതയ്ക്കായി പ്രാദേശികമായി ആളുകളെ സംഘടിപ്പിച്ചുകൊണ്ടും ടൂറിസം മേഖലയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കാൻ കഴിയും.

### ദുരന്തനിവാരണത്തിൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പങ്ക്

2018 ലും 2019 ലും സംസ്ഥാനം നേരിട്ട വൻ ദുരന്തങ്ങളെ നേരിടുന്നതിൽ പ്രാദേശിക സർക്കാരുകൾ പ്രധാന പങ്കാണ് വഹിച്ചത്. ഓഖി, നിപ്പ, പ്രളയം, കോവിഡ് മഹാമാരി എന്നിവയെ പ്രതിരോധിക്കാനും സാധാരണ ജനങ്ങളെ സഹായിക്കാനും തദ്ദേശഭരണ സ്ഥാപനങ്ങൾ മുൻപന്തിയിലുണ്ടായിരുന്നു. പ്രളയാനന്തരം ജനങ്ങളെ പുനരധിവസിപ്പിക്കുന്നതിലും ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിലും സംസ്ഥാനത്തെ മറ്റ് ഏജൻസികൾ ക്കൊപ്പം പ്രദേശിക സർക്കാരുകൾ വളരെ സുപ്രധാനമായ പങ്ക് വഹിച്ചു. ഐക്യരാഷ്ട്ര സംഘടനയുടെ യു.എൻ.ഡി.പി നടത്തിയ പോസ്റ്റ് ഡിസാസ്റ്റർ നീഡ്സ്

അസസ്സ്മെന്റ് ആന്റ് മാനേജ്മെന്റ് (PDNAM) എന്ന പഠന റിപ്പോർട്ടിൽ പ്രളയ അതിജീവനത്തിലും പുനരുദ്ധാരണ പ്രവർത്തനങ്ങളിലും തദ്ദേശഭരണ സ്ഥാപനങ്ങൾ വഹിച്ച നിർണ്ണായക പങ്കിനെ സംബന്ധിച്ച് പ്രതിപാദിക്കുക യുണ്ടായിട്ടുണ്ട്. ഗ്രാമസഭകളും മറ്റ് പൊതുവേദികളിലു മുള്ള ജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കൽ, പുനപ്രാപ്തി സഹായ പാക്കേജുകളെ കുറിച്ചുള്ള വിവരങ്ങളുടെ വ്യാപനം, പ്രളയം ബാധിച്ച ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുക, പുനഃപ്രാപ്തിക്കായുള്ള ഫണ്ടിന്റെ വിനിയോഗത്തിലെ സുതാര്യത ഉറപ്പ് വരുത്തുക. വാർഷിക പദ്ധതിയിൽ പു നപ്രാപ്തിക്കായുള്ള പരിപാടികളെ സമന്വയിപ്പിക്കുക എന്നീ കാര്യങ്ങൾ റിപ്പോർട്ടിൽ അംഗീകരിക്കപ്പെടുകയുണ്ടായി. ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതി ലും, ഗുണഭോക്താക്കളെ തിരിച്ചറിയുന്നതിലും അവർക്ക് അവശ്യ വസ്തുക്കളും സഹായവും എല്ലാം തദ്ദേശഭരണ സ്ഥാപനത്തിലെ ജീവനക്കാരും ജനപ്രതിനിധികളും ജില്ലാ അധികാരികളോടൊപ്പമുണ്ടായിരുന്നു. പ്രളയാ നന്തര ഘട്ടത്തിൽ വീടുകൾ, പൊതുസ്ഥലങ്ങൾ, സ്കൂളുകൾ, ആശുപത്രികൾ എന്നിവ വൃത്തിയാക്കുന്ന തിനുള്ള വിപുലമായ പ്രവർത്തനങ്ങൾക്ക് പ്രാദേശിക സർക്കാരുകൾ നേതൃത്വം നൽകുകയുണ്ടായി. പ്രളയം മൂലം വീടുകൾക്കും, കെട്ടിടങ്ങൾക്കും, സ്ഥാപനങ്ങൾക്കും, മറ്റ് അടിസ്ഥാന സൗകര്യങ്ങൾക്കും ഉണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്തുന്ന പ്രക്രിയയിലും തദ്ദേശഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർ പങ്കാളികളാവുക യുണ്ടായി.

കോവിഡ് മഹാമാരി നേരിടുന്നതിൽ തദ്ദേശഭരണ സ്ഥാപനങ്ങളും ജനപ്രതിനിധികളും വഹിച്ച പങ്ക് പരക്കെ പ്രശംസിക്കപ്പെട്ടിട്ടുണ്ട്. ലോക്ക്ഡൗൺ കാലഘട്ടത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ ശ്രദ്ധേയമായ പ്രവർത്ത നങ്ങളാണ് ഏറ്റെടുത്തത്. ലോക്ഡൗൺ സമയത്ത് കമ്മ്യൂണിറ്റി കിച്ചണുകളുടെ നടത്തിപ്പ്, 'ബ്രേക്ക് ദി ചെയിൻ, സാമൂഹ്യ അകലം പാലിക്കുക' എന്നീ ക്യാമ്പയിൻ സംഘടിപ്പിക്കുക, അണുനശീകരണ പരിപാടികൾ, കുടിയേറ്റ തൊഴിലാളികൾക്ക് താമസം, ഭക്ഷണം, മറ്റ് സഹായങ്ങളും പ്രദാനം ചെയ്യൽ, ക്വാറന്റീൻ പ്രവൃത്തികൾ ഏകോപിപ്പിക്കൽ എന്നിങ്ങനെയുള്ള പരിപാടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തു. കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥാപനപരമായ സഹായവും പ്രാദേശിക സർക്കാരുകളാണ് നൽകിയത്. തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്തുന്ന ആശുപത്രികൾക്ക് മരുന്നുകളും, മറ്റും ഉപകരണങ്ങളും വാങ്ങി നൽകുകയും ചെയ്തു. ഏറ്റവും പ്രധാനമായി തൊഴിൽ നഷ്ടപ്പെട്ട ആളുകളെ സഹായിക്കാനായി പ്രാദേശിക വികസന പ്ലാനുകൾ തയ്യാറാക്കുന്നതിന് പ്രധാന പങ്ക് വഹിച്ചു. ഭക്ഷ്യഉല്പാ ദനത്തിലും, കാർഷിക മേഖലയിൽ സ്വയംപര്യാപ്തത നേടാനുമായി സുഭിക്ഷകേരളം പദ്ധതി പ്രധാന പങ്ക് വഹിച്ചു. മഹാമാരി സമയത്ത് സ്കൂളുകൾ അടച്ചിട്ടിരുന്ന സാഹചര്യത്തിൽ കുട്ടികൾക്ക് കമ്പ്യൂട്ടർ, ഇന്റർനെറ്റ് കണക്ടിവിറ്റിയും മറ്റു സഹായങ്ങളും തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുകയുണ്ടായി.

### അധികാരവികേന്ദ്രീകരണം കൂടുതൽ ഫലപ്രാപ്തിയി ലേക്ക് എത്തിക്കുന്നതിനുള്ള ഉദ്യമങ്ങൾ

കഴിഞ്ഞ കാൽനൂറ്റാണ്ടിനിടയിൽ, സംസ്ഥാനത്തെ തദ്ദേ ശസ്വയംഭരണ സ്ഥാപനങ്ങൾ കൈകാര്യം ചെയ്യുന്ന സാമ്പത്തിക വിഭവങ്ങളിലും ഉത്തരവാദിത്ത്വങ്ങളിലും അദ്ഭുതപൂർവമായ വളർച്ച ഉണ്ടായതായി കാണാം. ഒന്നാം സംസ്ഥാന ധനകാര്യ കമ്മീഷൻ, ഗ്രാമ പഞ്ചായത്തുകളു ടെയും മുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷനുകളുടെ യും ആകെ പദ്ധതി ചെലവ് 1993–94–ൽ 226.92 കോടി രൂപയായിരുന്നതായി കണക്കാക്കിയിരുന്നു. എന്നാൽ, ഭരണഘടനയുടെ 73ഉം 74ഉം ഭേദഗതികളെത്തുടർന്ന് പ്രാദേശിക സർക്കാരുകൾ രൂപീകരിക്കുന്നതിന്റെ തൊട്ടു മുൻപ് ജി.എസ്.ഡി.പിയുടെ 0.8 ശതമാനവും മൊത്തം റവന്യൂ ചെലവിന്റെ 5.2 ശതമാനവും ആയിരുന്നു പ്രാദേശിക സർക്കാരുകൾക്ക് വകയിരുത്തിയിരുന്നത്. 2013–14–ൽ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ കണക്കുകൾ പ്രകാരം ഇത് 10,980 കോടി രൂപയാണെന്ന് കാണാം. അതായത്, 1993–94 നെ അപേക്ഷിച്ച് 48 മടങ്ങ് വർദ്ധനവ് ഉണ്ടായതായി കാണാം. അതായത്, 1993–94 ലെ 0.8 ശതമാനത്തിൽ നിന്ന് ജി.എസ്.ഡി.പിയുടെ 2.4 ശതമാനമായി ഇത് വർദ്ധിക്കുകയുണ്ടായി.

ഉദാഹരണമായി, 1993–94–ൽ ഒരു ഗ്രാമപഞ്ചായത്തിന്റെ ശരാശരി ചെലവ് 12.55 ലക്ഷം രൂപ മാത്രമായിരുന്നെ ങ്കിൽ ഒരു ദശാബ്ദത്തിനു ശേഷം, 2004–05ൽ ഇത് 1.7 കോടിയും 2013–14–ൽ 8.3 കോടി രൂപയായും വർദ്ധി ച്ചിട്ടുണ്ട്. ഈ കണക്കുകൾ കാണിക്കുന്നത് സംസ്ഥാനം കൈവരിച്ച ശ്രദ്ധേയമായ പുരോഗതി തന്നെയാണ്. സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾ 2004–05–ൽ 1,730 കോടി രൂപ അഥവാ ജി.എസ്.ഡി.പിയുടെ 1.6 ശതമാനം ചെലവഴിക്കുകയുണ്ടായി. 2013–14–ൽ ഇത് 8,098 കോടി രൂപയായി ഉയർന്നു. ഇത് ജി.എസ്.ഡി. പിയുടെ 1.7 ശതമാനമായി വർദ്ധിച്ചിട്ടുണ്ട്. ജി.എസ്. ഡി.പിയുടെ ചെലവിൽ 2004–05–ലെ 16.7 ശതമാനത്തിൽ നിന്ന് 2013–14–ൽ 14.3 ശതമാനമായി കുറവുണ്ടായപ്പോൾ ജി.എസ്.ഡി.പിയുടെ ഒരു ശതമാനമായിരുന്ന ഗ്രാമ പഞ്ചായത്തുകളുടെ ചെലവിൽ ഉണ്ടായ ഈ വർദ്ധനവ് ശ്രദ്ധിക്കപ്പെടുകയുണ്ടായി. സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിലെ വർദ്ധനവ് പ്രാദേശിക മേഖലാ വികസനത്തിലേയ്ക്കും കൂടി എത്തുന്നത് വലിയ ഒരു നേട്ടം തന്നെയെന്ന് ഉറപ്പിച്ച് പറയാം. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനവും ഇത്തരത്തിൽ താഴേത്തട്ടിൽ അധികാര വിഭജനം നടത്തിയിട്ടില്ല. ഇൻഫർമേഷൻ കേരള മിഷൻ വിവരങ്ങൾ പരിശോധിച്ചാൽ ഗ്രാമപഞ്ചായത്ത് തലത്തിൽ പ്രതിവർഷം ഏകദേശം 5.00 കോടി രൂപയുടെ പദ്ധതിനിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്ത് തലത്തിൽ രൂപപ്പെടുന്നതായി കാണാം. വികസന പ്രക്രിയയിൽ തദ്ദേ ശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നടത്തുവാൻ കഴിയുന്ന ഇടപെടലുകളുടെ അനന്തമായ സാധ്യതകളിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റിപ്പോർട്ടിംഗ് സംവിധാനം, ഓരോ മേഖലയിലെയും നിക്ഷേപത്തിന്റെ ഭൗതിക നേട്ടങ്ങൾ യഥാസമയം രേഖപ്പെടുത്താവുന്ന രീതിയിൽ ശക്തിപ്പെടുത്തേണ്ടതുണ്ട്. പ്രാദേശിക സർക്കാരുകളുടെ ധനകാര്യ മാനേജ്മെന്റിന്റെ ഭാഗമായി പ്രാദേശിക സർക്കാരുകളുടെ ബഡ്ജറ്റിംഗ് സംവിധാനത്തെയും ആസൂത്രണ സംവിധാനത്തെയും കൂടുതലായി ബന്ധിപ്പിക്കേണ്ടതായിട്ടുണ്ട്. ജനാധിപത്യ വൽക്കരണ പ്രക്രിയയെ പ്രോത്സാഹി പ്പിക്കുന്നതിന്,

എല്ലാ കാര്യനിർവഹണ നടപടികളും നിയമപരമായ നടപടികളും കൂടുതൽ സുഗമമാക്കേണ്ടതായിട്ടുണ്ട്.

### അധികാരവികേന്ദ്രീകരണത്തിലെ പ്രധാന കുറവുകളും പരിമിതികളും

സാമ്പത്തിക വളർച്ചയ്ക്കും ജനങ്ങളുടെ ക്ഷേമത്തിനുമായി ക്രിയാത്മകമായ പരിപാടികൾ ആവിഷ്കരിക്കാൻ വികേന്ദ്രീകൃത ആസൂത്രണ പരിപാടി ലക്ഷ്യമിട്ടിരുന്നെങ്കിലും ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾക്കനുസരിച്ച് പ്രദേശങ്ങളുടെ വിഭവ അടിത്തറയിൽ നിന്നുകൊണ്ട് ഏറ്റവും അർഹരായവരുടെ ഉപജീവന മാർഗ്ഗവും സാമൂഹിക സുരക്ഷയും ഉറപ്പ് വരുത്തുന്നതിന്റെ സാധ്യതകൾ പരിഗണിച്ച് കൊണ്ടുള്ള ദീർഘകാലാടിസ്ഥാനത്തിലുള്ള ആസൂത്രണം ഇനിയും യാഥാർത്ഥ്യമാകേണ്ടതുണ്ട്. കേരളത്തിലെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ഓരോ വർഷവും കോടിക്കണക്കിന് രൂപയുടെ ലക്ഷക്കണക്കിന് പദ്ധതികളാണ് ഏറ്റെടുക്കുന്നത്. ഒരു പ്രോജക്ടിന്റെ ശരാശരി ചെലവ് കണക്കാക്കിയാൽ 2.3 ലക്ഷം രൂപയെങ്കിലും വരുമെന്നാണ് കണക്ക്. ഈ പദ്ധതികളുടെ കാര്യക്ഷമമായ നിർവ്വഹണം നടന്നിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനായി റിസൾട്ട് ബെയ്സ്ഡ് മാനേജ്മെന്റ് സംവിധാനങ്ങൾ രൂപപ്പെടേണ്ടതുണ്ട്.

വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയയുടെ അന്തസ്സും തിളക്കവും നഷ്ടപ്പെട്ടതായും ജനപങ്കാളിത്തം കുറഞ്ഞു വെറും നടപടി പ്രധാനങ്ങളായി ചുരുങ്ങിയതായും പലരും നിരീക്ഷിച്ചിട്ടുണ്ട്. ഏകോപനത്തിന്റെ അഭാവം, നടപടി ക്രമങ്ങളിലെ ബുദ്ധിമുട്ടുകൾ, ഓഡിറ്റ് നിരീക്ഷണങ്ങൾ സംബന്ധിച്ച ഭയം എന്നിവ കാരണം ഒന്നിലധികം ഏജൻസികളുടെ പങ്കാളിത്തം ഉറപ്പാക്കുന്ന സമഗ്രമായ പ്രോജക്ടുകൾ വളരെ അപൂർവമായി മാത്രമേ രൂപീകരിക്കപ്പെടുന്നുള്ളൂ. വികേന്ദ്രീകൃത ആസൂത്രണ ചട്ടക്കൂട്, വിവിധ ഏജൻസികളുടെ ഏകോപന സാധ്യതകൾക്ക് ധാരാളം അവസരങ്ങൾ സൃഷ്ടിച്ചുവെങ്കിലും, അത്തരം പ്രവർത്തനങ്ങൾ ഫലപ്രദമായി നടക്കുന്നില്ല എന്നതാണ് വസ്തുത.

ആയതിനാൽ, അടുത്ത കാലഘട്ടത്തിൽ ഉൽപ്പാദന ഘടകങ്ങളുടെ വിതരണം, ചെറുകിട യന്ത്രങ്ങൾ നൽകൽ, നെല്ലിനും പച്ചക്കറിക്കുമുള്ള സബ്സിഡി മുതലായവയുമായി ചുരുങ്ങുന്നതിന് പകരം നീർത്തട പരിപാലനം, ജലസേചനത്തിൻ കീഴിലുള്ള ഭൂമി വർദ്ധിപ്പിക്കൽ, പ്രാദേശിക ഉൽപ്പന്നങ്ങളുടെ വിപണനം എന്നിവയ്ക്കുള്ള സമഗ്ര പരിപാടികൾ, കാർഷികോൽപ്പന്നങ്ങൾക്കുള്ള വിതരണ ശൃംഖല, മൂല്യ ശൃംഖല മെച്ചപ്പെടുത്തൽ തുടങ്ങിയവയ്ക്ക് ഊന്നൽ നൽകേണ്ടതുണ്ട്. വിള കൃഷി, മണ്ണ്-ജല സംരക്ഷണം, മൃഗസംരക്ഷണം, ക്ഷീരോൽപ്പാദനം, മത്സ്യബന്ധനം തുടങ്ങിയവയെ സംയോജിപ്പിക്കുന്ന പദ്ധതികളുടെ രൂപീകരണം ഉണ്ടാകേണ്ടതുണ്ട്.

കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന ഉപജീവന സുരക്ഷാ പരിപാടികളുടെ കാര്യത്തിൽ, കേരളത്തിലുടനീളം രൂപീകരിച്ച പല സ്വയംസഹായ സംഘങ്ങൾക്കും പ്രവർത്തനക്ഷമമായും ലാഭകരമായും സൂക്ഷ്മ സംരംഭങ്ങൾ നടത്തിക്കൊണ്ടു പോകാൻ കഴിയുന്നില്ലെന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. മതിയായ മുൻ-പിൻ ബന്ധങ്ങൾ, സാങ്കേതിക സംയോജനം, വിപണി ബന്ധം എന്നിവ ഉപയോഗിച്ച് കുടുംബശ്രീസംരംഭങ്ങളെ ലാഭകരവും വരുമാനദായകവും ആക്കേണ്ടതുണ്ട്.

### വികേന്ദ്രീകരണവും സാമ്പത്തിക വികസനവും – മുന്നോട്ടുള്ള വഴികൾ

കഴിഞ്ഞ 25 വർഷത്തിനിടയിൽ, വിവിധ വിഭവങ്ങൾ വിനിയോഗിച്ച് വികേന്ദ്രീകൃതവും പങ്കാളിത്തപരവുമായ വികസനം ആസൂത്രണം ചെയ്യുന്നതിൽ പ്രാദേശിക സർക്കാരുകൾ കഴിവ് നേടിയിട്ടുണ്ട്. കേരളം അഭിമുഖീകരിക്കുന്ന ഒട്ടനവധി വികസന വെല്ലുവിളികളെ അഭിമുഖീകരിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൂടുതൽ ശ്രദ്ധയും സജീവമായ ഇടപെടലും ആവശ്യമാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സാമ്പത്തിക വളർച്ചയുടെ കേന്ദ്രമാക്കി മാറ്റാൻ പതിനാലാം പഞ്ചവത്സര പദ്ധതി ലക്ഷ്യമിടുന്നു. മന്ദഗതിയിലുള്ള സാമ്പത്തിക വളർച്ചയുടെയും വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മയുടെയും പ്രശ്നം പരിഹരിക്കാൻ പ്രാദേശിക സർക്കാരുകളുടെ ഇടപെടലുകളും ആസൂത്രണവും അനിവാര്യമാണ്. വിവിധ വികസന ഏജൻസികളുടെ സംയോജനത്തിലൂടെ ഉൽപ്പാദനമേഖലയിൽ വളർച്ച ലക്ഷ്യമാക്കിയുള്ള പദ്ധതികൾ ഏറ്റെടുക്കാനുള്ള കഴിവ് പ്രാദേശിക സർക്കാരുകൾക്ക് ആർജ്ജിക്കേണ്ടിയിരിക്കുന്നു. ഇതിന്, വിവിധ വികസന ഏജൻസികളുടെ സമന്വയവും പ്രാദേശിക സർക്കാരുകളുടെ എല്ലാ തലങ്ങളിലുമുള്ള മാനവികവും സാമ്പത്തികവുമായ സ്രോതസ്സുകളുടെ സംയോജനവും ആവശ്യമാണ്. സംസ്ഥാനത്തെ നൈപുണ്യം കുറഞ്ഞവരേയും ഉയർന്ന സാങ്കേതിക വൈദഗ്ധ്യമുള്ള യുവജനങ്ങളെയും ഈ സംരംഭങ്ങളിൽ ഉൾപ്പെടുത്താനാകണം. ഇതിൽ കൂടുതൽ സ്ത്രീജനങ്ങളുടെ പങ്കാളിത്തവും ഉറപ്പാക്കേണ്ടതാണ്.

കുറച്ചു കൂടി വ്യക്തമാക്കിയാൽ കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം എന്നിവയിൽ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും കൃഷിയിൽ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനുമുള്ള പരിപാടികൾ പ്രാദേശിക സർക്കാരുകൾ ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. പ്രാദേശിക സർക്കാരുകൾ കൃഷിയിലും അനുബന്ധ മേഖലകളിലും ചെറുകിട ഇടത്തരം സംരംഭങ്ങൾ സ്ഥാപിക്കുന്നതിനും സംരംഭകത്വ പ്രോത്സാഹനത്തിനുമായി വലിയ ഇടപെടലുകൾ നടത്തേണ്ടതുണ്ട്. മഹാമാരിക്ക് ശേഷമുള്ള സാഹചര്യത്തിൽ, ഒന്നിലധികം പരിപാടികളിലൂടെ സംസ്ഥാനത്ത് വൻതോതിലുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള അടിയന്തിര ഇടപെടലുകൾ ആവശ്യമായി വന്നിരിക്കുകയാണ്. ജനങ്ങൾക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനായി സർക്കാർ നിരവധി പദ്ധതികൾക്ക് തുടക്കമിട്ടിട്ടുണ്ട്. ഈ തൊഴിൽദാന പദ്ധതികളുടെ ഭാഗമായി വിവിധ നൈപുണ്യ പരിപാടികളും വിഭാവനം ചെയ്തിട്ടുണ്ട്. അതിനായി പ്രാദേശിക സർക്കാരുകളുടെ പൂർണ്ണമായ പിന്തുണ ഉണ്ടായിരിക്കേണ്ടതാണ്. ഈ പുതിയ ചുറ്റുപാടിൽ പ്രാദേശിക സർക്കാരുകൾ ദുർബല വിഭാഗങ്ങളുടെ ഉപജീവനമാർഗ്ഗവും വരുമാനവും വർദ്ധിപ്പിക്കുന്നതിനും പ്രാദേശിക സാമ്പത്തിക വികസനം സുഗമമാക്കുന്നതിനും ഇടപെടലുകൾ നടത്തേണ്ടതുണ്ട്.

പ്രാദേശിക സർക്കാരുകൾ ദാരിദ്ര്യ നിർമ്മാർജനത്തിന് കൂടുതൽ ഊന്നൽ നൽകുന്നുണ്ട്. ദാരിദ്ര്യലഘൂകരണത്തിനായി സമൂഹത്തിലെ കടുത്ത ദാരിദ്ര്യമനുഭവിക്കുന്നവരെ ദാരിദ്ര്യത്തിൽ നിന്ന് മുക്തരാക്കുന്നതിനും ഇടപെടലുകൾ നടത്തേണ്ടതുണ്ട്.

ഇതിനോടൊപ്പം, പട്ടികജാതി–പട്ടികവർഗ വിഭാഗങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തി, അസമത്വം കുറച്ച് മുഖ്യധാരയിലേക്ക് കൊണ്ടുവന്ന് അവരുടെ വികസനത്തിനായുള്ള ഇടപെടലുകൾ പ്രാദേശിക ഭരണകൂടങ്ങൾ ഗൗരവതരമായി തന്നെ തുടരേണ്ടതായിട്ടുണ്ട്. വികലാംഗർ, പ്രായമായവർ, കുട്ടികൾ തുടങ്ങീ ദുർബല വിഭാഗങ്ങൾക്കായുള്ള പ്രത്യേക പദ്ധതി കൂടുതൽ പ്രായോഗികവും ഉപയോഗ പ്രദവുമായ ഘടകങ്ങൾ ഉൾക്കൊള്ളിച്ച് മെച്ചപ്പെടുത്തേണ്ടതുണ്ട്.

ഇതുകൂടാതെ, അടിക്കടിയുള്ള പ്രകൃതിദുരന്ത പ്രതിഭാസങ്ങൾ മൂലമുണ്ടാവുന്ന കാലാവസ്ഥാ വ്യതിയാന ആഘാതം സാമൂഹികമായി പ്രതിരോധിക്കാൻ സാധിക്കുന്ന തരത്തിൽ പ്രാദേശിക സർക്കാരുകൾ അവരുടെ പ്രവർത്തനങ്ങൾ സജ്ജീകരിക്കേണ്ടതായിട്ടുണ്ട്. ഡ്രെയിനേജ് മാനേജ്മെന്റ്, അടിസ്ഥാന സൗകര്യ വികസനം, ഉപജീവന സുരക്ഷ എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തി കൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ദുരന്തനിവാരണ പദ്ധതികൾ പുനരവലോകനം ചെയ്ത് കൃത്യമാക്കുകയും ചെയ്യേണ്ടതാണ്.

ദ്രുതഗതിയിലുള്ള നഗരവൽക്കരണം സൃഷ്ടിക്കുന്ന പ്രശ്നങ്ങളിൽ പ്രാദേശിക സർക്കാരുകളുടെ പ്രത്യേക ശ്രദ്ധ ആവശ്യമായി വന്നിരിക്കുകയാണ്. പ്രധാനമായും ശുചിത്വവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അടിയന്തിരമായും ഫലപ്രദമായും പരിഹരിക്കപ്പെടേണ്ടതുണ്ട്. ഭൂവിനിയോഗ ആസൂത്രണം സ്ഥലപരമായ ആസൂത്രണത്തിന് കൂടുതൽ പൂരകമാക്കേണ്ടതുണ്ട്.
വിവിധ വികസന സൂചികകൾ പരിശോധിച്ചാൽ രാജ്യത്തെ ഏറ്റവും വികസിത സംസ്ഥാനമായി മാറാൻ സംസ്ഥാനം വലിയ ശ്രമങ്ങൾ നടത്തുന്നതായി കാണാം. പ്രാദേശിക സാമ്പത്തിക വികസനത്തിന് നേതൃത്വം നൽകുകയും സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകുകയും ഒപ്പം പൗരന്മാർക്ക് ഗുണനിലവാരമുള്ള സേവനങ്ങൾ ഉറപ്പാക്കുക എന്നതും പ്രാദേശിക സർക്കാരുകളുടെ വലിയ ഉത്തരവാദിത്വം തന്നെയാണ്. ജനങ്ങളുടെ ക്ഷേമവും സുസ്ഥിര വികസനവും ഉറപ്പാക്കുന്നതിൽ പ്രാദേശിക സർക്കാരുകളുടെ വലിയ ഇടപെടലുകളാണ് പതിനാലാം പഞ്ചവത്സര പദ്ധതി ലക്ഷ്യം വെയ്ക്കുന്നത്.

അദ്ധ്യായം

# 3

# കൃഷിയും അനുബന്ധ മേഖലകളും

അദ്ധ്യായം

3

# കൃഷിയും അനുബന്ധ മേഖലകളും

## 3.1 കാർഷിക മേഖല

കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ കാർഷികമേഖലയ്ക്ക് തന്ത്രപരമായ സ്ഥാനമാണുള്ളത്. മാത്രമല്ല, സമ്പദ്‌വ്യവസ്ഥയുടെ ഘടനാപരമായ മാറ്റത്തിനും ഈ മേഖല സംഭാവന നൽകിയിട്ടുണ്ട്. എന്നാൽ, സമീപവർഷങ്ങളിൽ കാലാവസ്ഥാ വ്യതിയാനം, ചരക്കുവില, വിപണി എന്നിവയുമായി ബന്ധപ്പെട്ട അനിശ്ചിതത്വങ്ങളും കോവിഡിന്റെ അപകടസാധ്യതകളും കാരണം കാർഷികമേഖലയുടെ വളർച്ചയിൽ വെല്ലുവിളികൾ നേരിടുന്നുണ്ട്. കാർഷിക മേഖലയിൽ നിന്നുള്ള മൊത്തം സംസ്ഥാന മൂല്യവർദ്ധനവ് (ജി.എസ്.വി.എ) 2013-2014-ൽ 12.37 ശതമാനമായിരുന്നത് 2020-21-ൽ 9.44 ശതമാനമായി കുറഞ്ഞു.

കോവിഡ്-19 മഹാമാരി 2020-21-ൽ കേരളത്തിന്റെ കാർഷിക മേഖലയെ വിവിധ തരത്തിൽ ബാധിച്ചിട്ടുണ്ട്. കാർഷികോൽപ്പന്നങ്ങളുടെ ആവശ്യകത കുറയുകയും, വിതരണശൃംഖല തടസ്സപ്പെടുകയും ചെയ്തത് നിമിത്തം കർഷകർക്കുണ്ടായ വരുമാന നഷ്ടം, തൊഴിലാളികളുടെ, പ്രത്യേകിച്ചും കുടിയേറ്റ തൊഴിലാളികളുടെ ലഭ്യതക്കുറവ് മൂലം കാർഷിക സംസ്കരണ യൂണിറ്റുകൾക്കും പൊതുമേഖലാ കാർഷിക സ്ഥാപനങ്ങൾക്കുമുണ്ടായ വരുമാന നഷ്ടം, ആഗോളവ്യാപാര മാന്ദ്യത്തെ തുടർന്ന് കയറ്റുമതി ഉൽപ്പന്നങ്ങളായ സുഗന്ധവ്യഞ്ജനങ്ങളിലും തോട്ടവിളകളിലുമുണ്ടായ ആഘാതം എന്നിവ കാർഷികമേഖലയിലെ നഷ്ടത്തിന് കാരണമായി.

ഭൂവിനിയോഗത്തിലും കൃഷി രീതിയിലും കേരളം മറ്റ് സംസ്ഥാനങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമാണ്. കേരളത്തിന്റെ കാർഷികേതര ഭൂവിനിയോഗത്തിലും തരിശുനിലത്തിന്റെ വിസ്തൃതിയിലും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇത് പാരിസ്ഥിതിക സുസ്ഥിരത ഉറപ്പാക്കിക്കൊണ്ട് ശാസ്ത്രാധിഷ്ഠിത ഉൽപാദനോപാധികളിലൂടെയും ആധുനിക കൃഷി രീതികളിലൂടെയും ലഭ്യമായ കൃഷിയോഗ്യമായ ഭൂമിയിൽ നിന്നും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കേണ്ടതിന്റെയും ഉയർന്ന കാർഷിക വരുമാനം ഉറപ്പുവരുത്തേണ്ടതിന്റെയും ആവശ്യകതയിലേക്ക് വിരൽ ചൂണ്ടുന്നു. കർഷകർക്ക് വരുമാന സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് കാർഷിക വൈവിധ്യവൽക്കരണം അത്യാവശ്യമാണ്.ഭക്ഷ്യസംസ്കരണത്തിനുംമൂല്യവർദ്ധിത വ്യവസായങ്ങൾക്കും ഊന്നൽ നൽകുന്നത് കാർഷിക ഉൽപ്പാദനത്തിന്റെ മൂല്യം വർദ്ധിപ്പിക്കുവാനും, ഇതര തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും, കയറ്റുമതി മെച്ചപ്പെടുത്തുവാനും, ആഭ്യന്തര വിതരണ ശൃംഖല ശക്തിപ്പെടുത്തുവാനും സഹായകമാകും

### വളർച്ചാ നിരക്ക്

**പട്ടിക 3.1.1**-ൽ രേഖപ്പെടുത്തിയിരിക്കുന്നതു പ്രകാരം രാജ്യത്തിന്റെ കാർഷിക അനുബന്ധ മേഖലകളിലെ വളർച്ചാനിരക്കിൽ ഏറ്റക്കുറച്ചിലുകൾ കാണപ്പെടുന്നു. 2020-21-ൽ കൃഷി, വനം, മത്സ്യബന്ധനം എന്നീ മേഖലകളിലെ വളർച്ചാനിരക്ക് 2019-20-ലെ 4.3 ശതമാനവുമായി താരതമ്യം ചെയ്യുമ്പോൾ 3.6 ശതമാനമായി കുറഞ്ഞു. രാജ്യത്തിന്റെ മൊത്തം മൂല്യവർദ്ധനയിൽ വിളകൾ, കന്നുകാലികൾ, വനം, മത്സ്യബന്ധനം എന്നീ മേഖലകളുടെ വിഹിതം 2013-14 മുതൽ തുടർച്ചയായി കുറഞ്ഞിട്ടുണ്ട്. എന്നാൽ വാർഷിക ദേശീയ വരുമാനത്തിന്റെ താൽക്കാലിക എസ്റ്റിമേറ്റ് 2020-21 പ്രകാരം, ഈ വിഹിതം 16.38 ശതമാനമായി വർദ്ധിച്ചു. **(പട്ടിക 3.1.2)**. കോവിഡ് 19 മഹാമാരി മിക്ക മേഖലകളെയും സമ്മർദ്ദത്തിലാക്കിയപ്പോഴും, കാർഷികമേഖല ഒരു പരിധിവരെ വേറിട്ടു നിന്നു. കാർഷിക പ്രവർത്തനങ്ങൾക്ക് സമയബന്ധിതമായി നൽകിയ ഇളവ്, തടസ്സമില്ലാത്ത വിളവെടുപ്പ്, ചരക്കുകളുടെ സുഗമമായ ഒഴുക്ക് എന്നിവ ഇതിന് കാരണമായി.

**പട്ടിക 3.1.1** ഇന്ത്യയിലെ കാർഷിക അനുബന്ധ മേഖലയിലെ വളർച്ചാ നിരക്ക്

| വർഷം | വളർച്ചാനിരക്ക് (ശതമാനത്തിൽ) |
|---|---|
| 2013-14 | 5.6 |
| 2014-15 | (-) 0.2 |
| 2015-16 | 0.6 |
| 2016-17 | 6.8 |
| 2017-18 | 6.6 |
| 2018-19 | 2.6 |
| 2019-20 | 4.3 |
| 2020-21 | 3.6 (P) |

കുറിപ്പ്: (P) താൽക്കാലികം
അവലംബം: നാഷണൽ അക്കൗണ്ട്സ് സ്റ്റാറ്റിസ്റ്റിക്സ്,2021

സംസ്ഥാനത്തെ കാർഷികമേഖലയിൽ 2019-20-നെ അപേക്ഷിച്ച് 2020-21-ൽ പുരോഗതി ഉണ്ടായി. സംസ്ഥാന സാമ്പത്തിക സ്ഥിതിവിവര വകുപ്പിന്റെ കണക്കുകൾ പ്രകാരം 2020-21 വർഷം സംസ്ഥാനത്തിന്റെ മൊത്തം (ജി.എസ്.വി.എ) മൂല്യവർദ്ധനവിൽ (2011-12 -ലെ സ്ഥിര വിലയിൽ) കാർഷിക അനുബന്ധ മേഖലകളുടെ വിഹിതത്തിൽ വർദ്ധനവുണ്ടായി. 2019-20-ൽ ഇത് 8.38 ശതമാനമായിരുന്നത് 2020-21-ൽ 9.44 ശതമാനമായി ഉയർന്നു. **(പട്ടിക 3.1.2)**. ഈ കാലയളവിൽ

വിള ഉപമേഖലയുടെ വിഹിതം 4.32 ശതമാനത്തിൽ നിന്നും 4.96 ശതമാനമായി വർദ്ധിച്ചു.

**പട്ടിക 3.1.2** മൊത്തം മൂല്യവർദ്ധനവിൽ (ജി.വി.എ/ജി.എസ്.വി.എ) കാർഷിക അനുബന്ധ മേഖലയുടെ പങ്ക് ദേശീയ തലത്തിലും സംസ്ഥാനതലത്തിലും (സ്ഥിരവില, അടിസ്ഥാനവർഷം 2011–12)

| വർഷം | മൊത്തം മൂല്യവർദ്ധനവിൽ (ജി.വി.എ) കൃഷി അനുബന്ധ മേഖലകളുടെ പങ്ക് (ശതമാനത്തിൽ) ഇന്ത്യ | സംസ്ഥാനത്തിന്റെ മൊത്തം മൂല്യവർദ്ധനവിൽ (ജി.എസ്.വി.എ) കൃഷി അനുബന്ധമേഖലകളുടെ പങ്ക് (ശതമാനത്തിൽ) കേരളം |
|---|---|---|
| 2013–14 | 17.8 | 12.37 |
| 2014–15 | 16.5 | 11.92 |
| 2015–16 | 15.4 | 10.74 |
| 2016–17 | 15.2 | 9.96 |
| 2017–18 | 15.1 | 9.61 |
| 2018–19 | 14.6 | 9.03 |
| 2019–20 | 14.8 | 8.38(P) |
| 2020–21 | 16.38(P) | 9.44(Q) |

അവലംബം: നാഷണൽ അക്കൗണ്ട്സ് സ്റ്റാറ്റിസ്റ്റിക്സ് 2021, സംസ്ഥാന സാമ്പത്തിക സ്ഥിതി വിവര കണക്ക് ഡയറക്ടറേറ്റ്.
കുറിപ്പ്: (P)താൽക്കാലികം (Q) ദ്രുത കണക്കെടുപ്പ്

മുൻവർഷങ്ങളിൽ കൃഷിയുടെയും അനുബന്ധപ്രവർത്തനങ്ങളുടെയും (വിളകൾ, കന്നുകാലികൾ, വനം, മത്സ്യബന്ധനം എന്നിവ ഉൾപ്പെടെ) വാർഷിക വളർച്ചാനിരക്ക്, (ജി.എസ്.വി.എ 2011–12–ലെ സ്ഥിര വിലയിൽ) ഏറിയുംകുറഞ്ഞുമിരുന്നു. കഴിഞ്ഞ അഞ്ചുവർഷത്തെ വളർച്ചാനിരക്ക് വിശകലനം ചെയ്യുമ്പോൾ 2017–18–ൽ 2.11 ശതമാനത്തിന്റെ പോസിറ്റീവ് വളർച്ചയാണ് കാണിക്കുന്നത്. 2018–19 മുതൽ വളർച്ചാനിരക്ക് നെഗറ്റീവ് ആയിരുന്നു. എന്നാൽ 2019–20–ലെ (–)5.09 ശതമാനവുമായി താരതമ്യം ചെയ്യുമ്പോൾ 2020–21ൽ കാർഷിക അനുബന്ധ പ്രവർത്തനങ്ങളുടെ വളർച്ചാനിരക്ക് 3.38 ശതമാനമാണ്. ഇതേ കാലയളവിൽ വിളമേഖലയിലെ വളർച്ച (–)5.53 ശതമാനത്തിൽ നിന്നും 5.54 ശതമാനമായി മാറി. 2020–21–ൽ കന്നുകാലി–വിള ഉപമേഖലകൾ പരമമായ വളർച്ച രേഖപ്പെടുത്തി.

## കാലവർഷം 2021

2021, മാർച്ച് 1 മുതൽ മെയ് 31 വരെ സംസ്ഥാനത്ത് സാധാരണ നിലയിൽ നിന്നും 111 ശതമാനം വ്യതിയാനത്തോടെ കാലവർഷത്തിന് മുൻപുള്ള മഴ ലഭിച്ചു. ഈ കാലയളവിൽ സംസ്ഥാനത്ത് ലഭിച്ച മഴയുടെ അളവ് 772.7 മി.മീ. ആയിരുന്നു. എല്ലാ ജില്ലകളിലും വളരെ അധികം മഴ ലഭിച്ചു. പത്തനംതിട്ട (1342.6 മി.മീ.), കോട്ടയം (1049.5 മി.മീ) എന്നീ ജില്ലകളിലാണ് ഏറ്റവും അധികം മഴ ലഭിച്ചത്. സാധാരണ നിലയിൽ നിന്നുമുള്ള വ്യതിയാനം ഏറ്റവും കൂടുതൽ രേഖപ്പെടുത്തിയത് പത്തനംതിട്ട ജില്ലയിലും (171 ശതമാനം) തുടർന്ന് തിരുവനന്തപുരം (162 ശതമാനം) കോട്ടയം (142 ശതമാനം) ജില്ലകളിലുമാണ്.

2021 ജൂൺ 3 ന് കേരളത്തിൽ തെക്കുപടിഞ്ഞാറൻ കാലവർഷമാരംഭിച്ചു. തെക്കുപടിഞ്ഞാറൻ കാലവർഷ സമയത്ത് (2021 ജൂൺ 1 മുതൽ സെപ്റ്റംബർ 30 വരെ) കേരളത്തിൽ ലഭിച്ച യഥാർത്ഥ മഴ 1,729.2 മി.മീ ആയിരുന്നു. പ്രസ്തുത കാലയളവിൽ ലഭിക്കേണ്ട സാധാരണ മഴ 2,038.7 മി.മീ ആണ്. അതായത് സാധാരണ നിലയിൽ നിന്നും 15 ശതമാനം കുറവാണ് ഈ കാലയളവിൽ രേഖപ്പെടുത്തിയത്. 2021 കാലയളവിൽ, സംസ്ഥാനത്തെ ഒൻപത് ജില്ലകളിൽ സാധാരണ തോതിലുള്ള മഴ ലഭിച്ചു. കണ്ണൂർ, വയനാട്, തൃശ്ശൂർ, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽ സാധാരണയുള്ള മഴയെക്കാൾ കുറഞ്ഞ തോതിലുള്ള മഴ ലഭിച്ചു. തെക്കൻ ജില്ലകളിലെല്ലാം സാധാരണ തോതിലുള്ള മഴ ലഭിച്ചു. കാസറഗോഡ് ജില്ലയിലാണ് ഏറ്റവും അധികം മഴ ലഭിച്ചത്. **(ചിത്രം 3.1.1)**


2021–ൽ വടക്കുകിഴക്കൻ കാലവർഷ സമയത്ത് (2021 ഒക്ടോബർ 1 മുതൽ നവംബർ 30 വരെ) സംസ്ഥാനത്ത് ലഭിച്ച മഴയുടെ അളവ് 981 മി.മീ ആയിരുന്നു. പ്രസ്തുത കാലയളവിൽ സാധാരണ ലഭിക്കുന്ന മഴ 456.6 മി.മീ ആണ്. അതായത് സാധാരണ മഴയേക്കാൾ (+)114 ശതമാനം വ്യതിയാനത്തോടെ വളരെ അധികം മഴയാണ് കേരളത്തിൽ ലഭിച്ചത്. എല്ലാ ജില്ലകളിലും വളരെയധികം മഴ ലഭിച്ചു. സാധാരണ ലഭിക്കുന്ന മഴയിൽ നിന്നും ഏറ്റവും കൂടുതൽ വ്യതിയാനം പത്തനംതിട്ട ജില്ലയിലും ((+)193 ശതമാനം) തുടർന്ന് കാസറഗോഡ് ജില്ലയിലുമായിരുന്നു ((+)146 ശതമാനം) **(ചിത്രം 3.1.2)** സംസ്ഥാനത്ത് ലഭിച്ച മഴയുടെ അളവ് ജില്ല തിരിച്ച് **അനുബന്ധം 3.1.1**–ൽ ചേർത്തിരിക്കുന്നു.

## ഭൂവിനിയോഗം

കാലാകാലമായി കേരളം ഭൂവിനിയോഗ രീതിയിൽ വലിയ മാറ്റങ്ങൾക്ക് സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നു. ഭക്ഷ്യ വിളകളിൽ നിന്നും ഭക്ഷ്യേതര വിളകളിലേയ്ക്ക് മാറിയതും കാർഷികേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ഭൂമിയുടെ വിസ്തൃതി വർദ്ധിച്ചതുമാണ് പ്രധാന മാറ്റങ്ങൾ. കേരളത്തിലെ ഭൂവിനിയോഗത്തിലും വിളക്രമത്തിലും വന്ന മാറ്റങ്ങൾ സംസ്ഥാനത്തിന്റെ ഭക്ഷ്യ സുരക്ഷയ്ക്കും പാരിസ്ഥിതിക സുസ്ഥിരതയ്ക്കും വെല്ലുവിളി ഉയർത്തുന്നുണ്ട്.


2020–21–ലെ ഭൂവിനിയോഗ കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ മൊത്തം ഭൂവിസ്തൃതിയായ 38.86 ലക്ഷം ഹെക്ടറിൽ 25.69 ലക്ഷം ഹെക്ടർ (66.10 ശതമാനം) വിളയിറക്കിയിട്ടുള്ള പ്രദേശമാണ്. ഇതിൽ യഥാർത്ഥ കൃഷിയുടെ വിസ്തൃതി 20.35 ലക്ഷം ഹെക്ടറാണ് (52.37 ശതമാനം). കാർഷികേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഭൂമി 11.86 ശതമാനവും വനമേഖല 27.83 ശതമാനവുമാണ്. കൃഷിയോഗ്യമായ പാഴ്ഭൂമിയും തരിശുഭൂമിയും യഥാക്രമം 2.42 ശതമാനവും 1.40 ശതമാനവുമാണ്. 2019–20–ലെ ഭൂവിനിയോഗ രീതിയുമായി

**ചിത്രം 3.1.1** തെക്ക് പടിഞ്ഞാറൻ കാലവർഷത്തിൽ 2021 ജൂൺ ഒന്നു മുതൽ സെപ്റ്റംബർ 30 വരെ ലഭിച്ച മഴ




അവലംബം: ദേശീയ കാലാവസ്ഥ വകുപ്പ്, 2021

**ചിത്രം 3.1.2** വടക്ക കിഴക്കൻ കാലവർഷത്തിൽ 2021 ഒക്ടോബർ 1 മുതൽ നവംബർ 30 വരെ ലഭിച്ച മഴ





അവലംബം: ദേശീയ കാലാവസ്ഥ വകുപ്പ്, 2021

താരതമ്യപ്പെടുത്തുമ്പോൾ നിലവിലുള്ള തരിശുഭൂമി ഇപ്പോൾ ഉള്ള തരിശ്ഭൂമിയിൽപ്പെടാത്ത തരിശ്ഭൂമി എന്നിവയുടെ വിസ്തൃതി യഥാക്രമം 5.5 ശതമാനം, 8.9 ശതമാനം എന്നിങ്ങനെ കുറഞ്ഞു. കൃഷിക്കനുയോജ്യ മായ പാഴ്ഭൂമിയുടെ വിസ്തൃതിയും 5.9 ശതമാനമായി കുറഞ്ഞു. വിളതീവ്രത 128 ശതമാനത്തിൽ നിന്നും 126 ശതമാനമായി കുറയുകയും ചെയ്തു.

2019–20 നെ അപേക്ഷിച്ച് യഥാർത്ഥ കൃഷിയുടെ വിസ്തൃതി 0.45 ശതമാനം വർദ്ധിച്ചപ്പോൾ മൊത്തം കൃഷി വിസ്തൃതി 0.68 ശതമാനമായി കുറഞ്ഞു. 2019–20 നെ അപേക്ഷിച്ച് ഒന്നിൽ കൂടുതൽ പ്രാവശ്യം കൃഷിയിറക്കിയ സ്ഥലത്തിന്റെ വിസ്തൃതിയിലുണ്ടായ 4.7 ശതമാനം കുറവാകാം മൊത്തം കൃഷി വിസ്തൃതി യിലുണ്ടായ ഇടിവിന് കാരണം. കാർഷികേതര ആവ ശ്യങ്ങൾക്കായി നീക്കിവെച്ചിരിക്കുന്ന ഭൂമിയിൽ 1.1 ശതമാനത്തിന്റെ വർദ്ധനവും വിവിധ വൃക്ഷവിളകൾക്ക് നീക്കിവെച്ചിട്ടുള്ള ഭൂമിയുടെ വിസ്തൃതിയിൽ 12.9 ശതമാ നത്തിന്റെ വർദ്ധനവുമുണ്ടായി. 2020–21 വർഷത്തെ ഭൂവിനിയോഗ രീതിയെക്കുറിച്ചുള്ള വിശദാംശങ്ങൾക്ക് **അനുബന്ധം 3.1.2, ചിത്രം 3.1.3** ഇവ കാണുക.

**ചിത്രം 3.1.3** 2020–21-ൽ കേരളത്തിലെ ഭൂവിനിയോഗ രീതി




അവലംബം: സാമ്പത്തിക സ്ഥിതിവിവര വകുപ്പ്, 2021

സംസ്ഥാനത്തെ കൃഷിയിടങ്ങളുടെ എണ്ണം 2010–11-ൽ 68.31 ലക്ഷം ആയിരുന്നു. ഇത് 2015-16-ൽ 11 ശതമാനം വർദ്ധിച്ച് 75.83 ലക്ഷം ആയി. പ്രതിശീർഷ ഭൂലഭ്യത 2010–11-ൽ 0.22 ഹെക്ടർ ആയിരുന്നത് 2015–16-ൽ 0.18 ഹെക്ടറായി കുറഞ്ഞു. വിശദാംശം **അനുബന്ധം 3.1.3**-ൽ രേഖപ്പെടുത്തിയിരിക്കുന്നു.

നാഷണൽ സാമ്പിൾ സർവ്വേയുടെ 2019-ലെ 77-ാം റൗണ്ട് കാർഷിക കുടുംബങ്ങളുടെ സ്ഥിതിവിലയിരുത്തൽ കണക്ക് പ്രകാരം സംസ്ഥാനത്തെ 33.2 ശതമാനം ഗ്രാമീണ കുടുംബങ്ങളും കാർഷിക കുടുംബങ്ങളാണ്. ദേശീയ തലത്തിൽ ഇത് 54 ശതമാനമാണ്. കാർഷിക കുടുംബങ്ങളിൽ 34.4 ശതമാനം വിള ഉൽപ്പാദന മേഖലയിൽ സ്വയം തൊഴിൽ ചെയ്യുന്നവരാണ്. ദേശീയ തലത്തിൽ ഇത് 68.9 ശതമാനമാണ്.

## വിളക്രമം

കേരളത്തിൽ കൃഷി ചെയ്യുന്ന പ്രധാന വിളകളുടെ വിസ്തൃതി, ഉല്പാദനം, ഉല്പാദനക്ഷമത എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം 3.1.4**-ൽ ചേർത്തിരിക്കുന്നു.

2020–21-ൽ സംസ്ഥാനത്തെ മൊത്തം കൃഷി ഭൂമിയായ 25.69 ലക്ഷം ഹെക്ടറിൽ 11.03 ശതമാനവും നെല്ല്, പയർ, മരച്ചീനി, റാഗി, ചെറു ധാന്യങ്ങൾ, മധുരക്കിഴങ്ങ്, മറ്റ് കിഴങ്ങുവർഗ്ഗങ്ങൾ എന്നിവ ഉൾപ്പെടുന്ന ഭക്ഷ്യവിളകളാണ് കൃഷി ചെയ്തത്. 2020–21-ൽ പയറുവർഗ്ഗങ്ങളും, ചെറു ധാന്യങ്ങളും ഒഴികെയുള്ള ഭക്ഷ്യ വിളകളുടെ ഉല്പാദനത്തിൽ വർദ്ധനവ് ഉണ്ടായി. 2019–20 വർഷത്തെ അപേക്ഷിച്ച് അരി, മരച്ചീനി മധുരക്കിഴങ്ങ് എന്നിവയുടെ ഉല്പാദനം യഥാക്രമം 6.8 ശതമാനം, 16.8 ശതമാനം, 56.6 ശതമാനം എന്നിങ്ങനെ വർദ്ധിച്ചു. അരി, മരച്ചീനി, മധുരക്കിഴങ്ങ് എന്നിവയുടെ വിസ്തൃതിയിലും യഥാക്രമം 5.7 ശതമാനം, 3.5 ശതമാനം, 59.3 ശതമാനം എന്നിങ്ങനെ വർദ്ധനവുണ്ടായി. സുഗന്ധവ്യഞ്ജനങ്ങളിൽ കുരുമുളക് ഉല്പാദനത്തിൽ കുറവുണ്ടായപ്പോൾ ഇഞ്ചി, മഞ്ഞൾ എന്നിവയുടെ ഉല്പാദനം വർദ്ധിച്ചു. തോട്ടവിളകളിൽ കാപ്പി, തേയില, ഏലം എന്നിവയുടെ ഉല്പാദനം വർദ്ധിച്ചപ്പോൾ റബ്ബർ ഉൽപാദനത്തിൽ നേരിയ ഇടിവ് രേഖപ്പെടുത്തി. മുൻവർഷത്തെ അപേക്ഷിച്ച് നേന്ത്രക്കായ ഉൽപ്പാദനത്തിൽ 0.8 ശതമാനം കുറവുണ്ടായപ്പോൾ മറ്റ് വാഴകളിൽ 1.5 ശതമാനം വർദ്ധനവ് ഉണ്ടായി. കശുവണ്ടിയുടെ ഉൽപ്പാദനം 7.5 ശതമാനം വർദ്ധിച്ചു.

മൊത്തം കൃഷി വിസ്തൃതിയുടെ 29.9 ശതമാനം തെങ്ങ് കൃഷിയും, 21.43 ശതമാനം റബ്ബർ കൃഷിയും 7.86 ശതമാനം നെൽകൃഷിയും ആയിരുന്നു. നാണ്യവിളകളായ കശുവണ്ടി, റബ്ബർ, കുരുമുളക്, തെങ്ങ്, ഏലം, തേയില, കാപ്പി എന്നിവ മൊത്തം കൃഷിഭൂമിയുടെ 62.3 ശതമാനവും റബ്ബർ, കാപ്പി, തേയില, ഏലം എന്നിവ 27.7 ശതമാനവുമായിരുന്നു.

## വിള തിരിച്ചുള്ള വിശകലനം

### നെല്ല്

2019-ലെ ഭക്ഷ്യ കാർഷിക സംഘടനയുടെ (എഫ്.എ.ഒ) സ്ഥിതി വിവര കണക്ക് പ്രകാരം അരി ഉൽപാദനത്തിൽ ചൈന ഒന്നാം സ്ഥാനത്തും, ഇന്ത്യയും ഇന്തോനേഷ്യയും രണ്ടും മൂന്നും സ്ഥാനങ്ങളിലും നിൽക്കുന്നു. 2020–21-ലെ നാലാം അഡ്വാൻസ് എസ്റ്റിമേറ്റ് പ്രകാരം ഇന്ത്യയുടെ ഉൽപ്പാദനം മുൻവർഷത്തെ അപേക്ഷിച്ച് 2.86 ശതമാനം വർദ്ധിച്ച് 122.27 ദശലക്ഷം ടൺ ആയി കണക്കാക്കിയിരിക്കുന്നു.

സംസ്ഥാനത്ത് നെൽകൃഷിയുടെ വിസ്തൃതി 2020–21 വർഷത്തിൽ 2.02 ലക്ഷം ഹെക്ടറായിരുന്നു. ഇത് 2019–20 വർഷത്തെ അപേക്ഷിച്ച് 5.7 ശതമാനം വർദ്ധനവാണ് കാണിക്കുന്നത്. അരിയുടെ ഉല്പാദനവും ഉല്പാദനക്ഷമതയും ഈ കാലയളവിൽ യഥാക്രമം 6.27 ലക്ഷം ടണ്ണും, ഹെക്ടറിന് 3105 കിലോഗ്രാമും രേഖപ്പെടുത്തി. മുൻവർഷത്തെ അപേക്ഷിച്ച് യഥാക്രമം 6.8 ശതമാനത്തിന്റെയും 1.04 ശതമാനത്തിന്റെയും വർദ്ധനവാണ് ഈ കാലയളവിൽ ഉണ്ടായത്.

2020–21–ൽ സംസ്ഥാനത്തെ മൊത്തം കൃഷി വിസ്തൃതിയുടെ 7.86 ശതമാനം നെൽകൃഷിയായിരുന്നു. കഴിഞ്ഞ ദശാബ്ദകാലത്തെ കൃഷിവിസ്തൃതി വിശകലനം ചെയ്യുമ്പോൾ, നെൽ കൃഷിയുടെ വിസ്തൃതി ഏറ്റവും കൂടുതൽ രേഖപ്പെടുത്തിയിട്ടുള്ളത് 2011–12 വർഷത്തിലാണ്. ഈ കാലയളവിൽ നെൽകൃഷി വിസ്തൃതി 2.08 ലക്ഷം ഹെക്ടറും ഉല്പാദനം 5.69 ലക്ഷം ടണ്ണും ആയിരുന്നു. 2017–18 മുതൽ അരിയുടെ ഉല്പാദനത്തിലും ഉല്പാദനക്ഷമതയിലും ക്രമാനുഗതമായ വർദ്ധനവ് ഉണ്ടായി. **(അനുബന്ധം 3.1.5)**. നെൽകൃഷിയിൽ 2020–21 വർഷത്തിൽ ഏറ്റവും ഉയർന്ന ഉല്പാദനവും ഉൽപ്പാദനക്ഷമതയും രേഖപ്പെടുത്തി. കഴിഞ്ഞ പത്തുവർഷക്കാലത്തെ നെല്ലിന്റെ കൃഷി വിസ്തൃതി, ഉല്പാദനം, ഉല്പാദനക്ഷമത എന്നിവയിൽ വന്ന മാറ്റം **ചിത്രം 3.1.4**–ൽ രേഖപ്പെടുത്തിയിരിക്കുന്നു.


വിരിപ്പ് (ശരത്കാലം), മുണ്ടകൻ (ശീതകാലം), പുഞ്ച (വേനൽക്കാലം) സീസണുകളിലെ നെൽക്കൃഷി വിസ്തൃതി 2020–21–ൽ മുൻവർഷത്തേക്കാൾ വർദ്ധിച്ചു. വിസ്തൃതി, ഉല്പാദനം, ഉല്പാദനക്ഷമത എന്നിവയിൽ യഥാക്രമം 9 ശതമാനം, 12.8 ശതമാനം, 3.5 ശതമാനം വർദ്ധനവോടെ മുണ്ടകൻ സീസണിലാണ് ഏറ്റവുമധികം വർദ്ധനവ് രേഖപ്പെടുത്തിയത്. മൂന്നു സീസണുകളിൽ ഏറ്റവും അധികം ഉല്പാദനക്ഷമത ഹെക്ടറിന് 3,464 കിലോഗ്രാം എന്ന രീതിയിൽ പുഞ്ചക്കൃഷിയിലായിരുന്നുവെങ്കിലും ഇത് മുൻവർഷത്തേക്കാൾ 2 ശതമാനം കുറവായിരുന്നു. വിരിപ്പ്, മുണ്ടകൻ സീസണുകളിൽ ഉല്പാദനക്ഷമത മുൻവർഷത്തേക്കാൾ വർദ്ധിച്ചു. **(അനുബന്ധം 3.1.6**)

2020–21 വർഷത്തിൽ സംസ്ഥാനത്തെ നെൽകൃഷി വിസ്തൃതിയുടെ 43 ശതമാനവും മുണ്ടകൻ കൃഷിയായിരുന്നു. ഇതിൽ 58 ശതമാനം തൃശ്ശൂർ, പാലക്കാട് ജില്ലകളിലായിരുന്നു. വിരിപ്പുകൃഷി വിസ്തൃതിയുടെ 75 ശതമാനവും ആലപ്പുഴ, പാലക്കാട് ജില്ലകളിലായിരുന്നു. ഇതിൽ 60 ശതമാനം പാലക്കാട് ജില്ലയിലായിരുന്നു. ആലപ്പുഴ ജില്ലയിൽ പുഞ്ചകൃഷിയും, പാലക്കാട് ജില്ലയിൽ മുണ്ടകൻ കൃഷിക്കും വിരിപ്പുകൃഷിക്കുമായിരുന്നു പ്രാധാന്യം **(അനുബന്ധം 3.1.7).**

സംസ്ഥാനത്തെ നെൽകൃഷി വിസ്തൃതിയിൽ 78.9 ശതമാനവും പാലക്കാട് (38 ശതമാനം), ആലപ്പുഴ (19.8 ശതമാനം), തൃശ്ശൂർ (11.8 ശതമാനം), കോട്ടയം (9.2 ശതമാനം) എന്നീ ജില്ലകളിലാണ്. സംസ്ഥാനത്തെ മൊത്തം അരിയുൽപ്പാദനത്തിന്റെ 82 ശതമാനവും ഈ നാലു ജില്ലകളിൽ നിന്നുമാണ്. 2019–20–നെ അപേക്ഷിച്ച്, പാലക്കാട്, കോഴിക്കോട് ജില്ലകളിലൊഴികെ മറ്റെല്ലാ ജില്ലകളിലും നെൽകൃഷിയിടത്തിന്റെ വിസ്തൃതിയിൽ വർദ്ധനവുണ്ടായി.

നെൽകൃഷി വിസ്തൃതിയിലും ഉല്പാദനത്തിലും പാലക്കാട്, ആലപ്പുഴ ജില്ലകൾ ഒന്നും രണ്ടും സ്ഥാനത്താണ്. എന്നാൽ ഉല്പാദനക്ഷമതയിൽ ഒന്നും രണ്ടും

**ചിത്രം 3.1.4** 2011–12 നെ അപേക്ഷിച്ച് 2012–13 മുതൽ മുൻ വർഷങ്ങളിൽ നെല്ലിന്റെ വിസ്തൃതി, ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവയിൽ വന്ന മാറ്റം (ശതമാനത്തിൽ)




അവലംബം: സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പ് , കേരള സർക്കാർ

സ്ഥാനം തൃശ്ശൂർ, മലപ്പുറം ജില്ലകൾക്കാണ്. പത്തനംതിട്ട, പാലക്കാട്, കോഴിക്കോട് ജില്ലകളിലൊഴികെ മറ്റെല്ലാ ജില്ലകളിലും അരിയുൽപ്പാദനം 2019–20-നെ അപേക്ഷിച്ച് വർദ്ധിച്ചതായി കാണുന്നു. വിസ്തൃതി വർദ്ധനവിൽ 18 ശതമാനത്തോടെ കണ്ണൂർ ജില്ലയും ഉല്പാദന വർദ്ധനവിൽ 36.3 ശതമാനത്തോടെ കാസറഗോഡ് ജില്ലയുമായിരുന്നു മുൻപന്തിയിൽ. ഉല്പാദനക്ഷമത വർദ്ധനവ് ഏറ്റവും കൂടുതൽ കൊല്ലം ജില്ലയിലും (11 ശതമാനം) തുടർന്ന് തൃശ്ശൂർ ജില്ലയിലുമായിരുന്നു. **(അനുബന്ധം 3.1.8).**

നെൽവയൽകൃഷി കൂടാതെ കരനെൽകൃഷി 3175.5 ഹെക്ടർ പ്രദേശത്ത് നടപ്പിലാക്കിയിരുന്നു. ഹെക്ടറിന് 2156 കിലോഗ്രാം ഉല്പാദനക്ഷമതയോടെ 6,846 മെട്രിക് ടൺ അരി ഉല്പാദിപ്പിച്ചു. 2019–20 വർഷത്തെ അപേക്ഷിച്ച് കരനെൽ കൃഷി വിസ്തൃതിയിൽ 55 ശതമാനം കുറവുണ്ടായി (**അനുബന്ധം 3.1.8**).

ഉല്പാദനക്ഷമത കൂടിയ നെല്ലിനങ്ങളുടെയും പ്രാദേശിക നെല്ലിനങ്ങളുടെയും കൃഷി വിസ്തൃതി സീസൺ അടിസ്ഥാനത്തിൽ **അനുബന്ധം 3.1.9**-ലും **3.1.10**-ലും നൽകിയിരിക്കുന്നു. നെൽവയൽകൃഷിയുടെ 96.7 ശതമാനവും (1.95 ലക്ഷം ഹെക്ടർ) ഉല്പാദനക്ഷമത കൂടിയ നെല്ലിനങ്ങളാണ് കൃഷി ചെയ്യുന്നത്. 6587 ഹെക്ടർ പ്രദേശത്ത് പ്രാദേശിക ഇനങ്ങളാണ് കൃഷി ചെയ്തത്.

നെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി സംസ്ഥാനത്ത് തരിശുനില കൃഷി, കരനെൽകൃഷി, രണ്ടാം വിളകളിലേയ്ക്കുള്ള കൃഷി വ്യാപനം, പ്രത്യേക നെൽവിത്തിനങ്ങളുടെ കൃഷിക്കുള്ള സഹായം തുടങ്ങിയ പദ്ധതികൾ നടപ്പാക്കുന്നുണ്ട്.

ഉൽപ്പാദനോപാധികൾക്കായി ഹെക്ടർ ഒന്നിന് 5,500 രൂപയും നെല്ലുൽപ്പാദന ബോണസായി ഓരോ സീസണിലും ഹെക്ടർ ഒന്നിന് 1,000 രൂപ വീതവും സൗജന്യ വൈദ്യുതിയും നെൽകർഷകർക്ക് പ്രോൽസാഹനമായി നൽകി. 2020–21-ൽ നെൽ വയലുകൾ സംരക്ഷിക്കുന്നതിനായി നെൽ വയൽ ഉടമകൾക്ക് റോയൽറ്റി ആയി ഒരു ഹെക്ടറിന് 2,000 രൂപ ഇൻസെന്റീവ് നൽകുന്ന പദ്ധതിയും നടപ്പിലാക്കി.

### പച്ചക്കറികൾ

സുരക്ഷിത പച്ചക്കറി കൃഷിക്ക് ഊന്നൽ നൽകികൊണ്ട് പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെയാണ് പച്ചക്കറി കൃഷി വികസന പരിപാടികളിൽ സംസ്ഥാനം ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഇതിന്റെ ഫലമായി കഴിഞ്ഞ വർഷങ്ങളിൽ പച്ചക്കറി ഉൽപ്പാദനത്തിൽ ഗണ്യമായ വർദ്ധനവുണ്ടായി. 2016–17-ൽ 52,830 ഹെക്ടർ സ്ഥലത്ത് നിന്നും 7.25 ലക്ഷം മെട്രിക് ടൺ പച്ചക്കറിയാണ് ഉൽപ്പാദിപ്പിച്ചത്. ഇത് 2020–21-ൽ 1.02 ലക്ഷം ഹെക്ടർ സ്ഥലത്തു നിന്നും 15.7 ലക്ഷം ടൺ ആയി വർദ്ധിച്ചു. 2019–20 വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 2020–21-ൽ പച്ചക്കറികൃഷി വിസ്തൃതി 5.9 ശതമാനവും ഉൽപ്പാദനം 5.4 ശതമാനവും വർദ്ധിച്ചു. 2019–20 വർഷത്തിൽ 96,313 ഹെക്ടർ പ്രദേശത്തു നിന്നും 14.9 ലക്ഷം ടൺ പച്ചക്കറി ഉല്പാദിപ്പിച്ചു.

കൃഷി വകുപ്പ്, വി.എഫ്.പി.സി.കെ, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ, തദ്ദേശസ്വയംഭരണവകുപ്പ്, കുടുംബശ്രീ എന്നീ വകുപ്പുകളുടെ പിന്തുണയോടെയാണ് സംസ്ഥാനത്ത് പച്ചക്കറികൃഷി വികസന പദ്ധതികൾ നടപ്പിലാക്കുന്നത്. വീട്ടുവളപ്പിലെ പച്ചക്കറികൃഷി, ഗ്രേഡഡ്, സ്റ്റാഗേർഡ്, അർബൻ എന്നിങ്ങനെയുള്ള പച്ചക്കറി ക്ലസ്റ്ററുകൾ വഴിയുള്ള കൃഷി, സ്ഥാപനങ്ങളിലെ കൃഷി, ചെറുകിട ജലസേചനം, ജലസേചനത്തിലൂടെ വളം നൽകൽ, തരിശുനിലങ്ങളിലെ കൃഷി തുടങ്ങിയ പ്രവർത്തനങ്ങളിലൂടെയാണ് സംസ്ഥാനത്ത് പച്ചക്കറി കൃഷി വികസനത്തിന് വഴിയൊരുക്കിയത്. സംസ്ഥാനത്ത് വർഷം മുഴുവൻ പച്ചക്കറി കൃഷി സുഗമമാക്കുന്നതിനുള്ള മറ്റൊരു ഉദ്യമമായിരുന്നു മഴമറയുടെ പ്രോൽസാഹനം.

കൃഷി വകുപ്പിന് കീഴിലുള്ള ഫാമുകളിലൂടെയും നഴ്സറികളിലൂടെയും, കോർപ്പറേഷനുകളിലും, മുൻസിപ്പാലിറ്റികളിലും, പഞ്ചായത്തുകളിലും സ്ഥാപിച്ച പുതിയ നഴ്സറികളിലൂടെയും ഗുണനിലവാരമുള്ള നടീൽ വസ്തുക്കളുടെ ലഭ്യത സുഗമമാക്കിയത് പച്ചക്കറികൃഷി വിജയകരമാക്കുന്നതിന് സഹായകമായി. 120 മെട്രിക് ടൺ പച്ചക്കറി വിത്തുകളും 30 ലക്ഷം പച്ചക്കറി തൈകളും 2020–21-ൽ ഉല്പാദിപ്പിച്ച് വിതരണം ചെയ്തു. കാർഷിക സർവകലാശാലയും വി.എഫ്.പി.സി.കെ യും നടീൽ വസ്തുക്കളുടെ വിതരണത്തിൽ പങ്കാളികളായി.

നല്ല കാർഷിക രീതികളിലൂടെ സുരക്ഷിത ഭക്ഷണത്തിനായുള്ള പച്ചക്കറികൃഷി കൃഷി വകുപ്പ്, വി.എഫ്.പി.സി.കെ, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ എന്നിവയുടെ പിന്തുണയോടെ സംസ്ഥാനത്ത് പ്രോത്സാഹിപ്പിച്ചു. കാർഷികവികസന കർഷകക്ഷേമ വകുപ്പിന്റെ കണക്കുകൾ പ്രകാരം സംസ്ഥാനത്തു പ്രവർത്തിക്കുന്ന 288 ഇക്കോഷോപ്പുകളുടെ പ്രവർത്തനത്തിലൂടെ ജൈവ ഉൽപ്പന്നങ്ങളുടെ വിതരണം സുഗമമാക്കി. ഇതിൽ 14 ഇക്കോഷോപ്പുകൾ 2020–21-ൽ പുതുതായി സ്ഥാപിച്ചതാണ്.

ജൈവസർട്ടിഫിക്കേഷനുള്ള പങ്കാളിത്ത ഗ്യാരന്റി സമ്പ്രദായത്തിന്റെ (പി.ജി.എസ്) ഭാഗമായി 1859 കർഷകർ സംസ്ഥാനത്ത് നാളിതുവരെ പി.ജി.എസിനു കീഴിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 208 കർഷകർക്ക് ജൈവ ഹരിത സർട്ടിഫിക്കറ്റ് നൽകി. വി.എഫ്.പി.സി.കെ യുടെ കണക്ക് പ്രകാരം 2020–21-ൽ 1025 ടൺ പഴങ്ങളും പച്ചക്കറികളും ഈ ഗ്രൂപ്പുകൾ മുഖേന ഉൽപ്പാദിപ്പിച്ചു.

### കീടനാശിനി അവശിഷ്ട നിർണ്ണയം

കീടനാശിനികൾ കലർന്ന പഴങ്ങളും പച്ചക്കറികളും വിപണിയിൽ കാണപ്പെടുന്നത് സംസ്ഥാനത്ത് ആശങ്കയുളവാക്കുന്നു. ഭക്ഷ്യ വസ്തുക്കളിലെ കീടനാശിനി അവശിഷ്ടങ്ങളെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി കേരളത്തിലെ പൊതുവിപണികൾ, കൃഷിയിടങ്ങൾ, ഇക്കോഷോപ്പുകൾ, ഓർഗാനിക് ഷോപ്പുകൾ എന്നിവിടങ്ങളിൽ നിന്നും ശേഖരിക്കുന്ന പഴങ്ങളിലും പച്ചക്കറികളിലും കീടനാശിനികളുടെ സാന്നിദ്ധ്യം പരിശോധിക്കുകയും നിരീക്ഷണ ഫലങ്ങൾ നിശ്ചിത കാലയളവിൽ പൊതുജനങ്ങൾക്കായി www.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. ഭക്ഷ്യവസ്തുക്കളിലെ കീടനാശിനികളുടെ സാന്നിദ്ധ്യം പരിശോധിക്കുന്നതിനുള്ള ISO 17025 അംഗീകാരമുള്ള കേരള

സർക്കാരിന്റെ കീഴിലുള്ള ലബോറട്ടറിയാണ് വെള്ളായണി കാർഷിക കോളേജിൽ പ്രവർത്തിക്കുന്ന, കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലബോറട്ടറി.

2020-21 കാലയളവിൽ, സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ശേഖരിച്ച പച്ചക്കറികൾ, പഴങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ മറ്റ് ഭക്ഷ്യ ഉൽപ്പന്നങ്ങൾ തുടങ്ങി വിവിധ ഉൽപ്പന്നങ്ങളുടെ 1,197 സാമ്പിളുകൾ കീടനാശിനി അവശിഷ്ടങ്ങളുടെ സാന്നിദ്ധ്യത്തിനായി വിശകലനം ചെയ്തു. ഇതിൽ 325 (27.15 ശതമാനം) സാമ്പിളുകളിൽ കീടനാശിനി അവശിഷ്ടത്തിന്റെ സാന്നിദ്ധ്യം കണ്ടെത്തി. 1020 പച്ചക്കറി സാമ്പിളുകൾ പരിശോധിച്ചതിൽ 286 സാമ്പിളുകളിൽ (28 ശതമാനം) കീടനാശിനി അവശിഷ്ടങ്ങൾ കലർന്നതായി കണ്ടെത്തി. കാപ്സിക്കം, ചുവന്ന മുളക്, പച്ചമുളക്, പുതിനയില, മല്ലിയില എന്നിവയിലാണ് ഏറ്റവും കൂടുതൽ കീടനാശിനി അവശിഷ്ടം കണ്ടെത്തിയത്. പരിശോധിച്ച 150 പഴങ്ങളുടെ സാമ്പിളുകളിൽ 34 സാമ്പിളുകൾ (22.7 ശതമാനം) കീടനാശിനി അവശിഷ്ടം കലർന്നതായി കണ്ടെത്തി. മുന്തിരിയിലാണ് കീടനാശിനി അവശിഷ്ടത്തിന്റെ അളവ് ഏറ്റവും കൂടുതലായി കണ്ടെത്താനായത്.

**തെങ്ങ്**

ഭക്ഷ്യ കാർഷിക സംഘടനയുടെ 2019-ലെ സ്ഥിതിവിവരകണക്ക് പ്രകാരം ലോകത്തിലെ നാളികേരം ഉൽപ്പാദിപ്പിക്കുന്ന രാജ്യങ്ങളിൽ ഇന്തോനേഷ്യ ഒന്നാം സ്ഥാനത്തും ഫിലിപ്പൈൻസും ഇന്ത്യയും യഥാക്രമം രണ്ടും, മൂന്നും സ്ഥാനങ്ങളിലും നിൽക്കുന്നു. ഇന്ത്യയിൽ 16 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമായി വ്യാപിച്ചുകിടക്കുന്ന നാളികേരകൃഷിയിൽ 89.12 ശതമാനം വിസ്തൃതിയും 90 ശതമാനം ഉൽപ്പാദനവും കേരളം, കർണ്ണാടക, തമിഴ്നാട്, ആന്ധ്രാ പ്രദേശ് എന്നീ തെക്കേ ഇന്ത്യൻ സംസ്ഥാനങ്ങളുടെ സംഭാവനയാണ്. 2020-21-ലെ രണ്ടാമത്തെ അഡ്വാൻസ് എസ്റ്റിമേറ്റ് പ്രകാരം രാജ്യത്തെ തെങ്ങ് കൃഷിയുടെ വിസ്തൃതിയും ഉൽപ്പാദനവും യഥാക്രമം 2.189 ദശലക്ഷം ഹെക്ടറും 21207 ദശലക്ഷം നാളികേരവുമാണ്. തെങ്ങ് കൃഷിയുടെ വിസ്തൃതിയിലും ഉൽപ്പാദനത്തിലും കേരളം ഒന്നാമതാണ്. ഉല്പാദനക്ഷമതയിൽ മഹാരാഷ്ട്ര ഒന്നാം സ്ഥാനത്തും പശ്ചിമബംഗാളും, തമിഴ്നാടും യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങളിലുമാണ്.

സംസ്ഥാനത്ത് തെങ്ങ് പ്രധാന വിളകളിലൊന്നാണെങ്കിലും കഴിഞ്ഞ വർഷങ്ങളിൽ തെങ്ങു കൃഷിയുടെ പുരോഗതി പ്രോത്സാഹനജനകമല്ല. 2013-14 വർഷം മുതൽ കുറഞ്ഞുകൊണ്ടിരുന്ന വിസ്തൃതി, 2019-20 വർഷവുമായി താരതമ്യം ചെയ്യുമ്പോൾ, 2020-21-ൽ 1.06 ശതമാനം നേരിയ വർദ്ധനവ് രേഖപ്പെടുത്തി. എന്നിരുന്നാലും ഉല്പാദനവും ഉല്പാദനക്ഷമതയും യഥാക്രമം 0.54 ശതമാനവും, 1.58 ശതമാനവുമായി കുറഞ്ഞു.

2020-21 വർഷത്തിൽ സംസ്ഥാനത്ത് 7.69 ലക്ഷം ഹെക്ടർ പ്രദേശത്ത് തെങ്ങുകൃഷി ചെയ്തു. ഇത് സംസ്ഥാനത്തിന്റെ മൊത്തം കൃഷി വിസ്തൃതിയുടെ 29.9 ശതമാനമാണ്. കഴിഞ്ഞ പത്തു വർഷത്തിനിടയിൽ 2011-12 വർഷത്തെ അപേക്ഷിച്ച് തെങ്ങ് കൃഷിയുടെ വിസ്തൃതിയിൽ 6.3 ശതമാനവും ഉല്പാദനം, ഉല്പാദനക്ഷമത എന്നിവയിൽ യഥാക്രമം 19.4 ശതമാനവും, 13.9 ശതമാനവും കുറവുണ്ടായി **(അനുബന്ധം 3.1.11).**

പ്രായമായതും ഉല്പാദനശേഷി കുറഞ്ഞതുമായ തെങ്ങുകളുടെ എണ്ണക്കൂടുതൽ, സങ്കരയിനങ്ങളുടെ കുറവ്, മണ്ണുസംരക്ഷണത്തിലെ ശ്രദ്ധക്കുറവ്, ഉയർന്ന കൂലി നിരക്ക്, വിദഗ്ധ തൊഴിലാളികളുടെ കുറവ് എന്നിവയ്ക്ക് പുറമേ മൂല്യവർദ്ധിത മേഖലയിലെ പരിമിതികൾ എന്നിവയെല്ലാമാണ് സംസ്ഥാനത്തെ നാളികേര ഉല്പാദനമേഖല നേരിടുന്ന പ്രശ്നങ്ങൾ. ഒരു തെങ്ങിൽ നിന്നും ലഭിക്കുന്ന വിളവ്, തെങ്ങിന്റെ ഇനങ്ങൾ തിരിച്ചുള്ള വിവരങ്ങൾ, ജലസേചനം ലഭിക്കുന്നതും ജലസേചനം ലഭിക്കാത്തതുമായ സ്ഥലങ്ങൾ, പരിപാലനം ലഭിക്കുന്നതും ലഭിക്കാത്തതുമായ തെങ്ങുകളുടെ കണക്ക്, പ്രായത്തിന്റെ അടിസ്ഥാനത്തിൽ തെങ്ങിനെ തരംതിരിക്കൽ തുടങ്ങിയവയിൽ കൃത്യമായ വിവരങ്ങളുടെ അഭാവം നിലനിൽക്കുന്നു. അതിനാൽ തന്നെ തെങ്ങുകൃഷിയെ സംബന്ധിക്കുന്ന വിവരങ്ങൾ സ്ഥിരമായി ശേഖരിക്കുകയും പുതുക്കുകയും ചെയ്യേണ്ടതാണ്.

ക്ലസ്റ്റർ അടിസ്ഥാനത്തിൽ തെങ്ങിൻ തോട്ടങ്ങളുടെ സംയോജിതപരിപാലനത്തിനായുള്ള കേരഗ്രാമം, നാളികേര സമ്പത്ത് പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നാളികേര മിഷൻ എന്നീ പ്രധാന പരിപാടികളിലൂടെ സംസ്ഥാനം ഈ വെല്ലുവിളികളെ നേരിടുകയും, ആവർത്തന നടീൽ, പരിപാലനം, ഉല്പാദനക്ഷമത വർദ്ധിപ്പിക്കൽ എന്നീ പ്രചരണ പരിപാടികളിലൂടെയും കാർഷിക വ്യവസായിക മേഖലയുമായി മുന്നോട്ടുള്ള ബന്ധം ഉറപ്പാക്കിക്കൊണ്ടും കേരളത്തിലെ നാളികേര സമ്പത്ത് പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പരിപാടികൾ നടപ്പിലാക്കി വരുന്നു.

പഴയ തെങ്ങുകൾ മാറ്റി പുതിയ തെങ്ങുകൾ നടുക, ഗുണനിലവാരമുള്ള നടീൽ വസ്തുക്കളുടെ ഉല്പാദനം, സംയോജിത കീട നിയന്ത്രണം, സംയോജിത പോഷക പരിപാലനം, മൂല്യ വർദ്ധനവ്, കാർഷിക സംസ്കരണം എന്നിവയാണ് നാളികേര മേഖലയുടെ ഉന്നമനത്തിനായുള്ള മാർഗ്ഗങ്ങൾ. നാളികേരത്തിന്റെ സുസ്ഥിര ഉൽപാദനത്തിന് തുടർച്ചയായും, സ്ഥിരമായും ഈർപ്പം ലഭിക്കേണ്ടതിന്റെ ആവശ്യകത പരിഗണിച്ച് ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് പ്രാധാന്യം നൽകേണ്ടതാണ്. പരിശീലനത്തിലൂടെ പങ്കാളിത്ത രീതിയിൽ തൈ ഉല്പാദനം, മാതൃതെങ്ങുകളെ അടയാളപ്പെടുത്തൽ, വിത്തുതേങ്ങ ശേഖരണം, സംഭരണം, നഴ്സറി സ്ഥാപിക്കലും പരിപാലനവും, വികേന്ദ്രീകൃത നഴ്സറികളുടെ പ്രോത്സാഹനം തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ ഗുണനിലവാരമുള്ള തൈകളുടെ ഉല്പാദനം ത്വരിതപ്പെടുത്താം.

ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനിലൂടേയും (എഫ്.പി.ഒ), സഹകരണ സംഘങ്ങളിലൂടെയും കർഷക തലത്തിലുള്ള സംയോജനത്തിലൂടെയുമുള്ള വിപണനനയത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. മൂല്യവർദ്ധിത മേഖലയുടെ വളർച്ചയിലും എഫ്.പി.ഒ കളുടെ പ്രോത്സാഹനത്തിലുമായിരിക്കണം മൂല്യവർദ്ധന നയത്തിന്റെ ഊന്നൽ. ത്രിതല ചട്ടക്കൂടിൽ കർഷക ഉല്പാദക സംഘടനകളുടെ രൂപീകരണത്തിലൂടെ നാളികേര കൃഷിയുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും, മൂല്യവർദ്ധന

മെച്ചപ്പെടുത്തുന്നതിനും വിപണനം പ്രോത്സാഹിപ്പിക്കുന്നതിനും അതുവഴി ലാഭ സാധ്യത വർദ്ധിപ്പിക്കുന്നതിനും നാളികേര വികസന ബോർഡും നബാർഡും പ്രധാന പങ്ക് വഹിക്കുന്നു.

തൊഴിലിലും വരുമാനത്തിലും, നാളികേരാധിഷ്ഠിത കാർഷിക വ്യവസായത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് നാളികേര മേഖലയിൽ സംസ്കരണവും മൂല്യവർദ്ധനവും അടിസ്ഥാനമാക്കിയുള്ള വിപുലമായ സാധ്യതകളുടെ പഠനം നടത്തേണ്ടതുണ്ട്.

### കുരുമുളക്

ഇന്റർനാഷണൽ പെപ്പർ കമ്മ്യൂണിറ്റിയുടെ റിപ്പോർട്ട് പ്രകാരം 2020–ലെ കുരുമുളക് ഉൽപ്പാദനം 5.930 ലക്ഷം ടണ്ണായി കണക്കാക്കപ്പെടുന്നു. 2019–ൽ ഇത് 5.919 ലക്ഷം ടൺ ആയിരുന്നു. കുരുമുളക് ഉൽപ്പാദനത്തിൽ 2020–ൽ 40 ശതമാനം വിഹിതവുമായി വിയറ്റ്നാം ലോകത്ത് ഒന്നാം സ്ഥാനം നിലനിർത്തിയെങ്കിലും 2019–ലെ അപേക്ഷിച്ച് ഉൽപ്പാദനത്തിൽ 14.3 ശതമാനം കുറവുണ്ടായി.

സുഗന്ധവ്യഞ്ജന ബോർഡിന്റെ 2020–21–ലെ അഡ്വാൻസ് എസ്റ്റിമേറ്റ് പ്രകാരം രാജ്യത്തെ കുരുമുളക് ഉൽപ്പാദനം 2020–21–ൽ 6.6 ശതമാനം വർദ്ധിച്ച് 65,000 ടൺ ആയി കണക്കാക്കപ്പെട്ടിരിക്കുന്നു. 2019–20–ൽ ഉല്പാദനം 61,000 ടൺ ആയിരുന്നു. 2019–20 മുതൽ കുരുമുളക് ഉല്പാദനം വർദ്ധിച്ചു വരുന്ന പ്രവണത കാണിക്കുന്നു. കുരുമുളകിന്റെ വിസ്തൃതിയിലും ഉൽപ്പാദനത്തിലും ഒന്നാം സ്ഥാനം കർണാടകയും തൊട്ടുപിന്നിൽ കേരളവുമാണ്.

2017 മുതൽ കുരുമുളകിന്റെ വില കുറഞ്ഞുകൊണ്ടിരിക്കുകയാണ്. 2017–ൽ കിലോഗ്രാമിന് 529.59 രൂപ ആയിരുന്നത് 2020–ൽ 336.47 രൂപയായി കുറഞ്ഞു. കുരുമുളകിന്റെ ഇറക്കുമതിയാണ് ഈ വിലയിടിവിന്റെ പ്രധാന കാരണം. എന്നിരുന്നാലും മുൻവർഷത്തെ അപേക്ഷിച്ച് 2021 ജനുവരി മുതൽ ജൂലൈ വരെയുള്ള കാലയളവിൽ കുരുമുളക് വിലയിൽ 16.5 ശതമാനം വർദ്ധനവുണ്ടായി. കോവിഡ് മഹാമാരി പശ്ചാത്തലത്തിൽ ഇറക്കുമതിയിലുണ്ടായ കുറവ് വില വർദ്ധനവിന്റെ കാരണങ്ങളിലൊന്നാകാം.

2019–20–ൽ വർദ്ധിച്ച കുരുമുളക് കയറ്റുമതി 2020–21–ൽ 700 ടൺ കുറഞ്ഞ് 16,300 ടണ്ണായി. 2020–21–ൽ മൊത്തം കൈവരിച്ച മൂല്യം 544.45 കോടി രൂപയും യൂണിറ്റ് മൂല്യം കിലോഗ്രാമിന് 334.02 രൂപയുമായിരുന്നു. ഇത് 2019–20 വർഷത്തെ അപേക്ഷിച്ച് കൈവരിച്ച മൂല്യത്തിൽ 29.25 കോടി രൂപയും യൂണിറ്റ് മൂല്യത്തിൽ കിലോയ്ക്ക് 3.45 രൂപയും കുറവാണ്.

സംസ്ഥാനത്ത് കുരുമുളക് കൃഷി വിസ്തൃതി 2020–21–ൽ 82,124 ഹെക്ടറായിരുന്നു. ഇത് 2019–20 വർഷത്തേക്കാൾ 1640 ഹെക്ടർ കുറവാണ്. ഉല്പാദനവും ഉൽപാദനക്ഷമതയും യഥാക്രമം 2.7 ശതമാനം, 0.7 ശതമാനം എന്നിങ്ങനെ കുറവ് രേഖപ്പെടുത്തി. ഉൽപ്പാദനം 33,591 ടണ്ണും ഉൽപ്പാദനക്ഷമത ഹെക്ടറിന് 409 കിലോ ഗ്രാമുമായിരുന്നു **(അനുബന്ധം 3.1.4).**

സംസ്ഥാനത്ത് കുരുമുളക് ഉൽപ്പാദനം മെച്ചപ്പെടുത്തുന്നതിനായി സംയോജിത കുരുമുളക് വികസനവും കുരുമുളക് പുനരധിവാസ പരിപാടികളും പ്രോത്സാഹിപ്പിക്കുന്നു. വിളവെടുപ്പിനുശേഷം ശുചിത്വപൂർണ്ണമായ പ്രവർത്തനങ്ങൾ സ്വീകരിക്കുക, മൂല്യവർദ്ധനയിൽ കർഷകരെഎഫ്.പി.ഒ–കളുമായിസംയോജിപ്പിച്ച്മൂല്യവർദ്ധനവിലും നേരിട്ടുള്ള വിപണി ബന്ധം സ്ഥാപിക്കുന്നതിലും കൂടി കുരുമുളക് കൃഷിയിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിന് സഹായകമാകും.

### കശുവണ്ടി

2019–ലെ ഭക്ഷ്യ കാർഷിക സംഘടനയുടെ സ്ഥിതിവിവര കണക്കുകൾ പ്രകാരം ലോകത്ത് ഏറ്റവും കൂടുതൽ അസംസ്കൃത കശുവണ്ടി ഉൽപ്പാദിപ്പിക്കുന്നത് ഐവറികോസ്റ്റും തുടർന്ന് ഇന്ത്യയുമാണ്. രാജ്യത്ത് 2019–20–ൽ 7,02,800 മെട്രിക് ടൺ ആയിരുന്ന കശുവണ്ടി ഉൽപ്പാദനം, 2020–21–ൽ 7,38,010 മെട്രിക് ടണ്ണായി വർദ്ധിച്ചു. അതുപോലെ കശുവണ്ടി കൃഷിയുടെ വിസ്തൃതി 3 ശതമാനം വർദ്ധിച്ച് 11,58,532 ഹെക്ടറായി. 2016–17 മുതൽ കഴിഞ്ഞ 5 വർഷത്തിനിടെ രാജ്യത്ത് കശുമാവ് കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി 11.9 ശതമാനം വർദ്ധിച്ചു.

ഇന്ത്യയിൽ കശുവണ്ടി ഉൽപ്പാദിപ്പിക്കുന്ന സംസ്ഥാനങ്ങളിൽ 25.77 ശതമാനം സംഭാവന നൽകി ഉൽപ്പാദനത്തിൽ മഹാരാഷ്ട്ര ഒന്നാം സ്ഥാനത്തും, 16.4 ശതമാനം സംഭാവന നൽകി ആന്ധ്രാപ്രദേശ് രണ്ടാം സ്ഥാനത്തും ആണ്.

സംസ്ഥാനത്ത് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച്, 2020–21 വർഷത്തിൽ കശുവണ്ടിയുടെ ഉല്പാദനം 7.5 ശതമാനവും, ഉല്പാദനക്ഷമത 13 ശതമാനവും വർദ്ധിച്ചു. എന്നാൽ കൃഷി വിസ്തൃതി 2019–20 വർഷത്തെ അപേക്ഷിച്ച് 5 ശതമാനം കുറവായിരുന്നു **(അനുബന്ധം 3.1.12).**

കശുവണ്ടി–കൊക്കോ വികസന ഡയറക്ടറേറ്റിന്റെ കണക്കുകൾ പ്രകാരം 2020–21–ൽ ഇന്ത്യയിൽ നിന്നുള്ള കശുവണ്ടി പരിപ്പ് കയറ്റുമതി 2019–20–ലെ 67,647 ടണ്ണിൽ നിന്നും 48,575 ടണ്ണായി കുറഞ്ഞു. മൊത്തം കൈവരിച്ച മൂല്യം 2840.39 കോടി രൂപയായിരുന്നു. 7,331 കോടി രൂപ വില മതിക്കുന്ന 8.31 ലക്ഷം ടൺ അസംസ്കൃത കശുവണ്ടിയാണ് ഇന്ത്യ ഇറക്കുമതി ചെയ്തത്.

### തോട്ടവിളകൾ

കയറ്റുമതി, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, ദാരിദ്ര്യ നിർമ്മാർജ്ജനം എന്നീ സാധ്യതകൾ കണക്കിലെടുക്കുമ്പോൾ തോട്ടവിളകൾ ദേശീയ–സംസ്ഥാന സമ്പദ്‌വ്യവസ്ഥയിൽ സുപ്രധാന പങ്ക് വഹിക്കുന്നു. ദക്ഷിണേന്ത്യയിലെ നാലു പ്രധാന തോട്ടവിളകളിൽ ഓരോന്നിനും വ്യത്യസ്തമായ സവിശേഷതകളും സാമ്പത്തിക പ്രതിസന്ധികളും കാണാനാവും.

റബ്ബർ, തേയില, കാപ്പി, ഏലം എന്നീ നാല് തോട്ടവിളകളുടെ കൃഷിയിൽ കേരളത്തിന് ഗണ്യമായ പങ്കുണ്ട്. ഈ നാലു വിളകളും കൂടി 7.11 ലക്ഷം ഹെക്ടർ പ്രദേശത്ത്

കൃഷി ചെയ്യുന്നു. സംസ്ഥാനത്തിന്റെ മൊത്തം കൃഷിവിസ്തൃതിയുടെ 27.7 ശതമാനം തോട്ടവിളകളാണ് (അനുബന്ധം 3.1.4). 2020-21 വർഷത്തിൽ ദേശീയ റബ്ബർ ഉൽപാദനത്തിൽ കേരളത്തിന്റെ പങ്ക് 72.6 ശതമാനമായിരുന്നു. ഏലത്തിന്റെ പങ്ക് 91.3 ശതമാനവും കാപ്പിയുടേത് 20.5 ശതമാനവും, തേയിലയുടേത് 5.2 ശതമാനവുമായിരുന്നു **(അനുബന്ധം 3.1.13).**

സമ്പദ്‌വ്യവസ്ഥയിൽ തോട്ടവിളകളുടെ പ്രധാന പങ്ക് കണക്കിലെടുത്ത്, പുനർനടീലിനും, ഉൽപ്പാദനക്ഷമത വർദ്ധനവിനും പുറമേ തോട്ടവിളകളുടെ സംരക്ഷണവും മൂല്യവർദ്ധനയും മെച്ചപ്പെടുത്തുന്നതിനുള്ള സംരംഭങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത് തോട്ടവിളകളുടെ വിപുലീകരണത്തിനും, തോട്ടങ്ങളിൽ നിന്നുമുള്ള വരുമാനത്തിന്റെ ഒഴുക്കു വർദ്ധിപ്പിക്കുന്നതിനും സഹായകമാകും

## റബ്ബർ

2020 -ൽ ആഗോള പ്രകൃതിദത്ത റബ്ബർ ഉൽപ്പാദനം, 2019-ലെ 13.700 മില്യൺ ടണ്ണിൽ നിന്നും 5.1 ശതമാനം കുറഞ്ഞ് 13.008 മില്യൺ ടൺ രേഖപ്പെടുത്തി. 2020-ൽ പ്രകൃതിദത്ത റബ്ബർ ഉൽപ്പാദിപ്പിക്കുന്ന പ്രധാന രാജ്യങ്ങളിൽ 43.72 ലക്ഷം ടൺ ഉൽപ്പാദനവുമായി തായലാൻഡ് ഒന്നാം സ്ഥാനത്തും ഇന്തോനേഷ്യയും വിയറ്റ്നാമും രണ്ടും മൂന്നും സ്ഥാനങ്ങളിലുമായിരുന്നു. 2020-ൽ ആഗോള ലോക ഉൽപ്പാദനത്തിന്റെ 5.5 ശതമാനം സംഭാവനയോടെ പ്രകൃതിദത്ത റബ്ബർ ഉൽപ്പാദനത്തിൽ ഇന്ത്യ ആറാം സ്ഥാനത്തായിരുന്നു.

2020-ൽ ലോക പ്രകൃതിദത്ത റബ്ബർ ഉപഭോഗം 6.8 ശതമാനം കുറഞ്ഞ് 12.710 ദശലക്ഷം ടണ്ണായി. 2019-ൽ ഇത് 13.640 ദശലക്ഷം ടണ്ണായിരുന്നു. പ്രകൃതിദത്ത ഉപഭോഗത്തിൽ ഇന്ത്യ ചൈനയ്ക്ക് തൊട്ടുപിന്നിൽ രണ്ടാം സ്ഥാനം നിലനിർത്തി.

റബ്ബർ ബോർഡ് കണക്കുകൾ പ്രകാരം രാജ്യത്തെ പ്രകൃതിദത്ത റബ്ബറിന്റെ ഉൽപ്പാദനം 2019-20-ൽ 7.12 ലക്ഷം ടണ്ണായിരുന്നത് 0.4 ശതമാനം വർദ്ധിച്ച് 2020-21-ൽ 7.15 ലക്ഷം ടണ്ണായി. 2020-21-ൽ ടാപ്പ് ചെയ്യാൻ കഴിയുന്ന 6.93 ലക്ഷം ഹെക്ടർ പ്രകൃതിദത്ത റബ്ബറിൽ 4.96 ലക്ഷം ഹെക്ടറിൽ നിന്നു മാത്രമാണ് റബ്ബർ ഉൽപ്പാദനം നടന്നത്. ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കാൻ റബ്ബർബോർഡ് സ്വീകരിച്ച നടപടികൾ, അനുകൂലമായ കാലാവസ്ഥ, ഉൽപാദനോപാധികളുടെ വിതരണം, റബ്ബർബോർഡ് സഹായക കമ്പനികൾ മുഖേനയുള്ള മഴസംരക്ഷണ സാമഗ്രികളുടെ വിതരണം, റബ്ബർ ഉൽപ്പാദന പ്രോത്സാഹന പദ്ധതിയുടെ തുടർച്ച (RPIS), താരതമ്യേന ഉയർന്ന വില, ചെലവ് കുറയ്ക്കുന്നതിന് സ്വയം ടാപ്പിംഗ് പ്രോത്സാഹിപ്പിക്കൽ, ടാപ്പർമാരുടെ തീവ്ര നൈപുണ്യ വികസനപരിപാടി (TISP), രോഗങ്ങൾ നിയന്ത്രിക്കുന്നതിൽ ബോർഡിന്റെ സമയോജിതമായ ഇടപെടൽ എന്നീ ഘടകങ്ങൾ കോവിഡ്-19 മഹാമാരിയുടെ സാഹചര്യത്തിലും ഉല്പാദനവളർച്ചയ്ക്ക് സഹായകമായി.

2020-21-ൽ രാജ്യത്ത് 1,096,410 ടൺ പ്രകൃതിദത്ത റബ്ബറിന്റെ ഉപഭോഗം നടന്നു. 2019-20-ലെ ഉപഭോഗമായ 1,134,120 ടണ്ണിനേക്കാൾ 3.3 ശതമാനം കുറവാണ് ഇത്. ഇറക്കുമതി മുൻവർഷത്തെ 4.57 ലക്ഷം ടണ്ണിൽ നിന്നും 10.2 ശതമാനം കുറഞ്ഞ് 4.10 ലക്ഷം ടണ്ണായി **(അനുബന്ധം 3.1.14).**

2019-20-ൽ ആഭ്യന്തര ആർഎസ്എസ് 4 ഗ്രേഡ് റബ്ബറിന്റെ വാർഷിക ശരാശരി വില 100 കിലോയ്ക്ക് 13,522 രൂപയായിരുന്നത് 2020-21-ൽ 14,185 രൂപയായി വർദ്ധിച്ചു **(അനുബന്ധം 3.1.15, 3.1.16).**

സംസ്ഥാനത്തിന്റെ മൊത്തം കൃഷി വിസ്തൃതിയുടെ 21.43 ശതമാനം റബ്ബറാണ്. തെങ്ങുകൃഷി കഴിഞ്ഞാൽ ഏറ്റവുമധികം പ്രദേശത്ത് കൃഷി ചെയ്യുന്നത് റബ്ബറാണ്. 2019-20 നെ അപേക്ഷിച്ച് 2020-21-ൽ കേരളത്തിൽ റബ്ബറിന്റെ വിസ്തൃതിയും ഉൽപ്പാദനവും യഥാക്രമം 0.06 ശതമാനം, 2.62 ശതമാനം എന്നിങ്ങനെ കുറഞ്ഞു. 2020-21-ൽ 5.5 ലക്ഷം ഹെക്ടർ പ്രദേശത്തു നിന്നും 5.195 ലക്ഷം ടൺ റബ്ബർ ഉൽപ്പാദനം നടന്നു. **(അനുബന്ധം 3.1.13)**

## കാപ്പി

ഇന്റർനാഷണൽ കോഫി ഓർഗനൈസേഷന്റെ കണക്കുകൾ പ്രകാരം 2020-21-ലെ ആഗോള കാപ്പി ഉൽപ്പാദനം 169.6 ദശലക്ഷം ബാഗുകളായി (60 കിലോ ബാഗുകൾ) കണക്കാക്കുന്നു. 2019-20 നെ അപേക്ഷിച്ച് 0.8 ദശലക്ഷം ബാഗുകളുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ആഗോള ഉൽപ്പാദനത്തിന്റെ 37.4 ശതമാനം വിഹിതവുമായി ബ്രസീൽ ഒന്നാം സ്ഥാനത്തും, 17.4 ശതമാനം വിഹിതവുമായി വിയറ്റ്നാം രണ്ടാം സ്ഥാനത്തുമാണ്. ഇന്ത്യ 3.4 ശതമാനം വിഹിതവുമായി ഏഴാം സ്ഥാനത്താണ്.

2020-21-ലെ ആഭ്യന്തരകാപ്പി ഉൽപ്പാദനം 3,34,000 ടണ്ണാണ്. ഇതിൽ അറബിക്ക കാപ്പിയുടെ ഉൽപ്പാദനം 99,000 ടണ്ണും (29.6 ശതമാനം) റോബസ്റ്റ കാപ്പിയുടെ ഉൽപ്പാദനം 2,35,000 ടണ്ണും (70.4 ശതമാനം) ആണ്. 2019-20 നെ അപേക്ഷിച്ച് മൊത്തം ഉൽപ്പാദനത്തിലും അറബിക്ക, റോബസ്റ്റാ ഇനങ്ങളുടെ ഉൽപ്പാദനത്തിലും യഥാക്രമം 34,700 ടൺ, 8,600 ടൺ 26,100 ടൺ എന്നിങ്ങനെ വർദ്ധനവ് രേഖപ്പെടുത്തി.

2020-21-ൽ ഇന്ത്യയിൽ കാപ്പിമേഖലയിലെ കയറ്റുമതിയുടെ അളവിൽ 4.9 ശതമാനം ഇടിവ് രേഖപ്പെടുത്തി എന്നാൽ 2019-20 നെ അപേക്ഷിച്ച് കൈവരിച്ച മൊത്തം മൂല്യത്തിൽ 4.9 ശതമാനവും യൂണിറ്റ് മൂല്യത്തിൽ 10.2 ശതമാനവും വർദ്ധനവുണ്ടായി. കയറ്റുമതി ചെയ്ത കാപ്പിയുടെ അളവ് 15,900 ടൺ കുറഞ്ഞ് 3,10,700 ടണ്ണായി. കൈവരിച്ച മൂല്യം 252.72 കോടി രൂപ കൂടി 5452.13 കോടി രൂപയാവുകയും യൂണിറ്റിന് കൈവരിച്ച മൂല്യം കിലോയ്ക്ക് 16.25 രൂപ വർദ്ധിച്ച് കിലോയ്ക്ക് 175.47 രൂപയാവുകയും ചെയ്തു.

കേരളത്തിലെ കാപ്പി ഉൽപ്പാദനം 2019-20-ൽ 65,459 മെട്രിക് ടണ്ണായിരുന്നത് 2020-21-ൽ 68,545 മെട്രിക് ടണ്ണായി വർദ്ധിച്ചു. 2020-21-ലെ കൃഷി വിസ്തൃതി 85880 ഹെക്ടറും ഉൽപ്പാദനക്ഷമത ഹെക്ടറിന് 798 കിലോഗ്രാമുമാണ്. **(അനുബന്ധം 3.1.13).**

രാജ്യത്തെ കാപ്പി ഉൽപ്പാദിപ്പിക്കുന്ന സംസ്ഥാനങ്ങളിൽ, കേരളം കർണ്ണാടകത്തിനു തൊട്ടു പിന്നിലായി രണ്ടാം സ്ഥാനത്താണ്.

ചിട്ടയായ നടീൽ, ജലസേചന സൗകര്യങ്ങളുടെ ലഭ്യത ഉറപ്പുവരുത്തൽ എന്നിവയിലൂടെ നിലവിലുള്ള കാപ്പിത്തോട്ടങ്ങളുടെ ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്തി സംസ്ഥാനത്തിന്റെ കാപ്പി ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ സാധിക്കും. ഇക്കോ സർട്ടിഫൈഡ് കാപ്പി ഉൽപ്പാദനത്തിലൂടെ ഉയർന്ന മൂല്യമുള്ള സ്പെഷ്യാലിറ്റി വിപണികളിൽ പ്രവേശിക്കാൻ കാപ്പി കർഷകരെ പ്രോത്സാഹിപ്പിക്കുന്നത് അവർക്ക് ഉയർന്ന വരുമാനം നേടാൻ സഹായകമാകും. മെച്ചപ്പെട്ട സാങ്കേതിക വിദ്യയിലൂടെയുള്ള മൂല്യ വർദ്ധനവും, എഫ്.പി.ഒ കളുടെ രൂപീകരണവും, ഇ-പ്ലാറ്റ് ഫോമിലൂടെ കർഷകർക്ക് വിപണിയിലേക്ക് നേരിട്ടുള്ള പ്രവേശനവും ഉൽപ്പാദനത്തിലും വിപണനത്തിലും കാപ്പി മേഖലയുടെ പുരോഗതിക്ക് സഹായകമാകും.

### തേയില

കോവിഡ് മഹാമാരി തേയില വളരുന്ന പ്രദേശങ്ങളെ പ്രതികൂലമായി ബാധിച്ചുവെങ്കിലും 2020-ൽ അന്താരാഷ്ട്ര തേയില ഉൽപ്പാദനം 1.75 ശതമാനം വർദ്ധനവ് രേഖപ്പെടുത്തി. ഇന്റർനാഷണൽ ടീ കമ്മറ്റിയുടെ കണക്കുകൾ പ്രകാരം തേയില ഉൽപ്പാദനത്തിൽ ഒന്നാം സ്ഥാനം ചൈനയ്ക്കാണ്. 2020-21-ൽ ആഗോള തേയില ഉൽപ്പാദനത്തിന്റെ 47.6 ശതമാനം അതായത് 6,269 ദശലക്ഷം കിലോഗ്രാം തേയില ചൈന ഉൽപ്പാദിപ്പിച്ചു. വിസ്തൃതിയിലെ വർദ്ധന, മെച്ചപ്പെട്ട നടീൽ വസ്തുക്കളുടെ ഉപയോഗം, നൂതന സാങ്കേതിക വിദ്യകൾ, തേയില കൃഷിയ്ക്കായി സംയോജിത പാക്കേജുകൾ അവലംബിച്ചത് തുടങ്ങിയ ഘടകങ്ങൾ ഉല്പാദന വർദ്ധനവിന് കാരണമായി.

തേയില ഉൽപ്പാദനത്തിൽ ഇന്ത്യ രണ്ടാംസ്ഥാനത്താണ്. കഴിഞ്ഞ 10 വർഷത്തിനിടയിൽ രാജ്യത്ത് തേയില ഉല്പാദനത്തിൽ 2019-20 വരെ ഗണ്യമായ വർദ്ധനവ് ഉണ്ടായി. കോവിഡ്-19 മൂലമുള്ള ലോക്ഡൗൺ നടപടികൾ 2020-21 കാലയളവിൽ ഉല്പാദനത്തിൽ കുറവുണ്ടാക്കി. ടീ ബോർഡ് സ്ഥിതിവിവര കണക്കുകൾ പ്രകാരം 2020-21-ലെ ആഭ്യന്തര തേയില ഉൽപ്പാദനം 1283.03 ദശലക്ഷം കിലോ ഗ്രാം ആയിരുന്നു. ഇത് 2019-20-ലെ ഉല്പാദനത്തെ അപേക്ഷിച്ച് 77.78 ദശലക്ഷം കിലോ ഗ്രാം കുറവാണ് **(അനുബന്ധം 3.1.17).** മുൻവർഷത്തിൽ നിന്നും വിഭിന്നമായി ദക്ഷിണേന്ത്യൻ തേയില ഉല്പാദനം വർദ്ധിക്കുകയും ഉത്തരേന്ത്യൻ ഉല്പാദനം കുറയുകയും ചെയ്തു.

2020-21-ൽ തേയില കയറ്റുമതി മുൻവർഷത്തെ അപേക്ഷിച്ച് 39.34 ദശലക്ഷം കിലോ ഗ്രാം കുറഞ്ഞ് 202 ദശലക്ഷം കിലോഗ്രാമായിരുന്നു. യൂണിറ്റിന് കൈവരിച്ച മൂല്യം കിലോഗ്രാമിന് 226.11 രൂപയിൽ നിന്നും വർദ്ധിച്ച് 258.99 രൂപയുമായിരുന്നു. തേയില കയറ്റുമതിയിൽ മൊത്തം കൈവരിച്ച മൂല്യം 5231.69 കോടി രൂപയായിരുന്നു. ഇത് മുൻ വർഷത്തേക്കാൾ 4.1 ശതമാനം കുറവാണ്. 2021 വർഷത്തെ ആദ്യ മൂന്നു മാസങ്ങളിൽ കയറ്റുമതിയിൽ 6.9 ദശലക്ഷം കിലോഗ്രാം കുറവുണ്ടായെങ്കിലും, മൊത്തം കൈവരിച്ച മൂല്യത്തിലും, യൂണിറ്റ് മൂല്യത്തിലും വർദ്ധനവ് രേഖപ്പെടുത്തി.

2020-21 വർഷത്തിൽ രാജ്യത്തെ മൊത്തം ആഭ്യന്തര തേയില ഉല്പാദനത്തിന്റെ 5.2 ശതമാനം കേരളത്തിൽ നിന്നായിരുന്നു. സംസ്ഥാനത്തെ തേയില ഉല്പാദനവും ഉല്പാദനക്ഷമതയും 2019-20 വർഷത്തെ അപേക്ഷിച്ച് 12.8 ശതമാനം വർദ്ധിച്ച് 66.85 ദശലക്ഷം കിലോഗ്രാമും ഉല്പാദനക്ഷമത ഹെക്ടറിന് 1864 കിലോഗ്രാമും രേഖപ്പെടുത്തി. **(അനുബന്ധം 3.1.13)**

2015-16 മുതൽ തേയില ഇറക്കുമതിയിൽ 51 ശതമാനം വർദ്ധനവുണ്ടായി. ആഭ്യന്തര തേയില മേഖല, ഉയർന്ന കൂലിയും ഉല്പാദനോപാധികളുടെ ഉയർന്ന വിലയും നിമിത്തം ഉയർന്ന ഉല്പാദന ചെലവ് അഭിമുഖീകരിക്കുന്ന സാഹചര്യത്തിൽ, തേയില ഇറക്കുമതി ക്രമപ്പെടുത്തേണ്ടതാണ്.

### ഏലം

ലോകത്തെ രണ്ടാമത്തെ വലിയ ഏലം ഉല്പാദക രാജ്യമാണ് ഇന്ത്യ. ഇന്ത്യയിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ഏലയ്ക്കായുടെ സവിശേഷമായ സുഗന്ധവും, സ്വാദും മൂലം അന്താരാഷ്ട്ര ഏലവ്യാപാരത്തിൽ ഇന്ത്യ ഒരു സുപ്രധാന പങ്ക് വഹിക്കുന്നു. സുഗന്ധവ്യഞ്ജന ബോർഡിന്റെ 2020-21 വർഷത്തിലെ അഡ്വാൻസ് എസ്റ്റിമേറ്റ് പ്രകാരം ഇന്ത്യയിലെ ഏലം ഉല്പപാദനം 22,520 ടണ്ണായി കണക്കാക്കപ്പെട്ടിരിക്കുന്നു. ഇത് 2019-20-ലെ ഉല്പാദനത്തിന്റെ ഇരട്ടി യാണ്.

2020-21 വർഷത്തിൽ ഏലയ്ക്കായുടെ വില കിലോഗ്രാമിന് 2019-20-ലെ ഏറ്റവും ഉയർന്ന വിലയായ 2,908.50 രൂപയിൽ നിന്നും 1,513.02 രൂപയായി കുത്തനെ കുറഞ്ഞു.

ഏലം കയറ്റുമതി 2020-21-ൽ, മുൻവർഷത്തെ അപേക്ഷിച്ച് 4,650 ടൺ വർദ്ധനവോടെ 6,500 ടണ്ണാകുമെന്ന് കണക്കാക്കുന്നു. 2019-20 വർഷത്തെ അപേക്ഷിച്ച് കൈവരിച്ച മൊത്തം മൂല്യം 681.38 കോടി രൂപ വർദ്ധിച്ച് 1,106.75 കോടി രൂപയും, യൂണിറ്റ് മൂല്യം കുറഞ്ഞ് കിലോഗ്രാമിന് 1,702.69 രൂപയാകുമെന്നും കണക്കാക്കുന്നു.

ഏലം ഉല്പാദനത്തിൽ കേരളത്തിന് ഗണ്യമായ പങ്കുണ്ട്. രാജ്യത്തെ മൊത്തം ഉല്പാദനത്തിന്റെ 91.3 ശതമാനം ഉല്പാദനം കേരളത്തിൽ നിന്നാണ്. 2020-21 വർഷത്തിൽ ഏലയ്ക്കാ ഉല്പാദനം 2019-20 വർഷത്തെ അപേക്ഷിച്ച് ഇരട്ടിയായി വർദ്ധിച്ച് 20570 മെട്രിക് ടണ്ണായി രേഖപ്പെടുത്തി **(അനുബന്ധം 3.1.13).**

### വളങ്ങളുടെയും കീടനാശിനികളുടെയും ഉപഭോഗം

2020-21-ൽ കീടനാശിനികളുടെ ഉപഭോഗം 492.89 മെട്രിക് ടണ്ണായിരുന്നു. ഇതിൽ രാസകീടനാശിനി 224.53 മെട്രിക് ടണ്ണും ജൈവകീടനാശിനി 268.37 മെട്രിക് ടണ്ണുമായിരുന്നു. 2018-19 കാലയളവുമായി താരതമ്യം ചെയ്യുമ്പോൾ മൊത്തം കീടനാശിനി ഉപഭോഗത്തിൽ 59 ശതമാനം കുറവ് രേഖപ്പെടുത്തി.ജൈവകീടനാശിനിയുടെ ഉപയോഗത്തിൽ 60 ശതമാനവും, രാസകീടനാശിനികളുടെ ഉപയോഗത്തിൽ 56 ശതമാനവും കുറവുണ്ടായി. 2018-19 വർഷത്തിൽ കീടനാശിനി പ്രയോഗം ഏറ്റവും കൂടുതലായിരുന്ന

**പട്ടിക 3.1.3** ഉല്പാദനം തിരിച്ചും വിളതിരിച്ചുമുള്ള തദ്ദേശീയ രാസ ജൈവ കീടനാശിനികളുടെ ഉപഭോഗം 2018–19 മുതൽ 2020–21 വരെ (മെട്രിക് ടൺ, ടെക്നിക്കൽ ഗ്രേഡ്)

| ഉൽപ്പന്നം | രാസകീടനാശിനികൾ | | | ജൈവകീടനാശിനികൾ | | | ആകെ | | |
|---|---|---|---|---|---|---|---|---|---|
| | 2018–19 | 2019–20 | 2020–21 | 2018–19 | 2019–20 | 2020–21 | 2018–19 | 2019–20 | 2020–21 |
| ധാന്യങ്ങൾ നെല്ല് | 66.24 | 72.32 | 52.85 | 94.86 | 85.64 | 62.88 | 161.09 | 157.96 | 115.73 |
| പച്ചക്കറികൾ | 137.58 | 40.00 | 34.14 | 201.99 | 57.01 | 42.79 | 339.57 | 97.01 | 76.94 |
| സുഗന്ധവ്യ ജ്ഞനങ്ങൾ | 48.71 | 32.47 | 22.05 | 79.71 | 45.00 | 31.19 | 128.42 | 77.46 | 53.25 |
| തേങ്ങ | 113.06 | 78.05 | 52.89 | 116.49 | 81.7 | 63.66 | 229.54 | 159.75 | 116.55 |
| കവുങ്ങ് | 15.80 | 17.2 | 12.35 | 21.75 | 19.73 | 19.89 | 37.55 | 36.94 | 32.24 |
| വാഴപ്പഴം | 135.91 | 50.97 | 50.24 | 161.97 | 54.72 | 47.94 | 297.88 | 105.69 | 98.19 |
| ആകെ | 517.3 | 291.01 | 224.53 | 676.76 | 343.8 | 268.37 | 1194.06 | 634.81 | 492.89 |

അവലംബം: സംസ്ഥാന കാർഷിക വികസന കർഷകക്ഷേമ വകുപ്പ്

പച്ചക്കറി, വാഴ എന്നീ വിളകളിൽ കീടനാശിനി ഉപയോഗം 2020–21–ൽ യഥാക്രമം 77 ശതമാനം 67 ശതമാനം എന്നിങ്ങനെ ഗണ്യമായ കുറവു രേഖപ്പെടുത്തി **(പട്ടിക 3.1.3).**

കഴിഞ്ഞ രണ്ട് വർഷങ്ങളെ അപേക്ഷിച്ച് 2020–21–ലെ നൈട്രജൻ വളങ്ങളുടെ ഉപഭോഗം ഹെക്ടറിന് 34 കിലോഗ്രാമായി വർദ്ധിച്ചു. ഇത് ആകെ നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാഷ് വളങ്ങളുടെ 43 ശതമാനമാണ്. 2020–21 വർഷത്തിൽ ഫോസ്ഫറസ്, പൊട്ടാഷ് വളങ്ങളുടെ ഉപഭോഗം ഹെക്ടറിന് യഥാക്രമം 16 കിലോഗ്രാം, 29 കിലോഗ്രാം എന്ന തോതിലായിരുന്നു. ഇത് ആകെ ഉപഭോഗത്തിന്റെ 57 ശതമാനമായിരുന്നു. 2020–21 വർഷത്തിൽ നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാഷ് വളങ്ങളുടെ ഉപഭോഗം 2019–20 വർഷത്തെ അപേക്ഷിച്ച് കൂടുതലായിരുന്നു **(അനുബന്ധം 3.1.18).**

## കുടുംബശ്രീ മുഖേനയുള്ള കൂട്ടുകൃഷി

ഭക്ഷ്യ സുരക്ഷയിലേക്ക് നീങ്ങുന്നതിൽ പ്രാദേശിക സർക്കാരുകളെ സഹായിക്കുക, സ്ത്രീകൾക്ക് സാമ്പത്തിക ശാക്തീകരണം നൽകുക എന്നീ ലക്ഷ്യത്തോടെ പാട്ടത്തിനെടുത്ത കൃഷിഭൂമിയിൽ കൃഷി ഏറ്റെടുക്കുന്നതിനായി സ്ത്രീകളെ സംഘടിപ്പിച്ച് കുടുംബശ്രീയാണ് കൂട്ടുകൃഷി ആരംഭിച്ചത്. നബാർഡ് പ്രോത്സാഹിപ്പിക്കുന്ന ഗ്രൂപ്പ് ആശയത്തിന്റെ മാതൃകയിൽ ഉടലെടുത്തിട്ടുള്ള സംഘകൃഷി ഗ്രൂപ്പുകൾ പഞ്ചായത്തുകളുടെയും കമ്മ്യൂണിറ്റി ശൃംഖലകളുടെയും പിന്തുണയോടെ തരിശുഭൂമി അനൗപചാരികമായി പാട്ടത്തിനെടുത്താണ് കൃഷി ചെയ്യുന്നത്.

2020–21–ൽ നെല്ല്, പച്ചക്കറികൾ, വാഴ, കിഴങ്ങുവർഗ്ഗങ്ങൾ മറ്റ് വിളകൾ ഉൾപ്പെടെ 29,249 ഹെക്ടർ സ്ഥലത്ത് ഇത്തരത്തിൽ കൃഷി ചെയ്തു. ഇതിൽ 4809 ഹെക്ടർ പ്രദേശത്ത് നെൽകൃഷിയും,7085 ഹെക്ടർ പ്രദേശത്ത് പച്ചക്കറികൃഷിയും, 7076 ഹെക്ടർ പ്രദേശത്ത് കിഴങ്ങുവർഗ്ഗകൃഷിയും, 9134 ഹെക്ടർ പ്രദേശത്ത് വാഴകൃഷിയും 1142 ഹെക്ടർ പ്രദേശത്ത് മറ്റ് വിളകളും കൃഷി ചെയ്തു. 2019–20–ൽ കൃഷിക്കായി വിനിയോഗിച്ച ഭൂവിസ്തൃതിയുമായി താരതമ്യപ്പെടുത്തുമ്പോൾ കൂട്ടുകൃഷിയിലൂടെ കൃഷി ചെയ്ത പച്ചക്കറികളും കിഴങ്ങുവർഗ്ഗങ്ങളും ഒഴികെയുള്ള എല്ലാ വിളകളുടെയും വിസ്തൃതി കുറഞ്ഞു. 2020–21–ലെ കൃഷി വിസ്തൃതിയുടെ വിശദാംശങ്ങൾ **അനുബന്ധം 3.1.19**–ൽ കാണുക.

## സോയിൽ ഹെൽത്ത് കാർഡ്

വിള ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിൽ മണ്ണിന്റെ ആരോഗ്യത്തിനുള്ള പ്രാധാന്യവും വളങ്ങളുടെ യുക്തിസഹമായ പ്രയോഗത്തിന് മണ്ണ് പരിശോധനാധിഷ്ഠിത പോഷക പ്രയോഗത്തിന്റെ പ്രാധാന്യവും കണക്കിലെടുത്ത് ദേശീയ സുസ്ഥിര കാർഷിക മിഷന്റെ (NMSA) കീഴിലുള്ള കേന്ദ്ര സോയിൽ ഹെൽത്ത് കാർഡ് സ്കീം സംസ്ഥാനത്ത് കൃഷി വകുപ്പും മണ്ണ് പര്യവേക്ഷണ–മണ്ണ് സംരക്ഷണ വകുപ്പും ചേർന്ന് നടപ്പിലാക്കി വരുന്നു. 2015–16 മുതൽ 2018–19 വരെയുള്ള കാലയളവിൽ പദ്ധതിയുടെ രണ്ട് ഘട്ടങ്ങളിലായി 26.19 ലക്ഷം സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്തു.

2019–20–ൽ പദ്ധതിയുടെ മൂന്നാമത്തെ ഘട്ടത്തിൽ പൈലറ്റടിസ്ഥാനത്തിൽ ഏറ്റെടുക്കുന്ന മാതൃകാ ഗ്രാമങ്ങളുടെ വികസനം എന്ന പദ്ധതിക്കു കീഴിൽ മണ്ണിന്റെ സാമ്പിളുകൾ കർഷകരുടെ വ്യക്തിഗത ഭൂമിയിൽ നിന്നും ശേഖരിച്ചാണ് പരിശോധന നടത്തുന്നത്. ഇതിൽ ഒന്നും രണ്ടും ഘട്ടങ്ങളിൽ മണ്ണിലെ പോഷകങ്ങളുടെ കുറവ് കണ്ടെത്തിയ ഗ്രാമങ്ങളിൽ (ഒരു ബ്ലോക്കിൽ ഒരു ഗ്രാമം എന്ന രീതിയിൽ) അടിസ്ഥാന മണ്ണ് പരിശോധന നടപ്പിലാക്കി. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 2019–21 കാലയളവിൽ 80,045 സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്തു.

## കാർഷിക വിപണനം

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരള സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ എന്നിവയുടെ കീഴിൽ സംസ്ഥാനത്ത് വിജ്ഞാപനം ചെയ്ത 1884 മാർക്കറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ആഴ്ച ചന്തകൾ, ഇക്കോഷോപ്പുകൾ, മൊത്തവ്യാപാര മാർക്കറ്റുകൾ, ക്ലസ്റ്റർ ചന്തകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഇതുകൂടാതെ, കൃഷിവകുപ്പ് നേരിട്ട് നടത്തുന്ന 602 പുതിയ ആഴ്ചചന്തകളിലൂടേയും 100 വഴിയോര നഗര ചന്തകളിലൂടേയും ഇടനിലക്കാരുടെ പങ്കാളിത്തമില്ലാതെ കർഷകർക്ക് നേരിട്ട് അവരുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് സഹായിച്ചു.

വി.എഫ്.പി.സി.കെ യുടെ നേതൃത്വത്തിൽ സംസ്ഥാനത്തുടനീളം സ്ഥാപിതമായ 290 സ്വാശ്രയ കർഷക സമിതികൾ പഴങ്ങളുടെയും പച്ചക്കറികളുടെയും വിപണനം സുഗമമാക്കുകയും അതുവഴി കർഷകർക്ക് ന്യായവില ഉറപ്പാക്കുകയും ചെയ്തു. 2020-21-ൽ 215.99 കോടി രൂപ വിലമതിക്കുന്ന 1.16 ലക്ഷം മെട്രിക് ടൺ പഴങ്ങളും പച്ചക്കറികളും സ്വാശ്രയകർഷക സമിതികൾ വഴി വ്യാപാരം ചെയ്തു. 150 പച്ചക്കറി ചില്ലറ വിപണികൾ സ്ഥാപിച്ചതും, സർക്കാർ നിശ്ചയിച്ച താങ്ങുവിലയ്ക്ക് പച്ചക്കറി സംഭരിക്കുന്നതിന് 250 കളക്ഷൻ സെന്ററുകൾ ആരംഭിച്ചതും ഓണക്കാലത്ത് വി.എഫ്.പി.സി.കെ യുടെ വിപണി ഇടപെടലുകളിൽ ഉൾപ്പെടുന്നു. ജൈവ ഉൽപ്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വി.എഫ്.പി.സി.കെ സ്ഥാപിച്ച 'തളിർ' എന്ന ബ്രാൻഡ് നാമത്തിൽ കേരളത്തിലെ ശുദ്ധമായ പഴങ്ങളുടെയും പച്ചക്കറികളുടെയും വിപണി ശൃംഖല 38 ഇക്കോഷോപ്പ് ഔട്ട്ലെറ്റുകളിലേക്ക് വ്യാപിപ്പിച്ചു. 2020-21-ൽ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ രണ്ട് ഗ്രാമീണ വിപണികൾ സ്ഥാപിക്കുന്നതിന് സഹായം നൽകി.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന ചന്തകളിലൂടെയും കാർഷികോൽപ്പന്നങ്ങളുടെ വ്യാപാരം സുഗമമാക്കി. ഓരോ ചന്തകൾക്കും പ്രത്യേകം മാർക്കറ്റ് അതോറിറ്റികൾ രൂപീകരിക്കുകയും ഉൽപ്പന്നങ്ങളുടെ വിൽപന രീതി, കൈകാര്യം ചെയ്യൽ, മാർക്കറ്റ് ചാർജ്ജുകൾ, അളവ് തൂക്കം, വിൽപ്പനക്കാരനുള്ള പണം വിതരണം ചെയ്യൽ, ഗ്രേഡിംഗ്, പാക്കിംഗ് എന്നിവയ്ക്ക് വ്യക്തമായ നടപടിക്രമങ്ങൾ ഈ വിപണികളിൽ നിലനിൽക്കുന്നുണ്ട്. കാർഷിക ഉൽപ്പന്നങ്ങളുടെ വിപണനത്തിൽ ഏർപ്പെട്ടിരിക്കുന്ന മറ്റ് പ്രധാന സ്ഥാപനങ്ങൾ കേരഫെഡ്, മാർക്കറ്റ്ഫെഡ്, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള, ഓയിൽ പാം ഇന്ത്യ ലിമിറ്റഡ്, റബ്ബർമാർക്ക്, സ്പൈസസ് ബോർഡ്, ടീ ബോർഡ്, കോഫി ബോർഡ്, നാളികേര വികസന ബോർഡ് തുടങ്ങിയവയാണ്.

പഴം-പച്ചക്കറി കർഷകർക്ക് ഉറപ്പായ വില ലഭ്യമാക്കുന്നതിനായി 2021-22ൽ "കേരള ഫാം ഫ്രഷ് ഫ്രൂട്ട്സ് ആൻഡ് വെജിറ്റബിൾസ്-അടിസ്ഥാന വില" എന്ന പദ്ധതി ആരംഭിച്ചു. ഈ പദ്ധതിയ്ക്കു കീഴിൽ സംസ്ഥാനത്ത് 16 ഇനം പച്ചക്കറികൾക്കും പഴങ്ങൾക്കും നിശ്ചയിച്ച അടിസ്ഥാന വിലയേക്കാൾ താഴെ വിപണി വില ഇടിയുന്ന സാഹചര്യത്തിൽ വിലയുടെ വ്യത്യാസം കർഷകർക്ക് നഷ്ടപരിഹാരമായി നൽകുകയാണ് ചെയ്യുന്നത്. ഈ പരിപാടിയിൽ 2,712 കർഷകർക്ക് 3.021 കോടി രൂപ വിതരണം ചെയ്തു.

ഉൽപ്പന്നങ്ങളുടെ വിഘടിത സ്വഭാവവും അപര്യാപ്തമായ വിപണന സൗകര്യങ്ങളും ഇന്നത്തെ കാർഷിക വിപണന സമ്പ്രദായത്തിലെ പ്രധാന പരിമിതികളാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണ സംഘങ്ങളുടെയും പങ്കാളിത്തത്തോടെ പുതിയ വിപണികൾ സ്ഥാപിക്കൽ, ദേശീയ കാർഷിക ഗ്രാമവികസന ബാങ്ക്, വാണിജ്യ ബാങ്കുകൾ, കേരള ബാങ്ക്, പ്രാഥമിക സഹകരണ കൃഷി ഗ്രാമവികസന ബാങ്കുകൾ തുടങ്ങിയ വാണിജ്യ സ്ഥാപനങ്ങളുടെ വായ്പാ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി ഉൽപ്പാദനം സംയോജിപ്പിക്കുന്നതിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിലൂടെയും, കാർഷിക വിപണിയുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിലൂടെയും സംസ്ഥാനത്തെ കാർഷിക വിപണന സംവിധാനം ശക്തിപ്പെടുത്താൻ കഴിയും. കൂടാതെ, സംസ്ഥാനതല നിയമനിർമ്മാണത്തിലൂടെ വിഘടിത വിപണി ശൃംഖല കാര്യക്ഷമമാക്കേണ്ടതുമുണ്ട്. പ്രാദേശിക തലങ്ങളിൽ കർഷക ഉൽപാദക സംഘടനകളുടെ പ്രോത്സാഹനം ഉൽപ്പന്നങ്ങളുടെ സമാഹാരണം സുഗമമാക്കുക മാത്രമല്ല, ശക്തമായ ഒരു വിതരണ ശൃംഖലയുടെ വികസനത്തിനും സഹായിക്കും. ദേശീയ അന്തർദേശീയ തലങ്ങളിലുള്ള വിപണി വികസനങ്ങൾക്കൊപ്പം നിൽക്കാൻ നിലവിലുള്ള വിപണി വിവരങ്ങളും മാർക്കറ്റ് ഇന്റലിജൻസ് സംവിധാനവും ശക്തിപ്പെടുത്തേണ്ടതുണ്ട്.

വിളവെടുപ്പിന് ശേഷമുള്ള പരിപാലനവും മൂല്യവർദ്ധനവും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിൽ വിളവെടുപ്പിന് ശേഷമുള്ള നഷ്ടം കുറയ്ക്കേണ്ടതിന്റെയും ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവിന്റെയും പ്രാധാന്യം കണക്കിലെടുത്ത്, 2020-21-ൽ പായ്ക്ക് ഹൗസുകൾ, ശീതീകരണ സൗകര്യങ്ങൾ, സൂക്ഷ്മ, ചെറുകിട, ഇടത്തരം മൂല്യവർദ്ധന യൂണിറ്റുകളുടെ വികസനം, കാർഷികവ്യാവസായിക സംരംഭങ്ങൾ എന്നിവ സ്ഥാപിക്കുന്നതിന് ഊന്നൽ നൽകി. 2020-21-ൽ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖേന ഏഴ് ജില്ലകളിലെ പ്രാഥമിക സംസ്കരണ കേന്ദ്രങ്ങൾ, മൂന്ന് സംയോജിത പായ്ക്ക് ഹൗസുകൾ (മലപ്പുറം, കോഴിക്കോട്, വയനാട്), നാല് ശീതീകരണ വാനുകൾ (എറണാകുളം, കോഴിക്കോട്, മലപ്പുറം) എന്നിവ സന്നദ്ധമാക്കുന്നതിന് സഹായം നൽകി. കൂടാതെ, ഈ വർഷം ഏഴ് ജില്ലകളിലായി പ്രാഥമിക സംസ്കരണ കേന്ദ്രങ്ങളും (പിപിസി) കൊച്ചി കാക്കനാട്ടിൽ പച്ചക്കറി പഴ സംസ്കരണ വിപണന കേന്ദ്രവും (വി.എഫ്.പി.എം.സി) സ്ഥാപിക്കുന്നതിന് വിഎഫ്പിസികെ പിന്തുണ നൽകി.

കേരള സർക്കാരിന്റെ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന് കീഴിലുള്ള ചെറുകിട കർഷക കാർഷികവ്യവസായ കൺസോർഷ്യം (എസ്.എഫ്.എ.സി), കർഷകർക്കും സംരംഭകർക്കും വിജയകരമായ കാർഷികവ്യവസായ സംരംഭങ്ങൾ സ്ഥാപിക്കുന്നതിനും നടത്തിപ്പിനും ആവശ്യമായ സഹായങ്ങൾ നൽകുന്ന സ്ഥാപനമാണ്. 2020-21-ൽ 8 പുതിയ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭക (എം.എസ്.എം.ഇ) യൂണിറ്റുകൾക്ക് എസ്.എഫ്.എ.സി, കേരള സഹായം നൽകി. ഇതിൽ രണ്ട് സൂക്ഷമ യൂണിറ്റുകളും മൂന്നുവീതം ചെറുകിട ഇടത്തരം യൂണിറ്റുകളും ഉൾപ്പെടുന്നു. ഈ 8 യൂണിറ്റുകൾക്ക് പുറമേ 2017-18 മുതൽ നാൽപ്പത് മൂല്യവർദ്ധിത യൂണിറ്റുകൾ സംസ്ഥാനത്ത് വിജയകരമായി പ്രവർത്തിക്കുന്നു.

കാർഷിക അനുബന്ധ മേഖലകളിലെ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിൽ ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകളുടെ (എഫ്.പി.ഒ) പ്രാധാന്യം കണക്കിലെടുത്ത്, വിപണന അടിസ്ഥാന സൗകര്യങ്ങൾക്കൊപ്പം ആവശ്യമായ സാങ്കേതികവും മാനേജ്മെന്റ് വൈദഗ്ധ്യവും നൽകി പുതിയ എഫ്.പി.ഒ കൾ സൃഷ്ടിക്കുന്നതിന് അനുകൂലമായ അന്തരീക്ഷം പ്രദാനം ചെയ്യുന്ന

തിൽ സംസ്ഥാന സർക്കാർ ശ്രദ്ധ കേന്ദ്രീകരിച്ചു. കേരള ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ (എഫ്.പി.ഒ) നയം, 2020 മെയ് മാസം രൂപീകരിക്കുകയും കേരളത്തിലെ എഫ്.പി.ഒ കളുടെ പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിക്കുകയും ചെയ്തു.

ദേശീയ കാർഷിക ഗ്രാമവികസന ബാങ്ക്(നബാർഡ്) ധനസഹായം നൽകുന്ന രജിസ്റ്റർ ചെയ്ത 137 എഫ്.പി.ഒകളും, നാളികേരവികസന ബോർഡിന്റെ ധനസഹായത്തോടെ രജിസ്റ്റർ ചെയ്ത 29 നാളികേര ഉൽപ്പാദക കമ്പനികളും നിലവിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ, കേരള സർക്കാർ ധനസഹായം നൽകുന്ന 50 എഫ്.പി.ഒകൾ, സെൻട്രൽ എസ്.എഫ്.എ.സിക്ക് കീഴിൽ ഒൻപത് എഫ്.പി.ഒകൾ, എൻ.സി.ഡി.സി, നബാർഡ് എന്നിവയ്ക്ക് കീഴിൽ പതിനാല് എഫ്.പി.ഒ കൾ വീതവും നാഷണൽ അഗ്രികൾച്ചറൽ കോഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ ഓഫ് ഇന്ത്യാ ലിമിറ്റഡിന് (നാഫെഡ്) കീഴിലുള്ള 5 എഫ്.പി.ഒ കളും സംസ്ഥാനത്തു രൂപീകരിച്ചു വരുന്നു.

കേരളത്തിലെ പരിചയ സമ്പന്നരും പ്രശസ്തവുമായ ദേശീയ അന്തർദേശീയ ഏജൻസികളിൽ നിന്നും എസ്.എഫ്.എ.സി തെരഞ്ഞെടുത്ത അഗ്രിബിസിനസ് പ്രൊമോട്ടിംഗ് ഏജൻസികൾ, സംസ്ഥാനത്തുടനീളം 5 മേഖലകളിലായി ഓരോ മേഖലയിലും 10 എഫ്.പി.ഒ കൾ എന്ന ക്രമത്തിൽ 50 എഫ്.പി.ഒ കൾ രൂപീകരിക്കുന്നു. ഇതിൽ 13 പുതിയ എഫ്.പി.ഒ കളെ തിരഞ്ഞെടുക്കുകയും, ബാക്കി 37 എണ്ണം തിരഞ്ഞെടുപ്പിന്റെ അവസാന ഘട്ടത്തിലുമാണ്. തിരഞ്ഞെടുത്ത എഫ്.പി.ഒ കളിൽ അട്ടപ്പാടി, ആതിരപ്പള്ളി എന്നീ ഗോത്ര പ്രദേശങ്ങളിലെ ചെറുധാന്യങ്ങളുടെ പ്രോത്സാഹനത്തിനുവേണ്ടിയും, കൈപ്പാട് പ്രദേശത്ത് നെൽകർഷകർക്കുവേണ്ടിയും, മലപ്പുറത്ത് തിരൂർ വെറ്റില കർഷകർക്കുവേണ്ടിയും, വാഴക്കുളം പൈനാപ്പിൾ കർഷകർക്കുവേണ്ടിയും, വി.എഫ്.പി.സി.കെ യുടെ സഹായത്തോടെ സ്ഥാപിതമായ കയറ്റുമതി പ്രോത്സാഹനത്തിനു വേണ്ടിയുള്ള മൂന്നു എഫ്.പി.ഒ .കളും ഉൾപ്പെടുന്നു. സംസ്ഥാനതലത്തിൽ അഗ്രിക്കൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർ ചെയർമാനായുള്ള കൺസൾട്ടേറ്റീവ് കമ്മിറ്റിയും, ജില്ലാതലത്തിൽ ജില്ലാ കളക്ടർ ചെയർമാനായി രൂപീകരിച്ച ജില്ലാതല മോണിറ്ററിംഗ് കമ്മറ്റിയും സംസ്ഥാനത്ത് എഫ്.പി.ഒ കളുടെ ശരിയായ നടത്തിപ്പും നിരീക്ഷണവും നടത്തുന്നു.

ഇൻക്യുബേറ്ററുകളുടെ പ്രവർത്തനം സുഗമമാക്കുക, മൈക്രോ-ലെവൽ സംരംഭകർക്ക് ഉപയുക്തമായ രീതിയിൽ പാക്കേജിംഗിന് വേണ്ടിയുള്ള സാങ്കേതിക പ്രോട്ടോക്കോൾ പ്രോത്സാഹിപ്പിക്കുക, ഇ-കൊമേഴ്സ്, ഓൺലൈൻ വിപണനം എന്നിവയിലെ അറിവും പരിചയവും പ്രചരിപ്പിക്കുക, ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉയർത്തുക, ശീതീകരണ സംഭരണത്തിനായി പൊതു അടിസ്ഥാന സൗകര്യങ്ങൾ, കമ്മ്യൂണിറ്റി പ്രോസസ്സിംഗ് സെന്റർ എന്നിവയിലൂടെ സംസ്ഥാനത്തെ കാർഷിക വ്യാവസായികസംരംഭങ്ങളെശക്തിപ്പെടുത്തുവാൻസഹായകമാകും.

**യന്ത്രവൽക്കരണം**

സംസ്ഥാനത്തെ കാർഷിക മേഖലയിലെ പ്രധാന പരിമിതികളിലൊന്നായ കാർഷിക തൊഴിലാളികളുടെ ലഭ്യതക്കുറവ് കാർഷിക പ്രവർത്തനങ്ങളുടെ ദ്രുത യന്ത്രവൽക്കരണം അനിവാര്യമാക്കുന്നു. കർഷകർക്ക് ആവശ്യമായതും സമയബന്ധിതവുമായ യന്ത്രവൽക്കരണ പിന്തുണയ്ക്കായുള്ള അടിസ്ഥാന സൗകര്യ വികസനത്തിനും പരിശീലനം ലഭിച്ച തൊഴിലാളികളെ സൃഷ്ടിക്കുന്നതിനും കൃഷി വകുപ്പും വിവിധ ഏജൻസികളും മുഖേന നിക്ഷേപം നടത്തിയിട്ടുണ്ട്. കർഷകർക്ക് യന്ത്രവൽക്കരണ പിന്തുണയും മറ്റ് കാർഷിക സേവനങ്ങളും ലഭ്യമാക്കുന്നതിനുള്ള സംരംഭങ്ങളാണ് ബ്ലോക്ക്തല അഗ്രോ സർവ്വീസ് സെന്ററുകൾ (എ.എസ്.സി), പഞ്ചായത്ത് തല കാർഷിക കർമ്മ സേനകൾ (കെ.കെ.എസ്), കസ്റ്റം ഹയറിംഗ് സെന്ററുകൾ (സി.എച്ച്.സി) എന്നിവ സ്ഥാപിക്കുന്നതിനുള്ള പദ്ധതി. കൃത്യമായ ഒരു ബിസിനസ്സ് പ്ലാനിന്റെ അഭാവം, യൂണിറ്റുകൾ തമ്മിലുള്ള ഏകോപനമില്ലായ്മ, അംഗങ്ങൾക്ക് ലഭിക്കുന്ന അനുചിതവും അപര്യാപ്തവുമായ പരിശീലനം, വാങ്ങിയ കാർഷിക യന്ത്രങ്ങളുടെ ശരിയായ പരിപാലനമില്ലായ്മ എന്നിവ പ്രധാന പോരായ്മകളായിരുന്നു.

അഗ്രോ സർവീസ് സെന്റർ, കാർഷിക കർമ്മസേന കസ്റ്റം ഹൈയറിംഗ് സെന്റർ, കേരള അഗ്രോമെഷിനറി കോർപ്പറേഷൻ, കേരള അഗ്രോ ഇന്റസ്ട്രീസ് കോർപ്പറേഷൻ തുടങ്ങിയ സേവന ദാതാക്കളുടെ പ്രവർത്തനങ്ങളുടെ ഏകോപനത്തിനും നിരീക്ഷണത്തിനുമായി 2018 വർഷത്തിൽ സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ രൂപീകൃതമായി. അതനുസരിച്ച് ആദ്യപടിയായി ഈ യൂണിറ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി എ.എസ്.സി, കെ.കെ.എസ് എന്നിവയുടെ രൂപീകരണം പ്രവർത്തനം എന്നിവയുൾപ്പെടുത്തി ഒരു ലഘുഗ്രന്ഥം തയ്യാറാക്കി. മിഷന്റെ റിപ്പോർട്ട് പ്രകാരം, സംസ്ഥാനത്ത് സ്ഥാപിതമായ 99 എ.എസ്.സികൾ, 368 കെ.കെ.എസ് കൾ എന്നിവയിൽ 95 എ.എസ്.സികൾക്കും, 194 കെ.കെ.എസുകൾക്കും കാർഷിക യന്ത്രങ്ങൾ ലഭ്യമാണ്. മിഷൻ നടത്തിയ കാർഷിക യന്ത്രങ്ങളുടെ കണക്കെടുപ്പ് സർവേയിൽ വിവിധ വിഭാഗങ്ങളിലായി 4633 കാർഷിക യന്ത്രങ്ങളുടെ ലഭ്യത റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കാർഷിക കർമ്മ സേനയിൽ 2514-ഉം അഗ്രോസർവീസ് സെന്ററുകളിൽ 2119 കാർഷിക യന്ത്രങ്ങളും സജ്ജീകരിച്ചിട്ടുണ്ട്. അഗ്രോ സർവീസ് സെന്ററിന്റെയും കാർഷിക കർമ്മ സേനയുടെയും അംഗബലം യഥാക്രമം 1070-ഉം 4577-ഉം ആണ്. എ.എസ്.സിയിലും, കെ.കെ.എസിലും ജോലി ചെയ്യുന്ന സ്ത്രീകൾ യഥാക്രമം 608-ഉം 2334-ഉം ആണ്. മിഷനു കീഴിൽ എ.എസ്.സി, കെ.കെ.എസ് എന്നിവയുടെ 456 സേവനദാതാക്കൾക്കും കൃഷി വകുപ്പിന്റെ അഗ്രികൾച്ചറൽ എഞ്ചിനിയറിംഗ് വിഭാഗത്തിലെ 58 മെക്കാനിക്കുകൾക്കും കാർഷിക യന്ത്രങ്ങളുടെ സേവനവും പരിപാലനവും സംബന്ധിച്ച പരിശീലനം നൽകി. 2017-18 മുതൽ നാല് ഘട്ടങ്ങളിലായി 1,502 യന്ത്രസാമഗ്രികൾ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കി. 94 എ.എസ്.സികും 293 കെ.കെ.എസിനുമായി 93 കോടി രൂപ അറ്റാദായമുള്ള 339.62 കോടി രൂപയുടെ ബിസിനസ്സ് പ്ലാൻ തയ്യാറാക്കി. നിർദ്ദിഷ്ടസ്ഥലങ്ങൾക്ക് അനുയോജ്യമായ പുതിയ യന്ത്രങ്ങളുടെ ഒരു ഇൻവെന്ററിയും മിഷൻ തയ്യാറാക്കി, ഇതിൽ ഭൂരിഭാഗവും കായികമായി പ്രവർത്തിക്കുന്നതും പുരയിട

കൃഷിക്ക് അനുയോജ്യവുമായ കാർഷികയന്ത്രങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

കേരള പുനർനിർമ്മാണ പദ്ധതിയുടെ ഭാഗമായി മലബാർ മേഖലയിലെ തരിശായി കിടക്കുന്ന തണ്ണീർത്തടങ്ങളിൽ കൃഷി പുനഃസ്ഥാപിക്കുന്നത് സഹായിക്കുന്നതിനായി കുത്താളിയിലെ ജില്ലാ കാർഷിക ഫാമിൽ അഗ്രോ മെഷിനിറി കെയർ സെന്റർ സ്ഥാപിച്ചതാണ് യന്ത്രവൽക്കരണ മേഖലയിലെ മറ്റൊരു പ്രധാന നേട്ടം. കൂടാതെ മാങ്ങ, ചക്ക, മുരിങ്ങ, കറിവേപ്പില, നേന്ത്രവാഴ, ഞാലിപ്പൂവൻ, പാഷൻ ഫ്രൂട്ട് എന്നിവ ഉൾപ്പെടുന്ന 11.44 ലക്ഷം തൈകൾ എഎസ്സിയും കെകെഎസും മുഖേന 2020–21–ൽ ഉൽപ്പാദിപ്പിക്കുകയും വിതരണം ചെയ്യുകയും ചെയ്തു.

## 2020–21 വർഷത്തിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ പ്രധാന നേട്ടങ്ങൾ

പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ, സംസ്ഥാന പദ്ധതിയുടെ ആദ്യ നാല് വർഷങ്ങളിൽ വിള പരിപാലനം, വിപണനം, വയനാട് പാക്കേജ് എന്നിവയ്ക്കായി മൊത്തം ബജറ്റ് വിഹിതം 2772.02 കോടി രൂപയായിരുന്നു. 2021–22–ലെ ബജറ്റ് വിഹിതം 619.45 കോടി രൂപയാണ്.

നെല്ല്, പച്ചക്കറികൾ, പയറുവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ, കരിമ്പ്, എള്ള്, തെങ്ങ് പഴവർഗ്ഗങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ തുടങ്ങിയ വിളകളുടെ കൃഷിക്ക് പ്രോത്സാഹനം നൽകിക്കൊണ്ട് ഭക്ഷ്യവിള ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനാണ് വകുപ്പ് ഊന്നൽ നൽകിയത്. ഉത്തമ കൃഷി രീതികളിലൂടെ സുരക്ഷിതമായ ഭക്ഷണവും പോഷകസുരക്ഷയും പ്രോത്സാഹിപ്പിക്കുന്ന പരിപാടികൾക്കും പ്രാധാന്യം നൽകി. കർഷക ക്ഷേമ പരിപാടികൾക്ക് പുറമേ വിപണി വികസനവും മൂല്യവർദ്ധനവുമായിരുന്നു ഈ വർഷത്തെ മറ്റ് പ്രധാന പ്രവർത്തന മേഖലകൾ. 2020–21 വർഷത്തിൽ വകുപ്പിന്റെ പ്രധാന നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.

- നെൽകൃഷി വികസനത്തിന്, ഗ്രൂപ്പ് കൃഷിയിലൂടെ 50474.45 ഹെക്ടറിൽ നെൽകൃഷി നിലനിർത്തുന്നതിന് സഹായം നൽകി.
- കൃഷിയോഗ്യമായ നെൽപ്പാടങ്ങൾ സംരക്ഷിക്കുന്നതിനായി 2020–21–ൽ ഹെക്ടറിന് 2000 രൂപ വീതം കൃഷിയോഗ്യമായ നെൽഭൂമിയുടെ ഉടമകൾക്ക് റോയൽറ്റി ഏർപ്പെടുത്തി. 88036 കർഷകർക്കായി 7.62 കോടി രൂപ വിതരണം ചെയ്തു.
- 2020–21–ൽ ഗ്രാമപഞ്ചായത്തിൽ 1,32,400 ഹെക്ടറിനും ബ്ലോക്ക്പഞ്ചായത്തിൽ 4,400 ഹെക്ടറിനും കോർപ്പറേഷനിൽ 50 ഹെക്ടറിനും നെല്ലുൽപ്പാദന ബോണസ് നൽകി.
- നാളികേര വികസനത്തിന് 15 പുതിയ കേരഗ്രാമങ്ങൾ സ്ഥാപിക്കുന്നതിന് സഹായം നൽകുകയും നിലവിലുള്ള 55 കേരഗ്രാമങ്ങൾക്ക് രണ്ടാം വർഷ സഹായവും, 77 കേര ഗ്രാമങ്ങൾക്ക് മൂന്നാം വർഷ സഹായവും സംയോജിത നാളികേര പരിപാലന ത്തിന് നൽകി.
- നാളികേര മിഷന്റെ കീഴിലുള്ള തെങ്ങിന്റെ പുനരുദ്ധാരണത്തിന്റെയും പുനരുജ്ജീവനത്തിന്റെയും ഭാഗമായി 6,06,967 നെടിയ ഇനവും (വെസ്റ്റ് കോസ്റ്റ് ടോൾ), 29,217 കുള്ളൻ തൈകളും, 1,20,986 സങ്കരയിനം തൈകളും വാർഡ് ഒന്നിന് 75 തൈകൾ നടുന്നതിന് വിതരണം ചെയ്തു.
- പച്ചക്കറി വികസനത്തിനായി 67.42 ലക്ഷം വിത്ത് കിറ്റുകളും 201.92 ലക്ഷം തൈകളും, വീടുകളിൽ വിതരണം ചെയ്തുകൊണ്ട് വീട്ടുവളപ്പിലെ കൃഷി പ്രോത്സാഹിപ്പിച്ചു. ഇതിൽ സ്കൂൾ വിദ്യാർത്ഥികൾക്കു നൽകിയതും ഉൾപ്പെടുന്നു. 1,22,522 ചതുരശ്ര മീറ്റർ മഴമറ കൃഷി ഒരുക്കി. കൂടാതെ 25 സൂക്ഷ്മ ജലസേചന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള സഹായവും നൽകി.
- പത്ത് വർഷത്തെ പരിപാടിയായി 2020–21–ൽ ആരംഭിച്ച ഫല വികസന പാക്കേജിന് കീഴിൽ 1.36 കോടി ഫലവൃക്ഷതൈകൾ വിതരണം ചെയ്തു.
- കുരുമുളക് വികസനത്തിനായി, ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉൽപാദനത്തിനായി 8 വികേന്ദ്രീകൃത നഴ്സറികളെ പിന്തുണച്ചു. ഇടുക്കി ജില്ലയിൽ കുരുമുളക് കൃഷിയുടെ വിസ്തൃതി 1015 ഹെക്ടറായി വികസിപ്പിച്ചു.
- നടീൽ വസ്തുക്കളുടെ ഉല്പാദനത്തിന്റെ ഭാഗമായി 120 മെട്രിക് ടൺ പച്ചക്കറി വിത്തുകളും, 30 ലക്ഷം പച്ചക്കറി തൈകളും, 6 ലക്ഷം ടിഷ്യുകൾച്ചർ വാഴ കന്നുകളും, 23.346 ലക്ഷം ഫലവൃക്ഷ തൈകളും, 3,945 പാക്കറ്റ് കൂൺ വിത്തുകളും ഉല്പാദിപ്പിച്ചു നൽകി.
- 14,463 യൂണിറ്റുകളിൽ സംയോജിത കൃഷി മാതൃകകൾ പ്രോത്സാഹിപ്പിച്ചു.
- ശാസ്ത്രീയ കാർഷിക രീതികളും, നൂതന കാർഷിക സാങ്കേതിക വിദ്യകളും കർഷകർക്കിടയിൽ പ്രചരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കൃഷി അസിസ്റ്റന്റ് ഡയറക്ടർ കൺവീനറായും കേരള കാർഷിക സർവകലാശാലയിലെ ശാസ്ത്രജ്ഞർ നോഡൽ ഓഫീസറുമായുള്ള ബ്ലോക്ക്തല കാർഷിക വിജ്ഞാന കേന്ദ്രങ്ങൾ 152 ബ്ലോക്കുകളിലും സ്ഥാപിച്ചു.
- പുതിയ ഓൺലൈൻ സോഫ്റ്റ് വെയർ 'സ്മാർട്ട്' ആരംഭിച്ചു. പ്രകൃതിക്ഷോഭം മൂലമുള്ള വിളനഷ്ട ക്ലെയിമുകൾ വിള ഇൻഷുറൻസ് ക്ലയിമുകൾ എന്നിവ നേരിട്ടുള്ള ആനുകൂല്യ കൈമാറ്റത്തിലൂടെ വിതരണം ചെയ്യുന്നതിന് സഹായിച്ചു.
- ജൈവ ഉൽപ്പന്നങ്ങളുടെ ഗുണനിലവാര നിയന്ത്രണം ഉറപ്പുവരുത്തുന്നതിനായി പാലക്കാട് പട്ടാമ്പിയിൽ ജീവാണു ജൈവവള ഗുണനിലവാര നിയന്ത്രണ ലബോറട്ടറി (ബി.ഒ.ക്യു.സി.എൽ) സ്ഥാപിച്ചു.
- വിലയിടിഞ്ഞ സാഹചര്യത്തിൽ റബ്ബർ കർഷകർക്ക് മിനിമം താങ്ങുവില ഉറപ്പാക്കുന്നതിന് 2,800 ലക്ഷം രൂപയ്ക്ക് റബ്ബർ ഉൽപ്പാദന പ്രോത്സാഹനം നൽകി.
- കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ പെൻഷൻ പദ്ധതികളും ക്ഷേമ പരിപാടികളും നടപ്പിലാക്കുന്നതിനായി കർഷക ക്ഷേമ നിധി ബോർഡ് 2020–ൽ സ്ഥാപിതമായി.
- 60 വയസും അതിൽ കൂടുതലുമുള്ള കർഷകർക്ക് പ്രതിമാസം 1,600 രൂപ കർഷക ക്ഷേമ പെൻഷൻ നൽകുകയും 2020–21–ൽ അർഹരായ കർഷകർക്ക് 564.7 കോടി രൂപ വിതരണം ചെയ്യുകയും ചെയ്തു.

### സുഭിക്ഷ കേരളം

ഭക്ഷ്യവിളകളുടെ വിസ്തൃതി, ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവ വർധിപ്പിച്ച് ഭക്ഷ്യസുരക്ഷ കൈവരിക്കുക എന്ന ലക്ഷ്യത്തോടെ 2020–21–ൽ ആരംഭിച്ച സുഭിക്ഷകേരളം പരിപാടി, കോവിഡ് 19

മഹാമാരിയുടെ കാലത്ത് ഭക്ഷ്യ വിതരണത്തിന്റെ ദൗർലഭ്യം നേരിടാനുള്ള സംസ്ഥാനത്തെ ഒരു പ്രധാന സംരംഭമായിരുന്നു. കൃഷിയോഗ്യമായ തരിശുനിലങ്ങളിൽ പ്രധാനമായും നെല്ല്, പച്ചക്കറികൾ, ഫലവിളകൾ, കിഴങ്ങുവർഗ്ഗങ്ങൾ, പയറുവർഗ്ഗങ്ങൾ, തിനകൾ എന്നീ വിളകളുടെ കൃഷിയാണ് ഈ പരിപാടിയിലൂടെ പ്രധാനമായും നടപ്പിലാക്കിയത്. സംയോജിത കാർഷിക സമ്പ്രദായങ്ങളുടെ ജനകീയവൽക്കരണം, മഴമറ കൃഷി, കർഷകർക്ക് വായ്പാ സൗകര്യങ്ങൾ സുഗമമാക്കൽ എന്നിവയ്ക്കും ഇതിലൂടെ പിന്തുണ നൽകി. ഈ പരിപാടിയിൽ യഥാക്രമം 9,070 ഹെക്ടർ, 4527 ഹെക്ടർ, 3,381 ഹെക്ടർ, 4,908 ഹെക്ടർ, 636 ഹെക്ടർ, 325 ഹെക്ടർ തരിശുനിലപ്രദേശത്ത് നെല്ല്, പച്ചക്കറികൾ, ഫലവൃക്ഷത്തൈകൾ, കിഴങ്ങുവർഗ്ഗങ്ങൾ, പയർ, തിന എന്നിവ കൃഷി ചെയ്തു. തരിശുനിലകൃഷിയിലൂടെ 1,49,163 തൊഴിലാളികൾക്ക് തൊഴിൽ നൽകിയതായി കണക്കാക്കപ്പെടുന്നു. കന്നുകാലി വളർത്തൽ, കോഴി വളർത്തൽ, ആട് വളർത്തൽ, തേനീച്ച വളർത്തൽ, കൂൺ കൃഷി എന്നിവയിലൂടെ 14,463 സംയോജിത കൃഷി സമ്പ്രദായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും സഹായം നൽകി.

## കൃഷി വകുപ്പിന്റെ 2021–22 വാർഷിക പദ്ധതിയിലെ പ്രധാന സംരംഭങ്ങൾ

2021–22 വർഷത്തിൽ കാർഷികവികസന കർഷകക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങൾ വിളപരിപാലനം, വിപണനം, മൂല്യവർദ്ധന, വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ, കർഷകക്ഷേമ പദ്ധതികൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. കാര്യക്ഷമമായ വിഭവ പരിപാലനം, കാലാവസ്ഥയെ പ്രതിരോധിക്കുന്ന രീതികൾ, സാങ്കേതിക വിദ്യാധിഷ്ഠിത വികസനം എന്നിവയ്ക്കും പ്രാധാന്യം നൽകുന്നു. വിള അധിഷ്ഠിത വിള ഉല്പാദന പരിപാടികൾക്ക് പുറമേ ശാസ്ത്രീയവും നല്ലതുമായ കാർഷിക രീതികൾ പ്രോത്സാഹിപ്പിക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു. കർഷകർക്ക് വരുമാന സുരക്ഷ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ മൂല്യവർദ്ധനവിലൂടെ കാർഷിക മേഖലയുടെ വ്യവസായാധിഷ്ഠിത വികസനവും പിന്തുണയ്ക്കുന്നു. കാർഷിക വായ്പാ സൗകര്യങ്ങൾ, വിള ഇൻഷുറൻസ് പരിരക്ഷ, വിലസ്ഥിരതയ്ക്കു വിപണി ഇടപെടൽ, കർഷക പെൻഷൻ എന്നിവയാണ് സംസ്ഥാനം പിന്തുണയ്ക്കുന്ന മറ്റ് കർഷക സൗഹൃദ പരിപാടികൾ.

ഭക്ഷ്യവിള ഉല്പാദന പദ്ധതികളിൽ നെല്ല്, പച്ചക്കറികൾ, പയറുവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, പഴവർഗ്ഗങ്ങൾ, ചെറു ധാന്യങ്ങൾ, കരിമ്പ്, എള്ള് തുടങ്ങിയ നിർദ്ദിഷ്ട വിളകളുടെ വികസനവും ഉൾപ്പെടുന്നു. കേരഗ്രാമങ്ങളിലൂടെയും നാളികേര മിഷൻ പ്രവർത്തനങ്ങളിലൂടെയും നാളികേര മേഖലയുടെ സമഗ്ര വികസനം, ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉല്പാദനവും വിതരണവും, ജനകീയ പങ്കാളിത്തത്തോടെ സമഗ്രമായ തരിശുനില കൃഷി, ലബോറട്ടറികളുടെ നവീകരണം, വിപണനത്തിനുള്ള സ്ഥാപന സംവിധാനം, അഗ്രികൾച്ചറൽ ടെക്നോളജി മാനേജ്മെന്റ് ഏജൻസി (ആത്മാ പ്ലസ്) മാതൃക വിപുലീകരണം, സുഗന്ധവ്യഞ്ജനങ്ങളുടെ പുനരുജ്ജീവനം, കാർഷിക ഉൽപ്പന്നങ്ങളുടെയും നിവേശങ്ങളുടെയും ഗുണനിലവാര നിയന്ത്രണം, മണ്ണിന്റെ ആരോഗ്യ പരിപാലനം, വിള ആരോഗ്യ പരിപാലനം, വിള ഇൻഷുറൻസ്, കാർഷിക സേവന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തൽ, വയനാട്ടിലെ കുരുമുളകിന്റെ പുനരുജ്ജീവന പാക്കേജ്, ഫലവർഗ്ഗ കൃഷിവികസന പാക്കേജ് കുട്ടനാട്ടിലെ കാർഷിക മേഖലയുടെ വികസനം, അടയ്ക്ക കൃഷി പ്രോത്സാഹനം വകുപ്പിന്റെ സാങ്കേതികവിദ്യാ സംവിധാനം ശക്തിപ്പെടുത്തൽ തുടങ്ങിയ പദ്ധതികൾ തുടരുന്നു.

പഴങ്ങൾക്കും പച്ചക്കറികൾക്കും വിലയിടിവിന്റെ സാഹചര്യത്തിൽ കർഷകർക്ക് 16 ഇനം പഴം-പച്ചക്കറികൾക്ക് അടിസ്ഥാനവില ലഭ്യമാക്കുന്ന പദ്ധതിയാണ് 2021–22-ലെ മറ്റൊരു പ്രധാന സംരംഭം.

### വിള ഇൻഷുറൻസ് പദ്ധതി

കാർഷികമേഖല കാലാവസ്ഥയെ വളരെയധികം ആശ്രയിച്ചിരിക്കുന്നു. ആയതിനാൽ ഈ മേഖലയിലെ അനിശ്ചിതത്വങ്ങൾ അതിനെ വളരെയധികം ബാധിക്കുന്നു. കേരളത്തിലെ കാർഷിക ഉത്പാദകരിൽ ഭൂരിഭാഗവും ചെറുകിട കർഷകരാണ്. കാലാവസ്ഥയിലെ അനിശ്ചിതത്വം കൃഷിയെ വളരെ അപകടകരമായ സംരംഭമാക്കി മാറ്റുന്നതിനാൽ വിളകളുടെ വിളവിന്റെ അനിശ്ചിതത്വം ഓരോ കർഷകനും അഭിമുഖീകരിക്കേണ്ടി വരുന്ന അടിസ്ഥാന അപകടങ്ങളിലൊന്നാണ്. പ്രകൃതി വ്യതിയാനങ്ങൾ വിള ഉൽപ്പാദനത്തെ ബാധിക്കുകയും വരൾച്ച, വെള്ളപ്പൊക്കം, കീടങ്ങളുടെയും രോഗങ്ങളുടെയും ആക്രമണം എന്നിവ കാരണം നാശനഷ്ടങ്ങൾ സംഭവിക്കുകയും ചെയ്യുന്നതിനാൽ കർഷകരുടെ വരുമാനം നിലനിർത്തുന്നതിൽ വിള ഇൻഷുറൻസ് സുപ്രധാന പങ്ക് വഹിക്കുന്നു. പ്രധാന കാർഷിക വിളകളായ തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, അടയ്ക്ക, ഏലം, കശുമാവ്, പൈനാപ്പിൾ, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയറുവർഗ്ഗം, കിഴങ്ങുവർഗ്ഗം, കരിമ്പ്, പുകയില, നെല്ല്, മാവ്, ചെറുധാന്യങ്ങൾ എന്നീ വിളകൾ ഇൻഷുറൻസ് പരിധിയിൽ ഉൾപ്പെടുന്നു. വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ, ഭൂകമ്പം, കടൽക്ഷോഭം, കൊടുങ്കാറ്റ്, ചുഴലിക്കാറ്റ്, മിന്നൽ, വന്യജീവി ഭീഷണി, കാട്ടുതീ തുടങ്ങിയ പ്രകൃതിക്ഷോഭങ്ങളും പദ്ധതി പരിധിയിൽ ഉൾപ്പെടുന്നു.

2020–21 വർഷത്തിൽ സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയിൽ 45,134 കർഷകർക്ക് ഇൻഷുറൻസ് തുകയായി 6957.25 ലക്ഷം രൂപ വിതരണം ചെയ്തു.

പരിഷ്കരിച്ച ദേശീയ കാലാവസ്ഥ അടിസ്ഥാനമാക്കിയുള്ള വിള ഇൻഷുറൻസ് (ആർ.ഡബ്ല്യു. ബി.സി.ഐ.എസ്) പദ്ധതിയിൽ 2020 ഖാരിഫ് കൃഷിക്ക് 27950 കർഷകർ അംഗങ്ങളായി. 25285 കർഷകർക്കായി 62.06 കോടി രൂപ നൽകുകയുണ്ടായി. ഖാരിഫ് കൃഷിയിൽ നെല്ല്, അടയ്ക്ക, കുരുമുളക്, ഇഞ്ചി, കരിമ്പ്, മഞ്ഞൾ, ഏലം, പൈനാപ്പിൾ, വാഴ, ജാതിക്ക എന്നീ വിളകളും റാബി കൃഷിയിൽ നെല്ല്, വാഴ, കശുവണ്ടി, മാങ്ങ, കരിമ്പ്, പൈനാപ്പിൾ, ഉരുളക്കിഴങ്ങ്, കാബേജ്, ക്യാരറ്റ്, വെളുത്തുള്ളി, ബീൻസ്, വാളരിപ്പയർ, പടവലം, പാവൽ എന്നിവയും ഉൾപ്പെടുത്തിയിരുന്നു. ഖാരിഫ് 2020 കൃഷിക്ക് ചെറുധാന്യങ്ങൾ, തക്കാളി, കൊക്കോ, കുമ്പളം, മത്തൻ, വെള്ളരി, വെണ്ട,

മുളക് പുതുതായി ഉൾപ്പെടുത്തിയിരുന്നു. വെള്ളപ്പൊക്ക ത്തിന്റെ പശ്ചാത്തലത്തിൽ വെള്ളപ്പൊക്കം ഉരുൾപൊ ട്ടൽ മൂലമുണ്ടാകുന്ന നഷ്ടത്തിന് എല്ലാ വിളകളെയും, കനത്ത കാറ്റ് മൂലമുണ്ടാകുന്ന നഷ്ടത്തിന് വാഴ, ഏലം, ജാതിയ്ക്ക, അടയ്ക്ക എന്നീ വിളകളെയും ഉൾപ്പെടുത്തി. കാലാവസ്ഥാ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രതികൂല കാലാവസ്ഥയ്ക്കുള്ള ക്ലെയിമുകൾ പരിഹരിക്കു ന്നതിന് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന തരത്തിൽ 134 സ്ഥലങ്ങളിൽ ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകൾ സ്ഥാപിച്ചു.

2021–22 കാലയളവിൽ സുഗന്ധവ്യഞ്ജന ബോർഡും, അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പനിയും സംയുക്ത മായി നടപ്പിലാക്കുന്ന ഏലത്തിനായുള്ള കാലാവസ്ഥാ അടിസ്ഥാനമാക്കിയുള്ള വിള ഇൻഷ്വറൻസ് സ്കീം എന്ന പുതിയ പദ്ധതി നിലവിൽ വന്നു. അപ്രതീക്ഷിതമായു ണ്ടാകുന്ന മഴയോ അധിക മഴയോ മൂലമുണ്ടാകുന്ന നഷ്ടം ഇതിലുൾപ്പെടുന്നു. ഇതിനു കീഴിൽ ഹെക്ടറിന് 1,20,000 രൂപ എന്ന കണക്കിനാണ് ഇൻഷ്വറൻസ് തുക നൽകുന്നത്. ഇത് പരിഷ്കരിച്ച ദേശീയ കാലാവ സ്ഥ അടിസ്ഥാനമാക്കിയുള്ള വിള ഇൻഷ്വറൻസ് പദ്ധ തിയിൽ നൽകിവരുന്ന തുകയായ ഹെക്ടറിന് 45,000 രൂപ എന്ന നിരക്കിൽ നിന്നും കൂടുതലാണ്. ഈ പദ്ധതി യിൽ പ്രീമിയത്തിന്റെ 75 ശതമാനം സുഗന്ധവ്യഞ്ജന ബോർഡ് വഹിക്കുന്നു.

പ്രധാന മന്ത്രി ഫസൽ ബീമ യോജന (പി.എം.എഫ്. ബി.വൈ) 2021 ജനുവരിയിൽ അഞ്ചുവർഷം പൂർത്തി യാക്കി. രാജ്യത്തുടനീളമുള്ള കർഷകർക്ക് ഒരേ പ്രീമിയ ത്തിൽ പരിരക്ഷ നൽകുന്ന പദ്ധതിയാണിത്. നെല്ല്, വാഴ, മരച്ചീനി എന്നീ വിളകളാണ് ഇതിലുൾപ്പെടുത്തിയി രിക്കുന്നത്. ഖാരിഫ് 2020 സീസണിൽ നെൽകൃഷിക്ക് മാത്രം 13,985 കർഷകർ ഇൻഷ്വർ ചെയ്യുകയും 4,827 കർഷകർക്കായി 8.26 കോടി രൂപ നൽകുകയും ചെയ്തു.

### വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ (വി.എഫ്.പി.സി.കെ)

വിത്തു മുതൽ വിപണനം വരെയുള്ള വിവിധ കാർഷിക പ്ര വർത്തനങ്ങളിൽ, വാണിജ്യാടിസ്ഥാനത്തിൽ പഴം– പച്ച ക്കറി കർഷകരെ പിന്തുണയ്ക്കുന്നതിനുവേണ്ടി 2001–ൽ വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരള നിലവിൽ വന്നു. കർഷകർക്കുള്ള സാങ്കേതിക പിന്തുണ, പങ്കാളിത്ത സാങ്കേതിക പരീക്ഷണങ്ങൾ, സ്വയംസഹായ സംഘങ്ങളുടെ രൂപീകരണം, ജൈവ സർട്ടിഫിക്കേഷനായി പങ്കാളിത്ത ഗ്യാരന്റി പരിപാടി യുടെ പ്രോത്സാഹനം, പ്രചാരണം/പരിശീലന പരി പാടികൾ, ഗുണമേന്മയുള്ള വിത്തുകളുടെ ഉൽപ്പാദനം, പങ്കാളിത്ത വായ്പാപിന്തുണ, ഗ്രൂപ്പടിസ്ഥാനത്തിലുള്ള വിപണനം, നഗരപ്രദേശത്തെ പച്ചക്കറികൃഷി പ്രോത്സാ ഹനം തുടങ്ങിയവയാണ് ഇതിന്റെ പ്രധാന പ്രവർത്തന ങ്ങൾ.

2020–21–ൽ 3232 പുതിയ കർഷകരെ ഉൾപ്പെടുത്തി 127 പുതിയ സ്വയം സഹായ സംഘങ്ങൾ രൂപീകരി ച്ചു. ഇതോടെ രജിസ്റ്റർ ചെയ്ത കർഷകരുടെ എണ്ണം 2,09,030–ഉം സ്വയം സഹായ സംഘങ്ങളുടെ എണ്ണം 10,189–ഉം ആയി. നടീൽ വസ്തുക്കളുടെ ഉല്പാദനം ആല ത്തൂരിലെ വിത്തുസംസ്കരണ പ്ലാന്റ്, എറണാകുളം, തിരു വനന്തപുരം, കാസർഗോഡ് എന്നിവിടങ്ങളിലെ കൃഷി വ്യാപാര കേന്ദ്രങ്ങൾ, എറണാകുളം നെട്ടൂരിലെ നെട്ടൂർ നടക്കരയിൽ പ്രവർ ത്തിക്കുന്ന നഴ്സറി എന്നിവിടങ്ങളിലൂടെ നടപ്പിലാക്കി. വി.എഫ്.പി.സി.കെ, 2020–21–ൽ 82.34 മെട്രിക് ടൺ വിത്തും 49.91 ലക്ഷം പച്ചക്കറി ഫലവൃക്ഷതൈകളും ഉല്പാ ദിപ്പിച്ച് വിവിധ പരിപാടികളുടെ ഭാഗമായി കർഷകർക്ക് വിതരണം ചെയ്തു. പാട്ടഭൂമി കർഷകർ ഉൾപ്പെടെയുള്ള കർഷകർക്ക് വായ്പാ സൗകര്യം നൽകുകയും 2020–21–ൽ 7080 കർഷകർക്ക് താങ്ങാനാവുന്ന പലിശനിര ക്കിൽ കിസാൻ ക്രെഡിറ്റ് കാർഡ് പ്രകാരം 74.95 കോടി രൂപ വിതരണം ചെയ്യുകയും ചെയ്തു.

കാർഷിക കയറ്റുമതി നയത്തിനായുള്ള നിയുക്ത സംസ്ഥാന നോഡൽ ഏജൻസി എന്ന നിലയ്ക്ക് ത്രിച്ചി യിൽ പ്രവർത്തിക്കുന്ന നാഷണൽ റിസർച്ച് സെന്റർ ഫോർ ബനാന യുമായി സഹകരിച്ച് വി.എഫ്.പി.സി.കെ നേന്ത്രൻ വാഴയുടെ കടൽ കയറ്റുമതി പ്രോട്ടോക്കോൾ വികസിപ്പിച്ച് 2020–21–ൽ കയറ്റുമതി ചെയ്യാൻ തുടങ്ങി. ഇത് നേന്ത്രൻ, ഞാലിപൂവൻ, പടവലം, കോവൽ, വെള്ളരി, കുമ്പളങ്ങ, മത്തൻ തുടങ്ങിയ പച്ചക്കറികൾ അടങ്ങുന്ന 10 ഇനത്തിൽപ്പെട്ട ചരക്കുകൾ കുവൈറ്റ്, ദുബായ്, സിംഗപ്പൂർ, ലണ്ടൻ എന്നിവിടങ്ങളിലേയ്ക്കുള്ള കയറ്റുമതിയ്ക്ക് വഴിയൊരുക്കി. ഏകദേശം 42 മെട്രിക് ടൺ പഴങ്ങളും പച്ചക്കറികളും കയറ്റുമതി ചെയ്തു. വാഴപ്പഴ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി അഗ്രി കൾച്ചർ ആൻഡ് പ്രോസസ്ഡ് ഫുഡ് പ്രോഡക്ട്സ് എക്സ്പോർട്ട് ഡെവലപ്മെന്റ് അതോറിറ്റിയുടെ മാർഗ്ഗ നിർദ്ദേശ പ്രകാരം തിരുവനന്തപുരം, വയനാട്, തൃശ്ശൂർ എന്നിവിടങ്ങളിൽ ക്ലസ്റ്ററുകൾ രൂപീകരിക്കുന്നതിന് വി.എഫ്.പി.സി.കെ നേതൃത്വം നൽകി.

കോവിഡ്–19 മഹാമാരിയുടെ രണ്ടാം തരംഗം വി.എഫ്. പി.സി.കെ മുഖേനയുള്ള പഴം പച്ചക്കറി വിപണനത്തെ സാരമായി ബാധിച്ചു. 2019 മേയ് മാസത്തെ അപേ ക്ഷിച്ച് 2021 മെയ് മാസത്തിൽ വ്യാപാരത്തിന്റെ അളവും, മൂല്യവും യഥാക്രമം 11.8 ശതമാനവും, 52.5 ശതമാനവും കുറഞ്ഞു. പച്ചക്കറി വ്യാപാരത്തെയാണ് ഇത് കൂടുതൽ ബാധിച്ചത്. 2021 ജൂൺ മാസത്തിൽ വിപണി ഉയർന്നു വെങ്കിലും 2019 നെ അപേക്ഷിച്ച് വ്യാപാരമൂല്യത്തിൽ കാര്യമായ പുരോഗതി ഉണ്ടായില്ല.

### സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ

നാഷണൽ ഹോർട്ടികൾച്ചർ മിഷൻ എന്ന കേന്ദ്രാവി ഷ്കൃത പദ്ധതി നടപ്പിലാക്കുന്നതിനായി 2005 ലാണ് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ രൂപീകരിച്ചത്. ഇത് 2014–15 വർഷം മുതൽ സംയോജിത ഹോർട്ടികൾച്ചർ വികസനത്തിനുള്ള മിഷനായി രൂപകൽപ്പന ചെയ്തു. ഇത് കൂടാതെ പ്രധാന മന്ത്രി കൃഷി സിഞ്ചായി യോജന മൈക്രോ ഇറിഗേഷൻ ഘടകം, പരമ്പരാഗത കൃഷി വികാസ് യോജന (PKVY), രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY) എന്നിവയും മിഷൻ നടപ്പിലാക്കുന്നു.

പഴവർഗ്ഗങ്ങളായ മാമ്പഴം, വാഴപ്പഴം, ടിഷ്യുകൾച്ചർ വാഴ, പൈനാപ്പിൾ, സ്ട്രോബറി, പച്ചക്കറികൾ, സുഗ ന്ധവ്യഞ്ജനങ്ങളായ കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ജാതിക്ക, പൂക്കൾ, ഔഷധസസ്യങ്ങൾ, കൂൺ, കശുവണ്ടി,

കൊക്കോ, തോട്ടവിളകൾ, സുഗന്ധവിളകൾ തുടങ്ങിയവ ഉൾപ്പെടുന്ന ഹോർട്ടികൾച്ചർ മേഖലയുടെ സമഗ്ര വികസനമാണ് മിഷന്റെ പ്രധാന ലക്ഷ്യം. കർഷകർ, കർഷക കൂട്ടായ്മകൾ, സ്വയം സഹായ സംഘങ്ങൾ, രജിസ്റ്റർ ചെയ്ത സൊസൈറ്റികൾ, സ്വകാര്യ സംരംഭകർ, സർക്കാരിതര സംഘടനകൾ, ഗവേഷണ സ്ഥാപനങ്ങൾ, കൃഷിവിജ്ഞാന കേന്ദ്രങ്ങൾ എന്നിവയാണ് പരിപാടിയുടെ പ്രധാന പങ്കാളികൾ.

ഉൽപാദനവും ഉൽപ്പാദനക്ഷമതയും മെച്ചപ്പെടുത്തൽ, വിളവെടുപ്പിനുശേഷമുള്ള പരിപാലനം, വിപണനം എന്നിവ മിഷന്റെ പ്രധാന പരിപാടികളിൽ ഉൾപ്പെടുന്നു. വിളവെടുപ്പിന് ശേഷമുള്ള പരിപാലനത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് മൊത്ത ചില്ലറ വിപണികളുടെ സ്ഥാപനം, സംസ്കരണശാലകൾ, തരംതിരിക്കൽ, ശീതീകരണ യൂണിറ്റുകൾ, മൊബൈൽ പ്രീകൂളിംഗ് യൂണിറ്റുകൾ, സംയോജിത പായ്ക്ക് ഹൗസുകൾ, റീഫർ കണ്ടെയ്നറുകൾ എന്നിവയ്ക്ക് മിഷൻ പിന്തുണ നൽകി വരുന്നു. ജലവിഭവ സൃഷ്ടിയുടെ ഭാഗമായി 336 ഉപഭോക്താക്കൾക്കായി എട്ട് സാമൂഹിക ജലസംഭരണികൾ സ്ഥാപിക്കുന്നതിന് സഹായം നൽകി. സംരക്ഷിത കൃഷിയിലൂടെ 1.48 ഹെക്ടർ പ്രദേശത്ത് ഓർക്കിഡ്, ആന്തൂറിയം, കാർണേഷൻ, ജർബെറ, റോസ് കൃഷി എന്നിവ പ്രോത്സാഹിപ്പിച്ചു. കൂടാതെ 331 ഹെക്ടർ തുറന്ന പ്രദേശത്ത് കട്ട് ഫ്ലവർ കൃഷിക്കും പിന്തുണ നൽകി.

പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജന–ഓരോ തുള്ളി കൂടുതൽ വിള–സൂക്ഷ്മ ജലസേചന ഘടകത്തിൽ 157.88 ഹെക്ടർ പ്രദേശത്ത് തുള്ളി നനയ്ക്കും 140.09 ഹെക്ടർ പ്രദേശത്ത് സ്പ്രിംഗ്ളർ ജലസേചനത്തിനുമായി 38.59 ലക്ഷം രൂപ സഹായം നൽകി. കൂടാതെ ഈ കാലയളവിൽ രാഷ്ട്രീയ കൃഷിവികാസ് യോജനയിൽ അഞ്ഞൂറ് കൂൺകൃഷി യൂണിറ്റുകൾക്കും, എട്ട് ശർക്കര ഉൽപ്പാദന യൂണിറ്റുകൾക്കും 2020–21–ൽ സഹായം നൽകി.

ഔഷധസസ്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ പൊതുമേഖലയിൽ ദേശീയ ആയുഷ് മിഷൻ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി ഔഷധസസ്യങ്ങൾക്കായി മാതൃക നഴ്സറി സ്ഥാപിച്ചു.

എല്ലാ വീടുകളിലും പോഷകാഹാര തോട്ടം എന്ന നൂതന ആശയം നടപ്പിലാക്കുന്നതിനായി 2020–21–ൽ "ഗാർഹിക ഭക്ഷ്യസുരക്ഷയും പച്ചക്കറികളും കൂൺ അധിഷ്ഠിത പോഷകാഹാര ഉദ്യാനവും" എന്ന പദ്ധതി ആരംഭിച്ചു. ഇതിന്റെ ഭാഗമായി 25,000 വീടുകളിൽ വി.എഫ്.പി.സി.കെ യുമായി യോജിച്ച് ഈ പദ്ധതി നടപ്പിലാക്കി.

### കേരളം പുനർനിർമ്മാണ സംരംഭം

2018–ലെ വെള്ളപ്പൊക്കത്തിന് ശേഷം ഹരിതാഭവും പ്രതിരോധശേഷിയുമുള്ള കേരളത്തെ വികസിപ്പിക്കുന്നതിനായി സംസ്ഥാനം റീബിൽഡ് കേരള ഇനിഷ്യേറ്റീവ് എന്ന സംരംഭം ആരംഭിച്ചു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖേന പതിമൂന്ന് പദ്ധതികളും മൂന്ന് പഠനങ്ങളും സംസ്ഥാന ഭൂവികസന കോർപ്പറേഷൻ, സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരളം, കേരള കാർഷിക സർവകലാശാല, കേരള കാർഷിക വ്യവസായ കോർപ്പറേഷൻ എന്നിവ മുഖേന നടപ്പിലാക്കുവാൻ അനുമതി നൽകി. ഇതിൽ രണ്ടു പദ്ധതികളും, രണ്ടു പഠനങ്ങളും പൂർത്തീകരിച്ചു.

സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ, വി.എഫ്.പി.സി.കെ മുഖേന മലബാർ മേഖലയിലെ തണ്ണീർത്തടങ്ങളിലെ കൃഷി പുനസ്ഥാപിക്കുന്നതിന് സഹായകമായി കുത്താളിയിൽ പ്രവർത്തിക്കുന്ന ജില്ലാ കാർഷിക ഫാമിൽ സ്ഥാപിച്ച അഗ്രോമെഷിനറി കെയർ സെന്റർ കൂടാതെ ഏഴ് ജില്ലകളിൽ സ്ഥാപിച്ച പ്രാഥമിക സംസ്കരണ കേന്ദ്രങ്ങൾ, കൊച്ചി കാക്കനാട്ടിൽ സ്ഥാപിച്ച പച്ചക്കറി–പഴ സംസ്കരണ വിപണന കേന്ദ്രം എന്നിവ ആർ.കെ.ഐ യുടെ കീഴിലുള്ള പ്രധാന നേട്ടങ്ങളാണ്. പച്ചക്കറികളുടെയും, പൂക്കളുടെയും കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും, കർഷകർക്ക് ഉയർന്ന വരുമാനം നേടുന്നതിനും ലക്ഷ്യമിട്ട് നെതർലാന്റ്സ് സർക്കാരിന്റെ സഹകരണത്തോടെ പച്ചക്കറികൾക്കും പൂക്കൾക്കും വേണ്ടിയുള്ള മികവിന്റെ കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് 2020–21–ൽ തുടക്കമിട്ടു.

### നീർത്തട വികസന സംരംഭങ്ങൾ

പ്രകൃതിവിഭവ സംരക്ഷണം, ദാരിദ്ര്യ നിർമ്മാർജ്ജനം, മെച്ചപ്പെട്ട ഉപജീവനമാർഗ്ഗം, മെച്ചപ്പെട്ട ജൈവ–ഭൗതിക സാമൂഹിക അന്തരീക്ഷം എന്നിവയിലൂടെ സുസ്ഥിരവികസനം കൈവരിക്കുന്നതിന് തണ്ണീർത്തടാധിഷ്ഠിത വികസന പരിപാടികൾ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. മണ്ണുപര്യവേക്ഷണ മണ്ണുസംരക്ഷണ വകുപ്പ് 1995–96 മുതൽ ആർ.ഐ.ഡി.എഫ് പദ്ധതികൾക്ക് കീഴിൽ നബാർഡിന്റെ ഫണ്ട് ഉപയോഗിച്ച് നീർത്തടാടിസ്ഥാനത്തിൽ മണ്ണ്–ജല സംരക്ഷണ മേഖലയിൽ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു. 2020–21–ൽ 135 നീർത്തടങ്ങളിലായി 10,061 ഹെക്ടർ സംരക്ഷിച്ചു. ഇതുവരെ 463 നീർത്തടങ്ങളിലായി 1.30 ലക്ഷം ഹെക്ടർ പ്രദേശങ്ങളിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

2019–20 മുതൽ തളിപ്പറമ്പ്, കാട്ടാക്കട നിയോജക മണ്ഡലങ്ങളിൽ "സൂക്ഷ്മ തണ്ണീർത്തടങ്ങളുടെ വികസനം" എന്ന പദ്ധതിയിൽ സൂക്ഷ്മ നീർത്തട അടിസ്ഥാനത്തിൽ മണ്ണ്–ജല സംരക്ഷണ പ്രവർത്തനങ്ങൾ ആരംഭിച്ചു. 2019–20 മുതൽ 2021–22 വരെയുള്ള കാലയളവിൽ തളിപ്പറമ്പിലും കാട്ടാക്കടയിലുമായി യഥാക്രമം 137.92 ഹെക്ടറും, 271.16 ഹെക്ടറും സംരക്ഷിച്ചു.

ഏഴ് ഗ്രാമ പഞ്ചായത്തുകളിലും രണ്ടു മുനിസിപ്പാലിറ്റികളിലും ഗ്രാമീണ ഉപജീവനമാർഗമായ ചെറുകിട സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ 2020–21 വർഷത്തിൽ തളിപ്പറമ്പിലെ നിയോജക മണ്ഡലം വികസന പരിപാടിയായ 'സമൃദ്ധി' ആരംഭിച്ചു. ഈ പദ്ധതി 2024–25–ൽ പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

കാർഷികമേഖലയുമായി ബന്ധപ്പെട്ട മറ്റു വിവരങ്ങൾ **അനുബന്ധം 3.1.20, 3.1.21, 3.1.22, 3.1.23, 3.1.24**–ൽ നൽകിയിരിക്കുന്നു.

## കാർഷിക ഗവേഷണവും വിദ്യാഭ്യാസവും

സംസ്ഥാനത്തെ പ്രമുഖ കാർഷിക സ്ഥാപനമായ കാർഷിക സർവകലാശാല, മൾട്ടി–ഡിസിപ്ലിനറി വിദ്യാഭ്യാസം സമന്വയം, സംസ്ഥാനവുമായി ബന്ധപ്പെട്ട പ്രശ്ന നിർദ്ദിഷ്ട ഗവേഷണങ്ങൾ ശക്തിപ്പെടുത്തൽ, പ്രകൃതി വിഭവങ്ങളുടെ സുസ്ഥിര പരിപാലനത്തിനായി വേണ്ട നൂതന വിജ്ഞാനവ്യാപന സമ്പ്രദായ ആവിഷ്ക്കരണം, സുസ്ഥിര കാർഷിക ഉൽപ്പാദനം തുടങ്ങി മൊത്തത്തിൽ ഗ്രാമീണ ഉപജീവനമാർഗ്ഗങ്ങൾ മെച്ചപ്പെടുത്തുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നു. ഏഴ് കോളേജുകൾ, ആറ് പ്രാദേശിക ഗവേഷണ കേന്ദ്രങ്ങൾ, 17 ഗവേഷണ സ്ഥാപനങ്ങൾ സംസ്ഥാനത്തുടനീളമുള്ള നാല് ഫാമുകൾ എന്നീ സ്ഥാപനങ്ങളുടെ ശൃംഖല കൂടാതെ ഇന്ത്യൻ കാർഷിക കൗൺസിലിന്റെ 31 അഖിലേന്ത്യാ ഏകോപന പദ്ധതികളും ഉൾപ്പെടുന്നു. കൂടാതെ സംരംഭകത്വം, കാർഷിക വ്യവസായം ഉൾപ്പെടെയുള്ള കാർഷിക മേഖലയുടെ സുസ്ഥിരമായ വളർച്ചയ്ക്കുവേണ്ടിയുള്ള നവീകരണങ്ങളിലും സാങ്കേതിക വികസനത്തിലും പ്രധാന പങ്ക് വഹിക്കുന്നു.

പതിമൂന്നാം പഞ്ചവത്സരപദ്ധതി കാലയളവിൽ കാലാവസ്ഥാ വ്യതിയാനം മൂലം കാർഷികമേഖലയിലെ ആഘാതങ്ങളുടെ വിലയിരുത്തൽ, സാമൂഹിക ദുർബലതയും ലഘൂകരണവും, ആഘാതങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള തന്ത്രങ്ങൾ ആവിഷ്ക്കരിക്കുക, കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കുന്ന വിളയിനങ്ങളുടെ വികസനം, ജൈവസാങ്കേതിക വിദ്യയുടെ ഉപയോഗം, പരമ്പരാഗത വിളയിനങ്ങളുടെ സംരക്ഷണവും ഉപയോഗവും, പ്രകൃതിവിഭവ സംരക്ഷണം തുടങ്ങിയ മേഖലകളിൽ സർവ്വകലാശാലയിലെ ഗവേഷണ പ്രവർത്തനങ്ങൾ ഊന്നൽ നൽകി. കൂടാതെ ഉപയോഗിക്കാൻ എളുപ്പവും സുരക്ഷിതവുമായിട്ടുള്ള കാർഷിക യന്ത്രങ്ങളുടെ രൂപകൽപ്പന, കൃഷിയിൽ രാസവസ്തുക്കളുടെ ഉപയോഗം പരിമിതപ്പെടുത്തൽ, പ്രകൃതി സൗഹൃദ രോഗകീട പരിപാലന മാർഗ്ഗങ്ങൾ, മണ്ണിന്റെ ആരോഗ്യം സുസ്ഥിരമായി നില നിർത്തുന്നതിന് കൃത്യതാ കൃഷി, ഹൈടെക് കൃഷി പോലെയുള്ള കൃഷിരീതികൾക്കുള്ള സാങ്കേതികവിദ്യാ വികസനം തുടങ്ങിയവയിൽ കേന്ദ്രീകരിച്ചായിരുന്നു ഗവേഷണങ്ങൾ. അങ്ങനെ കാർഷിക ഗവേഷണത്തിലെ പ്രധാന വിടവുകൾ നികത്തുന്നതിനും കാർഷികമേഖലയെ സുസ്ഥിരമായി ഉയർത്തുവാൻ സഹായിക്കുന്ന ഫലങ്ങൾ കൊണ്ടുവരുന്നതിനുമാണ് പദ്ധതികൾ ലക്ഷ്യമിട്ടത്. മാത്രമല്ല, ഗുണനിലവാരമുള്ള വിത്തുകളും നടീൽ വസ്തുക്കളും വികസിപ്പിക്കുന്നതിനും വിത്ത് പരിശോധനാ സംവിധാനങ്ങളിലൂടെ ഗുണനിലവാരം ഉറപ്പാക്കുന്നതിലും തുല്യ ഊന്നൽ നൽകി.

## പ്രധാന നേട്ടങ്ങൾ

1. ലവണാംശം, വരൾച്ച എന്നിവ പ്രതിരോധിക്കുന്ന നെല്ലിന്റെ ജനിതക രൂപങ്ങളെ തിരിച്ചറിയുന്നതിനായി 23 എസ്.എസ്.ആർ അടയാളങ്ങൾ ഉപയോഗിച്ച് നെല്ലിന്റെ 35 ജനിതകദ്രവ്യങ്ങളുടെ രൂപശാസ്ത്രപരമായ സ്വഭാവപഠനം പൂർത്തിയാക്കി.
2. ലായനി രൂപത്തിലുള്ള പി.ജി.പി.ആർ മിശ്രിതം–1 വികസിപ്പിച്ചു. കോട്ടയത്തും കൊല്ലത്തുമുള്ള കാർഷിക വിജ്ഞാനകേന്ദ്രത്തിലും കായംകുളത്തെ ഓണാട്ടുകര പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിലും ഫീൽഡ്തല പരീക്ഷണങ്ങൾ പുരോഗമിക്കുന്നു.
3. പ്രാദേശിക ഇനങ്ങളുടെയും പരമ്പരാഗത ഇനങ്ങളുടെയും സംരക്ഷണം, പരിപാലനം, ലഭ്യത, വ്യാപനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി ആരംഭിച്ച വിത്ത് ബാങ്ക് പദ്ധതിയിൽ ഏകദേശം 50,000 വിത്തു ശേഖരങ്ങൾ 30 വർഷത്തേക്ക് സംരക്ഷിക്കാൻ സൗകര്യമുള്ള വിത്തു ബാങ്കുകൾ സ്ഥാപിച്ചു.
4. കാർഷികവികസന കർഷകക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഫലവികസന പാക്കേജിനും നാളികേര മിഷൻ പരിപാടിക്കും യഥാക്രമം 8,41,262 ഫലവൃക്ഷത്തൈകളും 2,62,316 തെങ്ങിൻ തൈകളും വിതരണം ചെയ്തു.
5. വിത്ത്, നടീൽ വസ്തുക്കൾ, ജൈവനിയന്ത്രണോപാധികൾ എന്നിവയുടെ ഉൽപാദന വിതരണത്തിലൂടെ 27.93 കോടി രൂപ വരുമാനമായി ലഭിച്ചു.
6. അത്യുൽപാദനശേഷിയുള്ള 12 പുതിയ വിളയിനങ്ങൾ പുറത്തിറക്കി. ഇതിൽ നെല്ലിന്റെ രണ്ട് ഇനങ്ങൾ പച്ചക്കറിയിലെ അഞ്ച് ഇനങ്ങൾ, സുഗന്ധവ്യഞ്ജനത്തിന്റെ ഒരിനം, മറ്റുവിളകളിൽ മൂന്ന് ഇനങ്ങൾ എന്നിവ ഉൾപ്പെടുന്നു.
7. സസ്യ ജനിതകഘടന സംരക്ഷണത്തിൽ ദേശീയതലത്തിൽ അവാർഡുകൾ ലഭിച്ചു.
8. 152 ബ്ലോക്കുകളിൽ പ്രവർത്തിക്കുന്ന കാർഷിക വിജ്ഞാന കേന്ദ്രങ്ങളിലൂടെ ശാസ്ത്രീയ കൃഷി രീതികൾ പ്രചരിപ്പിക്കുന്നതിനും കർഷകർക്ക് ആധുനിക സാങ്കേതികവിദ്യകൾപ്രദർശിപ്പിക്കുന്നതിനുംപ്രേരകമായി.
9. മൾട്ടി ഡിസ്സിനറി ടീം സന്ദർശനങ്ങളിലൂടെയും മുഖാമുഖം എന്ന കർഷക ഇന്റർഫേസ് പ്രോഗ്രാമിലൂടെയും കർഷകർക്ക് ഫാം ഉപദേശങ്ങളും ഡയഗ്നോസ്റ്റിക് സേവനങ്ങളും ലഭ്യമാക്കി. ഇതിന്റെ ഭാഗമായി 21 ഫീൽഡ് സന്ദർശനങ്ങൾ നടത്തി.
10. നേന്ത്രവാഴയിലെ തണ്ടുതുരപ്പൻ വണ്ടുകൾക്കെതിരെ ഔഷധസസ്യങ്ങളിൽ നിന്നും അഞ്ച് പ്രകൃതി സൗഹൃദ ഫോർമുലേഷനുകളും, ആഫ്രിക്കൻ ഒച്ചിനെ പ്രതിരോധിക്കുന്നതിനായി സസ്യത്തിൽ നിന്നും രണ്ട് ഫോർമുലേഷനുകളും വികസിപ്പിച്ചു.
11. ഉപയോഗശൂന്യമായ ഔഷധ, സുഗന്ധ സസ്യങ്ങളിൽ നിന്നും വികസിപ്പിച്ച രണ്ടു കൊതുക നിവാരണ ക്രീമുകൾക്ക് സർക്കാർ ലാബ് സാക്ഷ്യപത്രം ലഭിച്ചു.
12. ബാറ്ററിയിൽ പ്രവർത്തിക്കുന്ന നാലുവരി നടീൽ യന്ത്രവും റോട്ടോസ്പ്രേഡർ ഘടിപ്പിച്ചിട്ടുള്ള ടില്ലറും വികസിപ്പിച്ചു.
13. പൊക്കാളികൃഷിയിൽ ഉപയോഗിക്കുന്ന കെ.എ.യു വീഡ് വൈപ്പർ എന്ന യന്ത്രത്തിന്റെ രൂപകൽപ്പനയ്ക്കും വിളവെടുപ്പ് യന്ത്രത്തിനും വിശേഷാവകാശപത്രം ലഭിച്ചു.
14. നെല്ല് സംസ്കരണത്തിനായി യന്ത്രവൽകൃത ധാന്യ കൺവേയർ വികസിപ്പിച്ചു. മോട്ടോർ ഘടിപ്പിച്ച തെങ്ങുകയറ്റ യന്ത്രം കൂടുതൽ മെച്ചപ്പെടുത്തി.
15. സമ്പുഷ്ട കേരളം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ ചെറുപ്പക്കാരുടെയും, കൗമാരക്കാരുടെയും പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി ബഹു പോഷകമൂല്യമുള്ള ന്യൂട്രിബാറുകൾ വികസിപ്പിച്ചു.

കോവിഡ്-19 മഹാമാരിയുടെ രണ്ടാം തരംഗത്തിൽ ഏർപ്പെടുത്തിയ സമ്പൂർണ്ണ ലോക്ഡൗണും തുടർന്നുള്ള ഭാഗിക ലോക്ഡൗണുകളും നേരിട്ടും അല്ലാതെയും സ്ഥാപനത്തിന് ഹ്രസ്വകാലവും ദീർഘകാലവുമായ നഷ്ടം വരുത്തി. 2021 മെയ് മുതൽ ജൂൺ വരെയുള്ള കാലയളവിൽ വില്പന, ഉല്പാദനം, പ്രവർത്തനങ്ങളുടെ തടസ്സം, തൊഴിലാളികൾ എന്നിവയിലെ നഷ്ടം ഉൾപ്പെടെ മൊത്ത നഷ്ടം 2.55 കോടി രൂപയായി കണക്കാക്കുന്നു. വിത്തുകളുടെയും മറ്റു ഉല്പാദനോപാധികളുടെയും ലഭ്യത ഉറപ്പുവരുത്തുക, സ്ത്രീ ശാക്തീകരണത്തിലൂടെ പോഷക ത്തോട്ടങ്ങൾ പ്രോത്സാഹിപ്പിക്കുക, വിളവെടുപ്പിന് ശേഷമുള്ള നഷ്ടം തടയാൻ വീട്ടിലുണ്ടാക്കുന്ന പഴങ്ങളും പച്ചക്കറികളും സംസ്കരണത്തിന് ഓൺലൈൻ അഡ്വാൻസ് ബുക്കിംഗ് എന്നിവ ലോക്ഡൗൺ കാലയളവിൽ സർവകലാശാല നടത്തിയ ഇടപെടലുകളിൽ ചിലതാണ്.

## കൃഷിക്കും അനുബന്ധ മേഖലകൾക്കുമുള്ള ധനസഹായം

കാർഷിക-സാമൂഹിക-സാമ്പത്തിക വികസനത്തിന് സ്ഥൂല സൂക്ഷ്മ തലങ്ങളിൽ കാർഷിക ധനസഹായത്തിനു വളരെയേറെ പ്രാധാന്യമുണ്ട്. ഭക്ഷ്യ സുരക്ഷ, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, മൊത്തത്തിലുള്ള സാമ്പത്തിക വളർച്ച എന്നിവ ഉറപ്പാക്കുന്നതിൽ കാർഷിക ധനസഹായം ഒരു പ്രധാനപെട്ട പങ്ക് വഹിക്കുന്നു. ഗ്രാമീണ മേഖലകളിൽ മൂലധന നിക്ഷേപത്തിനും സുസ്ഥിര സാമ്പത്തിക സേവനങ്ങൾക്കും വലിയ അവശ്യകതയുണ്ട്. കാർഷിക ധനകാര്യത്തിൽ വായ്പ നിർണ്ണായകമായ ഒരു ഘടകമാണ്, എന്തെന്നാൽ ഇത് കാർഷിക-കാർഷികാനുബന്ധ മേഖലകളിലെ തുടക്കം മുതൽ ഒടുക്കം വരെയുള്ള പ്രവർത്തനങ്ങൾക്ക് നിർണായക പിന്തുണ നൽകുന്നു.

വിഭവസമാഹരണം, ഭൂവിനിയോഗം, കൃഷിരീതി, കൃഷിയുടെ തോത്, സാമൂഹിക-സാമ്പത്തിക ഘടകങ്ങൾ എന്നിവയിൽ രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളെ അപേക്ഷിച്ച് കേരളത്തിലെ കൃഷി രീതി വളരെ വ്യത്യസ്തമാണ്. സംസ്ഥാനത്തെ ഭൂരിഭാഗം കർഷകരും ചെറുകിട കർഷകരാണ്, നാമമാത്ര-ചെറുകിട തോട്ടങ്ങളിലാണ് ഉത്പാദനം പ്രധാനമായും നടക്കുന്നത്. കേരളംപോലൊരു സംസ്ഥാനത്ത് കാർഷികോൽപ്പന്നങ്ങളുടെ ശേഖരണത്തിന് വലിയ പ്രാധാന്യമുണ്ട്. കാർഷിക-കാർഷികാനുബന്ധ പ്രവർത്തനങ്ങളിൽ എർപ്പെട്ടിരിക്കുന്ന മുഴുവൻ വിതരണ ശൃംഖലയ്ക്കും വായ്പ നൽകുന്നതിൽ ധനകാര്യ സ്ഥാപനങ്ങൾ വലിയ പങ്ക് വഹിക്കുന്നുണ്ട്.

സംസ്ഥാനത്തെ ധനകാര്യ സ്ഥാപനങ്ങൾ പ്രാഥമിക (കാർഷിക) മേഖലയ്ക്ക് ദീർഘകാല, ഇടത്തരം, ഹ്രസ്വകാല വായ്പകൾ നൽകിവരുന്നു. 2021 മാർച്ച് 31 വരെ രാജ്യത്തെ മൊത്തം കാർഷിക മുന്നേറ്റത്തിന്റെ 5.64 ശതമാനം വരുന്ന കേരളത്തിൽ, കാർഷിക മുന്നേറ്റങ്ങൾ കഴിഞ്ഞ കുറച്ച് വർഷങ്ങളായി ഗണ്യമായി വർദ്ധിച്ചുവരുന്നുണ്ട്. നബാർഡിന്റെ സ്റ്റേറ്റ് ഫോക്കസ് പേപ്പർ 2021-22 പ്രകാരം, കേരളത്തിൽ ഒരു മികച്ച ബാങ്കിംഗ് ശൃംഖല തന്നെ നിലവിലുണ്ട്, 2021 മാർച്ച് വരെയുള്ള കണക്ക് പ്രകാരം കേരളത്തിൽ 7610 ബാങ്ക് ശാഖകളാണുള്ളത്, അതിൽ 6611 എണ്ണം വാണിജ്യ ബാങ്കുകൾ, ആർആർബികൾ, ചെറുകിട ധനകാര്യ ബാങ്കുകൾ എന്നിവയും സഹകരണ ബാങ്കിംഗ് മേഖലയിലെ 999 ശാഖകളുമാണ്.

സഹകരണ ബാങ്കുകളും പ്രൈമറി അഗ്രികൾച്ചർ ക്രെഡിറ്റ് സൊസൈറ്റികളും (പിഎസിഎസ്) സംസ്ഥാനത്ത് കാർഷിക സാമ്പത്തിക വളർച്ച ത്വരിതപെടുത്തുന്നതിൽ വലിയ പങ്ക് വഹിക്കുന്നുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതി രേഖയിൽ സൂചിപ്പിച്ചത് പ്രകാരം, "സംസ്ഥാനത്തിന്റെ ഗ്രാമീണ മേഖലകളിൽ അമിത പലിശ ഈടാക്കുന്നതിനെ ചരിത്രപരമായി ദുർബലപ്പെടുത്തുന്നതിൽ സഹകരണ വായ്പാ സ്ഥാപനങ്ങളുടെ പങ്ക് വളരെ വലുതാണ്." സംസ്ഥാന ആസൂത്രണ ബോർഡ് നിയോഗിച്ച നോട്ട് അസാധുവാക്കലിന്റെ ആഘാതത്തെക്കുറിച്ച് പഠിച്ച കമ്മിറ്റിയുടെ റിപ്പോർട്ടിൽ നിരീക്ഷിച്ചിരിക്കുന്നത് പോലെ, സഹകരണവും പ്രാഥമിക സഹകരണസംഘങ്ങളും കേരളത്തിന്റെ ശക്തിയും, സ്വാതന്ത്ര്യ സമരത്തിന്റെ സമ്പന്നമായ പാരമ്പര്യവുമാണ്. ഈ സ്ഥാപനങ്ങളിൽ ജനങ്ങൾക്കുള്ള വിശ്വാസം കേരളത്തിന്റെ ചരിത്ര പൈതൃകത്തിന്റെ ഭാഗമാണ്. ഇന്ന്, ഈ സ്ഥാപനങ്ങൾ സംസ്ഥാനത്തെ ഗ്രാമീണ സാമ്പത്തിക പ്രവർത്തനങ്ങളുടെ നട്ടെല്ലായാണ് പ്രവർത്തിക്കുന്നത്. ഈ അടുത്തിടെ, 13 സെൻട്രൽ ബാങ്കുകളെ (ജില്ലാ കേന്ദ്ര സഹകരണ ബാങ്കുകൾ; ഡിസിസിബികൾ) അപെക്സ് ബാങ്കുമായി (കേരള സ്റ്റേറ്റ് സഹകരണ ബാങ്ക്) ലയിപ്പിച്ച് പുതിയ കേരള ബാങ്ക് രൂപീകരിച്ചിരുന്നു. വികസിത സമ്പദ്‌വ്യവസ്ഥകളിൽ നിന്ന് വ്യത്യസ്തമായി, കേരളത്തിലെ സഹകരണ പ്രസ്ഥാനങ്ങൾ വലിയതോതിൽ അരാഷ്ട്രീയപരവും സർക്കാർ സ്വാധീനവലയത്തിന് പുറത്തുമാണ്, ആയതിനാൽ കേരളത്തിലെ സഹകരണമേഖല വികസനത്തിലും പ്രവർത്തനത്തിലും സർക്കാരിന്റെ സജീവ പങ്ക് അനുഭവിച്ചുവരുന്നുണ്ട്. വാസ്തവത്തിൽ, കേരളത്തിലെ ഒട്ടുമിക്ക സഹകരണസ്ഥാപനങ്ങളിലും അതിന്റെ അടച്ചുതീർത്ത മൂലധനത്തിൽ ഗവൺമെന്റിന്റെ വിഹിതവും ഉൾപ്പെട്ടിട്ടുണ്ട്. പ്രാദേശിക തലത്തിൽ, 2020 മാർച്ച് 31 വരെ കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് (KSCARDB) യുടെ 169 ഓഫീസുകളിലൂടെയും, 1647 പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിലൂടെയും (PACS) ക്രെഡിറ്റ് സഹകരണ സംഘങ്ങൾക്ക് കേരളത്തിൽ നല്ല ശൃംഖലതന്നെയുണ്ട്. കേരള ബാങ്കിന്റെ വിശദാംശങ്ങൾ ഈ അധ്യായത്തിൽ പ്രത്യേകം നൽകിയിരിക്കുന്നു.

സംസ്ഥാനത്തിന്റെ ക്രെഡിറ്റ് ഡെപ്പോസിറ്റ് അനുപാതം 2021 മാർച്ചിൽ 66 ശതമാനത്തിൽ നിന്ന് 65 ശതമാനമായി കുറഞ്ഞു, ഈ അനുപാതം വർഷംതോറും കുറഞ്ഞു വരുന്നതായാണ് സൂചിപ്പിക്കുന്നത്. മൊത്തം കാർഷിക വായ്പകളുടെ 2.9 ശതമാനമാണ് കാർഷിക, കാർഷികാനുബന്ധ മേഖലകളിലെ നിഷ്ക്രിയ ആസ്തി. 2021 മാർച്ച് 31 വരെയുള്ള കണക്കനുസരിച്ച്, 26365.37 കോടി രൂപയാണ് കിസാൻ ക്രെഡിറ്റ് കാർഡിന് (കെസിസി) കീഴിൽ ബാക്കി നിൽക്കുന്നത്. കെസിസിയുടെ കീഴിൽ എല്ലാ ഏജൻസികളും ചേർന്ന് 2020-21 വർഷത്തിൽ വിതരണം ചെയ്ത 8.82 ലക്ഷം കാർഡിലൂടെ 13721.86 കോടി രൂപ വിതരണം ചെയ്തിരുന്നു.

## കേരള ബാങ്ക്

ജില്ലാ സഹകരണ ബാങ്കുകളെ ലയിപ്പിക്കാനുള്ള സംസ്ഥാനത്തെ സഹകരണ മേഖലയുടെ തീരുമാനം ചരിത്രപരമായിരുന്നു. സഹകരണ മേഖലയുടെ നേതൃത്വത്തോടെയും സഹായത്തോടെയുമുള്ള ഗ്രാമീണ മേഖലയുടെ വളർച്ചയുടെ നീണ്ട ചരിത്രമുള്ള നമ്മുടെ സംസ്ഥാനത്ത്, കേരള ബാങ്ക് രൂപീകരണത്തിലൂടെ ഒരു മാതൃകാ പരിവർത്തനത്തിന് തുടക്കമിട്ടു. സംസ്ഥാനത്ത് വായ്പാധിഷ്ഠിത വളർച്ച സാധ്യമാക്കുന്നതിന് ലയനത്തിലൂടെ വൈവിദ്ധ്യപൂർണ്ണവും വിപുലവുമായ ഒരു സഹകരണബാങ്ക് എന്ന ആശയം ആവിഷ്കരിക്കുന്നതിലും നയിക്കുന്നതിലും ഇപ്പോഴത്തെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നിർണായകമായ പങ്കുവഹിച്ചിട്ടുണ്ട്. കേരള ബാങ്ക് എന്നറിയപ്പെടുന്ന സംയോജിത കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് 2019 നവംബർ 29-നാണ് നിലവിൽ വന്നത്. ബിസിനസ്സിന്റെയും ശാഖകളുടെ എണ്ണത്തിന്റെയും കാര്യത്തിൽ ഇത് കേരളത്തിലെ രണ്ടാമത്തെ വലിയ ബാങ്കാണ്. നിലവിൽ ബാങ്കിന്റെ മൊത്തം ബിസിനസ്സ് 1 ലക്ഷം കോടിയിലധികം വരും, 769 ശാഖകളും 7 റീജിയണൽ ഓഫീസുകളും, 13 ക്രെഡിറ്റ് പ്രോസസ്സിംഗ് സെന്ററുകളും ഉള്ള ബാങ്ക് കൃഷി, MSME, റീട്ടെയിൽ, ഹൗസിംഗ് സെഗ്മെന്റുകൾ എന്നിവക്കായി മുൻഗണനാ മേഖലയിൽ വിവിധതരത്തിലുള്ള കാർഷിക വായ്പകൾ വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ വഴിയും ബാങ്കിന്റെ ശാഖകൾ വഴിയും നബാർഡ് പോലുള്ള സ്ഥാപനങ്ങളിൽ നിന്ന് കുറഞ്ഞ പലിശ നിരക്കിൽ ലഭിക്കുന്ന റീഫിനാൻസ് സഹായം സാധാരണ കർഷകർക്കും ചെറുകിട സംരംഭകർക്കും ബാങ്ക് കൈമാറുന്നു. കൃഷി, ചെറുകിട വ്യവസായം, മത്സ്യബന്ധനം, മൃഗസംരക്ഷണം, ക്ഷീരവ്യവസായം, കുടുംബശ്രീ (സ്വയം സഹായ സംഘങ്ങൾ) തുടങ്ങിയ വകുപ്പുകളുടെ അംഗീകൃത പദ്ധതികളുടെ ഗുണഭോക്താക്കൾക്ക് വായ്പ നൽകുന്നതിലൂടെ കേരളാ ബാങ്കിന് കേരള സർക്കാരിന്റെ മുൻഗണനാ ബാങ്കായി മാറാൻ കഴിഞ്ഞിട്ടുണ്ട്. ഗ്രാമീണർക്കും, കർഷകർക്കും, അസംഘടിത മേഖലയിലുള്ളവർക്കും ലോകോത്തര ബാങ്കിംഗ് ഐടി അനുഭവങ്ങൾ നൽകാൻ കേരള ബാങ്കിന് കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തിന്റെ എല്ലാ മേഖലകളിലും സാമ്പത്തിക ഉത്തേജന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി അത് ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ ബാങ്ക് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. പാർശ്വവൽക്കരിക്കപ്പെട്ട എല്ലാ ജനവിഭാഗങ്ങളിലേക്കും എത്തിച്ചേരാനും ഒരു സാർവത്രിക ബാങ്കായി മാറാനുമുള്ള കാഴ്ചപ്പാടോടുകൂടിയാണ് കേരള ബാങ്ക് മുന്നോട്ട് പോകുന്നത്.

കാർഷിക വായ്പയുടെ വിതരണം 2016-17-ലെ 54,270.01 കോടി രൂപയിൽ നിന്ന് 2019-20 ആയപ്പോഴേക്കും 73,034.04 കോടി രൂപയായി. കാർഷിക വായ്പയുടെ വിതരണത്തിൽ ഗണ്യമായ വർധനയുണ്ടായിട്ടുണ്ടെന്നാണ് ഇത് സൂചിപ്പിക്കുന്നത്. 2019-20ൽ വിതരണം ചെയ്ത മൊത്തം കാർഷിക വായ്പയിൽ 33511.5 കോടി രൂപ പൊതുമേഖലാ വാണിജ്യ ബാങ്കുകളും 12476.5 കോടി രൂപ റീജിയണൽ റൂറൽ ബാങ്കുകളും (RRB) 11267.97 കോടി രൂപ സഹകരണ ബാങ്കുകളും 15777.9 കോടി രൂപ സ്വകാര്യ മേഖലയിലെ വാണിജ്യ ബാങ്കുകളും മറ്റ് ചെറുകിട ധനകാര്യ ബാങ്കുകളും ചേർന്നു വിതരണം ചെയ്തു. കാർഷിക, കാർഷികാനുബന്ധ പ്രവർത്തനങ്ങളിലെ വായ്പയുടെ മുന്നേറ്റത്തിൽ വാണിജ്യ ബാങ്കുകൾ പ്രധാന പങ്ക് വഹിക്കുന്നതായി ഇത് കാണിക്കുന്നു **(പട്ടിക 3.1.5).**

വിളവായ്പാ വിതരണം, 2018-19 ൽ നിശ്ചയിച്ച ലക്ഷ്യത്തിന്റെ 98 ശതമാനം മാത്രമായിരുന്നു, എന്നാൽ 2019-20-ൽ വിള വായ്പയുടെ നേട്ടം 105 ശതമാനമായി ഉയർന്നു. 2019-20-ലെ വായ്പാ ലക്ഷ്യത്തിനെതിരായി കാർഷിക വായ്പയുടെ 55 ശതമാനം മാത്രമേ സഹകരണ ബാങ്കുകൾ വിള വായ്പാ വിതരണം നടത്തിയിട്ടുള്ളൂ എന്നതിനാൽ തന്നെ കാർഷിക വായ്പയ്ക്ക് കീഴിലുള്ള വിള വായ്പയുടെ വിതരണത്തിലുള്ള കുറവ് മൊത്തത്തിലുള്ള പ്രകടനത്തെ ബാധിച്ചിട്ടുണ്ട്.


കാർഷിക ദീർഘകാല വായ്പാ നേട്ടം, 2018-19-ലെ 140 ശതമാനത്തിൽ നിന്ന് 2019-20 ൽ നിശ്ചയിച്ച ലക്ഷ്യത്തിന്റെ 97 ശതമാനം മാത്രമാണ് നേടാനായത്. 2019-20-ൽ ദീർഘകാല വായ്പാ ലക്ഷ്യത്തിന്റെ 74 ശതമാനം മാത്രമേ സഹകരണ ബാങ്കുകൾ കൈവരിച്ചിട്ടുള്ളൂ, കാർഷിക വായ്പ നൽകുന്നതിൽ സഹകരണസംഘങ്ങൾ പിന്നിലായത് ആശങ്കാജനകമാണെന്നാണ് ഇത് സൂചിപ്പിക്കുന്നത്. എന്നിരുന്നാലും, കഴിഞ്ഞ പത്ത് വർഷമായി, മുൻഗണനാ മേഖലയിലെ(കാർഷിക) വായ്പകളിൽ വർദ്ധിച്ചുവരുന്ന പ്രവണത കാണിക്കുന്നുണ്ട് **(ചിത്രം 3.1.5).**

**പട്ടിക 3.1.5,** 2019-20ൽ വിവിധ വായ്പകളുടെ എജൻസി തിരിച്ചുള്ള വിതരണം (രൂപ കോടിയിൽ)

| ക്രമ നമ്പർ | ഏജൻസിയുടെ പേര് | ഹ്രസ്വകാല(വിള) വായ്പ | | | ദീർഘകാല(ഉത്പാദന) വായ്പ | | | ആകെ കാർഷിക വായ്പ | | |
|---|---|---|---|---|---|---|---|---|---|---|
| | | ലക്ഷ്യം | നേട്ടം | % നേട്ടം | ലക്ഷ്യം | നേട്ടം | % നേട്ടം | ലക്ഷ്യം | നേട്ടം | % നേട്ടം |
| 1 | വാണിജ്യ ബാങ്കുകൾ | 18291.96 | 24044.71 | 131 | 10513.9 | 9466.81 | 90 | 28805.86 | 33511.52 | 116 |
| 2 | പ്രാദേശിക ഗ്രമീണ ബാങ്കുകൾ | 6840.57 | 10405.89 | 152 | 2253.45 | 2070.67 | 92 | 9094.02 | 12476.56 | 137 |
| 3 | സഹകരണ ബാങ്കുകൾ | 13098.20 | 7147.48 | 55 | 5578.96 | 4120.49 | 74 | 18677.17 | 11267.97 | 60 |
| 4 | സ്വകാര്യ വാണിജ്യ ബാങ്കുകൾ | 7987.66 | 7098.81 | 89 | 6472.55 | 7306.16 | 113 | 14460.21 | 14404.97 | 99 |
| 5 | ചെറുകിട ധനകാര്യ ബാങ്കുകൾ | 190.55 | 46.14 | 24 | 308.79 | 1326.87 | 430 | 499.34 | 1373.01 | 275 |
| | ആകെ | 46408.94 | 48743.03 | 105 | 25127.65 | 24291 | 97 | 71536.6 | 73034.03 | 102 |

അവലംബം: സ്റ്റേറ്റ് ഫോക്കസ് പേപ്പർ 2021-22

**ചിത്രം 3.1.5** കഴിഞ്ഞ പത്ത് വർഷത്തെ കേരളത്തിലെ കാർഷിക വായ്പാ വിതരണത്തിന്റെ പുരോഗതി





അവലംബം: സ്റ്റേറ്റ് ഫോക്കസ് പേപ്പർ 2021-22

## നിക്ഷേപ വായ്പ

മൊത്തം കാർഷിക വായ്പയെ ഉൽപ്പാദന വായ്പയായും നിക്ഷേപ വായ്പയായും വിഭജിച്ച് വിലയിരുത്തിയാൽ നിക്ഷേപ വായ്പയുടെ വിഹിതം 2015–16–ലെ 20 ശതമാനത്തിൽ നിന്ന് 2020–21 ആയപ്പോഴേക്കും മൊത്തം വായ്പയുടെ 37 ശതമാനമായി വർധിച്ചതായി കാണാൻ കഴിയും. എന്നിരുന്നാലും ദീർഘകാല/ നിക്ഷേപ വായ്പയുടെ വിഹിതം 2018–19 ൽ കാർഷിക മേഖലയ്ക്കുള്ള മൊത്തം ഗ്രൗണ്ട് ലെവൽ വായ്പയുടെ 38 ശതമാനത്തിൽ നിന്ന് 2019–20ൽ 33 ശതമാനമായി കുറഞ്ഞതായും 2020–21 ൽ അത് 37 ശതമാനമായി ഉയർന്നതായും കാണാം. **(ചിത്രം 3.1.6).**

കഴിഞ്ഞ കുറച്ച് വർഷങ്ങളായി നിക്ഷേപ വായ്പയുടെ അനുപാതത്തിൽ കാര്യമായ മാറ്റമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2010–11 ൽ, ഉൽപ്പാദന (ഹ്രസ്വകാല) വായ്പയും നിക്ഷേപ (ദീർഘകാല) വായ്പയും മൊത്തം ഗ്രൗണ്ട് ലെവൽ വായ്പ (ജിഎൽസി) വിതരണത്തിന്റെ യഥാക്രമം 78 ശതമാനവും 22 ശതമാനവും ആയിരുന്നു, 2020–21ൽ ഉൽപ്പാദന നിക്ഷേപ വായ്പകളുടെ അനുപാതം യഥാക്രമം 63 ശതമാനമായും 37 ശതമാനവുമായി മാറി. ഹ്രസ്വകാല വായ്പ 13 ശതമാനം കോമ്പൗണ്ട് വാർഷിക വളർച്ചാ നിരക്കിലും (സിഎജിആർ) ദീർഘകാല വായ്പ 20 ശതമാനം സിഎജിആറിലും നൽകിവരുന്നു. ദീർഘകാലാടിസ്ഥാനത്തിൽ കാർഷിക ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്തുന്നതിന് അത്യന്താപേക്ഷിതമായ ഒന്നാണ് നിക്ഷേപ വായ്പ, എന്തെന്നാൽ കാർഷികമേഖലയിൽ ആസ്തികൾ സൃഷ്ടിക്കുന്നതിന് ഇത് സഹായിക്കുന്നു. അതുകൊണ്ടുതന്നെ നിക്ഷേപവായ്പയുടെ വിഹിതം വർദ്ധിപ്പിക്കുന്നത് വളരെ പ്രധാനമാണ്. ദീർഘകാലാടിസ്ഥാനത്തിൽ നിക്ഷേപവായ്പയുടെ പ്രാധാന്യം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. കൃഷിയിൽ നിന്നുള്ള വരുമാനത്തിൽ സുസ്ഥിരമായ വർദ്ധനവ് ഉണ്ടാവേണ്ടതും അതിലൂടെ ജനസംഖ്യയുടെ ആവശ്യകതയ്ക്ക് അനുസൃതമായി ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കേണ്ടിയുമിരിക്കുന്നു എന്നത് സാർവത്രികവുമാണ്.

**ചിത്രം 3.1.6** കഴിഞ്ഞ പത്ത് വർഷത്തെ കേരളത്തിലെ മൊത്തം കാർഷിക വായ്പ വിതരണത്തിൽ നിക്ഷേപ, ഉൽപ്പാദന വായ്പകളുടെ വിഹിതം




അവലംബം: സ്റ്റേറ്റ് ഫോക്കസ് പേപ്പർ 2021-22

സംസ്ഥാനത്ത് കാർഷിക വായ്പയായി 2020–21–ൽ 83,102 കോടി രൂപ വിതരണം ചെയ്തു, ഇതിൽ 52,180 കോടി രൂപ ഉൽപ്പാദന വായ്പയായും 30,922 കോടി രൂപ നിക്ഷേപ വായ്പയുമായാണ് വിതരണം ചെയ്തത്. **അനുബന്ധം 3.1.25**–ൽ മേഖല തിരിച്ചുള്ള കാർഷികവായ്പാ വിതരണവും **അനുബന്ധം 3.1.26**–ൽ ഉൽപ്പാദന നിക്ഷേപ വായ്പകളുടെ വിഭജനവും നൽകിയിരിക്കുന്നു. കാർഷിക മേഖലയിൽ മൂലധന രൂപീകരണം സുഗമമാക്കുന്നതിന് ദീർഘകാല കാർഷികവായ്പാ വിതരണം കാര്യക്ഷമമായി ചെയ്യുന്നുണ്ടെന്ന് ബാങ്കുകൾ ഉറപ്പാക്കേണ്ടതുണ്ട്. ഏജൻസി തിരിച്ചുള്ളതും മേഖല തിരിച്ചുള്ളതുമായ കാർഷിക വായ്പയുടെ വിതരണം **അനുബന്ധം 3.1.27**–ൽ കാണിച്ചിരിക്കുന്നു.

## കാർഷിക മേഖലയ്ക്കുള്ള നിക്ഷേപ വായ്പയുടെ ഏജൻസി തിരിച്ചുള്ള വിതരണം

2019–20 കാലയളവിൽ കേരളത്തിലെ കാർഷിക മേഖലയ്ക്കുള്ള നിക്ഷേപ വായ്പയുടെ ഏജൻസി തിരിച്ചുള്ള വിതരണം **ചിത്രം 3.1.7**–ൽ സൂചിപ്പിച്ചിരിക്കുന്നു. 2019–20ൽ സംസ്ഥാനത്ത് 24,291 കോടി രൂപ നിക്ഷേപ വായ്പയായി വിതരണം ചെയ്തു. ഇതിൽ വാണിജ്യ ബാങ്കുകൾ 16,772.98 കോടി രൂപയും സഹകരണ ബാങ്കുകൾ 4,120.49 കോടി രൂപയും ആർആർബികൾ 2070.67 കോടി രൂപയും നിക്ഷേപവായ്പയായി വിതരണം ചെയ്തു. വാണിജ്യ ബാങ്കുകളുടെ വിഹിതം മൊത്തം ദീർഘകാല വായ്പയുടെ 69 ശതമാനമാണ്. അതേസമയം സഹകരണ സംഘങ്ങളുടെ വിഹിതം 17 ശതമാനം മാത്രമായിരുന്നു. ദീർഘകാല/നിക്ഷേപ വായ്പയിൽ, ആർആർബികളുടെയും ചെറുകിട ധനകാര്യ ബാങ്കുകളുടെയും വിഹിതം യഥാക്രമം 9 ശതമാനവും 5 ശതമാനവുമായിരുന്നു.


## കിസ്സാൻ ക്രെഡിറ്റ് കാർഡ് (കെസിസി)

ബാങ്കിംഗ് മേഖലയിൽ നിന്ന് കർഷകർക്ക് മതിയായതും സമയബന്ധിതവുമായ വായ്പ ഉറപ്പാക്കുന്നതിനുള്ള ഒരു നടപടിയായാണ് 1998–99–ൽ കെസിസി പദ്ധതി നിലവിൽവന്നത്. സ്റ്റേറ്റ് ഫോക്കസ് പേപ്പറിൽ (നബാർഡ്) ലഭ്യമായ റിപ്പോർട്ടുകൾ പ്രകാരം, 2020–21 കാലയളവിൽ 13,721.80 കോടി രൂപയുടെ 8.82 ലക്ഷം കിസാൻ ക്രെഡിറ്റ് കാർഡുകൾ (കെസിസികൾ) സംസ്ഥാനത്ത് വിതരണം ചെയ്തിട്ടുണ്ട്. വിവിധ ഏജൻസികൾ മുഖേനയുള്ള കെസിസിയുടെ വിതരണം **അനുബന്ധം 3.1.28** –ൽ കാണിച്ചിരിക്കുന്നു. കർഷകരുടെ ആകസ്മികമായ ആവശ്യങ്ങളും അവരുടെ ഉപഭോഗച്ചെലവും ഉൾപ്പെടുത്തുന്നതിന് പുതുക്കിയ കെസിസി മാനദണ്ഡങ്ങൾ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഓട്ടോമേറ്റഡ് ടെല്ലർ മെഷീനുകൾ, എവിടെയും ബാങ്കിംഗ്, ഡെബിറ്റ് കാർഡുകൾ പോലുള്ള മൂല്യവർദ്ധിത സേവനങ്ങൾ എന്നിവ കർഷകർക്ക് നൽകുന്നതിന് ബാങ്കുകൾ അവരുടെ സിബിഎസ് പ്ലാറ്റ്ഫോമുകൾ പ്രയോജനപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു. കെസിസിയിൽ സ്മാർട്ട് കാർഡുകൾ അല്ലെങ്കിൽ ഡെബിറ്റ് കാർഡുകൾ വിതരണം ചെയ്യുന്നതിന് ബാങ്കുകൾക്ക് റുപേ നെറ്റ്‌വർക്ക് ഉപയോഗിക്കാനാകും. അതുവഴി കർഷകർക്ക് എല്ലാ സേവനങ്ങളും സൗകര്യപ്രദമായി ഉപയോഗിക്കാനാകും. 2020 ഏപ്രിലിൽ വിതരണം ചെയ്ത ഹ്രസ്വകാല വായ്പകളുടെ (ISS) പലിശ സബ്‌വെൻഷന്റെ ആനുകൂല്യം ലഭിക്കുന്നതിന് KCC നിർബന്ധമാക്കിയിരുന്നു. അതോടൊപ്പം ISS–ന്റെ ആനുകൂല്യം ലഭിക്കുന്നതിന് ആധാർ നിർബന്ധമാക്കിയിട്ടുണ്ട്. ഏകദേശം മൂന്ന് കോടിയോളം കിസാൻ ക്രെഡിറ്റ് കാർഡുകൾ സഹകരണ മേഖലയിൽ (റൂറൽ കോ–ഓപ്പ് ബാങ്കുകളും പിഎസിഎസും) ഉണ്ടെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. അയതിനാൽ കിസാൻ ക്രെഡിറ്റ് കാർഡുകൾ റുപേ കാർഡുകളാക്കി മാറ്റുന്നതിന് സഹകരണ മേഖലയെ പിന്തുണയ്ക്കേണ്ടത് വളരെ പ്രധാനമാണ്. ഏകദേശം 8 ലക്ഷം കെസിസി അക്കൗണ്ടുകൾ കേരള ഗ്രാമീണ ബാങ്കിലും ഡിസിബികളിലുമായി ഉണ്ടെന്നാണ് കണക്ക്. കേരള ഗ്രമീൺ ബാങ്കുകളും, ജില്ലാ സഹകരണ ബാങ്കുകളും ചേർന്ന് മാർച്ച് 31, 2020 വരെ മൊത്തം 3.75 ലക്ഷം റുപേ കിസാൻ ക്രെഡിറ്റ് കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട് (EMV റുപേ കാർഡുകൾ).

## നബാർഡിന്റെ ലോംഗ് ടേം റൂറൽ ക്രെഡിറ്റ് ഫണ്ട് (LTRCF)

നബാർഡ് വായ്പ/റീഫിനാൻസ് രൂപത്തിലും ഗ്രാൻറായും സംസ്ഥാനങ്ങൾക്ക് സാമ്പത്തികപിന്തുണ നൽകി

**ചിത്രം 3.1.7** കാർഷിക മേഖലയിലെ നിക്ഷേപ വായ്പയുടെ ഏജൻസി തിരിച്ചുള്ള വിതരണം




അവലംബം:

വരുന്നു. കാർഷികമേഖലകളിലേക്കും അനുബന്ധ മേഖലകളിലേക്കും ഗ്രൗണ്ട് ലെവൽ വായ്പാ വിതരണം വർദ്ധിപ്പിക്കുന്നതിനും ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനുമായി വായ്പ / റീഫിനാൻസിന്റെ വിതരണം വിപുലീകരിക്കേണ്ടിയിരിക്കുന്നു. കാർഷിക മേഖലയിലെ നവീകരണം മുതൽ കർഷക ഉൽപാദക സംഘടനകളുടെ പ്രോത്സാഹനം, ഫാം പ്രവർത്തനങ്ങളുടെ പ്രോത്സാഹനം, നൈപുണ്യ വികസനം, സാമ്പത്തിക സഹായ പിന്തുണ, ബാങ്കിംഗ് ഇടപാടുകൾ ഡിജിറ്റലൈസ് ചെയ്യൽ, ഉപജീവന അവസരങ്ങൾ സൃഷ്ടിക്കൽ, ഗ്രൂപ്പ്/ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളുടെ ശേഷി വർദ്ധിപ്പിക്കൽ തുടങ്ങി വിവിധ വികസന പ്രവർത്തനങ്ങൾക്ക് ഗ്രാന്റ് രൂപത്തിലുള്ള സാമ്പത്തിക സഹായം നല്കി വരുന്നു.

കർഷകർക്കും സംരംഭകർക്കും അവരുടെ ഉൽപ്പാദനം, ഉൽപ്പാദനക്ഷമത, അധിക വരുമാനം എന്നിവ വർദ്ധിപ്പിക്കുന്നതിന് നിക്ഷേപ വായ്പ കാരണമാകുന്നുണ്ട്. കർഷകർ, ഗ്രാമീണ കരകൗശലത്തൊഴിലാളികൾ തുടങ്ങിയവരുടെ നിക്ഷേപ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് മതിയായ വായ്പ നൽകുന്നതിന് ബാങ്കുകൾക്ക് നബാർഡ് ദീർഘകാല, ഇടത്തരം റീഫിനാൻസ് നൽകിവരുന്നു. നിക്ഷേപത്തിന് ദീർഘകാല റീഫിനാൻസ് പിന്തുണ നൽകുന്നതിനായി ഇന്ത്യാ ഗവൺമെന്റ് നബാർഡുമായി ചേർന്ന് ഒരു "ലോംഗ് ടേം റൂറൽ ക്രെഡിറ്റ് ഫണ്ട്" രൂപീകരിച്ചിട്ടുണ്ട്. സഹകരണ ബാങ്കുകൾക്കും റീജിയണൽ റൂറൽ ബാങ്കുകൾക്കും (RRB) മാത്രമായി കാർഷിക പ്രവർത്തനങ്ങൾക്കായുള്ള നിക്ഷേപ വായ്പകൾക്ക് പലിശ നിരക്കിൽ ഇളവ് നൽകികൊണ്ട് ദീർഘകാല റിഫിനാൻസ് സഹായം നൽകിവരുന്നു. എല്ലാ സംസ്ഥാന സഹകരണ ബാങ്കുകൾക്കും സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾക്കും (SCARDBs) RRB-കൾക്കും യോഗ്യതാ മാനദണ്ഡങ്ങളുടെ നിബന്ധനകൾക്കു വിധേയമായി നബാർഡിൽ നിന്ന് റീഫിനാൻസ് സൗകര്യങ്ങൾ ലഭ്യമാക്കാൻ അർഹതയുണ്ട്. കാർഷിക പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിനും ബാങ്കുകളിൽ നിന്ന് കർഷകർക്ക് തടസ്സമില്ലാത്ത വായ്പാ വിതരണം ഉറപ്പാക്കുന്നതിനും, ആർആർബികൾക്കും സഹകരണ ബാങ്കുകൾക്കും മൈക്രോ ഫിനാൻസ് സ്ഥാപനങ്ങൾക്കും ഫ്രണ്ട് എൻഡഡ് ലിക്വിഡിറ്റി സപ്പോർട്ട് നൽകുന്നതിന് നബാർഡിന് പ്രത്യേക ലിക്വിഡിറ്റി ഫെസിലിറ്റി ആർബിഐ ലഭ്യമാക്കിയിട്ടുണ്ട്. കേരള സംസ്ഥാന സഹകരണ ബാങ്കുകൾക്ക് 2020-21 കാലയളവിൽ 2000 കോടി രൂപയും കേരള ഗ്രാമീണ ബാങ്കിന് 1,000 കോടി രൂപയും ഈ ഇനത്തിൽ നബാർഡ് നൽകിയിട്ടുണ്ട്. സഹകരണ ബാങ്കുകൾക്കും ആർആർബികൾക്കും എൽടിആർസിഎഫിന് കീഴിൽ കാർഷിക മേഖലയ്ക്ക് കുറഞ്ഞ പലിശ നിരക്കിൽ ദീർഘകാല റീഫിനാൻസ് നൽകുന്നതിന് പുറമേയാണ് ഈസഹായം നൽകുന്നത്. നബാർഡിന്റെ റീ-ഫിനാൻസ് സഹായത്തിന്റെ ഏജൻസി തിരിച്ചുള്ള വിതരണം **അനുബന്ധം 3.1.29**-ൽ കാണിച്ചിരിക്കുന്നു.

നബാർഡ് കേരള റീജിയണൽ ഓഫീസ് 2020-21-ൽ സംസ്ഥാനത്തിന് 13161.61 കോടി രൂപ വായ്പ / റീഫിനാൻസ് രൂപത്തിലും ഗ്രാന്റ് പിന്തുണയായും നൽകിയിരുന്നു. 2020-21ൽ വിതരണം ചെയ്ത മൊത്തം റീഫിനാൻസിന്റെ 72 ശതമാനവും ഹ്രസ്വകാല റീഫിനാൻസാണ്. അതേസമയം, ദീർഘകാല റീഫിനാൻസ് നൽകിയത് 28 ശതമാനമത്തോളം വരും.

## നബാർഡിന്റെ സഹായം

നബാർഡ് ഗ്രാമീണ മേഖലകളിൽ വായ്പയുടെ സുഗമമായ വിതരണം സധ്യമാക്കുകയും, അതോടൊപ്പം നബാർഡിന്റെ പ്രോത്സാഹന വികസന ഇടപെടലുകളിലൂടെ ഗ്രാമീണ മേഖലകളുടെ സമഗ്ര വികസനം സാധ്യമാക്കുകയും ചെയ്തു. നബാർഡ്, സംസ്ഥാന സഹകരണ ബാങ്കുകൾക്കും (എസ്സിബി) റീജിയണൽ റൂറൽ ബാങ്കുകൾക്കും (ആർആർബി) കാർഷിക, കർഷികാനുബന്ധ മേഖലകളിലെ ഉൽപാദനത്തിനും ദീർഘകാല നിക്ഷേപ ആവശ്യങ്ങൾക്കും വായ്പാ പരിധി നിശചയിച്ച് കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ നൽകുന്നു.

കാർഷിക വികസനത്തിനായുള്ള അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനുള്ള സംസ്ഥാന ശ്രമങ്ങളെ പിന്തുണയ്ക്കുന്ന ഗ്രാമീണ അടിസ്ഥാന സൗകര്യവികസന ഫണ്ടിന് പുറമേ, അപൂർണ്ണമായ വൻകിട ഇടത്തരം ജലസേചനപദ്ധതികൾ വേഗത്തിൽ നടപ്പിലാക്കുന്നതിനായി നബാർഡ് ഒരു സമർപ്പിത ദീർഘകാല ജലസേചന ഫണ്ടും (LTIF) സൃഷ്ടിച്ചു നടപ്പിലാക്കിവരുന്നു. നബാർഡ് ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് അസിസ്റ്റൻസ് (NIDA) ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് ധനസഹായം നൽകുന്നതിനുള്ള ഒരു വായ്പാപിന്തുണ പദ്ധതിയാണ്. സംസ്ഥാന സർക്കാരുകൾക്കും കോർപ്പറേഷനുകൾ പോലെയുള്ള മറ്റ് സർക്കാർ ഉടമസ്ഥതയിലുള്ള ഓർഗനൈസേഷനുകൾക്കും NIDA ലഭ്യമാണ്. 2019-20ൽ നിഡയ്ക്ക് കീഴിൽ 41.38 കോടി രൂപ അനുവദിക്കുകയും കണ്ണൂർ ജില്ലയിലെ തളിപ്പറമ്പിലെ 9 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 9 നീർത്തട പദ്ധതികളുടെ പങ്കാളിത്തപരവും സുസ്ഥിരവുമായ വികസനത്തിന് 8.27 കോടി രൂപ ഇതുവരെ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. സൗജന്യ ഇന്റർനെറ്റ് സേവന പദ്ധതിയായ കെ-ഫോണിനായി 2020-21 കാലയളവിൽ നിഡയ്ക്ക് കീഴിൽ 800 കോടി രൂപ കിഫ്ബിക്ക് വിതരണം ചെയ്തിട്ടുണ്ട്.

കൊവിഡ് പാക്കേജിന് കീഴിൽ ഇന്ത്യാ ഗവൺമെന്റ് പ്രഖ്യാപിച്ച ഒരു ലക്ഷം കോടി രൂപയുടെ അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ടിലൂടെ (എഐഎഫ്) കർഷകർ, പ്രാഥമിക കാർഷിക സഹകരണ വായ്പാ സംഘങ്ങൾ, ഫാർമേഴ്സ് പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ (എഫ്,പി.ഒകൾ), കാർഷിക സംരംഭകർ, സ്റ്റാർട്ടപ്പുകൾ എന്നിവയ്ക്കായി ഫാം ഗേറ്റ് അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിച്ച് നൽകുന്നു. കൂടാതെ, മൈക്രോ ഫുഡ് എന്റർപ്രൈസസ്(എംഎഫ്ഇ) ഫണ്ട്, പ്രധാനമന്ത്രി മത്സ്യസമ്പദ് യോജന, അനിമൽ ഹസ്ബൻഡറി ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ഫണ്ട് തുടങ്ങിയ കേന്ദ്രമേഖലാ പദ്ധതികളും ലഭ്യമാണ്. മേൽപ്പറഞ്ഞ പദ്ധതികൾക്ക് അനുസൃതമായി, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളെ മൾട്ടി സർവീസ് സെന്ററുകളാക്കി മാറ്റുന്നതിന് ഇളവുകളോടെ പുനർവായ്പ നൽകുന്നതിന് AIF-ന് കീഴിൽ ഒരു പ്രത്യേക പുനർവായ്പാ

പദ്ധതിയുമായി നബാർഡ് രംഗത്തുവന്നിട്ടുണ്ട് എന്നത് സ്വാഗതാർഹമാണ്. ഈ സ്കീമിന് കീഴിൽ കേരള ബാങ്കിന് 3 ശതമാനം നിരക്കിൽ റീഫിനാൻസ് അനുവദിക്കുകയും അത് ധനസഹായമെന്ന നിലയിൽ PACS-ന് 4 ശതമാനം നിരക്കിൽ നൽകുകയും ചെയ്യുന്നു. സംസ്ഥാനത്ത് എഐഎഫ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി അതിൻറെ സുഗമമായ പ്രവർത്തനം ഉറപ്പാക്കുന്നതിന് കേരളത്തിൽ ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി സംസ്ഥാന സർക്കാർ നാബ്കോൺസുമായി (NABCONS) കരാർ ഒപ്പിട്ടിട്ടുണ്ട്.

അടിസ്ഥാന സൗകര്യ വികസനം ഒരു സമ്പദ്വ്യവസ്ഥയുടെ ജീവനാഡിയാണ്, അതേസമയം ശരിയായ അടിസ്ഥാന സൗകര്യങ്ങളില്ലാത്തത് ഗ്രാമീണ അഭിവൃദ്ധി വിദൂരസ്വപ്നമായി മാത്രം അവശേഷിക്കുന്നതിന് കാരണമാകുകയും ചെയ്യുന്നു. ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ ഒരു പ്രധാനപെട്ട ഇടപെടലാണ് വർഷങ്ങളായി പ്രവർത്തിക്കുന്ന നബാർഡിന്റെ RIDF എന്ന പദ്ധതി. ആർഐഡിഎഫിന് കീഴിൽ, 2020 ഡിസംബർ വരെ സംസ്ഥാനത്തെ 2104 ജലസേചന-വെള്ളപ്പൊക്ക സംരക്ഷണ പദ്ധതികൾക്ക് നബാർഡ് വായ്പാ സഹായം നൽകിയിട്ടുണ്ട്. ഈ പദ്ധതികൾക്ക് 2560.42 കോടി രൂപയുടെ ആർഐഡിഎഫ് വായ്പ തുക ഉൾപ്പെടെ ആകെ 2765.17 കോടി രൂപയാണ് സാമ്പത്തികചെലവ് വേണ്ടി വരുന്നത്. ഈ പദ്ധതികൾ പൂർത്തിയാകുമ്പോൾ ഏകദേശം 3.33 ലക്ഷം ഹെക്ടർ പ്രദേശത്ത് പ്രയോജനം ലഭിക്കുമെന്നത് സ്വാഗതാർഹമാണ്. ആർഐഡിഎഫിന് കീഴിലുള്ള 503 നീർത്തട പദ്ധതികൾക്കായി 2020 മാർച്ച് വരെ 393.24 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അനുമതി കിട്ടിയതിൽ 337 പദ്ധതികൾ പൂർത്തീകരിക്കുകയും 166 പദ്ധതികൾ പൂർത്തീകരണ ഘട്ടങ്ങളിലുമാണ്. 2020 മാർച്ച് വരെ 179 പദ്ധതികൾ നടപ്പിലാക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിയുടെ (KWA) കീഴിലുള്ള കുടിവെള്ള പദ്ധതിക്ക് RIDF-ൽ നിന്നും ആകെ 1,308.67 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആർഐഡിഎഫിന് കീഴിൽ, 2020 മാർച്ച് വരെ ഗ്രാമീണ ആരോഗ്യ മേഖലയിൽ 197 പദ്ധതികൾക്കായി ആകെ 935 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആർഐഡിഎഫിന് കീഴിൽ 2020 മാർച്ച് 31 വരെ 2,247 കോടി രൂപയുടെ മൊത്തം വായ്പ ഉൾപ്പെടുന്ന 1,634 ഗ്രാമീണ റോഡ് പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. നബാർഡിന്റെ RIDF-ന് കീഴിലുള്ള ട്രാൻഷെ തിരിച്ചുള്ള അനുമതിയും വിതരണവും **അനുബന്ധം 3.1.30**-ൽ കാണിച്ചിരിക്കുന്നു.

നബാർഡിന്റെ ഇടപെടലുകൾ സംസ്ഥാനത്ത് തൊഴിലവസരങ്ങൾ സൃഷ്ടിച്ച് അതിലൂടെ വരുമാനം ഉയർത്താൻ സഹായിക്കുകയും, കാർഷിക-കാർഷികാനുബന്ധ മേഖലകളുടെയും സാമൂഹിക മേഖലകളുടെയും, അവസ്ഥ മെച്ചപ്പെടുത്തുന്നതിന് സഹായകരമാകുകയും ചെയ്തിട്ടുണ്ട്. ഈ ഇടപെടലുകൾ ഗ്രാമവികസനത്തിന് കൂടുതൽ ഉതകുമെന്നും, അതോടോപ്പം മേൽപ്പറഞ്ഞ മേഖലകളിലുടനീളം സുസ്ഥിരവികസനം പ്രോത്സാഹിപ്പിക്കുമെന്നും പ്രതീക്ഷിക്കുന്നു.

നിർദ്ധനരായ കർഷകർക്ക് സമയബന്ധിതമായി വൈവിദ്ധ്യങ്ങളായ വായ്പകൾ തടസ്സമേതുമില്ലാതെ ലഭ്യമാക്കുന്നതിനായി കേരളത്തിലെ ബാങ്കിംഗ് സംവിധാനം സംസ്ഥാന സർക്കാരുമായി ചേർന്ന് പ്രവർത്തിച്ചു വരുന്നു. ആഗോള ജനസംഖ്യയിലുണ്ടായിട്ടുള്ള ക്രമാതീതമായ വർധനയും, ഉയർന്ന മൂല്യമുള്ള കാർഷിക ഉൽപന്നങ്ങളോടുള്ള (ഉയർന്നുവരുന്ന വിപണികളോടുള്ള) മധ്യവർഗത്തിന്റെ മുൻഗണനാ മാറ്റവും കാർഷികമേഖലയിൽ നിക്ഷേപം നടത്തേണ്ടതിന്റെ ആവശ്യകത വർദ്ധിപ്പിക്കുന്നു. വായ്പയുടെ നിർബാധമായ വിതരണം വർധിച്ചിട്ടുണ്ടെങ്കിലും, ആവശ്യക്കാർക്ക് കൃത്യസമയത്ത് വായ്പ എത്തിക്കുക എന്ന പ്രധാന പ്രശ്നം ഇന്നും നിലനിൽക്കുന്നു, അതോടൊപ്പം കാലാവസ്ഥാ വ്യതിയാനത്തിന്റെ അപകടസാധ്യതകളും കാർഷിക മേഖലയിൽ ഉയർന്ന നിക്ഷേപം ഉണ്ടാകേണ്ടതിന്റെ ആവശ്യകതയെ ഓർമ്മിപ്പിക്കുന്നു.

# 3.2 സഹകരണം

### കേരളത്തിലെ സഹകരണ സ്ഥാപനങ്ങൾ

നമ്മുടെ സമ്പദ് വ്യവസ്ഥയുടെ വികസനത്തിൽ സഹകരണ മേഖലയ്ക്ക് കാര്യമായ പങ്ക് വഹിക്കാനാകും. സഹകരണ സംഘങ്ങളുടെ ബൃഹത്തായ ശൃംഖല ഗ്രാമ പ്രദേശങ്ങളിൽ വ്യാപകമാണ്. ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ യിൽ സഹകരണസ്ഥാപനങ്ങളുടെ സ്ഥാനം സുപ്രധാന മാണ്, വായ്പ, സംഭരണം, ഉൽപ്പാദനം, നിർമ്മാണം, വിപണനം, കാർഷിക ഉത്പന്നങ്ങളുടെ സംസ്കരണം, ഉപഭോക്തൃവിപണി, പരമ്പരാഗത വ്യവസായങ്ങൾ, അടിസ്ഥാന സൗകര്യ വികസനം എന്നിങ്ങനെ സമൂഹത്തിലെ മിക്കവാറും എല്ലാ മേഖലകളിലേക്കും സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം വ്യാപിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. നിലവിലെ മത്സരാധിഷ്ഠിതവും നിയന്ത്രണാ തീതവുമായ ആഗോള സാമ്പത്തിക പരിതസ്ഥിതിയിൽ, സഹകരണ സ്ഥാപനങ്ങൾക്ക് ആഗോളതലത്തിൽ തന്നെ മത്സരാധിഷ്ഠിതമാകുന്നതിനുവേണ്ടിയുള്ള സാധ്യതകൾ മനസിലാക്കി അതിനുവേണ്ടിയുള്ള പ്രവർത്തനതന്ത്രങ്ങൾ രൂപപ്പെടുത്തി, സഹകരണ സ്ഥാപനങ്ങളുടെ നയങ്ങൾ പുനഃക്രമീകരിക്കേണ്ടിയിരിക്കുന്നു.

സമത്വ സമ്പന്നമായ വികസനത്തിന്റെ മാധ്യമമെന്ന നിലയിൽ സഹകരണ സ്ഥാപനങ്ങളുടെ പങ്ക് തിരിച്ചറിഞ്ഞ് സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനായി "സഹകാർ സേ സമൃദ്ധി" (സഹകരണത്തിലൂടെ അഭിവൃദ്ധി) എന്ന കാഴ്ചപ്പാടോടെ 2021 ജൂലൈയിൽ ഇന്ത്യാ ഗവൺമെന്റ് സഹകരണത്തിനായി ഒരു പുതിയ മന്ത്രാലയം രൂപീകരിച്ചു. ഇതിലൂടെ താഴെത്തട്ടിൽ വ്യാപാരങ്ങൾ എളുപ്പമാക്കുന്നതിനുവേണ്ടിയുള്ള പ്രവർത്ത നങ്ങൾ കാര്യക്ഷമമാക്കുന്നതിനും, അന്തർസംസ്ഥാനസ ഹകരണ സ്ഥാപനങ്ങളുടെ (MSCS) വികസനം പ്രോത്സാ ഹിപ്പിക്കുന്നതിനും സഹായകമാകുന്നു.

കേരള സംസ്ഥാന രൂപീകരണത്തിന് മുമ്പായി കൊച്ചി, തിരുവിതാംകൂർ, മലബാർ എന്നിവിടങ്ങളിൽ നിലനിന്നിരുന്ന വ്യത്യസ്ഥ സഹകരണ നിയമങ്ങളെ അടിസ്ഥാനമാക്കിയാണ് സഹകരണ സംഘങ്ങൾ രൂപീകരിച്ചിരുന്നത്. 1951-ൽ തിരുവിതാംകൂർ-കൊച്ചി സംസ്ഥാനങ്ങളുടെ സംയോജനത്തിനുശേഷം തിരുവി താംകൂർ-കൊച്ചി കോ-ഓപ്പറേറ്റീവ് സൊസൈറ്റി ആക്ട് നിലവിൽ വന്നു. കേരളസംസ്ഥാന രൂപീകരണത്തിനുശേ ഷം, 1969-ൽ "കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റി ആക്ട്" എന്ന പേരിൽ ഒരു ഏകീകൃത നിയമം നിലവിൽ വരുകയും, തുടർന്ന് കേരള സർക്കാർ 1999 ൽ കേരള സഹകരണ (ഭേദഗതി) നിയമം പാസാക്കുകയും, 2000-ൽ അത് നിലവിൽ വരുകയും ചെയ്തു.

കേരളത്തിലെ സഹകരണ സംവിധാനം രാജ്യത്തെ തന്നെ ഏറ്റവും ഊർജ്ജസ്വലമായ സഹകരണ സംവിധാനങ്ങളിൽ ഒന്നാണെന്ന് പറയാം. ഗ്രാമീണ മേഖലയിലെ ദുർബലരും പാർശ്വവൽക്കരിക്കപ്പെട്ടവ രുമായ ജനങ്ങളുടെ സാമ്പത്തിക ഉന്നമനത്തിനായി സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ സുപ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. കാർഷിക വായ്പ, പൊതുവിതരണ സമ്പ്രദായം, കാർഷികോൽപ്പന്നങ്ങളുടെ വിതരണം, ആരോഗ്യം, പ്രൊഫഷണൽ വിദ്യാഭ്യാസം ഉൾപ്പെടെയുള്ള വിദ്യാഭ്യാസം, പാർപ്പിടം, കാർഷിക വിഭവങ്ങളുടെ സംസ്കരണം, മത്സ്യബന്ധനം, പട്ടികജാതി/പട്ടികവർഗ വികസനം, സ്ത്രീകളുടെ ഉന്നമനം തുടങ്ങിയ വിവിധങ്ങളായ പ്രവർത്തന മേഖലകളുടെ പ്രോത്സാഹനത്തിൽ ഏർപ്പെ ട്ടിരിക്കുന്ന ഒരു വിപുലമായ സഹകരണശൃംഖല നമ്മുടെ സംസ്ഥാനത്തുണ്ട്. കഴിഞ്ഞകാലഘട്ടങ്ങളിൽ, സഹകര ണപ്രസ്ഥാനങ്ങൾ ജനജീവിതത്തിന്റെ എല്ലാ മേഖലകളിലും വമ്പിച്ച പുരോഗതി കൈവരിച്ചിട്ടുള്ളതായി മനസ്സിലാക്കാ വുന്നതാണ്.

കേരളത്തിൽ സഹകരണ സംഘങ്ങളെ അവയുടെ പ്രവർത്തന മേഖലയുടെ വ്യാപ്തി/സ്വഭാവം എന്നിവ അനുസരിച്ചും, അവ ഏറ്റെടുക്കുന്ന വിഷയങ്ങൾ/പ്രവൃത്തി എന്നിവ അനുസരിച്ചും തരം തിരിച്ചിരിക്കുന്നു. നിലവിൽ സഹകരണ രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള 16,112 സഹകരണ സംഘങ്ങൾ കേരളത്തിൽ പ്രവർത്തി ക്കുന്നുണ്ട്, അതിൽ 12,265 സംഘങ്ങൾ തൃപ്തികരമായ പ്രവർത്തനം കാഴ്ചവയ്ക്കുന്നു. അതിൽത്തന്നെ ഭൂരിഭാഗവും ഉപഭോക്തൃ സഹകരണ സംഘങ്ങളാണ് (3,819 എണ്ണം). കൂടാതെ വായ്പാ സഹകരണ സംഘങ്ങളും (3,382 എണ്ണം), വനിതാ സഹകരണ സംഘങ്ങളും (956 എണ്ണം) തൃപ്തികരമായ പ്രവർത്തനം കാഴ്ചവയ്ക്കുന്നതിൽ മുൻപന്തിയിലുണ്ട്. അതോടൊപ്പം വിപണനം, പാർപ്പിടം, സംസ്കരണം, ആരോഗ്യം, പട്ടികജാതി-പട്ടികവർഗ ഉന്നമനം എന്നീ മേഖലകളിൽ പ്രവർത്തിക്കുന്ന സഹക രണസംഘങ്ങളുമുണ്ട്, വിവിധ തരത്തിലുള്ള സഹകരണ സംഘങ്ങളുടെ വിശദാംശങ്ങളും 2021 ലെ അവയുടെ ഭൗതിക നേട്ടങ്ങൾ സംബന്ധിച്ച വിശദാംശങ്ങളും **അനുബന്ധം 3.2.1, 3.2.2** എന്നിവയിൽ നൽകിയിരിക്കുന്നു.

### ക്രെഡിറ്റ് കോ-ഓപ്പറേറ്റീവ്സ്

സംസ്ഥാനത്തെ സഹകരണ കാർഷികവായ്പ മേഖലയിൽ ഘടനാപരമായ മാറ്റം കൊണ്ടുവരാൻ സർക്കാർ നിരവധിയായ നടപടികൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ വായ്പാഘടനയെ ദ്വിതല ഘടനയാക്കി മാറ്റാൻ സർക്കാർ നയപരമായ തീരുമാനമെടുത്തി രുന്നു. കേരള ബാങ്കും, മലപ്പുറം ജില്ലാ സഹകരണ ബാങ്കും (ഡിസിബി), താഴേത്തട്ടിൽ 1,644 പ്രൈമറി അഗ്രികൾച്ചർ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളും (പി.എ.സി.എസ്), ഫാർമേഴ്സ് സർവീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയും (എഫ്.എസ്.സി.എസ്) അടങ്ങുന്നതാണ് ചെറുകിട, ഇടത്തരം ഘടന. 3,743 ക്രെഡിറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ 2021 മാർച്ച് വരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്, അതിൽ 3382 സഹകരണ സംഘങ്ങൾ നല്ല രീതിയിൽ പ്രവർത്തിക്കുന്നു. ബാക്കിയുള്ളവ പ്രവർത്തനരഹിത മോ നഷ്ടത്തിലോ ആണ്. PACS-ന്റെ ചില സൂചകങ്ങളും ക്രെഡിറ്റ് പ്രവർത്തനങ്ങളും സംബന്ധിച്ചുള്ള വിവരങ്ങൾ **അനുബന്ധം 3.2.3 അനുബന്ധം 3.2.4** എന്നിവയിൽ നൽകിയിരിക്കുന്നു.

### കേരള ബാങ്ക്

കാർഷിക മേഖലയ്ക്കും അതോടൊപ്പം സംരംഭകർക്കും പ്രവർത്തന മൂലധനം സമാഹരിക്കുന്നതിൽ കേരള ബാങ്ക് നിർണായക പങ്ക് വഹിക്കുന്നു. പുതുതായി രൂപീകരിച്ച കേരള ബാങ്കിന് 1,568 അംഗങ്ങൾ ഉള്ള 770 ശാഖകളുണ്ട്. ഇതിൽ സർക്കാരും അതോടൊപ്പം 1,567 സൊസൈറ്റികളും 'എ'ക്ലാസ് അംഗങ്ങളായി ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്. ബാങ്കിന്റെ മൊത്തം ഓഹരി മൂലധന സംഭാവന 2,045.2 കോടി രൂപയാണ്, അതിൽ ഗവൺമെന്റ്, സൊസൈറ്റികൾ, വ്യക്തികൾ എന്നിവയുടെ വിഹിതവും ഉൾപ്പെടുന്നു. കോപ്പറേറ്റീവ് സൊസൈറ്റികളുടേയും, വ്യക്തികളുടേയും, സ്ഥാപനങ്ങളുടെയും നിക്ഷേപം ഉൾപ്പെടെ 66,731.60 കോടിയോളം രൂപ കേരള ബാങ്കിനു നിക്ഷേപമായിട്ടുണ്ട്. കേരള ബാങ്കിന് യഥാക്രമം 741.8 കോടി രൂപയും 2,863.63 കോടി രൂപയും കരുതൽ ധനമായും തനതു ഫണ്ട് ഇനത്തിലും നീക്കിയിരിപ്പുണ്ട്. നബാർഡ്, വാണിജ്യബാങ്കുകൾ, ദീർഘകാല നിക്ഷേപങ്ങൾ, ഗവൺമെന്റ് എന്നിവയിൽ നിന്നുള്ള വായ്പകൾ ഉൾപ്പെടെ 7,901.9 കോടിയോളം രൂപയാണ് ബാങ്കിന്റെ നിലവിലെ വായ്പകൾ. നിലവിലെ ബാങ്കിന്റെ മൊത്തം വായ്പാ കുടിശ്ശിക 39,664.9 കോടി രൂപയാണ്. കേരള ബാങ്കിന്റെ നിലവിലെ സാമ്പത്തിക സ്ഥിരതയാണ് ഈ കണക്കുകൾ വ്യക്തമാക്കുന്നത്. ഗ്രാമീണ മേഖലകളിൽ കോവിഡ്–19 മഹാമാരിയുടെ ആഘാതം മറികടക്കാൻ കേന്ദ്ര സംസ്ഥാന സർക്കാരുകളും നബാർഡും സ്പോൺസർ ചെയ്ത വിവിധ പദ്ധതികൾക്ക് കേരള ബാങ്കിൻറെ പിന്തുണയുണ്ടായിരുന്നു. സഹകരണ മേഖലയിൽ നിന്നുള്ള ബാങ്കായതിനാൽ തന്നെ ബാങ്കിന്റെ വായ്പാ തിരിച്ചടവിനെ കോവിഡ്–19 മഹാമാരി പ്രതികൂലമായി ബാധിക്കുകയും, വായ്പയുടെ മൊറട്ടോറിയം നീട്ടേണ്ടതായി വരികയും ചെയ്തിട്ടുണ്ട്. കേരള ബാങ്കിന്റെ 2020–21 സാമ്പത്തിക വർഷത്തെ വിശദമായ സാമ്പത്തിക വിവരങ്ങൾ **അനുബന്ധം 3.2.5**–ൽ നൽകിയിരിക്കുന്നു.

### കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് (KSCARD)

കേരള സ്റ്റേറ്റ് കോ–ഓപ്പറേറ്റീവ് അഗ്രികൾച്ചർ റൂറൽ ഡെവലപ്മെന്റ് ബാങ്ക് (KSCARD) ദീർഘകാല വായ്പ നൽകുന്നതിനും കാർഷിക, കാർഷിക അനുബന്ധ പ്രവർത്തനങ്ങൾക്കും, കാർഷികേതര മേഖലയിലെ പ്രവർത്തനങ്ങൾക്കും, ഗ്രാമീണ ഭവന നിർമ്മാണത്തിനും, അംഗങ്ങളായിട്ടുള്ള പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് (PCARD) മുഖേന വായ്പ നൽകുന്നതിന് മുൻതൂക്കം നൽകുന്നു. വായ്പയിലൂടെ സമഗ്ര വികസനം എന്നതാണ് ബാങ്കിന്റെ മുദ്രാവാക്യം. വായ്പ നൽകുന്നതിനായി ബാങ്കിന് സ്വന്തമായി പരിമിതമായ വിഭവങ്ങൾ മാത്രമേയുള്ളൂ. പ്രധാനമായും നബാർഡ് നൽകുന്ന പുനർവായ്പയെയാണ് ആശ്രയിക്കുന്നത്. ഓരോ താലൂക്കിലും സ്ഥിതി ചെയ്യുന്ന PCARDB–കളുടെ ശൃംഖലയിലൂടെയും അവയുടെ ശാഖകളിലൂടെയും KSCARD ബാങ്ക് ദീർഘകാലവായ്പകൾ ആത്യന്തികമായി വായ്പയെടുക്കുന്നവരിലേക്ക് എത്തിക്കുന്നു. KSCARDBൽ നിന്നും വായ്പയെടുക്കുന്നവരിൽ സിംഹഭാഗവും,(ഏകദേശം 80 ശതമാനത്തോളം) ചെറുകിടനാമമാത്ര കർഷക വിഭാഗത്തിൽപ്പെട്ടവരാണ്. ഗ്രാമീണ ജനതയുടെ അടിസ്ഥാന തലത്തിലുള്ള സാമൂഹികവും സാമ്പത്തികവുമായ ഉന്നമനമാണ് ബാങ്കിന്റെ പ്രധാന ലക്ഷ്യം. വായ്പ ആവശ്യങ്ങൾക്കായി മറ്റ് ധനകാര്യ സ്ഥാപനങ്ങളെ സമീപിക്കാൻ കഴിയാത്ത താഴ്ന്ന വരുമാനമുള്ള വിഭാഗത്തിലെ ജനങ്ങളെയാണ് KSCARDB പ്രധാനമായും പിന്തുണയ്ക്കുന്നത്. 12.5 ലക്ഷത്തിലധികം അംഗത്വമുള്ള ബാങ്കിന്റെ അംഗസംഖ്യ സംസ്ഥാനത്തെ ഏകദേശം 13 ശതമാനം ഗ്രാമീണ കുടുംബങ്ങളിലേക്കും കടന്നു ചെല്ലുന്നു.

KSCARD ബാങ്കിന്റെ 2021 മാർച്ച് മാസം വരെയുള്ള മൊത്തം വായ്പ കുടിശ്ശിക 7652.7 കോടി രൂപയാണ്. 2020–21 ലെ വായ്പാ വിതരണം 2673.8 കോടി രൂപയാണ്. അതിൽ 1309 കോടി രൂപ കാർഷിക മേഖലക്കാണ് (കാർഷിക മേഖലയുടെ ടേം ലോൺ ഇനത്തിൽ 1108.5 കോടി രൂപയും, സ്വർണ്ണ വായ്പ–ഫാം മേഖലയിൽ 200.5 കോടി രൂപയും ഉൾപ്പെടുന്നു). ഈ വായ്പയുടെ ഭൂരിഭാഗവും ആസ്തി സൃഷ്ടിക്കാൻ വേണ്ടിയാണ് ഉപയോഗിക്കുന്നത്. കാർഷിക മേഖലയ്ക്കുള്ള വായ്പ വിതരണം 2020–21 ൽ മൊത്തം വായ്പയുടെ 48.95 ശതമാനമാണ്. മുൻവർഷങ്ങളിൽ ഇത് യഥാക്രമം 35.8 ശതമാനവും 33.2 ശതമാനവുമായിരുന്നു. KSCARDB നൽകുന്ന ദീർഘകാല വായ്പകളുടെ വർഗ്ഗീകരണം **അനുബന്ധം 3.2.6**–ൽ നൽകിയിരിക്കുന്നു.

### ഉപഭോക്തൃ സഹകരണ സംഘങ്ങൾ

ഉപഭോക്തൃ സഹകരണ സംഘങ്ങൾ ഉപഭോക്താക്കൾക്ക് സബ്സിഡി നിരക്കിൽ ഉപഭോക്തൃ സാധനങ്ങൾ, മരുന്നുകൾ, സ്റ്റേഷനറി വസ്തുക്കൾ എന്നിവ നൽകുന്നതിനും സ്വകാര്യ ചില്ലറ വ്യാപാരികളുടെ ചൂഷണത്തിൽ നിന്ന് അവരെ തടയുന്നതിനും സഹായിക്കുന്നു. സംസ്ഥാനത്ത് 4632 ഉപഭോക്തൃ സഹകരണ സംഘങ്ങൾ 2021 മാർച്ച് മാസം വരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്, അതിൽ തന്നെ 3819 സഹകരണ സംഘങ്ങൾ നല്ല രീതിയിൽ പ്രവർത്തിക്കുന്നു. സംസ്ഥാനതലത്തിൽ കേരള സ്റ്റേറ്റ് കോ–ഓപ്പറേറ്റീവ് കൺസ്യൂമർ ഫെഡറേഷനും (കൺസ്യൂമർഫെഡ്), ജില്ലാതലത്തിൽ മൊത്തവ്യാപാര സഹകരണ സ്റ്റോറുകളും, താഴെത്തട്ടിൽ 4,612 പ്രാഥമിക ഉപഭോക്തൃ സംഘങ്ങൾ/സ്റ്റോറുകൾ എന്നിവയും ഉൾപ്പെടുന്നതാണ് സംസ്ഥാനത്തെ ഉപഭോക്തൃ സഹകരണ മേഖല. ജില്ലാ മൊത്തവ്യാപാര സ്റ്റോറുകളും, പ്രൈമറി സ്റ്റോറുകളും അവരുടെ സ്വന്തം ഔട്ട്ലെറ്റുകൾ, സൂപ്പർ മാർക്കറ്റുകൾ, ഡിപ്പാർട്ട്മെന്റ് സ്റ്റോറുകൾ എന്നിവയിലൂടെ ഉപഭോക്താക്കളുടെ ആവശ്യങ്ങൾ നിറവേറ്റുന്നു. കൺസ്യൂമർഫെഡ് അവരുടെ സൂപ്പർ മാർക്കറ്റുകളിലൂടെ ചില്ലറ വില്പനയിലും ഏർപ്പെട്ടിരിക്കുന്നു.

കേരള സ്റ്റേറ്റ് കോ–ഓപ്പറേറ്റീവ് കൺസ്യൂമർ ഫെഡറേഷൻ ലിമിറ്റഡ് (കൺസ്യൂമർഫെഡ്) 1965–ലാണ് സ്ഥാപിതമായത്. ഇത് കേരളത്തിലെ ഉപഭോക്തൃ മൊത്തവ്യാപാര സഹകരണ സംഘങ്ങളുടെ ഒരു അപെക്സ് ബോഡിയാണ്. ഇതിന് റീട്ടെയിൽ ഔട്ട്ലെറ്റുകളുടെ ഒരു ശൃംഖലതന്നെയുണ്ട്. 'ത്രിവേണി' സൂപ്പർ മാർക്കറ്റുകളുടെ ശൃംഖലകൾ സംസ്ഥാനത്തുടനീളം സ്ഥിതി ചെയ്യുന്നു, പ്രത്യേകിച്ച് ഉത്സവ സീസണുകളിൽ കൺസ്യൂമർഫെഡിൽ വിപണി ഇടപെടൽ ഉത്തരവാദിത്തം നിക്ഷിപ്തമായിരിക്കുന്നു.

കൺസ്യൂമർഫെഡ് അതിന്റെ നീതി മെഡിക്കൽ സ്കീമിലൂടെ ഔഷധ, ശസ്ത്രക്രിയാ ഇനങ്ങൾ ഉൾപ്പെടുത്തി റീട്ടെയിൽ ബിസിനസ് മേഖല വിപുലീകരിച്ചു. കൂടാതെ സംസ്ഥാന ത്തുടനീളമുള്ള 39 വിദേശ മദ്യം/ബിയർ ഔട്ട്‌ലെറ്റുകൾ വഴി ബിവറേജസ് ബിസിനസും ചെയ്തുവരുന്നു. കൂടാതെ കുന്നംകുളത്ത് ഒരു നോട്ട്ബുക്ക് നിർമ്മാണ യൂണിറ്റ്, പാലക്കാട് ഒരു നീതി ഗ്യാസ് പ്ലാന്റ്, തൃശ്ശൂരിൽ ഒരു ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസി (ടിഐപി) എന്നിവയും കൺസ്യൂമർഫെഡിന്റെ ഉടമസ്ഥതയിലുണ്ട്.

സംസ്ഥാനത്തുടനീളം 179 ത്രിവേണി യൂണിറ്റുകളും 45 മൊബൈൽ ത്രിവേണി യൂണിറ്റുകളുമുണ്ട്. ത്രിവേണി യൂണിറ്റുകളിലെ മൊത്തം വിൽപ്പന 2019-20 ൽ 355.6 കോടി രൂപയും, 2020-21 ൽ ഇത് 306.2 കോടി രൂപയുമായിരുന്നു. 2900ഫെസ്റ്റിവൽ മാർക്കറ്റുകൾ നടത്തിയതിലൂടെ 2020-21ൽ 59.9 കോടി രൂപയുടെ മൊത്തം സബ്സിഡി വിൽപ്പനയാണ് ഫെഡറേഷൻ നേടിയത്. ഏകദേശം 2000 ഫെസ്റ്റിവൽ മാർക്കറ്റുകൾ സംഘടിപ്പിച്ചതിലൂടെ 2021-ലെ ഓണക്കാലത്ത് മൊത്തം 42 കോടി രൂപയുടെ സബ്സിഡി വിൽപ്പന നടത്തി ത്രിവേണി ബ്രാൻഡിന് കീഴിലുള്ള കൺസ്യൂമർഫെഡ് ഈ വിഭാഗത്തിൽ ചരിത്രം സൃഷ്ടിച്ചു. മത്സരാധിഷ്ഠിത വ്യാപാര അന്തരീക്ഷത്തെ അതിജീവിക്കണമെങ്കിൽ ത്രിവേണി ഔട്ട്‌ലെറ്റുകളും ഗോഡൗണുകളും വലിയ തോതിൽ നവീ കരിക്കേണ്ടതായിട്ടുണ്ട്.

കൺസ്യൂമർഫെഡിന് കേരളത്തിൽ 36 വിദേശ മദ്യഷാപ്പുകളും മൂന്ന് ബിയർ ഷോപ്പുകളുമുണ്ട്. ഫെഡറേഷന്റെ വ്യാപാരത്തിൽ പ്രധാന പങ്കും മദ്യവിൽപ്പനയുടെ സംഭാവനയാണ്. ഫെഡറേഷന്റെ വിറ്റുവരവ് 2018-19-ൽ 1790.0 കോടി രൂപയും 2019-20 ൽ 1821.6 കോടി രൂപയും 2020-21 ൽ 1084 കോടി രൂപയുമാണ്. വിദേശമദ്യത്തിൽ നിന്നുള്ള 2021-22 ലെ (2021 ഓഗസ്റ്റ് വരെയുള്ള) വിറ്റുവരവ് 351.9 കോടി രൂപയായിരുന്നു. ലോക്ഡൗണും, കോവിഡ്-19 മഹാമാരി തടയുന്നതിനുള്ള കർശന നിയന്ത്രണങ്ങളും കാരണം ബിവറേജസ് ഡിവിഷനിൽ നിന്നുള്ള വിൽപ്പനയിൽ വൻ ഇടിവുണ്ടായി. കൂടാതെ, ബിവറേജസ് കോർപ്പറേഷൻ 2020-21 ൽ കൺസ്യൂമർഫെഡിന്റെ മൊത്തക്കച്ചവടക്കാരുടെ മാർജിൻ 8 ശതമാനത്തിൽ നിന്ന് 13 ശതമാനമായി ഉയർത്തി. കൺസ്യൂമർഫെഡിന് കേരളത്തിലുടനീളം 12 മെഡിക്കൽ വെയർഹൗസുകളും 78 മെഡിക്കൽ സ്റ്റോറുകളും ഉണ്ട്. കൺസ്യൂമർ മെഡിക്കൽ സ്റ്റോറുകൾവഴിയും സഹകരണ സംഘങ്ങൾ നടത്തുന്ന കടകൾവഴിയും കൺസ്യൂമർഫെഡ് മിതമായ നിരക്കിൽ മരുന്നുകൾ വിതരണം ചെയ്യുന്നു. കൺസ്യൂമർഫെഡിന്റെ കീഴിൽ വരുന്ന നീതി മെഡിക്കൽ സ്റ്റോറുകളുടെ വിറ്റുവരവ് 2020-21 ൽ 189.8 കോടി രൂപയായിരുന്നു. കേരളത്തിൽ കൺസ്യൂമർഫെഡ് പാലക്കാട് മുതലമടയിൽ സ്ഥിതി ചെയ്യുന്ന ഗ്യാസ് പ്ലാന്റിലൂടെ "നീതി ഗ്യാസ്" എന്ന് പേരിൽ ഗാർഹിക വാതകം നിറച്ച് വിതരണം ചെയ്തുവരുന്നു. 2020-21 ൽ 94 ലക്ഷം രൂപയായിരുന്നു മൊത്തം വിൽപ്പന, 2021 ഏപ്രിൽ മുതൽ 2021 ഓഗസ്റ്റ് വരെയുള്ള കാലയളവിൽ 60.90 ലക്ഷം രൂപയായിരുന്നു വിൽപ്പന. ത്രിവേണി ഔട്ട്‌ലെറ്റുകളി ലൂടെ "ചോട്ടു ഗ്യാസ്" സിലിണ്ടറുകൾ വിൽക്കുന്നതിനായി 2021 ഏപ്രിൽ മുതൽ കൺസ്യൂമർഫെഡും ഇന്ത്യൻ ഓയിൽ കോർപ്പറേഷനുമായി ഒരു കരാർ ഉണ്ടാക്കിയിട്ടുണ്ട്. കോവിഡ്-19 മഹാമാരി കാലത്ത്, ഏറ്റവും കുറഞ്ഞ വിലയിൽ ത്രിവേണി ഔട്ട്‌ലെറ്റുകൾ വഴി ഗുണനിലവാരമുള്ള പലവ്യഞ്ജനങ്ങളും വീട്ടുസാധനങ്ങളും വിതരണം ചെയ്യുന്നതിൽ കൺസ്യൂമർഫെഡ് മുൻപന്തിയിലായിരുന്നു.

### വനിതാ സഹകരണസംഘം

സ്ത്രീ ശാക്തീകരണത്തിന് സഹകരണ പ്രസ്ഥാനം വലിയ സംഭാവന നൽകിയിട്ടുണ്ട്. കേരള വിമൺ കോ-ഓപ്പറേറ്റീവ് ഫെഡറേഷൻ ലിമിറ്റഡ് (വനിതാഫെഡ്), പ്രാഥമിക വനിതാ സഹകരണ സംഘങ്ങളുടെ ഒരു അപെക്സ് ഫെഡറേഷനാണ്. 2021 മാർച്ച് വരെയുള്ള കണക്കനുസരിച്ച 1238 വനിതാ സഹകരണ സംഘ ങ്ങൾ പ്രവർത്തിച്ചുവരുന്നു, അതിൽ 956 സൊസൈറ്റികൾ പ്രവർത്തനക്ഷമമാണ്, 248 എണ്ണം നിഷ്ക്രിയവും, 34 എണ്ണം പ്രവർത്തനം നിർത്തിയ അവസ്ഥയിലുമാണ്. സംസ്ഥാനത്തെ സ്ത്രീകളുടെ സാമൂഹികവും സാമ്പത്തികവുമായ അവസ്ഥ മെച്ചപ്പെടുത്തുന്നതിന് ഫലപ്രദമായ രീതിയിൽ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. ഗുണഭോ ക്താക്കൾക്ക് സംയോജിത വായ്പകളും സേവനങ്ങളും ലഭ്യമാക്കുക എന്നതാണ് ഫെഡറേഷന്റെ പ്രധാന ലക്ഷ്യം. 2020-21 സാമ്പത്തിക വർഷത്തിൽ 11 വനിതാ സഹകരണ സംഘങ്ങൾക്കും, വനിതാഫെഡിനുമായി പ്രത്യേക തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വനിതാ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനത്തിനുമായി 153 ലക്ഷം രൂപ അനുവദിച്ചിരുന്നു. അതോടൊപ്പം 27 സൊസൈറ്റികൾക്ക് പ്രവർത്തന മൂലധന ഗ്രാന്റായി 87 ലക്ഷം രൂപയും 23 സൊസൈറ്റികൾക്ക് ഓഹരി മൂലധന സഹായമായി 33.3 ലക്ഷം രൂപയും അനുവദിച്ചു.

### ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ

കേരളത്തിൽ ഭവനനിർമ്മാണ സഹകരണ സംഘങ്ങൾ ദ്വിതല ഘടനയിലാണ് പ്രവർത്തിക്കുന്നത്. 2021 മാർച്ച് വരെ 396 ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവയിൽ 294 സൊസൈറ്റികൾ പ്രവർത്തനക്ഷമവും, 80 സൊസൈറ്റികൾ നിഷ്ക്രിയവും, 22 സൊസൈറ്റികൾ പ്രവർത്തനരഹിതവുമാണ്. കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ ലിമിറ്റഡിനാണ് (HOUSEFED) ഭവന നിർമ്മാണ സഹകരണ സംഘങ്ങളുടെ പരമോന്നത സ്ഥാപനം. സംസ്ഥാന സർക്കാരും പ്രാഥമിക ഭവനസഹകരണ സംഘങ്ങളും ഇതിൽ അംഗങ്ങളാണ്. 2020-21 കാലഘട്ടത്തിൽ 30 പ്രാഥമിക ഭവന സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധന സഹായമായി 50 ലക്ഷം രൂപ അനുവദിച്ചു.

### പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ

പട്ടികജാതി/പട്ടികവർഗ്ഗ സഹകരണസംഘങ്ങൾ സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹിക സാമ്പത്തിക വികസനത്തിനായി സംഘടിപ്പിക്കുകയും സ്ഥാപിക്കുകയും ചെയ്തിട്ടുള്ള ഒരു സഹകരണ പ്രസ്ഥാനമാണ്. പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങളിലെ പാവപ്പെട്ട കുടുംബങ്ങളുടെ ഉന്നമനത്തിന് സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ സഹകരണ സംഘങ്ങളുടെ വികസനം അനിവാര്യമാണ്. സംസ്ഥാനത്ത് 833 പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്, അതിൽ 425 എണ്ണം

നിലവിൽ പ്രവർത്തനക്ഷമമാണ്. പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പുതിയ തൊഴിലവസരങ്ങളും ഉപജീവനവും സൃഷ്ടിക്കുന്നതിന് പട്ടികജാതി/പട്ടികവർഗ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനം അത്യന്താപേക്ഷിതമാണ്. കേരള സ്റ്റേറ്റ് ഫെഡറേഷൻ ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ് &ഷെഡ്യൂൾഡ് ട്രൈബ് കോ-ഓപ്പറേറ്റീവ് എന്നറിയപ്പെടുന്ന പ്രാഥമിക പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ ഒരു ഉന്നത സ്ഥാപനവും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സഹായത്തിനായി സംസ്ഥാനത്ത് പ്രവർത്തിക്കുന്നു.

### മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ

കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ (മാർക്കറ്റ്ഫെഡ്) എന്നറിയപ്പെടുന്ന പ്രൈമറി മാർക്കറ്റിംഗ് സൊസൈറ്റികളുടെ അപെക്സ് സ്ഥാപനവും കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ (റബ്ബർ മാർക്ക്) എന്നറിയപ്പെടുന്ന പ്രാഥമിക റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റികളുടെ അപെക്സ് ബോഡിയുമാണ് വിപണന മേഖലയ്ക്ക് നേതൃത്വം നൽകുന്നത്. 2020-21 ൽ 613 പ്രൈമറി മാർക്കറ്റിംഗ് ആൻഡ് പ്രോസസ്സിംഗ് സൊസൈറ്റികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്, അതിൽ 236 എണ്ണം സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്.

### ആരോഗ്യ സഹകരണ സംഘങ്ങൾ

2021 മാർച്ച് വരെ, 199 ഹോസ്പിറ്റൽ, ഡിസ്പെൻസറി കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ രജിസ്റ്റർ ചെയ്തിട്ടുള്ളതിൽ 98 സൊസൈറ്റികൾ പ്രവർത്തിക്കുന്നു. എറണാ കുളം ആസ്ഥാനമായി ഹോസ്പിറ്റൽഫെഡ് എന്ന പേരിൽ ആരോഗ്യ സഹകരണ സംഘങ്ങളുടെ ഒരു അപെക്സ് ബോഡി സംസ്ഥാനത്ത് പ്രവർത്തിക്കുന്നു.

### വിവിധ സഹകരണ സ്ഥാപനങ്ങൾ

സംസ്ഥാനത്ത് 4435 രജിസ്റ്റർ ചെയ്ത വിവിധ സഹകരണ സംഘങ്ങളുണ്ട്, അവയിൽ 3033 എണ്ണം 2020-21 സാമ്പത്തിക വർഷത്തിൽ പ്രവർത്തനക്ഷമമാണ്. തൊഴിൽ കരാർ, ഗതാഗതം, റബ്ബർ തോട്ടം, കോഴിവളർത്തൽ, സംയുക്ത കൃഷി, കൂട്ടുകൃഷി സൊസൈറ്റികൾ, ടൂറിസം സൊസൈറ്റികൾ എന്നിവ ഉൾപ്പെടുന്നതാണ് വിവിധ സഹകരണ സംഘങ്ങൾ.

### വിദ്യാഭ്യാസം, ഗവേഷണം, പരിശീലനം

വിദ്യാഭ്യാസത്തിനും പരിശീലനത്തിനുമുള്ള സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി വിവിധ പ്രൊഫഷണൽ മേഖലകളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനായി കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (CAPE) രൂപീകരിച്ചു. കേരള സർക്കാരിന് കീഴിലുള്ള ഒരു സ്വയംഭരണ സ്ഥാപനമായ CAPE നെ സഹകരണവകുപ്പാണ് പ്രോത്സാഹിപ്പിക്കുന്നത്. കേപ്പിന് കീഴിൽ ഒമ്പത് എഞ്ചിനീയറിംഗ് കോളേജുകളും ഒരു എംബിഎ കോളേജും, പുന്നപ്രയിൽ ഒരു ഫിനിഷിംഗ് സ്കൂളും പ്രവർത്തിക്കുന്നു. ഏകദേശം 12,000 വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിന് അവസരമൊരുക്കുന്നുണ്ട്. പ്രൊഫഷണൽ വിദ്യാഭ്യാസത്തിനും CAPE-ന് കീഴിലുള്ള സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിലേക്കുമായി 2020-21-ൽ 12.5 കോടി രൂപ CAPE ന് സബ്സിഡിയായി നൽകി.

### സംസ്ഥാന സഹകരണ യൂണിയൻ

സഹകരണതത്വങ്ങളും സമ്പ്രദായങ്ങളും പഠിപ്പിക്കുന്നതിനും പരിശീലനപരിപാടികൾ സംഘടിപ്പിക്കുന്നതിനുമായി കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റി നിയമത്തിലെ സെക്ഷൻ 89 പ്രകാരം സ്ഥാപിതമായ ഒരു നിയമാനുസൃത സ്ഥാപനമാണ് സംസ്ഥാന സഹകരണ യൂണിയൻ. ഹയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേഷൻ (എച്ച്ഡിസി), ജൂനിയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേഷൻ (ജെ.ഡി.സി) കോഴ്സുകൾക്കായി 13 കോ-ഓപ്പറേറ്റീവ് ട്രെയിനിംഗ് കോളേജുകളും 10 പരിശീലന കേന്ദ്രങ്ങളും ആറ് എക്സ്റ്റൻഷൻ സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്. പരിശീലനകേന്ദ്രങ്ങൾക്കുള്ള സഹായമായി സഹകരണ സ്ഥാപനത്തിലെ അംഗങ്ങൾക്ക് വിദ്യാഭ്യാസം നൽകൽ എന്ന പരിപാടിക്കും, പട്ടികജാതി/പട്ടികവർഗ കേന്ദ്രങ്ങൾ നടത്തുന്നതിനുള്ള ഗ്രാന്റ്-ഇൻ-എയ്ഡ് ഇനത്തിലും സർക്കാർ സഹായം നൽകുന്നു.

### 2020 ലെ നൂതന സംരംഭങ്ങളും മാതൃകാ പദ്ധതികളും

**സഹകരണ ഉൽപ്പന്നങ്ങളുടെ ബ്രാൻഡിംഗും വിപണനവും:** ഭക്ഷ്യ-ഭക്ഷ്യേതര ഉൽപ്പന്നങ്ങളായ വിവിധതരം ഉപഭോക്തൃ ഉൽപ്പന്നങ്ങൾ ഉത്പാദിപ്പിക്കുന്ന നിരവധി സഹകരണ സംഘങ്ങൾ കേരളത്തിലുണ്ട്. ചുരുക്കം ചില സൊസൈറ്റികൾ സ്വന്തം ബ്രാൻഡുകൾ വികസിപ്പിച്ചെടുക്കുകയും നല്ല വിപണിവിഹിതം പിടിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ സാമ്പത്തികസ്ഥിതിമെച്ചമല്ലാത്തതും ഉൽപ്പാദനക്ഷമത കുറവുള്ളതുമായ പല സൊസൈറ്റികൾക്കും ബ്രാൻഡ് എന്ന ദൃശ്യപരതയുടെ അഭാവം മൂലം തങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാൻ കഴിയുന്നില്ല. ദൃശ്യപരത വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്നങ്ങളുടെ വിൽപ്പന വർദ്ധിപ്പിക്കുന്നതിനുമായി സഹകരണ വകുപ്പ് ഉൽപ്പന്നങ്ങളുടെ ബ്രാൻഡിംഗ്, വിപണനം എന്നിവയ്ക്കായി ഒരു പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ എത്തിക്കുന്നതിനും ദേശീയ അന്തർദേശീയ വിപണികളിലേക്ക് പ്രവേശിക്കുന്നതിനും പ്രധാന സ്ഥലങ്ങളിൽ ഔട്ട്ലെറ്റുകൾ സ്ഥാപിക്കുന്നതിനും ഓൺലൈൻ വിപ ണികൾ സൃഷ്ടിക്കുന്നതിനും സംയോജിത ബ്രാൻഡിംഗ്, മാർക്കറ്റിംഗ് ശൃംഖലകൾ നിർമ്മിക്കുക എന്നിവയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. പദ്ധതിയുടെ ഭാഗമായി 13 ജില്ലകളിലായി 13 കോപ്മാർട്ട് ഔട്ട്ലെറ്റുകൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്, കൂടാതെ കേരളത്തിലെ 74 സഹകരണ സംഘങ്ങൾ നിർമ്മിക്കുന്ന 334 ഉൽപ്പന്നങ്ങൾ സഹകരണസംഘം രജിസ്ട്രാറുടെ വെബ്സൈറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. "coopkerala" എന്ന ബ്രാൻഡ് നാമവും ഔട്ട്ലെറ്റ് വ്യാപാരനാമം "coopmart" എന്നിവയും വ്യാപാരമുദ്രാ നിയമത്തിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സഹകരണ വകുപ്പ് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കുന്ന സഹകരണ ഉൽപ്പന്നങ്ങൾക്ക് "coopkerala" സർട്ടിഫിക്കേഷൻ മാർക്ക് നൽകുന്നതിന് 11 അംഗ മാനേജിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

**പാലക്കാട് നെല്ല് സംഭരണ സംസ്കരണ വിപണന സഹകരണ സംഘം ലിമിറ്റഡ് (പാപ്കോസ്):**

പാലക്കാട് ജില്ലയിലെ നെൽകർഷകർ നേരിടുന്ന

പ്രശ്നങ്ങൾക്ക് പരിഹാരമായി സഹകരണവകുപ്പ് നെല്ല് സംഭരിക്കുന്നതിനായി ജില്ലയിൽ ഒരു സഹകരണ സംഘം രൂപീകരിക്കുകയും, ഈ സംഘം വിളവെടുക്കുന്ന നെല്ല് സംഭരിക്കുകയും, അതേ സമയത്ത് തന്നെ പണം നൽകുകയും ചെയ്യുന്നുണ്ട്. ഈ സഹകരണസംഘം, സംഭരണ സൗകര്യത്തോടെയുള്ള ഒരു ആധുനിക അരിമില്ല് ജില്ലയിൽ ആരംഭിക്കാൻ തീരുമാനിക്കുകയും, നെല്ല് സംഭരിച്ച് അതിനെ അരി, പൊടി അരി, അരിപ്പൊടി, തവിട് എന്നിവയുൾപ്പെടെയുള്ള അനുബന്ധ ഉൽപ്പന്ന ങ്ങളായി സംസ്കരിക്കുകയും, വിപണനം ചെയ്യുകയും ചെയ്യുന്നു. ഇതിലൂടെ ഇടനിലക്കാരായ വിൽപ്പനക്കാർക്ക് കുറഞ്ഞനിരക്കിൽ ഉൽപ്പന്നങ്ങൾ വിൽക്കുന്നത് ഒഴിവാക്കാൻ കർഷകരെ ഇത് സഹായിക്കുകയും കർഷ കർക്ക് അവരുടെ ഉത്പന്നങ്ങൾക്ക് നല്ല വില കിട്ടുകയും ചെയ്യുന്നു. സൊസൈറ്റിയുടെ ഇപ്പോഴത്തെ അടച്ചു തീർത്ത ഓഹരി മൂലധനം 13.7 കോടി രൂപയാണ്. പാലക്കാട് ജില്ലയിലെ 36 പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് (പി.എ.സി.എസ്) പാപ്കോസിൽ അംഗത്വമുണ്ട്.

**സംസ്ഥാനമൊട്ടാകെ നെല്ലുൽപദന സൊസൈറ്റികൾ രൂപീകരിക്കുകയും കുട്ടനാട്ടിലും അപ്പർ കുട്ടനാട്ടിലും ആധുനിക അരിമില്ലുകൾ സ്ഥാപിക്കുകയും ചെയ്യുക:** കേരള സംഭരണ സംസ്കരണ വിപണന സഹകരണ സംഘം (കാപ്കോസ്) 310 കോടി രൂപ അംഗീകൃത ഓഹരി മൂലധനവുമായി 2021 ൽ രജിസ്റ്റർ ചെയ്തു. നെൽകർഷകർ നേരിടുന്ന സംഭരണ വിപണന പ്രശ്നങ്ങൾ പരിഹരിക്കുകയാണ് സൊസൈറ്റിയുടെ ലക്ഷ്യം. കാപ്കോസ് കർഷകരിൽ നിന്ന് നേരിട്ട് ന്യായവിലയ്ക്ക് നെല്ല് സംഭരിക്കുകയും അത് സംസ്കരിച്ച് സർക്കാർ, അർദ്ധസർക്കാർ, സഹകരണ, സ്വകാര്യ വിപണന സ്ഥാപനങ്ങൾ, ഓൺലൈൻ വിപണനക്കാർ, സ്വന്തം വിപണന കേന്ദ്രങ്ങൾ എന്നിവ വഴി വില്പന/വിതരണം ചെയ്യുകയും ചെയ്യുന്നു. കോട്ടയം ജില്ല ആസ്ഥാനമായി പ്രവർത്തിക്കുന്ന ഈ പുതിയ സഹകരണ സംഘത്തിൽ പാലക്കാട് ജില്ല ഒഴികെയുള്ള മറ്റ് എല്ലാ ജില്ലകളും ഭാഗഭാക്കായിട്ടുണ്ട്. കാപ്കോസ് കുട്ടനാട്ടിലും അപ്പർ കുട്ടനാട്ടിലും റൈസ് മില്ലുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

**കെ.എസ്.ആർ.ടി.സി പെൻഷൻ:** കെ.എസ്.ആർ. ടി.സിയിലെ വിരമിച്ച ജീവനക്കാർക്ക 2020–21 ൽ പെൻഷനായി 760 കോടി രൂപ വിതരണം ചെയ്യുകയും ഇതിനായി കേരള സ്റ്റേറ്റ് കോ–ഓപ്പറേറ്റീവ് ബാങ്കിനെ ലീഡറാക്കി സഹകരണ വകുപ്പ് PACS ന്റെ ഒരു കൺസോർഷ്യം രൂപീകരിക്കുകയും ചെയ്തു. 10 ശതമാനം പലിശ സഹിതം 792 കോടി രൂപ സർക്കാർ അതത് പി.എ.സി.എസു കൾക്ക് തിരികെ നൽകുകയും ചെയ്തിട്ടുണ്ട്.

**യൂത്ത് കോ–ഓപ്പറേറ്റീവ് സൊസൈറ്റികൾ:** യുവജനങ്ങ ൾക്കായുള്ള രാജ്യത്തെ ആദ്യത്തെ സഹകരണ മേഖല സംരംഭമാണിത്. സർക്കാരിന്റെ 100 ദിവസത്തെ പരിപാടിയുടെ ഭാഗമായി 25 യുവജനസംഘങ്ങൾ ആരംഭിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിരുന്നെങ്കിലും, 30 യുവജനസംഘങ്ങൾക്ക് പ്രവർത്തനം തുടങ്ങുവാൻ സാധിച്ചു. യൂത്ത് കോ–ഓപ്പറേറ്റീവ് സൊസൈറ്റികൾ ക്രെഡിറ്റ് പ്രവർത്തനത്തെക്കാൾ സംരംഭകത്വത്തിനാണ് ഊന്നൽ നൽകുന്നത്, കൂടാതെ 18 നും 45 നും ഇടയിൽ പ്രായമുള്ളവരാണ് ഈ സംഘങ്ങളിൽ അംഗ ങ്ങളായിട്ടുള്ളത്. വിവരസാങ്കേതിക വിദ്യ, കൃഷി, മാലിന്യ സംസ്കരണം, വ്യാപാരം, ഉൽപ്പാദനവും വിപണനവും, സിനിമ, ഇക്കോ ടൂറിസം, കാറ്ററിംഗ് സേവനങ്ങൾ, ജൈവകൃഷി എന്നിവയുൾപ്പെടെ വിവിധ മേഖലകളിൽ സൊസൈറ്റികൾക്ക് രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കാവുന്ന താണ്. യുവജനസഹകരണ സംഘങ്ങൾ യുവജനങ്ങൾക്കാ യി സർക്കാർ പിന്തുണയ്ക്കുന്ന ഒരു നൂതന സംരംഭമാണ്.

**ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ–ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നം.10957:** യു.എൽ.സി.സി. എസ് 1925 മുതൽ കേരളത്തിൽ അതിന്റെ പ്രവർത്തനം നടത്തിവരുന്നു. സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്കി ടയിൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ച്കൊണ്ട് സാമൂഹിക ഉന്നമനം എന്ന ലക്ഷ്യത്തോടെയാണ് ഊരാളുങ്കൽ സൊസൈറ്റി രൂപീകരിച്ചത്. പതിമൂവായിരത്തിലധികം തൊഴിലാളികൾ അവരുടെ ഉപജീവനത്തിനായി സൊസൈറ്റിയെ നേരിട്ട് ആശ്രയിക്കുന്നു, കൂടാതെ ഓരോ വർഷവും സൊസൈറ്റിക്ക് കീഴിൽ മുപ്പത്തിയഞ്ച് ലക്ഷത്തിലധികം പ്രവൃത്തി ദിനങ്ങൾ സൃഷ്ടിക്കപ്പെടുന്നു. സൊസൈറ്റി പ്രധാനമായും കേരളത്തിലെ അടിസ്ഥാന സൗകര്യ വികസനത്തിലെ സിവിൽ നിർമ്മാണ പ്രവർത്തനങ്ങളിലാണ് ഏർപ്പെട്ടുവരുന്നത്, കൂടാതെ റോഡുകൾ, പാലങ്ങൾ, അനുബന്ധ അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ വികസനത്തിനും ഊരാളുങ്കൽ സൊസൈറ്റി ഒരുപ്രധാനപ്പെട്ട പങ്ക് വഹിക്കുന്നുണ്ട്. സൊസൈറ്റി കേരളത്തിൽ 7,500 ലധികം പ്രധാനപ്പെട്ട പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്, അതോടൊപ്പം 4555.68 കോടിയിലധികം രൂപയുടെ പദ്ധതികൾ പൂർത്തീകരണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. യു.എൽ.സി.സി.എസ് അതിന്റെ സംരംഭങ്ങളെ ഐടി പാർക്കുകളിലേക്ക് ULCYBER PARK എന്ന പേരിൽ വൈവി ധ്യവൽക്കരിച്ചിട്ടുണ്ട്, ഈ പദ്ധതികൾ പൂർത്തിയാകുമ്പോൾ ഏകദേശം 10,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും. കലയുടെയും, കരകൗശലത്തിന്റെയും വികസനത്തി നായി ഇരിങ്ങലിലും തിരുവനന്തപുരത്തും ആർട്ട് ആൻഡ് ക്രാഫ്റ്റ് വില്ലേജുകളും, നൈപുണ്യവും വിദ്യാഭ്യാസവും മെ ച്ചപ്പെടുത്തുന്നതിനായി കൊല്ലത്തെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷൻ എന്നിവയും സ്ഥാപിച്ചിട്ടുണ്ട്. സൊസൈറ്റിക്ക് സ്വന്തമായി ബിൽഡിംഗ് മെറ്റീരിയലുകളും, ടെസ്റ്റിംഗ് ലാബുകളും, സ്റ്റോൺ ക്രഷർ യൂണിറ്റുകളും, ഇഷ്ടിക നിർമ്മാണ യൂണിറ്റുകളും, ഏറ്റവും ആധുനിക യന്ത്രസാമഗ്രികളും നിർമ്മാണ ഉപകരണങ്ങളും ഉണ്ട്. 2020–21–ൽ യു.എൽ. സി.സി.എസ്–യുടെ വാർഷിക വിറ്റുവരവും അറ്റാദായവും യഥാക്രമം 1,012.4 കോടി രൂപയും 1.02 കോടി രൂപയുമാണ്. ഐക്യരാഷ്ട്രസഭ (യുഎൻ) ഇന്ത്യയിലെ മാതൃകാ സഹകരണസംഘമായി യു.എൽ.സി.സി.എസിനെ തെ രഞ്ഞെടുത്തിട്ടുണ്ട്. ഈ പ്രസ്ഥാനത്തിന്റെ വിജയഗാഥ ലോകത്താകെ സംപ്രേക്ഷണം ചെയ്യുന്നതിനായി യു.എൽ. സി.സി.എസ് ഒരു ഡോക്യുമെന്ററി നിർമ്മിക്കുന്നുണ്ട്. ഇന്റർനാഷണൽ കോ–ഓപ്പറേറ്റീവ് അലയൻസിൽ അംഗത്വമുള്ള ഇന്ത്യയിലെ ഏക പ്രാഥമിക സഹകരണ സൊസൈറ്റിയാണ് യു.എൽ.സി.സി.എസ്.

**കെയർ കേരള:** 2018–ലെ പ്രളയക്കെടുതിയുടെ പശ്ചാത്തലത്തിൽ, പ്രളയബാധിതരായ ജനങ്ങൾക്ക് ആശ്വാസവും പുനരധിവാസവും നൽകുന്നതിനായി സഹകരണ വകുപ്പ്, കോ–ഓപ്പറേറ്റീവ് അലയൻസ് ടു റീബിൽഡ് കേരള (കെയർ കേരള) എന്ന പദ്ധതിക്ക് രൂപം നൽകി. പദ്ധതിയിൽ മൂന്ന് സ്കീമുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്, കെയർ ഹോം, കെയർ ലോൺ, കെയർ ഗ്രേസ്.

പ്രളയബാധിതരായിട്ടുള്ളവർക്ക് അനുയോജ്യമായ ഭൂമിയുണ്ടെങ്കിൽ അതിൽ വീട് നിർമ്മിച്ചു നൽകുന്നതാണ് കെയർ ഹോം പദ്ധതി. സഹകരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയും പിന്തുണയോടെയുമാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ വിവിധ സഹകരണ സ്ഥാപനങ്ങളിൽ നിന്നാണ് വീടുകളുടെ നിർമ്മാണത്തിനാവശ്യമായ തുക സമാഹരിക്കുന്നത്. സൊസൈറ്റികളിൽ നിന്ന് വകുപ്പ് 52.7 കോടി രൂപ സമാഹരിക്കുകയും ഈ തുക CMDRF–ലേക്ക് നിക്ഷേപിക്കുകയും ചെയ്യുന്നു. കെയർ ഹോം പദ്ധതിയുടെ നടത്തിപ്പിനായി സിഎംഡിആർഎഫിൽ നിക്ഷേപിച്ച തുകക്ക് തത്തുല്യമായ തുക സർക്കാർ, സഹകരണ സംഘ രജിസ്ട്രാർക്ക് അനുവദിച്ചു നൽകി. ഇതിനുപുറമേ അംഗങ്ങളുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള 35 കോടി രൂപയും ഈ പദ്ധതിക്കായി വിനിയോഗിച്ചു.

സംസ്ഥാന ദുരന്ത നിവാരണ ഫണ്ടിൽ (എസ്.ഡി.ആർ.എഫ്) നിന്ന് ഗുണഭോക്താക്കൾക്ക് അനുവദനീയമായ തുകയായ അഞ്ച് ലക്ഷം രൂപ മുടക്കിയാണ് ഈ പദ്ധതി പ്രകാരം ഓരോ വീടും നിർമ്മിക്കുന്നത്. അനുവദിച്ച തുകയ്ക്ക് പുറമേ ഗുണഭോക്താക്കൾക്ക് സ്വന്തം ഫണ്ട് ഉപയോഗിച്ചും വീട് നിർമ്മിക്കാം. ഈ ആവശ്യത്തിനായി സഹകരണ സ്ഥാപനങ്ങളിൽ നിന്നും പൊതുജനങ്ങളിൽ നിന്നും സ്വമേധയാ നൽകുന്ന സംഭാവനകളും (പണം/തരം) സ്വീകരിക്കും. കെയർ ഹോം പദ്ധതി പ്രകാരം 2020 ജൂലൈ 4 വരെ 2000 വീടുകൾ നിർമ്മിച്ചു. തുടർന്ന് 2021 ഓഗസ്റ്റിൽ 71 വീടുകൾ കൂടി പൂർത്തിയാക്കി, 20 വീടുകളുടെ നിർമ്മാണം പുരോഗമിക്കുകയാണ്.

കെയർ ഹോം പദ്ധതിയുടെ രണ്ടാം ഘട്ടത്തിന്റെ നടത്തിപ്പാണ് സഹകരണ വകുപ്പ് ഇപ്പോൾ ആരംഭിച്ചിരിക്കുന്നത്. രണ്ടാം ഘട്ടത്തിൽ ഭൂരഹിതർക്കും, ഭവനരഹിതർക്കും വേണ്ടി 14 കൂട്ടായ വാസസ്ഥലങ്ങൾ (ഫ്ലാറ്റ്) നിർമ്മിക്കാൻ തീരുമാനിച്ചു. തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ ഗ്രമപഞ്ചായത്തിൽ 2020 ജൂലൈ 16 ന് ബഹു.മുഖ്യമന്ത്രി രണ്ടാം ഘട്ടം പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തു. തൃശ്ശൂർ ജില്ലയിൽ കൂട്ടായ വാസസ്ഥലങ്ങളുടെ (ഫ്ലാറ്റ്) നിർമ്മാണം അന്തിമഘട്ടത്തിലാണ്. മറ്റ് ജില്ലകളിൽ പദ്ധതി നടത്തിപ്പ് പ്രരംഭ ഘട്ടത്തിലാണ്.

**100 ദിവസത്തെ പരിപാടി–10,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ:** 100 ദിവസം കൊണ്ട് 75,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പരിപാടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആരംഭിച്ചു. 100 ദിവസത്തിനുള്ളിൽ നേരിട്ടും അല്ലാതെയും 10,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നതായിരുന്നു 100 ദിവസത്തെ കർമ്മപദ്ധതിയിൽ സഹകരണവകുപ്പിന്റെ ലക്ഷ്യം. പദ്ധതിയിലൂടെ, പ്രാഥമിക സഹകരണ സംഘങ്ങൾ, അപെക്സ് ഫെഡറേഷനുകൾ, മറ്റ് സഹകരണ സ്ഥാപനങ്ങൾ എന്നിവ വഴി 425 സ്ഥിരം ജോലികളും 20153 താൽക്കാലിക തൊഴിലവസരങ്ങളും വകുപ്പ് സൃഷ്ടിച്ചു.

**നവകേരളീയം കുടിശിക നിവാരണം (ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി):** സഹകരണ സ്ഥാപനങ്ങളുടെ നിഷ്ക്രിയ ആസ്തി കുറയ്ക്കുന്നതിനായി 'നവകേരളീയം കുടിശ്ശിക നിവാരണം' എന്ന പേരിൽ സഹകരണ വകുപ്പ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ചു. സഹകരണസംഘ രജിസ്ട്രാറുടെ കീഴിലുള്ള എല്ലാ സഹകരണ സംഘങ്ങളെയും ബാങ്കുകളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തുകയും വായ്പയെടുക്കുന്ന വർക്ക് പലിശ ഇളവ് വാഗ്ദാനം ചെയ്യുകയും ചെയ്തു. ഈ സ്കീമിന് കീഴിൽ, കുടിശ്ശികയുള്ള വായ്പ തുകകൾക്ക് ലളിതമായ പലിശ മാത്രമേ ഈടാക്കിയിരുന്നുള്ളൂ. കാൻസർ, ഹൃദ്രോഗം, വൃക്കരോഗം തുടങ്ങിയ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ അനുഭവിക്കുന്നവർക്കും, പ്രളയം ബാധിതർക്കും, ലോക്ക്ഡൗണിനെത്തുടർന്ന് തൊഴിൽനഷ്ടം സംഭവിച്ചവർക്കും ഈ പദ്ധതിയിൽ പരമാവധി ആനുകൂല്യത്തിനു അർഹരായിട്ടുണ്ട്.

**സാമൂഹിക സുരക്ഷാ പെൻഷൻ വിതരണം:** സംസ്ഥാനത്തെ സാമൂഹിക സുരക്ഷാ പെൻഷൻ സുഗമമായി വിതരണം ചെയ്യുന്നതിനായി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, ജീവനക്കാരുടെ സഹകരണ സംഘങ്ങൾ, മറ്റ് പ്രാഥമിക സഹകരണ സംഘ ങ്ങൾ എന്നിവ ഉൾപ്പെടുന്ന സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിക്കുകയും കമ്പനി നിയമപ്രകാരം സർക്കാർ തലത്തിൽ 'ദി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്' എന്ന പേരിൽ പ്രസ്തുത കൺസോർഷ്യം രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. സഹകരണ സംഘങ്ങളിൽ നിന്ന് 9 ശതമാനം പലിശ നിരക്കിലാണ് കൺസോർഷ്യം ഫണ്ട് സ്വരൂപിക്കുന്നത്. ക്ഷേമ പെൻഷനുകൾ (കർഷക തൊഴിലാളി പെൻഷൻ, വാർദ്ധക്യ പെൻഷൻ, വികലാംഗ പെൻഷൻ, അവിവാഹിതരായ അമ്മാമാരുടെ പെൻഷൻ, വിധവാ പെൻഷൻ) സഹകരണ സംഘങ്ങൾ വഴി അർഹരായ വ്യക്തികൾക്ക് നേരിട്ട് വിതരണം ചെയ്യുന്നുണ്ട്. വെള്ളപ്പൊക്കത്തിന്റെയും മഹാമാരിയുടെയും കാലത്ത് വെല്ലുവിളി നിറഞ്ഞ സാഹചര്യങ്ങളുണ്ടായിരുന്നിട്ടുപോലും സാമൂഹിക സുരക്ഷാപെൻഷൻ ഫലപ്രദമായി വിതരണം ചെയ്യാൻ സാധിച്ചിട്ടുണ്ട്. സഹകരണ സംഘങ്ങൾ വഴി 2021 മാർച്ച് വരെ, 30ാം ഘട്ടം വരെയുള്ള സാമൂഹിക സുരക്ഷാ പെൻഷനാണ് വിതരണം ചെയ്തിട്ടുള്ളത്. ഈ കാലയളവിൽ 339.4 കോടി രൂപ സാമൂഹിക സുരക്ഷാ പെൻഷനായി വിതരണം ചെയ്യാൻ സാധിച്ചിട്ടുണ്ട്.

**പഴങ്ങളുടെയും പച്ചക്കറികളുടെയും സംഭരണത്തിനും വിതരണത്തിനുമായി PACS മുഖേന കോപ്പ് മാർട്ട് വെജ് ഫ്രഷ് ഔട്ട്ലെറ്റുകൾ:** പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനുമുള്ള ലക്ഷ്യത്തോടെ, 'കോ–ഓപ്പ് മാർട്ട് വെജ് ഫ്രഷ് ഔട്ട്ലെറ്റുകൾ' ആരംഭിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പ്രഖ്യാപിച്ചു.

ഉപഭോക്താക്കളുടെ ആവശ്യാനുസരണം സുരക്ഷിതവും പ്രാദേശികവുമായ പച്ചക്കറികൾ എത്തിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കൃഷിവകുപ്പിന്റെ സഹായത്തോടെ ആവശ്യമായ പഴങ്ങളുടെയും പച്ചക്കറികളുടെയും ശേഖരണവും വിതരണവും ആരംഭിച്ചിട്ടുണ്ട്. കർഷകർക്ക് മികച്ച വില ലഭ്യമാക്കുവാനായി വിപണന സംവിധാനം ശക്തിപ്പെടുത്തുകയും വില സ്ഥിരത ഉറപ്പാക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. സംസ്ഥാനത്തുടനീളം 217 ഔട്ട്ലെറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. സർക്കാരിന്റെ 100 ദിവസത്തെ കർമപദ്ധതിയുടെ ഭാഗമായി 400 ഔട്ട്ലെറ്റുകൾ കൂടി ആരംഭിക്കാൻ സഹകരണ വകുപ്പ് ഉദ്ദേശിക്കുന്നുണ്ട്.

**വിദ്യാതരംഗിണി പദ്ധതി:** ഈ പദ്ധതിയിലൂടെ, ഓൺലൈൻ ക്ലാസുകളിൽ പങ്കെടുക്കുന്നതിലേക്കായി അർഹരായ വിദ്യാർത്ഥികൾക്ക് മൊബൈൽ ഫോൺ വാങ്ങുന്നതിന് സഹകരണ സംഘങ്ങൾ പലിശ രഹിത വായ്പ നൽകിയിട്ടുണ്ട്. അർഹരായ വിദ്യാർത്ഥികൾക്ക് 10,000/-രൂപ വരെ വായ്പ സഹായം നൽകി. ഈ പദ്ധതിയിൽ രണ്ട് വർഷത്തിനകം ഗുണഭോക്താക്കൾ വായ്പാ തുക തുല്യ ഗഡുക്കളായി തിരിച്ചടക്കണം എന്ന് നിഷ്കർഷിച്ചിരുന്നു. നിശ്ചിത കാലയളവിനു ശേഷമുള്ള തിരിച്ചടവിന് 8 ശതമാനം പലിശ ഈടാക്കിയിരുന്നു. 2021 ജൂലൈയിൽ പദ്ധതി പൂർത്തീകരിക്കുകയും 80,265 വിദ്യാർത്ഥികൾക്ക് 77.9 കോടി രൂപ വിതരണം ചെയ്യു കയും ചെയ്തു.

**മുറ്റത്തെ മുല്ല പദ്ധതി:** മുറ്റത്തെ മുല്ല എന്ന പദ്ധതി സ്വകാര്യ പണമിടപാടുകാരുടെ പിടിയിൽ നിന്ന് സാധാരണക്കാരെ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഒരു പദ്ധതിയാണ്. കുടുംബശ്രീ യൂണിറ്റുകൾ വഴിയാണ് ഈ പദ്ധതി നടപ്പാക്കി വരുന്നത്. ഈ പദ്ധതിയിലൂടെ 2021 ഓഗസ്റ്റ് വരെ 1272.8 കോടി രൂപ കുടുംബശ്രീ യൂണിറ്റ് അംഗങ്ങൾക്ക് വിതരണം ചെയ്തു.

**നിക്ഷേപ സമാഹരണ യജ്ഞം:-** യുവാക്കൾ ഉൾപ്പെടെയുള്ള നിക്ഷേപകരെ ആകർഷിക്കുന്നതിനായി 2021 ൽ സഹകരണ വകുപ്പ് 41 ാമത് നിക്ഷേപ സമാഹരണയജ്ഞം നടത്തി. ഈ യജ്ഞത്തിലൂടെ 6000 കോടി രൂപയാണ് ലക്ഷ്യമിട്ടിരുന്നതെങ്കിലും 8440 കോടി രൂപ സമാഹരിക്കാൻ സാധിച്ചു. സൊസൈറ്റികളുടെ/ബാങ്കുകളുടെ മൊത്തം കുടിശ്ശിക നിക്ഷേപം 2021 മാർച്ചിൽ 2,46,326.9 കോടി രൂപയാണ്, മുൻ വർഷത്തെ കുടിശ്ശിക നിക്ഷേപമായ 2,14,481.6 കോടി രൂപയുമായി ഇത് താരതമ്യം ചെയ്യുമ്പോൾ 31,845.3 കോടി രൂപയുടെ വർദ്ധനവ് കാണുവാൻ സാധിക്കും. ഈ നിക്ഷേപ സമാഹരണ യജ്ഞങ്ങൾ ലക്ഷ്യമിടുന്ന തുകയേക്കാൾ കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിൽ സ്ഥിരമായി വിജയിച്ചിട്ടുണ്ട് **(അനുബന്ധം 3.2.7).**

## ദേശീയ സഹകരണ വികസന കോപ്പറേഷൻ (NCDC)

സാധാരണയായി സഹകരണ സ്ഥാപനങ്ങൾക്ക് അവരുടെ ബിസിനസ്സുകൾ വിപുലീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും ക്രെഡിറ്റ്/മാർക്കറ്റിംഗ്/റൂറൽ ഇൻഫ്രാസ്ട്രക്ചർ/ആരോഗ്യം, വിദ്യാഭ്യാസം, ടൂറിസം തുടങ്ങിയ സേവന മേഖലകളിൽ അടിസ്ഥാനസൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും NCDC നേരിട്ടോ അല്ലെങ്കിൽ സംസ്ഥാന സർക്കാർ മുഖേനയോ സഹായം നൽകി വരുന്നുണ്ട്.

സഹകരണ സംഘങ്ങൾ മുഖേനയുള്ള സാമ്പത്തിക വികസനം ഉറപ്പാക്കുന്നതിനായി 1963-ൽ സ്ഥാപിതമായ എൻസിഡിസി, കേന്ദ്ര ഗവൺമെന്റിന്റെ കൃഷി, കർഷകക്ഷേമ മന്ത്രാലയത്തിന് കീഴിലുള്ള ഒരു നിയമപരമായ സ്ഥാപനമാണ്. ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും വിളവെടുപ്പിനു ശേഷമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി കർഷക സഹകരണ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുകയും ശക്തിപ്പെടുത്തുകയും വികസിപ്പിക്കുകയും ചെയ്യുക എന്നതാണ് സംഘടനയുടെ പ്രധാന ലക്ഷ്യം. കാർഷിക വിപണനം, ഉൽപ്പന്നങ്ങളുടെ വിതരണം, സംസ്കരണം, സംഭരണം, ശീതീകരണ ശൃംഖല, കാർഷിക ഉൽപ്പന്നങ്ങളുടെ വിപണനം, വിത്ത്, വളം, മറ്റ് കാർഷിക ഉൽപ്പന്നങ്ങൾ എന്നിവയുടെ വിതരണം എന്നിവയാണ് NCDC പ്രധാനമായും ശ്രദ്ധിക്കുന്നത്. അതോടൊപ്പം തന്നെ കാർഷികേതര മേഖലയിൽ, ക്ഷീരവികസനം, കന്നുകാലികൾ, കൈത്തറി, സെറികൾച്ചർ, കോഴിവളർത്തൽ, മത്സ്യബന്ധനം തുടങ്ങിയ മേഖലകളിലും പ്രത്യേകം ശ്രദ്ധ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നു. അതിലൂടെ കാർഷികേതരവരുമാനം ഉണ്ടാക്കുന്ന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സൗകര്യങ്ങൾ സഹകരണസംഘങ്ങളിൽ സജ്ജമാക്കുക എന്നതാണ് സംഘടനയുടെ ലക്ഷ്യം.

കേരളത്തിലെ വിവിധ സഹകരണ വികസന പദ്ധതികൾക്കായി 2021 മാർച്ച് വരെ 8604.95 കോടി രൂപ എൻസിഡിസി സഞ്ചിത ധനസഹായമായി വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ 2,147.7 കോടി രൂപ സംസ്ഥാന സർക്കാർ മുഖേനയും 6,457.3 കോടി രൂപ നേരിട്ടുള്ള ധന സഹായത്തിലൂടെയുമാണ് വിതരണം ചെയ്തിട്ടുള്ളത്. ഇതിൽ 1,918.9 കോടി രൂപ ദീർഘകാല വായ്പയും 81.4 കോടി രൂപ സബ്സിഡിയുമാണ്. അതോടൊപ്പം പ്രവർത്തന മൂലധനമായി 6604.7 കോടി രൂപ നൽകിയിരുന്നു. NCDC സഹായത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 3.2.8**-ൽ കാണിച്ചിരിക്കുന്നു. കേരളത്തിലേക്കുള്ള എൻസിഡിസി ഫണ്ടുകളുടെ അനുവദിച്ച തുകകളും റിലീസും **അനുബന്ധം 3.2.9**-ൽ കാണിച്ചിരിക്കുന്നു. **അനുബന്ധം 3.2.10**-ൽ വായ്പകളുടെയും പലിശ നിരക്കുകളുടെയും വർഷം തിരിച്ചുള്ള റിലീസും കാണിച്ചിരിക്കുന്നു.

## എൻസിഡിസി സഹായമുള്ള പദ്ധതികൾ

സംയോജിത സഹകരണ വികസന പദ്ധതി (ഐസിഡിപി) സഹകരണ ശൃംഖലയിലൂടെ തെരഞ്ഞെടുത്ത ജില്ലകളുടെ സമഗ്രവും സംയോജിതവുമായ വികസനത്തിന് എൻസിഡിസിയുടെ സഹായത്തോടെയുള്ള സവിശേഷമായ ഒരു പദ്ധതിയാണ് സംയോജിത സഹകരണ വികസന പദ്ധതി (ഐസിഡിപി). കാർഷിക-അനുബന്ധ മേഖലകളിലെ സഹകരണ പ്രവർത്തനങ്ങളിലൂടെ തിരഞ്ഞെടുത്ത ജില്ലകളുടെ മൊത്തത്തിലുള്ള വികസനത്തിനായി ഏഴാം പഞ്ചവത്സര പദ്ധതിയിലാണ് എൻസിഡിസി സംയോജിത സഹകരണ വികസന പദ്ധതി (ഐസിഡിപി) അവതരിപ്പിച്ചത്. ചെറുകിടനാമമാത്രകർഷകരുടേയും, ദുർബല

വിഭാഗങ്ങളുടേയും ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ബിസിനസ്സിന്റെ മൂല്യവും വ്യാപ്തിയും വർദ്ധിപ്പിച്ച്, നിലവിലുള്ള സഹകരണ ഘടനയെ ലംബമായും തിരശ്ചീനമായും ശക്തിപ്പെടുത്തി, ചെറുകിടചെറുകിടേതര ആവശ്യങ്ങൾ നിറവേറ്റുന്നതിനായി കാർഷികവായ്പമേഖലയെ നവീകരിക്കുക, അതിലൂടെ PACS-നെ പ്രായോഗിക വിവിധോദ്ദേശ്യ സൊസൈറ്റികളായി വികസിപ്പിക്കുക എന്നിവയാണ് പദ്ധതിയുടെ മറ്റ് പ്രധാന ലക്ഷ്യങ്ങൾ. സഹകരണ പ്രസ്ഥാനത്തിന്റെ തത്വം പുനഃസ്ഥാപിക്കുന്നതിനുവേണ്ടിയുള്ള മാനവവിഭവശേഷി വികസന പ്രവൃത്തികൾക്ക തുടക്കംകുറിക്കുക എന്നതാണ് പദ്ധതിയുടെ മറ്റൊരു ലക്ഷ്യം.

കേരളത്തിലെ ആദ്യത്തെ ഐസിഡിപി പദ്ധതി 1987–1988 ൽ വയനാട് ജില്ലയിൽ നടപ്പാക്കി. ഐസിഡിപി പദ്ധതിയുടെ ആദ്യഘട്ടം എല്ലാ ജില്ലകളിലും വിജയകരമായി നടപ്പാക്കിയിട്ടുണ്ട്. ഐസിഡിപി വയനാട് ജില്ലയുടെ രണ്ടാം ഘട്ടം 2013 മാർച്ചിൽ പൂർത്തിയായി. നിലവിൽ ഐസിഡിപിയുടെ രണ്ടാം ഘട്ടം ഇടുക്കി, പാലക്കാട്, തൃശ്ശൂർ എന്നീ മൂന്ന് ജില്ലകളിലാണ് നടപ്പിലാക്കുന്നത്. രണ്ടാം ഘട്ട പദ്ധതികൾക്കായി ഇടുക്കി ഡിസിബിക്ക് 43.2 കോടി രൂപയും പാലക്കാട് ഡിസിബി 46.5 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. പദ്ധതികളുടെ രണ്ടാംഘട്ട നടത്തിപ്പിനായി തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കിന് 30.4 കോടി രൂപയും അനുവദിച്ചു. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ–ഓപ്പറേറ്റീവ് സൊസൈറ്റിയുടെ സ്റ്റോൺ ക്രഷർ യൂണിറ്റിന്റെ നവീകരണത്തിനും വിപുലീകരണത്തിനുമായി 2020–21 ൽ എൻസിഡിസി 40 കോടി രൂപ അനുവദിച്ചു.

**പട്ടിക 3.2.1** കാർഷിക വായ്പകളുടെ ജില്ല തിരിച്ചുള്ള വിതരണം (കോടിയിൽ)

| ക്രമ നം | ജില്ലാ സഹകരണ ബാങ്കുകൾ | ആകെ തുക |
|---|---|---|
| 1 | തിരുവനന്തപുരം | 337.0 |
| 2 | കൊല്ലം | 296.7 |
| 3 | പത്തനംതിട്ട | 183.0 |
| 4 | ആലപ്പുഴ | 334.2 |
| 5 | കോട്ടയം | 197.3 |
| 6 | ഇടുക്കി | 494.1 |
| 7 | എറണാകുളം | 338.5 |
| 8 | തൃശ്ശൂർ | 291.0 |
| 9 | പാലക്കാട് | 235.6 |
| 10 | മലപ്പുറം | 0.00 |
| 11 | കോഴിക്കോട് | 197.3 |
| 12 | വയനാട് | 178.8 |
| 13 | കണ്ണൂർ | 414.0 |
| 14 | കാസർഗോഡ് | 203.0 |
| ആകെ | 3700.5 | 3700.5 |

ഉറവിടം: സഹകരണ രജിസ്ട്രാർ, കേരള സർക്കാർ,2021

### നബാർഡ്

നാഷണൽ ബാങ്ക് ഫോർ അഗ്രികൾച്ചർ ആൻഡ് റൂറൽ ഡെവലപ്മെന്റ് (നബാർഡ്) 2020–21 –ൽ കേരള സ്റ്റേറ്റ് കോ–ഓപ്പറേറ്റീവ് ബാങ്കിന് ഹ്രസ്വകാല സെഷനൽ അഗ്രികൾച്ചറൽ ഓപ്പറേഷൻസ് റീഫിനാൻസായി 2035.00 കോടി രൂപ അനുവദിച്ചു. ഈ തുകയും കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ വിഹിതവും ചേർത്ത് ജില്ലാ ഓഫീസുകൾ മുഖേന കാർഷിക വായ്പയായി ഈ തുക വിതരണം ചെയ്തു. ഇതിന്റെ വിശദാംശങ്ങൾ **പട്ടിക 3.2.1–ൽ** ചേർത്തിരിക്കുന്നു.

### സ്പെഷ്യൽ ലിക്വിഡിറ്റി ഫെസിലിറ്റി (എസ്എൽഎഫ്)

കോവിഡ്–19 മഹാമാരിയുടെ പശ്ചാത്തലത്തിൽ കർഷകർക്ക് അവരുടെ കാർഷിക പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് ബാങ്കുകളിൽ നിന്നുള്ള വായ്പകളുടെ തടസ്സമില്ലാത്ത വിതരണം ഉറപ്പാക്കേണ്ടതായിട്ടുണ്ടായിരുന്നു. അതിന്റെ ഭാഗമായി മുന്നിൽ നിന്നുള്ള സാമ്പത്തിക പിന്തുണ നൽകുന്നതിന് നബാർഡ് ഒരു പ്രത്യേക ലിക്വിഡിറ്റി ഫെസിലിറ്റി ലഭ്യമാക്കിയിരുന്നു. കേരള സംസ്ഥാന സഹകരണ ബാങ്കിന് 2020–21–ൽ ഈ ഇനത്തിൽ 1670 കോടി രൂപ അനുവദിയ്ക്കുകയും, പ്രസ്തുത തുക പ്രാഥമിക സഹകരണ സംഘങ്ങൾ വഴി പൂർണ്ണമായും വിനിയോഗിക്കുകയും ചെയ്തു.

ഹ്രസ്വകാല കാർഷിക ഉൽപ്പാദനത്തിനും, കാർഷിക അനുബന്ധ പ്രവൃത്തികൾക്കും (കന്നുകാലികൾ, ഡയറി, മത്സ്യബന്ധനം, കോഴി, നെല്ല്, പച്ചക്കറി, കൃഷി യൂണിറ്റുകൾ) കൂടാതെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് പ്രവർത്തന മൂലധന ആവശ്യങ്ങൾക്കുമായി വായ്പ അനുവദിയ്ക്കുകയുണ്ടായി. വായ്പ തിരിച്ചടവിൽ വീഴ്ച വരുത്താത്ത എല്ലാ പ്രാഥമിക കാർഷികവായ്പാസഹകരണസംഘങ്ങൾ വഴിയും തുക വിതരണം ചെയ്യുകയും അതിൽതന്നെ "സുഭിക്ഷ കേരളം" പദ്ധതിക്ക് മുൻഗണന നൽകുകയും ചെയ്തു. പ്രവർത്തന മൂലധനത്തിനായി ചില്ലറ വ്യാപാരികൾക്കും, മൊത്തവ്യാപാരികൾക്കും, കർഷകർക്കും ക്യാഷ് ക്രെഡിറ്റായി അല്ലെങ്കിൽ ഒരു വർഷത്തേക്ക് പ്രതിമാസം തിരിച്ചടയ്ക്കാവുന്ന വായ്പയായി ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭ്യമാക്കിയിരുന്നു. ഈ പദ്ധതി പ്രകാരം വ്യക്തികൾക്ക് അനുവദിക്കാവുന്ന പരമാവധി വായ്പ തുക 2 ലക്ഷം രൂപയാണ്. പ്രതിവർഷം 6.40 ശതമാനം പലിശ നിരക്കിലാണ് ഈ വായ്പ വിതരണം ചെയ്തുവരുന്നത്.

### കോവിഡ്–19 ന്റെ രണ്ടാം ഘട്ടത്തിൽ സഹകരണ മേഖല സ്വീകരിച്ച നടപടികൾ

- കൺസ്യൂമർഫെഡിന്റെ സഹകരണത്തോടെ കേരള കർണാടക അതിർത്തിയിൽ 10 നീതി സ്റ്റോറുകൾ ആരംഭിച്ചു.
- നാല് വകുപ്പുകളുടെ സംയുക്ത പരിപാടിയായ സുഭിക്ഷ കേരളം പദ്ധതിയിൽ ഏകദേശം 848 സഹകരണ സംഘങ്ങൾ പങ്കെടുത്തു. ഈ പദ്ധതിക്കായി ഏകദേശം 3189.5 ഏക്കർ ഭൂമി ഉപയോഗിക്കുകയും 1838 മാതൃകാ ഫാമുകൾ സൃഷ്ടിക്കുകയും ചെയ്തു. ഈ പരിപാടിയിലൂടെ ഏകദേശം 43979 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടു. ഈ പദ്ധതിക്കായി മൊത്തം 239.5 കോടി രൂപ

വായ്പയായി അനുവദിച്ചു.

- കേരളത്തിലുടനീളം 231 കോപ്പ് മാർട്ട് പച്ചക്കറി ഫ്രഷ് ഔട്ട്ലെറ്റുകൾ ആരംഭിച്ചു.
- പ്രളയബാധിതരായ 74 സഹകരണ സംഘങ്ങളെ 483.7 ലക്ഷം രൂപ ധനസഹായം നൽകി പിന്തുണച്ചു.
- കോവിഡ്–19 മഹാമാരിയോടനുബന്ധിച്ചുള്ള സാമ്പത്തിക പാക്കേജിന്റെ ഭാഗമായി, BPL/AAY കാർഡ് ഉടമകളും എന്നാൽ സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് യാതൊരു സാമ്പത്തിക സഹായവും ലഭിക്കാത്ത വ്യക്തികൾക്കും 1000 രൂപ വീതം വിതരണം ചെയ്തു.

## സഹകരണ മേഖലയുടെ മുന്നോട്ടുള്ള പ്രയാണം

ഇന്നത്തെ ആഗോളവൽകൃത ലോകത്ത്, സഹകരണാധിഷ്ഠിത സാമ്പത്തിക വികസനത്തിന് വളരെ പ്രസക്തിയുണ്ട്. സാമൂഹിക സാമ്പത്തിക പ്രവർത്തനങ്ങളുടെ എല്ലാ മേഘലകളിലും, പ്രത്യേകിച്ച് കാർഷിക വായ്പ, പൊതുവിതരണ സമ്പ്രദായം, കാർഷികോൽപ്പന്ന ങ്ങളുടെ വിതരണം, വിപണനം, കാർഷിക ഉത്പന്നങ്ങ ളുടെ സംസ്കരണം, ഉപഭോക്തൃ പ്രവർത്തനങ്ങൾ, പൊതുജനാരോഗ്യം, വിദ്യാഭ്യാസം, പാർപ്പിടം, ഇൻഷ്വറൻസ്, എസ്.സി/എസ്റ്റി വികസനം, സ്ത്രീ ശാക്തീകരണം, സേവനം, തുണിത്തരങ്ങൾ, കൈത്തറി, കയർ, ഡയറി, വ്യവസായങ്ങൾ, അടിസ്ഥാന സൗകര്യ വികസനം എന്നിവയിൽ സഹകരണ സംഘങ്ങൾക്ക് ഗണ്യമായ സാന്നിദ്ധ്യമുണ്ട്. നഗര–ഗ്രാമ വിഭജനം ഇല്ലാതാക്കുന്നതിലും വരുമാനം സൃഷ്ടിക്കുന്നതിനുള്ള അവസരമൊരുക്കുന്നതിലും സഹകരണ മേഖലയ്ക്ക് വലിയ പങ്കുണ്ട്. സഹകരണ മേഖലയിൽ പ്രൊഫഷണലിസം ഊട്ടിയുറപ്പിക്കുകയും ഈ മേഖലയെ കൂടുതൽ പരിവർത്തനത്തിന് വിധേയമാക്കുകയും ചെയ്യേണ്ടതായിട്ടുണ്ട്, അതുവഴി സാങ്കേതികവും നിയന്ത്രണപരവുമായ പരിസ്ഥിതികളിൽ സംഭവിക്കുന്ന മാറ്റങ്ങളുമായി സഹകരണ മേഖലയ്ക്ക് കൂടുതൽ മുന്നോട്ട് പോകാനാകും. തുല്യമായ സാമൂഹിക സാമ്പത്തിക വികസനം ഉറപ്പാക്കി സമൂഹത്തെ കൂടുതൽ ഉയരങ്ങളിലേക്കെത്തിക്കുന്നതിന് സഹകരണ മേഖല മതിയായ ശക്തിയാർജിച്ചിട്ടുണ്ട്.

സഹകരണ സംഘങ്ങളുടെ ദൗർബല്യങ്ങളുടെ മൂലകാരണങ്ങളെ അഭിസംബോധന ചെയ്യാതെ സാമ്പത്തികമായി പുനഃസംഘടിപ്പിക്കുന്നത് വ്യവസ്ഥിതിയുടെ സുസ്ഥിരമായ പുനരുജ്ജീവനം സൃഷ്ടിക്കുന്നതിൽ പരാജയപ്പെടാനിടവരുമെന്നതിനാൽ നിലവിലുള്ള നിയമങ്ങളിൽ ഉചിതമായ ഭേദഗതികൾ ആവശ്യമാണ്. കേരള ബാങ്ക് രൂപീകരിക്കുന്നതിനുള്ള സമീപനം തന്നെ, കേരളബാങ്കിനെ ഒരു ആധുനിക ധനകാര്യ സ്ഥാപനമായി മാറ്റുന്നതിനുള്ള പ്രൊഫഷണലൈസേഷൻറേയും സാങ്കേതിക വിദ്യ സംബന്ധിച്ച പ്രതിബദ്ധതയുടെയും വ്യക്തമായ സൂചനയാണ്. ഈ പ്രക്രിയ പൂർത്തിയാകണമെങ്കിൽ, അടിസ്ഥാന സ്ഥാപനങ്ങളേയും പ്രൊഫഷണലൈസ് ചെയ്യേണ്ടതായിട്ടുണ്ട്.

കാർഷിക വായ്പകളിലെ ഇടിവ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായുള്ള ദുർബലമായ ബന്ധം, വർദ്ധിച്ചുവരുന്ന നിഷ്ക്രിയ ആസ്തി (എൻപിഎ), നവീകരണ പ്രക്രിയയുടെ മന്ദഗതിയിലുള്ള പുരോഗതി എന്നിവ ഈ മേഖലയിൽ ഇപ്പോഴും നിഴലിച്ചുനിൽക്കുന്ന ചില പ്രശ്നങ്ങളാണ്. ഏകീകൃത സോഫ്റ്റ്‌വയറിന്റെ അഭാവം ഉപഭോക്താക്കൾക്ക് സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള ബാങ്കിംഗ് സേവനങ്ങൾ നൽകുന്നതിന് തടസ്സമാണ്. എൻആർഐ നിക്ഷേപങ്ങളും വിദേശനാണ്യ ഇടപാടുകളും കൈകാര്യം ചെയ്യാനുള്ള ശേഷി സഹകരണ സ്ഥാപനങ്ങൾ വഴി സൃഷ്ടിച്ചെടുക്കുകയെന്നതാണ് മറ്റൊരു പ്രശ്നം.

നിലവിൽ സഹകരണ മേഖലയിൽ യുവാക്കളുടെ അഭാവമുണ്ട്. എന്നാൽ യുവാക്കളുടെ ഇടപെടൽ ഈ മേഖലയിൽ കാര്യമായ പരിവർത്തനം കൊണ്ടുവന്നേക്കും. പ്രൈവറ്റ് ഇക്വിറ്റി ഉൾപ്പെടെ വിവിധ സ്രോതസ്സുകളിൽ നിന്നുള്ള അധിക നിക്ഷേപത്തിന് ഈ മേഖലയെ പരിവർത്തനം ചെയ്യുന്നതിനുള്ള ശ്രമങ്ങൾ ആരംഭിക്കുകയും അത് ഏകോപിപ്പിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. പുതിയ സംരംഭങ്ങൾക്ക് പ്രത്യേകിച്ച് സ്റ്റാർട്ടപ്പുകൾക്ക് ധനസഹായം നൽകുന്നതിൽ സഹകരണസംഘങ്ങൾക്ക് ഏർപ്പെടാവുന്നതാണ്. സാങ്കേതികവിദ്യ സ്വീകരിക്കുന്നതിലൂടെയും പ്രൊഫഷണലൈസേഷനിലൂടെയും സഹകരണ സംഘങ്ങൾക്ക് സമ്പദ്‌വ്യവസ്ഥയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയും എന്നതിൽ യാതൊരു അതിശയോക്തിയുമില്ല എന്നതിനാൽ തന്നെ സഹകരണ മേഖല അതിനുവേണ്ടിയുള്ള നിതാന്ത പരിശ്രമം നടത്തേണ്ടിയിരിക്കുന്നു.

# 3.3 കന്നുകാലി വികസനം

രാജ്യത്തിന്റെ സാമൂഹ്യ സാമ്പത്തിക വികസനത്തിൽ കൃഷി മേഖലയുടെ ഉപമേഖലയായ കന്നുകാലി വികസനത്തിന് വളരെയധികം പ്രാധാന്യമുണ്ട്. ഗ്രാമീണ മേഖലയിൽ, പ്രത്യേകിച്ച് ഭൂരഹിത കർഷകർ, ചെറുകിട, പ്രാന്തവൽക്കരിച്ച ദുർബല വിഭാഗങ്ങൾ, സ്ത്രീ കർഷകർ എന്നീ വിഭാഗങ്ങൾക്ക് ലാഭകരമായ തൊഴിൽ നൽകുന്നതോടൊപ്പം, ദശലക്ഷകണക്കായ ആളുകൾക്ക് പോഷകഗുണമുള്ള ആഹാരം പ്രദാനം ചെയ്യുന്നു.

### സമ്പദ് വ്യവസ്ഥയിലെ ദേശീയ-സംസ്ഥാന സംഭാവനകൾ

ഇന്ത്യയിൽ ഏകദേശം 20.5 ദശലക്ഷം ആളുകൾ അവരുടെ ഉപജീവനത്തിനായി കന്നുകാലിമേഖലയെ ആശ്രയിക്കുന്നു. ചെറുകിട കർഷകരുടെ വരുമാനത്തിന്റെ 16 ശതമാനവും, ഗ്രാമീണ മേഖലയിലെ മൂന്നിൽ രണ്ടുഭാഗം വരുന്ന ഗ്രാമീണ കർഷകരുടെ 14 ശതമാനം വരുമാനമാർഗ്ഗവും കന്നുകാലിമേഖലയിൽ നിന്നുമാണ്. ഇന്ത്യൻ ജനസംഖ്യയുടെ 8.8 ശതമാനം തൊഴിൽ ഈ മേഖല പ്രദാനം ചെയ്യുന്നതോടൊപ്പം ഏകദേശം 1.69 ശതമാനം ഭൂമി എല്ലാ വിധത്തിലു മുള്ള കന്നുകാലിവളർത്തലിനായി ഉപയോഗിക്കുകയും ചെയ്യുന്നുണ്ട്. നാഷണൽ അക്കൗണ്ട്സ് സ്റ്റാറ്റിസ്റ്റിക്സ് 2020 (എൻ.എ.എസ്) പ്രകാരം കാർഷിക-കാർഷികാനുബന്ധ മേഖലകളിൽ, കന്നുകാലി വളർത്തൽ ഉപമേഖലയുടെ ആഭ്യന്തരമൂല്യവർദ്ധനവ് (സ്ഥിരവിലയുടെ അടിസ്ഥാനത്തിൽ) 2018-19 ലെ 28.63 ശതമാനത്തിൽ നിന്നും 2019-20-ൽ 29.35 ശതമാനമായി വർദ്ധിച്ചിട്ടുണ്ട്. 2019-20-ൽ കന്നുകാലി മേഖലയുടെ സംഭാവന ആഭ്യന്തര മൂല്യവർദ്ധനവിന്റെ 4.35 ശതമാനമാണ്.

മൃഗസംരക്ഷണ മേഖലയിലെ പ്രധാന പ്രവർത്തനങ്ങളായ കാലിമേയ്ക്കൽ, കന്നുകാലികളെ പോറ്റൽ, കന്നുകാലി ആരോഗ്യപ്രവർത്തനങ്ങൾ എന്നീ പ്രവർത്തനങ്ങളിൽ ഗ്രാമീണ മേഖലയിലെ സ്ത്രീകളുടെ പങ്ക് സ്തുത്യർഹമാണ്. ഒരു ചെറുകിട സംരംഭം എന്ന നിലയിൽ സ്ത്രീകൾക്ക് തൊഴിൽ പ്രദാനംചെയ്യുന്നതോടൊപ്പം വരുമാനസുരക്ഷയും മൃഗസംരക്ഷണപ്രവർത്തനങ്ങൾ ഉറപ്പുവരുത്തുന്നു. മൃഗസംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന കർഷകരിൽ 71 ശതമാനത്തോളം വനിതകളാണ്. ക്ഷീരമേഖലയിൽ, 15 ദശലക്ഷം പുരുഷ കർഷകരോടൊപ്പം 75 ദശലക്ഷം സ്ത്രീകൾ തൊഴിൽ ചെയ്യുന്നു. എന്നാൽ, ചെറിയ വളർത്തുമൃഗങ്ങളുടെ കാര്യത്തിൽ സ്ത്രീകളുടേയും, പുരുഷന്മാരുടേയും പങ്കാളിത്തം തുല്യമാണ്. സാങ്കേതികനിലവാരം ഉയർത്തൽ, വൈവിധ്യവൽക്കരണം എന്നിവ മുഖാന്തിരം ഈ മേഖലയിൽ കാര്യശേഷി വർദ്ധിപ്പിക്കേണ്ടതുണ്ട്.

ഇന്ത്യയിലെ കന്നുകാലിമേഖല, ലോകത്തിലെ തന്നെ ഏറ്റവും ബൃഹത്തായ ഒന്നാണ്. ഇരുപതാമത് കന്നുകാലികണക്കെടുപ്പ് (2019) അനുസരിച്ച് രാജ്യത്തെ കന്നുകാലികളുടെ എണ്ണം 535.78 ദശലക്ഷം ആണ്. ഇത് 2012 ലെ കന്നുകാലികണക്കെടുപ്പിനേക്കാൾ 4.6 ശതമാനം കൂടുതലാണ്. ഇതിൽ 302.7 ദശലക്ഷം കന്നുകാലികൾ (ആടുമാടുകൾ, എരുമകൾ, മിതുൻ, യാക്ക്) ഉൾപ്പെടുന്നു. ഇത് കഴിഞ്ഞ കണക്കെടുപ്പിനേക്കാൾ 0.93 ശതമാനം വർദ്ധനവ് രേഖപ്പെടുത്തുന്നു. രാജ്യത്തെ കന്നുകാലികളുടെ എണ്ണം 0.8 ശതമാനം വർദ്ധനവ് രേഖപ്പെടുത്തി 2019 ൽ 192.49 ദശലക്ഷം ആയിട്ടുണ്ട്.

സംസ്ഥാനത്തെ ഗ്രാമീണ സമ്പദ് വ്യവസ്ഥയിൽ ത്വരിതഗതിയിൽ വികസിച്ചുവരുന്ന മേഖലയാണ് കന്നുകാലി മേഖല. കൃഷിമേഖലയിൽ കന്നുകാലി ഉപമേഖലയുടെ ആഭ്യന്തര മൂല്യവർദ്ധനവ് 2019-20-ൽ 27.8 ശതമാനമായിരുന്നത് 2020-21-ൽ 28.21 ശതമാനമായി വർദ്ധിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മൊത്തം ആഭ്യന്തര മൂല്യവർദ്ധനവിൽ കന്നുകാലിമേഖലയുടെ വിഹിതം 2.66 ശതമാനം വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്.

ഇരുപതാമത് കന്നുകാലികണക്കെടുപ്പ് (2019) പ്രകാരം സംസ്ഥാനത്തെ കന്നുകാലികളുടെ എണ്ണം 38.36 ലക്ഷമാണ്. വളർത്തു നായ്ക്കൾ, മുയൽ, കഴുത, ആന ഇവ ഉൾപ്പെടുന്ന 14.69 ശതമാനത്തിൽ ഉണ്ടായ കുറവാണ് കന്നുകാലികളുടെ എണ്ണത്തിൽ കുറവുണ്ടാകാൻ കാരണം. കേരളത്തിലെ വളർത്തുപക്ഷികളുടെ എണ്ണം 298.18 ലക്ഷമാണ്. ഇത് രാജ്യത്തെ മൊത്തം വളർത്തുപക്ഷികളുടെ എണ്ണത്തിന്റെ 3.5 ശതമാനമാണ്. ഇത് കഴിഞ്ഞ കണക്കെടുപ്പിനേക്കാൾ 25 ശതമാനം വർദ്ധനവ് രേഖപ്പെടുത്തുന്നു. ഈ വർദ്ധനവ് ദേശീയ വർദ്ധനവിനേക്കാൾ (16.81 ശതമാനം) കൂടുതലാണ്.

### മൊത്തം ആഭ്യന്തരമൂല്യം, ഉല്പന്നമൂല്യം എന്നിവയുടെ പ്രവണത

മൊത്തം ആഭ്യന്തരമൂല്യവർദ്ധനവിന്റെ പ്രവണതയും, ഉല്പന്നമൂല്യവും കന്നുകാലിമേഖലയിലെ മൊത്തം ആഭ്യന്തര മൂല്യവർദ്ധനവിനെ സംബന്ധിച്ച കണക്കുകൾ പരിഗണിക്കുമ്പോൾ, കഴിഞ്ഞ ദശകത്തിലെ മൊത്തത്തിലുള്ള വളർച്ച രീതി കാണിക്കുന്നത് 2011-12-നും, 2014-15-നും ഇടയിൽ വളർച്ചയുടെ കാലഘട്ടമായിരുന്നുവെന്നും, അതിനുശേഷം വളർച്ചയിൽ കുറവുണ്ടായിട്ടുണ്ട് എന്നുമാണ്. 2014-15-നും, 2018-19-നും ഇടയിൽ മൊത്തം ആഭ്യന്തരമൂല്യവർദ്ധനവിൽ 20,388 കോടി രൂപയുടെ ഇടിവുണ്ടായി. എന്നാൽ പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ആദ്യവർഷത്തിൽ മിതമായ വളർച്ച രേഖപ്പെടുത്തിയിരുന്നുവെങ്കിലും, 2018-ലും 2019-ലും ഉണ്ടായ കനത്ത വെള്ളപ്പൊക്കത്തിന്റെ ഫലമായി 2018-19-ലും 2019-20-ലും മൊത്തം ആഭ്യന്തര മൂല്യ വർദ്ധനവിൽ കുറവു സംഭവിച്ചു.

കേന്ദ്ര സ്റ്റാറ്റിസ്റ്റിക്സ് ഓഫീസിന്റെ (സി.എസ്.ഒ) ഉല്പന്ന മൂല്യത്തെ (വി.ഒ.ഒ) കുറിച്ചുള്ള കണക്കനുസരിച്ച് 2015-16 വരെ വളർച്ചയുടെ കാലഘട്ടമായിരുന്നുവെങ്കിലും, 2016-17-ൽ (പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ അവസാനവർഷം) ഇതിൽ കുറവുണ്ടായി. എന്നിരുന്നാലും 2017-18-ൽ വീണ്ടും വർദ്ധനവുണ്ടായി. കന്നുകാലിമേഖലയിൽ 2011-12 മുതൽ 2018-19 വരെയുള്ള കാലയളവിൽ വളർച്ച ഉണ്ടായെങ്കിലും, 2014-15-നു ശേഷമുണ്ടായ മാന്ദ്യം ആശങ്കാജനകവും, അടിയന്തിര ശ്രദ്ധ ആവശ്യമുള്ളതുമാണ്. പതിമൂന്നാം പഞ്ചവത്സരപദ്ധതിയുടെ ആദ്യ

ത്തെ വർഷത്തിൽതന്നെ പാലിന്റെ ഉല്പന്നമൂല്യത്തിൽ വർദ്ധനവുണ്ടായെങ്കിലും, ഈ ഉണർവ് നിലനിൽക്കുമോ എന്നുള്ളത് കണ്ടറിയേണ്ടതുണ്ട്. ഈ പുനരുജ്ജീവനം 2018–ലും 2019–ലും സംസ്ഥാനത്തുണ്ടായ തീവ്രമായ വെള്ളപ്പൊക്കത്തിൽ ആശങ്ക സൃഷ്ടിച്ചിരുന്നു.

### മൃഗസംരക്ഷണ മേഖലയിലെ പ്രധാന വകുപ്പുകൾ/ ഏജൻസികൾ

- മൃഗസംരക്ഷണ ഡയറക്ടറേറ്റ്
- കേരളാഫീഡ്സ് ലിമിറ്റഡ് (കെ.എഫ്.എൽ)
- കേരളാ കന്നുകാലി വികസന ബോർഡ് (കെ.എൽ.ഡി.ബി)
- മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ (എം.പി.ഐ)
- കേരളാ സ്റ്റേറ്റ് പൗൾട്രി വികസന കോർപ്പറേഷൻ (കെ.എസ്.പി.ഡി.സി)
- കേരളാ കോ–ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ് (മിൽമ)
- കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി (KVASU)

മൃഗസംരക്ഷണ വകുപ്പിന്റെ പരിധിയിൽ വരുന്ന വകുപ്പുകൾ/ ഏജൻസികളുടെ പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ധനകാര്യനിർവ്വഹണം **പട്ടിക 3.3.1**–ൽ കൊടുത്തിരിക്കുന്നു.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ മൃഗസംരക്ഷണ മേഖലയ്ക്ക് 1517.84 കോടി രൂപ വകയിരുത്തിയിരുന്നു. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ ഇത് 1,355.96 കോടി രൂപയായിരുന്നു. ഇത് പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയേക്കാൾ 11.94 ശതമാനം കൂടുതലാണ്. എന്നാൽ ക്ഷീരവികസന വകുപ്പിന് പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ 324.15 കോടി രൂപയും, പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ 506.23 കോടി രൂപയുമാണ് അനുവദിച്ചത്. ഇത് 56.17 ശതമാനം വർദ്ധനവ് രേഖപ്പെടുത്തുന്നു. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ മൃഗസംരക്ഷണ മേഖലയിൽ 918.85 കോടി രൂപയും, ക്ഷീരവികസന മേഖലയിൽ 450.78 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

### കേരളത്തിലെ കന്നുകാലി മേഖലയിലെ പ്രധാന ഉല്പന്നങ്ങൾ

പാൽ, മാംസം, മുട്ട എന്നിവയാണ് സംസ്ഥാനത്തെ കന്നുകാലിമേഖലയിലെ പ്രധാന ഉല്പന്നങ്ങൾ. 2013–14 മുതൽ 2020–21 വരെയുള്ള കന്നുകാലി ഉല്പന്നങ്ങളുടെ ഉല്പാദനം സംബന്ധിച്ച വിവരങ്ങൾ **ചിത്രം 3.3.1**–ൽ കാണിച്ചിരിക്കുന്നു.

### പാൽ ഉല്പാദനം


ലോകത്തെ മൊത്തം പാൽ ഉല്പാദനത്തിൽ 20.17 ശതമാനം സംഭാവനയുമായി ഇന്ത്യ ഏറ്റവും കൂടുതൽ പാൽ ഉല്പാദിപ്പിക്കുന്ന രാജ്യമായി തുടരുന്നു. ദേശീയതലത്തിൽ, പാൽ ഉല്പാദനം 2018–19 ൽ 18.78 കോടി ടണ്ണിൽ നിന്ന് 2019–20 ൽ 19.84 കോടി ടണ്ണായി വർദ്ധിച്ചു. ഇത് 5.6 ശതമാനം വളർച്ച രേഖപ്പെടുത്തി കഴിഞ്ഞ മൂന്നു ദശാബ്ദക്കാലത്തെ പ്രവണത നിലനിർത്തി. ഉത്തർപ്രദേശ് (16.06 ശതമാനം), രാജസ്ഥാൻ (12.89 ശതമാനം), മധ്യപ്രദേശ് (8.62

**പട്ടിക 3.3.1** പതിമൂന്നാം പഞ്ചവത്സര പദ്ധതി – പദ്ധതിവിഹിതവും, ചെലവും

| വകുപ്പ്/ഏജൻസി | 2017–18 വാർഷിക പദ്ധതി | | | 2018–19 വാർഷിക പദ്ധതി | | | 2019–20 വാർഷിക പദ്ധതി | | | 2020–21 വാർഷിക പദ്ധതി | | | 2021–22 വാർഷിക പദ്ധതി | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | വിഹിതം | ചെലവ് | % | വിഹിതം | ചെലവ് | % | വിഹിതം | ചെലവ് | % | വിഹിതം | ചെലവ് | % | വിഹിതം | ചെലവ്* |
| മൃഗസംരക്ഷണ വകുപ്പ് | 185.28 | 151.36 | 82 | 190.36 | 155.56 | 82 | 181.93 | 115.74 | 64 | 155.70 | 166.91 | 107.2 | 157.50 | 40.11 |
| കെ.എൽ.ഡി ബോർഡ് | 20.83 | 20.83 | 100 | 21.41 | 21.41. | 100 | 23.82 | 10.0.0 | 42 | 21.50 | 21.50 | 100 | 21.50 | 7.16 |
| കേരളാ ഫീഡ്സ് (കെ.എഫ്.എൽ) | 7.00 | 5.01 | 72 | 7.85 | 1.99 | 25 | 6.01 | 0.0 | 0 | 11.00 | 8.90 | 80.8 | 5.00 | 1.32 |
| മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ (എം.പി.ഐ) | 9.17 | 1.88 | 20.5 | 12.00 | 2.8 | 24 | 12.00 | 1.5 | 12.5 | 9.63 | 7.70 | 80 | 15.63 | 3.52 |
| കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെ.എസ്.പി.ഡി.സി) | 17.57 | 7.57 | 43.1 | 17.67 | 3.00 | 17 | 8.20 | 5.74 | 70 | 7.50 | 4.39 | 58.5 | 7.50.0 | 3.11 |
| കെ.സി.എം.എം.എഫ് (മിൽമ) | 7.43 | 7.43 | 100 | 7.74 | 7.74 | 100 | 7.74 | 7.74 | 100 | 7.50 | 7.50 | 100 | 7.50 | 0.00 |
| കേരളാ വെറ്ററിനറി ആന്റ് ആനിമൽ സയൻസ് യൂണിവേഴ്സിറ്റി (KVASU) | 61.00 | 42.25 | 92 | 78.00 | 15.00 | 30 | 75.00 | 15.00 | 20 | 58.00 | 33.77 | 58.2 | 74.37 | 13.42 |
| ആകെ | 308.28 | 236.33 | 77 | 335.03 | 207.50 | 62 | 314.70 | 155.72 | 49.5 | 270.83 | 250.66 | 92.6 | 289.00 | 68.64 |

*ചെലവ് 31.10.2021 വരെ
അവലംബം: സംസ്ഥാന ആസൂത്രണ ബോർഡ്

**ചിത്രം 3.3.1** കന്നുകാലി മേഖലയിലെ ഉല്പന്നങ്ങളുടെ ഉല്പാദനം 2013-14 മുതൽ 2020-21 വരെ





അവലംബം: മൃഗസംരക്ഷണ വകുപ്പ്, കേരള സർക്കാർ 2021

ശതമാനം), ഗുജറാത്ത് (7.71 ശതമാനം), ആന്ധ്രാ പ്രദേശ് (7.69 ശതമാനം) എന്നിവയാണ് രാജ്യത്ത് ഏറ്റവും കൂടുതൽ പാൽ ഉല്പാദിപ്പിക്കുന്ന സംസ്ഥാനങ്ങൾ. ഈ സംസ്ഥാനങ്ങൾ രാജ്യത്തെ മൊത്തം പാൽ ഉല്പാദനത്തിന്റെ 52.96 ശതമാനം സംഭാവന ചെയ്യുന്നു. പാൽ ഉല്പാദിപ്പിക്കുന്ന പ്രമുഖ സംസ്ഥാനങ്ങളിൽ പതിനാലാം സ്ഥാനത്താണ് കേരളത്തിന്റെ സ്ഥാനം. പാലിന്റെ പ്രതിശീർഷ ലഭ്യത ഇന്ത്യയിൽ കഴിഞ്ഞ കുറേ വർഷങ്ങളായി വർദ്ധിച്ചു കൊണ്ടിരിക്കുകയും, 2019-20 ൽ ഇത് 406 ഗ്രാം ആയി ഉയരുകയും ചെയ്തു. ഏറ്റവും ഉയർന്ന പ്രതിശീർഷ ലഭ്യത പഞ്ചാബിലും (പ്രതിദിനം 1221 ഗ്രാം), തുടർന്ന് ഹരിയാനയിലുമാണ് (പ്രതിദിനം 1115 ഗ്രാം). മൊത്തം പാലുല്പാദനത്തിന്റെ ഇനം തിരിച്ചുള്ള കണക്കനുസരിച്ച് ഏകദേശം 35 ശതമാനം തദ്ദേശീയ എരുമകളുടേയും, 28 ശതമാനം സങ്കരയിനത്തിൽപ്പെട്ട പശുക്കളിൽ നിന്നുമാണ്. മൊത്തം പാലുല്പാദനത്തിന്റെ 10 ശതമാനം സംഭാവന ചെയ്യുന്നത് നാടൻ കന്നുകാലികളാണ്. രാജ്യത്ത് ആകെ ഉല്പാദിപ്പിക്കപ്പെടുന്ന പാലിന്റെ 2.95 ശതമാനം ആട്ടിൻപാലാണ്.

കേരളത്തിൽ 2020-21 വർഷത്തിൽ പാലിന്റെ ആവശ്യകത 33.37 ലക്ഷം മെട്രിക് ടൺ ആയിരുന്നുവെങ്കിലും ലഭ്യത 25.34 ലക്ഷം മെട്രിക് ടൺ ആയിരുന്നു. 8.03 ലക്ഷം മെട്രിക് ടണ്ണിന്റെ കുറവുണ്ടായതിനാൽ 2.51 ലക്ഷം മെട്രിക് ടൺ ഇറക്കുമതി വേണ്ടിവന്നു. സംസ്ഥാനത്ത് ഉല്പാദിപ്പിക്കപ്പെടുന്ന 25.34 ലക്ഷം മെട്രിക് ടൺ പാലിന്റെ ഭൂരിഭാഗവും, സങ്കരയിനത്തിൽപ്പെട്ട പശുക്കളിൽ നിന്നുമാണ് (93.54 ശതമാനം). നാടൻപശുക്കൾ 0.319 ലക്ഷം മെട്രിക് ടൺ (1.26 ശതമാനം) പാൽ മാത്രമേ ഉല്പാദിപ്പിക്കുന്നുള്ളൂ. ആടുകളിൽ നിന്നുള്ള പാൽ ഉല്പാദനം 1.19 ലക്ഷം മെട്രിക് ടൺ (4.71 ശതമാനം) ആണ്. ബാക്കിയുള്ളത് തദ്ദേശീയമായ കന്നുകാലികൾ, എരുമകൾ, തദ്ദേശീയ എരുമകൾ എന്നിവ ഉല്പാദിപ്പിക്കുന്നവയാണ്. 2020-21 ൽ കേരളത്തിലെ ക്ഷീര ഉല്പാദനം ഇനം തിരിച്ച് **ചിത്രം 3.3.2**-ൽ കൊടുത്തിരിക്കുന്നു.

**ചിത്രം 3.3.2** കേരളത്തിലെ ഇനം തിരിച്ചുള്ള ക്ഷീര ഉല്പാദനം 2020-21 -ൽ




അവലംബം: മൃഗസംരക്ഷണ വകുപ്പ്, കേരള സർക്കാർ 2021

കന്നുകാലികളുടെ എണ്ണം കേരളത്തിൽ കുറവാണെങ്കിലും ഉല്പാദനക്ഷമത ദേശീയശരാശരിയേക്കാൾ കൂടുതലാണ്. ഇന്ത്യയിൽ വിദേശീയമായതോ, സങ്കരയിനത്തിൽപ്പെട്ടതോ ആയ കന്നുകാലികളുടെ ശരാശരി പാലുല്പാദനം 7.9 കി.ഗ്രാം, തദ്ദേശീയമായതോ സങ്കരയിനത്തിൽപ്പെട്ടതോ ആയവയുടെ ഉല്പാദനം 3 കി.ഗ്രാം എന്നിങ്ങനെയാണ്. കേരളത്തിൽ ഇവ യഥാക്രമം 10.2 കി.ഗ്രാം, 3 കി.ഗ്രാം എന്നിങ്ങനെയാണ്. വിദേശ/

സങ്കരയിനം കന്നുകാലികൾക്ക് കേരളത്തിൽ പ്രതിദിനം 10.2 കി.ഗ്രാം ഉല്പാദനക്ഷമത ഇന്ത്യൻ സംസ്ഥാനങ്ങളിൽ പഞ്ചാബിനുശേഷം (13.4 കി.ഗ്രാം) ഏറ്റവും ഉയർന്നതാണ്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കന്നുകാലി ജനസംഖ്യയിൽ, വിദേശ/സങ്കരയിനം മൃഗങ്ങളുടെ ഉയർന്ന ശതമാനമാണ് കേരളത്തിന്റെ ഈ നേട്ടത്തിനു കാരണം. 2019 ലെ കന്നുകാലി സെൻസസ് പ്രകാരം, കേരളത്തിലെ കന്നുകാലികളിൽ 94 ശതമാനവും വിദേശീയമോ, സങ്കരയിനമോ ആണ്. കേവലം 6 ശതമാനം മാത്രമാണ് തദ്ദേശീയമായ ഇനങ്ങൾ. ഇന്ത്യയിൽ 26 ശതമാനം മാത്രമാണ് വിദേശികളോ സങ്കരയിനത്തിൽപ്പെട്ടവയോ ആയിട്ടുള്ളത്. ബാക്കിയുള്ള 74 ശതമാനവും തദ്ദേശീയമായിട്ടുള്ളവയാണ്.


### മുട്ട ഉല്പാദനം

കഴിഞ്ഞ നാലു ദശകങ്ങളായി മുട്ട ഉല്പാദനത്തിൽ ഇന്ത്യ ഒരു കുതിച്ചുചാട്ടം തന്നെ നടത്തിയിട്ടുണ്ട്. ഈ മേഖലയിലെ സാങ്കേതിക ഇടപെടൽമൂലം അശാസ്ത്രീയമായ മുട്ട ഉല്പാദന രീതിയിൽ നിന്നും വാണിജ്യപരമായ ഉല്പാദനരീതിയിലേയ്ക്ക് മാറിയിട്ടുണ്ട്. 2018–19 ൽ ഇന്ത്യയിലെ മൊത്തം മുട്ട ഉല്പാദനം 10,380 കോടിയായിരുന്നത് 10.2 ശതമാനം വളർച്ച രേഖപ്പെടുത്തി 11,438 കോടിയായി ഉയർന്നു. 2000–01 മുതൽ മുട്ടയുടെ പ്രതിശീർഷ ലഭ്യതയിൽ ക്രമാനുഗതമായ വർദ്ധനവുണ്ടായിട്ടുണ്ട്. 2019–20 ൽ പ്രതിശീർഷ ലഭ്യത പ്രതിവർഷം 86 മുട്ടകൾ എന്ന തോതിൽ വർദ്ധിച്ചിട്ടുണ്ട്. എന്നാൽ പ്രതിശീർഷ ഉപഭോഗം 81 മുട്ടകളാണ്. ഏറ്റവും കൂടുതൽ മുട്ട ഉല്പാദിപ്പിക്കുന്ന സംസ്ഥാനം ആന്ധ്രാപ്രദേശാണ്. ഇത് രാജ്യത്തെ മൊത്തം മുട്ട ഉല്പാദനത്തിന്റെ 19.17 ശതമാനമാണ്. തൊട്ടുപിന്നാലെ തമിഴ്നാട് (17.5 ശതമാനം), തെലങ്കാന (12.94 ശതമാനം) എന്നിവയാണ്. പശ്ചിമബംഗാൾ (8.51), ഹരിയാന(5.78), കേരളം (1.91) എന്നിവയാണ് രാജ്യത്തെ മുട്ട ഉല്പാദനത്തിൽ മുൻപന്തിയിലുള്ള മറ്റ് സംസ്ഥാനങ്ങൾ. പ്രതിശീർഷ മുട്ടയുടെ ഏറ്റവും ഉയർന്ന ലഭ്യത ആന്ധ്രാപ്രദേശിലാണ്, പ്രതിവർഷം 420 മുട്ടകൾ. തെലങ്കാന (398), തമിഴ്നാട് (265), ഹരിയാന (231), പഞ്ചാബ് (189), കർണ്ണാടക (101), പശ്ചിമബംഗാൾ (100) എന്നിങ്ങനെയാണ് മറ്റ് സംസ്ഥാനങ്ങളുടെ പ്രതിശീർഷ മുട്ട ലഭ്യത. ഇത് ദേശീയശരാശരിയേക്കാൾ(86) വളരെ കൂടുതലാണ്. രാജ്യത്തെ മൊത്തം മുട്ട ഉല്പാദനത്തിൽ 88.03 ശതമാനം മുട്ടകൾ മെച്ചപ്പെട്ട ഇനത്തിൽപ്പെട്ട കോഴികളിൽ നിന്നും 10.89 ശതമാനം നാടൻ ഇനത്തിൽപ്പെട്ട കോഴികളിൽ നിന്നുമാണ്. മുട്ട ഉല്പാദനത്തിൽ നാടൻ താറാവുകളുടേയും, മെച്ചപ്പെട്ട ഇനത്തിൽപ്പെട്ട താറാവുകളുടേയും വിഹിതം യഥാക്രമം 0.86 ശതമാനം, 0.21 ശതമാനം എന്നിങ്ങനെയാണ്.

മുട്ട ഉല്പാദനത്തിൽ, ഇന്ത്യൻ സംസ്ഥാനങ്ങളിൽ കേരളത്തിന് പതിമൂന്നാം സ്ഥാനമാണുള്ളത്. പതിമൂന്നാം പഞ്ചവത്സരക്കാലത്ത് കേരളത്തിലെ മുട്ട ഉല്പാദനത്തിൽ വലിയ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. 2017–18 ൽ 235 കോടി മുട്ട ഉല്പാദിപ്പിച്ചിരുന്ന സംസ്ഥാനത്ത് 2018–19 ൽ 229 കോടിയായും, 2019–20 ൽ 218.12 കോടിയായും കുറഞ്ഞു. 2020–21 ൽ സംസ്ഥാനത്തെ മൊത്തം മുട്ട ഉല്പാദനം 217.68 കോടിയായി കുറഞ്ഞു. മുട്ടയുടെ പ്രതിശീർഷ ലഭ്യത 62 മുട്ടകളും, പ്രതിശീർഷ ഉപഭോഗം പ്രതിവർഷം 128 മുട്ടകളുമാണ്. സംസ്ഥാനത്തെ ആകെ മുട്ട ഉല്പാദനം 217.68 കോടി മുട്ടകളും, ആകെ ആവശ്യകത 533.91 കോടി മുട്ടകളുമാണ്. 316.23 കോടി മുട്ടകളുടെ കുറവുണ്ടായതിനാൽ 234.92 കോടി മുട്ടകൾ ഇറക്കുമതി ചെയ്യേണ്ടിവന്നു.

സംസ്ഥാനത്ത് ആകെ ഉല്പാദിപ്പിക്കുന്ന മുട്ടയുടെ 76.34 ശതമാനവും മെച്ചപ്പെട്ട കോഴികളിൽ നിന്നും, 17.06 ശതമാനം നാടൻ ഇനത്തിൽപ്പെട്ട കോഴികളിൽ നിന്നുമാണ്. സംസ്ഥാനത്തെ മൊത്തം മുട്ട ഉല്പാദനത്തിൽ നാടൻ ഇനം താറാവിന്റേയും, മെച്ചപ്പെട്ട ഇനം താറാവിന്റേയും മുട്ട ഉല്പാദനം യഥാക്രമം 3.08 ശതമാനം, 3.52 ശതമാനം എന്നിങ്ങനെയാണ്. സംസ്ഥാനത്ത് ഉല്പാദിപ്പിക്കപ്പെടുന്ന മുട്ടയുടെ 99.75 ശതമാനവും വീട്ടുവളപ്പിലെ കോഴി വളർത്തലിൽ നിന്നും ലഭ്യമാകുന്നവയാണ്. വാണിജ്യാടിസ്ഥാനത്തിലുള്ള കോഴി വളർത്തലിൽ നിന്നും 0.25 ശതമാനം മുട്ട ഉല്പാദനം മാത്രമേ നടക്കുന്നുള്ളൂ. ആയതിനാൽ വരും വർഷങ്ങളിൽ വീട്ടുവളപ്പിലെ കോഴി വളർത്തലിന് വളരെയധികം പ്രാധാന്യം നൽകേണ്ടതുണ്ട്. വീട്ടുവളപ്പിലെ കോഴി വളർത്തലിൽ നാടൻ ഇനത്തിൽപ്പെട്ട കോഴികളുടേയും, താറാവുകളുടേയും ശരാശരി ഉല്പാദനക്ഷമത പ്രതിവർഷം 144 എണ്ണം, 161 എണ്ണം എന്നിങ്ങനെയാണ്. മെച്ചപ്പെട്ട ഇനം കോഴികളുടേയും താറാവുകളുടേയും ശരാശരി ഉല്പാദക്ഷമത 221 എണ്ണം, 168 എണ്ണം എന്നിങ്ങനെയാണ്. കേരളത്തിലെ മുട്ട ഉല്പാദനം ഇനം തിരിച്ച് **ചിത്രം 3.3.3**–ൽ കൊടുത്തിരിക്കുന്നു.

**ചിത്രം 3.3.3** കേരളത്തിലെ ഇനം തിരിച്ചുള്ള മുട്ട ഉല്പാദനം




അവലംബം: മൃഗസംരക്ഷണ വകുപ്പ്, കേരള സർക്കാർ 2021

നിലവിൽ പ്രതിദിനം 2.35 കോടി മുട്ടയാണ് ഇതര സംസ്ഥാനങ്ങളിൽ നിന്നും നമ്മുടെ സംസ്ഥാനത്തേയ്ക്ക് ഇറക്കുമതി ചെയ്യുന്നത്. ഇതുവഴി ഏകദേശം 800 കോടി രൂപ മുതൽ 1000 കോടി രൂപവരെയാണ് മറ്റ സംസ്ഥാനങ്ങളിലേയ്ക്കൊഴുകുന്നത്. ഈ സ്ഥിതി മാറേണ്ടതുണ്ട്. ആഭ്യന്തര ഉപഭോഗത്തിനായി ഏകദേശം പത്തു ലക്ഷം ബ്രോയിലർ കോഴികളെ പ്രതിദിനം കശാപ്പ ചെയ്യപ്പെടുന്നതായി കണക്കാക്കപ്പെടുന്നു. എന്നാൽ ബ്രോയിലർ കോഴി വ്യവസായം അയൽ സംസ്ഥാനങ്ങൾ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന വൻകിട ഉല്പാദകരുടെ പിടിയിൽ തുടരുകയാണ്. നിലവിലെ ബ്രോയിലർകോഴി വിപണിയിൽ 0.1 ശതമാനം മാത്രമാണ് സർക്കാരും, സഹകരണ മേഖല ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളും കൈകാര്യം ചെയ്യുന്നത്. ഇത് മാറേണ്ടിയിരിക്കുന്നു.

### മാംസ ഉല്പാദനം

മാംസ ഉല്പാദനത്തിൽ രാജ്യത്ത് 2007–08 മുതൽ സ്ഥിരമായ വർദ്ധനവുണ്ടായിട്ടുണ്ട്. 2017–18 ൽ രാജ്യത്തെ മൊത്തം മാംസ ഉല്പാദനം 77 ലക്ഷം ടൺ ആയിരുന്നത് 2018–19 ൽ 81 ലക്ഷം ടണ്ണായും 2019–20 ൽ 86 ലക്ഷം ടണ്ണായും വർദ്ധിച്ചു.


രാജ്യത്ത് ഏറ്റവും കൂടുതൽ മാംസം ഉല്പാദിപ്പിക്കുന്ന സംസ്ഥാനങ്ങൾ ഉത്തർപ്രദേശ് (15.1 ശതമാനം), മഹാരാഷ്ട്ര (13.26 ശതമാനം), പശ്ചിമ ബംഗാൾ (10.5 ശതമാനം), ആന്ധ്രാപ്രദേശ് (9.89 ശതമാനം), തെലങ്കാന (9.86 ശതമാനം), കേരളം (5.26 ശതമാനം) എന്നിങ്ങനെയാണ്. ഈ ആറ് സംസ്ഥാനങ്ങൾ രാജ്യത്തെ മൊത്തം മാംസ ഉല്പാദനത്തിന്റെ 57 ശതമാനവും സംഭാവന ചെയ്യുന്നു. രാജ്യത്തെ മൊത്തം മാംസ ഉല്പാദനത്തിന്റെ ഏകദേശം 50 ശതമാനവും പൗൾട്രി മാംസമാണ്. മഹാരാഷ്ട്ര, തമിഴ്‌നാട്, പശ്ചിമബംഗാൾ എന്നീ സംസ്ഥാനങ്ങളാണ് രാജ്യത്ത് ഏറ്റവും കൂടുതൽ പൗൾട്രി മാംസം ഉല്പാദിപ്പിക്കുന്നത്. ഇന്ത്യയിലെ മൊത്തം മാംസം ഉല്പാദനത്തിൽ എരുമകളും, ആടുകളും യഥാക്രമം 19 ശതമാനവും 14 ശതമാനവും സംഭാവന ചെയ്യുന്നു.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ 2016–17 മുതൽ 2017–18 വരെയുള്ള കാലയളവിൽ മാംസ ഉല്പാദനം മാറ്റമില്ലാതെയും, 2018–19 ൽ 4.57 ലക്ഷം മെട്രിക് ടണ്ണായും, 2019–20 ൽ 4.55 ലക്ഷം മെട്രിക് ടണ്ണായും കുറഞ്ഞു. ഇന്ത്യയിൽ ഉല്പാദിപ്പിക്കുന്ന മാംസത്തിന്റെ 5.6 ശതമാനം സംഭാവന ചെയ്യുന്ന കേരളം, രാജ്യത്തെ എട്ടാമത്തെ വലിയ മാംസഉല്പാദന സംസ്ഥാനമാണ്. സംസ്ഥാനത്തിനാവശ്യമായ മാംസത്തിന്റെ 10 ശതമാനം മാത്രമേ ഇവിടെ ഉല്പാദിപ്പിക്കപ്പെടുന്നുള്ളൂ. ഇത് സംസ്ഥാനത്തിനകത്ത് കശാപ്പ് ചെയ്യപ്പെടുന്ന മൃഗങ്ങളെ സംബന്ധിച്ചുള്ള കണക്കാണ്. ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് ഇറക്കുമതി ചെയ്യപ്പെട്ട് കശാപ്പ് ചെയ്യുന്ന മൃഗങ്ങളെ കൂടി പരിഗണിച്ചാൽ 73 മുതൽ 75 ശതമാനം ആഭ്യന്തര ആവശ്യം നിറവേറ്റപ്പെടുന്നുണ്ട്.

കേരളത്തിൽ 2020–21 ൽ മാംസ ഉല്പാദനം 4.48 ലക്ഷം മെട്രിക് ടണ്ണും, മാംസത്തിന്റെ ആവശ്യകത 4.94 ലക്ഷം മെട്രിക് ടണ്ണുമായിരുന്നു. 0.46 ലക്ഷം മെട്രിക് ടൺ മാംസത്തിന്റെ കുറവുണ്ടായതിനാൽ 2020–21 ൽ 0.14 ലക്ഷം മെട്രിക് ടൺ സംസ്കരിച്ച മാംസം ഇറക്കുമതി ചെയ്യേണ്ടി വന്നു. മാംസത്തിന്റെ ആഭ്യന്തര ആവശ്യം അതിവേഗം വളരുകയാണ്. ഈ സാഹചര്യത്തിൽ അടുത്ത അഞ്ചു വർഷത്തിനുള്ളിൽ 'കേരള ചിക്കൻ' പദ്ധതി വിപുലീകരിക്കേണ്ടതാവശ്യമാണ്. ആൺ കന്നുകുട്ടികളുടെ വളർച്ച പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതിയും പരിഗണിക്കേണ്ടതുണ്ട്. കേരളത്തിലെ ഇനം തിരിച്ചുള്ള മാംസ ഉല്പാദനം **ചിത്രം 3.3.4**–ൽ കാണിച്ചിരിക്കുന്നു.

കേരളത്തിൽ മാംസമേഖലയിലെ യഥാർത്ഥ സാധ്യതകൾ ഇനിയും പൂർണ്ണമായി ഉപയോഗപ്പെടുത്തിയിട്ടില്ല. മാംസത്തിന്റെ ആവശ്യം പ്രത്യേകിച്ച്, കേരളത്തിൽ ഗോമാംസം സംസ്ഥാനത്തിന് പുറത്തുനിന്ന്, അതായത് ആന്ധ്രാപ്രദേശ്, കർണ്ണാടക, തമിഴ്‌നാട് എന്നിവിടങ്ങളിൽ നിന്ന് കശാപ്പിനായി കൊണ്ടുവരുന്ന മൃഗങ്ങളിൽ നിന്നാണ്. വൃത്തിഹീനമായ ചുറ്റുപാടുകളിലാണ് വഴിയോരങ്ങളിൽ മൃഗങ്ങളെ കശാപ്പ് ചെയ്യുന്നത്. മിക്കവാറും ഇറച്ചിക്കടകൾ, തുറസ്സായതും, വൃത്തിഹീനവുമായ അന്തരീക്ഷത്തിൽ മൃഗങ്ങളെ പൊതുജനങ്ങൾക്കു കാണാവുന്ന വിധത്തിൽ കശാപ്പ് ചെയ്തു തൂക്കിയിടാറുണ്ട്. മാലിന്യവും, മാലിന്യ സംസ്കരണപ്രവർത്തനങ്ങളും ഫലപ്രദമായി നിലവിലില്ല എന്നുള്ളത് വസ്തുതയാണ്. മാലിന്യ സംസ്കരണത്തിനായി ഏതാനും യൂണിറ്റുകളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും യഥാസമയം അറ്റകുറ്റ പണികൾ നടത്താത്തതിനാലും, വിദഗ്ധ മേൽനോട്ടം ഇല്ലാത്തതിനാലും അവ പ്രവർത്തനരഹിതമാണ്. ഇത്തരത്തിലുള്ള മാംസോല്പാദനശൃംഖല പൊതുജനാരോഗ്യ പ്രശ്നങ്ങൾക്ക് ഇടയാക്കുകയും, മൃഗക്ഷേമം, ഭക്ഷ്യസുരക്ഷ, തൊഴിൽപരമായ ആരോഗ്യം, പരിസ്ഥിതി, ശുചിത്വം എന്നിവയ്ക്ക് ഗുരുതരപ്രത്യാഘാതങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു.

**ചിത്രം 3.3.4** കേരളത്തിൽ 2020–21 ലെ ഇനം തിരിച്ചുള്ള മാംസ ഉല്പാദനം




അവലംബം: മൃഗസംരക്ഷണ വകുപ്പ്, കേരള സർക്കാർ, 2021

മാംസ ഉല്പാദന മേഖല കൂടുതൽ ക്രിയാത്മകവും, ലാഭകരവും, സുരക്ഷിതവുമാവണമെങ്കിൽ, അസംഘടിത മേഖലയിൽ നിന്ന് സംഘടിത മേഖലയിലേയ്ക്കുള്ള മാറ്റം അനിവാര്യമാണ്. വൃത്തിയുള്ളതും, ഹരിതവും, ധാർമ്മികവുമായ (ജി.ജി.ഇ) കൃഷിയും, ഉല്പാദന സംവിധാനവും അടിസ്ഥാനപ്പെടുത്തി ശുദ്ധവും, ആരോഗ്യകരവുമായ മാംസ ഉല്പാദനത്തിനായി ഈ മേഖലയെ നവീകരിക്കുന്നതിനുള്ള തന്ത്രപരമായ പദ്ധതി ആവശ്യമാണ്.

സുരക്ഷിതവും, ആരോഗ്യകരവുമായ മാംസ ഉല്പാദനത്തിന് കശാപ്പുപ്രവർത്തനങ്ങൾ, മൂല്യവർദ്ധനവ് എന്നീ മേഖലകളിൽ ആധുനിക ശാസ്ത്രീയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടതും പരിശീലനം സിദ്ധിച്ച മാനവവിഭവശേഷി വികസനം അത്യന്താപേക്ഷിതവുമാണ്. ഇത്തരം ശാസ്ത്രീയ അടിസ്ഥാന സൗകര്യങ്ങൾ പരിസ്ഥിതി മലിനീകരണം ഇല്ലാതാക്കുകയും, പകർച്ചവ്യാധികൾ, മൃഗരോഗങ്ങളുടെ വ്യാപനം എന്നിവ തടയുകയും, ഉപോൽപ്പന്നങ്ങൾ, മാലിന്യങ്ങൾ എന്നിവയിൽ നിന്നും അധിക സാമ്പത്തികവരുമാനം ഉണ്ടാക്കുകയും ചെയ്യുന്നു.

## ക്ഷീര വിപണനം

രാജ്യത്തെ കർഷകർക്ക് ഉയർന്ന പാൽവില നൽകുന്ന സംസ്ഥാനങ്ങളിലൊന്നാണ് കേരളം. ത്രിതല ക്ഷീര സഹകരണ സംഘങ്ങളുടെ ഉന്നതകേന്ദ്രമായ കേരളാ ക്ഷീര സഹകരണ വിപണന ഫെഡറേഷൻ (കെ.സി.എം.എം.എഫ്) അഥവാ മിൽമ സംസ്ഥാനത്ത് ഓപ്പറേഷൻ ഫ്ലഡ് പ്രോഗ്രാം നടപ്പിലാക്കുന്നുണ്ട്. ഈ വർഷം മിൽമയുടെ പാൽ വില്പനയിൽ കുറവു രേഖപ്പെടുത്തിയിട്ടുണ്ട്. ഈ കാലയളവിൽ സംസ്ഥാനത്ത് ക്ഷീര സഹകരണ സംഘങ്ങൾ 7118.99 ലക്ഷം ലിറ്റർ പാൽ സംഭരിച്ചതിൽ 4,865.73 ലക്ഷം ലിറ്റർ പാൽ ഡയറിയിലേയ്ക്ക് അയയ്ക്കുകയും, 2,224.51 ലക്ഷം ലിറ്റർ പാൽ ക്ഷീര സഹകരണ സംഘങ്ങൾ വഴി

പ്രാദേശിക വിൽപ്പന നടത്തുകയും ചെയ്തു. 2020–21 ൽ ആനന്ദ് മാതൃക സഹകരണ സംഘങ്ങളുടെ (ആപ്കോസ്) പ്രതിദിന ശരാശരി ക്ഷീര സംഭരണം കഴിഞ്ഞ വർഷത്തെ 1,415.075 മെട്രിക് ടണ്ണിൽ നിന്നും 1,367.67 മെട്രിക് ടണ്ണായി കുറഞ്ഞു. പ്രതിദിനം ഒരു ക്ഷീര സഹകരണ സംഘത്തിന്റെ സംഭരണം 510 ലിറ്ററായിരുന്നത് 2020–21–ൽ 536 ലിറ്ററായി വർദ്ധിച്ചു. 2020–21 ൽ കെ.സി.എം.എം.എഫിന്റെ പാൽ സംഭരണവും, വില്പനയും യഥാക്രമം 4,191.81 ലക്ഷം ലിറ്റർ, 4,312.25 ലക്ഷം ലിറ്റർ എന്നിങ്ങ നെയായിരുന്നു. എറണാകുളം, പാലക്കാട്ട്, കോഴിക്കോട്, കാസർഗോഡ്, വയനാട്ട് ഡയറികൾ ഒഴികെ ബാക്കി എല്ലാ ഡയറികളിലും പാൽ വിതരണം, സംഭരണത്തേക്കാൾ കൂടുതലാണ്. ആഭ്യന്തര ലഭ്യത കുറവായതിനാൽ കർണ്ണാടക, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിലെ ഫെഡറേഷനുകളിൽ നിന്നും പാൽ ഇറക്കുമതി ചെയ്യുകയും, പാട നീക്കം ചെയ്ത പാൽപ്പൊടി വാങ്ങുകയും ചെയ്തു. 2020–21–ൽ കെ.സി.എം.എം.എഫിന്റെ ക്ഷീര ശാലകൾ സംഭരിച്ചതും, വിപണനം നടത്തിയതുമായ പാൽ സംബന്ധിച്ച വിവരങ്ങൾ, ഇക്കാലയളവിൽ ഫെഡറേഷന്റെ പ്രവർത്തനം സംബന്ധിച്ച വിവരങ്ങൾ, പ്രതിദിനം ആപ്കോസ് സംഭരിച്ച പാലിന്റെ ശരാശരി കണക്ക് എന്നിവ യഥാക്രമം **അനുബന്ധം 3.3.1, 3.3.2, 3.3.3** എന്നിവയിൽ കൊടുത്തിരിക്കുന്നു. 2010 മുതലുള്ള പാലിന്റെ വില പരിഷ്കരണവും, വില വ്യാപനവും യഥാക്രമം **അനുബന്ധം 3.3.4, 3.3.5** എന്നിവയിൽ നൽകിയിരിക്കുന്നു.

സംസ്ഥാനത്ത് പാൽ, മുട്ട, മാംസം എന്നിവയുടെ ഉല്പാദന പ്രക്രിയയിൽ ഉല്പാദകർ മുതൽ ഉപഭോക്താക്കൾ വരെയുള്ള ഉല്പാദന വിതരണക്രമങ്ങളിൽ നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച പഠനം അത്യാവശ്യമാണ്. സംസ്ഥാനത്ത് പാൽ, മുട്ട, മാംസം എന്നിവയുടെ വിപണന ശൃംഖല ശക്തിപ്പെടുത്തുന്നതിന് ആധുനിക സാങ്കേതിക വിദ്യയിലൂന്നിയ പശ്ചാത്തലസൗകര്യം ഉപയോഗിക്കേണ്ടതുണ്ട്. ആയതിനായി എല്ലാ ക്ഷീര സഹകരണ സംഘങ്ങളേയും ബന്ധിപ്പിക്കുന്ന ഒരൊറ്റ സോഫ്റ്റ് വെയർ ഉപയോഗയോഗ്യമാക്കേണ്ടതാണ്.

## കന്നുകാലിത്തീറ്റയും, തീറ്റപ്പുൽ ഉല്പാദനവും

കേരളത്തിൽ പുല്ല്, വൈക്കോൽ എന്നിവയുടെ ലഭ്യതയിലും, കാലിത്തീറ്റ ഉല്പാദനത്തിലുമുള്ള കുറവ് കന്നുകാലി മേഖലയിൽ പ്രത്യേകമായി പരിഗണിക്കപ്പെടേണ്ടതുണ്ട്. സംസ്ഥാനത്തെ തീറ്റപ്പുൽ വികസന പ്രവർത്തനങ്ങളുടെ നോഡൽ ഏജൻസി ക്ഷീരവികസന വകുപ്പാണ്. കാലിത്തീറ്റ ഉല്പാദനവും, അവയുടെ സംരക്ഷണവും എന്ന പദ്ധതിയിൻകീഴിൽ, കൃഷിക്കാരുടെ ഭൂമിയിലും, ക്ഷീരോല്പാദക സഹകരണ സംഘങ്ങളിലും വാണിജ്യാടിസ്ഥാനത്തിൽ, 'തരിശുഭൂമിയിൽ തീറ്റപ്പുൽ കൃഷി വ്യാപനം' എന്ന ഘടകം ഉൾപ്പെടുത്തിയിട്ടുണ്ട്. പുരോഗമനോന്മുഖരായ ക്ഷീരകർഷകർ, മറ്റ് വ്യക്തികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമേഖലാസ്ഥാപനങ്ങൾ, തുടങ്ങിയവയുടെ ഉടമസ്ഥതയിൽ ഒഴിഞ്ഞു കിടക്കുന്ന ഫലഭൂയിഷ്ഠമായ ഭൂമി, തീറ്റപ്പുൽ കൃഷി വികസനത്തിനായി തെരഞ്ഞെടുക്കുന്നുണ്ട്. 2020–21 ൽ ക്ഷീരവികസന വകുപ്പ് 2363 ഹെക്ടർ പ്രദേശത്ത് തീറ്റപ്പുൽ കൃഷി ചെയ്യുകയും, 345 ലക്ഷം വേര് പിടിപ്പിച്ച തീറ്റപ്പുൽ/തൈകൾ ഉല്പാദിപ്പിക്കുകയും ചെയ്തു. കൂടാതെ അസോള കൃഷിയ്ക്കും, തീറ്റപ്പുൽ ഉല്പാദനം, വിളവെടുപ്പ്, ജലസേചനം തുടങ്ങിയ പ്രവർത്തനങ്ങൾ യന്ത്രവൽക്കരിക്കുന്നതിനും കർഷകർക്ക് സഹായം നൽകി. കാലിത്തീറ്റ ഉല്പാദനം 2019–20–ൽ 3.61 ലക്ഷം മെട്രിക് ടണ്ണായിരുന്നത് 2020–21–ൽ 3.26 ലക്ഷം മെട്രിക് ടണ്ണായി കുറഞ്ഞു. കാലിത്തീറ്റ ഉല്പാദനം സംബന്ധിച്ച വിശദവിവരങ്ങൾ **അനുബന്ധം 3.3.6, 3.3.7, 3.3.8** എന്നിവയിൽ കൊടുത്തിരിക്കുന്നു.

സംസ്ഥാനത്ത് നിലവിൽ 5741 തീറ്റപ്പുൽ കൃഷിയിടങ്ങൾ ഉള്ളതിൽ 4362 പ്ലോട്ടുകൾ (76 ശതമാനം) ഒരു ഏക്കറിനും 2.5 ഏക്കറിനും ഇടയിൽ വിസ്തൃതി ഉള്ളവയാണ്. 2.5 ഏക്കറിനും 5 ഏക്കറിനും ഇടയിൽ 952 പ്ലോട്ടുകളും (17 ശതമാനം), 427 പ്ലോട്ടുകൾ മാത്രം (7 ശതമാനം) അഞ്ച് ഏക്കറിന് മുകളിലാണ്. കേരളത്തിലെ തീറ്റപ്പുൽ പ്ലോട്ടുകൾ സംബന്ധിച്ച വിവരങ്ങൾ **പട്ടിക 3.3.2**–ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 3.3.2** കേരളത്തിലെ തീറ്റപ്പുൽ കൃഷിയിടങ്ങളുടെ വിസ്തൃതി (2014–15 മുതൽ 2020–21 വരെ)

| വർഷം | ഹൈബ്രിഡ് നേപ്പിയർ (ഹെക്ടർ) |
|---|---|
| 2015–16 | 2665 |
| 2016–17 | 2050 |
| 2017–18 | 2250 |
| 2018–19 | 2750 |
| 2019–20 | 2865 |
| 2020–21 | 2363 |

അവലംബം:- ക്ഷീരവികസന ഡയറക്ടറേറ്റ്, 2021

കഴിഞ്ഞ കുറേ വർഷങ്ങളായി തീറ്റപ്പുൽ കൃഷിയിടങ്ങളുടെ വിസ്തൃതി കുറഞ്ഞുവരികയാണെന്ന് പട്ടികയിൽ നിന്നും വ്യക്തമാണ്. കേരളത്തിൽ 2000 ഹെക്ടറിൽ കൂടുതൽ തീറ്റപ്പുൽ കൃഷി ചെയ്യുന്നുണ്ട്. ഇത് ആവശ്യമുള്ള തീറ്റപ്പുല്ലിന്റെ 46 ശതമാനം മാത്രമേ ഉല്പാദിപ്പിക്കുന്നുള്ളൂ. കേരളം ഉല്പാദനലക്ഷ്യം കൈവരിക്കണമെങ്കിൽ കുറഞ്ഞത് 13,000 ഹെക്ടറിൽ തീറ്റപ്പുൽ കൃഷി വേണ്ടിവരുമെന്നാണ് കണക്കാക്കപ്പെടുന്നത്. തീറ്റപ്പുൽ കൃഷിയ്ക്ക് നിലവിൽ ഹെക്ടറിന് 2,000 രൂപ സബ്സിഡി നൽകുന്നുണ്ടെങ്കിലും അത് തീറ്റപ്പുൽ ഉല്പാദന വർദ്ധനവിലേയ്ക്ക് നയിക്കുന്നില്ല. അടുത്ത ദശകത്തിൽ, കേരളത്തിന് പ്രസ്തുത ആവശ്യം നിറവേറണമെങ്കിൽ വ്യാവസായികമായി തീറ്റപ്പുൽ കൃഷി പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. തീറ്റപ്പുൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് അനുയോജ്യമായ കരാർ കൃഷി മാതൃകകൾ കണ്ടെത്തേണ്ടതുണ്ട്.

കേരളത്തിന്റെ കന്നുകാലി മേഖലയിൽ അടിയന്തിരമായി ഒരു കാലിത്തീറ്റ പദ്ധതി ഉണ്ടാവേണ്ടത് ആവശ്യമാണ്. സംസ്ഥാനത്ത് ഏകദേശം 15,000 ഹെക്ടർ ഭൂമി തീറ്റപ്പുൽ കൃഷി ചെയ്യുന്നതിനായി അടുത്ത രണ്ട് വർഷത്തിനുള്ളിൽ കണ്ടെത്തേണ്ടതായിട്ടുണ്ട്. കൂടാതെ, ആഭ്യന്തര ഉല്പാദന ശേഷി വിപുലീകരിക്കേണ്ടതുമുണ്ട്. സംസ്ഥാനത്ത് കാലിത്തീറ്റ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി പൊതുമേഖലാ സ്ഥാപനങ്ങളായ കേരളാ ഫീഡ്സ് ലിമിറ്റഡ്, മിൽമ ഫീഡ്സ് എന്നിവയുടെ കാലിത്തീറ്റ ഉല്പാദനത്തെ പ്രോത്സാഹിപ്പിക്കുകയും പിന്തുണയ്ക്കുകയും വേണം.

## പ്രജനനത്തിനുള്ള പിന്തുണ

കന്നുകാലികളുടെ ഉല്പാദനക്ഷമത ദീർഘകാലത്തേയ്ക്ക് വർദ്ധിപ്പിക്കുന്നതിനും, മെച്ചപ്പെട്ട വംശപാരമ്പര്യം നിലനിർത്തുന്നതിനും പ്രജനനത്തിന് വളരെയധികം പ്രാ

ധാന്യമുണ്ട്. സംസ്ഥാനത്ത്, ശീതീകരിച്ച ബീജം ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന്റെ ചുമതല കേരളാ ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിനാണ്. ബ്രീഡിംഗിനാവശ്യമായ വസ്തുക്കളുടെ ഉല്പാദനം, ഗവേഷണം, വികസനം, പരിശീലനം എന്നിവയാണ് ബോർഡിന്റെ പ്രധാന പ്രവർത്തനങ്ങൾ.

കെ.എൽ.ഡി.ബി യ്ക്ക് മൂന്ന് ബുൾ സ്റ്റേഷനുകളും, നാല് ബുൾ മദർ ഫാമുകളും, ഓരോ എണ്ണം എന്ന ക്രമത്തിൽ നാടൻ കന്നുകാലി, ആട്ട്, പന്നിഫാമുകളും ഉണ്ട്. രണ്ട് ജില്ലകൾക്ക് ഒന്ന് എന്ന ക്രമത്തിൽ ഏഴ് പ്രാദേശിക ബീജബാങ്കുകളുണ്ട്. ശീതീകരിച്ച ബീജ ഉല്പാദന പ്രക്രിയകൾക്ക് ഇന്ത്യാ ഗവൺമെന്റ് നിർദ്ദേശിക്കുന്ന മിനിമം സ്റ്റാന്റേർഡ് പ്രോട്ടോക്കോളുകൾ അനുസരിച്ച് ബീജഉല്പാദനത്തിനായി ഉപയോഗിക്കുന്ന കാളകൾക്കായി പകർച്ച വ്യാധികൾ, മറ്റ് ജനിതക രോഗങ്ങൾ എന്നിവ ഇല്ലാത്തവയെ മാത്രമേ പരിഗണിക്കാറുള്ളു. കെ.എൽ.ഡി.ബി യ്ക്ക് കീഴിലുള്ള മൂന്ന് ബീജ സ്റ്റേഷനുകൾക്കും ഐ.എ സ്.ഒ 9001:2015 സർട്ടിഫിക്കേഷനും ബയോ സെക്യൂരിറ്റി നടപടികൾ പ്രാബല്യത്തിലുള്ള ഹസാർഡ് അനാലിസിസ് ആന്റ് ക്രിട്ടിക്കൽ കൺട്രോൾ പോയിന്റ് (എച്ച്.എ.സി.സി.പി) സർട്ടിഫിക്കേഷനുമുണ്ട്. മൃഗസംരക്ഷണ വകുപ്പ് മുഖേന സംസ്ഥാനത്തെ കന്നുകാലി കർഷകർക്ക് ആടിന്റെ ബീജം ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്ന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. സംസ്ഥാനത്തിനകത്തും, പുറത്തുമുള്ള ഗവൺമെന്റ് ഏജൻസികൾക്ക് പന്നികളുടെ ബ്രീഡിംഗ് സ്റ്റോക്കും, കർഷകർക്ക് പന്നികളുടെ കൊഴുപ്പ് കൂട്ടുന്നതിനുള്ള ബ്രീഡിംഗ് സ്റ്റോക്കുകളും വിതരണം ചെയ്യുന്നു.

2019–20 മായി താരതമ്യപ്പെടുത്തുമ്പോൾ 2020–21 ൽ ബീജ ഉല്പാദനം 21.18 ലക്ഷം മാത്രകളിൽ നിന്നും 38.46 മാത്രകളായി വർദ്ധിച്ചു. ഈ കാലയളവിൽ ഇതിന്റെ വിതരണം സംസ്ഥാനത്തിനകത്ത് 13.98 ലക്ഷം മാത്രകളിൽ നിന്നും 16.06 ലക്ഷം മാത്രകളായി ഉയരുകയും സംസ്ഥാനത്തിനു പുറത്ത് 4.74 ലക്ഷം മാത്രകളിൽ നിന്നും 7.62 ലക്ഷം മാത്രകളായി വർദ്ധിക്കുകയും ചെയ്തു. ഇതു സംബന്ധിച്ച വിശദ വിവരങ്ങൾ **അനുബന്ധം 3.3.9**–ൽ കൊടുത്തിരിക്കുന്നു. സംസ്ഥാനത്ത് 2515 കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങളാണുള്ളത്. ഈ കാലയളവിൽ 11.63 ലക്ഷം കുത്തിവയ്പ് നടത്തിയതിൽ 2.61 ലക്ഷം കിടാങ്ങളുണ്ടായി. ഒരു കിടാവ് ജനിക്കുന്നതിന് ശരാശരി നാല് കുത്തിവയ്പുകൾ ആവശ്യമായിട്ടുണ്ട്. കൃത്രിമ ഗർഭോല്പാദനം സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 3.3.10** ലും, കെ.എൽ.ഡി.ബിയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 3.3.11**–ലും കൊടുത്തിരിക്കുന്നു. മൃഗസംരക്ഷണ വകുപ്പിന്റേയും, ക്ഷീര വികസന വകുപ്പിന്റേയും സമാന ആപ്ലിക്കേഷനുകളുമായി സമന്വയിപ്പിക്കുന്നതിന്, ഡിജിറ്റൽ യൂണിവേഴ്സിറ്റിയുമായി (ഐ.ഐ.ഐ.ടി.എം.കെ) സഹകരിച്ച് ഹെർഡ് ബുക്ക് രജിസ്ട്രേഷനായി ഒരു പുതിയ സോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻ കെ.എൽ.ഡി.ബി വികസിപ്പിച്ചിട്ടുണ്ട്. കുടുംബശ്രീയുമായി സഹകരിച്ച് തീറ്റപ്പുൽ വളർത്തൽ പരിപാടികളും, കാലിത്തീറ്റ പ്രദർശന യൂണിറ്റുകൾ സ്ഥാപിക്കലും, തദ്ദേശീയ കന്നുകാലി സംരക്ഷണ വ്യാപന പ്രവർത്തനങ്ങളും നടത്തി വരുന്നു. ഫീൽഡ് പെർഫോമൻസ് റെക്കോർഡിംഗ് പ്രോഗ്രാമിലൂടെ കന്നുകാലികളുടെ ജനിതക നവീകരണവും, ജനോമിക് സെലക്ഷനിലൂടെ കാളകളെ തെരഞ്ഞെടുക്കുന്നതിനുള്ള സഹായവും നൽകി വരുന്നു.

കന്നുകാലി മേഖലയിൽ സങ്കരയിനത്തിൽപ്പെട്ട വിദേശീയ കന്നുകാലി പ്രജനന പ്രവർത്തനങ്ങളിൽ കൂടുതൽ ശ്രദ്ധപതിപ്പിക്കുന്നതിനാൽ മെച്ചപ്പെട്ട പൊരുത്തപ്പെടൽ, രോഗപ്രതിരോധശക്തി, തീറ്റകാര്യക്ഷമത അനുപാതം എന്നീ ഗുണങ്ങളുള്ള തദ്ദേശീയ ഇനങ്ങളുടെ എണ്ണം കുറയുന്നുണ്ട്. ആയതിനാൽ ഇന്ത്യൻ തദ്ദേശീയ ഇനങ്ങളുടെ സംരക്ഷണവും, ഉല്പാദനക്ഷമത മെച്ചപ്പെടുത്തലും അത്യാവശ്യമാണ്. വിപുലമായ അത്യാധുനിക പ്രത്യുല്പാദന സാങ്കേതിക വിദ്യകളുടെ പ്രയോഗത്തോടൊപ്പം, കൃത്രിമ ബീജസങ്കലന പ്രവർത്തനങ്ങളിലും വകുപ്പ് ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്.

സങ്കരയിനത്തിൽപ്പെട്ട വിദേശീയ കന്നുകാലികളുടെ പ്രജനനം 1956 ൽ ആണ് കേരളത്തിൽ ആരംഭിച്ചത്. 1996 വരെ ആകെ കന്നുകാലികളുടെ 67.3 ശതമാനം സങ്കരയിനത്തിൽപ്പെട്ടവയായിരുന്നുവെങ്കിൽ 2019 ആയപ്പോഴേക്കും ഇത് 95 ശതമാനമായി ഉയർന്നു. ഇരുപതാം കന്നുകാലി കണക്കെടുപ്പ് അനുസരിച്ച് കേരളത്തിൽ തദ്ദേശീയ ഇനത്തിൽപ്പെട്ട കന്നുകാലികളുടെ എണ്ണത്തിൽ മുൻ കന്നുകാലി കണക്കെടുപ്പുമായി (2012) താരതമ്യപ്പെടുത്തുമ്പോൾ 7.38 ശതമാനം വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളിലെ കന്നുകാലി മേഖലയിലെ നിർവ്വഹണ ഏജൻസികൾ തദ്ദേശീയ ഇനത്തിൽപ്പെട്ട കന്നുകാലികളുടെ വികസനത്തിലും, സംരക്ഷണത്തിലും ഊന്നൽ നൽകിയതിനാലാണ് ഇത് സാധ്യമായത്.

### മൃഗസംരക്ഷണ വകുപ്പ്

ഗ്രാമീണ കുടുംബങ്ങളുടെ ഉപജീവനത്തിന്റെ ഒരു പ്രധാന ഘടകമാണ് കന്നുകാലികൾ. സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക വികസന പ്രക്രിയകളിൽ ഭൂരിഭാഗവും കന്നുകാലിമേഖലയിൽ കേന്ദ്രീകരിച്ചിരിക്കുന്നു. ഈ മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി ഭരണപരവും, ഗവേഷണപരവുമായ വിപുലമായ അടിസ്ഥാന സൗകര്യങ്ങൾ ഗവൺമെന്റ് തയ്യാറാക്കിയിട്ടുണ്ട്. ഈ ഉപമേഖലയുമായി ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങൾക്ക് മൃഗസംരക്ഷണ വകുപ്പ് നേതൃത്വം നൽകുന്നു. വെറ്ററിനറി സേവനങ്ങൾ, മൃഗസംരക്ഷണം, രോഗനിർമ്മാർജ്ജനം, കന്നുകാലി, ആട്ട്, പന്നി, കോഴി എന്നിവയുടെ വികസനം, ജന്തുജന്യ രോഗങ്ങളുടെ നിയന്ത്രണം, വെറ്ററിനറി ഉദ്യോഗസ്ഥർക്കും, കർഷകർക്കും പരിശീലന പരിപാടികൾ സംഘടിപ്പിക്കലും, അവയുടെ ഏകോപനവും, ബയോളജിക്കൽസിന്റെ ഉല്പാദനം എന്നിവയാണ് വകുപ്പിന്റെ പ്രധാന പ്രവർത്തനങ്ങൾ.

സംസ്ഥാനത്തെ കന്നുകാലി ജനസംഖ്യയുടെ എണ്ണവും, ഗുണനിലവാരവും ശക്തിപ്പെടുത്തുക എന്നതാണ് വകുപ്പിന്റെ പ്രധാന ലക്ഷ്യം. പാൽ, മാംസം എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി കന്നുകാലി വികസന പരിപാടികൾ നടപ്പിലാക്കി വരുന്നു. അവയിൽ ഏറ്റവും പ്രധാനപ്പെട്ടത് സങ്കരയിന പ്രജനന പ്രവർത്തനങ്ങളാണ്. കൂടാതെ, മൃഗസംരക്ഷണ വകുപ്പ് ആട്ട് വളർത്തൽ പരിപാടികൾ,

എരുമ വളർത്തൽ, പന്നി, മുയൽ, കോഴി വളർത്തൽ വികസന പ്രവർത്തനങ്ങൾ എന്നിവയും നടത്തി വരുന്നു. ഉല്പാദനവർദ്ധന പ്രവർത്തനങ്ങൾക്കായി ഉല്പാദന യൂണിറ്റുകളുടെ ശാസ്ത്രീയ പരിപാലനവും ഉല്പാദനക്ഷമ തയും സംബന്ധിച്ച് കർഷകർക്ക് പരിശീലനം നൽകു ന്നുണ്ട്. കുടുംബവരുമാനം വർദ്ധിപ്പിക്കുന്നതിനായി നിയന്ത്രിക്കാവുന്ന വലിപ്പത്തിലുള്ള കന്നുകാലികളുടേയും കോഴികളുടേയും ഗാർഹിക യൂണിറ്റുകൾ ഏറ്റെടുക്കാൻ സ്വയം തയ്യാറെടുക്കാൻ സ്ത്രീകൾക്ക് പരിശീലനം നൽകുന്നു. ഡയറിഫാമിംഗ്, ആട്ട് വളർത്തൽ, താറാവ് വളർത്തൽ, പന്നി വളർത്തൽ, ഇറച്ചിക്കോഴി ഉല്പാദനം, വീട്ടുമുറ്റത്തെ കോഴിവളർത്തൽ, കാടക്കോഴി വളർത്തൽ, കോഴികുഞ്ഞുങ്ങളെ വളർത്തൽ തുടങ്ങിയ വിവിധ പരിശീല നങ്ങളാണ് വകുപ്പ് നൽകുന്നത്. പ്രധാനപ്പെട്ട കന്നുകാലി ഉല്പന്നങ്ങളായ പാൽ, മുട്ട, മാംസം എന്നിവ സംബന്ധിച്ച പ്രതിവർഷകണക്കെടുപ്പും (കന്നുകാലി സെൻസസ്) വകു പ്പാണ് നടത്തുന്നത്.

## പ്രത്യേക കന്നുകുട്ടിപരിപാലന പരിപാടി (എസ്.എൽ.ബി.പി)

ആരോഗ്യപരിരക്ഷയും, ഇൻഷ്വറൻസും സഹിതം 32 മാസം വരെ കാലിത്തീറ്റയ്ക്ക് സബ്സിഡി നൽകി പശുക്കിടാവുകളെ വളർത്തുന്ന പദ്ധതി 1976 മുതൽ നടപ്പിലാക്കി വരികയാണ്. എരുമകളുടെ എണ്ണത്തിൽ ഉണ്ടായ കുറവ് പരിഹരിക്കുന്നതി നായി 2006–07 മുതൽ ഈ പദ്ധതി എരുമകൾക്കും ബാധ കമാക്കി. 2014–15 മുതൽ എരുമക്കിടാവുകളൊന്നും തന്നെ ഈ പദ്ധതിയിൽ എൻറോൾ ചെയ്യിട്ടില്ല. 2019–20 ൽ ഈ പദ്ധതിയിൽ 35,131 കന്നുകുട്ടികളെ ഉൾപ്പെടുത്തിയിരുന്നത് 2020–21 ൽ 42,410 ആയി വർദ്ധിച്ചു. പ്രത്യേക കന്നുകാലി പ്രജനന പരിപാടിയിൽ 2010–11 മുതൽ എൻറോൾ ചെയ്ത പശുക്കിടാവുകളുടെ വർഷം തിരിച്ചുള്ള വിശദാംശങ്ങൾ **അനു ബന്ധം 3.3.12**–ൽ കാണിച്ചിരിക്കുന്നു.

## മൃഗങ്ങളുടെ ആരോഗ്യസുരക്ഷ

മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ 14 ജില്ലാ വെറ്ററിനറി സെന്ററുകൾ, 48 വെറ്ററിനറി പോളി ക്ലിനിക്കുകൾ, 210 വെറ്ററിനറി ആശുപത്രികൾ, 896 വെറ്ററിനറി ഡിസ്പെൻസറികൾ, 38 പ്രാദേശിക മൃഗസംരക്ഷണ കേന്ദ്ര ങ്ങൾ, 1359 വെറ്ററിനറി സബ് സെന്ററുകൾ, 9 മൊബൈൽ വെറ്ററിനറി ആശുപത്രികൾ, 10 മൊബൈൽ ഫാം എയ്ഡ് യൂണി റ്റുകൾ, 4 മൊബൈൽ വെറ്ററിനറി ഡിസ്പെൻസ റികൾ, ഒരു മോട്ടോർ ബോട്ട് വെറ്ററിനറി ആശു പത്രി എന്നിവ മുഖേന കന്നുകാലികൾക്ക് മെച്ചപ്പെട്ട ആരോഗ്യസുരക്ഷ നൽകി വരുന്നു. മൃഗസം രക്ഷണ വകുപ്പ് മറ്റ് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാ പനങ്ങളുടെ സഹായത്തോടെ സാംക്രമിക രോഗ ങ്ങൾ പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പരിപാടികൾ നടപ്പിലാക്കി വരുന്നുണ്ട്. കുളമ്പുരോഗ നിർമ്മാർജ്ജന പരിപാടി, റാബീസ് ഫ്രീ കേരള, വാക്സി നേഷൻ പരിപാടി, എ.എസ്.സി.എ.ഡി പൗൾട്രി വാക്സി നേഷൻ പരിപാടികൾ എന്നിവ വ്യവസ്ഥാപിതമായി നടപ്പിലാക്കി വരുന്നു. 2014–15 മുതൽ 2020–21–വരെ കേരളത്തിലെ കന്നുകാലികളെ ബാധിച്ച പ്രധാന പകർച്ച വ്യാധികൾ, രോഗബാധ, നാശം സംഭവിച്ച മൃഗങ്ങളുടെ എണ്ണം എന്നിവ **അനുബന്ധം 3.3.13**–ൽ കൊടുത്തിരിക്കുന്നു.

## മൃഗസംരക്ഷണ മേഖലയിലെ കേന്ദ്രാവിഷ്കൃത/ കേന്ദ്രമേഖലാ പദ്ധതികൾ

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിയ കേന്ദ്ര മേഖലാ പദ്ധതികളുടെ വിശദാംശങ്ങൾ **പട്ടിക 3.3.3**–ൽ കൊടുത്തിരിക്കുന്നു.

## രാത്രികാലങ്ങളിൽ അടിയന്തിര മൃഗചികിത്സാ സേവനങ്ങൾ

സാധാരണയായി വെറ്ററിനറി ഡോക്ടർമാരുടെ സേവനം പകൽ സമയങ്ങളിൽ മാത്രമേ ലഭ്യമായിരുന്നു ള്ളൂ. രാത്രികാലങ്ങളിൽ ഈ സേവനം ലഭ്യമാകുന്നതിന് വളരെ ബുദ്ധിമുട്ടുണ്ടായിരുന്നു. ഇത് പരിഹരിക്കുന്നതിനാ യി വൈകിട്ട് 6 മണി മുതൽ രാവിലെ 6 മണിവരെയുള്ള സമയത്ത് ഡോക്ടറുടെ സേവനം ബ്ലോക്കുതലത്തിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ രൂപം നൽകിയ ഒരു പദ്ധതിയാണിത്. കരാർ അടിസ്ഥാനത്തിലുള്ള ഒരു വെ റ്ററിനറി ഡോക്ടറുടെ സേവനം രാത്രികാലങ്ങളിൽ ലഭ്യ മാക്കുന്നു. ബ്ലോക്കടിസ്ഥാനത്തിലുള്ള ഒരു വെറ്ററിനറി സ്ഥാപനത്തിന്റെ നിയന്ത്രണത്തിലായിരിക്കും പ്രസ്തുത യൂണിറ്റ് പ്രവർത്തിക്കുന്നത്. യൂണിറ്റിനാവശ്യമായ മരു ന്നുകൾ ലഭ്യമാക്കും. 2019–20 വരെ സംസ്ഥാനത്തെ തെരഞ്ഞെടുത്ത 105 ബ്ലോക്കുകളിൽ പ്രസ്തുത സേവ നങ്ങൾ നടപ്പിലാക്കി. 2020–21 ൽ 152 ബ്ലോക്കുകളിലും, 3 കോർപ്പറേഷനുകളിലും, ഒരു മുനിസിപ്പാലിറ്റിയിലും വ്യാപിപ്പിക്കുന്നതാണ്.

## ഗോസമൃദ്ധി – സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി

സമഗ്ര കന്നുകാലി പദ്ധതിയായ ഗോസമൃദ്ധി 2017–18–ൽ ആണ് ആരംഭിച്ചത്. കന്നുകാലികളുടെ മരണമോ, വൈകല്യമോ മൂലമുണ്ടാകുന്ന ഉല്പാദനക്കുറവുമൂലം കർഷക ർക്കുണ്ടാകുന്ന അനിശ്ചിതത്വവും, നഷ്ടവും നികത്തുന്നതിനു ള്ള ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പു വരുത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതിയിൻ കീഴിൽ മൃഗ ങ്ങൾക്കുള്ള പരമാവധി ഇൻഷ്വറൻസ് തുക 65000 രൂപയാണ്. പ്രീമിയം തുക മൃഗത്തിന്റെ വിലയുടെ ഏകദേശം 3 ശതമാനവും, സബ്സിഡി നിരക്ക് 50 ശതമാനവും, പട്ടി കജാതി/പട്ടിക വിഭാഗക്കാർക്ക് 70 ശതമാനവുമാണ്. ഒറ്റത്തവണ ഇൻഷ്വറൻസിലൂടെ പരമാവധി 3 വർഷം വരെ പരിരക്ഷ ലഭിക്കുന്നു. യുണൈറ്റഡ് ഇൻഷ്വറൻസ് കമ്പനിയെ ഈ പദ്ധതി നടപ്പിലാക്കുന്നതിനായി തെര ഞ്ഞെടുത്തിട്ടുണ്ട്. 2020–21 ൽ ഈ പദ്ധതി പ്രകാരം 29,770 മൃഗങ്ങളെ ഇൻഷ്വർ ചെയ്തിട്ടുണ്ട്.

## പാലോട് വെറ്ററിനറി ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെ വാക്സിൻ ഉല്പാദനം

സംസ്ഥാനത്ത് മൃഗങ്ങൾക്കുള്ള വാക്സിൻ നിർമ്മി ച്ച് വിതരണം ചെയ്യുന്ന ഒരേ ഒരു സ്ഥാപനമാണ് പാലോടുള്ള വെറ്ററിനറി ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്. ഇൻസ്റ്റിറ്റ്യൂട്ടിൽ ഉല്പാദിപ്പിക്കുന്ന വാക്സിനുകൾ സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 3.3.14**–ൽ കൊടുത്തിരിക്കുന്നു. 2020–21–ൽ 217.02 ലക്ഷം ഡോസ് പൗൾട്രി വാക്സിനും 5.42 ലക്ഷം ഡോസ് കന്നുകാലികൾക്കുള്ള വാക്സിനും ഉല്പാദിപ്പിച്ചു.

**പട്ടിക 3.3.3** പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ അനുവദിച്ച തുകയും, ചെലവും (തുക കോടിയിൽ)

| പദ്ധതികൾ | 2017–18 | | 2018–19 | | 2019–20 | | 2020–21 | | 2021–22 | |
|---|---|---|---|---|---|---|---|---|---|---|
| | അനുവദിച്ച തുക | ചെലവ് | അനുവദിച്ച തുക | ചെലവ് | അനുവദിച്ച തുക | ചെലവ് | അനുവദിച്ച തുക | ചെലവ് | അനുവദിച്ച തുക | ചെലവ് |
| ലൈവ്സ്റ്റോക്ക് ഹെൽത്ത് ആന്റ് ഡിസീസ് കൺട്രോൾ (60 ശതമാനം കേന്ദ്ര സഹായം) | 5.16 | 5.16 | 7.50 | 7.08 | 1.06 | 0.21 | 0.00 | 0.00 | 4.64 | 0.00 |
| ദേശീയ കന്നുകാലി മിഷൻ (60 ശതമാനം കേന്ദ്ര സഹായം) | 3.65 | 2.24 | 5.55 | 3.89 | 10.00 | 2.44 | 6.63 | 0.57 | 0.00 | 0.00 |
| മൃഗസംരക്ഷണ സ്ഥിതി വിവര കണക്കും, സാമ്പിൾ സർവ്വെയും (50 ശതമാനം കേന്ദ്ര സഹായം) | 1.07 | 1.00 | 1.09 | 1.03 | 0.93 | 0.91 | 1.09 | 0.84 | 0.25 | 0.25 |
| കന്നുകാലി കണക്കെടുപ്പ് (100 ശതമാനം കേന്ദ്ര സഹായം) | 1.45 | 0.01 | 1.43 | 1.41 | 1.67 | 0.25 | 6.64 | 5.64 | 1.00 | 1.00 |
| ആകെ | 11.33 | 8.41 | 15.57 | 13.41 | 13.66 | 3.81 | 14.36 | 7.05 | 5.89 | 1.25 |

അവലംബം:- മൃഗസംരക്ഷണ വകുപ്പ്, കേരള സർക്കാർ 2021

കഴിഞ്ഞ വർഷവുമായി താരതമ്യം ചെയ്യുമ്പോൾ പൗൾട്രി വാക്സിന്റെ ഉല്പാദനം 83.5 ശതമാനവും, കന്നുകാലി വാക്സിന്റെ ഉല്പാദനം 185.3 ശതമാനവും വർദ്ധനവു രേഖപ്പെടുത്തി. 2020–21 ൽ കന്നുകാലികൾക്ക് 12.76 ലക്ഷവും, കോഴികൾക്ക് 71.22 ലക്ഷവും വാക്സിനേഷൻ നടത്തി. മുൻവർഷത്തെ അപേക്ഷിച്ച് കന്നുകാലികളുടെ വാക്സിനേഷൻ 53 ശതമാനം വർദ്ധിക്കുകയും, കോഴികളുടെ വാക്സിനേഷൻ 9 ശതമാനം കുറയുകയും ചെയ്തു. ഈ കാലയളവിൽ നായ്ക്കളിൽ നടത്തിയ കുത്തിവയ്പ് 2019–20 ലെ 1.72 ലക്ഷത്തിൽ നിന്നും 1.80 ലക്ഷമായി വർദ്ധിച്ചു. വിശദവിവരങ്ങൾ **അനുബന്ധം 3.3.15**–ൽ കൊടുത്തിരിക്കുന്നു.

### ഭൂമിക–ജി.ഐ.എസ് അടിസ്ഥാനത്തിൽ അനിമൽ റിസോഴ്സ് മാപ്പിംഗ് സിസ്റ്റം

സംസ്ഥാനത്ത്, കന്നുകാലി മേഖലയിൽ, മൃഗസംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരെ സംബന്ധിച്ച വിവരങ്ങൾ ജി.ഐ.എസ് അടിസ്ഥാനത്തിൽ രേഖപ്പെടുത്തുന്ന 'ഭൂമിക'എന്ന ഒരു വിവര ശേഖരണ പ്രക്രിയ മൃഗസംരക്ഷണ വകുപ്പ് വികസിപ്പിച്ചിട്ടുണ്ട്. ആരോഗ്യം, പ്രജനനം, ഉല്പാദനം, ദുരന്തനിവാരണം, മനുഷ്യവിഭവശേഷി കൈകാര്യം ചെയ്യൽ എന്നിവ ക്രമമായി നിരീക്ഷിക്കുന്നതിന് പര്യാപ്തമാണ് ഈ സംവിധാനം. വകുപ്പിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങൾ ഈ സംവിധാനത്തിൽ ഉൾപ്പെടുന്നു. സംസ്ഥാനത്ത്, മൃഗസംരക്ഷണ മേഖലയിൽ ഏകദേശം 25 ലക്ഷം കുടുംബങ്ങൾ ഉള്ളതിൽ, കന്നുകാലികൾ/എരുമ വളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന 5.3 ലക്ഷം കർഷകരെ 2021 വരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി (ഐ.ഐ.ഐ.റ്റി.എം.കെ) എന്നറിയപ്പെട്ടിരുന്ന ഡിജിറ്റൽ യൂണിവേഴ്സിറ്റിയുമായി ചേർന്നാണ് മൃഗസംരക്ഷണ വകുപ്പ്, കർഷകരുടെ ഭൂമിശാസ്ത്രപരമായ സ്ഥാനം നിർണ്ണയിക്കുന്ന 'ഭൂമിക' വികസിപ്പിച്ചത്. ഗൂഗിൾ പ്ലേ സ്റ്റോറിൽ ഈ ആപ്, ഡൗൺലോഡ് ചെയ്യാൻ ലഭ്യമാണ്.

മൃഗസംരക്ഷണ വകുപ്പിലെ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാരാണ് കർഷകരുടെ വീടുകൾ സന്ദർശിച്ച് വിവരശേഖരണം നടത്തിയത്. തുടർന്ന്, ഈ വിവരങ്ങൾ പ്രാദേശിക വെറ്ററിനറി ഓഫീസർമാർ പരിശോധനാ വിധേയമാക്കിയിട്ടുണ്ട്. ശേഖരിച്ച പ്രസ്തുത വിവരങ്ങളിൽ നിന്നും വിവിധ റിപ്പോർട്ടുകൾ വിശകലനം ചെയ്യുന്നതിന് ഒരു വെബ് പോർട്ടൽ അനിമൽ റിസോഴ്സ് മാനേജ്മെന്റ് പോർട്ടൽ (എ.ആർ.എം.എസ്) ഈ പോർട്ടലുമായി സമന്വയിപ്പിച്ചിട്ടുണ്ട്. ഈ ജിയോ സ്പേഷ്യൽ ഡാറ്റ ഉപയോഗപ്പെടുത്തി രോഗ വിവരങ്ങൾ യഥാസമയം മാപ്പ് ചെയ്യുന്നതിനും, അത് പരിഹരിക്കുന്നതിനും, നിയന്ത്രിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി ചെയ്യുന്നതിന് സാധിക്കും. 'നിപ്പ' ഉണ്ടായ സമയത്ത് രോഗവ്യാപനം തടയുന്നതിന് വാക്സിനേഷൻ സമയബന്ധിതമായി നൽകുന്നതിന് പ്രസ്തുത വിവരങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്തി. അതുപോലെ കുളമ്പുരോഗ നിവാരണ പ്രവർത്തനങ്ങൾക്കും, ഈ പദ്ധതി ഫലപ്രദമായി ഉപയോഗിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പിന് സാധിച്ചിട്ടുണ്ട്.

### കേരള പുനർ നിർമ്മാണ പദ്ധതി (റീബിൽഡ് കേരളാ ഇനിഷ്യേറ്റീവ്)

റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി എറണാകുളം, കണ്ണൂർ ജില്ലകളിൽ രണ്ട് മൊബൈൽ

ടെലിവെറ്ററിനറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 2.2 കോടി രൂപ അനുവദിച്ചു. ഇതുപ്രകാരം നൂതന ഡയഗ്നോസ്റ്റിക് എയ്ഡുകളായ പോർട്ടബിൾ എക്സ്റേ യൂണിറ്റ്, പോർട്ടബിൾ അൾട്രാ സൗണ്ട് സ്കാനർ, സർജിക്കൽ എക്യുപ്മെന്റ്സ്, അനിമൽ ലിഫ്റ്റിംഗ് ഡിവൈസുകൾ എന്നിവ ലഭ്യമാണ്. സെന്റർ ഫോർ അഡ്വാൻസ്ഡ് കംപ്യൂട്ടിംഗ് (സി–ഡാക്) ആണ് പ്രസ്തുത പദ്ധതി പൂർത്തീകരിച്ചത്. 12 മൊബൈൽ ടെലിവെറ്ററിനറി യൂണിറ്റുകൾക്കായി 13.28 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അവ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

ഉപഭോക്താക്കൾക്ക് മിതമായ നിരക്കിൽ, സുരക്ഷിതമായ ബ്രോയിലർ ചിക്കൻ വിതരണം ചെയ്യുന്നതിനും, കർഷകർക്ക് സാധ്യമായ ഒരു ജീവനോപാധി എന്ന നിലയിലും 63.10 കോടി രൂപ ചെലവിൽ ആരംഭിച്ച കേരളാ പുനർനിർമ്മാണ സംരംഭമാണ് 'കേരളാ ചിക്കൻ'. ഈ പദ്ധതി പ്രകാരം 2600 ബ്രോയിലർ ചിക്കൻ ഫാമുകളും, 240 കേരളാ ചിക്കൻ ഔട്ട്ലറ്റുകളും സംസ്ഥാനത്തുടനീളം സ്ഥാപിക്കുന്നതാണ്. ഇതിന്റെ ഭാഗമായി ബ്രീഡർ ഫാമുകൾ, മാലിന്യ സംസ്കരണത്തിനായി റെൻഡറിംഗ് പ്ലാന്റുകൾ എന്നിവ തത്പരകക്ഷികളായ (സ്റ്റെക്ക് ഹോൾഡർ) മൃഗസംരക്ഷണ വകുപ്പ്, കുടുംബശ്രീ, കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെ.എസ്.പി.ഡി.സി), മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ (എം.പി.ഐ), ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി (ബി.ഡി.എസ്), കേരളാ വെറ്ററിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി, തദ്ദേശ സ്വയംഭരണവകുപ്പ് (എൽ.എസ്.ജി.ഡി) എന്നീ വകുപ്പുകളിലൂടെ മാംസത്തിന്റെ ഗുണനിലവാര പരിശോധനാ സൗകര്യങ്ങളും ഇതിൽ ഉൾപ്പെടുന്നു.

കേരള ചിക്കൻ പദ്ധതി നടപ്പിലാക്കുന്നതിനുള്ള മൊബിലൈസേഷൻ അഡ്വാൻസ് ആയി ലഭിച്ച 6.29 കോടി രൂപയിൽ, 85.88 ലക്ഷം രൂപ സ്റ്റേക്ക് ഹോൾഡർമാർക്ക് നൽകിയതിൽ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയ്ക്ക് റെൻഡറിംഗ് പ്ലാന്റുകൾക്കായി 40 ലക്ഷം രൂപ, കെ.എസ്.പി.ഡി.സിയ്ക്ക് കുടപ്പനക്കുന്നിൽ രണ്ട് ബ്രോയിലർ ഫീഡർ ഫാമുകളുടെ നിർമ്മാണത്തിനായി 31.50 ലക്ഷം രൂപ, ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റിയ്ക്ക് വില്പന സൗകര്യങ്ങൾക്കായി റീഫർവാൻ വാങ്ങുന്നതിനായി 4.38 ലക്ഷം രൂപ എന്നിങ്ങനെ അനുവദിച്ചിട്ടുണ്ട്.

### സുഭിക്ഷ കേരളം

സുഭിക്ഷ കേരളം പദ്ധതിയിലുൾപ്പെടുത്തി 2020–21 കാലയളവിൽ മൃഗസംരക്ഷണ വകുപ്പിന്റെ ജീവനോപാധി സഹായപദ്ധതികൾക്കായി 56.09 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കി. ഇതിൽ കന്നുകാലി വളർത്തൽ, പശുക്കിടാവ് വളർത്തൽ, വൃത്തിയുള്ള കാലിത്തൊഴുത്തിനുള്ള സഹായം, കാലിത്തീറ്റ സബ്സിഡി പദ്ധതി, ശാസ്ത്രീയമായി പശുക്കിടാവ് വളർത്തൽ, തീറ്റപ്പുൽ കൃഷിയ്ക്കുള്ള സഹായം, ആട്ട് വളർത്തൽ, വീട്ടുമുറ്റത്തെ കോഴി വളർത്തൽ, താറാവ് വളർത്തൽ, പന്നി വളർത്തൽ, ക്ഷീര കർഷകർക്കുള്ള യന്ത്രവൽക്കരണ പിന്തുണ എന്നിവ ഉൾപ്പെടുന്നു.

### അനിമൽ ഹസ്ബന്ററി ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് (എ.എച്ച്.ഐ.ഡി.എഫ്)

'ആത്മ നിർഭർ ഭാരത് അഭിയാൻ' ഉത്തേജന പാക്കേജിന്റെ ഭാഗമായി 15,000 കോടി രൂപയുടെ അനിമൽ ഹസ്ബന്ററി ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് (എ.എച്ച്.ഐ.ഡി.എഫ്) രാജ്യത്ത് രൂപീകരിച്ചു. വ്യക്തിഗത സംരംഭകർ, എം.എസ്.എം.ഇ ഉൾപ്പെടെയുള്ള സ്വകാര്യ കമ്പനികൾ, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ (എഫ്.പി.ഒ കൾ), സെക്ഷൻ 8 കമ്പനികൾ, ക്ഷീര സംസ്കരണം, മൂല്യവർദ്ധന അടിസ്ഥാന സൗകര്യങ്ങൾ, മാംസ സംസ്കരണം മൃഗങ്ങളുടെ തീറ്റനിർമ്മാണ പ്ലാന്റുകൾ എന്നീ മേഖലകളിൽ നിക്ഷേപം നടത്താൻ എ.എച്ച്.ഐ.ഡി.എഫ് പ്രോത്സാഹനം നൽകുന്നു.

അർഹരായ ഗുണഭോക്താക്കൾക്ക് ഇന്ത്യാഗവൺമെന്റ് 3 ശതമാനം പലിശ ഇളവ് നൽകും. ലോൺ തുകയുടെ 2 വർഷത്തെ മൊറട്ടോറിയം കാലയളവും, അതിനുശേഷം 6 വർഷത്തെ തിരിച്ചടവ് കാലയളവും ഉണ്ടാകും. ക്ലെയിമിന്റെ അടിസ്ഥാനത്തിൽ ബാങ്കുകൾക്ക് എല്ലാ വർഷവും പലിശ ഇളവ് അനുവദിക്കും. 750 കോടി രൂപയുടെ ക്രെഡിറ്റ് ഗ്യാരന്റി ഫണ്ട് നബാർഡ് കൈകാര്യം ചെയ്യും. എം.എസ്.എം.ഇയുടെ നിർവചനപരിധിയിൽ വരുന്ന പ്രോജക്ടുകൾക്ക് ക്രെഡിറ്റ് ഗ്യാരന്റി നൽകുന്നതാണ്. കടം വാങ്ങുന്നവരുടെ ക്രെഡിറ്റ് സൗകര്യത്തിന്റെ 25 ശതമാനം വരെ ഗ്യാരന്റി കവറേജ് ലഭിക്കും. അപേക്ഷാ പ്രക്രിയ സുഗമമാക്കുന്നതിന് സിഡ്ബി(എസ്.ഐ.ഡി.ബി.ഐ) ഒരു ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്. ഈ പോർട്ടലിലൂടെ പ്രസ്തുത പദ്ധതിയിൽ വായ്പ ലഭിക്കുന്നതിന് ഓൺലൈൻ ആയി അപേക്ഷിക്കാവുന്നതാണ്.

### കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി

സംസ്ഥാനത്ത് മൃഗസംരക്ഷണ ക്ഷീരവികസന മേഖലകളിൽ വിദ്യാഭ്യാസം, വികസനം, ഗവേഷണം, വ്യാപനം എന്നീ പ്രവർത്തനങ്ങൾക്കായി വയനാട്ടിലെ പൂക്കോട് ആസ്ഥാനമാക്കി ഒരു വെറ്ററിനറി ആന്റ് അനിമൽ സയൻസ് സർവ്വകലാശാല സ്ഥാപിച്ചിട്ടുണ്ട്. പുതിയ സർവ്വകലാശാല സ്ഥാപിക്കുന്നതിനായി മൃഗസംരക്ഷണ ക്ഷീരവികസന മേഖലയിലുള്ള അധ്യയന വിഭാഗങ്ങളെ കേരള കാർഷിക സർവ്വകലാശാലയിൽ നിന്നും വേർപെടുത്തിയിട്ടുണ്ട്. മണ്ണുത്തിയിലെ കോളേജ് ഓഫ് ഡയറി സയൻസ് ആന്റ് ടെക്നോളജിയും, പൂക്കോടും മണ്ണുത്തിയിലുമുള്ള വെറ്ററിനറി ആന്റ് ആനിമൽ സയൻസ് കോളേജുമാണ് ഈ സർവ്വകലാശാലയുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപന ങ്ങൾ. മൃഗസംരക്ഷണ ഗവേഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഗവേഷണ കേന്ദ്രങ്ങളും, ഫാമുകളും ഈ സർവ്വകലാശാലയുടെ ഭാഗമായിരിക്കും. മൃഗചികിത്സ, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ മേഖലകളിൽ ഗുണമേൻമയുള്ള പ്രൊഫഷണലുകളെ വളർത്തിയെടുക്കുകവഴി സംസ്ഥാനത്തെ മൃഗസമ്പത്ത് വർദ്ധിപ്പിക്കുകയും, ഗവേഷണ ഫലങ്ങൾ പ്രായോഗികതലത്തിൽ യാഥാർത്ഥ്യമാക്കുന്നതിന് സഹായിക്കുകയും ചെയ്യുക എന്നതാണ് ഈ സ്ഥാപനത്തിന്റെ പ്രധാന ലക്ഷ്യം. കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസ് യൂണിവേഴ്സിറ്റി മണ്ണുത്തി കാമ്പ

സിൽ ആർ.ഐ.ഡി.എഫ് (നബാർഡ്) സഹായത്തോടെ കന്നുകാലി വളർത്തലിനെ പിന്തുണയ്ക്കുന്നതിനും മൃഗരോഗ നിർണ്ണയത്തിനും റഫറൽ അനലിറ്റിക്കൽ ആൻഡ് ഡയ ഗ്നോസ്റ്റിക് ലബോറട്ടറി സ്ഥാപിക്കൽ പദ്ധതി നടപ്പാക്കുന്നു. പദ്ധതിയിൽ 30 ലാബുകളും ബി.എസ്.എൽ–3 സ്റ്റാൻഡ് എലോൺ സൗകര്യവും ഉൾപ്പെടുന്നു. ആന്റിബോഡി ടൈറ്റർ, സെൽ മീഡിയേറ്റഡ് ഇമ്മ്യൂൺ റെസ്പോൺസ്, ജീൻ എക്സ്പ്രഷൻ വിശകലനം എന്നിവയിൽ നിന്ന് ലഭിച്ച ഫലങ്ങളുടെ അടിസ്ഥാനത്തിൽ 'റീമെറെല്ലോസിസ് ' എന്ന പുതിയ താറാവ് രോഗനിയന്ത്രണത്തിനായുള്ള ഒരു നിഷ്ക്രിയ വാക്സിൻ സർവ്വകലാശാല വികസിപ്പിച്ചെടു ത്തിട്ടുണ്ട്.

## വിലകൾ

കന്നുകാലി വളർത്തൽ മേഖലയിലെ പ്രധാന ഉല്പന്നങ്ങളുടെ നിർമ്മാണത്തിനാവശ്യമായ അവശ്യസാധനങ്ങളുടേയും, ഉല്പന്നങ്ങളുടേയും കഴിഞ്ഞ ആറ് വർഷങ്ങളിലെ ശരാശരി വിലകൾ **അനുബന്ധം 3.3.16**–ൽ കൊടുത്തിരിക്കുന്നു. ഈ കാലയളവിൽ എല്ലാ ഉല്പന്നങ്ങളുടെ വിലയിലും വർദ്ധനവ് രേഖപ്പെടുത്തി. കഴിഞ്ഞ വർഷവുമായി താരതമ്യം ചെ യ്യുമ്പോൾ ബ്രോയിലർ ചിക്കന്റെ വില 1.6 ശതമാനവും, നാടൻ ചിക്കന്റെ വിലയിൽ 7.26 ശതമാനവും വർദ്ധനവ് രേഖപ്പെടുത്തി. ആട്ടിറച്ചി, മാട്ടിറച്ചി എന്നിവയുടെ വില യഥാക്രമം 2.82 ശതമാനം 3.14 ശതമാനം എന്നി ങ്ങനെ വർദ്ധിച്ചു. 2019–20 മായി താരതമ്യപ്പെടുത്തു മ്പോൾ വെള്ളക്കോഴി മുട്ടയുടെ വില 5.77 ശതമാനവും, തവിട്ടുനിറമുള്ള മുട്ടയുടെ വില 2.19 ശതമാനവും, താറാമുട്ടയുടെ വില 2.82 ശതമാനവും 2020–21–ൽ വർദ്ധിച്ചു. പശുവിൻ പാലിന്റെ വില 3.49 ശതമാനവും, എരുമപ്പാലിന്റെ വില 8.98 ശതമാനവും ഈ കാലയളവിൽ വർദ്ധിച്ചു.

ഉല്പന്നോപാധികളെ സംബന്ധിച്ച്, 2020–21 ൽ വയ്ക്കോ ലിന്റെ വിലയിൽ 5.55 ശതമാനവും, പുല്ലിന്റെ വിലയിൽ 7.96 ശതമാനവും വിലവർദ്ധനവ് രേഖപ്പെടുത്തി. കഴിഞ്ഞ വർഷത്തെ വിലയുമായി താരതമ്യപ്പെടുത്തു മ്പോൾ നിലക്കടല പിണ്ണാക്കിന്റെ വില 2.41 ശതമാന വും തേങ്ങാപ്പിണ്ണാക്കിന്റെ വില 3 ശതമാനവും, എള്ളിൻ പിണ്ണാക്കിന്റെ വില 3.88 ശതമാനവും വർദ്ധിച്ചു. ഈ വിലവർദ്ധനവ് ക്ഷീര കർഷകരെ സംബന്ധിച്ചിട ത്തോളം ഒരു ഭീഷണിയാണ്. ആയതിനാൽ, സംസ്ഥാ നത്ത് ലഭ്യമാവുന്ന തദ്ദേശീയമായ തീറ്റസ്രോതസ്സുകളുടെ സാധ്യത കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഉണ്ടാ കേണ്ടതുണ്ട്. 2015–16 മുതൽ 2020–21 വരെ കന്നുകാലി ഉല്പന്നങ്ങളുടെ ശരാശരി വില നിലവാരത്തിലുണ്ടായ പ്രവണത **ചിത്രം 3.3.5**–ൽ കൊടുത്തിരിക്കുന്നു.

## ഭൗതിക നേട്ടങ്ങൾ


- കഴിഞ്ഞ രണ്ട് കന്നുകാലി കണക്കെടുപ്പുമായി താരതമ്യപ്പെടുത്തുമ്പോൾ (കുറഞ്ഞു വരുന്ന പ്രവണത) ഇരുപതാമത് കന്നുകാലി കണക്കെടുപ്പനുസരിച്ച് കന്നു കാലികളുടെ എണ്ണത്തിൽ ഒരു ശതമാനം വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ആടുകളുടെ എണ്ണത്തിൽ 9 ശതമാനം വർദ്ധനവും, വളർത്തുപക്ഷികളുടെ എണ്ണ ത്തിൽ 25 ശതമാനം വർദ്ധനവും രേഖപ്പെടുത്തിയിട്ടുണ്ട്.
- വാഗമണ്ണിലും, സുൽത്താൻബത്തേരിയിലും പുതിയ രണ്ട് കന്നുകാലിപരിപാലന പരിശീലന കേന്ദ്രങ്ങൾ സ്ഥാപിച്ചു.
- സംസ്ഥാനത്തെ 152 ബ്ലോക്കുകളിലും, 3 കോർപ്പറേ ഷനുകളിലും, ഒരു മുനിസിപ്പാലിറ്റിയിലും രാത്രികാല അടിയന്തിര വെറ്ററിനറി സേവന പദ്ധതി നടപ്പിലാക്കി.
- സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയായ 'ഗോ സമൃദ്ധി' യിൽ 29,770 മൃഗങ്ങളെ ഇൻഷ്വർ ചെയ്തു.
- പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി (എസ്. എൽ.ബി.പി), ഗോവർദ്ധിനി എന്നീ പദ്ധതികളുടെ ഭാഗമായി 42,410 പുതിയ കന്നുകുട്ടികളെ എൻറോൾ ചെയ്തു. ആകെ 2,60,685 കന്നുകുട്ടികൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചു.
- വകുപ്പിന്റെ ഫാമുകളിൽ 56.95 ലക്ഷം മുട്ടകൾ, 32.82 ലക്ഷം കോഴികുഞ്ഞുങ്ങൾ എന്നിവ ഉല്പാദിപ്പിച്ചു.
- വാണിജ്യാടിസ്ഥാനത്തിൽ 147 ആടുവളർത്തൽ യൂണി റ്റുകൾ, വീട്ടുവളപ്പിൽ 749 ആടു വളർത്തൽ യൂണിറ്റുകൾ, കെ.എൽ.ഡി.ബി യുമായി സഹകരിച്ച് 500 കൃത്രിമ ആട് ബീജസങ്കലന കേന്ദ്രങ്ങളും സ്ഥാപിച്ചു.
- നാഷണൽ ലൈവ് സ്റ്റോക്ക് മിഷന്റെ (എൻ.എൽ.എം) കീഴിൽ ആൺ കന്നുകുട്ടികളെ പരിപോഷിപ്പിക്കുന്ന തിനുള്ള 1250 യൂണിറ്റുകളും, 999 ഇടത്തരം ആട് വളർത്തൽ യൂണിറ്റുകളും സ്ഥാപിച്ചു.
- ഇൻഷ്വറൻസിന്റെ പരിധിയിൽ ഉൾപ്പെടാത്ത മൃഗങ്ങളെ പരിപാലിക്കുന്ന കർഷകർക്ക് നഷ്ടപരിഹാരമായി 1.786 കോടി രൂപ വിതരണം ചെയ്തു.

സുസ്ഥിരമായ കാർഷിക വളർച്ച ഉറപ്പ് വരുത്തുന്നതിൽ കന്നുകാലി മേഖല നിർണ്ണായക പങ്കു വഹിക്കുന്നു. പര മ്പരാഗത കന്നുകാലി വളർത്തൽ രീതിയിൽ നിന്നും ആധുനിക വൈദഗ്ദ്ധ്യ സാങ്കേതികത ഉൾക്കൊള്ളുന്ന മേഖലയിലേയ്ക്ക് മൃഗസംരക്ഷണ ക്ഷീരവികസന പ്രവർത്തനങ്ങൾ പരിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. കൃത്രിമ ബീജാധാനം, ഡിസീസ് ആന്റ് പെസ്റ്റ് മാനേജ്മെന്റ്, പാൽ, മാംസ ഉല്പന്നങ്ങൾ തുടങ്ങിയവയുടെ വൈവിദ്ധ്യ വൽക്കരണത്തിൽ സാങ്കേതികവിദ്യയുടെ ഉപയോഗം എന്നിവ പ്രയോജനപ്പെടുത്തുന്നുണ്ട്. ക്ഷീരോല്പാദനത്തിൽ, പാൽ കറവ, പോഷകാഹാരം നൽകൽ, രോഗ പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ എന്നീ മേഖലകളിൽ വൈ ദഗ്ദ്ധ്യ വികസനവും, സാങ്കേതിക വിദ്യയും ഉപയോഗയോ ഗ്യമാക്കിയിട്ടുണ്ട്.

സുസ്ഥിര വളർച്ച നേടുന്നതിന് ഉല്പാദനം വർദ്ധിപ്പിക്കുന്ന തും, ദുർവ്യയം കുറയ്ക്കുന്നതുമായ സാങ്കേതികവിദ്യ ഈ മേഖ ലയിൽ ഏർപ്പെടുത്തേണ്ടതുണ്ട്. കന്നുകാലി ഉല്പാദനക്ഷമത നിലനിർത്തുന്നതിനും, വർദ്ധിപ്പിക്കുന്നതിനും, മൃഗങ്ങളുടെ പോഷണം നിർണ്ണായക ഘടകമാണെങ്കിലും സമയബന്ധിത വാക്സിനേഷനുകൾ, ആരോഗ്യ പശ്ചാത്തലസേവനങ്ങൾ എന്നിവയും വളരെ പ്രാധാന്യമർഹിക്കുന്നു. രോഗങ്ങൾ പടർന്നു പിടിക്കുന്ന സാഹചര്യത്തിലും, ഉല്പാദനക്ഷമത കൂടിയ വിദേശയിനങ്ങളെ വളർത്തുന്ന പശ്ചാത്തലത്തിലും ആരോഗ്യം, ക്വാറന്റയിൻ, ശുചിത്വ പ്രവർത്തനങ്ങൾ എന്നി വയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്നുണ്ട്.

കന്നുകാലി മേഖലയിലെ സേവനവ്യാപന പ്രവർത്തന ങ്ങൾ അപര്യാപ്തമായ അവസ്ഥയിലായതിനാൽ അത് ശക്തിപ്പെടുത്തേണ്ടതുണ്ട്. കന്നുകാലി ജനസംഖ്യയുടെ 75 ശതമാനവും കേന്ദ്രീകരിച്ചിരിക്കുന്നത് മഴയെ ആശ്രയി ച്ചുള്ള പ്രദേശങ്ങളിലായതിനാൽ, കാലിത്തീറ്റ, തീറ്റപ്പുൽ,

**ചിത്രം 3.3.5** കന്നുകാലി ഉല്പന്നങ്ങളുടെ ശരാശരി വിലനിലവാര പ്രവണത 2015–16 മുതൽ 2020–21 വരെ




അവലംബം: മൃഗസംരക്ഷണ വകുപ്പ്, കേരള 2021

കുടിവെള്ളം എന്നിവയുടെ ലഭ്യത അപര്യാപ്തമാവുന്നു. കാലിമേച്ചിലിന് അനുയോജ്യമായ പൊതു പുൽത്തകിടികളുടെ അഭാവവും, പരിപാലന പ്രശ്നങ്ങളും കാരണം തീറ്റപ്പുൽ ഉല്പാദനത്തിന്റെ അടിത്തറ ശക്തമല്ല.

മൃഗസംരക്ഷണ മേഖലയിൽ കറവ മാടുകളുടെ കുറഞ്ഞ ഉല്പാദനക്ഷമത ഒരു വെല്ലുവിളിയാണ്. മികച്ചയിനം കന്നുകാലികളുടെ വികസനം, മെച്ചപ്പെട്ടതും പോഷകഗുണമുള്ളതുമായ കാലിത്തീറ്റ, മികച്ച രോഗപ്രതിരോധ സംവിധാനം എന്നിവ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ ഘടകങ്ങളാണ്. വൈവിധ്യമാർന്ന ജനിതക ഇനത്തിലുള്ള കന്നുകാലികൾക്ക് പോഷകമൂല്യമുള്ള കന്നുകാലിത്തീറ്റ, മികച്ച രോഗപ്രതിരോധ സംവിധാനം, സാങ്കേതികവിദ്യയുടെ പ്രചാരം, നൈപുണ്യം, ഗുണനിലവാരമുള്ള സേവനമാർഗ്ഗങ്ങൾ മുതലായവ മുൻഗണനാടിസ്ഥാനത്തിൽ നൽകേണ്ടതുണ്ട്. പാൽ തരുന്ന മൃഗങ്ങളുടെ കാര്യത്തിൽ വിവിധ ഇനത്തിൽപ്പെട്ടവയുടെ ഉല്പാദനക്ഷമതാവർദ്ധനവ് പ്രാധാന്യമർഹിക്കുന്നു. ആയതിനാൽ നിലവിലുള്ള സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതോടൊപ്പം ശാസ്ത്രീയ രീതിയിലുള്ള വംശവർദ്ധനവും, ഗുണനിലവാരമുള്ള കാലിത്തീറ്റയും പ്രദാനം ചെയ്യേണ്ടതുണ്ട്. മൃഗസംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനായി മികച്ച വംശവർദ്ധക മാർഗ്ഗങ്ങൾ കാലാവസ്ഥയ്ക്കനുയോജ്യമായ രീതിയിൽ സംരക്ഷിക്കേണ്ടതാവശ്യമാണ്.

സംഘടിത വിപണിയുടെ അഭാവം, തുച്ഛമായ ലാഭം എന്നിവ മെച്ചപ്പെട്ട സാങ്കേതിക വിദ്യകളിലേയ്ക്കും, ഗുണനിലവാരമുള്ള അസംസ്കൃത വസ്തുക്കളിൽ നിക്ഷേപിക്കുന്നതിൽ നിന്നും കർഷകരെ പിന്തിരിപ്പിക്കുന്നു. പലപ്പോഴും അനൗപചാരിക വിപണിയിലൂടെ ഇടനിലക്കാർ ഉല്പാദകരെ ചൂഷണം ചെയ്യുന്നു. ക്ഷീരസഹകരണസംഘ മാതൃകയിൽ നിർദ്ദിഷ്ട പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകളുടെ രൂപീകരണംവഴി ആധുനിക ഇലക്ട്രോണിക് വിപണി പശ്ചാത്തലം രൂപീകരിക്കാവുന്നതാണ്.

കന്നുകാലി മേഖലയിലെ നിർണ്ണായകമായ ഉല്പാദനത്തിലും, വൈദഗ്ദ്ധ്യത്തിലുമുള്ള വിടവുകൾ പരിഹരിക്കുന്നതിന് സമഗ്രമായ സംരംഭകത്വ വികസന പരിപാടികൾ അനിവാര്യമാണ്. വെറ്ററിനറി വ്യാപനത്തിന്റെ ശ്രദ്ധാകേന്ദ്ര സാധ്യതയുള്ള മേഖലകൾ സംരംഭകത്വം, നൂതന കണ്ടെത്തലുകൾ, നൈപുണ്യ വികസനം, മനുഷ്യവിഭവശേഷി വികസനം എന്നിവ മുഖേനയാണ്. കന്നുകാലി മേഖലയിലെ വികസനം, ക്ഷീരോല്പാദനം, കോഴി വളർത്തൽ സംരംഭകത്വ പരിപാടികൾ തുടങ്ങിയവ കോവിഡിനു ശേഷമുള്ള കാലഘട്ടത്തിൽ വാണിജ്യ കന്നുകാലി സംരംഭങ്ങൾ ആരംഭിച്ച പ്രവാസി മലയാളികൾക്കും (എൻ.ആർ.ഐ), തൊഴിലില്ലാത്ത യുവാക്കൾക്കും, വനിതകൾക്കും സഹായകരമാണ്.

കന്നുകാലി മേഖലയിൽ സാങ്കേതിക വിദ്യയുടെ കുറഞ്ഞ സ്വീകാര്യത, മൂല്യ ശൃംഖല സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിലെ പരാജയം, പരിമിതമായ കരാർ കൃഷി പ്രവർത്തനങ്ങൾ എന്നിവയാണ് പ്രധാന വെല്ലുവിളികൾ. ക്ഷീര മേഖലയിലെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി സെക്സ് സോർട്ടഡ് സെമന്റെ ഉപയോഗം, മൂല്യശൃംഖല സമീപനം, കരാർ ഫാമിംഗ് സമ്പ്രദായം എന്നിവയുടെ അവലംബം, ചെറുമൃഗങ്ങൾ, പന്നി വളർത്തൽ എന്നിവയും ഈ മേഖലയിലെ ഉല്പാദനക്ഷമതയുടെ ദ്രുതഗതിയിലുള്ള വളർച്ചയ്ക്ക് സഹായകരമാകും.

കന്നുകാലികളുടെ ഉല്പാദനക്ഷമതയേയും, ഗ്രാമീണ ജനതയുടെ ഭക്ഷ്യസുരക്ഷയും ബാധിക്കുകയും ചെയ്യുന്ന ഒരു പ്രധാന ഭീഷണിയാണ് കാലാവസ്ഥാ വ്യതിയാനം. കന്നുകാലി മേഖലയെ സംബന്ധിച്ച ഭാവി സംരംഭങ്ങൾക്കായി കാലാവസ്ഥ സ്മാർട്ട് ലൈവ്സ്റ്റോക്ക് ഫാമിംഗ് എന്ന അജണ്ടയിൽ ഊന്നിയ വികസനമാണ് ലക്ഷ്യമിടേണ്ടത്.

### ക്ഷീര വികസനം

ദശലക്ഷക്കണക്കിന് ഗ്രാമീണർക്ക് തൊഴിൽ നൽകുകയും, ഗ്രാമീണ കുടുംബങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുക വഴി ദേശീയ വരുമാനത്തിലേയ്ക്ക് സംഭാവന ചെയ്യുകയും ചെയ്യുന്ന ഇന്ത്യൻ സമ്പദ് വ്യവസ്ഥയിലെ ഒരു പ്രധാന മേഖലയാണ് ക്ഷീരമേഖല. കന്നുകാലി മേഖലയിലെ വിവിധ ഉല്പന്നങ്ങളിൽ 67.2 ശതമാനം പാൽ ഉല്പന്നങ്ങളാണ്. ഭക്ഷ്യ സുരക്ഷ, ദാരിദ്ര്യ ലഘൂകരണം, സ്ത്രീകളുടെ മെച്ചപ്പെട്ട തൊഴിലവസരസാധ്യത എന്നീ ലക്ഷ്യങ്ങൾ സാധ്യമാക്കുന്നതിന് ഈ മേഖല ഒരു സുപ്രധാന പങ്ക് വഹിക്കുന്നു. ഭക്ഷ്യ-കാർഷിക സംഘടനയുടെ (എഫ്.എ. ഒ 2018) റിപ്പോർട്ട് അനുസരിച്ച്, 500 ദശലക്ഷത്തിലധികം ദരിദ്രർ കന്നുകാലികളെ ആശ്രയിക്കുന്നു. അതിൽ ഏറിയപങ്കും ചെറുകിട നാമമാത്ര കർഷകരാണ്. ഇന്റർനാഷണൽ ഡയറി ഫെഡറേഷൻ ബുള്ളറ്റിൻ 2020 പ്രകാരം ലോകമെമ്പാടുമുള്ള 160 ദശലക്ഷം കുട്ടികൾക്ക് സ്കൂൾ ഫീഡിംഗ് പദ്ധതിയിലൂടെ പാലിന്റേയും, പാൽ ഉല്പന്നങ്ങളുടേയും പ്രയോജനം ലഭിക്കുന്നു.

സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ ക്ഷീരമേഖല പ്രധാന പങ്ക് വഹിക്കുന്നുണ്ട്. പ്രത്യേകിച്ചും എസ്.ഡി.ജി 1, എസ്.ഡി.ജി 2, എസ്.ഡി.ജി 3, എസ്.ഡി.ജി 5, എസ്.ഡി.ജി 8, എസ്.ഡി.ജി 10 എന്നിവ കാർഷിക മേഖലയിലെ ജനങ്ങളുടെ ജീവിതത്തെ രൂപപ്പെടുത്തുന്നതിൽ സുപ്രധാന പങ്ക് വഹിക്കുന്നു.

ലോകത്ത് ഏറ്റവും കൂടുതൽ പാൽ ഉല്പാദിപ്പിക്കുന്ന രാജ്യമായി ഇന്ത്യ തുടരുന്നു. ലോകത്തിലെ ഏറ്റവും വലിയ കന്നുകാലി ജനസംഖ്യയുള്ള നമ്മുടെ രാജ്യമാണ് 2020 ലെ ആഗോള പാൽ ഉല്പാദനത്തിന്റെ 22 ശതമാനവും സംഭാവന ചെയ്തത്. 1970 കളുടെ തുടക്കത്തിൽ ഇന്ത്യയുടെ പാൽ ഉല്പാദനം യു.എസ് ന്റെ പാൽ ഉല്പാദനത്തിന്റെ മൂന്നിലൊന്നും, യൂറോപ്പിന്റെ എട്ടിലൊന്നും മാത്രമായിരുന്നു. നിലവിൽ, ഇന്ത്യയുടെ പാൽ ഉല്പാദനം യു.എസ്സിന്റെ ഇരട്ടിയും, യൂറോപ്പിനേക്കാൾ 25 ശതമാനം കൂടുതലുമാണ്. 1991 നും 2020 നും ഇടയിൽ പ്രതിശീർഷ പാലിന്റെ ലഭ്യത 178 ഗ്രാമിൽ (ഗ്രാം/ദിവസം) നിന്നും 406 ഗ്രാം (ഗ്രാം/ദിവസം) ആയി ഉയർന്നു. ഇന്ത്യയിലെ പാൽ ഉല്പാദനം 55.6 ദശലക്ഷം മെട്രിക് ടണ്ണിൽ നിന്നും, 198.44 ദശലക്ഷം മെട്രിക് ടണ്ണായി വർദ്ധിച്ചു. കഴിഞ്ഞ ഇരുപതു വർഷത്തിനിടെ 5.69 ശതമാനം സംയോജിത വാർഷിക വളർച്ചാനിരക്കിൽ (സി.എ.ജി.ആർ) രാജ്യത്തെ പാൽ ഉല്പാദനം വളരുമ്പോൾ ലോക പാൽഉല്പാദനം രണ്ടു ശതമാനം മാത്രമാണ് വളർന്നത്.

ഇന്റർനാഷണൽ ഫാം കംപാരിസൺ നെറ്റ്‌വർക്ക്, ഡയറി റിപ്പർട്ട് 2018 പ്രകാരം ഇന്ത്യയിലെ 10 സംസ്ഥാനങ്ങൾ 81 ശതമാനം പാലും, ബാക്കിയുള്ള സംസ്ഥാനങ്ങളും, കേന്ദ്ര ഭരണ പ്രദേശങ്ങളും 19 ശതമാനം പാലുല്പാദിപ്പിക്കുന്നുവെന്ന് വെളിപ്പെടുത്തുന്നു. അതുപോലെ ഒൻപത് സംസ്ഥാനങ്ങൾ മാത്രമാണ് ദേശീയനിരക്കിന് സമാനമായ പ്രതിശീർഷ ലഭ്യത കൈവരിച്ചിട്ടുള്ളത്.

ഇന്ത്യയിൽ പാൽ, പാൽ ഉല്പന്നങ്ങൾ എന്നിവയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിൽ ക്ഷീര സഹകരണ സംഘങ്ങൾ നിർണ്ണായക പങ്ക് വഹിക്കുന്നു. ലോകത്തിലെ ഏറ്റവും വലിയ ഗ്രാമ വികസന പദ്ധതിയായ ഓപ്പറേഷൻ ഫ്ലഡ് പ്രോഗ്രാം (ഒ എഫ് പി) (ധവള വിപ്ലവം) വഴി ദരിദ്ര കർഷകരുടെ ജീവിതം മാറ്റി മറിച്ച ആനന്ദ് മിൽക്ക് യൂണിയൻ 'അമുൽ' ആണ് ക്ഷീര സഹകരണത്തിന് തുടക്കം കുറിച്ചത്. 'അമുൽ' അതിന്റെ നൂതന ആശയങ്ങളിലൂടെ ക്ഷീര സഹകരണ സംഘങ്ങളെ ഒരുമിച്ച് ചേർക്കാനും ലോകത്തെ ഏറ്റവും വലിയ പാൽ ഉല്പാദക രാജ്യമായി ഇന്ത്യയെ മാറ്റാനും സഹായിച്ചു. ക്ഷീര കർഷകർക്കും, ഉപഭോക്താക്കൾക്കും ഒരേ സമയം ആനുകൂല്യങ്ങൾ നൽകുക എന്ന ആശയമാണ് അമുൽ സംരംഭത്തിന്റെ വിജയത്തിന് കാരണം. ഇതിലൂടെ കർഷകർക്ക് അവർ ഉല്പാദിപ്പിക്കുന്ന പാലിന് ന്യായമായ വിലയും, ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള പാലും, പാൽ ഉല്പന്നങ്ങളും ലഭ്യമാകുന്നു. ഇടനിലക്കാരന്റെ ലാഭം പ്രാഥമിക നിർമ്മാതാവിനായുള്ള വികസന പദ്ധതികൾക്കോ ഉപഭോക്താവിന് കുറഞ്ഞ ചെലവിൽ ഉല്പന്നങ്ങൾ ലഭ്യമാകുന്നു എന്നതിലേയ്ക്കോ ഉപയോഗപ്പെടുത്താൻ സാധിച്ചു.

ഇന്ത്യയിലെ മൊത്തം പാൽ ഉല്പാദനം 2019-20-ൽ 198.4 ദശലക്ഷം മെട്രിക്ടൺ ആണ്. ഇതിൽ 48 ശതമാനം പാൽ ഉല്പാദന തലത്തിൽതന്നെ ഉപയോഗിക്കപ്പെടുന്നു. അല്ലെങ്കിൽ ഗ്രാമീണ മേഖലയിലെ ഉല്പാദകരല്ലാത്തവർക്ക് വിൽക്കുന്നു. ബാക്കി 52 ശതമാനം പാൽ നഗരപ്രദേശങ്ങളിലെ ഉപഭോക്താക്കൾക്ക് ലഭ്യമാകുന്നു. വിപണിയിലേയ്ക്ക് എത്തുന്ന പാലിൽ 40 ശതമാനം കൈകാര്യം ചെയ്യുന്നത് സംഘടിത മേഖലയാണ് (അതായത് 20 ശതമാനം സഹകരണ സംഘങ്ങൾ, 20 ശതമാനം സ്വകാര്യ ക്ഷീരകർഷകർ), ശേഷിക്കുന്ന 60 ശതമാനം അസംഘടിത മേഖലയിലുമാണ്.

നഗരവൽക്കരണം, പാൽ, പാൽ ഉല്പന്നങ്ങളുടെ വർദ്ധിച്ച ആവശ്യകത, കറവ മൃഗങ്ങളുടെ ഉല്പാദനക്ഷമത എന്നിവയുടെ അടിസ്ഥാനത്തിൽ രാജ്യത്തെ പാൽ ഉല്പാദനം ഏകദേശം 330 ദശലക്ഷം ടൺ ആയി വർദ്ധിക്കുമെന്നും, ആവശ്യകതയേക്കാൾ 38 ദശലക്ഷം ടൺ അധികമായി പാൽ ലഭ്യത 2032-33 ൽ മാറുമെന്നും നീതി ആയോഗിന്റെ റിപ്പോർട്ടിൽ (നീതി ആയോഗ് - വർക്കിംഗ് ഗ്രൂപ്പ് 2018) കണക്കാക്കപ്പെടുന്നു. ക്ഷീരവികസന വിഷൻ 2022 ലെ ദേശീയ കർമ്മപദ്ധതി പ്രകാരം ഗ്രാമതലത്തിൽ പാൽ അനുബന്ധ അടിസ്ഥാനസൗകര്യം സ്ഥാപിക്കുന്നതിലൂടെ പാൽ സംഭരണവും, സംസ്കരണവും വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നു. ഈ പദ്ധതിപ്രകാരം സംഘടിതമേഖലയി

ലെ പാൽ കൈകാര്യം ചെയ്യൽ 2022–ൽ 41 ശതമാനമായും 2023–24 ഓടെ 50 ശതമാനമായും ഉയർത്താനാകും. സഹകരണ സംഘങ്ങളുടെ പാൽ സംഭരണം 2020 ലെ 10 ശതമാനത്തിൽ നിന്ന് 2023 ൽ 20 ശതമാനമായും, സ്വകാര്യ മേഖലയിലെ പാൽ സംഭരണം ഈ കാലയളവിൽ 10 ശതമാനത്തിൽ നിന്ന് 30 ശതമാനമായും വർദ്ധിപ്പിക്കും. കന്നുകാലി മേഖലയുടെ സാധ്യതകൾ കണക്കിലെടുത്ത് ക്ഷീര മേഖലയിൽ ഇന്ത്യാഗവൺമെന്റ് ഒരു സാമ്പത്തിക പാക്കേജ്, പ്രത്യേകിച്ച് അനിമൽ ഹസ്ബന്ററി ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട് (എ.എച്ച്.ഐ.ഡി.എഫ്) എന്ന ഉത്തേജക പാക്കേജ് നടപ്പിലാക്കി വരുന്നു. (1) ക്ഷീര സഹകരണത്തിന്റേയും മൂല്യവർദ്ധിത അടിസ്ഥാന സൗകര്യ വികസനവും (2) മാംസ സംസ്കരണം, മൂല്യവർദ്ധിത മേഖലകളിലെ അടിസ്ഥാന സൗകര്യ വികസനം (3) അനിമൽ ഫീഡ് പ്ലാന്റ് എന്നീ മേഖലകളിൽ 15,000 കോടി രൂപയുടെ ബജറ്റ് വിഹിതമാണുള്ളത്. ദേശീയ ക്ഷീര വികസന ബോർഡ് (എൻ.ഡി.ഡി.ബി) വഴിയാണ് ഫണ്ട് വിനിയോഗം. പ്രസ്തുത പാക്കേജിന്റെ ഗുണഭോക്താക്കൾ (1) ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ (എഫ്.പി.ഒകൾ), മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് (എം.എസ്.എം.ഇ), സെക്ഷൻ 8 കമ്പനികൾ, സ്വകാര്യ കമ്പനികൾ, വ്യക്തിഗത സംരംഭകർ എന്നിവയാണ്. ഈ പാക്കേജിൽ, ഗുണഭോക്താക്കളുടേത് കുറഞ്ഞത്, 10 ശതമാനം മാർജിൻ മണി വിഹിതവും, 90 ശതമാനം ഷെഡ്യൂൾഡ് ബാങ്കുകൾ മുഖേനയുള്ള വായ്പാ ഘടകവും ആണ്. തിരിച്ചടവ് കൃത്യമായാൽ, അർഹരായ ഗുണഭോക്താക്കൾക്ക് സർക്കാർ 3 ശതമാനം പലിശ ഇളവും നൽകുന്നു. പ്രധാന വായ്പ തുകയ്ക്ക് രണ്ടു വർഷത്തെ മൊറട്ടോറിയം കാലയളവും, അതിനുശേഷം ആറ് വർഷത്തെ തിരിച്ചടവ് കാലയളവും ഉണ്ടാകും.

ഇന്ത്യൻ ക്ഷീര സഹകരണ സ്ഥാപനങ്ങൾക്കും സ്വകാര്യ സംരംഭകർക്കും അടുത്ത ദശകത്തിൽ 4.5 – 4.8 കോടി ലിറ്റർ അധികപാൽ സംസ്കരണശേഷി സൃഷ്ടിക്കാനാകും. ഇന്ത്യയുടെ പാൽ സംസ്കരണശേഷി പ്രതിദിനം 12 കോടി ലിറ്ററിൽ നിന്ന് 17 കോടി ലിറ്ററായി ഉയർത്തും. സംഘടിത മേഖലയിൽ ഒരു ലക്ഷം ലിറ്റർ പാൽ സംഭരിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്നുവെന്ന് കണക്കാക്കപ്പെടുന്നു. പ്രതിവർഷം 6000 പേർക്ക് തൊഴിൽ ലഭിക്കുന്നു. കൂടാതെ, 30 ലക്ഷത്തോളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ എ.എച്ച്.ഐ.ഡി.എഫ് വഴി സാധിക്കും. ക്ഷീരകർഷകരിലേയ്ക്ക് കിസാൻ ക്രെഡിറ്റ് കാർഡ് (കെ.സി.സി) പദ്ധതി വിപുലീകരിക്കുന്നതിലൂടെ പണലഭ്യത ഉറപ്പാക്കുകയും ചെറുകിട കർഷകരുടെ പ്രവർത്തനമൂലധന ആവശ്യകത നിറവേറ്റാനും സാധിക്കും. ലോക്ഡൗൺ കാലത്ത് ക്ഷീര സഹകരണസംഘങ്ങൾ പതിവിലും 15 മുതൽ 40 ശതമാനം അധികം പാൽ സംഭരിച്ചിട്ടുണ്ട്. അധിക പാൽ സ്കിംഡ് (കൊഴുപ്പ് മാറ്റപ്പെട്ട) പാൽപ്പൊടി (എസ്.എം.പി), വെളുത്ത വെണ്ണ എന്നീ ഉല്പന്നങ്ങളാക്കി മാറ്റി. ക്ഷീര സഹകരണ സംഘങ്ങൾക്ക് പ്രതിവർഷം രണ്ടു ശതമാനം പലിശയിളവ്, വായ്പ യഥാസമയം അടയ്ക്കുന്നതുകൊണ്ട് രണ്ടു ശതമാനം അധിക പലിശ ഇളവ് എന്നിവയിലൂടെ അയ്യായിരം കോടി രൂപയുടെ അധിക പണലഭ്യത ഏകദേശം രണ്ടു കോടി കർഷകരിലേയ്ക്ക് എത്തിക്കാനായി.

സംസ്ഥാനങ്ങളിലെ സാധ്യതയുള്ള ജില്ലകളിൽ പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് അനുയോജ്യമായ ക്ഷീരവികസന നയം സർക്കാർ ആവിഷ്കരിക്കേണ്ടതുണ്ട്. ആയതിനാൽ പാലിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിന് ചെറുകിട, ഭൂരഹിത കർഷകർക്കിടയിൽ സംരംഭകത്വ പ്രോത്സാഹനം നടത്തുന്നതുവഴി രാജ്യത്തെ പാൽ കറവ പ്രദേശങ്ങളിലെ പോഷകാഹാര സംബന്ധമായ പ്രശ്നങ്ങൾ കുറയ്ക്കുന്നതിനു സാധിയ്ക്കും.

### കേരളത്തിലെ ക്ഷീര വികസനം

ക്ഷീര കർഷകർ, ഉപഭോക്താക്കൾ, മറ്റ് പങ്കാളികൾ എന്നിവരുടെ ക്ഷേമത്തിനൊപ്പം സമഗ്രവും, സുസ്ഥിരവുമായ ക്ഷീര വികസനമാണ് കേരളത്തിലെ ക്ഷീര വികസന വകുപ്പിന്റെ ലക്ഷ്യങ്ങൾ. പാലുല്പാദനത്തിൽ സ്വയം പര്യാപ്തത, കാലിത്തീറ്റ ഉല്പാദനം വർദ്ധിപ്പിക്കൽ, ഉല്പാദന ചെലവ് കുറയ്ക്കൽ, ക്ഷീരസഹകരണസംഘങ്ങളുടെ ശാക്തീകരണം, ഉപഭോക്താക്കൾക്ക് സുരക്ഷിതവും, ഗുണനിലവാരമുള്ളതുമായ പാൽ, ഉല്പാദകർക്ക് ന്യായമായ മാർജിനും, ക്ഷീരകർഷകർക്ക് സാമൂഹിക സാമ്പത്തിക നേട്ടങ്ങളും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സംസ്ഥാന സർക്കാർ ഫണ്ടുകളുടെ സഹായത്തോടെ വിവിധ പദ്ധതികൾ സംസ്ഥാനത്ത് നടപ്പാക്കി വരുന്നു. സംസ്ഥാനത്തെ കാലിത്തീറ്റ വികസനത്തിനുള്ള നോഡൽ ഏജൻസിയായും ക്ഷീരവികസന വകുപ്പ് പ്രവർത്തിക്കുന്നു. 162 ഡയറി എക്സ്റ്റെൻഷൻ സർവ്വീസ് യൂണിറ്റുകൾ, 14 ക്വാളിറ്റി കൺട്രോൾ യൂണിറ്റുകൾ, പാൽ, പാൽ ഉല്പന്നങ്ങൾ, കന്നുകാലിത്തീറ്റ എന്നിവ പരിശോധിക്കുന്നതിനായി ഒരു സംസ്ഥാന ഡയറി ലാബ് (എൻ.എ.ബി.എൽ അംഗീകൃതം), മൂന്ന് പ്രാദേശിക ഡയറി ലാബുകൾ, 14 മൊബൈൽ ഗുണനിലവാര നിയന്ത്രണ യൂണിറ്റുകൾ, 6 ക്ഷീര പരിശീലന കേന്ദ്രങ്ങൾ, ഒരു സംസ്ഥാന ഫോഡർ ഫാം എന്നിവ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നു. 3635 ക്ഷീരസഹകരണ സൊസൈറ്റികളും, 3.91 ലക്ഷം രജിസ്റ്റർ ചെയ്ത കർഷകരും (2.5 ലക്ഷം പുരുഷന്മാരും, 1.41 ലക്ഷം സ്ത്രീകളും) നിലവിലുണ്ട്. സംസ്ഥാനത്ത് ഉല്പാദിപ്പിക്കപ്പെടുന്ന പാലിന്റെ 26.7 ശതമാനവും ക്ഷീരസഹകരണ സംഘങ്ങൾ മുഖേനയാണ് സംഭരിക്കപ്പെടുന്നത്. പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് ക്ഷീരവകുപ്പിന്റെ ധനകാര്യ നിർവ്വഹണം **പട്ടിക 3.3.4**–ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 3.3.4** ധനകാര്യ നിർവ്വഹണം (പതിമൂന്നാം പഞ്ചവത്സര പദ്ധതി) ക്ഷീര മേഖല (തുക ലക്ഷത്തിൽ)

| വർഷം | വിഹിതം | ചെലവ്* | ശതമാനം |
|---|---|---|---|
| 2017–18 | 9775.00 | 12863.40 | 131.59 |
| 2018–19 | 10753.00 | 11399.55 | 106.00 |
| 2019–20 | 10853.00 | 7598.52 | 70.01 |
| 2020–21 | 9621.00 | 9409.45 | 97.80 |
| 2021–22 | 9621.00 | *3806.88 | 39.57 |
| ആകെ | 50623.00 | 50891.92 | 100.53 |

* ചെലവ് 31.10.2021 വരെ

അവലംബം: സംസ്ഥാന ആസൂത്രണ ബോർഡ്

### 2020–21 ലെ ഭൗതികനേട്ടങ്ങൾ

2020–21 കാലയളവിൽ ക്ഷീര സഹകരണ സംഘങ്ങൾ (ഡി.സി.എസ്) 7.12 ലക്ഷം മെട്രിക് ടൺ പാൽ (പ്രതിദിനം 19.5 ലക്ഷം ലിറ്റർ) ഉല്പാദിപ്പിച്ചു. പാൽ ഉല്പാദനത്തിൽ ഗ്രാമ പഞ്ചായത്തുകളെ സ്വയം പര്യാപ്തമാക്കി മാറ്റുകയാണ് 'ക്ഷീര

ഗ്രാമം' പദ്ധതിയിലൂടെ വകുപ്പ് ചെയ്യുന്നത്. കന്നുകാലി വളർത്തൽ, ഡയറി ഫാമുകളുടെ നവീകരണം/ഓട്ടോമേഷൻ, ശാസ്ത്രീയരീതിയിലുള്ള പുതിയ കാലിത്തൊഴുത്തുകളുടെ നിർമ്മാണം, നിലവിലുള്ള കാലിത്തൊഴുത്തുകളുടെ നവീകരണം, കറവ യന്ത്രങ്ങൾ സ്ഥാപിക്കൽ, പാരിസ്ഥിതിക സമ്മർദ്ദം കുറയ്ക്കുന്നതിനുള്ള നടപടികൾ, സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം എന്നിവയാണ് പദ്ധതിയുടെ ഘടകങ്ങൾ. സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 25 പഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുകയും, 2475 കറവപ്പശുക്കളേയും, ഗുണമേന്മയുള്ള 400 പശുക്കിടാക്കളേയും ഈ പദ്ധതിയിലൂടെ ഉൾപ്പെടുത്താനും കഴിഞ്ഞു.

ഇന്ത്യയിൽ ഉയർന്ന ആദായം നൽകുന്ന കന്നുകാലികളാണ് കേരളത്തിലെ പശുക്കൾ (പ്രതിദിനം 10.22 ലിറ്റർ ഉല്പാദനക്ഷമത). ഇന്ത്യൻ കന്നുകാലികളുടെ ശരാശരി ഉല്പാദനക്ഷമത പ്രതിദിനം 3.85 ലിറ്ററും, സങ്കരയിനം കന്നുകാലികളുടേത് പ്രതിദിനം 7.85 ലിറ്ററുമാണ്. കർഷകരുടെ പുരയിടത്തിൽ/കൃഷിയിടത്തിൽ തീറ്റപ്പുൽ കൃഷി നടത്തുന്നതിലൂടെ ഉല്പാദനക്ഷമമായ സങ്കരയിനം മൃഗങ്ങളുടെ തീറ്റച്ചെലവ് കുറയ്ക്കാനും, പോഷക ലഭ്യത ഉറപ്പാക്കാനും സാധിച്ചു. പച്ചപ്പുല്ലിന്റെ ലഭ്യത മെച്ചപ്പെടുത്തി തീറ്റവിഭവങ്ങൾ വികസിപ്പിക്കുന്നതിന് ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. കന്നുകാലികൾക്കാവശ്യമായ നാരടങ്ങിയ ഭക്ഷണത്തിൽ 60 ശതമാനം മാത്രമാണ് കേരളത്തിൽ ഉല്പാദിപ്പിക്കപ്പെടുന്നത്. തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ 100 ഹെക്ടർ തരിശു നിലത്ത് വൻതോതിൽ തീറ്റപ്പുൽ കൃഷി നടപ്പാക്കുകയും 60 ഗുണഭോക്താക്കളെ ഈ പദ്ധതിയ്ക്കു കീഴിൽ തെരഞ്ഞെടുക്കുകയും ചെയ്തു. ക്ഷീര സഹകരണ സംഘങ്ങളുടെ കീഴിൽ വരുന്ന പത്ത് വനിതാ സ്വയം സഹായ സംഘങ്ങളെ തീറ്റപ്പുൽ കൃഷിയ്ക്കും, വിപണനത്തിന് സഹായവും, സബ്സിഡി നിരക്കിലുള്ള കാലിത്തീറ്റ വിതരണത്തിന് 53 സംഘങ്ങളേയും സഹായിച്ചു. തീറ്റപ്പുൽ കൃഷിയ്ക്കായി 60 കർഷകർക്ക് ജനസേചന സഹായം നൽകി. തീറ്റപ്പുൽകൃഷി നവീകരിക്കുന്നതിനും യന്ത്രവൽക്കരിക്കുന്നതിനും പുല്ല് വെട്ടിമാറ്റുന്നതിനും വിപണനം ചെയ്യുന്നതിനും 60 കർഷകർക്ക് പ്രയോജനം ലഭിച്ചു. 212 ഹെക്ടർ സ്ഥലത്ത് ചോള കൃഷിയ്ക്കും 3500 യൂണിറ്റ് അസോള കൃഷിയ്ക്കും സഹായം നൽകി. കൂടാതെ രണ്ട് കാലിത്തീറ്റ അസോള നഴ്സറികൾ സ്ഥാപിക്കുകയും ചെയ്തു. പ്രളയബാധിത പ്രദേശങ്ങളിൽ പ്രത്യേക പാക്കേജായി കുട്ടനാട്ടിൽ രണ്ട് എലിവേറ്റഡ് കമ്മ്യൂണിറ്റി കന്നുകാലി തൊഴുത്ത് നിർമ്മിക്കുന്നതിന് ധനസഹായം നൽകി. വിവിധ ക്ഷീര സൗഹൃദ പരിപാടികളിലൂടെ ക്ഷീര സഹകരണ സംഘങ്ങൾ മുഖേനയുള്ള പാൽ സംഭരണം 2020 ഡിസംബറിൽ 21.37 ലക്ഷം ലിറ്റർ എന്ന ഉയർന്ന റെക്കോർഡ് നിലയിൽ എത്തി.

### കേരള പുനർ നിർമ്മാണം (ആർ.കെ.ഐ)

കേരള പുനർ നിർമ്മാണ പദ്ധതിയുടെ ഭാഗമായി 630 ലക്ഷം രൂപാ ചെലവിൽ വയനാട്ട്, മലപ്പുറം, പാലക്കാട്ട് ജില്ലകളിൽ കാലിത്തീറ്റ ഹബ്ബുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി വയനാട്ടിലെ മാനന്തവാടിയിൽ സിവിൽ ഇൻഫ്രാസ്ട്രക്ചറിനായി ഫൗണ്ടേഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചു. മലപ്പുറം ജില്ലയിലെ നിലമ്പൂരിൽ ലാന്റ്സ്കേപ്പിംഗ് പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഫോർക്ക് ലിഫ്റ്റ് പോലുള്ള യന്ത്ര സാമഗ്രികൾ വാങ്ങുന്നതിനുളള നടപടികൾ പുരോഗമിച്ചു വരുന്നു.

ആദ്യഗഡുവായി 300 ലക്ഷം രൂപ മിൽക്ക് യൂണിയന് ലഭ്യമായിട്ടുണ്ട്. ഇതിൽ 180 ലക്ഷം രൂപ ഉപയോഗിച്ച് ക്ഷീര കർഷകർക്ക് കിലോഗ്രാമിന് 3 രൂപ നിരക്കിൽ 2000 മെട്രിക് ടൺ റഫേജ് നൽകുന്നതിന് സബ്സിഡിയും, ബാക്കി തുക വയനാട്ട്, മലപ്പുറം ജില്ലകളിൽ സിവിൽ ഇൻഫ്രാസ്ട്രക്ച്ചർ പ്രവർത്തനങ്ങൾക്ക് കോൺട്രാക്ടർമാർക്ക് അഡ്വാൻസ് നൽകുന്നതിനും ഉപയോഗിച്ചു.

### സുഭിക്ഷ കേരളം

സുഭിക്ഷ കേരളം പദ്ധതിപ്രകാരം 51.07 കോടി രൂപ വിവിധ പദ്ധതികൾക്കായി വകയിരുത്തിയതിൽ ക്ഷീരവകുപ്പിന്റെ പദ്ധതികൾ മുഖേന കറവ മൃഗങ്ങളേയും, പശുക്കളേയും ഉൾപ്പെടുത്തൽ, കാലിത്തീറ്റ ഉല്പാദനം, പാൽ ഉല്പാദന പ്രോത്സാഹനം, കാലിത്തീറ്റ സബ്സിഡി, കന്നുകാലി ഷെഡ് നിർമ്മാണം/നവീകരണം, ഫാം യന്ത്രവത്ക്കരണം, ഇൻഷ്വറൻസ്, റിവോൾവിംഗ് ഫണ്ട് എന്നിവയാണ് സുഭിക്ഷകേരളം പദ്ധതിയിൽ ഉൾപ്പെടുന്നവ.

പ്രളയ പുനരധിവാസ പദ്ധതിയുടെ ഭാഗമായി 2018–20 കാലയളവിൽ 44 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കി. 2018–19–ൽ 19,930 കർഷകർക്കും 2019–20 –ൽ 28,170 കർഷകർക്കും സഹായം നൽകി. കോവിഡ്–19 മഹാമാരി പ്രതിസന്ധിമൂലം ദുരിതമനുഭവിക്കുന്ന കർഷകർക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യുന്നതിന് 11.83 കോടി രൂപ വിനിയോഗിച്ചു. ഏകദേശം 2 ലക്ഷം കർഷകർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചു. ഇതിനുപുറമേ, 35.24 കോടി രൂപ സംസ്ഥാനത്തെ ക്ഷീര കർഷകർക്ക് കാലിത്തീറ്റ സബ്സിഡിയായി അനുവദിച്ചു.

ഇറക്കുമതി ചെയ്യുന്ന പാലിന്റെ ആശ്രയത്വം കേരളത്തിൽ കുറഞ്ഞുവരുന്നു. 2016–17 ൽ പ്രതിദിനം 9 ലക്ഷം ലിറ്റർ പാലാണ് സംസ്ഥാനത്ത് ഇറക്കുമതി ചെയ്തത്. 2019–20 ആയതോടെ കേരളത്തിൽ ഇറക്കുമതി ചെയ്യപ്പെടുന്ന പാലിന്റെ അളവ് 3.2 ലക്ഷം ലിറ്ററായി കുറയ്ക്കാൻ കഴിഞ്ഞു. പാലുല്പാദന വർദ്ധനവിന്റെ മറ്റ് പരോക്ഷ സൂചകങ്ങളും പതിമൂന്നാം പദ്ധതിക്കാലയളവിൽ ഉണ്ടായിട്ടുണ്ട്. 2015–16 –ൽ മിൽമ പ്രതിദിനം കുറഞ്ഞത് 6 മുതൽ 7 ലക്ഷം ലിറ്റർ പാലെങ്കിലും സംസ്ഥാനത്തിന് പുറത്തു നിന്ന് ഇറക്കുമതി ചെയ്തിരുന്നു. എന്നാൽ 2020 ൽ പ്രതിദിനം 88,000 ലിറ്റർ പാൽ മാത്രമാണ് മിൽമ ഇറക്കുമതി ചെയ്തത്. കൂടാതെ സംസ്ഥാനത്തിന് പുറത്തുള്ള പാൽപ്പൊടി നിർമ്മാണ ഫാക്ടറികളിലേയ്ക്ക് മിൽമ പ്രതിദിനം 58,000 ലിറ്റർ കയറ്റുമതി ചെയ്യുന്നു. ഇറക്കുമതിയിൽ നിന്ന് കയറ്റുമതി കുറയ്ക്കുകയാണെങ്കിൽ മിൽമയുടെ കമ്മി പ്രതിദിനം 30,000 ലിറ്ററായി കുറയും. ഇറക്കുമതി ചെയ്യുന്ന പാലിൽ മിൽമയുടെ ആശ്രയത്വം കുറയുന്നത് ആഭ്യന്തരപാൽ ഉല്പാദനത്തിൽ ഉണ്ടായേക്കാവുന്ന വർദ്ധനവിനെ സൂചിപ്പിക്കുന്നു.

### മിച്ചമുള്ള പാലും, ഉല്പന്ന വൈവിദ്ധ്യവൽക്കരണവും

കേരളത്തിലെ മൃഗസംരക്ഷണ മേഖലയിൽ കോവിഡ്–19 മഹാമാരിയിൽ നിന്നും ഉൾക്കൊണ്ട ഒരു പ്രധാന പാഠം മൃഗങ്ങളുടെ ഉല്പന്നങ്ങൾ കൈകാര്യം ചെയ്യുന്നതിൽ കൂടുതൽ സ്വയം പര്യാപ്തത കൈവരിക്കാൻ പ്രാപ്തമായി എന്നുള്ള ഓർമപ്പെടുത്തൽ ആയിരുന്നു. ആയ

തിനാൽ, പാലിൽ നിന്ന് ചീസ്, യോഗർട്ട് തുടങ്ങിയ മൂല്യ വർദ്ധിത വസ്തുക്കളുടെ ഉല്പാദനം വികസിപ്പിക്കേണ്ടതു് അത്യാവശ്യമാണ്. നിലവിലുള്ള ഡയറിപ്ലാന്റുകളിൽ വിപുലമായ ഉല്പന്നവൈവിദ്ധ്യവൽക്കരണ സൗകര്യങ്ങൾ സ്ഥാപിക്കാൻ ഇത് കാരണമായി. ഫാം തലത്തിൽ അസംസ്കൃത പാലിന്റെ ഗുണനിലവാരം പ്രത്യേക പരിഗണന അർഹിക്കുന്നു. ഫാം തലം മുതൽ ഭക്ഷ്യയോഗ്യമാക്കുന്നതുവരെ കോൾഡ് ചെയിൻ മെയിന്റനൻസ് ഉറപ്പാക്കേണ്ടതുണ്ട്. ഫാം തലത്തിൽ നിന്നും സംഭരിക്കുന്ന പാൽ ബാക്ടീരിയൽ ലോഡ് കുറയ്ക്കുന്നതിനായി ചുരുങ്ങിയ സമയത്തിനുള്ളിൽ തണുപ്പിക്കേണ്ടതായുണ്ട്. ആയതിനാൽ കോൾഡ് ചെയിൻ മെയിന്റനൻസ് ഉറപ്പാക്കുന്നതിനായി സാമ്പത്തികസഹായം ആവശ്യമായിട്ടുണ്ട്. നിലവിൽ, പ്രതിദിനം 17.7 ലക്ഷം ലിറ്റർ ശേഷിയുള്ള 442 ബൾക്ക് മിൽക്ക് ചില്ലിംഗ് സെന്ററുകൾ (ബി.എം.സി.സി) മാത്രമാണ് സംസ്ഥാനത്തുള്ളത്. ക്ഷീരസഹകരണസംഘങ്ങളുടെ പാൽ സംഭരണശേഷിയ്ക്ക് അനുസൃതമായി ഇത് വർദ്ധിപ്പിക്കേണ്ടതുണ്ട്.

### കിസാൻ ക്രെഡിറ്റ് കാർഡ് കാമ്പയിൻ

ബജറ്റ് പ്രഖ്യാപനത്തിന്റെ ഭാഗമായി 2020 ഫെബ്രുവരിയിൽ, കന്നുകാലി മേഖലയെ കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ക്ഷീരകർഷകർക്ക് ക്രെഡിറ്റ് കാർഡ് വിതരണം ചെയ്യുന്നതിനുള്ള പ്രചാരണത്തിന് നേതൃത്വം നൽകുന്നതിനുള്ള നോഡൽ ഏജൻസിയായി ക്ഷീരവികസന വകുപ്പിനെ ചുമതലപ്പെടുത്തി. ക്ഷീരമേഖലയിൽ 1.96 ലക്ഷം സജീവ കർഷകരുള്ളതിൽ 21,410 കർഷകർക്ക് പ്രചരണത്തിനു മുൻപു തന്നെ കെ.സി.സി ലഭ്യമായിട്ടുണ്ടായിരുന്നു. 1.26 ലക്ഷം കർഷകർ ഇതിനകം കെ.സി.സി ഫോമുകൾ പൂരിപ്പിച്ചു നൽകുകയും, 1.21 ലക്ഷം ഫോമുകൾ ബാങ്കുകളിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. 52,707 കർഷകർക്ക് കെ.സി.സി വായ്പയായി 334.78 രൂപ ബാങ്കുകൾ അനുവദിച്ചു. ക്ഷീര പ്രവർത്തനങ്ങളിൽ ഉൾപ്പെട്ട ആവർത്തന ചെലവുകൾക്കായാണ് കിസാൻ ക്രെഡിറ്റ് കാർഡ് നൽകുന്നത്. ക്ഷീര കർഷകർക്ക് തീറ്റപ്പുൽ, കാലിത്തീറ്റ എന്നിവ വാങ്ങുന്നതിനും, ഡയറിഫാം ഉപകരണങ്ങൾ, പാരിസ്ഥിതിക സമ്മർദ്ദം നേരിടാൻ ശാസ്ത്രീയമായ കന്നുകാലിത്തൊഴുത്തുകളുടെ നിർമ്മാണം, നിലവിലുള്ള കാലിത്തൊഴുത്തിന്റെ അറ്റകുറ്റപ്പണികൾ, പരിപാലനം, ഇൻഷ്വറൻസ്, വെറ്ററിനറി സഹായം എന്നിവയ്ക്ക് നാമമാത്രമായ പലിശ നിരക്കിൽ വായ്പ ലഭ്യമാകുന്നതാണ്.

ശാസ്ത്രീയമായ ഡയറിഫാമിംഗിനെക്കുറിച്ചുള്ള അറിവില്ലായ്മ, നൂതന സാങ്കേതികവിദ്യ സ്വീകരിക്കുന്നതിലെ പോരായ്മ, ശാസ്ത്രീയമായി കൃഷി ചെയ്യുന്ന തീറ്റപ്പുൽ ഫാമുകളുടെ ദൗർലഭ്യം, ആധുനിക കന്നുകാലി പരിപാലനത്തിലെ പരിശീലനക്കുറവ്, വിദഗ്ദ്ധ തൊഴിലാളികളുടെ ലഭ്യത കുറവ്, വിവരസാങ്കേതികവിദ്യ, സാങ്കേതിക വിദ്യയുടെ കൈമാറ്റം എന്നിവയാണ് കേരളത്തിലെ ക്ഷീര മേഖലയുടെ പുരോഗതിയെ ബാധിക്കുന്ന പ്രധാന തടസ്സങ്ങൾ. പോഷകാഹാര കാര്യക്ഷമമായ തീറ്റ സമ്പ്രദായം, കാലിത്തീറ്റ, തീറ്റപ്പുൽ എന്നിവയുടെ മിനറൽ മാപ്പിംഗ്, യന്ത്രവൽക്കരണ പ്രവർത്തനങ്ങൾക്ക് സർക്കാർ പിന്തുണ, ഗുണിനിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തൽ, എന്നിവ ക്ഷീരമേഖലയിലെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് അത്യന്താപേക്ഷിതമാണ്.

കാലിത്തീറ്റ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി കേരളത്തിന് അനുയോജ്യമായ ഒരു കാലിത്തീറ്റ പദ്ധതി ആവശ്യമാണ്. വാണിജ്യാടിസ്ഥാനത്തിലുള്ള കാലിത്തീറ്റ ഉല്പാദനം സഹകരണസംഘങ്ങൾ മുഖേന വിപണി ഉറപ്പ് നൽകുകയും, തീറ്റപ്പുൽ കൃഷിയെ എം.ജി.എൻ.ആർ.ഇ.ജി.എസുമായി ബന്ധിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. തരിശുഭൂമിയിൽ തീറ്റപ്പുൽകൃഷി കുടുംബശ്രീ യൂണിറ്റുകൾ, സ്വയംസഹായസംഘങ്ങൾ, സംരംഭകർ എന്നിവ മുഖേന പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. സംസ്ഥാനത്തെ പ്രജനന നയത്തോടൊപ്പം, തീറ്റപ്പുൽ, കാലിത്തീറ്റ നയത്തിൽ സർക്കാർ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതാണ്. ക്ഷീര കർഷകർക്ക് ഉയർന്ന ജനിതകശേഷിയുള്ള കന്നുകാലികളെ ലഭ്യമാക്കേണ്ടതും, ക്ഷീരമേഖലയുടെ ത്വരിതഗതിയിലുള്ള വികസനത്തിന് ഗുണനിലവാരമുള്ള കാലിത്തീറ്റലഭ്യതയും യന്ത്രവൽക്കരണവും ആവശ്യമാണ്.

കുറഞ്ഞ നിരക്കിൽ വായ്പ സൗകര്യങ്ങൾ വ്യാപിപ്പിച്ചുകൊണ്ട് ക്ഷീരമേഖലയുടെ ആധുനികവൽക്കരണവും, ഓട്ടോമേഷനും യുവജനങ്ങളുടെ ഇടപെടൽ അനിവാര്യമാക്കി. ഗുണനിലവാരമുള്ള പാൽ ഉല്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിലൂടെ സംസ്ഥാനത്തിന് വിദേശ വിപണി സാധ്യതകൾ ഉപയോഗയോഗ്യമാക്കാനാവും. സ്വകാര്യ മേഖലയുടെ ഇടപെടലുകൾ വർദ്ധിപ്പിക്കുന്നതിനും, വായ്പാ സൗകര്യങ്ങളിലൂടെ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നയങ്ങൾ രൂപീകരിക്കേണ്ടതുമാണ്.

സംസ്ഥാനത്തെ ക്ഷീരമേഖലകളിലെ വിപണന, വിതരണ ശൃംഖലകളെക്കുറിച്ച് പഠനം നടത്തുകയും ഉല്പാദകരിൽ നിന്ന് ഉപഭോക്താക്കളിലേയ്ക്കുള്ള തടസ്സങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാവശ്യമാണ്. സംസ്ഥാനത്ത് പാൽ, മാംസം, മുട്ട എന്നിവയുടെ വിപണന ശൃംഖല വികസിപ്പിക്കുന്നതിന് ആധുനിക വിവര സാങ്കേതിക വിദ്യയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കേണ്ടതാണ്. സംസ്ഥാനത്തെ എല്ലാ ക്ഷീര സഹകരണ സംഘങ്ങളേയും ഒരൊറ്റ സോഫ്റ്റ് വെയറിനു കീഴിൽ ബന്ധിപ്പിക്കേണ്ടതുണ്ട്. ഗ്രാമീണ സംരംഭകത്വത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുകയും വാണിജ്യപരമായി നടത്തുന്ന വലിയ ഡയറിഫാമുകളെ പ്രോത്സാഹിപ്പിക്കേണ്ടതുമാണ്. മികച്ച രീതിയിൽ പാൽ തരുന്ന പശുക്കൾ, കാലിത്തീറ്റ അല്ലെങ്കിൽ തീറ്റപ്പുൽ ലഭ്യത, വിപണന സൗകര്യങ്ങൾ എന്നീ മൂന്ന് ഘടകങ്ങളെ സംയോജിപ്പിക്കുന്ന ഒരു നയപരമായ ഇടപെടൽ ആവശ്യമാണ്. കൂടാതെ, പാൽ സംഭരണത്തിലും സംസ്കരണത്തിലും പൊതു സ്വകാര്യ ഏജൻസികൾ തമ്മിലുള്ള മത്സരം ശക്തമാക്കുകയും, കർഷകർക്കും, ഉപഭോക്താക്കൾക്കും, കർഷകന് ന്യായവിലയും, ഉപഭോക്താക്കൾക്ക് ഉയർന്ന ഗുണമേന്മയുള്ള പാലും പാലുല്പന്നങ്ങളുടെ ആനുകൂല്യങ്ങൾ നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. സ്വതന്ത്രവ്യാപാര നയങ്ങളുമായി മത്സരിക്കാൻ സഹകരണ ക്ഷീര മേഖലയെ സജ്ജമാക്കേണ്ടതുണ്ട്. പാൽ ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാൻ അമുൽ ഉൾപ്പെടെയുള്ള മറ്റ് പാൽ ഫെഡറേഷനുകളാണ് മുന്നോട്ടുള്ള വഴി.

# 3.4 മത്സ്യ വികസനം

കേരളത്തിലെ മത്സ്യബന്ധന മേഖല ഭക്ഷ്യസുരക്ഷയും, പോഷണവും ഉറപ്പാക്കുന്നതിലും, വരുമാനം ഉണ്ടാക്കുന്നതിലും, സുസ്ഥിര സാമ്പത്തിക വളർച്ചയെ പ്രോത്സാഹിപ്പിക്കുന്നതിലും ഒരു പ്രധാന പങ്ക് വഹിക്കുന്നു. ലോകത്തിലെ മൊത്തം മത്സ്യ ഉൽപ്പാദനത്തിന്റെ 7.58 ശതമാനം ഇന്ത്യയുടെ സംഭാവനയാണ്. 2019–20–ൽ ഇന്ത്യയിലെ മൊത്തം മത്സ്യ ഉൽപ്പാദനം എക്കാലത്തെയും ഉയർന്ന നിരക്കായ 14.16 ദശലക്ഷം മെട്രിക് ടൺ ആയിരുന്നു. രാജ്യത്തെ 2019–20–ലെ മൊത്ത മൂല്യവർദ്ധനവിൽ മത്സ്യബന്ധനമേഖലയുടെ പങ്ക് 1.24 ശതമാനവും, പ്രാഥമിക മേഖലയിലേക്ക് 7.28 ശതമാനവുമാണ്. 2019–20 സാമ്പത്തിക വർഷത്തിൽ 12.9 ലക്ഷം മെട്രിക് ടൺ സമുദ്ര ഉൽപ്പന്നങ്ങൾ ഇന്ത്യയിൽ നിന്ന് കയറ്റുമതി ചെയ്തിരുന്നു. സമുദ്ര ഉൽപ്പന്നങ്ങളുടെ കയറ്റുമതി മൂല്യം 46,662 കോടി രൂപ ആയിരുന്നു. കേന്ദ്രസർക്കാരിന്റെ പദ്ധതികളായ നീലവിപ്ലവം, പ്രധാനമന്ത്രി മത്സ്യസമ്പദയോജന എന്നിവ ഈ മേഖലയുടെ വളർച്ചയെ ത്വരിതപ്പെടുത്തി.

2020–21–ലെ മൊത്തം ജി.എസ്.വി.എ യിൽ (സ്ഥിരവിലയിൽ) മത്സ്യബന്ധന മേഖലയുടെ പങ്ക് 0.82 ശതമാനവും, ജി.എസ്.ഡി.പി യുടെ 0.72 ശതമാനവുമാണ്. കാർഷിക അനുബന്ധമേഖലയിൽ നിന്നുള്ള മൊത്തം സംസ്ഥാനമൂല്യവർദ്ധനവിന്റെ (ജി.എസ്.വി.എ) 2020–21 സ്ഥിരവിലയിൽ 8.71 ശതമാനം മത്സ്യബന്ധന, അക്വകൾച്ചർ മേഖലകളുടെ സംഭാവനയാണ്. ജി.എസ്.വി.എ യിൽ മത്സ്യബന്ധന മേഖലയുടെ സംഭാവന സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം 3.4.1**–ൽ നൽകിയിരിക്കുന്നു.

### വളർച്ചാനിരക്കുകൾ

2019–20–ൽ ഇന്ത്യയുടെ സമുദ്രമേഖലയിൽ നിന്നുള്ള മത്സ്യഉൽപ്പാദനം 3.73 എം.എം.ടി യായിരുന്നു. രാജ്യത്തിന്റെ മൽസ്യ ഉൽപാദനത്തിൽ ഗുജറാത്ത്, തമിഴ്നാട്, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളുടെ പട്ടികയിൽ നാലാം സ്ഥാനത്താണ് കേരളം. 2019–20 കാലയളവിൽ കേരളത്തിലെ സമുദ്രമേഖലയുടെ മത്സ്യ ഉൽപാദനം 4.75 ലക്ഷം മെട്രിക് ടണ്ണും ആയിരുന്നു. ഉയർന്ന മൂല്യമുള്ള മത്സ്യങ്ങളായ സിയർ ഫിഷ്, കൊഞ്ച്, റിബൺ ഫിഷ് എന്നിവയുടെ ലഭ്യത കേരളത്തിലെ സമുദ്ര മത്സ്യ ലഭ്യതയിൽ കുറവാണ്. കാലാവസ്ഥാ വ്യതിയാനം, അശാസ്ത്രീയമായ മത്സ്യബന്ധനം തുടങ്ങിയ കാരണങ്ങളാൽ മത്സ്യ ഉൽപ്പാദനത്തിൽ കുറവുണ്ടായിട്ടുണ്ട്. എന്നാൽ കേരള മറൈൻ ഫിഷിംഗ് റെഗുലേഷൻ ആക്ടിന്റെ (കെ.എം.എഫ്.ആർ.എ) സമയോചിതമായ ഭേദഗതിയും, കെ.എം.എഫ്.ആർ റൂൾ കർശനമായി നടപ്പാക്കിയതും, 2018–19 കാലയളവിൽ സമുദ്ര മേഖലയിലെ മത്സ്യ ഉല്പാദനം 26 ശതമാനമായി വർദ്ധിക്കുവാൻ സാഹചര്യമുണ്ടായി. 2020–21–ൽ മോശമായ കാലാവസ്ഥയും, കോവിഡ്–19 മൂലവും സമുദ്ര ഉൽപ്പാദനത്തിൽ കുറവുണ്ടായിട്ടുണ്ട്. 2017–18 മുതൽ 2020–21 വരെ കേരളത്തിലെ ഇനം തിരിച്ചുള്ള സമുദ്ര മത്സ്യ ലഭ്യത **അനുബന്ധം 3.4.2**–ൽ കാണിച്ചിരിക്കുന്നു.

കേരള വികസന റിപ്പോർട്ട് 2021 പ്രകാരം സംസ്ഥാനത്തെ മത്സ്യ ഉപഭോഗം പ്രതിവർഷം ഏകദേശം 9.12 ലക്ഷം ടൺ, അതായത് പ്രതിദിനം ഏകദേശം 2000–2500 ടൺ ആണെന്ന് കണക്കാക്കപ്പെടുന്നു. 2020–21–ൽ കേരളത്തിലെ മൊത്തം മത്സ്യ ഉൽപ്പാദനം 6.14 ലക്ഷം ടൺ ആയിരുന്നു. സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (സി.എം.എഫ്.ആർ.ഐ) നടത്തിയ പഠനമനുസരിച്ച് കേരളത്തിലെ മത്സ്യ ഉപഭോഗം ഇനിയും വർദ്ധിക്കുവാൻ സാധ്യതയുണ്ട്. എന്നാൽ വിപുലമായ ജല വിഭവങ്ങളുള്ള സംസ്ഥാനത്ത് ഉൾനാടൻ മത്സ്യകൃഷി വികസിപ്പിക്കാവുന്നതാണ്. കേരളത്തിന്റെ ഉൾനാടൻ പ്രദേശത്തിന്റെ വിശദാംശങ്ങൾ **ചിത്രം 3.4.1**–ൽ നൽകിയിരിക്കുന്നു.

**ചിത്രം: 3.4.1** കേരളത്തിലെ ഉൾനാടൻ ജലാശയങ്ങളുടെ വിശദാംശങ്ങൾ




അവലംബം: കേരള വികസന റിപ്പോർട്ട് 2021

കേരളത്തിൽ കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ ഉൾനാടൻ മത്സ്യ ഉൽപ്പാദനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഉൾനാടൻ മത്സ്യ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ 'സുഭിക്ഷ കേരളം' പോലെയുള്ള പദ്ധതികൾ നടപ്പിലാക്കി. 2017–18 മുതൽ 2020–21 വരെയുള്ള കേരളത്തിലെ ഉൾനാടൻ മത്സ്യ ഉൽപ്പാദനത്തിന്റെ വിശദാംശങ്ങൾ അനുബന്ധം 3.4.3–ൽ നൽകിയിരിക്കുന്നു. ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിൽ നേരിടുന്ന പ്രധാന തടസ്സം ഗുണനിലവാരമുള്ള മത്സ്യവിത്തുകളുടെ ലഭ്യതക്കുറവാണ്. ഫിഷറീസ് വകുപ്പിന്റെ 'ജനകീയ മത്സ്യകൃഷി' എന്ന പദ്ധതിയുമായി ബന്ധപ്പെട്ട 12 കോടിയിലധികം ശുദ്ധജല മത്സ്യവിത്തുകളാണ് ആവശ്യമായി വന്നത്. മത്സ്യവിത്തുകളുടെ ഉത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുവാൻ പുതിയ ഹാച്ചറികൾ സ്ഥാപിച്ചു. കൂടാതെ വകുപ്പിന്റെ കീഴിൽ വരുന്ന ഹാച്ചറികളിൽ മത്സ്യവിത്ത് ഉത്പാദനം 2 കോടിയിൽ നിന്ന് 5 കോടിയായി വർദ്ധിപ്പിച്ചു. 2020–21–ൽ 15.02 കോടി മത്സ്യകുഞ്ഞുങ്ങളെ ഡിപ്പാർട്ടുമെന്റിന്റെ ഹാച്ചറികളിൽ നിന്നും ഉല്പാദിപ്പിച്ചു. മത്സ്യവിത്തുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് 2014–ൽ സർക്കാർ 'ഫിഷ് സീഡ് ആക്ടിന്' രൂപം നൽകി.

**ബോക്സ് 3.4.1** ജലകൃഷിയിലെ നൂതന സാങ്കേതിക വിദ്യകൾ

**ബയോ ഫ്ലോക് ടെക്നോളജി:–** കാർബണും നൈട്രജനും സന്തുലിതമായി നിലനിർത്തി ജലത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള ഒരു സാങ്കേതികവിദ്യയാണ് ബയോഫ്ലോക്ക് ടെക്നോളജി (ബി.എഫ്.ടി). പ്രസ്തുത പദ്ധതിയിലൂടെ സംസ്കരണത്തോടൊപ്പം ജലജീവികൾക്ക് പോഷകാഹാരം നൽകാനും സഹായിക്കുന്നു. പ്രയോഗികമായ സാങ്കേതിക വിദ്യയായതിനാൽ ബി.എഫ്.റ്റി എന്ന നൂതന സംവിധാനത്തെ സർക്കാർ പ്രോത്സാഹിപ്പിക്കുന്നു.

**റീസർക്കുലേറ്റിംഗ് അക്വാകൾച്ചർ സിസ്റ്റം (RAS):–**ജലത്തിന്റെ ഗുണനിലവാരം നിലനിർത്തുന്നതിനും മത്സ്യത്തിന്റെ പരമാവധി വളർച്ച ഉറപ്പാക്കുവാനും കാര്യക്ഷമമായ ഫിൽട്ടറേഷൻ സംവിധാനങ്ങൾ സ്ഥാപിക്കേണ്ടതുണ്ട്. ഒരു റീസർക്കുലേറ്റിംഗ് അക്വാകൾച്ചർ സിസ്റ്റം ഫിൽട്ടറേഷനുശേഷം (മെക്കാനിക്കൽ, ബയോളജിക്കൽ അല്ലെങ്കിൽ കെമിക്കൽ ഫിൽട്ടറേഷൻ) കൾച്ചർ സിസ്റ്റത്തിലേക്ക് വെള്ളം തിരികെ ഒഴുകുന്നുവെന്ന് ഉറപ്പാക്കുന്നു, അങ്ങനെ ജലത്തിന്റെ സംസ്കരണത്തിലൂടനീളം ഗുണനിലവാരം നിലനിർത്തുന്നു. ഊർജ്ജം ആവശ്യമുള്ളതും ചെലവേറിയതുമായ മത്സ്യകൃഷി രീതിയാണെങ്കിലും, മത്സ്യകൃഷിക്ക് ലഭ്യമായ ജലവിസ്തൃതി പരിമിതമായ നഗരപ്രദേശങ്ങളിൽ ഇത് ഉപയോഗിക്കാവുന്നതാണ്.

**അക്വാപോണിക്സ്:–** മത്സ്യവും സസ്യങ്ങളും തമ്മിലുള്ള ഒരു സമന്വയ സംവിധാനമാണ് ഇത്. ഈ രീതിയിൽ രണ്ടും ഒരു സംയോജിത സംവിധാനത്തിൽ ഒരുമിച്ച് വളരുന്നു. ഒരു അക്വാപോണിക്സ് സിസ്റ്റത്തിൽ, ഒരു ഫിഷ് ടാങ്കിൽ നിന്ന് ഒരു ബയോഫിൽറ്ററിലേക്ക് വെള്ളം ഒഴുകുന്നു, അവിടെ ബാക്ടീരിയ മത്സ്യാവശിഷ്ടങ്ങളെ ഒരു ജൈവ പോഷകലായനിയായി വിഘടിപ്പിക്കുന്നു. മത്സ്യ ടാങ്കിലേക്ക് വീണ്ടും വെള്ളം ചംക്രമണം ചെയ്യുന്നതിന് മുമ്പ് സസ്യങ്ങൾ വെള്ളത്തിൽ നിന്ന് പോഷകങ്ങൾ ആഗിരണം ചെയ്യുന്നു. ഇത് ചലനാത്മകവും ഊർജ്ജം ഉപയോഗിക്കുന്നതുമായ ഒരു സംവിധാനം കൂടിയാണ്, ഈ സംവിധാനം നടപ്പിലാക്കുന്നതിൽ അതീവ ശ്രദ്ധ ആവശ്യമാണ്.

അവലംബം: കേരള വികസന റിപ്പോർട്ട് 2021


ഉൾനാടൻ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് ലളിതമായി ഉപയോഗിക്കുന്ന സംവിധാനങ്ങളും, ഉയർന്ന സാങ്കേതിക വിദ്യകളും വികസിപ്പിച്ചിട്ടുണ്ട്. ഉൽപ്പാദനത്തിനായി ഉപയോഗിക്കുന്ന പല സാങ്കേതികവിദ്യകളും താരതമ്യേന ലളിതവും, ടാർഗെറ്റ് ഇനങ്ങളുടെ വളർച്ചയെയും, അതിജീവനത്തിന്റെ നിരക്കു മെച്ചപ്പെടുത്തുന്നതാണ്. ഉൾനാടൻ മത്സ്യമേഖലയിലെ ജലകൃഷിയിൽ ഉപയോഗിക്കുന്ന ചില നൂതന സാങ്കേതിക വിദ്യകൾ **ബോക്സ്** 3.4.1–ൽ നൽകിയിരിക്കുന്നു.

## മത്സ്യ ഉൽപ്പാദന നിരക്കുകൾ

കാലാവസ്ഥാ വ്യതിയാനം മൂലം ജൈവവൈവിധ്യത്തിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങൾ, കോവിഡ്–19 ചൂഷണാത്മക മത്സ്യബന്ധന രീതികൾ എന്നിവ കാരണം ലോകമെമ്പാടുമുള്ള സമുദ്ര മത്സ്യ ഉൽപ്പാദനത്തിൽ കുറവുണ്ടായിട്ടുണ്ട്. 2019–20–ൽ ഇന്ത്യയിലെ സമുദ്രമത്സ്യ ഉൽപ്പാദനത്തിൽ കുറവ് കാണിച്ചിരുന്നു. എന്നിരുന്നാലും 2016–17 മുതൽ 2019–20 വരെ ഉൾനാടൻ മത്സ്യ ഉൽപ്പാദനത്തിൽ സ്ഥിരമായ വളർച്ചാനിരക്ക് രേഖപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യയിലെയും കേരളത്തിലേയും മത്സ്യ ഉൽപ്പാദന മേഖലയിലെ വ്യത്യാസം **ചിത്രം 3.4.2**–ൽ നൽകിയിരിക്കുന്നു. കേരളത്തിലെ ജില്ല തിരിച്ചുള്ള മത്സ്യ ഉൽപ്പാദനത്തിന്റെ വിവരങ്ങൾ **അനുബന്ധം** 3.4.5–ൽ നൽകിയിരിക്കുന്നു.

ദേശീയ സമുദ്ര ഉല്പാദന കയറ്റുമതിയിൽ കേരളം ഗണ്യമായ സംഭാവനകൾ നൽകിയിട്ടുണ്ട്. 2020–21–ൽ 5039.89 കോടി രൂപയുടെ 1,44,700 ടൺ സമുദ്ര ഉല്പന്നങ്ങൾ കയറ്റുമതി ചെയ്തു. രാജ്യത്തെ മൊത്തം സമുദ്രോൽപ്പന്നങ്ങളുടെ കയറ്റുമതിയിൽ കേരളത്തിന്റെ സംഭാവന 12.59 ശതമാ

**ചിത്രം 3.4.2** ഇന്ത്യയിലെയും കേരളത്തിലേയും മത്സ്യ ഉൽപ്പാദനം




അവലംബം: ഫിഷറീസ് വകുപ്പ്, കേരള സർക്കാർ (2020), മൃഗ സംരക്ഷണ ക്ഷീര വികസന മത്സ്യബന്ധന വകുപ്പ് ഭാരത സർക്കാർ(2020)

നമാണ്. മൂല്യത്തിന്റെ അടിസ്ഥാനത്തിൽ ആണെങ്കിൽ കേരളത്തിന്റെ പങ്ക് 11.53 ശതമാനമാണ്. ഇതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ **അനുബന്ധം 3.4.6**–ൽ നൽകിയിരിക്കുന്നു.

## പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിലെ പ്രധാന നേട്ടങ്ങൾ

പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് സർക്കാരിന്റെ പ്രധാന ലക്ഷ്യം മത്സ്യത്തൊഴിലാളികളെ സാമൂഹികവും, സാമ്പത്തികവുമായി മെച്ചപ്പെടുത്തുക എന്നതാണ്. തീരദേശ മേഖലകളിൽ ശുചിത്വം, ആരോഗ്യ സംരക്ഷണം, കുടിവെള്ളം, വൈദ്യുതി, ലൈബ്രറി എന്നീ സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതിനും, കടലിലെ മരണനിരക്ക് കുറയ്ക്കുന്നതിന് ആവശ്യമായ പദ്ധതികളാണ് സർക്കാർ ഈ കാലഘട്ടത്തിൽ ഏറ്റെടുത്തിട്ടുള്ളത്. ഉൾനാടൻ മത്സ്യബന്ധന വികസനം, വിപുലീകരണം, പരിശീലനം, സേവന വിതരണം, വിപണികളുടെ നവീകരണവും മൂല്യവർദ്ധനവും, മത്സ്യത്തൊഴിലാളികൾക്ക് സാമൂഹിക സുരക്ഷ, ഫിഷിംഗ് ഹാർബറുകളുടെയും മാനേജ്മെന്റിന്റെയും വികസനം, ഫഷറീസ് സർവകലാശാലയുടെ പദ്ധതി, തീരദേശ വികസനം എന്നീ പ്രവൃത്തികളാണ് ഈ ലക്ഷ്യം കൈവരിക്കുന്നതിനായി സർക്കാർ ഏറ്റെടുത്തിട്ടുള്ളത്.

### പ്രധാന നേട്ടങ്ങൾ

- മുതലപ്പൊഴി, ചെല്ലാനം, ചേറ്റുവ, താനൂർ, തലായി, വെള്ളയിൽ, കൊയിലാണ്ടി, മഞ്ചേശ്വരം എന്നീ ഫിഷിംഗ് ഹാർബറുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കാനും പദ്ധതികളുടെ നിർമ്മാണം പൂർത്തീകരിക്കുകയും, കമ്മീഷൻ ചെയ്യുകയും ചെയ്തു.
- മത്സ്യബന്ധന പ്രതിനിധികൾ, ജനപ്രതിനിധികൾ, മത്സ്യബന്ധന വിദഗ്ദ്ധർ എന്നിവരുടെ പങ്കാളിത്തത്തോടെ ഹാർബർ മാനേജ്മെന്റ് സൊസൈറ്റികളും ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളും രൂപീകരിച്ചു.
- 2017 മുതൽ 2021 വരെയുള്ള കാലയളവിൽ 704.1 കോടി രൂപ ചെലവിൽ 1600 തീരദേശ റോഡുകൾ നിർമ്മിച്ചു. കൂടാതെ 193.5 കോടി രൂപ ചിലവിൽ 65 ലധികം മത്സ്യ മാർക്കറ്റുകളും നിർമ്മിച്ചിട്ടുണ്ട്. നീല വിപ്ലവം പദ്ധതിയുടെ ഭാഗമായി മത്സ്യത്തൊഴിലാളികൾക്ക് 200 ഓളം ഫൈബർ റൈൻഫോഴ്സ്ഡ്പ്ലാസ്റ്റിക് (എഫ്ആർപി) യാനങ്ങൾ വിതരണം ചെയ്തു.
- കടലിൽ മത്സ്യബന്ധനത്തിനായി പോകുന്ന യാനങ്ങൾ, പുറപ്പെടുന്നതും, തിരിച്ചെത്തുന്നതും രേഖപ്പെടുത്താൻ സാഗര മൊബൈൽ ആപ്പ് ആവിഷ്കരിച്ചും, 1980 കളിൽ കേരളം രൂപീകരിച്ച മറൈൻ ഫിഷറീസ് നിയന്ത്രണ നിയമവും ചട്ടങ്ങളും (കെഎംഎഫ്സിഎആർ) എന്നിവ 2017–ൽ സമഗ്രമായി പരിഷ്കരിച്ചു. സമുദ്രത്തിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ തടയുന്നതിനായി, 'ശുചിത്വ സാഗരം'(ശുദ്ധമായ കടൽ) പദ്ധതി, സമുദ്രത്തിൽ പ്ലാസ്റ്റിക് മാലിന്യം നിർമ്മാർജ്ജനം കുറയ്ക്കുക, കടലിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ വലിച്ചെറിയുന്നത് തടയുക, എല്ലാത്തരം പ്ലാസ്റ്റിക്കുകൾ നീക്കം ചെയ്യുക എന്നിവ ലക്ഷ്യമിട്ട് ഒരു ശുചിത്വ ക്യാമ്പയിൻ ആരംഭിച്ചു. ഫിഷറീസ് വകുപ്പ്, ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്, സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വുമൺ (സാഫ്), ശുചിത്വ മിഷൻ, നെറ്റ് വർക്ക് ഫോർ ഫിഷ് ക്വാളിറ്റി മാനേജ്മെന്റ് ആന്റ് സസ്റ്റൈനബിൾ ഫിഷിംഗ് (നെറ്റ്ഫിഷ്) എന്നിവയുമായി സഹകരിച്ചാണ് ഈ സംരംഭം നടപ്പിലാക്കിയത്. 'ശുചിത്വസാഗരം' എന്ന സംരംഭത്തിലൂടെ സമുദ്ര പരിസ്ഥിതി വൃത്തിയായി സൂക്ഷിക്കുന്നതിനെക്കുറിച്ചുള്ള അവബോധം വ്യാപിപ്പിക്കുന്നതിനും വലിയ തോതിലുള്ള പ്രചാരണ പരിപാടികൾ നടത്തി. നീണ്ടകര, ശക്തികുളങ്ങര എന്നീ രണ്ടു തുറമുഖങ്ങളിൽ പ്ലാസ്റ്റിക് മാലിന്യ ശേഖരണ കേന്ദ്രങ്ങളുണ്ട്. അവിടെ നിന്ന് ശക്തികുളങ്ങരയിലെ പ്ലാസ്റ്റിക് വേർതിരിക്കൽ, ക്ലീനിംഗ് യൂണിറ്റ്, കൊല്ലം ജില്ലയിലെ നീണ്ടകരയിലെ പ്ലാസ്റ്റിക് കീറിമുറിക്കൽ യൂണിറ്റ് എന്നിവയിലേയ്ക്ക് മാലിന്യങ്ങൾ കൊണ്ടു പോകുന്നു. ഇതുവരെ 38.4 ടൺ വലകൾ, പ്ലാസ്റ്റിക് കയറുകൾ, മറ്റ് പ്ലാസ്റ്റിക് വസ്തുക്കൾ എന്നിവ മത്സ്യത്തൊഴിലാളികൾ നീക്കം ചെയ്തിട്ടുണ്ട്.
- കടലിൽ മത്സ്യബന്ധനത്തിനു പോകുന്ന മത്സ്യത്തൊഴിലാളികളുടെ സംരക്ഷണത്തിനായി തിരുവനന്തപുരത്തെ വിഴിഞ്ഞം, എറണാകുളത്തെ വൈപ്പിൻ, കോഴിക്കോട്ടെ ബേപ്പൂർ എന്നീ മൂന്ന് മേഖലകളിലായി സമ്പൂർണ സജ്ജീകരണങ്ങളുള്ള മറൈൻ ആംബുലൻസുകൾ സർക്കാർ കമ്മീഷൻ ചെയ്തു.
- മത്സ്യത്തൊഴിലാളികളുടെസാമൂഹികവും സാമ്പത്തികവുമായ ഉന്നമനത്തിനായി 2,500–ലധികം സൂക്ഷ്മ സംരംഭങ്ങൾ സ്ഥാപിച്ചു.
- മത്സ്യ വിത്തുൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി നെയ്യാർ, പീച്ചി, പടിഞ്ഞാറേ കല്ലട, കുളത്തൂപ്പുഴ, തളിപ്പുഴ, കാരാപ്പുഴ എന്നിവിടങ്ങളിൽ ആറ് പുതിയ ഹാച്ചറികൾ സ്ഥാപിച്ചു.


## മത്സ്യത്തൊഴിലാളി സമൂഹത്തിനായുള്ള സാമൂഹിക സുരക്ഷയും ഉപജീവനോപാധിയും

കേരളത്തിലെ 2.4 ലക്ഷം ഉൾനാടൻ മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെ മത്സ്യത്തൊഴിലാളി ജനസംഖ്യ ഏകദേശം 10.50 ലക്ഷമാണ്. സംസ്ഥാനത്തെ 222 സമുദ്ര–മത്സ്യബന്ധന ഗ്രാമങ്ങളിലും, 113 ഉൾനാടൻ മത്സ്യബന്ധന ഗ്രാമങ്ങളിലുമാണ് ഇവർ വസിക്കുന്നത്. മത്സ്യത്തൊഴിലാളികളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 3.4.7**–ൽ നൽകിയിരിക്കുന്നു. 2020–ലെ കണക്കു പ്രകാരം സംസ്ഥാനത്ത് കേരള മത്സ്യതൊഴിലാളികളുടെ എണ്ണം 2,40,211 ആണ്. തങ്ങളുടെ ഉപജീവനത്തിനായി മത്സ്യബന്ധനത്തിൽ ഏർപ്പെടുകയും കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്യുകയും ചെയ്യുന്ന മത്സ്യത്തൊഴിലാളികളാണ് സജീവ മത്സ്യത്തൊഴിലാളികളായി കണക്കാക്കുന്നത്. കേരളത്തിലെ മത്സ്യബന്ധന മേഖലയിലെ അനുബന്ധം തൊഴിലാളികളുടെ എണ്ണ 84,531 ആണ്. മത്സ്യബന്ധനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരും കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്യുവരുമാണ് അനുബന്ധ തൊഴിലാളികളായി കണക്കാക്കുന്നത്. ഇതിനുപുറമേ 2021 ഒക്ടോബർ വരെ മൊത്തം 64,228 പെൻഷൻകാർ കെ.എഫ്.ഡബ്ല്യു.എഫ്.സി യിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

മത്സ്യത്തൊഴിലാളി സമൂഹത്തിന് സാമൂഹിക സുരക്ഷിതത്വവും ഉപജീവനോപാധിയും ഉറപ്പു വരുത്തുന്നതിനായി സംസ്ഥാന സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. സർക്കാരിന്റെ ഫിഷറീസ് വകുപ്പിന് പുറമേ മത്സ്യ

ഫെഡും, കേരള മത്സ്യത്തൊഴിലാളി ക്ഷേമ നിധി ബോർഡും ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

**ചിത്രം 3.4.3** കേരളത്തിലെ മത്സ്യമേഖലയിലെ സ്ത്രീ പുരുഷ അനുപാതം




അവലംബം: ഫിഷറീസ് വകുപ്പ്, കേരള സർക്കാർ(2020), മൃഗ സംരക്ഷണ ക്ഷീര വികസന മത്സ്യബന്ധന വകുപ്പ് ഭാരത സർക്കാർ(2020)

മത്സ്യത്തൊഴിലാളികൾക്ക് തടസ്സരഹിതമായ ഉപജീവനോപാധികൾ ലഭ്യമാക്കുന്ന പദ്ധതിയ്ക്ക് പുറമേ ഭവന നിർമ്മാണം, ഇൻഷുറൻസ്, പെൻഷൻ മുതലായവയുള്ള പദ്ധതികളും ഇതിൽ ഉൾപ്പെടുന്നു. മത്സ്യത്തൊഴിലാളികൾക്കായുള്ള ഗ്രൂപ്പ് അപകട ഇൻഷുറൻസ് പദ്ധതി മുഖേന 2.43 ലക്ഷം മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനം ലഭിച്ചു. 85,543 അനുബന്ധ മത്സ്യബന്ധന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി മുഖേന പ്രയോജനം ലഭിച്ചു. സേവിംഗ് കം റിലീഫ് പദ്ധതിയ്ക്കു കീഴിൽ പഞ്ഞമാസ (ഓഫ് സീസൺ) ധനസഹായം 1.58 ലക്ഷം മത്സ്യത്തൊഴിലാളികൾക്കും, 21,743 അനുബന്ധ മേഖലയിലെ മത്സ്യത്തൊഴിലാളികൾക്കും ലഭ്യമാക്കി. ഫിഷറീസ് ഡിപ്പാർട്ട്മെന്റും, കേരള സംസ്ഥാന മത്സ്യത്തൊഴിലാളി ക്ഷേമ നിധി ബോർഡും നടപ്പിലാക്കുന്ന ഇത്തരം സ്കീമുകളുടെ വിശദാംശങ്ങൾ **അനുബന്ധം 3.4.8-ലും 3.4.9-**ലും നൽകിയിരിക്കുന്നു.

മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ജീവൻ രക്ഷിക്കുന്നതിനും, കടൽ സുരക്ഷ വർദ്ധിപ്പിക്കുന്നതിനും തിരുവനന്തപുരത്തെ വിഴിഞ്ഞം, എറണാകുളം ജില്ലയിലെ വൈപ്പിൻ, കോഴിക്കോട് ജില്ലയിലെ ബേപ്പൂർ എന്നീ മൂന്നു മേഖലയിൽ മറൈൻ ആംബുലൻസുകൾ കമ്മീഷൻ ചെയ്തു, ആധുനിക സൗകര്യങ്ങളാൽ സജ്ജമാക്കിയ ഈ ആംബുലൻസുകളിൽ ഒരേ സമയം 10 പേരെ ചികിത്സിക്കുവാൻ സാധിക്കും. കെ.എം.എഫ്.ആർ ആക്ടിൽ കൃത്യമായ പരിപാലനംമൂലം കടലിലെ മരണനിരക്ക് 2017-18-ൽ 79 പേരിൽ നിന്ന് 2021-22-ൽ 22 ആയി കുറക്കുവാൻ സാധിച്ചു. കേരളത്തിലെ മത്സ്യയാനങ്ങളിൽ 6,231 യന്ത്രവൽകൃത യാനങ്ങളും, മോട്ടോർ ഘടിപ്പിച്ച 31,664 യാനങ്ങളും, 2,806 പരമ്പരാഗത യാനങ്ങളും ഉൾപ്പെടുന്നു. 2020-21-ൽ 924 മത്സ്യയാനങ്ങൾ ഇൻഷ്വറൻസ് ചെയ്തിട്ടുണ്ട്.

മത്സ്യബന്ധന മേഖലയിലെ വിതരണ ശൃംഖലയിൽ സ്ത്രീകൾ ഒരു പ്രധാന പങ്ക് വഹിക്കുന്നുണ്ട്. മത്സ്യബന്ധനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളായ വില്പന, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉത്പാദനം, വിപണനം, എന്നിവയിൽ സ്ത്രീകളുടെ പ്രാധിനിത്യം വളരെ കൂടുതലാണ്. കടലോര മത്സ്യബന്ധനത്തിൽ 46.35 ശതമാനവും ഉൾനാടൻ മത്സ്യബന്ധനത്തിൽ 49 ശതമാനവും സ്ത്രീകളാണ്. മത്സ്യമേഖലയിലെ തൊഴിൽ പ്രകാരമുള്ള സ്ത്രീ-പുരുഷ കണക്കുകൾ **ചിത്രം 3.4.3**-ൽ നൽകിയിരിക്കുന്നു.

പ്രാദേശിക വിഭവങ്ങൾ പ്രയോജനപ്പെടുത്തി സൂക്ഷ്മ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിലൂടെ മത്സ്യത്തൊഴിലാളികൾക്കിടയിൽ സംരംഭകത്വ കഴിവ് വർദ്ധിപ്പിക്കുവാനും, മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ശാക്തീകരണത്തിനും ആകമാനമുള്ള വികസനം സാധ്യമാക്കുന്നതിനു വേണ്ടിയും സൊസൈറ്റി ഫോർ അസ്സിസ്റ്റൻസ് റ്റു ഫിഷർവുമൻ (എസ്.എ.എഫ്) പ്രവർത്തിക്കുന്നു. മത്സ്യത്തൊഴിലാളി സ്ത്രീകളുടെ കൂട്ടായ പ്രവർത്തനങ്ങൾ തുടങ്ങുവാനും ചെറുകിട സംരംഭങ്ങൾ ആരംഭിക്കുവാനും, അവ നിലനിർത്തുവാനും, സാമ്പത്തികവും സാങ്കേതികവുമായ പിന്തുണ നൽകുന്നു. മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ബദൽ ഉപജീവനോപാധി പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും പ്രത്യേകിച്ച് ചെറുകിട സംരംഭങ്ങളുടെ വികസനത്തിനും വേണ്ടിയും 398 മത്സ്യത്തൊഴിലാളി ഗുണഭോക്താക്കൾക്ക് (138 ഗ്രൂപ്പുകൾ) സഹായം നൽകി. 48 മത്സ്യത്തൊഴിലാളി ഗുണഭോക്താക്കളെ ഉൾപ്പെടുത്തി 12 സൂക്ഷ്മ ചെറുകിട സംരംഭങ്ങൾ സ്ഥാപിച്ചുകൊണ്ട് കൊല്ലത്തെ കുണ്ടറയിൽ ഒരു അപ്പാരൽ പാർക്ക് കൺസോർഷ്യം രൂപീകരിച്ചു. 2020-21 കാലയളവിൽ 242 തീരമൈത്രി ആക്ടിവിറ്റി ഗ്രൂപ്പുകൾക്ക് പലിശരഹിത, വർക്കിംഗ് കാപ്പിറ്റൽ റിവോൾവിംഗ് ഫണ്ട് അനുവദിച്ചു. 3,121 ഗുണഭോക്താക്കൾക്ക് കാര്യക്ഷമത

മെച്ചപ്പെടുത്തുന്നതിനുള്ള പരിശീലനം നൽകി. 80 ഗ്രൂപ്പുകൾക്ക് സാങ്കേതിക വിദ്യ മെച്ചപ്പെടുത്തുന്നതിനുള്ള സഹായങ്ങൾ അതത് യൂണിറ്റുകളിൽ അനുവദിച്ചു. വിവിധ പരിപാടികളിലൂടെ എസ്.എ.എഫ് കൈവരിച്ച നേട്ടങ്ങൾ **അനുബന്ധം 3.4.10**–ൽ നൽകിയിരിക്കുന്നു.

പ്രാഥമിക തലത്തിലുള്ള 658 മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളുടെ ഒരു അപെക്സ് ഫെഡറേഷനാണ് മത്സ്യഫെഡ്. ഇതിൽ 337 സംഘങ്ങൾ സമുദ്ര മേഖലയിലും 199 സംഘങ്ങൾ ഉൾനാടൻ മേഖലയിലും 122 എണ്ണം വനിതാ സംഘങ്ങളുമാണ്. ഈ സൊസൈറ്റികളിലെ ആകെ അംഗ സംഖ്യ 4.73 ലക്ഷത്തിൽ കൂടുതലാണ്. ഫെഡറേഷന്റെ ആകെ ഓഹരി മൂലധനം 150 കോടി രൂപയാണ്. മത്സ്യത്തൊഴിലാളി സമൂഹത്തിനുള്ളിൽ സ്വയം സഹായ സംഘങ്ങൾ രൂപപ്പെടുത്താനും അതുവഴി സമ്പാദ്യശീലം വളർത്തുവാനും മത്സ്യഫെഡിന് സാധിച്ചിട്ടുണ്ട്. മൈക്രോ ഫിനാൻസും, പലിശരഹിത വായ്പകളും നൽകുക വഴി മത്സ്യഫെഡിന് മൈക്രോ ക്രെഡിറ്റ് മേഖലയിൽ കാര്യമായ പ്രഭാവം ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. 2020–21–ൽ മൈക്രോ ഫിനാൻസിന്റെ പിന്തുണയോടെ 49.8 കോടി രൂപയുടെ സഹായം 15,450 ഗുണഭോക്താക്കൾക്ക് ലഭിച്ചു. വിഷരഹിതമായി പോഷകഗുണമുള്ള മത്സ്യം വിതരണം ചെയ്യുന്നതിന് 'അന്തിപ്പച്ച' എന്ന പേരിൽ ആറ് യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. 2020–21–ൽ 7,719 മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് 14.73 കോടി രൂപയുടെ പലിശ രഹിത വായ്പ അനുവദിച്ചു. വിവിധ പരിപാടികളിലൂടെ മത്സ്യഫെഡ് കൈവരിച്ച നേട്ടങ്ങൾ **അനുബന്ധം 3.4.11**–ൽ നൽകിയിട്ടുണ്ട്.

മത്സ്യബന്ധ മേഖലയിലെ വിതരണ ശൃംഖലയിൽ പ്രധാന പങ്ക് വഹിക്കുന്ന സ്ത്രീ മത്സ്യത്തൊഴിലാളികൾക്കായി ഫിഷറീസ് വകുപ്പും, കെ.എസ്.ആർ.ടി.സിയും സംയോജിതമായി നടപ്പിലാക്കിയ പദ്ധതിയാണ് "സമുദ്ര".

### അടിസ്ഥാന സൗകര്യങ്ങൾ

കേരള സർക്കാർ ഇതുവരെ 21 മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചു. മുതലപ്പൊഴി ഫിഷിംഗ് ഹാർബർ പ്രോജക്ട് 2020 ജൂണിൽ കമ്മീഷൻ ചെയ്തു. കൊയിലാണ്ടി, മഞ്ചേശ്വരം ഫിഷിംഗ് ഹാർബറുകൾ 2021 ഒക്ടോബറിൽ കമ്മീഷൻ ചെയ്തു. വിഴിഞ്ഞം, മുതലപ്പൊഴി, തങ്കശ്ശേരി, നീണ്ടകര, കായംകുളം, തോട്ടപ്പള്ളി, ചെല്ലാനം (ഒന്ന്, രണ്ട്), ചെല്ലാനം (ഒന്ന്, രണ്ട്) ഫിഷിംഗ് ഹാർബറുകൾ എന്നിവയുടെ നിർമ്മാണം പൂർത്തിയായി. ബേപ്പൂർ, താനൂർ, പുതിയാപ്പ, കൊയിലാണ്ടി, വെള്ളയിൽ, ചോമ്പൽ, തലായി, മോപ്പ്ളബായ് അഴീക്കൽ, കാസർഗോഡ്, മഞ്ചേശ്വരം, ചെറുവത്തൂർ, ചെത്തി, അർത്തുങ്കൾ (രണ്ട്), പരപ്പനങ്ങാടി എന്നിവിടങ്ങളിൽ ഫിഷിംഗ് ഹാർബർ പ്രവൃത്തികൾ പുരോഗമിക്കുന്നു. കേരളത്തിലെ മത്സ്യബന്ധന തുറമുഖങ്ങളുടെ ലൊക്കേഷൻ **ചിത്രം 3.4.4**–ൽ നൽകിയിരിക്കുന്നു.

വിഴിഞ്ഞം, മുതലപ്പൊഴി, കൊയിലാണ്ടി, ചേറ്റുവ, ചറുവത്തൂർ, തലായി എന്നീ ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണത്തിനായി 2020–21–ൽ പദ്ധതിയിൽ ഫണ്ട് വകയിരുത്തി. കേരളത്തിലെ മത്സ്യബന്ധന തുറമുഖങ്ങളുടെ ലൊക്കേഷൻ **ചിത്രം 3.4.4**–ൽ നൽകിയിട്ടുണ്ട്. ഫിഷിംഗ് ഹാർബറുകളിൽ നിന്നും ഫിഷ് ലാൻഡിംഗ് സെന്ററുകളിൽ നിന്നും 2020–21–ൽ ലഭിച്ച ആകെ വരുമാനം 4.36 കോടി രൂപയാണ്.

കായംകുളം ഹാർബറിൽ നിന്നും നീണ്ടകര ഫിഷിംഗ് ഹാർബറിൽ നിന്നുമാണ് ഏറ്റവും കൂടുതൽ വരുമാനം ലഭിച്ചത്. നീണ്ടകര, കായംകുളം, പുതിയാപ്പ എന്നിവ ചേർന്ന് കേരളത്തിലെ ഫിഷിംഗ് ഹാർബറുകളിൽ നിന്നുമാണ് ഏറ്റവും കൂടുതൽ വരുമാനം ലഭിച്ചത്. നീണ്ടകര, കായംകുളം, പുതിയാപ്പ എന്നിവ ചേർന്ന് കേരളത്തിലെ ഫിഷിംഗ് ഹാർബറുകളിൽ നിന്നും ഫിഷ് ലാൻഡിംഗ് സെന്ററുകളിൽ നിന്നുമുള്ള മൊത്തം വരുമാനത്തിന്റെ 55 ശതമാനവും സംഭാവന ചെയ്തു. മത്സ്യബന്ധന തുറമുഖങ്ങളിൽ നിന്നുള്ള വരുമാനത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 3.4.13**–ൽ നൽകിയിരിക്കുന്നു.


പുതിയ ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണത്തിന് പുറമേ നിലവിലുള്ള ഫിഷിംഗ് ഹാർബറുകളുടെ നവീകരണം, ഫിഷ് ലാൻഡിംഗ് സെന്ററുകളുടെ നിർമ്മാണം, റോഡുകൾ, പാലങ്ങൾ, മുറികൾ, നടപ്പാതകൾ തുടങ്ങിയ പ്രവർത്തന ങ്ങൾക്ക് നബാർഡ് ഫണ്ട് വിനിയോഗിച്ചിട്ടുണ്ട്. RIDF XXIII –ൽ ഉൾപ്പെടുത്തി വെള്ളയിൽ ഫിഷിംഗ് ഹാർബർ, ചെല്ലാനം ഫിഷിംഗ് ഹാർബർ, തങ്കശ്ശേരി ഫിഷിംഗ് ഹാർബർ, പുതിയാപ്പ ഫിഷിംഗ് ഹാർബർ എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് 25.4 കോടി രൂപയുടെ നാല് പദ്ധതികൾ അനുവദിച്ചു. 2020–21–ൽ 27 കോടി രൂപയും, അധിക അംഗീകാരമായി 18.07 കോടി രൂപയും ഡിപ്പാർട്ട്മെന്റിന് ലഭിച്ചു. അനുവദിച്ച തുകയിൽ നിന്നും 45.07 കോടി രൂപ ചിലവഴിച്ചു.

സംസ്ഥാനത്തെ തീരദേശ മേഖലയുടെ സമഗ്രമായ വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായുള്ള സംസ്ഥാന സർക്കാർ സ്ഥാപനമാണ് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ (കെ.എസ്.സി.എ.ഡി.സി). തീരദേശവികസനം, മത്സ്യബന്ധന മേഖലയിലെ അടിസ്ഥാനസൗകര്യവികസനം, സാങ്കേതികവിദ്യ ആർജ്ജിക്കൽ, വാണിജ്യ പ്രവർത്തനങ്ങൾ, വിദഗ്ധോപദേശം എന്നിവ സ്ഥാപനത്തിന്റെ ചുമതലയിൽപ്പെടുന്നു.

2020–21–ൽ 96.77 കോടി രൂപ തീര സംരക്ഷണ പ്രവർത്തനങ്ങൾക്ക് അനുവദിച്ചു. പരപ്പനങ്ങാടിയിൽ 112.21 കോടി രൂപയുടെ ഫിഷിംഗ് ഹാർബർ നിർമ്മാണത്തിനും, ചെത്തിയിൽ 97.43 കോടി രൂപ കിഫ്ബി അനുവദിച്ചു. 2020–21–ൽ കെ.എസ്.സി.എ.ഡി.സി ആരംഭിച്ച പ്രധാന പദ്ധതികളിൽ റാത്തിക്കൽ, ച്ചക്കൽ, ചെങ്ങന്നൂർ എന്നിവിടങ്ങളിൽ ഫിഷ് ലാൻഡിംഗ് സെന്ററുകളുടെ നിർമ്മാണം ഉൾപ്പെടുന്നു. വേളി ഫിഷിംഗ് വില്ലേജിന്റെ തീരത്ത് കൃത്രിമ പാറകൾ സ്ഥാപിക്കുക, കൊല്ലം, പാലക്കാട് ജില്ലകളിൽ നൈൽ തിലാപ്പിയ ഹാച്ചറി സ്ഥാപിക്കുക എന്നിവയാണ് 2020–21–ൽ നടന്നുകൊണ്ടിരിക്കുന്ന മറ്റ് പ്രധാന പ്രവൃത്തികൾ. മത്സ്യമാർക്കറ്റുകളുടെ നിർമ്മാണത്തിന് 46.0 കോടി രൂപയുടെ കിഫ്ബി സഹായം അനുവദിച്ചു. കമ്പനിയുടെ വാണിജ്യ പ്രവർത്തനങ്ങളിൽ "ദൃശ്യ കേരളം" എന്ന് ബ്രാൻഡ് ചെയ്ത വിവിധ മൂല്യ വർദ്ധിത മത്സ്യ ഉൽപ്പന്നങ്ങളുടെ വിപണനവും ഉൾപ്പെടുന്നു.

- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് നടപ്പിലാക്കിയ സുഭിക്ഷ കേരളം പദ്ധതിയിലൂടെ ഉൾനാടൻ മത്സ്യ ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ സഹായിച്ചു. 8165 കുളങ്ങളിൽ മത്സ്യകൃഷി നടത്തി. കൂടാതെ 2,001 ബയോഫ്ലോക്ക് മത്സ്യഫാമുകളും, 4,195 പുരയിട ഫാമുകളും, 255 കരിമീൻ ഫാമുകളും, 432 കൂട് കൃഷി ഫാമുകളും 2020–21 സാമ്പത്തിക വർഷം സ്ഥാപിച്ചിട്ടുള്ളതാണ്.

**ചിത്രം 3.4.4** കേരളത്തിലെ മത്സ്യബന്ധന തുറമുഖങ്ങളുടെ ലൊക്കേഷൻ




- 50 മീറ്റർ ഹൈ ടൈഡ് ലൈനിലുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ പുനരധിവാസത്തിനായി 'പുനർഗേഹം' എന്ന പദ്ധതി നടപ്പിലാക്കിയിട്ടുള്ളതാണ്. മൂന്ന് ഘട്ടങ്ങളിലായാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ആദ്യഘട്ടത്തിൽ 8,487 കുടുംബങ്ങളുടെ പുനരധിവാസവും ശേഷിക്കുന്ന ഘട്ടങ്ങളിൽ 5,099 കുടുംബങ്ങൾക്കും സഹായം ലഭ്യമാക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്.
- ബയോഫ്ലോക് കൃഷി, റീ സർക്കുലേറ്ററി അക്വാക്കൾച്ചർ സംവിധാനങ്ങൾ (RAS) എന്നീ പദ്ധതികൾ പ്രധാൻ മന്ത്രി മൽസ്യ സമ്പാദന യോജനക്ക് കീഴിൽ നടപ്പിലാക്കിയിട്ടുള്ളതാണ്. ഈ കാലയളവിൽ 235 RASകൾ നടപ്പിലാക്കുകയും, 4 റിസർവോയറുകളിൽ (ബാണാസുരസാഗർ, കാരാപ്പുഴ, പെരുവണ്ണാമൂഴി, കക്കി) കൂട്ട്

കൃഷി ഏറ്റെടുത്തിട്ടുള്ളതാണ്.

- പൂവാർ, പുതിയതുറ എന്നീ മത്സ്യ ഗ്രാമങ്ങളുടെ തീരത്തെ കൃത്രിമ കരിങ്കൽ ഭിത്തി നിർമ്മാണം നടത്തിയിട്ടുള്ളതാണ്.
- ആലപ്പുഴ, തൃശ്ശൂർ, കണ്ണൂർ ജില്ലകളിൽ മത്സ്യബന്ധന താവളങ്ങൾ സ്ഥാപിച്ചിട്ടുള്ളതാണ്.
- സംസ്ഥാനത്തിന് ഒരു പുതിയ മത്സ്യബന്ധന പോളിസി തയ്യാറാക്കുന്നതിലേയ്ക്കായി 8 അംഗ വൈദഗ്ധ്യ കമ്മിറ്റി സംസ്ഥാന ഗവൺമെന്റ് രൂപവൽക്കരിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ സാമൂഹിക സാമ്പത്തിക വികസനം ത്വരിതപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ നിലവിലുള്ള മത്സ്യബന്ധന നയം പുനപരിശോധിക്കുവാനും ഈ മേഖലയിലെ ഉയർന്ന് വരുന്ന വെല്ലുവിളികളെയും ഏറ്റവും പുതിയ സംഭവ വികാസങ്ങളും പരിഗണിച്ച് ഒരു പുതിയ രേഖ തയ്യാറാക്കുന്നതിനുമാണ് ഈ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുള്ളത്.
- മികവിന്റെ കേന്ദ്രം എന്ന നിലയിൽ കുഫോസ് ഇരുപതോളം സംരംഭക പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുള്ളതാണ്.

### കോവിഡ് 19 മഹാമാരിക്കാലത്ത് സ്വീകരിച്ച നടപടികൾ

മത്സ്യവും മത്സ്യ ഉൽപ്പന്നങ്ങളും അന്താരാഷ്ട്ര വ്യാപരത്തെ വളരെ അധികം ആശ്രയിച്ചിരിക്കുന്നു. അതിനാൽ കോവിഡ്–19 മഹാമാരി മൂലമുണ്ടായ ആഗോള വിപണിയിലെ നിയന്ത്രണങ്ങളും അടച്ച് പൂട്ടലുകളും വളരെ നേരത്തെ തന്നെ ഈ മേഖലയെ ബാധിച്ചിട്ടുള്ളതാണ്. അതെ സമയം തന്നെ ഭക്ഷ്യ സേവന മേഖലകൾ അടച്ച് പൂട്ടിയതും ശ്രദ്ധമായ മത്സ്യങ്ങളുടെ വിതരണ ശൃംഖലയെയും സാരമായി ബാധിച്ചു. ഉപഭോക്തൃ ആവശ്യകത കുറഞ്ഞതിനാൽ പ്രൊസസിംഗ് മേഖലയും അടച്ച് പൂട്ടൽ അഭിമുഖീകരിച്ചു. ഇത് വിളവെടുപ്പിന് ശേഷമുള്ള മേഖലയിലെ ഭൂരിഭാഗം ആയി വരുന്ന തൊഴിലാളികളായ സ്ത്രീകളിൽ കാര്യമായ സ്വാധീനം ചെലുത്തി. ലോക്ഡൗൺ പ്രഖ്യാപനത്തോടെ സംസ്ഥാനത്തെ എല്ലാ മത്സ്യബന്ധന തുറമുഖങ്ങളും ഹാർബറുകളും അടച്ച് പൂട്ടി. യന്ത്രവൽകൃത മത്സ്യബന്ധനവും, മത്സ്യ ലേലവും നിരോധിക്കുകയും ചെയ്തിരുന്നു. പരമ്പരാഗത രീതിയിലുള്ള മത്സ്യബന്ധനം എന്നിരുന്നാലും ഈ സമയത്ത് അനുവദിച്ചിരുന്നു. പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനം നടത്തുന്നതിന് അനുമതി ഉണ്ടായിരുന്നുവെങ്കിലും സാമൂഹിക അകലം ഉറപ്പാക്കുന്നതിൽ ബുദ്ധിമുട്ടായിരുന്നതിനാൽ ലേല നടപടികൾക്ക് അനുമതി ഉണ്ടായിരുന്നില്ല. അതിന് പകരമായ സർക്കാർ നിശ്ചയിച്ച് നൽകിയ വിലയിൽ കടൽ മത്സ്യങ്ങളുടെ വാങ്ങലും വിൽപനയും നടത്തുകയാണ് ഉണ്ടായത്. (ഹാർബർ മാനേജ്മെന്റ് സൊസൈറ്റീസ് ) തുറമുഖ നടത്തിപ്പ് സൊസൈറ്റികളെയാണ് ഇത്തരത്തിൽ വില നിർണയം നടത്തുന്നതിനായി ചുമതലപ്പെടുത്തിയിരുന്നത്. തിരക്കുകൾ ഒഴിവാക്കുന്നതിലേക്കായി തുറമുഖങ്ങളിലും ലാൻഡിംഗ് കേന്ദ്രങ്ങളിലും ടോക്കൺ സമ്പ്രദായം നടപ്പിലാക്കുകയും ചെയ്തു. മത്സ്യങ്ങളുടെ ഓൺലൈൻ വിപണനം സാധ്യമാക്കുന്നതിലേക്കായി ഒരു മൊബൈൽ ആപ്പും നടപ്പിലാക്കി. ജലകൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, മത്സ്യകൃഷി, ഹാച്ചറികൾ, ജലകൃഷിക്കായുള്ള തീറ്റ, വിത്ത് മറ്റ് അനുബന്ധ സാമഗ്രികൾ എന്നിവയുടെ ഗതാഗതം ലോക്ഡൗൺ നിയന്ത്രണങ്ങളിൽ നിന്ന് സർക്കാർ ഒഴിവാക്കി. വളരെ കുറഞ്ഞ പലിശ നിരക്കിൽ ദീർഘകാല വായ്പ നൽകികൊണ്ട് SAF ഈ മേഖലയിൽ വളരെ പ്രധാനപ്പെട്ട ഒരു ഇടപെടൽ നടത്തിയിട്ടുള്ളതാണ്. ഈ കാലയളവിൽ കേരള ബാങ്ക് 359 സൂക്ഷ്മ സംരംഭങ്ങൾക്ക് പിന്തുണ നൽകുന്നതിനായി 5 കോടി രൂപയാണ് ടേം ലോണായി നൽകിയത്.

കേരളത്തിൽ സാമൂഹിക സാമ്പത്തിക വികസനത്തിൽ മത്സ്യബന്ധന മേഖല ഒരു സുപ്രധാനമായ പങ്ക് ആണ് വഹിക്കുന്നത്. വൈവിധ്യമാർന്നതും ആരോഗ്യകരവുമായ ഭക്ഷണക്രമത്തിന് അടിസ്ഥാന പ്രധാന്യമുള്ള പോഷകങ്ങളുടെയും മൈക്രോ ന്യൂട്രിയെന്റുകളുടെയും വിലപ്പെട്ട ഉറവിടത്തെ പ്രതിനിധികരിക്കുന്ന മൽസ്യങ്ങളും മത്സ്യ ഉൽപ്പന്നങ്ങളും പോഷകാഹാരത്തിലും, ആഗോള ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിലും ഒരു സുപ്രധാനമായ പങ്ക് വഹിക്കുന്നു. ഈ മേഖലയിൽ പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനായും, കർഷകരുടെ ജീവിത നിലവാരം ഉയർത്തുന്നതിനായും ജലകൃഷിയുടെ (അക്വാകൾച്ചർ) വേഗത്തിലുള്ള വളർച്ച വർദ്ധിപ്പിക്കേണ്ടതാണ്. കോയി കാർപ്പിന്റെ ഉൽപ്പാദനത്തിനും വിപണനത്തിനും, പ്രത്യേകിച്ച് ജപ്പാനിലേക്ക് വലിയ സാധ്യത ഉള്ളതിനാൽ, ആഭ്യന്തര വിപണിയോടൊപ്പം അലങ്കാര മത്സ്യങ്ങളുടെ കയറ്റുമതിയിലും സംസ്ഥാനത്തിന് ശ്രദ്ധ ചെലുത്താൻ കഴിയും. കേരളത്തിലെ മത്സ്യബന്ധന സമൂഹത്തിന് ഭക്ഷ്യപോഷകാഹാര സുരക്ഷ, സാമ്പത്തിക പുരോഗതി, സാമൂഹിക ക്ഷേമം എന്നിവ നേടി എടുക്കുന്നതിനായി മത്സ്യ വിഭവങ്ങളുടെ സുസ്ഥിരമായ പരിപാലനവും മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ക്ഷേമവും അനിവാര്യമാണ്. ഉൾനാടൻ സമുദ്ര മത്സ്യ വിഭവങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി ഉത്തരവാദിത്തമുള്ള മത്സ്യബന്ധന രീതികൾ സ്വീകരിക്കാവുന്നതാണ്.

# 3.5 ജലവിഭവങ്ങൾ

ജല വിഭവങ്ങളുടെ ശാസ്ത്രീയവും സുസ്ഥിരവുമായ പരിപാലനം ഭാവി തലമുറയ്ക്ക് ജലസുരക്ഷ ഉറപ്പാക്കുന്നതിലും സാമൂഹിക-സാമ്പത്തിക വികസനം കൈവരിക്കുന്നതിലും പ്രധാനപങ്ക് വഹിക്കുന്നു. ഐക്യരാഷ്ട്രസഭ പ്രസിദ്ധീകരിച്ച ലോക ജലവികസന റിപ്പോർട്ടിന്റെ (യു.എൻ. ഡബ്ല്യു.ഡബ്ല്യു.ഡി.ആർ-2021) തലക്കെട്ട് 'ജലവും മൂല്യനിർണയവും' എന്നാണ്. ജലവിഭവങ്ങളുടെ മൂല്യം കണക്കാക്കുന്നതിന്റെയും മെച്ചപ്പെട്ട ജലവിഭവ മാനേജ്മെന്റ് രീതികളുടെ ആവശ്യകതയും ഈ റിപ്പോർട്ട് എടുത്തു കാണിക്കുന്നു. സംസ്ഥാനത്തുണ്ടാകുന്ന ആവർത്തിച്ചുള്ള വരൾച്ചയും വെള്ളപ്പൊക്കവും കണക്കിലെടുത്താൽ ഭാവിയിൽ ജലസ്രോതസ്സുകളുടെ സംരക്ഷണവും പരിപാലനവും പ്രാധാന്യം അർഹിക്കുന്ന ഒരു വിഷയംതന്നെയാണ്.

ലോക കാലാവസ്ഥാ സംഘടനയുടെ സമീപകാല വിശകലനം അനുസരിച്ച് ജലജന്യ ദുരന്തങ്ങൾ കഴിഞ്ഞ കുറേ വർഷങ്ങളായി മനുഷ്യ ജീവിതത്തിലും സാമ്പത്തിക മേഖലയിലും കനത്ത ആഘാതമാണ് ഏൽപ്പിച്ചിട്ടുള്ളത്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായി ജലജന്യ ദുരന്തങ്ങളുടെയും കാലാവസ്ഥാ സംബന്ധമായ ദുരന്തങ്ങളുടെയും തീവ്രതയും ആവൃത്തിയും വർദ്ധിക്കുകയും, ജലഉപഭോഗത്തിന്റെ വർദ്ധിച്ചുവരുന്ന ആവശ്യം ഇതിൻമേൽ കൂടുതൽ സമ്മർദം ഉണ്ടാക്കുകയും ചെയ്യുന്നുണ്ട്. ജലവിഭവങ്ങളുടെ വർദ്ധിച്ച ആവശ്യകത, ജലത്തിന്റെ ഗുണനിലവാരപ്രശ്നങ്ങൾ എന്നിവ കേരളത്തിൽ പുതിയ വെല്ലുവിളികൾ ഉയർത്തുന്നുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ വൻകിട-ഇടത്തര ജലസേചന പദ്ധതികളിൽ നിന്നും ചെറുകിട ജലപരിപാലന ജലസേചനമേഖലകളിലേക്ക് കേരളം ശ്രദ്ധ കേന്ദ്രീകരിക്കുകയുണ്ടായി. വർദ്ധിച്ചുവരുന്ന ജനസംഖ്യ, ദ്രുതഗതിയിലുള്ള നഗരവൽക്കരണം, വ്യാവസായികവൽക്കരണം, അമിതമായ ഭൂഗർഭജല ചൂഷണം എന്നിവ സംസ്ഥാനത്ത് ശാസ്ത്രീയമായ ജലവിഭവമാനേജ്മന്റിന്റെ ആവശ്യകതയിലേക്ക് വിരൽ ചൂണ്ടുന്നു.

### റിസർവ്വോയറുകളിലെ സംഭരണ നിലവാരം

ജലവിഭവ വകുപ്പിന് കീഴിലുള്ള പതിനാറ് ഡാമുകളുടെ മൊത്തം സംഭരണ ശേഷി 1,556.08 ദശലക്ഷം ക്യൂബിക്ക് മീറ്റർ (എം സി യു എം) ആണ്. ജലസംഭരണികളിലെ എക്കലിന്റെ തോത് 28 മുതൽ 30 ശതമാനം വരെയാണെന്ന് തിരഞ്ഞെടുത്ത ജലസംഭരണികളെക്കുറിച്ചുള്ള ബാത്തിമെടിക് പഠനങ്ങൾ വെളിപ്പെടുത്തുന്നു. പ്രധാനമായും ജലം ഒലിച്ചു വരുമ്പോൾ ഉണ്ടാകുന്ന അവശിഷ്ടങ്ങൾ, കളിമണ്ണ്, മണൽ എന്നിവയാണ് സംഭരണികളിൽ അടിയുന്നത്. അധികമായി എക്കൽ അടിയുമ്പോൾ റിസർവോയറിന്റെ മുഴുവൻ സംഭരണശേഷിയും (എഫ്ആർഎൽ), പ്രവർത്തനക്ഷമതയും കുറയുകയും വെള്ളപ്പൊക്കസാധ്യത വർദ്ധിക്കുകയും ചെയ്യുന്നു.

2019 മുതൽ 2021 വരെയുള്ള കാലയളവിലെ അണക്കെട്ടുകളുടെ സംഭരണശേഷി (വർഷകാലത്തിനു മുമ്പും ശേഷവും) **അനുബന്ധം 3.5.1**-ൽ രേഖപ്പെടുത്തിയിരിക്കുന്നു. മുൻവർഷങ്ങളിലെ ജൂൺ 1 മുതൽ സെപ്റ്റംബർ 30 വരെയുള്ള കാലയളവിലെ സംഭരണ നിലയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 2020, 2021 വർഷങ്ങളിൽ മഴയ്ക്ക് ശേഷമുള്ള സംഭരണനില യഥാക്രമം 1271.95 ദശലക്ഷം ക്യൂബിക് മീറ്റർ, 1216.61 ദശലക്ഷം ക്യൂബിക് മീറ്റർ എന്നിങ്ങനെയാണ്. വർഷകാലത്തിനുശേഷമുള്ള ജലസംഭരണ നിലയിൽ പ്രകടമായ വ്യതിയാനം ഉണ്ടായിട്ടുണ്ട്. 2021-ൽ ഈ വർദ്ധനവ് 617.23 ദശലക്ഷം മീറ്ററും, 2020 ൽ 785.68 ദശലക്ഷം മീറ്ററും ആയിരുന്നു. 2020ലും 2021 ലും മഴക്കാലത്തിനു മുൻപും പിൻപുമുള്ള ജലസംഭരണികളുടെ സംഭരണ നിലയുടെ വിശദാംശങ്ങൾ **ചിത്രം 3.5.1**-ൽ രേഖപ്പെടുത്തിയിരിക്കുന്നു.

### വൻകിട-ഇടത്തരം ജലസേചന പദ്ധതികൾ

പതിനായിരം ഹെക്ടറിൽ കൂടുതൽ പ്രദേശത്തു ജലസേചനം ലഭ്യമാക്കുന്ന ജലസേചന പദ്ധതികളെ വൻകിട ജലസേചന പദ്ധതികൾ എന്നും, 2,000 ഹെക്ടർ മുതൽ 10,000 ഹെക്ടർ വരെ പ്രദേശത്ത് ജലസേചനം സാധ്യമാകുന്ന പദ്ധതികളെ ഇടത്തരം ജലസേചന പദ്ധതികൾ എന്നും തരം തിരിച്ചിരിക്കുന്നു. കേരളത്തിലെ നാല് വൻകിട ഇടത്തരം ജലസേചന പദ്ധതികളുടെ നിർവ്വഹണ വിശദാംശങ്ങൾ **പട്ടിക 3.5.1-ലും, അനുബന്ധം 3.5.2**-ലും രേഖപ്പെടുത്തിയിരിക്കുന്നു. കേരളത്തിൽ നിർമ്മാണം പുരോഗമിക്കുന്ന നാല് വൻകിട ജലസേചന പദ്ധതികളായ മൂവാറ്റുപുഴ, ഇടമലയാർ, കാരാപ്പുഴ, ബാണാസുരസാഗർ എന്നിവ 1970 കളിലും 1980 കളിലും ആരംഭിച്ചതാണ്. എന്നാൽ അവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ചെലവഴിക്കേണ്ട തുകയും പൂർത്തീകരിക്കേണ്ട സമയവും അധികരിച്ചിട്ടും ഇപ്പോഴും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല.


### പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിലെ നാല് വൻകിട-ഇടത്തരം ജലസേചന പദ്ധതികളുടെ നിർമ്മാണ പുരോഗതി

പതിമൂന്നാം പഞ്ചവൽസര പദ്ധതി കാലത്ത് നിർമ്മാണം പുരോഗമിച്ച നാല് വൻകിട ഇടത്തരം ജലസേചന പദ്ധതികളാണ് മൂവാറ്റുപുഴ, ഇടമലയാർ, കാരാപ്പുഴ, ബാണാസുരസാഗർ പദ്ധതികൾ മേൽപ്പറഞ്ഞ നാല് പദ്ധതികളിൽ മൂവാറ്റുപുഴ ജലസേചന പദ്ധതിയുടെ കമ്മീഷനിംഗ് പതിമൂന്നാം പഞ്ചവൽസര പദ്ധതികാലയളവിൽ നടക്കുകയുണ്ടായി. പതിമൂന്നാം പഞ്ചവൽസര പദ്ധതി കാലയളവിൽ ഈ പദ്ധതികൾ കൈവരിച്ച നിർവ്വഹണ പുരോഗതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

### മൂവാറ്റുപുഴ ജലസേചന പദ്ധതി (എം.വി.ഐ.പി)

ഇടുക്കി ജലവൈദ്യുത പദ്ധതിയുടെ മൂലമറ്റം പവർ ഹൗസിൽ നിന്നും പുറംതള്ളുന്ന ജലവും തൊടുപുഴയാറിന്റെ വൃഷ്ടി പ്രദേശങ്ങളിൽ നിന്നുള്ള ജലവും ഉപയോഗപ്പെടുത്തിയാണ് മൂവാറ്റുപുഴ വാലി ജലസേചന പദ്ധതി വിഭാവനം ചെയ്തത്. പ്രധാന കനാലിന്റെയും ശാഖാ കനാലുകളുടേയും വിതരണശൃംഖലകളുടേയും (ഇടയാർ, കാരിക്കോടിന്റെ ഏതാനും റീച്ചുകൾ ഒഴികെ) പ്രവൃത്തികൾ പൂർത്തീകരിച്ചുകൊണ്ട് മൂവാറ്റുപുഴ വാലി ജലസേചന പദ്ധതി 2020 ജൂലൈ 10 ന് കമ്മീഷൻ ചെയ്യുകയുണ്ടായി. 20.86 കോടി രൂപയുടെ പ്രാരംഭ എസ്റ്റിമേറ്റുമായി

**ചിത്രം 3.5.**1 ജലസേചന വകുപ്പിനു കീഴിലെ ജലസംഭരണികളിലെ സംഭരണ നില 2020-2021
(300 ലക്ഷം ക്യുബിക് മീറ്റർ)




അവലംബം: ടെക്നിക്കൽ കമ്മിറ്റി റിപ്പോർട്ട്, സംസ്ഥാന ആസൂത്രണ ബോർഡ്, 2018

ആരംഭിച്ച ഈ ജലസേചന പദ്ധതിയ്ക് ഒരു വലതുകര പ്രധാന കനാലും (ആർ.ബി.എം.സി–28.339 കിലോമീറ്റർ), ഒരു ഇടതുകര പ്രധാന കനാലും (എൽ.ബി.എം.സി– 37.1 കിലോമീറ്റർ) ഉണ്ട്. ആർ.ബി.എം.സി, എൽ.ബി.എം.സി ശാഖകളുടെ മൊത്ത നീളം 57.154 കിലോമീറ്ററും, വിതരണശൃംഖലകളുടെ മൊത്ത നീളം 213 കിലോമീറ്ററും ആണ്.

- എഴുതോണിപ്പാടത്തു റെയിൽവെ ക്രോസിംഗ് ഭാഗത്തുള്ള അക്വെഡിക്ടിന്റെ പ്രവൃത്തികൾ (ചെ.18,238 മീറ്ററിനും 18,261 മീറ്ററിനും ഇടയ്ക്കുള്ള പ്രദേശം) 2018–19 കാലയളവിൽ പൂർത്തീകരിച്ചതിലൂടെ 796 ഹെ. അയാക്കട്ട് കൈവരിച്ചു. ഇതിൽ 11 ഹെ. ഏറ്റുമാനൂർ ശാഖാ കനാലിൽ കൂടിയും, 785 ഹെ. കുറുമുള്ളൂർ വിതരണശൃംഖലയിൽ കൂടിയും ആണ്.
- മടക്കത്താനം ചെറിയ വിതരണശൃംഖല (ചെ.0–690 മീ & 1,522–3,765 മീ) (പൈങ്കുളം അക്വെഡക്ട് ഒഴികെ) പൂർത്തീകരിച്ചതോടെ 126 ഹെ. അയാക്കട്ട് കൈവരിച്ചു.
- 2020–21 ൽ കൂത്താട്ടുകുളം ലിഫ്റ്റ് ഇറിഗേഷൻ കമ്മീഷൻ ചെയ്തതോടു കൂടി, കൂത്താട്ടുകുളം വിതരണ ശൃംഖലയുടെ മുഴുവൻ അയാക്കട്ടായ, 1,080 ഹെ. കൈവരിക്കാൻ സാധിച്ചു.
- 1,620 മീ. നീളമുള്ള ആനിക്കാട് കിഴക്ക (നടുകര) ചെറിയ വിതരണ ശൃംഖല പൂർത്തീകരിച്ചതോടെ 196 ഹെ. പ്രദേശത്തു നേട്ടം കൈവരിക്കാനായി.
- കാരിക്കോട് വിതരണ ശൃംഖലയുടെ ഒന്നാമത്തെ റീച്ച് പൂർത്തീകരിച്ചതോടെ (0–1210 മീ.) 250 ഹെ. അയാക്കട്ട് കൈവരിച്ചു.
- പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്ന മൊത്തം വിസ്തൃതി 35,619 ഹെക്ടറും അറ്റവിസ്തൃതി 18,173 ഹെക്ടറും ആയിരുന്നു. ഇതിൽ 33,905 ഹെക്ടർ മൊത്ത വിസ്തൃതിയും, 17,342 ഹെക്ടർ അറ്റവിസ്തൃതിയും കൈവരിക്കാൻ കഴിഞ്ഞു. പദ്ധതിക്കായി ചെലവഴിച്ച മൊത്തം തുക 1,100.88 കോടി രൂപയാണ്.

ജലസേചനം ലഭ്യമാകുന്ന പ്രധാന വിളകൾ നെല്ല്(3,364 ഹെ.), നേന്ത്രവാഴ (2,126 ഹെ.), ധാന്യങ്ങൾ (930 ഹെ.), മരച്ചീനി (448 ഹെ.), ഇഞ്ചി (14 ഹെ.), കൈതച്ചക്ക (790 ഹെ.), നാളികേരം (6,354 ഹെ.), അടയ്ക്ക (597 ഹെ.), റബ്ബർ (3,868 ഹെ.), കുരുമുളക് (541 ഹെ.), പച്ചക്കറികൾ (1,765 ഹെ.), കാപ്പി (16 ഹെ.), ജാതിക്ക (1,001 ഹെ), മഞ്ഞൾ (35 ഹെ.), കൊക്കോ (40 ഹെ.), മറ്റു വൃക്ഷങ്ങൾ (380 ഹെ.), കിഴങ്ങുവർഗ്ഗങ്ങൾ (520 ഹെ.) എന്നിവയാണ്. കോട്ടയം ജില്ലയിലെ താഴ്ന്ന പാടശേഖരങ്ങളിൽ നിന്നും ഉപ്പുവെള്ളം നീക്കം ചെയ്യുന്നതിനും ഈ പദ്ധതി സഹായകരമാവുന്നു. കൂടാതെ, ഇടുക്കി, കോട്ടയം, എറണാകുളം ജില്ലകളിലെ കുടിവെള്ള ആവശ്യങ്ങൾ പരിഹരിക്കുന്നതിന് സഹായകമാവുന്നതിനു പുറമേ സമീപപ്രദേശങ്ങളിലെ കിണറുകളിൽ ജല നിരപ്പ് ഉയരുന്നതിനും പദ്ധതി സഹായിക്കുന്നു. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഫാക്ടറിയിലേക്ക് വ്യാവസായിക അടിസ്ഥാനത്തിൽ ഉള്ള ഈ പദ്ധതിയിൽ കൂടി ലഭിക്കുന്നു. 10.5 മെഗാ വാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനും ഈ പദ്ധതിയിൽ കൂടി സാധിക്കുന്നുണ്ട്.

### ഇടമലയാർ ജലസേചന പദ്ധതി (ഐ.ഐ.പി)

1981 ൽ 17.85 കോടി രൂപ മതിപ്പു ചിലവിൽ ആരംഭിച്ച ഇടമലയാർ ജലസേചന പദ്ധതിയിലൂടെ പെരിയാർ ചാലക്കുടി നദീതടങ്ങളിൽ ഉള്ള 14,394 ഹെ. പ്രദേശം ജലസേചിതമാക്കാൻ ലക്ഷ്യമിട്ടിരുന്നു. 32.278 കി.മീ. നീളമുള്ള പ്രധാന കനാലിന്റെ പണികൾ പൂർത്തീകരിച്ചു. ലോ ലെവൽ കനാലിന്റെ നീളം 15 കി.മീ. ആയി കുറച്ചിരുന്നു. ഇതിൽ രണ്ടു തടസ്സങ്ങൾ ഉണ്ടായിരുന്നു. എം.സി റോഡ് ക്രോസ്സിംഗും, റെയിൽവേ ക്രോസ്സിംഗും.

- ലോ ലെവൽ കനാലിന്റെ എം.സി റോഡ് ക്രോസിംഗ് ഭാഗത്തെ തടസ്സം പരിഹരിക്കുന്നതിനായി "പുഷ് ത്രൂ" സംവിധാനം നടപ്പിലാക്കി. ഇത് ജലവിഭവ വകുപ്പിന്റെ ചരിത്രത്തിലെ ആദ്യ സംഭവമാണ്. ഇതിലൂടെ

**പട്ടിക 3.5.1** കേരളത്തിലെ വൻകിട–ഇടത്തര ജലസേചന പദ്ധതികൾ

| ക്രമ നം. | പദ്ധതിയുടെ പേര് | ഉൾപ്പെടുന്ന ജില്ലകൾ | ആരംഭിച്ച വർഷം | ജലസേചനം ചെയ്യാൻ ലക്ഷ്യമിട്ടിട്ടുള്ള വിസ്തൃതി (ഹെക്ടറിൽ) |
|---|---|---|---|---|
| 1 | മൂവാറ്റുപുഴ വാലി ജലസേചന പദ്ധതി | എറണാകുളം, ഇടുക്കി | 1974 | 35619 |
| 2 | ഇടമലയാർ ജലസേചന പദ്ധതി | എറണാകുളം, ഇടുക്കി, തൃശ്ശൂർ | 1981 | 29036 |
| 3 | കാരപ്പുഴ ജലസേചന പദ്ധതി | വയനാട് | 1978 | 8721 |
| 4 | ബാണാസുരസാഗർ ജലസേചന പദ്ധതി | വയനാട് | 1979 | 3825 |

അവലംബം:- ടെക്നിക്കൽ കമ്മിറ്റി റിപ്പോർട്ട്, സംസ്ഥാന ആസൂത്രണ ബോർഡ്, 2018

നെടുമ്പാശ്ശേരി പഞ്ചായത്തിലെ കുടിവെള്ള ജലസേചന ആവശ്യങ്ങൾ മെച്ചപ്പെടുത്താൻ കഴിഞ്ഞു.

- ലോ ലെവൽ കനാലിന്റെ (എൽ.എൽ.സി) 99.5 ശതമാനം പ്രവൃത്തികളും പൂർത്തിയായി. ലോലെവൽ കനാലിന്റെ ചെ.10,599 മീ മുതൽ ചെ.12,000 മീ. വരെയുള്ള നിർമ്മാണം ഈ കാലയളവിൽ പൂർത്തിയായി. എം.സി റോഡ് ക്രോസ്സിംഗിന്റെയും, മുകളിൽ പ്രതിപാദിച്ചിരിക്കുന്ന ലോ ലെവൽ കനാലിന്റെയും ഭാഗങ്ങൾ പൂർത്തിയായതിനാൽ ചെ.12,540 മീ വരെ ജലവിതരണം സാധ്യമായി.
- കാഞ്ഞൂർ തെക്കുംഭാഗം ശാഖാ കനാലിന്റെ ഭൂമി ഏറ്റെടുക്കൽ പ്രക്രിയ പുരോഗമിക്കുകയാണ്. ഇതിൽ 1.33 കി.മീ പ്രദേശത്തെ പരിസ്ഥിതി ആഘാത പഠനം പൂർത്തിയായി.
- ഭൂമി ഏറ്റെടുക്കൽ കാലതാമസം കാരണം ലോ ലെവൽ കനാലിന്റെ ചെ.14,623 ലെ അവസാന ഭാഗത്തെ ഫ്ലഷ് നിർമ്മാണം ശേഷിക്കുന്നു.
- മണപാട്ടു ചിറയിൽ കൂടി 128 ഹെക്ടർ അയാക്കട്ടും ലിങ്ക് കനാലിന്റെ പൂർത്തിയായ ഭാഗത്തു നിന്ന് 396 ഹെക്ടർ അയാക്കട്ടും കൈവരിക്കാൻ കഴിഞ്ഞു.
- പെരിയാർ നദീതടത്തിൽ നിന്നും ചാലക്കുടി നദീതടത്തിലേക്ക് ലിങ്ക് കനാൽ വഴി ജലം എത്തിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചു.
- 2021 മാർച്ച് മാസം വരെയുള്ള പദ്ധതി ചെലവ് 507.99 കോടി രൂപയും മൊത്തം ഭൗതിക നേട്ടം 4195 ഹെക്ടറുമാണ്.

### കാരാപ്പുഴ ജലസേചന പദ്ധതി (കെ.ഐ.പി)

കാവേരി നദിയുടെ ഉപനദിയായ കബനിയിലെ ഒരു ഇടത്തരം ജലസേചന പദ്ധതിയായ കാരാപ്പുഴ ജലസേചന പദ്ധതിക്ക് 2.80 ടി.എം.സി കാവേരി ജലം അനുവദിച്ചു നൽകിയിട്ടുണ്ട്. 1978 ൽ ആസൂത്രണ കമ്മീഷൻ 7.60 കോടി രൂപയ്ക്ക് ഈ പദ്ധതിക്ക് അംഗീകാരം നൽകുകയും 2010 ൽ പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്യുകയും ചെയ്തു. 8,805 മീറ്റർ നീളമുള്ള വലതുകര പ്രധാന കനാലും (ആർ.ബി.എം.സി) 16,740 മീറ്റർ നീളമുള്ള ഇടതുകര പ്രധാന കനാലും (എൽ.ബി.എം.സി) ഈ പദ്ധതിയ്ക്കുണ്ട്.

2018–ലെ വെള്ളപ്പൊക്കം കാരണം, ഇടതുകര കനാലിൽ ചെ.4,800 മീറ്റർ ഭാഗം ഇടിഞ്ഞതിനാൽ, എൽബി.എം.സിയുടെ അയാക്കട്ട് 245.17 ഹെ. ൽ നിന്ന് 71.29 ഹെക്ടറായി കുറയുകയുണ്ടായി. ഇടിഞ്ഞ ഭാഗത്ത് നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന പുനരുദ്ധാരണ പ്രവൃത്തികൾ 2021 നവംബറിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. ഈ ജോലികൾ പൂർത്തിയാക്കുന്നതിലൂടെ, എൽ.ബി.എം.സി യുടെ അവസാനഭാഗം വരെ അതായത്, ചെ.16,740 മീ. വരെ പ്രവർത്തനക്ഷമമാക്കാൻ സാധിക്കും. അതുവഴി മൊത്തം 245.17 ഹെ. പ്രദേശത്തു ജലസേചനം ലഭ്യമാക്കാൻ സാധിക്കും.

2019 ലെ വെള്ളപ്പൊക്കത്തിൽ വലതുകര മെയിൻ കനാലിന്റെ അവസാനഭാഗത്ത് നിന്നും കരിയമ്പാടി ബ്രാഞ്ച് കനാലിന്റെ ച:1800 മീറ്ററിൽ ഒരു കനാൽ തകരാർ സംഭവിച്ചു. ഈ തകർന്ന കനാൽ ഏകദേശം 8 മീറ്ററോളം ഉയരമുള്ള കരയിലൂടെ കടന്നുപോകുന്നതിനാൽ ഘടനയുടെ രൂപരേഖ പരിഷ്കരിക്കേണ്ടതുണ്ട്. കൂടാതെ ഈ പ്രദേശത്ത് മണ്ണ് പര്യവേക്ഷണ പ്രവർത്തനങ്ങൾ ക്രമീകരിച്ചിട്ടുണ്ട്. പൊങ്ങിനിത്തൊടി, അരിമൂല, വള്ളിപ്പേട്ട, ചീക്കല്ലൂർ, മണിവയൽ വിതരണശൃംഖലയ്ക്കായി വലതുകര കനാൽ സംവിധാനത്തിൽ നിന്ന് ഏറ്റെടുക്കുന്ന സ്ഥലങ്ങൾ നിലവിൽ വകുപ്പിന്റെ കൈവശമുണ്ട്. ഈ റീച്ചുകളിലെ പ്രവൃത്തികൾ 2021–22 ൽ പൂർത്തിയാക്കുന്നതിന് ലക്ഷ്യമിടുന്നു. ഇതുവഴി 459 ഹെക്ടർ അധിക അയാകട്ടിന് ജലസേചനം നൽകാൻ കഴിയും.

### ബാണാസുരസാഗർ ജലസേചന പദ്ധതി (ബി.എസ്.പി)

കരമാൻതോട് നദീതടത്തിലെ ബാണാസുരസാഗർ ജലസേചന പദ്ധതിയിലൂടെ വയനാട് ജില്ലയിലെ രണ്ട് താലൂക്കുകളിലായി 2800 ഹെക്ടർ (അറ്റ) പ്രദേശത്ത് രണ്ടാം വിളയ്ക്കും മൂന്നാം വിളയ്ക്കും ജലസേചനം നൽകാൻ കഴിയും. 2.73 കി.മീ നീളമുള്ള ഒരു പ്രധാന കനാലും, പടിഞ്ഞാറത്തറ (9.030 കി.മീ), വെണ്ണിയോട് (5.390 കി.മീ) എന്നീ രണ്ട് ശാഖാ കനാലുകളുമാണ് ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്.

- പടിഞ്ഞാറത്തറയ്ക്കും വെണ്ണിയോട് ബ്രാഞ്ച് കനാലിനും ഇടയിൽ ഡൈവേർഷൻ ചേംബർ പൂർത്തിയായി.
- വെണ്ണിയോട് ശാഖാ കനാലിൽ, ചെ.20 മീ മുതൽ ചെ.570 മീ വരെയുള്ള പ്രദേശത്തു 15 ശതമാനവും ചെ.4325 മീ. മുതൽ ചെ.4,620 മീ വരെയുള്ള പ്രദേശത്തു 35 ശതമാനവും പ്രവൃത്തികൾ പൂർത്തീകരിച്ചു.
- കാപ്പുംകുന്ന് വിതരണശൃംഖലയുടെ ചെ.3,005 മീ മുതൽ ചെ.3,205 മീ വരെയുള്ള പ്രവൃത്തികൾ പൂർത്തിയാക്കാൻ സാധിച്ചു.
- വെണ്ണിയോട് ബ്രാഞ്ച് കനാൽ ചെ:570 മീറ്റർ മുതൽ 1715 മീറ്റർ വരെ പ്രവൃത്തി പുരോഗമിക്കുന്നു; 18% പൂർത്തിയായി.
- കാപ്പുംകുന്ന് വിതരണശൃംഖലയുടെ ചെ.1480 മീറ്റർ

മുതൽ 1565 മീറ്റർ വരെ പ്രവൃത്തി പുരോഗമിക്കുന്നു; 40% പൂർത്തിയായി.

- 2019–20 പ്രവർത്തന പദ്ധതിയിൽ വിതരണശൃംഖലയുടെ പുനരന്വേഷണം, ഡൈവേർഷൻ ചേമ്പറിന് സമീപമുള്ള ഇൻസ്പെക്ഷൻ റോഡിന്റെ നവീകരണം എന്നിവ പൂർത്തിയായി.
- ഡിസ്ട്രിബ്യൂട്ടറികളുടെ പരിശോധനാ പ്രവർത്തനങ്ങൾ 95% പൂർത്തിയായി.

### കുട്ടനാട്ടിലെ വെള്ളപ്പൊക്ക നിവാരണ പദ്ധതികൾ

പാടശേഖരത്തിന്റെ പുറം ബണ്ടുകൾ ശക്തിപ്പെടുത്തി ഉയരത്തിൽ നിർമ്മിക്കുക, അനുബന്ധ പ്രവൃത്തികൾ ആയ മോട്ടോർ തറ, ഷെഡ്, സ്ലൂയിസ്, പൈപ്പ്, ബോക്സ് കൾവർട്ട് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയെല്ലാം ആണ് കുട്ടനാട്ടിലെ പ്രധാന വെള്ളപ്പൊക്ക നിവാരണ പ്രവർത്തനങ്ങളിൽ പ്രധാനമായും ഉൾപ്പെടുന്നത്. കേന്ദ്ര സർക്കാർ അനുമതി നൽകിയ പദ്ധതികളായ കെൽ I, കെൽ II, കെൽ III, കെൽ IV എന്നിവയിലൂടെ പ്രളയനിയന്ത്രണ പ്രവർത്തനങ്ങളിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചു. ഈ പദ്ധതികളിൽ കൂടി യഥാക്രമം 574.83 ഹെ., 3262.91 ഹെ., 2818 ഹെ., 5,834 ഹെ. പ്രദേശങ്ങൾ സംരക്ഷിക്കാൻ സാധിച്ചു.

### പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ നേട്ടങ്ങൾ

1. വെള്ളപ്പൊക്ക നിവാരണ പദ്ധതി (എഫ്.എം.പി): വെള്ളപ്പൊക്ക നിവാരണ പദ്ധതി (എഫ്.എം.പി) കുട്ടനാട് മേഖലയിലെ വെള്ളപ്പൊക്ക ലഘൂകരണം–ഘട്ടം–1 (ഗ്രൂപ്പ് 2–5, 7–8, 10–19), കോട്ടയം, ആലപ്പുഴ ജില്ലകളിലെ 231 പാടശേഖരങ്ങളിലെ വെള്ളപ്പൊക്ക നിവാരണ പ്രവർത്തനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുന്നു. നിലവിലെ 46 പാടശേഖരങ്ങളുടെ പുറംബണ്ടുകളുടെ നിർമ്മാണം പൂർത്തിയാക്കിയാൽ ഈ പാടശേഖരങ്ങളിൽ രണ്ടാം നെൽകൃഷി നടത്താനും അതുവഴി കാർഷികോൽപ്പാദനം വർദ്ധിപ്പിക്കാനും സാധിക്കും. പദ്ധതിയുടെ പ്രധാന നേട്ടങ്ങൾ ചുവടെ പറയുന്നു.

- സംരക്ഷിത പ്രദേശം – 2818 ഹെക്ടർ
- പൂർത്തിയായ ബണ്ടുകളുടെ ആകെ നീളം – 128.64 കി.മീ
- നിർമ്മിച്ച മോട്ടോർ തറ ഷെഡിന്റെ ആകെ എണ്ണം – 61 എണ്ണം
- പൂർത്തിയാക്കിയ പൊതുമടകളുടെ ആകെ എണ്ണം – 68 എണ്ണം
- നിർമ്മിച്ച പെട്ടി/പൈപ്പ് കൾവർട്ടുകളുടെ ആകെ എണ്ണം – 36 എണ്ണം.

2. കേരളത്തിലെ 12 നീർത്തടങ്ങൾ ഉൾപ്പെടുന്ന ഓണാട്ടുകര മേഖലയിലെ വെള്ളപ്പൊക്ക ലഘൂകരണ പ്രവർത്തനങ്ങൾ

- ആകെ സംരക്ഷിത പ്രദേശം – 5834 ഹെക്ടർ
- പൂർത്തിയാക്കിയ ബണ്ടുകളുടെ ആകെ നീളം – 33.2 കി.മീ
- നിർമ്മിച്ച മോട്ടോർ തറ/ഷെഡിന്റെ ആകെ എണ്ണം – 1
- നിർമ്മിച്ച കലിങ്കുകളുടെ ആകെ എണ്ണം – 11
- നിർമ്മിച്ച നടപ്പാലത്തിന്റെ ആകെ എണ്ണം – 17 പൂർത്തീകരിച്ച വെന്റഡ് ക്രോസ് ബാറിന്റെ (VCB) ആകെ എണ്ണം – 3

3. കുട്ടനാട് താലൂക്കിലെ 397 പാടശേഖരങ്ങളിലും വീയപുരം പഞ്ചായത്തിലെ 14 പാടശേഖരങ്ങളിലും വെള്ളപ്പൊക്ക ലഘൂകരണ പ്രവർത്തനങ്ങൾ.

- ഈ പദ്ധതി പൂർത്തീകരിക്കുന്നതിലൂടെ മേൽപ്പറഞ്ഞ എല്ലാ പാടശേഖരങ്ങളിലും വർഷത്തിൽ രണ്ടു തവണ നെൽകൃഷി ചെയ്യാൻ സാധിക്കും.
- ആകെ സംരക്ഷിത പ്രദേശം – 3871.75 ഹെക്ടർ
- പൂർത്തിയാക്കിയ ബണ്ടുകളുടെ ആകെ നീളം – 177.64 കി.മീ
- നിർമ്മിച്ച മോട്ടോർത്തറ/ഷെഡിന്റെ ആകെ എണ്ണം – 166
- പൂർത്തിയാക്കിയ പൊതുമടകളുടെ ആകെ എണ്ണം – 29
- നിർമ്മിച്ച പെട്ടി/പൈപ്പ് കൾവർട്ടുകളുടെ ആകെ എണ്ണം – 24
- നീർച്ചാലുകളുടെ ആകെ എണ്ണം – 587

4. ഡി ബ്ലോക്കിലെ പുത്തനറായിരം പാടശേഖരത്തിലെ ബണ്ട് പുനർനിർമ്മാണം:– 211 ഹെക്ടർ വിസ്തൃതിയുള്ള കുട്ടനാട് താലൂക്കിലെ പുളിങ്കുന്ന് ഗ്രമപഞ്ചായത്തിലെ ഈ പാടശേഖരത്തിൽ 2015 ലും 2016 ലും വേലിയേറ്റം കാരണം പടിഞ്ഞാറൻ ബണ്ട് തകർന്നിരുന്നു. തകർന്ന ഭാഗത്ത് പ്രീകാസ്റ്റ് പൈലിന്റെയും സ്ലാബിന്റെയും ഏറ്റവും പുതിയ സാങ്കേതികവിദ്യ സ്വീകരിച്ചു. പ്രീകാസ്റ്റ് പൈലുകളുടെ മൂന്ന് പാളികൾ നിലത്തേക്ക് ഉറപ്പിക്കുകയും ടൈ ബീംസ് ഉപയോഗിച്ച് ബന്ധിപ്പിക്കുകയും ചെയ്തു. പ്രീകാസ്റ്റ് പൈലുകൾക്കിടയിൽ പ്രീകാസ്റ്റ് സ്ലാബുകൾ തീരുകയും തകർന്ന ഭാഗത്ത് കായൽ കളിമണ്ണ് നിറച്ച് ബണ്ട് ഉണ്ടാക്കുകയും ചെയ്തു. ഇത് ബലപ്പെടുത്തുന്നതിനായി മൂന്ന് നിര തെങ്ങിൻ കുറ്റികൾ ഉപയോഗിച്ച് 120 മീറ്റർ നീളത്തിൽ പുതിയ ബണ്ടും അധിക ബെർമും നിർമിച്ചു. തകർന്ന ഭാഗത്തിന്റെ അകത്തും പുറത്തും ബെർമും നിറയ്ക്കാൻ കായൽ കളിമണ്ണ് ഉപയോഗിച്ചു. 2020–21 സാമ്പത്തിക വർഷത്തിൽ 42 പുതിയ പ്രവൃത്തികൾ ഏറ്റെടുത്തു. അതിൽ 47.09 കി.മീ നീളത്തിൽ പുറംബണ്ട് നിർമ്മാണവും 50.84 കിലോമീറ്റർ നീളത്തിൽ തോടുകളിലെ മണ്ണ് മാറ്റുന്നതിനുള്ള നടപടികളും ഉൾപ്പെടുന്നു. 2020–21 ലെ 42 പ്രവൃത്തികളിൽ 23 എണ്ണം പൂർത്തിയായി.

5. തണ്ണീർമുക്കം ബണ്ടിന്റെ ആധുനികവൽക്കരണം: വേമ്പനാട് കായലിന്റെ ഇടുങ്ങിയ പ്രദേശമായ തണ്ണീർമുക്കത്ത് നിർമ്മിച്ച ഒരു ഉപ്പുവെള്ള തടയണ സംവിധാന മാണ് തണ്ണീർമുക്കം ബാരേജ്. 28 സ്റ്റെയിൻലെസ് സ്റ്റീൽ ഷട്ടറുകളും അനുബന്ധ ലിഫ്റ്റിംഗ് സംവിധാനങ്ങളും ഉപയോഗിച്ച് പാലത്തിന്റെ നിർമ്മാണം (മൂന്നാം ഘട്ടം–മധ്യഭാഗം) പൂർത്തിയാക്കി. 2018–ൽ ഗതാഗതത്തിനായി തുറന്നുകൊടുത്തു. റേഡിയൽ ഗേറ്റുകൾക്കും 46 അടി ലോക്കിന്റെ (14M) ഹൈഡ്രോളിക് സംവിധാനവും 1,2 ഘട്ടങ്ങളിലെ 62 എണ്ണം പഴയ ഷട്ടറുകൾ മാറ്റി സ്റ്റെയിൻലെസ് സ്റ്റീൽ ഷട്ടറുകൾ സ്ഥാപിക്കുന്നതും, ഈ ഷട്ടറുകൾ ഉയർത്തുന്നതിനുള്ള സംവിധാനവുമായി ബന്ധപ്പെട്ട ജോലികളും പൂർത്തിയായി. ഇതിനു പുറമേ 20 അടിയും 30 അടി വീതമുള്ള ലോക്കുകളുടെ നവീകരണം പൂർത്തിയായി. തണ്ണീർമുക്കം ബാരേജിന്റെ നവീകരണം പൂർത്തിയാകുന്നതോടെ പ്രളയജലം അഴിമുഖത്തേക്ക് എളുപ്പത്തിൽ ഒഴുകിപ്പോകുന്നതിന് കഴിയും.

6. തോട്ടപ്പള്ളി സ്പിൽവേയുടെ കാര്യക്ഷമത മെച്ചപ്പെടുത്തൽ:– കുട്ടനാടൻ പ്രദേശങ്ങളിൽ നിന്ന് വെള്ളപ്പൊക്കജലം കടലിലേക്ക് ഒഴുക്കിവിടുന്നതിനാണ് തോട്ടപ്പള്ളി സ്പിൽവേ നിർമ്മിച്ചത്. തോട്ടപ്പള്ളി സ്പിൽവേയുടെ യഥാർത്ഥ ഡിസൈൻ ശേഷി സെക്കൻഡിൽ 1800 ക്യൂബിക് മീറ്ററാണ്, എന്നാൽ അഴിമുഖത്തിന്റെ വീതി 380 മീറ്ററിൽ നിന്ന് 150 മീറ്ററായി കുറഞ്ഞതിനാൽ ഇത് സെക്കൻഡിൽ 600 ക്യൂബിക് മീറ്ററായി കുറഞ്ഞിട്ടുണ്ട്. മണൽത്തിട്ടകളും കാറ്റാടി മരങ്ങളും രൂപപ്പെട്ടതാണ് അഴിമുഖത്തിന്റെ വീതി കുറയാൻ കാരണം. അഴിമുഖത്തിന്റെ വീതി കുറഞ്ഞതും വെള്ളപ്പൊക്കജലം കടലിലേക്ക്ഒഴുക്കി വിടുന്നതിന്റെ അളവ് കുറഞ്ഞതും 2018 ലെ കുട്ടനാട്ടിലെ വെള്ളപ്പൊക്കത്തിന് നിർണായക ഘടകമായി മാറി. അതിനാൽ, അഴിമുഖത്ത് 380 മീറ്റർ വീതി പുനഃസ്ഥാപിക്കുന്നതിന്റെ ഭാഗമായി 2020–ന് മുമ്പ് 2.43 ലക്ഷം ക്യൂബിക് മീറ്റർ മണലും തടസ്സങ്ങളും പൂർണ്ണമായും നീക്കം ചെയ്തു.

### കേരള ജലവിഭവ വിവര സംവിധാനം (കേരളം–ഡബ്ല്യൂആർഐഎസ്)

കേരള– ഡബ്ല്യൂആർഐഎസ്, ഒരു വെബ് എനേബിൾഡ് പ്ലാറ്റ്ഫോമാണ്. ജലവുമായി ബന്ധപ്പെട്ട വിവരശേഖരണവും അനുബന്ധ മേഖലകളിലെ ഡാറ്റയും സംയോജിപ്പിച്ച ഒരു റീബിൽഡ് കേരള ഇനിഷ്യറ്റീവ് (ആർകെഐ)ഫണ്ട് ഉപയോഗിച്ചാണ് ഈ സംവിധാനം വികസിപ്പിച്ചിരിക്കുന്നത്. കാലാവസ്ഥ, ജലലഭ്യത, ജലത്തിന്റെ ആവശ്യകത, വാട്ടർ ബഡ്ജറ്റിംഗ് തുടങ്ങിയ പ്രത്യേക മൊഡ്യൂളുകളുള്ള ഒരൊറ്റ ആധികാരിക ഡിജിറ്റൽ പ്ലാറ്റ്ഫോമായി കേരള–ഡബ്ല്യൂആർഐഎസ് പ്രവർത്തിക്കുന്നു. ഈ മൊഡ്യൂളുകളുടെ എല്ലാ സോഫ്റ്റ്‌വയർ വികസനവും പൂർത്തിയായി കഴിഞ്ഞു.

### വെള്ളപ്പൊക്ക പ്രവചനവും മുൻകൂർ മുന്നറിയിപ്പ് സംവിധാനവും (എഫ്.എഫ്.ഇ.ഡബ്ല്യൂ.എസ്)

പെരിയാർ നദീതടത്തിലെ വെള്ളപ്പൊക്ക പ്രവചനവും മുൻകൂർ മുന്നറിയിപ്പ് സംവിധാനവും സംയോജിപ്പിച്ച് റിസർവോയറുകളുടെ ഏകോപിത പ്രവർത്തനത്തിനുള്ള സംവിധാനത്തിന്റെ വികസനം ദേശീയ ജലശാസ്ത്ര പദ്ധതിക്ക് (എൻഎച്ച്പി) കീഴിൽ പുരോഗമിക്കുന്നു. ഇതിൽ ആദ്യ റിപ്പോർട്ട്– പ്രരംഭ റിപ്പോർട്ടിന്റെ സമർപ്പണം പൂർത്തിയായി, രണ്ടാമത്തെ റിപ്പോർട്ടിന്റെ–ഒപ്റ്റിമൈസ് RTDAS നെറ്റ്‌വർക്കിനെക്കുറിച്ചുള്ള റിപ്പോർട്ട് സമർപ്പിക്കുകയും മൂല്യനിർണ്ണയം പുരോഗമിക്കുകയും ചെയ്യുന്നു.

### റിയൽ ടൈം ഡാറ്റാ അക്വിസിഷൻ സിസ്റ്റം (RTDAS)

എൻഎച്ച്പിയുടെ കീഴിൽ പുരോഗമിക്കുന്ന ആർടിഡിഎഎസ് എന്ന പദ്ധതിപ്രകാരം തൽസമയ സ്റ്റേഷനുകളിൽ സ്ഥാപിക്കുന്ന 99 റ്റിപ്പിംഗ് ബക്കറ്റ് റെയിൽ ഗേജസ് (ടിബിആർജി), 56 റഡാർ ലെവൽ സെൻസറുകൾ (ആർഎൽഎസ്), 13 ആട്ടോമാറ്റിക് കാലാവസ്ഥാ സ്റ്റേഷനുകൾ എന്നിവയുടെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഈ പദ്ധതികളുടെ കരാർ മൂല്യം 12.50 കോടി രൂപയാണ്. ഇതിൽ 91 റ്റിപ്പിംഗ് ബക്കറ്റ് റെയിൽ ഗേജുകളുടെയും 43 റഡാർലെവൽ സെൻസറുകളുടെയും 12 ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകളുടെയും പ്രവർത്തനങ്ങൾ പൂർത്തിയായി.

### ജലസേചന നില

സാമ്പത്തിക സ്ഥിതിവിവര വകുപ്പിന്റെ കണക്കുകൾ പ്രകാരം കേരളത്തിലെ അറ്റ ജലസേചന മേഖല 3.897 ലക്ഷം ഹെക്ടറും മൊത്തം ജലസേചനമേഖല 5.215 ലക്ഷം ഹെക്ടറും ആണ്. 2020–21 ലെ മൊത്തം ജലസേചന പ്രദേശത്തിന്റെ വിശദാംശങ്ങൾ (ഉറവിടം തിരിച്ച്, ജില്ല തിരിച്ച്) അനുബന്ധം 3.5.3–ലും, 3.5.4–ലും രേഖപ്പെടുത്തിയിരിക്കുന്നു. 2018–19 മുതൽ 2020–21 വരെയുള്ള കാലയളവിൽ 4.043 ലക്ഷം ഹെക്ടറിൽ നിന്ന് (2018–19) 3.897 ലക്ഷം ഹെക്ടറായി (2020–21) അറ്റ ജലസേചന മേഖല കുറഞ്ഞു. പക്ഷേ, മൊത്തത്തിലുള്ള ജലസേചന പ്രദേശം 5.153 ലക്ഷം ഹെക്ടറിൽ നിന്ന് (2018–19) 5.214 ലക്ഷം ഹെക്ടറായി (2020–21) വർദ്ധിച്ചിട്ടുണ്ട്. മൊത്തത്തിലുള്ള ജലസേചന പ്രദേശം വിസ്തൃതിയുടെയും പ്രയോജനം ലഭിച്ച വിളകളുടെയും വിശദാംശങ്ങൾ **അനുബന്ധം 3.5.5–ലും, 3.5.6**–ലും കാണിച്ചിരിക്കുന്നു.

2020–21 കാലയളവിൽ നെല്ലും, തെങ്ങും ജലസേചന സൗകര്യം ലഭിച്ച പ്രധാന വിളകളായി തുടരുന്നു, ഈ രണ്ട് വിളകളുടേയും ജലസേചന വിസ്തൃതി മുൻ വർഷത്തേക്കാൾ വർദ്ധിച്ചു. നെൽക്കൃഷിയുടെ മൊത്ത ജലസേചന പ്രദേശം 1.50 ലക്ഷം ഹെക്ടറിൽ നിന്ന് (2019–20) 1.59 ലക്ഷം ഹെക്ടറായി (2020–21) വർദ്ധിച്ചു. തെങ്ങിന്റെ മൊത്ത ജലസേചന വിസ്തൃതി 1.585 ലക്ഷം ഹെക്ടറിൽ നിന്ന് (2019–20) 1.588 ലക്ഷം ഹെക്ടറായി വർദ്ധിച്ച് (2020–21) നേരിയ പുരോഗതി രേഖപ്പെടുത്തി. 2020–21 ൽ കാലയളവിൽ, വാഴക്കൃഷിയുടെ വിസ്തൃതിയും ജലസേചന ലഭ്യതയും വർദ്ധിച്ചുവരുന്ന പ്രവണത കാണിച്ചിട്ടുണ്ട്. വാഴകൃഷിയുടെ ജലസേചന വിസ്തൃതി 0.448 ലക്ഷം ഹെക്ടറിൽ നിന്ന് (18–19) 0.524 ലക്ഷം ഹെക്ടറായി (2020–21) വർദ്ധിച്ചു. പച്ചക്കറികളുടെ ജലസേചന ലഭ്യത 0.312 ലക്ഷം ഹെക്ടറിൽ നിന്ന് (2019–20) 0.288 ലക്ഷം ഹെക്ടറായി നാമമാത്രമായ ഇടിവ് രേഖപ്പെടുത്തി. 2020–21 ൽ മൊത്തത്തിലുള്ള വിള വിസ്തൃതിയിൽ മൊത്തം ജലസേചിത പ്രദേശം 2019–20 ൽ 20% ആയിരുന്നത് 2020–21 ൽ 20.3% ആയി വർദ്ധിച്ചു. ജില്ല തിരിച്ചുള്ള ജലസേചന സ്ഥിതിവിവര പ്രകാരം മൊത്തത്തിലുള്ള ജലസേചന മേഖലയിൽ പാലക്കാട് ജില്ല ഒന്നാം സ്ഥാനത്തും തൃശ്ശൂരും കാസർഗോഡും തൊട്ടുപിന്നാലെയുമാണ്.

### പഴശ്ശി പദ്ധതി പുനരുദ്ധാരണം

കണ്ണൂർ ജില്ലയെ കാർഷിക സമൃദ്ധിയിലേക്ക് നയിക്കുന്നതിനായി നാല് പതിറ്റാണ്ട് മുമ്പ് ആരംഭിച്ച പഴശ്ശി ജലസേചന പദ്ധതിയിൽ നിന്ന് വീണ്ടും വെള്ളം ലഭ്യമാക്കാനുള്ള ശ്രമം 2021–22 ൽ ലക്ഷ്യത്തിലെത്തുകയാണ്. 13 വർഷങ്ങൾക്കുശേഷമാണ് പഴശ്ശി ജലസേചന പദ്ധതിയിലെ പ്രധാന കനാൽ വഴി വെള്ളം തുറന്നു വിടുന്നത്. 2012, 2018, 2019 വർഷങ്ങളിലെ വെള്ളപ്പൊക്കവും പ്രകൃതി ദുരന്തങ്ങളും സമയബന്ധിത പരിപാലനത്തിന്റെ കുറവ്മൂലവും 2008 മുതൽ പഴശ്ശി ജലസേചന പദ്ധതി വഴിയുള്ള ജലവിതരണം നിലച്ച് കനാൽ ശൃംഖല താറുമാറായി കിടക്കുകയായിരുന്നു. 2012 ൽ ഉണ്ടായ അതിഭീകരമായ വെള്ളപ്പൊക്കത്തിൽ ബാരേജിന്റെ ഘടനയ്ക്ക് കാര്യമായ കേടുപാടുകളും മെയിൻ കനാലിലെ രണ്ട് സ്ഥലങ്ങളിൽ (0/300കി.മീ., 1/300 കി.മീ) ഭീമമായ വിള്ളലുകളും സംഭവിച്ചിരുന്നു. 2019 ൽ ഉണ്ടായ വൻ വെള്ളപ്പൊക്കത്തിൽ മെയിൻ കനാലിലെ ചെ:12/325 കി.മീ. അണ്ടർ ടണൽ,

110 മീറ്ററോളം നീളത്തിൽ കനാൽ ഭിത്തി എന്നിവ തകരുകയും മെയിൻ കനാലിന്റെ 11.52 കിലോമീറ്റർ കര ഭാഗത്ത് തകർച്ച സംഭവിക്കുകയും ചെയ്തിരുന്നു. പഴശ്ശി ജലസേചന പദ്ധതിയുടെ പുനരുദ്ധാരണത്തിനായി സംസ്ഥാന ബഡ്ജറ്റിൽ 2018–19 മുതൽ പ്രത്യേകം തുക വകയിരുത്തുകയും പുനരുദ്ധാരണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിരുന്നു.

ഡാം മുതലുള്ള കനാലിലെ ആദ്യ അഞ്ചര കിലോമീറ്ററിലെ നവീകരണ പ്രവർത്തനങ്ങൾ 95 ശതമാനത്തോളം പൂർത്തിയായി. ഡാമിൽ നിന്ന് 300 മീറ്റർ അകലെയും 1.3 കിലോമീറ്ററിലുമുണ്ടായ തകർച്ച പരിഹരിച്ചു. അരികു കെട്ടി ബലപ്പെടുത്തിയും കോൺക്രീറ്റ് ചെയ്തുമാണ് കനാൽ നവീകരിച്ചത്. മെയിൻ കനാലിന്റെ രണ്ടു കിലോമീറ്റർ മുതൽ 3.4 കിലോമീറ്റർ വരെയുള്ള 1.4 കിലോമീറ്റർ നീളമുള്ള തുരങ്കവും മണ്ണ് നീക്കി വെള്ളമൊഴുക്കാൻ സജ്ജമാക്കി. പദ്ധതിയിൽ അഞ്ച് കിലോമീറ്റർ മെയിൻ കനാൽ വഴി വെള്ളം ഒഴുക്കി വിടുന്നതിനുള്ള നടപടിയാണ് പൂർത്തിയാകുന്നത്. റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തിയ അറ്റകുറ്റപ്പണികൾ 70 ശതമാനം പൂർത്തിയായി. 2023 ഡിസംബറോടെ മാഹി ബ്രാഞ്ച് കനാൽ വഴി ജലസേചനം സാധ്യമാക്കുകയാണ് ഇപ്പോൾ ലക്ഷ്യമിട്ടിരിക്കുന്നത്. മറ്റു ബ്രാഞ്ചുകളിൽ തുടർന്നുള്ള വർഷങ്ങളിലും വെള്ളമെത്തിക്കും. ജില്ലയിലെ ഏറ്റവും വലിയ ജലസേചന പദ്ധതിയും 12 ശുദ്ധജല വിതരണ പദ്ധതികളുടെ ജലസ്രോതസ്സുമാണ് പഴശ്ശി. പദ്ധതി പുനരുദ്ധാരണം വിജയകരമായി പൂർത്തീകരിച്ചാൽ കണ്ണൂർ ജില്ലയിലെ ഇരിട്ടി, തലശ്ശേരി, കണ്ണൂർ, തളിപ്പറമ്പ് എന്നീ താലൂക്കുകളിൽ 11,525 ഹെക്ടർ പ്രദേശത്തെ കൃഷിഭൂമി ജലസേചന യോഗ്യമാക്കി തീർക്കുവാൻ സാധിക്കുന്നതാണ്. രണ്ട് വർഷംകൊണ്ട് മാഹി വരെ വരുന്ന 46 കിലോമീറ്റർ മെയിൻ കനാൽ വഴി വെള്ളം എത്തിക്കാനുള്ള പദ്ധതിക്കാണ് രൂപരേഖ തയ്യാറാക്കിയിരിക്കുന്നത്.

### ചെറുകിട ജലസേചനം

ജലസേചന പ്രവൃത്തികളെ സാധാരണയായി മേജർ, മീഡിയം, മൈനർ എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നത് പ്രധാനമായും അവയുടെ പ്രയോജനപ്പെടുന്ന സ്ഥലത്തിന്റെ വ്യാപ്തിയും പ്രോജക്ട് തുകയും അടിസ്ഥാനമാക്കിയാണ്. 2,000 ഹെക്ടർ വരെ കൃഷിയോഗ്യമായ കമാൻഡ് ഏരിയയുള്ള പദ്ധതികളെ ചെറുകിട ജലസേചന പദ്ധതികളായി കണക്കാക്കുന്നു. ഇവയിൽ, 50 ഹെക്ടറിൽ താഴെ അയകട്ട് വിസ്തൃതിയുള്ള പദ്ധതികളെ മൈനർ ഇറിഗേഷൻ ക്ലാസ് II എന്നും 50 ഹെക്ടറോ അതിൽ കൂടുതലോ അയകട്ട് ഏരിയയുള്ളവ മൈനർ ഇറിഗേഷൻ ക്ലാസ് I സ്കീമുകളായും തരംതിരിച്ചിട്ടുണ്ട്. കൃഷിയിടത്തിന്റെ ശരാശരി വലുപ്പം ചെറുതായതും തൊഴിലാളികളുടെ അനുപാതം കുറവായതും കാരണം കേരളത്തിൽ ചെറുകിട ജലസേചന പദ്ധതികൾ സുപ്രധാന പങ്ക് വഹിക്കുന്നുണ്ട്.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ പ്രധാന ഊന്നലുകളിൽ ഒന്ന് മൈനർ ഇറിഗേഷൻ പ്രവർത്തനങ്ങൾ വഴി പ്രയോജനപ്പെടുത്തുന്ന അയകട്ട് വികസിപ്പിക്കുന്നതിന് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുക എന്നതായിരുന്നു. വിള ഉൽപ്പാദനക്ഷമത ത്വരിതപ്പെടുത്തുന്നതിനും ജലസേചന കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി, ഈ കാലയളവിൽ മൈക്രോ ഇറിഗേഷൻ സാങ്കേതിക വിദ്യകൾ നടപ്പിലാക്കി. സംസ്ഥാനത്തുടനീളം കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ ജലവിഭവ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. ഇതൊക്കെയാണെങ്കിലും മൈക്രോ ഇറിഗേഷൻ പ്രവർത്തനങ്ങൾ വഴി പ്രയോജനം ലഭിച്ച അയകട്ട് വിസ്തൃതിയിൽ പതിമൂന്നാം സാമ്പത്തിക വർഷത്തിന്റെ ആദ്യ നാല് വർഷങ്ങളിൽ ഒരു ചാഞ്ചാട്ട പ്രവണത കാണിക്കുന്നു. കണക്കുകൾ പ്രകാരം 8,006.64 ഹെക്ടറിൽ നിന്ന് (2017–18) അയകട്ട് പ്രദേശം 3,388.05 ഹെക്ടറായി (2018–19) ഗണ്യമായി കുറഞ്ഞു. തുടർന്നുള്ള വർഷം 4474.86 ഹെക്ടറും (2019–20) 3,164.81 ഹെക്ടറും (2020–21) വർദ്ധനവ് രേഖപ്പെടുത്തി. നടപ്പുവർഷം (2021–22), ആഗസ്റ്റ് മാസം വരെ 1,499.69 ഹെക്ടർ വിസ്തൃതി കൈവരിക്കാൻ കഴിഞ്ഞു. 2017–18 മുതൽ 2020–21 വരെയുള്ള ചെറുകിട ജലസേചന പദ്ധതികളുടെ ഭൗതിക നേട്ടങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധം 3.5.7**–ൽ നൽകിയിരിക്കുന്നു.

1995–96 മുതൽ ഒന്നാം ഘട്ടം മുതൽ XXV വരെ ഗ്രാമീണ അടിസ്ഥാന വികസന ഫണ്ടിന്റെ (RIDF) കീഴിൽ നബാർഡ് വായ്പാ സഹായം നൽകുന്നു. RIDF I മുതൽ XVIII വരെ പ്രവർത്തനങ്ങൾ പൂർത്തിയായി. RIDF XIX മുതൽ XXVI വരെയുള്ള പ്രവർത്തങ്ങൾ പുരോഗമിക്കുകയാണ്. ഈ കാലയളവിൽ വിവിധ ഘട്ടങ്ങളിലായി 1,349 പദ്ധതികൾ പൂർത്തീകരിച്ചു. വിശദാംശങ്ങൾ **അനുബന്ധം 3.5.8**–ൽ നൽകിയിരിക്കുന്നു.

### റിസർവോയറുകളിലും മറ്റ് ജലസംഭരണികളിലും അടിഞ്ഞുകൂടിയ അവശിഷ്ടങ്ങൾ നീക്കം ചെയ്യൽ

ജലസേചന വകുപ്പിന് കീഴിൽ 1,556.08 എംസിഎം സംഭരണശേഷിയുള്ള 16 പ്രധാന റിസർവോയറുകളാണ് കേരളത്തിലുള്ളത്. തിരഞ്ഞെടുത്ത റിസർവേയറുകളിലെ ബാത്തിമെട്രിക് പഠനങ്ങൾ പ്രകാരം അമിതമായ മാലിന്യങ്ങളും എക്കലും സംഭരണികളിൽ അടിയുന്നതായി കാണുന്നു. ഇത് ജലസംഭരണികളുടെ പ്രവർത്തനക്ഷമത കുറയ്ക്കുകയും വെള്ളപ്പൊക്ക സാധ്യത ത്വരിതപ്പെടുത്തുകയും ചെയ്യുന്നു. അണക്കെട്ടിന്റെ സുരക്ഷ, സാമ്പത്തിക അഭിവൃദ്ധി, ഉത്തരവാദിത്തം, പാരിസ്ഥിതിക സമഗ്രത എന്നിവ ഉറപ്പുനൽകുന്ന ഒരു പ്രക്രിയ സ്വീകരിച്ച് ജലസേചന വകുപ്പിന്റെ കീഴിലുള്ള ജലസംഭരണികളുടെ മണ്ണ് നീക്കം ചെയ്യേണ്ടതിന്റെ ആവശ്യകത ഇത് സൂചിപ്പിക്കുന്നു.

പരീക്ഷണ അടിസ്ഥാനത്തിൽ മംഗലം, ചുള്ളിയാർ റിസർവോയറുകളുമായി ബന്ധപ്പെട്ട് ടേൺകീ, വർക്ക് കോൺട്രാക്ട് രീതികൾ എന്നിവയിലൂടെ ജലസംഭരണികളുടെ മണ്ണ് നീക്കം ചെയ്യുന്നതിനുള്ള സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് നടപടിക്രമങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു. മംഗലം അണക്കെട്ടിലെ മണ്ണ് നീക്കം ചെയ്യുന്ന ജോലികൾ പുരോഗമിക്കുകയാണ്. 2.95 ക്യുബിക് നീക്കം ചെയ്യേണ്ട ആകെ കണക്കാക്കിയ അളവിൽ, 2021 ആഗസ്റ്റിലെ കണക്കനുസരിച്ച് 0.134 ക്യുബിക് നീക്കം ചെയ്തു (4.53% പൂർത്തിയായി). ചെങ്ങനാംകുന്ന് റഗുലേറ്റർ, മഞ്ഞുമ്മൽ റഗുലേറ്റർ, പുറപ്പള്ളിക്കാവ് റഗുലേറ്റർ, വെള്ളിയാംകല്ല് റഗുലേറ്റർ കം ബ്രിഡ്ജ്, പൂക്കോട്ടുമന റഗുലേറ്റർ കം ബ്രിഡ്ജ്, ചെറുതുരുത്തി ചെക്ക്ഡാം എന്നീ 6 ജലസേചന സംഭരണികളിലെ എക്കൽ നീക്കം ചെയ്യുന്നതിനും അനുമതി ലഭിച്ചു. ഇതിൽ മഞ്ഞുമ്മൽ റെഗുലേറ്ററുകളിലെ പ്രവർത്തികൾ പൂർത്തിയായി.

## സൂക്ഷമജലസേചന പദ്ധതികൾ

ജലവിഭവ വിനിയോഗ കാര്യക്ഷമതയും കൃഷിയുടെ സുസ്ഥിരതയും മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 2020–21 സാമ്പത്തിക വർഷം മുതൽ ജലസേചന വകുപ്പ് സൂക്ഷ്മ ജലസേചന പദ്ധതികൾ നടപ്പിലാക്കിത്തുടങ്ങി. ന്യൂഡൽഹിയിലെ നാഷണൽ സെന്റർ ഫോർ അഗ്രികൾച്ചർ ഇക്കണോമിക്സ് ആൻഡ് പോളിസി റിസർച്ച് (എൻസിഎപി) നടത്തിയ പഠനങ്ങൾ പ്രകാരം കേരളത്തിൽ സൂക്ഷ്മ ജലസേചനത്തിന് സാധ്യതയുള്ള പ്രദേശം 2.70 ലക്ഷം ഹെക്ടറാണ്. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ 60,000 ഹെക്ടറിൽ ചെറുകിട ജലസേചന പദ്ധതികൾ നടപ്പാക്കാനാണ് സംസ്ഥാനം ലക്ഷ്യമിടുന്നത്. കൃഷിവകുപ്പ്, ഭൂഗർഭജല വകുപ്പ്, കെഎസ്ആർഇസി തുടങ്ങിയ വകുപ്പുകളുടെ സഹായത്തോടെയാണ് വിവിധ സൂക്ഷമ ജലസേചന പദ്ധതികൾ സംയുക്തമായി തിരഞ്ഞെടുക്കുന്നത്. കൂടാതെ വിവിധ ഏജൻസികളുമായി സഹകരിച്ച് സംസ്ഥാന മൈക്രോ ഇറിഗേഷൻ നയം രൂപീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

## ഹരിതകേരളത്തിന് കീഴിൽ ജലസംരക്ഷണം

ജലസംരക്ഷണ മേഖലയിലെ എല്ലാ ഏജൻസികളെയും സംയോജിപ്പിക്കാനും പ്രകൃതിവിഭവ പരിപാലനത്തിനായി ഒരു സംയോജിത നീർത്തട സമീപനത്തിലധിഷ്ഠിതമായി വിവിധ പദ്ധതികൾ നടപ്പിലാക്കാനും ഹരിതകേരളം മിഷൻ ഉദ്ദേശിക്കുന്നു. നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണത്തിലൂടെയും, ശുചീകരണത്തിലൂടെയും ഇത് കൈവരിക്കാനാകും, അതുവഴി ശുദ്ധവും സുരക്ഷിതവുമായ കുടിവെള്ളം ഉറപ്പാക്കുന്നു. ഈ പ്രവർത്തനങ്ങൾ രണ്ട് ഘട്ടങ്ങളിലായാണ് ഹരിതകേരളം പദ്ധതിയിലൂടെ നടപ്പാക്കുന്നത്. ആദ്യഘട്ടത്തിൽ കുളങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ ഉൾപ്പെടുന്നു. രണ്ടാം ഘട്ടത്തിൽ നദികൾ, കായലുകൾ, വലിയ കുളങ്ങളെ ജലസേചന കനാലുകളുമായി ബന്ധിപ്പിക്കൽ, ജലസേചന കനാലുകളിലെ അനാവശ്യ നീരൊഴുക്ക് തടയൽ തുടങ്ങി വിവിധ ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കാനും നവീകരിക്കാനും ഉദ്ദേശിക്കുന്നു. ഹരിതകേരളത്തിന് കീഴിലുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ **പട്ടിക 3.5.2–ൽ** ചേർത്തിരിക്കുന്നു.

## ഭൂഗർഭ ജല വികസനം

ഭൂഗർഭ ജലസ്രോതസ്സുകളുടെ സുസ്ഥിര വികസനം ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന പദ്ധതിയാണ് ഭൂഗർഭജല സംരക്ഷണവും റീചാർജ്ജും. സംസ്ഥാനത്തെ വരൾച്ചാ സാഹചര്യത്തെ മറികടക്കാനുള്ള ദീർഘകാല നടപടിയെന്ന നിലയിലാണ് ഈ ജലസംഭരണ പദ്ധതികൾ നടപ്പാക്കുന്നത്. കിണർ റീചാർജ് പിറ്റുകൾ, കുഴൽക്കിണറുകൾ, ഉപരിതല ഡൈക്കുകൾ,ചെറിയചെക്ക്ഡാമുകൾഎന്നിവയിലൂടെയുള്ള ഭൂഗർഭ റീചാർജ്ജും മേൽക്കൂരയുടെ മുകളിൽ മഴവെള്ള സംഭരണം പദ്ധതിയും ഘടകത്തിൽ ഉൾപ്പെടുന്നു. പൊതു കെട്ടിടങ്ങളിലും സർക്കാർ സ്കൂളുകളിലും മേൽക്കൂരയിലൂടെയുള്ള മഴവെള്ള സംഭരണത്തിലൂടെ ഭൂഗർഭജലം റീചാർജ്ജ് ചെയ്യുന്നു. ഭൂഗർഭജല വികസന പദ്ധതികൾക്ക് കീഴിലുള്ള ഭൗതിക നേട്ടങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധം 3.5.9**–ൽ നൽകിയിരിക്കുന്നു. നമ്മുടെ സംസ്ഥാനത്തെ മൊത്തം വാർഷിക ഭൂഗർഭജല റീചാർജ്ജ്, മൊത്തം വാർഷിക ഭൂഗർഭജല ലഭ്യത, ഭൂഗർഭജല വികസനത്തിന്റെ ഘട്ടങ്ങൾ എന്നിവയെക്കുറിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 3.5.10**–ൽ നൽകിയിരിക്കുന്നു.

## നദീതട സംഘടനയുടെ രൂപീകരണം

പതിമൂന്നാം പഞ്ചവത്സര പദ്ധതിയെ അടിസ്ഥാനമാക്കി രൂപീകരിച്ച ജലസേചനത്തിനും ജല പരിപാലനത്തിനുമുള്ള വർക്കിംഗ് ഗ്രൂപ്പ് റിപ്പോർട്ടിൽ നദീതട പരിപാലന പദ്ധതികൾ ആവിഷ്കരിയ്ക്കേണ്ടതിന്റെ ആവശ്യകത എടുത്തുകാട്ടുന്നു. സംസ്ഥാനത്തുടനീളമുള്ള നദികളുടെ നദീതടം തിരിച്ചുള്ള വികസനമാണ് ഇതിലൂടെ വിഭാവനം ചെയ്യുന്നത്. നദികളുടെ അതിർത്തി നിർണയിക്കൽ, ആവശ്യങ്ങൾക്കനുസൃതമായി നദികളുടെ രേഖാംശ, ക്രോസ് സെക്ഷൻ എടുക്കൽ, നദി സംരക്ഷണ പ്രവർത്തനങ്ങൾ, ജലം വഹിക്കാനുള്ള ശേഷി വിലയിരുത്തൽ, നദികളിലെ മലിനീകരണം കുറയ്ക്കൽ എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഇതിൽ ഉൾപ്പെടുന്നു. 2020–21 കാലയളവിൽ കാസർഗോഡ് ജില്ലയിലെ ചന്ദ്രഗിരി നദിയിൽ സ്മാർട്ട് സ്റ്റേഷൻ ഉപയോഗിച്ചുള്ള സർവേ, നിലവിലുള്ള സർവേ ഉപകരണമായ ലെയ്ക ജിഎസ് 14, ലെയ്ക ജിഎസ് 18 ടി ആയി ഉയർത്തൽ, കോഴിക്കോട് ജില്ലയിലെ പൂനൂർ പുഴ വെള്ളപ്പൊക്ക ലഘൂകരണ പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള വിവരശേഖരണം എന്നിങ്ങനെ മൂന്ന് പ്രവൃത്തികൾ പൂർത്തീകരിച്ചു.

പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് ജലസേചന മേഖലയിൽ പ്രധാനമായും വിഭാവനം ചെയ്തിരുന്നത്. (1) വൻകിട, ഇടത്തരം ജലസേചനത്തിൽ നിന്ന് ചെറുകിട ജലസേചന പദ്ധതികളിലേക്ക് ശ്രദ്ധ കേന്ദ്രീകരിക്കുക (2) കനാലുകളുടെ നവീകരണത്തിലും ജലദൗർലഭ്യം രൂക്ഷമായ പ്രദേശങ്ങളിലെ ജലസേചന വിപുലീകരണത്തിലും പ്രത്യേക ശ്രദ്ധ (3) വരൾച്ച തടയുന്നതിനുള്ള ഹ്രസ്വകാല, ഇടക്കാല, ദീർഘകാല നടപടികൾ (4) സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുന്ന ജലസേചന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുക എന്നിവയാണ് പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ആദ്യ നാല് വർഷങ്ങളിലെ ഈ മേഖലയുടെ പദ്ധതി അടങ്കൽ, ചെലവ് വിശദാംശങ്ങൾ **അനുബന്ധം 3.5.11**–ൽ നൽകിയിരിക്കുന്നു.

**പട്ടിക 3.5.2** ഹരിതകേരളത്തിനു കീഴിലുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ

ഹരിതകേരളത്തിനു കീഴിൽ തയ്യാറാക്കിയ മാസ്റ്റർപ്ലാൻ/നീർത്തടവികസന പദ്ധതികളുടെ വിവരങ്ങൾ

| തദ്ദേശ ഭരണ സ്ഥാപനം | തയ്യാറാക്കേണ്ട പ്ലാനുകളുടെ ആകെ എണ്ണം | പൂർത്തിയാക്കിയത് | തദ്ദേശഭരണ സ്ഥാപനങ്ങൾ അംഗീകരിച്ചത് | പൂർത്തിയാകാനുള്ളത് |
|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 941 | 914 | 914 | 27 |
| ബ്ലോക്ക് പഞ്ചായത്ത് | 152 | 124 | 105 | 18 |
| മുനിസിപ്പാലിറ്റി | 87 | 85 | 82 | 2 |
| കോർപ്പറേഷൻ | 6 | 4 | | 2 |

അവലംബം:- ജലസേചന വകുപ്പ്, കേരളസർക്കാർ

# 3.6 വനം-വന്യജീവി സംരക്ഷണം

ഭക്ഷ്യ–കാർഷിക സംഘടനയുടെ (എഫ്.എ.ഒ) 2020–ലെ ഗ്ലോബൽ ഫോറസ്റ്റ് റിസോഴ്സസ് അസസ്സ്മെന്റ് റിപ്പോർട്ട് അനുസരിച്ച് ലോകത്ത് ആകെ 4.06 ബില്യൺ ഹെക്ടർ വനമേഖലയുണ്ട്. ഇത് മൊത്തം ഭൂവിസ്തൃതിയുടെ 31 ശതമാനമാണ്. പ്രതിശീർഷകണക്കിൽ ഇത് 0.52 ഹെക്ടർ മാത്രമാണ്. 1990 മുതൽ ആഗോളതലത്തിൽ 178 ദശലക്ഷം ഹെക്ടർ വനം നഷ്ടപ്പെട്ടുവെന്ന് കണക്കാക്കപ്പെടുന്നു. ചില രാജ്യങ്ങളിൽ വന നശീകരണം കുറയുകയും അതേ സമയം വനവൽക്കരണത്തിലൂടെ മറ്റ് ചില രാജ്യങ്ങളിലെ വനമേഖലയുടെ വ്യാപനവും, വനങ്ങളുടെ സ്വാഭാവിക വികാസവും 1990–2020 കാലയളവിൽ വനനഷ്ടത്തിന്റെ തോത് ഗണ്യമായി കുറയുന്നതിനു സഹായിച്ചു. പ്ലാന്റേഷൻ വനങ്ങൾ ഏകദേശം 131 ദശലക്ഷം ഹെക്ടർ വ്യാപിച്ചുകിടക്കുന്നു. ഇത് ആഗോള വനമേഖലയുടെ മൂന്ന് ശതമാനമാണ്.

ഐക്യരാഷ്ട്രസഭയുടെ വനങ്ങൾക്കായുള്ള സ്ട്രാറ്റജിക് പ്ലാൻ 2030 നടപ്പാക്കുന്നതിൽ ആഗോള തലത്തിലുള്ള ആദ്യത്തെ വിലയിരുത്തലാണ് ആഗോള വന ലക്ഷ്യം റിപ്പോർട്ട് 2021. നാല് വർഷം മുമ്പ് അംഗീകരിച്ച ഈ പദ്ധതി ആഗോള വന ലക്ഷ്യങ്ങളിലൂടെ സാധ്യമാക്കേണ്ട പരിപാടികളുടെ ഒരു വഴികാട്ടികൂടിയാണ്. വനങ്ങൾ ശുദ്ധവായുവും ശുദ്ധജലവും പ്രദാനം ചെയ്യുകയും മരുഭൂവൽക്കരണം ഒഴിവാക്കാൻ സഹായിക്കുകയും ചെയ്യുന്നു. അറിയപ്പെടുന്ന എല്ലാ ഭൗമജീവജാലങ്ങളുടെയും 80 ശതമാനവും വനങ്ങളിലാണ്. മാത്രമല്ല അവ നമ്മുടെ കാലാവസ്ഥയെ നിയന്ത്രിക്കുകയും ആഗോള ഹരിതഗൃഹവാതക ഉദ്ഗമനത്തിന്റെ മൂന്നിലൊന്ന് ആഗിരണം ചെയ്യുകയും ചെയ്യുന്നു. ഐക്യരാഷ്ട്രസഭ വനങ്ങൾക്കായുള്ള സ്ട്രാറ്റജിക് പ്ലാൻ 2017–2030 തയ്യാറാക്കിയത് സുസ്ഥിര വനപരിപാലനം പ്രോത്സാഹിപ്പിക്കുന്നതിനും സുസ്ഥിര വികസനത്തിനായുള്ള 2030 അജണ്ടയിൽ വനങ്ങളുടെയും വൃക്ഷങ്ങളുടെയും സംഭാവന വർദ്ധിപ്പിക്കുന്നതിനുള്ള ദൗത്യത്തോടെയുമാണ്. സാമ്പത്തികവും സാമൂഹികവും പാരിസ്ഥിതികവും സാംസ്കാരികവുമായ നേട്ടങ്ങൾ വർത്തമാന തലമുറയ്ക്കും ഭാവി തലമുറയ്ക്കും നൽകാൻ കഴിയുന്ന ഒരു ലോകം സൃഷ്ടിക്കുന്നതിന് കൂടുതൽ വനങ്ങൾ ആവശ്യമാണെന്ന് ഈ പദ്ധതി വിശദീകരിക്കുന്നു. അതനുസരിച്ച് 2030–ഓടെ വനവിസ്തൃതി മൂന്ന് ശതമാനം വർദ്ധിപ്പിക്കുക എന്നതാണ് ആദ്യത്തെ ആഗോള വന ലക്ഷ്യം.

പ്രതിവർഷം ഏഴ് ദശലക്ഷം ഹെക്ടർ പ്രകൃതിദത്ത വനങ്ങൾ വൻതോതിലുള്ള വാണിജ്യ കൃഷിയിലൂടെയും, മറ്റ് സാമ്പത്തിക പ്രവർത്തനങ്ങളിലൂടെയും ഇതര ഭൂവിനിയോഗങ്ങളിലേക്ക് പരിവർത്തനം ചെയ്യപ്പെടുന്നുണ്ട്. കഴിഞ്ഞ ദശകത്തിൽ ആഗോള വനനശീകരണ നിരക്ക് കുറഞ്ഞിട്ടുണ്ടെങ്കിലും ഉഷ്ണമേഖലാ പ്രദേശങ്ങളിലെ വനങ്ങൾ നഷ്ടപ്പെടുന്നത് ഇന്നും തുടരുന്നു. ഏകദേശം 1.6 ബില്യൺ മനുഷ്യർ അഥവാ ആഗോള ജനസംഖ്യയുടെ 25 ശതമാനം തങ്ങളുടെ ഉപജീവന ആവശ്യങ്ങൾക്കും വരുമാനത്തിനുമായി വനങ്ങളെ ആശ്രയിക്കുന്നുണ്ട്. ഗ്രാമീണ മേഖലയിലെ അതീവ ദരിദ്രരിൽ 40 ശതമാനം വനങ്ങളിലും, പുൽപ്രദേശങ്ങളിലുമാണ് വസിക്കുന്നത്. ആഗോള ജനസംഖ്യയുടെ ഏകദേശം 20 ശതമാനം, പ്രത്യേകിച്ച് സ്ത്രീകൾ, കുട്ടികൾ, ഭൂരഹിതരായ കർഷകർ, സമൂഹത്തിലെ മറ്റ് ദുർബല വിഭാഗങ്ങൾ തുടങ്ങിയവർ അവരുടെ ഭക്ഷണത്തിനും മറ്റ് ആവശ്യങ്ങൾക്കുമായി വനങ്ങളെയാണ് ആശ്രയിക്കുന്നത്.

കോവിഡ്–19 മഹാമാരിയുടെ ഇക്കാലത്ത്, തങ്ങളുടെ ഏറ്റവും അത്യാവശ്യമായ ഉപജീവന ആവശ്യങ്ങൾക്കായി വനങ്ങളിലേക്ക് തിരിയുന്ന ദശലക്ഷക്കണക്കിന് വനവാസികൾക്ക് വനങ്ങൾ ഒരു ജീവനാഡിയാണ് എന്ന കാര്യത്തിൽ സംശയമില്ല. ഐക്യരാഷ്ട്രസഭയുടെ വന ലക്ഷ്യം റിപ്പോർട്ട് 2021 അനുസരിച്ച് പകർച്ചവ്യാധിയുടെ ഇക്കാലത്ത് വനങ്ങൾ മനുഷ്യരാശിക്ക് അവശ്യ ആരോഗ്യ ഉൽപ്പന്നങ്ങൾ പ്രദാനം ചെയ്യുകയുണ്ടായി. മാസ്കുകൾ മുതൽ ശുചീകരണ സാമഗ്രികളും സാനിറ്റൈസറുകൾക്കുള്ള എത്തനോളും വരെ ഇതിൽ ഉൾപ്പെടുന്നു. മഹാമാരിയുടെ പിടിയിലായ തദ്ദേശീയരും പ്രാദേശിക സമൂഹങ്ങളും, അതുപോലെ മടങ്ങിവന്ന കുടിയേറ്റക്കാരും നഗര തൊഴിലാളികളും ഭക്ഷണം, ഇന്ധനം, പാർപ്പിടം എന്നിവ തേടി വനങ്ങളിലേക്ക് കൂടുതൽ ചേക്കേറുകയുണ്ടായി. മഹാമാരിയാൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ജനവിഭാഗം വന ഉൽപ്പന്നങ്ങളിലേക്കും, വനവിഭവങ്ങളിലേക്കും ഒരു പ്രതിരോധ സംവിധാനമായി കണ്ട് തിരിഞ്ഞതിനാൽ, ഈ ആവാസവ്യവസ്ഥകളിൽ സമ്മർദ്ദത്തിന്റെ ലക്ഷണങ്ങൾ കണ്ടു തുടങ്ങിയിരിക്കുന്നു. പല വനമേഖലകളുടേയും സ്ഥിരതയും പ്രവർത്തനക്ഷമതയും അപകടത്തിലാണ്. പ്രതിരോധശേഷി കെട്ടിപ്പെടുക്കുന്നതിനും ഭാവിയിലെ പകർച്ചവ്യാധികളുടെ അപകടസാധ്യത കുറയ്ക്കുന്നതിനും വനങ്ങൾ നിർണ്ണായക പങ്ക് വഹിക്കുന്നുണ്ട്. വനങ്ങളിലെ നിക്ഷേപം നമ്മുടെ ഭാവിയിലേയ്ക്കുള്ള നിക്ഷേപമാണ്. ജനങ്ങളുടെ ക്ഷേമം ആത്യന്തികമായി വനങ്ങളുടെ സുസ്ഥിരതയുമായി ബന്ധപ്പെട്ടിരിക്കുന്നു.

മഹാമാരിയുടെ ആഘാതം കാലാവസ്ഥാ വ്യതിയാനത്തിന്റെയും ജൈവവൈവിധ്യ പ്രതിസന്ധിയുടെയും വർദ്ധിച്ചുവരുന്ന പ്രത്യാഘാതങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. ജൈവവൈവിധ്യത്തെയും, ആവാസവ്യവസ്ഥയെയും കുറിച്ചുള്ള അന്താരാഷ്ട്ര ശാസ്ത്ര നയ പ്ലാറ്റ്ഫോമിന്റെ (ഇന്റർഗവൺമെന്റൽ സയൻസ് പോളിസി പ്ലാറ്റ്ഫോം ഓൺ ബയോഡൈവേഴ്സിറ്റി ആൻഡ് ഇക്കോസിസ്റ്റം സർവീസസ്) ജൈവവൈവിധ്യത്തെയും പരിസ്ഥിതി വ്യവസ്ഥാ സേവനങ്ങളെയും കുറിച്ചുള്ള ആഗോള വിലയിരുത്തൽ റിപ്പോർട്ടിൽ ഒരു ദശലക്ഷം ജീവിവർഗ്ഗങ്ങൾ വംശനാശഭീഷണിയിലാണെന്നും 100 ദശലക്ഷം ഹെക്ടർ ഉഷ്ണമേഖലാ വനങ്ങൾ 1980 മുതൽ 2000 വരെ നഷ്ടപ്പെട്ടുവെന്നും ചൂണ്ടിക്കാണിക്കുന്നു. അതേ സമയം, കാലാവസ്ഥാ വ്യതിയാനം വനം പരിസ്ഥിതി വ്യവസ്ഥകളുടെ പ്രതിരോധശേഷിയേയും ആവാസവ്യവസ്ഥാസേവനങ്ങളെ വഹിയ്ക്കാനുള്ള അവയുടെ കഴിവിനെയും അപകടത്തിലാക്കുന്നുണ്ട്. സമകാലിക ആഗോള വെല്ലുവിളികളെ നേരിടാൻ വനങ്ങൾ നമുക്ക് പ്രകൃതിയെ അടിസ്ഥാനമാക്കിയുള്ള പരിഹാരമാർഗ്ഗങ്ങൾ കാട്ടിത്തരുന്നുണ്ട്.

### വനവിസ്തൃതി

ഫോറസ്റ്റ് സർവേ ഓഫ് ഇന്ത്യയുടെ നിർവ്വചനമനുസരിച്ച് ഭൂവിനിയോഗം, ഉടമസ്ഥാവകാശം, മരങ്ങളുടെ ഇനം എന്നിവ പരിഗണിക്കാതെ, പത്ത് ശതമാനത്തിലധികം

മരങ്ങളുടെ സാന്ദ്രതയും ഒരു ഹെക്ടറിൽ കൂടുതൽ വിസ്തൃതിയുള്ളതുമായ എല്ലാ ഭൂപ്രദേശവും രാജ്യത്തിന്റെ വനമേഖലയിൽ ഉൾപ്പെടുന്നു. 1952 മുതലുള്ള ഇന്ത്യയിലെ ദേശീയ വനനയം, രാജ്യത്തിന്റെ മൂന്നിലൊന്ന് പ്രദേശം വനമേഖലയിൽ കൊണ്ടുവരിക എന്ന ലക്ഷ്യം വെച്ചിട്ടുള്ളതാണ്. രാജ്യത്തിന്റെ ഭൂവിസ്തൃതിയുടെ 33 ശതമാനമെങ്കിലും വനത്തിനും മരങ്ങൾക്കും കീഴിൽ നിലനിർത്താനാണ് ഇന്ത്യ ലക്ഷ്യമിടുന്നത്. ഫോറസ്റ്റ് സർവേ ഓഫ് ഇന്ത്യയുടെ 'ഇന്ത്യ സ്റ്റേറ്റ് ഓഫ് ഫോറസ്റ്റ് റിപ്പോർട്ട് 2019'–ൽ രാജ്യത്തെ വനവിഭവങ്ങളുടെ അവലോകനം നടത്തുകയുണ്ടായി. ഈ റിപ്പോർട്ട് അനുസരിച്ച് രാജ്യത്തിന്റെ മൊത്തം വനവിസ്തൃതി 7.12 ലക്ഷം ചതുരശ്ര കിലോമീറ്ററാണ്. ഇത് രാജ്യത്തിന്റെ വിസ്തൃതിയുടെ 21.67 ശതമാനമാണ്. വിസ്തൃതിയുടെ 2.89 ശതമാനമായ 95,027 ചതുരശ്ര കിലോമീറ്ററാണ് രാജ്യത്തെ മരങ്ങളുടെ വിസ്തൃതി. രാജ്യത്തെ ഭൂവിസ്തൃതിയുടെ 24.56 ശതമാനം വരുന്ന 8.07 ലക്ഷം ചതുരശ്ര കിലോമീറ്ററാണ് മൊത്തം വനവും മരങ്ങളും. 2017–ലെ മുൻ വിലയിരുത്തലിനെ അപേക്ഷിച്ച് ദേശീയ തലത്തിൽ 5,188 ചതുരശ്ര കിലോമീറ്റർ (0.65%) വനവിസ്തൃതി വർദ്ധിച്ചതായി റിപ്പോർട്ട് വിലയിരുത്തുന്നു. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വനവിസ്തൃതിയുടെ വർദ്ധനയുടെ കാര്യത്തിൽ കേരളം മൂന്നാം സ്ഥാനത്താണ്. 2017–നും 2019–നും ഇടയിൽ കർണ്ണാടകയ്ക്കും ആന്ധ്രാപ്രദേശിനും പിന്നിൽ കേരളത്തിൽ 823 ചതുരശ്ര കിലോമീറ്റർ വർദ്ധനയുണ്ടായി. വൃക്ഷങ്ങളുടെയും (238 ഇനം) കുറ്റിച്ചെടികളുടെയും (158 ഇനം) സസ്യങ്ങളുടെയും (477 ഇനം) ഇനങ്ങളുടെയും, സമൃദ്ധിയുടെയും കാര്യത്തിൽ രാജ്യത്തെ ആദ്യ അഞ്ച് സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളത്തിലെ വനങ്ങൾ.

കേരളത്തിലെ ഭൂവിസ്തൃതി ഇന്ത്യയുടെ 1.2 ശതമാനം മാത്രമാണെങ്കിലും ദേശീയ വനവിസ്തൃതിയുടെ 2.3 ശതമാനവും കേരളത്തിലാണ്. ജൈവ ഭൂമിശാസ്ത്രപരമായ പ്രവിശ്യകളായ പശ്ചിമഘട്ടവും, പശ്ചിമതീരവും ഉൾപ്പെടുന്ന കേരള വനങ്ങൾ ജൈവവൈവിധ്യത്താൽ സമ്പന്നമാണ്. പരിസ്ഥിതി സംരക്ഷണത്തിന് അത്യന്താപേക്ഷിതവും അപൂർവവും വംശനാശഭീഷണി നേരിടുന്നതുമായ സസ്യജന്തുജാലങ്ങളുടെ ഒരു ശേഖരം കൂടിയാണ് കേരളത്തിലെ വനങ്ങൾ. ഉയർന്ന ജനസംഖ്യയുള്ളതിനാൽ ഇന്ത്യയിലെ വനങ്ങളിൽ സമ്മർദ്ദം വളരെ കൂടുതലാണ്. രാജ്യത്തിന്റെ പാരിസ്ഥിതിക സ്ഥിരതയിലും സാമ്പത്തിക വികസനത്തിലും വനം ഒരു പ്രധാന പങ്ക് വഹിക്കുന്നുണ്ട്. കഴിഞ്ഞ ഒരു ദശകത്തിൽ രാജ്യത്തെ സമ്പദ് വ്യവസ്ഥയിലെ ദ്രുതഗതിയിലുള്ള വളർച്ച അടിസ്ഥാന സൗകര്യ വികസനത്തിലെന്നപോലെ വനത്തിന്റെയും അധിക ആവശ്യകത എടുത്തു കാണിക്കുന്നു.

കേരളത്തിലെ ജനങ്ങളുടെ ക്ഷേമത്തിൽ വനങ്ങളുടേയും വൃക്ഷങ്ങളുടെയും പ്രാധാന്യം വളരെയേറെ അംഗീകരിക്കപ്പെട്ടിരിക്കുന്നു. ചരിത്രപരമായി വനപരിപാലനം തടിയുടെയും മറ്റ് ഉൽപ്പന്നങ്ങളുടെയും ഉൽപ്പാദനത്തിനും സർക്കാരിന്റെ വരുമാന മാർഗ്ഗത്തിനും മുൻഗണന നൽകുകയുണ്ടായി. കേരളത്തെ വാസയോഗ്യമായ സ്ഥലമാക്കി മാറ്റുന്നതിൽ വനങ്ങളുടെ പാരിസ്ഥിതിക പ്രവർത്തനങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങൾക്ക് വ്യക്തമായ ബോധ്യമുണ്ട്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതത്താൽ വെള്ളപ്പൊക്കം, അഭൂതപൂർവ്വമായ വരൾച്ച തുടങ്ങിയ തീവ്രമായ കാലാവസ്ഥാ സംഭവങ്ങളുടെ ആവൃത്തി വർദ്ധിക്കുന്നത് വനങ്ങളുടെ അളവില്ലാത്തതും നിർണായകവുമായ പാരിസ്ഥിതിക പ്രവർത്തനങ്ങളിൽ കൂടുതൽ ഊന്നൽ നൽകേണ്ടതിന്റെ ആവശ്യകതയിലേക്ക് വിരൽ ചൂണ്ടുന്നു.

സംസ്ഥാനത്ത് രേഖപ്പെടുത്തിയിട്ടുള്ള വനവിസ്തൃതി 11,521.9 ചതുരശ്ര കിലോമീറ്ററാണ്, അതായത്, സംസ്ഥാനത്തിന്റെ വിസ്തൃതിയുടെ (38,863 ചതുരശ്ര കിലോമീറ്റർ) ഏകദേശം 29.65 ശതമാനം. എന്നാൽ സംരക്ഷിത വനങ്ങൾക്ക് പുറത്തുള്ളവ ഉൾപ്പെടെയുള്ള യഥാർത്ഥ വനമേഖല വളരെ കൂടുതലാണ്. ഫോറസ്റ്റ് സർവേ ഓഫ് ഇന്ത്യയുടെ (എഫ്.എസ്.ഐ) 2019–ലെ വിലയിരുത്തൽ പ്രകാരം, തോട്ടങ്ങൾ ഉൾപ്പെടെയുള്ള വനങ്ങളുടെ മൊത്ത വിസ്തീർണ്ണം 21,144 ചതുരശ്ര കിലോമീറ്ററാണ്. ഇത് സംസ്ഥാനത്തെ വിസ്തൃതിയുടെ 54.4 ശതമാനമാണ്. എന്നാൽ വളരെ ഇടതൂർന്ന വനങ്ങളുടെ വ്യാപ്തി 1,935 ചതുരശ്ര കിലോമീറ്റർ, അതായത് വനവിസ്തൃതിയുടെ ഏകദേശം 9.2 ശതമാനം മാത്രമാണ്. മിതമായ ഇടതൂർന്ന വനങ്ങളുടെ വ്യാപ്തി 9,508 ചതുരശ്ര കിലോമീറ്റർ ആണ്. എന്നാൽ 9,701 ചതുരശ്ര കിലോമീറ്റർ, അതായത് വനവിസ്തൃതിയുടെ 45.88 ശതമാനം തുറന്ന വനങ്ങളാണ്. കേരളത്തിലെ വളരെ ഉയർന്ന ജനസാന്ദ്രത കണക്കിലെടുക്കുമ്പോൾ പ്രതിശീർഷ അടിസ്ഥാനത്തിൽ ലഭ്യമായ വനവിഭവങ്ങൾ രാജ്യത്തെ മൊത്തത്തിലുള്ള സാഹചര്യവുമായി താരതമ്യം ചെയ്യുമ്പോൾ തൃപ്തികരമല്ല. ജില്ല തിരിച്ചുള്ള വനമേഖലയുടെ വിശദാംശങ്ങൾ **അനുബന്ധം 3.6.1**–ൽ നൽകിയിരിക്കുന്നു. സംസ്ഥാനത്തെ ജില്ലകളിൽ ഇടുക്കി 3,151 ചതുരശ്ര കിലോമീറ്റർ വനഭൂമിയും പാലക്കാട് 2,084 ചതുരശ്ര കിലോമീറ്ററും, പത്തനംതിട്ട 1,956 ചതുരശ്ര കിലോമീറ്ററും സംഭാവന ചെയ്യുന്നു. ഭൂവിസ്തൃതിയുടെ ശതമാനമായി കണക്കാക്കുമ്പോൾ, പത്തനംതിട്ട, വയനാട് ജില്ലകളിൽ 74 ശതമാനം വീതം വനവിസ്തൃതിയുണ്ട്, തൊട്ട് പിന്നാലെ ഇടുക്കിയും (72 ശതമാനം).

വനങ്ങൾക്ക് പുറത്തുള്ള മരങ്ങളുടെ കൂട്ടത്തിൽ കാർഷിക തോട്ടവിളകൾ, ഗാർഹിക തോട്ടങ്ങൾ, ഫാം ഫോറസ്ട്രി, കാവുകൾ, നഗര ഹരിത ഇടങ്ങൾ എന്നിവയുൾപ്പെടെ വളരെ വൈവിധ്യമാർന്ന ഭൂവിനിയോഗങ്ങൾ ഉൾക്കൊള്ളുന്നു. അതിൽ ഗണ്യമായ പങ്ക് സ്വകാര്യ ഭൂമിയുടേതാണ്. തടിയുടെയും, മറ്റ് ഉൽപ്പന്നങ്ങളുടെയും പ്രധാന സ്രോതസ്സായി വീട്ടുതോട്ടങ്ങൾ മാറിയിരിക്കുന്നു. റബ്ബർ തോട്ടങ്ങൾക്കൊപ്പം ഗാർഹിക തോട്ടങ്ങളും സംസ്ഥാനത്തെ മരം വിതരണത്തിന്റെ ഏറ്റവും പ്രാധാനപ്പെട്ട സ്രോതസ്സായി മാറിയിരിക്കുന്നു. ഇത് മരം വിതരണത്തിന്റെ 82 ശതമാനത്തോളം വരുമെന്ന് കണക്കാക്കുന്നു (46.6 ശതമാനം മരം വിതരണം റബ്ബർ എസ്റ്റേറ്റുകളും 35.3 ശതമാനം ഗാർഹിക തോട്ടങ്ങളും). സംസ്ഥാനത്തെ തടി വിതരണത്തിന്റെ 1.6 ശതമാനം മാത്രമാണ് വനങ്ങളിൽ നിന്നുള്ളത്. വനത്തിന് പുറത്തുള്ള സ്രോതസ്സുകളിൽ നിന്നുള്ള മരം വിതരണത്തെ പല ഘടകങ്ങളും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. റിയൽ എസ്റ്റേറ്റ് മേഖലയുടെ ദ്രുതഗതിയിലുള്ള വളർച്ചയും ഭൂമിയുടെ തുണ്ടു വൽക്കരണവും ഹോം ഗാർഡനുകളിൽ വലിയ മാറ്റങ്ങൾക്ക് ഇടയാക്കി. തൽഫലമായി മരങ്ങൾ നീക്കം ചെയ്യപ്പെടുകയും അതുവഴി ദീർഘകാല തടി വിതരണത്തെ ദുർബലപ്പെടുത്തുകയും ചെയ്തു. എന്നിരുന്നാലും ഉചിതമായ ഇടപെടലുകളിലൂടെ, പ്രത്യേകിച്ച് മരങ്ങൾ വളർത്തുന്നതിനുള്ള നയങ്ങളും നിയമപരമായ തടസ്സങ്ങളും നീക്കം ചെയ്യുന്നതിലൂടെ ഗാർഹിക തോട്ടങ്ങളിൽ നിന്നുള്ള മരം

വിതരണം വർദ്ധിപ്പിക്കുന്നതിന് വളരെയധികം സാധ്യതകളുണ്ട്.

സാമൂഹികവും സാമ്പത്തികവുമായ ദ്രുതഗതിയിലുള്ള മാറ്റങ്ങളും കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന വർദ്ധിച്ചു വരുന്ന ദുരന്തങ്ങളും സംസ്ഥാനത്തെ വനങ്ങളും വൃക്ഷ വിഭവങ്ങളും കൈകാര്യം ചെയ്യുന്നതിൽ "സാധാരണ പോലെ ഇടപാടുകൾ" എന്ന സമീപനം മാറ്റേണ്ടതിന്റെ ആവശ്യകതയിലേക്ക് വിരൽ ചൂണ്ടുന്നു. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട സംഭവങ്ങൾ കാരണം ജലവിതരണത്തിൽ അനിശ്ചിതാവസ്ഥ സൃഷ്ടിച്ചിട്ടുണ്ട്.ശുദ്ധ ജലത്തിന്റെ സ്ഥിരമായ വിതരണം സംസ്ഥാനത്തെ വനവൽക്കരണത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രവർത്തനമായി മാറേണ്ടതിന്റെ ആവശ്യകതയിലേക്ക് വിരൽ ചൂണ്ടുന്നു. അതിനാൽ 'ദാഹിക്കുന്ന കേരളത്തിന് വെള്ളം' എന്നതാണ് വനപരിപാലനത്തിന്റെ മുഖ്യ പ്രമേയമായി ഉയർന്നു വന്നിട്ടുള്ളത്. ജലസുരക്ഷ, ജൈവവൈവിധ്യ സംരക്ഷണം, പ്രാദേശിക സമൂഹങ്ങളുടെ ഉപജീവനമാർഗ്ഗങ്ങൾ, മറ്റ് സാമൂഹിക ലക്ഷ്യങ്ങൾ തുടങ്ങിയവയുടെ പ്രവർത്തനങ്ങൾക്കാണ് 13 ാം പഞ്ചവത്സര പദ്ധതിയിൽ വനങ്ങളുടെ പരിപാലനം ഊന്നൽ നൽകിയത്. 2021-22 കാലയളവിൽ ജലസുരക്ഷ വർധിപ്പിക്കുക, മനുഷ്യരും മൃഗങ്ങളും തമ്മിലുള്ള സംഘർഷം കുറയ്ക്കുക, വനത്തെ ആശ്രയിക്കുന്ന സമൂഹങ്ങളുടെ ജീവിതവും ഉപജീവനവും സുരക്ഷിതമാക്കുക, കാലാവസ്ഥാ വ്യതിയാനത്തിനെതിരായ സംരക്ഷണകവചമായി വനങ്ങളെ നിലനിർത്തുക തുടങ്ങിയ പ്രധാന വിഷയങ്ങളിൽ ഈ മേഖല ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

### സ്വാഭാവിക വനങ്ങളുടെ പരിപാലനം

കേരളത്തിലെ പ്രകൃതിദത്ത വനങ്ങളുടെ പരിപാലനത്തിലൂടെ ജീവജാലങ്ങളുടെ സംരക്ഷണവും, ജൈവവൈവിധ്യ സംരക്ഷണവും, ദുർബലമായ പരിസ്ഥിതി വ്യവസ്ഥകളുടെ സംരക്ഷണവും, പങ്കാളിത്ത വനപരിപാലനവുമാണ് ലക്ഷ്യമിടുന്നത്. കൈയേറ്റങ്ങൾ, വേട്ടയാടൽ, മരം മുറിക്കൽ എന്നിവയിൽ നിന്നുള്ള സംരക്ഷണം, ജൈവ ഇടപെടലിൽ നിന്നും കാട്ടുതീയിൽ നിന്നുമുള്ള സംരക്ഷണം, നദീതീര സംരക്ഷണം, വനപരിപാലനത്തിൽ ആദിവാസികളുടെ വർദ്ധിച്ച പങ്കാളിത്തം, പുനരധിവാസം തുടങ്ങിയ പരിപാടികൾ ഉൾപ്പെടുന്നു. 2020-21 കാലയളവിൽ ഏറ്റെടുത്ത പ്രധാന പ്രവർത്തനങ്ങളിൽ വനാതിർത്തികളുടെ സർവേ, വനസംരക്ഷണം, വനങ്ങളുടെ പുനരുജ്ജീവനം, എന്നിവ ഉൾപ്പെടുന്നു. കാട്ടുകളുടെ അതിർത്തികളിൽ കയ്യാലകളും, ചെറിയ മതിലുകളും നിർമ്മിച്ചാണ് അതിർത്തി നിർണ്ണയിച്ചിട്ടുള്ളത്. നാശോന്മുഖമായ വനമേഖലകളിൽ പ്രാദേശിക ഇനങ്ങൾ നട്ടുപിടിപ്പിച്ചാണ് പുനരുജ്ജീവിപ്പിച്ചിട്ടുള്ളത്. ഫയർ ലൈനുകൾ തീർത്തും, അഗ്നിസംരക്ഷണ വാച്ചർമാരുടെ സഹകരണത്തോടെയുമാണ് വനങ്ങളെ തീയിൽ നിന്നും സംരക്ഷിക്കുന്നത്.

2020-21 കാലയളവിൽ 2,362 കിലോമീറ്റർ ഫയർ ലൈനുകൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്തു. വി.എസ്.എസ്/ ഇ.ഡി.സി/ ഡിപ്പാർട്ട്മെന്റ് എന്നിവ മുഖേന അഗ്നിശമന പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. 2020-21 കാലയളവിൽ അഗ്നിശമന സേനാംഗങ്ങളുടെ / മസ്ദൂർ എണ്ണം ഗണ്യമായി വർദ്ധിച്ചു. ശോഷണം സംഭവിച്ച വനങ്ങൾ മെച്ചപ്പെടുത്തുന്നതിനുപുറമേ, ചോല വനങ്ങൾ, ചന്ദനക്കാടുകൾ, തണ്ണീർത്തടങ്ങൾ, കണ്ടൽക്കാടുകൾ, കാവുകൾ, മറ്റ് ദുർബലമായ ആവാസവ്യവസ്ഥകൾ തുടങ്ങിയ തനത് പരിസ്ഥിതി വ്യവസ്ഥകളുടെ പ്രത്യേക സംരക്ഷണവും നടത്തി.

### തോട്ടങ്ങളുടെ ഉത്പാദനക്ഷമത മെച്ചപ്പെടുത്തൽ

ഡിപ്പാർട്ട്മെന്റിന് ഏകദേശം 1.5 ലക്ഷം ഹെക്ടറിൽ (ആകെ വനവിസ്തൃതിയുടെ 13 ശതമാനം) വിവിധ ഇനങ്ങളിൽപ്പെട്ട വനത്തോട്ടങ്ങൾ ഉണ്ട്. അതിൽ തേക്ക് ഏകദേശം 77,000 ഹെക്ടർ (മൊത്തം തോട്ടങ്ങളുടെ വിസ്തൃതിയുടെ 51 ശതമാനം) വ്യാപിച്ചുകിടക്കുന്നു. പ്ലാന്റേഷനുകളുടെ പ്രാരംഭ വർഷങ്ങളിൽ (ആദ്യ 10 വർഷം) തോട്ടങ്ങളുടെ പരിപാലനത്തിനുള്ള കുറഞ്ഞ നിക്ഷേപം (കാലഹരണപ്പെട്ട പരിപാലന രീതികളും കുറഞ്ഞ കൂലിയും വിത്ത് ശേഖരണത്തിലെ കുറവും) സംസ്ഥാനത്തെ തേക്ക് തോട്ടങ്ങളുടെ ഉൽപ്പാദനക്ഷമത കുറയാൻ ഇടയാക്കി. വെട്ടി മാറ്റിയ തേക്ക് തോട്ടങ്ങളുടെ രണ്ടാം റൊട്ടേഷനിലും ഉൽപാദനക്ഷമത കുറവാണ്. രണ്ടാം റൊട്ടേഷൻ മേഖലകളിൽ മികച്ച വിളവ് ഉറപ്പാക്കാൻ മണ്ണിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനുള്ള ശാസ്ത്രീയ രീതികൾ അവലംബിക്കേണ്ടിയിരിക്കുന്നു.

2020-21-ൽ 112 ഹെക്ടറിൽ മരങ്ങൾ പുതിയതായി നട്ടുപിടിപ്പിക്കുകയും 314.3 ഹെക്ടറിൽ അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്തു. വനത്തോട്ട പരിപാലനം ശാസ്ത്രീയമാക്കുകവഴി ഉയർന്ന ഉൽപ്പാദനക്ഷമതയും മണ്ണിന്റെ ഉൽപ്പാദനക്ഷമതയും ഉറപ്പാക്കിക്കൊണ്ട് മെച്ചപ്പെട്ട പരിപാലനത്തിന് വിധേയമാക്കും. തേക്കിൻ തോട്ട പരിപാലനത്തിന്റെ ദീർഘകാല അനുഭവം പ്രയോജനപ്പെടുത്തി, മികച്ച ഉപകരണങ്ങൾ ഉൾപ്പെടെയുള്ള ശാസ്ത്രീയ പരിപാലന രീതികളുടെ പ്രയോഗത്തിലൂടെ ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്തുന്നതിനുള്ള ഒരു സംവിധാനം സ്വീകരിക്കേണ്ടിയിരിക്കുന്നു. വനത്തോട്ടത്തിനു കീഴിലുള്ള ഇനം തിരിച്ചുള്ള പ്രദേശങ്ങളുടെ വിവരം **അനുബന്ധം 3.6.2**-ൽ നൽകിയിരിക്കുന്നു. വനത്തോട്ടങ്ങളുടെ വിസ്തൃതി 2019-20-ലെ 156.3 ആയിരം ഹെക്ടറിൽ നിന്ന് 2020-21-ൽ 154.5 ആയിരം ഹെക്ടറായി (1.2 ശതമാനം) കുറഞ്ഞു.

### മനുഷ്യ-വന്യജീവിസമ്പർക്ക പാലനം

മനുഷ്യ-വന്യജീവി സമ്പർക്ക പാലനം ഒരു സങ്കീർണ്ണമായ പ്രശ്നമാണ്. ഈ പ്രശ്നം ഫലപ്രദമായി നേരിടാൻ വനം വകുപ്പ് വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വനാതിർത്തിയിൽ താമസിക്കുന്നവരുടെ ജീവിതത്തിനും, വിളകൾക്കും നാശനഷ്ടം വരുത്തുന്നതിൽ പ്രധാനമായിട്ടുള്ളത് ആനയാണ്. കടുവ, പുള്ളിപ്പുലി, പന്നി, മയിൽ തുടങ്ങിയ മറ്റ് വന്യമൃഗങ്ങളും വനത്തിനടുത്തുള്ള ആളുകൾക്ക് ഭീഷണി ഉയർത്തുന്നുണ്ട്. ഇന്നത്തെ ഈ അവസ്ഥയ്ക്ക് പല കാരണങ്ങളുണ്ട്. ജനസംഖ്യമൂലം വർദ്ധിച്ചുവരുന്ന സമ്മർദ്ദം, ആവാസവ്യവസ്ഥയുടെ നാശം, തുണ്ടുവൽക്കരണം, കർഷകർ സ്വീകരിക്കുന്ന കൃഷിരീതിയിലെ മാറ്റം, കാലാവസ്ഥാവ്യതിയാനം, വന്യജീവികളുടെ വർദ്ധന എന്നിവ കാരണങ്ങളായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. മനുഷ്യ-വന്യജീവി സമ്പർക്കത്തിൽ നിന്ന് ഉണ്ടാകുന്ന പ്രശ്നങ്ങൾ ഗണ്യമായി കുറയ്ക്കുന്നതിനുള്ള ഒരു സമഗ്ര തന്ത്രം നടപ്പിലാക്കേണ്ടതുണ്ട്. അതിൽ പ്രതിരോധവും

ലഘൂകരണവും വഴിയുള്ള ദീർഘകാല, ഹ്രസ്വകാല നടപടികൾ ഉൾപ്പെടുന്നു. മനുഷ്യ–വന്യമൃഗ സംഘർഷം സമീപകാലത്ത് വലിയ തോതിൽ ഉയർന്നിട്ടുണ്ട്. ഇത് നഷ്ടപരിഹാരത്തിനായുള്ള അവകാശവാദം വർദ്ധിക്കുന്നതിലേക്ക് നയിച്ചിട്ടുണ്ട്. കഴിഞ്ഞ ഒരു ദശാബ്ദത്തിനിടെ കേരളത്തിൽ 1051 മരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്, അതിൽ 69 ശതമാനവും പാമ്പ്കടി മൂലമാണ്. 2020–21–ൽ മാത്രം 10.45 കോടി രൂപ നഷ്ടപരിഹാരമായി വിതരണം ചെയ്തു. വിശദാംശങ്ങൾ **പട്ടിക 3.6.1**–ൽ നൽകിയിരിക്കുന്നു. 2019–20 മുതൽ 2020–21 വരെയുള്ള ഒരു വർഷത്തിനുള്ളിൽ ഇത്തരത്തിലുള്ള മൊത്തം സംഭവങ്ങളുടെ എണ്ണം 20 ശതമാനവും നഷ്ടപരിഹാരം 12 ശതമാനവും വർദ്ധിച്ചു.

പരമ്പരാഗത രീതികളായ വിള സംരക്ഷണം, ശബ്ദമുണ്ടാക്കൽ, അതിരുകളിൽ തീയിടൽ, ലളിതമായ തടസ്സങ്ങൾ സ്ഥാപിക്കൽ, കെണികൾ, സ്പൈക്കുകൾ, വെടിപൊട്ടിക്കൽ എന്നിവയോടൊപ്പം ഇടതൂർന്ന പച്ചപ്പുകളുടെ വൃത്തിയാക്കൽ, സൗരവേലി സ്ഥാപിക്കൽ, കിടങ്ങുകൾ, ആന പ്രതിരോധ ഭിത്തികൾ, ജൈവവേലികൾ, റെയിൽ വേലികൾ, ഫ്ലാഷ് ലൈറ്റുകളുടേയും ഫ്ലെയറുകളുടെയും ഉപയോഗം, കർഷകർക്ക് എസ്.എം.എസ് അലർട്ട് സംവിധാനം എന്നിവ മനുഷ്യ–വന്യജീവി സംഘർഷം കുറയ്ക്കാൻ ഉപയോഗിക്കുന്നു. പ്രദേശങ്ങളിൽ സ്ഥിരമായി അതിർ വരമ്പുകൾ സ്ഥാപിച്ചും കൽഭിത്തികൾ നിർമ്മിച്ചും അതിർത്തി നിർണ്ണയിക്കുന്നത് വനസംരക്ഷണത്തിനും, കയ്യേറ്റ ശ്രമങ്ങൾ നിയന്ത്രിക്കുന്നതിനും സഹായിക്കും. മനുഷ്യ–വന്യമൃഗ സംഘർഷം കുറയ്ക്കുന്നതിനുള്ള ഫലപ്രദമായ നടപടിയാണ് അതിർത്തി ഭിത്തിയുടെ നിർമ്മാണം. കയ്യേറ്റം തടയുന്നതിനുള്ള അതിർത്തി ഏകീകരണത്തിന്റെ ഭാഗമായി 2020–21 കാലയളവിൽ 16,993 സ്ഥിരം കൈവരികൾ നിർമ്മിച്ചു. കൂടാതെ കിടങ്ങുകൾ, ഭിത്തികൾ, സൗരോർജ്ജ വേലി എന്നീ പ്രതിരോധ നടപടികളും സ്വീകരിച്ചു.

സംസ്ഥാനത്തെ ജനവാസ കേന്ദ്രങ്ങളിൽ നിന്ന് പാമ്പുകളെ രക്ഷപ്പെടുത്തുന്നതിനും മോചിപ്പിക്കുന്നതിനുമായി അംഗീകൃത മാർഗ്ഗനിർദ്ദേശങ്ങൾ വികസിപ്പിച്ചെടുക്കുകയും നടപ്പിലാക്കുകയും ചെയ്തു. ഈ വാർഷിക പദ്ധതി കാലയളവിൽ 1400 ഓളം വ്യക്തികൾക്ക് പാമ്പുകളെ പിടിക്കുന്നതിനും, രക്ഷപ്പെടുത്തുന്നതിനുമുള്ള പരിശീലനം നൽകി. അംഗീകൃത പാമ്പ് രക്ഷാപ്രവർത്തകരായി സാക്ഷ്യപ്പെടുത്തിയ 850 ഓളം പരിശീലനാർത്ഥികൾക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. 'സർപ്പ' എന്ന മൊബൈൽ ആപ്ലിക്കേഷൻ വഴി മുഴുവൻ രക്ഷാപ്രവർത്തനങ്ങളും ഒരൊറ്റ പ്ലാറ്റ്ഫോമിന് കീഴിൽ കൊണ്ടുവന്നു. പാമ്പ് രക്ഷാപ്രവർത്തനങ്ങളിൽ മനുഷ്യരുടെ ജീവൻ സംരക്ഷിക്കുക, മനുഷ്യരുടെ ആവാസ പ്രദേശങ്ങളിൽ ഭീഷണി സൃഷ്ടിക്കുന്ന ഇഴജന്തുക്കളുടെ ഫലപ്രദമായ സംരക്ഷണം ഉറപ്പാക്കുക എന്നിവയായിരുന്നു ലക്ഷ്യങ്ങൾ. റോഡപകടങ്ങൾ, ഉപേക്ഷിക്കപ്പെട്ട കിണർ, വേട്ടക്കാർ വേട്ടയാടാൻ ഒരുക്കുന്ന കെണി, കൃഷിയിടങ്ങളിൽ പ്രവേശിക്കുന്നത് തടയുന്നതിനായി പ്രദേശവാസികൾ സ്ഥാപിക്കുന്ന കെണി എന്നിവയാൽ വന്യമൃഗങ്ങൾക്ക് പലപ്പോഴും പരിക്കേൽക്കാറുണ്ട്. പരിക്കേറ്റ മൃഗങ്ങൾക്ക് ശരിയായ ചികിത്സ നൽകേണ്ടതും അവയെ രക്ഷിക്കേണ്ടതും വനംവകുപ്പിന്റെ ഉത്തരവാദിത്തമാണ്.

വനംവകുപ്പ് കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ 110 കോടി രൂപ ചെലവിൽ "മനുഷ്യ–വന്യജീവി സംഘർഷം" കുറയ്ക്കുന്നതിന് വനാതിർത്തികളിൽ പരിഗണനാ ക്രമത്തിൽ വേലികെട്ടുന്നുണ്ട്. രണ്ട് ഘട്ടങ്ങളിലായാണ് പദ്ധതി നടപ്പാക്കുന്നത്. സൗരോർജ്ജവേലി, ആനപ്രതിരോധ ഭിത്തികൾ, ക്രാഷ് ഗാർഡ് സ്റ്റീൽ റോപ്പ് ഫെൻസിങ്ങ്, റെയിൽ വേലികൾ എന്നിവ സ്ഥാപിച്ച് വന്യമൃഗങ്ങളുടെ ജനവാസ കേന്ദ്രങ്ങളിലേക്കുള്ള പ്രവേശനം തടയുന്നു. അർഹരായ കുടുംബങ്ങളെ വനങ്ങളിൽ നിന്ന് സൗകര്യപ്രദമായ സ്ഥലങ്ങളിലേക്ക് സ്വമേധയാ മാറ്റിപ്പാർപ്പിക്കുന്നതും പദ്ധതിയുടെ ഭാഗമാണ്.

### വനങ്ങളിൽ നിന്നുള്ള വരുമാനം

സംസ്ഥാനത്തിന്റെ നികുതിയേതര വരുമാനത്തിൽ വനംവകുപ്പ് ഗണ്യമായ സംഭാവന നൽകുന്നുണ്ട്. തടിയുടേയും മറ്റ് വനോത്പന്നങ്ങളുടെയും വിൽപ്പന വഴി വനമേഖലയിൽ നിന്നുള്ള വരുമാനം 2020–21–ൽ 236.8 കോടി രൂപയാണ്. വരുമാനത്തിന്റെ പ്രധാന ഭാഗം തടിയുടെ സംഭാവനയാണ്. 2020–21 കാലയളവിൽ തടി വിൽപ്പനയിൽ നിന്ന് മാത്രം 216.8 കോടി രൂപ (മൊത്തം വരുമാനത്തിന്റെ 91.6 ശതമാനം) വരുമാനം ലഭിച്ചു. 2020–21 കാലയളവിൽ തേക്ക്, മുള എന്നിവയുടെ ഉത്പാദനം ഗണ്യമായി കുറഞ്ഞു. മുൻവർഷത്തെ അപേക്ഷിച്ച് തേക്കിന്റെ ഉൽപ്പാദനം 7402 ക്യൂബിക് മീറ്റർ കുറഞ്ഞു. എന്നാൽ ചന്ദനത്തിന്റെ ഉൽപ്പാദനം 11.7 ശതമാനം വർദ്ധിച്ചു. 2019–20, 2020–21 വർഷങ്ങളിലെ പ്രധാന വന ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം **അനുബന്ധം 3.6.3**–ൽ നൽകിയിരിക്കുന്നു. തേൻ, ഈറ്റ, അക്കേഷ്യ, മാഞ്ചിയം എന്നിവയുടെ ഉൽപ്പാദനം ഇക്കാലയളവിൽ വർദ്ധിച്ചു.

2017–18 മുതൽ 2020–21 വരെയുള്ള കാലയളവിൽ തടിയിൽ നിന്നും മറ്റ് വന ഉൽപ്പന്നങ്ങളിൽ നിന്നുമുള്ള വരുമാനത്തിന്റെ ഗതിവിഗതികൾ **അനുബന്ധം 3.6.4–**ൽ നൽകിയിരിക്കുന്നു. 2019–20 നെ അപേക്ഷിച്ച് 2020–21–ൽ വന ഉൽപ്പന്നങ്ങളിൽ നിന്നുള്ള അറ്റാദായം 251.5 കോടി രൂപയിൽ നിന്ന് 236.8 കോടി രൂപയായി കുറഞ്ഞു, 5.8 ശതമാനം ഇടിവ്. തടിയിൽ നിന്നുള്ള വരുമാനത്തിലെ ഇടിവും വന്യജീവി വകുപ്പിൽ നിന്നുള്ള വരുമാനവും മറ്റും കുറഞ്ഞതാണ് ഈ ഇടിവിന് കാരണം.

**ചിത്രം 3.6.1** വനത്തിൽ നിന്നുള്ള വരുമാനത്തിലെ ഗതിവിഗതികൾ കാണിക്കുന്നു. 2017–18 മുതൽ 2018–19 വരെ വന അറ്റ വരുമാനം 17 ശതമാനം വർദ്ധിച്ചു. എന്നാൽ 2019–20–ൽ ഇത് 12.5 ശതമാനമായി കുറയുകയും 2020–21–ൽ 5.8 ശതമാനമായി വീണ്ടും കുറയുകയും ചെയ്തു. കോവിഡ്–19 ന്റെ ആഘാതം മൂലമാണ് വനവരുമാനത്തിൽ സമീപകാല ഇടിവ് സംഭവിച്ചത്. 2019–20–നും 2020–21–നും തടിയിൽ നിന്നുള്ള വരുമാനം 226.5 കോടി രൂപയിൽ നിന്ന് 216.8 കോടി രൂപയായി കുറഞ്ഞു, 4.3 ശതമാനം ഇടിവ് ഉണ്ടായി.

സംസ്ഥാനത്തെ മൊത്തം മൂല്യവർദ്ധനവിൽ വനമേഖലയുടെ വിഹിതം 2020–21–ൽ 0.99 ശതമാനമായിരുന്നു (2019–20–ൽ ഇത് 0.92 ശതമാനമായിരുന്നു). അതുപോലെ സംസ്ഥാനത്തെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിൽ പ്രാഥമിക മേഖലയുടെ പങ്ക് 2019–20–ലെ 8.79 ശതമാനത്തിൽ നിന്നും 2020–21–ൽ 9.94 ശതമാനമായി വർദ്ധിച്ചു. സംസ്ഥാനത്തെ മൊത്തം

**പട്ടിക 3.6.1** മനുഷ്യ–വന്യമൃഗ സമ്പർക്കംമൂലമുള്ള പ്രതികൂല സംഭവങ്ങളുടെ വിശദാംശങ്ങളും നഷ്ടപരിഹാരവും, 2020–21

| അപകടങ്ങൾ | പാമ്പ് കടി (എണ്ണം) | ആന ആക്രമണം (എണ്ണം) | കാട്ടുപന്നി ആക്രമണം (എണ്ണം) | കാട്ടുപോത്ത് ആക്രമണം (എണ്ണം) | കടുവ ആക്രമണം (എണ്ണം) | പുലി ആക്രമണം (എണ്ണം) | മറ്റുള്ളവ (എണ്ണം) | ആകെ (എണ്ണം) | നഷ്ടപരിഹാരം (രൂപയിൽ) |
|---|---|---|---|---|---|---|---|---|---|
| മനുഷ്യ ജീവഹാനി | 52 | 27 | 8 | 0 | 1 | 0 | 0 | 88 | 2,70,50,000 |
| മനുഷ്യ അപകടങ്ങൾ | 767 | 34 | 146 | 2 | 0 | 0 | 39 | 988 | 2,59,27,248 |
| കന്നുകാലി മരണം | 27 | 1 | 3 | 0 | 141 | 164 | 64 | 400 | 53,79,812 |
| കൃഷിനാശനഷ്ടവും വസ്തുനാശനഷ്ടവും | 26 | 2919 | 1898 | 58 | 23 | 7 | 1610 | 6541 | 4,61,24,763 |

അവലംബം: വനം വന്യജീവി വകുപ്പ്, കേരള സർക്കാർ, 2020-21


മൂല്യവർദ്ധനവിൽ വനമേഖലയുടെ വിഹിതം **അനുബന്ധം 3.6.5**–ൽ കൊടുത്തിരിക്കുന്നു.

### ജൈവവൈവിധ്യ സംരക്ഷണവും സംരക്ഷിത പ്രദേശങ്ങളുടെ പരിപാലനവും

ജൈവവൈവിധ്യവും, വന്യജീവികളുടെ സംരക്ഷണവും ഇക്കാലത്ത് കൂടുതൽ പ്രാധാന്യം നേടുന്നു. ദേശീയ ഉദ്യാനങ്ങൾ, വന്യജീവി സങ്കേതങ്ങൾ, കമ്മ്യൂണിറ്റി റിസർവ് എന്നിവ ഉൾപ്പെടുന്ന സംരക്ഷിത പ്രദേശ ശൃംഖലയ്ക്ക് കീഴിൽ വന്യജീവി വിഭാഗം 3437 ചതുരശ്ര കിലോമീറ്റർ വനങ്ങൾ പരിപാലിക്കുന്നു. കേരളത്തിൽ ആറ് ദേശീയ പാർക്കുകളും 18 വന്യജീവി സങ്കേതങ്ങളും ഒരു കമ്മ്യൂണിറ്റി റിസർവുമുണ്ട്. സംരക്ഷിത പ്രദേശങ്ങൾക്ക് പുറത്തുള്ള ഉയർന്ന മൂല്യമുള്ള ജൈവവൈവിധ്യ മേഖലകളുടെ സംരക്ഷണവും പരിപാലനവും വന്യജീവി വിഭാഗത്തിൽ നിക്ഷിപ്തമാണ്. കാട്ടുതീയിൽ നിന്നുള്ള സംരക്ഷണം, ജലസ്രോതസ്സുകളുടെ വികസനം, അധിനിവേശ കളകളുടെ ഉന്മൂലനം, ട്രെക്ക് പാതകളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും ഉൾപ്പെടെയുള്ള അടിസ്ഥാനസൗകര്യവികസനം, ആശയവിനിമയത്തിനുള്ള വ്യവസ്ഥകൾ തുടങ്ങിയ ആവാസവ്യവസ്ഥ മെച്ചപ്പെടുത്തൽ പ്രവർത്തനങ്ങൾ എന്നിവ ജൈവവൈവിധ്യ സംരക്ഷണത്തിലും, പരിപാലനത്തിലും ഉൾപ്പെടുന്നു. വന്യജീവി സങ്കേതങ്ങൾ, ദേശീയ ഉദ്യാനങ്ങൾ, കമ്മ്യൂണിറ്റി റിസർവുകൾ, ബയോസ്ഫിയർ റിസർവുകൾ എന്നിവയുടെ വിശദാംശങ്ങൾ **അനുബന്ധം 3.6.6**–ൽ നൽകിയിരിക്കുന്നു.

വനമേഖലയിൽ നടക്കുന്ന പൊതുവന്യജീവി സെൻസസ് കൂടാതെ കടുവ, ആന, നീലഗിരി വരയാടുകൾ എന്നിവയ്ക്ക് പ്രത്യേക ജനസംഖ്യ കണക്കെടുപ്പ് നടത്തുന്നു. പരിസ്ഥിതി,

**ചിത്രം 3.6.1** വനത്തിൽ നിന്നുള്ള വരുമാനം 2017–18 മുതൽ 2020–21 വരെ




അവലംബം: വനം വന്യജീവി വകുപ്പ്, കേരള സർക്കാർ, 2021

വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന്റെ റിപ്പോർട്ട് അനുസരിച്ച് കടുവകളുടെ എണ്ണം 2014-ലെ 136-ൽ നിന്നും 2018-ൽ 190 ആയി ഉയർന്നു. കേരളത്തിലെ നീലഗിരി വരയാടുകളുടെ എണ്ണം 2017 ൽ 575 ആയിരുന്നത് 2018-ൽ 643 ആയി ഉയരുകയും 2019-ൽ 526 ആയി കുറയുകയും ചെയ്തു.

സമ്പന്നമായ ജൈവവൈവിധ്യം, പ്രത്യേകിച്ചും സംരക്ഷിത പ്രദേശങ്ങളുടെ ശൃംഖലയിലൂടെ സംരക്ഷിക്കുക എന്നത് വനംവകുപ്പിന്റെ പ്രധാന ലക്ഷ്യമാണ്. ജൈവവൈവിധ്യ പരിപാലനം ദീർഘകാല സാമ്പത്തിക-പാരിസ്ഥിതിക പരാധീനതകൾ കുറയ്ക്കാൻ സഹായിക്കുന്നതിനോടൊപ്പം സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിന് അതുല്യമായ സസ്യ-ജന്തു സമ്പത്ത് സുസ്ഥിരമായി കൈകാര്യം ചെയ്യപ്പെടുന്നുവെന്ന് ഉറപ്പാക്കുകയും ചെയ്യുന്നു. വിശദമായ ശാസ്ത്രീയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ മൃഗങ്ങളുടെ ആവാസവ്യവസ്ഥകളെ ബന്ധിപ്പിക്കുന്ന വന്യജീവി ഇടനാഴികൾ സ്ഥാപിക്കുന്നുണ്ട്. കൂടാതെ വനത്തിനുള്ളിലെ ജനവാസകേന്ദ്രങ്ങളെ സ്വമേധയാ വനാതിർത്തികളിലേക്ക് മാറ്റിപ്പാർപ്പിക്കുന്ന പുനരധിവാസ പരിപാടിയും നടപ്പിലാക്കി വരുന്നു. ജൈവവൈവിധ്യം സംരക്ഷിക്കുന്നതിന് വനംവകുപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പിന്തുണ നൽകുന്നുണ്ട്. പ്രത്യേകിച്ചും ജൈവവൈവിധ്യ രജിസ്റ്ററുകളുടെ വികസനത്തിനും നവീകരണത്തിനും പിന്തുണ നൽകുന്നതോടൊപ്പം കാവുകൾ, കണ്ടൽക്കാടുകൾ തുടങ്ങിയ അതുല്യമായ പ്രദേശങ്ങൾ സംരക്ഷിക്കുകയും ചെയ്യുന്നു. ജൈവവൈവിധ്യത്തെ സംരക്ഷിക്കുന്ന വ്യത്യസ്ഥമായ രണ്ട് ബയോസ്ഫിയർ റിസർവുകൾ കേരളത്തിലുണ്ട്, അഗസ്ത്യമല ബയോസ്ഫിയർ റിസർവും, നീലഗിരി ബയോസ്ഫിയർ റിസർവും.

കാട്ടുതീയിൽ നിന്നുള്ള സംരക്ഷണം, ജലസ്രോതസ്സുകളുടെ വികസനം, അധിനിവേശ കളകളുടെ ഉന്മൂലനം, ട്രെക്ക് പാതകളുടെ നിർമ്മാണവും പരിപാലനവും ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ, ആശയവിനിമയത്തിനുള്ള സൗകര്യങ്ങൾ, തുടങ്ങിയവ സംരക്ഷണ പരിപാലന പ്രവർത്തനങ്ങളിൽപെടുന്നു. ജൈവൈവിധ്യ സംരക്ഷണം ശക്തിപ്പെടുത്തുന്നതിനായി നടത്തുന്ന മറ്റ് പ്രധാന പ്രവർത്തനങ്ങളാണ് പരിശീലനവും ഗവേഷണവും. പൊതുവെ ശോഷണം സംഭവിച്ച വനങ്ങൾ മെച്ചപ്പെടുത്തുന്നതിനോടൊപ്പം, ചോല വനങ്ങൾ, ചന്ദനക്കാടുകൾ തുടങ്ങിയ സവിശേഷ പരിസ്ഥിതി വ്യവസ്ഥകളുടെ പ്രത്യേക സംരക്ഷണവും ഈ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ആവാസവ്യവസ്ഥ മെച്ചപ്പെടുത്തൽ, വന്യമൃഗ രക്ഷാകേന്ദ്രങ്ങളുടെ പരിപാലനം, അഗ്നിശമനം, വേട്ടയാടൽ വിരുദ്ധ ക്യാമ്പുകളുടെ നടത്തിപ്പ്, ജലവിഭവ പരിപാലനം, പരിസ്ഥിതി വികസന പ്രവർത്തനങ്ങൾ, വന്യജീവി വാരാഘോഷം, മൃഗങ്ങളുടെ വിളനാശം തടയൽ എന്നിവ വനംവകുപ്പിന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. പരിസ്ഥിതി ബോധമുള്ളവരും ഉത്തരവാദിത്തബോധമുള്ളവരുമായ നിരവധി പൗരന്മാരും പൗരസമൂഹങ്ങളും ഉണ്ട്. അവർ വ്യക്തിപരമായ പരിശ്രമങ്ങളിലൂടെ വനങ്ങൾക്ക് പുറത്തുള്ള ജൈവവൈവിധ്യത്തിന്റെയും, ജൈവവിഭവങ്ങളുടെയും സംരക്ഷണത്തിൽ സജീവമായി ഇടപെടുന്നുണ്ട്. ഇത്തരം പൗരന്മാരെയും പൗരസംഘങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിനായി പഞ്ചായത്ത്തലത്തിൽ പ്രകൃതിമിത്ര അവാർഡ് ഏർപ്പെടുത്തുകയുണ്ടായി. പ്രകൃതിയെ അടുത്തറിയുവാനായി സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്ക് വന്യജീവിസങ്കേതങ്ങൾ, ദേശീയഉദ്യാനങ്ങൾ, മറ്റ് വനപ്രദേശങ്ങൾ എന്നിവിടങ്ങളിൽ പ്രകൃതി വിദ്യാഭ്യാസ ക്യാമ്പുകൾ സംഘടിപ്പിക്കുന്നുണ്ട്. റെസിഡൻഷ്യൽ പ്രോഗ്രാമിൽ വനങ്ങളിലെ ട്രക്കിംഗ്, സസ്യജന്തുജാലങ്ങളെക്കുറിച്ചുള്ള പഠനം തുടങ്ങിയവ ഉൾപ്പെടുന്നുണ്ട്. മറ്റ് പരിപാടികളിൽ സ്വകാര്യ സംരക്ഷിത പ്രദേശങ്ങളുടെ ഏറ്റെടുക്കൽ, വന്യജീവി കുറ്റകൃത്യങ്ങൾ തടയുന്നതിന് വിവരം നൽകുന്നവർക്ക് പാരിതോഷികം നൽകുന്നതിനുള്ള രഹസ്യ സേവന ഫണ്ടിന്റെ പരിപാലനം, വന്യജീവി പരിപാലനത്തിലുള്ള പ്രത്യേക പരിശീലനം, സംരക്ഷിത പ്രദേശങ്ങൾക്കകത്തും പുറത്തുമുള്ള മൃഗസംരക്ഷണം, ജീവനക്കാരുടെ ക്ഷേമ പ്രവർത്തനങ്ങൾ, വന്യജീവിക ളുടെ സെൻസസ് തുടങ്ങിയവ ഉൾപ്പെടുന്നു.

വ്യക്തികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാരിതര സംഘടനകൾ, കർഷകർ തുടങ്ങിയവർക്ക് ജൈവ വൈവിധ്യ സംരക്ഷണം, കാവുകൾ, കണ്ടൽക്കാടുകൾ, ഔഷധ സസ്യങ്ങൾ, കാർഷിക ജൈവവൈവിധ്യം എന്നിവയുടെ സംരക്ഷണത്തിന് സംഭാവന നൽകുന്ന പ്രവർത്തനങ്ങൾ പരിഗണിച്ച് വനമിത്ര പുരസ്കാരം നൽകുന്നുണ്ട്. 2020-21 കാലയളവിൽ 14 പേരെ തെരഞ്ഞെടുക്കുകയും അവാർഡുകൾ നൽകുകയും ചെയ്തു. കണ്ടൽക്കാടുകളുടെ ഉടമകൾക്ക് നിലവിലുള്ള കണ്ടൽക്കാടുകൾ പരിപാലിക്കുന്നതിനും നാശത്തിൽ നിന്ന് സംരക്ഷിക്കുന്നതിനും സമൂഹത്തിന് ആവാസവ്യവസ്ഥയുടെ സേവനങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള പിന്തുണയ്ക്ക് സാമ്പത്തിക പ്രോത്സാഹനം നൽകുന്നുണ്ട്.

### സുസ്ഥിര പരിസ്ഥിതി സൗഹൃദ ടൂറിസം

ദ്രുതഗതിയിലുള്ള നഗരവൽക്കരണമുൾപ്പെടെയുള്ള സാമൂഹിക സാമ്പത്തിക മാറ്റങ്ങൾ കണക്കിലെടുക്കുമ്പോൾ ഇക്കോടൂറിസത്തിന്റെ ആവശ്യം അതിവേഗം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. സുസ്ഥിരമായി കൈകാര്യം ചെയ്താൽ ഇക്കോടൂറിസം ഒരു പ്രധാന തൊഴിൽ-വരുമാന സ്രോതസ്സായി മാറ്റാവുന്നതാണ്. ഈ വരുമാനം വനങ്ങളിലെ തടിയിൽ നിന്നുള്ള വരുമാനത്തെക്കാൾ കൂടുതലായിരിക്കുമെന്ന കാര്യത്തിൽ സംശയമില്ല. വനാധിഷ്ഠിത ഇക്കോടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് ശാസ്ത്രീയമായ തന്ത്രങ്ങൾ വികസിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്യേണ്ടതുണ്ട്.

പ്രകൃതിയിലെ അനാവശ്യ ഇടപെടലുകൾ ഒഴിവാക്കിക്കൊണ്ട് പ്രകൃതിയെ അതിന്റെ യഥാർത്ഥ രൂപത്തിൽ മനസ്സിലാക്കാൻ പ്രകൃതിദത്ത പ്രദേശങ്ങളിലേക്ക് ലക്ഷ്യബോധത്തോടെയുള്ള യാത്രയാണ് ഇക്കോ ടൂറിസം. എല്ലാത്തരം വിനോദ സഞ്ചാരികളേയും ആകർഷിക്കുന്ന മനോഹരമായ സ്ഥലങ്ങളാണ് കേരളത്തിലെ വനങ്ങളിലുള്ളത്. വിവിധ ഗ്രൂപ്പുകൾക്കിടയിൽ അവബോധം വളർത്തി പരിസ്ഥിതി സംരക്ഷിക്കുന്നതിന് വനമേഖലയിലും പരിസരങ്ങളിലും ഇക്കോടൂറിസം സഹായിക്കുന്നുണ്ട്. വനമേഖലയിൽ വലിയ തോതിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ഇവിടെ ഉദ്ദേശിക്കുന്നില്ല. വകുപ്പിന് 60 ഇക്കോ ടൂറിസം കേന്ദ്രങ്ങളുണ്ട്. 2020-21-ൽ വിവിധ പ്രവർത്തനങ്ങൾക്കായി ഏകദേശം 8 കോടി രൂപ ചെലവഴിച്ചു. കോവിഡ് 19 മഹാമാരി കാരണം എല്ലാ ഇക്കോ ടൂറിസം കേന്ദ്രങ്ങളും

ഈ കാലയളവിൽ അടച്ചിട്ടിരുന്നു. എന്നിരുന്നാലും 2019–20–ൽ ഇക്കോടൂറിസത്തിൽ നിന്നുള്ള വരുമാനം 27.19 കോടി രൂപയായിരുന്നു.

വന സംരക്ഷണ സമിതികളും (വി.എസ്.എസ്), ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളും (ഇ.ഡി.സി) തയ്യാറാക്കിയ മൈക്രോ പ്ലാനുകളുടെ അടിസ്ഥാനത്തിലാണ് നദികൾ, വെള്ളച്ചാട്ടങ്ങൾ, പുൽമേടുകൾ, ആളുകൾ കൂടുതലായി സന്ദർശിക്കുന്ന സ്ഥലങ്ങൾ എന്നിവിടങ്ങളിൽ ഇക്കോ ടൂറിസം നടപ്പിലാക്കിയത്. വനത്തെ ആശ്രയിക്കുന്ന ജനവിഭാഗങ്ങളുടെ ഉപജീവനമാർഗ്ഗം മെച്ചപ്പെടുത്തുകയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഓരോ പ്രോജക്റ്റിലും വി.എസ്.എസ്/ ഇ.ഡി.സി എന്നിവകളിലെ 10 മുതൽ 25 വരെ അംഗങ്ങൾ ഗൈഡുകളായി പ്രവർത്തിക്കുന്നുണ്ട്. ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ പരമാവധി സ്ത്രീ തൊഴിലാളികളെ ഉൾപ്പെടുത്തുവാനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. ഏകദേശം 1,200 വി.എസ്.എസ്/ഇ.ഡി.സി അംഗങ്ങൾ ഇക്കോടൂറിസം കേന്ദ്രങ്ങളിൽ ഗൈഡുകളായി പ്രവർത്തിക്കുന്നു.

എല്ലാ കേന്ദ്രങ്ങളിലും തടിയിതര വനവിഭവങ്ങളുടെയും, ചെറുകിടവനവിഭവങ്ങളുടെയും വിൽപ്പനയ്ക്കുള്ള ഇക്കോഷോപ്പുകളും സ്ഥാപിച്ചിട്ടുണ്ട്. ഇത് പ്രാദേശിക വനത്തെ ആശ്രയിക്കുന്ന സമൂഹങ്ങൾക്ക് തൊഴിൽ നൽകുന്നു. അത്തരം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നത് പ്രദേശവാസികളുടെ വനങ്ങളോടുള്ള ആശ്രിതത്വം കുറയ്ക്കുകയും അങ്ങനെ പരിസ്ഥിതി വ്യവസ്ഥയെ സംരക്ഷിക്കാൻ സഹായിക്കുകയും ചെയ്യും. വി.എസ്.എസ് അംഗങ്ങളുടെ നേരിട്ടുള്ള പങ്കാളിത്തത്തിനു പുറമേ കേരള വനം വകുപ്പ് നടത്തുന്ന ഇക്കോടൂറിസം പരിപാടികളിലൂടെ 5,000 ത്തിലധികം ആളുകൾക്ക് പരോക്ഷമായി പ്രയോജനം ലഭിക്കുന്നതായി കണക്കാക്കുന്നു.

## സാമൂഹിക വനവത്ക്കരണം

കേരളത്തെ ഹരിതാഭമാക്കുക എന്ന ലക്ഷ്യത്തോടെ 2009–10 ലാണ് കേരള വനംവകുപ്പിന്റെ ഹരിതകേരളം പദ്ധതി ആരംഭിച്ചത്. സ്കൂളുകൾക്കും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സൗജന്യമായി തൈകൾ വിതരണം ചെയ്തും പൊതുസ്ഥലങ്ങളിൽ മാധ്യമങ്ങളുടെയും, രാഷ്ട്രീയ പാർട്ടികളുടേയും യുവജന സംഘടനകളുടെയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായത്തോടെ മരങ്ങൾ നട്ടു പിടിപ്പിച്ചും, മാധ്യമങ്ങൾ, പൊതുജനങ്ങൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്ക് സബ്സിഡി നിരക്കിൽ തൈകൾ വിതരണം ചെയ്തും വനം വകുപ്പ് സാമൂഹിക വനവൽക്കരണത്തെ പ്രോത്സാഹിപ്പിക്കുന്നുണ്ട്. ഹരിതകേരളം പദ്ധതിയുടെ പതിമൂന്നാം ഘട്ടം 2021–22–ൽ നടപ്പാക്കുകയാണ്. ഇതിനായി 46.6 ലക്ഷം തൈകൾ പൊതുജനങ്ങൾക്കും വിവിധ വകുപ്പുകൾക്കും വിതരണം ചെയ്യുന്നതിനായി വളർത്തികഴിഞ്ഞു. സാമൂഹിക വനവൽക്കരണം വഴി വിതരണം ചെയ്യുന്ന തൈകളുടെ വിശദാംശങ്ങൾ **അനുബന്ധം 3.6.7**–ൽ കൊടുത്തിരിക്കുന്നു.

2020–21 കാലയളവിൽ പ്രധാനപ്പെട്ട റോഡുകളുടെയും, സ്ഥാപനങ്ങളുടെയും വഴികളുടെയും വശങ്ങളിൽ ഒരു വർഷം പ്രായമായ തൈകൾ നടാൻ വിഭാവനം ചെയ്യുന്ന സ്ഥാപന–ചോല വൃക്ഷവീഥി പദ്ധതി വഴി 1.9 ലക്ഷം തൈകൾ വിതരണം ചെയ്തു.

## ഹോംഗാർഡനുകളും നഗരവൽക്കരണവും

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി കേരള കാർഷിക സർവ്വകലാശാലയിൽ നിന്നും മറ്റ് സ്ഥാപനങ്ങളിൽ നിന്നുമുള്ള വൈദഗ്ധ്യം പ്രയോജനപ്പെടുത്തി വീട്ടുതോട്ടങ്ങളിൽ നിന്നുള്ള മരം ഉൽപാദനം മെച്ചപ്പെടുത്തുന്നതിനുള്ള പരിപാടി നടപ്പിലാക്കിവരുന്നു. ഇതിനായി കുടുംബശ്രീ യൂണിറ്റുകളുടെ സജീവമായ ഇടപെടലിലൂടെ തൈകളുടെയും മറ്റ് നടീൽ വസ്തുക്കളുടെയും ഉൽപാദനം മെച്ചപ്പെടുത്തേണ്ടതുണ്ട്. തെരഞ്ഞെടുത്ത കോർപ്പറേഷനുകളിലും, മുനിസിപ്പാലിറ്റികളിലും നഗരാസൂത്രണത്തിന്റെ അവിഭാജ്യ ഘടകമായി നഗര ഹരിത ഇടങ്ങൾ വികസിപ്പിക്കുന്നതിന് തുടക്കം കുറിക്കുന്നതാണ്.

സ്വകാര്യഭൂമിയിൽ കൂടുതൽ മരങ്ങൾ വളർത്തുന്നതിനും തടി ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിനും കർഷകർക്ക് ക്യാഷ് ഇൻസെന്റീവ് നൽകാൻ സ്വകാര്യ വനവൽക്കരണ പരിപാടിക്ക് പിന്തുണ നൽകേണ്ടതുണ്ട്. തേക്ക്, ചന്ദനം, മഹാഗണി, ആഞ്ഞിലി, പ്ലാവ്, ഈട്ടി, കമ്പകം, കുമ്പിൾ, കുന്നിവാക, തേമ്പാവ് എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന വൃക്ഷങ്ങൾ. വ്യക്തിഗത കർഷകർ, വിഎസ്എസ്, ഇഡിസി, കുടുംബശ്രീ യൂണിറ്റുകൾ, സ്വയം സഹായസംഘങ്ങൾ, സഹകരണ സംഘങ്ങൾ, എൻ.ജി.ഒകൾ എന്നിവ മുഖേന പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. സ്വന്തം സ്ഥലത്ത് കുറഞ്ഞത് 50 തൈകൾ നടുന്നവർക്ക് പ്രോത്സാഹനത്തിന് അർഹതയുണ്ട്.

## വനാവകാശനിയമത്തിന്റെ അംഗീകാരം

വനാവകാശ നിയമം 2006, വനത്തെ ആശ്രയിക്കുന്ന ജനവിഭാഗങ്ങളുടെ അവകാശങ്ങൾ അംഗീകരിക്കാൻ വിഭാവനം ചെയ്യുന്നു. വനവാസി പട്ടികവർഗ്ഗക്കാരുടെയും, ആശ്രിത സമൂഹങ്ങളുടെയും അവകാശങ്ങളും, വ്യക്തിപരവും സാമുദായികവുമായ അവകാശങ്ങളുടെ അടിസ്ഥാനത്തിൽ സുസ്ഥിരമായ ഉപയോഗത്തിനും, ജൈവവൈവിധ്യ സംരക്ഷണത്തിനും, പാരിസ്ഥിതിക സംതുലിതാവസ്ഥ നിലനിർത്തുന്നതിനുമുള്ള ഉത്തരവാദിത്വവും അധികാരവും ഈ നിയമം അംഗീകരിക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പാണ് വനാവകാശ നിയമം നടപ്പിലാക്കുന്നതിന് ചുമതലയുള്ള സംസ്ഥാനത്തെ സുപ്രധാന ഏജൻസി. സംസ്ഥാനത്ത് വനാവകാശ നിയമം നടപ്പാക്കുന്നത് 511 ഗ്രാമസഭകൾ, 14 സബ് ഡിവിഷണൽ തല കമ്മിറ്റികൾ , 12 ജില്ലാതല കമ്മിറ്റികൾ എന്നിവയിലൂടെയാണ്.

## വനത്തെ ആശ്രയിക്കുന്ന സമൂഹങ്ങളുടെ ഉപജീവനമാർഗ്ഗം

വനത്തെ ആശ്രയിക്കുന്ന സമൂഹങ്ങളും വനങ്ങളും തമ്മിലുള്ള അടുത്ത ബന്ധം കണക്കിലെടുത്ത്, വനവാസികളായ ആദിവാസി സമൂഹങ്ങളുടെ ഉപജീവനമാർഗ്ഗം മെച്ചപ്പെടുത്തുന്നതിനുള്ള ഒരു പദ്ധതി വനം വകുപ്പ് മറ്റ് വകുപ്പുകളുമായും ഏജൻസികളുമായും സഹകരിച്ച് നടപ്പിലാക്കാൻ ശ്രമിക്കുന്നുണ്ട്. തടിയിതര ഉൽപ്പന്നങ്ങളുടെ മെച്ചപ്പെട്ട ശേഖരണവും മൂല്യവർദ്ധനവും ഉൾപ്പെടെ വനവൽക്കരണത്തിൽ വിപുലമായ തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്നതിനു പുറമേ ഇതര ഉപജീവന മാർഗ്ഗങ്ങൾ മെച്ചപ്പെടുത്താനുള്ള അവസരങ്ങളും വിഭാവനം ചെയ്തിട്ടുണ്ട്. ആദിവാസി ഗ്രാമങ്ങൾക്ക് സൗകര്യങ്ങൾ, പ്രത്യേകിച്ച് വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം എന്നിവ ലഭ്യമാക്കുന്നതോടൊപ്പം

വനവിഭവങ്ങളിലുള്ള പ്രദേശവാസികളുടെ ആശ്രയത്വം കുറയ്ക്കുന്നതിന്, മെച്ചപ്പെട്ട വിളവ് നൽകുന്ന കന്നുകാലികളുടെ വിതരണം, തയ്യൽ മെഷീനുകൾ, ഇക്കോടൂറിസം പ്രവർത്തനങ്ങളിൽ പരിശീലനം എന്നിവയിലൂടെ പ്രാദേശിക ജനങ്ങൾക്ക് ഇതര ഉപജീവനമാർഗ്ഗങ്ങൾ നൽകുവാനും ഉദ്ദേശിക്കുന്നു. വനത്തെ ഇന്ധനമായി ചൂഷണംചെയ്യുന്നത് തടയുന്നതിനായി സൗരോർജ്ജ വിളക്കുകൾ, പുകയില്ലാത്ത അടുപ്പുകൾ, എൽ.പി.ജി വിതരണം, പ്രദേശവാസികൾക്കായി ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണം എന്നിവയും വിഭാവനം ചെയ്തിട്ടുണ്ട്. വനമേഖലയിലെ ആദിവാസികളുടെ ജീവിതനിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി ചെറുകിട വനവിഭവങ്ങൾ ശേഖരിക്കുന്നതിനുള്ള അവകാശം വനം വകുപ്പ് അവർക്ക് നൽകിയിട്ടുണ്ട്.

പരിസ്ഥിതി വികസന പരിപാടിക്ക് കീഴിലുള്ള പ്രവർത്തനങ്ങളിൽ, ആദിവാസി ഗ്രാമങ്ങളിലെ വികസന പരിപാടികൾ, ഇതര ഉപജീവന പരിപാടികൾ, കരകൗശല വസ്തുക്കളിൽ വൈദഗ്ധ്യം വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനം, ബദൽ ഊർജ്ജ സ്രോതസ്സുകളുടെ പ്രചരണം, പുനരുപയോഗ ഊർജ്ജ ഉപകരണങ്ങളുടെ പ്രോത്സാഹനം, ഖരമാലിന്യ നിർമാർജ്ജനം, ജൈവകൃഷി, കമ്പോസ്റ്റ് നിർമ്മാണം, സുരക്ഷിത കുടിവെള്ള പദ്ധതി വികസിപ്പിക്കൽ, സ്കോളർഷിപ്പുകൾ, വിദ്യാഭ്യാസ സഹായം, ട്രൈബൽ സ്കൂളുകളിലും ഹോസ്റ്റലുകളിലും അടിസ്ഥാന സൗകര്യ വികസനം, വർക്ക് ഷെഡുകൾ സ്ഥാപിക്കൽ തുടങ്ങിയവ ഉൾപ്പെടുന്നു.

### നവകേരള നിർമ്മാണ വികസന പദ്ധതി (ആർ.കെ.ഡി.പി)

2018 ഓഗസ്റ്റിൽ കേരളത്തിൽ നാശം വിതച്ച വിനാശകരമായ വെള്ളപ്പൊക്കം വനപ്രദേശങ്ങളിലെ സാമൂഹികവും സാമ്പത്തികവും മാനുഷികവും പാരിസ്ഥിതികവുമായ അടിസ്ഥാന സൗകര്യങ്ങൾക്ക് കാര്യമായ നാശമുണ്ടാക്കി. സസ്യങ്ങളുടെ ആവരണം നഷ്ടപ്പെടുക, വ്യാപകമായ ഉരുൾപൊട്ടൽ, മേൽമണ്ണിന്റെ നഷ്ടം, നീർച്ചാലുകളുടെയും മലയിടുക്കുകളുടെയും രൂപീകരണം, മൊത്തത്തിലുള്ള ജല സംഭരണശേഷിയുടെ ശോഷണം എന്നിവ വനങ്ങളെ പ്രതികൂലമായി ബാധിച്ചു. പ്രളയബാധിത പ്രദേശങ്ങൾ പുനർനിർമ്മിക്കുന്നതിനായി റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ (ആർ.കെ.ഐ) ഭാഗമായി സംസ്ഥാനത്തെ വനമേഖലകളിൽ നടപ്പാക്കാൻ വനംവകുപ്പ് തയ്യാറാക്കിയ 800 കോടി രൂപയുടെ പദ്ധതി 2019–20 മുതൽ മൂന്നു വർഷങ്ങളിലായി നടപ്പാക്കാൻ അനുമതി ലഭിച്ചു. സ്വകാര്യ സെറ്റിൽമെന്റുകൾ മാറ്റി സ്ഥാപിക്കാനും കണ്ടൽക്കാടുകളും സ്വകാര്യ എസ്റ്റേറ്റുകളും ഏറ്റെടുക്കാനും നിർദ്ദേശിച്ചു. ഇതിനുപുറമേ, ജലശാസ്ത്ര പഠനവും രണ്ട് സാധ്യതാ പഠനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. കാസർഗോഡ് ഫോറസ്റ്റ് ഡിവിഷനിൽ നിന്നും അർഹരായ 21 കുടുംബങ്ങളെ 3.2 കോടി രൂപ നഷ്ടപരിഹാരം നൽകിയും, ശെന്തുരുണി വന്യജീവി ഡിവിഷനിലെ കട്ടിലപ്പാറ സെറ്റിൽമെന്റിൽ നിന്ന് അർഹരായ 57 കുടുംബങ്ങളെ 8.6 കോടി രൂപയുടെ നഷ്ടപരിഹാരം നൽകിയും മാറ്റിപ്പാർപ്പിക്കുന്നതിനുള്ള നിർദ്ദേശത്തിന് സംസ്ഥാനതല എംപവേർഡ് കമ്മിറ്റി (എസ്.എൽ.ഇ.സി) അംഗീകാരം നൽകി. പതിമൂന്ന് എസ്റ്റേറ്റുകളിലെ നിയമപരമായ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകളുടെ പരിശോധനയും വ്യക്തിഗത എസ്റ്റേറ്റ്ഉടമകളുമായുള്ള പ്രഥമികചർച്ചയും പുരോഗമിക്കുകയാണ്. തൃശ്ശൂർ, കൊല്ലം ജില്ലകൾക്കായി ഇഎഫ്എൽ നിയമപ്രകാരമുള്ള മൂല്യനിർണ്ണയ സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

### നേട്ടങ്ങളും സംരംഭങ്ങളും, 2021

**ഗ്രീൻ ഗ്രാസ്:** ഗ്രീൻ ഗ്രാസ് പ്രോജക്ടിനു കീഴിൽ, വനത്തിലൂടെ കടന്നുപോകുന്ന പാതയോരങ്ങളിൽ മാലിന്യം തള്ളുന്ന സ്ഥലങ്ങളുടെ ഭൂപടം തയ്യാറാക്കുന്നതിന് ഫീൽഡ് തലത്തിൽ നടപടികൾ സ്വീകരിക്കുകയും വിഎസ്എസ്/ ഇഡിസി അംഗങ്ങളെയും വിവിധ സ്കൂളുകളിലെയും കോളേജുകളിലേയും എൻജിഒകളിലേയും എൻഎസ്എസ് വോളന്റിയർമാരെ ഉൾപ്പെടുത്തി 125 പ്രധാന ഡമ്പിംഗ് പോയിന്റുകൾ കണ്ടെത്തി. സംസ്ഥാനത്ത ഏറ്റവും കൂടുതൽ മാലിന്യപ്രശ്നമുള്ള പ്രദേശങ്ങളിലൊന്ന് മൂന്നാർ ഡിവിഷനിലെ വനമേഖലയാണ്. 2020–21–ൽ ഗ്രീൻ ഗ്രാസ് പദ്ധതിക്കായി 8 ലക്ഷം രൂപയും കാമ്പ ഫണ്ടിൽ നിന്ന് 5 ലക്ഷം രൂപയും തെരഞ്ഞെടുത്ത ഫോറസ്റ്റ് ഡിവിഷനുകൾക്ക് അനുവദിക്കുകയുണ്ടായി. ഇത് മാലിന്യം നീക്കം ചെയ്യുന്നതിനും മറ്റ് അനുബന്ധ പ്രവർത്തനങ്ങൾക്കുമായി പൂർണ്ണമായും വിനിയോഗിച്ചു. പഞ്ചായത്തുകളുടെ സഹായത്തോടെ സംസ്ഥാനത്തുടനീളം ആറ് സർക്കിളുകളിലായി വ്യാപിച്ചുകിടക്കുന്ന മേല്പറഞ്ഞ 125 പോയിന്റുകളിൽ നിന്ന് വനംവകുപ്പ് ഇതുവരെ 1853 ടൺ മാലിന്യം ശേഖരിക്കുകയും തരംതിരിക്കുകയും സംസ്കരിക്കുകയും ചെയ്തിട്ടുണ്ട്.

യൂക്കാലിപ്റ്റ്സ്, അക്കേഷ്യ എന്നിവയുടെ പൾപ്പ്വുഡ് തോട്ടങ്ങളെ സ്വാഭാവിക വനങ്ങളാക്കി മാറ്റുന്നു:–അക്കേഷ്യ, യൂക്കാലിപ്റ്റ്സ്, വാട്ടിൽ എന്നിവയുടെ തോട്ടങ്ങൾ വെട്ടിമാറ്റുന്നതിനും ഈ പ്രദേശങ്ങൾ സ്വാഭാവിക വനങ്ങളാക്കി മാറ്റുന്നതിനുമുള്ള സാങ്കേതിക സഹായങ്ങൾ നൽകുന്നതിന് ഒരു ഉന്നതതല സാങ്കേതിക സമിതി രൂപീകരിച്ചു. ദുരന്തസാധ്യതയുള്ള പ്രദേശങ്ങൾ, വന്യജീവി ഇടനാഴിക്ക് കീഴിലുള്ള പ്രദേശങ്ങൾ, നദീതീര പ്രദേശങ്ങൾ എന്നിവയ്ക്ക് പ്രത്യേക ഊന്നൽ നൽകുന്നുണ്ട്. ഘട്ടംഘട്ടമായി നടപ്പാക്കുന്ന ഈ പദ്ധതി 2034 ഓടെ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു. നബാർഡിന്റെ ആർഐഡിഎഫ് ന് കീഴിൽ ഇതിനകം ഒരു പദ്ധതിക്ക് അംഗീകാരം നൽകുകയുണ്ടായി. തൃശ്ശൂരിൽ ഇതിന്റെ പ്രവൃത്തി നടക്കുന്നുണ്ട്, മറ്റ് എട്ട് പദ്ധതികൾക്കുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുകയാണ്.

ആവാസവ്യവസ്ഥയെ അടിസ്ഥാനമാക്കിയുള്ള സമീപനങ്ങൾക്ക് മുൻതൂക്കം നൽകി പദ്ധതികളുടെ ഓട്ടോമേഷൻ പ്രവർത്തനമാണ് വനപരിപാലനത്തിന്റെ അടിസ്ഥാനം. വനപരിപാലനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രവർത്തനപദ്ധതികൾ തയ്യാറാക്കുന്നത് ശാസ്ത്രീയവൽക്കരിച്ചു. കൂടാതെ, വനപരിപാലനത്തിന്റെ കേന്ദ്ര വിഷയമായി ജലശാസ്ത്രത്തെ അടിസ്ഥാനപ്പെടുത്തുകയും അതനുസരിച്ച് പ്രവർത്തന പദ്ധതി നിർദ്ദേശങ്ങൾ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

**വംശനാശഭീഷണി നേരിടുന്ന ജീവിവർഗ്ഗങ്ങളുടെ വീണ്ടെടുക്കൽ പരിപാടി:** സംസ്ഥാനത്ത് വംശനാശഭീഷണി നേരിടുന്ന നിരവധി ഇനം സസ്യങ്ങളുണ്ട്. പീച്ചിയിലെ കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുമായി സഹകരിച്ച് 2020–21 കാലയളവിൽ ഇവയുടെ വീണ്ടെടുക്കൽ ലക്ഷ്യമിട്ടുള്ള ഒരു പരിപാടി ആരംഭിച്ചു. 2020–21 കാലഘട്ടത്തിൽ നീലഗിരി ബാർബെറി, മരമഞ്ഞൾ, കരിമരം, കുടപ്പന തുടങ്ങിയവ വീണ്ടെടുക്കാനായി ഏറ്റെടുത്തവയിൽ ഉൾപ്പെടുന്നു.

**കടുവ പുനരധിവാസ കേന്ദ്രം:** തൃശ്ശൂരിൽ കടുവ പുനരധിവാസകേന്ദ്രം സ്ഥാപിക്കാൻ നിർദ്ദേശിച്ചിരുന്നെങ്കിലും സ്ഥലം ലഭ്യമല്ലാത്തതിനാൽ പദ്ധതിയുടെ സ്ഥാനം വയനാട്ടിലേക്ക് മാറ്റുകയും പ്രസ്തുത പ്രദേശം കടുവ മേഖലയായതുകൊണ്ട്തന്നെ പദ്ധതിച്ചെലവ് കുറയ്ക്കാൻ സഹായിക്കുകയും ചെയ്തു. 2021–22ൽ പണി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

**തൈകൾ വളർത്തുന്നതിന് പ്ലാസ്റ്റിക് സഞ്ചികൾക്ക് പകരം പരിസ്ഥിതി സൗഹൃദ കയർ ഫൈബർ റൂട്ട് ട്രെയിനർ:** തൈകൾ വളർത്തുന്നതിന് പരിസ്ഥിതി സൗഹൃദ ബാഗ് ഉപയോഗിക്കുന്നതിന്റെ ഭാഗമായി നടുന്നതിനും തൈകൾ ഉൽപ്പാദിപ്പിക്കുന്നതിനും പൊതുജനങ്ങൾക്ക് വിതരണം ചെയ്യുന്നതിനുമായി കയർ ഫൈബർ റൂട്ട് ട്രെയിനർ എന്ന പുതിയ തരം കണ്ടെയിനർ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി കയർ ഫൈബർ റൂട്ട് ട്രെയിനറിൽ ഒരു ലക്ഷം തൈകൾ വളർത്തുകയും, വരും വർഷങ്ങളിൽ ഇത് കൂടുതൽ വിപുലീകരിക്കാൻ തീരുമാനിക്കുകയും ചെയ്തു.

**കണ്ണവം വൈൽഡ് ലൈഫ് സഫാരി പാർക്ക്:** കണ്ണവത്തെ സംരക്ഷിത വനങ്ങളിൽ നിന്ന് പ്രതീക്ഷിച്ചതിലും കൂടുതൽ മരങ്ങൾ നീക്കം ചെയ്യേണ്ടതിനാൽ പ്രാഥമിക നിർദ്ദേശം ഭേദഗതി ചെയ്ത് ആറളത്തെ ഫാമിംഗ് കോർപ്പറേഷൻ സൊസൈറ്റിയിൽ നിന്ന് ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ഉയർന്ന നിലവാരമുള്ള സൈബർ ഫോറൻസിക് ലാബ്:** ഇലക്ട്രോണിക്സ് ആന്റ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങളും മാനദണ്ഡങ്ങളും പാലിച്ച് സൈബർ ഫോറൻസിക് ലാബ് സ്ഥാപിക്കുന്നതിനുള്ള വിശദമായ നിർദ്ദേശം സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇത് സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

**സ്പീഷീസ് കൺസർവേഷൻ പ്രോഗ്രാം:** വംശനാശ ഭീഷണി നേരിടുന്ന കേരളത്തിലെ 83 സസ്യ ഇനങ്ങളുടെ സ്പീഷീസ് സംരക്ഷണ പരിപാടികളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും അവയുടെ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തു.

**വനങ്ങളുടെ അതിർത്തി ഡിജിറ്റലൈസ് ചെയ്യാനുള്ള പൈലറ്റ് പദ്ധതി:** പദ്ധതി ആസൂത്രണ ഘട്ടത്തിലാണ്. പൈലറ്റ് പദ്ധതിക്കായി ചാലക്കുടി ഫോറസ്റ്റ് ഡിവിഷനെ തെരഞ്ഞെടുത്തിട്ടുണ്ട്.

**ചെക്ക്പോസ്റ്റുകൾ സംയോജിത ഫോറസ്റ്റ് ചെക്ക് പോസ്റ്റുകളായി ഉയർത്തുന്നു:** നബാർഡിന്റെ ആർഐഡിഎഫ്–ന് കീഴിൽ 16 സംയോജിത വനം ചെക്ക്പോസ്റ്റുകൾ നവീകരിക്കുന്നതിനുള്ള പദ്ധതിക്ക് അംഗീകാരം ലഭിച്ചു, 14 ചെക്ക്പോസ്റ്റുകളുടെ ടെൻഡറുകൾ പൂർത്തിയായി. പദ്ധതി പൂർത്തീകരണ ഘട്ടത്തിലേക്ക് അടുക്കുകയാണ്.

**കല്ലാർ, ഭവാനി വന്യജീവി സങ്കേതത്തിന്റെ പ്രഖ്യാപനം:** കല്ലാർ വന്യജീവി സങ്കേതത്തിനായുള്ള നിർദ്ദേശങ്ങൾ അതിന്റെ അവസാന ഘട്ട തയ്യാറെടുപ്പിലാണ്. ഭവാനി വന്യജീവി സങ്കേതത്തിനായുള്ള നിർദ്ദേശം സർക്കാരിന് സമർപ്പിക്കുകയും അത് സർക്കാരിന്റെ സജീവ പരിഗണനയിലുമാണ്.

**നട്ടുപിടിപ്പിച്ച വൃക്ഷതൈകളുടെ പരിപാലനത്തിനായി നിരീക്ഷണ സംവിധാനം:** കൃഷി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള ബന്ധപ്പെട്ട വകുപ്പുകളുമായി സഹകരിച്ച് ഒരു നിരീക്ഷണ സംവിധാനം രൂപവത്ക്കരിച്ചുവരികയാണ്.

**ലാൻഡ്സ്കേപ്പ് അടിസ്ഥാനത്തിൽ വനം വകുപ്പിന്റെ ഫീൽഡ് യൂണിറ്റുകൾ പുനഃസംഘടിപ്പിക്കുക:** 2018–ലെ വിനാശകരമായ വെള്ളപ്പൊക്കവും, 2019ലെയും 2020ലെയും ഉരുൾപൊട്ടലുകളും കേരളത്തിലെ ജലസുരക്ഷയുടെ അടിസ്ഥാനശിലയാണ് വനങ്ങളെന്ന തിരിച്ചറിവിന് ഇടയാക്കി. ഹൈഡ്രോളജിയിൽ വനങ്ങളുടെ പ്രാധാന്യം മുൻനിർത്തി ശക്തിപ്പെടുത്തുന്നതിന് വിദേശ ഇനങ്ങളുടെ തോട്ടങ്ങൾ ഘട്ടം ഘട്ടമായി നിർത്തലാക്കി, ആ പ്രദേശത്തെ പ്രകൃതിദത്ത വനങ്ങളിലേക്ക് പുനഃസ്ഥാപിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അടുത്ത ഘട്ടത്തിൽ, വനം വകുപ്പിന്റെ ഫീൽഡ് യൂണിറ്റുകൾ ലാൻഡ്സ്കേപ്പ് അടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കും. അങ്ങനെ വനങ്ങളും സമീപ പ്രദേശങ്ങളും സമഗ്രവും ഏകോപിതവുമായ മാനേജ്മെന്റിന് കീഴിലാകും. ഇത് അവയുടെ ജലശാസ്ത്ര സേവനങ്ങൾ മെച്ചപ്പെടുത്തും.

**വിദ്യാവനം:** കുട്ടികളെ പ്രകൃതിയുമായി ബന്ധിപ്പിക്കുന്നതിന്, 1980 കളുടെ തുടക്കത്തിൽ വനംവകുപ്പ് സ്കൂളുകളിൽ 'ഫോറസ്ട്രി ക്ലബ്ബുകൾ' എന്ന ആശയം അവതരിപ്പിച്ചു. ഇതുവരെ രൂപീകരിക്കാത്തിടത്തെല്ലാം പുതിയ ക്ലബ്ബുകൾ സ്ഥാപിക്കുന്നതിനോടൊപ്പം നിലവിലുള്ളവയുടെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കേണ്ടതുമുണ്ട്. ഇത് കണക്കിലെടുത്ത് "മിഷൻ ഫോറസ്ട്രി ക്ലബ്ബുകൾ" വഴി കേരളത്തിലെ ഫോറസ്ട്രി ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിക്കാനും വിപുലീകരിക്കാനുമുള്ള ഒരു പരിപാടി അടുത്തിടെ വനംവകുപ്പ് ആരംഭിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് കാടുകൾ അനുഭവിക്കാനും മനസ്സിലാക്കാനും പ്രാപ്തമാക്കുന്ന തരത്തിൽ സ്കൂൾ/കോളേജ് പരിസരങ്ങളിൽ ചെറുകാടുകൾ സൃഷ്ടിക്കുക എന്നതാണ് പരിപാടിയുടെ ലക്ഷ്യം. തദ്ദേശീയമായ ജീവജാലങ്ങൾ, ജൈവവൈവിധ്യ മൂല്യങ്ങൾ, ആവാസവ്യവസ്ഥയുടെ സേവനങ്ങൾ എന്നിവ മനസ്സിലാക്കാൻ വിദ്യാർത്ഥികൾക്ക് ഇത് അവസരമൊരുക്കുമെന്ന കാര്യത്തിൽ സംശയമില്ല. വിദ്യാവനം എന്ന നൂതന ആശയം പ്രകൃതിയോടും വനങ്ങളോടും വിദ്യാർത്ഥികൾക്കുള്ള സ്നേഹവും ബന്ധവും ദൃഢമാക്കും.

വനസംരക്ഷണത്തിന്റെയും പരിസ്ഥിതിയുടെയും സുസ്ഥിരതയുടെയും പ്രായോഗിക വശങ്ങൾ അറിയാൻ വിദ്യാവനം വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം പാരിസ്ഥിതിക അച്ചടക്കവും പാരിസ്ഥിതിക കാര്യനിർവഹണവും വികസിപ്പിക്കാൻ സഹായിക്കുകയും നേതൃത്വപാടവം, കൂട്ടായ പ്രവർത്തനം, പ്രശ്നപരിഹാരത്തിനുള്ള കഴിവുകൾ എന്നിവ വളർത്തി കുട്ടികളെ ശാക്തീകരിക്കുകയും ചെയ്യും. വനാതിർത്തിയിലുള്ള സ്കൂൾ/കോളേജുകളിൽ ഇത്തരത്തിലുള്ള 500 വിദ്യാവനങ്ങൾ തുടങ്ങാൻ ഈ വർഷം വനംവകുപ്പ് പദ്ധതിയിട്ടിട്ടുണ്ട്.

ജില്ലാ സ്ഥിരം നഴ്സറി: ജില്ലാ പെർമനന്റ് നഴ്സറിയുടെ ആശയം സാധാരണ സിൽവികൾച്ചർ രീതികൾ

പാലിച്ചുകൊണ്ട് നിശ്ചിത നിലവാരത്തിലുള്ള തൈകൾ ഉൽപ്പാദിപ്പിക്കുക, പ്രധാനപ്പെട്ടതും അപൂർവവും വംശ നാശഭീഷണി നേരിടുന്നതുമായ ഇനങ്ങളുടെ തൈകൾ വളർത്തുക, മരങ്ങളുടെ പ്രാധാന്യം, മരങ്ങൾ നൽകുന്ന പാരിസ്ഥിതിക സേവനങ്ങളെ കുറിച്ച് അവബോധം സൃഷ്ടിക്കുക എന്നിവ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, പാലക്കാട്, വയനാട്, കോഴിക്കോട്, കാസർകോട് ജില്ലകളിൽ പദ്ധതി നടപ്പാക്കാനുള്ള നടപടികൾ ആരംഭിച്ചു.

നഗരവനങ്ങൾ: കാർബൺ പുറന്തള്ളലിന്റെ 78 ശതമാനവും പാർപ്പിട ജല ഉപയോഗത്തിന്റെ 60 ശതമാനവും നഗരങ്ങളിലാണെന്നുള്ളത് അറിയപ്പെടുന്ന വസ്തുതയാണ്. വെള്ളം കയറാത്ത കോൺക്രീറ്റ് വിസ്തൃതിയുടെ വർദ്ധനവ്, തുറസ്സായ ഹരിത പ്രദേശങ്ങളുടെ കുറവ്, കാൽനട-വാഹന ഗതാഗതതിരക്ക്, മലിനീകരണം എന്നിവ കേരളത്തിലെ നഗരവൽക്കരണത്തിന്റെ പ്രത്യക്ഷമുഖങ്ങളാണ്. സസ്യജാലങ്ങളുടെ കുറവ്, താഴ്ന്ന ആൽബിഡോ ഉള്ള ഇരുണ്ട പ്രതലങ്ങളുടെ വ്യാപനം, വർദ്ധിച്ച നരവംശ താപബഹിർഗമനം എന്നിവ "ഹീറ്റ് ഐലൻഡ് ഇഫക്റ്റിന്" കാരണമാകുന്നു. ഒരു നഗരവാസിക്ക് കുറഞ്ഞത് ഒമ്പത് ചതുരശ്ര മീറ്റർ തുറസ്സായ പച്ചപ്പെങ്കിലും ലഭ്യമാക്കണമെന്ന് ലോകാരോഗ്യ സംഘടന നിർദ്ദേശിക്കുന്നു. ഈ പ്രശ്നം പരിഹരിക്കുന്നതിനായി നഗര വനവൽക്കരണം പ്രോത്സാഹിപ്പിക്കാൻ സർക്കാർ നിർദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളമുള്ള നഗരങ്ങളിൽ ഹരിത ഇടങ്ങളോ നഗരവനങ്ങൾ എന്നപേരിൽ നഗര പാർക്കുകളോ സ്ഥാപിക്കും. മരങ്ങൾ, കുറ്റിച്ചെടികൾ, ഔഷധസസ്യങ്ങൾ എന്നിവ സാന്ദ്രതയിൽ നട്ടുപിടിപ്പിച്ച് ചുരുങ്ങിയ സമയത്തിനുള്ളിൽ ഇടതൂർന്ന വനങ്ങൾ സൃഷ്ടിക്കുന്ന നടീൽ സങ്കൽപ്പങ്ങൾ ഉൾപ്പെടുത്തി പ്രകൃതിദത്ത വനങ്ങളോടൊപ്പം ബഹു മേലാപ്പ് ആയി നഗരവനങ്ങൾ വികസിപ്പിക്കും.

വനശ്രീ സംരംഭം ശക്തിപ്പെടുത്തുന്നു:- സംയുക്ത വന പരിപാലനത്തിന്റെ ഭാഗമായി, വനം വകുപ്പ് 640 വി.എസ്.എസ്/ഇ.ഡി.സി കൾ സജ്ജീകരിച്ചു. ഇവയിലെ അംഗങ്ങൾ തടിയിതര വന ഉൽപ്പന്നങ്ങളുടെ സമാഹരണത്തിൽ ഏർപ്പെട്ടിരിക്കുന്നു. അതിനായി ഡിപ്പാർട്ട്മെന്റ് മൂല്യവർദ്ധനയ്ക്കുള്ള സൗകര്യങ്ങളും അത്തരം മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ വിൽപ്പനയ്ക്കുള്ള മാർഗ്ഗങ്ങളും നിർദ്ദേശിക്കുന്നു. പത്ത് കോടിയിലധികം വാർഷിക വിറ്റുവരവുള്ള വി.എസ്.എസ്/ഇ.ഡി.സി കൾ ശേഖരിക്കുന്ന തടിയിതര വനവിഭവങ്ങളുടെ വിൽപനയ്ക്കായി വകുപ്പ് 34 വനശ്രീ ഔട്ട് ലെറ്റുകളും രണ്ട് മൊബൈൽ യൂണിറ്റുകളും സജ്ജീകരിച്ചിട്ടുണ്ട്. ഈ ഔട്ട് ലെറ്റുകൾ ഒരു വശത്ത് അവരുടെ ചില്ലറ ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്നു. മറുവശത്ത്, ഉപഭോക്തൃ വ്യയത്തിന്റെ പരമാവധി വിഹിതം ശേഖരിക്കുന്നവർക്ക്, കൂടുതലും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് തിരികെ ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നു. വനശ്രീ എന്ന ബ്രാൻഡ് രജിസ്റ്റർ ചെയ്യുകയും പ്രൊഫഷണൽ ബ്രാൻഡിംഗ് നടത്തുകയും ചെയ്യുന്നുണ്ട്. അങ്ങനെ അതിന്റെ ദൃശ്യപരത വർദ്ധിപ്പിക്കും. കൂടാതെ, ബിസിനസ്സ് പ്ലാനുകൾ തയ്യാറാക്കി ഗുണമേന്മ ഉറപ്പുവരുത്തി വനശ്രീ ഔട്ട് ലെറ്റുകളുടെ മാനേജ്മെന്റ് പ്രൊഫഷണലിസം കൊണ്ടുവരും.

വനേതരഭൂമിയിൽ നിന്ന് മരം മുറിച്ചുന്നതിനും കൊണ്ടുപോകുന്നതിനുമുള്ള പാസുകൾ എത്തിക്കുന്നതിനുള്ള ഓൺലൈൻ സംവിധാനം:- വനേതര ഭൂമിയിൽ നിന്ന് മരം മുറിക്കുന്നതിനുള്ള പാസ്സുകൾ നൽകുന്നതിൽ സുതാര്യതയും കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നതിന് നടപടിക്രമങ്ങൾ പൂർത്തിയാകുന്നതോടെ അപേക്ഷകന് പാസ് ഡൗൺലോഡ് ചെയ്യാൻ കഴിയുന്ന 'എൻഡ് ടു എൻഡ്' ഓൺലൈൻ സംവിധാനം നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു.

കാട്ടാനകളുടെ പരിപാലനം:- വന്യജീവി സംരക്ഷണ നിയമത്തിന്റെ ഷെഡ്യൂളിൽ ഉൾപ്പെട്ടതും ഉയർന്ന സംരക്ഷണമുള്ളതുമായ ആനകൾ ഏറ്റവും കൂടുതൽ ഉള്ള സംസ്ഥാനങ്ങളുടെ പട്ടികയിൽ ഒന്നാമതാണ് കേരളം. ആനകൾ സംസ്ഥാനത്തെ സംസ്കാരത്തിന്റെയും, പാരമ്പര്യത്തിന്റെയും അഭിവാജ്യ ഘടകങ്ങളാണ്. കാട്ടാനകളെ പരിപാലനം ചെയ്യുന്നതിനുള്ള നിയമങ്ങൾ ഏർപ്പെടുത്തിയ രാജ്യത്തെ ആദ്യത്തെ സംസ്ഥാനമാണ് കേരളം. ഇവയുടെ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ നാട്ടാനകളുടെയും ഡിഎൻഎ പ്രൊഫൈലിംഗ് നടത്തിക്കഴിഞ്ഞു. എല്ലാ നാട്ടാനകളുടെയും ക്ഷേമം കൃത്യമായി നിരീക്ഷിക്കുന്നതിനും ഉത്സവങ്ങളിലും ചടങ്ങുകളിലും അവയുടെ ഉപയോഗത്തിനുള്ള അനുമതി, ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് പുതുക്കൽ, കൊമ്പുകൾ മുറിക്കുന്നതിനുള്ള അനുമതി നൽകൽ തുടങ്ങിയ തടസ്സരഹിത സേവനങ്ങൾ നൽകാനും വനംവകുപ്പ് ശ്രദ്ധിക്കുന്നുണ്ട്. ഇതിനായി കേരള ക്യാപ്റ്റീവ് എലിഫെന്റ് മാനേജ്മെന്റ് സിസ്റ്റം (കെ.സി.ഇ.എം.എസ്) വികസിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്യും.

# 3.7 പരിസ്ഥിതി

സമ്പദ്‌വ്യവസ്ഥകൾ പ്രകൃതിയെ ആശ്രയിച്ചിരിക്കുന്നുവെന്ന് പറയുന്നതിന്റെ അർത്ഥം ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങളും സേവനങ്ങളും പ്രകൃതിയിൽ നിന്നായതുകൊണ്ടാണ്. അതുകൊണ്ട് തന്നെ സാമ്പത്തിക വികസനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നയങ്ങളും പ്രകൃതിക്ക് പ്രയോജനകരമായിരിക്കണം.

ലോകത്തിലെ 17 വലിയ വൈവിദ്ധ്യമുള്ള രാജ്യങ്ങളിൽ ഒന്നായ ഇന്ത്യ, വൈവിധ്യമാർന്ന ആവാസ വ്യവസ്ഥകളിലും ഭൂപ്രകൃതിയിലും സ്ഥിതി ചെയ്യുന്നു. വിസ്തൃതിയുടെ അടിസ്ഥാനത്തിൽ, ലോകത്തിലെ ഏഴാമത്തെ വലിയ രാജ്യമായ ഇന്ത്യ, ലോകത്തിന്റെ 2.4 ശതമാനം ഭൂപ്രദേശത്തെ ഉൾക്കൊള്ളുന്നു. കൂടാതെ, രേഖപ്പെടുത്തിയിട്ടുള്ള എല്ലാ സസ്യങ്ങളുടെയും മൃഗങ്ങളുടെയും ഏഴ് ശതമാനത്തിലധികം ഇന്ത്യയിൽ കാണപ്പെടുന്നു. ഇതിൽ പലതും ഉപഭൂഖണ്ഡ രാജ്യത്തിന് മാത്രം അവകാശപ്പെട്ടതാണ്. ഇന്ത്യയുടെ വൈവിധ്യമാർന്ന ഭൂമിശാസ്ത്രവും കാലാവസ്ഥാ സാഹചര്യങ്ങളും ചൂടുള്ളതും തണുത്തതുമായ മരുഭൂമികൾ, പർവ്വത പ്രദേശങ്ങൾ, ഉഷ്ണമേഖലാ–മിതശീതോഷ്ണ വനങ്ങൾ, പുൽമേട്ടുകൾ, ചതുപ്പുനിലങ്ങൾ, കണ്ടൽക്കാടുകൾ, സമതലങ്ങൾ എന്നിങ്ങനെയുള്ള വൈവിധ്യമാർന്ന പരിസ്ഥിതി ആവാസ വ്യവസ്ഥകൾക്ക് കാരണമായിട്ടുണ്ട്. ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ട 34 ജൈവവൈവിധ്യ ഹോട്ട്സ്പോട്ടുകളിൽ നാലെണ്ണം രാജ്യത്തുണ്ടെന്നതിൽ അതിശയിക്കാനില്ല. ലോകമെമ്പാടുമുള്ള സുസ്ഥിര അവസ്ഥയുടെ സ്ഥിതിവിവര സംഗ്രഹം നൽകുന്ന 2020–ലെ പരിസ്ഥിതി പ്രകടന സൂചിക (ഇപിഐ) ഇന്ത്യയെ 168–ാം സ്ഥാനത്ത് റാങ്ക് ചെയ്യുന്നു, ഇത് രാജ്യത്തെ പാരിസ്ഥിതിക പ്രശ്നങ്ങ ളുടെ തീവ്രതയെ സൂചിപ്പിക്കുന്നു. ഇന്ത്യയിലെ പ്രധാന പാരിസ്ഥിതിക പ്രശ്നങ്ങൾ വനനശീകരണം, മലിനീകരണം, ഭൂമിയുടെ അപചയം, ജലം, ധാതുക്കൾ, മണൽ, പാറകൾ തുടങ്ങിയ വിഭവങ്ങളുടെ ശോഷണം, ജൈവവൈവിധ്യ നഷ്ടം, ആവാസവ്യവസ്ഥയിലെ പ്രതിരോധശേഷി നഷ്ടപ്പെടൽ എന്നിവയാണ്.

രാജ്യത്തെയും ലോകത്തെയും സവിശേഷമായ ജൈവവൈവിധ്യ ഹോട്ട്സ്പോട്ടുകളിൽ ഒന്നാണ് കേരളം. ഉഷ്ണമേഖലാ മഴക്കാടുകൾ, ശുദ്ധജല–ഉപ്പുവെള്ള തണ്ണീർത്തടങ്ങൾ, സമുദ്ര പവിഴപ്പുറ്റുകൾ എന്നിങ്ങനെ ലോകത്തിലെ പരമാവധി ഉൽപ്പാദനക്ഷമവും ജൈവവൈവിധ്യ സമ്പന്നവുമായ മൂന്ന് ആവാസവ്യവസ്ഥകളും ഇവിടുണ്ട്. ഉയർന്ന ജനസാന്ദ്രതയും സംസ്ഥാനത്തിന്റെ വികസന ആവശ്യങ്ങളും കേരളത്തിന്റെ പരിസ്ഥിതിയിലും പ്രകൃതി വിഭവങ്ങളിലും ക്രമാനുഗതമായ സമ്മർദ്ദം വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയുമാണ്. ഈ സമ്മർദ്ദത്തിന്റെ ഗുരുതരമായ പ്രത്യാഘാതങ്ങൾ ഇപ്പോൾ കൂടുതൽ പ്രകടമായിവരികയുമാണ്. പാരിസ്ഥിതിക അവബോധം കേരള സമൂഹത്തിൽ വ്യാപകമാണെന്നുമാത്രമല്ല, പൊതുമണ്ഡലത്തിൽ ബന്ധപ്പെട്ട വിഷയങ്ങൾ ഗാഢമായി ചർച്ച ചെയ്യപ്പെടുകയും ചെയ്യുന്നുണ്ട്.

ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടെയും ഉപയോഗത്തിലൂടെ പരിസ്ഥിതി–വികസന പ്രഹേളിക പരിഹരിക്കാനുള്ള ശ്രമമുണ്ടാവാത്തിടത്തോളം സുസ്ഥിര വികസനം ഒരു പൊള്ളയായ മുദ്രാവാക്യമായിരിക്കുമെന്ന കാര്യത്തിൽ സംശയമില്ല. കൊവിഡ്–19 മഹാമാരിയും, അതിന്റെ ആഘാതവും, നിരീക്ഷിക്കേണ്ടതിന്റെ ആവശ്യകതയും, ശാസ്ത്രത്തിന്റെ പ്രാധാന്യത്തെ വീണ്ടും പൊതുസമൂഹത്തിൽ ചർച്ചയാക്കിയിട്ടുണ്ട്. പ്രത്യേകിച്ചും മൃഗങ്ങളിൽ നിന്നും മനുഷ്യരിലേക്ക് പകരുന്ന അസുഖങ്ങൾ പൊതുസമൂഹത്തിൽ പൊട്ടിപ്പുറപ്പെടുന്നതിനെതിരെ കഴിയുന്നിടത്തോളം ജാഗ്രത പാലിക്കേണ്ടതുണ്ട്. സമീപകാലത്തുണ്ടായ ആവർത്തിച്ചുള്ള വെള്ളപ്പൊക്കത്തിന്റെയും ഉരുൾപ്പൊട്ടലിന്റെയും അഭൂതപൂർവ്വമായ വരൾച്ചയുടെയും ആഘാതം, കാലാവസ്ഥാവ്യതിയാനങ്ങളെ പ്രതിരോധിക്കാൻ ശാസ്ത്രാധിഷ്ഠിത പഠനത്തിന്റെയും ഇടപെടലിന്റെയും ആവശ്യകത ചൂണ്ടിക്കാട്ടുന്നു.

### കാലാവസ്ഥാ വ്യതിയാനം

കാലാവസ്ഥാ വ്യതിയാനം വളരെ വ്യാപകമാണെന്നുമാത്രമല്ല, അത് എല്ലാ ഭൂഖണ്ഡങ്ങളിലെയും എല്ലാ രാജ്യങ്ങളെയും ബാധിക്കുകയും ദേശീയ സമ്പദ്‌വ്യവസ്ഥകളെ താറുമാറാക്കുകയും ചെയ്യുന്നുണ്ട്. കാലാവസ്ഥാ ക്രമങ്ങൾ മാറിക്കൊണ്ടിരിക്കുന്നു, സമുദ്രനിരപ്പ് ഉയരുന്നു, കാലാവസ്ഥാ വ്യതിയാനം കൂടുതൽ തീവ്രമായി മാറുന്നു, ഹരിതഗൃഹ വാതക ഉദ്ഗമനം ഇപ്പോൾ ചരിത്രത്തിലെ ഏറ്റവും ഉയർന്ന നിലയിലാണ്. ദരിദ്രരും ദുർബലരുമായ സമൂഹത്തെയാണ് ഇത് ഏറ്റവും കൂടുതൽ ബാധിക്കുന്നത്. കാലാവസ്ഥാ വ്യതിയാനം യാഥാർത്ഥ്യമാണെന്നും, മനുഷ്യന്റെ പ്രവർത്തനങ്ങളാണ് അതിന് പ്രധാന കാരണമെന്നും ഇന്ന് നാം തിരിച്ചറിയുന്നു. അന്തരീക്ഷത്തിലെ ഹരിതഗൃഹ വാതകങ്ങളുടെ സാന്ദ്രത ഭൂമിയിലെ ശരാശരി ആഗോള താപനിലയുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. വ്യവസായിക വിപ്ലവത്തിന്റെ കാലം മുതൽ ആഗോള താപനില ഉയരുകയാണ്.

വികസ്വര രാജ്യങ്ങളെ കാർബൺ കുറഞ്ഞ സമ്പദ്‌വ്യവസ്ഥയിലേക്ക് നീങ്ങാൻ സഹായിക്കുന്നതിന് അന്താരാഷ്ട്ര തലത്തിൽ പരിഹാരങ്ങൾ നിർദ്ദേശിക്കപ്പെടേണ്ടതും ഏകോപിപ്പിക്കേണ്ടതുമായ ഒരു പ്രശ്നമാണ് കാലാവസ്ഥാ വ്യതിയാനം. 2015 ലെ ചരിത്രപ്രസിദ്ധമായ പാരീസ് ഉടമ്പടി, ഈ നൂറ്റാണ്ടിലെ ആഗോള താപനില വർദ്ധനവ് രണ്ട് ഡിഗ്രി സെൽഷ്യസിനു താഴെ നിർത്തിക്കൊണ്ട് കാലാവസ്ഥാ വ്യതിയാന ഭീഷണിയോടുള്ള ആഗോള പ്രതികരണം ശക്തിപ്പെടുത്താനും, താപനില വർദ്ധനവ് 1.5 ഡിഗ്രി സെൽഷ്യസിലേക്ക് പരിമിതപ്പെടുത്താനുള്ള ശ്രമങ്ങൾ തുടരാനും രാജ്യങ്ങൾക്ക് നിർദ്ദേശം നൽകുകയുണ്ടായി. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട ശാസ്ത്രീയമായ വിലയിരുത്തലുകൾ നടത്തുന്നതിനുള്ള ഐക്യരാഷ്ട്രസഭയുടെ സംവിധാനമാണ് ഇന്റർഗവൺമെന്റൽ പാനൽ ഓൺ ക്ലൈമറ്റ് ചേഞ്ച് (ഐ.പി.സി.സി). കാലാവസ്ഥാ വ്യതിയാനം, അതിന്റെ പ്രത്യാഘാതങ്ങൾ, ഭാവിയിലെ അപകടസാധ്യതകൾ എന്നിവയെക്കുറിച്ച് പതിവായി ശാസ്ത്രീയമായ വിലയിരുത്തലുകൾ നടത്തുന്നതിനും അതുപോലെ പൊരുത്തപ്പെടൽ, ലഘൂകരണ മാർഗ്ഗങ്ങൾ തുടങ്ങിയവ മുന്നോട്ട് വയ്ക്കുന്നതിനുമാണ് ഐ.പി.സി.സി രൂപീകരിച്ചത്. 2021 ഓഗസ്റ്റിൽ പുറത്തിറക്കിയ കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള ഐപിസിസി റിപ്പോർട്ട് ലോകമെമ്പാടും സമു

ദ്രനിരപ്പ് ഉയരുന്നതിനെക്കുറിച്ച് മുന്നറിയിപ്പ് നൽകുന്നു. ഇത് കേരളം പോലുള്ള തീരദേശ സംസ്ഥാനങ്ങളെ ഭയപ്പെടുത്തുന്നു. നൂറ്റാണ്ടിന്റെ അവസാനത്തോടെ സമുദ്രനിരപ്പ് 1–3 അടി വരെ ഉയരുമെന്ന് പ്രതീക്ഷിക്കുന്ന കൊച്ചി പോലുള്ള നഗരങ്ങളിൽ കടൽ കടന്നുകയറ്റം മാത്രമല്ല, ഭൂഗർഭജലത്തിൽ ലവണാംശം വർദ്ധിക്കുമെന്നും വിദഗ്ധർ മുന്നറിയിപ്പ് നൽകുന്നു.

കാലാവസ്ഥാ സംബന്ധിയായ ദുരന്തങ്ങൾ നിരന്തരം ഉണ്ടാകുന്നതു കാരണം ഇന്ത്യ കാലാവസ്ഥാ വ്യതിയാനങ്ങൾ നേരിടുന്നതിന് മുൻഗണന നൽകുന്നുണ്ട്. ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ പ്രധാനമായും കാലാവസ്ഥാ ബന്ധിയായ കൃഷി, വനം, ടൂറിസം, മത്സ്യബന്ധനം എന്നീ മേഖലകളെ ആശ്രയിച്ചിരിക്കുന്നു. കാലാവസ്ഥാ വ്യതിയാനത്തിനായുള്ള ദേശീയ ആക്ഷൻ പ്ലാൻ (എൻ.എ.പി.സി.സി) 2008 ഒക്ടോബറിൽ പുറത്തിറങ്ങി. ഈ ദേശീയ ആക്ഷൻ പ്ലാൻ (എൻ.എ.പി.സി.സി) കാലാവസ്ഥാ വ്യതിയാനത്തോട് പ്രതികരിക്കുന്നതിന് എട്ട് ദേശീയ ദൗത്യങ്ങൾക്ക് രൂപം നൽകുന്നു; ഇവ സൗരോർജ്ജം, മെച്ചപ്പെടുത്തിയ ഊർജ്ജകാര്യക്ഷമത, സുസ്ഥിര കൃഷി, സുസ്ഥിര ആവാസ വ്യവസ്ഥ, ജലം, ഹിമാലയൻ ഇക്കോ സിസ്റ്റം സുസ്ഥിരമാക്കൽ, ഗ്രീൻ ഇന്ത്യ മിഷൻ, കാലാവസ്ഥാ വ്യതിയാനത്തിനായുള്ള പൊരുത്തപ്പെടലും ലഘൂകരണവും ഉൾപ്പെടെയുള്ള തന്ത്രപരമായ അറിവ് എന്നിവയാണ്. 2008–ൽ കാലാവസ്ഥാവ്യതിയാനത്തെക്കുറിച്ചുള്ള ദേശീയ ആക്ഷൻ പ്ലാൻ (എൻ.എ.പി.സി.സി) അവതരിപ്പിച്ചതിനുശേഷം, ഈ ആക്ഷൻ പ്ലാനിലെ തന്ത്രങ്ങൾക്ക് അനുസൃതമായി, കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള സംസ്ഥാന ആക്ഷൻ പ്ലാൻ (എസ്എപിസിസി) തയ്യാറാക്കാൻ സംസ്ഥാന സർക്കാരുകൾക്കും നിർദ്ദേശം നൽകി. നാളിതുവരെ, സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും 33 എസ്എപിസിസി കൾക്ക് അംഗീകാരം ലഭിക്കുകയും, അവ പ്രവർത്തനക്ഷമമാവുകയും ചെയ്തിട്ടുണ്ട്.

കാലാവസ്ഥാ വ്യതിയാനം കേരളത്തിന്റെ പരിസ്ഥിതിക്ക് ഗുരുതരമായ ഭീഷണി ഉയർത്തുന്നതുകൊണ്ട്, വികസന ആസൂത്രണത്തിന്റെ മുഖ്യ അജണ്ടയായി അത് മാറിയിരിക്കുന്നു. സംസ്ഥാനത്തെ കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട ഏകോപനത്തിനുള്ള നോഡൽ ഏജൻസിയായി പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിനെ നാമനിർദ്ദേശം ചെയ്തിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച ആശങ്കകൾ പരിഹരിക്കുന്നതിനുള്ള ദേശീയ ആക്ഷൻ പ്ലാൻ രൂപീകരിച്ചതോടെ, സംസ്ഥാന തലത്തിലും കാലാവസ്ഥാ വ്യതിയാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കേരള സർക്കാർ സംസ്ഥാന ആക്ഷൻ പ്ലാൻ (എസ്എപിസിസി) തയ്യാറാക്കി. ഈ കർമ്മ പദ്ധതി, പരിസ്ഥിതി–കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റ് (ഡി.ഒ.ഇ.സി.സി) ബന്ധപ്പെട്ട വകുപ്പുകളുടെയും ഏജൻസികളുടെയും സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടെ തയ്യാറാക്കിയതാണ്. ഇത് 2014–ൽ കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചു. സംസ്ഥാന കർമ്മ പദ്ധതികളുടെ പുനരവലോകന പ്രക്രിയ ആരംഭിക്കാൻ മന്ത്രാലയം സംസ്ഥാനങ്ങളോട് അഭ്യർത്ഥിക്കുകയും 2019–ൽ ഇവ പരിഷ്കരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു. സമീപകാലത്തെ കാലാവസ്ഥാ വ്യതിയാനങ്ങളുടെ പശ്ചാത്തലത്തിൽ നടപ്പിലാക്കാൻ കഴിയുന്ന പ്രവർത്തന പദ്ധതികൾ വികസിപ്പിക്കുന്നതിൽ സംസ്ഥാന കർമ്മപദ്ധതി പ്രത്യേകം ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. വിവിധ മേഖലകൾക്കായുള്ള സംസ്ഥാന കാലാവസ്ഥാ രൂപരേഖയും ദുർബലത വിലയിരുത്തലും വകുപ്പുതലത്തിൽ പൂർത്തിയാക്കി. പൊരുത്തപ്പെടൽ, ലഘൂകരണ നയങ്ങൾ, ധനസഹായം എന്നിവ രൂപപ്പെടുത്തുന്നതിന് ബന്ധപ്പെട്ട സ്ഥാപനങ്ങളുമായുള്ള കൂടിയാലോചനയും ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ ഒരു സുപ്രധാന ദർശന രേഖ എന്ന നിലയിൽ, ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായുള്ള സുസ്ഥിര വികസനപ്രക്രിയയുടെ മുൻനിരയിൽ കാലാവസ്ഥാ വ്യതിയാനത്തെയും ആശങ്കകളെയും എസ്.എ.പി.സി.സി ഉയർത്തികാട്ടുന്നു. കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കുന്നതിനുള്ള തന്ത്രങ്ങൾ സംസ്ഥാനതല ആസൂത്രണത്തിന്റെയും വികസന പ്രക്രിയയുടെയും ഭാഗമാക്കുന്നതോടൊപ്പം, ഈ കർമ്മ പദ്ധതി കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട സംസ്ഥാനത്തിന്റെ അപകടസാധ്യതകൾ ലഘൂകരിക്കാനും സഹായിക്കുന്നു.

2021–ലെ പരിസ്ഥിതി വകുപ്പിന്റെ പ്രധാന സംരംഭങ്ങളിൽ ചുവടെപ്പറയുന്നവ ഉൾപ്പെടുന്നു.

ഭൂമിത്രസേന ക്ലബ്ബ് (ബി.എം.സി) പദ്ധതിക്ക് കീഴിൽ, സംസ്ഥാനത്തെ കോളേജ്, ഹയർസെക്കൻഡറി സ്കൂൾ തലങ്ങളിലെ വിദ്യാർത്ഥികളുടെ പരിസ്ഥിതി പ്രതിബദ്ധത വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. വിദ്യാർത്ഥികളിൽ പരിസ്ഥിതി അവബോധം സൃഷ്ടിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി കേരളത്തിലെ വിവിധ ഹയർസെക്കൻഡറി സ്കൂളുകളിലും, കോളേജുകളിലുമായി നിലവിൽ 369 ബി.എം.സി കൾ പ്രവർത്തിക്കുന്നുണ്ട്. മലിനീകരണത്തെക്കുറിച്ചും പ്രളയാനന്തര പരിസ്ഥിതി പുനരുദ്ധാരണ പ്രവർത്തനങ്ങളെക്കുറിച്ചും അവബോധം സൃഷ്ടിക്കുന്നതോടൊപ്പം പ്രവർത്തനാധിഷ്ഠിത പരിപാടികൾ നടത്താൻ സംസ്ഥാനത്തുടനീളം വിവിധ സ്കൂളുകൾ/ കോളേജുകൾ/എൻ.ജി.ഒകൾ എന്നിവക്ക് പാരിസ്ഥിതികം പദ്ധതി പ്രകാരം സാമ്പത്തിക സഹായവും നൽകുന്നുണ്ട്. പദ്ധതിയുടെ ഭാഗമായി നടത്തുന്ന പരിപാടികൾ പ്ലാസ്റ്റിക് മലിനീകരണത്തിന്റെ ദൂഷ്യഫലങ്ങളെ കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുകയും പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കാൻ കഴിയുന്ന കൂടുതൽ ബദൽ ഉൽപ്പന്നങ്ങൾ നിർമ്മിക്കാൻ സഹായിക്കുകയും ചെയ്തു. പരിസ്ഥിതിയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ഭൂമിത്രസേന ക്ലബുകൾ (ബി.എം.സി കൾ) വഴിയും, എൻ.ജി.ഒ കൾ ഉൾപ്പെടെയുള്ള മറ്റ് സംഘടനകൾ വഴിയും സെമിനാറുകൾ നടത്തി.

പരിസ്ഥിതി ഗവേഷണത്തിന്റെയും വികസനത്തിന്റെയും ഭാഗമായി 12 പുതിയ പദ്ധതികൾ ആരംഭിക്കുകയും നാല് ആവർത്തന പദ്ധതികൾ വിജയകരമായി നടപ്പിലാക്കുകയും ചെയ്തു. വിദഗ്ദ്ധരായ സാങ്കേതിക വിദഗ്ദ്ധരെ ഉൾക്കൊള്ളുന്ന ജിയോ–സ്പേഷ്യൽ ലബോറട്ടറി സൗകര്യം, ഉയർന്ന ശേഷിയുള്ള കമ്പ്യൂട്ടിംഗ് സംവിധാനങ്ങൾ, ജി.ഐ.എസ് സോഫ്റ്റ്‌വെയർ എന്നിവ ഡയറക്ടറേറ്റിൽ സ്ഥാപിച്ചു. വിദ്യാപോഷിണി സ്റ്റുഡന്റ് ഫെലോഷിപ്പ് പ്രോഗ്രാം ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് പരിസ്ഥിതി മേഖലയിൽ ഹ്രസ്വകാല ഗവേഷണ പദ്ധതികൾ ഏറ്റെടുക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നുണ്ട്. പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാനം എന്നിവയുമായി ബന്ധപ്പെട്ട നിർണ്ണായക വിഷയങ്ങളിൽ യുവ ഗവേഷകർക്ക് പരിസ്ഥിപോഷിണി റിസർച്ച് ഫെ

ലോഷിപ്പ് പ്രോഗ്രാം സഹായം നൽകുന്നു. രണ്ട് പി.എച്ച്.ഡി വിദ്യാർത്ഥികൾ ഈ കാലയളവിൽ ഫെലോഷിപ്പ് പ്രോഗ്രാം വിജയകരമായി പൂർത്തിയാക്കി. കാലാവസ്ഥാ വ്യതിയാന ലഘൂകരണം, പൊരുത്തപെടുത്തൽ നയങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ സംസ്ഥാനത്തെ യുവ പ്രതിഭകളെ ലക്ഷ്യമാക്കി ഉജ്ജ്വൽ എന്ന പേരിൽ ഒരു പുതിയ പോസ്റ്റ്-ഡോക്ടറൽ ഫെലോഷിപ്പ് പ്രോഗ്രാം ആരംഭിച്ചു.

പ്രായോഗിക ഗവേഷണം, സാങ്കേതികവിദ്യാ വികസനം, പ്രദർശനം എന്നിവയിലൂടെ കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങളെ നേരിടാൻ കാർഷിക മേഖലയുടെ പ്രതിരോധശേഷി വർദ്ധിപ്പിക്കുകയാണ് കാലാവസ്ഥയെ പ്രതിരോധിക്കുന്ന കൃഷി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. കൊല്ലത്തെ മൺറോ ദ്വീപിൽ 'കാലാവസ്ഥയെ പ്രതിരോധിക്കുന്ന കൃഷിയിലേക്കുള്ള നൂതന സമീപനങ്ങൾ' എന്ന പേരിലാണ് പദ്ധതി നടപ്പാക്കുന്നത്. കാലാവസ്ഥാ വ്യതിയാന സാധ്യതയുള്ള ദ്വീപിൽ സുസ്ഥിര കൃഷിയും ഭൂവിനിയോഗ സംവിധാനങ്ങളും വികസിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയുമാണ് പദ്ധതിയുടെ ലക്ഷ്യം. പങ്കാളിത്ത സമീപനത്തിലൂടെ ബന്ധപ്പെട്ടവരുടെ പങ്കാളിത്തത്തോടെ ഗവേഷണവും പരിശീലനവും പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം കാലാവസ്ഥാ സമ്മർദ്ദത്തിന്റെ അപകടസാധ്യത കുറയ്ക്കുന്നതിനും തണ്ണീർത്തട വിഭവങ്ങളുടെ സുസ്ഥിരത വർദ്ധിപ്പിക്കുന്നതിനുമാണ് ഈ കൃഷിരീതി ഉദ്ദേശിക്കുന്നത്.

തീരദേശ നിയന്ത്രണ മേഖലാ വിജ്ഞാപനമനുസരിച്ച്, എല്ലാ തീരദേശ ജില്ലകൾക്കുമുള്ള കരട് തീരദേശ പരിപാലന പദ്ധതികൾ (സി.ഇ.സഡ്.എം.പി) കേരള തീരദേശ പരിപാലന അതോറിറ്റി (കെ.സി.ഇ.സഡ്.എം.എ) തയ്യാറാക്കിയിട്ടുണ്ട്. നാഷണൽ പ്ലാൻ ഫോർ കൺസർവേഷൻ ഓഫ് അക്വാട്ടിക് ഇക്കോസിസ്റ്റംസ് (എൻ.പി.സി.എ) പ്രകാരം കൊല്ലം ജില്ലയിലെ ശാസ്താംകോട്ടയിൽ വിവിധ സംരക്ഷണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. വേമ്പനാട്ടു കായൽ, അഷ്ടമുടിക്കായൽ, ശാസ്താംകോട്ട കായൽ, വെള്ളായണി തടാകം എന്നിവയുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി പ്രാദേശിക പങ്കാളിത്തത്തോടെ സംസ്ഥാന തണ്ണീർത്തട അതോറിറ്റി "തണ്ണീർത്തട പരിസ്ഥിതി ആരോഗ്യ കാർഡുകൾ" തയ്യാറാക്കുകയും 'തണ്ണീർത്തട മിത്രങ്ങൾ' എന്ന കൂട്ടായ്മ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

തണ്ണീർമുക്കം റഗുലേറ്ററിന്റെ സ്വാധീനം കുട്ടനാട്ടിലെ പാരിസ്ഥിതിക പ്രശ്നങ്ങളുടെ ചർച്ചയുടെ കേന്ദ്രബിന്ദുവാണ്. കുട്ടനാടിനായി ഒരു ശാസ്ത്രീയ വിള കലണ്ടർ വികസിപ്പിക്കുകയും അത് നടപ്പിലാക്കുകയും ചെയ്താൽ ഒരു പരിധിവരെ പ്രശ്നങ്ങൾ പരിഹരിക്കാനും കീടങ്ങളുടെ/രോഗങ്ങളുടെ ഗുരുതരാവസ്ഥ കുറയ്ക്കാനും കഴിയും. കേരള സംസ്ഥാന ആസൂത്രണബോർഡ് പുറത്തിറക്കിയ 'പ്രളയബാധിത കുട്ടനാട് പാക്കേജിൽ' ഇക്കാര്യം ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഇതനുസരിച്ച് കേരള കാർഷിക സർവകലാശാലയുടെ നേതൃത്വത്തിൽ കുട്ടനാടിനുള്ള വിള കലണ്ടർ തയ്യാറാക്കി വരികയാണ്. കോവിഡ്-19 മഹാമാരിയുടെ രണ്ടാം തരംഗം പല പദ്ധതികളും നടപ്പിലാക്കുന്നതിന് വെല്ലുവിളികൾ സൃഷ്ടിച്ചിട്ടുള്ളതിനാൽ വിവിധ പ്രവർത്തനങ്ങൾക്കായി നിശ്ചയിച്ചിട്ടുള്ള സമയക്രമം പാലിക്കാൻ കഴിഞ്ഞിട്ടില്ല.


## മലിനീകരണ നിയന്ത്രണം

മലിനീകരണം വ്യാപകമായതുകൊണ്ട് തന്നെ, മനുഷ്യന്റെ ആരോഗ്യത്തിനും പരിസ്ഥിതിക്കും നേരിട്ട് ഭീഷണി ഉയർത്തുന്നുണ്ട്. നാം ശ്വസിക്കുന്ന വായുവിൽ, കുടിക്കുന്ന വെള്ളത്തിൽ, ജീവിക്കുന്ന ഭൂമിയിൽ എല്ലാം തന്നെ വിവിധ രൂപത്തിലുള്ള മലിനീകരണം ഉണ്ടാകുന്നുണ്ട്. മലിനീകരണത്തെ ചെറുക്കാൻ സർക്കാരുകളുമായും, ബിസിനസ്സ് സ്ഥാപനങ്ങളുമായും, സിവിൽ സമൂഹവുമായും യു.എൻ പരിസ്ഥിതി പ്രോഗ്രാം പ്രവർത്തിക്കുന്നു. ഇതിനായി, ഐക്യരാഷ്ട്ര സഭയുടെ നാലാമത് പരിസ്ഥിതി അസംബ്ലിയിൽ രൂപംകൊടുത്ത മാലിന്യ രഹിത ഗ്രഹത്തിലേക്കുള്ള നിർവ്വഹണ പദ്ധതി, മലിനീകരണവുമായി ബന്ധപ്പെട്ട ന്യൂനതകളും വെല്ലുവിളികളും അഭിസംബോധന ചെയ്യുന്നതിനുള്ള അഞ്ച് പ്രധാന പ്രവർത്തന മേഖലകളെ വേർതിരിച്ചു. അവ വിജ്ഞാനം, നിർവ്വഹണം, അടിസ്ഥാന സൗകര്യങ്ങൾ, അവബോധം, നേതൃത്വം എന്നിവയാണ്. മലിനീകരണത്തെ നിയന്ത്രിക്കാൻ, ഗവൺമെന്റുകൾക്കും ബിസിനസ്സ്സ്ഥാപനങ്ങൾക്കും സമൂഹത്തിനും കാലികമായ ഭൗമ-സ്പേഷ്യൽ വിവരങ്ങൾ, വിലയിരുത്തൽ, തെളിവുകൾ അടിസ്ഥാനമായുള്ള നയത്തിനും പ്രവർത്തനത്തിനുമുള്ള നയരേഖകൾ എന്നിവ പ്രാപ്യമാകേണ്ടിയിരിക്കുന്നു. ഇത്തരം സജ്ജീകരണങ്ങൾ 2030-ഓടെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് നമ്മെ സഹായിക്കും.

ലോകത്തിലെ ഏറ്റവും വേഗത്തിൽ വളരുന്ന സമ്പദ്‌വ്യവസ്ഥകളിലൊന്നായ ഇന്ത്യ, ഹരിതഗൃഹ വാതക ഉദ്ഗമനത്തിന്റെ ഏഴ് ശതമാനത്തോളം സംഭാവന ചെയ്യുന്നുണ്ട് (ചൈനയ്ക്കും യു.എസിനും ശേഷം മൂന്നാം സ്ഥാനത്താണ്). സെന്റർ ഫോർ സയൻസ് ആന്റ് എൻവയോൺമെന്റ് പ്രസിദ്ധീകരിച്ച സ്റ്റേറ്റ് ഓഫ് ഇന്ത്യയുടെ എൻവയോൺമെന്റ് റിപ്പോർട്ട് 2021, രാജ്യത്തെ 12.5 ശതമാനം മരണങ്ങൾക്ക് വായുമലിനീകരണം കാരണമാകുന്നതായി ചൂണ്ടിക്കാട്ടുന്നു. രാജ്യത്തെ ഉപരിതലജലവും, ഭൂഗർഭജലവും ഉൾപ്പെടെ 86 ശതമാനം ജലാശയങ്ങളും ഗുരുതരമായി മലിനമായിരിക്കുന്നു. ഇതിന് പ്രധാന കാരണം വൻകിടവ്യവസായങ്ങളുടെ വളർച്ചയും അവയിൽ നിന്നുള്ള മാലിന്യങ്ങൾ ജലസ്രോതസ്സുകളിലേക്ക് ഒഴുകുന്നതുമാണ്. കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ കണക്കനുസരിച്ച്, രാജ്യത്തെ 88 പ്രധാന വ്യാവസായിക ക്ലസ്റ്ററുകളിൽ 35 ക്ലസ്റ്ററുകൾ മൊത്തത്തിലുള്ള പാരിസ്ഥിതിക തകർച്ചയാലും, 33 എണ്ണം മോശമായ വായുവിന്റെ ഗുണനിലവാരത്താലും, 45 എണ്ണം മലിനമായ വെള്ളത്താലും 17 എണ്ണത്തിൽ ഭൗമ മലിനീകരണത്താലും പാരിസ്ഥിതിക പ്രശ്നങ്ങൾ നേരിടുന്നുണ്ട്.

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് (KSPCB) സംസ്ഥാനത്തെ 34 സ്റ്റേഷനുകളിൽ അന്തരീക്ഷ വായുവിന്റെ ഗുണനിലവാരം നിരീക്ഷിക്കുന്നുണ്ട്. ഇതിൽ 28 നിരീക്ഷണ സ്റ്റേഷനുകൾ നാഷണൽ ആംബിയന്റ് എയർ ക്വാളിറ്റി മോണിറ്ററിംഗ് പ്രോഗ്രാമിന് (NAMP) കീഴിൽ വരുന്നു. ഏഴ് സ്റ്റേഷനുകൾ സ്റ്റേറ്റ് ആംബിയന്റ് എയർ ക്വാളിറ്റി മോണിറ്ററിംഗ് പ്രോഗ്രാം (എസ്.എ.എം.പി) നടപ്പിലാക്കുന്നുണ്ട്. കേരളത്തിലെ ജനവാസ കേന്ദ്രങ്ങളിലെ പ്രധാന നിരീക്ഷണ സ്റ്റേഷനുകളിലെ വായു മലിനീകരണത്തിന്റെ വാർഷിക ശരാശരി മൂല്യങ്ങൾ **ചിത്രം 3.7.1**-ലും

**ചിത്രം 3.7.1** കേരളത്തിലെ ജനവാസകേന്ദ്രങ്ങളിലെ പ്രധാന നിരീക്ഷണ സ്റ്റേഷനുകളിലെ വായു മലിനീകരണത്തിന്റെ വാർഷിക ശരാശരി മൂല്യങ്ങൾ, 2020




അവലംബം:-കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, 2021


കേരളത്തിലെ ലോലമായ മൂന്ന് നിരീക്ഷണ സ്റ്റേഷനുകളിലെ വായു മലിനീകരണത്തിന്റെ വാർഷിക ശരാശരി **ചിത്രം 3.7.2**–ലും കാണിച്ചിരിക്കുന്നു. കേരളത്തിലെ വ്യവസായിക മേഖലകളിലെ 11 നിരീക്ഷണ കേന്ദ്രങ്ങളിലെ വായു മലിനീകരണത്തിന്റെ വാർഷിക ശരാശരി മൂല്യങ്ങൾ **ചിത്രം 3.7.3–ൽ** കാണിക്കുന്നു.

സംസ്ഥാനത്ത് മൊത്തം 128 വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് സ്റ്റേഷനുകൾ നാഷണൽ വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് പ്രോഗ്രാമിന് (എൻ.ഡബ്ല്യൂ.എം.പി) കീഴിലുണ്ട്. കേരളത്തിലെ 48 നദികളിലെ 72 സ്റ്റേഷനുകൾ (പ്രധാന, ഇടത്തരം, ചെറുകിട നദികൾ), ആറ് റിസർവോയറുകൾ, മൂന്ന് ശുദ്ധജലതടാകങ്ങൾ, എട്ട് അഴിമുഖ തടാകങ്ങൾ, മൂന്ന് കനാലുകൾ, രണ്ട് കുളങ്ങൾ, 34 ഭൂഗർഭജല സ്റ്റേഷനുകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. സ്റ്റേറ്റ് വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് പ്രോഗ്രാം (എസ്.ഡബ്ല്യൂ.എം.പി) 23 നദികളിലായി 115 സ്റ്റേഷനുകളിലും നാല് തടാകങ്ങളിലെ 23 സ്റ്റേഷനുകളിലും പ്രവർത്തിക്കുന്നുണ്ട്. ഉയർന്ന ബയോകെമിക്കൽ ഓക്സിജൻ ഡിമാന്റ് (ബി.ഒ.ഡി) മൂല്യമുള്ള നദികളുടെ കൂട്ടത്തിൽ പമ്പ നദിയും (ശബരിമല ഉത്സവ കാലത്ത്), കരമന, പെരിയാർ, ഭാരതപ്പുഴ, വാമനപുരം, കടലുണ്ടി നദികളും ഉൾപ്പെടുന്നു. കരമനയാറിലെ മൂന്നാറ്റുമുക്ക്, കല്ലായി പുഴയിലെ കല്ലായി പാലം, പമ്പാ നദി, കോരപ്പുഴയിലെ പുറക്കാട്ടേരി, തൊട്ടപ്പുഴയാർ, മൂന്നാർ എന്നിവിടങ്ങളിൽ കോളിഫോം ബാക്ടീരിയയുടെ അളവ് വളരെ കൂടുതലാണ്. **ചിത്രം 3.7.4** കേരളത്തിലെ തിരഞ്ഞെടുത്ത നദീ കേന്ദ്രങ്ങളിലെ ബി.ഒ.ഡി അളവ് ചിത്രീകരിക്കുന്നു. 2019–നെ അപേക്ഷിച്ച് കടലുണ്ടിയിലും പെരിയാറിലും മാത്രമാണ് 2020–ൽ ബി.ഒ.ഡി അളവ് ഉയർന്നത്.

സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് 2021–ൽ ഖനന പദ്ധതിയുടെ പാരിസ്ഥിതിക ആഘാത പഠനം സംബന്ധിച്ച് ഓൺലൈൻ പരിശീലന പരിപാടി സംഘടിപ്പിച്ചു. കൊച്ചിയിലെ കോമൺ ബയോമെഡിക്കൽ വേസ്റ്റ് ട്രീറ്റ്മെന്റ് ഡിസ്പോസൽ ഫെസിലിറ്റി (സി.ബി.ഡബ്ല്യൂ.റ്റി.ഡി.എഫ്) സാമ്പത്തിക വർഷാവസാനത്തോടെ പൂർത്തിയാകും. അഷ്ടമുടിക്കായലിൽ ശുചീകരണ സർവേ നടത്തുകയുണ്ടായി. കരമനയാറിലെ ജലഗുണനിലവാരം നിരീക്ഷിക്കുന്നതിനുള്ള സൗകര്യങ്ങളും എറണാകുളം സെൻട്രൽ ലബോറട്ടറിയിൽ എം.എം.ആർ ലാബും നല്ല രീതിയിൽ പുരോഗമിക്കുന്നു. ഇ–ഗവേണൻസിന്റെയും ബിസിനസ് എളുപ്പമാക്കുന്നതിന്റെയും ഭാഗമായി മലിനീകരണ നിയന്ത്രണ ബോർഡിലെ ഡിജിറ്റൽ പ്ലാറ്റ്ഫോം സോഫ്റ്റ്‌വയർ ആപ്ലിക്കേഷൻ അന്തിമ ഘട്ടത്തിലാണ്. ശബരിമല തീർത്ഥാടന കാലത്ത് സന്നിധാനം, പമ്പ, എരുമേലി എന്നിവിടങ്ങളിലെ ക്യാമ്പ് ഓഫീസുകളും ലാബും ഉപയോഗിച്ചാണ് ശബരിമലയിലെ ജലത്തിന്റെയും, കുടിവെള്ളത്തിന്റെയും ഗുണനിലവാരം നിരീക്ഷിക്കുന്നത്.


കോവിഡ്–19 മഹാമാരിക്കാലത്ത് ബയോമെഡിക്കൽ മാലിന്യത്തിന്റെ (ബി.എം.ഡബ്ല്യു) അളവ് അസാധാരണമാം വിധം ഉയർന്നിരുന്നു. അതോടൊപ്പം മാലിന്യ സംസ്കരണവും മെച്ചപ്പെടുത്തി. 2019–20–ൽ സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡിന്റെ വരുമാനം 131.08 കോടി രൂപയായിരുന്നത് 2020–21–ൽ 122.71 കോടി രൂപയായി കുറഞ്ഞു.

**ചിത്രം 3.7.2** കേരളത്തിലെ നിരീക്ഷണ സ്റ്റേഷനുകളിലെ വായു മലിനീകരണത്തിന്റെ വാർഷിക ശരാശരി മൂല്യങ്ങൾ, 2020





അവലംബം:- കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, 2021

**ചിത്രം 3.7.3** കേരളത്തിലെ "വ്യവസായിക" മേഖലകളിലെ നിരീക്ഷണ സ്റ്റേഷനുകളിലെ വായു മലിനീകരണത്തിന്റെ വാർഷിക ശരാശരി മൂല്യങ്ങൾ, 2021




അവലംബം:-കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, 2021

**ചിത്രം 3.7.4** തിരഞ്ഞെടുത്ത നദീകേന്ദ്രങ്ങളിലെ ബി.ഒ.ഡി നില 2019 ലും 2020 ലും




അവലംബം:-കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, 2021

## ജൈവവൈവിധ്യം

ജൈവവൈവിധ്യം മനുഷ്യ സമൂഹത്തിന്റെ നില നിൽപ്പിനും സാമ്പത്തിക സാമൂഹിക വികസനത്തിനും ആവശ്യമായ വസ്തുക്കളും സേവനങ്ങളും പ്രദാനം ചെയ്യുന്നു. ആരോഗ്യം, സമ്പത്ത്, ഭക്ഷ്യസുരക്ഷ തുടങ്ങി മനുഷ്യന്റെ പല ആവശ്യങ്ങളും പ്രകൃതി വിഭവങ്ങളെ ആശ്ര യിച്ചിരിക്കുന്നു. എന്നാൽ പ്രകൃതിയുടെ ആരോഗ്യരക്ഷയും അതിജീവനവും മനുഷ്യൻ അവഗണിച്ചുവെന്നുള്ളതാണ് യാദാർത്ഥ്യം. ഇത്തരം വിവേചനരഹിതമായ ഉപയോഗവും തത്ഫലമായുണ്ടാകുന്ന ജൈവവൈവിധ്യ നഷ്ടവും ഭൂമിയുടെ നിലനിൽപ്പിന് തന്നെ ഭീഷണിയാണ്. മനുഷ്യചരിത്രത്തിലെ മറ്റേതൊരു കാലഘട്ടത്തേക്കാളും ഇന്ന് ജൈവവൈവിധ്യം വേഗത്തിൽ കുറയുന്നുണ്ട്. കര-കടൽ ഉപയോഗത്തിലെ മാറ്റങ്ങൾ, ജീവജാലങ്ങളുടെ അമിത ചൂഷണം, കാലാവസ്ഥാ വ്യതിയാനം, മലിനീകരണം, അധിനിവേശ ജൈവവർഗ്ഗം എന്നിവ ഈ തകർച്ചയുടെ നേരിട്ടുള്ള പ്രേരകശക്തികളിൽ ഉൾപ്പെടുന്നു. ഈ പ്രേരകശക്തികളെ ജനസംഖ്യാവർദ്ധ നവും, സാമ്പത്തിക-സാമൂഹിക രാഷ്ട്രീയ ഘടകങ്ങളും സ്വാ ധീനിക്കുന്നുണ്ട്. ജൈവവൈവിധ്യത്തിന്റെ ദ്രുതഗതിയിലുള്ള ശോഷണം ആഗോള സമ്പദ്‌വ്യവസ്ഥയ്ക്കും മനുഷ്യക്ഷേമത്തി നും കാര്യമായ നാശമുണ്ടാക്കുകയും സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള ശ്രമങ്ങളെ തുരങ്കം വയ്ക്കുകയും ചെയ്യുന്നു.

വെല്ലുവിളിയുടെ വ്യാപ്തിയും അടിയന്തിരതയും തിരിച്ച റിഞ്ഞ്, 2020-ൽ 80-ലധികം രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ "പ്രകൃതിക്ക് വേണ്ടിയുള്ള രാഷ്ട്രനേതാ ക്കളുടെ പ്രതിജ്ഞ"യിൽ ഒപ്പുവച്ചു. ഇത് 2030-ഓടെ ജൈവവൈവിധ്യ നഷ്ടം മാറ്റാനുള്ള പ്രതിജ്ഞാബദ്ധത ഊട്ടിയുറപ്പിക്കുകയും പ്രകൃതി, കാലാവസ്ഥ, വ്യക്തിക ൾ എന്നിവയ്ക്കായുള്ള ഒരു ഏകീകൃത ആഗോള ലക്ഷ്യം മുന്നോട്ടു വയ്ക്കുകയും ചെയ്തു. ലോകരാഷ്ട്രങ്ങളെല്ലാംതന്നെ സമ്പദ്‌വ്യവസ്ഥയും, സമൂഹവും, ജൈവവൈവിധ്യവും തമ്മിലുള്ള പരസ്പരാശ്രിതത്വവും, ജൈവവൈവിധ്യസംര ക്ഷണത്തിന്റെ പ്രധാന്യവും തിരിച്ചറിയുന്നുണ്ടെന്ന് ഇവ തെളിയിക്കുന്നു. ജൈവവൈവിധ്യത്തെ വിലമതിക്കാൻ മൂന്ന് പ്രധാന കാരണങ്ങളുണ്ട്. (എ) പ്രവർത്തനപരമായ കാരണങ്ങൾ-ഭൗതിക മൂല്യമുള്ളതും സമ്പദ്‌വ്യവസ്ഥയെ താങ്ങിനിർത്തുന്നതുമായ നിരവധി നേട്ടങ്ങൾക്ക് നിദാന മായിട്ടുള്ളത് ജൈവവൈവിധ്യമാണ്. (ബി) സാംസ്കാരിക കാരണങ്ങൾ - ജൈവവൈവിധ്യം സമൂഹത്തിന് അത്യ ന്താപേക്ഷിതവും സൗന്ദര്യാത്മകവും ആത്മീയവുമായ മൂല്യങ്ങൾക്ക് അടിസ്ഥാനമാകുന്നു. (സി) സുരക്ഷാ കാരണ ങ്ങൾ-ജൈവവൈവിധ്യം ജീവന്റെ തന്നെ അടിത്തറയാണ്, ഇത് സുരക്ഷിതവും പ്രവർത്തനക്ഷമവുമായ ചുറ്റുപാടുകൾ പ്രദാനം ചെയ്യുന്നു.

2010-ൽ ജൈവവൈവിധ്യ കൺവെൻഷനിലെ കക്ഷികൾ (സി.ബി.ഡി)ചേർന്ന് ജൈവവൈവിധ്യത്തിനായുള്ള സ്ട്രാറ്റജിക് പ്ലാൻ 2011-2020 അംഗീകരിച്ചു. ഇത് ജൈ വവൈവിധ്യവും അത് ജനങ്ങൾക്ക് നൽകുന്ന നേട്ടങ്ങളും സംരക്ഷിക്കുന്നതിനായി എല്ലാ രാജ്യങ്ങളുടെയും ബന്ധപ്പെട്ട

കക്ഷികളുടെയും കൂട്ടായ പ്രവർത്തനത്തിനുള്ള ദശ വർഷ പദ്ധതിക്ക് രൂപം കൊടുത്തു. ആവാസവ്യവസ്ഥയുടെ തകർച്ച തടയാനും ജീർണിച്ച ഭൗമ, ശുദ്ധജല, സമുദ്ര ആവാസവ്യവസ്ഥകളെ ഫലപ്രദമായി പുനഃസ്ഥാപിക്കാനുമായി ഐക്യരാഷ്ട്ര പൊതുസഭ 2021–2030 'ആവാസവ്യവസ്ഥ പുനഃസ്ഥാപിക്കാനുള്ള ദശാബ്ദമായി' പ്രഖ്യാപിച്ചു. ആവാസവ്യവസ്ഥയുടെ പുനഃസ്ഥാപനം പ്രദേശിക സാഹചര്യങ്ങളെയും സാമൂഹിക ആവശ്യകതയേയും ആശ്രയിച്ച് കൂടുതൽ വിപുലപ്പെടുത്തിയിരിക്കുന്നു.

ലോക ഭൂവിസ്തൃതിയുടെ കേവലം 2.4 ശതമാനവും ആഗോള ജനസംഖ്യയുടെ 18 ശതമാനവും ഉൾക്കൊള്ളുന്ന ഇന്ത്യ, ആഗോളതലത്തിൽ രേഖപ്പെടുത്തപ്പെട്ട ജീവജാലങ്ങളുടെ ഏഴ് ശതമാനത്തെ ഉൾക്കൊള്ളുന്ന ഒരു മെഗാ ഡൈവേഴ്സ് രാജ്യമാണ്. ഇന്ത്യയുടെ സ്വാഭാവിക പ്രകൃതിവിഭവങ്ങളുടെ സമഗ്രത നിലനിർത്തിക്കൊണ്ടുതന്നെ സാകല്യേന സാമ്പത്തിക വികസനത്തിനായുള്ള യത്നങ്ങളാണ് വികസന പദ്ധതികളിൽ ഉൾക്കൊള്ളുന്നത്. കേന്ദ്ര–സംസ്ഥാന സർക്കാരുകളുടെ വികസന പദ്ധതികൾ വഴി പ്രത്യക്ഷമായും പരോക്ഷമായും ജൈവവൈവിധ്യത്തിൽ വലിയൊരു തുക നിക്ഷേപിക്കുന്നുണ്ട്. ആഗോളതലത്തിൽ, രേഖപ്പെടുത്തിയിട്ടുള്ള മൊത്തം ജീവജാലങ്ങളുടെ 0.3 ശതമാനത്തിലധികം വംശനാശഭീഷണി നേരിടുന്നുണ്ടെങ്കിൽ ഇന്ത്യയിൽ ഇത് കേവലം 0.08 ശതമാനം മാത്രമാണ്. നമ്മുടെ സാമ്പത്തിക സാമൂഹിക വികസനത്തിന് അത്യന്താപേക്ഷിതമായ ജൈവവൈവിധ്യത്തിന്റെ സമ്പന്നമായ പൈതൃകം സംരക്ഷിക്കാൻ ഇന്ത്യ പ്രതിജ്ഞാബദ്ധമാണ്. ജൈവവൈവിധ്യം ഓരോ മനുഷ്യനെയും സ്പർശിക്കുന്നുണ്ട്.അതുകൊണ്ടുതന്നെ അതിന്റെ സംരക്ഷണത്തിനും സുസ്ഥിര ഉപയോഗത്തിനും ഓരോ വ്യക്തിയുടെയും സംഭാവന ആവശ്യമാണ്. ഇന്ത്യയിലെ മൊത്തം ജനസംഖ്യയുടെ ഏകദേശം 35 ശതമാനത്തോളം വരുന്ന യുവാക്കൾക്ക് പ്രത്യേക പരിഗണന നൽകിക്കൊണ്ട് വിദ്യാർത്ഥികളെയും യുവാക്കളെയും ഈ പ്രക്രിയയിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. ഇന്ത്യയുടെ ഭൂവിസ്തൃതിയുടെ മൂന്നിൽ രണ്ട് ഭാഗവും വരണ്ടതോ ഭാഗിക–വരണ്ടതോ ഉപ–ആർദ്രമായതോ ആയ പ്രദേശങ്ങളാണ്. ഭൂരിഭാഗം ഗ്രാമീണരും അർദ്ധ നഗരങ്ങളിലുള്ള ദരിദ്രരും അവരുടെ ഉപജീവനത്തിനായി ഈ പ്രദേശങ്ങളെയാണ് ആശ്രയിക്കുന്നത്. മണ്ണിന്റെ ഫലഭൂയിഷ്ഠത, ജലത്തിന്റെ അളവും ഗുണനിലവാരവും, വായുവിന്റെ ഗുണനിലവാരം, വനങ്ങൾ, വന്യജീവികൾ, മത്സ്യബന്ധനം, എന്നിവയിലെ പാരിസ്ഥിതിക തകർച്ചയുടെ സ്വാധീനം എന്നിവ ഗ്രാമീണ ജനതയെ, പ്രത്യേകിച്ച് സ്ത്രീകളെ സാരമായി ബാധിക്കുന്നുണ്ട്.

പ്രാദേശിക തലത്തിൽ ജൈവവൈവിധ്യ സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് (കെ.എസ്.ബി.ബി) 11 ജില്ലകളിലെ 13 പ്രദേശങ്ങളിൽ ജൈവവൈവിധ്യ പരിപാലന സമിതികളുടെ (ബി.എം.സി) പിന്തുണയോടെ ജൈവവൈവിധ്യ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. കേരളത്തിൽ പ്രഖ്യാപിക്കപ്പെട്ട ആദ്യത്തെ ജൈവവൈവിധ്യ പൈതൃക ഇടമാണ് (ബി.എച്ച്.എസ്) കൊല്ലം ജില്ലയിലെ ആശ്രാമം. ബി.എം.സി യുമായി കൂടിയാലോചിച്ച് ബി.എച്ച്.എസ് ഏരിയയുടെ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ബട്ടർഫ്ലൈ ഗാർഡൻ, മിയാവാക്കി വനം എന്നിവയുള്ള സ്ഥലങ്ങൾ കണ്ടെത്തി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പ്രാദേശികമായി പ്രാധാന്യമുള്ള പ്രദേശങ്ങളുടെ സംരക്ഷണത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത്, നാല് പ്രാദേശിക ജൈവവൈവിധ്യ പൈതൃക ഇടങ്ങൾ അതാത് ബി.എം.സി.കൾ പ്രഖ്യാപിക്കുകയും കെ.എസ്.ബി.ബിയുടെ പിന്തുണയോടെ സംരക്ഷണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.

റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ്: റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി കെ.എസ്.ബി.ബി മൂന്ന് പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്, അവ 2022 മാർച്ചിൽ പൂർത്തീകരിക്കും.

കാർഷിക ജൈവവൈവിധ്യ സംരക്ഷണം: ഉഷ്ണമേഖലാ വന ആവാസവ്യവസ്ഥയ്ക്ക് സമാനമായ ഉഷ്ണമേഖലാ ജൈവവൈവിധ്യത്തിന്റെ കേന്ദ്രങ്ങളായി കേരളത്തിലെ ഭൂപ്രദേശങ്ങൾ വിവക്ഷിക്കപ്പെടുന്നു. അവ ഭൂമിയുടെ ഏറ്റവും ഉൽപ്പാദനക്ഷമതയുള്ള യൂണിറ്റുകളിലൊന്നാണ്. ബയോഡൈവേഴ്സിറ്റി ബോർഡ് നടത്തിയ ദ്രുത ആഘാത വിലയിരുത്തൽ പഠനം കർഷകർ നേരത്തേ കൃഷി ചെയ്തിരുന്ന കാർഷിക വിളകളുടെ വൈവിധ്യത്തിൽ ശോഷണം കണ്ടെത്തുകയുണ്ടായി. കാലാവസ്ഥാ–പ്രതിരോധശേഷിയുള്ളതും പ്രാദേശികമായി പൊരുത്തപ്പെടുന്നതുമായ കൃഷിരീതികളിലൂടെ കാർഷിക മേഖലയോടുള്ള കാർഷിക–പാരിസ്ഥിതിക സമീപനത്തിന് പഠനം ശുപാർശ ചെയ്യുന്നു. അതനുസരിച്ച് കൃഷിയിടങ്ങളിലെയും കമ്മ്യൂണിറ്റി ജീൻ ബാങ്കുകളിലെയും സംരക്ഷണത്തിന് ഊന്നൽ നൽകി. പദ്ധതിയുടെ കീഴിൽ, കേരളത്തിലെ എട്ട് ജില്ലകളിൽ കർഷകർ മുഖേന കാർഷിക–ജൈവവൈവിധ്യ സംരക്ഷണം ആരംഭിച്ചു.

നദികളിലെ ജൈവവൈവിധ്യ പുനരുജ്ജീവനം: 2018 ലെ വെള്ളപ്പൊക്കത്തിനു ശേഷം നടത്തിയ പഠനങ്ങൾ, പ്രത്യേകിച്ചും സംസ്ഥാന ആസൂത്രണ ബോർഡിന്റെ 'പ്രളയബാധിത കുട്ടനാടിനുള്ള പാക്കേജിൽ' ശുപാർശ ചെയ്തിരിക്കുന്നതുപോലെ, "നദിക്ക് വേണ്ടിയുള്ള സ്ഥാനം" എന്ന ആശയം ഉപയോഗിച്ച് നിർദ്ദിഷ്ടവും പരിസ്ഥിതി സൗഹൃദവും ഭൂപ്രകൃതിയ്ക്കും ആവാസവ്യവസ്ഥയ്ക്കും ഇണങ്ങുന്നതുമായ തന്ത്രങ്ങൾ നിർദ്ദേശിച്ചു. പമ്പ, പെരിയാർ, ചാലക്കുടി, ഭാരതപ്പുഴ എന്നീ നദീതീരങ്ങളിലെ സസ്യജാലങ്ങളുടെ ആഘാതം പഠനവിഷയമാക്കുകയും, നാല് നദികളിലേയും 12 ശതമാനം പ്രദേശങ്ങളിൽ അടിയന്തിര ഇടപെടൽ ആവശ്യമാണെന്ന് കണ്ടെത്തുകയും ചെയ്തു. രണ്ടാം ഘട്ട ഇടപെടലിന് 39 ശതമാനവും ദീർഘകാല ഇടപെടലിന് 32 ശതമാനവും ബാക്കിയുള്ള 17 ശതമാനത്തിൽ കാര്യമായ ഇടപെടൽ ആവശ്യമില്ലായെന്നും കണ്ടെത്തി. പമ്പാ നദിയിലെ തെരഞ്ഞെടുത്ത പ്രളയബാധിത പഞ്ചായത്തുകളിൽ നദീതീര ജൈവവൈവിധ്യ പുനരുജ്ജീവന പദ്ധതി, റീബിൽഡ് കേരള ഇനിഷ്യേറ്റീവിലൂടെ ആരംഭിച്ചത് പ്രദേശത്തെ പ്രകൃതിദത്ത സസ്യജാലങ്ങളെ സംരക്ഷിക്കാനാണ്.

വാണിജ്യപരമായി സാധ്യതയുള്ള ജൈവവിഭവങ്ങളുടെയും സാമ്പത്തിക മൂല്യനിർണ്ണയത്തിന്റെയും ഡാറ്റാബേസ്: കേരളം ജൈവവൈവിധ്യങ്ങളാൽ സമ്പന്നമായ സംസ്ഥാനമാണ്. സാമ്പത്തികമായി പ്രാധാന്യമുള്ള നിരവധി സസ്യങ്ങളും സമുദ്രജീവികളും കേരളത്തിൽ ഉണ്ട്. കേരളത്തിൽ വ്യാപാരം ചെയ്യപ്പെടുന്ന ജൈവവിഭവങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ രേഖപ്പെടുത്തുന്നതിനും, ആനുകൂല്യങ്ങൾ പങ്കുവയ്ക്കുന്നതിനുള്ള ഒരു സംവിധാനം സ്ഥാപിക്കുന്നതിനും,

ജൈവവിഭവങ്ങളുടെ സുസ്ഥിരമല്ലാത്ത വിളവെടുപ്പ് നിയന്ത്രിക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു.

ലോകാരോഗ്യ സംഘടനയുടെ റിപ്പോർട്ട് പ്രകാരം വർദ്ധിച്ചു വരുന്ന പകർച്ചവ്യാധികളിൽ 60 ശതമാനവും മൃഗങ്ങൾക്കും മനുഷ്യർക്കും ഇടയിലാണ് പകരുന്നത്. പ്രകൃതിദത്തമായ ആവാസവ്യവസ്ഥയുടെ ശോഷണം വന്യമൃഗങ്ങൾ മനുഷ്യവാസകേന്ദ്രങ്ങളിൽ കടിയേറ്റുന്നതിലേക്ക് നയിക്കുന്നു. ഉയർന്ന ജനസാന്ദ്രത കാരണം കേരളത്തിൽ അതിവേഗം നഗരവൽക്കരണവും സ്വാഭാവിക ആവാസവ്യവസ്ഥയുടെ ശോഷണവും സംഭവിക്കുന്നുണ്ട്. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ഇത്തരം സാഹചര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഗവേഷണങ്ങളുടെ മുൻഗണനാക്രമങ്ങൾ നിശ്ചയിക്കേണ്ടതും അക്കാദമിക് സ്ഥാപനങ്ങൾ നടത്തുന്ന ഗവേഷണ പ്രവർത്തനങ്ങൾ അവലോകനം ചെയ്യേണ്ടതും ആവശ്യമാണ്. ഈ സാഹചര്യത്തിലാണ് ബയോഡൈവേഴ്സിറ്റി ബോർഡ് 'ആശയങ്ങളുടെ ഒരു ശേഖരം' വികസിപ്പിച്ചെടുത്തത്. സംസ്ഥാന തലത്തിൽ ആരംഭിക്കാൻ കഴിയുന്ന ആശയപരമായ കുറിപ്പുകൾ, പരിപാലനം, ഗവേഷണം, വ്യാപനം, നയപരമായ തലങ്ങൾ എന്നീ മേഖലകളിലെ ഹ്രസ്വകാല, മധ്യകാല, ദീർഘകാല തന്ത്രങ്ങൾ, പ്രവർത്തന പദ്ധതികൾ തുടങ്ങിയവ 'കൺസെപ്റ്റ് ബാങ്കിൽ' ഉൾപ്പെടുന്നു. ഗവേഷണ സ്ഥാപനങ്ങൾ, കൃഷി വകുപ്പ്, ഫിഷറീസ്, അക്കാദമിക്കുകൾ, എൻജിഒകൾ എന്നിവയിൽ നിന്നുള്ള ശാസ്ത്രജ്ഞർ ഉൾപ്പെടെ 70 ലധികം വിദഗ്ദ്ധരിൽ നിന്ന് നിർദ്ദേശങ്ങൾ ക്ഷണിച്ചിരുന്നു. ഈ കാലയളവിൽ ബയോഡൈവേഴ്സിറ്റി ബോർഡ് പുരയിടങ്ങളിലെ ജൈവവൈവിധ്യം ഉൾപ്പെടെ നിരവധി നൂതന പരിപാടികൾ ഏറ്റെടുത്തു.

### 13-ാം പഞ്ചവത്സര പദ്ധതിയുടെ നേട്ടങ്ങൾ, 2017-2021

വിദ്യാർത്ഥികൾക്ക് പാരിസ്ഥിതിക വിദ്യാഭ്യാസ അവസരങ്ങൾ നൽകാനും പ്രദേശത്തെ പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ അവരെ ഉൾപ്പെടുത്താനും ലക്ഷ്യമിട്ട് ഹയർ സെക്കൻഡറിയിലും കോളേജുകളിലും 369 ഭൂമിത്രസേന ക്ലബ്ബുകൾ (ബി.എം.സി) സ്ഥാപിച്ചു. വെള്ളത്തിന്റെ ഗുണനിലവാര നിരീക്ഷണ പരിപാടി, പ്രളയാനന്തര പരിസ്ഥിതി പുനരുദ്ധാരണ പരിപാടി തുടങ്ങിയവ പ്രചരിപ്പിക്കുന്നതിൽ ഈ ക്ലബ്ബുകൾ സഹായിച്ചു. ആദ്യത്തെ നാഷണൽ എൻവയോൺമെന്റ് ആന്റ് ക്ലൈമറ്റ് ചേഞ്ച് കോൺഗ്രസ് (എൻ.ഇ.സി.സി.സി) സംഘടിപ്പിക്കുകയും പരിസ്ഥിതി പ്രാധാന്യമുള്ള ദേശീയ അന്തർദേശീയ ദിനങ്ങൾ ആചരിക്കുകയും ചെയ്തു. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷന്റെ (കില) പിന്തുണയോടുകൂടി തെരഞ്ഞെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കാലാവസ്ഥാ വ്യതിയാനത്തിനുള്ള പ്രദേശിക കർമ്മ പദ്ധതികൾ ഈ കാലയളവിൽ തയ്യാറാക്കി. കുട്ടനാടിനായി കാർഷിക വിള കലണ്ടർ തയ്യാറാക്കുകയും വിവിധ പാരിസ്ഥിതിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന 25 ഓളം ഗവേഷണ പദ്ധതികൾക്ക് അനുമതി നൽകുകയും ചെയ്തു. കൊല്ലം മൺറോ തുരുത്തിൽ ജൈവ-ലവണ കൃഷിയും ഓപ്പൺ വാട്ടർ മത്സ്യകൃഷിയും ആരംഭിച്ചു. കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള സംസ്ഥാന ആക്ഷൻ പ്ലാനിന്റെ (എസ്.എ.പി.സി.സി) പുനരവലോകനത്തിന്റെ ഭാഗമായി തെരഞ്ഞെടുത്ത മേഖലകൾക്കായി കാലാവസ്ഥാ വ്യതിയാന അപകടസാധ്യത വിശകലനം നടത്തി. ഡയറക്ടറേറ്റിൽ ജിയോസ്പേഷ്യൽ ലബോറട്ടറി സൗകര്യം ഏർപ്പെടുത്തുകയും അഷ്ടമുടി, ശാസ്താംകോട്ട, വേമ്പനാട്, അഴിമുഖം തുടങ്ങിയ തണ്ണീർതടങ്ങൾക്കായുള്ള മാനേജ്മെന്റ് ആക്ഷൻ പ്ലാൻ നടപ്പിലാക്കുകയും ചെയ്തു.

കോഴിക്കോട് സി.ഡബ്ല്യു.ആർ.ഡി.എം-ന്റെ സഹായത്തോടെ കേരളത്തിലെ എട്ട് പ്രധാന തണ്ണീർത്തടങ്ങളുടെ മാനേജ്മെന്റ് ആക്ഷൻ പ്ലാൻ തയ്യാറാക്കി. 'നൂറ് ട്രാൻസ്ഫർമേറ്റീവ് ഐഡിയാസ് മിഷൻ' പ്രോഗ്രാമിന്റെ ഒന്നാം ഘട്ടത്തിന്റെ ഭാഗമായി, സംയോജിത മാനേജ്മെന്റ് ആക്ഷൻ പ്ലാൻ നടപ്പിലാക്കുന്നതിനായി കേരളത്തിൽ നിന്നു വെള്ളായാണി തടാകത്തെ തെരഞ്ഞെടുത്തു. സംസ്ഥാനത്തുടനീളമുള്ള എല്ലാ പ്രധാന തണ്ണീർത്തടങ്ങളുടെയും പ്രളയാനന്തര ആവാസവ്യവസ്ഥയുടെ അവസ്ഥ ഡയറക്ടറേറ്റ് വിലയിരുത്തി. പരിസ്ഥിതി വകുപ്പിന് കീഴിൽ കേരള സെന്റർ ഫോർ ഇന്റഗ്രേറ്റഡ് കോസ്റ്റൽ മാനേജ്മെന്റിനെ (കെ.സി.ഐ.സി.എം), സംസ്ഥാന പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റായി സ്ഥാപിച്ചു. തീരദേശ നിയന്ത്രണ മേഖലാ വിജ്ഞാപനമനുസരിച്ച്, കേരള തീരദേശ പരിപാലന അതോറിറ്റി (കെ.സി.ഇസഡ്.എം.എ) ആണ് തീരദേശ പരിപാലന പദ്ധതി തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നത്.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ എല്ല തലങ്ങളിലും ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റികൾ (ബി.എം.സി) രൂപീകരിക്കുകയും ഈ പഞ്ചവത്സര പദ്ധതിയിൽ എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കുകയും ചെയ്തു. മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ പരമ്പരാഗത അറിവുകൾ രേഖപ്പെടുത്തുന്ന തിരുവനന്തപുരത്തെയും കൊല്ലത്തെയും സമുദ്ര ജൈവവൈവിധ്യ രജിസ്റ്റർ പൂർത്തിയായി. കേരളത്തിലെ ആദ്യത്തെ ജൈവവൈവിധ്യ പൈതൃകകേന്ദ്രമായി അഷ്ടമുടിക്കായലിന്റെ തീരത്തുള്ള കൊല്ലം ജില്ലയിലെ ആശ്രാമം കണ്ടൽക്കാടുകൾ 2019 ജൂൺ 5 ന് മുഖ്യമന്ത്രി പ്രഖ്യാപിച്ചു. ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റുകളുടെ പദ്ധതികളെ ബന്ധിപ്പിച്ച് ഒരു പഞ്ചവത്സര മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഇത് കൊല്ലം കോർപ്പറേഷനുമായി ചേർന്ന് ബിഎംസി നടപ്പിലാക്കുന്നു. പതിമൂന്നാം പഞ്ചവത്സരപദ്ധതിയിൽ നിർദ്ദേശിച്ച നൂതന പദ്ധതികളിൽ ഒന്നാണ് മാതൃകാ ബിഎംസി; ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പിന്തുണയോടെ പ്രാദേശികമായി നിർദ്ദിഷ്ട ജൈവവൈവിധ്യ സംരക്ഷണ പദ്ധതികൾ നടപ്പിലാക്കുന്നതിന് 48 മോഡൽ ബി.എം.സി കൾക്ക് സാമ്പത്തികമായും സാങ്കേതികമായും സഹായം നൽകി.

2018-19 കാലയളവിൽ, ബയോഡൈവേഴ്സിറ്റി ബോർഡ് 187 തദ്ദേശഭരണ സ്ഥാപനങ്ങളിൽ ബിഎംസികൾ വഴി ജൈവവൈവിധ്യത്തിലുണ്ടായ വെള്ളപ്പൊക്കത്തിന്റെ ആഘാതം പഠനവിധേയമാക്കി. സംസ്ഥാന-ജില്ലാ ബിഎംസി സംവിധാനങ്ങളുടെ പങ്കാളിത്തത്തോടെയുള്ള ഇത്രയും വിപുലമായ വിലയിരുത്തൽ രാജ്യത്ത് ആദ്യത്തേതാണ്. ഉപജീവനത്തിലുണ്ടായ ആഘാതം, ജൈവവൈവിധ്യ നഷ്ടം, ഭൂപ്രകൃതിയിലുണ്ടായ ശോഷണം, ജന്തുസസ്യജാലങ്ങളിലുണ്ടായ ആഘാതം എന്നിവയെക്കുറിച്ചുള്ള സ്ഥിതി

വിവരങ്ങൾ ശേഖരിയ്ക്കാൻ വിവിധ മാനദണ്ഡങ്ങൾ ഉപയോഗിക്കുന്നു. ഇതിന്റെ തുടർച്ചയായി, പരിഗണന ആവശ്യമുള്ള മേഖലകൾക്ക് മുൻഗണന നൽകുകയും, ജൈവവൈവിധ്യത്തിലും ആവാസവ്യവസ്ഥയിലും വെള്ളപ്പൊക്കം/ഉരുൾപ്പൊട്ടൽ എന്നിവയുടെ ആഘാതം വിലയിരുത്തുന്നതിനായി 28 ഓളം പഠനങ്ങൾ വിവിധ ഗവേഷണ വികസന സ്ഥാപനങ്ങൾക്കും സർവകലാശാലകൾക്കും നൽകുകയുണ്ടായി. റിബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി ബിഎംസി കളിലൂടെ നദീതീര ജൈവവൈവിധ്യ പുനരുജ്ജീവനത്തിനുള്ള പുതിയ പദ്ധതി നിർദ്ദേശങ്ങൾ, ബിഎംസി കളിലൂടെ കാർഷിക-ജൈവവൈവിധ്യ സംരക്ഷണം, വ്യാപാരം ചെയ്യപ്പെടുന്ന കേരളത്തിലെ ജൈവവിഭവങ്ങളുടെ ഡാറ്റാബേസ് പഠനം എന്നിവ ബയോഡൈവേഴ്സിറ്റി ബോർഡിന് നൽകുകയുണ്ടായി. 2020-ൽ ആരംഭിച്ച പദ്ധതി 2022 ഓടെ പൂർത്തിയാകും. ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സഹകരണത്തോടെ കേരളത്തിലെ ജന്തുസസ്യജാലങ്ങൾ, ഷെഡ്യൂൾഡ് സ്പീഷീസുകൾ, വിജ്ഞാപനങ്ങൾ/നിയമങ്ങൾ, എന്നിവയുടെ വിശദാംശങ്ങൾ ലിസ്റ്റ് ചെയ്യുന്നതിനുള്ള ഒരു പദ്ധതി 2020-ൽ ബയോഡൈവേഴ്സിറ്റി ബോർഡ് ആരംഭിച്ചു. ഇതിന് ബൊട്ടാണിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, സുവോളജിക്കൽ സർവേ ഓഫ് ഇന്ത്യ (ഇസഡ്.എസ്.ഐ), സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (സി.എം.എഫ്.ആർ.ഐ) എന്നിവയുടെ സഹായം ലഭ്യമായി. കമ്പോള പ്രാധാന്യമുള്ള സസ്യ ജീവജാലങ്ങളുടെ സുസ്ഥിരമായ മാനേജ്മെന്റ് നടപടികൾക്കായി ശുപാർശകൾ നിർദ്ദേശിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതി 2021-22-ൽ പൂർത്തിയാകും. ഇന്ത്യയിലേയും കേരളത്തിലേയും സമ്പന്നമായ ജൈവ വൈവിധ്യങ്ങൾ പൊതുജനങ്ങൾക്ക് മുന്നിൽ പ്രദർശിപ്പിക്കുന്ന അത്യാധുനിക ജൈവവൈവിധ്യ മ്യൂസിയം 2018-ൽ പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തു. ജനസമ്പർക്കം, വിദ്യാഭ്യാസം, പൊതുജന ബോധവൽക്കരണം, അന്താരാഷ്ട്ര ജൈവവൈവിധ്യ ദിനം, ലോക പരിസ്ഥിതി ദിനം, പക്ഷിദിനം, വന്യജീവി വാരം, ദേശീയ ദിനങ്ങൾ എന്നിങ്ങനെയുള്ള അനുസ്മരണ ദിനങ്ങളും, സമുചിതമായി ആഘോഷിച്ചു. ഇക്കാലയളവിൽ കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 1500 ജൈവവൈവിധ്യ ക്ലബ്ബുകൾ രൂപീകരിക്കുകയും ജൈവവൈവിധ്യ അവബോധം സൃഷ്ടിക്കുന്നതിനായി ശിൽപശാലകൾ നടത്തുകയും ചെയ്തു.

മലിനീകരണ നിയന്ത്രണ ബോർഡ് പാളയം (കോഴിക്കോട്), എം.ജിറോഡ്, ഏലൂർ (എറണാകുളം) എന്നിവിടങ്ങളിൽ അന്തരീക്ഷവായു ഗുണനിലവാര നിരീക്ഷണ കേന്ദ്രങ്ങൾ ഈ കാലയളവിൽ ഉദ്ഘാടനം ചെയ്യുകയും 'തിരുവനന്തപുരത്തിന്റെ പാരിസ്ഥിതിക സ്ഥിതി റിപ്പോർട്ട്', 'ജലാശയങ്ങളുടെ വർഗ്ഗീകരണത്തെക്കുറിച്ചുള്ള പഠനം-നല്ലത്തണ്ണി, മുതിരപ്പുഴ നദി' എന്നിവ പൂർത്തിയാക്കുകയും ചെയ്തു. പത്തൊൻപത് എയർ ക്വാളിറ്റി മോണിറ്ററിംഗ് സ്റ്റേഷനുകളിലെ പി.എം 2.5 സാംപ്ലർ സ്ഥാപിക്കൽ, ബിസിനസ്സ് എളുപ്പമാക്കുന്നതിന്റെ ഭാഗമായി ഓൺലൈൻ കൺസന്റ് മാനേജ്മെന്റ് സിസ്റ്റം സ്ഥാപിക്കൽ, പെരിയാറിന്റെ നിരീക്ഷണത്തിനായി നൈറ്റ് വിഷൻ ക്യാമറകൾ സ്ഥാപിക്കൽ, വെബ് ബേസ്ഡ് ഡിസിഷൻ സപ്പോർട്ട് വികസിപ്പിക്കൽ എന്നിവയും പൂർത്തീകരിച്ച സ്കീമുകളിൽ ഉൾപ്പെടുന്നു. കൂടാതെ മലിനീകരണം കുറയ്ക്കുന്നതിനുള്ള നിരീക്ഷണ സംവിധാനവും വ്യവസായ യൂണിറ്റുകൾ സർവേ ചെയ്യുന്നതിനുള്ള എൻവിക്ലീൻ, കിള്ളി, കരമന നദികളുടെ ശുചിത്വ സർവേ, പ്രളയബാധിത പ്രദേശങ്ങളിലെ 40,000 കിണറുകളിലെ മലിനീകരണ നിരീക്ഷണം എന്നിവയും ഉൾപ്പെടുന്നു. മലിനീകരണ നിയന്ത്രണ ബോർഡ് സംസ്ഥാന ജല-വായു ഗുണനിലവാര നിരീക്ഷണ ഡയറക്ടറികൾ പ്രസിദ്ധീകരിക്കുകയും, സന്നിധാനം, പമ്പ, എരുമേലി എന്നിവിടങ്ങളിൽ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം വിശകലനം ചെയ്യുകയും ചെയ്തു.

ജില്ലാ ഓഫീസുകൾ, റീജിയണൽ ഓഫീസുകൾ, എ.എം. ആർ ലാബ് ഉൾപ്പെടെയുള്ള ലാബുകൾ, എന്നിവിടങ്ങളിൽ അന്തരീക്ഷ വായു ഗുണനിലവാര നിരീക്ഷണം ശക്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. കേരള ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് സ്ട്രാറ്റജിക് കർമ്മ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് മുൻകൈ എടുത്തിട്ടുണ്ട്. കോമൺ ബയോമെഡിക്കൽ മാലിന്യ സംസ്കരണ സൗകര്യം കെ.ഇ.ഐ.എല്ലിൽ സജ്ജമാക്കുകയും സെൻട്രൽ ലാബ്, ജില്ലാ ലാബുകൾ, ഹെഡ് ഓഫീസ്, നിരീക്ഷണ വാനുകൾ, ജില്ലാ ഓഫീസുകൾ എന്നിവ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. അഷ്ടമുടിക്കായലിലെ ശുചീകരണ സർവ്വേയും ഇക്കാലയളവിൽ നടത്തി.

## ഹരിതകേരളം മിഷൻ

ശുചിത്വം, ജലസമൃദ്ധി, ജല സുരക്ഷ, ഭക്ഷ്യവസ്തുക്കളുടെ സുരക്ഷിതമായ ഉൽപാദനം എന്നിവ കൈവരിക്കുകയെന്ന ലക്ഷ്യത്തോടെ 2016 ഡിസംബറിൽ ഹരിതകേരളം മിഷൻ സംസ്ഥാനത്ത് ആരംഭിക്കുകയുണ്ടായി. (I) ശുചിത്വവും മാലിന്യ സംസ്കരണവും (ii) ജല സംരക്ഷണം, (iii) കാർഷിക വികസനം എന്നിങ്ങനെ മൂന്ന് ഉപ ദൗത്യങ്ങളാണ് മിഷനുള്ളത്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടേയും വിവിധ വകുപ്പുകളുടേയും ഏകോപനത്തോടെയാണ് മിഷൻ വിവിധതരം പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നത്.

- ഓരോ ജില്ലയിലെയും പ്രധാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പ്രാദേശിക സർക്കാരുകളുടെയും മറ്റ് വകുപ്പുകളുടെയും പദ്ധതികളുടെ വിവിധ തലത്തിലുള്ള ഏകോപനത്തിനുള്ള മാർഗ്ഗങ്ങൾക്ക് രൂപം നൽകുക.
- പ്രാദേശിക സർക്കാരുകൾക്ക് ശാസ്ത്രീയവും കാര്യക്ഷമവും സാങ്കേതികവുമായ ഉപദേശം നൽകുക.
- "ഹരിതകേരളം" സൃഷ്ടിക്കുന്നതിനായി നേതൃത്വം നൽകുകയും ജനപങ്കാളിത്തവും സാമൂഹിക ഉൾപ്പെടുത്തലും ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുക എന്നിവയ്ക്കാണ് ഹരിതകേരളം മിഷൻ പ്രധാന ഊന്നൽ നൽകുന്നത്.

ഉപ ദൗത്യങ്ങൾക്ക് കീഴിൽ നടത്തിയ ചില പ്രധാന ഇടപെടലുകൾ ചുവടെ വിശദമാക്കി യിരിക്കുന്നു.

"മാലിന്യത്തിൽ നിന്നുള്ള മുക്തി" കാമ്പയിനുകൾ പ്രാദേശിക സർക്കാരുകളുടെ ശുചിത്വ, മാലിന്യ നിർമ്മാർജന പ്രവർത്തനങ്ങൾക്ക് ശക്തമായ അടിത്തറയിട്ടു. മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എംസിഎഫ്), റിസോഴ്സ് റിക്കവറി ഫെസിലിറ്റി (ആർആർഎഫ്), ഹരിത കർമ്മസേന, ഗാർഹിക ഉറവിട തലത്തിലുള്ള സംസ്കരണ പ്ലാന്റുകൾ, കമ്മ്യൂണിറ്റി കമ്പോസ്റ്റിംഗ് യൂണിറ്റുകൾ തുടങ്ങി മാലിന്യ

ത്തിന്റെ ഉറവിടതല സംസ്കരണത്തിന് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക വഴി, മാലിന്യ സംസ്കരണത്തിന് അർഹമായ പ്രാധാന്യം ലഭിക്കുകയും അതു വഴി സുസ്ഥിരവും വൃത്തിയുള്ളതുമായ പരിസ്ഥിതി സൃഷ്ടിക്കുന്നതിനും സാധിച്ചിട്ടുണ്ട്. അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിനായി രൂപീകരിച്ച ഹരിത കർമ്മസേന ഇപ്പോൾ 1,005 ഓളം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സജീവമാണ്. പ്രതിമാസം 3,000 രൂപ മുതൽ 15,000 രൂപ വരെ സേനാംഗങ്ങൾക്ക് സമ്പാദ്യമായി ലഭിക്കുന്നതിനാൽ ഈ പദ്ധതി വരുമാനദായകവുമാകുന്നു.

അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിനും സംഭരിക്കുന്നതിനുമായി 1018 മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എംസിഎഫ്) കേന്ദ്രങ്ങളും മാലിന്യം വേർതിരിക്കൽ, പുനരുപയോഗം, തുടർ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി 177 റിസോഴ്സ് റിക്കവറി ഫെസിലിറ്റി കേന്ദ്രങ്ങളും തദ്ദേശഭരണ സ്ഥാപനങ്ങളിൽ പ്രവർത്തിച്ചു വരുന്നുണ്ട്. വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളിലായി 15,358 മാലിന്യസംസ്കരണ പ്രോജക്ടുകൾ പൂർത്തിയായിട്ടുണ്ട്. തൽഫലമായി സംസ്ഥാനത്ത് ദിവസേന ഉത്പാദിപ്പിക്കപ്പെടുന്ന ജൈവ മാലിന്യത്തിന്റെ ഏകദേശം 45 ശതമാനവും ഉറവിട മാലിന്യ സംസ്കരണ സംവിധാനത്തിലൂടെ ശാസ്ത്രീയമായി സംസ്കരിക്കപ്പെടുന്നു. കൂടാതെ, 1,419 വ്യാവസായിക സ്ഥാപനതല ബയോഗ്യാസ് പ്ലാന്റുകളും 210 കമ്മ്യൂണിറ്റിതല ബയോഗ്യാസ് പ്ലാന്റുകളും സ്ഥാപിക്കുകയുണ്ടായി. പൊടിച്ച പ്ലാസ്റ്റിക് ഉപയോഗിച്ച് തദ്ദേശസ്ഥാപനങ്ങൾ 2,445.27 കിലോമീറ്റർ റോഡ് ടാർ ചെയ്യുകയുണ്ടായി. 1,554 ദശലക്ഷം ടൺ ഇ-മാലിന്യങ്ങൾ സംസ്ഥാനത്ത് നിന്ന് ശേഖരിച്ച് ഇ-വേസ്റ്റ് പുനഃചംക്രമണത്തിനായി കൈമാറുകയും ഉണ്ടായി. സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വൃത്തിയാക്കലുമായി ബന്ധപ്പെട്ട് ഗ്രീൻ ടൂറിസം പ്രോജക്ടും (വഴി കാട്ടാൻ വാഗമൺ) നടപ്പിലാക്കുകയുണ്ടായി.

ഹരിത പെരുമാറ്റച്ചട്ടം സാമൂഹിക ജീവിതത്തിന്റെ ഭാഗമാക്കുന്നതിന് ഹരിതകേരളം മിഷൻ നിർണായക പങ്ക് വഹിക്കുന്നുണ്ട്. ഉത്സവങ്ങളിലും, ആഘോഷങ്ങളിലും, സംസ്ഥാന ജില്ലാ തലങ്ങളിലെ 11,510 ഓഫീസുകളിലും, സ്ഥാപനങ്ങളിലും പെരുമാറ്റച്ചട്ടം നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന വ്യാപകമായി ഹരിത നിയമസാക്ഷരതാ ബോധവൽക്കരണ ക്യാമ്പയിൻ നടത്തുകയും മാലിന്യങ്ങൾ ജലാശയങ്ങളിലേക്ക് വലിച്ചെറിയുന്നതും അതിന് കടുത്ത ശിക്ഷ നൽകാനും ഒറ്റത്തവണ ഉപയോഗ പ്ലാസ്റ്റിക്കുകൾ നിരോധിക്കുന്നതിനും മിഷന്റെ ഇടപെടലുകൾ വഴി സാധ്യമായിട്ടുണ്ട്. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിലും ശുചിത്വ പദവി കൈവരിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ വലിയ ശ്രമങ്ങൾ നടത്തുകയാണ്. ഖരമാലിന്യ സംസ്കരണത്തിനും അതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുകയും ചെയ്ത തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നൽകിയ ശുചിത്വ പദവി സമ്പൂർണ്ണ ശുചിത്വത്തിലേക്കുള്ള ആദ്യപടിയാണ്. സംസ്ഥാനത്തെ 791 തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ശുചിത്വ പദവി കൈവരിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

ഹരിതകേരളം മിഷൻ കഴിഞ്ഞ നാല് വർഷമായി നദികൾ പുനരുജ്ജീവിപ്പിക്കുകയും ജലശുദ്ധീകരണ പ്രവർത്തനങ്ങളും ഏറ്റെടുത്തതിലൂടെ ജലസംരക്ഷണ, ജലസംഭരണ മേഖലകളിൽ ഫലപ്രദമായ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. 412 കിലോമീറ്റർ നദികളും 42,774 കിലോമീറ്റർ അരുവികളും പുനരുജ്ജീവിപ്പിക്കുകയുണ്ടായി. 1,013 തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നീർത്തട പദ്ധതികൾ തയ്യാറാക്കുകയുണ്ടായി. 105 ബ്ലോക്ക്തല നീർത്തട മാസ്റ്റർ പ്ലാനുകളും തയ്യാറാക്കുകയുണ്ടായി. 60,116 ഏക്കർ നീർത്തട പ്രദേശങ്ങൾ പരിപാലിക്കുകയും വരട്ടാർ നദിയുടെ പുനരുദ്ധാരണവും പുനരുജ്ജീവനവും സാധ്യമാക്കുകയും, കുട്ടംപേരൂർ നദി, കിള്ളിയാർ, കോളറയാർ, വടക്കേപ്പുഴ, ചലാംകോട് വെള്ളച്ചാട്ടം, മുട്ടംപരപ്പ വെള്ളച്ചാട്ടം, കംപ്രയാർ, പെരുംതോട്, പൂനൂർ നദി, കൊട്ടാരക്കര പാണ്ഡിവയൽ വെള്ളച്ചാട്ടം, മറ്റ് മലിനമായ ജലസ്രോതസ്സുകൾ എന്നിവ വൃത്തിയാക്കുകയും സുഗമമായ ജലപ്രവാഹം സാധ്യമാക്കുകയും ചെയ്യുകയുണ്ടായി. മീനച്ചിലാർ-മീനന്തരയാർ-കൊടൂരാർ പുനഃസമാഗമം സാധ്യമാക്കുകയും ഇതിലൂടെ 4000 ഏക്കറിലധികം പ്രദേശത്ത് കൃഷി പുനരാരംഭിക്കുകയുണ്ടായി. കഴിഞ്ഞ നാല് വർഷത്തിനിടെ 62,921 കിണറുകൾ റീചാർജ് ചെയ്യുകയും, 23,158 കിണറുകൾ പുതുതായി നിർമ്മിക്കുകയും, 13,942 കിണറുകൾ നവീകരിക്കുകയും 18,203 കുളങ്ങൾ നിർമ്മിക്കുകയും 25,241 കുളങ്ങൾ നവീകരിക്കുകയും ചെയ്യുകയുണ്ടായി. ഈ പ്രവർത്തനങ്ങളിലൂടെ 1,21,81,650 ക്യുബിക് മീറ്റർ ജല സംഭരണം ഉറപ്പാക്കുകയുണ്ടായി. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പിന്തുണയോടെ തൊഴിലുറപ്പ് പദ്ധതിയിലൂടെയാണ് (എം.ജി.എൻ.ആർ.ഇ.ജി.എസ്) മിഷന് ഈ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കാൻ കഴിഞ്ഞത്.

സംസ്ഥാനത്തെ ജലപ്രവാഹങ്ങൾ വീണ്ടെടുക്കുന്നതിനായി "ഇനി ഞാൻ ഒഴുകട്ടെ" എന്ന പേരിൽ ഒരു പൊതു പ്രചാരണ പരിപാടി സംഘടിപ്പിക്കുകയുണ്ടായി. ഇതിലൂടെ സംസ്ഥാനത്തെ 7,291 കിലോമീറ്റർ ജലധാരകൾ വൃത്തിയാക്കുകയും ശുദ്ധജലപ്രവാഹം ഉറപ്പാക്കുകയും ചെയ്തു. കോട്ടയം, ആലപ്പുഴ ഉൾപ്പെടെയുള്ള വിവിധ ജില്ലകളിൽ മൺസൂൺ കാലയളവിലുണ്ടായ കനത്ത മഴയെത്തുടർന്ന് വെള്ളം കയറുന്നതിന്റെ കാഠിന്യം കുറയ്ക്കാൻ ഇത് ഉപകരിക്കുകയുണ്ടായി.

കുളങ്ങളിൽ മാപിനി സ്ഥാപിച്ച് ജലലഭ്യത അളക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയുണ്ടായി. കാട്ടാക്കട നിയോജകമണ്ഡലത്തിലെ 100 കുളങ്ങളിലാണ് ഇത് സ്ഥാപിച്ചത്. എല്ലാ ജില്ലകളിലും ഓരോ ബ്ലോക്കിൽ വീതം ജല ബജറ്റിംഗ് പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് നിർദ്ദേശിക്കുകയുണ്ടായി. സർക്കാർ തയ്യാറാക്കിയതും അംഗീകരിച്ചതുമായ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് വയനാട് ജില്ലയിലെ കൽപ്പറ്റയിൽ പൈലറ്റ് അടിസ്ഥാനത്തിൽ ജലബഡ്ജറ്റിംഗ് പ്രവർത്തനങ്ങൾ നടന്നു വരുന്നു. സംസ്ഥാനത്തെ ജലദൗർലഭ്യം നേരിടുന്ന നാല് ജില്ലകളിൽ "ബന്ധാര ടൈപ്പ് സമ്മർ" റിസർവോയറുകൾ (Bandara type summer reservoirs)

നിർമ്മിക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. തളിപ്പറമ്പ് നിയോജകമണ്ഡലത്തിൽ ബന്ധാരയുടെ നിർമ്മാണം പൂർത്തിയാക്കി ജലസംഭരണം സാധ്യമാക്കുകയുണ്ടായി. കിഫ്ബിയിൽ ഉൾപ്പെടുത്തി ഭവാനിപ്പുഴയിൽ 34 ഉം തൂത്തുപുഴയിൽ 6 ഉം ചന്ദ്രഗിരിയിൽ 9 ഉം അച്ചൻകോവിലാറിൽ 6 ഉം ബന്ധാരകൾക്ക് അനുമതി ലഭിക്കുകയുണ്ടായി.

ഓരോ തദ്ദേശഭരണ പ്രദേശത്തെയും ഒരു ഹയർ സെക്കൻഡറി സ്കൂളിലെ കെമിസ്ട്രി ലാബുമായി ചേർന്ന് പ്രദേശവാസികൾക്ക് കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള ലാബുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങളും ആരംഭിക്കുകയുണ്ടായി. തദ്ദേശഭരണ സ്ഥാപനങ്ങളുടെയും 57 എംഎൽഎമാരുടെ പ്രത്യേക വികസന ഫണ്ടും ഉപയോഗിച്ച് 426 സ്കൂളുകളിൽ ഇത് നടപ്പാക്കി വരുന്നു. 2020 സെപ്റ്റംബർ 7ന് ബഹു. മുഖ്യമന്ത്രി ധർമ്മടം നിയോജക മണ്ഡലത്തിലെ അഞ്ചരക്കണ്ടി ഹയർസെക്കണ്ടറി സ്കൂളിൽ ഈ പ്രോജക്ട് ഉദ്ഘാടനം ചെയ്യുകയുണ്ടായി. ചിറ്റൂർ നിയോജക മണ്ഡലത്തിൽ ഇത്തരം 10 ലാബുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ സ്കൂളുകളുടെ ലാബുകളിൽ ജലത്തിന്റെ ഗുണനിലവാര പരിശോധന സംവിധാനം സ്ഥാപിക്കുന്നതിനും പ്രാഥമികമായ ഗുണനിലവാര പരിശോധന നടത്തുന്നതിനും ജനങ്ങൾക്ക് സാധിച്ചിട്ടുണ്ട്. പ്രാദേശികമായി ലാബുകൾ സ്ഥാപിക്കുന്നതോടെ കുടിവെള്ള ഗുണനിലവാര പരിശോധന വിപുലീകരിക്കാനും ജലത്തിന്റെ ഗുണനിലവാരം ഉറപ്പാക്കാനും സാധിക്കും.

കൃഷി വകുപ്പിന്റെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും പിന്തുണയോടെ ഹരിതകേരളം മിഷൻ പ്രവർത്തനങ്ങൾ വഴി കാർഷിക മേഖലയിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കുവാൻ കഴിഞ്ഞു. പതിമൂന്നാം പദ്ധതി കാലയളവിൽ തരിശുഭൂമി കൃഷി, പച്ചക്കറി കൃഷി, ഹരിത ഐ.ടി ക്യാമ്പസുകൾ, 'പച്ചതുരുത്ത്' പോലെയുള്ള വനവത്കരണ പരിപാടികൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ക്യാമ്പയിനുകൾ നടത്തുകയുണ്ടായി. തദ്ദേശഭരണ സ്ഥാപനതലത്തിലെ വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും ഏകോപനത്തോടെയാണ് ഈ ക്യാമ്പയിനുകൾ സംഘടിപ്പിച്ചത്. 249 ഗ്രാമപഞ്ചായത്തുകളിലെ 1344 വാർഡുകളെ ഹരിതസമൃദ്ധി വാർഡുകളാക്കി മാറ്റുകയുണ്ടായി. സംസ്ഥാനത്തെ എല്ലാ ഐടിഐ ക്യാമ്പസ്സുകളെയും ഹരിത ക്യാമ്പസ്സുകളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. 12 കാമ്പസുകളെ ഹരിത കാമ്പസുകളായി ഇതിനോടകം പ്രഖ്യാപിച്ചു കഴിഞ്ഞിട്ടുണ്ട്.

തരിശുഭൂമി കൃഷിയുടെ ഭാഗമായി സംസ്ഥാനത്തെ നെൽകൃഷി 1.96 ലക്ഷം ഹെക്ടറിൽ നിന്നും 2.02 ലക്ഷം ഹെക്ടറായി വർദ്ധിച്ചിട്ടുണ്ട്. ഓരോ ഗ്രാമപഞ്ചായത്തിലെയും കൃഷി സ്ഥലത്ത് അനുയോജ്യമായ കൃഷി നടത്തുകയെന്ന ലക്ഷ്യത്തോടെയാണ് തരിശുരഹിത ഗ്രാമം ക്യാമ്പയിൻ ആരംഭിച്ചത്. 12 ജില്ലകളിലെ 87 ഗ്രാമപഞ്ചായത്തിലും ഈ ക്യാമ്പയിൻ നടത്തുതയുണ്ടായി.

സംസ്ഥാന വ്യവസായ വകുപ്പിന്റെ കീഴിൽ 9 ജില്ലകളിലായി 39 വ്യവസായ യൂണിറ്റുകൾക്ക് സമീപമുള്ള തരിശുഭൂമിയിൽ മത്സ്യബന്ധനം ഉൾപ്പെടെയുള്ള കാർഷിക പ്രവർത്തനങ്ങൾ ആരംഭിക്കുകയുമുണ്ടായി.

പ്രാദേശിക ജൈവവൈവിധ്യത്തെ സംരക്ഷിക്കുന്നതിനായി 1000 ഹരിത ദ്വീപുകൾ (പച്ചത്തുരുത്ത്) സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ 2019 ജൂൺ 5 ന് ഹരിത കേരള മിഷൻ ഒരു നൂതന പദ്ധതി ആരംഭിക്കുകയുണ്ടായി, ഇതിനകം സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിൽ 1686 ഓളം പച്ചത്തുരുത്തുകൾ സൃഷ്ടിക്കുകയുണ്ടായി. 658 തദ്ദേശഭരണ സ്ഥാപനങ്ങളിലായി 529.37 ഏക്കറിൽ വൃക്ഷത്തൈകൾ നട്ടുകയുണ്ടായി. പച്ചത്തുരുത്ത് പ്രോജക്ടിന്റെ ഭാഗമായി വിവിധ ജില്ലകളിൽ ഫലവൃക്ഷ തൈകളുടെ ഉൽപ്പാദനവും വ്യാപകമാക്കുകയുണ്ടായി. കൂടാതെ, നിരവധി കുറ്റിച്ചെടികളും വള്ളികളും ജൈവ വേലികളും നട്ടുപിടിപ്പിക്കുകയും ചെയ്യുകയുണ്ടായി.

തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള 1428 ക്ഷേത്രങ്ങളിലെ തരിശുഭൂമിയിൽ പച്ചക്കറി, നാളികേരം, ഫലങ്ങൾ, ഔഷധസസ്യങ്ങൾ, പൂക്കൾ എന്നിവ ക്ഷേത്രാവശ്യങ്ങൾക്കായി കൃഷിചെയ്യാനുള്ള പദ്ധതി ആരംഭിക്കുകയുണ്ടായി. ദേവസ്വം ബോർഡിന്റെ 3000 ഏക്കർ സ്ഥലത്ത് 'ദേവഹരിതം' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. വടക്കൻ കേരളത്തിലെ ചില ക്ഷേത്രങ്ങളിലും ഇത് ആരംഭിച്ചിട്ടുണ്ട്.

അതോടൊപ്പം സംസ്ഥാനത്തെ ജലമാർഗ്ഗങ്ങളുടെ മാപ്പിംഗിനും, മോണിറ്ററിംഗിനും വിവരശേഖരണത്തിനുമായി 'ഹരിതദൃഷ്ടി' എന്ന മൊബൈൽ ആപ്ലിക്കേഷന് രൂപം നൽകുകയുണ്ടായി. ഹരിതകേരളം മിഷന്റെ ഭാഗമായി സംഘടിപ്പിച്ച വിവിധ ക്യാമ്പയിനുകളിലൂടെ ഈ മേഖലയിൽ പൊതുജനങ്ങൾക്ക് അവബോധം സൃഷ്ടിക്കുന്നതിന് സാധിച്ചിട്ടുണ്ട്. ഈ ക്യാമ്പയിനുകളിൽ പ്രധാനമായും ശുചിത്വ മേഖലയിലെ പ്രധാന ക്യാമ്പയിനായ മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം, ജാഗ്രതോത്സവം, ഹരിതോത്സവം, വൃത്തിയുള്ള വീടും ജീവിത സാഹചര്യവും എന്നിവയാണ്. 'ജലമാണ് ജീവൻ' ക്യാമ്പയിൻ ജലസംരക്ഷണവും ജലസംഭരണവുമായി ബന്ധപ്പെട്ടും തരിശുരഹിത ഗ്രാമം ക്യാമ്പയിൻ കാർഷികോത്പാദനവുമായി ബന്ധപ്പെട്ടും നടത്തിയിട്ടുണ്ട്. ചുരുക്കത്തിൽ, പരിസ്ഥിതി സംരക്ഷണം ജീവിതത്തിന്റെ ഭാഗമാക്കാനുള്ള പ്രചോദനം നൽകുന്നതിൽ ഹരിതകേരള മിഷന്റെ പ്രവർത്തനങ്ങൾക്ക് സാധിച്ചിട്ടുണ്ട്.

# 3.8 ഭക്ഷ്യസുരക്ഷയും പൊതുവിതരണ സമ്പ്രദായവും

കോവിഡ്–19 മഹാമാരി കാലത്ത് മിക്ക രാജ്യങ്ങളിലും വിശപ്പ് ഒരു നിർണായക പ്രശ്നമായിരുന്നു. "യു.എൻ വേൾഡ് ഹംഗർ ഫാക്റ്റ്സ് 2021", അനുസരിച്ച് ലോകത്തിലാകമാനമുള്ള 957 ദശ ലക്ഷം ആളുകൾക്ക് സ്ഥിരമായി ഭക്ഷണം കഴിക്കാൻ ലഭ്യമല്ല, 93 പട്ടിണി രാജ്യങ്ങളിലായി ഒരു ബില്യൺ ആളുകൾ കടുത്ത ദാരിദ്ര്യത്തിലുമാണ് കഴിയുന്നത്.

2021–ലെ സ്റ്റേറ്റ് ഫുഡ് സെക്യൂരിറ്റി & ന്യൂട്രിഷൻ ഇൻ വേൾഡ് റിപ്പോർട്ട് അനുസരിച്ച് ലോകത്ത് 720 ദശലക്ഷത്തിനും 811 ദശലക്ഷത്തിനും ഇടയിൽ ആളുകൾ പട്ടിണി നേരിടുന്നു, 2019–നെ അപേക്ഷിച്ച് 161 ദശലക്ഷം കൂടുതലാണിത്. പോഷകാഹാര കുറവിന്റെ വ്യാപനം 2020–ൽ മുൻ വർഷത്തെ 8.4 ശതമാനത്തിൽ നിന്നും 9.9 ശതമാനമായി വർദ്ധിച്ചു. 2030 ഓടെ ലോകത്തിലെ പട്ടിണിയും പോഷകാഹാരക്കുറവും അവസാനിപ്പിക്കുവാൻ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും കോവിഡ്–19 മഹാമാരിയും അനുബന്ധ നിയന്ത്രണ നടപടികളും വെല്ലുവിളികൾ വർദ്ധിപ്പിക്കുകയുണ്ടായി. 2021 ലെ ഗ്ലോബൽ ഫുഡ് സെക്യൂരിറ്റി സൂചിക (ജി.എഫ്.എസ്) പ്രകാരം 131 രാജ്യങ്ങളിൽ 57.2 പോയിന്റുകളുമായി ഇന്ത്യ എഴുപത്തി ഒന്നാം സ്ഥാനത്താണ്.

പട്ടിണി നിർമ്മാർജ്ജനം ചെയ്യുന്നതിൽ ഭക്ഷ്യസുരക്ഷയുടെ നാലു മാനദണ്ഡങ്ങൾ ആയ ലഭ്യത, സമീപനം, വിനിയോഗം, സ്ഥിരത എന്നിവയിൽ കേന്ദ്രീകരിച്ചുള്ള നയപരമായ നടപടി ആവശ്യമാണ്.

### കേരളത്തിലെ പൊതു വിതരണ സംവിധാനം.

കേരളത്തിലെ ഇന്നത്തെ രൂപത്തിലുള്ള പൊതു വിതരണ സംവിധാനം (പി.ഡി.എസ്) 1965–ൽ ആരംഭിച്ച് സാർവത്രിക റേഷനിംഗ് സമ്പ്രദായമായി വളർന്നു. കേന്ദ്ര സർക്കാരിന്റെ നയ മാറ്റങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് 1997–ൽ ടാർജറ്റഡ് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (ടി.ഡി.എസ്) നടപ്പിലാക്കി. ദേശീയ ഭക്ഷ്യസുരക്ഷാ നിയമം (എൻ.എഫ്.എസ്.എ) 2013, കേന്ദ്ര ഗവൺമെന്റ് മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായി 2016–ൽ വിജയകരമായി നടപ്പിലാക്കിയതും, അതോടൊപ്പം മോണിറ്ററിംഗ് സംവിധാനവും എൻഫോഴ്സ്മെന്റ് സംവിധാനവും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും 14,245 റേഷൻ കടകൾ വഴിയുള്ള പൊതുവിതരണ സമ്പ്രദായത്തിൽ കൂടുതൽ സുതാര്യതയും കൃത്യതയും ഉറപ്പാക്കിയിട്ടുണ്ട്.

സംസ്ഥാനം അംഗീകൃത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് അർഹരായ മുൻഗണനാ കുടുംബങ്ങളെ കണ്ടെത്തുകയും ലിസ്റ്റ് പൊതു സഞ്ചയത്തിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. എൻ.എഫ്.എസ്.എ പ്രകാരം നൽകുന്ന റേഷൻ കാർഡുകൾ എ.ടി.എം കാർഡുകളുടെ വലുപ്പമുള്ളവയാണ്. ഓരോ മാസവും വ്യക്തികൾക്ക് ലഭിക്കുന്ന റേഷൻ സാധനങ്ങൾ സംബന്ധിച്ച വിവരം അവരെ എസ്.എം.എസ് മുഖേന അറിയിക്കുന്നു. ഭക്ഷ്യ ധാന്യങ്ങളുടെ ഡോർ ഡെലിവറി ന്യായവില കടകൾ മുഖേന ക്രമീകരിക്കുകയും അന്ത്യോദയ അന്ന യോജന (എ.എ.വൈ) ഗുണഭോക്താക്കൾ കൂടുതലായി താമസിക്കുന്ന മലയോര മേഖലകളിൽ മൊബൈൽ ന്യായവില കടകളുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. എല്ലാ ന്യായവില കടകളിലും ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ–പോസ്) മെഷീനുകൾ സ്ഥാപിക്കുകയും എൻഫോഴ്സ്മെന്റ് സംവിധാനം ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പരാതികൾ ഓൺലൈൻ മുഖേന അറിയിക്കുന്നതിനായി പ്രത്യേക കോൾ സെന്ററുകൾ സിവിൽ സപ്ലൈസ് കമ്മീഷണറേറ്റ് തലത്തിലും, ജില്ലാ തലത്തിൽ പരാതികൾ പരിഹരിക്കുന്നതിനായി ജില്ലാതല പരാതി പരിഹാര സംവിധാനവും പ്രവർത്തിക്കുന്നുണ്ട്. സോഷ്യൽ ഓഡിറ്റിങ്ങും ഭക്ഷ്യധാന്യങ്ങൾ കൊണ്ടു പോകുന്ന വാഹനങ്ങളുടെ സഞ്ചാരപാത ടാഗ് ചെയ്യുന്നതിനുമായുള്ള പ്രാരംഭ പദ്ധതി താലൂക്ക് തലത്തിൽ നടപ്പാക്കുന്നു.

### സംസ്ഥാനത്തിന്റെ നയ പരിപാടി – വിശപ്പ് രഹിത കേരളം

"സംസ്ഥാനത്ത് ആരും പട്ടിണി കിടക്കരുത്" എന്ന ലക്ഷ്യത്തോടെ വിശപ്പ് രഹിത കേരളം എന്ന പദ്ധതിയ്ക്ക് പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ തുടക്കം കുറിച്ചു. വിവിധ ജില്ലകളിൽ ഈ പദ്ധതി നടപ്പാക്കുന്നതിനായി 3.58 കോടി രൂപ സർക്കാർ അനുവദിച്ചു. 'സുഭിക്ഷ' എന്ന പൊതു ബ്രാൻഡിന് കീഴിലുള്ള ഹോട്ടലുകളിലൂടെ എല്ലാവർക്കും 20 രൂപയ്ക്ക് ഉച്ചഭക്ഷണം നൽകി വരുന്നു. ആലപ്പുഴ, തൃശ്ശൂർ, കോട്ടയം ജില്ലകളിൽ സുഭിക്ഷ റസ്റ്റോറന്റുകൾ ആരംഭിച്ചിട്ടുണ്ട്. ഇത് എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കാനുള്ള ശ്രമത്തിലാണ്. സുഭിക്ഷ ഹോട്ടലുകളിൽ ഉച്ച ഭക്ഷണം പാകം ചെയ്യാനും വിതരണം ചെയ്യാനും കുടുംബശ്രീ സന്നദ്ധ സംഘടനകളും, സഹകരണ സംഘങ്ങളും ധാരണയിലെത്തിയിട്ടുണ്ട്. ഒരു ദിവസം ശരാശരി 500 മുതൽ 1500 ആളുകൾ വരെ സുഭിക്ഷയിൽ നിന്നും 20 രൂപ നിരക്കിൽ ഉച്ച ഭക്ഷണം കഴിക്കുന്നുണ്ട്. ഭക്ഷണം പാചകം ചെയ്യുന്നതിനും വിതരണത്തിനുമായി ഒരു ഊണിന് അഞ്ച് രൂപ നിരക്കിൽ സർക്കാർ ഈ ഗ്രൂപ്പിന് സബ്സിഡിയായി നൽകുന്നു.

### പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ പ്രധാന നേട്ടങ്ങൾ

- എൻ എഫ് എസ് എ –2013 നടപ്പാക്കൽ:– എൻ എഫ് എസ് എ– 2013 സംസ്ഥാനത്ത് 2016 മുതൽ നടപ്പിലാക്കുകയും സംസ്ഥാന സർക്കാർ തയ്യാറാക്കിയ മുൻഗണനാ കുടുംബങ്ങളുടെ പട്ടികയുടെ അടിസ്ഥാനത്തിൽ റേഷനിംഗ് ആരംഭിക്കുകയും ചെയ്തു. ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ ഗോഡൗണുകളിൽ നിന്നും സ്റ്റോക്ക് ശേഖരിച്ച് താഴെ തട്ടിലുള്ള ഗോഡൗണുകളിൽ എത്തിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള അംഗീകൃത ഏജൻസി സപ്ലൈകോയാണ്. ന്യായവില കടകളിലൂടെ സംസ്ഥാനത്ത് ഉടനീളം ഡോർ ഡെലിവറി നടപ്പിലാക്കുകയും ചെയ്തു.
- എന്റ് റ്റു എന്റ് കമ്പ്യൂട്ടറൈസേഷൻ –എൻഎഫ്എ

സ്എ-യിൽ വിഭാവനം ചെയ്തതു പോലെ കൂടുതൽ സുതാര്യതയും കൃത്യതയും ഉറപ്പ് വരുത്തുന്നതിനായി വിതരണ ശൃംഖലയുടെ കമ്പ്യൂട്ടർവൽക്കരണം വിജയകരമായി നടപ്പിലാക്കി.

- റേഷൻ കാർഡുകളുടെ അന്തർ സംസ്ഥാന പോർട്ടബിലിറ്റി– ആധാർ അടിസ്ഥാനമാക്കിയുള്ള പോർട്ടബിലിറ്റിക്കായുള്ള പദ്ധതി സംസ്ഥാനത്ത് നിലവിൽ വന്നു.
- ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ– പോസ്) – ട്രാൻസാക്ഷൻ പോർട്ടലിന്റെ ആരംഭം– എല്ലാ ന്യായ വില കടകളിലും ഇ–പോസ് മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട്. പൊതുവിതരണ സമ്പ്രദായത്തിലൂടെയുള്ള വസ്തുക്കൾ ഇ–പോസ് മുഖേന വിതരണം ചെയ്യുന്നതിലൂടെ അതിന്റെ കൃത്യത ഉറപ്പ് വരുത്താൻ കഴിഞ്ഞു.
- സപ്ലൈകോ വഴിയുള്ള നെല്ല് സംഭരണം – എല്ലാ വിള സീസണുകളിലും ഇത് കൃത്യമായി നടത്തുന്നുണ്ട്.

### റേഷൻ കാർഡ് വിതരണം

കേരളത്തിലെ റേഷൻ കാർഡുകളുടെ എണ്ണം 2019–20–ൽ 87.1 ലക്ഷം ആയിരുന്നത് 2020–21–ൽ 89.8 ലക്ഷം ആയി ഉയർന്നിട്ടുണ്ട്. 2021 ആഗസ്റ്റ് വരെ, റേഷൻ കാർഡ് ഉടമകളുടെ എണ്ണം 90.70 ലക്ഷം ആണ്. ഇതിൽ എൻ.എഫ്.എസ്.എ കാർഡുകൾ 38.3 ലക്ഷവും, എൻ.എഫ്.എസ്.എ ഇതര കാർഡുകൾ 52.3 ലക്ഷവും ആണ്. 6,324 റേഷൻ കാർഡുകൾ അന്നപൂർണ്ണ സ്കീമിലുള്ളതാണ്. എൻ.എഫ്.എസ്.എ വിഭാഗത്തിൽ 5.8 ലക്ഷം അന്ത്യോദയ അന്നയോജന കാർഡുകളും, 32.5 ലക്ഷം മുൻഗണനാ കാർഡുകളും ആണ്. എൻ.എഫ്.എസ്.എ ഇതര കാർഡുകളിൽ 25 ലക്ഷം മുൻഗണനേതര സബ്സിഡി വിഭാഗത്തിലും 27.3 ലക്ഷം മുൻഗണനേതര സബ്സിഡി രഹിത വിഭാഗത്തിലും ആണ്. **(ചിത്രം 3.8.1)**. ഇതു കൂടാതെ സ്ഥാപനങ്ങളിലൂടെ കുറഞ്ഞനിരക്കിൽ ഭക്ഷ്യധാന്യങ്ങൾ നൽകുന്നതിനായി 997 റേഷൻ പെർമിറ്റുകളും 2020– 21–ൽ നൽകിയിട്ടുണ്ട്.

സംസ്ഥാന സർക്കാർ വിവിധ വിഭാഗം കാർഡുടമകൾക്കായി ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതിന് 2020–21–ൽ ചെലവഴിച്ച സബ്സിഡി തുക സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 3.8.1**–ൽ നൽകിയിട്ടുണ്ട്.

### വിവിധ കാർഡുടമകൾക്കായി കേരള സർക്കാർ ചെലവഴിച്ച സബ്സിഡി.

സംസ്ഥാന സർക്കാർ 2020–21–ൽ വിവിധ വിഭാഗം കാർഡുടമകൾക്കായി 238.4 കോടി രൂപ സബ്സിഡിയായി ചെലവഴിച്ചു. 2019–20 ൽ ഇത് 200 കോടി രൂപയായിരുന്നു. കൂടുതൽ വിവരങ്ങൾ **പട്ടിക 3.8.1**–ൽ നൽകിയിട്ടുണ്ട്. മൊത്തം സബ്സിഡിയുടെ 25.5 ശതമാനം മുൻഗണനാ കാർഡ് ഉടമകൾക്കും, 45.5 ശതമാനം മുൻഗണനേതര കാർഡുടമകൾക്കുമാണ് ചെലവഴിച്ചത്. മുൻഗണനാ, മുൻഗണനേതര വിഭാഗങ്ങൾക്കുള്ള സബ്സിഡി തുകയിൽ മുൻവർഷത്തെ അപേക്ഷിച്ച് യഥാക്രമം 9.7 ശതമാനവും 33.4 ശതമാനവും വർധനവുണ്ടായിട്ടുണ്ട്. **(പട്ടിക 3.8.1, അനുബന്ധം 3.8.1)**

### ഭക്ഷ്യധാന്യങ്ങളുടെയും മണ്ണെണ്ണയുടെയും വിഹിതം

സംസ്ഥാനത്ത് പൊതു വിതരണ സമ്പ്രദായം വഴി 2019–20–ൽ വിതരണം ചെയ്ത അരിയുടെ അളവ് 10,11,556 മെട്രിക് ടൺ ആയിരുന്നത് 2020–21–ൽ 19.6 ശതമാനം വർധനവോടെ 12,09,840 മെട്രിക് ടൺ ആയി വർദ്ധിച്ചു. 2020–21–ൽ 1,99,317 മെട്രിക് ടൺ ഗോതമ്പും 37,809 കിലോ ലിറ്റർ മണ്ണെണ്ണയും, 6641 മെട്രിക് ടൺ പഞ്ചസാരയും പൊതു വിതരണ സമ്പ്രദായത്തിലൂടെ സംസ്ഥാനത്ത് വിതരണം ചെയ്തു. 2019–20–ൽ 1,86,353 മെട്രിക് ടൺ ഗോതമ്പും, 75,000 കിലോ ലിറ്റർ മണ്ണെണ്ണയും, 6,430 മെട്രിക് ടൺ പഞ്ചസാരയും ആണ് വിതരണം ചെയ്തിരുന്നത്. 2020–21–ൽ ഗോതമ്പിന്റെ വിതരണത്തിൽ 7 ശതമാനം വർദ്ധനവും പഞ്ചസാരയുടെ വിതരണത്തിൽ 3.3. ശതമാനം വർദ്ധനവും ഉണ്ടായി. എന്നാൽ മണ്ണെണ്ണയുടെ വിതരണത്തിൽ 50 ശതമാനം കുറവുണ്ടായി. 2021–22–ൽ (ആഗസ്റ്റ് 2021 വരെ) 4,88,717 മെട്രിക് ടൺ അരിയും, 65,779 മെട്രിക് ടൺ ഗോതമ്പും, 16,342 കിലോ ലിറ്റർ മണ്ണെണ്ണയും, 2,703 മെട്രിക് ടൺ പഞ്ചസാരയും സംസ്ഥാനത്ത് പൊതു വിതരണ സമ്പ്രദായം വഴി വിതരണം ചെയ്തു. പൊതു വിതരണ സമ്പ്രദായം വഴി വിതരണം ചെയ്ത സാധനങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധം 3.8.2**–ൽ കൊടുത്തിരിക്കുന്നു.

### അന്ത്യോദയ അന്ന യോജനയും (എ.എ.വൈ) അന്നപൂർണ പദ്ധതിയും (എ.എൻ.പി)


എൻ.എഫ്.എസ്.എ യുടെ കീഴിൽ അന്ത്യോദയ അന്ന

**പട്ടിക 3.8.1** വിവിധ വിഭാഗം കാർഡുടമകൾക്ക് സംസ്ഥാന സർക്കാർ ചെലവഴിച്ച സബ്സിഡി, രൂപ ലക്ഷത്തിൽ

| ക്രമ. | വിഭാഗം | തുക (ലക്ഷത്തിൽ) | | ശതമാനം | | മുൻ വർഷത്തെ അപേക്ഷിച്ച് 2020–21 ലെ മാറ്റം ( ശതമാനത്തിൽ) |
|---|---|---|---|---|---|---|
| | | 2019–20 | 2020–21 | 2019–20 | 2020–21 | |
| 1. | അന്നപൂർണ്ണ | 0.00 | 0.00 | 0.00 | 0.00 | |
| 2. | എ.എ.വൈ | 6336.3 | 6927.0 | 31.7 | 29.0 | 9.3 |
| 3. | മുൻഗണന | 5538.2 | 6073.90 | 27.7 | 25.5 | 9.7 |
| 4. | മുൻഗണനേതരം | 8128.0 | 10842.0 | 40.6 | 45.5 | 33.4 |
| | ആകെ | 20,002.5 | 23842.9 | 100.00 | 100.00 | 19.2 |

അവലംബം: സിവിൽ സപ്ലൈസ് വകുപ്പ്

**ചിത്രം 3.8.1** വിവിധ വിഭാഗം കാർഡുടമകൾ, 2021 ആഗസ്റ്റ് മാസം വരെ, ശതമാനത്തിൽ




അവലംബം :സിവിൽ സപ്ലൈസ് വകുപ്പ്

യോജന പദ്ധതിയുടെ ഭാഗമായി പാവപ്പെട്ടവരിൽ പാവപ്പെട്ടവരായ കുടുംബങ്ങൾക്ക് പ്രതിമാസം 30 കിലോ അരിയും അഞ്ച് കിലോ ഗോതമ്പും സൗജന്യമായി നൽകുന്നു. 2020–21–ൽ 5.94 ലക്ഷം അന്ത്യോദയ അന്നയോജന കാർഡുടമകളാണ് സംസ്ഥാനത്ത് ഉണ്ടായിരുന്നത് (2021 മാർച്ച് വരെ). 2020–21–ൽ 2.11 ലക്ഷം മെട്രിക് ടൺ അരി എ.എ.വൈ കാർഡുടമകൾക്ക് വിതരണം ചെയ്തു. എ.എ.വൈ പദ്ധതിയിൽ കേന്ദ്ര സർക്കാർ കിലോഗ്രാമിന് 3 രൂപ നിരക്കിൽ അരിയും, 2 രൂപ നിരക്കിൽ ഗോതമ്പും അനുവദിക്കുമ്പോൾ സംസ്ഥാന സർക്കാർ ഇവ സൗജന്യമായാണ് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നത് **(അനുബന്ധം 3.8.1, 3.8.3).**

സർക്കാരിൽ നിന്നും ഒരു പെൻഷനും ലഭിക്കാത്ത 65 വയസ്സും അതിൽ കൂടുതലും പ്രായമുള്ള നിരാലംബരായ ആളുകൾക്ക് അന്നപൂർണ പദ്ധതി പ്രകാരം പ്രതിമാസം 10 കിലോ അരി സൗജന്യമായി നൽകുന്നു. കേന്ദ്ര സർക്കാർ അംഗീകരിച്ച് ലക്ഷ്യമിട്ട ഗുണഭോക്താക്കളുടെ എണ്ണം 44,980 ആണ്. എന്നാൽ സംസ്ഥാനത്ത് തിരിച്ചറിഞ്ഞ ഗുണഭോക്താക്കളുടെ എണ്ണം വർഷം തോറും കുറഞ്ഞു വരികയാണ്. 2015–16–ൽ ഇത് 23,322 ആയിരുന്നത് 2020–21–ൽ 6,324 ആയി കുറഞ്ഞു. അന്ത്യോദയ അന്നയോജന, അന്നപൂർണ്ണ പദ്ധതികൾ വഴി 2020–21–ൽ വിതരണം ചെയ്ത ഭക്ഷ്യധാന്യങ്ങളുടെ വിവരങ്ങൾ **അനുബന്ധം 3.8.3** ലും 2021–ആഗസ്റ്റ് മാസം വരെ വിതരണം ചെയ്ത ഭക്ഷ്യധാന്യങ്ങളുടെ വിവരങ്ങൾ **അനുബന്ധം 3.8.4** ലും നൽകിയിട്ടുണ്ട്.

## പഞ്ചസാരയുടെയും മണ്ണെണ്ണയുടെയും കേന്ദ്രവിഹിതം

അന്ത്യോദയ അന്നയോജന (എ.എ.വൈ) ഗുണഭോക്താക്കൾക്ക് പൊതുവിതരണ സമ്പ്രദായം വഴി പഞ്ചസാര നൽകി വരുന്നു. കേന്ദ്ര സർക്കാരിൽ നിന്ന് പ്രതിമാസം 595.8 മെട്രിക് ടൺ പഞ്ചസാരയാണ് അന്ത്യോദയ അന്നയോജന കുടുംബങ്ങൾക്ക് നൽകുന്നതിനായി വിതരണം ചെയ്യുന്നത്. പക്ഷേ പ്രതിമാസ ശരാശരി ഉപഭോഗം ഒന്നു മുതൽ രണ്ട് കിലോഗ്രാം വരെയാണ്. സംസ്ഥാന സർക്കാരാണ് ഇതിന്റെ അവശേഷിക്കുന്ന ചെലവും പദ്ധതി നടപ്പിലാക്കുന്നതിന്റെ ചെലവും വഹിക്കുന്നത്. 2020–21–ൽ 6,641 മെട്രിക് ടൺ പഞ്ചസാര സംസ്ഥാനത്ത് പി.ഡി.എസ് വഴി വിതരണം ചെയ്തു. 2019–20–ൽ ഇത് 6,430 മെട്രിക് ടൺ ആയിരുന്നു. 2020–21–ൽ 3.3 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2021–22–ൽ ആഗസ്റ്റ് മാസം വരെ 2,703 മെട്രിക് ടൺ പഞ്ചസാര പി.ഡി.എസ് വഴി സംസ്ഥാനത്ത് വിതരണം ചെയ്തിട്ടുണ്ട്.

മണ്ണെണ്ണയുടെ കേന്ദ്ര വിഹിതത്തിൽ സംസ്ഥാനത്തിന്റെ ആവശ്യകതയുമായി താരതമ്യം ചെയ്യുമ്പോൾ വലിയ കുറവാണ് ഉണ്ടായിട്ടുള്ളത്. ഇത് മൂലം മത്സ്യബന്ധന മേഖലയിൽ വളരെയധികം ക്ലേശം അനുഭവപ്പെടുന്നുണ്ട്. മണ്ണെണ്ണയുടെ കേന്ദ്രവിഹിതം 2019–20–ൽ 75,000 കിലോ ലിറ്റർ ആയിരുന്നത് കുത്തനെ ഇടിഞ്ഞ് 2020–21–ൽ 37,809 കിലോ ലിറ്ററായി കുറഞ്ഞു. 2021–22–ൽ (ആഗസ്റ്റ് വരെ) 16,342 കിലോ ലിറ്റർ മണ്ണെണ്ണ സംസ്ഥാനത്ത് വിതരണം ചെയ്തു.

## ഭക്ഷ്യധാന്യങ്ങളുടെ ജില്ലാതല വിതരണം.

2020–21–ൽ 22,122 മെട്രിക് ടൺ അരി എ.എ.വൈ വിഭാഗത്തിന് വിതരണത്തിനായി ഏറ്റെടുത്തുകൊണ്ട് തിരുവനന്തപുരം ജില്ല മുന്നിൽ നിൽക്കുന്നു. തൊട്ടുപിറകിൽ 19,152 മെട്രിക് ടൺ അരി ഏറ്റെടുത്ത മലപ്പുറം ജില്ലയാണ്. മുൻഗണനാ കുടുംബങ്ങൾക്കുള്ള വിതരണത്തിനായി ഏറ്റവും കൂടുതൽ അരി ഏറ്റെടുത്തത് മലപ്പുറം ജില്ലയാണ് (91,486 മെട്രിക് ടൺ), തുടർന്ന് തിരുവനന്തപുരം ജില്ല (68,550 മെട്രിക് ടൺ). 2020–21–ൽ മുൻഗണനാ വിഭാഗത്തിൽ ഏറ്റവും കൂടുതൽ ഗോതമ്പ് വിതരണത്തിനായി ഏറ്റെടുത്തത് (22,063 മെട്രിക് ടൺ) മലപ്പുറം ജില്ലയാണ്. 16,962 മെട്രിക് ടൺ ഗോതമ്പ് വിതരണത്തിനായി ഏറ്റെടുത്ത് തിരുവനന്തപുരം ജില്ലയാണ് രണ്ടാം സ്ഥാനത്ത് നിൽക്കുന്നത്. ഇതു സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം 3.8.3, 3.8.4, 3.8.5, 3.8.6.**

## ഭക്ഷ്യ കിറ്റുകളുടെ വിതരണം.

കോവിഡ്–19 ആഘാതം മറികടക്കുവാൻ, സംസ്ഥാന

സർക്കാർ 2020–ൽ എല്ലാ റേഷൻ കാർഡ് ഉടമകൾക്കും കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ് (സപ്ലൈകോ) വഴി അവശ്യ സാധനങ്ങളുടെ കിറ്റ് സൗജന്യമായി നൽകിയിരുന്നു. 2021 ലും ഇതിന്റെ വിതരണം തുടർന്നു. അർഹരായ കുടുംബങ്ങൾക്കുള്ള സൗജന്യ റേഷൻ വിതരണത്തിന് പുറമേയാണിത്. മൊത്തം 11 കോടിയിലധികം ഭക്ഷ്യ കിറ്റുകൾ നാളിതു വരെ വിതരണം ചെയ്തിട്ടുണ്ട്. 2020–21–ൽ വിതരണം ചെയ്ത ഭക്ഷ്യ കിറ്റുകളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 3.8.7**–ൽ കൊടുത്തിരിക്കുന്നു. 2021–ൽ 86.92 ലക്ഷം കുടുംബങ്ങൾക്ക് ഓണം ഭക്ഷ്യ കിറ്റുകളും 1.1 ലക്ഷം മത്സ്യത്തൊഴിലാളികൾക്കുള്ള ഭക്ഷ്യ കിറ്റുകളും വിതരണം ചെയ്തു. വിശദാംശങ്ങൾ യഥാക്രമം **അനുബന്ധം 3.8.8**–ലും **3.8.9–**ലും നൽകിയിരിക്കുന്നു. 2021–22–ൽ സെപ്റ്റംബർ 2021 വരെയുള്ള ഭക്ഷ്യ കിറ്റുകളുടെ വിതരണം **അനുബന്ധം 3.8.10**–ൽ കൊടുത്തിരിക്കുന്നു.

### കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ (സപ്ലൈകോ)

കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ–സപ്ലൈകോ, സംസ്ഥാനത്തെ പൊതു വിതരണ സംവിധാനത്തിൽ ക്രിയാത്മകമായി ഇടപെടുകയും 13 അവശ്യ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനായി വിപണിയിൽ ഇടപെടുകയും ചെയ്യുന്നു.


സപ്ലൈകോ, ഏറ്റവും വേഗത്തിൽ വിറ്റഴിക്കപ്പെടുന്ന ഉപഭോക്തൃ സാധനങ്ങളുടെ ചില്ലറ വിൽപനയിൽ ഫലപ്രദമായി ഇടപെട്ട് പൊതുവിപണിയേക്കാൾ ശരാശരി 10 ശതമാനം വരെ കുറഞ്ഞ വിലയ്ക്ക് വിൽപ്പന നടത്തുകയും, ഉത്സവ സീസണിൽ പ്രത്യേക മേളകൾ നടത്തുകയും, മരുന്നുകൾ ശരാശരി 15 ശതമാനം വിലക്കുറവിൽ ചില്ലറ വില്പന നടത്തുകയും, പി.ഡി.എസ് ഗോതമ്പ് ആട്ട ആക്കി മാറ്റി കിലോഗ്രാമിന് 17 രൂപ നിരക്കിൽ വിതരണം ചെയ്യുകയും ചെയ്യുന്നു. കൂടാതെ സ്കൂളുകളിലെ ഉച്ചഭക്ഷണ പരിപാടിയ്ക്കായി അരി വിതരണം ചെയ്യുകയും, ദേശീയ ഭക്ഷ്യ സുരക്ഷ ആക്ട് പ്രകാരം ഭക്ഷ്യസാധനങ്ങളുടെ ഡോർ ഡെലിവറി നടത്തുകയും ചെയ്യുന്നു. നെല്ല് സംഭരണം, ഗോതമ്പും അതിന്റെ ഉൽപ്പന്നങ്ങളുടെ സംസ്കരണവും വിതരണവും, മണ്ണെണ്ണ, പെട്രോൾ, ഡീസൽ, എൽ.പി.ജി തുടങ്ങിയ പെട്രോളിയം ഉൽപന്നങ്ങളുടെയും ഡീലർ ആയി പ്രവർത്തിക്കൽ എന്നിവയിലും ഏർപ്പെട്ടിരിക്കുന്നു. അന്ത്യോദയ അന്നയോജന, മുൻഗണനാ കുടുംബങ്ങൾ എന്നീ വിഭാഗങ്ങളിലെ കാർഡുടമകൾക്ക് പി.ഡി.എസ് ആട്ട വിതരണം ചെയ്യുന്നതിനുള്ള ഒരു പുതിയ പദ്ധതി 2020–21–ൽ ആരംഭിച്ചിട്ടുണ്ട്. അന്ത്യോദയ അന്നയോജന വിഭാഗങ്ങൾക്ക് കിലോഗ്രാമിന് 6 രൂപ നിരക്കിലും മുൻഗണനാ കുടുംബങ്ങൾക്ക് കിലോഗ്രാമിന് എട്ടു രൂപ നിരക്കിലും ആണ് പിഡിഎസ് ആട്ട വിതരണം ചെയ്യുന്നത്.

കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന സപ്ലൈകോയ്ക്ക് അഞ്ചു റീജണൽ ഓഫീസുകളും, 56 ഡിപ്പോകളും ഏകദേശം 1,600 ചില്ലറ വിൽപനശാലകളും ഉണ്ട്. 2020–21–ൽ 10 മാവേലി സ്റ്റോറുകളും, 7 സൂപ്പർമാർക്കറ്റുകളും, 13 മാവേലി സൂപ്പർ സ്റ്റോറുകളും സപ്ലൈകോ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പ്രവർത്തനമാരംഭിച്ച ഔട്ട്‌ലെറ്റുകളുടെ വിശദാംശങ്ങൾ **അനുബന്ധം 3.8.11–**ൽ കൊടുത്തിരിക്കുന്നു.

### ഉച്ചഭക്ഷണ പരിപാടി

സംസ്ഥാനത്ത് ഉച്ചഭക്ഷണ പരിപാടി 1960 മുതൽ നടപ്പിലാക്കി വരുന്നു. ഇപ്പോഴത്തെ ഉച്ചഭക്ഷണ പരിപാടി കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയം 1995–ൽ ആരംഭിച്ചിട്ടുള്ളതാണ്. പ്രൈമറി സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് പോഷകാഹാരം ലഭ്യമാക്കി കൊണ്ട് സ്കൂൾ പ്രവേശനം, സ്ഥിരം ഹാജരാകൽ, പഠനം തുടരൽ എന്നിവ പ്രോത്സാഹിപ്പിച്ചുകൊണ്ട് പ്രാഥമിക വിദ്യാഭ്യാസം സാർ

**ചിത്രം 3.8.2** ഉച്ചഭക്ഷണ പരിപാടി 2014-15 മുതൽ 2020- 21 വരെ




അവലംബം - സപ്ലൈകോ, കേരള

വത്രികമാക്കുന്നതിന് ഇതിലൂടെ ഉദ്ദേശിച്ചിരിക്കുന്നു. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെയാണ് സംസ്ഥാനത്തെ സ്കൂളുകളിൽ ഉച്ചഭക്ഷണപരിപാടി നടപ്പിലാക്കുന്നത്.

സംസ്ഥാനത്തെ ഉച്ചഭക്ഷണ പരിപാടിക്ക് ആവശ്യമായ സാധനങ്ങൾ ലഭ്യമാക്കുന്നതിനുള്ള ചുമതല സപ്ലൈകോയ്ക്ക് ആണ്. ഇതിനാവശ്യമായ അരി എഫ്.സി.ഐ യിൽ നിന്നും ശേഖരിക്കുന്നു. 2020-21-ൽ 27.4 ലക്ഷം വിദ്യാർത്ഥികൾക്കായി 8.3 ലക്ഷം ക്വിന്റൽ അരി കോർപ്പറേഷൻ വിതരണംചെയ്തു. 2019-20-ൽ 26.3 ലക്ഷം വിദ്യാർത്ഥികൾക്കായി 4.8 ലക്ഷം ക്വിന്റൽ അരിയും 1.3 ലക്ഷം ക്വിന്റൽ സ്പെഷ്യൽ അരിയും ആണ് വിതരണം ചെയ്തിരുന്നത്. 2021-22-ൽ (ആഗസ്റ്റ് 2021 വരെ) 12,302 സ്കൂളുകളിലെ 29.5 ലക്ഷം വിദ്യാർത്ഥികൾക്കായി 2.1 ലക്ഷം ക്വിന്റൽ അരി വിതരണം ചെയ്തിട്ടുണ്ട്.

സംസ്ഥാനത്ത് ഉച്ചഭക്ഷണ പരിപാടിയിലൂടെ പ്രയോജനം ലഭിച്ച കുട്ടികളുടെ എണ്ണം സംബന്ധിച്ച് വിവരങ്ങൾ **ചിത്രം 3.8.2**-ലും വിതരണം ചെയ്ത ഭക്ഷ്യധാന്യങ്ങളുടെ കൂടുതൽ വിവരങ്ങൾ (2014-15 മുതൽ 2020-21 വരെ) **അനുബന്ധം 3.8.12**-ലും നൽകിയിട്ടുണ്ട്.

### നെല്ല് സംഭരണം.

സപ്ലൈകോ, രജിസ്റ്റർ ചെയ്ത കർഷകരിൽ നിന്ന് നേരിട്ട് നെല്ല് സംഭരിക്കുകയും നെല്ലിന്റെ വില ഗുണഭോക്താക്കളുടെ വ്യക്തിഗത അക്കൗണ്ടിലേക്ക് നേരിട്ട് നിക്ഷേപിക്കുകയും ചെയ്യുന്നു. 2020-21 സീസണിൽ, കിലോഗ്രാമിന് 27.48 രൂപ നിരക്കിൽ 7.65 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ പ്രത്യേക നിർദ്ദേശാനുസരണമുള്ള ഗുണമേന്മ നിലനിർത്തിക്കൊണ്ട് ആധുനിക റൈസ് മില്ലുകൾ വഴി നെല്ല് സംസ്കരിച്ച് അരിയാക്കി മാറ്റുകയും, സംസ്ഥാനത്തെ പി.ഡി.എസ് വഴി അവ വിതരണം ചെയ്യുകയും ചെയ്യുന്നു.

ഭക്ഷ്യസുരക്ഷയ്ക്ക് കേരള സർക്കാർ പ്രഥമ പരിഗണന നൽകുന്നു. കൂടാതെ ശക്തമായ പൊതുവിതരണ സംവിധാനം നിലനിർത്തുന്നതിനും സമയബന്ധിതമായ വിപണി ഇടപെടലിലൂടെ അവശ്യ വസ്തുക്കളുടെ വില നിയന്ത്രിക്കുന്നതിനും പ്രതിജ്ഞാബദ്ധമാണ്.

അദ്ധ്യായം

# 4

# ഉല്പന്ന നിർമ്മാണ മേഖല

അദ്ധ്യായം

4

# ഉല്പന്ന നിർമ്മാണ മേഖല

## 4.1 വ്യാവസായിക മേഖല

വ്യാവസായ മേഖലയുടെ ആധുനീകവൽക്കരണത്തിലും വൈവിധ്യവൽക്കരണത്തിലും കേരളം ഗണ്യമായ പുരോഗതി നേടിയിട്ടുണ്ട്. കേരളത്തിലെ മാനുഫാക്ച്ചറിംഗ് മേഖല താരതമ്യേന ചെറുതാണ്. കേരളത്തിന്റെ ജി എസ് വി എ യിൽ 11 ശതമാനം (2011–12 വിലയുടെ അടിസ്ഥാനത്തിൽ) മാത്രമാണ് ഉല്പന്ന നിർമ്മാണ മേഖലയിൽ ഉണ്ടായത്. താരതമ്യപ്പെടുത്തുമ്പോൾ, 2020–21–ൽ ഇന്ത്യയുടെ ജിഡിപിയുടെ 17 ശതമാനം ഉൽപ്പാദന മേഖലയാണ്.

### കേരളത്തിലെ മാനുഫാക്ചറിംഗ് മേഖലയുടെ പുനരുജ്ജീവനം

കഴിഞ്ഞ നാല് വർഷമായി കേരളത്തിന്റെ മാനുഫാക്ച്ചറിംഗ് മേഖലയുടെ മൂല്യത്തിൽ ക്രമാനുഗതമായ വർധനയുണ്ടായിട്ടുണ്ടെന്ന് എടുത്തുപറയേണ്ടതുണ്ട്. കേരളത്തിന്റെ ജി എസ് വി എയിൽ ഉൽപാദന മേഖലയുടെ വിഹിതം 2014–15–ലെ 9.8 ശതമാനത്തിൽ നിന്ന് 2019–20–ൽ 11.1 ശതമാനമായി ഉയർന്നു. 2020–21ൽ ഓഹരി 11 ശതമാനമായി കുറഞ്ഞു. വ്യവസായ വാർഷിക സർവേയിൽ നിന്നുള്ള കണക്കുകൾ പ്രകാരം, ഇന്ത്യയുടെ ഫാക്ടറി മേഖലയിൽ മൊത്തം മൂല്യത്തിൽ കേരളത്തിന്റെ പങ്ക് 2014–15–ൽ 1.2 ശതമാനത്തിൽ നിന്ന് 2017–18–ൽ 1.7 ശതമാനമായി ഉയർന്നു.

പീരിയോഡിക് ലേബർ ഫോഴ്സ് സർവേ (പിഎൽഎഫ്എസ്) കണക്ക് പ്രകാരം, കേരളത്തിലെ മാനുഫാക്ച്ചറിംഗ് മേഖലയിൽ 2017–18 –ൽ 15 ലക്ഷം തൊഴിലാളികൾ (അല്ലെങ്കിൽ സംസ്ഥാനത്തിന്റെ മൊത്തം 127 ലക്ഷം തൊഴിലാളികളിൽ 12.8 ശതമാനം) ജോലി ചെയ്യുന്നു. ഫാക്ടറി മേഖലയിലെ തൊഴിലാളികൾ ഇതിൽ ഉൾപ്പെടുന്നു, അവർ 2017–18 –ൽ 3.1 ലക്ഷം ആയിരുന്നു. സംഘടിത ഉൽപാദന മേഖലയുമായി ഫാക്ടറി മേഖല ഏതാണ്ട് സമാനമാണ്. പത്തിലധികം തൊഴിലാളികൾ ജോലി ചെയ്യുന്നതും വൈദ്യുതോർജ്ജത്തിന്റെ സഹായത്തോടെ പ്രവർത്തിക്കുന്നതുമായ ഫാക്ടറികൾ ഫാക്ടറി മേഖലയിൽ ഉൾപ്പെടുന്നു (അതുപോലെ തന്നെ വൈദ്യുതോർജ്ജത്തിന്റെ സഹായമില്ലാതെ 20 ലധികം തൊഴിലാളികൾ ജോലി ചെയ്യുന്ന ഫാക്ടറികളും). ഫാക്ടറി മേഖലയെക്കുറിച്ചുള്ള ഡാറ്റയുടെ പ്രധാന ഉറവിടം ഇന്ത്യാ ഗവൺമെന്റിന്റെ സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയം (മോസ്പി) പ്രസിദ്ധീകരിച്ച വാർഷിക സർവേ ഓഫ് ഇൻഡസ്ട്രീസ് (എ എസ് ഐ) ആണ്.

പരമ്പരാഗത വ്യവസായങ്ങളിലെ തൊഴിലാളികൾ, പ്രത്യേകിച്ച് കയർ, കശുവണ്ടി, കൈത്തറി മേഖലകളിലെ തൊഴിലാളികൾ കേരളത്തിന്റെ നിർമ്മാണ തൊഴിലാളികളിൽ ഗണ്യമായ പങ്ക് വഹിക്കുന്നു. കേരളത്തിലെ ഫാക്ടറി മേഖലയിലെ (2017–18–ൽ) 3.25 ലക്ഷം തൊഴിലാളികളിൽ 46.8 ശതമാനം അഥവാ 1.52 ലക്ഷം തൊഴിലാളികളാണ് റിസോഴ്സ് അധിഷ്ഠിത വ്യവസായങ്ങളിൽ ഉള്ളവർ. ഈ വ്യവസായങ്ങൾ ഭക്ഷ്യ ഉൽപന്നങ്ങളും പാനീയങ്ങളും (കശുവണ്ടി സംസ്കരണം ഒരു പ്രധാന ഘടകമാണ്), ബീഡി നിർമ്മാണം, തുണിത്തരങ്ങൾ എന്നിവയാണ്(കയർ സംസ്കരണം, കൈത്തറി എന്നിവ ഉൾപ്പെടെ). കേരളത്തിലെ മാനുഫാക്ചറിംഗ് മേഖലയുടെ ഘടനയെക്കുറിച്ചുള്ള **പട്ടിക 4.1.1** കാണുക.

കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. ഈ വ്യവസായങ്ങളിൽ ചിലത് (കശുവണ്ടി പോലുള്ളവ) നേരിടുന്ന ഘടനാപരമായ പ്രശ്നങ്ങളും പരമ്പരാകത വ്യവസായങ്ങളിൽ നിന്ന് യുവതലമുറയിലെ അഭ്യസ്തവിദ്യരായ തൊഴിലാളികൾ പിൻവലിയുന്നതും ഇതിന് കാരണമാണ്.

അതേസമയം, കേരളത്തിൽ ഒരു കൂട്ടം ആധുനിക വ്യവസായങ്ങൾ വളരുന്നുവെന്നത് ശ്രദ്ധേയമാണ്. രാസവസ്തുക്കൾ, ശുദ്ധീകരിച്ച പെട്രോളിയം ഉൽപന്നങ്ങൾ, റബ്ബർ, പ്ലാസ്റ്റിക് ഉൽപന്നങ്ങൾ, ഇലക്ട്രോണിക് ഉൽപ്പന്നങ്ങൾ, ഫാർമസ്യൂട്ടിക്കൽസ്, ഔഷധ, ബൊട്ടാണിക്കൽ ഉൽപന്നങ്ങൾ എന്നിവയാണ് മൂല്യവർദ്ധനവുമായി ബന്ധപ്പെട്ട് കേരളത്തിലെ പ്രധാന വ്യവസായങ്ങൾ. ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (ബിപിസിഎൽ) – കൊച്ചി റിഫൈനറി അതിന്റെ ശുദ്ധീകരണ, പെട്രോ കെമിക്കൽ ഉൽപാദന ശേഷികളുടെ ഒരു വലിയ വിപുലീകരണത്തിന് വിധേയമായിക്കൊണ്ടിരിക്കുകയാണ്, ഇത് കേരളത്തിലെ രാസ, അനുബന്ധ വ്യവസായങ്ങൾക്ക് വലിയ വാഗ്ദാനമാണ് നൽകുന്നത്. വാസ്തവത്തിൽ, ഉൽപാദന മേഖലയുടെ മൊത്തത്തിലുള്ള മൂല്യവർദ്ധനവിലെ വളർച്ച, അതുപോലെ തന്നെ രാസവസ്തുക്കൾ, വസ്ത്രങ്ങൾ, ഫാർമസ്യൂട്ടിക്കൽസ്, ഫർണിച്ചർ, ജ്വല്ലറി, മെഡിക്കൽ ഉപകരണങ്ങൾ എന്നിവയുൾപ്പെടെയുള്ള നിരവധി വ്യവസായങ്ങളുടെ വളർച്ച ദേശീയ ശരാശരിയുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിൽ വളരെ വേഗത്തിലായിരുന്നു.

### പൊതുമേഖലാ യൂണിറ്റുകളുടെ അപ്രതീക്ഷിത മാറ്റം

പ്രധാനമായും രാസവസ്തുക്കൾ, എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ് മേഖലകളിൽ നിരവധി സംസ്ഥാന, കേന്ദ്ര പൊതുമേഖല യൂണിറ്റുകൾ കേരളത്തിലുണ്ട്. സംസ്ഥാനത്തെ ചില പൊതുമേഖലാ സ്ഥാപനങ്ങളായ തിരുവിതാംകൂർ

**പട്ടിക 4.1.1** ഘടനയും താരതമ്യ വലുപ്പവുമായി ബന്ധപ്പെട്ട കേരളത്തിലെ മൊത്തം ഫാക്ടറിരംഗത്തിന്റെ വ്യവസായത്തിലെ തൊഴിലിന്റെയും മൂല്യവർധനവിന്റെയും പങ്ക്, ഇന്ത്യയുമായി ബന്ധപ്പെട്ട് കേരളത്തിലെ മൊത്തം വ്യവസായങ്ങളുടെ പങ്ക്, 2017–18.

| വ്യവസായങ്ങൾ | കേരളത്തിന്റെ മൊത്തം ഫാക്ടറി വിഹിതം | | കേരളത്തിലെ മൊത്തം ഫാക്ടറി മേഖലയിലെ ഓഹരികൾ | | ഇന്ത്യയുടെ മൊത്തം ഫാക്ടറി മേഖല | | ഇന്ത്യയിലെ ഫാക്ടറി മേഖലയിലെ കേരളത്തിന്റെ ഓഹരികൾ | |
|---|---|---|---|---|---|---|---|---|
| | തൊഴിൽ (എണ്ണത്തിൽ) | മൂല്യവർധനവ്(രൂപ ലക്ഷത്തിൽ) | തൊഴിൽ(ശതമാനത്തിൽ) | മൂല്യവർധനവ്(ശതമാനത്തിൽ) | തൊഴിൽ (എണ്ണത്തിൽ) | മൂല്യവർധനവ്(രൂപ ലക്ഷത്തിൽ) | തൊഴിൽ (ശതമാനത്തിൽ) | മൂല്യവർധനവ്(ശതമാനത്തിൽ) |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| ഭക്ഷ്യ ഉല്പന്നങ്ങളും പാനീയങ്ങളും (10, 11) | 101994 | 403192 | 31.4 | 17.9 | 1933464 | 3064719 | 5.28 | 13.16 |
| പുകയില ഉല്പന്നങ്ങൾ (12) | 14375 | 10321 | 4.4 | 0.5 | 461335 | 1709660 | 3.12 | 0.6 |
| ടെക്സ്റ്റയിൽസ് (13) | 25724 | 77679 | 7.9 | 3.4 | 1678671 | 7135269 | 1.53 | 1.09 |
| വസ്ത്രങ്ങൾ (14) | 9546 | 31592 | 2.9 | 1.4 | 1189520 | 3510562 | 0.8 | 0.9 |
| പാദരക്ഷ (15) | 11436 | 40681 | 3.5 | 1.8 | 387134 | 1222478 | 2.95 | 3.33 |
| തടിയും തടി ഉല്പന്നങ്ങളും (16) | 8346 | 24310 | 2.6 | 1.1 | 98674 | 428687 | 8.46 | 5.67 |
| പേപ്പറും പേപ്പർ ഉല്പന്നങ്ങളും (17) | 3866 | 10850 | 1.2 | 0.5 | 284057 | 2166071 | 1.36 | 0.5 |
| റിക്കോർഡ് ചെയ്ത മാധ്യമങ്ങളുടെ അച്ചടിയും പുനർനിർമ്മാണവും (18) | 6185 | 90585 | 1.9 | 4 | 159164 | 1260232 | 3.89 | 7.19 |
| ശുദ്ധീകരിച്ച പെട്രോളിയം ഉല്പന്നങ്ങൾ (19) | 7880 | 460662 | 2.4 | 20.3 | 146866 | 15910666 | 5.37 | 2.9 |
| രാസവസ്തുക്കളും ഫാർമസ്യൂട്ടിക്കൽസും (20, 21) | 21335 | 324193 | 6.6 | 14.2 | 1568566 | 24634493 | 1.36 | 1.32 |
| റബറും പ്ലാസ്റ്റിക് ഉല്പന്നങ്ങളും (22) | 25890 | 208685 | 8 | 9.2 | 713214 | 5373872 | 3.63 | 3.88 |
| മറ്റ് ലോഹേതര ധാതു ഉല്പന്നങ്ങൾ (23) | 20616 | 142797 | 6.3 | 6.3 | 1090629 | 7660779 | 1.89 | 1.86 |
| ബേസിക് ലോഹങ്ങൾ (24) | 4405 | 20101 | 1.4 | 0.9 | 1032613 | 14556712 | 0.43 | 0.14 |
| ഫാബ്രിക്കേറ്റഡ് ലോഹ ഉല്പന്നങ്ങൾ (25) | 5096 | 21654 | 1.6 | 0.9 | 691567 | 4380776 | 0.74 | 0.49 |
| ഇലക്ട്രോണിക്, കമ്പ്യൂട്ടർ, ഒപ്റ്റിക്കൽ ഉല്പന്നങ്ങൾ (26) | 6565 | 67591 | 2 | 3 | 231454 | 3235105 | 2.84 | 2.09 |
| ഇലക്ട്രിക്കൽ ഉപകരണങ്ങൾ (27) | 6097 | 38902 | 1.9 | 1.7 | 598477 | 5363196 | 1.02 | 0.73 |
| യന്ത്രങ്ങളും ഉപകരണങ്ങളും (28) | 2633 | 13062 | 0.8 | 0.6 | 848502 | 9255645 | 0.31 | 0.14 |
| മോട്ടോർ വാഹനങ്ങൾ (29) | 374 | 1070 | 0.1 | 0 | 1017614 | 10411207 | 0.04 | 0.01 |
| മറ്റ് ഗതാഗത ഉപകരണം (കപ്പലുകളും ബോട്ടുകളും)(30) | 5879 | 87425 | 1.8 | 3.8 | 347825 | 3904596 | 1.69 | 2.24 |
| ഫർണീച്ചർ, ജൂവലറി, മെഡിക്കൽ ആന്റ് ദന്തൽ ഉപകരണങ്ങൾ, കളിപ്പാട്ടങ്ങൾ (31, 32) | 7119 | 93405 | 2.2 | 4.1 | 486081 | 2784.88 | 1.46 | 3.35 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| യന്ത്രങ്ങളുടെയും ഉപകരണങ്ങളുടെയും അറ്റകുറ്റപ്പണിയും ഇൻസ്റ്റാളേഷനും (33) | 296 | 1277 | 1 | 0.1 | 30081 | 369492 | 0.98 | 0.35 |
| പ്രസിദ്ധീകരണ പ്രവർത്തനങ്ങൾ (58) | 2361 | 31506 | 0.7 | 1.4 | 25328 | 267460 | 9.32 | 11.78 |
| മറ്റുള്ളവ | 26754 | 76354 | 8.2 | 3.3 | 593785 | 7918860 | 4.51 | 1.03 |
| എല്ലാ വ്യവസായങ്ങളും കൂടി | 3,24,773 | 22,77,897 | 100 | 100 | 1,56,14,619 | 14,66,97,043 | 2.08 | 1.56 |

കുറിപ്പ്: ഓരോ വ്യവസായങ്ങളും നാഷണൽ ഇൻഡസ്ട്രിയൽ ക്ലാസിഫിക്കേഷൻ (NIC) - 2008 അനുസരിച്ച് ഏതിലാണ് ഉൾപ്പെടുന്നതെന്ന് സൂചിപ്പിക്കുന്നതാണ് ബ്രാക്കറ്റിലെ രണ്ടക്ക സംഖ്യകൾ സൂചിപ്പിക്കുന്നത്.
അവലംബം: വാർഷിക വ്യാവസായിക സർവെയിലെ തൊഴിലാളികളുടെയും മൊത്ത മൂല്യവർധനവിന്റെയും കണക്കുകൾ.

കൊച്ചി കെമിക്കൽസ് (ടിസിസി), കെൽട്രോൺ എന്നിവ രാജ്യത്ത് അതത് ഉൽപാദന മേഖലകളിൽ (യഥാക്രമം കാസ്റ്റിക് സോഡ, ഇലക്ട്രോണിക്സ്) മുൻ നിരയിൽ ആണ്. എന്നിരുന്നാലും, കേരളത്തിലെ പല പൊതുമേഖലാ സ്ഥാപനങ്ങളുടെയും പ്രകടനം സമീപകാലത്ത് വളരെ മോശമായിരുന്നു. 2016–17 മുതൽ കേരളത്തിന്റെ ഉൽപാദന മേഖലയുടെ മെച്ചപ്പെട്ട പ്രകടനത്തിന്റെ ഒരു പ്രധാന സവിശേഷത, പ്രധാനമായും രാസവസ്തുക്കളുടെയും ഇലക്ട്രിക്കൽ മെഷിനറികളുടെയും ഉൽപാദനത്തിൽ ഏർപ്പെട്ടിരിക്കുന്ന ഈ പൊതുമേഖലാ സ്ഥാപനങ്ങളിൽ ചിലതിന്റെ പ്രകടനത്തിലെ ഒരു അപ്രതീക്ഷിത മാറ്റമാണ്.

2020–21 സാമ്പത്തിക വർഷത്തിൽ, വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ മൊത്തത്തിൽ 3321.67 കോടി രൂപയുടെ വിറ്റുവരവ് രേഖപ്പെടുത്തി. 2020–21 കാലയളവിൽ വ്യവസായ വകുപ്പിന് കീഴിലുള്ള 42 പൊതുമേഖലാ സ്ഥാപനങ്ങളിൽ 10 യൂണിറ്റുകൾ ലാഭത്തിലും 32 യൂണിറ്റുകൾ നഷ്ടത്തിലുമാണ്. കോവിഡ്–19 സാഹചര്യത്തിലും പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വിറ്റുവരവ് മുൻവർഷത്തേക്കാൾ 5% വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ് (കെഎംഎംഎൽ), കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, മലബാർ സിമന്റ്സ് എന്നിവ ഈ വർഷം ലാഭമുണ്ടാക്കിയ പ്രധാന പൊതുമേഖലാ സ്ഥാപനങ്ങളിൽ ഉൾപ്പെടുന്നു.

## ആധുനിക വ്യവസായങ്ങളിലെ പുതിയ അവസരങ്ങൾ

മറ്റൊരു നല്ല വശം സംസ്ഥാനത്തെ പുതിയ ഒരു കൂട്ടം വ്യവസായങ്ങളുടെ ആവിർഭാവമാണ്. കേരളത്തിൽ ഇലക്ട്രോണിക് ഘടകങ്ങളുടെ നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ എണ്ണം 2012–13–ൽ 2,930–ൽ നിന്ന് 2017–18 ആയപ്പോഴേക്കും 3,525 ആയി ഉയർന്നു. മെഡിക്കൽ, ദന്തൽ ഉപകരണങ്ങളുടെയും വിതരണത്തിന്റെയും നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ 2012–13–ലെ 1,023 –ൽ നിന്ന് 2017–18–ൽ 2730 ആയി ഉയർന്നു (**പട്ടിക 4.1.2**).

ബിപിസിഎൽ–കൊച്ചി റിഫൈനറിയുടെ ശുദ്ധീകരണ ശേഷി വിപുലീകരിച്ചതിനുശേഷം, നിലവിലെ 9.5 ദശലക്ഷം മെട്രിക് ടണ്ണിൽ നിന്ന് (എം.എം.ടി.പി.എ) 15 മെട്രിക്ക് ടൺ (എംഎംടിപിഎ) ആയി വാർഷിക ഉല്പാദനം വർദ്ധിപ്പിക്കാമെന്ന് പ്രതീക്ഷിക്കുന്നു. ബിപിസിഎൽ–കൊച്ചി റിഫൈനറിയുടെ ചില ഉല്പന്നങ്ങളായ പ്രൊപിലീൻ, എഥിലീൻ എന്നിവ പെട്രോകെമിക്കൽസ്, പ്ലാസ്റ്റിക്, പോളിമർ, ഫൈബർ, വ്യക്തിഗത, ഗാർഹിക പരിപാലന ഉല്പന്നങ്ങൾ എന്നിവയുൾപ്പെടെയുള്ള പ്രത്യേക രാസവസ്തുക്കളുടെ മേഖലകളിലെ വിവിധ തരം ഡൗൺസ്ട്രീം വ്യവസായങ്ങളുടെ പ്രധാന ഘടകങ്ങളാണ്. കൊച്ചിയിൽ ഒരു പെട്രോകെമിക്കൽ കോംപ്ലക്സ് സ്ഥാപിക്കാൻ സംസ്ഥാന സർക്കാർ നടപടികൾ സ്വീകരിച്ചിരിക്കുന്നു. ഇത് മുകളിൽ സൂചിപ്പിച്ച വ്യവസായ ഘടകങ്ങളിൽ വലിയ സ്വകാര്യ നിക്ഷേപം ആകർഷിക്കാൻ സാധ്യതയുണ്ട്.

ഫാർമസ്യൂട്ടിക്കൽസ്, ജൈവ സാങ്കേതിക വിദ്യ, ലൈഫ് സയൻസസ്, മെഡിക്കൽ–ഉപകരണ നിർമ്മാണ വ്യവസായങ്ങൾ എന്നിവയുടെ വളർച്ചയ്ക്ക് കേരളത്തിൽ വലിയ സാധ്യതയുണ്ട്. മരുന്നുകൾക്കും ആരോഗ്യ സംരക്ഷണ ഉല്പന്നങ്ങൾക്കും സംസ്ഥാനത്തിനകത്ത് വലിയ ആവശ്യകത ഉള്ളതിനാലാണിത്. കേരളത്തിലെ ആശുപത്രികൾ, ഡോക്ടർമാർ, നഴ്സുമാർ എന്നിവരിൽ നിന്നും ഈ വ്യവസായങ്ങൾക്ക് വളരെയധികം നേട്ടമുണ്ടാക്കാൻ സാധിക്കും.

വലിയ രീതിയിൽ ഇലക്ട്രോണിക്സ് ഹാർഡ് വെയർ നിർമ്മാണ മേഖല കെട്ടിപ്പടുക്കാൻ കേരളത്തിന് ശേഷിയുണ്ട്. ഇത്തരം വ്യവസായം കെട്ടിപ്പടുക്കുന്നതിന് സംസ്ഥാനത്തെ ഐടി മേഖലയിൽ കൈവരിച്ച നേട്ടങ്ങളും ഉയർന്ന യോഗ്യതയുള്ള തൊഴിലാളികളുടെ മാനവ വിഭവ ശേഷിയും ഉപയോഗിക്കണം. ആഗോളതലത്തിൽ, ഐടി, ഇലക്ട്രോണിക് മേഖലകളും സോഫ്റ്റ് വെയറും ഹാർഡ് വെയറും തമ്മിലുള്ള സംയോജനം ഇപ്പോൾ വളരുകയാണ്. ഐടി മേഖല തന്നെ അടിസ്ഥാനപരമായ മാറ്റങ്ങളിലൂടെ കടന്നു പോകുമ്പോൾ, ഹാർഡ് വെയർ നിർമ്മാണത്തിലും വൈവിധ്യവത്കരണത്തിലേക്ക് കേരളം ശ്രദ്ധ തിരിക്കേണ്ടത് പ്രധാന്യമർഹിക്കുന്നു.

പരമ്പരാഗത മേഖലകളുടെ നവീകരണം പുതിയ അവസരങ്ങളിൽ ഉൾപ്പെടുന്നു. കയർ, കശുവണ്ടി, കൈത്തറി എന്നിവയുൾപ്പെടെ സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങളെ നവീകരിക്കാൻ സർക്കാർ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. പരമ്പരാഗത വ്യവസായങ്ങളുടെ ആധുനികവൽക്കരണത്തിൽ ഈ വ്യവസായങ്ങളിലെ ഉൽപ്പാദന പ്രക്രിയകളുടെ യന്ത്രവൽക്കരണം ഉൾപ്പെടുന്നു (എന്നാൽ ഇവയിൽ മാത്രം പരിമിതപ്പെടുന്നില്ല). മാത്രമല്ല, ആധുനികവൽക്കരണത്തോടെ, കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങൾ പുതിയ ഉൽപ്പന്നങ്ങളിലേക്ക് വൈവിധ്യവത്കരിക്കാനും ഫലപ്രദമായ വിപണന–വിതരണ

**പട്ടിക 4.1.2** തിരഞ്ഞെടുത്ത പ്രധാന വ്യവസായങ്ങളിലെ തൊഴിൽ, 2017–18, കേരളത്തിലെയും ഇന്ത്യയിലെയും (എണ്ണത്തിൽ)

| വ്യവസായങ്ങൾ | കേരളം | ഇന്ത്യ | ഇന്ത്യയിൽ കേരളത്തിന്റെ വിഹിതം |
|---|---|---|---|
| റബർ ഉല്പന്നങ്ങൾ (221) | 16,249 | 1,81,957 | 8.93 |
| ശുദ്ധീകരിച്ച പെട്രോളിയം ഉല്പന്നങ്ങൾ (192) | 7,615 | 96,068 | 7.92 |
| കെമിക്കൽ ഉല്പന്നങ്ങൾ (201, 202) | 11,379 | 5,76,348 | 1.97 |
| ഇലക്ട്രോണിക് ഉപകരണങ്ങളുടെ ഭാഗങ്ങൾ (261) | 3,525 | 55,385 | 6.36 |
| ഫാർമസ്യൂട്ടിക്കൽസ്, മെഡിസിനൽ, കെമിക്കൽ ആന്റ് ബൊട്ടാണിക്കൽ ഉല്പന്നങ്ങൾ (210) | 9,950 | 4,54,024 | 2.19 |
| പാദരക്ഷ (152) | 11,154 | 2,32,509 | 4.79 |
| വസ്ത്രങ്ങൾ (141) | 9,546 | 6,98,738 | 1.36 |
| പ്ലാസ്റ്റിക് ഉല്പന്നങ്ങൾ (222) | 9,641 | 3,79,234 | 2.54 |
| അച്ചടിയും അതുമായി ബന്ധപ്പെട്ട സേവനങ്ങളും (181) | 6,185 | 1,04,694 | 5.90 |
| കപ്പലുകളും ബോട്ടുകളും (301) | 5,009 | 11,201 | 44.71 |
| ഇലക്ട്രിക് മോട്ടോഴസ്, ട്രാൻസ്ഫോർമേഴ്സ് ആന്റ് ജനറേറ്റേഴസ് (271) | 4,525 | 1,62,115 | 2.79 |
| മെഡിക്കൽ ആന്റ് ദന്തൽ ഉപകരണങ്ങളും വിതരണവും (325) | 2,730 | 41,253 | 6.61 |
| ഫർണിച്ചർ (310) | 3,129 | 59,154 | 5.28 |

അവലംബം: വാർഷിക വ്യാവസായിക സർവെ

തന്ത്രങ്ങൾ ആവിഷ്കരിക്കാനും ശ്രമിക്കും. സംസ്ഥാനത്ത് പരമ്പരാഗത, ഭക്ഷ്യ, കാർഷികാധിഷ്ഠിത വ്യവസായങ്ങളുടെയും വിനോദസഞ്ചാരത്തിന്റെയും വളർച്ചയ്ക്ക് പരസ്പര സഹകരണത്തിലൂടെ നേടാനാവും. ഇതിലൂടെ ഈ രംഗങ്ങളിൽ സംസ്ഥാനത്തിന് ആഗോള അംഗീകാരം നേടിയെടുക്കാനാവും.

### വ്യാവസായിക പ്രോത്സാഹനം, നിക്ഷേപ സൗകര്യ പ്രവർത്തനങ്ങൾ

പ്രസക്തമായ നിയമങ്ങളിലും ചട്ടങ്ങളിലും ബിസിനസ്സ് സൗഹൃദ ഭേദഗതികൾ വരുത്താൻ സംസ്ഥാന സർക്കാർ തീരുമാനിച്ചു. ഈ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി, കേരള സർക്കാർ 2018–ലെ കേരള നിക്ഷേപ പ്രമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്റ്റ് കൊണ്ടുവന്നിട്ടുണ്ട്, അത് ആവശ്യമായ രേഖകളോടെ അപേക്ഷകൾ സമർപ്പിക്കുകയാണെങ്കിൽ 30 ദിവസത്തിനുള്ളിൽ നിർബന്ധിത അംഗീകാരം പ്രതീക്ഷിക്കുന്നു. വിവിധ നിയമങ്ങൾ അനുസരിച്ച് ആവശ്യമായ വിവിധ ലൈസൻസുകൾ, അനുമതികൾ, അംഗീകാരങ്ങൾ, ക്ലിയറൻസുകൾ എന്നിവ നൽകുന്നതിലെ കാലതാമസം ഒഴിവാക്കാനും സംസ്ഥാനം നിക്ഷേപക സൗഹൃദപരമാക്കാനും ഈ നിയമം ശ്രമിക്കുന്നു.

2019–ലെ കേരള സൂക്ഷ്മ, ചെറുകിട, ഇടത്തരം , സംരംഭക ഫെസിലിറ്റേഷൻ നിയമത്തിൻറെ ചുവടു പിടിച്ചുകൊണ്ട് സൂക്ഷ്മ, ചെറുകിട, ഇടത്തരം , സംരംഭക യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും പ്രവർത്തിക്കുന്നതിനുമായി വ്യവസായ വകുപ്പ് നടത്തിയ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് പരിഷ്ക്കാര നടപടികളുടെ ഭാഗമായുള്ള വളരെ പ്രധാനപ്പെട്ട നിയമ നിർമ്മാണമാണ് 06.01.2020 തീയതിയിലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 2/2020/ ഐഡിയിലെ 14–ാം വകുപ്പ്. ഇത് ഓൺലൈൻ സിംഗിൾ വിൻഡോ ക്ലിയറൻസ് മെക്കാനിസത്തിന്റെ ഭാഗമാണ്, ഇത് പാലിക്കൽ പരിശോധനകൾക്കായുള്ള കേന്ദ്ര പരിശോധന സംവിധാനം, സ്വയം സർട്ടിഫിക്കേഷൻ വ്യവസ്ഥ അവതരിപ്പിക്കൽ, വിവിധ വകുപ്പുകളുടെ അപേക്ഷകളുടെ സമാന്തര പ്രോസസ്സിംഗ്, നിർബന്ധിത സമയപരിധിക്ക് ശേഷമുള്ള അംഗീകാരങ്ങൾ, അനാവശ്യ അനുമതികൾ ഇല്ലാതാക്കൽ, സംസ്ഥാന, ജില്ലാ, വ്യാവസായിക പാർക്കുകളിൽ സിംഗിൾ വിൻഡോ ബോർഡ് നവീകരിച്ച നോഡൽ ഏജൻസികൾ വഴി രജിസ്ട്രേഷന് സ്പോട്ട് അംഗീകാരം എന്നിവ ഉൾക്കൊള്ളുന്നു.

# 4.2 ഉല്പന്ന നിർമ്മാണ മേഖല

കേന്ദ്ര സ്ഥിതിവിവര കണക്ക് ആഫീസിലെ (സി എസ് ഒ) താല്ക്കാലിക കണക്ക് സൂചിപ്പിക്കുന്നത് ഇന്ത്യയിലെ ഉല്പന്ന നിർമ്മാണ മേഖലയുടെ വളർച്ച മുൻവർഷത്തെ (–)2.4 ശതമാനത്തിൽ നിന്നും 2020–21–ൽ (–)7.2 ശതമാനമായതായി കണക്കാക്കപ്പെടുന്നു. ഇന്ത്യയിൽ ഉല്പന്ന നിർമ്മാണ മേഖലയുടെ 2015–16 മുതൽ 2020–21 വരെയുള്ള വാർഷിക വളർച്ചാരീതി സ്ഥിരവിലയിൽ മൊത്തം കൂട്ടിച്ചേർക്കപ്പെട്ട മൂല്യവർദ്ധനവിന്റെ (ജി.വി.എ) താൽക്കാലിക വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ **ചിത്രം 4.2.1**–ൽ കൊടുത്തിരിക്കുന്നു.

### കേരളത്തിലെ ഉല്പന്ന നിർമ്മാണ മേഖല

സാമ്പത്തിക, സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ 2020–21–ലെ കേരളത്തിന്റെ മൊത്തം സംസ്ഥാന മൂല്യവർദ്ധിത (ജിഎസ്‌വിഎ) യുടെ കണക്ക് പ്രകാരം, 2020–21 ൽ കേരളത്തിന്റെ ഉല്പാദന മേഖല സ്ഥിര വിലയിൽ (2011–12) (–)8.9 ശതമാനം വളർച്ച നേടി. 2020–21 ൽ സ്ഥിര വിലയിലും, നടപ്പു വിലയിലും ഉൽപാദന മേഖലയുടെ ഓഹരികൾ യഥാക്രമം 11 ശതമാനവും 8.6 ശതമാനവുമായിരുന്നു. 2015–16 മുതൽ 2020–21 വരെയുള്ള കേരളത്തിലെ ഉല്പാദന മേഖലയുടെ വളർച്ച **അനുബന്ധം 4.2.1**–ൽ നൽകിയിരിക്കുന്നു

2011–12 മുതൽ 2020–21 വരെ കേരളത്തിലെ ഉല്പന്ന നിർമ്മാണ മേഖലയിൽ നിന്നുള്ള വരുമാന വളർച്ചാ നിരക്ക് **ചിത്രം 4.2.2**–ൽ ചേർത്തിരിക്കുന്നു.

### കേരളത്തിലെ ഖനന മേഖല


മൊത്തം കൂട്ടിച്ചേർക്കപ്പെട്ട സംസ്ഥാന ആഭ്യന്തര ഉല്പന്നത്തിലേക്ക് ഖനന ക്വാറിംഗ് മേഖലയുടെ സംഭാവന 2020–21–ൽ 2280.61 കോടി രൂപയാണ്. ഇത് മുൻ വർഷത്തെ അപേക്ഷിച്ച് 12.58 ശതമാനം കൂടുതലാണ്.സ്ഥിരവിലയിൽ ജി.വി.എ യിലെ ഖനന ക്വാറിംഗിലെ പങ്ക് 2018–19–ലെ 0.6 ശതമാനത്തിൽ നിന്ന് 2019–20–ൽ 0.4 ശതമാനമായി കുറഞ്ഞു. 2020–21ൽ 0.5 ശതമാനമായി വർദ്ധിച്ചു.

കേരളത്തിൽ ഖനന ക്വാറിയിംഗ് മേഖലയിൽ നിന്ന് 2011–12 മുതൽ 2020–21 വരെയുള്ള വരുമാന വളർച്ച 2011–12 സ്ഥിരവിലയിൽ **ചിത്രം 4.2.3**–ൽ രേഖപ്പെടുത്തിയിരിക്കുന്നു.

### ധാതു തിരിച്ചുള്ള ഉല്പാദനവും വരുമാനവും 2020–21


സർക്കാരിന് ധാതുക്കളിൽ നിന്നുള്ള വരുമാനം പ്രധാനമായും റോയൽറ്റിയിൽ നിന്നുമാണ് ലഭിക്കുന്നത്. ഏകദേശം 95 ശതമാനം വരുമാനവും മൈനർ ധാതുക്കളിൽ നിന്നും ബാക്കി മേജർ ധാതുക്കളിൽ നിന്നുമാണ് ലഭ്യമാകുന്നത്. 2019–20–ൽ ആകെ ലഭിച്ച വരുമാനം 160.10 കോടി രൂപയായിരുന്നു. 2020–21 ആയപ്പോഴേക്കും വരുമാനം 192.13 കോടി രൂപയായി വർദ്ധിച്ചു (20 ശതമാനം വർദ്ധിച്ചു). ഇതിൽ 8.38 കോടി രൂപ മേജർ ധാതുക്കളിൽ നിന്നും 183.75 കോടി രൂപ മൈനർ ധാതുക്കളിൽ നിന്നുമാണ് ലഭിച്ചത്. മേജർ ധാതുക്കളിൽ 2020–21–ൽ ഏറ്റവുമധികം വരുമാനം ലഭിച്ചത് ഇൽമനൈറ്റ് ൽ നിന്നാണ് (3.08 കോടി രൂപ) തുടർന്ന് സിർക്കോൺ, (1.35 കോടി). മൈനർ ധാതുക്കളിൽ ഗ്രാനൈറ്റ് ബിൽഡിംഗ് സ്റ്റോണിൽ (87.18 കോടി രൂപ) നിന്നാണ് ഏറ്റവുമധികം വരുമാനം,തുടർന്ന് ലാറ്ററൈറ്റ് (ബിൽഡിംഗ്) (1.09 കോടി രൂപ) എന്നിങ്ങനെ ആണ് 2020–21 വർഷത്തിൽ ലഭിച്ചത്. 2016–17 മുതൽ 2020–21 വരെയുള്ള ധാതുക്കളിൽ നിന്നുള്ള വരുമാനം **പട്ടിക 4.2.1**–ൽ കൊടുത്തിരിക്കുന്നു.

**ചിത്രം 4.2.1** ഇന്ത്യയിലെ ഉൽപന്ന നിർമ്മാണ മേഖലയിൽ നിന്നുള്ള വാർഷിക വളർച്ച മൊത്ത മൂല്യ വർദ്ധനവ്, സ്ഥിരവിലയിൽ, ശതമാനത്തിൽ




അവലംബം: സി.എസ്.ഒ

**ചിത്രം 4.2.2** കേരളത്തിലെ, ഉല്പന്ന നിർമ്മാണ മേഖലയുടെ വാർഷിക വളർച്ചാ മൊത്ത മൂല്യ വർദ്ധനവ്, സ്ഥിരവിലയിൽ, ശതമാനത്തിൽ




അവലംബം: സാമ്പത്തിക സ്ഥിതി വിവര വകുപ്പ്


**പട്ടിക 4.2.1** ധാതുക്കളിൽ നിന്നും ലഭിച്ച വരുമാനം

| ക്രമ നം. | വർഷം | മേജർ ധാതുക്കൾ | മൈനർ ധാതുക്കൾ | ആകെ |
|---|---|---|---|---|
| 1 | 2016-17 | 6.4 | 132.3 | 138.7 |
| 2 | 2017-18 | 8.5 | 143.5 | 152.0 |
| 3 | 2018-19 | 5.4 | 165.9 | 171.3 |
| 4 | 2019-20 | 8.8 | 151.3 | 160.1 |
| 5 | 2020-21 | 8.4 | 183.8 | 192.2 |

അവലംബം: ഖനന, ജിയോളജി വകുപ്പ്

കേരളത്തിൽ 2020-21 വർഷത്തിൽ 448.1 ലക്ഷം ടൺ മേജർ/മൈനർ ധാതുക്കൾ ഉല്പാദിപ്പിച്ചു. മേജർ ധാതുക്കളിൽ ഒന്നാം സ്ഥാനം ലൈംസ്റ്റോൺ (3.1 ലക്ഷം ടൺ), തുടർന്ന് ഇൽമനൈറ്റ് (1.1 ലക്ഷം ടൺ). മൈനർ മിനറലുകളിൽ ഏറ്റവും കൂടുതൽ ഉല്പാദിപ്പിക്കപ്പെടുന്നത് ഗ്രാനൈറ്റ് ബിൽഡിംഗ് സ്റ്റോണാണ് (363.3 ലക്ഷം ടൺ), തുടർന്ന്, ഓർഡിനറി എർത്ത് (69.7 ലക്ഷം ടൺ) രണ്ടാം സ്ഥാനത്തുണ്ട്. 2020-21-ൽ സംസ്ഥാനത്തെ ധാതുക്കളുടെ ഉല്പാദനവും വരുമാനവും സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 4.2.2**-ൽ ചേർത്തിരിക്കുന്നു.

**ചിത്രം 4.2.3** കേരളത്തിലെ ഖനന ക്വാറി മേഖലയിൽ നിന്നുള്ള വരുമാനത്തിന്റെ വാർഷിക വളർച്ചാ നിരക്ക്, മൊത്ത മൂല്യ വർദ്ധനവ്, ശതമാനത്തിൽ




അവലംബം: സാമ്പത്തിക സ്ഥിതി വിവര വകുപ്പ്

### മേജർ/മൈനർ ധാതുക്കളിൽ നിന്ന് ലഭിച്ച ജില്ല തിരിച്ചുള്ള വരുമാനം സംബന്ധിച്ച വിശകലനം

2020–21–ലെ ജില്ല തിരിച്ചുള്ള വരുമാനം പരിശോധിക്കുമ്പോൾ ഏറ്റവും കൂടുതൽ വരുമാനം നേടിയ ജില്ല തിരുവനന്തപുരമാണ്, 31.4 കോടി രൂപ, രണ്ടാം സ്ഥാനം എറണാകുളത്തിനും, 29.1 കോടി രൂപ, മൂന്നാം സ്ഥാനം പാലക്കാടിനും, 20.2 കോടി രൂപ. ഏറ്റവും കുറച്ച് വരുമാനം ലഭിച്ചത് വയനാട് ജില്ലയിൽ നിന്നുമാണ് 2.3 കോടി രൂപ. ധാതുക്കളിൽ (മേജർ/മൈനർ ധാതുക്കൾ) നിന്നുള്ള വരുമാനം സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്കുകൾ **അനുബന്ധം 4.2.3**–ൽ രേഖപ്പെടുത്തിയിരിക്കുന്നു.

2016–17 മുതൽ 2021–22 വരെ ഖനന വകുപ്പിന്റെ പദ്ധതി വിഹിതവും ചെലവും **പട്ടിക 4.2.2**–ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 4.2.2** ഖനന വകുപ്പിന്റെ പദ്ധതി വിഹിതവും ചെലവും ( രൂപ ലക്ഷത്തിൽ)

| ക്രമ നം | വർഷം | പദ്ധതി വിഹിതം | ചെലവ് |
|---|---|---|---|
| 1 | 2016–17 | 84.00 | 48.82 |
| 2 | 2017–18 | 135.00 | 123.03 |
| 3 | 2018–19 | 149.00 | 61.46 |
| 4 | 2019–20 | 149.00 | 75.92 |
| 5 | 2020–21 | 132.00 | 117.73 |
| 6 | 2021–22* | 132.00 | 16.28 |

അവലംബം: ബജറ്റ് കണക്കുകൾ * ഒക്ടോബർ 31, 2021 വരെയുള്ള ചെലവ്

### ഇ–ഗവേർണൻസ് പദ്ധതിയുടെ നടപ്പാക്കൽ

കേരള ഓൺലൈൻ മൈനിംഗ് പെർമിറ്റ് അവാർഡിംഗ് സർവ്വീസസ് (കോംപാസ്) എന്ന ഓൺലൈൻ സംവിധാനം നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ വഴിയാണ് നടപ്പിലാക്കുന്നത്. എല്ലാ ജില്ലകളിലും ഇത് നടപ്പിലാക്കി വരുന്നു.

### കേരളത്തിലെ ധാതു അധിഷ്ഠിത വ്യവസായങ്ങൾ

ഇന്ത്യൻ റെയർ എർത്ത് ലിമിറ്റഡ്, കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്, മലബാർ സിമന്റ്സ്, ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ്, കുണ്ടറ സിറാമിക്സ്, ഇംഗ്ലീഷ് ഇന്ത്യൻ ക്ലേയ്സ് ലിമിറ്റഡ്, കേരള ക്ലെയിസ് ആന്റ് സിറാമിക്സ് പ്രോഡക്ട്സ് ലിമിറ്റഡ് എന്നിവ മേജർ മിനറൽ അധിഷ്ഠിതമായ വ്യവസായങ്ങളിൽ ചിലതാണ്. സ്റ്റോൺ ക്രഷർ, സാന്റ് നിർമ്മാണ യൂണിറ്റ്, ബ്രിക്സ് ഫാക്ടറി, ടൈൽ ഫാക്ടറി, എന്നിവ മൈനർ മിനറൽ അടിസ്ഥാനമാക്കിയുള്ള പ്രധാന വ്യവസായങ്ങളാണ്. ഈ അടുത്ത കാലത്തായി അടിസ്ഥാന സൗകര്യ വികസനത്തിലുണ്ടായ മുന്നേറ്റം മൂലം അനേകം ഗ്രാനൈറ്റ് ബിൽഡിംഗ് യൂണിറ്റുകളും, മണൽ ഉത്പാദന യൂണിറ്റുകളും സംസ്ഥാനത്ത് പുതുതായി ആരംഭിച്ചു.

മൈനിംഗും ക്വാറിംഗും വളരെ അത്യന്താപേക്ഷിതമായ പ്രവർത്തനങ്ങളാണെങ്കിലും ഖനനപ്രവർത്തനങ്ങൾ പരിസ്ഥിതിക്ക് ഉണ്ടാക്കുന്ന ആഘാതങ്ങൾ വളരെ സൂക്ഷ്മമായി നിരീക്ഷിക്കേണ്ടതാണ്. ആയതിനാൽ, ഖനന പ്രവർത്തനങ്ങൾ മൂലമുള്ള പ്രതികൂലമായ പ്രത്യാഘാതങ്ങൾ നിയന്ത്രിക്കുന്നതിന് ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുവാൻ സർക്കാർ സന്നദ്ധമാണ്. ആധുനിക സാങ്കേതിക വിദ്യകളും സമ്പ്രദായങ്ങളും ഒരു പരിധിവരെ മൈനിംഗ്, ക്വാറിയിംഗ് പ്രവർത്തനങ്ങൾ മൂലം പരിസ്ഥിതിക്കും സമ്പത്തിനും ഉണ്ടാകുന്ന നഷ്ടം കുറയ്ക്കുന്നതിന് സഹായകമാണ്.

# 4.3 പൊതുമേഖലാ സ്ഥാപനങ്ങൾ

പൊതുമേഖല സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ലാഭം നേടുന്നതിനും വ്യവസായ മേഖലയുടേയും സമ്പദ് വ്യവസ്ഥയുടേയും വിപുലമായ വികസനത്തിന് സഹായിക്കുന്നതിനും കേരള സർക്കാർ ലക്ഷ്യമിടുന്നു.

### കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ

വിവിധ മന്ത്രാലയങ്ങളുടേയും വകുപ്പുകളുടേയും ഭരണ നിയന്ത്രണത്തിലായി, 2020 മാർച്ച് 31 വരെ 366 കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ ഇന്ത്യ ഗവൺമെന്റിന്റെ കീഴിലുണ്ട്. ഇന്ത്യയിലെ 171 കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ 2019–20ൽ 1,38,112 കോടി രൂപയുടെ ലാഭം നേടി. 2018–19–ലെ 1,74,587 കോടിയിൽ നിന്ന് 20.9 ശതമാനം ലാഭത്തിൽ കുറവ് കാണിക്കുന്നു(179 കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ). സമ്പദ്‌വ്യവസ്ഥയിൽ 84 കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ 2019–20ൽ 44,817 കോടി രൂപയുടെ നഷ്ടമുണ്ടാക്കി. 2018–19–ൽ ഇത് 31,635 കോടി ആയിരുന്നു, നഷ്ടം 41.7 ശതമാനമായി വർദ്ധിച്ചു.

### കേന്ദ്ര മേഖലാ നിക്ഷേപം


ഇന്ത്യയിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ ആകെയുള്ള യഥാർത്ഥ നിക്ഷേപം കണക്കാക്കുന്നത് 'ഗ്രോസ് ബ്ളോക്ക'കളിലാണ്. ഇത് 2018–19 –ൽ 17.8 ലക്ഷം കോടി രൂപ ആയിരുന്നത് 2019–20–ൽ 21.6 ലക്ഷം കോടി രൂപ ആയി വർദ്ധിച്ചു. സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലെ നിക്ഷേപം 'ഗ്രോസ് ബ്ലോക്കിൽ' 19.6 ശതമാനം വർദ്ധിച്ച് 2018–19 –ൽ 56,663 കോടി രൂപ ആയിരുന്നത് 2019–20 ൽ 67,776 കോടി രൂപ ആയി ഉയർന്നു. ഇന്ത്യയിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ നടത്തിയ യഥാർത്ഥ മൊത്തം നിക്ഷേപത്തിൽ നിന്ന് കേരളത്തിന് ലഭിച്ച വിഹിതം 2018–19–ലെ 2.4 ശതമാനത്തിൽ നിന്നും 2019–20 –ൽ 2.8 ശതമാനം നേരിയ വർദ്ധനവ് രേഖപ്പെടുത്തി. സംസ്ഥാനാടിസ്ഥാനത്തിൽ പരിശോധിച്ചതിൽ ഏറ്റവും കൂടുതൽ നിക്ഷേപമുള്ളത് മഹാരാഷ്ട്രയിലാണ് (8.2 ശതമാനം വിഹിതം), ഉത്തർ പ്രദേശ് രണ്ടാം സ്ഥാനത്തും (6.7 ശതമാനം വിഹിതം), തമിഴ്നാട് മൂന്നാം സ്ഥാനത്തും (6.7 ശതമാനം) ആണ്(പബ്ലിക് എന്റർപ്രൈസസ് സർവേ 2019 –20). 2013–14 മുതൽ 2019–20 വരെ യുള്ള കേരളത്തിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലെ നിക്ഷേപത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 4.3.1**–ൽ ചേർത്തിരിക്കുന്നു. മാർച്ച് 31, 2020 വരെ തെരഞ്ഞെടുത്ത സംസ്ഥാനങ്ങളിലെ കേന്ദ്ര മേഖലാ നിക്ഷേപം സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 4.3.2**–ൽ ചേർത്തിരിക്കുന്നു.

2013–14 മുതൽ 2019–20 വരെയുള്ള കാലയളവിൽ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലൂടെ കേരളത്തിന് ലഭിച്ച നിക്ഷേപ വിഹിതം **ചിത്രം 4.3.1**–ൽ ചേർത്തിരിക്കുന്നു.

### ജോയിന്റ് സ്റ്റോക്ക് കമ്പനികൾ

2021 മാർച്ച് വരെ കേരളത്തിൽ 39,461 ജോയിന്റ് സ്റ്റോക്ക് കമ്പനികളുണ്ടായിരുന്നു, അതിൽ 37,145 (94 ശതമാനം) സ്വകാര്യ ലിമിറ്റഡ് കമ്പനികളും, 2,316 (6 ശതമാനം) പബ്ലിക് ലിമിറ്റഡ് കമ്പനികളുമാണ്. 2020 മാർച്ചുമായി താരതമ്യപ്പെടുത്തുമ്പോൾ, 2021 മാർച്ചോടെ ജോയിന്റ് സ്റ്റോക്ക് കമ്പനികൾ 5,425 ആയി ഉയർന്നു. 2020–21–ൽ 6,409 കമ്പനികൾ പുതുതായി രജിസ്റ്റർ ചെയ്തു (6094 പ്രൈവറ്റ് ലിമിറ്റഡ്, 315 പബ്ലിക് ലിമിറ്റഡ്). 2020–21 കാലയളവിൽ 60 കമ്പനികളെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും 58 കമ്പനികളെ മറ്റ് സംസ്ഥാനങ്ങളിലേക്കും മാറ്റി. 2020–21 കാലയളവിൽ പിരിച്ചുവിട്ട/സംയോജിപ്പിച്ച കമ്പനികളുടെ എണ്ണം 986 ആയിരുന്നു. 19 പബ്ലിക് ലിമിറ്റഡ് കമ്പനികളെ പ്രൈവറ്റ് ലിമിറ്റഡ് കമ്പനികളായും 12 പ്രൈവറ്റ് ലിമിറ്റഡ് കമ്പനികളെ പബ്ലിക് ലിമിറ്റഡ് കമ്പനികളായും മാറ്റി. 2021 മാർച്ചിലെ മൊത്തം സർക്കാർ കമ്പനികളുടെ എണ്ണം 172 (റെജിസ്ട്രാർ ഓഫ് കമ്പനീസ് കേരള & ലക്ഷദ്വീപ്) ആയി

**ചിത്രം 4.3.1** കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ നിക്ഷേപത്തിൽ കേരളത്തിന്റെ വിഹിതം, ശതമാനത്തിൽ




അവലംബം: പബ്ലിക് എന്റർപ്രൈസസ് സർവ്വേ 2019-20

രുന്നു. കേരളത്തിൽ പ്രവർത്തിക്കുന്ന ജോയിന്റ് സ്റ്റോക്ക് കമ്പനികളുടെ വിശദാംശങ്ങൾ **അനുബന്ധം 4.3.3**–ൽ നൽകിയിരിക്കുന്നു.

## വ്യവസായ വകുപ്പിന്റെ കീഴിലുള്ള സംസ്ഥാന പൊതു മേഖലാ സ്ഥാപനങ്ങൾ

വ്യവസായ വാണിജ്യ വകുപ്പിന് കീഴിൽ 42 പൊതുമേഖലാ യൂണിറ്റുകൾ ഉണ്ട്, അതിൽ കിൻഫ്ര, ഒരു സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷൻ, കെ.എസ്.റ്റി.സി, സഹകരണ മേഖലയ്ക്ക് കീഴിലുള്ള ടെക്സ്റ്റൈൽ കമ്പനികളുടെ ഒരു പരമോന്നത ബോഡി, കെഎസ്ഐഡിസി എന്നിവ ഉൾപ്പെടുന്നു.

2019–20ൽ വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ 3171.77 കോടി രൂപയുടെ വിറ്റുവരവിനെതിരെ 152.98 കോടി രൂപ നഷ്ടം രേഖപ്പെടുത്തി. 2020–21ലും വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ 3321.67 കോടി രൂപയുടെ വിറ്റുവരവിനെതിരെ 137.62 കോടി രൂപ നഷ്ടം രേഖപ്പെടുത്തി(റിയാബ്). ലാഭം നേടുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ തിരുവിതാംകൂർ കൊച്ചി കെമിക്കൽസ് ലിമിറ്റഡ് (ടിസിസി), കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ് (കെഎംഎംഎൽ), കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്,കേരള സ്റ്റേറ്റ് ഇലക്ട്രോണിക് ഡവലപ്മെൻറ് കോർപ്പറേഷൻ, മലബാർ സിമന്റ്സ് എന്നിവ ഉൾപ്പെടുന്നു. കോവിഡ് –19 പൊട്ടിപ്പുറപ്പെട്ടത് പൊതുമേഖലാ സ്ഥാപനങ്ങളുടെ മൊത്തത്തിലുള്ള പ്രകടനത്തെ പ്രതികൂലമായി ബാധിച്ചു.

## വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രധാന നേട്ടങ്ങൾ (2020–2021,2021–22, 2021 സെപ്റ്റംബർ വരെ)

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രധാന നേട്ടങ്ങളിൽ ഇവ ഉൾപ്പെടുന്നു:

**കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ്:**

- മൊത്തം 12 കോടി രൂപ വിഹിതത്തിൽ ഡിസ്ട്രിബ്യൂട്ട് കൺട്രോൾ സിസ്റ്റം (ഡിസിഎസ്) സ്ഥാപിക്കുന്നതിനും നിലവിലുള്ള എൽപിജി സിസ്റ്റം എൽഎൻജിയാക്കി മാറ്റുന്നതിനുമുള്ള പദ്ധതി പൂർത്തിയാക്കുന്നതിന് മൊത്തം 8 കോടി രൂപ.
- കമ്പനിയുടെ ആർ & ഡി വിഭാഗം പുതിയ ടൈറ്റാനിയം ഉൽപന്നങ്ങളായ ആർസി 829, ആർസി 800 പിജി വികസിപ്പിക്കുകയും പുറത്തിറക്കുകയും ചെയ്തു.
- 70 ടിപിഡി ഓക്സിജൻ പ്ലാന്റ് ഉയർന്ന 10 എം.റ്റി.പി ശേഷിയോടെ കമ്മീഷൻ ചെയ്തു.

**തിരുവിതാംകൂർ ടൈറ്റാനിയം പ്രൊഡക്ട്സ് ലിമിറ്റഡ്.**

- സർക്കാറിന്റെ കോവിഡ്–19 പ്രതിരോധ നടപടികളുടെ ഭാഗമായി കമ്പനി ഹാൻഡ് സാനിറ്റൈസർ, ക്ലീനിംഗ് ലോഷൻ എന്നിവ നിർമ്മിക്കാൻ കമ്പനി ഒരു പ്ലാന്റ് കമ്മീഷൻ ചെയ്തിട്ടുണ്ട്.

**കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്**

- കോവിഡ്–19 പൊട്ടിപ്പുറപ്പെട്ടതിനെത്തുടർന്ന് ഈ ഉൽപ്പന്നത്തിന്റെ വർദ്ധിച്ച ആവശ്യം കണക്കിലെടുത്ത് കമ്പനി ആരോഗ്യവകുപ്പിന് 30 ലക്ഷം ലിറ്റർ ഹാൻഡ് സാനിറ്റൈസർ നിർമ്മിച്ച് വിതരണം ചെയ്തു.

**ഓട്ടോകാസ്റ്റ് ലിമിറ്റഡ്:**

- കാസ്നബ് ബോഗികളുടെ നിർമ്മാണം പൂർത്തിയാക്കുകയും റെയിൽവെക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.
- വൈദ്യുതി വാഹനങ്ങൾക്ക് ചാർജിംഗ് സ്റ്റേഷൻ ആരംഭിക്കുകയും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണത്തിന് കേന്ദ്രം ആരംഭിക്കുകയും ചെയ്തു.

**കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡവലപ്മെന്റ് കോർപ്പറേഷൻ**

- കുറഞ്ഞ ഫ്രീക്വൻസി ഡങ്കിംഗ് സോണാറിന്റെ വിതരണം വിജയകരമായി വികസിപ്പിക്കുകയും പൂർത്തിയാക്കുകയും ചെയ്തു.
- മത്സ്യത്തൊഴിലാളികൾക്കായി നേവല്സി റിസീവർ വികസിപ്പിച്ചു.
- കൊച്ചി സ്മാർട്ട് സിറ്റി പ്രോജക്റ്റിനായി ഇന്റഗ്രേറ്റഡ് ട്രാഫിക് മാനേജ്മെന്റ് സിസ്റ്റം (ഐടിഎംഎസ്) നടപ്പിലാക്കുന്നതിനുള്ള ഓർഡർ ലഭിച്ചു.

**യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്:**

- വാണിജ്യാടിസ്ഥാനത്തിലുള്ള സ്മാർട്ട് എനർജി മീറ്ററിന്റെ ഉത്പാദനവും, സ്മാർട്ട് വാട്ടർ മീറ്റർ നിർമ്മിക്കുന്നതിനുള്ള സജ്ജീകരണ സൗകര്യവും ആരംഭിച്ചു.
- കമ്പനി ആരംഭിച്ച വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം നിർമ്മിക്കുന്നതിന് സി–ഡാക്കിൽ നിന്ന് അനുമതി ലഭിച്ചു.
- കമ്പനി വ്യാവസായിക സുരക്ഷാ വകുപ്പിൽ നിന്ന് 2020 ൽ സുരക്ഷാ അവാർഡ് കരസ്ഥമാക്കി.

**കേരള സെറാമിക്സ് ലിമിറ്റഡ്.**

- ഉൽപ്പാദനം ഇരട്ടിയാക്കുന്നതിന് കാരണമായ നവീകരണ പദ്ധതികളുടെ ആദ്യ ഘട്ടം പൂർത്തിയാക്കി. ഇന്ധന സ്രോതസ്സ് എൽപിജിയിൽ നിന്ന് എൽഎൻജിയിലേക്ക് മാറ്റുന്നതിനുള്ള പദ്ധതിയും പൂർത്തിയാക്കി.

**കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്.**

- 12 കോടി രൂപ ചെലവിൽ പവർ ട്രാൻസ്ഫോർമറുകൾ നിർമ്മിക്കുന്നതിനുള്ള സൗകര്യം സ്ഥാപിക്കുന്നതിനുള്ള പദ്ധതി പൂർത്തിയാക്കി. മാമല യൂണിറ്റിൽ ഒരു ഇവി ചാർജിംഗ് സ്റ്റേഷനും കമ്പനി സജ്ജീകരിച്ചിട്ടുണ്ട്.

**ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്:**

- ഉൽപ്പാദന ശേഷി വർദ്ധിപ്പിക്കുന്നതിനായി ബാലൻസിങ് മെഷിനറികൾ സ്ഥാപിക്കുകയും കാലാവസ്ഥാ പ്രൂഫ് കേബിളുകൾ നിർമ്മിക്കുന്നതിനായി ഒരു പുതിയ ലൈൻ സജ്ജീകരിക്കുകയും ചെയ്തു.

**കേരള ക്ലേസ് ആൻഡ് സെറാമിക് പ്രൊഡക്ട്സ് ലിമിറ്റഡും മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡും.**

- വൈവിധ്യവൽക്കരണ പദ്ധതികളുടെ ഭാഗമായി പെട്രോൾ പമ്പുകൾ സ്ഥാപിച്ചു.

## പൊതുമേഖലാ സ്ഥാപനങ്ങളുടെ മറ്റ് പ്രധാന നേട്ടങ്ങൾ

- ടെക്സ്റ്റൈൽസ് മേഖലയുടെ മൊത്തത്തിലുള്ള പ്രകടനം മെച്ചപ്പെട്ടു. മേഖലയിലെ മൂന്ന് യൂണിറ്റുകൾ പ്രവർത്തന ലാഭം റിപ്പോർട്ട് ചെയ്തിട്ടുണ്ട്, ശേഷിക്കുന്ന യൂണിറ്റുകൾക്ക്

നഷ്ടം കുറയ്ക്കാൻ കഴിയും.

- ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡ്(ബി.എച്ച്..ഇ.എൽ), ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡ്–ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ് (ബി.എച്ച്.ഇ.എൽ–ഇ.എം.എൽ), എന്നിവയുടെ 51% വിഹിതം കേരള സർക്കാർ ഏറ്റെടുത്ത് സംസ്ഥാന പൊതുമേഖലാ സ്ഥാപനമാക്കി മാറ്റി.
- കോർപ്പറേറ്റ് പരാപ്പരത്ത പരിഹാര പ്രക്രിയയിലൂടെ എൻ.സി.എൽ.ടി കൊച്ചി ബെഞ്ചിന്റെ അംഗീകൃത റെസല്യൂഷൻ മുഖേന ഭാരതസർക്കാരിന്റെ കീഴിലുള്ള ഒരു പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ്, വെള്ളൂരിനെ കേരളസർക്കാർ ഏറ്റെടുത്തു.
- പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ റിക്രൂട്ട്മെന്റിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനായി കേരള സ്റ്റേറ്റ് പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ആൻഡ് റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു.

വ്യവസായ വകുപ്പിന് കീഴിലുള്ള സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രകടനം കഴിഞ്ഞ 6 വർഷങ്ങളിൽ **അനുബന്ധം 4.3.4**–ൽ നൽകിയിരിക്കുന്നു.

വ്യവസായ വകുപ്പിന് കീഴിലുള്ള സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ മേഖല തിരിച്ചുള്ള സാമ്പത്തിക പ്രകടനം **പട്ടിക 4.3.1**–ൽ കാണിച്ചിരിക്കുന്നു

വ്യാവസായിക മേഖലയിലെ കെമിക്കൽ, ഇലക്ട്രോണിക് മേഖലകൾക്ക് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ 2020–21 കാലയളവിൽ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ മികച്ച പ്രകടനത്തിന് കാരണമായി. അതേസമയം, ടെക്സ്റ്റൈൽ മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടം രേഖപ്പെടുത്തി, സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ മൊത്തത്തിലുള്ള പ്രകടനം കുറയ്ക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുജ്ജീവിപ്പിക്കാനും കേരളത്തിലെ വ്യാവസായിക മേഖലയുടെ സാങ്കേതിക പരിവർത്തനത്തിന്റെ ഏജന്റായി ഉയർന്നുവരാൻ സഹായിക്കാനുമുള്ള ശ്രമങ്ങൾ സംസ്ഥാന സർക്കാർ ആരംഭിച്ചു.

സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ വിറ്റുവരവ് 2019–20 നെ അപേക്ഷിച്ച് 2020–21 ൽ 4.7 ശതമാനം വർധനയുണ്ടായി . 2020–21, 2021–22 (2021 സെപ്റ്റംബർ) വരെയുമുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ വിറ്റുവരവ്, ലാഭം/നഷ്ടം സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം 4.3.5**–ൽ കൊടുത്തിരിക്കുന്നു.

പന്ത്രണ്ടാം പദ്ധതി കാലയളവിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് പോലും സംസ്ഥാന ബജറ്റ് വിഹിതത്തെയാണ് ആശ്രയിച്ചിരുന്നത്. എന്നാൽ, പന്ത്രണ്ടാം പദ്ധതിയുടെ അവസാന വർഷം മുതൽ (2016–17) വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനുമുള്ള പ്രധാന നടപടികൾ കൈക്കൊണ്ടുവരുന്നു.

### ഭാവി പരിപാടികൾ

പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭമുണ്ടാക്കുന്ന സംരംഭങ്ങൾ മാത്രമായി ചുരുങ്ങാതെ പൊതു സ്വകാര്യ മേഖലകളിൽ ഉയർന്ന സാങ്കേതിക സംരംഭങ്ങൾക്ക് പ്രവർത്തനക്ഷമമായ അന്തരീക്ഷം സൃഷ്ടിക്കുന്ന സ്ഥാപനങ്ങളായി മാറ്റിയെടുക്കേണ്ടതുണ്ട്. സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയുമായി പൊതുമേഖല സ്ഥാപനങ്ങളെ ബന്ധിപ്പിക്കേണ്ടതുണ്ട്. അതിനായി, കേരളത്തിൽ നിന്നു തന്നെ അസംസ്കൃത വസ്തുക്കൾ കഴിയുന്നത്ര ശേഖരിക്കുകയും താഴെ തട്ടിലുള്ള വ്യവസായങ്ങളെ പിന്തുണയ്ക്കുകയും സഹായിക്കുകയും ചെയ്യുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ വികസനത്തിനും പുനരുദ്ധാരണത്തിനും ഗവൺമെന്റ് പ്രതിജ്ഞാബദ്ധരാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പൊതുവായ പ്രവർത്തനങ്ങളെ നിരീക്ഷിക്കുന്നതിലേക്ക് പ്രൊഫഷണൽ മാനേജർമാരെ നിയമിക്കും. സുതാര്യമായ രീതിയിൽ ഉന്നതതലത്തിലുള്ള മാനേജർമാരുടെ ഒരു കേഡർ തിരഞ്ഞെടുക്കുന്നതിനായി പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡിന് രൂപം നൽകി. ഒരേ തരത്തിലുള്ള ഉൽപന്നങ്ങൾ നിർമ്മിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ സംയോജിപ്പിച്ച് അവരുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട്.

### പബ്ലിക് സെക്ടർ റീസ്ട്രക്ച്ചറിംഗ് ആൻഡ് ഇന്റേണൽ ആഡിറ്റ് ബോർഡ് (റിയാബ്)

വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന റിയാബിലൂടെയാണ് സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പരിഷ്കരണ/നവീകരണ പദ്ധതികൾ നടപ്പാക്കുന്നത്. വ്യവസായ വകുപ്പിന്റെ കീഴിൽ വരുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുജ്ജീവന/പുനരുദ്ധാരണ പരിപാടികൾ നടപ്പിലാക്കുന്നതിൽ റിയാബ് ഒരു പ്രധാന പങ്കാണ് വഹിക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ആസൂത്രണം ചെയ്യുകയും നിരീക്ഷിക്കുകയും ചെയ്യുക, സ്ഥാപന പുനഃനിർമ്മാണം, ശേഷി വർദ്ധിപ്പിക്കൽ, പൊതു മേഖലാ സ്ഥാപനങ്ങളിലേയ്ക്കുള്ള നിയമനങ്ങൾ, പൊതുമേഖലാസ്ഥാപനങ്ങൾക്ക് ഭരണപരമായ ഉപദേശക സഹായവും നൽകുക എന്നിവയാണ് ഏജൻസിയുടെ പ്രധാന ഉത്തരവാദിത്വങ്ങൾ.

### വ്യാവസായിക പ്രോത്സാഹനവും അടിസ്ഥാന സൗകര്യ വികസന ഏജൻസികളും

കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി), കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (കെ.എഫ്.സി) എന്നിവയാണ് സംസ്ഥാനത്തെ പ്രധാന വ്യവസായ ധനസഹായ ഏജൻസികൾ. വ്യാവസായിക ധനസഹായത്തിനു പുറമെ വ്യാവസായിക വളർച്ചയ്ക്ക് ആവശ്യമായ ഭൗതികവും സാമൂഹികവുമായ അടിസ്ഥാന സൗകര്യങ്ങൾ കെ.എസ്.ഐ.ഡി.സി പ്രോത്സാഹിപ്പിക്കുകയും സുഗമമാക്കുകയും ചെയ്യുന്നു. കൂടാതെ, വ്യാവസായിക അടിസ്ഥാന സൗകര്യ വികസനത്തിന് കിൻഫ്രയും ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

### കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി)

കേരളത്തിൽ ഇടത്തര–വൻകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും വേണ്ടി സംസ്ഥാന സർക്കാരിന്റെ സമ്പൂർണ്ണ ഉടമസ്ഥതയിൽ 1961 ൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന കമ്പനിയാണ് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ

**പട്ടിക 4.3.1** വ്യവസായ വകുപ്പിന് കീഴിലുള്ള സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ: പദ്ധതിവിഹിതം, വിറ്റുവരവ്, അറ്റാദായം (രൂപ കോടിയിൽ)

| ഇനങ്ങൾ | | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 (30/9/2021 വരെ) |
|---|---|---|---|---|---|---|---|
| കെമിക്കൽ മേഖല | (ആകെ യൂണിറ്റ്) | 7 | 7 | 7 | 7 | 7 | 7 |
| | പദ്ധതി വിഹിതം | 19.70 | 19.50 | 28.22 | 21.07 | 43.24 | 7.48 |
| | ടേൺ ഓവർ | 1,311.99 | 1,432.68 | 1,634.39 | 1,454.44 | 1,532.60 | 903.34 |
| | പ്രവർത്തന ലാഭം | 106.34 | 268.02 | 241.59 | 56.39 | 163.33 | 153.23 |
| | അറ്റാദായം | 9.80 | 221.63 | 189.05 | 55.09 | 95.33 | 115.84 |
| ഇലക്ട്രിക്കൽ മേഖല | (ആകെ യൂണിറ്റ്) | 4 | 4 | 4 | 4 | 4 | 4 |
| | പദ്ധതി വിഹിതം | 15.50 | 17.86 | 32.95 | 7.43 | 29.00 | 10.50 |
| | ടേൺ ഓവർ | 453.70 | 376.46 | 575.45 | 502.60 | 482.15 | 86.39 |
| | പ്രവർത്തന ലാഭം | -12.87 | -1.28 | 11.90 | -16.58 | -20.06 | -40.09 |
| | അറ്റാദായം | -19.67 | -34.18 | -19.91 | -18.75 | -58.18 | - 57.08 |
| എഞ്ചിനീയറിംഗ് മേഖല | (ആകെ യൂണിറ്റ്) | 6 | 6 | 6 | 6 | 6 | 6 |
| | പദ്ധതി വിഹിതം | 12.85 | 25.86 | 30.45 | 16.00 | 40.49 | 18.84 |
| | ടേൺ ഓവർ | 120.77 | 128.58 | 152.38 | 155.13 | 183.39 | 84.74 |
| | പ്രവർത്തന ലാഭം | -13.94 | -16.35 | -25.22 | -16.60 | -7.47 | -13.88 |
| | അറ്റാദായം | -42.42 | -45.71 | -53.96 | -42.63 | -36.68 | -30.20 |
| ഇലക്ട്രോണിക്സ് മേഖല | (ആകെ യൂണിറ്റ്) | 3 | 3 | 3 | 3 | 3 | 3 |
| | പദ്ധതി വിഹിതം | 2.75 | 2.68 | 10.57 | 2.51 | 7.96 | 8.97 |
| | ടേൺ ഓവർ | 460.85 | 480.59 | 546.88 | 530.44 | 535.19 | 167.72 |
| | പ്രവർത്തന ലാഭം | 2.61 | 22.71 | 21.56 | 19.27 | 26.81 | -4.70 |
| | അറ്റാദായം | -17.83 | 4.77 | 8.71 | 4.38 | 9.97 | -13.06 |
| ടെക്സ്റ്റയിൽ മേഖല | (ആകെ യൂണിറ്റ്) | 10 | 10 | 11 | 11 | 11 | 11 |
| | പദ്ധതി വിഹിതം | 34.80 | 23.81 | 22.20 | 19.40 | 40.91 | 4.87 |
| | ടേൺ ഓവർ | 114.64 | 134.52 | 155.28 | 159.24 | 181.19 | 128.38 |
| | പ്രവർത്തന ലാഭം | -39.10 | -45.69 | -39.85 | -49.04 | -15.34 | -2.66 |
| | അറ്റാദായം | -86.63 | -92.43 | -95.66 | -114.64 | -87.57 | -45.24 |

| | | | | | | | |
|---|---|---|---|---|---|---|---|
| സെറാമിക് മേഖല | (ആകെ യൂണിറ്റ്) | 2 | 2 | 2 | 2 | 2 | 2 |
| | പദ്ധതി വിഹിതം | 4.94 | 4.94 | 16.20 | 3.02 | 14.48 | 6.75 |
| | ടേൺ ഓവർ | 4.67 | 5.76 | 10.26 | 11.53 | 37.34 | 27.11 |
| | പ്രവർത്തന ലാഭം | –5.41 | –9.50 | –1.31 | –1.17 | – 2.34 | –0.96 |
| | അറ്റാദായം | –10.92 | –15.35 | –6.97 | –10.45 | –11.97 | –6.59 |
| പരമ്പരാഗത തടി അധിഷ്ഠിത വ്യവസായങ്ങൾ | (ആകെ യൂണിറ്റ്) | 7 | 7 | 7 | 7 | 7 | 7 |
| | പദ്ധതി വിഹിതം | 4.90 | 7.10 | 7.45 | 5.08 | 15.00 | 9.83 |
| | ടേൺ ഓവർ | 140.91 | 127.15 | 128.70 | 141.35 | 67.29 | 27.33 |
| | പ്രവർത്തന ലാഭം | –13.79 | –19.60 | –21.49 | –15.65 | –27.78 | –12.29 |
| | അറ്റാദായം | –22.97 | –30.68 | –26.42 | –24.83 | –34.43 | –15.69 |
| വികസന മേഖല | (ആകെ യൂണിറ്റ്) | 2 | 2 | 2 | 2 | 2 | 2 |
| | പദ്ധതി വിഹിതം | 5.50 | – | – | 1.10 | 17.10 | 4.50 |
| | ടേൺ ഓവർ | 198.62 | 253.58 | 282.52 | 217.04 | 302.52 | 60.43 |
| | പ്രവർത്തന ലാഭം | –13.32 | –7.97 | –0.83 | 2.13 | –5.86 | –6.18 |
| | അറ്റാദായം | –22.17 | –14.56 | –4.18 | –1.15 | –14.09 | –11.36 |
| മൊത്തം | (ആകെ യൂണിറ്റ്) | 41 | 41 | 42 | 42 | 42 | 42 |
| | പദ്ധതി വിഹിതം | 100.94 | 101.75 | 148.04 | 75.61 | 208.18 | 71.74 |
| | ടേൺ ഓവർ | 2,806.15 | 2,939.32 | 3,485.86 | 3,171.77 | 3,321.67 | 1,485.44 |
| | പ്രവർത്തന ലാഭം | 36.26 | 192.90 | 186.35 | 11.91 | 111.29 | 72.47 |
| | അറ്റാദായം | –212.81 | –6.51 | –9.34 | –152.98 | –137.62 | –63.38 |

അവലംബം: റിയാബ്

(കെ.എസ്.ഐ.ഡി.സി). കേരളത്തിന്റെ സാമ്പത്തിക വികസനത്തിന് തന്ത്രപ്രധാനമായ പല വ്യവസായ പശ്ചാത്തല വികസന പദ്ധതികളും കെ.എസ്.ഐ.ഡി.സി ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ സ്വകാര്യ വ്യവസായിക പ്രോജക്ടുകളെ പ്രോത്സാഹിപ്പിക്കുന്നതിനും നിക്ഷേപ പ്രോത്സാഹന ഉദ്യമങ്ങളെ മുന്നോട്ട് നയിക്കുന്നതിനും, വ്യവസായിക അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങളുടെ വികസനത്തിനും ജൈവവ്യവസ്ഥയ്ക്കും സംരംഭകരെ വളർത്തുന്നതിനും സ്റ്റാർട്ട് അപ്പുകൾക്ക് പിന്തുണ നൽകുന്നതിനും ഒരു പ്രധാന പങ്ക് കെ.എസ്.ഐ.ഡി.സി വഹിക്കുന്നു. സംസ്ഥാനത്ത്, ആഭ്യന്തരവും വിദേശീയവുമായ വ്യവസായ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നോഡൽ ഏജൻസി എന്ന നിലയിൽ കെ.എസ്.ഐ.ഡി.സി നിക്ഷേപകർക്ക് സമഗ്രമായ പിന്തുണയും സഹായവും നൽകി വരുന്നു. വിവിധ ആനുകൂല്യങ്ങളും പദ്ധതികളും പരിശോധിക്കുവാൻ വേണ്ടിയുള്ള ക്രമീകരണങ്ങൾ നടത്തുകയും, സർക്കാരും വ്യവസായ മേഖലയും ബന്ധപ്പെട്ടു പ്രവർത്തിക്കുന്നതിനുള്ള അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യുന്നു.

സംസ്ഥാനത്ത് എന്റർപ്രൈസ് സ്ഥാപിക്കുന്ന നിക്ഷേപകർക്കുള്ള ഏക പോയിന്റ് കോൺടാക്റ്റായി കെഎസ്ഐഡിസി പ്രവർത്തിക്കുന്നു. ബിസിനസ് ആശയങ്ങൾ പ്രായോഗിക പദ്ധതികളാക്കി വികസിപ്പിക്കുന്നതിനുള്ള പിന്തുണ, സാധ്യതാപഠനങ്ങൾ നടത്തുന്നതിനുള്ള സഹായം, വികസിപ്പിച്ച അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കൽ, പ്രോജക്ട് ആശയരൂപീകരണം മുതൽ കമ്മീഷൻ ചെയ്യൽ വരെ നിക്ഷേപകനെ കൈപിടിച്ചുയർത്തുന്നതിനുള്ള സമയോചിതമായ അംഗീകാരങ്ങളും അനുമതികളും കെഎസ്ഐഡിസി വാഗ്ദാനം ചെയ്യുന്നു. ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ സ്ഥാപിക്കുക, മെന്ററിംഗ് സെഷനുകൾ നൽകുക, സ്റ്റാർട്ടപ്പിനായി വിത്ത് ഫണ്ട് വർദ്ധിപ്പിക്കുക എന്നിവയിലൂടെ സ്റ്റാർട്ടപ്പുകൾക്കായി പ്രാപ്തമാക്കുന്ന ഒരു ഇക്കോസിസ്റ്റം സൃഷ്ടിക്കാൻ കെഎസ്ഐഡിസി പരിശ്രമിച്ചു.

വിവിധ വ്യവസായ യൂണിറ്റുകൾക്കും വിവിധ മെഗാ പ്രോജക്ടുകൾക്കും ധനസഹായം നൽകുന്നതിന് പുറമെ കെ.എസ്.ഐ.ഡി.സി നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്.

**പട്ടിക 4.3.2** കെ.എസ്.ഐ.ഡി.സി യുടെ പ്രധാന സാമ്പത്തിക പരാമീറ്ററുകൾ (കോടി രൂപയിൽ)

| വിശദാംശങ്ങൾ | 2016–17 | 2017–18 | 2018–19 | 2019–20 |
|---|---|---|---|---|
| മൊത്തം ആസ്തി | 669 | 777.3 | 703.7 | 621.2 |
| ആകെ ചിലവുകൾ | 13.7 | 44.9 | 14.7 | 16.3 |
| ജീവനക്കാരുടെ ചിലവുകൾ | 9.1 | 10.3 | 8.9 | 10.6 |
| അറ്റലാഭം/നഷ്ടം (+/–) | 34.5 | 33.6 | 33.8 | 41.8 |
| ഓഡിറ്റ് നില | ഓഡിറ്റ് ചെയ്തത് | | | പൂർത്തിയാക്കിയിട്ടില്ല |

അവലംബം: ബി.പി.ഇ അവലോകനം 2019-20

കെ.എസ്.ഐ.ഡി.സി നടപ്പിലാക്കി കൊണ്ടിരിക്കുന്ന പ്രധാന പദ്ധതികൾ **ബോക്സ് 4.3.2**–ൽ കൊടുത്തിരിക്കുന്നു.

### സാമ്പത്തിക സ്ഥിതി

2019–20 ൽ കോർപറേഷൻ 41.8 കോടി രൂപ അറ്റാദായമായി നേടി. കഴിഞ്ഞ 4 വർഷങ്ങളിലെ കെ.എസ്.ഐ.ഡി.സി യുടെ ചില പ്രധാന സാമ്പത്തിക പരാമീറ്ററുകൾ **പട്ടിക 4.3.2–**ൽ കൊടുത്തിരിക്കുന്നു.

### കെ.എസ്.ഐ.ഡി.സി യുടെ വ്യാവസായിക ധനസഹായ പ്രവർത്തനങ്ങൾ

2020–21–ൽ 336.54 കോടി രൂപയുടെ പദ്ധതികൾക്ക് കെ.എസ്.ഐ.ഡി.സി അനുമതി നൽകി. ഈ പദ്ധതികൾ 758 പേർക്ക് നേരിട്ടും അല്ലാതെയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കോർപ്പറേഷൻ 312.26 കോടി വിതരണം ചെയ്തു, മൊത്തം 80.26 കോടി രൂപ മുതലും പലിശയും വഴി കണ്ടെടുത്തു. നിലവിൽ 510.05 കോടി രൂപ മുതൽ മുടക്കിൽ 12 പ്രോജക്ടുകൾ നടപ്പാക്കുന്നുണ്ട്, ഇത് 1,705 പേർക്ക് തൊഴിൽ സൃഷ്ടിക്കും. കെഎസ്ഐഡിസിയുടെ ഭൗതികവും സാമ്പത്തികവുമായ പ്രകടനം 2020–21 ലും 2021–22 ലും (2021 ഒക്ടോബർ വരെ) **അനുബന്ധം 4.3.6–**ൽ നൽകിയിരിക്കുന്നു.

കെ.എസ്.ഐ.ഡി.സി യ്ക്ക് ലഭിച്ച പദ്ധതി തുകയും ചെലവ് വിവരങ്ങളും 2016–17 മുതൽ 2021–22 വരെ **പട്ടിക 4.3.3–**ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 4.3.3** കെ.എസ്.ഐ.ഡി.സി യ്ക്ക് ലഭിച്ച പദ്ധതി തുകയും ചെലവ് വിവരങ്ങളും 2016–17 മുതൽ 2021–22 വരെ (രൂപ കോടിയിൽ)

| ക്രമ നം | വർഷം | പദ്ധതി വിഹിതം | ചെലവ് | ശതമാനം |
|---|---|---|---|---|
| 1 | 2016–17 | 87.5 | 75.5 | 86.3 |
| 2 | 2017–18 | 96.3 | 171.7 | 178.4 |
| 3 | 2018–19 | 134.4 | 77.5 | 57.7 |
| 4 | 2019–20 | 116.0 | 15.9 | 13.7 |
| 5 | 2020–21 | 109 | 84.32 | 77.36 |
| 6 | 2021–22* | 109 | 15.55 | 14.27 |

അവലംബം- ബജറ്റ് എസ്റ്റിമേറ്റ്
*2021 ഒക്ടോബർ വരെയുള്ള ചെലവുകൾ

### കെ.എസ്.ഐ.ഡി.സി യുടെ പ്രധാന പ്രോത്സാഹന പ്രവർത്തനങ്ങൾ

### ഈസ് ഓഫ് ഡ്യൂയിംഗ് ബിസ്സിനസ്

ഈസ് ഓഫ് ഡ്യൂയിംഗ് ബിസ്സിനസ് മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച പരിഷ്കരണ നടപടികളുടെ അടിസ്ഥാനത്തിൽ ഇന്ത്യാ ഗവൺമെന്റിന്റെ ഇന്റസ്ട്രിയൽ പോളിസി ആൻഡ് പ്രൊമോഷൻ വകുപ്പ് (ഡി.ഐ.പി.പി) വർഷംതോറും സംസ്ഥാനങ്ങളെ റാങ്ക് ചെയ്യുന്നു. കേരളത്തിൽ ഒരു വ്യവസായ യൂണിറ്റ് ആരംഭിക്കുന്നതിനായുള്ള ക്ലിയറൻസ്

**ബോക്സ് 4.3.2** കെ.എസ്.ഐ.ഡി.സി യുടെ പ്രധാന പ്രവർത്തനങ്ങളും നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളും

- ഇടത്തര – വൻകിട വ്യവസായങ്ങൾക്ക് ധനസഹായവും പിന്തുണയും നൽകുക
- കേരളത്തിൽ നിക്ഷേപങ്ങളെ പ്രോത്സാഹിപ്പിക്കുക
- വ്യാവസായിക വളർച്ചാ കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനം.
- കേരളത്തിൽ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് (ഇ.ഒ.ഡി.ബി) പ്രോത്സാഹിപ്പിക്കുക
- വിവിധ സ്റ്റാർട്ട് അപ് സംരംഭങ്ങൾക്ക് പിന്തുണ നൽകുക
- സംരംഭക സഹായം
- ഏഞ്ചൽ/സീഡ് ഫണ്ട് പദ്ധതി.
- ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്ക്, കൊച്ചി
- ലൈഫ് സയൻസ് പാർക്ക് – ലൈഫ് സയൻസ് മേഖലയിൽ സ്വകാര്യ വ്യവസായങ്ങളെയും ഗവേഷണവികസന സ്ഥാപനങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി.
- ലൈറ്റ് എഞ്ചിനിയറിംഗ് ഇൻഡസ്ട്രിയൽ പാർക്ക്, പാലക്കാട്–രണ്ടാം ഘട്ടം.
- ബിസിനസ്സ് ഇൻകുബേറ്റർ
- മെഡിക്കൽ ഡിവൈസസ് പാർക്ക് (മെഡ്സ്പാർക്ക്)
- മെഗാ ഫുഡ് പാർക്ക്

നടപടിയ്ക്കായി നിലവിലുള്ള ചട്ടങ്ങളെയും വകുപ്പുകളെയും പരിഷ്കരിക്കുന്നതിനെപ്പറ്റി കെ.എസ്.ഐ.ഡി.സി ഒരു പഠനം നടത്തുകയും, റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ടിൽ ഉള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 7 ആക്ട്കളിൽ ഭേദഗതി വരുത്തുന്നതിനുള്ള തീരുമാനം സംസ്ഥാന കാബിനറ്റ് അംഗീകരിച്ചു. ഇതിനെത്തുടർന്ന് ഇ.ഒ.ഡി.ബി യുടെ ഭാഗമായി സംസ്ഥാന സർക്കാർ കേരളാ ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്ട് 2018 ൽ പ്രസിദ്ധീകരിച്ചു.

"കേരള മൈക്രോ സ്മോൾ മീഡിയം എന്റർപ്രൈസസ് ഫെസിലിറ്റേഷൻ ആക്ട് 2019" നടപ്പിലാക്കിയത്, 10 കോടി രൂപ വരെ മൂലധന നിക്ഷേപമുള്ളതും ലൈസൻസുകൾ, അംഗീകാരങ്ങൾ, പെർമിറ്റുകൾ തുടങ്ങിയവയിൽ നിന്ന് മലിനീകരണ നിയന്ത്രണ ബോർഡ് വിജ്ഞാപനം ചെയ്ത റെഡ് കാറ്റഗറിയിൽ പെടാത്തതുമായ എല്ലാ പ്രോജക്റ്റുകളും ഒഴിവാക്കുന്ന ഒരു ഓട്ടോമേറ്റഡ് അപ്രൂവൽ റൂട്ട് നടപ്പിലാക്കുന്നതിനാണ്. ആദ്യത്തെ മൂന്ന് വർഷം സംസ്ഥാന ഭരണത്തിൻ കീഴിൽ നടപ്പിലാക്കുന്നു. ഇന്നത്തെ കണക്കനുസരിച്ച് 13,863-ലധികം എംഎസ്എംഇ-കൾ സംസ്ഥാനത്തുടനീളം എംഎസ്എംഇ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നിയമനിർമ്മാണത്തിനുള്ള ഇളവുകൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

## വേഗതയേറിയതും സുതാര്യവുമായ ഓൺ ലൈൻ ഏകജാലക ക്ലിയറൻസ് സംവിധാനം (കെ.സ്വിഫ്റ്റ്)

സംസ്ഥാനത്ത് വ്യവസായ പദ്ധതികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ലഘൂകരിക്കുന്നതിനായി കേരള സർക്കാർ ഒരു 'ഏകജാലക ക്ലിയറൻസ് സംവിധാനം' ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ സംസ്ഥാനത്തെ നോഡൽ ഏജൻസിയാണ് കെ.എസ്.ഐ.ഡി.സി. ഓൺലൈൻ ക്ലിയറൻസ് സംവിധാനവും ഓൺലൈൻ പൊതു അപേക്ഷ ഫോമുകളും വികസിപ്പിക്കുന്നതിനായി നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിനെ (എൻ.ഐ.സി) ചുമതലപ്പെടുത്തിയിട്ടുണ്ട്. സമയബന്ധിതമായി ലൈസൻസുകളും അംഗീകാരങ്ങളും നൽകുന്ന വിഷയത്തിൽ സർക്കാരുമായുള്ള ഭാവിയിലെ എല്ലാ ഇടപാടുകൾക്കും കെ.സ്വിഫ്റ്റ് വേദിയാകും. 2021 ഒക്ടോബർ 20 വരെയുളള കണക്കനുസരിച്ച്, ആകെ രജിസ്റ്റർ ചെയ്തിട്ടുള്ള 27,776 സംരംഭകർ കെ. സ്വിഫ്റ്റ് സംവിധാനം ഉപയോഗിക്കുകയും 21 വകുപ്പുകളുടെ 75 പ്ലസ് സേവനങ്ങൾ പ്രയോജനപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

## സാമ്പത്തിക സഹായം

സംസ്ഥാനത്തെ ഇടത്തരം, വൻകിട വ്യവസായങ്ങൾക്കായി കെഎസ്ഐഡിസി നിരവധി ധനസഹായ സഹായ പദ്ധതികൾ ആരംഭിച്ചു. കെഎസ്ഐഡിസിയുടെ ദീർഘകാല വായ്പ സഹായം ഒരു പദ്ധതിയിൽ പരമാവധി 100 കോടി രൂപ വരെ പരിമിതപ്പെടുത്തിയിരിക്കുന്നു. ടേം ലോൺ, ഹ്രസ്വകാല വാസൗകര്യം, മെന്ററിംഗ് സപ്പോർട്ട് തുടങ്ങിയ നൂതന സംരംഭങ്ങൾക്ക് കെഎസ്ഐഡിസി യുവ സംരംഭകർ, ഉപകരണങ്ങൾ വാങ്ങൽ വായ്പകൾ, പ്രവർത്തന മൂലധന വായ്പകൾ, കോർപ്പറേറ്റ് വായ്പകൾ, ഇക്വിറ്റി / പ്രിഫറൻസ് ഷെയർ നിക്ഷേപങ്ങൾ എന്നിവയാണ് കെഎസ്ഐഡിസി നൽകുന്ന വിവിധ തരം വായ്പകൾ. വിത്ത് ഫണ്ട് സഹായം, ഇൻകുബേഷൻ ഭകരെ പിന്തുണയ്ക്കുന്നു. ഇക്വിറ്റി ഷെയർ ക്യാപിറ്റലിന് സോഫ്റ്റ് ലോൺ വഴി വിത്ത് ഫണ്ട് നൽകുന്നു. ഈ പരിപാടി ആരംഭിച്ചതിനുശേഷം നൂറിലധികം കമ്പനികൾക്ക് 22 കോടി രൂപയിലധികം അനുമതി നൽകി.

കേരള സമ്പദ്‌വ്യവസ്ഥയുടെ വളർച്ചയുടെ ഒരു പ്രധാന മേഖലയാണ് വനിതാ സംരംഭകത്വകരെ പ്രോത്സാഹിപ്പിക്കുക എന്ന് കെഎസ്ഐഡിസി തിരിച്ചറിഞ്ഞു. കെഎസ്ഐഡിസിയുടെ വനിതാ സംരംഭകത്വ ദൗത്യം നിലവിലുള്ള വനിതാ സംരംഭകരെ അവരുടെ ബിസിനസ്സ് സംരംഭങ്ങൾ വർദ്ധിപ്പിക്കുന്നതിന് തിരിച്ചറിയുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും പിന്തുണ നൽകുന്നതിനുമായി ആരംഭിച്ച മറ്റൊരു സംരംഭമാണ്. ഈ പ്രോഗ്രാമിന് കീഴിലുള്ള സഹായത്തിന്റെ അളവ് ഫണ്ട് ആവശ്യകതയുടെ 80 ശതമാനം അല്ലെങ്കിൽ പരമാവധി 25 ലക്ഷമായി പരിമിതപ്പെടുത്തിയിരിക്കുന്നു, ഏതാണോ കുറവ് അത്.

## കെഎസ്ഐഡിസിയുടെ ദുരിതാശ്വാസ പാക്കേജ്

കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ, 2020-ലെ 'വ്യവസായ ഭദ്രത' പാക്കേജിൽ ഉൾപ്പെടുത്തിക്കൊണ്ട് കെഎസ്ഐഡിസി അതിന്റെ ഉപഭോക്താക്കൾക്കായി നടപ്പിലാക്കിയ സമാശ്വാസ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

- പുതുതായി ഭൂമി ലഭ്യമാക്കിയവർക്കുള്ള തവണ അടവ് നയം.
- 20 ശതമാനം മാത്രം മുൻകൂർ അടവ് ആയി സ്വീകരിച്ചുകൊണ്ട് പുതുതായി ഭൂമി അനുവദിച്ചു നൽകുന്നു.
- ഭൂമിയിന്മേലുള്ള തവണ അടവുകൾ ഒരു വർഷത്തേക്ക് മരവിപ്പിച്ചു നൽകി.
- കെഎസ്ഐഡിസി,കിൻഫ്ര പാർക്കുകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ 2020 ഏപ്രിൽമാസം മുതൽ 2021 മാർച്ച് മാസം വരെ ഒടുക്കേണ്ടതായ ഭൂമി പാട്ടം/അടവ് മരവിപ്പിച്ചു.
- 2020 മാർച്ച് മുതൽ 2020 മെയ് വരെ കെഎസ്ഐഡിസി, കിൻഫ്ര പാർക്കുകളിലെ നിക്ഷേപകർ നിലവിൽ കൈവശം വച്ചിരിക്കുന്ന സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറികളുടെ വാടക മൂന്നു മാസത്തേക്ക് ഒഴിവാക്കി.
- 2020 മാർച്ച് മാസം മുതൽ 2020 മെയ് വരെയുള്ള 3 മാസത്തേക്ക് പൊതു സൗകര്യങ്ങളിൽ ഇടാക്കിയ നിരക്കുകൾ ഒഴിവാക്കി.
- മൂന്ന് മാസത്തേക്ക് കെഎസ്ഐഡിസിയുടെ എല്ലാ പ്രവർത്തന യൂണിറ്റുകൾക്കും മുതലും പലിശയും അടയ്ക്കുന്നതിനുള്ള മൊറട്ടോറിയം അനുവദിച്ചു.
- കെഎസ്ഐഡിസിയിലെ ടോപ്പ് അപ്പ് വായ്പകൾ
- കെഎസ്ഐഡിസിയുടെ നിലവിലുള്ള സംരംഭകർക്ക് അടിയന്തിര മൂലധനവും ആസ്തി സൃഷ്ടിക്കുന്നതിനുള്ള പിന്തുണയും നൽകൽ.
- കെഎസ്ഐഡിസിയുടെ നിലവിലുള്ള ഉപഭോക്താക്കൾക്കുള്ള പിഴപ്പലിശ ഒഴിവാക്കൽ.
- കെഎസ്ഐഡിസി നൽകുന്ന വായ്പകൾ തീർപ്പാക്കുന്നതിനുള്ള ഒറ്റത്തവണ തീർപ്പാക്കൽ നയം.
- സൂക്ഷ്മ,ചെറുകിട,ഇടത്തര,ക്കസംരംഭങ്ങൾക്ക് ആസ്തി സൃഷ്ടിക്കുന്നതിന് പ്രത്യേക വായ്പകൾ.

കോവിഡ്-19 സമാശ്വാസ പദ്ധതിയുടെ ഭാഗമായി കെഎസ്ഐഡിസി നടപ്പിലാക്കിയ സമാശ്വാസ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

- കൊവിഡ്–19 സംബന്ധമായ നിയന്ത്രണങ്ങൾ കാരണം വായ്പ എടുത്തതും തിരിച്ചടയ്ക്കാൻ കഴിയാത്ത തുമായ എല്ലാ കെഎസ്ഐഡിസി ഉപഭോക്താക്കൾക്കും അക്കൗണ്ട് ഒരു മോശം കടമായി ലേബൽ ചെയ്യപ്പെടാ തെ തന്നെ പുനഃസംഘടിപ്പിക്കുന്ന പദ്ധതി പ്രയോജന പ്പെടുത്താവുന്നതാണ്.
- 2020 ഒക്ടോബർ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള ആറ് മാസത്തേക്ക് ടോപ്–അപ്പ് വായ്പയുടെ തിരിച്ചട വിന് മൊറട്ടോറിയം.
- കെഎസ്ഐഡിസി ഉപഭോക്താക്കൾക്കുള്ള എല്ലാ പിഴപ്പലിശയും 2021 ഏപ്രിൽ മുതൽ ഒരു വർഷത്തേക്ക് മുഴുവനായി ഒഴിവാക്കി.
- കെഎസ്ഐഡിസി 5 ശതമാനം പലിശ നിരക്കിൽ എംഎസ്എംഇകൾക്കായി 100 കോടി രൂപ സോഫ്റ്റ് ലോൺ അനുവദിക്കും.
- നോർക്ക റൂട്ട്സ് തിരഞ്ഞെടുത്ത റിട്ടേണി മൈഗ്രന്റ്സിന് 5 ശതമാനം പലിശയോടെ കെഎസ്ഐഡിസി ₹ 100 കോടി സോഫ്റ്റ് ലോൺ അനുവദിക്കും.
- കൊവിഡ്–19 അനുബന്ധ ആരോഗ്യ സംരക്ഷണ പ്ര വർത്തനങ്ങൾക്ക് കീഴിൽ വരുന്ന വ്യവസായങ്ങൾക്ക് 5 ശതമാനം നിരക്കിൽ പ്രത്യേക വായ്പ നൽകുന്നതി നായി കെഎസ്ഐഡിസി 100 കോടി രൂപ നീക്കിവ ച്ചിട്ടുണ്ട്.

### കേരള വ്യവസായ അടിസ്ഥാന സൗകര്യ വികസന കോർപ്പറേഷൻ (കിൻഫ്ര)

സംസ്ഥാനത്തുടനീളം വ്യവസായ–നിർദ്ദിഷ്ട അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുക, അതുവഴി സ്വകാര്യ നിക്ഷേ പവും തൊഴിലവസരങ്ങളും സൃഷ്ടിക്കുക, ഭാവിയിലെ വ്യാ വസായിക വളർച്ചയ്ക്ക് ഒരു ലാൻഡ് ബാങ്ക് സൃഷ്ടിക്കുക എന്നിവ ലക്ഷ്യമിട്ടാണ് 1993–ൽ കിൻഫ്ര ആരംഭിച്ചത്. വ്യവസായ പാർക്കുകൾ / ടൗൺഷിപ്പുകൾ / സോണുകൾ എന്നിവ സ്ഥാപിച്ച് സംസ്ഥാനത്തെ വ്യാവസായികമാ യി പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളുടെ സാമ്പത്തിക വികസനം കിൻഫ്ര പ്രോത്സാഹിപ്പിച്ചു, ഇത് സംരംഭകർക്ക് ഒരു വ്യവസായം ആരംഭിക്കുന്നതിന് ആവശ്യമായ മിക്ക സൗകര്യങ്ങളും നൽകുന്നു. കിൻഫ്ര വികസിപ്പിച്ചെടുത്ത വ്യ വസായ പാർക്കുകളിൽ ബിൽറ്റ് അപ്പ് സ്ഥലത്ത് വികസിത ഭൂമി, സമർപ്പിത വൈദ്യുതിയും ജലവിതരണവും ആശയവി നിമയ സൗകര്യങ്ങളും ഉണ്ട്. സംരംഭകർക്കായി കിൻഫ്ര ഒരു റെഡിമെയ്ഡ് നിർമ്മാണ അന്തരീക്ഷം നൽകുന്നു, കൂടാതെ ഒരു യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള സമയവും ചെലവും കുറയ്ക്കാൻ അവരെ സഹായിക്കുന്നു.

### സാമ്പത്തിക സ്ഥിതി

2019–20–ൽ കോർപ്പറേഷൻ 2.3 കോടി രൂപ അറ്റാദാ യം റിപ്പോർട്ട് ചെയ്തു. കഴിഞ്ഞ നാല് വർഷത്തെ ചില പ്രധാന സാമ്പത്തിക സൂചകങ്ങൾ **പട്ടിക 4.3.4**–ൽ കാണിച്ചിരിക്കുന്നു.

കിൻഫ്രയുടെ 2016–17 മുതൽ 2021–22 വരെയുള്ള പദ്ധതി വിഹിതവും ചെലവ് വിവരങ്ങളും **പട്ടിക 4.3.5**–ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 4.3.5** കിൻഫ്രയ്ക്ക് ലഭിച്ച പദ്ധതി തുകയും ചെലവ് വിവരങ്ങളും (രൂപ കോടിയിൽ)

| ക്രമ നം. | വർഷം | പദ്ധതി വിഹിതം | ചെലവ് | ശതമാനം |
|---|---|---|---|---|
| 1 | 2016–17 | 101.2 | 52.7 | 52.1 |
| 2 | 2017–18 | 111.3 | 66.36 | 72.7 |
| 3 | 2018–19 | 96.0 | 47.0 | 49.0 |
| 4 | 2019–20 | 107.0 | 31 | 17.4 |
| 3 | 2020–21 | 92.53 | 85.14 | 92.0 |
| 6 | 2021–22* | 302.53 | 156.53 | 51.57 |

അവലംബം- ബജറ്റ് എസ്റ്റിമേറ്റ് *2021 ഒക്ടോബർ വരെയുള്ള ചെലവ്

### കിൻഫ്രയുടെ കൈവശമുള്ള ഭൂമി

കിൻഫ്രയുടെ ഉടമസ്ഥതയിലുള്ള ആകെ ഭൂമി 2,939.14 ഏക്കർ ആണ്. ഇതിൽ 2,318.3 ഏക്കർ ഭൂമി വ്യവസായ വികസന ആവശ്യങ്ങൾക്കായി ലഭ്യമാണ്. അതിൽ 1,445.08 ഏക്കർ ഭൂമി വ്യവസായ യൂണിറ്റുകൾക്ക് ഇതിനകം അനുവദിച്ച് കൊടുത്തിട്ടുണ്ട്. ബാക്കിയുള്ള ഭൂമി (873.22ഏക്കർ) വ്യവസായിക യൂണിറ്റുകളുടെ അലോട്ട്മെ ന്റിനായി കിൻഫ്രയുടെ പക്കൽ ഇപ്പോഴും ലഭ്യമാണ്. 2020 സെപ്റ്റംബർ വരെയുള്ള കിൻഫ്ര വ്യവസായ പാർക്കുക ളുടെ വിശദാംശങ്ങൾ **അനുബന്ധം 4.3.7–**ൽ കൊടുത്തി രിക്കുന്നു.

കിൻഫ്ര സംസ്ഥാനത്ത് നിക്ഷേപം പ്രോത്സാഹിപ്പിക്കുകയും പാർക്കുകളിൽ നിക്ഷേപ സൗഹൃദ കാലാവസ്ഥ സൃഷ്ടിക്കുക യും ചെയ്തു, ഇത് സംസ്ഥാനങ്ങളുടെ സമ്പദ്‌വ്യവസ്ഥയിൽ ഗണ്യമായി സംഭാവന ചെയ്യുന്നു.

- തിരുവനന്തപുരത്തെ അന്താരാഷ്ട്ര അപ്പാരൽ പാർക്ക്, എറണാകുളത്തെ കയറ്റുമതി വികസന വ്യവസായ

**പട്ടിക 4.3.4** കിൻഫ്രയുടെ പ്രധാന സാമ്പത്തിക പാരാമീറ്ററുകൾ (രൂപ കോടിയിൽ)

| വിശദാംശങ്ങൾ | 2016–17 | 2017–18 | 2018–19 | 2019–20 |
|---|---|---|---|---|
| മൊത്തം ആസ്തി | 741.6 | 1122.5 | 1230.2 | 1427.4 |
| മൂലധനം | 37.6 | 33.7 | 43.4 | *519.0 |
| ജീവനക്കാരുടെ ചെലവ് | 11.2 | 12.3 | 18.1 | – |
| അറ്റ ലാഭം / നഷ്ടം (+/–) | 0.4 | 0.9 | 6.4 | 2.3 |
| ഓഡിറ്റ് ചെയ്തത് | | പൂർത്തിയായത് | | പൂർത്തിയാക്കിയിട്ടില്ല |

അവലംബം- ബിപിഇ റിവ്യൂ 2019-20

* ദീർഘകാല പാട്ടത്തിനെടുത്ത ഭൂമിയുടെ വില.

പാർക്ക്, തിരുവനന്തപുരത്തെ ഇൻഫോടെയിൽമെന്റ് പാർക്ക്, ഫിലിം ആന്റ് വീഡിയോ പാർക്ക്, മലപ്പുറത്തെ ഭക്ഷ്യ സംസ്കരണ വ്യവസായ പാർക്ക്, എന്നിവ കിൻഫ്ര വിജയകരമായി പൂർത്തികരിച്ച പ്രോജക്ട്കളാണ്.

- തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, കണ്ണൂർ, വയനാട്, കാസർഗോഡ് എന്നിവിടങ്ങളിൽ ചെറുകിട വ്യവസായ പാർക്കുകളും കിൻഫ്ര വികസിപ്പിച്ചിട്ടുണ്ട്.
- ഒറ്റപ്പാലത്തെ വ്യാവസായിക പാർക്കുമായി ബന്ധപ്പെട്ട്, സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറിയുടെ നിർമ്മാണം പൂർത്തീകരിക്കുകയും ബിൽറ്റ് അപ് സ്പേസ് അനുവദിക്കൽ നടപടി പുരോഗമിക്കുകയും ചെയ്യുന്നു. ആന്തരിക റോഡുകളും മറ്റ് പൊതു സൗകര്യങ്ങളുടെ നിർമ്മാണവും പൂർത്തിയായി.

കിൻഫ്രയിലെ നിലവിലുള്ള പദ്ധതികൾ **ബോക്സ് 4.3.3**–ൽ കാണിച്ചിരിക്കുന്നു.

കിൻഫ്ര സംസ്ഥാനത്ത് നിക്ഷേപം പ്രോത്സാഹിപ്പിക്കുകയും അതിന്റെ പാർക്കുകളിൽ നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുകയും സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയ്ക്ക് ഗണ്യമായ സംഭാവന നൽകുകയും ചെയ്തു. ഇക്കാര്യത്തിൽ, കിൻഫ്രയുടെ വിവിധ വ്യവസായ പാർക്കുകളിലായി 1127 വ്യാവസായിക യൂണിറ്റുകൾക്ക് 41821 പേർക്ക് നേരിട്ട് തൊഴിൽ നൽകിക്കൊണ്ട് 3315.53 കോടി രൂപയുടെ മൊത്തം പ്രതിബദ്ധതയുള്ള നിക്ഷേപത്തിന് ഭൂമി അനുവദിച്ചു. കിൻഫ്ര എല്ലാ പാർക്കുകളിലും ഏകജാലക ക്ലിയറൻസ് സംവിധാനം വിജയകരമായി നടപ്പാക്കിയിട്ടുണ്ട്.

### കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (കെഎഫ്സി) (വ്യാവസായിക ധനസഹായം)

സർക്കാർ ഉടമസ്ഥതയിലുള്ള ഒരു ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനമാണ് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (കെ.എഫ്.സി). വ്യവസായങ്ങൾക്ക് ധനസഹായം നൽകുന്നതിലൂടെ കേരളത്തിന്റെ വ്യവസായ വൽക്കരണത്തിന് പ്രധാന പങ്ക് വഹിക്കുന്ന ഒരു ഏജൻസിയാണ് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ. നിർമ്മാണ, സേവന മേഖലകളിലെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് (എം.എസ്.എം.ഇ) സാമ്പത്തിക സഹായം നൽകുക എന്നതാണ് കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ(കെ.എഫ്.സി) പ്രധാനലക്ഷ്യം.പുതിയ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും ഉൽപാദന, സേവന മേഖലകളിൽ നിലവിലുള്ള യൂണിറ്റുകളുടെ വിപുലീകരണം/ നവീകരണം/ വൈവിധ്യവൽക്കരണം എന്നിവയ്ക്കും കോർപ്പറേഷന് സാമ്പത്തിക സഹായം നൽകാൻ കഴിയും. വായ്പകൾ, പ്രവർത്തന മൂലധന വായ്പകൾ, പ്രത്യേക പദ്ധതികൾ എന്നിങ്ങനെയുള്ള രൂപത്തിൽ സാമ്പത്തിക സഹായം നൽകുന്നു. സൂക്ഷ്മ ചെറുകിട സ്ഥാപനങ്ങൾക്കായുള്ള ക്രെഡിറ്റ് ഗ്യാരന്റി ഫണ്ട് ട്രസ്റ്റിലെ അംഗമാണ് കെ.എഫ്.സി. കോർപ്പറേഷന്റെ പ്രധാന പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്.

- ഉല്പന്ന നിർമ്മാണ സേവന മേഖലകളിൽ പുതിയ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭകർക്ക് വായ്പകൾ അനുവദിക്കുക
- നിലവിൽ പ്രവർത്തിക്കുന്ന വ്യവസായ/സേവന സ്ഥാപനങ്ങൾക്ക് വികസനത്തിനും, ആധുനിക വൽക്കരണത്തിനും/ വൈവിദ്ധ്യവൽക്കരണത്തിനും വേണ്ടിയുള്ള വായ്പ നൽകുക
- വ്യവസായ/സേവന മേഖലയിലുള്ള സ്ഥാപനങ്ങൾക്ക് പ്രത്യേക പദ്ധതികളിൽപ്പെടുത്തി പ്രവർത്തന മൂലധന വായ്പകൾ നല്കുക.
- സിവിൽ കോൺട്രാക്ടർമാർക്ക് സാമ്പത്തിക സഹായത്തിനുള്ള പ്രത്യേക പദ്ധതികൾ
- ഫീച്ചർ ഫിലിമുകളും ടെലിവിഷൻ സീരിയലുകളും നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായത്തിനുള്ള പ്രത്യേക പദ്ധതികൾ
- നിലവിലുള്ള സിനിമ തീയ്യേറ്ററുകളുടെ ആധുനികവൽക്കര

**ബോക്സ് 4.3.3** കിൻഫ്രയിലെ നിലവിലുള്ള പദ്ധതികൾ

- ഇൻഫോ പാർക്ക്, സ്മാർട്ട് സിറ്റി, കെഇപിപി എന്നിവയ്ക്കുള്ള ജലവിതരണവും റോഡ് പ്രവർത്തനങ്ങളും
- ഇൻഡസ്ട്രിയൽ പാർക്ക്, മട്ടന്നൂർ, കണ്ണൂർ
- ഫുഡ് ആൻഡ് സ്പൈസസ് പാർക്ക്, മുട്ടം, തൊടുപുഴ
- കിൻഫ്രാ ഫിലിം ആൻഡ് വീഡിയോ പാർക്കിലെ ആനിമേഷൻ/ഐടി/ ഐടിഇഎസിനായുള്ള പ്രത്യേക സാമ്പത്തിക മേഖല, കഴകൂട്ടം, തിരുവനന്തപുരം,
- മലപ്പുറത്തെ കക്കഞ്ചേരിയിലെ കിൻഫ്ര ടെക്നോ ഇൻഡസ്ട്രിയൽ പാർക്കിൽ നിയോ സ്പെയ്സിൽ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറിയുടെ നിർമ്മാണം
- പെട്രോകെമിക്കൽ പാർക്ക്, കൊച്ചി
- സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി, കൊരട്ടി, തൃശ്ശൂർ
- അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്, രാമനാട്ടുകര, കോഴിക്കോട്
- ആഗോള ആയുർവേദ ഗ്രാമം, തോന്നക്കൽ & വർക്കല, തിരുവനന്തപുരം
- കൊച്ചിയിലെ ഇന്റർനാഷണൽ ട്രേഡ് ആൻഡ് കൺവെൻഷൻ സെന്റർ (ജെവി വിത്ത് ഐടിപിഒ)
- ഡിഫൻസ് പാർക്ക്, ഒറ്റപ്പാലം, പാലക്കാട്
- മെഗാ ഫുഡ് പാർക്ക്, പാലക്കാട്
- സ്ത്രീകൾക്ക് പൊതു സൗകര്യങ്ങൾ
- നിലവിലുള്ള വ്യവസായ പാർക്കുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ നിലവാരം ഉയർത്തുക.

ണത്തിനും നിലവാരം മെച്ചപ്പെടുത്തുന്നതിനും, വികസന ത്തിനും പുതിയ മൾട്ടിപ്ലക്സുകൾ സ്ഥാപിക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ

- ലാബ് ഉപകരണങ്ങൾ വാങ്ങുന്നതിനും/മാലിന്യ സംസ്ക രണത്തിനുമുള്ള പ്രത്യേക പദ്ധതികൾ
- ഐ.റ്റി ഹാർഡ് വെയറിനും സോഫ്റ്റ് വെയർ സംരം ഭങ്ങൾക്കുമുള്ള കടാശ്വാസത്തിനുള്ള ധനസഹായം
- സ്റ്റാർട്ട് അപ്പുകളുടെ പ്രവർത്തനങ്ങൾക്കുള്ള മൂലധന ഫിനാൻസിംഗ് പദ്ധതി

കോർപ്പറേഷൻ 2020–21–ൽ 4146.5 കോടി രൂപ ധനസ ഹായം അനുവദിച്ചു. മുൻ വർഷം ഇത് 1657.9 കോടി ആയി രുന്നു. 2019–20–ൽ 1446.2 കോടിയിൽ നിന്ന് 2020–21–ൽ 3,709.2 കോടി രൂപ വിതരണം ചെയ്തു. സർക്കാർ നയങ്ങ ളിലെ മാറ്റങ്ങളും മറ്റ് ബാഹ്യ ഘടകങ്ങളും ചില മേഖലകളി ലെ ബിസിനസിനെ ബാധിച്ചു. കഴിഞ്ഞ അഞ്ചുവർഷത്തെ കെഎഫ്സിയുടെ പ്രകടനം **അനുബന്ധം 4.3.8**–ൽ നൽ കിയിരിക്കുന്നു. കെഎഫ്സിയുടെ 2020–21–ലെ വായ്പാ പ്രവർത്തനങ്ങളുടെയും വ്യവസായ തിരിച്ചുള്ള വായ്പക ളുടെയും വിശദാംശങ്ങൾ യഥാക്രമം **അനുബന്ധം 4.3.9 അനുബന്ധം 4.3.10** എന്നിവയിൽ കാണിച്ചിരിക്കുന്നു.

### കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെബിഐപി)

വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള ഒരു സ്വയം ഭരണസ്ഥാപനമാണ് കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രി യൽ പ്രൊമോഷൻ (കെബിഐപി). 1991 ൽസ്ഥാപിത മായതും 1955–ലെ ട്രാവൻകൂർ കൊച്ചിൻ സയൻറിഫിക് ലിറ്ററസി & ചാരിറ്റബിൾ സൊസൈറ്റിസ് ആക്ടിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ സൊസൈറ്റിയാണ് കെബിഐപി.

കെബിഐപി ഏറ്റെടുത്ത വിവിധ വ്യാവസായികപ്രോത്സാ ഹന പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്.

- വ്യാവസായികക്ലസ്റ്റെർ വികസനം.
- കേരളസംസ്ഥാന ബാംബൂ മിഷൻറെ പ്രവർത്തനങ്ങൾ.
- മൈക്രോഫുഡ് പ്രൊസിസ്സിംഗ് എന്റർപ്രൈസസ് സ്കീമി ന്റെ പി എം ഫോർമുലേഷൻ നടപ്പിലാക്കൽ.
- വാണിജ്യമിഷൻറെ പ്രവർത്തനങ്ങൾ.
- ഭക്ഷ്യസംസ്കരണത്തിന്റെയും അനുബന്ധയുണിറ്റുകളുടെ യും ഓഡിറ്റ്,സർട്ടിഫിക്കേഷൻ.
- ദേശിയപട്ടികജാതി/പട്ടികവർഗ്ഗ ഹബ്ബിന്റെ കേരളത്തിലെ പ്രവർത്തനങ്ങൾ.
- പ്രാദേശിക, ദേശിയ, അന്തർദേശിയ, ഇവെന്റ്കളിലെ പങ്കാളിത്തം
- പൊതുവായ പ്രോത്സാഹന പ്രവർത്തനങ്ങൾ.
- കേരള ബി റ്റു ബി ഓൺലൈൻപോർട്ടൽ.
- ഔദ്യോഗിക വെബ്സൈറ്റുകളുടെ പരിപാലനം.

### പുതിയ സംരംഭങ്ങൾ

### മന്ത്രിയുമായുള്ള കൂടികാഴ്ച

വ്യവസായ മേഖലയിൽ നിക്ഷേപകർ നേരിടുന്ന പ്രശ്നങ്ങൾ മന്ത്രിയെ നേരിട്ട് കണ്ട് പരിഹരിക്കാനുള്ള ഒരു സംരംഭമാ ണിത്. ഇത് പ്രകാരം 14 ജില്ലകളിലും പരിപാടി നടത്താൻ നിർദ്ദേശിക്കുകയും 10 ജില്ലകളിൽ പൂർത്തിയാക്കുകയും ചെയ്തു. നാളിതുവരെ 1,377 പരാതികൾ ലഭിച്ചതിൽ 930 എണ്ണം പരിഹരിച്ചിട്ടുണ്ട്.

നിക്ഷേപകരുമായുള്ള കൂടികാഴ്ച

വ്യാവസായിക മേഖലയിൽ 100 കോടി രൂപയിലധികം നിക്ഷേപിക്കാൻ ഉദ്ദേശിക്കുന്ന നിക്ഷേപകരെ മന്ത്രി നേരിട്ട് കാണുന്നതിനും, നിക്ഷേപകനെ സഹായിക്കാൻ ഒരു നോഡൽ ഓഫീസറെ നിയമിക്കാനുമുള്ള ഒരു പരിപാടി യാണിത്. ഈ പരിപാടിയിൽ നാളിതുവരെ 7000 കോടി രൂപയുടെ നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ട്.

- കിൻഫ്രയുടെ കഴക്കൂട്ടത്തുള്ള അപ്പാരൽ പാർക്കിൽ 75 കോടി രൂപ നിക്ഷേപിക്കാൻ ടാറ്റ എലക്സി നിർദ്ദേശിക്കു കയും, ടാറ്റ എലക്സിയുമായി കരാർ ഒപ്പിടുകയും ചെയ്തു.
- കാക്കനാട് കിൻഫ്ര ഇലക്ട്രോണിക്സ് ആൻഡ് മാനു ഫാക്ചറിംഗ് ക്ലസ്റ്ററിൽ 600 കോടി രൂപയുടെ നിക്ഷേപ ത്തിന് ടിസിഎസുമായി കരാർ ഒപ്പുവച്ചു.
- കൊച്ചി–പാലക്കാട് ഹൈടെക് വ്യാവസായിക ഇടനാഴിക്ക് വേണ്ടിയുള്ള സ്ഥലമെടുപ്പ് നടപടികൾ പുരോഗമിക്കുകയാണ്. ഇത് 10,000 കോടി രൂപയുടെ നിക്ഷേപം ആകർഷിക്കുമെന്നും 5 വർഷത്തിനുള്ളിൽ 22,000 പ്രത്യക്ഷ തൊഴിലവസരങ്ങളും 80,000 പരോക്ഷ തൊഴിലവസരങ്ങളും സൃഷ്ടിക്കുമെന്നും പ്രതീക്ഷിക്കുന്നു.
- വ്യവസായ വകുപ്പിന് കീഴിലുള്ള ഓരോ പൊതുമേഖലാ സ്ഥാപനങ്ങളുടെയും നവീകരണത്തിനുള്ള മാസ്റ്റർപ്ലാൻ തയ്യാറാക്കി.

### ഭാവി വീക്ഷണം

കഴിഞ്ഞ നാലുവർഷമായി കേരളത്തിൻറെ ഉത്പാദന മേഖലയിൽ സ്ഥായിയായ വർദ്ധനവുണ്ട്. വ്യവസായ മേഖലയുടെ നവീകരണത്തിനും വൈവിധ്യവൽകരണത്തി ലും പ്രധാനമായി പുരോഗതി കൈവരിക്കാനായി. ഒരു കൂട്ടം ആധുനിക വ്യവസായങ്ങൾ കേരളത്തിൽ വളർന്നു വരു ന്നതായി ഉയർത്തി കാണിക്കാനാകും. നല്ല അടിസ്ഥാന സൗകര്യങ്ങളോടെ വ്യാവസായിക പാർക്കുകൾ സ്ഥാപി ക്കുന്നതിലൂടെയും വിപണനത്തിന് സഹായം നൽകുന്ന തിലൂടെയും പ്രാദേശിക വിഭവങ്ങളുടെ ഉപയോഗം പ്രോത്സാ ഹിപ്പിക്കുന്നതിലൂടെയും സംരംഭകരെ പിന്തുണയ്ക്കുകയാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഭക്ഷ്യ–കാർഷിക അധിഷ്ഠിത വ്യവസായങ്ങളിലും സാങ്കേതികമായി മെച്ചപ്പെട്ട വ്യവസാ യങ്ങളിലും ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നു.

സാമൂഹികവും പാരിസ്ഥിതികവുമായ സുസ്ഥിരമായ ഒരു വ്യാവസായിക പരിവർത്തനം കൈവരിക്കുക എന്നതാ ണ് സർക്കാരിന്റെ ദർശനം. ഉൽപാദനം, രൂപകൽപ്പന, വിപണനം എന്നിവയുടെ വിവിധ ഘട്ടങ്ങളിൽ പുതിയ സാങ്കേ തികവിദ്യകൾ സ്വീകരിക്കുന്നത് ഈ പരിവർത്തനത്തിന്റെ ഒരു പ്രധാന ഘടകമായിരിക്കും.

# 4.4 സൂക്ഷ്മ, ചെറുകിട ഇടത്തരം സംരംഭങ്ങൾ (എം.എസ്.എം.ഇകൾ)

ലോകത്താകമാനമുള്ള വ്യവസായങ്ങളുടെ 90 ശതമാനവും സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളലാണ്. 50 ശതമാനത്തിലധികം തൊഴിലുകൾ പ്രദാനം ചെയ്യുകയും വികസിച്ചു കൊണ്ടിരിക്കുന്ന രാജ്യങ്ങളിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും സാമ്പത്തിക വളർച്ച സാധ്യമാക്കുകയും ചെയ്യുന്ന പ്രധാന ഘടകവുമാണ് ഇത്തരം സംരംഭങ്ങൾ. വാസ്തവത്തിൽ, കാർഷിക മേഖലയ്ക്ക് പുറത്ത് തൊഴിലാളികൾക്ക് താരതമ്യേന കുറഞ്ഞ മൂലധന ചെലവിലൂടെ വൻതോതിൽ തൊഴിലവസരങ്ങൾ നൽകുന്നതിന് എം.എസ്.എം.ഇ യ്ക്ക് കഴിയും. ഇന്ത്യയുടെ 45 ശതമാനം ഉൽപ്പന്ന നിർമ്മാണവും, 40 ശതമാനത്തിനു മുകളിൽ കയറ്റുമതിയും, 111 ദശലക്ഷം ജനങ്ങൾക്ക് തൊഴിലും സൃഷ്ടിക്കുന്നതിലൂടെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിൽ 28 ശതമാനത്തിനു മുകളിൽ ഈ മേഖല സംഭാവന ചെയ്യുന്നു.

ഇന്ത്യയിലെ എംഎസ്എംഇ മേഖല അവയുടെ വലുപ്പം, ഉപയോഗിക്കുന്ന സാങ്കേതികവിദ്യ, ഉൽപ്പന്നങ്ങൾ എന്നിവയിൽ വ്യത്യസ്തമാണ്. 2015-16 ലെ 73-മത് നാഷണൽ സാമ്പിൾ സർവേ അനുസരിച്ച് രാജ്യത്ത് അംഗീകൃതമല്ലാത്ത 633.88 ലക്ഷം കാർഷികേതര എം.എസ്.എം.ഇ.കൾ (1948 ലെ ഫാക്ടറീസ് ആക്റ്റിൻ കീഴിൽ രജിസ്റ്റർ ചെയ്ത എം.എസ്.എം.ഇ.കൾ ഒഴിച്ച്) വിവിധ സാമ്പത്തിക പ്രവർത്തനങ്ങളിൽ വ്യാപൃതരായിട്ടുണ്ട്. എം എസ് എം ഇ കളുടെ 31 ശതമാനം നിർമ്മാണ മേഖലയിലും 32 ശതമാനം വ്യാപാര മേഖലയിലും 33 ശതമാനം മറ്റു സേവന മേഖലകളിലും ഏർപ്പെട്ടിരിക്കുന്നതായി കാണപ്പെടുന്നു. (ഉൽപ്പന്ന നിർമ്മാണ മേഖലയിൽ 196.65 ലക്ഷം, വ്യാപാര മേഖലയിൽ 230.35 ലക്ഷം, മറ്റു സേവന മേഖലയിൽ 206.85 ലക്ഷം, അനൌദ്യോഗിക വൈദ്യുതി ഉൽപ്പാദന പ്രസരണ മേഖലയിൽ 0.03 ലക്ഷം). രാജ്യത്തുടനീളമുള്ള ഗ്രാമീണ, നഗര പ്രദേശങ്ങളിൽ 11.10 കോടി തൊഴിലാളികൾക്ക് (ഉൽപ്പാദനത്തിൽ 3.60 കോടി, വ്യാപാരത്തിൽ 3.87 കോടി, മറ്റ് സേവനങ്ങളിൽ 3.62 കോടി, അനൗദ്യോഗിക വൈദ്യുതി ഉൽപ്പാദന പ്രസരണ മേഖലയിൽ 0.007 കോടി) എംഎസ്എംഇ മേഖല തൊഴിൽ നൽകി. 31 ശതമാനം എംഎസ്എംഇകൾ ഉൽപാദന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നതായി കണ്ടെത്തി, 32 ശതമാനം വ്യാപാരത്തിലും 33 ശതമാനം മറ്റ് സേവനങ്ങളിലും ഏർപ്പെട്ടിട്ടുണ്ട്. 633.88 ലക്ഷം എംഎസ്എംഇകളിൽ 324.09 ലക്ഷം എംഎസ്എംഇകൾ (51 ശതമാനം) ഗ്രാമപ്രദേശങ്ങളിലും 306.43 ലക്ഷം എംഎസ്എംഇകൾ (49 ശതമാനം) നഗരപ്രദേശങ്ങളിലുമാണ് (ഉറവിടം: വാർഷിക റിപ്പോർട്ട് 2020-21, സൂക്ഷ്മ ചെറുകിട, ഇടത്തരം സംരംഭക മന്ത്രാലയം,ഭാരത സർക്കാർ). പ്ലാന്റ്, യന്ത്രങ്ങൾ, ഉപകരണങ്ങൾ എന്നിവയിലുള്ള നിക്ഷേപം അടിസ്ഥാനമാക്കി എം എസ് എം ഇ കളുടെ നിലവിലുള്ള വർഗ്ഗീകരണം **പട്ടിക 4. 4.1**-ൽ കൊടുത്തിരിക്കുന്നു.

### കേരളത്തിലെ സൂക്ഷ്മ, ചെറുകിട ഇടത്തരം സംരംഭക മേഖല

കേരളത്തിലെ സുക്ഷ്മ, ചെറുകിട ഇടത്തരം സംരംഭക മേഖല താരതമ്യേന കുറഞ്ഞ മുതൽമുടക്കോടുകൂടി തൊഴിൽ പ്രദാനം ചെയ്യുന്നതും വരുമാനം വർദ്ധിപ്പിക്കുന്നതുമായ ഒരു മേഖലയായി വളർന്നു കൊണ്ടിരിക്കുന്നു. രാജ്യത്തെ എം.എസ്.എ.ഇ കളുടെ താരതമ്യേന ഉയർന്ന പങ്ക് കേരളത്തിലുണ്ട്. നാലാമത്തെ എം എസ്എം ഇ സെൻസസിന്റെ സർവേയും ദ്രുത ഫലങ്ങളും അനുസരിച്ച്, ഇന്ത്യയിലെ 5.62 ശതമാനം എംഎസ്എംഇ സംരംഭങ്ങളും കേരളത്തിലാണ്. മികച്ച കണക്ടിവിറ്റി, ആശയവിനിമയ ശൃഖംല, ഉയർന്ന വൈദഗ്ധ്യമുള്ള മാനവ വിഭവശേഷി, താരതമ്യേന നല്ല വ്യാവസായിക അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുള്ള കേരളം എം.എസ് എം ഇ മേഖലയുടെ വളർച്ചക്ക് വളരെ അനുയോജ്യമാണ്. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭക മേഖല ഗ്രാമീണ പിന്നോക്ക പ്രദേശങ്ങളുടെ വ്യവസായവത്ക്കരണത്തിന് സഹായിക്കുകയും യുവാക്കൾക്കും സാമൂഹികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളായ പട്ടികജാതി, പട്ടികവർഗ്ഗക്കാർ,വനിതകൾ, ശാരീരിക വെല്ലുവിളി നേരിടുന്നവർ എന്നിങ്ങനെയുള്ളവർക്ക് തൊഴിൽ നല്കുകയും ചെയ്യുന്നു.

നൂതന കണ്ടുപിടിത്തങ്ങളിൽ സുപ്രധാന പങ്ക് വഹിക്കുന്ന എം എസ് എം ഇ കൾ പുതിയ സാങ്കേതിക വിദ്യയിൽ ചെറിയ തോതിലുള്ള പരീക്ഷണങ്ങൾക്ക് പര്യാപ്തമായവയുമാണ്. ഈ മേഖലയുടെ കീഴിൽ ഉൾപ്പെടുന്ന വ്യവസായങ്ങൾ കര കൗശലം, കൈത്തറി, ഖാദി, ഭക്ഷ്യ സംസ്കരണം, വസ്ത്ര നിർമ്മാണം, നെയ്ത്ത്, നെയ്ത്തു വ്യവസായം, കയർ/തടി/മുള/റബ്ബർ/തുകൽ/കളിമൺ ഉല്പന്നങ്ങൾ ഇവയുമായി ബന്ധപ്പെട്ട വ്യവസായങ്ങൾ എന്നിവയാണ്. കേരളത്തിന്റെ സാമ്പത്തിക വളർച്ച സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ വികസനവുമായി ബന്ധപ്പെട്ടി

**പട്ടിക 4.4.1** എം.എസ്.എം.ഇ കളുടെ വർഗ്ഗീകരണം

| സമ്മിശ്ര മാനദണ്ഡം: പ്ലാന്റ് /യന്ത്രങ്ങൾ/ഉപകരണങ്ങൾ, വാർഷിക വിറ്റുവരവ് എന്നിവയിലുള്ള നിക്ഷേപം | | | |
|---|---|---|---|
| വർഗ്ഗീകരണം | സൂക്ഷ്മം | ചെറുകിടം | ഇടത്തരം |
| നിർമ്മാണ സംരംഭങ്ങളും സേവന മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന സംരംഭങ്ങളും | നിക്ഷേപം 1 കോടി രൂപയിൽ കുറവ് | നിക്ഷേപം 10 കോടി രൂപയിൽ കുറവ് | നിക്ഷേപം 50 കോടി രൂപയിൽ കുറവ് |
| | വിറ്റുവരവ് 5 കോടി രൂപയിൽ കുറവ് | വിറ്റുവരവ് 50 കോടി രൂപയിൽ കുറവ് | വിറ്റുവരവ് 250 കോടി രൂപയിൽ കുറവ് |

അവലംബം: എംഎസ്.എം.ഇ മന്ത്രാലയം ഭാരത സർക്കാർ

1 അവലംബം: സൂക്ഷ്മ,ചെറുകിട,ഇടത്തരം സംരംഭങ്ങളെ കുറിച്ചുള്ള വിദഗ്ദ്ധ സമിതി റിപ്പോർട്ട് ,ആർ.ബി.ഐ,2019

**പട്ടിക 4.4.2** പതിമൂന്നാം പഞ്ചവത്സര പദ്ധതി വിഹിതവും ചെലവും, രൂപ ലക്ഷത്തിൽ

| മേഖല | 2017–18 | | 2018–19 | | 2019–20 | | 2020–21 | | 2021–22 | | 2017–22 | |
|---|---|---|---|---|---|---|---|---|---|---|---|---|
| | വിഹിതം | ചെലവ് | വിഹിതം | ചെലവ് | വിഹിതം | ചെലവ് | വിഹിതം | ചെലവ് | വിഹിതം | ചെലവ്* | വിഹിതം | ചെലവ് |
| ചെറുകിട വ്യവസായം | 13721 | 10027.98 | 15206 | 9183.47 | 16389 | 5253.67 | 13469 | 11078 | 13894 | 5858.85 | 72679 | 41,402.01 |
| വാണിജ്യം | 400 | 396.95 | 400 | 278.60 | 1543 | 476.83 | 1600 | 864 | 1200 | 1009 | 5,183 | 3,025.43 |
| കരകൗശലം | 565 | 501.9 | 355 | 351.26 | 355 | 404.28 | 410 | 1093 | 385 | 216.49 | 2,070 | 2,567.15 |
| ആകെ | 14886. | 10926.80 | 16001 | 9813.33 | 18287 | 6135 | 15479 | 13035 | 1547 | 7084.34 | 79,932 | 46,994.69 |

അവലംബം പ്ലാൻസ്പേസ് കേരള * ചെലവ് നവംബർ 30,2021 വരെ

രിക്കുന്നു. ഈ മേഖലയിൽ ഉല്പാദനവും തൊഴിലും വർദ്ധിപ്പിക്കുന്നതിന് വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു. ഡയറക്ട്റേറ്റ്ന് കീഴിലുള്ള ഏജൻസികൾ ഇവയാണ്: സംസ്ഥാനത്ത് കൈത്തറി, തുണി മേഖലയുടെ ഉന്നമനത്തിനും വികസനത്തിനുമായി നയങ്ങൾ ആവിഷ്ക്കരിക്കാൻ ലക്ഷ്യമിട്ടുള്ള കൈത്തറി, ടെക്സ്റ്റയിൽസ് ഡയറക്ടറേറ്റ്, കയറുമായി ബന്ധപ്പെട്ട കേരള സർക്കാരിന്റെ എല്ലാ നയപരമായ തീരുമാനങ്ങളും നടപ്പാക്കുന്ന ഏജൻസിയാണ് കയർ ഡവലപ്പ്മെന്റ് ഡയറക്ടറേറ്റ്. സംസ്ഥാനത്ത് ഖാദി ഗ്രാമ വ്യവസായങ്ങൾ സംഘടിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള ചുമതലയുള്ളത് കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിനാണ്.

കേരളത്തിൽ സർക്കാരും ബാങ്കുകളും എം എസ് എം ഇ കളെ സഹായിക്കുകയും ധാരാളം സൗകര്യങ്ങൾ പ്രദാനം ചെയ്യുകയും ചെയ്യുന്നു. കേരളത്തിൽ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭക മേഖലയുടെയും പരമ്പരാഗത വ്യവസായ മേഖലകളുടെയും വളർച്ചക്ക് സഹായിക്കുന്ന ഒരു ഫെസിലിറ്റേറ്റർ ആയി വ്യവസായ വാണിജ്യ വകുപ്പ് പ്രവർത്തിക്കുന്നു. സർക്കാർ പദ്ധതികളിലൂടെ സാമ്പത്തിക സഹായം നല്കുന്നതിന് പുറമെ സംരംഭകർക്ക് വിവിധ സേവനങ്ങളും ഉപദേശങ്ങളും നല്കുന്ന സഹായിയായും ഡയറക്ടറേറ്റ് പ്രവർത്തിക്കുന്നു. സംസ്ഥാനത്ത് സംരംഭക സംസ്കാരം വികസിപ്പിക്കുന്നതിന് വിവിധ പദ്ധതികൾ വകുപ്പ് നടപ്പിലാക്കുന്നു, സ്കൂൾ കോളേജ് തലങ്ങളിൽ സംരംഭക വികസന ക്ലബ്ബുകൾ ആരംഭിക്കുന്നതിനും അതിലൂടെ യുവാക്കൾക്കിടയിൽ സംരംഭക സംസ്കാരം വളർത്തുന്നതിനും അവർക്കായി സംരംഭക വികസന പരിപാടികൾ സംഘടിപ്പിക്കുന്നതിനും വകുപ്പ് സാമ്പത്തിക സഹായം നല്കുന്നു. കൂടാതെ സ്റ്റാർട്ടപ്പുകൾക്ക് വേണ്ട സേവനങ്ങൾ നല്കുന്നതിനും ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ ആരംഭിക്കുന്നതിനും വകുപ്പ് മുൻഗണന നല്കുന്നു.

പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് 79,932.00 ലക്ഷം രൂപ ഈ മേഖലയ്ക്ക് വകയിരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ **പട്ടിക 4.4.2**–ൽ കൊടുത്തിരിക്കുന്നു.

### സംസ്ഥാനത്തെ ഉദ്യോഗ് ആധാർ മെമ്മോറാണ്ടം (യുഎഎം)


2015 സെപ്ററംബർ 18 മുതൽ വ്യവസായ വാണിജ്യ വകുപ്പ് കേരളത്തിൽ, സംരംഭക മെമ്മോറാൻഡം (ഇഎം) ഭാഗം II സമർപ്പിക്കുന്ന സമ്പ്രദായം നിർത്തലാക്കുകയും അതിന്റെ സ്ഥാനത്ത് ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനമായ ഉദ്യോഗ് ആധാർ ആരംഭിക്കുകയും ചെയ്തു. മാർച്ച് 31, 2021 വരെയുള്ള കണക്കുകൾ പ്രകാരം ഉദ്യോഗ് ആധാറിൽ അപേക്ഷ സമർപ്പിച്ചവരുടെ ആകെ എണ്ണം 72,416 ആണ്. ഇതിൽ യഥാക്രമം നിർമ്മാണ മേഖലയിൽ 26,448 യൂണിറ്റുകൾ, 2,494 യൂണിറ്റുകൾ, 307 യൂണിറ്റുകൾ എന്നിങ്ങനെ സൂക്ഷ്മ ചെറുകിട ഇടത്തരം യൂണിറ്റുകളുമാണ് (ആകെ 29,249 എണ്ണം). ഇതിനു പുറമെ, സേവനമേഖലയിൽ യഥാക്രമം 40441 യൂണിറ്റുകൾ, 2476 യൂണിറ്റുകൾ,250 യൂണിറ്റുകൾ സൂക്ഷ്മ ചെറുകിട ഇടത്തരം യൂണിറ്റുകൾ ഉൾപ്പടെ 43,167 എണ്ണം യുഎഎമ്മിൽ ഫയൽ ചെയ്തിട്ടുണ്ട്. (അവലംബം വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്) വിവരങ്ങൾ **അനുബന്ധം 4.4.1–ൽ** നല്കിയിരിക്കുന്നു. 2020–21–ൽ നിർമ്മാണ സേവന മേഖലകളിൽ രജിസ്റ്റർ ചെയ്ത സൂക്ഷ്മ ചെറുകിട ഇടത്തരം യൂണിറ്റുകളുടെ എണ്ണം **ചിത്രം 4.4.1–ൽ** കൊടുത്തിരിക്കുന്നു.

### മേഖലയുടെ പ്രകടനം

2020–21 ൽ കേരളത്തിൽ ആരംഭിച്ച പുതിയ എംഎസ്എംഇ യൂണിറ്റുകൾ 11540–ഉം ആകെ നിക്ഷേപം 1221.86 കോടി രൂപയും, സൃഷ്ടിച്ച തൊഴിലവസരങ്ങൾ 44,975–ഉം ആണ്. 2019–20ൽ പുതിയ എംഎസ്എംഇ യൂണിറ്റുകൾ 13,695–ഉം, ആകെ നിക്ഷേപം 1,338.65 കോടി രൂപയും സൃഷ്ടിച്ച തൊഴിലവസരങ്ങൾ 46,081–ഉം ആയിരുന്നു. 2021–22 സെപ്റ്റംബർ 30 വരെ 21,382 പേർക്ക് തൊഴിൽ പ്രദാനം ചെയ്തുകൊണ്ട് 5326 പുതിയ യൂണിറ്റുകൾ ആരംഭിച്ചു. കഴിഞ്ഞ രണ്ട് വർഷത്തിൽ ആരംഭിച്ച പുതിയ എംഎസ്എംഇ യൂണിറ്റുകളുടെ എണ്ണവും സൃഷ്ടിച്ച തൊഴിലവസരങ്ങളും **ചിത്രം 4.4.2**–ൽ കാണിച്ചിരിക്കുന്നു.


144.91 കോടി രൂപയുടെ നിക്ഷേപത്തോടെ 6118 തൊഴിലുകൾ സൃഷ്ടിച്ച് ഏറ്റവും കൂടുതൽ പുതിയ എംഎസ്എംഇ യൂണിറ്റുകൾ (1885) ആരംഭിച്ച് തൃശ്ശൂർ ജില്ല ഒന്നാമതും 1447 പുതിയ എംഎസ്എംഇ യൂണിറ്റുകൾ 230.86 കോടി രൂപയുടെ നിക്ഷേപത്തോടെ ആരംഭിച്ച് 6300 തൊഴിലുകൾ സൃഷ്ടിച്ച പാലക്കാടും 1165 പുതിയ എംഎസ്എംഇ യൂണിറ്റുകളിലൂടെ 4729 തൊഴിലുകൾ സൃഷ്ടിച്ച എറണാകുളവും തൊട്ടുപുറകിലുമാണ്. 220 പുതിയ എംഎസ്എംഇ യൂണിറ്റുകളിലൂടെ 843 തൊഴിലുകൾ സൃഷ്ടിച്ച കാസ ർഗോഡാണ് ഏറ്റവും കുറവ് പുതിയ യൂണിറ്റുകൾ ആരംഭിച്ചത്. വിശദാംശങ്ങൾ **അനുബന്ധം 4.4.2–ൽ** കൊടുത്തിരിക്കുന്നു.

**ചിത്രം 4.4.1 .** 2020-21 ൽ നിർമ്മാണ, സേവന മേഖലയിൽ രജിസ്റ്റർ ചെയ്ത സൂക്ഷ്മ, ചെറുകിട ഇടത്തരം യൂണിറ്റുകളുടെ എണ്ണം




അവലംബം വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറേറ്റ്

**ചിത്രം:4.4.2**– 2019-20, 2020-21 വർഷങ്ങളിലെ പുതിയ എംഎസ്എംഇ യൂണിറ്റുകളും സൃഷ്ടിച്ച തൊഴിലവസരങ്ങളും




അവലംബം വ്യവസായിക വാണിജ്യ ഡയറക്ടറേറ്റ്


2019-20ൽ ഏറ്റവും കൂടുതൽ പുതിയ യൂണിറ്റുകൾ (1,694 യൂണിറ്റുകൾ) സൃഷ്ടിച്ച പാലക്കാട് ജില്ലയാണ് 5,984 തൊഴിലവസരങ്ങൾ സൃഷ്ടിച്ചത്, 1,594 യൂണിറ്റുകളുമായി 4,341 തൊഴിലവസരങ്ങൾ സൃഷ്ടിച്ചു, എറണാകുളത്ത് 1,386 എംഎസ്എംഇ യൂണിറ്റുകൾ 4,903 തൊഴിലവസരങ്ങൾ സൃഷ്ടിച്ചു. കഴിഞ്ഞ വർഷവും കാസർകോടാണ് ഏറ്റവും കുറവ് (251) യൂണിറ്റുകൾ ഉണ്ടായിരുന്നത്. 2019-20, 2020-21 വർഷങ്ങളിൽ സംസ്ഥാനത്തെ പുതിയ എം എസ് എം ഇ യൂണിറ്റുകളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **ചിത്രം 4.4.3** ൽ കൊടുത്തിരിക്കുന്നു
2016-17 മുതൽ 2020-21 വരെ 6,519.17 കോടി രൂപയുടെ നിക്ഷേപത്തോടെ 700,64 എംഎസ്എംഇ യൂണിറ്റുകൾ സംസ്ഥാനത്ത് ആരംഭിക്കുകയും 2,48,813 പേർക്ക് തൊഴിൽ നൽകുകയും ചെയ്തു. വിശദാംശങ്ങൾ **പട്ടിക 4.4.3**-ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.4.3** 2016-17 മുതൽ 2020-21 വരെയുള്ള എം എസ് എം ഇ മേഖലയിലെ നേട്ടം

| വർഷം | എം എസ് എം ഇ യൂണിറ്റുകളുടെ എണ്ണം | നിക്ഷേപം (കോടിയിൽ) | തൊഴിൽ (എണ്ണം) |
|---|---|---|---|
| 2016-17 | 15,535 | 1,387.11 | 57,445 |
| 2017-18 | 15,468 | 1,249.61 | 51,244 |
| 2018-19 | 13,826 | 1,321.94 | 49,068 |
| 2020-21 | 13,695 | 1,338.65 | 46,081 |
| 2019-20 | 11,540 | 1,221.86 | 44,975 |
| Total | 700,64 | 6,519.17 | 2,48,813 |

അവലംബം- വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്

**ചിത്രം 4.4.3** 2019–20 ലും 2020–21 ലും കേരളത്തിലെ പുതിയ എം എസ് എം ഇ യൂണിറ്റുകൾ, ജില്ല തിരിച്ച്




അവലംബം: വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്

2019–20 ൽ ആരംഭിച്ച എംഎസ്എംഇ യൂണിറ്റുകളുടെ ഉപമേഖല തിരിച്ചുള്ള വിശദാംശങ്ങൾ **പട്ടിക 4.4.4**–ൽ നൽകിയിരിക്കുന്നു.

2020–21 കാലയളവിൽ കൂടുതൽ എംഎസ്എംഇ യൂണിറ്റുകൾ ആരംഭിച്ചത് കാർഷിക ഭക്ഷ്യാധിഷ്ഠിതം മേഖലയിലാണ്(3359 യൂണിറ്റുകൾ)തുടർന്ന് സേവനമേഖലയും (2725), 1949 യൂണിറ്റുകളോടെ "മറ്റുള്ള" വിഭാഗവും. (പ്ലാസ്റ്റിക്ക് പാത്രങ്ങൾ, സ്വർണ്ണ ആഭരണങ്ങൾ, റബ്ബർ ഉല്പന്നങ്ങൾ കരകൗശല ഉല്പന്നങ്ങൾ എന്നിവ നിർമ്മിക്കുന്ന യൂണിറ്റുകൾ ഇതിൽ ഉൾപ്പെടുന്നു),തുണിത്തരങ്ങൾ, വസ്ത്രങ്ങൾ എന്നിവയിലുമാണ്. വിശദാംശങ്ങൾ **ചിത്രം 4.4.4**–ൽ കൊടുത്തിരിക്കുന്നു.

### വ്യവസായ കോ–ഓപ്പറേറ്റീവ് സൊസൈറ്റികൾ

മാർച്ച് 31, 2021 ലെ കണക്കനുസരിച്ച് കേരളത്തിൽ പ്രവർത്തിക്കുന്ന ഇൻഡസ്ട്രിയൽ കോ–ഓപ്പറേറ്റീവ് സൊസൈറ്റികളുടെ ആകെ എണ്ണം 807 ആണ്. കണ്ണൂരിലാണ് ഏറ്റവും കൂടുതൽ പ്രവർത്തിക്കുന്ന സൊസൈറ്റികൾ ഉള്ളത്, 165 എണ്ണം. ആകെയുള്ള കോ–ഓപ്പറേറ്റീവ് സൊസൈറ്റികളിൽ വനിതകൾ രജിസ്റ്റർ ചെയ്ത കോ–ഓപ്പറേറ്റീവുകളുടെ എണ്ണം 88 ആണ്. ഇത് സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം 4.4.3–ൽ** നൽകിയിരിക്കുന്നു.

### നിലവിലുള്ള ഡെവലപ്പ്മെന്റ് പ്ലോട്ട്/പ്രദേശങ്ങളിലെ പശ്ചാത്തല സൗകര്യ വികസനം മെച്ചപ്പെടുത്തൽ


സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങൾക്ക്

**പട്ടിക 4.4.4** കേരളത്തിൽ ഓരോ ഉപമേഖലയ്ക്ക് കീഴിലും ആരംഭിച്ച പുതിയ എംഎസ്എംഇ യൂണിറ്റുകളുടെ വിശദാംശങ്ങൾ

| ക്രമ നമ്പർ | ഉപമേഖല | 2016–17 | 2017–18 | 2018–19 | 2019–20 | 2020–21 |
|---|---|---|---|---|---|---|
| 1 | കാർഷിക ഭക്ഷ്യാധിഷ്ഠിതം | 2395 | 2553 | 2712 | 2,582 | 3,359 |
| 2 | തുണിത്തരങ്ങളും വസ്ത്രങ്ങളും | 1695 | 1947 | 1858 | 1,904 | 1276 |
| 3 | ജനറൽ/ മെക്കാനിക്കൽ/ലൈറ്റ് എഞ്ചിനീയറിംഗ് | 1606 | 2001 | 1533 | 1,334 | 959 |
| 4 | സേവന പ്രവർത്തികൾ | 3057 | 3679 | 3259 | 4,036 | 2725 |
| 5 | തടി ഉൽപ്പന്നങ്ങൾ | 775 | 871 | 644 | 5,32 | 436 |
| 6 | സിമൻറ് ഉൽപ്പന്നങ്ങൾ | 344 | 469 | 329 | 3,09 | 233 |
| 7 | പ്രിന്റിംഗും അനുബന്ധപ്രവർത്തികളും | 322 | 392 | 348 | 2,80 | 188 |
| 8 | പേപ്പർ ഉൽപ്പന്നങ്ങൾ | 158 | 163 | 192 | 1,88 | 198 |
| 9 | ഇൻഫർമേഷൻ ടെക്നോളജി | 263 | 316 | 294 | 2,40 | 187 |
| 10 | മറ്റുള്ളവ | 3098 | 3077 | 2657 | 2,290 | 1949 |
| | ആകെ | 13713 | 15468 | 13826 | 13,695 | 11540 |

അവലംബം- വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്

**ചിത്രം 4.4.4** കേരളത്തിൽ ഓരോ ഉപമേഖലയ്ക്ക് കീഴിലും 2020–21 ൽ ആരംഭിച്ച പുതിയ എംഎസ്എംഇ യൂണിറ്റുകളുടെ എണ്ണം, ശതമാനത്തിൽ




അവലംബം- വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്

ആവശ്യമായ വ്യവസായ സൌകര്യങ്ങൾ ഒരുക്കുന്നത് വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറേറ്റാണ്(ഡി. ഐ.സി). നിലവിൽ ഡി.ഐ.സിയുടെ കീഴിൽ 2396.35 ഏക്കറിലായി 38 വികസന പ്രദേശങ്ങൾ /പ്ലോട്ടുകൾ ഉണ്ട് .ഈ വികസന പ്രദേശം/പ്ലോട്ടുകളിലായി ആകെ 2303 യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. 2020–21–ൽ . ഈ ഡി.എ/ഡി.പി കളിലൂടെ ആകെ 38500 പേർക്ക് തൊഴിൽ നൽകുകയും 222878.25 ലക്ഷം രൂപ വരുമാനമുണ്ടാകുകയും ചെയ്തു. ഇതിന്റെ വിശദാംശങ്ങൾ **അനുബന്ധം 4.4.4–ൽ** കൊടുത്തിരിക്കുന്നു.

## വ്യാവസായിക എസ്റ്റേറ്റുകൾ

സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങളുടെ പ്രോത്സാഹനത്തിനും വളർച്ചക്കും പര്യാപ്തമായതും ഗ്രാമീണ പിന്നോക്ക മേഖലകളിലെ വ്യവസായ പ്രവർത്തനങ്ങളുടെ വികേന്ദ്രീകരണത്തിനും പര്യാപ്തമായ ഉപാധിയായി വ്യാവസായിക എസ്റ്റേറ്റുകൾ വിനിയോഗിച്ച് വരുന്നു. വ്യവസായങ്ങളുടെ വളർച്ചക്ക് ആവശ്യമായ റോഡുകൾ, വൈദ്യുതി, മറ്റ് ആവശ്യസേവനങ്ങൾ എന്നിവ പ്രദാനം ചെയ്യുന്ന പ്രത്യേക സോണുകളാണ് വ്യാവസായിക എസ്റ്റേറ്റുകൾ. ഇവ പരിസ്ഥിതിയിൽ ആഘാതം സൃഷ്ടിക്കാതെ വികസനം സാദ്ധ്യമാക്കുന്നു.

കേരളത്തിൽ 2021 മാർച്ച് 31 വരെയുള്ള പ്രധാന, ചെറുകിട വ്യവസായ എസ്റ്റേറ്റുകളുടെ എണ്ണം **പട്ടിക 4.4.5–ൽ** കൊടുത്തിരിക്കുന്നു.

സൂക്ഷ്മ,ചെറുകിട, ഇടത്തരം സംരംഭങ്ങൾ സ്ഥാപിക്കുന്നതിനാവശ്യമായ എല്ലാ സേവനങ്ങളും സൗകര്യങ്ങളും പ്രദാനം ചെയ്യുന്നതിന് വേണ്ടി ജില്ലകളിൽ സ്ഥാപിതമായിട്ടുള്ള സ്ഥിരമായ ഒരു സംവിധാനമാണ് ജില്ലാതല വ്യവസായ കേന്ദ്രങ്ങൾ.അനുയോജ്യമായ പ്രോജക്റ്റുകൾ കണ്ടെത്തുക, ഫീസിബിലിറ്റി പ്രോജക്റ്റുകൾ, വായ്പാ സൗകര്യം ഒരുക്കൽ, ഉപകരണങ്ങളും അസംസ്കൃതവസ്തുക്കളും ലഭ്യമാക്കൽ അതോടൊപ്പം യൂണിറ്റുകളെ വ്യവസായ പോസ്റ്റുകളുമായി ബന്ധിപ്പിക്കൽ തുടങ്ങിയവ ഇതിലുൾപ്പെടുന്നു.

**പട്ടിക 4.4.5** പ്രധാന, ചെറുകിട വ്യവസായ എസ്റ്റേറ്റുകളുടെ എണ്ണം, മാർച്ച് 31, 2021 വരെ

| ക്രമ നമ്പർ | ഏജൻസി | വ്യവസായ എസ്റ്റേറ്റ് എണ്ണം | |
|---|---|---|---|
| | | മേജർ എസ്റ്റേറ്റ് | മിനി എസ്റ്റേറ്റ് |
| 1 | ജില്ല വ്യവസായ കേന്ദ്രം | | 90 |
| 2 | സിഡ്കോ | 17 | 36 |
| ആകെ | | 17 | 126 |

അവലംബം: വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്

എം എസ് എം ഇ യൂണിറ്റുകൾ സ്ഥാപിക്കുന്നതും അതോടൊപ്പം വ്യവസായ സഹകരണ സംഘങ്ങൾ വികസിപ്പിക്കുന്നതിനും അവയുടെ രജിസ്ട്രേഷനും ഈ കേന്ദ്രം സഹായിക്കുന്നു. മാർച്ച് 31, 2021 ലെ കണക്കനുസരിച്ച് 90 ചെറുകിട വ്യവസായിക എസ്റ്റേറ്റുകളിലായി 864 ചെറുകിട വ്യവസായ യൂണിറ്റുകൾ ഉണ്ട് . അതിൽ പ്രവർത്തനക്ഷമമായ 752 യൂണിറ്റുകളിലൂടെ 3,333 പേർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞു. വിശദാംശങ്ങൾ **അനുബന്ധം 4.4.5**–ൽ കൊടുത്തിരിക്കുന്നു.

## സിഡ്കോയുടെ കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകൾ

നേരിട്ട് പതിനായിരത്തിലധികവും പരോക്ഷമായി ഇരുപതിനായിരത്തിലധികം പരോക്ഷമായ ഉള്ളതുമായ തൊഴി

ലവസരങ്ങൾ പ്രദാനം ചെയ്തുകൊണ്ട് സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് സിഡ്കോ പ്രധാന പങ്കുവഹിക്കുന്നു.

സംസ്ഥാനത്തെ ചെറുകിട വ്യവസായ മേഖലയിൽ ഭൂമി, വർക്ക് ഷെഡ്, ജലം, അസംസ്കൃതവസ്തുക്കളുടെ വിതരണം എന്നിങ്ങനെയുള്ള അടിസ്ഥാന സൗകര്യങ്ങൾ സിഡ്കോ ലഭ്യമാക്കുന്നുണ്ട്. 2021 മാർച്ച് 31 ആയപ്പോഴേക്കും 233.86 ഏക്കറിലായി 17 പ്രധാന വ്യാവസായിക എസ്റ്റേറ്റുകൾ ഉള്ളതിൽ 200.37 ഏക്കർ അനുവദിക്കുകയും ഇതിൽ 861 പ്രവർത്തനക്ഷമമായ യൂണിറ്റുകളിലൂടെ 7833 തൊഴിലവസരങ്ങൾ നല്കുകയും ചെയ്തു. കൂടാതെ സംസ്ഥാനത്തൊട്ടാകെ സിഡ്കോയുടെ ഭരണനേതൃത്വത്തിൽ 7 വ്യവസായ പാർക്കുകളും 36 മിനി ഇൻഡസ്ട്രിയൽ സ്റ്റേറ്റുകൾ ഉണ്ട്. 2020-21 കാലയളവിൽ സിഡ്കോയുടെ മിനി ഇന്ഡസ്ട്രിയൽ എസ്റ്റേറ്റുകളിലൂടെ സൃഷ്ടിച്ച ആകെ വരുമാനം 16.7 ലക്ഷം രൂപയായിരുന്നു. സിഡ്കോയുടെ കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകളുടെ വിശദാംശങ്ങൾ **അനുബന്ധം 4.4.6, 4.4.7, 4.4.8** എന്നിവയിൽ കൊടുത്തിരിക്കുന്നു.

### വ്യാവസായിക ക്ലസ്റ്റർ വികസനം

എം.എസ്.എം.ഇ സംരംഭങ്ങളെ സംബന്ധിച്ചിടത്തോളം ഇൻക്ലൂസീവ്നെസ്, സാങ്കേതിക വിദ്യയുടെ സ്വാംശീകരണം, ശേഷി മെച്ചപ്പെടുത്തൽ, പൊതു വിഭവങ്ങളുടെ ലഭ്യത ഉറപ്പുവരുത്തൽ എന്നിവയിൽ ക്ലസ്റ്ററുകൾ പ്രധാന പങ്ക് വഹിക്കുന്നുണ്ട്. ഉത്പാദന ക്ഷമത, മത്സരക്ഷമത, ചെറുകിട സംരംഭങ്ങൾക്കുള്ള കാര്യശേഷി എന്നിവ വർദ്ധിപ്പിക്കുന്നതിനുള്ള ഫലപ്രദമായ മാർഗമാണ്. ക്ലസ്റ്റർ സമീപനത്തെ, സൂക്ഷ്മ,ചെറുകിട,ഇടത്തരം സംരംഭക മന്ത്രാലയം സ്വീകരിച്ചിരിക്കുന്നത്.

കൂട്ടായ്മയുടെ(agglomeration) ലാഭം കൊയ്യുന്നതിനായി കേരള സർക്കാർ വ്യവസായവത്ക്കരണത്തിന് ക്ലസ്റ്റർ വികസന സമീപനം മുൻകൂട്ടി സ്വീകരിച്ചിട്ടുണ്ട്. എം.എസ്. എം.ഇ വികസന ഇൻസ്റ്റിറ്റ്യൂട്ട്, തൃശ്ശൂർ, കെ-ബിപ് എന്നിവയിലൂടെയാണ് സംസ്ഥാനം ക്ലസ്റ്റർ വികസന പ്രവർത്തനങ്ങൾ നടത്തുന്നത്. . കേന്ദ്ര എം.എസ്.എം.ഇ മന്ത്രാലയം 19 പൊതുസൗകര്യ സേവന കേന്ദ്രങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം നൽകി വരുന്നു. സംസ്ഥാന ഗവൺമെന്റും മറ്റ് പങ്കാളികളുമായി ചേർന്ന് തൃശ്ശൂരിലെ എംഎസ്.എം.ഇ-വികസന ഇൻസ്റ്റിറ്റ്യൂട്ട് തല സ്ഥാനത്ത് ക്ലസ്റ്ററുകളുടെ പ്രോത്സാഹനത്തിനും വികസനത്തിനുമായി സജീവമായി ഇടപെട്ട് കൊണ്ടിരിക്കുകയാണ്. കേന്ദ്ര ഗവണ്മെന്റ് സ്ഥാപനമായ തൃശ്ശൂരിലെ എം.എസ്. എം.ഇ വികസന ഇൻസ്റ്റിറ്റ്യൂട്ട് (എം.എസ്.എം.ഇ-ഡിഐ). 2020-21 വർഷത്തിൽ 18 പരിശീലന പരിപാടികൾ /കോഴ്സുകൾ നടത്തിയിട്ടുണ്ട്. 776 പേർ ഈ പരിപാടിയുടെ ഗുണഭോക്താക്കളായി. വിശദാംശങ്ങൾ **അനുബന്ധം 4.4.9**-ൽ കൊടുത്തിരിക്കുന്നു.

### കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെ ബിപ്)

കേന്ദ്ര എം എസ് എം ഇ മന്ത്രാലയത്തിന്റെ എം എസ് ഇ - സി ഡി പി പദ്ധതിയുടെ കീഴിൽ വ്യവസായ ക്ലസ്റ്റർ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനയുള്ള ഏജൻസിയാണ് കെ ബിപ്. സംസ്ഥാനത്തെ വ്യവസായ വാണിജ്യ കേന്ദ്രവും ജില്ലാതല വ്യവസായ കേന്ദ്രങ്ങളുമായി ചേർന്നാണ് ഈ പദ്ധതികൾ നടപ്പിലാക്കുന്നത്. ഈ പദ്ധതിയുടെ കീഴിൽ വിവിധ ക്ലസ്റ്ററുകളിൽ പൊതു സൗകര്യ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി 70 ശതമാനം വരെ സാമ്പത്തിക സഹായം കേന്ദ്രസർക്കാർ അനുവദിക്കുന്നു. പ്രോജക്റ്റിനെ 20 ശതമാനം സംസ്ഥാന സർക്കാർ വിഹിതവും 10% സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ( കൺസോർഷ്യം )പങ്കാളിത്തവുമാണ്. 2020 -21 ൽ 2 പൊതു സൗകര്യ കേന്ദ്രങ്ങൾ പ്രവർത്തനമാരംഭിച്ചു (i) കണ്ണൂർ തളിപ്പറമ്പയിൽ തടി വ്യവസായം അടിസ്ഥാനമാക്കിയുള്ള 400 സൂക്ഷ്മ ചെറുകിട യൂണിറ്റുകളോട്ടുകൂടിയ വുഡ് ഫർണിച്ചർ ക്ലസ്റ്റർ. നിലവിൽ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി പ്രവർത്തിക്കുന്ന അൻപത്തി മൂന്ന് യൂണിറ്റുകൾ ഈ കൺസോർഷ്യത്തിൽ ഉണ്ട് (ii) തൃശ്ശൂരിൽ തടി വ്യവസായം അടിസ്ഥാനമാക്കിയുള്ള 400 സൂക്ഷ്മ ചെറുകിട യൂണിറ്റുകളോട്ടുകൂടിയ വുഡ് ഫർണിച്ചർ ക്ലസ്റ്റർ. നിലവിൽ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി പ്രവർത്തിക്കുന്ന 41 യൂണിറ്റുകൾ ഈ കൺസോർഷ്യത്തിൽ ഉണ്ട്.

### ഗ്രാമീണ വ്യവസായങ്ങൾക്കായുള്ള പാക്കേജ്- പ്രധാനമന്ത്രിയുടെ തൊഴിൽ ദാന പദ്ധതി (പി.എം.ഇ. ജി.പി )

ഗ്രാമപ്രദേശങ്ങളിലും നഗരപ്രദേശങ്ങളിലും കാർഷികേതര മേഖലയിൽ ചെറു സംരംഭങ്ങൾ സ്ഥാപിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ ദേശീയ തലത്തിൽ ആരംഭിച്ച ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി പദ്ധതിയാണ് 'പ്രധാനമന്ത്രിയുടെ തൊഴിൽ ദാന പദ്ധതി (പി.എം.ഇ. ജി.പി)'.2020 -21 കാലയളവിൽ ബാങ്കുകൾ 2215 അപേക്ഷകൾ സ്വീകരിക്കുകയും മാർജിൻ മണി 3,671.20 ലക്ഷം രൂപ നൽകുകയും ചെയ്തു. . വിശദാംശങ്ങൾ **അനുബന്ധം 4.4.10**-ൽ നൽകിയിരിക്കുന്നു.

### സൂക്ഷ്മചെറുകിടവ്യവസായ മേഖലയിലെ വ്യവസായ ധനസഹായം

### സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മറ്റി (എസ്.എൽ.ബി.സി)

സ്റ്റേറ്റ് ബാങ്കേഴ്സ് കമ്മിറ്റിയുടെ (എസ്.എൽ.ബി.സി) റിപ്പോർട്ട് പ്രകാരം, വിവിധ മേഖലകളിലായി 2020 മാർച്ച് വരെ കേരളത്തിന് അനുവദിച്ച വായ്പകളിലൂടെ പിരിഞ്ഞുകിട്ടാൻ ബാക്കി നിൽക്കുന്ന തുക 3,59,274 കോടി രൂപയാണ്. ഇത്, മുൻവർഷത്തെ 3,29,899.97 കോടി രൂപയേക്കാൾ 8.17 ശതമാനം അധികമാണ്. എം.എസ്.എം.ഇ മേഖലയിൽ 2019 മാർച്ച് വരെ മാത്രം 54,446.19 കോടി രൂപയാണ് പിരിഞ്ഞുകിട്ടാനുള്ളത്. ഇത് മുൻവർഷത്തെ 47,201.37 കോടി രൂപയേക്കാൾ 13 ശതമാനം കൂടുതലാണ്. വിവിധ മേഖലകളിലെ വായ്പകളുടെ വിശദാംശങ്ങൾ **അനുബന്ധം 4.4.11-ൽ** നൽകിയിരിക്കുന്നു.

### സ്മാൾ ഇൻഡസ്ട്രീസ് ഡവലപ്മെന്റ് ബാങ്ക് ഓഫ് ഇന്ത്യ (സിഡ്ബി)

സുരക്ഷിതമല്ലാത്ത വായ്പാ സൗകര്യം ലഭ്യമാക്കുന്ന പണമിടപാട് സ്ഥാപനങ്ങളുടെ വായ്പകൾ കടക്കാരുടെ മുൻകാല വായ്പകളുടെ അടിസ്ഥാനത്തിൽ റീ ഫിനാൻസ് ചെയ്യുന്നതിന് ഗവണ്മെന്റ് സിഡ്ബിയെ പ്രോത്സാഹിപ്പിക്കുന്നു. സിഡ്ബി മെയ്ക്ക് ഇൻ ഇന്ത്യ

ഫണ്ട് ഫോർ എംഎസ്എംഇ (സൈമൽ) പദ്ധതി പ്രകാരം 2020 മാർച്ച് 31 വരെ മൊത്തം 7,846.40 കോടി വായ്പകൾ 4,347 എംഎസ്എംഇകൾക്ക് വിതരണം ചെയ്തു. കോവിഡ് –19 കണക്കിലെടുത്ത് എംഎസ്എംഇ മേഖലയ്ക്ക് ലിക്വിഡിറ്റി പിന്തുണ നൽകുന്നതിന് ആർബിഐ 15,000 കോടി രൂപയുടെ പ്രത്യേക ലിക്വിഡിറ്റി ഫെസിലിറ്റി (എസ്എൽഎഫ്) സിഡ്ബിക്ക് നൽകി. കോവിഡ് –19 കാരണം മോശപ്പെട്ട സ്റ്റാർട്ട് അപ്പുകൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനായി സിഡ്ബി കോവിഡ് –19 സ്റ്റാർട്ട് അപ് അസിസ്റ്റൻസ് സ്കീം (സിഎസ്എഎസ്) ആരംഭിച്ചു. (അവലംബം: സിഡ്ബി, വർക്കിംഗ് റിപ്പോർട്ട് 2020).

### എമർജൻസി ക്രെഡിറ്റ് ലൈൻ ഗ്യാരണ്ടി സ്കീം (ECLGS)

കൊവിഡ്–19 പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ബാങ്കുകൾക്കും എൻബിഎഫ്ഐകൾക്കും 100 ശതമാനം ഗ്യാരണ്ടി കവറേജ് നൽകുന്നതിനായി കേന്ദ്ര സർക്കാർ ആരംഭിച്ച പ്രത്യേക പദ്ധതിയാണ് ECLGS. അധിക ടേം ലോൺ/അധിക പ്രവർത്തന മൂലധന ആവശ്യകതകൾ നിറവേറ്റ ന്നതിനായി ബിസിനസ്സ് എന്റർപ്രൈസസ്/എം എസ്എംഇകൾക്ക് അടിയന്തര ക്രെഡിറ്റ് സൗകര്യങ്ങൾ വിപുലീകരിക്കാൻ ഇത് അവരെ പ്രാപ്തരാക്കും.

എസ്എൽബിസി നൽകിയ സ്ഥിതിവിവരക്കണക്കുകൾ പ്രകാരം, 2021 ഓഗസ്റ്റ് 31–ന് കേരളത്തിൽ, സംസ്ഥാനത്തുടനീളമുള്ള യോഗ്യരായ 2, 48,695 വായ്പക്കാരിൽ 1, 44,226 അർഹരായ കേസുകൾക്ക് എമർജൻസി ക്രെഡിറ്റ് അനുവദിച്ചിട്ടുണ്ട്. ആകെ അനുവദിച്ച തുക 6913.73 കോടി രൂപയാണ്. 1,16,244 വായ്പക്കാർക്ക് 6056.97 കോടി രൂപയുടെ വായ്പ ഇതിനകം വിതരണം ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ **പട്ടിക 4.4.6–ൽ നൽകിയിരിക്കുന്നു.**

### പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ പ്രധാന ഭൗതിക നേട്ടങ്ങൾ

- സംസ്ഥാനത്ത് വ്യാപാരവും വാണിജ്യവും പ്രോത്സാഹിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും തദ്ദേശീയ ഉൽപന്നങ്ങൾ ആഭ്യന്തര, ആഗോള വിപണികളിൽ വിപണനം ചെയ്യുന്നതിനും വാണിജ്യ മിഷന്റെ രൂപീകരണം.
- കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് (KIED) സംരംഭകത്വ വികസനത്തിലെ മികവിന്റെ കേന്ദ്രമായി
- ദേശീയ അന്തർദേശീയ വിപണികൾ ആക്സസ് ചെയ്യുന്നതിനായി www.keralamsme.org, www.keralamsme.com എന്നീ പുതിയ വെബ്സൈറ്റുകൾ ആരംഭിച്ചു, എംഎസ്എംഇകൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും മികച്ച വിപണന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി ഇ–മാർക്കറ്റ് വെബ് പോർട്ടലും ആരംഭിച്ചു.
- വിദ്യാർത്ഥികൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 305 സംരംഭകത്വ വികസന ക്ലബ്ബുകൾ സ്ഥാപിച്ചു.
- 5027 വ്യവസായ യൂണിറ്റുകൾക്ക് എന്റർപ്രണർ സപ്പോർട്ട് സ്കീമിന് കീഴിൽ സഹായം ലഭിച്ചു
- ചങ്ങനാശ്ശേരിയിലെ കോമൺ ഫെസിലിറ്റി സർവീസ് സെന്ററിന്റെ (CFSC) നവീകരണം പൂർത്തിയായി.
- കേരള മൈക്രോ സ്മോൾ മീഡിയം എന്റർപ്രൈസസ് ഫെസിലിറ്റേഷൻ ആക്ട്, 2019 നടപ്പിലാക്കി
- കോവിഡ്–19 ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ MSME–കൾക്ക് ആശ്വാസത്തിനും സാമ്പത്തിക സഹായത്തിനുമായി 'വ്യവസായ ഭദ്രത' എന്ന പ്രത്യേക പാക്കേജ് നടപ്പിലാക്കി.
- എല്ലാ പരിശോധനകളും ഒരൊറ്റ പ്ലാറ്റ്ഫോമിൽ നടത്തുന്നതിന് "സെൻട്രൽ ഇൻസ്പെക്ഷൻ ഫ്രെയിംവർക്കും" "കേരളം – സെൻട്രൽ ഇൻസ്പെക്ഷൻ സിസ്റ്റം (കെ–സിഐഎസ്)" എന്ന ഓൺലൈൻ സംവിധാനവും സജ്ജീകരിക്കുന്നു. 2021 ഡിസംബർ വരെ ആകെ 1509 പരിശോധനകൾ നടത്തി.
- കേരള ഇൻഡസ്ട്രിയൽ ഏകജാലക ക്ലിയറൻസ് ബോർഡുകളും ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്മെന്റ് (ഭേദഗതി) നിയമങ്ങളും, 2021
- സംസ്ഥാനത്തെ നിക്ഷേപകരുടെ/പുതിയ സംരംഭങ്ങൾ തുടങ്ങാൻ ഉദ്ദേശിക്കുന്നവരുടെ പരാതികൾ പരിഹരിക്കുന്നതിനായി 'മീറ്റ് ദി മിനിസ്റ്റർ' ക്യാമ്പയിൻ നടത്തി. ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ സഹായത്തോടെ. 10 ജില്ലകളിലായി നടത്തിയ പരിപാടികളിൽ ആകെ ലഭിച്ച

**പട്ടിക 4.4.6** ആഗസ്റ്റ് 31, 2021 വരെ കേരളത്തിലെ അർഹരായ എം.എസ്.എം.ഇ. വായ്പക്കാർക്ക് അനുവദിച്ചതും വിതരണം ചെയ്തതുമായ അടിയന്തിര വായ്പാ സൗകര്യം

| ബാങ്ക് | അർഹരായ വയ്പക്കാരുടെ എണ്ണം | അനുവദിച്ചത് | | വിതരണം ചെയ്തത് | |
|---|---|---|---|---|---|
| | | അക്കൌണ്ടുകൾ | തുക (കോടിയിൽ.) | അക്കൌണ്ടുകൾ | തുക (കോടിയിൽ) |
| ആകെ പൊതു മേഖല വാണിജ്യ ബാങ്കുകൾ | 166563 | 122902 | 2849.27 | 98156 | 2372.42 |
| ആർ.ആർ.ബി –കേരള ഗ്രാമീൺ ബാങ്ക് | 35568 | 2264 | 25.37 | 2264 | 25.37 |
| ആകെ –സ്വകാര്യ മേഖലാ വാണിജ്യ ബാങ്കുകൾ | 46564 | 19060 | 4039.09 | 15824 | 3659.18 |
| ആകെ–ബാങ്കിംഗ് മേഖല | 248695 | 144226 | 6913.73 | 116244 | 6056.97 |

അവലംബം: സംസ്ഥാന തല ബാങ്കേഴ്സ് കമ്മിറ്റി

1377 നിവേദനങ്ങളിൽ 955 എണ്ണം 2021 ഡിസംബർ വരെ പരിഹരിച്ചു.

- സംസ്ഥാനത്ത് പുതിയ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് നിക്ഷേപകരുമായി ആശയവിനിമയം നടത്തുന്നതിനുള്ള 'മീറ്റ് ദി ഇൻവെസ്റ്റർ' പ്രോഗ്രാം സംഘടിപ്പിച്ചു.
- വ്യാവസായിക വളർച്ചയുടെ ഭാഗമായി 'ഉത്തരവാദിത്തപരമായ നിക്ഷേപം, ഉത്തരവാദിത്ത വ്യവസായം' പരിപാടി സ്വീകരിക്കുന്ന ആദ്യ ഇന്ത്യൻ സംസ്ഥാനമായി കേരളം.

**മേഖലയിലെ പ്രശ്നങ്ങളും വെല്ലുവിളികളും**

ഈ മേഖലയുടെ വളർച്ചയെ ബാധിക്കുന്ന നിരവധി വെല്ലുവിളികൾ കാരണം സമ്പദ്‌വ്യവസ്ഥയിൽ ഈ മേഖലയുടെ സംഭാവന നിലവിൽ പരിമിതപ്പെട്ടിരിക്കുന്നു. പ്രധാനപ്പെട്ട വെല്ലുവിളികൾ ഇവയാണ്:

- **നയവും സ്ഥാപനപരവുമായ ഇടപെടലുകൾ**– അടിസ്ഥാന സൌകര്യ വികസനം, ആധുനികവൽക്കരണം, സാങ്കേതികവിദ്യ സ്വീകരിക്കൽ, പിന്നോക്ക മുന്നോക്ക ബന്ധം, ക്രെഡിറ്റ് വിടവ് കുറയ്ക്കൽ, എംഎസ്എംഇകൾക്ക് സമയബന്ധിതമായി പണം നൽകൽ തുടങ്ങിയവ ലക്ഷ്യമിട്ടുള്ള നയങ്ങൾ രൂപീകരിക്കുന്നതും അവ ഫലപ്രദമായി നടപ്പിലാക്കുന്നതിലും വെല്ലുവിളികൾ നേരിടുന്നു .
- **വളർച്ച ത്വരിതപ്പെടുത്തലും ഔപചാരികവൽക്കരണം പ്രാപ്തമാക്കലും**– നൂതന ബിസിനസ്സ് ആശയങ്ങൾ സുഗമമാക്കുകയും പരിപോഷിപ്പിക്കുകയും പിന്തുണയ്ക്കുകയും അവയെ സംരംഭങ്ങളായി രൂപപ്പെടുത്തുകയും അതിലൂടെ എം.എസ്.എം.ഇകൾക്ക് അനുകൂലമായ പരിതസ്ഥിതി സൃഷ്ടിക്കുകയും വേണം. സംരംഭക വികസന, ഇൻകുബേഷൻ സെന്ററുകളുടെ പിന്തുണയോടെ ഇത് നേടാനാകും. ക്രെഡിറ്റ് പിന്തുണയ്ക്കുള്ള പദ്ധതികൾ ഉൾപ്പെടെ വിവിധ പദ്ധതി കളുടെ ഉപയോഗവും എത്തിച്ചേരലും പല കാരണങ്ങളാൽ പരിമിതപ്പെട്ടിരിക്കുന്നു. എം.എസ്.എം.ഇ കൾക്കിടയിൽ ഔപചാരികവൽക്കരണവും ഡിജിറ്റൈസേഷനും പ്രോത്സാഹിപ്പിക്കുകയും യു.എ.എം–ൽ രജിസ്റ്റർ ചെയ്യാൻ അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നത് ഒരു വെല്ലുവിളിയായി തുടരുന്നു.
- **അടിസ്ഥാന സൗകര്യ പ്രതിസന്ധികൾ പരിഹരിക്കുക**– അടിസ്ഥാന സൗകര്യങ്ങളായ വർക്ക് ഷെഡുകൾ, ടൂൾ റൂമുകൾ, പ്രൊഡക്റ്റ് ടെസ്റ്റിംഗ് ലബോറട്ടറികൾ, വൈദ്യുതി, ഗ്രാമീണ ബ്രോഡ്ബാൻഡ്, ഇന്നൊവേഷൻ ഹബുകൾ എന്നിവയുടെ അപര്യാപ്തത ഈ മേഖലയുടെ വളർച്ചയ്ക്ക് തടസ്സമായി പ്രവർത്തിക്കുന്നു. മികച്ച അടിസ്ഥാന സൗകര്യങ്ങൾ നൽകുന്ന കുറച്ച് എംഎസ്എംഇ ക്ലസ്റ്ററുകൾ മാത്രമേ നിലവിലുള്ളൂ.
- **ക്രെഡിറ്റ്, റിസ്ക് ക്യാപിറ്റൽ ലഭ്യത സുഗമമാക്കുക**– അനൗപചാരിക സ്വഭാവം കാരണം എം.എസ്.എം.ഇകൾക്ക് ഔപചാരിക ക്രെഡിറ്റ് സ്രോതസുകളിലേക്ക് പ്രവേശനമില്ല . സാമ്പത്തിക വിവരങ്ങളുടെ അഭാവം മൂലം എം.എസ്.എം.ഇ.കളുടെ ക്രെഡിറ്റ് റിസ്ക് വിലയിരുത്തലിൽ ബാങ്കുകൾ വെല്ലുവിളികൾ നേരിടുന്നു. ഇക്വിറ്റി സപ്പോർട്ടും വെഞ്ച്വർ ക്യാപിറ്റൽ ഫിനാൻസിംഗും ആകർഷിക്കാൻ വളരെ കുറച്ച് എംഎസ്എംഇകൾക്ക് മാത്രമേ കഴിയുന്നുള്ളൂ .
- **വിപണി ബന്ധവും പൊതു സംഭരണ സംവിധാനവുമായുള്ള ബന്ധം പ്രാപ്തമാക്കുക** – അസംസ്കൃത വസ്തു ഉൽപ്പന്ന മാർക്കറ്റിലേക്കുള്ള എം എസ്എം ഇ കളുടെ ബന്ധം പരിമിതമാണ്. പൊതുമേഖലാ യൂണിറ്റുകളുമായുള്ള ബന്ധം സംരംഭങ്ങളുടെ വളർച്ചയെ സഹായിക്കും.

# 4.5. ഭക്ഷ്യ സംസ്കരണം

ഇന്ത്യയുടെ ഭക്ഷ്യ സംസ്കരണ മേഖലയിൽ പഴവർഗ്ഗങ്ങളും, പച്ചക്കറികളും, തോട്ടവിളകൾ, ധാന്യസംസ്കരണം, സുഗന്ധദ്രവ്യങ്ങൾ, പാലുംപാലുൽപ്പന്നങ്ങളും, മാംസാഹാരവും കോഴിയിറച്ചിയും, മത്സ്യം,മദ്യം, ലഹരിഇതര പാനീയങ്ങൾ, കൂടാതെ മറ്റു ഉപഭോഗ ഉൽപ്പന്നങ്ങളായ മിഠായികൾ, ചോക്ലേറ്റുകൾ, കൊക്കോഉൽപ്പന്നങ്ങൾ, സോയഉൽപ്പന്നങ്ങൾ, മിനറൽ വാട്ടർ, ഉയർന്ന പ്രോട്ടീൻ ആഹാര പദാർത്ഥങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്നു. അരി, ഗോതമ്പ്, മറ്റു പല പഴങ്ങളും പച്ചക്കറികളും ഉൽപാദിപ്പിക്കുന്നതിൽ ഇന്ത്യ ലോകത്ത് രണ്ടാം സ്ഥാനത്താണ് ഇന്ത്യയിലെ ഭക്ഷ്യ–പലചരക്ക് വിപണി ലോകത്തിലെ ആറാമത്തെ വലിയ വിപണിയാണ്. കൂടാതെ ഇന്ത്യയിലെ മൊത്തം ചില്ലറ വിപണിയുടെ 65 ശതമാനവും ഇന്ത്യയിലെ ഭക്ഷ്യ, പലചരക്ക് ചില്ലറ വിപണികളാണ്. ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയം I 39 മെഗാ ഫുഡ് പാർക്ക് പ്രോജക്റ്റുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്, ഇതിൽ 7 മെഗാ ഫുഡ് പാർക്കുകൾക്ക് വനിതാ പ്രൊമോട്ടർമാരുണ്ട്. 39,748 രജിസ്റ്റർ ചെയ്ത യൂണിറ്റുകളിലായി ഏകദേശം 18.5 ദശലക്ഷം ആളുകൾ ഈ വ്യവസായത്തിൽ ഏർപ്പെടുന്നു (ഉറവിടം: വാർഷിക റിപ്പോർട്ട് 2019–20, ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയം, ഭാരത സർക്കാർ).

ഭക്ഷ്യ ഉല്പന്നങ്ങളുടെയും പാനീയങ്ങളുടെയും നിർമ്മാണത്തിൽ ഗണ്യമായ വനിതാ പങ്കാളിത്തമുണ്ട്. രജിസ്റ്റർ ചെയ്തിട്ടുള്ള ഭക്ഷ്യസംസ്കരണ യൂണിറ്റുകളിൽ 2 ലക്ഷത്തോളം വനിതാ തൊഴിലാളികൾ നേരിട്ട് ജോലി ചെയ്യുന്നു. കൂടാതെ 12 ലക്ഷത്തോളം വനിതകൾ ഭക്ഷ്യസംസ്കരണമേഖലയിലെ സംയോജിതമല്ലാത്ത കാർഷികേതര സംരംഭങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു.

പാൽ, നെയ്യ്, പയർവർഗ്ഗങ്ങൾ, ഇഞ്ചി, വാഴപ്പഴം, പേര, പപ്പായ, മാങ്ങ എന്നിവയുടെ ഉത്പാദനത്തിൽ ഇന്ത്യ ലോകത്ത് ഒന്നാം സ്ഥാനത്താണ്. ഴിഞ്ഞ 5 വർഷങ്ങളിൽ 2018–19 അവസാനം വരെ 2011–12 വിലയിൽ ഭക്ഷ്യ സംസ്കരണ മേഖല ശരാശരി വാർഷിക വളർച്ചാ നിരക്കിൽ (എഎജിആർ) 10 ശതമാനം വളർച്ച കൈവരിച്ചു. ഇത് കാർഷിക മേഖലയുമായി താരതമ്യം ചെയ്യുമ്പോൾ 3.11 ശതമാനം ആണ് . ജിഡിപി, തൊഴിൽ, നിക്ഷേപം എന്നിവയുള്ള സംഭാവനയുടെ അടിസ്ഥാനത്തിൽ ഭക്ഷ്യ സംസ്കരണ മേഖല ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ ഒരു പ്രധാന വിഭാഗമായി ഉയർന്നുവന്നിട്ടുണ്ട്. 2011– 12 വിലയിൽ 2018–19–ൽ ഉൽപാദന മേഖലയിലും കാർഷിക മേഖലയിലും യഥാക്രമം 8.98 ശതമാനവും ജിവിഎയുടെ 11.11 ശതമാനവും ഈ മേഖലയാണ് സംഭാവന ചെയ്യുന്നത് .

2019–20 കാലയളവിൽ സംസ്കരിച്ച ഭക്ഷ്യ കയറ്റുമതിയുടെ മൂല്യം 32.73 ബില്യൺ യുഎസ് ഡോളറായിരുന്നു. ഇത് ഇന്ത്യയുടെ മൊത്തം കയറ്റുമതിയുടെ 10.4 ശതമാനമാണ്. 2019–20 കാലയളവിൽ സംസ്കരിച്ച ഭക്ഷണം ഇറക്കുമതി ചെയ്യുന്നതിന്റെ മൂല്യം 19.64 ബില്യൺ യുഎസ് ഡോളറാണ്, ഇത് ഇന്ത്യയുടെ മൊത്തം ഇറക്കുമതിയുടെ 4.1 ശതമാനമാണ് (474.71 ബില്യൺ യുഎസ് ഡോളർ). ലോകത്ത് ഇന്ത്യയുടെ ഭക്ഷ്യ കയറ്റുമതിയുടെ പങ്ക് 2019–ൽ 2.27 ശതമാനവും ലോകത്തെ ഭക്ഷ്യ ഇറക്കുമതിയുടെ വിഹിതം 2019 ൽ 1.27 ശതമാനവുമായിരുന്നു (ഉറവിടം: വാർഷിക റിപ്പോർട്ട് 2020–21, ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയം, ഭാരത സർക്കാർ)

### കേരളത്തിലെ ഭക്ഷ്യസംസ്ക്കരണ വ്യവസായം

രാജ്യത്തെ മൊത്തം ഭക്ഷ്യ കയറ്റുമതിയുടെ 20 ശതമാനവും കേരളത്തിലാണ്. സുഗന്ധവ്യഞ്ജനങ്ങൾ, സമുദ്ര ഉൽപന്നങ്ങൾ, കശുവണ്ടി, നാളികേരം , കൊക്കോ, കാപ്പി , തേയില എന്നിവയും വാഴപ്പഴം, പൈൻ ആപ്പിൾ എന്നീ ഫലവർഗങ്ങളും എന്നിവയിൽ കേരളം പരമ്പരാഗതമായി ശക്തമാണ്.

സംസ്ഥാനത്തെ ഭക്ഷ്യ സംസ്കരണ വ്യവസായത്തിന്റെ ഉന്നമനത്തിനായി കേരള വ്യവസായ അടിസ്ഥാന സൌകര്യ വികസന കോർപ്പറേഷൻ (കിൻഫ്ര) ഒരു പ്രധാന പങ്ക് വഹിക്കുന്നു. ഭാരത സർക്കാരിന്റെ ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയത്തിന്റെയും, വാണിജ്യ വ്യവസായ മന്ത്രാലയം നടപ്പിലാക്കുന്ന "കയറ്റുമതി അടിസ്ഥാന സൌകര്യങ്ങളും അനുബന്ധ പ്രവർത്തനങ്ങളും വികസിപ്പിക്കുന്നതിനുള്ള സംസ്ഥാനങ്ങൾക്കുള്ള സഹായം" (ASIDE) എന്ന പദ്ധതിയുടെയും സംസ്ഥാനത്തിന്റെ നോഡൽ ഏജൻസി എന്നിവയായി കിൻഫ്ര പ്രവർത്തിക്കുന്നു. കിൻഫ്ര സംസ്ഥാനത്തുടനീളം നിരവധി ഭക്ഷ്യാധിഷ്ഠിത പാർക്കുകൾ സ്ഥാപിച്ചു. പാർക്കുകളിലെ കിൻഫ്ര ഭക്ഷ്യ സംസ്കരണ യൂണിറ്റുകളുടെ വിശദാംശങ്ങൾ **അനുബന്ധം 4.5–**ൽ നൽകിയിരിക്കുന്നു.

### കിൻഫ്ര ഫുഡ് പ്രോസസിംഗ് പാർക്ക്, കാക്കഞ്ചേരി, മലപ്പുറം

71.5 ഏക്കറിൽ വ്യാപിച്ചുകിടക്കുന്ന മലപ്പുറം ജില്ലയിലെ കാക്കഞ്ചേരിയിലെ കിൻഫ്ര ഫുഡ് പ്രോസസിംഗ് പാർക്കിൽ പ്രവർത്തനക്ഷമങ്ങളായ 45 യൂണിറ്റുകളുണ്ട്. 2020–21 കാലയളവിൽ 15,053 ലക്ഷം രൂപ നിക്ഷേപം നടത്തിയ ഇവിടെ 1,494 തൊഴിലവസരങ്ങൾ സൃഷ്ടിച്ചു.

### കിൻഫ്രാ മെഗാ ഫുഡ് പാർക്ക്, പാലക്കാട്

മെഗാ ഫുഡ് പാർക്ക് പദ്ധതിയ്ക്ക് കീഴിൽ പാലക്കാട്ടെ കഞ്ചിക്കോട്ടുള്ള 79 ഏക്കറിൽ മെഗാ ഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനുള്ള കിൻഫ്രയുടെ പ്രോപോസലിന് ഭാരത സർക്കാരിന്റെ ഭക്ഷ്യ സംസ്കരണ മന്ത്രാലയത്തിൽ നിന്നും അംഗീകാരം ലഭിച്ചിട്ടുണ്ട്. കണക്കാക്കുന്ന ആകെ പദ്ധതി ചെലവ് 119.02 കോടി രൂപയാണ് .കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയത്തിന്റെ സഹായം 50 കോടി രൂപയാണ്. 2020–21 കാലയളവിൽ 22989.54 ലക്ഷം രൂപ നിക്ഷേപം നടത്തിയ ഇവിടെ 1211 തൊഴിലവസരങ്ങൾ സൃഷ്ടിച്ചു.

### ഫുഡ് ആൻഡ് സ്പൈസസ് പാർക്ക്, അടൂർ, പത്തനംതിട്ട

40.54 ഏക്കറിൽ വ്യാപിച്ചുകിടക്കുന്ന പത്തനംതിട്ട ജില്ലയിലെ അടൂർ കിൻഫ്ര ഫുഡ് പ്രോസസിംഗ് പാർക്കിൽ പ്രവർത്ത

നക്ഷമങ്ങളായ 18 യൂണിറ്റുകളുണ്ട്. 2020–21 കാലയളവിൽ 6010.44 ലക്ഷം രൂപ നിക്ഷേപം നടത്തിയ ഇവിടെ 759 തൊഴിലവസരങ്ങൾ സൃഷ്ടിച്ചു.

### ഫുഡ് ആൻഡ് സ്പൈസസ് പാർക്ക്, മുട്ടം, ഇടുക്കി

ഇടുക്കി ജില്ലയിലെ മുട്ടം എന്ന സ്ഥലത്തുള്ള 15 ഏക്കർ സ്ഥലത്താണ് ഈ പ്രൊജക്റ്റ് സ്ഥിതിചെയ്യുന്നത്. ഭാരത സർക്കാരിന്റെ എംഎസ്എംഇ മന്ത്രാലയത്തിനു കീഴിലുള്ള എംഎസ്എംഇ–ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം (എംഎസ്എംഇ–സിഡിപി) എന്ന പദ്ധതിയ്ക്ക് കീഴിലാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. ഭക്ഷ്യ, സുഗന്ധവ്യഞ്ജനങ്ങൾക്കും അനുബന്ധ പ്രവർത്തനങ്ങൾക്കും പൂർണ്ണമായ അടിസ്ഥാന സൗകര്യങ്ങൾ ഇത് വിഭാവനം ചെയ്യുന്നു. ഇന്ത്യാ ഗവൺമെന്റ് പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. മൊത്തം പദ്ധതി ചെലവ് 12.5 കോടി രൂപയാണ്, അതിൽ 6 കോടി രൂപയാണ് കേന്ദ്ര സഹായം.

### കെ.എസ്.ഐ.ഡി.സി മെഗാ ഫുഡ് പാർക്ക്, ആലപ്പുഴ

ഭാരത സർക്കാരിന്റെ മെഗാ ഫുഡ് പാർക്ക് പദ്ധതിയ്ക്ക് കീഴിൽ ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയത്തിൽ നിന്നുള്ള സഹായം ലഭ്യമാക്കിക്കൊണ്ട് കടൽ ഭക്ഷ്യ സംസ്കരണ മേഖലയെ കേന്ദ്രീകരിച്ച് ചേർത്തലയിലെ വ്യവസായ വളർച്ചാ കേന്ദ്രമായ പള്ളിപ്പുറത്ത് കെ.എസ്.ഐ.ഡി.സി ഒരു മെഗാ ഫുഡ് പാർക്ക് വികസിപ്പിക്കുന്നു. കോൾഡ് സ്റ്റോറേജ്, സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി, ഐസ് പ്ലാന്റ് തുടങ്ങിയ സമുദ്ര ഭക്ഷ്യ ഉല്പന്നസംസ്കരണ മേഖലയ്ക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ പാർക്ക് നിറവേറ്റും. 3 വർഷത്തിനുള്ളിൽ 350 കോടി രൂപയുടെ നിക്ഷേപം കൊണ്ട് വരാനാകുമെന്ന് ഈ പദ്ധതിയിലൂടെ പ്രതീക്ഷിക്കുന്നു. നിലവിൽ പാർക്കിലെ 42 ഏക്കറോളം വിവിധ കടൽ ഭക്ഷ്യ/ ഭക്ഷ്യ സംസ്കരണത്തിനും അനുബന്ധ യൂണിറ്റുകൾക്കും അനുവദിച്ചിട്ടുണ്ട്. മെഗാ ഫുഡ് പാർക്കിൽ വിതരണത്തിനായി അവശേഷിക്കുന്ന ഭൂമി ഏകദേശം 3 ഏക്കറാണ്. കടൽ ഭക്ഷ്യ / ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾക്കും അനുബന്ധ മേഖലകളിലെ വ്യാവസായിക യൂണിറ്റുകൾക്കും 30 വർഷത്തെ പാട്ടക്കാലത്തേക്ക് ഭൂമി അനുവദിക്കും. 31.03.2020 വരെ ഏക്കറിന് 137.26 ലക്ഷം രൂപയാണ് നിലവിൽ ബാധകമായ പാട്ട പ്രീമിയം. (അവലംബം: ഡബ്ല്യു.ഡബ്ല്യു.ഡബ്ല്യു. കെ.എസ്.ഐ.ഡി.സി.ഒആർജി).

### എൻസിഎച്ച്സി വഴി ഭക്ഷ്യ സുരക്ഷാ സംവിധാനം നടപ്പിലാക്കുക

നാഷണൽ സെന്റർ ഫോർ എച്ച്.എ.സി.സി.പി സർട്ടിഫിക്കേഷനും (എൻ.സി.എച്ച്.സി) കെ–ബിപ്പും സംയുക്തമായി കേരളത്തിനകത്തും മറ്റ് വിവിധ സംസ്ഥാനങ്ങളിലും പ്രവർത്തിക്കുന്ന ഭക്ഷ്യ സംസ്കരണ യൂണിറ്റുകളുടെ ആഡിറ്റിംഗ്, സർട്ടിഫിക്കേഷൻ, റി സർട്ടിഫിക്കേഷൻ തുടങ്ങിയവ കൈകാര്യം ചെയ്തു വരുന്നു. ഭക്ഷ്യ സുരക്ഷയെ സംബന്ധിച്ച അവബോധം നൽകുന്നതിന് നാഷണൽ സെന്റർ ഫോർ എച്ച്.എ.സി.സി.പിയുടേയും കേരളത്തിലെ ഫുഡ് സേഫ്റ്റി കമ്മീഷണറേറ്റിന്റെയും ആഭിമുഖ്യത്തിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു .

### ഭക്ഷ്യ സംസ്കരണ മേഖലയിലെ പ്രധാന വെല്ലുവിളികൾ

- പ്രാഥമിക സംസ്കരണം , സംഭരണം, വിതരണ സൗകര്യങ്ങളുടെ അഭാവം
- ഉൽപാദനവും സംസ്കരണവും തമ്മിലുള്ള പരസ്പര ബന്ധത്തിന്റെ അപര്യാപ്തത
- കാലികമായ പ്രവർത്തനങ്ങളും കുറഞ്ഞ ശേഷി വിനിയോഗവും
- ഗുണനിലവാരത്തിലും സുരക്ഷാ മാനദണ്ഡങ്ങളിലും വേണ്ടത്ര ശ്രദ്ധ കേന്ദ്രീകരിക്കാത്തത്
- ഉൽപ്പന്ന വികസനത്തിന്റെയും നവീകരണത്തിന്റെയും നൂതന ആശയത്തിന്റെയും അഭാവം അഭാവം

### മുന്നോട്ടുള്ള വഴി

ഭക്ഷ്യ സംസ്കരണ മേഖല ഒരു കൂട്ടം പ്രത്യേക പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നു, അത് മേഖലയുടെ വികസനത്തിന് ആവശ്യമായ ഇടപെടൽ തന്ത്രത്തെ നേരിട്ട് ബാധിക്കുകയും ചെയ്യുന്നു. ഈ മേഖലയിൽ പ്രധാനമായും ചെറുതും സൂക്ഷ്മവും ചെറുകിടവുമായ യൂണിറ്റുകൾ അടങ്ങിയിരിക്കുന്നതിനാൽ, അവയുടെ വിപുലീകരണത്തിന് ആവശ്യമായ മിച്ചം സൃഷ്ടിക്കാനോ അടിസ്ഥാന സൗകര്യങ്ങളെ സഹായിക്കുന്നതിന് നിക്ഷേപിക്കാനോ അവർക്ക് സാധിക്കുന്നില്ല. അതിനാൽ, അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും സംസ്കരണ ശേഷി സൃഷ്ടിക്കുന്നതിനാവശ്യമായ നിക്ഷേപം ആകർഷിക്കുന്നതിന് ലക്ഷ്യമിടുന്ന പ്രോത്സാഹനങ്ങൾക്കും ഈ മേഖലയ്ക്ക് സഹായം ആവശ്യവുമുണ്ട്. . ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്നിവ വിതരണ ശൃംഖലയുടെ വിവിധ ഘടകങ്ങളിൽ ഗണ്യമായ നിക്ഷേപം ആവശ്യമാണ്. ഗ്രേഡിംഗ്, പാക്കിംഗ് സെന്ററുകൾ, നിയന്ത്രിത അന്തരീക്ഷ സൗകര്യങ്ങൾ, റീഫർ വാനുകൾ, പോർട്ട്/എയർപോർട്ട്/ റെയിൽവേ സ്റ്റേഷനുകളിൽ നശിക്കുന്ന ചരക്കുകളുടെ കോൾഡ് സ്റ്റോറേജ്, ടെസ്റ്റിംഗ് ലബോറട്ടറികൾ, മറ്റ് പിന്തുണയ്ക്കൽ സൗകര്യങ്ങൾ/സേവനങ്ങളായ ടെസ്റ്റിംഗ് ലബോറട്ടറികൾ സ്ഥാപിക്കൽ , ഗവേഷണവും വികസനവും, നൈപുണ്യ പരിശീലനം നൽകൽ, മാർക്കറ്റിംഗ് പിന്തുണ എന്നിവയാണ് ഇപ്രകാരമുള്ള മേഖലകൾ.

# 4.6 പരമ്പരാഗത വ്യവസായങ്ങൾ

### കരകൗശല മേഖല

രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ കരകൗശല മേഖലയ്ക്ക് പ്രബലവും പ്രധാനവുമായ പങ്കുണ്ട്. ഗ്രാമീണ, അർദ്ധ നഗരപ്രദേശങ്ങളിലെ കരകൗശല തൊഴിലാളികൾക്ക് ഇത് തൊഴിൽ നൽകുന്നതിനൊപ്പം രാജ്യത്തിന്റെ സാംസ്കാരിക പൈതൃകം കാത്തുസൂക്ഷിക്കുകയും വിദേശ നാണ്യം നേടിതരുകയും ചെയ്യുന്നു. കരകൗശല വ്യവസായത്തിന് വളരെയധികം സാധ്യതകളുണ്ട്, കാരണം രാജ്യത്തുടനീളം വ്യാപിച്ചുകിടക്കുന്ന ദശലക്ഷക്കണക്കിന് കരകൗശല തൊഴിലാളികളുടെ നിലനില്പ് സാധ്യമാകുന്നു. മാത്രമല്ല, കരകൗശല പ്രവർത്തനങ്ങളിൽ കൂടുതൽപേർ ഏർപ്പെടുന്നുമുണ്ട്. നിലവിൽ, കരകൗശല മേഖല തൊഴില വസരങ്ങൾക്കും കയറ്റുമതിക്കും ഗണ്യമായ സംഭാവന നൽകുന്നു. ഇന്ത്യയിൽ കരകൗശല മേഖലയിൽ 68.86 ലക്ഷം കരകൗശല തൊഴിലാളികൾ പണിയെടുക്കുന്നു. ഇതിൽ 30.25 ലക്ഷം പുരുഷന്മാരും 38.61 ലക്ഷം സ്ത്രീകളുമാണ്. 2019–20 –ൽ സെപ്റ്റംബർ 2019 വരെ കൈകൊണ്ട് നിർമ്മിച്ച പരവതാനി ഉൾപ്പെടെയുള്ള കരകൗശല വസ്തുക്കളുടെ കയറ്റുമതി, 18,679.60 കോടി രൂപയായിരുന്നു (അവലംബം: വാർഷിക റിപ്പോർട്ട് 2019–20, ടെക്സ്റ്റയിൽസ് മന്ത്രാലയം, ഭാരത സർക്കാർ).

വ്യവസായത്തിന്റെ അസംഘടിത സ്വഭാവം, തൊഴിലാളികളുടെ കുറഞ്ഞ വിദ്യാഭ്യാസ നിലവാരം, കുറഞ്ഞ മൂലധന അടിത്തറ, പുതിയ സാങ്കേതികവിദ്യകളിലേക്കുള്ള എത്തിച്ചേരലിന്റെ അഭാവം, മാർക്കറ്റ് ഇന്റലിജൻസ് അഭാവം, സ്ഥാപനപരമായ ചട്ടക്കൂട് തുടങ്ങിയ ബലഹീനതകളാൽ ഈ മേഖല ബുദ്ധിമുട്ടുന്നു. കരകൗശല മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനുമായി വിവിധ പദ്ധതികൾ "ദേശീയ കരകൗശല വികസന പദ്ധതി [എൻഎച്ച്ഡിപി]", സമഗ്ര കരകൗശല ക്ലസ്റ്റർ വികസന പദ്ധതി (സിഎച്ച്സിഡിഎസ്) എന്നിവയ്ക്ക് കീഴിൽ സർക്കാർ നടപ്പിലാക്കുന്നു.

### കേരളത്തിലെ കരകൗശല വ്യവസായം

ഏകദേശം 1.7 ലക്ഷം കരകൗശല തൊഴിലാളികൾ കേരളത്തിൽ കരകൗശല മേഖലയിൽ സജീവമായി ഏർപ്പെട്ടിട്ടുണ്ടെന്നാണ് കണക്കാക്കുന്നത്. ആനക്കൊമ്പ്, മുള, പനയോല, കക്കകൾ, തടി, ചിരട്ട, കളിമണ്ണ്, തുണി, കയർ, ലോഹങ്ങൾ, കല്ലുകൾ, ലാക്വയർ വെയർ തുടങ്ങിയവ ഉപയോഗിച്ച് അതിമനോഹരങ്ങളായ ഉല്പന്നങ്ങൾ നിർമ്മിക്കുന്ന ഒരു പാരമ്പര്യം കേരളത്തിനുണ്ട്. സംസ്ഥാനത്തുടനീളമുള്ള കൊട്ടാരങ്ങളിലും, പുരാതന ഗൃഹങ്ങളിലും, മ്യൂസിയങ്ങളിലും പ്രാചീന കരകൗശല വിസ്മയങ്ങൾ കാണാൻ കഴിയും. പരമ്പരാഗത കരകൗശലത്തൊഴിലാളികളിൽ ഭൂരിഭാഗവും സാമൂഹികവും സാമ്പത്തികവുമായ പിന്തുണ ആവശ്യമുള്ളവരാണ്. കേരളത്തിൽ 32 വ്യത്യസ്ത ഇനം കരകൗശല വസ്തുക്കളുണ്ട്. ദന്ത കൊത്തുപണി, മരം, കൊമ്പ് കൊത്തുപണി, ബെൽ മെറ്റൽ കാസ്റ്റിംഗ് ഹാൻഡ് എംബ്രോയിഡറി, ചിരട്ട കൊത്തുപണി എന്നിവ പ്രധാന വാണിജ്യ ഇനങ്ങളാണ്. ഇടനിലക്കാരെ ഉന്മൂലനം ചെയ്യുക, കരകൗശല തൊഴിലാളികളുടെ കഴിവ് മെച്ചപ്പെടുത്തുക, ഉൽപാദനക്ഷമത, വിപണി അവസരങ്ങൾ വർദ്ധിപ്പിക്കുക, സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുക എന്നിവയാണ് കേരള സർക്കാർ നടപ്പാക്കുന്ന പദ്ധതികൾ.

കേരള സംസ്ഥാന കരകൗശല അപ്പെക്സ് സഹകരണ സംഘം (സുരഭി), കരകൗശല വികസന കോർപ്പറേഷൻ, കേരള ആർട്ടിസാൻസ് വികസന കോർപ്പറേഷൻ (കാഡ്കോ) എന്നിവയാണ് കേരളത്തിലെ കരകൗശല വ്യവസായത്തിന്റെ പ്രധാന പ്രോത്സാഹന ഏജൻസികൾ.

### കേരള സംസ്ഥാന കരകൗശല അപ്പെക്സ് സഹകരണ സംഘം (സുരഭി)

പ്രാഥമിക കരകൗശല സഹകരണ സംഘങ്ങളുടെ പരമോന്നത സംഘടനയായ സുരഭി കരകൗശലത്തൊഴിലാളികളെ അവരുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിലൂടെയും ഭാരത സർക്കാരിന്റെയും കേരള സർക്കാരിന്റെയും ക്ഷേമ പദ്ധതികളിലൂടെ പിന്തുണയ്ക്കുന്നതിലൂടെ അവരെ ഉയർത്തികൊണ്ട് വരുക എന്ന ലക്ഷ്യത്തോടെയാണ് സ്ഥാപിച്ചിരിക്കുന്നത്. സുരഭിയുടെ കീഴിൽ 46 സഹകരണ സംഘങ്ങൾ ഉണ്ട്. കേരളത്തിനകത്തും പുറത്തുമായി 11 ഷോറൂമുകൾ സുരഭിയ്ക്ക് കീഴിൽ ഉണ്ട്. 2020–21 വർഷത്തെ സഹകരണ സംഘത്തിന്റെ ആകെ വിറ്റുവരവ് 38.91 ലക്ഷം രൂപയായിരുന്നു. 2020–21–ൽ സംസ്ഥാന സർക്കാരിൽ നിന്ന് അപെക്സ് സ്ഥാപനത്തിന് 35 ലക്ഷം രൂപ ലഭിച്ചു. 2020–21 ൽ സുരഭിക്ക് എക്സിബിഷനുകളും ലാഭവും ഉണ്ടായിരുന്നില്ല. ഈ കാലയളവിൽ നൽകിയ ആകെ തൊഴിൽ 30,000 ആയിരുന്നു. വിശദാംശങ്ങൾ **അനുബന്ധം 4.6.1**–ൽ നൽകിയിരിക്കുന്നു

### കേരള ഹാന്റിക്രാഫ്റ്റ്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ (എച്ച് ഡി സി കെ)

കരകൗശല ഉൽപന്നങ്ങൾ സംഭരിക്കുന്നതിലും വിപണനം ചെയ്യുന്നതിലും കരകൗശല തൊഴിലാളികൾക്ക് ന്യായമായ വരുമാനം ഉറപ്പാക്കുന്നതിലും കരകൗശല വികസന കോർപ്പറേഷൻ (എച്ച്ഡിസികെ) ഏർപ്പെട്ടിരിക്കുന്നു. കേരള ഹാന്റിക്രാഫ്റ്റ്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ, ഭാരതത്തിലും സംസ്ഥാനത്തുടനീളമുള്ള 19 കൈരളി എംപോറിയങ്ങളിലൂടെയും തിരുവനന്തപുരത്തുള്ള ശ്രീമൂലം ഷഷ്ട്യബ്ദി പൂർത്തി മെമ്മോറിയൽ ഇൻസ്റ്റിറ്റ്യൂട്ടിലൂടെയും (എസ്എംഎസ്എംഐ) കരകൗശല മേഖലയിലെ തൊഴിലാളികൾ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾക്ക് ന്യായവില നൽകിക്കൊണ്ട് ഇവയുടെ സംഭരണവും വിപണനവും നടത്തിവരുന്നു. മർക്കറ്റിംഗ് കൂടാതെ കേന്ദ്ര സംസ്ഥാന സർക്കാർ ക്ഷേമ പദ്ധതികളിലൂടെ തടി കൊണ്ടുള്ള കരകൗശല പണിയിൽ ഏർപ്പെട്ടിരിക്കുന്ന കരകൗശലക്കാർക്ക് തിരുവനന്തപുരത്ത് ഒരു പൊതു സൗകര്യ സേവനകേന്ദ്രം നടത്തുന്നുണ്ട്.

19 വിൽപ്പന യൂണിറ്റുകളിലൂടെ കരകൗശല വസ്തുക്കളുടെ വിൽപ്പന കൂടാതെ, എൻബിസിഎഫ്ഡിസി വായ്പാ പദ്ധതികൾക്ക് കീഴിൽ കരകൗശല തൊഴിലാളികളുടെ മൂലധന ആവശ്യങ്ങൾ നിറവേറ്റുന്നതിനായി കോർപ്പറേഷൻ ധനസഹായ പദ്ധതികളും നടപ്പാക്കുന്നു. കൂടാതെ, കേന്ദ്ര സർക്കാരിന്റെ പിന്തുണയോടെ, കരകൗശല തൊഴിലാളികൾക്ക് ക്ഷേമപദ്ധതികൾ നടപ്പാക്കൽ, പരിശീലന പരിപാടികൾ, സി.എഫ്.സികൾ സ്ഥാപി

ക്കൽ, ടൂൾ കിറ്റ് വിതരണം, കരകൗശല തൊഴിലാളികൾ നിർമ്മിച്ച കലാസൃഷ്ടികൾ പ്രധാന സ്ഥലങ്ങളിൽ എക്സിബിഷനുകൾ / ക്രാഫ്റ്റ് ബസാറുകൾ, ടൂറിസ്റ്റ് കേന്ദ്രങ്ങൾ എന്നിവ വഴി പ്രദർശിപ്പിച്ചു വിപണി സൗകര്യവും ഒരുക്കുന്നു .

2020–21 കാലയളവിൽ, 1,900 ലക്ഷം രൂപയുടെ വിറ്റുവരവാണ് കോർപ്പറേഷൻ ലക്ഷ്യമിട്ടതെങ്കിലും മൊത്തം വിൽപ്പന 285.26 ലക്ഷം രൂപ മാത്രമാണ്. ലക്ഷ്യമിട്ട വിൽപ്പന കൈവരിക്കാത്തതിന്റെ പ്രധാന കാരണം കോവിഡ്–19 മഹാമാരി ലോകമെമ്പാടും വ്യാപിച്ചതാണ്. കോർപ്പറേഷന്റെ വിൽപ്പന പ്രധാനമായും ആഭ്യന്തര, വിദേശ വിനോദ സഞ്ചാരികളെയും മേളകളെയും എക്സിബിഷനുകളെയും ആശ്രയിച്ചിരിക്കുന്നു. 2020–21ൽ 71 തൊഴിലവസരങ്ങൾ കോർപ്പറേഷൻ സൃഷ്ടിക്കുകയുണ്ടായി. വിശദാംശങ്ങൾ **അനുബന്ധം 4.6.2**–ൽ നൽകിയിരിക്കുന്നു.

## കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (കാഡ്കോ)

കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (കാഡ്കോ)1956– ലെ കമ്പനീസ് ആക്ടിന് കീഴിൽ പൂർണമായും കേരള ഗവൺമെന്റ് കമ്പനിയായി രജിസ്റ്റർ ചെയ്ത് 1981ൽ നിലവിൽ വന്നതാണ്. കേരളത്തിലെ തദ്ദേശീയരായ കരകൗശല തൊഴിലാളികളായ മരപ്പണിക്കാർ, സ്വർണപ്പണിക്കാർ, കൊല്ലപണിക്കാർ, കശവപണിക്കാർ, കൊത്തപണിക്കാർ, ചെമ്പ്/വെങ്കലം ഉപയോഗിച്ചുള്ള ജോലി ചെയ്യുന്നവർ, മറ്റു കൈത്തൊഴിൽക്കാർ എന്നിവരുടെ ഉന്നമനമാണ് കോർപ്പറേഷന്റെ മുഖ്യ ലക്ഷ്യം. വിവിധതരത്തിലുള്ള കരകൗശല തൊഴിലാളികളെ കണ്ടെത്തുകയും അവരുടെ കൈതൊഴിലുകളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതാണ് കാഡ്കോയുടെ പ്രാഥമിക ലക്ഷ്യം . കോഴിക്കോട്ടെ നടവന്നൂർ,കൊല്ലത്തെ ഉമയനല്ലൂർ എന്നിവിടങ്ങളിലെ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ മരപ്പണിക്കായി പൊതു സൗകര്യ സേവന കേന്ദ്രങ്ങൾ കാഡ്കോ വിജയകരമായി നടത്തിവരുന്നു.

ദേശീയ പിന്നോക്കവിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി) യുടെ സംസ്ഥാന ചാനലൈസിംഗ് ഏജൻസികളിലൊന്നായ കാഡ്കോ ഒരു ലക്ഷം രൂപ വരെയുള്ള തുകയ്ക്ക് 5 ശതമാനം നാമമാത്ര പലിശ നിരക്കിൽ പിന്നോക്ക വിഭാഗങ്ങളിലെ ദാരിദ്യരേഖയ്ക്ക് താഴെയുള്ള സ്ത്രീകൾക്ക് വിവിധ വരുമാന വർധന പ്രവർത്തനങ്ങൾ തുടങ്ങുവാൻ ഹ്രസ്വകാല വായ്പകൾ വിതരണം ചെയ്യുന്നു. കൂടാതെ കരകൗശല യൂണിറ്റുകൾക്ക് നവീകരണത്തിനും പുതിയ ഉൽപാദന യൂണിറ്റുകൾ ആരംഭിക്കുന്നതിനും 5 ലക്ഷം രൂപ വരെ വായ്പ നൽകുന്നു (അവലംബം: ഡബ്ല്യൂ ഡബ്ല്യൂഡബ്ല്യൂ.കേരള ആർട്ടിസാൻസ്.കോം )

## മുള വ്യവസായം

ഉപയോഗപ്രദവും നവീകരിക്കാവുന്നതും പരിസ്ഥിതി സൗഹൃദവുമായ ഒരു വിഭവമാണ് മുള. പരിസര സുരക്ഷ, പോഷകാഹാരം, ഉയർന്ന മൂല്യമുള്ള നിർമ്മാണ സാമഗ്രികൾ എന്നിവയ്ക്ക് പുറമെ മറ്റ് 1,500 വിവിധ ആവശ്യങ്ങൾക്കും വർദ്ധിച്ച തോതിൽ മുള പ്രയോജനപ്പെടുത്തുന്നുണ്ട്. ആഗോളതലത്തിൽ 2.5 ബില്ല്യൺ ആൾക്കാർ വിവിധ രൂപങ്ങളിൽ മുള ഉപയോഗിക്കുന്നതായി കണക്കാക്കിയിട്ടുണ്ട്. ഫലപ്രദമായ ഇന്ധനോല്പാദനത്തിന് മുള ഉപയോഗിക്കുന്നതിനുള്ള ഗവേഷണപ്രവർത്തനങ്ങൾ നടന്നു വരുന്നു.

കേരളത്തിൽ, 28 വിവിധ ഇനം മുളകൾ ലഭ്യമാണ്. കേരളത്തിലെ വനങ്ങളിൽ നിന്നുള്ള മുള കുറഞ്ഞ നിരക്കിൽ പൾപ്പ്, റയോൺ യൂണിറ്റുകളിലാണ് എത്തിച്ചേരുന്നത്. സംസ്ഥാനത്ത് ഏകദേശം ഒരു ലക്ഷം ആൾക്കാർ മുള വ്യവസായത്തിൽ ജീവനോപാധി കണ്ടെത്തുന്നതായാണ് കണക്ക്. വ്യവസായ ആവശ്യത്തിനുള്ള 67.3 ശതമാനം മുളയും വനത്തിൽ നിന്നല്ല മറിച്ച് പുരയിടങ്ങളിൽ നിന്നുതന്നെ ലഭിക്കുന്നു എന്നത് കേരളത്തിലെ മുള വ്യവസായത്തിന്റെ മാത്രം പ്രത്യേകതയാണ്. അങ്കമാലി പ്രദേശത്തിന് ചുറ്റുമുള്ള കരകൗശലക്കാരെയാണ് കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ സഹായിക്കുന്നത്. പഞ്ചായത്തുകളിൽ നിന്ന് ഈയിടെ ലഭ്യമായ വിവരങ്ങളനുസരിച്ച് എഴുപതുകളുടെ തുടക്കം മുതൽ ഈ മേഖലയിൽ നിന്ന് ധാരാളം തൊഴിലാളികൾ നിർമ്മാണ മേഖല പോലെയുള്ള കുറഞ്ഞ നൈപുണ്യം ആവശ്യമുള്ളതും നൈപുണ്യം ആവശ്യമില്ലാത്ത തൊഴിൽ തൃതീയ മേഖലകളിലേയ്ക്കു ചേക്കേറുന്നതായി കണ്ടെത്തിയിട്ടുണ്ട്. (അവലംബം: ഡബ്ല്യൂഡബ്ല്യൂഡബ്ല്യൂ.കേരള ബാംബൂ മിഷൻ.ഒ.ആർ.ജി)

## കേരള സ്റ്റേറ്റ് ബാംബൂ മിഷൻ

2003–ൽ രൂപീകരിച്ച കേരള സ്റ്റേറ്റ് ബാംബൂ മിഷൻ (കെഎസ്ബിഎം), സംസ്ഥാനത്തിന്റെ ബാംബൂ വികസന ഏജൻസി (ബിഡിഎ) ആയി നിയോഗിക്കപ്പെട്ടിരിക്കുന്നു. സംസ്ഥാനത്ത് മുള വ്യവസായ മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനും, മൂല്യ വർധനവ്, വരുമാനവർധനവ്, ദാരിദ്ര്യനിർമ്മാർജനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു. കെ–ബിപ്പിനു കീഴിൽ കേരള സ്റ്റേറ്റ് ബാംബൂ മിഷൻ രൂപംകൊണ്ടതിന് ശേഷം നടത്തിയ ഇടപെടലുകളിൽ പ്രധാനം മുളയുടെ കൃഷി, കരകൗശല മേഖലയിൽ നൂതന ഉൽപ്പന്നങ്ങൾക്കായി പുതിയ മാതൃക സൃഷ്ടിക്കൽ, അനുയോജ്യമായ നൈപുണ്യ വികസനം, നൂതന സാങ്കേതികവിദ്യ സ്വീകരിച്ചു കൊണ്ടും വികസിപ്പിച്ചു കൊണ്ടും മുളയിലധിഷ്ഠിതമായ ആധുനിക വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക എന്നിവയാണ്. കേരള സ്റ്റേറ്റ് ബാംബൂ മിഷൻ 3,000 മുള തൈകൾ നെടുമങ്ങാട് ബോക്ക് പഞ്ചായത്തിന് നൽകുകയും ഈ തൈകൾ കിള്ളിയാറിലെ നദീതീരങ്ങളിൽ നദീതീര സംരക്ഷണ പദ്ധതിയുടെ ഭാഗമായി നടുകയും ചെയ്തു. (ഉറവിടം: കേരള സ്റ്റേറ്റ് ബാംബൂ മിഷൻ)

സർക്കാർ വനങ്ങളിൽ നിന്ന് ഗുണമേന്മയുള്ള ഈറ്റകൾ ശേഖരിച്ച് പരമ്പരാഗത മുള നെയ്ത്തുകാര്ക്ക് സബ്സിഡി നിരക്കിൽ വായ്പാടിസ്ഥാനത്തിൽ വിതരണം ചെയ്യുക, നെയ്ത്തുകാരിൽ നിന്ന് നെയ്ത പായകൾ വാങ്ങുക എന്നിവയാണ് കോർപ്പറേഷന്റെ പ്രധാന പ്രവർത്തനങ്ങൾ. മുളകൊണ്ടുള്ള പായ, മുളകൊണ്ടുള്ള പ്ലൈ, പരന്ന മുളകൊണ്ടുള്ള ബോർഡുകൾ, മുളകൊണ്ടുള്ള ഫ്ലോറിങ് ടൈൽ, മുളകൊണ്ടുള്ള ഫർണിച്ചറുകൾ, കരകൗശല വസ്തുക്കൾ എന്നിവയാണ് കോർപ്പറേഷന്റെ പ്രധാന ഉൽപ്പന്നങ്ങൾ. പായ നെയ്യുന്നതിലേക്ക് കൂടുതൽ തൊഴിലാളികളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ മുളകൊണ്ട് പായകളും കരകൗശല വസ്തുക്കളും നിർമ്മിക്കുന്നതിനുള്ള പരിശീലന പരിപാടികൾ ആരംഭിച്ചു.

## കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ

സംസ്ഥാനത്തെ പരമ്പരാഗത മുള തൊഴിലാളികളുടെ ക്ഷേമത്തിനും വികസനത്തിനും ഉന്നമനത്തിനുമായി 1971–ൽ നിലവിൽവന്ന സ്ഥാപനമാണ് കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ. മുള, ഈറ്റ, ചൂരൽ, റാട്ടൺ എന്നിവയെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുകയും, മേൽപറഞ്ഞ ഉത്പന്നങ്ങളുടെ ഉല്പാദനവും വിപണനവും ഏറ്റെടുത്ത് പരമ്പരാഗത മുള തൊഴിലാളികൾക്ക് സാമ്പത്തിക, സാങ്കേതിക, മാർഗ നിർദേശങ്ങൾ നൽകുക എന്നതാണ് കോർപ്പറേഷന്റെ പ്രധാന ലക്ഷ്യം. കോർപ്പറേഷൻ ഇന്ന് കേരളത്തിലെ 10,000ൽ അധികം വരുന്ന മുള തൊഴിലാളികളുടെയും കുടുംബങ്ങളുടെയും ആശ്രയകേന്ദ്രമാണ്. തൊഴിലാളികളിൽ ഭൂരിഭാഗവും പാവപ്പെട്ടവരും സാമൂഹ്യമായും സാമ്പത്തികമായും പിന്നാക്ക, പട്ടികജാതി/ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുമാണ് .

ഗവൺമെന്റിന്റെ വനം വകുപ്പിന് കീഴിലുള്ള ഭൂമിയിൽ നിന്നും ഗുണമേന്മയേറിയ ഈറ്റ സ്വരൂപിക്കുകയും പരമ്പരാഗത മുള, നെയ്ത്ത് തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ ഇത് വായ്പയായി വിതരണം ചെയ്യുകയും നെയ്ത പായകൾ നെയ്ത്തുകാരിൽ നിന്ന് നേരിട്ട് സംഭരിക്കുകയും ചെയ്യുക എന്നിവയാണ് കോർപ്പറേഷന്റെ പ്രധാന പ്രവർത്തനങ്ങളിൽപ്പെടുന്നത്.മുള കൊണ്ടുള്ള പായകൾ, മുള പലകകൾ, പരന്ന മുള ബോർഡുകൾ, ബാംബൂ ഫ്ലോറിംഗ് ടൈൽ, ബാംബൂ ഫർണിച്ചർ, കരകൗശല വസ്തുക്കൾ എന്നിവയാണ് കോർപ്പറേഷന്റെ പ്രധാന ഉൽപ്പന്നങ്ങൾ. പായ നെയ്ത്ത് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കൊഴിഞ്ഞുപോയ തൊഴിലാളികൾക്കായി കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ മുള പായകളും കരകൗശല വസ്തുക്കളും നിർമ്മിക്കുന്നതിനുള്ള പരിശീലന പരിപാടികൾ ആരംഭിച്ചു.

കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ ലിമിറ്റഡിന് പാലക്കാട്, മാനന്തവാടി, നാദാപുരം എന്നിവിടങ്ങളിൽ മൂന്ന് ഫീഡർ / പ്രൈമറി പ്രോസസ്സിംഗ് യൂണിറ്റുകൾ ഉണ്ട്. അങ്കമാലിയിലെ ബാംബൂ ബോർഡ് ഫാക്ടറി യൂണിറ്റിന്റെ അനുബന്ധ യൂണിറ്റുകളിൽ നിന്നും അസംസ്കൃത മുളയെ വിവിധ കട്ടിയുള്ള സ്ട്രിപ്പുകളായി സംസ്കരിക്കുന്നതിനായി മുളയുടെ കർട്ടനുകളായി നെയ്തെടുക്കുക എന്നതാണ് അവയുടെ ഉദ്ദേശം .മുകളിൽ പറഞ്ഞ പ്രക്രിയയിൽ നിന്ന് ഉണ്ടാകുന്ന മാലിന്യ മുള, 50 ശതമാനം മുതൽ 70 ശതമാനം വരെ ടൂത്ത്പിക്ക്, കർട്ടൻ ബ്ലൈൻഡ്സ്, ബാംബൂ കർട്ടൻനുകൾ, ധൂപവർഗ്ഗങ്ങൾ എന്നീ മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ നിർമ്മാണത്തിനായി ഉപയോഗിക്കുന്നു.

### മേഖലയിലെ പ്രശ്നങ്ങൾ

മേഖല അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങളാണ് :

- സ്വകാര്യമേഖലയിൽ നിന്നുള്ള കടുത്ത മത്സരം
- കുറഞ്ഞ വിലയിൽ കരകൗശല വസ്തുകൾക്ക് പകരമുള്ള ഉൽപ്പന്നങ്ങളുടെ ലഭ്യത ,പ്രേത്യേകിച്ച് ചൈനീസ് ഉൽപ്പന്നങ്ങൾ
- പ്രതികൂലമായ ജോലി സാഹചര്യങ്ങളിൽ പരമ്പരാഗത ജോലികൾ ചെയ്യാൻ കൈത്തൊഴിലാളികൾ വിമുഖത കാണിക്കുന്നു.
- ഈ മേഖലയിലേക്ക് കടന്നുവരുന്നതിൽ പുതിയ തലമുറയുടെ താൽപ്പര്യക്കുറവ്
- മുള പോലുള്ള മേഖലയിലെ വൈദഗ്ധ്യമുള്ള തൊഴിലാളികളുടെ കുറവ്
- വനത്തിൽ നിന്നും മുള മുറിക്കുന്നതിനും സംഭരിക്കുന്നതിനുമായി ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും.
- ശരിയായ വിതരണ ശൃംഖലയുടെ അഭാവം (മുളയ്ക്ക്)
- കരകൗശല/എൻ.ജി.ഒ/എം.എസ്.എം.ഇ.കളുടെ പ്രവർത്തന മൂലധനത്തിന്റെയും വായ്പയുടെയും അഭാവം.
- സംരംഭകത്വ വികസന പരിപാടികളുടെയും നൈപുണ്യ വികസന പരിപാടികളുടെയും ആധുനികവൽക്കരണവും,പുതിയ ഡിസൈനുകൾ/ നവീനത എന്നിവയുടെയും അഭാവവും
- സാങ്കേതിക വിദ്യാ, ഡിസൈൻ, ഉപകരണങ്ങൾ എന്നിവ വികസിപ്പിക്കുന്നതിൽ ഉള്ള അവബോധമില്ലായ്മ.
- സ്റ്റാൻഡഡൈസേഷനും പാക്കേജിംഗ് സാങ്കേതികവിദ്യയുടെയും അഭാവം
- വിപണന സൗകര്യത്തിന്റെ അപര്യാപ്തത/ മേൽത്തട്ട് കീഴ്ത്തട്ട് ലിങ്കേജിന് ആവശ്യമായ ഹാന്റ് ഹോൾഡിംഗ് സപ്പോർട്ട്.

### മുന്നോട്ടുള്ള വഴി

കേരളത്തിലെ വ്യാവസായിക മേഖല ആഗോളമായുള്ള നല്ല മാതൃകകൾ പിന്തുടരുകയും കൂടുതൽ നിക്ഷേപകരെ ആകർഷിക്കുകയും ഇവിടത്തെ വിദ്യാസമ്പന്നരും വൈദഗ്ദ്യവുമുള്ള തൊഴിലാളി സമൂഹത്തെ പ്രയോജനപ്പെടുത്തേണ്ടതുമാണ്. ഈ മേഖലയിലെ മൂല്യവർദ്ധനക്കും മുന്തൂക്കം നൽകേണ്ടതാണ്.

## തുണി നെയ്ത്തു വ്യവസായം

### ഇന്ത്യയിലെ തുണി– തുണിനെയ്ത്ത് വ്യവസായം

മൂല്യ ശൃംഖലയിലുടനീളം അസംസ്കൃത വസ്തുക്കളുടെ അടിത്തറയും നിർമ്മാണ ശക്തിയും ഉള്ള ഇന്ത്യൻ ടെക്സ്റ്റൈൽ വ്യവസായം ലോകത്തിലെ ഏറ്റവും വലുതാണ്. ചൈന കഴിഞ്ഞാൽ മനുഷ്യനിർമിത ഫൈബർ (എംഎംഎഫ്) ഏറ്റവും കൂടുതൽ ഉത്പാദിപ്പിക്കുന്ന രാജ്യമാണിത്. തുണിത്തരങ്ങളും വസ്ത്രങ്ങളും കയറ്റുമതി ചെയ്യുന്ന ലോകത്തിലെ ആറാമത്തെ വലിയ രാജ്യമാണ് ഇന്ത്യ.

2019–20–ൽ ഇന്ത്യയുടെ മൊത്തം കയറ്റുമതിയിൽ കരകൗശലവസ്തുക്കൾ ഉൾപ്പെടെയുള്ള തുണിത്തരങ്ങളുടെയും വസ്ത്രങ്ങളുടെയും (റ്റി&എ) വിഹിതം 11.8 ശതമാനമായിരുന്നു. തുണിത്തരങ്ങളുടെയും വസ്ത്രങ്ങളുടെയും ആഗോള വ്യാപാരത്തിന്റെ 5 ശതമാനം ഇന്ത്യയ്ക്കാണ്. കൈകൊണ്ട് നെയ്ത്ത മേഖലയിലും മൂലധനാധിഷ്ഠിതമായ മിൽ മേഖലയിലുമുള്ള ശക്തിയാണ് വ്യവസായത്തിന്റെ പ്രത്യേകത.

മിൽ മേഖല ലോകത്തിലെ രണ്ടാമത്തെ വലിയ മേഖലയാണ്. പരമ്പരാഗത മേഖലകളായ കൈത്തറി, കരകൗശലവസ്തുക്കൾ, ചെറുകിട പവർ–ലൂം യൂണിറ്റുകൾ എന്നിവ ഗ്രാമീണ, അർദ്ധ നഗര പ്രദേശങ്ങളിലെ ദശലക്ഷക്കണക്കിന് ആളുകൾക്ക് ഏറ്റവും വലിയ തൊഴിൽ സ്രോതസ്സാണ്. ഇത് 45 ദശലക്ഷത്തിലധികം ആളുകൾക്ക് നേരിട്ട് തൊഴിലും 100 ദശലക്ഷത്തിലധികം ആളുകൾക്ക് പരോക്ഷമായി ഉപജീവന മാർഗ്ഗവും നൽകുന്നു, ഇതിൽ ധാരാളം സ്ത്രീകളും ഗ്രാമീണരും ഉൾപ്പെടുന്നു.

## ഇന്ത്യയിലെ കൈത്തറി, പവർ ലൂം വ്യവസായം

23.77 ലക്ഷം തറികളുള്ള കൈത്തറി വ്യവസായമാണ് രാജ്യത്തെ ഏറ്റവും വലിയ കുടിൽ വ്യവസായം. ടെക്സ്റ്റൈൽ മന്ത്രാലയത്തിന്റെ 2020–21ലെ വാർഷിക റിപ്പോർട്ട് അനുസരിച്ച്, 35.23 ലക്ഷം നെയ്ത്തുകാരും അനുബന്ധ തൊഴിലാളികൾക്ക് നേരിട്ടും അല്ലാതെയും തൊഴിൽ നൽകുന്ന കൈത്തറി നെയ്ത് മേഖല കാർഷിക മേഖല കഴിഞ്ഞാൽ ഏറ്റവും വലിയ സാമ്പത്തിക പ്രവർത്തനങ്ങളിലൊന്നാണ് രാജ്യത്തെ തുണി ഉൽപ്പാദനത്തിന്റെ 15 ശതമാനത്തോളം സംഭാവന ചെയ്യുന്ന ഈ മേഖല കയറ്റുമതി വരുമാനത്തിന്റെ പ്രധാന സ്രോതസ്സ് കൂടിയാണ്. ലോകത്തെ കൈകൊണ്ട് നെയ്ത തുണിയുടെ 95 ശതമാനവും ഇന്ത്യയിൽ നിന്നാണ് വരുന്നതെന്നാണ് കണക്ക്. കൈത്തറി മേഖലയിൽ നെയ്ത്തുകാരുടെ എണ്ണം കുറഞ്ഞു വരികയാണെങ്കിലും, കൈത്തറി ഉൽപ്പാദനത്തിലെ ഇടിവ് തടയുന്നതിൽ കേന്ദ്ര–സംസ്ഥാന സർക്കാരുകളുടെ നിരന്തരമായ ശ്രമങ്ങൾ വിജയിച്ചു. 2004–05 മുതൽ, കൈത്തറി ഉൽപന്നങ്ങളുടെ ഉൽപ്പാദനത്തിൽ ഗണ്യമായ വളർച്ച ഇന്ത്യയിൽ ദൃശ്യമാണ്. 2017–18ൽ 79,900 ലക്ഷം ചതുരശ്ര മീറ്ററായിരുന്നു ഉൽപ്പാദനം. 2019–20 –ൽ കൈത്തറി ഇനങ്ങളുടെ കയറ്റുമതി മൂല്യം 2,248.33 കോടി രൂപയും 2020–21 വർഷത്തിൽ (സെപ്റ്റംബർ 2020 വരെ) 650.94 കോടി രൂപയുമാണ്.

കൈത്തറി വ്യവസായത്തിൽ നിന്നുള്ള ഉൽപ്പന്നങ്ങളിൽ തുണിത്തരങ്ങൾ, ബെഡ് ലിനൻ, ടേബിൾ ലിനൻ, ടോയ്‌ലറ്റ്, കിച്ചൺ ലിനൻ, ടവലുകൾ, കർട്ടനുകൾ, തലയണകളും പാഡുകളും, ടേപ്സ്ട്രികളും അപ്ഹോൾസ്റ്ററിയും, പരവതാനികൾ, ഫ്ലോർ കവറിംഗ്, എംബ്രോയ്ഡറി ടെക്സ്റ്റൈൽ മെറ്റീരിയലുകളും ഉൾപ്പെടുന്നു. കരൂർ, പാനിപ്പത്ത്, വാരണാസി, കണ്ണൂർ എന്നിവ രാജ്യത്തെ പ്രമുഖ കൈത്തറി കയറ്റുമതി കേന്ദ്രങ്ങളാണ്. കൈത്തറി ഉൽപന്നങ്ങളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനായി ഇന്ത്യാ ഗവൺമെന്റിന്റെ ടെക്സ്റ്റൈൽസ് മന്ത്രാലയത്തിന് കീഴിൽ രൂപീകരിച്ച നോഡൽ ഏജൻസിയായ ഹാൻഡ്‌ലൂം എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ (HEPC) പ്രകാരം, ഇന്ത്യയിൽ നിന്നുള്ള കൈത്തറി ഉൽപ്പന്നങ്ങളുടെ പ്രധാന കയറ്റുമതി ലക്ഷ്യസ്ഥാനങ്ങൾ യുഎസ്എ, യുകെ, സ്പെയിൻ, ഇറ്റലി, യു.എ.ഇ. ജർമ്മനി, ഫ്രാൻസ്, ജപ്പാൻ, സൗദി അറേബ്യ, ഓസ്ട്രേലിയ, നെതർലാൻഡ്സ് എന്നിവയാണ്.

വികേന്ദ്രീകൃത പവർ ലൂം മേഖല, തുണി ഉൽപ്പാദനത്തിലും തൊഴിൽ സൃഷ്ടിക്കുന്നകാര്യത്തിലും തുണി വ്യവസായത്തിലെ ഏറ്റവും പ്രധാനപ്പെട്ട വിഭാഗങ്ങളിലൊന്നാണ്. ഇത് ഏകദേശം 44.18 ലക്ഷം പേർക്ക് തൊഴിൽ നൽകുകയും രാജ്യത്തെ മൊത്തം തുണി ഉൽപാദനത്തിന്റെ 60 ശതമാനവും സംഭാവന ചെയ്യുകയും ചെയ്യുന്നു. കയറ്റുമതിക്കുള്ള 60 ശതമാനത്തിലധികം തുണിത്തരങ്ങളും പവർലൂം മേഖലയിൽ നിന്നാണ്. റെഡിമെയ്ഡ് വസ്ത്രങ്ങളും ഗാർഹിക ടെക്സ്റ്റൈൽ മേഖലകളും അവരുടെ തുണി ആവശ്യകതകൾ നിറവേറ്റുന്നതിനായി പവർലൂം മേഖലയെ വളരെയധികം ആശ്രയിക്കുന്നു (വാർഷിക റിപ്പോർട്ട് 2020–21, ടെക്സ്റ്റൈൽ മന്ത്രാലയം, ഇന്ത്യാ ഗവൺമെന്റ്).

രാജ്യത്ത് ഏകദേശം 25 ലക്ഷം പവർ ലൂമുകൾ ഉണ്ട്. ഈ മേഖലയുടെ സാങ്കേതിക നിലവാരത്തിന്റെ അന്തരം പ്ലെയിൻ ലൂം മുതൽ ഹൈടെക് ഷട്ടിൽ–ലെസ് ലൂമുകൾ വരെയാണ്. ഷട്ടിൽ ലൂമുകളിൽ 75 ശതമാനത്തിലധികം കാലഹരണപ്പെട്ടതുമാണെന്ന് കണക്കാക്കപ്പെടുന്നു. ഇവയ്ക്ക് 15 വർഷത്തിലധികം പഴക്കമുണ്ട്, ഫലത്തിൽ പ്രോസസ്സ് ചെയ്യുന്നതിനോ ഗുണനിലവാര നിയന്ത്രിക്കുന്നതിനോ ഉപകരണങ്ങളോ / അറ്റാച്ച്മെന്റുകളോ ഇല്ല. എന്നിരുന്നാലും, കഴിഞ്ഞ 8–9 വർഷങ്ങളിൽ (വാർഷിക റിപ്പോർട്ട് 2020–21, ടെക്സ്റ്റൈൽ മന്ത്രാലയം, ഇന്ത്യാ ഗവൺമെന്റ്) പവർലൂം മേഖലയിലെ സാങ്കേതിക വിദ്യയുടെ നവീകരണം വർദ്ധിച്ചു കൊണ്ടിരുന്നു.

## കേരളത്തിലെ ടെക്സ്റ്റൈൽ മേഖല

കേരളത്തിലെ ടെക്സ്റ്റൈൽ മേഖലയിൽ സ്പിന്നിംഗ്, നെയ്ത്ത്, വസ്ത്ര നിർമ്മാണം, ഡൈയിംഗ്, പ്രോസസ്സിംഗ് യൂണിറ്റുകൾ തുടങ്ങിയ മേഖലകൾ ഉൾപ്പെടുന്നു. ഈ മേഖലയിൽ പൊതുമേഖലയിലെ (സംസ്ഥാനവും കേന്ദ്രവും), സഹകരണ മേഖല, സ്വകാര്യ മേഖല എന്നിവയിലെ യൂണിറ്റുകൾ ഉൾപ്പെടുന്നു. കൊവിഡ് പാൻഡെമിക് ആരംഭിച്ചതുമുതൽ, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കാൻ കഴിഞ്ഞിട്ടില്ല. സ്പിന്നിംഗ് മേഖലയിൽ 26 മില്ലുകൾ ഉൾപ്പെടുന്നു, മൊത്തം സ്പിൻഡിൽ ശേഷി 7.03 ലക്ഷം, ഏകദേശം 7,600 ആളുകൾ ജോലി ചെയ്യുന്നു. നെയ്ത്ത് മേഖലയിൽ ഖാദി യൂണിറ്റുകൾ, കൈത്തറി യൂണിറ്റുകൾ, പവർലൂം യൂണിറ്റുകൾ എന്നിവ ഉൾപ്പെടുന്നു. അത്യാധുനിക സാങ്കേതിക വിദ്യകൾ അവലംബിച്ചാലും വലിയ തോതിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ വസ്ത്ര വ്യവസായത്തിന് കഴിവുണ്ട്. ഇതിൽ വനിതാ ജീവനക്കാരുടെ വലിയ സാന്നിധ്യമുണ്ട്. സംസ്ഥാന സർക്കാർ നാട്ടകാണിയിൽ ഒരു ടെക്സ്റ്റൈൽ സംസ്കരണ കേന്ദ്രം സ്ഥാപിക്കുന്നുണ്ട്, ഇത് സംസ്ഥാനത്തെ ടെക്സ്റ്റൈൽ സംസ്കരണത്തിന്റെ പ്രാദേശികവൽക്കരണത്തിലേക്കുള്ള ഒരു സുപ്രധാന ചുവടുവയ്പ് ആയിരിക്കും.

2020–21 വാർഷിക പദ്ധതിയിൽ ടെക്സ്റ്റൈൽ മേഖലയ്ക്കുള്ള (സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളും ഖാദിയും ഒഴികെ) സംസ്ഥാന പദ്ധതി വിഹിതം 5,139 ലക്ഷം രൂപയും ചെലവഴിച്ച തുക 6,000.78 ലക്ഷം രൂപയുമാണ് (116.77 ശതമാനം). 2021–22– ലെ വാർഷിക പദ്ധതിയിൽ ഈ മേഖലയുടെ മൊത്തം പദ്ധതി വിഹിതം ₹5,139 ലക്ഷവും 2021 ഒക്ടോബർ വരെ ചെലവഴിച്ച തുക ₹2,176.37 ലക്ഷവുമാണ് (42.35 ശതമാനം). വിശദാംശങ്ങൾ **പട്ടിക 4.6.1**–ൽ നൽകിയിരിക്കുന്നു.

## കേരളത്തിലെ കൈത്തറി മേഖല

കേരളത്തിലെ ഏറ്റവും വലിയ തൊഴിൽ സ്രോതസ്സാണ് കൈത്തറി മേഖല. വാസ്തവത്തിൽ, സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങളിൽ, തൊഴിലിന്റെ കാര്യത്തിൽ കയർ മേഖലയ്ക്ക് പിന്നിൽ കൈത്തറി മേഖലയാണ്. സംസ്ഥാനത്ത് കൈത്തറി വ്യവസായം പ്രധാനമായും കേന്ദ്രീകരിച്ചിരിക്കുന്നത് തിരുവനന്തപുരം, കണ്ണൂർ ജില്ലകളിലും കോഴിക്കോട്, പാലക്കാട്, തൃശ്ശൂർ, എറണാകുളം, കൊല്ലം, കാസർകോട് ജില്ലകളിലെ ചില ഭാഗങ്ങളിലുമാണ്. മൊത്തം തറിയുടെ 93 ശതമാനത്തിലധികം വരുന്ന സഹകരണ മേഖലയാണ് വ്യവസായത്തിൽ ആധിപത്യം പുലർത്തുന്നത്. ബാക്കിയുള്ള വ്യവസായം സ്വകാര്യമേഖലാ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലാണ്.

2020–21ൽ സംസ്ഥാനത്തെ ആകെ കൈത്തറികളുടെ എണ്ണം 16,657 ആയിരുന്നു. ഏകദേശം 148.8 ലക്ഷം മീറ്റർ കൈത്തറി തുണി അവർ ഉൽപ്പാദിപ്പിച്ചു. 2020–21–ൽ മൊത്തം ഉൽപ്പാദന മൂല്യം 45.27 കോടി രൂപയും വിറ്റുവരവ് 164.98 കോടി രൂപയുമാണ്. 2020–21ൽ കൈത്തറി മേഖലയിലെ ആകെ നെയ്ത്തുകാരുടെ എണ്ണം 13,656 ആയിരുന്നു. സ്ത്രീ നെയ്ത്തുകാരുടെ എണ്ണം 9,032 ആയിരുന്നു. 2020–21ൽ 11.67 ലക്ഷം തൊഴിൽ ദിനങ്ങളാണ് സൃഷ്ടിച്ചത്. 2019–20 നെ അപേക്ഷിച്ച്, 2020–21–ൽ, മൊത്തം തറികളുടെ എണ്ണം, മൊത്തം ഉൽപ്പാദനം, ഉൽപ്പാദന മൂല്യം, ഉൽപ്പാദനക്ഷമത, മൊത്തം വിറ്റുവരവ്, നെയ്ത്തുകാരുടെ എണ്ണം, തൊഴിൽ ദിനങ്ങൾ, ജോലി ചെയ്യുന്ന സ്ത്രീകളുടെ എണ്ണം എന്നിവ 2020–21 ൽ ഗണ്യമായി കുറഞ്ഞു. കൊവിഡ്–19 മഹാമാരിമൂലമുള്ള പതനം, സഹകരണ മേഖലയിലും കോർപ്പറേറ്റ്/അസംഘടിത/സ്വകാര്യ മേഖലയിലും വ്യാപിച്ചിരിക്കുന്നു. പ്രവർത്തനം സാധ്യമല്ലാതെ വന്നതും ഉത്സവ കാലങ്ങളുടെ നഷ്ടവും (സാധാരണയായി നല്ല വിൽപ്പന ലഭിച്ചിരുന്നു) കൈത്തറി മേഖലയിൽ ആഴത്തിലുള്ള സ്വാധീനം ചെലുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ **അനുബന്ധം 4.6.3**–ൽ നൽകിയിരിക്കുന്നു.

സംസ്ഥാനത്തെ കൈത്തറി മേഖലയിൽ ഉത്പാദിപ്പിക്കുന്ന പ്രധാന ഇനങ്ങൾ മുണ്ടുകൾ, ഫർണിഷിംഗ് മെറ്റീരിയൽ, ബെഡ് ഷീറ്റുകൾ, ഷർട്ടിംഗ്, സാരി, ലുങ്കി എന്നിവയാണ്. സംസ്ഥാനത്തിന്റെ ഇനിപ്പറയുന്ന ഉൽപ്പന്നങ്ങൾ ജിയോ ഇൻഡിക്കേഷൻ ആക്റ്റ് ഓഫ് ഇന്ത്യയുടെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

1. ബാലരാമപുരം സാരിയും നല്ല കോട്ടൺതുണിത്തരങ്ങളും.
2. കാസർകോട് സാരി
3. കുത്താം പുള്ളി സാരി
4. ചേന്ദമംഗലം മുണ്ട്
5. കണ്ണൂർ വീട്ടുപകരണങ്ങൾ

## കൈത്തറി മേഖലയിലെ ഏജൻസികൾ

ഡയറക്ടറേറ്റ് ഓഫ് ഹാൻഡ്‌ലൂം ആൻഡ് ടെക്സ്റ്റൈൽസ്, കേരള സ്റ്റേറ്റ് ഹാൻഡ്‌ലൂം വീവേഴ്സ് കോ–ഓപ്പറേറ്റീവ് സൊസൈറ്റി (ഹാന്റക്സ്), കേരള സ്റ്റേറ്റ് ഹാൻഡ്‌ലൂം ഡെവലപ്മെന്റ് കോർപ്പറേഷൻ (ഹാൻവീവ്), ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്‌ലൂം ടെക്നോളജി (ഐഐഎച്ച്ടി, കണ്ണൂർ) എന്നിവയാണ് സംസ്ഥാനത്തെ കൈത്തറി മേഖലയുടെ വികസനത്തിൽ ഏർപ്പെട്ടിരിക്കുന്ന പ്രധാന സ്ഥാപനങ്ങൾ.

## ഹാൻഡ് ലൂംസ് ആൻഡ് ടെക്സ്റ്റൈൽസ് ഡയറക്ടറേറ്റ്

ഈ മേഖലയുടെ വികസനത്തിനായുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനായുള്ള സംസ്ഥാന സർക്കാരിന്റെ വകുപ്പാണ് കേരള കൈത്തറി ടെക്സ്റ്റൈൽസ് ഡയറക്ടറേറ്റ്. അടിസ്ഥാന സൗകര്യങ്ങൾ, വിപണനം, മാനവ വിഭവശേഷി വികസനം, പരമ്പരാഗത നൈപുണ്യങ്ങളുടേയും ഉല്പന്നങ്ങളുടെയും പരിരക്ഷണവും സംരക്ഷണവും, ധനകാര്യം, ഡിസൈൻ ഇൻപുട്ട്, അസംസ്കൃത വസ്തുക്കളുടെ വിതരണം, നവീകരണം, ക്ഷേമപരിപാടികൾ വില സ്ഥിരത എന്നിവയിൽ ആഗോള പരിതസ്ഥിതിയുമായി മത്സരിച്ച് ഈ മേഖലയെ പിൻതുണക്കുന്നതിനുള്ള മൊത്തത്തിലുള്ള ഉത്തരവാദിത്വം ഈ സ്ഥാപനത്തിനുണ്ട്. കൈത്തറി വ്യവസായത്തിന്റെ വികസനത്തിന് വായ്പയായും ഗ്രാന്റായും സർക്കാർ സഹായം നല്കുന്നു. വായ്പകളിലും ഗ്രാന്റുകളിലും സംസ്ഥാന സർക്കാർ, കേന്ദ്രഗവൺമെന്റ്, എൻ.സി.ഡി.സി, നബാർഡ്, ഹഡ്കോ തുടങ്ങിയ മറ്റ് സാമ്പത്തിക ഏജൻസികളിൽ നിന്നുള്ള ലോണും ഗ്രാന്റും ഉൾപ്പെടുന്നു. റിബേറ്റിലൂടെ വിൽപ്പന പ്രോത്സാഹിപ്പിക്കുന്നതിനുള്ള സഹായവും സർക്കാർ നല്കി വരുന്നു. വിശദാംശങ്ങൾ **അനുബന്ധം 4.6.4**–ൽ നൽകിയിരിക്കുന്നു.

## കേരള സംസ്ഥാന കൈത്തറി നെയ്ത്തുകാരുടെ സഹകരണ സംഘം (ഹാൻടെക്സ്)

കേരളത്തിലെ പ്രാഥമിക കൈത്തറി നെയ്ത്തുകാരുടെ സഹകരണ സംഘങ്ങളുടെ നേതൃത്വ സ്ഥാപനമായി 1961–ലാണ് ഹാൻഡെക്സ് രജിസ്റ്റർ ചെയ്തത്. അംഗ സംഘങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുക, അവർക്ക് സ്ഥാപനപരമായ പിന്തുണയും ഉൽപ്പാദനത്തിനുള്ള സാധന സാമഗ്രികൾ നൽകുക എന്നിവയാണ് ഹാൻടെക്സിന്റെ പ്രധാന ലക്ഷ്യങ്ങൾ. നിലവിൽ, ഹാൻടെക്സിൽ ഏകദേശം 380 പ്രാഥമിക സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്, അതിൽ ഏകദേശം 10,000 നെയ്ത്തുകാരുണ്ട്. ആഭ്യന്തര, കയറ്റുമതി വിപണിക്ക് പരിസ്ഥിതി സൗഹൃദ മാനദണ്ഡങ്ങൾക്കനുസൃതമായി കരകൗശല തുണിത്തരങ്ങൾ, വസ്ത്രങ്ങൾ, ഫർണിച്ചറുകൾ, മേക്കപ്പ്, സാരികൾ, പരമ്പരാഗത നെയ്ത്ത് എന്നിവ ഉൽപ്പാദിപ്പിക്കുന്നതിന് ഹാൻടെക്സ് സൊസൈറ്റികൾ ആധുനിക അടിസ്ഥാന സൗകര്യങ്ങളോടെ ഉൽപ്പാദനത്തിൽ ഏർപ്പെട്ടിരിക്കുന്നു. ഹാൻടെക്സ് സർക്കാർ സബ്സിഡിയോടെ എൻ.എച്ച്.ഡി.സി.യിൽ നിന്ന് നൂൽ, രാസവസ്തുക്കൾ, ചായങ്ങൾ എന്നിവ ശേഖരിക്കുകയും അംഗങ്ങൾക്കിടയിൽ വിതരണം ചെയ്യുകയും ചെയ്യുന്നു.

ഹാൻടെക്സ് അതിന്റെ അംഗങ്ങളിൽ നിന്നുള്ള ഉൽപ്പന്നങ്ങളുടെ വിപണനത്തിലും വിൽപ്പനയിലും ഏർപ്പെട്ടിരിക്കുന്നു. നിലവിൽ 78 ഷോറൂമുകളാണ് പ്രവർത്തിക്കുന്നത്. എല്ലാ ഉൽപ്പാദന, സംഭരണ പ്രവർത്തനങ്ങളും 4 റീജിയണൽ ഓഫീസുകളുടെയും 5 ഫങ്ഷണൽ പ്രൊഡക്ഷൻ സെന്ററുകളുടെയും കീഴിൽ വരുന്നു. ഹാന്റക്സിന് തിരുവനന്തപുരത്ത് ഒരു പ്രോസസ് ഹൗസ് ഉണ്ട്, അതിൽ തുണികൾ ഡൈ ചെയ്യാനും പ്രിന്റ്ചെയ്യാനുമുള്ള എല്ലാ സൗകര്യങ്ങളുമുണ്ട്. രണ്ട് നെയ്ത്ത് ഫാക്ടറികളും ആധുനിക യന്ത്രസാമഗ്രികളുള്ള ഒരു അന്താരാഷ്ട്ര വസ്ത്ര യൂണിറ്റും ഇതിന് സ്വന്തമാണ്.

2020–21ൽ ഹാൻടെക്സ് 1432 ലക്ഷം രൂപയുടെ വിൽപ്പന കൈവരിച്ചു, അതിൽ 1303 ലക്ഷം രൂപ ഷോറൂം വിൽപ്പനയും 129 ലക്ഷം രൂപ ഡിപ്പാർട്ട്മെന്റ് വിൽപ്പനയുമാണ്. 2020–21ൽ 905 ലക്ഷം രൂപയുടെ തുണിത്തരങ്ങൾ സംഭരിച്ചു. 2019–20 വർഷത്തിന്റെ അവസാനത്തിൽ പണം അടച്ച മൂലധനം 6,556.44 ലക്ഷം രൂപയാണ്. 2017–18, 2018–19, 2019–20 വർഷങ്ങളിൽ ഏജൻസി നഷ്ടം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഹാൻടെക്സിന്റെ സഞ്ചിത നഷ്ടവും വർഷം തോറും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. 2019–20 അവസാനത്തോടെ ഇത് 206 കോടി രൂപയിലെത്തി. വിശദാംശങ്ങൾ **അനുബന്ധം 4.6.5**–ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.6.1** സംസ്ഥാന പദ്ധതി വിഹിതവും ടെക്സ്റ്റൈൽ മേഖലയ്ക്കുള്ള ചെലവും (പൊതുമേഖലാ സ്ഥാപനങ്ങളും ഖാദിയും ഒഴികെ), ലക്ഷം രൂപയിൽ

| ഉപമേഖല | 2020–21 | | | 2021–22 (2021 ഒക്ടോബർ വരെ) | | |
|---|---|---|---|---|---|---|
| | അടങ്കൽ തുക | ചെലവ് | % | അടങ്കൽ തുക | ചെലവ് | % |
| കൈത്തറി | 2,333 | 3,693.98 | 158.33 | 2,192 | 762.31 | 34.77 |
| പവർലൂം | 169 | 125.8 | 74.43 | 197 | 49.06 | 24.9 |
| സ്പിന്നിംഗ് മില്ലുകൾ | 2,037 | 2,031 | 99.7 | 1,750 | 1,365 | 78 |
| ടെക്സ്റ്റൈൽ സംസ്കരണ കേന്ദ്രം – നാട്ടകാണി | 600 | 150 | 25 | 1,000 | 0 | 0 |
| ആകെ | 5,139 | 6,000.78 | 116.77 | 5,139 | 2,176.37 | 42.35 |

ഉറവിടം: പ്ലാൻ സ്പേസ്, കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്

പ്രതിദിനം 500 ഷർട്ടുകളുടെ ഉൽപ്പാദന ശേഷിയുള്ള ഒരു ആധുനിക വസ്ത്ര യൂണിറ്റ് ഹാന്റക്സ് വിജയകരമായി ആരംഭിച്ചു. തിരുവനന്തപുരം, നോർത്ത് പറവൂർ, കാഞ്ഞങ്ങാട്, കണ്ണൂർ എന്നിവിടങ്ങളിലായി 4 ഷോറൂമുകൾ നവീകരിച്ചു. 2020–21ൽ കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കാരണം ഏജൻസിക്ക് 14.32 കോടി രൂപയുടെ വിൽപ്പന നഷ്ടമുണ്ടായി. മഹാമാരി മൂലമുള്ള പ്രശ്നങ്ങൾ മറികടക്കാൻ, നെയ്ത്തുകാർക്ക് പിന്തുണയായി ഏജൻസി കൈത്തറി സുരക്ഷാ പദ്ധതി നടപ്പാക്കി. സർക്കാർ / ബാങ്കിംഗ് മേഖലയിലെ ജീവനക്കാരെ ഉപഭോക്താക്കളായി ആകർഷിക്കുന്നതിനായി ഏജൻസി ഒരു 'ഇ–ക്രെഡിറ്റ് കാർഡ് സ്കീം' ആരംഭിച്ചിട്ടുണ്ട്.

## കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷൻ (ഹാൻവീവ്)

അസംഘടിത മേഖലയിലെ പരമ്പരാഗത നെയ്ത്തുകാരുടെ ക്ഷേമത്തിനും വികസനത്തിനുമായി 1968–ൽ ഹാൻവീവ് രൂപീകരിച്ചു വൈവിധ്യമാർന്ന കൈത്തറി ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിലും ഇത് വിപണനത്തിലും ഏർപ്പെട്ടിരിക്കുന്നു. നിലവിൽ 1950 വ്യക്തിഗത നെയ്ത്തുകാരെ ഹാൻവീവ് പിന്തുണയ്ക്കുന്നു. 46 സ്വന്തം ഷോറൂമുകളും 2 എക്സ്ക്ലൂസീവ് ഏജൻസി ഷോറൂമുകളും 34 പ്രൊഡക്ഷൻ സെന്ററുകളുമുണ്ട്. കോർപ്പറേഷൻ ഉത്സവ സീസണുകളിൽ പ്രദർശനങ്ങൾ നടത്തുകയും ദേശീയ അന്തർദേശീയ തലങ്ങളിൽ നടത്തുന്ന എക്സ്പോകളിലും പങ്കെടുക്കുകയും ചെയ്യുന്നു.

കോവിഡ്–19 മഹാമാരി ഹാൻവീവിനെ പ്രതികൂലമായി ബാധിച്ചു. 2020–21–ൽ ഹാൻവീവിന്റെ വിൽപ്പന വിറ്റുവരവ് (താൽക്കാലിക കണക്കുകൾ) 687.06 ലക്ഷം രൂപയായിരുന്നു. 2019–20ലെ വിൽപ്പന വിറ്റുവരവിന്റെ മൂന്നിലൊന്നിൽ താഴെയാണിത്. 2019–20ൽ 1,668.40 ലക്ഷം രൂപയായിരുന്ന തുണിയുടെയും മറ്റ് വസ്തുക്കളുടെയും മൂല്യം 2020–21–ൽ 1133.61 ആയി കുറഞ്ഞു. 2019–20ൽ വാങ്ങിയതും വിതരണം ചെയ്തതുമായ നൂലിന്റെയും മറ്റ് സാധനങ്ങളുടെയും മൂല്യം 479.49 ലക്ഷം രൂപയാണ്. 2020–21ൽ ഇത് 291.91 ലക്ഷമായി കുറഞ്ഞു. വിശദാംശങ്ങൾ അനുബന്ധം 4.6.6–ൽ നൽകിയിരിക്കുന്നു. 2020–21 അവസാനത്തിൽ ഹാൻവീവിന്റെ പണം അടച്ച മൂലധനം 4,966 ലക്ഷം രൂപയായിരുന്നു. 2020–21ൽ ഹാൻവീവിന്റെ അറ്റനഷ്ടം 730.77 ലക്ഷം രൂപയായിരുന്നു, ഇത് 2019–20–ലെ നഷ്ടത്തിന്റെ കണക്കുകളേക്കാൾ കുറവാണ്. ഓരോ വർഷവും ഏജൻസിയുടെ സഞ്ചിത നഷ്ടം കൂടിവരികയാണ്. ഹാൻവീവിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 4.6.7**–ൽ നൽകിയിരിക്കുന്നു.

കോവിഡ്–19 ലോക്ക് ഡൗണിന്റെ ഫലമായി, 350 ലക്ഷം രൂപ വിലമതിക്കുന്ന ഏകദേശം 2 ലക്ഷം മീറ്റർ ഉൽപ്പാദന നഷ്ടം ഹൻവീവിന് ഉണ്ടായി. വിഷു, സ്കൂൾ തുറക്കൽ തുടങ്ങിയ രണ്ട് പ്രധാന സീസണുകളിലായി 524 ലക്ഷം രൂപയുടെ വിൽപ്പന നഷ്ടമാണ് ഹൻവീവിന് സംഭവിച്ചത്. മൊത്തം 874 ലക്ഷം രൂപയുടെ നഷ്ടം. മാത്രമല്ല, ഓണക്കാലത്തു പ്രതീക്ഷിച്ച വിൽപ്പന കൈവരിക്കാൻ ഹൻവീവിന് കഴിഞ്ഞില്ല.

## ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്‌ലൂം ടെക്നോളജി (ഐഐഐച്ച്ടി, കണ്ണൂർ)

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്‌ലൂം ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്‌ലൂം ആൻഡ് ടെക്സ്റ്റൈൽ ടെക്നോളജി (ഐ.എച്ച്.ടി.ടി.) എന്ന പേരിൽ 1987–ൽ സ്ഥാപിതമായി. തുടർന്ന്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്‌ലൂം ടെക്നോളജി രൂപീകരിക്കുന്നതിനായി ഐ.എച്ച്.ടി.ടി.കൾ സംയോജിപ്പിച്ചു. ഇന്ത്യാ ഗവൺമെന്റിന്റെ ടെക്സ്റ്റൈൽ മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായാണ് ഇത് പ്രവർത്തിക്കുന്നത്. ഐഐഐച്ച്ടിയുടെ സാങ്കേതിക പിന്തുണാ സംവിധാനം കൈത്തറി മേഖലയിൽ ഗുണനിലവാര നിയന്ത്രണം മെച്ചപ്പെടുത്തി. തുടക്കത്തിൽ 4.13 ഏക്കറായിരുന്നു ഇൻസ്റ്റിറ്റ്യൂട്ടിന്. ഇൻസ്റ്റിറ്റ്യൂട്ട് അടുത്തിടെ ഇഎസ്ഐ കോർപ്പറേഷനിൽ നിന്ന് 5.64 ഏക്കർ ഭൂമി വാങ്ങി, സൗകര്യത്തിന്റെ ആകെ വിസ്തീർണ്ണം 9.77 ഏക്കറായി. 2020–21 വർഷത്തിൽ, 'ബിഎസ്സി കോസ്റ്റ്യൂം ആൻഡ് ഫാഷൻ ഡിസൈനിംഗ്' എന്ന പുതിയ കോഴ്സ് ആരംഭിച്ചു.

## സഹകരണ മേഖല

സംസ്ഥാനത്തെ ടെക്സ്റ്റൈൽ രംഗത്തുള്ള സഹകരണ മേഖല നൂൽനൂൽക്കൽ, നെയ്ത്ത് എന്നീ പ്രവർത്തനങ്ങളിലാണ് (പവർ ലൂം, കൈത്തറി എന്നിവയിൽ) വ്യാപിക്കുന്നതു. സഹകരണമേഖലയിൽ 8 സ്പിന്നിങ് മില്ലുകളാണുള്ളത്. ക്വയിലോൺ കോ–ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, ആലപ്പുഴ കോ–ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, പ്രിയദർശിനി കോ–ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, തൃശ്ശൂർ കോ–ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, മലബാർ കോ–ഓപ്പറേറ്റീവ് ടെക്സ്റ്റൈൽസ് ലിമിറ്റഡ്, മലപ്പുറം കോ–ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ്

ലിമിറ്റഡ്, കാനന്നൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, കരുണാകരൻ മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് എന്നിവയാണ് അവ. സംസ്ഥാനത്ത് ടെക്സ്ഫെഡിന് കീഴിലുള്ള അഞ്ച് സഹകരണ സംഘങ്ങളിലായി 562 പരമ്പരാഗത പവർ ലൂമുകൾ ഉണ്ട്. സഹകരണ മേഖലയിലെ മൊത്തം പവർ ലൂമുകളുടെ എണ്ണം ഏകദേശം 801 ആണെന്ന് കണക്കാക്കപ്പെടുന്നു. സംസ്ഥാനത്തെ മൊത്തം പവർ ലൂമുകളുടെ 82 ശതമാനവും സഹകരണ യൂണിറ്റുകളാണ്. സംസ്ഥാനത്ത് 46 പവർലൂം സഹകരണ സംഘങ്ങളുണ്ട്.

കൈത്തറി മേഖലയിലെ സഹകരണ മേഖല ഫാക്ടറി മാതൃകയിലും കോട്ടേജ് മാതൃകയിലും ഉള്ള സൊസൈറ്റികളാണ്. 2020–21ൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത 630 പ്രൈമറി ഹാൻഡ്‌ലൂം വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ (പിഎച്ച്ഡബ്ല്യുസിഎസ്) ഉണ്ടായിരുന്നു, അതിൽ 180 ഫാക്ടറി മാതൃകയിലും 450 കോട്ടേജ് മാതൃകയിലുമുള്ള സൊസൈറ്റികളുമാണ്. രജിസ്റ്റർ ചെയ്ത 630 പ്രാഥമിക കൈത്തറി നെയ്ത്തുകാരുടെ സഹകരണ സംഘങ്ങളിൽ 407 എണ്ണം പ്രവർത്തിക്കുന്നുണ്ട്. 2020–21–ൽ 407 വർക്കിംഗ് സൊസൈറ്റികളിൽ 149 എണ്ണം മാത്രമാണ് ലാഭത്തിലും 258 എണ്ണം നഷ്ടത്തിലുമായി. സംസ്ഥാനത്തെ കൈത്തറി സംഘങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധം 4.6.8**–ൽ നൽകിയിരിക്കുന്നു.

2020–21–ൽ 40.66 കോടി രൂപ മൂല്യമുള്ള 14.03 ദശലക്ഷം മീറ്ററാണ് സഹകരണ മേഖലയുടെ കൈത്തറി തുണിയുടെ ഉത്പാദനം. കൊവിഡ്–19 നിയന്ത്രണങ്ങൾ കാരണം ഉൽപ്പാദിപ്പിക്കാനും വിൽക്കാനും കഴിയാതിരുന്ന കാരണം ഉൽപ്പാദനത്തിന്റെ അളവും ഉൽപ്പന്നത്തിന്റെ മൂല്യവും പ്രാഥമികമായി കുറഞ്ഞു. 2019–20–ൽ 208.35 കോടി രൂപയായിരുന്ന മൊത്തം വിറ്റുവരവ് 2020–21ൽ 25 ശതമാനം കുറഞ്ഞ് 156.94 ലക്ഷത്തിലെത്തി. തറികളുടെ എണ്ണം 2019–20ൽ 15,851 ആയിരുന്നത് 2020–21ൽ 15,405 ആയി കുറഞ്ഞു. 2020–21ൽ നെയ്ത്തുകാരുടെ എണ്ണം 12,458 ആയി കുറഞ്ഞു. 10.66 ലക്ഷം തൊഴിൽ ദിനങ്ങളാണ് സൃഷ്ടിച്ചത്. 2019–20ലെ കണക്കിന്റെ മൂന്നിലൊന്ന് മാത്രമാണിത്. മുൻവർഷത്തെ അപേക്ഷിച്ച് സ്ത്രീ നെയ്ത്തുകാരുടെ എണ്ണത്തിലും കുറവുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ മുമ്പ് സൂചിപ്പിച്ച **അനുബന്ധം 4.6.3**–ൽ കാണാം.

### യന്ത്രത്തറി മേഖല

സംസ്ഥാനത്ത് 958 പവർ ലൂമുകളാണുള്ളത്, അതിൽ 84 ശതമാനത്തിലധികം (812) സഹകരണ മേഖലയിലാണ്. യന്ത്രത്തറി മേഖലയിൽ 2020–21ൽ തുണി ഉൽപ്പാദനം 384.62 ലക്ഷം രൂപ മൂല്യമുള്ള 55.73 ലക്ഷം മീറ്ററായിരുന്നു. ഉൽപാദനക്ഷമത തറിക്ക് 5817.94 മീറ്റർ, മൊത്തം വിറ്റുവരവ് 396.01 ലക്ഷം രൂപയുമാണ്. വിശദാംശങ്ങൾ **അനുബന്ധം 4.6.9**–ൽ നൽകിയിരിക്കുന്നു.

സംസ്ഥാനത്ത് നെയ്ത്ത് പ്രോത്സാഹിപ്പിക്കുന്നതിനായി ബജറ്റ് പിന്തുണയോടെ നാല് സംയോജിത പവർലൂം സൊസൈറ്റികൾ ആരംഭിച്ചു. പവർലൂം സഹകരണ സംഘങ്ങളുടെ നവീകരണം തറികളുടെ ഉൽപ്പാദനക്ഷമത വർധിപ്പിച്ചു. നേരത്തെ രണ്ട് തറിക്ക് ഒരു നെയ്ത്തുകാരൻ എന്നത് നവീകരണത്തിനു ശേഷം ഒരു നെയ്ത്തുകാരന് ഏകദേശം 8 തറികൾ പ്രവർത്തിപ്പിക്കാം എന്നായി. അങ്ങനെ നെയ്ത്തുകാരുടെ ഉൽപ്പാദനക്ഷമതയും കൂലിയും വർദ്ധിച്ചു.

### സ്പിന്നിംഗ് മില്ലുകൾ

കേരളത്തിലെ സ്പിന്നിംഗ് മേഖലയിൽ പൊതുമേഖലയും (സംസ്ഥാനവും കേന്ദ്രവും), സഹകരണ മേഖലയും സ്വകാര്യമേഖലയും ഉൾപ്പെടുന്നു. സ്പിന്നിംഗ് മേഖലയിൽ 26 മില്ലുകൾ ഉൾപ്പെടുന്നു, മൊത്തം സ്പിൻഡിൽ ശേഷി 7.03 ലക്ഷം ആണ്, ഏകദേശം 7600 ആളുകൾ ജോലി ചെയ്യുന്നു. കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് (7മില്ലുകൾ), സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ്, ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് എന്നിങ്ങനെ 3 സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കീഴിൽ 9 സ്പിന്നിംഗ് മില്ലുകൾ ഉണ്ട്. കേരളത്തിൽ 8 സഹകരണ സ്പിന്നിംഗ് മില്ലുകൾ ഉണ്ട്. അവർ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽ ഫെഡറേഷൻ ലിമിറ്റഡിന്റെ (ടെക്സ്ഫെഡ്) ഭാഗമാണ്. സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾക്കും സഹകരണ മേഖലയ്ക്കും കീഴിലായി 2.87 ലക്ഷം സ്പിൻഡിൽ ശേഷിയുള്ള 17 സ്പിന്നിംഗ് മില്ലുകൾ പ്രവർത്തിക്കുന്നുണ്ട്. അവയിൽ ഏകദേശം 3,500 പേർക്ക് തൊഴിൽ നൽകുന്നുമുണ്ട്. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡിന് 1.99 ലക്ഷം സ്പിൻഡിൽ ശേഷിയുള്ള 5 മില്ലുകൾ ഉണ്ട്. അതിൽ ഏകദേശം 1,900 പേർ ജോലി ചെയ്തിരുന്നു. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ കോവിഡ് മഹാമാരി പ്രതികൂലമായി ബാധിച്ചു. അവ നിലവിൽ പ്രവർത്തിക്കുന്നില്ല. കൂടാതെ, ആകെ 4 മില്ലുകളുള്ള രണ്ട് പ്രധാന സ്വകാര്യ മേഖലാ സംരംഭങ്ങളുണ്ട്. 2.16 ലക്ഷം സ്പിൻഡിൽ ശേഷിയുള്ള അവർ 2200 ഓളം ആളുകൾക്ക് ജോലി നൽകുന്നു.

പ്രവർത്തന മൂലധനത്തിന്റെ അഭാവവും അസംസ്കൃത വസ്തുക്കളുടെ ലഭ്യതയുമാണ് ഈ മില്ലുകൾ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ. ഈ മേഖലയ്ക്കായുള്ള അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം പരിഹരിക്കുന്നതിന്, റിയാബ്, ടെക്സ്ഫെഡ്, കെ.എസ്.ടി.സി, വ്യക്തിഗത സ്പിന്നിംഗ് മില്ലുകളുടെ മാനേജിംഗ് ഡയറക്ടർമാർ എന്നിവരടങ്ങുന്ന ഒരു കമ്മിറ്റി പ്രൊഫഷണലായി കൈകാര്യം ചെയ്യുന്ന ഒരു കേന്ദ്രീകൃത പർച്ചേസ് സംവിധാനത്തിലൂടെയാണ് കേരള സർക്കാർ ഇപ്പോൾ സംസ്ഥാനത്തെ മുഴുവൻ ടെക്സ്റ്റൈൽ മേഖലയ്ക്കും പരുത്തി സംഭരിക്കുന്നത്. ഈ മില്ലുകൾ ഉത്പാദിപ്പിക്കുന്ന നൂലിന്റെ വിൽപന ഒരേ കമ്മിറ്റിയുടെ മേൽനോട്ടത്തിൽ ഒരു ഡിപ്പോ സംവിധാനത്തിലൂടെയാണ് നടത്തുന്നത്. തൽഫലമായി, അസംസ്കൃത വസ്തുക്കളുടെ വില കുറയുകയും മേഖലയുടെ പ്രകടനം മെച്ചപ്പെടുകയും ചെയ്തു.

സംസ്ഥാനത്തെ മില്ലുകളിലെ പ്രതിസന്ധി പഠിക്കാൻ സർക്കാർ വിദഗ്ധ സമിതി രൂപീകരിച്ചു. അത് അഞ്ച് സഹകരണ സ്പിന്നിംഗ് മില്ലുകളുടെ നവീകരണത്തിന് ശുപാർശ ചെയ്തു. മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ, കണ്ണൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ, പ്രിയദർശിനി കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ, ക്വയിലോൺ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ എന്നിവയുടെ നവീകരണത്തിന് സർക്കാർ അംഗീകാരം നൽകി. മലപ്പുറം സഹകരണ സ്പിന്നിങ് മില്ലിന്റെയും കണ്ണൂർ സഹകരണ സ്പിന്നിങ് മില്ലിന്റെയും നവീകരണത്തിന്റെ ആദ്യഘട്ടം പൂർത്തിയായി. മിൽ നവീകരണത്തിന്റെ രണ്ടാം ഘട്ടം ആരംഭിച്ചു. 2020–21

കാലയളവിൽ, ടെക്സ്ഫെഡിന് കീഴിലുള്ള സ്പിന്നിംഗ് മില്ലുകളുടെ നവീകരണത്തിന് 1750 ലക്ഷം രൂപ സഹായം അനുവദിച്ചു. തൃശ്ശൂർ, ആലപ്പുഴ, മലബാർ, മലപ്പുറം, കണ്ണൂർ, പ്രിയദർശിനി, കരുണാകരൻ, ക്വയിലോൺ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലുകളുടെ നവീകരണം 2021-22ൽ പദ്ധതി സഹായത്തോടെ പൂർത്തീകരിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുന്നുണ്ട്.

### കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽ ഫെഡറേഷൻ ലിമിറ്റഡ് (ടെക്സ്ഫെഡ്)

കേരളത്തിലെ സഹകരണ ടെക്സ്റ്റൈൽ യൂണിറ്റുകളുടെ രൂപീകരണവും നടത്തിപ്പും ആസൂത്രണം ചെയ്യുന്നതിനും സഹായിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനുമുള്ള ഒരു സ്ഥാപനമാണിത്. 1992-ൽ ആണ് ടെക്സ്ഫെഡ് സ്ഥാപിതമായത്. സംസ്ഥാനത്തെ സഹകരണ സ്പിന്നിംഗ് മില്ലുകളുടെയും സംയോജിത പവർലൂം സഹകരണ സംഘങ്ങളുടെയും പരമോന്നത സ്ഥാപനമാണ് ടെക്സ്ഫെഡ്. സ്പിന്നിംഗ്, നെയ്ത്ത്, സംസ്കരണം, വസ്ത്രനിർമ്മാണം എന്നിവയുൾപ്പെടെ ടെക്സ്റ്റൈൽ വ്യവസായത്തിന്റെ എല്ലാ വിഭാഗങ്ങളെയും ഇത് സമന്വയിപ്പിക്കുന്നു. ടെക്സ്ഫെഡിന്റെ അംഗങ്ങളായി എട്ട് സഹകരണ സ്പിന്നിംഗ് മില്ലുകൾ ഉണ്ട്. അവയിൽ ആറെണ്ണം സംസ്ഥാന സർക്കാരും രണ്ടെണ്ണം തിരഞ്ഞെടുക്കപ്പെട്ട ബോർഡുകളുമാണ് നിയന്ത്രിക്കുന്നത്. ക്വയിലോൺ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, ആലപ്പുഴ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, തൃശ്ശൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, മലബാർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, കാനന്നൂർ എന്നിവ സർക്കാർ നിയന്ത്രിക്കുന്ന മില്ലുകളിൽ ഉൾപ്പെടുന്നു. തിരഞ്ഞെടുക്കപ്പെട്ട ബോർഡുകൾ നിയന്ത്രിക്കുന്ന സ്പിന്നിംഗ് മില്ലുകളിൽ പ്രിയദർശിനി കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, കെ കരുണാകരൻ മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് എന്നിവ ഉൾപ്പെടുന്നു.

ഈ 8 കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലുകൾക്ക് ആകെ 1,29,232 സ്പിൻഡിലുകളുടെ ശേഷിയുണ്ട്, കൂടാതെ 1901 തൊഴിലാളികൾക്ക് നേരിട്ട് ജോലി ലഭിക്കുന്നുണ്ട്. വാർഷിക ഉൽപ്പാദനം 42 ലക്ഷം കിലോഗ്രാം ഗ്രേ നൂലും വാർഷിക വിൽപ്പന വിറ്റുവരവ് 107 കോടി രൂപയുമാണ്. 2020-21ൽ എല്ലാ സ്പിന്നിംഗ് മില്ലുകളുടെയും നഷ്ടം കുറഞ്ഞു. ടെക്സ്ഫെഡിനു കീഴിലുള്ള മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, പ്രിയദർശിനി കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, കെ കരുണാകരൻ മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് എന്നീ മൂന്ന് മില്ലുകളിൽ പത്ത് വർഷത്തിന് ശേഷം ധന ലാഭം രജിസ്റ്റർ ചെയ്തു.

### കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് (കെ.എസ്.ടി.സി)

കേരളത്തിൽ ടെക്സ്റ്റൈൽ മില്ലുകൾ സ്ഥാപിക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്യുക, കേരളത്തിലെ ടെക്സ്റ്റൈൽ വ്യവസായത്തിലെ രോഗാതുരമായ യൂണിറ്റുകളെ ഉന്നമിപ്പിക്കുക എന്നീ പ്രധാന ലക്ഷ്യങ്ങളോടെ 1972-ൽ കേരള സർക്കാർ സ്ഥാപനമായ കെഎസ്ടിസി സ്ഥാപിതമായി. കോർപ്പറേഷന് ഏഴ് മില്ലുകളും ഒരു ഗവേഷണ-പരിശോധനാ കേന്ദ്രവുമുണ്ട്. പ്രഭുറാം മില്ലുകൾ, കോട്ടയം ടെക്സ്റ്റൈൽസ്, എടരിക്കോട് ടെക്സ്റ്റൈൽസ്, മലബാർ സ്പിന്നിംഗ് ആൻഡ് വീവിംഗ് മിൽസ്, ഹൈടെക് വീവിംഗ് മിൽസ്, കോമളപുരം സ്പിന്നിംഗ് ആൻഡ് വീവിംഗ് മിൽസ്, ഉദുമ ടെക്സ്റ്റൈൽസ് എന്നിവയാണ് കെ.എസ്.ടി.സി യുടെ കീഴിലുള്ള മില്ലുകൾ. സീതാറാം ടെക്സ്റ്റൈൽസ്, ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് എന്നീ രണ്ട് യൂണിറ്റുകൾ ഇപ്പോൾ കെ.എസ്.ടി.സിയുടെ ഭരണ നിയന്ത്രണത്തിലാണ്. മേൽപ്പറഞ്ഞവ കൂടാതെ, കോർപ്പറേഷന്റെ കീഴിൽ തിരുവനന്തപുരത്തെ ബാലരാമപുരത്ത് സ്ഥിതി ചെയ്യുന്ന ഒരു റിസർച്ച് ആൻഡ് ടെസ്റ്റിംഗ് ഡിവിഷൻ (സി. എ.ആർ.ഡി.ടി- സെന്റർ ഫോർ അപ്ലൈഡ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ് ഇൻ ടെക്സ്റ്റൈൽസ്) ഉണ്ട്. കോർപ്പറേഷനിൽ 130 മാനേജീരിയൽ ജീവനക്കാർ ഉണ്ട് (മില്ലുകളും സി.ആർ.ഡി.ടി ഉൾപ്പെടെ). തൊഴിലാളികളുടെ എണ്ണം 1,711 ആണ്. കണ്ണൂരിലെ നാടുകാണി കിൻഫ്ര പാർക്കിൽ ഏജൻസി പുതിയ പ്രിന്റിംഗ് കം ഡൈയിംഗ് യൂണിറ്റ് സ്ഥാപിക്കുന്നുണ്ട്.

കോർപ്പറേഷന്റെ ഉൽപ്പാദന മൂല്യം 2019-20ലെ 56.09 കോടിയിൽ നിന്ന് 2020-21ൽ 83.63 കോടിയായി ഉയർന്നു. വിൽപ്പനയിൽ നിന്നുള്ള വരുമാനം 2019-20-ലെ 57.02 കോടിയിൽ നിന്ന് 2020-21-ൽ 78.77 കോടിയായി ഉയർന്നു. എന്നിരുന്നാലും, ചെലവുകൾ വരുമാനത്തേക്കാൾ കൂടുതലാണ്. കഴിഞ്ഞ 5 വർഷത്തെ ടെക്സ്ഫെഡിന്റെ അറ്റ നഷ്ടം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2020-21 അവസാനത്തിൽ കോർപ്പറേഷന്റെ സഞ്ചിത നഷ്ടം ഏകദേശം 426.07 കോടി രൂപയാണ്. കെഎസ്ടിസിയുടെ പ്രകടനത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 4.6.10**-ൽ നൽകിയിരിക്കുന്നു.

ടെക്സ്റ്റൈൽ മേഖലയിലെ നേട്ടങ്ങൾ 2020-2114 പ്രാഥമിക കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങൾക്ക് സർക്കാർ ഓഹരി പങ്കാളിത്ത വിഹിതം നൽകി. 2119 നെയ്ത്തുകാർക്ക് പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിന്റെ പ്രയോജനം ലഭിച്ചു. കോൺട്രിബ്യൂട്ടറി ത്രിഫ്റ്റ് ഫണ്ട് സ്കീമിൽ നിന്ന് 2961 നെയ്ത്തുകാർക്ക് പ്രയോജനം ലഭിച്ചു. ഹാൻടെക്സ്, ഹാൻവീവ് എന്നിവയ്ക്ക് സർക്കാർ ഓഹരി പങ്കാളിത്ത സഹായവും നൽകി. 7 സഹകരണ സ്പിന്നിംഗ് മില്ലുകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കുന്നതിനായി 33.39 കോടി അനുവദിച്ചു. കണ്ണൂർ നാടുകാണി കിൻഫ്ര പാർക്കിൽ കെഎസ്ടിസി പുതിയ പ്രിന്റിംഗ് കം ഡൈയിംഗ് യൂണിറ്റ് സ്ഥാപിക്കുന്നുണ്ട്.

### പ്രശ്നങ്ങളും വെല്ലുവിളികളും

പ്രവർത്തന മൂലധനത്തിന്റെ ദൗർലഭ്യവും അസംസ്കൃത വസ്തുക്കൾ ശേഖരിക്കുന്നതിലെ ബുദ്ധിമുട്ടും ഈ മേഖല നേരിടുന്ന വെല്ലുവിളികളിൽ പെടുന്നു. കേരളത്തിലെ നൂൽ നൂൽപ്പ് നെയ്ത്തു എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന മില്ലുകൾ ചോദനത്തിലും പ്രദാനത്തിലും പ്രശ്നങ്ങൾ നേരിടുന്നു. കാലഹരണപ്പെട്ട യന്ത്രസാമഗ്രികൾ, കടുത്ത മത്സരം, അസംസ്കൃത വസ്തുക്കളുടെ ഉയർന്ന വില, കുറഞ്ഞ ഉൽപ്പാദനക്ഷമത, ലാഭം കുറയൽ, പ്രവർത്തന മൂലധനത്തിന്റെ അഭാവം എന്നിവയും കേരളത്തിലെ ടെക്സ്റ്റൈൽ മേഖലയെ സംബന്ധിച്ചിടത്തോളം ആശങ്കാജനകമായ വിഷയങ്ങളാണ്. സംസ്ഥാനത്തെ ഭൂരിഭാഗം ടെക്സ്റ്റൈൽ സ്പിന്നിംഗ് മില്ലുകളും 25 വർഷത്തിലേറെ പഴക്കമുള്ളവയാണ്, അവ കാലഹരണപ്പെട്ട സാങ്കേതിക വിദ്യകളും ഉപകരണ

ങ്ങളും ഉപയോഗിക്കുന്നു. മികച്ച നിലവാരത്തിലെത്തുന്നതിനു ചില യൂണിറ്റുകളിൽ ഭാഗികമായ നവീകരണം നടപ്പിലാക്കിയിട്ടുണ്ട്. തുണി സംസ്കരണ സൗകര്യങ്ങളുടെ അഭാവം കേരളത്തിലെ പവർ ലൂം വ്യവസായം നേരിടുന്ന ഒരു പ്രശ്നമാണ്. നെയ്ത്തുതൊഴിലാളികൾക്ക് സർക്കാർ ലഭ്യമാക്കുന്ന സൗകര്യങ്ങളെക്കുറിച്ച് അവബോധമില്ലാത്തതും പ്രശ്നമാണ്. കോവിഡ്–19 മഹാമാരി കാരണമുള്ള ലോക്ക് ഡൗൺ ഈ മേഖലയിലെ ഉൽപാദനത്തെയും വിൽപ്പനയെയും പ്രതികൂലമായി ബാധിച്ചു.

### മുന്നോട്ടുള്ള വഴി

കേരളത്തിൽ വസ്ത്രങ്ങൾക്ക് വലിയൊരു വിപണിയുണ്ട്, മൂല്യ ശൃംഖലയിലെ വിവിധ വിഭാഗങ്ങളിൽ (നൂൽ നൂൽക്കുന്നത് മുതൽ വസ്ത്രങ്ങൾ ഉണ്ടാക്കുന്നതുവരെ) ഒരു മുഖ്യ പങ്കാളിയായി സംസ്ഥാനം ഉയർന്നുവരാൻ ഉള്ള സാധ്യതയുണ്ട്. ഭാവിയിലെ ശ്രമങ്ങൾക്കായുള്ള ശ്രദ്ധ കൂടുതൽ മൂല്യവർധനവിലായിരിക്കണം. പുതിയ ഉൽപന്നങ്ങൾ, പുതിയ വിപണന തന്ത്രങ്ങൾ, പുതുമകൾ എന്നിവ ഈ മേഖലയുടെ ഭാവി വിജയത്തിന് നിർണായകമാണ്. തുണിത്തരങ്ങൾ, ബെഡ് ലിനൻ, ടോയ്‌ലറ്റ്, കിച്ചൺ ലിനൻ, ടവലുകൾ, കർട്ടനുകൾ, തലയണകൾ, പാഡുകൾ, അപ്ഹോൾസ്റ്ററി, പരവതാനികൾ, ഫ്ലോർ കവറുകൾ, എംബ്രോയിഡറി തുണിത്തരങ്ങൾ എന്നിവയുടെ നിർമ്മാണത്തിനും അവസരങ്ങളുണ്ട്. കേരളത്തിലെ യുവജനങ്ങളെയും അഭ്യസ്തവിദ്യരെയും സംരംഭകരെന്ന നിലയിലോ തൊഴിലാളികളെന്ന നിലയിലോ ഈ മേഖലയിലേക്ക് ആകർഷിക്കാനുള്ള വഴികൾ ടെക്സ്റ്റൈൽ മേഖല കണ്ടെത്തേണ്ടതുണ്ട്. തൊഴിലാളികളുടെ താൽപ്പര്യങ്ങൾ ഉറപ്പുവരുത്തുന്നതിനൊപ്പം ടെക്സ്റ്റൈൽ മേഖലയുടെ നവീകരണത്തിനായി കേരള സർക്കാർ നിരവധി നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. അത് തുടരേണ്ടതുണ്ട്. കൊവിഡ്–19 പ്രേരിത ലോക്ക്ഡൗൺ ഓൺലൈൻ മാർക്കറ്റിംഗിൽ പുതിയ അവസരങ്ങൾ തുറന്നു. പുതിയ വിപണികൾ കണ്ടെത്താൻ ഈ സാധ്യത ഉപയോഗിക്കാവുന്നതാണ്. സമ്പദ്‌വ്യവസ്ഥ സാധാരണ നിലയിലേക്ക് നീങ്ങുമ്പോൾ, തുറന്നു വരുന്ന അവസരങ്ങൾ പ്രയോജനപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. 'മെയ്ഡ് ഇൻ ഇന്ത്യ' ഉൽപന്നങ്ങളോടുള്ള താൽപര്യം വർധിപ്പിക്കുകയും അന്താരാഷ്ട്ര വ്യാപാര സാഹചര്യങ്ങൾ മാറ്റുകയും ചെയ്യുന്നത് ഇന്ത്യയിലും സംസ്ഥാനത്തും തുണിത്തരങ്ങൾക്ക് പുതിയ അവസരങ്ങൾ തുറക്കുന്നു. ഉയർന്നുവരുന്ന അവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിലൂടെ ഈ മേഖലയ്ക്ക് നേട്ടമുണ്ടാക്കാനാകും.

## ഖാദി ഗ്രാമ വ്യവസായ മേഖല

### ഇന്ത്യയിലെ ഖാദി ഗ്രാമ വ്യവസായ മേഖല

ഗ്രാമീണ കരകൗശല തൊഴിലാളികൾക്ക് കുറഞ്ഞ മൂലധനനിക്ഷേപത്തിൽ വേണ്ടത്ര തൊഴിൽ അവസരം സൃഷ്ടിക്കുന്നതിന് ഖാദി ഗ്രാമ വ്യവസായ മേഖലയ്ക്ക് വലിയ സാധ്യതയാണുള്ളത്. ഖാദി ഉൽപ്പന്നങ്ങളുടെ ഉല്പ്പാദനം, വിപണനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് നിയമപരമായി പ്രവർത്തിക്കുന്ന ഒരു ഭാരത സർക്കാർ സ്ഥാപനമാണ് ഖാദി ഗ്രാമ വ്യവസായ കമ്മീഷൻ (കെ.വി.ഐ.സി). കെ.വി.ഐ.സി.യുടെ കീഴിൽ ഉൽപ്പാദന പ്രക്രിയയിൽ പങ്കാളികളായിട്ടുള്ള ആകെ 4.96 ലക്ഷം കൈതൊഴിലുകാർ രാജ്യത്താകെയുള്ള 2,701 ഖാദി സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നു .ഇതിൽ ഭൂരിഭാഗവും (80 ശതമാനം) സ്ത്രീകളാണ്. ഇന്ത്യയിലെ ഖാദി ഗ്രാമ വ്യവസായ മേഖലയിലെ ഉൽപ്പാദനം (പോളി വസ്ത്രവും സോളാർ വസ്ത്രവും ഉൾപ്പെടെ) 2018–19– ലെ 58130.34 കോടി രൂപയിൽ നിന്ന് 2019–20–ൽ 67,667.31 കോടി രൂപയായി വർദ്ധിച്ചു. സമാനമായി ഖാദി ഉൽപ്പന്നങ്ങളുടെ വിൽപ്പന 2018–19–ൽ 74,292.09 കോടി രൂപയിൽ നിന്ന് 2019–20–ൽ 88875.54 കോടി രൂപയായി വളർച്ച നേടിയിട്ടുണ്ട്. ഖാദി ഗ്രാമ വ്യവസായ മേഖലയിലെ തൊഴിലവസരങ്ങളുടെ എണ്ണം 2018–19ലെ 1.46. കോടിയിൽ നിന്നും 2019–20ൽ 1.52.ലക്ഷമായി വർദ്ധിച്ചിട്ടുണ്ട് ഇന്ത്യയിലെ കഴിഞ്ഞ 5 വർഷത്തെ ഖാദി, ഗ്രാമ വ്യവസായങ്ങളിലെ ഉൽപാദനം, വിൽപ്പന, തൊഴിൽ എന്നിവ **പട്ടിക 4.6.2**–ൽ കാണിച്ചിരിക്കുന്നു.

### കേരളത്തിലെ ഖാദിഗ്രാമ വ്യവസായ മേഖല

കേരളത്തിലെ ഖാദി മേഖലയ്ക്ക് ചരിത്രപരമായ പ്രാധാന്യവും അത് ആർജ്ജിക്കുന്ന സാമൂഹിക രാഷ്ട്രീയ പിന്തുണയും ഉള്ള ശക്തമായ അടിത്തറയുണ്ട്. ഖാദി ഗ്രാമ വ്യവസായ ബോർഡ് ഉൾപ്പെടെ 29 ഖാദി സ്ഥാപനങ്ങൾ, കെകെവിഐബി എയ്ഡഡ് സ്ഥാപനങ്ങൾ (14 എണ്ണം നമ്പറുകൾ), കെവിഐസി എയ്ഡഡ് സ്ഥാപനങ്ങൾ (14 എണ്ണം ) എന്നിവ ഖാദി ഉൽപാദനത്തിലും വിൽപ്പനയിലും ഏർപ്പെട്ടിരിക്കുന്നു. 2020–21 കാലയളവിൽ കേരളത്തിലെ ഖാദി മേഖല 13,190 കരകൗശലത്തൊഴിലാളികൾക്ക് തൊഴിൽ നൽകുകയും മൊത്തം 7,981.83 ലക്ഷം രൂപയുടെ തുണി/ നൂൽ ഉത്പാദനം കൈവരിക്കുകയും ചെയ്തു. ഖാദി കരകൗശലത്തൊഴിലാളികൾക്ക് 2020–21–ൽനൽകിയ ആകെ വേതനം 3,618 ലക്ഷം രൂപയാണ് ഗ്രാമ വ്യവസായങ്ങളിലൂടെ ഖാദി, ഗ്രാമ വ്യവസായ ബോർഡിന് 2,834 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞു. പ്രത്യേക തൊഴിൽദാന പരിപാടിയിലൂടെ (എന്റഗ്രാമം) ഖാദി ബോർഡ് 154 യൂണിറ്റുകളിലൂടെ 499.49 ലക്ഷം രൂപ മൂലധന നിക്ഷേപം സൃഷ്ടിക്കുകയും 497 പേർക്ക് തൊഴിലവസരങ്ങൾ നൽകുകയും ചെയ്തു. പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതിയിലൂടെ (പിഎംഇജിപി) ബോർഡ് 429 യൂണിറ്റുകളിലൂടെ 2,910.00 ലക്ഷം രൂപ മൂലധന നിക്ഷേപം സൃഷ്ടിക്കുകയും 2,337 പേർക്ക് തൊഴിൽ നൽകുകയും ചെയ്തു. 2017–18 മുതൽ 2020–21 വരെയുള്ള ഈ സ്ഥാപനങ്ങളുടെ ഉത്പാദനം, വിൽപ്പന എന്നിവയും 2020–21–ലെ തൊഴിൽ എന്നിവയുടെ വിശദാംശങ്ങൾ **അനുബന്ധം 4.6.11–ലും 4.6.12**–ലും നൽകിയിരിക്കുന്നു.

**പട്ടിക 4.6.2** ഇന്ത്യയിലെ ഖാദി, ഗ്രാമ വ്യവസായങ്ങളിലെ ഉൽപാദനം, വിൽപ്പന, തൊഴിൽ 2016–17 മുതൽ 2020–21 വരെ

| വർഷം | ഉൽപ്പാദനം (രൂപ കോടിയിൽ) | വിൽപ്പന (രൂപ കോടിയിൽ) | തൊഴിൽ (എണ്ണം കോടിയിൽ) |
|---|---|---|---|
| 2016–17 | 42631.09 | 52138.21 | 136.4 |
| 2017–18 | 48081.41 | 59182.43 | 1.40 |
| 2018–19 | 58130.34 | 74292.09 | 1.46 |
| 2019–20 | 67667.31 | 88875.54 | 1.52 |
| 2020–21 (31/12/2021) വരെ | 55009.73 | 72336.47 | 1.55 |

അവലംബം: വാർഷിക റിപ്പോർട്ട് 2020-21, എം.സ്.എം.ഇ മന്ത്രാലയം, ഭാരത സർക്കാർ

പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ 8214.00 ലക്ഷം രൂപയാണ് ഖാദി ഗ്രാമവ്യവസായ മേഖലയ്ക്കായി വകയിരുത്തിയിട്ടുള്ളത്. വിശദാംശങ്ങൾ **പട്ടിക 4.6.3**–ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 4.6.3** പതിമൂന്നാം പഞ്ചവത്സര പദ്ധതി വിഹിതവും ചെലവും (രൂപ ലക്ഷത്തിൽ)

| വർഷം | വിഹിതം | ചെലവ് | ചെലവ് (ശതമാനത്തിൽ) |
|---|---|---|---|
| 2017–18 | 1691.00 | 723.78 | 42.80 |
| 2018–19 | 1860.00 | 1066.56 | 57.34 |
| 2019–20 | 1443.00 | 667.15 | 46.22 |
| 2020–21 | 1610.00 | 1248.45 | 77.54 |
| 2021–22 | 1610.00 | 630.59 | 39.16 |
| ആകെ | 8214.00 | 4336.53 | 52.79 |

അവലംബം – പ്ലാൻ സ്പേസ് കേരള

## കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് (കെകെവിഐബി)

കേരളത്തിലെ ഖാദി, ഗ്രാമ വ്യവസായങ്ങൾ സംഘടിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ചുമതലയുള്ള വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള ഒരു നിയമാനുസൃതമായ ചട്ടക്കൂടാണ് കെകെവിഐബി. കേരള സർക്കാർ, ഖാദി കമ്മീഷൻ, ദേശസാൽകൃത ബാങ്കുകൾ എന്നിവയിൽ നിന്ന് സഹായം ലഭ്യമാക്കികൊണ്ട് സഹകരണ സ്ഥാപനങ്ങൾ, രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ, വ്യക്തികൾ, വകുപ്പുതല യൂണിറ്റുകൾ എന്നിവയിലൂടെ ബോർഡ് പദ്ധതികൾ നടപ്പിലാക്കുന്നു. കെവിഐസിയുടെ പ്രധാനമന്ത്രി തൊഴിൽ ദാന പദ്ധതി (പിഎംഇജിപി), പ്രത്യേക തൊഴിൽദാന പദ്ധതി (എസ്ഇജിപി) (എന്റെ ഗ്രാമം) ഉൾപ്പെടെ സംസ്ഥാന പദ്ധതി പ്രകാരം ബോർഡ് വിവിധ പദ്ധതികൾ നടപ്പാക്കി. കഴിഞ്ഞ രണ്ട് വർഷത്തെ കേരള ഖാദി, ഗ്രാമ വ്യവസായത്തിന്റെ ഉത്പാദനം, വിൽപ്പന, തൊഴിൽ, നൽകിയ വേതനം എന്നിവയുടെ വിശദാംശങ്ങൾ **പട്ടിക 4.6.4**–ൽ കാണിച്ചിരിക്കുന്നു.

ഖാദി ഗ്രാമ വ്യവസായ ബോർഡിന് 2019–20, 2020–21 വർഷങ്ങളിൽ വിവിധ തലങ്ങളിൽ നിന്നു ലഭിച്ച വിഹിതവും അതിന്റെ ചെലവും **പട്ടിക 4.6.5–**ൽ ചേർത്തിരിക്കുന്നു.

## പ്രത്യേക തൊഴിൽ ദാന പദ്ധതി

പദ്ധതി വിലയിരുത്തലിന്റെയും വ്യവസായ വാണിജ്യ വകുപ്പിന്റെ അംഗീകൃത മാർഗ്ഗനിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ ബാങ്ക് ലിങ്ക്ഡ് പ്രോജക്ടുകൾ വഴി ചെറുകിട സംരംഭകർക്കും പരമ്പരാഗത കരകൗശലത്തൊഴിലാളികൾക്കും മാർജിൻ മണി സബ്സിഡി നൽകുന്നതിനാണ് പദ്ധതി ഉദ്ദേശിക്കുന്നത്. 2020–21 കാലയളവിൽ 154 ഗ്രാമ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുകയും 497 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സഹായിക്കുകയും ചെയ്തു. 2020–21– ലെ ഈ പരിപാടിയുടെ നേട്ടങ്ങളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 4.6.13**–ൽ കൊടുത്തിരിക്കുന്നു.

## പ്രധാന മന്ത്രിയുടെ തൊഴിൽദാന പദ്ധതിയും ഗ്രാമീണ തൊഴിൽ ദാന പദ്ധതിയും (പിഎംഇജിപി, ആർ ഇ ജി പി)

ഗ്രാമീണ, നഗര മേഖലകളിൽ ചെറുകിട സംരംഭങ്ങൾ സ്ഥാപിക്കുന്നതിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി ലക്ഷ്യമിട്ടുകൊണ്ടുള്ള വായ്പാബന്ധിത സബ്സിഡി പരിപാടിയാണ് പി എം ഇ ജി പി. രാജ്യത്തെ ഒരു വലിയ വിഭാഗം പാരമ്പര്യ കൈത്തൊഴിലുകാർ, ഗ്രാമീണ, നഗര മേഖലയിലെ തൊഴിൽ രഹിതരായ യുവാക്കൾ എന്നിവർക്ക് സുസ്ഥിരമായ തൊഴിൽ പ്രദാനം ചെയ്യുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം. ചെറുകിട മേഖലകളിലേക്ക് കൂടുതലായി വായ്പകൾ അനുവദിക്കുന്നതിനായി ധനകാര്യ മേഖലകളുടെ പങ്കാളിത്തം ഈ പദ്ധതി പ്രോത്സാഹിപ്പിക്കുന്നു. പദ്ധതിയുടെ കീഴിൽ ചെറുകിട സംരംഭങ്ങളുടെ ബാങ്ക് അക്കൗണ്ടിലേക്ക് സർക്കാർ സബ്സിഡി ലഭ്യമാക്കുന്നു.

20,000 വരെ ജനസംഖ്യയുള്ള ചെറിയ പട്ടണങ്ങൾ ഉൾപ്പടെ ഗ്രാമീണ മേഖലയിൽ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായ അർഹരായ സംരംഭകരെ സഹായിക്കുന്നതിനും അതിലൂടെ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും വേണ്ടി ഖാദി, ഗ്രാമവ്യവസായ കമ്മീഷൻ (കെ വൈ ഐ സി) മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണിത്. പരമാവധി 25 ലക്ഷം രൂപ വരെ ചെലവ് വരുന്ന പ്രൊജക്ടുകൾക്ക് ഖാദി, വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷൻ, പൊതുമേഖല വാണിജ്യ ബാങ്കുകൾ, തെരഞ്ഞെടുക്കപ്പെട്ട പ്രാദേശിക, ഗ്രാമീണ ബാങ്കുകൾ/ സഹകരണ ബാങ്കുകൾ എന്നിവിടങ്ങളിൽ നിന്നുള്ള ധനസഹായത്തോടെ സംരംഭകർക്ക ഗ്രാമീണ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് വേണ്ടിയുള്ള പരിപാടിയാണിത്. 2020–21–ൽ ഈ രണ്ടു പരിപാടിയുടെ നേട്ടങ്ങൾ **പട്ടിക 4.6.6**–ൽ കൊടുത്തിരിക്കുന്നു.

## ഖാദിഗ്രാമം പരിപാടി

തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിലെ സ്ത്രീകൾ, ദുർബല വിഭാഗത്തിൽപ്പെട്ടവരുമായ 5,000 പേർക്ക് ക്ലസ്റ്റർ മാതൃകയിൽ 3,000 ചർക്കകളും 2,000 തറികളുംസ്ഥാപിച്ചുകൊണ്ട് പുതിയ തൊഴിൽ സാധ്യത ഉറപ്പുവരുത്താൻ വിഭാവനം ചെയ്തിട്ടുള്ളതാണ് ഈ പദ്ധതി.

**പട്ടിക 4.6.4.** 2020–21 വർഷങ്ങളിൽ കേരളത്തിലെ ഖാദി, ഗ്രാമ വ്യവസായങ്ങളിലെ ഉത്പാദനം, വിൽപ്പന, തൊഴിൽ, വേതനം

| മേഖല/ഉപമേഖല | ഉൽപ്പാദന മൂല്യം (രൂപ കോടിയിൽ ) | | വിൽപ്പന മൂല്യം (രൂപ കോടിയിൽ) | | തൊഴിൽ (എണ്ണത്തിൽ) | |
|---|---|---|---|---|---|---|
| | 2019–20 | 2020–21 | 2019–20 | 2020–21 | 2019–20 | 2020–21 |
| ഖാദി മേഖല | 74.26 | 79.81 | 156.82 | 92.19 | 13470 | 12507 |
| ഗ്രാമ വ്യവസായ മേഖല | 105.69 | 106.17 | 112.34 | 112.71 | 83407 | 83395 |
| ആകെ | 179.95 | 185.98 | 269.16 | 204.90 | 96877 | 95902 |

അവലംബം :ഖാദി ഗ്രാമ വ്യവസായ ബോർഡ്

**പട്ടിക 4.6.5** കേരളത്തിലെ ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ വിഹിതവും അതിന്റെ ചെലവും (രൂപ ലക്ഷത്തിൽ)

| ഇനം | 2019–20 | | 2020–21 | |
|---|---|---|---|---|
| | വരവ് | ചെലവ് | വരവ് | ചെലവ് |
| സംസ്ഥാന സർക്കാർ ഗ്രാൻറ്–പദ്ധതി വിഹിതം<br>1. ഭരണ ചെലവുകൾ (ബജറ്റ് വിഹിതം)<br>2. ഇൻകം സപ്പോർട്ട് സ്കീം (ഡി ഐ സി വഴിയുള്ള ഫണ്ട് ) | 670.00<br>2100.00 | 670.00<br>2100.00 | 1248.45<br>3000.00 | 1248.45<br>2100.00 |
| സംസ്ഥാന സർക്കാർ ഗ്രാൻറ് – പദ്ധതിയേതരം<br>1.പദ്ധതിയേതര– ഭരണ ചെലവുകൾ<br>2.പദ്ധതിയേതര – പ്രത്യേക ഇളവ് | 4554.95<br>1116 | 4554.95<br>1116 | 4650.00<br>1500.00 | 4656.24<br>1500.00 |
| കെ.വി.ഐ.സി ഗ്രാൻറ്<br>പി.എം.ഇ.ജി.പി – മാർജിൻ മണി സഹായം | 1250.35 | 1250.35 | 1329.22 | 723.03 |

അവലംബം: ഖാദി ഗ്രാമ വ്യവസായ ബോർഡ്, കേരള സർക്കാർ

**പട്ടിക 4.6.6** പ്രധാന മന്ത്രിയുടെ തൊഴിലാദാന പദ്ധതി (പിഎം ഇ ജി പി) യുടേയും ഗ്രാമീണ തൊഴിൽ ദാന പദ്ധതി (ആർ ഈ ജി പി)യുടെയും നേട്ടങ്ങൾ, 2020–21

| ക്രമ നം. | പദ്ധതി | യൂണിറ്റുകളുടെ എണ്ണം | ഉല്പാദനം (ലക്ഷത്തിൽ | വില്പ്പന (ലക്ഷത്തിൽ) | തൊഴിൽ എണ്ണം | വേതനം (ലക്ഷം) |
|---|---|---|---|---|---|---|
| 1 | പി എം ജി പി | 275 | 3303 | 3793 | 2337 | 980.00 |
| 2 | ആർ ഇ ജി പി | 4897 | 23371 | 28647 | 27634 | 6777.00 |

അവലംബം: ഖാദി, ഗ്രാമവ്യവസായ ബോർഡ്, കേരള സർക്കാർ


## വിപണനം

ഖാദി ബോർഡിന് കീഴിൽ ഖാദി ഗ്രാമ ഉൽപ്പന്നങ്ങൾക്കായി 182 വില്പനകേന്ദ്രങ്ങളുണ്ട്. ഇതിൽ 46 ഖാദിഗ്രാമസൗഭാഗ്യ (3 സഞ്ചരിക്കുന്ന വിൽപ്പന വാൻ ഉൾപ്പെടെ ) യൂണിറ്റുകളും, 49 ഖാദിസൗഭാഗ്യ, 88 ഗ്രാമ സൗഭാഗ്യ (ജി.എസ്.ഡിപ്പോ) യൂണിറ്റുകളും ഉൾപ്പെടുന്നു. 2019–20,2020–21 വർഷങ്ങളിലെ വകുപ്പുതല വില്പന കേന്ദ്രങ്ങളുടെയും, വിൽപ്പനയുടെയും ജില്ല തിരിച്ചുള്ള വിവരങ്ങൾ **അനുബന്ധം 4.6.14**–ലും **4.6.15**–ലും **ചിത്രം 4.6.1**–ലും നൽകിയിരിക്കുന്നു.

## കേരളത്തിലെ ഖാദി, ഗ്രാമ വ്യവസായ മേഖല നേരിടുന്ന പ്രശ്നങ്ങളും വെല്ലുവിളികളും

- ഖാദിയുടെ ഉൽപാദനവും വിൽപ്പനയും തമ്മിൽ വലിയ അന്തരം ഉണ്ട്. കമ്പോള ആവശ്യങ്ങൾ നിറവേറ്റുന്നതിൽ കേരളത്തിലെ ഖാദി യൂണിറ്റുകൾ പരാജയപ്പെടുന്നു, ഇവ മറ്റു സംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതിയിലൂടെയാണ്
- ഉൽപാദന ശേഷിയുടെ വിനിയോഗത്തിലുള്ള കുറവ് മറ്റൊരു പ്രശ്നമാണ്. കേരളത്തിൽ ആവശ്യത്തിന്

**ചിത്രം 4.6.1.** 2020–21 ജില്ലതിരിച്ചുള്ള വില്പന ലക്ഷ്യങ്ങളും നേട്ടങ്ങളുംസംബന്ധിക്കുന്ന വിശദാംശങ്ങൾ




ഉറവിടം: ഖാദി, ഗ്രാമവ്യവസായ ബോർഡ്, കേരള സർക്കാർ

ചർക്കകളും തറികളും ഉണ്ട്. സ്പെയർ പാർട്സ് വാങ്ങുന്നതിനും ഉപകരണങ്ങളുടെ സേവനം നൽകുന്നതിനുമുള്ള ഫണ്ടിന്റെ അഭാവം ഖാദി സ്ഥാപനങ്ങൾ നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ്. അതിനാൽ ധാരാളം ചർക്കയും തറികളും നിഷ്ക്രിയമായിരിക്കുന്നു.

- കുറഞ്ഞ ഉൽപാദനക്ഷമത ഖാദി മേഖലയിലെ ഒരു പ്രധാന പ്രശ്നമാണ്. കുറഞ്ഞ ഉൽപാദനക്ഷമത കുറഞ്ഞ വേതനത്തിലേക്ക് നയിക്കുന്നു.
- ഉയർന്ന നിലവാരമുള്ള മസ്ലിൻ, സിൽക്ക് തുണിത്തരങ്ങൾക്കായി മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കൽ
- നിലവിലെ വെല്ലുവിളികളെ നേരിടുന്നതിനും ഖാദി സ്ഥാപനങ്ങൾക്ക് പ്രൊഫഷണൽ മാനേജ്മെന്റിന്റെ തൊഴിൽ കാര്യക്ഷമതയുടെയും അഭാവം
- മാറുന്ന സാമ്പത്തിക അന്തരീക്ഷവുമായി പൊരുത്തപ്പെടുന്നത് പരമ്പരാഗത രീതി ഉൾപ്പെടുന്ന ഖാദി വ്യവസായ മേഖല നേരിടുന്ന പ്രധാന വെല്ലുവിളിയാണ്.
- വ്യാജമായ ഖാദിയുടെ വ്യാപകമായ ഉൽപാദനവും ഉപയോഗവും ഖാദി മേഖലയെ സംബന്ധിച്ചിടത്തോളം ഗുരുതരമായ വെല്ലുവിളിയാണ്.
- വിൽപ്പന ശാലകളിൽ ഉപഭോക്താക്കളെ ആകർഷിക്കാൻ പര്യാപ്തമായ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം.
- ഗ്രാമ വ്യവസായ ഉൽപന്നങ്ങളുടെ വിപണനം ഒരു പ്രധാന വെല്ലുവിളിയാണ്. ഉയർന്ന മത്സരം, കുറഞ്ഞ പ്രചാരവും സാങ്കേതികവിദ്യയുടെ അഭാവവുമാണ് പ്രധാന കാരണങ്ങൾ.

## മുന്നോട്ട്

ഉല്പാദന മേഖലയിൽ നൂതന കണ്ടു പിടിത്തങ്ങളും ഉല്പന്നങ്ങളുടെ വിപണനവും ഏതൊരു വ്യവസായത്തിന്റെയും നിലനില്പ്പിന് അത്യാവശ്യമാണ്. ഒരു പരമ്പരാഗതമായ വ്യവസായ മേഖല എന്ന നിലയിൽ ഖാദി മേഖല പിന്തുണക്കായി സർക്കാരിനെ ആശ്രയിക്കുന്നു സാമ്പത്തിക മേഖലയിലെ മാറ്റങ്ങൾക്കനുസരണമായി സ്വയം പര്യാപ്തത കൈവരിക്കുന്നതിന് ഈ മേഖലയെ പിന്തുണക്കേണ്ടത് അനിവാര്യമാണ്.

## കയർ മേഖല

### ഇന്ത്യയിലെ കയർ വ്യവസായം

ഇന്ത്യൻ കയർ മേഖല ഒട്ടനവധി തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയും സമ്പദ് വ്യവസ്ഥയ്ക്ക് സംഭാവന നൽകുകയും ചെയ്യുന്നു പ്രത്യേകിച്ചും കേരളത്തിലും തമിഴ് നാട്ടിലും കേന്ദ്ര ഭരണ പ്രദേശങ്ങൾ ഉൾപ്പെടെയുള്ള പ്രധാന കേരോത്പാദക സംസ്ഥാനങ്ങളായ ആന്ധ്രാപ്രദേശ്, കർണ്ണാടക, മഹാരാഷ്ട്ര, ഗോവ, ഒഡിഷ, അസ്സം, ആൻഡമാൻ നിക്കോബാർ, ലക്ഷദ്വീപ്, പുതുച്ചേരി, എന്നീ പ്രദേശങ്ങളിലും ഇന്ത്യയിൽ ഏകദേശം 7 ലക്ഷം പേർക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ ലഭ്യമാക്കുന്ന വ്യവസായമാണിത്. കണക്കുകൾ പ്രകാരം തൊഴിലാളികളിൽ 80 ശതമാനവും സ്ത്രീകളാണ്.

കയറ്റുമതിയുടെ കാര്യത്തിലും ഈ വ്യവസായത്തിന് പ്രാധാന്യമുണ്ട്. 2020 –21 ൽ ഇന്ത്യ 11.6 ലക്ഷം മെട്രിക് ടൺ കയറും കയർ ഉൽപ്പന്നങ്ങളും കയറ്റുമതി ചെയ്യുകയും. 3778.98 കോടി രൂപ കയറ്റുമതി വരുമാനം നേടുകയും ചെയ്തു. കയർ കയറ്റുമതി 2020–21 ൽ മുൻ വർഷത്തെ അപേക്ഷിച്ച് മൂല്യാടിസ്ഥാനത്തിൽ 37 ശതമാനവും അളവിൽ 17.6 ശതമാനവും കയറ്റുമതി വർധിച്ചു. കയറും കയർ ഉൽപ്പന്നങ്ങളും ഇപ്പോൾ 106 രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യപ്പെടുന്നുണ്ട്

ആഭ്യന്തര വരുമാനം, കയറ്റുമതി വരുമാനത്തിന്റെ ഇരട്ടിയാണ്. കയർ ഉല്പന്നങ്ങളുടെ ആഗോള ഉല്പാദനത്തിന്റെ മൂന്നിൽ രണ്ട് ഭാഗവും ഇന്ത്യയിലാണ്. വൈറ്റ് ഫൈബറിന്റെ ആഗോള വിപണനത്തിന്റെ 60 ശതമാനവും ഇന്ത്യയിലാണ്. ആഗോള ഉൽപാപദനത്തിൽ രണ്ടാം സ്ഥാനത്തുള്ള ശ്രീലങ്കയാണ് ആഗോള ഗോൾഡൻ ഫൈബറിന്റെ 36 ശതമാനം ഉൽപ്പാദിപ്പിക്കുന്നത് (കയർ ബോർഡ് ഭാരത സർക്കാർ, സൂക്ഷ്മ ഇടത്തര ചെറുകിട വ്യവസായ മന്ത്രാലയം, ഭാരത സർക്കാർ)

കയർ വ്യവസായം പ്രാധാന്യം അർഹിക്കുന്നു, കാരണം ഇത് ഒരു കാർഷിക അധിഷ്ഠിത വ്യവസായമാണ്. ഈ വ്യവസായത്തിന് ഗ്രാമീണ മേഖലയിൽ ഗണ്യമായ സാന്നിധ്യമുണ്ട്. തൊഴിലാളികളിൽ വലിയൊരു വിഭാഗം (80 ശതമാനം) വനിതകളാണ്. മാത്രവുമല്ല തൊഴിലാളികൾ സമൂഹത്തിലെ സാമ്പത്തികമായും സാമൂഹികമായും ദുർബല വിഭാഗങ്ങളിൽപ്പെടുന്നവരാണ്. ഇന്ത്യ നിലവിൽ 14 കയർ ഉല്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നുണ്ട്. അതിൽ ചകിരിചോർ, കയർഫൈബർ, ടഫ്റ്റഡ് മാറ്റുകൾ, കൈത്തറി പായകൾ, കയർ ഭൂവസ്ത്രം, കയർ നൂൽ, കയർ പിരിച്ചത്, കൈത്തറി മാറ്റിംഗ്, റബ്ബറൈസ്ഡ് കയർ എന്നിവ ഉൾപ്പെടുന്നു. നിലവിൽ തോണ്ടിന്റെ 40 ശതമാനം മാത്രമാണ് കയർ വ്യവസായം ഉപയോഗിക്കുന്നത് അതിനാൽ ഭാവിയിൽ കയർ വികസനത്തിനുള്ള സാധ്യത നിലനിക്കുന്നുണ്ട്.


### കേരളത്തിലെ കയർ വ്യവസായം

ഇന്ത്യൻ കയർ വ്യവസായത്തിന്റെ ആസ്ഥാനമാണ് കേരളം, പ്രത്യേകിച്ച് വൈറ്റ് ഫൈബറിന്റെ. തേങ്ങ ഉൽപാദനത്തിന്റെ 61 ശതമാനവും, കയർ ഉൽപന്നങ്ങളുടെ 85 ശതമാനവും കേരളത്തിലാണ് നടക്കുന്നത്. 1.5 ലക്ഷത്തോളം കയർ തൊഴിലാളികൾ ജോലി ചെയ്യുന്ന കേരളത്തിലെ പരമ്പരാഗത വ്യവസായമാണ് കയർ മേഖല. അതിൽ 80 ശതമാനവും സ്ത്രീകളാണ്. കയർ വ്യവസായത്തിലെ മുഴുവൻ പ്രക്രിയകളും നാരു വേർതിരിചെടുക്കൽ, നൂൽ നൂൽക്കൽ, ഉത്പാദനം എന്നിങ്ങനെ മൂന്ന് പ്രധാന വിഭാഗങ്ങളായി തിരിക്കാം. നാരു വേർതിരിച്ചെടുക്കൽ, നൂൽ നൂല്ക്കുന്ന വിഭാഗം കൂടുതലും കേന്ദ്രീകരിച്ചിരിക്കുന്നത് സഹകരണ മേഖലയിലാണ്, അതേസമയം ഉൽപാദന വിഭാഗം ഫാക്ടറി മാതൃകയിൽ ആണ് പ്രവർത്തിക്കുന്നത്. ഇതിൽ നിരവധി കയറ്റുമതിക്കാരും ഉൾപ്പെടുന്നു.

കയറ്റുമതി വരുമാനം സൃഷ്ടിക്കുന്നതിൽ കേരളത്തിലെ കയർ മേഖലയുടെ പങ്ക് ശ്രദ്ധേയമാണ്. സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളും സ്വകാര്യ സംരംഭകരും കേരളത്തിൽ കയർ, കയർ ഉൽപന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിൽ ഏർപ്പെട്ടിരിക്കുന്നു. കേരളത്തിൽ കയർ പൊതുമേഖലാ സ്ഥാപനങ്ങളായ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് എന്നിവയും കയർഫെഡിനൊപ്പം കയർ ഉൽപന്നങ്ങളുടെ കയറ്റുമതിയിൽ ഏർപ്പെടുന്നു. ഈ ഏജൻസികളിൽ നിന്നുള്ള കയറ്റുമതി 2015–16 മുതൽ തുടർച്ചയായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. 2016–

17 –ൽ 1,072.55 ലക്ഷം രൂപയായിരുന്ന കയറ്റുമതി 2019–20–ൽ 1,425 .85 ലക്ഷം രൂപയായി ഉയർന്നു .എന്നാൽ 2020 –21–ൽ ഇത് 1413.78 ലക്ഷമായി കുറഞ്ഞു. വിശദാംശങ്ങൾ **ചിത്രം 4.6.2 അനുബന്ധം 4.6.16** എന്നിവയിൽ നൽകിയിരിക്കുന്നു.

**ചിത്രം 4.6.2** കേരള സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളും കയർഫെഡും ചേർന്ന് നടത്തിയ കയർ, കയർ ഉൽപന്നങ്ങളുടെ കയറ്റുമതി, ലക്ഷം രൂപയിൽ




ഉറവിടം - കയർ വികസന ഡയറക്ടറേറ്റ്, കേരള സർക്കാർ

### കയർ മേഖലയിലെ പദ്ധതികളുടെയും പരിപാടികളുടെയും പ്രകടനം

കയർ മേഖലയിൽ, സംസ്ഥാന സർക്കാരിന്റെ ശ്രമങ്ങളിൽ ഭൂരിഭാഗവും കയർ വികസന വകുപ്പ്, കയർ വികസന ഡയറക്ടറേറ്റ് എന്നിവയിലൂടെയാണ് നടപ്പിലാക്കുന്നത്. 2015–16 മുതൽ സംസ്ഥാന പദ്ധതികൾക്കായി 862.13 കോടി രൂപ സംസ്ഥാന സർക്കാർ വകയിരുത്തിയിട്ടുണ്ട്. ഇത് പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള വിഹിതം ഒഴിവാക്കിയുള്ളതാണ്. 914.72 കോടി രൂപയാണ് ചെലവ് (106.10 ശതമാനം). മൊത്തത്തിൽ, 2015–16 മുതൽ ചെലവിന്റെ ശതമാനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. വിശദാംശങ്ങൾ **പട്ടിക 4.6.7**–ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.6.7** സംസ്ഥാന പദ്ധതി വിഹിതവും കയർ മേഖലയ്ക്കുള്ള ചെലവും (പൊതുമേഖലാ സ്ഥാപനങ്ങൾ ഒഴികെ) ലക്ഷം രൂപയിൽ

| വർഷം | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|
| 2015–16 | 10,894 | 6,915.10 | 63.48 |
| 2016–17 | 11,700 | 15,611.17 | 133.43 |
| 2017–18 | 12,812 | 9,872.89 | 77.06 |
| 2018–19 | 14,108 | 12,766.13 | 90.49 |
| 2019–20 | 14,151 | 13,968.27 | 98.71 |
| 2020–21 | 11,274 | 23,996.10 | 212.84 |
| 2021–22* | 11274 | 8343.16 | 74.00 |
| ആകെ | 86,213 | 91,472.82 | 106.10 |

ഉറവിടം: 12-ാം പഞ്ചവത്സര പദ്ധതി അക്കൗണ്ടുകൾ, ബജറ്റ് പ്രോഗ്രാം ബുക്ക് 2021-22, പ്ലാൻ സ്പേസ് കേരള.

* 2021 ഡിസംബർ 10 വരെയുള്ള ചെലവ്

സംസ്ഥാനത്തെ ലക്ഷക്കണക്കിന് കുടുംബങ്ങൾക്ക് ഉപജീവനമാർഗം നൽകുന്ന കാർഷിക അധിഷ്ഠിത ഗ്രാമീണ വ്യവസായമെന്ന നിലയിൽ, കയർ മേഖലയെ പുനരുജ്ജീവിപ്പിക്കുന്നത് നിർണായകമാണ്. 'കയർ വ്യവസായത്തിന്റെ രണ്ടാം പുനസംഘടന'യുടെ ഭാഗമായി സംസ്ഥാനത്തെ കയർ വ്യവസായത്തിനായി സമഗ്രമായ പുനരുജ്ജീവന പരിവർത്തന പാക്കേജ് കേരള സർക്കാർ, കയർ ഡയറക്ടറേറ്റ് മുഖേന നടപ്പാക്കുന്നു. പരിപാടിയിലൂടെ, കയർ മേഖലയെ യന്ത്രവത്കരിക്കാനും തൊഴിലാളികളുടെ വേതനം സംരക്ഷിക്കാനും ഒരേ സമയം ശ്രമിക്കുന്നു. പാക്കേജിന്റെ മൊത്തം വിഹിതം ഏകദേശം 1,444.44 കോടി രൂപയാണ്. ഇതിൽ 200 കോടി രൂപയുടെ സംസ്ഥാന ഫണ്ടും, എൻസിഡിസി ഫണ്ടും അടങ്ങുന്നു. സംസ്ഥാന ഫണ്ടുകളിൽ പ്ലാനും നോൺ–പ്ലാൻ അലോക്കേഷനും ഉൾപ്പെടുന്നു. പാക്കേജിൽ 5 മേഖലകൾക്ക് മുൻതൂക്കം നൽകിയിരിക്കുന്ന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു അതിൽ i) സാങ്കേതിക സഹായത്തോടെയുള്ള സംഭരണം, വികേന്ദ്രീകൃത നാര് വേർതിരിച്ചെടുക്കൽ, ii) പരമ്പരാഗത കയർ പിരിക്കൽ, നെയ്ത്ത് മേഖലയ്ക്കുള്ള പ്രത്യേക തന്ത്രം, iii) വ്യാവസായിക കയർ പിരിക്കൽ, നെയ്ത്ത് മേഖലയുടെ നവീകരണം (കയർ ഭൂവസ്ത്ര നിർമാണകേന്ദ്ര പ്രത്യേക ശ്രദ്ധ) , iv) വ്യാവസായിക കയർ ഉൽപന്ന വൈവിധ്യവൽക്കരണം – ശ്രദ്ധ കേന്ദ്രീകരിച്ചുള്ള നെയ്ത്തിതര വ്യവസായം v) കയർ മേഖലയ്ക്കുള്ള സ്ഥാപന പിന്തുണ, എന്നിവ അടങ്ങുന്നു. യന്ത്രവൽക്കരണവും ആധുനിക വൽകരണവുമടക്കമുള്ള പുനസംഘടനാ പ്രവർത്തനങ്ങൾ ഫലം കണ്ടു തുടങ്ങിയിട്ടുണ്ട്. യന്ത്രവൽക്കരണ പദ്ധതി പ്രകാരം സംസ്ഥാനത്തൊട്ടാകെ 130 ഡിഫൈബറിംഗ് യൂണിറ്റുകൾ (ഡിഎഫ്) പുതുതായി സജ്ജീകരിച്ചിരിക്കുന്നു. പല യൂണിറ്റുകളുടെയും ശേഷി പ്രതിദിനം 10,000 തൊണ്ടിൽ നിന്ന് 80,000 തൊണ്ടായി വർദ്ധിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പുതിയ ഡീഫൈബറിങ് യൂണിറ്റുകളുടെ പ്രവർത്തനത്തിലൂടെ സംസ്ഥാനത്തെ തൊണ്ട് ഉപയോഗം 12.5 ശതമാനത്തിൽ നിന്ന് 14.8 ശതമാനമായി ഉയർന്നു. ചകിരിച്ചോറിനും, ചെറിയ നാരിനുമുള്ള അപ്ലിക്കേഷനുകൾ വികസിപ്പിച്ചെടുത്തു. ഇതിന്റെ ഫലമായി അസംസ്കൃത ചകിരിച്ചോറിന്റെ മൂല്യം കിലോയ്ക്ക് 0.50 രൂപയിൽ നിന്ന് 6 രൂപയായി ഉയർന്നു. ഒരു കയർ കോമ്പോസിറ്റ് നിർമ്മാണ പ്ലാന്റ് സ്ഥാപിച്ചു. ബൈൻഡർലെസ് ബോർഡ് നിർമ്മിക്കുന്നതിനുള്ള പൈലറ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികളും സംസ്ഥാനം ആരംഭിച്ചിട്ടുണ്ട്.

25,000 ത്തിലധികം നല്ല നിലവാരമുള്ള ഇലക്ട്രോണിക് റാട്ടുകളും 1,000 ഓട്ടോമേറ്റഡ് സ്പിന്നിംഗ് മില്ലുകളും (എ.എസ്.എം.) അവതരിപ്പിച്ചതോടെ 100–ൽ അധികം സൊസൈറ്റികളിലായി നൂൽ ഉത്പാദനം 2016 –ൽ 7,880 ടണ്ണിൽ നിന്ന് 2021–ൽ 25,000 ആയി ഉയർന്നു. കയർ തൊഴിലാളികളുടെ വാർഷിക വരുമാനം 2016–ൽ 13,000 രൂപയിൽ നിന്ന് 2021–ൽ 49000 രൂപയായി ഉയർന്നു. എഎസ് എം തൊഴിലാളികളുടെ പ്രതിദിന വേതനം ഏകദേശം 500 രൂപയായി വർദ്ധിച്ചു. നിലവിലെ വിഭവങ്ങൾക്ക് 28,000 റാട്ടിൽ നിന്ന് 1,26,000 ടൺ നൂലും 1,000 എ എസ് എം–ൽ നിന്ന് 3,000 ടൺ നൂലും ഉത്പാദിപ്പിക്കാനുള്ള ശേഷിയുണ്ടെന്ന് കണക്കാക്കപ്പെടുന്നു. ഓട്ടോ സിൻക്രണസ് ഫീഡ് ഘടിപ്പിച്ച് എ എസ് എം എസ് അവതരിപ്പിക്കാനുള്ള ശ്രമങ്ങൾ നടന്നു വരികയാണ്. ഉത്പാദിപ്പിക്കുന്ന ഫൈബറും നൂലും പ്രയോജനപ്പെടുത്തുന്നതിന് അടുത്ത ഘട്ടമായി നെയ്ത്തു മേഖലയിൽ ശ്രദ്ധ കേന്ദ്രീകരിക്കുവാൻ സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. പവർ ലൂമുകളും ഓട്ടോമാറ്റിക്ക് പവർ

ല്പമുകളും അവതരിപ്പിക്കുവാൻ ഉദ്ദേശമുണ്ട്. കയർ ഭൂവസ്ത്രത്തിനു 2021–22–ൽ 121 കോടി രൂപയുടെ ഓർഡർ ലഭിച്ചു. പ്രസ്തുത ഉത്തരവുകൾ നടപ്പിലാക്കുവാനുള്ള നീക്കത്തിലാണ്.

നിലവിലുള്ള സ്കീമുകളുടെ ഭാഗമായി 509 സൊസൈറ്റികൾക്ക് 1136 ലക്ഷം രൂപ ഉത്പാദന വിപണന പ്രോത്സാഹനമായി നല്കി 25 കയർ മാറ്റ് സൊസൈറ്റികൾ, കയർഫെഡ്,ഫോമിൽ, കെ എസ് സി സി എന്നിവർക്ക് വിപണി വികസന സഹായം നല്കി . നീലേശ്വരം കാസർകോഡ്, പയ്യങ്ങാടി, കണ്ണൂർ, യൂണിറ്റുകളിൽ റോട്ടറി ക്രഷറുകളോട് കൂടിയ വലിയ ശേഷിയുള്ള ഹെവി ഡ്യൂട്ടി ഡി എഫ് മില്ലുകൾ സ്ഥാപിച്ചു. 11സ്വാകര്യ ഡി എഫ് യൂണിറ്റുകൾക്ക് നിക്ഷേപ സബ്സിഡി നല്കി. 562 കയർ സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധന സഹായം നല്കി. 48 ബാച്ചുകളിലായി 480 കയർ തൊഴിലാളികൾ കയർ നൂല്ക്കുന്നതിനെക്കുറിച്ച് പരിശീലനം നല്കി. പർച്ചേസ് പ്രൈസ് സ്റ്റൈബിലൈസേഷൻ സ്കീം നടപ്പിലാക്കുന്നതിനായി കയർഫെഡിനും കയർ കോർപ്പറേഷനും 81 കോടി അനുവദിച്ചു. ഇൻകം സപ്പോർട്ട് സ്കീമിൽ കയർ തൊഴിലാളികൾക്ക് സഹായമായി 22.25 കോടി രൂപ അനുവദിച്ചു. 134 സൊസൈറ്റികൾക്ക് ക്യാഷ് ക്രെഡിറ്റ് സഹായമായി 17.02 കോടി രൂപ അനുവദിച്ചു.

കയർ, പ്രകൃതിദത്ത ഫൈബർ ഉൽപന്നങ്ങൾ എന്നിവയുടെ അന്താരാഷ്ട്ര പരിപാടിയായ കയർ കേരള 2021–ന്റെ ഒമ്പതാമത് പതിപ്പ് ഫെബ്രുവരി 16 മുതൽ 21 വരെ നടന്നു. ആലപ്പുഴയെ നാഡീകേന്ദ്രമാക്കി, ഓൺലൈൻ പ്ലാറ്റ്ഫോമിലാണ് പരിപാടി നടന്നത്. രാജ്യത്തുടനീളമുള്ള ഇരുനൂറോളം വെർച്വൽ സ്റ്റാളുകളുള്ള ഒരു അന്താരാഷ്ട്ര എക്സ്പോ ക്രമീകരിച്ചു. ഉപഭോക്താവിന്റെയും വ്യാപാരികളുടെയും കൂടിച്ചേരലുകൾ, സെമിനാറുകൾ, ചർച്ചകൾ, സാംസ്കാരിക പരിപാടികൾ എന്നിവയും പരിപാടിയുടെ ഭാഗമായി നടന്നു, ഏകദേശം 5 ലക്ഷം കാഴ്ചക്കാരും 527 ഉപഭോക്താക്കളും ഓൺലൈനിൽ ഇവന്റ് സന്ദർശിച്ചു. ഇവന്റ് പ്രദർശനങ്ങൾക്കായി 616.73 കോടി രൂപയുടെ ഓർഡറുകൾ നേടി, അതിൽ ഏകദേശം 448.73 രൂപയുടെ ഓർഡറുകൾ സംസ്ഥാനത്ത് നിന്നുള്ള പ്രദർശകർക്ക് വേണ്ടിയും 121 കോടി രൂപയുടെ ഓർഡറുകൾ സംസ്ഥാനത്തിന് പുറത്തുള്ള പ്രദർശകരുടെതുമാണ്. കയർ ഭൂവസ്ത്രങ്ങളുടെ ജനകീയവൽക്കരണമാണ് കയർ ഉൽപ്പാദനം വർധിപ്പിക്കുന്നതിനുള്ള പ്രധാന ഘടകങ്ങളിലൊന്ന്. ഈ പരിസ്ഥിതി സൗഹൃദ ഉൽപ്പന്നത്തിന് റോഡുകളും മണ്ണ്–ജല സംരക്ഷണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും ഉൾപ്പെടെ നിർമ്മാണത്തിൽ നിരവധി ആപ്ലിക്കേഷനുകൾ ഉണ്ട്. ഏകദേശം 100 കോടി രൂപ വിലമതിക്കുന്ന കയർ ഭൂവസ്ത്രം ഇതിനകം തന്നെ സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. കയർ കേരള 2021–ൽ 121 കോടി രൂപയുടെ കയർ ഭൂവസ്ത്രങ്ങൾ വിതരണം ചെയ്യുന്നതിനുള്ള കരാറും ഉണ്ടാക്കിയിട്ടുണ്ട്.

## കേരള കയർ മേഖലയിലെ കയർ വികസന, ഏജൻസികളുടെ ഡയറക്ടറേറ്റ്

സംസ്ഥാനത്തെ കയർ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു സഹായക സ്ഥാപനമായി കയർ വികസന ഡയറക്ടറേറ്റ് പ്രവർത്തിക്കുന്നു. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്, കേരള സ്റ്റേറ്റ് കോ–ഓപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ് (കയർഫെഡ്), നാഷണൽ കയർ റിസർച്ച് ആൻഡ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (എൻസിആർഎംഐ), കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി, കേരള സ്റ്റേറ്റ് കയർ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് എന്നിവ കയർ വ്യവസായത്തിന്റെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന പ്രധാന ഏജൻസികളാണ്. കയർ മേഖലയിലെ തൊണ്ട് ശേഖരിക്കുക, നാരു വേർതിരിച്ചെടുക്കൽ, നൂലും മറ്റ് ഉൽപന്നങ്ങളും ഉൽപാദിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങളിൽ സഹകരണ മേഖലയ്ക്ക് കാര്യമായ പങ്കുണ്ട്.

### കയർ സഹകരണ സംഘങ്ങൾ

കേരളത്തിലെ മൊത്തം കയർ സഹകരണ സംഘങ്ങളുടെ എണ്ണം 2019–20ൽ 1,100 ആയിരുന്നത് 2020–21ൽ 1,122 ആയി ഉയർന്നു. ഈ കാലയളവിൽ, വർക്കിംഗ് സൊസൈറ്റികളുടെ എണ്ണം (581 എണ്ണം) അതേപടി തുടരുന്നു. വർക്കിംഗ് സൊസൈറ്റികളിൽ, ലാഭകരമായ സൊസൈറ്റികളുടെ എണ്ണം 2019–20 ൽ 316 ൽ നിന്ന് 2020–21 ൽ 437 ആയി ഉയർന്നു. ഉൽപ്പാദനം വർധിപ്പിച്ച്, കുറഞ്ഞ ചെലവിൽ അസംസ്കൃത വസ്തുക്കളുടെ സ്ഥിരമായ വിതരണം ഉറപ്പാക്കി, കയർഫെഡ് വഴിയുള്ള സംഭരണം ഉറപ്പാക്കിയ സംസ്ഥാന സർക്കാരിന്റെ ശ്രമങ്ങളുടെ ഫലമാണിത്. ഇത് വ്യവസായത്തിലെ മൂല്യ ശൃംഖലയ്ക്കും അനുബന്ധ ധനാഗമന മാർഗ്ഗങ്ങൾക്കും ഗുണപരമായി ഭവിച്ചു. ലിക്വിഡേഷനിലുള്ള സൊസൈറ്റികളുടെ എണ്ണം 249ൽ നിന്ന് 272 ആയി ഉയർന്നു.

മൊത്തം വർക്കിംഗ് സൊസൈറ്റികളുടെ പകുതിയിലേറെയും നൂൽ മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന പ്രാഥമിക സഹകരണ സംഘങ്ങളാണ്. 2019–20 നെ അപേക്ഷിച്ച്, നൂൽ മേഖലയിലെ പ്രാഥമിക സഹകരണ സംഘങ്ങളുടെ എണ്ണം വർദ്ധിച്ചു. അതിലുപരി, ഈ സൊസൈറ്റികളിൽ, നഷ്ടമുണ്ടാക്കുന്ന സൊസൈറ്റികളുടെ എണ്ണം 2019–20–ൽ 176–ൽ നിന്ന് 2020–21–ൽ 71 ആയി കുറഞ്ഞു.

നൂൽ ഇതര മേഖലയിൽ മാനുഫാക്ചറിംഗ് സൊസൈറ്റികളും (മാറ്റുകളും മറ്റിംഗുകളും) ചെറുകിട ഉൽപ്പാദകരുടെ സഹകരണ സംഘങ്ങളും ഉൾപ്പെടുന്നു. മൊത്തം നിർമ്മാണ സൊസൈറ്റികളുടെ എണ്ണവും (മാറ്റുകളും മറ്റിംഗുകളും) ചെറുകിട ഉൽപ്പാദകരുടെ സഹകരണ സംഘങ്ങളുടെ എണ്ണവും ഏറെക്കുറെ മാറ്റമില്ലാതെ തുടർന്നു, എന്നാൽ ലാഭമുണ്ടാക്കുന്ന സൊസൈറ്റികളുടെ എണ്ണം കുറഞ്ഞു. വിശദാംശങ്ങൾ അനുബന്ധം 4.6.17 ൽ നൽകിയിരിക്കുന്നു. നൂൽ മേഖലയിലെ കയർ സഹകരണ സംഘങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ എണ്ണം 2019–20 ൽ 28,626 ആയിരുന്നത് 2020–21 ൽ 38,500 ആയി ഉയർന്നു (34 ശതമാനം). തൽഫലമായി, ഈ മേഖലയിൽ നൽകിയ കൂലി തുക 2019–20 ൽ 45.30 കോടി രൂപയിൽ നിന്ന് 2020–21 ൽ 46.56 കോടി രൂപയായി ഉയർന്നു. 2019–20 നെ അപേക്ഷിച്ച്, സംഭരിച്ച തൊണ്ടിന്റെ മൂല്യം 2020–21 ൽ കുറഞ്ഞു. എന്നാൽ, വാങ്ങിയ നാരുകളുടെ മൂല്യവും ഉൽപ്പാദിപ്പിക്കുന്ന നൂലിന്റെ മൂല്യവും വർദ്ധിച്ചു. മുൻവർഷത്തെ അപേക്ഷിച്ച് 2020–21ൽ ഉൽപ്പന്ന മേഖലയിലെ സഹകരണ സംഘങ്ങളിലെ തൊഴിലാളികളുടെ എണ്ണം കുറഞ്ഞു. എന്നിരുന്നാലും, 2018–19 മുതൽ 2020–21 വരെ ഉൽപ്പാദന മൂല്യവും വേതന വിതരണവും വർദ്ധിച്ചു. വിശദാംശങ്ങൾ **അനുബന്ധം 4.6.18–**ൽ നൽകിയിരിക്കുന്നു.

## കയർഫെഡ്

കേരളത്തിലുടനീളം വ്യാപിച്ചുകിടക്കുന്ന പ്രാഥമിക കയർ സഹകരണ സംഘങ്ങളുടെ പരമോന്നത ഫെഡറേഷനാണ് കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ് (കയർഫെഡ്). അംഗത്വ സൊസൈറ്റികളുടെ ഉൽപ്പന്നങ്ങൾ വാങ്ങുക, വിപണന കേന്ദ്രങ്ങൾ വഴി ഈ ചരക്കുകൾ വിപണനം ചെയ്യുക എന്നിവയാണ് ഫെഡറേഷന്റെ പ്രധാന ലക്ഷ്യം. കേരളത്തിലെ പാവപ്പെട്ട കയർ തൊഴിലാളികൾക്ക് ന്യായമായ വേതനവും ഉപജീവനവും നൽകാൻ ഈ പ്രക്രിയ സഹായിക്കുന്നു. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിന് കയർഫെഡിന് രണ്ട് കേന്ദ്രങ്ങളുണ്ട്. ഒരു ഫാക്ടറി റബ്ബറൈസ്ഡ് കയർ ഉൽപന്നങ്ങളും മറ്റൊന്ന് റബ്ബർ ഘടിപ്പിച്ച കയർ പായകളും ഉൽപാദിപ്പിക്കുന്നു. കയർഫെഡിന് 4 ഡീഫൈബറിംഗ് യൂണിറ്റുകളുണ്ട്. മിക്കവാറും എല്ലാ ഉൽപ്പന്ന വിഭാഗങ്ങളിലും വിൽപ്പന വർധിപ്പിക്കുന്നതിൽ കയർഫെഡ് വിജയിച്ചു, അതിന്റെ ഫലമായി വിൽപ്പനയിൽ നിന്നുള്ള വരുമാനം വർധിച്ചു. വിൽപ്പനയിൽ നിന്നുള്ള വരുമാനം 2015-16-ൽ 58.77 കോടിയിൽ നിന്ന് 2019-20ൽ 125.72 കോടിയായി ഉയർന്നു. 2015-16 മുതൽ 2019-20 വരെയുള്ള 5 വർഷത്തിനിടയിൽ, മൂന്നു വർഷങ്ങളിൽ ഏജൻസിക്ക് അറ്റാദായം നേടാൻ കഴിഞ്ഞു എന്നാണ് റിപ്പോർട്ട്. വിശദാംശങ്ങൾ **അനുബന്ധം 4.6.19**-ൽ നൽകിയിരിക്കുന്നു.

## കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ

ചെറുകിട കയർ നിർമ്മാതാക്കൾക്ക് നിർമ്മാണത്തിലും വിപണനത്തിലും സഹായം നൽകുന്നതിനായി 1969-ലാണ് കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ് സ്ഥാപിതമായത്. വർഷങ്ങളായി, ചെറുകിട നിർമ്മാതാക്കളുടെ ഉൽപ്പന്നങ്ങൾ കോർപ്പറേഷൻ സംഭരിക്കുന്നു, അതുവഴി ഇടനിലക്കാരെ ആശ്രയിക്കുന്നത് കുറയ്ക്കുന്നു. അവർ സംഭരിച്ച ഉൽപ്പന്നങ്ങൾ കയറ്റുമതിക്കാർക്കും മറ്റ് വിൽപ്പനക്കാർക്കും നൽകുന്നു. KSCC 11 ഷോറൂമുകളും നടത്തുന്നു (കേരളത്തിൽ 8, കേരളത്തിന് പുറത്ത് 3). കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന് കേരളത്തിൽ 3 ഉൽപ്പാദന കേന്ദ്രങ്ങളുണ്ട്. അട്ടൂരിൽ ഒരു യൂണിറ്റ് കൂടി സ്ഥാപിക്കുന്നുണ്ട്. കോർപ്പറേഷൻ ഉൽപ്പാദിപ്പിക്കുന്ന / വ്യാപാരം ചെയ്യുന്ന ഉൽപ്പന്നങ്ങളിൽ പിവിസി ടഫ്റ്റഡ് കയർ മാറ്റുകൾ/ മാറ്റിംഗ്സ്, ചകിരിചോർ, കയർ, കയർ നാര്, പിരിച്ച കയർ എന്നിവ ഉൾപ്പെടുന്നു. കൊവിഡ് പകർച്ചവ്യാധിയുടെ കാലത്ത്, കോർപ്പറേഷന് അതിന്റെ തനത് ഉൽപ്പന്നമായ 'സാനി മാറ്റ്' (കയർ മാറ്റുകൾ സാനിറ്റൈസുചെയ്യുന്നത്) ഏകദേശം രണ്ട് കോടി രൂപയ്ക്ക് വിൽക്കാൻ കഴിഞ്ഞു. ഏജൻസി അടുത്തിടെ കയർ മെത്ത വ്യാപാരത്തിലേക്ക് പ്രവേശിച്ചു, അതിനായി ഒരു പുതിയ നിർമ്മാണ യൂണിറ്റ് തുറക്കാൻ നിർദ്ദേശിക്കുന്നു.

കയർ മേഖലയിൽ കോർപ്പറേഷൻ പർച്ചേസ് പ്രൈസ് സ്റ്റബിലൈസേഷൻ സ്കീം (പിപിഎസ്എസ്) നടപ്പാക്കുന്നു. പിപിഎസ്എസിന് കീഴിലുള്ള സംഭരണത്തിന്റെ മൂല്യം 2016-17ൽ 98.21 കോടിയിൽ നിന്ന് 2019-20ൽ 170.08 കോടിയായും 2020-21ൽ 210.34 കോടിയായും ഉയർന്നു. 2016-17 മുതൽ 2020-21 വരെ പിപിഎസ്എസിന് കീഴിലുള്ള മൊത്തം സംഭരണ മൂല്യം 731.64 കോടി രൂപയാണ്. കോർപ്പറേഷന്റെ വിറ്റുവരവ് 2016-17ൽ 104.10 കോടിയിൽ നിന്ന് 2019-20ൽ 184.99 കോടിയായും 2020-21ൽ 231.72 കോടിയായും ഉയർന്നു. 2016-17 മുതൽ 2019-20 വരെയുള്ള മൊത്തം വിറ്റുവരവ് 810.63 കോടി രൂപയാണ്. 2016-17, 2017-18, 2018-19, 2019-20 വർഷങ്ങളിൽ സംസ്ഥാന പൊതുമേഖലാ സ്ഥാപനത്തിന്റെ മൊത്തം വരുമാനവും മൊത്തം ചെലവും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഈ പൊതുമേഖലാ സ്ഥാപനവും അറ്റാദായം തുടർച്ചയായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2016-17ൽ 1.02 കോടി രൂപയായിരുന്ന അറ്റാദായം 2020-21ൽ 1.42 കോടിയായി ഉയർന്നു. വിശദാംശങ്ങൾ **അനുബന്ധം 4.6.20**-ൽ നൽകിയിരിക്കുന്നു.

## നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (എൻസിആർഎംഐ)

മത്സരാധിഷ്ഠിത വിലയിൽ കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും പുതിയ ഡിസൈൻ ഉൽപ്പന്നങ്ങളും ഉൽപ്പാദിപ്പിക്കുന്നതിനായി കയർ വ്യവസായത്തെ സഹായിക്കുംവിധം ഗവേഷണ വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്ന സ്ഥാപനമാണ് എൻസിആർഎംഐ. 2020-21-ലെ ഗവേഷണ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ താഴെ പറയുന്ന ശീർഷകങ്ങളായി തരം തിരിക്കാം.

i. ചരിവ് നിരപ്പാക്കുന്നതിനും കൃഷി നടപ്പാക്കുന്നതിന് കയർ ഭൂവസ്ത്രം പ്രയോജനപ്പെടുത്തുന്നതിനും ചരിവ് നിരപ്പാക്കുന്നതിനുള്ള കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിനുള്ള മാതൃക പ്രൊജക്റ്റ്, പുതയിടൽ കയർ ഭൂവസ്ത്രം ചേർത്ത് ശക്തിപ്പെടുത്തിയ സംരക്ഷണ ഭിത്തി നിർമ്മാണം.

ii. കയർ പോളിമർ ഉപയോഗിച്ച് ജൈവ കമ്പോസ്റ്റ് പായകളുടെ വികസനം. ഫർണിച്ചർ ആപ്ളിക്കേഷനുകൾക്കുള്ള കയർ കമ്പോസ്റ്റുകളുടെ വികസനം, ശബ്ദസംവിധാനങ്ങൾക്കായി കയർ കമ്പോസ്റ്റുകളുടെ വലിയ തോതിലുള്ള ഉത്പാദനം.സിമന്റ് ചാന്തിൽ കയർ ഫൈബർ ശക്തിപ്പെടുത്തുന്ന വസ്തുവായി ഉപയോഗിക്കുന്നത്, വൈദ്യുത ഇൻസുലേഷനു വേണ്ടി പോളിമർ കയർ കോമ്പോസിറ്റുകളെ വികസിപ്പിച്ചെടുക്കൽ കയർ ഭൂവസ്ത്രം കൊക്കോലോഗ്ഗ് ഉപയോഗിച്ച് കാനൽകര സംരക്ഷണം, ചകിരിച്ചോർ കമ്പോസ്റ്റിന്റെ സംപുഷ്ടീകരണം, ടെറസുകളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനുള്ള ചകിരിച്ചോർ അടിസ്ഥാനമാക്കിയുള്ള മാധ്യമം തയ്യാറാക്കൽ, ബൈന്ഡർലെസ് ബോർഡ് വികസിപ്പിച്ചെടുക്കൽ,

iii. സൂക്ഷ്മാണുക്കൾ ഉപയോഗിച്ചുള്ള ജൈവ പ്ലാസ്റ്റിക്ക് ഉൽപ്പാദിപ്പിക്കുന്നതിന് ചകിരിച്ചോർ ഉപയോഗിക്കുന്ന സാങ്കേതിക വിദ്യ വികസിപ്പിക്കൽ, സൂക്ഷ്മ ജീവികളാൽ സമ്പുഷ്ടമായ ചകിരിച്ചോർ ഉപയോഗിച്ച് ഗാർഹിക ജൈവമാലിന്യങ്ങൾ കമ്പോസ്റ്റാക്കി മാറ്റൽ, ഘടനയും നിറവും മെച്ചപ്പെടുത്താൻ ചകിരിച്ചോറുകളുടെ സംസ്കരണം, കരിക്ക് പൊതിക്കാൻ ഉപയോഗിക്കുന്ന വഹനീയമായ യന്ത്രം, ഇളം തെങ്ങിന്റ തൊണ്ട് ജൈവവളമാക്കി മാറ്റൽ

iv. ഹൈടെക് സ്പിന്നിംഗ് മിൽ വികസനം ഉൾപ്പടെയുള്ള യന്ത്ര വികസനം,

v. ടൈക്കോപിത്ത് സ്റ്റോൺ പ്രൊഡക്ഷൻ, വിത്ത് ആക്ടിവേറ്റർ എന്നിവയുൾപ്പടെയുള്ള വാണിജ്യ പ്രവർത്തനങ്ങൾ

vi. നേതൃത്വവും സാങ്കേതിക പരിശീലനവും

vii. നൈപുണ്യ വികസന പരിശീലനം.

## ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് (ഫോമിൽ)

800 ലക്ഷം രൂപ അംഗീകൃത മൂലധനവും 666.73 ലക്ഷം രൂപ പണം അടച്ച മൂലധനവുമായി 1979-ലാണ് ഫോമിൽ സ്ഥാപിതമായത്. കയർ, ചണം, സിസൽ എന്നിവയിൽ

നിന്ന് നിർമ്മിച്ച പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങളുടെ പ്രൊമോഷനും നിർമ്മാണവും വിപണനവും ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണിത്. ആഭ്യന്തര, വിദേശ വിപണികളിൽ വിൽക്കുന്ന ഡോർ മാറ്റുകൾ, മാറ്റിംഗുകൾ, പരവതാനികൾ, ചവിട്ടി മെത്ത, കയർ ഭൂവസ്ത്രങ്ങൾ, കാർ മാറ്റുകൾ എന്നിവ ഉൽപ്പന്നങ്ങളിൽ ഉൾപ്പെടുന്നു. സംസ്ഥാനത്തുടനീളം കയർ മെത്തയുടെ വ്യാപാരത്തിലും ഇത് ഏർപ്പെട്ടിരിക്കുന്നു. ലാറ്റക്സ് ബാക്കിംഗ് പ്ലാന്റ്, മോഡേൺ ഡൈ ഹൗസ്, ഫുള്ളി ഓട്ടോമാറ്റിക് പവർലൂം തുടങ്ങിയ അത്യാധുനിക സൗകര്യങ്ങൾ കമ്പനിക്കുണ്ട്. ശേഷിച്ച ഉല്പാദന ശേഷി ഉപയോഗിച്ച് മറ്റ കയറ്റുമതിക്കാരുടെ പ്രവൃത്തി കൂടി ഈ സ്ഥാപനം ഏറ്റെടുക്കാറുണ്ട്. കമ്പനിയുടെ പുതിയ ഉൽപന്നങ്ങളായ ചകിരിച്ചോർ, കയർ ടൈലുകൾ എന്നിവയ്ക്ക് വിപണിയിൽ നല്ല ഡിമാൻഡാണ്. കയർ കോമ്പോസിറ്റ് ബോർഡുകൾ നിർമ്മിക്കുന്നതിനുള്ള പുതിയ ഫാക്ടറി സ്ഥാപിക്കുകയും 19.37 ലക്ഷം രൂപയുടെ വിൽപ്പന നേടുകയും ചെയ്തു. കഴിഞ്ഞ 5 വർഷത്തിനിടെ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടം രേഖപ്പെടുത്തി. എന്നിരുന്നാലും, 2018–19– ലെ ഉയർന്ന നിരക്കുമായി താരതമ്യപ്പെടുത്തുമ്പോൾ, 2019–20 ലും 2020–21 ലും നഷ്ടം കുറഞ്ഞു. 2020–21 അവസാനത്തിൽ പൊതുമേഖലാ സ്ഥാപനത്തിന്റെ സഞ്ചിത നഷ്ടം ഏകദേശം 13.69 കോടി രൂപയാണ്. ഉൽപ്പന്നങ്ങളുടെ വിൽപ്പനയിൽ നിന്നുള്ള വരുമാനം 2016–17–നെ അപേക്ഷിച്ച് 2017–18 ൽ ഇരട്ടിയായി. 2018–19–ൽ 12.05 കോടിയിലെത്തിയ ശേഷം തുടർന്നുള്ള വർഷങ്ങളിൽ കുറഞ്ഞു. വിശദാംശങ്ങൾ **അനുബന്ധം 4.6.21**–ൽ നൽകിയിരിക്കുന്നു.

## കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി ലിമിറ്റഡ് (കെ.എസ്.സി.എം.എം.സി)

കേരളത്തിലെ കയർ മേഖലയ്ക്ക് ആവശ്യമായ യന്ത്രങ്ങൾ ലഭ്യമാക്കുന്നതിനായി 2014 ഫെബ്രുവരിയിലാണ് ആലപ്പുഴയിൽ കെഎസ്‌സിഎംഎംസി ആരംഭിച്ചത്. കയർ വ്യവസായത്തിനാവശ്യമായ ഇലക്ട്രോണിക് റാട്ടുകൾ, ഓട്ടോമേറ്റഡ് സ്പിന്നിംഗ് മെഷീനുകൾ, നാരു വേർതിരിച്ചെടുക്കുന്ന മെഷീനുകൾ, ഇന്റഗ്രേറ്റഡ് കയർ സംസ്കരണ യൂണിറ്റുകൾ, വില്ലോയിങ് മെഷീനുകൾ, അനുബന്ധ യന്ത്രങ്ങൾ തുടങ്ങിയ കയർ യന്ത്രങ്ങൾ കമ്പനി നൽകുന്നു. യന്ത്രങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനു പുറമേ, സിവിൽ വർക്കുകൾ, യന്ത്രവൽക്കരണവുമായി ബന്ധപ്പെട്ട വൈദ്യുതീകരണ ജോലികൾ എന്നിവ ഉൾപ്പെടുന്ന കയർ സൊസൈറ്റികളിലെ അടിസ്ഥാന സൗകര്യ വികസനത്തിലും കമ്പനി പങ്കാളിയാണ്. കമ്പനി മെഷീനുകൾ സ്ഥാപിക്കുകയും വിൽപ്പനാനന്തര സേവനവും നൽകുകയും ചെയ്യുന്നു. കയർ മേഖലയിൽ നടന്നുകൊണ്ടിരിക്കുന്ന യന്ത്രവൽക്കരണ യജ്ഞത്തിൽ കമ്പനി നിർണായക പങ്ക് വഹിക്കുന്നു. കഴിഞ്ഞ 5 വർഷത്തിനിടെ കമ്പനി 86 കോടി രൂപയുടെ യന്ത്രങ്ങൾ നിർമ്മിക്കുകയും വിതരണം ചെയ്യുകയും ചെയ്തു. കഴിഞ്ഞ 4 വർഷത്തിനുള്ളിൽ കമ്പനി ഏകദേശം 24,000 ഇലക്ട്രോണിക് റാട്ടുകൾ വിതരണം ചെയ്തു. 155 ഓളം നാരു വേർതിരിച്ചെടുക്കുന്ന ഡി.എഫ് മെഷീനുകൾ കെഎസ്‌സിഎംഎംസി സ്ഥാപിച്ചു. ഏകദേശം 1,400 ഓട്ടോമാറ്റിക് സ്പിന്നിംഗ് മില്ലുകളുള്ള 150 ഫാക്ടറികൾ ആരംഭിക്കുന്നതിൽ കമ്പനി പ്രധാന പങ്കുവഹിച്ചു. കയർ ഫൈബർ വൃത്തിയാക്കാൻ 500–ഓളം യന്ത്രങ്ങൾ സഹകരണ സംഘങ്ങൾക്ക് നൽകിയിട്ടുണ്ട്.

കെഎസ്‌സിഎംഎംസിയുടെ വിൽപ്പന വരുമാനം 2017–18–ൽ 4.89 കോടി രൂപയിൽ നിന്ന് 2018–19ൽ 9.41 രൂപയായും 2019–20–ൽ 18.61 കോടി രൂപയായും ഉയർന്നു. 2020–21ൽ വിൽപ്പന വരുമാനം 44 കോടി രൂപയായി ഉയർന്നതായാണ് റിപ്പോർട്ട്. രണ്ട് വർഷത്തെ അറ്റ നഷ്ടത്തിന് ശേഷം, 2019–20 ൽ കമ്പനി 90.4 ലക്ഷം രൂപ അറ്റാദായം റിപ്പോർട്ട് ചെയ്തു. കമ്പനിയുടെ ഓഡിറ്റ് ചെയ്യപ്പെടാത്ത കണക്കുകൾ 2020–21–ൽ ഏകദേശം 3 കോടി രൂപ ലാഭം കാണിക്കുന്നു.

## കേന്ദ്ര സർക്കാർ പദ്ധതികൾ

കയർ മേഖലയ്ക്കായി കേന്ദ്രസർക്കാർ വിവിധ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ഈ മേഖലയിൽ ഈ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള നോഡൽ ഏജൻസിയാണ് കയർ ബോർഡ്. കയർ വ്യവസായത്തിന്റെ വികസനത്തിനായി 1953–ൽ കയർ വ്യവസായ നിയമം (45) പ്രകാരം ഇന്ത്യാ ഗവൺമെന്റ് സ്ഥാപിച്ച ഒരു സ്വയംഭരണ സ്ഥാപനമാണ് കൊച്ചിയിലെ കയർ ബോർഡ്. സമഗ്ര പദ്ധതിയായ കയർ വികാസ് യോജനയിൽ കയർ വ്യവസായ സാങ്കേതിക നവീകരണ പദ്ധതി (സി.ഐ.ടി.യു.എസ്), സയൻസ് ആൻഡ് ടെക്നോളജി (എസ് ആൻഡ് ടി), നൈപുണ്യ നവീകരണം, മഹിളാ കയർ യോജന, കയറ്റുമതി വിപണി പ്രോത്സാഹനം (ഇഎംപി), ആഭ്യന്തര വിപണി പ്രോത്സാഹനം (ഡിഎംപി), വ്യാപാരം, വ്യവസായം, പ്രവർത്തന പിന്തുണാ സേവനങ്ങളും (ടിആർഎഫ്എസ്എസ്) ക്ഷേമ പരിപാടികളും. തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെടുന്നു. കേരളത്തിൽ (2020–21) ഏറ്റെടുത്തിട്ടുള്ള സഹകരണ പദ്ധതികളിൽ ഉൾപ്പെടുന്നവയാണ് – എ) എറണാകുളത്തെ സെന്റർ ഫോർ ബയോപോളിമർ സയൻസ് ആൻഡ് ടെക്നോളജിയുമായി ചേർന്ന്, 'മൂല്യവർദ്ധിത ബിറ്റ് കയർ ഫൈബറിന്റെ ഉൽപ്പന്ന രൂപകല്പനയും വികസനവും, ഓട്ടോമോട്ടീവ്, ഗാർഹിക ആപ്ലിക്കേഷനുകൾക്കായി പൂർണ്ണമായ ഗ്രീൻ" പോളിമർ കോമ്പോസിറ്റുകൾ; ബി) പാലക്കാട് ഐ.ഐ.ടി. യുമായി ചേർന്ന് 'കയർ ഭൂവസ്ത്രം ശക്തിപ്പെടുത്തിയ കായൽ തീരങ്ങളുടെ പ്രകടനത്തെക്കുറിച്ചുള്ള പഠനങ്ങൾ'. 2018–19 മുതലുള്ള മൂന്ന് വർഷത്തിനിടെ കേരളത്തിൽ നിന്നുള്ള 94 ഗുണഭോക്താക്കൾക്ക് 180.56 ലക്ഷം രൂപയുടെ കയറ്റുമതി വിപണി വികസന സഹായം ലഭിച്ചു. ഇക്കാലയളവിൽ ആഭ്യന്തര വിപണി വികസന സഹായത്തിനായി കേരളത്തിന് 2015.99 ലക്ഷം രൂപ അനുവദിച്ചു.

'പരമ്പരാഗത വ്യവസായങ്ങളുടെ പുനരുജ്ജീവനത്തിനായുള്ള ഫണ്ടുകളുടെ പദ്ധതി' (എസ്.എഫ്.യു.ആർ.ടി.ഐ), 'നൂതനാശയങ്ങൾ, ഗ്രാമീണ വ്യവസായങ്ങൾ, സംരംഭകത്വം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി' (ആസ്പയർ) തുടങ്ങിയ സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ മന്ത്രാലയം (എം.എസ്.എം.ഇ) നടപ്പിലാക്കുന്ന പദ്ധതികളിൽ നിന്നും ഈ മേഖലയ്ക്ക് പ്രയോജനം ലഭിക്കുന്നു. എസ്.എഫ്.യു.ആർ.ടി.ഐ യുടെ കീഴിൽ 142.15 കോടി രൂപ അടങ്കലുള്ള മൊത്തം 40 കയർ ക്ലസ്റ്ററുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്, ഇവിടെ ഇന്ത്യ ഗവൺമെന്റ് ഗ്രാൻറ് 117.05 കോടി രൂപയാണ്. ഇതിൽ 4 എണ്ണം കേരളത്തിലാണ്. മൈക്രോ, ചെറുകിട, ഇടത്തരം വ്യവസായ മന്ത്രാലയം (എംഎസ്എംഇ) നിയന്ത്രിക്കുന്ന കേന്ദ്ര മേഖലാ പദ്ധതിയായ പ്രൈം മിനിസ്റ്റേഴ്സ് എംപ്ലോയ്മെന്റ് ജനറേഷൻ പ്രോഗ്രാമിൽ (പിഎംഇജിപി) നിന്നും ഈ മേഖലയ്ക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്. 2018–19 മുതലുള്ള മൂന്ന് വർഷത്തിനുള്ളിൽ

പിഎംഇജിപിയുടെ കീഴിൽ കേരളത്തിൽ ആകെ 112 യൂണിറ്റുകൾ സ്ഥാപിക്കുകയും അവയ്ക്കായി 146.09 ലക്ഷം രൂപ സബ്സിഡി അനുവദിക്കുകയും ചെയ്തു.

### വെല്ലുവിളികളും മുന്നോട്ടുള്ള വഴിയും

പരമ്പരാഗത കയർ മേഖലയിലെ താരതമ്യേന കുറഞ്ഞ വേതനവും അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യവും വ്യവസായം നേരിടുന്ന വെല്ലുവിളികളാണ്. അസംസ്കൃത വസ്തുക്കളുടെ സംഭരണത്തിനും അതിന്റെ ഉൽപ്പാദന നവീകരണത്തിനും സംഘാടനത്തിനും വ്യവസായത്തിന് ഫലപ്രദമായ മാതൃകകൾ ആവശ്യമാണ്. സംസ്ഥാന സർക്കാർ ആരംഭിച്ച യന്ത്രവൽക്കരണവും ആധുനികവൽക്കരണ ശ്രമങ്ങളും കേരളത്തിൽ നല്ല ഫലങ്ങൾ കണ്ടുതുടങ്ങി. എന്നിരുന്നാലും, നവീകരണ പ്രക്രിയ വേഗത്തിലാക്കേണ്ടതുണ്ട്. സാങ്കേതിക വിദ്യകളുടെ നവീകരണത്തിലും കമ്പോളത്തെ അടിസ്ഥാനമാക്കിയുള്ള വിലയിലെ ഏറ്റക്കുറച്ചിലുകൾ നിയന്ത്രിക്കുന്നതിലും ഗവൺമെന്റിന്റെ തുടർച്ചയായ കൈത്താങ്ങ് വ്യവസായത്തെ സ്വയം സുസ്ഥിരമായ പാതയിലേക്ക് നയിക്കുന്നതിന് പ്രധാനമാണ്. പുതുമകൾ, മത്സരക്ഷമത, ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണം, പുതിയ വിപണികൾ കണ്ടെത്തൽ എന്നിവയ്ക്ക് ഊന്നൽ നൽകി, ഈ മേഖല വരും വർഷങ്ങളിൽ മികച്ച പ്രകടനം കാഴ്ചവെക്കുമെന്ന് പ്രതീക്ഷിക്കുന്നു.

### കശുവണ്ടി വ്യവസായം

അന്താരാഷ്ട്ര വിപണിയിലെ അത്ഭുത നട്ട് ആയി കണക്കാക്കപ്പെടുന്ന കശുവണ്ടി 2020-21 ൽ ആഗോള നട്ട് ഉൽപാദനത്തിൽ ബദാം, വാൽനട്ട്, പിസ്ത എന്നിവയ്ക്ക് ശേഷം നാലാം സ്ഥാനത്താണ്. 2019-ൽ ആഗോള നട്ട് ഉപഭോഗത്തിൽ ബദാം, വാൽനട്ട് എന്നിവയ്ക്ക് ശേഷം കശുവണ്ടി മൂന്നാം സ്ഥാനത്തെത്തി. കശുവണ്ടിയുടെ (അസംസ്കൃത കശുവണ്ടിയും കേർണലും) ഒരു പ്രധാന ഉത്പാദകനും, ഉപഭോക്താവും കയറ്റുമതിക്കാരനും (തൊണ്ടോടു കൂടിയത്) ഇന്ത്യയാണ്. ഇന്റർനാഷണൽ നട്ട് ആൻഡ് ഡ്രൈഡ് ഫ്രൂട്ട് കൗൺസിൽ (ഐ.എൻ.സി.) പ്രസിദ്ധീകരിച്ച നട്സ് ആൻഡ് ഡ്രൈഡ് ഫ്രൂട്ട്സ് സ്റ്റാറ്റിസ്റ്റിക്കൽ ഇയർബുക്ക് 2020-21 പ്രകാരം, 2020-21ൽ അസംസ്കൃത കശുവണ്ടിയുടെ ആഗോള ഉത്പാദനം ഏകദേശം 38 ലക്ഷം ടണ്ണാണ്. 2020-21ൽ ആഗോളതലത്തിൽ കശുവണ്ടി കേർണൽ ഉത്പാദനം 8.36 ലക്ഷം മെട്രിക് ടണ്ണിലെത്തി. കശുവണ്ടി കേർണലുകളുടെ ഏറ്റവും വലിയ ഉത്പാദകരാണ് കോട്ട് ഡി ഐവയർ (1.8 ലക്ഷം ടൺ), തുടർന്ന് ഇന്ത്യ (1.66 ലക്ഷം ടൺ), വിയറ്റ്നാം (1.03 ലക്ഷം ടൺ), കംബോഡിയ, നൈജീരിയ. ആഗോള കശുവണ്ടി ഉത്പാദനത്തിൽ ഇന്ത്യയുടെ പങ്ക് 20 ശതമാനമാണ്. ലോക കശുവണ്ടി ഉൽപാദനത്തിൽ 48 ശതമാനം പങ്കാളിത്തമുള്ള പടിഞ്ഞാറൻ ആഫ്രിക്കയാണ് ഏറ്റവും വലിയ കശുവണ്ടി ഉൽപ്പാദിപ്പിക്കുന്ന പ്രദേശം.

സംസ്കരണത്തിനായുള്ള അസംസ്കൃത കശുവണ്ടിയുടെ പ്രധാന ഇറക്കുമതിക്കാരാണ് ഇന്ത്യ. 2018-ൽ ആഗോളതലത്തിൽ 16 ലക്ഷം മെട്രിക് ടൺ അസംസ്കൃത കശുവണ്ടി ഇറക്കുമതി ചെയ്തു, അതിൽ ഇന്ത്യ 9 ലക്ഷം മെട്രിക് ടണ്ണും വിയറ്റ്നാം 5.2 ലക്ഷം മെട്രിക് ടണ്ണും ഇറക്കുമതി ചെയ്തു. എന്നിരുന്നാലും, 2019 ൽ വിയറ്റ്നാം 11 ലക്ഷം മെട്രിക് ടൺ ഇറക്കുമതി ചെയ്തപ്പോൾ ഇന്ത്യ 6.28 ലക്ഷം മെട്രിക് ടൺ ഇറക്കുമതി ചെയ്തു. 2019ൽ ആഗോളതലത്തിൽ കശുവണ്ടി കയറ്റുമതി 6.32 ലക്ഷം മെട്രിക് ടൺ ആയിരുന്നു. 92,386 മെട്രിക് ടൺ കയറ്റുമതിയുള്ള ഇന്ത്യ കയറ്റുമതി വിഹിതം 11 ശതമാനം ആണ്.4.07 ലക്ഷം മെട്രിക് ടൺ കയറ്റുമതിയും, കയറ്റുമതിയുടെ 65 ശതമാനം വിഹിതവും ഉള്ള വിയറ്റ്നാമിന് പിന്നിൽ രണ്ടാം സ്ഥാനത്താണ് ഇത്.2019-ൽ കശുവണ്ടി കേർണലിന്റെ ആഗോള ഉപഭോഗം 8.3 ലക്ഷം മെട്രിക് ടൺ ആയിരുന്നു.2.07 ലക്ഷം മെട്രിക് ടൺ കശുവണ്ടി കേർണൽ ഉപഭോഗം ഉള്ള ഇന്ത്യ, കശുവണ്ടിയുടെ ഏറ്റവും വലിയ ഉപഭോക്താവായിരുന്നു, കൂടാതെ ആഗോള കശുവണ്ടി ഉപഭോഗത്തിൽ 24.9 ശതമാനം പങ്കാളിത്തവും ഉണ്ടായിരുന്നു.യുഎസ്എ, ചൈന, നെതർലൻഡ്സ്, ജർമ്മനി എന്നിവയാണ് കശുവണ്ടിയുടെ മറ്റ് മുൻനിര ഉപഭോക്താക്കൾ.

ആഗോള തലത്തിൽ കശുവണ്ടി മേഖലയെക്കുറിച്ച് രസകരമായ ചില നിരീക്ഷണങ്ങൾ ശ്രദ്ധിക്കാവുന്നതാണ്.അസംസ്കൃത കശുവണ്ടിയുടെ ചില പ്രധാന ഉത്പാദകർ വളരെ കുറച്ച് ഉപഭോഗം ചെയ്യുന്നു (പ്രത്യേകിച്ച് ആഫ്രിക്കയിൽ), പ്രധാനമായും കയറ്റുമതിയിൽ ഏർപ്പെട്ടിരിക്കുന്നു. അത്തരം രാജ്യങ്ങളിൽ മൂല്യവർദ്ധനവ് കുറവാണ്. അസംസ്കൃത കശുവണ്ടി ഗണ്യമായ അളവിൽ ഉത്പാദിപ്പിക്കുന്ന വിയറ്റ്നാം പോലുള്ള രാജ്യങ്ങൾ മൂല്യവർദ്ധനയിൽ വൈദഗ്ധ്യം നേടിയിട്ടുണ്ട്. ഇത് വലിയ അളവിൽ അസംസ്കൃത കശുവണ്ടി ഇറക്കുമതി ചെയ്യുകയും വലിയ അളവിൽ സംസ്കരിച്ച കശുവണ്ടി കയറ്റുമതി ചെയ്യുകയും ചെയ്യുന്നു, അതേസമയം ആഭ്യന്തര ഉപഭോഗം കുറവാണ്. ഉൽപ്പാദനം, ഇറക്കുമതി, മൂല്യവർദ്ധന, കയറ്റുമതി, ഉപഭോഗം എന്നിവ ഉൾപ്പെടുന്ന മൂല്യശൃംഖലയുടെ എല്ലാ ഘട്ടങ്ങളിലും ഇന്ത്യ ഒരു പ്രധാന പങ്കാളി ആണ്.

### ഇന്ത്യയിലെ കശുവണ്ടി മേഖല

കശുവണ്ടി ആദ്യമായി ഇന്ത്യയിൽ അവതരിപ്പിച്ചത് ഗോവയിലാണ്, അവിടെ നിന്ന് രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിലേക്ക് വ്യാപിച്ചു. ഇന്ത്യയിൽ കശുവണ്ടി കൃഷി ചെയ്യുന്ന പ്രധാന മേഖലകൾ കേരളം, കർണാടക, ഗോവ, മഹാരാഷ്ട്ര എന്നിവിടങ്ങളിൽ പശ്ചിമ തീരത്ത് തമിഴ്നാട്, ആന്ധ്രാപ്രദേശ്, ഒറീസ്സ എന്നിവിടങ്ങളിലും കിഴക്കൻ തീരത്ത് ഒരു പരിധിവരെ പശ്ചിമ ബംഗാൾ, ഛത്തീസ്ഗഢ് സംസ്ഥാനങ്ങളിലും ഗുജറാത്ത്, ജാർഖണ്ഡ്, വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും ആണ്. ഇന്ത്യാ ഗവൺമെന്റിന്റെ ഡയറക്ടറേറ്റ് ഓഫ് ക്യാഷ്യൂ ആൻഡ് കൊക്കോ ഡെവലപ്മെന്റ് (ഡിസിസിഡി), പ്രകാരം 2020-21ൽ ഇന്ത്യയിൽ 11.58 ലക്ഷം ഹെക്ടർ സ്ഥലത്ത് കശുവണ്ടി കൃഷി ചെയ്തു, മൊത്തം 7.38 ലക്ഷം മെട്രിക് ടൺ അസംസ്കൃത കശുവണ്ടി ഉത്പാദിപ്പിച്ചു. ഇന്ത്യയിൽ ഏറ്റവും കൂടുതൽ കശുവണ്ടി ഉൽപ്പാദിപ്പിക്കുന്നത് മഹാരാഷ്ട്രയും തുടർന്നു ആന്ധ്രാപ്രദേശും ഒഡീഷയുമാണ്. അസംസ്കൃത കശുവണ്ടിയുടെ മൊത്തം ഉൽപാദനത്തിന്റെ കാര്യത്തിൽ, ഉത്പാദിപ്പിക്കുന്ന സംസ്ഥാനങ്ങളിൽ കേരളം ആറാം സ്ഥാനത്താണ്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ സ്ഥലത്ത് കശുവണ്ടി ഉൽപ്പാദിപ്പിക്കുന്ന സംസ്ഥാനം ഒഡീഷയാണ് (2.13 ലക്ഷം ഹെക്ടർ), തുടർന്ന് ആന്ധ്രാപ്രദേശ് (1.96 ലക്ഷം ഹെക്ടർ), മഹാരാഷ്ട്ര (1.91 ലക്ഷം ഹെക്ടർ) എന്നീ സംസ്ഥാനങ്ങളും ആണ്. കേരളത്തിൽ 1.03 ലക്ഷം ഹെക്ടർ സ്ഥലത്താണ് കശുവണ്ടി ഉൽപാദനം നടക്കുന്നത്. കശുവണ്ടി ഉത്പാദനത്തിന്റെ കൃഷി ഭൂവിസ്തൃതിയിൽ കേരളം ആറാം സ്ഥാനത്താണ്. സംസ്ഥാനാടിസ്ഥാനത്തി

ലുള്ള കശുവണ്ടി ഉൽപാദനത്തിന്റെയും പ്രദേശത്തിന്റെയും വിശദാംശങ്ങൾ **അനുബന്ധം 4.6.22**–ൽ നൽകിയിരിക്കുന്നു.

കശുവണ്ടി പരിപ്പിന്റെ ആകൃതി, വലിപ്പം, നിറം എന്നിവയെ ആശ്രയിച്ച് വെളുത്ത/ഇരുണ്ട മുഴുവനായുള്ള കഷണങ്ങൾ, വിഭജിച്ചത്, ബട്ടുകൾ എന്നിങ്ങനെ തരം തിരിച്ചിരിക്കുന്നു. ഇന്ത്യാ ഗവൺമെന്റിന്റെ കയറ്റുമതി (ഗുണനിലവാര നിയന്ത്രണവും പരിശോധനയും) നിയമം 1963, പ്രകാരം 33 വ്യത്യസ്ത ഗ്രേഡിലുള്ള കശുവണ്ടി കേർണലുകൾ നിർദ്ദേശിച്ചിരിക്കുന്നു. 26 ഗ്രേഡുകൾ മാത്രമേ വാണിജ്യപരമായി ലഭ്യമാകുകയും കയറ്റുമതി ചെയ്യുകയും ചെയ്യുന്നു. W–180, W–210, W–240, W–320, W–450 എന്നിവയാണ് ഇന്ത്യയിൽ ഉത്പാദിപ്പിക്കുന്ന കശുവണ്ടിയുടെ ജനപ്രിയ ഗ്രേഡുകളിൽ ചിലത്.

കാഷ്യൂ എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ ഓഫ് ഇന്ത്യ (സിഇപിസിഐ)യുടെ കണക്കനുസരിച്ച്, 2020–21–ൽ ഇന്ത്യയിൽ നിന്നുള്ള കശുവണ്ടി പരിപ്പിന്റെ കയറ്റുമതി 49,992 മെട്രിക് ടൺ ആയിരുന്നു, വരുമാനം ഏകദേശം 2,906.98 കോടി രൂപയായിരുന്നു. 2019–20ൽ ഇന്ത്യയിൽ നിന്നുള്ള കശുവണ്ടി പരിപ്പിന്റെ കയറ്റുമതി 67,647 മെട്രിക് ടൺ ആയിരുന്നു, വരുമാനം ഏകദേശം 3,867.17 കോടി രൂപയായിരുന്നു. ഇന്ത്യയിൽ നിന്നുള്ള കശുവണ്ടി പരിപ്പിന്റെ കയറ്റുമതിയുടെ അളവും മൂല്യവും 2017–18 മുതൽ കുറവാണ്. 60 ലധികം രാജ്യങ്ങളിലേക്ക് ഇന്ത്യ കശുവണ്ടി പരിപ്പ് കയറ്റുമതി ചെയ്യുന്നു. മൊത്തം കയറ്റുമതിയിൽ, ഏറ്റവും വലിയ കയറ്റുമതി പശ്ചിമേഷ്യൻ മേഖലയിലേക്കായിരുന്നു, തുടർന്ന് യൂറോപ്യൻ സോണിലേക്കും തുടർന്ന് സൗത്ത് ഈസ്റ്റ്/ഫാർ ഈസ്റ്റ് സോണുകളിലേക്കും. മൊത്തം വരുമാനത്തിൽ കാഷ്യൂ നട്ട് ഷെൽ ലിക്വിഡ് പോലുള്ള ഉപോൽപ്പന്നങ്ങളുടെ കയറ്റുമതിയും ഉൾപ്പെടുന്നു.

ഇന്ത്യയിലെ കശുവണ്ടിയുടെ ആഭ്യന്തര ഉൽപ്പാദനം വ്യവസായത്തിന്റെ നിലവിലെ ആവശ്യകത / സ്ഥാപിത സംസ്കരണ ശേഷി 20 ലക്ഷം മെട്രിക് ടൺ നിറവേറ്റാൻ പര്യാപ്തമല്ല. അതിനാൽ ഇന്ത്യ മറ്റ് ഉത്പാദക രാജ്യങ്ങളിൽ നിന്ന് അസംസ്കൃത കശുവണ്ടി ഇറക്കുമതി ചെയ്യുന്നു. 2020–21ൽ 8.31 ലക്ഷം മെട്രിക് ടൺ അസംസ്കൃത കശുവണ്ടിയാണ് ഇന്ത്യ ഇറക്കുമതി ചെയ്തത്.

### കേരളത്തിലെ കശുവണ്ടി മേഖല

കേരളത്തിലെ ഒരു പ്രധാന പരമ്പരാഗത കാർഷികാധിഷ്ഠിത വ്യവസായമാണ് കശുവണ്ടി വ്യവസായം. 'ലോകത്തിന്റെ കശുവണ്ടി തലസ്ഥാനം' എന്ന വിശേഷണം നേടിയ കൊല്ലം ജില്ലയിൽ നിരവധി കശുവണ്ടി സംസ്കരണ യൂണിറ്റുകളുണ്ട്. ഔപചാരികവും അനൗപചാരികവുമായ 800–ലധികം കശുവണ്ടി സംസ്കരണ യൂണിറ്റുകൾ കേരളത്തിൽ ഉണ്ടെന്നാണ് കണക്ക്. കശുവണ്ടി എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ ഓഫ് ഇന്ത്യയിൽ (സിഇപിസിഐ) ഔദ്യോഗികമായി രജിസ്റ്റർ ചെയ്തിട്ടുള്ള കശുവണ്ടി കയറ്റുമതി, സംസ്കരണ യൂണിറ്റുകളിൽ 65 ശതമാനവും കേരളത്തിൽ നിന്നാണ്. ഏകദേശം 3 ലക്ഷത്തോളം തൊഴിലാളികൾ ഈ മേഖലയിൽ ജോലി ചെയ്യുന്നുണ്ടെന്നും അതിൽ 90 ശതമാനവും സ്ത്രീകളാണെന്നും കണക്കാക്കപ്പെടുന്നു. കശുവണ്ടി സംസ്കരണം പ്രധാനമായും സ്വകാര്യ മേഖലയിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. കശുവണ്ടി സംസ്കരണത്തിൽ സഹകരണ മേഖലയ്ക്ക് പരിമിതമായ സാന്നിധ്യം ഉണ്ട്. കേരളത്തിൽ കശുവണ്ടി സംസ്കരണ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന രണ്ട് പൊതുസ്ഥാപനങ്ങളുണ്ട്, അതായത് കേരള സംസ്ഥാന കശുവണ്ടി തൊഴിലാളികളുടെ അപെക്സ് വ്യവസായ സഹകരണ സംഘം ലിമിറ്റഡും(കാപെക്സ്), കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ (കെ.എസ്.സി.ഡി.സി).

2020–21ൽ കേരളത്തിൽ നിന്നുള്ള കശുവണ്ടി കേർണൽ കയറ്റുമതി 1,461.27 കോടി രൂപ മൂല്യമുള്ള 24,929 മെട്രിക് ടൺ ആയിരുന്നു. അതേ സമയം, 2020–21 ൽ ഇന്ത്യയുടെ കശുവണ്ടി കേർണൽ കയറ്റുമതി 49,992 മെട്രിക് ടൺ ആയിരുന്നു, അതിന്റെ മൂല്യം 2,906.98 കോടി രൂപയാണ്. ഇന്ത്യയിൽ നിന്നുള്ള കശുവണ്ടി കേർണൽ കയറ്റുമതിയിൽ കേരളത്തിന്റെ പങ്ക് അളവിൽ 49.87 ശതമാനവും മൂല്യത്തിൻറെ അടിസ്ഥാനത്തിൽ 50.27 ശതമാനവുമാണ്.

കേരളത്തിൽ അസംസ്കൃത കശുവണ്ടിയുടെ ഉത്പാദനം 2014–15ൽ 80,000 മെട്രിക് ടണ്ണിൽ നിന്ന് 2018–19ൽ 82,889 മെട്രിക് ടണ്ണായി വർധിച്ചു. എന്നിരുന്നാലും, 2020–21–ൽ ഉത്പാദനം 73,110 മെട്രിക് ടണ്ണായി കുറഞ്ഞു. കൃഷി ചെയ്യുന്ന വിസ്തൃതി വർധിച്ചിട്ടുണ്ടെങ്കിലും, സമീപ വർഷങ്ങളിൽ ഉൽപ്പാദനം വർധിച്ചത് ഉൽപ്പാദനക്ഷമതയിലെ പുരോഗതിയാലാണ്.2014–15ൽ 84,500 ഹെക്ടറിൽ ഉണ്ടായിരുന്ന കശുമാവ് കൃഷി 2020–21ൽ 1,03,210 ഹെക്ടറായി ഉയർന്നു, 2015–16 മുതൽ ഗണ്യമായ നേട്ടം ഉണ്ടായിരുന്നു. സാധാരണയായി കൃഷിയുടെ വിസ്തൃതി കൂടുന്നതിനനുസരിച്ച് ഉൽപാദനവും വർദ്ധിക്കും. കശുവണ്ടിയുടെ കാര്യത്തിൽ റീപ്ലാന്റേഷൻ ഏറ്റെടുത്തിട്ടുണ്ട്. മാത്രമല്ല, പുതിയ തോട്ടങ്ങളിൽ നിന്നുള്ള ഉൽപ്പാദന ആനുകൂല്യങ്ങൾക്ക്, തൈ പാകമാകുന്നതിനുള്ള 3–4 വർഷത്തെ കാലതാമസമുണ്ടാകും. അതിനാൽ കൃഷി ചെയ്യുന്ന വിസ്തൃതിയും ഉൽപാദനവും തമ്മിൽ നേരിട്ട് ആനുപാതികമായ ഒരു ബന്ധം കേരളത്തിൽ ദൃശ്യമല്ല. വിശദാംശങ്ങൾ **പട്ടിക 4.6.8**–ൽ നൽകിയിരിക്കുന്നു

**പട്ടിക 4.6.8** കേരളത്തിലെ അസംസ്കൃത കശുവണ്ടിയുടെ ഉത്പാദനം – 2014–15 മുതൽ 2020–21 വരെ, ഹെക്ടറിലും മെട്രിക് ടണ്ണിലും

| വർഷം | 1000 ഹെക്ടർ വിസ്തീർണം | വാർഷിക വളർച്ചാ ശതമാനം | അളവ് (മെട്രിക് ടണ്ണിൽ) | വാർഷിക വളർച്ചാ ശതമാനം(%) |
|---|---|---|---|---|
| 2014–15 | 84.5 | –0.4 | 80,000 | –0.2 |
| 2015–16 | 87.0 | 2.9 | 72,000 | –10 |
| 2016–17 | 90.8 | 4.4 | 83,980 | 16.6 |
| 2017–18 | 92.8 | 2.1 | 88,180 | 5 |
| 2018–19 | 95.7 | 3.1 | 82,889 | –6.1 |
| 2019–20 | 98.8 | 3.2 | 69,624 | –16.1 |
| 2020–21 | 103.21 | 4.4 | 73,105 | 5 |

അവലംബം: കശുവണ്ടി, കൊക്കോ വികസന ഡയറക്ടറേറ്റ് (DCCD), ഇന്ത്യാ ഗവൺമെന്റ്

സംസ്ഥാനത്തെ ഭൂമിയുടെ മേലുള്ള സമ്മർദ്ദം, നിലവിലുള്ള ഭൂപരിധി നിയമങ്ങൾ, റബ്ബർ പോലുള്ള നാണ്യവിളകളിലേക്കുള്ള മാറ്റം, കശുവണ്ടി കൃഷിയെ തോട്ടം ആയി കണക്കാക്കപ്പെ

ടാത്തത് എന്നിവയാണ് കേരളത്തിലെ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനുള്ള വെല്ലുവിളികൾ. പല നാണ്യവിളകൾക്കും പാകപ്പെടുന്നതിനു നീണ്ട ജെസ്റ്റെഷൻ കാലയളവ് ഉണ്ട്, സാമ്പത്തിക ലാഭം ഉണ്ടാവനായി കശുമാവ് കൃഷി താരതമ്യേന കൂടുതൽ കാലം തുടരേണ്ടതുണ്ട്. അതിനാൽ, മറ്റ് നാണ്യവിളകളിൽ നിന്ന് കശുവണ്ടിയിലേക്ക് പെട്ടെന്ന് മാറുന്നത് സാധ്യമല്ല. കഴിഞ്ഞ ദശകത്തിൽ, കശുവണ്ടി കൃഷിയുടെ വിസ്തൃതി, ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവ വികസിപ്പിക്കുന്നതിനുള്ള നടപടികൾ കേരളം ആരംഭിച്ചിട്ടുണ്ട്. നല്ല മാറ്റങ്ങൾ ദൃശ്യമാണെങ്കിലും, ഇനിയും മെച്ചപ്പെടാനുള്ള സാധ്യത ഉണ്ട്. കേരളത്തിൽ കശുമാവ് കൃഷിക്ക് കീഴിലുള്ള വീണ്ടും കൃഷി ചെയ്യപ്പെടാത്ത വിശാലമായ പ്രദേശങ്ങളാണുള്ളത്. കശുമാവ് കൃഷിയിൽ ഉൽപ്പാദനക്ഷമത പരിമിതപ്പെടുത്തുന്നതിനുള്ള ഒരു പ്രധാന കാരണം സംസ്ഥാനത്തെ കശുമാവ് മരങ്ങളിൽ 70 ശതമാനവും പ്രായപൂർത്തിയായ പ്രാദേശിക ഇനങ്ങളാണെന്നതാണ്, അവ സീസണിൽ വൈകി വിളവ് നൽകാൻ തുടങ്ങുന്നു. കാലാവസ്ഥാ വ്യതിയാനങ്ങളായ അമിതമായ മഴയും, ഉയർന്ന ആപേക്ഷിക ആർദ്രത എന്നിവയും ഘടകങ്ങൾ ആണ്.

### കശുവണ്ടി മേഖലയിലെ ഏജൻസികൾ

കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനും (കെഎസ്‌സിഡിസി) കേരള സംസ്ഥാന കശുവണ്ടി തൊഴിലാളികളുടെ അപെക്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയും (കാപെക്സ്) സംസ്ഥാനത്തെ കശുവണ്ടി സംസ്കരണത്തിൽ ഏർപ്പെട്ടിരിക്കുന്ന രണ്ട് സംസ്ഥാന സർക്കാർ ഏജൻസികളാണ്. കശുവണ്ടി കൃഷി വ്യാപിപ്പിക്കുന്നതിനുള്ള കേരള സംസ്ഥാന ഏജൻസി (കെഎസ്എസിസി), കേരള കശുവണ്ടി ബോർഡ് (കെസിബി) എന്നിവയാണ് ഈ മേഖലയിലെ മറ്റ് രണ്ട് സംസ്ഥാന സർക്കാർ ഏജൻസികൾ. കശുവണ്ടി കയറ്റുമതി പ്രൊമോഷൻ കൗൺസിൽ ഓഫ് ഇന്ത്യ (സിഇപിസിഐ), കശുവണ്ടി കൊക്കോ വികസന ഡയറക്ടറേറ്റ് (ഡിസിസിഡി) എന്നിവയാണ് കശുവണ്ടി പ്രോത്സാഹനത്തിൽ ഏർപ്പെട്ടിരിക്കുന്ന മറ്റ് ഏജൻസികൾ. സംസ്ഥാന വാർഷിക പദ്ധതിയിൽ നിന്നുള്ള വിഹിതവും 2020-21, 2021-22 വർഷങ്ങളിലെ ചെലവുകളും സംബന്ധിച്ച വിശദാംശങ്ങൾ **പട്ടിക 4.6.9**-ൽ നൽകിയിരിക്കുന്നു.

### കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ (കെ.എസ്.സി.ഡി.സി)

കേരള സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ള ഒരു കമ്പനിയായി 1969-ലാണ് കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ ലിമിറ്റഡ് (കെ.എസ്.സി.ഡി.സി) രൂപീകരിച്ചത്. ഭാഗിക യന്ത്രവൽക്കരണവും കട്ടിംഗ് മെഷീനുകളുടെ അവതരണവും കശുവണ്ടിയുടെ പ്രതിദിന സംസ്കരണം 100 മെട്രിക് ടണ്ണിൽ നിന്ന് ഏകദേശം 125 മെട്രിക് ടണ്ണായി ആയി വർദ്ധിപ്പിച്ചു. സമീപ വർഷങ്ങളിൽ 1250 കട്ടിംഗ് മെഷീനുകൾ സ്ഥാപിക്കുന്നത് ഏകദേശം 56 ശതമാനം ഉൽപ്പാദനക്ഷമത വർധിപ്പിക്കാൻ കാരണമായി. കെ.എസ്.സി.ഡി.സി -യുടെ കീഴിൽ നിലവിൽ 30 ഫാക്ടറികൾ പ്രവർത്തിക്കുന്നു, അതിൽ 20 എണ്ണം കരാർ അടിസ്ഥാനത്തിൽ കെ.എസ്.സി.ഡി.സി നടത്തുന്ന സ്വകാര്യ ഫാക്ടറികളാണ്. ഈ പ്രക്രിയ ഈ മേഖലയിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ഉപജീവന സാധ്യതകൾ വർദ്ധിപ്പിച്ചു. എന്നിരുന്നാലും കോവിഡ്-19 മഹാമാരി കോർപ്പറേഷന്റെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ട്. 2020-21ൽ തൊഴിൽ ദിനങ്ങളുടെയും വിറ്റുവരവുകളുടെയും എണ്ണം കുറഞ്ഞു. 2020-21ൽ കെഎസ്‌സിഡിസി 12,397 പേർക്ക് തൊഴിൽ നൽകി. ഫാക്ടറികളിലെ 650 ജീവനക്കാരും ഹെഡ് ഓഫീസിലെ 90 ജീവനക്കാരും ഫാക്ടറികളിലെ തൊഴിലാളികളും ഇതിൽ ഉൾപ്പെടുന്നു. ഫാക്ടറികളിലെ തൊഴിൽ ദിനങ്ങളുടെ എണ്ണം 89 ദിവസമായിരുന്നു. കെ.എസ്.സി.ഡി.സി ഏകദേശം 7200 മെട്രിക് ടൺ അസംസ്കൃത കശുവണ്ടി സംസ്കരിച്ച് 2020-21 ൽ ഏകദേശം 1,700 മെട്രിക് ടൺ കശുവണ്ടി പരിപ്പ് ഉത്പാദിപ്പിച്ചു. 2020-21ൽ കെഎസ്‌സിഡിസിയുടെ മൊത്തം വിറ്റുവരവ് 87.44 കോടി രൂപയാണ്. സമീപ വർഷങ്ങളിൽ ഏജൻസി നഷ്ടം റിപ്പോർട്ട് ചെയ്യുന്നുണ്ടെങ്കിലും 2019-20 മുതൽ ഇത് കുറഞ്ഞു. വിശദാംശങ്ങൾ **പട്ടിക 4.6.10, അനുബന്ധം 4.6.23** എന്നിവയിൽ നൽകിയിരിക്കുന്നു.

**പട്ടിക 4.6.10** കോടി രൂപയിൽ കെ.എസ്.സി.ഡി.സിയുടെ വിൽപ്പന വിറ്റുവരവ്

| കാലഘട്ടം | വിറ്റുവരവ് | ലാഭം /നഷ്ടം |
|---|---|---|
| 2014 – 15 | 146.90 | -118.67 |
| 2015 – 16 | 38.56 | -86.92 |
| 2016 – 17 | 84.99 | -70.38 |
| 2017 – 18 | 173.08 | -92.25 |
| 2018 – 19* | 132.23 | -100.27 |
| 2019-20* | 173.13 | -44.05 |
| 2020-21* | 87.44 | -51.68 |

* താത്കാലികം, ഓഡിറ്റിന് വിധേയമാണ് , # കണക്കാക്കിയ
അവലംബം: കെ.എസ്.സി.ഡി.സി, കൊല്ലം

കെഎസ്‌സിഡിസി സ്വന്തം 'മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ' വിപണനം ചെയ്യുന്നു, അത് വിൽപ്പന മൂല്യത്തിൽ മികച്ച വിഹിതം ലഭിക്കാൻ കാരണമായി. ഗിഫ്റ്റ് ഹാമ്പറുകൾ

**പട്ടിക 4.6.9** കശുവണ്ടി മേഖലയിലെ സംസ്ഥാന സർക്കാർ ഏജൻസികളുടെ പദ്ധതി വിഹിതവും ചെലവും, 2020-21, 2021-22, രൂപ കോടിയിലും ശതമാനത്തിലും

| ക്രമ നമ്പർ | ഏജൻസി | 2020-21 | | | 2021-22 | | |
|---|---|---|---|---|---|---|---|
| | | വിഹിതം | ചെലവ് | % | വിഹിതം | ചെലവ് | % |
| 1 | കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ് | 30.3 | 53.3 | 175.91 | 37.3 | 37.3 | 100 |
| 2 | കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ | 14.0 | 51.54 | 368.19 | 6.0 | 0.0 | 0 |
| 3 | കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനുള്ള കേരള സംസ്ഥാന ഏജൻസി (KSACC) | 5.5 | 3.5 | 63.64 | 6.5 | 2.5 | 38.46 |
| 4 | കാപെക്സ് | 5.5 | 4.69 | 85.31 | 5.5 | 0.0 | 0 |
| | ആകെ | 55.3 | 113.03 | 204.41 | 55.3 | 39.8 | 71.97 |

അവലംബം: പ്ലാൻ സ്പേസ്, സംസ്ഥാന ആസൂത്രണ ബോർഡ്

(250 ഗ്രാം ടിന്നുകൾ, പ്ലാറ്റിനം, പ്രീമിയം ബോക്സുകൾ), അസോർട്ടഡ് പ്രീമിയം കശുവണ്ടി, ജംബോ കശുവണ്ടി തുടങ്ങിയ പുതിയ ഉൽപ്പന്നങ്ങൾ ഏജൻസി പുറത്തിറക്കി യിട്ടുണ്ട്. ഈ ഉൽപ്പന്നങ്ങൾക്ക് ഉപഭോക്താക്കളിൽ നിന്ന് മികച്ച പ്രതികരണമാണ് ലഭിച്ചത്. വിൽപ്പന വർധിപ്പിക്കാൻ കെഎസ്‌സിഡിസിയും ഔട്ട്‌ലെറ്റുകൾ ആരംഭിച്ചിട്ടുണ്ട്. ബാക്ക് വേർഡ് ലിങ്കേജിന്റെ ഒരു ചുവടുവെയ്‌പ്പെന്ന നിലയിൽ, കശുമാവ് കൃഷി പ്രചരിപ്പിക്കുന്നതിനുള്ള നടപ ടികൾ കെ.എസ്.സി.ഡി.സി സ്വീകരിച്ചിട്ടുണ്ട്. തൈകൾ ഗ്രോ ബാഗുകളിൽ കുറഞ്ഞ വിലയിൽ വിതരണം ചെയ്യുന്നു. ഗോഡൗണുകളുടെ നിർമ്മാണം, ഡ്രൈയിംഗ് യാർഡു കൾ, ടാറിംഗ്, ഫാക്ടറികളിലെ മറ്റ് സിവിൽ ജോലികൾ എന്നിവ ഉൾപ്പെടെയുള്ള നവീകരണ പ്രവർത്തനങ്ങൾ 2020-21ൽ കെഎസ്‌സിഡിസി ഏറ്റെടുത്തു. കെഎസ്‌സി ഡിസി ക്രേറ്റുകൾ വാങ്ങൽ, കട്ടിംഗ് മെഷീൻ, ബോർമ മാറ്റിസ്ഥാപിക്കൽ എന്നിവ ഉൾപ്പെടെയുള്ള സാങ്കേതിക നവീകരണ പ്രവർത്തനങ്ങളും നടത്തി. കെഎസ്‌സിഡിസി യുടെ പ്രകടനത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 4.6.24**-ൽ കാണാം.

## കേരള സംസ്ഥാന കശുവണ്ടി തൊഴിലാളികളുടെ അപെക്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (കാപെക്സ്)

കേരള സർക്കാരിന് കീഴിലുള്ള 10 പ്രാഥമിക സഹകരണ സംഘങ്ങളുടെ ഫാക്ടറികളുടെ പ്രവർത്തനങ്ങൾ പരി പാലിക്കുന്നതിനായി 1984-ൽ കൊല്ലം ആസ്ഥാനമായി കാപെക്സ് സ്ഥാപിക്കപ്പെട്ടു. സംഭരണം, സഹകരണ സംഘങ്ങൾ വഴിയുള്ള പ്രോസസ്സിംഗ് മാനേജ്മെന്റ്, മാർ ക്കറ്റിംഗ് എന്നിവ ഇതിന്റെ പ്രധാന പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. ഈ സ്ഥാപനം അസംസ്കൃത അണ്ടിപരിപ്പ് സംഭരിക്കുകയും പ്രാഥമിക സൊസൈറ്റികൾക്ക് വിതരണം ചെയ്യുകയും സംസ്കരണം നടത്തിയവർ വിപണനം ചെയ്യു കയും ചെയ്യുന്നു. പ്രോസസ്സിംഗ് ചെലവ് കുറയ്ക്കുക, തൊഴിലാ ളികൾക്ക് തുടർച്ചയായ തൊഴിലും ന്യായമായ വേതനവും നൽകുക എന്നിവ സ്ഥാപനത്തിന്റെ ലക്ഷ്യമാണ്.

കോവിഡ്-19 നിയന്ത്രണങ്ങൾക്കിടയിലും, 2020 കലണ്ടർ വർഷത്തിൽ, CAPEX 4,600-ലധികം തൊഴിലാളികൾക്കും ജീവനക്കാർക്കും 160 പ്രവൃത്തി ദിവസത്തേക്ക് തുടർച്ചയായി തൊഴിൽ നൽകി. 2021 കലണ്ടർ വർഷത്തിൽ, 2021 സെപ്റ്റംബർ 30 വരെ ആകെ 92 പ്രവൃത്തി ദിവസങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. 10 കാപെക്സ് ഫാക്ടറികളിലും പാക്കിംഗ് സെന്ററുകളിലും നവീകരണത്തിനും യന്ത്രവൽ ക്കരണത്തിനുമുള്ള പദ്ധതി ഭാഗികമായി നടപ്പാക്കിയിട്ടുണ്ട്. ഭാഗിക യന്ത്രവൽക്കരണത്തിന്റെയും തൊഴിലാളികളുടെ ഉൽപ്പാദനക്ഷമതയുടെയും ഫലമായി ഒരു ബാഗ് (80 കിലോ) അസംസ്കൃത കശുവണ്ടിപരിപ്പ് സംസ്കരിക്കുന്ന തിന് ആവശ്യമായ തൊഴിലാളികളുടെ എണ്ണം 5 ൽ നിന്ന് 4.5 ആയി കുറഞ്ഞു. 2020-21ൽ മൊത്തം വിൽപ്പന വിറ്റു വരവ് 46.88 കോടി രൂപയായിരുന്നു. കൊവിഡ്-19 നിയ ന്ത്രണങ്ങൾ കാരണം നടപ്പ് സാമ്പത്തിക വർഷം 2021 സെപ്റ്റംബർ 30 വരെയുള്ള വിറ്റുവരവ് 19.98 കോടി രൂപ മാത്രമായിരുന്നു. കാപെക്സിന്റെ പ്രവർത്തനത്തെക്കുറി ച്ചുള്ള വിശദാംശങ്ങൾ അനുബന്ധം 4.6.25, 4.6.26 എന്നി വയിൽ നൽകിയിരിക്കുന്നു. കാപെക്സിന്റെ വിൽപ്പനയും വിറ്റുവരവും സംബന്ധിച്ച വിശദാംശങ്ങൾ **പട്ടിക 4.6.11**-ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.6.1**1 കാപെക്സിന്റെ വിൽപ്പന വിറ്റുവരവ് (കോടി രൂപയിൽ)

| വർഷം | ആഭ്യന്തര വിൽപ്പന | കയറ്റുമതി | മൊത്തം വിൽപ്പന വിറ്റുവരവ് | ലാഭം/ നഷ്ടം |
|---|---|---|---|---|
| 2014-15 | 59.46 | 14.4 | 73.86 | -14.46 |
| 2015-16 | 59.07 | 14.65 | 73.72 | -16.41 |
| 2016-17 | 26.27 | 19.58 | 45.85 | -9.82 |
| 2017-18 | 81.55 | 5.32 | 86.87 | -12.59 |
| 2018-19 | 76.5 | 0 | 76.5 | -19.81 |
| 2019-20 | 85.18 | 0 | 85.18 | -16.95 |
| 2020-21* | 46.88 | 0 | 46.88 | - |

*ഓഡിറ്റിന് വിധേയമാണ്
അവലംബം - കപെക്സ്

## കശുവണ്ടി കൃഷി വ്യാപനത്തിനായുള്ള കേരള സംസ്ഥാന ഏജൻസി (കെ.എസ്.എ.സി.സി)

കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നൂതന സാ ങ്കേതികവിദ്യകൾ സ്വീകരിക്കുന്നത് ഉറപ്പാക്കുന്നതിനുമായി 2007-ൽ കേരള സർക്കാർ കെ.എസ്.എ.സി.സി രൂപീക രിച്ചു. കെഎസ്എസിസി 2007-08 മുതൽ 'ഓർഗാനിക് കശുവണ്ടി കൃഷിയും അസംസ്കൃത നട്ട് ബാങ്ക് സ്ഥാപിക്കലും' പദ്ധതി ആരംഭിച്ചു. 2020-21ൽ കർഷകർക്കും സ്ഥാപനങ്ങൾക്കുമായി ഏജൻസി 2,15,834 ഗ്രാഫ്റ്റുകൾ വിതരണം ചെയ്തു. ആകെ 913 ഹെക്ടർ വിസ്തൃതിയു ള്ളതായി കണക്കാക്കപ്പെടുന്നു. 166.48 ഹെക്ടർ പ്രദേശം ഉയർന്ന സാന്ദ്രത നടീലിനും 572.97 ഹെക്ടർ പ്രദേശം സാധാരണ നടീലിനും കീഴിലാക്കി. സംസ്ഥാനത്ത് രണ്ട് മാതൃകാ കശുവണ്ടിത്തോട്ടങ്ങൾ സ്ഥാപിച്ചു. ഒന്ന് കേരള സ്റ്റേറ്റ് കശുവണ്ടി വികസന കോർപ്പറേഷന്റെ പരിസരത്തും മറ്റൊന്ന് തിരുവനന്തപുരത്തെ നെട്ടുകാൽത്തേരിയിലുള്ള തുറന്ന ജയിലിലുമാണ്. കെ.എസ്.എ.സി.സി പിന്തുണയ്ക്കു ന്ന കശുമാവ് കൃഷിയുടെ വിശദാംശങ്ങൾ **അനുബന്ധം 4.6.27**-ൽ നൽകിയിരിക്കുന്നു.

സർക്കാർ നഴ്സറികളിലെ കശുവണ്ടി ഗ്രാഫ്റ്റ് ഉൽപ്പാദനം, കശുവണ്ടി കൃഷിയോഗ്യമായ പ്രദേശത്തിന്റെ സർവേ, പതിവ് ഫീൽഡ് സന്ദർശനം, കർഷക സമ്പർക്കം, ബോ ധവൽക്കരണം, പരിശീലനം, നടീൽ, വിളവെടുപ്പ് മേഖ ലകളിലെ തൊഴിലാളികളുടെ ലഭ്യത, ഉൽപ്പന്നങ്ങളുടെ വിപണനം എന്നിവ 2020-21-ൽ കോവിഡ് -19 മഹാമാരി കാലഘട്ടത്തിൽ തടസ്സപ്പെട്ടു.

## കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ് (കെസിബി)

കേരളത്തിലെ കശുവണ്ടി സംസ്കരണ യൂണിറ്റുകൾക്ക് ന്യായമായ വിലയ്ക്ക് അസംസ്കൃത കശുവണ്ടി (ആർസി എൻ) സംഭരിച്ച് വിതരണം ചെയ്യുക എന്ന പ്രധാന ലക്ഷ്യ ത്തോടെ ഒരു പ്രത്യേക ഉദ്ദേശ വാഹനമായി (എസ്.പി.വി) 2017-ൽ സംസ്ഥാന സർക്കാർ കെ.സി.ബി സ്ഥാപിച്ചു. 2020-21 ൽ, കേരള കശുവണ്ടി ബോർഡ് 55.5 കോടി രൂപയ്ക്ക് 3,589 മെട്രിക് ടൺ ആർസിഎൻ സംഭരിച്ചു, ഇത് കേരള സംസ്ഥാന കശുവണ്ടി വികസന കോർ പ്പറേഷന്റെയും (കെഎസ്‌സിഡിസി) കപെക്സിന്റെയും കീഴിലുള്ള 40 സംസ്കരണ യൂണിറ്റുകളും ഉപയോഗിച്ചു.

2021–22ൽ ഒക്ടോബർ വരെ 113.82 കോടി രൂപയ്ക്ക് 10,694 മെട്രിക് ടൺ അസംസ്കൃത കശുവണ്ടി ഇറക്കുമതി ചെയ്തിട്ടുണ്ട്. 2018–19 മുതൽ, ഏജൻസിയുടെ കശുവണ്ടി ഇറക്കുമതിയുടെ സഞ്ചിത മൂല്യം ഏകദേശം 422.67 കോടി രൂപയാണ്. കോവിഡ്–19 മഹാമാരി 2020–21 ലും കശുവണ്ടി സംസ്കരണ മേഖലയെ പ്രതികൂലമായി ബാധിച്ചു. ലോക്ക്ഡൗൺ മാർഗനിർദേശങ്ങളിലെ ഇളവുകൾക്ക് ശേഷം ഫാക്ടറികൾ സാവധാനം തങ്ങളുടെ ശേഷി മെച്ചപ്പെടുത്തിവരികയാണ്. ലോക്ക്ഡൗൺ കാരണം തുറമുഖങ്ങൾ, ബാങ്കുകൾ, ഗതാഗത സൗകര്യങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചു, ടെൻഡർ പ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ വിതരണക്കാർ വിമുഖത കാണിച്ചതിനാൽ കെസിബി ലിമിറ്റഡിന്റെ ഇറക്കുമതി പ്രവർത്തനങ്ങളെ ബാധിച്ചു. മാത്രമല്ല, അന്താരാഷ്ട്ര വിപണിയിൽ സംസ്കരിച്ച കശുവണ്ടി കേർണലുകളുടെ വില കുറഞ്ഞത് കശുവണ്ടി സംസ്കരണ വ്യവസായത്തെ പ്രതികൂലമായി ബാധിച്ചു.

കോവിഡ്–19 പകർച്ചവ്യാധി കാരണം വിളവെടുത്ത അസംസ്കൃത കശുവണ്ടിക്ക് വിപണി കണ്ടെത്താനാകാതെ കേരളത്തിലെ കശുവണ്ടി കർഷകരും ദുരിതത്തിലായി. സംസ്ഥാനത്തെ കശുവണ്ടി കർഷകരെ സഹായിക്കുന്നതിനായി, സംസ്ഥാന സർക്കാർ ആരംഭിച്ച താങ്ങു വില പദ്ധതിയിലൂടെ കെഎസ്‌സിഡിസിയും കാപെക്സും ചേർന്ന് കർഷകരിൽ നിന്ന് അസംസ്കൃത കശുവണ്ടി വാങ്ങുകയും അവർക്ക് മെച്ചപ്പെട്ട വില നൽകുകയും ചെയ്യുന്നു. ഈ സംഭരണ പ്രവർത്തനങ്ങൾക്കായി കെഎസ്‌സിഡിസിക്കും കാപെക്സിനും സഹായം നൽകുന്നതിനായി കെസിബി ലിമിറ്റഡ് കേരള സ്റ്റേറ്റ് കോ–ഓപ്പറേറ്റീവ് ബാങ്കിൽ നിന്ന് 30 കോടി രൂപ ഒറ്റത്തവണ വായ്പ നേടിയിട്ടുണ്ട്. ഈ സംരംഭത്തിന് കീഴിൽ, സംസ്ഥാനത്തെ കശുവണ്ടി കർഷകരിൽ നിന്ന് മൊത്തം 2,743 മെട്രിക് ടൺ ആർസിഎൻ സംഭരിച്ചു. കെസിബി ഇറക്കുമതി ചെയ്ത കശുവണ്ടി ഉപയോഗിക്കുന്ന ഏജൻസികളായ കെഎസ്‌സിഡിസിക്കും കാപെക്സിനും കശുവണ്ടി ഇറക്കുമതിയുടെ മൂല്യം കെസിബിക്ക് നൽകാൻ കഴിഞ്ഞിട്ടില്ല. ഇത് കെസിബിക്ക് ലഭിക്കേണ്ട തുകകൾ കുമിഞ്ഞുകൂടുന്നതിലേക്ക് നയിച്ചു. ഏകദേശം 181.68 കോടി രൂപ ഏജൻസിക്ക് ലഭിക്കാനുണ്ടെന്നാണ് റിപ്പോർട്ട്. ഇതിൽ 132.68 കോടി രൂപ കെഎസ്‌സിഡിസിയിൽ നിന്നും 49 കോടി രൂപ കാപെക്സിൽ നിന്നുമാണ്.

### ഇന്ത്യയുടെ കശുവണ്ടി കയറ്റുമതി പ്രോത്സാഹന കൗൺസിൽ (സിഇപിസിഐ)

1955–ൽ ഇന്ത്യാ ഗവൺമെന്റ് സ്ഥാപിതമായ സി.ഇ.പി.സി.ഐ, കശുവണ്ടി പരിപ്പിന്റെയും കശുവണ്ടി തോടിൽ നിന്നും ഉത്പാദിപ്പിക്കുന്ന ദ്രാവകത്തിന്റെയും കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു. കൗൺസിൽ അംഗങ്ങളായ കശുവണ്ടിയുടെ ഇറക്കുമതിക്കാർക്കും ആഭ്യന്തര കയറ്റുമതിക്കാർക്കും ഇടയിൽ ഒരു ഇടനിലക്കാരനായി കൗൺസിൽ പ്രവർത്തിക്കുന്നു. കാഷ്യൂ എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ ഓഫ് ഇന്ത്യ (സിഇപിസിഐ) യുടെ കണക്കനുസരിച്ച്, 2020–21–ൽ ഇന്ത്യയിൽ നിന്നുള്ള കശുവണ്ടി പരിപ്പിന്റെയും കയറ്റുമതി 49,992 മെട്രിക് ടൺ ആയിരുന്നു, വരുമാനം ഏകദേശം 2,906.98 കോടി രൂപയായിരുന്നു. 2019–20ൽ ഇന്ത്യയിൽ നിന്നുള്ള കശുവണ്ടി പരിപ്പിന്റെ കയറ്റുമതി 67,647 മെട്രിക് ടൺ ആയിരുന്നു, വരുമാനം ഏകദേശം 3,867.17 കോടി രൂപയായിരുന്നു. ഇന്ത്യയിൽ നിന്നുള്ള കശുവണ്ടി പരിപ്പിന്റെ കയറ്റുമതിയുടെ അളവും മൂല്യവും 2017–18 മുതൽ കുറഞ്ഞു. 2020–21ൽ കേരളത്തിൽ നിന്നുള്ള കശുവണ്ടി പരിപ്പ് കയറ്റുമതി 24,929 മെട്രിക് ടൺ ആയിരുന്നു, വരുമാനം ഏകദേശം 1,461.27 കോടി രൂപയായിരുന്നു. സമീപ വർഷങ്ങളിൽ ഇന്ത്യയിൽ നിന്നുള്ള മൊത്തം കശുവണ്ടി കേർണൽ കയറ്റുമതിയിൽ കേരളത്തിന്റെ പങ്ക് അളവിലും മൂല്യത്തിലും ഏകദേശം 45 മുതൽ 50 ശതമാനം വരെയാണ്. 2020–21ൽ ഇന്ത്യയിൽ നിന്നുള്ള അസംസ്കൃത കശുവണ്ടിയുടെ കയറ്റുമതി 19,832 മെട്രിക് ടൺ ആയിരുന്നു, അതിന്റെ മൂല്യം 199.75 കോടി രൂപയായിരുന്നു. 2012–13 മുതൽ കേരളം അസംസ്കൃത കശുവണ്ടി കയറ്റുമതി ചെയ്തിട്ടില്ല.എന്നാൽ 2017–18–ൽ മാത്രം 1.12 കോടി രൂപാ മൂല്യമുള്ള 92 മെട്രിക് ടണ്ണ് അസംസ്കൃത കശുവണ്ടി കയറ്റുമതി ചെയ്തിട്ടുണ്ട്. മറ്റ് രാജ്യങ്ങളിലേക്ക് പ്രോസസ്സിംഗിനായാണ് ഇത് കയറ്റുമതി ചെയ്തത്.

2020–21ൽ ഇന്ത്യയിൽ അസംസ്കൃത കശുവണ്ടിയുടെ (ആർസിഎൻ) ഇറക്കുമതി 7,331.28 കോടി രൂപ മൂല്യമുള്ള 8.31 ലക്ഷം മെട്രിക് ടൺ ആയിരുന്നു. 2020–21ൽ കേരളത്തിലേക്കുള്ള അസംസ്കൃത കശുവണ്ടിയുടെ ഇറക്കുമതി 18,424 മെട്രിക് ടൺ ആയിരുന്നു, അതിന്റെ മൂല്യം 166.28 കോടി രൂപയാണ്. അസംസ്കൃത കശുവണ്ടിയുടെ കയറ്റുമതിയിലും ഇറക്കുമതിയിലും വലിയ വ്യതിയാനങ്ങൾ സംഭവിക്കുന്നത് ഈ വ്യവസായത്തിലെ വ്യാപാരികളുടെ പ്രവർത്തനത്താൽ ആണ്.അസംസ്കൃത കശുവണ്ടി, കശുവണ്ടി പരിപ്പ് എന്നിവയുടെ അന്താരാഷ്ട്ര വിലയിൽ വലിയ ഏറ്റക്കുറച്ചിലുകൾ ഉണ്ട്. ഇന്ത്യയിൽ, മറ്റ് സംസ്കരണ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്നതിനായി കശുവണ്ടി ഇറക്കുമതി ചെയ്യുന്നു. അതിനാൽ, മറ്റ് പ്രോസസ്സിംഗ് രാജ്യങ്ങളിലെ വിപണി സാഹചര്യങ്ങളും അന്താരാഷ്ട്ര വ്യാപാരത്തെ സ്വാധീനിക്കുന്നു. 2020–21 കാലയളവിൽ രാജ്യത്ത് നിന്നുള്ള കശുവണ്ടി പുറം തോടിൽ നിന്നും ഉത്പാദിപ്പിക്കുന്ന ദ്രാവകം കയറ്റുമതി 3,736 മെട്രിക് ടൺ (വില 19.72 കോടി രൂപ) ആയിരുന്നു, 2020–21–ൽ കേരളത്തിൽ നിന്നുള്ള കയറ്റുമതി പൂജ്യമായിരുന്നു.

### കശുവണ്ടി കൊക്കോ വികസന ഡയറക്ടറേറ്റ് (ഡി.സി.സി.ഡി)

ഇന്ത്യാ ഗവൺമെന്റിന്റെ കൃഷി, സഹകരണ, കർഷക ക്ഷേമ വകുപ്പിന്റെ കീഴിലുള്ള ഓഫീസാണ് ഡി.സി.സി.ഡി. രാജ്യത്തെ കശുവണ്ടി, കൊക്കോ വികസന പരിപാടികൾ ത്വരിതപ്പെടുത്തുന്നതിനുള്ള നോഡൽ ഏജൻസിയാണിത്. അതിന്റെ പ്രവർത്തനങ്ങൾ രാജ്യത്തുടനീളം വ്യാപിച്ചിരിക്കുന്നു.2020–21–ൽ കേന്ദ്ര–സംസ്ഥാന സർക്കാരുകളുടെ സംയോജിത പ്രവർത്തനങ്ങളുടെ ഫലമായി 17,907 ഹെക്ടർ സ്ഥലത്ത് അത്യുത്പാദനശേഷിയുള്ള തൈകൾ കശുമാവ് കൃഷിക്ക് കീഴിലായി കൊണ്ട് വന്നിട്ടുണ്ട്. മൂത്ത് പോയതും ഉൽപ്പാദനക്ഷമമല്ലാത്തതുമായ തോട്ടങ്ങളുള്ള 3,444 ഹെക്ടർ സ്ഥലത്ത് പുതിയ തൈകൾ നട്ട് പിടിപ്പിക്കലും പുനരുജ്ജീവനവും നടത്തി. രണ്ട് കശുവണ്ടി നഴ്സറികൾ സ്ഥാപിക്കുകയും രണ്ടെണ്ണം നവീകരിക്കുകയും ചെയ്തു. വികസന പരിപാടികൾക്കായി 35,81,400 കശുവണ്ടി ഗ്രാഫ്റ്റുകൾ വിതരണം ചെയ്തു. സ്ഥാപനങ്ങളുമായി ചേർന്ന് കർഷകതല പരിശീലന പരിപാടികൾ നടത്തി 750 ഓളം പേർക്ക് പ്രയോജനം ലഭിച്ചു. നൈപുണ്യ വികസന

പരിപാടിക്ക് കീഴിൽ 21 ബാച്ചുകൾക്കും 525 തൊഴിലില്ലാത്ത വനിതകൾക്കും മൂല്യവർധിത ഉൽപ്പന്നങ്ങൾ തയ്യാറാക്കുന്ന തിന് പരിശീലനം നൽകി.

**വെല്ലുവിളികളും മുന്നോട്ടുള്ള വഴിയും**

കേരളത്തിലെ കശുമാവ് കൃഷി നേരിടുന്ന വെല്ലുവിളികളിൽ ഭൂമിയുടെ മേലുള്ള സമ്മർദ്ദം, ഭൂപരിധി നിയമങ്ങൾ മൂലമുള്ള നിയന്ത്രണങ്ങൾ, അണുബാധാ രോഗങ്ങളുടെ ആധിക്യം, കർഷകർക്ക് മികച്ച സാമ്പത്തിക ലാഭം നൽകുന്ന മറ്റ് വിളകളുമായുള്ള മത്സരം എന്നിവ ഉൾപ്പെടുന്നു. അത്യുൽ പ്പാദനശേഷിയുള്ള കശുവണ്ടി ഇനങ്ങളുടെയും ആധുനിക കൃഷിരീതികളുടെയും സാവധാനത്തിൽ വ്യാപിക്കുന്ന രീതി സംസ്ഥാനത്തിന്റെ പരിമിതികളിൽ ഉൾപെടുന്നു. മത്സര വിലയിൽ അസംസ്കൃത പരിപ്പിന്റെ ആപേക്ഷിക ദൗർലഭ്യം, ഉയർന്ന സംസ്കരണ ചെലവ്, ആധുനിക സംസ്കരണ സാങ്കേതികവിദ്യകളുടെ മന്ദഗതിയിലുള്ള അവലംബം, മറ്റ് സംസ്കരണ രാജ്യങ്ങളിൽ/പ്രദേശങ്ങളിൽ നിന്നുള്ള കടുത്ത മത്സരം എന്നിവ ആണ് കേരളത്തിലെ കശുവണ്ടി സംസ്കരണം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ. ഇത്തരം വെല്ലുവിളികൾ കണക്കിലെടുത്ത്, അടച്ചുപൂട്ടിയ സ്വകാര്യ മേഖലയിലെ ഫാക്ടറികളുടെ പ്രവർത്തനം പുനരാരംഭിക്ക കയും അതുവഴി ഈ വ്യവസായത്തെ ഉപജീവനത്തിനായി ആശ്രയിക്കുന്ന തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിന ങ്ങൾ ഉറപ്പാക്കുകയും ചെയ്യുക എന്നതാണ് സംസ്ഥാന സർ ക്കാരിന്റെ ശ്രദ്ധ. 2021–22 വാർഷിക പദ്ധതിയിൽ, കശുവ ണ്ടി സംസ്കരണ യൂണിറ്റുകൾ ഉൾപ്പെടുന്ന 'എംഎസ്എംഇ യൂണിറ്റുകളുടെ പുനരുജ്ജീവനവും പുനരധിവാസവും' പദ്ധ തിക്കായി സർക്കാർ 11 കോടി രൂപ അനുവദിച്ചിരുന്നു. പുതിയ സർക്കാർ അവതരിപ്പിച്ച പുതുക്കിയ ബജറ്റിൽ, എം എസ്എംഇകൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്നതിന് പലിശ ഇളവിനായി 50 കോടി രൂപയും നിർദേശിച്ചിരുന്നു. കശുവണ്ടി സംസ്കരണത്തിന് ഇത്തരം സംരംഭങ്ങൾ പ്രയോജനപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

കേരളത്തിലെ കാർഷിക മാറ്റങ്ങൾക്ക് സാക്ഷ്യം വഹിക്കു മ്പോൾ, കശുമാവ് കൃഷി ഒരു ലാഭകരമായ സംരംഭമായി മാ റുകയാണ്. അത്യുൽപ്പാദനശേഷിയുള്ള ഇനങ്ങൾ, ശാസ്ത്രീയ കൃഷിരീതികൾ, വിപുലീകരണ സേവനങ്ങളുടെ കാര്യത്തിൽ കൂടുതൽ പിന്തുണ, വാണിജ്യാടിസ്ഥാനത്തിലുള്ള ഉൽപ്പാദനം എന്നിവ സംസ്ഥാനത്തിന്റെ അസംസ്കൃത കശുവണ്ടിയുടെ ഉൽപാദനത്തിനു ശ്രദ്ധേയമായ പുരോഗതി കൈവരിക്കാ ൻ സാധിക്കും.ന്യായമായ വിലയിലും വർധിച്ച വരുന്നകശു വണ്ടി യുടെ ആഭ്യന്തര ഉത്പാദനം കേരളത്തിന് കശുവണ്ടി ഇറക്കുമതിയിലുള്ള ആശ്രയത്വം കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. സംസ്കരണത്തിലും മൂല്യവർദ്ധനയിലും ആധുനിക സാങ്കേതി കവിദ്യകൾ അതിവേഗം സ്വീകരിക്കുക, സംസ്കരണ ചെലവ് കുറയ്ക്കുക, പുതിയ സാങ്കേതികവിദ്യകൾ വികസിപ്പിക്കുക, കശുവണ്ടി ആപ്പിളിന്റെ ഉപയോഗം ഉൾപ്പെടെയുള്ള കശു വണ്ടിയിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ എന്നിവ കേരളത്തിലെ കശുവണ്ടി മേഖലയുടെ വികസനത്തിന് ഊന്നൽ നൽകുന്ന കാര്യങ്ങൾ ആണ്. 'കേരള കശുവ ണ്ടി'യുടെ തനതായ സ്വത്വം നിലനിർത്താൻ കഴിയുന്ന പുതിയ വിപണികളും വിപണന തന്ത്രങ്ങളും വികസിപ്പിക്കു ന്നതിനുള്ള വലിയ ശ്രമങ്ങൾ ഭാവിയിൽ വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്താൻ സഹായിക്കും.

അദ്ധ്യായം

# 5

# സേവന മേഖല

അദ്ധ്യായം

5

# സേവന മേഖല

## 5.1 വിവരസാങ്കേതിക വിദ്യ

കേരളത്തിലെ ഇൻഫർമേഷൻ ടെക്നോളജി (ഐടി) മേഖല സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ ഒരു പ്രധാന ഇടം വഹിക്കുന്നു. സംസ്ഥാനത്ത് വരുമാനവും തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതിന് അതിന്റെ സാധ്യതയും പ്രാധാന്യവും തിരിച്ചറിഞ്ഞിട്ടുണ്ട്.

രാജ്യത്തെ പ്രധാന ഐടി ലക്ഷ്യ സ്ഥാനമായി കേരളം ഉയർന്നു. സർക്കാരിന്റെ നൂതന സംരംഭങ്ങൾക്കൊപ്പം പ്രതിബദ്ധതയുള്ളതും കഴിവുള്ളതുമായ മാനവ വിഭവശേഷിയിലൂടെയാണ് ഇത് കൈവരിക്കാനായത്. മികച്ച ജീവിതനിലവാരം, നന്നായി സ്ഥാപിതമായ സർക്കാർ നയങ്ങൾ, കുറഞ്ഞ പ്രവർത്തനച്ചെലവ് എന്നിവ നിക്ഷേപകരെ ഏറ്റവും ഇഷ്ടപ്പെടുന്ന ഐടി ഹബുകളിലൊന്നാക്കി കേരളത്തെ മാറ്റി.

സംസ്ഥാനത്തിന്റെ സാമ്പത്തിക പുരോഗതിയിൽ വിവരസാങ്കേതിക വിദ്യയുടെ തന്ത്രപ്രധാന പ്രാധാന്യം സർക്കാർ തിരിച്ചറിഞ്ഞ് സംസ്ഥാനത്തെ ഒരു ഡിജിറ്റൽ സംസ്ഥാനമാക്കി മാറ്റുന്നതിനും അന്താരാഷ്ട്ര നിലവാരത്തിലുള്ള പശ്ചാത്തല സൗകര്യങ്ങൾ ഈ മേഖലയിൽ ഒരുക്കുന്നതിനുമായി ആത്മാർത്ഥമായ നടപടികൾ എടുത്തിട്ടുണ്ട്. വിവര വിനിമയ സാങ്കേതിക വിദ്യ പദ്ധതികൾ, ഇ–ഗവേണൻസ് സംരംഭങ്ങൾ, ഇ–സാക്ഷരത പദ്ധതികൾ എന്നിവ നടപ്പാക്കുന്നതിനും ഐ.റ്റി. മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിലും സംസ്ഥാനത്തെ മുൻപന്തിയിൽ ആക്കുന്നതിന് ഈ നയങ്ങൾ സഹായിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ എല്ലാ വീടുകളിലും ഇന്റർനെറ്റ് കണക്റ്റിവിറ്റി നൽകാൻ ലക്ഷ്യമിടുന്ന കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (കെ–ഫോൺ) പദ്ധതിയുടെ അന്തിമ അംഗീകാരത്തിലൂടെ കേരള സർക്കാർ ഇന്റർനെറ്റിലേക്കുള്ള പ്രവേശനം അടിസ്ഥാന അവകാശമായി തിരിച്ചറിയുകയും അവകാശം നടപ്പാക്കുന്നതിന് അടിയന്തര നടപടികൾ കൈക്കൊള്ളുകയും ചെയ്തു. ഇൻറർനെറ്റ് കണക്റ്റിവിറ്റിയുടെ അവകാശങ്ങൾക്കനുസൃതമായി, 2 ദശലക്ഷം ബിപിഎൽ കുടുംബങ്ങൾക്ക് കണക്റ്റിവിറ്റി സൗജന്യമായി നൽകണം. കെ. ഫോൺ പദ്ധതിയുടെ നേരത്തെയുള്ള നടപ്പാക്കലിന് സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനം ഒരു ഉയർന്ന തലത്തിലേയ്ക്ക് കൊണ്ടുപോകാൻ സഹായിക്കാനുള്ള കഴിവുണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെയും കെ.എസ്.ഐ.ടി.ഐ.എൽ ലിമിറ്റഡിന്റെയും വിഭവങ്ങൾ കൂട്ടിച്ചേർത്തുകൊണ്ട് ദേശീയ, ആഗോള ഇന്റർനെറ്റിലേക്കുള്ള ലിങ്ക് നൽകുന്ന വിവിധ സേവനദാതാക്കളുടെ സേവനം ഉപയോഗപ്പെടുത്തി ഇന്റർനെറ്റ് കണക്ടിവിറ്റിയുടെ കാര്യത്തിൽ പ്രത്യേകിച്ചും ലാസ്റ്റ് മൈൽ കണക്ടിവിറ്റി ഉറപ്പ് നൽകുന്ന ഒരു നൂതന സംവിധാനമാണ് ഈ പദ്ധതി.

കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷൻ (കെ.എസ്.ഐ.റ്റി.എം.), കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ ആൻഡ് ടെക്നോളജി, ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക്, കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.എസ്.ഐ.റ്റി.ഐ.എൽ), ഇന്റർനാഷണൽ സെന്റർഫോർ ഫ്രീ ആന്റ് ഓപ്പൺ സോഴ്സ് സോഫ്റ്റ് വെയർ (ഐ.സി.ഫോസ്), കേരള സ്റ്റാർട്ടപ്പ് മിഷൻ (കെ.എസ്.യു.എം.), സെന്റർ ഫോർ ഡെവലപ്പ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (സി–ഡിറ്റ്) എന്നിവയാണ് സംസ്ഥാനത്ത് വിവര സാങ്കേതിക പദ്ധതികൾ നടപ്പാക്കുന്ന, വിവരസാങ്കേതിക വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പ്രധാന ഏജൻസികൾ.

### ഐടി മേഖലയിൽ കോവിഡ്–19 ന്റെ സ്വാധീനം

കോവിഡ്–19 ഐടി മേഖലയിൽ ചെലുത്തിയ സ്വാധീനവും ഈ മേഖല നൽകിയ പ്രതികരണ നടപടികളും വളരെ പ്രാധാന്യമർഹിക്കുന്നു. കോവിഡ്–19–ന്റെ അഭൂതപൂർവമായ വ്യാപനം കാരണം ദൈനംദിന ബിസിനസ്സ് പ്രവർത്തനങ്ങൾ, പ്രോജക്റ്റ് ഡെലിവറികൾ, ഭൂരിഭാഗം ഐടി കമ്പനികളുടെ വരുമാന സ്ട്രീമുകൾ എന്നിവയെ സാരമായി ബാധിച്ചു. ലോക്ക്ഡൗൺ, കണ്ടെയ്ൻമെന്റ് സോൺ നിയന്ത്രണങ്ങൾ എന്നിവ കാരണം 2020 മാർച്ച് അവസാനം മുതൽ കമ്പനികൾ എല്ലാ ജീവനക്കാർക്കും വർക്ക് ഫ്രം ഹോം ഓപ്ഷൻ നൽകി. ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ സംവിധാനങ്ങൾ സജ്ജീകരിക്കുന്നതിൽ വെല്ലുവിളിയുള്ളതിനാൽ മിക്ക ബിസിനസ് യൂണിറ്റുകൾക്കും കഴിഞ്ഞ ഒന്നര വർഷം നിർണായകമായിരുന്നു.

സ്ഥാപനങ്ങൾക്ക് ഉണ്ടായ വരുമാനനഷ്ടം പ്രധാനമായും നിലവിലുള്ള പദ്ധതികൾ മാറ്റിവെച്ചതും, നിലവിലുള്ള പ്രോജക്ടുകൾ എന്നിവ മൂലമുണ്ടാകുന്ന നഷ്ടമാണ്. ഇന്റർനെറ്റ് കണക്റ്റിവിറ്റി, അതിനുശേഷം വൈദ്യുതി തടസ്സങ്ങൾ, സുരക്ഷ ഭീഷണികൾ, ഹാർഡ്‌വെയർ പ്രശ്നങ്ങൾ എന്നിവയാണ് 'വീട്ടിൽ നിന്നുള്ള ജോലി' മാതൃകയിലെ പ്രധാന പ്രശ്നങ്ങൾ. ക്ലയന്റ് മീറ്റിംഗുകളും ക്ലയൻറ് സന്ദർശനങ്ങളും റദ്ദാക്കപ്പെടുന്നതുമായി ബന്ധപ്പെട്ട മറ്റു പ്രശ്നങ്ങളുണ്ടായിരുന്നു.

**ബോക്സ് 5.1.1** കേരളത്തിലെ ഐ.ടി മേഖലയുടെ പ്രകടനം

ഇന്ത്യ ഇന്റർനെറ്റ് 2019' എന്ന് പേരിട്ടിരിക്കുന്ന ഇന്റർനെറ്റ് ആൻഡ് മൊബൈൽ അസോസിയേഷൻ ഓഫ് ഇൻഡ്യ (ഐ.എ.എം.എ.ഐ) റിപ്പോർട്ട് അനുസരിച്ച് രാജ്യത്തെ രണ്ടാമത്തെ ഉയർന്ന നിരക്കാണ് കേരളത്തിന്റെ ഇന്റർനെറ്റ് പെനിട്രേഷൻ (54 ശതമാനം), 69 ശതമാനം പെനിട്രേഷനുമായി ദില്ലി എൻ.സി.ആർ ഒന്നാം സ്ഥാനത്താണ്. കേരളം, തമിഴ്നാട്, ദില്ലി എന്നിവിടങ്ങളിൽ ഏറ്റവും കൂടുതൽ സ്ത്രീകൾ ഇന്റർനെറ്റ് ഉപയോഗിക്കുന്നവരാണെന്നും ഈ റിപ്പോർട്ടിൽ പറയുന്നു.

- ഐഎഎംഎഐ പുതിയ റിപ്പോർട്ട് പ്രകാരം, ഇന്ത്യയിൽ നഗര പ്രദേശങ്ങളെ അപേക്ഷിച്ച് ഗ്രാമങ്ങളിലാണ് കൂടുതൽ ഇന്റർനെറ്റ് ഉപയോക്താക്കൾ ഉള്ളത്. ചൈനയ്ക്ക് പിന്നിലായി ഏറ്റവും വലിയ രണ്ടാമത്തെ വലിയ ഉപയോക്തൃ വിപണിയായി ഇന്ത്യ മാറി.
- കേരള സ്റ്റാർട്ട് അപ്പ് മിഷൻ വിവിധ സാങ്കേതിക മേഖലകൾക്കായി സമർപ്പിത സൗകര്യങ്ങളോടെ കൊച്ചിയിൽ 1.80 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള വിശാലമായ സമുച്ചയമായ ഇന്റഗ്രേറ്റഡ് സ്റ്റാർട്ട് അപ്പ് കോംപ്ലക്സ് 2019 ജനുവരിയിൽ ആരംഭിച്ചു.
- 7,816 പേർക്ക് തൊഴിൽ നൽകിക്കൊണ്ട് സംസ്ഥാനത്തുടനീളം 2,692 അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു.
- ഇന്ത്യ സ്റ്റാർട്ട് ഗ്രിഡ് ഫോറം (ഐഎസ്ജിഎഫ്) ഐഐഐടിഎംകെയുടെ മേക്കർ വില്ലേജിന് "സ്റ്റാർട്ട് ഇൻകുബേറ്റർ ഓഫ് ദി ഇയർ– 2020"പദവി നൽകി .
- 1,000 വൈ–ഫൈ ഹോട്ട്സ്പോട്ടുകളുടെ രണ്ടാം ഘട്ട ഇൻസ്റ്റാളേഷൻ പൂർത്തിയായി. 15 ലക്ഷത്തോളം അദ്വിതീയ മൊബൈൽ ഉപയോക്താക്കൾ ഈ സൗകര്യം ഉപയോഗിക്കുന്നു. പ്രതിദിനം ഡാറ്റ ഉപഭോഗം 8 ടിബി വരെയാണ്.
- സൈബർ പാർക്ക് ഇന്റർനെറ്റ്, മൊബൈൽ അസോസിയേഷൻ ഓഫ് ഇന്ത്യ (ഐഎഎംഎഐ) യുമായി സഹകരിച്ച് കേരളത്തിൽ ആദ്യമായി ആപ്പ് ഇൻകുബേഷൻ ഹബ് വികസിപ്പിച്ചെടുത്തു.
- ആധാർ എൻറോൾമെൻറിനും ആധാർ വിശദാംശങ്ങളിൽ മാറ്റം വരുത്തുന്നതിനും സഹായിക്കുന്നതിനായി നിലവിൽ 900 ഓളം സ്ഥിര എൻറോൾമെന്റ് സെന്ററുകളും അക്ഷയ സിഎസ്സികളുടെ 1,500 ചൈൽഡ് എൻറോൾമെന്റ് സെന്ററുകളും ഉണ്ട്.
- കേരളത്തിലെ ഏറ്റവും വലിയ എംപ്ലോയ്മെന്റ് ബേസ് കാമ്പസായി ടെക്നോപാർക്ക് മാറി. ടെക്നോപാർക്ക് മൂന്നാം ഘട്ടം ആരംഭിച്ചതോടെ 380 ഏക്കർ സ്ഥലവും 9.7 ദശലക്ഷം ചതുരശ്ര അടി ബിൽറ്റ്–അപ്പ് ഏരിയയുമുള്ള ഇന്ത്യയിലെ ഏറ്റവും വലിയ ഐടി പാർക്കായി ഇത് മാറി.

### ഐടി മേഖലയിലെ ഏജൻസികളുടെ പ്രകടനം

സംസ്ഥാനത്തെ എല്ലാ ജില്ലകൾക്കും പ്രയോജനപ്പെടുന്ന രീതിയിൽ സംസ്ഥാനത്ത് ഐടി വ്യവസായം വിപുലീകരിക്കാൻ കേരള സർക്കാർ വിഭാവനം ചെയ്യുന്നു. ഒരു ഹബ്ബും സ്പോക്ക് മോഡലും ആസൂത്രണം ചെയ്തു. ഇതിൽ തിരുവനന്തപുരം (ടെക്നോപാർക്ക്), കൊച്ചി (ഇൻഫോപാർക്ക്), കോഴിക്കോട് (സൈബർ പാർക്ക്) എന്നിവ കേന്ദ്രങ്ങളായി പ്രവർത്തിക്കും, ശേഷിക്കുന്ന ജില്ലകൾ സ്പോക്കുകളായിരിക്കും.

ഐ.റ്റി പശ്ചാത്തല സൗകര്യങ്ങൾക്കും ഐ.റ്റി. ഇ.എസ്, ഇ– ഗവണൻസ് പ്രവർത്തനങ്ങൾക്കും ഈ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനുമായി സംസ്ഥാന സർക്കാർ 2020–21 ബജറ്റിൽ 500.10 കോടി രൂപ വകയിരുത്തിയിട്ടുണ്ട് കൂടാതെ, ഇതിൽ, 325.04 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട് (64.99 ശതമാനം). 2021–22 വാർഷിക പദ്ധതിയിൽ, 525.25 കോടി രൂപ ഈ മേഖലയ്ക്ക് വകയിരുത്തിയിട്ടുണ്ട്. കഴിഞ്ഞ 3 വർഷത്തെ (2019–2022) പദ്ധതി വിഹിതത്തിന്റെയും ചെലവാക്കിയ തുകയുടെയും വിശദാംശങ്ങൾ **പട്ടിക 5.1.1**–ൽ നൽകിയിരിക്കുന്നു.

### കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷൻ (കെ.എസ്.ഐ.റ്റി.എം)

കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷൻ വിവര സാങ്കേതിക വകുപ്പിന്റെ കീഴിൽ വരുന്ന ഒരു സ്വയംഭരണ ഐ.റ്റി നിർവ്വഹണ ഏജൻസിയാണ്. വകുപ്പിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ സാങ്കേതിക സഹായം ഈ സ്ഥാപനം നൽകുന്നു. ഐ.സി.ടി അനുബന്ധ നയങ്ങൾ, മാർഗ്ഗരേഖകളും മാനദണ്ഡങ്ങളും എന്നിവയുടെ വികസനം ഗവൺമെന്റ് സ്ഥാപനങ്ങൾക്കുള്ള ഐ.സി.ടി ഫെസിലിറ്റേഷൻ, ഡിജിറ്റൈസേഷൻ പ്രയത്നങ്ങളിൽ സംസ്ഥാന വകുപ്പുകൾക്കുള്ള പിന്തുണയും മാർഗ്ഗനിർദ്ദേശവും, സർക്കാരിനും വ്യവസായത്തിനും ഇടയിലുള്ള മധ്യവർത്തിയായി പ്രവർത്തിക്കുക, കാര്യശേഷി വികസനത്തിന് മുൻകൈ എടുക്കുക, ഡിജിറ്റൽ വിടവ് നികത്തുക, ഐ.ടി ഇൻഫ്രാസ്ട്രക്ചർ സ്ഥാപിക്കുകയും നിലനിർത്തുകയും ചെയ്യുക, വിവിധ ഇ–ഗവേണൻസ് സംരംഭങ്ങൾ ഏറ്റെടുക്കുക തുടങ്ങി വൈവിധ്യമാർന്ന റോളുകൾ കെ.എസ്.ഐ.ടി.എം നിർവ്വഹിക്കുന്നു. "സിറ്റിസൺ ഫസ്റ്റ്" എന്ന സമീപനത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് ഡിജിറ്റൽ സേവനങ്ങൾ ഏറ്റവും മികച്ച രീതിയിൽ പൗരൻമാർക്ക് നൽകുക എന്നതാണ് കെ.എസ്.ഐ.ടി.എമ്മിന്റെ കാതലായ പ്രവർത്തനം.

### കെ.എസ്.ഐ.റ്റി.എം.ന്റെ പ്രധാന പ്രവർത്തനങ്ങൾ

സേവനങ്ങൾ നൽകുന്നതിൽ സുതാര്യതയും വിശ്വാസ്യതയും ഉത്തരവാദിത്വവും ഉറപ്പാക്കി സദ്ഭരണം നടപ്പാക്കുന്നതിനുള്ള ഒരു പ്രധാന ഉപാധിയാണ് ഇ–ഗവേണൻസ്. ഇ–സാക്ഷരതാ പദ്ധതി, ഇ–ഗവേണൻസ്, മൊബൈൽ ഗവേണൻസ് എന്നിവ പ്രോത്സാഹിപ്പിക്കുന്നതിലും പ്രധാന

**പട്ടിക 5.1.1** പദ്ധതി വിഹിതവും ചെലവും (രൂപ കോടിയിൽ)

| ക്രമ നം. | വകുപ്പ്/പദ്ധതി | വാർഷിക പദ്ധതി 2019-20 | | വാർഷിക പദ്ധതി 2020-21 | | വാർഷിക പദ്ധതി 2021-22 | |
|---|---|---|---|---|---|---|---|
| | | ബഡ്ജറ്റ് വിഹിതം | ചെലവ് | ബഡ്ജറ്റ് വിഹിതം | ചെലവ് | ബഡ്ജറ്റ് വിഹിതം | ചെലവ് (2021 ഒക്ടോബർ വരെ) |
| 1. | കേരള സ്റ്റേറ്റ് ഐ.റ്റി മിഷൻ(കെ.എസ്.ഐ.റ്റി.എം) | 144.14 | 79.02 | 124.14 | 87.43 | 125.13 | 25.99 |
| 2. | ടെക്നോപാർക്ക് | 84.00 | 33.14 | 2.00 | 1.75 | 24.05 | 22.21 |
| 3. | ഇൻഫോപാർക്ക് | 67.05 | 26.06 | 10.00 | 8.16 | 35.55 | 38.07 |
| 4. | സൈബർപാർക്ക് | 22.69 | 0.58 | 0.01 | 0.00 | 12.37 | 0.00 |
| 5. | ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് (ഐ.ഐ.ഐ.റ്റി.എം.കെ) | 15.50 | 4.94 | 64.20 | 8.49 | 20.00 | 2.50 |
| 6. | സ്റ്റാർട്ടപ്പ് മിഷൻ | 80.00 | 38.57 | 73.50 | 13.97 | 68.75 | 13.50 |
| 7. | കേരള സ്റ്റേറ്റ് ഐ.റ്റി ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് (കെ.എസ്.ഐ.റ്റി.ഐ.എൽ) | 148.00 | 48.12 | 212.75 | 77.29 | 201.90 | 0.00 |
| 8. | സി-ഡിറ്റ് | 7.00 | 0.73 | 6.00 | 5.72 | 6.00 | 1.36 |
| 9. | ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആന്റ് ഓപ്പൺ സോഴ്സ് സോഫ്റ്റ്വെയർ | 6.00 | 5.00 | 7.50 | 1.75 | 7.50 | 1.50 |
| 10. | ഡിജിറ്റൽ യൂണിവേഴ്സിറ്റി | 0.00 | 0.00 | 0.00 | 0.00 | 24.00 | 0.00 |
| | ആകെ | 574.38 | 236.16 (41.1%) | 500.10 | 325.04 (65%) | 525.25 | 105.13 (20.0%) |

അവലംബം: ബഡ്ജറ്റ് എസ്റ്റിമേറ്റ്

പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിലും കേരളം മുൻ നിരയിൽ നിൽക്കുന്നു.

**പബ്ലിക് വൈ ഫൈ:** ജനങ്ങൾക്ക് സൗജന്യമായി ഇന്റർനെറ്റ് നൽകുന്നതിനായി സംസ്ഥാനത്തുടനീളം 2,000 വൈ-ഫൈ ഹോട്ട് സ്പോട്ടുകൾ സ്ഥാപിക്കാൻ ലക്ഷ്യമിട്ടുള്ള ഒരു സൗജന്യ വൈ-ഫൈ പ്രോജക്ടാണ് പബ്ലിക്ക് വൈ-ഫൈ. ബസ് സ്റ്റാൻഡുകൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ, പാർക്കുകൾ, പൊതുസ്ഥലങ്ങൾ, ജനസേവനകേന്ദ്രങ്ങൾ, സർക്കാർ ഓഫീസുകൾ എന്നിവ ഉൾപ്പെടുന്ന ഹോട്ട്സ്പോട്ടുകൾ ജില്ലാ ഭരണകൂടം കണ്ടെത്തിയിട്ടുണ്ട്. കൂടാതെ കേരള തീരത്തെ 222 മത്സ്യബന്ധന ഗ്രാമങ്ങളിൽ പൊതു വൈ-ഫൈ സൗകര്യവും ലഭ്യമാക്കിയിട്ടുണ്ട്.

**ഇ-ഓഫീസ്:** ഓഫീസ് നടപടി ക്രമങ്ങൾ ഇലക്ട്രോണിക് ആയി നടപ്പാക്കുന്നതിലൂടെ ഡിജിറ്റൽ വിനിമയത്തിന്റെ ഗുണഫലങ്ങൾ ഉപയോഗിച്ചു കൊണ്ട് സർക്കാർ ഓഫീസുകൾ പേപ്പർ രഹിത ഓഫീസുകളായി പരിവർത്തനം ചെയ്യുകയും ആശയവിനിമയം വഴി വേഗത്തിൽ തീരുമാനമെടുക്കുന്നതുമാണ് ഇ-ഓഫീസ് ലക്ഷ്യമിടുന്നത്. സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളിലും 66 ഡയറക്ടറേറ്റുകളിലും/ കമ്മീഷണറേറ്റുകളിലും/ മറ്റു ഗവൺമെന്റ് ഓഫീസുകളിലും/ എല്ലാ കളക്ടറേറ്റുകളിലും/ 17 സബ്കളക്ടറേറ്റുകളിലും/ ആർ ഡി ഒ ഓഫീസുകളിലുമായി ഇ-ഓഫീസ് നടപ്പാക്കി കഴിഞ്ഞു. വരും വർഷങ്ങളിൽ താലൂക്ക് ഓഫീസുകളിലും വില്ലേജ് ഓഫീസുകളിലും തുടങ്ങി താഴെ തട്ടുവരെ ഇ-ഓഫീസ് നടപ്പാക്കുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്.

**അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ:** കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക് (കെസ്വാൻ), സെക്രട്ടേറിയറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക്(സ്വാൻ), സ്റ്റേറ്റ് ഡാറ്റാ സെന്റർ, സ്റ്റേറ്റ് സർവ്വീസ് ഡെലിവറി ഗേറ്റ് വേ(എസ്എസ്ഡിജി) എന്നിവയാണ് സംസ്ഥാനത്തെ ഇ-ഗവേണൻസ് നടപ്പാക്കുന്നതിനുള്ള പ്രധാന അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ.

**കെസ്വാൻ:** സംസ്ഥാനത്തെ 14 ജില്ലകളെയും 152 ബ്ലോക്ക് പഞ്ചായത്തുകളെയും 63 മിനി സിവിൽ സ്റ്റേഷനുകളെയും സംസ്ഥാനത്തുടനീളമുള്ള റവന്യൂ ടവറുകളെയും തമ്മിൽ ബന്ധിപ്പിക്കുന്ന കെസ്വാൻ പദ്ധതിയാണ് സംസ്ഥാന ഇൻഫർമേഷൻ ഇൻഫ്രാസ്ട്രക്ചറിന്റെ (എസ്.ഐ.ഐ) നട്ടെല്ല്. സംസ്ഥാനത്തെ 4,000 ഓളം സർക്കാർ വകുപ്പുകളെ വയർലെസ്സിലൂടെയും മറ്റനവധി ലീസ്ഡ് ലൈൻ, ലാൻ എന്നിവയിലൂടെയും ഈ ശൃംഖല ബന്ധിപ്പിക്കുന്നു. ഐടി പ്രാപ്തമാക്കിയ സേവനങ്ങളുടെ ഗുണനിലവാരവും ലഭ്യതയും മെച്ചപ്പെടുത്തുന്നതിനുള്ള ദർശനത്തോടെ സർക്കാർ സെക്രട്ടേറിയറ്റിൽ സ്റ്റേറ്റ് ഓഫ് ദി ആർട്ട് ഒപ്റ്റിക്കൽ ഫൈബർ കണക്ഷൻ

(ഒഎഫ്സി) അധിഷ്ഠിത നെറ്റ്‌വർക്ക് ആർക്കിടെക്ചർ സ്ഥാപിക്കാനാണ് കെസ്വാൻ ലക്ഷ്യമിടുന്നത്. സംസ്ഥാന ഡാറ്റാ സെന്ററുകൾ (എസ്ഡിസി) സംസ്ഥാനത്തിന്റെ ഇ-ഗവേണൻസ് ചട്ടക്കൂടിന്റെ ഹൃദയഭാഗത്താണ്, സർക്കാർ സ്ഥാപനങ്ങളുടെ വിവിധ ആപ്ലിക്കേഷനുകളും വെബ്സൈറ്റുകളും ഹോസ്റ്റുചെയ്യുകയും അനുബന്ധ സേവനങ്ങൾ നൽകുകയും ചെയ്യുന്നു.

**ഇ-ഡിസ്ട്രിക്റ്റ്:** ദേശീയ ഇ-ഗവേണൻസ് പദ്ധതിക്ക് കീഴിലുള്ള സ്റ്റേറ്റ് മിഷൻ മോഡ് പദ്ധതിയാണ് ഇ-ഡിസ്ട്രിക്റ്റ്. ജില്ലാതലത്തിൽ ഉയർന്ന അളവിലുള്ള സേവനങ്ങൾ എത്തിക്കുന്നതിനും അക്ഷയ വഴി ഈ സേവനങ്ങളുടെ ഓൺലൈൻ ലഭ്യത പ്രാപ്തമാക്കുന്നതിനും ബാക്ക് എൻഡ് കമ്പ്യൂട്ടറൈസേഷനുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. 2019-20-ൽ 83,60,940 അപേക്ഷകളാണ് ലഭിച്ചത്. ഇതിൽ 76,30,945 അപേക്ഷകൾ അംഗീകരിക്കുകയും 61,026 അപേക്ഷകൾ നിരസിക്കുകയും ചെയ്തു.

നിലവിൽ സംസ്ഥാനത്തുടനീളം 25 റവന്യൂ സർട്ടിഫിക്കറ്റ് സേവനങ്ങൾ ഇ-ഡിസ്ട്രിക്റ്റ് ലൂടെ ഓൺലൈൻ ആക്കിയിട്ടുണ്ട്. അക്ഷയ കേന്ദ്രങ്ങളുടെ സഹായത്തോടെയോ പൊതു പോർട്ടൽ വഴിയോ സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷിക്കാനും ഡിജിറ്റൽ ഒപ്പിട്ട സർട്ടിഫിക്കറ്റുകൾ നേടാനും ഈ സൗകര്യം പൗരന്മാരെ പ്രാപ്തരാക്കുന്നു. ഇ-ഡിസ്ട്രിക്ട് പോർട്ടൽ വഴി 6 കോടിയിലധികം ഡിജിറ്റൽ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

**ഇ-ഗവൺമെന്റ് പ്രൊക്യൂയർമെന്റ് (ഇ.ജി.പി):**
ഇ-ഗവൺമെന്റ് പ്രൊക്യൂർമെന്റ് (ഇ-ജിപി) സംസ്ഥാനത്ത് നടപ്പിലാക്കി. 54 സർക്കാർ വകുപ്പുകളും 335 പൊതുമേഖലാസ്ഥാപനങ്ങളും/സ്വയംഭരണ സ്ഥാപനങ്ങളും/ സർക്കാർ ഏജൻസികളും ഉപയോഗിക്കുന്ന ഒരു പൊതു സംഭരണ സംവിധാനമാണിത്. 25 ലക്ഷത്തിന് മുകളിൽ മൂല്യമുള്ള എല്ലാ ടെൻഡറുകൾക്കും ഇ-ടെൻഡറിംഗ് സ്വീകരിക്കാൻ എല്ലാ സർക്കാർ വകുപ്പുകൾ/ബോർഡുകൾ/ സർവകലാശാലകൾ/ഓർഗനൈസേഷനുകൾ, എന്നിവയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ:** 14 ജില്ലാ ആസ്ഥാനങ്ങളിലും ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ 148.1 കോടി രൂപയും 2019-20 കാലയളവിൽ 126.87 കോടി രൂപയും സർക്കാരിലേക്ക് ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ വരുമാനം നേടിക്കൊടുത്തിട്ടുണ്ട്. പൗരൻമാർക്ക് അധിക ചെലവുകളില്ലാതെ സർക്കാരിലേക്കുള്ള എല്ലാ നികുതികളും മറ്റു കുടിശ്ശികകളും ഒരു കുടക്കീഴിൽ നൽകാനുള്ള അവസരം അക്ഷയ കേന്ദ്രം വഴി ഉറപ്പാക്കുന്നുണ്ട്. ശരാശരി 1,000-1,050 ആളുകൾ ദിനംപ്രതി ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളിൽ സന്ദർശിക്കാറുണ്ട്. ഫ്രണ്ട്സ് ജനസേവന കേന്ദ്രത്തിൽ വികസിപ്പിച്ച ഫ്രീസ് (ഫ്രണ്ട്സ് റീ-എഞ്ചിനീയറിംഗ് എന്റർപ്രൈസ് പ്രാപ്തമാക്കിയ സിസ്റ്റം) എന്ന ഒരു പുതിയ സോഫ്റ്റ്‌വെയർ വികസിപ്പിക്കുകയും അവതരിപ്പിക്കുകയും ചെയ്തു.

**അക്ഷയ:** വിവര സാങ്കേതിക രംഗത്തെ വിടവ് നികത്തുക എന്ന ലക്ഷ്യത്തോടെ അക്ഷയ 2002 നവംബർ 18-ന് ഒരു നൂതന സംരംഭമായി ആരംഭിച്ചു. പൊതു സ്വകാര്യ പങ്കാളിത്ത രീതിയിലാണ് 'അക്ഷയ' പ്രവർത്തിക്കുന്നത്. കുടുംബത്തിലെ ഒരാൾക്കെങ്കിലും ഇ-സാക്ഷരത എന്നതായിരുന്നു തുടക്കത്തിലെ ഉദ്ദേശ്യം. ക്രമേണ പൗരന്മാർക്ക് സേവനം നൽകുക എന്നതിലേക്ക് അക്ഷയ മാറി. അക്ഷയ എൻറോൾമെന്റ് ഏജൻസിയായി പ്രവർത്തിക്കുകയും അക്ഷയ കേന്ദ്രങ്ങളിലൂടെ ആധാർ എൻറോൾമെന്റ് നടത്തുകയും ചെയ്യുന്നു. 2020-21 കാലയളവിൽ 7,816 പേർക്ക് തൊഴിൽ നൽകിക്കൊണ്ട് 2,692 അക്ഷയ കേന്ദ്രങ്ങൾ സംസ്ഥാനത്തുടനീളം പ്രവർത്തിക്കുന്നു. കേരളത്തിലെ അക്ഷയ കേന്ദ്രങ്ങളെ സംബന്ധിച്ച വിശദ വിവരങ്ങൾ **അനുബന്ധം 5.1.1**-ൽ ചേർത്തിരിക്കുന്നു.

**ആധാർ:** കേരളം ആധാർ നൽകുന്നതിൽ 100 ശതമാനം കൈവരിച്ചിട്ടുണ്ട്. യുഐഡിഎഐ കെഎസ്ഐടിഎമ്മിനെ ഓതന്റിക്കേഷൻ യൂസർ ഏജൻസിയായി അംഗീകരിച്ചു, പ്രാമാണീകരണം നൽകുന്നതിനുള്ള ഉപയോക്തൃ ഏജൻസിയാണ് ഇ-കെവൈസി,കൂടാതെ ഇ-കെവൈസി യുഐഡിഎഐ സേവനങ്ങൾ വാഗ്ദാനം ചെയ്യുന്നു. നിലവിൽ, ആധാർ എൻറോൾമെന്റിനും ആധാറിലെ വിശദാംശങ്ങളിൽ മാറ്റം വരുത്തുന്നതിനുമായി അക്ഷയ സിഎസ്സികൾക്ക് 900 ഓളം സ്ഥിരം എൻറോൾമെന്റ് സെന്ററുകളും 1,500 ചൈൽഡ് എൻറോൾമെന്റ് സെന്ററുകളുമുണ്ട്.

### വീഡിയോ കോൺഫറൻസിംഗ് (വിസി)

ഒരു മീറ്റിംഗ് / ചർച്ച നടത്തുമ്പോൾ ഒരു സ്ഥലത്തിന് സ്വതന്ത്ര പ്ലാറ്റ്ഫോം നൽകുന്ന വിദൂര സ്ഥലങ്ങളെ ബന്ധിപ്പിക്കുന്നതിന് വീഡിയോയും ഓഡിയോയും സംയോജിപ്പിച്ച് പ്രക്ഷേപണം ചെയ്യുന്ന ഒരു സാങ്കേതികവിദ്യയാണ് വീഡിയോ കോൺഫറൻസിംഗ് (വിസി). വിസി സെഷനുകളുടെ മാനേജ്മെന്റ്, വിസി ഉപകരണങ്ങളുടെ പരിപാലനം, സ്റ്റുഡിയോകൾ എന്നിവ സി-ഡിറ്റിന്റെ പിന്തുണയോടെയാണ് ചെയ്യുന്നത്. വിസി ഇൻഫ്രാസ്ട്രക്ചർ ഉപയോഗിച്ച്, ഈ വർഷം 750-800 വിസികൾ നടത്താൻ കെഎസ്ഐടിഎമ്മിന് കഴിഞ്ഞു.

ഡിജിലോക്കർ സേവനം നിലവിൽ ഇനിപ്പറയുന്ന സേവനങ്ങൾക്കായി സംയോജിപ്പിച്ചിരിക്കുന്നു.

- ഇ ഡിസ്ട്രിക്റ്റ്-റവന്യൂ സർട്ടിഫിക്കറ്റ്
- ഭക്ഷ്യ, സിവിൽ വിതരണ വകുപ്പ്- റേഷൻ കാർഡ്
- പരീക്ഷ ഭവൻ- എസ്എസ്എൽസി
- മോട്ടോർവെഹിക്കിൾഡിപ്പാർട്ട്മെന്റ്-ഡ്രൈവിംഗ് ലൈസൻസും വെഹിക്കിൾ രജിസ്ട്രേഷനും.
- പി.എസ്.സി- വൺ ടൈം വെരിഫിക്കേഷൻ(ഒ.ടി.വി).

**ഇ-സേവനം & എം-സേവനം:** കേരള ഇ-സേവന പോർട്ടൽ, സാങ്കേതികവിദ്യയുടെ സഹായത്തോടെ കേരള സർക്കാരിന്റെ എല്ലാ ഓൺലൈൻ സേവനങ്ങളും (ജിറ്റുസി & ജിറ്റുബി) ഒരൊറ്റ പ്ലാറ്റ്ഫോമിൽ കൊണ്ടുവരുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ ഒരു സദ്ഭരണ ഉദ്യമമാണ് ഇ-സേവനം. 60-ലധികം വകുപ്പുകളുടെ 500-ഓളം സേവനങ്ങൾ ഒരൊറ്റ പ്ലാറ്റ്ഫോമിൽ ഏകീകരിക്കുന്നതിനു പുറമേ, എല്ലാ മൊബൈൽ സൗഹൃദ സേവനങ്ങളും (ഏകദേശം 450 സേവനങ്ങൾ) എം-സേവനം എന്ന ഏകീകൃത മൊബൈൽ ആപ്ലിക്കേഷൻ വഴിയാണ് നൽകുന്നത്.

**കേരള സ്റ്റേറ്റ് സ്പേഷ്യൽ ഡാറ്റ ഇൻഫ്രാസ്ട്രക്ചർ (കെഎസ്ഡിഐ):** പങ്കാളിത്ത പ്രക്രിയയിലൂടെ കേരളത്തിന്റെ വിശദമായ ജീവനുള്ള ഭൂപടം സൃഷ്ടിക്കുകയാണ് മാപത്തോൺ കേരളം ലക്ഷ്യമിടുന്നത്. വിവിധ സന്നദ്ധ സംഘടനകളുടെയും സാമുദായിക സംഘടനകളുടെയും സഹായത്തോടെ കേരളത്തിലുടനീളം മാപ്പിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചു. ഫ്രീ ആൻഡ് ഓപ്പൺ സോഴ്സ് എന്ന സോഫ്റ്റ്‌വെയർ (ഫോസ്), പ്ലാറ്റ്ഫോമിനെ അടിസ്ഥാനമാക്കിയുള്ള പുതിയ ജിയോപോർട്ടൽ ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആൻഡ് ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയറുമായി (ഇക്ഫോസ്)ചേർന്ന് സംയുക്തമായി വികസിപ്പിച്ചെടുത്തു.

**സുഗമ പോർട്ടൽ: റോ പെർമിഷൻ പോർട്ടൽ:** വിവിധ ഡോക്യുമെന്റേഷൻ ആവശ്യത്തിന് ഏജൻസികൾ കൂടുതലും ഒന്നിലധികം നിരക്കുകൾ സ്വീകരിക്കുന്നു, അതിന് നിലവിൽ റോഡ് കട്ടിംഗ് പെർമിഷൻ/റോ പെർമിഷൻ ആവശ്യമുള്ള ഏജൻസിക്ക് ഒന്നിലധികം ഓഫീസുകൾ സന്ദർശിക്കേണ്ടതുണ്ട്. കെഎസ്ഐടിഎം ഒരു ഓൺലൈൻ ആപ്ലിക്കേഷൻ സംവിധാനം റോഡ് കട്ടിംഗ് പെർമിഷൻ, യൂട്ടിലിറ്റി ഷിഫ്റ്റിംഗ് എന്നിവയ്ക്കായി വികസിപ്പിച്ചെടുത്തിട്ടുണ്ട്.

### കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ ആൻഡ് ടെക്നോളജി

2020 ൽ കേരള സർക്കാർ ഐഐഐടിഎംകെ യെ "കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ ആൻഡ് ടെക്നോളജി" ആയി ഉയർത്തി. ബഹുമാനപ്പെട്ട കേരള ഗവർണർ പുറപ്പെടുവിച്ച ഒരു ഓർഡിനൻസിലൂടെ (2020-ലെ നമ്പർ 9) ഡിജിറ്റൽ യൂണിവേഴ്സിറ്റി-യെ കേരള ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻസ് ആൻഡ് ടെക്നോളജി ആയി അപ്ഗ്രേഡ് ചെയ്തു. യൂണിവേഴ്സിറ്റി 2021 ഫെബ്രുവരി 20 ന് ഉദ്ഘാടനം ചെയ്ത്, ടെക്നോസിറ്റി കാമ്പസിൽ നിന്ന് പ്രവർത്തനം ആരംഭിച്ചു. ഡിജിറ്റൽ സാങ്കേതികവിദ്യകൾ, ശാസ്ത്രം, ഹ്യൂമാനിറ്റീസ് എന്നീ മേഖലകളിൽ വിദ്യാഭ്യാസം, ഗവേഷണം, വിപുലീകരണ പ്രവർത്തനങ്ങൾ എന്നിവ നടത്തി ആഗോള പ്രശസ്തിയുടെ അതുല്യമായ കേന്ദ്രമായി മാറാനാണ് സർവകലാശാല വിഭാവനം ചെയ്യുന്നത്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, നാച്ചുറൽ ലാംഗ്വേജ് പ്രോസസിംഗ്, ഇന്റർനെറ്റ് ഓഫ് തിങ്സ്, ഇലക്ട്രോണിക് സിസ്റ്റങ്ങളും ഓട്ടോമേഷൻ, ഇമേജിംഗ് ടെക്നോളജീസ്, ഡാറ്റാ അനലിറ്റിക്സ്, ബിഗ് ഡാറ്റ, സൈബർ സെക്യൂരിറ്റി, ബ്ലോക്ക് ചെയിൻ ഇൻഫോർമാറ്റിക്സും ജിയോസ്പേഷ്യൽ അനലിറ്റിക്സ്,ഇക്കോളജിക്കൽ എന്നീ മേഖലകളിൽ മാസ്റ്റേഴ്സ്, ഡോക്ടറേറ്റ് പ്രോഗ്രാമുകളിൽ ശേഷി വർദ്ധിപ്പിക്കുകയാണ് സർവകലാശാല ലക്ഷ്യമിടുന്നത്.

ശാസ്ത്ര, സാങ്കേതിക, മാനേജ്മെന്റ് മേഖലകളിൽ ഒരു ഉന്നത സ്ഥാപനമെന്ന നിലയിൽ 2000-ൽ ആരംഭിച്ച സ്ഥാപനമാണ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആൻഡ് മാനേജ്മെന്റ്-കേരള. വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിലും, സംരംഭകത്വവും സാമൂഹിക ഉത്തരവാദിത്വവുമുള്ള പ്രൊഫഷണലുകളെയും നേതൃ ശേഷിയുള്ളവരെ വളർത്തിയെടുക്കുന്നതിലും ഈ സ്ഥാപനം പ്രാധാന്യം നൽകുന്നു. ലോകോത്തര വിദഗ്ധരുമായും ഗവേഷകരുമായും സംവദിക്കാൻ വിദ്യാർത്ഥികൾക്ക് അവസരം നൽകുന്നതിന് ഇത് ദേശീയ അന്തർദേശീയ കോൺഫറൻസുകളും വർക്ക് ഷോപ്പുകളും ഏകോപിപ്പിക്കുന്നു.

അടിസ്ഥാന, പ്രായോഗിക വിവര സാങ്കേതിക വിദ്യയിലും മാനേജ്മെന്റിലും വിദ്യാഭ്യാസം, ഗവേഷണം, വികസനം, പരിശീലനം എന്നിവയിൽ ഇൻസ്റ്റിറ്റ്യൂട്ട് ശ്രദ്ധ കേന്ദ്രീകരിക്കുന്നു. മാസ്റ്റേഴ്സ് പ്രോഗ്രാം, എംഫിൽ പ്രോഗ്രാമുകൾ, പിഎച്ച്ഡി പ്രോഗ്രാമുകൾ, ബിരുദാനന്തര ഡിപ്ലോമ പ്രോഗ്രാമുകൾ എന്നിവയാണ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ അക്കാദമിക് പ്രോഗ്രാമുകൾ.

സൈബർ സുരക്ഷ, മെഷീൻ ഇന്റലിജൻസ്, ഡാറ്റാ അനലിറ്റിക്സ്, ജിയോസ്പേഷ്യൽ അനലിറ്റിക്സ് എന്നിവയിൽ സ്പെഷലൈസേഷനോടുകൂടിയ ഇൻസ്റ്റിറ്റ്യൂട്ട് ഇൻ കമ്പ്യൂട്ടർ സയൻസിൽ നാല് പ്രത്യേക പോസ്റ്റ് ഗ്രാജുവേറ്റ് പ്രോഗ്രാമുകൾ (എംഎസ്സി) വാഗ്ദാനം ചെയ്യുന്നു. മേൽപ്പറഞ്ഞ നാല് പ്രത്യേക കോഴ്സുകൾക്കൊപ്പം, ഇൻസ്റ്റിറ്റ്യൂട്ട് എം.ഫിൽ ഇക്കോളജിക്കൽ ഇൻഫോർമാറ്റിക്സ്, എം.ഫിൽ കമ്പ്യൂട്ടർ സയൻസ്, പി.ജി ഡിപ്ലോമ ഇൻ ഇ-ഗവേണൻസും വാഗ്ദാനം ചെയ്യുന്നു. എം. ഫിൽ, എംഎസ്സി ബിരുദം കൊച്ചി യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജിയും (കുസാറ്റ്) ബിരുദാനന്തര ഡിപ്ലോമ കേരള സർക്കാരിന് കീഴിലുള്ള ഡയറക്ടറേറ്റ് ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷനും വാഗ്ദാനം ചെയ്യുന്നു.

### പ്ലേസ്മെന്റ് റെക്കോർഡുകൾ

ഡിജിറ്റൽ യൂണിവേഴ്സിറ്റിയിൽ നിന്ന് പാസായ കുട്ടികൾ അന്തർദേശീയമായി അറിയപ്പെടുന്ന ഐടി കമ്പനികളായ ജെ.എഫ്.ഡബ്ലിയു.റ്റി.സി- ജനറൽ ഇലക്ട്രിക് ആക്സെഞ്ചർ, ആംഡോക്സ്, സീമെൻസ് ഏണസ്റ്റ് & യങ്, എ.ആർ.എസ് സോഫ്റ്റ്‌വെയർ അലയൻസ് കോൺഹിൽ, ഐബിഎം, ഐ ബി എസ്, ഇൻഫോസിസ്, ടാറ്റ എൽസിഡി ടാറ്റാ കൺസൾട്ടൻസി സർവീസസ്, യു എസ് ടി ഗ്ലോബൽ ടെക്നോളജി വിപ്രോ തുടങ്ങിയ കമ്പനികളിൽ പ്രശംസനീയമായ സ്ഥാനങ്ങൾ വഹിക്കുന്നു.

### ഗവേഷണ കേന്ദ്രങ്ങൾ

ഇൻസ്റ്റിറ്റ്യൂട്ടിൽ സ്റ്റേറ്റ് ഓഫ് ദി ആർട്ട് ലാബുകളുമായി പ്രവർത്തിക്കുന്ന ചുവടെപറയുന്ന ഗവേഷണ ഗ്രൂപ്പുകൾ കഴിഞ്ഞ 10 വർഷത്തിനിടെ നൂറിലധികം ദേശീയ അന്തർദേശീയ ഗവേഷണ പ്രസിദ്ധീകരണങ്ങൾ പുറത്തിറക്കിയിട്ടുണ്ട്.

- സിവി രാമൻ ലബോറട്ടറി ഓഫ് ഇക്കോളജിക്കൽ ഇൻഫോർമാറ്റിക്സ്
- കോഗ്നിറ്റീവ് കമ്പ്യൂട്ടിംഗിലെ സെന്റർ ഓഫ് എക്സലൻസ്
- കേരള ബ്ലോക്ക്ചെയിൻ അക്കാദമി
- സൈബർ ഭീഷണി പഠിക്കാനായി സെന്റർ ഫോർ റിസർച്ച് ആൻഡ് ഇന്നൊവേഷൻ
- പാറ്റേൺ, ഇമേജ് അനാലിസിസ് എന്നിവയിലെ മികവിന്റെ കേന്ദ്രങ്ങളാണ്
- ഭാഷാ കമ്പ്യൂട്ടിംഗിനായുള്ള വെർച്വൽ റിസോഴ്സ് സെന്റർ
- ജിയോ ഇൻഫോർമാറ്റിക്സ് വേണ്ടി കേന്ദ്രം സ്ഥാപിച്ചു.
- ഡാറ്റാ സയൻസ്, ഇൻഫോർമാറ്റിക്സ് വേണ്ടി കേന്ദ്രം സ്ഥാപിച്ചു.

- ഉയർന്ന നിലവാരമുള്ള വിദ്യാഭ്യാസത്തിനും നൈപുണ്യ വികസനത്തിനും വേണ്ടി വെബ് അധിഷ്ഠിത മൾട്ടിമീഡിയയുടെ കേന്ദ്രം സ്ഥാപിച്ചു.
- ഇ ഗവേണൻസിനായുള്ള സോഫ്റ്റ്വെയർ എഞ്ചിനീയറിംഗിലെ വിജ്ഞാനകേന്ദ്രം
- മെഡിക്കൽ ഇൻഫർമേഷൻ സിസ്റ്റംസ് സെന്റർ
- ഇൻഫോർമാറ്റിക്സ് സിസ്റ്റങ്ങളും സേവനങ്ങളും
- ഇന്റലിജൻസ് ആൻഡ് സെക്യൂരിറ്റി ഇൻഫോർമാറ്റിക്സ് (സിഐഎസ്ഐ) കേന്ദ്രം.
- സെന്റർ ഫോർ അഗ്രി ഇൻഫോർമാറ്റിക്സ് ആൻഡ് ഇ ഗവേണൻസ്

തിങ്ക്യാബേറ്റർ, ക്ലൗഡ് കമ്പ്യൂട്ടിംഗ് ലാബ്, ഡാറ്റ–കംപ്യൂട്ടേഷണൽ മോഡലിംഗ് ലാബ്, എംബഡഡ് സിസ്റ്റംസ് ലാബ്, ഫാബ് ലാബ്, ജിയോ ഇൻഫോർമാറ്റിക്സ് ലാബ്, ലോട്ട് ലാബ്, ഇലക്ട്രോണിക്സ് ഇൻകുബേറ്റർ ലാബ്, ലാംഗ്വേജ് കമ്പ്യൂട്ടിംഗ് ലാബ്, മൾട്ടിമീഡിയ ലാബ്, മെഡിക്കൽ ഇമേജ് കമ്പ്യൂട്ടിംഗ്, സിഗ്നൽ പ്രോസസ്സിംഗ് ലാബ്, ഡാറ്റാ എഞ്ചിനീയറിംഗ് ലാബ്, അഗ്രി–ഇൻഫോർമാറ്റിക്സ് ലാബ് എന്നിവയാണ് ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രവർത്തിക്കുന്ന വിവിധ ഗവേഷണ ലാബുകൾ.

### ടെക്നോസിറ്റി കാമ്പസ്

ടെക്നോസിറ്റിയിലെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതിയ കാമ്പസ് പൂർത്തികരണ ഘട്ടത്തിലാണ്, ഇൻഫർമേഷൻ ടെക്നോളജിയിലും അതിന്റെ ആപ്ലിക്കേഷൻ ഡൊമെയ്നുകളിലും പഠനങ്ങൾ, ഗവേഷണങ്ങൾ, ഇൻകുബേഷൻ എന്നിവ സുഗമമാക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യും. പൂർത്തീകരിച്ച ക്യാമ്പസിൽ മൊത്തം 48,161 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുണ്ടാകും. അക്കാദമിക് ബ്ലോക്ക്, സ്റ്റുഡന്റ്സ് ഹോസ്റ്റൽ ബ്ലോക്ക്, വിവിധ ബ്ലോക്കുകളായ സബ്സ്റ്റേഷൻ, സംപ്, പമ്പ് ഹൗസ് എന്നിവയുടെ നിർമ്മാണം പൂർത്തിയായി. കാമ്പസിലേക്കുള്ള കെഎസ്ഇബി വൈദ്യുതി വിതരണം ഉപയോഗിക്കാൻ തയ്യാറാണ്. ട്രാൻസ്ഫോർമർ, ടൈം ഓഫ് ദി ഡേ (ടിഒഡി) മീറ്റർ എന്നിവയുടെ പരിശോധന പൂർത്തിയായി. എസ്ടിപി പ്ലാന്റുകൾ പ്രവർത്തിപ്പിക്കുന്നതിന് കേരള മലിനീകരണ നിയന്ത്രണ ബോർഡിന്റെ അന്തിമ അനുമതി ലഭിച്ചു.

### ഐഐഐടിഎംകെ യുടെ പ്രധാന ഭൗതിക നേട്ടങ്ങൾ

- എംഎസ്സി, എംഫിൽ വിദ്യാർത്ഥികൾക്കായി 1015 സിലബസ് അധിഷ്ഠിതവും, ഓപ്പൺ ആക്സസ് ഡിജിറ്റൽ പുസ്തകങ്ങളെ വിദൂരമായി ആക്സസ് ചെയ്യാവുന്നതുമായ പാക്കേജ് സൃഷ്ടിച്ചു.
- ഐഐഐടിഎംകെ ലൈബ്രറിയിലെയും കെയുഡിഎസ്ഐടി നോളജ് സെന്റർ റിസോഴ്സ് & സർവീസസിലെയും പുതിയ ബാച്ചുകളിലെ വിദ്യാർത്ഥികൾക്ക് വിദൂരമായി ഉപയോഗിക്കാനുള്ള പ്രത്യേക സൗകര്യങ്ങൾ ഉൾപ്പെടെയുള്ള ഒരു ഓൺലൈൻ പരിചയപ്പെടുത്തൽ പ്രോഗ്രാം.
- അധിക ചിലവുകൾ കൂടാതെ ലൈബ്രറി ഉപയോക്താക്കളുടെ എല്ലാ വിഭാഗങ്ങൾക്കും ഇ–റിസോഴ്സുകളുടെ ഒരു ശ്രേണിയിലേക്ക് ഇഷ്ടാനുസൃതമാക്കിയ ആക്സസ് നൽകുന്നു. ലൈബ്രറി ഉപയോക്താക്കൾക്കുള്ള ലോക്ക്ഡൗണിന്റെ നിയന്ത്രണങ്ങൾ പൂർണ്ണമായും ഇല്ലാതാക്കുന്ന ശ്രദ്ധേയമായ നേട്ടമാണിത്.
- പഠിതാക്കളുടെ സമൂഹത്തിന്റെ മാറിക്കൊണ്ടിരിക്കുന്ന ആവശ്യങ്ങളും ഉപയോഗ രീതികളും നിറവേറ്റുന്നതിനായി നോളജ് സെന്ററിന്റെ ഭാഗമായി 'ലേണിംഗ് സ്പേസ്' എന്ന പേരിൽ ഒരു പുതിയ പ്രവർത്തന മേഖല സൃഷ്ടിച്ചു.

### ടെക്നോപാർക്ക്

ആഗോള നിലവാരമുള്ള പശ്ചാത്തല സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും സാങ്കേതിക വിദ്യയിലൂന്നിയ വ്യവസായങ്ങളുടെ വികസനത്തിനാവശ്യമായ മുഴുവൻ സഹായവും നൽകുന്നതിനുമായി കേരള സർക്കാരിൻറെ പൂർണ്ണ ഉടമസ്ഥതയിലുള്ള ഒരു സ്വയംഭരണ സ്ഥാപനമായാണ് ടെക്നോപാർക്ക് ആരംഭിച്ചത്. 1995 നവംബർ 18–നാണ് ഈ സ്ഥാപനം ഔദ്യോഗികമായി രാഷ്ട്രത്തിന് സമർപ്പിച്ചത്. അന്നു മുതൽ ടെക്നോപാർക്ക് അതിന്റെ വലിപ്പത്തിലും, ജീവനക്കാരുടെ എണ്ണത്തിലും വളർന്നുകൊണ്ടേയിരിക്കുന്നു. മൂന്നാം ഘട്ട വികസനത്തോടെ ഇന്ത്യയിലെ ഏറ്റവും വലിയ ഐ.റ്റി. പാർക്കുകളിൽ ഒന്നായി ടെക്നോപാർക്ക് മാറും. ഇവിടെ 380 ഏക്കർഭൂമിയും 9.7 മില്യൺ ചതുരശ്ര അടി ബിൽറ്റ് അപ്പ് ഏര്യയുമുണ്ട്. കഴക്കൂട്ടത്ത് ടെക്നോസിറ്റി പ്രോജക്ട് വരുന്നതോടുകൂടി 424 ഏക്കർ വിസ്തൃതിയിൽ ഒരു ഏകീകൃത ഐ.റ്റി. ടൗൺഷിപ്പാകുകയും, കേരളത്തിലെ തന്നെ ആദ്യത്തെ ഐ.റ്റി. ഇടനാഴിയായി മാറുകയും ചെയ്യും. 63,000 ത്തിലധികം ഐടി / ഐടിഇഎസ് പ്രൊഫഷണലുകൾ ജോലി ചെയ്യുന്ന ഈ പാർക്കിൽ ഇപ്പോൾ 460 കമ്പനികളുണ്ട്. സംസ്ഥാന സമ്പദ്വ്യവസ്ഥയിൽ ടെക്നോപാർക്കിന്റെ സംഭാവന **പട്ടിക 5.1.2**–ൽ കാണിച്ചിരിക്കുന്നു. ടെക്നോപാർക്കിന്റെ വളർച്ചയുടെയും ഭൗതിക നേട്ടങ്ങളുടെയും വിശദാംശങ്ങൾ യഥാക്രമം **അനുബന്ധം 5.1.2, 5.1.3** എന്നിവയിൽ നൽകിയിരിക്കുന്നു.

### ടെക്നോപാർക്കിന്റെ അധീനതയിലുള്ള ഭൂമി

വിവിധ ഘട്ടങ്ങളിലായി പൂർത്തിയാക്കിയ 662.54 ഏക്കറിൽ വ്യാപിച്ചുകിടക്കുന്ന 5 കാമ്പസുകളാണ് ടെക്നോപാർക്കിലുള്ളത്. 5 കാമ്പസുകളിലായുള്ള ഭൂവിവരം സംബന്ധിച്ച വിശദാംശങ്ങൾ **പട്ടിക 5.1.3**–ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 5.1.3** ടെക്നോപാർക്കിന്റെ അധീനതയിലുള്ള ഭൂമി.

| ഘട്ടങ്ങൾ | ഘട്ടം I | ഘട്ടം II | ഘട്ടം III | ടെക്നോസിറ്റി | ടെക്നോപാർക്ക് കൊല്ലം |
|---|---|---|---|---|---|
| ഭൂവിസ്തൃതി (ഏക്കറിൽ) | 148.22 | 86 | 90.12 | 335.53 | 2.67 |

അവലംബം: ടെക്നോപാർക്ക്

**പട്ടിക 5.1.2** സംസ്ഥാന സമ്പദ് ഘടനയിൽ ടെക്നോപാർക്കിന്റെ സംഭാവന


| ഇനം | നേട്ടങ്ങൾ 2017–18 | നേട്ടങ്ങൾ 2018–19 | നേട്ടങ്ങൾ 2019–20 | നേട്ടങ്ങൾ 2020–21 |
|---|---|---|---|---|
| ആകെ വിറ്റുവരവ് (രൂപ കോടിയിൽ) | 14,000 | 14,000 | 15,000 | 15,000 |
| ആകെ കയറ്റുമതി (രൂപ കോടിയിൽ) | 6,450 | 7,000 | 7,350 | ഓഡിറ്റ് ചെയ്ത വിവരങ്ങൾ ലഭ്യമായിട്ടില്ല |
| ആകെ നിക്ഷേപം (രൂപ കോടിയിൽ) | 4,970 | 4,979 | 4,979 | 5,309 |
| ആകെ തൊഴിലവസരങ്ങൾ (എണ്ണം) | 56,000 | 60,000 | 62,000 | 63,000 |
| ആകെ കമ്പനികൾ (എണ്ണം) | 400 | 410 | 450 | 460 |
| ആകെ സ്ഥലം (ഏക്കറിൽ) | 662.54 | 662.54 | 662.54 | 662.54 |
| ആകെ ബിൽറ്റപ് ഏരിയ (ലക്ഷം ചതുരശ്ര അടി) | 89 | 97 | 101 | 103 |

അവലംബം: ടെക്നോപാർക്ക്

## ടെക്നോപാർക്കിലെ ബിൽറ്റ് അപ്പ് ഏരിയയുടെ വളർച്ച

ടെക്നോപാർക്കിലെ ബിൽറ്റ് അപ്പ് സ്ഥലം 2015–16ൽ 72 ലക്ഷം ചതുരശ്ര അടിയിൽ നിന്ന് 2020–21 ൽ 102.7 ലക്ഷം ചതുരശ്ര അടി ആയി ഉയർന്നു. ഇതിൽ ടെക്നോപാർക്ക് വ്യാവസായിക മൊഡ്യൂളുകൾക്കായി 32.8 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണം സൃഷ്ടിച്ചു, കൂടാതെ കമ്പനികൾ പൂർത്തിയാക്കിയ മൊത്തം 75.7 ലക്ഷം ചതുരശ്ര അടി സ്ഥലമാണ്. ടെക്നോപാർക്കിലെ ബിൽറ്റ്അപ് ഏരിയയുടെ വളർച്ച **ചിത്രം 5.1.1**–ൽ കാണിച്ചിരിക്കുന്നു.

**ചിത്രം 5.1.1** ടെക്നോപാർക്കിലെ ബിൽറ്റ് അപ്പ് ഏര്യയുടെ വളർച്ച




അവലംബം: ടെക്നോപാർക്ക്


## ടെക്നോപാർക്കിലെ കമ്പനികൾ

കഴിഞ്ഞ 5 വർഷത്തിനിടയിൽ ടെക്നോപാർക്കിൽ പ്രവർത്തിക്കുന്ന കമ്പനികളുടെ എണ്ണത്തിൽ വർദ്ധനയുണ്ടായിട്ടുണ്ട്. 2015–16 ൽ ടെക്നോപാർക്കിൽ 358 കമ്പനികൾ പ്രവർത്തിച്ചിരുന്നു. 2020–21 ൽ ഇത് 460 ആയി വർദ്ധിച്ചു. 2015–16 മുതൽ 2019–20 വരെയുള്ള കമ്പനികളുടെ എണ്ണം സംബന്ധിച്ച വിവരം **ചിത്രം 5.1.2**–ൽ ചേർത്തിരിക്കുന്നു.

## ടെക്നോപാർക്കിൽനിന്നുള്ള കയറ്റുമതിയുടെ വളർച്ച

ടെക്നോപാർക്കിൽനിന്നുള്ള കയറ്റുമതി 2014–15 ൽ 5,100 കോടിയായിരുന്നത് 2018–19 ആയപ്പോൾ 7,000 കോടി രൂപയായി വർദ്ധിച്ചു. 2019–20 ൽ ഇത് 7,350 കോടിയായി ഉയർന്നു, ഇത് മുൻ വർഷത്തെ അപേക്ഷിച്ച് 5 ശതമാനം


**ചിത്രം 5 .1. 2** ടെക്നോപാർക്കിലെ കമ്പനികളുടെവളർച്ച




അവലംബം: ടെക്നോപാർക്ക്

വർദ്ധന. കഴിഞ്ഞ 5 വർഷമായി ടെക്നോപാർക്കിൽ നിന്നുള്ള കയറ്റുമതി വിവരം **ചിത്രം 5.1.3**–ൽ രേഖപ്പെടുത്തിയിരിക്കുന്നു.

**ചിത്രം 5.1.3** ടെക്നോപാർക്കിൽ നിന്നുള്ള കയറ്റുമതി





അവലംബം: ടെക്നോപാർക്ക്

## ടെക്നോപാർക്കിലെ തൊഴിലിലുണ്ടായ വർദ്ധനവ്

ടെക്നോപാർക്കിന്റെ വളർച്ച ആ സ്ഥാപനത്തിലുണ്ടായ അവസാന അഞ്ച് വർഷത്തെ തൊഴിലിന്റെ വളർച്ചയുമായി ബന്ധപ്പെട്ട് വിശകലനം ചെയ്യാവുന്നതാണ്. 2014–15 ൽ തൊഴിലവസരങ്ങൾ 47,100 ആയിരുന്നത് 2020–21 ആയപ്പോഴേക്കും 63,000 ആയി വർദ്ധിച്ചു. കഴിഞ്ഞ 5 വർഷത്തെ തൊഴിലവസരങ്ങളിലുണ്ടായ വർദ്ധന **ചിത്രം 5.1.4**–ൽ രേഖപ്പെടുത്തിയിരിക്കുന്നു.

**ചിത്രം 5.1.4** ടെക്നോപാർക്കിലെ തൊഴിലവസരങ്ങളുടെ വർദ്ധന




അവലംബം: ടെക്നോപാർക്ക്

ടെക്നോപാർക്ക് മൂന്നാം ഘട്ടത്തിൽ എംബസി ടോറസ് പദ്ധതിയുടെ നിർമ്മാണം ആരംഭിക്കുകയും അത് സജീവമായി തുടരുകയും ചെയ്യുന്നു. ഇതിൽ രണ്ടു ഘട്ടങ്ങളിലായി മൊത്തം 1,500 കോടി മുതൽമുടക്കിൽ ടെക്നോപാർക്കിൽ ലോകോത്തര ബിസിനസ് ഇൻഫ്രാസ്ട്രക്ചർ സൃഷ്ടിക്കാൻ വിഭാവനം ചെയ്തിരിക്കുന്നു. പദ്ധതി പൂർത്തിയാകുമ്പോൾ 20,000 നേരിട്ടുള്ള തൊഴിലവസരങ്ങളും 50,000 പരോക്ഷ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടും എന്ന് പ്രതീക്ഷിക്കുന്നു.

## ടെക്നോസിറ്റി

ടെക്നോപാർക്കിന്റെ പ്രധാന പദ്ധതിയാണ് ടെക്നോസിറ്റി പ്രോജക്റ്റ്. ഐടി സംയോജിത ടൗൺഷിപ്പ് ആൻഡ് നോളജ് സിറ്റി, വളർന്നുവരുന്ന സാങ്കേതികവിദ്യകളിൽ ആറ് സെന്റർ ഓഫ് എക്സലൻസിനാണ്,(സിഇഎസ്)രൂപകൽപ്പന ചെയ്തിട്ടുള്ളത്. സംസ്ഥാനത്ത് സുസ്ഥിരവും ആരോഗ്യകരവുമായ ഐടി ആവാസവ്യവസ്ഥ സൃഷ്ടിക്കുന്നതിന് സിഇഎസ് സഹായിച്ചു. 1) സൈബർ സുരക്ഷ, ബ്ലോക്ക്ചെയിൻ, 2) ഫിൻടെക്, ബ്ലോക്ക്ചെയിൻ, 3) ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലേണിംഗ്, 4) വെർച്വൽ / ആമെന്റഡ് റിയാലിറ്റി, 5) ഇ-മൊബിലിറ്റി, 6) ബഹിരാകാശ ശാസ്ത്രം എന്നിങ്ങനെയുള്ള ഐടി സാങ്കേതികവിദ്യകളെ അടിസ്ഥാനമാക്കിയാണ് സെന്റർ ഓഫ് എക്സലൻസ് പൂർത്തികരിച്ചിട്ടുള്ളത്.

ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഡീപ് മെഷീൻ ലേണിംഗ്, റോബോട്ടിക്സ്, ഇലക്ട്രിക് / ഓട്ടോമേറ്റഡ് വാഹനങ്ങൾ എന്നിവയുടെ സിഇ ആയിരിക്കും നിസ്സാൻ ഡിജിറ്റൽ ഇന്ത്യ എൽഎൽപി. ബഹിരാകാശ ദൗത്യ പരിപാടികൾക്കായി ടെക്നോപാർക്ക് വി.എസ്.എസ്.സിയുമായി സഹകരിച്ച് നാനോ സ്പേസ് പാർക്ക് പ്രോജക്റ്റിനൊപ്പം സ്പേസ് സിസ്റ്റംസ് കോംപ്ലക്സ് സ്ഥാപിച്ചു.

ഐടി ഇന്റഗ്രേറ്റഡ് ടൗൺഷിപ്പിന് 287.7 ഏക്കറും നോളജ് സിറ്റിക്കായി 102.05 ഏക്കറുമായി ടെക്നോപാർക്ക് 335.53 ഏക്കർ സ്ഥലം പള്ളിപ്പുറത്ത് സ്വന്തമാക്കി.അടിസ്ഥാന സൗകര്യങ്ങളുടെ പണി ആരംഭിച്ചു, ടിസിഎസ്, നിസ്സാൻ, സൺടെക്, കാസ്, ഐഐഐടിഎം – കെ എന്നിവയ്ക്ക് ഭൂമി അനുവദിച്ചു. പത്തുവർഷത്തെ പദ്ധതിയായി ടെക്നോസിറ്റി പദ്ധതി വിഭാവനം ചെയ്യുന്നു. ഐടി മേഖലയിൽ ഒരു ലക്ഷം പേർക്ക് നേരിട്ടും 4 ലക്ഷത്തോളം പേർക്ക് പരോക്ഷമായും തൊഴിലവസരം നൽകുന്ന പദ്ധതിയാണിത്. 5000 കോടി രൂപ മുതൽ മുടക്കിൽ ഏകദേശം 10 ദശലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഓഫീസ് കെട്ടിടം നിർമ്മിച്ചു.

## ടെക്നോപാർക്ക് കൊല്ലം

കേരള സർക്കാർ 18 ഹെക്ടർ സ്ഥലം എം/എസ് കേരള സ്റ്റേറ്റ് ഐടി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന് കൈമാറിയിട്ടുണ്ട്. ഇതിൽ 10 ശതമാനം സ്ഥലം ടെക്നോപാർക്കിന് കൊല്ലം ടെക്നോപാർക്കിന്റെ പ്രവർത്തനത്തിനും പരിപാലനത്തിനുമായി നൽകും. ലോകോത്തര നിലവാരമുള്ള 1,00,000 ചതുരശ്ര അടി ഐടി കെട്ടിടം അഷ്ടമുടിയിൽ പൂർത്തിയായി. ക്യാമ്പസിനുള്ളിലെ പമ്പ് ഹൗസ്, ഓവർഹെഡ് വാട്ടർ ടാങ്ക്, ആർട്ടീരിയൽ റോഡ് ജോലികൾ എന്നിവയുൾപ്പെടെയുള്ള ജലവിതരണ സംവിധാനം പൂർത്തിയായി. കാമ്പസിലെ തെരുവുവിളക്കുകൾ പൂർണ്ണമായും സൗരോർജ്ജ അധിഷ്ഠിതമാണ്. അടുത്ത 2 വർഷത്തിനുള്ളിൽ 800 തൊഴിലവസരങ്ങൾ നൽകുമെന്നാണ് പ്രതീക്ഷിക്കുന്നത്. സ്മാർട്ട് ബിസിനസ് സെന്റർ പ്രവർത്തന സജ്ജമാണ്, 20 കമ്പനികൾ കേന്ദ്രത്തിൽ നിന്നും പ്രവർത്തിക്കുന്നു.

## ഇൻഫോപാർക്ക്

കൊച്ചിയിലെ ഇൻഫോപാർക്ക്, ചേർത്തലയിലും തൃശ്ശൂരിലും സ്പോക്കുകളുള്ള കേരളത്തിലെ രണ്ടാമത്തെ വലിയ ഐടി ഹബ്ബാണ്. ഐ.ടി./ഐ.ടി.ഇ.എസ് കമ്പനികൾക്ക് ആവശ്യമായ വൈദ്യുതി, ജലവിതരണം, കണക്ടിവിറ്റി, തുടങ്ങിയ സ്റ്റേറ്റ് ഓഫ് ആർട്ട് അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുകയാണ് ഇൻഫോപാർക്കിന്റെ ലക്ഷ്യം. ഇൻഫോപാർക്കും അതിന്റെ വികസന പങ്കാളികളും ചേർന്ന് (2004-ൽ ആരംഭിച്ചതു മുതൽ) 9.2 മില്ല്യൺ ചതുരശ്ര അടി ബിൽറ്റ് അപ് സ്ഥലം സൃഷ്ടിക്കുകയും 415 ഐ.ടി കമ്പനികളിലൂടെ 51,000 ലധികം ഐ.ടി പ്രൊഫഷണലുകൾക്ക് തൊഴിൽ നൽകുന്നുമുണ്ട്. 2019-20 കാലയളവിൽ കയറ്റുമതി കണക്കുകൾ 5,200 കോടി രൂപയും 2020-21-ൽ ഇത് ഏകദേശം 5,700 കോടി രൂപയുമാണ്.

## ഇൻഫോപാർക്കിന്റെ അധീനതയിലുള്ള ഭൂമി

322.98 ഏക്കറിലായി വികസനത്തിന്റെ വിവിധ ഘട്ടങ്ങളിൽ 5 കാമ്പസുകൾ ഇൻഫോപാർക്കിനുണ്ട്. ഈ 5 കാമ്പസുകളിലെ ഭൂവിസ്തൃതി സംബന്ധിച്ച വിശദാംശങ്ങൾ **പട്ടിക 5.1.4**-ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 5.1.4** ഇൻഫോപാർക്കിന്റെ അധീനതയിലുള്ള ഭൂമി

| ഘട്ടങ്ങൾ | ഘട്ടം I | ഘട്ടം II | തൃശ്ശൂർ | ചേർത്തല | ടി.ബി.സി കല്ലൂർ |
|---|---|---|---|---|---|
| ഭൂവിസ്തൃതി (ഏക്കറിൽ) | 100.86 | 125.92 | 30 | 66.2 | ജിസിഡിഎയുടെ ഉടമസ്ഥതയിലുള്ള കെഎസ് ഐ ടി എമ്മിന്റെ പാട്ടത്തിന് കീഴിൽ 30,000ച. കി മി അടി ബിൽറ്റ് അപ് സ്ഥലം |

അവലംബം: ടെക്നോപാർക്ക്

### 2020–21 കാലയളവിൽ ഇൻഫോപാർക്കിന്റെ പ്രധാന നേട്ടങ്ങൾ

- മൊത്തം ജീവനക്കാരുടെ എണ്ണം 53000 ആയി ഉയർന്നു.
- മൊത്തം കയറ്റുമതി വരുമാനം 5700 കോടി രൂപയായി വർദ്ധിച്ചു.
- ആന്തരിക റോഡ് റീടാറിംഗ് പൂർത്തിയായി.
- എൽഎആർ ബാധ്യത പൂർണ്ണമായും തീർപ്പാക്കി.
- പുതിയ 33 ചെറുകിട/ഇടത്തരം കമ്പനികൾക്ക് സ്ഥലം അനുവദിച്ചു.
- ഏകദേശം 300 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ചു.
- എം/എസ് ഐബിഎസ് സംവിധാനങ്ങൾ വഴിയുള്ള കെട്ടിടത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നു.
- എം/എസ് മീഡിയ സിസ്റ്റങ്ങളും എം/എസ് കാസ്പിയനും ചേർന്നുള്ള കെട്ടിടത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നു.

**പട്ടിക 5.1.5** ഇൻഫോപാർക്കിന്റെ പ്രധാന ഭൗതിക നേട്ടം

| വിശദാംശങ്ങൾ | നേട്ടങ്ങൾ 19–2018 | നേട്ടങ്ങൾ 20–2019 | നേട്ടങ്ങൾ 21–2020 |
|---|---|---|---|
| മൊത്തം വിറ്റുവരവ് (കോടി രൂപ) | 4,500 | 5,200 | 5,700 |
| ആകെ തൊഴിൽ (എണ്ണം) | 40,000 | 47,000 | 53,000 |
| കമ്പനികളുടെ എണ്ണം (എണ്ണം) | 392 | 427 | 420 |
| ആകെ ഭൂമി (ഏക്കർ) | 323 | 323 | 323 |
| ആകെ ബിൽറ്റ് അപ്പ് സ്പേസ് (ദശലക്ഷം ചതുരശ്ര അടി) | 9.0 | 10.2 | 10.2 |

അവലംബം: ഇൻഫോപാർക്ക്

### സൈബർ പാർക്ക്

തിരുവനന്തപുരത്തെ ടെക്നോപാർക്കിന്റെയും കൊച്ചിയിലെ ഇൻഫോപാർക്കിന്റെയും മാതൃകയിൽ കോഴിക്കോട് സൈബർ പാർക്ക് സ്ഥാപിച്ചത് ഒരു ഹബ്, സ്പോക്ക് മോഡലിനെ അടിസ്ഥാനമാക്കിയാണ്. കൊച്ചി മുതൽ കാസർഗോഡ് വരെ പടിഞ്ഞാറൻ തീരത്ത് ഐടി ഇൻഫ്രാസ്ട്രക്ചർ വിടവ് നികത്താനാണ് ഇത് സ്ഥാപിച്ചത്. ഐടി/ഐടിഇഎസ് നിക്ഷേപകർക്ക് ചെലവ് കുറക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ നൽകുക അതുവഴി സോഫ്റ്റ് വെയർ/ സോഫ്റ്റ് വെയർ സേവനങ്ങളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുക, പ്രമോട്ട് ചെയ്യുക, വർദ്ധിപ്പിക്കുക, മലബാർ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക എന്നതാണ് സൈബർപാർക്കിന്റെ ലക്ഷ്യം. സർക്കാരും വ്യവസായവും തമ്മിലുള്ള സാധ്യതയുള്ള നിക്ഷേപകരുമായി ഇടപഴകുക, ഐടി / ഐടിഇഎസ് അടിത്തറ ശക്തിപ്പെടുത്തുക, പ്രമോഷണൽ കാമ്പെയ്നുകൾ നടത്തുക, ഐടി, ഐടിഇഎസ് എന്നിവയ്ക്കായി മാനവ വിഭവശേഷി വികസിപ്പിക്കുക എന്നത് സൈബർപാർക്കിന്റെ ഉത്തരവാദിത്തമാണ്. കോഴിക്കോട് സൈബർപാർക്കിലെ 43 ഏക്കർ ഭൂമിയുടെ മുഴുവൻ ഉടമസ്ഥാവകാശവും കേരള സ്റ്റേറ്റ് ഐടി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിനാണ് (കെഎസ്ഐടിഎൽ).

### സൈബർ പാർക്കിന്റെ പ്രധാന നേട്ടങ്ങൾ ചുവടെ കാണിച്ചിരിക്കുന്നു.

- 2.88 ലക്ഷം ചതുരശ്രയടി വിസ്തീർണ്ണമുള്ള കെട്ടിടത്തിൽ 62 ശതമാനം താമസ സൗകര്യം. നിലവിൽ 52 ഐടി കമ്പനികൾ സെസിൽ പ്രവർത്തിക്കുന്നു.
- സെസ് ഇതര ഐടി പ്രവർത്തനങ്ങൾക്കായി 12391 ചതുരശ്ര അടി സ്ഥലം നീക്കിവച്ചു. അതിൽ കെഎസ്‌യുഎമ്മിന് കീഴിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പ് കമ്പനികൾക്കാണ് നിലവിൽ പകുതി സ്ഥലം അനുവദിച്ചിരിക്കുന്നത്.
- ഏകദേശം 917 നേരിട്ടുള്ള തൊഴിലവസരങ്ങൾ സൃഷ്ടിച്ചു.
- നിലവിൽ 26.17 കോടി രൂപയുടെ കയറ്റുമതി വരുമാനം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സൈബർപാർക്കിന്റെ ഭൗതിക നേട്ടങ്ങൾ **അനുബന്ധം 5.1.5**–ൽ നൽകിയിരിക്കുന്നു. കഴിഞ്ഞ 4 വർഷമായി സൈബർപാർക്കിന്റെ പ്രധാന ഭൗതിക പ്രകടനം **പട്ടിക 5.1.6** നൽകിയിരിക്കുന്നു.

**പട്ടിക 5.1.6** സൈബർപാർക്കിന്റെ ഭൗതിക നേട്ടങ്ങൾ

| വിശദാംശങ്ങൾ | നേട്ടങ്ങൾ 2018–19 | നേട്ടങ്ങൾ 2018–19 | നേട്ടങ്ങൾ 2020–21 | നേട്ടങ്ങൾ 2020–21 (2021 സെപ്റ്റംബർ വരെ) |
|---|---|---|---|---|
| മൊത്തം വിറ്റുവരവ് (കോടി രൂപ) | 8.14 | 14.75 | 26.16 | 14.09 |
| മൊത്തം കയറ്റുമതി (കോടി രൂപ) | 8.14 | 14.75 | 26.16 | 14.09 |
| മൊത്തം നിക്ഷേപം (കോടി രൂപ) | 0.74 | 1.35 | 2.47 | 1.93 |
| ആകെ തൊഴിൽ (എണ്ണം) | 487 | 607 | 764 | 917 |
| കമ്പനികളുടെ എണ്ണം (പ്രവർത്തനപരം) | 23 | 46 | 52 | 52 |
| ആകെ ഭൂമി (ഏക്കറിൽ) | 43 | 43 | 43 | 43 |
| ആകെ ഭൂമി (ഏക്കറിൽ) | 3.0 | 3.0 | 3.0 | 3.0 |

അവലംബം: സൈബർ പാർക്ക്

### കേരള സ്റ്റേറ്റ് ഐ.റ്റി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.എസ്.ഐ.റ്റി.ഐ.എൽ)

സംസ്ഥാനത്തെ ഐടി/ഐടിഇഎസിനായി അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനായി രൂപീകരിച്ച ഒരു പബ്ലിക് ലിമിറ്റഡ് കമ്പനിയാണ് കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.എസ്.ഐ.റ്റി.ഐ.എൽ). സർക്കാരിന്റെ ഉടമസ്ഥാവകാശത്തിലുള്ള ഭൂമി പാട്ടത്തിന് നൽകുകയോ പ്രായോഗികമായ സാമ്പത്തിക മാതൃകകളിലൂടെ സ്വരൂപിക്കുന്ന ഫണ്ട് ഉപയോഗിച്ച് പൊതു സ്വകാര്യ പങ്കാളിത്ത മാതൃകയിൽ സംസ്ഥാനത്ത് ഐ.റ്റി. പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുകയാണ് കമ്പനി ചെയ്യുന്നത്.

ഭൂമി ഏറ്റെടുത്ത് അതിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, ജലം, റോഡ്, ചുറ്റമതിൽ, സെസ് പദവി, മറ്റു സർക്കാർ അംഗീകാരങ്ങൾ എന്നിവ ലഭ്യമാക്കി, വ്യക്തികൾക്ക് ഐ.റ്റി. (സെസ്) മേഖലകൾ, ഐ.റ്റി. പാർക്കുകൾ എന്നിവ വികസിപ്പിക്കുന്നതിനായി സ്വകാര്യ സംരംഭകർക്ക് നൽകുകയാണ് കമ്പനിയുടെ ബിസിനസ് മാതൃക. കെ.എസ്.ഐ.റ്റി.ഐ.എൽന്റെ പ്രധാന ചില പ്രോജക്ടുകൾ ഇനിപ്പറയുന്നവയാണ്.

### 1. സ്കിൽ ഡെലിവറി പ്രോജക്ട്, കേരള

കെ.എസ്.ഐ.ടി.എല്ലിന് കേരള സർക്കാർ നിയോഗിച്ച അഭിമാനകരമായ പദ്ധതിയാണ് സ്കിൽ ഡെലിവറി പ്രോജക്ട്, കേരള. വിദ്യാർത്ഥികളും വ്യവസായവും തമ്മിലുള്ള അന്തരം കുറയ്ക്കുക എന്നതാണ് എസ്ഡിപികെ പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ ഭാഗമായി 150 എൻജിനീയറിംഗ് കോളേജുകളുടെ സജ്ജീകരണവും 3 സ്റ്റുഡിയോകളിലും ടെലികോൺഫറൻസിങ്ങ് സംവിധാനമുള്ള വിർച്ച്വൽ പ്ലാറ്റ്ഫോം ഉൾക്കൊള്ളുന്നതാണ്. കേരളത്തിലുടനീളമുള്ള 74 ക്ലാസ് മുറികളിലും ടെക്നോപാർക്ക്, ഇൻഫോപാർക്ക്, എൻഐടി കാലിക്കട്ട് എന്നിവിടങ്ങളിലെ 3 സ്റ്റുഡിയോകളിലും സിസ്റ്റം ഇന്റഗ്രേഷൻ ജോലികൾ പൂർത്തിയായി.

### 2. കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (കെ.ഫോൺ)

30,000 ത്തോളം സർക്കാർ, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് (ട്രാക്ക് 1) അതിവേഗ ഇന്റർനെറ്റ് കണക്റ്റിവിറ്റി നൽകാൻ പ്രാപ്തിയുള്ള, സംസ്ഥാന വ്യാപകമായി ഒപ്റ്റിക്കൽ ഫൈബർ ശൃംഖലയായ കെഫോൺ, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 20 ലക്ഷം കുടുംബങ്ങൾക്കും മറ്റുള്ളവർക്ക് കുറഞ്ഞ നിരക്കിൽ ഇന്റർനെറ്റ് സേവനങ്ങൾക്കും സൗജന്യ ഇന്റർനെറ്റ് വാഗ്ദാനം ചെയ്യുന്ന (ട്രാക്ക് 2) 1028.20 കോടി രൂപ ചെലവിൽ കെ–ഫോൺ പദ്ധതി നടപ്പാക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. പിന്നീട്, 1548.08 കോടി രൂപയായിപുതുക്കി ഭരണാനുമതി നൽകി. കിഫ്ബി യുടെ സഹായത്തോടെ ട്രാക്ക് 1 നടപ്പിലാക്കാൻ തീരുമാനിച്ചു. കെഎസ്ഇബിഎൽ, കെഎസ്ഐടിഎൽ, കേരള സർക്കാർ എന്നിവയ്ക്ക് അനുകൂലമായി 49: 49: 2 ന്റെ ഓഹരി കൈവശമുള്ള പാറ്റേണിൽ ഒരു പുതിയ ജോയിന്റ് വെഞ്ച്വർ കമ്പനി (കെ–ഫോൺ ലിമിറ്റഡ്) രൂപീകരിച്ചു. പദ്ധതിയുടെ ആദ്യ ഘട്ടം 2021 ഫെബ്രുവരി 18 ന് നടപ്പിലാക്കി. 2022 ഏപ്രിൽ 30–നകം പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

### 3. ടെക്നോസിറ്റിയിൽ ഐടി കെട്ടിടത്തിന്റെ നിർമ്മാണം:

ടെക്നോസിറ്റി വികസിപ്പിക്കുന്നതിന്റെ ഭാഗമായി, 2 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ടെക്നോസിറ്റിയിൽ ആദ്യത്തെ ഐടി കെട്ടിടം നിർമ്മിക്കാൻ സർക്കാർ തീരുമാനിച്ചു. ഇതിനായി കെഎസ്ഐടിഎലിനെ എസ്പിവിയും ഫണ്ടിംഗ് ഏജൻസി കിഫ്ബിയുമാണ്. മൊത്തം പദ്ധതി ചെലവ് 105 കോടി രൂപ. നിർമ്മാണ പ്രവർത്തനങ്ങളുടെ 85 ശതമാനം ജോലികളും പൂർത്തിയായി.

### 4. കളമശ്ശേരിയിലെ ടെക്നോളജി ഇന്നൊവേഷൻ സോണിൽ 1 കെട്ടിടം:

കേരളത്തിൽ ഒരു സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി കൊച്ചി ഇന്നൊവേഷൻ സോണിൽ 3.4 ലക്ഷം ചതുരശ്ര അടി കെട്ടിടം നിർമിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചു. ഇതനുസരിച്ച്, കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ 215.26 കോടി രൂപയ്ക്ക് സർക്കാർ ഭരണപരമായ അനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണത്തിനായി കെഎസ്ഐടിഎൽ എസ്പിവി ആയി നിയോഗിച്ചിട്ടുണ്ട്. മൂന്ന് കെട്ടിടങ്ങളുടെ നിർമ്മാണവും അനുബന്ധ സഹായ ഇൻഫ്രാസ്ട്രക്ചർ ജോലികളും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. നിർമ്മാണ പ്രവർത്തനങ്ങളുടെ 35 ശതമാനം ജോലികളും പൂർത്തിയായി.

### 5. ഗ്രാമ വിജ്ഞാന കേന്ദ്രങ്ങൾ ധർമ്മടം എൽ എസി, തളിപ്പറമ്പ് എൽ എസി എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്നു:

കണ്ണൂരിൽ ഗ്രാമ വിജ്ഞാന കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപ്പാക്കൽ ഏജൻസിയായി കെഎസ്ഐടിഎൽ ഏർപ്പെട്ടിരുന്നു. മൊത്തം കണക്കാക്കിയ ചെലവ് 5.61 കോടി രൂപ. 5.33 കോടി രൂപയുടെ വായ്പ നബാർഡ് അനുവദിച്ചു. 15 പഞ്ചായത്ത് സ്ഥലങ്ങളിൽ ജി.എഫ്. ആർ.ജി പാനൽ ഉപയോഗിച്ച് വില്ലേജ് നോളജ് സെന്റർ കെട്ടിടങ്ങൾ നിർമ്മിക്കുന്നതാണ് പ്രവൃത്തി. ധർമ്മടം നിയോജകമണ്ഡലത്തിലെ ഗ്രാമവിജ്ഞാന കേന്ദ്രങ്ങളിൽ 70 ശതമാനം നിർമ്മാണ പ്രവർത്തനങ്ങളും തളിപ്പറമ്പ് നിയോജകമണ്ഡലത്തിലെ ഗ്രാമവിജ്ഞാന കേന്ദ്രങ്ങളിൽ 55 ശതമാനം നിർമ്മാണ പ്രവർത്തനങ്ങളും പൂർത്തിയായി.

**6. ബഹിരാകാശ പാർക്ക്:** കേരളത്തെ ബഹിരാകാശ ഉൽപന്നങ്ങളുടെയും സേവനങ്ങളുടെയും ഉൽപ്പാദന കേന്ദ്രമാക്കി മാറ്റുന്നതിനുള്ള കേരള ഗവൺമെന്റിന്റെ അഭിലാഷ സംരംഭങ്ങളിലൊന്നാണ് കേരള ബഹിരാകാശ പാർക്ക്. പദ്ധതിയുടെ നോഡൽ ഏജൻസിയായി സർക്കാർ കെഎസ്ഐടിഎൽ നെ നിയമിച്ചു. കെഎസ്ഐടിഎൽ ഡിപിആർ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചു. അനുവദിച്ച 20 ഏക്കർ സ്ഥലത്ത് എയ്റോസ്പേസ് വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്കാണ് പ്രധാനമായും ഊന്നൽ നൽകുന്നത്.

### ഇന്റർ നാഷണൽ സെന്റർ ഫോർ ഫ്രീ ആൻഡ് ഓപ്പൺ സോഴ്സ് സോഫ്റ്റ് വെയർ (ഐ.സി. ഫോസ്സ്)

ഇന്ത്യയിലെയും വിദേശത്തെയും സ്വതന്ത്ര സോഫ്റ്റ് വെയർ സംഘടനകളുമായി ചേർന്ന് സ്വാതന്ത്ര സോഫ്റ്റ് വെയറിന്റേയും സ്വാതന്ത്ര വിജ്ഞാനത്തിന്റേയും വികസനവും പ്രയോഗവും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ ആരംഭിച്ച അന്താരാഷ്ട്രകേന്ദ്രമാണ് ഐ.സി. ഫോസ്സ്. ഫ്രീ ആൻഡ് ഓപ്പൺ സോഴ്സ് സോഫ്റ്റ് വെയറുമായി ബന്ധപ്പെട്ട കൺസൾട്ടൻസി, ഗവേഷണ വികസന പരിപാടികൾ, അക്കാദമിക് പഠനം, സേവനം, പരിശീലനം, പ്രസിദ്ധീകരണം, സർട്ടിഫിക്കേഷൻ, അന്താരാഷ്ട്ര തലത്തിലുള്ള സഹകരണം എന്നിവയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളുടേയും

നോഡൽ ഏജൻസിയാണ് ഐസിഫോസ്. ഫോസ് അധിഷ്ഠിത പരിശീലന പരിപാടികൾ, വർഷോപ്പുകൾ, സെമിനാറുകൾ, ഗവേഷണ പരിപാടികൾ, പ്രൊജക്റ്റുകൾ, മലയാളം കമ്പ്യൂട്ടിംഗ് പ്രവർത്തനങ്ങൾ, വിദ്യാർഥികളുടെ ഇന്റേൺഷിപ്പുകളും പ്രോജക്ടുകളും, സമ്മർ ക്യാമ്പുകൾ, ഫാക്കൽറ്റി വികസന പരിപാടികൾ, ഫെല്ലോഷിപ്പ് പ്രോഗ്രാമുകൾ തുടങ്ങിയവ ഐ.സി ഫോസ് നടത്തിയിട്ടുണ്ട്. 2020–21ലെ ഐസിഫോസ്സിന്റെ പ്രധാന നേട്ടങ്ങൾ താഴെപ്പറയുന്നു.

- ബ്രെയിൽ ക്രോസ് വേഡ് പസിൽ ഉപകരണം– ഉപകരണത്തിന്റെ ആശയം 2020 ഡിസംബറിൽ പൂർത്തിയായി.
- ഐഎസ്എൽ അവട്ടാറ്റ് – ശ്രവണ വൈകല്യമുള്ള വർക്കുള്ള ബ്ലെൻഡർ കോഡ്. അവതാർ ജനറേഷനും ഹംനോസ്യ്സ് റൊട്ടേഷനും 20/240 സൃഷ്ടിച്ചു.
- വികസിപ്പിച്ച ഫേസ് ട്രാക്കിംഗ് മൗസ് – പൂർണ്ണമായും കിടപ്പിലായ ആളുകൾക്ക് ലളിതമായ മുഖചലനത്തിലൂടെ കമ്പ്യൂട്ടിംഗ് ആക്സസ് ചെയ്യാൻ കഴിയും.
- ഫ്ലിപ്പ് മൗസ് എക്സ്റ്റൻഷൻ പൂർത്തിയായി.
- വികസിപ്പിച്ച എഫ്എബിഐ – ഫ്ലെക്സിബിൾ അസിസ്റ്റീവ് ബട്ടൺ.
- ഇന്റർഫേസ് അക സ്വിച്ചുകൾ – വികലാംഗർക്കായി വികസിപ്പിച്ച കമ്പ്യൂട്ടിംഗ് ഇന്റർഫേസ്.
- 77 പേർ പങ്കെടുത്ത വനിതാ ഹാക്കതോൺ സെഷൻ നടത്തി.
- 39 പേർ പങ്കെടുത്ത സ്ത്രീകൾക്കായുള്ള വിന്റർ സ്കൂൾ.
- എവിഎസ് നോഡ് ഡാറ്റ നിരീക്ഷണത്തിനായി ക്ലൗഡ് ഉപയോക്തൃ ഇന്റർഫേസ് വികസിപ്പിച്ചു.
- കാട്ടാക്കടയിൽ എവിഎസ് നടപ്പിലാക്കുന്നതിനെക്കുറിച്ചുള്ള ഒരു വീഡിയോ വികസിപ്പിച്ചെടുത്തു.
- ഓപ്പൺ ഹാർഡ്‌വെയറിനായി രൂപകൽപ്പന ചെയ്ത് വികസിപ്പിച്ച വെർച്വൽ ലാബ്.
- ലോരവാൻ ക്ലാസ് സി നോഡ് വികസിപ്പിച്ചു.
- ആപ്ലിക്കേഷൻ വിന്യാസത്തിനായി ലോരവാൻ അടിസ്ഥാനമാക്കിയുള്ള എസ്ടിഎം32പിസിബി രൂപകൽപ്പന ചെയ്യുകയും നിർമ്മിക്കുകയും ചെയ്തു.
- മാപ്പത്തോൺ കേരളം പ്രോജക്റ്റിനായുള്ള ഒഎസ്എം ടൂളുകളുടെ ഇഷ്ടാനുസൃതമാക്കൽ വിജയകരമായി പൂർത്തിയാക്കി.
- കേരള സ്പേഷ്യൽ ഡാറ്റ ഇൻഫ്രാസ്ട്രക്ചറിനായി ഇഷ്ടാനുസൃതമാക്കിയ സ്പേഷ്യൽ ഡാറ്റ ശേഖരം 'ഓപ്പൺഎസ്ഡിഐ' വിജയകരമായി വിന്യസിച്ചു.
- 9 കമ്പനികൾ സ്വതന്ത്ര ഇൻകുബേഷൻ ഉപയോഗിച്ച് ഇൻകുബേറ്റ് ചെയ്തു.
- 77 പേർ പങ്കെടുത്ത രണ്ട് ഫാക്കൽറ്റി വികസന പരിപാടികൾ നടത്തി.
- 345 പേർ പങ്കെടുത്ത നാല് വെബിനാറുകൾ/സെമിനാറുകൾ നടത്തി.

### കേരള സ്റ്റാർട്ടപ്പ് മിഷൻ (കെ.എസ്.യു.എം.)

സംരംഭകത്വ വികസനം, ഇൻകുബേഷൻ പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ നോഡൽ ഏജൻസിയാണ് കേരള സ്റ്റാർട്ടപ്പ് മിഷൻ (കെ.എസ്.യു.എം.). ടെക്നോപാർക്ക് ടെക്നോളജി ബിസിനസ്സ് ഇൻകുബേറ്റർ ആയി അറിയപ്പെട്ടിരുന്ന കേരള സ്റ്റാർട്ടപ്പ് മിഷൻ (കെ.എസ്.യു.എം.) ഇന്ത്യയിലെ ആദ്യത്തെ വിജയകരമായ നോൺ അക്കാദമിക് ബിസിനസ്സ് ഇൻകുബേറ്ററാണ്. 2007 ലാണ് ഇതിന്റെ പ്രവർത്തനം ആരംഭിച്ചത്.

കേരളത്തിലെ യുവാക്കളിലും വിദ്യാർത്ഥികളിലുമുള്ള സംരംഭകത്വ കഴിവുകൾ തിരിച്ചറിയുന്നതിനും, വികസിപ്പിക്കുന്നതിനും, കേരളത്തിന്റെ പരമ്പരാഗത മേഖലകളിൽസാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ സംരംഭകത്വ വികസന ആവശ്യങ്ങൾ കൈകാര്യം ചെയ്യുക, കേരളത്തിന്റെ സാമൂഹിക സാമ്പത്തിക സംസ്കാരത്തിന് അനുയോജ്യമായ തരത്തിലുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, സാങ്കേതിക ഉൽപ്പന്നങ്ങൾക്കും സേവനങ്ങൾക്കും ആവശ്യമായ വിപണി കണ്ടെത്തുക, വൈജ്ഞാനിക, ഗവേഷണ വികസന സ്ഥാപനങ്ങളുമായും, വ്യവസായിക സാമ്പത്തിക സ്ഥാപനങ്ങളുമായും ബന്ധം സ്ഥാപിക്കുക, ഇൻസ്റ്റിറ്റ്യൂട്ടുകളിൽ വികസിപ്പിക്കുന്ന സാങ്കേതിക വിദ്യകൾ യഥാർത്ഥ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും വേഗത്തിൽ വാണിജ്യവൽക്കരിക്കുന്നതിനും ഒരു വേദി സൃഷ്ടിക്കുക എന്നിവയാണ് ഇതിന്റെ ലക്ഷ്യം.

സംരംഭകരുടെ വളർച്ചയ്ക്ക് അനുയോജ്യമായ ഒരു അന്തരീക്ഷം സൃഷ്ടിക്കാൻ സംസ്ഥാനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി ഇന്ത്യ ഗവൺമെന്റ് സ്റ്റാർട്ടപ്പ് റാങ്കിംഗ് ആരംഭിച്ചു. നാസ്കോം റിപ്പോർട്ട് അനുസരിച്ച് ഗുജറാത്ത് മികച്ച പ്രകടനം കാഴ്ചവെച്ചപ്പോൾ കർണാടകയും കേരളവും മികച്ച പ്രകടനം കാഴ്ചവച്ചു. പ്രത്യേകിച്ചും വനിതാ സംരംഭകർക്കുള്ള സ്ഥാപന പിന്തുണയ്ക്കും സ്റ്റാർട്ടപ്പുകൾക്കായി ശക്തമായ സംരംഭ ഫണ്ടിംഗ് സംവിധാനത്തിനും കേരളം അംഗീകാരം നേടി.

കോവിഡ്–19 കാലയളവിൽ പോലും കേരളത്തിൽ സ്റ്റാർട്ടപ്പുകളുടെ എണ്ണം വർദ്ധിച്ചു. റിട്ടേൺ എമിഗ്രന്റുകളുടെ വർദ്ധനവ്, സംരംഭങ്ങളിലുള്ള യുവാക്കളുടെ താൽപര്യം, സ്റ്റാർട്ടപ്പുകൾക്കായി സർക്കാർ സൗകര്യങ്ങളുടെ നിലവാരം എന്നിവയാണ് ഇതിന് കാരണം. വിവിധ സാങ്കേതിക മേഖലകൾക്കായി പ്രത്യേക സൗകര്യങ്ങളോടെ 1.80 ലക്ഷം ചതുരശ്രയടി വിസ്തീർണ്ണമുള്ള വിശാലമായ സമുച്ചയമായ കൊച്ചിയിൽ 2019 ജനുവരിയിൽ കെഎസ്‌യുഎം ഇന്റഗ്രേറ്റഡ് സ്റ്റാർട്ട് അപ്പ് കോംപ്ലക്സ് ആരംഭിച്ചു. ഇത് താഴെ പറയുന്നവയുടെയും ആതിഥേയത്വം വഹിക്കുന്നു.

1. മേക്കർവില്ലേജ് –ഇന്ത്യയിലെ ഏറ്റവും വലിയ ഇലക്ട്രോണിക് ഹാർഡ്‌വെയർ ഇൻകുബേറ്ററും ഇലക്ട്രോണിക്സ് സിസ്റ്റം ഡിസൈൻ ആൻറ് മാനുഫാച്ചറിംഗ് (ഇ എസ് ഡി എം) സൗകര്യവും.
2. ബയോനെസ്റ്റ്– പുതിയ സംരഭകരെ വികസിപ്പിക്കുന്നതിനും പ്രോൽസാഹിപ്പിക്കുന്നതിനുമുള്ള സ്റ്റേറ്റ് ഓഫ് ആർട്ട് ബയോടെക്നോളജി ഇൻസ്ട്രുമെന്റേഷൻ പ്ലാറ്റ്ഫോം
3. ബ്രിങ്ക്–ഹാർഡ്‌വെയർ സ്റ്റാർട്ടപ്പുകൾക്കായി ഇന്ത്യയുടെ ആദ്യത്തെ അന്താരാഷ്ട്ര ആക്സിലറേറ്റർ കൊണ്ടുവരിക
4. കാൻസറിൽ ബയോമെഡിക്കൽ റിസർച്ച് ഇന്നൊവേഷനും വാണിജ്യവൽക്കരണവും (ബ്രിക്ക്)–കാൻസർ രോഗനിർണയത്തിനും പരിചരണത്തിനുമായി പരിഹാ

രങ്ങൾ വികസിപ്പിക്കുന്നതിനായി സമർപ്പിച്ചിരിക്കുന്ന ഇൻകുബേറ്റർ

5. യൂണിറ്റിയും സെറയും സ്ഥാപിച്ച സെന്റർ ഓഫ് എക്സലൻസ്.

രാജ്യത്തെ ഏറ്റവും വലിയ എക്സ്ക്ലൂസീവ് ഹാർഡ്‌വെയർ ഇൻകുബേറ്ററായ മേക്കർ വില്ലേജിലെ സ്റ്റാർട്ടപ്പ് കമ്പനികൾ ഓട്ടോമേഷൻ, റോബോട്ടിക്സ്, ഡ്രോണുകൾ, ഇന്റർനെറ്റ് ഓഫ് തിംഗ്സ്, സ്വയംഭരണ വാഹനങ്ങൾ, ബയോമെഡിക്കൽ ഇൻസ്ട്രുമെന്റേഷൻ, എനർജി മാനേജ്മെന്റ് എന്നീ മേഖലകളിൽ അത്യാധുനിക ഹാർഡ്‌വെയർ ഇലക്ട്രോണിക് ഉൽപ്പന്നങ്ങൾ വികസിപ്പിക്കുന്നു. മിക്ക സ്റ്റാർട്ടപ്പുകളും തങ്ങളുടെ ഉൽപ്പന്നങ്ങൾ നൂതനവും ആഗോളതലത്തിൽ മൽസരക്ഷമമാക്കുന്നതിനും അത്യാധുനിക സാങ്കേതി വിദ്യകൾ, മെഷീൻ ലേണിംഗ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ആഗ്മെന്റഡ് റിയാലിറ്റി / വെർച്വൽ റിയാലിറ്റി എന്നിവ പ്രയോജനപ്പെടുത്തുന്നു.

ടെക്നോളജി ഇന്നൊവേഷൻ സോൺ (ടിസ്) നിരവധി സാങ്കേതിക മേഖലകളുടെ ആഗോള നവീകരണ ഇൻകുബേറ്റർ കേന്ദ്രമാണ്. മൾട്ടി സെക്ടർ ടെക്നോളജി ഇൻകുബേറ്ററുകൾക്ക് അവരുടെ സ്റ്റാർട്ടപ്പുകൾ ഇൻകുബേറ്റ് ചെയ്യുന്നതിനും ഗാർഹിക വളർച്ചയുള്ള സംരംഭങ്ങളെ പിന്തുണയ്ക്കുന്നതിനുമായി ലോകോത്തര അടിസ്ഥാന സൗകര്യങ്ങൾ ടിസ് സൃഷ്ടിക്കും. കളമശ്ശേരിയിലെ കിൻഫ്ര ഹൈടെക് പാർക്കിൽ 13.2 ഏക്കർ സ്ഥലത്താണ് ടിസ് സ്ഥാപിക്കുന്നത്. ബിൽറ്റ്–അപ്പ് സ്റ്റാർട്ട് അപ്പ് മൊഡ്യൂളുകൾ, ഹൈ–എൻഡ് ഫാബ്രിക്കേഷൻ ലാബുകൾ, ആർ & ഡി ലാബ് സൗകര്യങ്ങൾ, വാണിജ്യ ഓഫീസ് സ്ഥലങ്ങൾ, ഡോർമിറ്ററികൾ, ചെറിയ ഓഫീസ്/ഹോം ഓഫീസ് (എസ്ഒഎച്ച്ഒകൾ), മാളുകൾ എന്നിവ ഉൾപ്പെടുന്നതാണ് സോൺ. ഏകദേശം 5 ലക്ഷം ചതുരശ്രയടി സൌകര്യങ്ങളുള്ള മൊത്തം വിസ്തീർണ്ണം ടിസ് സൃഷ്ടിക്കും. ടിസിനുള്ള അടിസ്ഥാന സൗകര്യങ്ങൾ വിവിധ ഘട്ടങ്ങളിലായി നിർമ്മിക്കും. നിലവിൽ ഒന്നാം ഘട്ടം പ്രവർത്തനക്ഷമമാണ്.

ടെക് വ്യവസായത്തിലും ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥയിലും അവസരങ്ങളുള്ള സ്റ്റാർട്ടപ്പുകളെയും യുവാക്കളെയും പ്രാപ്തമാക്കുന്നതിനും ശാക്തീകരിക്കുന്നതിനും വേണ്ടി കെഎസ്‌യുഎം സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, കോർപ്പറേറ്റുകൾ എന്നിവയുമായി സഹകരിക്കുന്നു.

കഴിഞ്ഞ 3 വർഷമായി കെഎസ്‌യുഎമ്മിന്റെ പ്രധാന ഭൗതിക നേട്ടങ്ങൾ **പട്ടിക 5.1.7**–ൽ നൽകിയിരിക്കുന്നു.

### 2020–21 കാലഘട്ടത്തിൽ കെ.എസ്.യു.എം.ന്റെ നേട്ടങ്ങൾ

- ഇന്നൊവേഷൻ ആൻഡ് എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് സെന്റർ (ഐഇഡിസി) ഉച്ചകോടി 2021–ന്റെ അഞ്ചാം പതിപ്പ് സംഘടിപ്പിച്ചു.
- ഇന്നൊവേഷൻ,സാങ്കേതികവിദ്യ,സംരംഭകത്വം, എന്നി മേഖലകളിലെ മിടുക്കനായ വിദ്യാർത്ഥികൾക്കായി ഇൻസ്പയർ 2 ഇന്നൊവേറ്റ് (ഐറ്റുഐ) എന്ന വിഷയത്തിൽ 21 ദിവസത്തെ വെബിനാർ സീരീസ് ഐഇഡിസി യുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചു.
- ഐഇഡിസി യുടെ നോഡൽ ഓഫീസുകൾക്കുള്ള കൈപ്പുസ്തകം രൂപീകരിച്ചു.
- ഐഇഡിസി നോഡൽ ഓഫീസർമാർക്കായി ഓറിയന്റേഷൻ പ്രോഗ്രാം നടത്തി.
- അദ്വാനി ഫൗണ്ടേഷന്റെ പിന്തുണയോടെ എംഎസ്എംഇ–നെയും സ്റ്റാർട്ടപ്പുകളേയും പിന്തുണയ്ക്കുന്നതിനായി ഒരു വെബിനാർ സീരീസ് സംഘടിപ്പിച്ചു.
- ഭാവി സാങ്കേതികവിദ്യിലൂടെ സാങ്കേതിക നൈപുണ്യ അഭിനന്ദന ശിൽപശാല സംഘടിപ്പിക്കുന്നതിനായി 20 കോളേജുകൾ തിരഞ്ഞെടുത്തു.
- ഐഇഡിസി കൾക്കായുള്ള മാനേജ്മെന്റ് പിന്തുണാ സംവിധാനത്തിനായി നൂതന പോർട്ടൽ രൂപകൽപ്പന ചെയ്തിരിക്കുന്നു.
- വിദ്യാർത്ഥികളുടെ നവീകരണ സമ്മേളനം 2020 ജൂലൈ 25–ന് സംഘടിപ്പിച്ചു.
- പ്രയാസകരമായ സമയങ്ങളിൽ അതിജീവിക്കാനുള്ള മിനിമലിസ്റ്റിക് സമീപനങ്ങളുടെ സംഘടിത പ്രാധാന്യം മനസിലാക്കുന്നതിന് 2020 മെയ് 15–ന് 115 പേർ പങ്കെടുത്ത പരിപാടി സംഘടിപ്പിച്ചു.
- ഇന്ത്യയിലെ ഏറ്റവും വലിയ സ്റ്റാർട്ടപ്പ് ഹബ്ബിൽ ഒന്നിന്റെ 360 ഡിഗ്രി കാഴ്ച നേടുക എന്ന ലക്ഷ്യത്തിനായി കെ.എസ്.യു.എം വെർച്വൽ ടൂർ സംഘടിപ്പിച്ചു.
- സോഹോ മീറ്റിൻറെ ഭാഗമായി സ്ഥാപകരുടെ സംഗമം കോവിഡ്–19 സമയത്ത് സംഘടിപ്പിച്ചു.
- ബിസിനസ്, മാർക്കറ്റിംഗ്, നേതൃത്വ ചർച്ചകൾ, ഫണ്ടിംഗ് എന്നിവയിൽ 27 വെബ് സീരീസ് നടത്തി.

**പട്ടിക 5.1.7** കെഎസ്‌യു എമ്മിന്റെ പ്രധാന ഭൗതിക നേട്ടങ്ങൾ

| സീ: നം | വിശദാംശങ്ങൾ | നേട്ടങ്ങൾ 2018–19 | നേട്ടങ്ങൾ 2019–20 | നേട്ടങ്ങൾ 2020–21 |
|---|---|---|---|---|
| 1 | ഇക്കോസിസ്റ്റത്തിലെ ടെക് സ്റ്റാർട്ടപ്പുകളുടെ എണ്ണം | 1500 | 2500 | 3143 |
| 2 | ഇൻകുബേറ്ററുകൾ / ആക്സിലറേറ്ററുകൾ (എണ്ണം) | 13 | 13 | 19 |
| 3 | മൂല്യം സൃഷ്ടിക്കൽ (കോടി രൂപ) | 50,000 | 1,00,000 | – |
| 4 | തൊഴിൽ സൃഷ്ടിക്കൽ (നമ്പർ) | 15,000 | 25,000 | 30,000 |
| 5 | ബാഹ്യ നിക്ഷേപം (കോടി രൂപ) | 500 | 1500 | 1638 |
| 6 | ഇക്കോസിസ്റ്റം റാങ്കിംഗ് | | 2019 റാങ്കിംഗ് അനുസരിച്ച് മികച്ച പ്രകടനം | 2020 റാങ്കിംഗ് അനുസരിച്ച് മികച്ച പ്രകടനം |
| 7 | ഇന്ത്യയുടെ മറ്റ് ഭാഗങ്ങളിൽ നിന്നുള്ള സ്റ്റാർട്ടപ്പുകൾ (എണ്ണം) | 30 | 30 | 33 |
| 8 | ഇൻകുബേഷൻ സ്പേസ് (മീ ചതുരശ്ര അടി) | 3,15,500 | 4,00,263 | – |

അവലംബം: കെ എസ് യു എം

- 2020 ജൂലായ് 25-ന് നടന്ന "ഇന്നവേറ്റീവ് അൺലോക്ക്ഡ് കേരള സ്റ്റുഡന്റ് ഇന്നൊവേറ്റേഴ്സ് മീറ്റ്" എന്ന വെർച്വൽ എക്സ്പോയിൽ 300 പേർ പങ്കെടുത്ത ഇന്ററാക്ടീവ് ഫോറത്തിൽ 150-ലധികം മോഡലുകൾ പ്രദർശിപ്പിച്ചു.

## സെന്റർ ഫോർ ഡവലപ്‌മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (സി-ഡിറ്റ്)

സർക്കാർ മേഖലയിൽ ഐ.സി.ടി. സൊല്യൂഷൻസ് പ്രൊവൈഡറായി സി-ഡിറ്റ് പ്രവർത്തിക്കുന്നു. സി-ഡിറ്റ് ഏറ്റെടുത്ത് നടത്തുന്ന പ്രധാന പരിപാടികൾ ഇവയാണ്:

- ഇന്ത്യൻ നിർമ്മിത വിദേശ മദ്യക്കുപ്പികളിൽ ഘടിപ്പിക്കുന്നതിനായി ഹോളോഗ്രാം ഉൾച്ചേർത്ത ടാക്സ് ലേബൽ ഉത്പാദനം കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനായി നടത്തി. കൂടാതെ, ഹോളോഗ്രാം ഉൾച്ചേർത്ത സുരക്ഷാ രേഖകളായ ആർസി ബുക്ക്, ഡ്രൈവിംഗ് ലൈസൻസ് എന്നിവയും മോട്ടോർ വാഹന വകുപ്പിന് നൽകി.
- സുരക്ഷാ സവിശേഷതകൾ ഉൾക്കൊള്ളുന്ന ലോട്ടറി ടിക്കറ്റുകൾ രൂപകൽപ്പന ചെയ്യുന്നതിനായി ലോട്ടറി ഡയറക്ടറേറ്റിൽ സജ്ജമാക്കിയ സെക്യൂരിറ്റി ഡിസൈൻ ലാബ്, വ്യാജത്തെ തടയുന്നതിനുള്ള സുരക്ഷാ ഫോറൻസിക് സി-ഡിഐെടിയുടെ സാങ്കേതിക പിന്തുണയോടെ കൈകാര്യം ചെയ്യുന്നു.
- അതിർത്തി കടന്നുള്ള സുരക്ഷാ നടപടിയായി, കടലിൽ പോകുന്ന വെസ്സലുകൾക്കായി ഉയർന്ന സുരക്ഷ-രജിസ്ട്രേഷൻ ബോർഡുകൾ പരിഹരിക്കുന്നതിനുള്ള പദ്ധതി ഫിഷറീസ് വകുപ്പിനായി ഏറ്റെടുത്തു.
- എംവിഡി വാഹന വകുപ്പിന് കീഴിലുള്ള എല്ലാ ആർടി ഓഫീസുകൾക്കും ഫെസിലിറ്റി മാനേജ്മെന്റ് സംവിധാനം വിജയകരമായി നടത്തി.
- ആറ് ജില്ലകളിലെ സബ് രജിസ്ട്രാർ ഓഫീസുകളിൽ രേഖകളുടെ ഡിജിറ്റൈസേഷൻ പൂർത്തിയാക്കി. കൂടാതെ, എംപ്ലോയ്‌മെന്റ് ഡയറക്ടറേറ്റിലെ പഴയ രജിസ്ട്രേഷൻ കാർഡുകളുടെ ഡിജിറ്റൈസേഷൻ, ഈന്തപ്പനകളുടെ ഡിജിറ്റൈസേഷൻ, ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിലെ പുരാവസ്തു രേഖകളുടെ ഡിജിറ്റൈസേഷൻ എന്നിവ പൂർത്തിയാക്കി.
- പ്രവേശന പരീക്ഷാ കമ്മീഷണറേറ്റിനായുള്ള ഓൺലൈൻ പരീക്ഷാ സോഫ്റ്റ് വെയർ, കെഎസ്എസിഎസിനുള്ള ഓൺലൈൻ ക്വിസ് പ്ലാറ്റ്ഫോം, പിആർഡിക്കുള്ള ജനജാഗ്രത പോർട്ടൽ, കോവിഡ്-19 ബാധിതരായ രോഗികൾക്കുള്ള പോർട്ടൽ 'കൂടെ' എന്നിവ പൂർത്തിയാക്കി.
- കൊവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ അങ്കണവാടികൾ അടച്ചുപൂട്ടിയ സാഹചര്യത്തിലും വനിതാ ശിശുവികസന വകുപ്പിന് വേണ്ടിയുള്ള പ്രീ-സ്കൂൾ പഠന വീഡിയോ പാഠങ്ങളുടെ 246 എപ്പിസോഡുകൾ നിർമ്മിച്ച നൽകി.
- പുനർനിർമ്മിക്കുന്ന കേരള ഇനിഷ്യേറ്റീവ്, ട്രാൻസ്ജെൻഡർ അഡ്വക്കസി കാമ്പെയ്നിന് കീഴിൽ നമ്മൾ നാമുകായ് എന്ന സൗകര്യമൊരുക്കി. കോവിഡ്-19 പാൻഡെമിക് പടരാതിരിക്കാനുള്ള ബ്രേക്ക് ദി ചെയിൻ കാമ്പെയ്നിനുള്ള ക്രിയേറ്റീവ് പിന്തുണയും നൽകി.
- വനിതാ-ശിശുവികസന വകുപ്പിനായ് സമ്പുഷ്ട കേരളത്തിന്റെ ആനിമേഷൻ വീഡിയോ പ്രൊഡക്ഷൻ സീരീസ്, നവ കേരളം പ്രതിവാര ടെലിവിഷൻ ഷോ, ആംഗ്യഭാഷാ ബുള്ളറ്റിൻ, ടിവി ന്യൂസ് മോണിറ്ററിംഗ് പ്രോജക്റ്റ്, ഹരിത കേരളം മിഷന്റെ സോഷ്യൽ മീഡിയ കാമ്പെയ്ൻ, കേരള ഇനിഷ്യേറ്റീവ്, ജിഎസ്ടി, ഭക്ഷ്യ സുരക്ഷാ കമ്മീഷണർ, ശുചിത്വ മിഷൻ, ആരോഗ്യകേരളം മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും വിവിധ പരിപാടികളുടെ തത്സമയ സംപ്രേഷണം, കിഫ്ബി, കെ-ഡിസ്ക്, കെഎസ്എഫ്ഇ പ്രവാസി ചിട്ടി എന്നിവയുടെ വിവിധ പദ്ധതികൾക്ക് സാങ്കേതിക സഹായം, മുഖ്യമന്ത്രിയുടെ പൊതു പരാതി പരിഹാര സംവിധാനത്തിന്റെ സാങ്കേതിക സൗകര്യം എന്നിവയാണ് സി-ഡിറ്റിന്റെ മറ്റ് പ്രധാന പദ്ധതികൾ.

## ഭാവി വീക്ഷണം

ഒരു ഐടി ലക്ഷ്യസ്ഥാനമെന്ന നിലയിൽ മത്സരാധിഷ്ഠിതമായി തുടരുന്നതിന് കേരളത്തിലെ ഐ.ടി. മേഖലകളിലെ വളർന്നു വരുന്ന മേഖലകളിൽ നിക്ഷേപം നടത്തുകയും സ്ഥാപിത ഐ.ടി. /ഐ.ടി.ഇ.എസ്. പ്രവർത്തനങ്ങളിൽ മാത്രം ആശ്രയിക്കാതെ നില്ക്കുകയുമാണ് വേണ്ടത്. ഇന്ത്യൻ ഐ.ടി. മേഖലയിൽ ഫോക്കസ് മാറുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങളും, ആഗോള ഐ.റ്റി മേഖലയിൽ ഉയർന്നു വരുന്ന പ്രശ്നങ്ങളും ഉൾക്കൊള്ളുന്ന ഇന്ത്യൻ ഐ.ടി. മേഖലയെന്ന നിലയിൽ, ഈ മാറ്റങ്ങളെ കേരളം ശ്രദ്ധിക്കേണ്ടതുണ്ട്. ജനങ്ങളുടെ ഡിജിറ്റൽ ശാക്തീകരണത്തിലും ഐ.ടി. അവബോധത്തിലും ഉപയോഗത്തിലും കൈവരിച്ച മുന്നേറ്റങ്ങൾ സംസ്ഥാനത്തിന്റെ യഥാർത്ഥ ആസ്തിയിൽ അംഗീകരിക്കപ്പെടണം. ഉചിതമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് കൂടുതൽ നിക്ഷേപങ്ങൾ നടത്തി ഈ ആസ്തി നിർമ്മിക്കപ്പെടും.

# 5.2 ശാസ്ത്ര സേവനങ്ങളും ഗവേഷണവും

ശാസ്ത്രവും, സാങ്കേതികത വിദ്യയും, നവീന കണ്ടെത്തലുകളും (എസ്.ടി.ഐ) സാമ്പത്തിക വളർച്ചയുടെയും മനുഷ്യവികസനത്തിന്റെയും പ്രധാന ചാലകങ്ങളാണ്. സർവകലാശാല പഠന വിഭാഗങ്ങൾ, വ്യവസായം, ഗവേഷണ സ്ഥാപനങ്ങൾ എന്നിവയുടെ പങ്കാളിത്തത്തോടെ പഠനം, ഗവേഷണം, വികസനം എന്നിവയിലൂടെ ശാസ്ത്ര സാങ്കേതികതയിൽ മികവ് പ്രോത്സാഹിപ്പിക്കുന്നതിന് എല്ലാ സമൂഹത്തിലും ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾക്ക് ഒരു പ്രധാന പങ്ക് വഹിക്കാനുണ്ട്.

സംസ്ഥാനത്ത് ശാസ്ത്ര സാങ്കേതിക വിദ്യയെ പ്രോത്സാഹിപ്പിക്കുന്നതിൽ കേരള സർക്കാരിന്റെ ശാസ്ത്ര സാങ്കേതിക വകുപ്പ് പ്രധാന പങ്ക് വഹിക്കുകയും വിവിധ സ്ഥാപനങ്ങളിലെയും ശാസ്ത്രശാഖകളിലെയും ശാസ്ത്രജ്ഞർക്ക് ഗവേഷണ വികസന പിന്തുണ നൽകുകയും ചെയ്യുന്നു.

സംസ്ഥാനത്തെ ശാസ്ത്ര സാങ്കേതിക മേഖലയിൽ ഉൾപ്പെടുന്ന രണ്ട് പ്രധാനപ്പെട്ട സ്ഥാപനങ്ങൾ കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലും (കെ എസ് സി എസ് ടി ഇ), തിരുവനന്തപുരത്തെ റീജിയണൽ ക്യാൻസർ സെൻ്ററുമാണ് (ആർ.സി സി).

### ശാസ്ത്ര സാങ്കേതിക മേഖലയ്ക്ക് കീഴിലുള്ള ഏജൻസികളുടെ പദ്ധതി വിഹിതവും ചെലവും

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ ശാസ്ത്ര സാങ്കേതിക മേഖലയിലെ വിഹിതത്തിന്റെയും ചെലവുകളുടെയും വിശദാംശങ്ങൾ **പട്ടിക 5.2.1**-ൽ കൊടുത്തിരിക്കുന്നു.

### 1. കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ (കെ .എസ്.സി.എസ്.ടി.ഇ)

കൗൺസിലിന് കീഴിൽ പ്രവർത്തിക്കുന്ന ഗവേഷണ വികസന കേന്ദ്രങ്ങളിലൂടെയും വിവിധ ശാസ്ത്ര പരിപാടികളിലൂടെയും സംസ്ഥാനത്തിന്റെ ഗവേഷണ വികസന ശ്രമങ്ങളെ കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ (കെ.എസ്.സി.എസ്.ടി.ഇ) നയിക്കുന്നു. കേരള വന ഗവേഷണ കേന്ദ്രം (കെ എഫ് ആർ ഐ), ദേശീയ ഗതാഗത ആസൂത്രണ ഗവേഷണ കേന്ദ്രം (നാറ്റ്പാക്), ജലവിഭവ വികസന മാനേജ്മെന്റ് കേന്ദ്രം (സി.ഡബ്ല്യു.ആർ.ഡി.എം), ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബോട്ടാണിക് ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (ജെ.എൻ.റ്റി.ബി.ജി.ആർ.ഐ), കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ് (കെ.എസ്.ഒ. എം), ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റിയൂട്ട് ഫോർ ബേസിക് സയൻസ് (എസ്.ആർ.ഐ.ബി.എസ്), മലബാർ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് (എം.ബി.ജി.ഐ.പി.എസ്) എന്നിവയാണ് ഗവേഷണ വികസന കേന്ദ്രങ്ങൾ.

സംസ്ഥാനത്തിന്റെ വികസനവുമായി ബന്ധപ്പെട്ട ശാസ്ത്ര, സാങ്കേതിക, നൂതന നയങ്ങൾക്ക് രൂപം കൊടുക്കുകയും ആവിഷ്കരിക്കുകയും ചെയ്യുകയെന്നതാണ് കെ.എസ്.സി.എസ്.ടി.ഇ യുടെ പ്രധാന ലക്ഷ്യം. ശാസ്ത്ര പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും മാനവികതയുടെ സുസ്ഥിര വികസത്തിനും പ്രാധാന്യ മർഹിക്കുന്ന പരിപാടികൾ കൗൺസിൽ പ്രോത്സാഹിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നു. ശാസ്ത്രീയ ഗവേഷണത്തിലൂടെയും സാങ്കേതികവിദ്യകളിലെ പുതുമകളിലൂടെയും കൗൺസിൽ വികസന മാർഗ്ഗരേഖ തയ്യാറാക്കുന്നു.

ശാസ്ത്രീയവും സാങ്കേതികവുമായ ഉൽപ്പാദനം ഗുണനിലവാരത്തിലും അളവിലും വർധിപ്പിക്കുന്നതിനു വേണ്ടി ശാസ്ത്ര സാങ്കേതിക സമൂഹത്തെ പ്രാപ്തമാക്കുന്നത് ലക്ഷ്യം വച്ച് നിരവധി ആസൂത്രിത സംരംഭങ്ങൾ കെഎസ്സിഎസ്ടിഇയും ഗവേഷണ-വികസന കേന്ദ്രങ്ങളും ചേർന്ന് നടപ്പിലാക്കുന്നു.

### ഗവേഷണ-വികസന കേന്ദ്രങ്ങളുടെ പ്രധാന നേട്ടങ്ങൾ

**ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബോട്ടാണിക് ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (ജെ എൻ ടി ബി ജി ആർ ഐ)** സസ്യ വിഭവങ്ങളുടെ സുസ്ഥിര വിനിയോഗത്തിനായി ഗവേഷണ പരിപാടികൾ ഏറ്റെടുത്തു നടത്തുന്ന ഭാരത സർക്കാർ അംഗീകരിച്ചിട്ടുള്ള ഒരു ദേശീയ തലത്തിലുള്ള മികവിന്റെ കേന്ദ്രമാണ് ജെ എൻ ടി ബി ജി ആർ ഐ. ഏഷ്യയിലെ ഏറ്റവും വലിയ സംരക്ഷിത തോട്ടമായി

**പട്ടിക 5.2.1** പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ശാസ്ത്ര സാങ്കേതിക മേഖലയ്ക്ക് കീഴിലുള്ള ഏജൻസികളുടെ വിഹിതവും ചെലവും (രൂപ ലക്ഷത്തിൽ)

| വർഷം | കെ എസ് സി എസ് ടി ഇ | | | ആർസിസി | | | ആകെ | | |
|---|---|---|---|---|---|---|---|---|---|
| | വിഹിതം | ചെലവ് | % | വിഹിതം | ചെലവ് | % | വിഹിതം | ചെലവ് | % |
| 2017-18 | 10907 | 9089.42 | 83.34 | 6600 | 4910.7 | 74.40 | 17507 | 14000.12 | 79.97 |
| 2018-19 | 12148 | 5034.04 | 41.44 | 7260 | 7890.9 | 108.69 | 19408 | 12924.94 | 66.60 |
| 2019-20 | 15258 | 3437.1 | 22.53 | 7260 | 2777 | 38.25 | 22518 | 6214.10 | 27.60 |
| 2020-21 | 12664 | 7865.71 | 62.11 | 7100 | 3274.67 | 46.12 | 19764 | 11140.38 | 56.37 |
| 2021-22 | 13164 | 2075.56* | 15.77 | 7100 | 1630.56 | 22.97 | 20264 | 3706.12* | 18.29 |

അവലംബം: പ്ലാൻ സ്പേസ് കേരള, അക്കൗണ്ട്സ്
* 2021 ഓഗസ്റ്റ് 31 വരെയുള്ള ചെലവ്

കണക്കാക്കപ്പെടുന്ന ഇവിടെ 4,000ത്തിൽ അധികം വിവിധ തരം പൂച്ചെടികളും ഏകദേശം 300 തരത്തിലുള്ള വിവിധയിനം പുഷ്പിക്കാത്ത സസ്യങ്ങളും നിലവിൽ സംരക്ഷിക്കപ്പെടുന്നു. തിരുവനന്തപുരത്തെ പുത്തൻതോപ്പിലുള്ള സരസ്വതി തങ്കവേലു കേന്ദ്രത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് ബയോ ഇൻഫോർമാറ്റിക്സ് സെന്റർ സ്ഥാപിച്ചിട്ടുണ്ട്.

- തൃശ്ശൂർ ജില്ലയിലെ 7 തീരദേശ ഗ്രാമപഞ്ചായത്തുകളിലെയും 7 ആദിവാസി ഗ്രാമപഞ്ചായത്തുകളിലെയും എത്നോബയോളജിക്കൽ വിവരങ്ങൾ ശേഖരിച്ചു.
- മൂന്ന് ഗവേഷണ പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും ഒരു പ്രബന്ധം ജേർണൽ ഓഫ് ട്രഡീഷണൽ ആൻഡ് ഫോക്ക് പ്രാക്ടീസിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.
- 3 ഔഷധ സസ്യ ഇനങ്ങളിൽ ഇൻട്രാസ്പെസിഫിക് വേരിയബിലിറ്റി പഠനം പൂർത്തിയാക്കി
- അഞ്ച് മുള സങ്കരയിനങ്ങളുടെ രൂപശാസ്ത്രപരമായ സ്വഭാവങ്ങൾ വിലയിരുത്തി.
- ഓർക്കിഡുകൾ/ മാംസഭോജി സസ്യങ്ങൾക്കായുള്ള പ്രധാന കൺസർവേറ്ററി നവീകരിച്ചു, നിലവിൽ 7 കൺസർവേറ്ററികൾ പരിപാലിക്കുന്നു.
- ട്രൈക്കോപൈൻ അധിഷ്ഠിത കുടിൽ വ്യവസായത്തെ പുനരുജ്ജീവിപ്പിക്കാനും ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ നൽകുന്ന ഹരിത വ്യവസായത്തെ പിന്തുണയ്ക്കാനും തൃശ്ശൂർ ജില്ലയിലെ കുഴൂരിൽ ഒരു മാതൃകാ ടിസി ലബോറട്ടറി നിർമ്മിച്ചു.
- 20 ഓർക്കിഡുകൾ, 4 മാംസഭോജി സസ്യങ്ങൾ, 15 ഔഷധ സസ്യങ്ങൾ, 2 ഇഞ്ചി, 15 ആൻഡമാൻ ചെടികൾ, 8 മുളകൾ തുടങ്ങിയവ ജനിതകദ്രവ്യത്തിലേക്ക് പുതിയതായി കൂട്ടിച്ചേർത്തു.
- "കേരളത്തിലെ രാജ്ഭവനിലെ ഹെർബൽ ഗാർഡനിലെ ഔഷധ സസ്യങ്ങളെക്കുറിച്ചുള്ള ഒരു കൈപുസ്തകം" തയ്യാറാക്കി.

**ജലവിഭവ വികസന മാനേജ്മെൻറ് കേന്ദ്രം (സി ഡബ്ള്യു ആർ ഡി എം)** ജലവിഭവ മേഖലയിലെ ഒരു മുഖ്യ ഗവേഷണ–വികസന സ്ഥാപനമാണ് കെ എസ് സി എസ് ടി ഇ യുടെ കീഴിൽ പ്രവർത്തിക്കുന്ന സി ഡബ്ള്യു ആർ ഡി എം. ജലവിഭവ സംരക്ഷണത്തിനും ജല സംബന്ധിയായ ശാസ്ത്രീയ പഠനങ്ങൾക്കും ഗവേഷണത്തിനും സി ഡബ്ള്യു ആർ ഡി എം സംഭാവന നൽകുന്നു. പ്രത്യേകിച്ച് ഉഷ്ണമേഖലാ പ്രദേശ സംബന്ധിയായ വിഷയങ്ങളിൽ നീർത്തട വികസനം, തണ്ണീർത്തട പരിപാലനം, കൃഷിക്കാവശ്യമായ ജല സംരക്ഷണം, വനമേഖലയും നഗര പ്രദേശവും സംബന്ധിക്കുന്ന ജല സംരക്ഷണം, നദീമുഖം, പാഴ്ജലം എന്നിവ സംബന്ധിക്കുന്ന പ്രശ്നങ്ങൾ, ഭൂഗർഭ ജല വികസനം, ജല ഗുണ നിലവാര സംരക്ഷണം, ജല സംബന്ധിയായ പരിസ്ഥിതി പ്രശ്നങ്ങൾ ജലസേചനവും പാഴ്ജലവും സംബന്ധിക്കുന്ന പ്രശ്നങ്ങൾ എന്നീ വിഷയങ്ങളിൽ ഗവേഷണത്തിന് ആവശ്യമായ വിദഗ്ധ സഹായങ്ങൾ നൽകുന്നു. സി ഡബ്ള്യു ആർ ഡി എം ന്റെ പ്രധാന നേട്ടങ്ങൾ ഇവയാണ്.

1. കുറ്റിയാടി, മലമ്പുഴ, പീച്ചി ജലസേചന പദ്ധതികളുടെ ജല ഉപയോഗക്ഷമത നിർണ്ണയിച്ചു
2. നാനോ വലിപ്പത്തിലുള്ള ഫോട്ടോകാറ്റലിറ്റിക് ടൈറ്റാനിയം ഡയോക്സൈഡ്, മാഗ്നെറ്റിക് അയേൺ ഓക്സൈഡ് എന്നിവയെ അടിസ്ഥാനമാക്കിയുള്ള ഫങ്ഷണൽ ചിറ്റോസൻ മുത്തുകൾ സമന്വയിപ്പിച്ചു.
3. പാലക്കാട് ജില്ലയിലെ പ്രത്യേകതരത്തിലുള്ള മണ്ണിന്റെ സ്പെക്ട്രൽ സിഗ്നേച്ചറുകൾ ഉൾക്കൊള്ളുന്ന സ്പെക്ട്രൽ ലൈബ്രറി വികസിപ്പിച്ചു., അത് മണ്ണിന്റെ സവിശേഷതക്ക് ആവശ്യമായ വെള്ളവും പോഷകങ്ങളും നിർദ്ദേശിക്കുന്നതിന് സഹായകമാണ്.
4. പച്ചക്കറികൾ ഉപയോഗിക്കുന്ന വെള്ളത്തിന്റെ അളവ് അളക്കുന്നതിനുള്ള വിക് ഇറിഗേഷൻ ഓട്ടോമേഷൻ ക്രമപ്പെടുത്തി.
5. വടക്കൻ കേരളത്തിലെ ജില്ലകൾക്കായി വരൾച്ച വിവര സംവിധാനം (NKDIS) വികസിപ്പിച്ചു.
6. ഭൂഗർഭജലത്തിന്റെ അവസ്ഥ വിലയിരുത്തുകയും വളപട്ടണം നദീതടത്തിൽ ഫലപ്രദമായ റീചാർജ് തന്ത്രങ്ങൾ രൂപപ്പെടുത്തുകയും ചെയ്തു.
7. ജലത്തിന്റെ ഗുണനിലവാരം വിലയിരുത്തുന്നതിനും നിരീക്ഷിക്കുന്നതിനും പൗരന്മാരെ ചുമതലപ്പെടുത്തുവാൻ ഉദ്ദേശിച്ചുള്ള ഒരു മൊബൈൽ ആപ്ലിക്കേഷൻ, വാട്ടർ – സിറ്റിസൺ അസസ്മെന്റ് ടൂൾ (WATER–CAT) ആരംഭിച്ചു.
8. ബിയ്യം കായലിന്റെ സംരക്ഷണത്തിനായി മാനേജ്മെന്റ് ആക്ഷൻ പ്ലാൻ തയ്യാറാക്കി.
9. ഒളവണ്ണ, കടലുണ്ടി എന്നീ രണ്ട് പഞ്ചായത്തുകൾക്കായി കാർബൺ ന്യൂട്രൽ വില്ലേജ് ആശയം രൂപകൽപ്പന ചെയ്തു.
10. കേരളത്തിലെ ബ്ലൂ ഫ്ലാഗ് സർട്ടിഫൈഡ് കാപ്പാട് ബീച്ച് സുസ്ഥിര ടൂറിസം വികസനത്തിനായി എൻവയോൺമെന്റൽ മാനേജ്മെന്റ് പ്ലാൻ വികസിപ്പിച്ചു.
11. കോഴിക്കോട്, പാലക്കാട്, മലപ്പുറം, കണ്ണൂർ, വയനാട് ജില്ലകളിൽ 37,800 കർഷകർക്ക് മണ്ണിന്റെ ഫലഭൂയിഷ്ഠതയും വിവിധ വിളകൾക്കുള്ള വളം ശുപാർശയുമായി സോയിൽ ഹെൽത്ത് കാർഡ് വിതരണം ചെയ്തു.

**കേരള വന ഗവേഷണ കേന്ദ്രം (കെ എഫ് ആർ ഐ)** പ്രകൃതി വിഭവസംരക്ഷണം, സുസ്ഥിര വിനിയോഗം, ശാസ്ത്രീയ പരിപാലനം എന്നിവക്ക് ഊന്നൽ നൽകിക്കൊണ്ട് വനപരിപാലനവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ നയപരമായ തീരുമാനങ്ങൾ എടുക്കുന്നതിന് ശാസ്ത്രീയപിന്തുണ നൽകിക്കൊണ്ട് ഉഷ്ണമേഖലാ വനപരിപാലനത്തിൽ ഒരു മികവിന്റെ കേന്ദ്രമായി കേരള വന ഗവേഷണ കേന്ദ്രം നിലകൊള്ളുന്നു. വനം വകുപ്പും മറ്റു സ്റ്റേക്ക്ഹോൾഡർമാരുമായും കൂടിച്ചേർന്നു പ്രവർത്തിച്ചു കൊണ്ട് വനപരിപാലനത്തിലെ ശാസ്ത്രീയ അടിത്തറ മെച്ചപ്പെടുത്തുന്നതിൽ കെ എഫ് ആർ ഐ പ്രധാന പങ്കു വഹിക്കുന്നു.

- പുനരുദ്ധാരണത്തിന് അനുയോജ്യമായ സ്പീഷീസുകൾ ഉൾപ്പെടുത്തി നദീതീര സ്ഥിരതയെക്കുറിച്ചുള്ള ഒരു മാനുവൽ (ദ്വിഭാഷ) പ്രസിദ്ധീകരിച്ചു.
- കേരളത്തിലെ പ്രധാന നാല് നദികളിലെ സസ്യജാലങ്ങളിലും മണ്ണിലും വെള്ളപ്പൊക്കത്തിന്റെ ആഘാതം വിശകലനം ചെയ്യുകയും പ്രവർത്തന പദ്ധതികൾ നിർദ്ദേശിക്കുകയും ചെയ്തു.
- പ്രകൃതിദത്ത വനങ്ങളിലും മനുഷ്യൻ പരിഷ്കരിച്ച ഭൂപ്രകൃതിയിലും കാലാവസ്ഥാ വ്യതിയാനത്തിന്റെയും സസ്യവളർച്ചയുടെയും പ്രത്യാഘാതങ്ങൾ നിരീക്ഷി

ക്കുന്നതിനൊപ്പം അപൂർവവും വംശനാശഭീഷണി നേരിടുന്നതുമായ (RET) സ്പീഷിസുകളുടെ തനതായ അവസ്ഥയിലും സ്വാഭാവിക അവസ്ഥക്കു പുറമെയുള്ള സംരക്ഷണത്തിനായി തന്ത്രങ്ങൾ വികസിപ്പിച്ചു.

- സംരക്ഷണ ജനിതക മെച്ചപ്പെടുത്തൽ ശ്രമങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിന് തേക്കിലും ചന്ദനത്തിലും പരിതഃസ്ഥിതികളോട് ഇണങ്ങുന്നതായ ജനിതക വൈവിധ്യത്തിന്റെ കണക്കെടുപ്പ് നടത്തി.
- പുത്തൂർ സുവോളജിക്കൽ പാർക്കിൽ ലാൻഡ്സ്കേപ്പിംഗ് പ്രവർത്തനങ്ങൾക്കായി 38 പന വർഗ്ഗങ്ങളുടെയും 21 മുളവർഗ്ഗങ്ങളുടെയും 20,000 തൈകൾ കൈമാറി.
- ബട്ടർഫ്ലൈ പാർക്കുകൾ സ്ഥാപിക്കുന്നതിനായി നിരവധി ഏജൻസികൾക്ക് സാങ്കേതിക ഉപദേശം നൽകുകയും ചിത്രശലഭ ഉദ്യാനം എന്ന ആശയം പ്രചരിപ്പിക്കുകയും ചെയ്തു.
- സാമ്പത്തികമായി പ്രാധാന്യമുള്ള മുള ഇനങ്ങളുടെ ഡിഎൻഎ ബാർകോഡിംഗ് ക്രമീകരിച്ചു.

**ദേശീയ ഗതാഗത ആസൂത്രണ ഗവേഷണ കേന്ദ്രം (നാറ്റ്പാക്ക്)** ഗതാഗത എഞ്ചിനീയറിങ്, ഗതാഗത ആസൂത്രണം, ദേശീയ പാത എഞ്ചിനീയറിംഗ്, പൊതു ഗതാഗതം, പൊതു ഗതാഗതത്തിനു ബദൽ സംവിധാനം, ഗതാഗതം, ഊർജ്ജം, ഉൾനാടൻ ജലഗതാഗതം, വിനോദസഞ്ചാര ആസൂത്രണം, ഗ്രാമീണ റോഡുകൾ എന്നിവ സംബന്ധിക്കുന്ന ഗവേഷണവും കൺസൾട്ടൻസി ജോലികളും ഏറ്റെടുക്കുന്ന പൊതുമേഖലാ സ്ഥാപനം ആണ് നാറ്റ്പാക്. റോഡ്, റെയിൽ, ജല മാർഗം, തുറമുഖങ്ങൾ, വിമാനത്താവളങ്ങൾ എന്നിവയിലെ മാതൃകാ സംവിധാനങ്ങൾ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യ വികസനത്തിനായി സർവേ മുതൽ സാങ്കേതിക സാമ്പത്തിക പഠനങ്ങൾ, പ്രായോഗിക വിശകലനങ്ങൾ, വിശദമായ പ്രോജക്റ്റ് റിപ്പോർട്ടുകൾ വരെ തയാറാക്കുന്നതും നാറ്റ്പാക്കിന്റെ പ്രവർത്തന പരിധിയിൽ വരുന്നു.

2020-21 കാലയളവിൽ, സ്ഥാപനത്തിന്റെ പ്രധാന നേട്ടങ്ങൾ ഇനിപ്പറയുന്നവയാണ്:

- സംസ്ഥാനത്തെ ദേശീയ പാതകൾക്കായി ട്രാഫിക് വളർച്ചാ നിരക്ക് മാതൃക വികസിപ്പിച്ചെടുത്തു.
- കേരളത്തിലെ വെള്ളപ്പൊക്ക സാധ്യതയുള്ള റോഡുകളിൽ ബഹുമുഖ നടപ്പാതകളുടെ വിവിധ പാളികളിൽ വെള്ളപ്പൊക്ക ദൈർഘ്യത്തിന്റെ ആഘാതത്തെക്കുറിച്ച് പഠനം നടത്തി.
- സംസ്ഥാനത്തെ വിവിധ ജില്ലകൾക്കായി പ്രാദേശിക ഗതാഗത വികസന പദ്ധതി തയ്യാറാക്കി.
- സിഗ്നലുള്ള ജംഗ്ഷനുകളിൽ ഗ്രീൻ സിഗ്നലിലൂടെ കടന്നുപോകുന്ന വാഹനങ്ങളുടെ തുടർച്ചയായ ഒഴുക്കിന്റെ നിരക്ക് സംബന്ധിച്ച പഠനം നടത്തി.
- 'കേരള ഗതാഗത വികസന റിപ്പോർട്ട്', 'കേരളത്തിലെ തദ്ദേശ സ്ഥാപനങ്ങൾക്ക് ഫണ്ട് അനുവദിക്കുന്നതിനുള്ള രീതി', 'കേരളത്തിൽ ദ്രവീകൃത മെഡിക്കൽ ഓക്സിജന്റെ ഒപ്റ്റിമൽ വിഹിതവും വിതരണവും എന്നീ 3 സാങ്കേതിക രേഖകൾ തയ്യാറാക്കി
- അപകടകരമായ ചരക്ക് കൊണ്ടുപോകുന്ന വാഹനത്തിന്റെ ഡ്രൈവർമാർക്കായി അഞ്ച് പരിശീലന പരിപാടികൾ നടത്തി.
- കേരളത്തിലെ ഉൾനാടൻ ജലപാതകൾക്കായുള്ള ഡാറ്റാബേസ് സമാഹരിക്കാനും സംഭരിക്കാനും വിശകലനം ചെയ്യാനും ഒരു വെബ് അധിഷ്ഠിത ജിഐഎസ് ഡാറ്റാബേസ് മാനേജ്മെന്റ് സിസ്റ്റം സൃഷ്ടിക്കുകയും അപ്ഡേറ്റ് ചെയ്യുകയും ചെയ്യുന്നു.
- തിരുവനന്തപുരം ഈഞ്ചക്കൽ ജംഗ്ഷനിലെ ഗതാഗത പ്രശ്നങ്ങൾ പഠിക്കുകയും പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിനുള്ള പരിഹാര നടപടികൾ നിർദ്ദേശിക്കുകയും ചെയ്തു.
- തിരുവനന്തപുരത്തിനായി ഒരു സംയോജിത ഭൂവിനിയോഗ ഗതാഗത മാതൃക വികസിപ്പിച്ചു.
- നാഷണൽ ഹൈവേകൾ (NH), സ്റ്റേറ്റ് ഹൈവേകൾ (SHs), പ്രധാന ജില്ലാ റോഡുകൾ (MDRs) എന്നിവ ഉൾപ്പെടുന്ന തിരഞ്ഞെടുത്ത റോഡുകളുടെ ശൃംഖലയ്ക്കായി റോഡ് അസറ്റ് മാനേജ്മെന്റ് സിസ്റ്റം (RAM) നിർമ്മിക്കുന്ന പ്രക്രിയയിലാണ് നാറ്റ്പാക്.
- ഡൈനാമിക് കോൺ പെനെട്രോമീറ്റർ ടെസ്റ്റ് (ഡിസിപിടി) ഉപയോഗിച്ച് കേരളത്തിലെ കുറഞ്ഞ വ്യാപ്തിയുള്ള റോഡുകളുടെ വിലയിരുത്തലിനായി ഒരു അഭിവൃദ്ധി പഠനം കേന്ദ്രം നടത്തുന്നു.
- കേരളത്തിലെ കാലാവസ്ഥാ സാഹചര്യങ്ങളിൽ ഉയർന്നുവന്ന മഴവെള്ള ജല പരിപാലന സാങ്കേതികവിദ്യയുടെ സാധ്യതകളെക്കുറിച്ച് നാറ്റ്പാക് നിരീക്ഷിച്ചു.
- ഹൈവേ നിർമ്മാണ സാമഗ്രികൾ തിരിച്ചറിയുകയും ഓരോ ഉറവിടത്തിൽ നിന്നും മെറ്റീരിയലുകളുടെയും അവയുടെ ഗുണനിലവാരത്തിന്റെയും ലീഡ് ചാർട്ട് GIS പ്ലാറ്റ്ഫോമിൽ തയ്യാറാക്കുകയും ചെയ്തു.
- ജിയോസ്പേഷ്യൽ ടൂളുകൾ ഉപയോഗിച്ച് കേരളത്തിൽ റോഡ് ഡാറ്റ ശേഖരണത്തിനായി 'GetMap' എന്ന മൊബൈൽ ആപ്പും GIS പരിസ്ഥിതിയിൽ റോഡ് ക്രാഷ് ഇൻഫർമേഷൻ സിസ്റ്റവും (RCIS) നാറ്റ്പാക് വികസിപ്പിക്കുന്നു.
- 2020-21-ൽ, കേരള പോലീസ് അക്കാദമിയുടെയും പോലീസ് ട്രെയിനിംഗ് കോളേജുകളുടെയും സഹകരണത്തോടെ ഓൺലൈൻ പ്ലാറ്റ്ഫോമിൽ റോഡ് സുരക്ഷയെക്കുറിച്ച് നിരവധി ഏകദിന പരിശീലനം നടത്തി.

**കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ് (കെ.എസ്.ഒ.എം)** ഗണിത ശാസ്ത്രത്തിൽ ഉന്നത പഠനവും ഗവേഷണവും നടത്തുന്നതിനായി സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരിന്റെ അണുശക്തി വകുപ്പും സംയുക്തമായി രൂപീകരിച്ചതാണ് കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ്

- കെ.എസ്.ഒ.എം -ന്റെ പ്രധാന ഔട്ട്റീച്ച് പ്രോഗ്രാമാണ് ടാലന്റ് നർച്ചർ പ്രോഗ്രാം.
- 2021 ഡിസംബറിൽ ഒരു സംയോജിത MSc-PhD പ്രോഗ്രാം ആരംഭിച്ചു.
- നിലവിൽ C-ആൾജിബ്രാസ്, നമ്പർ തിയറി, നിരവധി കോംപ്ലക്സ് വേരിയബിളുകൾ എന്നിവയിൽ കെ.എസ്.ഒ.എം വൈദഗ്ദ്ധ്യം നേടിയിട്ടുണ്ട്.
- ഗണിതശാസ്ത്രത്തിലെ വിവിധ ഗവേഷണ വിഷയങ്ങളിൽ നിരവധി ശിൽപശാലകളും നിരവധി ദേശീയ അന്തർദേശീയ കോൺഫറൻസുകളും സംഘടിപ്പിച്ചു.
- 'ഗണിതത്തിലും അനുബന്ധ മേഖലകളിലും സമീപകാല മുന്നേറ്റങ്ങൾ' എന്ന അന്താരാഷ്ട്ര സമ്മേളനം

നാഷണൽ ബോർഡ് ഫോർ ഹയർ മാത്തമാറ്റിക്സുമായി സഹകരിച്ച് സംഘടിപ്പിച്ചു.

- കാമ്പസിൽ സ്മാർട് ക്ലാസ് റൂമും കാന്റീൻ സൗകര്യവും സജ്ജീകരിച്ചു.

## മലബാർ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് (എം ബി ജി ഐ പി എസ്)

വിവിധയിനം ജലാശയ സസ്യങ്ങൾ, ചെറിയ സസ്യങ്ങൾ, മലബാർ മേഖലയിലെ വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങൾ എന്നിവയുടെ സംരക്ഷണത്തിനും ഗവേഷണത്തിനുമായി പ്രവർത്തിക്കുന്നതും സസ്യശാസ്ത്രത്തിന്റെ വിവിധ തലങ്ങളെ സംബന്ധിക്കുന്ന വിജ്ഞാനം പകർന്നു നൽകുന്നതിനും വേണ്ടിയുള്ള സ്ഥാപനമാണ് എം ബി ജി ഐ പി എസ്.

- വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ഗവേഷകർക്കുമായി ശാസ്ത്രത്തിന്റെ വിവിധ മേഖലകളിൽ അക്കാദമിക് കോൺഫറൻസുകൾ, സെമിനാറുകൾ സംഘടിപ്പിച്ചു
- മലബാർ ബൊട്ടാണിക്കൽ ഗാർഡനിൽ പ്ലാന്റ് ഡാറ്റാബേസ് (1550 സസ്യങ്ങൾ) സജ്ജമാക്കി.
- അക്വാ സ്കേപ്പിംഗും യൂഫോർബിയ ഗാർഡനും സൃഷ്ടിച്ചു.
- 18 ഇനം ബ്രയോഫൈറ്റുകൾ വിജയകരമായി സ്ഥാപിക്കപ്പെട്ടു
- 139 ഔഷധ സസ്യങ്ങൾ അവതരിപ്പിച്ചു.
- വിത്ത് മുളയ്ക്കുന്നതിന്റെ സ്വഭാവവും crinum malabaricum–ന്റെ വികാസവും പഠിച്ചു.
- മൊത്തത്തിൽ 22,747 എണ്ണം സസ്യങ്ങൾ ബഹുലീകരിക്കുകയും നിരവധി കൺസർവേറ്ററികൾക്ക് വിതരണം ചെയ്യുകയും ചെയ്തു. വിവിധ തൈകൾ വളർത്തി വിതരണം ചെയ്തു.
- സർവേയ്ക്കും മാതൃകകളുടെ ശേഖരണത്തിനുമായി ഫ്ലോറിസ്റ്റിക് പര്യവേക്ഷണങ്ങൾ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നടത്തി.

## ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ബേസിക് സയൻസ് (എസ്ആർഐബിഎസ്)

അടിസ്ഥാന ശാസ്ത്രത്തിൽ അടിസ്ഥാന ഗവേഷണത്തിനുള്ള അന്താരാഷ്ട്രതലത്തിൽ അറിയപ്പെടുന്ന ഒരു കേന്ദ്രമായി മാറാനും സൈദ്ധാന്തിക ശാസ്ത്രങ്ങളിൽ കാര്യശേഷി വികസനത്തിനുള്ള ഒരു പ്ലാറ്റ്ഫോമായി പ്രവർത്തിക്കാനും SRIBS ലക്ഷ്യമിടുന്നു.

2020–21–ൽ, 220 വിദ്യാർത്ഥികൾക്കും ഗവേഷകർക്കും അടിസ്ഥാന ശാസ്ത്രത്തിലെ ജൂനിയർ അധ്യാപകർക്കും പ്രയോജനപ്പെടുന്ന 4 കാര്യശേഷി വികസനത്തിനുള്ള പരിപാടികൾ സംഘടിപ്പിച്ചു. ഇൻട്രൊഡക്ഷൻ ടു ഇമ്മ്യൂണോളജി ആന്റ് ഇമ്മ്യൂണോതെറാപ്പി, കാറ്റാലിസിസ്: ഫ്രം ലൈഫ് ടു ലൈവ് ലീഹുഡ്, ന്യൂക്ലിയർ മാഗ്നറ്റിക് റെസൊണൻസ് (എൻഎംആർ) സ്പെക്ട്രോസ്കോപ്പി, കംപ്യൂട്ടേഷണൽ കെമിസ്ട്രി, നാനോ സ്കെയിലിൽ ലൈറ്റ് മാറ്റർ ഇന്ററാക്ഷൻ എന്നിവയെക്കുറിച്ച് നിരവധി വെബിനാർ പ്രോഗ്രാമുകൾ സംഘടിപ്പിച്ചു.

ഗവേഷണ–വികസന കേന്ദ്രങ്ങളുടെ പ്രധാന പ്രകടനം **പട്ടിക 5.2.2**–ൽ നൽകിയിരിക്കുന്നു

## കെ.എസ് സി എസ് റ്റി ഇ യുടെ പദ്ധതികളും പരിപാടികളും

സംസ്ഥാനത്തിനകത്ത് ശാസ്ത്ര സാങ്കേതികയിൽ മികവ് നേടിയെടുക്കുന്നതിനും സമൂഹത്തിനാകമാനം ബൃഹത്തായ സേവനങ്ങൾ പ്രദാനം ചെയ്യുന്നതിനും വേണ്ടിയുള്ള പരിപാടികൾ കണ്ടെത്തി നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടെ ശാസ്ത്ര പ്രചരണവും പ്രോത്സാഹനവും,

**പട്ടിക 5.2.2** ഗവേഷണ–വികസന കേന്ദ്രങ്ങളുടെ പ്രധാന പ്രകടനം, 2020–21–ൽ

| ക്രമ നമ്പർ | ഘടകങ്ങൾ | സി ഡബ്ല്യു ആർ ഡി എം | ജെ എൻ ടി ബി ജി ആർ ഐ | കെ എഫ് ആർ ഐ | നാറ്റ്പാക്ക് | എം ബി ജി ഐ പി എസ് | കെ.എസ്.ഒ.എം | ആകെ |
|---|---|---|---|---|---|---|---|---|
| 1 | ജേണലുകളിൽ പ്രസിദ്ധീകരിച്ച പേപ്പറുകൾ | 27 | 68 | 50 | 3 | 10 | 11 | 169 |
| 2 | പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ | 4 | 1 | 11 | | | | 16 |
| 3 | അധ്യായങ്ങൾ | 7 | 4 | 6 | 2 | | | 19 |
| 4 | കോൺഫറൻസുകളിൽ അവതരിപ്പിച്ച പ്രബന്ധങ്ങൾ | 31 | 40 | 129 | 24 | 3 | 2 | 229 |
| 5 | പിഎച്ച്ഡികൾ | 8 | 4 | 2 | | 2 | | 16 |
| 6 | ഗവേഷണ പരിശീലനം | 19 | 27 | 33 | 34 | | 3 | 116 |
| 7 | സാങ്കേതിക പരിശീലനം | 225 | 100 | 15 | 8 | | | 348 |
| 8 | സംഘടിപ്പിച്ച ശാസ്ത്രസംബന്ധിയായ മീറ്റിങ്ങുകൾ / കോൺഫറൻസുകൾ | 10 | 3 | | 4 | 2 | 1 | 20 |
| 9 | കൺസൾട്ടൻസി സേവനങ്ങൾ | 16 | 2 | 1 | 21 | 2 | | 42 |
| 10 | ബി. ടെക് / ബിരുദ പദ്ധതികൾ | | 1 | 7 | 15 | | | 23 |
| 11 | എം.ടെക്/ എം.എസ്.സി / എം.ഫിൽ പ്രോജക്ടുകൾ | 48 | 12 | 42 | 32 | 6 | 5 | 145 |

അവലംബം: കെഎസ്‌സിഎസ്ടിഇ

ഗവേഷണവും വികസനവും, ആവാസ വ്യവസ്ഥയും പരിസ്ഥിതിയും, സാങ്കേതിക വികസനവും കൈമാറ്റവും, ജൈവസാങ്കേതിക വികസനം, സ്കൂൾതല ശാസ്ത്ര പ്രോത്സാഹന പ്രവർത്തനങ്ങൾ, വനിതകൾക്കായുള്ള ശാസ്ത്ര പരിപാടികൾ എന്നിവ കേന്ദ്രീകരിച്ചുകൊണ്ട് വിവിധ പദ്ധതികളും പരിപാടികളും കൗൺസിൽ നടപ്പിലാക്കിവരുന്നു. കെ.എസ്.സി.എസ്.റ്റി.ഇ നടപ്പിലാക്കിയ പദ്ധതികളുടെയും പരിപാടികളുടെയും 2021 വർഷത്തെ നേട്ടങ്ങൾ ചുവടെ ചർച്ചചെയ്യുന്നു

### കെ എസ് സി എസ് ടി ഇയുടെ പദ്ധതികളുടെയും പരിപാടികളുടെയും നേട്ടങ്ങൾ

### 1.ശാസ്ത്ര സാങ്കേതികതയിലെ മാനവശേഷി വികസനം

**i. സയൻസ് റിസർച്ച് സ്കീം (എസ് ആർ എസ്)**

സംസ്ഥാനത്തെ അടിസ്ഥാന, പ്രായോഗിക ഗവേഷണത്തിൽ വികസന, ഗവേഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ലക്ഷ്യമിടുന്ന കൗൺസിലിന്റെ പ്രധാന ഫ്ലാഗ്ഷിപ് പ്രവർത്തനങ്ങളിലൊന്നാണിത്. ഈ പദ്ധതിയുടെ കീഴിൽ, സയൻസ്, എഞ്ചിനീയറിംഗ് മേഖലകളിലെ ഗവേഷണ പ്രോജക്ടുകൾക്ക് സർവകലാശാല വിഭാഗങ്ങൾ, കലാലയങ്ങൾ, ഗവേഷണ വികസന സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പിന്തുണ നൽകുന്നു. ഈ പരിപാടിയുടെ കീഴിൽ, 2020–21–ൽ 5 പുതിയ പ്രോജക്ടുകൾ അനുവദിക്കുകയും, 31 പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയും, ജേർണലുകളിൽ 154 പ്രബന്ധങ്ങൾ, കോൺഫറൻസ്/സെമിനാറുകളിൽ 74 പേപ്പറുകൾ പ്രസിദ്ധീകരിക്കുകയും, 405 മാനവ വിഭവശേഷി പരിശീലനങ്ങൾ നടത്തുകയും, 12 പിഎച്ച്ഡി നൽകുകയും ചെയ്തു. 2021–22–ൽ, (സെപ്റ്റംബർ വരെ) 5 പിഎച്ച്ഡി നൽകുകയും, സപ്പോർട്ടഡ് പ്രോജക്റ്റുകളിൽ നിന്നും 22 ജേർണൽ പേപ്പറുകൾ പ്രസിദ്ധീകരിക്കുകയും ചെയ്തു.

**ii. എമിരറ്റസ് സയന്റിസ്റ്റ്സ് സ്കീം** പ്രഗത്ഭരായ ശാസ്ത്രജ്ഞന്മാർക്ക് വ്യത്യസ്ത മേഖലകളിൽ അവരുടെ വൈദഗ്ധ്യം തെളിയിക്കുന്നതിനായി ഗവേഷണം നടത്തുന്നതിന് പിന്തുണ നൽകുന്നതിനും സംസ്ഥാനത്തിന്റെ പ്രയോജനത്തിനായി അവരവരുടെ കഴിവുകൾ വിനിയോഗിക്കുന്നതിനും ലക്ഷ്യമിടുന്നതാണ് ഈ പദ്ധതി. 2020–21–ൽ, ഈ പരിപാടിയുടെ കീഴിൽ സഹായം ലഭിച്ച പ്രോജക്ടുകളിൽ നിന്നും 25കോൺഫറൻസുകൾ / സെമിനാറുകൾ നടത്തുകയും ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ 17 പ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കുകയും 11 പി.എച്ച്.ഡി നൽകുകയും 28 പുതിയ കണ്ടെത്തലുകൾ/സാങ്കേതികവിദ്യകൾ സൃഷ്ടിക്കുകയും ചെയ്തു. 2021–22–ൽ, ജേണലുകളിൽ 5 പ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കുകയും 4 കോൺഫറൻസുകൾ/ സെമിനാറുകൾ നടത്തുകയും ചെയ്തു.

**iii. യുവ ശാസ്ത്ര പ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പരിപാടി (സ്പൈറ്റിസ്)**

8,9 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് ശാസ്ത്ര പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് പുരസ്കാരങ്ങൾ നൽകുന്നതിനും (സ്പൈറ്റിസ്–I) ശാസ്ത്രസാങ്കേതികതയിൽ നൂതന ആശയങ്ങൾ ഉള്ള പോളിടെക്നിക് കോളേജ് തലത്തിലുള്ള വിദ്യാർത്ഥികൾക്ക് പ്രൊജക്റ്റുകൾ ചെയ്യുന്നതിന് ആവശ്യമായ സാമ്പത്തിക സഹായങ്ങൾ നൽകുന്നതിനും (സ്പൈറ്റിസ്–II) വേണ്ടിയുള്ളതാണ് ഈ പദ്ധതി. 2020–21–ൽ,ശാസ്ത്ര–സാങ്കേതിക രംഗത്തെ വ്യത്യസ്ത തൊഴിൽ സാധ്യതകളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനുവേണ്ടി ഒരു വെബിനാർ സീരീസ് നടത്തി.

**iv. ഭാവി യുവ ശാസ്ത്രജ്ഞരെ കണ്ടെത്തൽ (ക്രിസ്റ്റൽ)**

ശാസ്ത്രത്തിൽ വിദ്യാർത്ഥികളുടെ കഴിവുകൾ വളരെനേരത്തെ തന്നെ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിന് വേണ്ടിയുള്ള പരിപാടിയാണ് ക്രിസ്റ്റൽ. ദേശീയ ശാസ്ത്ര കോൺഗ്രസ്സിലെ സംസ്ഥാനതല വിജയികളെയാണ് ക്രിസ്റ്റലിന്റെ ടാർഗെറ്റ് ഗ്രൂപ്പായി തിരഞ്ഞെടുക്കുന്നത്. 2020–21–ൽ ഗാന്ധിനഗർ കാമ്പസിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനിലെ പിജി വിദ്യാർത്ഥികളുമായി സഹകരിച്ച് ഡിസൈൻ തിങ്കിംഗിനെക്കുറിച്ച് വിദ്യാർത്ഥികൾക്കായി 5 ദിവസത്തെ ഓൺലൈൻ പ്രോഗ്രാം സംഘടിപ്പിച്ചു.

**v. വിദ്യാർത്ഥികൾക്കായുള്ള പ്രോജക്ടുകൾ**

ഈ പ്രോജക്ടിന്റെ കീഴിൽ, സംസ്ഥാനത്തെ സർവകലാശാല വകുപ്പുകളിലേയും കലാലയങ്ങളിലെയും വിദ്യാർത്ഥികൾക്ക് ശാസ്ത്രസംബന്ധമായ പ്രോജക്ടുകൾ ചെയ്യുന്നതിനായി സാമ്പത്തിക സഹായം നൽകുന്നു. 2020–21–ൽ ഔഷധ നിർമ്മാണ ശാസ്ത്രം, ആയുർവേദം, ഭൗതിക ശാസ്ത്രം, രസതന്ത്രം, ഭൗമശാസ്ത്രം, ഒപ്ടോഇലക്ട്രോണിക്സ്, മൈക്രോ ബയോളജി, സസ്യ ശാസ്ത്രം, ജീവശാസ്ത്രം, ആരോഗ്യ ശാസ്ത്രം, ഗണിതശാസ്ത്രം, എഞ്ചിനീയറിംഗിന്റെ വിവിധ മേഖലകൾ എന്നിങ്ങനെയുള്ള വിഷയങ്ങളിൽ 500 പ്രോജക്ടുകൾക്ക് അനുമതി നൽകുകയുണ്ടായി.

**vi.കെ എസ് സി എസ് ടി ഇ ഗവേഷണ ഫെല്ലോഷിപ്പ്**

പിഎച്ച്ഡിയിലേക്ക് നയിക്കുന്ന; ഗവേഷണത്തിൽ മിടുക്കരായ വിദ്യാർത്ഥികളെ പിന്തുണയ്ക്കുന്നതിനാണ് ഈ പദ്ധതി. ഈ പദ്ധതിയിൻ കീഴിൽ 2020–21ൽ 20 പി.എച്ച്.ഡി നൽകി. പ്രസിദ്ധീകരണങ്ങളുടെ എണ്ണം 61 ആണ്.

**vii. കെ എസ് സി എസ് ടി ഇ പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്**

ശാസ്ത്രസാങ്കേതിക രംഗത്ത് നിലനിൽക്കുന്നതിനായി ഡോക്ടറേറ്റുള്ള വ്യക്തികളെ ആകർഷിക്കുക, ഗവേഷണം തുടരാനും ശാസ്ത്രജ്ഞരായി കരിയർ വികസിപ്പിക്കാനും അവരെ പ്രോത്സാഹിപ്പിക്കുക, എന്ന ലക്ഷ്യത്തോടെ കെ.എസ്.സി.എസ്.ടി.ഇ എല്ലാ വർഷവും പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ നൽകി വരുന്നു. 2020–21–ൽ, പരിപാടിയുടെ കീഴിൽ ജേണലുകളിൽ 14 പേപ്പറുകളും, 2 പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയും, 25 കോൺഫറൻസ്/ സെമിനാറുകൾ നടത്തുകയും ചെയ്തു. 2021 സെപ്റ്റംബർ വരെ, ജേണലുകളിൽ 2 പേപ്പറുകൾ പ്രസിദ്ധീകരിച്ചു.

## 2.സാങ്കേതിക വികസനവും കൈമാറ്റവും

### i) ബൗദ്ധിക സ്വത്തവകാശം സംബന്ധിച്ച വിവര കേന്ദ്രം – കേരളം (IPRIC–K)

ഈ പ്രോഗ്രാമിന് കീഴിൽ, 2020–21–ൽ, ഏഴ് പേറ്റന്റുകൾ അനുവദിച്ചു, വിവിധ സ്ഥാപനങ്ങളുമായും സംഘടനകളുമായും സഹകരിച്ച് ഐപിആറിലെ വിവിധ വിഷയങ്ങൾ ഉൾക്കൊള്ളുന്ന 29 വെബിനാറുകൾ സംഘടിപ്പിച്ചു. 2020–21–ൽ, കേന്ദ്രം 3,000–ത്തോളം ആളുകളെ ബോധവൽക്കരിക്കുകയും 67 പേറ്റന്റ് ഫെസിലിറ്റേഷൻ അപേക്ഷകൾക്ക് നടപടി എടുക്കുകയും, 10 പേറ്റന്റുകൾ ഫയൽ ചെയ്യാൻ സൗകര്യമൊരുക്കുകയും ചെയ്തു. 2021–22–ൽ, കേന്ദ്രം 13 വെബിനാറുകൾ സംഘടിപ്പിക്കുകയും 26 പേറ്റന്റ് ഫെസിലിറ്റേഷൻ അപേക്ഷകൾ പ്രോസസ്സ് ചെയ്യുകയും ചെയ്തു.

### ii). എഞ്ചിനീറിങ് ആൻഡ് ടെക്നോളജി പ്രോഗ്രാം (ഇ.റ്റി.പി)

എഞ്ചിനീയറിംഗ്, സാങ്കേതിക മേഖലയിൽ ഉന്നത നിലവാരമുള്ള ഗവേഷണ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഗവേഷണ പ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടിയുള്ള പരിപാടിയാണ് ഇ റ്റി പി. സംസ്ഥാനത്തെ എഞ്ചിനീറിങ് കോളേജുകളിലെ പ്രഗത്ഭർക്കും ഗവേഷണ വികസന സ്ഥാപനങ്ങളിലെ ശാസ്ത്രജ്ഞർക്കും വേണ്ടി ആരംഭിച്ചിട്ടുള്ളതാണ് ഈ പദ്ധതി. 2020–21–ൽ പരിപാടിയുടെ കീഴിൽ 24 ഗവേഷണ പ്രബന്ധങ്ങളും, 53 കോൺഫറൻസ് പേപ്പറുകളും, ഒരു പേറ്റന്റ്, 3 പിഎച്ച്.ഡികളും ലഭ്യമാക്കി.

### iii). സാങ്കേതിക വിദ്യ വികസനവും അഡാപ്റ്റേഷൻ പ്രോഗ്രാമും (റ്റി.ഡി.എ.പി.)

നൂതനവും ആവശ്യകതാധിഷ്ഠിതവുമായ സാങ്കേതികവിദ്യകളുടെ വികസനത്തിനും പ്രദർശനത്തിനും പിന്തുണ നൽകുന്നതിന് ടെക്നോളജി ഡെവലപ്മെന്റ് ആൻഡ് അഡാപ്റ്റേഷൻ പ്രോഗ്രാം (റ്റി ഡി എ പി) വിഭാവനം ചെയ്തിരിക്കുന്നു. 2020–21ൽ 2 പുതിയ പ്രോജക്ടുകൾക്കും 13 നിലവിലുള്ള പ്രോജക്ടുകൾക്കുമായി ധനസഹായം അനുവദിച്ചു.

### iv). ഗ്രാമീണ സാങ്കേതിക പരിപാടി (ആർ ടി പി)

പരമ്പരാഗത ഗ്രാമീണ സാങ്കേതിക വിദ്യ പ്രോത്സാഹിപ്പിക്കുന്നതിനും അവ നവീകരിക്കുന്നതിനും വേണ്ടി ധനസഹായത്തിന്റെ രൂപത്തിൽ സഹായം പ്രദാനം ചെയ്യുന്നതിനും അതുവഴി സാങ്കേതിക വിദ്യ മെച്ചപ്പെടുത്തി വ്യാപകമായി ഉപയോഗിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഗ്രാമീണ നിവാസികളുടെ കഠിനമായ ജോലിഭാരം കുറയ്ക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ് ആർ ടി പി പദ്ധതി. താഴെത്തട്ടിലുള്ള വ്യക്തികളെയും നൂതന കണ്ടുപിടിത്തങ്ങൾ നടത്തുന്നവരെയും പ്രോത്സാഹിപ്പിക്കുന്നതിനും അതിലൂടെ ഗ്രാമീണ സാങ്കേതിക മേഖലയിലുള്ള നൂതന ആശയങ്ങൾ മെച്ചപ്പെടുത്തുന്നതിനും നൂതന കണ്ടുപിടിത്തങ്ങൾ സംരംഭക നിലയിൽ എത്തിക്കുന്നതിനും ആണ് പ്രധാനമായും ലക്ഷ്യമിടുന്നത്. 2020–21 ൽ പരിപാടിയുടെ കീഴിൽ മൂന്ന് പ്രോജക്ടുകൾക്ക് ധനസഹായം ലഭിച്ചു.

## 3. ആവാസ വ്യവസ്ഥാപരിസ്ഥിതി പരിപാടികൾ

പരിസ്ഥിതി സംരക്ഷണം, മലിനീകരണ ലഘൂകരണം, അവബോധം സൃഷ്ടിക്കൽ എന്നിവ ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ് ആവാസ വ്യവസ്ഥാപരിസ്ഥിതി പരിപാടികൾ. 2020–21ൽ, 5 പേപ്പറുകൾ പ്രസിദ്ധീകരിക്കുകയും 2 കോൺഫറൻസുകൾ/ സെമിനാറുകൾ നടത്തുകയും 4 സാങ്കേതിക/ ഗവേഷണ മാനവശേഷി പരിശീലനം നടത്തുകയും ചെയ്തു.

## 4 സ്ത്രീകൾക്കായുള്ള ശാസ്ത്ര പരിപാടികൾ

സ്ത്രീ സാക്ഷരരുടെ എണ്ണം കേരളത്തിൽ വളരെ കൂടുതലാണെങ്കിലും, ശാസ്ത്രത്തിൽ സ്ത്രീകളുടെ പ്രാതിനിധ്യം മെച്ചപ്പെടുത്താനുള്ള സാധ്യതകളുണ്ട്. സ്ത്രീകളെയും പെൺകുട്ടികളെയും ശാസ്ത്ര രംഗത്തേക്കു ആകർഷിക്കുന്നതിനും ഈ മേഖലയിൽ തൊഴിൽ ലഭ്യമാക്കുന്നതിനും സഹായകരമാകുന്ന സംവിധാനങ്ങൾ പ്രദാനം ചെയ്യുന്നതിനും ശാസ്ത്രം, സാങ്കേതികത, എഞ്ചിനീയറിങ്, കൃഷി, വൈദ്യ ശാസ്ത്രം എന്നീ മേഖലകളിൽ സ്ത്രീകളുടെയും പെൺകുട്ടികളുടെയും പങ്കാളിത്തം വർധിപ്പിക്കുന്നതിനുമായി വളരെയധികം പദ്ധതികളും പരിപാടികളും കെ എസ് സി എസ് ടി ഐയുടെ വനിതാ ശാസ്ത്ര വിഭാഗം ആരംഭിച്ചിട്ടുണ്ട്. തൊഴിലിൽ ഇടവേള സംഭവിച്ചിട്ടുള്ള വനിതകളുടെ പുനഃപ്രവേശനത്തിന് ഈ പരിപാടികൾ സഹായകമായിട്ടുണ്ട്. ഈ മേഖലയിൽ കൗൺസിൽ നടപ്പിലാക്കുന്ന പ്രധാന പരിപാടികൾ താഴെ ചേർക്കുന്നു.

i. ബാക്ക് റ്റു ലാബ് റിസർച്ച് ഫെലോഷിപ്പ് പരിപാടി 2020–21ൽ 10 ബാക്ക് ടു ലാബ് പ്രോജക്റ്റുകൾ അനുവദിച്ചു. നിലവിൽ പ്രവർത്തനത്തിലുള്ള 43 പ്രോജക്ടുകളിൽ, 29 എണ്ണം പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകളും 14 ഗവേഷണ ഫെലോഷിപ്പ് പ്രോജക്ടുകളുമാണ്. 43 പ്രോജക്ടുകളിൽ, 7 പ്രോജക്ടുകൾ പൂർത്തീകരിച്ചു. സഹായം ലഭിച്ച പ്രോജക്ടുകളിൽ നിന്ന് പ്രസിദ്ധീകരിച്ച ഗവേഷണ പ്രബന്ധങ്ങളുടെ ആകെ എണ്ണം 31 ആണ്.

ii. ശാസ്ത്രരംഗത്തുള്ള കേരളത്തിലെ സ്ത്രീകളെ സംബന്ധിക്കുന്ന ഡേറ്റാബേസ് തയ്യാറാക്കൽ പദ്ധതി–സംസ്ഥാനത്തെ വിവിധ ശാസ്ത്ര മേഖലകളിൽ സ്ത്രീകളുടെ സ്ഥിതിയെ സംബന്ധിക്കുന്ന അടിസ്ഥാന വിവരങ്ങൾ ലഭ്യമാക്കുന്നതിനായി തയ്യാറാക്കിയ ഓൺലൈൻ ഡയറക്ടറിയിൽ (മാർച്ച് 2021 വരെ) 3,107 രജിസ്ട്രേഷനുകൾ നടത്തുകയുണ്ടായി. 2020–2–ൽ 72 പുതിയ രജിസ്ട്രേഷനുകൾ നടന്നു.

## 5.ശാസ്ത്ര പ്രചരണം

i) കേരള ശാസ്ത്രപുരസ്കാരം ii) കേരള സ്റ്റേറ്റ് യങ് സയന്റിസ്റ്റ്സ് അവാർഡ് iii) കേരള സയൻസ് കോൺഗ്രസ് iv) ശാസ്ത്ര സാഹിത്യ അവാർഡുകൾ v) ദേശീയ ബാലശാസ്ത്ര കോൺഗ്രസ് vi) ശാസ്ത്ര മാധ്യമ പിന്തുണ, ഡോക്യുമെന്റേഷൻ, പ്രസിദ്ധീകരണം, vi) ടെക്നോളജി ഫെസ്റ്റിവൽ (TECHFEST) എന്നിവ കെഎസ്സിഎസ്ടിഇയുടെ ശാസ്ത്ര പ്രചരണം പരിപാടികളിൽ ഉൾപ്പെടുന്നു. ലോകത്തെവിടെയും പ്രവർത്തിക്കുന്ന കേരളീയ വംശജരായ മികച്ച ശാസ്ത്രജ്ഞരെ ആദരിച്ചുകൊണ്ട് ശാസ്ത്ര–സാങ്കേതിക രംഗത്തെ ഗുണമേന്മയുള്ള ഗവേഷണവും പരിശീലനവും നേതൃത്വവും പ്രോത്സാഹി

ഷിക്കുന്നതിനായി രൂപീകരിച്ചതാണ് കേരള ശാസ്ത്ര പുരസ്കാരം. ശാസ്ത്ര-സാങ്കേതിക രംഗത്തെ മികച്ച സംഭാവനകൾ കണക്കിലെടുത്താണ് പ്രതിഭാധനരായ യുവ ശാസ്ത്രജ്ഞർക്ക് കേരള സ്റ്റേറ്റ് യങ് സയന്റിസ്റ്റ്സ് അവാർഡുകൾ നൽകുന്നത്. 2020-21-ൽ, 4 ശാസ്ത്രജ്ഞർക്ക് കേരള യംഗ് സയന്റിസ്റ്റ് അവാർഡുകൾ നൽകി. 2020-21-ൽ നിലവിലുള്ള 8 പ്രോജക്ടുകൾക്കുള്ള കേരള സ്റ്റേറ്റ് യങ് സയന്റിസ്റ്റ്സ് അവാർഡ് (KSYSA) ഗവേഷണ ഗ്രാന്റ് നൽകി. അഞ്ച് വിഭാഗങ്ങളിലായി ഏഴ് ശാസ്ത്രസാഹിത്യ പുരസ്കാരങ്ങൾ വിതരണം ചെയ്തു.

### 6. ശാസ്ത്രസാങ്കേതികതയിലെ പശ്ചാത്തല വികസന പരിപാടികൾ

ശാസ്ത്ര മേഖലയിലെ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും ഗവേഷണം വ്യാപിപ്പിക്കുന്നതിനും കലാലയങ്ങൾക്കും കോളേജുകൾക്കും വിദ്യാലയങ്ങൾക്കും ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതിനായി ലാബുകളും അനുബന്ധ സൗകര്യങ്ങളും ഈ സ്ഥാപനങ്ങളിൽ ക്രമീകരിക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായം കൗൺസിൽ നൽകിവരുന്നു. സെലെക്ടിവ് ഓമെന്റഷൻ ഓഫ് റിസർച്ച് ആൻഡ് ഡെവലപ്മെൻറ് (എസ് എ ആർ ഡി), ശാസ്ത്രപോഷിണി എന്നീ രണ്ടു പരിപാടികൾ കൗൺസിൽ ഇതിനായി നടത്തുന്നുണ്ട്. കലാലയങ്ങളിലും സർവകലാശാലകളിലും നിർദ്ദിഷ്ട മേഖലകളിൽ ഗവേഷണം വർദ്ധിപ്പിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ളതാണ് എസ്.എ.ആർ.ഡി പരിപാടി. ലബോറട്ടറികളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഉപകരണങ്ങൾ വാങ്ങുന്നതിനും അവയുടെ അറ്റകുറ്റ പണികൾക്കുമായി ഈ പരിപാടിയിലൂടെ ധനസഹായം നൽകുന്നു. ഇത്തരത്തിൽ സംസ്ഥാനത്ത് 72 സയൻസ് ബിരുദാനന്തര ബിരുദ ലബോറട്ടറികളിലും ഗവേഷണ സ്ഥാപനങ്ങളിലും അടിസ്ഥാന സൗകര്യങ്ങൾ ഇതുവരെ വർധിപ്പിച്ചിട്ടുണ്ട്. ഹൈസ്കൂൾ തലത്തിൽ മെച്ചപ്പെട്ട ശാസ്ത്ര അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി ഭൗതിക ശാസ്ത്രം, രസതന്ത്രം, ജീവശാസ്ത്രം എന്നീ വിഷയങ്ങളിൽ മാതൃക ലബോറട്ടറികൾ സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്ന പദ്ധതിയാണ് ശാസ്ത്രപോഷിണി.

### 7. ബയോടെക്നോളജി വികസനം


ബയോടെക്നോളജി ഇ-ഇൻവെസ്റ്റേഴ്സ് പ്രോഗ്രാം, ഇൻഡസ്ട്രി ലിങ്ക്ഡ് ബയോടെക്നോളജി റിസർച്ച് സ്കീം, ബയോടെക്നോളജി ഇന്നൊവേഷൻസ് ഫോർ റൂറൽ ഡെവലപ്മെന്റ്, ബയോടെക്നോളജി ട്രെയിനിംഗ് ആന്റ് വർക്ക്ഷോപ്പ് പ്രോഗ്രാം, പോസ്റ്റ്-ഡോക്ടറൽ ഫെലോഷിപ്പ്, ബയോടെക്നോളജി യംഗ് എന്റർപ്രണർ അവാർഡ്, കേരള ബയോടെക്നോളജി റീ-എൻട്രി ഫെലോഷിപ്പ്, ബയോടെക്നോളജി എഡ്യൂക്കേഷൻ പ്രോഗ്രാം എന്നീ ബയോടെക്നോളജി ഡെവലപ്മെന്റ് പ്രോഗ്രാമുകൾ ഏറ്റെടുക്കുന്നു. 2019-20-ൽ, ഈ പ്രോഗ്രാമിൽ, പിയർ റിവ്യൂഡ് ജേണലുകളിൽ 14 പേപ്പറുകളും 3 അധ്യായങ്ങളും പ്രസിദ്ധീകരിച്ചു.

2020-21-ൽ പിന്തുണ ലഭിക്കുന്ന പ്രോജക്ടുകളിൽ കെഎസ്സിഎസ്ടിഇ-യുടെ പ്രധാന നേട്ടങ്ങൾ **ചിത്രം 5.2.1**-ൽ നൽകിയിരിക്കുന്നു.

### കെ.എസ്.സി.എസ്.ടി.ഇ യുടെ 2020-21 ലെ മറ്റ് നേട്ടങ്ങൾ

- REAP-K - വിവിധ അക്കാദമിക്, ഗവേഷണ സ്ഥാപനങ്ങളുടെ അനലിറ്റിക്കൽ ഇൻസ്ട്രുമെന്റേഷൻ സൗകര്യങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ നൽകുന്നതിനുള്ള ഓൺലൈൻ പോർട്ടലിന്റെ വികസനം
- കെ.എസ്.സി.എസ്.ടി.ഇ-ക്കും അതിന്റെ ഘടക ഗവേഷണ-വികസന കേന്ദ്രങ്ങൾക്കുമായി ഓൺലൈൻ റിക്രൂട്ട്മെന്റ് പോർട്ടലിന്റെ വികസനം
- സ്റ്റുഡന്റ് പ്രോജക്ട് സ്കീമിനായി ഓൺലൈൻ

**ചിത്രം 5.2.1** പിന്തുണ ലഭിക്കുന്ന പ്രോജക്റ്റുകളിൽ കെഎസ്സിഎസ്ടിഇയുടെ 2020-21 ലെ നേട്ടങ്ങൾ




അവലംബം: കെ.എസ്.സി.എസ്.ടി.ഇ

പ്ലാറ്റ്ഫോം വികസിപ്പിക്കൽ
- ഡിജിറ്റൽ പ്രോജക്ട് പ്രൊപ്പോസൽ സബ്മിഷൻ സിസ്റ്റത്തിന്റെ വികസനം
- ഡിജിറ്റൽ ലൈബ്രറിയുടെ വികസനം

### കാലാവസ്ഥാ വ്യതിയാന പഠന ഇൻസ്റ്റിറ്റ്യൂട്ട്

കാലാവസ്ഥാ വ്യതിയാന പഠന ഇൻസ്റ്റിറ്റ്യൂട്ട്, കോട്ടയത്ത് (ICCS) പരിസ്ഥിതി വകുപ്പിന് കീഴിൽ രജിസ്റ്റർ ചെയ്ത ഒരു സ്വയംഭരണ ഗവേഷണ കേന്ദ്രമാണ്. 2020 ജൂലൈയിൽ, ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഗവേഷണ വികസന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി അതിന്റെ ഭരണ നിയന്ത്രണം കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് കൈമാറി. ഗവേഷണത്തിലെ നാഴികക്കല്ലുകൾ ഇവയാണ്;

- പരസ്പര താൽപ്പര്യമുള്ള മേഖലകളിൽ അക്കാദമിക്, ഗവേഷണ സഹകരണം, ഫാക്കൽറ്റി, സ്റ്റാഫ്, റിസർച്ച് സ്കോളർമാരുടെ കൈമാറ്റം, വിദ്യാർത്ഥികളുടെ കൈമാറ്റം, അക്കാദമിക് സാമഗ്രികളുടെ കൈമാറ്റം, പ്രസിദ്ധീകരണങ്ങളും മറ്റ് വിവരങ്ങളും, സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, മറ്റ് അക്കാദമിക് മീറ്റിംഗുകൾ സംഘടിപ്പിക്കൽ തുടങ്ങിയ മേഖലകളിൽ സഹകരണം വികസിപ്പിക്കുന്നതിനായി, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി മദ്രാസും (IITM) കാലാവസ്ഥാ വ്യതിയാന പഠന ഇൻസ്റ്റിറ്റ്യൂട്ടും (ICCS) തമ്മിൽ ധാരണാപത്രം (എംഒയു) നടപ്പിലാക്കി.
- കേരളത്തിൽ വൻതോതിൽ മഴ പെയ്യുന്ന സംഭവങ്ങളിൽ എയറോസോളുകളുടെ സ്വാധീനം പരിശോധിച്ചു.
- ചാലിയാർ നദീതടത്തിലെ ജലലഭ്യതയിൽ ഭാവിയിൽ കാലാവസ്ഥാ വ്യതിയാനത്തിന്റെ അനന്തരഫലത്തെ ക്കുറിച്ച് മണ്ണും ജലവും വിലയിരുത്തുന്നതിനുള്ള ഉപകരണം (SWAT) ഉപയോഗിച്ച് പഠനം നടത്തി.

### ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിക് റിസർച്ച്

ഇന്ത്യയിൽ, പ്രത്യേകിച്ച് കേരളത്തിൽ പ്രമേഹ രോഗ സാധ്യത വളരെ കൂടുതലുള്ളതിനാൽ, കേരളത്തിൽ ഡയബറ്റിസ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നു. നിർദിഷ്ട ഇൻസ്റ്റിറ്റ്യൂട്ട്, "പ്രമേഹം തടയുക, നിയന്ത്രിക്കുക, സുഖപ്പെടുത്തുക" എന്ന കാഴ്ചപ്പാടോടെ അന്താരാഷ്ട്ര നിലവാരമുള്ളതായിരിക്കും. പ്രമേഹ രോഗികളെ പരിപാലിക്കുന്നതിനും, പ്രമേഹം തടയുന്നതിനുള്ള നടപടികൾ ആവിഷ്കരിക്കുന്നതിനും, പ്രാരംഭ ഘട്ടത്തിൽ കണ്ടെത്തി അതിന്റെ സങ്കീർണതകൾ തടയുന്നതിനും, ഏറ്റവും ചെലവ് കുറഞ്ഞ ചികിത്സാ തന്ത്രങ്ങൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ് വികസിപ്പിക്കുന്നതാണ്. 2021-22ൽ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനും പ്രോജക്ട് മാനേജ്മെന്റിനുമായി ഇൻസ്റ്റിറ്റ്യൂട്ടിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

### ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി

പകർച്ചവ്യാധികളായ വൈറൽ രോഗങ്ങളുടെ നിയന്ത്രണം, ഗവേഷണം, രോഗനിർണയം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന അന്താരാഷ്ട്രാ വൈറോളജി സ്ഥാപനങ്ങളുമായുള്ള ശൃംഖലയിൽ ഉൾപ്പെടുത്തി വിഭാവനം ചെയ്യുന്ന ഒരു ഗ്ലോബൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടാണ് തിരുവനന്തപുരത്തെ തോന്നക്കലിൽ ബയോ 360 ലൈഫ് സയൻസസ് പാർക്കിൽ കേരള സർക്കാർ 2019-ൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി സ്ഥാപിച്ചു. മെച്ചപ്പെട്ട മനുഷ്യജീവിതത്തിനായി ഉപദ്രവകാരികളായ വൈറസുകളെ നിർമ്മാർജ്ജനം ചെയ്യുന്നതിനും അടിസ്ഥാന ശാസ്ത്രവും ട്രാൻസ്ലേഷണൽ റിസർച്ച് ഉൾപ്പെടുന്ന ഗവേഷണത്തിന്റെ അടിസ്ഥാനത്തിൽ പരിശീലനവും വിദ്യാഭ്യാസവും നൽകുന്നതിനും, സാക്രമിക വൈറൽ രോഗങ്ങൾ നിയന്ത്രിക്കുന്നതിനും തടയുന്നതിനും പര്യാപ്തമായ ശാസ്ത്രീയ ഉപാധികൾ പ്രധാനം ചെയ്യുന്നതിനും വേണ്ടി അന്തർദേശീയ സ്ഥാപനങ്ങളുമായി യോജിച്ച് പ്രവർത്തിക്കുന്ന ഒരു മികവിന്റെ സ്ഥാപനമായിരിക്കും ഇത്. പ്രാദേശിക, ദേശീയ, ആഗോള ആവശ്യങ്ങൾ നിറവേറ്റുന്നതിനായി വൈറോളജിയിലെ അത്യാധുനിക അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക, വിദഗ്ധ ശാസ്ത്ര-സാങ്കേതിക ഉദ്യോഗസ്ഥരെ സജ്ജമാക്കുക, സേവനങ്ങളും ഉൽപ്പന്നങ്ങളും വികസിപ്പിക്കുക എന്നതാണ് ഇതിന്റെ ദൗത്യം. 202.00 കോടി രൂപ മൊത്തം പദ്ധതി ചെലവ് വരുന്ന ഈ സ്ഥാപനം വ്യാവസായിക കൈമാറ്റം/സാങ്കേതിക പ്രോത്സാഹനം എന്നിവയ്ക്കായി പ്രവർത്തിക്കുന്നതിന് ലക്ഷ്യമിടുന്നു. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനാണ് സ്ഥലവും അടിസ്ഥാന സൗകര്യങ്ങളും പ്രദാനം ചെയ്ത ഏജൻസി. തിരുവനന്തപുരത്തെ തോന്നക്കലിൽ 25 ഏക്കർ സ്ഥലത്ത് വ്യാപിച്ചുകിടക്കുന്ന കാമ്പസിന്റെ നിർമ്മാണം രണ്ട് ഘട്ടങ്ങളിലായാണ് ആസൂത്രണം ചെയ്തിരിക്കുന്നത് (ഘട്ടം 1-ഉം ഘട്ടം 2-ഉം). അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, ബയോ ലാബ്, കോമൺ ഇൻസ്ട്രുമെന്റേഷൻ റൂം, ജൈവ സുരക്ഷാ സൗകര്യങ്ങൾ, ഡയഗ്നോസ്റ്റിക് സൗകര്യങ്ങൾ, എന്നിവ ഉൾപ്പെടുന്ന ഘട്ടം I എ – പ്രീഫാബ് ചെയ്ത രണ്ടു നില കെട്ടിടമാണ് (25,000 ചതുരശ്ര അടി), അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, ബയോ ലാബ്, ജൈവ സുരക്ഷാ സൗകര്യങ്ങൾ, പ്രവർത്തന വിഭാഗം എന്നിവ ഉൾപ്പെടുന്ന മൂന്നു നിലകളോട് കൂടിയ ഘട്ടം I ബി-പ്രധാന കെട്ടിടം (78,000 ചതുരശ്ര അടി) എന്നിവ ചേർന്നതാണ് ഇൻസ്റ്റിട്യൂട്ട്.

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി 2020 ഒക്ടോബറിൽ ഉദ്ഘാടനം ചെയ്തു, 29 ലധികം രാജ്യങ്ങളിലായി 45 മികവിന്റെ കേന്ദ്രങ്ങളുള്ള ഗ്ലോബൽ വൈറസ് നെറ്റ്‌വർക്കുമായി സംയോജിപ്പിച്ചിരിക്കുന്നു. 25,000 ചതുരശ്ര അടി പ്രാദേശത്ത് വ്യാപിച്ച പ്രീ ഫാബ് കെട്ടിടത്തിൽ ക്ലിനിക്കൽ വൈറോളജി, വൈറൽ ഡയഗനോസ്റ്റിക്ക് വിഭാഗങ്ങൾ പ്രവർത്തന സജ്ജമായിട്ടുണ്ട്. വായുവിലൂടെ പകരുന്ന രോഗാണുക്കൾക്ക് രോഗനിർണയ സൗകര്യം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിച്ചു. അഞ്ച് ബിഎസ്എൽ-II ലബോറട്ടറികൾ പ്രവർത്തനക്ഷമമാക്കി. ഡെങ്കിപ്പനി, ചിക്കുൻഗുനിയ, സിക്ക രോഗനിർണ്ണയത്തിനായി ഐഎവിക്ക് സാമ്പിളുകൾ നൽകുന്നതിന് അഞ്ച് മെഡിക്കൽ സെന്ററുകൾക്ക് നിർദ്ദേശങ്ങൾ നൽകി ഇൻസ്റ്റിറ്റ്യൂട്ട് രോഗനിർണ്ണയ സേവനങ്ങൾ ആരംഭിച്ചു.

### 2. റീജിയണൽ ക്യാൻസർ സെന്റർ (ആർ സി സി), തിരുവനന്തപുരം

ആഗോളതലത്തിൽ, ഏകദേശം ആറിൽ ഒരു മരണം

ക്യാൻസർ മൂലമാണ്, കൂടാതെ 2018–ൽ 9.6 ദശലക്ഷം മരണം കണക്കാക്കിയ ക്യാൻസർ രണ്ടാമത്തെ പ്രധാന മരണ കാരണം കൂടിയാണ്. ക്യാൻസർ മൂലമുള്ള മരണങ്ങളിൽ ഏകദേശം 70 ശതമാനവും സംഭവിക്കുന്നത് കുറഞ്ഞതും ഇടത്തരം വരുമാനമുള്ള രാജ്യങ്ങളിലാണ്. ഈ രോഗത്തിന്റെ കാരണമായേക്കാവുന്ന പ്രധാനപ്പെട്ട ഘടകമായ പുകയില ഉപഭോഗം 2018–ൽ 22 ശതമാനത്തോളം ക്യാൻസർ മരണത്തിനും ഇടയാക്കി. 2018–ൽ ലോകമെമ്പാടുമുള്ള 9.6 ദശലക്ഷം ആളുകൾ കാൻസർ ബാധിച്ച് മരിച്ചതായി കണക്കാക്കപ്പെടുന്നു. (ഉറവിടം: ലോകാരോഗ്യ സംഘടന)

ഇന്ത്യയിൽ, 2020–ൽ കാൻസർ ബാധിച്ചവരുടെ എണ്ണം ഏകദേശം 13,92,179 ആണ്, സ്തനം, ശ്വാസകോശം, വായ, സെർവിക്സ് ഗർഭാശയം, നാവ് എന്നിവയാണ് കാൻസർ ബാധിക്കുന്ന 5 പ്രധാന സ്ഥാനങ്ങൾ. പുരുഷൻമാരിൽ 6,79,421 (100,000–ന് 94.1), സ്ത്രീകളിൽ 7,12,758 (100,000–ന് 103.6) പേർ ക്യാൻസർ രോഗബാധിതരാണെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. 68 പുരുഷന്മാരിൽ ഒരാൾക്ക് (ശ്വാസകോശ അർബുദം), 29 സ്ത്രീകളിൽ ഒരാൾക്ക് (സ്തനാർബുദം), 9 ഇന്ത്യക്കാരിൽ 1 ഒരാൾക്ക് അവരുടെ ജീവിതകാലത്ത് (0–74 വയസ്സ്) കാൻസർ പിടിപെടാനുള്ള സാധ്യതയാണുള്ളത്.(ഉറവിടം: നാഷണൽ ക്യാൻസർ രജിസ്ട്രി പ്രോഗ്രാം, ഇന്ത്യ)

നാഷണൽ ക്യാൻസർ രജിസ്ട്രി പ്രോഗ്രാം ഇന്ത്യയുടെ റിപ്പോർട്ട് പ്രകാരം, ശ്വാസകോശം, വായ, ആമാശയം, അന്നനാളം എന്നിവയിലെ അർബുദങ്ങളാണ് പുരുഷന്മാരിൽ സാധാരണയായി കാണപ്പെടുന്നത്, അതേസമയം സ്ത്രീകളിൽ സ്തനം, സെർവിക്സ് ഗർഭാശയത്തിലെ അർബുദങ്ങൾ പൊതുവെ കാണപ്പെടുന്നു. സ്തനാർബുദത്തിന്റെ എണ്ണം വർധിച്ചുവരുമ്പോൾ സെർവിക്കൽ ക്യാൻസർ കുറഞ്ഞുവരുന്നതായും പറയുന്നു. ഹൈദരാബാദ്, ചെന്നൈ, ബംഗളൂരു, ഡൽഹി തുടങ്ങിയ മെട്രോപൊളിറ്റൻ നഗരങ്ങളിൽ സ്തനാർബുദത്തിന്റെ തോത് വളരെ കൂടുതലാണെന്നും കാണിക്കുന്നു.

കേരളത്തിൽ, കാൻസർ നിയന്ത്രണം, ചികിത്സ, ഗവേഷണം, പരിശീലനം എന്നിവയിൽ നൂതനവും നേതൃത്വപരമായ പ്രവർത്തനങ്ങൾ തിരുവനന്തപുരം ആർസിസിയിൽ നടത്തിവരുന്നു. കാൻസർ രോഗനിർണയത്തിനും ചികിത്സയ്ക്കും ആവശ്യമായ സൗകര്യങ്ങൾ പ്രദാനം ചെയ്യുന്ന രാജ്യത്തെ ഏറ്റവും മികച്ച ക്യാൻസർ സെന്ററുകളിലൊന്നാണ് തിരുവനന്തപുരം ആർസിസി. ക്യാൻസർ രോഗ പഠന വൈദ്യ ശാസ്ത്ര ശാഖയിലെ വിവിധ മേഖലകളെ സംബന്ധിക്കുന്ന അടിസ്ഥാന, പ്രായോഗിക, സ്ഥിതി വിവര, ശാസ്ത്ര ഗവേഷണം നടത്തുക എന്നതാണ് ഈ സെന്ററിന്റെ പ്രധാന ലക്ഷ്യം. ഇവിടെ അടിസ്ഥാന, പ്രായോഗിക, ചികിത്സ സംബന്ധിയായ ഗവേഷണങ്ങൾ നടത്തുകയും വിജ്ഞാനം പ്രദാനം ചെയ്യുകയും ചെയ്യുന്നു.

രാജ്യത്തെ നിലവിലുള്ള 28 റീജിയണൽ ക്യാൻസർ സെന്ററുകളിൽ മുൻപന്തിയിലുള്ള മൂന്നെണ്ണത്തിലൊന്നാണ് ആർ സി സി. അന്താരാഷ്ട്ര സംഘടനകളായ ലോകാരോഗ്യ സംഘടന, അന്താരാഷ്ട്ര ക്യാൻസർ ഗവേഷണകേന്ദ്രം (ഫ്രാൻസ്), അന്താരാഷ്ട്ര ആണവോർജ്ജ ഏജൻസി (വിയന്ന), ദേശീയ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് (യു.എസ്എ), ക്യാൻസർ ഗവേഷണ കേന്ദ്രം (യു.കെ), ലീഡ്സ് യൂണിവേഴ്സിറ്റി (യു.കെ), ആരോഗ്യ ഗവേഷണ കേന്ദ്രം (ജപ്പാൻ) എന്നിവയും മറ്റ് പ്രമുഖ സംഘടനകളുമായി ആർ.സി.സി മെച്ചമായ ബന്ധം നിലനിർത്തുന്നു.
കഴിഞ്ഞ നാൽപ്പത് വർഷങ്ങളായി, കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട അർബുദ പരിശോധനയും ചികിൽസയും നല്കിക്കൊണ്ട് കേരളത്തിലെയും തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിലെ സമീപ പ്രദേശങ്ങളിലെയും ജനങ്ങളുടെ വർദ്ധിച്ചു വരുന്ന ക്യാൻസർ രോഗാവശ്യങ്ങൾ പരിഗണിക്കുന്നതിൽ ആർ.സി.സി ഗണ്യമായ സംഭാവന ചെയ്തിട്ടുണ്ട്. കൂടാതെ, ക്യാൻസർ രോഗം നിയന്ത്രണ വിധേയമാക്കുന്നതിനും ക്യാൻസർ ചികിത്സയുടെ വിവിധ മേഖലകളിലാവശ്യമായ മാനുഷികശേഷി വളർത്തുന്നതിനും ക്യാൻസറിനുള്ള പുതിയ ചികിത്സാരീതികൾ ലഭ്യമാക്കുന്നതിനായി ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനായി പ്രവർത്തിക്കുന്നതിനും ആർ.സി.സി പ്രതിജ്ഞാബദ്ധമാണ്.

ആർ.സി.സി യെ കൂടാത മലബാർ ക്യാൻസർ സെന്റർ, കൊച്ചിൻ ക്യാൻസർ റിസർച്ച് സെന്റർ എന്നിങ്ങനെ രണ്ട് ക്യാൻസർ സെന്ററുകൾ നിലവിലുണ്ട്. ഇവ സംബന്ധിക്കുന്ന വിശദാംശങ്ങൾ ഈ അവലോകനത്തിന്റെ അധ്യായം 6 ആരോഗ്യം എന്ന സെക്ഷനിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടിക 5.2.3** ആർ.സി.സി യുടെ 2018–19 ലെയും 2019–20–ലെയും, 2020–21 ലെയും രൂപരേഖ ഒറ്റനോട്ടത്തിൽ

| ഇനം | 2018–19 | 2019–20 | 2020–21 |
|---|---|---|---|
| രജിസ്റ്റർ ചെയ്ത പുതിയ കേസുകൾ | 15,627 | 15, 474 | 11,191 |
| പുനഃപരിശോധനയക്കായി രജിസ്റ്റർ ചെയ്ത കേസുകൾ | 2,58,838 | 2,67,348 | 1,50,330 |
| കിടത്തി ചികിത്സിച്ച രോഗികൾ | 11,568 | 11,397 | 6,807 |
| റേഡിയോ തെറാപ്പി | 7,071 | 6,499 | 4,353 |
| ബ്രച്ചിതെറാപ്പി | 1,766 | 1,616 | 963 |
| ശസ്ത്രക്രിയ സംബന്ധിക്കുന്ന പ്രവർത്തനങ്ങൾ | 5,756 | 6,075 | 3,097 |
| എൻഡോസ്കോപ്പിക് പ്രവർത്തനങ്ങൾ | 2,969 | 2,719 | 624 |
| കീമോതെറാപ്പി | 11,939 | 12,323 | 10,067 |
| മജ്ജമാറ്റിവയ്ക്കൽ | 37 | 33 | 21 |
| തുടർ ഗവേഷണ പ്രോജക്ടുകൾ | 179 | 215 | 239 |

അവലംബം: റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം

### ആർ.സി.സി രൂപരേഖ

ക്യാൻസർ നിയന്ത്രണത്തിൽ ഒരു ആഗോള നേതൃത്വനിരയിലേക്ക് എത്തുക എന്നതാണ് ആർ.സി.സിയുടെ ലക്ഷ്യം. 2020–21–ൽ, 11,191 പുതിയ കേസുകളും

പുന:പരിശോധനക്കായി 1,50,330 കേസുകളും ആർസിസിയിൽ രജിസ്റ്റർ ചെയ്യപ്പെട്ടു. രജിസ്റ്റർ ചെയ്ത പുതിയ കേസുകളിൽ 5,322 പുരുഷന്മാരും (48 ശതമാനം) 5,869 സ്ത്രീകളുമാണ് (52 ശതമാനം). രോഗികളുടെ ദൈനംദിന സന്ദർശനത്തിന്റെ ശരാശരി 525 എണ്ണമായിരുന്നു. ആർ.സി.സിയുടെ 2018-19, 2019-20, 2020-21 വർഷങ്ങളിലെ രൂപരേഖ **പട്ടിക 5.2.3**-ൽ നൽകുന്നു.

**ബോക്സ് 5.2.1** ആശുപത്രി സ്ഥിതി വിവരക്കണക്കുകൾ

- കിടത്തി ചികിത്സക്കുള്ള ബെഡ്ഡുകളുടെ എണ്ണം – 307
- ശസ്ത്രക്രിയ ബെഡ്ഡുകളുടെ എണ്ണം – 298
- പ്രതിദിന ശരാശരി ഔട്ട് പേഷ്യന്റ് – 525
- പ്രതിമാസ ശരാശരി പ്രവേശനം – 567
- കിടക്ക ഉപയോഗ നിരക്ക് – 72 ശതമാനം

അവലംബം: റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം

### ആർ.സി.സിയിൽ രജിസ്റ്റർ ചെയ്ത കേസുകൾ

കഴിഞ്ഞ 11 വർഷങ്ങളിൽ ആർ.സി.സിയിൽ രജിസ്റ്റർ ചെയ്ത കേസുകളുടെ വിശദാംശങ്ങൾ സൂചിപ്പിക്കുന്നത് 2017-18 വരെ, ഓരോവർഷവും പുതിയ കേസുകളുടെ എണ്ണം വർധിച്ചുവരുന്നു എന്നുള്ളതാണ്. എന്നാൽ കഴിഞ്ഞ മൂന്ന് വർഷമായി എണ്ണം കുറഞ്ഞുവരികയാണ്. 2015-16 മുതൽ 2020-21 വരെ രജിസ്റ്റർ ചെയ്ത ആകെ കേസുകളുടെ എണ്ണം 91,032 ആണ്. 2020-21-ൽ 11,191 പുതിയ കേസുകൾ ചെയ്യപ്പെടുകയും, ഇത് മുൻവർഷത്തേക്കാൾ 27.7 ശതമാനം കുറവുമാണ്. ഇത് കോവിഡ് -19 മഹാമാരി കാരണമാണെന്ന് കണക്കാക്കാം. 2019-20ൽ രജിസ്റ്റർ ചെയ്തത് 15,474 കേസ്സുകളായിരുന്നു. 2010-11 മുതൽ 2020-21 വരെ രജിസ്റ്റർ ചെയ്ത പുതിയ കേസുകളുടെ എണ്ണം **ചിത്രം 5.2.2**-ൽ കൊടുത്തിരിക്കുന്നു.

2020-21-ൽ രജിസ്റ്റർ ചെയ്ത മൊത്തം 11,191 പുതിയ കേസുകളിൽ, 10,562 കേസുകൾ (94 ശതമാനം) സംസ്ഥാനത്തിനകത്തുനിന്നും ബാക്കിയുള്ളവ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും രാജ്യത്തിനു പുറത്തുനിന്നുമാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. മൊത്തം പുതിയ കേസുകളിൽ ഏറ്റവുമധികം തിരുവനന്തപുരം ജില്ലയിൽ നിന്നും (36 ശതമാനം) കുറവ് വയനാട് ജില്ലയിൽ നിന്നുമാണ് (0.15 ശതമാനം) റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. **ചിത്രം 5.2.3** ൽ കേരളത്തിലെ ജില്ലകളിൽ നിന്നും പുതുതായി രജിസ്റ്റർ ചെയ്ത കേസുകൾ കാണിച്ചിരിക്കുന്നു.

### സ്പെഷ്യാലിറ്റി ക്ലിനിക്കുകളിൽ രജിസ്റ്റർ ചെയ്ത കേസുകൾ


2020-21ൽ കൂടുതൽ പുതിയ കാൻസർ കേസുകൾ രജിസ്റ്റർ ചെയ്തത്. ശ്വാസകോശം, ഗ്യാസ്ട്രോ ഇന്റസ്റ്റിനൽ ക്യാൻസർ രോഗങ്ങൾക്കാണ് (2,694 കേസുകൾ), തുടർന്ന് ഏറ്റവുമധികം രജിസ്റ്റർ ചെയ്തിട്ടുള്ളത് സ്തനം, കേന്ദ്ര നാഡീ വ്യൂഹം (2,029 കേസുകൾ), ഗൈനക്, ജെനിറ്റോറിനറി, മറ്റ് സ്പെഷ്യാലിറ്റി ക്ലിനിക്കിലുമാണ് (1,965 കേസുകൾ). പീഡിയാട്രിക് ക്ലിനിക്കിലാണ് (400 കേസുകൾ) കുറവ് കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടത്. 2020-21-ൽ സ്പെഷ്യാലിറ്റി ക്ലിനിക്കുകളിൽ പുതുതായി രജിസ്റ്റർ ചെയ്ത രോഗികളുടെ എണ്ണത്തിന്റെ ശതമാനം കണക്കിലെടുത്ത് വിവിധ ശരീരഭാഗങ്ങളിൽ വ്യാപിച്ച ക്യാൻസർ രോഗത്തിന്റെ വിവരങ്ങൾ **ചിത്രം 5.2.4**-ൽ കാണിച്ചിരിക്കുന്നു.

2018-19, 2019-20, 2020-21 വർഷങ്ങളിൽ സ്പെഷ്യാലിറ്റി ക്ലിനിക്കുകളിൽ രജിസ്റ്റർ ചെയ്ത പുതിയ കേസുകളുടെ എണ്ണം **പട്ടിക 5.2.4**-ൽ കാണിച്ചിരിക്കുന്നു.

### രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം (പ്രായം/ലിംഗ അടിസ്ഥാനത്തിൽ)


പ്രായം/ലിംഗ അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ സൂചിപ്പിക്കുന്നത് 2019-20-ൽ രജിസ്റ്റർ ചെയ്ത പുതിയ കേസുകളിൽ, 55-64 വയസ്സ് പ്രായമുള്ളവരാണ് (27.87 ശതമാനം) കൂടുതൽ ക്യാൻസർ രോഗ ബാധിതർ എന്നതാണ്. (ഇതിൽ 29.74 ശതമാനം പുരുഷന്മാരും 26.17 ശതമാനം സ്ത്രീകളും ഉൾപ്പെടും). ലിംഗ/പ്രായമനുസരിച്ച് 2020-21ൽ ആർ.സി.സിയിൽ കാൻസർ ചികിത്സയ്ക്കായി രജിസ്റ്റർചെയ്ത പുതിയ രോഗികളുടെ വിവരങ്ങൾ **ചിത്രം 5.2.5**-ൽ കൊടുത്തിരിക്കുന്നു.

**ചിത്രം 5.2.2** 2010-11 മുതൽ 2020-21 വരെ ആർ.സി.സിയിൽ രജിസ്റ്റർ ചെയ്ത പുതിയ കേസുകളുടെ എണ്ണം





അവലംബം: റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം.

**ചിത്രം 5.2.3** 2020–21–ൽ രജിസ്റ്റർ ചെയ്ത പുതിയ കേസുകൾ, ജില്ലാ അടിസ്ഥാനത്തിൽ




അവലംബം: റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം

**ചിത്രം 5.2.4** 2020–21–ൽ സ്പെഷ്യാലിറ്റി ക്ലിനിക്കുകളിൽ രജിസ്റ്റർ ചെയ്ത പുതിയ രോഗികളുടെ ശതമാനം





അവലംബം: റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം.

**പട്ടിക 5.2.4** രജിസ്റ്റർ ചെയ്ത രോഗികളുടെ എണ്ണം, (സ്പെഷ്യാലിറ്റി ക്ലിനിക്ക്അ ടിസ്ഥാനത്തിൽ), 2018–19, 2019–20, 2020–21 വർഷങ്ങളിൽ

| ക്രമ നം. | ക്ലീനിക് | 2018–19 | 2019–20 | 2020–21 |
|---|---|---|---|---|
| 1 | ഹിമറ്റോളജിക്കൽ, ലിംഫോറെറ്റികുലാർ, ബോൺ, സോഫ്റ്റ്, ടിഷ്യൂ സർകോമ | 2,382 | 2,432 | 1,687 |
| 2 | ഹെഡ്, നെക്ക് | 2,569 | 2,334 | 1,785 |
| 3 | സ്തനം, കേന്ദ്ര നാഡീ വ്യൂഹം | 2,558 | 2,601 | 2,029 |
| 4 | ഗൈനക്, ജനിറ്റിനറി, മറ്റുള്ളവ | 2,690 | 2,788 | 1,965 |
| 5 | ശ്വാസകോശം, ഗ്രാസ്ട്രോ ഇന്റസ്റ്റീനൽ | 3,763 | 3,654 | 2,694 |
| 6 | പീഡിയാട്രിക് | 537 | 561 | 400 |
| 7 | തൈറോയിഡ് | 1,128 | 1,104 | 631 |
| | ആകെ | 15,627 | 15,474 | 11,191 |

അവലംബം: റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം

**ചിത്രം 5.2.5** പുതിയതായി രജിസ്റ്റർ ചെയ്ത പുതിയ രോഗികളുടെ പ്രായവും ലിംഗവുമനുസരിച്ചുള്ള കണക്ക്, 2020–21–ൽ




അവലംബം: റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം

**പട്ടിക 5.2.5** സ്പെഷ്യാലിറ്റി ക്ലിനിക്കുകളിൽ രജിസ്റ്റർ ചെയ്ത ലിംഗാടിസ്ഥാനത്തിലുള്ള പുതിയ കേസുകൾ

| ക്ലിനിക് | പുരുഷൻ | ശതമാനം | സ്ത്രീ | ശതമാനം |
|---|---|---|---|---|
| ഹിമറ്റോളജിക്കൽ, ലിംഫോറെറ്റിക്യുലാർ, ബോൺ, സോഫ്റ്റ്, ടിഷ്യൂ സർകോമ | 959 | 18.02 | 729 | 12.42 |
| ഹെഡ്, നെക്ക് | 1379 | 25.91 | 404 | 6.88 |
| സ്തനം, കേന്ദ്ര നാഡീ വ്യൂഹം | 154 | 2.89 | 1874 | 31.93 |
| ഗൈനക്, ജനിറ്റിനറി, മറ്റുള്ളവ | 672 | 12.63 | 1296 | 22.08 |
| ശ്വാസകോശം, ഗ്രാസ്ട്രോ ഇന്റസ്റ്റീനൽ | 1845 | 34.67 | 848 | 14.45 |
| പീഡിയാട്രിക് | 226 | 4.25 | 174 | 2.96 |
| തൈറോയിഡ് | 87 | 1.63 | 544 | 9.27 |
| **ആകെ** | 5322 | 100 | 5869 | 100 |

അവലംബം: റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം

### സ്പെഷ്യാലിറ്റി ക്ലിനിക്കുകളിൽ രജിസ്റ്റർ ചെയ്ത പുതിയ കേസുകളുടെ എണ്ണം ലിംഗ അടിസ്ഥാനത്തിൽ.

2020–21–ൽ സ്പെഷ്യാലിറ്റി ക്ലിനിക്കുകളിൽ രജിസ്റ്റർ ചെയ്ത ലിംഗാടിസ്ഥാനത്തിലുള്ള പുതിയ കേസുകൾ സൂചിപ്പിക്കുന്നത്, പുരുഷന്മാരിൽ ഏകദേശം 34.67 ശതമാനം ശ്വാസകോശം, ഗ്യാസ്ട്രോ ഇൻഡസ്റ്റീനിയൽ ക്ലിനിക്കുകളിലും 31.93 ശതമാനം സ്ത്രീകൾ സ്തനം, കേന്ദ്ര നാഡീവ്യൂഹം ക്ലിനിക്കുകളിലും രജിസ്റ്റർ ചെയ്തിട്ടുണ്ട്. സ്പെഷ്യാലിറ്റി ക്ലിനിക്കുകളിൽ രജിസ്റ്റർ ചെയ്ത ലിംഗാടിസ്ഥാനത്തിലുള്ള പുതിയ കേസുകൾ **പട്ടിക 5.2.5**–ൽ കൊടുത്തിരിക്കുന്നു.

### റഫറൽ സംവിധാനം

ത്രിതീയ തലത്തിലുള്ള ഒരു റഫറൽ ആശുപത്രിയായ ആർ.സി.സി. യിലേക്ക് മറ്റ് സർക്കാർ, സ്വകാര്യ ആശുപത്രികളിൽ നിന്ന് റഫർ ചെയ്യപ്പെടുന്ന രോഗികളെ പ്രവേശിപ്പിക്കുന്നു. മുൻവർഷത്തെ പോലെ 2020–21 കാലയളവിൽ ആർ.സി.സിയിലേക്ക് റഫർ ചെയ്യപ്പെട്ട കേസുകളിൽ കൂടുതലും തിരുവനന്തപുരത്ത് നിന്നുമാണ് (35.90 ശതമാനം കേസുകൾ), തുടർന്ന് കൊല്ലം (25.57 ശതമാനം), ഏറ്റവും കുറവ് കേസുകൾ റഫർ ചെയ്യപ്പെട്ടത് വയനാട് നിന്നാണ് (0.15 ശതമാനം). 2019–20–ൽ 4,073 കേസുകളും 2020–21 –ൽ 4,018 കേസുകളുമാണ് തിരുവനന്തപുരത്ത് നിന്ന് റഫർ ചെയ്യപ്പെട്ടത്. വിശദാംശങ്ങൾ **പട്ടിക 5.2.6–**ൽ കൊടുത്തിരിക്കുന്നു.

കൂടാതെ, 2020–21–ൽ, തമിഴ്നാട്ടിൽ നിന്ന് 539 കേസുകളും കർണ്ണാടകയിൽ നിന്ന് 5 ഉം, ലക്ഷദ്വീപിൽ നിന്ന് 2 ഉം, മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്ന് 80 ഉം, മാലിദ്വീപിൽ നിന്ന് 3 പേരേയും റഫർ ചെയ്തിട്ടുണ്ട്.

**പട്ടിക 5.2.6** ആർ.സി.സിയിലേക്ക് റഫർ ചെയ്യപ്പെട്ട കേസുകൾ 2018–19, 2019–20, 2020–21 വർഷങ്ങളിൽ

| ക്രമ നം | ജില്ല | കേസുകളുടെ എണ്ണം | | |
|---|---|---|---|---|
| | | 2018–19 | 2019–20 | 2020–21 |
| 1 | തിരുവനന്തപുരം | 4,013 | 4,073 | 4,018 |
| 2 | കൊല്ലം | 3,014 | 2,973 | 2,862 |
| 3 | പത്തനംതിട്ട | 830 | 886 | 659 |
| 4 | ആലപ്പുഴ | 992 | 984 | 717 |
| 5 | കോട്ടയം | 544 | 627 | 345 |
| 6 | ഇടുക്കി | 323 | 330 | 232 |
| 7 | എറണാകുളം | 605 | 546 | 314 |
| 8 | തൃശ്ശൂർ | 873 | 853 | 443 |
| 9 | പാലക്കാട് | 906 | 877 | 397 |
| 10 | മലപ്പുറം | 211 | 242 | 363 |
| 11 | കോഴിക്കോട് | 751 | 697 | 89 |
| 12 | വയനാട് | 72 | 63 | 15 |
| 13 | കണ്ണൂർ | 213 | 191 | 57 |
| 14 | കാസർഗോഡ് | 140 | 140 | 49 |

അവലംബം: റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം

### കേന്ദ്ര-സംസ്ഥാന സർക്കാർ പദ്ധതികൾ

ക്യാൻസർ രോഗികൾക്ക് സൗജന്യമായും കുറഞ്ഞ നിരക്കിലും ചികിത്സ ലഭ്യമാക്കുന്നത് ഉറപ്പുവരുത്തുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വിവിധ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ **പട്ടിക 5.2.7**-ൽ കൊടുത്തിരിക്കുന്നു.

### ആർ.സി.സിയുടെ 2020–21 ലെ പ്രധാന സംരംഭങ്ങൾ

സർക്കാർ സഹായ പദ്ധതികൾക്കു പുറമേ, ക്യാൻസർ രോഗികളെയും കുടുംബങ്ങളെയും താഴെ പറയുന്ന മറ്റു പദ്ധതികൾ വഴിയും ആർസിസി സഹായിക്കുന്നു.

ആർ.സി.സി ഡയറക്ടർ രൂപീകരിച്ചിട്ടുള്ള ഒരു കമ്മറ്റിയുടെ നിരീക്ഷണങ്ങൾക്കനുസരിച്ച് ആർ.സി.സി യിൽ ഒരു സൗജന്യ മരുന്ന് ബാങ്ക് പ്രവർത്തിക്കുന്നുണ്ട്. 2020–21 കാലയളവിൽ 785 രോഗികൾക്ക് പൂർണ്ണമായോ ഭാഗികമായോ ഇതിലൂടെ സഹായം ലഭ്യമാക്കിയിട്ടുണ്ട്.

2020–21 കാലയളവിൽ സൗജന്യ ഭക്ഷണം പരിപാടിയുടെ ('അക്ഷയപാത്രം') കീഴിൽ, നിരവധി ജീവകാരുണ്യ സന്നദ്ധ സംഘടനകളുടെ സഹായത്തോടെ സാമൂഹിക-സാമ്പത്തിക ബുദ്ധിമുട്ടുള്ള വിഭാഗങ്ങളിൽ പെട്ട 1,501 രോഗികൾക്ക് സൗജന്യമായി ഭക്ഷണം നല്കിയിട്ടുണ്ട്.

**പട്ടിക 5.2.7** കേന്ദ്ര – സംസ്ഥാന സർക്കാർ പദ്ധതികൾ, 2019–20 & 2020–21

| പദ്ധതി | രജിസ്റ്റർ ചെയ്ത രോഗികൾ (പുതിയ കേസുകൾ) | | പ്രയോജനം ലഭിച്ചവരുടെ എണ്ണം | | ചെലവായ തുക (കോടിയിൽ) | |
|---|---|---|---|---|---|---|
| | 2019–20 | 2020–21 | 2019–20 | 2020–21 | 2019–20 | 2020–21 |
| കേന്ദ്ര സർക്കാർ പദ്ധതികൾ | | | | | | |
| പ്രധാനമന്ത്രിയുടെ ആശ്വാസ ഫണ്ട് | 136 | 37 | 2,056 | 2,362 | 1.11 | 19.89 |
| ആരോഗ്യ മന്ത്രിയുടെ രാഷ്ട്രീയ ആരോഗ്യ നിധി (ആർ എ എൻ) | | 0 | 2,019 | 2,109 | | 8.72 |
| ആരോഗ്യ മന്ത്രിയുടെ ഡിസ്ക്രീഷണറി ഫണ്ട് | | 0 | 25 | 26 | | 0.12 |
| ക്യാൻസർ രോഗികൾക്കായുള്ള ആരോഗ്യ മന്ത്രിയുടെ ഫണ്ട് (എച്ച്.എം.സി.എഫ്.പി. –സി.എസ്.ആർ പദ്ധതി) | 25 | 0 | 92 | 92 | 0.05 | 0.82 |
| സംസ്ഥാന സർക്കാർ പദ്ധതികൾ | | | | | | |
| ക്യാൻസർ സുരക്ഷ പദ്ധതി | 500 | 293 | 5,932 | 6,184 | 4.88 | 57.75 |
| ചിസ് പ്ലസ്സ് | 591 | 0 | 41,920 | 41,920 | 0.80 | 102.44 |
| കാരുണ്യ ബെനവലന്റ് ഫണ്ട് | 745 | 862 | 24,344 | 37,927 | 3.88 | 226.32 |
| സുകൃതം | | 0 | 8,607 | 8,607 | | 49.52 |
| താലോലം | 14 | 8 | 117 | 125 | 0.03 | 0.40 |
| പട്ടിക വർഗ വിഭാഗത്തിലുള്ള രോഗികൾക്കായുള്ള ഫണ്ട് | 36 | 30 | 424 | 454 | 0.24 | 3.17 |
| എൻഡോസൾഫൻ ബാധിതർക്കുള്ള സ്നേഹ സാന്ത്വനം പരിപാടി | 1 | 1 | 61 | 62 | 0.01 | 0.47 |
| കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (കെ.എ.എസ്.പി) | | 6,894 | | 19,652 | | 58.89 |

അവലംബം: റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം

രാജ്യത്തുടനീളമുള്ള നാല് കാൻസർ സെന്ററുകൾക്കൊപ്പം ആർസിസിയും ക്യാൻസർ ചികിത്സയ്ക്കായി ഇന്ത്യൻ കാൻസർ സൊസൈറ്റിയുടെ സാമ്പത്തിക സഹായം സ്വീകരിച്ചിരുന്നു. 2020–21–ൽ 42 രോഗികൾക്ക് ഈ പദ്ധതിയിലൂടെ 45.86 ലക്ഷം രൂപയുടെ സഹായം ലഭ്യമായിട്ടുണ്ട്.

### മാനവശേഷി വികസനം

ഡോക്ടർമാർ, ദന്ത ഡോക്ടർമാർ/ ദന്തൽ വിദ്യാർത്ഥികൾ, നഴ്സുമാർ/ പാരാമെഡിക്കൽ സ്റ്റാഫ്, ഹെൽത്ത് സൂപ്പർവൈസർമാർ, കമ്മ്യൂണിറ്റി വോളന്റിയർമാർ എന്നിവരുൾപ്പെടുന്ന ആരോഗ്യ സംരക്ഷണ ദായകർക്കായി നടത്തിയ 7 ട്രെയിനർ–ട്രെയിനി പ്രോഗ്രാമുകളിലൂടെ ആകെ 343 പേർക്ക് 2020–21–ൽ പരിശീലനം ലഭിക്കുകയുണ്ടായി.

2020–21ൽ 1,355 പേർ ആർസിസിയുടെ പ്രാരംഭദിശയിൽ ക്യാൻസർ കണ്ടെത്തൽ ക്ലിനിക്കിൽ പങ്കെടുത്തു. ഇതിന്റെ ഫലമായി 188 ക്യാൻസർ കേസുകളും 122 പ്രീ–ക്യാൻസർ കേസുകളും കണ്ടെത്തി. കോവിഡ്–19 മഹാമാരിയുടെ കാലയളവിൽ, ആകെ മൂന്ന് കാൻസർ കണ്ടെത്തൽ പ്രോഗ്രാമുകൾ മാത്രമാണ് നടത്തിയത്. 191 പേരെ പരിശോധിച്ചതിൽ, ഒരാൾക്ക് വായിലെ ക്യാൻസറും 12 ഓറൽ പ്രീ ക്യാൻസറുകളും അഞ്ച് സെർവിക്കൽ പ്രീ ക്യാൻസറുകളും കണ്ടെത്തുകയുണ്ടായി.

### ഗവേഷണ വികസന പ്രവർത്തനങ്ങൾ

ഒരു മുൻനിര ക്യാൻസർ ഗവേഷണ സ്ഥാപനമെന്ന നിലയിൽ ആർസിസി കാൻസർ ഗവേഷണത്തിൽ നിരവധി പിഎച്ച്.ഡികൾ സൃഷ്ടിച്ചിട്ടുണ്ട്.

2020–21 വർഷത്തിൽ, ഏകദേശം 31 ഗവേഷകർ ഗവേഷണം നടത്തുകയും, 45 പേർ മെഡിക്കൽ, പീഡിയാട്രിക്, സർജിക്കൽ ഓങ്കോളജി എന്നീ വിഷയങ്ങളിൽ സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകളും 42 പേർ അനസ്തേഷ്യ, പാത്തോളജി, റേഡിയോ ഡയഗ്നോസിസ്, റേഡിയോ തെറാപ്പി എന്നിവയിൽ ബിരുദാനന്തര ബിരുദ പഠനം നടത്തുകയുമുണ്ടായി. നിലവിലുള്ള ഗവേഷണ പ്രോജക്ടുകളുടെ എണ്ണം 239 ആണ്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ ആർസിസി ജനസംഖ്യാടിസ്ഥാനത്തിലുള്ള കാൻസർ രജിസ്ട്രി തയ്യാറാക്കി.

### ആർ.സി.സി യിലെ പശ്ചാത്തല സൗകര്യ വികസനം

രോഗീ പരിചരണത്തിനായി മെച്ചപ്പെട്ട സ്ഥല സൗകര്യങ്ങൾ ലക്ഷ്യമിട്ട് കൊണ്ട് 18722 ലക്ഷം രൂപ ചെലവിൽ 2.75 ലക്ഷം ചതുരശ്ര അടി വിസ്തീർണത്തിൽ 14 നിലകളുള്ള അത്യാധുനിക കെട്ടിടത്തിന്റെ നിർമ്മാണം ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിനായി പ്രാരംഭ പ്രവർത്തനങ്ങൾ ആർസിസി ആരംഭിച്ചിട്ടുണ്ട്. 13 നിലകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്, ഘടന, ഫിനിഷിംഗ് ജോലികൾ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ, പ്ലംബിംഗ് ജോലികൾ, ടെസ്റ്റിംഗ് എന്നിവ പൂർത്തിയാക്കിയതിനു ശേഷം കമ്മീഷൻ ചെയ്യും.

ലോക്ക്ഡൗൺ കാലത്ത് ക്യാൻസർ പരിചരണം വികേന്ദ്രീകരിച്ചു. ഇത് ആർസിസിയുടെ ഒരു അതുല്യ പരീക്ഷണമായിരുന്നു. ലോക്ക്ഡൗൺ കാലത്തെ ആർസിസിയുടെ പ്രവർത്തനങ്ങൾ **ബോക്സ് 5.2.2**–ൽ നൽകിയിരിക്കുന്നു.

### പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ ചേർക്കപ്പെട്ട ചികിത്സാനിർണ്ണയ, പരിശോധനാ സൗകര്യങ്ങൾ

- മൂന്ന് അനസ്തേഷ്യ വർക്ക്സ്റ്റേഷനുകളും നാല് ഐസിയു വെന്റിലേറ്ററുകളും
- സംയോജിത ബൈപോളാർ, അൾട്രാസോണിക് കട്ടിംഗ്, കോഗ്യുലേഷൻ യൂണിറ്റുകൾ
- ഡിജിറ്റൽ റേഡിയോഗ്രാഫി, ഫ്ലൂറോസ്കോപ്പി സിസ്റ്റം
- എലാസ്റ്റോഗ്രാഫി സൗകര്യമുള്ള സൂപ്പർസോണിക് യുഎസ്ജി മെഷീൻ
- ഫോറിയർ–ട്രാൻസ്ഫോം ഇൻഫ്രാറെഡ് സ്പെക്ട്രോമീറ്റർ
- ഇക്വിനോസ് ടെലികോബാൾട്ട് മെഷീൻ
- ഡെക്സ സ്കാനർ
- പ്ലാസ്മ സ്റ്ററിലൈസർ
- ഇലക്ട്രിക്കൽ ഡ്രിൽ യൂണിറ്റ്
- വീഡിയോ എൻഡോസ്കോപ്പി സിസ്റ്റം

ലോകാരോഗ്യ സംഘടനയുടെ റിപ്പോർട്ടുകൾ പ്രകാരം രോഗം ബാധിക്കുന്നതിനുള്ള സാധ്യതാ ഘടകങ്ങൾ ഒഴിവാക്കുക വഴി 30–50 ശതമാനം വരെ ക്യാൻസർ രോഗങ്ങൾ കുറയ്ക്കാം. കൂടാതെ രോഗം വരാതിരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുകയും, നേരത്തേയുള്ള രോഗനിർണ്ണയവും ചികിത്സയും വഴിയും രോഗ ബാധ്യത

**ബോക്സ് 5.2.2** ലോക്ക്ഡൗൺ സമയത്ത് ആർസിസിയുടെ പ്രവർത്തനങ്ങൾ

- ജില്ലാ, താലൂക്ക് ആശുപത്രികളിലും ആർസിസിയുടെ പെരിഫറൽ സെന്ററുകളിലും ആർസിസിയിൽ പരിശീലനം ലഭിച്ച ഡോക്ടർമാർ മുഖേന എല്ലാ ജില്ലകളിലും ആർസിസി രോഗികൾക്ക് കീമോതെറാപ്പിയും തുടർചികിത്സക്കുള്ള സൗകര്യങ്ങളും ലഭ്യമാക്കി.
- തമിഴ്നാട്ടിൽ നിന്നുള്ള ആർസിസി രോഗികൾക്ക് കന്യാകുമാരി ഗവ.മെഡിക്കൽ കോളേജിൽ കാൻസർ ചികിത്സക്കുള്ള സൗകര്യങ്ങൾ സജ്ജമാക്കി.
- കേരളത്തിന്റെയും തമിഴ്നാടിന്റെയും ഫയർഫോഴ്സ് സേവനങ്ങൾ വഴി കേരളത്തിലും തമിഴ്നാട്ടിലുമായി 1600 രോഗികൾക്ക് സൗജന്യമായി കാൻസർ പ്രതിരോധ മരുന്നുകൾ ആർസിസി വിതരണം ചെയ്തു.

അവലംബം: റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം.

കുറയ്ക്കാവുന്നതുമാണ്. ശാസ്ത്ര സാങ്കേതിക മേഖലയ്ക്ക് കീഴിലുള്ള ആർസിസിയിൽ കാൻസർ നിയന്ത്രണ പ്രവർത്തനങ്ങളിലും ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലും സ്ഥാപനം നടത്തിയ ശ്രമങ്ങളുടെ സ്വാധീനമാണ് കഴിഞ്ഞ കുറച്ച് വർഷങ്ങളായി പുതുതായി രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളുടെ എണ്ണത്തിൽ കുറവുണ്ടായത്. കാൻസർ ചികിത്സയിലും സാങ്കേതികവിദ്യയിലും ഏർപ്പെട്ടിരിക്കുന്ന സംസ്ഥാനത്തെ ഉയർന്നു വരുന്നതുമായ കാൻസർ ഇൻസ്റ്റിറ്റ്യൂട്ടുകൾ/മറ്റ് ആശുപത്രികൾ കാൻസർ പ്രതിരോധ തന്ത്രങ്ങളിലും ഭാവിയിൽ രോഗം ലഘൂകരിക്കുന്നതിന് പ്രാരംഭദിശയിൽ ക്യാൻസർ കണ്ടെത്തുന്നതിനും ചികിത്സയ്ക്കുന്നതിനും ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതാണ്.

### ഭാവി വീക്ഷണം

സംസ്ഥാനത്ത് ഉയർന്ന വിദ്യാഭ്യാസ നേട്ടങ്ങൾക്കിടയിലും ശാസ്ത്രത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളിൽ പൊതുവായ അവബോധം ഉണ്ടായിട്ടും ശാസ്ത്ര സാങ്കേതിക വിദ്യയുടെ വികസനം സുപ്രധാന വെല്ലുവിളികൾ നേരിടുന്നു. ഈ മേഖലയിലെ പ്രധാന വെല്ലുവിളികൾ: (i) ശാസ്ത്ര വിദ്യാഭ്യാസത്തിന്റെയും ശാസ്ത്രീയ ഗവേഷണത്തിന്റെയും ഗുണനിലവാരം അതിവേഗം മെച്ചപ്പെടുത്തുക (ii) രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള യുവ ശാസ്ത്രജ്ഞരുടെ പഠനത്തിനും ഗവേഷണത്തിനുമുള്ള സ്ഥാപനങ്ങളായി മാറ്റുന്നതിന് സംസ്ഥാനത്തെ ശാസ്ത്ര സ്ഥാപനങ്ങളുടെ ഗുണനിലവാരം ഉയർത്തൽ (iii) സംസ്ഥാനത്ത് വിവിധ വിഷയങ്ങളിൽ മികവിന്റെ കേന്ദ്രങ്ങൾ വികസിപ്പിക്കുക (iv) സംസ്ഥാനത്തെ വരുമാനം വർദ്ധിപ്പിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പ്രോത്സാഹിപ്പിക്കുക, സംസ്ഥാനത്തിന്റെ വികസനത്തിന് ശാസ്ത്ര – സാങ്കേതിക പിന്തുണ നൽകുക.

# 5.3 വിനോദ സഞ്ചാരം

അന്തർദേശീയമായി അംഗീകരിക്കപ്പെട്ട ഇന്ത്യയിലെ ഒരു വിനോദസഞ്ചാര കേന്ദ്രവുമാണ് കേരളം. ലോക പ്രശസ്ത ബ്രാൻഡ്, സ്ഥിരമായ വളർച്ച, വൈവിധ്യമാർന്ന ഉൽപ്പന്നങ്ങൾ, പ്രാദേശിക സംരംഭങ്ങളുടെ സാന്നിധ്യം എന്നിവയാണ് കേരളത്തിലെ വിനോദ സഞ്ചാര വ്യവസായത്തിന്റെ സവിശേഷത. പശ്ചാത്തല സൗകര്യ വികസനം, വിപണനം, മാനവശേഷി വികസനം, പ്രചാരണം, ആതിഥേയത്വം എന്നിവ ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ് കേരളത്തിൽ വിനോദസഞ്ചാര മേഖലയിലെ പൊതുനിക്ഷേപം.

അനേകം ഗ്രാമീണ സമൂഹങ്ങൾക്ക് പ്രത്യേകിച്ചു വികസ്വര രാജ്യങ്ങളിൽ ഒരു ഉപജീവന മാർഗം കൂടിയാണ് വിനോദ സഞ്ചാരം. കോവിഡ് 19 മഹാമാരി കാരണം വിനോദ സഞ്ചാര മേഖല ആഗോള തലത്തിൽ ഒരു പ്രതിസന്ധി നേരിട്ടു കൊണ്ടിരിക്കുന്നു. യു എൻ ലോക വിനോദ സഞ്ചാര സംഘടനയുടെ (UNWTO) അഭിപ്രായത്തിൽ 2020–ൽഅന്താരാഷ്ട്ര തലത്തിൽ വിനോദ സഞ്ചാരികളുടെ വരവിൽ 60 മുതൽ 80 ശതമാനം വരെ കുറവ് സംഭവിക്കുമെന്ന് കണക്കാക്കപ്പെടുന്നു. ലോക വിനോദ സഞ്ചാര സംഘടനയുടെ കണക്കനുസരിച്ച് അന്തർദേശീയ വിനോദ സഞ്ചാരം പൂർവ സ്ഥിതിയിൽ ആകുന്നതിനു മുൻപ് തന്നെ ആഭ്യന്തര വിനോദ സഞ്ചാരത്തിന്റെ തിരിച്ചു വരവുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. വിനോദ സഞ്ചാരം പുനരാരംഭിക്കുന്നതിന് വേണ്ട മാർഗ നിർദേശങ്ങളും പ്രവർത്തനങ്ങളും യു എൻ ലോക വിനോദ സഞ്ചാര സംഘടന മുൻപോട്ടു വച്ചിട്ടുണ്ട്. സുസ്ഥിര ഭാവിക്കായിയുള്ള ഈ കർമ്മ പരിപാടിയിൽ കോവിഡ്–19 പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ഗ്രാമീണ സമൂഹത്തിൽ വിനോദ സഞ്ചാര മേഖലയുടെ പ്രാധാന്യത്തിന് ഊന്നൽ നൽകുന്നു.

### ഇന്ത്യയിലെ വിനോദ സഞ്ചാരം

യാത്രയ്ക്കും വിനോദസഞ്ചാരത്തിനും അനുയോജ്യമായ വലിയ വിപണിയാണ് ഇന്ത്യ. ക്രൂയിസുകൾ, സാഹസികത, ചികിത്സാ, ആരോഗ്യം, സ്പോർട്സ്, മീറ്റിംഗുകൾ, ഇൻസെന്റീവ്സ്, കോൺഫറൻസുകൾ, പ്രദർശനങ്ങൾ (MICE), ഇക്കോ ടൂറിസം, ഫിലിം, ഗ്രാമീണ, മതപരമായ ടൂറിസം എന്നിങ്ങനെ വിവിധ വിനോദസഞ്ചാര ഉൽപ്പന്നങ്ങളുടെ വൈവിധ്യമാർന്ന വിഭാഗം ഇത് വാഗ്ദാനം ചെയ്യുന്നു. ആഭ്യന്തര – അന്തർദേശീയ വിനോദസഞ്ചാരികൾക്ക് ആത്മീയ വിനോദസഞ്ചാരത്തിനുള്ള കേന്ദ്രമായി ഇന്ത്യ അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

വേൾഡ് ട്രാവൽ ആൻഡ് ടൂറിസം കൗൺസിലിന്റെ (WTTC) 2019 ലെ ഇക്കണോമിക് ഇമ്പാക്റ്റ് റിപ്പോർട്ട് പ്രകാരം, ഇന്ത്യയുടെ ട്രാവൽ ആൻഡ് ടൂറിസം മേഖലയുടെ ജിഡിപിലേക്കുള്ള സംഭാവന 4.9 ശതമാനം വർദ്ധിച്ചു. ചൈനയ്ക്കും ഫിലിപ്പീൻസിനും ശേഷം മൂന്നാമത്തെ ഉയർന്ന നിരക്കാണിത്. കൂടാതെ, 2014 നും 2019 നും ഇടയിൽ, സൃഷ്ടിക്കപ്പെട്ട തൊഴിലുകളുടെ എണ്ണത്തിൽ (6.36 ദശലക്ഷം), ഇന്ത്യയിൽ ശക്തമായ വളർച്ച സാധ്യമായെന്നും, തൊട്ടടുത്ത സ്ഥാനങ്ങളിൽ ചൈനയും (5.47 ദശലക്ഷം) ഫിലിപ്പീൻസുമാണെന്നും (2.53 ദശലക്ഷം)റിപ്പോർട്ടിൽ സൂചിപ്പിക്കുന്നു. വേൾഡ് ടൂറിസം ഓർഗനൈസേഷൻ (UNWTO) 2021 ലെ ലോക ടൂറിസം ദിനം "ടൂറിസം ഫോർ ഇൻക്ലൂസീവ് ഗ്രോത്ത്" എന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ നിശ്ചയിച്ചിട്ടുണ്ട്.

2019–ൽ രാജ്യം സന്ദർശിച്ച വിദേശ വിനോദ സഞ്ചാരികൾ 3.5 ശതമാനം വളർച്ച കൈവരിച്ച് 10.93 ദശലക്ഷമായി. 2021 ജനുവരി മുതൽ ഏപ്രിൽ വരെയുള്ള കാലയളവിൽ, വിദേശ വിനോദ സഞ്ചാരികൾ 3,76,083 ആയി കുറഞ്ഞു, ഇതേ കാലയളവിൽ 2020ൽ ഇത് 2.35 ദശലക്ഷം ആയിരുന്നു, കോവിഡ്–19 കാരണം (–)84.0 ശതമാനം കുറവ് രേഖപ്പെടുത്തി. 2020–ൽ, ഇന്ത്യയിലുടനീളം 610 ദശലക്ഷത്തിലധികം ആഭ്യന്തര വിനോദ സഞ്ചാരികൾ സന്ദർശനങ്ങൾ നടത്തി, ഇത് മുൻവർഷത്തേക്കാൾ 73.7 ശതമാനം കുറവാണ്. 2019–ൽ ഏകദേശം 2,321.98 ദശലക്ഷം ആഭ്യന്തര വിനോദ സഞ്ചാരികളുടെ വരവ് രേഖപ്പെടുത്തി.

### കേരളത്തിന്റെ വിനോദ സഞ്ചാര വ്യവസായത്തിൽ കോവിഡ്–19 ന്റെ ആഘാതം

2019–ൽ 45,019 കോടി രൂപ വരുമാനം നേടിക്കൊണ്ട് സംസ്ഥാനത്തിന്റെ സമ്പത്ത് വ്യവസ്ഥയിൽ വിനോദ സഞ്ചാരം ഒരു പ്രധാന പങ്ക് വഹിക്കുന്നു. ഇത് 1.5 ദശലക്ഷം ആളുകൾക്ക് (നേരിട്ടും പരോക്ഷമായും) തൊഴിൽ നൽകുകയും ചെയ്യുന്നു. 2018ലെ വെള്ളപ്പൊക്കത്തിന് ശേഷം സംസ്ഥാനത്തിന്റെ വിനോദ സഞ്ചാര മേഖല 2019ൽ ശക്തമായി തിരിച്ചുവരികയും കഴിഞ്ഞ 24 വർഷത്തിനിടയിലെ മൊത്തത്തിലുള്ള വിനോദ സഞ്ചാരികളുടെ വരവിൽ ഏറ്റവും ഉയർന്ന വളർച്ചാ നിരക്ക് രേഖപ്പെടുത്തുകയും ചെയ്തു. 2019–ൽ 1.19 ദശലക്ഷത്തിലധികം വിദേശ വിനോദ സഞ്ചാരികളും 18.4 ദശലക്ഷത്തിലധികം ആഭ്യന്തര വിനോദ സഞ്ചാരികളും കേരളം സന്ദർശിച്ചതിലൂടെ, യഥാക്രമം 8.52 ശതമാനവും 17.81 ശതമാനവും വാർഷിക വളർച്ചാ നിരക്ക് കൈവരിച്ചു. എന്നാൽ, കൊവിഡ്–19 മഹാമാരിയുടെ പരിണിത ഫലമായി, 2020–21ൽ സംസ്ഥാന വിനോദ സഞ്ചാര വ്യവസായത്തിന് 20,000 കോടി രൂപയുടെ നഷ്ടമുണ്ടായതായി കണക്കാക്കുന്നു. (ഉറവിടം: ടൂറിസം ഡയറക്ടറേറ്റ്).

2020 മാർച്ചിൽ, വിദേശ വിനോദ സഞ്ചാരികളുടെ വരവിൽ കേരളത്തിന്റെ വിനോദ സഞ്ചാരത്തിന് (–)70.8 ശതമാനം തിരിച്ചടി നേരിട്ടു. 2020 ഏപ്രിൽ മുതൽ സ്ഥിതി കൂടുതൽ വഷളായി; വിദേശ വിനോദസഞ്ചാരികളുടെ വരവ് ഏതാണ്ട് ഇല്ലാതായി. 2020ൽ വിദേശ വിനോദസഞ്ചാരികളുടെ വരവ് (–)71.36 ശതമാനമായി കുറഞ്ഞു. 2021ലെ ആദ്യ ആറ് മാസങ്ങളിൽ കേരളത്തിലേക്കുള്ള അന്താരാഷ്ട്ര വിനോദ സഞ്ചാരികളുടെ എണ്ണവും 2020ലെ അതേ പ്രവണതയാണ് കാണിക്കുന്നത്. 2021ലെ ആദ്യ ആറ് മാസത്തെ മൊത്തം രാജ്യാന്തര സന്ദർശകരുടെ എണ്ണം ഏകദേശം 16,000 മാത്രമാണ്, ഇത് 2020 ലെ ആദ്യത്തെ ആറ് മാസത്തെ അപേക്ഷിച്ച് ഏകദേശം 3 ലക്ഷം കുറവാണ്.

[1] Annual Report, 2020-21, Ministry of Labour and Employment, GoI

കേരളത്തിലേക്കുള്ള ആഭ്യന്തര വിനോദസഞ്ചാരികളുടെ വരവ് 13.84 ശതമാനം വർദ്ധനയോടെ 2020 ജനുവരിയിൽ 15.15 ലക്ഷം സന്ദർശനം രേഖപ്പെടുത്തി. എന്നാൽ 2020 ഫെബ്രുവരിയിൽ വളർച്ചാ നിരക്ക് 3.62 ശതമാനമായും മാർച്ചിൽ (–)55.69 ശതമാനമായും കുറഞ്ഞു. 2020 ഏപ്രിൽ മുതൽ വളർച്ചാ നിരക്ക് (–)99 ശതമാനമായി കുറഞ്ഞു, 2020 ഓഗസ്റ്റ് വരെ ഈ പ്രവണത തുടർന്നു. 2020ൽ ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണം (–)72.86 ശതമാനമായി കുറഞ്ഞു. 2021ലെ ആദ്യ ആറു മാസത്തെ ആഭ്യന്തര സഞ്ചാരികളുടെ എണ്ണം ഏകദേശം 27 ലക്ഷം മാത്രമാണ്, ഇത് 2020ലെ ആദ്യ ആറ് മാസത്തെ അപേക്ഷിച്ച് 10 ലക്ഷം കുറവുമാണ്.

### വിദേശ വിനോദ സഞ്ചാരികളുടെ ആഗമനം

2020ൽ ഇന്ത്യ സന്ദർശിച്ച വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം 27.4 ലക്ഷമായിരുന്നു, ഇത് 2019 ലെ വിനോദ സഞ്ചാരികളുടെ എണ്ണത്തേക്കാൾ (–)74.9 ശതമാനം കുറവാണ്. 2020ൽ 3.4 ലക്ഷം വിദേശ വിനോദസഞ്ചാരികൾ കേരളം സന്ദർശിച്ചു, ഇത് 2019ലെ 11.89 ലക്ഷത്തേക്കാൾ (–)71.36 ശതമാനം കുറവാണ്. 2021 ജൂൺ വരെ ഇന്ത്യയും കേരളവും സന്ദർശിച്ച വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം യഥാക്രമം 4.18 ലക്ഷവും 0.15 ലക്ഷവുമാണ്. 2011 മുതൽ 2020 വരെയുള്ള കാലയളവിൽ ഇന്ത്യയിലേക്കും കേരളത്തിലേക്കുമുള്ള വിദേശ വിനോദ സഞ്ചാരികളുടെ വരവിന്റെ പ്രവണത **ചിത്രം 5.3.1** കൊടുത്തിരിക്കുന്നു.

ഏതാനും വർഷങ്ങളായി കേരളത്തിലെ വിദേശ വിനോദ സഞ്ചാരികളുടെ വളർച്ചാ നിരക്ക് ദേശീയ ശരാശരിയേക്കാൾ കൂടുതലായിരുന്നു. 2018 നേക്കാൾ 8.52 ശതമാനം വളർച്ച രേഖപ്പെടുത്തി കൊണ്ട് 2019–ൽ 11,89,771 വിദേശ വിനോദസഞ്ചാരികൾ കേരളം സന്ദർശിച്ചപ്പോൾ 2018–ൽ കേരളം സന്ദർശിച്ച വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം 10,96,407 ആയിരുന്നു. ഇന്ത്യയിലേക്കും കേരളത്തിലേക്കും 2011 മുതലുള്ള വിദേശ വിനോദ സഞ്ചാരികളുടെ വരവിന്റെ വാർഷിക വളർച്ചാ നിരക്ക് **അനുബന്ധം 5.3.1–**ൽകൊടുത്തിരിക്കുന്നു.


2019 ലെ മാസാടിസ്ഥാനത്തിലുള്ള സ്ഥിതിവിവരക്കണക്കുകൾ കാണിക്കുന്നത് സംസ്ഥാനത്തെ വിദേശ സഞ്ചാരികളുടെ സന്ദർശനം ഏകദേശം 14 ശതമാനം ജനുവരിയിലും തുടർന്ന് ഫെബ്രുവരിയിലുമാണെന്നാണ് (ഏകദേശം 13 ശതമാനം). 2020 ലെ വിദേശ വിനോദ സഞ്ചാരികളുടെ ഏറ്റവും കുറഞ്ഞ തിരക്ക് ജൂണ് മാസത്തിലാണ് അനുഭവപ്പെട്ടത് (0.7 ശതമാനം).

2019, 2020 വർഷങ്ങളിൽ ഇന്ത്യയിലേക്കും കേരളത്തിലേക്കുമുള്ള വിദേശ വിനോദസഞ്ചാരികളുടെ മാസാടിസ്ഥാന വരവിന്റെ വിശദാംശങ്ങൾ **പട്ടിക 5.3.1**–ൽ നൽകിയിരിക്കുന്നു.

### വിനോദ സഞ്ചാരികളുടെ ആഗമനം സംബന്ധിക്കുന്ന വിപണി ഉറവിടം

2020–ൽ , 21.1 ശതമാനം സംഭാവന ചെയ്തുകൊണ്ട് സംസ്ഥാനത്തേക്കു ഏറ്റവുമധികം വിദേശ വിനോദ സഞ്ചാരികളെ സംഭാവന ചെയ്യുന്ന രാജ്യങ്ങളിൽ, യു.കെ മുൻപന്തിയിലാണ്. 14.8 ശതമാനത്തോടെ ഫ്രാൻസാണ് രണ്ടാം സ്ഥാനത്താണ്. 2018 ലും 2019 ലും യുണൈറ്റഡ് കിംഗ്ഡം ഒന്നാം സ്ഥാനത്ത് തുടർന്നു. 2018, 2019, 2020, 2021 ജൂൺ വരെയുള്ള വർഷങ്ങളിൽ കേരള വിനോദ സഞ്ചാരത്തിന്റെ പ്രധാന വിപണി ഉറവിടങ്ങളുടെ സംഭാവന **അനുബന്ധം 5.3.2–**ൽ കൊടുത്തിരിക്കുന്നു. 2019 ലും 2020 ലും സംസ്ഥാനത്തേക്കു ഏറ്റവുമധികം വിദേശ വിനോദ സഞ്ചാരികളെ സംഭാവന ചെയ്യുന്നതിൽ മുൻപന്തിയിൽ നില്ക്കുന്ന പത്ത് രാജ്യങ്ങളുടെ സംഭാവന **ചിത്രം 5.3.2**–ൽവ്യക്തമാക്കുന്നു.

**ചിത്രം 5.3.1** 2011 മുതൽ 2020 വരെ കേരളത്തിലേക്കും ഇന്ത്യയിലേക്കുമുള്ള വിനോദ സഞ്ചാരികളുടെ വരവിന്റെ വാർഷിക വളർച്ചാ നിരക്ക്, ശതമാനത്തിൽ





അവലംബം : വിനോദ സഞ്ചാര വകുപ്പ് , കേരള സർക്കാർ

**പട്ടിക 5.3.1** ഇന്ത്യയിലും കേരളത്തിലും എത്തിയ വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം മാസാടിസ്ഥാനത്തിൽ 2019 ലും 2020 ലും

| ക്രമ നം | മാസം | വിദേശവിനോദ സഞ്ചാരികളുടെ എണ്ണം 2019 | | വിദേശവിനോദ സഞ്ചാരികളുടെ എണ്ണം 2020 | |
|---|---|---|---|---|---|
| | | ഇന്ത്യ | കേരളം | ഇന്ത്യ | കേരളം |
| 1 | ജനവരി | 11,11,040 | 1,60,588 | 11,19,250 | 1,74,439 |
| 2 | ഫെബ്രുവരി | 10,90,516 | 1,48,024 | 10,18,440 | 1,25,523 |
| 3 | മാർച്ച് | 9,78,236 | 1,13,857 | 3,28,304 | 33,245 |
| 4 | ഏപ്രിൽ | 7,74,651 | 86,693 | 2,820 | 707 |
| 5 | മെയ് | 6,15,136 | 49,952 | 3,764 | 75 |
| 6 | ജൂൺ | 7,26,446 | 45,675 | 8,590 | 60 |
| 7 | ജൂലൈ | 8,18,125 | 7,80,34 | 12,655 | 188 |
| 8 | ആഗസ്റ്റ് | 8,00,837 | 74,210 | 19,761 | 373 |
| 9 | സെപ്റ്റംബർ | 7,51,513 | 62,942 | 28,167 | 406 |
| 10 | ഒക്ടോബർ | 9,45,017 | 94,205 | 41,494 | 1,041 |
| 11 | നവംബർ | 10,92,440 | 1,20,848 | 70,977 | 2,167 |
| 12 | ഡിസംബർ | 12,26,398 | 1,54,743 | 90,544 | 2,531 |

അവലംബം: സ്ഥിതി വിവര കണക്ക് മന്ത്രാലയം, ഭാരത സർക്കാർ & വിനോദ സഞ്ചാര വകുപ്പ്, കേരളം

**ചിത്രം 5.3.2** കേരളത്തിലേക്ക് വിദേശ വിനോദ സഞ്ചാരികളെ സംഭാവന ചെയ്യുന്നതിൽ മുൻപന്തിയിൽ നില്ക്കുന്ന 10 രാജ്യങ്ങൾ, ശതമാനത്തിൽ, 2019, 2020 വർഷങ്ങളിൽ




അവലംബം : വിനോദ സഞ്ചാര വകുപ്പ്, കേരള സർക്കാർ

## വിദേശ വിനോദ സഞ്ചാരികളുടെ ആഗമനം ജില്ലാടിസ്ഥാനത്തിൽ

കഴിഞ്ഞ കുറച്ചു വർഷങ്ങളായി, എറണാകുളവും തിരുവനന്തപുരവുമാണ് സംസ്ഥാനത്ത് ഏറ്റവുമധികം വിദേശ വിനോദ സഞ്ചാരികളുടെ വരവ് രേഖപ്പെടുത്തിയ രണ്ട് ജില്ലകൾ. 2020-ൽ 1,34,952 വിദേശ വിനോദ സഞ്ചാരികൾ എറണാകുളം സന്ദർശിച്ചപ്പോൾ 2019-ൽ അത് 5,22,232 ആയിരുന്നു. തിരുവനന്തപുരത്തിന്റെ കാര്യത്തിൽ, 2020ൽ 90,550 വിദേശ വിനോദസഞ്ചാരികളും 2019ൽ 3,10,451 പേരും ജില്ല സന്ദർശിച്ചു. 2020ൽ ഏറ്റവും കുറച്ചു വിദേശ വിനോദ സഞ്ചാരികൾ സന്ദർശിച്ച ജില്ലകൾ പത്തനംതിട്ടയും (659) പാലക്കാടും (742) ആണ്. 2018-ലും 2019-ലും സമാന പ്രവണത കാണുവാൻ സാധിക്കുന്നു. വിശദാംശങ്ങൾ **അനുബന്ധം 5.3.3**-ൽ കൊടുത്തിരിക്കുന്നു.


വിദേശ വിനോദ സഞ്ചാരികളുടെ സന്ദർശനം സംബന്ധിക്കുന്ന മേഖല തിരിച്ചുള്ള കണക്കുകൾ സൂചിപ്പിക്കുന്നത് 2020 ൽ മൊത്തം വിദേശ വിനോദ സഞ്ചാരികളിൽ ഏകദേശം 52 ശതമാനം പേർ മധ്യ കേരളവും 42 ശതമാനം തെക്കൻ കേരളവും 6 ശതമാനം പേർ വടക്കൻ കേരളവും സന്ദർശിച്ചതായി കാണിക്കുന്നു. 2019ൽ മൊത്തം വിദേശ വിനോദസഞ്ചാരികളിൽ 57 ശതമാനം പേർ മധ്യ കേരളം സന്ദർശിക്കുകയും 37 ശതമാനം പേർ സംസ്ഥാനത്തിന്റെ തെക്കൻ ഭാഗവും 6 ശതമാനം പേർ മാത്രമാണ് വടക്കൻ കേരളം സന്ദർശിച്ചത്. 2020ൽ കേരളത്തിലെത്തിയ വിദേശ വിനോദ സഞ്ചാരികളുടെ മേഖല തിരിച്ചുള്ള വിശദാംശങ്ങൾ **ചിത്രം 5.3.3**-ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 5.3.2** 2018, 2019, 2020 വർഷങ്ങളിൽ കേരളത്തിലെ ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണം മാസാടിസ്ഥാനത്തിൽ

| ക്രമ നം | മാസം | ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണം | | |
|---|---|---|---|---|
| | | 2018 | 2019 | 2020 |
| 1 | ജനുവരി | 14,22,483 | 15,15,551 | 17,25,291 |
| 2 | ഫെബ്രുവരി | 12,26,778 | 13,35,665 | 13,83,951 |
| 3 | മാർച്ച് | 12,28,451 | 13,39,252 | 5,90,661 |
| 4 | ഏപ്രിൽ | 14,70,552 | 16,13,257 | 3,391 |
| 5 | മെയ് | 15,94,332 | 18,18,986 | 7,370 |
| 6 | ജൂൺ | 10,84,238 | 13,41,496 | 29,233 |
| 7 | ജൂലൈ | 11,76,994 | 14,30,508 | 40,389 |
| 8 | ആഗസ്റ്റ് | 9,95,577 | 13,21,175 | 61,151 |
| 9 | സെപ്റ്റംബർ | 11,19,445 | 14,68,337 | 1,26,358 |
| 10 | ഒക്ടോബർ | 12,81,028 | 15,94,093 | 2,10,431 |
| 11 | നവംബർ | 13,64,805 | 16,52,880 | 3,29,091 |
| 12 | ഡിസംബർ | 16,39,978 | 19,53,023 | 4,81,655 |
| | ആകെ | 1,56,04,661 | 1,83,84,233 | 49,88,972 |

അവലംബം: വിനോദ സഞ്ചാര വകുപ്പ്, കേരള സർക്കാർ

**ചിത്രം 5.3.3** 2020 ൽ കേരളം സന്ദർശിച്ച വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം മേഖല തിരിച്ച്, ശതമാനത്തിൽ




അവലംബം: വിനോദ സഞ്ചാര വകുപ്പ്, കേരള സർക്കാർ

### ആഭ്യന്തരവിനോദ സഞ്ചാരികൾ

2020ൽ കേരളത്തിലേയ്ക്കുള്ള ആഭ്യന്തര വിനോദ സഞ്ചാരികളുടെ വരവിന്റെ എണ്ണം 49,88,972 ആയിരുന്നു, ഇത് 2019 നെ അപേക്ഷിച്ച് (–)72.86 ശതമാനം കുറവാണ്. 2019–ൽ കേരളത്തിലെത്തിയ ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണം 1,83,84,233 ആയിരുന്നു. 2021 ജൂൺ വരെയുള്ള ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണം 27,60,664 ആണ്. 2011 മുതൽ 2021 വരെ കേരളത്തിലെത്തിയ ആഭ്യന്തര വിനോദ സഞ്ചാരികളുടെ വിവരങ്ങൾ **അനുബന്ധം 5.3.4**–ൽ കൊടുത്തിരിക്കുന്നു. 2011–2020 കാലയളവിൽ കേരളത്തിലെ ആഭ്യന്തര വിനോദ സഞ്ചാരികളുടെ വരവിന്റെ പ്രവണത **ചിത്രം 5.3.4**–ൽകൊടുത്തിരിക്കുന്നു.


### ആഭ്യന്തര വിനോദ സഞ്ചാരികളുടെ ആഗമനത്തിലെ കാലികത

2020–ൽ കേരളത്തിലെ ആഭ്യന്തര വിനോദ സഞ്ചാരികളുടെ വരവ് സംബന്ധിക്കുന്ന മാസാടി സ്ഥാനത്തിലുള്ള വിവരങ്ങൾ പ്രകാരം, കേരളത്തിൽ ഏറ്റവുമധികം സഞ്ചാരികളുടെ തിരക്ക് അനുഭവപ്പെട്ടത് ജനുവരി മാസത്തിലും ഏറ്റവും കുറവ് ഏപ്രിൽ മാസത്തിലും ആയിരുന്നു. വിശദാംശങ്ങൾ **പട്ടിക 5.3.2**–ൽനൽകിയിരിക്കുന്നു.

### ആഭ്യന്തര വിനോദ സഞ്ചാരം പ്രദാനം ചെയ്യുന്ന ഉറവിടം


കേരളത്തിലെ ആഭ്യന്തര വിനോദ സഞ്ചാരികളിൽ ഏകദേശം 73.09 ശതമാനവും സംസ്ഥാനത്തിനകത്ത് നിന്ന് തന്നെയുള്ള സന്ദർശകർ ആണെന്നാണ് 2020 ലെ സ്ഥിതി വിവര കണക്കുകൾ സൂചിപ്പിക്കുന്നത്. സന്ദർശകരെ സംഭാവന ചെയ്യുന്ന കാര്യത്തിൽ, മറ്റു സംസ്ഥാനങ്ങളുടെ വിതരണവുമായി ബന്ധപ്പെട്ട് 7.61 ശതമാനം സന്ദർശകരെ സംഭാവന ചെയ്തുകൊണ്ട് തമിഴ്നാട് ഒന്നാം സ്ഥാനത്താണ്. കർണാടകവും (6 ശതമാനം) മഹാരാഷ്ട്രയും (2.52 ശതമാനം) ആണ് മറ്റു പ്രധാനപ്പെട്ട സംസ്ഥാനങ്ങൾ. 2019ലും ഈ സംസ്ഥാനങ്ങൾ തന്നെയായിരുന്നു മുൻപന്തിയിൽ. കേരളത്തിലെ ആഭ്യന്തര വിനോദ സഞ്ചാരികളുടെ വരവിൽ മുൻപന്തിയിൽ നിൽക്കുന്ന 15 സംസ്ഥാനങ്ങളുടെ സംഭാവന സംബന്ധിക്കുന്ന വിശദാംശങ്ങൾ **അനുബന്ധം 5.3.5**–ൽകൊടുത്തിരിക്കുന്നു. കേരളത്തിലേക്ക് 2019ലും 2020ലും ആഭ്യന്തര വിനോദ സഞ്ചാരികളുടെ വരവിൽ മുൻപന്തിയിൽ നിൽക്കുന്ന പത്ത് സംസ്ഥാനങ്ങളുടെ സംഭാവന **ചിത്രം 5.3.5**–ൽ കാണിച്ചിരിക്കുന്നു.

**ചിത്രം 5.3.4** 2011 മുതൽ 2020 വരെ കേരളത്തിലെ ആഭ്യന്തര വിനോദ സഞ്ചാരികളുടെ വരവിന്റെ വാർഷിക വളർച്ചാ നിരക്ക്, ശതമാനത്തിൽ




അവലംബം: വിനോദ സഞ്ചാര വകുപ്പ്, കേരള സർക്കാർ

**ചിത്രം 5.3.5** വിദേശ വിനോദ സഞ്ചാരികളെ സംഭാവന ചെയ്യുന്നതിൽ മുൻപന്തിയിൽ നില്ക്കുന്ന 10 സംസ്ഥാനങ്ങൾ, ശതമാനത്തിൽ, 2019 ലും 2020 –ലും




അവലംബം: വിനോദ സഞ്ചാര വകുപ്പ്, കേരള സർക്കാർ


## ആഭ്യന്തര വിനോദസഞ്ചാരികളുടെ വരവ് ജില്ലാടിസ്ഥാനത്തിൽ

കേരളത്തിലെ ജില്ല തിരിച്ചുള്ള ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ, എറണാകുളവും തിരുവനന്തപുരവും ആയിരുന്നു 2020 ൽ മുൻപന്തിയിൽ നിൽക്കുന്ന ജില്ലകൾ. 2018 ലും 2019 ലും ഈ രണ്ട് ജില്ലകൾ തന്നെ ആയിരുന്നു മുൻപന്തിയിൽ. ഏറ്റവും കുറവ് ആഭ്യന്തര വിനോദ സഞ്ചാരികളെ ആകർഷിക്കുന്ന ജില്ല പത്തനംതിട്ടയാണ്. വിശദാംശങ്ങൾ **അനുബന്ധം 5.3.6**–ൽ കൊടുത്തിരിക്കുന്നു. 2018, 2019, 2020 വർഷങ്ങളിൽ ഏറ്റവും അധികം ആഭ്യന്തര വിനോദ സഞ്ചാരികൾ മധ്യകേരളം സന്ദർശിക്കുകയുണ്ടായി എന്നാണ് മേഖല തിരിച്ചുള്ള വിശദാംശങ്ങൾ സൂചിപ്പിക്കുന്നത്. **ചിത്രം 5.3.6**–ൽ 2020 ലെ ആഭ്യന്തര വിനോദ സഞ്ചാരികളുടെ സന്ദർശനം മേഖലാടിസ്ഥാനത്തിൽ കാണിച്ചിരിക്കുന്നു.

## വിനോദസഞ്ചാര വരുമാനത്തിൽ കൊവിഡിന്റെ സ്വാധീനം

2020ൽ വിനോദ സഞ്ചാര മേഖലയിൽ നിന്നുള്ള വിദേശനാണ്യ വരുമാനം 2799.85 കോടി രൂപയും

**ചിത്രം 5.3.6** മേഖലാടിസ്ഥാനത്തിൽ ആഭ്യന്തര വിനോദ സഞ്ചാരികളുടെ സന്ദർശനം, 2020 ൽ (ശതമാനത്തിൽ)




അവലംബം: വിനോദ സഞ്ചാര വകുപ്പ്, കേരള സർക്കാർ


ആഭ്യന്തര വിനോദ സഞ്ചാര വരുമാനം 6025.68 കോടി രൂപയുമായിരുന്നു. 2019ൽ വിദേശനാണ്യ വരുമാനവും ആഭ്യന്തര ടൂറിസ്റ്റ് വരുമാനവും യഥാക്രമം ₹10,271.06 കോടി രൂപയും ₹24,785.62 കോടി രൂപയുമാണ്.

വിശദാംശങ്ങൾ **അനുബന്ധം 5.3.7**–ൽനൽകിയിരിക്കുന്നു. നേരിട്ടും അല്ലാതെയും ഈ മേഖലയ്ക്ക് 2019ൽ ലഭിച്ച വരുമാനം 45,010.69 കോടി രൂപയായിരുന്നു. 2018നെ അപേക്ഷിച്ച് 24.13 ശതമാനം വർദ്ധനവാണ് ഇത് സൂചിപ്പിക്കുന്നത്. എന്നാൽ 2020–ലെ മൊത്തം വരുമാനം ₹11,335.96 കോടി രൂപ മാത്രമായിരുന്നു, 2019–നെ അപേക്ഷിച്ച് (–)74.81 ശതമാനം ഇടിവ് രേഖപ്പെടുത്തി. **ചിത്രം 5.3.7**–ൽ 2010 മുതൽ 2020 വരെ കേരളത്തിലെ വിനോദസഞ്ചാരത്തിൽ നിന്ന് ലഭിച്ച മൊത്തം വരുമാനം കാണിച്ചിരിക്കുന്നു.

### ടൂറിസം മേഖലയിൽ സംസ്ഥാനത്തിന്റെ പങ്കാളിത്തം

വിനോദ സഞ്ചാര മേഖലയെ കോവിഡ്–19 സാരമായി ബാധിച്ചു, കാരണം ഇത് ടൂറിസം മേഖലയിൽ പ്രത്യക്ഷമായും പരോക്ഷമായും ഉൾപ്പെട്ടിട്ടുള്ള ഗ്രാമീണ സമൂഹത്തിന്റെ തൊഴിലിനെയും ഉപജീവനത്തെയും പ്രകടമായി ബാധിച്ചു. കോവിഡ് 19 കാരണം ഉണ്ടായ പ്രതിസന്ധിയിൽ നിന്ന് സംസ്ഥാനത്തിന്റെ വിനോദ സഞ്ചാര മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി, സംസ്ഥാന സർക്കാർ വിനോദ സഞ്ചാര വ്യവസായത്തിലെ സ്റ്റേക്ക്ഹോൾഡർമാരെ പിന്തുണക്കുന്നതിനായി ടൂറിസം വർകിംഗ് ക്യാപിറ്റൽ സപ്പോർട്ട് സ്കീം, ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം, ടൂറിസം ഹൗസ് ബോട്ട് സപ്പോർട്ട് സ്കീം, ടൂറിസ്റ്റ് ഗൈഡ്സ് സപ്പോർട്ട് സ്കീം എന്നിവ ഉൾക്കൊള്ളുന്ന ചീഫ് മിനിസ്റ്റേഴ്സ് ടൂറിസം ലോൺ അസിസ്റ്റൻസ് സ്കീം (സിഎംടിഎൽഎഎസ്) പ്രഖ്യാപിക്കുകയുണ്ടായി. ട്രാവൽ ആൻഡ് ടൂറിസം മേഖലയിലെ സംരംഭകർക്ക്/സ്ഥാപനങ്ങൾക്ക് ടൂറിസം വർക്കിംഗ് ക്യാപിറ്റൽ സപ്പോർട്ട് സ്കീം (TWCSS), തൊഴിൽ ചെയ്യുന്നവർക്ക് ഹ്രസ്വ കാല വ്യക്തിഗത വായ്പ ലഭിക്കുന്നതിനായുള്ള ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം (TESS). ഹൗസ് ബോട്ടുകളുടെ അത്യാവശ്യം അറ്റകുറ്റപ്പണികൾക്കും ആസ്തികളുടെ പരിപാലനത്തിനും

**ചിത്രം 5.3.7** വിനോദസഞ്ചാര മേഖലയിൽ നിന്നും ലഭ്യമായ മൊത്തം വരുമാനം 2010 മുതൽ 2020 വരെ, രൂപ കോടിയിൽ




അവലംബം: വിനോദ സഞ്ചാര വകുപ്പ്, കേരള സർക്കാർ

സാമ്പത്തിക സഹായം ലഭിക്കുന്നതിന് ഹൗസ് ബോട്ട് ഉടമകൾക്ക് ടൂറിസം ഹൗസ് ബോട്ട് സപ്പോർട്ട് സ്കീം (THSS). ടൂറിസ്റ്റ് ഗൈഡ്സ് സപ്പോർട്ട് സ്കീമിന്റെ കീഴിൽ അർഹരായ ടൂറിസ്റ്റ് ഗൈഡ്കൾക്ക് ടൂറിസം ഗൈഡ്സ് സപ്പോർട്ട് സ്കീം എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ടൂറിസം ഗൈഡ്സ് സപ്പോർട്ട് സ്കീം (ടിജിഎസ്എസ്) പ്രകാരം യോഗ്യരായ ടൂറിസ്റ്റ് ഗൈഡുകൾക്ക് ഒറ്റത്തവണ സാമ്പത്തിക സഹായം നൽകും. ഈ ദുരിതാശ്വാസ നടപടികളിലൂടെ, നിലവിലെ പ്രതിസന്ധിയിൽ നിന്നും വിനോദ സഞ്ചാര വ്യവസായത്തിലെ എല്ലാ സ്റ്റേക്ഹോൾഡർമാരെയും സംരക്ഷിക്കുന്നതിനും തുടർന്ന് മഹാമാരി നിയന്ത്രണ വിധേയമായാലുടൻ അതിവേഗം പ്രവർത്തനങ്ങൾ തുടരുന്നതിനും കേരള സർക്കാർ ലക്ഷ്യം വക്കുന്നു.

സംസ്ഥാന സർക്കാർ വിനോദ സഞ്ചാര മേഖലക്ക് എക്കാലവും പിന്തുണ നൽകുന്നു. കേരളത്തിലെ വിനോദസഞ്ചാര മേഖലയിൽ പൊതുധനം കൂടുതലും ചിലവഴിക്കപ്പെടുന്നത് വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ പശ്ചാത്തല സൗകര്യ വികസനം, സൗന്ദര്യവത്ക്കരണം, വഴിയോരങ്ങളിലും ജലാശയ തീരങ്ങളിലും ഗുണനിലവാരമുള്ള സഞ്ചാരകേന്ദ്രങ്ങൾ, അത്യാധുനിക വിവര സംവിധാന കേന്ദ്രങ്ങൾ, സന്ദർശക മുറികൾ, ഭൂപ്രദേശങ്ങൾ, ജലാശയങ്ങൾ എന്നിവ അടിസ്ഥാനമാക്കിയുള്ള സാഹസിക വിനോദ സഞ്ചാരത്തിനാവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ, സഞ്ചാര കേന്ദ്രങ്ങളിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ചൂണ്ടുപലകകൾ, വിനോദ സഞ്ചാര ഗതാഗത മാർഗ്ഗങ്ങൾ, സഞ്ചാരികളുടെ സുരക്ഷിതത്വം എന്നിവയ്ക്കാണ് ചെലവഴിക്കുന്നത്. വിപണനം ആണ് സർക്കാർ രണ്ടാമതായി ശ്രദ്ധ വയ്ക്കുന്ന മേഖല. ആഭ്യന്തര, അന്തർദേശീയ വിപണികളിൽ സംസ്ഥാനം വിനോദസഞ്ചാരത്തെ സജീവമായി പ്രോത്സാഹിപ്പിക്കുന്നു. ഊന്നൽ മേഖലകളിലെ പ്രധാന പ്രവർത്തനങ്ങൾ ചുവടെ വിശദീകരിക്കുന്നു.

ബയോ ബബിൾ വിനോദസഞ്ചാരം കേരള വിനോദ സഞ്ചാരത്തിന്റെ ഒരു ക്രിയാത്മക പ്രതികരണമാണ്. വിനോദസഞ്ചാരികളെ സ്വീകരിക്കുന്നതിനും ആതിഥ്യമരുളുന്നതിനുമായി, കൂടുതലും കോവിഡ് പ്രതിരോധ കുത്തിവെപ്പെടുത്ത സേവന ദാതാക്കളുടെ സംരക്ഷിത പാളികൾ സൃഷ്ടിക്കാൻ കാര്യക്ഷമവും സൂക്ഷ്മവുമായ ബയോ ബബിൾ മാതൃക കേരള ടൂറിസം വികസിപ്പിച്ചു. ബയോ ബബിളുകൾ അണുവിമുക്തവും സുരക്ഷിതവുമായ അന്തരീക്ഷമാണ്, അതിൽ വിനോദസഞ്ചാരികളുമായി സമ്പർക്കം പുലർത്താൻ സാധ്യതയുള്ള ആളുകൾക്ക് വാക്സിനേഷൻ നൽകുന്നു. കേരളത്തിലെ ഏത് വിമാനത്താവളത്തിലും ഇറങ്ങുന്ന വിനോദസഞ്ചാരികളെ എതിരേൽക്കുന്നത് പ്രതിരോധ കുത്തിവയ്പ് എടുത്ത ഗ്രൗണ്ട് സ്റ്റാഫ് ആയിരിക്കും. എയർപോർട്ടിൽ നിന്ന്, അംഗീകൃത ടൂർ ഓപ്പറേറ്റർമാർ നൽകുന്ന ക്യാബുകളിൽ അവർ തിരഞ്ഞെടുത്ത സ്ഥലങ്ങളിലേക്ക് വാഹനയാത്ര ചെയ്യാം, ഡ്രൈവർമാർ എല്ലാവരും വാക്സിനേഷൻ എടുത്തവരായിരിക്കും. അവധിക്കാലത്ത് അവർ താമസിക്കുന്ന ഹോട്ടലുകൾക്കും റിസോർട്ടുകൾക്കും ഹോംസ്റ്റേകൾക്കും ഇത് ബാധകമാണ്.

### അടിസ്ഥാന സൗകര്യം വികസനം

വിനോദസഞ്ചാര കേന്ദ്രങ്ങൾ മെച്ചപ്പെടുത്തി, മെച്ചപ്പെട്ട സൗകര്യങ്ങൾ സജ്ജകരിച്ച്, പുതിയ ഉൽപന്നങ്ങൾ പുറത്തിറക്കി, അവയെ പരിപൂർണ്ണമായി പരിപാലിക്കുന്നതിലൂടെ ലോകോത്തര അനുഭവങ്ങൾ സന്ദർശകർക്ക് പ്രദാനം ചെയ്യാനാണ് കേരള ടൂറിസം പ്രയത്നിക്കുന്നത്. സംസ്ഥാനത്തുടനീളം ഗുണനിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുന്നതിനായി കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെടിഐഎൽ), ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (ബിആർഡിസി), ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകൾ (ഡിടിപിസി) എന്നിവയുമായി വിനോദസഞ്ചാര വകുപ്പ് യോചിച്ചു പ്രവർത്തിക്കുന്നു. ക്രമാനുഗതമായി വികസിക്കുന്ന പങ്കാളിത്ത മാതൃകകളിലൂടെ സംസ്ഥാനത്തെ വിനോദസഞ്ചാര അടിസ്ഥാന സൗകര്യ വികസനത്തിന് കെടിഐഎൽ തുടക്കമിടുന്നു. ബേക്കൽ, വടക്കൻ ജില്ലകളിലെ ടൂറിസം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിൽ ബിആർഡിസി ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

വേളിയിലെ മിനിയേച്ചർ റെയിൽവേ, കനകക്കുന്നിലെ ഡിജിറ്റൽ മ്യൂസിയം, ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (യുഎൽസിസിഎസ്) നടത്തുന്ന വെള്ളാർ ആർട്സ് ആൻഡ് ക്രാഫ്റ്റ് വില്ലേജ്, പാഞ്ചാലിമേട്ടിലെയും മടവൂർ പ്പാറയിലെയും ടൂറിസം പദ്ധതികൾ തുടങ്ങിയവ പതിമൂന്നാം പദ്ധതിക്കാലത്തെ നാഴികക്കല്ലുകളാണ്. നിലവിലെ പദ്ധതികളായ ആക്കുളം കുട്ടികളുടെ പാർക്ക്-രണ്ടാം ഘട്ടം, കൊല്ലം ബീച്ച് വികസനം, വേളി നീന്തൽക്കുളം, പാർക്ക് വികസനം, മൂലൂർ സ്മാരകം, ആറന്മുള ടൂറിസം പദ്ധതി, കോന്നി ആന മ്യൂസിയം, പത്തനംതിട്ടയിലെ പെരുന്തേനരുവി വിനോദസഞ്ചാര പദ്ധതി എന്നിവയുടെ നവീകരണവും സൗന്ദര്യവത്കരണവും ഉൾപ്പെടുന്ന വികസന പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ഈ കാലയളവിൽ കമ്മീഷൻ ചെയ്തു. സംസ്ഥാനത്തുടനീളമുള്ള 70 കേന്ദ്രങ്ങളിൽ ഭിന്നശേഷിക്കാർക്കും മുതിർന്ന പൗരൻമാർക്കുമുള്ള സൗകര്യാർത്ഥം ബാരിയർ ഫ്രീ ടൂറിസം പ്രൊജക്ടിന്റെ ഒന്നാം ഘട്ടം നടപ്പിലാക്കി.

പൈതൃക പ്രോജക്ട്കൾക്ക് കീഴിൽ വികസിപ്പിച്ച ശ്രദ്ധേയമായ വിനോദസഞ്ചാര കേന്ദ്രങ്ങളാണ് മുസിരിസ്, തലശ്ശേരി, ആലപ്പുഴ ഹെറിറ്റേജ് സർക്യൂട്ട് എന്നിവ. മുസിരിസ് പദ്ധതിയുടെ രണ്ടാം ഘട്ടം അവസാന ഘട്ടത്തിലാണ്. 3 ജില്ലകൾ ഉൾക്കൊള്ളുന്ന തലശ്ശേരി പദ്ധതിയിൽ, പദ്ധതി പ്രദേശത്തിന് കീഴിലുള്ള 61 ഡെസ്റ്റിനേഷനുകളെ ബന്ധിപ്പിക്കുന്ന 4 സർക്യൂട്ടുകളായി രൂപകല്പന ചെയ്തിട്ടുണ്ട്. ആലപ്പുഴ പദ്ധതിക്ക് കീഴിൽ വരുന്ന ലിവിംഗ് കയർ മ്യൂസിയം, കയർ ഫാക്ടറി മ്യൂസിയം, കയർ ഹിസ്റ്ററി മ്യൂസിയം, യാൺ മ്യൂസിയം എന്നിവയുടെ നിർമാണം അന്തിമഘട്ടത്തിലാണ്.

സ്വദേശ് ദർശൻ പദ്ധതിയിൽ ഉൾപ്പെടുന്ന പത്തനംതിട്ട-ഗവി-വാഗമൺ-തേക്കടി പ്രോജക്റ്റ്, 'ആത്മീയ ടൂറിസം പദ്ധതി'യുടെ കീഴിൽ വരുന്ന ശ്രീപത്മനാഭസ്വാമി-ആറന്മുള-ശബരിമല പദ്ധതി, പ്രസാദ് പദ്ധതിയിൽ ഉൾപ്പെടുന്ന ഗുരുവായൂർ ക്ഷേത്രത്തിന്റെ

**ബോക്സ് 5.3.1** കേരള ടൂറിസം ഒറ്റനോട്ടത്തിൽ

- 2020 ലെ ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണം – 49,88,972
- 2019 ലെ ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണം –1,83,84,233
- 2020 ലെ വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം –3,40,755
- 2019 ലെ വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം –11,89,771
- 2020 ലെ ആകെ വിനോദ സഞ്ചാരികളുടെ എണ്ണം – 53,29,727
- 2019 ലെ ആകെ വിനോദ സഞ്ചാരികളുടെ എണ്ണം – 1,95,74,004
- 2020 ൽ നേടിയ മൊത്തം വരുമാനം (കോടി) – ₹11,335.96 കോടി
- 2019 ൽ നേടിയ മൊത്തം വരുമാനം (കോടി) – ₹45,010.69 കോടി
- 2020 ൽ നേടിയ വിദേശനാണ്യ വരുമാനം – ₹2,799.85 കോടി
- 2019 ൽ നേടിയ വിദേശനാണ്യ വരുമാനം – ₹10,271.06 കോടി
- 2020 ൽ ആഭ്യന്തര വിനോദ സഞ്ചാരികളിൽ നിന്നുള്ള വരുമാനം (കോടി) – ₹ 6,025.68 കോടി
- 2019 ൽ ആഭ്യന്തര വിനോദ സഞ്ചാരികളിൽ നിന്നുള്ള വരുമാനം (കോടി) – ₹ 24,785.62 കോടി

അവലംബം: വിനോദ സഞ്ചാര വകുപ്പ്, കേരള സർക്കാർ

വികസനം, തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഈ കാലയളവിൽ ഏറ്റെടുത്തവയാണ്.

അടിസ്ഥാന സൗകര്യങ്ങൾ, ഇൻഫർമേഷൻ സെന്ററുകൾ, കര–ജല അധിഷ്ഠിത സാഹസിക വിനോദസഞ്ചാരത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ എന്നിവ വികസിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യ പദ്ധതികൾ ഉൾപ്പെടെ വടക്കൻ മേഖലയിൽ അടിസ്ഥാന സൗകര്യ വികസനം ബിആർഡിസി സജീവമായി പ്രോത്സാഹിപ്പിക്കുന്നു. വിനോദസഞ്ചാരത്തെ അടിസ്ഥാനമാക്കിയുള്ള ചെറുകിട, ഇടത്തരം സംരംഭകത്വ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും സുഗമമാക്കുന്നതിനും ലക്ഷ്യമിട്ടുള്ള ചെറുകിട, ഇടത്തരം വ്യവസായങ്ങൾ പ്രയോജനപ്പെടുത്തുന്ന എക്സ്പീരിയൻഷ്യൽ ടൂറിസം (SMiLE) എന്ന ബിആർഡിസിയുടെ നൂതനമായ ഒരു സംരംഭത്തിലൂടെ, വനിതാ സംരംഭകർ ഉൾപ്പെടെ 93 പുതിയ സംരംഭകരെ ആകർഷിക്കാനും 400 വിനോദസഞ്ചാരികൾക്ക് 50 താമസ സൗകര്യ യൂണിറ്റുകൾ തുറക്കാനും സാധിച്ചു.

വേളിയിൽ ടൂറിസ്റ്റ് ഫെസിലിറ്റി സെന്റർ, കൺവെൻഷൻ സെന്റർ എന്നിവയുടെ നിർമ്മാണവും അർബൻ വെറ്റ് ലാൻഡ് നേച്ചർ പാർക്കിന്റെ ആശയരൂപീകരണം, കേന്ദ്ര സഹായ പദ്ധതിയായ പ്രസാദ് സ്കീമിന്റെ ഭാഗമായി ഗുരുവായൂരിൽ ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ, മടവൂർപാറ ടൂറിസം സോൺ വികസന പദ്ധതിയുടെ ഒന്നാം ഘട്ടം, കഠിനംകുളത്ത് ബാക്ക് വാട്ടർ ടൂറിസം ഇടനാഴിയുടെ വികസനം എന്നിവ കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന്റെ (കെടിഐഎൽ) പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിലെ പ്രധാന സംരംഭങ്ങളിൽ ഉൾപ്പെടുന്നു. വിനോദ സഞ്ചാര അടിസ്ഥാന സൗകര്യങ്ങളുടെയും നിക്ഷേപങ്ങളുടെയും വികസനം ആസൂത്രണം ചെയ്യുന്നതിനായി അടുത്ത മുപ്പത് വർഷത്തേക്ക് നോർത്ത് മലബാറിന്റെ വികസനത്തിനായുള്ള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് പ്ലാനും കെടിഐഎൽ രൂപീകരിച്ചിട്ടുണ്ട്. വനം വകുപ്പുമായി സഹകരിച്ച് പൊൻമുടിയിൽ പരിസ്ഥിതി സൗഹൃദ വിനോദ സഞ്ചാര സംരംഭങ്ങൾ ആസൂത്രണം ചെയ്യുന്നതിലും പ്രധാന പങ്കുവഹിച്ചിട്ടുണ്ട്.

ഓരോ വിനോദ സഞ്ചാരിക്കും "ദൈവത്തിന്റെ സ്വന്തം നാട്" എന്ന അനുഭവം പൂർണ്ണമായും നൽകുന്ന തരത്തിലുള്ള സംസ്ഥാനത്തെ ആദ്യത്തെ പ്രധാന ബിൽറ്റ് ഓപ്പറേറ്റ് ട്രാൻസ്ഫർ (ബി.ഒ.റ്റി) വിനോദ സഞ്ചാര പ്രോജക്ടാണ് വിനോദ സഞ്ചാരത്തിന്റെ എല്ലാ ഘടകങ്ങളും കൂടിച്ചേർന്നിട്ടുള്ള "ജഡായു എർത്ത് സെന്റർ പ്രോജക്ട്". കൊല്ലം ജില്ലയിലെ ചടയമംഗലത്തിനടുത്ത് ഏകദേശം 65 ഏക്കർ വൈവിധ്യമായ ഭൂപ്രദേശത്ത് ജഡായു പാറയിൽ ഈ പ്രോജക്ട് സ്ഥിതി ചെയ്യുന്നു. പ്രകൃതിദത്തമായ ഭൂപ്രദേശത്തുള്ള ഏറ്റവും വലിയ സാഹസിക പാർക്കാണ് ജടായു അഡ്വെഞ്ചർ സെന്റർ. പെയിന്റ് ബാൾ, വാലി ക്രോസിംഗ്, ബൌൾഡറിംഗ്, സിപ് ലൈൻ, ട്രെക്കിംഗ്, ആർച്ചറി, റാപ്പെല്ലിംഗ്, ജൂമാറിംഗ്, വാൾ ക്ലൈമ്പിംഗ് എന്നിവ ഇവിടെ ലഭ്യമായിട്ടുള്ള അനേകം പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നവയാണ്. നിർമ്മാണ ചാതുര്യം, ഇതിഹാസം, സാങ്കേതികത, സംസ്കാരം, സാഹസികത, വിനോദം, സുഖ ചികിത്സ എന്നിവയുടെ അതി വിശിഷ്ടമായ സംയോജനമാണിത്.

### മാനവ വിഭവ ശേഷി വികസനം

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്), സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (എസ്ഐഎച്ച്എം), ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് (എഫ് സിഐ) എന്നിവയാണ് ടൂറിസത്തിലെ മാനവ ശേഷി വികസനത്തിനുള്ള പ്രധാന ശാഖകൾ. അക്കാദമിക് പ്രവർത്തനങ്ങളിലൂടെയും ബോധവൽക്കരണ പരിശീലന പരിപാടികളിലൂടെയും ടൂറിസം മേഖലയിൽ നൈപുണ്യവും ഗുണനിലവാരവുമുള്ള മനുഷ്യശേഷി സൃഷ്ടിക്കുന്നതിൽ സംസ്ഥാന സ്ഥാപനങ്ങൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. സംസ്ഥാനത്ത് വളർന്നു വരുന്ന അവസരങ്ങൾ കണക്കിലെടുത്ത് കിറ്റ്സ് സാഹസിക ടൂറിസത്തിൽ ഡിപ്ലോമ കോഴ്സുകൾ ആരംഭിക്കുകയും, പ്രാദേശിക തലത്തിലും സംസ്ഥാന തലത്തിലും ടൂറിസ്റ്റ് ഗൈഡുകൾക്ക് പരിശീലന പരിപാടികൾ നടത്തുകയും ചെയ്തു. വിനോദസഞ്ചാരം, ഹോസ്പിറ്റാലിറ്റി എന്നീ മേഖലകളിൽ തൊഴിലുകൾക്കായി വികസിപ്പിച്ച വെബ് പോർട്ടൽ കിറ്റ്സ്, എസ് ഐ എച്ച് എം, എഫ് സിഐ എന്നിവിടങ്ങളിലെ 80 ശതമാനത്തിലധികം വിദ്യാർത്ഥികൾക്ക് ഉദ്യോഗം ലഭിക്കാൻ സഹായിച്ചു. ഇൻസ്റ്റിറ്റ്യൂട്ടിന്റെ അടിസ്ഥാന

സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി എസ് ഐ എച്ച് എം കോഴിക്കോട് കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കുകയും, ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഉദുമയിലും കണ്ണൂരിലും പുതിയ കെട്ടിടങ്ങളുടെ നിർമ്മാണം ആരംഭിക്കുകയും ചെയ്തു.

### വിപണന സംരംഭങ്ങൾ

ആഭ്യന്തര–വിദേശ വിപണികളിൽ വിനോദസഞ്ചാരം വിപണനം ചെയ്യുന്ന ഇന്ത്യൻ സംസ്ഥാനങ്ങളിൽ കേരളം മുൻപന്തിയിലായിരുന്നു. വിപണിയുടെ ആധിപത്യം നിലനിർത്തുന്നതിന് സമീപ വർഷങ്ങളിൽ വിപണനരംഗത്ത് ശ്രമങ്ങൾ ശക്തിപ്പെടുത്തുകയും ഡിജിറ്റൽ, സോഷ്യൽ മീഡിയ ക്യാമ്പൈനുകൾ പോലെയുള്ള നൂതന വിപണന ക്യാമ്പൈനുകൾ ആരംഭിക്കുകയും ചെയ്തു, അത് കൂടുതൽ സന്ദർശകരെ ആകർഷിക്കുന്നതിനും കേരളത്തിന്റെ ബ്രാൻഡിംഗിനു സഹായിക്കുകയും ചെയ്തു. 2018 ലെ ജല പ്രളയവും നിപ്പ വൈറസ് മൂലമുണ്ടായ പകർച്ചവ്യാധിയും ടൂറിസം മേഖലക്കുണ്ടാക്കിയ ആഘാതത്തിൽ നിന്നും ശക്തമായ തിരിച്ചുവരവ് നല്കിക്കൊണ്ട് അന്തർദേശീയ തലത്തിൽ ശ്രദ്ധിക്കപ്പെട്ട "ഹ്യൂമൻ ബൈ നേച്ചർ" ക്യാമ്പൈൻ കേരളത്തിലെ ജനങ്ങളുടെ ദൈനംദിന ജീവിതവും സംസ്കാരവും പ്രകടമാക്കുകയുണ്ടായി. ഏകദേശം 3.10 കോടി ആളുകൾ ഈ കാമ്പെയ്ൻ ഓൺലൈനിൽ കണ്ടു. ഓഫ് സീസൺ വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പരസ്യ ക്യാമ്പൈൻ "കം ഔട്ട് ആന്റ് പ്ലേ", ബിനാലെ പ്രൊമോഷൻ ക്യാമ്പൈൻ, കേരള ബ്ലോഗ് എക്സ്പ്രസ് എന്നിവ സംസ്ഥാനത്തിന്റെ ശ്രദ്ധേയമായ ക്യാമ്പൈനുകളാണ്.

37 ലക്ഷത്തിലധികം ആളുകൾ കേരള വിനോദ സഞ്ചാരത്തിന്റെ ഫേസ്ബുക്ക് പേജും മൂന്ന് ലക്ഷം പേർ ഇൻസ്റ്റാഗ്രാം അക്കൗണ്ടും പിന്തുടരുന്നു. 19 ലക്ഷം ഫോളോവേഴ്സുള്ള കേരള ടൂറിസത്തിന്റെ ട്വിറ്റർ അക്കൗണ്ട് ഇന്ത്യയിലെ ടൂറിസം ട്വിറ്റർ അക്കൗണ്ടുകളിൽ ഒന്നാം സ്ഥാനത്താണ്. 3 കോടിയിലധികം വരിക്കാരുള്ള ഒരു യൂട്യൂബ് ചാനലും വകുപ്പ് നടത്തുന്നുണ്ട്. കേരള ടൂറിസത്തിന്റെ വീഡിയോകൾക്കായി വകുപ്പ് ഇ–കാറ്റലോഗ് തയ്യാറാക്കി. തിരഞ്ഞെടുത്ത സ്ഥലങ്ങളിൽ റിസോഴ്സ് മാപ്പിംഗും ക്യൂആർ കോഡിനായി ജിയോടാഗ് ചെയ്ത മൊബൈൽ ക്യാമറ ഫോട്ടോഗ്രാഫുകളും കേരള ടൂറിസം അവതരിപ്പിച്ചിട്ടുണ്ട്. പ്രളയാനന്തര ക്യാമ്പൈനുകൾ ലോകമെമ്പാടുമുള്ള 15,000–ലധികം നഗരങ്ങളിൽ നിന്ന് 4.4 ദശലക്ഷം സന്ദർശനങ്ങൾക്ക് കാരണമായി. കേരള ടൂറിസത്തിന്റെ വെബ്സൈറ്റ് വ്യക്തതയോടെ വിപുലമായ വിവരങ്ങൾ പ്രദാനം ചെയ്യുന്നു. വെബ്സൈറ്റിൽ 1,575 താമസ സൗകര്യ യൂണിറ്റുകൾ ലിസ്റ്റ് ചെയ്തിട്ടുണ്ട്, അതിൽ ഓരോ ടൂർ ഓപ്പറേറ്റർമാർക്കും പ്രധാന താമസകേന്ദ്രങ്ങൾക്കും ഓരോ സ്വതന്ത്ര പേജുകളുമുണ്ട്.

നാടിന്റെ പാരമ്പര്യം സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള ഒരു നവീന സംരംഭത്തിന്റെ ഭാഗമായി, കേരള ടൂറിസം ചാമ്പ്യൻസ് ബോട്ട് ലീഗ് ആവിഷ്കരിച്ചു. കേരളത്തിന്റെ പരമ്പരാഗത ഉത്സവങ്ങൾ സംരക്ഷിക്കുക പ്രോത്സാഹിപ്പിക്കുക, ടൂറിസം ഒരു ഉൽപന്നമായി വിപണനം ചെയ്യുന്നതിനായി ഒരു വാർഷിക പരിപാടി സൃഷ്ടിക്കുക, കേരളത്തിന്റെ കായലുകളെ ലോകത്തിന് കാണിച്ചുകൊടുക്കുക എന്നിവയാണ് പരിപാടിയുടെ പ്രധാന ലക്ഷ്യങ്ങൾ. ഇന്ത്യൻ പ്രീമിയർ ലീഗിന്റെ മാതൃകയിൽ സംസ്ഥാനത്തിന്റെ ഐതിഹാസികവും ചരിത്ര പ്രാധാന്യമുള്ളതുമായ 'വള്ളംകളി' (ചുണ്ടൻ വള്ളങ്ങളുടെ മത്സരം) ലോകോത്തര കായിക ഇനമാക്കി മാറ്റാനാണ് ഇത് വിഭാവനം ചെയ്തിരിക്കുന്നത്.

### ഉത്തരവാദിത്ത ടൂറിസം മിഷൻ

വിനോദ സഞ്ചാര വകുപ്പിന്റെ ലോകശ്രദ്ധ പിടിച്ചുപറ്റിയ അതുല്യമായ ഒരു സംരംഭമായിരുന്നു ഉത്തരവാദിത്ത ടൂറിസം (ആർ. ടി). 2008–ൽ വിനോദ സഞ്ചാര വകുപ്പ് ആരംഭിച്ച പ്രോ–പുവർ വിനോദ സഞ്ചാര സമീപനമാണിത്. ആർടി മേഖലയിലെ വിവിധ പദ്ധതികൾ പ്രാദേശിക ഉപജീവനത്തിനും സംരംഭകത്വത്തിനും ഊന്നൽ നൽകുന്നു. നിലവിൽ വിവിധ വിഭാഗങ്ങളിലായി ആർടി മിഷനിൽ 20,000 വ്യക്തിഗത, ഗ്രൂപ്പ് യൂണിറ്റുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്, അതിൽ 13,567 എണ്ണം സ്ത്രീകളുടെ ഉടമസ്ഥതയിലുള്ളതോ മുൻനിര യൂണിറ്റുകളോ ആണ്. 92,980 പ്രാദേശിക സമൂഹങ്ങൾ നേരിട്ടോ അല്ലാതെയോ ടൂറിസവുമായി ബന്ധപ്പെട്ട തൊഴിലിൽ ഏർപ്പെട്ടു വരുമാനം ഉണ്ടാക്കുന്നു. 2020 ജനുവരി 1 വരെ, ആർടി മിഷനിൽ രജിസ്റ്റർ ചെയ്ത യൂണിറ്റുകൾ 25.50 കോടി രൂപയുടെ വരുമാനം നേടി. 850 കുടുംബങ്ങൾ 60 ടൂറിസം പാക്കേജുകളിലായി ആർടി മിഷന്റെ എക്സ്പീരിയൻഷ്യൽ ടൂർ പാക്കേജുകളുമായി ചേർന്നു പ്രവർത്തിക്കുന്നു. സംസ്ഥാനത്തുടനീളമുള്ള പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളെ പ്ലാസ്റ്റിക് രഹിത, മാലിന്യ വിമുക്തമാക്കാൻ ആർടി മിഷൻ "ക്ലീൻ കേരള" സംരംഭവും ആരംഭിച്ചു.

കുട്ടനാടിന്റെ കാർഷിക ആവാസവ്യവസ്ഥയുടെയും ഉപജീവനത്തിന്റെയും പുനരുജ്ജീവനത്തിനായി വിവിധ വകുപ്പുകളുടെ ഫണ്ട് സംയോജിപ്പിച്ച് കേരള സർക്കാർ നടപ്പിലാക്കുന്ന ഒരു സംയോജിത പദ്ധതിയാണ് കുട്ടനാട് പാക്കേജ്. കുട്ടനാട് പാക്കേജിന്റെ രണ്ടാം ഘട്ടത്തിന്റെ ഭാഗമായി, വിവിധ വിനോദ സഞ്ചാര പദ്ധതികൾ കുട്ടനാട് പദ്ധതി പ്രദേശത്തേക്ക് വ്യാപിപ്പിക്കുകയാണ്. കുട്ടനാട് പദ്ധതി പ്രദേശത്ത് വരുന്ന അയ്മനം വില്ലേജിനെ ആദ്യത്തെ മാതൃക ആർടി വില്ലേജ് ആയി പ്രഖ്യാപിച്ചു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും പ്രാദേശിക സമൂഹത്തിന്റെയും നൂറു ശതമാനം പിന്തുണയോടെ ഉത്തരവാദിത്ത ടൂറിസം നടപ്പിലാക്കുന്ന ഒരു ഗ്രാമത്തെ ഉത്തരവാദിത്ത ടൂറിസം ഗ്രാമമായി വികസിപ്പിക്കുകയാണ് ആർടി മിഷന്റെ മാതൃകാ ആർടി വില്ലേജ് പദ്ധതി ലക്ഷ്യമിടുന്നത്. മാതൃകാ ആർടി വില്ലേജ് പദ്ധതിയുടെ നടത്തിപ്പിനായി തിരഞ്ഞെടുത്ത 13 വില്ലേജുകളിൽ ഒരു മാതൃകാ ആർടി വില്ലേജിനുള്ള എല്ലാ പ്രവർത്തനങ്ങളും കേന്ദ്രീകരിച്ച് പദ്ധതി വിജയകരമായി നടപ്പാക്കിയതും അയ്മനമാണ്. ആർടി മിഷന്റെ പ്രവർത്തനങ്ങൾക്ക് വേൾഡ് ട്രാവൽ മാർക്കറ്റ് ഗ്രാൻഡ്, ഗോൾഡ്, വേൾഡ് ട്രാവൽ മാർക്കറ്റ് റെസ്പോൺസിബിൾ ടൂറിസം അവാർഡ്, പിഎറ്റിഎ ഗോൾഡ് അവാർഡ് മുതലായ വിവിധ ദേശീയ അന്തർദേശീയ അവാർഡുകളും ലഭിച്ചു.

### ഇക്കോ ടൂറിസം വികസനം

ഇക്കോടൂറിസത്തിന് സാധ്യതയുള്ള 70 കേന്ദ്രങ്ങൾ വിനോദ സഞ്ചാര വകുപ്പ് കണ്ടെത്തിയിട്ടുണ്ട്. സംരക്ഷണത്തിനും പരിസ്ഥിതി വിദ്യാഭ്യാസത്തിനും

ഊന്നൽ നൽകിക്കൊണ്ട് ഈ കേന്ദ്രങ്ങൾ ഇക്കോ ടൂറിസം ഡെസ്റ്റിനേഷനുകളായി വികസിപ്പിക്കേണ്ടതാണ്. ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ (ഇഡിസി) വന സംരക്ഷണ സമിതികൾ (വിഎസ്എസ്) എന്നിവയുടെ രൂപവൽക്കരണത്തിലൂടെ ട്രക്കിംഗ്, പക്ഷി നിരീക്ഷണ പാതകൾ തുടങ്ങിയവ വികസിപ്പിക്കുകയും പ്രവർത്തനക്ഷമമാക്കുകയും ചെയ്യുന്നതിലൂടെ, പ്രാദേശിക സമൂഹത്തിന് ഇക്കോടൂറിസത്തിന്റെ പ്രയോജനം ഉറപ്പാക്കുന്നു. സൈലന്റ് വാലി, റോഡോവാലി, മീശപ്പുലിമല എന്നിവിടങ്ങളിലെ ഇക്കോടൂറിസം പ്രവർത്തനങ്ങളുടെ വിപുലീകരണം പൂർത്തിയായി. തേക്കടിയിൽ സന്ദർശകർക്ക് വേണ്ടിയുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, തെന്മലയിൽ മാനുകളുടെ സംരക്ഷണ കേന്ദ്രം മെച്ചപ്പെടുത്തൽ, ഇരവികുളം ദേശീയ ഉദ്യാനത്തിലെ ടൂറിസം സൗകര്യങ്ങൾ നവീകരിക്കൽ, തെന്മല ആംഫി തിയറ്റർ നവീകരണം തുടങ്ങിയ ഇക്കോ ടൂറിസം സംരംഭങ്ങൾ പൂർത്തീകരിച്ചു.

### ഹോസ്പിറ്റാലിറ്റി സെക്ടർ

സംസ്ഥാനത്തിന്റെ ഹോസ്പിറ്റാലിറ്റി മേഖല പൂർണമായും സ്വകാര്യ ഉടമസ്ഥതയിലുള്ളതാണ്. 2021 സെപ്റ്റംബർ വരെ, 88,560 മുറികൾ ഉൾപ്പെടുന്ന ആകെ 6,923 താമസ സൗകര്യ യൂണിറ്റുകളാണ് സംസ്ഥാനത്തുള്ളത്. ഏറ്റവും കൂടുതൽ താമസ സൗകര്യ യൂണിറ്റുകളുള്ള ജില്ല എറണാകുളവും (1,119) ഏറ്റവും കുറവ് താമസ സൗകര്യ യൂണിറ്റുകളുള്ള (86) ജില്ല കാസർഗോഡുമാണ്. വിശദാംശങ്ങൾ **അനുബന്ധം 5.3.8**–ൽകാണിച്ചിരിക്കുന്നു. സംസ്ഥാനത്ത് സുസ്ഥിര വിനോദസഞ്ചാരം പ്രോത്സാഹിപ്പിച്ചുകൊണ്ട് ടൂറിസ്റ്റ് ഹോസ്പിറ്റാലിറ്റി മേഖലയിൽ, കേരള വിനോദസഞ്ചാര വികസന കോർപ്പറേഷനും പങ്കുവഹിക്കുന്നുണ്ട്.

### സാമ്പത്തിക നിർവ്വഹണം

പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിലെ ടൂറിസം മേഖലയുടെ പദ്ധതി വിഹിതത്തിന്റെയും ചെലവുകളുടെയും വിശദാംശങ്ങൾ **പട്ടിക 5.3.4**–ൽനൽകിയിരിക്കുന്നു.

**പട്ടിക 5.3.4** സംസ്ഥാന പദ്ധതി വിഹിതവും ചെലവും 2017–18 മുതൽ 2021–22 വരെ, രൂപ കോടിയിൽ

| വർഷം | വിഹിതം | ചെലവ് |
|---|---|---|
| 2017–18 | 342.73 | 310.56 (96.6%) |
| 2018–19 | 379.00 | 237.54 (62.7 %) |
| 2019–20 | 372.37 | 177.698 (47.7%) |
| 2020–21 | 320.14 | 325.63 (101.7%) |
| 2021–22* | 320.14 | 76.09(23.8%) |

കുറിപ്പ്: *2021 സെപ്റ്റംബർ വരെയുള്ള ചെലവ്
അവലംബം: പ്ലാൻ സ്പേസ് കേരള

### സമീപകാല നയ സംരംഭങ്ങൾ

**വിനോദസഞ്ചാര നയം 2017** – വിനോദസഞ്ചാര സൗഹൃദവും സുരക്ഷിതവുമായ വിനോദസഞ്ചാര കേന്ദ്രങ്ങൾ ഉറപ്പാക്കുക, കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റി (കെടിആർഎ) രൂപീകരിക്കുക, തിരഞ്ഞെടുത്ത സ്ഥലങ്ങളിൽ പൊതു–സ്വകാര്യ പങ്കാളിത്തത്തോടെ (പിപിപി) അന്താരാഷ്ട്ര നിലവാരത്തിലുള്ള വിനോദസഞ്ചാര പദ്ധതികൾ വികസിപ്പിക്കുക, മാലിന്യ സംസ്കരണം തുടങ്ങിയ വിനോദസഞ്ചാര വ്യവസായത്തിന്റെ പ്രധാന പ്രശ്നങ്ങൾ പരിഹരിക്കുക, പ്രധാന ആഭ്യന്തര, അന്തർദേശീയ വിപണികളിൽ നിന്ന് കേരളത്തിലേക്കുള്ള കണക്റ്റിവിറ്റി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള യോജിച്ച ശ്രമങ്ങൾ ആരംഭിക്കുക, കേരള ടൂറിസം സംരംഭകത്വ ഫണ്ട് (കെടിഇഎഫ്) രൂപീകരിക്കുക, സുസ്ഥിര വിനോദസഞ്ചാര വികസനത്തിനുള്ള കർമ്മ പദ്ധതി തയ്യാറാക്കൽ എന്നിവയാണ് വിനോദസഞ്ചാര നയം 2017 ലക്ഷ്യമിടുന്നത്.

**കാരവൻ ടൂറിസം നയം (2021):** മഹാമാരിക്ക് ശേഷമുള്ള കാലഘട്ടത്തിൽ വിനോദസഞ്ചാരികളുടെ അഭിരുചിക്ക് അനുസൃതമായി സന്ദർശകർക്ക് സുരക്ഷിതവും ഇഷ്ടാനുസൃതവും പ്രകൃതിയോട് ചേർന്നുള്ളതുമായ യാത്രാനുഭവം വാഗ്ദാനം ചെയ്യുന്ന കാരവൻ ടൂറിസം നയം കേരള സർക്കാർ പ്രഖ്യാപിച്ചു. സ്വകാര്യ നിക്ഷേപകരും ടൂർ ഓപ്പറേറ്റർമാരും പ്രദേശവാസികളും പ്രധാന തല്പരകക്ഷികളായുള്ള പിപിപി രീതിയിലാണ് കാരവൻ കേരള വികസിപ്പിച്ചിരിക്കുന്നത്. ടൂറിസം കാരവനുകളും കാരവൻ പാർക്കുകളുമാണ് ഈ പ്രവർത്തനത്തിന്റെ രണ്ട് പ്രധാന ഘടകങ്ങൾ. ആദ്യത്തേത് യാത്രയ്ക്കും വിശ്രമത്തിനും താമസത്തിനുമായി പ്രത്യേകം നിർമ്മിച്ച വാഹനങ്ങളാണെങ്കിൽ, രണ്ടാമത്തേത്, വാഹനങ്ങൾ പാർക്ക് ചെയ്ത് ലക്ഷ്യസ്ഥാനം പര്യവേക്ഷണം ചെയ്യുന്നതിനായി ഒരു രാത്രിയോ ഒരു പകലോ ദീർഘനേരം ചെലവഴിക്കാൻ സ്ഥലങ്ങൾ സജ്ജമാക്കലാണ്.

സുസ്ഥിര വളർച്ചയ്ക്കും പ്രാദേശിക സമൂഹങ്ങളുടെ പ്രയോജനത്തിനും വേണ്ടിയുള്ള ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ, പരിസ്ഥിതി സൗഹൃദ രീതികളും പ്രാദേശിക ഉൽപ്പന്നങ്ങളുടെ വിപണി എന്നിവയും കാരവൻ ടൂറിസം പ്രോത്സാഹിപ്പിക്കുന്നു. രണ്ടുതരം കാരവനുകൾ ഉണ്ടാകും. മോഡൽ 1 രണ്ട് അതിഥികൾക്കും മോഡൽ 2 നാല് അംഗങ്ങളുള്ള ഒരു കുടുംബത്തിനും വേണ്ടിയുള്ളതാണ്. പരിസ്ഥിതി സൗഹൃദമാണ് കാരവൻ ടൂറിസത്തിന്റെ പ്രധാന സവിശേഷത. അതിഥികളുടെ സമ്പൂർണ്ണ സുരക്ഷ ഉറപ്പാക്കുന്നതിന്, കാരവാനുകളിൽ ഐടി അധിഷ്ഠിത നിരീക്ഷണമുണ്ട്. വിനോദസഞ്ചാരികൾക്ക് തടസ്സരഹിതവും സമ്മർദ്ദരഹിതവുമായ അന്തരീക്ഷം പ്രദാനം ചെയ്യുന്ന കാരവൻ പാർക്ക് പൂർണ്ണമായും സുരക്ഷിതമായിരിക്കും.

സംസ്ഥാനത്തിന്റെ സാംസ്കാരിക, പൈതൃക, പാരിസ്ഥിതിക വിനോദസഞ്ചാരം ശക്തിപ്പെടുത്തുന്നതിനും വിനോദസഞ്ചാരികളുടെ വരവ് വർദ്ധിപ്പിക്കുന്നതിനും 'ജൈവ വൈവിധ്യ സർക്യൂട്ട്', 'മലബാർ ലിറ്ററി സർക്യൂട്ട്' തുടങ്ങിയ രണ്ട് പുതിയ ടൂറിസം സർക്യൂട്ട് പദ്ധതികൾ അടുത്തിടെ സർക്കാർ പ്രഖ്യാപിച്ചു. മലബാർ ലിറ്ററി സർക്യൂട്ട് തിരൂരിലെ തുഞ്ചൻ സ്മാരകത്തെയും, ബേപ്പൂർ, തസ്രാക്ക്, പൊന്നാനി, തൃത്താല, ഭാരതപ്പുഴയുടെ തീരത്തെയും ബന്ധിപ്പിക്കുന്നു. കൊല്ലം ജില്ലയിലെ അഷ്ടമുടിക്കായൽ, മൺറോതുരുത്ത്, കൊട്ടാരക്കര, മീൻപിടിപ്പാറ, മുട്ടറ–മരുതിമല, ജഡായു പാറ, തെന്മല, അച്ചൻകോവിൽ എന്നിവിടങ്ങളെ ബന്ധിപ്പിക്കുന്നതാണ് ജൈവവൈവിധ്യ സർക്യൂട്ട്. ഇതിനുപുറമെ, സംസ്ഥാനത്ത്

കുറഞ്ഞത് 500 പുതിയ വിനോദസഞ്ചാര കേന്ദ്രങ്ങളെ ങ്കിലും പര്യവേക്ഷണം ചെയ്യാനും വരും വർഷങ്ങളിൽ വികസിപ്പിക്കാനും ലക്ഷ്യമിടുന്ന "ഒരു പഞ്ചായത്ത് – ഒരു ലക്ഷ്യസ്ഥാനം" പദ്ധതിയും സർക്കാർ പ്രഖ്യാപിച്ചു.

**2019 ലെയും 2020 ലെയും നേട്ടങ്ങളും പുരസ്കാരങ്ങളും**

- കേരളാ ടൂറിസം "ഹ്യൂമൻ ബൈ നേച്ചർ" ക്യാമ്പയിനു പ്രിന്റ്, ഫിലിം എന്നിവയ്ക്കായി Das Goldene Stadttor അവാർഡ് 2020
- യു എൻ ഡബ്ല്യുറ്റിഒ അസ്സസബിൾ ടൂറിസം ഡെസ്റ്റിനേഷൻ അവാർഡ് 2019
- ബെസ്റ്റ് വെൽനസ്സ് ഡെസ്റ്റിനേഷനു ഏഷ്യ എസ് പി എ ഇന്ത്യ അവാർഡ് 2019
- കേരള ടൂറിസം ക്യാമ്പയിൻ "കം ഔട്ട് ആൻറ് പ്ലേ"യ്ക്ക് പിഎറ്റിഎ ഗോൾഡ് അവാർഡ് 2019
- കേരള ടൂറിസം വെബ്സൈറ്റിനു പിഎറ്റിഎ ഗോൾഡ് 2019 അവാർഡ്
- കുമരകത്തെ എത്നിക് റെസ്റ്റോറന്റിനു സ്ത്രീ ശാക്തീക രണത്തിനുള്ള പിഎറ്റിഎ ഗോൾഡ് 2019 അവാർഡ്
- കേരളത്തെ സംബന്ധിക്കുന്ന കഥകൾക്കുള്ള ഡിജിസ് 2019 ഡിജിറ്റൽ അവാർഡ് വീഡിയോ ക്യാമ്പയിൻ – ഗോൾഡ് അവാർഡ്
- Mcube 2019 അവാർഡ് – കേരളത്തെ സംബന്ധിക്കുന്ന കഥകൾക്കായുള്ള വീഡിയോ ക്യാമ്പയിനു – പ്രത്യേക പരാമർശം
- മൂന്നാർ വിനോദ സഞ്ചാര കേന്ദ്രത്തിന് "രണ്ടാമത്തെ മികച്ച മൗണ്ടൻ ഡെസ്റ്റിനേഷൻ അവാർഡ്" 2020
- വിപണനത്തിനായി പിഎറ്റിഎ ഗ്രാൻഡ് ഗോൾഡ് അവാർഡ് 2020

## 2020–21 കാലയളവിൽ ഭാരത സർക്കാരിന്റെ പ്രധാന സംരംഭങ്ങൾ

വിനോദസഞ്ചാര മേഖലയിൽ കേന്ദ്ര സർക്കാർ ഏതാനും പ്രോത്സാഹന നിയമങ്ങളും പദ്ധതികളും ആവിഷ്കരിച്ചു. 'ഓൾ ഇന്ത്യ ടൂറിസ്റ്റ് വെഹിക്കിൾസ് ഓതറൈസേഷൻ ആൻഡ് പെർമിറ്റ് റൂൾസ്, 2021' മുഖേന ഇന്ത്യയിൽ ടൂറിസ്റ്റ് അനുമതി/പെർമിറ്റിനായി ടൂറിസ്റ്റ് വെഹിക്കിൾ ഓപ്പറേറ്ററെ ഓൺലൈനായി രജിസ്റ്റർ ചെയ്യാൻ അനുമതി നൽകി. അടുത്തിടെ ആരംഭിച്ച നാഷണൽ ഇന്റർഗ്രേറ്റഡ് ഡാറ്റാബേസ് ഓഫ് ഹോസ്പിറ്റാലിറ്റി ഇൻഡസ്ട്രി (നിധി) പോർട്ടൽ, ഹോസ്പിറ്റാലിറ്റി മേഖലയുടെ ഭൂമിശാസ്ത്രപരമായ വ്യാപനം, അതിന്റെ വലിപ്പം, ഘടന, രാജ്യത്ത് നിലവിലുള്ള ശേഷി എന്നിവ മനസ്സിലാക്കാൻ സഹായിക്കുന്നു. രാജ്യത്ത് മെഡിക്കൽ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാർ വിസയുടെ ഒരു പുതിയ വിഭാഗം, മെഡിക്കൽ വിസ അല്ലെങ്കിൽ എം–വിസ അവതരിപ്പിച്ചു.

ഇന്ത്യൻ റെയിൽവേ കാറ്ററിംഗ് ആൻഡ് ടൂറിസം കോർപ്പറേഷൻ (IRCTC) രാജ്യത്തുടനീളമുള്ള വിവിധ തീർത്ഥാടന കേന്ദ്രങ്ങളിലേക്ക് ആളുകളെ കൊണ്ടുപോകാൻ ലക്ഷ്യമിട്ട് ഭാരത് ദർശൻ ടൂറിസ്റ്റ് ട്രെയിനുകളുടെ ഒരു ശൃംഖല നടത്തുന്നു. രാജ്യത്തെ വിളക്കുമാടങ്ങൾ പ്രയോജനപ്പെടുത്തി ഇന്ത്യയിൽ ടൂറിസം പ്രോത്സാഹിപ്പിക്കാനും പദ്ധതിയിട്ടിരിക്കുന്നു. വിനോദസഞ്ചാര കേന്ദ്രങ്ങളായി വികസിപ്പിക്കാൻ ഉദ്ദേശിക്കുന്ന 71 ലൈറ്റ് ഹൗസുകൾ കണ്ടെത്തി. നിരവധി ലക്ഷ്യസ്ഥാനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ നൽകുന്നതിന്, 2020 ഏപ്രിലിൽ 'ദേഖോ അപ്നാ ദേശ്' വെബിനാർ സീരീസ് ആരംഭിച്ചു.

ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യ (ക്യൂസിഐ) യുമായി സഹകരിച്ച് സിസ്റ്റം ഫോർ അസസ്മെന്റ്, അവയർനെസ് & ട്രെയിനിംഗ് ഫോർ ഹോസ്പിറ്റാലിറ്റി ഇൻഡസ്ട്രി (സാത്തി), മൈക്രോ ടൂറിസം പ്രോത്സാഹിപ്പിക്കാൻ ലക്ഷ്യമിടുന്ന ഇൻക്രെഡിബിൾ ഇന്ത്യ ടൂറിസ്റ്റ് ഫെസിലിറ്റേറ്റർ (ഐഐടിഎഫ്), രാജ്യത്തുടനീളമുള്ള മികച്ച പരിശീലനം ലഭിച്ച ടൂറിസ്റ്റ് ഫെസിലിറ്റേറ്റർമാർക്കും ഗൈഡുകൾക്കുമായി ഒരു ഓൺലൈൻ പഠന പ്ലാറ്റ്ഫോം സൃഷ്ടിക്കാൻ ലക്ഷ്യമിടുന്ന ഇൻക്രെഡിബിൾ ഇന്ത്യ ടൂറിസ്റ്റ് ഗൈഡ് (ഐഐടിജി) സർട്ടിഫിക്കേഷൻ പ്രോഗ്രാം പോലുള്ള നൂതന പരിപാടികളും കേന്ദ്ര ഗവൺമെന്റ് അവതരിപ്പിച്ചു.

**ഭാവി വീക്ഷണം**

കോവിഡ് – 19 മഹാവ്യാധി കാരണം സംസ്ഥാനത്തെ വിനോദ സഞ്ചാര വ്യവസായം അഭൂതപൂർവമായ നഷ്ടം നേരിട്ടുകൊണ്ടിരിക്കയാണ്. ദീർഘകാലത്തെ നിയന്ത്രണങ്ങൾക്ക് ശേഷം, വ്യവസായം വിനോദസഞ്ചാരികളെ സ്വീകരിക്കാൻ തുടങ്ങി, പ്രത്യേകിച്ച് ആഭ്യന്തര വിപണികളിൽ നിന്ന്. ടൂറിസം പുനരുജ്ജീവിപ്പിക്കുന്നതിലെ യഥാർത്ഥ വെല്ലുവിളി അയൽ സംസ്ഥാനങ്ങളിൽ നിന്നും ശ്രീലങ്ക ഉൾപ്പെടെയുള്ള രാജ്യങ്ങളിൽ നിന്നും മറ്റ് ഏഷ്യൻ രാജ്യങ്ങളിൽ നിന്നുമുള്ള കടുത്ത മത്സരമാണ്. സംസ്ഥാനത്തെ വ്യവസായം നിരവധി നാഴികക്കല്ലുകൾ പിന്നിട്ടിട്ടുണ്ടെങ്കിലും വിപണി നിലനിർത്താൻ ഏറെ ദൂരം പോകേണ്ടതുണ്ട്. വിനോദസഞ്ചാര ഡെസ്റ്റിനേഷനുകളുടെയും സർക്യൂട്ടുകളുടെയും ആസൂത്രണത്തിലും മാനേജ്മെന്റിലും അപര്യാപ്തമായ അടിസ്ഥാന സൗകര്യങ്ങൾ, മാലിന്യ സംസ്കരണം, സുരക്ഷ എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് ഏറ്റവും മുൻഗണന നൽകേണ്ടതുണ്ട്. സംസ്ഥാനത്തിനുള്ളിലെ കണക്റ്റിവിറ്റി മെച്ചപ്പെടുത്തുന്നത് ടൂറിസം മേഖല ഉൾപ്പെടെ എല്ലാ മേഖലകൾക്കും ഗൗരവമുളവാക്കുന്ന കാര്യമാണ്. ഘടനാപരമായ വിനോദസഞ്ചാര ഉൽപന്നങ്ങളിലും അനുഭവങ്ങളിലുമുള്ള തുടർച്ചയായ നവീകരണവും മതിയായ യോഗ്യതയുള്ളവരും പരിശീലനം ലഭിച്ചവരുമായ ആളുകളെ ലഭ്യമാക്കുന്നതും കേരള ടൂറിസത്തിന്റെ പാതയിലെ വെല്ലുവിളികളാണ്.

സമ്പന്നമായ ചരിത്ര–സാംസ്കാരിക പാരമ്പര്യങ്ങളുള്ള ഒരു സംസ്ഥാനമെന്ന നിലയിൽ കേരളം സന്ദർശകർക്ക് ലോകോത്തര വിനോദ സൗകര്യങ്ങൾ പ്രദാനം ചെയ്യുന്ന സുരക്ഷിതവും പരിസ്ഥിതി സൗഹൃദവുമായ വിനോദ സഞ്ചാര കേന്ദ്രങ്ങൾ ഉറപ്പുവരുത്തുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. കേരളം എപ്പോഴും ഒരു ബ്രാൻഡിന് കീഴിലാണ് വിപണനം ചെയ്യുന്നത്. പുതിയ ബ്രാൻഡുകളും ഉപ ബ്രാൻഡുകളും വികസിപ്പിക്കേണ്ടതുണ്ട്. പുതിയ ഉൽപന്നങ്ങളും അത്ര അറിയപ്പെടാത്ത വിനോദസഞ്ചാര കേന്ദ്രങ്ങളും പര്യവേക്ഷണം ചെയ്യേണ്ടതാണ്, ഏറ്റവും പ്രധാനമായി പാരമ്പര്യേതര വിനോദസഞ്ചാര കേന്ദ്രങ്ങളുടെയും ഉൽപന്നങ്ങളുടെയും വികസനം പ്രോത്സാഹിപ്പിക്കുന്നതിന് ടൂറിസത്തിന്റെ മുഴുവൻ വ്യാപ്തിയും പര്യവേക്ഷണം ചെയ്യേണ്ടത് അത്യാവശ്യമാണ്. കേരളത്തെ ആഗോള ടൂറിസം ഹബ്ബാക്കി മാറ്റാൻ വിവിധ സംരംഭങ്ങൾ സംസ്ഥാന സർക്കാർ തുടരേണ്ടതുണ്ട്.

# 5.4 വിദേശ വ്യാപാരം

ലോകവ്യാപാര സംഘടന 2021 ഒക്ടോബറിൽ പുറത്തിറക്കിയ പ്രവചന പ്രകാരം ലോക ചരക്ക് വ്യാപാരത്തിന്റെ അളവിൽ 10.8 ശതമാനം വളർച്ച കണക്കാക്കുന്നു.[1] ആഗോള വ്യാപാരം അതിന്റെ രണ്ടാം പാദത്തിൽ മുൻ വർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് 22 ശതമാനം വളർച്ച രേഖപ്പെടുത്തി. മൂന്നാം പാദത്തിലും നാലാം പാദത്തിലും യഥാക്രമം 10.9 ശതമാനവും 6.9 ശതമാനവും വളർച്ചയാണ് പ്രതീക്ഷിക്കുന്നത്. എങ്കിലും ഇത് വിവിധ രാജ്യങ്ങളിൽ വ്യത്യസ്ത അളവിലായിരിക്കും. സേവന വ്യാപാരം ചരക്ക് വ്യാപാരത്തേക്കാൾ പിന്നിലാകാൻ സാദ്ധ്യതയുണ്ട്. ട്രാവൽ, ടൂറിസം എന്നീ മേഖലകളിലെ ഇടിവാണ് മുഖ്യമായും സേവന വ്യാപാരത്തിൽ ഇടിവുണ്ടാക്കുന്നത്.

## ഇന്ത്യയിലെ വിദേശ വ്യാപാരം

ഇന്ത്യയുടെ മൊത്തം കയറ്റുമതി (ചരക്കുകളും സേവനങ്ങളും ഉൾപ്പെടെ) 2020–21–ൽ മുൻ വർഷത്തിൽ നിന്നും (–)6.3 ശതമാനം ഇടിവ് രേഖപ്പെടുത്തി കൊണ്ട് 493.2 ബില്യൺ ഡോളറായി കുറഞ്ഞു. 2019–20–ൽ 313.4 ബില്യൺ ഡോളറായിരുന്ന ഇന്ത്യയുടെ ചരക്ക് കയറ്റുമതി 2020–21–ൽ (–)7.3 ശതമാനം ഇടിവ് രേഖപ്പെടുത്തി കൊണ്ട് 290.6 ബില്യൺ ഡോളറായി കണക്കാക്കുന്നു. 2019–20–ൽ 213.2 ബില്യൺ ഡോളറായിരുന്ന സേവന കയറ്റുമതി 2020–21–ൽ (–)5 ശതമാനം ഇടിവ് രേഖപ്പെടുത്തി കൊണ്ട് 202.6 ബില്യൺ ഡോളറായി രേഖപ്പെടുത്തി.

ഇന്ത്യയുടെ മൊത്തം കയറ്റുമതി (ചരക്കുകളും സേവനങ്ങളും ഉൾപ്പെടെ) 2021–22–ൽ , ഏപ്രിൽ മുതൽ സെപ്റ്റംബർ വരെ, മുൻ വർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് 40.52 ശതമാനം വർദ്ധിച്ച് 312.5 ബില്യൺ ഡോളറാകുമെന്ന് കണക്കാക്കുന്നു. ഇതിൽ ചരക്ക് കയറ്റുമതി 57.5 ശതമാനം വളർച്ച രേഖപ്പെടുത്തി 197.9 ബില്യൺ ഡോളറായി വർദ്ധിക്കുമെന്നും സേവന കയറ്റുമതി 18.4 ശതമാനം വളർച്ച രേഖപ്പെടുത്തി 114.6 ബില്യൺ ഡോളറാകുമെന്നും കണക്കാക്കുന്നു.[2]

2019–20–ൽ ഇന്ത്യയുടെ ചരക്ക് ഇറക്കുമതി 474.7 ബില്യൺ ഡോളറായിരുന്നത് 2020–21–ൽ (–)18 ശതമാനം ഇടിവ് രേഖപ്പെടുത്തി കൊണ്ട് 389.2 ബില്യൺ ഡോളറായി കുറഞ്ഞു. 2019–20–ൽ 128.3 ബില്യൺ ഡോളറായിരുന്ന സേവന ഇറക്കുമതി 2020–21–ൽ (–)9 ശതമാനം ഇടിവ് രേഖപ്പെടുത്തി കൊണ്ട് 116.7 ബില്യൺ ഡോളറായി കുറഞ്ഞു. 2019–20–ൽ ഇന്ത്യയുടെ മൊത്തം ഇറക്കുമതി (ചരക്കുകളും സേവനങ്ങളും ഉൾപ്പെടെ) 603 ബില്യൺ ഡോളറായിരുന്നുവെങ്കിൽ 2020–21–ൽ ഇത് (–)16.1 ശതമാനം ഇടിവ് രേഖപ്പെടുത്തികൊണ്ട് 505.9 ബില്യൺ ഡോളറായി കുറഞ്ഞു.

ഇന്ത്യയുടെ മൊത്തം ഇറക്കുമതി 2021–22–ൽ , ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുള്ള മാസങ്ങളിൽ, 2020–21 ലെ ഇതേ കാലയളവിനെ അപേക്ഷിച്ച് 64.9 ശതമാനം വളർച്ച രേഖപ്പെടുത്തി 341.1 ബില്യൺ ഡോളറായിരിക്കുമെന്ന് കണക്കാക്കുന്നു. ഇതിൽ ചരക്ക് ഇറക്കുമതി 81.7 ശതമാനം വളർച്ച രേഖപ്പെടുത്തി 276.0 ബില്യൺ ഡോളറായും സേവന ഇറക്കുമതി 18.5 ശതമാനം വളർച്ച രേഖപ്പെടുത്തി 65.1 ബില്യൺ ഡോളറായും വർദ്ധിക്കുമെന്ന് കണക്കാക്കുന്നു. **(പട്ടിക 5.4.1)**

## വിദേശ വ്യാപാരം – കേരളം

കൊച്ചി തുറമുഖം 2020–21–ൽ കൈകാര്യം ചെയ്ത മൊത്തം ചരക്ക് (ആഭ്യന്തരവും വിദേശവും ഉൾപ്പെടെ) മുൻവർഷത്തെ അപേക്ഷിച്ച് വളർച്ചാനിരക്കിൽ (–)7.5 ശതമാനം ഇടിവ് രേഖപ്പെടുത്തി കൊണ്ട് 315 ലക്ഷം

**പട്ടിക 5.4.1** ഇന്ത്യയുടെ മൊത്തം കയറ്റുമതിയും ഇറക്കുമതിയും, മൂല്യം യു.എസ് ബില്യൺ ഡോളറിൽ, 2015–16 മുതൽ 2020–21 വരെ

| വർഷം | കയറ്റുമതി | | | ഇറക്കുമതി | | |
|---|---|---|---|---|---|---|
| | ചരക്ക് കയറ്റുമതി | സേവന കയറ്റുമതി | ആകെ കയറ്റുമതി | ചരക്ക് ഇറക്കുമതി | സേവന ഇറക്കുമതി | ആകെ ഇറക്കുമതി |
| 2015–16 | 262.3 | 154.3 | 416.6 | 381.0 | 85.7 | 466.7 |
| 2016–17 | 275.9 | 164.2 | 440.1 | 384.4 | 95.5 | 479.9 |
| 2017–18 | 303.5 | 195.1 | 498.6 | 465.6 | 105.2 | 570.8 |
| 2018–19 | 330.1 | 208.0 | 538.1 | 514.1 | 126.1 | 640.2 |
| 2019–20 | 313.4 | 213.2 | 526.6 | 474.7 | 128.3 | 603.0 |
| 2020–21# | 290.6 | 202.6 | 493.2 | 389.2 | 116.7 | 505.9 |
| 2021–22 (സെപ്റ്റംബർ 2021 വരെ) # | 197.9 | 114.6 | 312.5 | 276.0 | 65.1 | 341.1 |

അവലംബം: കേന്ദ്രവ്യവസായ വാണിജ്യ വകുപ്പ് മന്ത്രാലയം
# താൽക്കാലികം

[1] പത്രക്കുറിപ്പ് 889, 2021 ഒക്ടോബർ 4, ലോക വ്യാപാര സംഘടന
[2] ഇന്ത്യയുടെ വിദേശ വ്യാപാരം, 2021 സെപ്റ്റംബർ, കേന്ദ്രവ്യവസായ വാണിജ്യ മന്ത്രാലയത്തിന്റെ 2021 ഒക്ടോബർ 14 ലെ പത്രക്കുറിപ്പ്

മെട്രിക്ക് ടൺ ആയി കുറഞ്ഞു. 2019–20–ൽ ഇത് 340.4 ലക്ഷം മെട്രിക് ടൺ ആയിരുന്നു. 2012–13–ൽ ചരക്ക് വ്യാപാരത്തിന്റെ വളർച്ചാനിരക്കിൽ ഉണ്ടായ നേരിയ കുറവിന് ശേഷം (1.2 ശതമാനം) നീണ്ട കാലയളവിനു ശേഷമാണ് ഇപ്പോൾ ഇടിവുണ്ടായിരിക്കുന്നത്. 2020–21–ൽ ആഭ്യന്തര ചരക്ക് വ്യാപാരം 2019–20–ലെ 111.0 ലക്ഷം മെട്രിക്ക് ടണ്ണായി തന്നെ നിലനിൽക്കുന്നു. 2020–21–ൽ കൊച്ചി തുറമുഖം വഴി കൈകാര്യം ചെയ്ത വിദേശ വ്യാപാരം 204.0 ലക്ഷം മെട്രിക് ടൺ ആയിരുന്നു. ഇത് 2019–20 ലെ 229.4 ലക്ഷം ടണ്ണിനേക്കാൾ 11.1 ശതമാനം കുറവാണ്. (**പട്ടിക 5.4.2**).

കൊച്ചി തുറമുഖം വഴിയുള്ള മൊത്തം കയറ്റുമതി (ആഭ്യന്തരവും വിദേശവും ഉൾപ്പെടെ) 2019–20 ലെ 67.3 ലക്ഷം മെട്രിക് ടണ്ണിൽ നിന്നും 2020–21–ൽ 70.3 ലക്ഷം മെട്രിക് ടണ്ണായി ഗണ്യമായ തോതിൽ വർദ്ധിച്ചു. വളർച്ചാ നിരക്ക് മുൻ വർഷത്തെ 1.2 ശതമാനത്തിൽ നിന്നും 2020–21–ൽ 4.5 ശതമാനമായി വർദ്ധിച്ചു. ഇതിൽ ആഭ്യന്തര കയറ്റുമതി വ്യാപാരം 2019–20–ൽ 39.2 ലക്ഷം മെട്രിക് ടൺ ആയിരുന്നത് (–)2.3 ശതമാനം ഇടിവോടെ 2020–21–ൽ 38.3 ലക്ഷം മെട്രിക് ടൺ ആയി കുറഞ്ഞു. തേയില, കാപ്പി, കശുവണ്ടിപരിപ്പ്, സമുദ്രോൽപ്പന്നങ്ങൾ, കയറുൽപ്പന്നങ്ങൾ, സുഗന്ധ വ്യഞ്ജനങ്ങൾ എന്നിവയാണ് കൊച്ചി തുറമുഖം വഴി കയറ്റി അയക്കുന്ന പ്രധാന ഇനങ്ങൾ. കൂടുതൽ വിവരങ്ങൾ **അനുബന്ധം 5.4.1**–ൽ നൽകിയിട്ടുണ്ട്.

2020–21–ൽ കൊച്ചി തുറമുഖം വഴി തേയില, കശുവണ്ടി പരിപ്പ് എന്നിവ ഒഴികെയുള്ള എല്ലാ ഇനങ്ങളുടെ കയറ്റുമതിയിലും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഈ കാലയളവിൽ കയർ ഉൽപ്പന്നങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, കോഫി എന്നിവയുടെ കയറ്റുമതിയിൽ മുൻ വർഷത്തെ അപേക്ഷിച്ച് ഗണ്യമായ വർദ്ധനവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സുഗന്ധവ്യഞ്ജനങ്ങളുടെ കയറ്റുമതി 2019–20–ൽ (–)4.6 ശതമാനം വളർച്ചാനിരക്കായിരുന്നത് 2020–21–ൽ ഉയർന്ന വളർച്ചാ നിരക്കോടെ (33.1 ശതമാനം) 1,00,429 മെട്രിക് ടണ്ണായിട്ടുണ്ട്. കയറുൽപ്പന്നങ്ങളുടെ കയറ്റുമതിയിൽ വർഷം തോറും ഏറ്റക്കുറച്ചിൽ കാണിക്കുന്നുണ്ട്. 2019–20–ൽ കയറുൽപ്പന്നങ്ങളുടെ കയറ്റുമതി കുത്തനെ ഇടിഞ്ഞ് മുൻവർഷത്തേക്കാൾ 47.6 ശതമാനം കുറവായിരുന്നു. എന്നാൽ 2020–21–ൽ കയറുൽപ്പന്നങ്ങളുടെ കയറ്റുമതിയിൽ വളരെ ആകർഷകമായ വർധനവുണ്ടായി (140.6 ശതമാനം). കശുവണ്ടിപ്പരിപ്പിന്റെ കയറ്റുമതി മുൻവർഷങ്ങളെ അപേക്ഷിച്ച് 2019–20–ൽ നേരിയ വർദ്ധനവ് ഉണ്ടായെങ്കിലും 2020–21–ൽ ഇത് വീണ്ടും (–) 21.8 ശതമാനം ഇടിവ് രേഖപ്പെടുത്തി.

കൊച്ചി തുറമുഖം വഴിയുള്ള മൊത്തം ഇറക്കുമതി (ആഭ്യന്തരവും വിദേശവും ഉൾപ്പെടെ) 2019–20–ൽ 273.1 ലക്ഷം മെട്രിക് ടൺ ആയിരുന്നത് 2020–21–ൽ 244.7 ലക്ഷം മെട്രിക് ടൺ ആയി കുറയുകയും വളർച്ചാ നിരക്ക് മുൻ വർഷത്തെ 7.6 ശതമാനത്തിൽ നിന്നും (–)10.4 ശതമാനമായി കുറയുകയും ചെയ്തിട്ടുണ്ട്. ഇതിൽ ആഭ്യന്തര ഇറക്കുമതി 2019–20 ലെ 71.8 ലക്ഷം മെട്രിക് ടണ്ണിൽ നിന്നും 2020 –21–ൽ 72.7 ലക്ഷം മെട്രിക്ക് ടണ്ണായി വർദ്ധിച്ചുവെങ്കിലും മുൻവർഷത്തെ 3.8 ശതമാനവുമായി താരതമ്യം ചെയ്യുമ്പോൾ നാമമാത്രമായ 1.3 ശതമാനം വളർച്ചാനിരക്കാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ വിദേശ ഇറക്കുമതി 2019–20–ലെ 201.3 ലക്ഷം മെട്രിക് ടണ്ണിൽ നിന്നും 2020–21–ൽ 172 ലക്ഷം മെട്രിക് ടണ്ണായി ഇടിയുകയും വളർച്ചാ നിരക്ക് 9.1 ശതമാനത്തിൽ നിന്നും (–)14.6 ശതമാനമായി കുറയുകയും ചെയ്തു. രാസവളങ്ങൾ, അസംസ്കൃത വസ്തുക്കൾ, ഇരുമ്പ്, ഉരുക്ക്, യന്ത്ര സാമഗ്രികൾ, പെട്രോളം പെട്രോളിയം ഉൽപന്നങ്ങളും ഉൾപ്പെടുന്ന മറ്റ് ഇനങ്ങൾ എന്നിവയാണ് കൊച്ചി തുറമുഖം വഴി 2020–21–ൽ ഇറക്കുമതി ചെയ്ത പ്രധാന ഇനങ്ങൾ. കൂടുതൽ വിവരങ്ങൾ **അനുബന്ധം 5.4.2**–ൽ നൽകിയിട്ടുണ്ട്.

### സമുദ്രോല്പന്നങ്ങളുടെ കയറ്റുമതി

ഇന്ത്യയിൽ നിന്നുള്ള സമുദ്രോല്പന്നങ്ങളുടെ കയറ്റുമതി 2019–20 ലും, 2020–21 ലും ഇടിവ് കാണിക്കുന്നു. 2020–21–ൽ ഇന്ത്യയിൽ നിന്നും 43,721 കോടി രൂപയുടെ 11.5 ലക്ഷം മെട്രിക്ക് ടൺ സമുദ്രോല്പന്നങ്ങൾ കയറ്റുമതി ചെയ്യുകയുണ്ടായി. 2019–20–ൽ 46,662.9 കോടി രൂപ മൂല്യമുള്ള 12.9 ലക്ഷം മെട്രിക് ടൺ സമുദ്രോൽപ്പന്നങ്ങളാണ് കയറ്റുമതി ചെയ്തത്. 2019–20 വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 2020–21–ൽ കയറ്റുമതിയുടെ അളവിൽ (–)10.9 ശതമാനവും മൂല്യത്തിൽ (–)6.3 ശതമാനം കുറവുമാണ് രേഖപ്പെടുത്തുന്നത്. കേരളത്തിൽ നിന്നുള്ള സമുദ്രോല്പന്നങ്ങളുടെ കയറ്റുമതിയുടെ വളർച്ചാ നിരക്കിലും 2019–20 ലും 2020–21 ലും കുറവ് രേഖപ്പെട്ടു

**പട്ടിക 5.4.2** കൊച്ചി തുറമുഖം വഴി കൈകാര്യം ചെയ്ത ചരക്കുകൾ, 2018–19 മുതൽ 2020–21 വരെ (അളവ്: ലക്ഷം മെട്രിക് ടൺ)

| വ്യാപാരം | കയറ്റുമതി | | | ഇറക്കുമതി | | | ആകെ | | |
|---|---|---|---|---|---|---|---|---|---|
| | 2018-19 | 2019-20 | 2020-21 | 2018-19 | 2019-20 | 2020-21 | 2018-19 | 2019-20 | 2020-21 |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| ആഭ്യന്തരം | 40.2 | 39.2 | 38.3 | 69.2 | 71.8 | 72.7 | 109.4 | 111.0 | 111.0 |
| വിദേശം | 26.3 | 28.1 | 32.0 | 184.5 | 201.3 | 172.0 | 210.8 | 229.4 | 204.0 |
| ആകെ | 66.5 | 67.3 | 70.3 | 253.7 | 273.1 | 244.7 | 320.2 | 340.4 | 315.0 |


അവലംബം: കൊച്ചിൻ പോർട്ട് ട്രസ്റ്റ്

ത്തിയിട്ടുണ്ട്. കേരളത്തിൽ നിന്നുള്ള സമുദ്രോല്പന്ന കയറ്റുമതി 2019–20–ൽ 5020.3 കോടി രൂപ മൂല്യമുള്ള 1,48,226 ലക്ഷം മെട്രിക് ടൺ ആയിരുന്നെങ്കിൽ 2020–21–ൽ അളവിൽ (–)2.4 ശതമാനം ഇടിവും മൂല്യത്തിൽ 0.4 ശതമാനം നേരിയ വർദ്ധനവും രേഖപ്പെടുത്തി 5,039.9 കോടി രൂപ മൂല്യമുള്ള 1,44,700 ലക്ഷം മെട്രിക് ടണ്ണായി കണക്കാക്കുന്നു (**പട്ടിക 5.4.3 & ചിത്രം 5.4.1**).

ഇന്ത്യയിൽ നിന്നും കേരളത്തിൽ നിന്നും വർഷം തോറുമുള്ള സമുദ്രോല്പന്നങ്ങളുടെ കയറ്റുമതിയിലെ വളർച്ചാനിരക്ക് 2015–16 മുതൽ 2020–21 വരെയുള്ള കാലയളവിൽ ഏറ്റകുറച്ചിലുകൾ കാണിക്കുന്നു. ഇന്ത്യയിൽ നിന്നുള്ള സമുദ്രോല്പന്ന കയറ്റുമതി വളർച്ചാ നിരക്ക് (അളവിൽ) 2015–16–ൽ (–)10.0 ശതമാനമായി കുറഞ്ഞിരുന്നത് 2016–17 ലും 2017–18 ലും വളർച്ചാ നിരക്ക് യഥാക്രമം 20 ശതമാനവും 21.3 ശതമാനവുമായി ഉയർന്നു. തുടർന്ന് 2018–19–ൽ 1.1 ശതമാനത്തിന്റെ നേരിയ വളർച്ച രേഖപ്പെടുത്തി. എന്നാൽ 2019–20 ആയപ്പോൾ വളർച്ചാ നിരക്കിൽ വൻ ഇടിവുണ്ടായി (–)7.4 ശതമാനത്തിലേക്ക് എത്തുകയും ചെയ്തു. 2020–21 ലും ഇടിവ് തുടരുകയും വളർച്ചാനിരക്ക് (–)10.9 ശതമാനമായി രേഖപ്പെടുത്തുകയും ചെയ്തു. കേരളത്തിൽ നിന്നുള്ള സമുദ്രോല്പന്നങ്ങളുടെ കയറ്റുമതിയിലും വളർച്ചാ നിരക്കിലും ഏറ്റകുറച്ചിലുകൾ പ്രതിഫലിച്ചിരുന്നു. കേരളത്തിൽ നിന്നുള്ള സമുദ്രോല്പന്നങ്ങളുടെ കയറ്റുമതി വളർച്ചാ നിരക്ക് 2015–16–ൽ മുൻ വർഷത്തേക്കാൾ (–)10.6 ശതമാനമായി കുറയുകയും എന്നാൽ 2016–17, 2017–18, 2018–19 എന്നീ കാലയളവിൽ യഥാക്രമം 6.7 ശതമാനം, 12.3 ശതമാനം 2.5 ശതമാനം എന്നിങ്ങനെ വർദ്ധനവുണ്ടായി. എന്നാൽ 2019–20–ൽ ഇത് (–)19 ശതമാനമായി കുത്തനെ താഴുകയും, തുടർന്ന് 2020–21–ൽ വീണ്ടും കുറഞ്ഞ് (–) 2.4 ശതമാനമാവുകയും ചെയ്തു.

ഇന്ത്യയിൽ നിന്നുള്ള സമുദ്രോൽപ്പന്ന കയറ്റുമതിയിൽ കേരളത്തിന്റെ വിഹിതം (അളവിൽ) 2019–20–ൽ 11.5 ശതമാനമായിരുന്നത് 2020–21 ആയപ്പോൾ 12.6 ശതമാനമായി വർദ്ധിച്ചു.

**ചിത്രം 5.4.1** സമുദ്രോല്പന്നങ്ങളുടെ കയറ്റുമതി വളർച്ചാനിരക്കുകൾ (അളവിൽ)–ഇന്ത്യ, കേരളം– കേരളത്തിന്റെ വിഹിതം, 2015–16 മുതൽ 2020–21 വരെ, ശതമാനത്തിൽ





അവലംബം: സമുദ്രോല്പന്ന കയറ്റുമതി വികസന അതോറിറ്റി

**പട്ടിക 5.4.3 സമുദ്രോല്പന്നങ്ങളുടെ കയറ്റുമതി– ഇന്ത്യയിലും കേരളത്തിലും, 2015–16 മുതൽ 2020–21വരെ (അളവ്: മെട്രിക് ടൺ, മൂല്യം: കോടി രൂപയിൽ)**

| വർഷം | ഇന്ത്യ | | കേരളം | | കേരളത്തിന്റെ വിഹിതം (ശതമാനത്തിൽ) | |
|---|---|---|---|---|---|---|
| | അളവ് | മൂല്യം | അളവ് | മൂല്യം | അളവ് | മൂല്യം |
| 2015–16 | 9,45,892 | 30,420.8 | 1,49,138 | 4,644.4 | 15.8 | 15.3 |
| 2016–17 | 11,34,948 | 37,870.9 | 1,59,141 | 5,008.5 | 14.0 | 13.2 |
| 2017–18 | 13,77,244 | 45,106.9 | 1,78,646 | 5,919.0 | 13.0 | 13.1 |
| 2018–19 | 13,92,559 | 46,589.4 | 1,83,064 | 6,014.7 | 13.1 | 12.9 |
| 2019–20 | 12,89,651 | 46,662.9 | 1,48,226 | 5,020.3 | 11.5 | 10.8 |
| 2020–21 | 11,49,510 | 43,721.0 | 1,44,700 | 5039.9 | 12.6 | 11.5 |


അവലംബം: സമുദ്രോല്പന്നകയറ്റുമതി വികസന അതോറിറ്റി

**ചിത്രം 5.4.2** 2020-21-ൽ ഇന്ത്യയിൽ നിന്ന് കയറ്റി അയച്ച സമുദ്രോൽപന്നങ്ങളും അവയുടെ വിപണി വിഹിതവും (ശതമാനത്തിൽ)




അവലംബം: സമുദ്രോല്പന്ന കയറ്റുമതി വികസന അതോറിറ്റി

**ചിത്രം 5.4.3** 2020-21-ൽ കേരളത്തിൽ നിന്ന് കയറ്റി അയച്ച സമുദ്രോല്പന്നങ്ങളും വിപണി വിഹിതവും (ശതമാനത്തിൽ)




അവലംബം: സമുദ്രോല്പന്ന കയറ്റുമതി വികസന അതോറിറ്റി


2020-21-ൽ ഇന്ത്യയിൽ നിന്നുള്ള സമുദ്രോൽപ്പന്ന കയറ്റുമതി വിപണി വിഹിതത്തിന്റെ അളവിലും മൂല്യത്തിലും യഥാക്രമം 51.4 ശതമാനവും 74.4 ശതമാനവും രേഖപ്പെടുത്തികൊണ്ട് ശീതീകരിച്ച ചെമ്മീൻ മുന്നിലുള്ള സ്ഥാനം നിലനിർത്തി. അളവിൽ 16.4 ശതമാനവും മൂല്യത്തിൽ 6.7 ശതമാനവും രേഖപ്പെടുത്തി ശീതീകരിച്ച മത്സ്യം രണ്ടാം സ്ഥാനത്താണ്. 2020-21-ൽ മുൻ വർഷത്തെ അപേക്ഷിച്ച് അളവിൽ (-)9.5 ശതമാനവും മൂല്യത്തിൽ (-)4.8 ശതമാനവും ഇടിവ് രേഖപ്പെടുത്തി 32,520 കോടി രൂപ മൂല്യമുള്ള 5.9 ലക്ഷം ടൺ ശീതീകരിച്ച ചെമ്മീനാണ് ഇന്ത്യയിൽ നിന്നും കയറ്റി അയച്ചത്. **(അനുബന്ധം 5.4.3).** ഇന്ത്യയിൽ നിന്നും കയറ്റി അയച്ച സമുദ്രോൽപന്നങ്ങളും അവയുടെ വിപണി വിഹിതവും **ചിത്രം 5.4.2**-ൽ നൽകിയിട്ടുണ്ട്.

2020-21-ൽ കേരളത്തിൽ നിന്നും കയറ്റുമതി ചെയ്ത സമുദ്രോല്പന്നങ്ങളിൽ മുഖ്യ ഇനം ശീതീകരിച്ച ചെമ്മീൻ ആയിരുന്നു. ഇത് മൊത്തം വിപണിയുടെ അളവിൽ 38.3 ശതമാനവും മൂല്യത്തിൽ 56.9 ശതമാനവുമാണ്. മുൻ വർഷവുമായി താരതമ്യം ചെയ്യുമ്പോൾ ശീതീകരിച്ച ചെമ്മീനിന്റെ കയറ്റുമതിയുടെ അളവിൽ 3.1 ശതമാനവും മൂല്യത്തിൽ 10.6 ശതമാനവും വർദ്ധനവാണുണ്ടായിട്ടുള്ളത്. 2020-21-ൽ കേരളത്തിൽ നിന്നും കയറ്റുമതി ചെയ്ത സമുദ്രോല്പന്നങ്ങളുടെ ഇനം തിരിച്ചുള്ള വിപണി വിഹിതം **ചിത്രം 5.4.3**-ൽ നൽകിയിട്ടുണ്ട്.

2020-21-ൽ ഇന്ത്യൻ സമുദ്രോല്പന്നങ്ങളുടെ ഏറ്റവും വലിയ വിപണി യു.എസ്.എ (2.9 ലക്ഷം മെട്രിക് ടൺ) യും തുടർന്ന് ചൈനയും (2.18 ലക്ഷം മെട്രിക് ടൺ) തെക്ക് കിഴക്ക് ഏഷ്യ (2.17 ലക്ഷം മെട്രിക് ടൺ) യൂറോപ്യൻ യൂണിയൻ (1.5 ലക്ഷം മെട്രിക് ടൺ) എന്നിവയാണ്. കൂടാതെ ജപ്പാൻ (0.9 ലക്ഷം മെട്രിക് ടൺ), മധ്യ കിഴക്കൻ രാജ്യങ്ങൾ (0.5 ലക്ഷം മെട്രിക് ടൺ), മറ്റ് രാജ്യങ്ങൾ (1.3 ലക്ഷം മെട്രിക് ടൺ) എന്നിവിടങ്ങളിലേക്കും ഇന്ത്യയിൽ നിന്ന് സമുദ്രോല്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നു. ഇന്ത്യയിൽ സമുദ്രോൽപ്പന്നങ്ങളുടെ പ്രധാന വിദേശ വിപണികളും വിപണി വിഹിതവും **ചിത്രം 5.4.4**-ൽ നൽകിയിട്ടുണ്ട്.

2020-21-ൽ കേരളത്തിൽ നിന്നുള്ള സമുദ്രോൽപ്പന്നങ്ങളുടെ ഏറ്റവും വലിയ വിപണി യൂറോപ്യൻ യൂണിയനും (39,618 മെട്രിക് ടൺ) തുടർന്ന് തെക്ക് കിഴക്കൻ ഏഷ്യ

**ചിത്രം 5.4.4** 2020-21-ൽ ഇന്ത്യൻ സമുദ്രോല്പന്നങ്ങളുടെ പ്രധാന വിദേശ വിപണികൾ, വിപണി വിഹിതം ശതമാനത്തിൽ




അവലംബം: സമുദ്രോല്പന്ന കയറ്റുമതി വികസന അതോറിറ്റി

(36,161 മെട്രിക് ടൺ), ചൈന (18,307 മെട്രിക് ടൺ), മറ്റ് രാജ്യങ്ങൾ (17,131 മെട്രിക് ടൺ), യു.എസ്.എ (16,054 മെട്രിക് ടൺ), ജപ്പാൻ (9,198 മെട്രിക് ടൺ), മധ്യ കിഴക്കൻ രാജ്യങ്ങൾ (8,231 മെട്രിക് ടൺ) എന്നിവയായിരുന്നു. 2020–21–ൽ കേരളത്തിൽ നിന്നുള്ള സമുദ്രോല്പന്നങ്ങളുടെ പ്രധാന വിദേശ വിപണികളും വിപണി വിഹിതവും **ചിത്രം 5.4.5**–ൽ നൽകിയിട്ടുണ്ട്.

### കശുവണ്ടി കയറ്റുമതി

2020–21–ൽ ഇന്ത്യയിൽ നിന്നുള്ള കശുവണ്ടി പരിപ്പിന്റെ കയറ്റുമതി 2907 കോടി രൂപ മൂല്യമുള്ള 49,992 മെട്രിക്ക് ടൺ ആയി കുറഞ്ഞു. 2019–20–ൽ ഇത് 3,867.2 കോടി രൂപ മൂല്യമുള്ള 67,647 മെട്രിക് ടൺ ആയിരുന്നു. 2020–21–ൽ , മുൻവർഷത്തെ അപേക്ഷിച്ച്, ഇന്ത്യയിൽ നിന്നുള്ള കശുവണ്ടി പരിപ്പിന്റെ കയറ്റുമതിയുടെ അളവിൽ (–)26.1 ശതമാനത്തിന്റേയും മൂല്യത്തിൽ (–)24.8 ശതമാനത്തിന്റേയും ഇടിവ് രേഖപ്പെടുത്തി. ഇന്ത്യയിൽ നിന്നുള്ള കശുവണ്ടിപരിപ്പ് പ്രധാനമായും യു.എ.ഇ, സൗദി അറേബ്യ, നെതർലന്റ്, ജപ്പാൻ, സ്പെയിൻ, യു.എസ്.എ, ജർമ്മനി, സിങ്കപ്പൂർ, കുവൈറ്റ് എന്നീ രാജ്യങ്ങളിലേക്കായിരുന്നു കയറ്റുമതി ചെയ്തത്.

കേരളത്തിൽ നിന്നുള്ള കശുവണ്ടി പരിപ്പിന്റെ കയറ്റുമതി 2019–20–ലെ 1742.5 കോടി രൂപ മൂല്യമുള്ള 30,478 മെട്രിക് ടണ്ണിൽ നിന്നും 2020–21–ൽ അളവിൽ (–)18.2 ശതമാനത്തിന്റേയും മൂല്യത്തിൽ (–)16.1 ശതമാനത്തിന്റേയും ഇടിവും രേഖപ്പെടുത്തി കൊണ്ട് 1461.3 കോടി രൂപ മൂല്യമുള്ള 24,929 മെട്രിക്ക് ടൺ ആയി കുറയുകയുണ്ടായി.


ഇന്ത്യയിൽ നിന്ന് കയറ്റി അയക്കുന്ന മൊത്തം കശുവണ്ടി പരിപ്പിന്റെ അളവിൽ കേരളത്തിന്റെ വിഹിതം 2015–16 മുതലുള്ള തുടർച്ചയായ ഇടിവിന് ശേഷം 2019–20, 2020–21 എന്നീ കാലയളവുകളിൽ വർദ്ധിച്ചിട്ടുണ്ട്. 2020–21–ൽ കേരളത്തിന്റെ വിഹിതം അളവിൽ 49.9 ശതമാനവും മൂല്യത്തിൽ 50.3 ശതമാനവും വർദ്ധിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾ **പട്ടിക 5.4.4**–ൽ നൽകിയിട്ടുണ്ട്.

ഇന്ത്യയിൽ നിന്നുള്ള കശുവണ്ടി തോട് എണ്ണയുടെ കയറ്റുമതിയിൽ 2016–17 മുതൽ ഇടിവ് അനുഭവപ്പെട്ടിട്ടുണ്ട്. 2019–20–ൽ 23.1 കോടി രൂപ മൂല്യമുള്ള 4,606 മെട്രിക് ടൺ കശുവണ്ടി തോട് എണ്ണ കയറ്റി അയച്ചിരുന്നു. 2020–21–ൽ അളവിലും മൂല്യത്തിലും യഥാക്രമം 18.9 ശതമാനവും, 14.7 ശതമാനവും ഇടിവ് രേഖപ്പെടുത്തി കൊണ്ട് 19.7 കോടി രൂപ മൂല്യമുള്ള 3736 മെട്രിക്ക് ടണ്ണായി കുറഞ്ഞു. 2020–21–ൽ കേരളത്തിൽ നിന്ന് കശുവണ്ടിത്തോട് എണ്ണ കയറ്റുമതി ചെയ്തിട്ടില്ല. 2018–19–ൽ കേരളത്തിൽ നിന്നും 3.3 കോടി രൂപ മൂല്യമുള്ള 699 മെട്രിക്ക് ടൺ കശുവണ്ടിത്തോട് എണ്ണ വിദേശ രാജ്യങ്ങളിലേക്ക് കയറ്റി അയച്ചിരുന്നുവെങ്കിൽ 2019–20–ൽ ഇത് വെറും 1 മെട്രിക് ടൺ മാത്രമായിരുന്നു **അനുബന്ധം 5.4.4.**

2019–20–ലും 2020–21–ലും അസംസ്കൃത കശുവണ്ടി ഉൽപ്പാദനത്തിൽ ഇന്ത്യയ്ക്ക് രണ്ടാം സ്ഥാനമാണ്. ഐവറി കോസ്റ്റാണ് മുന്നിൽ നിൽക്കുന്നത്. ഇന്ത്യ 2019–20–ൽ 6,91,056 മെട്രിക് ടൺ അസംസ്കൃത കശുവണ്ടിയാണ് ഉൽപാദിപ്പിച്ചിരുന്നത്. 2020–21–ൽ മുൻ വർഷത്തെ അപേക്ഷിച്ച് 6.8 ശതമാനം വളർച്ചയോടെ 7,38,009 മെട്രിക് ടൺ അസംസ്കൃത കശുവണ്ടിയാണ് ഉൽപ്പാദിപ്പിച്ചത്. വിയറ്റ്നാം, കമ്പോഡിയ, നൈജീരിയ, താൻസാനിയ, ഗിനിയ തുടങ്ങിയവയാണ് മറ്റ് പ്രധാന അസംസ്കൃത കശുവണ്ടി ഉൽപ്പാദക രാജ്യങ്ങൾ. കേരളത്തിൽ നിന്നുള്ള അസംസ്കൃത കശുവണ്ടി ഉൽപ്പാദനവും 2020–21 –ൽ വർദ്ധിച്ചിട്ടുണ്ട്. 2019–20–ൽ ഇത് 69,624 മെട്രിക് ടൺ ആയിരുന്നത് 2020–21–ൽ 5 ശതമാനം വളർച്ചയോടെ 73,105 മെട്രിക് ടൺ ആയി. ഇന്ത്യയിൽ ഏറ്റവും കൂടുതൽ അസംസ്കൃത കശുവണ്ടി ഉൽപ്പാദിപ്പിക്കുന്ന സംസ്ഥാനമായി മഹാരാഷ്ട്ര തുടർന്നു വരുന്നു (25.8 ശതമാനം), തുടർന്ന് ആന്ധ്ര പ്രദേശ് (16.4 ശതമാനം) ഒഡീഷ (15.7 ശതമാനം). 2020–21–ൽ ഇന്ത്യയിലെ അസംസ്കൃത കശുവണ്ടിയുടെ മൊത്തം ഉൽപ്പാദനത്തിൽ കേരളത്തിന്റെ വിഹിതം 9.9 ശതമാനമാണ്.

ഇന്ത്യ 2020–21–ൽ 199.8 കോടി രൂപ മൂല്യമുള്ള 19,832 മെട്രിക് ടൺ അസംസ്കൃത കശുവണ്ടി കയറ്റുമതി ചെയ്തു. 2019–20–ൽ ഇത് 140.5 കോടി രൂപ മൂല്യമുള്ള 15,826 മെട്രിക്ക് ടൺ ആയിരുന്നു. 2020–21–ൽ ഇന്ത്യയിൽ നിന്നുള്ള അസംസ്കൃത കശുവണ്ടിയുടെ കയറ്റുമതിയുടെ

**ചിത്രം 5.4.5** 2020–21–ൽ കേരളത്തിൽ നിന്നുള്ള സമുദ്രോല്പന്നങ്ങളുടെ പ്രധാന വിദേശ വിപണികൾ, വിപണി വിഹിതം (ശതമാനത്തിൽ)




അവലംബം: സമുദ്രോല്പന്ന കയറ്റുമതി വികസന അതോറിറ്റി

അളവിൽ 25.3 ശതമാനവും മൂല്യത്തിൽ 42.2 ശതമാനവും വർദ്ധനവ് രേഖപ്പെടുത്തി. 2018–19 മുതൽ 2020–21 വരെയുള്ള കാലയളവിൽ കേരളത്തിൽ നിന്നും അസംസ്കൃത കശുവണ്ടി കയറ്റി അയച്ചിരുന്നില്ല.

ഇന്ത്യ 2020–21–ൽ 7331.3 കോടി രൂപ മൂല്യമുള്ള 8,31,231 മെട്രിക് ടൺ അസംസ്കൃത കശുവണ്ടി ഇറക്കുമതി ചെയ്തു. 2019–20–ൽ ഇത് 8,861.6 കോടി രൂപ മൂല്യമുള്ള 9,38,038 മെട്രിക് ടൺ ആയിരുന്നു. 2020–21–ൽ അസംസ്കൃത കശുവണ്ടിയുടെ ഇറക്കുമതിയുടെ അളവിൽ (–)11.4 ശതമാനത്തിന്റെയും മൂല്യത്തിൽ (–)17.3 ശതമാനത്തിന്റെയും ഇടിവും രേഖപ്പെടുത്തി. 2020–21–ൽ ഇന്ത്യ ഇറക്കുമതി ചെയ്ത മൊത്തം അസംസ്കൃത കശുവണ്ടിയിൽ കേരളത്തിന്റെ പങ്ക് 166.3 കോടി രൂപ മൂല്യമുള്ള 18,424 മെട്രിക് ടൺ ആണ്. 2019–20–ൽ കേരളം 125.5 കോടി രൂപ മൂല്യമുള്ള 13,202 മെട്രിക് ടൺ അസംസ്കൃത കശുവണ്ടിയാണ് ഇറക്കുമതി ചെയ്തിരുന്നത്.

### കയറും കയറുൽപ്പന്നങ്ങളുടെയും കയറ്റുമതി

ഇന്ത്യയിൽ നിന്നുള്ള കയറും കയറുൽപ്പന്നങ്ങളുടെയും കയറ്റുമതി 2019–20–ൽ 2,757.9 കോടി രൂപയുടെ 9,88,996 മെട്രിക് ടൺ ആയിരുന്നത് 2020–21–ൽ , അളവിൽ 17.6 ശതമാനം വർദ്ധനവോടെയും മൂല്യത്തിൽ 37 ശതമാനം വർദ്ധനവോടേയും 3,779 കോടി രൂപ മൂല്യമുള്ള 11,63,213 മെട്രിക് ടൺ ആയി. ഇത് രാജ്യത്തെ നാളിതുവരെയുള്ള ഏറ്റവും ഉയർന്ന കയറ്റുമതിയാണ്. കേരളത്തിലെ കൊച്ചി തുറമുഖം വഴിയുള്ള കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും കയറ്റുമതിയും 2020–21–ൽ വർദ്ധിച്ചിട്ടുണ്ട്. 2020–21–ൽ കൊച്ചി തുറമുഖം വഴി 2,84,065 മെട്രിക് ടൺ കയറും കയറുൽപ്പന്നങ്ങളും കയറ്റുമതി ചെയ്തിട്ടുണ്ട്. 2019–20–ൽ ഇത് 1,18,079 മെട്രിക് ടൺ ആയിരുന്നു.

2020–21–ൽ ചകിരിചോറ്, കൈത്തറി മാറ്റുകൾ, കയർ ഭൂവസ്ത്രം, കയർ നാരുകൾ, കയർ യാൺ, കൈത്തറിയിൽ നിർമ്മിച്ച മാറ്റിംഗുകൾ, റബറൈസ്ഡ് കയർ, കയർ മറ്റിനങ്ങൾ, എന്നിവയുടെ കയറ്റുമതിയിൽ വർദ്ധനവും, ചകിരി, ടഫ്റ്റ് മാറ്റ്, കയർ റോപ്പ്, കയർ പരവതാനികൾ, യന്ത്രത്തറിയിൽ നിർമ്മിച്ച മാറ്റ്, കയർച്ചരുൾ തുടങ്ങിയവയുടെ കയറ്റുമതിയിൽ ഇടിവും രേഖപ്പെടുത്തി. 2020–21–ൽ ഇന്ത്യ 1,919.7 കോടി രൂപയുടെ ചകിരിചോറ് കയറ്റുമതി ചെയ്തു. ഇത് രാജ്യത്തെ മൊത്തം കയറും കയറുൽപ്പന്നങ്ങളുടെയും കയറ്റുമതിയുടെ അളവിന്റെ 59 ശതമാനമാണ്. മൂല്യവർധിത ഉൽപന്നങ്ങളിൽ കയർ നാരുപയോഗിച്ചുള്ള മാറ്റ് ഒന്നാമതായി നിൽക്കുന്നു. മാറ്റുകൾ അളവിൽ 7.0 ശതമാനവും മൂല്യത്തിൽ 21.4 ശതമാനവുമാണ്. ഇന്ത്യയിൽ നിന്നും കയറ്റുമതി ചെയ്യുന്ന കയറുൽപ്പന്നങ്ങളുടെ മുഖ്യ ഇനങ്ങളിൽ ഒന്നാണിത്. കയർ നാരുകൾ അളവിൽ 30.4 ശതമാനവും മൂല്യത്തിൽ 16.6 ശതമാനവും വരും.

2020–21–ൽ 106 രാജ്യങ്ങൾ ഇന്ത്യയിൽ നിന്നും കയറും കയർ ഉൽപ്പന്നങ്ങളും ഇറക്കുമതി ചെയ്തിട്ടുണ്ട്. മൊത്തം ഇറക്കുമതിയുടെ 31.1 ശതമാനം മൂല്യത്തോടെ 19.1 ശതമാനം അളവ് ഇറക്കുമതി ചെയ്യുന്ന അമേരിക്കയാണ് ഇറക്കുമതി ചെയ്യുന്ന രാജ്യങ്ങളിൽ ഒന്നാമത്. മൂല്യത്തിൽ 20.7 ശതമാനവും അളവിൽ 34.8 ശതമാനവുമുള്ള ചൈനയാണ് ഇന്ത്യയിൽ നിന്നും ഇറക്കുമതി ചെയ്യുന്നതിൽ രണ്ടാമത്തെ വലിയ രാജ്യം. നെതർലാന്റ്, സൗത്ത് കൊറിയ, യു.കെ, സ്പെയിൻ, ഓസ്ട്രേലിയ, ഇറ്റലി, ജർമനി, കാനഡ എന്നിവയാണ് ഗണ്യമായ അളവിൽ കയറുൽപ്പന്നങ്ങൾ ഇറക്കുമതി ചെയ്യുന്ന മറ്റു രാജ്യങ്ങൾ. കേരളത്തിൽ നിന്നും ഇന്ത്യയിൽ നിന്നും കയറ്റുമതി ചെയ്ത കയറും കയറുൽപ്പന്നങ്ങളുടെയും വിവരങ്ങൾ **ചിത്രം 5.4.6–**ൽ നൽകിയിട്ടുണ്ട്.

### തേയിലയുടെ കയറ്റുമതി

ഇന്ത്യയിൽ നിന്നുള്ള തേയിലയുടെ കയറ്റുമതി 2016–17 മുതൽ തുടർച്ചയായി കുറഞ്ഞ് വരികയാണ്. 2019–20–ൽ 5,457.10 കോടി രൂപ മൂല്യമുള്ള 2,41,344 മെട്രിക്

**പട്ടിക 5.4.4** കശുവണ്ടി പരിപ്പിന്റെ കയറ്റുമതി, ഇന്ത്യയും കേരളവും (2014–15 മുതൽ 2020–21 വരെ), (അളവ്: മെട്രിക് ടൺ, മൂല്യം: കോടി രൂപയിൽ)

| വർഷം | കേരളം | | ഇന്ത്യ | | കേരളത്തിന്റെ വിഹിതം (ശതമാനത്തിൽ) | |
|---|---|---|---|---|---|---|
| | അളവ് (മെട്രിക് ടൺ) | മൂല്യം (കോടി രൂപയിൽ) | അളവ് (മെട്രിക് ടൺ) | മൂല്യം (കോടി രൂപയിൽ) | അളവ് | മൂല്യം |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 2014–15 | 68,150 | 3,098.8 | 1,18,952 | 5,432.9 | 57.3 | 57.0 |
| 2015–16 | 50,652 | 2,579.5 | 96,346 | 4,952.1 | 52.6 | 52.1 |
| 2016–17 | 38,054 | 2,415.3 | 82,302 | 5,168.8 | 46.2 | 46.7 |
| 2017–18 | 36,930 | 2,580.4 | 84,352 | 5,871.0 | 43.8 | 44.0 |
| 2018–19 | 29,062 | 1,892.6 | 66,693 | 4,434.0 | 43.6 | 42.7 |
| 2019–20 | 30,478 | 1,742.5 | 67,647 | 3,867.2 | 45.1 | 45.1 |
| 2020–21 | 24,929 | 1,461.3 | 49,992 | 2,907 | 49.9 | 50.3 |

അവലംബം: കാഷ്യൂ എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ ഓഫ് ഇന്ത്യ

ടൺ ആയിരുന്നത് 2020–21–ൽ വളർച്ചാ നിരക്ക് അളവിൽ (–)15.6 ശതമാനവും മൂല്യത്തിൽ (–)2.7 ശതമാനവും ഇടിവോടെ 5,311.5 കോടി രൂപയുടെ 2,03,791 മെട്രിക് ടൺ ആയി. കേരളത്തിലെ തുറമുഖങ്ങൾ വഴിയുള്ള തേയിലയുടെ കയറ്റുമതി 2018–19–ൽ 80,683 മെട്രിക് ടൺ ആയിരുന്നത് 2019–20–ൽ 1,470.8 കോടി രൂപ മൂല്യമുള്ള 76,983 മെട്രിക് ടൺ ആയി കുറഞ്ഞിരുന്നു. 2020–21 ലും കയറ്റുമതിയിലെ അളവിലുള്ള ഇടിവ് തുടരുകയും അളവിൽ (–)8.6 ശതമാനം ഇടിവോടെയും മൂല്യത്തിൽ 6.5 ശതമാനം വളർച്ചയോടെയും 1,566 കോടി രൂപയുടെ 70,398 മെട്രിക് ടൺ ആയി കുറഞ്ഞു. **(പട്ടിക 5.4.5)**

## കാപ്പിയുടെ കയറ്റുമതി


2020–21–ൽ കൊച്ചി തുറമുഖം വഴിയുള്ള കാപ്പിയുടെ കയറ്റുമതി ഗണ്യമായ വർദ്ധനവോടെ (7.5 ശതമാനം) 34,134 മെട്രിക് ടണ്ണായി രേഖപ്പെടുത്തി. മുൻ വർഷത്തെ വളർച്ചാനിരക്ക് (–)21.9 ശതമാനമായിരുന്നു. എന്നിരുന്നാലും കൊച്ചി തുറമുഖം വഴി കാപ്പിയുടെ കയറ്റുമതി 2016–17 ലെ നേരിയ വർദ്ധനവ് ഒഴികെ 2014–15 മുതൽ തുടർച്ചയായി കുറഞ്ഞ് വരികയാണ്. 2013–14–ൽ കയറ്റുമതി ചെയ്ത അളവിന്റെ (75,631 മെട്രിക് ടൺ) പകുതി മാത്രമാണിത്.

## സുഗന്ധ വ്യഞ്ജനങ്ങളുടെ കയറ്റുമതി

കോവിഡ്–19 പകർച്ചവ്യാധിക്കിടയിലും 2020–21–ൽ ഇന്ത്യയിൽ നിന്നുള്ള സുഗന്ധ വ്യഞ്ജനങ്ങളുടെ കയറ്റുമതിയിലുള്ള മുന്നേറ്റം തുടരുകയും ചരിത്രത്തിലാദ്യമായി 3.6 ബില്യൺ യു.എസ് ഡോളർ മറികടക്കുകയും ചെയ്തു. ഇത് സുഗന്ധ വ്യഞ്ജനങ്ങളുടെ കയറ്റുമതിയിലെ എക്കാലത്തേയും ഉയർന്ന അളവും മൂല്യവും ആണ്. 2020–21–ൽ 27,193.2 കോടി രൂപയുടെ 15,65,000 മെട്രിക് ടൺ സുഗന്ധവ്യഞ്ജനങ്ങൾ കയറ്റുമതി ചെയ്തു. 2019–20–ൽ ഇത് 22,062.8 കോടി രൂപയുടെ 12,08,400 മെട്രിക് ടൺ ആയിരുന്നു. 2020–21–ൽ ഇന്ത്യയിൽ നിന്നുള്ള സുഗന്ധ വ്യഞ്ജനങ്ങളുടെ കയറ്റുമതിയുടെ അളവിലും മൂല്യത്തിലും യഥാക്രമം 29.5 ശതമാനവും 23.3 ശതമാനവും വളർച്ച രേഖപ്പെടുത്തിയിട്ടുണ്ട്.

കേരളത്തിൽ നിന്നുള്ള (കൊച്ചി, തിരുവനന്തപുരം തുറമുഖങ്ങൾ വഴി) സുഗന്ധ വ്യഞ്ജനങ്ങളുടെ കയറ്റുമതി 2019–20–ൽ 4,05,421.3 ലക്ഷം രൂപയുടെ 1,00,195.8. മെട്രിക് ടൺ ആയിരുന്നത് 2020–21–ൽ അളവിലും മൂല്യത്തിലും 21.1 ശതമാനവും 23.8 ശതമാനവും വർദ്ധനവ് രേഖപ്പെടുത്തി കൊണ്ട് 5,01,815.3 ലക്ഷം രൂപ മൂല്യമുള്ള 1,21,383.7 മെട്രിക് ടൺ ആയി ഉയർന്നു.

**ചിത്രം 5.4.6** ഇന്ത്യയിൽ നിന്നും കേരളത്തിൽ നിന്നുമുള്ള കയറും കയറുൽപ്പന്നങ്ങളുടെയും കയറ്റുമതി, 2015–16 മുതൽ 2020–21 വരെ, (അളവ്: ലക്ഷം മെട്രിക് ടൺ)




അവലംബം: കയർ ബോർഡ്, കൊച്ചിൻ പോർട്ട് ട്രസ്റ്റ്

**പട്ടിക 5.4.5** ഇന്ത്യയിൽ നിന്നും കേരളത്തിലെ തുറമുഖങ്ങൾ വഴിയുമുള്ള തേയില കയറ്റുമതി, 2015–16 മുതൽ 2020–21 വരെ, (അളവ്: മെട്രിക് ടൺ, മൂല്യം: ലക്ഷം രൂപയിലും)

| വർഷം | കേരളം | | ഇന്ത്യ | |
|---|---|---|---|---|
| | അളവ് (മെട്രിക് ടൺ) | മൂല്യം (ലക്ഷം രൂപയിൽ) | അളവ് (മെട്രിക് ടൺ) | മൂല്യം (ലക്ഷം രൂപയിൽ) |
| 2015–16 | 69,706 | 1,02,534 | 2,32,920 | 4,49,310 |
| 2016–17 | 67,431 | 1,13,935 | 2,27,634 | 4,63,250 |
| 2017–18 | 75,741 | 1,23,294 | 2,56,572 | 5,06,488 |
| 2018–19 | 80,683 | 1,43,440 | 2,54,502 | 5,50,684 |
| 2019–20 | 76,983 | 1,47,082 | 2,41,344 | 5,45,710 |
| 2020–21 | 70,398 | 1,56,595 | 2,03,791 | 5,31,153 |

അവലംബം: റ്റീബോർഡ്

**പട്ടിക 5.4.6** സുഗന്ധ വ്യഞ്ജനങ്ങളുടെ കയറ്റുമതി– കേരളവും ഇന്ത്യയും, 2015–16 മുതൽ 2020–21 വരെ (അളവ്: മെട്രിക് ടൺ, മൂല്യം: ലക്ഷം രൂപയിൽ)


| വർഷം | കേരളം | | ഇന്ത്യ | | കേരളത്തിന്റെ വിഹിതം (ശതമാനത്തിൽ) | |
|---|---|---|---|---|---|---|
| | അളവ് (മെട്രിക് ടൺ) | മൂല്യം (ലക്ഷം രൂപയിൽ) | അളവ് (മെട്രിക് ടൺ) | മൂല്യം (ലക്ഷം രൂപയിൽ) | അളവ് | മൂല്യം |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 2015–16 | 1,00,076.0 | 3,90,518.1 | 8,43,255.0 | 16,23,823.0 | 11.9 | 24.1 |
| 2016–17 | 84,418.8 | 4,27,120.1 | 9,47,790.0 | 17,81,223.6 | 8.9 | 24.0 |
| 2017–18 | 95,455.9 | 4,15,296.1 | 10,28,060.0 | 17,98,016.2 | 9.3 | 23.1 |
| 2018–19 | 89,590.8 | 3,78,560.4 | 11,00,250.0 | 19,50,581.1 | 8.1 | 19.4 |
| 2019–20 | 1,00,195.8 | 4,05,421.3 | 12,08,400.0 | 22,06,280.0 | 8.3 | 18.4 |
| 2020–21 | 1,21,383.7 | 5,01815.3 | 15,65,000.0 | 27,19,320.0 | 7.8 | 18.5 |

അവലംബം: സ്പൈസസ് ബോർഡ്

ഇന്ത്യയിൽ നിന്നും കയറ്റി അയക്കുന്ന സുഗന്ധ വ്യഞ്ജനങ്ങളുടെ അളവിൽ കേരളത്തിന്റെ വിഹിതത്തിൽ കഴിഞ്ഞ കുറെ വർഷങ്ങളായി ഏറ്റക്കുറച്ചിലുകൾ അനുഭവപ്പെടുന്നു. 2019–20–ൽ ഇത് 8.3 ശതമാനമായിരുന്നത് 2020–21–ൽ അളവിൽ 7.8 ശതമാനമായി കുറയുകയും മൂല്യം പരിശോധിക്കുമ്പോൾ 2019–20 –ലെ 18.4 ശതമാനത്തിൽ നിന്നും 2020–21–ൽ 18.5 ശതമാനമായി നേരിയ വർദ്ധനവ് ഉണ്ടായതായും കാണാം, (**പട്ടിക 5.4.6**)

ഇന്ത്യയിലും കേരളത്തിലും നിന്നുള്ള സുഗന്ധവ്യഞ്ജനങ്ങളുടെയും ഉൽപ്പന്നങ്ങളുടേയും കയറ്റുമതി വളർച്ചാ നിരക്ക് 2016–17 മുതൽ വർദ്ധിക്കുന്നതായി കാണാം. 2016–17, 2017–18, 2018–19 കാലയളവുകളിൽ വളർച്ചാ

**ചിത്രം 5.4.7** ഇന്ത്യയുടേയും കേരളത്തിന്റെയും സുഗന്ധ വ്യഞ്ജനങ്ങളുടെ കയറ്റുമതി (അളവിൽ) വളർച്ചാ നിരക്കുകൾ, ശതമാനത്തിൽ, (2015–16 മുതൽ 2020–21 വരെ)




അവലംബം: സ്പൈസസ് ബോർഡ്

നിരക്ക് യഥാക്രമം 12.4 ശതമാനവും, 8.5 ശതമാനവും, 7 ശതമാനവും വർദ്ധിച്ചു. മുൻ വർഷത്തെ വളർച്ചാ നിരക്കായ 9.8 ശതമാനവുമായി താരതമ്യം ചെയ്യുമ്പോൾ 2020–21–ൽ ഇന്ത്യയിൽ നിന്നുള്ള കയറ്റുമതിയിൽ ശ്രദ്ധേയമായ വളർച്ചയായ 29.5 ശതമാനം വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്.

കേരളത്തിൽ നിന്നുള്ള സുഗന്ധവ്യഞ്ജനങ്ങളുടെയും ഉൽപ്പന്നങ്ങളുടേയും കയറ്റുമതിയുടെ വളർച്ചാ നിരക്കിലും കഴിഞ്ഞ കുറെ വർഷങ്ങളായി ഏറ്റക്കുറച്ചിലുകൾ ഉണ്ടായിട്ടുണ്ട്. 2015–16–ൽ വളർച്ചാ നിരക്ക് 22.7 ശതമാനമായി ഉയർന്നു എങ്കിലും 2016–17–ൽ (–) 15.6 ശതമാനമായി കുറഞ്ഞു. 2017–18–ൽ ഇത് വീണ്ടും 13.1 ശതമാനമായി വർദ്ധിച്ചു വെങ്കിലും 2018–19–ൽ (–)6.1 ശതമാനമായി കുറഞ്ഞു. 2020–21–ൽ സുഗന്ധവ്യഞ്ജനങ്ങളുടെയും ഉൽപ്പന്നങ്ങളുടേയും കയറ്റുമതിയിൽ ഗണ്യമായ വളർച്ചാ നിരക്കായ 21.1 ശതമാനം വർദ്ധനവാണ് മുൻ വർഷത്തെ വളർച്ചാ നിരക്കായ 11.8 ശതമാനവുമായി താരതമ്യം ചെയ്യുമ്പോൾ ഉണ്ടായിട്ടുള്ളത്. ഇന്ത്യയിലും കേരളത്തിലും നിന്നുമുള്ള സുഗന്ധ വ്യഞ്ജന കയറ്റുമതിയുടെ വളർച്ചാ നിരക്കിലെ പ്രവണത **ചിത്രം 5.4.7–ൽ** നൽകിയിട്ടുണ്ട്.

ഓരോ സുഗന്ധവ്യഞ്ജനങ്ങൾ പ്രത്യേകം പരിശോധിക്കുമ്പോൾ, 2020–21–ൽ കേരളത്തിൽ നിന്നും കയറ്റുമതി ചെയ്ത മുളക്, മഞ്ഞൾ, ഏലം (ചെറുത്), ഇഞ്ചി, ഉലുവ, വെളുത്തുള്ളി, ജാതിക്ക, മല്ലി, ജീരകം, പെരുംജീരകം എന്നിവ അളവിലും മൂല്യത്തിലും മുൻവർഷത്തെ അപേക്ഷിച്ച് വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. മുളകിന്റെ കയറ്റുമതി 2019–20–ൽ 417.4 കോടി രൂപ മൂല്യമുള്ള 24,059.7 മെട്രിക് ടൺ ആയിരുന്നത് 2020–21–ൽ അളവിലും മൂല്യത്തിലും യഥാക്രമം 16.3 ശതമാനവും 36.3 ശതമാനവും വർദ്ധനവോടെ 569 കോടി രൂപ മൂല്യമുള്ള 27,977 മെട്രിക് ടൺ ആയി ഉയർന്നു. 2019–20–ൽ കേരളത്തിൽ നിന്നുള്ള (കൊച്ചി. തിരുവനന്തപുരം) തുറമുഖങ്ങൾ വഴി 284.8 കോടി രൂപയുടെ 1,090.2 മെട്രിക് ടൺ ഏലം (ചെറുത്) കയറ്റി അയച്ചിരുന്നു. 2020–21–ൽ അളവിലും മൂല്യത്തിലും ശ്രദ്ധേയമായ വർദ്ധനവോടെ യഥാക്രമം 177.9 ശതമാനവും 105.9 ശതമാനവും വളർച്ചാ നിരക്കോടെ 586.3 കോടി രൂപയുടെ 3,029.4 മെട്രിക് ടൺ ഏലത്തിന്റെ (ചെറുത്) കയറ്റുമതി ചെയ്തു. 2019–20–ൽ 522.2 കോടി രൂപ മൂല്യമുള്ള 15,824 മെട്രിക് ടൺ കുരുമുളകാണ് കേരളത്തിൽ നിന്ന് കയറ്റുമതി ചെയ്തത്. 2020–21–ൽ ഇത് 487.9 കോടി രൂപ മൂല്യമുള്ള 15,891.1 മെട്രിക് ടൺ ആയി. 2020–21–ൽ ഇതിന്റെ വളർച്ചാ നിരക്ക് അളവിൽ 0.4 ശതമാനം നേരിയ വർദ്ധനവും മൂല്യത്തിൽ (–)6.6 ശതമാനം ഇടിവും രേഖപ്പെടുത്തുന്നു.

2020–21–ൽ മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ കാര്യത്തിൽ കറി പൗഡർ/മിശ്രിതം, പുതിയ ഉൽപ്പന്നങ്ങൾ, സുഗന്ധ തൈലങ്ങൾ, ഒലിയോറെസിൻസ് എന്നിവയുടെ കയറ്റുമതി 2019–20 നെ അപേക്ഷിച്ച് അളവിലും മൂല്യത്തിലും വർദ്ധനവ് കാണിക്കുന്നു. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ കറിപൗഡർ കൂട്ടിന്റെ കയറ്റുമതി 2019–20–ൽ 254 കോടി രൂപ മൂല്യമുള്ള 11,717 മെട്രിക് ടൺ ആയിരുന്നത് 2020–21–ൽ അളവിൽ 23.9 ശതമാനം വർദ്ധനവും മൂല്യത്തിൽ 23.3 ശതമാനം വർദ്ധനവും രേഖപ്പെടുത്തി 313.3 കോടി രൂപയുടെ 14,517 മെട്രിക് ടൺ ആയി വർദ്ധിച്ചു. സുഗന്ധവ്യഞ്ജന തൈലം/ ഒലിയോറെസിൻസ് എന്നിവയുടെ കയറ്റുമതി 2019–20–ലെ 1,899.6 കോടി രൂപ മൂല്യമുള്ള 9,494.3 മെട്രിക് ടണ്ണിൽ നിന്നും 2020–21–ൽ അളവിലും മൂല്യത്തിലും യഥാക്രമം 3.1 ശതമാനവും 14.9 ശതമാനവും വർദ്ധനവ് രേഖപ്പെടുത്തി 2,181.7 കോടി രൂപ മൂല്യമുള്ള 9,790 മെട്രിക് ടൺ ആയി വർദ്ധിച്ചു.

# 5.5 പൊതു സേവനങ്ങൾ

## സർവ്വേയും ഭൂരേഖയും

സംസ്ഥാനത്തെ മൊത്തം ഭൂമികളുടെയും റീസർവ്വേ നിശ്ചിത സമയത്തിനുള്ളിൽ അളന്ന് തിട്ടപ്പെടുത്തി രേഖയാക്കുന്നതിനാണ് സർവ്വേ വകുപ്പ് രൂപീകരിച്ചിട്ടുള്ളത്. ഇത് കൂടാതെ, ഭൂവിനിയോഗം, ഭൂരേഖാ ഡിജിറ്റൈസേഷൻ, പട്ടയ വിതരണത്തിന് ഭൂ സർവ്വേ നടത്തൽ (ഭൂമിയുടെ ഉടമസ്ഥാവകാശം), വനഭൂമി സർവ്വേ, സർക്കാർ നയത്തിന് അനുസൃതമായും പ്രത്യേക പദ്ധതികളുടെ സർവ്വേ വഖഫ് ബോർഡിന് കീഴിലുള്ള നിർദ്ദിഷ്ട സ്ഥലങ്ങളുടെ സർവേ പ്രവർത്തനങ്ങൾ നടത്തുക എന്നിവയും സർവ്വേ വകുപ്പിന്റെ പ്രവർത്തികളാണ്. 2021 വരെ 909 വില്ലേജുകളിലെ ഭൂമിയുടെ റീ സർവേ വകുപ്പ് പൂർത്തിയാക്കിയിട്ടുണ്ട്, 757 വില്ലേജുകളിലെ റീ സർവേ ജോലികൾ പൂർത്തീകരിക്കേണ്ടതുണ്ട്. 2018 മുതൽ 2021 വരെയുള്ള (ആഗസ്റ്റ് 31, 2021 വരെ) നടത്തിയിട്ടുള്ള റീസർവേയുടെ വിശദാംശങ്ങൾ **അനുബന്ധം 5.5.1**–ൽ നൽകിയിട്ടുണ്ട്. 87 വില്ലേജുകളിലെ ഡിജിറ്റൽ റീസർവേ പൂർത്തിയാക്കുകയും, 29 വില്ലേജുകളിലെ പ്രവൃത്തികൾ പുരോഗമിച്ച് വരികയുമാണ്.

റീസർവ്വേ, ഭൂമിയേറ്റെടുക്കൽ എന്നിവയുടെ മേൽ അപ്പീൽ നടപടി കൈക്കൊള്ളുന്നതും വകുപ്പാണ്. അത്തരം പരാതികളിൽ ജില്ലാ സർവ്വേ സൂപ്രണ്ടിന്റെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് ജില്ലാ കളക്ടർ തീർപ്പ് കൽപ്പിക്കുന്നത്. 2020–ൽ 1,64,200 റീസർവ്വേ പരാതികളിൽ 1,27,832 കേസുകൾ (77.85 ശതമാനം) പരിഹരിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള റീ–സർവേ അപ്പീലുകൾ സ്വീകരിച്ചതും അന്തിമമാക്കിയവയുടെയും വിശദാംശങ്ങൾ **ചിത്രം 5.5.1**–ൽ കാണിച്ചിരിക്കുന്നു. ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ലഭിച്ച 71 അപ്പീലുകളിൽ 29 കേസുകളിൽ തീർപ്പ് കല്പിച്ചിട്ടുണ്ട്. വിശദാംശങ്ങൾ **അനുബന്ധം 5.5.2** –ൽ നൽകിയിട്ടുണ്ട്.

ഐ.എ.എസ് ഉദ്യോഗസ്ഥർ, റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥർ, സർവ്വേ വകുപ്പിലെ ഉദ്യോഗസ്ഥർ, വനം വകുപ്പിലെ ഉദ്യോഗസ്ഥർ എന്നിവർക്ക് സർവ്വേ വകുപ്പ് പരിശീലനം നൽകുന്നുണ്ട്. വിശദാംശങ്ങൾ **അനുബന്ധം 5.5.3**–ൽ നൽകിയിട്ടുണ്ട്.


## ഭൂരേഖകളുടെ ഡിജിറ്റൈസേഷൻ

സർവ്വേ രേഖകളുടെ ഡിജിറ്റൈസേഷൻ നടത്തുന്നത് സർവ്വേ വകുപ്പാണ്. 2020–ൽ 408 ബ്ലോക്ക് മാപ്പുകൾ തയ്യാറാക്കിയിട്ടുണ്ട്. വിശദ വിവരങ്ങൾ **അനുബന്ധം 5.5.4**–ൽ ഉൾപ്പെടുത്തിയിരിക്കുന്നു. നിലവിലുള്ള ഭൂരേഖകൾ സ്കാൻ ചെയ്ത് ഡിജിറ്റൽ രൂപത്തിൽ സൂക്ഷിക്കുന്നുണ്ട്. 2018, 2019, 2020 എന്നീ വർഷങ്ങളിൽ യഥാക്രമം 78,485, 13,887, 982 എണ്ണം ഫീൽഡ് മെഷർമെന്റ് ബുക്കുകൾ സ്കാൻ ചെയ്തിട്ടുണ്ട്. 2021–ൽ, ഓഗസ്റ്റ് 31 വരെ 1,850 ഫീൽഡ് മെഷർമെന്റ് ബുക്കുകൾ സ്കാൻ ചെയ്തിട്ടുണ്ട്. ഈ കാലയളവിൽ ഏറ്റവും കൂടുതൽ ഫീൽഡ് മെഷർമെന്റ് ബുക്കുകൾ സ്കാൻ ചെയ്തത് പാലക്കാട് ജില്ലയിലാണ് (36,244 എണ്ണം).

## രജിസ്ട്രേഷൻ വകുപ്പ്

രേഖകളുടെ രജിസ്ട്രേഷൻ നടത്തുക, ആധാരവുമായി ബന്ധപ്പെട്ട തെളിവുകൾ സൂക്ഷിക്കുക, സ്പെഷ്യൽ മാര്യേജ്, ചിട്ടികൾ, സൊസൈറ്റികൾ, പാർട്ണർഷിപ്പ് സ്ഥാപനങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട രേഖകൾ സൂക്ഷിക്കുന്നതിന് സൗകര്യമൊരുക്കുക എന്നിവയാണ് രജിസ്ട്രേഷൻ വകുപ്പിന്റെ പ്രധാന ചുമതലകൾ. രജിസ്ട്രേഷൻ ഫീസ് ശേഖരിക്കുന്നതിനായി ഇ–പെയ്മെന്റ് സംവിധാനം വകുപ്പ് വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. 2020–ൽ രേഖകൾ രജിസ്റ്റർ ചെയ്ത ഇനത്തിൽ 1,24,841.73 ലക്ഷം രൂപ രജിസ്ട്രേഷൻ വകുപ്പ് ശേഖരിച്ചിട്ടുണ്ട്. ഇതിൽ 86,835.25 ലക്ഷം രൂപ വിൽപ്പന

**ചിത്രം 5.5.1** ജില്ല തിരിച്ചുള്ള റീ–സർവേ അപ്പീലുകൾ സ്വീകരിച്ചതും അന്തിമമാക്കിയതും – 2020




അവലംബം: ഡയറക്ടറേറ്റ് ഓഫ് സർവ്വേ ലാന്റ് റെക്കോർഡ്സ്

കൈമാറ്റം വഴി ലഭിച്ചിട്ടുള്ളതാണ്, ഇത് ഒരു പ്രധാന ഘടകമാണ്. രേഖകൾ രജിസ്റ്റർ ചെയ്തതിന്റെയും ഫീസ് ശേഖരിച്ചതിന്റെയും വിശദവിവരങ്ങൾ **അനുബന്ധം 5.5.5, 5.5.6** എന്നിവയിൽ നൽകിയിട്ടുണ്ട്. പതിമൂന്നാം പദ്ധതി കാലയളവിൽ രജിസ്ട്രേഷൻ വകുപ്പ് നടപ്പിലാക്കിയ പ്രധാന സംരംഭങ്ങളുടെ വിശദാംശങ്ങൾ **ബോക്സ് 5.5.1**–ൽ നൽകിയിരിക്കുന്നു.

### എക്സൈസ് വകുപ്പ്

എക്സൈസ് വകുപ്പിന് 69 എക്സൈസ് സർക്കിൾ ഓഫീസുകളും, 138 എക്സൈസ് റെയ്ഞ്ച് ഓഫീസുകളും, 41 ചെക്ക് പോസ്റ്റുകളും, 19 സ്പെഷ്യൽ സ്ക്വാഡുകളും ഉണ്ട്. ലഹരി പദാർത്ഥങ്ങളുടെ ദുരുപയോഗം തടയുന്നതിനായി 'വിമുക്തി' എന്ന ബോധവത്ക്കരണ പരിപാടി വകുപ്പ് നടത്തുന്നുണ്ട്. 1950 ലെ അബ്കാരി ആക്ട്, 1958 ലെ എൻ.ഡി.പി.എസ് (നർക്കോട്ടിക് ഡ്രഗ്സ് ആന്റ് സൈക്കോട്രോപിക്ക് സബ്സ്റ്റൻസ്) ആക്ട്, കോട്പാ (സിഗരറ്റും മറ്റ് പുകയില ഉൽപന്നങ്ങളും- പരസ്യങ്ങളുടെ നിരോധനവും, വാണിജ്യം, വ്യാപാരം, ഉൽപ്പാദനം, പ്രദാനം, വിതരണം എന്നിവയുടെ നിയന്ത്രണവും) നിയമം 2003 എന്നിവയുടെ അടിസ്ഥാനത്തിൽ കേസുകൾ രജിസ്റ്റർ ചെയ്യുന്നത് എക്സൈസ് വകുപ്പാണ്. 2021–ൽ (2021 ഓഗസ്റ്റ് 31 വരെ) അബ്കാരി ആക്ടിന്റെ കീഴിൽ 13,543 കേസുകളും, എൻ.ഡി.പി.എസ് ആക്ടിന്റെ കീഴിൽ 2,549 കേസുകളും, കോട്പായുടെ കീഴിൽ 46,952 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2020–ൽ ഇത് യഥാക്രമം 15,860, 3,667, 52,222 എന്നിങ്ങനെയായിരുന്നു. 2019, 2020, 2021 എന്നീ വർഷങ്ങളിൽ വിവിധ നിയമങ്ങൾ പ്രകാരം ചുമത്തിയ കേസുകളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 5.5.7**–ൽ കൊടുത്തിരിക്കുന്നു. ഇ–പെയ്മെന്റ് സംവിധാനവും, ഇ–ലൈസൻസിംഗ് സംവിധാനവും എക്സൈസ് വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്.

സംസ്ഥാനത്തെ അബ്കാരി കേസുകൾ 2019–ൽ 13,763 ആയിരുന്നത് 15.24 ശതമാനം വർദ്ധിച്ച് 2020–ൽ 15,860 ആയി. വർദ്ധന നിരക്ക് ഏറ്റവും കൂടുതൽ പാലക്കാട് ജില്ലയിലാണ് (54.53 ശതമാനം). എൻഡിപിഎസ് കേസുകൾ, 2019–നെ അപേക്ഷിച്ച് 2020–ൽ 48.34 ശതമാനം കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. എല്ലാ ജില്ലകളിലും എൻ.ഡി.പി.എസ് കേസുകളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ട്. കേസുകളിൽ ഏറ്റവും കൂടുതൽ കുറവ് രേഖപ്പെടുത്തിയത് കാസർഗോഡ് ജില്ലയിലാണ് (65.05 ശതമാനം). കോട്പാ കേസുകളിൽ, സംസ്ഥാനത്ത് മൊത്തത്തിൽ 32.03 ശതമാനം കുറവ് ഉണ്ടായി. കോട്പ കേസുകളുടെ എണ്ണത്തിൽ കണ്ണൂർ ജില്ലയിൽ 0.62 ശതമാനം വർദ്ധനവും, മറ്റെല്ലാ ജില്ലകളിലും കേസുകളുടെ എണ്ണത്തിൽ കുറവും രേഖപ്പെടുത്തിയിട്ടുണ്ട്. 2020–ൽ കോട്പ കേസുകളിൽ ഏറ്റവും കൂടുതൽ കുറവ് രേഖപ്പെടുത്തിയിട്ടുള്ളത് കൊല്ലം, എറണാകുളം ജില്ലകളിലാണ് (48 ശതമാനം). വിശദാംശങ്ങൾ **അനുബന്ധം 5.5.8**–ൽ നൽകിയിട്ടുണ്ട്.

വിവിധ കേന്ദ്രങ്ങളിൽ നിന്നും നിയമ വിരുദ്ധമായ നിരോധിത വസ്തുക്കൾ വകുപ്പ് പിടിച്ചെടുക്കുകയും നശിപ്പിക്കുകയും ചെയ്യുന്നുണ്ട്. ഇതിൽ സ്പിരിറ്റ്, ചാരായം, ഇന്ത്യൻ നിർമ്മിത വിദേശ മദ്യം, കള്ള്, അരിഷ്ടം, കഞ്ചാവ്, കഞ്ചാവ് ചെടി എന്നിവ ഉൾപ്പെടുന്നു. 2020 വർഷത്തിലെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 5.5.9**–ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

സ്കൂളുകളിലും, കോളേജുകളിലും, പൊതു സ്ഥലങ്ങളിലും എക്സൈസ് വകുപ്പ് ബോധവത്ക്കരണ പരിപാടികൾ നടത്തുന്നുണ്ട്. 2021–ൽ ആകെ 4,267 ബോധവത്ക്കരണ പരിപാടികൾ ഓഗസ്റ്റ് 31, 2021 വരെ നടത്തി. 2020–ൽ ഇത് 8,107 ആയിരുന്നു. ജില്ല തിരിച്ചുള്ള വിശദ വിവരങ്ങൾ **അനുബന്ധം 5.5.10**–ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

### പോലീസ് വകുപ്പ്

സംസ്ഥാനത്തെ ക്രമസമാധാനം പരിപാലിക്കുന്നതിനും കുറ്റകൃത്യ അന്വേഷണത്തിനും വേണ്ടി പ്രവർത്തിക്കുന്ന സംസ്ഥാന സർക്കാരിന്റെ പ്രധാനപ്പെട്ട വിഭാഗമാണ് പോലീസ് വകുപ്പ്. പോലീസ് വകുപ്പിന് ജനറൽ എക്സിക്യൂട്ടീവ്

**ബോക്സ് 5.5.1** പതിമൂന്നാം പദ്ധതി കാലയളവിൽ രജിസ്ട്രേഷൻ വകുപ്പിൽ നടപ്പിലാക്കിയ പ്രധാന സംരംഭങ്ങൾ

- ഇടപാടുകൾക്കുള്ള ഇ–പേയ്മെന്റ് സംവിധാനം
- ഒരു ലക്ഷം രൂപയുടെ സ്റ്റാമ്പ് ഡ്യൂട്ടിക്ക് മുകളിലുള്ള എല്ലാ ഇടപാടുകൾക്കും ഇ–സ്റ്റാമ്പിംഗ്
- സംസ്ഥാനത്തെ 296 സബ് രജിസ്ട്രി ഓഫീസുകളിലായി വ്യാപിച്ചു കിടക്കുന്ന 1,645 വില്ലേജുകളിൽ രജിസ്ട്രിയുടെ ഓൺലൈൻ കൈമാറ്റം നടപ്പാക്കൽ .
- വാങ്ങുന്നയാൾക്കോ വിൽക്കുന്നയാൾക്കോ രേഖകൾ സ്വയം തയ്യാറാക്കുന്നതിനുള്ള സൗകര്യമൊരുക്കൽ.
- ഡോക്യുമെന്റുകൾ സ്വയം തയ്യാറാക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി ഫയലിംഗ് ഷീറ്റ് A3–വലുപ്പത്തിൽ നിന്ന് A4– വലുപ്പത്തിലേക്ക് മാറ്റൽ.
- സബ് രജിസ്ട്രി ഓഫീസുകളിൽ ഡിജിറ്റൽ മാതൃകയിൽ ഗെഹാൻ ഡോക്യുമെന്റ് (മോർട്ട്ഗേജ്) നടപ്പിലാക്കൽ
- എൻആർഐ ചിട്ടികളുടെ ഓൺലൈൻ രജിസ്ട്രേഷൻ
- എല്ലാ സബ് രജിസ്ട്രി ഓഫീസുകളിലും ട്രാൻസാക്ഷൻ ഫീസ് ശേഖരിക്കുന്നതിനായി ഇന്റഗ്രേറ്റഡ് സ്വൈപ്പിംഗ് മെഷീനുകൾ (പിഒഎസ്) സ്ഥാപിക്കൽ
- രേഖകളുടെ രജിസ്ട്രേഷൻ എവിടേയും
- ഡിജിറ്റൽ ആർക്കൈവിനായി പഴയകാല റെക്കോർഡുകളുടെ സ്കാൻ ചെയ്യലും ഡിജിറ്റലൈസേഷനും
- സിസ്റ്റം വഴി തയ്യാറാക്കിയ ടെംപ്ലേറ്റ് അടിസ്ഥാനമാക്കിയുള്ള പ്രമാണത്തെ ബയോ–മെട്രിക് ഡാറ്റ ഉപയോഗിച്ച് രജിസ്റ്റർ ചെയ്യൽ.
- ഡിജിറ്റൽ സർട്ടിഫിക്കറ്റിനൊടൊപ്പം സാക്ഷ്യപ്പെടുത്തിയ പകർപ്പിന്റെ ഓൺലൈൻ വിതരണം

വിഭാഗം, ക്രൈം ബ്രാഞ്ച്, ആംഡ് പോലീസ്, സ്റ്റേറ്റ് ക്രൈം റിക്കോർഡ് ബ്യൂറോ, പരിശീലന വിഭാഗം, സ്പെഷ്യൽ ബ്രാഞ്ച്, 11 പ്രത്യക ഉദ്ദേശ്യ വിഭാഗങ്ങൾ എന്നിവയുണ്ട്. പ്രത്യക ഉദ്ദേശ വിഭാഗങ്ങളിൽ ഫോറൻസിക് വിഭാഗം, വനിത സെൽ, ട്രാഫിക്ക് പോലീസ്, വാച്ച് & വാർഡ്, ഹൈവേ പോലീസ്, കോസ്റ്റൽ പോലീസ്, ടെമ്പിൾ പോലീസ്, ടൂറിസം പോലീസ്, മൗണ്ടഡ് പോലീസ്, ഡോഗ് സ്ക്വാഡ്, പോലീസ് ബാന്റ് എന്നിവയും ഉൾപ്പെടുന്നു. സാധാരണ ജനങ്ങൾക്കിടയിൽ പ്രവർത്തിക്കുന്നത് ജനറൽ എക്സിക്യൂട്ടീവ് വിഭാഗമാണ്. ഇതിന്റെ ആസ്ഥാനം തിരുവനന്തപുരമാണ്. ഇതിന് നോർത്ത് സോൺ, സൗത്ത് സോൺ എന്നിങ്ങനെയും അതിൽ 4 പോലീസ് റെയ്ഞ്ചുകളും, 19 പോലീസ് ജില്ലകളും ഉണ്ട്.

പോലീസ് വകുപ്പ് വഴി സംസ്ഥാന സർക്കാർ നിരവധി പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. 14 പിങ്ക് കൺട്രോൾ റൂമുകളിലൂടെയും 19 കൗൺസിലിംഗ് കേന്ദ്രങ്ങളിലൂടെയും ജൻഡർ അധിഷ്ഠിത പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. പോലീസ് വകുപ്പിനോടൊപ്പം 566 നിർഭയ വോളണ്ടിയർമാരും പ്രവർത്തിക്കുന്നു. വിശദ വിവരങ്ങൾ **അനുബന്ധം 5.5.11**–ൽ ഉൾപ്പെടുത്തിയിരിക്കുന്നു. ജനമൈത്രി പോലീസിംഗ് പദ്ധതിയിലൂടെ വകുപ്പ് ജനങ്ങളുമായി ഇടപെട്ട് പ്രവർത്തിക്കുന്നു. ആകെയുള്ള 522 പോലീസ് സ്റ്റേഷനുകളെയും ജനമൈത്രി പോലീസ് സ്റ്റേഷനുകളാക്കിയിട്ടുണ്ട്. കോവിഡ്–19 മഹാമാരിയുടെ പശ്ചാത്തലത്തിൽ, ജനമൈത്രി ബീറ്റ് ഓഫീസർമാർ നിലവിൽ രോഗ ലഘൂകരണ പ്രവർത്തനങ്ങളിൽ മാത്രം ഏർപ്പെട്ടിരിക്കുന്നു. **അനുബന്ധം 5.5.12**–ൽ വിശദ വിവരങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു.

തദ്ദേശ സ്വയം ഭരണ വകുപ്പ്, എക്സൈസ് വകുപ്പ്, വനം വകുപ്പ്, ഗതാഗത വകുപ്പ്, എന്നിവയുടെ പിന്തുണയോടെ പോലീസ് വകുപ്പും വിദ്യാഭ്യാസ വകുപ്പും ചേർന്ന് നടത്തുന്ന സ്കൂൾ അധിഷ്ഠിത പരിപാടിയാണ് സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് (എസ്.പി.സി). നിയമത്തെ ബഹുമാനിക്കാനും അച്ചടക്കം പാലിക്കാനും, പൗരബോധം കാത്തുസൂക്ഷിക്കാനും സമൂഹത്തിലെ ദുർബല വിഭാഗങ്ങളോട് സഹാനുഭൂതി കാട്ടുന്നതിനും ഈ പദ്ധതിയിലൂടെ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നു. ഇത് അവരുടെ കുടുംബത്തോടും, സമൂഹത്തോടും പരിസ്ഥിതിയോടുമുള്ള അർപ്പണ ബോധം ശക്തിപ്പെടുത്തുന്നതോടൊപ്പം അസഹിഷ്ണത, വഴി തെറ്റിയ രീതി, മയക്കുമരുന്ന് ദുരുപയോഗം തുടങ്ങിയ ദുശ്ശീലങ്ങളിൽ നിന്നും പിന്തിരിപ്പിക്കുന്നു. ആഗസ്റ്റ് 2, 2010 ന് കേരളത്തിലങ്ങോളമിങ്ങോളമുള്ള 127 ഹൈസ്കൂളുകളിലും ഹയർസെക്കൻഡറി സ്കൂളുകളിലായാണ് ഈ പദ്ധതി ആരംഭിച്ചത്. നിലവിൽ 803 സ്കൂളുകളിലായി 63,461 കേഡറ്റുകൾ ഉണ്ട്. ഈ 803 സ്കൂളുകളിൽ 515 എണ്ണം സർക്കാർ സ്കൂളുകളും, 264 എണ്ണം എയ്ഡഡ് സ്കൂളുകളും, 24 എണ്ണം അൺ എയ്ഡഡ് സ്കൂളുകളും ആണ്. വിശദ വിവരങ്ങൾ **അനുബന്ധം 5.5.13, 5.5.14** എന്നിവയിൽ നൽകിയിരിക്കുന്നു. പോലീസ് വകുപ്പിന്റെ പ്രധാന പ്രവർത്തനങ്ങൾ **ബോക്സ് 5.5.2**–ൽ നൽകിയിരിക്കുന്നു.

പോലീസിന്റെ എൻ.ആർ.ഐ സെൽ 2020–21–ൽ 26 കേസുകളാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. വിശദാംശങ്ങൾ **അനുബന്ധം 5.5.15**–ൽ കൊടുത്തിരിക്കുന്നു. 2021–22 –ൽ സൈബർ & ഹൈടെക് എൻക്വയറി സെൽ 462 കേസുകൾ (2021 ഓഗസ്റ്റ് വരെ) രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2020–21–ൽ ഇത് 694 ആയിരുന്നു.

**ബോക്സ് 5.5.2** പോലീസ് വകുപ്പിന്റെ പ്രധാന പ്രചാരണ പ്രവർത്തനങ്ങൾ

**എമർജൻസി റസ്പോൺസ്, സപ്പോർട്ട് സിസ്റ്റം– (ഇ.ആർ.എസ്.എസ്)**

നിലവിലുള്ള എല്ലാ എമർജൻസി നമ്പറുകൾക്കും പകരമായി രാജ്യത്തുടനീളം ഒരൊറ്റ എമർജൻസി നമ്പർ '112' സ്ഥാപിക്കുകയാണ് എമർജൻസി റെസ്പോൺസ് സപ്പോർട്ട് സിസ്റ്റം (ERSS) പ്രോജക്റ്റിലൂടെ. വോയ്സ് കോൾ, എസ്എംഎസ്, ഇ–മെയിൽ, പാനിക് എസ്ഒഎസ് അഭ്യർത്ഥന, വെബ് അഭ്യർത്ഥന തുടങ്ങിയവയുടെ രൂപത്തിൽ പൗരന്മാരിൽ നിന്നുള്ള വിഷമകരമായ സന്ദേശങ്ങൾ '112' ലേക്ക് അറിയിക്കുന്നതിനും ഏറ്റവും മികച്ച സമയത്തിനുള്ളിൽ സഹായം നൽകുന്നതിനുമായിട്ടാണ് ഇത് രൂപകൽപ്പന ചെയ്തിരിക്കുന്നത് .


**സ്റ്റുഡന്റ് പോലീസ് കേഡറ്റ് (എസ്.പി.സി)**

സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതികളുടെ നൂതനമായ ചില ഇടപെടലുകൾ ഇനിപ്പറയുന്നവയാണ്:
- "പടവുകൾ" – നേട്ടം കൈവരിച്ച യുവാക്കളുമായി തിങ്കളാഴ്ചകളിലുള്ള സംവേദനാത്മക പരമ്പര
- പോസ്–പോസ് വെള്ളിയാഴ്ചകളിലുള്ള സംവേദനാത്മക പരമ്പര–പോസിറ്റിവിറ്റി വളർത്തുന്നതിനും സാധ്യതകൾ പര്യവേക്ഷണം ചെയ്യുന്നതിനും.സമൂഹത്തിലെ വിവിധ മേഖലകളിൽ നിന്നുള്ള പ്രമുഖ വ്യക്തിത്വങ്ങൾ ഇതിൽ പങ്കെടുക്കുന്നു.
- "ചിരിയോ ചിരി" – സമ്മർദ്ദവും ഉത്കണ്ഠയും കുറയ്ക്കുന്നതിന് പ്രശസ്ത ഹാസ്യനടന്മാർ നയിക്കുന്ന പരിപാടി.
- പ്രതിദിന ശാരീരികക്ഷമത വെല്ലുവിളികൾ
  കൂടാതെ, മുതിർന്ന കേഡറ്റുകൾ വിവിധ ഔട്ട്റീച്ച് പ്രോഗ്രാമുകളിൽ പങ്കെടുക്കുന്നുണ്ട് ;
- "ഫീഡ് എ സ്റ്റമക്ക് പ്രോഗ്രാം" വഴി ലോക്ക്ഡൗൺ കാലത്ത് 7 ലക്ഷത്തോളം പാവപ്പെട്ടവർക്ക് പാകം ചെയ്ത ഭക്ഷണം വിതരണം ചെയ്തു.
- ഒരു ലക്ഷത്തോളം അടുക്കളത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് ഇടയാക്കിയ 'ഹരിതഭൂമി'
- ലോക്ക് ഡൗൺ കാലയളവിൽ ആശുപത്രികളിലും ചികിത്സാ കേന്ദ്രങ്ങളിലും ഗുണനിലവാരമുള്ള രക്തം നൽകുന്നത് ഉറപ്പാക്കുന്നതിനായി "ജീവധാര ബ്ലഡ് ഡോണേഴ്സ്" ബാങ്ക് സ്ഥാപിച്ചു.

**ബോക്സ് 5.5.3** കുട്ടികളുടെ സുരക്ഷിതത്വത്തിന്റെയും സുരക്ഷയുടെയും വർഷം – 2021

> കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി പോലീസ് ഡിപ്പാർട്ട്മെന്റ് ഓഫ് ലൈനിലും ഓൺലൈനിലും 2021 വർഷം "കുട്ടികളുടെ സുരക്ഷിതത്വത്തിന്റെയും സുരക്ഷയുടെയും വർഷം" ആയി ആചരിക്കുന്നു. 2021–ൽ "109" പോലീസ് സ്റ്റേഷനുകൾ ശിശു സൗഹൃദമാക്കി മാറ്റി.

**ചിത്രം 5.5.2** സൈബർ സെല്ലിൽ രജിസ്റ്റർ ചെയ്ത കുറ്റകൃത്യങ്ങളുടെ എണ്ണം




അവലംബം: പോലീസ് വകുപ്പ്
*ആഗസ്റ്റ് 31, 2021 വരെ

2015–16 മുതൽ 2020–21 (ആഗസ്റ്റ് 31, 2021 വരെ) റിപ്പോർട്ട് ചെയ്തിട്ടുള്ള വർധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങളുടെ എണ്ണം **ചിത്രം 5.5.2**–ൽ കാണിച്ചിരിക്കുന്നു. സാമൂഹ്യ മാധ്യമങ്ങളിലൂടെയുള്ള അധിക്ഷേപം, ഓൺലൈൻ ചീറ്റിംഗ്, സ്മാർട്ട് ഫോൺ ഉപയോഗിച്ചുള്ള സൈബർ കുറ്റകൃത്യങ്ങൾ, ബാങ്ക് അക്കൗണ്ടുകൾ, ഇ–മെയിൽ ഐഡി എന്നിവയുടെ ഹാക്കിംഗ്, ചൈൽഡ് പ്രോണോഗ്രാഫി സൃഷ്ടിക്കൽ, പ്രസിദ്ധീകരിക്കൽ, പങ്കുവയ്ക്കൽ തുടങ്ങിയവയാണ് പ്രധാനമായും റിപ്പോർട്ട് ചെയ്തിട്ടുള്ള സൈബർ കുറ്റകൃത്യങ്ങൾ. വിശദ വിവരങ്ങൾ **അനുബന്ധം 5.5.16**–ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**ബോക്സ് 5.5.4** ഇ–സേവനം, എം–സേവനം – എല്ലാ സർക്കാർ സേവനങ്ങളും ഒരൊറ്റ പോർട്ടലിലും മൊബൈൽ ആപ്പിലും

> കേരള സർക്കാർ ഏക ജാലക സേവന ഡെലിവറി പ്ലാറ്റ്ഫോമുകളായ "ഇ–സേവനം" പോർട്ടലും "എം–സേവനം" മൊബൈൽ ആപ്ലിക്കേഷനും 2021 ഒക്ടോബർ 01–ന് ആരംഭിച്ചു.
>
> കേരളത്തെ ഒരു "ഡിജിറ്റലി എംപവേർഡ്" സമൂഹമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ, എല്ലാ സർക്കാർ സേവനങ്ങളെയും ഓൺലൈനായി സമീപിക്കുന്നതിന് പൗരന്മാരെ പ്രാപ്തരാക്കിക്കൊണ്ട് ഡിജിറ്റൽ വിടവ് നികത്താൻ ലക്ഷ്യമിട്ടുള്ള ഒരു നയപരമായ ചട്ടക്കൂടിന് സംസ്ഥാന സർക്കാർ ഇപ്പോൾ രൂപം നൽകി പ്രവൃത്തിച്ച് തുടങ്ങിയിട്ടുണ്ട്.
>
> ഒരു സദ്ഭരണ സംരംഭമായി ആരംഭിച്ച കേരള ഇ–സേവന പോർട്ടൽ ഇ–സേവനം (www.services.kerala.gov.in), കേരള സർക്കാരിന്റെ മിക്കവാറും എല്ലാ ഓൺലൈൻ സേവനങ്ങളും (ജിട്ടുസി ഗവൺമെന്റ് മുതൽ പൗരന്മാരും ജിട്ടുബി ഗവൺമെന്റ് മുതൽ ബിസിനസ്സും) കേരളത്തിലെ പൗരന്മാർക്കായി ഒരൊറ്റ പ്ലാറ്റ്ഫോമിൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ സംയോജിപ്പിച്ചിരിക്കുന്നു. കൂടാതെ, മഹാമാരിക്ക് ശേഷം സർക്കാർ ഓഫീസുകളിലെ തിരക്ക് നിയന്ത്രിക്കുന്നതിനായി സർക്കാർ സേവനങ്ങൾ സൗകര്യപ്രദമായി അവരവരുടെ വീടുകളിലേക്ക് എത്തിക്കുന്നതിന്റെ ആവശ്യകത ത്വരിതപ്പെടുത്തി. ഈ പോർട്ടൽ ആരംഭിക്കുന്നതിന് മുമ്പ്, പൗരന്മാർക്ക് വിവിധ വകുപ്പുകളുടെ ഓൺലൈൻ സേവനങ്ങൾ അതാത് വകുപ്പിന്റെ വെബ്സൈറ്റ് വഴി മാത്രമേ ലഭ്യമായിരുന്നുള്ളൂ. നിലവിലെ സാഹചര്യത്തിൽ, എല്ലാ വകുപ്പുകളുടെയും ഓൺലൈൻ സേവനങ്ങൾ നൽകുന്ന ഒരു കേന്ദ്രീകൃത കേരള സേവന പോർട്ടലാണ് ഇ–സേവനം പോർട്ടൽ. "ഇന്റർനെറ്റ് എന്റെ അവകാശം" എന്ന കേരള സർക്കാരിന്റെ നയം www.services.kerala.gov.in എന്ന കേരള സർവീസ് പോർട്ടലിലൂടെയാണ് നടപ്പിലാക്കുന്നത്. ഈ വികലാംഗ സൗഹൃദ പോർട്ടലിൽ ആദ്യ ഘട്ടത്തിൽ 50–ലധികം വകുപ്പുകളിൽ നിന്നുള്ള 500–ലധികം സേവനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

ആദ്യഘട്ടത്തിൽ വിവിധ വകുപ്പുകളുടെ അഞ്ഞൂറിലധികം സേവനങ്ങളാണ് ഇ–സേവനങ്ങൾ വഴി ലഭ്യമാകുന്നത്. വകുപ്പിന്റെയും ഉപഭോക്തൃ വിഭാഗത്തിന്റെയും അടിസ്ഥാനത്തിൽ പോർട്ടൽ സേവനങ്ങളെ രണ്ട് വിഭാഗങ്ങളായി തരംതിരിച്ചിട്ടുണ്ട്.

ഇത്തരത്തിലുള്ള സാർവത്രിക തിരയലിനു പുറമേ, ടാർഗെറ്റ് ഉപയോക്താക്കളെ (വിദ്യാർത്ഥികൾ, കർഷകർ, സ്ത്രീകളും കുട്ടികളും, യുവാക്കളും നൈപുണ്യ വികസനവും, സാമൂഹിക സുരക്ഷയും പെൻഷൻകാരും, പൊതു യൂട്ടിലിറ്റി സേവനങ്ങളും മറ്റ് സേവനങ്ങളും) അടിസ്ഥാനമാക്കി പോർട്ടൽ സേവനങ്ങളെ വേർതിരിക്കുന്നു. കൂടാതെ വിവിധ വകുപ്പുകളുടെ സേവനങ്ങൾ അക്ഷരമാലാക്രമത്തിൽ ലഭ്യമാണ്.പോർട്ടലിൽ ഇനി വരാനിരിക്കുന്ന എല്ലാ ഓൺലൈൻ സേവനങ്ങൾക്കും ഒറ്റ സൈൻ–ഇൻ ഉൾപ്പെടുത്തും. സേവന ചാർട്ടറിൽ, ലഭ്യമാകുന്ന സേവനത്തിന്റെ ഒരു ഹ്രസ്വ വിവരണം, അപ്‌ലോഡ് ചെയ്യുന്നതിനാവശ്യമായ രേഖകൾ, ആ സേവനം നൽകുന്നതിന് വകുപ്പിന്റെ നിശ്ചിത സമയപരിധി എന്നിവ ഉണ്ടായിരിക്കും. ലഭിച്ച അപേക്ഷകൾ, തീർപ്പുകൽപ്പിച്ചവ, തീർപ്പുകൽപ്പിക്കാത്തവ തുടങ്ങിയ വിശദാംശങ്ങളും സേവനങ്ങളുടെ ഡാഷ്ബോർഡിലൂടെ നൽകുന്നു.

കൂടാതെ, മൊബൈൽ സൗഹൃദ സേവനങ്ങൾക്കായി എം–സേവനം എന്ന മൊബൈൽ ആപ്ലിക്കേഷനും ലഭ്യമാക്കിയിട്ടുണ്ട്. ഇ–സേവനം 60 വകുപ്പുകളുടെ 500 ലധികം സേവനങ്ങളുടെ ഏകീകരണം ഒരു പ്ലാറ്റ്ഫോമിലൂടെ നൽകുമ്പോൾ, എം–സേവനത്തിന് 450–ലധികം മൊബൈൽ–സൗഹൃദ സേവനങ്ങൾ നൽകാൻ സാധിക്കും. എം–സേവനം മൊബൈൽ ആപ്പ് ആൻഡ്രോയിഡ്, ഐഒഎസ് പ്ലാറ്റ്ഫോമുകളിൽ ലഭ്യമാണ്.മഹാമാരിയുടെ പശ്ചാത്തലത്തിൽ, ഈ സംയോജിത സംവിധാനം സർക്കാർ ഓഫീസുകളിലെ തിരക്ക് നിയന്ത്രിക്കാനും സേവനങ്ങൾ കൂടുതൽ എളുപ്പത്തിലും കാര്യക്ഷമമായും ജനങ്ങളിലേക്ക് എത്തിക്കാനും സഹായിക്കും.

വികലാംഗർക്കും, മുതിർന്ന പൗരന്മാർക്കും, മറ്റ് വിവിധ ബുദ്ധിമുട്ടുകൾ നേരിടുന്നവർക്കും സേവനങ്ങൾ അവരുടെ വീട്ടുവാതിൽക്കൽ എത്തിക്കുന്നതിനും ഇത് സഹായകമാകും.

**നൽകുന്ന പ്രധാന സേവനങ്ങൾ**

i) ബിസിനസ് (പ്രധാനമായും പുതിയ ബിസിനസ്സ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട 81 സേവനങ്ങൾ),
ii) പൗരന്മാർമാർക്ക് (ലാൻഡ് റവന്യൂ, എക്സൈസ്, രജിസ്ട്രേഷൻ, സിവിൽ സപ്ലൈസ്, മോട്ടോർ വാഹനങ്ങൾ, പോലീസ്, കേരള വാട്ടർ അതോറിറ്റി എന്നിവയിൽ നിന്നുള്ള വിവിധ തരത്തിലുള്ള സർട്ടിഫിക്കറ്റുകൾ, രജിസ്ട്രേഷൻ, പെർമിറ്റ് ലൈസൻസുകൾ, അംഗീകാരങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട 227 സേവനങ്ങൾ)
iii) സാമൂഹിക സുരക്ഷ (പെൻഷനുമായി ബന്ധപ്പെട്ട 4 സേവനങ്ങൾ)
iv) കർഷകർക്ക് (യന്ത്രങ്ങൾ വാങ്ങൽ, ഇൻഷുറൻസ്, സാമ്പത്തിക സഹായം എന്നിവയുമായി ബന്ധപ്പെട്ട 27 സേവനങ്ങൾ)
v) വിദ്യാർത്ഥികൾക്ക് (സ്കോളർഷിപ്പുകൾ, സ്റ്റൈപ്പൻഡുകൾ, ഗ്രാന്റുകൾ, മാർക്ക് ലിസ്റ്റുകൾ എന്നിവയുമായി ബന്ധപ്പെട്ട 60 സേവനങ്ങൾ), കൂടാതെ
vi) സ്ത്രീകളും കുട്ടികളും (സ്കോളർഷിപ്പുകളും സാമ്പത്തിക സഹായവും ഉൾപ്പെടുന്ന അഞ്ച് സേവനങ്ങൾ)
vii) യുവാക്കൾക്ക് (തൊഴിൽ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട അഞ്ച് പ്രധാന സേവനങ്ങൾ)
viii) പബ്ലിക് യൂട്ടിലിറ്റികളായ കെഎസ്ഇബി, കെഡബ്ല്യുഎ എന്നിവയുമായി ബന്ധപ്പെട്ട എട്ട് ബിൽ പേയ്മെന്റ് സേവനങ്ങൾ
ix) മറ്റ് വിവിധ സേവനങ്ങൾ (വിവിധ സർക്കാർ വകുപ്പുകൾ ഉൾക്കൊള്ളുന്ന 93 സേവനങ്ങൾ)

പൗരന്മാർക്ക് വിവിധ സർട്ടിഫിക്കറ്റുകളും സേവനങ്ങളും നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലളിതമാക്കും. അപേക്ഷകൾ അംഗീകരിക്കുന്നതിനുള്ള നടപടിക്രമങ്ങളും സുഗമമാക്കും. സർക്കാർ സേവനങ്ങൾ പരമാവധി ഓൺലൈൻ ആക്കാനുള്ള നടപടികൾക്ക് പുറമെയാണിത്.

വിവിധ സർക്കാർ സേവനങ്ങൾ ലഭിക്കുന്നതിന് രേഖകളുടെ/ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളുടെ സ്വയം സാക്ഷ്യപ്പെടുത്തൽ മതിയാകും. പ്രമാണങ്ങൾ/സർട്ടിഫിക്കറ്റുകൾ ഗസറ്റഡ് ഓഫീസർ/നോട്ടറി സാക്ഷ്യപ്പെടുത്തേണ്ടതിന്റെ ആവശ്യകത ഒഴിവാക്കുന്നതിന് വേണ്ടിയാണിത്.

പൊതുജനങ്ങൾക്ക് സർക്കാരിന്റെ വിവിധ സേവനങ്ങൾ, പ്രോജക്ടുകൾ, പ്രസിദ്ധീകരണങ്ങൾ എന്നിവയെ കുറിച്ച് ഒരൊറ്റ പ്ലാറ്റ്ഫോമിൽ നിന്നും പൂർണ്ണമായി അറിയാൻ കഴിയുന്ന തരത്തിലാണ് സംസ്ഥാന സർക്കാരിന്റെ ഔദ്യോഗിക പോർട്ടൽ https://kerala.gov.in/ അപ്ഗ്രേഡ് ചെയ്തിരിക്കുന്നത്.പൗരന്മാർക്ക് വിവിധ സർട്ടിഫിക്കറ്റുകളും സേവനങ്ങളും നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലളിതമാക്കും. അപേക്ഷകൾ അംഗീകരിക്കുന്നതിനുള്ള നടപടിക്രമങ്ങളും സുഗമമാക്കും. സർക്കാർ സേവനങ്ങൾ പരമാവധി ഓൺലൈൻ ആക്കാനുള്ള നടപടികൾക്ക് പുറമെയാണിത്.

വിവിധ സർക്കാർ സേവനങ്ങൾ ലഭിക്കുന്നതിന് രേഖകളുടെ/ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളുടെ സ്വയം സാക്ഷ്യപ്പെടുത്തൽ മതിയാകും. പ്രമാണങ്ങൾ/സർട്ടിഫിക്കറ്റുകൾ ഗസറ്റഡ് ഓഫീസർ/നോട്ടറി സാക്ഷ്യപ്പെടുത്തേണ്ടതിന്റെ ആവശ്യകത ഒഴിവാക്കുന്നതിന് വേണ്ടിയാണിത്.

പൊതുജനങ്ങൾക്ക് സർക്കാരിന്റെ വിവിധ സേവനങ്ങൾ, പ്രോജക്ടുകൾ, പ്രസിദ്ധീകരണങ്ങൾ എന്നിവയെ കുറിച്ച് ഒരൊറ്റ പ്ലാറ്റ്ഫോമിൽ നിന്നും പൂർണ്ണമായി അറിയാൻ കഴിയുന്ന തരത്തിലാണ് സംസ്ഥാന സർക്കാരിന്റെ ഔദ്യോഗിക പോർട്ടൽ https://kerala.gov.in/ അപ്ഗ്രേഡ് ചെയ്തിരിക്കുന്നത്.

## ജയിലുകൾ

കേരള ജയിൽ വകുപ്പ് രൂപീകരിച്ചത് 1956–ൽ ആയിരുന്നു. ആദ്യകാല സെൻട്രൽ ജയിൽ കണ്ണൂരിൽ 1869–ലും, ആദ്യത്തെ ജില്ലാ ജയിൽ 1861–ൽ കോഴിക്കോട്ടും, ആദ്യ തുറന്ന ജയിൽ തിരുവനന്തപുരം ജില്ലയിലെ നെട്ടുകാൽത്തേരിയിൽ 1962–ലും, ആദ്യത്തെ വനിത ജയിൽ 1990–ൽ തിരുവനന്തപുരത്ത് നെയ്യാറ്റിൻകരയിലും സ്ഥാപിതമായി. ജയിൽ വകുപ്പിന്റെ നിയന്ത്രണത്തിലായിരുന്ന സാമൂഹ്യക്ഷേമ സ്ഥാപനങ്ങളുടെയും പ്രൊബേഷൻ സേവനങ്ങളുടെയും ഭരണപരമായ നിയന്ത്രണം 1975–ൽ സാമൂഹ്യക്ഷേമ വകുപ്പിലേക്ക് കൈമാറ്റം ചെയ്യുകയുണ്ടായി.

ആദ്യകാലങ്ങളിൽ, കേരളത്തിലെ ജയിലുകളിൽ നടപ്പിലാക്കിയിരുന്നത് മുൻ ബ്രിട്ടീഷ് ഭരണാധികാരികൾ രൂപപ്പെടുത്തിയ ഇന്ത്യൻ പ്രിസൺസ് ആക്ടിൽ നിഷ്കർഷിച്ചിട്ടുള്ള ഭരണസംവിധാനമായിരുന്നു. തുടർന്ന്, തിരുവിതാംകൂർ ജയിൽ നിയമ വ്യവസ്ഥകളിൽ നിഷ്കർഷിച്ചിട്ടുള്ള ചട്ടങ്ങൾ ആയിരുന്നു പാലിച്ചിരുന്നത്. 1958–ൽ കേരള ജയിൽ ചട്ടങ്ങൾ രൂപീകരിക്കുകയുണ്ടായി. കേരള ജയിൽ നിയമം 2010–ലും, ചട്ടങ്ങൾ 2014–ലും നിലവിൽ വന്നു. 2016–ൽ രൂപീകരിച്ച മാതൃക ജയിൽ മാന്വലിന്റെ അടിസ്ഥാനത്തിൽ, ജയിൽ വകുപ്പിന്റെ തുടർ വികസനത്തിനായി, കേരള സർക്കാർ രണ്ട് കമ്മിറ്റികൾ രൂപീകരിച്ചു – ഡോ. അലക്സാണ്ടർ ജേക്കബ് കമ്മിറ്റിയും, ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റിയും.

ജയിലുകളിലെ എല്ലാ തടവുകാർക്കും സുരക്ഷിതമായ തടങ്കൽ നൽകുക എന്നതാണ് ജയിൽ വകുപ്പിന്റെ അടിസ്ഥാന കടമയും ഉത്തരവാദിത്തവും. നിയമപ്രകാരം വിഭാവനം ചെയ്തിട്ടുള്ള ശുചിത്വമുള്ള ജീവിത സാഹചര്യങ്ങളും, മതിയായ ഭക്ഷണവും, വസ്ത്രവും, വൈദ്യ സഹായവും ജയിൽ തടവുകാർക്ക് നൽകിവരുന്നു. തടവുകാരോട് സ്വീകരിച്ചിരുന്ന പ്രാചീന സമീപന രീതികൾക്ക് പകരം, അവരുടെ പുനരധിവാസത്തിനും തിരുത്തൽ നടപടികൾക്കും ഊന്നൽ നൽകിക്കൊണ്ടുള്ള സമീപന രീതിയാണ് അവലംബിച്ചു വരുന്നത്. കുറ്റവാളികളുടെ തെറ്റുകൾ തിരുത്തൽ, അവരുടെ സ്വഭാവ നവീകരണം, കുറ്റകൃത്യങ്ങളിൽ നിന്ന് സമൂഹത്തെ സംരക്ഷിക്കുക എന്നിവയാണ് തടങ്കലിന്റെ ഉദ്ദേശ്യലക്ഷ്യം. കുറ്റവാളികളെ സമൂഹത്തിലേക്കിറങ്ങാൻ പ്രാപ്തരാക്കുന്നതിലൂടെ, അവർക്ക് മാന്യമായ ജീവിതം നയിച്ച് സ്വയംപര്യാപ്തത കൈവരിക്കുവാൻ സാധിക്കും. തടവുകാർക്ക്, ഫലപ്രദമായ തൊഴിൽ പരിശീലനം നല്കുന്നതുൾപ്പടെയുള്ള തിരുത്തൽ, നവീകരണ, പുനരധിവാസ ലക്ഷ്യങ്ങൾ കൈവരിക്കുക എന്നതാണ് ജയിൽ വകുപ്പിന്റെ ഉദ്യമം.

തിരുവനന്തപുരം, തൃശ്ശൂർ, കണ്ണൂർ ജില്ലകളിലാണ് സംസ്ഥാനത്തെ സെൻട്രൽ ജയിലുകൾ സ്ഥിതി ചെയ്യുന്നത്. കൂടാതെ, മൂന്ന് തുറന്ന ജയിലുകൾ, മൂന്ന് വനിതാ ജയിലുകൾ, പതിമൂന്ന് ജില്ലാ ജയിലുകൾ, പതിനഞ്ച് സ്പെഷ്യൽ സബ് ജയിലുകൾ, പതിനാറ് സബ് ജയിലുകൾ, ഒരു ബോർസ്റ്റൽ സ്കൂൾ, കൂടാതെ, ഒരു അതീവ സുരക്ഷാ ജയിലുമുണ്ട്.

സംസ്ഥാനത്തെ എല്ലാ ജയിലുകളുടെയും നിലവിലുള്ള അംഗീകൃത ശേഷി 7,200 ആണ്. മാർച്ച് 2021 വരെയുള്ള കണക്ക പ്രകാരം 6,195 തടവുകാരാണ് ഉണ്ടായിരുന്നത്, അതിൽ 148 പേർ വനിതാ തടവുകാർ ആയിരുന്നു. തടവുകാരുടെ എണ്ണം കുറഞ്ഞു വരുന്നതായിട്ടാണ് 2018 മുതലുള്ള കണക്കുകൾ സൂചിപ്പിക്കുന്നത്. 2019–ൽ തടവുകാരുടെ എണ്ണം 7,967 ആയിരുന്നത്, 2020–ൽ 7,663 ആയും, തുടർന്ന് 2021–ൽ 6,195 ആയി കുറയുകയുണ്ടായി എന്നാണ് കണക്കുകൾ രേഖപ്പെടുത്തുന്നത്. മാർച്ച് 31, 2021 ലെ കണക്ക പ്രകാരം, മൂന്ന് തുറന്ന ജയിലുകളിലായി 437 തടവുകാരും, വനിതാ ജയിലുകളിൽ 109 തടവുകാരും, പ്രത്യേക സബ് ജയിലുകളിൽ 847 തടവുകാരുമുണ്ട്. വിവിധ ജയിലുകളിലെ തടവുകാരുടെ വിശദാംശങ്ങൾ **അനുബന്ധം 5.5.17**–ൽ കൊടുത്തിരിക്കുന്നു. 2016 മുതൽ മാർച്ച് 31, 2021 വരെയുള്ള തടവുകാരുടെ എണ്ണം **പട്ടിക 5.5.**1–ൽ നൽകിയിരിക്കുന്നു.

### 2020–2021 വർഷത്തിൽ ഡിപ്പാർട്ട്മെന്റ് നടപ്പിലാക്കിയ പദ്ധതികളുടെ അവലോകനം

തടവിൽ നിന്നും മോചിതരാകുന്ന തടവുകാർക്ക് സ്വയം പര്യാപ്തമായ ജീവിതം നേടാൻ സഹായകരമാകുന്ന വിധത്തിൽ അവരെ പ്രാപ്തരാക്കുക എന്ന ദൗത്യം കൈവരിക്കുന്നതിനുള്ള എല്ലാ ശ്രമങ്ങളും ജയിൽ വകുപ്പ് സ്വീകരിക്കുന്നുണ്ട്. "ജയിലുകളുടെ ആധുനികവൽക്കരണം", "തടവുകാരുടെ ക്ഷേമം" എന്നിവയാണ് ജയിൽ വകുപ്പ് നടപ്പിലാക്കുന്ന രണ്ട് പ്രധാന പദ്ധതികൾ.

#### 1. ജയിലുകളുടെ ആധുനികവൽക്കരണം

നിയമങ്ങളും നടപടിക്രമങ്ങളും കർശനമായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുക, തടങ്കലിൽ നിന്നും രക്ഷപ്പെടുവാനുള്ള തടവുകാരുടെ ശ്രമം തടയുക, ജയിലുകൾക്കുള്ളിലെ അച്ചടക്കമില്ലായ്മ നിയന്ത്രിക്കുക, അന്തേവാസികൾക്ക് മാന്യമായ ജീവിതാന്തരീക്ഷം പ്രദാനം ചെയ്യുക എന്നിവയാണ് ജയിലുകൾ ഉൾപ്പടെയുള്ള കറക്ഷണൽ സ്ഥാപനങ്ങളുടെ ചുമതലകൾ. തടവുകാർക്ക് മെച്ചപ്പെട്ട അന്തരീക്ഷം പ്രദാനം ചെയ്യുന്നതിന്റെ ഭാഗമായി അടിസ്ഥാന സൗകര്യ വികസനത്തിനും നവീകരണത്തിനുമുള്ള വിവിധ പരിപാടികൾ ഈ പദ്ധതിക്ക് കീഴിൽ നടപ്പിലാക്കുകയുണ്ടായി.

#### 2. തടവുകാരുടെ ക്ഷേമം

തടവുകാരുടെ അടിസ്ഥാന വിദ്യാഭ്യാസം, തൊഴിലധിഷ്ഠിത പരിശീലനം, ക്ഷേമം, പുനരധിവാസം എന്നിവ

**പട്ടിക 5.5.1** തടവുകാരുടെ എണ്ണം 2016 മുതൽ 2021 മാർച്ച് 31 വരെയുള്ള കാലയളവിൽ

| തടവുകാർ | മാർച്ച് 2016 | മാർച്ച് 2017 | മാർച്ച് 2018 | മാർച്ച് 2019 | മാർച്ച് 2020 | മാർച്ച് 2021 |
|---|---|---|---|---|---|---|
| ആകെ | 7983 | 7613 | 7882 | 7967 | 7663 | 6195 |
| വനിതകൾ | 213 | 200 | 196 | 181 | 193 | 148 |

ഉറവിടം: ജയിൽ വകുപ്പ്, കേരള സർക്കാർ

**ബോക്സ് 5.5.5** പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ (2017–22) വകുപ്പിന്റെ നേട്ടങ്ങൾ

- പതിമൂന്നാം ധനകാര്യ കമ്മീഷൻ ഗ്രാന്റുപയോഗിച്ച് പൂർത്തീകരിച്ച കെട്ടിടങ്ങൾ – (1) പാലക്കാട് ജില്ല ജയിൽ 2019 ജൂലൈയിലും (2) ഇരിഞ്ഞാലക്കുട പ്രത്യേക സബ് ജയിലിനുള്ള പുതിയ കെട്ടിടം 2020 ജൂലൈയിലും പ്രവർത്തനം ആരംഭിച്ചു.
- ആലപ്പുഴയിൽ ജില്ലാ ജയിലിനുള്ള പുതിയ കെട്ടിടം 2020 ഫെബ്രുവരിയിൽ ഉദ്ഘാടനം ചെയ്തു
- മൂന്ന് സെൻട്രൽ ജയിലുകളിലും, തിരുവനന്തപുരം, കൊല്ലം, കോഴിക്കോട് ജില്ലാ ജയിലുകളിലും സിസിടിവി സംവിധാനത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു
- സ്വിഗ്ഗി, യൂബർ എന്നിവയുമായി ചേർന്ന് ഭക്ഷണ സാധനങ്ങളുടെ ഓൺലൈൻ ഡെലിവറി ആരംഭിച്ചു
- തിരുവനന്തപുരം, വിയ്യൂർ, കണ്ണൂർ എന്നിവിടങ്ങളിലെ സെൻട്രൽ ജയിലുകളിലും കറക്ഷണൽ ഹോമുകളിലും സ്ഥാപിച്ച റിവേഴ്സ് ഓസ്മോസിസ് പ്ലാന്റും (60 ലക്ഷം രൂപ), പവർ ലോൺട്രി സംവിധാനവും (44.95 ലക്ഷം രൂപ) 2019–20 കാലയളവിൽ പ്രവർത്തനം ആരംഭിച്ചു.
- കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനുള്ള കേരള സംസ്ഥാന ഏജൻസിയുടെ (KSACC) സാമ്പത്തിക സാങ്കേതിക സഹായത്തോടെ നെട്ടുകാൽത്തേരിയിലെ ഓപ്പൺ പ്രിസൺ ആൻഡ് കറക്ഷണൽ ഹോമിൽ ഒരു മാതൃകാ കശുവണ്ടിത്തോട്ടം സ്ഥാപിക്കുന്നതിന് 2019–ൽ അനുമതി ലഭിച്ചു .
- തടവുകാർക്ക് സമ്പൂർണ്ണ സാക്ഷരത ഉറപ്പാക്കുക എന്ന ലക്ഷ്യത്തോട് കൂടി, സംസ്ഥാന സാക്ഷരതാ മിഷന്റെ പിന്തുണയോടെ, "ജയിൽ ജ്യോതി" എന്ന ദൗത്യം ആരംഭിച്ചു. അന്തേവാസികൾക്ക് തുടർപഠനത്തിനും ഉന്നത വിദ്യാഭ്യാസത്തിനുമുള്ള സഹായങ്ങളും ജയിൽ വകുപ്പ് ലഭ്യമാക്കുന്നുണ്ട്.
- ന്യൂസ് ലെറ്റർ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ ജയിൽ വകുപ്പ് ആരംഭിച്ചു. ജയിലിലെ അവകാശങ്ങളെയും കടമകളെയും സംബന്ധിച്ച് ബോധവത്ക്കരണം നടത്തുന്നതിനായി തടവുകാർക്ക് കൈപ്പുസ്തകങ്ങൾ വിതരണം ചെയ്തു
- മിയാവാക്കി മാതൃകയിലുള്ള വനങ്ങൾ വിവിധ ജയിലുകളിൽ തയ്യാറാക്കി

ഉറവിടം: ജയിൽ വകുപ്പ്, കേരള സർക്കാർ

മെച്ചപ്പെടുത്താൻ ലക്ഷ്യമിട്ടുള്ള വിവിധ പരിപാടികളാണ് ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. കലാ–കായിക രംഗങ്ങളിൽ തടവുകാർക്കുള്ള കഴിവുകളും താൽപ്പര്യങ്ങളും പ്രോത്സാഹിപ്പിക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് ഇവ നടപ്പിലാക്കുന്നത്. ജയിലുകളുടെ സുരക്ഷ ശക്തിപ്പെടുത്തുന്നതിനുള്ള ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതും പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്.

## പ്രധാന നേട്ടങ്ങൾ

- **തടവുകാരുടെ പുനരധിവാസം:** തടവുകാരുടെ പുനരധിവാസ പ്രക്രിയയുടെ ഭാഗമായി വിവിധ തൊഴിലധിഷ്ഠിത പരിശീലന പരിപാടികൾ നടപ്പിലാക്കുകയുണ്ടായി. ഇത്തരം പരിശീലനങ്ങളിലൂടെ ജയിൽവാസ കാലയളവ് ഫലപ്രദമായി വിനിയോഗിക്കുവാൻ അവർക്കു സാധ്യമാകുമെന്ന മാത്രമല്ല, ജയിൽ മോചനത്തിന് ശേഷം ഉപജീവന ത്തിന് സഹായകരമാകുന്ന ഒരു തൊഴിൽ നേടുന്നതിനും അവരെ പ്രാപ്തരാക്കും. ബ്യൂട്ടീഷ്യൻകോഴ്സ്, ഡ്രൈവിംഗ്, തയ്യൽ, ഫാഷൻ ഡിസൈനിംഗ്, ഇലക്ട്രിക്കൽ ഹാർഡ്‌വെയർ, കെട്ടിട നിർമ്മാണം, ഭക്ഷ്യ സംസ്കരണം, ബേക്കറി പലഹാര നിർമ്മാണം, പ്ലംബിംഗ്, സ്ക്രീൻ പ്രിന്റിംഗ്, ജൈവ കൃഷി, കമ്പ്യൂട്ടർ ഹാർഡ്‌വെയർ അസംബ്ലിംഗ്, ലിഫ്റ്റ് ഓപ്പറേഷൻ തുടങ്ങി വിവിധ മേഖലകളിലാണ് അന്തേവാസികൾക്ക് പരിശീലനം നൽകിയത്.
- **വീഡിയോ കോൺഫെറൻസിങ്ങിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക:** 470 സ്ഥലങ്ങളിലായി കോടതികളെയും ജയിലുകളെയും ബന്ധിപ്പിക്കുന്ന വിധത്തിലുള്ള വീഡിയോ കോൺഫറൻസിംഗ് സംവിധാനം (കോടതികളിലെ 383 സ്റ്റുഡിയോകളും 53 ജയിലുകളിലായി 87 സ്റ്റുഡിയോകളും) 2021 ഫെബ്രുവരി മാസത്തിൽ 24.24 കോടി രൂപയ്ക്കു കമ്മീഷൻ ചെയ്യുകയുണ്ടായി. കോടതി കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനും, എസ്കോർട്ട് ഡ്യൂട്ടിക്ക് നിയോഗിച്ചിട്ടുള്ള പോലീസ് ഉദ്യോഗസ്ഥരുടെ സേവനങ്ങൾ പുനഃസ്ഥാപിക്കുന്നതിനും, തടവുകാരുടെയും, എസ്കോർട്ട് പോലീസിന്റെയും യാത്രാ ചെലവ് കുറയ്ക്കുന്നതിനും, തടവുകാരെ കോടതിയിൽ ഹാജരാക്കുന്ന വേളയിൽ രക്ഷപെടാനുള്ള സാധ്യത തടയുന്നതും ഉൾപ്പെടെയുള്ള പലവിധ ഗുണങ്ങൾ ഈ സംവിധാനം നിലവിൽ വന്നതിലൂടെ സാധ്യമായി.
- **ജയിലുകളിൽ ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ പെട്രോളിയം വിതരണ കേന്ദ്രങ്ങൾ:** ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡുമായി ചേർന്ന് ജയിൽ വകുപ്പ് 4 പെട്രോളിയം വിതരണ കേന്ദ്രങ്ങൾ ആരംഭിക്കുകയുണ്ടായി – തിരുവനന്തപുരം, വിയ്യൂർ, കണ്ണൂർ, സെൻട്രൽ ജയിലുകളിലെ പരിസരത്തായി മൂന്നെണ്ണവും, മറ്റൊന്ന് ചീമേനിയിലുള്ള തുറന്ന ജയിലിന്റെ പരിസരത്തും. കണ്ണൂർ സെൻട്രൽ ജയിലിലെ വിതരണ കേന്ദ്രങ്ങൾ 2020 ഡിസംബർ 13 മുതലാണ് പ്രവർത്തനം ആരംഭിച്ചത്. മറ്റുള്ള കേന്ദ്രങ്ങൾ 2020 ജൂലൈ 30 മുതൽ പ്രവർത്തിച്ചുവരുന്നു. "ഫ്രീഡം ഫ്യുവൽ ഫില്ലിംഗ് സ്റ്റേഷനുകൾ" എന്ന് പേരിട്ടിരിക്കുന്ന ഈ നാല് ഇന്ധന സ്റ്റേഷനുകളിലായി അറുപത്തിയഞ്ച് തടവുകാർ ജോലി ചെയ്യുന്നു. ജോലിക്കായി മുൻ കുറ്റവാളികളെ വിന്യസിക്കുന്ന രീതിയാണ് മറ്റ് സംസ്ഥാനങ്ങളിൽ സ്വീകരിക്കുന്നത്. ഇതിൽ നിന്നും വ്യത്യസ്തമായി ഈ വിതരണ കേന്ദ്രങ്ങളിൽ തടവുകാരെ തന്നെ വിന്യസിച്ചു വരുന്നു. തടവുകാരുടെ തെറ്റുകൾ തിരുത്തി അവരെ പുനരധിവസിപ്പിക്കുന്നതിനുള്ള ഫലപ്രദമായ ഒരു ചുവടുവയ്പ്പാണിത്. തടങ്കൽ കാലാവധി പൂർത്തിയാക്കുമ്പോൾ അവർക്കു ഇതിലൂടെ ജോലി സാധ്യതയും ലഭിക്കുന്നു. ഈ 4 ഇന്ധന സ്റ്റേഷനുകളിൽ നിന്നും ജയിൽ വകുപ്പിന് ഏകദേശം 350.00 ലക്ഷം രൂപ വാർഷിക വരുമാനം ലഭിക്കും എന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്.

**കോവിഡ്–19 നെതിരെയുള്ള പ്രതിരോധ നടപടികൾ:** കോവിഡ് 19 വൈറസിന്റെ വ്യാപനം തടയുന്നതിനായി

ജയിൽ ആൻഡ് കറക്ഷണൽ സർവീസസ് ഡിപ്പാർട്ട്മെന്റ് താഴെ പറയുന്ന നടപടികളാണ് സ്വീകരിച്ചത്.

- കോവിഡ് ഫസ്റ്റ് ലൈൻ ചികിത്സാ കേന്ദ്രങ്ങളായി ആരംഭിച്ച പതിനാല്ല കേന്ദ്രങ്ങളിലായി, കോടതികളിൽ നിന്ന് റിമാൻഡ് ചെയ്ത തടവുകാരെ കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് പാർപ്പിക്കുന്നതിനുള്ള സൗകര്യം ഒരുക്കുകയുണ്ടായി.
- ജയിലുകളിൽ നിർമ്മിച്ച മാസ്കുകളും സാനിറ്റൈസറുകളും കുറഞ്ഞ വിലയ്ക്ക് പൊതുജനങ്ങൾക്ക് വിതരണം ചെയ്തു. 15 ലക്ഷത്തിലധികം മാസ്കുകളും 15,000 ലിറ്റർ സാനിറ്റൈസറുകളും ഉത്പാദിപ്പിച്ചതിലൂടെ ഏകദേശം 60.00 ലക്ഷം രൂപ ലാഭം നേടുകയുണ്ടായി. ജയിൽ ജീവനക്കാർക്കും തടവുകാർക്കും സൗജന്യമായി മാസ്കുകൾ വിതരണം ചെയ്തു.
- തടവുകാർക്ക് തക്കസമയത്ത് വൈദ്യസഹായം നൽകുവാനും അവരുടെ ആരോഗ്യം ഉറപ്പാക്കുവാനുമായി, 11 മെഡിക്കൽ ഓഫീസർമാരെയും, 35 പാരാമെഡിക്കൽ ജീവനക്കാരെയും പ്രധാന ജയിലുകളിലെല്ലാം മുഴുവൻ സമയവും നിയോഗിച്ചു.
- ഓരോ ജയിലിലും ഒരു ഐസൊലേഷൻ സെൽ/ബ്ലോക്ക് സ്ഥാപിക്കുകയുണ്ടായി. പുതുതായി പ്രവേശിപ്പിക്കപ്പെട്ട തടവുകാരെയും, പരോളിൽ നിന്ന് മടങ്ങിയെത്തുന്നവരെയും ഒരു നിശ്ചിത കാലയളവിലേക്ക് ഇത്തരം ഐസൊലേഷൻ ബ്ലോക്കുകളിൽ പാർപ്പിച്ചു
- സന്ദർശകർക്കായി കർശനമായ സ്ക്രീനിംഗ് സംവിധാനം ഏർപ്പെടുത്തി. തടവുകാരുമായി സംവദിക്കുന്നതിനായി വീഡിയോ കോൺഫറൻസ് സംവിധാനം ക്രമീകരിച്ചു .
- എല്ലാ ജയിലുകളിലെയും സെല്ലുകൾ, ഓഫീസ് മുറികൾ എന്നിവ ഫയർ ആൻഡ് റെസ്ക്യൂ സർവീസസിന്റെ സഹായത്തോടെ ആഴ്ചതോറും അണുവിമുക്തമാക്കി. ക്യാന്റീൻ, പ്രാർത്ഥനാ ഹാൾ, ലൈബ്രറി, ഹെൽത്ത് ക്ലബ് തുടങ്ങിയ പൊതുസ്ഥലങ്ങളിൽ തടവുകാർ ഒത്തുകൂടുന്നതിനു നിരോധനവും ഏർപ്പെടുത്തി.

## സാമൂഹ്യനീതി വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന പ്രൊബേഷൻ, ആഫ്റ്റർ കെയർ സേവനങ്ങൾ

കുറ്റം സ്ഥാപിക്കപ്പെട്ടുവെങ്കിലും, കുറ്റവാളിയുടെ സ്വഭാവ നവീകരണത്തിനായി നിയമവ്യവസ്ഥ സ്വീകരിക്കുന്ന കസ്റ്റഡിയിതര പ്രക്രിയയായിട്ടാണ് പ്രൊബേഷൻ കണക്കാക്കപ്പെടുന്നത്. കാരണം, തടവുശിക്ഷ ചുമത്തുന്നത് കുറ്റവാളിയിൽ ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്ന് മാത്രമല്ല, ജയിൽ മോചിതനായ ശേഷം സാധാരണ സാമൂഹിക ജീവിതത്തിലേക്ക് മാറുവാൻ കുറ്റവാളിയ്ക്ക് വിമുഖത അനുഭവപ്പെടുകയും ചെയ്യും. 1958-ൽ ആയിരുന്നു ഇന്ത്യയിൽ പ്രൊബേഷൻ ഓഫ് ഒഫൻഡേഴ്സ് ആക്ട് നിലവിൽ വന്നത്. പ്രൊബേഷൻ കാലയളവിൽ കുറ്റവാളികളുടെ മേൽനോട്ടം വഹിക്കുന്നതിനും, ശിക്ഷാ കാലയളവിനു മുമ്പുള്ള റിപ്പോർട്ട് മജിസ്ട്രേറ്റിന് നല്കുന്നതിനുമായി ഉത്തരവാദിത്തമുള്ള പ്രൊബേഷൻ ഓഫീസർമാരെ നിയമിക്കണമെന്ന് നിയമം അനുശാസിക്കുന്നു.

കേരള ജയിൽ ചട്ടങ്ങൾ പ്രകാരം, സംസ്ഥാന സർക്കാരിന് ഒരു എക്സിക്യൂട്ടീവ് ഉത്തരവിലൂടെ ചില ജീവപര്യന്തം തടവുകാരെ ജയിലിൽ നിന്ന് മോചിപ്പിക്കുവാനും, നിശ്ചിത കാലയളവിലേക്ക് കുറ്റവാളിയുടെ മേൽനോട്ടം വഹിക്കുവാൻ സാമൂഹിക നീതി വകുപ്പിന് കീഴിലുള്ള ബന്ധപ്പെട്ട പ്രൊബേഷൻ ഓഫീസർക്ക് നിർദേശം നൽകുവാനും സാധിക്കും. പ്രൊബേഷൻ ഓഫീസർ ഇത്തരം തടവുകാരുടെ ദൈനംദിന ജീവിതരീതി നിരീക്ഷിക്കുന്നതോടൊപ്പം, ആ വ്യക്തിക്ക് സമൂഹവുമായി ഇടപഴകുന്നതിനുള്ള സാഹചര്യം ഒരുക്കുകയും ചെയ്യുന്നു. ഈ സംവിധാനത്തേയാണ് കേരളത്തിൽ എക്സിക്യൂട്ടീവ് പ്രൊബേഷൻ എന്ന് അറിയപ്പെടുന്നത്. 2015-നും 2020-നും ഇടയിലുള്ള കാലയളവിലെ ജുഡീഷ്യൽ പ്രൊബേഷണർമാരുടെ (മുതിർന്നവരുടെ) ആകെ എണ്ണം **പട്ടിക 5.5.2**-ൽ രേഖപ്പെടുത്തിയിരിക്കുന്നു.

**പട്ടിക 5.5.2** 2015 മുതൽ 2020 വരെയുള്ള ജുഡീഷ്യൽ പ്രൊബേഷണർമാരുടെ എണ്ണം

| പ്രൊബേഷണർമാരുടെ വിശദാംശങ്ങൾ | പ്രൊബേഷണർമാരുടെ എണ്ണം |
|---|---|
| നിലവിലുള്ള പ്രൊബേഷണർമാർ | 160 |
| മേൽനോട്ടം ഇല്ലാതെ പ്രൊബേഷൻ വിധിച്ചത് | 3 |
| ആകെ പ്രൊബേഷണർമാർ (2015 ജനുവരി 1 മുതൽ 2020 ഡിസംബർ 31 വരെ) | 412 |
| ആകെ | 575 |

ഉറവിടം: സാമൂഹ്യനീതി വകുപ്പ്, കേരളസർക്കാർ

തടവുകാർ തങ്ങളുടെ ശിക്ഷാകാലയളവിൽ നല്ല പെരുമാറ്റം കാഴ്ചവയ്ക്കുന്നതിന്റെ അടിസ്ഥാനത്തിൽ, സർക്കാർ നയത്തിന്റെ ഭാഗമായി, ശിക്ഷാ കാലാവധി തീരുംമുമ്പേ മോചിപ്പിക്കുകയും, മെച്ചപ്പെട്ട പുനരധിവാസത്തിനായി ഒരു നിശ്ചിത കാലയളവിലേക്ക് അവരുടെ മേൽനോട്ടം പ്രൊബേഷൻ ഓഫീസർമാർ നിർവഹിക്കുകയും ചെയ്യുന്നു. പ്രൊബേഷൻ സംവിധാനം മെച്ചപ്പെടുത്തുന്നതിനായി കേരള ജുഡീഷ്യൽ അക്കാദമിയുടെ സഹകരണത്തോടെ ജുഡീഷ്യറി, ജയിൽ, പോലീസ് ഉദ്യോഗസ്ഥർക്ക് പരിശീലനം ആവശ്യമാണ്. ജില്ലാ പ്രൊബേഷൻ ഓഫീസർമാർ മുഖേന കോടതികളിലെ എല്ലാ ഉദ്യോഗസ്ഥർക്കും പ്രൊബേഷൻ സംവിധാനത്തെ സംബന്ധിച്ചുള്ള ജില്ലാതല പരിശീലനവും ബോധവത്കരണവും നൽകിവരുന്നു.

മറ്റ് രാജ്യങ്ങളിൽ/സംസ്ഥാനങ്ങളിൽ അവലംബിച്ചു വരുന്ന വിജയകരമായ നൂതന പ്രൊബേഷൻ രീതികൾ സ്വീകരിക്കുന്നതിന്, കാലടി സംസ്കൃത സർവകലാശാല, തിരുവനന്തപുരം സെന്റർ ഫോർ മാനേജ്മെന്റ് ആൻഡ് ഡെവലപ്മെന്റ് എന്നീ സ്ഥാപനങ്ങൾ മുഖേന ഒരു പഠനം ആരംഭിച്ചിട്ടുണ്ട്. വിദേശത്തെ മികച്ച സമ്പ്രദായങ്ങൾ മനസിലാക്കാൻ ഈ പഠനം ലക്ഷ്യമിടുന്നു.

13-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ, പ്രൊബേഷനും ആഫ്റ്റർ കെയറും എന്ന പദ്ധതിയിൽ പുതിയതായി ഉൾപ്പെടുത്തിയവ ചുവടെ ചേർക്കുന്നു.

- കുറ്റവാളികളുടെ മക്കൾക്ക് പ്രൊഫഷണൽ വിദ്യാഭ്യാസത്തിനുള്ള സഹായം.
- കുറ്റകൃത്യത്തിന് ഇരയായവരുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ സഹായം.

- ദീർഘകാലമായി മാനസികാരോഗ്യ കേന്ദ്രങ്ങളിൽ ദുരിതമനുഭവിച്ചിരുന്ന മുൻ തടവുകാർക്കുള്ള മാനസിക സാമൂഹ്യ പുനരധിവാസ പരിപാടി

### ജയിൽശിക്ഷയുടെ കാലാവധി പൂർത്തിയായവരുടെയും, കുറ്റകൃത്യങ്ങൾക്ക് ഇരയായവരുടെയും പുനരധിവാസ പ്രവർത്തനങ്ങളിൽ 2020-21 കാലയളവിൽ കൈവരിച്ച നേട്ടം

2020-21ൽ ആകെ അനുവദിച്ച 2.50 കോടിയിൽ 1.52 കോടി രൂപ പദ്ധതിക്കായി ചെലവഴിച്ചു. പ്രധാന നേട്ടങ്ങൾ താഴെ പറയുന്നവയാണ്

- കുറ്റകൃത്യങ്ങൾക്ക് ഇരയായവരുടെ മക്കൾക്ക് ധനസഹായം നൽകുന്നതിനായി, 53 ഗുണഭോക്താക്കൾക്കായി 4.86 ലക്ഷം രൂപ ചെലവഴിച്ചു
- തടവുകാരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി 200 ഗുണഭോക്താക്കൾക്കായി 12.84 ലക്ഷം രൂപ ചെലവഴിച്ചു.
- കുറ്റവാളികളുടെ ആശ്രിതർക്കുള്ള സ്വയം തൊഴിൽ പദ്ധതിയിൽ ഉൾപ്പെടുത്തി 40 ഗുണഭോക്താക്കൾക്കായി 7.21 ലക്ഷം രൂപ ചെലവഴിച്ചു.
- മുൻ കുറ്റവാളികളുടെ സ്വയംതൊഴിൽ പദ്ധതിയിലൂടെ 193 ഗുണഭോക്താക്കൾക്കായി 39.90 ലക്ഷം രൂപ ചെലവഴിച്ചു.
- തടവുകാരുടെ മക്കൾക്ക് പ്രൊഫഷണൽ വിദ്യാഭ്യാസത്തിനുള്ള സാമ്പത്തിക സഹായമായി 38,400 രൂപ ചെലവഴിച്ചു
- അക്രമത്തിനിരയായവർക്കുള്ള സ്വയം തൊഴിൽ പദ്ധതി പ്രകാരം 50 ഗുണഭോക്താക്കൾക്കായി 3.552 ലക്ഷം രൂപ ചെലവഴിച്ചു.
- തടവുകാരുടെ പെൺമക്കൾക്കുള്ള വിവാഹ സഹായ പദ്ധതിയിൽ 4 ഗുണഭോക്താക്കൾക്കായി 1.20 ലക്ഷം രൂപ ചെലവഴിച്ചു.

### നേർവഴി-പ്രൊബേഷൻ സംവിധാനത്തിന്റെ നവീകരണവും ശക്തിപ്പെടുത്തലും

കേരളത്തിലെ പ്രൊബേഷൻ സംവിധാനം പുനരുജ്ജീവിപ്പിക്കുന്നതിനും നവീകരിക്കുന്നതിനുമായാണ് സംസ്ഥാനത്ത് ഈ പദ്ധതി നടപ്പിലാക്കുന്നത്. പ്രൊബേഷനു യോഗ്യരായ കുറ്റവാളികളെ കൃത്യമായി തിരിച്ചറിയുക, തിരുത്തൽ നടപടികൾക്കു കുറ്റവാളികൾ പ്രാപ്തരാണോ എന്ന് മനസ്സിലാക്കുവാനുള്ള സമഗ്രമായ അന്വേഷണ റിപ്പോർട്ടുകൾ തയ്യാറാക്കുക, അവരോടു മനഃശാസ്ത്രപരമായ രീതികൾ അവലംബിക്കുക, പ്രൊബേഷണർമാരെ സമൂഹത്തിലേക്ക് കൊണ്ടുവരുന്ന വിധത്തിലുള്ള ഫലപ്രദമായ മേൽനോട്ടം ഉറപ്പാക്കുക എന്നിവയാണ് ലക്ഷ്യമിടുന്നത്. കുറ്റവാളികൾക്ക് വീണ്ടും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നതിനുള്ള പ്രവണത കുറയ്ക്കുക, കുറ്റവാളികളെ മുഖ്യധാരാ സമൂഹത്തിലേക്ക് തിരികെ കൊണ്ടുവരിക, ജയിലുകളിലെ തിരക്ക് കുറയ്ക്കുക, ക്രിമിനൽ നീതിന്യായ വ്യവസ്ഥയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക എന്നിവയാണ് പദ്ധതി ലക്ഷ്യമിടുന്നത്. പ്രൊബേഷൻ സംവിധാനത്തിന്റെ നവീകരണവും ശക്തിപ്പെടുത്തലും 2017 മുതൽ നടപ്പിലാക്കുന്നത് സാമൂഹ്യനീതി വകുപ്പാണ്. ഇതിനായി ഇതുവരെ 3.56 കോടി രൂപ ചെലവഴിച്ചു.

### തണലിടം പ്രൊബേഷൻ ഹോം

1960ലെ കേരള പ്രൊബേഷൻ ഓഫ് ഒഫൻഡേഴ്സ് റൂൾസിലെ സെക്ഷൻ 20 (1) പ്രകാരം, സ്ഥിരമായ താമസസ്ഥലം ഇല്ലാത്ത കുറ്റവാളികൾക്ക് അവർക്കു പ്രൊബേഷൻ, പരോൾ, ശിക്ഷ കാലാവധിക്ക് മുൻപേയുള്ള മോചനം, ജാമ്യം എന്നിവ ലഭിക്കുമ്പോൾ, താൽക്കാലിക താമസസ്ഥലം ഉറപ്പാക്കുന്ന സ്ഥാപനങ്ങളോ വീടുകളോ പ്രവർത്തിപ്പിക്കേണ്ടത് നിർബന്ധമാണ്. ജയിൽ മോചിതരായ ശേഷം, തടവുകാർക്ക് നിരവധി ബുദ്ധിമുട്ടുകൾ നേരിടേണ്ടിവരുകയും പലപ്പോഴും മുൻ കുറ്റവാളികൾ എന്ന നിലയിൽ മുദ്രകുത്തപ്പെടുകയും ചെയ്യുന്നു. ഇക്കാരണത്താൽ, പല കുടുംബാംഗങ്ങളും അവരെ അംഗീകരിക്കാൻ തയ്യാറാകുന്നില്ല. മാത്രവുമല്ല, ഇവർക്ക് വീണ്ടും സമൂഹത്തിൽ ഇടപഴകാനും ഇത് ഒരു തടസ്സമാണ്. ഇത്തരക്കാർക്കായി സാമൂഹ്യനീതി വകുപ്പ് "തണലിടം" പ്രൊബേഷൻ ഹോം എന്നറിയപ്പെടുന്ന ഒരു പുതിയ സംരംഭം ആവിഷ്കരിച്ചിട്ടുണ്ട്.

2020 മാർച്ച് 13 ന് ഗാന്ധിഭവൻ ഇന്റർനാഷണൽ ട്രസ്റ്റുമായി സഹകരിച്ച് കൊല്ലം ജില്ലയിലെ വാളകത്ത് പുരുഷന്മാർക്കായി ഇത്തരമൊരു ഭവനം ആരംഭിച്ചു. ഈ സ്ഥാപനം ഗൃഹാതുരമായ അന്തരീക്ഷം പ്രദാനം ചെയ്യുന്നു, കൂടാതെ കേരളത്തിലെ എല്ലാ ജില്ലകളിൽ നിന്നുമുള്ള 18നും 70നും ഇടയിൽ പ്രായമുള്ള 25 പുരുഷന്മാർക്ക് താമസ സൗകര്യവും നൽകുന്നു. കൃഷി, പൂന്തോട്ടപരിപാലനം, അക്വാ ഫാം, സോപ്പ്, ലോഷൻ എന്നിവയുടെ നിർമ്മാണം, മഷ്റൂം കൾച്ചർ തുടങ്ങി വിവിധ പരിപാടികളിൽ അന്തേവാസികൾ ഏർപ്പെടുന്നു. കൂടാതെ, ശാരീരികവും മാനസികവുമായ ഉല്ലാസത്തിനായി അവർ സ്പോർട്സിലും മറ്റു വിനോദ പ്രവർത്തികളിലും ഏർപ്പെടുന്നു. ഈ പദ്ധതിക്കായി 2020-21ൽ 12 ലക്ഷം രൂപ വിനിയോഗിച്ചു.

### വീക്ഷണം

ജുഡീഷ്യൽ, എക്സിക്യൂട്ടീവ് പ്രൊബേഷണർ മാരുടെ എണ്ണം വർദ്ധിപ്പിക്കുവാനും, അതുവഴി ജയിലിലുള്ള തടവുകാരുടെ എണ്ണം കുറയ്ക്കുന്നതിനും അടുത്ത പദ്ധതി കാലയളവിൽ വകുപ്പ് ഊന്നൽ നൽകുന്നു. ഇതിനായി ജുഡീഷ്യറിയുടെയും മറ്റ് ഗുണഭോക്താക്കളുടെയും കൂട്ടായ സഹകരണം ആവശ്യമാണ്. നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിനായി 1960 ലെ സ്റ്റേറ്റ് പ്രൊബേഷൻ ചട്ടങ്ങളുടെ ഭേദഗതിയും പരിഗണിക്കേണ്ടതുണ്ട്. സാമൂഹിക പ്രതിരോധ നയം, പ്രൊബേഷൻ സംവിധാനം, അവയുടെ ലക്ഷ്യവും ദൗത്യവും, പ്രൊബേഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവയെക്കുറിച്ച് ഇതുമായി ബന്ധപ്പെട്ട വിവിധ മേഖലയിലുള്ളവർക്കിടയിലും, പൊതുജനങ്ങൾക്കിടയിലും അവബോധം സൃഷ്ടിക്കേണ്ടതും ആവശ്യമാണ്.

# 5.6 ജനങ്ങളിലേയ്ക്ക്

ജനങ്ങളെയും സർക്കാരിനെയും ബന്ധിപ്പിക്കുന്ന ഒരു ഘടകമായി പ്രവർത്തിക്കുന്ന സംവിധാനമാണ് വിവര പൊതുജന സമ്പർക്ക വകുപ്പ്. വകുപ്പിന്റെ മൾട്ടി മീഡിയ സംവിധാനങ്ങളിലൂടെ സർക്കാരിന്റെ നയങ്ങളെയും പരിപാടികളെയും കുറിച്ചുള്ള അവബോധം പൊതു ജനങ്ങളിലേയ്ക്ക് എത്തിക്കുന്നു. കേരള സർക്കാരിന്റെ നയങ്ങൾ, പരിപാടികൾ, സംരംഭങ്ങൾ, നേട്ടങ്ങൾ തുടങ്ങിയ വിവരങ്ങൾ അച്ചടി, ഇലക്ട്രോണിക്, സോഷ്യൽ മീഡിയ വഴി പ്രചരിപ്പിക്കുന്ന കേരള സർക്കാരിന്റെ നോഡൽ ഏജൻസിയാണ് വിവര പൊതുജന സമ്പർക്ക വകുപ്പ് (ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്). കൂടാതെ, പൊതുജനങ്ങളിൽ നിന്നുള്ള അഭിപ്രായവും വകുപ്പ് ശേഖരിക്കുന്നുണ്ട്. ഇലക്ട്രോണിക്, ഡിജിറ്റൽ മീഡിയയിലൂടെയാണ് അഭിപ്രായ ശേഖരണം. ഇതുവഴി, സംസ്ഥാന സർക്കാരും ജനങ്ങളും തമ്മിലുള്ള ആശയവിനിമയം നിലനിർത്തുന്നതിന് സാധിക്കുന്നു. സോഷ്യൽ മീഡിയ ക്യാമ്പെയ്നുകളും മൊബൈൽ ജേർണലിസവും പൊതുജന സമ്പർക്കത്തിന്റെ മുഖച്ഛായ മാറ്റുന്നതിനും, കൂടുതൽ പ്രേക്ഷകരിലേക്ക് എത്തിപ്പെടാൻ സാധിക്കുന്നതിനും സഹായിക്കുന്നു.

ദുരന്തം നേരിടുന്ന സന്ദർഭങ്ങളിൽ, ദുരന്ത ബോധവൽക്കരണത്തെക്കുറിച്ചും, ദുരന്ത ലഘൂകരണ പ്രവർത്തനങ്ങളെക്കുറിച്ചും വിവരങ്ങൾ പ്രചരിപ്പിക്കുന്നതിൽ മാധ്യമങ്ങൾ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. 2018-ലെയും 2019-ലെയും അഭൂതപൂർവമായ വെള്ളപ്പൊക്കം മൂലം പ്രകൃതി ദുരന്തം പോലുള്ള നിരവധി പ്രതിസന്ധികൾ സംസ്ഥാനം നേരിട്ടപ്പോൾ വിവിധ മാർഗ്ഗങ്ങളിലൂടെ വിവരങ്ങൾ പ്രചരിപ്പിക്കുന്നതിൽ ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ് (ഐ ആൻഡ് പിആർഡി) നിർണായക പങ്ക് വഹിച്ചു. "ബ്രേക്ക് ദ ചെയിൻ" ക്യാമ്പെയ്നിലൂടെ കോവിഡ്-19 മഹാമാരിയുമായി ബന്ധപെട്ട പ്രചാരണത്തിലും ഒരു സുപ്രധാന പങ്ക് വഹിക്കുകയുണ്ടായി. കോവിഡ് അലേർട്ട് പോസ്റ്റുകൾ സംസ്ഥാനത്തെ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനായി ഐആൻഡ്പിആർഡി ഫേസ് ബുക്ക് ഇന്ത്യയുമായി പങ്കാളിത്തത്തിൽ ഏർപ്പെട്ടിട്ടുണ്ട്.

### പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രധാന നേട്ടങ്ങളും സംരംഭങ്ങളും

### 2017-18

- ഹരിതകേരളം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ആർദ്രം, ലൈഫ് എന്നീ മിഷൻ പദ്ധതികൾ ആരംഭിച്ചതിന്റെ ഭാഗമായി താഴെത്തട്ടിലുള്ള ബോധവൽക്കരണ പരിപാടികൾ സംസ്ഥാനത്തുട നീളം സംഘടിപ്പിച്ചു.
- അന്തർ സംസ്ഥാന പൊതുജന സമ്പർക്ക പ്രവർത്തനങ്ങളുടെ ഭാഗമായി മുംബൈ, ചെന്നൈ, ബെംഗളൂരു എന്നിവിടങ്ങളിൽ വ്യാപാര സാംസ്കാരിക മേളകൾ സംഘടിപ്പിച്ചു. ന്യൂഡൽഹിയിൽ നടന്ന ഇന്ത്യ ഇന്റർനാഷണൽ ട്രേഡ് ഫെയറിൽ വെള്ളി മെഡൽ കരസ്ഥമാക്കി. ഓണാഘോഷത്തോടനുബന്ധിച്ചുള്ള മികച്ച ഫ്ലോട്ടിനുള്ള രണ്ടാം സമ്മാനവും വകുപ്പിന് ലഭിച്ചു.
- പ്രതിരോധ കുത്തിവയ്പ്പിനെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടികളും, പോക്സോ നിയമത്തെക്കുറിച്ച് മാധ്യമപ്രവർത്തകർക്കുള്ള ശിൽപശാലയും,യഥാക്രമം, ആരോഗ്യവകുപ്പിന്റെയും സാമൂഹികനീതി വകുപ്പിന്റെയും സഹകരണത്തോടെ സംഘടിപ്പിക്കുകയുണ്ടായി.
- "സർക്കാർ ധനസഹായ പദ്ധതികൾ" എന്ന പുസ്തകത്തിന്റെ ഇ-പബ് പതിപ്പ് പ്രസിദ്ധീകരിച്ചു. കൂടാതെ, "വിഷൻ നവകേരളം" എന്ന വിഷയത്തെ ആസ്പദമാക്കി വിദ്യാർത്ഥികൾക്കുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കത്ത് പ്രകാശനം ചെയ്യുകയും ചെയ്തു.
- തിരുവനന്തപുരത്ത് ദേശീയ നാടകോത്സവം സംഘടിപ്പിച്ചു

### 2018-19

- ക്ഷേത്രപ്രവേശന വിളംബരത്തിന്റെ 82-ാം വാർഷികത്തോടനുബന്ധിച്ച് പ്രത്യേക പ്രചാരണ പരിപാടികൾ സംഘടിപ്പിച്ചു.
- പൊതുജനങ്ങൾക്കായി "മിഴിവ്" എന്ന പേരിൽ ഒരു വാർഷിക വീഡിയോ നിർമ്മാണ മത്സരം സംഘടിപ്പിച്ചു. സർക്കാരിന്റെ ഏതെങ്കിലും ക്ഷേമ - വികസന പരിപാടികളെ അടിസ്ഥാനമാക്കി പൊതുജനങ്ങൾക്ക് വീഡിയോകൾ നിർമ്മിക്കുവാനും അവ ഓൺലൈനായി സമർപ്പിക്കുവാനും അവസരം നൽകിയതിലൂടെ, തൻ വർഷം 264 വീഡിയോകൾ ലഭിച്ചു.
- കെഎസ്ആർടിസി ബസ് ബ്രാൻഡിംഗ്, റെയിൽവേ സ്റ്റേഷനുകൾ, എയർപോർട്ട്, ബോട്ടുകൾ, ഹോർഡിംഗുകൾ എന്നിവയിലൂടെയുള്ള പരസ്യങ്ങൾ വഴി ഔട്ട്ഡോർ പബ്ലിസിറ്റി ക്യാംമ്പെയ്നുകൾ സംഘടിപ്പിച്ചു.
- ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ് മൂന്ന് മൊബൈൽ ആപ്പുകൾ വികസിപ്പിച്ചിട്ടുണ്ട് - പിആർഡി ലൈവ്, പിആർഡി ഫീഡ്, പിആർഡി മീഡിയ ഹാൻഡ്ബുക്ക്. സർക്കാരുമായി ബന്ധപ്പെട്ട ദൈനംദിന വാർത്തകൾ അറിയുന്നതിന് വേണ്ടിയുള്ള ഒരു ആപ്പാണ് പിആർഡി ലൈവ്. ആൻഡ്രോയിഡ്, ഐഒഎസ് പതിപ്പുകൾ ലഭ്യമാണ്. പിആർഡി ഫീഡ് ഒരു ഔദ്യോഗിക ആപ്പാണ്. മാധ്യമങ്ങളിൽ വരുന്ന വാർത്തകൾ സൂക്ഷ്മപരിശോധനയ്ക്ക് ശേഷം മന്ത്രിമാരുടെയും, സർക്കാർ സെക്രട്ടറിമാരുടെയും ഓഫീസുകളുമായി പങ്കിടുന്നു. മാധ്യമ സ്ഥാപനങ്ങൾ, മാധ്യമ മേഖലയിലെ ഉദ്യോഗസ്ഥർ, മന്ത്രിമാരുടെയും, സർക്കാർ വകുപ്പുകളുടെയും ഓഫീസുകൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾക്കായുള്ള ഒരു റിസോഴ്സ് ആപ്പ് എന്ന നിലയിൽ മാധ്യമ പ്രവർത്തകർക്ക് വേണ്ടിയുള്ളതാണ് പിആർഡി മീഡിയ ഹാൻഡ്ബുക്ക്.

### 2019-20

- തിരുവനന്തപുരം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ സ്ഥാപിച്ച ഹോർഡിംഗുകളിലൂടെ ലോക കേരള സഭയുടെയും, ലൈഫ് മിഷൻ പദ്ധതികളുടെയും പരസ്യങ്ങൾ പ്രചരിപ്പിക്കുകയുണ്ടായി.

ലൈഫ് മിഷനു കീഴിൽ 2 ലക്ഷം വീടുകൾ പൂർത്തീകരിച്ചതിന്റെ ഭാഗമായി പ്രദർശനങ്ങളും സെമിനാറുകളും നടത്തുകയുണ്ടായി.

- കോവിഡ്-19, ബ്രേക്ക് ദ ചെയിൻ ക്യാംമ്പെയ്നുകളെ കുറിച്ച് അവബോധം പ്രചരിപ്പിക്കുന്നതിനായി, ജി.ഒ.കെ ഡയറക്ട് മൊബൈൽ ആപ്പ് ആവിഷ്കരിച്ചു. സെക്കൻഡറി സ്കൂൾ ലീവിംഗ് സർട്ടിഫിക്കറ്റ് (എസ്എസ്എൽസി), പ്ലസ് ടു പരീക്ഷകളുടെ ഫലങ്ങൾ 'പിആർഡി ലൈവ്' മൊബൈൽ ആപ്പ് വഴി പ്രസിദ്ധീകരിച്ചു. ഓട്ടോ-സ്കെയിലിംഗ് സാങ്കേതികവിദ്യ ഉപയോഗിച്ച് 41 ലക്ഷം ജനങ്ങളിലേയ്ക്ക് എത്തിക്കുവാൻ സാധിച്ചു. ഒരു സർക്കാർ ഏജൻസി ആദ്യമായിട്ടാണ് ഇത്തരം സാങ്കേതിക വിദ്യ ഉപയോഗിച്ചത്. ഉപഭോക്താക്കൾ അധികം ആകുമ്പോൾ ഉണ്ടാകുന്ന (പീക്ക് യൂസർ-ലോഡ് ) തടസ്സങ്ങൾ ഒഴിവാക്കാൻ ഇതിലൂടെ സാധിച്ചു.
- (1) ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ 'സ്കൂൾ വിദ്യാർത്ഥികൾക്കുള്ള കത്തിന്റെ" 42.5 ലക്ഷം പകർപ്പുകൾ (2) വായനാപക്ഷാചരണവുമായി ബന്ധപെട്ട 25,000 പോസ്റ്ററുകൾ (3) 'ജനകീയം അതിജീവനം' എന്ന പേരിൽ 20,000 ലഘുലേഖകൾ (4) ഒരാഴ്ച നീണ്ട ഓണാഘോഷ പരിപാടികളുടെ 50,000 ലഘുലേഖകൾ (5) സർക്കാരിന്റെ ധനസഹായ പദ്ധതികളുടെ 50,000 പകർപ്പുകൾ (6) സർക്കാരിന്റെ നാലാം വാർഷികത്തിൽ വളർച്ചയും വികസനവും സൂചിപ്പിക്കുന്ന - സുഭിക്ഷം, ഭദ്രം, സുരക്ഷിതം എന്ന ബ്രോഷറിന്റെ 70 ലക്ഷം കോപ്പികൾ തുടങ്ങിയവയായിരുന്നു ഈ കാലയളവിലെ പ്രസിദ്ധീകരണങ്ങൾ.
- കേരള മീഡിയ അക്കാദമിയുടെ ആഭിമുഖ്യത്തിൽ "മാധ്യമ ചരിത്ര യാത്ര", "ആഗോള മാധ്യമ സംഘം" എന്നിവ സംഘടിപ്പിച്ചു. പബ്ലിക് റിലേഷൻസിൽ സർക്കാർ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിനായി "മോഡേൺ മീഡിയ സ്കിൽ സെന്റർ" എന്ന സ്ഥാപനവും കേരള മീഡിയ അക്കാദമി ആരംഭിച്ചിരുന്നു.
- "റേഡിയോ കേരള" എന്ന പേരിൽ ഇന്റർനെറ്റ് റേഡിയോ സേവനവും ഈ കാലയളവിൽ ആരംഭിച്ചു.
- സോഷ്യൽ മീഡിയയിലെ വ്യാജ വാർത്തകളും സന്ദേശങ്ങളും തടയാൻ ഒരു ഫാക്റ്റ് ചെക്ക് ഡിവിഷൻ (ഐപിആർഡി ഫാക്റ്റ് ചെക്ക് കേരള) ആരംഭിക്കുകയുണ്ടായി. 2000-ലധികം സന്ദേശങ്ങൾ/വാർത്തകൾ പരിശോധിക്കുകയും, 14 കേസുകൾ നിയമനടപടികൾക്കായി കേരള പോലീസിന്റെ സൈബർ ഡോമിലെയ്ക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്തു.

### 2020-21-ൽ നടപ്പിലാക്കിയ ഡിപ്പാർട്ട്മെന്റ് സ്കീമുകളുടെയും അവയുടെ നേട്ടങ്ങളുടെയും അവലോകനം

സർക്കാർ വെബ് പോർട്ടലായ www.kerala.gov.in ന്റെ ഉള്ളടക്കം കൈകാര്യം ചെയ്യുന്നത് I&PRD-യുടെ "വെബ് ആൻഡ് ന്യൂ മീഡിയ" വിഭാഗമാണ്. കൂടാതെ, ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയുടെ ഔദ്യോഗിക വെബ്സൈറ്റ് ആയ www.keralacm.gov.in, സംസ്ഥാന മന്ത്രിമാരുടെ വെബ്സൈറ്റുകൾ എന്നിവയും ഈ വിഭാഗം കൈകാര്യം ചെയ്യുന്നു. ഇവ കൂടാതെ, വാർത്തകൾക്കു മാത്രമായിട്ടുള്ള www.keralanews.gov.in എന്ന ന്യൂസ് പോർട്ടലും; സ്വകാര്യ സ്വത്തു വിവരങ്ങൾ വെളിപ്പെടുത്തുന്ന വെബ്സൈറ്റ് www.pa.kerala.gov.in; ശബരിമല ഉത്സവത്തെക്കുറിച്ചുള്ള വെബ്സൈറ്റ് – www.sabarimala.kerala.gov.in എന്നിവയും ഡിവിഷൻ കൈകാര്യം ചെയ്യുന്നു.

എസ്എസ്എൽസി, ഹയർസെക്കൻഡറി, വൊക്കേഷണൽ ഹയർസെക്കൻഡറി എന്നിവയുടെ വാർഷിക ഫലങ്ങളുടെ പ്രസിദ്ധീകരണം, തിരഞ്ഞെടുപ്പ് ഫലങ്ങളുടെ പ്രകാശനം, I&PRD-യുടെ സോഷ്യൽ മീഡിയ അക്കൗണ്ടുകൾ - ട്വിറ്റർ, ഫേസ്ബുക്ക്, യുട്യൂബ് - കൈകാര്യം ചെയ്യുക മുതലായ പ്രവർത്തികൾ ഈ ഡിവിഷൻ ഏറ്റെടുക്കുന്നു. 2020-21-ൽ ഡിവിഷൻ നടത്തിയ പ്രവർത്തനങ്ങൾ ഇവയെല്ലാമാണ് - (1) വ്യാജ വാർത്തകളും സന്ദേശങ്ങളും തിരിച്ചറിയുന്നതിനുള്ള വസ്തുതാ പരിശോധന നടപടികൾ സ്വീകരിച്ചു. വിവിധ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ പ്രത്യക്ഷപ്പെട്ട 2000-ലധികം വ്യാജ പോസ്റ്റുകളെ I&PRD യുടെ വസ്തുതാ പരിശോധന വിഭാഗം പ്രതിരോധിക്കുകയും, ശരിയായ വസ്തുതകളും വിശദീകരണങ്ങളും നൽകി പൊതുജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുകയും ചെയ്തു (2) സർക്കുലറുകൾ, അറിയിപ്പുകൾ, ടെൻഡറുകൾ, സർക്കാർ റിപ്പോർട്ടുകൾ, നയങ്ങൾ, വാർത്തകൾ, വീഡിയോകൾ, ചിത്രങ്ങൾ, എന്നിവയുൾപ്പെടെ 12,000-ത്തോളം സർക്കാർ ഉത്തരവുകളും കാബിനറ്റ് ഉത്തരവുകളും സർക്കാർ പോർട്ടലിൽ അപ്ലോഡ് ചെയ്യുകയുണ്ടായി (3) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി, കൊവിഡ്-19 നെക്കുറിച്ചുള്ള വ്യാജവാർത്ത, ബ്രേക്ക് ദ ചെയിൻ പ്രവർത്തനങ്ങൾ, ക്ഷേമ പരിപാടികൾ, സർക്കാർ സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തൽ തുടങ്ങിയ മേഖലകളിൽ സോഷ്യൽ മീഡിയ ക്യാംമ്പെയ്നുകൾ നടപ്പിലാക്കി.

വാർത്താ സമ്മേളനത്തിന്റെ വിശദാംശങ്ങൾ പകർത്തുക, പ്രത്യേക അവസരങ്ങളിൽ മീഡിയ സെന്ററുകൾ സ്ഥാപിക്കുക, മീഡിയ അക്രഡിറ്റേഷൻ സേവനങ്ങൾ നൽകുക, മാധ്യമ റിപ്പോർട്ടർമാർക്ക് കാര്യങ്ങൾ പകർത്തുന്നതിനും അവതരിപ്പിക്കുന്നതിനും പ്രത്യേക അവസരങ്ങളിൽ സൗകര്യമൊരുക്കുക, സംസ്ഥാന മാധ്യമ അവാർഡ് ദാന ചടങ്ങ് സംഘടിപ്പിക്കുക തുടങ്ങി നിരവധി പ്രവർത്തനങ്ങൾ പ്രസ് റിലീസ് ഡിവിഷനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. "ക്ലിപ്പ് മെയിൽ" എന്ന ഓൺലൈൻ സേവനത്തിലൂടെ ടെലിവിഷൻ ചാനലുകൾക്കു വേണ്ടി സർക്കാർ പരിപാടികളുടെ വീഡിയോ കവറേജ് ചെയ്യുന്നതിനുള്ള ഉത്തരവാദിത്തം I&PRD-യുടെ സെൻട്രൽ ന്യൂസ് ഡെസ്ക് ഡിവിഷനാണ്. ഇതിലൂടെ 2020-21ൽ സംസ്ഥാനത്തുടനീളം 4,293 വാർത്താശകലങ്ങൾ പ്രക്ഷേപണം ചെയ്തു. 2021 മെയ് മാസത്തിൽ പുതിയ സർക്കാരിന്റെ സത്യപ്രതിജ്ഞാ ചടങ്ങുകളുടെ മാധ്യമ റിപ്പോർട്ടിങ്ങും, പരസ്യ പ്രവർത്തനങ്ങളുടെ ഏകോപനവും, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കൊവിഡ്-19 നോട് അനുബന്ധിച്ചുള്ള വാർത്താസമ്മേളനത്തിന്റെ മാധ്യമ ഏകോപനവും വിവര പൊതുജന സമ്പർക്ക വകുപ്പിന്റെ വാർത്താ സൗകര്യവിഭാഗമാണ് കൈകാര്യം ചെയ്തത്. 6,141 പത്രക്കുറിപ്പുകളും, 1,000 ബഹുഭാഷാ പത്രക്കുറിപ്പുകളും ഈ ഡിവിഷനിലൂടെ 2020-21 ൽ പുറത്തിറക്കി.

**ബോക്സ് 5.6.1** സത്യമേവ ജയതെ' – ഡിജിറ്റൽ മീഡിയ, ഇൻഫർമേഷൻ ലിറ്ററസി ക്യാമ്പയിൻ

> മുഖ്യമന്ത്രിയുടെ 10 പോയിന്റ് പ്രോഗ്രാമിൽ ഉൾപ്പെടുന്ന ഒരു പദ്ധതിയാണ് 'സത്യമേവ ജയതെ'. ഡിജിറ്റൽ മീഡിയയും, ഇൻഫർമേഷൻ ലിറ്ററസി ക്യാമ്പയിനുമായി ബന്ധപെട്ട പരിപാടിയാണിത്. ഇതിന്റെ ഭാഗമായി, സോഷ്യൽ മീഡിയയിലൂടെയുള്ള തെറ്റായ പ്രചരണങ്ങൾക്കെതിരെ പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ നാല് വീഡിയോകൾ സിഡിറ്റ് തയ്യാറാക്കുകയുണ്ടായി. ഈ വീഡിയോകൾ 09.02.2021 മുതൽ VICTERS TV–യിൽ സംപ്രേക്ഷണം ചെയ്യുകയുണ്ടായി. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യുക്കേഷണൽ ടെക്നോളജി മുഖാന്തിരം ഈ ക്യാമ്പയിൻ സംസ്ഥാനത്തുടനീളമുള്ള സ്കൂളുകളിൽ നടപ്പിലാക്കുന്നു

പരിപാടികളുടെ നിർമ്മാണം, ഓഡിയോ–വീഡിയോ ഡോക്യുമെന്റേഷൻ, ന്യൂസ് വിഭാഗം, ഇലക്ട്രോണിക് മീഡിയ എന്നിവയിലാണ് വിഷ്വൽ മീഡിയ ഡിവിഷൻ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രതിവാര സംവേദനാത്മക ടെലിവിഷൻ പ്രോഗ്രാമായ "നാം മുന്നോട്ട്" എന്ന പരിപാടിയുടെ 42 എപ്പിസോഡുകൾ ഐ ആൻഡ് പി ആർ ഡിയുടെ ഓഡിയോ–വിഷ്വൽ ഡോക്യുമെന്റേഷൻ വിഭാഗം നിർമ്മിക്കുകയും സംപ്രേക്ഷണം ചെയ്യുകയും ചെയ്തു. പതിനാലു ചാനലുകളിൽ കൂടി ഇത് സംപ്രേക്ഷണം ചെയ്യുകയുണ്ടായി. പ്രിയകേരളം, നവകേരളം എന്നീ ടെലിവിഷൻ പരിപാടികളുടെ 42 എപ്പിസോഡുകൾ, ആകാശവാണിയുടെ എല്ലാ എഫ്എം സ്റ്റേഷനുകളിലൂടെ ജനപഥം റേഡിയോ പ്രോഗ്രാമിന്റെ 42 എപ്പിസോഡുകൾ തുടങ്ങിയവയാണ് ഡിവിഷനിലൂടെ നടപ്പിലാക്കുന്ന മറ്റ് പ്രവർത്തനങ്ങൾ. കേരളത്തിന്റെ ഭൂതകാലത്തെക്കുറിച്ച് ഒരു ഡിജിറ്റൽ, പ്രിന്റ് ഡോക്യുമെന്റേഷനായ, "കേരളത്തിന്റെ ദൃശ്യ ചരിത്രം" വകുപ്പ് നടപ്പിലാക്കി വരുന്നു. ഇതിന്റെ ഒന്നാം ഘട്ട ജോലികൾ പൂർത്തീകരിച്ചു. സ്വാതന്ത്ര്യത്തിനു മുൻപും പിൻപുമുള്ള കേരള ചരിത്രത്തിന്റെ ഡിജിറ്റൽ ചിത്രീകരണമാണ് ഈ പദ്ധതി. ഈ പ്രോജക്റ്റിന്റെ ഒന്നാം ഘട്ടത്തിൽ കേരളത്തിന്റെ ചരിത്രപരമായ വശങ്ങൾ ഉൾക്കൊള്ളുന്നു. ആറ് മണിക്കൂർ ദൈർഘ്യമുള്ള ഒരു ഡിവിഡി, അഞ്ച് പുസ്തകങ്ങളുടെ സെറ്റ്, അഞ്ച് കോഫി–ടേബിൾ ബുക്കുകൾ എന്നിവ പദ്ധതിയുടെ ഒന്നാം ഘട്ട പ്രവർത്തനങ്ങളുടെ ഭാഗമാണ്.

വിവിധ പരിപാടികളുടെ ഫോട്ടോ കവറേജിന്റെ ചുമതല ഫോട്ടോ പബ്ലിസിറ്റി വിഭാഗത്തിനാണ്. പുതിയ സർക്കാരിന്റെ മന്ത്രിമാരുടെ സത്യപ്രതിജ്ഞാ ചടങ്ങുകളും, കൂടാതെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഒമ്പത് ജില്ലകളിലെ കേരള പര്യടനത്തിന്റെ ഫോട്ടോ കവറേജും പ്രസ്തുത ഡിവിഷനാണ് കൈകാര്യം ചെയ്തത്. 2020–21ൽ, ഈ ഡിവിഷനിലൂടെ 350 പരിപാടികളുടെ കവറേജും, 36,476 ചിത്രങ്ങളും പകർത്തുകയുണ്ടായി. അതിൽ, 464 ചിത്രങ്ങൾ മാധ്യമങ്ങൾക്ക് നൽകുകയും ചെയ്തു. ഇതുകൂടാതെ, വിവിധ ഡോക്യുമെന്റേഷൻ ജോലികളുടെ ഭാഗമായി, 375 പരിപാടികളുടെ കവറേജും, 15,244 ചിത്രങ്ങളും പകർത്തുകയുണ്ടായി.

സർക്കാർ വകുപ്പുകളുടെ പരസ്യങ്ങൾ കൈകാര്യം ചെയ്യുന്നത് വിവര പൊതുജന സമ്പർക്ക വകുപ്പിന്റെ പരസ്യ മാർക്കറ്റിംഗ് വിഭാഗമാണ്. ഈ ഡിവിഷനിലൂടെ, പരസ്യ റിലീസ് മാനേജ്മെന്റ് സോഫ്റ്റ് വെയർ 'ADMIRE' ന്റെ രണ്ടാം ഘട്ട വികസനം പൂർത്തിയായി. ഡിവിഷനിൽ നിന്ന് റിലീസ് ഓർഡർ നൽകുന്നതിനും പത്രങ്ങളിൽ നിന്ന് പേയ്മെന്റിനുള്ള ബില്ലുകൾ സ്വീകരിക്കുന്നതിനും കടലാസുരഹിത അന്തരീക്ഷം സൃഷ്ടിക്കാൻ സഹായിക്കുന്ന ഓട്ടോമേറ്റഡ് റിലീസ് ഓർഡറിനും ബില്ലിംഗ് മാനേജ്മെന്റ് ആവശ്യകതകൾക്കും വേണ്ടിയാണ് 'ADMIRE' സോഫ്റ്റ് വെയർ പ്രധാനമായും ഉദ്ദേശിക്കുന്നത്.

കേരള കോളിംഗ് (ഇംഗ്ലീഷ്), സമകാലികജനപഥം (മലയാളം) എന്നീ ആനുകാലികങ്ങൾ പ്രസിദ്ധീകരിക്കുന്നത് പബ്ലിക്കേഷൻസ് ഡിവിഷനിലൂടെയാണ്. വാർത്താക്കുറിപ്പുകൾ, ലഘുലേഖകൾ, ബ്രോഷറുകൾ, സർക്കാരിന്റെ വിവിധ പ്രവർത്തനങ്ങളെക്കുറിച്ചുള്ള റിപ്പോർട്ടുകൾ എന്നിവ പ്രസിദ്ധീകരിക്കുന്നതും ഈ ഡിവിഷനിലൂടെയാണ്. ഈ കാലയളവിൽ പ്രസിദ്ധീകരിച്ച കേരള കോളിംഗിന്റെ പ്രത്യേക ലക്കങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

- കോവിഡ്–19 നെ പ്രതിരോധിക്കാനുള്ള കേരള മോഡൽ (ഏപ്രിൽ 2020)
- കോവിഡിനെക്കുറിച്ചുള്ള അവബോധം (മെയ് 2020)
- സർക്കാരിന്റെ ആദ്യ 100 ദിന പരിപാടികൾ (സെപ്റ്റംബർ 2020)
- സർക്കാരിന്റെ രണ്ടാമത്തെ 100 ദിന പരിപാടികൾ (ജനുവരി 2021)
- പിണറായി വിജയൻ സർക്കാരിന്റെ 5 വർഷം (ഫെബ്രുവരി 2021)
- "കോവിഡിനെതിരായ കേരളത്തിന്റെ പ്രതിരോധം", "പിണറായി വിജയൻ സർക്കാരിന്റെ 5 വർഷത്തെ നേട്ടങ്ങൾ" എന്നീ രണ്ട് കോഫി ടേബിൾ പുസ്തകങ്ങളും ഡിവിഷൻ പ്രകാശനം ചെയ്തു. കൂടാതെ, കേരളത്തിൽ കോവിഡ്–19 ആദ്യമായി പൊട്ടിപ്പുറപ്പെട്ടതിനെത്തുടർന്ന് 2020 ഏപ്രിലിൽ 15 ദിവസത്തേക്ക് ഒരു പ്രത്യേക ഇ–ബുള്ളറ്റിനും വകുപ്പ് പ്രസിദ്ധീകരിച്ചിരുന്നു.

മലയാളം എഡിറ്റോറിയൽ വിഭാഗം പ്രസിദ്ധീകരിച്ച 'സമകാലിക ജനപഥത്തിന്റെ" പ്രത്യേക ലക്കങ്ങൾ ഇവയായിരുന്നു:

- ലോക കേരള സഭ (ജനുവരി 2020)
- കോവിഡ്–19 (ഏപ്രിൽ 2020)
- വികസനവും സ്വപ്ന പദ്ധതികളും (ജനുവരി 2021)
- വിവാഹവും സ്ത്രീധനവും (ജൂലൈ 2021)

ഈ കാലയളവിൽ ഡിവിഷൻ പ്രസിദ്ധീകരിച്ച മൂന്ന് ഫോൾഡറുകൾ ഇവയെല്ലാമായിരുന്നു – (1) വിവിധ പ്രതിസന്ധികൾക്കെതിരെ കേരളത്തിന്റെ അതിജീവനം (2) കേരളത്തിലെ യുവത്വം, (3) അതിജീവനം. സുഭിക്ഷകേരളത്തെക്കുറിച്ചുള്ള പുസ്തകങ്ങൾ/ബ്രോഷറുകൾ, നിയമസഭയിൽ മുഖ്യമന്ത്രിയുടെ പ്രസംഗങ്ങൾ, സർക്കാരിന്റെ പുരോഗതി റിപ്പോർട്ട്, കടലോളം കരുതൽ, വാക്കിനോപ്പം സർക്കാർ, വികസനത്തിന്റെ നേർക്കാഴ്ച, ശരിയുടെ അഞ്ചുവർഷങ്ങൾ, നല്ലൊരു നാളേയ്ക്ക്, എന്റെ കേരളം, എന്റെ അഭിമാനം

(2021) മുതലായവയായിരുന്നു ഈ കാലയളവിലെ മറ്റ് പ്രസിദ്ധീകരണങ്ങൾ. ജില്ലാ ഇൻഫർമേഷൻ ഓഫീസുകളുടെ നവീകരണത്തിന്റെ ഭാഗമായി, കാസർകോഡ് ജില്ലാ ഇൻഫർമേഷൻ ഓഫീസിന്റെ പുതിയ കെട്ടിടവും, കണ്ണൂർ ജില്ലാ ഇൻഫർമേഷൻ ഓഫീസിന്റെ നവീകരണ പ്രവർത്തനങ്ങളും പൂർത്തിയായി.

വിവര പൊതുജന സമ്പർക്ക വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്വയംഭരണ സ്ഥാപനമാണ് കേരള മീഡിയ അക്കാദമി. ജേർണലിസം മേഖലയിലെ പഠന–ഗവേഷണ പരിപാടികളുടെ നടത്തിപ്പിനോടൊപ്പം, പുസ്തകങ്ങളുടെയും ആനുകാലികങ്ങളുടെയും പ്രസിദ്ധീകരണം, മാധ്യമ അവാർഡ് വിതരണം, ജേർണലിസത്തിൽ നൂതന ഗവേഷണം നടത്തുന്നതിനുള്ള ഫെലോഷിപ്പുകൾ എന്നിവ കൂടാതെ പരിശീലന പരിപാടികൾ, ശിൽപ്പശാലകൾ, സെമിനാറുകൾ എന്നിവയും നടത്തുന്നു. 2021–ൽ മാധ്യമ സംബന്ധിയായ വിഷയങ്ങളിൽ 12 പുസ്തകങ്ങൾ അക്കാദമി പ്രസിദ്ധീകരിച്ചു. വിവിധ ജില്ലകളിലെ ചരിത്രപരമായ കർഷക സമരങ്ങളെ കേന്ദ്രീകരിച്ച് 'ജയ് കിസാൻ' എന്ന പേരിൽ ഫോട്ടോ പ്രദർശനം മാധ്യമ പ്രവർത്തകർക്കും വിദ്യാർത്ഥികൾക്കുമായി 12 വെബിനാറുകൾ കുടുംബശ്രീ അംഗങ്ങൾക്കായി മാധ്യമ പരിശീലന ശിൽപ്പശാല എന്നിവ സംഘടിപ്പിക്കുകയും, കൂടാതെ കേരള മീഡിയ അക്കാദമി ലൈബ്രറിയിൽ ടി.വി.ആർ. ഷേണായി ബുക്ക് കോർണർ ആരംഭിക്കുകയും ചെയ്തു.

**വീക്ഷണം**

ഏറ്റവും നൂതനമായ ഡിജിറ്റൽ കമ്മ്യൂണിക്കേഷനേയും നെറ്റ് വർക്ക് സാങ്കേതികവിദ്യകളെയും അടിസ്ഥാനമാക്കിയുള്ള സംരംഭങ്ങളിലൂടെ വകുപ്പിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വകുപ്പിന്റെ മൊത്തത്തിലുള്ള പ്രവർത്തനങ്ങൾക്ക മെച്ചപ്പെട്ട ഓൺലൈൻ സാന്നിധ്യം പിൻബലം നൽകും. ഇതിനായി, വെബ് ആൻഡ് ന്യൂ മീഡിയ, ഇന്റർനെറ്റ് റേഡിയോ ഡിവിഷൻ എന്നിവ ശക്തിപ്പെടുത്തേണ്ടതുണ്ട്.

അദ്ധ്യായം

# 6

# മാനവ വികസനം

അദ്ധ്യായം
6

# മാനവ വികസനം

## 6.1 വിദ്യാഭ്യാസം

വിദ്യാഭ്യാസ രംഗത്തെ കേരളത്തിന്റെ നേട്ടങ്ങളായ സമ്പൂർണ്ണതയ്ക്കടുത്ത സാക്ഷരത, സൗജന്യവും സാർവത്രികവുമായ പ്രാഥമിക വിദ്യാഭ്യാസം, കുറഞ്ഞ സ്കൂൾ തല കൊഴിഞ്ഞുപോക്ക്, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ എളുപ്പത്തിലുള്ള പ്രവേശനം, പ്രവേശനത്തിലെ ലിംഗസമത്വം എന്നിവ പ്രശസ്തമാണ്.

എല്ലാ വിഭാഗങ്ങളിലെയും, പ്രത്യേകിച്ച് പാർശ്വവൽക്കരിക്കപ്പെട്ടതും ദുർബലവുമായ വിഭാഗങ്ങളിലെ കുട്ടികളുടെ ആവശ്യങ്ങളും ആവശ്യകതകളും പരിഹരിക്കുന്നതിന് പ്രശംസനീയമായ നടപടികൾ സംസ്ഥാനം സ്വീകരിച്ചിട്ടുണ്ട്. വികലാംഗരായ കുട്ടികളുടെ ആവശ്യങ്ങൾ പരിഹരിക്കുന്നതിനായി പ്രൊഫഷണൽ വൈദഗ്ധ്യവും സഹായവും ഉപയോഗിച്ച് പ്രത്യേകം രൂപകല്പന ചെയ്ത പദ്ധതികൾ നടപ്പിലാക്കുന്നു. കലാകായിക മേഖല പോലുള്ള പാഠ്യേതര പ്രവർത്തനങ്ങളിൽ പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്. എന്നിരുന്നാലും കവറേജ്, ശാസ്ത്രീയ സഹായം എന്നിവയിൽ കൂടുതൽ മെച്ചപ്പെടുത്തലുകൾ ആവശ്യമാണ്. സ്കൂൾ വിദ്യാഭ്യാസത്തിന്റെ എല്ലാ ഗുണഭോക്താക്കളുടേയും വ്യത്യസ്ത ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഈ മേഖലയിൽ സമഗ്രമായ മാറ്റം കൊണ്ടുവരുന്നതിനെക്കുറിച്ച് "പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം" (വിദ്യാഭ്യാസമിഷൻ) ലക്ഷ്യം വെയ്ക്കുന്നു. നവകേരളം മിഷന്റെ ഘടകമായ 'വിദ്യാ കിരണം' പദ്ധതി 'പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞ'ത്തിന്റെ തുടർച്ചയാണ്.

കോവിഡ് -19 മഹാമാരി, പഠിക്കുന്നതിനും പഠിപ്പിക്കുന്നതിനും പുതിയ രീതികൾ സ്വീകരിക്കുന്നതിലേക്ക് എത്തിച്ചു. പകർച്ചവ്യാധി, ആരോഗ്യ പരിപാലനം, പരിസ്ഥിതി എന്നിവയുമായി ബന്ധപ്പെട്ട മൾട്ടി ഡിസിപ്ലിനറി വിഷയങ്ങൾ സംസ്ഥാനത്തെ സ്കൂളുകളിലും സർവകലാശാലകളിലും കോളേജുകളിലും അധ്യാപനത്തിനും ഗവേഷണത്തിനും പ്രസക്തമായി മാറിയിരിക്കുന്നു. കോവിഡ്-19 മൂലം ലോകമെമ്പാടും ഓൺലൈൻ അധ്യാപനത്തിനും പഠനത്തിനുമുള്ള ആവശ്യം പെട്ടെന്ന് വർദ്ധിക്കാൻ കാരണമായി. കഴിഞ്ഞ മൂന്ന് വർഷമായി കേരളത്തിൽ ഐ.സി.ടി അധിഷ്ഠിത സ്കൂൾ വിദ്യാഭ്യാസം വളരെ വികസിച്ചിരുന്നതുകൊണ്ട് പകർച്ചവ്യാധി സമയത്ത് ഓൺലൈൻ അധ്യാപനത്തിനും പഠനത്തിനുമുള്ള പ്രക്രിയയിലേക്ക് സുഗമമായി മാറാൻ സഹായിച്ചു. വിദ്യാകിരണം പരിപാടിയിലൂടെ, സീറോ ഡിജിറ്റൽ ഡിവൈഡ് ഉറപ്പാക്കുന്നതിനായി സംസ്ഥാനത്തെ നിർദ്ധനരായ 4 ലക്ഷം വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ ഉപകരണങ്ങൾ നൽകാൻ സർക്കാർ തീരുമാനിച്ചു.

**സാക്ഷരത**

ഒരു രാജ്യത്തിന്റെ മാനവ മൂലധനത്തിന്റെ ഗുണനിലവാരത്തിന്റെ ഏറ്റവും പ്രധാന സൂചകം സാക്ഷരതയാണ്. സാക്ഷരത കണക്കിലെടുക്കുമ്പോൾ 93.91 ശതമാനം സാക്ഷരത നിരക്ക് നേടിക്കൊണ്ട് ഇന്ത്യയിൽ ഒന്നാം സ്ഥാനത്താണ് കേരളം. ലക്ഷദ്വീപും (92.28 ശതമാനം) മിസോറാമും (91.58 ശതമാനം) കേരളത്തിന്റെ തൊട്ടു പുറകിലുണ്ട് (സെൻസസ്സ് ഓഫ് ഇന്ത്യ 2011). 1951-ൽ 47.18 ശതമാനമായിരുന്ന കേരളത്തിലെ സാക്ഷരതാനിരക്ക് 2011 ആയപ്പോൾ ഏകദേശം ഇരട്ടിയായി. 1951 ൽ 22 ശതമാനമായിരുന്ന സ്ത്രീ-പുരുഷ സാക്ഷരതാന്തരം 2011-ൽ 4.04 ശതമാനമായി താഴ്ന്നു. സ്ത്രീ സാക്ഷരതയിൽ കേരളം 92 ശതമാനത്തോടെ രാജ്യത്ത് ഒന്നാമത് നിൽക്കുമ്പോൾ രാജസ്ഥാനാണ് ഏറ്റവും പിന്നിലുള്ളത് (52.66 ശതമാനം) (സെൻസസ് ഓഫ് ഇന്ത്യ 2011). 1951 മുതൽ 2011 വരെയുള്ള സാക്ഷരതാ മിഷൻ നിരക്കുകൾ **അനുബന്ധം 6.1.1**-ൽ കൊടുത്തിരിക്കുന്നു. സാക്ഷരതാ നിരക്കിന്റെ കാര്യത്തിൽ ജില്ലകൾ തമ്മിലുള്ള അന്തരം വളരെ കുറവാണ്. കേരളത്തിന്റെ സാക്ഷരതാ നിരക്ക് ജില്ലതിരിച്ച് വിശകലനം ചെയ്യുമ്പോൾ 96.93 ശതമാനത്തോടെ പത്തനംതിട്ടയാണ് സാക്ഷരതയിൽ ഏറ്റവും മുന്നിൽ. 96.41 ശതമാനത്തോടെ കോട്ടയം ജില്ലയും 96.26 ശതമാനത്തോടെ ആലപ്പുഴയും തൊട്ടുപിന്നിലുണ്ട്. സംസ്ഥാനത്തെ ഏറ്റവും കുറഞ്ഞ സാക്ഷരതാ നിരക്കുള്ള ജില്ല പാലക്കാടാണ് (88.49 ശതമാനം). 2001, 2011 വർഷങ്ങളിലെ പുരുഷ-സ്ത്രീ വിഭാഗം തിരിച്ചുള്ള ജില്ലകളിലെ സാക്ഷരതാ നിരക്കുകൾ **അനുബന്ധം 6.1.2**-ൽ കൊടുത്തിരിക്കുന്നു.

സാക്ഷരതാ രംഗത്തും തുടർ വിദ്യാഭ്യാസ മേഖലയിലും പല നൂതന പദ്ധതികളും കേരള സംസ്ഥാന സാക്ഷരതാ മിഷൻ നടപ്പിലാക്കി വരുന്നു. സാക്ഷരത എന്നാൽ വെറും എഴുത്തും വായനയും പഠിക്കുക മാത്രമല്ല മറിച്ച് ആരോഗ്യപരവും വളർച്ചാപരവുമായ ഒരു സാമൂഹിക ജീവിതം എങ്ങനെ വളർത്തിയെടുക്കാം എന്ന അവബോധം വളർത്തിയെടുക്കൽ കൂടിയാണ്. ഈ ആശയം മുന്നിൽ വച്ചുകൊണ്ട് കേരള സാക്ഷരത മിഷൻ അതോറിറ്റി (കെ.എസ്.എൽ.എം.എ) ആരംഭിച്ച സാമൂഹ്യ സാക്ഷരത പദ്ധതി ലക്ഷ്യം വയ്ക്കുന്നത് ആരോഗ്യം, പരിസ്ഥിതി, ലിംഗഭേദം, കേരള നവോത്ഥാനം, ഇന്ത്യൻ ഭരണഘടന, ഇ-വിദ്യാഭ്യാസം എന്നീ മേഖലകളെയാണ്. അടുത്തകാലത്തായി കേരള സംസ്ഥാന സാക്ഷരതാ മിഷൻ പ്രത്യേക സാക്ഷരതാ പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. പട്ടികജാതി പട്ടികവർഗക്കാർ, കുടിയേറ്റത്തൊഴിലാളികൾ, ട്രാൻസ്

ജെൻണ്ടർ വിഭാഗക്കാർ തുടങ്ങിയവർക്കായുള്ള സാക്ഷരതാ പരിപാടി കേരളത്തിന്റെ ഇന്നത്തെ അവസ്ഥയ്ക്ക് യോജിക്കുന്നതാണ്. സാക്ഷരതയ്ക്കും തുടർവിദ്യാഭ്യാസത്തിനും കീഴിലുള്ള മുതിർന്ന പഠിതാക്കൾ ഈ പ്രോഗ്രാമുകളുടെ നേരിട്ടുള്ള ഗുണഭോക്താക്കളാണ്.

**ചങ്ങാതി:** കേരളത്തിലെ കുടിയേറ്റ തൊഴിലാളികളെ സാക്ഷരരാക്കാനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. 2018–19 ൽ 14 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ഈ പരിപാടി നടപ്പാക്കുകയും 2,256 കുടിയേറ്റ തൊഴിലാളികൾ സാക്ഷരരാവുകയും ചെയ്തു. കേരളത്തിലെ 25 ലക്ഷത്തോളം കുടിയേറ്റ തൊഴിലാളികൾക്ക് ഭാവിയിൽ പ്രയോജനം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. 2020–21 ൽ 2,031 പേർ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തു. വായനയ്ക്കും എഴുത്തിനും പരിശീലനം നൽകുന്നതിനു പുറമെ, നല്ല ആരോഗ്യം, ശുചിത്വ രീതികൾ എന്നിവയെക്കുറിച്ചുള്ള അവബോധവും ഇതിന്റെ ഭാഗമായി നൽകുന്നു. വിവിധ സാക്ഷരതാ പരിപാടികളിൽ രജിസ്റ്റർ ചെയ്ത വ്യക്തികളുടെ എണ്ണം, **പട്ടിക 6.1.1**–ൽ കൊടുത്തിരിക്കുന്നു.

കഴിഞ്ഞ ഏതാനും വർഷങ്ങളായി 4, 7 ക്ലാസുകളിലെ തുല്യതാ പരീക്ഷയ്ക്ക് ഹാജരായവരുടെ എണ്ണം കൂടി വരുന്നതായി കാണുന്നു. എന്നാൽ 2021 ൽ കോവിഡ്–19 മായി ബന്ധപ്പെട്ട അടച്ചിടൽ കാരണം ഈ എണ്ണം കുറയാനിടയായി. കെ.എസ്.എൽ.എം.എ യുടെ കാര്യക്ഷമമായ പ്രവർത്തനഫലമായി പ്രേരകുമാർക്ക് അർഹരായ ആളുകളെ കണ്ടെത്തി അവരെ വിവിധ തുല്യത പദ്ധതിയിൽ ചേർക്കാൻ സാധിച്ചിട്ടുണ്ട്. വളരെ നല്ലൊരു വിഭാഗത്തെതന്നെ വിദ്യാഭ്യാസത്തിലേയ്ക്ക് തിരികെ കൊണ്ടുവരാൻ പ്രത്യേകിച്ച് പത്താം തരത്തിലേയ്ക്കും പന്ത്രണ്ടാം തരത്തിലേയ്ക്കും ചേർക്കാൻ കെ. എസ്. എൽ. എം. എ.യുടെ പ്രയത്നം കൊണ്ട് സാധിച്ചിട്ടുണ്ട് (**പട്ടിക 6.1.2**). സാക്ഷരതാ തുല്യതാ പരിപാടിയിൽ നിന്ന് 2021–ൽ പ്രയോജനം നേടിയവരുടെ എണ്ണം **അനുബന്ധം 6.1.3**–ൽ നൽകിയിരിക്കുന്നു.

തുല്യതാ പരിപാടിയിൽ ചേരുന്നവരിൽ പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗത്തിൽ പെടുന്നവരുടെ എണ്ണം കൂടുതലാണെന്ന് കാണാം. കേരള സംസ്ഥാന സാക്ഷരതാ മിഷന്റെ കഴിഞ്ഞ കുറെ വർഷങ്ങളിലെ ശ്രമഫലമായി ട്രാൻസ് ജെൻണ്ടർ വിഭാഗത്തിൽപ്പെട്ടവരും ഈ പദ്ധതിയുടെ ഭാഗമായി. 2021–ൽ പത്താം തരത്തിലും പന്ത്രണ്ടാം തരത്തിലുമായി 42 പേർ തുല്യതാ പരിപാടിയിൽ ചേർന്നു. അതുപോലെ തന്നെ ഭിന്നശേഷിക്കാരുടെ ഉയർന്ന പ്രാതിനിധ്യവും കാണാവുന്നതാണ്.

## സ്കൂൾ വിദ്യാഭ്യാസം

വിദ്യാഭ്യാസത്തിന്റെ എല്ലാ പ്രവർത്തനങ്ങളും 1 മുതൽ 10 വരെ ക്ലാസുകളിലും, ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി തലങ്ങളിലും ഏകോപിപ്പിക്കുന്നത് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റാണ്. നേരത്തെ 1 മുതൽ 10 വരെയുള്ള ക്ലാസുകൾ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ ഭരണ നിയന്ത്രണത്തിലായിരുന്നു. ഹയർസെക്കൻഡറി, വൊക്കേഷണൽ ഹയർസെക്കൻഡറി വിദ്യാഭ്യാസത്തിന് പ്രത്യേകം ഡയറക്ടറേറ്റുകളും നിലവിലുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ ഈ മൂന്ന് വിഭാഗങ്ങളും പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ലയിപ്പിച്ചിരിക്കുകയാണ്.

2020–21–ൽ കേരളത്തിൽ ഉണ്ടായിരുന്ന 12,986 സ്കൂളുകളിൽ, 4,697 (36.17 ശതമാനം) സർക്കാർ സ്കൂളുകളും 7,214 (55.55 ശതമാനം) എയ്ഡഡ് സ്കൂളുകളും 1,075 (8.28 ശതമാനം) അൺ എയ്ഡഡ് സ്കൂളുകളുമാണ്. അപ്പർ പ്രൈമറി (യുപി), ഹൈസ്കൂൾ (എച്ച്എസ്) വിഭാഗങ്ങളെ അപേക്ഷിച്ച് ലോവർ പ്രൈമറി (എൽപി) വിഭാഗത്തിലാണ് കൂടുതൽ സർക്കാർ സ്കൂളുകൾ പ്രവർത്തിക്കുന്നത്. എയ്ഡഡ് സ്കൂളുകൾ എല്ലാ വിഭാഗത്തിലും സർക്കാർ സ്കൂളുകളെക്കാൾ എണ്ണത്തിൽ മുന്നിലാണ്.

**പട്ടിക 6.1.1** സാക്ഷരതാ പദ്ധതികളുടെ നിലവിലെ അവസ്ഥ– 2020–21

| ക്രമനം. | പദ്ധതിയുടെ പേര് | രജിസ്റ്റർ ചെയ്തവരുടെ എണ്ണം |
|---|---|---|
| 1 | അടിസ്ഥാന സാക്ഷരതാ പരിപാടി | 31,247 |
| 2 | പട്ടികവർഗക്കാർക്കുള്ള പ്രത്യേക പദ്ധതി (അട്ടപ്പാടി) | 1,893 |
| 3 | പട്ടികവർഗ്ഗക്കാർക്കുള്ള പ്രത്യേക പദ്ധതി (വയനാട്) | 24,472 |
| 4 | പട്ടികജാതിക്കാർക്കുള്ള പ്രത്യേക സാക്ഷരത / തുല്യതാ പരിപാടി (നവചേതന) | 2,018 |
| 5 | കുടിയേറ്റ തൊഴിലാളികൾക്കായുള്ള പ്രത്യേക സാക്ഷരതാ പരിപാടി – ചങ്ങാതി | 2,031 |
| 6 | ട്രാൻസ്ജെൻഡറുകൾക്ക് തുടർ വിദ്യാഭ്യാസത്തിനുള്ള പ്രത്യേക പദ്ധതി (സമന്വയ) | 100 |
| 7 | പരിസ്ഥിതി സാക്ഷരതാ പദ്ധതി | ഓൺലൈൻ സാക്ഷരതാ ബോധവൽക്കരണ ക്യാമ്പയിനിൽ 5 ലക്ഷത്തിലധികം ആളുകൾ പങ്കെടുത്തു |


അവലംബം: കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി

**പട്ടിക 6.1.2** പന്ത്രണ്ടാം തരത്തിലും, പത്താം തരത്തിലും തുല്യതാ കോഴ്സുകളിൽ ചേർന്നവരുടെ എണ്ണം 2020ലും 2021ലും

| പാഠ്യക്രമം | | സ്ത്രീ | പുരുഷൻ | ട്രാൻസ് ജെൻണ്ടർ | പട്ടിക ജാതി | പട്ടിക വർഗ്ഗം | ഭിന്നശേഷി ക്കാർ | ആകെ |
|---|---|---|---|---|---|---|---|---|
| ഹയർ സെക്കണ്ടറി | 2020 | 9,524 | 14,252 | 30 | 5,273 | 759 | 371 | 23,806 |
| | 2021 | 11,670 | 6,739 | 25 | 4,346 | 709 | 211 | 18,434 |
| എസ്.എസ്.എൽ. സി | 2020 | 10,898 | 11,026 | 22 | 5,148 | 839 | 613 | 21,946 |
| | 2021 | 10,599 | 7,746 | 17 | 4,148 | 673 | 506 | 18,362 |

അവലംബം: സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി

**ചിത്രം 6.1.1** മാനേജ്മെന്റ് തിരിച്ച് വിദ്യാലയങ്ങളുടെ എണ്ണം 2020-21




അവലംബം: പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ്

2020-21-ൽ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ സ്കൂളുകൾ മലപ്പുറം ജില്ലയിലാണ് (1,570) തൊട്ടു പിന്നാലെ കണ്ണൂരും (1,311), കോഴിക്കോടുമാണ് (1,281). സംസ്ഥാനത്ത് ഏറ്റവും കൂടുതൽ സർക്കാർ സ്കൂളുകളും (556) അൺ എയ്ഡഡ് സ്കൂളുകളും (208 എണ്ണം) ഉള്ളതും മലപ്പുറത്തുതന്നെയാണ്. എന്നാൽ കണ്ണൂർ ജില്ലയിലാണ് ഏറ്റവും കൂടുതൽ എയ്ഡഡ് സ്കൂളുകൾ ഉള്ളത് (963). **അനുബന്ധം 6.1.4**-ൽ ജില്ല/മാനേജ്മെന്റ്/തലം തിരിച്ച് 2020-21 ലെ കേരളത്തിലെ സ്കൂള് കളുടെ വിശദാംശങ്ങൾ കൊടുത്തിട്ടുണ്ട്.

2020-21-ൽ സംസ്ഥാനത്തെ 1,534 സ്കൂളുകളിൽ സംസ്ഥാന സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതിൽ നിന്നും വ്യത്യസ്തമായ പാഠ്യപദ്ധതിയാണ് അനുവർത്തിച്ചുപോരുന്നത്. ഇതിൽ 1,320 സി.ബി.എസ്.ഇ. സ്കൂളുകളും, 164 ഐ.സി.എസ്.ഇ. സ്കൂളുകളും, 36 കേന്ദ്രീയ വിദ്യാലയങ്ങളും, 14 ജവഹർ നവോദയ വിദ്യാലയങ്ങളും ഉണ്ട്. എല്ലാ ജില്ലയിലും ഓരോ ജവഹർ നവോദയ വിദ്യാലയം പ്രവർത്തിക്കുന്നു. കേരള സർക്കാർ പാഠ്യപദ്ധതി അല്ലാത്ത പാഠ്യപദ്ധതി അനുവർത്തിക്കുന്ന, 2020-21 വർഷത്തിലെ സ്കൂളുകളുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് **അനുബന്ധം 6.1.5**-ൽ കൊടുത്തിട്ടുണ്ട്.

## സർക്കാർ സ്കൂളുകളിലെ പശ്ചാത്തല വികസനവും സൗകര്യങ്ങളും

കേരളത്തിലെ എല്ലാ സർക്കാർ സ്കൂളുകളും പ്രവർത്തിക്കുന്നത് ഉറപ്പുള്ള കെട്ടിടങ്ങളിലാണ്. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 95 സർക്കാർ സ്കൂളുകൾക്ക് സ്വന്തം കെട്ടിടം നിർമ്മിക്കേണ്ടതുണ്ട്. കെട്ടിട സൗകര്യമുള്ള സർക്കാർ സ്കൂളുകളുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് **അനുബന്ധം 6.1.6**-ൽ കൊടുത്തിട്ടുണ്ട്. സംസ്ഥാനത്തുള്ള സർക്കാർ സ്കൂളുകളുടെ പശ്ചാത്തലവികസനവും സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സർവ്വശിക്ഷാ കേരള പോലുള്ള പരിപാടികളും വളരെയേറെ സഹായിച്ചിട്ടുണ്ട്. കിഫ്ബിക്ക് കീഴിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി അഞ്ച് കോടി രൂപ, മൂന്ന് കോടി രൂപ, ഒരു കോടി രൂപ വീതം യഥാക്രമം 141, 386, 446 സ്കൂളുകൾക്കായി അനുവദിച്ചിട്ടുണ്ട്. 5 കോടിയുടെ കാറ്റഗറിയിൽ 120 സ്കൂളുകളിലും 3 കോടിയുടെ കാറ്റഗറിയിൽ 96 സ്കൂളുകളിലും കെട്ടിട നിർമാണം പൂർത്തിയായി. നബാർഡിന്റെ സഹായത്തോടെ 104 കോടി രൂപ വിനിയോഗിച്ച് 52 സ്കൂളുകളുടെ കെട്ടിട നിർമാണം പൂർത്തീകരിച്ചു. കണക്കുപ്രകാരം 99.64 ശതമാനം സർക്കാർ സ്കൂളുകളിൽ കുടിവെള്ള സൗകര്യവും, മിക്കവാറും എല്ലാ സ്കൂളുകളിലും മൂത്രപ്പുര/കക്കൂസ് സൗകര്യങ്ങളുമുണ്ട്. കുടിവെള്ളം/മൂത്രപ്പുര/കക്കൂസ് സൗകര്യങ്ങളോടുകൂടിയ സർക്കാർ സ്കൂളുകളുടെ 2019-20 ലെ ജില്ല തിരിച്ചുള്ള കണക്ക് **അനുബന്ധം 6.1.7**-ൽ കാണാം. (കോവിഡ്-19 കാരണം സ്കൂളുകൾ അടച്ചിട്ടിരുന്നതിനാൽ 2020-21 ലെ കണക്ക് ലഭ്യമല്ല).

## വിദ്യാർത്ഥികളുടെ പ്രവേശനം

വിദ്യാർത്ഥികളുടെ പ്രവേശനം 2020-21 ലെ 37.58 ലക്ഷത്തിൽ നിന്ന് 2021-22-ൽ (താൽക്കാലികം) 38.68 ലക്ഷമായി ഉയർന്നു. എൽ.പി, യു.പി വിഭാഗങ്ങളിലാണ് വർധന കൂടുതൽ ഉണ്ടായത്. കേരളത്തിലെ സ്കൂളുകളിൽ പ്രവേശനം ലഭിച്ച കുട്ടികളുടെ എണ്ണം വിഭാഗം തിരിച്ച് 2015-16 മുതൽ 2021-22 വരെ **അനുബന്ധം 6.1.8**-ൽ കൊടുത്തിരിക്കുന്നു. 2020-21 മുതൽ 2021-22 വരെയുള്ള കാലയളവിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണത്തിൽ വലിയ വർദ്ധനവ് കാണിക്കുന്നു. 2021-22ൽ (താൽക്കാലികം) സ്കൂളുകളിൽ മാനേജ്മെന്റ് അടിസ്ഥാനത്തിലും ക്ലാസ് തിരിച്ചുമുള്ള കുട്ടികളുടെ സ്കൂൾ പ്രവേശനം സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം 6.1.9**-ൽ നൽകിയിരിക്കുന്നു. എല്ലാ വിഭാഗങ്ങളിലും, സ്വകാര്യ എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾ, സർക്കാർ, അൺ എയ്ഡഡ് സ്കൂളുകളിലെ വിദ്യാർ

ത്ഥികളെക്കാൾ കൂടുതലാണ് (**ചിത്രം 6.1.2**). 2021–22–ൽ സംസ്ഥാനത്തെ സ്കൂളുകളിൽ ജില്ല തിരിച്ച്, ഘട്ടം തിരിച്ച്, ആൺ–പെൺ തിരിച്ച് പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ **അനുബന്ധം 6.1.10**–ൽ കൊടുത്തിരിക്കുന്നു. എല്ലാ വിഭാഗങ്ങളിലും ജില്ലകളിലും പെൺകുട്ടികളേക്കാൾ ആൺകുട്ടികൾ കൂടുതലാണ്.

മുൻവർഷങ്ങളെ അപേക്ഷിച്ച് 2020–21 അധ്യയന വർഷത്തിൽ കേരളത്തിലെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ 1,28,504 പുതിയ വിദ്യാർത്ഥികൾ പ്രവേശനം തേടി. 2021–22 വർഷം ഇത് 2,56,448 ആണ്. കോവിഡ്–19 മഹാമാരി സമയത്ത്, വിദ്യാർത്ഥികൾ പൊതു വിദ്യാലയ ങ്ങളെയാണ് തെരഞ്ഞെടുത്തതെന്നും മുൻ വർഷങ്ങളെ അപേക്ഷിച്ച് കൂടുതൽ വിദ്യാർത്ഥികൾ സർക്കാർ സ്കൂളുകളിൽ ചേർന്നിട്ടുണ്ടെന്നും കാണുന്നു. കഴിഞ്ഞ അഞ്ച് വർഷമായി സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ പ്രവേശനം തേടിയ പുതിയ വിദ്യാർത്ഥികളുടെ എണ്ണം 8,91,046 ആണ് (**പട്ടിക 61.3**).

### പെൺകുട്ടികളുടെ സ്കൂൾ പ്രവേശനം

2021–22 ൽ, സ്കൂളുകളിലെ ആകെയുള്ള വിദ്യാർത്ഥികളിൽ 48.38 ശതമാനം പെൺകുട്ടികളാണ്. എല്ലാ ജില്ലകളിലും ആൺകുട്ടികളുടെ എണ്ണം പെൺകുട്ടികളുടേതിനേക്കാൾ കൂടുതലാണ്. എന്നിരുന്നാലും സ്കൂൾ പ്രവേശനത്തിന്റെ കാര്യത്തിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ലിംഗപദവി അസമത്വം കേരളത്തിൽ തുലോം കുറവാണ്.

### പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം

2021–22 ലെ കണക്ക് പ്രകാരം സംസ്ഥാനത്ത് ആകെയുള്ള വിദ്യാർത്ഥികളിൽ 9.90 ശതമാനം പട്ടികജാ തിയിൽപ്പെട്ടവരാണ്. സ്വകാര്യ എയ്ഡഡ്, പ്രൈവറ്റ് അൺ എയ്ഡഡ് സ്കൂളുകളെ അപേക്ഷിച്ച് സർക്കാർ സ്കൂളുകളിലെ പട്ടികജാതി പട്ടികവർഗ്ഗ കുട്ടികളുടെ ശതമാനം കൂടുതലാണ്. സർക്കാർ സ്കൂളുകളിലും സ്വകാര്യ എയ്ഡഡ് സ്കൂളുകളിലും സ്വകാര്യ അൺ എയ്ഡഡ് സ്കൂളുകളിലും പട്ടികജാതി വിദ്യാർത്ഥികളുടെ ശതമാനം യഥാക്രമം 12.29, 9.49, 3.95 എന്നിങ്ങനെയാണ്. (**പട്ടിക 6.1.4**).


2021–22–ൽ സംസ്ഥാനത്ത് ആകെ സ്കൂൾ പ്രവേശനം നേടിയ കുട്ടികളിൽ 1.85 ശതമാനം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരാണ്. 2021–22ൽ സർക്കാർ/എയ്ഡഡ്/അൺഎയ്ഡഡ് സ്കൂളുകളിൽ പട്ടികവർഗ വിദ്യാർത്ഥികളുടെ ശതമാനം യഥാക്രമം 3.33, 1.23, 0.47 എന്നിങ്ങനെയാണ്. 2021–22 ലെ സംസ്ഥാനത്തെ എസ്‌സി/എസ്ടി വിദ്യാർത്ഥികളുടെ സ്റ്റാൻഡേർഡ് തിരിച്ചുള്ള എണ്ണം **അനുബന്ധം 6.1.11**–ൽ നൽകിയിരി ക്കുന്നു. സംസ്ഥാനത്തെ മൊത്തം പട്ടിക ജാതി–പട്ടികവർഗ വിദ്യാർത്ഥികളിൽ 3.67 ശതമാനം പട്ടികജാതിക്കാരും 2.32 ശതമാനം പട്ടികവർഗക്കാരും മാത്രമാണ് സ്വകാര്യ അൺഎയ്ഡഡ് സ്കൂളുകളിൽ ചേർന്നത്. ബാക്കിയുള്ളവർ സർക്കാർ, സ്വകാര്യ എയ്ഡഡ് സ്കൂളുകളിൽ പ്രവേശനം നേടിയവരാണ്. സംസ്ഥാനത്ത് ആകെയുള്ള പട്ടിവർഗ്ഗ വിദ്യാർത്ഥികളിൽ 59 ശതമാനവും പ്രവേശനം നേടിയിരിക്കുന്നത് ഗവൺമെന്റ് സ്കൂളുകളിലാണ്.

**പട്ടിക 6.1.4** കേരളത്തിലെ സ്കൂളുകളിലെ പട്ടിക ജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ അനുപാതം, 2021–22–ൽ (താൽക്കാലികം)

| മാനേജ്മെന്റ് | മറ്റുള്ളവർ | പട്ടിക ജാതി | പട്ടിക വർഗ്ഗം |
|---|---|---|---|
| സർക്കാർ | 84.38 | 12.29 | 3.33 |
| സ്വകാര്യ എയ്ഡഡ് | 89.28 | 9.49 | 1.23 |
| സ്വകാര്യ അൺ എയ്ഡഡ് | 95.57 | 3.95 | 0.47 |
| ആകെ | 88.25 | 9.90 | 1.85 |

അവലംബം: പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്

**ചിത്രം 6.1.2** കേരളത്തിലെ വിദ്യാർത്ഥികളുടെ മാനേജ്മെന്റ് അടിസ്ഥാനത്തിലും വിഭാഗം തിരിച്ചുമുള്ള പ്രവേശനം, 2021–22–ൽ




അവലംബം: പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ്

**പട്ടിക 6.1.3** കേരളത്തിലെ പൊതു വിദ്യാലയങ്ങളിൽ പ്രവേശനം നേടിയ പുതിയ വിദ്യാർത്ഥികൾ, 2016–17 മുതൽ 2021–22 വരെ

| മാനേജ്മെന്റ് | സ്റ്റാൻഡേർഡ് | | | ആകെ I–X |
|---|---|---|---|---|
| | I–IV | V–VII | VIII–X | |
| **2016–17 മുതൽ 2017–18 വരെ** | | | | |
| സർക്കാർ | 15,588 | 5,475 | 38,789 | 59,852 |
| ഗവ. എയ്ഡഡ് | 25,199 | 58,670 | 12,844 | 96,713 |
| ആകെ | 40,787 | 64,145 | 51,633 | 1,56,565 |
| **2017–18 മുതൽ 2018–19 വരെ** | | | | |
| സർക്കാർ | 22,931 | 12,229 | 35,484 | 70,644 |
| ഗവ. എയ്ഡഡ് | 29,186 | 67,483 | 18,658 | 1,15,327 |
| ആകെ | 52,117 | 79,712 | 54,142 | 1,85,971 |
| **2018–19 മുതൽ 2019–20 വരെ** | | | | |
| സർക്കാർ | 16,223 | 12,616 | 36,376 | 65,215 |
| ഗവ. എയ്ഡഡ് | 19,412 | 63,312 | 15,619 | 98,343 |
| ആകെ | 35,635 | 75,928 | 51,995 | 1,63,558 |
| **2019–20 മുതൽ 2020–21 വരെ** | | | | |
| സർക്കാർ | 21,339 | 9,659 | 3,859 | 34,857 |
| ഗവ. എയ്ഡഡ് | 32,493 | 57,844 | 3,310 | 93,647 |
| ആകെ | 53,832 | 67,503 | 7,169 | 1,28,504 |
| **2020–21 മുതൽ 2021–22 വരെ** | | | | |
| സർക്കാർ | 50,124 | 20,018 | 37,316 | 1,07,458 |
| ഗവ. എയ്ഡഡ് | 56,196 | 77,094 | 15,700 | 1,48,990 |
| **ആകെ** | **1,06,320** | **97,112** | **53,016** | **2,56,448** |
| **കഴിഞ്ഞ 5 വർഷത്തിനിടയിൽ ചേർന്ന ആകെ പുതിയ വിദ്യാർത്ഥികൾ** | | | | 8,91,046 |

ഉറവിടം: പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്

## കൊഴിഞ്ഞുപോകൽ നിരക്ക്

ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് സ്കൂൾ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോകൽ ഏറ്റവും കുറവ് കേരളത്തിലാണ്. 2019–20 ലെ കണക്ക് അനുസരിച്ച് സംസ്ഥാനത്ത് സ്കൂൾ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോകൽ നിരക്ക് 0.11 ശതമാനമാണ്. മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ 2018 ലെ വിദ്യാഭ്യാസ സ്ഥിതിവിവരകണക്ക് പ്രകാരം എൽ.പി വിഭാഗത്തിലെ ഇന്ത്യയിലെ ശരാശരി കൊഴിഞ്ഞുപോകൽ നിരക്ക് 4.13 ശതമാനവും, യു.പി., ഹൈസ്കൂൾ എന്നിവിടങ്ങളിൽ യഥാക്രമം 4.03, 17.06 ശതമാനവുമാണ്. കേരളത്തിൽ യു.പിയെ അപേക്ഷിച്ച് കൊഴിഞ്ഞുപോകൽ നിരക്ക് എൽ പി യിലും ഹൈസ്കൂളിലും കൂടുതലാണ്. ഹൈസ്കൂൾ വിദ്യാർത്ഥികളിലാണ് കൊഴിഞ്ഞുപോകൽ നിരക്ക് കൂടുതലുള്ളത്. ഹൈസ്കൂളുകളിലെ കൊഴിഞ്ഞുപോകൽ നിരക്ക് 2016–17 ലെ 0.33 ശതമാനത്തിൽ നിന്ന് 2019–20 ൽ 0.15 ശതമാനമായി കുറഞ്ഞതായി **പട്ടിക 6.1.5–ൽ** നിന്നും മനസ്സിലാക്കാവുന്നതാണ്. ഈ കുറവ് എല്ലാ ഘട്ടത്തിലും കാണാവുന്നതാണ്. (കോവിഡ്–19 കാരണം 2020–21 ലെ ഡാറ്റ ലഭ്യമല്ല)

**പട്ടിക 6.1.5** സ്കൂളുകളിലെ കൊഴിഞ്ഞുപോകൽ നിരക്ക്

| | 2016–17 | 2017–18 | 2018–19 | 2019–20 |
|---|---|---|---|---|
| ആകെ | 0.22 | 0.16 | 0.12 | 0.11 |
| എൽ.പി | 0.2 | 0.15 | 0.12 | 0.10 |
| യു.പി | 0.11 | 0.1 | 0.07 | 0.06 |
| എച്ച്.എസ് | 0.33 | 0.22 | 0.17 | 0.15 |

അവലംബം: പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്.

സംസ്ഥാനത്തെ ജില്ലകളിൽ ലോവർ പ്രൈമറി തലത്തിൽ കൊഴിഞ്ഞു പോകൽ കൂടുതലുള്ളത് ഇടുക്കി ജില്ലയിലാണ് (0.33 ശതമാനം). തൊട്ടു പുറകിൽ എറണാകുളം ജില്ലയാണ് (0.30 ശതമാനം). അപ്പർ പ്രൈമറി തലത്തിൽ വയനാട് (0.25 ശതമാനം) ആണ് കൊഴിഞ്ഞു പോകൽ നിരക്ക് കൂടുതൽ ഉള്ളത് തൊട്ടു പുറകിൽ ഇടുക്കി, കാസർഗോഡ്, എറണാകുളം എന്നീ ജില്ലകളാണ് (0.10 ശതമാനം), ഹൈസ്കൂൾ തലത്തിൽ വയനാട്ടിലാണ് (1.14 ശതമാനം) കൊഴിഞ്ഞു പോകൽ കൂടുതൽ. തൊട്ടു പുറകിൽ യഥാക്രമം ഇടുക്കിയും (0.45 ശതമാനം) കാസർഗോഡും (0.21 ശതമാനം) ആണ്. ജില്ല തിരിച്ചും ക്ലാസ്സ് തിരിച്ചും 2019–20 ലെ കൊഴിഞ്ഞു പോകൽ

നിരക്കുകൾ **അനുബന്ധം 6.1.12**–ൽ കൊടുത്തിട്ടുണ്ട്. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഇക്കാലയളവിൽ കുറഞ്ഞുവരുന്നതായി കാണപ്പെടുന്നു. എന്നിരുന്നാലും ഈ വിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് മറ്റു വിഭാഗങ്ങളെ അപേക്ഷിച്ച് കൂടുതലാണ്. **(പട്ടിക 6.1.6 കാണുക).** കേരളത്തിലെ പട്ടികജാതി വിഭാഗത്തിലെ 2019–20 കാലയളവിലെ കൊഴിഞ്ഞുപോകൽ നിരക്ക് 2018–19 കാലയളവിലെ 0.12 ശതമാനത്തിൽ നിന്നും 0.11 ശതമാനമായി നേരിയ തോതിൽ കുറഞ്ഞിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗങ്ങളിലെ കൊഴിഞ്ഞുപോക്ക് നിരക്ക് ഇതേ കാലയളവിൽ 1.29 ശതമാനത്തിൽ നിന്ന് 1.17 ശതമാനമായി കുറഞ്ഞിട്ടുണ്ട്.

പട്ടികജാതി വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് ഏറ്റവും കൂടുതലുള്ളത് ഇടുക്കി ജില്ലയിലും (0.44 ശതമാനം) കാസർഗോഡ് ജില്ലയിലും (0.28 ശതമാനം), പട്ടികവർഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് ഏറ്റവും കൂടുതൽ മലപ്പുറം ജില്ലയിലും (2.32 ശതമാനം) വയനാട് ജില്ലയിലും (1.77 ശതമാനം) ആണ്. 2019–20ൽ കേരളത്തിലെ പട്ടികജാതി, പട്ടികവർഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കിന്റെ ജില്ല തിരിച്ചുള്ളതും മാനേജ്മെന്റ് തിരിച്ചുള്ളതുമായ വിശദാംശങ്ങൾ **അനുബന്ധം 6.1.13, 6.1.14** എന്നിവയിൽ നൽകിയിരിക്കുന്നു. മലപ്പുറത്തെയും വയനാട്ടിലെയും പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സ്ഥിതി കേരളത്തിന്റെ ശരാശരി നിലവാരത്തിലെത്താൻ വളരെയധികം മെച്ചപ്പെടേണ്ടതുണ്ട്.

### അദ്ധ്യാപകരുടെ എണ്ണം

2019–20 ൽ 1,60,379 അദ്ധ്യാപകരാണ് കേരളത്തിലെ സ്കൂളുകളിൽ പഠിപ്പിക്കുന്നത്. ഇതിൽ 93,727 (58.44 ശതമാനം) അദ്ധ്യാപകർ എയ്ഡഡ് സ്കൂളുകളിലും 13,799 (8.60 ശതമാനം) അദ്ധ്യാപകർ അൺ-എയ്ഡഡ് സ്കൂളുകളിലുമാണ്. ശേഷിക്കുന്ന 52,853 (32.96 ശതമാനം) അദ്ധ്യാപകർ സർക്കാർ സ്കൂളുകളിലാണ്. മൊത്തം അദ്ധ്യാപകരിൽ 50.41 ശതമാനം പേർ ഹൈസ്കൂളിലും, 24.78 ശതമാനം യു.പി യിലും, 24.81 ശതമാനം എൽ.പി. സ്കൂളിലുമാണ്. അതിൽ തന്നെ 72.20 ശതമാനം വനിതകളാണ്. 2019–20–ലെ സ്റ്റേജ് തിരിച്ചും, മാനേജ്മെന്റ് തിരിച്ചും ഉള്ള കേരളത്തിലെ അദ്ധ്യാപകരുടെ എണ്ണം **അനുബന്ധം 6.1.15–ൽ** ചേർത്തിരിക്കുന്നു.

### സ്കൂളുകളിലെ ഇൻക്ലൂസീവ് വിദ്യാഭ്യാസം

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ സ്ഥിതിവിവരക്കണക്കുകൾ പ്രകാരം 2019–20–ൽ കേരളത്തിൽ 45 സ്പെഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ കാലയളവിൽ ഈ സ്പെഷ്യൽ സ്കൂളുകളിലെ മൊത്തം വിദ്യാർത്ഥികളുടെ എണ്ണം 3,212 ഉം അദ്ധ്യാപകരുടെ എണ്ണം 661 ഉം ആയിരുന്നു. ആകെയുള്ള 3,212 വിദ്യാർത്ഥികളിൽ 563 പേർ കാഴ്ച വൈകല്യമുള്ളവരും 2,649 വിദ്യാർത്ഥികൾ ശ്രവണ വൈകല്യമുള്ളവരുമാണ്. ഇത് കൂടാതെ 328 സ്പെഷ്യൽ സ്കൂളുകൾ, സംസ്ഥാനത്ത് വിവിധ എൻ.ജി.ഒ. കളുടെയും തദ്ദേശ സ്വയംഭരണം സ്ഥാപനങ്ങളുടെ കീഴിലും പ്രവർത്തിക്കുന്നുണ്ട്. ഈ 328 സ്കൂളുകളിൽ 40 സ്കൂളുകൾക്ക് ദീൻദയാൽ ഡിസേബിൾഡ് റീഹാബിലിറ്റേഷൻ സ്കീം (ഡിഡിആർഎസ്) എന്നറിയപ്പെടുന്ന കേന്ദ്ര ഗവൺമെന്റ് സ്കീമിൽ നിന്ന് ഗ്രാന്റ് ലഭിക്കുന്നു. ബാക്കിയുള്ള 288 സ്കൂളുകൾക്ക് സംസ്ഥാന പദ്ധതികളിൽ നിന്ന് ധനസഹായം ലഭിക്കുന്നു. കൂടാതെ, 61,258 ഡിസേബിൾഡായിട്ടുള്ള വിദ്യാർത്ഥികൾ കേരളത്തിലുടനീളമുള്ള സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്നു. ഇതിൽ 36,769

**പട്ടിക 6.1.6** ജില്ല തിരിച്ചുള്ള കൊഴിഞ്ഞുപോകൽ നിരക്ക് 2019–20

| ജില്ല | എസ്.സി | എസ്.ടി | മറ്റുള്ളവർ | ആകെ |
|---|---|---|---|---|
| തിരുവനന്തപുരം | 0.17 | 0.52 | 0.14 | 0.15 |
| കൊല്ലം | 0.04 | 1.04 | 0.06 | 0.06 |
| പത്തനംതിട്ട | 0.00 | 0.11 | 0.00 | 0.00 |
| ആലപ്പുഴ | 0.02 | 0.00 | 0.02 | 0.02 |
| കോട്ടയം | 0.12 | 0.50 | 0.10 | 0.11 |
| ഇടുക്കി | 0.44 | 1.58 | 0.18 | 0.30 |
| എറണാകുളം | 0.14 | 1.04 | 0.19 | 0.19 |
| തൃശ്ശൂർ | 0.02 | 0.15 | 0.02 | 0.02 |
| പാലക്കാട് | 0.19 | 1.03 | 0.12 | 0.15 |
| മലപ്പുറം | 0.04 | 2.32 | 0.06 | 0.07 |
| കോഴിക്കോട് | 0.10 | 1.57 | 0.09 | 0.10 |
| വയനാട് | 0.06 | 1.77 | 0.11 | 0.50 |
| കണ്ണൂർ | 0.01 | 0.34 | 0.05 | 0.06 |
| കാസർഗോഡ് | 0.28 | 0.32 | 0.10 | 0.12 |
| **ആകെ** | **0.11** | **1.17** | **0.08** | **0.11** |

അവലംബം: പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്

പേർ ആൺകുട്ടികളും 24,489 പേർ പെൺകുട്ടികളുമാണ്. സൗജന്യ യൂണിഫോം, ഉച്ചഭക്ഷണം എന്നിവയ്ക്ക് പുറമെ യാത്ര, ഹോസ്റ്റൽ സൗകര്യങ്ങൾ, വിദ്യാർത്ഥികൾക്കുള്ള വിനോദയാത്ര തുടങ്ങിയ ചെലവുകൾക്കായി സാമ്പത്തിക സഹായവും നൽകുന്നു. തടസ്സരഹിത കാമ്പസ്, ഉപകരണങ്ങൾ, റിസോഴ്സ് സെന്ററുകളിൽ നിന്നുള്ള സേവനങ്ങൾ, റിസോഴ്സ് ടീച്ചർമാരുടെ സേവനം തുടങ്ങി വിവിധ വികലാംഗ സൗഹൃദ പരിപാടികളും സ്കൂളുകളിൽ സമഗ്രമായ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനായി നൽകുന്നുണ്ട്.

### കുട്ടികൾ കുറവുള്ള സ്കൂളുകൾ

2021-22 കാലയളവിൽ ശരാശരി 25 കുട്ടികളേക്കാൾ കുറവുള്ള 947 സ്കൂളുകളുണ്ട്. ഇതിൽ 370 എണ്ണം സർക്കാർ സ്കൂളുകളും 577 എണ്ണം എയ്ഡഡ് സ്കൂളുകളുമാണ്. ശരാശരി 10 കുട്ടികളേക്കാൾ കുറവുള്ള 52 സർക്കാർ എൽ. പി. സ്കൂളുകളും പ്രവർത്തിച്ചുവരുന്നു. എന്നാൽ എയ്ഡഡ് സ്കൂളുകളിൽ ഇത് 84 ആണ്. ജില്ല തിരിച്ചുള്ള കണക്കുകൾ സൂചിപ്പിക്കുന്നത് കുട്ടികൾ കുറവുള്ള സ്കൂളുകൾ ഏറ്റവും കൂടുതലുള്ളത് പത്തനംതിട്ട (182 എണ്ണം) ജില്ലയിലും തുടർന്ന് കോട്ടയം (125), കണ്ണൂർ (97), ആലപ്പുഴ (89) ജില്ലകളിലുമാണ്. കുട്ടികളുടെ എണ്ണം കുറവുള്ള എയ്ഡഡ് സ്കൂളുകൾ കൂടുതൽ ഉള്ളത് പത്തനംതിട്ട (136) ജില്ലയും തൊട്ടുപുറകിൽ കണ്ണൂർ (81) ജില്ലയുമാണ്. സർക്കാർ മേഖലയിൽ ഏറ്റവും കൂടുതൽ കുട്ടികളുള്ള സ്കൂളുകൾ കോട്ടയം (49) ജില്ലയിലാണ്, തൊട്ടുപിന്നാലെ ആലപ്പുഴ (46), പത്തനംതിട്ട (46) ജില്ലകളുമാണ്. എൽ പി സ്കൂൾ മേഖലയിലാണ് ഭൂരിഭാഗവും കുറവു കുട്ടികളുള്ള സ്കൂളുകളുള്ളത്. സർക്കാർ മേഖലയിൽ ഏറ്റവും കുറവ് കുട്ടികൾ ഉള്ളത് (94.86 ശതമാനം) എൽ.പി.സ്കൂളുകളിലാണ്. എയ്ഡഡ് മേഖലയിലും (86.13 ശതമാനം) കുട്ടികൾ കുറവുള്ള സ്കൂളുകൾ എൽ.പി. വിഭാഗത്തിലാണ്. കേരളത്തിലെ കുട്ടികൾ കുറവുള്ള സ്കൂളുകളുടെ വിശദവിവരങ്ങൾ ജില്ല തിരിച്ച് **അനുബന്ധം 6.1.16**-ൽ കൊടുത്തിരിക്കുന്നു.

### കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്)

സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നവീകരണം പ്രോത്സാഹിപ്പിക്കുന്നതിനും നടപ്പാക്കുന്നതിനുമുള്ള ഒരു സംസ്ഥാന സർക്കാർ സംരംഭമാണ് കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്). കഴിഞ്ഞ ഒരു ദശാബ്ദത്തിലെ കൈറ്റിന്റെ പരിധിയിലുള്ള പ്രവർത്തനങ്ങളായ ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജി, കപ്പാസിറ്റി ബിൽഡിംഗ്, ഉള്ളടക്ക വികസനം, കണക്റ്റിവിറ്റി, ഇ-ലേണിംഗ്, സാറ്റലൈറ്റ് അധിഷ്ഠിത വിദ്യാഭ്യാസം, പിന്തുണയും പരിപാലന സംവിധാനവും, ഇ-ഗവേണൻസ്, സ്ക്കൂളുകളുടെ ഭൗതിക സാഹചര്യ വികസനം എന്നിവയിലൂടെ കൈറ്റ് സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ വിപ്ലവം സൃഷ്ടിച്ചു. കൈറ്റിന്റെ പരിശ്രമത്തോടെ, ഇപ്പോൾ അതിവേഗ ബ്രോഡ് ബാൻഡ് കണക്റ്റിവിറ്റി, ആവശ്യമായ ഡിജിറ്റൽ റിസോഴ്സ് പോർട്ടലുകൾ, പരിശീലനം ലഭിച്ച അദ്ധ്യാപകർ എന്നീ പിന്തുണയോടെ ഏറ്റവും പുതിയ ഐ..സി.ടി. ഗാഡ്ജെറ്റുകൾ സംസ്ഥാനത്തെ സ്ക്കൂളുകളിൽ സജ്ജീകരിച്ചിരിക്കുന്നു, അതുവഴി മൊത്തം ഐ.സി.ടി. പ്രാപ്തമായ പ്രവർത്തന സംവിധാനം ഉണ്ട്.

### പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ കൈറ്റിന്റെ നേട്ടങ്ങൾ

ഗവൺമെന്റ് സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് മാറ്റാനുള്ള അടിസ്ഥാന സൗകര്യ പദ്ധതികൾ കൈറ്റ് മുന്നോട്ട് വച്ചിട്ടുണ്ട്. 4,752 സെക്കൻഡറി സ്കൂളുകളിൽ 493.50 കോടി രൂപയുടെ ഹൈടെക് സ്കൂൾ പദ്ധതിയും 11,273 പ്രൈമറി സ്കൂളുകളിൽ 300 കോടി രൂപയുടെ ഹൈടെക് ലാബ് പദ്ധതിയും കൈറ്റ് വിജയ കരമായി പൂർത്തിയാക്കി. ഈ പ്രോജക്ടിന്റെ ഗുണത്താൽ, സ്റ്റാൻഡേർഡ് 8 മുതൽ 12 വരെയുള്ള 45,000 ക്ലാസ് മുറികൾ ഹൈടെക് ആക്കി. ഓരോ ഹൈടെക് ക്ലാസ് റൂമിലും ലാപ്ടോപ്പ്, സീലിംഗ് മൗണ്ടഡ് പ്രൊജക്ടർ, യു.എസ്.ബി സ്പീക്കറുകൾ, ഹൈ സ്പീഡ് ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് കണക്റ്റിവിറ്റി, നെറ്റ്വർക്കിംഗ്, 'സമഗ്ര' റിസോഴ്സ് പോർട്ടലിലേക്കുള്ള ആക്സസ് എന്നിവ സജ്ജീകരിച്ചിരിക്കുന്നു. 59,532 ലാപ്ടോപ്പുകൾ, 43,739 മൾട്ടിമീഡിയ പ്രൊജക്ടറുകൾ, 42,055 പ്രൊജക്ടർ മൗണ്ടിംഗ് ആക്സസറികൾ, 21,841 പ്രൊജക്ടർ സ്ക്രീനുകൾ, 43,004 യുഎസ്ബി സ്പീക്കറുകൾ, 4578 ഡിഎസ്എൽആർ ക്യാമറകൾ, 4,545 എൽഇഡി ടെലിവിഷനുകൾ, 4,720 ഫുൾ എച്ച്ഡി വെബ്ക്യാമുകൾ, 4,609 മൾട്ടി ഫങ്ഷണൽ പ്രിന്ററുകൾ എന്നിവ ഈ പ്രോജക്ടിന്റെ ഭാഗമായി വിന്യസിച്ചിരിക്കുന്നു. പ്രൈമറി സ്കൂളുകൾക്കായുള്ള ഹൈടെക് ലാബ് പദ്ധതിയുടെ ഭാഗമായി 56248 ലാപ്ടോപ്പുകളും 24,382 മൾട്ടിമീഡിയ പ്രൊജക്ടറുകളും 56,248 യു.എസ്.ബി സ്പീക്കറുകളും ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് കണക്റ്റിവിറ്റിയ്ക്കൊപ്പം നല്കിയിട്ടുണ്ട്. മൊത്തം 4,751 സെക്കൻഡറി സ്കൂളുകളും 7,887 പ്രൈമറി സ്കൂളുകളും ബ്രോഡ്ബാൻഡ് കണക്റ്റിവിറ്റി കൊണ്ട് സജ്ജീകരിച്ചിരിക്കുന്നു, ഇത് ഐസിടി അധിഷ്ഠിതമായ പഠനത്തിന് സഹായം നൽകുന്നു.

2018-ൽ, 1 മുതൽ 12 വരെയുള്ള ക്ലാസുകളിലെ എല്ലാ വിഷയങ്ങൾക്കുമായി കൈറ്റ് ഡിജിറ്റൽ വിഭവങ്ങൾ സഹിതം (www.samagra.kite.kerala.gov.in) എന്ന സമഗ്ര റിസോഴ്സ് പോർട്ടൽ വികസിപ്പിച്ചെടുത്തു. ICT ഉള്ളടക്കത്തിന്റെ കാര്യത്തിൽ, 'സമഗ്ര' റിസോഴ്സ് പോർട്ടൽ, അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഒരുപോലെ പാഠ്യപദ്ധതിയുമായും സിലബസുമായും ബന്ധിപ്പിച്ചിട്ടുള്ള വിവിധ ദൃശ്യ-ശ്രവ്യ ഉപകരണങ്ങളിലേക്കുള്ള പ്രവേശനം ലഭ്യമാക്കുന്നു. ഇതുവരെ, റിസോഴ്സ് പോർട്ടലിൽ 6,695 വീഡിയോകൾ, 859 ഓഡിയോകൾ, 9,343 ചിത്രങ്ങൾ, 7,578 സമ്പർക്ക പ്രവർത്തനം, 22,359 പിന്തുണാ ഫയലുകൾ എന്നിവ ഉൾപ്പെടുന്ന 46,834 സവിശേഷതകൾ മലയാളം, ഇംഗ്ലീഷ്, തമിഴ്, കന്നഡ ഭാഷകളിലായി വ്യാപിച്ചുകിടക്കുന്നു.

വിവിധ മേഖലകളിൽ മികവ് പുലർത്തുന്ന നൈപുണ്യവും കഴിവുമുള്ള വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് സ്കൂൾ പരിസ്ഥിതിയിൽ ഐസിടി ഉപയോഗിച്ച് വൻതോതിലുള്ള മാറ്റങ്ങൾ കൊണ്ടുവരുന്നതിനായി സ്കൂളുകളിലെ നേതാക്കളാകുക എന്ന ലക്ഷ്യത്തോടെയാണ് 2018 ൽ കൈറ്റ് **'ലിറ്റിൽ കൈറ്റ്സ്'** പ്രോഗ്രാം ആരംഭിച്ചത്. കൈറ്റ് സ്ഥാപിച്ച ലിറ്റിൽ കൈറ്റ്സ് ഐടി ക്ലബ്ബുകൾ വഴി ഇതുവരെ 2,060 സ്കൂളുകളിൽ നിന്നായി 1.80 ലക്ഷത്തിലധികം അംഗങ്ങളെ ചേർത്തു. ആനിമേഷൻ, സൈബർ സുരക്ഷ, ഇലക്ട്രോണിക്സ്, ഭാഷാ കമ്പ്യൂട്ടിംഗ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ്, 3 ഡി

ആനിമേഷൻ എന്നിവയിൽ ലിറ്റിൽ കൈറ്റ്സിന് പ്രത്യേക പരിശീലനം നൽകിയിട്ടുണ്ട്.

കേരളത്തിലെ സർക്കാർ, എയ്ഡഡ്, അംഗീകൃത അൺ-എയ്ഡഡ് സ്കൂളുകളുടെ അക്കാദമിക്, അടിസ്ഥാന സൗകര്യവിവരങ്ങൾ എന്നീ ആധികാരിക വിവരങ്ങൾ പങ്കുവെക്കുന്നതിനുള്ള കൈറ്റ്-ൽ നിന്നുള്ള സംരംഭമാണ് '**സമേതം**' (www.sametham.kite.kerala.gov.in). സ്കൂളുകളുടെ ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ, ഭരണ സംവിധാനങ്ങൾ തുടങ്ങിയവ ഉൾപ്പെടെയുള്ള അടിസ്ഥാന വിവരങ്ങളിലേക്ക് സമേതം വാതിലുകൾ തുറക്കുന്നു.

കേരളത്തിലെ സ്കൂളുകളിൽ സഹകരണാടിസ്ഥാനത്തിലുള്ള പഠന സംസ്കാരം വളർത്തിയെടുക്കുന്നതിനായി 2009-ൽ ആരംഭിച്ച **സ്കൂൾ വിക്കിയെ** (www.schoolwiki.in) 2017-ൽ കൈറ്റ് പുനരുജ്ജീവിപ്പിച്ചു. വിക്കിപീഡിയയുടെ മാതൃകയിൽ വികസിപ്പിച്ചെടുത്ത അതുല്യ പോർട്ടലിൽ സംസ്ഥാനത്തെ 15,000 സ്കൂളുകളുടെ 1 മുതൽ 12 വരെയുള്ള ക്ലാസുകളുടെ വിശദാംശങ്ങളും ഒരു ലക്ഷത്തിലധികം പേജുകളും 34,931 ഉപയോക്താക്കളും 86,795 ലേഖനങ്ങളുമുണ്ട്. ഇതുവരെ 10,74,591 അപ്ഡേറ്റുകൾ പോർട്ടലിൽ നടത്തിയിട്ടുണ്ട്.

വിദ്യാഭ്യാസ മൂല്യമുള്ള പരിപാടികളും പൊതുബോധവൽക്കരണ പരിപാടികളും പൊതുതാൽപര്യമുള്ള വിഷയങ്ങളും സംപ്രേക്ഷണം ചെയ്യുന്ന സംസ്ഥാനത്തെ ഏക സമ്പൂർണ്ണ വിദ്യാഭ്യാസ ചാനലാണ് **കൈറ്റ് വിക്ടേഴ്സ്** (www.victers.kite.kerala.gov.in.) കൂടാതെ വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, അധ്യാപകർ, പൊതുജനങ്ങൾ എന്നിവർ ഏറ്റവും കൂടുതൽ ആവശ്യപ്പെടുന്ന ചാനലായി ഇതു അതിവേഗം മാറിക്കൊണ്ടിരിക്കുന്നു. 2020-ൽ, കോവിഡ്-19, വിദ്യാഭ്യാസം ഉൾപ്പെടെയുള്ള എല്ലാ സംവിധാനങ്ങളും നിശ്ചലമാക്കിയപ്പോൾ, കൈറ്റ് അതിന്റെ **ഫസ്റ്റ് ബെൽ ഡിജിറ്റൽ ക്ലാസുകൾ** (www.firstbell.kite.kerala.gov.in) വഴി സംസ്ഥാനത്തെ 43 ലക്ഷത്തിലധികം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിന്റെ തുടർച്ച ഉറപ്പാക്കി. കൈറ്റ് വിക്ടേഴ്സ് വിദ്യാഭ്യാസ ചാനലിലൂടെ സംപ്രേക്ഷണം ചെയ്ത ഫസ്റ്റ് ബെൽ ഡിജിറ്റൽ ക്ലാസുകളിലൂടെ മുൻ വർഷങ്ങളിലെന്നപോലെ ജൂൺ 1-ന് തന്നെ അധ്യയന വർഷം ആരംഭിക്കാൻ കൈറ്റ് സർക്കാരിനെ പ്രാപ്തമാക്കി. 2020-21 കാലയളവിൽ, ഫസ്റ്റ് ബെൽ പ്രോഗ്രാമിന്റെ ഭാഗമായി മൊത്തം 7,500 ക്ലാസുകൾ വികസിപ്പിക്കുകയും സംപ്രേക്ഷണം ചെയ്യുകയും ചെയ്തു. ഈ വർഷവും തുടർച്ചയായി, ഫസ്റ്റ് ബെൽ 2.0 ഡിജിറ്റൽ ക്ലാസുകൾ 2021 ജൂൺ 1-ന് തന്നെ ആരംഭിച്ചു.

2020 ഏപ്രിൽ-മെയ് മാസങ്ങളിൽ കോവിഡ്-19 പകർച്ചവ്യാധി ദിനങ്ങളിൽ കൈറ്റ് നടപ്പിലാക്കിയ ഒരു അതുല്യമായ പ്രോഗ്രാമാണ് '**അക്ഷരവൃക്ഷം**'. ഈ പ്രോഗ്രാമിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് ഐസിടി ഉപയോഗിച്ച് ഡിജിറ്റൽ വിവരങ്ങൾ സൃഷ്ടിക്കാൻ അവസരം നൽകി, അത് പിന്നീട് ഒരു വലിയ പ്ലാറ്റ്ഫോമിൽ പ്രദർശിപ്പിച്ചു.

2020 ലെ ലോക്ക്ഡൗൺ കാലയളവിൽ കുട്ടികൾക്കായി സ്കൂളുകളിൽ നഷ്ടപ്പെട്ട ക്ലാസ് ദിനങ്ങൾ തിരിച്ചുപിടിക്കാൻ, വീടുകളിൽ കുട്ടികൾക്ക് സർഗ്ഗാത്മകവും ബൗദ്ധികവുമായ അന്തരീക്ഷം സാധ്യമാക്കുന്നതിനുള്ള അവസരമൊരുക്കുക എന്ന ഉദ്ദേശത്തോടെ കുട്ടികൾക്കായി നടത്തിയ പ്രത്യേക പരിപാടിയാണ് '**അവധിക്കാല സന്തോഷങ്ങൾ** (ഹാപ്പി വെക്കേഷൻ ടൈംസ്). കൈറ്റ് വിദ്യാഭ്യാസത്തെ സമ്പൂർണ ഡിജിറ്റൽ ആക്കിയതു വഴി ഈ നാഴികക്കല്ല് കൈവരിക്കുന്ന രാജ്യത്തെ ആദ്യ സംസ്ഥാനമാക്കാൻ കേരളത്തെ പ്രാപ്തമാക്കി. 2020 ഒക്ടോബറിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് പ്രഖ്യാപനം നടത്തിയത്.

### സമഗ്ര ശിക്ഷാ കേരളം (എസ്.എസ്.കെ)

പ്രീ സ്കൂൾ മുതൽ സീനിയർ സെക്കന്ററി തലം വരെ ഒരു കുടക്കീഴിൽ കൊണ്ടുവരാനായി 'സ്കൂൾ' നെ വിഭാവനം ചെയ്യത്തക്കവിധത്തിൽ സ്കൂൾ വിദ്യാഭ്യാസത്തെകുറിച്ചുള്ള ഒരു സംയോജിത പദ്ധതിയാണ് സമഗ്രശിക്ഷ. ഇത്തരമൊരു ഭരണ സംവിധാനം സൃഷ്ടിക്കുന്നതിലൂടെ സ്കൂൾ വിദ്യാഭ്യാസത്തിന്റെ വിവിധ മേഖലകളിൽ ശ്രദ്ധയൂന്നി അതിനുവേണ്ടി തന്ത്രങ്ങൾ വികസിപ്പിക്കുന്നതിനും സഹായിക്കുന്നു. നിലവാരമുള്ള സ്കൂൾ വിദ്യാഭ്യാസം വിപുലീകരിക്കുന്നതിലൂടെ പ്രവേശനം വർദ്ധിപ്പിക്കുക, പിന്നോക്കം നിൽക്കുന്ന ഗ്രൂപ്പുകളേയും ദുർബല വിഭാഗങ്ങളേയും ഉൾപ്പെടുത്തുന്നതിലൂടെ തുല്യത പ്രോത്സാഹിപ്പിക്കുക, വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുക, സ്കൂൾ വിദ്യാഭ്യാസത്തിലെ സാമൂഹികവും ലിംഗപരവുമായ വിടവുകൾ നികത്തുക, സ്കൂൾ വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളിലും തുല്യത ഉറപ്പാക്കുക, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുക എന്നിവയാണ് പദ്ധതിയുടെ പൊതു ലക്ഷ്യങ്ങൾ.

പൊതു വിദ്യാഭ്യാസസംരക്ഷണ യജ്ഞത്തിന്റെ വിശാലമായ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും വിദ്യാഭ്യാസ അവകാശ നിയമത്തിൽ വിഭാവനം ചെയ്തിട്ടുള്ള, പ്രായത്തിന് അനുയോജ്യമായ വിദ്യാഭ്യാസം ഉറപ്പു വരുത്തുന്നതിന് അക്കാദമിക വിടവ് നികത്തുന്നതിനുമായുള്ള പ്രവർത്തനങ്ങളാണ് എസ്.എസ്.കെ. ഏറ്റെടുത്തിരിക്കുന്നത്.

### സ്റ്റേറ്റ് കൗൺസിൽ ഓഫ് എജ്യുക്കേഷണൽ റിസർച്ച് ആൻഡ് ട്രെയിനിംഗ് (എസ്.സി.ഇ.ആർ.ടി)

സ്റ്റേറ്റ് കൗൺസിൽ ഓഫ് എജ്യുക്കേഷണൽ റിസർച്ച് ആൻഡ് ട്രെയിനിംഗ് (എസ്.സി.ഇ.ആർ.ടി), പ്രീ-സ്കൂൾ മുതൽ ഹയർസെക്കൻഡറി തലം വരെയുള്ള എല്ലാ അക്കാദമിക് പ്രോഗ്രാമുകളുടെയും ആസൂത്രണം, നടപ്പാക്കൽ, വിലയിരുത്തൽ എന്നിവയ്ക്കായി ചുമതലപ്പെടുത്തിയിട്ടുള്ള ഒരു സ്വയംഭരണ സ്ഥാപനമാണ്. പ്രാഥമിക, സെക്കൻഡറി വിദ്യാഭ്യാസത്തിന്റെയും അധ്യാപക വിദ്യാഭ്യാസത്തിന്റെയും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള ശ്രമത്തിൽ സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന് മാർഗനിർദേശവും പിന്തുണയും സഹായവും നൽകിക്കൊണ്ട് എസ്.സി.ഇ.ആർ.ടി (കേരളം) സംസ്ഥാന തലത്തിൽ ഒരു ഗവേഷണ-വികസന സ്ഥാപനമായി പ്രവർത്തിക്കുന്നു. ഈ ലക്ഷ്യം കൈവരിക്കുന്നതിന്, എസ്.സി.ഇ.ആർ.ടി ഗവേഷണ പഠനങ്ങൾ നടത്തുകയും, വിവര സംവിധാനങ്ങൾ, പാഠ്യപദ്ധതി നയങ്ങൾ, നിർദ്ദേശ സാമഗ്രികൾ എന്നിവ വികസിപ്പിക്കുകയും എല്ലാ തലങ്ങളിലുമുള്ള അധ്യാപകർക്ക് ഇൻ-സർവീസ് വിദ്യാഭ്യാസം ഏകോപിപ്പിക്കുകയും ചെയ്യുന്നു. പാഠ്യപദ്ധതി

**ബോക്സ് 6.1.1** കൂൾ (കൈറ്റിന്റെ ഓപ്പൺ ഓൺലൈൻ ലേണിംഗ്) അധ്യാപകർക്കുള്ള പ്ലാറ്റ്ഫോം

കൈറ്റ് അധ്യാപകർക്കായി കൂൾ (കൈറ്റിന്റെ ഓപ്പൺ ഓൺലൈൻ ലേണിംഗ്) ഒരു MOOC (മാസിവ് ഓപ്പൺ ഓൺലൈൻ കോഴ്സുകൾ) മോഡൽ പരിശീലന പ്ലാറ്റ്ഫോം അവതരിപ്പിച്ചു, അതിൽ അധ്യാപകർക്ക് യഥാർത്ഥത്തിൽ അധ്യയന ദിനങ്ങൾ നഷ്ടപ്പെടാതെ അവർക്ക് ഇഷ്ടമുള്ള പരിശീലന കോഴ്സ് തെരഞ്ഞെടുക്കുവാനും ഒരു വിദഗ്ധ ഫാക്കൽറ്റിയുടെ സേവനം പ്രയോജനപ്പെടുത്തുവാനും സാധിക്കും. സംസ്ഥാനത്തെ സ്കൂളുകൾ ഹൈടെക് ആയതോടെയാണ് കൂൾ എന്ന ആശയം ഉടലെടുത്തത്, അധ്യാപകരും വിദ്യാർത്ഥികളും ഒരേസമയം വിവിധ മേഖലകളിൽ പരിശീലനം നേടേണ്ടതുണ്ട്. കോഴ്സുകൾക്കായി രജിസ്റ്റർ ചെയ്യുന്നതിന് കൂൾ സമഗ്ര പോർട്ടൽ ഉപയോഗിക്കുന്നു. ഓരോ 20 പഠിതാക്കൾക്കും കൈറ്റിൽ നിന്ന് ഒരു ഉപദേശകൻ ഉണ്ടായിരിക്കും. ആനിമേറ്റഡ് ലേണിംഗ് അസിസ്റ്റന്റുമാർ, വീഡിയോ ട്യൂട്ടോറിയലുകൾ, പ്രവർത്തനങ്ങൾ പരിശീലിക്കുന്നതിനുള്ള ചെക്ക്ലിസ്റ്റുകൾ എന്നിങ്ങനെ പഠിതാക്കൾക്കായി കൂളിന് നിരവധി സവിശേഷതകളുണ്ട്. ആറാഴ്ചത്തെ കോഴ്സിൽ വേഡ് ഡോക്യുമെന്റുകൾ, സ്പ്രെഡ്ഷീറ്റ്, അവതരണം, ഇമേജ് എഡിറ്റിംഗ്, വീഡിയോ-ഓഡിയോ എഡിറ്റിംഗ്, ഡിജിറ്റൽ ഉറവിടങ്ങളുടെ വികസനം, മലയാളം ടൈപ്പിംഗ്, ഇന്റർനെറ്റ്, വിദ്യാഭ്യാസ ആപ്ലിക്കേഷനുകൾ തുടങ്ങിയവ ഉൾപ്പെടുന്നു. കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്ന അധ്യാപകർക്ക് സർട്ടിഫിക്കറ്റുകൾ നൽകും. ഇന്നുവരെ, 220 ഉപദേശകർ ഉൾപ്പെടുന്ന കൂളിന്റെ 11 ബാച്ചുകൾ വഴി 24000 അധ്യാപകർ പരിശീലനം നേടിയിട്ടുണ്ട്. ഇതിനുപുറമെ, പ്ലാറ്റ്ഫോമിലൂടെ 2,783 ഹയർസെക്കൻഡറി അധ്യാപകർക്ക് ഗണിത ലാബ് പരിശീലനം നൽകി, അങ്ങനെ മൊത്തം എണ്ണം കഴിഞ്ഞ വർഷം 8,540 ആയി.

അവലംബം: കൈറ്റ്

**ബോക്സ് 6.1.2** സമഗ്ര ശിക്ഷ കേരളയുടെ പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ പ്രധാന സംരംഭങ്ങൾ/ പ്രവർത്തനങ്ങൾ

**സൗജന്യ യൂണിഫോം**

എല്ലാ പട്ടികജാതി/പട്ടികവർഗ വിദ്യാർത്ഥികളും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എല്ലാ ആൺകുട്ടികളും ഉൾപ്പെടെ സർക്കാർ സ്കൂളുകളിലെ ഒന്ന് മുതൽ എട്ട് വരെയുള്ള എല്ലാ പെൺകുട്ടികൾക്കും രണ്ട് ജോഡി സൗജന്യ യൂണിഫോം നൽകുന്നതിന് ഒരു കുട്ടിക്ക് പ്രതിവർഷം 600/- രൂപ അനുവദിച്ചു. 2017-2022 കാലയളവിൽ 30,38,323 കുട്ടികൾക്ക് യൂണിഫോം സൗജന്യമായി നൽകി. 11851.94 ലക്ഷം രൂപയാണ് ഇതിനായി ചെലവഴിച്ചത്.

**സൗജന്യ പാഠപുസ്തകങ്ങൾ**

നിർബന്ധിതവും സൗജന്യവുമായ പ്രാഥമിക വിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സ്കൂളുകളിൽ-ഒന്നുമുതൽ എട്ടു വരെ ക്ലാസുകളിലെ മുഴുവൻ കുട്ടികൾക്കും സൗജന്യ പാഠപുസ്തകങ്ങൾ വിതരണം ചെയ്തു. ഭിന്നശേഷിക്കാരായ കുട്ടികൾക്കായി ബ്രെയിലി പുസ്തകങ്ങളും വലിയ പ്രിന്റ് പുസ്തകങ്ങളും സൗജന്യമായി നൽകി. 2017-2022 കാലയളവിൽ 90,33,765 കുട്ടികൾക്ക് സൗജന്യ പാഠപുസ്തകങ്ങൾ നൽകി. ഇതിനായി 15,818.18 ലക്ഷം രൂപ ചെലവഴിച്ചു.

**എൽ ഇ പി (ലേണിംഗ് എൻഹാൻസ്മെന്റ് പ്രോഗ്രാം)** കുട്ടിയെ വിവിധ മേഖലകളിൽ ഉയർന്ന തലത്തിലേക്ക് കൊണ്ടുവരാൻ ലക്ഷ്യമിടുന്നു. കുട്ടികളുടെ വിവിധ മേഖലയിലെ പഠന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി താഴെ പറയുന്ന പരിപാടികൾ നടപ്പിലാക്കി. മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, ഹലോ വേൾഡ്, സുരീലി ഹിന്ദി, കുഞ്ഞുവായന, ശാസ്ത്ര കൗതുകം, ഭൂമിശാസ്ത്ര ലാബ്, സയൻസ് പാർക്ക്, ശാസ്ത്രപഥം, നാട്ടരങ്ങ്, ഉല്ലാസഗണിതം, ഗണിതോൽസവം തുടങ്ങിയവ.

പ്രാദേശിക പ്രതിഭാ കേന്ദ്രങ്ങൾ, ഊരുവിദ്യാ കേന്ദ്രങ്ങൾ, സർഗവിദ്യാലയം, ശാസ്ത്രോത്സവം തുടങ്ങിയ **നൂതന പ്രവർത്തനങ്ങൾ** ഏറ്റെടുത്തു.

ശാസ്ത്രം, ഗണിതം, സാങ്കേതികവിദ്യ എന്നിവയുടെ പഠനം ആസ്വാദ്യകരമാക്കുന്നതിന് പ്രാഥമിക/ദ്വിതീയ തലത്തിലുള്ള പ്രോഗ്രാമുകൾ രാഷ്ട്രീയ **ആവിഷ്കാർ അഭിയാൻ** കാമ്പെയ്നിൽ ഉൾപ്പെടുന്നു.

2017-18 മുതൽ 2021-22 വരെയുള്ള കാലയളവിൽ 5,82,547 ഭിന്നശേഷിയുള്ള കുട്ടികൾക്കായി വിവിധ പരിപാടികൾ സംഘടിപ്പിച്ചു. ഈ മേഖലയിൽ 25,458.19 ലക്ഷം രൂപ ചെലവഴിച്ചു.

സ്കൂൾ ലൈബ്രറികളെ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി എൻ.സി.ഇ.ആർ.ടി, എസ്.സി.ഇ.ആർ.ടി, എൻബിടി, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, ബുക്ക്മാർക്ക് തുടങ്ങിയ സർക്കാർ ഏജൻസികളിൽ നിന്ന് ഓരോ ക്ലാസിലെയും പ്രായത്തിനനുസരിച്ചുള്ള പുസ്തകങ്ങൾ ലഭ്യമാണ്. പുസ്തകങ്ങൾ വാങ്ങാൻ സ്കൂളുകൾക്ക് ഗ്രാന്റ് നൽകി.

സമഗ്ര ശിക്ഷ കേരള 4723 സർക്കാർ സ്കൂളുകളിൽ പഠിക്കുന്ന പെൺകുട്ടികൾക്കായി ജ്വാല-ഗേൾസ് തിയേറ്റർ, ഡിഫൻസീവ് ട്രെയിനിംഗ്, കരിയർ ഗൈഡൻസ് പ്രോഗ്രാം തുടങ്ങി വിവിധ പരിപാടികൾ നടപ്പാക്കി.

രൂപീകരണം, പാഠപുസ്തകങ്ങൾ തയ്യാറാക്കൽ, അധ്യാപകരുടെ കൈപ്പുസ്തകങ്ങൾ, അധ്യാപക പരിശീലനം എന്നിവയുൾപ്പെടെ സ്കൂൾ വിദ്യാഭ്യാസത്തിന്റെ അക്കാദമിക് വശങ്ങളുമായി എസ്.സി.ഇ.ആർ.ടി ബന്ധപ്പെട്ടിരിക്കുന്നു. സ്കൂൾ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട നയപരമായ കാര്യങ്ങളിൽ സർക്കാരിനെ ഉപദേശി ക്കുന്നു.

പാഠ്യപദ്ധതി പരിഷ്കരണം, 'പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം' എന്നിവയ്ക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കൽ, ക്ലാസ്സ് 1 മുതൽ 12 വരെയുള്ള ഓൺലൈൻ ക്ലാസുകൾക്ക് കൈറ്റിന്റെ സാങ്കേതിക പിന്തുണയോടെ 'സമഗ്ര' ഓൺലൈൻ വിദ്യാഭ്യാസ പോർട്ടലിന്റെ വികസനം, ക്ലാസ്സ് 8 മുതൽ 12 വരെയുള്ള പാഠപുസ്തകങ്ങളിൽ ദിക്ഷയുടെ (ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ ഫോർ നോളജ് ഷെയറിംഗിന്റെ) ഭാഗമായി ക്വിക്ക് റെസ്പോൺസ് കോഡ് (QR കോഡ്) ഉൾപ്പെടുത്തൽ, 11, 12 ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായി NSQF പ്രോഗ്രാം നടപ്പിലാക്കുന്നത് എന്നിവ 2016–2021 കാലയളവിലെ എസ്.സി.ഇ.ആർ.ടിയുടെ നേട്ടങ്ങൾ/സംരംഭങ്ങളിൽ ചിലതാണ്.

## ഹയർ സെക്കന്ററി വിദ്യാഭ്യാസം

1986 ലെ ദേശീയ വിദ്യാഭ്യാസ നയത്തിന് അനുസൃതമായി സെക്കന്ററി വിദ്യാഭ്യാസം പുനഃക്രമീകരിക്കുന്നതിന് വേണ്ടിയാണ് ഹയർസെക്കന്ററി കോഴ്സുകൾ 1990–91 കാലയളവിൽ സംസ്ഥാനത്ത് നിലവിൽ വന്നത്. 2021–ൽ സംസ്ഥാനത്ത് 2,077 ഹയർ സെക്കന്ററി സ്ക്കൂളുകൾ നിലവിലുണ്ട്. അതിൽ 819 എണ്ണം (39.4 ശതമാനം) സർക്കാർ സ്ക്കൂളുകളാണ്. 846 എണ്ണം (40.7 ശതമാനം) എയ്ഡഡ് സ്ക്കൂളുകളും ബാക്കി 412 എണ്ണം (19.9 ശതമാനം) അൺ എയ്ഡഡ് സ്ക്കൂളുകളുമാണ്. ജില്ലകളിൽ ഏറ്റവും കൂടുതൽ ഹയർ സെക്കന്ററി സ്ക്കൂളുകൾ മലപ്പുറത്താണ് (248 എണ്ണം) തൊട്ടുപിന്നാലെ യഥാക്രമം എറണാകുളവും (209 എണ്ണം) തൃശ്ശൂരുമാണ് (203 എണ്ണം).

2021–ൽ ഹയർ സെക്കന്ററി കോഴ്സിൽ 7,232 ബാച്ചുകൾ ഉണ്ട്. 3,68,283 പേരാണ് 2021–ൽ ഹയർ സെക്കന്ററി സ്ക്കൂളുകളിൽ പ്രവേശനം നേടിയത്. ഏറ്റവും കൂടുതൽ ബാച്ചുകൾ ഉള്ള മലപ്പുറത്താണ്(1,065) ഏറ്റവും കൂടുതൽ (56,461) വിദ്യാർത്ഥികൾക്ക് പ്രവേശനം നല്കിയതും. ജില്ല–മാനേജ്മെന്റ് തിരിച്ചുള്ള ഹയർ സെക്കന്ററി സ്ക്കൂളുകളുടേയും ബാച്ചുകളുടേയും എണ്ണം **അനുബന്ധം 6.1.17** ലും ജില്ലകളിൽ പ്രവേശനം നേടിയ കുട്ടികളുടെ കണക്കുകൾ **അനുബന്ധം 6.1.18** ലും കാണാം.

ഹയർസെക്കൻഡറി കോഴ്സുകളിലെ വിദ്യാർത്ഥികളുടെ വിജയശതമാനം 2019–20ൽ 85.14 ശതമാനത്തിൽ നിന്ന് 2020–21ൽ 85.56 ശതമാനമായി ഉയർന്നു. 2021–ൽ 3,61,740 വിദ്യാർത്ഥികൾ ഉപരിപഠനത്തിന് അർഹരായി, അതിൽ 1,97,797 പെൺകുട്ടികളും 1,63,943 ആൺകുട്ടികളുമാണ്. വിശദാംശങ്ങൾ **അനുബന്ധം 6.1.19**–ൽ നൽകിയിരിക്കുന്നു. പട്ടികജാതി വിദ്യാർത്ഥികളുടെ വിജയശതമാനം 68.03 ശതമാനത്തിൽ നിന്ന് 66.05 ശതമാനമായും പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടേത് 63.59 ശതമാനത്തിൽ നിന്ന് 58.01 ശതമാനമായും 2020–21–ൽ കുറഞ്ഞു. വിശദാംശങ്ങൾ **അനുബന്ധം 6.1.20, 6.1.21** എന്നിവയിൽ നൽകിയിരിക്കുന്നു.

## വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസം

വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസം സംസ്ഥാനത്ത് ആരംഭിക്കുന്നത് 1983–84 കാലഘട്ടത്തിലാണ്. സ്വയം തൊഴിൽ/വേതന/ പ്രത്യക്ഷ തൊഴിലുകൾ സൃഷ്ടിക്കുക എന്നീ ലക്ഷ്യത്തോടെ പ്ലസ് ടു തലത്തിലുള്ള വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം നൽകുകയാണ് വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമിടുന്നത്. 2021–22–ൽ 389 വൊക്കേഷണൽ ഹയർസെക്കന്ററി സ്ക്കൂളുകളിലായി സംസ്ഥാനത്ത് 1,101 ബാച്ചുകളുണ്ട്. ഇതിൽ 261 സ്ക്കൂളുകൾ സർക്കാർ മേഖലയിലും 128 എണ്ണം എയ്ഡഡ് മേഖലയിലുമാണ്. 52 എണ്ണത്തോടെ ഏറ്റവും കൂടുതൽ വി.എച്ച്.എസ്.കൾ ഉള്ള ജില്ല കൊല്ലവും, തൊട്ടടുത്ത് 41 എണ്ണത്തോടെ തിരുവനന്തപുരവുമാണ്. 2020–21–ൽ ജില്ല തിരിച്ചുള്ള വി.എച്ച്.എസ്.എസ്.കളും കോഴ്സുകളും **അനുബന്ധം 6.1.22**–ൽ കൊടുത്തിരിക്കുന്നു.

മാർച്ച് 2021 ലെ വി.എച്ച്.എസ്.ഇ പരീക്ഷയിൽ ഉന്നതവിദ്യാഭ്യാസത്തിന് അർഹത നേടിയത് 79.62 ശതമാനമാണ്. 2012 മുതൽ 2021 വരെ വി.എച്ച്.എസ്.ഇ. പരീക്ഷ എഴുതിയവരുടെയും വിജയിച്ചവരുടെയും എണ്ണവും സ്കൂളിൽ പോകുന്ന കുട്ടികളുടെ റിസൽട്ടുകളും (2014–2021) **അനുബന്ധം 6.1.23, 6.1.24** എന്നിവയിൽ കൊടുത്തിരിക്കുന്നു.

## സർവ്വകലാശാലയും ഉന്നതവിദ്യാഭ്യാസവും

സംസ്ഥാനത്ത് ആകെ 14 സർവ്വകലാശാലകളുണ്ട്. ഇതിൽ 4 സർവ്വകലാശാലകൾ–കേരള, മഹാത്മാഗാന്ധി, കോഴിക്കോട്, കണ്ണൂർ എന്നിവ – പൊതുസ്വഭാവമുള്ളതും, വിവിധ കോഴ്സുകൾ നടത്തുന്നവയും ആണ്. ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല, കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാല, തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല, കേരള വെറ്റിനറി ആൻഡ് ആനിമൽ സയൻസ് യൂണിവേഴ്സിറ്റി, കേരള കാർഷിക സർവ്വകലാശാല, കേരള ആരോഗ്യ സർവ്വകലാശാല, കേരള മത്സ്യ, സമുദ്രോല്പന്ന പഠന സർവ്വകലാശാല, കേരള സാങ്കേതിക സർവ്വകലാശാല തുടങ്ങിയവ പ്രത്യേക വിഷയങ്ങളിൽ വൈദഗ്ധ്യം നേടുന്നതിന് സഹായകമായ കോഴ്സുകൾ നടത്തിവരുന്നു. 2020–ൽ കൊല്ലം ആസ്ഥാനമായി സ്ഥാപിതമായ കേരളത്തിലെ ഏക ഓപ്പൺ യൂണിവേഴ്സിറ്റിയായ ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയും 2020–ൽ സ്ഥാപിതമായ ഡിജിറ്റൽ യൂണിവേഴ്സിറ്റിയും അത്യാധുനിക വിജ്ഞാന മണ്ഡലത്തിലെ വിദ്യാഭ്യാസത്തിന്റെയും ഗവേഷണത്തിന്റെയും ആവശ്യകതകൾ ഉൾക്കൊള്ളിച്ചുകൊണ്ട് പുതുതായി സ്ഥാപിതമായ സർവ്വകലാശാലകളാണ്. ഇതുകൂടാതെ 2005 –ൽ, സ്ഥാപിതമായ നുവാൽസ് അഥവാ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, കാസർഗോഡ് സ്ഥാപിച്ച കേന്ദ്ര സർവ്വകലാശാല എന്നിവയും പ്രവർത്തിക്കുന്നു.

## ആർട്സ് ആന്റ് സയൻസ് കോളേജുകൾ

2020-21 ൽ, 163 സർക്കാർ എയ്ഡഡ് കോളേജുകളും 66 സർക്കാർ കോളേജുകളും ഉൾപ്പെടുന്ന 229 ആർട്സ് ആൻഡ് സയൻസ് കോളേജുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. ഇത് കൂടാതെ നിരവധി അൺ-എയ്ഡഡ്/ സെൽഫ് ഫിനാൻസിങ്ങ് കോളേജുകളും സർവ്വകലാശാലകളുടെ അംഗീകാരത്തോടുകൂടി പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ആർട്സ് ആൻഡ് സയൻസ് കോളേജുകൾ ഉള്ളത് എറണാകുളത്തും തിരുവനന്തപുരത്തുമാണ് (26), തൊട്ടുപിന്നാലെ കോട്ടയത്താണ് (24). സംസ്ഥാനത്ത് ഏറ്റവും കൂടുതൽ സർക്കാർ കോളേജുകളുള്ളത് (10) തിരുവനന്തപുരത്തും കോഴിക്കോടുമാണ്. 2020-21-ൽ സംസ്ഥാനത്തെ ആർട്സ് ആൻഡ് സയൻസ് കോളേജുകളുടെ ജില്ല തിരിച്ചുള്ള എണ്ണം **അനുബന്ധം 6.1.25**-ൽ കൊടുത്തിട്ടുണ്ട്. സംസ്ഥാനത്തെ സ്വാശ്രയ കോളേജുകളുടെയും സ്വയംഭരണ കോളേജുകളുടെയും വിശദാംശങ്ങൾ **അനുബന്ധം 6.1.26**-ൽ നൽകിയിരിക്കുന്നു.

## വിദ്യാർത്ഥികളുടെ പ്രവേശനം

കേരളത്തിലെ നാല് സർവ്വകലാശാലകൾക്ക് കീഴിലുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ 2020-21-ൽ 3.39 ലക്ഷം വിദ്യാർത്ഥികൾ പ്രവേശനം നേടിയിട്ടുണ്ട് (അൺ എയ്ഡഡ് കോളേജുകൾ ഒഴികെ). ഇതിൽ 2.21 ലക്ഷം (65.3 ശതമാനം) പെൺകുട്ടികളാണ്.

ബിരുദ പഠനത്തിന് പ്രവേശനം നേടിയിട്ടുള്ള കുട്ടികളിൽ 47.9 ശതമാനം പേർ ബി.എ യ്ക്കും, 36.2 ശതമാനം പേർ ബി.എസ്.സി.യ്ക്കും, 16 ശതമാനം പേർ ബി.കോമിനുമാണ് ചേർന്നിട്ടുള്ളത്. ബിരുദ പഠനത്തിന് പ്രവേശനം നേടിയ ആകെ വിദ്യാർത്ഥികളിൽ 65.4 ശതമാനം പെൺകുട്ടികളാണ്. ആൺ-പെൺ തിരിച്ചുള്ള പ്രവേശനം വ്യക്തമാക്കുന്നത് ബി.എ, ബി.എസ്.സി കോഴ്സുകളെക്കാൾ ആൺകുട്ടികൾ തിരഞ്ഞെടുക്കുന്നത് ബി.കോം കോഴ്സാണ് (**ചിത്രം 6.1.3**).


ബി.എ. ബിരുദ കോഴ്സിന് ആകെ 27 വിഷയങ്ങളാണുള്ളത്. ഇംഗ്ലീഷ് ആണ് ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പ്രവേശനം നേടിയ വിഷയം. തൊട്ടു പുറകിൽ സാമ്പത്തിക ശാസ്ത്രം വരുന്നു. ബി.എസ്.സി. കോഴ്സിനു കീഴിൽ ആകെ 31 വിഷയങ്ങൾ ആണുള്ളത്. ഇവിടെ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പ്രവേശനം നേടിയത് ഫിസിക്സിലാണ് തൊട്ടുപിറകിലാണ് ഗണിതശാസ്ത്രം. ബി.എ., ബി.എസ്.സി., ബി.കോം കോഴ്സുകളിലായി ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ **അനുബന്ധം 6.1.27, 6.1.28, 6.1.29** എന്നിവയിൽ നൽകിയിരിക്കുന്നു. 2020-21ൽ 22,723 വിദ്യാർത്ഥികളാണ് ബിരുദാനന്തര ബിരുദ കോഴ്സിന് സംസ്ഥാനത്ത് പ്രവേശനം നേടിയത്. പിജി കോഴ്സുകളിൽ ചേരുന്നവരിൽ 65.6 ശതമാനവും പെൺകുട്ടികളാണ്. ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ എം.എ, എം.എസ്.സി, എം.കോം കോഴ്സുകൾക്ക് പ്രവേശനം നേടിയവരുടെ വിശദമായ കണക്കുകൾ **അനുബന്ധം 6.1.30, 6.1.31, 6.1.32** എന്നിവയിൽ നൽകിയിരിക്കുന്നു.

## പട്ടികജാതി, പട്ടികവർഗ വിദ്യാർത്ഥികൾ

സംസ്ഥാനത്ത് ബിരുദ-ബിരുദാനന്തര ബിരുദ കോഴ്സുകളിലായി 31,337 പട്ടികജാതി വിഭാഗ വിദ്യാർത്ഥികളാണ് പ്രവേശനം നേടിയിട്ടുള്ളത്. 2020-21 ൽ പ്രവേശനം നേടിയ ആകെ വിദ്യാർത്ഥികളിൽ 9.23 ശതമാനം പട്ടികജാതിയിൽപ്പെട്ടവരാണ്. 2020-21-ൽ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ പ്രവേശനം നേടിയവരിൽ 7,358 പേർ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളാണ്. ഇത് ആകെ വിദ്യാർത്ഥികളുടെ 2.17 ശതമാനമാണ്.

2020-21-ൽ കേരളത്തിലെ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ ചേർന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ കണക്കുകൾ **അനുബന്ധം 6.1.33**-ൽ കാണാം. പട്ടികജാതി, പട്ടികവർഗ വിദ്യാർത്ഥികളുടെ ശതമാനാടിസ്ഥാനത്തിലുള്ള വിവരങ്ങൾ **പട്ടിക 6.1.7** ലും **ചിത്രം 6.1.4** ലും കാണാം.

**ചിത്രം 6.1.3** 2020-21 ലെ ഡിഗ്രി കോഴ്സുകളിലെ വിദ്യാർത്ഥികളുടെ സ്ത്രീ പുരുഷ അനുപാതം





അവലംബം: കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്

**പട്ടിക 6.1.7** ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾ

| കോഴ്സ് | ആകെ | പെൺകുട്ടികൾ | ആൺകുട്ടികൾ | പെൺകുട്ടികളുടെ ശതമാനം |
|---|---|---|---|---|
| ബി.എ | 1,41,358 | 90,784 | 50,574 | 64.2 |
| ബി എസ്.സി | 1,06,972 | 72,774 | 34,198 | 68.0 |
| ബി.കോം. | 47,087 | 29,512 | 17,575 | 62.7 |
| **ആകെ** | **2,95,417** | **1,93,070** | **1,02,347** | **65.4** |
| എം.എ | 16,575 | 10,706 | 5,869 | 64.6 |
| എം.എസ്.സി | 20,515 | 12,938 | 7,577 | 63.1 |
| എം.കോം | 7,070 | 4,924 | 2,146 | 69.7 |
| **ആകെ** | **44,160** | **28,568** | **15,592** | **64.7** |
| **ആകെ മൊത്തം** | **3,39,577** | **2,21,638** | **1,17,939** | **65.3** |

അവലംബം: കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്

**ചിത്രം 6.1.4** ബിരുദ ബിരുദാനന്തര ബിരുദ കോഴ്സിലെ പട്ടികജാതി/പട്ടികവർഗ വിദ്യാർത്ഥികൾ ശതമാനത്തിൽ




ഉറവിടം: കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്

### സ്കോളർഷിപ്പുകൾ

16 തരം കേന്ദ്ര-സംസ്ഥാനതല സ്കോളർഷിപ്പുകൾ വിദ്യാർത്ഥികൾക്ക് ലഭിക്കുന്നു. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് (67,563), ജില്ല മെറിറ്റ് സ്കോളർഷിപ്പ് (19,268), കേരള സംസ്ഥാന സുവർണ്ണ ജൂബിലി സ്കോളർഷിപ്പ് (2,146) എന്നിവയാണ് 2020-21 വർഷത്തിൽ നല്കിയ പ്രധാന സ്കോളർഷിപ്പുകൾ. 2016-17 മുതൽ 2020-21 വരെയുള്ള കാലഘട്ടത്തിൽ നൽകിയിട്ടുള്ള സ്കോളർഷിപ്പുകളുടെ വിവരങ്ങൾ **അനുബന്ധം 6.1.34** ൽ കൊടുത്തിരിക്കുന്നു.

### അദ്ധ്യാപകർ

സംസ്ഥാനത്തെ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ 2020-21 ലെ അദ്ധ്യാപകരുടെ എണ്ണം 10,136 ആണ്. ഇതിൽ 57.4 ശതമാനം സ്ത്രീകളാണ്. 2016-17 മുതൽ 2020-21 വർഷങ്ങളിൽ സർവ്വകലാശാല തിരിച്ച് കേരളത്തിലെ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ അധ്യാപകരുടെ എണ്ണം **അനുബന്ധം 6.1.35**-ൽ കാണാം. ഇവരിൽ 4,201 പേർ (41.4 ശതമാനം) പി.എച്ച്.ഡി. ബിരുദമുള്ളവരാണ്. വിശദവിവരങ്ങൾ **അനുബന്ധം 6.1.36**-ൽ കൊടുത്തിട്ടുണ്ട്. 2021 ൽ ഈ കോളേജുകളിൽ 3,866 പേർ ഗസ്റ്റ് അദ്ധ്യാപകരായി ജോലി ചെയ്തിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ **അനുബന്ധം 6.1.37**-ൽ കാണാം.

### കേരള ഉന്നത വിദ്യാഭ്യാസ കൗൺസിൽ

ദേശീയ തലത്തിലുള്ള വിദ്യാഭ്യാസ നയങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി, സംസ്ഥാനതല ആസൂത്രണത്തിന്റെയും സഹകരണത്തിന്റെയും പ്രാധാന്യം അംഗീകരിച്ചുകൊണ്ട്, എല്ലാ സംസ്ഥാനങ്ങളിലും ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിക്കണമെന്ന് ദേശീയ വിദ്യാഭ്യാസ നയം 1986-ൽ നിർദ്ദേശിച്ചു. 2007 മാർച്ച് 16 ന് കേരള സംസ്ഥാന ഹയർ എഡ്യൂക്കേഷൻ കൗൺസിൽ നിലവിൽ വന്നു. കൗൺസിൽ സംസ്ഥാനത്തെ പ്രധാന ഉന്നത വിദ്യാഭ്യാസ ചിന്താകേന്ദ്രമാണ്. കൂടാതെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ തുല്യത, പ്രവേശനം, മികവ് എന്നിവ കൊണ്ടുവരുന്നതിനുള്ള നയോപദേശം നൽകുന്നു. കൗൺസിലിന്റെ പ്രധാന ചുമതലകൾ താഴെ പറയുന്നു.

- സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ നയങ്ങൾ രൂപീകരിക്കുന്ന ഒരു ഏജൻസിയായി പ്രവർത്തിക്കുക.
- സംസ്ഥാനത്തെ സർക്കാർ, സർവ്വകലാശാലകൾ, മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഉപദേശം നൽകുക.
- സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിവിധ ഏജൻസികളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക.
- ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പുതിയ ആശയങ്ങൾക്കും പദ്ധതികൾക്കും തുടക്കം കുറിക്കുക
- ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സ്വയംഭരണാവകാശത്തിൽ കൈകടത്താതെ ഉന്നത വിദ്യാഭ്യാസ രംഗത്ത് പൊതു സൗകര്യങ്ങൾ ലഭ്യമാക്കുക.

**പട്ടിക 6.1.8** 2020–21–ൽ ഉന്നത വിദ്യാഭ്യാസത്തിന് പ്രവേശനം നേടിയ എസ്.സി, എസ്.ടി വിദ്യാർത്ഥികൾ

| കോഴ്സ് | ആകെ | ശതമാനം എസ്.സി | ശതമാനം എസ.ടി | ശതമാനം മറ്റുള്ളവർ |
|---|---|---|---|---|
| ബി.എ | 100 | 7.79 | 2.36 | 89.85 |
| ബി.എസ്.സി | 100 | 11.82 | 0.96 | 87.22 |
| ബി.കോം | 100 | 8.06 | 1.90 | 90.04 |
| ആകെ | 100 | 9.29 | 1.78 | 88.93 |
| എം.എ | 100 | 8.69 | 5.89 | 85.42 |
| എം.എസ്.സി | 100 | 8.06 | 3.67 | 88.27 |
| എം.കോം | 100 | 11.22 | 5.28 | 83.51 |
| ആകെ | 100 | 8.80 | 4.76 | 86.44 |
| ആകെ മൊത്തം | 100 | 9.23 | 2.17 | 88.60 |

അവലംബം: കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്

### പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ കൗൺസിലിന്റെ പ്രധാന സംരംഭങ്ങൾ

### എസ് എ എ സി (സാക്)

രാജ്യത്തെ ഉന്നതവിദ്യാഭ്യാസത്തിന്റെ വിവിധ മേഖലകളിൽ പെടുന്ന അനേകം അഫിലിയേറ്റഡ് സ്ഥാപനങ്ങളെ വിലയിരുത്തി ഗ്രേഡിംഗ് ചെയ്യുന്നതിനുള്ള ചുമതല നിറവേറ്റുന്നതിനായി നാഷണൽ അസസ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിലും യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനും സംസ്ഥാനതല അക്രഡിറ്റേഷൻ മെക്കാനിസം എന്ന ആശയം നിർദ്ദേശിച്ചിട്ടുണ്ട്.

### കമ്മ്യൂണിറ്റി ഉന്നത വിദ്യാഭ്യാസം (പ്രബുദ്ധത)

വിപുലമായ അറിവ് ജീവിത നിലവാരത്തെയും മനുഷ്യന്റെ നിലനിൽപ്പിന്റെ അവസ്ഥയെയും എങ്ങനെ ബാധിക്കുന്നു എന്നതിനെക്കുറിച്ച് ബോധവാന്മാരാകാൻ വലിയ രീതിയിൽ പൊതുജനങ്ങളെ സഹായിക്കുന്നതിന് രൂപപ്പെടുത്തിയ ഒരു സംരംഭം.

### ഇ–ജേണൽ കൺസോർഷ്യം

രാജ്യത്തെ സ്ഥാപനങ്ങളിലുടനീളമുള്ള ഇ–ജേണലുകളിലേക്കുള്ള സൗജന്യ പ്രവേശനസൗകര്യമാണ് ഇൻഫർമേഷൻ ആൻഡ് ലൈബ്രറി നെറ്റ്വർക്ക് സെന്ററുകൾ നൽകുന്നത്, അതിലൂടെ ചെലവ് ഗണ്യമായി കുറയ്ക്കാനാകും. സർക്കാർ അല്ലെങ്കിൽ സർവ്വകലാശാലകൾ പൂർണ്ണമായും ധനസഹായം നൽകുന്ന, പ്രസക്തമായ വിഷയങ്ങളിലെ മിക്കവാറും എല്ലാ ജേണലുകളും ഡാറ്റാബേസും കുറഞ്ഞ ചെലവിൽ സബ്സ്ക്രൈബുചെയ്യാനാകും. സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളുടെയും പങ്കാളിത്തത്തോടെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ സംസ്ഥാനത്ത് ഒരു നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നു.

### കേരള അക്കാദമിക് ലൈബ്രറീസ് നെറ്റ് വർക്ക് (കാൽനെറ്റ്)

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ലൈബ്രറികളുടെ സഹകരണത്തോടെ, സംസ്ഥാനത്ത് ഒരു ലൈബ്രറി ശൃംഖല രൂപീകരിച്ച് വിഭവങ്ങൾ പങ്കിടൽ ഈ സംരംഭം ഉറപ്പാക്കുന്നു. ഇതിൽ രണ്ട് ലെവലുകളാണുള്ളത്.

- ഒരു സർവ്വകലാശാലയുടെ ലൈബ്രറികൾ നെറ്റ് വർക്ക് ചെയ്യുക, ഇത് മേൽ സർവ്വകലാശാലയുടെ പേരിൽ അറിയപ്പെടുക.
- അഫിലിയേറ്റഡ് കോളേജ് ലൈബ്രറികളുടെ ശൃംഖലകൾ നെറ്റ് വർക്കുമായി ബന്ധിപ്പിക്കുക.

### കേരളത്തിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഡിജിറ്റലായി പ്രവർത്തനക്ഷമമാക്കൽ

കോവിഡ്–19 ലഘൂകരിക്കാനുള്ള ഉന്നത വിദ്യാഭ്യാസ മേഖലയിലെ നടപടികളിലൊന്നായാണ് ഇത് വിഭാവനം ചെയ്തിരിക്കുന്നത്. ഉന്നതവിദ്യാഭ്യാസത്തിലെ അധ്യാപന/ പഠന പ്രക്രിയ ഡിജിറ്റലൈസ് ചെയ്യുന്നതിനാണ് ഈ പദ്ധതി ആവിഷ്കരിച്ചത്. 100 ദിവസത്തിനുള്ളിൽ സംസ്ഥാനത്തെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രത്യേകിച്ച് കോളേജുകളിലും സർവ്വകലാശാലകളിലും മൂഡിൽ ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം (എൽഎംഎസ്) സ്ഥാപിക്കാൻ പദ്ധതിയിടുന്നുണ്ട്.

### കേരള ചരിത്രഗവേഷണ കൗൺസിൽ (കെ.സി.എച്ച്.ആർ)

ചരിത്രത്തിലും പുരാവസ്തുഗവേഷണത്തിലും മറ്റ് സാമൂഹ്യ ശാസ്ത്രവിഷയങ്ങളിലും ഗവേഷണ പഠനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി 2001 ൽ സ്ഥാപിച്ച ഒരു സ്വയംഭരണ സ്ഥാപനമാണ് കേരള ചരിത്ര ഗവേഷണ കൗൺസിൽ. രാജ്യത്തിനകത്തും പുറത്തുമുള്ള പ്രമുഖ ഗവേഷണ സ്ഥാപനങ്ങളുമായി അക്കാദമിക അംഗീകാരമുള്ളതും കേരള സർവ്വകലാശാലയുടെ അംഗീകരിക്കപ്പെട്ട ഗവേഷണ കേന്ദ്രവുമാണ് കേരള ചരിത്ര ഗവേഷണ കൗൺസിൽ.

### പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ കെ.സി.എച്ച്.ആർ–ന്റെ പ്രധാന സംരംഭം

പ്രളയ രേഖകൾ, ഓർമ്മകൾ, കേരളത്തിന്റെ ഭൂതകാലം ഡിജിറ്റൈസ് ചെയ്യുക, ദൃശ്യപരത, നഗരദൃശ്യങ്ങൾ, പൊതുചരിത്രം: സമകാലിക കേരളത്തെ ചിന്തിക്കുന്ന രീതികൾ തുടങ്ങി വിവിധ ഗവേഷണ പദ്ധതികൾ കെസിഎച്ച്ആർ ഈ കാലയളവിൽ ആരംഭിച്ചിട്ടുണ്ട്. പട്ടണം പുരാവസ്തു കണ്ടെത്തലുകളെക്കുറിച്ചുള്ള ഉത്ഖനനാനന്തര ഗവേഷണമാണ് ശ്രദ്ധാകേന്ദ്രമായ മറ്റൊരു മേഖല. ആദ്യകാല ആധുനിക

ഡച്ച് ലിപിയുടെ പഠനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന നെതർലാന്റിലെ ലൈഡൻ യൂണിവേഴ്സിറ്റിയുമായി സഹകരിച്ച് കോസ്മോസ് മലബാറിക്കസ് പദ്ധതി ആരംഭിക്കാൻ കെ.സി.എച്ച്.ആർ ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

### കേരള സംസ്ഥാന നൈപുണ്യ വികസന പ്രോജക്ട് (അസാപ്)

കേരള സംസ്ഥാന നൈപുണ്യ വികസന പദ്ധതിയുടെ ഭാഗമായി 2012 ൽ ഉന്നത-പൊതു വിദ്യാഭ്യാസ വകുപ്പുകളുടെ പങ്കാളിത്തത്തോടെ ആരംഭിച്ച പദ്ധതിയാണ് അസാപ്. ഹയർ സെക്കന്ററി തലം മുതൽ ബിരുദ തലം വരെയുള്ള ജനറൽ കരിക്കുലവുമായി ബന്ധപ്പെടുത്തി സുപ്രധാന അടിസ്ഥാന പരിശീലനം, തൊഴിലധിഷ്ഠിത പരിശീലനം, കരിയർ കൗൺസലിംഗ് എന്നിവയിലൂടെ വിദ്യാഭ്യാസ തൊഴിലില്ലായ്മയെ നേരിടാൻ ഇത് ലക്ഷ്യമിടുന്നു. അസാപ്പിന്റെ വിജയം സാമൂഹ്യ നൈപുണ്യത്തിലേക്കും ഫ്യൂച്ചറിസ്റ്റിക് നൈപുണ്യത്തിലേക്കും നയിച്ചു. വിദ്യാർത്ഥികളുടെ തൊഴിൽ സാധ്യത ഉയർത്താനും അവരുടെ തൊഴിൽ വൈദഗ്ധ്യത്തിന്റെ മേന്മ വർദ്ധിപ്പിക്കാനും തക്ക വിധത്തിലുമുള്ള അനുകൂല സാഹചര്യം അസാപ് സജ്ജമാക്കുന്നു. സാങ്കേതിക വിദ്യാർത്ഥികളുടെ നൈപുണ്യ വിടവ് നികത്താനും ഭാവി വ്യവസായത്തിന് അവരെ സജ്ജരാക്കാനും എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്ക് കോളേജുകളിലും സ്ഥാപിച്ച നൂതന നൈപുണ്യ വികസന കേന്ദ്രങ്ങൾ (എ.എസ്.ഡി.സി.കൾ) ശക്തിപ്പെടുത്തുന്നതിൽ 2019-20 കാലയളവിൽ അസാപ് ശ്രദ്ധ കേന്ദ്രീകരിച്ചു. വ്യവസായത്തിലെ ഡിമാൻഡ് അടിസ്ഥാനമാക്കിയുള്ള തൊഴിൽ റോളുകളിൽ കമ്മ്യൂണിറ്റിയെ സജ്ജമാക്കുന്നതിനായി നൂതന മൾട്ടി സ്കിൽ ട്രെയിനിംഗ് സെന്ററുകളായ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളും (സി.എസ്.പി) പ്രവർത്തനക്ഷമമാക്കി.

### 13-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ അസാപിന്റെ പ്രധാന നേട്ടങ്ങൾ/ സംരംഭങ്ങൾ

**നൈപുണ്യത്തിൽ മികച്ച പരിശീലനം:** 2017-ൽ നീതി ആയോഗ് ദേശീയതലത്തിൽ നൈപുണ്യ വികസനത്തിലെ മികച്ച സമ്പ്രദായമായി അസാപിനെ അംഗീകരിച്ചു. ഏഷ്യൻ വികസന ബാങ്ക് (എഡിബി) പദ്ധതികളിൽ ജെൻഡർ ആക്ഷൻ പ്ലാൻ (ജിഎപി) ഫലപ്രദമായി നടപ്പാക്കിയ ഇന്ത്യയിലെ ഏറ്റവും മികച്ച പദ്ധതിയായി എഡിബി, അസാപ്പിനെ തെരഞ്ഞെടുത്തു.

**കമ്മ്യൂണിറ്റി വൈദഗ്ദ്ധ്യ പാർക്കുകൾ** എന്നത് കമ്മ്യൂണിറ്റിയിലേക്ക് പരിശീലനം വ്യാപിപ്പിക്കുന്നതിനുള്ള അസാപ്പിന്റെ മികച്ച ഒരു ആശയമാണ്. ഒരു നൈപുണ്യ വികസന ആവാസവ്യവസ്ഥയെ പരിപോഷിപ്പിക്കുന്നതിനായി സി എസ് പി കൾ ഒരു ഹബ്-സ്പോക്ക് മോഡലിൽ പ്രവർത്തിക്കുകയും അക്കാദമിക് സ്ഥാപനങ്ങൾ, തൊഴിലധിഷ്ഠിത പരിശീലന സ്ഥാപനങ്ങൾ, പ്രാദേശിക വ്യവസായം എന്നിവയുമായി ബന്ധപ്പെടുകയും ചെയ്യുന്നു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി 16 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ അസാപ് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. ഈ മൾട്ടി-സ്കിൽ ഡെവലപ്മെന്റ് ഹബ്ബുകൾ എല്ലാ പ്രായക്കാർക്കും സാമൂഹിക ഗ്രൂപ്പുകൾക്കും വൈദഗ്ധ്യം വർദ്ധിപ്പിക്കുന്നതിനുള്ള അവസരങ്ങൾ സുഗമമാക്കുന്ന ആധുനിക പരിശീലന സൗകര്യങ്ങളാൽ സജ്ജീകരിച്ചിരിക്കുന്നു.

ഉയർന്നുവരുന്ന സാങ്കേതിക-അധിഷ്ഠിതമായ തൊഴിൽ റോളുകൾക്കായി യുവാക്കളെ സജ്ജരാക്കുന്നതിന് ഒരു അതുല്യമായ നൈപുണ്യ വികസന ആവാസവ്യവസ്ഥ സൃഷ്ടിക്കാൻ ലക്ഷ്യമിട്ടുള്ള പരിശീലന സൗകര്യങ്ങളാൽ വിപുലമായ നൈപുണ്യ വികസന കേന്ദ്രങ്ങൾ സജ്ജീകരിച്ചിരിക്കുന്നു.

തെരഞ്ഞെടുത്ത കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളിൽ സ്ഥാപിച്ചിട്ടുള്ള ബഹുഭാഷാ പരിശീലന കേന്ദ്രങ്ങളിലൂടെ അസാപ് കേരള വിദേശ ഭാഷാ പരിശീലനം നൽകുന്നു. 2019-ൽ കേരളത്തിലെ പതിനഞ്ച് വയസ്സിന് മുകളിലുള്ള സ്ത്രീകൾക്ക് മാത്രമായി അസാപ് നടത്തുന്ന പരിശീലന പരിപാടിയാണ് **'ഷി സ്കിൽസ്'.** സ്ത്രീകളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും വൈദഗ്ധ്യം നേടുന്നതിനും സ്ത്രീകളെ സാമ്പത്തികമായി സ്വയംപര്യാപ്തരാക്കുന്നതിനും അവരെ തൊഴിലവസരങ്ങളുമായി ബന്ധിപ്പിക്കുന്നതിനും സഹായിക്കുവാനാണ് ഈ സംരംഭം ലക്ഷ്യമിടുന്നത്. 15 വയസ്സിന് മുകളിലുള്ള 5,529 സ്ത്രീകൾക്ക് ഈ പരിപാടിയിൽ പരിശീലനം നൽകിയി ട്ടുണ്ട്.

**റീബൂട്ട് കേരള ഹാക്കത്തോൺ 2020** - സംസ്ഥാനത്തെ വിവിധ വകുപ്പുകൾ അഭിമുഖീകരിക്കുന്ന വെല്ലുവിളികൾ നിറഞ്ഞ പ്രശ്നങ്ങൾക്ക് ക്രിയാത്മകമായ പരിഹാരം കണ്ടെത്തുന്നതിലൂടെ കേരളത്തിന്റെ വികസനത്തിലേക്ക് ആശയങ്ങൾ നൽകാൻ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള ഒരു അവസരമാണ് റീബൂട്ട് കേരള ഹാക്കത്തൺ 2020. റീബൂട്ട് കേരള ഹാക്കത്തോൺ 2020 ന്റെ ആദ്യ ഘട്ടത്തിൽ 1608 വിദ്യാർത്ഥികൾ പങ്കെടുത്ത 10 പ്രാദേശിക ഹാക്കത്തണുകളും, അതിനെ തുടർന്ന് ഒരു ഗ്രാൻഡ് ഫിനാലെയും ഉണ്ടായിരുന്നു.

**സമത്വ 2019** - സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രവർത്തനങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം കുറയുന്നതിലേക്ക് നയിക്കുന്ന പ്രശ്നങ്ങൾ മനസിലാക്കുന്നതിനായി "കേരളത്തിലെ വ്യവസായങ്ങളിലും ബിസിനസ്സുകളിലും തൊഴിലിൽ ലിംഗസമത്വം വർദ്ധിപ്പിക്കുക" എന്ന വിഷയത്തിൽ 2019 ൽ അസാപ് ജെൻഡർ വർക്ക് ഷോപ്പ് സംഘടിപ്പിച്ചു.

### രാഷ്ട്രീയ ഉച്ചതാർ ശിക്ഷാ അഭിയാൻ (റൂസ)

ആസൂത്രിതമായ വികസനത്തിലൂടെ ഉന്നത വിദ്യാഭ്യാസരംഗത്ത് പ്രവേശനം, തുല്യത, നിലവാരം എന്നിവ സംസ്ഥാന തലത്തിൽ മെച്ചപ്പെടുത്തുക എന്നതാണ് റൂസയുടെ പ്രധാന ലക്ഷ്യങ്ങൾ. പുതിയ അക്കാദമിക് സ്ഥാപനങ്ങൾ സൃഷ്ടിക്കുക, നിലവിലുള്ളവ വികസിപ്പിക്കുക, നവീകരിക്കുക, പ്രൊഫഷണലായി നിയന്ത്രിക്കുന്നതും ഗവേഷണോന്മുഖമായ ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുന്ന രീതിയിലുള്ള സ്വാശ്രയ സ്ഥാപനങ്ങൾ വികസിപ്പിക്കുക, ദേശീയമായിത്തന്നെ പ്രസക്തിയുള്ള

വിദ്യാഭ്യാസം വിദ്യാർത്ഥികൾക്ക് നൽകുക എന്നിവയാണ് റൂസയുടെ ലക്ഷ്യങ്ങൾ.

റൂസ ഒന്നാം ഘട്ടത്തിൽ, 170.00 കോടി രൂപ അംഗീകരിച്ചതിൽ 146.97 കോടി രൂപ അനുവദിച്ചു. റൂസയുടെ ഒന്നാം ഘട്ടത്തിന്റെ ഭാഗമായി, 6 സർവകലാശാലകൾക്കും 26 കോളേജുകൾക്കുമുള്ള അടിസ്ഥാന സൗകര്യ ഗ്രാന്റുകൾക്കും മറ്റ് നിരവധി കോളേജുകൾക്കുള്ള ഫാക്കൽറ്റി ഇംപ്രൂവ്മെന്റ്, ഇക്വിറ്റി സംരംഭങ്ങൾക്കും അംഗീകാരം ലഭിച്ചു. റൂസ ഒന്നാം പദ്ധതിയുടെ ഭാഗമായി എല്ലാ കോളേജുകളിലും വീഡിയോ കോൺഫറൻസിങ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

റൂസ രണ്ടാം ഘട്ടത്തിൽ, 355.00 കോടി രൂപ അംഗീകരിച്ചതിൽ 138.00 കോടി രൂപ അനുവദിച്ചു. ഒരു റൂസ മോഡൽ ഡിഗ്രി കോളേജ്, ഗുണനിലവാരവും മികവും വർദ്ധിപ്പിക്കുന്നതിന് 5 സ്വയംഭരണ കോളേജുകൾ, അടിസ്ഥാന സൗകര്യ ഗ്രാന്റുകൾക്കായി 112 കോളേജുകൾ, ഗവേഷണം, നവീകരണം, ഗുണനിലവാരം മെച്ചപ്പെടുത്തൽ എന്നിവയ്ക്കായി 2 സർവ്വകലാശാലകൾ എന്നിവയ്ക്ക് അംഗീകാരം ലഭിച്ചു.

## സാങ്കേതിക വിദ്യാഭ്യാസം

സമൂഹത്തിന്റെ നേട്ടത്തിനായി സാങ്കേതികവിദ്യയുടെ ഉപയോഗം, ജീവിത നിലവാരം മെച്ചപ്പെടുത്തൽ, സമൂഹത്തിന്റെ മൊത്തത്തിലുള്ള വികസനത്തിനായി വ്യവസായ ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്തൽ സാങ്കേതിക വിദ്യ വർദ്ധിപ്പിക്കൽ എന്നിവയാണ് സാങ്കേതികവിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമിടുന്നത്. യുവാക്കൾക്ക് സാങ്കേതിക വിദ്യാഭ്യാസം നൽകുന്നതിലൂടെ സുസ്ഥിര വികസനത്തിനും സാമൂഹ്യ ജീവിതത്തിന്റെ ഗുണനില വാരം മെച്ചപ്പെടുത്തുന്നതിനും അവരെ പ്രാപ്തമാക്കുന്നതിന് സാധിക്കുന്നു. വിദ്യാർത്ഥികൾക്കിടയിൽ നൂതന ചിന്തയും സംരംഭകത്വ വികസനവും പ്രോത്സാഹിപ്പിക്കുന്നതിന് ഊന്നൽ നൽകുന്നു.

സംസ്ഥാനത്ത് സാങ്കേതിക വിദ്യാഭ്യാസത്തിന്റെ നോഡൽ വകുപ്പായി പ്രവർത്തിച്ചു വരുന്നത് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റാണ്. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ ഭരണപരവും സാമ്പത്തികവുമായ നിയന്ത്രണത്തിനു കീഴിലുള്ള സാങ്കേതിക സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധം 6.1.38–**ൽ കൊടുത്തിരിക്കുന്നു.

## എഞ്ചിനീയറിംഗ് കോളേജുകൾ

2020–21 ലെ കണക്കുപ്രകാരം സംസ്ഥാനത്ത് നിലവിലുള്ള 175 എഞ്ചിനീയറിംഗ് കോളേജുകളിലായി 47,025 പേർ പ്രവേശനം നേടി. ഇതിൽ 163 എണ്ണം (93.1 ശതമാനം) സ്വാശ്രയകോളേജുകളും (അൺ എയ്ഡഡ്), 9 എണ്ണം (5.1 ശതമാനം) സർക്കാർ കോളേജുകളും, 3 എണ്ണം (1.7 ശതമാനം) ഗവൺമെന്റ് എയ്ഡഡ് കോളേജുകളുമാണ്. ഏറ്റവും കൂടുതൽ അൺഎയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകൾ ഉള്ളത് എറണാകുളം ജില്ലയിലാണ് (30 എണ്ണം). അതു കഴിഞ്ഞാൽ തിരുവനന്തപുരം (26 എണ്ണം) ജില്ലയിലാണ്. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, മലപ്പുറം, കാസർകോഡ് ജില്ലകളിൽ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകൾ ഇല്ല. ജില്ല തിരിച്ചും, മാനേജ്മെന്റ് തിരിച്ചുമുള്ള എഞ്ചിനീയറിംഗ് കോളേജുകളുടെയും, അനുവദിച്ചിട്ടുള്ള സീറ്റുകളുടെയും എണ്ണം **അനുബന്ധം 6.1.39** ൽ ചേർത്തിട്ടുണ്ട്. 2021–ൽ അനുവദിക്കപ്പെട്ട സീറ്റുകളുടെ എണ്ണം സർക്കാർ കോളേജുകളിൽ 3,570 ആണ് (7.6 ശതമാനം). ഇത് എയ്ഡഡ് കോളേജുകളിൽ 2,030 (4.3 ശതമാനം)ഉം, അൺഎയ്ഡഡ് കോളേജുകളിൽ 41,425 (88.1 ശതമാനം) ഉം ആയിരുന്നു.

2021–22 ൽ കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളിൽ ഏറ്റവുമധികം സീറ്റുകൾ ഉള്ളത് കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ് (9,335) തുടർന്ന്, മെക്കാനിക്കൽ എഞ്ചിനീയറിംഗ് (9,030), സിവിൽ എഞ്ചിനീയറിംഗ് (8,169), ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് (7,134) വിഭാഗത്തിലുമാണ്. എന്നാൽ 2020–21 ഏറ്റവും കൂടുതൽ സീറ്റുകൾ ഉണ്ടായിരുന്നത് മെക്കാനിക്കൽ എഞ്ചിനീയറിംഗ് ശാഖയിലാണ് (9,780). 2021–22ലെ ശാഖ തിരിച്ചുള്ള സീറ്റ് വിഭാഗത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 6.1.40–**ൽ ചേർത്തിരിക്കുന്നു. ബിരുദ തലത്തിൽ പെൺകുട്ടികളുടെ പ്രവേശനത്തിന്റെ അനുപാതം 2020–21 ൽ 41.8 ശതമാനമാണ്. 2020–21 ൽ 1,700 വിദ്യാർത്ഥികൾക്ക് സർക്കാർ, എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ ബിരുദാനന്തര ബിരുദ കോഴ്സിൽ പ്രവേശനം ലഭിച്ചു. സർക്കാർ–എയ്ഡഡ് കോളേജുകളിൽ ബിരുദ–ബിരുദാനന്തര ബിരുദ കോഴ്സിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ 67 ശതമാനം പെൺകുട്ടികളാണ്. വിശദാംശങ്ങൾ **അനുബന്ധം 6.1.41–**ലും **6.1.42**–ലും ചേർത്തിരിക്കുന്നു.

## എഞ്ചിനീയറിംഗ് കോളേജുകളിലെ അക്കാദമിക മികവ്

ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിലെ അധ്യയന മികവ് ഉയർന്നതും, ശ്ലാഘനീയവുമാണ്. വിജയശതമാനവും പ്രശസ്തമായ സ്ഥാപനങ്ങളിൽ മികച്ച ജോലി ലഭിച്ച വിദ്യാർത്ഥികളുടെ കണക്കും (പ്ലെയ്സ്മെന്റ്) വളരെ മെച്ചപ്പെട്ടതാണ്. സർക്കാർ എയ്ഡഡ് കോളേജ് മറ്റെല്ലാവിഭാഗത്തേക്കാളും (സർക്കാർ, സർക്കാർ സ്വാശ്രയ, സ്വകാര്യ സ്വാശ്രയ ധനസഹായം) നല്ല പ്രകടനം കാഴ്ചവച്ച് 77.65 വിജയശതമാനത്തോടെ മുന്നിലാണ്. തൊട്ടു പുറകിലായി 72.95 ശതമാനത്തോടെ സർക്കാർ എൻജിനീയറിംഗ് കോളേജുമാണ്. സർക്കാർ സ്വാശ്രയ കോളേജുകളുടെ വിജയശതമാനം (59.69 ശതമാനം) സ്വകാര്യ സ്വാശ്രയ കോളേജുകളുടെ വിജയശതമാനമായ 51.10 നേക്കാൾ മുകളിലാണ്. ആൺകുട്ടികളുമായി താരതമ്യം ചെയ്യുമ്പോൾ പെൺകുട്ടികൾ 70.34 ശതമാനം വിജയം നേടി. രജിസ്റ്റർ ചെയ്ത ആൺകുട്ടികളുടെ എണ്ണം പെൺകുട്ടികളെക്കാൾ കൂടുതലാണെങ്കിലും ആൺകുട്ടികളുടെ വിജയശതമാനം പെൺകുട്ടികളെ അപേക്ഷിച്ച് കുറവാണ് എന്നത് ശ്രദ്ധിക്കേണ്ടതാണ് (**പട്ടിക 6.1.9**). എസ്.സി,എസ്.ടി വിദ്യാർത്ഥികളുടെ വിജയ ശതമാനം (യഥാക്രമം 32.54 ശതമാനവും 23.33 ശതമാനവും) സംസ്ഥാന ശരാശരിയെക്കാൾ താഴെയാണ് എന്നുള്ളത് ആശങ്കാജനകമാണ് (**പട്ടിക 6.1.10**).

വിവിധ സർക്കാർ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെ പ്ലേസ്മെൻറ് റെക്കോർഡും താരതമ്യേന ഉയർന്നതാണ്. ഗേറ്റ്, കാറ്റ് മുതലായ മത്സരപരീക്ഷകളിലൂടെ ധാരാളം

**പട്ടിക 6.1.9** ബി.ടെക് ഫലം, 2021

| മാനേജ് മെന്റ് | ആൺകുട്ടികൾ | | | പെൺകുട്ടികൾ | | | ആകെ | | |
|---|---|---|---|---|---|---|---|---|---|
| | രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾ | വിജയിച്ച വിദ്യാർത്ഥികൾ | വിജയ ശതമാനം | രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾ | വിജയിച്ച വിദ്യാർത്ഥികൾ | വിജയ ശതമാനം | രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾ | വിജയിച്ച വിദ്യാർത്ഥികൾ | വിജയ ശതമാനം |
| സർക്കാർ | 2,034 | 1,373 | 67.5 | 1,293 | 1,054 | 81.52 | 3,327 | 2,427 | 72.95 |
| ഗവൺമെന്റ് എയ്ഡഡ് | 1,236 | 919 | 74.35 | 648 | 544 | 83.95 | 1,884 | 1,463 | 77.65 |
| സർക്കാർ സ്വയംഭരണം | 2,402 | 1,218 | 50.71 | 1,981 | 1,398 | 70.57 | 4,383 | 2,616 | 59.69 |
| സ്വകാര്യ സ്വാശ്രയം | 11,564 | 4,749 | 41.07 | 7,264 | 4,873 | 67.08 | 18,828 | 9,622 | 51.10 |
| ആകെ | 17,236 | 8,259 | 47.91 | 11,186 | 7,869 | 70.34 | 28,422 | 16,128 | 56.74 |

അവലംബം: കേരള സാങ്കേതിക സർവകലാശാല, 2021

**പട്ടിക 6.1.10** എസ്.സി, എസ്.ടി ബി.ടെക് വിദ്യാർത്ഥികളുടെ വിജയശതമാനം, 2021

| മാനേജ് മെന്റ് | എസ്സ്.സി | | | എസ്സ്.ടി | | |
|---|---|---|---|---|---|---|
| | രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾ | വിജയിച്ച വിദ്യാർത്ഥികൾ | വിജയശതമാനം | രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾ | വിജയിച്ച വിദ്യാർത്ഥികൾ | വിജയശതമാനം |
| സർക്കാർ | 239 | 109 | 45.6 | 32 | 8 | 25 |
| ഗവൺമെന്റ് എയ്ഡഡ് | 119 | 51 | 42.85 | 17 | 4 | 23.52 |
| സർക്കാർ സ്വയംഭരണം | 157 | 30 | 19.1 | 6 | 1 | 16.67 |
| സ്വകാര്യ സ്വാശ്രയം | 364 | 96 | 26.37 | 5 | 1 | 20 |
| ആകെ | 879 | 286 | 32.54 | 60 | 14 | 23.33 |

അവലംബം: കേരള സാങ്കേതിക സർവകലാശാല, 2021

വിദ്യാർത്ഥികൾ ഉന്നത പഠനത്തിന് യോഗ്യത നേടുന്നു. മിക്ക വിദ്യാർത്ഥികൾക്കും വിപ്രോ, മഹീന്ദ്ര, ടി.സി.എസ്, ബോഷ് തുടങ്ങിയ ബഹുരാഷ്ട്ര സ്ഥാപനങ്ങളിൽ ജോലി ലഭിക്കുന്നു. 2020-21 കാലഘട്ടത്തിൽ വിവിധ സർക്കാർ എൻജിനീയറിംഗ് കോളേജുകളിലെ വിസിറ്റിംഗ് ഫാക്കൽറ്റി പരിപാടികളെക്കുറിച്ചും പ്ലേസ്മെൻറ് വിശദാംശങ്ങളും **അനുബന്ധം 6.1.43** ലും **6.1.44** ലും നൽകിയിരിക്കുന്നു. (കോവിഡ്-19 മഹാമാരി മൂലം പ്രവേശന പ്രക്രിയയിലും, കൃത്യസമയത്തുള്ള പരീക്ഷ നടത്തിപ്പിനും ഫല പ്രഖ്യാപനത്തിനും കാലതാമസമുണ്ടായി. അതിനാൽ 2020-21ലെ വിശദാംശങ്ങൾ ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്).

### പോളിടെക്നിക്കുകളും ടെക്നിക്കൽ ഹൈസ്കൂളുകളും

കേരളത്തിൽ 45 സർക്കാർ പോളിടെക്നിക്കുകളും, 6 സ്വകാര്യ എയ്ഡഡ് പോളിടെക്നിക്കുകളും ആണ് നിലവിലുള്ളത്. ഇവിടങ്ങളിലെ പ്രവേശനം 2020-21 -ൽ യഥാക്രമം 11,727 ഉം, 1,553 ഉം ആണ്. 2020-21-ൽ 31,285 വിദ്യാർത്ഥികൾ ഗവൺമെന്റ് പോളിടെക്നിക്കുകളിലും, 4,458 വിദ്യാർത്ഥികൾ സ്വകാര്യ എയ്ഡഡ് പോളിടെക്നിക്കുകളിലും പഠിക്കുന്നുണ്ട്. 2016-17 മുതൽ 2020-21 വരെയുള്ള വർഷങ്ങളിൽ പോളിടെക്നിക്കുകളിലെ വാർഷിക പ്രവേശനവും വിദ്യാർത്ഥികളുടെ എണ്ണവും **അനുബന്ധം 6.1.45, 6.1.46**-ൽ കാണാം. 2020-21 വർഷത്തിൽ പോളിടെക്നിക്കുകളിൽ പ്രവേശനം

**ബോക്സ് 6.1.3** എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിലെ ഹെർ എംപവർമെന്റ് ഇൻ എഞ്ചിനീയറിംഗ് എജ്യൂക്കേഷൻ (ഷീ) പദ്ധതി

2020–21 കാലത്ത് കണ്ണൂരിലെ ഗവൺമെന്റ് കോളേജ് ഓഫ് എൻജിനീയറിങ്ങിൽ ആരംഭിച്ച 'സ്കീം ഫോർ ഹെർ എംപവർമെന്റ് ഇൻ എഞ്ചിനീയറിംഗ് എഡ്യൂക്കേഷൻ' (ഷീ) എന്ന പരിപാടി, സാങ്കേതിക മേഖലകളിൽ മികച്ച നേതാക്കളാകാൻ പെൺകുട്ടികൾക്ക് എത്രമാത്രം കഴിവും പിന്തുണയും ആവശ്യമാണെന്ന് മനസ്സിലാക്കാൻ അവരെ പ്രാപ്തരാക്കുന്നു. കണ്ണൂരിലെ ഗവൺമെന്റ് കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ പൂർവവിദ്യാർത്ഥികളായിരുന്ന അധ്യാപകരും ബാഹ്യ ഏജൻസികളിൽ നിന്നുള്ള റിസോഴ്സ് പേഴ്സൺമാരും ജീവിതത്തിന്റെ വിവിധ മേഖലകളിലുള്ള വിദഗ്ധരുമാണ് പരിപാടിക്ക് വേണ്ടി പ്രയത്നിക്കുന്നത്. കണ്ണൂരിലെ ഗവൺമെന്റ് കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ പി.ടി.എ.യുടെയും എച്ച്.ആർ.ഡി സെല്ലിന്റെയും എല്ലാ പിന്തുണയും ഷീ പ്രോഗ്രാമിന് ലഭിക്കുന്നു.

**ഈ പദ്ധതിയുടെ കീഴിലുള്ള പ്രധാന സംരംഭങ്ങൾ**

**ലോക്ക്ഡൗൺ ടോക്ക് സീരീസിൽ** മത്സര പരീക്ഷകൾ മുതൽ മാനസികവും ശാരീരികവുമായ ആരോഗ്യം പോലുള്ള പൊതുവായ വിഷയങ്ങൾ ഉൾക്കൊള്ളുന്ന വിവിധ വിഷയങ്ങൾ 13 ഓൺലൈൻ സെഷനുകളിലായി വിവിധ മേഖലാ വിദഗ്ധർ കൈകാര്യം ചെയ്തു.

**ഷീ കോഡേഴ്സ്** എന്ന ഓൺലൈൻ ഗ്രൂപ്പിന് നിലവിൽ 18 ഉപഗ്രൂപ്പുകളായി തിരിച്ചിരിക്കുന്ന 100-ലധികം സജീവ അംഗങ്ങളുണ്ട്. വ്യക്തിഗത ശ്രദ്ധ ഉറപ്പാക്കാൻ ഓരോ ഗ്രൂപ്പിനും സമപ്രായക്കാരായ വെവ്വേറെ ഉപദേഷ്ടാക്കളെ നൽകിയിട്ടുണ്ട്. പതിവ് ഓൺലൈൻ ചർച്ചകൾക്ക് പുറമേ, ഫോറത്തിന് ഒരു സമർപ്പിത യൂട്യൂബ് ചാനലും ഉണ്ട്.

"**ലക്ഷ്യം:** വെബ്സൈറ്റ് നിർമ്മിക്കുക" എന്നത് സ്ത്രീ വിദ്യാർത്ഥി സമൂഹത്തിനായി നടത്തിയ ഒരു ഓൺലൈൻ വെബ്സൈറ്റ് വികസന ബൂട്ട്ക്യാമ്പ് ആയിരുന്നു.

കേരള സ്റ്റാർട്ടപ്പ് മിഷനുമായി സഹകരിച്ചാണ് 'നമുക്കുവേണ്ടി ഞങ്ങൾ – **വനിതാ സംരംഭകർക്കായി വനിതാ എഞ്ചിനീയർമാർ'** സംഘടിപ്പിച്ചത്. സ്ത്രീകളിൽ, പ്രത്യേകിച്ച് പുതുമുഖ സംരംഭകർ അഭിമുഖീകരിക്കുന്ന ചില വെല്ലുവിളികൾക്ക് പരിഹാരം അവതരിപ്പിക്കുന്നതിന് വളർന്നുവരുന്ന വനിതാ എഞ്ചിനീയർമാരെ ഒരുമിച്ച് കൊണ്ടുവരാൻ സഹായിക്കുന്നതിന് സംസ്ഥാനത്തുടനീളമുള്ള എഞ്ചിനീയറിംഗ് കോളേജുകളിലെ പെൺകുട്ടികൾക്കായി മാത്രമായി ഈ വെർച്വൽ മേക്കത്തോൺ സംഘടിപ്പിച്ചു.

പകർച്ചവ്യാധി തൊഴിൽ സംസ്കാരം (ടെക്നോളജിയിലെ) സ്ത്രീകൾക്ക് ദോഷകരമാണോ എന്ന വിഷയത്തിൽ സംസ്ഥാനത്തെ എഞ്ചിനീയറിംഗ് വിദ്യാർത്ഥിനികൾക്കായി ഒരു ഇന്റർ-കോളീജിയറ്റ് സംവാദ മത്സരവും ഷീ സംരംഭം നടത്തി. ഉപദേഷ്ടാക്കളുടെ ഗ്രൂപ്പുകളും രൂപീകരിച്ചു. സ്ത്രീശാക്തീകരണവുമായി ബന്ധപ്പെട്ട് വെബിനാറുകളും ചർച്ചകളും നടന്നു.
2022–23 മുതൽ ഡിടിഇയുടെ കീഴിലുള്ള എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കും പദ്ധതി വ്യാപിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

ഉറവിടം: സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, കേരളം

ലഭിച്ച കുട്ടികളുടെ ട്രേഡ് തിരിച്ചുള്ള വിശദവിവരങ്ങൾ **അനുബന്ധം 6.1.47**–ൽ കാണാം. ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിച്ചത് കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് (2,030), തുടർന്ന് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് (2,020), മെക്കാനിക്കൽ എഞ്ചിനീയറിംഗ് (1,740), സിവിൽ എഞ്ചിനീയറിംഗ് (1,420), എന്നിവയുമാണ്. പോളിടെക്നിക്കുകളിൽ പ്രവേശനം നേടിയ കുട്ടികളിൽ 28.1 ശതമാനം പെൺകുട്ടികളാണ്. എന്നാൽ സർക്കാർ എയ്ഡഡ് പോളിടെക്നിക്കുകളിൽ ഇത് 28.2 ഉം, 27.5 ശതമാനവുമാണ്. 2020–21–ൽ 1,531 അദ്ധ്യാപകരാണ് സംസ്ഥാനത്തെ പോളിടെക്നിക്കുകളിലുള്ളത്. അധ്യാപികമാരുടെ അനുപാതത്തിലും വളരെ കുറവ് കാണപ്പെടുന്നു (40.8 ശതമാനം). എയ്ഡഡ് പോളിടെക്നിക്കുകളിൽ അധ്യാപികമാരുടെ എണ്ണം 23.2 ശതമാനമാണ്. എന്നിരുന്നാലും സർക്കാർ മേഖലയിൽ ഇത് 44.7 ശതമാനമാണ്, അത് താരതമ്യേന കൂടുതലാണ്.

പോളിടെക്നിക്കുകളിലെ അധ്യാപകരുടെയും, വിദ്യാർത്ഥികളുടെയും വിശദാംശങ്ങൾ, **അനുബന്ധം 6.1.48**–ൽ കാണാം. 2018–19 മുതൽ 2020–21 വരെ ഇവിടെയുള്ള പട്ടികജാതി–പട്ടികവർഗ്ഗ **(പട്ടിക 6.1.11)** വിഭാഗത്തിൽപ്പെട്ട അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും എണ്ണം **അനുബന്ധം 6.1.49**–ൽ കാണാം.

കേരളത്തിൽ 39 ടെക്നിക്കൽ ഹൈസ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. 2021–22 കാലഘട്ടത്തിൽ ഇവിടെ ആകെ 7,834 വിദ്യാർത്ഥികളും 522 അധ്യാപകരും ഉണ്ടായിരുന്നു. അധ്യാപകരിൽ 33.3 ശതമാനം സ്ത്രീകളാണ്. ടെക്നിക്കൽ സ്കൂളുകളിലെ 2016–17 മുതൽ, 2021–22 വരെയുള്ള വർഷങ്ങളിലെ അധ്യാപക വിദ്യാർത്ഥി വിവരങ്ങൾ **അനുബന്ധം 6.1.50**–ൽ കാണാം. മുൻവർഷത്തെപ്പോലെ, ടെക്നിക്കൽ ഹൈസ്കൂളുകളിലെ എസ്സി, എസ്ടി വിദ്യാർത്ഥികളുടെ ശതമാനം യഥാക്രമം 10.4 ശതമാനവും 0.8 ശതമാനവുമായി തുടരുന്നു. ഇതിന്റെ

**പട്ടിക 6.1.11** പോളിടെക്നിക്കുകളിലെ പട്ടിക ജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ അനുപാതം

| സ്ഥാപനം | 2018-19 | | | | 2019-20 | | | | 2020-21 | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | എസ്.സി | എസ്.ടി | മറ്റുള്ളവർ | ആകെ | എസ്.സി | എസ്.ടി | മറ്റുള്ളവർ | ആകെ | എസ്.സി | എസ്.ടി | മറ്റുള്ളവർ | ആകെ |
| സർക്കാർ | 7.1 | 1.0 | 91.9 | 100 | 8.0 | 1.1 | 91.0 | 100 | 7.46 | 0.83 | 91.7 | 100 |
| ഗവൺമെന്റ് എയ്ഡഡ് | 4.6 | 0.5 | 94.9 | 100 | 5.1 | 0.5 | 94.4 | 100 | 6.5 | 0.40 | 93.1 | 100 |
| ആകെ | 6.8 | 1.0 | 92.3 | 100 | 7.6 | 1.0 | 91.4 | 100 | 7.3 | 0.80 | 91.9 | 100 |

അവലംബം: കേരള സാങ്കേതിക സർവകലാശാല, 2020

വിശദവിവരങ്ങൾ **അനുബന്ധം 6.1.51**-ലും **6.1.52**-ലും ചേർത്തിരിക്കുന്നു.

ധാരാളം ഗവേഷണങ്ങൾ നടക്കുകയും വളരെയധികം അംഗീകാരം ലഭിക്കുകയും ചെയ്ത ഒന്നാണ് വിദ്യാഭ്യാസരംഗത്തെ കേരളത്തിന്റെ പ്രകടനം. സ്കൂൾ വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം, വിദ്യാഭ്യാസ രംഗത്ത് ഇൻഡ്യയിലെ ഏറ്റവും പുരോഗമിച്ച സംസ്ഥാനങ്ങളിലൊന്നാണ് കേരളം. സെക്കൻഡറി വിദ്യാഭ്യാസത്തിലെ എൻറോൾമെന്റ് അനുപാതം ഗണ്യമായി ഉയർന്നതാണെങ്കിലും, ഉന്നത വിദ്യാഭ്യാസത്തിൽ സംസ്ഥാനത്തിന്റെ പ്രകടനം സ്കൂൾ വിദ്യാഭ്യാസത്തിന്റെ കാര്യത്തിലെന്നപോലെ ശ്രദ്ധേയമല്ല. ഉന്നത വിദ്യാഭ്യാസ മേഖലയെ അന്തർദേശീയ തലത്തിലേക്ക് ഉയർത്തുന്നതിന് വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം, തുല്യത, മെച്ചപ്പെട്ട എൻറോൾമെന്റ്, മെച്ചപ്പെട്ട ഗവേഷണ നിലവാരം, ഐപിആർ പ്രസിദ്ധീകരിക്കൽ തുടങ്ങിയ മെച്ചപ്പെടുത്തൽ സംരംഭങ്ങൾ ആവശ്യമാണ്.

ലോകമെമ്പാടും ഈ മേഖലയിൽ ഉയർന്നുവരുന്ന മാറ്റങ്ങൾക്കനുസൃതമായി ഉന്നതവിദ്യാഭ്യാസം മാറേണ്ടതുണ്ട്. ഓരോ മേഖലയിലും ഓട്ടോമേഷൻ, കൃത്രിമ ബുദ്ധിയുടെ ഉപയോഗം എന്നിവ കാരണം ചില ജോലികൾ അനാവശ്യമായിത്തീരും, അതേ സമയം തികച്ചും വ്യത്യസ്തമായ നൈപുണ്യ ആവശ്യകതയുള്ള പുതിയ ജോലികൾ ഉയർന്നു വരും. അതിനാൽ മാറിക്കൊണ്ടിരിക്കുന്ന സമ്പദ് വ്യവസ്ഥയുടെ ആവശ്യങ്ങളുമായി തൊഴിലധിഷ്ഠിത കോഴ്സുകൾ സ്വയം പൊരുത്തപ്പെടണം. ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന്, നാഷണൽ അസസ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിൽ (എൻ.എ.എ.സി) അംഗീകാരമുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളുടെ എണ്ണവും, നാഷണൽ ബോർഡ് ഓഫ് അക്രഡിറ്റേഷന്റെ (എൻ.സി.എ) അംഗീകാരമുള്ള എൻജിനീയറിംഗ് കോളേജുകളുടേയും എണ്ണം വർദ്ധിപ്പിക്കുന്നതിന് ഗൗരവവും കേന്ദ്രീകൃതവുമായ ശ്രമങ്ങൾ നടത്തേണ്ടതുണ്ട്. വിദ്യാർത്ഥി-അദ്ധ്യാപകരുടെ സജീവ ഇടപെടലുകളുമായും നിലവിലെ മറ്റ് പഠന രീതികളുമായും ഓൺലൈൻ സെഷനുകളുടെ സംയോജനം കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ കാലഘട്ടത്തിന്റെ ആവശ്യമാണ്.

സാങ്കേതിക വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം, ആവശ്യവും വിതരണവും തമ്മിലുള്ള പൊരുത്തക്കേട് കൂടുതൽ പ്രകടമാണ്. കേരളത്തിലെ സാങ്കേതിക വിദ്യാഭ്യാസത്തിന് ചെറിയ അടിത്തറയാണുള്ളത്. മികച്ച തൊഴിൽ സാധ്യതയുള്ള സാങ്കേതിക വിദ്യാഭ്യാസത്തിനു കീഴിലുള്ള പല കോഴ്സുകളും കേരളത്തിൽ ലഭ്യമല്ല. ദേശീയ തലത്തിലുള്ള കൂടുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേരളത്തിൽ ഇല്ലെന്നതാണ് മറ്റൊരു പ്രധാന പോരായ്മ. കേരളത്തിലെ ഉന്നതവിദ്യാഭ്യാസവുമായി ബന്ധപ്പെട്ട പ്രധാന പ്രശ്നങ്ങൾ ഗുണനിലവാരം, ചെലവ്, ബിരുദധാരികൾക്കിടയിലെ തൊഴിലില്ലായ്മ എന്നിവയാണ്.

കോവിഡിന് ശേഷമുള്ള വിദ്യാഭ്യാസ സാഹചര്യം കോവിഡിന് മുമ്പുള്ള സാഹചര്യങ്ങളിൽ നിന്ന് തികച്ചും വ്യത്യസ്തമായിരിക്കും. എന്നാൽ നമ്മുടെ അടിസ്ഥാന ലക്ഷ്യമായ സമത്വവും പ്രവേശനവും ഗുണനിലവാരവും ഉറപ്പാക്കുന്ന ഉന്നത വിദ്യാഭ്യാസത്തിന്റെ ജനാധിപത്യവൽക്കരണം അതേപടി നിലനിൽക്കും. പരമ്പരാഗത ക്ലാസ് റൂം പഠനത്തിന് അനുബന്ധമായി ഓൺലൈൻ പഠനം പഠിതാക്കൾക്ക് വെർച്വൽ എക്സ്പോഷർ നൽകുമെങ്കിലും, ഡിജിറ്റൽ ഗാഡ്ജെറ്റുകളുടെ ലഭ്യത, ഓൺലൈൻ വിദ്യാഭ്യാസത്തിൽ അധ്യാപകർക്കും പഠിതാക്കൾക്കും ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ തുടങ്ങിയവ പരിഹരിക്കേണ്ടതുണ്ട്. അതിനാൽ, കൂടുതൽ ലഭ്യതയും തുല്യതയും ഗുണനിലവാരവും ഉറപ്പാക്കുന്നതിന് പരമ്പരാഗതവും ഓൺലൈൻ പഠന തന്ത്രവും കൂടിച്ചേരുന്നത് ഏതെങ്കിലും ഒരു രീതി ഉപയോഗിക്കുന്നതിനേക്കാൾ കൂടുതൽ ഫലപ്രദമായിരിക്കും.

### മുന്നോട്ടുള്ള വഴി

കേരളത്തിലെ ഉന്നത വിദ്യാഭ്യാസം നയപരമായ പ്രധാന മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ട്. വിജ്ഞാന സമ്പദ്‌വ്യവസ്ഥ കെട്ടിപ്പടുക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമുള്ള നയത്തിന്റെ ഭാഗമായി സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് കേരള സർക്കാർ പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സമ്പ്രദായത്തിൽ നവീകരണ സംരംഭങ്ങൾ പര്യവേക്ഷണം ചെയ്യുന്നതിനായി സംസ്ഥാന തലത്തിൽ മൂന്ന് കമ്മീഷനുകൾ രൂപീകരിച്ചിട്ടുണ്ട്. അവയുടെ ലക്ഷ്യങ്ങൾ (i) സംസ്ഥാനത്തെ

നിലവിലുള്ള ഉന്നത വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ സുപ്രധാന വശങ്ങൾ പരിശോധിക്കുന്നതിനും, ഒരു വിജ്ഞാന സമ്പദ്‌വ്യവസ്ഥ വികസിപ്പിക്കുക എന്ന വലിയ ലക്ഷ്യം കണക്കിലെടുത്ത് സംസ്ഥാനത്തെ ഒരു വിജ്ഞാന സമൂഹമാക്കി മാറ്റുക. (ii) കേരളത്തിലെ സർവ്വകലാശാലകളിലെയും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും പരീക്ഷയുടെ നിലവിലെ അവസ്ഥ അവലോകനം ചെയ്യുക. (iii) യു.ജി.സി., എൻ.സി.ടി.ഇ., എ.ഐ.സി.ടി.ഇ.യുടെ നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ സർവ്വകലാശാലകളുടെ നിയമങ്ങൾ, വ്യവസ്ഥകൾ, ചട്ടങ്ങൾ, ഓർഡിനൻസുകൾ എന്നിവ പരിശോധിക്കുകയും, പ്രത്യേകിച്ച്, സംസ്ഥാനത്തെ ഒരു വിജ്ഞാന സമൂഹമാക്കി മാറ്റുക എന്ന വലിയ ലക്ഷ്യങ്ങൾ കണക്കിലെടുത്ത് അവ പുനഃപരിശോധിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ രൂപീകരിക്കുകയും ചെയ്യുക എന്നിവയാണ്. ഉന്നതവിദ്യാഭ്യാസത്തിലെ ഈ പരിഷ്കാരങ്ങൾ തീർച്ചയായും ഗവേഷണത്തിന്റെ ഗുണനിലവാരം, വിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ എന്നിവ മെച്ചപ്പെടുത്തും.

# 6.2 വൈദ്യ ശുശ്രൂഷയും പൊതുജനാരോഗ്യവും

### വൈദ്യ ശുശ്രൂഷയും പൊതുജനാരോഗ്യവും

ഒരു സമൂഹത്തിലെ മാനവവികസനത്തിന്റെ നിർണായക സൂചകങ്ങളിലൊന്നാണ് ജനങ്ങളുടെ ആരോഗ്യനിലയിലെ പുരോഗതി. കേരളത്തിന്റെ ആരോഗ്യമേഖല മറ്റ് സംസ്ഥാനങ്ങൾക്ക് ഒരുമാതൃകയാണ്. ഈ മേഖലയിലെ നേട്ടങ്ങളുടെ കാര്യത്തിൽ മാത്രമല്ല, പൊതുജനാരോഗ്യ ആവശ്യകതകൾ കൈകാര്യം ചെയ്യുന്നതിലും കേരളത്തിലെ ആരോഗ്യ മേഖല ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാണ്. നിലവിലെ കോവിഡ്-19 മഹാമാരിയെ നേരിടുന്നതിൽ ആരോഗ്യ സംവിധാനം അവസരത്തിനൊത്ത് ഉയർന്നു. വാസ്തവത്തിൽ, കോവിഡ്-19 മഹാമാരിയെ നേരിടാൻ സംസ്ഥാനത്തെ പ്രാപ്തമാക്കിയത് ശക്തമായ പൊതു ജനാരോഗ്യ സംവിധാനമാണ്.

ഉയർന്ന ആയുർദൈർഘ്യം, ശിശുമരണ നിരക്ക്, ജനനനിരക്ക്, മരണനിരക്ക് തുടങ്ങിയ ആരോഗ്യ സൂചികകളിൽ സംസ്ഥാനം കാര്യമായ നേട്ടം കൈവരിച്ചതായി എല്ലാവർക്കും അറിയാം. സംസ്ഥാനത്തെ ആരോഗ്യ നിലവാരം വികസിത രാജ്യങ്ങളുമായി താരതമ്യ പ്പെടുത്താവുന്നതാണ്. ആരോഗ്യമേഖലയിൽ കൈവരിച്ച നേട്ടങ്ങൾ സുസ്ഥിരമാണെന്ന് ഉറപ്പാക്കേണ്ടത് സംസ്ഥാനത്തിന്റെ ഉത്തരവാദിത്തമാണ്. 14-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ പൊതുമേഖലയിൽ സാധ്യമായ ഏറ്റവും മികച്ച പ്രതിരോധ, രോഗചികിത്സ, സാന്ത്വന പരിചരണം ലഭ്യമാക്കുകയാണ് സംസ്ഥാനം ലക്ഷ്യമിടുന്നത്. ജനസൗഹൃദ ആരോഗ്യ പരിചരണ സംവിധാനം സ്ഥാപിക്കുക എന്നതാണ് സർക്കാരിന്റെ പ്രധാന ലക്ഷ്യം.

### കേരളത്തിന്റെ ആരോഗ്യ സൂചകങ്ങൾ

ദേശീയ സാഹചര്യങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിന്റെ ആരോഗ്യമേഖലയുടെ നേട്ടങ്ങൾ ആരോഗ്യ, ജനസംഖ്യാ സൂചികകളിൽ വ്യക്തമായി പ്രതിഫലിക്കുന്നു. മാതൃമരണ അനുപാതം (എംഎംആർ) കേരളത്തിൽ 43 മാത്രമാണ് എന്നാൽ അഖിലേന്ത്യാ അനുപാതം 113 ആണ്. കേരളം ശിശു മരണ നിരക്ക് 2018-ലെ (റഫറൻസ് വർഷം) ഏഴിൽ നിന്ന് 2019-ൽ (റഫറൻസ് വർഷം) ആറായി താഴ്ത്തി. കേരളത്തിലെ പ്രതീക്ഷിത ആയുർദൈർഘ്യം ഇന്ത്യയുടെ കണക്കുകളേക്കാൾ വളരെ കൂടുതലാണ്. ശരിയായ വൈദ്യസഹായം ലഭിക്കാതെ മരിക്കുന്നവരുടെ ശതമാനം ദേശീയ ശരാശരിയുമായി താരതമ്യപ്പെടുത്തുമ്പോൾ നാലിലൊന്ന് മാത്രമാണ്. എന്നിരുന്നാലും, കേരളത്തിലെ സ്റ്റിൽ ബർത്ത് റേറ്റ് ഇന്ത്യയേക്കാൾ അല്പം കൂടുതലാണ്. ദേശീയ ശരാശരിയേക്കാൾ ആശുപത്രിയിൽ വച്ച് നടക്കുന്ന പ്രസവങ്ങളുടെ ശതമാനം വളരെ ഉയർന്നതാകയാൽ ശരിയായ കണക്ക് ലഭിക്കുന്നതു കൊണ്ടാകണം ഇങ്ങനെ കാണിക്കുന്നത്. മൊത്തം വൈവാഹിക പ്രത്യുൽപാദന നിരക്ക് ഒഴികെ പ്രത്യുൽപാദന നിരക്ക് ദേശീയ കണക്കുകളേക്കാൾ കുറവാണ്. ശരിയായ വൈദ്യസഹായം അമ്മമാർക്ക് ലഭിക്കതെയുള്ള ജനനങ്ങളുടെ ശതമാനം കേരളത്തിൽ 0.1 ഉം ദേശീയ തലത്തിൽ 7.8 ഉം ആണ്.

### വിവിധ തലങ്ങളിലുള്ള ശിശു മരണനിരക്ക്

സംസ്ഥാനത്തെ ശിശുമരണനിരക്ക് (ഐ.എം.ആർ.) ദേശീയ ശരാശരിയായ 30 -ന്റെ അഞ്ചിലൊന്ന് മാത്രമാണ്. ഒറ്റ അക്ക ശിശുമരണനിരക്ക് (6) ഉള്ള ഇന്ത്യയിലെ ഏക സംസ്ഥാനമാണ് കേരളം. സംസ്ഥാനത്തെ നവജാത ശിശുക്കളുടെ മരണനിരക്ക് (എൻ.എൻ.എം.ആർ.) ദേശീയ ശരാശരിയുടെ അഞ്ചിലൊന്നിൽ താഴെയാണ്. അഖിലേന്ത്യാ കണക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ അഞ്ച് വയസ്സിൽ താഴെയുള്ള മരണനിരക്ക് (5-ൽ താഴെയുള്ള എം.ആർ.) മൂന്നിലൊന്നിലും കുറവാണ്.

പ്രസവത്തിനു നിശ്ചിതദിവസങ്ങൾക്കു മുൻപോ പ്രസവത്തിനുശേഷം ഒരാഴ്ച്ചക്കകത്തുള്ള ശിശുമരണനിരക്ക് (പിഎൻഎംആർ), ആദ്യ ഘട്ടത്തിലുള്ള നവജാത ശിശു മരണനിരക്ക് (ഏർളി നിയോനേറ്റൽ മോർട്ടാലിറ്റി റേറ്റ്), അവസാനപാദ നവജാത ശിശു മരണനിരക്ക് (ലേറ്റ് നിയോനേറ്റൽ മോർട്ടാലിറ്റി റേറ്റ്), പോസ്റ്റ് നിയോനേറ്റൽ മോർട്ടാലിറ്റി റേറ്റ് (പിഎൻഎൻഎംആർ) എന്നിവയും അഖിലേന്ത്യാ കണക്കുകളേക്കാൾ കുറവാണ്. ഇങ്ങനെ വിവിധ തലങ്ങളിലുള്ള കുട്ടികളുടെ മരണനിരക്ക് ദേശീയ കണക്കുകളേക്കാൾ കുറവാണ്. ഈ നേട്ടങ്ങളുടെ ഒരു പ്രധാന കാരണം കേരളത്തിലെ അമ്മമാർക്ക് ലഭിക്കുന്ന വൈദ്യസഹായമാണ്. കേരളത്തിലെ അമ്മമാർക്ക് യോഗ്യതയുള്ള പ്രൊഫഷണലുകളുടെ വൈദ്യസഹായം ലഭിക്കുന്ന ജനനത്തിന്റെ ശതമാനം 99.9 ശതമാനമാണ്, ദേശീയ തലത്തിൽ ഇത് 92.2 ശതമാനമാണ്. ഇന്ത്യയിലെയും കേരളത്തിലെയും ശിശു മരണനിരക്കിന്റെ വിവിധ സൂചകങ്ങൾ, അമ്മമാർക്ക് ശരിയായ വൈദ്യസഹായം ലഭിക്കുന്ന ജനനത്തിന്റെ ശതമാനം എന്നിവയുടെ വിശദാംശങ്ങൾ **പട്ടിക 6.2.1**-ൽ നൽകിയിരിക്കുന്നു.

### പ്രത്യുല്പാദനക്ഷമത

നാഷണൽ ഫാമിലി ഹെൽത്ത് സർവേ 2019-20 (എൻ.എഫ്.എച്ച്.എസ്.- 5) പ്രകാരം 25-49 വയസ് പ്രായമുള്ള സ്ത്രീകൾക്കിടയിൽ ആദ്യ വിവാഹത്തിന്റെ ശരാശരി പ്രായം 21.5 വയസ്സാണ്. 20-24 വയസ് പ്രായമുള്ള ആറ് ശതമാനം സ്ത്രീകളും നിയമപരമായ കുറഞ്ഞ പ്രായമായ 18 വയസ്സ് തികയുന്നതിന് മുമ്പ് വിവാഹിതരായവരാണ്. 20-49 വയസ് പ്രായമുള്ള സ്ത്രീകളിൽ 10.2 ശതമാനം മാത്രമാണ് വിവാഹിതരായിട്ടില്ലാത്തതെങ്കിൽ 20-49 വയസ് പ്രായമുള്ള 35.9 ശതമാനം പുരുഷന്മാരും വിവാഹിതരായിട്ടില്ല. എൻ.എഫ്.എച്ച്.എസ്-5 പ്രകാരം ഒരു സ്ത്രീയുടെ മൊത്തം പ്രത്യുൽപാദനനിരക്ക് (TFR 15-49) 1.79 ആണ്. എൻ.എഫ്.എച്ച്.എസ്-4, എൻ.എഫ്.എച്ച്.എസ്-3 എന്നിവ പ്രകാരം ഇത് യഥാക്രമം 1.56 ഉം 1.93 ഉം ആയിരുന്നു. എൻ.എഫ്.എച്ച്.എസ്. 4 നും 5 നും ഇടയിൽ ഫെർട്ടിലിറ്റി നിരക്ക് വർദ്ധിച്ചു. എൻ.എഫ്.എച്ച്.എസ്-5 പ്രകാരം 1000 ജനസംഖ്യയിൽ കാണപ്പെടുന്ന ക്രൂഡ് ജനന നിരക്ക് (CBR) 11.8 ആണ്. എൻ.എഫ്.എച്ച്.എസ്-4, എൻ.എഫ്.എച്ച്.എസ്-3 എന്നിവ പ്രകാരം ഇത് യഥാക്രമം 11.2 ഉം 16.4 ഉം ആയിരുന്നു.

**പട്ടിക 6.2.1** ഇന്ത്യയുമായി താരതമ്യംചെയ്തുള്ള കേരളത്തിന്റെ ശിശുമരണനിരക്കിന്റെ വിവിധ സൂചകങ്ങൾ, അമ്മമാർക്ക് ശരിയായ വൈദ്യസഹായം ലഭിക്കുന്ന ജനനത്തിന്റെ ശതമാനം എന്നിവയുടെ വിശദാംശങ്ങൾ

| ക്രമ നമ്പർ | സൂചകം | | കേരളം | ഇന്ത്യ |
|---|---|---|---|---|
| 1 | സാധാരണവളർച്ചാനിരക്ക് # | | 6.4 | 13.8 |
| 2 | ശിശുമരണനിരക്ക് (ഒരു വർഷത്തിൽ താഴെ)# | | 6 | 30 |
| | | പുരുഷൻ | 6 | 30 |
| | | സ്ത്രീ | 7 | 31 |
| 3 | നവജാത ശിശു മരണനിരക്ക്* | | 5 | 23 |
| 4 | പെരിനാറ്റൽ മോർട്ടാലിറ്റി നിരക്ക്* | | 10 | 22 |
| 5 | ശിശുമരണ നിരക്ക് (5 വയസ്സിൽ താഴെ) * | | 2 | 9 |
| 6 | 5 വയസ്സിനു താഴെയുള്ള മരണ നിരക്ക്* | | 10 | 36 |
| 7 | ഏർളി നിയോനാറ്റൽ മോർട്ടാലിറ്റി റേറ്റ്* | | 5 | 18 |
| 8 | ലേറ്റ് നിയോനാറ്റൽ മോർട്ടാലിറ്റി റേറ്റ്* | | 1 | 6 |
| 9 | പോസ്റ്റ് നിയോനാറ്റൽ മോർട്ടാലിറ്റി റേറ്റ്* | | 2 | 9 |
| 10 | ക്രൂഡ് ഡെത്ത് റേറ്റ്* | | 6.9 | 6.2 |
| 11 | അമ്മമാർക്ക് വൈദ്യസഹായം ലഭിച്ചുകൊണ്ടുള്ള ജനന ശതമാനം* | | | |
| | | സർക്കാർ | 44.9 | 54.5 |
| | | സ്വകാര്യം | 54.9 | 28 |
| | | നിർദ്ദിഷ്ടയോഗ്യതയുള്ളവർ | 0.1 | 9.7 |
| | | പരിശീലനംലഭിക്കാത്തവർ/മറ്റുള്ളവർ | 0.1 | 7.8 |

അവലംബം: #എസ്.ആർ.എസ് 2021 ഒക്ടോബർ
*എസ്.ആർ.എസ്. സ്റ്റാറ്റിസ്റ്റിക്കൽ റിപ്പോർട്ട് 2018

ദേശീയ ശരാശരിയുമായി താരതമ്യം ചെയ്തുകൊണ്ടുള്ള കേരളത്തിന്റെ പ്രധാനപ്പെട്ട ആരോഗ്യ ജനസംഖ്യാ സൂചകങ്ങൾ **പട്ടിക 6.2.2**–ൽ ചേർത്തിരിക്കുന്നു.

### ആർദ്രം മിഷൻ

അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും മെച്ചപ്പെടുത്തുന്നതിലൂടെ സർക്കാർ ആശുപത്രികളെ രോഗീ സൗഹൃദമാക്കുക എന്ന ലക്ഷ്യത്തോടെ ആദ്രം മിഷൻ എന്ന പദ്ധതി പതിമൂന്നാം പഞ്ചവത്സരപദ്ധതിക്കാലത്ത് ആരംഭിച്ചു. സർക്കാർ ആശുപത്രികളിലെ സേവനങ്ങളും സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനും ന്യായമായ ചെലവിലും സമയത്തിലും സംതൃപ്തിയിലും ചികിത്സ നൽകുന്നതിനും മിഷൻ ലക്ഷ്യമിടുന്നു. മിഷന്റെ പ്രധാന ലക്ഷ്യങ്ങൾ താഴെ പറയുന്നു. 1. മെഡിക്കൽ കോളേജ് ആശുപത്രികളുടെയും മറ്റ് ഗവൺമെന്റ് ആശുപത്രികളുടെയും ഔട്ട്പേഷ്യന്റ് (ഒ.പി.) വിഭാഗങ്ങളുടെ രോഗി സൗഹൃദ പരിവർത്തനം, 2. ജില്ലാ–താലൂക്ക് തല ആശുപത്രികളെ മാതൃകാനിലവാരത്തിലേക്കുയർത്തൽ 3. പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളായി ഘട്ടം ഘട്ടമായി വികസിപ്പിക്കുക 4. ആശുപത്രികളിലെ രോഗികളുടെ പരിചരണത്തിൽ പ്രോട്ടോക്കോൾ അടിസ്ഥാനത്തിലുള്ള ചികിത്സ മാർഗ്ഗനിർദ്ദേശങ്ങൾ ഉറപ്പുവരുത്തുക.

സർക്കാർ മെഡിക്കൽ കോളജ് ഹോസ്പിറ്റലുകൾ, ജില്ലാ താലൂക്ക് ആശുപത്രികൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ എന്നിങ്ങനെ മൂന്ന് ഘട്ടങ്ങളിലായാണ് ആർദ്രം മിഷൻ നടപ്പാക്കുന്നത്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബ ആരോഗ്യകേന്ദ്രങ്ങളായി മാറ്റി മതിയായ മരുന്ന് വിതരണം, ഉറപ്പായ പ്രോട്ടോക്കോളുകൾ എന്നിവയിലൂടെ ജനങ്ങളുടെ മെച്ചപ്പെട്ട ആരോഗ്യം ഉറപ്പുവരുത്തി പൊതുജനാരോഗ്യവ്യവസ്ഥയിൽ അവരുടെ വിശ്വാസം വർദ്ധിപ്പിക്കാൻ കഴിയും.

### കുടുംബാരോഗ്യ കേന്ദ്രങ്ങൾ

2017–18 കാലത്ത് 14 ജില്ലകളിലായി 170 പി.എച്ച്.സി.കൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി വികസിപ്പിക്കുന്നതിനായി സർക്കാർ തെരഞ്ഞെടുത്തു. ഇതിൽ 162 എഫ്.എച്ച്.സി.കൾ ഇതിനകം പ്രവർത്തനക്ഷമമാക്കി, ബാക്കിയുള്ളവ പുരോഗമിക്കുന്നു. 2018–19 ലെ രണ്ടാം ഘട്ടത്തിൽ എഫ്.എച്ച്.സി.കളായി വികസിപ്പിക്കുന്നതിന് 504 പിഎച്ച്സികളെ തെരഞ്ഞെടുത്തു, അതിൽ 329 എണ്ണം പൂർത്തിയായി, മറ്റ് പിഎച്ച്സികളിൽ വിവിധ ഘട്ടങ്ങളിൽ പ്രവൃത്തികൾ പുരോഗമിക്കുന്നു. പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളായി വികസിപ്പിക്കുന്നത് സംബന്ധിച്ച ജനങ്ങളുടെ പ്രതികരണം പ്രോത്സാഹനജനകമാണ്. മൂന്നാം ഘട്ടത്തിൽ ദേശീയ ആരോഗ്യ മിഷനു കീഴിലുള്ള ഫണ്ട് ഉപയോഗിച്ച് എഫ്എച്ച്സികളായി വികസിപ്പിക്കുന്നതിന് 212 പിഎച്ച്സികളെ തെരഞ്ഞെടുക്കുകയും 6 എണ്ണം പൂർത്തീകരിക്കുകയും ചെയ്തു. ഇതിനുപുറമെ സി.എച്ച്സി.കളെ ബ്ലോക്ക് ഫാമിലി ഹെൽത്ത് സെന്ററുകളാക്കി മാറ്റുന്നതിന് ആദ്യഘട്ടമായി 2019–20 കാലയളവിൽ 76 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളും (സിഎച്ച്സി) 2021–22 ൽ രണ്ടാം ഘട്ടമായി ബ്ലോക്ക് ഫാമിലി ഹെൽത്ത് സെന്ററുകളാക്കി മാറ്റുന്നതിന് മറ്റൊരു 76 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളും (സിഎച്ച്സി) തെരഞ്ഞെടുത്തു.

**പട്ടിക 6.2.2** ഇന്ത്യയുമായി താരതമ്യംചെയ്തുള്ള കേരളത്തിന്റെ സാമൂഹിക, ആരോഗ്യ, ജനസംഖ്യ സൂചകം

| ക്രമ നമ്പർ | സൂചകം | | കേരളം | ഇന്ത്യ |
|---|---|---|---|---|
| 1 | ആകെജനസംഖ്യ (കോടിയിൽ) (സെൻസസ് 2011) | | 3.34 | 121.06 |
| 2 | ദശവർഷ വളർച്ച (ശതമാനത്തിൽ) (സെൻസസ് 2011) | | 4.90 | 17.7 |
| 3 | ലിംഗഅനുപാതം (സെൻസസ് 2011) | | 1084 | 943 |
| 4 | ശിശുലിംഗഅനുപാതം ((സെൻസസ് 2011) | | 964 | 919 |
| 5 | ജനനനിരക്ക് # | | 13.5 | 19.7 |
| 6 | മരണനിരക്ക്* | | | |
| | എ)കുട്ടികൾ (0–4) | | 2.1 | 8.9 |
| | ബി)കുട്ടികൾ (5–14) | | 0.2 | 0.5 |
| | സി)വ്യക്തികൾ (15–59) | | 2.1 | 2.9 |
| | ഡി)വ്യക്തികൾ (60 ഉം മുകളിലും) | | 41.2 | 42.6 |
| 7 | വൈദ്യശുശ്രൂഷ ലഭ്യമായ മരണങ്ങളുടെ ശതമാനം * | | | |
| | | സർക്കാർ | 42.8 | 29.4 |
| | | സ്വകാര്യം | 36.8 | 18.5 |
| | | നിർദ്ദിഷ്ടയോഗ്യതയുള്ളവർ | 15.4 | 33 |
| | | പരിശീലനംലഭിക്കാത്തവർ/ മറ്റുള്ളവർ | 5 | 19.2 |
| 8 | ചാപിള്ളയുടെ ജനനനിരക്ക്* | | 5 | 4 |
| 9 | ക്രൂഡ് ബർത്ത് റേറ്റ്* | | 13.9 | 20 |
| 10 | പ്രത്യുൽപാദനനിരക്ക്* | | 1.7 | 2.2 |
| 11 | സാധാരണപ്രത്യുൽപാദനനിരക്ക്* | | 48.6 | 70.4 |
| 12 | ആകെ വൈവാഹിക പ്രത്യുൽപാദന നിരക്ക്* | | 5.1 | 4.9 |
| 13 | പൊതു വൈവാഹിക പ്രത്യുൽപാദന നിരക്ക്* | | 69.5 | 109.2 |
| 14 | ഗ്രോസ്റീപ്രൊഡക്ഷൻറേറ്റ്* | | 0.9 | 1 |
| 15 | സ്ത്രീകളിലെവിവാഹപ്രായം * | | | |
| | എ) 18–നുമ്പ് | | 17 | 16.8 |
| | ബി) 18–20 | | 19.1 | 19.2 |
| | സി) 21–നുമുകളിൽ | | 24.6 | 24 |
| | ഡി)എല്ലാവരും | | 23.2 | 22.3 |
| 16 | മാതൃമരണനിരക്ക്** | | 43 | 113 |
| 17 | പ്രതീക്ഷിതആയുർദൈർഘ്യം *** | | 75.3 | 69.4 |
| | | പുരുഷൻ | 72.5 | 68.2 |
| | | സ്ത്രീ | 77.9 | 70.7 |

അവലംബം: #എസ്.ആർ.എസ്. 2021 ഒക്ടോബർ /*എസ്.ആർ.എസ് സ്റ്റാറ്റിസ്റ്റിക്കൽ റിപ്പോർട്ട് 2018/
** സ്പെഷ്യൽ ബുള്ളറ്റിൻ ഓൺ എംഎംആർ 2016-18/ ***എസ്.ആർ.എസ്. ലൈഫ് ടേബിൾ 2014-18

മിഷൻ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി ഒരു മെഡിക്കൽ ഓഫീസർ, രണ്ട് സ്റ്റാഫ് നഴ്സുമാർ, ഒരു ലാബ് ടെക്നീഷ്യൻ എന്നിവരുടെ അധിക തസ്തികകൾ സൃഷ്ടിച്ചു. എഫ്എച്ച്സികളിൽ കുറഞ്ഞത് 3 ഡോക്ടർമാരും 4 നഴ്സുമാരും ഉണ്ടെന്ന് ഉറപ്പാക്കാനാണ് ഈ തസ്തികകൾ നികത്തിയത്. ആർദ്രം മിഷന്റെ ആദ്യ ഘട്ടത്തിൽ മെഡിക്കൽ ഓഫീസർമാർ (170), സ്റ്റാഫ് നഴ്സ് (340), ഫാർമസിസ്റ്റ് (150), ലാബ് ടെക്നീഷ്യൻ (170) എന്നിവരടങ്ങുന്ന 830 തസ്തികകൾ സൃഷ്ടിച്ചു. രണ്ടാം ഘട്ടത്തിൽ മെഡിക്കൽ ഓഫീസർമാർ (400), സ്റ്റാഫ് നഴ്സ് (400), ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ (200) എന്നിവരടങ്ങുന്ന 1,000 തസ്തികകൾ സൃഷ്ടിച്ചു.

ക്ലിനിക്കൽ കെയർ, പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഈ സ്ഥാപനങ്ങളുടെ സേവനം വർദ്ധിപ്പിച്ചിരിക്കുകയാണ്. വൈകുന്നേരം 6.00 മണി വരെ ഔട്ട്പേഷ്യൻ കെയർ നൽകി വരുന്നു. ഇ–ഹെൽത്ത് പ്രോജക്ട് നടപ്പിലാക്ക

ന്നതിലൂടെ കുടുംബാരോഗ്യ രജിസ്ട്രേഷൻ ഡാറ്റയെ അടിസ്ഥാനപ്പെടുത്തി വ്യക്തിഗത രോഗപരിപാലന പദ്ധതിയും കുടുംബാരോഗ്യപദ്ധതിയും കൂടുതൽ വികസിപ്പിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. പഞ്ചായത്തുകളുമായും പൊതുജന പങ്കാളിത്തത്തോടെയും സഹകരിച്ച വാർഡ്, പഞ്ചായത്ത് തലത്തിലുള്ള പ്രതിരോധം, പരിപാലനം, പുനരധിവാസസംരക്ഷണ സേവനങ്ങൾ എന്നിവയിലൂന്നി ആരോഗ്യപദ്ധതികൾ വികസിപ്പിച്ചെടുക്കും. ആർദ്രം ദൗത്യത്തിന്റെ ഭാഗമായി ആരോഗ്യസേന എന്ന പുതിയ ഹെൽത്ത് വോളന്റിയർ സംവിധാനം ആരംഭിച്ചിട്ടുണ്ട്. ഓരോ 15-20 വീടുകൾക്കും ഒരു സന്നദ്ധപ്രവർത്തകൻ എന്ന നിലയിൽ സംസ്ഥാനത്ത് ആകെ 1,05,211 വോളന്റിയർ പ്രവർത്തിക്കുന്നു. ഇതിനുപുറമെ ആദിവാസി മേഖലകളിൽ 'ഊരുമിത്രം' ആശ പദ്ധതി നടപ്പാക്കുന്നു. ഒരു ആദിവാസി കോളനിയിൽ ഒരു 'ആശ' എന്ന കണക്കിൽ നിയമിച്ചിട്ടുണ്ട്. വയനാട് (241), കണ്ണൂർ (12), ഇടുക്കി (14), തിരുവനന്തപുരം (80), കൊല്ലം (25), കോട്ടയം (19), കോഴിക്കോട് (42), എറണാകുളം (20), തൃശ്ശൂർ (24) എന്നിങ്ങനെ മൊത്തം 501 ആശാപ്രവർത്തകർ കേരളത്തിലുടനീളം പ്രവർത്തിക്കുന്നു. കേരളീയ സമൂഹത്തിന്റെ സാംക്രമിക രോഗങ്ങളെ അടിസ്ഥാനമാക്കി പ്രാഥമിക ആരോഗ്യ പരിപാലന സംവിധാനം പുനഃസംഘടിപ്പിക്കുന്നതിനുവേണ്ടിയുള്ള ഇടപെടലുകൾ പ്രത്യേകിച്ചും പകർച്ച വ്യാധികൾ സംബന്ധിച്ച പരിപാടികൾ ഇതിന്റെ ഒരു ശ്രദ്ധേയമായ ഘടകമാണ്. പി.എച്ച്.സി. തലത്തിൽ കൈകാര്യം ചെയ്യപ്പെടുന്ന 53 സാധാരണ ചികിത്സാ ഉപാധികൾക്കുള്ള ചികിത്സ മാർഗ്ഗനിർദ്ദേശങ്ങൾ മെഡിക്കൽ ഓഫീസർമാർക്കായി തയ്യാറാക്കുകയും ലഭ്യമാക്കുകയും ചെയ്യുന്നു.

## എഫ്എച്ച്സികളിൽ ആർദ്രം മിഷന്റെ ഭാഗമായി ആരംഭിച്ച പുതിയ സംരംഭങ്ങൾ

- സംസ്ഥാനത്തുടനീളമുള്ള 224 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ പ്രാഥമിക പരിചരണത്തിന്റെ ഭാഗമായി 'ആശ്വാസം' ഡിപ്രഷൻ മാനേജ്മെന്റ് ക്ലിനിക്കുകൾ ആരംഭിച്ചു.
- കേരളത്തിൽ ആർദ്രം മിഷന്റെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്ര തലം മുതൽ 'ശ്വാസ്' എന്ന പേരിൽ ക്രോണിക് ഒബ്സ്ട്രക്റ്റീവ് പൾമണറി ഡിസീസ് (സിഒപിഡി) നിയന്ത്രണ പരിപാടി നടപ്പിലാക്കി.
- 3,113 സബ്സെന്ററുകൾ ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകളാക്കി മാറ്റുന്നത് പുരോഗമിക്കുകയാണ്. 1603 കേന്ദ്രങ്ങളിൽ മിഡിൽ ലെവൽ ഹെൽത്ത് കെയർ പ്രൊവൈഡർമാർ – സ്റ്റാഫ് നഴ്സുമാരെ താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ചു.
- എല്ലാ ആശുപത്രികളിലും രോഗി സൗഹൃദ ആശുപത്രി അന്തരീക്ഷം.
- എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഒ.പി. സൗകര്യം എല്ലാ ദിവസവും വൈകിട്ട് 6.00 മണി വരെ നീട്ടി.
- കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നഴ്സുമാരുടെ പ്രീ-ചെക്കപ്പ് സൗകര്യങ്ങൾ ആരംഭിച്ചു.
- എഫ്എച്ച്സികളിൽ ലബോറട്ടറി സൗകര്യങ്ങൾ ആരംഭിച്ചു.
- എല്ലാ എഫ്എച്ച്സികളിലും ജീവിതശൈലി രോഗ ക്ലിനിക്ക് എല്ലാ ദിവസവും പ്രവർത്തിക്കും.
- സമ്പൂർണ മാനസിക ആരോഗ്യം പ്രോഗ്രാം (SMAP) എഫ്എച്ച്സികളിൽ -കളിൽ ആരംഭിച്ചു.
- സബ് സെന്റർ സേവനങ്ങൾ വർധിപ്പിച്ചു.

## സർക്കാർ ആശുപത്രികളിലെ ഔട്ട്പേഷ്യന്റ് വിഭാഗങ്ങളുടെ രോഗീസൗഹൃദ പരിവർത്തനം

മെഡിക്കൽ കോളേജ് ആശുപത്രികളും ജില്ലാതല ആശുപത്രികളും ദിവസവും ആയിരക്കണക്കിന് രോഗികൾക്ക് ഔട്ട് പേഷ്യന്റ് പരിചരണം നൽകുന്നുവെന്ന വസ്തുത കണക്കിലെടുത്ത് ഈ ആശുപത്രികളുടെ ഔട്ട്പേഷ്യന്റ് വിഭാഗങ്ങൾ രോഗീസൗഹൃദമാക്കുന്നതിനു ആർദ്രം മിഷൻ മുൻഗണന നൽകിയിട്ടുണ്ട്. ഒ.പി. രജിസ്ട്രേഷൻ കൗണ്ടറും രോഗിക്ക് കാത്തുനിൽക്കുന്നതിനുള്ള സൗകര്യവും, ഇരിപ്പിടം, ടോക്കൺ സംവിധാനം, കുടിവെള്ളം, ടോയ്ലറ്റ് സൗകര്യം, പബ്ലിക് അഡ്രസ്സ് സിസ്റ്റം, വിവര വിദ്യാഭ്യാസ വാർത്താവിനിമയ സംവിധാനങ്ങൾ, സിഗ്നേജ് സംവിധാനങ്ങൾ തുടങ്ങിയ സംയോജിപ്പിച്ചിരിക്കുന്നു. വലിയ സ്ഥാപനങ്ങൾക്ക് താൽക്കാലിക അടിസ്ഥാനത്തിൽ രോഗി പരിപാലന കോർഡിനേറ്റർമാരുടെ പിന്തുണയും നൽകും. ഗുണനിലവാരമുള്ള ചികിത്സാ സംവിധാനങ്ങൾ ഉറപ്പുവരുത്തുന്നതിനായി കൺസൾട്ടേഷൻ മുറികളിൽ ആവശ്യമായ ഉപകരണങ്ങൾ ഒ.പി. കമ്പ്യൂട്ടർവൽക്കരണം നിർദേശങ്ങൾ അടിസ്ഥാനമാക്കിയുള്ള കേസ് മാനേജ്മെന്റ് എന്നിങ്ങനെ ആസൂത്രണം ചെയ്തിരിക്കുന്നു. സർക്കാർ മെഡിക്കൽകോളേജ് ആശുപത്രികളിലും ജില്ലാതല ആശുപത്രികളിലും ഇത് നടപ്പിലാക്കിവരികയാണ്.

## ജനറൽ/ജില്ല/താലൂക്ക് ആശുപത്രികളിലെ ജനസൗഹൃദ ഒ.പി. പരിവർത്തനം

സംസ്ഥാനത്ത് ആകെ 18 ജനറൽ ആശുപത്രികളും, 18 ജില്ലാ ആശുപത്രികളുമാണ് ഉള്ളത്.ഇതിൽ 15 സ്ഥാപനങ്ങളെ മാത്രമാണ് ഒ.പി. വിഭാഗം പരിവർത്തനത്തിനായി തെരഞ്ഞെടുത്തത് (പതിനൊന്ന് ജില്ലകളിൽ നിന്നും ഓരോ ആശുപത്രിയും കാസർഗോഡ്, വയനാട് ജില്ലകളിൽ നിന്ന് രണ്ട് ആശുപത്രികളും). പത്ത് ആശുപത്രികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി. മറ്റ് ആശുപത്രികളിലെ പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്യുന്നു. താലൂക്ക് ആശുപത്രികളിലെ ഒ.പി. പരിവർത്തനത്തിന്റ ഭാഗമായി ആകെ 86 താലൂക്ക് ആശുപത്രികളിൽ നിന്നും 36 സ്ഥാപനങ്ങളെ മാതൃകാനിലവാരത്തിലേക്കുയർത്താൻ തെരഞ്ഞെടുത്തതിൽ ഒരെണ്ണം പൂർത്തിയായി. ജില്ലാ/ജനറൽ/താലൂക്ക് ആശുപത്രികളിൽ സൃഷ്ടിച്ച വിവിധ തസ്തികകളുടെ എണ്ണം 891 ആണ്. ഇതിൽ 14 സൂപ്പർ സ്പെഷ്യലിസ്റ്റുകൾ, 252 സ്പെഷ്യലിസ്റ്റുകൾ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാർ, 197 സ്റ്റാഫ് നഴ്സ്, 84 ലാബ് ടെക്നീഷ്യൻമാർ, 344 പാരാമെഡിക്കൽ സ്റ്റാഫ് എന്നിവർ ഉൾപ്പെടുന്നു.

## മെഡിക്കൽ കോളേജുകളിലെ പുതിയ സംരംഭങ്ങൾ

മെഡിക്കൽ കോളേജ് ആശുപത്രികളിലെ ഔട്ട് പേഷ്യന്റ് വിഭാഗങ്ങൾക്ക് ഗുണമേന്മയും, ജനസൗഹാർദ്ദപരവുമായ ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കുക എന്നതാണ് ആർദ്രം പദ്ധതിയുടെ ലക്ഷ്യം. ആദ്യ ഘട്ടമെന്ന നിലയിൽ തിരുവനന്തപുരം, പാരിപ്പള്ളി, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം,

കോഴിക്കോട് എന്നിവിടങ്ങളിലെ മെഡിക്കൽ കോളേജുകൾ ഒ.പി.ഡി. പരിവർത്തനം നടപ്പാക്കുന്നതിന് തെരഞ്ഞെടുത്തു. നിലവിൽ സംസ്ഥാനത്തെ 8 മെഡിക്കൽ കോളേജുകളിൽ പ്രവർത്തനങ്ങൾ പൂർത്തിയായി. മെഡിക്കൽ കോളേജുകളിൽ രോഗികളുടെ തിരക്കു മൂലമുള്ള അസൗകര്യങ്ങൾ പരമാവധി കുറയ്ക്കുന്നതിനായി എല്ലാ വകുപ്പുകളിലും ഓൺലൈൻ ഒ.പി രജിസ്ട്രേഷൻ കൗണ്ടറുകൾ, രോഗികൾക്ക് കാത്തുനിൽക്കുന്നതിനുള്ള സൗകര്യം, കുടിവെള്ള സൗകര്യങ്ങൾ, ടോയ്ലറ്റ് നിർമ്മാണം / നവീകരണം, ഒ.പി. മുറികൾ, സിഗ്നേജുകൾ സ്ഥാപിക്കുക, ഇത് കൂടാതെ ടി.വി, ഡിസ്പ്ലേ ബോർഡ്, ഇരിപ്പിടങ്ങൾ, പി.എ. സിസ്റ്റം, ഒ.പി മുറികളിൽ എയർ കണ്ടീഷണറുകൾ, റാമ്പ് തുടങ്ങിയ സംവിധാനങ്ങൾ ഈ പദ്ധതി പ്രകാരം നടപ്പാക്കുന്നു. ആർദ്രം മിഷന്റെ കീഴിലുള്ള ആശുപത്രികളിലെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ സ്ഥിതി **പട്ടിക 6.2.3**–ൽ നൽകിയിരിക്കുന്നു.

### നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്സ് (എൻ.ക്യൂ.എ.എസ്.)

2013–ൽ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്സ് ആരംഭിച്ചെങ്കിലും എൻ.ക്യു.എ. എസ്. ചെക്ക് ലിസ്റ്റിലെ ചില ചെക്ക് പോയിന്റുകൾ കേരളത്തിൻറെ സാഹചര്യങ്ങൾക്ക് അനുയോജ്യമ ല്ലാത്തതുകൊണ്ട് എൻ.ക്യൂ.എ.എസ്. മനദണ്ഡപ്രകാ രമുള്ള അംഗീകാരം കേരളത്തിലെ സ്ഥാപനങ്ങൾക്ക് ലഭിച്ചില്ല. നാഷണൽ ഹെൽത്ത് സിസ്റ്റംസ് റിസോഴ്സ് സെന്ററിന്റെ സഹായത്തോടെ 2017 ൽ കേരള മാനദ ണ്ഡങ്ങൾക്കനുസരിച്ച് എൻ.ക്യൂ.എം.എസ്. ചെക്ക് ലിസ്റ്റ് മാറ്റംവരുത്തുവാൻ സംസ്ഥാനം മുൻകൈയെടുത്തു. കേരള വ്യവസ്ഥകൾക്ക് യോജിക്കാത്ത ചില ഇനങ്ങൾ നീക്കം ചെയ്യുകയും പകരം പാലിയേറ്റീവ് കെയർ ഉൾപ്പെടുത്തിയുമാണ് ചെക്ക് ലിസ്റ്റ് നവീകരണം നടത്തിയത്. ചെക്ക് ലിസ്റ്റ് നവീകരിച്ച ശേഷം എൻ.ക്യൂ.എ.എസ്. അക്രഡിറ്റേഷനിൽ കേരളം വളരെയധികം പുരോഗതി കൈവരിച്ചു. 2021 ഒക്ടോബർവരെ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന്റെ 1284 സ്ഥാപനങ്ങളിൽ 131 സ്ഥാപനങ്ങൾക്ക് [ജില്ലാ ആശുപത്രികൾ (3), താലൂക്ക് ആശുപത്രികൾ (4), കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ (7), കുടുംബാരോഗ്യ കേന്ദ്രം (83), അർബൻ പിഎച്ച്സി (34)] സംസ്ഥാനത്ത് നിന്നു ഇതിനകം ദേശീയതല അംഗീകാര സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്. കേരളത്തിലെ കാഷ് (കേരള അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ്സ് ഫോർ ഹോസ്പിറ്റൽസ്) അംഗീകൃത സ്ഥാപനങ്ങളുടെ എണ്ണം 128 ആണ്.

### ഇ–ഹെൽത്ത് പ്രൊജക്ട്

കേരളത്തിലെ ആരോഗ്യസ്ഥാപനങ്ങളെ കമ്പ്യൂട്ടർ ശൃംഖലയായി ബന്ധിപ്പിക്കുന്നതിന് ഇ–ഹെൽത്ത് പ്രോജെക്റ്റ് ലക്ഷ്യമിടുന്നു. ഡോക്ടർമാർക്ക് എളുപ്പത്തിൽ പരിശോധിക്കാവുന്ന വ്യക്തിഗത മെഡിക്കൽ രേഖകളുടെ ഒരു ഡാറ്റാബേസ് നിർമ്മിക്കുക എന്നതാണ് പദ്ധതി ലക്ഷ്യമിടുന്നത്. രോഗിയുടെ സവിശേഷമായ തിരിച്ചറിയൽ, സംസ്ഥാനത്തെ വിവിധ പ്രാഥമിക, ദ്വിതീയ, തൃതീയ തലങ്ങളിലുള്ള വിവിധ ആരോഗ്യ പരിപാലന വിതരണ യൂണിറ്റുകൾ തമ്മിലുള്ള ഡാറ്റ എക്സ്ചേഞ്ച് എന്നിവ ഇതിൽ ഉൾപ്പെട്ടിരിക്കുന്നു. ഇത് മൂലം ആവർത്തിച്ച് വരുന്ന മെഡിക്കൽ പരിശോധനകൾ ഒഴിവാക്കാനും രോഗിയുടെ ചെലവ് കുറക്കുന്നതിനും ക്ലിനിക്കുകളിലും ലാബുകളിലും തിരക്ക് കുറയ്ക്കാനും കഴിയും. തിരുവനന്തപുരം പൈലറ്റ് ജില്ലയായി ആരംഭിച്ച് കേരളത്തിലെ എല്ലാ ജില്ലകളിലും ഈ പദ്ധതി നടപ്പിലാക്കി വരുന്നു. 326 ആശുപത്രികളിൽ ഇ–ഹെൽത്ത് പൂർത്തിയായി, അതിൽ 71 എണ്ണം പേപ്പർ ഉപയോഗിക്കേണ്ടതില്ലാത്ത ആശുപത്രികളായി പ്രവർത്തിക്കുന്നു. സംസ്ഥാനത്തിന്റെ ഇ–ഹെൽത്ത് പദ്ധതിയെ നിതി ആയോഗ് അഭിനന്ദിച്ചു. 2,62,96,323 വ്യക്തികളുടെ ഡാറ്റാബേസ് ശേഖരിച്ച് ഇലക്ട്രോണിക് രേഖകളായി സംഭരിച്ച രാജ്യത്തെ ഏക സംസ്ഥാനമാണ് കേരളം. വിശദാംശങ്ങൾ **പട്ടിക 6.2.4**–ൽ നൽകിയിരിക്കുന്നു.

### പദ്ധതിക്കാലത്തെ ആരോഗ്യമേഖലയ്ക്കുള്ള ധനസഹായം

കഴിഞ്ഞ കുറെ വർഷങ്ങളായി സംസ്ഥാനബജറ്റിൽ നിന്നും വലിയ തുക നീക്കി വയ്ക്കുന്ന ഒരു പ്രധാന മേഖലയാണ് ആരോഗ്യം. അടുത്ത കാലത്തായി സർക്കാരിന്റെ

**പട്ടിക 6.2.3** ആർദ്രം മിഷന്റെ കീഴിലുള്ള ആശുപത്രികളിലെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ സ്ഥിതി

| ആശുപത്രികളുടെ തരം | ഘട്ടം | മൊത്തം സ്ഥാപനങ്ങൾ | ഭരണാനുമതി നൽകിയത് | പ്രവർത്തി പൂർത്തിയായത് | പ്രവർത്തി പുരോഗമിക്കുന്നത് |
|---|---|---|---|---|---|
| പി.എച്ച്.സി.കൾ എഫ്എച്ച്സികളാക്കി മാറ്റുന്നത് | ഒന്നാം ഘട്ടം | 170 | 170 | 166 | 4 |
| | രണ്ടാം ഘട്ടം | 504 | 445 | 329 | 61 |
| | മൂന്നാം ഘട്ടം | 212 | 40 | 6 | 9 |
| | ആകെ | 886 | 655 | 501 | 74 |
| സിഎച്ച്സി.കളെ ബ്ലോക്ക് ഫാമിലി ഹെൽത്ത് സെന്ററുകളാക്കി മാറ്റുന്നതിന് | ഒന്നാം ഘട്ടം | 76 | 28 | 0 | 0 |
| | രണ്ടാം ഘട്ടം | 76 | 0 | 0 | 0 |
| ജില്ലാ / ജനറൽ ആശുപത്രികളുടെ ഒപി.കൾ | ഒന്നാം ഘട്ടം | 15 | 15 | 10 | 5 |
| താലൂക്ക് ആശുപത്രികളിലെ ഒപി.കൾ | ഒന്ന്, രണ്ട്, മൂന്ന് ഘട്ടങ്ങൾ | 86 | 36 | 1 | 35 |
| മെഡിക്കൽ കോളേജുകൾ | ഒന്നാം ഘട്ടം | 8 | 8 | 8 | 0 |

അവലംബം: ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ്

**പട്ടിക 6.2.4** ഇ–ഹെൽത്ത് പ്രോഗ്രാമിന് കീഴിൽ ജില്ല തിരിച്ചുള്ള ജനസംഖ്യാസർവേ വിവരങ്ങൾ

| ക്രമ നമ്പർ | ജില്ല | ജനസംഖ്യ സർവേ നടത്തിയത് | ക്രമ നമ്പർ | ജില്ല | ജനസംഖ്യ സർവേ നടത്തിയത് |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 25,03,294 | 8 | തൃശ്ശൂർ | 23,47,761 |
| 2 | കൊല്ലം | 22,03,518 | 9 | പാലക്കാട് | 23,65,908 |
| 3 | പത്തനംതിട്ട | 10,71,531 | 10 | മലപ്പുറം | 38,48,964 |
| 4 | ആലപ്പുഴ | 15,50,283 | 11 | കോഴിക്കോട് | 25,19,231 |
| 5 | കോട്ടയം | 15,23,497 | 12 | വയനാട് | 6,31,856 |
| 6 | ഇടുക്കി | 8,80,329 | 13 | കണ്ണൂർ | 19,58,794 |
| 7 | എറണാകുളം | 18,74,357 | 14 | കാസർഗോഡ് | 10,17,000 |
| | ആകെ | 2,62,96,323 | | | |

അവലംബം: ഇ-ഹാൽത്ത് കേരള, ആരോഗ്യ വകുപ്പ്ഡയറക്ടറേറ്റ് 2021 ഡിസംബർ 24

ആരോഗ്യ സംരക്ഷണ ചെലവ് നിരന്തരമായി വർദ്ധിക്കുന്നതായികാണുന്നു. തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും മറ്റു വകുപ്പുകളുടെയും സംഭാവനയെ ഒഴിച്ചുനിർത്തിയാൽ തന്നെ മൊത്തം സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിന്റെ 5 ശതമാനത്തോളമാണ് ആരോഗ്യ സംരക്ഷണത്തിന് കേരളം ചെലവഴിക്കുന്നത് എന്നതാണ് വസ്തുത. ഇതിനുപുറമെ, കെട്ടിട നിർമ്മാണത്തിനും ഉയർന്ന നിലവാരമുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനുമായി സർക്കാർ ഈ മേഖലയിൽ കിഫ്ബിയും നബാർഡും വഴി സർക്കാർ വലിയ തുക നിക്ഷേപിക്കുന്നു. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്ത് പദ്ധതികൾ നടപ്പാക്കുന്നതിന് നീക്കിവച്ചിരുന്ന തുക 3,31,888.00 ലക്ഷം രൂപ (ബി.ഇ) ആയിരുന്നു. പദ്ധതി കാലയളവിൽ റിപ്പോർട്ട് ചെയ്ത ആകെ ചെലവ് 3,00,600.50 ലക്ഷം (90.57 ശതമാനം) രൂപയാണ്. 13–ാം പഞ്ചവത്സര പദ്ധതിക്കാലത്ത് ആരോഗ്യമേഖലയ്ക്ക് 7,18,463 ലക്ഷം അനുവദിച്ചു. 13–ാം പഞ്ചവത്സര പദ്ധതിയുടെ കഴിഞ്ഞ നാല് വാർഷിക പദ്ധതി കാലയളവിലെ വകുപ്പനുസരിച്ചുള്ള പദ്ധതി വിഹിതവും ചെലവും കൂടാതെ 2021 ഒക്ടോബർ വരെ (2021–22) ആകെ പദ്ധതി വിഹിതവും ചെലവും **പട്ടിക 6.2.5**–ൽ കൊടുത്തിട്ടുണ്ട്.

ആരോഗ്യരംഗത്തെ പദ്ധതികളും പദ്ധതിയേതര ചെലവുകളും ഈ അഞ്ച് വർഷത്തിനിടയിൽ വർധിച്ചു. 2020–21ൽ അപ്രതീക്ഷിതമായ പകർച്ചവ്യാധി കാരണം ബജറ്റിൽ കണക്കാക്കിയതിനേക്കാൾ കൂടുതൽ സർക്കാർ ചെലവഴിച്ചു. ആരോഗ്യ കുടുംബക്ഷേമത്തിൽ 2017–18 മുതൽ 2021–22 വരെയുള്ള പദ്ധതി പദ്ധതിയേതര നിക്ഷേപങ്ങൾ റവന്യൂ ചെലവിലും മൂലധന ചെലവിലും **പട്ടിക 6.2.6–**ൽ നൽകിയിരിക്കുന്നു.

**പട്ടിക 6.2.5** വകുപ്പ് തിരിച്ചുള്ള പദ്ധതി വിഹിതവും ചെലവും (പതിമൂന്നാം പദ്ധതി 2017–22) (രൂപ ലക്ഷത്തിൽ)

| വകുപ്പ് | വാർഷിക പദ്ധതി 2017–18 | | വാർഷിക പദ്ധതി 2018–19 | | വാർഷിക പദ്ധതി 2019–20 | | വാർഷിക പദ്ധതി 2020–21 | | വാർഷിക പദ്ധതി | |
|---|---|---|---|---|---|---|---|---|---|---|
| | വിഹിതം | ചിലവ് ശതമാനം | വിഹിതം | ചിലവ് ശതമാനം | വിഹിതം | ചിലവ് ശതമാനം | വിഹിതം | ചിലവ് ശതമാനം | വിഹിതം | ചിലവ് ശതമാനം |
| ആരോഗ്യ സേവനം | 724.02 | 98 | 789.21 | 84 | (ഒക്ടോബർ 31 വരെ) | 82 | 991.40 | 135 | 991.40 | 48 |
| മെഡിക്കൽ വിദ്യാഭ്യാസം | 470.09 | 82 | 494.14 | 56 | 484.25 | 72 | 420.60 | 77 | 420.60 | 18 |
| ഭാരതീയ ചികിത്സാ വകുപ്പ് | 43.20 | 82 | 48.20 | 70 | 47.55 | 67 | 41.95 | 120 | 41.95 | 25 |
| ആയുർവേദ വിദ്യാഭ്യാസം | 46.00 | 48 | 50.60 | 51 | 49.75 | 41 | 43.20 | 39 | 43.20 | 4 |
| ഹോമിയോപ്പതി | 23.00 | 88 | 27.00 | 100 | 26.60 | 65 | 23.75 | 85 | 23.75 | 39 |
| ഹോമിയോ വിദ്യാഭ്യാസം | 8.64 | 43 | 10.15 | 100 | 10.00 | 68 | 8.65 | 170 | 8.65 | 91 |
| ആകെ | 1314.95 | 89 | 1419.30 | 73 | 1405.94 | 76 | 1529.55 | 115 | 1529.55 | 38 |

അവലംബം: പ്ലാൻ സ്പെയിസ്

**പട്ടിക 6.2.6** ആരോഗ്യ കുടുംബക്ഷേമത്തിനുള്ള നിക്ഷേപം (രൂപ കോടിയിൽ)

| വർഷം | റവന്യൂ ചെലവ് | | | മൂലധന ചെലവ് | | | ആകെ ചെലവ് | | |
|---|---|---|---|---|---|---|---|---|---|
| | പദ്ധതി | പദ്ധതിയേതരം | ആകെ | പദ്ധതി | പദ്ധതിയേതരം | ആകെ | പദ്ധതി | പദ്ധതിയേതരം | ആകെ |
| 2017-18 (കണക്ക്) | 1593.55 | 4580.85 | 6174.4 | 269.4 | 38 | 307.39 | 1862.95 | 4618.85 | 6481.79 |
| 2018-19 (കണക്ക്) | 1640.16 | 5206.89 | 6847.05 | 222.6 | 28.91 | 251.51 | 1862.76 | 5235.8 | 7098.56 |
| 2019-20 (കണക്ക്) | 2024.97 | 5269.62 | 7294.58 | 221.64 | 22.59 | 244.23 | 2246.61 | 5292.21 | 7538.81 |
| 2020-21 (പുതുക്കിയ എസ്റ്റിമേറ്റ്) | 2476.33 | 5289.98 | 7766.62 | 138.53 | 65.68 | 204.19 | 2614.86 | 5355.66 | 7970.81 |
| 2021-22 (പുതുക്കിയ എസ്റ്റിമേറ്റ്) | 2261.72 | 6283.21 | 8544.94 | 151.42 | 85.18 | 236.6 | 2413.14 | 6368.39 | 8781.54 |

അവലംബം: : ബജറ്റ് ഇൻ ബ്രീഫ്

Note: ACC is Accounts, RE is Revised Estimate and BE is Budgeted Estimate

## കേരളത്തിലെ പ്രധാന ആരോഗ്യ പ്രശ്നങ്ങൾ

### സാംക്രമിക രോഗങ്ങൾ

കേരളത്തിൽ സാംക്രമിക സാംക്രമികേതര രോഗങ്ങൾ വർദ്ധിച്ചുവരുന്നതായി കണ്ടുവരുന്നു. കേരളത്തിൽ ഒരുകാലത്ത് സാംക്രമിക രോഗങ്ങൾ നിയന്ത്രിക്കപ്പെട്ടിരുന്നുവെങ്കിലും ഡെങ്കി, ലെപ്റ്റോസ്പൈറോസിസ്, മലേറിയ, ഹെപ്പറ്റൈറ്റിസ്, എച്ച്1 എൻ1, സ്ക്രബ് ടൈഫസ്, കോവിഡ്-19 തുടങ്ങിയവയുടെ വ്യാപനം അടുത്ത കാലത്തായി രോഗനിരക്കും മരണനിരക്കും വർദ്ധിക്കുന്നതിന് നല്ലൊരു പങ്ക് വഹിച്ചിട്ടുണ്ട്. ഡെങ്കി, മലേറിയ, സ്ക്രബ് ടൈഫസ് മുതലായ കൊതുകുജന്യ രോഗങ്ങൾ പല ജില്ലകളിലും ഗണ്യമായി വർധിച്ചിട്ടുണ്ട്. വിവിധ തരത്തിലുള്ള വയറിളക്കരോഗങ്ങൾ, ടൈഫോയ്ഡ്, ഹെപ്പറ്റൈറ്റിസ് തുടങ്ങിയ ജലജന്യ അണുബാധകൾ പല ജില്ലകളിലും നിരന്തരമായി കണ്ടുവരുന്നു.

### പ്രധാന സാംക്രമിക രോഗങ്ങളുടെ വ്യാപനം

സാംക്രമിക രോഗങ്ങളുടെ വ്യാപനം സംബന്ധിച്ച താരതമ്യ വിശകലനം **പട്ടിക 6.2.7**-ൽ നൽകിയിട്ടുണ്ട്.

### ഡെങ്കിപ്പനി

ഇപ്പോൾ ഏറ്റവും വലിയ കൊതുക്ജന്യ രോഗമായി മാറിയിരിക്കുന്ന ഡെങ്കിപ്പനി കേരളത്തിൽ 1998 ലാണ് പടർന്നു പിടിച്ചത്. 2015 വരെ രോഗം കൂടുതലും തിരുവനന്തപുരം, കൊല്ലം, കോട്ടയം, പത്തനംതിട്ട, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ വ്യാപകമായിരുന്നു. എന്നാൽ 2017 ൽ എല്ലാ ജില്ലകളിലും ഡെങ്കിപ്പനി വ്യാപകമായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഉയരത്തിൽ സ്ഥിതിചെയ്യുന്ന ജില്ലകളിൽ കുറഞ്ഞ നിരക്കിലും മറ്റുള്ള ജില്ലകളിൽ കൂടുതലായും കാണപ്പെട്ടു. ഗ്രാമീണ പശ്ചാത്തലത്തിൽ മുൻകാലങ്ങളിൽ കണ്ട ഈ കൊതുക് ഇപ്പോൾ ഗ്രാമങ്ങളിലും പട്ടണങ്ങളിലും വ്യാപിച്ചു. 2017 മുതൽ 2021 ഓഗസ്റ്റ് വരെയുള്ള കേസുകളുടെയും മരണത്തിന്റെയും വിശദാംശങ്ങൾ **പട്ടിക 6.2.7**-ൽ നൽകിയിരിക്കുന്നു.

### എലിപ്പനി

സംസ്ഥാനം അഭിമുഖീകരിക്കുന്ന മറ്റൊരു പൊതുജനാരോഗ്യവെല്ലുവിളിയാണ് ലെപ്റ്റോസ്പൈറോസിസ്. എൺപതുകളുടെ തുടക്കത്തിൽ അപൂർവരോഗമായി കണക്കാക്കപ്പെട്ടിരുന്ന ഇത് ഇപ്പോൾ എല്ലാ ജില്ലകളിലും വ്യാപിച്ചിരിക്കുന്നു. തുടക്കത്തിൽ രോഗം ബാധിച്ച എലികളുടെ മൂത്രത്തിൽ നിന്നും പരിസ്ഥിതി മലിനീകരണം മൂലമാണ് വ്യാപിച്ചത്. പശുക്കൾ, നായ്ക്കൾ, പന്നികൾ തുടങ്ങിയ വളർത്തു മൃഗങ്ങളിൽ രോഗം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതുകൊണ്ട് തന്നെ കൃഷി പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് രോഗ സാധ്യതയുണ്ട്. കെട്ടികിടക്കുന്ന കനാലുകളിൽ ശുചീകരണത്തിൽ പങ്കെടുക്കുന്നവർക്കു ഈ രോഗം ബാധിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നു. ലെപ്റ്റോസ്പൈറോസിസ് കാരണം മരണനിരക്ക് ഉയരുന്നതു വെറ്റിനറി, മൃഗസംരക്ഷണ വകുപ്പുകളുടെ കൂട്ടായ പരിശ്രമത്തിൽ ഫലപ്രദമായി നിയന്ത്രിക്കേണ്ടതുണ്ട്. 2020 ലും 2021 ലും (ഓഗസ്റ്റ് വരെ) എലിപ്പനിക്ക് ചികിത്സ തേടിയവരുടെയും മരണം റിപ്പോർട്ട് ചെയ്തതിന്റെയും ജില്ല തിരിച്ചുള്ള വിവരം **അനുബന്ധം 6.2.1**-ൽ കൊടുത്തിരിക്കുന്നു. 2017 മുതൽ 2021 വരെ (ഓഗസ്റ്റ് 31, 2021 വരെ) റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളുടെയും മരണത്തിന്റെയും വിവരങ്ങൾ **പട്ടിക 6.2.7**-ൽ നൽകിയിരിക്കുന്നു.

### ചിക്കൻഗുനിയ

കൊതുകുജന്യ അണുബാധകളിൽ പുതുതായിട്ടുള്ളതാണ് ചിക്കൻഗുനിയ. 2005-06 കാലയളവിൽ അറബിക്കടലിലെ വിദൂര ദ്വീപുകളിലാണ് ഈ രോഗം ഉണ്ടായത് എന്ന് വിശ്വസിക്കപ്പെടുന്നു. അടുത്ത രണ്ട് വർഷത്തിനുള്ളിൽ

**പട്ടിക 6.2.7** കേരളത്തിലെ സാംക്രമികരോഗങ്ങളുടെ വ്യാപനം

| ക്രമ നമ്പർ | രോഗം | | 2017 | | 2018 | | 2019 | | 2020 | | 2021 (Aug 31) | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | രോഗികൾ | മരണം | രോഗികൾ | മരണം | രോഗികൾ | മരണം | രോഗികൾ | മരണം | രോഗികൾ | മരണം |
| 1 | ഡെങ്കിപ്പനി | | 21993 | 165 | 4090 | 32 | 4651 | 14 | 2722 | 22 | 2286 | 4 |
| 2 | മലേറിയ | | 1194 | 2 | 908 | 0 | 656 | 1 | 267 | 1 | 131 | 1 |
| 3 | ചിക്കുൻഗുനിയ | | 54 | 0 | 76 | 0 | 109 | 0 | 558 | 0 | 279 | 0 |
| 4 | ജാപ്പനീസ് എൻസെഫലൈറ്റിസ് (ജെ.ഇ.) | | 1 | 0 | 5 | 2 | 11 | 2 | 0 | 0 | 0 | 0 |
| 5 | ലെപ്റ്റോസ്പൈറോസിസ് | | 1408 | 80 | 2079 | 99 | 1211 | 57 | 1039 | 48 | 745 | 19 |
| 6 | സ്ക്രബ്ബ് ടൈഫസ് | | 340 | 5 | 400 | 6 | 579 | 14 | 423 | 8 | 224 | 4 |
| 7 | കല അസർ | | 0 | 0 | 6 | 1 | 4 | 0 | 1 | 0 | 0 | 0 |
| 8 | കൈസന്നൂർ ഫോറസ്റ്റ്ഡിസീസ് | | 0 | 0 | 0 | 0 | 8 | 2 | 29 | 3 | 4 | 0 |
| 9 | എച്ച് 1 എൻ 1 | | 1411 | 76 | 823 | 50 | 853 | 45 | 58 | 2 | 0 | 0 |
| 10 | പനി | ഒ.പി. | 3417968 | 76 | 2935627 | 63 | 2862375 | 51 | 1265782 | 0 | 785452 | 25 |
| | | ഐ.പി. | 109974 | | 59983 | | 60080 | | 18879 | | 8148 | |
| 11 | മീസിൽസ് | | 508 | 1 | 190 | 0 | 199 | 1 | 76 | 1 | 1 | 0 |
| 12 | ചിക്കൻപോക്സ് | | 27856 | 20 | 30154 | 17 | 29583 | 20 | 14959 | 3 | 2500 | 1 |

അവലംബം: ആരോഗ്യ വകുപ്പ്ഡയറക്ടറേറ്റ്

കേരളം മുഴുവൻ അതിവേഗം വ്യാപിക്കുകയും നമ്മുടെ ജനസംഖ്യയുടെ 80 ശതമാനത്തിലധികം ജനങ്ങളെ ബാധിക്കുകയും ചെയ്തു. രോഗബാധിതരായ ജനങ്ങൾക്ക് ദീർഘകാല പ്രതിരോധശേഷി ലഭിക്കുന്നു. കഴിഞ്ഞ അഞ്ച് വർഷമായി ചിക്കുൻഗുനിയ ബാധിച്ച് മരണങ്ങളൊന്നും ഉണ്ടായിട്ടില്ല. എന്നാൽ 2020ൽ 558 കേസുകളാണ് കേരളത്തിൽ റിപ്പോർട്ട് ചെയ്തത്. ഇവിടെ രോഗം പകർത്തുന്നത് ഈഡിസ് കൊതുകുകൾ ആണ്. ഡെങ്കി, ചിക്കുൻഗുനിയ എന്നിവ ഇതേ കൊതുകിലൂടെ പടർന്ന് കൊണ്ടിരിക്കുന്നതിനാലും സിക വൈറസ്, മഞ്ഞപ്പനിയുടെ ഭീഷണി എന്നിവക്കു ഒരേ കൊതുകുകൾ ഉത്തരവാദികൾ ആയതിനാലും ഭാവിയിൽ നാം ഇവയെ നേരിടാൻ ശ്രദ്ധാലുക്കളായിരിക്കണം. 2020–ൽ 558 ചിക്കൻഗുനിയ കേസുകൽ റിപ്പോർട്ട് ചെയ്തതിൽ 548 എണ്ണം തിരുവനന്തപുരം ജില്ലയിൽ ആണ്. 2021–ൽ (ഓഗസ്റ്റ് 31 വരെ) 279 കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടതിൽ 262 എണ്ണം തിരുവനന്തപുരം ജില്ലയിൽ ആണ്. 2020 ലും 2021 ലും (ഓഗസ്റ്റ് 31 വരെ) ചിക്കൻഗുനിയക്കു ചികിത്സതേടിയവരുടെ ജില്ല തിരിച്ചുള്ള വിവരം **അനുബന്ധം 6.2.2**–ൽ കൊടുത്തിരിക്കുന്നു. 2017 മുതൽ 2021 വരെ (2021 ഓഗസ്റ്റ് 31 വരെ) റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളുടെയും മരണത്തിന്റെയും വിശദാംശങ്ങൾ **പട്ടിക 6.2.7**–ൽ നൽകിയിരിക്കുന്നു.

### പനി

ശരീര താപനില സാധാരണയേക്കാൾ കൂടുതലാകുന്നതാണ് പനി. നിരവധി അണുബാധകൾ മനുഷ്യരെ ബാധിക്കും. ഒരു പനി പോലും പല അണുബാധകളുടെയും ലക്ഷണമായിരിക്കാം. വൈറൽ രോഗം മൂലമുണ്ടാകുന്ന പനിയാണ് വൈറൽ പനി. ചില വൈറൽ അണുബാധകൾ ഡെങ്കിപ്പനി പോലുള്ള പനിക്ക് കാരണമാകും. 2020 ൽ കേരളത്തിൽ 12,65,782 വൈറൽ പനി കേസുകൾ റിപ്പോർട്ട് ചെയ്തു. 2021 ൽ (ഓഗസ്റ്റ് 31 വരെ) റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളുടെ എണ്ണം 7,85,452 ആണ്. വൈറൽ പനി ബാധിച്ച് 2020 ലും 2021 ലും (ഓഗസ്റ്റ് 31 വരെ) ചികിത്സ തേടിയ രോഗികളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം 6.2.2 ൽ നൽകിയിരിക്കുന്നു. 2017 മുതൽ 2021 വരെ (ഓഗസ്റ്റ് 31, 2021 വരെ) റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളുടെയും മരണത്തിന്റെയും വിശദാംശങ്ങൾ **പട്ടിക 6.2.7**–ൽ നൽകിയിരിക്കുന്നു.

### മലേറിയ

കഴിഞ്ഞ കുറെ ദശാബ്ദങ്ങളായി നമ്മുടെ രാജ്യത്തിന്റെ പൊതുജനാരോഗ്യ മേഖല നേരിടുന്ന വെല്ലുവിളി അനോഫിലസ് കൊതുകുകളിലൂടെ പകരുന്ന മലേറിയ രോഗമാണ്. ഇതിന്റെ നിർമാർജനം ലക്ഷ്യമിട്ടുന്ന

വിവിധ ദേശീയ പരിപാടികൾ പരിമിതമായ വിജയമേ നേടിയിട്ടുള്ളൂ. എഴുപതുകളുടെ ആരംഭത്തിൽ കേരളത്തിൽ നിന്നും മലേറിയ രോഗം നിർമാർജനം ചെയ്തെങ്കിലും ഒരു പൊതുജനാരോഗ്യ വെല്ലുവിളിയായി ഈ രോഗം ഇപ്പോൾ ഉയർന്നു വരുന്നു. മലേറിയ രോഗബാധിത സംസ്ഥാനങ്ങളിൽ നിന്നുള്ള വൻതോതിലുള്ള കുടിയേറ്റം കാരണം അടുത്തകാലത്തായി പ്രശ്നം കൂടുതൽ വഷളായി. ഏറ്റവും ഗുരുതരമായ ഫാൽസിപിയം മലേറിയയുടെ അനുപാതം കേരളത്തിൽ സാവധാനത്തിൽ വർധിച്ചു വരികയാണ്. തദ്ദേശീയമായി മലേറിയ നീക്കം ചെയ്യൽ സംസ്ഥാനത്തെ എസ്.ഡി.ജി. ലക്ഷ്യങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അത് നിറവേറ്റുന്നതിനുള്ള പ്രശ്നങ്ങൾ പലതാണ്. ദ്രുത നഗരവൽക്കരണം, ജില്ലകളിലെ വിപുലമായ അടിസ്ഥാന സൗകര്യ വികസനം, നഗര പ്രദേശത്ത് അനിയന്ത്രിതമായ നിർമ്മാണ പ്രവർത്തനങ്ങൾ, കാലാവസ്ഥാ വ്യതിയാനം നിമിത്തം കൊതുകുകളുടെ ജീവിത പരിണാമത്തിൽ ഉണ്ടായ മാറ്റം എന്നിവയാണ് എസ്.ഡി.ജി ലക്ഷ്യം നേടിയെടുക്കുന്നതിൽ വലിയ തടസം. കേരളത്തിലെ മലേറിയയുടെ വാർഷിക കണക്കുകൾ 500 ൽ താഴെയും മരണനിരക്ക് വളരെ കുറവുമാണ്. കർണാടകയിലെ വളരെ ഉയർന്ന മലമ്പനി നിരക്കുള്ള ജില്ലകളുടെ സമീപത്താകയാൽ കാസർകോട് ജില്ലയിൽ വർഷങ്ങളായി വളരെയധികം മലമ്പനി രോഗം ഉണ്ട്. കേരളത്തിന്റെ പടിഞ്ഞാറൻ തീരദേശ മേഘലയിലൂടെയുള്ള മത്സ്യതൊഴിലാളികളുടെ സഞ്ചാരം തീരദേശ ജില്ലകളിലെ മലേറിയ വ്യാപന സാധ്യത വളരെ വർധിപ്പിക്കുന്നു. 2020–ൽ മലേറിയ ബാധിതരുടെ എണ്ണം 267 ഉം മരണം റിപ്പോർട്ട് ചെയ്തത് 1 ഉം ആണ്. 2021 (ഓഗസ്റ്റ് 13 വരെ) ൽ മലേറിയ ബാധിതരുടെ എണ്ണം 131 ഉം മരണം റിപ്പോർട്ട് ചെയ്തത് 1 ഉം ആണ്. 2017 മുതൽ 2021 വരെ (ഓഗസ്റ്റ് 31, 2021 വരെ) റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളുടെയും മരണത്തിന്റെയും വിശദാംശങ്ങൾ **പട്ടിക 6.2.7**–ൽ നൽകിയിരിക്കുന്നു. ഇപ്പോൾ സംസ്ഥാനത്ത് മലേറിയ കേസുകളുടെ എണ്ണം കുറയുന്ന പ്രവണത കാണിക്കുന്നു.

### ജപ്പാൻ ജ്വരം

ഇത് മസ്തിഷ്ക്കത്തെ ബാധിക്കുന്ന കൊതുക ജന്യമായ എൻസൈഫലൈറ്റിസിന്റെ ഒരു രൂപമാണ്. നെൽവയലുകളുടെ സാന്നിധ്യം മൂലം കേരളത്തിൽ ഈ രോഗ സാധ്യത കൂടുതലാണ് കാരണം ഈ രോഗം പരത്തുന്ന വൈറസ് വാഹകരായ കൊതുകുകൾ നെൽവയലുകളിലെ വെള്ളക്കെട്ടുകളിൽ പടർന്ന് കിടക്കുന്നു. മലിനമായ വെള്ളത്തിൽ മുട്ടയിടുന്ന ക്യൂലെക്സ് കൊതുകിന്റെ ഈ പ്രത്യേകമായ സ്വഭാവം മൂലം മറ്റ് മേഖലകളിലും രോഗ സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നു. ജാപ്പനീസ് എൻസെഫലൈറ്റിസ് (ജെ.ഇ.) ദേശാടന പക്ഷികളുടെ സാന്നിധ്യം വഴി കൈമാറ്റം ചെയ്യപ്പെടുന്നു എന്നത് അധിക അപകടമാണ്. കാരണം നമ്മുടെ നാട്ടിൽ ദേശാടന പക്ഷികളെ ആകർഷിക്കുന്ന നിരവധി സങ്കേതങ്ങളുണ്ട്. എന്നാൽ ജെ.ഇ.ക്കെതിരെ ഫലപ്രദമായ വാക്സിൻ ഉള്ളതിനാൽ വാക്സിനേഷൻ ശക്തിപ്പെടുത്തുന്നതിലൂടെ അതിന്റെ നിയന്ത്രണ പരിപാടിയിൽ നമുക്ക് ശുഭാപ്തി വിശ്വാസമുണ്ട്. 2019–ൽ റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളുടെ എണ്ണം 11 ഉം മരണം 2 ഉം ആയിരുന്നു. 2020–ലും 2021–ലും (ഓഗസ്റ്റ് 31 വരെ) കേസുകളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. 2017 മുതൽ 2021 വരെ (2021 ഓഗസ്റ്റ് 31 വരെ) റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളുടെയും മരണത്തിന്റെയും വിശദാംശങ്ങൾ **പട്ടിക 6.2.7**–ൽ നൽകിയിരിക്കുന്നു.

### ജല ജന്യ രോഗങ്ങൾ

ജില്ലയുടെ പല ഭാഗങ്ങളിലും പ്രത്യേകിച്ച് ആദിവാസി തീരദേശ പ്രദേശങ്ങളിൽ സുരക്ഷിതമായ കുടിവെള്ള ലഭ്യതയില്ലെന്നതു ജലജന്യ രോഗങ്ങൾക്ക് പ്രധാന കാരണമായി ചൂണ്ടിക്കാട്ടുന്നു. കിണറുകൾ, പമ്പ്, ടാങ്കർ ലോറിയിലൂടെ വിതരണം ചെയ്ത വെള്ളം, പൊതു ജലവിതരണ പൈപ്പിലെ തകരാറുകൾ നിമിത്തം കുടിവെള്ളത്തോടൊപ്പം അഴുക്കുചാൽ വെള്ളം കലരുന്നത്, ജലസ്രോതസ്സുകളിൽ മാലിന്യങ്ങൾ ഉൾപ്പെടെയുള്ള അവശിഷ്ടങ്ങൾ, വാണിജ്യ ആവശ്യങ്ങൾക്കുള്ള ഐസ് ഉപയോഗിച്ച് ശീതള പാനീയങ്ങൾ തയ്യാറാക്കുന്നത്, മലിനമായ ജലം ഉപയോഗിച്ച് വെൽക്കം ഡ്രിങ്ക് തയ്യാറാക്കുന്നത് തുടങ്ങിയ സുരക്ഷിതമല്ലാത്ത ജല സ്രോതസ്സുകൾ ജല ജന്യ രോഗങ്ങൾക്കു കാരണമാകുന്നു. സാംക്രമിക രോഗങ്ങൾ തടയാനും നിയന്ത്രിക്കാനും 2017 നവംബർ മുതൽ "ജാഗ്രത" എന്ന പേരിൽ ഒരു പ്രവർത്തന പദ്ധതി ആരോഗ്യവകുപ്പ് നടപ്പിലാക്കിവരുന്നു. ടൈഫോയ്ഡ് രോഗികളുടെ എണ്ണത്തിൽ 2015 മുതൽ കേരളത്തിൽ ഗണ്യമായ കുറവുണ്ടായി. 2017 മുതൽ 2021 ഓഗസ്റ്റ് 31 വരെ കടുത്ത വയറിളക്ക രോഗങ്ങൾക്കും ടൈഫോയ്ഡ്, ഹെപ്പറ്റൈറ്റിസ് തുടങ്ങിയ രോഗങ്ങൽക്കും ചികിത്സ നേടിയവരുടെ വിശദാംശങ്ങൾ **പട്ടിക 6.2.8**–ൽ നൽകിയിരിക്കുന്നു.

**പട്ടിക 6.2.8** കേരളത്തിലെ ജലജന്യരോഗങ്ങളുടെ വ്യാപനം

| ക്രമ നമ്പർ | രോഗം | 2017 | | 2018 | | 2019 | | 2020 | | 2021 (ഓഗസ്റ്റ് 31) | |
|---|---|---|---|---|---|---|---|---|---|---|---|
| | | രോഗികൾ | മരണം | രോഗികൾ | മരണം | രോഗികൾ | മരണം | രോഗികൾ | മരണം | രോഗികൾ | മരണം |
| 1 | ഹെപ്പറ്റൈറ്റിസ് – എ | 988 | 24 | 1369 | 5 | 1620 | 7 | 464 | 2 | 67 | 0 |
| 2 | കോളറ | 8 | 1 | 9 | 0 | 9 | 0 | 2 | 0 | 0 | 0 |
| 3 | ടൈഫോയ്ഡ് | 314 | 1 | 109 | 0 | 27 | 0 | 16 | 0 | 11 | 0 |
| 4 | എ.ഡി.ഡി. (വയറിളക്കം) | 463368 | 8 | 540814 | 12 | 544027 | 6 | 250788 | 1 | 146763 | 2 |

അവലംബം: ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ്

## എച്ച്.ഐ.വി / എയ്ഡ്സ്

കേരളത്തിലെ എച്ച്.ഐ.വി യുടെ വ്യാപനം നിയന്ത്രിക്കുക, എച്ച്.ഐ.വി/എയ്ഡ്സ് രോഗത്തിനോട് പ്രതികരിക്കാനുള്ള സംസ്ഥാനത്തിന്റെ കഴിവ് ശക്തിപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ പ്രവർത്തിക്കുന്ന അഗ്രഗാമിയായ സ്ഥാപനമാണ് കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി. ദേശീയ എയ്ഡ്സ് നിയന്ത്രണ പരിപാടി സംസ്ഥാനത്ത് നടപ്പാക്കാനാണ് ഈ സ്ഥാപനം രൂപീകരിച്ചത്. സംസ്ഥാനത്തെ എയ്ഡ്സ് വ്യാപന നിരക്ക് 2008-09-ൽ 0.21 ശതമാനത്തിൽ നിന്നും 2010-11 -ൽ 0.13 ശതമാനമായും 2019 -ൽ 0.08 ശതമാനമായും കുറഞ്ഞിരിക്കുന്നു. 2019-ൽ ഇന്ത്യയിലെ വ്യാപന നിരക്ക് 0.22 ശതമാനമാണ്. സംസ്ഥാനത്തെ എച്ച്.ഐ.വി. മഹാമാരി എന്ന പകർച്ചാവ്യാധി മുഖ്യമായും കേന്ദ്രീകരിച്ചിരിക്കുന്നത്, മയക്കുമരുന്ന് കുത്തിവയ്ക്കുന്നവർക്കിടയിൽ 0.41 ശതമാനവും (2011-ൽ 4.95 ശതമാനം) - ദേശീയ ശരാശരി ഇത് 6.26 ശതമാനം, പുരുഷന്മാരുമായി ലൈംഗികബന്ധത്തിലേർപ്പെടുന്ന പുരുഷന്മാരുടെയിടയിൽ (എം.എസ്.എം.) 0.23 ശതമാനവും (2011-ൽ 0.36 ശതമാനം) - ദേശീയ ശരാശരി ഇത് 2.69 ശതമാനം, സ്ത്രീ ലൈംഗിക തൊഴിലാളികളുടെയിടയിൽ (എഫ്.എസ്.ഡബ്ല്യു.) 0.10 ശതമാനവും (2011-ൽ 0.73 ശതമാനം) - ദേശീയ ശരാശരി ഇത് 2017-ൽ 1.56 ശതമാനം എന്ന തോതിലുമാണ്. കേരളത്തിൽ ട്രാൻസ്ജെന്ഡർമാർക്കിടയിൽ എച്ച്.ഐ.വി. വ്യാപന നിരക്ക് 0.16 ശതമാനവും ദേശീയ ശരാശരി 3.14 ശതമാനവും ആണ്. ഇന്ത്യയിൽ കുടിയേറ്റക്കാർക്കിടയിലെ എച്ച്.ഐ.വി. വ്യാപനം 0.51 ശതമാനമാണ്. (അവലംബം: കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി). 2019ലെ ഇന്ത്യയുടെ എച്ച്ഐവി എസ്റ്റിമേറ്റ് അടിസ്ഥാനമാക്കി ഇന്ത്യയിലെയും കേരളത്തിലെയും എച്ച്ഐവി കണക്കുകൾ **പട്ടിക 6.2.9**-ൽ നൽകിയിരിക്കുന്നു.

## കൊറോണ വൈറസ് രോഗം (കോവിഡ് -19)

ഇന്ത്യയിലെ ആദ്യ കോവിഡ്-19 രോഗം കേരളത്തിൽ 2020 ജനുവരി 30 ന് തിരിച്ചറിഞ്ഞു. ആദ്യത്തെ കോവിഡ്-19 സ്ഥിരീകരിക്കുന്നതിന് മുന്നേതന്നെ പകർച്ചവ്യാധിയെ നേരിടാൻ കേരളം ബഹുമുഖ തന്ത്രങ്ങൾ അവലംബിച്ചു. ലോകാരോഗ്യ സംഘടനയുടെ ഡയറക്ടർ ജനറൽ (ഡബ്ല്യു.എച്ച്.ഒ.) കോവിഡ്-19 ഒരു പകർച്ചവ്യാധിയായി പ്രഖ്യാപിക്കുന്നതിന് വളരെ മുമ്പുതന്നെ കോവിഡ്-19 നുള്ള കേരളത്തിന്റെ പ്രതിരോധം ആരംഭിച്ചു. ആദ്യ കേസ് റിപ്പോർട്ട് ചെയ്ത ദിവസം മുതൽ സംസ്ഥാനത്തെ നിയന്ത്രണ തന്ത്രങ്ങൾ നന്നായി നടന്നിരുന്നു. ആരോഗ്യവകുപ്പ് അടിയന്തര പ്രതികരണ സംവിധാനങ്ങൾ സജീവമാക്കി.

സർക്കാർ, സ്വകാര്യ മേഖലകളിലെ എല്ലാ ആരോഗ്യ പരിരക്ഷാ സൗകര്യങ്ങളുടെയും വിശദമായ വിലയിരുത്തൽ നടത്തി. എല്ലാ ജില്ലകളിലും നിരവധി മീറ്റിംഗുകൾ നടത്തി. സംസ്ഥാന തലത്തിൽ ഈ സൗകര്യങ്ങൾ എങ്ങനെ ഉപയോഗിക്കാമെന്നതിനെക്കുറിച്ചുള്ള വിശദമായ കർമപദ്ധതി തയ്യാറാക്കി. മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് വീടുകളിൽ ക്വാറന്റീൻ സൗകര്യമില്ലാത്ത എല്ലാ അന്തർദ്ദേശീയ യാത്രക്കാരെയും അന്തർസംസ്ഥാന യാത്രക്കാരെയും ക്വാറന്റീൻ ചെയ്യുവാനായി കോവിഡ് കെയർ സെന്ററുകൾ (സി.സി.സി.) സ്ഥാപിച്ചു. രോഗലക്ഷണമുള്ള രോഗികൾക്കായി കോവിഡ് ആശുപത്രികളും രോഗലക്ഷണമില്ലാത്തവർക്കായി കോവിഡ് ഫസ്റ്റ് ലൈൻ ചികിത്സാ കേന്ദ്രങ്ങളും (സി.എഫ്.എൽ.ടി.സി.) തയ്യാറായി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഏകോപനത്തിൽ മതിയായ സ്റ്റാഫ്, ബയോമെഡിക്കൽ മാലിന്യ നിർമാർജനം തുടങ്ങിയവ നടത്തിപ്പോരുന്നു.

കോവിഡ്-19 നിയന്ത്രണ പ്രവർത്തനങ്ങളുടെ തുടക്കം മുതൽ സ്വകാര്യ ആശുപത്രികളുമായി ഇടപെടാൻ നിയോഗിക്കപ്പെട്ട സംഘം ജില്ലാ സ്വകാര്യ ആശുപത്രി നോഡൽ ഓഫീസർമാരുമായും, സ്വകാര്യ ആശുപത്രി മാനേജുമെന്റുകൾ, ഐ.എം.എ. എന്നിവരുമായും നിരന്തരമായി ബന്ധം പുലർത്തിയിരുന്നു. കോവിഡ്-19 സംശയിക്കപ്പെടുന്നവരെയും രോഗികളെയും അവരുടെ വീടുകളിൽ നിന്ന്/എക്സിറ്റ് പോയിന്റുകളിൽ നിന്ന്/

**പട്ടിക 6.2.9** ഇന്ത്യയിലെയും കേരളത്തിലെയും എച്ച്.ഐ.വി. കണക്കുകൾ

| ക്രമ നമ്പർ | വിഭാഗം | ഇന്ത്യ | കേരളം |
|---|---|---|---|
| 1 | മുതിർന്നവരുടെ എച്ച്ഐവി വ്യാപനത്തിന്റെ ശതമാനം (15-49 വയസ്സ്), 2019 | 0.08 | 0.22 |
| 2 | എച്ച്ഐവി ബാധിതരായ ആളുകളുടെ ആകെ എണ്ണം, 2019 (ആയിരത്തിൽ) | 24.21 | 2,348.86 |
| 3 | രോഗബാധിതരല്ലാത്ത 1,000 ജനസംഖ്യയിലെ എച്ച്ഐവി ബാധ, 2019- ൽ | 0.02 | 0.05 |
| 4 | പുതിയ HIV അണുബാധകളുടെ ആകെ വാർഷിക കണക്ക് , 2019 (ആയിരത്തിൽ) | 0.80 | 69.22 |
| 5 | പുതിയ എച്ച്ഐവി അണുബാധകളുടെ വാർഷിക % മാറ്റം, 2010-2019 | -24.20 | -37.38 |
| 6 | 1,00,000 ജനസംഖ്യയിൽ എയ്ഡ്സുമായി ബന്ധപ്പെട്ട മരണനിരക്ക്, 2019 | 1.50 | 4.43 |
| 7 | എയ്ഡ്സ് സംബന്ധമായ മരണങ്ങളുടെ വാർഷിക കണക്ക്, 2019 (ആയിരത്തിൽ) | 0.53 | 58.96 |
| 8 | 2010-2019 വർഷങ്ങളിലെ എയ്ഡ്സ് സംബന്ധമായ മരണങ്ങളിലെ % മാറ്റം | -53.37 | -66.07 |
| 9 | അമ്മയിൽ നിന്ന് കുഞ്ഞിലേക്ക് പകരുന്നത് തടയൽ ആവശ്യകത (ആയിരത്തിൽ) | 0.16 | 20.52 |

(അവലംബം: കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി)

ഐസോലെഷൻ സൗകര്യങ്ങളിലേക്ക് എത്തിക്കുന്നതിനായി 'കനിവ്-108' ആംബുലൻസുകൾ വഴി കെ.എം.എസ്.സി.എൽ. നിർണായക പങ്ക് വഹിച്ചിട്ടുണ്ട്. കേരളത്തിൽ കൊറോണ വൈറസ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ക്വാറന്റൈനിലും / ഐസോലെഷനിലും ഉള്ള വ്യക്തികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും 'ഒറ്റക്കല്ല ഒപ്പമുണ്ട്' എന്ന പേരിൽ മാനസിക-സാമൂഹിക പിന്തുണ നൽകുന്നു. ആരോഗ്യമേഖലയിൽ ജോലി ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥരെയും സമൂഹത്തിലെ പല വിഭാഗങ്ങളെയും ഉൾക്കൊള്ളുന്ന സമഗ്രവും വിശാലവുമായ രീതിയിൽ സംസ്ഥാനതല പരിശീലനം നടത്തുവാൻ കഴിഞ്ഞു. എല്ലാ പഞ്ചായത്തിലും വാർഡ് തല സംഘങ്ങൾ സജീവമാവുകയും വയോജനങ്ങളുടെ വീട്ടുകളിലേക്ക് ദിവസേനയുള്ള കോളുകളും സന്ദർശനങ്ങളും ഉറപ്പു വരുത്തുകയും ചെയ്തു. കോവിഡ്-19 അവബോധത്തിനായി 2020 ന്റെ തുടക്കം മുതൽ തന്നെ നിരവധി മാധ്യമ പ്രചരണങ്ങൾ നടക്കുന്നു. കേരളത്തിൽ ഇ-സഞ്ജീവനി ടെലിമെഡിസിൻ സേവനങ്ങൾ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ 2020 ജൂൺ 10-ന് ആരംഭിച്ചു. കേന്ദ്രീകൃതമായ രീതിയിലാണ് ഇതിൽ സേവനങ്ങൾ നൽകുന്നത്. സംസ്ഥാനത്തിനായുള്ള ടെലിമെഡിസിൻ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നത് 'ദിശ'യാണ്. www.dashboard.kerala.gov.in എന്ന വെബ് വിലാസത്തിൽ ലഭ്യമായ ജി.ഒ.കെ. ഡാഷ്ബോർഡ് വഴി കോവിഡ്-19 ഡാറ്റ പൊതുജനങ്ങൾക്ക് ലഭ്യമാക്കി. കോവിഡ്-19 രോഗത്തിന്റെ പ്രധാന വിശദാംശങ്ങളും അതിന്റെ നിയന്ത്രണ പ്രവർത്തനങ്ങളും **പട്ടിക 6.2.10**-ൽ നൽകിയിരിക്കുന്നു.

### സാംക്രമികേതര രോഗങ്ങൾ

പ്രമേഹം, രക്തസമ്മർദ്ദം, കാർഡിയോവാസ്കുലാർ രോഗങ്ങൾ, അർബുദം, ശ്വാസകോശസംബന്ധമായ രോഗങ്ങൾ എന്നിവയാണ് മനുഷ്യന്റെ ആരോഗ്യകരമായ ജീവിതത്തിനു ഭീഷണിയായിട്ടുള്ള പ്രധാനപ്പെട്ട സാംക്രമികേതര രോഗങ്ങൾ. ഇത്തരം രോഗങ്ങൾ നിയന്ത്രിക്കുന്നതിനും തടയുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചില്ലെങ്കിൽ ഭാവിയിൽ ഉണ്ടാക്കാനിടയുള്ള കഷ്ടനഷ്ടങ്ങൾ വളരെ വലുതായിരിക്കും. പ്രായാധിക്യവും ജീവിത രീതികളും ഇതിനെ സ്വാധീനിക്കുന്നു. താഴ്ന്ന വരുമാനക്കാരെ സംബന്ധിച്ച് മരുന്നുകളുടെ ഉയർന്ന വിലയും ചികിത്സക്കാവശ്യമായ സുദീർഘമായ കാലപരിധിയും വമ്പിച്ച സാമ്പത്തിക ബാധ്യത വരുത്തുന്നതാണ്. വൻതോതിൽ ആധുനികവൽക്കരണവും നഗരവത്കരണവും, ജീവിതരീതിയിലുള്ള മാറ്റം, മദ്യം, പുകയില എന്നിവയിലുള്ള ആശ്രയത്വം, വൈറ്റ് കോളർ തൊഴിലുകൾക്കുള്ള മുൻഗണന, അനാരോഗ്യകരമായ ഭക്ഷണരീതികൾ, ശാരീരിക പ്രയത്നത്തിന് കുറഞ്ഞ മുൻഗണന, എല്ലാവിഭാഗം ജനങ്ങളിലും ഉള്ള ഉയർന്ന തലത്തിലുള്ള സമ്മർദ്ദം എന്നിവ സംസ്ഥാനത്ത് സാംക്രമികേതര രോഗങ്ങൾ ഉണ്ടാകുന്നതിന് ചില കാരണങ്ങളാണ്.

അമിതവണ്ണം, ഹൈപ്പർ ലിപിഡെമിയ, ഹൃദയാഘാതം, പക്ഷാഘാതം എന്നിവയും കൂടുതലാണ്. ദേശീയ ശരാശരിയുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിലെ പുരുഷന്മാരിൽ കാൻസർ മരണനിരക്ക് വളരെ കൂടുതലാണ്. അച്ചുതമേനോൻ സെന്റർ ഫോർ ഹെൽത്ത് സയൻസ് സ്റ്റഡീസ്, തിരുവനന്തപുരം നടത്തിയ സർവേയിൽ സംസ്ഥാനത്തെ എൻ.സി.ഡി. സ്ഥിതി കൂടുതൽ വഷളായതായി കാണുന്നു. മൂന്നിൽ ഒരാൾക്ക് രക്താതിമർദ്ദമുണ്ടെന്നും അഞ്ചിൽ ഒരാൾക്ക് പ്രമേഹമുണ്ടെന്നും സർവേ വെളിപ്പെടുത്തുന്നു. നേരത്തേ കണ്ടുപിടിച്ചതിനുശേഷവും രക്തത്തിലെ പഞ്ചസാരയും രക്തസമ്മർദ്ദവും സാധാരണനിലയുടെ അളവ് മാനദണ്ഡങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ വളരെ കുറവ് മാത്രമേ സാധാരണ നിരക്കിലേക്കു നിയന്ത്രിക്കുന്നതിനു സാധിച്ചിട്ടുള്ളൂവെന്നു പഠനം വെളിപ്പെടുത്തി.

### കേരള സി.ഒ.പി.ഡി. പ്രതിരോധ നിയന്ത്രണ പരിപാടി – ശ്വാസ്

ലോകവ്യാപകമായി രോഗാവസ്ഥക്കും മരണത്തിനും നിദാനമായ പ്രമുഖ കാരണങ്ങളിലൊന്നാണ് ക്രോണിക് ഒബ്സ്ട്രക്റ്റീവ് പൾമൊണറി ഡിസീസ് (സി.ഒ.പി.ഡി.). ഇന്ത്യയെ സംബന്ധിച്ച 'ഗ്ലോബൽ ബർഡൻ ഓഫ് ഡിസീസസ്' (വാഷിംഗ്ടൺ യൂണിവേഴ്സിറ്റിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഹെൽത്ത് മെട്രിക്സ് ആൻഡ് ഇവാലുവേഷൻ (ഐ.എച്ച്.എം.ഇ.)

**പട്ടിക 6.2.10** കോവിഡ്-19 രോഗത്തിന്റെ പ്രധാന വിശദാംശങ്ങളും അതിന്റെ നിയന്ത്രണ പ്രവർത്തനങ്ങളും *

| | |
|---|---|
| സ്ഥിരീകരിച്ച കേസുകളുടെ ആകെ എണ്ണം | 5225712 |
| രോഗം ഭേദമായ കേസുകളുടെ ആകെ എണ്ണം | 5151632 |
| സജീവ കേസുകളുടെ ആകെ എണ്ണം | 27842 |
| ആകെ മരണസംഖ്യ റിപ്പോർട്ട് ചെയ്തു | 45538 |
| മൊത്തം ഡോസ് വാക്സിനേഷൻ നടത്തിയത് | 4,62,48,106 |
| ആദ്യ ഡോസ് വാക്സിനേഷൻ നടത്തിയ ആകെ എണ്ണം (97.56%) | 2,60,43,638 |
| ഇരട്ട ഡോസ് വാക്സിനേഷൻ നടത്തിയ ആകെ എണ്ണം (76%) | 2,03,11,901 |
| സാമൂഹിക സന്നദ്ധ സേനയുടെ ആകെ എണ്ണം | 375123 |
| സൈക്കോ സോഷ്യൽ സപ്പോർട്ടിന്റെയും കൗൺസിലിംഗ് കോളുകളുടെയും ആകെ എണ്ണം | 1,31,99,475 |
| കേരളത്തിലെ കമ്മ്യൂണിറ്റി കിച്ചണുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ എണ്ണം | 1034/1034 |
| പുനരധിവസിപ്പിക്കപ്പെട്ട അഗതികളുടെ ആകെ എണ്ണം | 3766 |

അവലംബം: www.dashboard.kerala.gov.in
*2021 ഡിസംബർ 24-ലെ വിവരങ്ങൾ

കണക്കനുസരിച്ച് ഇന്ത്യയിലെ മരണനിരക്കിന്റെ രണ്ടാമത്തെ പ്രധാന കാരണം സി.ഒ.പി.ഡി. യാണ്. അടുത്തിടെ ഇന്ത്യയിലെ എൻ.സി.ഡി. പ്രോഗ്രാമിൽ മുൻഗണനയുള്ള എൻ.സി.ഡി.കളിൽ സി.ഒ.പി.ഡി. യും കടുത്ത വൃക്കരോഗവും ഉൾപ്പെടുത്തിയിട്ടുണ്ട്. ആസ്ത്മ, സി.ഒ.പി.ഡി. എന്നിവയ്ക്കുള്ള ദേശീയ കണക്കുകൾ കേരളത്തിലെ സ്ഥിതിയും പ്രതിഫലിപ്പിക്കുന്നു. കേരളത്തിലെ സി.ഒ.പി.ഡി. കേസുകളുടെ എണ്ണം 5,30,000 ആണെന്നും പ്രായപൂർത്തിയായവരിൽ ആസ്ത്മ രോഗികളുടെ എണ്ണം 4,80,000 ആണെന്നും കണക്കാക്കപ്പെടുന്നു. (അവലംബം: ആരോഗ്യ സേവന ഡയറക്ടറേറ്റ്) കേരളത്തിൽ സി.ഒ.പി.ഡി.ക്കായുള്ള ഒരു പ്രത്യേക പൊതുജനാരോഗ്യ പദ്ധതിയാണ് ശ്വാസ്. ഇത് ആർദ്രം മിഷന്റെ ഭാഗമായി ഫാമിലി ഹെൽത്ത് സെന്റർ (എഫ്.എച്ച്സി.) തലം മുതൽ നടപ്പിലാക്കുന്നു. 378 കുടുംബാരോഗ്യ കേന്ദ്രങ്ങളിലും 49 ഉപജില്ല / ജില്ലാ ആശുപത്രികളിലും ശ്വാസ് ക്ലിനിക്കുകൾ ആരംഭിച്ചിരിക്കുന്നു. 2020–21 –ൽ രോഗനിർണ്ണയം നടത്തിയ സി.ഒ.പി.ഡി. രോഗികളുടെ എണ്ണം 3,709 ഉം ആസ്ത്മ രോഗികളുടെഎണ്ണം 4,371 ഉം ആണ്. ശ്വാസ് ക്ലിനിക്കുകളുടെ വിശദാംശങ്ങൾ, സി.ഒ.പി.ഡി. ആസ്ത്മ എന്നിവയുടെ സ്ക്രീനിംഗ്, രോഗനിർണയം എന്നിവ **പട്ടിക 6.2.11**–ൽ നൽകിയിരിക്കുന്നു.

### അർബുദം

കേരളത്തിലെ ഒരു പ്രധാന സംക്രമികേതര രോഗമാണ് അർബുദം. മെഡിക്കൽ കോളേജുകൾ കൂടാതെ റീജണൽ കാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ, കൊച്ചി ക്യാൻസർ ആൻഡ് റിസേർച്ച് സെന്റർ എന്നീ സർക്കാർ മേഖലയിലുള്ള ആശുപത്രികളും അർബുദത്തിന് ചികിത്സ നൽകി വരുന്നു. ഈ സ്ഥാപനങ്ങൾ കൂടാതെ എല്ലാ പ്രധാന സർക്കാർ ആശുപത്രികളും ക്യാൻസർ ചികിത്സ നൽകുന്നുണ്ട്. നേരത്തേരോഗം തിരിച്ചറിയാതിരിക്കുക, വൻചികിത്സാചെലവ്, തുച്ഛമായ ചികിത്സാ സൗകര്യങ്ങൾ, അവബോധമില്ലായ്മ എന്നീ കാര്യങ്ങൾ ഈ രോഗം വന്ന് മരിക്കുന്നവരുടെ എണ്ണം വർദ്ധിപ്പിക്കുന്നു.

### മലബാർ ക്യാൻസർ സെന്റർ

കേരള സർക്കാരിനുകീഴിലുള്ള ഒരു സ്വയംഭരണസ്ഥാപനമാണ് കണ്ണൂരിലെ മലബാർ ക്യാൻസർ സെന്റർ. വടക്കൻ കേരളത്തിലെ ജനങ്ങൾക്ക് അർബുദചികിത്സ നൽകാൻ സ്ഥാപിതമായതാണ് മലബാർ ക്യാൻസർ സെന്റർ. ഇവിടെ 204 പേരെ കിടത്തി ചികിത്സിക്കാൻ സാധിക്കും. അർബുദരോഗികളെ ചികിത്സിക്കുന്നതിനായി ഏറ്റവും പുതിയ സംവിധാനങ്ങൾ ഇവിടെയുണ്ട്. 2020–21 ൽ മലബാർ ക്യാൻസർ സെന്ററിൽ ചികിത്സ ലഭിച്ചതിൽ 4,612 പേർ കിടത്തി ചികിത്സ ലഭ്യമായവരും 58,401 പേർ ഔട്ട്പേഷ്യന്റ്സുമാണ്. ഇതിൽ പുതിയ കേസുകൾ 5,384 ആണ്. 2021–22 കാലയളവിൽ (ഓഗസ്റ്റ് 31, 2021 വരെ), ഐപിയുടെയും ഒപിയുടെയും എണ്ണം യഥാക്രമം 3,337 ഉം 51,219 ഉം പുതിയ കേസുകൾ 5,044 ഉം ആണ്. കേന്ദ്രത്തിൽ ഓരോ വർഷവും കണ്ടെത്തുന്ന പുതിയ കേസുകളുടെ ശരാശരി എണ്ണം 4,494 ആണ്.

### കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ

കാൻസർ രോഗബാധാ നിരക്കിലുള്ള ഭീതിജനകമായ വർദ്ധനവും മധ്യകേരളത്തിൽ സർക്കാർ തലത്തിൽ ഒരു ത്രിതീയ കാൻസർ പരിചരണ ഗവേഷണ കേന്ദ്രത്തിന്റെ ആവശ്യകതയും കൊച്ചിയിലെ കാൻസർ റിസർച്ച് സെന്ററിന്റെ പിറവിക്കു കാരണമായി. സി.സി.ആർ.സി. എന്നത് സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു സൊസൈറ്റിയാണ്. സി.സി.ആർ.സി. യിൽ നിലവിൽ ലഭ്യമാകുന്ന കിടക്കകളുടെ എണ്ണം 20 ആണ്. എന്നാൽ ഓരോ വർഷവും റിപ്പോർട്ട് ചെയ്യുന്ന പുതിയ കേസുകളുടെ എണ്ണം ആയിരത്തിഒരുന്നൂറാണ്. 2020–21 ൽ ചികിത്സയിലുള്ള പുറംരോഗികളുടെ എണ്ണം 13,796 ഉം ഐപി 400 ഉം പുതിയ കേസുകൾ 1,838 ഉം ആണ്.

### റീജിയണൽ ക്യാൻസർ സെന്റർ (ആർ.സി.സി.)

കേരളത്തിൽ ക്യാൻസർ രോഗനിർണയത്തിനും ചികിത്സയ്ക്കും നിയന്ത്രണത്തിനുമായുള്ള സമ്പൂർണ സമർപ്പിത കേന്ദ്രമാണ് ആർ.സി.സി., തിരുവനന്തപുരം. രാജ്യത്തെ ഏറ്റവും മികച്ച 28 ആർ.സി.സി. കളിൽ ഒന്നായ ആർ.സി.സി., തിരുവനന്തപുരം അന്താരാഷ്ട്ര സ്ഥാപനങ്ങളുമായുള്ള പ്രവർത്തന ബന്ധവും നിലനിർത്തുന്നു. ആർ.സി.സിയിൽ ദിവസേനയുള്ള ശരാശരി രോഗി സന്ദർശനങ്ങൾ 525 ആണ്. കഴിഞ്ഞ മുപ്പത്തിയെട്ടു വർഷങ്ങളായി കേരളത്തിന്റെയും തമിഴ്നാട്ടിലെയും കർണാടകത്തിലെയും ചില പ്രദേശങ്ങളിലെയും ജനങ്ങളുടെ വർധിച്ചു വരുന്ന കാൻസർ പരിചരണ ആവശ്യങ്ങൾ ഏറ്റവും കുറഞ്ഞ ചെലവിൽ നിർവഹിക്കുന്നു. 2020–21–ൽ പുതിയതായി 11,191 കേസുകൾ കണ്ടെത്തുകയും 1,50,330

**പട്ടിക 6.2.11** ശ്വാസ് ക്ലിനിക്കുകൾ, സി.ഒ.പി.ഡി, ആസ്ത്മ എന്നിവയുടെ സ്ക്രീനിംഗ്, രോഗനിർണയ വിശദാംശങ്ങൾ

| | 2018–19 | 2019–20 | 2020–21 | 2021–22 | ആകെ |
|---|---|---|---|---|---|
| രോഗലക്ഷണമുള്ളവരിലെ സ്ക്രീനിംഗ് | 47601 | 63206 | 45444 | 3750 | 160001 |
| ശ്വാസ് ക്ലിനിക്ക്–എഫ്.എച്ച്സി. | 89 | 90 | 91 | 108 | 378 |
| ശ്വാസ് ക്ലിനിക്ക്– ജില്ല/ജനറൽ / താലൂക്ക് ആശുപത്രികൾ | 14 | 25 | 10 | | 49 |
| സ്പൈറോമെട്രി സ്ക്രീനിംഗ് | 9147 | 18428 | 1952 | 299 | 29826 |
| സി.ഒ.പി.ഡി. രോഗനിർണയം നടത്തിയത് | 4677 | 11557 | 3709 | 737 | 20680 |
| ആസ്ത്മ രോഗനിർണയം നടത്തിയത് | 4145 | 7081 | 4371 | 359 | 15956 |

അവലംബം: ആരോഗ്യ സേവന ഡയറക്ടറേറ്റ്

കേസുകൾ അവലോകനം ചെയ്യുകയും 6,807 ഇൻ–പേഷ്യന്റ് അഡ്മിഷനുകളും ആർ.സി.സിയിൽ നടത്തി. ആർ.സി.സി. യെക്കുറിച്ചുള്ള കൂടുതൽ വിശദാംശങ്ങൾ ഈ അവലോകനത്തിന്റെ സെക്ഷൻ 5.2–ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### മാനസികാരോഗ്യം

ഭാരതസെൻസസ് 2011 പ്രകാരം കേരളത്തിലെ ജനസംഖ്യയുടെ 0.20 ശതമാനം മാനസിക രോഗങ്ങളുള്ളവരും 0.20 ശതമാനം മാനസികവൈകല്യമുള്ളവരുമാണ്. ദേശീയശരാശരി യഥാക്രമം 0.06 ശതമാനംവും 0.12 ശതമാനം വുമാണ്. ദേശീയ ശരാശരിയുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ ഈ നിരക്ക് വളരെ കൂടുതലാണെങ്കിലും അതിനനുസരിച്ച് വേണ്ടത്ര പ്രാധാന്യം കേരളത്തിൽ നൽകിയിട്ടില്ല. ഒരു മാനസികാരോഗ്യനയത്തിന് സംസ്ഥാനസർക്കാർ 2013 മെയ് മാസം രൂപം നൽകി അംഗീകരിച്ചു. ഈ നയത്തിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പ്രധാന കാര്യങ്ങൾ ഇവയാണ്. മാനസികാസ്വസ്ഥ്യത്തിന്റെ ചികിത്സ തുടങ്ങേണ്ടത് പ്രൈമറി ഹെൽത്ത് സെന്ററുകളിൽ നിന്നാണ്. സൈക്യാട്രിക് മെഡിസിൻ വകുപ്പും മനോരോഗാശുപത്രികളും റഫറൽ സംവിധാനങ്ങളാക്കണം. ആർദ്രം മിഷന്റെ ഭാഗമായി പ്രാഥമിക ചികിത്സയിൽ 'ആശ്വാസം' വിഷാദരോഗ മാനേജ്മെന്റ് സംസ്ഥാനത്തൊട്ടാകെയുള്ള 224 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ആരംഭിച്ചു.

കേരളത്തിൽ മൂന്ന് മാനസികാരോഗ്യകേന്ദ്രങ്ങളിലായി 1,366 കിടക്കകൾ നിലവിലുണ്ട്. മാസംതോറും 10,000 ഔട്ട്പേഷ്യൻസുമായി എല്ലാ ജില്ലകളിലും ജില്ലാമാനസികാരോഗ്യപരിപാടി പ്രവർത്തിച്ചുവരുന്നു. പ്രസ്തുത കേന്ദ്രങ്ങളിലൂടെ പുനരധിവാസ സൗകര്യവും നല്കിവരുന്നു. അവബോധമില്ലായ്മ, പൊതുമനോഭാവം, കുടുംബാംഗങ്ങളുടെ ശ്രദ്ധാക്കുറവ്, തുടർ നടപടികളുടെ അഭാവം തുടങ്ങിയവയാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ള പ്രധാന പ്രശ്നങ്ങൾ. സംസ്ഥാനസർക്കാർ 26 പകൽവീട്ടുകൾ ആരംഭിച്ചിട്ടുണ്ട്. രോഗം ഭേദമായ 506 പേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു.

### ജില്ലാ മാനസിക ആരോഗ്യ പരിപാടി

സംസ്ഥാനത്തെ 14 ജില്ലകളിലും ജില്ലാ മാനസികാരോഗ്യ പരിപാടി (ഡി.എം.എച്ച്.പി) പ്രവർത്തിക്കുന്നു. ജില്ലയിലെ എല്ലാ പി.എച്ച്.സികളിലും സി.എച്ച്.സികളിലും ബന്ധപ്പെട്ട ആശുപത്രികളിലെ പരിശീലനം ലഭിച്ച ഡോക്ടർമാർ മാനസികാരോഗ്യ ക്ലിനിക്കുകൾ നടത്തുന്നു. തങ്ങളുടെ അടുത്തുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ നിന്ന് മരുന്നുകൾ രോഗികൾക്ക് ലഭ്യമാക്കും. സംസ്ഥാനത്ത് ഡിഎംഎച്ച്പിയിൽ നിന്ന് ഓരോ മാസവും 10,000 രോഗികൾ ചികിത്സ തേടുന്നുണ്ട്. പൊതു ജനങ്ങൾക്കു അവബോധം സൃഷ്ടിക്കുന്നതിനായി വിവര വിജ്ഞാന വിനിമയ പ്രവർത്തനങ്ങൾ, മാനസികാരോഗ്യവും പ്രാഥമികാരോഗ്യവും ശരിയായി ബന്ധപ്പെടുത്തുന്നതിനായി ഡോക്ടർമാർക്കും നഴ്സുമാർക്കും ഫാർമസിസ്റ്റുകൾക്കും ആരോഗ്യ പ്രവർത്തകർക്കും പരിശീലനം, ലഹരി വസ്തുക്കളുടെ ദുരുപയോഗം തടയൽ, ആത്മഹത്യ തടയൽ, വയോജന മാനസികാരോഗ്യം, മാനസിക സമ്മർദ്ദ നിയന്ത്രണം എന്നിവ പ്രവർത്തനങ്ങളാണ്. സമഗ്ര മാനസികാരോഗ്യ പദ്ധതിയുടെ ഭാഗമായി മാനസിക വൈകല്യമുള്ളവർക്കായി പകൽ പരിചരണ കേന്ദ്രങ്ങൾ ആരംഭിച്ചു. ഇപ്പോൾ സംസ്ഥാനത്ത് 30 പരിചരണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. വിദ്യാലയ മാനസികാരോഗ്യ പരിപാടി എൻഎച്ച്എം സഹകരണത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കുന്നു. 2020–21 ൽ നടത്തിയ ക്ലിനിക്കുകളുടെ എണ്ണം 2,749 ഉം പുതിയ കേസുകളുടെ എണ്ണം (ക്ലിനിക്കുകൾ മാത്രം) 10,500 ഉം ആണ്.

### ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആൻഡ് ന്യൂറോ സയൻസസ് (ഇംഹാൻസ്)

1982 ൽ കേരള സർക്കാർ സ്ഥാപിച്ച സ്വയംഭരണ സ്ഥാപനമാണ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോസയൻസസ് (ഇംഹാൻസ്) കോഴിക്കോട്. കോഴിക്കോട് ഗവണ്മെൻറ് മെഡിക്കൽ കോളേജ് കാമ്പസിൽ ഈ സ്ഥാപനം പ്രവർത്തിക്കുന്നു. സൈക്ക്യാട്രിക് സോഷ്യൽ വർക്ക് (8 സീറ്റ്), ക്ലിനിക്കൽ സൈക്കോളജി (8 സീറ്റ്), പോസ്റ്റ് ബേസിക് ഡിപ്ലോമ ഇൻ സൈക്ക്യാട്രിക് നഴ്സിങ് (10 സീറ്റ്) എന്നിവയിൽ ഇപ്പോൾ എം.ഫിൽ കോഴ്സുകൾ ഇൻസ്റ്റിറ്റ്യൂട്ട് നടത്തിവരുന്നു. ക്ലിനിക്കൽ സേവനങ്ങളിൽ ഇൻസ്റ്റിറ്റ്യൂട്ട് ഇപ്പോൾ കമ്മ്യൂണിറ്റി സൈക്ക്യാട്രി, ചൈൽഡ് സൈക്ക്യാട്രി, പുനരധിവാസ സേവനങ്ങൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഇംഹാൻസിന് നിലവിൽ കിടത്തിച്ചികിത്സയ്ക്കുള്ള സൗകര്യമില്ല. 2020–ൽ പുതിയ ഒ.പി. കേസുകളുടെ എണ്ണം 2,992 ഉം ഫോളോ അപ്പ് കേസുകൾ 6,301 ഉം ആയിരുന്നു. 2021–ൽ ഇത് യഥാക്രമം 3,314 ഉം 6,012 ഉം ആയിരുന്നു (ഓഗസ്റ്റ് 31 വരെ).

### ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിക്സ്

കേരള സർക്കാരിന്റെ കീഴിലുള്ള ഒരു സ്വയംഭരണ സ്ഥാപനമാണ് തിരുവനന്തപുരത്തെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിക്സ്. പ്രമേഹത്തിനും അതിന്റെ സങ്കീർണ്ണമായ ചികിത്സയ്ക്കും മാത്രമായി പ്രവർത്തിക്കുന്ന സർക്കാരിന്റെ കീഴിലുള്ള ഒരു സ്ഥാപനമാണ്. തിരുവനന്തപുരം നഗരത്തിലെ ആക്കുളത്തിനടുത്തുള്ള പുലയനാർകോട്ടയിൽ, 2001 ലാണ് ഐ.ഐ.ഡി. പ്രവർത്തനം ആരംഭിച്ചത്. തിരുവനന്തപുരത്തെ പബ്ലിക് ഹെൽത്ത് ലാബോറട്ടറി കാമ്പസിൽ ഒരു സബ് സെന്ററും പ്രവർത്തിക്കുന്നു. പ്രമേഹത്തിന്റെ ജനിതക അടിത്തറയെക്കുറിച്ച് അന്വേഷിക്കുക, ഡോക്ടർമാർക്കും, പാരാമെഡിക്കൽ സ്റ്റാഫിനും വേണ്ട പരിശീലനം നൽകുക, ചികിത്സാ രീതികൾ വികസിപ്പിക്കുന്നതിന് ഗവേഷണ സഹായം നൽകുക, അക്കാദമിക് തലത്തിൽ പ്രാധാന്യം നൽകുക, കൂടാതെ പ്രമേഹ രോഗത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് അത്യാധുനിക കോൺഫറൻസുകൾ സംഘടിപ്പിക്കുക എന്നിവയാണ് ഈ സ്ഥാപനത്തിന്റെ പ്രധാന പ്രവർത്തനങ്ങൾ. ഐ.ഐ.ഡി. യിൽ ലഭ്യമായ കിടക്കകളുടെ എണ്ണം 40 ആണ്. ശരാശരി ഓരോ വർഷവും കണ്ടെത്തിയ പുതിയ കേസുകളുടെ എണ്ണം 6000 ആണ്. 2020–21 ൽ ചികിത്സിച്ച രോഗികളുടെ എണ്ണം 34,191 ഉം ഐപി 236 ഉം പുതിയ കേസുകൾ 5,751 ഉം ആണ്.

### ആധുനിക വൈദ്യശാസ്ത്രം

കേരളത്തിൽ ആധുനിക വൈദ്യശാസ്ത്രസേവനങ്ങൾ ചെയ്യുന്നത് ആരോഗ്യസേവന ഡയറക്ടറേറ്റും (ഡി.എച്ച്.എസ്.) അതുമായി ബന്ധപ്പെട്ട വിദ്യാഭ്യാസ

മേഖലകൈകാര്യം ചെയ്യുന്നത് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ്(ഡി.എം.ഇ.)മാണ്.

### ആരോഗ്യവകുപ്പിനു കീഴിലുള്ള ആരോഗ്യപരിരക്ഷാ സ്ഥാപനങ്ങൾ

ആരോഗ്യസേവനവകുപ്പിന് കീഴിലുള്ള 1,284 ആരോഗ്യ പരിരക്ഷാസ്ഥാപനങ്ങളിലായി 38,506 കിടക്കകളും 6,355 ഡോക്ടർമാരും 21,421 പാരാമെഡിക്കൽ ജീവനക്കാരും ഉണ്ട്. ഇതിൽ 740 പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ / കുടുംബാരോഗ്യ കേന്ദ്രങ്ങൾ, 108 (24*7) പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ, 226 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ / ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങൾ, 87 താലൂക്ക് ആസ്ഥാന ആശുപത്രികൾ, 18 ജില്ലാആശുപത്രികൾ, 18 ജനറൽ ആശുപത്രികൾ, 3 മാനസികരോഗാശുപത്രികൾ, 8 സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ, 3 കുഷ്ഠരോഗാശുപത്രികൾ 14 ക്ഷയരോഗക്ലിനിക്കുകൾ, 11 മറ്റ് സ്പെഷ്യാലിറ്റി ആശുപത്രികൾ, 48 മറ്റ് ആശുപത്രികൾ എന്നിവയുണ്ട്. രോഗപ്രതിരോധവും രോഗശമനവുമുൽപ്പെടെയുള്ള സമഗ്രമായ പ്രഥമികതല സേവനങ്ങൾ നൽകുന്ന സ്ഥാപനങ്ങളാണ് പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ. സാമൂഹ്യാരോഗ്യകേന്ദ്രങ്ങളും, താലൂക്ക് ആസ്ഥാന ആശുപത്രികളും ദ്വിദീയതലപരിചരണം ലഭിക്കുന്നയിടങ്ങളാണ്. ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ, സ്ത്രീകളുടെ ആശുപത്രികൾ എന്നിവ സ്പെഷ്യാലിറ്റി സേവനങ്ങളും ചില സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങളും നൽകുന്നു. സാമൂഹ്യരോഗ്യകേന്ദ്രം തലം വരെ എല്ലാ ആരോഗ്യപരിപാലന കേന്ദ്രങ്ങളിലും സ്പെഷ്യാലിറ്റി കേഡർ നടപ്പിലാക്കുക, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുക എന്നിവയ്ക്കാണ് പതിമൂന്നാം പഞ്ചവത്സര പദ്ധതി ഊന്നൽ നൽകിയത്. കേരളത്തിലെ ബെഡ് പോപ്പുലേഷൻ അനുപാതം 1.09/1,000 ഉം ശരാശരി ഡോക്ടർ ബെഡ് അനുപാതം 6 ഉം ആണ്. 2020 ലും 2021 ലും കേരളത്തിലെ പ്രധാന ആരോഗ്യസ്ഥാപനങ്ങളും കിടക്കകളും ഇനം തിരിച്ച്, ഇൻപേഷ്യന്റ്, ഔട്ട് പേഷ്യന്റ് വിവരങ്ങൾ ചെറുതും വലുതുമായി നടത്തിയ ശാസ്ത്രക്രിയകൾ, ഡി.എച്ച്.എസിനു കീഴിലുള്ള മെഡിക്കൽ പാരാമെഡിക്കൽ സ്റ്റാഫുകൾ, എന്നിവ **അനുബന്ധം 6.2.3, 6.2.4, 6.2.5** എന്നിവയിൽ കൊടുത്തിരിക്കുന്നു.

### ഡിഎച്ച്എസിന് കീഴിൽ കേരളത്തിലെ ആശുപത്രി കിടക്കകളുടെ ജില്ല തിരിച്ചുള്ള വിതരണം

ആരോഗ്യ സേവന ഡയറക്ടറേറ്റിന് കീഴിലുള്ള കേരളത്തിലെ ആശുപത്രി കിടക്കകളുടെ ജില്ല തിരിച്ചുള്ള **ചിത്രം 6.2.1**–ൽ നൽകിയിരിക്കുന്നു. മറ്റ് ജില്ലകളെ അപേക്ഷിച്ച് തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ കൂടുതൽ കിടക്കകളുണ്ട്. എന്നാൽ കാസറഗോഡ്, ഇടുക്കി, വയനാട് ജില്ലകളിൽ കിടക്കകളുടെ എണ്ണം കുറവാണ്.


## ആരോഗ്യ ഇൻഷുറൻസ്

### കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (കെഎഎസ്പി)

പ്രധാൻ മന്ത്രി ജൻ ആരോഗ്യ യോജന (പി.എം-ജെ.എ.വൈ.) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (കെഎഎസ്പി) എന്ന പുതിയ പദ്ധതിയായി നടപ്പാക്കാൻ കേരളസർക്കാർ തീരുമാനിച്ചു. സർക്കാർ സ്പോൺസർ ചെയ്ത ആരോഗ്യ ഇൻഷുറൻസ് പദ്ധതികളായ രാഷ്ട്രീയ സ്വസ്ഥ്യ ഭീമ യോജന (ആർഎസ്ബിവൈ), സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി (ചിസ്), സീനിയർ സിറ്റിസൺ ഹെൽത്ത് ഇൻഷുറൻസ് സ്കീം (എസ്ചിസ്) എന്നിവ കെഎഎസ്പി സംയോജിപ്പിക്കുന്നു.

തുടക്കത്തിൽ, 5 ലക്ഷം രൂപ കവറേജുമായി ഇൻഷുറൻസ് മോഡിൽ 2019 ഏപ്രിൽ 1 മുതൽ 2020 ജൂൺ വരെ പദ്ധതി നടപ്പാക്കി. 2020 ജൂലൈ 1 മുതൽ, ₹5 ലക്ഷം കവറേജുമായി അഷ്വറൻസ് മോഡിലാണ് പദ്ധതി നടപ്പാക്കുന്നത്. മൊത്തം 41.66 ലക്ഷം കുടുംബങ്ങളെ കെഎസ്പി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ

**ചിത്രം 6.2.1** ഡിഎച്ച്എസിന് കീഴിൽ കേരളത്തിലെ ആശുപത്രി കിടക്കകളുടെ ജില്ല തിരിച്ചുള്ള വിതരണം




അവലംബം: ആരോഗ്യ സേവന ഡയറക്ടറേറ്റ്

22.03 ലക്ഷം കുടുംബങ്ങൾ മാത്രമാണ് പി.എം–ജെ.എ.വൈ. / എസ്.ഇ.സി.സി. വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ളത്. പിഎംജെഎവൈ, എസ്ഇസിസി എന്നിവയ്ക്ക് കീഴിൽ വരുന്ന കുടുംബങ്ങൾക്ക് മാത്രമായി കേന്ദ്ര സഹായം പരിമിതപ്പെടുത്തിയിരിക്കുന്നു. ഓരോ കുടുംബത്തിനും പ്രീമിയം പരിധി 1,052 രൂപയാണ് കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ളത്. അതിൽ 60 ശതമാനം സംസ്ഥാനത്തിന് കേന്ദ്ര വിഹിതമായി നൽകും. അതിനാൽ, എൻറോൾ ചെയ്ത ഓരോ പി.എം–ജെ.എ.വൈ. (ആർഎസ്ബിവൈ) കുടുംബത്തിനും കേന്ദ്ര സർക്കാർ 631.2 രൂപ നൽകുന്നു. ഇതുവരെ 755 ആശുപത്രികൾ എംപാനൽ ചെയ്തിട്ടുണ്ട്, ഇതിൽ 563 സ്വകാര്യ ആശുപത്രികളും 192 പൊതു ആശുപത്രികളും ഉൾപ്പെടുന്നു.

കാരുണ്യ ബെനവലന്റ് ഫണ്ട് (കെബിഎഫ്) പദ്ധതിയും ഇതേ മിഷനു കീഴിൽ സംസ്ഥാനത്ത് പ്രത്യേകം പ്രവർത്തിക്കുന്നു.

എം–ജെ.എ.വൈ./ കെഎഎസ്പി എന്നിവയുടെ പുരോഗതി **അനുബന്ധം 6.2.6**–ൽ നൽകിയിരിക്കുന്നു. എം–ജെ.എ.വൈ./ കെഎഎസ്പി എന്നിവയുടെ മേഖലാതല ഉപഭോഗം **അനുബന്ധം 6.2.7**–ൽ നൽകിയിരിക്കുന്നു.

## കാരുണ്യ ബെനവലന്റ് ഫണ്ട്

ചില മാരകരോഗങ്ങളുടെ ചികിത്സയ്ക്കായി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ അംഗങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനായി 2012 ഫെബ്രുവരിയിൽ കേരള സർക്കാർ കാരുണ്യ ബെനവലന്റ് ഫണ്ട് (കെബി.എഫ്) പദ്ധതി ആരംഭിച്ചു. എ.പി.എൽ. നില കണക്കിലെടുക്കാതെ റേഷൻ കാർഡ് അനുസരിച്ച് വാർഷിക വരുമാനം 3 ലക്ഷം രൂപയിൽ താഴെയുള്ള ഓരോ കുടുംബത്തിനും സാമ്പത്തിക സഹായം ലഭിക്കും. എന്നിരുന്നാലും ഈ വരുമാന പരിധി ഹീമോഫീലിയ ചികിത്സയിൽ ഏർപ്പെടുത്തിയിട്ടില്ല. ഓരോ കുടുംബത്തിനും വൃക്കരോഗങ്ങളുടെ ചികിത്സയ്ക്കായി 3 ലക്ഷം രൂപ വരെയും മറ്റ് നിർദ്ദിഷ്ട രോഗങ്ങൾക്ക് 2 ലക്ഷം രൂപവരെയും ധനസഹായം ലഭിക്കും. ഒന്നോ അതിലധികമോ ആളുകൾക്ക് മുകളിൽ നിർദ്ദേശിച്ച പരിധിക്ക് വിധേയമായി ഒരേ റേഷൻ കാർഡിൽ നിന്ന് പ്രയോജനം നേടാം. ഹിമോഫീലിയ രോഗികളുടെ ചികിത്സയ്ക്കായി നൽകുന്ന ധനസഹായത്തിന് പരിധിയില്ല. സംസ്ഥാന ലോട്ടറി വകുപ്പ് വഴിയാണ് പദ്ധതി നടപ്പാക്കിയിരുന്നത്. സെപ്റ്റംബർ 1, 2020 മുതൽ ഇത് സംസ്ഥാന ആരോഗ്യ ഏജൻസി വഴിയാണ് നടപ്പാക്കുന്നു. 2020–21–ൽ, കെബിഎഫിനായി സംസ്ഥാന ഹെൽത്ത് ഏജൻസിക്ക് 43.39 കോടി രൂപ ധനസഹായം ലഭിച്ചതിൽ മുഴുവൻ തുകയും ചെലവഴിച്ചു. 2021–22–ൽ (ഒക്ടോബർ 31 വരെ) 24.22 കോടി രൂപ എസ്എച്ച്എയ്ക്ക് ലഭിക്കുകയും പൂർണമായും ചെലവഴിക്കുകയും ചെയ്തു.

## ആരോഗ്യകിരണം

കേരളസർക്കാരിന്റെ പ്രധാന ആരോഗ്യ പദ്ധതികളിലൊന്നാണ് ആരോഗ്യകിരണം. ജനനം മുതൽ 18 വയസ്സ് വരെയുള്ള അർഹതപ്പെട്ട എല്ലാരോഗികൾക്കും പദ്ധതി സൗജന്യചികിത്സയും അനുബന്ധവൈദ്യസേവനങ്ങളും നല്കുന്നു. ഈ പദ്ധതിയിലുൾപ്പെടുന്നത് ഒ.പി. രജിസ്ട്രേഷൻ ചിലവ്, രോഗനിർണ്ണയം/മരുന്നുകൾ/ ഇംപ്ലാന്റുകൾ ചികിത്സയ്ക്കുപയോഗിക്കുന്ന വസ്തുക്കൾ എന്നീ ചെലവുകൾക്കാണ്. മേൽപ്പറഞ്ഞ ചെലവുകൾ നിർവഹിക്കുന്നത് ഓരോ ജില്ലയ്ക്കും നൽകുന്ന കോർപ്പസ് ഫണ്ടിൽ നിന്നാണ്. 2019–20 കാലഘട്ടത്തിൽ 98,02,805 ഔട്ട് പേഷ്യന്റ് രോഗികൾക്കും 2,11,372 ഇൻപേഷ്യന്റ് രോഗികൾക്കും പ്രയോജനം ലഭിച്ചു. 2020–21–ൽ ഇത് യഥാക്രമം 27,64,301, ഉം 88,611 ഉം ആണ്.

## ദേശീയ ആരോഗ്യ മിഷൻ

ഇന്ത്യാ ഗവൺമെന്റ് ആരംഭിച്ച ദേശീയ ആരോഗ്യ മിഷൻ (എൻഎച്ച്എം) പരിപാടിയിൽ എൻആർഎച്ച്എം, എൻയുഎച്ച്എം എന്നീ രണ്ട് ഉപമിഷനുകൾ ഉൾപ്പെടുന്നു. ദേശീയ ആരോഗ്യമിഷന് അഞ്ച് ധനസഹായഘടകങ്ങൾ ഉണ്ട്. ഇവ: (1) എൻ.ആർ.എച്ച്.എം./ ആർ.സി.എച്ച് ഫ്ലെക്സി പൂൾ (2) എൻ.യു.എച്ച്.എം ഫ്ലെക്സി പൂൾ (3) സാംക്രമിക രോഗങ്ങൾക്കുള്ള ഫ്ലെക്സി പൂൾ (4) സാംക്രമികേതര രോഗങ്ങൾ, അപകടങ്ങൾ, അടിയന്തിര വൈദ്യസഹായം എന്നിവയ്ക്കുള്ള ഫ്ലെക്സി പൂൾ (5) ഇൻഫ്രാസ്ട്രക്ചർ മെയിന്റനൻസ് എന്നിവയാണ്. ഇൻഫ്രാസ്ട്രക്ചർ മെയിന്റനൻസ് എന്ന ഘടകത്തിന് വിവിധ പദ്ധതി കാലയളവുകളിൽ ധനസഹായം ലഭ്യമായിട്ടുണ്ട്. ഭരണവും നടത്തിപ്പും (സംസ്ഥാന ജില്ലാതലങ്ങളിൽ കുടുംബക്ഷേമ ബ്യൂറോകൾ) സബ്സെന്ററുകൾ, നഗര കുടുംബക്ഷേമകേന്ദ്രങ്ങൾ, അർബൻ റീവാംബിംഗ് സ്കീം (ഹെൽത്ത് തസ്തികകൾ), എ.എൻ.എം./എൽ.എച്ച്.വി പരിശീലന സ്കൂളുകൾ, ആരോഗ്യകുടുംബക്ഷേമ ട്രെയിനിംഗ് സെന്റർ, പുരുഷതൊഴിലാളികളുടെ പരിശീലനം എന്നീ പ്രവർത്തനങ്ങൾക്ക് ശമ്പളം നൽകുന്നതിനാണ് തുക അനുവദിക്കുന്നത്.

കേന്ദ്ര സർക്കാർ ധനസഹായത്തോടെ ആരോഗ്യ സ്ഥാപനങ്ങളുടെ വികസനത്തിനായി എൻ.എച്ച്.എം സംസ്ഥാനത്ത് ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയായാണ് പ്രവർത്തിക്കുന്നത്. പദ്ധതിയ്ക്ക് കേന്ദ്ര സർക്കാർ അംഗീകാരം നല്കുന്ന ആകെ വിഹിതത്തിന്റെ 40 ശതമാനം സംസ്ഥാന സർക്കാർ വിഹിതമായി നൽകുന്നു. ഹെൽത്ത് സർവ്വീസസ് വകുപ്പ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, ആയുഷ് എന്നിവയ്ക്ക് എൻ.എച്ച്.എം. ധനസഹായം നൽകുന്നു. ഒറ്റപ്പെട്ടതും വിദൂരവുമായ പ്രദേശങ്ങളിലുള്ള പാവപ്പെട്ടവർക്ക് നിലവാരമുള്ളതും അഭികാമ്യമായതും താങ്ങാൻ കഴിയുന്നതും തിട്ടപ്പെടുത്താൻ കഴിയുന്നതുമായ ആരോഗ്യസേവനങ്ങൾ പ്രദാനം ചെയ്യുന്നതിനാണ് മിഷൻ ലക്ഷ്യം വയ്ക്കുന്നത്. എൻആർഎച്ച്എം. ഗ്രാമതലത്തിൽ നിന്ന് ജില്ലയിലേക്കുള്ള ഒരു സജീവ ആരോഗ്യ സംവിധാനമാണ്. എൻ.എച്ച്.എം നു 94 നഗര പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ ഉണ്ട്. 2016–17 മുതൽ 2021–22 വരെ സംസ്ഥാനത്തിനു ലഭിച്ച മൊത്തം കേന്ദ്ര വിഹിതം **പട്ടിക 6.2.12**–ൽ നൽകിയിരിക്കുന്നു. മെഡിക്കൽ, പാരാമെഡിക്കൽ, മറ്റുള്ള വിഭാഗങ്ങൽ എന്നിവയിലായി എൻഎച്ച്എമ്മിന്റെ മൊത്തം ജീവനക്കാരുടെ എണ്ണം 12,003 ആണ് (2021 ഓഗസ്റ്റ് വരെ).

**പട്ടിക 6.2.12** എൻ.എച്ച്.എം–നുള്ള കേന്ദ്രസഹായം 2016–17 മുതൽ 2021–22 വരെ (ഒക്ടോബർ 31 വരെ)

| വർഷം | എൻ.എച്ച്.എം പ്രവർത്തനങ്ങൾക്കുള്ള കേന്ദ്ര വിഹിതം | കോവിഡ് പ്രവർത്തന ങ്ങൾക്കുള്ള കേന്ദ്ര റിലീസ് | അടിസ്ഥാന സൗകര്യ പരിപാലനത്തിനുള്ള കേന്ദ്ര റിലീസ് | മൊത്തം കേന്ദ്ര റിലീസ് | സംസ്ഥാന വിഹിതം സംസ്ഥാനത്ത് നിന്ന് ലഭ്യമായത് (മുൻവർഷത്തെ കുടിശ്ശികയും ഉൾപ്പെടുന്നു) |
|---|---|---|---|---|---|
| 2016–17 | 191.95 | | 252.49 | 444.44 | 302.8 |
| 2017–18 | 241.31 | | 255.4 | 496.71 | 258.11 |
| 2018–19 | 271.06 | | 574.6 | 845.66 | 226.9627 |
| 2019–20 | 299.12 | 74.21 | 430.26 | 803.59 | 430.29 |
| 2020–21 | 341.95 | 583.04 | 404.69 | 1329.68 | 957.51 |
| 2021–22 | 174.04 | 86.94 | 299.62 | 560.6 | 313.88 |
| ആകെ | 1519.43 | 744.19 | 2217.06 | 4480.68 | 2489.55 |

അവലംബം : എൻ.എച്ച്.എം. കേരള

### പ്രധാനമന്ത്രി സ്വാസ്ഥ്യ സുരക്ഷാ യോജന (പി.എം.എസ്.എസ്.വൈ.)

പ്രധാനമന്ത്രി സ്വാസ്ഥ്യസുരക്ഷായോജന (പി.എം.എസ്. എസ്.വൈ.) എന്ന കേന്ദ്രസർക്കാർ പദ്ധതി മെഡിക്കൽ കോളേജുകളിലെ അടിസ്ഥാനസൗകര്യങ്ങളും സാങ്കേതികവിദ്യകളും വർദ്ധിപ്പിക്കുന്നതിന് വേണ്ടിയുള്ളതാണ്. ഇതിന്റെ ഒന്നാം ഘട്ടത്തിൽ തിരുവനന്തപുരം മെഡിക്കൽകോളേജിനും, മൂന്നാം ഘട്ടത്തിൽ കോഴിക്കോട്, ആലപ്പുഴ മെഡിക്കൽ കോളേജുകൾക്കും 150 കോടി രൂപ വീതമുള്ള പദ്ധതി അംഗീകരിച്ചിട്ടുണ്ട്. ഇതിൽ 30 കോടി രൂപ സംസ്ഥാന വിഹിതമാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിൻറെ സൂപ്പർ സ്പെഷ്യലിറ്റി കെട്ടിടം ഒന്നാംഘട്ടം പൂർത്തിയാക്കിയിട്ടുണ്ട്. അവശേഷിക്കുന്നവ 2021–22–ൽ പൂർത്തിയാകും.

### സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആന്റ് ടെക്നോളജി (സിമറ്റ്)

സംസ്ഥാന മെഡിക്കൽ വിദ്യാഭ്യാസ സാങ്കേതിക ഇൻസ്റ്റിറ്റ്യൂട്ട്(സിമറ്റ്) മെഡിക്കൽ വിദ്യാഭ്യാസവും ഗവേഷണവും പരിപോഷിപ്പിക്കുന്നതിന് 2008 ൽ ആരംഭിച്ച സ്ഥാപനമാണ്. ഈ സ്ഥാപനത്തിന് കീഴിൽ 4 നഴ്സിംഗ് കോളേജുകളിലായി 340 കുട്ടികൾ വാർഷിക പ്രവേശനം നേടുന്നു. 2021 ഒക്ടോബർ –ൽ സിമറ്റിന് കീഴിലുള്ള നഴ്സിംഗ് കോളേജുകളിൽ ആകെ 1,050 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്.

### പബ്ലിക് ഹെൽത്ത് ലബോറട്ടറീസ്

സംസ്ഥാനത്ത് ആകെ 9 പബ്ലിക്ക് ഹെൽത്ത് ലാബുകളാണുള്ളത്. തിരുവനന്തപുരത്തുള്ള സംസ്ഥാന പൊതുജനാരോഗ്യ ലാബും, എറണാകുളം, കോഴിക്കോട്, പത്തനംതിട്ട, കണ്ണൂർ എന്നിവിടങ്ങളിലുള്ള റീജിയണൽ ഹെൽത്ത് ലബോറട്ടറികളും കൂടാതെ ആലപ്പുഴ, മലപ്പുറം, വയനാട്, കൊല്ലം ജില്ലകളിലും പബ്ലിക്ക് ഹെൽത്ത് ലാബുകളും പ്രവർത്തിക്കുന്നു. ഡയറക്ടറേറ്റ് ഓഫ് സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ആന്റ് ക്ലീനിക്കൽ ലാബാണ് എല്ലാ പി.എച്ച്. ലാബുകളിലേക്കുമുള്ള സാങ്കേതിക മാർഗ നിർദ്ദേശവും മെറ്റീരിയലുകളും നൽകുന്നത്. ഏകദേശം 200 രോഗികൾ വീതമാണ് വിവിധ ലാബുകളിൽ പരിശോധനക്കായി ദിവസവും എത്തുന്നത്. ഓരോ ദിവസവും ഏകദേശം 1,300 ത്തോളം പരിശോധനകളാണ് വിവിധ ലാബോറട്ടറികളിലായി നടക്കുന്നത്. 2013 മാർച്ചിൽ ആരംഭിച്ച ന്യൂബോൺ സ്ക്രീനിംഗ് (എൻ.ബി.എസ്.) പ്രോഗ്രാം 2017 സെപ്റ്റംബറിൽ പ്രസവം നടത്തുന്ന എല്ലാ ആശുപത്രികളിലേക്കും വ്യാപിപ്പിച്ചു. നവജാത ശിശുക്കളുടെ രക്ത സാമ്പിളുകൾ സംസ്ഥാന പബ്ലിക്ക് ഹെൽത്ത് ആന്റ് ക്ലീനിക്കൽ ലബോറട്ടറി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിലെ മൂന്ന് പ്രാദേശിക ലാബോറട്ടറികളിലും പരിശോധിക്കുന്നു. കൺജനിറ്റൽ ഹൈപ്പോതൈറോയിഡിസം, കൺജനിറ്റൽ അഡ്രിനാൾ ഹൈപ്പർപ്ലാസിയ, പീനൽ കെറ്റോണൂറിയ, ജി 6 പി.ഡി യുടെ കുറവ് എന്നീ രോഗങ്ങൾക്കാണ് സ്ക്രീനിംഗ് പരിശോധന നടത്തുന്നത്. സ്റ്റേറ്റ് പി.എച്ച് ലാബിലെ ഡയറക്ടർ ആണ് കേരളത്തിലെ എൻ.ബി.എസ്. പ്രോഗ്രാമുകളുടെ സ്റ്റേറ്റ് നോഡൽ ഓഫീസർ. നാല് പി.എച്ച്. ലാബുകളിലായി എൻ.ബി.എസിനായി ലഭിച്ച മൊത്തം സാമ്പിളുകളുടെ എണ്ണം 8,48,205 ശിശുക്കളുടെതാണ്. അതിൽ പോസിറ്റീവ് കൺജെനിറ്റൽ ഹൈപ്പോതൈറോയിഡിസം (417 കേസുകൾ), കൺജെനിറ്റൽ അഡ്രീനൽ ഹൈപ്പർപ്ലാസിയ (82 കേസുകൾ), ജി6 പിഡി കുറവ് (184 കേസുകൾ), ഗാലക്ടോസെമിയ (3 കേസുകൾ) എന്നിവ കണ്ടെത്തി.

### ചൈൽഡ് ഡെവലപ്പ്മെന്റ് സെന്റർ (സി.ഡി.എസ്.)

ശിശുസംരക്ഷണവും വിദ്യാഭ്യാസവും, കൗമാര പരിചരണവും വിദ്യാഭ്യാസവും, വിവാഹപൂർവ്വ കൗൺസിലിംഗ്, വനിതാക്ഷേമം, ശാസ്ത്രീയ മാർഗ്ഗങ്ങളിലൂടെ ശിശുവൈകല്യങ്ങൾ ഇല്ലാതാക്കൽ എന്നീ ലക്ഷ്യങ്ങളോടെ സംസ്ഥാന സർക്കാരിന്റെ കീഴിൽ സ്വയം ഭരണാധികാരമുള്ള ഒരു മികവിന്റെ കേന്ദ്രമായാണ് ശിശുവികസനകേന്ദ്രം ആരംഭിച്ചത്. കുട്ടികളെയും കൗമാരക്കാരെയും പൂർണ്ണആരോഗ്യവാൻമാരാക്കി വളർത്തി അവരിലൂടെ ആരോഗ്യകരമായ ഒരു യുവതലമുറയെ സൃഷ്ടിക്കലാണ് ലക്ഷ്യം. 2020–21–ൽ ചികിത്സിച്ച രോഗികളുടെ എണ്ണം 5,246 ആണ്. ഇവിടെ ഔട്ട് പേഷ്യന്റ് സേവനങ്ങൾ മാത്രമേ ലഭിക്കൂ. രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ലഭ്യമല്ല. 2020–21–ൽ 627 പേർ വിവിധ പരിശീലനങ്ങൾ, കോൺഫറൻസുകൾ കമ്മ്യൂണിറ്റി വിപുലീകരണ പ്രോഗ്രാം തുടങ്ങിയവയിൽ പങ്കെടുത്തു.

## ഡ്രഗ്സ് കൺട്രോൾ വകുപ്പ്

ഗുണനിലവാരമുള്ള മരുന്നുകൾ പൊതുജനങ്ങൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുക, രേഖപ്പെടുത്തിയിരിക്കുന്ന ചില്ലറ വിലയേക്കാൾ കൂടുതൽ വില മരുന്നുകൾക്ക് ഈടാക്കുന്നില്ലായെന്ന് ഉറപ്പുവരുത്തുക എന്നതാണ് ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ചുമതലകൾ. വകുപ്പിന് കീഴിൽ 6 മേഖലാ ഓഫീസുകൾ, 11 ജില്ലാ ഓഫീസുകൾ, 4 ആയുർവേദവിഭാഗങ്ങൾ, 3 മരുന്ന് പരിശോധനാലബോറട്ടറികൾ എന്നിവയുണ്ട്. പ്രതിവർഷം 11,500 സാമ്പിളുകളുടെ വിശകലന ശേഷിയുള്ള എൻ.എ.ബി.എൽ. അംഗീകാരമുള്ള മരുന്ന് പരിശോധനാലബോറട്ടറികൾ തിരുവനന്തപുരത്തും എറണാകുളത്തും പ്രവർത്തിക്കുന്നു. പത്തനംതിട്ട, കണ്ണൂർ എന്നിവിടങ്ങളിലായി രണ്ട് ലബോറട്ടറികൾ കൂടി ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. 2020–21 വകുപ്പിന്റെ പ്രധാനനേട്ടങ്ങൾ **പട്ടിക 6.2.13**–ൽ കൊടുത്തിരിക്കുന്നു.

## ഉപയോഗിക്കാത്ത മരുന്നുകൾ നീക്കം ചെയ്യുന്നതിനുള്ള പ്രോഗ്രാം (പ്രൗഡ്)

ഉപയോഗിക്കാത്തതോ കാലഹരണപ്പെട്ടതോ ആയ മരുന്നുകളുടെ ശാസ്ത്രീയമായ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി ഓൾ കേരള കെമിസ്റ്റ് ആൻഡ് ഡ്രഗ്ഗിസ്റ്റ് അസോസിയേഷന്റെ (എകെസിഡിഎ) സഹകരണത്തോടെ സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ സംരംഭമാണ് പ്രോഗ്രാം ഫോർ റിമൂവൽ ഓഫ് അൺയൂസ്ഡ് ഡ്രഗ്സ് (പ്രൗഡ്). ഉപയോഗിക്കാത്ത മരുന്നുകളുടെ അശാസ്ത്രീയമായ സംസ്കരണം മൂലം ജലാശയങ്ങളിലും മണ്ണിലും ആൻറിബയോട്ടിക്കുകൾ ഒലിച്ചിറങ്ങുന്നത് ചൂണ്ടിക്കാണിക്കുന്ന ലോകാരോഗ്യ സംഘടന പ്രസിദ്ധീകരിച്ച പഠന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാണ് ഈ പദ്ധതി തയ്യാറാക്കിയത്. ഉപയോഗിക്കാത്ത മരുന്നുകൾ അലക്ഷ്യമായി വലിച്ചെറിയരുതെന്നും അതിനുള്ള സംസ്കരണസൗകര്യം ഉപയോഗപ്പെടുത്തണമെന്നും പൊതുജനങ്ങളോട് അഭ്യർത്ഥിച്ചുകൊണ്ട് 200 റീട്ടെയിൽ ഷോപ്പുകൾക്ക് മുന്നിൽ സീൽ ചെയ്ത കളക്ഷൻ ബിന്നുകൾ സ്ഥാപിച്ച ഈ പരീക്ഷണ പദ്ധതി തിരുവനന്തപുരം ജില്ലയിലാണ് ആരംഭിച്ചത്. സ്ട്രിപ്പുകൾ, കുപ്പികൾ, പാത്രങ്ങൾ എന്നിവ എളുപ്പത്തിൽ നീക്കം ചെയ്യുന്നതിനായി ഈ ബിന്നുകൾ പ്രത്യേകം രൂപകൽപ്പന ചെയ്തിട്ടുണ്ട്. കാലഹരണപ്പെട്ടതോ പാഴായതോ ആയ മരുന്നുകൾ, ഒഴിഞ്ഞ സ്ട്രിപ്പുകൾ, ഗ്ലാസ്, പ്ലാസ്റ്റിക് പാത്രങ്ങൾ, ഓയിൻമെന്റ് ട്യൂബുകൾ എന്നിവ പൊതുജനങ്ങൾക്ക് നിക്ഷേപിക്കാൻ കഴിയുന്ന പ്രത്യേക ബിന്നുകൾ/ സുരക്ഷിതമായ മരുന്ന് ശേഖരണ ബോക്സുകൾ തിരഞ്ഞെടുത്ത ഫാർമസികളിൽ സൂക്ഷിച്ചിരിക്കുന്നു. പൈലറ്റ് പദ്ധതി പൊതുജനങ്ങൾക്കിടയിൽ വ്യാപകമായ സ്വീകാര്യത നേടിയതിനാൽ, കേരളത്തിലെ 14 ജില്ലകളിലും ഇത് നടപ്പിലാക്കാൻ കഴിയും, അതുവഴി ആന്റിമൈക്രോബയൽ പ്രതിരോധം ഒരു പരിധിവരെ കുറയ്ക്കാൻ സഹായിക്കുന്നു. പദ്ധതിയുടെ നടത്തിപ്പ് ചെലവ് (ശേഖരണ ബോക്സുകളുടെ വില, തരംതിരിക്കുന്നതിനും ഗതാഗതത്തിനുമുള്ള ലേബർ ചാർജ്ജുകൾ, ഇൻസിനറേഷൻ ചാർജ്ജുകൾ) ഉയർന്നതാണ്. കേരളത്തിലെ ഏക മാലിന്യ നിർമാർജന ഏജൻസിക്ക് ആശുപത്രി അധിഷ്ഠിത മാലിന്യ നിർമ്മാർജ്ജനത്തിൻറെ അമിത ഭാരമുള്ളതിനാൽ ജില്ലയിൽ നിന്ന് 6 മാസത്തിനുള്ളിൽ ശേഖരിച്ച 5 ടണ്ണോളം ഉപയോഗിക്കാത്തതോ കാലഹരണപ്പെട്ടതോ ആയ മരുന്നുകൾ കർണാടകയിലെ മംഗളൂരുവിലെ ഇൻസിനറേറ്റിംഗ് സ്റ്റേഷനിലേക്ക് അയച്ചു. ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്കനുസൃതമായി മരുന്നുകൾ ശാസ്ത്രീയമായി സംസ്കരിക്കും. കേരള ആൻറിബയോട്ടിക് റെസിസ്റ്റൻസ് സ്ട്രാറ്റജിക് ആക്ഷൻ പ്ലാൻ (കർസാപ്) പ്രകാരം പദ്ധതിക്ക് കേരള സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

## ഭക്ഷ്യ സുരക്ഷ കമ്മീഷണറേറ്റ്

2006 ലെ ഭക്ഷ്യ സുരക്ഷാ സ്റ്റാൻഡേർഡ്സ് ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ഭക്ഷ്യ വസ്തുക്കളുടെ ശാസ്ത്രീയ അടിസ്ഥാന മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതിനും ഭക്ഷ്യ ഉൽപാദനം, സംഭരണം, വിതരണം, ഇറക്കുമതി എന്നിവ നിയന്ത്രിക്കുന്നതിനും സുരക്ഷിതവും ആരോഗ്യകരവുമായ ഭക്ഷണത്തിന്റെ ലഭ്യത ഉറപ്പിക്കുന്നതിനും വേണ്ടി നിയമാനുസൃതമായ ഒരു സ്ഥാപനമായി ഭക്ഷ്യ സുരക്ഷ സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ സ്ഥാപിച്ചു. സുരക്ഷിതവും ആരോഗ്യകരവുമായ ഭക്ഷണം, വെള്ളം, ആരോഗ്യകരമായ ഭക്ഷണശീലങ്ങൾ തുടങ്ങിയവ കേരളത്തിലെ ജനങ്ങൾക്ക് ലഭ്യമാക്കുക എന്നതാണ് ഈ വകുപ്പ് ലക്ഷ്യമിടുന്നത്. ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രധാന ലാബുകൾ, ഗവൺമെന്റ് അനലറ്റിക്കൽ ലാബ് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ രണ്ട് റീജിയണൽ അനലറ്റിക്കൽ ലബോറട്ടറികൾ, പത്തനംതിട്ടയിലെ സംസ്ഥാന ഭക്ഷ്യപരിശോധന ലബോറട്ടറി എന്നിവയാണ്.

**പട്ടിക 6.2.13** ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ പ്രധാന നേട്ടം 2020–21

| | |
|---|---|
| നടത്തിയ പരിശോധനകളുടെ എണ്ണം | 12,749 |
| പ്രോസിക്യൂഷൻ നടപടികൾ ആരംഭിച്ചതിന്റെ എണ്ണം | 64 |
| വിൽക്കാൻ അനുവദിക്കുന്ന ലൈസൻസ് സസ്പെന്റ് ചെയ്തവരുടെ എണ്ണം | 186 |
| ടെസ്റ്റ് ചെയ്ത സാമ്പിളുകളുടെ എണ്ണം | 6626 |
| പുതിയ നിർമ്മാണലൈസൻസുകൾ (അലോപ്പതി / കോസ്മെറ്റിക്സ്) വിതരണം ചെയ്തവയുടെ എണ്ണം | 98 |
| വില ലംഘനങ്ങൾ കണ്ടെത്തി നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിക്ക് റിപ്പോർട്ട് ചെയ്തതിന്റെ എണ്ണം | 55 |
| പുതിയ ബ്ലഡ് ബാങ്ക് ലൈസൻസ് വിതരണം ചെയ്തവയുടെ എണ്ണം | 6 |
| പുതിയ രക്ത സംഭരണ കേന്ദ്രങ്ങളുടെ എണ്ണം | 6 |

അവലംബം: ഡ്രഗ്സ് കൺട്രോൾ വകുപ്പ്

വെള്ളം, പാൽ, സാധാരണയിൽ കവിഞ്ഞ കളർ ചേർക്കൽ, ക്രിത്രിമ മധുരം ചേർക്കൽ, ബാഹ്യവസ്തുക്കൾ, ഫംഗസ് വളർച്ച തുടങ്ങിയവയുടെ പരിശോധനകളാണ് ഈ ലബോറട്ടറികളിൽ നടക്കുന്നത്. തിരുവനന്തപുരം, ഗവൺമെന്റ് അനലിസ്റ്റ്സ് ലബോറട്ടറി, എറണാകുളത്തും കോഴിക്കോട്ടും ഉള്ള റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറികൾ എന്നിങ്ങനെ മൂന്ന് അനലിറ്റിക്കൽ ലബോറട്ടറികൾക്ക് എൻ.എ.ബി.എൽ. അക്രഡിറ്റേഷൻ ലഭിച്ചു. 2020–21 ലും 2021–22 ലും ഭക്ഷ്യാസുരക്ഷാ വകുപ്പിന്റെ പ്രധാന നേട്ടങ്ങൾ **പട്ടിക 6.2.14**–ൽ നൽകിയിരിക്കുന്നു.

ബോധവൽക്കരണ പരിപാടികളിലൂടെ ജീവിതശൈലിരോഗങ്ങൾ, സാംക്രമിക രോഗങ്ങൾ എന്നിവയുടെ വർദ്ധിച്ചുവരുന്ന സംഭവങ്ങൾ നിയന്ത്രിക്കാൻ ആർദ്രം പീപ്പിൾസ് കാമ്പയിൻ ലക്ഷ്യമിടുന്നു. 'നമ്മുടെ ആരോഗ്യം, നമ്മുടെ ഉത്തരവാദിത്തം' എന്നതാണ് പരിപാടിയുടെ മുദ്രാവാക്യം. സംസ്ഥാനത്തിന്റെ ആരോഗ്യമേഖലയുടെ നേട്ടങ്ങൾ നേരിട്ട് ജനങ്ങളിലേക്ക് എത്തിക്കാനും സമ്പൂർണ ആരോഗ്യത്തിലേക്കുള്ള സംസ്ഥാനത്തിന്റെ മുന്നേറ്റത്തെ സാമൂഹികമായി നയിക്കാനും ആർദ്രം ജനകീയ കാമ്പയിൻ വിഭാവനം ചെയ്യുന്നു. പരിപാടിയുടെ ഭാഗമായി സംസ്ഥാനത്തുടനീളം വിപുലമായ ഐ.ഇ.സി.യും പരിശോധനാ പ്രവർത്തനങ്ങളും നടത്തി. 2019 നവംബർ മുതൽ സംസ്ഥാനത്തുടനീളം 522 പരിപാടികൾ നടത്തി.

### മെഡിക്കൽ വിദ്യാഭ്യാസം

തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോട്, കോട്ടയം, മഞ്ചേരി, എറണാകുളം, കൊല്ലം, തൃശ്ശൂർ, കണ്ണൂർ, ഇടുക്കി എന്നിവിടങ്ങളിലുള്ള 10 മെഡിക്കൽ കോളേജുകളിലൂടെയാണ് കേരളത്തിൽ മെഡിക്കൽ വിദ്യാഭ്യാസം നടത്തി വരുന്നത്. തിരുവനന്തപുരം, കോഴിക്കോട്, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കണ്ണൂർ ജില്ലകളിൽ നഴ്സിംഗ് വിദ്യാഭ്യാസം നൽകുന്നതിനായി 7 നഴ്സിംഗ് കോളേജുകൾ നിലവിലുണ്ട്. തിരുവനന്തപുരം, കോഴിക്കോട്, ആലപ്പുഴ, തൃശ്ശൂർ, കോട്ടയം, കണ്ണൂർ ജില്ലകളിൽ 6 ദന്തൽകോളേജുകൾ പ്രവർത്തിക്കുന്നു. ഇവ കൂടാതെ 4 ഫാർമസി കോളേജുകളും ഒരു പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടുമുണ്ട്. കോന്നി, കാസർഗോഡ്, വയനാട് എന്നിവിടങ്ങളിൽ പുതിയ മെഡിക്കൽ കോളേജുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

2021 ഓഗസ്റ്റ് 31–ന് ഡി.എം.ഇ.യുടെ കീഴിലുള്ള ആകെ ഫാക്കൽറ്റികളുടെ എണ്ണം 3,226 ആണ്. 2021–22ൽ 9 മെഡിക്കൽ കോളേജുകളിലെ മെഡിക്കൽ, പാരാമെഡിക്കൽ സീറ്റുകളുടെ ആകെ എണ്ണം 5062 ആണ്. 2020–21 ൽ ഇത് 4,726 ആയിരുന്നു. 2021–22 ലെ സർക്കാർ മെഡിക്കൽ കോളേജുകളിലെ മെഡിക്കൽ, പാരാ മെഡിക്കൽ കോഴ്സുകളുടെ വാർഷിക പ്രവേശനകണക്കുകൾ, മെഡിക്കൽ വിദ്യാഭ്യാസഡയറക്ടറുടെ കീഴിലുള്ള മെഡിക്കൽകോളേജുകളിലെ ക്ലിനിക്കൽ, നോൺക്ലിനിക്കൽ വിഭാഗത്തിലുള്ള ജീവനക്കാരുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ **അനുബന്ധം 6.2.8** ലും **6.2.9** ലും കൊടുത്തിരിക്കുന്നു. 2020–21 & 2021–22 വർഷങ്ങളിൽ മെഡിക്കൽ കോളേജ് ആശുപത്രികളുടെയും അനുബന്ധ സ്ഥാപനങ്ങളുടെയും ഒരു താരതമ്യ വിശകലനം

**പട്ടിക 6.2.14** ഭക്ഷ്യ സുരക്ഷാ കമ്മിഷണറേറ്റിന്റെ പ്രധാന നേട്ടങ്ങൾ–2019–20, 2020–21 വരെ

| പരിപാടികൾ | 2019–20 | 2020–21 |
|---|---|---|
| ദ്രുത പ്രതികരണ സംഘം നടത്തിയ പരിശോധനകളുടെ എണ്ണം | 10527 | 15967 |
| ദ്രുത പ്രിതികരണ സംഘം നടപടി സ്വീകരിച്ച ഭക്ഷ്യ വിഷ കേസുകളുടെ എണ്ണം | 68 | 41 |
| രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ നൽകിയത് | 90620 | 134759 |
| സമ്പൂർണ്ണ ഭാഗ്യ സുരക്ഷ ഗ്രാമപഞ്ചായത്ത് പരിപാടി (ഗ്രാമ പഞ്ചായത്തുകളുടെ എണ്ണം) | 126 | 397 |
| സ്കൂളുകളിൽ സുരക്ഷിതവും പോഷക സമൃദ്ധവുമായ ഭക്ഷണം പരിപാടി (സ്കൂളുകളുടെ എണ്ണം) | 420 | 1137 |
| ഭക്ഷ്യ ബിസിനസ് ഓപ്പറേറ്റർമാർക്ക് ഭക്ഷ്യ സുരക്ഷാ പരിശീലനവും സർട്ടിഫിക്കേഷനും | 15763 | 10889 |
| വിശകലനം ചെയ്ത ഭക്ഷണ സാമ്പിളുകളുടെ എണ്ണം | 5786 | 7730 |

അവലംബം: ഭക്ഷ്യ സുരക്ഷ കമ്മീഷണറേറ്റ്

**ബോക്സ് 6.2.1** സംസ്ഥാന ഭക്ഷ്യ സുരക്ഷാ സൂചിക 2020–21–ൽ രണ്ടാം റാങ്കോടെ കേരളം

മാനവ വിഭവശേഷിയും സ്ഥാപന ഡാറ്റയും, ഭക്ഷ്യ സുരക്ഷ പാലിക്കൽ, ഭക്ഷ്യ പരിശോധന, അടിസ്ഥാന സൗകര്യങ്ങളും നിരീക്ഷണവും, പരിശീലനവും ശേഷി വർദ്ധിപ്പിക്കലും, ഉപഭോക്തൃ ശാക്തീകരണം എന്നീ വിവിധ മാനദണ്ഡങ്ങൾ പരിഗണിച്ച് മൊത്തത്തിലുള്ള പ്രകടനത്തിന്റെ അംഗീകാരമായി എഫ്.എസ്.എസ്.എ.ഐ. പുറത്തിറക്കിയ 2020–21 ലെ സംസ്ഥാന ഭക്ഷ്യ സുരക്ഷാ സൂചികയിൽ 70 പോയിന്റുമായി (വലിയ സംസ്ഥാനങ്ങളുടെ വിഭാഗത്തിൽ) കേരള സംസ്ഥാനത്തിന് രണ്ടാം റാങ്ക് ലഭിച്ചു. വലിയ സംസ്ഥാനങ്ങളുടെ വിഭാഗത്തിൽ 72 പോയിന്റുമായി ഗുജറാത്ത് ഒന്നാം സ്ഥാനത്തും ബിഹാർ വലിയ സംസ്ഥാനങ്ങളുടെ വിഭാഗത്തിൽ അവസാന (20–ാം) സ്ഥാനത്തുമാണ്. പൊതു ജനങ്ങൾക്ക് സുരക്ഷിതമായ ഭക്ഷണം നൽകുന്നതിനായി ഭക്ഷ്യ സുരക്ഷാ സ്റ്റാൻഡേർഡ് നിയമത്തിന്റെ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് സംസ്ഥാനങ്ങൾ/ കേന്ദ്രഭരണ പ്രദേശങ്ങൾ എന്നിവിടങ്ങളിൽ ഒരു നല്ല മത്സര അന്തരീക്ഷം സൃഷ്ടിക്കുന്നതിന് മുൻ സാമ്പത്തിക വർഷത്തിലെ സംസ്ഥാനങ്ങളുടെ/ കേന്ദ്ര ഭരണ പ്രദേശങ്ങളുടെ മൊത്തത്തിലുള്ള പ്രകടനത്തെ അടിസ്ഥാനമാക്കി എല്ലാ വർഷവും എഫ്.എസ്.എസ്.എ.ഐ. സംസ്ഥാന ഭക്ഷ്യസുരക്ഷാ സൂചിക പുറത്തിറക്കുന്നു.


**അനുബന്ധം 6.2.10**–ൽ കാണാം. 2020–21 വർഷത്തെ 12,884 കിടക്കകളുമായി താരതമ്യം ചെയ്യുമ്പോൾ 2021–22 കാലഘട്ടത്തിൽ മെഡിക്കൽ കോളേജ് സ്ഥാപനങ്ങളിലെ കിടക്കകളുടെ എണ്ണം 301 വർധിച്ചു. ഡിഎംഇയുടെ കീഴിൽ 2016–21–ൽ സൃഷ്ടിച്ച ആകെ തസ്തികകളുടെ എണ്ണം 4,763 ആയിരുന്നു.

### കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് അലൈഡ് സയൻസസ് (കെ.യു.എച്ച്.എസ്.)

കേരള യൂണിവേഴ്സിറ്റി ഓഫ് ഹെല്ത്ത് ആന്റ് അലൈഡ് സയൻസസ് ആക്ട് 2010 പ്രകാരം സ്ഥാപിതമായ ഈ സർവകലാശാല കൃത്യവും ചിട്ടയുള്ളതുമായ വിദ്യാഭ്യാസരീതി ഉറപ്പുവരുത്താനും ആധുനികവൈദ്യശാസ്ത്രം, ഹോമിയോ, ഭാരതീയ ചികിത്സാരീതി തുടങ്ങി എല്ലാ മെഡിക്കൽസമ്പ്രദായങ്ങളിലും പരിശീലന ഗവേഷണപരിപാടികൾ നടത്താനും ഉദ്ദേശിച്ചുള്ളതാണ്. 2010–11 അധ്യയന വർഷത്തിലാണ് സർവകലാശാലയിൽ അദ്ധ്യയന പ്രവർത്തനങ്ങൾ ആരംഭിച്ചത്. സർവ്വകലാശാലയ്ക്ക് കീഴിൽ 2021 ഒക്ടോബർ വരെ 322 പ്രൊഫഷണൽ കോളേജുകളാണ് ചേർക്കപ്പെട്ടിട്ടുള്ളത്. ഇതിൽ 43 സർക്കാർ കോളേജുകൾ, 6 സർക്കാർ ധനസഹായമുള്ള കോളേജുകൾ, 13 സ്വാശ്രയ സഹകരണ കോളേജുകൾ, 260 സ്വാശ്രയ കോളേജുകൾ എന്നിവ ഉൾപ്പെടുന്നു. അലോപ്പതി, ആയുർവേദ, സിദ്ധ, യുനാനി, യോഗ, നാച്ചുറോപ്പതി, നഴ്സിംഗ്, ഫാർമസ്യൂട്ടിക്കൽ സയൻസ്, പാരാമെഡിക്കൽ തുടങ്ങി കേരളത്തിലെ എല്ലാ മെഡിക്കൽസമ്പ്രദായങ്ങളിലേയും പ്രൊഫഷണൽ കോളേജുകൾ ഈ സർവകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുണ്ട്. വിവിധ വിഭാഗങ്ങളിലായി അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്, എയ്ഡഡ്, അൺ എയ്ഡഡ് കോളേജുകളുടെ വിശദാംശങ്ങൾ **പട്ടിക 6.2.15**–ൽ കൊടുത്തിരിക്കുന്നു.

2021 ഒക്ടോബർ വരെ കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആൻഡ് അലൈഡ് സയൻസസുമായി (കെയുഎച്ച്എസ്) അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് കോളേജുകളുടെ ഗ്രാഫിക്കൽ പ്രാതിനിധ്യം **ചിത്രം 6.2.2**–ൽ നൽകിയിരിക്കുന്നു. കെ.യു.എച്ച്.എസുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള മൊത്തം കോളേജുകളുടെ 15 ശതമാനം മാത്രമാണ് സർക്കാർ, സർക്കാർ എയ്ഡഡ് കോളേജുകൾ.

**ചിത്രം 6.2.2** കെയുഎച്ച്എസിന് കീഴിലുള്ള സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് കോളേജുകൾ ശതമാനം




അവലംബം : കേരളയൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് അലൈഡ് സയൻസസ്

വിവിധ ആരോഗ്യശാസ്ത്ര വിഭാഗങ്ങളിലായി 2021–22 –ൽ ഏകദേശം 23003 (4288 വിദ്യാർത്ഥികളും 18715 വിദ്യാർത്ഥിനികളും) വിദ്യാർത്ഥികൾ പഠനം നടത്തുന്നു. ഓരോ വിഭാഗത്തിലെയും വിദ്യാർത്ഥികളുടെ വാർഷിക പ്രവേശനത്തിന്റെയും ഓരോ വിഭാഗത്തിലെയും വിദ്യാർത്ഥികളുടെ പുരുഷ/സ്ത്രീ എണ്ണത്തിന്റെയും വിശദാംശങ്ങൾ എന്നിവ **പട്ടിക 6.2.16**–ൽ നൽകിയിരിക്കുന്നു.

**പട്ടിക 6.2.15** വിവിധ വിഭാഗങ്ങളിൽ അഫിലിയേറ്റ്ചെയ്തിട്ടുള്ള ഗവൺമെന്റ്, എയ്ഡഡ്, അൺഎയ്ഡഡ് കോളേജുകളുടെ വിവരങ്ങൾ (ഒക്ടോബർ 2021 ലെ എണ്ണം)

| വിഭാഗം | ഗവൺമെന്റ് | എയ്ഡഡ് | അൺഎയ്ഡഡ് (സഹകരണം) | അൺഎയ്ഡഡ് (പ്രൈവറ്റ്) | ആകെ |
|---|---|---|---|---|---|
| മോഡേൺമെഡിസിൻ | 12 | 0 | 0 | 21 | 33 |
| ഡെന്റൽ | 6 | 0 | 0 | 19 | 25 |
| ആയുർവേദമെഡിസിൻ | 3 | 2 | 0 | 12 | 17 |
| ഹോമിയോ മെഡിസിൻ | 3 | 3 | 0 | 0 | 6 |
| സിദ്ധാമെഡിസിൻ | 0 | 0 | 0 | 1 | 1 |
| നഴ്സിംഗ് | 6 | 0 | 11 | 109 | 126 |
| ഫാർമസി | 5 | 0 | 0 | 53 | 58 |
| പാരാമെഡിക്കൽ | 8 | 1 | 2 | 44 | 55 |
| യുനാനി മെഡിസിൻ | 0 | 0 | 0 | 1 | 1 |
| ആകെ | 43 | 6 | 13 | 260 | 322 |

അവലംബം: കേരളയൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് അലൈഡ് സയൻസസ്

**പട്ടിക 6.2.16** ഓരോ പഠനശാഖയിലെയും വിദ്യാർത്ഥികളുടെ വാർഷിക പ്രവേശനത്തിന്റെ വിശദാംശങ്ങൾ, പുരുഷ/സ്ത്രീ വിദ്യാർത്ഥികളുടെ എണ്ണം, 2021 ഒക്ടോബർ

| വിഭാഗം | പുരുഷൻ | സ്ത്രീ | ആകെ |
|---|---|---|---|
| മോഡേൺമെഡിസിൻ | 1792 | 3439 | 5231 |
| ഡെന്റൽ | 292 | 1804 | 2096 |
| ആയുർവേദമെഡിസിൻ | 159 | 1132 | 1291 |
| ആയുർവേദ നഴ്സിംഗ് | 4 | 33 | 37 |
| ആയുർവേദ ഫാർമസി | 6 | 33 | 39 |
| ഹോമിയോ മെഡിസിൻ | 40 | 348 | 388 |
| സിദ്ധമെഡിസിൻ | 12 | 25 | 37 |
| നഴ്സിംഗ് | 648 | 6253 | 6901 |
| ഫാർമസി | 914 | 3486 | 4400 |
| പാരാമെഡിക്കൽ | 415 | 2137 | 2552 |
| യുനാനി മെഡിസിൻ | 6 | 25 | 31 |
| ആകെ | 4288 | 18715 | 23003 |

അവലംബം: കേരളയൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് ആന്റ് അലൈഡ് സയൻസസ്

### ഭാരതീയ വൈദ്യശാസ്ത്രസമ്പ്രദായം

ആയുർവ്വേദം രോഗങ്ങൾ ചികിത്സിക്കാനുള്ള ശാസ്ത്രം മാത്രമല്ല, മറിച്ച് സമ്പൂർണ്ണമായ ഒരു ജീവിതശൈലി കൂടിയാണ്. ആയുർവ്വേദ, സിദ്ധ, യുനാനി, വിഷ, നേത്ര, പ്രകൃതിജീവനം എന്നീ ശൃംഖലകളിലൂടെ ആയുർവേദ വകുപ്പ് ജനങ്ങൾക്ക് വൈദ്യ സഹായം നല്കിവരുന്നു. ഈ വകുപ്പിന് കീഴിൽ മാനസികരോഗാശുപത്രി (1), പഞ്ചകർമ്മ(1), പ്രകൃതി ചികിത്സ(1), സിദ്ധ(1), വിഷ(3), സ്പോർട്സ് ആയുർവേദ(1), മർമ്മ(1) തുടങ്ങിയ സ്പെഷ്യൽ ആശുപത്രികളും പ്രവർത്തിച്ചു വരുന്നു. ഐ.എസ്. എം.ന്റെ കീഴിൽ ഇപ്പോൾ 130 ആശുപത്രികളും 818 ഡിസ്പെൻസറികളുമുണ്ട്. ഈ ആശുപത്രികളിലെ കിടക്കകളുടെ ആകെ എണ്ണം 3,154 ആണ്. സംസ്ഥാന ഔഷധബോർഡ്, ഔഷധസസ്യങ്ങളുടെ കൃഷി, സംരക്ഷണം, ഗവേഷണം, വികസനം, വ്യാപനം, എന്നിവ ഏകോപിപ്പിച്ചുകൊണ്ടുപോകുന്നു. 2019-20 ലും 2020-21 ലും ഐ.എസ്.എം.ന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രധാനസ്ഥാപനങ്ങൽ, കിടക്കകൾ, രോഗികൾ എന്നിവ ജില്ല തിരിച്ച് **അനുബന്ധം 6.2.11**-ൽ കൊടുത്തിരിക്കുന്നു.

സാധാരണ വൈദ്യചികിത്സയ്ക്കുപുറമേ സ്പെഷ്യൽ പ്രോജക്ടുകളും ഭാരതീയ ചികിത്സാവകുപ്പ് 2020-21 -ൽ നടപ്പിലാക്കിയിട്ടുണ്ട്. 2020-21 ൽ നടപ്പിലാക്കിയ അത്തരം പ്രോജക്ടുകളാണ്; ഋതു, പ്രസാദം, ദൃഷ്ടി, ജീവനി, പുനർനവ, സ്നേഹധാര, ജറിയാട്രിക് കെയർ, യോഗ, സ്പോർട്സ് മെഡിസിൻ, പഞ്ചകർമ്മ, ക്ഷാരസൂത്ര, മാനസികം, കൗമാരഭൃത്യം, പ്രസൂതിതന്ത്ര, കുട്ടികളുടെയും കൗമാരക്കാരുടെയും പരിചരണം, സിക്കിൾ സെൽ, നിർവിഷ, സിദ്ധ, ക്ഷേമജനനി, മുതലായവ. പ്രത്യേക പ്രോജക്ടുകൾ, നടപ്പാക്കിയ ജില്ലകൾ, ഗുണഭോക്താക്കളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ **അനുബന്ധം 6.2.12**-ൽ നൽകിയിരിക്കുന്നു.

### ആയുഷ് (ആയുർവ്വേദ, യോഗ, പ്രകൃതിചികിത്സ, സിദ്ധ, യുനാനി, ഹോമിയോപ്പതി)

മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ നിലവാരം നിശ്ചയിക്കാൻ ഭാരതസർക്കാർ രണ്ട് റെഗുലേറ്ററി ബോഡികൾ സ്ഥാപിച്ചിട്ടുണ്ട്. ഇവയിൽ ആദ്യത്തേത് ആയുർവേദം, യുനാനി, സിദ്ധ എന്നീ വൈദ്യശാസ്ത്ര മേഖലകളുമായി ബന്ധപ്പെട്ട വിദ്യാഭ്യാസസ്ഥാപനങ്ങളുടെയും പ്രാക്ടീഷണർമാരുടേയും നിയന്ത്രണത്തിനായുള്ള ഇന്ത്യൻ മെഡിസിൻ സെൻട്രൽ കൗൺസിൽ (ഐ.എം.സി.സി.) ആക്ട് 1970-ന് കീഴിൽ ആരംഭിച്ച സെൻട്രൽ കൗൺസിൽ ഓഫ് ഇൻഡ്യൻ മെഡിസിൻ (സി.സി.ഐ.എം) ആണ്. രണ്ടാമത്തേത് ഹോമിയോ മെഡിക്കൽ സംവിധാനത്തിന് കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും പ്രാക്ടീഷണർമാരുടെയും നിയന്ത്രണത്തിനുള്ള ഹോമിയോപ്പതി സെൻട്രൽ കൗൺസിൽ ആക്ട് 1973 കീഴിൽ ആരംഭിച്ച സെൻട്രൽ കൗൺസിൽ ഓഫ് ഹോമിയോപ്പതിയാണ്. നിലവിൽ യോഗയും പ്രകൃതി ചികിത്സയും പ്രത്യേകം മരുന്നുകൾ ഉപയോഗിക്കാത്തതിനാൽ ഇവയെ പൂർണ്ണമായും നിയന്ത്രിക്കുന്നില്ല.

### ദേശീയ ആയുഷ് മിഷൻ

കേന്ദ്രസർക്കാരിന്റെ ആരോഗ്യകുടുംബക്ഷേമ മന്ത്രാലയത്തിനു കീഴിലുള്ള ആയുഷ് വകുപ്പ് (ആയുർവ്വേദ, യോഗ, പ്രകൃതിചികിത്സ, സിദ്ധ, യുനാനി, ഹോമിയോപ്പതി) ദേശീയതലത്തിൽ ആയുഷ്മിഷൻ ആരംഭിച്ചിരിക്കുന്നു. ചെലവ് കുറഞ്ഞ രീതിയിൽ ആയുഷ്സേവനങ്ങൾ, വിദ്യാഭ്യാസ സംവിധാനം ശക്തിപ്പെടുത്തൽ, ആയുർവേദ സിദ്ധ-യുനാനി-ഹോമിയോ മരുന്നുകളുടെ ഗുണനിലവാരം നിയന്ത്രിക്കൽ, ഔഷധസസ്യങ്ങൾ എന്നീ മേഖലകളിൽ ആയുഷ് സംവിധാനം ശക്തിപ്പെടുത്തുകയാണ് ദേശീയ ആയുഷ് മിഷന്റെ ലക്ഷ്യം. കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും തമ്മിൽ 60:40 എന്ന അനുപാതത്തിൽ പദ്ധതി വിഹിതം വകയിരുത്തും. ഓഗസ്റ്റ് 08, 2015-ന് സംസ്ഥാനത്ത് കേരള സർക്കാർ ആയുഷ് വകുപ്പ് ആരംഭിച്ചു. 2017-18 കാലത്ത് കേന്ദ്ര വിഹിതം 2,096.20 ലക്ഷം രൂപയും 2018-19 കാലഘട്ടത്തിൽ അത് 2597.84 ലക്ഷം രൂപയും ആയിരുന്നു. 2019-20ലും 2020-21ലും കേന്ദ്രസർക്കാർ യഥാക്രമം 1,540.54 ലക്ഷം രൂപയും 2337.58 ലക്ഷം രൂപയും അനുവദിച്ചു.

### ആയുർവ്വേദ മരുന്ന് നിർമ്മാണം-ഔഷധി

ഇന്ത്യയിൽ പൊതുമേഖലയിൽ പ്രവർത്തിക്കുന്ന ഏറ്റവും വലിയ ആയുർവേദ മരുന്ന് നിർമ്മാണശാലയാണ് ഔഷധി. ലാഭകരമായി പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലൊന്നാണിത്. ആയുർവേദ വകുപ്പിന് കീഴിലുള്ള സർക്കാർ ആശുപത്രികളിലും ഡിസ്പെൻസറികളിലും ആയുർവേദമരുന്നുകൾ പൂർണ്ണമായും വിതരണം ചെയ്യുന്ന സ്ഥാപനം ഔഷധിയാണ്. കേരളത്തിൽ മരുന്നുകൾ ഔഷധി ആയുർവേദവകുപ്പിന് മാർക്കറ്റ് വിലയെക്കാളും 30 ശതമാനം വിലക്കുറവിലാണ് നല്കുന്നത്. ഐ.എസ്. എം ഈ മരുന്നുകൾ സംസ്ഥാനത്തെ ദരിദ്രരായ രോഗികൾക്ക് സൗജന്യമായി നൽകുന്നു. സംസ്ഥാന ത്തുടനീളവും സംസ്ഥാനത്തിന് പുറത്തുമുള്ള 966 പ്രത്യേക ഏജൻസികളിലൂടെ പൊതുജനത്തിനും കമ്പനി മരുന്ന് എത്തിക്കുന്നു. 2019-20 കാലയളവിൽ നികുതിക്കു ശേഷമുള്ള

സ്ഥാപനത്തിന്റെ ലാഭം 2,686.63 ലക്ഷം രൂപയായിരുന്നത് 2020–21–ൽ 2,684.00 ലക്ഷം രൂപയായി.

### ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസം – ആയുർവ്വേദകോളേജുകൾ

തിരുവനന്തപുരം, തൃപ്പൂണിത്തുറ, കണ്ണൂർ എന്നിവിടങ്ങളിലായി 1,361 കിടക്കകളുള്ള മൂന്ന് സർക്കാർ ആയുർവ്വേ മെഡിക്കൽകോളേജുകളുണ്ട്. 2019–20–ൽ 10,441 ഇൻപേഷ്യൻസിനും 4,34,085 ഔട്ട്പേഷ്യൻസിനും ചികിത്സ നൽകുകയുണ്ടായി. ഇതിൽ പുതിയ രോഗികൾ 91,613 ആണ്. ഇത് 2020–21–ൽ യഥാക്രമം 3,987 ഉം 2,34,089 ഉം ആണ്. ഇതിൽ പുതിയ രോഗികൾ 1,03,888 ആണ്. തിരുവനന്തപുരം ആയുർവ്വേ മെഡിക്കൽകോളേജിന് കീഴിൽ പഞ്ചകർമ്മാശുപത്രിയും, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുമുണ്ട്. 2 എയ്ഡഡ് ആയുർവേദകോളേജുകളും, 12 സ്വാശ്രയ ആയുർവേദകോളേജുകളും, ഒരു സ്വാശ്രയസിദ്ധ കോളേജും, ഒരു സ്വാശ്രയ യുനാനി കോളേജും, 6 പാരാമെഡിക്കൽ സ്വാശ്രയകോളേജുകളും മെഡിക്കൽ വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്നുണ്ട്. ബിരുദകോഴ്സിന് 1,080, ബിരുദാനന്തരബിരുദകോഴ്സിന് 186, പാരാമെഡിക്കൽ കോഴ്സുകൾക്ക് 482 എന്നിങ്ങനെ വിദ്യാർത്ഥികൾ വാർഷിക പ്രവേശനം നേടുന്നുണ്ട്. സി.സി.ഐ.എം. അംഗീകാരം നേടുന്നതിനായി ആയുർവേദ കോളേജുകളിൽ ആകെ 77 സ്ഥിരം തസ്തികകളും 37 താൽക്കാലിക തസ്തികകളും സൃഷ്ടിച്ചു.

### ഹോമിയോപ്പതി

സംസ്ഥാനത്ത് ഹോമിയോപ്പതി വകുപ്പിന് കീഴിൽ 669 ഹോമിയോപ്പതി ഡിസ്പെൻസറികളും 14 ജില്ലാ ആശുപത്രികൾ, 17 താലൂക്ക് ആശുപത്രികൾ, 2 ടെൻ ബെഡ്ഡ് ആശുപത്രികൾ, ഒരു ആശുപത്രി എന്നിവയിലായി 1,000 കിടക്കകൾ ഉണ്ട്. കൂടാതെ ഹോമിയോപ്പതി ഡയറക്ടറേറ്റിന് കീഴിൽ ആലപ്പുഴയിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന ഹോമിയോപ്പതിക് സഹകരണ ഫാർമസി (ഹോംകോ) എന്ന മരുന്ന് നിർമ്മാണ യൂണിറ്റ് ഉണ്ട്. കഴിഞ്ഞ 30 വർഷങ്ങളായി ഹോംകോ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. 2020–21 കാലയളവിൽ ഹോംകോയുടെ മൊത്തലാഭം 9.51 കോടിയാണ്. 2020 ലും 2021 ലും ഹോമിയോപ്പതി വകുപ്പിന് കീഴിൽ ജില്ല തിരിച്ചുള്ള സ്ഥാപനങ്ങൾ, കിടക്കകൾ, ചികിത്സ നേടിയ രോഗികളുടെ എണ്ണം എന്നിവ **അനുബന്ധം 6.2.13**–ൽ കൊടുത്തിട്ടുണ്ട്.

### ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസം

സർക്കാർതലത്തിൽ തിരുവനന്തപുരത്തും കോഴിക്കോട്ടുമുള്ള രണ്ട് ഹോമിയോ മെഡിക്കൽകോളേജുകൾ വഴി ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസം നടത്തി വരുന്നു. ഇവ കൂടാതെ 3 എയ്ഡഡ് കോളേജുകളും, ഒരു അൺഎയ്ഡഡ് പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഉം വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നു. തിരുവനന്തപുരം ഗവൺമെന്റ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജിലെ ആകെ കിടക്കകൾ 118 ഉം കോഴിക്കോട് 100 ഉം ആണ്. 2019–20 ൽ ചികിത്സ ലഭിച്ച ഇൻപേഷ്യന്റ്സ് 3,022 ഉം ഔട്ട് പേഷ്യന്റ്സ് 2,80,180 ഉം ആണ്. ഐപിയിൽ 2020–21 ൽ ചികിത്സിച്ച രോഗികളുടെ എണ്ണം 116 ഉം ഒപി 37,988 ഉം ആയിരുന്നു. ജില്ലാ ഭരണകൂടം ഈ കോളേജുകളെ കോവിഡ് ഫസ്റ്റ് ലൈൻ ചികിത്സാ കേന്ദ്രങ്ങളായി ഏറ്റെടുത്തതിനാൽ 2020–21 ലെ ഐപിയുടെ എണ്ണം കുറഞ്ഞു. 5 ഹോമിയോ മെഡിക്കൽ കോളേജുകളിലെയും പരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെയും കോഴ്സുകൾ, വിദ്യാർത്ഥികളുടെ എണ്ണം എന്നിവ **അനുബന്ധം 6.2.14**–ൽ കൊടുത്തിരിക്കുന്നു.

### രോഗപ്രതിരോധവ്യാപനം

മരുന്നും പ്രതിരോധകുത്തിവയ്പും കൊണ്ട് ഒഴിവാക്കാനാകുന്നതും ആരോഗ്യത്തെ ദുർബലപ്പെടുത്തുന്നതുമായ വ്യാധികൾ, വൈകല്യം, മരണം തുടങ്ങിയവയിലേക്ക് നയിക്കുന്ന രോഗങ്ങളായ ഡിഫ്റ്റീരിയ, ഹെപ്പറ്റൈറ്റിസ് എയും ബിയും, അഞ്ചാം പനി, മുണ്ടിനീര്, ന്യുമോണിയയും അനുബന്ധരോഗങ്ങളും, പോളിയോ, അതിസാരം, ടെറ്റനസ് തുടങ്ങിയവ ചെറുക്കുന്നതിന് ഏറ്റവും ഫലപ്രദവും ചെലവ് കുറഞ്ഞതുമായ ഇടപെടലാണ് പ്രതിരോധകുത്തിവയ്പുകൾ. 2017–18 മുതലുള്ള 5 വർഷങ്ങളിലെ രോഗപ്രതിരോധ വ്യാപന പരിപാടി **അനുബന്ധം 6.2.15**–ൽ കാണാം.

### ഭാവി വീക്ഷണം

ആരോഗ്യകരമായ ഒരു സമൂഹത്തിന് സാമ്പത്തിക വികസനത്തിന് കൂടുതൽ പ്രാധാന്യത്തോടെയും കാര്യക്ഷമമായും സംഭാവന ചെയ്യാൻ കഴിയും. ശക്തമായ പൊതുജനാരോഗ്യ സംരക്ഷണ സംവിധാനത്തിലാണ് കേരളത്തിന്റെ ശക്തി. പുതിയതും നിലവിലുള്ളതുമായ വെല്ലുവിളികളെ നേരിടാൻ ആരോഗ്യ സൗകര്യങ്ങൾ നിരന്തരം നവീകരിക്കേണ്ടതുണ്ട്. പൊതു ആരോഗ്യം, ഗ്രാമീണ ആരോഗ്യം, പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ ആരോഗ്യം, സ്ത്രീകളുടെ ആരോഗ്യം, മാതൃ–ശിശു ആരോഗ്യ സംരക്ഷണം, ആരോഗ്യ ഇൻഷുറൻസ്, മെഡിക്കൽ ടൂറിസം എന്നീ മേഖലകളിൽ 14–ാം പഞ്ചവത്സര പദ്ധതി കാലയളവിൽ പ്രത്യേകം ശ്രദ്ധ നൽകേണ്ടതുണ്ട്. ഈ വെല്ലുവിളികളെ നേരിടാൻ പൊതുജനാരോഗ്യ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ട്.

# 6.3 ജനസംഖ്യ ഘടനയിലെ മാറ്റങ്ങൾ

ആകെ ജനസംഖ്യയിൽ, വയോധികരുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തെയാണ് "പോപ്പുലേഷൻ ഏജിങ്" എന്ന പദം അർത്ഥമാക്കുന്നത്. പ്രത്യുൽപാദനക്ഷമതയിലെ കുറവും, പ്രായമായവരിലെ വർദ്ധിച്ച ആയുർദൈർഘ്യവുമാണ്, ഇത്തരത്തിൽ ജനസംഖ്യയിൽ വയോധികർ അധികരിക്കുന്നതിന്റെ കാരണങ്ങളായി കണക്കാക്കുന്നത്. ജനസംഖ്യയിലെ പ്രായഘടനയിലുണ്ടാകുന്ന മാറ്റങ്ങൾ നിരീക്ഷിക്കുന്നതിനായി സാധാരണയായി ഉപയോഗിക്കുന്ന സൂചകമാണ് വാർദ്ധക്യ ആശ്രിത അനുപാതം (OADR). 65 വയസ്സോ അതിലധികമോ പ്രായമുള്ളവരുടെയും, 20 മുതൽ 64 വയസ്സ് വരെ പ്രായമുള്ളവരും തമ്മിലുള്ള അനുപാതം ആണ് വാർദ്ധക്യ ആശ്രിത അനുപാതം. പ്രത്യുൽപാദനക്ഷമത കുറയുകയും, ആയുർദൈർഘ്യം വർദ്ധിക്കുകയും ചെയ്യുമ്പോൾ, ജനസംഖ്യയിൽ പ്രായമായവരുടെ എണ്ണം വർദ്ധിക്കുകയും, ചെറുപ്പക്കാരുടേത് കുറയുകയും ചെയ്യുന്നു. ലോകത്തിന്റെ എല്ലാ പ്രദേശങ്ങളിലും വാർദ്ധക്യ ആശ്രിത അനുപാതം വർദ്ധിക്കുമെന്ന് കണക്കാക്കപ്പെടുന്നു.

സുസ്ഥിര വികസനത്തിനായുള്ള 2030 അജണ്ടയിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി ആഗോള ജനസംഖ്യയിലെ പ്രവണതകൾ മനസ്സിലാക്കേണ്ടതും, ജനസംഖ്യയിൽ ഉണ്ടാകാവുന്ന മാറ്റങ്ങൾ പ്രതീക്ഷിക്കേണ്ടതും നിർണ്ണായകമാണ്. ലോകജനസംഖ്യ അതിവേഗം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്, പ്രത്യേകിച്ച് വയോധികരുടെ എണ്ണത്തിലും അനുപാതത്തിലും. ഇത്തരത്തിലുള്ള ജനസംഖ്യാ പരിവർത്തനത്തിന്റെ സ്വാധീനം സമൂഹത്തിന്റെ എല്ലാ മേഖലകളിലും അനുഭവപ്പെടും. സാമ്പത്തിക ക്ഷേമവും, മെച്ചപ്പെട്ട ആരോഗ്യ സംരക്ഷണ സൗകര്യങ്ങളുമാകാം ദീർഘായുസ്സിന്റെ കാരണങ്ങൾ. ഐക്യരാഷ്ട്രസഭയുടെ 2019 ലെ ലോക ജനസംഖ്യാ സാധ്യതകൾ പ്രകാരം, 2030 ആകുമ്പോൾ ആഗോള ജനസംഖ്യ 8.5 ബില്യണും, 2050-ൽ ഇത് 9.7 ബില്യണും ആകുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. കണക്കുകൾ പ്രകാരം, 2050 ആകുമ്പോഴേക്കും ലോകത്തിൽ, ആറിലൊരാൾ 65 വയസ്സിന് മുകളിലുള്ളവരായിരിക്കും. 2019ൽ, ഇത് പതിനൊന്നിൽ ഒരാൾ എന്ന തോതിലായിരുന്നു.

ആഗോളതലത്തിൽ, പ്രായമായവരുടെ എണ്ണം വർധിച്ചുവെന്ന് മാത്രമല്ല, മൊത്തം ജനസംഖ്യയിൽ പ്രായമായവരുടെ ശതമാനത്തിലും വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. ഇത്, തുടർന്നും വർദ്ധിക്കുമെന്നാണ് കണക്കാക്കപ്പെടുന്നത്. ലോകമെമ്പാടും, 65 വയസ്സോ അതിലധികമോ പ്രായമുള്ള ആളുകളുടെ ശതമാനം 1990-ൽ ആറായിരുന്നത്, 2019 ആയപ്പോൾ ഒൻപതു ശതമാനമായി വർദ്ധിക്കുകയുണ്ടായി. 2050 ആകുമ്പോൾ ഇത് പതിനാറ് ശതമാനമായി വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ലോകത്തിന്റെ മിക്ക ഭാഗങ്ങളിലും, 65 വയസ്സിൽ അധികമുള്ളവരുടെ ആയുർദൈർഘ്യത്തിൽ വർദ്ധനവ് രേഖപ്പെടുത്തുന്നുണ്ട്. ജനനസമയത്തെ ആയുർദൈർഘ്യം മെച്ചപ്പെട്ടിട്ടുണ്ടെങ്കിലും, പ്രായമായവരുടെ ആയുർദൈർഘ്യത്തിലുണ്ടാകുന്ന വർദ്ധനവ് വളരെ വേഗത്തിലാണ് (ഉറവിടം: ലോക ജനസംഖ്യാ വാർദ്ധക്യം, 2019)

വയോധികരെയും, അവരുടെ കുടുംബങ്ങളെയും, അവർ ജീവിക്കുന്ന സാഹചര്യങ്ങളെയും മെച്ചപ്പെടുത്തുന്നതിനായി സർക്കാരുകൾ, സിവിൽ സൊസൈറ്റികൾ, അന്താരാഷ്ട്ര ഏജൻസികൾ, പ്രൊഫഷണലുകൾ, മാധ്യമങ്ങൾ, സ്വകാര്യ മേഖല എന്നിവയുടെ ആഗോള സഹകരണത്തെയാണ് ഐക്യരാഷ്ട്രസഭയുടെ ആരോഗ്യകരമായ വാർദ്ധക്യ ദശകം (2021-2030) എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. ആരോഗ്യകരമായ വാർദ്ധക്യം എന്നത് രോഗങ്ങളുടെ അഭാവം മാത്രമല്ല. വയോധികരുടെ ക്ഷേമത്തിന് വളരെ നിർണ്ണായകമാണ് അവരുടെ ജീവിത സാഹചര്യങ്ങൾ. പ്രായമായവരുടെ ജീവിത സാഹചര്യങ്ങളും, അവരുടെ സാമൂഹ്യ സാമ്പത്തിക നിലയും, അവരുടെ ആരോഗ്യവും ക്ഷേമവും തമ്മിലുള്ള പരസ്പരബന്ധം മനസ്സിലാക്കേണ്ടതിന്റെ ആവശ്യകത വേൾഡ് പോപ്പുലേഷൻ ഏജിംഗ്, 2020 എന്ന റിപ്പോർട്ടിൽ പ്രതിപാദിക്കുന്നുണ്ട്.

**ഇന്ത്യയിലും കേരളത്തിലും ജനസംഖ്യയിലുണ്ടായ മാറ്റം**

2011-ലെ സെൻസസ് പ്രകാരം ഇന്ത്യയിൽ 104 ദശലക്ഷം വയോധികരാണുള്ളത് (60 വയസ്സോ അതിൽ കൂടുതലോ പ്രായമുള്ളവർ). ഇതിൽ 53 ദശലക്ഷം സ്ത്രീകളും, 51 ദശലക്ഷം പുരുഷന്മാരുമാണ്. അടുത്ത കാലത്തായി രാജ്യത്തെ ജനസംഖ്യയിൽ, വയോധികരുടെ ശതമാനം വൻ തോതിലാണ് വർദ്ധിക്കുന്നത്. വരും വർഷങ്ങളിൽ ഈ പ്രവണത തുടരുവാനും സാധ്യതയുണ്ട്. ജനസംഖ്യയിൽ, 60 വയസ്സിലധികമുള്ളവർ 2015-ൽ 8 ശതമാനമായിരുന്നത്, 2050 ആകുമ്പോൾ 19 ശതമാനമായി വർദ്ധിക്കുമെന്ന് അനുമാനിക്കുന്നു. ഈ നൂറ്റാണ്ടിന്റെ അവസാനത്തോടെ, രാജ്യത്തെ മൊത്തം ജനസംഖ്യയുടെ ഏകദേശം 34 ശതമാനത്തോളം വയോധികരായിരിക്കും. (ഉറവിടം: ഇന്ത്യ ഏജിംഗ് റിപ്പോർട്ട്, 2017).

അടുത്ത കാലത്തായി, സംസ്ഥാനത്തെ വൃദ്ധജന സംഖ്യയും അതിവേഗം വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. 2011 ലെ സെൻസസ് പ്രകാരം, സംസ്ഥാനത്തെ ആകെ ജനസംഖ്യയുടെ 12.6 ശതമാനമാണ് 60 വയസ്സിൽ കൂടുതലുള്ളവർ. ദേശീയ തലത്തിൽ ഇത് 8 ശതമാനമാണ്. രാജ്യത്തെ വാർദ്ധക്യ ആശ്രിത അനുപാതം 14.2 ശതമാനവും, കേരളത്തിലേത് 19.6 ശതമാനവുമാണ്.

**ആരോഗ്യവും സാമൂഹികസ്ഥിതിയും**

ആരോഗ്യസംബന്ധമായ വിവിധ അവസ്ഥകൾ ഉൾപ്പെട്ടതാണ് വാർദ്ധക്യകാലം. കടുത്ത രോഗങ്ങൾ, മാനസികാരോഗ്യ പ്രശ്നങ്ങൾ, വാർദ്ധക്യം, ശാരീരിക വൈകല്യങ്ങൾ, മറ്റ് പലവിധ അസുഖങ്ങൾ എന്നിവമൂലം ഉണ്ടാകുന്ന മാനസികവും ശാരീരികവുമായ ആരോഗ്യപ്രശ്നങ്ങളും ഇതിൽ ഉൾപ്പെടുന്നു. ഇന്ത്യയിലെ ആരോഗ്യസ്ഥിതിയെ സംബന്ധിച്ചുള്ള NSS 75-ാം

റൗണ്ടിന്റെ (ജൂലൈ 2017 മുതൽ ജൂൺ 2018 വരെ) കണ്ടെത്തലുകളെ അടിസ്ഥാനമാക്കി, വയോജനങ്ങളുടെ ആരോഗ്യസ്ഥിതിയെ സംബന്ധിച്ച വിഷയങ്ങൾ എൽഡർലി ഇൻ ഇന്ത്യ റിപ്പോർട്ട് 2021-ൽ പ്രതിപാദിക്കുന്നു. രോഗാവസ്ഥയിലും, തങ്ങൾ ആരോഗ്യവാന്മാരാണ് എന്ന തോന്നൽ വയോധികരായ പുരുഷന്മാരിലാണ് (64 ശതമാനം), സ്ത്രീകളെ (60 ശതമാനം) അപേക്ഷിച്ച് കൂടുതലായി ഉള്ളത്. 2004 ലേയും 2017-18 ലേയും കണക്കുകൾ പ്രകാരം, ശാരീരിക ചലനശേഷിയുള്ള 60-64 വയസ്സുള്ള വയോധികരുടെ അനുപാതം, ഗ്രാമങ്ങളിലും നഗരങ്ങളിലും ഏതാണ്ട് സമാനമാണ്. 2004-ൽ ഇത് 94.7 ശതമാനവും (ഗ്രാമവും നഗരവും), 2017-18-ൽ 96.4 ശതമാനവുമായിരുന്നു. കേരളത്തിൽ, ശാരീരിക ചലനശേഷിയുള്ള വയോധികരുടെ ശതമാനം പുരുഷന്മാരിൽ 92 ഉം, സ്ത്രീകളിൽ 87 ഉം ആണ്. നഗര-ഗ്രാമ വിഭജനം അടിസ്ഥാനമാക്കിയാൽ, നഗരത്തിൽ ഇത് 91 ശതമാനവും, ഗ്രാമത്തിൽ 88 ശതമാനവുമാണ്.

ദേശീയ തലത്തിൽ, വയോധികരിൽ കൂടുതലായി കണ്ടുവരുന്നത് ചലനവൈകല്യമാണ് (4.9 ശതമാനം). തുടർന്ന്, ശ്രവണ വൈകല്യവും (1.2 ശതമാനം), കാഴ്ച വൈകല്യവും (1.1 ശതമാനം). അന്ധത, കാഴ്ച്ചക്കുറവ്, കാഴ്ച വൈകല്യം, ശ്രവണ വൈകല്യം മുതലായ വൈകല്യങ്ങൾ, നഗരപ്രദേശങ്ങളെ അപേക്ഷിച്ച് ഗ്രാമപ്രദേശങ്ങളിലെ വയോധികരിലാണ് കുറച്ചധികമായി കാണപ്പെടുന്നത്. (NSS 76-ം റൗണ്ട്. (ജൂലൈ- ഡിസംബർ 2018)- ഇന്ത്യയിലെ അംഗപരിമിതർ ).

### വയോധികർക്കെതിരെയുള്ള കുറ്റകൃത്യം

നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്ക പ്രകാരം, 2020-ൽ, അഖിലേന്ത്യാ തലത്തിൽ, മുതിർന്ന പൗരന്മാർക്കെതിരായ മൊത്തം കുറ്റകൃത്യങ്ങളുടെ നിരക്ക് (ഒരു ലക്ഷം ജനസംഖ്യയിൽ) 23.9 ശതമാനമാണ്. കേരളത്തിൽ ഈ കാലയളവിൽ മുതിർന്ന പൗരന്മാർക്കെതിരെ രേഖപ്പെടുത്തിയ കുറ്റകൃത്യങ്ങളുടെ നിരക്ക് 16.7 ശതമാനമാണ്.

### വയോജനങ്ങളുടെ ക്ഷേമത്തിനായി കേന്ദ്ര സർക്കാരിന്റെ ഇടപെടലുകൾ

സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയമാണ് മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന പ്രധാന കേന്ദ്രം. സംസ്ഥാന സർക്കാരുകൾ, സർക്കാരിതര സംഘടനകൾ, പൊതുജനങ്ങൾ എന്നിവരുടെ സഹകരണത്തോടെ, മുതിർന്ന പൗരന്മാർക്കായി വിവിധ പദ്ധതികളും നയങ്ങളും വികസിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നു.

### മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനായുള്ള ദേശീയ കർമ്മ പദ്ധതി (NAPSrC)

രാജ്യത്തെ മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിന് വേണ്ടിയുള്ള കേന്ദ്ര സർക്കാരിന്റെ ഒരു പ്രവർത്തന പദ്ധതിയാണിത്. ഇതിലൂടെ മുതിർന്ന പൗരന്മാരുടെ നാല് പ്രധാന ആവശ്യങ്ങളായ - സാമ്പത്തിക സുരക്ഷ, ഭക്ഷണം, ആരോഗ്യ സംരക്ഷണം, സഹജീവികളുമായുള്ള ഇടപെടൽ/ മെച്ചപ്പെട്ട ജീവിത രീതികൾ എന്നിവയ്ക്ക് പ്രാധാന്യം നൽകുന്നു. 2020 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിലായ ഈ സമഗ്ര പദ്ധതിയ്ക്ക് നാല് ഉപ പദ്ധതികളാണുള്ളത് -

- മുതിർന്ന പൗരന്മാർക്കുള്ള സംയോജിത പദ്ധതി
- മുതിർന്ന പൗരന്മാർക്കുള്ള സംസ്ഥാന കർമ്മ പദ്ധതി
- മുതിർന്ന പൗരൻമാരുടെ ക്ഷേമത്തിനായി കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന മറ്റ് മന്ത്രാലയങ്ങളുടെ/ വകുപ്പുകളുടെ സംരംഭങ്ങളുമായി ചേർന്നുള്ള പ്രവർത്തനം
- മാധ്യമപ്രവർത്തനത്തിലൂടെയോ, ഗവേഷണ പഠനത്തിലൂടെയോ, പ്രവർത്തനശേഷി വർധിപ്പിക്കുന്നതിലൂടെയോ, പരീക്ഷണാടിസ്ഥാനത്തിലുള്ളതോ, മറ്റേതെങ്കിലും തരത്തിലോ മുതിർന്ന പൗരന്മാരുടെ ക്ഷേമം ലക്ഷ്യമിട്ടുള്ളതും, NAPSrCയുടെ പരിധിയിലുൾപ്പെടുന്നതുമായ മറ്റേതെങ്കിലും പദ്ധതികൾ.

### മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനും അവകാശ സംരക്ഷണത്തിനുമായി കേന്ദ്ര സർക്കാർ വഴി നടപ്പിലാക്കിയ പ്രധാന പദ്ധതികൾ:

1. **പ്രധാനമന്ത്രി വയവന്ദനയോജന:** 60 വയസ്സോ അതിലധികമോ ഉള്ള മുതിർന്ന പൗരന്മാർക്ക് മാത്രമായി സാമൂഹിക സുരക്ഷ നൽകുന്നതിനായി കേന്ദ്രസർക്കാർ 2017 മെയ് മാസത്തിൽ ആരംഭിച്ച പെൻഷൻ പദ്ധതിയാണിത്. ഈ പദ്ധതി 2023 മാർച്ച് 31 വരെ നിലവിൽ ദീർഘിപ്പിച്ചിട്ടുണ്ട്.
2. **ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യ പെൻഷൻ പദ്ധതി (IGNOAPS):** 60 വയസ്സിന് മുകളിലുള്ളവരും, കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുമായ മുതിർന്ന പൗരന്മാർക്കായി 2007 മുതൽ ഗ്രാമവികസന മന്ത്രാലയം ഈ പദ്ധതി നടപ്പിലാക്കിവരുന്നു .
3. **പ്രായമായവരുടെ ആരോഗ്യ സംരക്ഷണത്തിനുള്ള ദേശീയ പരിപാടി (NPHCE):** മുതിർന്ന പൗരന്മാരുടെ വിവിധ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു വേണ്ടി ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം 2010-11 ലാണ് ഈ പദ്ധതി ആരംഭിച്ചത്. ആരോഗ്യ സംരക്ഷണത്തിന്റെ പ്രാഥമിക, ദ്വിതീയ, തൃതീയ തലങ്ങളിൽ മുതിർന്ന പൗരന്മാർക്ക് പരിപൂർണ്ണ ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ നൽകുക എന്നതാണ് പരിപാടിയുടെ അടിസ്ഥാന ലക്ഷ്യം.
4. **രാഷ്ട്രീയ വയോശ്രീ യോജന:** പ്രായാധിക്യവുമായി ബന്ധപ്പെട്ട വൈകല്യങ്ങൾ/ബലഹീനതകൾ എന്നിവയാൽ ബുദ്ധിമുട്ടുന്ന 60 വയസ്സിനു മുകളിൽ പ്രായമുള്ള ബിപിഎൽ വിഭാഗത്തിൽപ്പെട്ടവർക്ക്, ഈ പദ്ധതിയിലൂടെ സഹായ ഉപകരണങ്ങൾ നൽകുന്നു. വൈകല്യം/ബലഹീനത, കാഴ്ച്ചക്കുറവ്, ശ്രവണ വൈകല്യം, പല്ലുകൾ നഷ്ടപ്പെടൽ, ചലന വൈകല്യം എന്നീ വൈകല്യങ്ങൾ പരിഹരിക്കുന്നതിന് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.
5. **പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന (PM-JAY):** ആരോഗ്യ-കുടുംബക്ഷേമ മന്ത്രാലയം 2018-ൽ ആരംഭിച്ചതാണ് ഈ ആരോഗ്യ ഇൻഷുറൻസ് പദ്ധതി. സർക്കാർ, സ്വകാര്യ എംപാനൽഡ് ആശുപത്രികളിലൂടെ ദ്വിതീയ, തൃതീയ തല ആരോഗ്യപരിരക്ഷയ്ക്കായി ഒരു ദരിദ്ര കുടുംബത്തിന് പ്രതിവർഷം 5 ലക്ഷം രൂപയുടെ ആരോഗ്യ പരിരക്ഷ നൽകുന്നു.

**ബോക്സ് 6.3.1** എൽഡർലി ഇൻ ഇന്ത്യ റിപ്പോർട്ട് 2021, പ്രസക്ത ഭാഗങ്ങൾ

**ജനസംഖ്യയും സുപ്രധാന സ്ഥിതിവിവരക്കണക്കുകളും**

67 ദശലക്ഷം പുരുഷന്മാരും, 71 ദശലക്ഷം സ്ത്രീകളുമായി 2021 ൽ ഇന്ത്യയിലെ വയോധിക ജനസംഖ്യ ഏകദേശം 138 ദശലക്ഷമാണെന്നാണ് കണക്കാക്കപ്പെടുന്നത്, 2031 ൽ ഇത് 194 ദശലക്ഷത്തിലെത്തുമെന്ന് അനുമാനിക്കുന്നു.

- ആകെ ജനസംഖ്യയിൽ വയോധികരുടെ എണ്ണത്തിലാണ് ഉയർന്ന വളർച്ചാ നിരക്ക് രേഖപ്പെടുത്തുന്നത്. 2011–2021 കാലയളവിൽ, ആകെ ജനസംഖ്യയുടെ വളർച്ചാ നിരക്ക് 12.4 ശതമാനമായിരുന്നപ്പോൾ, ഇതേ കാലയളവിൽ പ്രായമായവരുടെ വളർച്ചാ നിരക്ക് 36 ശതമാനമായിരുന്നു.
- ഇന്ത്യയിലെ മൊത്തം ജനസംഖ്യയിൽ, പ്രായമായവരുടെ ശതമാനം വർദ്ധിച്ചുവരുന്ന പ്രവണതയാണ് കാണപ്പെടുന്നത്. പ്രായമായവരുടെ അനുപാതം 2021–ൽ 10.1 ശതമാനമായിരുന്നത്, 2031–ൽ 13.1 ശതമാനത്തിലേക്ക് വർധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. സംസ്ഥാനം തിരിച്ചുള്ള കണക്കുകൾ പരിശോധിക്കുമ്പോൾ, 2021 ലെ കണക്കുകൾ പ്രകാരം, ജനസംഖ്യയിൽ ഏറ്റവുമധികം വയോധികരുള്ളത് കേരളത്തിലാണ് (16.5 ശതമാനം), 2031 ൽ ഇത് 20.9 ശതമാനത്തിലെത്തുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു. 2031 ലെ പ്രതീക്ഷിത കണക്കു പ്രകാരം കേരളത്തിന് പിന്നാലെ വരുന്നത് തമിഴ്നാട് (18.2 ശതമാനം), ഹിമാചൽ പ്രദേശ് (17.1 ശതമാനം), ആന്ധ്രാപ്രദേശ് (16.4 ശതമാനം), പഞ്ചാബ് (16.2 ശതമാനം), എന്നീ സംസ്ഥാനങ്ങളായിരിക്കും.
- 2011–ലെ ജനസംഖ്യാ സെൻസസും, 2021–ലെ ജനസംഖ്യാ കണക്കുമായി താരതമ്യപ്പെടുത്തുമ്പോൾ, പ്രായമായവരുടെ ജനസംഖ്യയിലുണ്ടാകുന്ന വാർഷിക വളർച്ചാ നിരക്ക്, ദേശീയ തലത്തിൽ 3.28 ശതമാനവും, കേരളത്തിൽ 3.96 ശതമാനവുമാണ്. പരമാവധി വർധനവ് രേഖപ്പെടുത്തിയത് ഡൽഹിയിലും (6.60 ശതമാനം) ഗുജറാത്തിലുമാണ് (4.88 ശതമാനം).
- 2031 ആകുമ്പോൾ കേരളത്തിൽ പ്രായമായ സ്ത്രീകളുടെ എണ്ണം പുരുഷന്മാരുടെ എണ്ണത്തെ അധികരിക്കുമെന്നു പ്രതീക്ഷിക്കുന്നു. 2031–ലെ പ്രതീക്ഷിത ജനസംഖ്യയായ 194 ദശലക്ഷത്തിൽ, 101 ദശലക്ഷം സ്ത്രീകളും, 93 ദശലക്ഷം പുരുഷന്മാരും ആയിരിക്കും.
- പ്രായമായവരുടെ ലിംഗാനുപാത കണക്കുകൾ ആകെ ജനസംഖ്യയുടേതുമായി ചേർന്ന് പോകുന്നതാണ്. 2021–ലെ ജനസംഖ്യ പ്രകാരം, ഇന്ത്യയിൽ ആകെ ജനസംഖ്യയുടെ ലിംഗാനുപാതം 948 ഉം, പ്രായമായവരുടേതു 1,065 ഉം ആണ്. 2031–ൽ, ഈ അനുപാതം യഥാക്രമം 955 ഉം 1,085 ഉം ആകുമെന്ന് പ്രതീക്ഷിക്കുന്നു.

**വയോധികരുടെ സാമ്പത്തികസ്ഥിതി കണക്കുകൾ**

- വാർദ്ധക്യ ആശ്രിത അനുപാതത്തിൽ വർദ്ധിച്ചുവരുന്ന പ്രവണതയാണ് കണ്ടുവരുന്നത്. അഖിലേന്ത്യാ തലത്തിൽ, ഈ അനുപാതം 2011–ൽ 14.2 ശതമാനമായിരുന്നത്, 2021–ൽ 15.7 ശതമാനമായി വർദ്ധിച്ചു. 2031 ആകുമ്പോൾ ഇത് 20.1 ശതമാനമാകുമെന്ന് പ്രതീക്ഷിക്കുന്നു. 2011 ലെ സെൻസസ് പ്രകാരം 19.6 ശതമാനമായിരുന്ന കേരളത്തിലെ വാർദ്ധക്യ ആശ്രിത അനുപാതം, 2021 ൽ 26.1 ശതമാനമായി വർദ്ധിച്ചു, 2031 ൽ ഇത് 34.3 ശതമാനമാകുമെന്ന് പ്രതീക്ഷിക്കുന്നു.
- സ്ത്രീകളിലും പുരുഷന്മാരിലും ആശ്രിത അനുപാതം വർദ്ധിച്ചുവരുന്ന പ്രവണതയാണ് കാണുന്നത്. 2031 ആകുമ്പോൾ സ്ത്രീകളുടെയും പുരുഷൻമാരുടെയും പ്രതീക്ഷിത ആശ്രിത അനുപാതം യഥാക്രമം 21.5 ശതമാനവും, 18.8 ശതമാനവുമായിരിക്കും.
- 2021ലെ കണക്കു പ്രകാരം, സ്ത്രീകളുടെ വാർദ്ധക്യ ആശ്രിത അനുപാതം, പുരുഷന്മാരുമായി താരതമ്യപ്പെടുത്തുമ്പോൾ, കേരളം, തമിഴ്നാട്, ഹിമാചൽ പ്രദേശ്, പഞ്ചാബ് തുടങ്ങിയ സംസ്ഥാനങ്ങളിൽ വളരെ കൂടുതലാണ്.
- 2017–18 കാലയളവിൽ, NSS 75–ാം റൗണ്ട്, ഇന്ത്യയിലെ ആരോഗ്യത്തെക്കുറിച്ച് നടത്തിയ പഠനം അനുസരിച്ച്, വയോധികരായ പുരുഷൻമാരുടെയും സ്ത്രീകളുടെയും സാമ്പത്തിക സ്ഥിതിയിൽ വലിയ അന്തരമുണ്ട്. വയോധികരായ സ്ത്രീകൾക്കുള്ള സാമ്പത്തിക സ്വാതന്ത്ര്യം ഗ്രാമങ്ങളിലും, നഗരപ്രദേശങ്ങളിലും യഥാക്രമം 10 ശതമാനവും 11 ശതമാനവും മാത്രമാണ്. എന്നാൽ, വയോധികരായ പുരുഷൻമാരിൽ ഇത് യഥാക്രമം 48 ഉം 57 ഉം ശതമാനമാണ്.

ഉറവിടം: എൽഡർലി ഇൻ ഇന്ത്യ റിപ്പോർട്ട് 2021

## കേരള സർക്കാരിന്റെ ഇടപെടലുകൾ

60 വയസ്സിന് മുകളിലുള്ള എല്ലാ പൗരന്മാരുടെയും, പ്രത്യേകിച്ച് പ്രായമായ സ്ത്രീകളുടെ, ക്ഷേമത്തിനായി പദ്ധതികൾ രൂപീകരിക്കുന്നതിനുള്ള കർമ്മ പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദേശമാണ് കേരള സർക്കാരിന്റെ വയോജന നയം 2013 (വാർദ്ധക്യ നയം). സംസ്ഥാനത്തെ മുതിർന്ന പൗരന്മാർക്ക് മെച്ചപ്പെട്ട സാമൂഹികവും, സാമ്പത്തികവും, ആരോഗ്യകരവുമായ ജീവിതം പ്രദാനം ചെയ്യുക എന്നതാണ് ഈ നയം ലക്ഷ്യമിടുന്നത്. സാമൂഹ്യനീതി വകുപ്പ് നടത്തുന്ന സ്ഥാപനങ്ങളുടെയും, വയോജനങ്ങൾക്കായി നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

## വയോജന പരിചരണത്തിനായി കേരളത്തിലുള്ള സ്ഥാപനങ്ങൾ

പരിചരണവും, ശ്രദ്ധയും ലഭിക്കാത്ത മുതിർന്ന പൗരന്മാർക്ക് വൃദ്ധസദനങ്ങളിലൂടെയും, ഡേ കെയർ സെന്ററുകളിലൂടെയുമാണ് സംരക്ഷണം നൽകി വരുന്നത്. സാമൂഹ്യനീതി വകുപ്പിന്റെ നിയന്ത്രണത്തിൽ 16 സർക്കാർ വൃദ്ധസദനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. വയോജനങ്ങൾക്ക് ഡേ കെയർ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് വേണ്ടിയുള്ള സാമൂഹ്യനീതി വകുപ്പിന്റെ ഒരു സംരംഭമാണ് "സായംപ്രഭ ഹോം" പദ്ധതി. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് ഇത് നടപ്പിലാക്കുന്നത്. 2018-ൽ 82 തദ്ദേശഭരണ സ്ഥാപനങ്ങളിലാണ് പദ്ധതി ആരംഭിച്ചത്.

തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഡേ കെയർ സെന്ററുകൾ സായംപ്രഭ ഹോംസ് ആയി നവീകരിക്കുകയും, അവിടെ വയോജനങ്ങൾക്ക് വേണ്ട സാമൂഹിക പിന്തുണയും, വിനോദോപാധികളും, പോഷകാഹാര ആവശ്യങ്ങളും നൽകിവരുന്നു. തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിലാണ് മാതൃകാ സായംപ്രഭ ഹോംസ് പ്രവർത്തിക്കുന്നത്. വാർദ്ധക്യകാലത്തെ വിവിധ ആവശ്യങ്ങൾക്കായുള്ള മൾട്ടി സർവീസ് ഡേ കെയർ സെന്ററുകളായി ഇവ പ്രവർത്തിക്കുന്നു. ഇതിലൂടെ, പ്രതിദിനം 80 ഓളം ആളുകൾക്ക് പ്രയോജനം ലഭിക്കുന്നുണ്ട്. സർക്കാർ വൃദ്ധസദനങ്ങളുടെ നിലവാരം ദേശീയ തലത്തിലേക്ക് ഉയർത്തുന്നതിനായി സാമൂഹ്യ നീതി വകുപ്പ് "രണ്ടാം ഇന്നിംഗ്സ് പദ്ധതി" ആരംഭിച്ചിരുന്നു. കണ്ണൂരിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയ പദ്ധതി വിജയിച്ചതോടെ, കൊല്ലം, മലപ്പുറം ജില്ലകളിലെ സർക്കാർ വൃദ്ധസദനങ്ങളിലേക്കും പദ്ധതി വ്യാപിപ്പിക്കുകയുണ്ടായി.

സാമൂഹ്യ നീതി വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന വൃദ്ധസദനങ്ങൾക്ക് പുറമെ, ഓർഫനേജ് കൺട്രോൾ ബോർഡിന് കീഴിൽ രജിസ്റ്റർ ചെയ്ത 619 വൃദ്ധസദനങ്ങളുമുണ്ട്, അതിൽ 82 എണ്ണം സർക്കാർ ധനസഹായത്തോടെയാണ് പ്രവർത്തിക്കുന്നത്. വയോജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി വൃദ്ധസദനങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കേണ്ടത് വളരെ അത്യാവശ്യമാണ്. കേരളത്തിലെ വൃദ്ധസദനങ്ങളിലെ അന്തേവാസികൾ വർദ്ധിക്കുന്നതായിട്ടാണ്, **പട്ടിക 6.3.1**-ൽ രേഖപ്പെടുത്തിയിരിക്കുന്ന കണക്കുകൾ സൂചിപ്പിക്കുന്നത്.

**പട്ടിക 6.3.1** കേരളത്തിലെ വൃദ്ധസദനങ്ങളിലെ അന്തേവാസികളുടെ എണ്ണം, 2016-17 മുതൽ 2020-21 വരെ

| വർഷം | അന്തേവാസികളുടെ എണ്ണം |
|---|---|
| 2016-17 | 19149 |
| 2017-18 | 27272 |
| 2018-19 | 28029 |
| 2019-20 | 28021 |
| 2020-21 | 28788 |

ഉറവിടം: സാമൂഹിക നീതി ഡയറക്ടറേറ്റ്, കേരള സർക്കാർ

## വാർദ്ധക്യകാല പെൻഷൻ പദ്ധതി

കേരളത്തിലെ ഗുണഭോക്താക്കൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വിതരണം ചെയ്യുന്നതിനായി സേവന പെൻഷൻ എന്ന ഓൺലൈൻ അപേക്ഷാ സംവിധാനം ഇൻഫർമേഷൻ കേരള മിഷനിലൂടെ കേരള സർക്കാർ വികസിപ്പിച്ചിട്ടുണ്ട്. അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി തദ്ദേശ സ്ഥാപനങ്ങൾ വഴി പെൻഷൻ വിതരണം ചെയ്തു വരുന്നു. ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ എന്ന സംവിധാനം സംസ്ഥാനത്തു വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളതും 60 വയസ്സിലധികമുള്ളതുമായ പൗരന്മാർക്ക് വേണ്ടിയുള്ള കേന്ദ്ര സർക്കാരിന്റെ നോൺ-കോൺട്രിബ്യൂട്ടറി ഇനത്തിലുള്ള പെൻഷൻ പദ്ധതിയാണ് ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യ പെൻഷൻ പദ്ധതി (IGNOAPS). നിലവിൽ, ഇഗ്നോപ്സ് ഉൾപ്പെടെയുള്ള സാമൂഹിക സുരക്ഷാ പെൻഷനുകളുടെ ഗുണഭോക്താക്കൾക്ക് പ്രതിമാസം 1,600 രൂപ പെൻഷൻ ലഭിക്കുന്നു, ഇതിൽ അധിക വിഹിതവും വഹിക്കുന്നത് സംസ്ഥാന സർക്കാരാണ്. 60 മുതൽ 79 വയസ്സ് വരെ പ്രായമുള്ളവർക്ക് പ്രതിമാസം 200 രൂപയും, 80 വയസും അതിൽ കൂടുതലുമുള്ളവർക്ക് 500 രൂപയുമാണ് കേന്ദ്ര വിഹിതം. ബാക്കി തുക വഹിക്കുന്നത് സംസ്ഥാന സർക്കാരാണ്. 2021 നവംബർ വരെയുള്ള കണക്കനുസരിച്ച്, ഇന്ദിരാഗാന്ധി ദേശീയ വാർധക്യ പെൻഷന്റെ ഗുണഭോക്താക്കളായി 28.23 ലക്ഷം ആൾക്കാരുണ്ട്, സംസ്ഥാനത്തെ മൊത്തം സാമൂഹിക സുരക്ഷാ പെൻഷൻകാരിൽ 54.98 ശതമാനം വരും ഇത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ, 2021 നവംബർ വരെയുള്ള വാർദ്ധക്യ പെൻഷന്റെ ഗുണഭോക്താക്കളുടെ എണ്ണം **പട്ടിക 6.3.2**-ൽ നൽകിയിരിക്കുന്നു.

**പട്ടിക 6.3.2** പെൻഷൻ ഗുണഭോക്താക്കൾ (തദ്ദേശഭരണ സ്ഥാപനം തിരിച്ച്)

| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യ പെൻഷൻ പദ്ധതി | ഗുണഭോക്താക്കളുടെഎണ്ണം നവംബർ 08, 2021 ലെ കണക്ക് പ്രകാരം (ലക്ഷത്തിൽ) |
|---|---|
| ഗ്രാമ പഞ്ചായത്ത് | 22.57 |
| മുനിസിപ്പാലിറ്റി | 3.56 |
| കോർപ്പറേഷൻ | 2.09 |
| ആകെ | 28.23 |

ഉറവിടം: സേവന പെൻഷൻ, ഐകെഎം

## വയോജനങ്ങൾക്കായി കേരള സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ

രാജ്യത്ത് ഏറ്റവും അധികം വയോജനങ്ങളുള്ളത് കേരളത്തിലാണ്. പ്രായം വർദ്ധിക്കുന്തോറും കുറഞ്ഞുവരുന്ന സാമൂഹിക പിന്തുണയാണ് വയോജനങ്ങൾ നേരിടുന്ന പ്രധാന വെല്ലുവിളികളിലൊന്ന്. വളരെ വൈവിധ്യമാർന്ന ഒരു വിഭാഗമാണ് വയോധിക സമൂഹം. ആയതിനാൽ, കേരളത്തിലെ വയോധികരുടെ ജനസംഖ്യ, അവരുടെ ആരോഗ്യം, വൈകല്യങ്ങൾ, ജീവിത സാഹചര്യങ്ങൾ, സാമ്പത്തിക സ്വാതന്ത്ര്യം എന്നിവ മനസ്സിലാക്കിക്കൊണ്ട് അവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ഒരു പദ്ധതി രൂപീകരിക്കുക എന്നത് വളരെ നിർണ്ണായക കാര്യമാണ്. 80 വയസ്സിനു മുകളിലുള്ളവർ, വിധവകൾ /അവിവാഹിതർ/കുട്ടികളില്ലാത്ത സ്ത്രീകൾ, അംഗവൈകല്യമുള്ളവരും ദുർബലരുമായവർ, ജീവിച്ചിരിക്കുന്ന അടുത്ത ബന്ധുക്കളില്ലാത്തവർ, ഒറ്റയ്ക്ക് താമസിക്കുന്നവർ, നിരാലംബർ, ഗുരുതരവും മാരകവുമായ രോഗങ്ങളാൽ ബുദ്ധിമുട്ടുന്നവർ എന്നീ വിഭാഗത്തിലുള്ളവർ അഭിമുഖീകരിക്കുന്ന നിർദിഷ്ട ആവശ്യങ്ങളും വെല്ലുവിളികളും പരിഗണിക്കേണ്ടതായി വരും.

വയോജനങ്ങൾക്കായുള്ള സാമൂഹിക സുരക്ഷ പദ്ധതികളും, സാമൂഹിക സംരക്ഷണ പദ്ധതികളും സംസ്ഥാന സർക്കാരിന്റെ ഉത്തരവാദിത്തത്തിൽ ഉൾപ്പെടുന്നവയാണ്. സാമൂഹ്യനീതി വകുപ്പും കേരള സാമൂഹ്യ സുരക്ഷാ മിഷനുമാണ് വയോജനങ്ങൾക്കായുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിൽ മുന്നിൽ പ്രവർത്തിക്കുന്ന രണ്ട് ഏജൻസികൾ. വയോജനങ്ങൾക്കായുള്ള പദ്ധതികൾ നടപ്പിലാക്കുന്ന സുപ്രധാന വകുപ്പാണ് സാമൂഹ്യനീതി വകുപ്പ്. വകുപ്പിന് പുറമേ, തദ്ദേശഭരണസ്ഥാപനങ്ങൾക്കും, വയോജനങ്ങളുടെ സ്വയം സഹായ സംഘങ്ങൾക്കും വയോജന പരിചരണത്തിൽ വലിയ പങ്കുണ്ട്. അതുപോലെ, നിരവധി എൻ ജി ഒകളും, ചാരിറ്റബിൾ ഓർഗനൈസേഷനുകളും വയോജനങ്ങളെ സേവിക്കുന്നതിൽ മുൻപന്തിയിലുണ്ട്. വയോജനങ്ങളെ പരിചരിക്കുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ട്, കുടുംബശ്രീയും ഈ മേഖലയിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നുണ്ട്– (i) വയോജനങ്ങളെ ഉൾപ്പെടുത്തിയുള്ള പരിപാടി, (ii) നിരാലംബരുടെ പുനരധിവാസ പദ്ധതി (ആശ്രയ), (iii) സാന്ത്വന പരിചരണം എന്നീ പദ്ധതികളിലൂടെയാണ് കുടുംബശ്രീ പ്രവർത്തിക്കുന്നത്.

കേരളത്തിലെ വയോജനങ്ങളുടെ ക്ഷേമത്തിനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച ചില പരിപാടികൾ ചുവടെ ചേർക്കുന്നു:

### I. സായംപ്രഭ

വയോജന സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും, വെല്ലുവിളികളെ അതിജീവിക്കുവാൻ വയോധികരെ സഹായിക്കുന്നതിനും, ശാരീരികവും മാനസികവുമായ ആരോഗ്യം ഏറ്റവും അർത്ഥവത്തായ രീതിയിലും സുസ്ഥിരമായും നേടിയെടുക്കുന്നതിന് വേണ്ടി പ്രായമായവർക്ക് സൗകര്യമൊരുക്കുന്നതിനായി സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന ഒരു സമഗ്ര പാക്കേജാണിത്. സായംപ്രഭ പദ്ധതിയിൽ താഴെ പറയുന്ന പ്രവർത്തികൾ നടപ്പിലാക്കിവരുന്നു:

1. **മാതൃകാ സായംപ്രഭ ഹോമുകൾ –** വയോജനങ്ങൾക്കുള്ള മൾട്ടി സർവീസ് ഡേ കെയർ സെന്ററുകളാണിത്, ഏകദേശം 80 പേർക്ക് പ്രയോജനം ലഭിക്കുന്നു.
2. **വയോപോഷണം–** സായംപ്രഭ ഭവനങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വയോജനങ്ങൾക്ക് ഈ പദ്ധതിയിലൂടെ പോഷകാഹാര കിറ്റുകൾ വിതരണം ചെയ്തു വരുന്നു. ഏകദേശം 4,100 വയോജനങ്ങൾ 2021–22 ൽ ഈ പദ്ധതിയുടെ ഗുണഭോക്താക്കളായിരുന്നു.
3. **മന്ദഹാസം** – മുതിർന്ന പൗരന്മാർക്ക് ഈ പദ്ധതിയിലൂടെ സൗജന്മായി പല്ല് സെറ്റ് നൽകുന്നു. 2018–19, 2019–20 വർഷങ്ങളിൽ യഥാക്രമം 1692 പേർക്കും, 1,400 പേർക്കും പദ്ധതിയിലൂടെ പ്രയോജനം ലഭിക്കുകയുണ്ടായി.
4. **വയോഅമൃതം** – സർക്കാർ വൃദ്ധസദനങ്ങളിലെ അന്തേവാസികൾക്ക് ആയുർവേദ ചികിത്സ നൽകുന്നതിനായി ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിന്റെ പിന്തുണയോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. ഓരോ വർഷവും ഈ പദ്ധതിയിലൂടെ 16 സർക്കാർ വൃദ്ധസദനങ്ങളിലെ ഏകദേശം 800 അന്തേവാസികൾക്ക് പ്രയോജനം ലഭിക്കുന്നു.
5. വൃദ്ധസദനങ്ങളിലെ അന്തേവാസികൾക്കു, ബെംഗളൂരുവിലെ നിംഹാൻസുമായി സഹകരിച്ച്, മാനസിക വിഷയങ്ങളിൽ പരിചരണം നൽകുന്നു
6. **വയോമധുരം** പദ്ധതിയിലൂടെ ബിപിഎൽ വിഭാഗത്തിലുള്ള പ്രായമായവർക്ക് ഗ്ലൂക്കോമീറ്റർ സൗജന്യമായി നൽകുന്നു.
7. **മ്യൂസിക് തെറാപ്പിയും യോഗ തെറാപ്പിയും** വൃദ്ധസദനങ്ങളിൽ നൽകിവരുന്നു

### II. ഡിമെൻഷ്യ കെയർ പ്രോഗ്രാം – സ്മൃതിപഥം

ഡിമെൻഷ്യ പരിചരണത്തിന്റെ ഭാഗമായി കേരള സർക്കാർ ആരംഭിച്ച ഒരു പദ്ധതിയാണ് 'സ്മൃതിപഥം'. സാമൂഹ്യനീതി വകുപ്പും അൽഷിമേഴ്സ് ആന്റ് റിലേറ്റഡ് ഡിസോർഡേഴ്സ് സൊസൈറ്റി ഓഫ് ഇന്ത്യയുമാണ് ഈ സംരംഭം ഏറ്റെടുത്തിരിക്കുന്നത്. ഈ പദ്ധതി പ്രകാരം, കുന്നംകുളത്ത് ഡേ കെയർ സൗകര്യവും, എറണാകുളം എടവനക്കാടിൽ മുഴുവൻ സമയ ഡേ കെയർ സെന്ററും പ്രവർത്തിച്ചു വരുന്നു. എറണാകുളത്തെയും തൃശ്ശൂരിലെയും ഡിമെൻഷ്യ കേന്ദ്രങ്ങൾ വഴി പ്രതിവർഷം 40 ഓളം അന്തേവാസികൾക്കാണ് ആനുകൂല്യം ലഭിക്കുന്നത്.

### III. വയോമിത്രം

കേരളത്തിലെ കോർപ്പറേഷൻ/മുനിസിപ്പൽ പ്രദേശങ്ങളിൽ താമസിക്കുന്ന 65 വയസ്സിന് മുകളിലുള്ള വയോജനങ്ങൾക്ക് ആരോഗ്യ പരിരക്ഷയും, സഹായവും "വയോമിത്രം" പദ്ധതിയിലൂടെ നൽകി വരുന്നു. കേരള സാമൂഹ്യ സുരക്ഷാ മിഷനാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. നിലവിൽ, 95 വയോമിത്രം യൂണിറ്റുകൾ സംസ്ഥാനത്ത് ഫലപ്രദമായി പ്രവർത്തിക്കുന്നു. 42 കോർപ്പറേഷൻ പ്രദേശങ്ങളിലും, 85 മുനിസിപ്പൽ പ്രദേശങ്ങളിലും, 4 ബ്ലോക്ക് പഞ്ചായത്തുകളിലുമായാണ് യൂണിറ്റുകൾ പ്രവർത്തിക്കുന്നത്. മൊബൈൽ ക്ലിനിക്കുകൾ വഴി സൗജന്യ വൈദ്യപരിശോധനയും, ചികിത്സയും നൽകുന്നതിലൂടെ, വയോജനങ്ങൾക്കു ആരോഗ്യ പരിരക്ഷയും പിന്തുണയും പദ്ധതി ലഭ്യമാക്കുന്നു. 2017–18

**പട്ടിക 6.3.3** വയോമിത്രം പദ്ധതിയുടെ ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ (2017–18 മുതൽ 2021–22)

| വർഷം | 2017–18 | 2018–19 | 2019–20 | 2020–21 | 2021–22 |
|---|---|---|---|---|---|
| വയോജന ഗുണഭോക്താക്കളുടെ എണ്ണം | 253503 | 262845 | 279635 | 280165 | 280178 |

ഉറവിടം: കേരള സാമൂഹ്യ സുരക്ഷാ മിഷൻ, കേരള സർക്കാർ

മുതൽ 2021–22 വരെയുള്ള കാലയളവിലെ വയോമിത്രം പദ്ധതിയുടെ ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ **പട്ടിക 6.3.3** ൽ നൽകിയിരിക്കുന്നു.

### IV. നവജീവൻ

തൊഴിൽ വകുപ്പ് നടപ്പിലാക്കുന്ന ഈ പദ്ധതിയിലൂടെ, 50–65 വയസ്സിനിടയിലുള്ള മുതിർന്ന പൗരന്മാർക്ക് സ്വയം തൊഴിൽ യൂണിറ്റുകൾ ആരംഭിക്കുന്നതിനായി ധനസഹായം നൽകിവരുന്നു. സാമൂഹികവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥയിൽ നിന്നും ഒരു ഉന്നമനം ഇതിലൂടെ അവർക്കു സാധ്യമാകുന്നു. മുതിർന്ന പൗരന്മാർക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 50,000 രൂപ വരെ ബാങ്ക് വായ്പയായി പദ്ധതിയിലൂടെ നൽകുന്നുണ്ട്. പരമാവധി 12,500 രൂപ എന്ന പരിധിയിൽ, ബാങ്ക് വായ്പയുടെ 25 ശതമാനം, സർക്കാർ സബ്സിഡിയായി നൽകുന്നു.

### V. കുടുംബശ്രീ മുഖേനയുള്ള പ്രത്യേക അയൽക്കൂട്ടങ്ങളുടെ ശാക്തീകരണം

ശാരീരിക മാനസിക വൈകല്യമുള്ളവർ, ട്രാൻസ്ജെൻഡറുകൾ, പ്രായമായവർ എന്നിവർക്കായി പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിക്കുന്നതിന് കുടുംബശ്രീ തുടക്കമിട്ടിട്ടുണ്ട്. മുഖ്യധാരാ അയൽക്കൂട്ടങ്ങൾക്കൊപ്പം ഇത്തരം പ്രത്യേക അയൽക്കൂട്ടങ്ങളും പ്രവർത്തിച്ചു വരുന്നു. നിലവിൽ, 3,12,280 അംഗങ്ങൾ അടങ്ങുന്ന 25,992 വയോജന അയൽക്കൂട്ടങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അവരിലൂടെ 525 ചെറുകിട സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. 2017–18 ൽ, 1720 അയൽക്കൂട്ടങ്ങൾക്കായി 90.30 ലക്ഷം രൂപ കോർപ്പസ് ഫണ്ടായി അനുവദിച്ചിരുന്നു. 2018–19–ൽ വയോജനങ്ങൾക്കായി 1168 മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചത് വഴി, 65,771 മുതിർന്ന പൗരന്മാർക്ക് പ്രയോജനം ലഭിക്കുകയുണ്ടായി. കൊവിഡ്–19 മായി ബന്ധപ്പെട്ട് "ഗ്രാന്റ് കെയർ ഫോർ എൽഡർലി" എന്ന പേരിൽ ഒരു പ്രത്യേക ക്യാംമ്പെയ്ൻ സംഘടിപ്പിച്ചിരുന്നു. ഈ പരിപാടിയിലൂടെ റിവേഴ്സ് ക്വാറന്റൈനെക്കുറിച്ചുള്ള അവബോധം വയോജനങ്ങൾക്കു ഫോണിലൂടെ നൽകുകയും, കൂടാതെ അവർക്കുള്ള ഭക്ഷണവും, മരുന്നുകളും വിതരണം ചെയ്യുകയും ചെയ്തു. 17,68,929 ആളുകൾക്ക് ഫോണിലൂടെ റിവേഴ്സ് ക്വാറന്റൈനെക്കുറിച്ചുള്ള അവബോധം നൽകുകയുണ്ടായി. കൂടാതെ, 19,933 ആളുകൾക്ക് ഭക്ഷണവും, 82,632 ആളുകൾക്ക് മരുന്നുകളും വിതരണം ചെയ്തു. 2020–21–ൽ, 4,700 വയോധിക അയൽക്കൂട്ടങ്ങൾക്ക് 5,000 രൂപ നിരക്കിൽ റിവോൾവിംഗ് ഫണ്ട് നൽകുകയുണ്ടായി.

### വീക്ഷണം

ആരോഗ്യമുള്ള വയോധികൻ ആകാനുള്ള അവസരം ഓരോ വ്യക്തിക്കും ഉണ്ടാകേണ്ടതാണ്. വയോധികരുടെ ജനസംഖ്യ ക്രമാനുഗതമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ആയതിനാൽ, ഇവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ കൂടുതൽ നൂതനവും സുസ്ഥിരവുമായ സമീപനങ്ങളിലൂടെ പരിഹരിക്കേണ്ടതുണ്ട്. വയോജന ജനസംഖ്യയുടെ വിവരണങ്ങൾ അടങ്ങിയ വിശ്വസനീയവും, പുതുക്കിയതുമായ ഒരു ഡാറ്റാബേസ് അടിസ്ഥാനമാക്കിയാകണം പദ്ധതികൾ ഫലപ്രദമായി ആസൂത്രണം ചെയ്യേണ്ടത്. ഈ മേഖലയിലെ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളെ സംയോജിപ്പിക്കുന്നതിന് അത്തരമൊരു ഡാറ്റാബേസ് സഹായകമാകും. സേവന വിതരണം മെച്ചപ്പെടുത്തുന്നതിനായി നിലവിലുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തേണ്ടതുണ്ട്. വികസന പ്രക്രിയയിൽ വയോജനങ്ങളുടെ വൈദഗ്ധ്യം പ്രയോജനപ്പെടുത്തുന്നതിന് അവബോധം ആവശ്യമാണ്.

അദ്ധ്യായം

7

# തൊഴിലും സാധ്യതകളും

അദ്ധ്യായം
7

# തൊഴിലും സാധ്യതകളും

## 7.1 തൊഴിലും തൊഴിലാളി ക്ഷേമവും

സംസ്ഥാനത്തെ സ്വതന്ത്രവും സുരക്ഷിതവുമായ തൊഴിൽ സാഹചര്യങ്ങൾക്ക് കാരണം തൊഴിലാളി പ്രസ്ഥാനങ്ങളും നിവേശങ്ങളും, സാമൂഹ്യസുരക്ഷാശൃംഖലയും വിപുലീകരിക്കുന്നതിനുള്ള നയത്രുപേണയുള്ള സർക്കാർ ഇടപെടലുകളാണ്. രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളെ അപേക്ഷിച്ച്, കേരളത്തിൽ കാർഷിക, കാർഷികേതര മേഖലകളിലെ തൊഴിലാളികളുടെ വേതന നിരക്ക് ഉയർന്നതാണ്. കേരളത്തിലെ ശരാശരി വേതന നിരക്ക് പ്രത്യേകിച്ച് വേതന നിരക്ക് വളരെ കുറവുള്ള സംസ്ഥാനങ്ങളിൽ നിന്ന് അതിഥി തൊഴിലാളികളെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നുണ്ട്. എന്നിരുന്നാലും, സംസ്ഥാനത്തിന് അധിക തൊഴിലവസരങ്ങളും തൊഴിലധിഷ്ഠിത വളർച്ചയും സൃഷ്ടിക്കേണ്ടതുണ്ട്, അതിനായി തൊഴിൽ ശക്തി കുറഞ്ഞ മൂല്യവർദ്ധിത പ്രവർത്തനങ്ങളിൽ നിന്ന് ഉയർന്ന മൂല്യവർദ്ധിത പ്രവർത്തനങ്ങളിലേക്ക് മാറേണ്ടതുണ്ട്. കേരളത്തിലെ നഗരങ്ങളിലും ഗ്രാമങ്ങളിലും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി സമ്പദ്വ്യവസ്ഥയിൽ തൊഴിൽ പ്രേരിതമായ വളർച്ച കൈവരിക്കുകയാണ് സംസ്ഥാനം ലക്ഷ്യമിടുന്നത്.

മറ്റ് മേഖലകളിലെന്നപോലെ, കോവിഡ്-19 മഹാമാരി തൊഴിൽ വിപണിയെയും പ്രതികൂലമായി ബാധിച്ചു. സ്റ്റാറ്റിസ്റ്റിക്സ് ആന്റ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയത്തിന്റെ നാഷണൽ സാമ്പിൾ സർവേ ഓർഗനൈസേഷൻ നടത്തിയ പീരിയോഡിക് ലേബർ ഫോഴ്സ് സർവേ (PLFS) പ്രകാരം, 2017-18 വർഷത്തിൽ, രാജ്യത്തെ സംഘടിതവും, അസംഘടിതവുമായ മേഖലകളിലെ മൊത്തം തൊഴിലവസരങ്ങൾ ഏകദേശം 47 കോടിയാണ്. ഇതിൽ 9 കോടിയോളം പേർ സംഘടിത മേഖലയിലും ബാക്കി 38 കോടി പേർ അസംഘടിത മേഖലയിലുമാണ്. രാജ്യത്തെ മൊത്തം തൊഴിലിന്റെ 81 ശതമാനത്തിലേറെയും അസംഘടിത മേഖലയിലെ തൊഴിലാളികളാണ്. എന്നാൽ കൊവിഡ്-19 ഉം അതിനുശേഷമുള്ള ലോക്ക്ഡൗണും കാരണം ഈ എണ്ണം വർധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് .

ഇന്ത്യയിലെ സ്വയം തൊഴിൽ ചെയ്യുന്നവരിലും, സാധാരണക്കാരായ തൊഴിലാളികളിലും ഏറ്റവും വലിയ ആഘാതം ഏൽപ്പിച്ചു കൊണ്ട് കോവിഡ്-19 മഹാമാരി തൊഴിൽ വിപണിയെ തകർത്തു. എന്നാൽ കുടുംബ സർവ്വേകൾ, പേ റോൾ നമ്പറുകൾ, രണ്ടാം തരംഗത്തിന് മുമ്പ് കോർപ്പറേറ്റ് മേഖലയിലുണ്ടായ പുതിയ അവസരങ്ങൾ എന്നിങ്ങനെയുള്ള വിവരങ്ങൾ അനുസരിച്ച് ലോക്ക്ഡൗണുകൾ ലഘൂകരിക്കലും, കുടിയേറ്റ തൊഴിലാളികളുടെ നഗരങ്ങളിലേക്കുള്ള മടങ്ങി വരവും തൊഴിൽ മേഖലയെ സാധാരണ നിലയിലേക്ക് മടക്കി എത്തിക്കാൻ തുടങ്ങിയിട്ടുണ്ട്. [1]

**തൊഴിൽ സേന**

തൊഴിൽ സേന, അല്ലെങ്കിൽ, 'സാമ്പത്തികമായി സജീവമായ' ജനസംഖ്യയിൽ 'തൊഴിലുള്ളവരും' 'തൊഴിലില്ലാത്തവരും' ഉൾപ്പെടുന്നു. രണ്ട് സമീപനങ്ങളെ അടിസ്ഥാനമാക്കി തൊഴിൽ സേന കണക്കാക്കാവുന്നതാണ്.

ഒരു വ്യക്തി സ്ഥിരമായി ചെയ്യുന്ന ജോലിയും, അനുബന്ധ പ്രവർത്തനങ്ങളും ഒരുമിച്ച് പരിഗണിച്ചു കൊണ്ടുള്ള യുഷ്വൽ പ്രിൻസിപ്പൽ സ്റ്റാറ്റസും, നിലവിലെ പ്രതിവാര സ്റ്റാറ്റസ് സമീപനവും (Current Weekly Status Approach).

യുഷ്വൽ സ്റ്റാറ്റസ് പ്രകാരം (ps+ss) തൊഴിൽ സേനയുടെ എസ്റ്റിമേറ്റിൽ (എ) സർവേ തീയതിക്ക് മുമ്പുള്ള 365 ദിവസങ്ങളിൽ താരതമ്യേന ദൈർഘ്യമേറിയ ഒരു ഭാഗം ജോലി ചെയ്തവരോ ജോലിക്ക് ലഭ്യമായവരോ ഉൾപ്പെടുന്നു കൂടാതെ (ബി) സർവേ തീയതിക്ക് മുമ്പുള്ള 365 ദിവസത്തെ റഫറൻസ് കാലയളവിൽ കുറഞ്ഞത് 30 ദിവസമെങ്കിലും ജോലി ചെയ്ത ബാക്കി ജനസംഖ്യയിൽ നിന്നുള്ള വ്യക്തികൾ.

നിലവിലെ പ്രതിവാര സ്റ്റാറ്റസ് അനുസരിച്ചുള്ള തൊഴിൽ സേനയുടെ എസ്റ്റിമേറ്റ്, സർവ്വേ സമയത്ത് ഒരാഴ്ചത്തെ ചുരുങ്ങിയ കാലയളവിൽ തൊഴിൽ സേനയുടെ പങ്കാളിത്തത്തിന്റെ ശരാശരി ചിത്രം നൽകുന്നു.

നിലവിലെ പ്രതിവാര സ്റ്റാറ്റസ് സമീപന പ്രകാരം തൊഴിൽ ശക്തിയുടെ എസ്റ്റിമേറ്റ് ലഭ്യമാകുന്നത്, സർവേ തീയതിക്ക് മുമ്പുള്ള 7 ദിവസങ്ങളിൽ കുറഞ്ഞത് 1 മണിക്കൂറെങ്കിലും ജോലി ചെയ്തവരോ അല്ലെങ്കിൽ ഏതെങ്കിലും ദിവസത്തിൽ കുറഞ്ഞത് 1 മണിക്കൂറെങ്കിലും ജോലി അന്വേഷിക്കുന്നവരോ/ലഭ്യമായിരുന്നവരോ ആയവരെ പരിഗണിച്ചാണ്.

ഇന്ത്യയിൽ, 2017-18-നെ അപേക്ഷിച്ച്, തൊഴിൽ സേന പങ്കാളിത്ത നിരക്ക് (എൽ.എഫ്.പി.ആർ) (എല്ലാ പ്രായത്തിലും) 2018-19-ൽ (ഗ്രാമീണ-നഗര) 0.6 ശതമാനം വർദ്ധിച്ചു. 2019-20-ൽ ഇത് (എല്ലാ പ്രായത്തിലും) 40.1 ശതമാനമായിരുന്നു. കേരളത്തിൽ, എല്ലാ പ്രായത്തിലുമുള്ള എൽ.എഫ്.പി.ആർ (റൂറൽ അർബൻ) 2017-18-ൽ 36.6 ശതമാനവും 2018-19-ൽ 39.5 ശതമാനവുമാണ്. 2019-20-ൽ ഇത് 40.5 ആയി ഉയർന്നു. കേരളത്തിലെ എൽ.എഫ്.

[1] വാർഷിക റിപ്പോർട്ട്, 2020-21, തൊഴിൽ, തൊഴിൽ മന്ത്രാലയം, ഇന്ത്യാ ഗവൺമെന്റ്

**പട്ടിക 7.1.1** യൂഷ്വൽ സ്റ്റാറ്റസ് (ps ss), 2017–18, 2018–19, 2019–20 എന്നിവ പ്രകാരം തൊഴിൽ സേനയുടെ പങ്കാളിത്ത നിരക്ക് (LFPR) ശതമാനത്തിൽ

| നം | വയസ്സ് | ഗ്രാമം | | | നഗരം | | | ഗ്രാമം + നഗരം | | | ഗ്രാമം | | | നഗരം | | | ഗ്രാമം + നഗരം | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | പുരുഷൻ | സ്ത്രീ | വ്യക്തി | പുരുഷൻ | സ്ത്രീ | വ്യക്തി | പുരുഷൻ | സ്ത്രീ | വ്യക്തി | പുരുഷൻ | സ്ത്രീ | വ്യക്തി | പുരുഷൻ | സ്ത്രീ | വ്യക്തി | പുരുഷൻ | സ്ത്രീ | വ്യക്തി |
| | | **ഇന്ത്യ 2017–18** | | | | | | | | | **കേരളം 2017–18** | | | | | | | | |
| 1 | 15–29 വയസ്സ് | 58.9 | 15.9 | 38.1 | 58.5 | 17.5 | 38.5 | 58.8 | 16.4 | 38.2 | 55.1 | 20.8 | 37.2 | 48.4 | 27.6 | 37.8 | 52.2 | 23.6 | 37.4 |
| 2 | 15–59 വയസ്സ് | 80.2 | 26.6 | 53.6 | 80.1 | 22.3 | 51.6 | 80.2 | 25.3 | 53 | 79.5 | 31.1 | 53.6 | 78.1 | 33 | 53.6 | 78.9 | 31.9 | 53.6 |
| 3 | 15 വയസ്സിനു മുകളിൽ | 76.4 | 24.6 | 50.7 | 74.5 | 20.4 | 47.6 | 75.8 | 23.3 | 49.8 | 71.1 | 25.9 | 46.6 | 68.9 | 27.3 | 46.4 | 70.1 | 26.5 | 46.5 |
| 4 | എല്ലാ പ്രായത്തിലും (0+) | 54.9 | 18.2 | 37 | 57 | 15.9 | 36.8 | 55.5 | 17.5 | 36.9 | 54.1 | 20.7 | 36.4 | 53.6 | 22.1 | 36.8 | 53.9 | 21.3 | 36.6 |
| | | **ഇന്ത്യ 2018–19** | | | | | | | | | **കേരളം 2018–19** | | | | | | | | |
| 5 | 15–29 വയസ്സ് | 58.8 | 15.8 | 37.8 | 58.6 | 17.1 | 38.7 | 58.8 | 16.2 | 38.1 | 43.3 | 23 | 32.9 | 51.6 | 29.1 | 39.9 | 47 | 25.8 | 36 |
| 6 | 15–59 വയസ്സ് | 80.6 | 28.3 | 54.5 | 79.6 | 22.5 | 51.6 | 80.3 | 26.5 | 53.6 | 76.5 | 35.5 | 54.6 | 79.9 | 35 | 55.4 | 78.1 | 35.2 | 55 |
| 7 | 15 വയസ്സിനു മുകളിൽ | 76.4 | 26.4 | 51.5 | 73.7 | 20.4 | 47.5 | 75.5 | 24.5 | 50.2 | 71 | 31.3 | 49.7 | 71.4 | 29.7 | 48.8 | 71.2 | 30.6 | 49.3 |
| 8 | എല്ലാ പ്രായത്തിലും (0+) | 55.1 | 19.7 | 37.7 | 56.7 | 16.1 | 36.9 | 55.6 | 18.6 | 37.5 | 56.9 | 25 | 39.7 | 56.3 | 24.2 | 39.2 | 56.6 | 24.6 | 39.5 |
| | | **ഇന്ത്യ 2019–20** | | | | | | | | | **കേരളം 2019–20** | | | | | | | | |
| 9 | 15–29 വയസ്സ് | 60.8 | 20.7 | 41.3 | 58.3 | 20.3 | 40.0 | 60.0 | 20.6 | 40.9 | 55.6 | 26.2 | 40.9 | 52.9 | 25.4 | 38.8 | 54.3 | 25.8 | 39.8 |
| 10 | 15–59 വയസ്സ് | 81.5 | 35.4 | 58.5 | 80.6 | 25.7 | 53.5 | 81.2 | 32.3 | 56.9 | 80.6 | 39.8 | 58.4 | 79.1 | 33.5 | 54.6 | 79.9 | 36.7 | 56.5 |
| 11 | 15 വയസ്സിനു മുകളിൽ | 77.9 | 33.0 | 55.5 | 74.6 | 23.3 | 49.3 | 76.8 | 30.0 | 53.5 | 73.6 | 35.1 | 52.8 | 69.8 | 28.6 | 47.7 | 71.7 | 31.9 | 50.3 |
| 12 | എല്ലാ പ്രായത്തിലും (0+) | 56.3 | 24.7 | 40.8 | 57.8 | 18.5 | 38.6 | 56.8 | 22.8 | 40.1 | 57.9 | 29.4 | 42.9 | 54.9 | 23.2 | 38.1 | 56.4 | 26.3 | 40.5 |

ഉറവിടം: ആനുകാലിക ലേബർ ഫോഴ്സ് സർവ്വേ, 2017-18, 2018 -19, 2019-20

**പട്ടിക 7.1.2** കേരളത്തിലും ഇന്ത്യയിലുമുള്ള നിലവിലെ പ്രതിവാര സ്ഥിതി അനുസരിച്ച് തൊഴിൽ സേനയുടെ പങ്കാളിത്ത നിരക്ക് (എൽ.എഫ്.പി.ആർ) (ശതമാനത്തിൽ), 2020–2021 മുതൽ

| | പുരുഷൻ | | | | | സ്ത്രീകൾ | | | | | വ്യക്തികൾ | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| സംസ്ഥാനം | ജനുവരി -മാർച്ച് 2020 | ഏപ്രിൽ -ജൂൺ 2020 | ജൂലൈ -സെപ്റ്റം 2020 | ഒക്ടോ -ഡിസം 2020 | ജനുവരി -മാർച്ച് 2021 | ജനുവരി -മാർച്ച് 2020 | ഏപ്രിൽ -ജൂൺ 2020 | ജൂലൈ -സെപ്റ്റം 2020 | ഒക്ടോ -ഡിസം 2020 | ജനുവരി -മാർച്ച് 2021 | ജനുവരി -മാർച്ച് 2020 | ഏപ്രിൽ -ജൂൺ 2020 | ജൂലൈ -സെപ്റ്റം 2020 | ഒക്ടോ -ഡിസം 2020 | ജനുവരി -മാർച്ച് 2021 |
| കേരളം | 54.80 | 52.80 | 53.10 | 53.00 | 52.30 | 21.80 | 18.20 | 20.40 | 20.50 | 20.50 | 37.20 | 34.50 | 36.00 | 36.10 | 35.70 |
| ഇന്ത്യ | 56.70 | 55.50 | 57.10 | 57.40 | 57.50 | 17.30 | 15.50 | 16.10 | 16.40 | 16.90 | 37.50 | 35.90 | 37.00 | 37.30 | 37.50 |

ഉറവിടം: ത്രൈമാസ ബുള്ളറ്റിൻ, പി.എൽ.എഫ്.എസ്, ജനുവരി - മാർച്ച് 2021

പി.ആർ അഖിലേന്ത്യാ തലത്തേക്കാൾ ഉയർന്നതാണ്. ഇത് കൂടുതലാണെങ്കിലും ഇതിൽ സ്ത്രീ പുരുഷ വ്യത്യാസം കേരളത്തിൽ പ്രകടമാണ്. എൽ.എഫ്.പി.ആർ (എല്ലാ പ്രായക്കാർക്കും) പുരുഷന്മാരുടെ 56.4 ശതമാനവുമായി താരതമ്യം ചെയ്യുമ്പോൾ സ്ത്രീകളുടേത് 26.3 ശതമാനമാണ്.

തൊഴിൽ സേന വിവരങ്ങളുടെ ലഭ്യതയുടെ പ്രാധാന്യം കണക്കിലെടുത്ത് കൂടുതൽ ഇടവേളകളിൽ ത്രൈമാസ ബുള്ളറ്റിൻ എൻ.എസ്.ഒ പുറത്തിറക്കുന്നുണ്ട്. 2021 മാർച്ചിൽ അവസാനിക്കുന്ന ത്രൈമാസ ബുള്ളറ്റിൻ വരെ പുറത്തിറക്കിയിട്ടുണ്ട്.

2020 ജനുവരി മുതൽ നാല് പാദങ്ങളിലെ നിലവിലെ പ്രതിവാര സ്റ്റാറ്റസ് അനുസരിച്ച് ലേബർ ഫോഴ്സ് പങ്കാളിത്ത നിരക്ക് **പട്ടിക 7.1.2**–ൽ കാണിച്ചിരിക്കുന്നു. 2020 ജനുവരി–മാർച്ച് മാസങ്ങളെ അപേക്ഷിച്ച്, എൽ.എഫ്.പി.ആർ (സി.ഡബ്ല്യു.എസ് അനുസരിച്ച്) (എല്ലാ പ്രായക്കാരുടേയും) 37.2 ശതമാനത്തിൽ നിന്ന് 2021 ജനുവരിയിൽ 35.7 ശതമാനമായി കുറഞ്ഞു, ഇത് തൊഴിൽമേഖലയിൽ കോവിഡ്–19 ന്റെ ആഘാതം സൂചിപ്പിക്കുന്നു.

2020 ജനുവരി മുതൽ മാർച്ച് വരെയുള്ള കാലയളവിൽ പ്രതിവാര സ്റ്റാറ്റസ് അനുസരിച്ച് ഇന്ത്യയുടെയും, കേരളത്തിലെയും (അർബൻ) തൊഴിൽ സേന പങ്കാളിത്ത നിരക്ക് (എൽ.എഫ്.പി.ആർ) (ശതമാനത്തിൽ) **പട്ടിക 7.1.2**–ൽ കാണിച്ചിരിക്കുന്നു. കേരളത്തിലും ഇന്ത്യയിലും സ്ത്രീ തൊഴിലാളി സേന പങ്കാളിത്ത നിരക്ക് ആ കാലയളവിൽ നേരിയ കുറവ് രേഖപ്പെടുത്തിയിട്ടുണ്ടെന്ന് പട്ടികയിൽ നിന്ന് വ്യക്തമാണ്.

## തൊഴിലാളി ജനസംഖ്യാ അനുപാതം (ഡബ്ല്യു.പി.ആർ)

തൊഴിൽ സാഹചര്യം വിശകലനം ചെയ്യുന്നതിനും സമ്പദ്‌വ്യവസ്ഥയിലെ ചരക്കുകളുടെയും സേവനങ്ങളുടെയും ഉൽപാദനത്തിൽ സജീവമായി സംഭാവന ചെയ്യുന്ന ജനസംഖ്യയുടെ അനുപാതം അറിയുന്നതിനും ഉപയോഗിക്കുന്ന ഒരു സൂചകമാണ് തൊഴിലാളി ജനസംഖ്യാ അനുപാതം. "ഡബ്ല്യു.പി.ആർ ജനസംഖ്യയിൽ തൊഴിലെടുക്കുന്ന വ്യക്തികളുടെ ശതമാനമാണ്".

**പട്ടിക 7.1.3**–ൽ 2017–18, 2018–19, 2019–20 വർഷങ്ങളിലെ യുഷ്വൽ സ്റ്റാറ്റസ് പ്രകാരം തൊഴിലാളി ജനസംഖ്യാ അനുപാതം (ഡബ്ല്യു.പി.ആർ) (ശതമാനത്തിൽ) കാണിച്ചിരിക്കുന്നു. തൊഴിലാളി ജനസംഖ്യാ അനുപാതം (ഗ്രാമീണ നഗര) (എല്ലാ പ്രായത്തിലും) 2017–18ൽ 34.7 ആയിരുന്നത് 2018–19–ൽ 35.3 ആയി ക്രമേണ വർദ്ധിച്ചു. 2019–20ൽ ഇത് 38.2 ശതമാനമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കേരളത്തിലും ഡബ്ല്യു.പി.ആർ 2017–18–ൽ 32.4 ആയിരുന്നത് 2018–19–ൽ 35.9 ആയും 2019–20ൽ 36.5 ശതമാനമായും ഉയർന്നു.

കേരളത്തിലെ സ്ത്രീ തൊഴിലാളി ജനസംഖ്യാ അനുപാതം (എല്ലാ പ്രായത്തിലും, ഗ്രാമീണ–നഗര) ക്രമേണ വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. ഇത് 2017–18–ൽ 16.4 ശതമാനവും 2018–19–ൽ 20.4 ശതമാനവും 2019–20ൽ 22.4 ശതമാനവും ആയി ഉയർന്നു.

2020 ജനുവരി മുതൽ മാർച്ച് വരെയുള്ള പാദം മുതൽ ജനുവരി മുതൽ 2021 മാർച്ച് വരെയുള്ള കേരളത്തിന്റെയും ഇന്ത്യയുടെയും (അർബൻ) നിലവിലെ പ്രതിവാര സ്റ്റാറ്റസ് പ്രകാരമുള്ള തൊഴിലാളി ജനസംഖ്യാ നിരക്ക് (WPR) **പട്ടിക 7.1.4**–ൽ കാണിച്ചിരിക്കുന്നു. 2020, 2021 വർഷത്തിലെ (ജനുവരി 2020 മുതൽ മാർച്ച് 2021 വരെയുള്ള) വിവിധ പാദങ്ങളിലെ വിശദമായ വിവരങ്ങൾ കാണിക്കുന്നു.

## കേരളത്തിലെ വേതന നിരക്ക്

ഇൻറർനാഷണൽ ലേബർ ഓർഗനൈസേഷൻ (ഐ.എൽ.ഒ 2018) തയ്യാറാക്കിയ ഇന്ത്യ വേജ് റിപ്പോർട്ട് പ്രകാരം, ഗ്രാമീണ–നാഗരിക മേഖലകളിൽ സ്ഥിരമായ

**പട്ടിക 7.1.3** സാധാരണ നില അനുസരിച്ച് തൊഴിലാളി ജനസംഖ്യാ അനുപാതം (WPR) (ശതമാനത്തിൽ)

| ക്രം | വയസ്സ് | ഗ്രാമം | | | നഗരം | | | ഗ്രാമം +നഗരം | | | ഗ്രാമം | | | നഗരം | | | ഗ്രാമം +നഗരം | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | പുരുഷൻ | സ്ത്രീ | വ്യക്തി | പുരുഷൻ | സ്ത്രീ | വ്യക്തി | പുരുഷൻ | സ്ത്രീ | വ്യക്തി | പുരുഷൻ | സ്ത്രീ | വ്യക്തി | പുരുഷൻ | സ്ത്രീ | വ്യക്തി | പുരുഷൻ | സ്ത്രീ | വ്യക്തി |
| | | ഇന്ത്യ 2017–18 | | | | | | | | | കേരളം 2017–18 | | | | | | | | |
| 1 | 15–29 വയസ്സ് | 48.6 | 13.8 | 31.8 | 47.6 | 12.8 | 30.6 | 48.3 | 13.5 | 31.4 | 43.8 | 7.9 | 25.1 | 35.1 | 9.6 | 22.1 | 40.1 | 8.6 | 23.8 |
| 2 | 15–59 വയസ്സ് | 75.2 | 25.5 | 50.5 | 74.2 | 19.8 | 47.3 | 74.9 | 23.8 | 49.5 | 74.3 | 24.5 | 47.6 | 72.2 | 23.4 | 45.7 | 73.4 | 24 | 46.8 |
| 3 | 15 വയസും അതിനു മുകളിൽ | 72 | 23.7 | 48.1 | 69.3 | 18.2 | 43.9 | 71.2 | 22 | 46.8 | 67 | 20.8 | 41.9 | 64.4 | 19.8 | 40.2 | 65.8 | 20.4 | 41.2 |
| 4 | എല്ലാ പ്രായത്തിലും | 51.7 | 17.5 | 35 | 53 | 14.2 | 33.9 | 52.1 | 16.5 | 34.7 | 50.9 | 16.6 | 32.7 | 50 | 16 | 32 | 50.5 | 16.4 | 32.4 |
| | | ഇന്ത്യ 2018–19 | | | | | | | | | കേരളം 2018–19 | | | | | | | | |
| 5 | 15–29 വയസ്സ് | 49.1 | 13.6 | 31.7 | 47.6 | 12.7 | 30.9 | 48.6 | 13.3 | 31.5 | 33.1 | 9.7 | 21.1 | 39.7 | 13.7 | 26.1 | 36.1 | 11.5 | 23.4 |
| 6 | 15–59 വയസ്സ് | 75.8 | 27.2 | 51.5 | 73.7 | 20.2 | 47.5 | 75.1 | 25 | 50.3 | 72.2 | 29.2 | 49.2 | 75.1 | 27.7 | 49.3 | 73.5 | 28.5 | 49.3 |
| 7 | 15 വയസും അതിനു മുകളിൽ | 72.2 | 25.5 | 48.9 | 68.6 | 18.4 | 43.9 | 71 | 23.3 | 47.3 | 67.6 | 26.4 | 45.5 | 67.7 | 24.1 | 44.1 | 67.7 | 25.3 | 44.9 |
| 8 | എല്ലാ പ്രായത്തിലും | 52.1 | 19 | 35.8 | 52.7 | 14.5 | 34.1 | 52.3 | 17.6 | 35.3 | 54.2 | 21.1 | 36.4 | 53.4 | 19.7 | 35.4 | 53.8 | 20.4 | 35.9 |
| | | ഇന്ത്യ 2019–20 | | | | | | | | | കേരളം 2019–20 | | | | | | | | |
| 9 | 15–29 വയസ്സ് | 52.5 | 18.6 | 35.9 | 47.7 | 15.2 | 32.1 | 51.0 | 17.6 | 34.7 | 40.7 | 10.9 | 25.8 | 39.1 | 13.0 | 25.7 | 39.9 | 11.9 | 25.7 |
| 10 | 15–59 വയസ്സ് | 77.5 | 34.4 | 55.9 | 75.1 | 23.3 | 49.6 | 76.7 | 30.9 | 53.9 | 73.5 | 33.5 | 51.7 | 72.4 | 27.3 | 48.2 | 72.9 | 30.5 | 50.0 |
| 11 | 15 വയസും അതിനു മുകളിൽ | 74.4 | 32.2 | 53.3 | 69.9 | 21.3 | 45.8 | 73.0 | 28.7 | 50.9 | 68.2 | 30.3 | 47.7 | 64.7 | 23.8 | 42.7 | 66.5 | 27.1 | 45.3 |
| 12 | എല്ലാ പ്രായത്തിലും | 53.8 | 24.0 | 39.2 | 54.1 | 16.8 | 35.9 | 53.9 | 21.8 | 38.2 | 53.7 | 25.3 | 38.7 | 50.8 | 19.3 | 34.2 | 52.2 | 22.4 | 36.5 |

ഉറവിടം: പീരിയോഡിക് ലേബർ ഫോഴ്സ് സർവേ - 2017-18, 2018-19, 2019-20

ഉയർന്ന കാഷ്വൽ വേതനമുള്ള സംസ്ഥാനങ്ങൾ കേരളം, ജമ്മു കശ്മീർ, പഞ്ചാബ്, ഹരിയാന എന്നിവയാണ്.

**പട്ടിക 7.1.5**–ൽ നിന്ന്, കേരളത്തിലെ കാഷ്വൽ ലേബർ തൊഴിലാളികളുടെ (ഗ്രാമീണ– നാഗരിക) (സി.ഡബ്ലു. എസ് ൽ) പ്രതിദിന ശരാശരി വേതനം/ശമ്പള വരുമാനം 2018 ജൂലൈ മുതൽ 2020 ജൂൺ വരെയുള്ള വിവിധ സമയ ഇടവേളകളിൽ ഇന്ത്യയിലെ ശരാശരിയേക്കാൾ കൂടുതലാണെന്ന് വ്യക്തമാണ്. പീരിയോഡിക് ലേബർ ഫോഴ്സ് സർവ്വേ പ്രകാരം, എല്ലാ പാദങ്ങളിലെയും കേരളത്തിലെ ശരാശരി വേതന നിരക്ക് നഗരങ്ങളിലും ഗ്രാമങ്ങളിലും ഇന്ത്യയേക്കാൾ കൂടുതലാണ്. കേരളത്തിലെ സ്ത്രീകളുടെ വേതനം പുരുഷന്മാരേക്കാൾ കുറവാണെങ്കിലും, അഖിലേന്ത്യാ തലത്തിൽ നോക്കുമ്പോൾ 100 ശതമാനത്തോളം കൂടുതലാണ്. ഇന്ത്യയിലെയും കേരളത്തിലെയും സ്വയംതൊഴിൽ വഴിയുള്ള 30 ദിവസങ്ങളിലെ ശരാശരി മൊത്ത വരുമാനം (₹യിൽ) **അനുബന്ധം 7.1.1**–ൽ കാണിച്ചിരിക്കുന്നു. കാഷ്വൽ ജോലിയോ, സ്വയംതൊഴിലോ ചെയ്യുന്ന കേരളത്തിലെ തൊഴിലാളികളുടെ പ്രതിഫലം അഖിലേന്ത്യാ തലത്തേക്കാൾ വളരെ കൂടുതലാണ്. പി.എൽ.എഫ്.എസ് റിപ്പോർട്ട് അനുസരിച്ച്, കേരളത്തിലെ സ്ത്രീകളുടെയും പുരുഷന്മാരുടെയും വേതന നിരക്ക് ഇന്ത്യയിലെ പ്രധാന സംസ്ഥാനങ്ങളോട് താരതമ്യം ചെയ്യുമ്പോൾ ഏറ്റവും ഉയർന്നതാണ്, എന്നിരുന്നാലും ഇത് ചില കേന്ദ്രഭരണ പ്രദേശങ്ങളുടേതിനു തുല്യമാണ്.

**പട്ടിക 7.1.6** ൽ 2019–20 വർഷത്തിലെ (ഗ്രാമീണ മേഖല) ഇന്ത്യയിലെയും കേരളത്തിലെയും കർഷക,

**പട്ടിക 7.1.4** കേരളത്തിന്റെയും ഇന്ത്യയുടെയും കറന്റ് വീക്ക്ലി സ്റ്റാറ്റസ് പ്രകാരം തൊഴിലാളി ജനസംഖ്യാ നിരക്ക് (ഡബ്ല്യൂ.പി.ആർ) (ശതമാനത്തിൽ)

| | പുരുഷൻ | | | | | സ്ത്രീ | | | | | വ്യക്തി | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| വയസ്സ് | ജനുവരി –മാർച്ച് 2020 | ഏപ്രിൽ -ജൂൺ 2020 | ജൂലൈ – സെപ്റ്റം 2020 | ഒക്ടോ -ഡിസം 2020 | ജനുവരി –മാർച്ച് 2021 | ജനുവരി –മാർച്ച് 2020 | ഏപ്രിൽ -ജൂൺ2020 | ജൂലൈ – സെപ്റ്റം 2020 | ഒക്ടോ -ഡിസം 2020 | ജനുവരി –മാർച്ച് 2021 | ജനുവരി –മാർച്ച് 2020 | ഏപ്രിൽ -ജൂൺ2020 | ജൂലൈ – സെപ്റ്റം 2020 | ഒക്ടോ -ഡിസം 2020 | ജനുവരി –മാർച്ച് 2021 |
| കേരളം | 46.80 | 38.80 | 44.60 | 45.60 | 45.90 | 17.30 | 12.80 | 15.10 | 15.70 | 16.70 | 31.10 | 25.10 | 29.20 | 30.10 | 30.60 |
| ഇന്ത്യ | 51.70 | 44.00 | 49.90 | 52.00 | 52.50 | 15.50 | 12.20 | 13.60 | 14.30 | 14.90 | 34.10 | 28.40 | 32.10 | 33.50 | 34.00 |

ഉറവിടം: ത്രൈമാസ ബുള്ളറ്റിൻ, PLFS, ജനുവരി - മാർച്ച് 2021

**പട്ടിക 7.1.5** പൊതുമരാമത്ത് ഒഴികെയുള്ള കാഷ്വൽ ലേബർ ജോലികളിൽ നിന്നുള്ള പ്രതിദിന ശരാശരി വേതന വരുമാനം ഇന്ത്യയ്ക്കും കേരളത്തിനുമുള്ള (CWS) രൂപയിൽ

| | | ഗ്രാമം | | | നഗരം | | | ഗ്രാമം+നഗരം | | |
|---|---|---|---|---|---|---|---|---|---|---|
| പീരിയഡ് | | പുരുഷൻ | സ്ത്രീ | വ്യക്തി | പുരുഷൻ | സ്ത്രീ | വ്യക്തി | പുരുഷൻ | സ്ത്രീ | വ്യക്തി |
| ജൂലൈ–സെപ്റ്റം, 2018 | കേരളം | 641.83 | 357.79 | 598.79 | 710.13 | 422.76 | 676.4 | 664.82 | 375.6 | 624.23 |
| | ഇന്ത്യ | 276.92 | 170.1 | 253.93 | 342.15 | 204.73 | 319.3 | 287.88 | 174.54 | 264.38 |
| ഒക്ടോ–ഡിസം , 2018 | കേരളം | 659.41 | 377.8 | 605.64 | 678.44 | 365.85 | 649.06 | 666.26 | 375.43 | 620.16 |
| | ഇന്ത്യ | 286.84 | 185.64 | 264.63 | 348.76 | 226.25 | 331.24 | 297.86 | 190.26 | 275.59 |
| ജനുവരി–മാർച്ച്, 2019 | കേരളം | 677.53 | 403.4 | 651.61 | 684.01 | 332.02 | 649.73 | 680.07 | 374.84 | 650.87 |
| | ഇന്ത്യ | 287.36 | 190.23 | 267.42 | 357.53 | 220.22 | 339.15 | 299.08 | 193.44 | 278.56 |
| ഏപ്രിൽ–ജൂൺ, 2019 | കേരളം | 732.17 | 388.32 | 697.18 | 680.32 | 372.25 | 648.27 | 710.77 | 381.59 | 676.96 |
| | ഇന്ത്യ | 297.44 | 199.24 | 278.62 | 367.65 | 244.15 | 351.82 | 309.77 | 204.49 | 290.7 |
| ജൂലൈ –സെപ്റ്റം, 2019 | കേരളം | 667.71 | 372.05 | 613.07 | 744.50 | 385.75 | 709.18 | 701.67 | 375.84 | 653.21 |
| | ഇന്ത്യ | 297.30 | 185.01 | 268.29 | 374.96 | 243.34 | 356.08 | 310.87 | 190.40 | 281.90 |
| ഒക്ടോ–ഡിസം, 2019 | കേരളം | 721.39 | 395.56 | 678.36 | 736.51 | 369.43 | 704.96 | 727.78 | 387.41 | 689.27 |
| | ഇന്ത്യ | 305.40 | 193.10 | 273.97 | 384.32 | 244.10 | 364.54 | 319.01 | 197.23 | 287.43 |
| ജനുവരി –മാർച്ച്, 2020 | കേരളം | 715.96 | 430.54 | 694.71 | 729.58 | 381.86 | 692.92 | 721.46 | 406.28 | 693.97 |
| | ഇന്ത്യ | 315.13 | 205.43 | 287.49 | 391.31 | 264.86 | 373.33 | 328.35 | 211.00 | 300.78 |
| ഏപ്രിൽ–ജൂൺ, 2020 | കേരളം | 685.12 | 318.79 | 628.62 | 697.62 | 489.62 | 679.72 | 690.09 | 362.31 | 648.03 |
| | ഇന്ത്യ | 309.02 | 209.10 | 284.69 | 390.06 | 256.20 | 369.75 | 317.28 | 211.89 | 292.51 |

ഉറവിടം: പി.എൽ.എഫ്.എസ് വാർഷിക റിപ്പോർട്ട് 2018-19, 2019-20

കർഷകേതര തൊഴിലാളികളുടെ (പുരുഷന്മാർ–സ്ത്രീകൾ, വ്യക്തികൾ എന്നിങ്ങനെയുള്ള) ശരാശരി പ്രതിദിന വേതന നിരക്കാണ് കാണിച്ചിരിക്കുന്നത്. ഇന്ത്യയിലെയും കേരളത്തിലെയും പൊതുമരാമത്ത് ഒഴികെയുള്ള കാഷ്വൽ ലേബർ ജോലികളിൽ നിന്നുള്ള പ്രതിദിന ശരാശരി വേതന വരുമാനം (റൂറൽ– അർബൻ) പുരുഷന്മാരിലും സ്ത്രീകളിലും വർധിക്കുന്നതായി പട്ടികയിൽ നിന്ന് വ്യക്തമാകുന്നു. 2019 ജനുവരി–മാർച്ച് കാലയളവിൽ പുരുഷന്മാരുടെയും, സ്ത്രീകളുടെയും ശരാശരി പ്രതിദിന വേതനം 680 രൂപയും, 299.08 രൂപയും ആയിരുന്നത്. ജനുവരി – മാർച്ച് 2020–ൽ 721.46, രൂപയും, 328.35 രൂപയും (പുരുഷനും സ്ത്രീക്കും യഥാക്രമം) ആയി ഉയർന്നു.

കാർഷിക, കാർഷികേതര മേഖലകളിൽ കേരളത്തിൽ നിലവിലുള്ള ശരാശരി ദിവസ വേതന നിരക്ക് ഇന്ത്യയിൽ നിലവിലുള്ള കൂലി നിരക്കിനേക്കാൾ കൂടുതലാണെന്ന് **പട്ടിക 7.1.6** ൽ നിന്ന് വ്യക്തമാണ്. രണ്ട് മേഖലകളിലും, ഇന്ത്യയെ അപേക്ഷിച്ച് ശരാശരി കൂലിയുടെ 100 ശതമാനത്തിലധികം കേരളത്തിലെ തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ട്.

**പട്ടിക 7.1.6** ഗ്രാമീണ ഇന്ത്യയിലെയും കേരളത്തിലെയും ശരാശരി പ്രതിദിന വേതന നിരക്ക്

| | കാർഷിക തൊഴിൽ | | കാർഷികേതര തൊഴിൽ | |
|---|---|---|---|---|
| | 2018–19 | 2019–20 | 2018–19 | 2019–20 |
| കേരളം | 682.4 | 700.7 | 657.2 | 670.1 |
| ഇന്ത്യ | 277.4 | 286.6 | 284.8 | 293.5 |

ഉറവിടം: വാർഷിക റിപ്പോർട്ട് 2019-20, റിസർവ് ബാങ്ക് ഓഫ് ഇന്ത്യ

### കേരളത്തിലെ തൊഴിൽ, തൊഴിലാളി ക്ഷേമം

സംസ്ഥാനത്ത് തൊഴിലാളി സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുകയാണ് കേരള സർക്കാർ ലക്ഷ്യമിടുന്നത്. ഉൽപാദനക്ഷമതയെ അടിസ്ഥാനമാക്കിയുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, കഴിവുകൾ വികസിപ്പിക്കുക, ലിംഗസമത്വം, മിനിമം വേതനം, ആരോഗ്യ സംരക്ഷണം എന്നിവ ഉറപ്പാക്കുകയും അതുവഴി മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യുക എന്നതാണ് സർക്കാർ ഉദ്ദേശിക്കുന്നത്. എല്ലാ മേഖലകളിലെയും തൊഴിലാളികൾക്ക് വേതന സംരക്ഷണവും സാമ്പത്തിക ഭദ്രതയും ഉറപ്പാക്കി അവരുടെ മൊത്തത്തിലുള്ള ക്ഷേമമാണ് സർക്കാർ ലക്ഷ്യമിടുന്നത്. കേരളത്തിൽ സ്വയം തൊഴിൽ ചെയ്യുന്ന സംഘങ്ങൾ ഉൾപ്പെടെയുള്ള അസംഘടിത മേഖലയുടെ സാമൂഹിക–സാമ്പത്തിക സുരക്ഷയ്ക്കാണ് മുൻഗണന നൽകുന്നത്.

കേരളം നടപ്പിലാക്കിയ തൊഴിൽ നിയമങ്ങളും തൊഴിലാളി ക്ഷേമ പദ്ധതികളും കേരളത്തിലെ തൊഴിൽ ശക്തിയെ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ ഉയർന്ന തലത്തിൽ എത്തിക്കുന്നു എന്നത് അംഗീകരിക്കപ്പെട്ട വസ്തുതയാണ്. സാമൂഹികവും സാമ്പത്തികവുമായ വികസനത്തിന് നൽകുന്ന വിലപ്പെട്ട സംഭാവനകൾ കണക്കിലെടുത്ത് ലോകം മുഴുവൻ കേരളത്തിലെ തൊഴിലാളികളെ വളരെ ആദരവോടെയാണ് കാണുന്നത്.

### തൊഴിലാളി ക്ഷേമ പ്രവർത്തനങ്ങൾ

തൊഴിലാളി ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിൽ തൊഴിൽ വകുപ്പ് ഒരു പ്രധാന പങ്ക് വഹിക്കുന്നു. സംസ്ഥാനത്ത് 28 ലേബർ വെൽഫെയർ ബോർഡുകളുണ്ട് (ഉറവിടം: ലേബർ കമ്മീഷണറേറ്റ്). നിലവിൽ തൊഴിൽ വകുപ്പിന് കീഴിൽ 16 ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുകയും അതത് തൊഴിൽ മേഖലയ്ക്ക് വേണ്ട അടിസ്ഥാന ക്ഷേമ സൗകര്യങ്ങൾ നൽകുകയും ചെയ്യുന്നു. ബാക്കിയുള്ള ബോർഡുകൾ കൃഷി, വ്യവസായം തുടങ്ങി വിവിധ വകുപ്പുകളുടെ കീഴിലാണ് പ്രവർത്തിക്കുന്നത്. തൊഴിൽ വകുപ്പിന് കീഴിലുള്ള ക്ഷേമനിധി ബോർഡുകളും, രജിസ്റ്റർ ചെയ്ത അംഗങ്ങളുടെ എണ്ണവും **അനുബന്ധം 7.1.2**–ൽ കാണിച്ചിരിക്കുന്നു.

### തൊഴിലാളി ക്ഷേമത്തിനായുള്ള പ്രധാന പദ്ധതികൾ

**1. അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് സാമൂഹിക സംരക്ഷണം**

അസംഘടിത മേഖലയിലെ തൊഴിലാളികളുടെ സാമൂഹികവും സാമ്പത്തികവുമായ സംരക്ഷണമാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഈ സ്കീമിന് ഇനിപ്പറയുന്ന മൂന്ന് ഘടകങ്ങൾ ഉണ്ട്:

(എ) അസംഘടിത ദിവസവേതന തൊഴിലാളികളുടെ ദുരിതാശ്വാസ നിധി

ഈ പദ്ധതി 2007–08–ൽ ആരംഭിച്ചു, ദിവസ വേതന തൊഴിലാളികൾ എന്ന നിർവചനത്തിൽ ഉൾപ്പെടുന്ന തൊഴിലാളികൾക്കും മറ്റ് ക്ഷേമ പദ്ധതികളിൽ ഉൾപ്പെടാത്തവർക്കും ജോലിക്കിടയിൽ പരിക്കേറ്റവർക്കും 2000 രൂപ നിരക്കിൽ ധനസഹായം നൽകുന്നതിനുമായി തൊഴിൽ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു.

(ബി) മരം കയറുന്നവരുടെ വികലാംഗ പെൻഷൻ പദ്ധതി ഈ പദ്ധതി 2012 ജനുവരി 1 ന് ആരംഭിച്ചു. കേരളത്തിലെ മരം കയറുന്നവരുടെ ക്ഷേമ പദ്ധതിയിൽ അംഗത്വമുള്ള, പരിക്കേറ്റ തൊഴിലാളികളായ ഗുണഭോക്താക്കൾക്ക് പെൻഷൻ നൽകുന്നതിനു വേണ്ടി നിലവിൽ വന്നതാണ്.

(സി) അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള മെറ്റേണിറ്റി അലവൻസുകൾ
2011–12–ൽ അസംഘടിത മേഖലയിലെ തൊഴിലാളികൾക്കായി സർക്കാർ ആരഭിച്ച പദ്ധതിയാണ് ഇത്. ഈ പദ്ധതി പ്രകാരം വിവിധ ക്ഷേമനിധി ബോർഡുകൾ നൽകുന്ന പ്രസവാനുകൂല്യങ്ങൾ നൽകുന്നതിൽ ഏകീകൃതമായ സഹായം കൊണ്ടു വരികയും, അർഹതയുള്ള കുറഞ്ഞ വേതനം പ്രസവാനുകൂല്യമായി നൽകുകയും ചെയ്യുന്നു.

**2. എസ്റ്റേറ്റ് തൊഴിലാളികളുടെ ദുരിതാശ്വാസ നിധി**

ദുരന്തത്തിൽ മരിച്ചവരുടെ നിയമപരമായ അവകാശികൾക്ക് പ്രത്യേകിച്ച് എസ്റ്റേറ്റ് തൊഴിലാളികളുടെ കുടുംബത്തിന് 25,000 രൂപ ധനസഹായം നൽകുന്നതിനാണ് തൊഴിൽ വകുപ്പ് മുഖേന ഈ പദ്ധതി നടപ്പിലാക്കുന്നത്.

**3. പരമ്പരാഗത മേഖലയിലെ പ്രവർത്തനങ്ങളിലെ തൊഴിലാളികൾക്കുള്ള വരുമാന സഹായം.**

സംസ്ഥാനത്ത് ബീഡി, ഖാദി, ഈറ്റ, തഴപ്പായ, മത്സ്യബന്ധനം, മത്സ്യസംസ്കരണം, കയർ തുടങ്ങിയ പരമ്പരാഗത മേഖലകളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് 1250 രൂപയുടെ സാമ്പത്തിക സഹായം നൽകുന്നതിനായി 2010–11–ൽ ഈ പദ്ധതി ആരംഭിച്ചു. കയർ, ഫിഷറീസ്, ഖാദി, കൈത്തറി തുടങ്ങിയ വകുപ്പുകളും വിവിധ ക്ഷേമനിധി ബോർഡുകളും മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത്.

### കേരളത്തിലെ ഫാക്ടറി തൊഴിലാളികൾ

2017, 2020 വർഷങ്ങളിലൊഴികെ ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പിന്റെ പരിധിയിലുള്ള ഫാക്ടറികളിലെ തൊഴിലാളികളുടെ എണ്ണം ക്രമാനുഗതമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണെന്ന് **പട്ടിക 7.1.7**–ൽ നിന്ന് കാണുന്നു.

വർധന നിരക്ക് കുറവാണെങ്കിലും കേരളത്തിൽ പ്രവർത്തിക്കുന്ന ഫാക്ടറികളുടെ എണ്ണം കൂടിവരികയാണ്. 2014–ൽ 21764–ൽ നിന്നും, പ്രവർത്തിക്കുന്ന ഫാക്ടറികളുടെ എണ്ണം 24464 ആയി (31.10.2021–ന്) വർദ്ധിച്ചിട്ടുണ്ട്. കഴിഞ്ഞ 8 വർഷങ്ങളിലായി പ്രവർത്തിക്കുന്ന ഫാക്ടറികളുടെ വിശദാംശങ്ങൾ **അനുബന്ധം 7.1.3.** നൽകിയിരിക്കുന്നു.

**പട്ടിക 7.1.7** ഫാക്ടറികളിലെ തൊഴിലാളികളുടെ എണ്ണം

| വർഷം | തൊഴിലാളികളുടെ എണ്ണം |
|---|---|
| 2014 | 646923 |
| 2015 | 688199 |
| 2016 | 702129 |
| 2017 | 678058 |
| 2018 | 698679 |
| 2019 | 726195 |
| 2020 | 702901 |
| *2021 | 698551 |

(* 31.10.2021 പ്രകാരം)
ഉറവിടം: ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ്

## ഫാക്ടറി തൊഴിലാളികളുടെ സുരക്ഷ

ഫാക്ടറികളിലെ എല്ലാ തൊഴിലാളികളുടെയും ഫാക്ടറികളുടെ പരിസരത്ത് താമസിക്കുന്ന പൊതുജനങ്ങളുടെയും സുരക്ഷ, ആരോഗ്യം, ക്ഷേമം എന്നിവ ഉറപ്പുവരുത്തുന്നതിനുള്ള നിയമപരമായ അതോറിറ്റിയാണ് ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ്. തൊഴിലാളികളുടെ സുരക്ഷയ്ക്കായി വകുപ്പ് വിവിധ പരിപാടികൾ നടത്തിവരുന്നു. 2021–22ൽ (ജൂലൈ 31, 2021 വരെ), എം.എ.എച്ച് ഫാക്ടറികൾക്കായി 7 മുൻഗണനാ പരിശോധനകളും അപകടകരമായ ഫാക്ടറികളിൽ സ്പെഷ്യലിസ്റ്റ് ഇൻസ്പെക്ടർമാരുടെ 5 പരിശോധനകളും ഡിപ്പാർട്ട്മെന്റ് നടത്തിയിട്ടുണ്ട്. ഫാക്ടറി തൊഴിലാളികൾക്കും ജീവനക്കാർക്കും മാത്രമല്ല, സ്കൂൾ കുട്ടികൾക്കും ഫാക്ടറി പരിസരത്ത് താമസിക്കുന്ന പൊതുജനങ്ങൾക്കുമായി ഡിപ്പാർട്ട്മെന്റ് പരിശീലന പരിപാടികൾ നടത്തിവരുന്നു. പകർച്ചവ്യാധിയും ലോക്ക് ഡൗണും കാരണം, വർക്ക്ഷോപ്പുകൾ, പരിശീലന പരിപാടികൾ, മെഡിക്കൽ പരിശോധനകൾ തുടങ്ങി അവരുടെ നിലവിലുള്ള പല ജോലികളും നടത്താൻ വകുപ്പിന് കഴിഞ്ഞില്ല. വിശദാംശങ്ങൾ **അനുബന്ധം 7.1.4**–ൽ നൽകിയിരിക്കുന്നു.

## കേരളത്തിലെ വ്യാവസായിക അപകടങ്ങൾ

ഫാക്ടറികളിലെ മാരകമായ അപകടങ്ങളുടെ എണ്ണം കുറഞ്ഞുവരുന്നു, എന്നാൽ മാരകമല്ലാത്ത അപകടങ്ങളിൽ കാര്യമായ കുറവുണ്ടായിട്ടില്ല. ഇത് ഫാക്ടറികളുടെ പരിസരത്ത് കൂടുതൽ മുൻകരുതലുകളും സുരക്ഷാ നടപടികളും സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാണിക്കുന്നു. **പട്ടിക 7.1.8.**

**പട്ടിക 7.1.8** കേരളത്തിലെ വ്യാവസായിക അപകടങ്ങൾ, 2013 മുതൽ 2020 വരെ

| അപകടങ്ങൾ | 2016 | 2017 | 2018 | 2019 | 2020 | 31 ജൂലൈ 2021 വരെ |
|---|---|---|---|---|---|---|
| മാരകമായവ | 156 | 180 | 187 | 162 | 117 | 114 |
| മരകമല്ലാത്തവ | 297 | 507 | 405 | 307 | 292 | 220 |

ഉറവിടം: ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് ഡിപ്പാർട്ട്മെന്റ്, കേരള സർക്കാർ

## വ്യാവസായിക തർക്കങ്ങൾ

തൊഴിലാളിയും തൊഴിലുടമയും തമ്മിലുള്ള പരാതികൾ ഉന്നയിക്കുന്നതിനും പരിഹരിക്കുന്നതിനും ഒരു വേദി ഒരുക്കുക എന്നത് സംസ്ഥാനത്ത് യോജിച്ച തൊഴിൽ ബന്ധങ്ങൾ ഉറപ്പാക്കുന്നതിന് അത്യന്താപേക്ഷിതമാണ്. 1947–ലെ വ്യാവസായിക തർക്ക നിയമം, സംഘടിത മേഖലയ്ക്ക് മാത്രം ബാധകമാണെങ്കിലും അതിനുള്ള നിയമ ചട്ടക്കൂട് നൽകുന്നു. ഇത് ലേ ഓഫ്, റിട്രെഞ്ച്മെന്റ് എന്നിവയും നിയന്ത്രിക്കുന്നു.

2020–21 വർഷത്തിന്റെ തുടക്കത്തിൽ തീർപ്പാക്കാത്ത തർക്കങ്ങളുടെ എണ്ണം 3,139 ഉം, 2020–21 ൽ ഉയർന്നുവന്ന തർക്കങ്ങളുടെ എണ്ണം 3,031 ഉം ആയിരുന്നു. 2020–21 വർഷത്തിൽ കൈകാര്യം ചെയ്ത തർക്കങ്ങളുടെ ആകെ എണ്ണം 6,107 ആണ്. 2020–21 വർഷത്തിൽ തീർപ്പാക്കിയ തർക്കങ്ങളുടെ എണ്ണം 1,981 ആയിരുന്നു. 2020–21 വർഷത്തിൽ 63 ശതമാനം തർക്കങ്ങളും പരിഹരിച്ചതായി ഇത് സൂചിപ്പിക്കുന്നു. വ്യവസായ തർക്കങ്ങളുടെയും ഒത്തുതീർപ്പുകളുടെയും വിശദാംശങ്ങൾ **അനുബന്ധം 7.1.5** ൽ കാണിച്ചിരിക്കുന്നു.

പണിമുടക്കുകളും ലോക്കൗട്ടുകളും പിരിച്ചുവിടലുകളും തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടാൻ കാരണമാകുന്നുണ്ട്. ഈ വർഷം (31.08.2021 വരെ) കേരളത്തിൽ വിവിധ കാരണങ്ങളാൽ നഷ്ടമായ തൊഴിൽ ദിനങ്ങൾ 8,35,090 ആണ്. വിശദാംശങ്ങൾ **അനുബന്ധം 7.1.6, 7.1.7, 7.1.8** എന്നിവയിൽ നൽകിയിരിക്കുന്നു.

## കേരളത്തിലെ തൊഴിലാളികൾക്കുള്ള സാമൂഹിക –സുരക്ഷാ സംവിധാനം

**എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് (ഇ.എസ്.ഐ) പദ്ധതി**

ജീവനക്കാർക്ക് അസുഖം, പ്രസവം, അംഗവൈകല്യം, തൊഴിലിനിടയിൽ സംഭവിക്കുന്ന അപകട എന്നിവക്ക് ജീവനക്കാർക്ക് സഹായം നൽകാനും ഇൻഷ്വർ ചെയ്ത വ്യക്തികൾക്കും അവരുടെ കുടുംബങ്ങൾക്കും വൈദ്യസഹായം നൽകാനും ഗവണ്മെന്റ് ഓഫ് ഇന്ത്യ ഇ.എസ്.ഐ സ്കീം ലക്ഷ്യമിടുന്നു. സമഗ്രമായ സാമൂഹിക സുരക്ഷാ വ്യവസ്ഥകൾ 1948–ലെ ഇ.എസ്.ഐ നിയമത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. പത്തോ അതിലധികമോ ആളുകൾക്ക് തൊഴിൽ നൽകുന്ന, നോൺ–സീസണൽ ഫാക്ടറികളിൽ (വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന) ജോലി ചെയ്യുന്ന എല്ലാ ജീവനക്കാരെയും, 20–ഓ അതിലധികമോ ആളുകൾക്ക് തൊഴിൽ നൽകുന്ന വൈദ്യുതി ഉപയോഗിക്കാത്ത ഫാക്ടറികളിലെ ജീവനക്കാരെയും ഈ സ്കീം പരിരക്ഷിക്കുന്നു. കടകൾ, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, സിനിമാശാലകൾ, റോഡ് മോട്ടോർ ട്രാൻസ്പോർട്ട് സ്ഥാപനങ്ങൾ, പത്രസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്നവരും ഇതിൽ ഉൾപ്പെടുന്നു. ഇൻഷ്വർ ചെയ്ത ഓരോ ജീവനക്കാരനും അവരുടെ തൊഴിലുടമയും അവരുടെ വേതനത്തിന്റെ ഒരു നിശ്ചിത ശതമാനം എല്ലാ മാസവും ESIC–ലേക്ക് സംഭാവന ചെയ്യേണ്ടതുണ്ട്. കാലാകാലങ്ങളിൽ സീലിംഗ് വേതന നിരക്ക് പരിഷ്കരിക്കുന്നു. മിക്ക സാമൂഹിക സുരക്ഷാ പദ്ധതികളെയും പോലെ ഇ.എസ്.ഐ സ്കീമും പ്രവർത്തിക്കുന്നു. ഇത് ഒരു സ്വാശ്രയ ആരോഗ്യ ഇൻഷ്വറൻസ് സ്കീമാണ്, ശമ്പളത്തിന്റെ ഒരു നിശ്ചിത ശതമാനമായി പരിരക്ഷിത ജീവനക്കാരിൽ നിന്നും

അവരുടെ തൊഴിലുടമകളിൽ നിന്നും സംഭാവനകൾ സമാഹരിക്കുന്നു. പേയ്മെന്റുകൾ മാസാടിസ്ഥാനത്തിൽ നൽകണം. കേരളത്തിൽ 145 ഇ.എസ്.ഐ ഡിസ്പെൻസറികളും 9 ഇ.എസ്.ഐ ആശുപത്രികളുമുണ്ട്. ഇ.എസ്.ഐ ഡിസ്പെൻസറികളുടെയും ആശുപത്രികളുടെയും ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 7.1.9**–ൽ നൽകിയിരിക്കുന്നു.

**പട്ടിക 7.1.9** കേരളത്തിലെ കുടിയേറ്റ തൊഴിലാളികളുടെ ജില്ല തിരിച്ചുള്ള കണക്കാക്കിയ എണ്ണം, 2017–18–ൽ

| നം. | ജില്ലകൾ | അതിഥി തൊഴിലാളികളുടെ എണ്ണം (ലക്ഷത്തിൽ) |
|---|---|---|
| 1 | തിരുവനന്തപുരം | 3.4 |
| 2 | കൊല്ലം | 1.6 |
| 3 | പത്തനംതിട്ട | 1.6 |
| 4 | ആലപ്പുഴ | 2.4 |
| 5 | കോട്ടയം | 2.0 |
| 6 | ഇടുക്കി | 1.2 |
| 7 | എറണാകുളം | 6.3 |
| 8 | തൃശ്ശൂർ | 2.8 |
| 9 | പാലക്കാട് | 1.6 |
| 10 | മലപ്പുറം | 1.9 |
| 11 | കോഴിക്കോട് | 2.8 |
| 12 | വയനാട് | 0.8 |
| 13 | കണ്ണൂർ | 2.0 |
| 14 | കാസറഗോഡ് | 1.1 |
| 15 | ആകെ | 31.5 |

ഉറവിടം: കേരളത്തിലെ കുടിയേറ്റം, അനൗപചാരിക തൊഴിൽ, നഗരവൽക്കരണം എന്നിവയെക്കുറിച്ചുള്ള പഠനം.

## കേരളത്തിലെ അതിഥി തൊഴിലാളികൾ

2001 വരെ നമ്മുടെ അയൽ സംസ്ഥാനങ്ങളായ തമിഴ്നാട്, കർണാടക, മഹാരാഷ്ട്ര എന്നിവിടങ്ങളിൽ നിന്നായിരുന്നു കേരളത്തിലേക്ക് കുടിയേറ്റ തൊഴിലാളികൾ പ്രധാനമായും വന്നു കൊണ്ടിരുന്നത്. എന്നാൽ 2011–ൽ ഈ പ്രവണത മാറി. സമീപ വർഷങ്ങളിൽ കേരളത്തിൽ വർദ്ധിച്ചുവരുന്ന കുടിയേറ്റ പ്രവണതകളിൽ പ്രധാന പങ്കുവഹിക്കുന്ന സംസ്ഥാനങ്ങളിൽ പശ്ചിമ ബംഗാൾ, അസം, ഒഡീഷ, ബീഹാർ എന്നിവ ഉൾപ്പെടുന്നു കേരളത്തിലെ കുടിയേറ്റം, അനൗപചാരിക തൊഴിൽ, നഗരവൽക്കരണം എന്നിവയെക്കുറിച്ചുള്ള ഒരു പഠനം – ഡോ. ജജാതി കേസരി പരിദ, ഡോ. കെ. രവിരാമൻ, സംസ്ഥാന ആസൂത്രണ ബോർഡ്, മാർച്ച് 2021' പ്രകാരം, കേരളത്തിലെ മൊത്തം അതിഥി തൊഴിലാളികളുടെ എണ്ണം 31.5 ലക്ഷമാണ് (എസ്റ്റിമേഷൻ). ഇത് കോവിഡ്–19–ന് മുമ്പുള്ള സാഹചര്യമാണ്; അതിഥി തൊഴിലാളികളുടെ കുറവ് കോവിഡ്–19 മഹാമാരിക്കും അതിനു ശേഷവുമുള്ള അവസ്ഥകളിൽ സംഭവിച്ചിരിക്കണം. നിർമാണ മേഖലയാണ് റാങ്കിൽ മുന്നിൽ. മൊത്തം ഇതര സംസ്ഥാന കുടിയേറ്റക്കാരിൽ ഏകദേശം 17.5 ലക്ഷം പേർ നിർമ്മാണ മേഖലയിൽ തന്നെ ഏർപ്പെട്ടിരിക്കുന്നതായി നിരീക്ഷിക്കപ്പെടുന്നു. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് ധാരാളം കുടിയേറ്റക്കാരെ ആകർഷിക്കുന്ന ഏറ്റവും പ്രബലമായ രണ്ടാമത്തെ മേഖലയാണ് നിർമ്മാണം. ഇതിൽ 6.3 ലക്ഷം കുടിയേറ്റക്കാർ ജോലി ചെയ്യുന്നു.

## കേരളത്തിലെ അതിഥി തൊഴിലാളികൾക്കായുള്ള പ്രധാന പദ്ധതികൾ

ആവാസ്: എല്ലാ അതിഥി തൊഴിലാളികൾക്കും കേരളം 'ആവാസ്' എന്ന മെഡിക്കൽ ഇൻഷുറൻസ് പദ്ധതി നൽകുന്നു. ഈ പദ്ധതി പ്രകാരം രാജ്യത്തെ മറ്റൊരു സംസ്ഥാനവും നൽകാത്ത 25,000 രൂപയുടെ മെഡിക്കൽ ഇൻഷുറൻസും, മരണാനന്തര സഹായമായി 2 ലക്ഷം രൂപ അവരുടെ ബന്ധുക്കൾക്കും ലഭിക്കാൻ അർഹതയുണ്ട്. കേരളത്തിലെ ജില്ലകളിൽ (31.08.2021 വരെ) മറ്റ് സംസ്ഥാനങ്ങളിൽ നിന്നും / കേന്ദ്ര ഭരണ പ്രദേശങ്ങളിൽ നിന്നും രജിസ്റ്റർ ചെയ്ത കുടിയേറ്റ തൊഴിലാളികളുടെ വിതരണം **അനുബന്ധം 7.1.10**–ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 7.1.10** ജില്ല തിരിച്ച ആവാസ് കാർഡിന്റെ വിശദാംശങ്ങൾ

| നം | ജില്ലകൾ | ഇഷ്യൂ ചെയ്ത കാർഡുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 61552 |
| 2 | കൊല്ലം | 24849 |
| 3 | പത്തനംതിട്ട | 24059 |
| 4 | ആലപ്പുഴ | 36926 |
| 5 | കോട്ടയം | 19551 |
| 6 | ഇടുക്കി | 32908 |
| 7 | എറണാകുളം | 112654 |
| 8 | തൃശ്ശൂർ | 41900 |
| 9 | പാലക്കാട് | 24694 |
| 10 | മലപ്പുറം | 29856 |
| 11 | കോഴിക്കോട് | 44363 |
| 12 | വയനാട് | 11558 |
| 13 | കണ്ണൂർ | 28723 |
| 14 | കാസറഗോഡ് | 15858 |
| 15 | ആകെ | 509451 |

അവലംബം: ലേബർ കമ്മീഷണറേറ്റ്, കേരള സർക്കാർ

ആവാസ് പദ്ധതിയിൽ ഏറ്റവും കൂടുതൽ കുടിയേറ്റക്കാർ രജിസ്റ്റർ ചെയ്തത് എറണാകുളം ജില്ലയിലാണ്. എറണാകുളം ജില്ലയിൽ ഒരു ലക്ഷത്തിലധികം അതിഥി തൊഴിലാളികൾ ആവാസ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്, തൊട്ടു പിന്നാലെ തിരുവനന്തപുരം (61,552), കോഴിക്കോട് (44,363) എന്നിവയാണ് ലേബർ കമ്മീഷണറേറ്റിന്റെ ഭാഗത്തുനിന്ന് അനുകൂലമായ പ്രതികരണങ്ങൾ ഉണ്ടായിട്ടും രജിസ്റ്റർ ചെയ്ത അതിഥി തൊഴിലാളികളുടെ എണ്ണം ഇപ്പോഴും 5 ലക്ഷമാണ്. കേരളത്തിലെ എല്ലാ അതിഥി തൊഴിലാളികളെയും ഈ വിഭാഗത്തിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ ലേബർ കമ്മീഷണറേറ്റ് സ്വീകരിച്ചുവരികയാണ്.

അപ്നാഘർ: കുടിയേറ്റ തൊഴിലാളികൾക്ക് മിതമായ നിരക്കിൽ വാസസ്ഥലങ്ങൾ നൽകുന്നതിനായി സർക്കാർ 'അപ്നാഘർ പദ്ധതി' ആരംഭിച്ചു. കേരളത്തിൽ ജോലി ചെയ്യുമ്പോൾ അന്തർസംസ്ഥാന കുടിയേറ്റ തൊഴിലാളികൾക്ക് വാടക അടിസ്ഥാനത്തിൽ നല്ല നിലവാരമുള്ളതും ശുചിത്വമുള്ളതും സുരക്ഷിതവുമായ ഹോസ്റ്റൽ താമസസൗകര്യം നൽകുന്ന പദ്ധതിയാണിത്. പങ്കിടുന്ന മുറികൾ, ഒന്നിലധികം അടുക്കളകൾ, മെസ് ഏരിയകൾ, കുളിമുറി, ടോയ്‌ലറ്റുകൾ, വിനോദ സൗകര്യങ്ങൾ എന്നിവ ഉപയോഗിച്ചാണ് ഈ ഹോസ്റ്റലുകൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഈ ഹോസ്റ്റലുകളിൽ മലിനജല ശുദ്ധീകരണ പ്ലാന്റ്, മഴവെള്ള സംഭരണം, ഡീസൽ ജനറേറ്റർ ബാക്കപ്പ്, സിസിടിവി സംവിധാനങ്ങൾ എന്നിവയും ഉണ്ട്. ഭവനം ഫൗണ്ടേഷൻ കേരള, കോഴിക്കോട് ജില്ലയിലെ കിനാലൂരിലുള്ള കെ.എസ്.ഐ.ഡി.സി ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററിനുള്ളിൽ 520 ഓളം ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളികൾക്കായി അപ്നാ ഘർ പദ്ധതി പ്രകാരം ഹോസ്റ്റൽ നടപ്പിലാക്കുന്നതിനായി ഒരേക്കർ സ്ഥലം പാട്ടത്തിനെടുത്തിട്ടുണ്ട്.

### കോവിഡ്-19 മഹാമാരി കാലത്തുള്ള (2020) തൊഴിൽ വകുപ്പിന്റെ പ്രവർത്തനങ്ങൾ

തൊഴിൽ വകുപ്പിന്റെ ഇടപെടലിന്റെ ഫലമായി, പകർച്ചവ്യാധി സമയത്ത് ഒരു അതിഥി തൊഴിലാളിക്കും ഭക്ഷണവും കുടിവെള്ളവും മറ്റ് അവശ്യ സൗകര്യങ്ങളും നിഷേധിക്കപ്പെട്ടില്ല. ഏതെങ്കിലും തരത്തിലുള്ള നിയമവിരുദ്ധമായ ഒഴിപ്പിക്കലുകൾക്കെതിരെ കെട്ടിട ഉടമകൾക്ക് കർശന മുന്നറിയിപ്പ് നൽകിയിരുന്നു. കുടുംബശ്രീയുടെ നേതൃത്വത്തിൽ ‘കമ്മ്യൂണിറ്റി കിച്ചൻ’ വഴി തൊഴിലാളികൾക്ക് ഭക്ഷണം നൽകി സംസ്ഥാനം മികച്ച മാതൃക സൃഷ്ടിച്ചു. ലോക്ക്ഡൗൺ കാലത്ത് അതിഥി തൊഴിലാളികൾക്ക് മാന്യമായ താമസ സൗകര്യവും ആരോഗ്യപരിരക്ഷയും എല്ലാ ആവശ്യങ്ങളും നൽകി കേരളം അവരെ പരിചരിച്ചു.

എന്നിരുന്നാലും, അതിഥി തൊഴിലാളികളിൽ പലരും നാട്ടുകളിലേക്ക് പോകാൻ ആഗ്രഹിച്ചതിനാൽ, അവർക്ക് അതത് സ്ഥലങ്ങളിലെത്താൻ പ്രാപ്തമാക്കുന്നതിന് സർക്കാർ ഗതാഗത സൗകര്യം മുൻകൂട്ടി ക്രമീകരിച്ചു. 2020 ജൂൺ 3 വരെ, 102 ട്രെയിനുകൾ 1,38,870 (ഒരു ലക്ഷത്തി മുപ്പത്തി എട്ടായിരത്തി എണ്ണൂറ്റി എഴുപത് മാത്രം) തൊഴിലാളികളെ വിവിധ സ്ഥലങ്ങളിലേക്ക് കൊണ്ടുപോയി. വീട്ടിലേക്ക് മടങ്ങാൻ തയ്യാറുള്ള എല്ലാ അതിഥി തൊഴിലാളികളെയും അയക്കുന്നതിനുള്ള വിശദമായ പദ്ധതി നേരത്തെ തയ്യാറാക്കുകയും അതിനനുസരിച്ച് ട്രെയിനുകൾ ഷെഡ്യൂൾ ചെയ്യുകയും ചെയ്തിരുന്നു.കോവിഡ്-19 പകർച്ചവ്യാധിയുടെ പശ്ചാത്തലത്തിൽ, അതിഥി തൊഴിലാളികളുടെ പരാതികൾ പരിഹരിക്കുന്നതിന് ലേബർ കമ്മീഷണറേറ്റ് 24 മണിക്കൂറും പ്രവർത്തിക്കുന്ന കോൾ സെന്ററിനൊപ്പം തൊഴിൽ വകുപ്പ് എല്ലാ ജില്ലകളിലും ഹെൽപ്പ് ലൈൻ/കോൾ സെന്ററുകൾ ആരംഭിച്ചിരുന്നു. തൊഴിലാളികളുമായി സംവദിക്കുന്നതിനും അവരുടെ പരാതികൾ പരിഹരിക്കുന്നതിനുമായി മതിയായ എണ്ണം ബഹുഭാഷാ ഉദ്യോഗസ്ഥരെ കോൾ സെന്ററുകളിൽ വിന്യസിച്ചിട്ടുണ്ട്.

### കോവിഡ് മഹാമാരി പൊട്ടിപ്പുറപ്പെടുന്ന സമയത്ത് തൊഴിൽ വകുപ്പിന്റെ പ്രവർത്തനങ്ങൾ (2021)

കോവിഡ്-19 പകർച്ചവ്യാധിയുടെ പശ്ചാത്തലത്തിൽ, തൊഴിൽ വകുപ്പിന് കീഴിലുള്ള എല്ലാ ക്ഷേമനിധി ബോർഡുകളിലെയും അംഗങ്ങൾക്ക് ആദ്യ ഘട്ട ധന സഹായമായി 357.38 കോടി രൂപ സർക്കാർ അനുവദിച്ചു, അതിൽ 18,49,785 ഗുണഭോക്താക്കൾക്കായി 187.22 കോടി രൂപ വിതരണം ചെയ്തു. രണ്ടാം ഘട്ട ധനസഹായമായി 210.32 കോടി രൂപ സർക്കാർ അനുവദിച്ചു.

സംസ്ഥാനത്തെ അതിഥി തൊഴിലാളികളുടെ ഡൈനാമിക് ഡാറ്റാ ബേസും അവരുടെ ഒഴുക്കും അവർക്ക് വിവിധ സൗകര്യങ്ങൾ നൽകുന്നതിന് അത്യന്താപേക്ഷിതമാണ്. അതിഥി തൊഴിലാളികൾക്ക് ജോലി, പാർപ്പിടം, മറ്റ് സൗകര്യങ്ങൾ തുടങ്ങി എല്ലാ ആവശ്യങ്ങളും കൈകാര്യം ചെയ്യുന്നതിനായി വകുപ്പ് ഒരു മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിക്കുന്നു. ഇതിലൂടെ ഗവൺമെന്റിന് സംസ്ഥാനത്തെ അതിഥി തൊഴിലാളികളുടെ കൃത്യമായ വിവരങ്ങൾ ലഭ്യമാക്കാനും അവർക്ക് സൗകര്യങ്ങൾ (പ്രത്യേകിച്ച് പകർച്ചവ്യാധികൾ പടരുന്ന സമയത്ത് പ്രതിരോധ കുത്തിവയ്പ്പുകളും ക്വാറന്റൈൻ സൗകര്യങ്ങളും ഉൾപ്പെടെ) ഉറപ്പാക്കാനും കഴിയും.

മടങ്ങിവരുന്ന കുടിയേറ്റ തൊഴിലാളികളെ കൈകാര്യം ചെയ്യുന്നതിനുള്ള മൊബൈൽ ആപ്ലിക്കേഷനും പോർട്ടലും വികസിപ്പിക്കുന്നതിന് വകുപ്പിന്റെ ആവശ്യകതകൾ വിവരിക്കുന്ന ഒരു ഉപഭോക്തൃ ആവശ്യകത സ്പെസിഫിക്കേഷൻ ഡോക്യുമെന്റ് ലേബർ കമ്മീഷണർ തയ്യാറാക്കി കൈമാറി. കുടിയേറ്റ തൊഴിലാളികളെയും തൊഴിലുടമകളെയും കരാറുകാരെയും രജിസ്റ്റർ ചെയ്യാനും കുടിയേറ്റ തൊഴിലാളികളുടെ ഫോട്ടോയും, ബയോമെട്രിക്കും ശേഖരിച്ച് അവർക്ക് ആരോഗ്യ സംരക്ഷണ സൗകര്യങ്ങൾ നൽകാനും അവരുടെ സ്ഥാനം രേഖപ്പെടുത്താനും അവർക്ക് ക്വാറന്റൈൻ സൗകര്യങ്ങളും മറ്റ് ക്ഷേമ നടപടികളും നൽകാനും വകുപ്പ് വിഭാവനം ചെയ്യുന്നു. ബയോമെട്രിക്സ്, ലൊക്കേഷൻ ഡാറ്റ തുടങ്ങിയ അതിഥി തൊഴിലാളികളുടെ സെൻസിറ്റീവ് ഡാറ്റ പരിരക്ഷിക്കുന്നതിന് വകുപ്പ് ഒരു ഡാറ്റാ മാനേജ്മെന്റ് നയം വികസിപ്പിക്കും. പോളിസിയുടെ അടിസ്ഥാനത്തിൽ മാത്രം ഡാറ്റ കൈകാര്യം ചെയ്യുകയും പങ്കിടുകയും ചെയ്യും.

മൊബൈൽ ആപ്ലിക്കേഷന്റെയും വെബ് പോർട്ടലിന്റെയും വികസനത്തിനായി എൻ.ഐ.സിയെ ചുമതലപ്പെടുത്തിയിരിക്കുന്നു. വെബ് പോർട്ടലിന്റെ വികസനം പൂർത്തിയായി. മൊബൈൽ ആപ് വികസിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലാണ്.

കോവിഡ്-19 ന്റെ രണ്ടാം ഘട്ടത്തിൽ, തൊഴിൽ വകുപ്പ് അതിഥി തൊഴിലാളികളുടെ വിവരങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ ശേഖരിച്ചു. ലോക്ക്ഡൗൺ കാലയളവിലും, അതിഥി തൊഴിലാളികളുടെ ജോലി, ഭക്ഷണം, മരുന്ന്, ചികിത്സ, പരിശോധന, വാക്സിനേഷൻ, കോവിഡുമായി ബന്ധപ്പെട്ട മുൻകരുതലുകൾ എന്നിവ സംബന്ധിച്ച ആശങ്കകൾ പരിഹരിക്കാൻ വകുപ്പും ശ്രമിക്കുന്നു. വകുപ്പിലെ ലേബർ ഓഫീസർമാർ ബോധവൽക്കരണ ക്യാമ്പുകൾ നടത്തുകയും കുടിയേറ്റ തൊഴിലാ

ളികൾക്ക് സന്ദേശങ്ങൾ അയയ്ക്കുകയും ചെയ്തു. വ്യാജ സന്ദേശങ്ങൾ പ്രചരിപ്പിച്ച് കുടിയേറ്റ തൊഴിലാളികൾക്കിടയിൽ പരിഭ്രാന്തി ഉണ്ടാകാതിരിക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. 1.4 ലക്ഷം തൊഴിലാളികളുടെ വിവരങ്ങൾ വകുപ്പ് ഇതിനകം ശേഖരിച്ചിട്ടുണ്ട്. അതിഥി തൊഴിലാളികൾ കൂട്ടതലായി ഏർപ്പെട്ടിരിക്കുന്നിടത്ത് നിർമ്മാണ പ്രവർത്തനങ്ങൾ (കോവിഡ് പ്രോട്ടോക്കോൾ കർശനമായി പാലിക്കൽ) പോലെ തുടരാൻ അനുമതി നൽകി. ജില്ലാ ഭരണകൂടത്തിന്റെ സഹായത്തോടെ കുടിയേറ്റ തൊഴിലാളികൾക്ക് മാത്രമായി പ്രത്യേക CFLTC-കൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. അതിഥി തൊഴിലാളികൾക്കുള്ള ഭക്ഷണ കിറ്റ് വിതരണം സിവിൽ സപ്ലൈസ് വകുപ്പിന്റെ സഹായത്തോടെ ആരംഭിച്ചു. അതിഥി തൊഴിലാളികൾക്ക് വാക്സിനേഷൻ സൗകര്യമൊരുക്കാൻ നടപടി സ്വീകരിച്ചു.

കാര്യക്ഷമത വർധിപ്പിക്കുന്നതിനും തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും പുതിയ സുതാര്യമായ തൊഴിൽ സംസ്കാരം വികസിപ്പിക്കുന്നതിനും തൊഴിൽ മേഖലയിൽ സമാധാനവും വ്യാവസായിക ഐക്യവും ഉറപ്പാക്കുകയാണ് കേരളം ലക്ഷ്യമിടുന്നത്. തൊഴിലാളിയും, തൊഴിലുടമയും തമ്മിലുള്ള നല്ല ബന്ധം വളർത്തിയെടുക്കുന്നതിനും ജീവനക്കാർക്കിടയിൽ അവകാശങ്ങൾ മാത്രമല്ല, കടമകളെക്കുറിച്ചും അവബോധം സൃഷ്ടിക്കുന്നതിലും തൊഴിൽ വകുപ്പ് ഊന്നൽ നൽകുന്നു. തൊഴിലുടമകളുടെയും ജീവനക്കാരുടെയും താൽപ്പര്യങ്ങളും അവകാശങ്ങളും സംരക്ഷിക്കപ്പെടേണ്ടതുണ്ട്.

# 7.2 തൊഴിൽ

## തൊഴിൽ രംഗം: ഇന്ത്യയും കേരളവും

നാഷണൽ സാമ്പിൾ സർവ്വേ ഓർഗനൈസേഷന്റെ (എൻഎസ്എസ്ഒ) ക്വിൻക്വിനിയൽ എംപ്ലോയ്മെന്റ് ആന്റ് അൺ എംപ്ലോയ്മെന്റ് സർവ്വേകൾ നിർത്തലാക്കി കൊണ്ട് കേന്ദ്ര സർക്കാർ 2017-ൽ സമാരംഭിച്ച തൊഴിൽ വിവരങ്ങളുടെ ഒരു പുതിയ ശ്രേണിയാണ് പീരിയോഡിക് ലേബർ ഫോഴ്സ് സർവ്വേ (പിഎൽഎഫ്എസ്). ഇപ്പോൾ സ്റ്റാറ്റിസ്റ്റിക്സ് ആന്റ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയത്തിന് കീഴിലുള്ള ദേശീയ സ്റ്റാറ്റിസ്റ്റിക്കൽ ആഫീസാണ് വാർഷിക അടിസ്ഥാനത്തിൽ തൊഴിൽ വിവരങ്ങൾ കണക്കാക്കുന്നത്. ദേശീയ തലത്തിലേയും സംസ്ഥാന തലത്തിലേയും തൊഴിലിനെയും തൊഴിലില്ലായ്മയെയും കുറിച്ചുള്ള വിവരം നൽകുന്ന പ്രാഥമിക ഉറവിടം ഇപ്പോൾ പിഎൽഎഫ്എസ് ഡേറ്റകളാണ്. ഇന്ത്യാ ഗവൺമെന്റിന്റെ മൂന്നാമത്തെ പിഎൽഎഫ്എസ്–2019–20 റിപ്പോർട്ട് 2021 ജൂലൈയിൽ പുറത്തിറക്കി. 2019 ജൂലൈ മുതൽ 2020 ജൂൺ വരെ എൻഎസ്ഒ നടത്തിയ സർവേകളെ അടിസ്ഥാനമാക്കിയുള്ളതാണ് ഈ റിപ്പോർട്ട്. 12,569 ഫസ്റ്റ് സ്റ്റേജ് യൂണിറ്റുകളിലായി (6,913 വില്ലേജുകളിലും 5,656 നഗര ബ്ലോക്കുകളിലും) 1,00,480 വീടുകളിൽ (ഗ്രാമീണ പ്രദേശങ്ങളിൽ 55,291, നഗരപ്രദേശങ്ങളിൽ 45,189) 4,18,297 ആളുകളെയും (ഗ്രാമീണ പ്രദേശങ്ങളിൽ 2,40,231, നഗര പ്രദേശങ്ങളിൽ 1,78,066) കണക്കിലെടുത്താണ് സർവേ നടത്തിയിട്ടുള്ളത്. ജനസംഖ്യയെ ആക്ടിവിറ്റി സ്റ്റാറ്റസുകൾ അനുസരിച്ച് തരംതിരിക്കുന്നതിനുള്ള സർവ്വേയിൽ സ്വീകരിച്ച യൂഷ്വൽ സ്റ്റാറ്റസ് (പിഎസ്+എസ്എസ്) സമീപനത്തെയും നിലവിലെ പ്രതിവാര സ്റ്റാറ്റസ് സമീപനത്തെയും അടിസ്ഥാനമാക്കിയാണ് തൊഴിൽ ശക്തി സൂചകങ്ങളുടെ എസ്റ്റിമേറ്റ് ഈ റിപ്പോർട്ടിൽ അവതരിപ്പിച്ചിരിക്കുന്നത്. യൂഷ്വൽ സ്റ്റാറ്റസ് (പി എസ് + എസ് എസ്) സമീപനത്തിനുള്ള റഫറൻസ് കാലയളവ് ഒരു വർഷവും നിലവിലെ പ്രതിവാര സ്റ്റാറ്റസ് സമീപനത്തിന്റെ കാലയളവ് ഒരാഴ്ചയുമാണ്.

## തൊഴിലില്ലായ്മാ നിരക്ക്

തൊഴിലില്ലായ്മ നിരക്ക് എന്നത് തൊഴിൽ സേനയിലെ തൊഴിൽരഹിതരായ വ്യക്തികളുടെ ശതമാനമാണ്. പിഎൽഎഫ്എസ് സർവേകളിലെ യൂഷ്വൽ സ്റ്റാറ്റസും (പി.എസ്. + എസ്.എസ്) പ്രതിവാര സ്റ്റാറ്റസും അനുസരിച്ചാണ് ഇത് കണക്കാക്കുന്നത്. ഇത് തൊഴിൽ ശക്തിയുടെ ഉപയോഗപ്പെടുത്താത്ത ഭാഗത്തെയാണ് കാണിക്കുന്നത്. കേന്ദ്രസർക്കാരിന്റെ കീഴിലുള്ള എൻ.എസ്.ഒ 2019 ജൂലൈ മുതൽ 2020 ജൂൺ വരെ നടത്തിയ പീരിയോഡിക് ലേബർ ഫോഴ്സ് സർവ്വേ (പി.എൽ.എഫ്.എസ്) പ്രകാരം പ്രധാന സംസ്ഥാനങ്ങളിൽ 15 വയസ്സും അതിൽ കൂടുതലുമുള്ള വ്യത്യസ്ത പൊതു വിദ്യാഭ്യാസ തലത്തിലുള്ളവരുടെ തൊഴിലില്ലായ്മ നിരക്ക് യൂഷ്വൽ സ്റ്റാറ്റസ് (പി.എസ്. + എസ്.എസ്) പ്രകാരം കേരളത്തിൽ, 10 ശതമാനവും അഖിലേന്ത്യാ തലത്തിൽ 4.8 ശതമാനവുമാണ് **(ചിത്രം 7.2.1).**

ഇന്ത്യയിലെ തൊഴിലില്ലായ്മ നിരക്ക് 2018–19–ൽ 5.8 ശതമാനമായിരുന്നത് 2019–20–ൽ 4.8 ശതമാനമായി കുറഞ്ഞു. 2019–20–ൽ പുരുഷന്മാർക്കിടയിലെ തൊഴിലില്ലായ്മ നിരക്ക് 5 ശതമാനവും സ്ത്രീകൾക്കിടയിലേത് 4.2 ശതമാനവുമാണ്. 2018–19 ൽ ഈ നിരക്കുകൾ യഥാക്രമം 6.0 ശതമാനവും 5.2 ശതമാനവും ആയിരുന്നു. 2019–20–ൽ ഗ്രാമപ്രദേശങ്ങളിൽ പുരുഷൻമാരുടെ തൊഴിലില്ലായ്മ നിരക്ക് 4.5 ശതമാനവും സ്ത്രീകളുടേത് 2.6 ശതമാനവുമാണ്. നഗരപ്രദേശങ്ങളിൽ പുരുഷന്മാരുടെ തൊഴിലില്ലായ്മ നിരക്ക് 6.4 ശതമാനവും സ്ത്രീകളുടേത് 8.9 ശതമാനവുമാണ്.

കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് 2018–19 ലെ 9 ശതമാനത്തിൽ നിന്നും 2019–20 ആയപ്പോഴേക്കും 10 ശതമാനമായി വർദ്ധിച്ചു. തൊഴിലില്ലായ്മ നിരക്ക് പുരുഷന്മാർക്കിടയിൽ 7.4 ശതമാനവും സ്ത്രീകൾക്കിടയിൽ 15.1 ശതമാനവുമാണ്. തൊഴിലില്ലായ്മ നിരക്ക് ഗ്രാമപ്രദേശങ്ങളിൽ പുരുഷന്മാരുടേത് 7.3 ശതമാനവും സ്ത്രീകളുടേത് 13.8 ശതമാനവും, അതേസമയം നഗര പ്രദേശങ്ങളിൽ പുരുഷന്മാരുടേത് 7.4 ശതമാനവും സ്ത്രീകളുടേത് 16.7 ശതമാനവുമാണ്.


സംസ്ഥാനങ്ങളിലേയും/കേന്ദ്രഭരണ പ്രദേശങ്ങളിലേയും 15 വയസ്സും അതിൽ കൂടുതലുമുള്ളവരുടെ യൂഷ്വൽസ്റ്റാറ്റസ് (പി.എസ്. + എസ്.എസ്) പ്രകാരമുള്ള തൊഴിലില്ലായ്മ നിരക്കിന്റെ വിശദാംശങ്ങൾ **അനുബന്ധം 7.2.1**–ൽ കൊടുത്തിരിക്കുന്നു.

യൂഷ്വൽ സ്റ്റാറ്റസ് (പി.എസ് + എസ്.എസ്) രീതിയനുസരിച്ച് 15 വയസ്സും അതിന് മുകളിലുമുള്ള വ്യക്തികളുടെ തൊഴിലില്ലായ്മാ നിരക്ക് സംസ്ഥാനങ്ങൾക്കിടയിൽ ഏറ്റവും കുറവ് ലഡാക്കിലാണ് (0.1 ശതമാനം). ഇന്ത്യയുടെ മൊത്തം തൊഴിലില്ലായ്മ നിരക്കി

**ബോക്സ് 7.2.1** ആഗോള തൊഴിൽ കാഴ്ചപ്പാട്

ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷൻ പ്രസിദ്ധീകരിച്ച വേൾഡ് എംപ്ലോയ്മെന്റ് ആന്റ് സോഷ്യൽ ഔട്ട്ലുക്ക്- ട്രെൻഡ്സ് 2021 അനുസരിച്ച് 2009 നും 2018 നും ഇടയിൽ തൊഴിലില്ലായ്മ നിരക്കിലുണ്ടായ ക്രമാനുഗതമായ കുറവ് 2021 ൽ നിലച്ചതായി കാണാം. കോവിഡ്–19 മഹാമാരിയും തൊഴിൽ ലഭ്യത കുറവും തൊഴിലവസരങ്ങൾ കുറയുന്നതിന് കാരണമായി. തൊഴിൽ വളർച്ചാ പ്രവചനം സൂചിപ്പിക്കുന്നത് 2021–ൽ 100 ദശലക്ഷം തൊഴിലവസരങ്ങളും, 2022–ൽ 23 ദശലക്ഷം തൊഴിലവസരങ്ങളും സൃഷ്ടിക്കുമെന്നതാണ്. മഹാമാരിമൂലം തൊഴിലില്ലുണ്ടാകുന്ന കുറവ് 2021–ൽ 75 ദശലക്ഷവും, 2022–ൽ 23 ദശലക്ഷവുമാകാൻ ഇടയുണ്ടെന്ന് പ്രവചിക്കപ്പെടുന്നു. 2022–ൽ ആഗോള തൊഴിലില്ലായ്മ 205 ദശലക്ഷത്തിൽ എത്തുമെന്നും, തൊഴിലില്ലായ്മ നിരക്ക് 5.7 ശതമാനമാകുമെന്നും പ്രതീക്ഷിക്കുന്നു.

**ചിത്രം 7.2.1** ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലേയും/കേന്ദ്രഭരണ പ്രദേശങ്ങളിലേയും15 വയസ്സും അതിൽ കൂടുതലുമുള്ളവരുടെ യൂഷ്വൽ സ്റ്റാറ്റസ് (പി.എസ്. + എസ്.എസ്) പ്രകാരമുള്ള തൊഴിലില്ലായ്മ നിരക്കുകൾ, ശതമാനത്തിൽ




അവലംബം: പി.എൽ.എഫ്.എസ് റിപ്പോർട്ട്, കേന്ദ്ര സർക്കാർ, 2019-20

നേക്കാൾ (4.8 ശതമാനം) കുറഞ്ഞ തൊഴിലില്ലായ്മ നിരക്കുള്ള മറ്റ് സംസ്ഥാനങ്ങളാണ് ആന്ധ്രാപ്രദേശ് (4.7 ശതമാനം), ഛത്തിസ്ഗഢ് (3.3 ശതമാനം), ഗുജറാത്ത് (2 ശതമാനം), ഹിമാചൽപ്രദേശ് (3.7 ശതമാനം), ജാർഖണ്ഡ് (4.2 ശതമാനം), കർണ്ണാടകം (4.2 ശതമാനം), മധ്യപ്രദേശ് (3 ശതമാനം), മഹാരാഷ്ട്ര (3.2 ശതമാനം), മേഘാലയ (2.7 ശതമാനം), രാജസ്ഥാൻ (4.5 ശതമാനം), സിക്കിം (2.2 ശതമാനം), ത്രിപുര (3.2 ശതമാനം), ഉത്തർപ്രദേശ് (4.4 ശതമാനം), പശ്ചിമ ബംഗാൾ (4.6 ശതമാനം).


ഇന്ത്യയിൽ 15 വയസ്സും അതിനു മുകളിലും ഉള്ള അഭ്യസ്ഥവിദ്യരായവരുടെ (സെക്കന്ററി വിദ്യാഭ്യാസവും അതിനുമുകളിലും) യൂഷ്വൽ സ്റ്റാറ്റസ് (പി.എസ്.+എസ്.എസ്) തൊഴിലില്ലായ്മ നിരക്ക് 10.1 ശതമാനവുമാണ്, ഗ്രാമ പ്രദേശങ്ങളിൽ ഇത് 9.9 ശതമാനവും, നഗരപ്രദേശങ്ങളിൽ 10.3 ശതമാനവുമാണ്. ഇതിൽ ഗ്രാമപ്രദേശങ്ങളിലെ പുരുഷന്മാരുടെയും സ്ത്രീകളുടെയും തൊഴിലില്ലായ്മ നിരക്ക് യഥാക്രമം 9.3 ശതമാനവും, 12.2 ശതമാനവും, നഗരപ്രദേശങ്ങളിൽ പുരുഷന്മാരുടെ തൊഴിലില്ലായ്മ നിരക്ക് 8.7 ശതമാനവും, സ്ത്രീകളുടെ തൊഴിലില്ലായ്മ നിരക്ക് 16.2 ശതമാനവുമാണ്.

കേരളത്തിലെ വിദ്യാസമ്പന്നരായ (സെക്കന്ററി വിദ്യാഭ്യാസവും അതിനുമുകളിലും) 15 വയസ്സും അതിൽ കൂടുതലുമുള്ളവരുടെ തൊഴിലില്ലായ്മ നിരക്ക് 16.7 ശതമാനമാണ്, ഗ്രാമ പ്രദേശങ്ങളിൽ ഇത് 17.0 ശതമാനവും, നഗര പ്രദേശങ്ങളിൽ 16.4 ശതമാനവുമാണ് **(അനുബന്ധം 7.2.2).**

നിലവിലെ പ്രതിവാര സ്റ്റാറ്റസ് പ്രകാരം 15 വയസ്സിനും അതിന് മുകളിലും പ്രായമുള്ള പുരുഷന്മാരുടേയും സ്ത്രീകളുടേയും തൊഴിലില്ലായ്മാനിരക്ക് ഇന്ത്യയിൽ 8.8 ശതമാനവും, കേരളത്തിൽ 16.7 ശതമാനവുമാണ്. ഇതിൽ ഗ്രാമീണ മേഖലയിലെ പുരുഷന്മാരുടെ തൊഴിലില്ലായ്മ നിരക്ക് 8.7 ശതമാനവും സ്ത്രീകളുടേത് 5.5 ശതമാനവുമാണ്. അതേസമയം നഗരപ്രദേശങ്ങളിൽ ഇത് പുരുഷന്മാരിൽ 10.5 ശതമാനവും സ്ത്രീകളിൽ 12.4 ശതമാനവുമാണ്. കേരളത്തിലെ ഗ്രാമപ്രദേശങ്ങളിലെ തൊഴിലില്ലായ്മ നിരക്ക് പുരുഷന്മാരിൽ 14.1 ശതമാനവും സ്ത്രീകളിൽ 21.2 ശതമാനവുമാണ്, അതേ സമയം നഗരപ്രദേശങ്ങളിൽ തൊഴിലില്ലായ്മ നിരക്ക് പുരുഷന്മാരുടേത് 15.3 ശതമാനവും സ്ത്രീകളുടേത് 20.4 ശതമാനവുമാണ് **(അനുബന്ധം 7.2.3).**

കേരളത്തിലെ ഗ്രാമീണ പ്രദേശങ്ങളിലെ സ്ത്രീ–പുരുഷ തൊഴിലില്ലായ്മ നിരക്ക് യൂഷ്വൽ സ്റ്റാറ്റസ് രീതിയിലും (പി.എസ്+എസ്.എസ്) നിലവിലെ പ്രതിവാര സ്റ്റാറ്റസ് രീതിയിലും കണക്കാക്കിയപ്പോൾ അഖിലേന്ത്യാ ശരാശരിയേക്കാൾ വളരെ കൂടുതലാണ്. കേരളത്തിലെ സ്ത്രീ തൊഴിലില്ലായ്മ പ്രത്യേകിച്ചും ഗ്രാമീണ പ്രദേശങ്ങളിലേത് ആശങ്കയുളവാക്കുന്നെങ്കിലും കേരള

**ചിത്രം 7.2.2** കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് [(യൂഷ്വൽ സ്റ്റാറ്റസ് (പി.എസ്+എസ്.എസ്), (നിലവിലെ പ്രതിവാര സ്റ്റാറ്റസ് (സി ഡബ്ല്യൂ എസ്)] ശതമാനത്തിൽ




അവലംബം: പി.എൽ.എഫ്.എസ് റിപ്പോർട്ട്, കേന്ദ്രസർക്കാർ, 2019-20
കുറിപ്പ്: യൂഷ്വൽ സ്റ്റാറ്റസ് (പി.എസ്.+എസ്.എസ്) കണക്കിൽ പ്രിൻസിപ്പൽ സ്റ്റാറ്റസും, സബ്സിഡിയറി സ്റ്റാറ്റസ് എസ്റ്റിമേറ്റുകളും കൂട്ടിച്ചേർത്താണ് തൊഴിലില്ലാത്തവരെ കണക്കാക്കിയിട്ടുള്ളത്. നിലവിലെ പ്രതിവാര സ്റ്റാറ്റസ് പ്രകാരമുള്ള തൊഴിലില്ലായ്മ നിരക്കിന്റെ കണക്ക് ഹ്രസ്വ കാലമായ 7 ദിവസത്തെ അടിസ്ഥാനമാക്കിയുള്ള ഏകദേശ ചിത്രമാണ്.

ത്തിലെ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് (എൽ എഫ് പി ആർ) 25.8 ശതമാനമെന്നത് അഖിലേന്ത്യാ നിരക്കായ 20.6 ശതമാനത്തിനേക്കാൾ കൂടുതലാണ് **(അനുബന്ധം 7.2.4)**. പി.എൽ.എഫ്.എസ് റിപ്പോർട്ട് പ്രകാരം കേരളത്തിലെ തൊഴിലില്ലായ്മാ നിരക്ക് ഗ്രാമ പ്രദേശങ്ങളെ അപേക്ഷിച്ച് നഗര പ്രദേശങ്ങളിൽ കുറവാണ് **(ചിത്രം 7.2.2)**.


### യുവാക്കളുടെ തൊഴിലില്ലായ്മ നിരക്ക്

സാമ്പത്തിക വികസനത്തിന് യുവാക്കളുടെ (15–29 വയസ് പ്രായമുള്ളവർ) ഉൽപാദനക്ഷമമായ തൊഴിൽ അനിവാര്യ ഘടകമാണ്. അഖിലേന്ത്യാ തലത്തിൽ യുവജനങ്ങൾക്കിടയിലെ തൊഴിലില്ലായ്മ നിരക്ക്, പിഎൽഎഫ്എസ് (2019–20) ലും എൻഎസ്എസ്ഒയുടെ അവസാന മൂന്ന് ക്വിൻക്വീനിയൽ റൗണ്ടുകളിലും, കണക്കാക്കിയിട്ടുണ്ട്. 2004–05 മുതൽ 2011–12 വരെയുള്ള കാലയളവിൽ ഗ്രാമീണ പുരുഷ യുവാക്കളുടെ തൊഴിലില്ലായ്മ നിരക്ക് 3.9 ശതമാനം മുതൽ 5 ശതമാനം വരെ ആയിരുന്നെങ്കിലും, 2019–20–ൽ ഇത് 13.8 ശതമാനമായി ഉയർന്നു. അതേസമയം 2004–05 മുതൽ 2011–12 വരെയുള്ള കാലയളവിൽ ഗ്രാമീണ യുവജനങ്ങൾക്കിടയിലെ സ്ത്രീ തൊഴിലില്ലായ്മ നിരക്ക് 4.2 ശതമാനത്തിൽ നിന്ന് 4.8 ശതമാനം ആവുകയും, 2019–20 ൽ 10.3 ശതമാനമായി ഉയരുകയും ചെയ്തു. ഇതേ കാലയളവിൽ (2004–05 മുതൽ 2011–12 വരെ) നഗരങ്ങളിലെ യുവജനങ്ങൾക്കിടയിലെ തൊഴിലില്ലായ്മ പുരുഷന്മാരിൽ 7.5 ശതമാനത്തിൽ നിന്ന് 8.8 ശതമാനം ആകുകയും, തുടർന്ന് 2019–20 ആകുമ്പോഴേക്കും 18.2 ശതമാനമായി ഉയരുകയും ചെയ്തു. എന്നാൽ നഗരങ്ങളിലെ യുവജനങ്ങൾക്കിടയിലെ സ്ത്രീ തൊഴിലില്ലായ്മ നിരക്ക് 13.1 ശതമാനത്തിൽ നിന്നും 2011–12–ൽ 14.9 ശതമാനം ആവുകയും തുടർന്ന് 2019–20–ൽ ഇത് 24.9 ശതമാനമായി ഉയരുകയും ചെയ്തു.

കേരളത്തിന്റെ ജനസംഖ്യയുടെ, ഏകദേശം 23 ശതമാനത്തോളം യുവാക്കൾ ആണ്. മൊത്തം തൊഴിലില്ലായ്മ നിരക്കുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിലെ യുവജനങ്ങൾക്കിടയിലെ തൊഴിലില്ലായ്മ വളരെ ഉയർന്നതാണെന്ന് സർവ്വേ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ഇത് കേരളത്തിലെ യുവജനങ്ങൾക്കിടയിലെ തൊഴിലില്ലായ്മയുടെ തീവ്രത വെളിപ്പെടുത്തുന്നതാണ്. ഗ്രാമീണ പ്രദേശങ്ങളിലെ യുവജനങ്ങൾക്കിടയിലെ തൊഴിലില്ലായ്മ നിരക്ക് 36.9 ശതമാനവും നഗര പ്രദേശങ്ങളിലേത് 33.8 ശതമാനവുമാണ്. അതുപോലെ യുവജനങ്ങൾക്കിടയിൽ സ്ത്രീ തൊഴിലില്ലായ്മയാണ് പുരുഷ തൊഴിലില്ലായ്മയേക്കാൾ കൂടുതൽ. ഈ വിഭാഗത്തിന്റെ തൊഴിലില്ലായ്മ കണക്കുകൾ കാണിക്കുന്നത് പുരുഷന്മാരുമായി (26.8 ശതമാനം) താരതമ്യം ചെയ്യുമ്പോൾ 58.3 ശതമാനം സ്ത്രീകളും ഗ്രാമീണ മേഖലയിൽ തൊഴിലില്ലാത്തവരാണ് എന്നതാണ് **(ചിത്രം 7.2.3)**.

കേരളത്തിലെ യുവജനങ്ങൾക്കിടയിലെ തൊഴിലില്ലായ്മ വളരെ വ്യാപകമാകാനുള്ള കാരണം യുവജനങ്ങൾക്കിടയിൽ നൂതന മേഖലകൾക്കു വേണ്ടി വരുന്ന തൊഴിൽ പരിചയ കുറവും നൈപുണ്യ കുറവും മറ്റുമാണ്. ഈ വെല്ലുവിളികൾ അഭിമുഖീകരിക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള നൈപുണ്യ വികസനവുമായി ബന്ധപ്പെട്ട പരിപാടികളും, തൊഴിലവസരങ്ങൾ വർദ്ധി

**ചിത്രം 7.2.3** യൂഷ്വൽ സ്റ്റാറ്റസ് (പി.എസ്+എസ്.എസ്) പ്രകാരം കേരളത്തിലെയും ഇന്ത്യയിലെയും യുവജനങ്ങൾക്കിടയിലെ (15 മുതൽ 29 വയസ്സ് വരെ) തൊഴിലില്ലായ്മാ നിരക്ക് (ശതമാനത്തിൽ)




അവലംബം: പി.എൽ.എഫ്.എസ് റിപ്പോർട്ട്, കേന്ദ്രസർക്കാർ, 2019-20

ക്കുന്ന പരിപാടികളും കൂടുതൽ ഫലപ്രദമാക്കേണ്ടതും യുവജനങ്ങളെ മെച്ചപ്പെട്ട തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിന് പ്രാപ്തരാക്കേണ്ടതുമാണ്.


### സംഘടിത മേഖലയിലെ തൊഴിൽ

കേരളത്തിലെ സംഘടിത മേഖലയിൽ, തൊഴിലവസരങ്ങൾ ഏകദേശം നിശ്ചലമായി നിൽക്കുന്ന പ്രവണതയാണ് കാണിക്കുന്നത്. 2012–ൽ കേരളത്തിലെ സംഘടിത മേഖലയിൽ, തൊഴിലവസരങ്ങൾ 10.9 ലക്ഷമായിരുന്നത് 2021 (മാർച്ച് 31, 2021 വരെ) ആയപ്പോഴേക്കും നാമമാത്രമായി വർദ്ധിച്ച് 12.5 ലക്ഷമായി.

പൊതുമേഖലയും സ്വകാര്യ മേഖലയും ഉൾപ്പെടുന്നതാണ് സംഘടിത മേഖല. 2012 ന് ശേഷം സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ സാവധാനത്തിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്നത് ശ്രദ്ധേയമായ കാര്യമാണ്. 2021 ലെ കണക്കനുസരിച്ച് സംഘടിത മേഖലയിൽ തൊഴിലെടുക്കുന്ന ആകെയുള്ള 12.5 ലക്ഷം ജീവനക്കാരിൽ 5.6 ലക്ഷം (44.8 ശതമാനം) പേർ പൊതുമേഖലയിലും, 6.9 ലക്ഷം (55.2 ശതമാനം) പേർ സ്വകാര്യ മേഖലയിലും ആണ് തൊഴിൽ ചെയ്യുന്നത്. 2020 വർഷത്തെ അപേക്ഷിച്ച് 2021–ൽ പൊതുമേഖലയിലെ തൊഴിലവസരങ്ങൾ വർദ്ധിച്ചിട്ടുണ്ട് **(അനുബന്ധം 7.2.5, ചിത്രം 7.2.4).**

പൊതുമേഖലയിൽ തൊഴിലെടുക്കുന്നവരിൽ 46.6 ശതമാനം സംസ്ഥാന സർക്കാർ ജീവനക്കാരും, 10.8 ശതമാനം കേന്ദ്ര സർക്കാർ ജീവനക്കാരും, 23.6 ശതമാനം സംസ്ഥാന


**ചിത്രം 7.2.4** കേരളത്തിലെ സംഘടിത മേഖലയിലെ തൊഴിൽ – (ലക്ഷത്തിൽ)




അവലംബം: എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ് കേരള സർക്കാർ, 2021

അർദ്ധ സർക്കാർ ജീവനക്കാരും, 4.5 ശതമാനം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരും, 14.5 ശതമാനം കേന്ദ്ര അർദ്ധ സർക്കാർ ജീവനക്കാരുമാണ് **(അനുബന്ധം 7.2.6, ചിത്രം 7.2.5).**

**ചിത്രം 7.2.5** പൊതുമേഖലയിലെ തൊഴിൽ വിതരണം




അവലംബം: എംപ്ലോയ്മെന്റ് ഡയറക്റ്ററേറ്റ്, കേരള സർക്കാർ, 2021

2021 മാർച്ചിലെ ജില്ല തിരിച്ചുള്ള തൊഴിലവസരങ്ങളുടെ കണക്കുകൾ സൂചിപ്പിക്കുന്നത് ഏറ്റവും കൂടുതൽ ആളുകൾ തൊഴിലെടുക്കുന്നത് എറണാകുളം ജില്ലയിലും ഏറ്റവും കുറവ് വയനാട് ജില്ലയിലുമാണ്. എറണാകുളം ജില്ലയിൽ സംഘടിത മേഖലയിൽ തൊഴിലെടുക്കുന്നത് 2.6 ലക്ഷം ആളുകളാണ്. ഇത് സംസ്ഥാനത്തെ മൊത്തം തൊഴിലിന്റെ 21.2 ശതമാനം വരും. അതേ സമയം വയനാട് ജില്ലയിൽ സംഘടിത മേഖലയിൽ തൊഴിലെടുക്കുന്നവരുടെ എണ്ണം 0.4 ലക്ഷം ആണ്. ഇതാകട്ടെ സംസ്ഥാനത്തെ മൊത്തം തൊഴിലിന്റെ 2.8 ശതമാനം മാത്രമേയുള്ളൂ.

2020 ൽ പൊതു മേഖലയിലും സ്വകാര്യ മേഖലയിലും ജോലി ചെയ്യുന്നവരുടെ എണ്ണം യഥാക്രമം 5,54,919 ഉം, 6,99,447 ഉം ആണ്. എന്നാൽ 2021-ൽ പൊതുമേഖലയിൽ ജോലി ചെയ്യുന്നവരുടെ എണ്ണം 5,56,634 ആയി വർദ്ധിക്കുകയും സ്വകാര്യമേഖലയിൽ 6,91,134 ആയി കുറയുകയും ചെയ്തു **(അനുബന്ധം 7.2.7).**

കേരളത്തിൽ പൊതുമേഖലാ ജോലികളിൽ പുരുഷൻമാരാണ് സ്ത്രീകളേക്കാൾ എണ്ണത്തിൽ കൂടുതലുള്ളത്. എന്നാൽ സ്വകാര്യ മേഖലയിൽ സ്ത്രീകളുടെയും പുരുഷന്മാരുടെയും എണ്ണം ഏകദേശം തുല്യമാണ്. 2020-21 ൽ പൊതുമേഖലയിൽ ജോലി ചെയ്യുന്നവരിൽ 65.1 ശതമാനം പുരുഷൻമാരും, 34.9 ശതമാനം സ്ത്രീകളുമാണ്. പൊതുമേഖലയിലെ തൊഴിലിന്റെ കാര്യത്തിൽ ഏറ്റവും കൂടുതൽ സ്ത്രീകൾ ജോലി ചെയ്യുന്നത് തിരുവനന്തപുരം ജില്ലയിലും ഏറ്റവും കുറവ് ഇടുക്കി ജില്ലയിലുമാണ്. തിരുവനന്തപുരം ജില്ലയിൽ പൊതുമേഖലയിൽ 30,491 സ്ത്രീകളാണ് ജോലി ചെയ്യുന്നത്, തൊട്ടു പിന്നിൽ എറണാകുളം (23,039), തൃശ്ശൂർ (21,962), കൊല്ലം (16,959), മലപ്പുറം (14,989), കോഴിക്കോട് (13,534), പാലക്കാട് (13,515), കണ്ണൂർ (13,510), ആലപ്പുഴ (10,528), കോട്ടയം (10,526) എന്നീ ജില്ലകൾ ആണ്. അതേസമയം ഇടുക്കി ജില്ലയിൽ 3,440 സ്ത്രീകൾ മാത്രമാണ് പൊതുമേഖലയിലുള്ളത്. തൊട്ടു പുറകിൽ കാസർഗോഡും (6,537), വയനാടും (6,890), പത്തനംതിട്ടയുമാണ് (8,160) **(അനുബന്ധം 7.2.8).** പൊതുമേഖലയിലെ സ്ത്രീ പങ്കാളിത്തം **പട്ടിക 7.2.1**-ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 7.2.1** പൊതു മേഖല തൊഴിൽ-സ്ത്രീ പങ്കാളിത്തം, 2020-21

| ക്രമ നമ്പർ | വിഭാഗം | തൊഴിൽ ചെയ്യുന്ന സ്ത്രീകളുടെ എണ്ണം | ശതമാനം (%) |
|---|---|---|---|
| 1 | സംസ്ഥാന സർക്കാർ | 105567 | 54.4 |
| 2 | സംസ്ഥാന അർദ്ധ സർക്കാർ | 39172 | 20.2 |
| 3 | കേന്ദ്ര സർക്കാർ | 14716 | 7.6 |
| 4 | കേന്ദ്ര അർദ്ധ സർക്കാർ | 25341 | 13.0 |
| 5 | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ | 9284 | 4.8 |
| | ആകെ | 194080 | 100.0 |


അവലംബം: എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്, കേരള സർക്കാർ, 2021

കേരളത്തിൽ സംഘടിത മേഖലയിൽ തൊഴിലെടുക്കുന്നവരുടെ മേഖല തിരിച്ചുള്ള കണക്കുകൾ പരിശോധിച്ചാൽ, സേവന മേഖലയെ ആശ്രയിക്കുന്നവരുടെ എണ്ണം വർദ്ധിക്കുന്നതായും, കാർഷിക മേഖലയെ ആശ്രയിക്കുന്നവരുടെ എണ്ണം കുറഞ്ഞുവരുന്നതായും കാണാം. മറ്റ് മേഖലകളുമായി താരതമ്യപ്പെടുത്തുമ്പോൾ കാർഷിക മേഖലയിലെ തൊഴിൽ അവസരങ്ങൾ കുറയുകയും വിദ്യാഭ്യാസ മേഖലയിലേയും ഉൽപ്പന്ന നിർമ്മാണ മേഖലയിലേയും തൊഴിൽ അവസരങ്ങൾ ഉയരുന്നതായും കാണാം. **(അനുബന്ധം 7.2.9, ചിത്രം 7.2.6).**

## അസംഘടിത മേഖലയിലെ തൊഴിൽ

ഇന്ത്യൻ സമ്പദ് ഘടനയിൽ, മൊത്തം ആഭ്യന്തര ഉൽപാദനം, തൊഴിൽ, സമ്പാദ്യം, മൂലധന രൂപീകരണം എന്നിവയിലേക്കുള്ള സംഭാവന കണക്കിലെടുക്കുമ്പോൾ, അസംഘടിത തൊഴിൽ മേഖല നിർണ്ണായകമായ ഒരു പങ്ക് വഹിക്കുന്നുണ്ട്. തൊഴിൽ ശക്തിയുടെ 90 ശതമാനത്തിലധികം തൊഴിലിലേർപ്പെട്ടിരിക്കുന്നതും, മൊത്തം ആഭ്യന്തര ഉൽപാദനത്തിന്റെ എതാണ്ട് 50 ശതമാനവും ലഭിക്കുന്നതും ഈ മേഖലയിൽ നിന്നുമാണ്. രാജ്യത്തും സംസ്ഥാനത്തും സാമൂഹ്യമായും സാമ്പത്തികമായും

**ചിത്രം 7.2.6** സംഘടിത മേഖലയിലെ പ്രധാനപ്പെട്ട തൊഴിൽ വിതരണം – മാർച്ച് 2021 (ശതമാനത്തിൽ)




അവലംബം: എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്, കേരള സർക്കാർ, 2021

പിന്നോക്കം നിൽക്കുന്ന വലിയൊരു വിഭാഗം തൊഴിലാളികൾ അസംഘടിത മേഖലയിലാണ് തൊഴിലിലേർപ്പെട്ടിരിക്കുന്നത്.


അസംഘടിത മേഖലയിലെ തൊഴിലാളികളിൽ തൊഴിൽ സുരക്ഷിതത്വകുറവ്, തൊഴിൽ കരാറുകളുടെ അഭാവം, സാമൂഹ്യ പരിരക്ഷയില്ലായ്മ തൊഴിലിൽ ഉയർച്ചയുള്ള സാധ്യതക്കുറവ്, ശമ്പളത്തോടെയുള്ള അവധി ദിനങ്ങൾ ഇല്ലാത്ത അവസ്ഥ, സംരക്ഷണകുറവ് എന്നിവ കണ്ടുവരുന്നു. അസംഘടിത മേഖലയിലെ ദുരിത സാഹചര്യങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് കേരള സർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്നത് എംപ്ളോയ്മെൻറ് ഡയറക്ടറേറ്റിനെയാണ്. അടുത്ത കാലത്തായി, കേരള സർക്കാർ അസംഘടിത മേഖലയിലെ തൊഴിലാളികളുടെ സാമൂഹിക സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

### എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും സേവനങ്ങളും രജിസ്റ്റർ ചെയ്ത തൊഴിലന്വേഷകർ

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ സജീവ രജിസ്റ്ററുകളിലെ കണക്കുകളനുസരിച്ച് തൊഴിലന്വേഷകരുടെ എണ്ണം (2015 ഡിസംബർ 31 വരെ) 34.9 ലക്ഷത്തിൽ നിന്നും (2021 ആഗസ്റ്റ് 31 വരെ) 38.3 ലക്ഷമായി വർദ്ധിച്ചിട്ടുണ്ട്. തൊഴിലന്വേഷകരുടെ വർഷം തിരിച്ചുള്ള കണക്കുകൾ **അനുബന്ധം 7.2.10**–ലും **ചിത്രം 7.2.7**–ലും കൊടുത്തിട്ടുണ്ട്.

അഖിലേന്ത്യാ തലത്തിലെ സാഹചര്യത്തിൽ നിന്നും വ്യത്യസ്തമായി കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ സജീവ രജിസ്റ്ററുകളിലെ തൊഴിലന്വേഷകരിൽ ഭൂരിഭാഗവും സ്ത്രീകളാണുള്ളത്. (2021 ആഗസ്റ്റ് 31 വരെ) ആകെയുള്ള തൊഴിലന്വേഷകരിൽ 63.1 ശതമാനവും സ്ത്രീകളാണ്. സജീവ രജിസ്റ്ററുകളിൽ നിരക്ഷരരായ ആളുകളുടെ എണ്ണം 1860 ആണ്. തൊഴിലന്വേഷകരുടെ


**ചിത്രം 7.2.7** കേരളത്തിലെ തൊഴിലന്വേഷകർ (എണ്ണം ലക്ഷത്തിൽ)




അവലംബം: എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്, കേരള സർക്കാർ, 2021

വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിലുള്ള കണക്കുകൾ സൂചിപ്പിക്കുന്നത് എസ്.എസ്.എൽ.സി.ക്ക് താഴെ വിദ്യാഭ്യാസ യോഗ്യതയുള്ളവർ 6.4 ശതമാനം മാത്രമേയുള്ളൂ എന്നാണ്. ഏകദേശം 93.6 ശതമാനം തൊഴിലന്വേഷകരും എസ്.എസ്.എൽ.സിയും അതിനു മുകളിലും വിദ്യാഭ്യാസ യോഗ്യതയുള്ളവരുടെ വിഭാഗത്തിലാണ് ഉൾപ്പെടുന്നത് (**അനുബന്ധം 7.2.11, (ചിത്രം 7.2.8)**

**ചിത്രം 7.2.8** വിദ്യാഭ്യാസ യോഗ്യത അടിസ്ഥാനമാക്കിയുള്ള കേരളത്തിലെ തൊഴിലന്വേഷകർ




അവലംബം: എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്, കേരള സർക്കാർ, 2021

ആഗസ്റ്റ് 31, 2021 ലെ കണക്കനുസരിച്ച് പ്രൊഫഷണലും സാങ്കേതിക യോഗ്യതയുള്ള തൊഴിലന്വേഷകർ 2.9 ലക്ഷമാണ്. ഇതിൽ 57.4 ശതമാനവും ഐ.ടി.ഐ. സർട്ടിഫിക്കറ്റ്, ഡിപ്ലോമ, എഞ്ചിനീയറിംഗ് എന്നീ യോഗ്യതയുള്ളവരാണ്. ഇതിൽ രജിസ്റ്റർ ചെയ്ത 56,540 എഞ്ചിനീയറിംഗ് ബിരുദധാരികളായ തൊഴിലന്വേഷകരും, 11,103 മെഡിക്കൽ ബിരുദധാരികളായ തൊഴിലന്വേഷകരുമുണ്ട് (**അനുബന്ധം 7.2.12**). തൊഴിലന്വേഷകരുടെ ജില്ല തിരിച്ചുള്ള കണക്കുകൾ **ചിത്രം 7.2.9**–ൽ നൽകിയിട്ടുണ്ട്.

2021 ആഗസ്റ്റ് 31 വരെയുള്ള കണക്കുകൾ പ്രകാരം പൊതു വിഭാഗത്തിലെയും, പ്രൊഫഷണൽ/സാങ്കേതിക വിഭാഗത്തിലെയും തൊഴിലന്വേഷകരുടെ എണ്ണത്തിൽ തിരുവനന്തപുരം ജില്ല ഒന്നാം സ്ഥാനത്ത് നിൽക്കുന്നു. ജില്ലയിൽ ആകെ 5.8 ലക്ഷം തൊഴിലന്വേഷകരുള്ളതിൽ 3.5 ലക്ഷം പേർ സ്ത്രീകളും 2.3 ലക്ഷം പേർ പുരുഷൻമാരുമാണ്. തൊഴിലന്വേഷകരുടെ എണ്ണത്തിൽ രണ്ടാം സ്ഥാനത്തുള്ളത് കൊല്ലം ജില്ലയാണ്. ഇവിടെ 4.2 ലക്ഷം തൊഴിലന്വേഷകരാണുള്ളത്. ഏറ്റവും കുറവ് തൊഴിലന്വേഷകരുള്ളത് കാസർഗോഡ് ജില്ലയിലാണ് 1.0 ലക്ഷം (എണ്ണം 1,03,360) (**അനുബന്ധം 7.2.13**).

### കൈവല്യ

2016–ൽ കേരള സർക്കാരിന്റെ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് ഭിന്നശേഷിക്കാരായ പൗരൻമാരുടെ സാമൂഹ്യ ഉൾപ്പെടുത്തൽ, അവസര തുല്യത എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി ആരംഭിച്ച സമഗ്ര പദ്ധതിയാണ് കൈവല്യ. ഭിന്ന ശേഷിക്കാരുടെ പൂർണ്ണമായ പങ്കാളിത്തവും ഏകീകരണവും സാധ്യമാകത്തക്ക രീതിയിൽ ഭൗതിക സാമൂഹിക സാഹചര്യങ്ങൾ സൃഷ്ടിക്കുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം. 'കൈവല്യ' പദ്ധതിയിൽ താഴെ പറയുന്ന 4 ഘടകങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു;

1. വൊക്കേഷണൽ ആൻഡ് കരിയർ ഗൈഡൻസ്
2. കാര്യക്ഷമത വർധിപ്പിക്കൽ
3. മത്സര പരീക്ഷകൾക്കായുള്ള പരിശീലനം
4. സ്വയം തൊഴിൽ ഉദ്യമങ്ങൾക്ക് പലിശരഹിത വായ്പ


മേൽ പറഞ്ഞ കാര്യങ്ങൾ നടപ്പാക്കുന്നതിനായി 2020 ൽ 2,226 വ്യക്തികൾക്ക് പ്രയോജനം ലഭിക്കത്തക്ക രീതിയിൽ 1,112.60 ലക്ഷം രൂപ ചെലവഴിച്ചു. 2021–22 ൽ (2021 ജൂലൈ 31 വരെ) 2,268.33 ലക്ഷം രൂപ മേൽ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെയും വിതരണം ചെയ്ത തുകയുടെയും വിശദാംശങ്ങൾ **അനുബന്ധം 7.2.14** ൽ നൽകിയിട്ടുണ്ട്.

### സ്വയം തൊഴിൽ പദ്ധതികൾ

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന കേരളത്തിൽ 3 സ്വയം തൊഴിൽ പരിപാടികൾ നടപ്പിലാക്കുന്നുണ്ട്.

1. **കേരള സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ ദ രജിസ്റ്റേർഡ് അൺ എംപ്ലോയിഡ് (കെഇഎസ്ആർയു):** "കേരള സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ ദി രജിസ്റ്റേർഡ് അൺ എംപ്ലോയ്ഡ്" (കെ.ഇ.എസ്.ആർ.യു) എന്ന സ്വയം തൊഴിൽ പരിപാടി 1999 മുതൽ നടപ്പാക്കി വരുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേരു രജിസ്റ്റർ ചെയ്തിട്ടുള്ളതിൽ 21 നും 50 നും ഇടയിലുള്ള പ്രായവിഭാഗത്തിൽപ്പെടുന്നവരും വാർഷിക കുടുംബ വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയുള്ളതുമായ തൊഴിൽരഹിതർക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് ഉദ്ദേശിച്ചുള്ളതാണ് ഈ പരിപാടി. ഐറ്റിഐ/ഐറ്റിസി സർട്ടിഫിക്കറ്റുള്ളവർ, പ്രൊഫഷണൽ/സാങ്കേതിക യോഗ്യതയുള്ളവർ, ബിരുദധാരികളായ വനിതകൾ, തൊഴിലില്ലായ്മ വേതന പദ്ധതിയുടെ ഗുണഭോക്താക്കൾ എന്നിവർക്ക് പ്രത്യേക മുൻഗണന നൽകുന്നു. ഈ പരിപാടി പ്രകാരം സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 20 ശതമാനം സബ്സിഡിയോടെ ഒരു ലക്ഷം രൂപ വരെ ബാങ്ക് വായ്പ നൽകുന്നു. 2020–21 ൽ 130.5 ലക്ഷം രൂപ ഈ പദ്ധതിക്കായി അനുവദിച്ചതിൽ, 109.21 ലക്ഷം രൂപ 587 ഗുണഭോക്താക്കൾക്കായി ചെലവഴിച്ചിട്ടുണ്ട്.
2. **മൾട്ടി പർപ്പസ് സർവ്വീസ് സെന്റർ/ ജോബ് ക്ലബുകൾ (എം.പി.എസ്.സി./ജെ.സി.):** അസംഘടിതമേഖലയിൽ സംരംഭങ്ങളുടെ വികസനത്തിനായുള്ള ഒരു ഗ്രൂപ്പ് അധിഷ്ഠിത സ്വയം തൊഴിൽ പദ്ധതിയാണിത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേരു രജിസ്റ്റർ ചെയ്തിട്ടുള്ള 21–45 പ്രായവിഭാഗത്തിൽപ്പെടുന്ന 2 മുതൽ 5 അംഗങ്ങൾ വരെയുള്ള തൊഴിൽരഹിതർ ചേർന്ന് സ്വയം തൊഴിൽ ഗ്രൂപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതി

**ചിത്രം 7.2.9** തൊഴിലന്വേഷകരുടെ ജില്ലതിരിച്ചുള്ള കണക്കുകൾ, 2021 ആഗസ്റ്റ് 31 വരെ, (ലക്ഷത്തിൽ)




അവലംബം: എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്, കേരള സർക്കാർ, 2021

**ബോക്സ് 7.2.2** കേരളത്തിൽ വൻതോതിലുള്ള തൊഴിൽ സംരംഭം

അഞ്ച് വർഷത്തിനുള്ളിൽ 20 ലക്ഷം അഭ്യസ്തവിദ്യരായ തൊഴിൽരഹിതർക്ക് ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ തൊഴിൽ നൽകുന്നതിനുള്ള ഒരു ബൃഹത്തായ തൊഴിൽ പദ്ധതിയാണ് കേരള സർക്കാർ വിഭാവനം ചെയ്യുന്നത്. നോളജ് ഇക്കണോമി മിഷനിലൂടെ ഡിജിറ്റൽ മേഖലയെ ഉത്തേജിപ്പിച്ചുകൊണ്ട് കോവിഡ്-19 മഹാമാരിയുടെ ആഘാതങ്ങളിൽ നിന്ന് സമ്പദ്‌വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുക എന്നതാണ് ഈ പരിപാടിയിലൂടെ ലക്ഷ്യമിടുന്നത്. കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (കെ-ഡിസ്ക്) ആഗോള റിക്രൂട്ട്മെന്റ് പോർട്ടലുകൾ വഴി പരിശീലനം ലഭിച്ച തൊഴിലന്വേഷകരെ തൊഴിലുടമകളുമായി ബന്ധിപ്പിക്കുകയും അവരുടെ തുടർന്നുള്ള ഇടപെടൽ സുഗമമാക്കുകയും അതുവഴി ഡിജിറ്റൽ പ്ലാറ്റ്ഫോമിന്റെ വികസനവും പുതിയ അവസരങ്ങളുടെ സാധ്യതയും ഉറപ്പാക്കുകയും ചെയ്യുന്നു. 2021-22-ൽ, കെ-ഡിസ്കിന്റെ മൊത്തത്തിലുള്ള പ്രവർത്തനങ്ങൾക്കായി ഭരണാനുമതി ലഭിച്ച 395 കോടി രൂപയിൽ 200 കോടി രൂപയും നോളജ് മിഷൻ പ്രോഗ്രാമിന് മാത്രമാണ്.


ന് 25 ശതമാനം, സബ്സിഡിയോടെ (പരമാവധി 2 ലക്ഷം രൂപ) 10 ലക്ഷം രൂപ വരെ ബാങ്ക് വായ്പ നൽകുന്നു. ഈ പദ്ധതി ക്രെഡിറ്റ് ഗ്യാരന്റി സ്കീമിൽ ലയിപ്പിച്ചിട്ടുണ്ട്. 2020-21-ൽ 54 ജോബ് ക്ലബ്ബുകൾക്കായി 88 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

3. **ശരണ്യ:** വിധവകൾ, വിവാഹമോചനം നേടിയ സ്ത്രീകൾ, ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ, 30 വയസ്സിന് മുകളിൽ പ്രായമായ അവിവാഹിതരായ സ്ത്രീകൾ, പട്ടികവർഗ്ഗക്കാരിലെ അവിവാഹിതരായ അമ്മമാർ, ശാരീരിക വൈകല്യമുള്ള സ്ത്രീകൾ, കിടപ്പിലായ വ്യക്തിയുടെ ഭാര്യ എന്നിങ്ങനെയുള്ള അഗതികളായ സ്ത്രീകളുടെ ഉന്നമനം ലക്ഷ്യമിട്ട് നടപ്പാക്കുന്ന ഒരു പരിപാടിയാണ് "എംപ്ലോയ്മെന്റ് സ്കീം ഫോർ ദി ഡെസ്റ്റിറ്റ്യൂട്ട് വിമൻ (ശരണ്യ). ഈ പരിപാടി പ്രകാരം സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 50 ശതമാനം സബ്സിഡിയോടെ 50,000 രൂപവരെ പലിശ രഹിത ബാങ്ക് വായ്പ നൽകുന്നു. ഈ പദ്ധതിയ്ക്ക് 2020-21 ൽ അനുവദിച്ച 1,700.00 ലക്ഷം രൂപയിൽ മുഴുവൻ തുകയും 3,512 ഗുണഭോക്താക്കൾക്കായി ചെലവഴിച്ചിട്ടുണ്ട്.

**മോഡൽ കരിയർ സെന്റർ**

കേന്ദ്ര ലേബർ & എംപ്ലോയ്മെന്റ് മന്ത്രാലയത്തിന് കീഴിലുള്ള ഡയറക്ടറേറ്റ് ജനറൽ ഓഫ് എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ്, കേരള സർക്കാരിന്റെ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിലാണ് മോഡൽ കരിയർ സെന്റർ നടപ്പിലാക്കുന്നത്. തിരുവനന്തപുരത്തെ യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയിലാണ് ഈ കേന്ദ്രം പ്രവർത്തിക്കുന്നത്. ഉദ്യോഗാർത്ഥികളായ യുവാക്കൾക്ക് അവരുടെ യോഗ്യതയും നൈപുണ്യത്തിനും അനുസൃതമായി അനുയോജ്യമായ തൊഴിൽ കണ്ടെത്തുന്നതിന് ആവശ്യമായ ഒരു ഏകജാലക സഹായ കേന്ദ്രമായി പ്രവർത്തിക്കുക എന്നതാണ് ഈ സെന്റർ കൊണ്ട് ലക്ഷ്യമിടുന്നത്. വ്യവസായങ്ങളുടെ സഹകാരിയാക്കുക, കാന്റിഡേറ്റ് എൻഗേജ്മെന്റ്, തൊഴിലും & നൈപുണ്യ മാപ്പിങ്ങ്, പ്ലേയ്സ്മെന്റ്/തൊഴിൽ മേളകൾ സംഘടിപ്പിക്കുക എന്നിവ സെന്ററിന്റെ പ്രധാന പ്രവർത്തനങ്ങളാണ്.

**ചിത്രം 7.2.10** കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള നിയമനങ്ങൾ




അവലംബം: എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്, കേരള സർക്കാർ, 2021

**തൊഴിലില്ലായ്മ വേതനം**

കേരള സർക്കാർ 1982–ലാണ് തൊഴിലില്ലായ്മ വേതന പരിപാടി ആരംഭിച്ചത്. ഈ പരിപാടി പ്രകാരം 18 വയസ് പൂർത്തിയായതും മൂന്ന് വർഷമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തതുമായ (വികലാംഗർക്ക് ഇത് രണ്ട് വർഷം) എസ്.എസ്.എൽ.സി വിജയിച്ച (വികലാംഗരായ എസ്‌സി/എസ്റ്റി ഉദ്യോഗാർത്ഥികൾക്ക് എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് ഹാജരായാൽ മതി) കുടുംബ വാർഷിക വരുമാനം 12,000 രൂപയിൽ താഴെയും വ്യക്തിഗത വരുമാനം പ്രതിമാസം 100 രൂപയിൽ താഴെയും ഉള്ള തൊഴിൽരഹിതരായ യുവാക്കൾക്ക് 35 വയസ്സ് വരെ പ്രതിമാസം 120 രൂപ തൊഴിലില്ലായ്മ വേതനമായി നൽകി വരുന്നു. കേരള പഞ്ചായത്ത് രാജ് നിയമവും കേരള മുനിസിപ്പാലിറ്റി നിയമവും നിലവിൽ വന്നതോടെ ഈ പരിപാടിയുടെ നടത്തിപ്പ് ചുമതല 1998 മുതൽ ഗ്രാമ,നഗര തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറുകയുണ്ടായി. അർഹരായ അപേക്ഷകർക്ക് അവരുടെ അപേക്ഷ നിശ്ചിത ഫോറത്തിൽ തയ്യാറാക്കി ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന് സമർപ്പിക്കാവുന്നതാണ്. തദ്ദേശഭരണ സ്ഥാപനത്തിന്റെ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പ്രസ്തുത അപേക്ഷ പരിശോധിച്ച് അർഹതാ മാനദണ്ഡങ്ങൾക്ക് വിധേയമായി തീരുമാനമെടുക്കുന്നതാണ്. 2020–ൽ 82,300 ഗുണഭോക്താക്കൾക്കായി 433.4 ലക്ഷം രൂപ തൊഴിലില്ലായ്മ വേതനമായും, 2,708 ഗുണഭോക്താക്കൾക്കായി 1,639.85 ലക്ഷം രൂപ സ്വയം തൊഴിൽ സഹായവും വിതരണം ചെയ്തു. നടപ്പു സാമ്പത്തിക വർഷം, 2021 ൽ 37,069 ഗുണഭോക്താക്കൾക്കായി 439.3 ലക്ഷം രൂപ തൊഴിലില്ലായ്മാ വേതനമായും, 1,595 ഗുണഭോക്താക്കൾക്കായി 766.6 ലക്ഷം രൂപ സ്വയം തൊഴിൽ സഹായമായും വിതരണം ചെയ്തിട്ടുണ്ട് **(അനുബന്ധം 7.2.15).**

**കേരളത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള നിയമനങ്ങൾ**

കേരളത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള നിയമനങ്ങൾ 2010 മുതൽ കുറഞ്ഞുവരികയാണ്. അതിനു ശേഷം 2015 ൽ ഇതു വർദ്ധിച്ചു വെങ്കിലും 2016–ൽ നേരിയ കുറവുണ്ടായി. 2017–ലും 2018–ലും നിയമനങ്ങൾ വർദ്ധിച്ചിട്ടുണ്ട്. പക്ഷെ 2019–ലും 2020–ലും ഇത് വീണ്ടും കുറയുകയുണ്ടായി. 2010 മുതലുള്ള കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ് ചേഞ്ചുകൾ വഴിയുള്ള നിയമനങ്ങൾ **ചിത്രം 7.2.10** –ൽ കാണിച്ചിരിക്കുന്നു.

# 7.3 നൈപുണ്യ വികസനം

ഉയർന്ന ഉൽപ്പാദനക്ഷമതയെ അടിസ്ഥാനമാക്കിയുള്ള തൊഴിൽക്ഷമതയുടെയും സുസ്ഥിരമായ സാമ്പത്തിക വളർച്ചയുടെയും വീക്ഷണകോണിൽ നിന്ന് നോക്കുമ്പോൾ നൈപുണ്യ വികസനം വളരെ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ്. തൊഴിൽ സേനയിലേക്ക് പുതിയതായി പ്രവേശിക്കുന്നവരെ ശരിയായ വൈദഗ്ദ്ധ്യം കൊണ്ട് സജ്ജരാക്കുന്നതിലൂടെ അവരുടെ തൊഴിൽ ക്ഷമത വർദ്ധിപ്പിക്കുന്നതിന് നൈപുണ്യ വികസനം അത്യന്താപേക്ഷിതമാണ്. അതുപോലെ തന്നെ, തൊഴിൽ സേനയിലുള്ളവരുടെ തൊഴിലവസര നിലവാരം നിലനിർത്താൻ പതിവ് അപ്പ്-സ്കില്ലിംഗും റീ-സ്കില്ലിംഗും ആവശ്യമാണ്. അന്താരാഷ്ട്ര തൊഴിൽ വിപണികളുടെ അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ആവശ്യങ്ങളുടെ പശ്ചാത്തലത്തിൽ ഉൽപ്പാദനക്ഷമതാ വളർച്ചയും മത്സര നേട്ടവും കൈവരിക്കുന്നതിന് അത്യന്താപേക്ഷിതമായ പുതിയ ആശയങ്ങളും നൂതനത്വവും സൃഷ്ടിക്കുന്നതിന് ഉയർന്ന വൈദഗ്ധ്യമുള്ള തൊഴിൽ ശക്തി സഹായിക്കുന്നു.

നൈപുണ്യവും, അഭിരുചികളും, കഴിവുകളും ഏതൊരു രാജ്യത്തിന്റെയും സാമ്പത്തിക വളർച്ചയുടെയും സാമൂഹിക വികസനത്തിന്റെയും ചാലകശക്തികളാണ്. നല്ല പരിശീലനം ലഭിച്ച, വിദഗ്ധ തൊഴിലാളികളുടെ കടുത്ത ക്ഷാമമാണ് ഇന്ത്യ ഇപ്പോൾ നേരിടുന്നത്. യു.കെ യിലെ 68 ശതമാനവും ജർമ്മനിയിൽ 75 ശതമാനവും യു.എസ്.എ യിലെ 52 ശതമാനവും ജപ്പാനിലെ 80 ശതമാനവും ദക്ഷിണ കൊറിയയിലെ 96 ശതമാനവും തൊഴിലാളികളെ അപേക്ഷിച്ച് ഇന്ത്യയിൽ 2.3 ശതമാനം തൊഴിലാളികൾ മാത്രമാണ് ഔപചാരിക നൈപുണ്യ പരിശീലനം നേടിയിട്ടുള്ളതെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. വിദ്യാസമ്പന്നരായ തൊഴിലാളികളുടെ വലിയ വിഭാഗം തൊഴിൽ വൈദഗ്ധ്യം കുറഞ്ഞവരോ ഒട്ടും ഇല്ലാത്തവരോ ആയതിനാൽ അത് അവരെ വലിയ തോതിൽ തൊഴിൽ രഹിതരാക്കുന്നു. അത് കൊണ്ട് തന്നെ, തൊഴിലുടമകളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനും സാമ്പത്തിക വളർച്ചയെ നയിക്കുന്നതിനുമുള്ള നൈപുണ്യ പരിശീലന ശ്രമങ്ങൾ വർദ്ധിപ്പിക്കുന്നതിൽ ഇന്ത്യ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട് .[1]

ലോകത്തിലെ ഏറ്റവും പ്രായം കുറഞ്ഞ ജനസംഖ്യയുള്ള രാഷ്ട്രങ്ങളിലൊന്നാണ് ഇന്ത്യ. മൊത്തം ജനസംഖ്യയുടെ 54 ശതമാനത്തിലധികം 25 വയസ്സിന് താഴെയുള്ളവരും ജനസംഖ്യയുടെ 62 ശതമാനത്തിലധികം ജോലി ചെയ്യുന്ന പ്രായത്തിലുള്ളവരുമാണ് (15-59 വയസ്സ്). രാജ്യത്തെ ജനസംഖ്യാ പിരമിഡ് അടുത്ത ദശകത്തിൽ 15-59 പ്രായ വിഭാഗത്തിൽ വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

2015 ജൂലൈ 15-ന് ലോക യുവജന നൈപുണ്യ ദിനത്തോടനുബന്ധിച്ച് ബഹുമാനപ്പെട്ട പ്രധാനമന്ത്രി ദേശീയ നൈപുണ്യ വികസന മിഷൻ (എൻ.എസ്.ഡി.എം) ആരംഭിച്ചു. ഇത് ഉയർന്ന ചട്ടക്കൂടിലൂടെ ഏകീകൃതമായ സംയോജനം സൃഷ്ടിക്കാനും അന്തർ-മേഖല തീരുമാനങ്ങൾ വേഗത്തിലാക്കാനും ലക്ഷ്യമിടുന്നു. ഇത് വഴി പാൻ-ഇന്ത്യ (Presence Across Nation) അടിസ്ഥാനത്തിൽ നൈപുണ്യ പ്രവർത്തനങ്ങൾ സംയോജിപ്പിക്കുകയും, ഏകോപിപ്പിക്കുകയും, നടപ്പിലാക്കുകയും, നിരീക്ഷിക്കുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു.

പ്രവർത്തനങ്ങൾക്ക് നയനിർദ്ദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകിക്കൊണ്ട്, മൊത്തത്തിലുള്ള പുരോഗതിയും ലക്ഷ്യങ്ങൾക്ക് അനുസൃതമായിട്ടുള്ള നടപ്പാക്കലും അവലോകനം ചെയ്യുകയും നിരീക്ഷിക്കുകയും ചെയ്യുന്ന ഒരു ത്രിതല സ്ഥാപന ഘടനയോട് കൂടിയതാണ് മിഷൻ.

**കേരളത്തിലെ നൈപുണ്യ വികസന രംഗം**

വേഗമേറിയതും സുസ്ഥിരവും സമഗ്രവുമായ വളർച്ച കൈവരിക്കുന്നതിനും കേരളത്തിലെ യുവജനങ്ങൾക്ക് മാന്യമായ തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്നതിനും നൈപുണ്യ വികസനം നിർണായകമായ ഒരു ചാലക ശക്തിയാണ്. ഉയർന്ന സാമൂഹ്യവും മാനവികവുമായ സൂചകങ്ങൾ കണക്കിലെടുക്കുമ്പോൾ, രാജ്യത്തിന്റെ വളരുന്ന സമ്പദ്‌വ്യവസ്ഥയ്ക്ക് മാത്രമല്ല, ലോകത്തിന്റെ മറ്റ് ഭാഗങ്ങൾക്കും സാങ്കേതികമായി പരിശീലനം ലഭിച്ച മാനവവിഭവശേഷിയുടെ ആവശ്യകതകളിലേക്ക് കേരളത്തിന് സംഭാവന ചെയ്യാൻ കഴിയും.

2011 ലെ സെൻസസ് പ്രകാരം, ഇന്ത്യയിലെ ഏറ്റവും സാക്ഷരത കൂടിയ സംസ്ഥാനമാണ് കേരളം. ഇന്ത്യയിലെ ശരാശരി 74.0 ശതമാനവുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിലെ സാക്ഷരത 94 ശതമാനമാണ്. പുരുഷന്മാരുടെ സാക്ഷരതാ നിരക്ക് 96.1 ശതമാനവും സ്ത്രീ സാക്ഷരതാ നിരക്ക് 92.1 ശതമാനവുമാണ്. 94.9 ശതമാനം നഗര സാക്ഷരതയും 92.9 ശതമാനം ഗ്രാമീണ സാക്ഷരതാ നിരക്കും ഉള്ള കേരളത്തിൽ നഗര, ഗ്രാമ പ്രദേശങ്ങളിലെ സാക്ഷരതാ നിലവാരവും വളരെ വ്യത്യസ്തമല്ല. എന്നിരുന്നാലും, ആഭ്യന്തര, അന്തർദേശീയ തൊഴിൽ വിപണികൾക്ക് അനുയോജ്യമായ നൈപുണ്യത്തിന്റെ കാര്യത്തിൽ ഇവിടെ വലിയ അന്തരമുണ്ട്.

## നൈപുണ്യ വികസനത്തിനായുള്ള സർക്കാർ സംരംഭങ്ങൾ

കേരളത്തിൽ വിവിധ വകുപ്പുകൾ വിവിധ വിഭാഗങ്ങൾക്കായി വ്യത്യസ്ത നൈപുണ്യ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. ഇത്തരം നൈപുണ്യ പരിശീലന പരിപാടികൾ നടത്തുന്ന സ്ഥാപനങ്ങൾ; K-DISC, NORKA, ASAP, പട്ടികജാതി വികസന വകുപ്പ്, പട്ടികവർഗ വികസന വകുപ്പ് എന്നിവയാണ്.

**കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (കെ-ഡിസ്ക്)**

കേരള ഗവൺമെന്റ് രൂപീകരിച്ച തന്ത്രപരമായ തിങ്ക്-ടാങ്കും, ഉപദേശക സമിതിയുമാണ് കേരള ഡവലപ്മെന്റ് ആൻഡ് ഇന്നവേഷൻ

[1] ദേശീയ നൈപുണ്യ വികസന മിഷൻ നൈപുണ്യ വികസന സംരംഭകത്വ മന്ത്രാലയം.

സ്ട്രാറ്റജി കൗൺസിൽ (കെ-ഡിസ്ക്). സാങ്കേതികവിദ്യ, ഉൽപ്പന്ന-പ്രക്രിയ നവീകരണങ്ങൾ, സാങ്കേതികവിദ്യയുടെ സാമൂഹിക രൂപീകരണം, സംസ്ഥാനത്ത് പുതുമകൾ വളർത്തുന്നതിന് ആരോഗ്യകരവും അനുകൂലവുമായ ഒരു ആവാസവ്യവസ്ഥ സൃഷ്ടിക്കൽ എന്നിവയിലെ പുതിയ ദിശകൾ പ്രതിഫലിപ്പിക്കുന്ന നൂതനവും തന്ത്രപരവുമായ പദ്ധതികൾ കൊണ്ടുവരികയാണ് കെ-ഡിസ്ക് ലക്ഷ്യമിടുന്നത്.

അഭ്യസ്തവിദ്യരായ തൊഴിൽ രഹിതർക്ക് തൊഴിൽ നല്കുന്നതിന് വേണ്ടി കെ-ഡിസ്ക്കിനു കീഴിലുള്ള കേരള നോളജ് ഇക്കണോമി മിഷൻ നടപ്പാക്കുന്ന പദ്ധതിക്ക് മന്ത്രിസഭ തത്വത്തിൽ അംഗീകാരം നല്കി. 20 ലക്ഷം പേർക്ക് തൊഴിൽ നൽകാനാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

### അഡീഷണൽ സ്കിൽസ് അക്വിസിഷൻ പ്രോഗ്രാം (ASAP

സംസ്ഥാന നൈപുണ്യ വികസന പദ്ധതിയുടെ (SSDP) ഭാഗമായ അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (ASAP) 2012-ൽ ഉന്നത വിദ്യാഭ്യാസ വകുപ്പും പൊതുവിദ്യാഭ്യാസ വകുപ്പും സംയുക്തമായി ആരംഭിച്ചു. ഹയർസെക്കൻഡറിയിലും ബിരുദ, ബിരുദാനന്തര-ബിരുദ തലത്തിലും പൊതു പാഠ്യപദ്ധതിയോടൊപ്പം കമ്പോളവുമായി ബന്ധപ്പെട്ട അടിസ്ഥാന പരിശീലനം, തൊഴിലധിഷ്ഠിത പരിശീലനം, കരിയർ കൗൺസിലിംഗ് എന്നിവ അവതരിപ്പിച്ച് വിദ്യാഭ്യാസപരമായ തൊഴിലില്ലായ്മയുടെ പ്രശ്നം പരിഹരിക്കാൻ ASAP ലക്ഷ്യമിടുന്നു.

ഹയർസെക്കൻഡറി സ്കൂളുകളും, കോളേജുകളും വഴിയുള്ള അസാപ് കോഴ്സുകളിലേക്ക് എൻറോൾ ചെയ്ത വിദ്യാർത്ഥികളുടെ എണ്ണം 2020-ഓടെ 1,98,912 ആയി ഉയർന്നു. കൊവിഡ് 19 മഹാമാരി കാരണം, വെർച്വൽ ടൂളുകളുടെ സഹായത്തോടെ (ഓൺലൈനിലൂടെ) വിദ്യാഭ്യാസ സമ്പ്രദായം തിരികെ കൊണ്ടുവരുന്നതിനുള്ള ഫലപ്രദമായ തന്ത്രങ്ങൾ ASAP നടപ്പിലാക്കി. 2020 ലെ ലോക്ക്ഡൗൺ കാലയളവിൽ ASAP 'Skill Talks' എന്ന പേരിൽ വെബിനാർ സീരീസ്, പാനൽ ചർച്ചകൾ, ഓൺലൈൻ നൈപുണ്യ സെഷനുകൾ എന്നിവയും സംഘടിപ്പിച്ചു. 2020-ൽ, ബ്രെക്സിറ്റിനെ തുടർന്ന് യു.കെയിൽ ഉയർന്നുവരുന്ന അവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിനായി നഴ്സുമാർക്ക് ഇംഗ്ലീഷ് പ്രാവീണ്യത്തിൽ പരിശീലനം ആരംഭിച്ചു. നിലവിൽ 106 നഴ്സുമാർ ബ്രിട്ടീഷ് കൗൺസിലുമായി ചേർന്ന് ഐ.ഇ.എൽ.ടി.എസിൽ പരിശീലനം നേടുന്നുണ്ട്.

- വിദ്യാർത്ഥികൾക്ക് സുഗമമായ ഗുണനിലവാരമുള്ള പരിശീലനം സുഗമമാക്കുന്നതിന് തിരഞ്ഞെടുത്ത സ്കൂളുകളിലും കോളേജുകളിലുമായി അസാപ്പിന് 121 നൈപുണ്യ വികസന കേന്ദ്രങ്ങളുണ്ട്.
- കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ, 2018-19-ൽ എൻറോൾ ചെയ്ത 8309 വിദ്യാർത്ഥികൾക്കും 2019-20-ൽ 15104 വിദ്യാർത്ഥികൾക്കുമായി ഓൺലൈൻ മാധ്യമത്തിലൂടെ ഫൗണ്ടേഷൻ മൊഡ്യൂൾ പരിശീലനം നടത്തി, ബാച്ചുകളുടെ എണ്ണം യഥാക്രമം 289 ഉം 526 ഉം ആയിരുന്നു.
- 2020-21ൽ, 5752 APTIS (ബ്രിട്ടീഷ് കൗൺസിലിൽ നിന്നുള്ള നൂതനമായ ആഗോള ഇംഗ്ലീഷ് മൂല്യനിർണ്ണയ ഉപകരണം) സർട്ടിഫിക്കറ്റുകളും 14,127 നൈപുണ്യ കോഴ്സ് സർട്ടിഫിക്കറ്റുകളും ലഭിച്ചു.
- എഞ്ചിനീയറിംഗ്, പോളിടെക്നിക് വിദ്യാർത്ഥികളുടെ നൈപുണ്യ വിടവ് (Skill gap) നികത്തുന്നതിനായി ASAP 2018-ൽ അഡ്വാൻസ്ഡ് സ്കിൽ ഡെവലപ്മെന്റ് സെന്റർ (ASDC) ആരംഭിച്ചു. 2021 ലെ കണക്കനുസരിച്ച്, സംസ്ഥാനത്തുടനീളമുള്ള 99 എഞ്ചിനീയറിംഗ് കോളേജുകളുമായും 45 പോളിടെക്നിക് കോളേജുകളുമായും ASAP ബന്ധപ്പെട്ടിരിക്കുന്നു.
- 2020-21 കാലയളവിൽ, അസാപ്പിന്റെ അഡ്വാൻസ്ഡ് സ്കിൽ ഡെവലപ്മെന്റ് കോഴ്സിന് കീഴിൽ 3 നൈപുണ്യ കോഴ്സുകളിലൂടെ 1124 വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി.

### കമ്മ്യൂണിറ്റി സ്കിൽ പാർക്ക്

കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ (സി.എസ്.പി കൾ) സംസ്ഥാനത്തുടനീളമുള്ള വിവിധ സ്ഥലങ്ങളിൽ അത്യാധുനിക പരിശീലന സൗകര്യങ്ങളോടെ സജ്ജീകരിച്ചിട്ടുള്ള അസാപ്പിന്റെ മൾട്ടി-സ്കിൽ പരിശീലന കേന്ദ്രങ്ങളാണ്. 16 സി.എസ്.പി കൾ വിഭാവനം ചെയ്യുകയും അതിൽ 9 സി.എസ്.പി കൾ ഇതിനകം നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. 2020-21 കാലയളവിൽ, കമ്മ്യൂണിറ്റി സ്കിൽ പാർക്ക് വഴി 1104 വിദ്യാർത്ഥികൾ 27 ഓളം നൈപുണ്യ പരിശീലനത്തിന് വിധേയരായി.

### നൈപുണ്യ സംഭാഷണങ്ങൾ - ഓൺലൈൻ വിജ്ഞാന പരമ്പര (Skill Talks - Online Knowledge Series)

അസാപ് 2020 ജൂലൈയിൽ ഔദ്യോഗിക YouTube ചാനലിലൂടെ Skill Talks എന്ന ഓൺലൈൻ വിജ്ഞാന പരമ്പര ആരംഭിച്ചു. സിനിമാ നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട സെഷനുകൾ അടങ്ങിയതായിരുന്നു പരമ്പര. പ്രശസ്ത ചലച്ചിത്ര സംവിധായകനും കേരള ചലച്ചിത്ര അക്കാദമി ചെയർമാനുമായ ശ്രീ. കമൽ ആണ് ആദ്യ സെഷൻ കൈകാര്യം ചെയ്തത്. തുടർന്നുള്ള സെഷനുകൾ കൈകാര്യം ചെയ്തത് ചലച്ചിത്ര സംവിധായകരായ ശ്രീ. ജീത്തു ജോസഫ്, ശ്രീ. ദിലീഷ് പോത്തൻ, ശ്രീ. മഹേഷ് നാരായണൻ, ശ്രീ. രഞ്ജിത്ത് ശങ്കർ എന്നിവരാണ്.

### ഷീ സ്കിൽ

കേരളത്തിലെ 15 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്ക് മാത്രമായി 2019 ൽ ASAP ആരംഭിച്ച നൈപുണ്യ പരിശീലന പരിപാടിയാണിത്. സ്ത്രീകളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും വൈദഗ്ധ്യം നേടുന്നതിനും സ്ത്രീകളെ സാമ്പത്തികമായി സ്വയംപര്യാപ്തരാക്കുന്നതിനും, അവരെ തൊഴിലവസരങ്ങളുമായി ബന്ധിപ്പിക്കുന്നതിനും സഹായിക്കുക എന്നതാണ് ഈ സംരംഭം

ലക്ഷ്യമിടുന്നത്. 15 വയസ്സിന് മുകളിലുള്ള 5529 സ്ത്രീകൾക്ക് ഈ പരിപാടിയിൽ പരിശീലനം നൽകിയിട്ടുണ്ട്.

**പട്ടിക 7.3.3** സ്വയം തൊഴിൽ പദ്ധതി പ്രകാരം ഗുണ ഭോക്താക്കളായ പട്ടികജാതിക്കാരുടെ എണ്ണം 2020-21, 2021-22 കാലയളവിൽ

| നം. | ജില്ല | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 23 |
| 2 | കൊല്ലം | 9 |
| 3 | പത്തനംതിട്ട | 11 |
| 4 | ആലപ്പുഴ | 11 |
| 5 | കോട്ടയം | 11 |
| 6 | ഇടുക്കി | 2 |
| 7 | എറണാകുളം | 58 |
| 8 | തൃശ്ശൂർ | 31 |
| 9 | പാലക്കാട് | 32 |
| 10 | മലപ്പുറം | 12 |
| 11 | കോഴിക്കോട് | 19 |
| 12 | വയനാട് | 2 |
| 13 | കണ്ണൂർ | 14 |
| 14 | കാസറഗോഡ് | 9 |
| | ആകെ | 244 |

അവലംബം: പട്ടികജാതി വികസന ഡയറക്ടറേറ്റ്.

## മറ്റു വകുപ്പുകളുടെ നൈപുണ്യ പരിശീലന പരിപാടികൾ

### I. പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള പരിശീലന, തൊഴിൽ പരിപാടികൾ

ദുർബല വിഭാഗങ്ങൾക്ക് ഉപജീവന സുരക്ഷ നൽകുക എന്ന ലക്ഷ്യത്തോടെ, പട്ടികജാതിക്കാർക്കായി മാനവ വിഭവശേഷി വികസന പരിശീലനവും തൊഴിലധിഷ്ഠിത പരിശീലന പരിപാടികളും ഉൾപ്പെടെ വിവിധ തരം നൈപുണ്യ വികസന പരിശീലന പരിപാടികൾ വകുപ്പ് നടപ്പിലാക്കി. “പരിശീലനം, തൊഴിൽ, മാനവ വിഭവശേഷി വികസനത്തിനുള്ള സഹായം” എന്ന പദ്ധതിയിലൂടെ കഴിഞ്ഞ രണ്ട് വർഷത്തിനിടെ (2019-20, 2020-21) 1786 പട്ടികജാതി യുവാക്കൾക്ക് നൈപുണ്യ പരിശീലനം ലഭിച്ചിട്ടുണ്ട്.

സ്വയം തൊഴിൽ സംരംഭങ്ങൾ ഏറ്റെടുക്കുന്നതിനുള്ള സബ്സിഡിയായി വായ്പയുടെ മൂന്നിലൊന്ന് ഉപയോഗിച്ച് വ്യക്തികൾക്കും സ്വയം സഹായ സംഘങ്ങൾക്കും സ്വയം തൊഴിൽ സഹായം നൽകുന്നു. 2020-21ൽ 244 ഗുണഭോക്താക്കൾക്ക് "പരിശീലനം, തൊഴിൽ, മാനവ വിഭവശേഷി വികസനത്തിനുള്ള സഹായം" എന്ന പദ്ധതിയിലൂടെ സ്വയം തൊഴിൽ സബ്സിഡി ലഭിച്ചു. 2020-21, 2021-22 വർഷങ്ങളിൽ (2021 സെപ്റ്റംബർ 30 വരെ) സ്വയം തൊഴിൽ പദ്ധതിക്ക് കീഴിൽ പ്രയോജനം നേടിയ പട്ടികജാതി വിഭാഗക്കാരുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **പട്ടിക 7.3.3**-ൽ നൽകിയിരിക്കുന്നു. സംസ്ഥാനത്ത് 2020-21, 2021-22 കാലയളവിൽ 244 പട്ടികജാതിക്കാർക്ക് സ്വയം തൊഴിൽ പദ്ധതി പ്രകാരം പ്രയോജനം ലഭിക്കുന്നുണ്ടെന്ന് പട്ടികയിൽ നിന്ന് വ്യക്തമാണ്.

### II പട്ടികവർഗ്ഗ വകുപ്പിന് കീഴിലുള്ള നൈപുണ്യ വികസന, തൊഴിൽ, ഉപജീവന പരിപാടി

പട്ടികവർഗ്ഗ യുവതീ-യുവാക്കൾക്കിടയിലെ തൊഴിലില്ലായ്മയുടെ തീവ്രത കുറയ്ക്കുന്നതിന്, ആധുനിക നൈപുണ്യ സങ്കേതങ്ങളിൽ നിന്നും നൈപുണ്യ പരിശീലനത്തിനും വ്യക്തികൾക്കും സ്വയം സഹായ സംഘങ്ങൾക്കും സ്വയം തൊഴിലിനായി സഹായം നൽകി ഉപജീവനമാർഗം നേടുന്നതിനും പട്ടിക വർഗ്ഗ കുടുംബങ്ങളെ സഹായിക്കാൻ വകുപ്പ് ഉദ്ദേശിക്കുന്നു.

പട്ടികവർഗ്ഗക്കാരുടെ ഉപജീവന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി വിവിധ നൈപുണ്യ പരിശീലന പരിപാടികളും കരിയർ ഗൈഡൻസ് ക്യാമ്പുകളും സംഘടിപ്പിച്ചു. 2020-21ൽ 6 നൈപുണ്യ പരിശീലന പരിപാടികളിൽ 1,600 പട്ടികവർഗ യുവാക്കൾ പങ്കെടുത്തു. കഴിഞ്ഞ 5 വർഷമായി പട്ടികവർഗ്ഗ യുവാക്കൾക്കായി പ്രാബല്യത്തിൽ വന്ന നൈപുണ്യ പരിശീലനത്തിന്റെയും പ്ലേസ്മെന്റിന്റെയും വിശദാംശങ്ങൾ **പട്ടിക 7.3.4**-ൽ പരാമർശിച്ചിരിക്കുന്നു.

### III കുടുംബശ്രീയുടെ കീഴിലുള്ള നൈപുണ്യ പരിശീലന പരിപാടികൾ

സ്ത്രീ ശാക്തീകരണത്തിലൂടെ ദാരിദ്ര്യ നിർമാർജ്ജനം എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന ദാരിദ്ര്യ നിർമാർജ്ജന മിഷനായ കുടുംബശ്രീ രൂപീകരിച്ചിട്ടുള്ളത്. സ്ത്രീകൾക്കിടയിലെ നൈപുണ്യ വികസനത്തിന്റെ ഭാഗമായി ഈ ഏജൻസി സംസ്ഥാന തലത്തിൽ നിരവധി പരിശീലന പരിപാടികൾ നടത്തുന്നുണ്ട്. ദീൻദയാൽ അന്ത്യോദയ യോജന-ദേശീയ ഗ്രാമീണ ഉപജീവന ദൗത്യം [DAY-NRLM] എന്ന കേന്ദ്രാവിഷ്കൃത പരിപാടിയുടെ നോഡൽ ഏജൻസിയാണ് കുടുംബശ്രീ. ഈ സ്കീമിന് കീഴിൽ, ഗ്രാമീണ മേഖലയിലെ ദരിദ്രർക്ക് ആവശ്യാനുസരണം നൈപുണ്യ പരിശീലനം നൽകുകയെന്ന ലക്ഷ്യത്തോടെ, ദീൻ ദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന [DDU GKY] സ്ത്രീകൾക്കും പുരുഷന്മാർക്കും നൈപുണ്യാധിഷ്ഠിത പരിശീലനം നൽകി വരുന്നു, അവരിൽ വലിയൊരു വിഭാഗവും കുടുംബശ്രീ അംഗങ്ങളാണ്.

ഗ്രാമവികസന മന്ത്രാലയവും (MORD) കുടുംബശ്രീയും സംയുക്തമായി നടപ്പിലാക്കുന്ന തൊഴിലധിഷ്ഠിത നൈപുണ്യ വികസന പദ്ധതിയാണ് DDU-GKY. ദരിദ്ര കുടുംബങ്ങളിൽ നിന്നുള്ള 15 നും 35 നും ഇടയിൽ പ്രായമുള്ള ഗ്രാമീണ യുവതീ-യുവാക്കളെയാണ് DDU-GKY കേന്ദ്രീകരിച്ചിരിക്കുന്നത്. 2021 മാർച്ച് 31 വരെ പദ്ധതിയുമായി ബന്ധപ്പെട്ട് 64,813 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

**പട്ടിക 7.3.4** പട്ടികവർഗ്ഗ യുവാക്കൾക്കായി നടത്തിയ നൈപുണ്യ പരിശീലനത്തിന്റെയും പ്ലെയ്സ്മെന്റിന്റെയും വിശദാംശങ്ങൾ

| വർഷം | നൈപുണ്യ പരിശീലനത്തിന്റെ എണ്ണം | പങ്കെടുത്തവരുടെ എണ്ണം | പ്ലേസ്മെന്റ് | |
|---|---|---|---|---|
| | കോഴ്സുകളുടെ എണ്ണം | | ഇന്ത്യ | വിദേശം |
| 2017-18 | 8 | 1430 | 1393 | 0 |
| 2018-19 | 11 | 870 | 659 | 0 |
| 2019-20 | 22 | 1693 | 647 | 10 |
| 2020-21 | 6 | 1600 | -- | 11 |
| 2021-22 (5.10.2021 വരെ) | 1 | 250 | -- | -- |
| ആകെ | 48 | 5843 | 2699 | 21 |

ഉറവിടം: പട്ടികവർഗ്ഗ വികസന ഡയറക്ടറേറ്റ്.

**പട്ടിക 7.3.5** DDU-GKY-യിൽ പരിശീലനം ലഭിച്ചവരുടെയും നിയമിതരായവരുടെയും എണ്ണം

| വർഷം | പരിശീലനം ആരംഭിച്ചവർ | പരിശീലനം പൂർത്തിയാക്കിയവർ | ജോലി ലഭിച്ചവർ |
|---|---|---|---|
| 2021 മാർച്ച് വരെയുള്ള കണക്ക് | 64813 | 52989 | 40803 |
| 2019-20 | 15058 | 13113 | 9957 |
| 2018-19 | 16428 | 13702 | 10972 |
| 2017-18 | 12998 | 10663 | 9196 |
| 2016-17 | 10722 | 11250 | 8232 |
| 2015-16 | 9607 | 4261 | 2446 |

ഉറവിടം: കുടുംബശ്രീ

## IV സ്കിൽ അപ് ഗ്രേഡേഷനും നോർക്ക റൂട്ട്സിന്റെ പുനഃസംയോജന പരിശീലന പരിപാടിയും

നോർക്ക റൂട്ട്സിന്റെ നൈപുണ്യ നിലവാരം ഉയർത്തുന്നതിനുള്ള പദ്ധതിയും പുനസംയോജനപരിശീലന പരിപാടിയും ലക്ഷ്യമിടുന്നത് യുവ മലയാളികളുടെ വൈദഗ്ധ്യം ഉയർത്തുകയും, മടങ്ങിവരുന്ന കുടിയേറ്റക്കാരെ വിദേശ തൊഴിൽ വിപണിയിലെ വെല്ലുവിളികളെ നേരിടാൻ സജ്ജമാക്കുകയും ചെയ്യുക എന്നതാണ്. സാങ്കേതിക വിദ്യ, ഭാഷ, സോഫ്റ്റ് സ്കിൽ വികസനം, ആശയവിനിമയം തുടങ്ങിയ മേഖലകളിൽ പരിശീലനവും നൈപുണ്യ പരിപാടികളും നൽകുന്നുണ്ട്. നോർക്ക റൂട്ട്സിന്റെ നൈപുണ്യ പരിശീലന പരിപാടിയുടെ വിശദാംശങ്ങൾ **പട്ടിക 7.3.6**-ൽ പരാമർശിച്ചിരിക്കുന്നു. 2020-21ൽ നോർക്ക റൂട്ട്സിന്റെ നൈപുണ്യ പരിശീലന പരിപാടിയുടെ ആകെ ഗുണഭോക്താക്കളുടെ എണ്ണം 433 ആയിരുന്നു.

**പട്ടിക 7.3.6** നോർക്ക റൂട്ട്സിന് കീഴിലുള്ള നൈപുണ്യ പരിശീലനം

| വർഷം | പരിശീലന മേഖല | നൽകിയ കോഴ്സുകളുടെ എണ്ണം (സ്ഥാപനം) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 2020-21 | ഇൻഫർമേഷൻ ആൻഡ് കമ്മ്യൂണിക്കേഷൻ ടെക്നോളജി | 5 (ICTAK) | 368 |
| | സർക്കാർ യോഗ്യത നേടുന്നതിനുള്ള നഴ്സിംഗ് കോഴ്സ്. ജിസിസി രാജ്യങ്ങളുടെ ലൈസൻസിംഗ് പരീക്ഷകൾ | 1 (NICE) | 65 |
| ആകെ | | 6 | 433 |

ഉറവിടം: നോർക്ക റൂട്ട്സ്

## V സാങ്കേതിക വിദ്യാഭ്യാസം

എഞ്ചിനീയറിംഗ്, മെഡിസിൻ, കൃഷി, മാനേജ്മെന്റ്, ക്രാഫ്റ്റ്സ് എന്നിവയിൽ ബിരുദം അല്ലെങ്കിൽ കൃഷി, എഞ്ചിനീയറിംഗ്/ടെക്നോളജി, മെഡിസിൻ, ക്രാഫ്റ്റ് എന്നിവയിൽ ഡിപ്ലോമ/സർട്ടിഫിക്കറ്റ് എന്നിവയെല്ലാം സാങ്കേതിക വിദ്യാഭ്യാസത്തിന് കീഴിൽ ഉൾപ്പെടുത്തിയിട്ടുണ്ട് .[3]

ഒരു വ്യക്തിയുടെ കഴിവുകൾ നേടുന്നതിനും മെച്ചപ്പെടുത്തുന്നതിനും സാങ്കേതിക വിദ്യാഭ്യാസം സഹായിക്കുന്നു.

[3] പിരിയോഡിക് ലേബർ ഫോഴ്സ് സർവേ 2019-20, സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയം, ഭാരതസർക്കാർ

സമൂഹത്തിന്റെ പ്രയോജനത്തിനായി സാങ്കേതികവിദ്യ പ്രയോഗിച്ചുകൊണ്ട്, ജീവിത നിലവാരം മെച്ചപ്പെടുത്തുക, വ്യാവസായിക ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുക, സമൂഹത്തിന്റെ മൊത്തത്തിലുള്ള വികസനത്തിന് സാങ്കേതിക വിദ്യകൾ മെച്ചപ്പെടുത്തുക എന്നിവയാണ് ഇത് കൊണ്ട് ലക്ഷ്യമിടുന്നത്. സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസത്തിനുള്ള നോഡൽ വകുപ്പാണ് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്.

### പോളിടെക്നിക്കുകളും ടെക്നിക്കൽ ഹൈസ്കൂളുകളും

2020-21 ലെ കണക്കനുസരിച്ച് സംസ്ഥാനത്ത് 45 സർക്കാർ പോളിടെക്നിക്കുകളും 6 സർക്കാർ എയ്ഡഡ് പോളിടെക്നിക്കുകളും 39 സർക്കാർ ടെക്നിക്കൽ ഹൈസ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങളെല്ലാം സംസ്ഥാനത്തെ വിദ്യാർത്ഥികളുടെ നൈപുണ്യ പരിശീലനത്തിന് പ്രാധാന്യം നൽകുന്ന കോഴ്സുകൾ പ്രദാനം ചെയ്യുന്നു. നിരവധി പരിമിതികൾ ഉണ്ടെങ്കിലും, സമീപഭാവിയിൽ സ്വദേശത്തും വിദേശത്തും തൊഴിൽ ആവശ്യകത നിറവേറ്റുന്ന തരത്തിലുള്ള വൈദഗ്ധ്യമുള്ള തൊഴിലാളികളെ നൽകാൻ കഴിയുമെന്ന് ഈ സ്ഥാപനങ്ങൾക്ക് കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഈ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ **അദ്ധ്യായം 6.1**-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### VI വ്യാവസായിക പരിശീലന വകുപ്പ്

കേരള സർക്കാരിന്റെ തൊഴിൽ നൈപുണ്യ വകുപ്പിന് കീഴിലാണ് വ്യാവസായിക പരിശീലന വകുപ്പ് പ്രവർത്തിക്കുന്നത്. ഇന്ത്യാ ഗവൺമെന്റിന്റെ നൈപുണ്യ വികസന-സംരംഭകത്വ മന്ത്രാലയത്തിന്റെയും, ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗിന്റെയും വിവിധ നൈപുണ്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള സംസ്ഥാനതല നോഡൽ ഏജൻസി കൂടിയാണ് വ്യാവസായിക പരിശീലന വകുപ്പ്. സംസ്ഥാനത്ത് 1961ലെ അപ്രന്റിസ് ആക്ട് പ്രകാരം വിവിധ സ്ഥാപനങ്ങളിൽ അപ്രന്റീസ്ഷിപ്പ് പരിശീലനം നടപ്പാക്കുന്നതിന്റെ ചുമതലയും വകുപ്പിനാണ്. സംസ്ഥാനത്തിന്റെ നഗര, അർദ്ധ-നഗര, ഗ്രാമ പ്രദേശങ്ങളിൽ ചിതറിക്കിടക്കുന്ന വിവിധ സർക്കാർ, സ്വകാര്യ സ്ഥാപനങ്ങൾ വഴി ഡി.ജി.ടി അവതരിപ്പിച്ച രണ്ട് പ്രധാന പദ്ധതികളായ ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീം, അപ്രന്റീസ്ഷിപ്പ് ട്രെയിനിംഗ് സ്കീം എന്നിവയും വകുപ്പ് നടപ്പിലാക്കുന്നു. ട്രെയിനികൾക്ക് നൽകുന്ന സൗജന്യ പരിശീലനവും മറ്റ് സഹായങ്ങളും സമൂഹത്തിലെ പിന്നാക്ക വിഭാഗങ്ങളെ സാങ്കേതിക പുരോഗതിയുടെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ സഹായിക്കുന്നു. പരിശീലനം നൽകുന്നതിൽ അത്യാധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നതിലൂടെ, ഡിപ്പാർട്ട്മെന്റ് ട്രെയിനികളുടെ തൊഴിൽ ക്ഷമത വർദ്ധിപ്പിക്കുന്നു. രാജ്യത്തിന്റെ വളർച്ചയ്ക്കും വികസനത്തിനും സംഭാവന നൽകുന്ന നൈപുണ്യവും സാങ്കേതിക യോഗ്യതയുള്ളതുമായ ഒരു തൊഴിൽ സേനയെ സൃഷ്ടിക്കുകയും സാധ്യമായ എല്ലാ ആളുകൾക്കും ഗുണനിലവാരമുള്ള പരിശീലനം നൽകുകയും ചെയ്യുക വഴി നമ്മുടെ രാജ്യത്ത് 500 ദശലക്ഷം വൈദഗ്ധ്യമുള്ള വ്യക്തികൾ എന്ന ദേശീയ ലക്ഷ്യം കൈവരിക്കുകയും അതിലൂടെ 2022 ഓടെ തൊഴിലില്ലായ്മ പരമാവധി കുറയ്ക്കാൻ ശ്രമിക്കുക എന്നതുമാണ് വകുപ്പ് ലക്ഷ്യമിടുന്നത്.

### എ) ക്രാഫ്റ്റ്സ്മാൻ പരിശീലന പദ്ധതി

പ്രാദേശിക വ്യവസായത്തിന് വിവിധ ട്രേഡുകളിൽ വിദഗ്ധ തൊഴിലാളികളുടെ സ്ഥിരമായ ഒഴുക്ക് ഉറപ്പാക്കുന്നതിനും ചിട്ടയായ പരിശീലനത്തിലൂടെ വ്യാവസായിക ഉൽപ്പാദനം അളവിലും ഗുണപരമായും ഉയർത്തുന്നതിനും അഭ്യസ്തവിദ്യരായ യുവാക്കൾക്കിടയിലെ തൊഴിലില്ലായ്മ കുറയ്ക്കുന്നതിനുമായി അവർക്ക് തൊഴിൽ യോഗ്യമായ പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെ 1950-ൽ ഇന്ത്യ ഗവൺമെന്റ് ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീം അവതരിപ്പിച്ചു. നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് (NCVT) ആണ് പദ്ധതിയുടെ നടത്തിപ്പിനുള്ള രാജ്യത്തെ പരമോന്നത അതോറിറ്റി. സ്കീം അനുസരിച്ച്, ഒരു പ്രത്യേക ട്രേഡിൽ പരിശീലനം പൂർത്തിയാക്കി അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് വിജയിക്കുന്ന ട്രെയിനിക്ക് നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് (NTC) നൽകുന്നു.

2020-21 വർഷത്തെ കണക്കനുസരിച്ച് വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള 104 ഐടിഐകളിലെ ആകെ സീറ്റ് 23874 ഉം, ഈ കാലയളവിലെ മൊത്തം എൻറോൾമെന്റ് 22,839 മാണ്. 2020-21ലെ ആകെ എൻറോൾമെന്റിൽ 5291 പേർ വനിതകളും 3612 പേർ പട്ടികജാതി വിദ്യാർത്ഥികളും 474 പേർ പട്ടികവർഗ്ഗ വിദ്യാർത്ഥികളുമാണ്.

### ബി) അപ്രന്റീസ്ഷിപ്പ് പരിശീലന പദ്ധതി (ATS)

1961ലെ അപ്രന്റീസ് നിയമത്തിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾ അനുസരിച്ചാണ് അപ്രന്റീസ്ഷിപ്പ് പരിശീലന പദ്ധതി നടത്തുന്നത്. വ്യവസായത്തിലെ അപ്രന്റീസുകളുടെ പരിശീലന പരിപാടി നിയന്ത്രിക്കുകയും അതുവഴി ഒരു സ്റ്റാൻഡേർഡ് സിലബസ്, പരിശീലന കാലയളവ്, നൈപുണ്യ സെറ്റുകൾ മുതലായവ സ്ഥിരീകരിക്കുകയും വ്യവസായത്തിൽ ലഭ്യമായ സൗകര്യങ്ങൾ ഉപയോഗിച്ച് പ്രായോഗിക പരിശീലനം നൽകുകയും ചെയ്യുക, വ്യവസായത്തിനാവശ്യമായ വൈദഗ്ധ്യമുള്ള മാനവ വിഭവശേഷിയുടെ ആവശ്യകതകൾ നിറവേറ്റുന്നതിനായി പ്രായോഗിക പരിശീലനം നൽകുന്നതിന് ലഭ്യമായ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുക എന്നിവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. 1961-ലെ അപ്രന്റീസ് ആക്ട് പ്രകാരം നിശ്ചയിച്ചിട്ടുള്ള സ്റ്റൈപ്പൻഡ് നൽകുന്നതിന് ഒരു അപ്രന്റീസും തൊഴിലുടമയും തമ്മിലുള്ള കരാറാണ് അപ്രന്റീസ്ഷിപ്പ്. കരാർ നിയന്ത്രിക്കുന്നതിലും പ്രക്രിയ നിരീക്ഷിക്കുന്നതിലും മൂന്നാം കക്ഷിയായി കേന്ദ്ര/സംസ്ഥാന സർക്കാറുകൾ പ്രവർത്തിക്കുന്നു.

അടുത്തിടെ, ഇന്ത്യാ ഗവൺമെന്റ് നാഷണൽ അപ്രന്റീസ് പ്രൊമോഷൻ സ്കീം (NAPS) അവതരിപ്പിച്ചു, അതിലൂടെ കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾക്ക് സ്റ്റൈപ്പൻഡിന്റെ 25 ശതമാനം തിരികെ നൽകും.

കേരളത്തിലെ അപ്രന്റീസ്ഷിപ്പ് പരിശീലനം കേന്ദ്ര-സംസ്ഥാന സംരംഭമാണ്. ഒരു ഓർഗനൈസേ

**ബോക്സ് 7.3.1** കേരളത്തിലെ ഐ.എസ്.ഒ സർട്ടിഫൈഡ് ഐടിഐകൾ

ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളുടെ മുഖമുദ്രയാണ് ഗുണനിലവാരം. പരിശീലന പരിപാടികളിൽ വിവിധ നൂതന സാങ്കേതിക വിദ്യകൾ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ അവതരിപ്പിച്ചിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂട്ടുകളുടെ ഫലാധിഷ്ഠിത പ്രകടനം ഉറപ്പാക്കുകയാണ് ലക്ഷ്യം. വകുപ്പിന്റെ ഈ സംരംഭങ്ങൾ 2021–22 ൽ ഇനിപ്പറയുന്ന 34 ഐ.ടി.ഐ.കൾക്ക് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നൽകി അംഗീകരിക്കപ്പെട്ടിരിക്കുന്നു.

ഐ.ടി.ഐ (വനിത) കോഴിക്കോട്, ഐ.ടി.ഐ ഏറ്റുമാനൂർ, ഐ.ടി.ഐ മാള, ഐ.ടി.ഐ (വനിത) കളമശ്ശേരി, ഐ.ടി.ഐ കോഴിക്കോട്, ഐ.ടി.ഐ കൽപ്പറ്റ, ഐ.ടി.ഐ കണ്ണൂർ, ഐ.ടി.ഐ (വനിത) കഴക്കൂട്ടം, ഐ.ടി.ഐ ആറ്റിങ്ങൽ, ഐ.ടി.ഐ ചെന്നീക്കര, ഐ.ടി.ഐ കളമശ്ശേരി, ഐ.ടി.ഐ (വനിത) ചാലക്കുടി, ഐ.ടി.ഐ ചെങ്ങന്നൂർ, ഐ.ടി.ഐ ധനുവച്ചപുരം, ഐ.ടി.ഐ ചാക്ക, ഐ.ടി.ഐ കൊല്ലം, ഐ.ടി.ഐ കൊല്ലം (വനിത), ഐ.ടി.ഐ പള്ളിക്കത്തോട്, ഐ.ടി.ഐ കട്ടപ്പന, ഐ.ടി.ഐ ചാലക്കുടി, ഐ.ടി.ഐ മലമ്പുഴ, ഐ.ടി.ഐ കണ്ണൂർ(വനിത), ഐ.ടി.ഐ കാസർകോട്, ഐ.ടി.ഐ അരയനാട്, ഐ.ടി.ഐ ചാത്തന്നൂർ, ഐ.ടി.ഐ മലയിൻകീഴ് ഐ.ടി.ഐ പള്ളിപ്പാട്, ഐ.ടി.ഐ അട്ടപ്പാടി, ഐ.ടി.ഐ കയ്യൂർ, ഐ.ടി.ഐ കൊയിലാണ്ടി, ഐ.ടി.ഐ നിലമ്പൂർ, ഐ.ടി.ഐ കുഴൽമന്ദം, ഐ.ടി.ഐ മാടായി.

ഉറവിടം: വ്യാവസായിക പരിശീലന വകുപ്പ്

ഷനിൽ അപ്രന്റീസ്ഷിപ്പ് പരിശീലനം പൂർത്തിയാക്കി നാഷണൽ അപ്രന്റീസ്ഷിപ്പ് ട്രേഡ് ടെസ്റ്റ് വിജയിക്കുന്നവർക്ക് നാഷണൽ അപ്രന്റീസ്ഷിപ്പ് സർട്ടിഫിക്കറ്റ് (എൻ.എ.സി) നൽകുന്നു. സംസ്ഥാന അപ്രന്റീസ്ഷിപ്പ് സ്കീമുകൾ സംസ്ഥാന അപ്രന്റിസ്ഷിപ്പ് അഡ്വൈസറുടെയും 14 ജില്ലകളിലെ അസിസ്റ്റന്റ് അപ്രന്റീസ്ഷിപ്പ് അഡ്വൈസറുടെയും ഓഫീസ് വഴിയാണ് നടപ്പിലാക്കുന്നത്. 81 ട്രേഡുകളിലായി അപ്രന്റീസ്ഷിപ്പ് പരിശീലനത്തിന് സീറ്റുകൾ ലഭ്യമാക്കിയിട്ടുണ്ട്.

2020–21ൽ, ഈ പദ്ധതി പ്രകാരം, ആകെയുള്ള സീറ്റുകളുടെ എണ്ണം 12612 ഉം ഉപയോഗപ്പെടുത്തിയ സീറ്റുകളുടെ എണ്ണം 4282 ഉം ആയിരുന്നു. ഐഡന്റിഫൈ ചെയ്യപ്പെട്ട സ്ഥാപനങ്ങളുടെ ആകെ എണ്ണം 2443 (സർക്കാർ: 869, സ്വകാര്യ: 1574), ഉപയോഗിച്ച സ്ഥാപനങ്ങളുടെ എണ്ണം 746 (സർക്കാർ: 251, സ്വകാര്യ: 495) എന്നിങ്ങനെയാണ്.

### സി) വ്യാവസായിക പരിശീലന സ്ഥാപനങ്ങൾ

33,332 സീറ്റുകളോട് കൂടി (ആദ്യ വർഷത്തേയും രണ്ടാം വർഷത്തേയും ട്രേഡ്) സംസ്ഥാനത്ത് 104 സർക്കാർ വ്യാവസായിക പരിശീലന സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുന്നു. ഇതിൽ 30 ശതമാനം സീറ്റുകളും പെൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു. ഇവ കൂടാതെ സംസ്ഥാനത്ത് സർക്കാർ മേഖലയിൽ 14 വനിതാ ഐടിഐകൾ പ്രവർത്തിക്കുന്നുണ്ട്. 104 ഗവൺമെന്റ് ഐ.ടി.ഐ.കളുടെയും വർഷം തിരിച്ചുള്ള എൻറോൾമെന്റ് വിശദാംശങ്ങളും, ട്രേഡ് തിരിച്ചുള്ള വിശദാംശങ്ങളും (1 വർഷവും 2 വർഷത്തെ കോഴ്സുകളും), സ്ഥാപനം തിരിച്ചുള്ള അപ്രന്റീസുകളുടെ വിവരങ്ങളും **അനുബന്ധം 7.3.1, 7.3.2, 7.3.3, 7.3.4, 7.3.5.** ഇവയിൽ കാണിച്ചിരിക്കുന്നു.

## 2021–22 ലെ വ്യാവസായിക പരിശീലന വകുപ്പിന്റെ നേട്ടങ്ങൾ

- പിണറായി എജ്യുക്കേഷൻ ഹബ്ബിൽ ഐടിഐ സ്ഥാപിക്കുന്നതിനുള്ള നടപടികൾ (ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെ) ആരംഭിച്ചു
- ഐടിഐകളിൽ ഉൽപ്പാദന കേന്ദ്രങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചു
- 4 മുതൽ 29 വരെ ജീവനക്കാരുള്ള സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്ന K–SAP പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു
- മണിയൂർ ഐ.ടി.ഐ, വടകര ഐ.ടി.ഐ എന്നീ സ്ഥാപനങ്ങൾക്ക് 6.96 കോടി രൂപ ചെലവിൽ കെട്ടിടം നിർമിക്കുന്നതിന് സർക്കാരിൽ നിന്ന് ഭരണാനുമതി ലഭിച്ചു
- ഗ്രീൻ കാമ്പസ്: ഐ.ടി.ഐ കാമ്പസുകളിൽ പരിസ്ഥിതി സൗഹൃദ സമ്പ്രദായങ്ങൾ സ്വീകരിക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഈ പദ്ധതിയിൽ, ഹരിത കേരളം മിഷന്റെ പിന്തുണയോടെ സൗരോർജ്ജ പ്ലാന്റുകൾ, കാറ്റാടി മില്ലുകൾ, മഴവെള്ള സംഭരണ സംവിധാനങ്ങൾ, ജൈവ വാതക മാലിന്യ സംസ്കരണ പ്ലാന്റുകൾ എന്നിവ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നു. കാമ്പസ് മരങ്ങൾ നട്ടുപിടിപ്പിച്ച് ഹരിതാഭമാക്കാനും നിർദേശമുണ്ട്. 2020–21 വർഷത്തിൽ ഹരിതകേരളം മിഷന്റെ പിന്തുണയോടെ പദ്ധതിയുടെ നടത്തിപ്പിനായി 14 ഓളം ഐ.ടി.ഐ. കളെ ആദ്യഘട്ടത്തിൽ തിരഞ്ഞെടുത്തു. ബഹുമാനപ്പെട്ട തൊഴിൽ നൈപുണ്യ മന്ത്രി 2020 ഒക്ടോബർ 30 ന് 11 ഐ.ടി.ഐ കളെ (ഐ.ടി.ഐ കഴക്കൂട്ടം, ചന്ദനത്തോപ്പ്, ചെന്നീർക്കര, കട്ടപ്പന, ചാലക്കുടി, മലമ്പുഴ, വാണിയംകുളം, കോഴിക്കോട് (വനിത), കൽപ്പറ്റ, ഏരിയക്കോട്, പുല്ലൂർ) എന്നിവയെ ഗ്രീൻ കാമ്പസായി പ്രഖ്യാപിച്ചു.

**ബോക്സ് 7.3.2** പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ നേട്ടങ്ങൾ

- 2018–19–ൽ, ടെക്നിക്കൽ എക്സ്ചേഞ്ച് പ്രോഗ്രാമിന് കീഴിലുള്ള പരിശീലനത്തിനായി ഡിപ്പാർട്ട്മെന്റ് 57 ട്രെയിനികളെ സിംഗപ്പൂരിലേക്ക് അയച്ചു.
- പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ ഏകദേശം 40,000 ട്രെയിനികൾക്ക് പ്ലേസ്മെന്റ് ലഭിച്ചു.
- പതിമൂന്നാം പദ്ധതിക്കാലത്ത് വിവിധ ജില്ലകളിൽ 21 ഐടിഐകൾ ആരംഭിച്ചു.

## VII കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE)

വിവിധ വ്യാവസായിക ഡൊമെയ്നുകൾക്കായി കേന്ദ്രീകൃത നൈപുണ്യ വികസനം ആരംഭിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമുള്ള പരമോന്നത സ്ഥാപനമായി പ്രവർത്തിക്കാൻ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് രൂപീകരിച്ചു. വികസനത്തിനായുള്ള നൈപുണ്യ മികവിനായി സ്ഥാപനങ്ങളും അക്കാദമികളും പ്രോത്സാഹിപ്പിക്കുക, സ്ഥാപിക്കുക, സജ്ജീകരിക്കുക, നിരീക്ഷിക്കുക, നിയന്ത്രിക്കുക, എന്നിവയാണ് സ്റ്റേറ്റ് സ്കിൽ ഡവലപ്മെന്റ് മിഷൻ (എസ്.എസ്.ഡി.എമ്മിന്റെ) പ്രധാന ലക്ഷ്യങ്ങൾ.

സെന്റർ ഓഫ് എക്സലൻസ് (CoE), അംഗീകൃത സ്ഥാപനങ്ങൾ, എംപ്ലോയബിലിറ്റി സെന്ററുകൾ, കൗശൽ കേന്ദ്രങ്ങൾ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷൻ (IIIC), കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (KSID) തുടങ്ങിയ വ്യവസായ ടൈ-അപ്പുകളും പ്ലേസ്മെന്റ് ലിങ്കേജുകളുമുള്ള അതുല്യ നൈപുണ്യ മാതൃകകളും SSDM സ്വീകരിച്ചു. പ്രധാനമന്ത്രി കൗശൽ വികാസ് യോജന (പി.എം.കെ.വി.വൈ), നൈപുണ്യ അക്വിസിഷൻ ആൻഡ് നോളജ് അവയർനസ് ഫോർ ലൈവ് ലിഹുഡ് പ്രോഗ്രാം (സങ്കൽപ്) എന്നിവ നടപ്പാക്കുന്നതിനുള്ള നോഡൽ ഏജൻസി കൂടിയാണ് കെയ്സ്. സംസ്ഥാനത്ത് നൈപുണ്യമുണ്ടാക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള ഗവൺമെന്റിന്റെ ലക്ഷ്യം നിറവേറ്റുന്നതിനായി KASE അതിന്റെ നിലവിലുള്ള നെറ്റ്‌വർക്കുകളും ഭാവി നെറ്റ്‌വർക്കുകളും പൂർണ്ണമായും ഉപയോഗപ്പെടുത്തും. സ്ഥാപനങ്ങൾ ത രിച്ചുള്ള അഡ്മിഷനും പ്ലേസ്മെന്റ് വിശദാംശങ്ങളും **അനുബന്ധം 7.3.6**-ൽ സൂചിപ്പിച്ചിരിക്കുന്നു.

### കേരളത്തിലെ നൈപുണ്യ സംയോജനം

ദേശീയ, സംസ്ഥാന, ജില്ലാ തലങ്ങളിൽ സ്ഥാപനപരമായ ശാക്തീകരണത്തിനായി, കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (കെ.എ.എസ്.ഇ)യെ സംസ്ഥാന നൈപുണ്യ വികസന മിഷൻ (എസ്.എസ്.ഡി.എം) ആയി നിയമിച്ചിട്ടുണ്ട്. വിവിധ വകുപ്പുകൾക്ക് അവരുടേതായ നൈപുണ്യ പരിപാടികൾ ഉണ്ട്. അത് പലപ്പോഴും ചില ആവർത്തനങ്ങൾ ഉണ്ടാക്കുന്നു. സംസ്ഥാന തലത്തിൽ ഒരു മിഷന്റെ കീഴിൽ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ക്രോഡീകരിക്കേണ്ടതിന്റെ ആവശ്യകത ഇത് ഊന്നിപ്പറയുന്നു. നൈപുണ്യ സംരംഭങ്ങളെ നയിക്കുകയും ഏകോപിപ്പിക്കുകയും നിരീക്ഷിക്കുകയും വിലയിരുത്തുകയും സംസ്ഥാനത്തിന്റെ എല്ലാ നൈപുണ്യ വികസന പ്രവർത്തനങ്ങളെയും ഒരു കുടക്കീഴിൽ കൊണ്ടുവരുകയും ചെയ്യുന്നതിന് ഈ മിഷന് കഴിയും.

### സ്കിൽ രജിസ്ട്രി മൊബൈൽ ആപ്ലിക്കേഷൻ

ഉപഭോക്താക്കൾക്ക് അവരുടെ എല്ലാ സേവന ആവശ്യങ്ങൾക്കും മിതമായ നിരക്കിൽ സാക്ഷ്യപ്പെടുത്തിയതും, പരിചയസമ്പന്നവുമായ വിഭവങ്ങൾ വാടകയ്ക്കെടുക്കാൻ സഹായിക്കുന്നതിന് കേരള സർക്കാരിന്റെ തൊഴിൽ നൈപുണ്യ വകുപ്പ് സവിശേഷമായ ഏക ജാലക സൗകര്യം ആരംഭിച്ചു.

സർക്കാർ മേഖലയിലെ ഇത്തരത്തിലുള്ള ആദ്യത്തെ മൊബൈൽ ആപ്ലിക്കേഷനാണ് സ്കിൽ രജിസ്ട്രി. ദൈനംദിന ഗാർഹിക, വാണിജ്യ ആവശ്യങ്ങൾക്കായി വിദഗ്ധ തൊഴിലാളികളുടെ സേവനങ്ങൾ ഈ ആപ്ലിക്കേഷൻ പൊതുജനങ്ങൾക്ക് നേരിട്ട് നൽകുന്നു. വ്യാവസായിക പരിശീലന വകുപ്പ്, കുടുംബശ്രീ, പഞ്ചായത്ത് വകുപ്പ് എന്നിവയുമായി സഹകരിച്ച് കെയ്സ് (KASE) ആണ് ആപ്ലിക്കേഷൻ വികസിപ്പിച്ചിരിക്കുന്നത്. തൊഴിൽ സേനയും പൊതുജനങ്ങളും തമ്മിലുള്ള വിടവ് നികത്താനും അതുവഴി ഇടനിലക്കാരെ ഒഴിവാക്കാനും മൊബൈൽ ആപ്ലിക്കേഷൻ സഹായിക്കുന്നു. വിദഗ്ധ തൊഴിലാളികൾക്ക് സേവന ദാതാക്കളായി രജിസ്റ്റർ ചെയ്യാം, അവരുടെ സേവനം ആവശ്യമുള്ളവർക്ക് ഈ ആപ്ലിക്കേഷനിൽ ഉപഭോക്താക്കളായി രജിസ്റ്റർ ചെയ്യാം. ആപ്ലിക്കേഷൻ ഗൂഗിൾ പ്ലേ സ്റ്റോറിൽ ഹോസ്റ്റ് ചെയ്തിരിക്കുന്നു, ഉപയോക്താക്കൾക്കും ഉപഭോക്താക്കൾക്കും സേവന ദാതാക്കൾക്കും രജിസ്ട്രേഷൻ ഫീസും ഇല്ല. ഒരു സേവന ദാതാവ് മൊബൈൽ ആപ്ലിക്കേഷനിൽ രജിസ്റ്റർ ചെയ്തുകഴിഞ്ഞാൽ, ബന്ധപ്പെട്ട അതോറിറ്റി അംഗീകരിച്ചതിനുശേഷം മാത്രമേ ഉപഭോക്താക്കൾക്ക് ആ സേവന ദാതാക്കളെ കാണാൻ കഴിയൂ, ഇത് ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള സേവന ദാതാക്കളെ മാത്രം നൽകാൻ സഹായിക്കുന്നു. 2019 ജൂലൈ 10 ന് തിരുവനന്തപുരം ജില്ലയിൽ പൈലറ്റായി 24 സേവനങ്ങളുമായി ആപ്ലിക്കേഷൻ സമാരംഭിച്ചു. 2020 ഫെബ്രുവരി അവസാനത്തോടെ, സംസ്ഥാനത്തെ 14 ജില്ലകളിലും ആപ്ലിക്കേഷൻ അതിന്റെ പ്രവർത്തനം ആരംഭിച്ചു. ആപ്ലിക്കേഷനോടുള്ള മികച്ച പ്രതികരണം കാരണം, 2020 ഫെബ്രുവരി മുതൽ സേവനങ്ങൾ ഇരുപത്തിനാലിൽ നിന്ന് നാൽപ്പത്തിരണ്ടായി ഉയർത്തി. നിലവിൽ 18,139 ഉപഭോക്താക്കളും 5,064 അംഗീകൃത സേവന ദാതാക്കളും അപേക്ഷയിലുണ്ട്. അപേക്ഷയുടെ നിലവിലെ സ്ഥിതി **പട്ടിക 7.3.7** ൽ നൽകിയിരിക്കുന്നു.

### ഇന്റർനാഷണൽ സ്കിൽ ട്രെയിനിംഗ് ആൻഡ് എംപ്ലോയബിലിറ്റി പ്രോഗ്രാം (i-STEP)

ഇന്റർനാഷണൽ ഔട്ട്റീച്ച് സംരംഭം - ഇന്റർനാഷണൽ സ്കിൽ ട്രെയിനിംഗ് ആൻഡ് എംപ്ലോയബിലിറ്റി പ്രോഗ്രാം (iSTEP), വിവിധ മേഖലകളിൽ സെന്റർ ഓഫ് എക്സലൻസ് (CoE) സ്ഥാപിക്കുന്നതിന് ആവശ്യമായ വേഗമേറിയതും, ലളിതവും, കാര്യക്ഷമവുമായ പ്രോസസ്സിംഗിനായി വിഭാവനം ചെയ്ത ഒരു സംവിധാനമാണ്. നിലവിൽ അത്തരം എല്ലാ മോഡലുകളിലും, KASE അടിസ്ഥാന ഷെൽ ഇൻഫ്രാസ്ട്രക്ചർ നൽകും, അതേസമയം പരിശീലനം, സർട്ടിഫിക്കേഷൻ, വിദേശ പ്ലെയ്സ്മെന്റ് ഉൾപ്പെടെയുള്ള പ്ലെയ്സ്മെന്റ് എന്നിവ KASE നിർദ്ദേശിച്ച മാനദണ്ഡങ്ങൾക്കനുസൃതമായി വ്യവസായ പങ്കാളിയുടെ നിർബന്ധിത ബാധ്യതയാണ്.

iSTEP വ്യവസായത്തിലെ ഏത് മേഖലയ്ക്കും തുറന്നിരിക്കുന്നു, അവിടെ പങ്കാളികൾ നൈപുണ്യ വിടവ് തിരിച്ചറിയുന്നു. iSTEP-ന് കീഴിലുള്ള മോഡലുകൾ ഇനിപ്പറയുന്നവയാണ്.

**പട്ടിക 7.3.7** സ്കിൽ രജിസ്ട്രി മൊബൈൽ ആപ്ലിക്കേഷന്റെ നിലവിലെ അവസ്ഥ

| രജിസ്റ്റർ ചെയ്ത സേവന ദാതാക്കൾ | അംഗീകാരത്തി നായി കാത്തിരി ക്കുന്ന സേവന ദാതാക്കൾ | അംഗീകൃത സേവന ദാതാക്കൾ | രജിസ്റ്റർ ചെയ്ത മൊത്തം ഉപഭോ ക്താക്കൾ | മൊത്തം സേവന ഓർഡറുകൾ | ലഭ്യമായ മൊത്തം സേവനങ്ങൾ |
|---|---|---|---|---|---|
| 8361 | 875 | 5214 | 18866 | 1049 | 42 |

ഉറവിടം: വ്യാവസായിക പരിശീലന വകുപ്പ്, കേരളം

I സെന്റർസ് ഓഫ് എക്സലൻസ് (CoE)
II നൈപുണ്യ പരിശീലന കോഴ്സുകളുടെ അക്രഡിറ്റേഷൻ

കെയ്സിനു (KASE) കീഴിൽ പ്രവർത്തിക്കുന്ന വിവിധ കേന്ദ്രങ്ങളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

### I സെന്റർസ് ഓഫ് എക്സലൻസ് (CoE)

### a) നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻ ഹാൻസ്മെന്റ് (NICE)

നഴ്സിംഗിലെ സെന്റർ ഓഫ് എക്സലൻസ് ആയ നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻ ഹാൻസ്മെന്റ് (NICE), നഴ്സുമാരുടെ തൊഴിൽ വൈദഗ്ധ്യം വർധിപ്പിക്കുന്നതിന് ലോകോത്തര പരിശീലന സൗകര്യങ്ങൾ നൽകുന്ന ഇന്ത്യയിലെ ഇത്തരത്തി ലുള്ള ആദ്യ സംരംഭമാണ്. KASE M/s- ടിവാൻഡ്രം സ്പെഷ്യാലിറ്റി ഹോസ്പിറ്റൽസ് മായി സഹകരിച്ചു കൊണ്ട് (എൻ.എം.സിഹെൽത്ത് കെയർ ഗ്രൂപ്പ്, യുഎഇ) തിരുവനന്തപുരത്തെ കിൻഫ്ര ഇന്റർനാഷണൽ അപ്പാരൽ പാർക്കിൽ ഈ സെന്റർ ഓഫ് എക്സലൻസ് ഇൻ നഴ്സിംഗ് സ്ഥാപിക്കാൻ തീരുമാനിച്ചു. സെന്റർ 2015 ജൂലൈ 2 മുതൽ പ്രവർത്തനക്ഷമമാണ് ഇത് വിവിധ കോഴ്സുകൾ വാഗ്ദാനം ചെയ്യുന്നുണ്ട്. KASE പട്ടി കജാതി വികസന വകുപ്പ് (SCDD), പട്ടികവർഗ്ഗ വികസന വകുപ്പ് (STDD) എന്നിവയുമായി സഹകരിച്ച് NICE മുഖേന വിദ്യാർത്ഥികൾക്ക് അവരുടെ കരിയർ മുന്നേറ്റത്തിനും സാമൂഹിക ഉന്നമനത്തിനും വേണ്ടി നിരവധി നൈപുണ്യ വികസന പരിശീലന പരിപാടികൾ നടത്തിവരുന്നു.

### b) ഓയിൽ ആൻഡ് റിഗിനുള്ള എൻലൈറ്റൻ സ്കിൽ പ്രോഗ്രാം (ESPOIR)

ഓയിൽ വ്യവസായത്തിന് ആവശ്യമായ വൈദഗ്ധ്യമു ള്ള യുവാക്കളെ സജ്ജരാക്കുന്നതിനായി കൊച്ചിയിലെ അങ്കമാലിയിലെ ഇൻകെൽ ടവറിൽ ഓയിൽ ആൻഡ് റിഗിൽ എക്സലൻസ് സെന്റർ സ്ഥാപിക്കുന്നതിന് ഖത്തറിലെ ഇറാം എഞ്ചിനീയറിംഗ് ഡബ്ല്യു.എൽ.എല്ലുമായി കെയ്സ് സഹകരിച്ച് പ്രവർത്തിക്കുന്നു. ഇൻഡസ്ട്രിയൽ ഇലക്ട്രീഷ്യൻ, ഇൻസ്ട്രുമെന്റ് ടെക്നീഷ്യൻ, പൈപ്പ് ഫാബ്രിക്കേറ്റർ, സർട്ടിഫൈഡ് വെൽഡർമാർ, ഇൻ സ്ട്രുമെന്റ് ഫിറ്റർ, സർട്ടിഫൈഡ് സ്കഫോൾഡർമാർ, സൂപ്പർവൈസർമാർ തുടങ്ങിയ ഇലക്ട്രിക്കൽ അനുബ ന്ധ ട്രേഡുകളിലെ കോഴ്സുകൾ ഈ പരിപാടി വാഗ്ദാനം ചെയ്യുന്നു. അന്താരാഷ്ട്ര നിലവാരം പുലർത്തുന്ന സുസജ്ജ മായ ലാബുകളിലൂടെയും വർക്ക് ഷോപ്പുകളിലൂടെയും പ്രായോ ഗിക വൈദഗ്ധ്യവും പരിശീലനവും നൽകുന്നതിൽ ESPOIR ശ്രദ്ധ കേന്ദ്രീകരിക്കുന്നു. പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഉന്നമനത്തിലും സ്ഥാപനം സജീവമായി ഇടപെടുന്നു.

### c) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷൻ (IIIC)

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷൻ (IIIC) ആണ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷൻ ഡൊമെയ്നിലെ സെന്റർ ഓഫ് എക്സലൻസ് (CoE). അടിസ്ഥാന സൗകര്യ, നിർമ്മാണ മേഖലകളിലെ എല്ലാ കേഡറുകളിലുമുള്ള, IIIC യുടെ കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കിയ ഉദ്യോഗസ്ഥർക്ക് തൊഴിൽ വൈദഗ്ധ്യം നൽകുക, താഴേത്തട്ടിലെ തൊഴിലാളികൾ മുതൽ സൂപ്പർവൈ സറി, മാനേജർ തലം വരെ അവരെ ദേശീയ അന്തർ ദേശീയ വിപണികളിൽ എളുപ്പത്തിൽ സാധ്യതയുള്ള തൊഴിലുടമകളുമായി ബന്ധപ്പെടുത്തി തൊഴിൽ ലഭ്യമാക്കു ന്നതിനും ഈ വൈദഗ്ധ്യമുള്ള ആളുകളെ ബന്ധിപ്പിക്കുന്ന തിനുള്ള ഒരു ഇടനിലക്കാരനായി പ്രവർത്തിക്കുന്നതിനും സ്ഥാപനം ലക്ഷ്യമിടുന്നു. അത്യാധുനിക കാമ്പസു മായി 9 ഏക്കർ സ്ഥലത്ത് സ്ഥാപിതമായ IIIC യുടെ ലക്ഷ്യങ്ങളിൽ എല്ലാ കേഡറുകളുടെയും നിർമ്മാണ വ്യവസായത്തിലെ ഉദ്യോഗസ്ഥർക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള നൈപുണ്യ സെറ്റുകൾ നൽകുന്ന തിന് ഒരു ലോകോത്തര നൈപുണ്യ കേന്ദ്രം സ്ഥാപി ക്കുന്നതും ഉൾപ്പെടുന്നു. കപ്പാസിറ്റി ഇൻടേക്കിന്റെയും ഉപമേഖലകളുടെയും അടിസ്ഥാനത്തിൽ നൈപുണ്യ കേന്ദ്രത്തിന്റെ എത്തിച്ചേരൽ, ലോകമെമ്പാടുമുള്ള സെന്ററിന്റെ കോഴ്സുകൾക്ക് ഉയർന്ന അംഗീകാരം നേടുക, കൂടാതെ കോഴ്സുകളെ തൊഴിൽ വ്യാപക മായ വ്യാവസായിക ബന്ധങ്ങളുമായി ബന്ധിപ്പിക്കുന്ന തിലൂടെ പരമാവധി തൊഴിൽ ഉറപ്പാക്കുക എന്നിവയും ഇതിന്റെ മുഖ്യ ലക്ഷ്യമാണ്. 2018 ജൂലൈ 23 ന് ഇൻ സ്റ്റിറ്റ്യൂട്ട് ഔപചാരികമായി ഉദ്ഘാടനം ചെയ്യുകയും 2018 ഒക്ടോബറിൽ ആദ്യ ബാച്ചിന്റെ ക്ലാസുകൾ ആരംഭിക്കുകയും ചെയ്തു. പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഉന്നമനത്തിലും ഇൻസ്റ്റിറ്റ്യൂട്ട് സജീവമായി ഇടപെടുന്നു.

### d) ODEPC യുടെ പങ്കാളിത്തത്തോടെ അങ്കമാലി യിൽ ബഹുഭാഷാ പഠന ഇൻസ്റ്റിറ്റ്യൂട്ട്

IELTS/OET കോഴ്സുകൾ നടത്തുന്നതിനായി KASE, ഓവർസീസ് ഡെവലപ്മെന്റ് ആൻഡ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് ലിമിറ്റഡിന്റെ (ODEPC) പങ്കാളിത്തത്തോടെ അങ്കമാലിയിലെ INKEL ടവേഴ്സിൽ മൾട്ടി-ലാംഗ്വേജ് ലേണിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചു. ഇൻസ്റ്റിറ്റ്യൂട്ട് നൽകുന്ന കോഴ്സുകൾ, യോഗ്യതയുള്ള നഴ്സുമാർക്ക് ഫിനിഷിംഗ് വൈദഗ്ധ്യം നൽകാനും അവരെ അന്താരാഷ്ട്ര വിപണിയിൽ എളുപ്പത്തിൽ തൊഴിൽ ചെയ്യാനും, കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കിയ നഴ്സുമാരെ സാധ്യതയുള്ള

തൊഴിലുടമകളുമായി ബന്ധിപ്പിക്കുന്നതിനുള്ള ഒരു ഇടനിലക്കാരനായി പ്രവർത്തിക്കാനും ഈ കേന്ദ്രം ലക്ഷ്യമിടുന്നു.

### e) റിന്യൂവബിൾ എനർജിയിലെ മികവിന്റെ കേന്ദ്രം

കെയ്സ് (KASE) അനെർട്ടുമായി സഹകരിച്ച് റിന്യൂവബിൾ എനർജി പ്രോജക്ടുകളിലും ഗ്രീൻ ജോലികളിലും നൈപുണ്യ വികസന ശേഷി വർദ്ധിപ്പിക്കുന്നതിൽ പരിശീലനം നൽകുന്നതിനുള്ള ഒരു സെന്റർ ഓഫ് എക്സലൻസ് സ്ഥാപിച്ചു. തിരുവനന്തപുരത്ത് അനെർട്ടിന്റെ ആസ്ഥാനത്തും സംസ്ഥാനത്തുടനീളമുള്ള വിവിധ എക്സ്റ്റൻഷൻ സെന്ററുകളിലും ടെക്നോളജി സെന്ററുകളിലും സെന്റർ ഓഫ് എക്സലൻസ് സ്ഥാപിച്ചിട്ടുണ്ട്.

### f) OET പരീക്ഷാ കേന്ദ്രം

ഓവർസീസ് ഡെവലപ്മെന്റ് ആൻഡ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് ലിമിറ്റഡുമായി (ഒ.ഡി.ഇ.പി.സി) സഹകരിച്ച് കെയ്സ് അങ്കമാലിയിലെ ഇൻകെൽ ടവേഴ്സിൽ ഹെൽത്ത് കെയർ പ്രൊഫഷണലുകൾക്കായി ഒക്യുപേഷണൽ ഇംഗ്ലീഷ് ടെസ്റ്റ് സെന്റർ സ്ഥാപിച്ചു. ഇംഗ്ലീഷ് സംസാരിക്കുന്ന പരിതസ്ഥിതിയിൽ രജിസ്റ്റർ ചെയ്യാനും പ്രാക്ടീസ് ചെയ്യാനും ആഗ്രഹിക്കുന്ന ഹെൽത്ത് കെയർ പ്രൊഫഷണലുകളുടെ ഭാഷാ ആശയ വിനിമയ കഴിവുകൾ കേന്ദ്രം വിലയിരുത്തുന്നു.

### g) മഹാമാരി മൂലം മടങ്ങിയെത്തിയ പ്രവാസി മലയാളികൾക്കുള്ള നൈപുണ്യ പരിശീലനം

പാൻഡെമിക് മൂലം മടങ്ങിയെത്തിയ പ്രവാസികൾക്കും ഭാവി കുടിയേറ്റക്കാർക്കുമായി നോർക്കയുമായി സഹകരിച്ച് KASE നൈപുണ്യ പരിശീലനവും പുനർ തൊഴിൽ പദ്ധതിയും നടത്തിയിരുന്നു. പൈപ്പ് ഫാബ്രിക്കേഷൻ, ഇൻഡസ്ട്രിയൽ ഇലക്ട്രീഷ്യൻ, ടിഗ് ആൻഡ് ആർക്ക് വെൽഡേഴ്സ് ട്രേഡ് എന്നീ വിഷയങ്ങളിലാണ് കോഴ്സുകൾ നടത്തിയത്. ഓയിൽ ആൻഡ് റിഗ് സെക്ടറിലെ കെഎഎസ്ഇയുടെ മികവിന്റെ കേന്ദ്രമായ ESPOIR അക്കാദമിയിലാണ് പരിശീലനം നടന്നത്. മൊത്തം 79 ഉദ്യോഗാർത്ഥികൾക്ക് ഈ പദ്ധതിയിൽ പരിശീലനം നൽകി.

### II നൈപുണ്യ പരിശീലന സ്ഥാപനങ്ങളുടെ അക്രഡിറ്റേഷൻ

പ്രശസ്തരായ നൈപുണ്യ പരിശീലന സ്ഥാപനങ്ങൾക്ക് അംഗീകാരം ലഭിക്കുന്നതിന് കെയ്സുമായി ബന്ധപ്പെട്ടത്താവുന്നതാണ്, അതുവഴി അനുയോജ്യരായ ഉദ്യോഗാർത്ഥികളെ ആകർഷിക്കുന്നതിൽ അവരുടെ സ്വീകാര്യതയും വർദ്ധിപ്പിക്കാൻ കഴിയും. മാനദണ്ഡങ്ങൾ നിരീക്ഷിക്കുകയും നടപ്പാക്കുകയും ചെയ്യുന്നുവെന്ന് അറിയുമ്പോൾ അംഗീകൃത സ്ഥാപനങ്ങളുടെ സേവനങ്ങളിൽ പൊതുജന സ്വീകാര്യത വർദ്ധിക്കുന്നു. ഉയർന്ന നിലവാരം പുലർത്തുകയും നില നിർത്തുകയും ചെയ്യുന്ന സ്ഥാപനങ്ങളെ തിരിച്ചറിയുന്നതിനുള്ള ഒരു മാർഗമാണ് KASE ന്റെ ചിഹ്നം. പ്രധാനപ്പെട്ട അംഗീകൃത നൈപുണ്യ പരിശീലന സ്ഥാപനങ്ങൾ ചുവടെ പരാമർശിച്ചിരിക്കുന്നു.

### a) സ്പോർട്സ് ആൻഡ് മാനേജ്മെന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

'സിനർജിയൻ സൊസൈറ്റി' അതിന്റെ ഡിവിഷൻ സ്പോർട്സ് ആൻഡ് മാനേജ്മെന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് വഴി സ്പോർട്സ് മാനേജ്മെന്റിൽ പിജി ഡിപ്ലോമ, സർട്ടിഫൈഡ് സ്പോർട്സ് മാനേജർ, സ്പോർട്സ് ബിസിനസിൽ അഡ്വാൻസ്ഡ് ഡിപ്ലോമ, സ്പോർട്സ് എഞ്ചിനീയറിംഗിൽ അഡ്വാൻസ്ഡ് ഡിപ്ലോമ തുടങ്ങിയ പരിശീലന പരിപാടികൾ നടത്തി വരുന്നു.

### b) ബ്ലിറ്റ്സ് അക്കാദമി പ്രൈവറ്റ് ലിമിറ്റഡ് (BLITZ)

ASNT NDT ലെവൽ II, വെൽഡിംഗ് ഇൻസ്പെക്ഷൻ, പൈപ്പിംഗ് ആൻഡ് പൈപ്പ്ലൈൻ എഞ്ചിനീയറിംഗ്, മെക്കാനിക്കൽ QA/QC, സിവിൽ QA/QC, ക്വാണ്ടിറ്റി സർവേയിംഗ് തുടങ്ങിയ മെക്കാനിക്കൽ, സിവിൽ എഞ്ചിനീയറിങ്ങിൽ പരിശീലന പരിപാടികളിൽ ഏർപ്പെട്ടിരിക്കുന്ന KASE ന്റെ പരിശീലന ദാതാവാണ് BLITZ അക്കാദമി.

**പട്ടിക 7.3.8** വിവിധ കേന്ദ്രങ്ങൾക്ക് കീഴിലുള്ള പരിശീലനത്തിന്റെയും പ്ലെയ്സ്മെന്റിന്റെയും വിശദാംശങ്ങൾ

| നം | സെന്ററിന്റെ പേര് | പരിശീലനം ലഭിച്ച ആളുകളുടെ എണ്ണം | പ്ലേസ്മെന്റ് |
|---|---|---|---|
| 1 | NICE | 34 | 107 |
| 2 | ESPOIR | 289 | 88 |
| 3 | IIIC | 231 | 28 |
| 4 | OTEC – ANGAMALY | 5 | NA |
| 5 | SMRI | 22 | 5 |
| 6 | BLITZ ACADEMY | 161 | 103 |

ഉറവിടം: കേരള അക്കാദമി ഫോർ സ്കിൽ ആൻഡ് എക്സലൻസ്.

### കരിയർ വികസന കേന്ദ്രങ്ങൾ

ഗ്രാമീണ മേഖലയിലെ അഭ്യസ്തവിദ്യരായ തൊഴിലില്ലാത്തവർക്കായി നാഷണൽ എംപ്ലോയ്മെന്റ് സർവീസസ് ഡിപ്പാർട്ട്മെന്റ് മുഖേന സർക്കാർ 2016–17ൽ ആരംഭിച്ച പദ്ധതിയാണ് കരിയർ ഡെവലപ്മെന്റ് സെന്റർ. ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകളുടെ വിപുലീകരണ കേന്ദ്രങ്ങളായി കരിയർ ഡെവലപ്മെന്റ് സെന്ററുകൾ പ്രവർത്തിക്കുന്നു. ഇതുകൂടാതെ, കരിയർ ഡെവലപ്മെന്റ് സെന്റർ കേരളത്തിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് ഉന്നത കോളേജുകളിലും ദേശീയ തലത്തിലെ മികവിന്റെ കേന്ദ്രങ്ങളിലും ബിരുദാനന്തര ബിരുദ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിനുള്ള സമഗ്ര പരിശീലന പരിപാടിയായ "ധനുസ്" പ്രോഗ്രാമും നടത്തുന്നു. കോഴിക്കോട് ജില്ലയിലാണ് പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കുന്നത്.

**പട്ടിക 7.3.9** കരിയർ വികസന കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ

| പ്രോഗ്രാമുകൾ | നമ്പർ |
|---|---|
| രജിസ്ട്രേഷൻ | 25428 |
| ഗ്രൂപ്പ് കൌൺസിലിംഗ് | 156 |
| കരിയർ സെമിനാർ | 10036 |
| വ്യക്തിഗത ഗൈഡൻസ് | 4082 |
| മോക്ക് ഇന്റർവ്യൂ | 14 |
| ഗോൾ സെറ്റിംഗ്സ് | 164 |

ഉറവിടം: കേരള അക്കാദമി ഫോർ സ്കിൽ ആൻഡ് എക്സലൻസ്

- നിലവിൽ (പേരാമ്പ്ര) കോഴിക്കോട്, (ചിറ്റൂർ) പാലക്കാട്, (തൃപ്പൂണിത്തുറ) എറണാകുളം, (കായംകുളം) ആലപ്പുഴ, (കൊട്ടാരക്കര) കൊല്ലം, (നെയ്യാറ്റിൻകര, പാലോട്) തിരുവനന്തപുരം എന്നിവിടങ്ങളിൽ ഏഴ് കരിയർ ഡെവലപ്മെന്റ് സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്.

### കേരള സ്റ്റേറ്റ് ജോബ് പോർട്ടൽ

തൊഴിൽ നൈപുണ്യ വകുപ്പ്, KASE മുഖേന തൊഴിലന്വേഷകർക്കും തൊഴിൽദാതാക്കൾക്കും സംസ്ഥാനത്ത് തൊഴിൽ വർധിപ്പിക്കുന്നതിനായി സവിശേഷമായ ഏകജാലക സൗകര്യം ആരംഭിച്ചിട്ടുണ്ട്. സംസ്ഥാന ജോബ് പോർട്ടൽ ജോലി കണ്ടെത്തുന്നതിനും, റിക്രൂട്ട്മെന്റിനുമുള്ള ഒരു ഏകജാലക പരിഹാരമാണ് അല്ലെങ്കിൽ എല്ലാം ഉൾക്കൊള്ളുന്ന സപ്പോർട്ട് സിസ്റ്റം എന്നും പറയാം. സ്റ്റേറ്റ് ജോബ് പോർട്ടൽ ജോലി പോസ്റ്റിംഗ് മുതൽ അവസാന ഓഫർ ലെറ്റർ നൽകുന്നത് ചെയ്യുന്നതുവരെ എൻഡ്-ടു-എൻഡ് റിക്രൂട്ട്മെന്റിന് പരിഹാരം നൽകുന്നു. തൊഴിലന്വേഷകർക്ക് അവർക്ക് അനുയോജ്യമായ ജോലി കണ്ടെത്താൻ പോർട്ടലിൽ അവരുടെ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യാം, കൂടാതെ തൊഴിൽ അവസരങ്ങളുടെ പോർട്ടലിൽ പ്രവേശിച്ച് തൊഴിലുടമയ്ക്ക് അവർക്ക് അനുയോജ്യമായ ഉദ്യോഗാർത്ഥിയെ കണ്ടെത്താനാകും. അടിസ്ഥാന തലം മുതൽ മാനേജ്മെന്റ് തലം വരെയുള്ള വിവിധ മേഖലകളിലെ തൊഴിലവസരങ്ങൾ ഫലപ്രദമായി വിനിയോഗിക്കാൻ ജോബ് പോർട്ടൽ സഹായിക്കുന്നു. തൊഴിലന്വേഷകരുടെയും തൊഴിലുടമകളുടെയും രജിസ്ട്രേഷൻ, ഡിജി ലോക്കർ സിസ്റ്റം, ഓട്ടോമാറ്റിക് റെസ്യൂം ജനറേഷൻ, വീഡിയോ റെസ്യൂം, മറ്റ് പോർട്ടലുകളുമായുള്ള സംയോജനം, ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം, ജോബ് ബ്ലോഗ് എന്നിവയാണ് പോർട്ടലിന്റെ സവിശേഷതകൾ. യൂണിവേഴ്സിറ്റി വിദ്യാർത്ഥികളുടെ ഡാറ്റാബേസ് സംസ്ഥാന ജോബ് പോർട്ടലുമായി സംയോജിപ്പിക്കുന്നതിനുള്ള നടപടികൾ KASE ആരംഭിച്ചു, അതിലൂടെ കേരളത്തിലുടനീളമുള്ള വിവിധ സർവകലാശാലകളിൽ നിന്ന് പാസാകുന്ന വിദ്യാർത്ഥികളെ പോർട്ടലിൽ രജിസ്റ്റർ ചെയ്യുകയും, അത് വഴി സംസ്ഥാനത്തെ കോളേജുകളിൽ നിന്ന് പാസായവരുടെ ഡാറ്റാബാങ്ക് നിർമ്മിക്കാനും ഇത് സഹായിക്കും.

### പ്രധാനമന്ത്രി കൗശൽ വികാസ് യോജന (പിഎംകെവിവൈ)

പ്രധാൻ മന്ത്രി കൗശൽ വികാസ് യോജന (PMKVY) പദ്ധതികളുടെ കേന്ദ്രാവിഷ്കൃത സംസ്ഥാന മാനേജ്മെന്റ് (CSSM) ഘടകം നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയാണ് കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE). പി.എം.കെ.വി.വൈ എന്നത് നൈപുണ്യ വികസന മന്ത്രാലയത്തിന്റെ പ്രധാന നൈപുണ്യ പരിശീലന പദ്ധതിയാണ്. ഈ നൈപുണ്യ സർട്ടിഫിക്കേഷൻ സ്കീം ലക്ഷ്യമിടുന്നത് ധാരാളം ഇന്ത്യൻ യുവതീ-യുവാക്കളെ നൈപുണ്യ പരിശീലനം നേടാനും തൊഴിൽ യോഗ്യരാക്കാനും അവരുടെ ഉപജീവനമാർഗം നേടാനും പ്രാപ്തരാക്കുകയും അണിനിരത്തുകയും ചെയ്യുക എന്നതാണ്.

### പ്രധാനമന്ത്രി കൗശൽ വികാസ് യോജന 3.0 (2020–21)

നൈപുണ്യ വികസന-സംരംഭകത്വ മന്ത്രാലയം (MSDE) അതിന്റെ മുൻനിര പദ്ധതിയുടെ മൂന്നാം ഘട്ടം ആരംഭിച്ചു – പ്രധാനമന്ത്രി കൗശൽ വികാസ് യോജന (PMKVY 3.0) 2021 ജനുവരി 15 ന്. ഹ്രസ്വകാല നൈപുണ്യ പരിശീലന പരിപാടിയിലൂടെ തൊഴിലില്ലാത്തവർക്കും കൊഴിഞ്ഞുപോകുന്ന യുവാക്കൾക്കും ഉപജീവനം നൽകുക എന്നതാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത് (STT). കൂടാതെ മുൻകൂർ പഠനത്തിന്റെ അംഗീകാരവും (RPL) ഈ പദ്ധതി വഴി നടപ്പിലാക്കുന്നു. പിഎംകെവിവൈ പദ്ധതിയുടെ മൂന്നാമത്തെ പതിപ്പാണിത്. MSDE പുറത്തിറക്കിയ കൺസെപ്റ്റ് നോട്ട് അനുസരിച്ച്, PMKVY 3.0 രണ്ട് ഘട്ടങ്ങളിലായി നടപ്പിലാക്കും: ഒന്നാം ഘട്ടം (2020–21), രണ്ടാം ഘട്ടം (2021– 2026). PMKVY 3.0 (2020–21) ന് വേണ്ടി MSDE 30.12.2020-ന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

PMKVY 3.0 (2020 –21) സ്കീം 15 സെക്ടറുകളിലായി 32 കോഴ്സുകളിലാണ് നടപ്പിലാക്കുന്നത്. പ്രധാനമന്ത്രി കൗശൽ വികാസ് യോജന 3.0 സ്കീമിന് കീഴിൽ 19 എംപാനൽഡ് പരിശീലന പങ്കാളികളുണ്ട്, എൻറോൾ ചെയ്ത ഉദ്യോഗാർത്ഥികളുടെ എണ്ണം 2300 ആണ്. അവരിൽ 560 ഉദ്യോഗാർത്ഥികൾ ഇതിനകം പരിശീലനം പൂർത്തിയാക്കിയിരുന്നു.

### അക്വിസിഷൻ ആൻഡ് നോളജ് അവയർനെസ് ലൈവ് ലിഹുഡ് പ്രൊമോഷൻ (SANKALP)

നൈപുണ്യ വികസന, സംരംഭകത്വ മന്ത്രാലയത്തിന് (MSDE) കീഴിൽ, നൈപുണ്യ വികസനത്തിനായുള്ള സ്ഥാപനപരമായ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനും രാജ്യത്തുടനീളമുള്ള യുവാക്കൾക്ക് ഗുണനിലവാരവും വിപണി പ്രസക്തമായ പരിശീലനത്തിലേക്കുള്ള പ്രവേശനം വർധിപ്പിക്കുന്നതിനുമായി ലോകബാങ്ക് സഹായത്തോടെയുള്ള പദ്ധതിയായ നൈപുണ്യ ശേഖരണവും വിജ്ഞാന അവബോധ ഉപജീവന പ്രോത്സാഹനവും (SANKALP) ഇന്ത്യാ ഗവൺമെന്റ് ആരംഭിച്ചു. ദേശീയ നൈപുണ്യ വികസന മിഷന്റെ (എൻഎസ്ഡിഎം) ദൗത്യം അതിന്റെ പ്രധാന സബ് മിഷനുകളിലൂടെ നടപ്പിലാക്കാൻ സങ്കൽപ് പദ്ധതി ലക്ഷ്യമിടുന്നു. ദേശീയ-സംസ്ഥാന തലങ്ങളിൽ സ്ഥാപനപരമായ സംവിധാനങ്ങൾ ശക്തിപ്പെടുത്തുക, ഗുണനിലവാരമുള്ള പരിശീലകരുടെയും മൂല്യനിർണ്ണയക്കാരുടെയും ഒരു കൂട്ടം നിർമ്മിക്കുക, സംസ്ഥാന തലത്തിൽ എല്ലാ

**പട്ടിക 7.3.10** സംസ്ഥാന ജോബ് പോർട്ടലിന്റെ നിലവിലെ അവസ്ഥ

| രജിസ്റ്റർ ചെയ്ത തൊഴിലുടമകൾ | രജിസ്റ്റർ ചെയ്ത തൊഴിൽ അന്വേഷകർ | | രജിസ്റ്റർ ചെയ്ത പങ്കാളിത്ത സ്ഥാപനങ്ങൾ | പോസ്റ്റ് ചെയ്ത ഒഴിവുകൾ | ജോലി അപേക്ഷകർ | ഷെഡ്യൂൾ ചെയ്ത അഭിമുഖങ്ങൾ | ജോലി വാഗ്ദാനം | ജോബ് ഫെയറുകൾ |
|---|---|---|---|---|---|---|---|---|
| | പൂർത്തിയായവ | ബേസിക് | | | | | | |
| 313 | 17,026 | 3,38,807 | 108 | 56,302 | 23,635 | 4,134 | 246 | 2 |

ഉറവിടം: കേരള അക്കാദമി ഫോർ സ്കിൽ ആൻഡ് എക്സലൻസ്

**ബോക്സ് 7.3.3.** ഇന്ത്യയുടെ നൈപുണ്യ റിപ്പോർട്ട് 2022

കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി, Taggd, Sunstone University, Association of Indian Universitys, UNDP, AICTE, ASAP എന്നിവയുടെ പങ്കാളിത്തത്തോടെ വീൽബോക്സ് പുറത്തിറക്കിയ 2022 ലെ ഇന്ത്യാ നൈപുണ്യ റിപ്പോർട്ട് പ്രകാരം മഹാരാഷ്ട്രയ്ക്കും ഉത്തർപ്രദേശിനും ശേഷം തൊഴിലവസരത്തിന്റെ കാര്യത്തിൽ കേരളം മൂന്നാം സ്ഥാനത്താണ്. യുവാക്കൾക്ക് ഏറ്റവും ഉയർന്ന തൊഴിലവസരങ്ങളുള്ള സംസ്ഥാനങ്ങളുടെ പട്ടികയിൽ 64.2 ശതമാനത്തോടെ മൂന്നാം സ്ഥാനത്താണ് കേരളം. മഹാരാഷ്ട്ര ഉത്തർപ്രദേശ് എന്നിവിടങ്ങളിൽ ഇത് യഥാക്രമം 66.1 ശതമാനവും 65.2 ശതമാനവും ആണ്. സ്ത്രീകളുടെ തൊഴിൽ സാധ്യതയുടെ കാര്യത്തിൽ കേരളം നാലാം സ്ഥാനത്താണ്. കേരളത്തിൽ നിന്നുള്ള നിരവധി നഗരങ്ങൾ സ്ത്രീകളുടെയും പുരുഷന്മാരുടെയും തൊഴിൽക്ഷമതയിൽ കാര്യമായ പുരോഗതി പ്രകടമാക്കി വരും വർഷങ്ങളിൽ ഇതുമായി ബന്ധപ്പെട്ട് നിരവധി അവസരങ്ങൾ പ്രയോജനപ്പെടുത്താൻ കഴിയും. ലഭ്യമായ നൈപുണ്യമുള്ള പ്രതിഭകൾക്കുള്ള മികച്ച 10 നഗരങ്ങളിൽ തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങൾ ഇടംപിടിച്ചിട്ടുണ്ട്. ഇന്റേൺഷിപ്പ് മുൻഗണനകളുടെ കാര്യത്തിൽ 91.17 ശതമാനം വിദ്യാർത്ഥികൾ ഇന്റേൺഷിപ്പ് നേടാൻ ആഗ്രഹിക്കുന്ന സംസ്ഥാനങ്ങളിൽ കേരളം ആറാം സ്ഥാനത്താണ്. ഇത് സംസ്ഥാനത്തിന് ശുഭസൂചനയാണ് നൽകുന്നത്. സംസ്ഥാനത്ത് ശക്തമായ നൈപുണ്യ ആവാസവ്യവസ്ഥ വികസിപ്പിക്കുന്നതിൽ സർക്കാർ സജീവമായ ഇടപെടൽ നടത്തിയതിനാലാണ് ഇത്തരമൊരു നേട്ടം കൈവരിക്കാനായത്.

നൈപുണ്യ പരിശീലന പ്രവർത്തനങ്ങളും സംയോജിപ്പിക്കുക, നൈപുണ്യ പരിശീലന പരിപാടികൾക്കായി ശക്തമായ നിരീക്ഷണ-മൂല്യനിർണ്ണയ സംവിധാനം സ്ഥാപിക്കുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. പിന്നാക്ക വിഭാഗങ്ങൾക്ക് നൈപുണ്യ പരിശീലന അവസരങ്ങളിലേക്കുള്ള പ്രവേശനം ഏറ്റവും പ്രധാനമായി, പ്രസക്തമായ നിർമ്മാണ മേഖലകളിലെ നൈപുണ്യ ആവശ്യകതകൾ നിറവേറ്റിക്കൊണ്ട് "മെയ്ക്ക് ഇൻ ഇന്ത്യ" സംരംഭത്തിന് അനുബന്ധമായി നൽകുക.

SANKALP പദ്ധതിയുടെ ഭാഗമായി, നൈപുണ്യ വികസന, സംരംഭകത്വ മന്ത്രാലയത്തിന്റെ വിവിധ നൈപുണ്യ സംരംഭങ്ങൾ നൈപുണ്യ ഇക്കോ സിസ്റ്റത്തിൽ ഗുണനിലവാരവും സ്ഥിരതയും ഉറപ്പാക്കുന്നതിന് ഗ്രൗണ്ട് നിർവഹണം സുഗമമാക്കുന്നതിന് ജില്ലാതലത്തിൽ ജില്ലാ സ്കില്ലിംഗ് കമ്മിറ്റിയും ജില്ലാ നോഡൽ സെന്ററും രൂപീകരിക്കേണ്ടത് അത്യാവശ്യമാണ്. ജില്ലാ തലത്തിൽ വൈദഗ്ധ്യം ഉറപ്പാക്കുന്നതിനും നിലനിർത്തുന്നതിനുമുള്ള കേന്ദ്ര ബിന്ദുവും പ്രാദേശിക സഹായിയുമായി ജില്ലാ നൈപുണ്യ സമിതി പ്രവർത്തിക്കുന്നു.

എല്ലാ ജില്ലകളിലും ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാ നൈപുണ്യ സമിതികൾ രൂപീകരിച്ചു. കെഎഎസ്ഇ 11 ജില്ലാ നൈപുണ്യ കോഓർഡിനേറ്റർമാരെ (ഡിഎസ്സി) നിയമിച്ചു. നൈപുണ്യ പഠനം വിദ്യാർത്ഥികളെ വിവിധ വഴികളിൽ ജോലി നേടാനും അതുവഴി സ്ഥിരമായ വരുമാനം നേടാനും പ്രാപ്തരാക്കുന്നു. കൂടാതെ, തൊഴിലവസരങ്ങളിലേക്കുള്ള പ്രവേശനം വർദ്ധിപ്പിക്കുന്നതിന് നൈപുണ്യ പഠനം സഹായിക്കുന്നു. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഇത്തരം നൈപുണ്യ വിടവുകൾ കണ്ടെത്തി അവ പരിഹരിച്ച് നൈപുണ്യ വികസനം സാധ്യമാക്കാനുള്ള ശ്രമത്തിലാണ്.

അദ്ധ്യായം

# 8

# സാമൂഹിക ഉൾച്ചേർക്കൽ – ഉദ്യമങ്ങൾ

അദ്ധ്യായം
8

# സാമൂഹിക ഉൾച്ചേർക്കൽ – ഉദ്യമങ്ങൾ

## 8.1 ലിംഗ പദവിയും വികസനവും


ലിംഗസമത്വം കൈവരിക്കുകയും എല്ലാ സ്ത്രീകളെയും പെൺകുട്ടികളെയും ശാക്തീകരിക്കുകയും ചെയ്യുക എന്നത് യു.എന്നിന്റെ സുസ്ഥിര ലക്ഷ്യങ്ങളിലൊന്നാണ് (എസ്ഡിജി 5). സ്ത്രീകളോടുള്ള വിവേചനം അവസാനിപ്പിക്കുന്നത് കേവലമായ ഒരു മനുഷ്യാവകാശ പ്രശ്നം പരിഹരിക്കുക എന്ന നിലയിൽ മാത്രമല്ല മറിച്ച് സുസ്ഥിര ഭാവിയിലേക്കുള്ള അനിവാര്യമായ ഒരു അവസ്ഥ കൂടിയായാണ് കാണുന്നത്. ലിംഗ സമത്വത്തിനും ശാക്തീകരണത്തിനും വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ കാര്യമായ പുരോഗതി കഴിഞ്ഞ നാല് ദശകങ്ങളിൽ ഉണ്ടായിട്ടുണ്ടെന്നത് വ്യക്തമാണ്. എന്നിരുന്നാലും ഒരു ആഗോള സമൂഹം എന്ന നിലയ്ക്ക് ലിംഗ സമത്വ ലോകമാകുന്നതിൽ നിന്നും നാം ഇപ്പോഴും ഏറെ അകലെയാണ്.

ലിംഗ പദവിയുമായി ബന്ധപ്പെട്ട ഐക്യരാഷ്ട്ര വികസന പരിപാടി (യുഎൻഡിപി) വികസിപ്പിച്ചെടുത്ത പ്രധാനപ്പെട്ടതും സാധാരണ ഉപയോഗിക്കുന്നതുമായ രണ്ടു ലിംഗസമത്വ സൂചികങ്ങൾ ആണ് ലിംഗ പദവി വികസന സൂചികയും (ജിഡിഐ) ലിംഗപദവി ശാക്തീകരണ ഏകകവും (ജിഇഎം). ലിംഗ പദവി വികസന സൂചിക (ജിഡിഐ) അടിസ്ഥാന കഴിവുകളുമായും ജീവിത നിലവാരവുമായും ബന്ധപെട്ടു നിൽക്കുന്നു. മാനവ വികസന സൂചിക (എച്ച്ഡിഐ) യിൽ ഉപയോഗിക്കുന്ന സമാനമായ സൂചകങ്ങൾ തന്നെ ആണ് ലിംഗ അസമത്വ സൂചികയിലും ഉപയോഗിക്കുന്നത് എങ്കിലും ആകെ ആളുകളുടെ ശരാശരി നേട്ടങ്ങൾ ഒന്നിച്ചെടുക്കുന്നതിലും സ്ത്രീയും പുരുഷനും തമ്മിലെ അസമത്വത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു. 2020 ലെ മാനവ വികസന റിപ്പോർട്ട് (എച്ച്ഡിആർ) പ്രകാരം ദക്ഷിണേഷ്യൻ രാജ്യങ്ങളിൽ 0.82 ലിംഗപദവി വികസന സൂചികയോടു കൂടി മോശം പ്രകടനം നടത്തിയ രാജ്യങ്ങളിൽ മൂന്നാമതാണ് ഇന്ത്യ.

ലോക സാമ്പത്തിക ഫോറത്തിന്റെ ആഗോള ലിംഗപദവി അസമത്വ റിപ്പോർട്ട് 2021 പ്രകാരം 156 രാജ്യങ്ങളിൽ ഇന്ത്യ 140–ാ സ്ഥാനത്താണ്. കൂടാതെ, ആരോഗ്യം, ശാക്തീകരണം, തൊഴിൽ വിപണി തുടങ്ങിയ മേഖലകളിലും ഇന്ത്യയിലെ ലിംഗപദവിഅസമത്വത്തിന്റെ വ്യക്തമായ ചിത്രം ലിംഗപദവി അസമത്വ സൂചിക (ജിഐഐ) വരച്ചുകാട്ടുന്നു. **ചിത്രം 8.1.1** ഇന്ത്യയിലെ സ്ത്രീകളുടെ തൊഴിൽ സേനാ പങ്കാളിത്തം വ്യക്തമാക്കുന്നു.

വനിതാ വികസനവുമായി ബന്ധപ്പെട്ട നിരവധി സൂചകങ്ങളുടെ കാര്യത്തിൽ ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ കേരളം വേറിട്ടുനിൽക്കുന്നു.

**ചിത്രം 8.1.1** വിവിധ വർഷങ്ങളിലെ സ്ത്രീകളിലെ തൊഴിൽ സേനാ പങ്കാളിത്ത നിരക്ക് (എൽ.എഫ്.പി.ആർ)




അവലംബം: മുൻ എൻഎസ്എസ് വിവരങ്ങളും വിവിധ പിഎൽഎഫ്എസ് റിപ്പോർട്ടുകളും

**പട്ടിക 8.1.1** വിവിധ തലങ്ങളിലെ സാക്ഷരതയുടെ ശതമാനം (വയസ്സ് 15–49)

| നഗരം/ഗ്രാമം | കേരളം | | | ഇന്ത്യ | | |
|---|---|---|---|---|---|---|
| | നഗരം | ഗ്രാമം | ആകെ | നഗരം | ഗ്രാമം | ആകെ |
| ആൺ സാക്ഷരത | 99.2 | 97.4 | 98.2 | 89.6 | 81.5 | 84.4 |
| പെൺ സാക്ഷരത | 99.1 | 97.5 | 98.3 | 83 | 65.9 | 71.5 |
| ഇന്റർനെറ്റ് എപ്പോഴെങ്കിലും ഉപയോഗിച്ചിട്ടുള്ള പുരുഷൻ | 78.3 | 74.2 | 76.1 | 72.5 | 48.7 | 57.1 |
| ഇന്റർനെറ്റ് എപ്പോഴെങ്കിലും ഉപയോഗിച്ചിട്ടുള്ള സ്ത്രീ | 64.9 | 57.5 | 61.1 | 51.8 | 24.6 | 33.3 |

അവലംബം :ദേശീയ കുടുംബാരോഗ്യ സർവ്വേ (എൻ.എഫ്.എച്ച്.എസ് ) 5, 2019-20

തദ്ദേശഭരണ സ്ഥാപനങ്ങളിൽ സ്ത്രീകൾക്ക് 50 ശതമാനം സീറ്റുകൾ സംവരണം ചെയ്യാനുള്ള നിയമനിർമ്മാണം വഴി 2010 ൽ ചരിത്രപരമായ ഒരു ചുവടുവെപ്പായിരുന്നു കേരളം നടത്തിയത്. 2021–ൽ ആകെയുള്ള 1,200 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 602 ലും സ്ത്രീകൾ നേതൃത്വം നൽകുന്നു (പഞ്ചായത്ത് വകുപ്പ്, കേരള സർക്കാർ 2021). ഇന്ത്യയിലെ ഏറ്റവും വലിയ സ്ത്രീ ശാക്തീകരണ പദ്ധതികളിലൊന്നായ കുടുംബശ്രീ മിഷൻ കേരളത്തിന്റെ വനിതാ വികസനത്തിൽ പ്രധാന പങ്ക് വഹിക്കുന്നു. പ്രാദേശിക ഭരണകൂടങ്ങളിലെ ഗണ്യമായ സ്ത്രീ പ്രാതിനിധ്യം, പരിശീലനം, സംരംഭകത്വ പിന്തുണ, വിദ്യാഭ്യാസം എന്നിവയിലൂടെ ലക്ഷക്കണക്കിന് സ്ത്രീകളെ ശാക്തീകരിക്കുന്നതിൽ കുടുംബശ്രീയുടെ നിരന്തരമായ ഇടപെടലിന്റെയും പ്രാദേശിക തലത്തിൽ സ്ത്രീകളുടെ രാഷ്ട്രീയവൽക്കരണം വർദ്ധിച്ചതിന്റേയും കൂടി പ്രതിഫലനം ആയി കാണേണ്ടതുണ്ട്. നവലിബറലിസത്തിന്റെ ഈ കാലഘട്ടത്തിൽ, ഇന്ത്യയൊട്ടാകെ സാമ്പത്തിക നയത്തിന്റെ സ്വാധീനം ഉണ്ടായിട്ടും, കേരള സംസ്ഥാനത്തിന്റെ സാമൂഹിക ചെലവ് ഇപ്പോഴും ലിംഗ സമത്വം, വികസനം തുടങ്ങിയ മേഖലകളെ ആശ്രയിക്കുന്നുണ്ട്. ലിംഗസമത്വ സമൂഹത്തിലേക്കുള്ള പാതയൊരുക്കുന്നതിൽ കേരള സർക്കാരും അതിന്റെ വിവിധ ഏജൻസികളും നേതൃത്വപരമായ ഒരു പ്രധാന പങ്ക് വഹിക്കുന്നു.

2011–ലെ സെൻസസ് പ്രകാരം, കേരളത്തിലെ സ്ത്രീ പുരുഷ അനുപാതം 1,084 എന്നത് ദേശീയ കണക്കായ 940–മായി താരതമ്യപ്പെടുത്തുമ്പോൾ ഉയർന്നതാണ്. കേരളത്തിലെ മൊത്തം ജനസംഖ്യയുടെ 52 ശതമാനം സ്ത്രീകളാണ്. 0–14 വയസ്സ് പ്രായമുള്ള കുട്ടികൾ കേരളത്തിലെ മൊത്തം ജനസംഖ്യയുടെ 23.44 ശതമാനത്തെ പ്രതിനിധീകരിക്കുന്നു, അവരിൽ 48.91 ശതമാനം പെൺകുട്ടികളാണ്. ദേശീയ ശരാശരിയായ 11 ശതമാനത്തിൽ നിന്ന് വ്യത്യസ്തമായി, കേരളത്തിലെ മൊത്തം കുടുംബങ്ങളിൽ 22 ശതമാനവും സ്ത്രീകൾ നയിക്കുന്നതാണ്. അടുത്തിടെ, പോലീസ്, എക്സൈസ് തുടങ്ങിയ വകുപ്പുകളിൽ സ്ത്രീകളുടെ തൊഴിലവസരങ്ങളിൽ പ്രശംസനീയമായ വർധനയുണ്ടായി. 2017–ൽ, 605 പോലീസ് കോൺസ്റ്റബിൾമാരെയും (ഒരു വനിതാ കമാൻഡന്റ് നിയന്ത്രിക്കുന്ന ഒരു വനിതാ പോലീസ് ബറ്റാലിയൻ ഉൾപ്പെടെ) 2018–ൽ 154 പേരെയും നിയമിച്ചു. 2018–ൽ എക്സൈസ് വകുപ്പിൽ 133 സ്ത്രീകളെ പട്രോളിംഗിനായി ഉൾപ്പെടുത്തി. മഹാമാരിക്കു ശേഷം ആരോഗ്യ പ്രവർത്തകരുടെ ഗണ്യമായ പുതിയ നിയമനം നടന്നതിൽ, വലിയൊരു വിഭാഗം സ്ത്രീകളാണ്.

## വിദ്യാഭ്യാസവും ലിംഗസമത്വവും

സാമൂഹ്യ–സാംസ്കാരിക വികസനവുമായി ബന്ധപ്പെട്ട് കേരളത്തിന്റെ നേട്ടങ്ങളിൽ ഏറ്റവും ശ്രദ്ധയാകർഷിക്കുന്നത് ഉയർന്ന സ്ത്രീ സാക്ഷരതയും വിദ്യാഭ്യാസവുമാണ്. ഉയർന്ന സാക്ഷരത കേരള സ്ത്രീകളുടെ സാമൂഹികവും രാഷ്ട്രീയവുമായ വികസന മുന്നേറ്റത്തിന്റെ അടിസ്ഥാനമായി കണക്കാക്കാം. ഒരു ചെറിയ സ്ത്രീ–പുരുഷ വ്യത്യാസം നിലനിൽക്കുന്നുണ്ടെങ്കിലും ഇന്ത്യൻ സംസ്ഥാനങ്ങളിൽ മികച്ച സ്ത്രീ സാക്ഷരതാ നിരക്കായ 92 ശതമാനം കേരളത്തിലാണ് (സെൻസസ്, 2011). കേരളത്തിൽ കഴിഞ്ഞ 6 ദശകങ്ങൾ കൊണ്ട് സ്ത്രീ–പുരുഷ വ്യത്യാസം കുറഞ്ഞുവെന്നും കാണാൻ സാധിക്കുന്നു. (കൂടുതൽ വിവരങ്ങൾക്ക് ആറാം അദ്ധ്യായം കാണുക). എൻഎഫ്എച്ച്എസ്–5 2019–20 വിവരങ്ങൾ പ്രകാരം കേരളത്തിലെ സ്ത്രീകളുടെ (15–49 വയസ്സുള്ള) സാക്ഷരതാ നിരക്ക് 98.3 ശതമാനമായി വർദ്ധിച്ചിട്ടുണ്ട്. കമ്പ്യൂട്ടർ സാക്ഷരത, അടിസ്ഥാന ഇന്റർനെറ്റ് പരിജ്ഞാനം തുടങ്ങിയ മറ്റു നിലകളിലെ സാക്ഷരതയുടെ കാര്യത്തിൽ കേരളത്തിലെയും ഇന്ത്യയിലെയും സ്ത്രീകൾ പുരുഷന്മാരേക്കാൾ പിന്നിലാണ്. ഇൻററനെറ്റ് സാക്ഷരതയുടെ കാര്യത്തിൽ സ്ത്രീ–പുരുഷ വ്യത്യാസം ഗ്രാമീണ മേഖലയിലാണ് കൂടുതൽ പ്രകടമാകുന്നത്. ഗ്രാമങ്ങളിലേയും നഗരങ്ങളിലേയും വിവിധ തലത്തിലുള്ള സാക്ഷരതയിലെ സ്ത്രീ–പുരുഷ വ്യത്യാസങ്ങൾ **പട്ടിക 8.1.1**–ൽ നൽകിയിരിക്കുന്നു.

പൊതു വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ, സ്കൂൾ പ്രവേശനം പ്രാഥമിക തലത്തിൽ സാർവത്രികമാണ്, കൂടാതെ സ്ത്രീ–പുരുഷ തുല്യത കൈവരിക്കുകയും ചെയ്തു. സ്കൂളുകളിൽ ചേരുന്ന വിദ്യാർത്ഥികളിൽ 48 ശതമാനവും പെൺകുട്ടികളാണ്. ഹയർ സെക്കൻഡറി വിദ്യാഭ്യാസ പ്രവേശനത്തിൽ ആൺകുട്ടികളെ അപേക്ഷിച്ച് പെൺകുട്ടികളുടെ പ്രവേശനം 51.82 ശതമാനമാണ്. മൂന്നാമത്തെ തലത്തിലും പെൺകുട്ടികളുടെ പ്രവേശനം ആൺകുട്ടികളേക്കാൾ കൂടുതലാണ്. ഉദാഹരണത്തിന്, 2020–21 കാലയളവിൽ കേരളത്തിലെ വിവിധ ആർട്സ് സയൻസ് കോളേജുകളിൽ ബിരുദ കോഴ്സുകളിലേക്ക് പ്രവേശനം നേടിയതിന്റെ 64.6 ശതമാനവും പെൺകുട്ടികളാണ്. ബിരുദാനന്തര ബിരുദം പരിഗണിക്കുമ്പോൾ, പെൺകുട്ടികളുടെ പ്രവേശനം മൊത്തം പ്രവേശനത്തിന്റെ 64.69 ശതമാനമായി ഉയർന്നുനിൽക്കുന്നു. എന്നാൽ എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്കുകളിലും പ്രവേശനം നേടുന്ന പെൺകുട്ടികളുടെ എണ്ണം കണക്കിലെടുക്കുമ്പോൾ സ്ഥിതി വ്യത്യസ്തമാണ്. പ്രവേശനം ലഭിച്ച ആകെ വിദ്യാർത്ഥികളിൽ പെൺകുട്ടി

കളുടെ ശതമാനം എഞ്ചിനീയറിംഗ് കോളേജുകളിൽ 41.85 ഉം പോളിടെക്നിക്കുകളിൽ 26.51 ഉം മാത്രമാണ്. ടെക്നിക്കൽ സ്കൂളുകളിൽ പെൺകുട്ടികളുടെ ശതമാനം 5.2 എന്ന നിലയിൽ വളരെ താഴെയാണ്. (**പട്ടിക 8.1.2**)

**പട്ടിക 8.1.2** വിവിധ തലങ്ങളിൽ പെൺകുട്ടികളുടെ പ്രവേശനം 2021–22

| മേഖല | ആകെ | പെൺകുട്ടികൾ | ശതമാനം |
|---|---|---|---|
| എൽ.പി | 1418079 | 679968 | 47.94 |
| യു.പി | 1175521 | 574238 | 48.84 |
| എച്ച്.എസ് | 1274511 | 617320 | 48.43 |
| എച്ച്.എസ്. എസ്* | 368283 | 190853 | 51.82 |
| വി.എച്ച്.എസ്. എസ് | 27218 | 12805 | 47.04 |
| ടെക്ക്നിക്കൽ ഹൈ സ്കൂൾ | 7834 | 410 | 5.2 |
| പോളി ടെക്നിക്* | 13280 | 3521 | 26.51 |
| ബി.എ , ബി.എസ്. സി & ബി.കോം * | 295417 | 193070 | 64.6 |
| ബി. ടെക്* | 5916 | 2476 | 41.85 |
| എം.എ എം. എസ്. സി & എം.കോം * | 44160 | 28568 | 64.69 |
| എം. ടെക്* | 1700 | 1137 | 66.88 |
| ആരോഗ്യവും അനുബന്ധ ശാസ്ത്രവും | 23003 | 18715 | 81.35 |

അവലംബം: ഡി.ജി.ഇ, ഡി.സി.ഇ, ഡി.ടി.ഇ, വി.എച്ച്.എസ്.ഇ ഡയറക്ടറേറ്റ്, കെ.ടി.യു, കെ. യു. എച്ച്. എസ്, *2020-21 ലെ വിവരങ്ങൾ

ബി ടെക്, പോളിടെക്നിക്, ടെക്നിക്കൽ ഹൈസ്കൂളുകൾ തുടങ്ങിയ മറ്റു സാങ്കേതിക കോഴ്സുകളിലെ പെൺകുട്ടികളുടെ പ്രവേശനം ആനുപാതികമായി കുറവാണ്. എന്നാൽ ആരോഗ്യം, അനുബന്ധ വിഷയങ്ങൾ എന്നിവയിൽ അവരുടെ അനുപാതം വളരെ കൂടുതലാണ്. മറ്റേതൊരു വിഭാഗവുമായി താരതമ്യപ്പെടുത്തുമ്പോൾ, വൈദ്യശാസ്ത്രവുമായി ബന്ധപ്പെട്ട കോഴ്സുകളിൽ ഭൂരിഭാഗവും പെൺകുട്ടികളാണ്. **പട്ടിക 8.1.3**–ൽ കാണുന്നത് പോലെ, ആരോഗ്യ–അനുബന്ധ കോഴ്സുകളിലെ 80 ശതമാനത്തിലധികം വിദ്യാർത്ഥികളും പെൺകുട്ടികളാണ്. ഇവിടെയും അവർ ആൺ കുട്ടികളുടെ എണ്ണത്തെ മറി കടക്കുന്നു. വരും വർഷങ്ങളിൽ 60 ശതമാനത്തിലധികം ഡോക്ടർമാർ സ്ത്രീകളായിരിക്കുമെന്നതിന്റെ സൂചനയാണിത്.

**പട്ടിക 8.1.3** മെഡിക്കൽ വിദ്യാഭ്യാസത്തിലെ പെൺകുട്ടികളുടെ വാർഷിക പ്രവേശന അനുപാതം 2021–22 (ഒക്ടോബർ 2021)

| വിഭാഗം | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ | പെൺകുട്ടികളുടെ ശതമാനം |
|---|---|---|---|---|
| ആധുനിക വൈദ്യശാസ്ത്രം | 1792 | 3439 | 5231 | 65.74 |
| ദന്ത ചികിത്സ | 292 | 1804 | 2096 | 86.06 |
| ഹോമിയോ | 40 | 348 | 388 | 86.75 |
| ആയുർവേദം | 159 | 1132 | 1291 | 87.62 |
| യുനാനി | 6 | 25 | 31 | 80.64 |
| സിദ്ധ | 12 | 25 | 37 | 67.56 |

അവലംബം: ആരോഗ്യ സർവ്വകലാശാല (കെ.യു.എച്ച്.എസ്)

കഴിഞ്ഞ വർഷങ്ങളിൽ പ്രൊഫഷണൽ കോഴ്സുകളിലെ പെൺകുട്ടികളുടെ പ്രവേശനത്തിൽ വർദ്ധനവ് ഉണ്ടായി. അതുപോലെ 2020–21 കാലയളവിൽ, കേരള കാർഷിക സർവ്വകലാശാലക്ക് കീഴിലെ ബിരുദാനന്തര ബിരുദ കോഴ്സുകളിൽ 517 പെൺകുട്ടികളും ബിരുദാനന്തര കോഴ്സിന് 181 പെൺകുട്ടികളും ചേർന്നു. അത് യഥാക്രമം 77.05, 75.73 ശതമാനം വരും. **പട്ടിക 8.1.4**–ൽ കാണിച്ചിരിക്കുന്നതുപോലെ, 2021–22 ൽ കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവ്വകലാശാലയിൽ ചേർന്നിട്ടുള്ള വിദ്യാർത്ഥികളിൽ 60 ശതമാനത്തിലധികം പെൺകുട്ടികളാണ്. അതുപോലെ ഫിഷറീസ് സർവ്വകലാശാലയിലും (കെ.യു. എഫ്.ഒ.എസ്) പ്രവേശനം നേടിയ വിദ്യാർത്ഥികളിൽ 75 ശതമാനവും പെൺകുട്ടികളാണ്.

വിദ്യാർത്ഥികളുടെ പ്രവേശനവുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും കാണിക്കുന്നത് സാങ്കേതിക വിദ്യാഭ്യാസം ഒഴികെ, പ്രൊഫഷണൽ വിദ്യാഭ്യാസം ഉൾപ്പെടെ എല്ലാ തലങ്ങളിലും പെൺകുട്ടികൾ ആൺകുട്ടികളേക്കാൾ കൂടുത

**പട്ടിക 8.1.4** മറ്റു പ്രൊഫഷണൽ കോഴ്സുകളിലെ പെൺകുട്ടികളുടെ പ്രവേശനുപാതം 2021–22

| സർവ്വകലാശാലയുടെ പേര് | | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ | പെൺകുട്ടികളുടെ ശതമാനം |
|---|---|---|---|---|---|
| കേരള കാർഷിക സർവ്വകലാശാല (കെ.എ.യു) | ബിരുദം * | 154 | 517 | 671 | 77.05 |
| | ബിരുദാനന്തര ബിരുദം * | 58 | 181 | 239 | 75.73 |
| കേരള വെറ്റിനറി ആന്റ് അനിമൽ സയൻസസ് സർവ്വകലാശാല (കെ.വി.എ.എസ്.യു) | ബിരുദം | 729 | 1153 | 1882 | 61.26 |
| | ബിരുദാനന്തര ബിരുദം | 115 | 279 | 394 | 70.81 |
| കേരള ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ് സർവ്വകലാശാല (കെ.യു.എഫ്.ഒ.എസ്) | ബിരുദം * | 32 | 97 | 129 | 75 |
| | ബിരുദാനന്തര ബിരുദം | 65 | 232 | 297 | 78 |

അവലംബം:കെ.എ.യു, കെ.വി.എ.എസ്.യു, കെ.യു.എഫ്.ഒ.എസ് *2020-21 ലെ വിവരങ്ങൾ

**പട്ടിക 8.1.5** ഇന്ത്യയിലെയും കേരളത്തിലെയും സ്ത്രീകളുടെ ആരോഗ്യസ്ഥിതി

| ക്രമ നം. | സൂചകങ്ങൾ | | കേരളം | ഇന്ത്യ |
|---|---|---|---|---|
| 1 | ശിശുമരണ നിരക്ക്# | ആകെ | 6 | 30 |
| | | പുരുഷന്മാർ | 6 | 30 |
| | | സ്ത്രീകൾ | 7 | 31 |
| 2 | ശരാശരി വിവാഹ പ്രായം സ്ത്രീകൾ * | 18 വയസിന് താഴെ ഉള്ളവർ | 17 | 16.8 |
| | | 18–20 | 19.1 | 19.2 |
| | | 21 വയസിന് മുകളിൽ ഉള്ളവർ | 24.6 | 24 |
| | | എല്ലാ പ്രായക്കാരിലും | 23.2 | 22.3 |
| 3 | മാതൃ മരണ നിരക്ക് ** | | 43 | 113 |
| 4 | ജനനത്തെ അടിസ്ഥാനമാക്കിയുള്ള ആയുർ ദൈർഘ്യം *** | ആകെ | 75.3 | 69.4 |
| | | പുരുഷൻമാർ | 72.5 | 68.2 |
| | | സ്ത്രീകൾ | 77.9 | 70.7 |

അവലംബം: # എസ്.ആർഎസ് ബുള്ളറ്റിൻ ഒക്ടോബർ 2021 *എസ്.ആർഎസ് സ്റ്റാറ്റിസ്റ്റിക്കൽ റിപ്പോർട്ട് 2018/
**എം.എം.ആർ നെ ക്കുറിച്ചുള്ള പ്രത്യേക ബുള്ളറ്റിൻ 2016-18 ***എസ്.ആർഎസ് ലൈഫ് ടേബിൾ 2014-18

ലാണ് എന്നതാണ്.

**കേരളത്തിലെ സ്ത്രീകളുടെ ആരോഗ്യ നിലവാരം**

മാതൃമരണനിരക്ക്, ആയുർദൈർഘ്യം, ലിംഗാനുപാതം തുടങ്ങിയ സ്ത്രീകളുടെ ചില ആരോഗ്യ സൂചകങ്ങളിൽ കേരളം ഉയർന്ന പദവി നേടിയിട്ടുണ്ട്. കേരളത്തിലെ ജനനത്തെ ആധാരമാക്കിയുള്ള സ്ത്രീകളുടെ ആയുർദൈർഘ്യം 77.9 വയസ്സ്, എന്നത് ഇന്ത്യയിലെ തന്നെ ഏറ്റവും ഉയർന്ന നിരക്കാണ്. ഇന്ത്യയിലെ മൊത്തത്തിലുള്ള സ്ത്രീകളുടെ ആയുർദൈർഘ്യ നിരക്ക് 70.7 വയസ്സ് എന്നതിനേക്കാൾ വളരെ ഉയർന്നതാണിത്. രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിലുള്ള സ്ത്രീകളേക്കാൾ കേരളത്തിലെ സ്ത്രീകളുടെ ഉയർന്ന ആരോഗ്യനില സംസ്ഥാനത്തിന്റെ ആകെയുള്ള സാമൂഹിക വികസനത്തിന്റെ പ്രതിഫലനമാണ്. മിക്ക ആരോഗ്യ സൂചകങ്ങളും സംസ്ഥാനത്തെ സ്ത്രീകൾക്ക് വളരെ അനുകൂലമാണ്. രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യ പുറത്തുവിട്ട കണക്കുകൾ പ്രകാരം, എല്ലാ ജനസംഖ്യാ സൂചകങ്ങളും കേരളത്തിലെ സ്ത്രീകൾക്ക് അനുകൂലമാണ് **(പട്ടിക 8.1.5)**.

സംസ്ഥാനത്ത് മാതൃ പരിചരണത്തിനുള്ള വിപുലമായ പൊതുസംവിധാനം കൊണ്ടുവന്നതിന്റെ ഫലമാണ് കേരളത്തിലെ കുറഞ്ഞ മാതൃമരണ നിരക്കും ഉയർന്ന സ്ത്രീ ആയുർദൈർഘ്യവും. എസ്.ആർ.എസ് സ്റ്റാറ്റിസ്റ്റിക്കൽ റിപ്പോർട്ട് 2018 അനുസരിച്ച്, കേരളത്തിലെ 15–49 വയസ്സിനിടയിലുള്ള നിരക്ഷരരായ സ്ത്രീകളുടെ മൊത്തം ഉൽപ്പാദനക്ഷമതാ നിരക്ക് 1.8 ഉം മൊത്തം സാക്ഷരരായ സ്ത്രീകളുടേത് 1.7 ഉം ആണ്. ദേശീയ തലത്തിൽ ഇത് യഥാക്രമം 3 ഉം 2.1 ഉം ആണ്. ആരോഗ്യ പരിപാലന സ്ഥാപനങ്ങളിലേക്കുള്ള സാർവത്രിക പ്രവേശനം മാതൃ പരിചരണവും ആശുപത്രിയിലെ പ്രസവവും എല്ലാവർക്കും ഉറപ്പാക്കാൻ സഹായിക്കുന്നു. കേരളത്തിലെ മാതൃ പരിചരണ സൂചകങ്ങളുടെ കൂടുതൽ വിവരങ്ങൾക്ക് **പട്ടിക 8.1.6** കാണുക. കേരള സർക്കാർ രൂപീകരിച്ചതു മുതൽ ദശാബ്ദക്കാലത്തെ പരിശ്രമത്തിന്റെ ഫലമാണ് പൊതുജനാരോഗ്യ സംരക്ഷണം നൽകുന്നതിലുള്ള ഈ നേട്ടങ്ങൾ.

ഉയർന്ന സാക്ഷരത, വിദ്യാഭ്യാസ നിലവാരം, അനുകൂലമായ ആരോഗ്യ സൂചകങ്ങൾ എന്നിവ ജീവിതശൈലി ആരോഗ്യ സൂചകങ്ങളിൽ പ്രതിഫലിക്കുന്നില്ല. എൻഎഫ്എച്ച്എസ് 2019–20–ന്റെ റിപ്പോർട്ടുകൾ പ്രകാരം ശരീര ഭാര സൂചിക, പൊണ്ണത്തടി, അനീമിയ എന്നിവയുടെ കാര്യത്തിൽ സ്ത്രീകളുടെ സ്ഥാനം മെച്ചമല്ല. കേരളത്തിലും ഇന്ത്യയിലും, ശരീര ഭാര സൂചിക, സാധാരണയിലും താഴെയുള്ള സ്ത്രീകളുടെ ശതമാനം പുരുഷന്മാരുമായി താരതമ്യപ്പെടുത്തുമ്പോൾ ഉയർന്നതാണ്, എന്നിരുന്നാലും കേരളത്തിലെ സ്ത്രീകൾ അഖിലേന്ത്യാ ശരാശരിയെ അപേക്ഷിച്ച് മികച്ചവരാണ്. എന്നാൽ പൊണ്ണത്തടിയുടെ കാര്യത്തിൽ, കേരളത്തിലെ സ്ത്രീകളുടെ ശതമാനം ഇന്ത്യയിലേതിനേക്കാൾ കൂടുതലാണ്, കൂടാതെ സംസ്ഥാനത്തെ അവരുടെ പങ്കാളികളേക്കാൾ കൂടുതലാണ്. വിളർച്ചയുടെ കാര്യത്തിൽ, 2015–16 മുതൽ 2019–20 വരെ അതിന്റെ ശതമാനം വർദ്ധിച്ചതായി കാണുന്നു, എന്നിരുന്നാലും കേരളത്തിന്റെ സ്ഥിതി അഖിലേന്ത്യാ ശരാശരിയേക്കാൾ മികച്ചതാണ് **(അനുബന്ധം 8.1.1)**. കൗമാരക്കാരുടെ ഗർഭധാരണവും കേരളത്തിൽ വളരെ കുറവാണ്. കേരളത്തിൽ വയോജനങ്ങളുടെ അനുപാതം കൂടുതലായതിനാൽ രക്ത സമ്മർദ്ദം, പ്രമേഹം, ഹൃദയ സംബന്ധമായ അസുഖങ്ങൾ തുടങ്ങിയ സാംക്രമികേതര രോഗങ്ങളും വർധിച്ചുവരികയാണ്. ശാരീരിക പ്രവർത്തനങ്ങളുടെ അഭാവം സ്ത്രീകൾക്കിടയിൽ അമിതവണ്ണം, സാംക്രമികേതര രോഗങ്ങൾ വർദ്ധിക്കൽ പോലുള്ള നിരവധി ആരോഗ്യപ്രശ്നങ്ങൾ

**പട്ടിക 8.1.6** മാതൃ പരിചരണത്തിന്റെ സൂചകങ്ങൾ

| സൂചകങ്ങൾ | ഇന്ത്യ | | | കേരളം | | |
|---|---|---|---|---|---|---|
| | എൻ. എഫ്.എച്ച്. എസ്–3 (2005–06) | എൻ. എഫ്.എച്ച്. എസ്–4 (2015–16) | എൻ. എഫ്.എച്ച്. എസ്–5 (2019–20) | എൻ. എഫ്.എച്ച്. എസ്–3 (2005–06) | എൻ. എഫ്.എച്ച്. എസ്–4 (2015–16) | എൻ.എഫ്. എച്ച്.എസ്–5 (2019–20) |
| കൗമാര പ്രായക്കാരിലെ ഗർഭധാരണം | 16 | 7.9 | 6.8 | 5.8 | 3 | 2.4 |
| അമ്മമാരുടെ പ്രസവ പൂർവ പരിശോധനകൾ | 43.9 | 58.6 | 70 | 91.9 | 95.1 | 93.6 |
| ആശുപത്രികളിലെ ജനനങ്ങൾ (ശതമാനം) | 38.7 | 78.9 | 88.6 | 99.3 | 99.8 | 99.8 |
| മാതൃ ശിശു സംരക്ഷണവും (എം.സി.പി കാർഡ് ഉടമ) (ശതമാനം) | ലഭ്യമല്ല | 89.3 | 95.9 | ലഭ്യമല്ല | 84.2 | 91.3 |
| ആകെ പ്രത്യുല്പാദന നിരക്ക് (ഓരോ സ്ത്രീകൾക്കുമുള്ള കുട്ടികൾ) | 2.7 | 2.2 | 2 | 1.9 | 1.6 | 1.8 |
| സമ്പൂർണ്ണ പ്രസവ പൂർവ പരിചരണം (ശതമാനം) | 11.6 | 21 | ലഭ്യമല്ല | 66.7 | 61.2 | ലഭ്യമല്ല |
| അമ്മമാർക്ക് പ്രസവാനന്തര പരിചരണം ലഭിച്ചത് (ശതമാനം) | 34.6 | 62.4 | 78 | 84.6 | 88.7 | 93.3 |
| സിസേറിയനിലൂടെയുള്ള പ്രസവം (ശതമാനം) | 8.5 | 17.2 | 21.5 | 30.1 | 35.8 | 38.9 |
| കൗമാര പ്രായക്കാരിലെ വിളർച്ച (ശതമാനം) | 55.3 | 53.1 | 57 | 32.8 | 34.3 | 36.3 |
| ഗർഭാവസ്ഥയിൽ അനുഭവിച്ച അക്രമം (ശതമാനം) | ലഭ്യമല്ല | 3.9 | 3.1 | ലഭ്യമല്ല | 1.2 | 0.5 |

അവലംബം: ദേശീയ കുടുംബ ആരോഗ്യ സർവേ

സൃഷ്ടിക്കുന്നു. എൻ.എഫ്.എച്ച്.എസ്–5 കണക്കുകൾ പ്രകാരം കേരളത്തിലെ 24.8 ശതമാനം സ്ത്രീകൾക്ക് പ്രമേഹവും 30.9 ശതമാനം പേർക്ക് രക്ത സമ്മർദ്ദവുമുണ്ട്.

സ്ത്രീകളുടേയും കുട്ടികളുടേയും പോഷകാഹാര നില മെച്ചപ്പെടുത്തുന്നതിനായി അനുബന്ധ പോഷകാഹാര പരിപാടി, പോഷൻ അഭിയാൻ, ആദ്യ 1,000 ദിനങ്ങൾ തുടങ്ങിയ വിവിധ പദ്ധതികൾ വനിതാ ശിശു വികസന വകുപ്പ് (ഡബ്ല്യൂസിഡി) നടപ്പിലാക്കിയിട്ടും, എൻഎഫ്എച്ച്എസ്–4 നെ അപേക്ഷിച്ച് കേരളത്തിൽ സ്ത്രീകളിലും കുട്ടികളിലും വിളർച്ച വർധിച്ചതായി എൻഎഫ്എച്ച്എസ്–5 റിപ്പോർട്ട് പ്രകാരം കാണുന്നു. പോഷകാഹാരക്കുറവിന്റെ പ്രശ്നം പരിഹരിക്കുന്നതിന്, സാമൂഹ്യ തലത്തിൽ ആരോഗ്യ–പോഷകാഹാര പരിപാടികളുടെ കൂടുതൽ സംയോജനവും പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കലും ആവശ്യമാണ്. സംയോജിതവും കേന്ദ്രീകൃതവുമായ പ്രവർത്തനങ്ങളിലൂടെ സ്ത്രീകളിലും കുട്ടികളിലും കാണുന്ന വിളർച്ച 20 ശതമാനമായി കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ, ഒരു വർഷം നീണ്ടുനിൽക്കുന്ന ബോധവൽക്കരണ പ്രചാരണം (കാമ്പയിൻ 12) വകുപ്പ് ആരംഭിച്ചു. 2021 ജനുവരി 12–നാണ് ഇത് സമാരംഭിച്ചത്.

കുടുംബാസൂത്രണത്തെ സംബന്ധിച്ചിടത്തോളം ഗർഭനിരോധനത്തെക്കുറിച്ചുള്ള അറിവ് കേരളത്തിൽ ഏറെക്കുറെ സാർവത്രികമാണ്. എൻഎഫ്എച്ച്എസ്–5 വിവരങ്ങൾ പ്രകാരം ഗർഭനിരോധന മാർഗ്ഗങ്ങളിൽ പുരുഷ പങ്കാളിത്തം നിസ്സാരമാണ്. കേരളത്തിൽ സ്ത്രീകളുടെ വന്ധ്യംകരണ നിരക്ക് 46.6 ശതമാനവും പുരുഷൻമാരുടേത് 0.1 ശതമാനവും ആണെന്ന് വിവരങ്ങൾ സൂചിപ്പിക്കുന്നു. ദേശീയ തലത്തിൽ ഇത് സ്ത്രീകളിൽ 37.9 ശതമാനവും പുരുഷന്മാരിൽ 0.3 ശതമാനവുമാണ്.


### സമ്പദ്‌വ്യവസ്ഥയിലെ പങ്കാളിത്തം

ആരോഗ്യം, വിദ്യാഭ്യാസം, മറ്റ് പല വികസന സൂചകങ്ങൾ എന്നിവയുടെ കാര്യത്തിൽ, കേരളത്തിലെ സ്ത്രീകൾ അവരുടെ പുരുഷ പങ്കാളികളേക്കാൾ മികച്ചവരാണ്; എന്നാലും സാമ്പത്തിക മേഖലയിൽ അവരുടെ പങ്കാളിത്തം ഇനിയും മെച്ചപ്പെടാനുണ്ട്. എൻഎസ്എസ്ഒയുടെ മുൻ റൗണ്ടുകളിൽ, തൊഴിൽ സേനാ പങ്കാളിത്ത നിരക്കിലും (എൽ എഫ് പി ആർ) തൊഴിൽ പങ്കാളിത്ത നിരക്കിലും (ഡബ്ല്യുപിആർ) പുരുഷന്മാരും സ്ത്രീകളും തമ്മിൽ വലിയ വിടവുകൾ ഉണ്ടായിരുന്നു. സമകാലിക കേരള സമൂഹത്തിലെ ലിംഗ പദവി വിരോധാഭാസങ്ങൾ സ്ത്രീകളുടെ കുറഞ്ഞ തൊഴിൽ പങ്കാളിത്ത നിരക്കിലും ആനുപാതികമല്ലാത്ത ഉയർന്ന തൊഴിലില്ലായ്മ നിരക്കിലും പ്രതിഫലിക്കുന്നുണ്ട്. ഔദ്യോഗിക തൊഴിൽ സേനാ സർവേ പ്രകാരം സ്ത്രീ തൊഴിൽ സേനാ പങ്കാളിത്ത നിരക്ക്, ഇന്ത്യാ തലത്തിലേതിനേക്കാൾ കേരളത്തിൽ കുറവാണ് പ്രത്യേകിച്ച് ഗ്രാമപ്രദേശങ്ങളിൽ. ഒരു സാക്ഷര സംസ്ഥാനത്തിന്റെ നേട്ടങ്ങളെ പ്രതിഫലിപ്പിക്കുന്ന രീതിയിൽ നഗരപ്രദേശങ്ങളിലെ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് എല്ലായ്പ്പോഴും കേരളത്തിൽ വളരെ കൂടുതലാണ്. ഈയിടെ നടന്ന ആനുകാലിക ലേബർ ഫോഴ്സ് സർവേകൾ (പിഎൽഎഫ്എസ്) കാണിക്കുന്നത് ഇക്കാര്യത്തിൽ പുരുഷന്മാരും സ്ത്രീകളും തമ്മിലുള്ള അന്തരം ഒരു പരിധിവരെ കുറഞ്ഞിട്ടു

ണ്ടെന്നാണ്. അതുപോലെ, 2019–20 ൽ അവർ ഇന്ത്യയിലെ അവരുടെ പങ്കാളികളുമായി താരതമ്യപ്പെടുത്തുമ്പോൾ മെച്ചപ്പെട്ട സ്ഥാനത്തെത്തിയിട്ടുണ്ട്. **(അനുബന്ധം 8.1.2).** 2018–19 ലെ പിഎൽഎഫ്എസ് അനുസരിച്ച്, ദേശീയ തലത്തിലുള്ളവരുമായി താരതമ്യപ്പെടുത്തുമ്പോൾ പുരുഷന്മാരുടെയും സ്ത്രീകളുടെയും എൽ എഫ് പി ആർ, ഡബ്ല്യൂപിആർ എന്നിവ ചെറുതായി വർദ്ധിച്ചു. എന്നാൽ 2019–20ൽ ഇത് വീണ്ടും കുറഞ്ഞത് സാമ്പത്തിക മേഖലയിൽ കോവിഡ്–19 മഹാമാരിയുടെ പ്രഭാവം കാരണമാണ്. സ്ത്രീകളുടെ ഡബ്ല്യൂപിആർ എല്ലാ പ്രായ വിഭാഗങ്ങളിലും 2018–19–ൽ 20.4 ശതമാനത്തിൽ നിന്ന് 2019–20–ലെ 22.4 ശതമാനമായി വർദ്ധിച്ചു. ഉല്പാദന ക്ഷമതയുള്ള 15–29 വയസ് വിഭാഗത്തിൽ, കേരളത്തിലെ സ്ത്രീകളുടെ ഡബ്ല്യൂപിആർ 30.5 ആണ്, അതേസമയം ഇതിന്റെ അഖിലേന്ത്യാ ശരാശരി 30.9 ആണ്.

ഡബ്ല്യൂപിആറിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയിലെയും കേരളത്തിലെയും തൊഴിലവസരങ്ങളുടെ തലത്തിലുള്ള ലിംഗ പദവി വ്യത്യാസം **ചിത്രം 8.1.2**–ൽ കാണിച്ചിരിക്കുന്നു.

**ചിത്രം 8.1.2** കേരളത്തിലെ സ്ത്രീ പുരുഷൻമാരുടെ (എല്ലാ പ്രായക്കാരും) തൊഴിൽ പങ്കാളിത്ത നിരക്ക്.




അവലംബം: പീരിയോഡിക് ലേബർ ഫോഴ്സ് സർവ്വേ 2019-20

പൊതു വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ, സ്കൂൾ പ്രവേശനം പ്രാഥമിക തലത്തിൽ സാർവത്രികമാണ്, കൂടാതെ സ്ത്രീ–പുരുഷ തുല്യത കൈവരിക്കുകയും ചെയ്തു. സ്കൂളുകളിൽ ചേരുന്ന വിദ്യാർത്ഥികളിൽ 48 ശതമാനവും പെൺകുട്ടികളാണ്. ഹയർ സെക്കൻഡറി വിദ്യാഭ്യാസ പ്രവേശനത്തിൽ ആൺകുട്ടികളെ അപേക്ഷിച്ച് പെൺകുട്ടികളുടെ പ്രവേശനം 51.82 ശതമാനമാണ്. മൂന്നാമത്തെ തലത്തിലും പെൺകുട്ടികളുടെ പ്രവേശനം ആൺകുട്ടികളേക്കാൾ കൂടുതലാണ്. ഉദാഹരണത്തിന്, 2020–21 കാലയളവിൽ കേരളത്തിലെ വിവിധ ആർട്സ് സയൻസ് കോളേജുകളിൽ ബിരുദ കോഴ്സുകളിലേക്ക് പ്രവേശനം നേടിയതിന്റെ 64.6 ശതമാനവും പെൺകുട്ടികളാണ്. ബിരുദാനന്തര ബിരുദം പരിഗണിക്കുമ്പോൾ, പെൺകുട്ടികളുടെ പ്രവേശനം മൊത്തം പ്രവേശനത്തിന്റെ 64.69 ശതമാനമായി ഉയർന്നുനിൽക്കുന്നു. എന്നാൽ എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്കുകളിലും പ്രവേശനം നേടുന്ന പെൺകുട്ടികളുടെ എണ്ണം കണക്കിലെടുക്കുമ്പോൾ സ്ഥിതി വ്യത്യസ്തമാണ്. പ്രവേശനം ലഭിച്ച ആകെ വിദ്യാർത്ഥികളിൽ പെൺകുട്ടികളുടെ ശതമാനം എഞ്ചിനീയറിംഗ് കോളേജുകളിൽ 41.85 ഉം പോളിടെക്നിക്കുകളിൽ 26.51 ഉം മാത്രമാണ്. ടെക്നിക്കൽ സ്കൂളുകളിൽ പെൺകുട്ടികളുടെ ശതമാനം 5.2 എന്ന നിലയിൽ വളരെ താഴെയാണ്. (**പട്ടിക 8.1.2**)

### വേതന നിരക്കിലെ അസമത്വം

വേതനത്തിന്റെയും പ്രതിഫലത്തിന്റെയും കാര്യത്തിൽ, സംസ്ഥാനത്തും ദേശീയ തലത്തിലും ലിംഗപരമായ അസമത്വം കാര്യമായി നിലനിൽക്കുന്നു. ഈ അവലോകനത്തിന്റെ ഏഴാം അധ്യായത്തിലെ തൊഴിൽ എന്ന വിഭാഗത്തിൽ, ശമ്പളമുള്ള ജോലി, സ്വയം തൊഴിൽ, കൂലിപ്പണി എന്നിവയിൽ പുരുഷന്മാർക്കും സ്ത്രീകൾക്കും ഇടയിലുള്ള വേതന നിരക്കുകളിലെ അസമത്വം നിലനിൽക്കുന്നതിനെക്കുറിച്ച് വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. വേതന നിരക്കിലെ ലിംഗപരമായ അസമത്വം അനൗപചാരിക അല്ലെങ്കിൽ അസംഘടിത മേഖലയിൽ മാത്രമല്ല, **അനുബന്ധം 8.1.3**–ൽ കാണിച്ചിരിക്കുന്നതുപോലെ സ്ഥിരം വേതനം/ശമ്പളമുള്ള ജോലികളിലും വ്യാപകമാണ്. വരുമാനത്തിലെ ലിംഗപരമായ വ്യത്യാസം ശമ്പളമുള്ള ജോലികളേക്കാളും സ്വയം തൊഴിൽ ചെയ്യുന്നതിനേക്കാളും കൂലിപ്പണിയിലാണ് കൂടുതൽ. കേരളത്തിലെ സ്ത്രീകൾക്കും പുരുഷന്മാർക്കും കൂലിപ്പണിയിൽ ദേശീയ തലത്തിലുള്ളവരേക്കാൾ ഉയർന്ന വേതനം ലഭിക്കുന്നുണ്ടെങ്കിലും, വേതന നിരക്കിലെ ലിംഗപരമായ വ്യത്യാസം കേരളത്തിലും നിലനിൽക്കുന്നു **(പട്ടിക 8.1.7).**

തൊഴിൽ സേനയുടെ അവിഭാജ്യ ഘടകമായി മാറുകയും


**പട്ടിക 8.1.7** പൊതു ജോലികളല്ലാതെ കൂലിപ്പണിയിൽ നിന്ന് ഓരോ ദിവസവുമുള്ള ശരാശരി വേതനം / ശമ്പളം / വരുമാനം എന്നിവയിലെ ലിംഗപദവി വ്യത്യാസം

| കാലയളവ് | കേരളം/ഇന്ത്യ | ഗ്രാമം | | നഗരം | |
|---|---|---|---|---|---|
| | | പുരുഷൻ | സ്ത്രീ | പുരുഷൻ | സ്ത്രീ |
| ജൂലൈ–സെപ്റ്റംബർ –2019 | കേരളം | 667.71 | 372.05 | 744.50 | 385.75 |
| | ഇന്ത്യ | 297.30 | 185.01 | 374.96 | 243.43 |
| ഒക്ടോബർ–ഡിസംബർ 2019 | കേരളം | 721.39 | 395.56 | 736.51 | 369.43 |
| | ഇന്ത്യ | 305.40 | 193.10 | 384.32 | 244.10 |
| ജനുവരി–മാർച്ച് –2020 | കേരളം | 715.96 | 430.54 | 729.58 | 351.86 |
| | ഇന്ത്യ | 315.13 | 205.43 | 391.31 | 264.86 |
| ഏപ്രിൽ–ജൂൺ 2020 | കേരളം | 685.12 | 318.79 | 697.62 | 489.62 |
| | ഇന്ത്യ | 309.02 | 209.10 | 390.06 | 256.20 |

അവലംബം: പി.എൽ.എഫ്.എസ് 2019-20,സിഡബ്ല്യൂഎസ്

വീട്ടുജോലികളുടെയും പരിപാലനത്തിന്റെയും ഉത്തരവാദി ത്തങ്ങളുടെ മുഴുവൻ ഭാരവും വഹിക്കാതെ മികച്ച തൊഴിൽ നേടുകയും ചെയ്യുമ്പോഴാണ് സ്ത്രീകൾ സാമ്പത്തിക ശാക്തീ കരണം കൈവരിക്കുന്നത്. ഇത് തിരിച്ചറിയപ്പെടേണ്ടതും കുടുംബത്തിനുള്ളിൽ കൂട്ടുത്തരവാദിത്തം പ്രോത്സാഹിപ്പി ക്കുന്നതിന് കൂടുതൽ നീതിയുക്തമായ രീതിയിൽ ശമ്പള മില്ലാത്ത ഗാർഹിക, പരിചരണ ജോലികൾ കുറയ്ക്കാനും പുനർവിതരണം ചെയ്യാനും ശ്രമിക്കേണ്ടതും ആവശ്യമാ ണ്. ഇവ കുറയ്ക്കുന്നതിനും ജോലികളുടെ പുനർവിതരണം ചെയ്യുന്നതിനും സഹായിക്കുന്ന ഉചിതമായ നയങ്ങൾ/ പദ്ധതികൾ രൂപപ്പെടുത്തുന്നതിൽ സംസ്ഥാനത്തിന് നിർ ണായക പങ്ക് വഹിക്കേണ്ടതുണ്ട്.

**ചിത്രം 8.1.3** സ്ത്രീ തൊഴിലാളികളുടെ വ്യാവസായികാടിസ്ഥാനത്തിലുള്ള അനുപാതം




അവലംബം: പി.എൽ.എഫ്.എസ് 2019-20

## സ്ത്രീ തൊഴിലാളികളുടെ വ്യാവസായിക വിതരണം

കേരളത്തിൽ സ്ത്രീ തൊഴിൽ സേന കൃഷിയിൽ നിന്ന് അകന്നുപോയതായി കേരളത്തിലെ സ്ത്രീ തൊഴിൽ പങ്കാളിത്ത നിരക്കിനെക്കുറിച്ച് സിഡിഎസിന്റെ 2015- ലെ ഒരു പ്രോജക്ട് റിപ്പോർട്ട് കാണിക്കുന്നു. പിഎൽഎ ഫ്എസ് 2019-20 അനുസരിച്ച്, ഉൽപ്പാദനമേഖലയി ലെ സ്ത്രീകളുടെ അനുപാതം, അഖിലേന്ത്യാതലവുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിൽ ഉയർന്നതാണ് **(ചിത്രം 8.1.3)**. വലിയൊരു വിഭാഗം സ്ത്രീകൾ കുറഞ്ഞ ഉൽപ്പാദനക്ഷമതയുള്ളതും, അത്യധ്വാനം ആവശ്യമുള്ള തും ആയ പരമ്പരാഗത വ്യവസായങ്ങളായ കൈത്തറി, ഖാദി, കയർ, കശുവണ്ടി എന്നിവയിൽ ഏർപ്പെട്ടിരിക്കു ന്നതിനാലാകാം ഇത്. കേരളത്തിലെ വിവിധ ക്ഷേമനി ധി ബോർഡുകളിലെ സ്ത്രീകളുടെ അംഗത്വത്തിൽ നിന്ന്, കുറഞ്ഞ വരുമാനമുള്ള വ്യവസായങ്ങളിലെ സ്ത്രീകളുടെ കേന്ദ്രീകരണം വ്യക്തമാകുന്നു. ഉദാഹരണത്തിന്, ബീഡി സിഗാർത്തൊഴിലാളികളുടെ ആകെ തൊഴിൽ സേനയിൽ 97.83 ശതമാനവും സ്ത്രീകളാണ്.

2019-20-ൽ, കേരളത്തിലെ എഫ്ഡബ്ല്യുപിആറിന്റെ വർദ്ധ നവ് കണക്കിലെടുക്കുമ്പോൾ, ഗ്രാമങ്ങളിലും നഗരങ്ങളിലും കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകളിൽ നേരിയ വർധനയുണ്ടായപ്പോൾ, ഗ്രാമീണ കേരളത്തിലെ വലിയ വർദ്ധനവ് നിർമ്മാണത്തിലും മറ്റ് ചില സേവനങ്ങളിലു മാണെന്ന് കാണാം. കേരളത്തിലെ നഗരപ്രദേശങ്ങളിൽ, വ്യാപാരത്തിലും തുടർന്ന് നിർമ്മാണ വ്യവസായത്തിലും സേവനങ്ങളിലുമാണ് ഉയർന്ന വർദ്ധനവ് രേഖപ്പെടുത്തിയി ട്ടുള്ളത്. അതിനാൽ 2019-20 ലെ ഗ്രാമീണ സ്ത്രീ പങ്കാളിത്ത നിരക്ക് വർദ്ധന, എൻആർഇജിഎ തൊഴിലവസരങ്ങളുടെ വർദ്ധനവ് മൂലം ഒരു പരിധിവരെ കാർഷികമേഖലയിൽ ഉണ്ടായിട്ടുണ്ട്, മറ്റ് കാർഷികേതര മേഖലകളിലും ഇത് കാ ണപ്പെടുന്നു.

## തൊഴിൽ നില

**പട്ടിക 8.1.8**-ൽ കാണിച്ചിരിക്കുന്നതു പോലെ സ്ത്രീ തൊഴി ലിന്റെ സ്ഥിതി വ്യക്തമാക്കുന്നത് കേരളത്തിലെ തൊഴിൽ ചെയ്യുന്ന സ്ത്രീകളിൽ പകുതിയോളം പേരും സ്ഥിര വരുമാ നമുള്ള ജോലിയിലാണ് ഏർപ്പെട്ടിരിക്കുന്നത് എന്നാണ്. ഇത് ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലേതിന്റെ ഇര ട്ടിയോളം വരും. അതുപോലെ, ഇത് കേരളത്തിലെ എല്ലാ സ്വയം തൊഴിൽ ചെയ്യുന്ന സ്ത്രീകളേക്കാളും കൂടുതലാണ്. രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിൽ ഭൂരിഭാഗം സ്ത്രീ തൊഴിലാളി കളും ഗാർഹിക സംരംഭങ്ങളിലെ സഹായികളാണെങ്കിലും കേരളത്തിൽ ഇത് 12 ശതമാനം മാത്രമാണ്. സംസ്ഥാ നത്തിന് അതിന്റെ സ്ത്രീ തൊഴിലാളികൾക്ക് നൽകാൻ കഴിയുന്ന മികച്ച തൊഴിൽ നിലവാരത്തിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. അഖിലേന്ത്യാ തലവുമായി താരതമ്യപ്പെടു ത്തുമ്പോൾ കേരളത്തിൽ താരതമ്യേന ചെറിയ തോതിലുള്ള സ്ത്രീ തൊഴിലാളികളാണ് ദിവസക്കൂലി തൊഴിലിലേർപ്പെട്ടി രിക്കുന്നത്.

**പട്ടിക 8.1.8** കേരളത്തിലും ഇന്ത്യയിലുമുള്ള സ്ത്രീ തൊഴിലാളികൾ ശതമാനത്തിൽ (സിഡബ്ല്യുഎസ്)

| തൊഴിൽ വിഭാഗം | | 2019-20 | |
|---|---|---|---|
| | | ഇന്ത്യ | കേരളം |
| എല്ലാ സ്വയം തൊഴിലുകളും | സ്വന്തം നിലയിലെ തൊഴിലാളി, തൊഴിൽ ദാതാവ് | 55.5 | 39.4 |
| | കുടുംബ സംരംഭങ്ങളിലെ സഹായി | | |
| സ്ഥിരം വേതനമുള്ളവർ | | 22.6 | 44.3 |
| ദിവസ കൂലിക്കാർ | | 21.9 | 16.3 |

അവലംബം: പി.എൽ.എഫ്.എസ് 2019-20

**പട്ടിക 8.1.9** സംഘടിത മേഖലയിലെ തൊഴിൽ

| വർഷം (മാർച്ച് 31 വരെ) | പൊതു മേഖല | | | സ്വകാര്യ മേഖല | | | ആകെ | | |
|---|---|---|---|---|---|---|---|---|---|
| | പുരുഷന്മാർ | സ്ത്രീകൾ | ആകെ | പുരുഷന്മാർ | സ്ത്രീകൾ | ആകെ | പുരുഷന്മാർ | സ്ത്രീകൾ | ആകെ |
| 2019 | 366812 | 193807 | 560619 | 344004 | 342877 | 686881 | 710816 | 536684 | 1247500 |
| ശതമാനം | 65.4 | 34.6 | 100 | 50.1 | 49.9 | 100 | 57 | 43 | 100 |
| 2020 | 361695 | 193224 | 554919 | 331294 | 368153 | 699447 | 692989 | 561377 | 1254366 |
| ശതമാനം | 65.17 | 34.82 | 100 | 47.36 | 52.63 | 100 | 55.24 | 44.75 | 100 |
| 2021 | 362554 | 194080 | 556634 | 341156 | 349978 | 691134 | 703710 | 544058 | 1247768 |
| ശതമാനം | 65.13 | 34.86 | 100 | 49.36 | 50.64 | 100 | 56.39 | 43.60 | 100 |


അവലംബം: തൊഴിൽ ഡയറക്ടറേറ്റ്.

## സംഘടിത മേഖലയിലെ സ്ത്രീകൾ

2021 കാലയളവിൽ സംഘടിത മേഖലയിലെ തൊഴിലാളികളിൽ സ്ത്രീകളുടെ അനുപാതം (43.60 ശതമാനം) പുരുഷന്മാരെ അപേക്ഷിച്ച് കുറവാണ് (56.39 ശതമാനം). എന്നാൽ സംഘടിത മേഖലയിലെ മൊത്തം തൊഴിലാളികളിൽ സ്ത്രീകളുടെ എണ്ണം കഴിഞ്ഞ പത്ത് വർഷമായി വർദ്ധിച്ചു വരുന്നുണ്ട് **(അനുബന്ധം 8.1.4).** എന്നാൽ സംഘടിത മേഖലയിലെ മൊത്തം വനിതാ തൊഴിലാളികളിൽ (5,44,058) ഭൂരിപക്ഷവും (64.32 ശതമാനം) സ്വകാര്യമേഖലയിൽ ഏർപ്പെട്ടിരിക്കുന്നതായി കാണാൻ സാധിക്കുന്നു **(പട്ടിക 8.1.9).** സംഘടിത മേഖലയിലെ തൊഴിൽ സ്ഥിതിവിവരക്കണക്കുകളുടെ മേഖല തിരിച്ചുള്ള ശതമാനം പരിശോധിക്കുമ്പോൾ, പൊതുമേഖലയിലെ അവരുടെ സഹപ്രവർത്തകരായ പുരുഷന്മാരുമായി താരതമ്യപ്പെടുത്തുമ്പോൾ സ്ത്രീകൾ പിന്നാക്കാവസ്ഥയിലാണെന്ന് വ്യക്തമാകുന്നു. പൊതുമേഖലയിൽ സ്ത്രീകളുടെ തൊഴിൽ വിഹിതം 1.9 ലക്ഷമാണ്, ഇത് 2020 ൽ 34.86 ശതമാനമാണ്. സ്വകാര്യമേഖലയിലെ സ്ത്രീകളുടെ തൊഴിൽ വിഹിതം മെച്ചപ്പെട്ട സാഹചര്യത്തിലാണ്, 3.5 ലക്ഷം(50.63 ശതമാനം). സംഘടിത മേഖലയിലെ സ്ത്രീകളുടെ തൊഴിൽ കഴിഞ്ഞ 6 വർഷമായി പൊതു, സ്വകാര്യ മേഖലകളിൽ വളരുകയാണ് **(ചിത്രം 8.1.4).**

സ്വകാര്യമേഖലയിലെ സ്ത്രീ തൊഴിലവസരങ്ങളുടെ വർധന പൊതുമേഖലയിലേക്കാൾ കൂടുതലാണ്. 2020, 2021 വർഷങ്ങളിൽ സ്വകാര്യമേഖലയിൽ പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീ തൊഴിലാളികളാണ് ജോലി ചെയ്യുന്നത്. വിവിധ തരത്തിലുള്ള സർക്കാർ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീകളുടെ പൊതുമേഖലാ തൊഴിലാളി വ്യത്യാസം പരിശോധിക്കുമ്പോൾ 2019–20 ലും 2020–21 ലും സംസ്ഥാന സർക്കാർ ജോലികളിലെ സ്ത്രീ ജീവനക്കാരുടെ അനുപാതം കൂടുതലാണ് **(പട്ടിക 8.1.10).**

**ചിത്രം 8.1.4** സംഘടിത മേഖലയിലെ സ്ത്രീ തൊഴിലിന്റെ വളർച്ച




അവലംബം: തൊഴിൽ ഡയറക്ടറേറ്റ്

വിവിധ തലങ്ങളിലെ സർക്കാർ സ്ഥാപനങ്ങളിലെ വനിതാ ജീവനക്കാരുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ **അനുബന്ധം 8.1.5**–ൽ കൊടുത്തിരിക്കുന്നു. പൊതുമേഖലയിലെ ജീവനക്കാരിൽ വനിതകളുടെ എണ്ണവും അനുപാതവും ഏറ്റവും കൂടുതൽ കൊല്ലം ജില്ലയിലാണ്. തുടർന്ന് വയനാട് ജില്ലയിലും. എന്നാൽ സംസ്ഥാന സർക്കാരിൽ ഏറ്റവും കൂടുതൽ വനിതാ ജീവനക്കരുള്ളത് തിരുവനന്തപുരത്തും രണ്ടാമതായി തൃശ്ശൂരാണ്. കേന്ദ്രസർക്കാർ ജീവനക്കാരുടെ കണക്കെടുത്താൽ വനിതാ പ്രാതിനിധ്യം കൂടുതൽ തിരുവനന്തപുരവും രണ്ടാമതായി എറണാകുളവുമാണ്.

**പട്ടിക 8.1.10** സർക്കാരിന്റെ വിവിധ തലങ്ങളിലെ വനിതാ ജീവനക്കാരുടെ വിന്യാസം

| വർഷം | 2019–20 | | | 2020–21 | | |
|---|---|---|---|---|---|---|
| ഗവൺമെന്റിന്റെ തരം | ആകെ | വനിതകൾ | ശതമാനം | ആകെ | വനിതകൾ | ശതമാനം |
| കേന്ദ്ര സർക്കാർ | 59971 | 14745 | 24.59 | 60003 | 14716 | 24.52 |
| സംസ്ഥാന സർക്കാർ | 260170 | 104628 | 40.2 | 259239 | 105567 | 40.7 |
| കേന്ദ്ര അർദ്ധ സർക്കാർ | 80800 | 25968 | 32.1 | 80635 | 25341 | 31.42 |
| സംസ്ഥാന അർദ്ധ സർക്കാർ | 129290 | 38666 | 29.9 | 131480 | 39172 | 29.79 |
| എൽ.എസ്.ജി.ഐ | 24688 | 9217 | 37.3 | 25277 | 9284 | 36.72 |
| ആകെ | 554919 | 193224 | 34.8 | 556634 | 194080 | 34.86 |

അവലംബം: തൊഴിൽ ഡയറക്ടറേറ്റ്

## നൈപുണ്യവും സംരംഭകത്വ വികസനവും

മതിയായ വിദ്യാഭ്യാസ പശ്ചാത്തലമോ വൈദഗ്ധ്യമോ ഇല്ലാത്ത സമർത്ഥരായ വനിതാ സംരംഭകരെ സഹായിക്കുന്നതിനായി കേരള സംസ്ഥാന വ്യവസായ വകുപ്പ്, കുടുംബശ്രീ, വനിതാ വികസന കോർപ്പറേഷൻ തുടങ്ങി നിരവധി സർക്കാർ വകുപ്പുകൾ സംരംഭകത്വ വികസന പരിപാടികൾ (ഇഡിപി) ഉൾപ്പെടെ വിവിധ പരിപാടികൾ നടത്തുന്നു. പ്രത്യേക പ്രശ്നങ്ങൾ നേരിടുന്ന വനിതാ സംരംഭകർക്ക് ഏകോപനവും സഹായവും നൽകുന്നതിനായി എം.എസ്.എം.ഇ ഒരു വനിതാ സെല്ലും തുറന്നിട്ടുണ്ട്. കേന്ദ്ര–സംസ്ഥാന തലങ്ങളിൽ സർക്കാരിന്റെ മറ്റ് നിരവധി പദ്ധതികളും ഉണ്ട്, അവ നിർദ്ധനരായ സ്ത്രീകളെ സാമ്പത്തികമായി സ്വതന്ത്രരാക്കുന്നതിനായി പരിശീലനവും വരുമാനവും നേടുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് സഹായവും നൽകുന്നു. ചില ബാങ്കുകളും നബാർഡ് പോലുള്ള ധനകാര്യ സ്ഥാപനങ്ങളും വനിതാ സംരംഭകർക്കായി പ്രത്യേക പദ്ധതികൾ നടപ്പാക്കുന്നുണ്ട്. വനിതാ സംരംഭകർക്കുള്ള പ്രത്യേക പദ്ധതികൾക്ക് പുറമേ, ദീൻദയാൽ ഉപാദ്ധ്യായ ഗ്രാമീൺ–കൗശല്യ യോജന (ഡിഡിയു–ജികെവൈ), നാഷണൽ റൂറൽ ലൈവ്‌ലി ഹുഡ് മിഷൻ (എൻആർഎൽഎം), കുടുംബശ്രീയുടെ എംഎസ്എംഇ പദ്ധതികളും, വ്യവസായ വകുപ്പിന്റെ സംരംഭ സഹായ പദ്ധതി തുടങ്ങിയ ചെറുകിട, സൂക്ഷ്മ സംരംഭങ്ങൾക്കായുള്ള വിവിധ സർക്കാർ പദ്ധതികളും വനിതാ സംരംഭകർക്ക് ചില പ്രത്യേക പ്രോത്സാഹനങ്ങളും ഇളവുകളും നൽകുന്നു. ഈ പദ്ധതിയിൽ സ്ത്രീ ഗുണഭോക്താക്കളുടെ പങ്കാളിത്തം സുഗമമാക്കുന്നതിന് സ്ത്രീകൾക്ക് സർക്കാർ നിരവധി ഇളവുകൾ വരുത്തിയിട്ടുണ്ട്.

**പട്ടിക 8.1.11** കേരളത്തിലെ വിവര സാങ്കേതിക (ഐറ്റി) മേഖലയിലെ തൊഴിൽ സൃഷ്ടിക്കൽ

| ഐറ്റി പാർക്കുകൾ | 2019–20 | | | 2020–21 | | |
|---|---|---|---|---|---|---|
| | ആകെ | സ്ത്രീകൾ | ശതമാനം | ആകെ | സ്ത്രീകൾ | ശതമാനം |
| ടെക്നോ പാർക്ക് | 62000 | 28000 | 45 | 63000 | 28350 | 45 |
| ഇൻഫോ പാർക്ക് | 47000 | 18800 | 40 | 54000 | 21600 | 40 |
| സൈബർ പാർക്ക് | 570 | 198 | 34 | 764 | 278 | 36 |

അവലംബം: ടെക്നോ പാർക്ക്, ഇൻഫോ പാർക്ക്, സൈബർ പാർക്ക്

## ഐ ടി മേഖലയിലെ സ്ത്രീകൾ

2019–20, 2020–21 വർഷങ്ങളിൽ തൊഴിലവസരങ്ങൾ വർധിച്ചതായി ഐടി മേഖല (ടെക്നോ പാർക്ക്, സൈബർ പാർക്ക്, ഇൻഫോ പാർക്ക്) സൂചിപ്പിക്കുന്നു. സൈബർ പാർക്കിലെ വനിതാ ജീവനക്കാരുടെ അനുപാതം 2019–20 ൽ 34 ശതമാനത്തിൽ നിന്ന് 2020–21 ൽ 36 ശതമാനമായി നേരിയ വർധനവ് കാണിക്കുന്നു, അതേസമയം ഈ കാലയളവിൽ ടെക്നോ പാർക്ക്, ഇൻഫോ പാർക്ക് എന്നിവയുടെ ഈ അനുപാതം അതുപോലെ തന്നെ തുടർന്നു. **(പട്ടിക 8.1.11)**.

## കുടുംബശ്രീ വഴി സ്ത്രീകളുടെ സാമ്പത്തിക പങ്കാളിത്തം

സംസ്ഥാന ദാരിദ്ര്യ നിർമാർജന ദൗത്യമായി 1998–ൽ സ്ഥാപിതമായ സ്ത്രീ അയൽക്കൂട്ടങ്ങളുടെ (എൻ.എച്ച്.ജി) സാമൂഹ്യ സംഘടനയായ കുടുംബശ്രീ തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നു. തുടക്കത്തിൽ സമ്പാദ്യ, വായ്പാ പ്രവർത്തനങ്ങളിൽ തുടങ്ങി, ആരോഗ്യം, പോഷകാഹാരം, കൃഷി, സാമൂഹിക വികസനം തുടങ്ങിയ നിരവധി പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പുറമെ, വരുമാന വർദ്ധന പ്രവർത്തനങ്ങളിലൂടെയും ചെറുകിട വായ്പകളിലൂടെയും സ്ത്രീകളെ ശാക്തീകരിക്കുന്നതിലും എൻ.എച്ച്.ജി–കൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ദരിദ്രരായ സ്ത്രീകളെ സാമ്പത്തികമായി ഉൾപ്പെടുത്തുന്നതിൽ കുടുംബശ്രീ ഒരു പ്രധാന പങ്ക് വഹിക്കുകയും അതിന്റെ സമ്പാദ്യ, വായ്പാ പദ്ധതികളിലൂടെ താഴേക്കിടയിലുള്ള സ്ത്രീകളുടെ സാമ്പത്തിക നില ഉയർത്തുകയും ചെയ്തു. അയൽക്കൂട്ടങ്ങളുടെ മിച്ചം പിടിച്ച ചെറിയ സ്ഥിര സമ്പാദ്യത്തിൽ നിന്ന് അർഹരായ അംഗങ്ങൾക്ക് അതിനുള്ളിൽ തന്നെ വായ്പ നൽകുന്നു. എൻഎച്ച്ജിക്ക് സ്വയംഭരണാധികാരവും സാമ്പത്തിക പ്രവർത്തനങ്ങളിൽ വിവേചനാധികാരവുമുണ്ടെങ്കിലും ഓരോ എൻഎച്ച്ജിയും കുടുംബശ്രീ നിയമം അനുസരിച്ച് പ്രവർത്തിക്കാൻ ബാധ്യസ്ഥരാണ്. പ്രവർത്തനങ്ങൾ പ്രാദേശിക വികസന സൊസൈറ്റി (എഡിഎസ്), സാമൂഹ്യ വികസന സൊസൈറ്റി (സിഡിഎസ്) എന്നിവയിൽ റിപ്പോർട്ട് ചെയ്യണം. 2020–21 കാലയളവിൽ എൻ.എച്ച്.ജി കൾ സമാഹരിച്ച മൊത്തം മിച്ച തുക 406.71 കോടി രൂപയിൽ കൂടുതലാണ്, ഈ തുകയിൽ നിന്ന് ലഭിക്കുന്ന ആഭ്യന്തര വായ്പ മിച്ച തുകയുടെ മൂന്നിരട്ടിയിലധികം വരും **(പട്ടിക 8.1.12)**.

**പട്ടിക 8.1.12** അയൽക്കൂട്ടങ്ങളിലൂടെയുള്ള സാമ്പത്തിക ഉൾപ്പെടുത്തൽ

| | 2019–20 | 2020–21 |
|---|---|---|
| അയൽക്കൂട്ടങ്ങളുടെ എണ്ണം | 287723 | 294436 |
| അയൽക്കൂട്ട അംഗങ്ങളുടെ എണ്ണം (ലക്ഷത്തിൽ) | 45.1 | 45.85 |
| വരിസംഖ്യ (കോടിയിൽ) | 443.7 | 406.71 |
| ബാങ്കുമായി ബന്ധിപ്പിച്ചിട്ടുള്ള അയൽക്കൂട്ടങ്ങളുടെ എണ്ണം | 73522 | 250018 |
| വിതരണ തുക മൊത്തത്തിൽ (കോടിയിൽ) | 2670 | 4070.26 |
| ആഭ്യന്തര വായ്പ (കോടിയിൽ) | 1778.4 | 1323.11 |

അവലംബം: കുടുംബശ്രീ

2018ൽ കേരളത്തിന്റെ സേവനമേഖലയിൽ നിലനിൽക്കുന്ന അവസരങ്ങൾ മനസ്സിലാക്കി കുടുംബശ്രീ "ഹർഷം" പരിപാടിക്ക് തുടക്കമിട്ടിരുന്നു. സ്ത്രീകൾക്ക് 15 ദിവസത്തെ തീവ്ര പരിശീലനം നൽകുകയും വയോജന പരിചരണ മേഖലയിൽ സേവനം നൽകാൻ അവരെ സജ്ജരാക്കുകയും ചെയ്യുക എന്നതാണ് ഹർഷം പരിപാടിയുടെ ലക്ഷ്യം. സംസ്ഥാനത്തെ തെരഞ്ഞെടുത്ത ആശുപത്രികളിലെ ഡോക്ടർമാരു

**പട്ടിക 8.1.13** കുടുംബശ്രീയുടെ കീഴിലുള്ള കൂട്ടുത്തരവാദിത്ത സംഘങ്ങളും (ജെ.എൽ.ജി) സൂക്ഷ്മ സംരംഭങ്ങളും

| വർഷം | 2019-20 | 2020-21 |
|---|---|---|
| ജെ എൽ ജികളുടെ എണ്ണം | 71572 | 72306 |
| ജെ എൽ ജി അംഗങ്ങളുടെ എണ്ണം | 322074 | 331060 |
| കൃഷിയിടത്തിന്റെ വിസ്തീർണ്ണം (ഹെക്ടറിൽ) | 25050.23 | 28042.35 |
| തരിശ്ശ് നിലത്തിന്റെ വിസ്തീർണ്ണം (ഏക്കറിൽ) | | 4206.235 |
| കുടുംബശ്രീയുടെ കീഴിലുള്ള വനിതാ സംരംഭങ്ങൾ | | |
| സംരംഭങ്ങളുടെ എണ്ണം | 26448 | 46240 (കൂട്ടിച്ചേർത്തത്) |
| സംരംഭത്തിലെ സ്ത്രീകളുടെ എണ്ണം | 87239 | 157848 (കൂട്ടിച്ചേർത്തത്) |

അവലംബം: കുടുംബശ്രീ

ടെയും നഴ്സുമാരുടെയും ആശുപത്രി മാനേജ്മെന്റിന്റെയും സഹായത്തോടെയാണ് പരിചരിക്കുന്നവർക്ക് പരിശീലനം നൽകിയത്. വയോജനങ്ങൾക്ക് സംരംഭക മാതൃകയിൽ മുഴുവൻ സമയ പ്രൊഫഷണൽ പരിചരണം നൽകാനും പകൽ സമയ സംരക്ഷണം നൽകാനും ആശുപത്രികളിൽ കൂട്ടിരിപ്പുകാരായി സേവനം നൽകാനും സുരക്ഷാ ഭവനങ്ങളിലെ വൃദ്ധർക്ക് കെയർടേക്കറായി സേവനം വ്യാപിപ്പിക്കാനും ഹർഷം ടീം തയ്യാറാണ്. 636 പേർക്ക് പരിശീലനം നൽകിയതിൽ 198 പേർക്ക് ഇതിനകം തന്നെ വിവിധ സ്ഥാപനങ്ങൾ/സുരക്ഷാ ഭവനം/ വീടുകളിൽ പ്രതിമാസ ശമ്പള അടിസ്ഥാനത്തിൽ സേവനത്തിനുള്ള അവസരം ലഭിച്ചു.

കൂട്ടുത്തരവാദിത്ത സംഘങ്ങളും (ജെഎൽജി) സംരംഭങ്ങളുമാണ് കുടുംബശ്രീയുടെ കീഴിലുള്ള പ്രധാന വരുമാനം സൃഷ്ടിക്കുന്ന പ്രവർത്തനങ്ങൾ. ഈ സ്ത്രീകളെ കൂട്ടുത്തരവാദിത്ത സംഘം എന്ന് വിളിക്കുന്ന ചെറുകിട കർഷക ഗ്രൂപ്പുകളായി സംയോജിപ്പിച്ചിരിക്കുന്നു, കൂടാതെ ജില്ലാ മിഷനുകൾ വഴിയുള്ള പരിശീലനം, സാമ്പത്തിക സഹായം, ഒത്തുചേരാനുള്ള അവസരങ്ങൾ തുടങ്ങിയവയിലൂടെയും വരുമാന വർദ്ധനയ്ക്കായി ഉപജീവന സംരംഭങ്ങളുടെ വിപുലമായ രംഗം തുറന്നു കൊടുക്കുന്നതിലൂടെയും കുടുംബശ്രീ പിന്തുണയ്ക്കുന്നു. കൂട്ടുകൃഷി പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഭൂരിഭാഗം സ്ത്രീകൾക്കും കൃഷിയിൽ വരുമാനം നേടുന്നവരോ ജോലിക്കാരോ ഭർത്താവിന്റെ/മാതാപിതാക്കളുടെ സഹായിയോ ആയി അനുഭവപരിചയം ഉണ്ടായിരുന്നു. ഇപ്പോൾ ഈ പദ്ധതി അവരെ തൊഴിലാളി എന്ന നിലയിൽ നിന്ന് സ്ത്രീ കർഷകരാക്കി മാറ്റി. സുസ്ഥിരമായ സാമ്പത്തിക വളർച്ചയ്ക്കും ജീവിത നിലവാരത്തിനും, മുകളിൽ പറഞ്ഞവയ്ക്ക് പുറമെയുള്ള പിന്തുണയായി യാതൊരു ഈടും കൂടാതെ പ്രായോഗികമായി പൂജ്യം ശതമാനം പലിശയ്ക്ക് ദേശസാൽകൃത ബാങ്കിൽ നിന്നുള്ള ലിങ്കേജ് വായ്പകളും, കൂടാതെ മാസ്റ്റർ ഫാർമേഴ്സ് എന്ന് വിളിക്കപ്പെടുന്ന കമ്മ്യൂണിറ്റി റിസോഴ്സ് പേഴ്സൺമാരുടെ തുടർച്ചയായതും തടസ്സമില്ലാത്തതും വർഷം മുഴുവനുമുള്ള സേവനവും ഉൾപ്പെടുന്നതാണ്. **പട്ടിക 8.1.13**-ൽ കാണിച്ചിരിക്കുന്നതുപോലെ, 3.3 ലക്ഷത്തിലധികം സ്ത്രീ കർഷകർ കൃഷിയിൽ സജീവമായി ഏർപ്പെടുകയും, അവർ 2020-21 കാലയളവിൽ ഇരുപത്തിയെട്ടായിരം ഹെക്ടറിലധികം സ്ഥലത്ത് കൃഷി അവർ ചെയ്യുകയും ചെയ്യുന്നു. പുരുഷന്മാർ കൂടുതലായി കൃഷിയിൽ നിന്ന് അകന്നുപോകുകയും കൃഷിയോഗ്യമായ ഭൂമി (നെൽവയലുകൾ ഉൾപ്പെടെ) മറ്റ് ആവശ്യങ്ങൾക്കായി മാറ്റുകയും ചെയ്യുന്ന കേരളത്തിൽ ഈ കണക്ക് വളരെ നിർണായകമാണ്.

### മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (എം.ജി. എൻ.ആർ.ഇ.ജി.എ)

കേരളത്തിൽ എം.ജി.എൻ.ആർ.ഇ.ജി.എയിലെ തൊഴിലാളികളിൽ 90 ശതമാനവും സ്ത്രീകളാണ്. 2020-21-ൽ സൃഷ്ടിക്കപ്പെട്ട വ്യക്തിഗത തൊഴിൽ ദിനങ്ങളും എൻആർഇജിഎ വഴി സൃഷ്ടിക്കപ്പെട്ട സ്ത്രീകളുടെ വ്യക്തിഗത ദിവസങ്ങളുടെ ശതമാനവും വർദ്ധിക്കുകയുണ്ടായി (90.49 ശതമാനം) **(പട്ടിക 8.1.14)**.

**പട്ടിക 8.1.14** കേരളത്തിൽ നൽകിയിട്ടുള്ള എൻ ആർ ഇ ജി എ തൊഴിൽ നില, 2018-19 മുതൽ 2020-21 വരെ

| വർഷം | സജീവ തൊഴിൽ കാർഡുകളുടെ എണ്ണം (ലക്ഷത്തിൽ) | തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം (ലക്ഷത്തിൽ) | സൃഷ്ടിക്കപ്പെട്ട വനിതാ തൊഴിൽ ദിനങ്ങൾ (ശതമാനത്തിൽ) | സൃഷ്ടിക്കപ്പെട്ട വ്യക്തി തൊഴിൽ ദിനങ്ങൾ (ലക്ഷത്തിൽ) | ഓരോ വ്യക്തിക്ക് ഓരോ ദിനത്തിലും ലഭിച്ച ശരാശരി വേതന നിരക്ക് (രൂപയിൽ) | കുടുംബങ്ങൾക്ക് തൊഴിൽ നൽകിയ ശരാശരി ദിനങ്ങൾ | 100 ദിനം പൂർത്തിയാക്കിയ കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|---|---|---|
| 2018-19 | 20.20 | 14.78 | 90.41 | 975.25 | 274.2 | 65.97 | 4,41,479 |
| 2019-20 | 20.00 | 14.38 | 89.8 | 802.3 | 274.29 | 55.75 | 2,51,141 |
| 2020-21 | 20.43 | 16.17 | 90.49 | 1023 | 294.65 | 63.25 | 4,70,410 |

അവലംബം: എൻ ആർ ഇ ജി എ ഡാറ്റാ ബേസ് (03.12.2021 വരെ)

ഗ്രൂപ്പ് വൈസ് ടാസ്ക് നാപി പേയ്മെന്റ് സിസ്റ്റം (ജിടി എൻപിഎസ്) വഴി സ്ത്രീ മേറ്റുകളുടെ വിന്യാസത്തിൽ 100 ശതമാനം മേറ്റുകളെ തിരഞ്ഞെടുക്കുന്നത് സ്ത്രീകളിൽ നിന്നാണ്. സംസ്ഥാനത്ത് വിന്യസിച്ചിരിക്കുന്ന എല്ലാ മേറ്റുകൾക്കും വാർഷിക പരിശീലനം നൽകുന്നു. 2020–21–ൽ 90,789 മേറ്റുകൾ പരിശീലനം നേടി. എൻ. ആർ.ഇ.ജി.എ യിലെ 37.34 ശതമാനം അർദ്ധ നൈപുണ്യ തൊഴിലാളികളും 25.6 ശതമാനം നൈപുണ്യ തൊഴിലാളികളും സ്ത്രീകളാണ്.

## സ്ത്രീ ശാക്തീകരണവും തീരുമാനമെടുക്കുന്നതിലെ പങ്കാളിത്തവും

ഗാർഹിക കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിലും സംസ്ഥാനത്തിന്റെ നയപരമായ തീരുമാനങ്ങളിലും സ്ത്രീകൾ സജീവമായ പങ്ക് വഹിക്കേണ്ടതുണ്ട്. ഇത് വികസന പ്രക്രിയയിലും ലിംഗനീതിയുള്ള ഒരു സമൂഹം വികസിപ്പിക്കുന്നതിലും അവരുടെ ആവശ്യങ്ങളുടെയും താൽപര്യങ്ങളുടെയും ഒരു സംയോജനം ഉറപ്പാക്കും. എൻഎഫ്എച്ച്എസ് 5 റിപ്പോർട്ട് കാണിക്കുന്നത് കേരളത്തിലെ 40–49 വയസ്സിനിടയിലുള്ള വിവാഹിതരായ സ്ത്രീകളിൽ 89 ശതമാനവും തങ്ങൾതന്നെയോ പങ്കാളികളുമൊത്തോ പണം സമ്പാദിക്കുന്നതിൽ സ്വയംപര്യാപ്തരാണ്. പങ്കാളികൾക്ക് തുല്യമോ അതിലധികമോ സമ്പാദിക്കുന്ന സ്ത്രീകൾ 40–49 വയസ്സിനിടയിൽ 32.8 ശതമാനവും 30–39 പ്രായത്തിലുള്ളവരിൽ 32.2 ശതമാനവുമാണ്. 12–ം ക്ലാസിനു മുകളിൽ വിദ്യാഭ്യാസം നേടിയ 92.8 ശതമാനം സ്ത്രീകളും തങ്ങൾതന്നെയോ പങ്കാളികൾക്കൊപ്പമോ സ്വയം പര്യാപ്തരാണ്.

കേരളത്തിൽ, 30–39 വയസ്സിനിടയിലുള്ള 72.7 ശതമാനം സ്ത്രീകളും 20–24 വയസ്സിനിടയിലുള്ള 56.5 ശതമാനം സ്ത്രീകളും ആരോഗ്യ സംരക്ഷണം, പ്രധാന വീട്ടുസാധനങ്ങൾ വാങ്ങൽ, അവരുടെ കുടുംബത്തിനേയോ ബന്ധുക്കളെയോ സന്ദർശിക്കൽ തുടങ്ങിയ തീരുമാനങ്ങൾ എടുക്കുന്ന പ്രക്രിയയിൽ പങ്കെടുക്കുന്നു. 73.1 ശതമാനം ജോലിയുള്ള സ്ത്രീകളും അവരുടെ ദൈനംദിന തീരുമാനങ്ങൾ എടുക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്നു, അതേസമയം തൊഴിലില്ലാത്ത സ്ത്രീകളിൽ ഇത് 67.8 ശതമാനമാണ്.

15–49 വയസ് പ്രായമുള്ള സ്ത്രീകളുടെ പേരിൽ ബാങ്ക് അക്കൗണ്ടുള്ളവരുടെ ശതമാനം 76.48 ആണ്. 40–49 പ്രായമുള്ളവരിൽ 61.4 ശതമാനവും 30–39 പ്രായത്തിലുള്ള 62.6 ശതമാനവും ചെറുകിട വായ്പാ പരിപാടിയെക്കുറിച്ച് ബോധമുള്ളവരാണ്. എന്നാൽ 15–19 വയസ്സിനിടയിൽ ചെറുകിട വായ്പാ പരിപാടിയെക്കുറിച്ച് അറിയാവുന്ന സ്ത്രീകൾ 35.9 ശതമാനം മാത്രമാണ്. 15.4 ശതമാനം തൊഴിൽ ചെയ്യുന്ന സ്ത്രീകളും 7.8 ശതമാനം തൊഴിലില്ലാത്ത സ്ത്രീകളും ചെറുകിട വായ്പാ പരിപാടികളിൽ നിന്ന് വായ്പ എടുത്തിട്ടുണ്ട്. 15–49 വയസ് പ്രായമുള്ള സ്ത്രീകളിൽ 24.5 ശതമാനം പേർക്ക് സ്വന്തം പേരിലോ അവരുടെ പങ്കാളികളുടെകൂടെയോ ഒരു വീട് സ്വന്തമായി ഉണ്ട്. എന്നാൽ ഒറ്റയ്ക്കോ കൂട്ടായോ ഭൂമി സ്വന്തമായുള്ള സ്ത്രീകൾ 11.5 ശതമാനം മാത്രമാണ്. 15–49 വയസ്സിനിടയിലുള്ള സ്ത്രീകളിൽ 86.5 ശതമാനം പേർക്കും മൊബൈൽ ഫോണുണ്ട്.

എൻഎഫ്എച്ച്എസ് 2019–20–ൽ ശേഖരിച്ച മൂന്ന് സൂചകങ്ങളുടെ അടിസ്ഥാനത്തിൽ കുടുംബത്തിന്റെ തീരുമാനങ്ങൾ എടുക്കുന്നതിൽ സ്ത്രീകളുടെ പങ്കാളിത്തം ഇവിടെ പരിഗണിക്കുന്നു. സാധാരണയായി ഗാർഹിക തീരുമാനങ്ങളിൽ പങ്കെടുക്കുന്ന സ്ത്രീകളുടെ ശതമാനവും അവർ തന്നെ കൈകാര്യം ചെയ്യുന്ന സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ഉള്ള സ്ത്രീകളുടെ ശതമാനവും അവർ സ്വയം ഉപയോഗിക്കുന്ന മൊബൈൽ ഫോൺ കൈവശമുള്ള സ്ത്രീകളുടെ ശതമാനവുമാണ് അവ. **പട്ടിക 8.1.15**–ൽ കാണിച്ചിരിക്കുന്നതുപോലെ, കേരളത്തിലെ സ്ത്രീകൾ അഖിലേന്ത്യാ തലത്തിലുള്ള സ്ത്രീകളേക്കാൾ കൂടുതൽ തീരുമാനമെടുക്കൽ പ്രക്രിയയിൽ സജീവമായി പങ്കെടുക്കുന്നു.

ലോക്സഭാ തിരഞ്ഞെടുപ്പിലെ വനിതാ വോട്ടർമാരുടെ പങ്കാളിത്തം 1962ലെ മൂന്നാം ലോക്സഭാ തെരഞ്ഞെടുപ്പിലെ 46.63 ശതമാനത്തിൽ നിന്ന് 16–ാം ലോക്സഭയിലേക്കുള്ള തെരഞ്ഞെടുപ്പിൽ 66 ശതമാനമായി വർഷങ്ങളായി വർദ്ധിച്ചു വരുന്നുണ്ട്. അഖിലേന്ത്യാ ശരാശരിയെ അപേക്ഷിച്ച് കേരളത്തിലെ വനിതാ വോട്ടർമാരുടെ പങ്കാളിത്തം വളരെ കൂടുതലാണ്. എന്നാൽ പാർലമെന്റിലും നിയമസഭയിലും വനിതാ

**പട്ടിക 8.1.15** തീരുമാനമെടുക്കുന്നതിൽ വനിതാ പങ്കാളിത്തം

| സൂചികകൾ | ഇന്ത്യ | | | | കേരളം | | | |
|---|---|---|---|---|---|---|---|---|
| | എൻ.എഫ്.എച്ച്.എസ്–5 (2019–20) | | | എൻ എഫ് എച്ച് എസ്–4 (2015–16) | എൻ എഫ് എച്ച് എസ്–5 (2019–20) | | | എൻഎഫ്എച്ച്എസ്–4 (2015–16) |
| | നഗരം | ഗ്രാമം | ആകെ | ആകെ | നഗരം | ഗ്രാമം | ആകെ | ആകെ |
| ഇപ്പോൾ വിവാഹം കഴിഞ്ഞ, സാധാരണ ഗാർഹിക തീരുമാനങ്ങളിൽ പങ്കെടുക്കുന്ന സ്ത്രീകൾ (ശതമാനത്തിൽ) | 91 | 87.7 | 88.7 | 84 | 93.6 | 94.6 | 94 | 92.1 |
| സ്വയം ഉപയോഗിക്കുന്ന ബാങ്ക്/ സേവിംഗ്സ് അക്കൗണ്ടുള്ള സ്ത്രീകൾ (ശതമാനത്തിൽ) | 80.9 | 77.4 | 78.6 | 53 | 78.9 | 78.2 | 78.5 | 70.6 |
| സ്വന്തമായി മൊബൈൽ ഫോണുള്ള സ്ത്രീകൾ (ശതമാനത്തിൽ) | 69.4 | 46.6 | 54 | 45.9 | 86.2 | 86.9 | 86.6 | 81.2 |

അവലംബം: എൻ എഫ് എച്ച് എസ്

പ്രാതിനിധ്യത്തിന്റെ കാര്യത്തിൽ കേരളം പിന്നിലാണ്. 16–ാം ലോക്സഭയിൽ, പാർലമെന്റിലെ മൊത്തം അംഗങ്ങളുടെ 12 ശതമാനം സ്ത്രീകളാണെങ്കിൽ, കേരളത്തിൽ നിന്ന് ഒരു വനിതാ എംപിക്ക് (5 ശതമാനം) മാത്രമേ പാർലമെന്റിൽ എത്താൻ കഴിഞ്ഞുള്ളൂ. അതുപോലെ സംസ്ഥാന അസംബ്ലിയിലും സ്ത്രീ പ്രാതിനിധ്യം കുറവാണ്.

എന്നാൽ പഞ്ചായത്തിരാജ് സ്ഥാപനങ്ങളിലെ സ്ത്രീകളുടെ പങ്കാളിത്തം അഖിലേന്ത്യാ ശരാശരിയേക്കാൾ കൂടുതലാണ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തീരുമാനങ്ങൾ എടുക്കുന്ന സ്ഥാനങ്ങളിൽ പകുതിയും സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുണ്ട്. 2020ലെ തെരഞ്ഞെടുപ്പിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെട്ട മൊത്തം വ്യക്തികളിൽ 54 ശതമാനവും സ്ത്രീകളാണെന്നത് ശ്രദ്ധേയമാണ്. സാമൂഹികവും രാഷ്ട്രീയവും മതപരവുമായ പ്രാധാന്യമുള്ള സ്ഥാപനങ്ങളുടെ താഴേത്തട്ടിൽ മതിയായ പ്രാതിനിധ്യം ഉണ്ടെങ്കിലും, ഉന്നത സ്ഥാനങ്ങളിൽ സ്ത്രീകളുടെ പ്രാതിനിധ്യം തുച്ഛമാണ്. കേരളത്തിന്റെ 64 വർഷത്തെ രാഷ്ട്രീയ ചരിത്രത്തിൽ ഇതുവരെ തെരഞ്ഞെടുക്കപ്പെട്ട വനിതാ എംഎൽഎമാർ, കേരള നിയമസഭയുടെ 10 ശതമാനം കവിഞ്ഞിട്ടില്ലെന്നത് ആശങ്കാജനകമാണ്.


### സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ

കഴിഞ്ഞ രണ്ട് വർഷമായി സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ കുറഞ്ഞു വരുന്നുവെങ്കിലും അവ കേരളത്തിൽ വലിയ ഭീഷണിയായി തുടരുകയാണ്. വീടിന് പുറത്ത് ലാഭകരമായ സാമ്പത്തിക പ്രവർത്തനങ്ങൾ നടത്താൻ സ്ത്രീകളെ പ്രാപ്തരാക്കാൻ ഈ ദിശയിൽ കൂടുതൽ പരിശ്രമം ആവശ്യമാണ്. 'ഭർത്താവിൽ നിന്നും ബന്ധുക്കളിൽ നിന്നുമുള്ള ക്രൂരത'യും പീഡനവുമാണ് കേരളത്തിലെ സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളിലെ പ്രധാന ഘടകങ്ങൾ. ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ 2020 ലെ കണക്കുകൾ അനുസരിച്ച്, സ്ത്രീകൾക്കെതിരായ കുറ്റകൃത്യ വിഭാഗങ്ങളിലുള്ള ഭൂരിഭാഗം കേസുകളും കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നത് പീഡനവും (30.72 ശതമാനം) തുടർന്ന് സ്ത്രീകൾക്കെതിരായ മറ്റ് കുറ്റകൃത്യങ്ങളും (28.3 ശതമാനം) ഭർത്താവിൽ നിന്നോ ബന്ധുക്കളിൽ നിന്നോ ഉള്ള ക്രൂരത (21.38 ശതമാനം) ബലാത്സംഗം (18.85 ശതമാനം), സ്ത്രീകളെ ശല്യപ്പെടുത്തൽ (3.49 ശതമാനം) എന്നിവയുമാണ്. 2019–ൽ ഒഴികെ 2016–ന് ശേഷം കേരളത്തിലെ മൊത്തം കുറ്റകൃത്യങ്ങളുടെ എണ്ണം കുറഞ്ഞു വരുന്നുണ്ട്. കേരളത്തിലെ സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളുടെ വിശദാംശങ്ങൾ **ചിത്രം 8.1.5–ലും അനുബന്ധം 8.1.6**–ലും നൽകിയിരിക്കുന്നു.

### ഗാർഹിക പീഡനം

എൻഎഫ്എച്ച്എസ് 5 വിവരങ്ങൾ അനുസരിച്ച്, കേരളത്തിൽ 9 ശതമാനം സ്ത്രീകൾ ശാരീരിക അതിക്രമങ്ങളും ഒരു ശതമാനം ലൈംഗികാതിക്രമവും അനുഭവിച്ചിട്ടുണ്ട്. കേരളത്തിലെ 18–49 വയസ് പ്രായമുള്ള വിവാഹിതരായ സ്ത്രീകളിൽ പത്തിലൊന്ന് (11 ശതമാനം) ശാരീരികമോ ലൈംഗികമോ ആയ അതിക്രമങ്ങൾ അനുഭവിച്ചിട്ടുണ്ട്. 18 നും 49 നും ഇടയിൽ പ്രായമുള്ള വിവാഹിതരായ സ്ത്രീകളിൽ, 10 ശതമാനം പേർ തങ്ങളുടെ ഭർത്താവിൽ നിന്ന് ഏതെങ്കിലും തരത്തിലുള്ള ശാരീരിക പീഡനങ്ങൾ അനുഭവിച്ചിട്ടുണ്ട്. സ്ത്രീകളുടെ എല്ലാ വിഭാഗങ്ങളിലും ഇണയുടെ അക്രമം നിലനിൽക്കുന്നുണ്ടെങ്കിലും കൂടുതൽ വിദ്യാഭ്യാസമുള്ള സ്ത്രീകൾക്കിടയിൽ ഇത് കുറവാണ്. കുറഞ്ഞത് 12 വർഷത്തെ സ്കൂൾ വിദ്യാഭ്യാസമുള്ള 9 സ്ത്രീകളിൽ ഒരാൾ വൈകാരികമോ ശാരീരികമോ ലൈംഗികമോ ആയ അതിക്രമങ്ങൾ ഭർത്താവിൽ നിന്ന് അനുഭവിച്ചിട്ടുണ്ട്. ഇത് നഗരപ്രദേശങ്ങളിലെ സ്ത്രീകളിൽ (14 ശതമാനം) ഗ്രാമപ്രദേശങ്ങളേക്കാൾ (12 ശതമാനം) കൂടുതലും ജോലി ചെയ്യുന്ന സ്ത്രീകളിൽ (20 ശതമാനം) തൊഴിലില്ലാത്ത സ്ത്രീകളേക്കാൾ (10 ശതമാനം) കൂടുതലുമാണ്.

**ചിത്രം 8.1.5** സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ




അവലംബം: ക്രൈം റെക്കോർഡ്സ് ബ്യൂറോ, കേരളം

### ലിംഗാധിഷ്ഠിത അതിക്രമങ്ങൾക്കെതിരെ പരിഹരിക്കാൻ സംസ്ഥാന സർക്കാർ ആരംഭിച്ച പരിപാടികൾ:

ലിംഗാധിഷ്ഠിത അതിക്രമങ്ങൾ തടയുക, നേരിടുക, അതിനെ അതിജീവിച്ചവരെ പുനരധിവസിപ്പിക്കുക എന്നിവ വനിതാ വികസനത്തിൽ വളരെ പ്രധാനമാണ്. നോഡൽ ഏജൻസിയായ ഡബ്ല്യുസിഡിയും പോലീസും ജുഡീഷ്യറിയും ഉൾപ്പെടെ നിർണായകമായ നിരവധി വകുപ്പുകളെ ഇത് ഉൾക്കൊള്ളുന്നു. സ്ഥിര സംവേദനം, പൊതുബോധവൽക്കരണം, സമൂഹാധിഷ്ഠിത കുറ്റകൃത്യങ്ങളുടേയും ദുർബലതയുടേയും മാപ്പിംഗ്, കൗമാരക്കാരായ പെൺകുട്ടികൾക്കുള്ള കൗൺസിലിംഗ്, സ്വയം പ്രതിരോധ പരിശീലനം, പിങ്ക് പോലീസ് കൺട്രോൾ റൂമുകൾ, ഷെൽട്ടർ ഹോമുകൾ, ഷോർട്ട് സ്റ്റേ ഹോമുകൾ, വൺ സ്റ്റോപ്പ് അടിയന്തിര കേന്ദ്രം, അക്രമത്തിനിരയായവർക്കുള്ള വൈദ്യ ശുശ്രൂഷ തുടങ്ങി ധാരാളം നടപടികൾ ഈ പരിപാടിയുടെ ഭാഗമാണ്.

നിർഭയ നയം: സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ ലൈംഗികാതിക്രമങ്ങൾ ചെറുക്കുന്നതിനും ചൂഷണത്തിനായി കടത്തികൊണ്ടു പോകുന്നതിൽ നിന്ന് അവരെ സംരക്ഷിക്കുന്നതിനുമായി കേരള സർക്കാർ നിർഭയ നയം രൂപീകരിച്ചു. നിർഭയ സെൽ ഇപ്പോൾ വനിതാ ശിശു വികസന ഡയറക്ടറേറ്റിന്റെ കീഴിലാണ്. നിർഭയ പദ്ധതിയിൽ ലൈംഗികമായി ദുരുപയോഗം ചെയ്യപ്പെടുന്ന സ്ത്രീകൾക്കുള്ള അഭയ കേന്ദ്രങ്ങൾ ഉൾപ്പെടുന്നു, അവിടെ അവർക്ക് ഉപജീവനം നേടാനും തൊഴിൽ നേടാനുമായി ജീവിത നൈപുണ്യ

വിദ്യാഭ്യാസം നൽകി വരുന്നു. നിർഭയ സെൽ സംസ്ഥാനത്തുടനീളം പതിനഞ്ച് നിർഭയ ഹോമുകൾ (സ്ത്രീകളുടെയും കുട്ടികളുടെയും ഭവനങ്ങൾ) സ്ഥാപിച്ചിട്ടുണ്ട്.
എസ്.ഒ.എസ് മോഡൽ ഹോം: 12 വയസ്സിന് താഴെയുള്ള പോക്സോയെ അതിജീവിച്ച പെൺകുട്ടികൾക്കായി തിരുവനന്തപുരം ജില്ലയിലാണ് ഈ മാതൃകാ ഷെൽട്ടർ ഹോം ആരംഭിച്ചത്

വൺ സ്റ്റോപ്പ് കേന്ദ്രങ്ങൾ: പൊതു–സ്വകാര്യ സ്ഥലങ്ങളിലും കുടുംബത്തിലും സമൂഹത്തിലും ജോലിസ്ഥലത്തും അതിക്രമങ്ങൾ നേരിടുന്ന സ്ത്രീകൾക്ക് ഡബ്ല്യുസിഡിയുടെ ഈ കേന്ദ്രങ്ങൾ പിന്തുണ നൽകുന്നു. ഗതാഗതം, വൈദ്യസഹായം, പോലീസുമായി ഇടപെടുന്നതിനുള്ള സൗകര്യം, നിയമസഹായം, മാനസിക സാമൂഹ്യ കൗൺസിലിംഗ്, ആവശ്യമെങ്കിൽ താൽകാലിക അഭയം എന്നിവ ഉൾപ്പെടെയുള്ള സംയോജിത സേവനങ്ങളുടെ ഒരു ശ്രേണി ഈ കേന്ദ്രങ്ങൾ നൽകും. 2019–20 ൽ എല്ലാ ജില്ലകളിലും വൺ സ്റ്റോപ്പ് കേന്ദ്രങ്ങൾ ഉള്ള ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനങ്ങളിലൊന്നായി കേരളം മാറി.

കാതോർത്ത്: സ്ത്രീകൾക്കായി ഡബ്ല്യുസിഡിയുടെ ഈ ഓൺലൈൻ കൺസൾട്ടേഷൻ പരിപാടി 2021 ഫെബ്രുവരിയിൽ ആരംഭിച്ചു, കൗൺസിലിംഗ്, നിയമസഹായം, പോലീസ് സഹായം എന്നിവയിലൂടെ അവരുടെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കാൻ ഇത് ലക്ഷ്യമിടുന്നു. kathorthu.wcd.kerala.gov.in എന്ന വെബ്സൈറ്റ് വഴി പരാതികൾ സമർപ്പിക്കാം.

ആശ്വാസനിധി: ലൈംഗിക കുറ്റകൃത്യങ്ങളുടെയും ഹീനമായ ലിംഗാധിഷ്ഠിത അക്രമങ്ങളുടെയും ഇരകൾക്ക് സാമ്പത്തിക സഹായം നൽകേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കി, സംസ്ഥാന സർക്കാർ ഇത്തരം ഇരകൾക്ക് ഇടക്കാലാശ്വാസം നൽകുന്നതിന് 300 കോടി രൂപയുടെ ഒരു കോർപ്പസ് ഫണ്ട് രൂപീകരിക്കുമെന്ന് 2018–19–ലെ സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ചു. ലൈംഗിക കുറ്റകൃത്യങ്ങൾ, ഗാർഹിക പീഡനം, ആസിഡ് ആക്രമണങ്ങൾ, ഹീനമായ ലിംഗാധിഷ്ഠിത അക്രമം എന്നിവയുടെ ഇരകൾക്ക് വനിതാ ശിശുവികസന വകുപ്പ് ഈ ഫണ്ട് നല്കി വരുന്നു.

ഭൂമിക: ദേശീയ ഗ്രാമീണ ആരോഗ്യ മിഷന്റെ (എൻ.ആർ.എച്ച്.എം) പിന്തുണയോടെ ലിംഗാധിഷ്ഠിത അതിക്രമങ്ങൾ/സാമൂഹിക ദുരുപയോഗങ്ങൾ എന്നിവയ്ക്ക് ഇരയായവർക്കായി വൈദ്യശാസ്ത്ര, മനഃശാസ്ത്ര പരിചരണം നൽകുന്ന പരിപാടിക്ക് സർക്കാർ തുടക്കമിട്ടിരുന്നു. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ കൈകാര്യം ചെയ്യുന്ന കേന്ദ്രമായ "ഭൂമിക" ഇരകൾക്ക് സാമൂഹികവും മാനസികവുമായ പിന്തുണ നൽകുന്നു.

സ്നേഹിത: കുടുംബശ്രീ ജെൻഡർ ഹെൽപ്പ് ഡെസ്ക് ആയ സ്നേഹിത ദുരിതമനുഭവിക്കുന്ന സ്ത്രീകൾക്കും കുട്ടികൾക്കും സേവനങ്ങൾ നൽകുന്നു. മറ്റ് വകുപ്പുകളുമായും എൻജിഒകളുമായും ഒത്തുചേർന്നു കൊണ്ട് അതിക്രമങ്ങൾ നേരിടുന്ന സ്ത്രീകൾക്കും കുട്ടികൾക്കുമായി ഷോർട്ട് സ്റ്റേ ഹോമുകൾ, വ്യക്തികൾ, കൗമാരക്കാർ, വിവാഹം കഴിക്കേണ്ടവർ എന്നിവർക്കായുള്ള കൗൺസിലിംഗ്, ബോധവൽക്കരണ കൂട്ടായ്മകൾ, നിയമ–വൈദ്യസഹായങ്ങൾ, പുനരധിവാസം എന്നിവ ഈ സേവനങ്ങളിൽ ഉൾപ്പെടുന്നു.
അപരാജിത ഈസ് ഓൺലൈൻ: സ്ത്രീകൾക്കും പെൺകുട്ടികൾക്കും നേരെയുള്ള പീഡനങ്ങളുടെ പരാതി പരിഹാരത്തിനുള്ള ദ്രുത പ്രതികരണ സംവിധാനമായ ഇത് പോലീസ് വകുപ്പാണ് പ്രവർത്തിപ്പിക്കുന്നത്.
മിത്ര–181 ഹെൽപ്പ് ലൈൻ: കെ.എസ്.ഡബ്ല്യു.ഡി.സി ആരംഭിച്ച ഈ ഹെൽപ്പ് ലൈൻ സഹായം ആവശ്യമുള്ള സ്ത്രീകൾക്കായി 24x7 ലഭ്യമാകുന്ന ഒരു അടിയന്തിര പ്രതികരണ സേവനമായി വിജയകരമായി പ്രവർത്തിച്ച് വരുന്നു.

### വനിതാ ശിശുവികസന വകുപ്പിന്റെ രൂപീകരണം

സർക്കാരിന്റെ ഒരു സുപ്രധാന നേട്ടം സാമൂഹ്യനീതി വകുപ്പിനെ വിഭജിച്ച് സ്ത്രീകളുടെയും കുട്ടികളുടെയും ശാക്തീകരണവും സാമൂഹ്യ പിന്തുണയും എന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകി, 2017 ജൂണിൽ വനിതാ ശിശുവികസന വകുപ്പ് (ഡബ്ല്യുസിഡി) സ്ഥാപിച്ചതാണ്, സംസ്ഥാന വനിതാ കമ്മീഷൻ, സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ, ജെൻഡർ പാർക്ക്, നിർഭയ പദ്ധതി, സ്ത്രീകളുടെയും കുട്ടികളുടെയും അഭയ കേന്ദ്രങ്ങൾ, ഐ.സി.ഡി.എസ്., അങ്കണവാടികൾ എന്നിവ ഉൾപ്പെടുന്ന ഒരു സമഗ്ര ഘടനയാണ് ഇത്. സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണത്തിനും പുനരധിവാസത്തിനുമായുള്ള 44 ക്ഷേമ സ്ഥാപനങ്ങളുടെ (16 സ്ത്രീകൾക്കും 28 കുട്ടികൾക്കും) നടത്തിപ്പുമായി ബന്ധപ്പെട്ടതാണ് അതിന്റെ പ്രവർത്തനത്തിന്റെ വലിയൊരു ഭാഗം, ദുർബലരായ ജനങ്ങൾക്ക് സ്ഥാപനങ്ങളിലൂടെ പരിചരണം നൽകുന്നതിൽ എൻജിഒകളും സന്നദ്ധ സംഘടനകളും ഒരു വലിയ പങ്ക് വഹിക്കുന്നുണ്ട്. സ്ത്രീകളുടെയും കുട്ടികളുടെയും സമഗ്രവും ശാരീരികവും മാനസികവും ബോധപരവും വൈകാരികവുമായ വികാസങ്ങളും ലിംഗാവബോധം പുലർത്തുന്ന കുടുംബം, സമൂഹം, എന്നിവ ഉറപ്പുവരുത്തുന്നതിനാണ് വനിതാ ശിശുവികസന വകുപ്പ് പ്രവർത്തിക്കുന്നത്.

### പതിമൂന്നാം പഞ്ചവത്സര പദ്ധതി (2017–22) കാലയളവിൽ ഡബ്ല്യുസിഡിയുടെ സംരംഭങ്ങൾ

കേരളത്തിൽ സ്ത്രീകൾ പുരുഷന്മാരേക്കാൾ എണ്ണത്തിലും ആയുസ്സിലും കൂടുതലാണ്, അതുകൊണ്ട് തന്നെ കേരളത്തിലെ സ്ത്രീകളുടെ വൈവാഹിക നില വളരെ പ്രധാനമാണ്. അത് അവരുടെ കുടുംബത്തിൽ നിന്നും സമൂഹത്തിൽ നിന്നും ലഭിക്കുന്ന പരിചരണത്തിന്റെയും പിന്തുണയുടെയും മൊത്തത്തിലുള്ള നിലവാരത്തെ സ്വാധീനിച്ചേക്കാം. കേരളത്തിലെ മൊത്തം പുരുഷ ജനസംഖ്യയുടെ 3.5 ശതമാനം മാത്രമാണ് ഭാര്യ മരിച്ച പുരുഷൻമാരെന്നും വിധവകളായ സ്ത്രീ ജനസംഖ്യയുടെ അനുപാതം 11.56 ശതമാനം വിധവകൾ ആണെന്നും സ്ഥിതിവിവരക്കണക്കുകൾ കാണിക്കുന്നു. ഈ ലിംഗപദവി വ്യത്യാസം അവളുടെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും സ്ത്രീകളെ പ്രതികൂലമായി ബാധിക്കുന്നു. ഈ സാഹചര്യത്തിലാണ് വിധവാ പുനർവിവാഹം പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സർക്കാർ "മംഗല്യ" എന്ന പദ്ധതി വിഭാവനം ചെയ്യുന്നത്. വിധവകൾ/വിവാഹമോചിതർ എന്നിവർക്ക് പുനർവിവാഹത്തിന് സാമ്പത്തിക സഹായം നൽകുന്നതാണ് പദ്ധതി. നിരാലംബരും ഭവനരഹിതരുമായ വിധവകൾക്ക് സുരക്ഷിതവും മെച്ചപ്പെട്ടതുമായ ജീവിത സാഹചര്യം ഒരുക്കുക എന്ന ലക്ഷ്യത്തോടെ, അഭയകിരണം പദ്ധതിയിൽ നിർധനരായ വിധവകൾക്ക് സംരക്ഷണവും പാർപ്പിടവും നൽകുന്ന അടുത്ത ബന്ധുക്കൾക്ക് പ്രതിമാസം 1,000 രൂപ ധനസഹായം നൽകുന്നു. വിധവകളുടെ കുടുംബങ്ങളിൽ ഭൂരിഭാഗവും പരിതാപകര

മായ അവസ്ഥയിലാണ് കഴിയുന്നത്. സ്വയം തൊഴിൽ സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകിക്കൊണ്ട് ഈ കുടുംബങ്ങൾക്ക് സഹായഹസ്തം നീട്ടാൻ സഹായഹസ്തം പദ്ധതി നിർദ്ദേശിക്കുന്നു. 3,00,000 രൂപയിൽ താഴെ വാർഷിക വരുമാനമുള്ള വിധവകളുടെ മക്കൾക്ക് പ്രൊഫഷണൽ കോഴ്സുകൾക്ക് വിദ്യാഭ്യാസ സഹായം നൽകുന്ന പദ്ധതിയാണ് "പടവുകൾ". അവിചാരിതമായി സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സ്ത്രീ നയിക്കുന്ന കുടുംബങ്ങൾക്ക് പരമാവധി 50,000 രൂപ വരെ ഒറ്റത്തവണ ധനസഹായം നൽകാൻ വിഭാവനം ചെയ്യുന്ന പദ്ധതിയാണ് "അതിജീവിക".

തേജോമയ ആഫ്റ്റർ കെയർ ഹോം:–എറണാകുളം എടയ്ക്കാട്ടുവയലിൽ തേജോമയ ആഫ്റ്റർ കെയർ ഹോം സ്ഥാപിച്ചു. പഠനം പൂർത്തിയാക്കിയവരും വിവിധ തൊഴിലുകളിൽ താൽപര്യമുള്ളവരുമായ, സ്ത്രീകളുടെയും കുട്ടികളുടെയും ഭവനങ്ങളിലെ താമസക്കാരെ ഉദ്ദേശിച്ചാണ് ഇത്. എച്ച്.എൽ.എഫ്. പി.പി.റ്റി (ഹിന്ദുസ്ഥാൻ ലാറ്റക്സ് ഫാമിലി പ്ലാനിംഗ് പ്രൊമോഷൻ ട്രസ്റ്റ്) യുടെ സഹായത്തോടെ ഒരു കരിയർ അസസ്മെന്റ് പരിപാടി നടത്തുകയും കാറ്ററിംഗ്, ടൈലറിംഗ്, ബ്യൂട്ടീഷ്യൻ, ഡ്രൈവിംഗ് തുടങ്ങിയ വിവിധ തൊഴിലുകൾക്കായി 42 അന്തേവാസികളെ തിരഞ്ഞെടുക്കുകയും ചെയ്തു. 26 അന്തേവാസികൾക്കായി മനഃശാസ്ത്രപരമായ ഇടപെടൽ പരിപാടി/ക്ഷേമ പരിപാടിയും നടത്തി.

മാനസികാരോഗ്യത്തിനുള്ള ഭവനം: സ്ത്രീകളുടെയും കുട്ടികളുടെയും ഭവനങ്ങളിൽ താമസിക്കുന്ന മാനസിക പ്രശ്നങ്ങളുള്ള അന്തേവാസികളെ ഉദ്ദേശിച്ചുള്ളതാണ്. തൃശ്ശൂരിൽ മാനസികാരോഗ്യ ഭവനം ആരംഭിക്കുന്നതിന് 39.87 ലക്ഷം രൂപ സർക്കാർ അനുവദിക്കുകയും ഇത് തുടങ്ങുന്നതിനായി ഗാന്ധിഭവൻ അന്താരാഷ്ട്ര ട്രസ്റ്റിനെ ഏൽപ്പിക്കുകയും ചെയ്തു. 2019–20 കാലയളവിലാണ് ഇതിന്റെ പ്രവർത്തനം ആരംഭിച്ചത്.

വൺ ഡേ ഹോം: ഒറ്റയ്ക്ക് യാത്ര ചെയ്ത് വിവിധ ആവശ്യങ്ങൾക്കായി തലസ്ഥാനത്ത് എത്തുന്ന സ്ത്രീകൾക്ക് സുരക്ഷിതമായ താമസ സൗകര്യം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ തിരുവനന്തപുരം നഗരത്തിന്റെ ഹൃദയഭാഗത്തുള്ള കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ കെട്ടിടത്തിന്റെ എട്ടാം നിലയിൽ തിരുവനന്തപുരം കോർപ്പറേഷന്റെയും വനിതാ ശിശു വികസന വകുപ്പിന്റെയും സംയുക്ത സംരംഭമായി ഒരു വൺഡേ ഹോം ആരംഭിച്ചു. മിതമായ നിരക്കിൽ സുരക്ഷിതമായ താമസവും ഭക്ഷണവും നൽകുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. 2020 മാർച്ച് 7 മുതലാണ് വൺ ഡേ ഹോം പ്രവർത്തനം ആരംഭിച്ചത്.

സ്ത്രീധന നിരോധനം: 2019–2020 കാലഘട്ടത്തിൽ സ്ത്രീധനം ഇല്ലാതാക്കുന്നതിനുള്ള ഒരു ജനകീയ പ്രചാരണം വകുപ്പ് ആരംഭിച്ചു. അവബോധ സൃഷ്ടിയിലൂടേയും ശാക്തീകരണത്തിലൂടേയും സ്ത്രീധനം പൂർണമായി ഉന്മൂലനം ചെയ്യുക എന്ന ലക്ഷ്യത്തോടെ അഞ്ചുവർഷത്തെ ഒരു കർമപദ്ധതി തയാറാക്കിയിട്ടുണ്ട്. സ്ത്രീകളുടെ വിദ്യാഭ്യാസം, സാമ്പത്തിക സ്വാതന്ത്ര്യം, സ്വതന്ത്രമായി ചിന്തിക്കുന്ന പുരുഷന്മാർ എന്നിവയുടെ പ്രാധാന്യം എടുത്തുകാണിക്കുന്നതിലൂടെ സ്ത്രീകളെ അപമാനിക്കുന്ന ഈ പഴയ ആചാരത്തോട് സമഗ്രമായ ഒരു സമീപനം ഉറപ്പാക്കാൻ കഴിയേണ്ടതാണ്. പ്രധാനമായും യുവജനങ്ങൾ ഇന്റർനെറ്റ് വഴി ഉപയോഗിക്കുന്ന മീമുകൾ പോലുള്ള മാർഗ്ഗങ്ങളിലൂടെ പ്രചാരണത്തിന്റെ പ്രാരംഭ ഘട്ടം വിജയിച്ചു. അടുത്ത 3 വർഷത്തേക്ക് പ്രചാരണം തുടരും. കേരള സ്ത്രീധന നിരോധന നിയമങ്ങളുടെ ഭേദഗതി (ജൂലൈ 13, 2021) പ്രകാരം, സ്ത്രീധനത്തിന്റെ മോശമായ സ്വാധീനത്തെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനും സ്ത്രീധനത്തിനെതിരായി ജില്ലകളിലെ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യാനുമായി ജില്ലാ സ്ത്രീധന നിരോധന ഓഫീസർമാരെ (ഡിസിപിഒ കൾ) നിയമിച്ചു.

## മഹാമാരി നേരിടുന്നതിനായി ഡബ്ല്യൂ സി ഡി യുടെ സ്ത്രീകൾക്കു വേണ്ടിയുള്ള സംവിധാനങ്ങൾ

കോവിഡ്–19 മഹാമാരിയുടെ ആഘാതം പ്രത്യേകിച്ച് സ്ത്രീകളെ പ്രതികൂലമായി ബാധിക്കുകയുണ്ടായി. കോവിഡ്–19 മഹാമാരി സഞ്ചാര നിയന്ത്രണങ്ങളും സാമൂഹിക ഒറ്റപ്പെടലും ഇരട്ടിയാക്കുന്നത് കാരണം സാമ്പത്തികവും സാമൂഹികവുമായ സമ്മർദ്ദവും അതിതീവ്രമാക്കുന്നു. അതുകൊണ്ടുതന്നെ ലിംഗപദവിയിലധിഷ്ഠിതമായ അക്രമം ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. സ്ത്രീകളുടേയും കുട്ടികളുടേയും ക്ഷേമവും സംരക്ഷണവും ഉറപ്പാക്കുന്നതിനുള്ള മാതൃകാ വകുപ്പെന്ന നിലയിൽ, പകർച്ചവ്യാധിയുടെ കാലത്ത് കുട്ടികളും സ്ത്രീകളും നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വനിതാ ശിശു വികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പാക്കി.

- കോവിഡ് കാലത്ത് ഗാർഹിക പീഡനത്തിൽ നിന്നും സുരക്ഷ: ലോക്ക്ഡൗൺ കാലത്ത് ഗാർഹിക പീഡനം, സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ എന്നിവയുമായി ബന്ധപ്പെട്ട കേസുകൾ റിപ്പോർട്ട് ചെയ്യാൻ ആളുകളെ പ്രാപ്തരാക്കുന്നതിനായി എൻഎസ്എസ് സാങ്കേതിക സെല്ലിന്റെ പിന്തുണയോടെ 24 മണിക്കൂറും പ്രവർത്തിക്കുന്ന വാട്ട്സ്ആപ്പ്/ എസ്എംഎസ് ഹെൽപ്പ് ലൈൻ "9400080292" വകുപ്പ് ആരംഭിച്ചു. തപാൽ വകുപ്പുമായി സഹകരിച്ച് വിദൂര പ്രദേശങ്ങളിലുള്ള സ്ത്രീകൾക്കും ഫോൺ, ഗതാഗത സൗകര്യങ്ങൾ ഇല്ലാത്ത സ്ത്രീകൾക്കും സേവനങ്ങൾ ലഭ്യമാകുന്നതിനായി "രക്ഷാദൂത്" എന്ന പേരിൽ ഒരു പുതിയ പദ്ധതി ആരംഭിച്ചു.
- വാട്ട്സ്ആപ്പ്, വീഡിയോ കോൺഫറൻസ് കോളുകൾ വഴി പരമാവധി ഗുണഭോക്താക്കളുമായി ബന്ധം നിലനിർത്താൻ വകുപ്പ് മുൻകൈ എടുത്തിട്ടുണ്ട്. ശിശു സംരക്ഷണവും ഭക്ഷണ രീതികളും നൽകുന്നതിൽ ഗർഭാവസ്ഥയിലും മുലയൂട്ടൽ കാലത്തും നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചുള്ള യോഗങ്ങൾ നടത്തി ഗുണഭോക്താക്കളുടെ ആശങ്കകൾ പരിഹരിച്ചു. ഏകദേശം 3.5 ലക്ഷം ആളുകൾക്ക് ഇതിന്റെ ഗുണം ലഭിച്ചു.
- ലോക ജനസംഖ്യാ ദിനത്തിൽ, ആസൂത്രിതമല്ലാത്ത ഗർഭധാരണം, ഗർഭനിരോധനം എന്നിവയുടെ പ്രശ്നങ്ങളും സ്ത്രീകൾക്കും ദമ്പതികൾക്കുമുള്ള മറ്റ് പ്രത്യുൽപാദന പ്രശ്നങ്ങളും വകുപ്പ് അഭിസംബോധന ചെയ്തു. ഏകദേശം 96,000 കുടുംബം/ദമ്പതികൾക്ക് പരിരക്ഷ ലഭിച്ചു.
- "പോഷൻ മാ" പ്രവർത്തനങ്ങളുടെ ഭാഗമായി പോഷകാഹാര ഉദ്യാനവും വഴിയരികിൽ ഫലവൃക്ഷങ്ങളും പച്ചക്കറികളും നട്ടുപിടിപ്പിക്കൽ, സ്ത്രീകൾ, കുട്ടികൾ, പുരുഷന്മാർ എന്നിവരുടെ പോഷകാഹാര വെല്ലുവിളികൾ കണ്ടെത്തുക എന്നിവ നടത്തി.
- പോഷകാഹാരക്കുറവ്, പ്രതിരോധ കുത്തിവയ്പ്പ്, വളരുന്ന കുട്ടിയുടെ ശരിയായ വികസനം, ഗർഭിണികളുടെയും മുലയൂട്ടുന്ന സ്ത്രീകളുടെയും ആശങ്കകൾ എന്നിവ പരിഹരി

ക്കുന്നതിനായി ടെലിഫോൺ വഴിയുള്ള പോഷകാഹാര കൗൺസിലിംഗും പരിശോധനാ സൗകര്യവും ഇന്ത്യൻ പോഷകാഹാരവിദഗ്ധരുടെ അസോസിയേഷന്റെയും ഇന്ത്യൻ ശിശുരോഗ വിദഗ്ധ അക്കാദമിയുടേയും ഐ.എം.എ യുടെയും സഹായത്തോടെ സംഘടിപ്പിച്ചു. ഏകദേശം 7.31 ലക്ഷം ആളുകൾക്ക് പരിരക്ഷ ലഭിച്ചു.

- വകുപ്പുതല തലകമ്മ്യൂണിക്കേഷൻ നെറ്റ്‌വർക്കിലൂടെ ദൈനംദിന പോഷകാഹാര പാചകക്കുറിപ്പ് പങ്കിട്ടു. ഇതുവരെ 40 പാചകക്കുറിപ്പുകൾ പങ്കിട്ടു.

### കേരള വനിതാ വികസന കോർപ്പറേഷൻ (കെഎസ്ഡബ്ല്യുഡിസി)

സംസ്ഥാനത്തിലെ സ്ത്രീകളെ സാമൂഹിക വികസനത്തിലും പുരോഗതിയിലും സജീവ പങ്കാളികളാക്കുക എന്ന ലക്ഷ്യത്തോടെ അവരുടെ സർവതോൻമുഖമായ വികസനമാണ് കെഎസ്ഡബ്ല്യുഡിസി ലക്ഷ്യമിടുന്നത്. കോർപ്പറേഷൻ വനിതാ സംരംഭകർക്ക് സാമ്പത്തിക സഹായം നൽകുന്നതിലും പരിശീലനങ്ങളിലും ലിംഗ ബോധവൽക്കരണ പരിപാടികളിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു. 2020-21 സാമ്പത്തിക വർഷം വരെ കോർപ്പറേഷൻ 1,693 സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 2.99 ലക്ഷം പെൺകുട്ടികൾക്കായി ഷീ പാഡ് എന്ന ആർത്തവ ശുചിത്വ പരിപാലന ബോധവൽക്കരണ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. കാക്കനാട്ട് (എറണാകുളം) വനിതാ മിത്ര കേന്ദ്ര വർക്കിംഗ് വിമൻസ് ഹോസ്റ്റൽ ഒന്നാം ഘട്ട നിർമ്മാണം 2021 ഫെബ്രുവരി 12 ന് ഉദ്ഘാടനം ചെയ്തു. സ്ത്രീകൾക്ക് സുരക്ഷിതവും താങ്ങാനാവുന്നതുമായ താമസം ഉറപ്പാക്കുന്നതിനുള്ള സുരക്ഷിത താമസ പദ്ധതി 2021 ഫെബ്രുവരി 5 ന് ഉദ്ഘാടനം ചെയ്തു. ആദ്യ ഘട്ട പരിപാടിക്കു വേണ്ടി 30 വനിതാ ഹോസ്റ്റലുകളുമായി ബന്ധിപ്പിച്ചുകൊണ്ട് സമഗ്രമായ ആപ്പ് വികസിപ്പിച്ചെടുത്തു.

പോലീസ് ഉദ്യോഗസ്ഥർക്കുള്ള ജെൻഡർ സെൻസിറ്റൈസേഷൻ പ്രോഗ്രാം-ബോധ്യം: പോലീസ് ഉദ്യോഗസ്ഥർക്കുള്ള ലിംഗ പദവി ബോധവൽക്കരണം ഓൺലൈൻ പരിശീലന പരിപാടി കെ.എസ്.ഡബ്ല്യൂ.ഡി.സി 2020 ജൂലൈ 21 ന് ആരംഭിച്ചു. 30 പേർ വീതമുള്ള (സിവിൽ പോലീസ് ഓഫീസർമാർ) ബാച്ചുകളിലായാണ് പരിശീലനം. തിരുവനന്തപുരം, കേരള പോലീസ് ട്രെയിനിംഗ് കോളേജിലും (പിടിസി) തൃശ്ശൂർ കേരള പോലീസ് അക്കാദമി (കെഇപിഎ) യിലുമാണ് പരിശീലനം നൽകിയത്. സ്ത്രീകൾക്കുള്ള അടിയന്തര പ്രതികരണ സേവനങ്ങളുടെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനൊപ്പം സംസ്ഥാനത്ത് ലിംഗപദവിസൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുകയുമാണ് പരിപാടിയുടെ ലക്ഷ്യം. കേരളത്തിലുടനീളമുള്ള 12 പോലീസ് ബറ്റാലിയനുകളിൽ നിന്നുള്ള 5,457 പോലീസ് ഉദ്യോഗസ്ഥരുടെ പരിശീലനം 2020-21 ൽ കോർപ്പറേഷൻ പൂർത്തിയാക്കി.

വിമൻസ് കോളേജുകളിൽ വനിതാ സെല്ലുകൾ: ലിംഗ പദവി ബോധവൽക്കരണ പരിപാടികളുടെ ഭാഗമായി സംസ്ഥാനത്തെ തെരഞ്ഞെടുത്ത കോളേജുകളിൽ കെഎസ്ഡബ്ല്യുഡിസി വനിതാ സെല്ലുകൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേരളത്തിലെ തെരഞ്ഞെടുത്ത വനിതാ കോളേജുകളിൽ ലിംഗ പദവി ബോധവൽക്കരണ പരിശീലനങ്ങൾ, വിവാഹ പൂർവ്വ കൗൺസിലിംഗ്, തുറന്ന ചർച്ചകൾ, സാംസ്കാരിക പരിപാടികൾ, കൈയ്യെഴുത്ത് പ്രസിദ്ധീകരണം, ഐടി/സോഫ്റ്റ് സ്കിൽ പരിശീലനം, ക്രിയാത്മക ശില്പശാലകൾ, സാമൂഹ്യ ഇടപെടൽ പരിപാടികൾ എന്നിങ്ങനെയുള്ള വിവിധ പരിപാടികൾക്ക് തുടക്കമിട്ടു. 2020-21 കാലയളവിൽ 5,000-ത്തിലധികം അംഗങ്ങളുള്ള 39 വനിതാ കോളേജുകളിൽ വനിതാ സെല്ലുകൾ പ്രവർത്തിച്ചിട്ടുണ്ട്. സമൂഹത്തിൽ ഉൾപ്പെട്ടിരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് യുവാക്കളെ ബോധവാന്മാരാക്കുകയും ദൈനംദിന കാര്യങ്ങൾ കൈകാര്യം ചെയ്യാൻ ആവശ്യമായ മാനേജ്മെന്റ് കഴിവുകളോടെ അവരെ സജ്ജമാക്കുകയും ചെയ്യുക എന്നതാണ് വനിതാ സെല്ലിന്റെ പ്രധാന ലക്ഷ്യം.

24x7 വനിതാ വിവര സഹായ കേന്ദ്രം: മിത്ര ഹെൽപ്പ് ലൈൻ (181) 2017 മാർച്ച് 27 ന് കെഎസ്ഡബ്ല്യുഡിസി കേരളത്തിൽ ആരംഭിച്ചു. സ്ത്രീകൾക്ക് ഏതു സമയത്തും തുടർച്ചയായ ഫീഡ്ബാക്ക് സങ്കേതങ്ങളോടെ ഒരു പിന്തുണയുടെ അടിസ്ഥാന സൗകര്യം സൃഷ്ടിക്കുന്നതിനും ദുരിതമനുഭവിക്കുന്ന സ്ത്രീകൾക്ക് അടിയന്തര പ്രതികരണ സംവിധാനമെന്ന നിലയിലുമാണ് ഹെൽപ്പ് ലൈൻ വിഭാവനം ചെയ്തിരിക്കുന്നത്. 2020-21 കാലയളവിൽ 181 മിത്ര ഹെൽപ്പ്ലൈൻ 25,591 വിളികൾക്ക് സേവനങ്ങൾ നൽകി. മിത്ര 181, ഒഎസ്സികൾ (സഖി എന്ന് വിളിക്കുന്ന വൺ സ്റ്റോപ്പ് കേന്ദ്രങ്ങൾ), സംസ്ഥാന പോലീസ് എന്നിവയുടെ യോജിച്ച ശ്രമങ്ങൾക്ക് സംസ്ഥാനത്തെ സ്ത്രീകൾക്കുള്ള സുരക്ഷാ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്താനാകും.

ആദിവാസി വനിതകൾക്കായുള്ള സംയോജിത നൈപുണ്യ വികസന കേന്ദ്രം: കോഴിക്കോട് ചക്കിട്ടപാറ ഗ്രാമ പഞ്ചായത്തിൽ ആദിവാസി വനിതകൾക്കായി സംയോജിത നൈപുണ്യ വികസന കേന്ദ്രം സ്ഥാപിക്കുന്ന പദ്ധതി കോർപ്പറേഷൻ നടപ്പിലാക്കി. സ്ത്രീകളുടെ നൈപുണ്യവും ജീവിതാവശ്യങ്ങളും മനസ്സിലാക്കാൻ കോർപ്പറേഷൻ കമ്മ്യൂണിറ്റി സോഷ്യൽ വർക്കർമാരെ നിയമിച്ചു. നിരവധി പരിശീലന പരിപാടികളും ശിൽപശാലകളും നടത്തി. വനമിത്ര കന്നുകാലി വളർത്തൽ, ക്ഷീര കർഷക പദ്ധതിയുടെ ഭാഗമായി കെ.എസ്.ഡബ്ല്യൂ.ഡി.സി 50 ആദിവാസി സ്ത്രീകൾക്കും അവരുടെ കുടുംബങ്ങൾക്കും 299 ദിവസങ്ങൾ പരിശീലനം നൽകി. 33 ആദിവാസി സ്ത്രീകൾക്ക് തേനീച്ച വളർത്തലിൽ പരിശീലനവും നൽകി.

സ്ത്രീകൾക്കായുള്ള ഫിനിഷിംഗ് സ്കൂൾ: കെ.എസ്.ഡബ്ല്യൂ.ഡി.സി സ്ത്രീകളുടെ തൊഴിൽ സാധ്യതകൾ മെച്ചപ്പെടുത്തുന്നതിനായി അവരുടെ തൊഴിൽ കഴിവുകളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനായി റീച്ച് (ആർഇഎസിഎച്ച്) ആരംഭിച്ചു. 2020-21 കാലയളവിൽ 903 വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി. നഴ്സുമാർക്കുള്ള അഡ്വാൻസ്ഡ് സ്കിൽ എൻഹാൻസ്മെന്റ് പരിപാടിയിലൂടെ (എഎസ്ഇപിഎൻ) 61 പ്രൊഫഷണലുകൾക്ക് പരിശീലനം നൽകി.

ജെൻഡർ പാർക്ക്: വിവിധ പദ്ധതികൾ, സാംസ്കാരിക, അക്കാദമിക് പരിപാടികൾ എന്നിവയുടെ സംയോജന കേന്ദ്രമായി കോഴിക്കോട് സ്ഥിതി ചെയ്യുന്ന പ്രധാന കാമ്പസിലൂടെ സംസ്ഥാനത്ത് ലിംഗസമത്വത്തിനും ശാക്തീകരണത്തിനും തുടക്കമിടാനുള്ള വനിതാ-ശിശു വികസന വകുപ്പിന്റെ സംരംഭമാണിത്. ഇതിൽ ഒരു ഇന്റർനാഷണൽ കൺവെൻഷൻ സെന്റർ, ആംഫി തിയേറ്റർ, ജെൻഡർ ലൈബ്രറി, ജെൻഡർ മ്യൂസിയം എന്നിവ ഉൾപ്പെടുന്നു. ഉപജീവനത്തിനായി വാഹനമോടിക്കാൻ സ്ത്രീകളെ പ്രോ

ത്സാഹിപ്പിക്കാനാണ് 'ഷി ടാക്സി'. ജെൻഡർ പാർക്കിനെ ലിംഗപദവി പ്രവർത്തനങ്ങളുടെ ദക്ഷിണേഷ്യൻ ഹബ്ബാക്കി മാറ്റുന്ന ഹെറിറ്റേജ് മ്യൂസിയം, ലൈബ്രറി എന്നിവയ്ക്കൊപ്പം യുഎൻ വനിതകളുമായി (UN WOMEN) സഹകരിച്ച് ഒരു ജെൻഡർ ഡാറ്റാ സെന്റർ സ്ഥാപിക്കും. ഐക്യരാഷ്ട്ര സഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങളെ അടിസ്ഥാനമാക്കി, ജെൻഡർ പാർക്കിന്റെ കോഴിക്കോട് കാമ്പസിൽ ഒരു അന്താരാഷ്ട്ര വനിതാ വ്യവസായ കേന്ദ്രം (ഐഡബ്ല്യൂടിസി) സ്ഥാപിക്കും. സ്ത്രീകൾക്ക് സുരക്ഷിതമായി സംരംഭങ്ങൾ ആരംഭിക്കാനും വിപുലീകരിക്കാനും ആഗോളതലത്തിൽ അവരുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാനും ഐഡബ്ല്യൂടിസി ഒരു വേദിയാകും. ദക്ഷിണേഷ്യൻ മേഖലയിലെ ലിംഗസമത്വത്തെ അഭിസംബോധന ചെയ്യുന്നതിനായി തുല്യ പങ്കാളികളായി ഒത്തുചേരുന്നതിന് 2020 ഡിസംബറിൽ ജെൻഡർ പാർക്കും യുഎൻ വനിതകളും തമ്മിൽ ധാരണാപത്രം ഒപ്പുവച്ചു.

**ലിംഗപദവി സ്വയം പഠന പരിപാടി (ജിഎസ്എൽപി):** ലിംഗപദവിപരമായ പ്രശ്നങ്ങൾ സ്വയം മനസിലാക്കാനും പഠിക്കാനും സ്ത്രീകളെ പ്രാപ്തരാക്കുന്നതിനായി 2007–ൽ കുടുംബശ്രീ ജി.എസ്.എൽ.പി ആരംഭിച്ചു. "അയൽക്കൂട്ടങ്ങളിലെ സ്ത്രീകൾ ലിംഗപദവി ഭേദങ്ങളെയും അവരുടെ ജീവിതാനുഭവത്തിലെ സന്ദർഭങ്ങൾ വച്ച് മനസിലാക്കുന്ന ഒരു പങ്കാളിത്ത വിദ്യാഭ്യാസ പദ്ധതിയാണിത്". സ്ത്രീകളുടെ പ്രശ്നങ്ങളെക്കുറിച്ചും അവരുടെ കാഴ്ചപ്പാടുകൾ എങ്ങനെ പ്രകടിപ്പിക്കുമെന്നതിനെക്കുറിച്ചും ഒരു കൂട്ടായ ബോധം വളർത്തിയെടുക്കാൻ ഈ പഠന പ്രക്രിയ സ്ത്രീകളെ സഹായിക്കുന്നു. ഈ പരിപാടിയിൽ കീഴിൽ, അയൽക്കൂട്ടങ്ങളുടെ തലം വരെയുള്ള റിസോഴ്സ് പേഴ്സൺമാരായി ആകെ ഏകദേശം 86,307 സ്ത്രീകളെ പരിശീലിപ്പിച്ചു, റിസോഴ്സ് പേഴ്സൺമാരും 347,006 സപ്പോർട്ട് ടീം അംഗങ്ങളും ഉൾപ്പെടെ ആകെ 433,313 സ്ത്രീകൾ പരിശീലനത്തിന് വിധേയരായി. സംസ്ഥാനത്തിലെ 35 ലക്ഷം സ്ത്രീകൾ ഈ പദ്ധതിയിൽ ഉൾപ്പെടുമെന്നു പ്രതീക്ഷിക്കുന്നു. പഠന പ്രക്രിയയ്ക്കായി തിരഞ്ഞെടുത്ത നാല് വിഷയങ്ങൾ ഇവയാണ്: (1) സ്ത്രീകളും ജോലിയും, (2) സ്ത്രീകളും ആരോഗ്യവും, (3) സ്ത്രീകളും ചലനാത്മകതയും, (4) സ്ത്രീകളും വിനോദവും.

**കേരള വനിതാ കമ്മീഷൻ** ലിംഗപദവി ബോധവൽക്കരണ പരിപാടി– കെ.ഡബ്ല്യൂ.സി യുടെ ഒരു പ്രധാന പ്രവർത്തനം ജാഗ്രത സമിതി (താഴ്ന്ന തലത്തിലുള്ള ഒരു കാവൽ സ്ഥാപനം) അംഗങ്ങളുടെ പരിശീലനമാണ്, ഇതിന് സാമൂഹ്യ പങ്കാളിത്തത്തോടെ കുറ്റകൃത്യങ്ങൾ തടയുന്നതിൽ വളരെ ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയും. കമ്മീഷൻ സെമിനാറുകൾ/നിയമ ശിൽപശാലകൾ, പഞ്ചായത്ത് ജാഗ്രതാ സമിതികൾക്കായി സ്ത്രീകളുമായി ബന്ധപ്പെട്ടതും മറ്റുള്ളതുമായ വിവിധ നിയമ നടപടികളെക്കുറിച്ചും അദാലത്തുകളെക്കുറിച്ചും പരിശീലന പരിപാടികൾ എന്നിവ നടത്തുന്നു. 2020–21 കാലയളവിൽ (2021 മാർച്ച് 31വരെ) കേരളത്തിൽ സ്ത്രീകൾക്കെതിരായ വിവിധ കേസുകളുമായി ബന്ധപ്പെട്ട് മൊത്തം 5,439 പരാതികൾ വനിതാ കമ്മീഷനു ലഭിച്ചു, അതിൽ 1,768 പരാതികളുമായി തലസ്ഥാന നഗരം ഒന്നാം സ്ഥാനത്തും 609 പരാതികളുമായി കൊല്ലം ജില്ല തൊട്ടുപിന്നാലെയുമാണ്. ആകെ പരാതികളിൽ 1,315 കുടുംബ പ്രശ്നങ്ങളെക്കുറിച്ചുള്ളവയും 898 സ്ത്രീപീഡനവും 331 സ്വത്തുമായി ബന്ധപ്പെട്ടതും 330 ഗാർഹിക പീഡനക്കേസുകളും ആണുള്ളത്.

ശരണ്യ പദ്ധതി തൊഴിലില്ലാത്ത വിധവകൾ, ഉപേക്ഷിക്കപ്പെട്ട/വിവാഹമോചിതരായ/അവിവാഹിതരായ സ്ത്രീകൾ/അവിവാഹിതരായ അമ്മമാർ, ഭിന്നശേഷിക്കാരായ സ്ത്രീകൾ, കിടപ്പിലായവരുടെ ഭാര്യമാർ എന്നിവർക്ക് സാമ്പത്തിക സഹായം നൽകി സഹായിക്കുന്നതിനുള്ള ഒരു സ്വയം തൊഴിൽ പദ്ധതിയാണ് ശരണ്യ. തൊഴിൽ വകുപ്പാണ് ഇത് നടപ്പാക്കുന്നത്. 2020–21 കാലയളവിൽ 3,512 സ്ത്രീകൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിക്കാരായവരുടെ പുനരധിവാസവും ക്ഷേമവും ലക്ഷ്യമിട്ടാണ് കൈവല്യ പദ്ധതി. എംപ്ലോയ്മെന്റ് വകുപ്പാണ് ഇത് നടപ്പിലാക്കുന്നത്. 2020–2–ൽ 774 സ്ത്രീകൾക്കും 2021–22–ൽ (ആഗസ്റ്റ് 31, 2021 വരെ) 1,656 സ്ത്രീകൾക്കും യഥാക്രമം ഈ പദ്ധതിയിലൂടെ ധനസഹായം ലഭിച്ചു.

**കേരളത്തിലെ ട്രാൻസ് ജെൻഡർ സമൂഹം**

ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് (ടിജികൾ) തുല്യതയ്ക്കും തുല്യ സംരക്ഷണത്തിനുമുള്ള അവകാശം ദൃഢമായി സ്ഥാപിച്ച 2014 ലെ സുപ്രിം കോടതിയുടെ സുപ്രധാന വിധിക്ക് ശേഷം സംസ്ഥാന സർക്കാർ 2015 ലെ അവകാശാടിസ്ഥാനത്തിലുള്ള ട്രാൻസ്ജെൻഡർ നയം പുറത്തിറക്കി. ട്രാൻസ്ജെൻഡർ വ്യക്തികളുടെ (അവകാശ സംരക്ഷണം) നിയമം, 2019, ഇന്ത്യയിലെ ട്രാൻസ്ജെൻഡറുകളുടെ അവസ്ഥയെക്കുറിച്ച്, പ്രത്യേകിച്ച് സ്വയം തിരിച്ചറിയാനുള്ള അവകാശവുമായി ബന്ധപ്പെട്ട് നിരവധി ആശങ്കകൾ ഉന്നയിച്ചിട്ടുണ്ട്. ടിജികൾക്ക് രജിസ്റ്റർ ചെയ്യാനും തിരിച്ചറിയൽ കാർഡുകൾ നൽകാനും കഴിയുന്ന ജില്ലാതല ടിജി ബോർഡുകൾ സ്ഥാപിക്കാനും നയം ശുപാർശ ചെയ്യുന്നു. കേരളത്തിൽ പൊതു ഇടങ്ങളിൽ ട്രാൻസ്ജെൻഡറുകളുടെ പ്രത്യക്ഷപ്പെടൽ കഴിഞ്ഞ കുറച്ച് വർഷങ്ങളായി വർദ്ധിച്ചിട്ടുണ്ട്. എന്നാൽ മറ്റ് ലൈംഗിക സ്വത്വങ്ങളുള്ള ആളുകളുടെ പ്രശ്നങ്ങൾ ഇപ്പോഴും ആ രീതിയിൽ എടുത്തുകാണിക്കുന്നില്ല. ക്ഷേമവും അന്തസ്സും നിറഞ്ഞ ജീവിതത്തിന് ആവശ്യമായ അടിസ്ഥാന കഴിവുകൾ പോലും സ്വായത്തമാക്കാൻ ഇവർക്ക് കഴിയുന്നില്ലെന്ന് സാമൂഹ്യനീതി വകുപ്പ് നടത്തിയ സർവേയിൽ കണ്ടെത്തി. അതിനാൽ, ടിജികളെ ഉൾപ്പെടുത്തുന്നതിനുള്ള ഇടപെടലുകൾ കേവലം സാമ്പത്തിക നടപടികളിൽ മാത്രമായി പരിമിതപ്പെടുത്താനാവില്ല.

ടിജിമാരുടെ ക്ഷേമത്തിനായുള്ള വിവിധ പദ്ധതികൾ വിവിധ വകുപ്പുകൾ, പ്രാഥമികമായി സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്നു. അതുപോലെ, ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് കീഴിൽ എൽജിബിടികളുടെ ക്ഷേമം ലക്ഷ്യമാക്കിയുള്ള പദ്ധതികൾ/പരിപാടികൾ ആരംഭിച്ചിട്ടുണ്ട്. കോട്ടയം മെഡിക്കൽ കോളേജിൽ സൗജന്യ ലിംഗമാറ്റ ശസ്ത്രക്രിയയ്ക്കുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ട്രാൻസ്ജെൻഡറുകൾക്കുള്ള കൗൺസിലിങ്ങിനും മരുന്നിനുമായി ഹോമിയോപ്പതി ഡയറക്ടറേറ്റ് 'നിസർഗ' എന്ന പരിപാടി ആരംഭിച്ചിട്ടുണ്ട്. ഇവ കൂടാതെ, കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി (കെഎസ്എൽഎംഎ) അനുവദിച്ച പ്രത്യേക സാക്ഷരതാ പരിപാടിയിൽ, സംസ്ഥാനത്തെ ന്യൂനപക്ഷ ലിംഗക്കാർക്ക് സൗജന്യവും തുടർ വിദ്യാഭ്യാസവും നൽകുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. സമന്വയ പരിപാടിയുടെ

ഭാഗമായി, അവർ കെഎസ്എൽഎംഎ യുടെ 4, 7, 10, 12 തുല്യതാ പ്രോഗ്രാമുകളിൽ ചേർന്നിട്ടുണ്ട്. 2020–21–ൽ 311 ടിജികൾക്ക് ഈ പരിപാടിയുടെ പ്രയോജനം ലഭിച്ചു. തുടർ വിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി, ട്രാൻസ്ജെൻഡർ കമ്മ്യൂണിറ്റിയിൽ നിന്നുള്ള 918 പേർക്കിടയിൽ കെഎസ്എൽഎംഎ ഒരു സർവേ നടത്തി, അതിൽ 20.35 ശതമാനം പേർ തൊഴിലില്ലാത്തവരാണെന്നും 16.70 ശതമാനം പേർ സ്വകാര്യമേഖലയിൽ ജോലി ചെയ്യുന്നവരാണെന്നും 1.65 ശതമാനം പേർക്ക് സർക്കാർ ജോലിയുണ്ടെന്നും 5.86 ശതമാനം പേർ അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരാണെന്നും കണ്ടെത്തി. 30 ശതമാനത്തിലധികം പേർ ഏതെങ്കിലും തരത്തിലുള്ള സ്വയം തൊഴിലിൽ ഏർപ്പെട്ടിരുന്നു. ജോലി ചെയ്തിരുന്ന ഭൂരിഭാഗം ആളുകളും തങ്ങളുടെ വ്യതിരിക്തമായ ലൈംഗിക സ്വത്വം ഏതെങ്കിലും ഔദ്യോഗിക രേഖകളിൽ സമൂഹത്തിന് മുന്നിൽ വെളിപ്പെടുത്തിയിരുന്നില്ല. 100 ട്രാൻസ്ജെൻഡറുകളിൽ ആറ് പേർ ഭിക്ഷാടനത്തിലും 100ൽ എട്ട് പേർ ലൈംഗിക തൊഴിലിലും ഏർപ്പെട്ടിരിക്കുന്നതായും സർവേ കണ്ടെത്തി. നാല് ശതമാനത്തിലധികം ആളുകൾക്ക് അവരുടെ ഐഡന്റിറ്റി തെളിയിക്കാനുള്ള രേഖകളൊന്നും ഉണ്ടായിരുന്നില്ല. സർവേയിൽ പങ്കെടുത്ത ട്രാൻസ്ജെൻഡർമാരിൽ 1.2 ശതമാനം പേർക്ക് മാത്രമേ എഴുതാനും വായിക്കാനും അറിയാതെയുള്ളൂ. ട്രാൻസ്ജെൻഡറുകൾക്കിടയിൽ ഉയർന്ന ക്ലാസിലെത്തുമ്പോൾ കുട്ടതലും സാമൂഹിക അവഹേളനം കാരണം സ്കൂൾ ഉപേക്ഷിക്കുന്നവരുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. 10.61 ശതമാനം പേർ iv നും vii നും ക്ലാസ്സുകൾക്കിടയിൽ സ്കൂൾ വിട്ടു പോയപ്പോൾ 40 ശതമാനം പേർ vii –നും x –നും ഇടയിൽ പഠനം ഉപേക്ഷിച്ചു. സർവേയിൽ പങ്കെടുത്ത ട്രാൻസ്ജെൻഡറുകളിൽ 26.55 ശതമാനം പേർ പ്ലസ് ടു പാസായിരുന്നു. 13.60 ശതമാനം പേർ ബിരുദധാരികളും 2.10 ശതമാനം ബിരുദാനന്തര ബിരുദധാരികളും. സർവേയിൽ പങ്കെടുത്തവരിൽ 67.14 ശതമാനം പേരും കെഎസ്എൽഎംഎയുടെ തുടർവിദ്യാഭ്യാസ പരിപാടികളിൽ ചേരാൻ താൽപ്പര്യമുള്ളവരായിരുന്നു.

കേരളത്തിൽ നടത്തിയ വികലാംഗ സെൻസസ് പ്രകാരം 1,187 ട്രാൻസ്ജെൻഡറുകൾ ഉൾപ്പെടുന്നു. ട്രാൻസ്ജെൻഡറുകളുടെ ക്ഷേമത്തിനായി കേരളസർക്കാർ അവകാശങ്ങൾ അടിസ്ഥാനമാക്കിയുള്ള സമീപനത്തിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു. 2018–19–ൽ, ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് അവരുടെ സ്വന്തം ആസൂത്രണത്തിന് സഹായിക്കുന്ന വിവിധ പ്രവർത്തനങ്ങൾ രൂപകൽപ്പന ചെയ്യുന്നതിനും ഏകോപിപ്പിക്കുന്നതിനും നടപ്പിലാക്കുന്നതിനുമായി സാമൂഹിക നീതി ഡയറക്ടറേറ്റിലെ ട്രാൻസ്ജെൻഡർ വ്യക്തി സെൽ രൂപീകരിച്ചു. അതിനുശേഷം, എസ്.ജെ.ഡി യുടെ കീഴിലുള്ള എല്ലാ പദ്ധതികളും ഒരു സമഗ്ര പദ്ധതിയായ മഴവില്ലിന് കീഴിലായി. സാമൂഹ്യ തല പരിപാടി, സ്ഥാപനപരമായ ഇടപെടൽ, ഗവേഷണവും സർവേയും, അവബോധനവും ശിൽപശാലകളും, പെൻഷൻ, ഇൻഷുറൻസ്, ലോൺ, നൈപുണ്യ വികസനം എന്നിവയാണ് പദ്ധതിയുടെ പ്രധാന ഘടകങ്ങൾ. റ്റിജികളുടെ കലോത്സവം സംഘടിപ്പിക്കുകയും, വിവാഹ സഹായം നൽകുകയും, ലൈഫ് മിഷൻ ഭവന പദ്ധതിയിൽ മുൻഗണനാ വിഭാഗമായി അവരെ ഉൾപ്പെടുത്തുകയും ചെയ്തു. ഈ മേഖലയിൽ പ്രവർത്തിക്കുന്ന അംഗീകൃത എൻജിഒകളുടെ സഹായത്തോടെ ട്രാൻസ്ജെൻഡർ വ്യക്തികളുടെ ഹെൽപ്പ് ലൈനും (24x7) പ്രതിസന്ധി കൈകാര്യ കേന്ദ്രവും സ്ഥാപിച്ചു. വിദ്യാഭ്യാസം (സ്കൂൾ കൊഴിഞ്ഞുപോക്ക് കൂടുതലാണ്), തൊഴിലധിഷ്ഠിത പരിശീലനം, സ്വയം തൊഴിൽ, മത്സര പരീക്ഷകൾ എഴുതൽ എന്നിവയ്ക്ക് സാമ്പത്തിക സഹായം നൽകുന്നു. വൈദ്യോപദേശത്തെ അടിസ്ഥാനമാക്കി സർക്കാർ ആശുപത്രികളിലെ ലിംഗമാറ്റ ശസ്ത്രക്രിയ (എസ്ആർഎസ്) യുടെ തുക 2019–ൽ 2 ലക്ഷം രൂപയായും 2020–ഓടെ 5 ലക്ഷം രൂപയായും വർദ്ധിപ്പിച്ചു.

2020–21 കാലയളവിൽ 3576 ട്രാൻസ്ജെൻഡർ ഗുണഭോക്താക്കൾ വിവിധ വകുപ്പുകൾ നടപ്പിലാക്കിയ വിവിധ പദ്ധതികളിൽ ഉണ്ട്. ഹോസ്റ്റൽ സൗകര്യം, ബ്യൂട്ടീഷ്യൻ കോഴ്സ്, തുടർ വിദ്യാഭ്യാസ പദ്ധതി, തയ്യൽ മെഷീൻ വിതരണം, സംരംഭകത്വ വികസന പരിപാടികൾ, ടിജി ഷോർട്ട് സ്റ്റേ/ഷെൽട്ടർ ഹോമുകൾ, എസ്ആർഎസ് ശസ്ത്രക്രിയക്ക് ശേഷമുള്ള തുടർ ചികിത്സ, എച്ച്ഐവി സീറോ നിരീക്ഷണ കേന്ദ്രം (കെഎസ്എസ്ഡബ്ല്യുബി), ഡ്രൈവിംഗ് പരിശീലനം നൽകൽ, ടിജി സൗഹൃദ ടോയ്ലറ്റ്, സ്വയം തൊഴിൽ സഹായം, വർണം (ടിജി ഉത്സവം), വിവിധ ഉദ്യോഗസ്ഥർ, തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ എന്നിവർക്കിടയിലും സ്കൂൾ/കോളേജുകളിലും ബോധവൽക്കരണം എന്നിവ 13–ാം പഞ്ചവത്സര പദ്ധതിയിൽ എസ്ജെഡി നടപ്പിലാക്കിയ ടിജികൾക്കായുള്ള മറ്റ് പദ്ധതികളാണ്.

2020–21–ൽ ട്രാൻസ്ജെൻഡർ വ്യക്തികളെ സ്വയം തൊഴിലിലൂടെ സ്വയം പര്യാപ്തരാക്കാൻ സഹായിക്കുന്നതിനായി കെഎസ്ഡബ്ല്യുഡിസി സ്വയം തൊഴിൽ വായ്പാ പദ്ധതി ആരംഭിച്ചു. സാമൂഹ്യനീതി ഡയറക്ടറേറ്റിന്റെ ധനസഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ പ്രാരംഭ ഘട്ട വായ്പ വിതരണത്തിനായി 30 ലക്ഷം അനുവദിക്കുകയും 22 ട്രാൻസ്ജെൻഡറുകൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുകയും ചെയ്തു.

## ലിംഗപദവി ബജറ്റ്

തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ വനിത ഘടക പദ്ധതി (ഡബ്യൂസിപി) നിർബന്ധമായി ഉൾപ്പെടുത്തികൊണ്ട് ഒൻപതാം പദ്ധതിയുടെ സമയത്ത് പ്രാദേശിക സർക്കാർ തലത്തിൽ ഒരു ലിംഗപദവി പ്രതികരണ ബജറ്റ് കേരളത്തിൽ അവതരിപ്പിച്ചു. സംസ്ഥാനത്ത് നിന്ന് 35–40 ശതമാനം വിഹിതം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് (എൽ.എസ്.ജി.ഐ കൾ) വിഭജിച്ചതോടെ, ഓരോ പഞ്ചായത്തിനും അവരുടെ വികസന പദ്ധതി രേഖയിൽ സ്ത്രീകളുടെ അവസ്ഥയെക്കുറിച്ച് ഒരു അധ്യായം തയ്യാറാക്കാൻ നിർദ്ദേശം നൽകുകയും ലിംഗപദവി ബജറ്റിന്റെ ആദ്യരൂപം 1996 –ൽ സംസ്ഥാനത്ത് ഉണ്ടാകുകയും ചെയ്തു. 9–ാം പദ്ധതി സമയത്ത് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിന്റെ 10 ശതമാനം സ്ത്രീകളുടേയോ, സ്ത്രീകൾക്കുവേണ്ടിയുള്ള പ്രത്യേക പദ്ധതികൾക്കു വേണ്ടിയോ നീക്കി വച്ചിരുന്നു. അവ വനിതാ ഘടക പദ്ധതി (ഡബ്ല്യു.സി.പി) എന്നറിയപ്പെട്ടു.

ലിംഗപദവി ബജറ്റിംഗ് പ്രക്രിയ സ്ഥാപനവൽക്കരിക്കുന്നതിന് 2005–06 ലെ കേന്ദ്ര ബജറ്റിലാണ് ലിംഗപദവി ബജറ്റ് അവതരിപ്പിച്ചത്. കേരളത്തിലെ സംസ്ഥാന ബജറ്റിൽ ലിംഗപദവി പ്രതികരണ ബജറ്റ് ആക്കുന്നതിന് കാര്യമായ ശ്രമങ്ങൾ നടന്നിട്ടുണ്ട്. 11–ാം പദ്ധതിയിലാണ് ലിംഗപദവി

ബജറ്റിന്റെ പ്രവർത്തനങ്ങൾ തുടങ്ങിയത്. ഉൾപ്പെടുത്തിട്ടുള്ള പ്രത്യേക രേഖയായി വകുപ്പുകളിലുടനീളം പെൺകുട്ടി കൾക്കും സ്ത്രീകൾക്കും വേണ്ടി അടയാളപ്പെടുത്തിയ വിഭവങ്ങൾ ഉൾപ്പെടുത്തി 2017-18 ലാണ് സംസ്ഥാനത്ത് ആദ്യമായി ലിംഗപദവി ബജറ്റ് അവതരിപ്പിച്ചത്.

2020-21-ൽ സ്ത്രീകളുടെ നിർദ്ദിഷ്ട പദ്ധതികൾക്കായി (പാർട്ട് എ) 1,509.33 കോടി രൂപയും (7.3 ശതമാനം) പാർട്ട് ബിയിൽ ഘടക പദ്ധതികൾക്കായി 2300.54 രൂപയും (11.1 ശതമാനം) സ്ത്രീകൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. സ്ത്രീകൾക്കായി ആകെ 3809.87 കോടി രൂപ വകയിരുത്തിയിട്ടുള്ളത് മൊത്തം അടങ്കലിന്റെ 18.4 ശതമാനമാണ്. ഈ തുകയിൽ 5 കോടി രൂപ ട്രാൻസ്ജെൻഡറുകൾക്കായുള്ള പദ്ധതിയായ "മഴവില്ല്" നാണ് അനുവദിച്ചിരിക്കുന്നത്. 2021-22 ൽ 1,346.91 കോടി രൂപ (6.54 ശതമാനം) സ്ത്രീകളുടെ നിർദ്ദിഷ്ട പദ്ധതികൾക്കായി (പാർട്ട് എ യിൽ) വകയിരുത്തി. 2,678.49 (13 ശതമാനം) കോടി രൂപ പാർട്ട് ബി യിലെ ഘടക പദ്ധതികൾക്കായി സ്ത്രീകൾക്കായി ലഭ്യമാക്കിയിട്ടുണ്ട്. ആകെ പദ്ധതി വിഹിതത്തിന്റെ 19.54 ശതമാനം സ്ത്രീകൾക്കായി 4,025.40 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. 2017-18 മുതൽ 2021-22 വരെയുള്ള നാല് വർഷങ്ങളിൽ, സ്ത്രീകളുടെ പ്രത്യേക പദ്ധതികൾക്കുള്ള ബജറ്റ് വിഭവങ്ങളുടെ വിഹിതവും അനുപാതവും വർദ്ധിച്ചിട്ടുണ്ട്.

# 8.2 സാമൂഹ്യ - സാമ്പത്തിക ദുർബലതകളെ അഭിമുഖീകരിക്കൽ

## പട്ടികജാതി & പട്ടികവർഗ്ഗം

'കേരളത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും, എല്ലാ പട്ടികജാതി –പട്ടികവർഗ്ഗ വിഭാഗ ജനങ്ങളുടെയും സാമൂഹിക–സാമ്പത്തിക ഉന്നമനത്തിനുമായി ആസൂത്രണ പ്രക്രിയ പ്രവർത്തിക്കുമെന്ന്' സംസ്ഥാനത്തിന്റെ പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ പ്രഖ്യാപിക്കുകയുണ്ടായി.

കേരളത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾ ജനസംഖ്യയുടെ യഥാക്രമം 9.1 ശതമാനവും 1.45 ശതമാനവുമാണ് **(പട്ടിക 8.2.1)**. സംസ്ഥാനത്തെ ആകെ ജനസംഖ്യയിലെ പട്ടികജാതി/പട്ടികവർഗ്ഗ ജനസംഖ്യാനുപാതത്തേക്കാൾ കൂടുതൽ വിഹിതം പട്ടികജാതി ഉപപദ്ധതി (എസ്.സി.എസ്.പി), പട്ടികവർഗ്ഗ ഉപപദ്ധതികളിൽ (റ്റി.എസ്.പി) വകയിരുത്തുന്നു എന്നത് ഉറപ്പ് വരുത്തുന്ന നയമാണ് പതിമൂന്നാം പദ്ധതി കാലഘട്ടത്തിൽ സംസ്ഥാന സർക്കാർ അനുവർത്തിച്ച് വരുന്നത്.

**പട്ടിക 8.2.1** കേരളത്തിലെ പട്ടികജാതി–പട്ടികവർഗ്ഗ ജനസംഖ്യയുടെ പൊതു വിവരങ്ങൾ

| ക്രമ നമ്പർ | സൂചകങ്ങൾ | പട്ടിക ജാതി | പട്ടിക വർഗം |
|---|---|---|---|
| 1 | ആകെ ജസംഖ്യ* | 30.39 lakh | 4.84 lakh |
| 2 | ആകെ ജനസംഖ്യയുടെ ശതമാനം* | 9.1 | 1.45 |
| 3 | കോളനികൾ/ഊരുകളുടെ എണ്ണം** | 26,342 | 4,762 |
| 4 | സമുദായങ്ങളുടെ എണ്ണം* | 53 | 37 |
| 5 | സാക്ഷരതാ നിരക്ക്** | 88.70% | 74.44% |
| 6 | തൊഴിലില്ലായ്മ നിരക്ക്** | 49% | 30.27% |
| 7 | ദാരിദ്ര്യനിരക്ക്*** | 57.66% | 61.68% |

*ഉറവിടം:* **സെൻസസ് 2011, **പട്ടികജാതി പട്ടികവർഗ്ഗ സർവേ 2013
***സാമൂഹിക സാമ്പത്തിക സർവ്വേ, 2011

ജില്ല തിരിച്ചുള്ള പട്ടികജാതി, പട്ടികവർഗ്ഗ ജനസംഖ്യയുടെ വിശദാംശങ്ങൾ യഥാക്രമം **അനുബന്ധം 8.2.1–ലും, 8.2.2–ലും** നൽകിയിരിക്കുന്നു. കേരളത്തിലെ പട്ടികജാതി–പട്ടികവർഗ്ഗ ജനസംഖ്യയുടെ സാക്ഷരത, ലിംഗാനുപാതം എന്നിവയുടെ ദേശീയ താരതമ്യം **അനുബന്ധം 8.2.3–**ൽ നൽകിയിരിക്കുന്നു. 1958–ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് റൂൾസ് 14(എ) അനുസരിച്ച്, സംസ്ഥാനത്തെ സർക്കാർ വകുപ്പുകളിൽ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഗസറ്റഡ്, നോൺ–ഗസറ്റഡ്, ലാസ്റ്റ് ഗ്രേഡ് തസ്തികകളിൽ 10 ശതമാനം (പട്ടികജാതിക്കാർക്ക് 8 ശതമാനം, പട്ടികവർഗ്ഗക്കാർക്ക് 2 ശതമാനം) സംവരണം ഉറപ്പാക്കുന്നുണ്ട്. 2021 ജനുവരി 1–ലെ വാർഷിക അവലോക റിപ്പോർട്ട് പ്രകാരം 88 വകുപ്പുകളിൽ 49 വകുപ്പുകളിലെ വാർഷിക അവലോകനം മാത്രമേ പൂർത്തികരിച്ചിട്ടുള്ളൂ. ഇതുപ്രകാരം പൊതു സർവീസിൽ പട്ടികജാതി – പട്ടികവർഗ്ഗക്കാരുടെ മൊത്തം പ്രാതിനിധ്യം 11.88 ശതമാനമാണ്. ഇതിൽ 9.60 ശതമാനം പേർ പട്ടികജാതിക്കാരും 2.28 ശതമാനം പട്ടികവർഗ്ഗക്കാരുമാണ്. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സർക്കാർ സർവീസിലുള്ള പ്രാതിനിധ്യം സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം 8.2.4**–ൽ നൽകിയിരിക്കുന്നു.

### പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായുള്ള വികസന പരിപാടികൾ

പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗ ജനങ്ങളുടെ മാനവ വിഭവശേഷി വികസനവും വരുമാനവും വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങളിൽ സംസ്ഥാന സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഇതിനകം വ്യക്തമാക്കിയത് പോലെ, പട്ടികജാതിക്കാരുടെയും പട്ടികവർഗ്ഗക്കാരുടെയും വികസനത്തിനായി സംസ്ഥാന സർക്കാർ പ്രതിവർഷം പദ്ധതി വിഹിതത്തിന്റെ ഒരു ഭാഗം പട്ടികജാതി ഉപപദ്ധതി (എസ്.സി.എസ്.പി) വിഹിതം ആയും പട്ടികവർഗ്ഗ ഉപപദ്ധതി (ടി.എസ്.പി) വിഹിതം ആയും നീക്കിവയ്ക്കുന്നുണ്ട്. നിലവിൽ സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 9.81 ശതമാനം പട്ടികജാതിക്കാരുടെ ക്ഷേമത്തിനും 2.83 ശതമാനം പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായും നീക്കിവച്ചിട്ടുണ്ട്. ഇതിൽ നിന്നും വികേന്ദ്രീകൃത ആസൂത്രണ പദ്ധതികൾ നടപ്പിലാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ശരാശരി 45% ഫണ്ട് പട്ടികജാതി ഉപപദ്ധതിയിലും (എസ്.സി.എസ്.പി)ക്കും 23% ഫണ്ട് പട്ടികവർഗ്ഗ ഉപപദ്ധതിയിലും (ടി.എസ്.പി) മാറ്റി വെക്കുന്നു. ബാക്കി തുക പട്ടികജാതി–പട്ടികവർഗ്ഗ വികസന വകുപ്പുകൾ വഴി നടപ്പിലാക്കുന്ന പദ്ധതികൾക്കുമായി നീക്കിവച്ചിരിക്കുന്നു.

2020–21–ൽ സംസ്ഥാനത്തെ ആകെ പദ്ധതി വിഹിതമായ 27,610 കോടി രൂപയിൽ നിന്നും പട്ടികജാതി–പട്ടികവർഗ്ഗക്കാരുടെ വികസനത്തിനായി യഥാക്രമം 2,708.54 കോടി രൂപയും 781.36 കോടി രൂപയുമാണ് നീക്കിവെച്ചിരുന്നത്. പട്ടികജാതി–പട്ടികവർഗ്ഗക്കാരുടെ വികസനത്തിനായി 2017–18 മുതൽ 2021–22 വരെ പ്രതിവർഷം വകയിരുത്തിയ തുകയുടെ വിശദാംശങ്ങൾ **പട്ടിക 8.2.2**–ൽ നൽകിയിരിക്കുന്നു.

### പട്ടികജാതിക്കാരുടെ വികസനം

വിവിധ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായി സംസ്ഥാന സർക്കാർ പട്ടികജാതി വികസന വകുപ്പിനും പ്രാദേശിക സർക്കാരുകൾക്കും പദ്ധതി വിഹിതം വകയിരുത്തുന്നുണ്ട്. കൂടാതെ, കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കാൻ കേന്ദ്ര സർക്കാരും ഫണ്ട് അനുവദിക്കുന്നുണ്ട്. 2020–21–ലെ ബജറ്റിൽ പട്ടികജാതിക്കാരുടെ ക്ഷേമത്തിനായി സംസ്ഥാന സർക്കാർ 2,708.54 കോടി രൂപ വകയിരുത്തുകയുണ്ടായി. ഇതിൽ 1,487.39

**പട്ടിക 8.2.2** പട്ടികജാതി ഉപപദ്ധതിയിലും പട്ടികവർഗ്ഗ ഉപപദ്ധതിയിലും വകയിരുത്തിയ വിഹിതം (തുക കോടിയിൽ), 2017–18 മുതൽ 2021–22 വരെ

| വർഷം | ആകെ സംസ്ഥാന പദ്ധതി വിഹിതം | എസ്.സി.എസ്.പി വിഹിതം | | | | ടി.എസ്.പി വിഹിതം | | | |
|---|---|---|---|---|---|---|---|---|---|
| | | പട്ടിക ജാതി വികസന വകുപ്പിന് അനുവദിച്ച വിഹിതം | പ്രാദേശിക സർക്കാരുകൾക്ക് അനുവദിച്ച വിഹിതം | ആകെ | പട്ടികജാതി ഉപപദ്ധതിയിലേക്കുള്ള സംസ്ഥാന പദ്ധതി വിഹിതത്തിന്റെ ശതമാനം | പട്ടികവർഗ്ഗ വികസന വകുപ്പിന് അനുവദിച്ച വിഹിതം | പ്രാദേശിക സർക്കാരുകൾക്ക് അനുവദിച്ച വിഹിതം | ആകെ | പട്ടിക വർഗ്ഗ ഉപ പദ്ധതിയിലേക്കുള്ള സംസ്ഥാന പദ്ധതി വിഹിതത്തിന്റെ ശതമാനം |
| 2017–18 | 26500 | 1427.60 | 1172.05 | 2599.65 | 9.81 | 575.08 | 176.00 | 751.08 | 2.83 |
| 2018–19 | 29150 | 1570.36 | 1289.26 | 2859.62 | 9.81 | 632.59 | 193.60 | 826.19 | 2.83 |
| 2019–20 | 30610 | 1649.00 | 1353.84 | 3002.84 | 9.81 | 663.27 | 202.99 | 866.26 | 2.83 |
| 2020–21 | 27610 | 1487.39 | 1221.15 | 2708.54 | 9.81 | 598.26 | 183.10 | 781.36 | 2.83 |
| 2021–22 | 27610 | 1487.39 | 1221.15 | 2708.54 | 9.81 | 598.26 | 183.10 | 781.36 | 2.83 |
| ആകെ | 141480 | 7621.74 | 6257.45 | 13879.19 | 9.81 | 3067.46 | 938.79 | 4006.25 | 2.83 |

*ഉറവിടം:* ബഡ്ജറ്റ് രേഖകൾ


കോടി രൂപ പട്ടികജാതി വികസന വകുപ്പിനും 1,221.15 കോടി രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുമാണ് വകയിരുത്തിയിട്ടുള്ളത്. അനുവദിച്ച ബജറ്റ് വിഹിതത്തിൽ നിന്നും പട്ടികജാതി വികസന വകുപ്പ് 1,313.37 കോടി രൂപയും (88.30%) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 1125.87 കോടി രൂപയും (92.20%) ചെലവഴിക്കുകയുണ്ടായി. 2017–18 മുതൽ 2021–22 വരെ സംസ്ഥാനത്തിന്റെ ആകെ പദ്ധതി വിഹിതത്തിൽ നിന്നും അനുവദിച്ച പട്ടിക ജാതി ഉപപദ്ധതി വിഹിതം സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം 8.2.5**–ൽ നൽകിയിരിക്കുന്നു. 2020–21, 2021–22 (2021 സെപ്റ്റംബർ 30 വരെ) വർഷങ്ങളിൽ പട്ടികജാതി വികസന വകുപ്പ് നടപ്പാക്കിയ പദ്ധതികളുടെ സ്കീം തിരിച്ചുള്ള വിഹിതം, ചെലവ്, ഭൗതീക ലക്ഷ്യങ്ങൾ, നേട്ടങ്ങൾ എന്നിവ യഥാക്രമം **അനുബന്ധം 8.2.6, 8.2.7** എന്നിവയിൽ നൽകിയിരിക്കുന്നു. പട്ടികജാതി വിഭാഗക്കാരുടെ ക്ഷേമത്തിനായി ഏറ്റെടുത്ത പ്രധാന പരിപാടികൾ ചുവടെ സംഗ്രഹിച്ചിരിക്കുന്നു.

## പട്ടികജാതി വിഭാഗക്കാരുടെ ക്ഷേമത്തിനായി ഏറ്റെടുത്ത പ്രധാന വികസന പരിപാടികൾ

### ഭൂമിയും പാർപ്പിടവും

ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിനായി സംസ്ഥാന സർക്കാർ സാമ്പത്തിക സഹായം നൽകുന്നുണ്ട്. പട്ടികജാതി വികസന വകുപ്പിന്റെ കണക്കനുസരിച്ച് സംസ്ഥാനത്ത് ഭൂരഹിതരായ പട്ടികജാതിക്കാർ 1,00,475 ആണ്. ഇതിൽ 3,507 കുടുംബങ്ങൾക്ക് 2020–21–ൽ സഹായം ലഭിക്കുകയുണ്ടായി. ഭൂമി വാങ്ങൽ പദ്ധതിയ്ക്കായി അനുവദിച്ച 185.00 കോടി രൂപയിൽ നിന്നും 140.79 കോടി രൂപ (76.10 ശതമാനം) 2020–21–ൽ ചെലവഴിക്കുകയുണ്ടായി. 2017–18 മുതൽ 2020–21 വരെ ഈ പദ്ധതി പ്രകാരം പ്രയോജനം ലഭിച്ചിട്ടുള്ള കുടുംബങ്ങളുടെ എണ്ണം **ചിത്രം 8.2.1**–ൽ നൽകിയിരിക്കുന്നു.

**ചിത്രം 8.2.1** 2017–18 മുതൽ 2020–21 വരെ ഭൂമി ലഭ്യമായ പട്ടികജാതി കുടുംബങ്ങളുടെ എണ്ണം




*ഉറവിടം:* പട്ടികജാതി വികസന വകുപ്പ് 2021

2019–20 മുതൽ 2021–22 വരെ (2021 സെപ്റ്റംബർ 30 വരെ) ഭൂരഹിതർക്ക് ഭൂമി നൽകൽ എന്ന പദ്ധതി പ്രകാരം പട്ടികജാതിക്കാർക്ക് നൽകിയ ഭൂമിയുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 8.2.8**–ൽ നൽകിയിരിക്കുന്നു.

ഭവന നിർമ്മാണ പദ്ധതിയിൽ പുതിയ വീടുകളുടെ നിർമ്മാണവും 2007–08 മുതൽ 2016–17 വരെ പട്ടികജാതി വികസന വകുപ്പ് ഏറ്റെടുത്ത പഴയ വീടുകളുടെ പൂർത്തിയാക്കലും ലൈഫ് മിഷൻ വഴിയാണ് നടന്നു വരുന്നത്.

ലൈഫ് മിഷന്റെ ഒന്നാം ഘട്ടത്തിൽ, 2007–08 മുതൽ 2015–16 വരെ പട്ടികജാതി വികസന വകുപ്പിന്റെ ഭവന പദ്ധതിയിൽ പൂർത്തീകരിച്ചിട്ടില്ലാത്ത 3,893 ഭവനങ്ങളിൽ 3,844 എണ്ണം നിർമ്മാണം പൂർത്തീകരിക്കുകയുണ്ടായി. രണ്ടാം ഘട്ടത്തിൽ, അർഹരായ 13,017 പട്ടികജാതി ഗുണഭോക്താക്കളിൽ 12,007 ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം ആരംഭിക്കുകയും, അവയിൽ 7,721 ഭവനങ്ങളുടെ നിർമ്മാണം 2020–21–ൽ പൂർത്തീകരിക്കുകയും ചെയ്തു. മൂന്നാം ഘട്ടത്തിൽ, സ്ഥലവും വീടും ലഭ്യമല്ലാത്ത 54,949 പട്ടികജാതി ഗുണഭോക്താക്കളെ ലൈഫ് മിഷൻ കണ്ടെത്തിയിട്ടുണ്ട്. 2021 സെപ്റ്റംബർ 30 വരെയുള്ള കണക്ക് പ്രകാരം മൂന്നാം ഘട്ടത്തിൽ അനുവദിച്ച 9,539 വീടുകളിൽ 1,905 വീടുകൾ പൂർത്തീകരിച്ചു.

## വിദ്യാഭ്യാസം

പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിനായി പട്ടികജാതി വികസന വകുപ്പ് 85 നഴ്സറി സ്കൂളുകൾ, 11 മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ, 44 ഐ.റ്റി.ഐ.കൾ, 85 പ്രീ–മെട്രിക് ഹോസ്റ്റലുകൾ, 19 പോസ്റ്റ്–മെട്രിക് ഹോസ്റ്റലുകൾ, 4 പ്രീ എക്സാമിനേഷൻ പരിശീലന കേന്ദ്രങ്ങൾ, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവീസസ് എക്സാം ട്രെയിനിംഗ് സൊസൈറ്റി, വടക്കാഞ്ചേരിയിലുള്ള കമ്മ്യൂണിറ്റി കോളേജ്, പാലക്കാട് ജില്ലയിലെ മെഡിക്കൽ കോളേജ് എന്നിവ നടത്തുന്നുണ്ട്. പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി പ്രാഥമിക വിദ്യാഭ്യാസ സഹായം, ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ, വിദേശ സ്കോളർഷിപ്പ് എന്നിങ്ങനെ വിവിധ തരത്തിലുള്ള വിദ്യാഭ്യാസ സഹായങ്ങളും നൽകുന്നുണ്ട്. 2020–21–ൽ കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ രണ്ട് മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ പുതുതായി ആരംഭിക്കുകയുണ്ടായി. 2019–20–ൽ പ്രീമെട്രിക്, പോസ്റ്റ് മെട്രിക്, പ്രൊഫഷണൽ കോഴ്സുകൾക്കായി, പട്ടികജാതി, പട്ടികവർഗ്ഗ, ഒ.ഇ.സി വിദ്യാർത്ഥികൾക്ക് നൽകുന്ന ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, സ്കോളർഷിപ്പ് എന്നിവയുടെ ധനസഹായ നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ട്. 1.00 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള പട്ടികജാതി കുടുംബങ്ങളിലെ ഹൈസ്കൂളിലേയും ഹയർ സെക്കണ്ടറി ക്ലാസുകളിലേയും വിദ്യാർത്ഥികൾക്കായി, 6,935 പഠനമുറികൾ 2020–21–ൽ നിർമ്മിച്ച് നൽകിയിട്ടുണ്ട്. 2021–22–ൽ (2021 സെപ്റ്റംബർ 30 വരെ) 2307 പഠന മുറികളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 2020–21–ൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് നൽകിയ പ്രധാന വിദ്യാഭ്യാസ സഹായങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ **ബോക്സ് 8.2.1**–ൽ നൽകിയിരിക്കുന്നു.

2020–21, 2021–22(2021, സെപ്റ്റംബർ 30 വരെ) വർഷങ്ങളിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് നൽകിയ ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, പോക്കറ്റ് മണി തുടങ്ങിയവയുടെ വിശദാംശങ്ങൾ **അനുബന്ധം 8.2.9–**ൽ നൽകിയിരിക്കുന്നു. 2017–18 മുതൽ 2021–22 (2021, സെപ്റ്റംബർ 30 പ്രകാരം) വരെ അനുവദിച്ച വിവിധ തരത്തിലുള്ള സ്കോളർഷിപ്പുകളും സഹായങ്ങളും, ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണം എന്നിവ **അനുബന്ധം 8.2.10–**ൽ കൊടുത്തിരിക്കുന്നു.

**ബോക്സ് 8.2.1** പട്ടികജാതി വിദ്യാർത്ഥികൾക്ക് 2020–21–ൽ നൽകിയ പ്രധാന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ (പ്രയോജനം ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണം)

- പ്രീ മെട്രിക് സ്കോളർഷിപ്പ് – 4,07,843
- പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് – 1,81,472
- വിദേശത്ത് പഠിക്കാനുള്ള സഹായം – 17
- മറ്റ് സംസ്ഥാനങ്ങളിൽ പഠിക്കാനുള്ള സഹായം – 2,819
- ലാപ് ടോപ്പ് വാങ്ങുന്നതിനുള്ള സഹായം – 1,371
- സ്റ്റെതസ്കോപ്പ് വാങ്ങുന്നതിനുള്ള സഹായം – 296
- അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ് – 5,115

*ഉറവിടം:* പട്ടികജാതി വികസന വകുപ്പ്, 2021

## ആരോഗ്യം

ആരോഗ്യ പരിരക്ഷാ പദ്ധതിക്ക് കീഴിൽ സംസ്ഥാനത്തൊട്ടാകെ 10,408 പേർക്ക് വിവിധ രോഗങ്ങൾക്കുള്ള ചികിത്സാ സഹായം നൽകുകയുണ്ടായി. ഇതിനുപുറമെ, പട്ടികജാതി കോളനികളിൽ 29 ഹോമിയോ ഡിസ്പെൻസറികൾ പ്രവർത്തിച്ചു വരുന്നു. ആരോഗ്യ പരിരക്ഷാ പദ്ധതിയിൽ 2020–21–ൽ 52.22 കോടി രൂപ ചെലവഴിക്കുകയുണ്ടായി. 2021–22–ൽ (2021, സെപ്റ്റംബർ 30 വരെ) 20.45 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷക്കാലം ആരോഗ്യ പരിരക്ഷാ പദ്ധതിയിൽ വകയിരുത്തിയിട്ടുള്ള വിഹിതം, ചെലവ് എന്നിവയുടെ വിശദാംശങ്ങളും അനുവദിച്ചിട്ടുള്ള ചികിത്സാ സഹായം സംബന്ധിച്ച വിവരങ്ങളും **അനുബന്ധം 8.2.11–**ൽ നൽകിയിരിക്കുന്നു.

## നൈപുണ്യ പരിശീലനവും തൊഴിലും

ദുർബല വിഭാഗങ്ങൾക്ക് ഉപജീവന സുരക്ഷ ഒരുക്കുന്നതിനായി, തൊഴിലധിഷ്ഠിത പരിശീലന പരിപാടികൾ ഉൾപ്പെടെയുള്ള വിവിധ നൈപുണ്യ വികസന പരിശീലനങ്ങൾ പട്ടികജാതി വിഭാഗങ്ങൾക്ക് വേണ്ടി നടപ്പിലാക്കിയിട്ടുണ്ട്. 2020–21–ൽ ഈ പദ്ധതിക്കായി അനുവദിച്ച 50.00 കോടി രൂപയിൽ 38.79 കോടി രൂപ ചെലവഴിക്കുകയുണ്ടായി. വിവിധ നൈപുണ്യ വികസന പരിപാടികളിലൂടെ 1,786 പട്ടികജാതി യുവാക്കൾക്ക് വൈദഗ്ധ്യം ലഭിക്കുകയുണ്ടായി.

സ്വയം തൊഴിൽ സംരംഭങ്ങൾ ഏറ്റെടുക്കുന്നതിന് വായ്പയുടെ മുന്നിലൊന്ന് സബ്സിഡിയായി വ്യക്തികൾക്കും/സ്വയം സഹായ ഗ്രൂപ്പുകൾക്കും ധനസഹായം നൽകിവരുന്നു. 2020–21–ൽ, 244 ഗുണഭോക്താക്കൾക്ക് സ്വയം തൊഴിൽ സബ്സിഡി ലഭിച്ചിട്ടുണ്ട്. 2020–21, 2021–22 (സെപ്റ്റംബർ 30, 2021 വരെ) വർഷങ്ങളിൽ സ്വയംതൊഴിൽ പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ നേടിയവരുടെ എണ്ണം **അനുബന്ധം 8.2.12–**ൽ നൽകിയിരിക്കുന്നു. വാർഷിക കുടുംബ വരുമാന പരിധി 2.50 ലക്ഷം രൂപയിൽ താഴെയുള്ള തൊഴിലില്ലാത്ത പട്ടികജാതി യുവാക്കൾക്ക് വിദേശത്ത് ജോലി നേടുന്നതിനായി 1.00 ലക്ഷം രൂപ വരെ വകുപ്പ് ധനസഹായം നൽകുന്നുണ്ട്. 2020–21–ൽ വിദേശത്ത് തൊഴിൽ തേടുന്നതിന് 651 പേർക്ക് ധനസഹായം നൽകുകയുണ്ടായി. 2021–22–ൽ (സെപ്റ്റംബർ 30, 2021 വരെ) 165 പേർക്കും ധനസഹായം നൽകിയിട്ടുണ്ട്.

### പട്ടികജാതി കോളനികളിലെ അടിസ്ഥാന സൗകര്യ വികസനം

പട്ടികജാതി കോളനികളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നതിനായി, മുപ്പതിലധികം പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന പട്ടികജാതി കോളനികളിൽ 'അംബേദ്കർ ഗ്രാമ വികസന പദ്ധതി' ആരംഭിക്കുകയുണ്ടായി. ഈ പദ്ധതി പ്രകാരം, ഓരോ കോളനിക്കും കുടിവെള്ളം, കക്കൂസ്, ശുചിത്വം, മാലിന്യ നിർമാർജനം, റോഡ് കണക്റ്റിവിറ്റി, വൈദ്യുതീകരണം, ഭൂസംരക്ഷണ മതിൽ നിർമ്മാണം, ജലസേചനം, കളിസ്ഥലം, കമ്മ്യൂണിറ്റി ഹാൾ, വീട് എന്നിവയുടെ നിർമ്മാണം നവീകരണം, വരുമാനദായക പ്രവർത്തനങ്ങൾക്ക് ധനസഹായം, കോളനിക്കുള്ളിൽ/കോളനിയോട് ചേർന്നുള്ള ശ്മശാനങ്ങൾ എന്നിവയുടെ നവീകരണം എന്നിവക്കായി ഓരോ കോളനിക്കും, 1.00 കോടി രൂപ വീതം നൽകുന്നുണ്ട്. 2020–21–ൽ 18 കോളനികളിലും 2021–22–ൽ 16 കോളനികളിലും (2021 സെപ്റ്റംബർ 30 വരെ) ഏറ്റെടുത്ത പ്രവൃത്തികൾ പൂർത്തീകരിക്കുകയുണ്ടായി.

## സാമൂഹിക വികസന പരിപാടികൾ

### വിവാഹ ധനസഹായം

പട്ടികജാതി പെൺകുട്ടികളുടെ വിവാഹത്തിന് സാമ്പത്തിക പിന്തുണ നൽകുന്നതിനായി പട്ടികജാതി കുടുംബങ്ങൾക്ക് 75,000 രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു. 2020–21–ൽ 9,249 പട്ടികജാതി കുടുംബങ്ങൾക്ക് ഈ പദ്ധതി പ്രകാരം സഹായം നൽകുകയും, ബഡ്ജറ്റ് വിഹിതമായി അനുവദിച്ച 70.00 കോടി രൂപയിൽ നിന്നും 69.89 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 2021–22–ൽ അനുവദിച്ച 83.39 കോടി രൂപയിൽ 30.07 കോടി രൂപ (2021 സെപ്റ്റംബർ 30 വരെ) ചെലവഴിച്ചിട്ടുണ്ട്. വിവാഹ ധനസഹായ നിരക്ക് 2016–17–ൽ 50,000 രൂപയിൽ നിന്ന് 75,000 രൂപയായി ഉയർത്തുകയുണ്ടായി. 2021–22–ലെ ബജറ്റ് പ്രസംഗത്തിൽ ഇത് ₹1,25,000 ആയി ഉയർത്തി. പ്രസ്തുത പദ്ധതിയ്ക്ക് കഴിഞ്ഞ അഞ്ചുവർഷമായി നീക്കിവച്ചിട്ടുള്ള പദ്ധതി വിഹിതം, ചെലവഴിച്ച തുക, പദ്ധതി മുഖേന പ്രയോജനം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം എന്നിവ **ചിത്രം 8.2.2**–ൽ നൽകിയിരിക്കുന്നു.


### ദുർബല വിഭാഗങ്ങൾക്കായി പ്രത്യേക പാക്കേജ്

പട്ടികജാതിക്കാർക്കിടയിലെ ദുർബല സമുദായങ്ങളായ വേടർ, നായാടി, കല്ലാടി, അരുന്ധതിയാർ/ചക്കിലിയാർ എന്നിവർക്കായി കാർഷിക ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം നൽകുന്നതിനായി 2019–20–ൽ ഒരു പുതിയ പരിപാടി ആരംഭിക്കുകയുണ്ടായി. ഈ പാക്കേജിന് കീഴിൽ, കുറഞ്ഞത് 25 സെന്റ് ഭൂമി വാങ്ങുന്നതിന് പരമാവധി 10.00 ലക്ഷം രൂപ വരെ ധനസഹായം നൽകി വരുന്നു. 2020–21–ൽ ദുർബല വിഭാഗങ്ങൾക്കുള്ള വികസന പ്രവർത്തനങ്ങൾക്കായി നീക്കിവെച്ചിരുന്ന 50.00 കോടി രൂപയിൽ നിന്നും 38.83 കോടി രൂപ ചെലവഴിക്കുകയുണ്ടായി. ഇതിൽ 47 ഗുണഭോക്താക്കൾക്ക് കാർഷിക ഭൂമി വാങ്ങുന്നതിന് ധനസഹായം ലഭിച്ചിട്ടുണ്ട്. വീട് നന്നാക്കുന്നതിനായി 204 കുടുംബങ്ങൾക്കും, ദുർബല വിഭാഗങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് 125 പഠനമുറികൾ നിർമ്മിക്കുന്നതിനുമായി 2020–21–ൽ ധനസഹായം നൽകുകയുണ്ടായി.

### നിയമപരമായ സേവനങ്ങൾ

പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നിന്നും അതിക്രമങ്ങൾക്ക് ഇരയായവരുടെ പുനരധിവാസം, ആവശ്യമായ നിയമ സഹായം എന്നിവയ്ക്കായി പ്രത്യേക കോടതികൾ, പ്രത്യേക പോലീസ് സ്റ്റേഷനുകൾ, പട്ടികജാതിക്കാർക്കായി ഒരു പ്രൊട്ടക്ഷൻ സെൽ എന്നിവ സംസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ട്. 2020–21–ൽ ഈ പദ്ധതിക്കായി വകയിരുത്തിയ 12.50 കോടി രൂപയിൽ 10.97 കോടി രൂപ ചെലവഴിക്കുകയുണ്ടായി. ഈ പദ്ധതി പ്രകാരം, 75,000 രൂപ നിരക്കിൽ മിശ്ര വിവാഹ ധനസഹായമായും നൽകി വരുന്നുണ്ട്. 2020–21–ൽ 1,409 ദമ്പതികൾക്ക് ധനസഹായം നൽകുകയുണ്ടായി. കഴിഞ്ഞ അഞ്ചു വർഷമായി മിശ്രവിവാഹ ധനസഹായം

**ചിത്രം 8.2.2** വിവാഹ ധനസഹായത്തിന് അനുവദിച്ച വിഹിതവും ചെലവും പ്രയോജനം ലഭിച്ച കുടുംബങ്ങളുടെ എണ്ണവും, രൂപ ലക്ഷത്തിൽ, 2017–18 മുതൽ 2020–21 വരെ




*ഉറവിടം: പട്ടികജാതി വികസനവകുപ്പ്, 2021*

ലഭിച്ച ഗുണഭോക്താക്കളുടെ വിവരങ്ങൾ **അനുബന്ധം 8.2.13**–ൽ കൊടുത്തിരിക്കുന്നു.

### വാത്സല്യനിധി

പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്ര വികസനത്തിനായി വാത്സല്യനിധി എന്ന പേരിൽ ഒരു ഇൻഷ്വറൻസ് ബന്ധിത സാമൂഹിക സുരക്ഷാ പരിപാടി 2017–18–ൽ ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം, പട്ടിക ജാതി വികസന വകുപ്പ് പെൺകുട്ടിയുടെ പേരിൽ 1,38,000 രൂപ എൽ.ഐ.സിയിൽ 4 തവണകളായി നിക്ഷേപിക്കുന്നു. കുട്ടിക്ക് 6 മാസം തികയുമ്പോൾ ആദ്യ ഗഡുവായ 30,000 രൂപയും, കുട്ടിക്ക് പ്രൈമറി ക്ലാസ്സിൽ അഡ്മിഷൻ ലഭിക്ക കയോ അഞ്ച് വയസ്സ് തികയുകയോ ചെയ്യുമ്പോൾ 33,000 രൂപയും, കുട്ടിക്ക് 10 വയസ്സ് തികയുകയോ അഞ്ചാം ക്ലാസ്സിൽ പഠിക്കുമ്പോഴോ മൂന്നാം ഗഡുവായ 36,000 രൂപയും 10–ാം സ്റ്റാന്റേർഡിൽ എത്തുമ്പോൾ നാലാം ഗഡുവായ 39,000 രൂപയും നാല് ഗഡുക്കളായി നിക്ഷേപിക്കുന്നു. കുട്ടിക്ക് 18 വയസ്സ് തികയുമ്പോൾ 3,00,000 രൂപ ഇൻഷ്വറൻസ് തുകയായി ഉറപ്പു നൽകുന്നു. കൂടാതെ കുടുംബത്തിലെ വരുമാനം നേടുന്ന അംഗത്തിന് ഇൻഷുറൻസ് ആനുകൂല്യങ്ങളും, ഒൻപതാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെ പഠിക്കുന്ന പെൺകുട്ടിയുടെ സഹോദരനോ, സഹോദരിക്കോ 1,000 രൂപ വിദ്യാഭ്യാസ സഹായമായും നൽകുന്നു. 2020–21–ൽ ഈ പദ്ധതിക്കായി 12.00 കോടി രൂപ വകയിരുത്തി. എന്നാൽ, 26.99 കോടി രൂപ ഈ പദ്ധതിക്കായി ചെലവഴിക്കുകയുണ്ടായി. 2020–21–ൽ 6,928 പെൺകുട്ടികൾ വാൽസല്യനിധിയുടെ കീഴിൽ ഇൻഷ്വർ ചെയ്തിട്ടുണ്ട്.

### പട്ടികജാതി ഉപപദ്ധതിക്കായുള്ള കോർപ്പസ് ഫണ്ട് (ക്രിട്ടിക്കൽ ഗ്യാപ് ഫില്ലിംഗ്)

പട്ടികജാതി ഉപപദ്ധതി പദ്ധതികളിൽ നിർണായക വിടവുകൾ നികത്തുന്നതിനായി പട്ടികജാതി വികസന വകുപ്പ് ബഡ്ജറ്റിൽ കോർപ്പസ് ഫണ്ടായി പ്രതിവർഷം തുക നീക്കിവയ്ക്കുന്നു. മാനവ വിഭവശേഷി വികസനം, അടിസ്ഥാന ആവശ്യങ്ങൾ, സാമ്പത്തിക വികസനം എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് തയ്യാറാക്കിയ പട്ടികജാതി ഉപപദ്ധതിയിലെ നിർണായക വിടവുകൾ നികത്തുന്നതിന് ഫണ്ട് നൽകാനാണ് കോർപ്പസ് ഫണ്ട് ഉദ്ദേശിക്കുന്നത്. 25 ലക്ഷം രൂപ വരെയുള്ള സ്കീമുകൾക്ക് ജില്ലകളിലെ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായുള്ള ജില്ലാതല കമ്മറ്റിക്ക് ഭരണാനുമതി നൽകാവുന്നതാണ്. 20120–21–ൽ ഈ പദ്ധതിക്കായി 34.70 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. അനുവദിച്ച പദ്ധതികളിൽ 101 എണ്ണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. റോഡ് നിർമ്മാണം, കുടിവെള്ള പദ്ധതികൾ, സാംസ്കാരിക കേന്ദ്രങ്ങൾ, പട്ടികജാതിക്കാരുടെ വീടുകൾക്ക് സംരക്ഷണ മതിൽ നിർമ്മാണം എന്നിവയാണ് ഈ ഫണ്ട് വിനിയോഗിച്ച് ഏറ്റെടുത്തിട്ടുള്ള പ്രധാന പദ്ധതികൾ. 2017–18 മുതൽ 2021–22 വരെ (സെപ്റ്റംബർ 30, 2021 വരെ) പ്രസ്തുത പദ്ധതിക്കായി അനുവദിച്ച വിഹിതവും ചെലവും **അനുബന്ധം 8.2.14**–ൽ നൽകിയിരിക്കുന്നു.

### പട്ടികജാതി ഉപപദ്ധതിയ്ക്കുള്ള പ്രത്യേക കേന്ദ്ര സഹായം (എസ്.സി.എ റ്റു എസ്.സി.എസ്.പി)

പട്ടികജാതിക്കാരുടെ സാമ്പത്തിക ഉന്നമനത്തിനായുള്ള പരിപാടികൾ ഏറ്റെടുക്കുന്നതിനായി കേന്ദ്രസർക്കാരിൽ നിന്നും പ്രത്യേക സഹായം ലഭിക്കാറുണ്ട്. കേന്ദ്ര, സംസ്ഥാന, തദ്ദേശഭരണ സർക്കാരുകൾ ഏറ്റെടുക്കുന്ന പദ്ധതികളിലെ നിർണ്ണായക വിടവുകൾ നികത്തുന്നതിനുള്ള പരിപാടി കൂടിയാണിത്. എസ്.സി.എ റ്റു എസ്.സി.എസ്.പി പ്രകാരം ലഭ്യമാകുന്ന ധനസഹായത്തിന്റെ 75 ശതമാനം തുക പട്ടികജാതി ജനസംഖ്യാ അടിസ്ഥാനത്തിൽ ജില്ലകളിൽ കളക്ടർമാർക്ക് നൽകുന്നു. ശേഷിക്കുന്ന 25 ശതമാനം തുക പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ വിവിധ പദ്ധതികളുടെ നടത്തിപ്പിനായി വിനിയോഗിക്കുന്നു. പട്ടികജാതി കുടുംബങ്ങൾക്ക് സബ്സിഡിയും ധനകാര്യ സ്ഥാപന ധനസഹായവും കൂട്ടിചേർത്ത് വരുമാനദായകമായ പ്രവർത്തനങ്ങൾ ഈ പദ്ധതി പ്രകാരം ഏറ്റെടുക്കാവുന്നതാണ്. 2017–18 മുതൽ 2021–22 വരെ (സെപ്റ്റംബർ 30, 2021 വരെ) എസ്.സി.എ ടു എസ്.സി.എസ് പി പദ്ധതിയുടെ വിഹിതം, ചെലവ് എന്നിവയുടെ വിശദാംശങ്ങൾ **അനുബന്ധം 8.2.15**–ൽ നൽകിയിരിക്കുന്നു.

### പട്ടിക വർഗ്ഗ വികസനം

പട്ടികവർഗ്ഗ ക്ഷേമത്തിനായ് സംസ്ഥാന പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ട്രൈബൽ സബ് പ്ലാൻ ഘടകത്തിൽ നിന്നുള്ള ഫണ്ട്, ട്രൈബൽ സബ് പ്ലാനിനുള്ള പ്രത്യേക കേന്ദ്ര സഹായം (എസ്.സി.എ മുതൽ ടി.എസ്.പി വരെ) എന്നിവയാണ് പട്ടികവർഗ വികസന വകുപ്പിനുള്ള ഉറവിടങ്ങൾ. 2020–21–ൽ പട്ടികവർഗ ക്ഷേമത്തിനായി 781.36 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. ഇതിൽ പട്ടികവർഗ വികസന വകുപ്പിന് 598.26 കോടിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 183.1 കോടിയും അനുവദിക്കുകയുണ്ടായി. 540.99 കോടി രൂപ പട്ടികവർഗ വികസന വകുപ്പ് ചെലവഴിക്കുകയുണ്ടായി.

2017–18 മുതൽ 2021–22 വരെയുള്ള സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്നുള്ള ടി.എസ്.പി ഫണ്ടുകളുടെ വിഹിതം **അനുബന്ധം 8.2.16**–ൽ നൽകിയിരിക്കുന്നു. 2020–21, 2021–22 വർഷങ്ങളിൽ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ സാമ്പത്തികവും ഭൗതികവുമായ നേട്ടങ്ങളുടെ വിശദാംശങ്ങൾ (2021 ഒക്ടോബർ 05 വരെ) **അനുബന്ധം 8.2.17–ലും അനുബന്ധം 8.2.18–ലും** നൽകിയിരിക്കുന്നു.

പട്ടികവർഗക്കാരുടെ ക്ഷേമത്തിനായി ഏറ്റെടുത്ത പ്രധാന വികസന പരിപാടികൾ ചുവടെ സംഗ്രഹിച്ചിരിക്കുന്നു.

### ഭൂമി

ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി നൽകുന്നതിനായി 2001–ൽ പട്ടികവർഗ്ഗ പുനരധിവാസ വികസന മിഷൻ ട്രൈബൽ റീസെറ്റിൽമെൻറ് ഡെവലപ്പ്മെന്റ് മിഷൻ (ടി.ആർ.ഡി.എം) രൂപീകരിച്ചു. ഭൂരഹിതർക്ക് ഭൂമി നൽകലും പുനരധിവാസ മേഖലകളുടെ മൊത്തത്തിലുള്ള വികസനവുമാണ് ട്രൈബൽ റീസെറ്റിൽമെൻറ് ഡെവലപ്പ്മെന്റ് മിഷന്റെ (ടി.ആർ.ഡി.എം) പ്രധാന പരിപാടികൾ. പട്ടികവർഗ വകുപ്പിന്റെ കണക്കനുസരിച്ച്, 2020–21ൽ സംസ്ഥാനത്ത് 7,930 ഭൂരഹിതരായ പട്ടികവർഗക്കാരുണ്ട്. ലാൻഡ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം, വനാവകാശ നിയമം എന്നിവയിലൂടെയാണ് ട്രൈബൽ റീസെറ്റിൽമെൻറ് ഡെവലപ്പ്മെന്റ് മിഷന് (ടി.ആർ.ഡി.എം) കീഴിലുള്ള ഭൂമിയുടെ വിതരണം. 2020–21 ലെ ഈ പദ്ധതിയുടെ

കീഴിലുള്ള പ്രധാന നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.

- ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം 73 ഗുണഭോക്താക്കൾക്ക് 10.16 ഏക്കർ ഭൂമി വിതരണം ചെയ്തു, അതിൽ പാലക്കാട് ജില്ലയിൽ 15 ഗുണഭോക്താക്കൾക്ക് 3.40 ഏക്കർ ഭൂമിയും വയനാട് ജില്ലയിലെ 23 ഗുണഭോക്താക്കൾക്ക് 6.76 ഏക്കർ ഭൂമിയും ലഭിച്ചു.
- പാലക്കാട് ജില്ലയിലെ 436 പട്ടികവർഗ്ഗക്കാർക്ക് നിക്ഷിപ്ത വനഭൂമിക്ക് കീഴിലുള്ള 237.76 ഏക്കർ ഭൂമി വിതരണം ചെയ്തു.
- വനാവകാശ നിയമപ്രകാരം 182 പട്ടികവർഗ്ഗക്കാർക്ക് 320.31 ഏക്കർ ഭൂമി വിതരണം ചെയ്തു.

2020–21–ൽ വിവിധ പദ്ധതികളിലായി 691 പട്ടികവർഗ്ഗക്കാർക്കായി 568.47 ഏക്കർ ഭൂമി വിതരണം ചെയ്യുകയുണ്ടായി (ഒക്ടോബർ 5, 2021 വരെ). ജില്ല തിരിച്ചുള്ള ഭൂമി വിതരണത്തിന്റെ വിശദാംശങ്ങൾ (2016–17 മുതൽ 2020–21 വരെ) **അനുബന്ധം 8.2.19, അനുബന്ധം 8.2.20** എന്നിവയിൽ നൽകിയിരിക്കുന്നു.

**ഭവനം**

സംസ്ഥാനത്ത് ഭവനമില്ലാത്ത ഒരു പട്ടികവർഗ്ഗ കുടുംബം പോലും ഉണ്ടാകാതിരിക്കാൻ എല്ലാ പട്ടികവർഗക്കാർക്കും വീട് നൽകുക എന്നതാണ് സംസ്ഥാന സർക്കാരിന്റെ നയം. പട്ടികവർഗ വികസന വകുപ്പ് 2020–21ൽ നടത്തിയ സർവേ പ്രകാരം ഭൂമി കൈവശമുള്ള 16,070 പട്ടികവർഗ്ഗ കുടുംബങ്ങൾ ഭവനരഹിതരും 7930 കുടുംബങ്ങൾ ഭൂരഹിതരുമാണെന്ന് കണക്കാക്കുന്നു. 2017–18 മുതൽ ലൈഫ് മിഷൻ വഴി ഭവന പദ്ധതി നടപ്പിലാക്കി വരുന്നു. സംസ്ഥാന പദ്ധതിയിൽ നിന്നുള്ള സാമ്പത്തിക സഹായത്തിനു പുറമേ, കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡിൽ (കെ.യു.ആർ.ഡി.എഫ്.സി) നിന്നുള്ള ധനസഹായവും ഇതിനായി ലഭിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ പട്ടികവർഗ്ഗ ഉപപദ്ധതി ഫണ്ടിൽ നിന്നും പ്രധാനമന്ത്രി ആവാസ് യോജനയിൽ നിന്നും നീക്കിവച്ചിരിക്കുന്ന ഫണ്ടുകൾ പട്ടികവർഗക്കാർക്ക് ഭവനം നൽകുന്നതിന് വിനിയോഗിക്കുന്നു.

പട്ടികവർഗ വകുപ്പ് 2016–17ൽ വിവിധ ഭവന പദ്ധതികൾക്ക് കീഴിൽ അനുവദിച്ച 6,709 വീടുകളിൽ, 2021–22ൽ 1583 വീടുകൾ പൂർത്തീകരിച്ചു. ലൈഫ് മിഷന്റെ ഒന്നാം ഘട്ടത്തിൽ, പൂർത്തിയാകാത്ത 12,054 വീടുകൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്, അതിൽ 11,377 എണ്ണം പൂർത്തിയായി. ലൈഫ് മിഷന്റെ രണ്ടാം ഘട്ടത്തിൽ 3380 വീടുകൾ അനുവദിച്ചു, അതിൽ 2748 വീടുകൾ പൂർത്തീകരിച്ചു. മൂന്നാം ഘട്ടത്തിൽ 487 വീടുകൾ അനുവദിച്ചതിൽ 265 എണ്ണം പൂർത്തീകരിച്ചു. 2016–17 മുതൽ 2020–21 വരെയുള്ള ഭവന പദ്ധതിക്കു അനുവദിച്ച വിഹിതവും ചെലവും **അനുബന്ധം 8.2.25**–ൽ നൽകിയിരിക്കുന്നു.

## വിദ്യാഭ്യാസ പരിപാടികൾ

കഴിഞ്ഞ ഏതാനും പതിറ്റാണ്ടുകളായി സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങൾ കേരളത്തിലെ പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസ നിലവാരത്തിൽ വലിയ പുരോഗതി ഉണ്ടാക്കിയിട്ടുണ്ട്. വിദ്യാർത്ഥികൾക്കുള്ള റസിഡൻഷ്യൽ സ്കൂൾ വിദ്യാഭ്യാസ പരിപാടികളും വിവിധ സ്കോളർഷിപ് പദ്ധതികളും പട്ടികവർഗ്ഗ വിഭാഗത്തിലെ, പ്രത്യേകിച്ച് അവർക്കിടയിലെ പെൺകുട്ടികളുടെ വിദ്യാഭ്യാസ പുരോഗതി ഉയർത്തുന്നതിലേക്കു നയിച്ചിട്ടുണ്ട്. പെൺകുട്ടികൾക്കായി ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ രണ്ട് ദശകങ്ങളിൽ സംസ്ഥാന സർക്കാർ മോഡൽ റസിഡൻഷ്യൽ സ്കൂളുകളും ഹോസ്റ്റലുകളും സ്ഥാപിക്കുന്നതിന് ശ്രദ്ധ നൽകിയിട്ടുണ്ട്. എല്ലാ ബോർഡർമാർക്കും സൗജന്യ ബോർഡിംഗ്, താമസ സൗകര്യങ്ങൾ, യൂണിഫോം, ടോയ്‌ലറ്ററികൾ, ആവശ്യമായ സൗകര്യങ്ങൾ എന്നിവ സംസ്ഥാന സർക്കാർ നൽകുന്നുണ്ട്. ഈ സ്കൂളുകളുടെയും ഹോസ്റ്റലുകളുടെയും പ്രവർത്തനത്തിനും ക്രമമായ അറ്റകുറ്റപ്പണികൾക്കുമായി ഓരോ വർഷവും ഗണ്യമായ തുക ബജറ്റിൽ നീക്കിവയ്ക്കുന്നുണ്ട്. വിദൂര പ്രദേശങ്ങളിലെ പട്ടികവർഗ്ഗ കുട്ടികൾ അഭിമുഖീകരിക്കുന്ന പ്രവേശന സംബന്ധമായ ബുദ്ധിമുട്ടുകൾ പരിഹരിക്കാനും, കുട്ടികളുടെ വിദ്യാഭ്യാസത്തിനായുള്ള എല്ലാ ചെലവുകളും ഏറ്റെടുത്ത് പിന്നാക്കം നിൽക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളുടെ ഭാരം കുറയ്ക്കാനും സ്കൂൾ വിദ്യാഭ്യാസത്തോടൊപ്പം ചേർന്ന റസിഡൻഷ്യൽ സൗകര്യങ്ങൾ സഹായിക്കുന്നു. പട്ടികവർഗ വിദ്യാർത്ഥികളിലെ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ മറ്റൊരു പ്രധാന പദ്ധതിയാണ് സ്കോളർഷിപ്പ്, ഇത് പദ്ധതി–പദ്ധതിയിതര പരിപാടികളിലൂടെയും നൽകി വരുന്നു.

പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിൽ 13 നഴ്സറി സ്കൂളുകൾ, 10 കിന്റർഗാർട്ടൻ, 3 ബാലവാടികൾ, 1 വികാസവാടി, 3 ബാലവിജ്ഞാന കേന്ദ്രങ്ങൾ, പ്രത്യേകിച്ച് ദുർബലരായ ആദിവാസി വിഭാഗങ്ങൾക്കായി 7 പെരിപ്പതെറ്റിക് വിദ്യാഭ്യാസ കേന്ദ്രങ്ങൾ, 20 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, 22 ഏകാധ്യാപക വിദ്യാലയങ്ങൾ, 106 പ്രീമെട്രിക് ഹോസ്റ്റലുകൾ, 9 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, 2 പരിശീലന കേന്ദ്രങ്ങൾ, 2 തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങൾ, 1 വ്യാവസായിക പരിശീലന സ്ഥാപനം എന്നിവ പ്രവർത്തിക്കുന്നുണ്ട്. പോസ്റ്റ് മെട്രിക്, പ്രീ–മെട്രിക് സ്കോളർഷിപ്പുകൾ, അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്, പെരിപ്പതെറ്റിക് വിദ്യാഭ്യാസം, സ്പോർട്സ് പ്രൊമോഷൻ എന്നിവ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ നാനോന്മുഖ വികസനത്തിനു സഹായിക്കുന്നു. 2020–21 ലെ വിദ്യാഭ്യാസ മേഖലയിലെ പ്രധാന ഭൗതിക നേട്ടങ്ങൾ **ബോക്സ് 8.2.2**–ൽ നൽകിയിരിക്കുന്നു

2016–17 മുതൽ 2021–22 വരെ (ഒക്ടോബർ 05, 2021 വരെ) വിവിധ സ്കോളർഷിപ്പുകളും സഹായങ്ങളും നേടിയ വിദ്യാർത്ഥികളുടെ എണ്ണം **അനുബന്ധം 8.2.21**–ൽ കാണിച്ചിരിക്കുന്നു. 2020–21, 2021–22 വർഷങ്ങളിൽ (ഒക്ടോബർ 05, 2021 വരെ) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകിയ ലംപ്സം ഗ്രാന്റിന്റെയും സ്റ്റൈപ്പന്റിന്റെയും പോക്കറ്റ് മണിയുടെയും വിശദാംശങ്ങൾ **അനുബന്ധം 8.2.22**–ൽ നൽകിയിരിക്കുന്നു. 2020–21ൽ വിദ്യാഭ്യാസത്തിനായുള്ള ബജറ്റ് വിഹിതമായ 162.70 കോടിയിൽ 125.69 കോടി ചെലവഴിക്കുകയുണ്ടായി. വിദ്യാഭ്യാസമേഖലയിൽ അനുവദിച്ച വിഹിതം, ചെലവ് എന്നിവയുടെ വർഷം തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 8.2.23**–ൽ നൽകിയിരിക്കുന്നു.

**ബോക്സ് 8.2.2** വിദ്യാഭ്യാസ മേഖലയിലെ പ്രധാന നേട്ടങ്ങൾ 2020–21–ൽ

- 'അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആൻഡ് ഡെവലപ്മെന്റ് സ്കീം' പ്രകാരം 800 പ്രതിഭാധനരായ ആദിവാസി വിദ്യാർഥികൾക്ക് സഹായം നൽകുകയുണ്ടായി.
- 625 അനാഥക്കുട്ടികൾക്ക് പ്രത്യേക സഹായം ലഭിക്കുകയുണ്ടായി.
- 66,853 വിദ്യാർത്ഥികൾ പ്രീ–മെട്രിക് സ്കോളർഷിപ്പ് നേടുകയുണ്ടായി.
- 18,710 വിദ്യാർത്ഥികൾ പോസ്റ്റ്–മെട്രിക് സ്കോളർഷിപ്പ് നേടുകയുണ്ടായി.
- 2,480 മിടുക്കരായ വിദ്യാർത്ഥികൾക്ക് പ്രത്യേക ആനുകൂല്യങ്ങൾ ലഭിക്കുകയുണ്ടായി.
- 249 വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പുകൾ വിതരണം ചെയ്യുകയുണ്ടായി.
- 6 നൈപുണ്യ പരിശീലന പരിപാടിളിലായി 1,600 പട്ടികവർഗ യുവാക്കൾ പങ്കെടുത്തു. പൂർത്തിയാക്കിയ പരിശീലന പരിപാടികളിലൂടെ 317 യുവാക്കൾ ഇന്ത്യയിലും വിദേശത്തുമായി വിജയകരമായി തൊഴിൽ നേടുകയുണ്ടായി.

## ആരോഗ്യ പരിപാടികൾ

പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ആരോഗ്യ സംരക്ഷണം നൽകുന്നതിന് വിവിധ പരിപാടികൾ ഏറ്റെടുത്തു നടപ്പിലാക്കുന്നുണ്ട്. സമഗ്ര ആരോഗ്യ പരിപാടി, ജനനി ജന്മരക്ഷ, സിക്കിൾ സെൽ അനീമിയ രോഗികൾക്ക് സഹായം, പരമ്പരാഗത വൈദ്യൻമാർക്കുള്ള ധന സഹായം, മൊബൈൽ മെഡിക്കൽ ക്ലിനിക്കുകളുടെ നടത്തിപ്പ് എന്നിവ പട്ടികവർഗക്കാർക്കായി ഏറ്റെടുത്തിരിക്കുന്ന പ്രധാന ആരോഗ്യ പരിരക്ഷാ പദ്ധതികളാണ്. 2020–21 ലെ ആരോഗ്യ മേഖലയിലെ പ്രധാന ഭൗതിക നേട്ടങ്ങൾ **ബോക്സ് 8.2.3**–ൽ നൽകിയിരിക്കുന്നു.

അടിയ, പണിയ, പ്രത്യേക ദുർബല ഗോത്രവിഭാഗ (കൊരഗ, കാട്ടുനായ്ക്കൻ, കുറുമ്പ, കാടർ, ചോലനായ്ക്കർ) സമുദായങ്ങൾ, തിങ്ങി പാർക്കുന്ന കോളനികളിൽ ശുചീകരണത്തിനും, ജില്ലകളിൽ പ്രത്യേക ബോധവൽക്കരണ പരിപാടികളും ആരോഗ്യ പരിശോധനകളും ശുചീകരണ സൗകര്യങ്ങളും ഒരുക്കുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

2020–21ൽ ബജറ്റ് തുകയായ 43.73 കോടിയിൽ 42.46 കോടി രൂപ ആരോഗ്യമേഖലയിൽ വിവിധ പരിപാടികൾക്കായി ചെലവഴിക്കുകയുണ്ടായി. 2021–22–ൽ 16.26 കോടി രൂപയും (2021 ഒക്ടോബർ 05 വരെ) ചെലവഴിച്ചിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷക്കാലം ആരോഗ്യ മേഖലയിൽ വകയിരുത്തിയ വിഹിതം, ചെലവ്, ഭൗതിക നേട്ടങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ **അനുബന്ധം 8.2.24**–ൽ കാണിച്ചിരിക്കുന്നു.

## നൈപുണ്യ വികസനം, തൊഴിൽ, ഉപജീവന പരിപാടി

പട്ടികവർഗ്ഗ വിഭാഗങ്ങളിലെ അഭ്യസ്ഥവിദ്യരായ യുവാക്കൾക്കിടയിൽ തൊഴിൽ ഉറപ്പാക്കുന്നതിനായി വിവിധ നൈപുണ്യ പരിശീലന പരിപാടികളും കരിയർ ഗൈഡൻസ് കാമ്പെയ്നുകളും സംഘടിപ്പിക്കുകയുണ്ടായി. 2020–21–ൽ സംഘടിപ്പിച്ച 6 നൈപുണ്യ പരിശീലന പരിപാടികളിൽ 1,600 പട്ടികവർഗ യുവാക്കൾ പങ്കെടുത്തു. കഴിഞ്ഞ നാല് വർഷമായി നടത്തിയ നൈപുണ്യ പരിശീലനങ്ങളുടെയും പ്ലേസ്മെന്റിന്റെയും വിശദാംശങ്ങൾ **അനുബന്ധം 8.2.26**–ൽ നൽകിയിരിക്കുന്നു.

## ഗോത്രജീവിക – നൈപുണ്യ വികസനത്തിലെ ഒരു നാഴികക്കല്ല്

പട്ടികവർഗ്ഗക്കാർക്ക് നൈപുണ്യ വൈദഗ്ധ്യം നൽകുന്നതിനായി പട്ടികവർഗ വികസന വകുപ്പാരംഭിച്ച ശ്രദ്ധേയമായ സംരംഭമാണ് ഗോത്രജീവിക. അവിദഗ്ധ/അർദ്ധ നൈപുണ്യമുള്ള പട്ടികവർഗ്ഗ തൊഴിലാളികളെ വിദഗ്ധ തൊഴിലാളികളാക്കി മാറ്റുന്ന പ്രക്രിയയാണിത്. പട്ടികവർഗ്ഗ മേഖലകളിൽ വീടുൾപ്പെടെയുള്ള നിർമാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് അവർക്കിടയിൽനിന്നും തന്നെ തൊഴിലാളികളെ വാർത്തെടുക്കുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം. കൊത്തുപണി, പ്ലംബിംഗ്, ഇലക്ട്രിക്കൽ വയറിംഗ്, മരപ്പണി, പെയിന്റിംഗ്, ടൈൽ വർക്കുകൾ തുടങ്ങി വിവിധ മേഖലകളിൽ ഉൽപ്പന്ന അധിഷ്ഠിതവും സേവന അധിഷ്ഠിതവുമായ രണ്ട് തരത്തിലുള്ള പരിശീലനത്തിലൂടെ 1,170 ആദിവാസി യുവാക്കൾക്ക് പരിശീലനം നൽകുകയുണ്ടായി. എറണാകുളം ജില്ലയിലെ കുട്ടമ്പുഴയിലുള്ള 'പന്തപ്ര ഭവന പദ്ധതി'യാണ് ഗോത്രജീവിക പരിപാടിയുടെ ഭാഗമായി സ്വയം സഹായ സംഘങ്ങൾ ഏറ്റെടുത്ത് നടപ്പാക്കിയ മികച്ച പദ്ധതികളിലൊന്ന്. ഗോത്രജീവികയിലെ പട്ടികവർഗ്ഗ സ്വയംസഹായ സംഘങ്ങൾ വഴിയാണ് ട്രൈബൽ റീസെറ്റിൽമെൻറ് ഡെവലപ്മെന്റ് മിഷൻ (ടി.ആർ.ഡി.എം) ന് കീഴിൽ പുനരധിവസിപ്പിച്ച 57 പട്ടികവർഗ്ഗ കുടുംബങ്ങളുടെ വീട് നിർമാണം നടത്തിയത്. ഗോത്ര വിഭാഗങ്ങളുടെ പങ്കാളിത്തം കൊണ്ട് മാത്രം നടപ്പിലാക്കുന്ന ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ ആദിവാസി പദ്ധതികളിൽ ഒന്നാണ് ഈ ഭവന പദ്ധതി. മുഖ്യധാരാ സമൂഹത്താൽ പലപ്പോഴും താഴ്ത്തപ്പെടുകയും പാർശ്വവത്കരിക്കപ്പെടുകയും ചെയ്ത

**ബോക്സ് 8.2.3** ആരോഗ്യ മേഖലയിലെ പ്രധാന ഭൗതിക നേട്ടങ്ങൾ, 2020–21–ൽ

- 770 സിക്കിൾ സെൽ അനീമിയ രോഗികൾക്ക് പ്രതിമാസം 2,500 രൂപ ധനസഹായം നൽകി.
- ജനനി ജന്മരക്ഷ പദ്ധതിക്ക് കീഴിൽ 8,126 ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പ്രതിമാസം 2,000 രൂപ നിരക്കിൽ ധനസഹായം ലഭിച്ചു
- ട്രഡീഷണൽ ട്രൈബൽ ഹീലേഴ്സ്" എന്ന പദ്ധതി പ്രകാരം 102 പരമ്പരാഗത വൈദ്യന്മാർക്ക് 10,000 രൂപ നിരക്കിൽ വാർഷിക ഗ്രാന്റ് നൽകി.
- സമഗ്ര ആരോഗ്യ പരിരക്ഷാ പദ്ധതി പ്രകാരം 45,046 ആദിവാസികൾക്ക് ചികിത്സാ ആനുകൂല്യങ്ങൾ ലഭ്യമാക്കി.
- ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനായി മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ ഉപയോഗപ്പെടുത്തി 3,577 മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു

ഒരു സമൂഹത്തിന്റെ ശാക്തീകരണത്തിന്റെയും ഉന്നമനത്തിന്റെയും സാധ്യതയാണ് ഇത് എടുത്തുകാണിക്കുന്നത്.

### അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക് (എ.ടി.എ.പി)

അട്ടപ്പാടിയിലെ പട്ടികവർഗ്ഗ സ്ത്രീകളുടെ സാമൂഹികവും സാമ്പത്തികവുമായ ശാക്തീകരണമാണ് അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക് ലക്ഷ്യമിടുന്നത്. സംരംഭങ്ങളുടെ അഭാവവും പട്ടികവർഗ്ഗ സ്ത്രീകളിലെ വൈദഗ്ധ്യക്കുറവുമാണ് പട്ടികവർഗ്ഗ സ്ത്രീകൾക്കിടയിൽ പരിഹരിക്കപ്പെടേണ്ടതായ ഗുരുതര പ്രശ്നങ്ങളിലൊന്ന്. ഇത് പരിഹരിക്കുന്നതിനായി സംസ്ഥാനത്തുടനീളമുള്ള പട്ടികവർഗ്ഗ സ്ത്രീകൾക്ക് നൈപുണ്യ പരിശീലനം നൽകാൻ വകുപ്പ് മുൻകൈയെടുക്കുകയുണ്ടായി. 250 പട്ടികവർഗ സ്ത്രീകളെ അട്ടപ്പാടിയിലെ വിവിധ പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നിന്ന് കണ്ടെത്തി യന്ത്രവത്കൃത അലങ്കാര വസ്ത്ര നിർമാണത്തിൽ പരിശീലനം നൽകുകയും പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിലെ മിനി സിവിൽ സ്റ്റേഷൻ കോംപ്ലക്സിൽ ഒരു ഉൽപ്പാദന യൂണിറ്റ് സ്ഥാപിക്കുകയും ചെയ്യുകയുണ്ടായി. ആവശ്യമായ ഫർണിച്ചറുകളും യന്ത്രങ്ങളും ഉപകരണങ്ങളും നൽകി പട്ടികവർഗ്ഗ വകുപ്പ് സംരംഭത്തെ പിന്തുണക്കുകയും ജില്ലാ ഭരണകൂടം സ്ഥലത്തിന്റെ കാര്യത്തിലും പ്രാരംഭ പ്രവർത്തനങ്ങളിലും ആവശ്യമായ സഹായം നൽകുകയും ചെയ്യുകയുണ്ടായി. 200 സ്ത്രീകളെ ഉൾപ്പെടുത്തി തുടക്കം കുറിച്ച ഈ പരിപാടി അട്ടപ്പാടിയിലെ പട്ടികവർഗ സ്ത്രീകളുടെ നൈപുണ്യ വികസനത്തിനും ഉപജീവനത്തിനും ശാക്തീകരണത്തിനും സഹായിക്കുകയുണ്ടയി. സ്ത്രീ ഗുണഭോക്താക്കളിലും കുടുംബങ്ങളിലും ഉണ്ടായ സാമ്പത്തിക, സാമൂഹിക, നേതൃത്വപരമായ മാറ്റത്തിന്റെ നേർസാക്ഷ്യമാണ് ഈ മാതൃകാ പദ്ധതി.

### കേരള ട്രൈബൽ പ്ലസ്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (എം.ജി.എൻ.ആർ.ഇ.ജി.എസ്), ഒരു വ്യക്തിക്ക് പരമാവധി 100 തൊഴിൽ ദിനങ്ങൾ ഉറപ്പ് നൽകുന്നുണ്ട്. എന്നാൽ എം.ജി.എൻ.ആർ.ഇ.ജി.എസ്–ന് കീഴിൽ കൂടുതൽ കുടുംബങ്ങളെ കൊണ്ടുവരുന്നതിനും പട്ടികവർഗ്ഗ കുടുംബങ്ങളുടെ പരമാവധി പങ്കാളിത്തം ഉറപ്പാക്കുന്നതിനും അതുവഴി പട്ടികവർഗ്ഗക്കാർക്ക് മതിയായ ഉപജീവനമാർഗം ഉറപ്പാക്കുന്നതിനുമായി, സംസ്ഥാന സർക്കാർ കേരള ട്രൈബൽ പ്ലസ് പദ്ധതിക്ക് കീഴിൽ സംസ്ഥാനത്തെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും 100 തൊഴിൽ ദിനങ്ങൾ കൂടി അധികമായി നൽകി ആകെ 200 ദിനങ്ങൾ എന്നാക്കി ഉയർത്തുകയുണ്ടായി. റിവോൾവിംഗ് ഫണ്ട് സ്കീം മറ്റ് ഏരിയകളിലേക്കു വിപുലീകരിച്ച് എം.ജി.എൻ.ആർ.ഇ.ജി.എസ് ന്റെ വ്യാപ്തി വർധിപ്പിക്കാനും വകുപ്പ് ഉദ്ദേശിക്കുന്നു. കേന്ദ്ര ഗവൺമെന്റിൽ നിന്നുള്ള ഫണ്ട് വിനിയോഗം വൈകുന്നത് മൂലമുള്ള വേതന വിതരണത്തിലെ കാലതാമസമാണ് പട്ടികവർഗ്ഗ കുടുംബങ്ങൾ എം.ജി.എൻ.ആർ.ഇ.ജി.എസ് –ൽ നിന്ന് പ്രത്യേകിച്ച് അട്ടപ്പാടി, വയനാട്, ആറളം (കണ്ണൂർ) എന്നിവിടങ്ങൾ പുറത്തുപോകുന്നതിനുള്ള പ്രധാന കാരണങ്ങളിലൊന്നായി കണ്ടെത്തിയത്. ഈ തടസ്സം നികത്തുന്നതിനായി 2019–20 ൽ റിവോൾവിംഗ് ഫണ്ട് പദ്ധതി ആരംഭിക്കുകയുണ്ടായി. കോർപ്പസ് റിവോൾവിംഗ് ഫണ്ട് പദ്ധതി നടപ്പിലാക്കുന്നതിനായി പട്ടികവർഗ്ഗ വകുപ്പ് കുടുംബശ്രീ മിഷനുമായി ചേർന്ന് 11.13 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ, എം.ജി.എൻ.ആർ.ഇ.ജി.എസ് –ന് കീഴിൽ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പരമാവധി തൊഴിൽ സമാഹരിക്കാൻ പ്രോജക്ട് ഓഫീസർമാർക്കും ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുമുണ്ട്.

പട്ടികവർഗ്ഗ കുടുംബങ്ങളിലെ തൊഴിൽ കാർഡ് ഉടമകളുടെ എണ്ണം 2017–18ൽ 91,717 ആയിരുന്നത് 2021–22ൽ 1,27,983 ആയി ഉയർന്നു. 100 ദിവസത്തെ തൊഴിൽ പൂർത്തിയാക്കിയ പട്ടികവർഗ്ഗ കുടുംബങ്ങൾ (200 തൊഴിൽ ദിനങ്ങൾ ലഭ്യമായവർ ഉൾപ്പെടെ) 2020–21ൽ 31,870 പേരാണ്. പട്ടികവർഗ്ഗക്കാർക്കിടയിലെ കേരള ട്രൈബൽ പ്ലസ് പദ്ധതിയുടെ ഗുണഭോക്താക്കൾ, കാർഷിക ഉപജീവനപ്രവർത്തികളിൽ ഏർപ്പെട്ടവർ തുടങ്ങിയവരുടെ വിശദാംശങ്ങൾ **ചിത്രം 8.2.3–ലും പട്ടിക 8.2.3–ലും** നൽകിയിരിക്കുന്നു.

**പട്ടിക 8.2.3** കേരള ട്രൈബൽ പ്ലസ് പദ്ധതിക്ക് കീഴിൽ വകയിരുത്തിയ തുകകളുടെയും നൽകിയ തൊഴിൽ ദിനങ്ങളുടെയും വിശദാംശങ്ങൾ


| വർഷം | അനുവദിച്ച നൽകിയ തുക (രൂപ കോടിയിൽ) | നൽകിയ തൊഴിൽദിനങ്ങൾ | 100 തൊഴിൽദിനങ്ങൾ പൂർത്തിയാക്കിയ പട്ടികവർഗ്ഗ കുടുംബങ്ങൾ |
|---|---|---|---|
| 2017–18 | 12.40 | 30,39,257 | 6,609 |
| 2018–19 | 00.00 | 54,07,613 | 22,937 |
| 2019–20 | 2.00 | 55,27,731 | 21,726 |
| 2020–21 | 18.93 | 66,90,321 | 31,870 |
| 2021–22 | 27.08 | 22,11,630 | 829 |
| ആകെ | 60.41 | | |

*അവലംബം: പട്ടികവർഗ്ഗ വികസന വകുപ്പ്*

### ഭക്ഷ്യസുരക്ഷ, പോഷകാഹാര വികസന പരിപാടികൾ

പട്ടികവർഗ്ഗക്കാർക്കിടയിലെ പോഷകാഹാരക്കുറവും ദാരിദ്ര്യവും പരിഹരിക്കുന്നതിനായി, ഭക്ഷ്യസുരക്ഷാ പദ്ധതിക്ക് കീഴിൽ എല്ലാ ജില്ലകളിലെയും പട്ടികവർഗ്ഗ മേഖലകളിൽ മൺസൂൺ സമയങ്ങളിൽ പ്രത്യേകിച്ച് ജൂൺ മുതൽ സെപ്റ്റംബർ വരെ എല്ലാ മാസവും ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നുണ്ട്. കോവിഡ് മഹാമാരിയുടെ കാലത്ത് സംസ്ഥാന സർക്കാർ നൽകിയ ഭക്ഷണ കിറ്റിനു പുറമെയാണിത്. 2020–21–ൽ നിലവിലെ ഭക്ഷ്യ സഹായ പദ്ധതിക്ക് പുറമെ, അർഹരായ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും 12 ഇനങ്ങൾ ഉൾപ്പെടെയുള്ള ഭക്ഷണ കിറ്റുകൾ നൽകിയിരുന്നു. പദ്ധതി പ്രകാരം പട്ടികവർഗ്ഗക്കാർക്കായി 80,000 ഭക്ഷണ കിറ്റുകൾ വിതരണം ചെയ്യുകയുണ്ടായി. അട്ടപ്പാടിയിലെയും വയനാട്ടിലെയും ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കുട്ടികൾ, കൗമാരക്കാർ, മുതിർന്ന പൗരന്മാർ, നിത്യരോഗികളായവർ തുടങ്ങി ദുർബലരായ ജനങ്ങളുടെ പോഷണത്തിനായി കമ്മ്യൂണിറ്റി കിച്ചണും ആരംഭിച്ചിട്ടുണ്ട്. പട്ടികവർഗ വകുപ്പിന്റെ

**ചിത്രം 8.2.3** എം.ജി.എൻ.ആർ.ഇ.ജി.എസ് കേരള ട്രൈബൽ പ്ലസ് പ്രോഗ്രാമിന് കീഴിൽ സഹായം ലഭിച്ച പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം




*അവലംബം:* പട്ടികവർഗ്ഗ വികസന വകുപ്പ്

കോർപ്പസ് ഫണ്ടും പൂൾഡ് ഫണ്ടും ഉപയോഗിച്ച് വിവിധ ജില്ലകളിൽ നിരവധി കാർഷിക പദ്ധതികളും ഏറ്റെടുത്തിട്ടുണ്ട്. കൂടാതെ പോഷകാഹാര പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി അട്ടപ്പാടിയിൽ മില്ലറ്റ് ഗ്രാമം പദ്ധതിയും പോഷകാഹാര പര്യാപ്തത പദ്ധതിയും നടപ്പാക്കി വരുന്നു. 60 വയസ്സിന് മുകളിലുള്ള എല്ലാവർക്കും (62,473 എണ്ണം) പ്രത്യേക പോഷകാഹാര ഭക്ഷണം ഉറപ്പാക്കുന്നതിനും, അവരുടെ പോഷകാഹാര നില മെച്ചപ്പെടുത്തുന്നതിനും വൈറസ് ബാധയെ പ്രതിരോധിക്കുന്നതിനുമായി ധാന്യങ്ങൾ, പയർവർഗ്ഗങ്ങൾ, എണ്ണ മുതലായവ അടങ്ങിയ ഭക്ഷ്യക്കിറ്റ് നൽകിയിട്ടുണ്ട്. ഇടുക്കി, വയനാട് പട്ടികവർഗ്ഗ മേഖലകളിലെ പോഷകാഹാര പര്യാപ്തത പരിഹരിക്കുന്നതിനായി 2020-21-ൽ ഹരിത രശ്മി എന്ന നൂതന പദ്ധതിക്ക് പട്ടികവർഗ വകുപ്പ് തുടക്കമിടുകയുണ്ടായി. ഇടുക്കിയിലും വയനാട്ടിലുമുള്ള 2,500 പട്ടികവർഗ കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്.

## മില്ലറ്റ് വില്ലേജ് പദ്ധതി

അട്ടപ്പാടിയിലെ കൃഷിയെ പുനരുജ്ജീവിപ്പിക്കാൻ ഉദ്ദേശിച്ചുള്ളതാണ് 'മില്ലറ്റ് വില്ലേജ് സ്കീം'. 7.41 കോടി രൂപയാണ് പദ്ധതിയുടെ ആകെ ചെലവ്. 1,900 ഏക്കറിൽ 70 ജനവാസ കേന്ദ്രങ്ങളിൽ പദ്ധതി പുരോഗമിക്കുന്നു. പച്ചക്കറികൾ, പല ഇനം തിനകൾ, പയർവർഗ്ഗങ്ങൾ, എണ്ണക്കുരുക്കൾ എന്നിവ ഈ പദ്ധതി പ്രകാരം കൃഷി ചെയ്യുന്നു. വിപണനത്തിന്റെ ഭാഗമായി ഗുണനിലവാരമുറപ്പുവരുത്തി 'അട്ടപ്പാടി ഓർഗാനിക്' എന്ന പേരിൽ ഇവ വിൽപ്പനയ്ക്കും ലഭ്യമാണ്. 400 ഹെക്ടറിൽ ഈ പദ്ധതിപ്രകാരം വിളവെടുപ്പ് നടത്തി 1,256 കർഷകർക്ക് പ്രയോജനപ്പെടുകയുണ്ടായി. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഉപജീവനമാർഗം സൃഷ്ടിക്കുന്നതിനും അപ്പുറം അട്ടപ്പാടിയിലെ ഗോത്രവർഗക്കാർക്ക് ഭക്ഷ്യ-പോഷകാഹാര സുരക്ഷ ഉറപ്പാക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ആത്യന്തികമായി ലക്ഷ്യമിടുന്നത്.

## 'നമുത്ത് വെള്ളമേ'- കാർഷിക പരിസ്ഥിതി ശാസ്ത്രത്തിലൂടെ- പോഷകാഹാരം- ഭക്ഷ്യ പര്യാപ്തത

അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാരുടെ കൃഷി പുനരുജ്ജീവിപ്പിക്കുന്നതിനായി ആരംഭിച്ച ന്യൂട്രിഷ്യൻ സഫിഷ്യൻസി ഇൻ ഫുഡ് ത്രൂ അഗ്രോളജി എന്ന പദ്ധതിയെ ഗോത്ര ഭാഷയിൽ 'നമുത്ത് വെള്ളമേ' എന്ന് നാമകരണം ചെയ്തിരിക്കുന്നു. ഈ പദ്ധതിയിലൂടെ അവർ അട്ടപ്പാടിയിലെ വിവിധ പട്ടികവർഗ്ഗ സമൂഹങ്ങൾ അനുഷ്ഠിക്കുന്ന പരമ്പരാഗത കൃഷിരീതികളിലൊന്നായ പഞ്ചകൃഷി പുനരുജ്ജീവിപ്പിച്ചു. ഒന്നിലധികം ഇനം തിനകൾ, ചോളം, എള്ള്, നെല്ല്, പച്ചക്കറികൾ എന്നിവ സമ്മിശ്രമായി കൃഷി ചെയ്യുന്ന രീതിയാണ് പിന്തുടരുന്നത്. ഇത് പട്ടികവർഗ്ഗ സമൂഹത്തിന്റെ ഭക്ഷ്യസുരക്ഷയ്ക്കും പോഷണം വർധിപ്പിക്കുന്നതിനും പ്രതിരോധശേഷി കൂട്ടുന്നതിനും സഹായകരമാണ്. സാമ്പത്തിക സഹായം, പങ്കാളിത്ത ഗ്യാരണ്ടി സിസ്റ്റം (പി.ജി.എസ്-ഇന്ത്യ), എം.ജി.എൻ.ആർ.ഇ.ജി.എസ് പിന്തുണ, മൂല്യവർദ്ധന പരിപാടികൾ എന്നിവയിലൂടെ കുടുംബ കർഷകരുടെ ആവശ്യങ്ങളോട് പദ്ധതി പിന്തുണ നൽകുന്നു. ഇത് നിയന്ത്രിക്കുന്നതും മുന്നോട്ട് നയിക്കുന്നതും ആദിവാസി സമൂഹമാണ്, പ്രത്യേകിച്ചും ചെറുപ്പക്കാരായ ട്രൈബൽ ഫീൽഡ് കോഡിനേറ്റർമാരാണ്. പദ്ധതിയുടെ ആദ്യഘട്ടത്തിൽ അട്ടപ്പാടിയിലെ 19 ഉൾഗ്രാമങ്ങളിൽ ഇത് നടപ്പാക്കുകയും 617 കർഷകരുടെ ഉടമസ്ഥതയിലുള്ള 897 ഏക്കർ ഭൂമി കൃഷിക്ക് അനുയോജ്യമാക്കുകയും ചെയ്യുകയുണ്ടായി. ഏകദേശം 71 ശതമാനം (638 ഏക്കർ) തരിശുനിലം കൃഷിക്ക് അനുയോജ്യമാക്കുകയും വിളവെടുപ്പ് വർഷത്തിന്റെ അവസാനത്തോടെ, 17,234 കിലോഗ്രാം തിന, ധാന്യങ്ങൾ, പച്ചക്കറികൾ, പോഷകമൂല്യമുള്ള മറ്റ് ഭക്ഷ്യവിളകൾ എന്നിവ വിളവെടുക്കാൻ കർഷകർക്ക് കഴിയുകയുമുണ്ടായി. തദ്ദേശീയമായ ഭക്ഷണക്രമത്തിലും സംസ്കാരത്തിലും അനുഷ്ഠാനങ്ങളിലും പ്രധാന പങ്കുവഹിച്ച അപൂർവ തിനകളും വിള ഇനങ്ങളും പുനരവതരിപ്പിച്ചതിനാൽ ഈ പദ്ധതി ഗോത്രവർഗ്ഗക്കാർക്കിടയിൽ പരക്കെ അംഗീകരിക്കപ്പെടുകയുമുണ്ടായി. പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ അട്ടപ്പാടിയിലെ 16 ഉൾഗ്രാമങ്ങളിലേക്ക്

കൂടി വ്യാപിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. ഇതോടെ 1,671 ഏക്കർ സ്ഥലത്തെ 1,211 കർഷകർക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കും.

### സാമൂഹിക വികസന പരിപാടികൾ

പട്ടികവർഗ്ഗ വിഭാഗക്കാരുടെ ക്ഷേമത്തിനായി നടപ്പിലാക്കുന്ന പ്രധാനപ്പെട്ട സാമൂഹിക സുരക്ഷാ പദ്ധതികളിൽ, പട്ടികവർഗ്ഗ പെൺകുട്ടികളുടെ വിവാഹത്തിനുള്ള സഹായം, അടിയ, പണിയ, തുടങ്ങിയ ഗോത്ര വിഭാഗങ്ങളുടെ വികസനത്തിനുള്ള പ്രത്യേക പാക്കേജ് പരിപാടികൾ, ഗോത്രവത്സല്യനിധി, അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി എന്നിവ ഉൾപ്പെടുന്നു. ഈ സ്കീമുകൾക്ക് കീഴിലുള്ള പ്രധാന ഭൗതിക നേട്ടങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

- 285 പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് 1.00 ലക്ഷം രൂപ നിരക്കിൽ വിവാഹ സഹായം നൽകി.
- അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീമിനു കീഴിൽ തിരഞ്ഞെടുത്ത 94 കോളനികളിൽ 22 കോളനികളിലെ നിർമാണ പ്രവർത്തനങ്ങൾ പൂർത്തിയായി.
- അടിയ, പണിയ, പ്രത്യേക പാക്കേജ് പ്രകാരം 35000 ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിച്ചു
- ഗോത്രവത്സല്യനിധി, ആദിവാസി പെൺകുട്ടികളുടെ എൻഡോവ്മെന്റ് പദ്ധതി പ്രകാരം 512 പട്ടികവർഗ പെൺകുട്ടികൾക്ക് സാമൂഹിക സുരക്ഷയുടെ ഭാഗമായി ഇൻഷുറൻസ് പരിരക്ഷ നൽകി.

### നിയമ പരിരക്ഷ പരിപാടികൾ: പൗരാവകാശ സംരക്ഷണവും അതിക്രമങ്ങൾ തടയുന്നതിനുള്ള നിയമവും

സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ താൽപര്യം സംരക്ഷിക്കുന്നതിനും ഭരണഘടനാപരവും നിയമപരവുമായ സംരക്ഷണം നൽകുന്നതിനായി, പൗരാവകാശ സംരക്ഷണ നിയമവും പട്ടികജാതി–പട്ടികവർഗ (അതിക്രമങ്ങൾ തടയൽ) നിയമം 1989 നടപ്പിലാക്കിയിട്ടുണ്ട്. നിയമത്തിലെ വ്യവസ്ഥകൾ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരായ കുറ്റകൃത്യങ്ങൾ തടയുന്നു. 2020–21ൽ 50 ദമ്പതികൾക്ക് മിശ്ര വിവാഹ സഹായം നൽകിയിട്ടുണ്ട്. 2021–22–ൽ, 13 ഗുണഭോക്താക്കൾക്ക് (2021 ഒക്ടോബർ 05 വരെ) മിശ്ര വിവാഹ സഹായം നൽകി. 2016–17 മുതൽ 2021–22 വരെ വിവാഹ സഹായവും മിശ്ര വിവാഹ സഹായവും ലഭിച്ച ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ **അനുബന്ധം 8.2.28**–ൽ നൽകിയിരിക്കുന്നു.

### പട്ടികവർഗ്ഗ ഉപപദ്ധതിക്കായുള്ള കോർപ്പസ് ഫണ്ട് (നിർണ്ണായക വിടവുനികത്തൽ പദ്ധതി)

പട്ടികവർഗ ഉപപദ്ധതികളിൽ കണ്ടെത്തിയിട്ടുള്ള വികസന വിടവുകൾ നികത്തുന്നതിനായി പട്ടികവർഗ വികസന വകുപ്പ്, ബജറ്റിൽ കോർപ്പസ് ഫണ്ടായി ഒരു വിഹിതം വർഷം തോറും വകയിരുത്താറുണ്ട്. 2020–21–ൽ, പദ്ധതിക്കായി ₹40.00 കോടി വകയിരുത്തിയിരുന്നെങ്കിലും, ₹44.53 കോടി ചെലവഴിക്കുകയുണ്ടായി. 2016–17 മുതൽ 2021–22 വരെ (ഒക്ടോബർ 05, 2021 വരെ) പദ്ധതിക്ക് കീഴിൽ അനുവദിച്ച വിഹിതവും ചെലവും **അനുബന്ധം 8.2.27**–ൽ നൽകിയിരിക്കുന്നു.

### പട്ടികവർഗ്ഗ ഉപപദ്ധതിക്കുവേണ്ടിയുള്ള പ്രത്യേക കേന്ദ്രസഹായം (എസ് സി എ ടു ടി എസ് പി)

പട്ടികവർഗ കുടുംബങ്ങൾക്ക് പ്രയോജനപ്രദമായ വിദ്യാഭ്യാസം, ആരോഗ്യം, തൊഴിലധിഷ്ഠിതമായ വരുമാനദായക പ്രവർത്തനങ്ങൾ എന്നിവയ്ക്കായി സംസ്ഥാന പദ്ധതി ഫണ്ടുകൾക്ക് പുറമേ, പ്രത്യേക കേന്ദ്രസഹായ ഫണ്ടാണ് പട്ടികവർഗ്ഗ ഉപപദ്ധതിക്കു വേണ്ടിയുള്ള പ്രത്യേക കേന്ദ്രസഹായം. 2016–17 മുതൽ 2021–22 വരെയുള്ള (ഒക്ടോബർ 05, 2021 വരെ) പട്ടികവർഗ്ഗ ഉപപദ്ധതിക്കു വേണ്ടിയുള്ള പ്രത്യേക കേന്ദ്രസഹായത്തിൻറെ വിഹിതവും ചെലവും **അനുബന്ധം 8.2.29**–ൽ നൽകിയിരിക്കുന്നു.

### കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് ട്രെയിനിങ് ആന്റ് ഡവലപ്മെന്റ് സ്റ്റഡീസ് ഫോർ എസ്.സി/ എസ്.റ്റി (കിർത്താഡ്സ്)

1970–ൽ സ്ഥാപിതമായ പട്ടികവർഗ്ഗ ഗവേഷണ പരിശീലന സെന്റർ (റ്റി.ആർ.ആന്റ്.റ്റി.സി) പുനർനാമകരണം ചെയ്താണ് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് ട്രെയിനിംഗ് ആന്റ് ഡവലപ്മെന്റ് സ്റ്റഡീസ് ഫോർ എസ്.സി/എസ്.റ്റി (കിർത്താഡ്സ്) ആയി മാറിയത്. ഈ ഇൻസ്റ്റിറ്റ്യൂട്ട് സംസ്ഥാനത്തെ പട്ടികജാതി, പട്ടികവർഗ്ഗക്കാരെക്കുറിച്ച് പഠനങ്ങളും ഗവേഷണവും നടത്തുന്നു. കേരളത്തിലെ പട്ടിക സമൂഹങ്ങൾക്കിടയിലെ വികസനം പ്രോത്സാഹിപ്പിക്കുന്നതിന് നരവംശ ശാസ്ത്ര ഗവേഷണം സഹായിക്കുന്നു. പാർശ്വവത്കരിക്കപ്പെട്ട വിഭാഗങ്ങൾ അഭിമുഖീകരിക്കുന്ന ആവശ്യങ്ങളും പ്രശ്നങ്ങളും തിരിച്ചറിയാനും അവരുടെ സമഗ്രവികസനത്തിന് ഒരു പരിഹാരം കണ്ടെത്തുന്നതിനും സർക്കാരിന് ശുപാർശകൾ നിർദ്ദേശിക്കാനും ഈ സ്ഥാപനം ശ്രമിക്കുന്നു. സ്ഥാപനത്തിന് ഗവേഷണം, പരിശീലനം, ഡവലപ്മെന്റ് സ്റ്റഡീസ് എന്നിങ്ങനെ മൂന്ന് പ്രധാന വിഭാഗങ്ങളാണുള്ളത്. സ്ഥാപനത്തിന്റെ ഗവേഷണ വിഭാഗം, നരവംശ ശാസ്ത്രത്തിന്റെയും സാമൂഹ്യശാസ്ത്രത്തിന്റെയും വിവിധ മേഖലകളിൽ നിന്നുള്ള സൈദ്ധാന്തിക വീക്ഷണങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് സമുദായിക പഠനങ്ങളുടെ ഗവേഷണത്തിന്റെയും വർഗ്ഗീകരണത്തിന്റെയും ഭാഗമായി വിവിധ സമുദായങ്ങളുടെ, പ്രത്യേകിച്ചും പട്ടിക സമുദായങ്ങളെക്കുറിച്ച്, വംശീയ, സാമൂഹിക, സാംസ്കാരിക പഠനങ്ങൾ നടത്തുന്നു. ഡവലപ്മെന്റ് സ്റ്റഡീസ് വിഭാഗം സംസ്ഥാനത്തെ പട്ടിക സമുദായങ്ങളുടെ വികസനത്തിനായി നടപ്പിലാക്കിയ വിവിധ പരിപാടികളുടെ പഠനങ്ങൾ നടത്തുന്നു.

സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ സമൂഹങ്ങളെ ശാക്തീകരിക്കുന്നതിന് പ്രത്യേക ഊന്നൽ നൽകിക്കൊണ്ട് പരിശീലന വിഭാഗം പ്രസ്തുത പരിപാടികൾ നടത്തുകയും ഏകോപിപ്പിക്കുകയും ചെയ്യുന്നു. ഓറിയന്റേഷൻ പരിപാടികൾ, ശേഷി വർദ്ധിപ്പിക്കൽ പരിപാടികൾ, ശാക്തീകരണ പരിപാടികൾ, വിദ്യാഭ്യാസ പരിപാടികൾ എന്നിവയും ഈ വിഭാഗം നടത്തിവരുന്നു. സംസ്ഥാനത്തെ പട്ടികജാതി/പട്ടിക വർഗ്ഗ സമുദായങ്ങളുടെ പരമ്പരാഗത നൃത്തം, സംഗീതം എന്നിവ ഉൾ

**ബോക്സ് 8.2.4** ഹരിത രശ്മി

പട്ടികവർഗ്ഗക്കാരെ കാർഷിക മേഖലയിലേക്ക് ആകർഷിക്കാനും അതുവഴി അവരുടെ വരുമാനവും ജീവിത നിലവാരവും മെച്ചപ്പെടുത്താനും ലക്ഷ്യമിട്ടുള്ള പദ്ധതിയാണ് ഹരിതരശ്മി. പട്ടികവർഗക്കാരുടെ ഉടമസ്ഥതയില്ലുള്ള ഉപയോഗശൂന്യമായ ഭൂമിയിൽ ശാസ്ത്രീയവും ആധുനികവുമായ കൃഷി പ്രോത്സാഹിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. പട്ടികവർഗ്ഗ ഗുണഭോക്താക്കളുടെ പങ്കാളിത്തത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. വയനാട് ജില്ലയിൽ തിരഞ്ഞെടുക്കപ്പെട്ട 3,000 കുടുംബങ്ങളുടെയും ഇടുക്കി ജില്ലയിൽ തിരഞ്ഞെടുത്ത 1000 കുടുംബങ്ങളുടെയും ഉടമസ്ഥതയിലുള്ള സ്ഥലത്താണ് കാർഷിക പ്രവർത്തനങ്ങൾ നടക്കുന്നത്. ഹരിതരശ്മി പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് ബന്ധപ്പെട്ട എല്ലാ വകുപ്പുകളിലെയും ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, വിദഗ്ധർ, പട്ടികവർഗ്ഗ കർഷകർ, സർവകലാശാലാ വിദഗ്ധർ, സമുദായ നേതാക്കൾ, കർഷക സംഘടനകൾ, പരമ്പരാഗത കർഷകർ എന്നിവരുടെ പങ്കാളിത്തം ഉറപ്പാക്കുന്നുണ്ട്. ഹരിതരശ്മി പദ്ധതിയുടെ ഭാഗമായി കർഷകർക്ക് വെണ്ട, പച്ചമുളക് (2 ഇനം), തക്കാളി, വഴുതന, മത്തൻ, ചീര, പയർ, പടവലം, വെള്ളരി, കയ്പക്ക എന്നിവയുടെ വിത്തുകളടങ്ങിയ കിറ്റുകൾ വിതരണം ചെയ്യുകയുണ്ടായി. കൂടാതെ, പേരയ്ക്ക, ആപ്രിക്കോട്ട്, നെല്ലിക്ക, ബ്രെൻഡിൽ ബെറി, നാരങ്ങ, കറിവേപ്പില, സോയാബീൻ, മാതളം, രാമച്ചം, ചക്ക തുടങ്ങിയ ഫലവൃക്ഷങ്ങളുടെ തൈകൾ ഗുണഭോക്താക്കൾക്ക് നൽകുകയുണ്ടായി. വയനാട് ജില്ലയിൽ ഇതുവരെ 87 കർഷക സംഘങ്ങളും, ഇടുക്കി ജില്ലയിൽ 33 കർഷക സംഘങ്ങളും രൂപീകരിച്ചിട്ടുണ്ട്. പദ്ധതി ഗുണഭോക്താക്കളുമായും കർഷക സംഘങ്ങളുടെ പ്രതിനിധികളുമായും കൃത്യമായ ഇടവേളകളിൽ അവലോകനങ്ങളും ചർച്ചകളും നടത്തുന്നുമുണ്ട്.

പദ്ധതിയിൽ വിഭാവനം ചെയ്യുന്നതുപോലെ മണ്ണിന്റെ ഘടനയും കാലാവസ്ഥയും ഗുണഭോക്താക്കളുടെ താൽപര്യവും കണക്കിലെടുത്ത് കാർഷിക കലണ്ടർ പ്രകാരം കൃഷി ചെയ്യാനുള്ള വിത്തുകളും തൈകളും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഏലം, ഇഞ്ചി, മഞ്ഞൾ, കുരുമുളക്, കാന്താരി, വാഴ, പപ്പായ, മറ്റ് ശീതകാല പച്ചക്കറികൾ, കിഴങ്ങുകൾ, ഔഷധസസ്യങ്ങൾ എന്നിവയുടെ ഗുണനിലവാരമുള്ള വിത്തുകളും തൈകളും കൃത്യസമയത്ത് കർഷകർക്ക് വിതരണം ചെയ്യുന്നു. വയനാട് ജില്ലയിൽ കാർഷിക വിദഗ്ധരെ ഉൾപ്പെടുത്തി പദ്ധതിപ്രകാരം രൂപീകരിച്ച കർഷക സംഘങ്ങൾക്ക് കൃഷിരീതികൾ, ശാസ്ത്രീയ വിളവെടുപ്പ് രീതികൾ, വിത്ത് പരിപാലനം, നഴ്സറി പരിപാലനം തുടങ്ങിയ വിഷയങ്ങളിൽ പ്രായോഗിക പരിശീലനം ആരംഭിച്ചിട്ടുണ്ട്.

ക്കൊള്ളുന്ന ആദികലാഗ്രാമം പരിപാടിയും ഇൻസ്റ്റിറ്റ്യൂട്ട് ഏറ്റെടുത്തു നടത്തുന്നു. കിർത്താഡ്സിന്റെ പദ്ധതി തിരിച്ചുള്ള വിഹിതവും ചെലവും **അനുബന്ധം 8.2.30**–ൽ നൽകിയിരിക്കുന്നു. 2016–17 മുതൽ 2021–22 വരെ (2021 ഒക്ടോബർ 05 വരെ) കേരളത്തിലെ പട്ടിക ജാതി–പട്ടികവർഗ്ഗക്കാരെ അടിസ്ഥാനമാക്കി കിർത്താഡ്സ് നടത്തിയ നരവംശശാസ്ത്ര അന്വേഷണങ്ങളുടെ എണ്ണം **അനുബന്ധം 8.2.31**–ൽ നൽകിയിരിക്കുന്നു.

### കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നുള്ള സംരഭകരുടെ ആവശ്യങ്ങൾക്കും അഭിലാഷങ്ങൾക്കും യോജിക്കുന്ന തരത്തിലുള്ള ക്ഷേമ പരിപാടികളും വിവിധ വരുമാനദായകമായ പദ്ധതികളും കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നു. കോർപ്പറേഷൻ നടപ്പിലാക്കിരുന്ന പദ്ധതികളെ (i) ഒറ്റത്തവണ വായ്പാ പദ്ധതി (ii) ദേശീയ പട്ടികജാതി ധനകാര്യ വികസന കോർപ്പറേഷനു (എൻ.എസ്.എഫ്.ഡി.സി.) മായി ചേർന്നു നടപ്പിലാക്കുന്ന പദ്ധതികൾ (iii) ദേശീയ പട്ടികവർഗ്ഗ ധനകാര്യ വികസന കോർപ്പറേഷനുമായി (എൻ.എസ്.ടി.എഫ്.ഡി.സി.) ചേർന്ന് നടപ്പിലാക്കുന്ന പദ്ധതികൾ എന്നിങ്ങനെ തരം തിരിക്കാവുന്നതാണ്. കോർപ്പറേഷന്റെ വരുമാനദായക പ്രവർത്തനങ്ങളാണ് മൾട്ടി പർപ്പസ് യൂണിറ്റ് വായ്പ, വാഹനലോൺ, സംരംഭം ആരംഭിക്കാനുള്ള വായ്പ, കുടിയേറ്റക്കാരുടെ പുനരധിവാസത്തിനുള്ള വായ്പ, വിദേശ തൊഴിൽ വായ്പ, മൈക്രോ ക്രെഡിറ്റ് ഫിനാൻസ് വായ്പ, ലഘു വ്യവസായ വായ്പ, വനിതാ ശാക്തീകരണ പദ്ധതി, മഹിളാസമൃദ്ധി യോജന, ഭൂസംരക്ഷണത്തിനായുള്ള വായ്പ എന്നിവ. 2020–21–ൽ കോർപ്പറേഷൻ 6,761.22 ലക്ഷം രൂപ വിതരണം ചെയ്യുകയും 3,726 പട്ടികജാതിക്കാർക്കും 2094 പട്ടിക വർഗ്ഗ ഗുണഭോക്താക്കൾക്കും ഇതിന്റെ പ്രയോജനം ലഭിക്കുകയും ചെയ്തിട്ടുണ്ട്. 2021–22–ൽ 505 പട്ടികജാതി ഗുണഭോക്താക്കൾക്കും 222 പട്ടിക വർഗ്ഗ ഗുണഭോക്താക്കൾക്കും (സെപ്റ്റംബർ 30, 2021) പദ്ധതി പ്രയോജനപ്പെട്ടു. 2020–21–ൽ കോർപ്പറേഷൻ ഏറ്റെടുത്ത പുതിയ പരിപാടികൾ ചുവടെ കൊടുക്കുന്നു.

**a) സ്റ്റാർട്ട് അപ് സംരഭകർക്ക് വായ്പ**
3.50 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള 18 മുതൽ 55 വയസ്സുവരെയുള്ള പട്ടികജാതി യുവജനങ്ങൾക്ക് സ്റ്റാർട്ട് അപ് സംരംഭങ്ങൾ ആരംഭിക്കുന്നതിന് പരമാവധി 50 ലക്ഷം രൂപവരെ 6 ശതമാനം പലിശ നിരക്കിൽ വായ്പ നൽകുന്നു. അടുത്തിടെ പ്രൊഫഷണൽ കോഴ്സുകൾ പാസ്സായ വിദ്യാർത്ഥികൾക്ക് മുൻഗണന നൽകുന്നുണ്ട്. 2019–20–ൽ ഒരു പട്ടികജാതി സംരഭകനും, 2020–21–ൽ രണ്ട് സംരഭകർക്കും ഈ പദ്ധതി വഴി ധനസഹായം ലഭിക്കുകയുണ്ടായി.

**b) പ്രവാസികളുടെ പുനരധിവാസത്തിനുള്ള വായ്പ**
നോർക്ക മുഖേന തെരഞ്ഞെടുക്കുന്ന ഗുണഭോക്താകൾക്ക് വരുമാനദായക സംരഭങ്ങൾ ആരംഭിക്കുന്നതിനായി 20 ലക്ഷം രൂപ കേരള സംസ്ഥാന വികസന കോർപ്പറേഷൻ നൽകുന്നു. പദ്ധതി മൂലധനത്തിന്റെ 15 ശതമാനം തുക സബ്സീഡിയായി നോർക്ക നൽകുന്നു. 2020–21–ൽ നാല് പ്രവാസികൾക്കായി 24.03

ലക്ഷം രൂപ വായ്പയായി നൽകുകയുണ്ടായി.

c) **സ്ത്രീ ശാക്തീകരണ പരിപാടി –** കോർപ്പറേഷൻ, കുടുംബശ്രീയുമായി ചേർന്ന് സ്ത്രീ ശാക്തീകരണ പരിപാടികൾ ഏറ്റെടുത്ത് നടത്തുന്നതാണ്. ഈ പദ്ധതിയിലൂടെ സംരംഭക ഗ്രൂപ്പുകൾക്ക് വായ്പ നൽകുന്നു. 3 ലക്ഷം രൂപയാണ് വായ്പാ തുക. ഇതിൽ ഒരു ലക്ഷം രൂപ സബ്സിഡിയാണ്. ഈ പരിപാടിയിലൂടെ 448 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുകയുണ്ടായി.

കോർപ്പറേഷന്റെ 2020–21, 2021–22 (സെപ്റ്റംബർ 30, 2021 വരെ) വർഷങ്ങളിലെ ഭൗതികവും, സാമ്പത്തികവുമായ നേട്ടങ്ങളുടെ പദ്ധതി തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 8.2.32**–ൽ നൽകിയിരിക്കുന്നു.

### മറ്റ് പിന്നോക്ക വിഭാഗങ്ങളുടെ ക്ഷേമം

സാമൂഹികമായി ദുർബല വിഭാഗങ്ങളായ പട്ടികജാതി, പട്ടികവർഗ്ഗം, മറ്റ് പിന്നോക്ക വിഭാഗങ്ങൾ എന്നിവരെ ഉയർത്തികൊണ്ടുവരാനുള്ള ശ്രമങ്ങൾ സ്വാതന്ത്ര്യത്തിന് മുമ്പ് തന്നെ ഇന്ത്യയിൽ നടന്നിരുന്നു. സമൂഹത്തിലെ പിന്നോക്ക വിഭാഗങ്ങളുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വാതന്ത്ര്യാനന്തരവും ഇന്ത്യയിൽ ആവിഷ്കരിക്കുകയുണ്ടായി. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 15(4), 16(4) വിദ്യാഭ്യാസത്തിലും തൊഴിലിലും മറ്റ് പിന്നോക്ക വിഭാഗങ്ങൾക്ക് പ്രത്യേക ശ്രദ്ധയും സംവരണവും ഉറപ്പാക്കുന്നുണ്ട്. ഇന്ത്യൻ ഭരണഘടനയുടെ 340–ാം അനുച്ഛേദവും മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിന്റെ ശുപാർശകളും അനുസരിച്ച്, സമൂഹത്തിലെ സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനായി 2011 നവംബറിൽ സംസ്ഥാന സർക്കാർ ഒരു പ്രത്യേക വകുപ്പ് രൂപീകരിക്കുകയുണ്ടായി. മറ്റ് പിന്നോക്ക വിഭാഗങ്ങളിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന വിഭാഗമാണ് ഒ.ഇ.സി.

തൊഴിലിലും വിദ്യാഭ്യാസത്തിലും മറ്റ് പിന്നോക്ക വിഭാഗങ്ങൾക്ക് സംവരണം ഉറപ്പാക്കുന്നതിൽ മുൻനിരയിൽ നിൽക്കുന്ന സംസ്ഥാനങ്ങളിലൊന്നാണ് കേരളം. അതുകൊണ്ടു തന്നെ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ പിന്നോക്ക വിഭാഗങ്ങളുടെ സാമൂഹിക പുരോഗതി വളരെ മികച്ചതാണ്. എന്നിരുന്നാലും സമൂഹത്തിലെ പൊതുവിഭാഗവുമായി താരതമ്യ പ്പെടുത്തുമ്പോൾ മറ്റ് പിന്നോക്ക വിഭാഗങ്ങളുടെ സാമൂഹിക മുന്നേറ്റം കേരളത്തിൽ വളരെ പിന്നിലാണുതാനും. സംസ്ഥാന ജനസംഖ്യയുടെ 65 ശതമാനത്തോളം ജനങ്ങൾ മറ്റ പിന്നോക്ക വിഭാഗങ്ങ ളിൽപ്പെടുന്നു. ഒ.ബി.സി പട്ടികയിൽ ഉൾപ്പെട്ട 84 സമുദായങ്ങളാണ് സംസ്ഥാനത്തുള്ളത്.

പിന്നോക്ക വികസന വകുപ്പ് ഏറ്റെടുത്തിരിക്കുന്ന മറ്റ് വിദ്യാഭ്യാസ പദ്ധതികളിൽ (1) പ്രീമെട്രിക്, പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ, (2) തൊഴിൽദായക പദ്ധതികൾ (3) നൈപുണ്യ പരിശീലനം, (4) പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന ബാർബർ ഷോപ്പുകൾ, കളിമൺ പാത്ര നിർമാണ മേഖല, പരമ്പരാഗത കരകൗശല വസ്തുക്കളുടെ നിർമാണം തുടങ്ങിയവയ്ക്കുള്ള സഹായം എന്നിവ ഉൾപ്പെടുന്നു.

### വിദ്യാഭ്യാസ പദ്ധതികൾ

വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി ഒ.ബി.സി വിദ്യാർത്ഥികൾക്കും ഒ.ഇ.സി വിദ്യാർത്ഥികൾക്കും പ്രീ–മെട്രിക്, പോസ്റ്റ്–മെട്രിക് സ്കോളർഷിപ്പുകൾ നൽകിവരുന്നു. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നൽകുന്ന എല്ലാത്തരം വിദ്യാഭ്യാസ സഹായങ്ങളും വരുമാന പരിധിയില്ലാതെ ഒ.ഇ.സി വിദ്യാർത്ഥി കൾക്കും ലഭിക്കുവാൻ അർഹതയുണ്ട്. 2020–21–ൽ ഒ.ബി.സി, ഒ.ഇ.സി വിദ്യാർത്ഥികൾക്ക് നൽകിയ പ്രധാന വിദ്യാഭ്യാസ സഹായങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

- 52,486 ഒ.ഇ.സി വിദ്യാർത്ഥികൾക്ക് പ്രീ–മെട്രിക് സ്കോളർഷിപ്പും 43,060 ഒ.ഇ.സി വിദ്യാർത്ഥികൾക്ക് പോസ്റ്റ്–മെട്രിക് സ്കോളർഷിപ്പും ലഭ്യമാക്കി.
- 1,70,454 ഒ.ബി.സി വിദ്യാർത്ഥികൾക്ക് പ്രീ–മെട്രിക് സ്കോളർഷിപ്പും 2,585 ഒ.ബി.സി വിദ്യാർത്ഥികൾക്ക് പോസ്റ്റ്–മെട്രിക് സ്കോളർഷിപ്പും ലഭ്യമാക്കി.
- 38 വിദ്യാർത്ഥികൾക്ക് ഉപരി പഠനത്തിനായി വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പും ലഭ്യമാക്കി.

### തൊഴിൽദായക പദ്ധതികൾ

പിന്നോക്കവിഭാഗങ്ങൾക്ക് വരുമാനദായക, തൊഴിൽ ദായക പദ്ധതികളായ 'തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കൽ പരിപാടി', 'പൊതു–സ്വകാര്യ പങ്കാളിത്തത്തിലൂടെ ഓട്ടോമൊബൈൽ വ്യവസായത്തിലെ തൊഴിലുകൾ ലഭ്യമാക്കൽ' തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നു. 'തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്ന പരിപാടി'യിലൂടെ സിവിൽ സർവ്വീസ് പരീക്ഷ, യു.ജി.സി/നെറ്റ്/ജെ.ആർ.എഫ്/ഗേറ്റ്/മാറ്റ്/മറ്റ മത്സര പരീക്ഷകൾ എന്നിവയ്ക്ക് പ്രശസ്ത സ്ഥാപനങ്ങളിൽ പരിശീലനം നേടുന്നതിനും, സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും സാമ്പത്തിക സഹായം നൽകുന്നു. 2020–21 വർഷത്തിൽ 1,888 ഗുണഭോക്താക്കൾക്ക് ഈ പദ്ധതി പ്രകാരം സഹായം ലഭിക്കുകയുണ്ടായി. 'പൊതു–സ്വകാര്യ പങ്കാളിത്തത്തിലൂടെ ഓട്ടോമൊബൈൽ വ്യവസായത്തിലെ തൊഴിലുകൾ ലഭ്യമാക്കൽ' എന്ന പദ്ധതിയിലൂടെ മോട്ടോർവാഹനം, ലൊജിസ്റ്റിക്സ്, ഹോട്ടൽ മാനേജ്മെന്റ്, പോളിമർ ടെക്നോളജി തുടങ്ങിയ മേഖലകളിൽ തൊഴിലധിഷ്ഠിത പരിശീലനം നൽകുന്നു. 2020–21–ൽ ഈ പദ്ധതിയിലൂടെ 198 വിദഗ്ധ തൊഴിലാളി കൾക്കും ടെക്നീഷ്യൻമാർക്കും പ്രയോജനം ലഭിക്കുകയുണ്ടായി.

മറ്റ് പിന്നോക്ക വിഭാഗക്കാർക്കിടയിലെ പരമ്പരാഗത തൊഴിൽ പ്രോത്സാഹിപ്പിക്കുന്നതിനായി മൺപാത്ര നിർമ്മാണ തൊഴിലാളികൾ, ബാർബർഷോപ്പ് തൊഴിലാളികൾ, കരകൗശല വിദഗ്ധർ എന്നിവർക്ക് ധനസഹായം നൽകുകയുണ്ടായി. 2020–21–ൽ 112 മൺപാത്ര നിർമാണ തൊഴിലാളികൾക്കും 270 പരമ്പരാഗത ക്ഷുരകർക്കും സഹായം നൽകി. കൂടാതെ, 'നൈപുണ്യപരിശീലവും പരമ്പരാഗത കരകൗശല വിദഗ്ധർക്കുള്ള ടൂൾകിറ്റ് ഗ്രാന്റും' എന്ന പദ്ധതിക്ക് കീഴിൽ 2,509 പേർക്ക് നൈപുണ്യ വികസന പരിശീലനവും ടൂൾകിറ്റുകൾ വാങ്ങുന്നതിനുള്ള സഹായവും നൽകിയിട്ടുണ്ട്.

2020–21–ൽ പിന്നോക്ക വിഭാഗ വികസന വകുപ്പിന് സംസ്ഥാന സർക്കാർ 160.68 കോടി രൂപ അനുവദിച്ചതിൽ 130.52 കോടി രൂപ വകുപ്പ് ചെലവഴിക്കുകയുണ്ടായി. 2021–22–ൽ പിന്നോക്ക വിഭാഗ വികസന വകുപ്പിന് സംസ്ഥാന

സർക്കാർ 160.38 കോടി രൂപ അനുവദിക്കുകയുണ്ടായി. 2020–21, 2021–22 (ഒക്ടോബർ 5, 2021) വർഷങ്ങളിൽ വകുപ്പ് നടപ്പിലാക്കിയ പരിപാടികളുടെ പദ്ധതി തിരിച്ചുള്ള വിഹിതം, ചെലവ്, ഭൗതികനേട്ടം എന്നിവ **അനുബന്ധം 8.2.33** ലും **അനുബന്ധം 8.2.34** ലും നൽകിയിരിക്കുന്നു.

### കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ (കെ.എസ്.ബി.സി.ഡി.സി)

ദേശീയ ധനകാര്യ ഏജൻസികളായ ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി), ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി), നാഷണൽ സഫായി കരംചാരീസ് ഫിനാൻസ് ആന്റ് ഡെവലപ്മെന്റ് (എൻ.എസ്.കെ.എഫ്.ഡി) എന്നിവയുടെ സംസ്ഥാനതല ഏകോപന ചാനലായി പ്രവർത്തിക്കുന്നത് കെ.എസ്.ബി.സി.ഡി.സി ആണ്. പിന്നോക്ക സമുദായങ്ങളിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള അംഗങ്ങൾക്ക് കുറഞ്ഞ പലിശനിരക്കിൽ സാമ്പത്തിക സഹായം നൽകുക വഴി പിന്നോക്ക വിഭാഗങ്ങളിലെ ദാരിദ്ര്യവും പിന്നോക്കാവസ്ഥയും ഇല്ലാതാക്കുകയെന്നതാണ് കോർപ്പറേഷന്റെ പ്രധാന ലക്ഷ്യം.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പിന്നോക്ക വിഭാഗക്കാർക്ക് കുറഞ്ഞ പലിശനിരക്കിൽ കോർപ്പറേഷൻ ധനസഹായം നൽകിവരുന്നുണ്ട്. വിവാഹ ധനസഹായ പദ്ധതി, സ്വയംതൊഴിൽ, വിദ്യാഭ്യാസ വായ്പകൾ, മൈക്രോ ഫിനാൻസ്, വീട് നിർമാണം/അറ്റകുറ്റപ്പണി, വ്യക്തിഗത വായ്പ എന്നീ ക്ഷേമപദ്ധതികൾ കോർപ്പറേഷൻ തനത് ഫണ്ടും സംസ്ഥാന സർക്കാർ സഹായവും വിനിയോഗിച്ച് നടപ്പിലാക്കി വരുന്നു. പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ (2017–2021) കെ.എസ്.ബി.സി.ഡി.സി 2,228.29 കോടി രൂപ 2,26,307 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയുണ്ടായി. കോവിഡ്–19 പകർച്ചവ്യാധിയുടെ പശ്ചാത്തലത്തിൽ പിന്നോക്ക വിഭാഗങ്ങളിലെയും ന്യൂനപക്ഷ വിഭാഗങ്ങളിലെയും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ പിന്തുണയ്ക്കുന്നതിനായി കോർപ്പറേഷൻ കോവിഡ് പ്രവർത്തന മൂലധന വായ്പാ പദ്ധതി നടപ്പിലാക്കുകയും അതുവഴി 365 അംഗങ്ങൾക്ക് 859.08 ലക്ഷം രൂപ വിതരണം ചെയ്യുകയുമുണ്ടായി. പിന്നോക്ക വിഭാഗങ്ങളിലെ സ്ത്രീകൾക്ക് വ്യക്തിഗത സംരംഭങ്ങൾ ആരംഭിക്കുന്നതിനായി കോർപ്പറേഷൻ 'സുഭിക്ഷകേരളം' പദ്ധതി നടപ്പിലാക്കുകയും അതുവഴി 158 സ്ത്രീകൾക്ക് 285.52 ലക്ഷം രൂപ വിതരണം ചെയ്യുകയുമുണ്ടായി. 2020–21–ൽ 631.59 കോടി രൂപയുടെ വായ്പ കോർപ്പറേഷൻ വിതരണം ചെയ്യുകയും അതുവഴി 72,644 പേർക്ക് പ്രയോജനം ലഭിക്കുകയും ചെയ്തു. 2021 ഒക്ടോബർ 5 വരെയുള്ള കണക്ക് അനുസരിച്ച് 207.95 കോടി രൂപ കോർപ്പറേഷൻ വിതരണം ചെയ്യുകയും അതുവഴി 18,121 പേർക്ക് പ്രയോജനം ലഭിക്കുകയും ചെയ്തിട്ടുണ്ട്. 2020–21, 2021–22 (ഒക്ടോബർ 5, 2021 വരെ) വർഷങ്ങളിൽ കോർപ്പറേഷന്റെ ഇനം തിരിച്ചുള്ള ചെലവുകളും ഭൗതിക നേട്ടങ്ങളും **അനുബന്ധം 8.2.35**–ൽ നൽകിയിരിക്കുന്നു.

### കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ

ഇന്ത്യൻ കമ്പനീസ് ആക്ട് 1956 അനുസരിച്ച്, 1980–ലാണ് കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ രൂപീകരിച്ചത്. പട്ടികജാതി വിഭാഗങ്ങളിൽ നിന്നും മറ്റ് ശുപാർശിത വിഭാഗങ്ങളിൽ നിന്നും ക്രിസ്ത്യൻ വിഭാഗത്തിലേക്ക് പരിവർത്തിതപ്പെട്ടവരുടെ സാമൂഹ്യവും വിദ്യാഭ്യാസപരവും സാംസ്കാരികവും സാമ്പത്തികവുമായ ഉന്നമനവും അവരുടെ ജീവിത നിലവാരം ഉയർത്തലും ആണ് കോർപ്പറേഷന്റെ പ്രധാന ലക്ഷ്യം. സംസ്ഥാന സർക്കാരിൽ നിന്നും വാർഷികാടിസ്ഥാനത്തിൽ ലഭിക്കുന്ന ഓഹരി മൂലധന സഹായവും ഗ്രാന്റുകളും എൻ.ബി.സി.ഡി.എഫ്.സി–ൽ നിന്നു ലഭിക്കുന്ന വായ്പ സഹായവുമാണ് കോർപ്പറേഷന്റെ പ്രധാന ധനസ്രോതസ്സുകൾ. കൃഷിഭൂമി വാങ്ങൽ, സ്വയംതൊഴിൽ, പാർപ്പിടം, വിദ്യാർത്ഥികൾക്ക് ധനസഹായം, വിവാഹ വായ്പ, കൃഷിയും അനുബന്ധമേഖലകളിലുമുള്ള സഹായം, ചെറുകിട കച്ചവടം, വിദ്യാഭ്യാസ വായ്പ തുടങ്ങിയവയാണ് കോർപ്പറേഷൻ നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ. കോവിഡ്–19 പകർച്ചവ്യാധിയുടെ പശ്ചാത്തലത്തിൽ ഈ വിഭാഗത്തിൽ ഉൾപ്പെടുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 500 കുടുംബങ്ങൾക്ക് കോർപ്പറേഷൻ 'കോവിഡ്–19 സമാശ്വാസം' എന്ന പേരിൽ 10,000 രൂപ വീതം ധനസഹായം നൽകി.


2020–21–ൽ വിവിധ പരിപാടികൾക്കായി 8.50 കോടി രൂപയാണ് കോർപ്പറേഷൻ അനുവദിച്ചത്. എന്നാൽ കോർപ്പറേഷൻ 12.68 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കോർപ്പറേഷന് ലഭിച്ച വായ്പ തിരിച്ചടവിൽ നിന്നും നൽകിയ വായ്പകൾ കാരണമാണ് അധിക ചെലവ് ഉണ്ടായത്. 2016–17 മുതൽ 2020–21 വരെ (2021 ഒക്ടോബർ 5 വരെ) സംസ്ഥാന സർക്കാർ സഹായത്തോടെയുള്ള വായ്പ പദ്ധതികൾ വർഷംതോറും വിതരണം ചെയ്യുന്നതിന്റെ വിശദാംശങ്ങൾ **അനുബന്ധം 8.2.36**–ൽ നൽകുന്നു. കോർപ്പറേഷന്റെ ഭൗതികവും സാമ്പത്തികവുമായ നേട്ടങ്ങളുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 8.2.37**–ൽ നൽകിയിരിക്കുന്നു.

### ന്യൂനപക്ഷ ക്ഷേമം

സമത്വം, മതം, ഭാഷ, സംസ്കാരം, വിദ്യാഭ്യാസം തുടങ്ങിയ കാര്യങ്ങളിൽ ന്യൂനപക്ഷ സമുദായങ്ങളുടെ അവകാശ സംരക്ഷണത്തിന് ഇന്ത്യൻ ഭരണഘടന ഊന്നൽ നൽകിയിട്ടുണ്ട്. സാക്ഷരത, വിദ്യാഭ്യാസം, ആരോഗ്യം, പാർപ്പിടം തുടങ്ങിയ മാനവ വികസന സൂചകങ്ങളിൽ ഇന്ത്യ ശ്രദ്ധേയമായ പുരോഗതി കൈവരിച്ചിട്ടുണ്ടെങ്കിലും, വികസന നേട്ടങ്ങൾ എല്ലാ മത വിഭാഗങ്ങളിലെ ജനങ്ങൾക്കും സാമൂഹിക വിഭാഗങ്ങൾക്കും തുല്യമായി ലഭിക്കുന്നില്ല എന്നതാണ് യാഥാർത്ഥ്യം.

കേരളത്തിൽ മൊത്തം ജനസംഖ്യയുടെ 45 ശതമാനം (26.56 ശതമാനം മുസ്ലീങ്ങൾ, 18.38 ശതമാനം ക്രിസ്ത്യാനികൾ, 0.014 ശതമാനം ബുദ്ധർ, 0.013 ശതമാനം ജൈനർ, 0.011 ശതമാനം സിഖ്, പാഴ്സികൾ) ന്യൂനപക്ഷങ്ങളാണ്. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 29, 30 എന്നിവയിൽ വിഭാവനം ചെയ്യുന്ന ന്യൂനപക്ഷ അവകാശങ്ങൾക്ക് അവർ അർഹരാണ്. ഈ ന്യൂനപക്ഷ വിഭാഗങ്ങളിൽ മുസ്ലീങ്ങൾ, ലത്തീൻ കാത്തോലിക്കർ, പരിവർത്തിത ക്രിസ്ത്യാനികൾ, നവ ബുദ്ധിസ്റ്റുകൾ എന്നിവരെ കേരളത്തിലെ പിന്നോക്ക സമുദായങ്ങളായി കണക്കാക്കുന്നു. മുസ്ലീങ്ങൾ, ക്രിസ്ത്യാനികൾ, ബുദ്ധമതക്കാർ, സിഖുകൾ, ജൈനർ, പാഴ്സികൾ എന്നിങ്ങനെ വിജ്ഞാപനം ചെയ്യ

**ചിത്രം 3.2.4** ഒബിസി, ഒഇസി വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ




*അവലംബം: പിന്നാക്ക വിഭാഗ വികസന വകുപ്പ്*

പ്പെട്ട ന്യൂനപക്ഷ സമുദായങ്ങളുടെ മൊത്തത്തിലുള്ള ക്ഷേമത്തിനും പുരോഗതിക്കും വേണ്ടി 2008-ൽ സർക്കാരിന്റെ കീഴിൽ ന്യൂനപക്ഷ ക്ഷേമ വകുപ്പ് രൂപീകരിച്ചു. ന്യൂനപക്ഷ ക്ഷേമവകുപ്പ് ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസം, ആരോഗ്യം, പാർപ്പിടം, തൊഴിൽ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് പദ്ധതികൾ തയ്യാറാക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നു. വിദ്യാഭ്യാസ സഹായം, കുടിവെള്ള പദ്ധതി, ന്യൂനപക്ഷ സമുദായങ്ങളിലെ വിധവകൾ/വിവാഹമോചിതർ/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ എന്നിവർക്കുള്ള ഭവന പദ്ധതി, പി.എം. ജെ.വി.കെ (പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം), വിവാഹപൂർവ്വ കൗൺസിലിംഗ്, ന്യൂനപക്ഷ ഗവേഷണ സ്ഥാപനം എന്നിവയാണ് ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനായി വകുപ്പ് നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ.

2020-21-ൽ സംസ്ഥാന സർക്കാർ ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനായി മൊത്തം 52.41 കോടി രൂപ വകയിരുത്തുകയുണ്ടായി. അതിൽ 32.04 കോടി രൂപ (61.13 ശതമാനം) ചെലവഴിച്ചിട്ടുണ്ട്. 2021-22 ൽ 57.66 കോടി രൂപ സർക്കാർ വകയിരുത്തിയിട്ടുണ്ട്. 2020-21, 2021-22 (ഒക്ടോബർ 5 വരെ) വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിഹിതം, ചെലവ്, ഭൗതിക സാമ്പത്തിക നേട്ടങ്ങൾ എന്നിവ **അനുബന്ധം 8.2.38** ലും **അനുബന്ധം 8.2.39** ലും നൽകിയിരിക്കുന്നു.

### കേരള സംസ്ഥാന ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷൻ

മുസ്ലീങ്ങൾ, ക്രിസ്ത്യാനികൾ, ബുദ്ധമതക്കാർ, ജൈനർ, സിഖുകൾ, പാഴ്സികൾ തുടങ്ങിയ ന്യൂനപക്ഷ സമുദായങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി 2013 മാർച്ച് 22 ന് സ്ഥാപിതമായ സർക്കാർ കമ്പനിയാണ് കേരള സംസ്ഥാന ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷൻ. സ്വയംതൊഴിൽ വായ്പ, ബിസിനസ്സ് വികസന വായ്പ, വിദ്യാഭ്യാസ വായ്പ, വിസ വായ്പ, പ്രവാസി വായ്പ, ജീവനക്കാർക്കുള്ള വിവിധോദ്ദേശ വായ്പ, മദ്രസ്സ/പൊതുവിഭാഗ അദ്ധ്യാപകർക്കുള്ള ഭവനവായ്പ മുതലായവയാണ് കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ.

കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ കോർപ്പറേഷൻ 'സുമിത്രം' എന്ന പേരിൽ ഒരു വിവിധോദ്ദേശ വായ്പ പദ്ധതി പ്രഖ്യാപിച്ചു. വിവാഹ വായ്പ, ചികിത്സാ വായ്പ, കോവിഡ്-19 രോഗവുമായി ബന്ധപ്പെട്ട വായ്പ എന്നിവ ഇതിൽ ഉൾപ്പെടുന്നു. 2020-21-ൽ ന്യൂനപക്ഷ സമുദായത്തിൽപ്പെട്ട 194 ഗുണഭോക്താക്കൾക്ക് കോർപ്പറേഷൻ 9.88 കോടി രൂപ വായ്പ വിതരണം ചെയ്യുകയുണ്ടായി. 2020-21-ൽ ഓഹരി മൂലധനമായി സംസ്ഥാന സർക്കാരിൽ നിന്നും കോർപ്പറേഷന് 56.93 കോടി രൂപ ലഭിച്ചിട്ടുണ്ട്. കോർപ്പറേഷന്റെ സാമ്പത്തിക, ഭൗതിക നേട്ടങ്ങൾ **അനുബന്ധം 8.2.40**-ൽ നൽകിയിരിക്കുന്നു.

### മുന്നോക്ക സമുദായങ്ങളുടെ ക്ഷേമം (സമുന്നതി)

2012 നവംബർ 8-ന് സംസ്ഥാന സർക്കാർ കേരള സംസ്ഥാന മുന്നോക്ക സമുദായ ക്ഷേമ കോർപ്പറേഷൻ രൂപീകരിച്ചു. കേരളത്തിലെ മുന്നോക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളുടെ സമഗ്ര വികസനവും ക്ഷേമവും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ യാണ് കോർപ്പറേഷൻ സ്ഥാപിതമായത്. 168 സമുദായങ്ങൾ മുന്നോക്ക വിഭാഗങ്ങളിൽ ഉൾപ്പെടുന്നു. അതിൽ 19 സമുദായങ്ങൾ ക്രിസ്ത്യൻ മതവിഭാഗത്തിൽപ്പെട്ടവരാണ്.

കോർപ്പറേഷൻ നടപ്പിലാക്കുന്ന പ്രധാന പദ്ധതികളാണ് വിദ്യാസമുന്നതി മെറിറ്റ് സ്കോളർഷിപ്പുകൾ, വിദ്യാസമുന്നതി പരിശീലന സഹായം, സംരംഭ സമുന്നതി തവണ വായ്പ സഹായം, നൈപുണ്യസമുന്നതി നൈപുണ്യ സംരംഭകത്വ വികസനം, ശിഥിലമായ അഗ്രഹാരങ്ങളുടെയും വീടുകളുടെയും പുനരുദ്ധാരണം, മംഗല്യസമുന്നതി എന്നിവ. 2020-21-ൽ വിവിധ പരിപാടികൾക്കായി 36.24 കോടി രൂപ കോർപ്പറേഷന് അനുവദിക്കുകയുണ്ടായി. ഇതിൽ 24.56 കോടി രൂപ ചെലവഴിച്ചിട്ടുണ്ട് (67.77 ശതമാനം). 2021-22-ൽ കോർപ്പറേഷന് 36.24 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2020-21, 2021-22 (ഒക്ടോബർ 5, 2021 വരെ) കോർപ്പറേഷൻ നടപ്പിലാക്കിയ പദ്ധതികളുടെ ഭൗതിക, സാമ്പത്തിക നേട്ടങ്ങൾ **അനുബന്ധം 8.2.41**-ൽ നൽകിയിരിക്കുന്നു.

# 8.3 സാമൂഹ്യ സുരക്ഷാ സംവിധാനങ്ങൾ

ജനങ്ങളുടെ ക്ഷേമത്തെ പ്രതികൂലമായി ബാധിക്കുന്ന സാഹചര്യങ്ങൾ തടയുക, അവയെ മറികടക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കൊണ്ട് ഇത്തരം സാഹചര്യങ്ങളെ നേരിടുക എന്നതിനെയാണ് സാമൂഹ്യ സംരക്ഷണമായി യുണൈറ്റഡ് നേഷൻസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സോഷ്യൽ ഡെവലപ്മെന്റ് നിർവചിച്ചിരിക്കുന്നത്. ഫലപ്രദമായ സാമൂഹിക സുരക്ഷാ സംവിധാനങ്ങളിലൂടെ വരുമാന സുരക്ഷയും, ആരോഗ്യ സംരക്ഷണവും ഉറപ്പാക്കുന്നതുവഴി, ദാരിദ്ര്യവും അസമത്വവും കുറയ്ക്കുന്നതിനും, തടയുന്നതിനും സഹായിക്കുന്നു. കൂടാതെ, സാമൂഹിക അംഗീകാരവും, മാനുഷിക മഹത്വവും വർദ്ധിക്കുന്നതിനും സഹായകമാകുന്നു. ആഗോളതലത്തിലുള്ള സാമൂഹിക സംരക്ഷണ സംവിധാനങ്ങളിലെ സമീപകാല വികസനനങ്ങളുടെ അവലോകനവും, കൂടാതെ, കോവിഡ്-19 മഹാമാരിയുടെ ആഘാതവും ഉൾക്കൊള്ളുന്നതാണ്, ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷന്റെ **വേൾഡ് സോഷ്യൽ പ്രൊട്ടക്ഷൻ റിപ്പോർട്ട് 2020-22.** സാമൂഹിക സംരക്ഷണ സംവിധാനങ്ങളിലെ വിടവുകൾ തിരിച്ചറിയുന്നതോടൊപ്പം, സുസ്ഥിര വികസനത്തിനായുള്ള 2030 അജണ്ടയുടെ ലക്ഷ്യങ്ങൾ ഉൾപ്പെടെയുള്ള പ്രധാന നയ ശുപാർശകളും ഈ റിപ്പോർട്ടിൽ വ്യക്തമാക്കുന്നു. ആഗോളതലത്തിൽ 26.4 ശതമാനം കുട്ടികൾക്കു മാത്രമേ സാമൂഹിക സംരക്ഷണ ആനുകൂല്യങ്ങൾ ലഭിക്കുന്നുള്ളൂവെന്ന് റിപ്പോർട്ടിൽ പരാമർശിക്കുന്നു.

വിദ്യാഭ്യാസ-സാമ്പത്തിക-സാമൂഹിക വികസനത്തിലൂടെയും, പുനരധിവാസ പദ്ധതികളിലൂടെയും സാമൂഹിക സംരക്ഷണം ഉറപ്പാക്കുന്നതിൽ കേരളം ഗണ്യമായ പുരോഗതി കൈവരിച്ചു. പ്രായമായവർ, വികലാംഗർ, വിധവകൾ തുടങ്ങിയവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷനുകളിലൂടെ സ്വയം പര്യാപ്തത സാധ്യമാകുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണ് വിവിധ വിഭാഗങ്ങൾക്കുള്ള പെൻഷൻ വിതരണം സംസ്ഥാന സർക്കാർ നടപ്പിലാക്കുന്നത്. 2016-ൽ ഒരു ഗുണഭോക്താവിന് 600 രൂപയായിരുന്നു ക്ഷേമപെൻഷൻ ലഭിച്ചിരുന്നത്, ഇത്, 2021-ൽ 1,600 രൂപയായി വർധിച്ചു. 2015-16-ൽ 34 ലക്ഷമായിരുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻകാരുടെ എണ്ണം 2021-ൽ 48.6 ലക്ഷമായി ഉയർന്നു. സാമൂഹ്യ സുരക്ഷാ പെൻഷൻകാരിൽ 30 ശതമാനം പേർക്കും ഈ സർക്കാരിന്റെ കാലത്താണ് ആദ്യമായി പെൻഷൻ ലഭിച്ചത്. മഹാമാരിയുടെ കാലത്ത്, രണ്ട് മാസത്തെ പെൻഷൻ സർക്കാർ മുൻകൂർ നൽകിയിരുന്നു. കൂടാതെ, പണം കാലതാമസമില്ലാതെ ഗുണഭോക്താക്കളുടെ വീടുകളിൽ എത്തുന്നുവെന്ന് ഉറപ്പാക്കാനുള്ള നടപടികളും സ്വീകരിച്ചു (ഉറവിടം: കേരള വികസന റിപ്പോർട്ട്, 2021). വിവിധ ക്ഷേമനിധി ബോർഡുകൾ വഴിയും ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യുന്നുണ്ട്. വിവിധ ക്ഷേമനിധി ബോർഡുകൾ വഴി 17.2 ലക്ഷം ഗുണഭോക്താക്കൾക്കായി 951.27 കോടി രൂപ 2020-21-ൽ. വിതരണം ചെയ്തിരുന്നു (ഉറവിടം: തൊഴിൽ വകുപ്പ്)

സാമൂഹ്യനീതി, വനിതാ-ശിശു വകുപ്പുകളിലൂടെയും, അതിന്റെ അനുബന്ധ ഏജൻസികളിലൂടെയുമാണ് സംസ്ഥാനത്തെ ദുർബല വിഭാഗങ്ങൾക്ക് സാമൂഹ്യ സുരക്ഷ നൽകിവരുന്നത്. വകുപ്പുകളുടെയും ഏജൻസികളുടെയും പ്രധാന പ്രവർത്തനങ്ങൾ **അനുബന്ധം 8.3.1**-ൽ നൽകിയിരിക്കുന്നു.

### സംസ്ഥാനത്തു നടപ്പിലാക്കുന്ന സാമൂഹ്യ ക്ഷേമ പരിപാടികൾ

കേരളത്തിലെ സാമൂഹ്യ സുരക്ഷാ പരിപാടികളെ രണ്ട് വിഭാഗമായി തരം തിരിക്കാവുന്നതാണ്.

എ. സ്ഥാപനങ്ങളിലൂടെ നൽകുന്ന സംരക്ഷണം
ബി. സാമൂഹ്യ സഹായ പരിപാടികൾ

### എ. സ്ഥാപനങ്ങളിലൂടെ നൽകുന്ന സംരക്ഷണം

സംസ്ഥാനത്ത്, സർക്കാരും സർക്കാരിതര സംഘടനകളും മറ്റു സന്നദ്ധ സംഘടനകളും ചേർന്ന് സമൂഹത്തിൽ ദുർബലരായവർക്ക് സ്ഥാപനങ്ങളിലൂടെ പരിചരണവും സംരക്ഷണവും നൽകുന്നു. സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള നോഡൽ ഏജൻസി സാമൂഹ്യ നീതി വകുപ്പ് ആണ്. സ്ത്രീകളുടെയും കുട്ടികളുടെയും ശാക്തീകരണവും ക്ഷേമവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് അർത്ഥവത്തായ പ്രാധാന്യം നൽകുന്നതിനായി 2017-18-ൽ സാമൂഹ്യനീതിവകുപ്പ് വിഭജിച്ച വനിതശിശു വികസന വകുപ്പ് രൂപീകരിച്ചു. സ്ത്രീകളെയും കുട്ടികളെയും സംബന്ധിക്കുന്ന വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനും കേന്ദ്ര സംസ്ഥാന പദ്ധതികൾ നടപ്പാക്കുന്നതിനുമുള്ള നോഡൽ ഏജൻസി വനിതാശിശു വികസനവകുപ്പാണ്. സാമൂഹ്യ നീതി വകുപ്പിന് കീഴിൽ 29 ക്ഷേമ സ്ഥാപനങ്ങളും 2 തൊഴിൽ പരിശീലന കേന്ദ്രങ്ങളും ഉണ്ട്. അംഗപരിമിതരുടെയും, മുതിർന്നവരുടെയും പരിചരണം, സംരക്ഷണം, പുനരധിവാസം എന്നിവ ഈ സ്ഥാപനങ്ങളുടെ ചുമതലയിൽപ്പെടുന്നു. ഇതിൽ 16 സ്ഥാപനങ്ങൾ മുതിർന്നവർക്കായുള്ളതും, 15 സ്ഥാപനങ്ങൾ ഭിന്നശേഷിക്കാർക്കുള്ളതുമാണ്. വനിതാശിശുവികസന വകുപ്പിൻ കീഴിൽ വനിതകളുടെയും ശിശുക്കളുടെയും സംരക്ഷണത്തിനും പുനരധിവാസത്തിനുമായി 44 സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നു. ഇതിൽ 28 സ്ഥാപനങ്ങൾ കുട്ടികൾക്കുള്ളതും, 16 സ്ഥാപനങ്ങൾ സ്ത്രീകൾക്കുള്ളതുമാണ്.

വിവിധ വിഭാഗങ്ങളിലായി 2,155 ആളുകൾക്കും, സ്ഥാപനങ്ങളിലൂടെയുള്ള സേവനം മുഖേന, 55,431 ആളുകൾക്കും, സാമൂഹ്യ നീതി വകുപ്പും, വനിതാശിശു വികസന വകുപ്പും ചേർന്ന് 2020-21 കാലയളവിൽ (മാർച്ച് 2021 പ്രകാരം) സംരക്ഷണവും സേവനങ്ങളും നൽകിയിട്ടുണ്ട്. ഈ കാലയളവിൽ, വകുപ്പുകളുടെ കീഴിലുള്ള ചില ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികളുടെ എണ്ണം അനുവദനീയമായ എണ്ണത്തെക്കാൾ കുറവായിരുന്നു. രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ അനുവദനീയമായ അംഗസംഖ്യ 91,593 ആണെങ്കിലും, 2020-21-ൽ അന്തേവാസികളുടെ എണ്ണം 55,431 ആയിരുന്നു. വകുപ്പിന്റെ കീഴിലുള്ള ക്ഷേമ സ്ഥാപനങ്ങളായ ആശാഭവൻ, പ്രതീക്ഷാഭവൻ, കൌമാരക്കാർക്കുള്ള ആഫ്ടർ കെയർ ഹോമുകൾ, ഭിന്നശേഷിക്കാർക്കായുള്ള ഹോമുകൾ,

മാനസിക വൈകല്യമുള്ളവർക്കായുള്ള സ്ഥാപനങ്ങൾ, ബെഗ്ഗർ ഹോമുകൾ എന്നിവിടങ്ങളിൽ അന്തേവാസികളുടെ എണ്ണം അനുവദനീയമായ അംഗസംഖ്യയേക്കാൾ കൂടുതലാണ്. സാമൂഹ്യ നീതി വകുപ്പിന്റെയും വനിതാശിശു വകുപ്പിന്റെയും കീഴിലുള്ള പ്രധാന ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികളുടെ ജില്ല തിരിച്ചുള്ള വിവരം **അനുബന്ധം 8.3.2**–ലും രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടേത് **അനുബന്ധം 8.3.3**–ലും നൽകിയിരിക്കുന്നു.

നിർധന കുടുംബങ്ങളെ കണ്ടെത്തുന്നതിനും, പുനരധിവസിപ്പിക്കുന്നതിനും, നിരീക്ഷിക്കുന്നതിനുമുള്ള കേരള സർക്കാരിന്റെ ഒരു പ്രധാന പരിപാടിയാണ് കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന "അഗതിരഹിത കേരളം". നിർധന കുടുംബങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ, വികസന ആവശ്യങ്ങൾ, സാമൂഹിക ആവശ്യങ്ങൾ എന്നിവ ഈ പദ്ധതിയിലൂടെ പരിഹരിക്കപ്പെടുന്നു. നിലവിൽ 1,56,647 കുടുംബങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നു. ഇതിൽ, 1,46,917 കുടുംബങ്ങളെ പൊതുവിഭാഗം പദ്ധതികളിലും, 9,730 കുടുംബങ്ങളെ ട്രൈബൽ പദ്ധതികളിലുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അശരണരുടെ ആവശ്യങ്ങൾ വിലയിരുത്തിയശേഷം വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തദ്ദേശഭരണ സ്ഥാപന തലത്തിലാണ് തയ്യാറാക്കുന്നത്. മൊത്തം പദ്ധതിയുടെ 40 ശതമാനം (ജനറൽ, എസ്.റ്റി പദ്ധതികൾക്ക് യഥാക്രമം 40 ലക്ഷം, 50 ലക്ഷം രൂപ പരിധിയിൽ) കുടുംബശ്രീ നൽകുന്നതാണ്.

### ബി. സാമൂഹ്യ സഹായ പരിപാടികൾ

സ്ഥിരമായ ഉപജീവനമാർഗങ്ങൾ ഇല്ലാത്തതോ, കുറവുള്ളതോ ആയ ജനവിഭാഗങ്ങളുടെ ദാരിദ്ര്യം കുറയ്ക്കുവാൻ സാമൂഹ്യ സഹായ പരിപാടികൾ ലക്ഷ്യമിടുന്നു. മുതിർന്ന പൗരന്മാരുടെ ക്ഷേമ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അധ്യായം 6–ൽ നൽകിയിരിക്കുന്നു.

### തദ്ദേശഭരണ സ്ഥാപനങ്ങളിലൂടെയുള്ള സാമൂഹ്യസുരക്ഷാ പെൻഷൻ പദ്ധതികൾ

വാർദ്ധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ, വിധവാ പെൻഷൻ, 50 വയസ്സിന് മേലെ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ എന്നിവയാണ് പ്രധാനപ്പെട്ട സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതികൾ. 2015 ഏപ്രിൽ മുതൽ പെൻഷൻ വിതരണം ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ (ഡിബിടി) സംവിധാനത്തിലൂടെയാണ് സംസ്ഥാനതലത്തിൽ നടപ്പിലാക്കിവരുന്നത്. 2021 ഒക്ടോബറിലെ കണക്കനുസരിച്ച്, സംസ്ഥാനത്ത് 51.35 ലക്ഷം പെൻഷൻകാരാണുള്ളത്, അതിൽ 32.20 ലക്ഷം വനിതാ ഗുണഭോക്താക്കളാണ്. വാർദ്ധക്യ പെൻഷൻ സ്വീകരിക്കുന്നവരാണ് ഏറ്റവും അധികമുള്ളത്, 28.23 ലക്ഷം (54.95 ശതമാനം) തുടർന്നു, വിധവാ പെൻഷൻ വാങ്ങുന്നവർ, 13.88 ലക്ഷം (27.03 ശതമാനം). കർഷകത്തൊഴിലാളി പെൻഷൻകാർ, 4.23 ലക്ഷം (8.23 ശതമാനം), വികലാംഗ പെൻഷൻകാർ, 4.12 ലക്ഷം (8.02 ശതമാനം), 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ വാങ്ങുന്നവർ, 0.87 ലക്ഷം (1.69 ശതമാനം) എന്നിങ്ങനെയാണ് മറ്റു ഗുണഭോക്താക്കൾ. ജില്ല തിരിച്ചു നോക്കുമ്പോൾ തിരുവനന്തപുരത്താണ് ഏറ്റവും കൂടുതൽ ഗുണഭോക്താക്കൾ ഉള്ളത്, തൊട്ടുപിന്നിൽ മലപ്പുറവും. ഏറ്റവും കുറവ് ഗുണഭോക്താക്കൾ വയനാട്ടിലാണ്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 8.3.4**–ൽ നൽകിയിരിക്കുന്നു.

### വൈകല്യമുള്ളവർക്കായുള്ള ക്ഷേമ പ്രവർത്തനങ്ങൾ

വൈകല്യം എന്നത് മനുഷ്യാവസ്ഥയുടെ ഒരു ഭാഗമാണ്. അത് ദൃശ്യമോ, അദൃശ്യമോ, ജന്മനായുള്ളതോ, പിന്നീട് സംഭവിക്കുന്നതോ ആകാം. ലോകാരോഗ്യ സംഘടന പ്രകാരം വൈകല്യത്തിന്റെ മൂന്ന് അളവുകൾ ഇവയെല്ലാമാണ് – (1) ഒരു വ്യക്തിയുടെ ശരീരഘടനയിലോ പ്രവർത്തനത്തിലോ, അല്ലെങ്കിൽ മനസികമായിട്ടുള്ളതോ ആയ വൈകല്യം, (2) പ്രവർത്തന പരിമിതി, (3) സാധാരണ ദൈനംദിന പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിനുള്ള പരിമിതികൾ. 'ബയോ–മെഡിക്കൽ മോഡൽ' എന്നതിൽ നിന്നും ഒരു 'സാമൂഹിക മാതൃക' എന്ന കാഴ്ചപ്പാടിലേയ്ക്ക് കഴിഞ്ഞ കുറച്ചു വർഷങ്ങളായി ഒരു മാറ്റം ഉണ്ടായിട്ടുണ്ട്. വൈകല്യത്തിന്റെ വിവിധ വശങ്ങൾ പരിഗണിച്ചുകൊണ്ട് ഉചിതമായ പ്രാധാന്യം നൽകുന്ന തരത്തിലുള്ള ഒരു സമതുലിതമായ സമീപനം ആവശ്യമാണ്.

വൈകല്യമുള്ളവരുടെ (പിഡബ്ല്യുഡി) അവകാശങ്ങളും വ്യക്തിത്വവും സംരക്ഷിക്കാൻ ലക്ഷ്യമിടുന്ന അന്താരാഷ്ട്ര തലത്തിലുള്ള ആദ്യത്തെ സമ്മേളനമാണ് യുഎൻ കൺവെൻഷൻ ഓൺ ദി റൈറ്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസെബിലിറ്റി (യുഎൻസിആർപിഡി). വികലാംഗരുടെ അവകാശങ്ങൾ, കാഴ്ചപ്പാടുകൾ, ക്ഷേമം എന്നിവയുടെ ഉന്നമനത്തിനായി ലക്ഷ്യം വയ്ക്കുന്ന യുഎൻസിആർപിഡിയുടെ ആശയങ്ങൾ അംഗീകരിക്കുന്നതാണ് സുസ്ഥിര വികസനത്തിനായുള്ള അജണ്ട 2030.

വികലാംഗരുടെ സമഗ്രമായ അവകാശങ്ങൾ ഉൾപ്പെടുന്ന 2016 ലെ ദേശീയ തലത്തിലുള്ള ആക്റ്റിൽ (RPwD), 21 തരം വൈകല്യങ്ങളാണ് പ്രതിപാദിക്കുന്നത്. 1995 ലെ പിഡബ്ല്യുഡി ആക്റ്റിൽ പ്രതിപാദിച്ചിരിക്കുന്നത് ഏഴ് തരത്തിലുള്ള വൈകല്യങ്ങളാണ്. സംസ്ഥാനത്തു അംഗപരിമിതർക്കുള്ള ഒരു സെൻസസ് സാമൂഹ്യനീതി വകുപ്പ് നടത്തിയിരുന്നു. കേരളാ സാമൂഹ്യ സുരക്ഷാ മിഷൻ ആണ് 2015–ൽ സെൻസസ് നടപ്പിലാക്കിയത്. സെൻസസ് പ്രകാരമുള്ള വിവിധ തരത്തിലുള്ള വൈകല്യങ്ങളുടെ വിശദാംശങ്ങൾ **പട്ടിക 8.3.1**–ൽ നൽകിയിരിക്കുന്നു.

### അംഗപരിമിതർക്കുള്ള മേഖലയിൽ സംസ്ഥാന സർക്കാരിനു കീഴിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളും ഏജൻസികളും

കേന്ദ്ര – സംസ്ഥാന സർക്കാരുകളുടെ വിവിധ സാമൂഹ്യ ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയാണ് സാമൂഹ്യനീതി ഡയറക്ടറേറ്റ്. സാമൂഹ്യനീതി ഡയറക്ടറേറ്റിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ് (നിഷ്), കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ (കെഎസ്എസ്എം), കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ (കെഎസ്എച്ച്പിഡബ്ല്യുസി), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ (എൻഐപിഎംആർ), വികലാംഗരുടെ സംസ്ഥാന കമ്മീഷണറേറ്റ് (SCPwD) തുടങ്ങിയവയിലൂടെ

**പട്ടിക 8.3.1** വിവിധ തരത്തിലുള്ള വൈകല്യങ്ങളുടെ വിശദാംശങ്ങൾ

| ക്രമ നം | വൈകല്യങ്ങൾ | എണ്ണം | | | | % |
|---|---|---|---|---|---|---|
| | | പുരുഷൻ | വനിത | റ്റി.ജി | ആകെ | |
| 1 | ലോക്കോമോട്ടോർ ഡിസബിലിറ്റി | 155836 | 104922 | 329 | 261087 | 32.89 |
| 2 | മസ്കുലർ ഡൈസ്ട്രോഫി | 1359 | 913 | 8 | 2280 | 00.29 |
| 3 | ക്രോണിക് ന്യൂറോളജിക്കൽ ഡിസോർഡേഴ്സ് | 2052 | 1575 | 6 | 3633 | 00.46 |
| 4 | മൾട്ടിപ്പിൾ സ്ലോറോസിസ് | 282 | 232 | 1 | 515 | 00.06 |
| 5 | കൈഫോസിസ് | 2044 | 2835 | 8 | 4887 | 00.62 |
| 6 | ഷോർട്ട് സ്റ്റാറ്റ്യൂർ/ഡാർഫിസം | 2488 | 3577 | 14 | 6079 | 00.77 |
| 7 | ബ്ലൈൻഡ്നെസ് | 11361 | 9094 | 22 | 20477 | 02.58 |
| 8 | ലോ വിഷൻ | 33907 | 27916 | 77 | 61900 | 07.80 |
| 9 | ലേർണിംഗ് ഡിസബിലിറ്റി | 5257 | 2805 | 12 | 8074 | 01.02 |
| 10 | സ്പീച്ച് ലാംഗ്വേജ് ഡിസബിലിറ്റി | 13152 | 9443 | 53 | 22648 | 02.85 |
| 11 | ഇന്റെലെക്ച്വൽ ഡിസബിലിറ്റി | 38245 | 30546 | 143 | 68934 | 08.68 |
| 12 | മെന്റൽ ഇൽനെസ് | 48429 | 52423 | 131 | 100983 | 12.72 |
| 13 | ഓട്ടിസം | 2179 | 950 | 6 | 3135 | 00.39 |
| 14 | ഹിയറിംഗ് ഇംപെയർമെന്റ് | 28771 | 32093 | 61 | 60925 | 07.67 |
| 15 | ലെപ്രസി ക്യൂവേർഡ് | 679 | 494 | 2 | 1175 | 00.15 |
| 16 | ഹീമോഫീലിയ | 1048 | 394 | 3 | 1445 | 00.18 |
| 17 | തലാസീമിയ | 269 | 300 | | 569 | 00.07 |
| 18 | സിക്കിൾ സെൽ അനീമിയ | 461 | 544 | 1 | 1006 | 00.13 |
| 19 | സെറിബ്രൽ പാൾസി | 3781 | 2597 | 7 | 6385 | 00.80 |
| 20 | എപ്പിലെപ്സി | 10839 | 8637 | 36 | 19512 | 02.46 |
| 21 | ഡെഫ് ബ്ലൈൻഡ്നെസ് | 432 | 408 | 2 | 842 | 00.11 |
| 22 | മൾട്ടിപ്പിൾ ഡിസബിലിറ്റി | 75982 | 61197 | 262 | 137446 | 17.31 |
| | ആകെ | 438853 | 353895 | 1189 | 793937 | 100 |

*ഉറവിടം :* ഡിസബിലിറ്റി സെൻസസ്, കേരള 2015

വൈകല്യമുള്ളവർക്കായി നിരവധി വികസന പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്.

**നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് (നിഷ്)**

വൈകല്യത്തിന്റെയും പുനരധിവാസത്തിന്റെയും മേഖലകളിൽ പ്രവർത്തിക്കുന്നതും, ദേശീയ പ്രശസ്തി നേടിയതുമായ ഒരു സ്ഥാപനമാണ് നിഷ്. പ്രാരംഭ ഇടപെടൽ, വൈകല്യമുള്ളവരുടെ വിദ്യാഭ്യാസം, അവർക്ക വേണ്ട പുനരധിവാസ സേവനങ്ങൾ, കഴിവുകൾ മെച്ചപ്പെടുത്തുവാനുള്ള നടപടികൾ എന്നീ മേഖലകളിലും ശ്രദ്ധ പതിപ്പിക്കുന്നു. വൈകല്യമുള്ളവർക്ക് ഉപരിപഠനത്തിനുള്ള മികച്ച അന്തരീക്ഷവും ഈ സ്ഥാപനം പ്രദാനം ചെയ്യുന്നു. ബധിരർക്കും കേൾവിക്കുറവുള്ളവർക്കും വേണ്ടി മാത്രമായി വിവിധ വിഷയങ്ങളിൽ ബിരുദ കോഴ്സുകൾ ഈ സ്ഥാപനത്തിൽ നടത്തുന്നു. കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസുമായി (KUHS) അഫിലിയേറ്റ് ചെയ്തു കൊണ്ട് ബാച്ചിലർ ഓഫ് ഒക്യുപേഷണൽ തെറാപ്പി (BOT) എന്ന പ്രോഗ്രാം 2020-ൽ സ്ഥാപനം ആരംഭിക്കുകയുണ്ടായി. 2020-21-ൽ നിഷ് വിവിധ പരിപാടികൾ സംഘടിപ്പിച്ചിരുന്നു. പ്രാരംഭ ഇടപെടലുമായി ബന്ധപെട്ട കോഴ്സിൽ 169 വിദ്യാർത്ഥികൾ പങ്കെടുത്തു. ഓഡിയോളജി, സ്പീച്ച്-ലാംഗ്വേജ് പാത്തോളജി വിഭാഗങ്ങളിൽ 2,600 കേസുകളും, മെഡിക്കൽ, സൈക്കോളജി, അനുബന്ധ സേവനങ്ങളിൽ 3,853 കേസുകളും കൈകാര്യം ചെയ്തു. 2020-21-ൽ നിഷ്

നടപ്പിലാക്കിയ അക്കാദമിക് പരിപാടികളിലൂടെ 268 വിദ്യാർത്ഥികൾക്ക് പ്രയോജനം ലഭിച്ചു.

ഹൈബ്രിഡ് മോഡൽ ഡെലിവറിയിലൂടെയാണ് കോവിഡ്–19 മഹാമാരിയുടെ വെല്ലുവിളികളെ നിഷ് നേരിട്ടത്. ബധിരർക്കും കേൾവിക്കുറവുള്ളവർക്കും വേണ്ടിയുള്ള ഹെൽപ്പ് ലൈൻ സേവനങ്ങൾ (DHH) ഇന്ത്യൻ ആംഗ്യഭാഷയിൽ (ISL) ആരംഭിക്കുകയും, ഓൺലൈനിൽ കൂടി സേവനം നൽകുകയും ചെയ്തു. നിഷ് പതിവായി നടപ്പിലാക്കുന്ന എല്ലാ അക്കാദമിക് പരിപാടികളും, 6 വയസ്സിന് താഴെയുള്ള കുട്ടികൾക്കുള്ള പ്രാരംഭ ഇടപെടൽ പരിപാടികളും, രക്ഷിതാക്കൾക്കുള്ള കൗൺസിലിംഗും ഓൺലൈൻ ആയി നടത്തുകയുണ്ടായി. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്കും, ആരോഗ്യ വകുപ്പിനും വേണ്ടി ഇന്ത്യൻ ആംഗ്യഭാഷയിൽ (ISL) കോവിഡ്–19 നെക്കുറിച്ചുള്ള അവബോധ വീഡിയോകൾ തയ്യാറാക്കിയിരുന്നു. നിഷിന്റെ യൂട്യൂബ് ചാനലിലൂടെയും സോഷ്യൽ മീഡിയയിലൂടെയും കോവിഡ്–19 മായി ബന്ധപ്പെട്ട വാർത്തകൾ ഇന്ത്യൻ ആംഗ്യഭാഷയിൽ (ഐഎസ്എൽ) അവതരിപ്പിച്ചു.

### കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ

സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ഒരു പൊതുമേഖലാ സ്ഥാപനമാണ് കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ (KSHPWC). കാഴ്ച വൈകല്യം, ശ്രവണ–സംസാര വൈകല്യം, ചലന വൈകല്യം, മാനസിക വൈകല്യം തുടങ്ങിയവ നേരിടുന്നവരുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പുനരധിവസിപ്പിക്കുന്നതിനും വേണ്ടി വിവിധ ക്ഷേമ പദ്ധതികൾ ആവിഷ്കരിക്കുകയും പ്രോത്സാഹിപ്പിക്കുകയും, കൂടാതെ അത്തരം വിഭാഗങ്ങൾക്ക് സാമ്പത്തികവും സാങ്കേതികവുമായ സഹായം നൽകുകയും ചെയ്യുന്ന സ്ഥാപനമാണ് കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ.

2020–21–ൽ കോർപ്പറേഷൻ മുഖേന നൽകിയ സേവനങ്ങൾ ഇവയെല്ലാമാണ്– (1) 4408 പേർക്ക് വിവിധ വികലാംഗ സൗഹൃദ ഉപകരണങ്ങളുടെ വിതരണം, (2) 94 അംഗപരിമിതർക്കു സ്വയം തൊഴിലിനുള്ള വായ്പ വിതരണം, (3) "ഹസ്തദാനം" പദ്ധതിയിലൂടെ 606 കുട്ടികൾക്ക് സ്ഥിരനിക്ഷേപമായി 20,000 രൂപയുടെ ധനസഹായം, (4) വികലാംഗരായ 300 കുട്ടികൾക്ക് 5,000 രൂപയുടെ പ്രൊഫിഷ്യൻസി അവാർഡ് വിതരണം, (5) ഉചിതമായ മൈക്രോ പ്രോജക്ടുകൾ ഏറ്റെടുത്ത 12 സ്വയം സഹായ സംഘങ്ങൾക്കുള്ള ധനസഹായം, 20,000 രൂപ നിരക്കിൽ, (6) ലോട്ടറി ടിക്കറ്റ് വിൽപ്പന ആരംഭിക്കുന്നതിന് 223 പേർക്ക് 5,000 രൂപ നിരക്കിലുള്ള സാമ്പത്തിക സഹായം, (7) 165 പേർക്ക് സൈഡ് വീൽ സ്കൂട്ടർ വിതരണം.

### വൈകല്യമുള്ളവർക്ക് വേണ്ടിയുള്ള സംസ്ഥാന കമ്മീഷണറേറ്റ്

പേർസൻസ് വിത്ത് ഡിസെബിലിറ്റി ആക്ടിന്റെ സെക്ഷൻ 63 പ്രകാരം, ഒരു സിവിൽ കോടതിയുടെ അധികാരം വിനിയോഗിക്കാൻ കഴിയുന്ന ഒരു അർദ്ധ ജുഡീഷ്യൽ ബോഡിയാണ് സംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്ന കമ്മീഷണറേറ്റ്. വൈകല്യമുള്ളവരുടെ പ്രയോജനത്തിനായി രൂപകൽപ്പന ചെയ്ത വിവിധ പരിപാടികളുടെയും, പദ്ധതികളുടെയും മേൽനോട്ടം, ബോധവൽക്കരണ ക്യാമ്പുകളും അദാലത്തുകളും സംഘടിപ്പിക്കുക, വികലാംഗർക്ക് സൗജന്യ നിയമസഹായം നൽകുക, അവരുടെ പുനരധിവാസത്തിനായി ഗവേഷണവും വികസനവും ഏറ്റെടുക്കുക തുടങ്ങിയവയാണ് കമ്മീഷണറേറ്റിന്റെ പ്രവർത്തനങ്ങൾ.

### നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ (എൻ.ഐ.പി.എം.ആർ)

വൈകല്യമുള്ളവരുടെ പരിചരണത്തിന്റെയും, പുനരധിവാസത്തിന്റെയും മികവിന്റെ കേന്ദ്രമാണ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ ഇൻസ്റ്റിറ്റ്യൂട്ട് (എൻഐപിഎംആർ). പ്രാരംഭ ഇടപെടൽ, തെറാപ്പി, അക്കാദമിക് പ്രോഗ്രാമുകൾ തുടങ്ങിയ പതിവ് പ്രവർത്തനങ്ങൾക്കൊപ്പം തദ്ദേശഭരണ സ്ഥാപനങ്ങൾ, കെഎസ്എസ്എം, സാമൂഹ്യനീതി വകുപ്പ്, വിദ്യാഭ്യാസ വകുപ്പ് എന്നിവയുമായി ചേർന്ന് നിരവധി പ്രോജക്ടുകളും നടപ്പിലാക്കുന്നു. മെഡിക്കൽ, ചികിത്സാ സേവനങ്ങൾ നൽകുന്നതിനായി ഈ സ്ഥാപനത്തിന് വിവിധ ചികിത്സാ വകുപ്പുകളും യൂണിറ്റുകളും ഉണ്ട്. ഡെവലപ്മെന്റൽ ആൻഡ് ബിഹേവിയറൽ പീഡിയാട്രിക്സ് വകുപ്പിന് കീഴിലുള്ള പ്രത്യേക പരിശീലനവും ശാക്തീകരണ പരിപാടിയും (സ്റ്റെപ്പ്സ്), വൈകല്യമുള്ള കുട്ടികളുടെ രക്ഷിതാക്കളെ ശാക്തീകരിക്കാൻ ലക്ഷ്യമിടുന്നു. **"റിഹാബ് ഓൺ വീൽസ്"** എന്ന പദ്ധതിയിലൂടെ, പ്രത്യേകം രൂപകൽപ്പന ചെയ്ത ലോ ഫ്ലോർ ബസുകൾ ഉപയോഗിച്ച് ഫീൽഡ് തലത്തിൽ ആവശ്യമായ ഇടപെടലുകൾ, വിലയിരുത്തൽ, ആരോഗ്യ സംരക്ഷണം, സഹായകരമായ പരിഹാരങ്ങൾ എന്നിവ എൻഐപിഎംആർ നടത്തി വരുന്നു. വൈകല്യമുള്ളവർക്ക് ഗതാഗത സൗകര്യത്തിനായി **"വീൽ ട്രാൻസ്"** എന്ന പദ്ധതിയും സ്ഥാപനം നടത്തിവരുന്നു. എൻഐപിഎംആറിന് കീഴിലുള്ള സെന്റർ ഫോർ മൊബിലിറ്റി ആൻഡ് അസിസ്റ്റീവ് ടെക്നോളജിയിലൂടെ (സി–മാറ്റ്), വൈകല്യമുള്ള ആളുകളുടെ ചലനത്തിന് സഹായകമാകുന്ന ഉപകരണങ്ങൾ നിർമ്മിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്നു.

### ഇൻക്ലൂസീവ് എഡ്യൂക്കേഷനുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ

പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സി എച്ച് മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ് എന്ന സ്ഥാപനത്തിലൂടെ മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പ്രത്യേക വിദ്യാഭ്യാസവും, പരിശീലനവും, പുനരധിവാസ സേവനങ്ങളും നൽകി വരുന്നു. ബുദ്ധിമാന്ദ്യമുള്ള കുട്ടികൾക്കായുള്ള സ്പെഷ്യൽ സ്കൂളുകൾ, ക്ലിനിക്കൽ സേവനം, ഫിസിയോതെറാപ്പി സെന്റർ, പ്രാരംഭ ഇടപെടൽ കേന്ദ്രം, തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രം, സ്പെഷ്യൽ എഡ്യൂക്കേഷനിൽ ഡിപ്ലോമ കോഴ്സുകൾ തുടങ്ങി വിവിധ സേവനങ്ങൾ ഈ സ്ഥാപനത്തിലൂടെ നൽകുന്നുണ്ട്.

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ബദൽ നൂതന വിദ്യാഭ്യാസ കേന്ദ്രം (AIEC) അല്ലെങ്കിൽ മൾട്ടി ഗ്രേഡ് ലേണിംഗ് സെന്റർ (MGLC) വഴി വിദൂര, തീരദേശ, മലയോര, വനമേഖലകളിലെ പാർശ്വവൽക്കരിക്കപ്പെട്ട കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം നൽകി വരുന്നു. മാനസിക വൈകല്യമുള്ള കുട്ടികളുടെ അടിസ്ഥാന

സൗകര്യങ്ങൾ, കുടിവെള്ളത്തിനും, വൈദ്യസഹായതിനു മുള്ള സൗകര്യങ്ങൾ തുടങ്ങിയവയ്ക്കായി സഹായം നൽകുന്ന അംഗീകൃത സ്ഥാപനങ്ങൾക്കും വിദ്യാഭ്യാസ വകുപ്പ് സാമ്പത്തിക സഹായം നൽകുന്നു. സ്പെഷ്യൽ സ്കൂളുകളിലെ അധ്യാപകരുടെ പ്രവർത്തനശേഷി വർധിപ്പിക്കുന്നതിനും വകുപ്പ് സഹായം നൽകുന്നുണ്ട്.

### അംഗപരിമിതർക്കുള്ള ക്ഷേമ പരിപാടികൾ

അംഗപരിമിതരുടെ ക്ഷേമത്തിനായി വിവിധ വകുപ്പുകളും ഏജൻസികളും മുഖേന നിരവധി പദ്ധതികൾ നടപ്പിലാക്കിവരുന്നു.

### സാമൂഹ്യ നീതി ഡയറക്ടറേറ്റ്

പാർശ്വവത്കരിക്കപ്പെട്ടവരുടെ പുനരധിവാസം ഉറപ്പാക്കുന്നതിനായി സാമൂഹ്യനീതി വകുപ്പ് മുഖേന ഒട്ടേറെ ക്ഷേമപദ്ധതികൾ നടപ്പിലാക്കിവരുന്നു. ആർപിഡബ്ല്യുഡി നിയമം നടപ്പിൽ വരുത്തിയത് ഭിന്നശേഷി മേഖലയിലെ ഒരു നാഴികകല്ലാണ്. അതിന്റെ അടിസ്ഥാനത്തിൽ, ഭിന്നശേഷിക്കാരുടെ അവകാശങ്ങൾക്കധിഷ്ഠിതമായി വിവിധ പദ്ധതികളും, പ്രവർത്തനങ്ങളും രൂപകൽപ്പന ചെയ്തിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ ഡയറക്ടറേറ്റ് മുഖാന്തിരം നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

- **"പരിരക്ഷ"** പദ്ധതിയിലൂടെ ഭിന്നശേഷിക്കാർക്ക് അടിയന്തര സഹായം നൽകിവരുന്നു. 2020–21–ൽ പ്രകൃതിക്ഷോഭം ബാധിച്ച 22 ഭിന്നശേഷിക്കാർക്ക് ഈ പദ്ധതിയിലൂടെ അടിയന്തര വൈദ്യസഹായം നൽകുകയുണ്ടായി
- വിദ്യാഭ്യാസപരമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന ഭിന്നശേഷിക്കാരുടെ മക്കൾക്ക് **"വിദ്യാകിരണം"** പദ്ധതിയിലൂടെ വിദ്യാഭ്യാസ സഹായം നൽകിവരുന്നു. 2020–21–ൽ 5,845 പേർ ഈ പദ്ധതിയുടെ ഗുണഭോക്താക്കളായിരുന്നു.
- **"വിദ്യാജ്യോതി"** പദ്ധതിയിലൂടെ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് എട്ടാം ക്ലാസിനു ശേഷം യൂണിഫോമും, പഠനോപകരണങ്ങളും നൽകിവരുന്നു. ഈ പദ്ധതിയിലൂടെ 2020–21 കാലയളവിൽ, 501 വിദ്യാർത്ഥികൾക്ക് പ്രയോജനം ലഭിക്കുകയുണ്ടായി.
- ശാരീരിക/ മാനസിക വൈകല്യമുള്ളവരുടെ അമ്മമാർക്കുള്ള സ്വയം തൊഴിൽ പദ്ധതിയാണ് **"സ്വാശ്രയ"**. അമ്മ മാത്രം രക്ഷാകർത്താവായിട്ടുള്ളവർക്കാണ് ഇപ്രകാരം സഹായം ലഭിക്കുന്നത്. ശാരീരിക/ മാനസിക വൈകല്യമുള്ള കുട്ടികളുടെ 101 രക്ഷിതാക്കൾക്ക് 2020–21–ൽ സഹായം ലഭിച്ചു.
- **"വിജയാമൃതം"** പദ്ധതിയിലൂടെ, സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ നിന്ന് ബിരുദ/ബിരുദാനന്തര/പ്രൊഫഷണൽ കോഴ്സുകളിൽ ഉയർന്ന മാർക്ക് നേടിയ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സഹായം നൽകിവരുന്നു.
- വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളെ പിന്തുണയ്ക്കുന്ന NSS/SPC/NCC യൂണിറ്റുകൾക്ക് **"സഹചാരി"** പദ്ധതിയിലൂടെ പ്രോത്സാഹനം നൽകുന്നു.
- **"ശ്രേഷ്ഠം"** പദ്ധതിയിലൂടെ സ്പോർട്സിലും കലയിലും മികവ് പുലർത്തുന്ന ഭിന്നശേഷിക്കാർക്ക് പ്രോത്സാഹനം നൽകിവരുന്നു.
- തങ്ങളുടെ കുട്ടികൾക്ക് പ്രത്യേക പരിചരണം നൽകുന്നതിനായി, ഭിന്നശേഷിക്കാരായ അമ്മമാർക്ക് 2,000 രൂപ നിരക്കിൽ ധനസഹായം നൽകുന്ന പദ്ധതിയാണ് **"മാതൃജ്യോതി".** ഈ പദ്ധതിയിലൂടെ 63 അമ്മമാർക്ക്, 2020–21–ൽ പ്രയോജനം ലഭിക്കുകയുണ്ടായി.
- മാനസിക വൈകല്യത്തിൽ നിന്നും മുക്തരായ രോഗികൾക്കുള്ള **റിക്കവറി ഫെസിലിറ്റേഷൻ യൂണിറ്റ്** എന്ന ഒരു ഡേ കെയർ പദ്ധതി IMHANS–ൽ വഴി നടപ്പിലാക്കി.
- അംഗപരിമിതരുടെ ക്ഷേമം ഉറപ്പാക്കുന്നതിനായി എൻജിഒകളുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന സമഗ്ര വികസന പരിപാടിയാണ് **അതിജീവനം.** ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ 18 നും 40 നും ഇടയിൽ പ്രായമുള്ളവരാണ്. 2020–21–ൽ, 13 എൻജിഒകളുടെ 600 ഗുണഭോക്താക്കൾക്കായി, 83.36 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി.
- ദേശീയ ട്രസ്റ്റ് നിയമത്തിന് കീഴിൽ വരുന്ന പാർശ്വവൽക്കരിക്കപ്പെട്ട ആളുകൾക്ക്, **നിരാമയ** ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിലൂടെ പ്രതിവർഷം 1.00 ലക്ഷം രൂപ വരെ ഇൻഷുറൻസ് പരിരക്ഷ നൽകിവരുന്നു. 2017–2021 കാലയളവിൽ, ക്ലെയിം സെറ്റിൽമെന്റായി 5.18 കോടി രൂപ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയുണ്ടായി.
- പാർശ്വവത്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് പൊതു സ്ഥലങ്ങൾ പ്രാപ്യമാക്കുക എന്നതാണ് തടസ്സരഹിത കേരളം (ബാരിയർ ഫ്രീ) പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

### കേരള സാമൂഹ്യ സുരക്ഷാ മിഷൻ (KSSM)

#### 1. അംഗപരിമിതർക്ക് സർട്ടിഫിക്കറ്റ് / തിരിച്ചറിയൽ കാർഡ് നൽകുന്ന പദ്ധതി

അംഗപരിമിതർക്കുള്ള തിരിച്ചറിയൽ കാർഡ് (യുഡിഐഡി) പദ്ധതിയുടെ, കേരളത്തിലെ നോഡൽ ഏജൻസിയാണ് കേരള സാമൂഹ്യ സുരക്ഷാ മിഷൻ. ഭിന്നശേഷി നിയമപ്രകാരം, 40 ശതമാനമോ അതിൽ കൂടുതലോ വൈകല്യമുണ്ടെന്നു മെഡിക്കൽ ബോർഡ് സാക്ഷ്യപ്പെടുത്തിയവർക്ക് തിരിച്ചറിയൽ കാർഡും പാസ്ബുക്കും നൽകേണ്ടതാണ്. സംസ്ഥാനത്തെ മുഴുവൻ അംഗപരിമിതർക്കും, അംഗപരിമിതി തെളിയിക്കുന്ന സർട്ടിഫിക്കറ്റും UDID കാർഡും ലഭ്യമാക്കുന്നതിനായി, സംസ്ഥാനത്തുടനീളം അംഗപരിമിത സർട്ടിഫിക്കേഷൻ ക്യാമ്പുകൾ സാമൂഹ്യ സുരക്ഷാ മിഷൻ സംഘടിപ്പിക്കുന്നു. 2009 മുതൽ 2018 വരെയുള്ള കാലയളവിൽ 1992 ക്യാമ്പുകളിലൂടെ 3,66,109 ഐഡി കാർഡുകൾ സംസ്ഥാനത്തുടനീളം വിതരണം ചെയ്തു. 2020–21–ൽ 26,831 പേർ ഈ പദ്ധതിയുടെ ഗുണഭോക്താക്കളായിരുന്നു.

#### 2. ആശ്വാസകിരണം

100 ശതമാനം അന്ധരായ രോഗികൾ, കാൻസർ, സെറിബ്രൽ പാൾസി, ഓട്ടിസം, മാനസികരോഗം, ബുദ്ധിമാന്ദ്യം, കിടപ്പിലായ വയോധികർ മുതലായ രോഗികളെ പരിചരിക്കുന്നവർക്കു, ഈ പദ്ധതിയിലൂടെ 600 രൂപ നിരക്കിൽ പ്രതിമാസ ധനസഹായം നൽകിവരുന്നു. 2020–21–ൽ 1,14,188 പേർക്ക് പദ്ധതിയിലൂടെ പ്രയോജനം ലഭിക്കുകയുണ്ടായി.

### 3. സ്റ്റേറ്റ് ഇനിഷ്യേറ്റീവ്സ് ഓൺ ഡിസബിലിറ്റീസ് (എസ്.ഐ.ഡി)

അംഗപരിമിതരുടെ അവകാശങ്ങൾ അനുശാസിക്കുന്ന പിഡബ്ല്യൂഡിആക്ട് 2016-ന് അനുസൃതമായി സാമൂഹ്യ സുരക്ഷാ മിഷൻ രൂപകൽപന ചെയ്ത ഒരു പദ്ധതിയാണ് "അനുയാത്ര". അംഗപരിമിതർക്കു സാർവത്രികമായ അംഗീകാരവും, തുല്യമായ പങ്കാളിത്തവും ഉറപ്പാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. വൈകല്യങ്ങൾ തടയുന്നതിനും, പ്രാരംഭ ഇടപെടലുകൾക്കും, ഭിന്നശേഷിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനും സഹായകമായ ഇടപെടലും, ഏകോപന രീതിയും ഉൾക്കൊള്ളുന്ന ഒരു പദ്ധതിയാണിത്. "അനുയാത്രയുടെ" കീഴിലുള്ള പ്രവർത്തനങ്ങളിൽ താഴെപ്പറയുന്നവ ഉൾപ്പെടുന്നു:

**പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ:** വൈകല്യങ്ങൾ മുൻകൂട്ടി കണ്ടുപിടിക്കുന്നതിനും, അനുയോജ്യമായ പരിശോധന ഉറപ്പാക്കുന്നതിനുമായി ഡിസ്ട്രിക്റ്റ് ഏർലി ഇന്റർവെൻഷൻ സെന്ററുകൾ (DEIC) പ്രവർത്തിച്ചുവരുന്നു.

- ഡിഇഐസികൾ വഴി മുഖ്യധാരാ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുകയും, നിരീക്ഷിക്കുകയും ചെയ്യുന്നതാണ്. കൊല്ലം, തൃശ്ശൂർ, മലപ്പുറം, വയനാട്, കണ്ണൂർ എന്നിവിടങ്ങളിലാണ് ഡിഇഐസി കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയായത്. നിലവിലുള്ള DEIC-കളുടെ വിപുലമായ പ്രവർത്തന സംവിധാനമാണ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ. ഇവയിലൂടെ ഭിന്നശേഷിക്കാർക്ക്, പ്രത്യേകിച്ച് ഗ്രാമപ്രദേശങ്ങളിൽ താമസിക്കുന്ന കുട്ടികൾക്ക്, സ്ഥിരമായി സേവനങ്ങളും തെറാപ്പിയും നൽകിവരുന്നു. സംസ്ഥാനത്തുടനീളം സ്ഥാപിതമായ 25 യൂണിറ്റുകളിലൂടെ പ്രതിമാസം 2,500 മുതൽ 3,000 കുട്ടികൾക്ക് സേവനം ലഭ്യമാകുന്നു. ഭിന്നശേഷിക്കാരായ ആദിവാസി സമൂഹത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും, പ്രാരംഭ ഇടപെടലിനുമായി ആദിവാസി മേഖലകളിൽ ഒരു പ്രത്യേക ഡിസെബിലിറ്റി മാനേജ്മെന്റ് യൂണിറ്റ് സ്ഥാപിച്ചു. പാലക്കാട് ജില്ലയിലെ അഗളിയിലുള്ള കോട്ടത്തറ സ്പെഷ്യാലിറ്റി ആശുപത്രിയിൽ 2018-19 ലാണ് ആദ്യത്തെ യൂണിറ്റ് ആരംഭിച്ചത്. 2020-21ൽ ഈ യൂണിറ്റ് വഴി 1,539 കുട്ടികൾക്ക് പ്രയോജനം ലഭിക്കുകയുണ്ടായി. തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നീ 5 മെഡിക്കൽ കോളേജുകളിൽ സ്ഥാപിതമായ റീജിയണൽ ഏർലി ഇന്റർവെൻഷൻ സെന്ററുകളിൽ (REICs) വിവിധ വിഭാഗങ്ങളുടെ ഏകോപനത്തിലൂടെ മികച്ച ഗുണനിലവാരമുള്ള സേവനങ്ങൾ നൽകി വരുന്നു. വൈകല്യമുള്ള ഏകദേശം 11,930 കുട്ടികൾക്ക് ഈ REIC-കൾ വഴി സഹായം ലഭ്യമായിട്ടുണ്ട്.
- കാതോരം – ശ്രവണ വൈകല്യങ്ങൾ കൈകാര്യം ചെയ്യുന്ന ഒരു പദ്ധതിയാണിത്. ഇതിൽ ഉൾപ്പെടുന്ന പ്രവർത്തനങ്ങൾ ഇവയെല്ലാമാണ്– (1) നവജാത ശിശുക്കളുടെ ശ്രവണ ശേഷി പരിശോധിക്കുന്നതിനായി, സംസ്ഥാനത്തുടനീളം 62 സർക്കാർ കേന്ദ്രങ്ങളിലായി സൗകര്യമുണ്ട്. പ്രതിമാസം, 12,000 നവജാത ശിശുക്കളിൽ പരിശോധന നടത്തിവരുന്നു (2) ബ്രെയിൻസ്റ്റം ഇവോക്ക്ഡ് റെസ്പോൺസ് ഓഡിയോമെട്രി (ബെറ) ഉപകരണം വഴി 3 മാസം വരെയുള്ള ശിശുക്കളിലെ ശ്രവണ വൈകല്യം സ്ഥിതീകരിക്കുവാൻ സാധിക്കും. പ്രതിമാസം ഏകദേശം 1500 കുഞ്ഞുങ്ങളെ ഈ ഉപകരണം വഴി പരിശോധിക്കുന്നുണ്ട്. (3) ഓഡിറ്ററി വെർബൽ തെറാപ്പി കുഞ്ഞുങ്ങൾക്ക് 6 മാസമാകുമ്പോൾ ആരംഭിച്ച 18 വയസ്സ് വരെ തുടരാവുന്നതാണ്. ബധിരത നിയന്ത്രിക്കുന്നതിനുള്ള ശ്രവണസഹായി നൽകുകയും ചെയ്തുവരുന്നു.(4) നിലവിലുള്ള ശ്രുതിതരംഗം പദ്ധതിയുമായി യോജിച്ച് കൊണ്ട് 18 മാസമാകുമ്പോൾ, ആവശ്യകത അനുസരിച്ച്,കോക്ലിയർ ഇംപ്ലാന്റ് ശസ്ത്രക്രിയകൾ നടപ്പിലാക്കും. 2012-13 നും 2020-21 നും ഇടയിൽ സംസ്ഥാനത്ത് 1196 കോക്ലിയർ ഇംപ്ലാന്റ് ശസ്ത്രക്രിയകൾ സൗജന്യമായി നടത്തുകയുണ്ടായി (5) നിഷ്, എൻഐപിഎംആർ, സർക്കാർ മെഡിക്കൽ കോളേജുകൾ, പ്രധാന ആശുപത്രികൾ എന്നീ സ്ഥാപനങ്ങളിലൂടെയാണ് കോക്ലിയർ ഇംപ്ലാന്റ് ശസ്ത്രക്രിയകൾക്കു ശേഷമുള്ള തെറാപ്പി 42 മാസം വരെ നൽകി വരുന്നത്.
- ഓഡിറ്ററി വെർബൽ തെറാപ്പി സെന്ററുകൾ – കോക്ലിയർ ഇംപ്ലാന്റ് ശസ്ത്രക്രിയ ആവശ്യമായ കുട്ടികൾക്കുള്ള ഓഡിറ്ററി വെർബൽ തെറാപ്പി സെന്ററുകൾ SID മുഖാന്തിരം, കോഴിക്കോട് മെഡിക്കൽ കോളേജിലും, തൃശ്ശൂരിലെ എൻഐപിഎം ആറിലും പ്രവർത്തിച്ചുവരുന്നു. ഈ കേന്ദ്രങ്ങൾ വഴിയുള്ള സേവനം, പ്രതിദിനം 150 ഓളം കുട്ടികൾ പ്രയോജനപ്പെടുത്തുന്നുണ്ട്.
- നിലവിൽ കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കി വരുന്ന പ്രത്യേക അങ്കണവാടി പദ്ധതിയിലൂടെ, വൈകല്യമുള്ള പ്രീ-സ്ക്കൂൾ കുട്ടികൾക്ക്, പ്രത്യേകിച്ച് വികസന വൈകല്യമുള്ള കുട്ടികൾക്ക്, ഉചിതമായ പരിശീലനവും തെറാപ്പിയും നൽകി വരുന്നു. ഇതിനായി, എല്ലാ ഐസിഡിഎസ് പദ്ധതിയിലും ഒരു അങ്കണവാടിയെ, പ്രത്യേക അങ്കണവാടിയായി തെരഞ്ഞെടുത്തിരിക്കുന്നു. വികസന വൈകല്യമുള്ള 1,317 കുട്ടികൾക്ക് ഈ പദ്ധതിയിലൂടെ 2020-21-ൽ പ്രയോജനം ലഭിച്ചു.
- ഹോർട്ടികൾച്ചർ തെറാപ്പിയും, സോഷ്യൽ ഫാമിങ്ങും: സസ്യങ്ങളെയും,ഹോർട്ടികൾച്ചറൽ രീതികളെയും അവലംബിക്കുന്ന ഈ തെറാപ്പിയിലൂടെ, വ്യക്തികളുടെ സാമൂഹികവും, വിദ്യാഭ്യാസപരവും, മാനസികവും, ശാരീരികവുമായ പ്രവർത്തികൾ മെച്ചപ്പെടുത്തുന്നതിലൂടെ, അവരുടെ ശാരീരിക മാനസിക ഉന്നമനത്തിനു സഹായകമാകുന്നു. വെള്ളായണിയിലെ കാർഷിക കോളേജിൽ കമ്മ്യൂണിറ്റി സയൻസ് വകുപ്പുമായി ചേർന്ന് ഒരു ഹോർട്ടികൾച്ചർ തെറാപ്പി ഗാർഡൻ സ്ഥാപിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ ഭിന്നശേഷിക്കാരായ 14 കുട്ടികൾക്കാണ് തെറാപ്പി നൽകിവരുന്നത്.
- മറ്റ് ഏജൻസികൾ/ വകുപ്പുകളുമായുള്ള സഹകരണം: കെഡിസ്കുമായി സഹകരിച്ചുകൊണ്ട് സാമൂഹ്യ സുരക്ഷാ മിഷൻ (എസ്ഐഡി) ഭിന്നശേഷിയുള്ള കുട്ടികൾക്കായി ടാലന്റ് സെർച്ച് പ്രോഗ്രാം സംഘടിപ്പിക്കുകയുണ്ടായി. ഇതിലൂടെ പ്രതിഭാസമ്പന്നരായ 100 കുട്ടികളെ കണ്ടെത്തുകയും, അവർക്ക് പൊതുവേദികളിൽ കഴിവ് തെളിയിക്കാൻ അവസരമൊരുക്കുകയും ചെയ്തു. ആദിവാസി വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിക്കാരെ കണ്ടെത്തുന്നതിനായി പട്ടികവർഗ വികസന വകുപ്പിന്റെ സഹായത്തോടെ കെഎസ്എസ്എം ഒരു പദ്ധതി ആരംഭിച്ചു. തിരുവനന്തപുരം ജില്ലയിലെ വിതുര ഗ്രാമപഞ്ചായത്തിലാണ് പരീക്ഷണാടിസ്ഥാനത്തിൽ പദ്ധതി ആരംഭിച്ചത്. വിതുര പഞ്ചായത്തിലെ 21 ആദിവാസി ഊരുകളിലുള്ള എല്ലാ ഭിന്നശേഷിക്കാരെ കണ്ടെത്തുകയും, അവരുടെ ആവശ്യകതയ്ക്കു

നുസൃതമായി വ്യക്തിഗത പരിചരണ പദ്ധതി തയ്യാറാക്കുകയും ചെയ്തു. സഹായ ഉപകരണങ്ങൾ, അംഗപരിമിതി രേഖപ്പെടുത്തിയ മെഡിക്കൽ സർട്ടിഫിക്കറ്റുകൾ, റേഷൻ കാർഡുകൾ, ആധാർ കാർഡുകൾ, യുഡിഐഡി എന്നീ സഹായങ്ങൾ ആദ്യഘട്ടത്തിൽ നൽകുകയുണ്ടായി.

### തൊഴിൽ വകുപ്പ്

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി, "കൈവല്യ" എന്ന ഒരു പുനരധിവാസ പാക്കേജ് തൊഴിൽ വകുപ്പ് വഴി നടപ്പിലാക്കുന്നു. പരമാവധി 50,000 രൂപ വരെയുള്ള വായ്പ ധനസഹായം ആണ് നൽകിവരുന്നത്. സ്വയം തൊഴിൽ സംരംഭങ്ങൾ, തൊഴിലധിഷ്ഠിത കോഴ്സുകൾ, സോഫ്റ്റ് സ്കിൽ പരിശീലനം തുടങ്ങിയവയ്ക്കാണ് ധനസഹായം നൽകുന്നത്. "കൈവല്യ" പദ്ധതിയിലൂടെ, 2019–ൽ 2.35 കോടി രൂപ വിതരണം ചെയ്തത് വഴി, 471 ഭിന്നശേഷിക്കാർക്ക് പ്രയോജനം ലഭിച്ചു. 2020–ൽ ഗുണഭോക്താക്കളുടെ എണ്ണത്തിൽ ശ്രദ്ധേയമായ വർദ്ധനവ് ഉണ്ടായി. 2,226 ഗുണഭോക്താക്കൾക്കായി 11.12 കോടി രൂപ വിതരണം ചെയ്യുകയുണ്ടായി.

### ട്രാൻസ്ജെൻഡർ വിഭാഗക്കാരുടെ ക്ഷേമം

ട്രാൻസ്ജെൻഡർ വ്യക്തികളെ അംഗീകരിക്കുന്നതിലൂടെ, അവരുടെ ക്ഷേമപ്രവർത്തനങ്ങളിൽ കാര്യമായ പരിവർത്തനം കേരളത്തിലുണ്ടായിട്ടുണ്ട്. അവരുടെ വിദ്യാഭ്യാസം, തൊഴിൽ, ക്ഷേമപ്രവർത്തനങ്ങൾ തുടങ്ങിയവയ്ക്ക് ഊന്നൽ നൽകിവരുന്നു. ട്രാൻസ്ജെൻഡറുകളുടെ ക്ഷേമ പ്രവർത്തികൾ വിജയകരമായി നടപ്പിലാക്കിയതോടെ, ഈ വിഭാഗത്തിൽപ്പെട്ട വ്യക്തികൾക്ക് ധാരാളം അവസരങ്ങൾ ലഭിക്കുകയുണ്ടായി. ജീവിത പ്രതിസന്ധികളിൽപ്പെട്ട ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ടവരെ പാർപ്പിക്കുന്നതിനും, അവരുടെ ക്ഷേമം ഉറപ്പാക്കുന്നതിനായി പാർപ്പിടവും, ഭക്ഷണവും, പിന്തുണയും നൽകുന്ന പദ്ധതി എന്ന നിലയിൽ, കേരളത്തിലെ ട്രാൻസ്ജെൻഡർ ഷെൽട്ടർ ഹോമുകൾ ദേശീയ പ്രാധാന്യം നേടിയിട്ടുണ്ട്.

പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ടവരുടെ പ്രാധാന്യം വിവിധ മേഖലകളിൽ പ്രകടമായിരുന്നു. മുഖ്യധാരാ പ്രവർത്തികളിലൂടെയും, സംരംഭകത്വ ലക്ഷ്യങ്ങളിലൂടെയും, ക്ഷേമ പദ്ധതികളിലൂടെയും ട്രാൻസ്ജെൻഡറുകൾക്ക് സ്വയം പര്യാപ്തത കൈവരിക്കാനായി. പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ ട്രാൻസ്ജെൻഡർ സമൂഹത്തിന്റെ ക്ഷേമത്തിനായി വിവിധ മേഖലകളിൽ വിപുലമായ സംരംഭങ്ങൾ നടപ്പിലാക്കുകയുണ്ടായി. ട്രാൻസ്ജെൻഡർ വിഭാഗത്തിൽപെട്ടവരുടെ വിദ്യാഭ്യാസ, സാമൂഹ്യ–സാമ്പത്തിക, ആരോഗ്യ വിഷയങ്ങൾ ഉൾക്കൊണ്ടായിരുന്നു അവർക്കുവേണ്ടി പദ്ധതികൾ വിഭാവനം ചെയ്തത്. ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ടവർക്ക് സമൂഹത്തിന്റെ വിവിധ തലങ്ങളിൽ അവരുടെ വ്യക്തിത്വം ഉറപ്പാക്കുവാനും, അവരെ സമൂഹത്തിന്റെ ഭാഗമാക്കാൻ ഉതകുന്ന തരത്തിലുള്ള സുസ്ഥിര വികസന സമ്പ്രദായങ്ങളും ഇതിലൂടെ സാധ്യമായി.

രാജ്യത്ത് ആദ്യമായി ട്രാൻസ്ജെൻഡർ വിഭാഗത്തിൽ ഉള്ളവർക്കായി ഒരു നയം രൂപീകരിച്ച സംസ്ഥാനം കേരളമാണ്. കേരള സ്റ്റേറ്റ് ട്രാൻസ്ജെൻഡർ പോളിസിയിൽ വിഭാവനം ചെയ്യുന്നതുപോലെ, ട്രാൻസ്ജെൻഡർ സമൂഹത്തിനായി സാമൂഹ്യനീതി വകുപ്പ് "മഴവില്ല്" എന്ന പേരിൽ ഒരു സമഗ്ര പദ്ധതി നടപ്പിലാക്കി വരുന്നു. ട്രാൻസ്ജെൻഡർ വിഭാഗക്കാരുടെ ക്ഷേമത്തിനായി 13–ാം പഞ്ചവത്സര പദ്ധതിയിൽ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുകയുണ്ടായി.

### വിദ്യാഭ്യാസ സഹായം

- ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്
- ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റൽ സൗകര്യം
- 'സമന്വയ'– സംസ്ഥാന സാക്ഷരതാ മിഷൻ മുഖേനയുള്ള തുടർ വിദ്യാഭ്യാസ പദ്ധതി.
- 'വർണം'– വിദൂര വിദ്യാഭ്യാസ സമ്പ്രദായത്തിലൂടെ പഠനം തുടരുന്ന ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്കുള്ള സാമ്പത്തിക സഹായം
- 'സഫലം'– ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്നതിനുള്ള സാമ്പത്തിക സഹായം

### സാമൂഹിക–സാമ്പത്തിക ശാക്തീകരണം

- ട്രാൻസ്ജെൻഡർ വ്യക്തികൾക്കുള്ള ഹെൽപ്പ് ലൈൻ
- ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സ്വയം തൊഴിൽ സഹായം
- തയ്യൽ മെഷീൻ വിതരണ പദ്ധതി
- വിവിധ സാമൂഹ്യ സംഘടനകളുടെ സഹായത്തോടെ തിരുവനന്തപുരം, കോട്ടയം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ ഷോർട്ട് സ്റ്റേ /ഷെൽട്ടർ ഹോമുകളുടെ നിർമ്മാണം
- സ്കൂളുകളിലും കോളേജുകളിലും, കൂടാതെ വിവിധ ഉദ്യോഗസ്ഥർക്കും, തെരഞ്ഞെടുത്ത പ്രതിനിധികൾക്കുമുള്ള ബോധവൽക്കരണ പരിപാടികൾ
- എറണാകുളം മഹാരാജാസ് കോളേജിൽ ട്രാൻസ്ജെൻഡർ സൗഹൃദ ടോയ്‌ലറ്റ് അനുവദിക്കുകയുണ്ടായി

### ആരോഗ്യവുമായി ബന്ധപ്പെട്ട പ്രവർത്തികൾ

- ട്രാൻസ്ജെൻഡർ വ്യക്തികൾക്കായി സോഷ്യൽ വെൽഫെയർ ബോർഡിന്റെ പിന്തുണയോടെ എച്ച്ഐവി സീറോ സർവൈലൻസ് സെന്റർ സ്ഥാപിക്കുകയുണ്ടായി
- എസ്ആർഎസ് ശസ്ത്രക്രിയയ്ക്കുള്ള സാമ്പത്തിക സഹായം.
- എസ്ആർഎസ് ശസ്ത്രക്രിയയ്ക്കുശേഷം തുടർ ചികിത്സയ്ക്കുള്ള സാമ്പത്തിക സഹായം

### നൈപുണ്യ വികസന സംരംഭങ്ങൾ

- ഡ്രൈവിംഗ് പരിശീലന പരിപാടി.
- ബ്യൂട്ടീഷ്യൻ പരിശീലന പരിപാടി.
- സംരംഭകത്വ വികസന പരിപാടികൾ

### സ്ത്രീകളുടെ ശാക്തീകരണവും സാമൂഹ്യക്ഷേമവും

സാമൂഹിക, രാഷ്ട്രീയ, പൊതു കാര്യങ്ങളിൽ, സ്ത്രീകളുടെ പങ്കാളിത്തം വർധിപ്പിക്കുന്നതിന് വേണ്ടിയുള്ള നിരവധി ഇടപെടലുകൾക്ക് ഈ കാലയളവിൽ കേരളം സാക്ഷ്യം വഹിച്ചിട്ടുണ്ട്. എല്ലാ തൊഴിൽ മേഖലകളിലും സ്ത്രീകൾക്ക് തുല്യ അവസരങ്ങൾ ഉറപ്പാക്കുന്നതിനും, സംസ്ഥാനത്തെ പൊതു ഇടങ്ങളിൽ സ്ത്രീകൾക്കും തുല്യമായ പ്രവേശനം ലഭ്യമാക്കുന്നതിനും വേണ്ടി നയപരമായ നടപടികളിലൂടെ സംസ്ഥാന സർക്കാർ ഗണ്യമായ ശ്രമങ്ങൾ നടത്തിയിട്ടുണ്ട്.

സ്ത്രീകളുടെ ക്ഷേമത്തിനും ശാക്തീകരണത്തിനുമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ചുവടെ വിശദീകരിക്കുന്നു.

### കേരള വനിതാ കമ്മീഷൻ

ചെയർപേഴ്സൺന്റെ നേതൃത്വത്തിൽ, 5 അംഗങ്ങളുള്ള ഒരു നിയമാനുസൃത സ്ഥാപനമാണ് 1996–ൽ സ്ഥാപിതമായ കേരള വനിതാ കമ്മീഷൻ. ഒരു അർദ്ധ ജുഡീഷ്യൽ ബോഡി എന്ന നിലയിൽ, സ്ത്രീകളുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളിലും വനിതാ കമ്മീഷന് ഇടപെടാൻ സാധിക്കും. ഏതെങ്കിലും അന്യായമായ പ്രവർത്തികളിന്മേൽ കമ്മിഷന് പരാതികൾ ലഭിച്ചാൽ, അതിന്മേൽ അന്വേഷണം നടത്തി തീരുമാനങ്ങൾ എടുക്കുകയും, പരിഹാര നടപടികൾ ശുപാർശ ചെയ്യുകയും ചെയ്യുന്നു. സമൂഹത്തിൽ സ്ത്രീകളുടെ പദവി മെച്ചപ്പെടുത്തേണ്ട ചുമതലയും കമ്മീഷനുണ്ട്. ബോധവൽക്കരണ പരിപാടികൾ, നിയമ ശിൽപശാലകൾ/ സെമിനാറുകൾ, അദാലത്തുകൾ മുതലായവയും, ഡി.എൻ.എ പരിശോധന നടത്തുന്നതിനുള്ള സൗകര്യങ്ങളും കമ്മീഷൻ നടപ്പിലാക്കുന്നു.

പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ കമ്മീഷൻ നടപ്പിലാക്കിയ പ്രവർത്തികൾ ഇവയെല്ലാമാണ്– (1) കമ്മീഷനുമായി മുഖാമുഖം – സ്ത്രീകൾക്കായി നൂതന പദ്ധതികൾ വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടു കൂടി, സ്ത്രീശാക്തീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികളിൽ നിന്നും, സംഘടനകളിൽ നിന്നും ആശയങ്ങളും, കാഴ്ചപ്പാടുകളും, രീതിശാസ്ത്രങ്ങളും, പദ്ധതികളും സ്വീകരിക്കുന്നതിനുള്ള പരിപാടി, (2) പ്രത്യേക ബോധവൽക്കരണ ക്യാംപെയ്നുകൾ – ലിംഗപദവി സമത്വത്തെക്കുറിച്ചും, സ്ത്രീകൾക്ക് സമൂഹത്തിലുള്ള പദവി ഉയർത്തുന്നതിനെക്കുറിച്ചും കേരളീയരെ ബോധവത്കരിക്കുന്നതിന് വേണ്ടി കമ്മീഷൻ പ്രത്യേക ബോധവൽക്കരണ ക്യാംപെയ്നുകൾ ആരംഭിച്ചു. ജാഗ്രതാ സമിതികളിലെ അംഗങ്ങൾക്കായി 117 സെമിനാറുകളും / നിയമ ശിൽപശാലകളും, കൂടാതെ 48 പരിശീലന പരിപാടികളും, 2020–21–ൽ കമ്മീഷൻ സംഘടിപ്പിച്ചു. 22 വിവാഹ പൂർവ കൗൺസിലിംഗ് സെഷനുകൾ, 245 വിദ്യാഭ്യാസ സ്ഥാപനങ്ങളിലായി കലാലയജ്യോതി സംഘടിപ്പിക്കൽ, കമ്മീഷനുമായി മുഖാമുഖം എന്ന പരിപാടിയുടെ 8 സിറ്റിങ്ങുകൾ തുടങ്ങിയവയാണ് ലിംഗപദവി ബോധവൽക്കരണ പരിപാടിക്ക് കീഴിൽ കമ്മീഷൻ നടപ്പിലാക്കിയത്. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ, ഗാർഹിക പീഡനം, സ്വത്ത് സംബന്ധമായ പ്രശ്നങ്ങൾ, കുടുംബ പ്രശ്നങ്ങൾ, തുടങ്ങിയ വിവിധ തരത്തിലുള്ള 5,439 പരാതികൾ 2020–21 കാലയളവിൽ കമ്മിഷന് ലഭിച്ചിരുന്നു. 2021 മാർച്ച് വരെ ലഭിച്ച പരാതികളുടെ ഇനം തിരിച്ചും, ജില്ല തിരിച്ചുള്ളതുമായ വിശദാംശങ്ങൾ **അനുബന്ധം 8.3.5**–ൽ നൽകിയിരിക്കുന്നു.

### കേരള സംസ്ഥാന വനിതാ വികസന കോർപറേഷൻ

സ്ത്രീ ശാക്തീകരണത്തിന് മികച്ച അവസരങ്ങൾ നൽകുന്നതിനും, സാമൂഹ്യ വികസനത്തിലും, പുരോഗതിയിലും സ്ത്രീകളുടെ സജീവ പങ്കാളിത്തം സാധ്യമാകുന്ന തരത്തിൽ സ്ത്രീകളുടെ മൊത്തത്തിലുള്ള വികസനം ലക്ഷ്യമിട്ടുകൊണ്ടാണ് 1988–ൽ കേരള വനിതാ വികസന കോർപ്പറേഷൻ (KSWDC) സ്ഥാപിതമായത്. വനിതാ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള വായ്പാ വിതരണ പരിപാടികൾ, വനിതകൾക്കുള്ള സ്വയം തൊഴിൽ പദ്ധതികൾ, ലിംഗപദവി ബോധവൽക്കരണം, ഫിനിഷിംഗ് സ്കൂൾ എന്നിവയാണ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന പ്രധാന പരിപാടികൾ.

വനിതാ വികസന കോർപ്പറേഷന്റെ 2020–21–ലെ പ്രവർത്തനങ്ങൾ താഴെപറയുന്നവയാണ് :

(എ) 5784 സ്ത്രീ ഗുണഭോക്താക്കൾക്ക് (22 ട്രാൻസ് വനിതകൾ ഉൾപ്പെടെ) സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി 118.51 കോടി രൂപ ലോൺ ഇനത്തിൽ വിതരണം ചെയ്തു.

(ബി) "ഷീ പാഡ്" പദ്ധതി നടപ്പിലാക്കിയ 200 സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ നിന്നുള്ള 20,000 പെൺകുട്ടികൾക്കിടയിൽ ആർത്തവ ശുചിത്വ പരിപാലനത്തിനെ സംബന്ധിച്ച് ബോധവൽക്കരണം നടത്തുകയുണ്ടായി. 169 സർക്കാർ/എയ്ഡഡ് സ്കൂളുകളിലായി "ഷീ പാഡ്" പദ്ധതി നടപ്പിലാക്കിയതിലൂടെ, 21,960 പെൺകുട്ടികൾക്ക് പ്രയോജനം ലഭിച്ചു.

(സി) കന്നുകാലി വളർത്തലും ക്ഷീരോത്പാദന പദ്ധതിയുമായ "വനമിത്രയുടെ" ഭാഗമായി 50 ആദിവാസി സ്ത്രീകൾക്കും, അവരുടെ കുടുംബങ്ങൾക്കും ഉപജീവന മാർഗ്ഗം മെച്ചപ്പെടുത്തുന്നതിനായി പശുവളർത്തലിൽ പരിശീലനം നൽകുകയുണ്ടായി. 33 ആദിവാസി സ്ത്രീകൾക്ക് തേനീച്ച വളർത്തലിൽ പരിശീലനം നൽകിയിരുന്നു.

(ഡി) "മിത്ര 181 ഹെൽപ്പ് ലൈനിന്റെ" പ്രവർത്തനവുമായി ബന്ധപ്പെട്ട്, എല്ലാ സർക്കാർ ഉദ്യോഗസ്ഥർക്കും, പ്രത്യേകിച്ച് പൊതുജനങ്ങളുമായി അടുത്തിടപഴകുന്നവർക്ക്, ലിംഗപദവി ബോധവൽക്കരണ പരിപാടികൾ കോർപറേഷൻ മുഖാന്തിരം സംഘടിപ്പിച്ചിരുന്നു. 2020–21 ൽ മിത്ര 181 ഹെൽപ്പ് ലൈനിലെയ്ക്ക് ലഭിച്ച 25,591 കോളുകൾക്ക് സേവനം നൽകുവാൻ സാധിച്ചു. ഇതിൽ, 19,218 കേസുകൾ പോലീസ് വകുപ്പിന്റെ ഇടപെടലിലൂടെയാണ് പരിഹരിക്കാൻ സാധിച്ചത്.

(ഇ) ബോധ്യം– പോലീസ് ഉദ്യോഗസ്ഥർക്കുള്ള ലിംഗപദവി ബോധവൽക്കരണ പരിശീലനം ഓൺലൈനായി സംഘടിപ്പിച്ചിരുന്നു. ഇതിലൂടെ, 12 പോലീസ് ബറ്റാലിയനുകളിൽ നിന്നുള്ള 5457 പോലീസ് ഉദ്യോഗസ്ഥർ 2020–21–ൽ പരിശീലനം പൂർത്തിയാക്കി.

(എഫ്) ഏഴ് "വനിത മിത്ര കേന്ദ്ര" വർക്കിംഗ് വിമൻസ് ഹോസ്റ്റലുകളിലായി 700 സ്ത്രീകൾക്ക് താമസ സൗകര്യം നൽകുകയുണ്ടായി. പെരിന്തൽമണ്ണയിലെ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ 2020 നവംബറിലാണ് ഉദ്ഘാടനം ചെയ്തത്.

(ജി) ലിംഗപദവി ബോധവൽക്കരണ പരിപാടികളുടെ ഭാഗമായി KSWDC സംസ്ഥാനത്തെ തിരഞ്ഞെടുത്ത കോളേജുകളിൽ വനിതാ സെല്ലുകൾ ആരംഭിച്ചിരുന്നു. 39 വനിതാ കോളേജുകളിലായി 5000–ത്തിലധികം അംഗങ്ങളുള്ള വനിതാ സെല്ലുകൾ 2020–21–ൽ പ്രവർത്തിച്ചിരുന്നു.

(എച്ച്) വനിതകൾക്കായുള്ള ഫിനിഷിംഗ് സ്കൂളുകൾ എന്ന ഫ്ലാഗ്ഷിപ്പ് പ്രോഗ്രാമിന് കീഴിൽ, തിരുവനന്തപുരത്തും, കണ്ണൂരിലുമുള്ള 'റീച്ച്' ഫിനിഷിംഗ് സ്കൂളുകൾ വഴി 903 വിദ്യാർത്ഥികൾക്ക് നൈപുണ്യ വികസനത്തിൽ പരിശീലനം നൽകുകയുണ്ടായി (15,850 പരിശീലന ദിനങ്ങൾ)

(ഐ) നഴ്സുമാർക്കായുള്ള അഡ്വാൻസ്ഡ് സ്കിൽ എൻഹാൻസ്മെന്റ് എന്ന പദ്ധതി (ASEPN) വനിതാ വികസന കോർപറേഷൻ 2020–21–ൽ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ചിരുന്നു. 61 നഴ്സുമാർക്ക് പരിശീലനം നൽകുകയുണ്ടായി.

### ജെൻഡർ പാർക്ക്

ലിംഗസമത്വം എന്ന ലക്ഷ്യം കൈവരിക്കുന്നതിനുവേണ്ടിയുള്ള, നയങ്ങളും, പരിപാടികളും, പദ്ധതികളും വികസിപ്പിക്കുവാൻ വേണ്ടി കേരള സർക്കാർ വിഭാവനം ചെയ്ത ഒരു സംരംഭമാണ് ജെൻഡർ പാർക്ക്. ഗവേഷണം, ചർച്ചകൾ, നയപരമായ ഇടപെടലുകൾ, അവബോധം സൃഷ്ടിക്കൽ, സാമ്പത്തിക അവസരങ്ങൾ സൃഷ്ടിക്കൽ എന്നിങ്ങനെ ഒരു ബഹുമുഖ സമീപനത്തിലൂടെയാണ് ലിംഗപദവി പ്രവർത്തനങ്ങളുടെ സംയോജന കേന്ദ്രമായി ഈ സ്ഥാപനം പ്രവർത്തിക്കുന്നത്. ആദ്യ ഘട്ടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 2021 ഫെബ്രുവരിയിൽ പൂർത്തീകരിക്കുകയും ഉദ്ഘാടനം ചെയ്യുകയും ചെയ്തു. ഇന്റർനാഷണൽ കൺവെൻഷൻ സെന്റർ, ജെൻഡർ ലൈബ്രറി, ഹെറിറ്റേജ് മ്യൂസിയം, ആംഫി തിയേറ്റർ എന്നിവയാണ് ജെൻഡർ പാർക്കിന്റെ ആദ്യ ഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന സൗകര്യങ്ങൾ.

ജെൻഡർ പാർക്കിന്റെ ഒരു ദീർഘവീക്ഷണ പദ്ധതിയാണ് ഇന്റർനാഷണൽ വിമൻസ് ട്രേഡ് സെന്റർ (iWTC). സുസ്ഥിര വികസന ലക്ഷ്യങ്ങൾക്ക് അനുസൃതമായി വ്യവസായം, സംരംഭം, വ്യാപാരം, ജീവിതശൈലികൾ എന്നിവയുടെ വളർച്ചയും, യു.എൻ.ന്റെ സുസ്ഥിര വികസന ലക്ഷ്യങ്ങൾക്കനുസൃതമായി സ്ത്രീകൾക്കായി ഒരു സാംസ്കാരിക കേന്ദ്രം എന്നിവയും ഇതിലൂടെ ലക്ഷ്യമിടുന്നു. വിമൻ ഇൻ സസ്റ്റൈനബിൾ എന്റർപ്രണർഷിപ്പ് (വൈസ്) ഫെലോകളുടെ അറിവും, കഴിവും, മനോഭാവവും മെച്ചപ്പെടുത്തുന്നതിനും, ശക്തിപ്പെടുത്തുന്നതിനും വൈസ് ഫെലോഷിപ്പ് ലക്ഷ്യമിടുന്നു. ഇതിലൂടെ, സുസ്ഥിര സംരംഭങ്ങൾ സ്ഥാപിക്കുന്നതിനും, പ്രവർത്തിപ്പിക്കുന്നതിനും, വിപുലീകരിക്കുന്നതിനും ലക്ഷ്യമിടുന്നു. സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണത്തിന് സഹായകമാകുന്ന സുസ്ഥിര സംരംഭകത്വ പ്രവർത്തനങ്ങൾക്ക് അനുകൂലമായ ഒരു അന്തരീക്ഷം ജെൻഡർ പാർക്കിലൂടെ സൃഷ്ടിക്കപ്പെടുന്നു. "വിഷൻ 2020"ൽ ഉൾപ്പെടുത്തിയുള്ള ജെൻഡർ പാർക്കിന്റെ ആദ്യ സംരംഭമാണ് "ഷീ ടാക്സി". 2021–22–ൽ ആസൂത്രണം ചെയ്തിരിക്കുന്ന ഒരു പ്രധാന പദ്ധതിയാണ് "ഷീഇ–ഓട്ടോ" വനിതാ വികസന കോർപറേഷന്റെയും,കുടുംബശ്രീയുടെയും വിവിധ വനിതാ ഹോംസ്റ്റേകളുമായി ടാക്സി, ഓട്ടോ സേവനങ്ങൾ സംയോജിപ്പിക്കാൻ ഇതിലൂടെ ലക്ഷ്യമിടുന്നു.

### സ്ത്രീകളുടെ ക്ഷേമത്തിനും ശാക്തീകരണത്തിനു മുള്ള പരിപാടികൾ

സ്ത്രീകളുടെ ക്ഷേമത്തിനും, ശാക്തീകരണത്തിനുമായി വനിതാ ശിശു വകുപ്പും കേരള സാമൂഹ്യ സുരക്ഷാ മിഷനും മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. **മംഗല്യപദ്ധതി:** വിധവകൾക്ക് പുനർവിവാഹത്തിനുള്ള ധനസഹായം
2. **അഭയകിരണം:** നിരാലംബരായ വിധവകൾക്ക് സംരക്ഷണവും പാർപ്പിടവും നൽകുന്ന അവരുടെ അടുത്ത ബന്ധുക്കൾക്ക് 1000 രൂപയുടെ പ്രതിമാസ ധനസഹായം
3. **സഹായഹസ്തം:** സ്വയം തൊഴിൽ പദ്ധതികൾക്കുള്ള സാമ്പത്തിക സഹായം.
4. **അതിജീവിക:** സ്ത്രീകൾ ഗൃഹനാഥരായിട്ടുള്ള കുടുംബങ്ങളിൽ, അവിചാരിതമായി സാമ്പത്തിക പ്രതിസന്ധി ഉണ്ടായാൽ പരമാവധി 50,000 രൂപ വരെയുള്ള ഒറ്റത്തവണ ധനസഹായം.
5. **ആശ്വാസനിധി:** ലൈംഗിക കുറ്റകൃത്യങ്ങൾക്കും, ലിംഗപദവിയിലധിഷ്ഠിതമായ അതിക്രമങ്ങൾക്കും ഇരയായവർക്കുള്ള സാമ്പത്തിക സഹായം.
6. **വൺ ഡേ ഹോം:** തലസ്ഥാന നഗരിയിലേക്ക് ഒറ്റയ്ക്ക് യാത്ര ചെയ്യേണ്ടി വരുന്ന സ്ത്രീകൾക്ക് സുരക്ഷിതമായ താമസ സൗകര്യം ഉറപ്പാക്കുന്നു. 2020 മാർച്ചിൽ പ്രവർത്തനം ആരംഭിച്ച 'വൺ ഡേ ഹോം' സ്ഥിതി ചെയ്യുന്നത് കെഎസ്ആർടിസി കെട്ടിടത്തിന്റെ എട്ടാം നിലയിലാണ്. തിരുവനന്തപുരം കോർപ്പറേഷന്റെയും വനിതാ ശിശു വകുപ്പിന്റെയും സംയുക്ത സംരംഭമാണിത്.
7. **സ്നേഹസ്പർശം:** KSSM മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണിത്. അവിവാഹിതരായ അമ്മമാർക്ക്, പ്രതിമാസം 2,000 രൂപ നിരക്കിൽ സാമ്പത്തിക സഹായം നൽകുന്നു. 2020–21 കാലയളവിൽ, 2044 ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുകയുണ്ടായി.

### കുട്ടികളുടെ സാമൂഹ്യക്ഷേമം

കുട്ടികളുടെ, പ്രത്യേകിച്ച് ദുർബല വിഭാഗങ്ങളിൽപ്പെട്ടവരുടെയും, സാധാരണ രക്ഷകർതൃ പരിചരണം ലഭ്യമല്ലാത്തവരുടെയും, സാമൂഹ്യവും ശാരീരികവും മാനസികവുമായ ക്ഷേമം കൈകാര്യം ചെയ്യുന്ന വിവിധ സ്ഥാപനങ്ങളുടെ സേവനങ്ങൾ കുട്ടികളുടെ സാമൂഹ്യക്ഷേമത്തിൽ ഉൾപ്പെടുന്നു. ശിശുക്ഷേമ സംരക്ഷണത്തിനായി ഭാരത സർക്കാരും, കേരള സർക്കാരും നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. 2011–ലെ സെൻസസ് പ്രകാരം, സംസ്ഥാനത്തെ മൊത്തം ജനസംഖ്യയുടെ 10.4 ശതമാനം ആണ്, 0–6 പ്രായത്തിലുള്ള കുട്ടികൾ. 964 ആണ് സംസ്ഥാനത്തു കുട്ടികളുടെ ലിംഗാനുപാതം.

ഒരു വ്യക്തിയുടെ വികാസത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഘട്ടമാണ് കുട്ടിക്കാലം. 18 വയസ്സുവരെയുള്ള കുട്ടികളുടെ സമഗ്രമായ വികസനത്തിൽ, അവരുടെ ശാരീരികവും, മാനസികവും, വൈകാരികവും, സാമൂഹ്യവുമായ വികസനം ഉൾപ്പെടുന്നു. ശിശുമരണനിരക്കും, കുട്ടികളിലെ ഭാരക്കുറവുമാണ് കുട്ടികളുടെ അതിജീവനത്തിലെ രണ്ട് നിർണ്ണായക ഘടകങ്ങൾ. NFHS–5 റിപ്പോർട്ട് അനുസരിച്ച്, കേരളത്തിലെ ശിശുമരണ നിരക്ക് (IMR) 1,000 ജനനങ്ങളിൽ 4.4 ആണ്, NFHS–4 പ്രകാരം ഇത് 5.6 ആയിരുന്നു.

5 വയസ്സിൽ താഴെയുള്ളവരുടെ മരണനിരക്ക് (U5MR) NFHS–4 പ്രകാരം 7.1 ആയിരുന്നത്, NFHS–5 കണക്കു പ്രകാരം, 5.2 മരണങ്ങളായി കുറഞ്ഞത് നല്ല സൂചനയാണ്. പക്ഷെ, കുട്ടികളിലെ ആരോഗ്യനില കുറയുന്നതായിട്ടാണ് വിളർച്ച നിരക്ക് വെളിപ്പെടുത്തുന്നത്. NFHS –5 ഡാറ്റ പ്രകാരം, 6 മുതൽ 59 മാസം വരെ പ്രായമുള്ള കുട്ടികളിൽ വിളർച്ച നിരക്ക് 35.7 ശതമാനത്തിൽ നിന്ന് (NFHS–4) 39.4 ശതമാനമായി (NFHS–5) വർദ്ധിച്ചിരിക്കുന്നു. NFHS–5 ഡാറ്റ പ്രകാരം കുട്ടികളുടെ പോഷകാഹാര

സ്ഥിതിവിവരങ്ങളും അസ്വസ്ഥതയുണ്ടാക്കുന്നതാണ്. NFHS-4 ന്റെ കണക്ക് പ്രകാരം 16.1 ആയിരുന്നു, 5 വയസ്സിന് താഴെയുള്ള കുട്ടികളുടെ ഭാരക്കുറവ്. ഇത്, 19.7 ശതമാനമായി ഉയർന്നതായി (NFHS-5) ഡാറ്റ വെളിപ്പെടുത്തുന്നു. അതുപോലെ, 5 വയസ്സിന് താഴെയുള്ള വളർച്ച മുരടിച്ച കുട്ടികളുടെ കണക്കു 19.7 ശതമാനത്തിൽ (NFHS-4) നിന്ന് 23.4 ശതമാനമായി (NFHS-5) വർദ്ധിച്ചു.

ശൈശവ വിവാഹത്തിലൂടെ കുട്ടികളുടെ അവകാശങ്ങൾ ലംഘിക്കപ്പെടുകയും, അവരുടെ ആരോഗ്യത്തെയും ക്ഷേമത്തെയും പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു. NFHS-5 റിപ്പോർട്ട് പ്രകാരം 15 മുതൽ 19 വയസ്സ് വരെയുള്ള പെൺകുട്ടികളുടെ ശൈശവവിവാഹത്തിൽ നേരിയ കുറവുണ്ടായതായിട്ടാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 3 ശതമാനത്തിൽ നിന്ന് (NFHS-4) 2.4 ശതമാനമായി (NFHS-5) കുറവ് രേഖപ്പെടുത്തിയിരിക്കുന്നു. അവഗണന, അക്രമം, ദുരുപയോഗം, ചൂഷണം എന്നിവയിൽ നിന്നും സുരക്ഷിതത്വവും, കരുതലും നൽകുന്ന ഒരു അന്തരീക്ഷം എല്ലാ കുട്ടികൾക്കും സൃഷ്ടിക്കേണ്ടത് അത്യാവശ്യമാണ്. സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കനുസരിച്ച്, 2020-ൽ കേരളത്തിൽ കുട്ടികൾക്കെതിരെ 3,941 കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. 2019-ലെ കണക്കു പ്രകാരമുള്ള 4,754 കുറ്റകൃത്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ 17 ശതമാനം കുറവാണിത്. 1,243 കേസുകളുമായി ബലാത്സംഗ കേസുകളായിരുന്നു ഏറ്റവും അധികം, കുട്ടികളുടെ തട്ടിക്കൊണ്ടു പോകലുമായി ബന്ധപ്പെട്ട് 200 കേസുകൾ ഉണ്ടായിരുന്നു.

### കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ

കമ്മീഷൻ ഫോർ പ്രൊട്ടക്ഷൻ ഓഫ് ചൈൽഡ് റൈറ്റ്സ് ആക്റ്റ് (CPCR ആക്ട്) 2005 പ്രകാരം, 2013-ലാണ് ബാലാവകാശ കമ്മീഷൻ സ്ഥാപിതമായത്. കുട്ടികളുടെ അവകാശ സംരക്ഷണത്തിനായി നിലവിലുള്ള നിയമങ്ങൾ പരിശോധിക്കുവാനും, അവലോകനം ചെയ്യുവാനും, കുട്ടികളുടെ അവകാശ ലംഘന കേസുകൾ അന്വേഷിക്കുവാനും, ഇത്തരം അവകാശങ്ങൾ നിഷേധിക്കപ്പെടുന്ന ഘടകങ്ങൾ പരിശോധിക്കുവാനും, പരിഹാര നടപടികൾ നിർദ്ദേശിക്കുവാനും ഈ കമ്മീഷന് അധികാരമുണ്ട്. 2020-21-ൽ കമ്മിഷന് ലഭിച്ച 1,728 പരാതികളിൽ, 650 കേസുകൾ തീർപ്പാക്കിയിട്ടുണ്ട്. ആകെ ലഭിച്ച പരാതികളിൽ, 83 കേസുകൾ കുട്ടികളെ ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്ന് സംരക്ഷിക്കുവാനുള്ള (പോക്സോ) നിയമവുമായി ബന്ധപ്പെട്ടവയും, 290 കേസുകൾ വിദ്യാഭ്യാസ അവകാശ നിയമവുമായി (ആർടിഇ) ബന്ധപ്പെട്ടവയും, 34 കേസുകൾ ജുവനൈൽ ജസ്റ്റിസ് (ജെജെ) ആക്ടുമായി ബന്ധപ്പെട്ടവയും, 1,321 കേസുകൾ കുട്ടികളുടെ അവകാശ ലംഘനവുമായി ബന്ധപ്പെട്ടവയുമായിരുന്നു.

### ദത്തെടുക്കലുമായി ബന്ധപ്പെട്ട സേവനങ്ങൾ

സംസ്ഥാന അഡോപ്ഷൻ റിസോഴ്സ് ഏജൻസിയെ സഹായിക്കുന്നതിനായി കേരളത്തിൽ 17 പ്രത്യേക അഡോപ്ഷൻ ഏജൻസികൾ പ്രവർത്തിക്കുന്നുണ്ട്. 2013-14 മുതൽ 2020-21 വരെയുള്ള കാലയളവിൽ രാജ്യത്തിനകത്തു 1,114 ദത്തെടുപ്പുകളും, 106 രാജ്യാന്തര ദത്തെടുപ്പുകളും നടന്നു. 2020-21ൽ കേരളത്തിൽ 133 കുട്ടികളെ ദത്തെടുത്തു (രാജ്യത്തിനകത്തു 120 ഉം, 13 രാജ്യാന്തരവും), ഇതിൽ 69 പേർ പെൺകുട്ടികളാണ്. ദത്തെടുത്ത കുട്ടികളുടെ വിശദാംശങ്ങൾ **അനുബന്ധം 8.3.6**-ൽ നൽകിയിരിക്കുന്നു.

### കുട്ടികളുടെ പരിചരണം, വികസനം, സംരക്ഷണം എന്നിവയ്ക്കായുള്ള പദ്ധതികൾ

കുട്ടികളുടെ സംരക്ഷണം, പരിചരണം, വികസനം എന്നിവയുമായി ബന്ധപ്പെട്ട വിവിധ പദ്ധതികൾ വനിതാ ശിശുവികസന വകുപ്പും, കേരള സാമൂഹ്യ സുരക്ഷാ മിഷനും ചേർന്ന് നടപ്പിലാക്കിവരുന്നു.

### വനിതാ ശിശു വകുപ്പ് മുഖേന നടപ്പിലാക്കിയ പരിപാടികൾ

- **ജില്ലാ റിസോഴ്സ് സെന്ററുകൾ:** വിദഗ്ധ പരിചരണവും സേവനങ്ങളും, വ്യക്തിഗത ഇടപെടലുകൾ, റഫറൽ സംവിധാനം, പരിശീലനങ്ങൾ, എന്നിവ ആവശ്യമുള്ള കുട്ടികൾക്ക്, ശാസ്ത്രീയ ഇടപെടലുകളും വിദഗ്ധ ചികിത്സാസേവനങ്ങളും നൽകുന്നതിന് ജില്ലാ റിസോഴ്സ് സെന്ററുകൾ ശക്തിപ്പെടുത്തി.
- **കിളികൊഞ്ചൽ:** കോവിഡ് -19 കാലത്ത് അങ്കണവാടിയിലെ പ്രീ-സ്കൂൾ കുട്ടികൾക്കായി കിളികൊഞ്ചലിലെ വീഡിയോ ക്ലാസുകൾ ഓൺലൈനിൽ സംപ്രേഷണം ചെയ്യുകയുണ്ടായി.
- **വെബ് അധിഷ്ഠിത പ്രോഗ്രാം:** കുട്ടികളുടെ സംരക്ഷണത്തിനായുള്ള വെബ് അധിഷ്ഠിത പ്രോഗ്രാം മോണിറ്ററിംഗ് സംവിധാനം 2021 ജനുവരി മുതൽ സംസ്ഥാനത്ത് ആരംഭിച്ചു.
- **തേനമൃത് ന്യൂട്രി ബാർ:** വനിതാ ശിശു വികസന വകുപ്പും, കാർഷിക സർവ്വകലാശാലയും സംയുക്തമായി വികസിപ്പിച്ച തേനമൃത് ന്യൂട്രി ബാറുകൾ കോവിഡ് കാലയളവിൽ, ഭാരക്കുറവുള്ള 5,832 കുട്ടികൾക്ക് വിതരണം ചെയ്യുകയുണ്ടായി.
- **ന്യൂട്രീഷൻ വെയർഹൗസ്:** അങ്കണവാടികളിൽ ന്യൂട്രി ഗാർഡനുകൾ ഒരുക്കുന്നതിനുള്ള ന്യൂട്രീഷൻ വെയർഹൗസ് എന്ന പദ്ധതി കമ്മ്യൂണിറ്റി സയൻസ് വകുപ്പുമായി സഹകരിച്ച് വനിതാ ശിശു വികസന വകുപ്പ് ആരംഭിക്കുകയുണ്ടായി. 17,675 അങ്കണവാടികളിലാണ് പദ്ധതി നടപ്പിലാക്കി വരുന്നത്.
- **ആദ്യ 1,000 ദിന പരിപാടി:** അട്ടപ്പാടിയിലെ ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനായി, പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ച "ആദ്യ 1,000 ദിന പരിപാടി" 2018-19ൽ തീരദേശ, മലയോര മേഖലകളിലെ 10 ഐസിഡിഎസ് പദ്ധതികളിലേക്ക് വ്യാപിപ്പിച്ചിരുന്നു. 2021-22ൽ ഈ പദ്ധതി തീരദേശ, മലയോര മേഖലകളിലെ മറ്റ് 17 ഐസിഡിഎസുകളിലേയ്ക്കു കൂടി വ്യാപിപ്പിക്കുകയുണ്ടായി.
- **ഔർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ:** പഠനത്തിലും, സ്വഭാവത്തിലും, കൂടാതെ മാനസികവും, വൈകാരികവുമായ വെല്ലുവിളികൾ സ്കൂൾ തലത്തിൽ നേരിടേണ്ടിവരുന്ന കുട്ടികളെ തിരിച്ചറിഞ്ഞു, അത് പരിഹരിക്കുന്നതിനുവേണ്ട നടപടികൾ അധ്യാപകരുടെയും, രക്ഷിതാക്കളുടെയും, പൊതുജനങ്ങളുടെയും സഹകരണത്തോടു കൂടി കൈക്കൊള്ളുക എന്നതാണ് ഔർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (കുട്ടികളോടുള്ള ഞങ്ങളുടെ ഉത്തരവാദിത്തം) എന്ന പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തെ 304 സ്കൂളുകളിൽ നിലവിൽ ഈ പദ്ധതി പ്രവർത്തിക്കുന്നുണ്ട്.
- **കാവൽ പ്ലസ്:** പരിചരണവും സംരക്ഷണവും

ആവശ്യമുള്ള കുട്ടികൾക്കും, പോക്സോ നിയമപ്രകാരം സംരക്ഷണമുള്ളവർക്കും വേണ്ടി സൈക്കോ സോഷ്യൽ സമീപനത്തിലൂടെ സാമൂഹ്യാധിഷ്ഠിത പുനരധിവാസത്തിലും, പുനഃസംയോജനത്തിലും 'കാവൽ പ്ലസ്' ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റിന്റെ നേതൃത്വത്തിൽ എൻജിഒകളുടെ സഹകരണത്തോടെ 2020-21 വർഷത്തിലാണ് പദ്ധതിയുടെ ആദ്യഘട്ടം നടപ്പാക്കിയത്. പാലക്കാട്ടും, തിരുവനന്തപുരത്തും ആരംഭിച്ച പ്രസ്തുത പദ്ധതി 2021-22-ൽ എറണാകുളം, ഇടുക്കി, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലേക്ക് വ്യാപിപ്പിക്കുകയുണ്ടായി. കുട്ടികൾ മുഖ്യധാരയിലെത്തുന്നത് വരെയോ, സുരക്ഷിതമായ ഉപജീവനമാർഗം നേടുന്നതുവരെയോ അവർക്ക് മാനസികവും, വിദ്യാഭ്യാസപരവും, നിയമപരവുമായ പിന്തുണ ഇതിലൂടെ നൽകുന്നതാണ്.

- **സംയോജിത ശിശു വികസന സേവനങ്ങൾ (ICDS):** ആറ് വയസ്സിന് താഴെയുള്ള കുട്ടികളുടെ ആവശ്യങ്ങൾ നിറവേറ്റുന്ന ഒരു പ്രധാന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് സംയോജിത ശിശു വികസന സേവനങ്ങൾ. സമീകൃത പോഷകാഹാരം, ആരോഗ്യ സംരക്ഷണം, റഫറൽ സേവനങ്ങൾ, ആരോഗ്യവും പോഷകാഹാരവും, വിദ്യാഭ്യാസം, പ്രീ-സ്കൂൾ വിദ്യാഭ്യാസം എന്നിവയുൾപ്പെടെയുള്ള ഒരു സംയോജിത സേവന പാക്കേജാണ് ഇതിലൂടെ കുട്ടികൾക്ക് നൽകുന്നത്. കൗമാരക്കാരായ പെൺകുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവരിലേക്കും ഈ സേവനങ്ങൾ വ്യാപിപ്പിക്കുന്നു. കുട്ടിയുടെ ശാരീരികവും, മാനസികവും, സാമൂഹികവും, വൈജ്ഞാനികവും, ക്രിയാത്മകവുമായ വികസനമാണ് ഈ പദ്ധതി ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. 2020-21-ൽ സംസ്ഥാനത്തുടനീളം 33,115 അങ്കണവാടികൾ പ്രവർത്തിച്ചു. ഇതിൽ, 15.23 ലക്ഷം പേർ സപ്ലിമെന്ററി പോഷകാഹാര പരിപാടിയുടെ ഗുണഭോക്താക്കളായിരുന്നു. അതിൽ, 5.4 ലക്ഷം ഗുണഭോക്താക്കൾ 3 മുതൽ 6 വയസ്സ് വരെ പ്രായമുള്ള കുട്ടികളും, 3.32 ലക്ഷം ഗുണഭോക്താക്കൾ ഗർഭിണികളും മുലയൂട്ടുന്ന സ്ത്രീകളുമാണ്. ഐസിഡിഎസ് ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 8.3.7** ൽ നൽകിയിരിക്കുന്നു.

അങ്കണവാടികൾ വഴി നൽകുന്ന ഭക്ഷണത്തിന്റെ (അരി ഉൾപ്പെടെ) ഫോർട്ടിഫിക്കേഷൻ നടപ്പിലാക്കുവാൻ കേന്ദ്ര സർക്കാർ നിർദേശം നൽകിയിട്ടുണ്ട്. സുസ്ഥിരമായ രീതിയിൽ സൂക്ഷ്മപോഷക പോഷണ വിടവ് പരിഹരിക്കാൻ വേണ്ടിയാണിത്. വേൾഡ് ഫുഡ് പ്രോഗ്രാമുമായി (WFP) സഹകരിച്ചുകൊണ്ടു വനിതാ ശിശു വികസന വകുപ്പ്, അങ്കണവാടികളിലെ 3 മുതൽ 6 വയസ്സുവരെയുള്ള കുട്ടികൾക്ക് ഭക്ഷണമായി നൽകുന്ന അരിയുടെ ഫോർട്ടിഫിക്കേഷൻ ആരംഭിച്ചു. 8 മൈക്രോന്യൂട്രിയന്റുകൾ (അയേൺ, ഫോളിക് ആസിഡ്, സിങ്ക്, വിറ്റ്.എ, വിറ്റ്.ബി12, നിയാസിൻ, വിറ്റ്.ബി6, തയാമിൻ) ഉപയോഗിച്ചാണ് അരി ഫോർട്ടിഫൈ ചെയ്യുന്നത്. അസംസ്കൃത അരി 100: 1 എന്ന അനുപാതത്തിൽ ഫോർട്ടിഫൈഡ് അരിയുമായി സംയോജിപ്പിക്കും. കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് ഐസിഡിഎസ് പദ്ധതിയിലാണ് പരീക്ഷണാടിസ്ഥാനത്തിൽ ഇത് ആരംഭിച്ചത്. 6 മാസം മുതൽ 3 വയസ്സ് വരെയുള്ള കുട്ടികൾക്കാണ് ഫോർട്ടിഫിക്കേഷൻ നടത്തിയ അമൃതം ന്യൂട്രിമിക്സ് ടേക്ക് ഹോം റേഷനായി നൽകിയത്. വയനാട് ജില്ലയിൽ ആരംഭിച്ച പദ്ധതി പിന്നീട് കേരളത്തിലെ എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിച്ചു.

- **കാമ്പയിൻ 12:** NFHS-4 ന്റെ കണക്കുകളുമായി താരതമ്യപ്പെടുത്തുമ്പോൾ, NFHS-5 പ്രകാരം, സ്ത്രീകളിലും കുട്ടികളിലുമുള്ള വിളർച്ചയുടെ തോതിൽ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. 6 മുതൽ 59 മാസം വരെ പ്രായമുള്ള കുട്ടികളിൽ, വിളർച്ചയുടെ തോത് 39.4 ശതമാനമാണ്, NFHS-4 ൽ ഇത് 35.7 ആയിരുന്നു. കൂടാതെ, 15-49 വയസ് പ്രായമുള്ള സ്ത്രീകളിൽ, വിളർച്ച നിരക്ക് 36.3 ആണ് (NFHS-4 ൽ 34.3 ആയിരുന്നു) സ്ത്രീകളിലെയും, കുട്ടികളിലെയും വിളർച്ച നിരക്ക് 20 ശതമാനമായി കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ, 2021 ജനുവരി 12 മുതൽ ഒരു വർഷത്തേക്ക് ഒരു ബോധവൽക്കരണ കാമ്പയിൻ (കാമ്പയിൻ 12) വനിതാ ശിശു വകുപ്പ് ആരംഭിക്കുകയുണ്ടായി.

### കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കുന്ന പരിപാടികൾ

**ശിശുകൾക്കുള്ള കാൻസർ സുരക്ഷ, താലോലം പദ്ധതികൾ**– ക്യാൻസറും മറ്റു മാരകമായ രോഗങ്ങളും ബാധിച്ച 18 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് ഈ പദ്ധതികളിലൂടെ സാമൂഹ്യ സുരക്ഷാ മിഷൻ സൗജന്യ ചികിത്സ നൽകിവരുന്നു. സംസ്ഥാനത്തെ 15 സർക്കാർ ആശുപത്രികൾ വഴി കാൻസർ സുരക്ഷാ പദ്ധതിയും, 18 പ്രധാന സർക്കാർ ആശുപത്രികൾ വഴി താലോലം പദ്ധതിയും നടപ്പിലാക്കുന്നു. കാൻസർ സുരക്ഷാ പദ്ധതിയിലൂടെ 7,897 കുട്ടികൾക്കും, താലോലം പദ്ധതിയിലൂടെ 18,517 കുട്ടികൾക്കും 2020-21ൽ പ്രയോജനം ലഭിച്ചു.

**കുട്ടികളിലെ കോക്ലിയർ ഇംപ്ലാന്റേഷൻ (ശ്രുതിതരംഗം)** പദ്ധതിയിലൂടെ 0-5 വയസ് പ്രായമുള്ള കുട്ടികൾക്ക് ചികിത്സ നൽകിവരുന്നു. 2020-21ൽ 558 കുട്ടികൾക്ക് ഇതിലൂടെ പ്രയോജനം ലഭിച്ചു.

**സോഷ്യൽ സപ്പോർട്ട് സ്കീം ഫോർ ജുവനൈൽ ഡയബറ്റിസ് (മിഠായി):** പ്രമേഹമുള്ള കുട്ടികൾക്കും, ടൈപ്പ്-1 ഡയബറ്റിസ് ബാധിച്ച കൗമാരക്കാർക്കും സമഗ്രമായ പരിചരണം നൽകുന്ന പദ്ധതിയാണ് സോഷ്യൽ സപ്പോർട്ട് സ്കീം ഫോർ ജുവനൈൽ ഡയബറ്റിസ് (മിഠായി). സംസ്ഥാനത്തെ 5 സർക്കാർ മെഡിക്കൽ കോളേജുകളിൽ സ്ഥാപിതമായ മിഠായി ക്ലിനിക്കുകൾ വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്. 2020-21ൽ 930 കുട്ടികൾക്ക് ചികിത്സ ലഭിച്ചു.

**സ്നേഹപൂർവം:** മാതാപിതാക്കളോ, അവരിൽ ഒരാളോ നഷ്ടപ്പെട്ട കുട്ടികൾക്കും, ജീവിച്ചിരിക്കുന്ന രക്ഷിതാവിന് സാമ്പത്തിക പരാധീനത കാരണം കുട്ടിയെ നോക്കാൻ കഴിയാത്ത അവസ്ഥയിലായ കുട്ടികൾക്കും, 'സ്നേഹപൂർവം' പദ്ധതിയിലൂടെ വിദ്യാഭ്യാസ സഹായം നൽകുന്നു. എച്ച്ഐവി/എയ്ഡ്സ് ബാധിതരായ വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ള കുട്ടികൾക്ക് ബിരുദതലം വരെയുള്ള വിദ്യാഭ്യാസ സഹായം നൽകുന്നുണ്ട്. 2020-21ൽ 25,948 കുട്ടികൾക്ക് ഈ പദ്ധതിയിലൂടെ പ്രയോജനം ലഭിച്ചു.

**സ്നേഹസാന്ത്വനം:** എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള ആശ്വാസ നടപടിയായ 'സ്നേഹസാന്ത്വനം' എന്ന പദ്ധതിയിലൂടെ ഒന്നു മുതൽ പന്ത്രണ്ടാം ക്ലാസ് വരെ പഠിക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസ സഹായവും നൽകി

വരുന്നു. ഈ പദ്ധതിയിലൂടെ 2020–21ൽ, 5,355 കുട്ടികൾക്ക് സഹായം ലഭിച്ചു.

**വീക്ഷണം**

സമൂഹത്തിലെ ഏറ്റവും അവഗണിക്കപ്പെട്ടതും പാർശ്വവൽക്കരിക്കപ്പെട്ടതുമായ വിഭാഗങ്ങൾക്ക് ശരിയായ സേവനം ഉറപ്പാക്കുക എന്നതിലായിരിക്കണം പ്രധാനമായും ഊന്നൽ നൽകേണ്ടത്. അതിനായി, പ്രവർത്തന സംവിധാനങ്ങളിൽ സമഗ്രവും ശാസ്ത്രീയവുമായ സമീപനം ആവശ്യമാണ്. വയോധികരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും, വൈകല്യവുമായി ബന്ധപ്പെട്ട പ്രവർത്തികൾ കൈകാര്യം ചെയ്യുന്നതിനും, വിവിധ വകുപ്പുകളുടെ ഏകോപനം ആവശ്യമാണ്. എം.ഡബ്ല്യു.പി.എസ്.സി നിയമത്തെ കുറിച്ച് മികച്ച അവബോധം സൃഷ്ടിക്കുന്നതിലൂടെ വയോജനങ്ങളുടെ പ്രശ്നങ്ങൾ മികച്ച രീതിയിൽ കൈകാര്യം ചെയ്യാവുന്നതാണ്. ട്രാൻസ്ജെൻഡർ വ്യക്തികളുടെ ക്ഷേമ പ്രവർത്തികളിൽ പുരോഗമനം ഉണ്ടെങ്കിലും, നവീന കാഴ്ചപ്പാടിലൂടെ നൂതനമായ ആശയങ്ങൾ വികസിപ്പിക്കുകയും, മേഖലയിലെ ശ്രദ്ധിക്കപ്പെടാതെ കിടന്ന സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുകയും വേണം. പ്രവർത്തനങ്ങൾ വിജയകരമായി നടപ്പിലാക്കാൻ സാധ്യമാകുമ്പോഴും, ഇത് തുടരുന്നതിനായി, വിടവുകൾ നികത്തി തടസ്സങ്ങൾ നീക്കം ചെയ്യേണ്ട നടപടികൾ കൈക്കൊള്ളേണ്ടത് ആവശ്യമാണ്.

അദ്ധ്യായം

9

# കല, സംസ്കാരം, കായികം

അദ്ധ്യായം

9

# കല, സംസ്കാരം, കായികം

## 9.1 കലയും സംസ്കാരവും

കേരളത്തിന്റെ സാംസ്കാരിക പൈതൃകം പ്രോത്സാഹിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമായി വിവിധ സ്ഥാപനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. അവയിൽ അവതരണ കലയിലുള്ള അക്കാദമിക് സ്ഥാപനങ്ങളും കലയും സംസ്കാരവും പ്രോത്സാഹിപ്പിക്കുന്നതിനുള്ള സ്ഥാപനങ്ങളും ഉൾപ്പെടുന്നു. ഈ മേഖലയ്ക്കുള്ള സാമ്പത്തിക സഹായം പ്രധാനമായും സാംസ്കാരിക ഡയറക്ടറേറ്റ് വഴിയാണ് നടപ്പാക്കുന്നത്. സാംസ്കാരിക ഡയറക്ടറേറ്റ്, പുരാവസ്തു വകുപ്പ്, പുരാരേഖാ വകുപ്പ്, മ്യൂസിയം, മൃഗശാല വകുപ്പ്, കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവയാണ് ഈ മേഖലയിലെ സർക്കാർ പദ്ധതികൾ നടപ്പിലാക്കുന്ന പ്രധാന ഏജൻസികൾ.

സാംസ്കാരിക കാര്യ വകുപ്പ് ഈ വൈവിധ്യമാർന്ന സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും വിലയിരുത്തുകയും ചെയ്യുന്നു. പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാനും പരിപാടികൾ നിരീക്ഷിക്കാനും വിലയിരുത്താനും സാമ്പത്തിക സഹായ വിതരണത്തിനുള്ള സ്ഥാപനങ്ങളെ തെരഞ്ഞെടുക്കാനും സംസ്കാരിക ഉന്നത സമിതി സഹായിക്കുന്നുണ്ട്. സാംസ്കാരിക ഡയറക്ടറേറ്റ് സംസ്കാരിക ഉന്നത സമിതിയുടെ സെക്രട്ടറിയേറ്റായും ഡയറക്ടർ കൗൺസിൽ കൺവീനറായും പ്രവർത്തിക്കുന്നു. സാംസ്കാരിക സംഘടനകൾക്ക് നൽകുന്ന സാമ്പത്തിക സഹായം തീരുമാനിക്കുന്നതിൽ ഈ സമിതി നിർണായകമാണ്.

### മ്യൂസിയം-മൃഗശാല വകുപ്പ്

തിരുവനന്തപുരം നഗരത്തിലുള്ള മ്യൂസിയങ്ങൾ ഗാലറികൾ സുവോളജിക്കൽ പാർക്ക്, കോഴിക്കോട് നഗരത്തിലുള്ള ആർട്ട് ഗാലറിയും കൃഷ്ണമേനോൻ മ്യൂസിയവും തൃശ്ശൂരിൽ സ്റ്റേറ്റ് മ്യൂസിയവും മൃഗശാലയും കുങ്കിച്ചിറയിലെ ഹെറിറ്റേജ് മ്യൂസിയം (വയനാട്) എന്നിവ മ്യൂസിയം മൃഗശാല വകുപ്പിനു കീഴിൽ സ്ഥിതിചെയ്യുന്നു. തദ്ദേശീയരും അന്തർദ്ദേശീയവുമായ വിനോദസഞ്ചാരികളെ ആകർഷിക്കുന്ന പ്രധാന കേന്ദ്രങ്ങളായി ഈ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

ആഗോള മഹാമാരിയുടെ പശ്ചാത്തലത്തിൽ, 2019-20, 2020-21 വർഷങ്ങളിൽ മ്യൂസിയങ്ങളും മൃഗശാലകളും സന്ദർശിക്കുന്നതിന് പൊതുജനങ്ങൾക്ക് കർശന നിയന്ത്രണങ്ങൾ വകുപ്പ് ഏർപ്പെടുത്തിയിരുന്നു. പിന്നീട് സർക്കാർ ഉത്തരവ് പ്രകാരം പൊതുപ്രവേശനം നിർത്തിവച്ചു. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളും കോവിഡ്-19 പ്രോട്ടോക്കോളും അനുസരിച്ച് 2021 സെപ്റ്റംബർ 14-ന് മൃഗശാലകളും മ്യൂസിയങ്ങളും വകുപ്പ് വീണ്ടും തുറന്നുകൊടുത്തിട്ടുണ്ട്. മ്യൂസിയം വകുപ്പിന് കീഴിലുള്ള കേരളത്തിലെ പ്രധാനപ്പെട്ട മ്യൂസിയങ്ങളുടെ **പട്ടിക അനുബന്ധം 9.1.1-ൽ നൽകിയിരിക്കുന്നു.**

### 2020-21 ലെ വകുപ്പിന്റെ പ്രധാന നേട്ടങ്ങൾ

- നാച്ചുറൽ ഹിസ്റ്ററി മ്യൂസിയം: നാച്ചുറൽ ഹിസ്റ്ററി മ്യൂസിയത്തിന്റെ നവീകരണ പ്രക്രിയ പൂർത്തിയായി.
- തിരുവനന്തപുരം ശ്രീചിത്ര ആർട്ട് ഗാലറിക്ക് സമീപം രാജാ രവിവർമ്മയുടെ പേരിൽ പുതിയ ആർട്ട് ഗാലറി സ്ഥാപിച്ചു.
- കണ്ണൂരിൽ കൈത്തറി മ്യൂസിയം സ്ഥാപിക്കൽ: 2022 ജൂണിൽ പ്രവൃത്തി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.
- തെയ്യം മ്യൂസിയം, കണ്ണൂർ: കേരള ചരിത്ര പൈതൃക മ്യൂസിയം വഴി നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. 2022 ഡിസംബർ അവസാനത്തോടെ നിർമാണ പ്രവർത്തനങ്ങൾ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.
- എ.കെ.ജി സ്മാരക മ്യൂസിയം കണ്ണൂർ: കേരള ചരിത്ര പൈതൃക മ്യൂസിയം വഴിയുള്ള നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. 2023 ഡിസംബർ അവസാനത്തോടെ പണി പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്
- ശ്രീചിത്ര എൻക്ലേവ് കെട്ടിടം, നേപ്പിയർ മ്യൂസിയത്തിന് മുന്നിലുള്ള 150 വർഷം പഴക്കമുള്ള കാസ്റ്റേൺ വാട്ടർ ഫൗണ്ടൻ, തൃശ്ശൂർ മൃഗശാലയുടെ ആർട്ട് മ്യൂസിയം കെട്ടിടം എന്നിവയുടെ അറ്റകുറ്റപ്പണികളും പൂർത്തിയാക്കി.
- തിരുവനന്തപുരം മൃഗശാലയിലെ മൃഗങ്ങളെക്കുറിച്ച് വേൾഡ് വൈൽഡ് ലൈഫ് ഫണ്ടിന്റെ (WWF) സഹായത്തോടെ കോഫി ടേബിൾ ബുക്കുകളുടെ പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട് പ്രാരംഭ നടപടികൾ ആരം ഭിച്ചു.
- തിരുവനന്തപുരം മൃഗശാലയിൽ മൃഗങ്ങൾക്കായി ക്വാറന്റൈൻ സ്റ്റേഷന്റെയും ഇന്റർപ്രറ്റേഷൻ കേന്ദ്രത്തിന്റെയും നിർമ്മാണം മഹാമാരിക്കാലത്ത് ആരംഭിച്ചു.
- മൊബൈൽ ആപ്ലിക്കേഷൻ: തിരുവനന്തപുരം മൃഗശാലയിൽ ഒരു ഡാറ്റാബേസ് വികസിപ്പിക്കുന്നതിന് ഒരു മൊബൈൽ ആപ്ലിക്കേഷൻ നിർമ്മിക്കുന്നതിന് കെൽട്രോണുമായി കരാർ ഒപ്പിട്ടു.

### കേരള സംസ്ഥാന പുരാവസ്തു വകുപ്പ്

തിരുവിതാംകൂർ പുരാവസ്തു വകുപ്പും അക്കാലത്തെ കൊച്ചിയിലെ പുരാവസ്തു ഗവേഷണ കേന്ദ്രവും സംയോജിപ്പിച്ച് 1962 ലാണ് കേരള സംസ്ഥാന പുരാവസ്തു വകുപ്പ് രൂപീകരിച്ചത്. വിവിധ സ്ഥലങ്ങളിൽ നിന്ന് കണ്ടെത്തിയ ശിലാലിഖിതങ്ങളുടെ വാല്യങ്ങൾ പ്രസിദ്ധീകരിക്കുക, താമ്രഫലകങ്ങളിലെ എഴുത്തുകൾ പകർത്തുക, ഖനനങ്ങളും പര്യവേക്ഷണങ്ങളും

**പട്ടിക 9.1.1** സാംസ്കാരിക കാര്യ വകുപ്പിന് കീഴിൽ വരുന്ന പ്രധാന സ്ഥാപനങ്ങൾ

| പ്ലാൻ ഫണ്ട് വിഹിതം ലഭിക്കുന്ന സ്ഥാപനങ്ങൾ | പദ്ധതിയേതര വിഹിതം /ആവർത്തന ഗ്രാന്റുകൾ/ ഒറ്റത്തവണ ഗ്രാന്റുള്ള സ്ഥാപനങ്ങൾ |
|---|---|
| • കേരള സാഹിത്യ അക്കാദമി<br>• കേരള കലാമണ്ഡലം<br>• കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി<br>• കേരള സംഗീത നാടക അക്കാദമി<br>• കേരള ലളിതകലാ അക്കാദമി<br>• കേരള ഫോക്ലോർ അക്കാദമി<br>• മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമി<br>• സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്<br>• കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്<br>• സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻസൈക്ലോപീഡിക് പബ്ലിക്കേഷൻസ്<br>• കേരള സ്റ്റേറ്റ് ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി<br>• മലയാളം മിഷൻ<br>• വൈലോപ്പിള്ളി സംസ്കൃതി ഭവൻ<br>• വാസ്തുവിദ്യാ ഗുരുകുലം<br>• ഭാരത് ഭവൻ<br>• ഗുരു ഗോപിനാഥ് നടന ഗ്രാമം<br>• പൈതൃക പഠന കേന്ദ്രം<br>• ശ്രീനാരായണ അന്താരാഷ്ട്ര പഠന കേന്ദ്രം<br>• കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചർ<br>• കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ<br>• ജവഹർ ബാലഭവൻ (5 ജില്ലകളിൽ)<br>• മാർഗി (നോൺ പ്ലാൻ ഇല്ല)<br>• തുഞ്ചൻ സ്മാരക ട്രസ്റ്റ് ആൻഡ് റിസർച്ച് സെന്റർ (തുഞ്ചൻ സ്മാരകം) | • കൊങ്കണി സാഹിത്യ അക്കാദമി<br>• തുളു അക്കാദമി<br>• ഉറുദു അക്കാദമി<br>• പൂരക്കളി അക്കാദമി<br>• എ.ആർ.രാജരാജവർമ്മ സ്മാരക സമിതി<br>• കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തകരുടെ ക്ഷേമനിധി ബോർഡ്<br>• പല്ലന കുമാരനാശാൻ സ്മാരകം<br>• ഒ.വി വിജയൻ സ്മാരകം<br>• കുഞ്ചൻ നമ്പ്യാർ സ്മാരകം അമ്പലപ്പുഴ<br>• തകഴി സ്മാരകം<br>• കുഞ്ഞുണ്ണിമാഷ് സ്മാരകം, പാലക്കാട്<br>• കുഞ്ചൻ നമ്പ്യാർ സ്മാരകം<br>• വൈക്കം മുഹമ്മദ് ബഷീർ സ്മാരക ട്രസ്റ്റ്<br>• ഗോവിന്ദ പൈ സ്മാരക സമിതി<br>• പാർത്ഥി സുബ്ബ യക്ഷഗാന സമിതി<br>• നരേന്ദ്രപ്രസാദ് സ്മാരക നാടക പഠന ഗവേഷണ കേന്ദ്രം<br>• ഉണ്ണായിവാരിയർ സ്മാരക കലാ നിലയം<br>• മയ്യനാട് സി .കേശവൻ സ്മാരകം<br>• സഹോദരൻ അയ്യപ്പൻ സ്മാരക സമിതി, ചെറായി<br>• സരസകവി മൂലൂർ സ്മാരകം |

അവലംബം: സാംസ്കാരിക വകുപ്പ്, കേരള സർക്കാർ

നടത്തുക, ബി.സി 200 മുതൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി ചിതറിക്കിടക്കുന്ന ചരിത്രസ്മാരകങ്ങളുടെ സംരക്ഷണ നടപടികൾ എന്നിവയാണ് ഈ വകുപ്പിന്റെ പ്രധാന പ്രവർത്തനങ്ങൾ. പുരാവസ്തു വകുപ്പിന് കീഴിൽ 12 മ്യൂസിയങ്ങളുണ്ട്. വിശദാംശങ്ങൾ **ബോക്സ് 9.1.1** –ൽ നൽകിയിരിക്കുന്നു.

**ബോക്സ് 9.1.1** പുരാവസ്തു വകുപ്പിന് കീഴിലുള്ള മ്യൂസിയങ്ങൾ

- പഴശ്ശി കുടീരം
- കുഞ്ഞാലി മരക്കാർ സ്മാരക മ്യൂസിയം
- പഴശ്ശി രാജാ മ്യൂസിയം
- തൃശ്ശൂർ ആർക്കിയോളജി മ്യൂസിയം
- ചുമർ ചിത്രകലാ മ്യൂസിയം
- ചേന്ദമംഗലം സിനഗോഗ്
- ഹിൽ പാലസ് മ്യൂസിയം
- കൃഷ്ണപുരം കൊട്ടാരം
- കൊട്ടാരക്കര തമ്പുരാൻ മെമ്മോറിയൽ ക്ലാസിക്കൽ ആർട്സ് മ്യൂസിയം
- വേലു തമ്പി ദളവ മ്യൂസിയം
- കോയിക്കൽ കൊട്ടാരം
- പത്മനാഭപുരം കൊട്ടാരം

ഉറവിടം: പുരാവസ്തു വകുപ്പ്, കേരള സർക്കാർ

പുരാവസ്തു വകുപ്പിന് കീഴിലുള്ള പ്രധാന സ്മാരകങ്ങളുടെ പട്ടിക **അനുബന്ധം 9.1.2** ൽ നൽകിയിരിക്കുന്നു.

## 2020–21 ലെ പ്രധാന നേട്ടങ്ങളും പ്രകടനവും

- കോഴിക്കോട് ജില്ലയിലെ ഫറോക്കിലെ ടിപ്പുവിന്റെ കോട്ടയിൽ ഉത്ഖനന നടപടികൾ ആരംഭിച്ചു
- ദേശീയ സ്വാതന്ത്ര്യ സമരത്തിന്റെ ഓർമ്മകൾ നില നിൽക്കുന്ന പയ്യന്നൂർ പഴയ പോലീസ് സ്റ്റേഷൻ സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ച് സമഗ്ര സംരക്ഷണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി അവിടെ ഗാന്ധി സ്മൃതി മ്യൂസിയം സജ്ജീകരിച്ച് പൊതുജനങ്ങൾക്ക് സമർപ്പിച്ചു.
- പുരാതന ലിപിപഠനവുമായി ബന്ധപ്പെട്ട പ്രസിദ്ധീകരണമായ കേരള ആർക്കിയോളജിക്കൽ സീരിസിന്റെ രണ്ടാം വാല്യം പ്രസിദ്ധീകരിച്ചു.
- ആറന്മുള വാഴുവേലിൽ തറവാട്, ഹിൽപാലസ് മ്യൂസിയം, കണ്ണൂർ സിഎസ്ഐ സെന്റ് ജോൺസ് ചർച്ച്, കണ്ണൂരിലെ ഹാൻവീവ് പൈതൃക മന്ദിരം, മൂവാറ്റുപുഴ ഊരമന നരസിംഹമൂർത്തി ക്ഷേത്രം, ഇരവിമംഗലം ശ്രീ സുബ്രഹ്മണ്യ സ്വാമി ക്ഷേത്രം എന്നിവയുടെ നവീകരണവും സംരക്ഷണ നടപടികളും പൂർത്തിയായി.
- എറണാകുളം മട്ടാഞ്ചേരി കാവുംഭാഗത്തെ ജൂതപ്പള്ളി പുരാവസ്തു വകുപ്പ് ഏറ്റെടുത്തു
- ഇടുക്കി, പാലക്കാട്, എറണാകുളം ജില്ലാ പൈതൃക മ്യൂസിയങ്ങൾ സ്ഥാപിച്ച് പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തു.
- തെരഞ്ഞെടുത്ത സ്മാരകങ്ങളുടെ 2–ഡി ഗ്രാഫിക്കൽ ഡോക്യുമെന്റേഷൻ നടപടിക്രമങ്ങൾ പൂർത്തിയാക്കി.
- കണ്ണൂരിലെ കണ്ടോന്താർ ചരിത്ര മ്യൂസിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. സർക്കാർ മേഖലയ്ക്ക് കീഴിലുള്ള കേരളത്തിലെ ആദ്യത്തെ പ്രാദേശിക മ്യൂസിയമാണിത്.

## കേരള സംസ്ഥാന പുരാരേഖാ വകുപ്പ്

1962 ലാണ് സംസ്ഥാന പുരാരേഖാ വകുപ്പ് രൂപീകരിച്ചത്. സംസ്ഥാന ഗവൺമെന്റിന്റേയും വിവിധ വകുപ്പുകളുടേയും സ്ഥാപനങ്ങളുടേയും വ്യക്തികളുടേയും നിലവിലുള്ളതും സ്ഥിര മൂല്യമുള്ളതുമായ എല്ലാ രേഖകളുടേയും സംരക്ഷക ചുമതല പുരാരേഖാ വകുപ്പിനാണ്. സർക്കാർ രേഖകൾ, താളിയോലകൾ, കൈയെഴുത്തുപ്രതികൾ തുടങ്ങിയ ചരിത്രപരമായ മൂല്യമുള്ള രേഖകളുടെ സൂക്ഷിപ്പുകാരായും ഈ വകുപ്പ് പ്രവർത്തിക്കുന്നു. റഫറൻസ് ആവശ്യങ്ങൾക്കായുള്ള രേഖകളും മറ്റും വകുപ്പ് ശാസ്ത്രീയമായി സംരക്ഷിച്ചുപോരുന്നു.

### 2020–21 ലെ പ്രധാന നേട്ടങ്ങളും പ്രകടനവും

- താളിയോല രേഖകളുടേയും കടലാസ് രേഖകളുടേയും ഡിജിറ്റൈസേഷൻ: വകുപ്പ് ഒരു ലക്ഷം താളിയോല രേഖകളും ഒരു ലക്ഷം പേപ്പർ രേഖകളും സി–ഡിറ്റ് വഴി ഡിജിറ്റൈസേഷൻ പൂർത്തിയാക്കി.
- നെതർലാൻഡ് നാഷണൽ ആർക്കൈവുകളുമായുള്ള ഹെറിറ്റേജ് എക്സ്ചേഞ്ച് പ്രോഗ്രാം: സാംസ്കാരിക പൈതൃക കൈമാറ്റത്തിന്റെ ഭാഗമായി ഡിപ്പാർട്ട്മെന്റും നെതർലൻഡ്സ് നാഷണൽ ആർക്കൈവ്സും തമ്മിൽ ധാരണാപത്രം ഒപ്പുവച്ചു. കേരളവുമായി ബന്ധപ്പെട്ട ഡച്ച് രേഖകളുടെ പകർപ്പ് ഡിപ്പാർട്ട്മെന്റിനും ഡച്ച് സംബന്ധിയായ കേരള രേഖകളുടെ പകർപ്പ് നെതർലൻഡ്സ് നാഷണൽ ആർക്കൈവ്സിനും കൈമാറാൻ ലക്ഷ്യമിടുന്നു. 2022 ൽ പദ്ധതി പൂർത്തിയാകും.
- കാർട്ടോഗ്രാഫിക് റെക്കോർഡുകളുടെ ശാസ്ത്രീയ സംരക്ഷണവും ഡിജിറ്റൈസേഷനും: കൈയെഴുത്ത് മാപ്പുകൾ, ലിത്തോ മാപ്പുകൾ, റെയിൽവേ മാപ്പുകൾ തുടങ്ങിയവയുടെ സംരക്ഷണവും ഡിജിറ്റൈസേഷനുമാണ് കേരള മ്യൂസിയം വഴി നടപ്പിലാക്കുന്ന ഈ പദ്ധതി ലക്ഷ്യമിടുന്നത്. 24 ഭൂപടങ്ങളുടെ സംരക്ഷണം പൂർത്തിയായി.
- ഇന്റർനാഷണൽ ആർക്കൈവ്സ് ആൻഡ് ഹെറിറ്റേജ് സെന്റർ: തിരുവനന്തപുരത്തെ കാര്യവട്ടം യൂണിവേഴ്സിറ്റി കാമ്പസിൽ ഇന്റർനാഷണൽ ആർക്കൈവ്സ് ആൻഡ് ഹെറിറ്റേജ് സെന്റർ സ്ഥാപിക്കുന്നതിന് കേരള സർവകലാശാലയുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. കേരള മ്യൂസിയം വഴിയാണ് ഈ പദ്ധതി നടപ്പാക്കുന്നത്.
- താളിയോല മ്യൂസിയം സ്ഥാപിക്കൽ: തിരുവനന്തപുരം സെൻട്രൽ ആർക്കൈവ്സിൽ താളിയോല മ്യൂസിയം സ്ഥാപിക്കുന്നതിന് കേരള മ്യൂസിയവുമായി ധാരണാ ചുരുണകളുടെ ശേഖരമുള്ളതിൽ ഏകദേശം ഒരു കോടിയോളം താളിയോല രേഖകളും ഉൾപ്പെടുന്നു. ലോകത്തിലെ തന്നെ വലിയൊരു ശേഖരമാണിത്.
- ഇടുക്കി ജില്ലാ പൈതൃക കേന്ദ്രവും ആർക്കൈവൽ ഗാലറിയും: ഇടുക്കി ജില്ലയിൽ നിന്നുള്ള പുരാരേഖകൾ ഏറ്റെടുക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി വകുപ്പ് ജില്ലാ പൈതൃക കേന്ദ്രം പ്രവർത്തനമാരംഭിച്ചു.
- ചരിത്ര ക്വിസ്: വിദ്യാർഥികളിൽ ചരിത്രത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി സംസ്ഥാന ആർക്കൈവ്സ് വകുപ്പ് എല്ലാ വർഷവും ചരിത്ര ക്വിസ് സംഘടിപ്പിക്കുന്നു.
- രേഖകളുടെ പ്രസിദ്ധീകരണം: വകുപ്പ് താഴെപ്പറയുന്ന പുസ്തകങ്ങളുടെ പ്രസിദ്ധീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി:

1. മതിലകം രേഖകളുടെ ശബ്ദകോശം (മതിലകം രേഖകളുടെ പദാവലി)
2. പുരാരേഖാ വകുപ്പ് പ്രസിദ്ധീകരിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള ലഘുപത്രിക

## സാംസ്കാരിക ഡയറക്ടറേറ്റ്

വിവിധ വകുപ്പുകളുടെ കീഴിൽ പ്രവർത്തിക്കുന്ന എല്ലാ കലാ–സാഹിത്യ–സാംസ്കാരിക സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ കാര്യക്ഷമമായി ഏകോപിപ്പിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമാണ് ഡയറക്ടറേറ്റ് രൂപീകരിച്ചത്. സംസ്ഥാനത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകം സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായി വിവിധ പദ്ധതികൾ ഡയറക്ടറേറ്റ് വഴി നടപ്പാക്കിവരുന്നു. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കലാകാരന്മാർക്കുള്ള ധനസഹായ വിതരണം, പ്രതിമാസ പെൻഷൻ വിതരണം, അന്തരിച്ച പ്രമുഖ കലാകാരന്മാരുടെയും എഴുത്തുകാരുടെയും ആശ്രിതർക്ക് പ്രതിമാസ പെൻഷൻ വിതരണം, കേരളത്തിൽ സ്ഥിതിചെയ്യുന്ന കേന്ദ്ര സർക്കാർ സ്ഥാപനമായ ദക്ഷിണ മേഖലാ കൾച്ചറൽ സെന്ററിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക എന്നിവയും ഡയറക്ടറേറ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കലാസാഹിത്യ പ്രതിഭകളുടെ ക്രിയാത്മകമായ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി സാംസ്കാരിക ഡയറക്ടറേറ്റ് സംസ്ഥാനത്തെ എല്ലാ സാംസ്കാരിക സ്ഥാപനങ്ങൾക്കും വാർഷിക ഗ്രാന്റുകൾ വിതരണം ചെയ്യുന്നുണ്ട്.

കോവിഡ്–19 മഹാമാരിയുടെ പശ്ചാത്തലത്തിൽ നിലനിന്നിരുന്ന നിയന്ത്രണങ്ങൾക്കിടയിലും 2020–21 കാലയളവിൽ നിരവധി നൂതന പരിപാടികൾ വകുപ്പ് ആരംഭിച്ചിരുന്നു.

### 2020–21 ലെ പ്രധാന നേട്ടങ്ങളും പ്രവർത്തനങ്ങളും

- **1,000 യുവകലാകാരന്മാർക്ക് വജ്രജൂബിലി ഫെല്ലോഷിപ്പ്** – കേരളത്തിന്റെ വൈവിധ്യവും സമ്പന്നവുമായ കലാ പാരമ്പര്യത്തിന്റെ ശക്തി കണ്ടെത്തി സമൂഹത്തിന് മുന്നിൽ അവതരിപ്പിക്കാനുള്ള പദ്ധതിയാണ് ആയിരം യുവകലാകാരന്മാർക്കുള്ള വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതി. വിവിധ കലകളിൽ നിശ്ചിത യോഗ്യതയും പ്രാവീണ്യവുമുള്ള യുവതീ യുവാക്കളെ തിരഞ്ഞെടുത്ത് അവർക്ക് ആളുകളെ പരിശീലിപ്പിക്കാനുള്ള വേദി ഒരുക്കി, കലാകാരന്മാർക്ക് ഒരു നിശ്ചിത സമയത്തേക്ക് ഫെലോഷിപ്പ് നൽകി പിന്തുണയ്ക്കുന്നതാണ് ഈ പദ്ധതി.

- തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സജീവ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന ഈ പദ്ധതിയിൽ 1,000 യുവകലാകാരൻമാരെ പരിശീലകരായി തെരഞ്ഞെടുത്തിട്ടുണ്ട്. ഈ 1,000 കലാകാരന്മാർ 47 വ്യത്യസ്ത കലാരൂപങ്ങളിൽ പരിശീലനം നൽകുന്നു. 171 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ (മുനിസിപ്പൽ കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, ബ്ലോക്ക് പഞ്ചായത്തുകൾ) ആയിരത്തിലധികം പരിശീലന കേന്ദ്രങ്ങളിൽ പ്രായ–ലിംഗ വ്യത്യാസമില്ലാതെ പരിശീലനാർത്ഥികൾക്ക് കലാ പരിശീലനം നൽകുന്നു. സംസ്ഥാന സർക്കാർ 10,000 രൂപയും, ബന്ധപ്പെട്ട തദ്ദേശ സ്ഥാപനവും 5,000 രൂപയും പരിശീലകർക്ക് നൽകുന്നുണ്ട്. കൊവിഡ്–19 മഹാമാരിയുടെ പശ്ചാത്തലത്തിൽ

നിലവിൽ ഓൺലൈൻ വഴിയാണ് കലാ പരിശീലനം നടക്കുന്നത്. വിവിധ സർക്കാർ ക്ഷേമ പദ്ധതികളുടെ പ്രചാരണം, മദ്യത്തിനും മയക്കുമരുന്നിനുമെതിരായ അവബോധം വളർത്തൽ, പ്രാദേശിക കലാരൂപങ്ങളുടെ പുനരുജ്ജീവനം, അവതരണം, കോവിഡ്-19 പ്രതിരോധ/ബോധവൽക്കരണ പ്രവർത്തനങ്ങൾ തുടങ്ങിയ സാമൂഹിക പ്രവർത്തനങ്ങളിലും ഈ യുവ കലാകാരന്മാർ ഏർപ്പെട്ടിരിക്കുന്നു. ഡയമണ്ട് ജൂബിലി ഫെല്ലോഷിപ്പിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 9.1.3**-ൽ നൽകിയിരിക്കുന്നു.

- 241 കലാരൂപങ്ങളിൽ നിന്നായി ആകെ 825 കലാകാരന്മാരെ തെരഞ്ഞെടുത്തിട്ടുണ്ട് കലാകാരന്മാരിൽ 545 പേർ പുരുഷന്മാരും 327 പേർ വനിതകളുമാണ്. വിവിധ ജില്ലകളിൽ നിന്നായി ഏറ്റവും കൂടുതൽ കലാകാരന്മാർ പ്രതിനിധീകരിച്ചത് തൃശ്ശൂർ (126) ജില്ലയും തൊട്ടുപിന്നിലായി എറണാകുളം (116), തിരുവനന്ത പുരം (101) ജില്ലകളുമാണ്.

- **കലാകാരന്മാർക്കുള്ള ഗ്രാമീണ ആർട്ട് ഹബ്/ ഉപജീവന പദ്ധതി –** സമ്പന്നമായ കരകൗശല പാരമ്പര്യമുള്ള സംസ്ഥാനമാണ് കേരളം. എന്നാൽ കരകൗശല തൊഴിലാളികൾക്ക് അവരുടെ ഉപജീവനമാർഗങ്ങൾക്ക് പ്രതിസന്ധി നേരിടുകയും മറ്റ് വരുമാന മാർഗ്ഗങ്ങൾ തേടാൻ അവർ നിർബന്ധിതരാകുകയും ചെയ്യുന്നു. കേരളത്തിന്റെ കരകൗശല പൈതൃകം സംരക്ഷിക്കുന്നതിനും കരകൗശലത്തൊഴിലാളികൾക്ക് ഉപജീവനമാർഗം ഉറപ്പാക്കുന്നതിനുമായി വകുപ്പ് നടപ്പാക്കുന്ന പദ്ധതിയാണ് 'ഗ്രാമീണ കലാകേന്ദ്രം' അഥവാ റൂറൽ ആർട്ട് ഹബ്. സംസ്ഥാനത്തെ തെരഞ്ഞെടുത്ത 21 പൈതൃക ഗ്രാമങ്ങളിലാണ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. പദ്ധതി നടപ്പാക്കുന്ന പൈതൃക ഗ്രാമങ്ങളുടേയും ഉൽപന്നങ്ങളുടേയും വിശദാംശങ്ങൾ **അനുബന്ധം 9.1.4**-ൽ നൽകിയിരിക്കുന്നു. നൂതന സാങ്കേതികവിദ്യയിലും വിപണന തന്ത്രങ്ങളിലും ഈ മേഖലയിലെ വിദഗ്ധർ പരിശീലനം നേടിയിട്ടുണ്ട്. തെരഞ്ഞെടുത്ത ഓരോ വില്ലേജിലും സമാന്തരമായി വിപണന കേന്ദ്രം സ്ഥാപിക്കുന്നതിനോടൊപ്പം മൂന്ന് വർഷം കൊണ്ട് നടപ്പാക്കുന്ന ഈ പദ്ധതി കേരളത്തിന്റെ കരകൗശല പാരമ്പര്യം സംരക്ഷിക്കാനും, കൂടുതൽ യുവാക്കളെ ഈ മേഖലയിലേക്ക് ആകർഷിക്കാനും സഹായിക്കും.

- **കേരള സംസ്കാരത്തിന്റെ വ്യാപനം –** കേരളീയ കലയുടേയും സംസ്കാരത്തിന്റെയും ഗരിമ അതിരുകളില്ലാതെ പ്രചരിപ്പിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇതിനായി സാംസ്കാരിക വിനിമയ പരിപാടികൾ പോലെയുള്ള പദ്ധതികൾ നടപ്പിലാക്കുന്നു. തെലുങ്കാനയിലും ന്യൂഡൽഹിയിലും ചെന്നൈയിലും സൗദി അറേബ്യയിലെ റിയാദിലും നടത്തിയ വകുപ്പിന്റെ സാംസ്കാരിക വിനിമയ വിരുന്നുകൾ ശ്രദ്ധേയമായിരുന്നു.

- വകുപ്പിന്റെ വെബ്സൈറ്റിലൂടെ കേരളത്തിന്റെ ശിൽപ മാതൃകകളും കലകളും അഭിരുചികളും നാല് ഭാഷകളിലായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേരളപ്പിറവിക്ക് മുമ്പുള്ള തനത് കലാ സാമൂഹ്യ സാംസ്കാരിക ജീവിതത്തെ അടയാളപ്പെടുത്തുന്ന 2000-ത്തിലധികം ഫോട്ടോഗ്രാഫുകൾ ശേഖരിച്ച് വെബ് സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. കേരളത്തിന്റെ സാംസ്കാരിക പെരുമയെ ലോകത്തിനു മുൻപിൽ പ്രദർശിപ്പിക്കുന്നതിനായി 14 ജില്ലകളിലുമായി സ്ഥിതി ചെയ്യുന്ന കരകൗശല പൈതൃക ഗ്രാമങ്ങളെ സംബന്ധിച്ച ഹ്രസ്വ വീഡിയോ ചിത്രീകരണങ്ങളും വെബ്സൈറ്റ് വഴി ലഭ്യമാക്കുന്നു. കൊവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ഭാരത് ഭവനുമായി സഹകരിച്ച് ഇക്കഴിഞ്ഞ ഓണക്കാലത്ത് 'മാവേലി മലയാളം' എന്ന ഓൺലൈൻ കലാപരിപാടി സംഘടിപ്പിച്ചിരുന്നു. കോവിഡ്-19 മഹാമാരി കാരണം ഉപജീവനമാർഗം നഷ്ടപ്പെട്ട കലാകാരന്മാർക്ക് വേദിയൊരുക്കുന്നതിന്റെ ഭാഗമായി സാംസ്കാരിക വകുപ്പിന്റെ നേതൃത്വത്തിൽ ഭാരത് ഭവനുമായി സഹകരിച്ച് 'മഴ മിഴി' എന്ന ഓൺലൈൻ കലാപരിപാടി സംഘടിപ്പിച്ചുവരുന്നു.

- **നാട്ടരങ്ങ് –** ഗ്രാമീണ മേഖലയിലും ചെറുപട്ടണങ്ങളിലും കലാസാംസ്കാരിക പ്രവർത്തനങ്ങൾക്ക് സ്ഥലം ലഭ്യമല്ലാത്തിടങ്ങളിൽ മതിയായ സ്ഥലസൗകര്യമുള്ള പാതയോരങ്ങളോ പൊതുസ്ഥലങ്ങളോ കണ്ടെത്തി 'നാട്ടരങ്ങ്' എന്ന പേരിൽ രംഗവേദികൾ സ്ഥാപിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതിയുടെ ഭാഗമായി പാലക്കാട് വടക്കാഞ്ചേരിയിൽ നാട്ടരങ്ങിന്റെ സ്ഥിരവേദി സ്ഥാപിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂരിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. മലപ്പുറത്ത് വള്ളിക്കുന്നത് നാട്ടരങ്ങ് സ്ഥാപിക്കുന്നത് സർക്കാർ പരിഗണനയിലാണ്. തുറസായ വേദി, ചമയ മുറി, ഇരിപ്പിടം, സോളാർ ലൈറ്റുകൾ, ശില്പങ്ങൾ, ചുമർചിത്രങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന നാട്ടരങ്ങ് വേദികളുടെ നിർമ്മാണത്തിന് 20 ലക്ഷം രൂപയാണ് ചെലവായി കണക്കാക്കപ്പെട്ടിട്ടുള്ളത്.

- **സാംസ്കാരിക ഉന്നത സമിതി –** സാംസ്കാരിക വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങൾ, കലാ സാംസ്കാരിക സംഘടനകൾ, ഇതര കൂട്ടായ്മകൾ തുടങ്ങിയവയ്ക്ക് മാർഗ്ഗദർശനം നൽകുക, സംസ്ഥാനത്തെ വിവിധ സാംസ്കാരിക സ്ഥാപനങ്ങൾക്കും മറ്റുമുള്ള ധന സഹായ തോത് ശിപാർശ ചെയ്യുക, കലാ സാംസ്കാരിക മേഖലയിലെ നയ രൂപീകരണത്തിന് ഉപദേശം നൽകുക, നവീന സർഗാത്മക സംരംഭങ്ങൾക്ക് രൂപം നൽകുക എന്നീ ലക്ഷ്യത്തോടെ രൂപീകരിച്ചതാണ് സാംസ്കാരിക ഉന്നത സമിതി.

- **ശ്രീ നാരായണ ഗുരുദേവ പ്രതിമ** ശ്രീനാരായണ ഗുരുദേവന്റെ 'നമുക്ക് ജാതിയില്ല' വിളംബരത്തിന്റെ നൂറാം വാർഷികാഘോഷത്തോടനുബന്ധിച്ച്, ഗുരുദേവന്റെ വെങ്കല പ്രതിമ 2020 സെപ്റ്റംബർ 21 ന് ബഹു. മുഖ്യമന്ത്രി അനാച്ഛാദനം ചെയ്തു. തിരുവനന്തപുരത്ത് കനകക്കുന്നിന് എതിർവശത്തുള്ള ഒബ്സർവേറ്ററി ഹിൽസിലാണ് പ്രതിമ സ്ഥിതി ചെയ്യുന്നത്.

- **കലാകാർന്മാർക്കായുള്ള കോവിഡ്-19 സമാശ്വാസ ധനസഹായ പദ്ധതി** കോവിഡ് മഹാമാരി മൂലം ഉപജീവനം നഷ്ടപ്പെട്ട് ജീവിതം വഴിമുട്ടിയവരും 10 വർഷക്കാലം തുടർച്ചയായി കലാരംഗത്ത് പ്രവർത്തിക്കുന്നവരും കേരളത്തിൽ സ്ഥിര താമസമായവ

രുമായ 32,000 കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കും പ്രതിമാസം 1000 രൂപാ വീതം 2 മാസത്തേക്ക് അടിയന്തര ധനസഹായമായി 640 ലക്ഷം രൂപാ വിതരണം ചെയ്തിട്ടുണ്ട്. സാംസ്കാരിക വകുപ്പും അക്കാദമികളും മുഖേനയുള്ള സമാശ്വാസ ധനസഹായത്തിന് അപേക്ഷിക്കാൻ കഴിയാതെ പോയവരും അതുവരെ മറ്റ് ധന സഹായങ്ങൾ ലഭിച്ചിട്ടില്ലാത്തവരുമായ 29,050 കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കും കൂടി സമാശ്വാസ ധന സഹായമായി 1000 രൂപ വീതം ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നായി ആകെ 290.50 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്.

## പ്രധാന സാംസ്കാരിക സ്ഥാപനങ്ങൾ

### കേരള കലാമണ്ഡലം

കേന്ദ്ര സർക്കാരിന്റെ കലാ-സാംസ്കാരിക മേഖലയിലെ ഒരു കൽപ്പിത സർവ്വകലാശാലയാണ് കേരള കലാമണ്ഡലം. ഭാരതത്തിലെ അവതരണ കലകളെ കുറിച്ചും പ്രധാനമായും ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ രൂപംകൊണ്ടതും കേരളീയ കലകളെ കുറിച്ചും പ്രത്യേക ഊന്നൽ നൽകി പഠിക്കുന്നതിനുള്ള ഒരു പ്രധാന കേന്ദ്രമാണ് ഈ സ്ഥാപനം.

കേരള കലാമണ്ഡലം പതിറ്റാണ്ടുകളായി ലോകത്തിലെ ഏറ്റവും പ്രശസ്തമായ കഥകളി വിദ്യാലയമായി കണക്കാക്കപ്പെടുന്നു. ചെറുതുരുത്തിയിൽ സ്ഥിതി ചെയ്യുന്ന ഈ ഐതിഹാസിക കലാ വിദ്യാലയം ആദ്യം സ്ഥാപിച്ചത് മലയാളത്തിലെ പ്രശസ്ത കവി വള്ളത്തോൾ നാരായണ മേനോൻ ആണ്. കഥകളിയോടും മറ്റ് പരമ്പരാഗത കലാരൂപങ്ങളോടും ആളുകൾക്കുള്ള താൽപ്പര്യത്തിൽ സൂക്ഷ്മമായ കുറവ് അദ്ദേഹം തിരിച്ചറിയുകയും അങ്ങനെ സംരംഭം ആരംഭിക്കുകയും ചെയ്തുവെന്നുപറയപ്പെടുന്നു. മോഹിനിയാട്ടം, കൂടിയാട്ടം, തുള്ളൽ, നങ്ങ്യാർകൂത്ത് എന്നിവ ഉൾപ്പെടുന്ന വൈവിധ്യമാർന്ന പരമ്പരാഗത കലാരൂപങ്ങളുടെ മുൻനിര പ്രയോക്താവാണ് ഇന്ന് കലാമണ്ഡലം. കലയ്ക്കും സംസ്കാരത്തിനുമുള്ള ഒരു ഔദ്യോഗിക കൽപ്പിത സർവ്വകലാശാല കൂടിയാണിത്.

### മാർഗി

ക്ഷേത്രകലകളായ കഥകളി, കൂടിയാട്ടം, ചാക്യാർകൂത്ത്, നങ്ങ്യാർകൂത്ത്, പാഠകം എന്നിവയെ പ്രോത്സാഹിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് മാർഗിയിൽ നടക്കുന്നത്. തിരുവനന്തപുരത്ത് രണ്ടിടങ്ങളിലായിട്ടാണ് മാർഗിയുടെ അരങ്ങ് പ്രധാനമായും നടത്തിപ്പോരുന്നത്. മാർഗി കേന്ദ്രമായ വലിയശ്ശാലയിൽ കൂടിയാട്ടവും നങ്ങ്യാർകൂത്തും അരങ്ങേറുന്നു. കിഴക്കേക്കോട്ടയ്ക്ക് സമീപമുള്ള മറ്റൊരു കേന്ദ്രം കഥകളിക്ക് മാത്രമായി നീക്കിവച്ചിരിക്കുന്നു. രണ്ട് കേന്ദ്രങ്ങളിലും വിദ്യാർത്ഥികൾ അവരുടെ കലാരൂപങ്ങൾ അവതരിപ്പിക്കുന്ന മേഖലകളിൽ പരിശീലനം നേടുന്നു. ചെണ്ട, മദ്ദളം, ഇടക്ക, തിമില തുടങ്ങിയ വാദ്യോപകരണങ്ങളുടെ പരിശീലനവും മാർഗിയിൽ നൽകുന്നുണ്ട്.

റഗുലർ കോഴ്സുകൾക്ക് പുറമെ, ഹ്രസ്വകാല കോഴ്സുകളും മാർഗി നടത്തുന്നുണ്ട്, പ്രത്യേകിച്ച് വിദേശികൾക്കായി കോഴ്സുകൾ നടത്താറുണ്ട്. സ്കൂൾ കുട്ടികൾക്ക് കഥകളിയുടെ സംഗീതോപകരണങ്ങളിൽ സൗജന്യ ഓൺലൈൻ പരിശീലനം മാർഗി നൽകുന്നു. ശനി, ഞായർ ദിവസങ്ങളിൽ കൂടിയാട്ടം വിഭാഗം വിദ്യാർത്ഥികൾക്കായി ഓൺലൈൻ ക്ലാസുകൾ നടത്തുന്നുണ്ട്. ഇവക്കു പുറമേ 22 കുട്ടികൾക്ക് മാർഗി സൗജന്യ വിദ്യാഭ്യാസം നൽകുന്നു. കൂടിയാട്ടം, കഥകളി എന്നിവ പരിപോഷിപ്പിക്കുന്നതിനായി ക്ലാസുകളും നടത്തുന്നു.

മാർച്ച്, 2020 മുതൽ, കോവിഡ്-19 കാരണം കർശന നിയന്ത്രണങ്ങൾ ഉള്ളതിനാൽ, വിദ്യാർഥികൾക്കും കലാകാരന്മാർക്കും മറ്റ് ആസ്വാദകർക്കും വേണ്ടി ഓൺലൈൻ വഴിയാണ് പരിപാടികൾ നടത്തി പോരുന്നത്. കോവിഡ്-19 വൈറസിനെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി 'ജാഗ്രത' എന്ന പേരിൽ 5 മിനിറ്റ് ദൈർഘ്യമുള്ള വീഡിയോ മാർഗി ചിട്ടപ്പെടുത്തി അവതരിപ്പിക്കുകയും സമൂഹ മാധ്യമങ്ങളിൽ ഇതിന് വളരെയധികം സ്വീകാര്യത ലഭിക്കുകയും ചെയ്തു.

### വൈലോപ്പിള്ളി സംസ്കൃതി ഭവൻ

പാരമ്പര്യ കലകളുടെ സംരക്ഷണവും പ്രോത്സാഹനവുമാണ് വൈലോപ്പിള്ളി സംസ്കൃതി ഭവന്റെ രൂപീകരണത്തിനുള്ള അടിസ്ഥാന ഉദ്ദേശലക്ഷ്യം. സംസ്ഥാനത്തിന്റെ വൈവിധ്യമാർന്ന സാംസ്കാരിക രൂപങ്ങളെക്കുറിച്ചും പരിവർത്തനത്തെക്കുറിച്ചും അവബോധം സൃഷ്ടിക്കാനും മാനവികത, ജനാധിപത്യം, മതനിരപേക്ഷത എന്നിവയിൽ വേരൂന്നിയ സംസ്കാരത്തെ അഭിനന്ദിക്കാനും ജനങ്ങളെ പ്രേരിപ്പിക്കാനും ഉദ്ദേശിച്ചുള്ള സംസ്ഥാന സർക്കാരിന്റെ വിവിധ പ്രവർത്തനങ്ങളെ വൈലോപ്പിള്ളി സംസ്കൃതി ഭവൻ സംഘടിപ്പിക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുന്നു.

#### 2020-21 ലെ പ്രധാന പ്രവർത്തനങ്ങൾ

- പ്രതിമാസ സാംസ്കാരിക പരിപാടി: കേരളത്തിലെ വൈവിധ്യമാർന്ന കലകളേയും കലാരൂപങ്ങളേയും പ്രോത്സാഹിപ്പിക്കുന്നതിനും വ്യത്യസ്തങ്ങളായ കലാരൂപങ്ങൾ ആസ്വദിക്കാൻ ജനങ്ങൾക്ക് അവസരമൊരുക്കുന്നതിനുമായി മാസത്തിൽ നാലു മുതൽ അഞ്ചു ദിവസം വരെ നീണ്ടു നിൽക്കുന്ന 'സംസ്കൃതി സാംസ്കാരികോത്സവം' എന്ന പേരിൽ പ്രതിമാസ പരിപാടിയായി സംഘടിപ്പിച്ചു വരുന്നു.
- വാർഷിക സാംസ്കാരിക പരിപാടി: മധ്യവേനലവധിക്കാലത്തിന്റെ മാധുര്യം കുട്ടികൾക്ക് പകർന്ന് നൽകാൻ ലക്ഷ്യമിട്ടുകൊണ്ട് വിവിധ ജില്ലകളിലായി സംഘടിപ്പിച്ചു വരുന്ന മാമ്പഴക്കാലം, മഹാകവി വൈലോപ്പിള്ളി ശ്രീധര മേനോന്റെ ജന്മ-ചരമ ദിനാചരണം എന്നിവ സംഘടിപ്പിക്കുന്നു. കൂടാതെ നൃത്തം, സംഗീതം, നാടകം, വാദ്യകലകൾ എന്നീ മേഖലകളിലെ കാലാകാരന്മാരെ ആദരിക്കലിനോടൊപ്പം താളമഹോത്സവവും ക്ലാസുകളും സെമിനാറുകളും സംഘടിപ്പിക്കുന്നു.
- പഠന കളരികൾ: സ്കൂൾ കുട്ടികളിൽ ഭാഷ പ്രാവീണ്യം വളർത്തി എടുക്കുക എന്ന ലക്ഷ്യത്തോടെ വൈലോപ്പിള്ളി സംസ്കൃതി ഭവൻ അക്ഷരശ്ലോക കളരി സംഘടിപ്പിക്കുന്നു. കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നുള്ള കുട്ടികൾക്ക് ഈ കളരിയിൽ പങ്കെടുക്കാൻ അവസരമൊരുക്കുന്നു. എല്ലാമാസവും രണ്ടുദിവസം ഓൺലൈൻ ആയിട്ടാണ് ക്ലാസുകൾ ക്രമീകരിച്ചിരിക്കുന്നത്. സ്വാതന്ത്ര്യലബ്ധിയുടെ 75 -മത് വാർഷികാഘോഷങ്ങളോടനുബന്ധിച്ച് 10 മുതൽ 15 വയസ്സ് വരെ പ്രായമായ വിദ്യാർഥികളെ ഉൾപ്പെടുത്തി

സ്വാതന്ത്ര്യസമരചരിത്ര ക്ലാസ്സ് സംഘടിപ്പിക്കുന്നു. ആഴ്ചയിൽ ഒരുദിവസം ഓൺലൈനായിട്ടാണ് ക്ലാസ് സംഘടിപ്പിക്കുന്നത്.

- സാംസ്കാരിക മ്യൂസിയം: പടിപ്പുരയിൽ മഹാകവി വൈലോപ്പിള്ളി ശ്രീധര മേനോന്റെ സ്മരണ നിലനിർത്തുന്നതിന് അദ്ദേഹം ഉപയോഗിച്ചിരുന്ന വസ്തുക്കൾ ഉൾപ്പെടുത്തി ഒരു സാങ്കൽപ്പിക എഴുത്തുമുറി സ്ഥാപനത്തിൽ സജ്ജീകരിച്ചിട്ടുണ്ട്.

## കേരള സംസ്ഥാന സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് (എസ്.ഐ.ഇ.പി)

പ്രശസ്ത വിജ്ഞാനകോശങ്ങളായ 'എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക', 'അമേരിക്കാന' എന്നിവയുമായി താരതമ്യപ്പെടുത്താവുന്ന മലയാള ഭാഷയിൽ ഉയർന്ന നിലവാരമുള്ള എൻസൈക്ലോപീഡിയകളും സമാനമായ മറ്റ് റഫറൻസ് ഗ്രന്ഥങ്ങളും പ്രസിദ്ധീകരിക്കുന്നതിനായി സ്ഥാപിതമായ ഒരു സ്ഥാപനമാണ് കേരള സംസ്ഥാന സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്.

ജനറൽ എൻസൈക്ലോപീഡിയയുടെ 17 വാല്യങ്ങൾ, ലോക സാഹിത്യത്തെക്കുറിച്ചുള്ള എൻസൈക്ലോപീഡിയയുടെ 10 വാല്യങ്ങൾ, പരിസ്ഥിതി, പരിണാമം, ജ്യോതിശാസ്ത്രം, നിയമം എന്നിവയെക്കുറിച്ചുള്ള എൻസൈക്ലോപീഡിയയുടെ വാല്യങ്ങൾ, പുതുക്കിയ ജനറൽ എൻസൈക്ലോപീഡിയയുടെ 10 വാല്യങ്ങൾ എന്നിവയും ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിലവിൽ ജനറൽ എൻസൈക്ലോപീഡിയയുടെ മൂന്ന് വാല്യങ്ങൾ ഇനിയും പ്രസിദ്ധീകരിക്കാൻ ബാക്കിയുണ്ട്. ജനറൽ എൻസൈക്ലോപീഡിയ വാല്യം 18, മലയാള സാഹിത്യ വിജ്ഞാനകോശം, നിയമത്തെക്കുറിച്ചുള്ള വിജ്ഞാന കോശം എന്നിവയുടെ പ്രസിദ്ധീകരണം, കേരളത്തെക്കുറിച്ചുള്ള എൻസൈക്ലോപീഡിയയുടെ പ്രാഥമിക കൃതികളുടെ പൂർത്തീകരണം, കട്ടിംഗ് എഡ്ജ് ടെക്നോളജിയെക്കുറിച്ചുള്ള വിജ്ഞാനകോശം എന്നിവ ഇൻസ്റ്റിറ്റ്യൂട്ട് വിഭാവനം ചെയ്തിട്ടുണ്ട്. നിയമത്തെക്കുറിച്ചുള്ള വിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് ആഗസ്റ്റ് 02, 2021-ന് പ്രസിദ്ധീകരിച്ചു.

## കേരള സംഗീത നാടക അക്കാദമി

സാംസ്കാരിക വകുപ്പിന് കീഴിൽ 1958 ഏപ്രിൽ 26 ന് സ്ഥാപിതമായ കേരള സംഗീത നാടക അക്കാദമി കേരളത്തിലെ വിവിധ കലകളായ നൃത്തം, സംഗീതം, നാടകം, നാടോടി കലകൾ എന്നിവയെ പരിപോഷിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. കൂടാതെ ചരിത്രപരമായും സാംസ്കാരികപരമായും പ്രധാന്യമുള്ളവയും ദുർലഭമായ കലാരൂപങ്ങളെ സംരക്ഷിക്കുകയും അവയെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നു. ന്യൂഡൽഹിയിൽ സ്ഥിതി ചെയ്യുന്ന കേന്ദ്ര സർക്കാർ സ്ഥാപനമായ സംഗീത നാടക അക്കാദമി പോലുള്ള സമാന സ്ഥാപനങ്ങളുമായി കൈകോർത്ത്, കേരള സംഗീത നാടക അക്കാദമി സംഘടനകൾക്ക് അഫിലിയേഷൻ നൽകി മികച്ച കലാകാരന്മാർക്ക് അവാർഡുകൾ, ഫെലോഷിപ്പുകൾ, സെമിനാറുകൾ, പഠനകളരികൾ എന്നിവ നടത്തി അക്കാദമി അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നു.

കോവിഡ്-19 മഹാമാരി സമയത്ത് കലാകാരന്മാർക്ക് കൈത്താങ്ങായി താഴെപ്പറയുന്ന പദ്ധതികളും പ്രവർത്തനങ്ങളും നടപ്പിലാക്കി.

- സർഗഭൂമിക ഓൺലൈൻ പ്ലാറ്റ്ഫോം: ഈ സംവിധാനത്തിലൂടെ കലാകാരന്മാർക്ക് കലാപരിപാടികൾ ഓൺലൈൻ അവതരണത്തിന് വഴിയൊരുക്കി.
- 100 കേരള ഗാനങ്ങളുടെ പ്രകാശനം: ഗാനരചയിതാക്കളേയും ഗായകരെയും സംഗീത സംവിധായകരെയും പ്രോത്സാഹിപ്പിക്കുന്നതിനായി ഈ പദ്ധതി വഴി 100 കേരളാ ഗാനങ്ങൾ പുറത്തിറക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകുന്നു.
- പുസ്തകങ്ങളുടെ പ്രസിദ്ധീകരണം: 100 ദിവസം കൊണ്ട് 100 പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുക എന്ന ലക്ഷ്യത്തോടെ ഈ പദ്ധതി ആരംഭിച്ചു.
- നാടക ട്രൂപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനും സഹായിക്കുന്നതിനുമായി ഇന്റർനാഷണൽ തിയേറ്റർ ഫെസ്റ്റിവൽ ഓഫ് കേരള (ഐ.ടി.എഫ്.ഒ.കെ), സംസ്ഥാന പ്രൊഫഷണൽ നാടക അമച്വർ നാടക മത്സരം നടത്തി.
- ഷഡ്കാല ഗോവിന്ദ മാരാർ സംഗീതോത്സവം: സംഗീതത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി എല്ലാ വർഷവും ഈ ഉത്സവം നടത്തപ്പെടുന്നു. ക്ലാസിക്കൽ കച്ചേരി, സോപാനസംഗീതം, ക്ലാസ്സിക്കൽ നൃത്തം, വാദ്യസംഗീതം, സെമിനാറുകൾ തുടങ്ങിയവയാണ് ഫെസ്റ്റിവലിൽ ഉൾപ്പെടുന്നത്.
- നൃത്തം, സംഗീതം, നാടകം, കഥകളി കഥാപ്രസംഗം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി മേളകളും ശിൽപശാലകളും നടത്തി.

## മലയാളം മിഷൻ

മലയാളം മിഷൻ ഒരു വിദ്യാഭ്യാസ-സാംസ്കാരിക സ്ഥാപനമാണ്. വിദേശത്തും മറ്റ് സംസ്ഥാനങ്ങളിലും ഉള്ള മലയാളികളുടെ കുട്ടികൾക്ക് മലയാളം പഠിക്കാനും കേരള സംസ്കാരത്തെ കുറിച്ച് അറിയാനും കേരള സർക്കാർ രൂപീകരിച്ച ഒരു സ്വയംഭരണ സ്ഥാപനമാണ് മലയാളം മിഷൻ. സംസ്ഥാന മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള 15 അംഗ സമിതിയാണ് മലയാളം മിഷനെ നയിക്കുന്നത്. ഈ ബോഡിയിൽ, ബന്ധപ്പെട്ട വകുപ്പുകളിലെ സെക്രട്ടറിമാർ ഔദ്യോഗിക അംഗങ്ങളായും പ്രവർത്തിക്കുന്നു, അതേസമയം, സർക്കാർ നാമനിർദ്ദേശം ചെയ്ത മലയാളത്തിലെ പ്രശസ്തരായ സാഹിത്യകാരന്മാർ അനൗദ്യോഗിക അംഗങ്ങളായി പ്രവർത്തിക്കുന്നു. കേരളത്തിന്റെ കാര്യത്തിൽ, മൊത്തം ജനസംഖ്യയുടെ മൂന്നിലൊന്ന് സംസ്ഥാനത്തിന് പുറത്ത് കുടിയേറ്റക്കാരായി ജീവിക്കുന്നവരാണെന്ന് കണക്കാക്കപ്പെടുന്നു. മലയാള ഭാഷയുടെ വളർച്ചയും നിലനിൽപ്പും വരും തലമുറയുടെ ഭാഷാശേഷിയെ ആശ്രയിച്ചിരിക്കുന്നതാണ്. കൂടാതെ, നാടിനോടും നാട്ടുകാരോടും ബന്ധുക്കളോടും ഹൃദ്യമായ ബന്ധം നിലനിർത്തുന്നതിൽ മാതൃഭാഷ ഒരു പ്രധാന പങ്ക് വഹിക്കുന്നു. വിദേശ മലയാളികൾ അവരുടെ മാതൃഭാഷ പഠിക്കുന്നതിന് എല്ലായിപ്പോഴും പ്രാധാന്യം നൽകിയിട്ടുണ്ട്. ഭാഷയോടുള്ള സ്നേഹത്തിനും കരുതലിനും മുൻഗണന നൽകുന്നതിനും കൂടുതൽ സാധ്യതകൾ വിപുലീകരിക്കുന്നതിനുമാണ് മലയാളം മിഷൻ സ്ഥാപിതമായത്.

## മലയാളം മിഷന്റെ പ്രധാന പ്രവർത്തനങ്ങൾ

കണിക്കൊന്ന, സൂര്യകാന്തി (2 വർഷം), ആമ്പൽ, നീലക്കുറിഞ്ഞി (3 വർഷം) എന്നിങ്ങനെയാണ് മലയാളം മിഷന്റെ പാഠ്യപദ്ധതി കോഴ്സുകൾ അറിയപ്പെടുന്നത്.

## ഭൂമി മലയാളം ഓപ്പൺ ഓൺലൈൻ കോഴ്സ് (ബി.എം.ഒ.ഒ.സി)

മലയാളം മിഷൻ ആരംഭിച്ച ഓപ്പൺ ഓൺലൈൻ കോഴ്സ് പ്രോഗ്രാം ആണ് ബി.എം.ഒ.ഒ.സി. നിലവിൽ തുടക്കക്കാരുടെ തലത്തിലുള്ള മൊഡ്യൂളുകൾ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇതിലൂടെ മലയാള ഭാഷയുടെ വളർച്ചയിൽ മലയാളം മിഷൻ ഒരു നാഴികക്കല്ല് സ്ഥാപിച്ചു കഴിഞ്ഞു. മലയാളത്തിൽ പ്രാഥമിക പരിജ്ഞാനമില്ലാത്ത വിദ്യാർത്ഥികൾക്ക് അവരുടെ വീട്ടിൽ നിന്ന് തന്നെ ഭാഷ പഠിക്കാൻ സഹായിക്കുന്ന തരത്തിൽ വികസിപ്പിച്ചെടുത്തതാണ് ബി.എം.ഒ. ഒ.സി. കോഴ്സ്. സൗജന്യ രജിസ്ട്രേഷനോടൊപ്പം എല്ലാവർക്കും വേഗത്തിലും, എളുപ്പത്തിലുമുള്ള പഠനമാണ് ഈ കോഴ്സ് വാഗ്ദാനം ചെയ്യുന്നത്. മലയാളം പഠിപ്പിക്കുന്ന ഒരേയൊരു ഓപ്പൺ ഓൺലൈൻ കോഴ്സാണിത്, സൗജന്യ രജിസ്ട്രേഷനിലൂടെ ആർക്കും ഈ ആപ്പ് വഴി മലയാളം പഠിക്കാൻ സാധിക്കും. http://www.bhoomimalayalam.kerala.gov.in എന്ന വെബ്‌വിലാസത്തിൽ ഈ കോഴ്സും, വിശദാംശങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. ലളിതമായ ഗെയിമുകളിലൂടെയും രസകരമായ പഠനത്തിലൂടെയും മലയാളം അക്ഷരങ്ങളും വാക്കുകളും എഴുതാൻ പഠിതാക്കളെ സഹായിക്കുന്ന ഒരു മൊബൈൽ ആപ്ലിക്കേഷൻ വഴിയും ഈ കോഴ്സ് നടപ്പിലാക്കിയിട്ടുണ്ട്.

നിലവിൽ 30 രാജ്യങ്ങളിൽ നിന്നുള്ള ഏകദേശം 1,500 ഉപയോക്താക്കൾ ഈ ആപ്ലിക്കേഷനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്, കൂടാതെ ബി.എം.ഒ.ഒ.സി കോഴ്സ് വിദ്യാർത്ഥികൾക്കായി ഓൺലൈൻ ഇന്ററാക്ടീവ് സെഷനുകളും നടത്തുന്നുണ്ട്. കോഴ്സ് പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് മലയാളം മിഷന്റെ സർട്ടിഫിക്കറ്റ് ലഭിക്കുന്നതാണ്.

## കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി

കേരള സർക്കാരിന്റെ സാംസ്കാരിക കാര്യ വകുപ്പിന് കീഴിൽ ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന ഒരു സ്വയംഭരണ സ്ഥാപനമാണ് കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി. 1998 ഓഗസ്റ്റിൽ സംസ്ഥാനത്തെ സിനിമയുടെ പ്രോത്സാഹനത്തിനായി ഇത് സ്ഥാപിതമായി. ഇന്ത്യയിൽ ഇത്തരമൊരു സംരംഭം ആദ്യമായിട്ടാണ് രൂപീകരിക്കുന്നത്. കേരളത്തിലെ ഏറ്റവും ജനപ്രിയമായ കലാരൂപമാണ് സിനിമ എന്ന വസ്തുത കണക്കിലെടുത്താണ് കേരളത്തിൽ ഇത്തരമൊരു സംരംഭത്തിന് അനുയോജ്യമായ ക്രമീകരണങ്ങൾ ഉണ്ടാക്കിയത്. ചലച്ചിത്രമേഖലയെ ഉപഭോക്തൃവൽക്കരണത്തിന്റെ മാധ്യമമാകാനുള്ള ശ്രമം ചെറുക്കുവാനും, സമൂഹത്തിന്റെ സാംസ്കാരിക പ്രബുദ്ധതയ്ക്ക് സിനിമയുടെ സംഭാവനയ്ക്കുള്ള ശരിയായ അംഗീകാരവുമാണ് അക്കാദമി. വ്യക്തിയെന്ന നിലയിലും സാമൂഹിക ജീവിയെന്ന നിലയിലും മനുഷ്യന്റെ സമ്പൂർണ വികാസത്തിന് സിനിമ സംഭാവന നൽകണമെന്ന മുദ്രാവാക്യമാണ് ഇതിനെ നയിക്കുന്നത്. സിനിമയുടെ സന്ദേശം വിനോദത്തിനുള്ള ഉപാധിയായി മാത്രമല്ല, ഗൗരവമായ അക്കാദമിക് പ്രതിഫലനവും സംരക്ഷിക്കാനുള്ള ഉപകരണവുമായി രൂപകൽപ്പന ചെയ്ത വിവിധ സംരംഭങ്ങളിലൂടെ വിദ്യാർത്ഥികളിലേക്കും, അധ്യാപകരിലേക്കും, സാധാരണക്കാരിലേക്കും എത്തിച്ചേരുന്ന അക്കാദമി ഇന്ന് കേരളത്തിന്റെ സാംസ്കാരിക മേഖലയിലെ ഒരു പ്രധാനി ആയി മാറുകയും സമൂഹത്തിന്റെ ചരിത്രം രേഖപ്പെടുത്തുകയും ചെയ്യുന്നു.

## കൊവിഡ്-19 കാലഘട്ടത്തിലെ 25-ാമത് ഐ.എഫ്.എഫ്.കെ

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി സംഘടിപ്പിക്കുന്ന ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ ഓഫ് കേരളയുടെ (ഐ.എഫ്.എഫ്.കെ) 25-ാമത് മേള 2021 ഫെബ്രുവരി 10 മുതൽ മാർച്ച് 05 വരെ നടന്നു. 1996-ൽ ആരംഭിച്ച ഐ.എഫ്.എഫ്.കെ വർഷങ്ങളായി ഇന്ത്യയിലെ ഏറ്റവും മികച്ച ചലച്ചിത്രമേളയായി പരിണമിച്ചു.

കേരള സർക്കാർ സംഘടിപ്പിക്കുന്ന ഏറ്റവും വലിയ സാംസ്കാരിക പരിപാടിയാണ് ഐ.എഫ്.എഫ്.കെ. ഡിസംബറിലാണ് സാധാരണയായി മേള നടക്കുന്നത്. ആഗോളമഹാമാരിയായ കോവിഡ്-19ന്റെ സാഹചര്യങ്ങൾ കണക്കിലെടുത്ത് ചലച്ചിത്രമേള 2021 ഫെബ്രുവരി മാസത്തിലേക്ക് മാറ്റാൻ അക്കാദമിയെ നിർബന്ധിച്ചു. അധികമായി മൂന്ന് വേദികളിൽ മേള നടത്താനും തീയതി മാറ്റാനും അന്താരഷ്ട്ര മേളകൾക്ക് അക്രഡിറ്റേഷൻ നൽകുന്ന ഇന്റർനാഷണൽ ഫെഡറേഷൻ ഓഫ് ഫിലിം പ്രൊഡ്യൂസേഴ്സ് അസോസിയേഷന്റെ (എഫ്.ഐ.എഫ്.പി.എഫ്) അനുമതി ലഭിക്കുകയും ചെയ്തു. മേളയിൽ പങ്കെടുക്കുന്ന പ്രതിനിധികളുടെ എണ്ണം നിജപ്പെടുത്തുന്നതിനാണ് മൂന്ന് വേദികൾ കൂടി ഉൾപ്പെടുത്താൻ തീരുമാനിച്ചത്. മേളക്ക് സാധാരണ 14,000 പ്രതിനിധികൾ വരെ പങ്കെടുക്കാറുണ്ട്. 8 ദിവസം തിരുവനന്തപുരത്ത് നടക്കുന്ന മേള 5 ദിവസം ദൈർഘ്യമുള്ള നാല് മേളകളായി പുനർരൂപകൽപ്പന ചെയ്തു. മേളയുടെ പ്രദർശനം എല്ലായിടത്തും ഒരുപോലെയായിരുന്നു. വേദികളുടേയും പ്രതിനിധികളുടേയും വിശദാംശങ്ങൾ **പട്ടിക 9.1.2** യിൽ ചുവടെ ചേർത്തിരിക്കുന്നു.

## സെന്റർ ഫോർ ഇന്റർനാഷണൽ ഫിലിം റിസർച്ച് ആൻഡ് ആർക്കൈവ്സ് (സി.ഐ.എഫ്.ആർ.എ) ഫിലിം ആർക്കൈവും ഫെലോഷിപ്പുകളും

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി കഴിഞ്ഞ ദശകങ്ങളിൽ 10,000 ലോക ക്ലാസിക് സിനിമകളും 1,000-ലധികം ചലച്ചിത്ര മാസികകളും ഈ സാമ്പത്തിക വർഷം ഇതിനോടകം ശേഖരിച്ചുകഴിഞ്ഞു. സി.ഐ.എഫ്.ആർ.എക്കായി ശേഖരിച്ച ഫിലിം പോസ്റ്ററുകൾ, നോട്ടീസുകൾ, ഫിലിം മാഗസിനുകൾ, മറ്റ് സ്മരണികകൾ എന്നിവ നിർദ്ദിഷ്ട മലയാളം സിനിമാ മ്യൂസിയത്തിൽ പ്രദർശിപ്പിക്കും. മലയാള സിനിമയിലെ ഗൗരവമേറിയ അക്കാദമിക ഗവേഷണങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി 26 ഫെലോഷിപ്പുകളും 12 ഗവേഷണ ഗ്രാന്റുകളും നൽകിയിട്ടുണ്ട്. ഫെലോഷിപ്പ് പ്രോഗ്രാമിന്റെ ഭാഗമായി അപേക്ഷകർ മലയാള സിനിമയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ വിപുലമായ ഗവേഷണം നടത്തുകയും 6 മാസത്തിനുള്ളിൽ ഒരു പ്രബന്ധം തയ്യാറാക്കുകയും വേണം. ഫെലോഷിപ്പ് തുക 50,000 രൂപയും ഗവേഷണ ഗ്രാന്റ് 25,000 രൂപയുമാണ്. അപേക്ഷകർ സമർപ്പിച്ച സംഗ്രഹത്തിന്റേയും മൂല്യനിർണ്ണത്തിന്റേയും അഭിമുഖത്തിന്റേയും അടിസ്ഥാനത്തിലാണ് ഗവേഷകരെ തെരഞ്ഞെടുത്തത്. ഈ പരിപാടിയുടെ ഭാഗമായി നൽകിയ 37 ഫെലോഷിപ്പുകളിലും ഗവേഷണ ഗ്രാന്റുകളിലും നിന്നും 34 പ്രബന്ധങ്ങൾ നാളിതുവരെ സമർപ്പിച്ചിട്ടുണ്ട്. ആന്തരികവും ബാഹ്യവുമായ മൂല്യനിർണ്ണയത്തിന് ശേഷം തെരഞ്ഞെടുത്ത ഗവേഷണ കൃതികൾ അക്കാദമി പ്രസിദ്ധീകരിക്കും.

**പട്ടിക 9.1.2** ഇരുപത്തി അഞ്ചാമത് ഐ.എഫ്.എഫ്.കെയുടെ വേദികളുടെയും പ്രതിനിധികളുടെയും വിശദാംശങ്ങൾ

| ക്രമ നം. | വേദി | തീയതി | പ്രദർശന വേദികളുടെ എണ്ണം | പ്രതിനിധികളുടെ എണ്ണം |
|---|---|---|---|---|
| 1 | തിരുവനന്തപുരം | ഫെബ്രുവരി 10–14, 2021 | 6 | 3757 |
| 2 | കൊച്ചി, (എറണാകുളം) | ഫെബ്രുവരി 17–21, 2021 | 6 | 2520 |
| 3 | തലശ്ശേരി, (കണ്ണൂർ) | ഫെബ്രുവരി 23–27, 2021 | 5 | 1612 |
| 4 | പാലക്കാട് | മാർച്ച് 01–05, 2021 | 5 | 1727 |

അവലംബം: കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി

**ബോക്സ് 9.1.2** 'സമം' സിഗ്നേച്ചർ ഫിലിം

2021 സെപ്റ്റംബർ 2–ന് ടി.എൻ.ജി ഹാളിൽ ബഹു. സാംസ്കാരിക വകുപ്പ് മന്ത്രി, കേരള സർക്കാർ പുറത്തിറക്കിയ സാംസ്കാരിക ബോധവൽക്കരണ സംരംഭമാണ് സിഗ്നേച്ചർ ഫിലിം "സമം". സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ സമീപകാലത്ത് നടന്ന അതിക്രമങ്ങൾക്കെതിരെയായി ക്രിയാത്മകമായി പ്രതികരിക്കുന്നതിനും എല്ലാ മേഖലകളിലും ലിംഗസമത്വമെന്ന ആശയം പ്രചരിപ്പിക്കുന്നതിനുമായി സാംസ്കാരിക വകുപ്പ് വിഭാവനം ചെയ്ത പദ്ധതിയാണ് 'സമം'. സ്ത്രീ സമത്വത്തിനായുള്ള "സമം" പരിപാടി വൈവിധ്യമാർന്ന പ്രവർത്തനങ്ങളാണ് ലക്ഷ്യമിടുന്നത്. സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള ഭാരത് ഭവൻ, മലയാളം മിഷൻ, കേരള ചലച്ചിത്ര അക്കാദമി, കേരള ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് എന്നീ സ്ഥാപനങ്ങളുടെ നേതൃത്വത്തിലുള്ള പ്രവർത്തനം വഴി വിവിധ പരിപാടികളിലൂടെ പദ്ധതിക്ക് പ്രചാരണം നൽകുന്നു. ഒരു വർഷം നീണ്ടുനിൽക്കുന്ന സമം പദ്ധതിയിൽ വിവിധ പരിപാടികൾ നടപ്പാക്കാനാണ് ലക്ഷ്യമിടുന്നത്.

അവലംബം: കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി

## ഒറ്റപ്പെടലിനേയും അതിജീവനത്തേയും കുറിച്ചുള്ള ഹ്രസ്വചലച്ചിത്രങ്ങൾ

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി 2021 ജൂലൈ 9 മുതൽ 11 വരെ നടത്തിയ ഹ്രസ്വ ചലച്ചിത്ര തിരക്കഥാ രചനാ മത്സരത്തിലെ വിജയികൾ നിർമ്മിച്ച 10 ഹ്രസ്വചിത്രങ്ങൾ യൂട്യൂബ് ചാനലിൽ റിലീസ് ചെയ്തു. ലോകമെമ്പാടുമുള്ള മലയാളികളിൽ നിന്നും 'ഒറ്റപ്പെടലും അതിജീവനവും' എന്ന വിഷയത്തിൽ അപേക്ഷ ക്ഷണിച്ച് നടത്തിയ മത്സരത്തിൽ നിന്നാണ് വിജയികളെ തെരഞ്ഞെടുത്തത്. രജിസ്റ്റർ ചെയ്ത മൊത്തം 730 എൻട്രികളിൽ നിന്ന്, ചലച്ചിത്ര സംവിധായകരായ ശ്യാമപ്രസാദ്, ബ്ലെസി, എഴുത്തുകാരി ചന്ദ്രമതി എന്നിവരടങ്ങുന്ന മൂന്നംഗ ജൂറി പാനലാണ് വിജയികളെ തെരഞ്ഞെടുത്തത്. വിജയികൾക്ക് ഹ്രസ്വചിത്ര നിർമ്മാണത്തിന് 50,000 രൂപ വീതം ധനസഹായം നൽകി. ഷനോജ് ആർ.ചന്ദ്രന്റെ ഒരു ബാർബറിന്റെ കഥ എന്ന ചിത്രമാണ് ഏറെ ജനപ്രീതി നേടിയ ചിത്രങ്ങളിലൊന്ന്.

നാടൻ കലകളുടെയും ക്ലാസിക്കൽ കലകളുടെയും കലവറയാണ് കേരളം. വർണ്ണാഭമായ ഉത്സവങ്ങൾ, രുചിയേറിയ ഭക്ഷണ വിഭവങ്ങൾ, മനോഹരമായ ബീച്ചുകൾ, കായലുകൾ, മറ്റ് നിരവധി സവിശേഷതകൾ സംസ്ഥാനത്തെ ശരിക്കും ദൈവത്തിന്റെ സ്വന്തം നാടാക്കി മാറ്റുന്നു. വൈവിധ്യമാർന്ന കലാരൂപങ്ങളുടെയും സമന്വയമാണ് കേരളത്തിന്റെ സംസ്കാരം. കേരളത്തിലെ ഓരോ പൗരന്റെയും ജീവിതശൈലിയിൽ അത് ആഴത്തിൽ സ്വാധീനം ചെലുത്തുന്നു.

# 9.2 കായികവും യുവജനകാര്യവും

ഈ മേഖലയുടെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ കണക്കിലെടുത്ത്, കായിക താരങ്ങൾക്ക് പരിശീലനത്തിലൂടെയും മത്സരങ്ങളിലെ സമ്പർക്കം വഴിയും വിപുലമായ അടിസ്ഥാന സൗകര്യങ്ങളിലും ഉപകരണങ്ങളിലുമുള്ള നിക്ഷേപത്തിലൂടെയും ആവശ്യമായ സഹായം നൽകുന്നതിന് കേരള സർക്കാർ മുൻകൈ എടുത്തിട്ടുണ്ട്.

### കേരള സർക്കാരിനു കീഴിലുള്ള കായിക സ്ഥാപനങ്ങൾ

കേരള സർക്കാർ ഈ മേഖലയ്ക്ക് കീഴിലുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നു.

1. കായിക യുവജനകാര്യ ഡയറക്ടറേറ്റ്
2. കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ
3. കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്
4. കേരള സംസ്ഥാന യുവജന കമ്മീഷൻ

### 1. കായിക യുവജനകാര്യ ഡയറക്ടറേറ്റ്

1986–ൽ സ്ഥാപിതമായ ഡയറക്ടറേറ്റ് ഓഫ് സ്പോർട്സ് ആന്റ് യൂത്ത് അഫയേഴ്സ് (ഡി.എസ്.വൈ.എ) കേരളത്തിലെ കായിക വിനോദങ്ങളുടെ വികസനത്തിനും ഉന്നമനത്തിനും വേണ്ടി ഒരു പ്രധാന പങ്ക് വഹിക്കുന്ന സ്ഥാപനമാണ്. ഉചിതമായതും മികച്ചതുമായ അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്തുകൊണ്ടും കായിക രംഗത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം നൽകികൊണ്ടും, അന്താരാഷ്ട്ര നിലവാരത്തിലേക്ക് കായിക താരങ്ങളെ പരിശീലിപ്പിച്ച് സംസ്ഥാനത്തെ കായിക വിനോദങ്ങളുടെ ഉന്നമനവും വികസനവും ലക്ഷ്യമാക്കിയുമാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്. ഇതിനുപുറമെ, കേരളത്തിൽ നിന്നുള്ള കായിക രംഗത്തുള്ളവ്യക്തികളുടെ മത്സര നൈപുണ്യങ്ങൾ വർദ്ധിപ്പിക്കുന്നതിനു ആവശ്യമായ ഏറ്റവും പുതിയ സാങ്കേതിക വിദ്യകളും കായിക രംഗത്തുള്ള നൂതന ആശയങ്ങളും കൊണ്ടു വരുന്നതിനുള്ള പദ്ധതികൾ കായിക യുവജനകാര്യ ഡയറക്ടറേറ്റ് നടപ്പിലാക്കി വരുന്നു.

**ഖേലോ ഇന്ത്യ യൂത്ത് ഗെയിമുകളിലെ പങ്കാളിത്തം:** ഖേലോ ഇന്ത്യ യൂത്ത് ഗെയിംസ് (കെഐവൈജി), മുൻപ് ഖേലോ ഇന്ത്യ സ്കൂൾ ഗെയിംസ് (കെഐഎസ്ജി), എന്നത് വർഷം തോറും ജനുവരി അല്ലെങ്കിൽ ഫെബ്രുവരിയിൽ, 17 വയസ്സിന് താഴെയുള്ള സ്കൂൾ വിദ്യാർത്ഥികൾക്കും 21 വയസ്സിന് താഴെയുള്ള കോളേജ് വിദ്യാർത്ഥികൾക്കും രണ്ട് പ്രായ വിഭാഗങ്ങളിലായി ഇന്ത്യയിൽ ദേശീയ തലത്തിൽ നടത്തി വരുന്നു. എല്ലാ വർഷവും മികച്ച 1,000 കുട്ടികൾക്ക് അന്താരാഷ്ട്ര കായിക മത്സരങ്ങൾക്കായി വാർഷിക സ്കോളർഷിപ്പായി 5 ലക്ഷം രൂപ വീതം നൽകും. മൂന്നാമത്തെ ഖേലോ ഇന്ത്യ യൂത്ത് ഗെയിംസ് 10 ജനുവരി 2020 മുതൽ 22 ജനുവരി 2020 വരെ ആസമിലെ ഗുവാഹത്തിയിൽ നടന്നു. കേരളത്തിൽ നിന്നും മൊത്തം 280 പേർ പങ്കെടുത്തു. 14 ഇനങ്ങളിലായി കേരളം 40 മെഡലുകൾ (15 സ്വർണ്ണം, 5 വെള്ളി, 20 വെങ്കലം) നേടി.

**കേരള ഷൂട്ടിംഗ് അക്കാദമി:** നാഷണൽ റൈഫിൾ അസോസിയേഷൻ ഓഫ് ഇന്ത്യയുടെ സഹകരണത്തോടെ കേരളത്തിൽ നിന്നുള്ള ലോകോത്തര ഷൂട്ടിംഗ് ചാമ്പ്യന്മാരെ വാർത്തെടുക്കാൻ 2020 ഫെബ്രുവരി 3–ന് കേരള ഷൂട്ടിംഗ് അക്കാദമി സ്ഥാപിച്ചു. ഒരു ബാച്ചിൽ 90 വിദ്യാർത്ഥികൾക്ക് അക്കാദമി പരിശീലനം നൽകുന്നു.

**പ്ലേ ഫോർ ഹെൽത്ത് (ആരോഗ്യത്തിന് വേണ്ടി കളിക്കുക):** സ്പോർട്സിലേക്കും കളികളിലേക്കും കുട്ടികളെ എത്തിക്കുന്നതിലൂടെ അവരുടെ ശാരീരികവും മാനസികവുമായ കഴിവുകൾ മെച്ചപ്പെടുത്തുകയാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. കുട്ടികളെ ചിട്ടയായതും ശാസ്ത്രീയവുമായ പരിശീലനത്തിലൂടെ പിന്നീട് പ്രയോജനപ്പെടുത്താൻ കഴിയുന്ന രീതിയിൽ വിവിധ ഗെയിമുകളിൽ അഭിരുചി വളർത്താൻ സഹായിക്കുക എന്നതിലാണ് പ്രാഥമികമായി ശ്രദ്ധ ചെലുത്തുന്നത്. സ്കൂളുകളെ കായിക കേന്ദ്രങ്ങളായി മാറ്റുന്നതിനും സ്കൂൾ കുട്ടികൾക്കിടയിൽ പതിവ് ശാരീരിക പ്രവർത്തനങ്ങൾ ഉറപ്പാക്കുന്നതിനും ഇത് ലക്ഷ്യമിടുന്നു. ഈ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 2021 ജനുവരി 25 –ന് കണ്ണൂർ തലപ്പ് മിക്സഡ് അപ്പർ പ്രൈമറി സ്കൂളിൽ നടന്നു. സിഡ്കോയുടെ സാങ്കേതിക പിന്തുണയോടെ സംസ്ഥാനത്തെ 25 സ്കൂളുകളിൽ പദ്ധതി നടപ്പാക്കുന്നു. ഈ സ്കൂളുകളിൽ പഠിക്കുന്ന എല്ലാ വിദ്യാർത്ഥികളും ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്.

### സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ

ഓരോ പൗരന്റെയും സമഗ്ര വികസനത്തിൽ കായിക വിനോദങ്ങളും, ശാരീരികക്ഷമതയും ഒരു പ്രധാന പങ്ക് വഹിക്കുന്നു. ടീം സ്പിരിറ്റിനെ വളർത്തികൊണ്ട്, തന്ത്രപരവും വിശകലനപരവുമായി ചിന്തിക്കാനും, നേതൃത്വപരമായ കഴിവുകൾ വർദ്ധിപ്പിക്കാനും, ലക്ഷ്യങ്ങളിൽ ഊന്നി നിൽക്കാനും, റിസ്ക് ഏറ്റെടുക്കുന്നതിനുള്ള കഴിവ് വികസിപ്പിക്കുന്നതിനും സാധിക്കുന്നു. അന്താരാഷ്ട്ര നിലവാരമുള്ള എയർ കണ്ടീഷൻ ചെയ്ത സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ ഇതിനകം സംസ്ഥാനത്ത് ഒമ്പത് സ്ഥലങ്ങളിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. എല്ലാ ജില്ലകളിലും അത്തരമൊരു കേന്ദ്രമെങ്കിലും സ്ഥാപിക്കാൻ പദ്ധതിയിട്ടിട്ടുണ്ട്. സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ പ്രദേശത്തെ ജനങ്ങൾക്കിടയിൽ ഒരു കായിക സംസ്കാരം പ്രോത്സാഹിപ്പിക്കുമെന്നും ആരോഗ്യകരമായ ജീവിതത്തെ പ്രോത്സാഹിപ്പിക്കുമെന്നും പ്രതീക്ഷിക്കുന്നു.

### സ്റ്റേഡിയങ്ങൾ

വളർന്നുവരുന്ന കായിക പ്രതിഭകൾ, ഉയർന്ന പ്രകടനത്തിന് ഊന്നൽ നൽകൽ, കുട്ടികളുടെയും യുവാക്കളുടെയും ആത്മവിശ്വാസം വളർത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനും സഹായിക്കുന്ന ഒരു പ്രാഥമിക ആവശ്യകതയാണ് പരിസ്ഥിതി സൗഹാർദ്ദപരമായ ആവാസ വ്യവസ്ഥ. കായിക വിനോദത്തിനുള്ള വിവിധ സൗകര്യങ്ങളിൽ, യുവാക്കളെ ശാരീരികമായും, ആരോഗ്യകരമായും സുഖകരമാക്കാൻ സ്റ്റേഡിയങ്ങൾ വളരെ അത്യാവശ്യമാണ്.

**ബോക്സ് 9.2.1** ഡയറക്ടറേറ്റിന്റെ പ്രത്യേക പദ്ധതികൾ

**കിക്ക് ഓഫ്:** ഫുട്ബോൾ കളിക്കാനുള്ള കഴിവ് വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. ഉപ-നഗര, ഗ്രാമീണ, ഗോത്രവർഗ്ഗ, മറ്റ് ദുർബല പ്രദേശങ്ങളിൽ നിന്നുള്ള ഫുട്ബോൾകളിയിൽ കഴിവുള്ള കുട്ടികളെ ചെറുപ്പത്തിൽ കണ്ടുപിടിച്ച് നല്ല കളിക്കാരായി വളർത്തുകയെന്ന ലക്ഷ്യത്തോടെയുള്ള താഴെതട്ടിലുള്ള പരിശീലന പദ്ധതിയാണിത്. 2018-19-ൽ സംസ്ഥാനത്തൊട്ടാകെയുള്ള 19 കേന്ദ്രങ്ങളിൽ പദ്ധതി നടപ്പാക്കി. സംസ്ഥാനത്തൊട്ടാകെ 19 കേന്ദ്രങ്ങളിലായി ഓരോ കേന്ദ്രത്തിലും 25 വിദ്യാർഥികൾ വീതമാണ് പദ്ധതി നടപ്പാക്കുന്നത്. 18 കേന്ദ്രങ്ങൾ ആൺകുട്ടികൾക്കും ഒരു കേന്ദ്രം പെൺകുട്ടികൾക്കുമാണ്. 19 കേന്ദ്രങ്ങൾക്ക് പുറമെ പെൺകുട്ടികൾക്ക് മാത്രമായി ഈ വർഷം 14 കേന്ദ്രങ്ങൾ കൂടി ആരംഭിക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

**സ്പ്ലാഷ്:** 8നും 18നും ഇടയിൽ പ്രായമുള്ള കുട്ടികളുടെ നീന്തൽ കഴിവ് മെച്ചപ്പെടുത്തുന്നതിനുള്ള ഉദ്ദേശത്തോടുകൂടിയാണ് ഈ പദ്ധതി 2019 ജൂണിൽ ആരംഭിച്ചത്. 5 ജില്ലകളിൽ (കാസർഗോഡ്, വയനാട്, പാലക്കാട്, തൃശ്ശൂർ, ഇടുക്കി) ഈ പദ്ധതി നടപ്പിലാക്കുന്നുണ്ട്.

**ഹൂപ്സ്:** ഗ്രാസ് റൂട്ട് ബാസ്കറ്റ് ബോൾ പ്രോഗ്രാം: ബാസ്ക്കറ്റ്ബോളിൽ താൽപര്യമുള്ള കുട്ടികളെ ചെറുപ്രായത്തിൽ തന്നെ കണ്ടെത്തി പരിശീലിപ്പിക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതി 2020-ൽ 5 ജില്ലകളിലെ 10 സ്കൂളുകളിൽ ആരംഭിച്ചു. സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലേക്കും പദ്ധതി വ്യാപിപ്പിക്കുകയാണ് ലക്ഷ്യം. ഓരോ കേന്ദ്രത്തിലും 5നും 9നും ഇടയിൽ പ്രായമുള്ള 120 വിദ്യാർത്ഥികൾക്ക് 6 മാസത്തിനുള്ളിൽ പരിശീലനം നൽകുകയാണ് ലക്ഷ്യം.

**സ്പ്രിന്റ്-അത്ലറ്റിക്സിനുള്ള ഗ്രാസ് റൂട്ട് പരിശീലന പരിപാടി:** ചെറുപ്രായത്തിൽ തന്നെ ലോകോത്തര നിലവാരത്തിലുള്ള കായിക താരങ്ങളെ കണ്ടെത്തി രാജ്യാന്തര തലത്തിൽ കേരളത്തിന്റെ നഷ്ടപ്പെട്ട പ്രതാപം വീണ്ടെടുക്കാൻ ആവിഷ്കരിച്ച പദ്ധതിയാണ് സ്പ്രിന്റ്. പ്രകടനം മെച്ചപ്പെടുത്തുന്നതിന്, സംസ്ഥാനത്തുടനീളം ഗ്രാസ് റൂട്ട് തലത്തിലുള്ള പരിശീലനം, ഇന്റർ സ്കൂൾ, ഇന്റർ ഡിസ്ട്രിക്റ്റ് ടൂർണമെന്റുകൾ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. അതിനാൽ അത്ലറ്റിക്സിനെ മുൻഗണന നൽകേണ്ട കായിക വിഭാഗമായി തെരഞ്ഞെടുക്കേണ്ടതും 5നും 12നും ഇടയിൽ പ്രായമുള്ള സ്കൂളിൽ പോകുന്ന കുട്ടികൾക്ക് തുടർച്ചയായ പരിശീലനം നൽകുകയും വേണം. ഉപ നഗര, ഗ്രാമ, ആദിവാസി, ടാപ്പ് ചെയ്യപ്പെടാത്ത മറ്റ് പ്രദേശങ്ങളിൽ നിന്നുള്ള കഴിവുള്ള കുട്ടികളെ ചെറുപ്പത്തിലെ കണ്ടെത്തി അവരെ പ്രോത്സാഹിപ്പിക്കുക എന്നതാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

ഉറവിടം: കായിക യുവജനകാര്യ ഡയറക്ടറേറ്റ്.

26 സ്റ്റേഡിയങ്ങൾ സംസ്ഥാനത്തുണ്ട്. കേരളത്തിലെ പ്രധാന 10 സ്റ്റേഡിയങ്ങളുടെ ഉപയോഗവും ഇരിപ്പിടങ്ങളുടെ എണ്ണവും സംബന്ധിച്ച വിവരങ്ങൾ **പട്ടിക. 9.2.1**-ലും പൂർണ്ണമായ വിവരങ്ങൾ **അനുബന്ധം 9.2.1**-ലും നൽകിയിരിക്കുന്നു.

## ഗ്രീൻ ഫീൽഡ് ഇന്റർനാഷണൽ സ്റ്റേഡിയം

മുമ്പ് തിരുവനന്തപുരം ഇന്റർനാഷണൽ സ്റ്റേഡിയം എന്നും ഇപ്പോൾ ഗ്രീൻഫീൽഡ് ഇന്റർനാഷണൽ സ്റ്റേഡിയം എന്നും പൊതുവായി അറിയപ്പെടുന്ന തിരുവനന്തപുരം സ്പോർട്സ് ഹബ്, കേരളത്തിൽ ഇത് പ്രധാനമായും ഫുഡ്ബോൾ ക്രിക്കറ്റ് അസ്സോസിയേഷനുകൾ ഉപയോഗിക്കുന്നു. ഒരു മൾട്ടി പർപ്പസ് സ്റ്റേഡിയമാണ്. തിരുവനന്തപുരം നഗരത്തിലെ കാര്യവട്ടത്താണ് സ്റ്റേഡിയം

**പട്ടിക 9.2.1** ഉപയോഗവും ഇരിപ്പിടവും അനുസരിച്ച് കേരളത്തിലെ പ്രധാന 10 സ്റ്റേഡിയങ്ങൾ

| ക്രമ നം. | സ്റ്റേഡിയത്തിന്റെ പേര് | ഉപയോഗം | ഇരിപ്പിടങ്ങളുടെ എണ്ണം (ഏകദേശ എണ്ണം) |
|---|---|---|---|
| 1 | കോർപ്പറേഷൻ സ്റ്റേഡിയം, കോഴിക്കോട് | ഔട്ട് ഡോർ സ്റ്റേഡിയം (ഫുട്ബാൾ) | 80,000 |
| 2 | കാര്യവട്ടം സ്റ്റേഡിയം | ഗ്രീൻ ഫീൽഡ് സ്റ്റേഡിയം (ക്രിക്കറ്റ്/ഫുട്ബാൾ) | 50,000 |
| 3 | ലാൽ ബഹദൂർ ശാസ്ത്രി സ്റ്റേഡിയം, കൊല്ലം | ഔട്ട് ഡോർ | 30,000 |
| 4 | ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം, തിരുവനന്തപുരം | ഔട്ട് ഡോർ (ഫുട്ബാൾ/അത്ലറ്റിക്സ്) | 25,000 |
| 5 | മെഡിക്കൽ കോളേജ് സ്റ്റേഡിയം, കോഴിക്കോട് | ഔട്ട് ഡോർ സ്റ്റേഡിയം (ഫുട്ബാൾ/അത്ലറ്റിക്സ് | 15,000 |
| 6 | കോർപ്പറേഷൻ സ്റ്റേഡിയം, തൃശ്ശൂർ | ഔട്ട് ഡോർ സ്റ്റേഡിയം (ഫുട്ബാൾ) | 15,000 |
| 7 | രാജീവ് ഗാന്ധി സ്റ്റേഡിയം, കൊച്ചി | ഇൻഡോർ സ്റ്റേഡിയം (മൾട്ടി സ്പോർട്സ്) | 10,000 |
| 8 | ഹോക്കി സ്റ്റേഡിയം, കൊല്ലം | ഔട്ട്ഡോർ സ്റ്റേഡിയം (ഹോക്കി) | 5,000 |
| 9 | ഇൻഡോർസ്റ്റേഡിയം, കണ്ണൂർ | ഇൻഡോർ സ്റ്റേഡിയം (മൾട്ടി സ്പോർട്സ്) | 5,000 |
| 10 | നീന്തൽകുളം, പിരപ്പൻകോട്, തിരുവനന്തപുരം | നീന്തൽകുളം | 5,000 |

ഉറവിടം: കായിക യുവജനകാര്യ ഡയറക്ടറേറ്റ്

സ്ഥിതി ചെയ്യുന്നത്. 37 ഏക്കറിൽ നിർമ്മിച്ച ഈ സ്റ്റേഡിയം പൂർണ്ണമായും ഒരു സമഗ്ര–സംയോജിത കായിക വിനോദ സമുച്ചയമാണ്, ഇത് ഇന്ത്യയിൽ ആദ്യമാണ്.

അന്താരാഷ്ട്ര ക്രിക്കറ്റ്, ഫുട്ബോൾ ടൂർണമെന്റുകൾക്കും മത്സരങ്ങൾക്കും ഉപയോഗിക്കാവുന്ന തരത്തിലാണ് ഗ്രൗണ്ട് രൂപകൽപ്പന ചെയ്തിരിക്കുന്നത്. സ്റ്റേഡിയത്തിലെ കളിസ്ഥലം ഫിഫ നിയന്ത്രണങ്ങൾക്കും അന്താരാഷ്ട്ര ക്രിക്കറ്റ് കൗൺസിൽ മാനദണ്ഡങ്ങൾക്കും അനുസൃതമായാണ് നിർമ്മിച്ചിരിക്കുന്നത്. 55,000 കാണികൾക്ക് ഇരിക്കാനുള്ള ശേഷിയുണ്ട്. സ്റ്റേഡിയത്തെ നാല് സോണുകളായി തിരിച്ചിരിക്കുന്നു, നോർത്ത് സോൺ ക്രിക്കറ്റിനും കിഴക്കൻ മേഖല ഫുട്ബോളിനും സമർപ്പിച്ചിരിക്കുന്നു, കൂടാതെ ഓരോ സോണിലും പ്ലെയർ ലോഞ്ച്, ജിംനേഷ്യം, മീഡിയ സെന്റർ, സ്റ്റോക്ക് റൂം എന്നിവയുണ്ട്. തെക്കൻ മേഖലയിൽ ഷോപ്പിംഗ് മാളുകളും ഫുഡ് കോർട്ടും സ്ഥാപിച്ചിട്ടുണ്ട്. തൊട്ടടുത്തുള്ള പവലിയനിൽ സ്ക്വാഷ്, വോളിബോൾ, ബാസ്കറ്റ്ബോൾ, ടേബിൾ ടെന്നീസ്, ഒളിമ്പിക് ഗെയിംസ് മാനദണ്ഡങ്ങൾ പാലിക്കുന്ന സ്വിമ്മിംഗ് പൂൾ എന്നിവയുള്ള ഏറ്റവും പുതിയ സൗകര്യങ്ങൾ ഉൾക്കൊള്ളുന്നു. ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ പരിസ്ഥിതി സൗഹൃദ സ്റ്റേഡിയം, ചുറ്റും പച്ച സസ്യങ്ങൾ, മഴവെള്ള സംഭരണി എന്നിവയും ഉണ്ട്. സംസ്ഥാന പരിസ്ഥിതി ആഘാത വിലയിരുത്തൽ അതോറിറ്റിയും മലിനീകരണ നിയന്ത്രണ ബോർഡും ഈ പദ്ധതിയിലെ ഹരിത സംരംഭങ്ങൾക്ക് നിർമാതാക്കളെ അഭിനന്ദിച്ചു. 2016 ജൂൺ 1 ന് സ്പെയിനിലെ സാന്റിയാഗോ ബെർണബ്യൂ സ്റ്റേഡിയത്തിൽ നടന്ന സ്റ്റേഡിയം ബിസിനസ് അവാർഡുകളിൽ ആ വർഷത്തെ പുതിയ വേദിക്കുള്ള ഡേവിഡ് വിക്കേഴ്സ് അവാർഡ് ജേതാവായി തിരുവനന്തപുരത്തെ സ്പോർട്സ് ഹബ് തിരഞ്ഞെടുക്കപ്പെട്ടിരുന്നു.

**II. കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ** കേരള സ്പോർട്സ് ആക്ട് 2000 (2001 ലെ ആക്ട് 2) പ്രകാരം രൂപീകരിച്ച ഒരു നിയമപരമായ സ്ഥാപനമാണ് കേരള സംസ്ഥാന കായിക സമിതി. ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്റ്റ് പ്രകാരം 1954 ൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സ്ഥാപിക്കുകയും കേരള സ്പോർട്സ് കൗൺസിൽ എന്ന പേരിൽ കേരളത്തിൽ സ്പോർട്സ് പ്രോത്സാഹിപ്പിക്കുന്നതിന് 1974 ൽ പുനഃസംഘടിപ്പിക്കുകയും ചെയ്തു. കേരള സ്പോർട്സ് കൗൺസിൽ പിരിച്ചുവിടുകയും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നിലവിൽ വരികയും കേരള സ്പോർട്സ് ആക്ട് 2,000, കേരള സ്പോർട്സ് റൂൾസ് 2008 എന്നിവ പ്രകാരം പ്രവർത്തിക്കുകയും ചെയ്യുന്നു. 25 കേന്ദ്രീകൃത സ്പോർട്സ് ഹോസ്റ്റലുകളും 53 കോളേജ് സ്പോർട്സ് ഹോസ്റ്റലുകളും 43 സ്കൂൾ സ്പോർട്സ് ഹോസ്റ്റലുകളും കേരള സംസ്ഥാന കായിക സമിതിക്ക് കീഴിൽ പ്രവർത്തിക്കുന്നു.

### സ്പോർട്സ് അക്കാദമികൾ

വിവിധ കായിക ഇനങ്ങളിൽ മികച്ച കായികതാരങ്ങളെ തിരഞ്ഞെടുത്ത് അവർക്ക് ഉന്നതതല പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ 31 ജില്ലാ സ്പോർട്സ് അക്കാദമികൾ വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്നു. കൂടാതെ, കോളേജ്, സ്കൂൾ തലങ്ങളിൽ യഥാക്രമം 51 സ്പോർട്സ് അക്കാദമികളും 23 സ്പോർട്സ് അക്കാദമികളും പ്രവർത്തിക്കുന്നുണ്ട്. അക്കാദമികളിലെ കായികതാരങ്ങൾക്ക് ബോർഡിംഗ് ലോഡ്ജിംഗ് ചാർജായി പ്രതിദിനം 200 രൂപയും വാഷിംഗ് അലവൻസായി പ്രതിമാസം 200 രൂപയും നൽകുന്നു. കൂടാതെ, അവരുടെ ചികിത്സാ ചെലവുകളും മത്സരങ്ങളിൽ പങ്കെടുക്കുന്നതിനുള്ള യാത്രാ ചെലവുകളും ദൈനംദിന ചെലവുകളും കൗൺസിൽ വഹിക്കുന്നു. കൗൺസിലിന്റെ നേതൃത്വത്തിൽ വിദഗ്ധരാണ് ഇവർക്ക് പരിശീലനം നൽകുന്നത്. അക്കാദമികളിൽ പരിശീലനത്തിനായി കായിക ഉപകരണങ്ങളും സ്പോർട്സ് കിറ്റുകളും കൗൺസിൽ നൽകുന്നുണ്ട്.

### റൂറൽ കോച്ചിംഗ് സെന്ററുകളും ഡേ ബോർഡിംഗ് സെന്ററുകളും

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിൽ സംസ്ഥാനത്ത് 9 റൂറൽ സ്പോർട്സ് കോച്ചിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ കേന്ദ്രങ്ങളിലെ പരിശീലകർക്ക് പ്രതിഫലവും കായികതാരങ്ങൾക്ക് ലഘുഭക്ഷണവും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നൽകുന്നു. 14 ജില്ലകളിലായി വിവിധ കായിക ഇനങ്ങളിലായി 61 ബോർഡിംഗ് സെന്ററുകളുണ്ട്. പരിശീലകർക്ക് ആവശ്യമായ കായിക ഉപകരണങ്ങളും ലഘുഭക്ഷണവും കൗൺസിൽ നൽകുന്നു. ജില്ലാ സ്പോർട്സ് കൗൺസിലുകൾ മുഖേനയാണ് ഡേ ബോർഡിംഗ് സ്കീമിനുള്ള ധനസഹായം നൽകുന്നത്.

**പട്ടിക 9.2.2** എലൈറ്റ് സ്കീമിന് കീഴിൽ പ്രവർത്തിക്കുന്ന മികവിന്റെ കേന്ദ്രങ്ങൾ

| സെന്റർ | വിദ്യാർത്ഥികളുടെ എണ്ണം | കോച്ചുകളുടെ എണ്ണം |
|---|---|---|
| ലക്ഷ്മിഭായി നാഷണൽ കോളേജ് ഓഫ് ഫിസിക്കൽ എഡ്യുക്കേഷൻ കാര്യവട്ടം (അത്ലറ്റിക്സ്) | 10 | 2 |
| തൃപ്രയാർ വോളിബോൾ അക്കാദമി, തൃശ്ശൂർ | 23 | 1 |
| ബാസ്കറ്റ് ബോൾ അക്കാദമി, കണ്ണൂർ | 9 | 1 |
| ഫുട്ബോൾ അക്കാദമി, എറണാകുളം | 6 | 1 |

ഉറവിടം: കേരള സംസ്ഥാന കായിക സമിതി.

**മികവിന്റെ കേന്ദ്രങ്ങൾ** (എലൈറ്റ് ട്രെയിനിംഗ് സെന്റർ–അത്ലറ്റിക്സ്, വോളിബോൾ, ബാസ്കറ്റ് ബോൾ) കായിക പ്രതിഭകളായ യുവതാരങ്ങളിൽ കായിക വൈദഗ്ധ്യം പരിപോഷിപ്പിക്കുന്നതിനും ഏഷ്യൻ, കോമൺവെൽത്ത്, ഒളിംപിക് ഗെയിംസുകളിൽ മെഡലുകൾ നേടുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനുമായി അത്‌ലറ്റിക്സ്, വോളിബോൾ, ബാസ്ക്കറ്റ്ബോൾ തുടങ്ങിയ വിവിധ മേഖലകളിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ എലൈറ്റ് സ്കീം നടപ്പാക്കിയിട്ടുണ്ട്.

മികച്ച കായിക താരങ്ങളെ സെലക്ഷൻ ട്രയലുകൾക്ക് ശേഷം മെറിറ്റിൽ തിരഞ്ഞെടുക്കുകയും അവർക്ക്

**ബോക്സ് 9.2.2** പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ കായിക യുവജനകാര്യ ഡയറക്ടറേറ്റിന്റെ നേട്ടങ്ങൾ

- കായിക യുവജനകാര്യ ഡയറക്ടറേറ്റ്, ഓസ്ട്രേലിയയിലെ വിക്ടോറിയ യൂണിവേഴ്സിറ്റിയുമായി സഹകരിച്ച്, 2020–21ൽ അന്താരാഷ്ട്ര പങ്കാളിത്ത പരിപാടിയിലൂടെ മാസ്റ്റർ ട്രെയിനർമാർക്കായി ഒരു പരിശീലന പരിപാടി നടത്തി.
- ലോകോത്തര ഷൂട്ടിംഗ് ചാമ്പ്യന്മാരെ വാർത്തെടുക്കുന്നതിനായി നാഷണൽ റൈഫിൾ അസോസിയേഷനുമായി സഹകരിച്ച് 2020 ഫെബ്രുവരി 3 ന് വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിൽ കേരള ഷൂട്ടിംഗ് അക്കാദമി ആരംഭിച്ചു.
- അക്രമങ്ങളിൽ നിന്ന് സ്വയം പരിരക്ഷിക്കാൻ പെൺകുട്ടികളെ സജ്ജരാക്കുന്നതിനും ദേശീയ അന്തർദേശീയ ടൂർണമെന്റുകളിൽ മികവ് പുലർത്താൻ അവരെ പ്രാപ്തരാക്കുന്നതിനും വേണ്ടി സ്ത്രീകളുടെ സ്വയം പ്രതിരോധ പരിപാടിയിൽ കളരിപ്പയറ്റ്, തായ്ക്വാൻഡോ, ജൂഡോ, കരാട്ടെ തുടങ്ങിയ കായിക ഇനങ്ങൾ പ്രോത്സാഹിപ്പിച്ചു.
- കിക്കോഫ് (ഫുട്ബോൾ പരിശീലന പരിപാടി), ഹൂപ്സ് (ബാസ്ക്കറ്റ്ബോൾ പരിശീലന പരിപാടി) സ്പ്രിന്റ്, (അത്‌ലറ്റിക് പരിശീലനം), സ്പ്ലാഷ് (നീന്തൽ പരിശീലനം) തുടങ്ങിയ ഗ്രാസ്റൂട്ട് പരിശീലന പരിപാടി ആരംഭിക്കുകയും ജൂഡോക്ക (ജൂഡോ പരിശീലന പരിപാടി), പഞ്ച് (ബോക്സിംഗ് പരിശീലനം) എന്നിവ ഉടൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.
- ബീച്ച് ഗെയിംസ്, മാരത്തൺ, ഇന്റർനാഷണൽ സ്പോർട്സ്, എക്സ്പോ എന്നിവ നടത്തി.
- കായിക വകുപ്പിന്റെ ബജറ്റ് വിഹിതവും കിഫ്ബിയുടെ സാമ്പത്തിക സഹായവും ഉപയോഗിച്ച് വിവിധ സ്റ്റേഡിയങ്ങളുടെ നിർമ്മാണവും നവീകരണവും ഏറ്റെടുത്തു. ഇൻഡോർ സ്റ്റേഡിയങ്ങൾ, നീന്തൽക്കുളങ്ങൾ, ഫുട്ബോൾ കോർട്ടുകൾ, ബാസ്കറ്റ്ബോൾ, വോളിബോൾ, ഷട്ടിൽ കോർട്ടുകൾ എന്നിവയും വിവിധ ജില്ലാ–ബ്ലോക്ക്–പഞ്ചായത്ത് തലങ്ങളിലുള്ള സ്ഥല ലഭ്യതയെ ആശ്രയിച്ച് നിർമ്മിച്ചു.
- തിരുവനന്തപുരത്തെ ജി.വി രാജ സ്പോർട്സ് സ്കൂളിലും കണ്ണൂരിലെ സ്പോർട്സ് ഡിവിഷനിലും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചെടുത്തു. കൂടാതെ ഈ സ്കൂളുകളിലെ കുട്ടികൾക്കായി പോഷകാഹാര പദ്ധതികൾ, ഇൻസ്പയർ സ്കോളർഷിപ്പുകൾ, ലെജൻഡ്സ് ടോക്ക് ടച്ച് തുടങ്ങിയ പരിപാടികൾ നടപ്പിലാക്കി.
- ജി.വി.രാജ സ്പോർട്സ് സ്കൂൾ, തിരുവനന്തപുരം, കണ്ണൂർ എന്നിവിടങ്ങളിലെ വിദ്യാർത്ഥികളുടെ കായികക്ഷമത വിലയിരുത്തുന്നതിനായി ബയോപ്സി ടെസ്റ്റിനായി ഒരു ക്രയോസ്റ്റാറ്റ് ഉപകരണം വാങ്ങി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സ്ഥാപിച്ചു.

ഉറവിടം: കായിക യുവജനകാര്യ ഡയറക്ടറേറ്റ്.

വിദഗ്ധ പരിശീലകരുടെ കീഴിൽ പരിശീലനം, വൈദ്യചികിത്സ, പഠന സൗകര്യങ്ങൾ, മറ്റു അനുബന്ധ സൗകര്യങ്ങൾ എന്നിവ നൽകുകയും ചെയ്യുന്നു. നിലവിൽ എലൈറ്റ് സ്കീമിന് കീഴിൽ 4 മികവിന്റെ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു.

### വിവിധ അവാർഡുകൾ

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നൽകുന്ന വിവിധ തരം അവാർഡുകൾ **പട്ടിക 9.2.3**–ൽ നൽകിയിരിക്കുന്നു.

### ഡോ. എപിജെ അബ്ദുൾ കലാം സ്കോളർഷിപ്പ് പദ്ധതി

നമ്മുടെ സംസ്ഥാനത്തെ പ്രമുഖ കായിക താരങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നടപ്പിലാക്കുന്നതാണ് ഡോ.എ.പി.ജെ. അബ്ദുൾ കലാം സ്കോളർഷിപ്പ് പദ്ധതി. ഈ സ്കീമിന് കീഴിൽ, 14നും 20നും ഇടയിൽ പ്രായമുള്ള 11 കായിക താരങ്ങൾക്ക് പ്രതിവർഷം ₹10,000 സ്കോളർഷിപ്പ് നൽകുന്നു. അതാത് വർഷത്തെ പ്രകടനത്തിന്റെ അടിസ്ഥാനത്തിലാണ് അർഹരായ കായികതാരങ്ങൾക്ക് സ്കോളർഷിപ്പ് നൽകുന്നത്. ഓരോ വർഷവും പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ 24 വയസ്സ് പൂർത്തിയാകുന്നതുവരെ അല്ലെങ്കിൽ പരമാവധി അഞ്ച് വർഷം വരെ സ്കോളർഷിപ്പ് നൽകും.

### കായിക ക്ഷമത മിഷൻ

വിദ്യാർത്ഥികളുടെയും പൊതുജനങ്ങളുടെയും ശാരീരിക ക്ഷമത മെച്ചപ്പെടുത്താൻ വിഭാവനം ചെയ്യുന്നതാണ് കായിക ക്ഷമത മിഷൻ. പദ്ധതിയുടെ ഒന്നാം ഘട്ടമെന്ന നിലയിൽ, സ്കൂളിലെ വിദ്യാർത്ഥികളുടെ മൊത്തത്തിലുള്ള ഫിറ്റ്നസ് ലെവൽ വിലയിരുത്തി. കേരളത്തിലെ സ്കൂളുകളിലെ 80 ശതമാനത്തിലധികം വിദ്യാർത്ഥികളുടെയും ഫിറ്റ്നസ് ആവശ്യമുള്ള നിലവാരത്തിന് താഴെയാണെന്ന് പരിശോധനാഫലങ്ങൾ കാണിക്കുന്നു. കായിക ക്ഷമതാ മിഷന്റെ രണ്ടാം ഘട്ടത്തിൽ വിദ്യാർത്ഥികളുടെയും പൊതുജനങ്ങളുടെയും ശാരീരിക ക്ഷമത മെച്ചപ്പെടുത്തുന്നതിനും ശാരീരിക സാക്ഷരതയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും വേണ്ടി വിഭാവനം ചെയ്തിരിക്കുന്നു. പരിപാടിയുടെ നടത്തിപ്പിന്റെയും നിരീക്ഷണത്തിന്റെയും എളുപ്പത്തിനായി സംസ്ഥാനത്തെ മുഴുവൻ ജനങ്ങളെയും നാല് ഗ്രൂപ്പുകളായി തരംതിരിച്ചിരിക്കുന്നു. വിഭാഗങ്ങൾ ഇവയാണ്:

- നഴ്സറി മുതൽ നാലാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക്
- അഞ്ചാം ക്ലാസ് മുതൽ പ്ലസ് ടു വരെയുള്ളവർക്കും യൂണിവേഴ്സിറ്റി വിദ്യാർത്ഥികൾക്കും
- യുവാക്കളും ജോലി ചെയ്യുന്ന പ്രൊഫഷണലുകളും
- മുതിർന്ന പൗരന്മാർ

കേരള സ്പോർട്സ് കൗൺസിൽ കേരള സർക്കാരിന്റെ വിവിധ വകുപ്പുകളായ, വിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ് എന്നിവയുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്.

### ഓപ്പറേഷൻ ഒളിമ്പിയ 2020–2024

സംസ്ഥാനത്തുടനീളമുള്ള പതിനൊന്ന് കായിക ഇനങ്ങളിൽ നിന്നുള്ള മികച്ച കായിക താരങ്ങളെ കണ്ടെത്തി മെച്ചപ്പെടുത്താനും അത്യാധുനിക അടിസ്ഥാന സൗകര്യങ്ങളും വിദേശ പരിശീലകരുടെ സേവനവും ഉൾപ്പെടുത്തി ക്കൊണ്ട് അവരെ പരിശീലിപ്പിക്കുകയും അന്താരാഷ്ട്ര മത്സരങ്ങളിലെ എക്സ്പോഷർ നേടിക്കൊടുക്കുകയുമാണ് ഓപ്പറേഷൻ ഒളിമ്പിയ വിഭാവനം ചെയ്തിരിക്കുന്നത്. കേരള സർക്കാരിന്റെ കായിക വകുപ്പിന്റെ അഭിമാനകരമായ പദ്ധതി "ഓപ്പറേഷൻ ഒളിമ്പിയ 2020– 2024" 2017 മെയ് 28 ന്

**പട്ടിക 9.2.3** കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നൽകുന്ന വിവിധ കായിക അവാർഡുകൾ

| നമ്പർ | അവാർഡുകൾ | വിവരണം |
|---|---|---|
| 1 | ജി വി രാജ അവാർഡ് | കേരളത്തിലെ ഏറ്റവും മികച്ച പുരുഷ–വനിതാ കായികതാരങ്ങൾക്കുള്ള ലെഫ്. കേണൽ ഗോദവർമ്മ രാജയുടെ പേരിൽ കൗൺസിൽ ഏർപ്പെടുത്തിയ പരമോന്നത കായിക ബഹുമതിയാണ് ജി.വി.രാജ അവാർഡ്<br>മൂന്നുലക്ഷം രൂപയും ഫലകവും പ്രശംസാപത്രവുമാണ് അവാർഡ് ജേതാവിന് നൽകുന്നത് |
| 2 | ഒളിമ്പ്യൻ സുരേഷ് ബാബു മെമ്മോറിയൽ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് | ഒളിമ്പ്യൻ സുരേഷ് ബാബുവിന്റെ സ്മരണാർത്ഥം ദേശീയ അന്തർദേശീയ കായികരംഗത്ത് സമഗ്ര സംഭാവനകൾ നൽകിയ വ്യക്തികൾക്കായി ഏർപ്പെടുത്തിയ പുരസ്കാരമാണിത്. ഒരു ലക്ഷം രൂപയും ഫലകവും പ്രശംസാപത്രവുമാണ് അവാർഡ് ജേതാവിന് നൽകുന്നത്. |
| 3 | മികച്ച കായിക പരിശീലകൻ | കേരളത്തിലെ മികച്ച കായിക പരിശീലകന് ഒരു ലക്ഷം രൂപയും ഫലകവും പ്രശംസാപത്രവും നൽകും. |
| 4 | മറ്റ് കായിക അവാർഡുകൾ | മികച്ച കായിക അധ്യാപകൻ (സ്കൂൾ തലം)<br>മികച്ച കായിക അധ്യാപകൻ (കോളേജ് തലം)<br>മികച്ച കായിക മികവു നേടിയ കോളേജ്<br>മികച്ച കായിക മികവു നേടിയ സ്കൂൾ<br>മികച്ച സ്പോർട്സ് അക്കാദമി – സ്കൂൾ തലം (ആൺകുട്ടികളും പെൺകുട്ടികളും)<br>മികച്ച സ്പോർട്സ് അക്കാദമി – കോളേജ് തലം (പുരുഷൻമാരും സ്ത്രീകളും)<br>50,000 രൂപ ക്യാഷ് പ്രൈസും ഫലകവും പ്രശംസാപത്രവും അവാർഡ് ജേതാവിന് നൽകുന്നു. |
| 5 | മികച്ച സ്പോർട്സ് ഫോട്ടോഗ്രാഫർക്കുള്ള കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മീഡിയ അവാർഡ് | മികച്ച സ്പോർട്സ് ഫോട്ടോഗ്രാഫർ<br>മികച്ച വിഷ്വൽ മീഡിയ ഫീച്ചർ<br>മികച്ച കായിക പുസ്തകം<br>മികച്ച സ്പോർട്സ് ജേർണലിസ്റ്റ്<br>50,000 രൂപ ക്യാഷ് പ്രൈസും ഫലകവും പ്രശംസാപത്രവും അവാർഡ് ജേതാവിന് നൽകുന്നു. |

ഉറവിടം: കേരള സംസ്ഥാന കായിക സമിതി.

ആരംഭിച്ചു. കേരളത്തിലെ കായികതാരങ്ങളെ അടുത്ത ഒളിമ്പിക്സിൽ മെഡൽ നേടുന്നതിനായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സജ്ജമാക്കുന്നു. പ്രസ്തുത ആവശ്യത്തിനായി ഒരു വിദഗ്ധ സമിതി രൂപീകരിക്കുകയും 'ഓപ്പറേഷൻ ഒളിമ്പിയ' എന്ന പദ്ധതി ആരംഭിക്കുന്നതിനായി തല്പരകക്ഷി ചർച്ചകൾ ആരംഭിക്കുകയും ചെയ്തു. ഓപ്പറേഷൻ ഒളിമ്പിയ അത്ലറ്റിക്സ്, ബോക്സിംഗ്, ബാഡ്മിന്റൺ (ഷട്ടിൽ), ഫെൻസിംഗ്, റോവിംഗ് എന്നിങ്ങനെ തിരഞ്ഞെടുത്ത അഞ്ച് വിഷയങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഈ പദ്ധതിയിൽ പരിശീലനം നേടിയ വിദ്യാർത്ഥികൾക്ക് 2018–19 ൽ വിവിധ ദേശീയ അന്തർദേശീയ ഗെയിമുകളിലായി 20 സ്വർണവും 13 വെള്ളിയും 14 വെങ്കലവും ലഭിച്ചു.

**ബോക്സ് 9.2.3** കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള സ്റ്റേഡിയങ്ങളും നീന്തൽക്കുളങ്ങളും

- ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്റർ, മൂന്നാർ
- ശ്രീപാദം സ്റ്റേഡിയം, ആറ്റിങ്ങൽ
- പിരപ്പൻകോട് അന്താരാഷ്ട്ര നീന്തൽക്കുളം
- ആലപ്പുഴ നീന്തൽക്കുളം
- നന്നിയോട് നീന്തൽക്കുളം
- കോട്ടയം ഇൻഡോർ സ്റ്റേഡിയം
- വയനാട് ജില്ലാ സ്റ്റേഡിയം മുണ്ടേരി, കൽപ്പറ്റ (ജിനചന്ദ്ര സ്റ്റേഡിയം)
- ജി വി രാജ ഇൻഡോർ സ്റ്റേഡിയം, ശംഖുമുഖം

ഉറവിടം: കേരള സംസ്ഥാന കായിക സമിതി.

**കേരള സംസ്ഥാന സ്കൂൾ സ്പോർട്സും ഗെയിമുകളും**

പൊതുവിദ്യാഭ്യാസ ഡയറക്ടർ എല്ലാ വർഷവും സ്കൂൾ കുട്ടികൾക്കായി കായിക വിനോദങ്ങളും ഗെയിമുകളും നടത്തുന്നു. എല്ലാ ഹൈസ്കൂൾ, ഹയർസെക്കൻഡറി സ്കൂളുകളിലും ഗെയിംസ്, അത്ലറ്റിക്സ് എന്നിവയിൽ സ്കൂൾ തല മത്സരങ്ങൾ നടത്തപ്പെടുന്നു. അക്വാറ്റിക്സ്, അത്ലറ്റിക്സ്, 17 വിഭാഗം മറ്റു ഗെയിമുകൾ എന്നിവയ്ക്കായി സീനിയർ (19 വയസ്സിന് താഴെ), ജൂനിയർ (17 വയസ്സിന് താഴെ), സബ് ജൂനിയർ (14 വയസ്സിന് താഴെ), കിഡ്ഡീസ് (12 വയസ്സിന് താഴെ), എൽപി കിഡ്ഡീസ് (10 വയസ്സിന് താഴെ) എൽപി മിനി (8 വയസ്സിൽ താഴെ)എന്നിങ്ങനെ ആറ് വിഭാഗങ്ങളിലായാണ് സ്കൂൾതല മത്സരങ്ങൾ നടക്കുന്നത്. സ്കൂളിൽ പോകുന്ന വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്കിന് അർഹതയുണ്ട്. ഉപജില്ലാ തലത്തിലും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും സ്പോർട്സും ഗെയിമുകളും നടത്തപ്പെടുന്നു. 2019–ലെ അക്വാട്ടിക്സ്, അത്ലറ്റിക്, ഗെയിമുകൾ എന്നിവയുടെ പ്രകടന വിശദാംശങ്ങൾ യഥാക്രമം **അനുബന്ധം 9.2.2, അനുബന്ധം 9.2.3, അനുബന്ധം 9.2.4** എന്നിവയിൽ നൽകിയിരിക്കുന്നു. 2019–20–ലെ സ്പോർട്സ്മീറ്റിലെ ജില്ലകളുടെ മൊത്തത്തിലുള്ള പ്രകടനം **പട്ടിക 9.2.4**–ൽ നൽകിയിരിക്കുന്നു.

2019–20 –ൽ നടത്തിയ സ്പോർട്സ് മീറ്റിൽ യഥാക്രമം 99 സ്വർണം, 102 വെള്ളി, 55 വെങ്കലം എന്നിങ്ങനെ ആകെ 256 മെഡലുകളുമായി തിരുവനന്തപുരം ജില്ല ഒന്നാമതെത്തി. മൊത്തം 139 മെഡലുകളുമായി എറണാകുളം ജില്ല രണ്ടാം സ്ഥാനത്തും 118 മെഡലുകളുമായി പാലക്കാട് മൂന്നാം സ്ഥാനത്തുമാണ്. 2019–20

ദേശീയ മീറ്റിൽ കേരളം 262 മെഡലുകൾ (43 സ്വർണവും 146 വെള്ളിയും 73 വെങ്കലവും) നേടി.

**പട്ടിക 9.2.4** കേരള 2019–20 ൽ നടന്ന സ്പോർട്സ് മീറ്റിലെ ജില്ല തിരിച്ചുള്ള മെഡൽ നില

| നമ്പർ | ജില്ല | സ്വർണം | വെള്ളി | വെങ്കലം | മൊത്തം |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 99 | 102 | 55 | 256 |
| 2 | എറണാകുളം | 51 | 35 | 53 | 139 |
| 3 | പാലക്കാട് | 32 | 44 | 42 | 118 |
| 4 | തൃശ്ശൂർ | 32 | 33 | 44 | 109 |
| 5 | കോട്ടയം | 32 | 33 | 41 | 106 |
| 6 | കോഴിക്കോട് | 27 | 16 | 37 | 80 |
| 7 | കണ്ണൂർ | 28 | 20 | 19 | 67 |
| 8 | വയനാട് | 6 | 14 | 22 | 42 |
| 9 | മലപ്പുറം | 11 | 11 | 19 | 41 |
| 10 | ആലപ്പുഴ | 13 | 11 | 14 | 38 |
| 11 | ഇടുക്കി | 4 | 10 | 10 | 24 |
| 12 | കാസർകോട് | 4 | 6 | 9 | 19 |
| 13 | കൊല്ലം | 5 | 5 | 5 | 15 |
| 14 | പത്തനംതിട്ട | 2 | 3 | 3 | 8 |

ഉറവിടം: പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് (സ്പോർട്സ് വിംഗ്)

### III. കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് 1985–ൽ രൂപീകരിച്ചു. യുവജനക്ഷേമ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക എന്നതാണ് ബോർഡിന്റെ പ്രധാന ലക്ഷ്യം.തൊഴിൽ രഹിതരായ യുവാക്കൾക്ക് പരിശീലന പരിപാടികളും സ്വയം തൊഴിൽ സംരംഭങ്ങളും ആരംഭിക്കുന്നതിന് യൂത്ത് ക്ലബുകൾക്കും സംഘടനകൾക്കും ബോർഡ് ധനസഹായം നൽകി വരുന്നു.

#### പ്രധാന പ്രവർത്തനങ്ങൾ:

- **യുവശക്തി:** യുവജന ക്ലബ്ബുകളിലൂടെ സാമൂഹിക വികസന പരിപാടികളും സന്നദ്ധ പരിപാടികളും പ്രോത്സാഹിപ്പിക്കുക, കേരളോത്സവത്തിലും ഗ്രാമസ ഭയിലും യുവജനങ്ങളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുക, ലേബർ ബാങ്കുകളും മറ്റ് തൊഴിലുറപ്പ് പരിപാടികളും സംഘടിപ്പിക്കുക, സമൂഹത്തിലെ ഏറ്റവും താഴ്ന്ന നിലയിലേക്ക് യുവജനക്ഷേമ ബോർഡിന്റെ പ്രവർത്ത നങ്ങൾ പ്രചരിപ്പിക്കുക എന്നിവയാണ് പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങൾ. സംസ്ഥാനത്തെ ജില്ലാ കോ–ഓർഡിനേറ്റർമാരാണ് യുവശക്തി പരിപാടി ഏകോപിപ്പിക്കുന്നത്. ഈ കോ–ഓർഡിനേറ്റർമാർ കോവിഡ്–19 പ്രതിരോധ പ്രവർത്തനങ്ങളിൽ സജീ വമായി ഏർപ്പെട്ടിരിക്കുന്നു.
- **യുവജന ക്ലബ്ബുകൾ:** കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ബോധവൽക്കരണ പരിപാടികൾ, മത്സര പരീ ക്ഷകൾക്കുള്ള പരിശീലനം, ആരോഗ്യ പ്രചാരണങ്ങൾ, പരിസ്ഥിതി പ്രവർത്തനങ്ങൾ, സ്പോർട്സ് കിറ്റ് വിതരണം, യൂത്ത് കേരള എക്സ്പ്രസ് റിയാലിറ്റി ഷോ എന്നിവയിലൂടെ പട്ടികജാതി–പട്ടികവർഗ കോള

**ബോക്സ് 9.2.4** ടോക്കിയോ ബക്സ് 2021

2021 ടോക്കിയോ ഒളിമ്പിക്സിൽ, ഇന്ത്യയിൽ നിന്നുള്ള 228 അംഗങ്ങളുടെ ശക്തമായ സംഘം 18 കായിക ഇനങ്ങളിലായി പങ്കെടുത്തു. ടോക്കിയോ 2020–ലെ ഇന്ത്യയുടെ ഒളിമ്പിക് സംഘത്തിൽ 18 കായിക ഇനങ്ങളിൽ നിന്ന് 127 പേർ പങ്കെടുത്തു, അതിൽ യഥാക്രമം പുരുഷ, വനിതാ ഹോക്കി സ്ക്വാഡുകളിൽ രണ്ട് ഇതര താരങ്ങളും ഒരു റിസർവ് ഗോളിയും ഉൾപ്പെടുന്നു. താഴെക്കാണുന്ന കായിക ഇനങ്ങളിലായി ഇന്ത്യ 7 മെഡലുകൾ നേടി.

**2021 ടോക്കിയോ ഒളിമ്പിക്സിൽ ഇന്ത്യയുടെ മെഡൽ പട്ടിക**

| ജാവലിൻ ത്രോ | നീരജ് ചോപ്ര | സ്വർണം |
|---|---|---|
| ഗുസ്തി (57 കിലോ) | രവികുമാർ ദഹിയ | വെള്ളി |
| ഭാരോദ്വഹനം (49 കിലോഗ്രാം വനിതകൾ) | മീരാഭായ് ചാനു | വെള്ളി |
| വനിതാ സിംഗിൾസ് ബാഡ്മിന്റൺ | പിവി സിന്ധു | വെങ്കലം |
| വനിതകളുടെ വെൽറ്റർവെയ്റ്റ് ബോക്സിംഗ് | ലോവ്‌ലിന ബോർഗോഹൈൻ | വെങ്കലം |
| ഹോക്കി | ഇന്ത്യൻ ഹോക്കി ടീം | വെങ്കലം |
| ഗുസ്തി (65 കിലോഗ്രാം) | ബജറംഗ് പുനിയ | വെങ്കലം |

2021–ലെ ടോക്കിയോ ഒളിമ്പിക്സിൽ കേരളത്തിൽ നിന്ന് 9 കളിക്കാർ പങ്കെടുത്തു. അതിൽ 6 പേർ ട്രാക്കിലും ഫീൽഡിലുമാണ്. ഇന്ത്യൻ ഹോക്കി ടീം അംഗം ശ്രീ.പി.ആർ. ശ്രീജേഷ് വെങ്കല മെഡൽ നേടി. ഒളിമ്പിക്സ് മെഡൽ നേടുന്ന രണ്ടാമത്തെ മലയാളിയാണ് അദ്ദേഹം. കേരളത്തിൽ നിന്നും പങ്കെടുത്ത മറ്റ് താരങ്ങൾ:

- അമോജ് ജേക്കബ് – 4 × 400 മീറ്റർ റിലേ
- മുഹമ്മദ് അനസ് യഹിയ– 4 × 400 മീറ്റർ റിലേ
- നോഹ് നിർമൽ ടോം–4 × 400 മീറ്റർ റിലേ
- അലക്സ് ആന്റണി–4 × 400 മീറ്റർ റിലേ (മിക്സഡ്)
- ഇർഫാൻ കോലോത്തും തൊടി–20 കിലോമീറ്റർ നടത്തം
- ജാബിർ എം പള്ളിയാലിൽ–400 മീറ്റർ ഹർഡിൽസ്
- മുരളി ശ്രീശങ്കർ–പുരുഷ ലോങ്ജമ്പ്
- പി.ആർ.ശ്രീജേഷ്–ഫീൽഡ് ഹോക്കി
- •സാജൻ പ്രകാശ്–പുരുഷന്മാരുടെ 100 മീറ്റർ ബട്ടർഫ്ലൈ, പുരുഷന്മാരുടെ 200 മീറ്റർ ബട്ടർഫ്ലൈ

നികളിലെയും തീരപ്രദേശങ്ങളിലെയും യുവജന ക്ലബ്ബുകളെ ശാക്തീകരിക്കാൻ ലക്ഷ്യമിടുന്നു. 1,043 യൂത്ത് ക്ലബ്ബുകൾക്കും 457 യുവ യൂത്ത് ക്ലബ്ബുകൾക്കും 8,000 രൂപ വീതം ധനസഹായം നൽകുന്നു.

2020–21 ലെ യൂത്ത് ക്ലബ്ബിന്റെ പ്രധാന പ്രവർത്തനങ്ങൾ താഴെപ്പറയുന്നവയാണ്.

- യൂത്ത് ക്ലബ്ബുകൾ നടത്തുന്ന തുണി സഞ്ചി നിർമ്മാണ പരിശീലനത്തിന് തുക അനുവദിച്ചു.
- യൂത്ത് ക്ലബ്ബുകളും കോ–ഓർഡിനേറ്റർമാരും യുവജന കേന്ദ്രങ്ങളും ചേർന്ന് 175 ഏക്കർ സ്ഥലത്ത് കൃഷിയിറക്കി.
- സ്കൂളുകളും ആശുപത്രികളും വൃത്തിയാക്കി.
- യുവജനക്ഷേമ ബോർഡ് 2021 ഫെബ്രുവരി 13 മുതൽ 18 വരെ എസ്എസ്എൽസി, പ്ലസ് ടു വിദ്യാർഥികൾക്കായി 200 കേന്ദ്രങ്ങളിൽ കരിയർ ഗൈഡൻസ് പ്രോഗ്രാം നടത്തി.
- **യൂത്ത് കേരള എക്സ്പ്രസ്:** – യൂത്ത് ക്ലബ്ബുകളുടെ പ്രയോജനകരമായ പ്രവർത്തനങ്ങൾ പൊതുജനങ്ങൾക്ക് മുന്നിൽ അവതരിപ്പിക്കാൻ ലക്ഷ്യമിട്ടുള്ള ഒരു പദ്ധതിയാണ് യൂത്ത് കേരള എക്സ്പ്രസ്. 2018–19–ൽ അവതരിപ്പിച്ച പദ്ധതി 100–ലധികം യൂത്ത് ക്ലബ്ബുകൾക്ക് പ്രയോജനം ചെയ്തു. 100 ക്ലബ്ബുകളിൽ നിന്ന് 13 ക്ലബ്ബുകളെ മേഖല തിരിച്ചുള്ള മത്സരത്തിനായി തിരഞ്ഞെടുത്തു. മേഖല തിരിച്ചുള്ള വിജയികൾക്ക് ക്യാഷ് പ്രൈസ് നൽകി. യൂത്ത് ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ സമൂഹത്തിൽ ജനകീയമാക്കാൻ ഈ പദ്ധതി സഹായിച്ചു.
- **സംരംഭക പരിശീലനം (എൽ.ഇ.ഡി. ചലഞ്ച്):** ഇടുക്കിയിൽ 680 യുവാക്കളെ എൽ.ഇ.ഡി. ബൾബ് നിർമ്മിക്കാൻ പരിശീലിപ്പിക്കുകയും പൊതുജനങ്ങൾക്ക് വിൽക്കുകയും ചെയ്തു. എൽഇഡി ബൾബുകൾ വിറ്റ് ലഭിച്ച തുക (2,98,418 രൂപ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകി.
- **കേരളത്തിലെ ദേശീയ നാടോടി ഉത്സവം:** രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിലെ തദ്ദേശീയ നാടോടി കലകളെ പ്രോത്സാഹിപ്പിക്കുവാനാണ് കേരളത്തിലെ ദേശീയ നാടോടി ഉത്സവം ലക്ഷ്യമിടുന്നത്. ദേശീയ ഫോക്ക് ഫെസ്റ്റിന്റെ പ്രതിനിധി സംഘത്തിൽ സംസ്ഥാനത്തിന് പുറത്ത് നിന്നുള്ള പ്രതിനിധികൾ ഉൾപ്പെടുന്നു, അവർ അവരുടെ തനത് നാടൻ കലകളും സാംസ്കാരിക പരിപാടികളും അവതരിപ്പിക്കുന്നു, സമൂഹത്തിലെ യുവ പ്രതിഭകളുമായി സംവദിക്കുകയും മറ്റുള്ളവരുടെ പ്രവർത്തനങ്ങളെക്കുറിച്ച് പഠിക്കുകയും ചെയ്യുന്നു. അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ള ആളുകൾക്ക് കേരളത്തിലെ കുടുംബങ്ങളുമായി പരിചയപ്പെടാനും ജനങ്ങളുടെ കുടുംബജീവിതം, സംസ്കാരം, ജീവിതരീതി എന്നിവ അനുഭവിച്ചറിയുന്നതിന് അവസരം ലഭിക്കുന്നു.
- **കേരളോത്സവം:** സാംസ്കാരിക, കല, കായിക രംഗങ്ങളിൽ യുവാക്കൾക്ക് തങ്ങളുടെ കഴിവുകൾ പ്രകടിപ്പിക്കാനുള്ള അവസരം ഒരുക്കുക എന്ന ലക്ഷ്യത്തോടെയാണ് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് കേരളോത്സവം സംഘടിപ്പിക്കുന്നത്. ഈ ഫെസ്റ്റിവലിൽ 15–35 വയസ്സിനിടയിലുള്ള യുവജനങ്ങൾക്ക് ബ്ലോക്ക്, ജില്ലാ, സംസ്ഥാന തലങ്ങളിൽ സാംസ്കാരിക, കലാ, കായിക മത്സരങ്ങളിൽ പങ്കെടുക്കാം. 14 ജില്ലകളിലും പ്രാഥമിക ജില്ലാതല പരിപാടികൾ നടത്തുന്നു. ഈ പരിപാടിയിൽ പ്രതിവർഷം 5 ലക്ഷം യുവജനങ്ങളും 6000 ക്ലബ്ബുകളും പങ്കെടുക്കുന്നു. വിജയികൾക്ക് പ്രാദേശിക സർക്കാർ തലത്തിലും ജില്ലാ തലത്തിലും ക്യാഷ് പ്രൈസും സംസ്ഥാന തലത്തിൽ ഉയർന്ന പോയിന്റ് നേടുന്ന വ്യക്തിഗത ചാമ്പ്യന്മാർക്കുള്ള ട്രോഫിയും നൽകും. കോവിഡ് –19 പകർച്ചവ്യാധി കാരണം 2020–21 ൽ കേരളോത്സവം നടത്തിയില്ല.

**കേരള വോളണ്ടറി യൂത്ത് ആക്ഷൻ ഫോഴ്സ്: (കെ.വി.വൈ.എഫ്)** 2018–ൽ കേരളം അതിന്റെ ചരിത്രത്തിൽ അഭൂതപൂർവമായ വെള്ളപ്പൊക്കത്തിന് സാക്ഷ്യം വഹിച്ചു. 2019ലും സമാനമായ പ്രളയം സംസ്ഥാനം നേരിട്ടിരുന്നു. കേരളത്തിലെ യുവാക്കൾ, സന്നദ്ധപ്രവർത്തകർ, സാംസ്കാരിക പ്രവർത്തകർ, യുവജന ക്ലബ്ബുകൾ, വിദ്യാർത്ഥികൾ, ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, സന്നദ്ധസംഘടനകൾ, തൊഴിലാളികൾ, പ്രത്യേകിച്ച് മത്സ്യത്തൊഴിലാളികൾ എന്നിവർ അനേകം ജീവൻ രക്ഷിക്കുന്നതിൽ പ്രധാന പങ്ക് വഹിച്ചു. പ്രതികൂല കാലത്ത് യുവത്വത്തിന്റെ ശക്തി എല്ലാവർക്കും ദൃശ്യമായിരുന്നു. ഇത് സംസ്ഥാനത്ത് കെ.വി.വൈ.എഫ് എന്ന ആശയത്തിന് വഴിയൊരുക്കുകയുണ്ടായി. പ്രകൃതി ദുരന്തങ്ങളെ നേരിടാൻ യുവജന സന്നദ്ധ പ്രവർത്തകരെ സജ്ജമാക്കുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ച സന്നദ്ധ സേനയാണ് കെ.വി.വൈ.എഫ്. സേനയുടെ കീഴിൽ രജിസ്റ്റർ ചെയ്ത 1,15,000 യുവാക്കളിൽ, 3,000 യുവാക്കൾക്ക് പരിശീലനം നൽകി 14 ജില്ലകളിലായി സന്നദ്ധസേന രൂപീകരിക്കുകയും ചെയ്തു. കമ്മ്യൂണിറ്റി കിച്ചണുകളിലും ലോക്ക്ഡൗൺ കാലത്ത് മരുന്നുകളും അവശ്യവസ്തുക്കളും എത്തിക്കുന്നതിനായി യൂത്ത് ആക്ഷൻ ഫോഴ്സിന്റെ ഈ വോളന്റിയർമാരെ വിന്യസിച്ചിട്ടുണ്ട്. ദുരന്തബാധിതർക്ക് അവശ്യവസ്തുക്കൾ എത്തിക്കുന്നതിനായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് കെ.വി.വൈ. എഫിന്റെ നേതൃത്വത്തിൽ 14 ജില്ലകളിലും കളക്ഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്.

കെ.വി.വൈ.എഫിന്റെ പ്രവർത്തനങ്ങൾ വരും വർഷങ്ങളിൽ കൂടുതൽ വിപുലീകരിക്കും. പ്രാദേശിക സർക്കാർ തലത്തിലേക്ക് ശക്തി വ്യാപിപ്പിക്കുകയാണ് ലക്ഷ്യം. പഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ തലത്തിൽ ഒരു യൂത്ത് ആക്ഷൻ ഫോഴ്സ് രൂപീകരിക്കുകയും അവർക്ക് പരിശീലനം നൽകുകയും വിവിധ സന്നദ്ധ പ്രവർത്തനങ്ങൾക്ക് അവരെ സജ്ജരാക്കുകയും ചെയ്യുകയാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. കോവിഡ്–19 സമയത്ത് കെവിവൈഎഫ് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തി.

- **കോവിഡ്–19 പകർച്ചവ്യാധിക്കെതിരായ പ്രതിരോധ നടപടികൾ – ചെയിൻ തകർക്കുക:** – 2020 മാർച്ച് 14 മുതൽ കെ.വി.വൈ.എഫിന്റെ കോവിഡ്–19 പാൻഡെമിക്കിന്റെ പ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുകയാണ്. വിവിധ സർക്കാർ സ്കൂളുകൾ, റെയിൽവേ സ്റ്റേഷനുകൾ, ബസ് സ്റ്റാൻഡുകൾ, കോടതി കോമ്പൗണ്ടുകൾ, മറ്റ് പൊതുസ്ഥലങ്ങൾ സാനിറ്റൈസർ ഉപയോഗിച്ച് വൃത്തിയാക്കി. ജില്ലാ ആസ്ഥാനത്തും മറ്റ് പൊതുസ്ഥലങ്ങളിലും കൈകഴുകുന്നതിനായി വാട്ടർ കിയോസ്കുകൾ സ്ഥാപിച്ചു.
- **ലോക്ക്ഡൗൺ ഹെൽപ്പ് ഡെസ്ക്:** ലോക്ക്ഡൗൺ സമയത്ത് ജനങ്ങൾക്ക് മരുന്നുകളും ആവശ്യ

**ബോക്സ് 9.2.5** പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ കേരള യുവജനക്ഷേമ ബോർഡിന്റെ നേട്ടങ്ങൾ

- പി എസ് സി പരീക്ഷയ്ക്കും കെ എ എസ് മെയിൻ പരീക്ഷയ്ക്കും പരിശീലനം നടത്തി
- ശ്രീ കലാഭവൻ മണിയുടെ ചരമവാർഷിക ദിനത്തിൽ 'മണിനാദം' എന്ന പേരിൽ സംസ്ഥാനതല നാടോടിക്കഥ മത്സരം തൃശ്ശൂർ ജില്ലയിലെ ചാലക്കുടിയിൽ വെച്ച് നടത്തി.
- "സെവൻസ് ഫുട്ബോൾ" എന്ന സംസ്ഥാനതല പരിപാടി കോഴിക്കോട്ട് നടത്തി.
- ദക്ഷിണ കൊറിയയിൽ 2019–ൽ നടന്ന പതിനൊന്നാമത് ലോക ബോഡി ബിൽഡിംഗ് ആന്റ് ഫിസിക് സ്പോർട്സ് ചാമ്പ്യൻ ഷിപ്പിൽ (ഡബ്ല്യു ബി പി എഫ് ) മിസ്റ്റർ യൂണിവേഴ്സ്–2019 ആയി കിരീടമണിഞ്ഞ ആദ്യത്തെ ഇന്ത്യക്കാരനായ ശ്രീ.ചിത്തിരേഷ് നടേശന് സ്വീകരണ ചടങ്ങ് നടത്തി.
- ഷോർട്ട് ഫിലിം ഡോക്യുമെന്ററി ഫെസ്റ്റിവൽ ഓൺലൈനായി നടത്തി. 100 സിനിമകൾ പ്രദർശിപ്പിക്കുകയും 24 ഹ്രസ്വചിത്രങ്ങൾ പ്രദർശിപ്പിക്കുകയും ചെയ്തു. 9 ചിത്രങ്ങളാണ് അവാർഡിനായി തിരഞ്ഞെടുത്തത്.
- സ്ത്രീകൾക്കായി കളരിപ്പയറ്റ് പരിശീലനം നടത്തുകയും 'മാരിവില്ല്' എന്ന പേരിൽ ട്രാൻസ്–ജെൻഡർ വ്യക്തികളെ ശക്തിപ്പെടുത്താനുള്ള പരിപാടി നടത്തുകയും ചെയ്തു.
- മൈം ഫെസ്റ്റും യംഗ് ടാലന്റ് ഫെസ്റ്റും നടത്തി
- സംസ്ഥാനങ്ങളിൽ നിന്നും ഇന്ത്യയുടെ മറ്റ് ഭാഗങ്ങളിൽ നിന്നും മറ്റ് രാജ്യങ്ങളിൽ നിന്നുമുള്ള കലാകാരന്മാരെ പങ്കെടുപ്പിച്ച് ബോർഡ് 'വൺനെസ്' എന്ന പേരിൽ അന്താരാഷ്ട്ര നൃത്ത സംഗീതോത്സവം സംഘടിപ്പിച്ചു.

ഉറവിടം : കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്

മായ സാധനങ്ങളും വിതരണം ചെയ്യുന്നതിനായി കെവിവൈഎഫ് ജില്ലാ തലത്തിൽ ഹെൽപ് ഡെസ്കുകൾ സ്ഥാപിച്ചു. കമ്മ്യൂണിറ്റി കിച്ചൻ പ്രോഗ്രാമിൽ ഒരു സന്നദ്ധപ്രവർത്തകൻ എന്ന നിലയിലും കോ–ഓർഡിനേറ്റർ എന്ന നിലയിലും അവർ പ്രവർത്തിച്ചു.

- ഓൺലൈൻ സ്കൂൾ ക്ലാസുകൾ പ്രാപ്യമല്ലാത്ത വിദ്യാർത്ഥികൾക്ക് ലൈബ്രറികളുടെയും ക്ലബ്ബുകളുടെയും സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.
- വിവിധ ജില്ലകളിലെ ക്വാറന്റൈൻ കേന്ദ്രങ്ങളിൽ ജനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ക്രമീകരിച്ചു നൽകി.

## മറ്റ് യുവജന വികസന പരിപാടി

സമൂഹത്തിലെ വിവിധ മേഖലകളിൽ കഴിവ് തെളിയിച്ച യുവതാരങ്ങൾക്ക് സ്വാമി വിവേകാനന്ദൻ യുവപ്രതിഭാ പുരസ്കാരം നൽകി ബോർഡ് ആദരിക്കുന്നു. മികച്ച യൂത്ത് ക്ലബ്ബിന് ജില്ലാടിസ്ഥാനത്തിൽ അവാർഡ് നൽകുകയും അവരിൽ ഒരാളെ സംസ്ഥാന തലത്തിൽ അവാർഡിന് തിരഞ്ഞെടുക്കുകയും ചെയ്യുന്നു. യുവ മാധ്യമപ്രവർത്തകർക്കും ജേർണലിസം വിദ്യാർത്ഥികൾക്കുമായി ബോർഡ് മീഡിയ ക്യാമ്പുകൾ സംഘടിപ്പിച്ചു. യുവജനങ്ങൾക്കായി വിവിധ മേഖലകളിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുകയും ജില്ലാ യുവജന കേന്ദ്രങ്ങൾ മുഖേന നടപ്പിലാക്കുന്ന വിവിധ യുവജന പദ്ധതികൾക്ക് ധനസഹായം നൽകുകയും ചെയ്യുന്നു. മാധ്യമരംഗത്ത് ഉയർന്നുവരുന്ന പ്രവണതകളെക്കുറിച്ച് യുവാക്കളിൽ അവബോധം സൃഷ്ടിക്കുന്നതിനായി സാമൂഹ്യ മാധ്യമ ശിൽപശാലയും സെമിനാറുകളും സംഘടിപ്പിച്ചു. പരിസ്ഥിതി ദിനം, ഗാന്ധി ജയന്തി, സ്വാതന്ത്ര്യദിനം, മയക്കുമരുന്ന് വിരുദ്ധ ദിനം, മറ്റ് പ്രധാന ദിനങ്ങൾ എന്നിവയെ അനുസ്മരിക്കുന്ന പരിപാടികൾ സംഘടിപ്പിച്ചു. ബോർഡിന്റെയും യൂത്ത് ക്ലബ്ബുകളുടെയും പ്രവർത്തനങ്ങളെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം പ്രചരിപ്പിക്കുന്നതിനായി 'യുവത' എന്ന പേരിൽ ഒരു മാസികയും ബോർഡ് പ്രസിദ്ധീകരിക്കുന്നു.

## IV. കേരള സംസ്ഥാന യുവജനകമ്മീഷൻ (കെ.എസ്.വൈ.സി)

കേരളത്തിലെ യുവജനങ്ങളെ ശാക്തീകരിക്കുന്നതിനും അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുമായി 2013–ൽ രൂപീകരിച്ച ഒരു അർദ്ധ ജുഡീഷ്യൽ ബോഡിയാണ് കേരള സംസ്ഥാന യുവജന കമ്മീഷൻ. കേരള സർക്കാരിന്റെ കീഴിൽ ഒരു ഗ്രാന്റ്–ഇൻ–എയ്ഡ് സ്ഥാപനമായി ഇത് പ്രവർത്തിക്കുന്നു. സംസ്ഥാനത്തെ യുവാക്കളെ നയിക്കുകയും സഹായിക്കുകയും നൽകുകയും വികസിപ്പിക്കുകയും യുവജനകാര്യങ്ങളുടെ സംരക്ഷകനായി പ്രവർത്തിക്കുകയും തൊഴിൽ മാന്യത നിലനിർത്തുന്നതിനും മെച്ചപ്പെട്ട വിദ്യാഭ്യാസവും തൊഴിലും ഉറപ്പാക്കുന്നതിനും യുവാക്കളെ ബോധവൽക്കരിക്കുകയുമാണ് കമ്മീഷന്റെ ലക്ഷ്യം.

കേരള സംസ്ഥാന യുവജന കമ്മീഷന്റെ പ്രധാന പ്രവർത്തനങ്ങൾ ഇവയാണ്;

- കോളേജുകളിലെ പ്രൊജക്ട് കോർഡിനേറ്ററിനു കീഴിലും യുവാക്കൾക്കുള്ള വേദികളിലും, എസ് സി/എസ്.ടി കോളനികളിലെ യുവാക്കൾക്കിടയിലും ബോധവൽക്കരണം നടത്തുക: 2020–21ൽ കൊല്ലത്ത് യുവജന പ്രതിരോധ സേനയുടെ പരിശീലന ക്യാമ്പ് നടത്തുകയും പരിശീലനം ലഭിച്ച യുവജനങ്ങൾ 312 പരിപാടികൾ നടത്തുകയും ചെയ്തു. ഏകദേശം 74,865 യുവജനങ്ങൾ ഈ പരിപാടികളിൽ പങ്കെടുത്തു.
- ജില്ലാ സെമിനാറുകൾ / സിമ്പോസിയങ്ങൾ / ശിൽപശാലകൾ: ഓൺലൈൻ ക്ലാസിക്കൽ നൃത്തോത്സവത്തിനായി ഭാരത് ഭവനുമായി സഹകരിച്ച് ദേശീയതല സെമിനാർ നടത്തി. മോഹിനിയാട്ടം, ഭരതനാട്യം, കുച്ചുപ്പുടി, മണിപ്പൂരി, കഥക്, ഒഡീസ്സി, കേരളനടനം, ചൗ നൃത്തം, ക്ലാസിക്കൽ നൃത്തം, രബീന്ദ്ര നൃത്തം, വിലാസിനിനാട്യം, സൗബിനൃത്തം എന്നീ നൃത്തരൂപങ്ങൾ ഉത്സവത്തിൽ ഉൾപ്പെടുത്തിയിരുന്നു.
- അദാലത്തും പ്രാദേശിക തല സിറ്റിങ്ങുകളും: യുവാക്കൾക്ക് നീതി നിഷേധിക്കപ്പെടുന്നുവെന്ന പരാതികളിൽ

കമ്മീഷൻ നടത്തിയ ഇടപെടലിലൂടെ നിരവധി യുവാക്കളുടെ അവകാശങ്ങൾ പുനഃസ്ഥാപിക്കാൻ കഴിഞ്ഞു. 2020–21ൽ 800 പരാതികൾ കമ്മിഷന് ലഭിക്കുകയും അതിൽ 584 എണ്ണം പരിഹരിക്കുകയും ചെയ്തു.

- യൂത്ത് ഐക്കൺ അവാർഡുകൾ: കല, സാംസ്കാരികം, സാഹിത്യം, കായികം, കൃഷി, സാമൂഹിക പ്രവർത്തനം, സംരംഭകത്വം തുടങ്ങിയ മേഖലകളിൽ മികവ് തെളിയിച്ച യുവജനങ്ങളെ ആദരിക്കുന്നതിനായി കമ്മീഷൻ യൂത്ത് ഐക്കൺ അവാർഡ് നൽകുന്നു.
- പാർശ്വവൽക്കരിക്കപ്പെട്ട യുവാക്കളുടെ ശാക്തീകരണവും ആരോഗ്യ സംരക്ഷണവും: സാമൂഹ്യനീതി വകുപ്പുമായും പട്ടികവർഗ വകുപ്പുമായും സഹകരിച്ച്, ആദിവാസി സ്ത്രീകൾക്ക് ആരോഗ്യ അവബോധം നൽകാനും മറ്റ് ആദിവാസി കോളനികളിലെ യുവാക്കളുടെ തൊഴിൽ, ആരോഗ്യം, സാമൂഹിക വികസനം എന്നിവ പ്രോത്സാഹിപ്പിക്കാനും കമ്മീഷൻ ലക്ഷ്യമിടുന്നു.
- യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ: സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്നതും നിയമസഹായം ആവശ്യമുള്ളതുമായ യുവാക്കൾക്ക് 7511100900 എന്ന ടോൾ ഫ്രീ നമ്പരിലൂടെ സേവനം ലഭ്യമാക്കുന്നതിനുള്ള പദ്ധതിയാണ് യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ.
- ഇ എം എസ് മെമ്മോറിയൽ അന്തർ സർവകലാശാല പ്രഭാഷണ മത്സരവും ദേശീയ യുവജനദിന പരിപാടിയും: എല്ലാ വർഷവും സ്വാമി വിവേകാനന്ദന്റെ ജന്മദിനമായ ജനുവരി 12 ദേശീയ യുവജന ദിനമായി ആഘോഷിക്കുന്നു. ദേശീയ യുവജനദിനത്തോടനുബന്ധിച്ച് ഇഎംഎസ് സ്മാരക അന്തർ സർവകലാശാല പ്രഭാഷണ മത്സരത്തിലെ വിജയികളെ അനുമോദിക്കുകയും സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്യുന്നു.
- മികച്ച യുവജന കമ്മീഷൻ ഫെസിലിറ്റേഷൻ പ്രോഗ്രാമുകൾക്കായുള്ള കൾച്ചറൽ എക്സ്ചേഞ്ച് പ്രോഗ്രാം: ഹരിത യുവജന പരിപാടിയും വെർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചും കമ്മീഷൻ നടത്തുന്ന ഫെസിലിറ്റേഷൻ പ്രോഗ്രാമുകളാണ്.

കേരള സംസ്ഥാന യുവജന കമ്മീഷൻ താഴെപ്പറയുന്ന അവശ്യ സേവനങ്ങൾക്കായി 24 മണിക്കൂറും പ്രവർത്തിക്കുന്ന 'യൂത്ത് ഡിഫൻസ് ഫോഴ്സ്' രൂപീകരിച്ചു. കോവിഡ്–19 പകർച്ചവ്യാധി സമയത്ത് അവർ ഇനിപ്പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തി.

- കോവിഡ്–19 ലോക്ക്ഡൗൺ കാലയളവിൽ ജീവിക്കാൻ അവശ്യം വേണ്ട വസ്തുക്കളും/മരുന്നുകളും വിതരണം ചെയ്യുന്നതിന് യൂത്ത് ഡിഫൻസ് ഫോഴ്സ് അവരുടെ സന്നദ്ധ സേവനം ഉപയോഗപ്പെടുത്തി.
- അഗ്നിശമന സേനയുടെ സഹായത്തോടെ തിരുവനന്തപുരം ആർസിസിയിലെ കാൻസർ രോഗികൾക്ക് മരുന്ന് വിതരണം ചെയ്തു.
- പ്രാദേശിക മെഡിക്കൽ സ്റ്റോറിൽ ലഭ്യമല്ലാത്ത അവശ്യ മരുന്നുകൾ 14 ജില്ലകളിലെ ആവശ്യക്കാർക്ക് ലഭ്യമാക്കി.
- കോവിഡ്–19 ബാധിച്ച് ഐസൊലേഷൻ വാർഡിൽ കഴിയുന്നവർക്ക് വായനാ പുസ്തകങ്ങൾ വിതരണം ചെയ്തു.
- പ്രാദേശിക ലൈബ്രറിയിൽ നിന്ന് വീടുകളിലേക്ക് പുസ്തകങ്ങൾ വിതരണം ചെയ്തു.
- രക്തദാന പ്രവർത്തനങ്ങളിൽ പങ്കെടുത്തു
- തിരുവനന്തപുരത്തെ മെന്റൽ ഹോസ്പിറ്റൽ മെഡിക്കൽ സെന്ററിലെ മാനസികരോഗികൾക്ക് മരുന്ന് വിതരണം ചെയ്യാൻ സഹായിച്ചു.
- സർക്കാർ തീരുമാനങ്ങളും വിവരങ്ങളും ഇലക്ട്രോണിക് സോഷ്യൽ മീഡിയയിലൂടെയും അച്ചടിച്ച മാധ്യമങ്ങളിലൂടെയും ആശയ വിനിമയം നടത്തി.
- ഐസൊലേഷൻ വാർഡുകളിലും മറ്റ് പൊതുസ്ഥലങ്ങളിലും ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കെടുത്തു.

അദ്ധ്യായം

# 10

# പ്രവാസി മലയാളികൾ

അദ്ധ്യായം
10

# പ്രവാസി മലയാളികൾ

കേരളത്തിൽ നിന്നുള്ള കുടിയേറ്റക്കാർ കേരളത്തിന്റെ സാമൂഹ്യ സാമ്പത്തിക സാംസ്കാരിക ജീവിതത്തിൽ അതി പ്രധാനമായ ഒരു പങ്ക് വഹിക്കുന്നുണ്ട്.

## ഇന്ത്യയിൽ നിന്നുള്ള കുടിയേറ്റം

യുണൈറ്റഡ് നേഷൻസ് ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക്സ് ആൻഡ് സോഷ്യൽ അഫയേഴ്സ് (UNDESA)ന്റെ കണക്കനുസരിച്ച് ലോകത്തിൽ ഏറ്റവും കൂടുതൽ അന്താരാഷ്ട്ര കുടിയേറ്റക്കാർ ഉള്ളത് ഇന്ത്യയിൽ നിന്ന് ആണ്. ഏകദേശം 18 ദശലക്ഷം ഇന്ത്യക്കാർ വിദേശത്താണ് താമസിക്കുന്നത്, അതേ തുടർന്ന് മെക്സിക്കോ (11 ദശലക്ഷം), റഷ്യ (11 ദശലക്ഷം), ചൈന (10 ദശലക്ഷം), സിറിയ (8 ദശലക്ഷം) എന്നീ രാജ്യങ്ങളാണ്. ഈ റിപ്പോർട്ട് പ്രകാരം ഇന്ത്യയിൽ നിന്നുള്ള ഏറ്റവും കൂടുതൽ കുടിയേറ്റക്കാർക്ക് ആതിഥേയത്വം വഹിക്കുന്നത് യു.എ.ഇ, യു.എസ്.എ, സൗദി അറേബ്യ എന്നീ രാജ്യങ്ങളാണ്.

ഇന്ത്യയിൽ നിന്നുള്ള അന്താരാഷ്ട്ര കുടിയേറ്റം രണ്ട് തരത്തിലുണ്ട്: ഒന്നാമതായി, 'അവിദഗ്ധ തൊഴിലാളികൾ' അല്ലെങ്കിൽ 'അർദ്ധ നൈപുണ്യമുള്ളവർ' എന്നിങ്ങനെ തരംതിരിക്കപ്പെട്ട തൊഴിലാളികൾ കൂടുതലും ഗൾഫ് രാജ്യങ്ങളിലേക്ക് കുടിയേറുന്നു. രണ്ടാമതായി, വികസിത രാജ്യങ്ങളിലേക്ക് കുടിയേറാൻ ആഗ്രഹിക്കുന്നവരിൽ അർദ്ധ വിദഗ്ധ തൊഴിലാളികളും പ്രൊഫഷണലുകളും വിദ്യാർത്ഥികളും ഉൾപ്പെടുന്നു.

## കേരളത്തിലെ കുടിയേറ്റത്തിന്റെ സ്ഥിതി

കേരളത്തിൽ നിന്നുള്ള കുടിയേറ്റം കുറഞ്ഞു വരുന്നതായാണ് കാണുന്നത്. 2013–ൽ 24 ലക്ഷമായിരുന്ന പ്രവാസികളുടെ എണ്ണം 2018–ൽ 21 ലക്ഷമായി കുറഞ്ഞു. അതായത് 2013 മുതൽ 2018 വരെ ഏകദേശം 12 ശതമാനത്തിന്റെ കുറവാണ് രേഖപ്പെടുത്തിയത്. കേരള മൈഗ്രേഷൻ സർവ്വേ 2018 ൽ കണക്കാക്കിയ തിരിച്ച് വന്ന പ്രവാസികളുടെ എണ്ണം 12.95 ലക്ഷമാണ്, ഇത് കേരളത്തിൽ നിന്നുള്ള മൊത്തം കുടിയേറ്റക്കാരുടെ 60 ശതമാനത്തോളം വരും. കേരളത്തിൽ നിന്നുള്ള കുടിയേറ്റം കുറയുകയും, തിരിച്ചുവരുന്ന പ്രവാസികളുടെ എണ്ണം വർദ്ധിക്കുകയും ചെയ്യുന്ന പ്രവണത കെ.എം.എസ് 2018 ലും സ്ഥിരീകരിച്ചു.

## ജില്ല തിരിച്ചുള്ള പ്രവാസികൾ

2018–ലെ കേരളത്തിൽ നിന്നുള്ള കുടിയേറ്റത്തിന്റെ ജില്ല തിരിച്ചുള്ള ജനസംഖ്യ **പട്ടിക 10.1.1** കാണിച്ചിരിക്കുന്നു. ഏറ്റവും കൂടുതൽ പ്രവാസികൾ മലപ്പുറം ജില്ലയിൽ നിന്നാണ് (4.06 ലക്ഷം). അതേ തുടർന്ന് കണ്ണൂർ (2.49 ലക്ഷം), തൃശ്ശൂർ (2.41 ലക്ഷം), കൊല്ലം (2.40 ലക്ഷം) എന്നീ ജില്ലകളിൽ നിന്നുമാണ് പ്രവാസികൾ കൂടുതൽ ഉള്ളത്. കേരളത്തിലെ മലയോര ജില്ലകളായ വയനാടും ഇടുക്കിയുമാണ് ഏറ്റവും കുറവ് പ്രവാസികൾ ഉള്ളത് അത് യഥാക്രമം 0.36 ലക്ഷം, 0.32 ലക്ഷം എന്നിങ്ങനെയാണ്.

**പട്ടിക 10.1.1** കേരളത്തിലെ ജില്ല തിരിച്ചുള്ള പ്രവാസികൾ 2018 –ൽ

| കേരളത്തിൽ നിന്നുള്ള കുടിയേറ്റക്കാരുടെ എണ്ണം | |
|---|---|
| ജില്ല | 2018 |
| തിരുവനന്തപുരം | 137007 |
| കൊല്ലം | 240527 |
| പത്തനംതിട്ട | 109836 |
| ആലപ്പുഴ | 136857 |
| കോട്ടയം | 166625 |
| ഇടുക്കി | 32893 |
| എറണാകുളം | 53418 |
| തൃശ്ശൂർ | 241150 |
| പാലക്കാട് | 89065 |
| മലപ്പുറം | 406054 |
| കോഴിക്കോട് | 160691 |
| വയനാട് | 30650 |
| കണ്ണൂർ | 249834 |
| കാസറഗോഡ് | 67281 |
| **ആകെ** | **2121888** |

ഉറവിടം: കേരള മൈഗ്രേഷൻ സർവേ 2018, സിഡിഎസ്, തിരുവനന്തപുരം


## 2013, 2018 വർഷങ്ങളിലെ കേരളത്തിലെ പ്രവാസികളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ

2013–ലും, 2018–ലും ഉണ്ടായിരുന്ന കേരളത്തിലെ കുടിയേറ്റത്തിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **ചിത്രം 10.1.1**–ൽ നൽകിയിട്ടുണ്ട്. കേരളത്തിലെ മൊത്തം പ്രവാസികളുടെ എണ്ണം 2013 ലെ 24 ലക്ഷത്തിൽ നിന്ന് 2018 ൽ 21 ലക്ഷമായി കുറഞ്ഞിട്ടുണ്ട്. അതായത് 5 വർഷത്തിനുള്ളിൽ 12 ശതമാനം ഇടിവ് രേഖപ്പെടുത്തിയിരിക്കുന്നു. ഇതിൽ എറണാകുളം ജില്ല 72 ശതമാനം ഇടിവ് കാണിക്കുന്നു **(അനുബന്ധം 10.1.1).**

2013–2018 കാലയളവിൽ സംസ്ഥാനത്തെ മൊത്തം കുടിയേറ്റക്കാരുടെ എണ്ണം കുറഞ്ഞെങ്കിലും വയനാട്,

*International migration Report 2019 - Department of Economic and Social Affairs- United Nations, New York 2019*
*De Haas, Hein, Mathias Czaika, Marie-Laurence Flahaux, Edo Mahendra, Katharina Natter, Simona Vezzoli, and Maria Villares-Varela. 2019. "International Migration: Trends, Determinants, and Policy Effects." Population and Policy Review 45 (4): 885–922; Parida Jajati and Ravi Raman. 2018, India: International and internal Migration in Triandafyllidou (Ed) Migration and Globalization: Handbook, Edward Elgar, London*

**ചിത്രം 10.1.1** കേരളത്തിലെ പ്രവാസികളുടെ ജില്ല തിരിച്ചുള്ള എണ്ണം, 2013, 2018 വർഷങ്ങളിൽ





ഉറവിടം: കേരള മൈഗ്രേഷൻ സർവേ 2018, സിഡിഎസ്, തിരുവനന്തപുരം

പാലക്കാട്, തൃശ്ശൂർ, കോട്ടയം, ഇടുക്കി, ആലപ്പുഴ, കൊല്ലം തുടങ്ങിയ ജില്ലകളിൽ കുടിയേറ്റത്തിൽ വർധനയുണ്ടായിട്ടുണ്ട്. എറണാകുളം, തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിലാണ് ഏറ്റവും കുറവ് രേഖപ്പെടുത്തിയത്.

1998 മുതൽ 2018 വരെയുള്ള കാലഘട്ടത്തിലെ പ്രവാസികളുടെ എണ്ണത്തിലുണ്ടായ വ്യത്യാസം അഞ്ച് വർഷത്തെ ഇടവേളകളിലായി **ചിത്രം 10.1.2** –ൽ കാണിക്കുന്നു. 2015–2018 കാലയളവിൽ പ്രവാസികളുടെ എണ്ണം 2.78 ലക്ഷം കുറഞ്ഞു. 1998 മുതൽ 2018 വരെയുള്ള വിവിധ ജില്ലകളിൽ നിന്നുള്ള കുടിയേറ്റക്കാരുടെ വിശദാംശങ്ങൾ (5 വർഷത്തെ ഇടവേളകളിൽ ഉള്ളത്) **അനുബന്ധം 10.1.2** –ൽ കാണിച്ചിരിക്കുന്നു.

**ചിത്രം 10.1.2** കേരളത്തിൽ നിന്നുള്ള കുടിയേറ്റക്കാരുടെ എണ്ണം, 1998 മുതൽ 2018 വരെ




ഉറവിടം: കേരള മൈഗ്രേഷൻ സർവേ 2018, സി.ഡി.എസ്, തിരുവനന്തപുരം

## റിട്ടേൺ എമിഗ്രേഷൻ

ജോലിയ്ക്കോ പഠനത്തിനോ അല്ലെങ്കിൽ മറ്റേതെങ്കിലും ആവശ്യങ്ങൾക്കോ (ഇണകളും മാതാപിതാക്കളും ഉൾപ്പെടെ) കുറഞ്ഞത് ആറ് മാസമെങ്കിലും കേരളത്തിന് പുറത്ത് താമസിച്ച് ഇപ്പോൾ കേരളത്തിൽ താമസിക്കുന്നവരെയാണ് റിട്ടേൺ എമിഗ്രൻറ്സ് എന്ന് നിർവചിച്ചിരിക്കുന്നത്. കേരള മൈഗ്രേഷൻ സർവേ പ്രകാരം, കേരളത്തിലെ കുടിയേറ്റക്കാരിൽ 90 ശതമാനവും താൽക്കാലിക കരാർ ജോലിക്കായി ഗൾഫിലേക്ക് പോകുന്നവരാണ്. ഗൾഫ് രാജ്യങ്ങൾ പൗരത്വം നൽകാത്തതിനാൽ, കരാർ അവസാനിച്ചാൽ ഇവരെല്ലാം കേരളത്തിലേക്ക് മടങ്ങണം (എമിഗ്രേഷൻ ആൻഡ് റെമിറ്റൻസസ്: കേരള മൈഗ്രേഷൻ സർവേയിൽ നിന്നുള്ള പുതിയ തെളിവുകൾ, 2018: എസ്. ഇരുദയ രാജൻ, കെ.സി. സക്കറിയ ജനുവരി 2019).


## കേരളത്തിലെ പ്രവാസികളുടെ തിരിച്ചുവരവിന്റെ പ്രവണതകൾ

കേരള മൈഗ്രേഷൻ സർവ്വേ 2018 കണക്കാക്കിയ തിരിച്ചുവന്ന പ്രവാസികളുടെ എണ്ണം 12.95 ലക്ഷം ആണ്. ഇത് മൊത്തം പ്രവാസികളുടെ 60 ശതമാനമാണ്. **ചിത്രം 10.1.3**, 2013 മുതലുള്ള വർദ്ധനവ് കാണിക്കുന്നു, എന്നാൽ വർദ്ധനവിന്റെ ശതമാനം 2013 ലെ 8.1 ൽ നിന്ന് 2018–ൽ 3.3 ശതമാനമായി കുറഞ്ഞു. 2008 മുതൽ 2018 വരെ സ്വന്തം ജില്ലകളിലേക്ക് മടങ്ങിയെത്തിയ പ്രവാസികളുടെ വിശദാംശങ്ങൾ **അനുബന്ധം 10.1.3**–ൽ കാണിച്ചിരിക്കുന്നു.

## കോവിഡ്–19 പ്രതിസന്ധിയും കുടിയേറ്റവും

കോവിഡ്–19 മഹാമാരി മനുഷ്യച്ചെലവ് ലോകമെമ്പാടും ഉയർന്നതും ഉയരുന്നതുമായ രീതിയിൽ ആക്കി മാറ്റി.

**ചിത്രം 10.1.3** തിരിച്ചു വരവിലുള്ള അറ്റവർദ്ധന, 2013–2018–ൽ




ഉറവിടം: കേരള മൈഗ്രേഷൻ സർവേ 2018, സി.ഡി.എസ്, തിരുവനന്തപുരം

ജീവൻ സംരക്ഷിക്കുന്നതിനും ആരോഗ്യ പരിരക്ഷാ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനും, വൈറസിന്റെ വ്യാപനം മന്ദഗതിയിലാക്കാൻ ആവശ്യമായ ഐസോലേഷനും, ലോക്ക്ഡൗണുകളും വ്യാപകമായ അടച്ചിടലുകളും ആവശ്യമായി വന്നു. അതിനാൽ ആരോഗ്യ പ്രതിസന്ധി സാമ്പത്തിക പ്രവർത്തനങ്ങളെ വളരെ വലിയ രീതിയിൽ സ്വാധീനിച്ചിട്ടുണ്ട്. 2008–09 സാമ്പത്തിക പ്രതിസന്ധികളെ അപേക്ഷിച്ച് (IMF 2020) ആഗോള സമ്പദ്‌വ്യവസ്ഥ 2020–ൽ 3 ശതമാനം കുത്തനെ ചുരുങ്ങുമെന്ന് പ്രവചിക്കപ്പെടുന്നു എന്നതാണ് പകർച്ചവ്യാധിയുടെ അന്തിമഫലം.[3]

കോവിഡ്–19 മഹാമാരി സമ്പന്ന രാജ്യങ്ങളുടെയും ദരിദ്ര രാജ്യങ്ങളുടെയും സമ്പദ്‌വ്യവസ്ഥയെ ഒരുപോലെ തളർത്തിയിട്ടുണ്ട്. വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്ന പ്രവാസികളും, അതിഥി തൊഴിലാളികളും അയക്കുന്ന വരുമാനത്തിൽ കാര്യമായ കുറവ് വരുന്നത് കണ്ട് താഴ്ന്ന വരുമാനമുള്ള ദുർബല രാഷ്ട്രങ്ങളിന്മേലുള്ള സാമ്പത്തികാഘാതം കൂടുതലായിരിക്കും. ഇങ്ങനെ പണമയയ്ക്കൽ ഒഴുക്ക് കുറയുന്നത്, സാധാരണ സമയങ്ങളിൽ പോലും കാര്യങ്ങൾ കൈകാര്യം ചെയ്യാൻ പ്രയാസപ്പെടുന്ന രാജ്യങ്ങളിലെ ഗവൺമെന്റുകളിൽ കടുത്ത സാമ്പത്തിക, സാമൂഹിക സമ്മർദ്ദങ്ങൾ വർദ്ധിപ്പിക്കാൻ സാധ്യതയുണ്ട്.

## നോർക്ക റൂട്ട്സ്

2002 മുതൽ നോർക്ക വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഒരു ഏജൻസിയാണ് നോർക്ക റൂട്ട്സ്. പ്രവാസി ക്ഷേമം ഉറപ്പാക്കുകയും അവയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങൾക്കും ഒരൊറ്റ കിയോസ്കായി പ്രവർത്തിക്കുകയും ചെയ്യുക എന്നതാണ് നോർക്ക റൂട്ട്സിന്റെ പ്രധാന ലക്ഷ്യം. നോൺ റസിഡന്റ് കേരളൈറ്റ്സ് വെൽഫെയർ ഏജൻസി (നോർക്ക) എന്നായിരുന്നു നേരത്തെ ഈ ഏജൻസി അറിയപ്പെട്ടിരുന്നത്.

ഇന്ത്യാ ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ള മുൻനിര റിക്രൂട്ട്മെന്റ് ഏജൻസികളിലൊന്നാണ് നോർക്ക റൂട്ട്സ്. നോർക്ക റൂട്ട്സ് റിക്രൂട്ട്മെന്റ് പ്രവർത്തനങ്ങൾ, പ്രത്യേകിച്ച് ഇന്ത്യൻ നഴ്സുമാരുടെ വിദേശ റിക്രൂട്ട്മെന്റ്. ആരംഭിച്ചത് 2015 ലെ ഇന്ത്യാ ഗവൺമെന്റിന്റെ ഉത്തരവ് പ്രകാരമാണ്. അതിനുശേഷം അവർ നഴ്സുമാർ, ഡോക്ടർമാർ, എഞ്ചിനീയർമാർ, അധ്യാപകർ, സാങ്കേതിക വിദഗ്ധർ, ഗാർഹിക സേവന തൊഴിലാളികൾ എന്നിവരെ വിദേശ രാജ്യങ്ങളിലേക്ക്, പ്രത്യേകിച്ച് ജി.സി.സി രാജ്യങ്ങളിലേക്ക് റിക്രൂട്ട് ചെയ്തു തുടങ്ങി. നോർക്ക റൂട്ട്സ് ഇതുവരെ 2000–ത്തോളം ഉദ്യോഗാർത്ഥികളെ വിവിധ മേഖലകളിലേക്ക് വിന്യസിച്ചിട്ടുണ്ട്. GCC രാജ്യങ്ങൾക്ക് പുറമേ, നിലവിൽ നോർക്ക റൂട്ട്സ് ഗ്രെനഡയിലേക്കുള്ള (വടക്കേ അമേരിക്ക) നഴ്സ് റിക്രൂട്ട്മെന്റിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു. കൂടാതെ അവരുടെ ചില പ്രധാന പ്രോജക്റ്റുകളിൽ, സ്പെസിഫൈഡ് സ്കിൽഡ് വർക്കേഴ്സ് പ്രോജക്റ്റ് (എസ്.എസ്.ഡബ്ല്യു), ജപ്പാൻ, ട്രിപ്പിൾ വിൻ പ്രോജക്റ്റ് ജർമ്മനി എന്നിവയിലേക്കുള്ള റിക്രൂട്ട്മെന്റിന് ഇന്ത്യാ ഗവൺമെന്റിന്റെ വിദേശ മന്ത്രാലയവുമായി സഹകരിച്ച് പ്രവർത്തിക്കുന്നു.

നോർക്ക റൂട്ട്സിന്റെ ചില പ്രധാന ഇടപാടുകാർ താഴെ പറയുന്നവരാണ്

1. ആരോഗ്യ മന്ത്രാലയം, സൗദി അറേബ്യ
2. വിദ്യാഭ്യാസ മന്ത്രാലയം, മാലിദ്വീപ്
3. ആരോഗ്യ മന്ത്രാലയം, മാലിദ്വീപ്
4. റോയൽ ഒമാൻ പോലീസ് ഹോസ്പിറ്റൽ, ഒമാൻ
5. NHS ട്രസ്റ്റ്, യുകെ
6. അൽ മൗവാസത് മെഡിക്കൽ സർവീസസ്, കെ.എസ്.എ
7. കിംഗ്സ് കോളേജ് ഹോസ്പിറ്റൽ, യു.എ.ഇ
8. എമിറേറ്റ്സ് സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ, യുഎഇ
9. റോയൽ ഹയാത്ത് ഹോസ്പിറ്റൽ, കുവൈറ്റ്
10. ബിർള പബ്ലിക് സ്കൂൾ, ഖത്തർ തുടങ്ങിയവ.

[3] ഇന്റർനാഷണൽ മോണിറ്ററി ഫണ്ട് - വേൾഡ് എക്കണോമിക് ഔട്ട്ലുക്ക് - ദി ഗ്രേറ്റ് ലോക്ക് ഡൗൺ, IMF ഏപ്രിൽ 2020

### സ്പെസിഫൈഡ് സ്കിൽഡ് വർക്കർ (SSW) പ്രോഗ്രാം

2021 ജനുവരി 18-ന്, ജപ്പാനിലെ തൊഴിലവസരങ്ങൾക്കായുള്ള പങ്കാളിത്തത്തിന്റെ അടിസ്ഥാന ചട്ടക്കൂടിൽ ഇന്ത്യയും ജപ്പാനും SSW നായി ഒരു MoC ഒപ്പുവച്ചിട്ടുണ്ട്. ഈ പരിപാടിയിൽ 14 വിഭാഗത്തിലുള്ള നിർദ്ദിഷ്ട നൈപുണ്യങ്ങൾ ഉൾപ്പെടുന്നു, അതിന് കീഴിൽ ഇന്ത്യയിൽ നിന്നുള്ള വിദഗ്ധ തൊഴിലാളികൾക്ക് ജപ്പാനിൽ ആരോഗ്യ സംരക്ഷണം, നിർമ്മാണം, കാർഷിക മേഖലകളിൽ ജോലിക്ക് അർഹതയുണ്ടായിരിക്കും എന്നും വ്യവസ്ഥയുണ്ട്. ജാപ്പനീസ് ഭാഷാ യോഗ്യത പരീക്ഷയും വർക്ക് സ്കിൽ ടെസ്റ്റിനും ശേഷം ജപ്പാൻ ഈ തൊഴിലാളികൾക്ക് ഒരു നിർദ്ദിഷ്ട വിദഗ്ധ തൊഴിലാളിയുടെ പദവി നൽകും. ജപ്പാൻ 2023 വരെ 14 മേഖലകളിലായി 3,50,000 ഒഴിവുകൾ പ്രതീക്ഷിക്കുന്നു. തൊഴിലാളികളുടെ ആവശ്യം തുടർന്നും വരുമെന്ന് പ്രതീക്ഷിക്കുന്നു. യോഗ്യതയുള്ള സ്പെസിഫൈഡ് തൊഴിലാളിക്ക് ജപ്പാനിൽ 5 വർഷം വരെ ജോലി ചെയ്യാവുന്നതാണ്. നഴ്സിംഗ് കെയറിൽ 60,000 ഒഴിവുകൾ ഉണ്ടെന്ന് പ്രതീക്ഷിക്കുന്നു. അതും കുടിയേറ്റക്കാർക്ക് പ്രയോജനപ്പെടുത്താം. മിക്ക തൊഴിൽ വിഭാഗങ്ങൾക്കും അടിസ്ഥാന തലത്തിലുള്ള ജാപ്പനീസ് ഭാഷാ വൈദഗ്ധ്യം (N4 ലെവൽ) മാത്രമേ ആവശ്യമുള്ളൂ. നോർക്കയുടെ നൈപുണ്യ പരിശീലന പരിപാടിയിലൂടെ ഉദ്യോഗാർത്ഥികൾക്ക് ജാപ്പനീസ് ഭാഷാ പരിശീലനം നേടാവുന്നതാണ്.

### ട്രിപ്പിൾ വിൻ പ്രോഗ്രാം

ജർമ്മൻ ഫെഡറൽ എംപ്ലോയ്മെന്റ് ഏജൻസിയുമായി സഹകരിച്ച്, നോർക്ക റൂട്ട്സ് ജർമ്മനിയിലെ ഹെൽത്ത് കെയർ മേഖലകളിലേക്ക് യോഗ്യതയുള്ള നഴ്സുമാരെ ആവശ്യമായ ജർമ്മൻ ഭാഷാ വൈദഗ്ധ്യം പൂർത്തീകരിച്ച ശേഷം റിക്രൂട്ട് ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചു. കേരളത്തിൽ നിന്നുള്ള നഴ്സിംഗ് ഉദ്യോഗാർത്ഥികൾക്ക് ഇത് ഒരു പുതിയ വഴിയൊരുക്കും.

### കോവിഡ്-19 കാലത്ത് നോർക്കയുടെ ഇടപെടലുകൾ

സംസ്ഥാനത്തിന്റെ പുരോഗതിയിൽ പ്രവാസി മലയാളികൾക്ക് വലിയ പങ്കുണ്ട്. ഉയർന്ന വൈദഗ്ധ്യം ഉള്ളവർ, അർദ്ധ വൈദഗ്ധ്യം ഉള്ളവർ, കുറഞ്ഞ വൈദഗ്ധ്യം ഉള്ളവർ എന്നിങ്ങനെയുള്ള പ്രവാസികളുടെ സംഭാവനയിലൂടെയാണ് വിദേശത്ത് നിന്നും പണം ലഭിക്കുന്ന ഇന്ത്യയിലെ ഏറ്റവും മികച്ച സ്വീകർത്താവായി കേരളം മാറിയത്. കേരളത്തിൽ നിന്നുള്ള കുടിയേറ്റക്കാർ ലോകമെമ്പാടും വ്യാപിച്ച് കിടക്കുകയാണ്.

കോവിഡ്-19 മഹാമാരി ബാധിച്ച സമൂഹങ്ങളിലും, സമ്പദ്വ്യവസ്ഥകളിലും അഭൂതപൂർവമായ വെല്ലുവിളിയാണ് ഇപ്പോൾ ലോകം അഭിമുഖീകരിക്കുന്നത്.

മഹാമാരിയുടെ ഈ ദുഷ്കരമായ സമയങ്ങളിൽ, താഴെ വിവരിച്ചിരിക്കുന്നതു പോലെ സാമ്പത്തിക സഹായവും പുനരധിവാസ പാക്കേജുകളും നൽകി പ്രവാസികളെ സഹായിക്കുന്നതിനായി നോർക്ക റൂട്ട്സിലൂടെ കേരള സംസ്ഥാനം ഒരുപാട് നടപടികൾ ആവിഷ്കരിച്ചിട്ടുണ്ട്.

### 1) നോർക്ക പ്രവാസി രജിസ്ട്രേഷൻ.

ഈ മഹാമാരിക്കാലത്ത് വിദേശത്ത് നിന്ന് കേരളത്തിലേക്ക് മടങ്ങാൻ ആഗ്രഹം പ്രകടിപ്പിച്ച പ്രവാസികളുടെ രജിസ്ട്രേഷൻ നോർക്ക റൂട്ട്സ് ആരംഭിച്ചു. ഇതുവരെ 5,63,513 പ്രവാസികൾ നോർക്ക റൂട്ട്സിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേരളത്തിലേക്ക് മടങ്ങാൻ ആഗ്രഹിക്കുന്ന പ്രവാസികൾ ഏറ്റവും കൂടുതൽ ഉള്ളത് മിഡിൽ ഈസ്റ്റിലെ ആറ് രാജ്യങ്ങളിൽ നിന്നാണ്. രാജ്യം തിരിച്ചുള്ള വിഭജനം ഇപ്രകാരമാണ്.

- യുണൈറ്റഡ് അറബ് എമിറേറ്റ്സ് (യുഎഇ) – 2,40,849
- സൗദി അറേബ്യ (KSA) – 1,00,256
- ഖത്തർ – 55,354
- ബഹ്റൈൻ – 18,779
- ഒമാൻ – 35,600
- കുവൈറ്റ് – 35,097

### 2) കോവിഡ്-19 അടിയന്തര സാമ്പത്തിക സഹായം

മഹാമാരിയുടെ കാലത്തെ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാനുള്ള അടിയന്തര സഹായമെന്ന നിലയിൽ, ലോക്ക്ഡൗൺ കാരണം വിദേശ തൊഴിലിടങ്ങളിലേക്ക് മടങ്ങാൻ കഴിയാതെ കേരളത്തിൽ കുടുങ്ങിപ്പോയ പ്രവാസികൾക്ക് നോർക്ക റൂട്ട്സ് കേരള സർക്കാർ കോവിഡ്-19 അടിയന്തര സാമ്പത്തിക സഹായം വിതരണം ചെയ്തു. ജനുവരി 1, 2020 ന് ശേഷം കേരളത്തിലേക്ക് മടങ്ങിയവരും

**ബോക്സ് 10.1** IMF-ഫിനാൻസ് ആൻഡ് ഡെവലപ്മെന്റ് ജൂൺ 2020-ന്റെ പ്രധാന കണ്ടെത്തലുകൾ

- കോവിഡ്-19 മഹാമാരിയും അടച്ചുപൂട്ടലും ഉണ്ടാക്കിയ സാമ്പത്തിക പ്രതിസന്ധി കാരണം 2020-ൽ ആഗോള പണമയയ്ക്കൽ 20 ശതമാനം കുത്തനെ കുറയുമെന്ന് പ്രതീക്ഷിക്കുന്നു.
- താഴ്ന്നതും ഇടത്തരവുമായ വരുമാനമുള്ള സമ്പദ്വ്യവസ്ഥകൾ 19.7 ശതമാനം ഇടിഞ്ഞ് 445 ബില്യൺ ഡോളറിലെത്തുമെന്ന് ഒരു കണക്ക് കാണിക്കുന്നു. ഇത് ദുർബലരായ നിരവധി കുടുംബങ്ങൾക്ക് നിർണായകമായ ജീവനോപാധി നഷ്ടപ്പെടുത്തുന്നു.
- കുറഞ്ഞിരുന്നാൽ പോലും, നേരിട്ടുള്ള വിദേശ നിക്ഷേപത്തിൽ (35 ശതമാനത്തിൽ കൂടുതൽ) ഇടിവ് പ്രതീക്ഷിക്കുന്നതിനാൽ, കുറഞ്ഞ-ഇടത്തരം വരുമാനമുള്ള രാജ്യങ്ങൾക്ക് ബാഹ്യ ധനസഹായത്തിന്റെ ഒരു സ്രോതസ്സ് എന്ന നിലയിൽ പണമയയ്ക്കൽ കൂടുതൽ പ്രാധാന്യമർഹിക്കുന്നു.
- ലോകബാങ്ക് ഗ്രൂപ്പ് മേഖലകളിലുടനീളം പണമയയ്ക്കൽ ഒഴുക്ക് കുറയുമെന്ന് പ്രതീക്ഷിക്കുന്നു, യൂറോപ്പിലും മധ്യേഷ്യയിലും (27.5 ശതമാനം), തുടർന്ന് സബ്-സഹാറൻ ആഫ്രിക്ക (23.1 ശതമാനം), ദക്ഷിണേഷ്യ (22.1 ശതമാനം), മിഡിൽ ഈസ്റ്റ്, നോർത്ത് ആഫ്രിക്ക എന്നിവിടങ്ങളിൽ (19.6 ശതമാനം), ലാറ്റിൻ അമേരിക്കയും കരീബിയനും (19.3 ശതമാനം), കിഴക്കൻ ഏഷ്യയും പസഫിക്കും (13 ശതമാനം) എന്നിവിടങ്ങളിലും ഇത് കുറയുന്നതാണ്.

ഉറവിടം. ഐ.എം.എഫ് - സാമ്പത്തികവും വികസനവും ജൂൺ 2020

അന്താരാഷ്ട്ര വിമാനങ്ങളുടെ വിലക്ക് കാരണം മടങ്ങാൻ കഴിയാത്തവരുമായ എല്ലാവർക്കും അടിയന്തര ധനസഹായമായി സർക്കാർ 5,000 രൂപ എക്സ്ഗ്രേഷ്യ തുക നല്കാൻ തീരുമാനിച്ചു. 1,78,000 പ്രവാസികൾ പദ്ധതിക്ക് കീഴിൽ സാമ്പത്തിക സഹായം ലഭിക്കുന്നതിന് അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്.

### 3) പ്രതിദിന ഉപയോഗ മരുന്നുകളുടെ വിതരണം

ഹ്രസ്വ സന്ദർശനങ്ങൾക്കായി വിദേശത്തേക്ക് പോയ നിരവധി മലയാളികളും സംസ്ഥാനത്ത് നിന്നുള്ള മുതിർന്ന പൗരന്മാരും ലോക്ക്ഡൗണും വിമാന നിരോധനവും മൂലം വിദേശത്ത് കുടുങ്ങി പോയിട്ടുണ്ടായിരുന്നു. മുമ്പുണ്ടായിരുന്ന രോഗാവസ്ഥകൾക്ക് മരുന്ന് കഴിക്കുന്നവരുടെ സ്ഥിതി കൂടുതൽ മോശമായിരുന്നു, കാരണം അവരുടെ മരുന്ന് സ്റ്റോക്ക് കുറയാൻ തുടങ്ങി, വിദേശത്ത് നിന്ന് വാങ്ങുന്നത് ചെലവേറിയതുമായിരുന്നു. അവരെ സഹായിക്കുന്നതിന് നോർക്ക വിമാനമാർഗ്ഗം കാർഗോ വഴി മരുന്നുകൾ വിദേശത്തേക്ക് അയക്കുന്നതിനുള്ള നടപടിക്രമം ആവിഷ്കരിച്ചു. വിദേശത്തുള്ള മലയാളികൾക്ക് മരുന്നുകൾ എത്തിക്കാനുള്ള സന്നദ്ധത ഡിഎച്ച്എൽ കൊറിയർ സർവീസ് കമ്പനി നോർക്ക റൂട്ട്സിനെ അറിയിക്കുകയും അപ്രകാരം മരുന്നുകൾ വിതരണം ചെയ്യുകയും ചെയ്തു.

### 4) നോർക്ക ഹെൽപ്പ്ഡെസ്ക്

ഗൾഫിൽ കൊവിഡ്–19 പടർന്നുപിടിക്കുന്നതിനെക്കുറിച്ചുള്ള ആശങ്കകൾക്കിടയിൽ, നോർക്ക സന്നദ്ധപ്രവർത്തകരുടെയും വിദേശ മലയാളി അസോസിയേഷനുകളുടെയും സഹായത്തോടെ ഹെൽപ്പ് ഡെസ്ക്കുകൾ സ്ഥാപിച്ചു. പ്രവാസികളുടെ ആശങ്കകൾ പരിഹരിക്കുന്നതിനും വീഡിയോ കോൺഫറൻസിംഗിലൂടെ ഡോക്ടർമാരുമായി കൂടിയാലോചന നടത്തുന്നതിനുമായി ഒരു ഓൺലൈൻ ടെലി സർവീസും സ്ഥാപിച്ചു.

**പട്ടിക 10.1.3** കോവിഡ്–19 പ്രവാസികളുടെ തിരിച്ചു വരവിന്റെ കണക്ക് (ജാഗ്രത പോർട്ടൽ പ്രകാരം ഇൻവേർഡ് സ്റ്റാറ്റസ്)

| നം | രാജ്യം | തിരിച്ചെത്തിയ പ്രവാസികളുടെ എണ്ണം |
|---|---|---|
| 1 | യു.എ.ഇ | 1039651 |
| 2 | സൗദി അറേബ്യ | 191797 |
| 3 | ഖത്തർ | 190974 |
| 4 | ബഹ്റൈൻ | 51863 |
| 5 | കുവൈറ്റ് | 58186 |
| 6 | ഒമാൻ | 157965 |
| 7 | മറ്റ് രാജ്യങ്ങൾ | 57995 |
| | ആകെ | 1748431 |

അവലംബം: നോർക്ക റൂട്ട്സ്, തിരുവനന്തപുരം * 05 ഒക്ടോബർ 2021 വരെ

## കോവിഡ്–19 കാലത്ത് പ്രവാസികളുടെ തിരിച്ചു വരവ്

മടങ്ങിയെത്തിയ 17 ലക്ഷത്തിലധികം പ്രവാസി മലയാളികളിൽ 72 ശതമാനം പേർക്കും കൊവിഡ് 19 കാരണം ജോലി നഷ്ടപ്പെട്ടു. മടങ്ങിയെത്തിയവരിൽ ഭൂരിഭാഗവും മറ്റ് രാജ്യങ്ങളിലേക്ക് മടങ്ങിയെങ്കിലും വലിയൊരു വിഭാഗത്തെ പുനരധിവസിപ്പിക്കാനുള്ള ഉത്തരവാദിത്തം സർക്കാരിനുണ്ട്. ഇതിനായി 2020–21ൽ സർക്കാർ സമഗ്രമായ പദ്ധതിക്ക് തുടക്കമിട്ടു.

ജാഗ്രതാ പോർട്ടലിൽ നിന്നുള്ള രേഖകൾ പ്രകാരം 17 ലക്ഷം പ്രവാസികൾ വിവിധ രാജ്യങ്ങളിൽ നിന്ന് മടങ്ങിയെത്തിയിട്ടുണ്ട്. ഇവരിൽ ഭൂരിഭാഗവും മിഡിൽ ഈസ്റ്റിൽ നിന്ന് മടങ്ങിയെത്തിയവരാണ്. യുഎഇയിൽ നിന്ന് മാത്രം 10 ലക്ഷത്തിലധികം പ്രവാസികളും സൗദി അറേബ്യയിൽ നിന്നും ഖത്തറിൽ നിന്ന് 2 ലക്ഷത്തോളം പ്രവാസികളും സ്വന്തം നാട്ടിലേക്ക് മടങ്ങിയതായി **പട്ടിക 10.1.3** യിൽ കാണാം.

**പട്ടിക 10.1.4** സൂചിപ്പിക്കുന്നത്, 2020 മെയ് മുതൽ 2020 ഓഗസ്റ്റ് വരെയുള്ള കാലയളവിൽ മൊത്തം യാത്രക്കാരുടെ എണ്ണം 35 ലക്ഷത്തിലധികം ആയിരുന്നു. ഇതിൽ ഏറ്റവും കൂടുതൽ യാത്രക്കാർ യാത്ര ചെയ്തത് കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ടിലും തൊട്ടുപിന്നാലെ കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിലുമാണ്. ഈ കാലയളവിൽ കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിലും കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിലുമായി യഥാക്രമം 12,950, 8,600 വിമാന സർവീസുകൾ ഉണ്ടായിരുന്നു.

**പട്ടിക 10.1.4** യാത്രക്കാരുടെ വിശദാംശങ്ങൾ

| പിരീഡ് | എയർപോർട്ട് | ആകെ ഫ്ലൈറ്റ് | യാത്രക്കാർ |
|---|---|---|---|
| മെയ് 2020 – ഓഗസ്റ്റ് 2021 | തിരുവനന്തപുരം | 6515 | 658341 |
| | കൊച്ചിൻ | 12950 | 1390165 |
| | കാലിക്കറ്റ് | 8600 | 1029980 |
| | കണ്ണൂർ | 3304 | 427185 |
| ആകെ | | 31369 | 3505671 |

അവലംബം: നോർക്ക റൂട്ട്സ്, തിരുവനന്തപുരം

വിവിധ കാരണങ്ങളാൽ വിദേശത്തു നിന്നും മടങ്ങിയെത്തിയ പ്രവാസികളുടെ വിശദാംശങ്ങൾ **പട്ടിക 10.1.5** –ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 10.1.5** പ്രവാസികളുടെ തിരിച്ചു വരവ്: കാരണങ്ങൾ

| നം | തിരിച്ചു വന്നവർ | തിരിച്ചു വന്ന പ്രവാസികളുടെ എണ്ണം |
|---|---|---|
| 1 | തൊഴിൽ നഷ്ടപെട്ടവർ ** | 1264043 |
| 2 | വിസ കാലാവധി കഴിഞ്ഞവർ, മറ്റുള്ളവർ | 334747 |
| 3 | 10 വയസ്സിൽ താഴെ ഉള്ള കുട്ടികൾ | 98487 |
| 4 | മുതിർന്ന പൗരൻമാർ | 33375 |
| 5 | ഗർഭിണികൾ | 14338 |
| 6 | ഗർഭിണികളുടെ പങ്കാളികൾ | 3441 |
| | ആകെ | 1748431 |

** സ്ഥിരീകരണത്തിന് വിധേയമാണ്
അവലംബം: നോർക്ക റൂട്ട്സ്, തിരുവനന്തപുരം

വിവിധ പദ്ധതികൾക്കായി 2021–ൽ 107.72 കോടി രൂപ നോർക്ക റൂട്ട്സ് വഴി ചെലവഴിച്ചതായും 1,34,166 ഗുണഭോ

ക്താക്കൾക്ക് നോർക്ക റൂട്ട്സിന്റെ സഹായം ലഭിച്ചതായും **പട്ടിക 10.1.6** സൂചിപ്പിക്കുന്നു.

**പട്ടിക 10.1.6** നോർക്ക റൂട്ട്സ് വഴിയുള്ള സഹായം, 2021-ൽ

| നം | പദ്ധതി | ഗുണഭോക്താക്കളുടെ എണ്ണം | തുക ലക്ഷത്തിൽ |
|---|---|---|---|
| 1 | നോർക്ക സാന്ത്വന | 4445 | 2700.00 |
| 2 | തിരിച്ചു വരുന്ന പ്രവാസികള്ക്കുള്ള പുനരധിവാസ പദ്ധതി (NDPREM) | 782 | 1628.00 |
| 3 | കോവിഡ് ധനസഹായം രൂപ 5,000 | 128798 | 6430.00 |
| 4 | കോവിഡ് ധനസഹായം രൂപ10,000 | 141 | 14.00 |

## കേരള നോൺ റസിഡന്റ് കേരളൈറ്റ്സ് വെൽഫെയർ ബോർഡ്

പ്രവാസി കേരളീയരുടെ (എൻ.ആർ.കെ) ക്ഷേമത്തിനായുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനായി 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ നിയമം അനുസരിച്ച് രൂപീകരിച്ച കേരള സർക്കാരിന്റെ നിയമപരമായ ബോർഡാണ് കേരള പ്രവാസി കേരളീയരുടെ വെൽഫെയർ ബോർഡ്. നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം വിജ്ഞാപനം ചെയ്ത 2009-ലെ പ്രവാസി കേരളീയരുടെ ക്ഷേമ പദ്ധതിക്ക് കീഴിൽ വിഭാവനം ചെയ്ത പദ്ധതികളാണ് ബോർഡ് നടപ്പിലാക്കുന്നത്. ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി ആക്ടിന്റെയും സ്കീമിന്റെയും വ്യവസ്ഥകൾ അനുസരിച്ച് ഒരു ക്ഷേമനിധി രൂപീകരിക്കുന്നു. താഴെപ്പറയുന്ന മൂന്ന് വിഭാഗങ്ങൾക്ക് കീഴിലുള്ള പ്രവാസികൾക്ക് ബോർഡിൽ നിന്ന് ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് രജിസ്ട്രേഷൻ ഫീസിന് 200 രൂപ അടച്ച് ക്ഷേമനിധിയിലേക്ക് അംഗങ്ങളായി രജിസ്റ്റർ ചെയ്യാം.

1 എ വിഭാഗം: സാധുവായ വിസയിൽ വിദേശത്ത് ജോലി ചെയ്യുന്ന പ്രവാസികൾ

1 ബി വിഭാഗം: സാധുതയുള്ള വിസയിൽ ചുരുങ്ങിയത് 2 വർഷവും അതിനുമുകളിലും ജോലി ചെയ്ത് കേരളത്തിൽ സ്ഥിരതാമസമാക്കിയ പ്രവാസികൾ

2 എ വിഭാഗം: 6 മാസത്തിലേറെയായി കേരള സംസ്ഥാനത്തിന് പുറത്ത് ജോലി ചെയ്യുന്നതും കേരളത്തിന് പുറത്ത് ഇന്ത്യയുടെ മറ്റ് ഭാഗങ്ങളിൽ താമസിക്കുന്നതുമായ പ്രവാസികൾ

18 വയസിനും 60 വയസിനും ഇടയിലുള്ള ഈ വിഭാഗത്തിലുള്ള പ്രവാസികൾക്ക് ക്ഷേമനിധിയിൽ അംഗങ്ങളാകാം. അംഗമായ ശേഷം പെൻഷൻ പ്രായം വരെ (സാധാരണയായി 60 വയസ്സ്) നിശ്ചിത പ്രതിമാസ വിഹിതം സ്ഥിരതയില്ലാതെ അടയ്ക്കണം.

ക്ഷേമനിധി ബോർഡുകളിലെ അംഗങ്ങൾക്ക് പെൻഷൻ, കുടുംബ പെൻഷൻ, അസാധുവായ പെൻഷൻ, മരണ സഹായം, ചികിത്സാ സഹായം, വിവാഹ സഹായം, വിദ്യാഭ്യാസ സഹായം, പ്രസവ സഹായം എന്നിങ്ങനെ വിവിധ സഹായങ്ങൾ ബോർഡ് നൽകുന്നു.

**പട്ടിക 10.1.7** പെൻഷനും മറ്റ് ക്ഷേമ പദ്ധതികൾക്കും വേണ്ടിയുള്ള ചെലവ്

| വർഷം | പെൻഷൻ (തുക രൂപയിൽ) | മറ്റ് ക്ഷേമ പദ്ധതികൾ (തുക രൂപയിൽ) | ആകെ (തുക രൂപയിൽ) |
|---|---|---|---|
| 2016-17 | 36260744 | 8185390 | 4.44 |
| 2017-18 | 107185039 | 9864285 | 11.70 |
| 2018-19 | 242704929 | 16035653 | 25.87 |
| 2019-20 | 386622339 | 24763852 | 41.13 |

അവലംബം: നോർക്ക പ്രവാസി വെൽഫെയർ ബോർഡ്

നിലവിൽ 20,000-ത്തിലധികം പെൻഷൻകാരുണ്ട്. അതുപോലെ, വിവിധ ക്ഷേമപദ്ധതികൾക്ക് അർഹതയുള്ള അംഗങ്ങളുടെ എണ്ണവും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ നാല് വർഷങ്ങളിൽ പെൻഷനും മറ്റ് ക്ഷേമ പദ്ധതികൾക്കും വേണ്ടി ചെലവഴിച്ച തുക **പട്ടിക 10.1.7 -ൽ** കൊടുത്തിരിക്കുന്നു. കൂടാതെ, പകർച്ചവ്യാധി സാഹചര്യത്തിൽ പ്രത്യേക സഹായത്തിനായി 7 കോടി രൂപ അനുവദിച്ചു.

## പ്രവാസി ഡിവിഡന്റ് സ്കീം

പ്രവാസികൾക്കായി പുതുതായി അവതരിപ്പിച്ച നിക്ഷേപവുമായി ബന്ധപ്പെട്ട പ്രതിമാസ വരുമാന പദ്ധതിയാണിത്. യോഗ്യരായ പ്രവാസികൾക്ക് 100 രൂപ മുതൽ നിക്ഷേപം നടത്താം. പദ്ധതി പ്രകാരം 3 ലക്ഷം മുതൽ 51 ലക്ഷം രൂപ വരെ സമാഹരിച്ച ഫണ്ട് സംസ്ഥാനത്തിന്റെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി കിഫ്ബിയിലേക്ക് മാറ്റുന്നു. പ്രതിമാസ ലാഭവിഹിതം നിക്ഷേപകന് / പങ്കാളിക്ക് (നിക്ഷേപകന്റെ മരണത്തിൽ) നൽകുന്നു. കിഫ്ബിയിൽ നിന്ന് ലഭിക്കുന്ന ഫണ്ടുകളുടെയും ഇതിനായി നീക്കിവച്ചിരിക്കുന്ന സർക്കാർ വിഹിതത്തിന്റെയും ചിലവിൽ നിന്നാണ് ലാഭവിഹിതം നൽകുന്നത്. സ്കീമിന് കീഴിലുള്ള നിക്ഷേപങ്ങൾക്ക് 10 ശതമാനം ലാഭവിഹിതം ഉറപ്പുനൽകുന്നു. നിക്ഷേപകന്റെ പങ്കാളിയുടെ മരണശേഷം, ആദ്യ 3 വർഷത്തെ ലാഭവിഹിതത്തോടൊപ്പം യഥാർത്ഥ നിക്ഷേപവും നിക്ഷേപകന്റെ നിയമപരമായ അവകാശി/നോമിനിക്ക് തിരികെ നൽകും. സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കും പ്രവാസി സമൂഹത്തിന് ദീർഘകാല പ്രതിമാസ വരുമാനം നൽകുന്നതിനുമായി എൻ.ആർ.കെ ഫണ്ട് പ്രയോജനപ്പെടുത്തുന്നതിനാണ് പദ്ധതി ഉദ്ദേശിക്കുന്നത്. 2021 ഒക്ടോബർ 28-വരെയുള്ള കണക്കനുസരിച്ച്, സ്കീമിന് കീഴിലുള്ള 2940 നിക്ഷേപങ്ങളിൽ നിന്ന് 270 കോടി രൂപ സമാഹരിച്ച് കിഫ്ബിയിലേക്ക് മാറ്റിയിട്ടുണ്ട്.

കുടിയേറ്റം കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ കാര്യമായ സ്വാധീനം ചെലുത്തുന്നു, സംസ്ഥാനത്തിന്റെ സാമൂഹിക സാമ്പത്തിക വികസനത്തിൽ പ്രവാസികൾ ഒരു പ്രധാന പങ്ക് വഹിക്കുന്നു. ഈ രംഗത്തെ നയപരമായ മാറ്റങ്ങൾ, ഇന്ത്യ ഗവൺമെന്റിന്റെ നിർദിഷ്ട എമിഗ്രേഷൻ ബിൽ പോലുള്ളവ സംസ്ഥാനത്ത് കാര്യമായ സ്വാധീനം ചെലുത്തും.

അദ്ധ്യായം

# 11

# പശ്ചാത്തല സൗകര്യം

അദ്ധ്യായം

11

# പശ്ചാത്തല സൗകര്യം

## 11.1 ഗതാഗതം

കേരളത്തിലെ വിവിധ ഗതാഗത മാർഗങ്ങളുടെ വികസനത്തെ കുറിച്ചും സമ്പദ്‌വ്യവസ്ഥയെ പരിപോഷിപ്പിക്കുന്നതിനുള്ള സംസ്ഥാനത്തിന്റെ ശ്രമങ്ങളെ സംബന്ധിച്ചാണ് ഇവിടെ പ്രതിപാദിക്കുന്നത്.

### റോഡ് ഗതാഗതം

62,15,797 കിലോമീറ്ററിലധികം വരുന്ന ഇന്ത്യൻ റോഡ് ശൃംഖല അമേരിക്ക കഴിഞ്ഞാൽ ലോകത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ റോഡ് ശൃംഖലയായി പരിഗണിക്കപ്പെടുന്നത്. ദേശീയ പാതകൾ/എക്സ്പ്രസ് വേകൾ (1,36,440 കി.മീ), സംസ്ഥാന പാതകൾ (1,76,818 കി.മീ), ജില്ലാ–ഗ്രാമ റോഡുകൾ ഉൾപ്പെടുന്ന മറ്റ് റോഡുകൾ (59,02,539 കി.മീ) തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. ഇന്ത്യയുടെ റോഡ് ശൃംഖല ചരക്ക് ഗതാഗതത്തിന്റെ 65 ശതമാനവും യാത്രാ ഗതാഗതത്തിന്റെ 85 ശതമാനവും കൈകാര്യം ചെയ്യുന്നു. ദേശീയ പാതകൾ രാജ്യത്തിന്റെ സാമ്പത്തിക നട്ടെല്ലാണ്, മാത്രമല്ല പാതകൾ കടന്ന് പോകുന്ന പ്രദേശങ്ങളുടെ വികസനത്തിനും പുതിയ പട്ടണങ്ങൾ രൂപപ്പെടുന്നതിനും ഇത് സൗകര്യമൊരുക്കുന്നു. രാജ്യത്ത് ഉടനീളമുള്ള ഇടത്തരം, ദീർഘദൂര അന്തർ നഗര യാത്രക്കാർക്കും ചരക്ക് ഗതാഗതത്തിനും ദേശീയ പാതകൾ സൗകര്യമൊരുക്കുന്നു. ഇന്ത്യയിലെ റോഡ് ശൃംഖലയുടെ വിശദാംശങ്ങൾ **പട്ടിക 11.1.1**–ൽ നൽകിയിരിക്കുന്നു.

**പട്ടിക 11.1.1** ഇന്ത്യയിലെ റോഡ് ശൃംഖല

| റോഡിന്റെ തരം | റോഡ് ശൃംഖല (കിലോമീറ്ററിൽ) |
|---|---|
| ദേശീയ പാത / എക്സ്പ്രസ്സ് ഹൈവേ | 1,36,440 |
| സംസ്ഥാന പാതകൾ | 1,76,818 |
| മറ്റ് റോഡുകൾ | 59,02,539 |
| ആകെ | 62,15,797 |

അവലംബം : വാർഷിക റിപ്പോർട്ട്-2020-21, ഹൈവേ-റോഡ് ഗതാഗത മന്ത്രാലയം,ഭാരത സർക്കാർ.

സംസ്ഥാനത്തെ പ്രധാന കേന്ദ്രങ്ങളിൽ ഗതാഗതം എത്തിക്കുകയെന്നതാണ് സംസ്ഥാന പാതകൾ കൊണ്ടുദ്ദേശിക്കുന്നത്. മറ്റ് ജില്ലാ റോഡുകളും ഗ്രാമ പാതകളും പട്ടണങ്ങളിലേക്കും ഗ്രാമങ്ങളിലേക്കും ജനങ്ങളുടെ സാമൂഹിക ആവശ്യങ്ങൾ നിറവേറ്റുന്നതിനും കാർഷിക ഉത്പന്നങ്ങൾ ഗ്രാമങ്ങളിൽ നിന്ന് അടുത്തുള്ള വിപണികളിലേക്ക് എത്തിക്കുന്നതിനുമുള്ള മാർഗം പ്രദാനം ചെയ്യുന്നു.

### കേരളത്തിലെ റോഡ് സംവിധാനം

കേരളത്തിലെ റോഡുകളുടെ ആകെ ദൈർഘ്യം 2,38,773.02 കിലോമീറ്ററാണ്. ഇന്ത്യൻ റോഡ്സ് കോൺഗ്രസ് അനുശാസിക്കുന്ന ക്ലാസിഫൈഡ്, നോൺ–ക്ലാസിഫൈഡ് റോഡുകൾ ഇതിൽ ഉൾപ്പെടുന്നു. കേരളത്തിലെ റോഡ് സാന്ദ്രത 100 ചതുരശ്ര കിലോമീറ്ററിന് 548 കിലോമീറ്ററാണ്, ഇത് ദേശീയ ശരാശരിയുടെ ഏകദേശം മൂന്നിരട്ടിയാണ്. സംസ്ഥാനത്തെ റോഡ് ദൈർഘ്യം ഒരു ലക്ഷം ജനങ്ങൾക്ക് 993.54 കിലോമീറ്റർ എന്ന നിരക്കിലാണ് കൂടാതെ ആകെ റോഡ് ശൃംഖലയുടെ 90 ശതമാനം ഒറ്റവരിപ്പാതയാണ്. പ്രാഥമിക ശൃംഖലയായി കണക്കാക്കപ്പെടുന്ന ദേശീയ പാതകൾ, മൊത്തം ഗതാഗതത്തിന്റെ 40 ശതമാനം കൈകാര്യം ചെയ്യുമ്പോൾ സംസ്ഥാന പാതകൾ, പ്രധാന ജില്ലാ റോഡുകൾ (എം.ഡി.ആർ) സെക്കൻഡറി റോഡുകൾ എന്നിവ ഉൾപ്പെടുന്ന ശൃംഖല റോഡ് ഗതാഗത്തിന്റെ 40 ശതമാനം കൈകാര്യം ചെയ്യുന്നു. ഇപ്രകാരം ഏകദേശം 12 ശതമാനം വരുന്ന റോഡ് ശൃംഖലയാണ് സംസ്ഥാന ഗതാഗതത്തിന്റെ 80 ശതമാനവും കൈകാര്യം ചെയ്യുന്നത്. 2021 മുതൽ സംസ്ഥാനത്തെ ഗതാഗത മേഖലയുടെ പ്രധാന വികസന സൂചകങ്ങൾ **അനുബന്ധം 11.1.1**–ൽ നൽകിയിരിക്കുന്നു.

സംസ്ഥാനത്ത് ആകെ 1,781.50 കിലോമീറ്റർ നീളമുള്ള 11 ദേശീയ പാതകളുണ്ട്. ആകെ റോഡ് ദൈർഘ്യത്തിൽ, സംസ്ഥാന പിഡബ്ല്യുഡിയുടെ എൻ.എച്ച് വിഭാഗം 548.00 കിലോമീറ്ററും ഹൈവേ–റോഡ് ഗതാഗത മന്ത്രാലയത്തിന് (മോർത്ത്) കീഴിലെ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (എൻ.എച്ച്.എ.ഐ) 1,233.50 കിലോമീറ്ററും പരിപാലിക്കുന്നു. 51 കിലോമീറ്റർ പാകിയ റോഡും 331 കിലോമീറ്റർ 2 ലെയിൻ റോഡും 166 കിലോമീറ്റർ ഇന്റർമീഡിയറ്റ് ലെയിൻ റോഡും ഉൾപ്പെടുന്ന ദേശീയ പാതകളാണ് സംസ്ഥാനത്ത് ഉള്ളത്. പൊതു മരാമത്ത് വകുപ്പ് ദേശീയപാത വിഭാഗം പരിപാലിക്കുന്ന റോഡുകളുടെ ജില്ല തിരിച്ചുള്ള സ്ഥിതി **അനുബന്ധം 11.1.2**–ൽ നൽകിയിരിക്കുന്നു. കേരളത്തിലെ ദേശീയപാതയുടെ വിശദാംശങ്ങൾ **പട്ടിക 11.1.2**–ൽ അവതരിപ്പിച്ചിരിക്കുന്നു.

സംസ്ഥാന റോഡ് ശൃംഖലയുടെ 12 ശതമാനത്തോളം വരുന്ന സംസ്ഥാനത്തെ പ്രധാന റോഡുകൾ വികസിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നത് സംസ്ഥാന പൊതുമരാമത്ത് വകുപ്പാണ്. 4,127.83 കി.മീ (13.98 ശതമാനം) സംസ്ഥാന പാതകളും 25,394.32 കി.മീ (86.01 ശതമാനം) പ്രധാന ജില്ലാ റോഡുകളും ഉൾപ്പെടെ പൊതു മരാമത്തു വകുപ്പ് (റോഡ് & പാലം) പരിപാലിക്കുന്ന റോഡുകളുടെ ആകെ നീളം 2021 ലെ കണക്ക് പ്രകാരം

**പട്ടിക 11.1.2** കേരളത്തിലെ ദേശീയ പാതകൾ

| ക്രമ നമ്പർ | പുതിയ നമ്പർ | പഴയ നമ്പർ | മുതൽ | വരെ | കേരളത്തിലെ ദേശീയ പാതയുടെ നീളം (കി.മീ) | |
|---|---|---|---|---|---|---|
| 1 | 66 | എൻ.എച്ച് 17 | തലപ്പാടി | ഇടപ്പള്ളി | 420.77 | 669.43 |
| | | എൻ.എച്ച് 47 | ഇടപ്പള്ളി | കളിയിക്കാവിള | 248.66 | |
| 2 | 544 | എൻ.എച്ച് 47 | വാളയാർ | ഇടപ്പള്ളി | 168.14 | |
| 3 | 85 | എൻ.എച്ച് 49 | ബോടിമെട്ട് | കുണ്ടന്നൂർ | 167.593 | |
| 4 | 744 | എൻ.എച്ച് 208 | കൊല്ലം | കഴുതുരുത്തി | 81.280 | |
| 5 | 766 | എൻ.എച്ച് 212 | കോഴിക്കോട് | മുത്തങ്ങ( കേരള കർണാടക അതിർത്തി) | 117.600 | |
| 6 | 966 | എൻ.എച്ച് 213 | കോഴിക്കോട് | പാലക്കാട് | 125.300 | |
| 7 | 183 | എൻ.എച്ച് 220 | കൊല്ലം | തേനി (തമിഴ്നാട് അതിർത്തി) | 216.30 | |
| 8 | 966 ബി | എൻ.എച്ച് 47 എ | വെല്ലിംഗ്ടൻ ദ്വീപ് | കുണ്ടന്നൂർ | 5.920 | |
| 9 | 966 എ | എൻ.എച്ച് 47 സി | വല്ലാർപാടം | കളമശ്ശേരി | 17.20 | |
| 10 | 183 എ | | ഭരണിക്കാവ് | പത്തനംതിട്ട(വഴി) വണ്ടിപ്പെരിയാർ | 116.80 | |
| 11 | 185 | | അടിമാലി | കുമളി(വഴി) പൈനാവ് | 96.00 | |
| ആകെ | | | | | 1,781.50 | |

അവലംബം : പൊതു മരാമത്ത് വകുപ്പ് (ദേശീയ പാത വിഭാഗം)

29,522.150 കിലോമീറ്റർ ആണ്. സംസ്ഥാനപാതകളുടെ ആകെ നീളത്തിന്റെ 898.74 കിലോമീറ്റർ നാലുവരിപ്പാതയും 3,193.50 കിലോമീറ്റർ രണ്ടുവരിപ്പാതയും ബാക്കി 35.75 കിലോമീറ്റർ ഒറ്റവരി പാതയുമാണ്. 25,394.32 കിലോമീറ്റർ വരുന്ന പ്രധാന ജില്ലാ റോഡുകളിൽ 52.51 കിലോമീറ്റർ നാല് വരി പാതയും 10,593.03 കിലോമീറ്റർ രണ്ട് വരി പാതയും ബാക്കി 14,748.46 കിലോമീറ്റർ ഒറ്റ വരി പാതയുമാണ്.

പൊതു മരാമത്ത് വകുപ്പ് പരിപാലിക്കുന്ന റോഡുകളുടെ എണ്ണത്തിൽ/ദൈർഘ്യത്തിൽ കോട്ടയം ജില്ലയാണ് മുന്നിൽ. ഇതിന് 3,310.440 കിലോമീറ്റർ (11.21 ശതമാനം) നീളമുണ്ട്. 856.950 കിലോമീറ്റർ (2.90 ശതമാനം) മാത്രമുള്ള വയനാട് ജില്ലയാണ് റോഡുകളുടെ എണ്ണത്തിൽ/ദൈർഘ്യത്തിൽ ഏറ്റവും പിറകിൽ. പൊതു മരാമത്ത് വകുപ്പ് (റോഡുകളും പാലങ്ങളും) പരിപാലിക്കുന്ന റോഡുകളുടെ വിശദാംശങ്ങൾ **അനുബന്ധം 11.1.3, 11.1.4** എന്നിവയിൽ നൽകിയിരിക്കുന്നു.

പൊതു മരാമത്ത് വകുപ്പ് (റോഡ് & പാലം) വിഭാഗം ആകെ 2778 പാലങ്ങൾ പരിപാലിക്കുന്നുണ്ട്. അതിൽ 41 പാലങ്ങൾ സംസ്ഥാന പാതകളിലും 2098 പാലങ്ങൾ പ്രധാന ജില്ലാ റോഡുകളിലും /മറ്റ് ജില്ലാ റോഡുകളിലും 139 പാലങ്ങൾ ഗ്രാമീണ റോഡുകളിലും /റെയിൽവെ മേൽപ്പാലങ്ങളിലും പൊതുമരാമത്ത് വകുപ്പ് സംരക്ഷിക്കുന്നു. ആകെയുള്ള പാലങ്ങളിൽ 111 എണ്ണം ദേശീയ ജല പാതയ്ക്കും (65) സംസ്ഥാന ജല പാതയ്ക്കും (46) കുറുകെ നിർമ്മിച്ചിരിക്കുന്നു. പുനർനിർമ്മിക്കുന്നതിനായി 58 പാലങ്ങൾ വകുപ്പ് കണ്ടെത്തിയിട്ടുണ്ട്. നിലവിൽ 103 പാലങ്ങളുടെ നിർമാണം വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. പാലങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധം 11.1.5**–ൽ നൽകിയിരിക്കുന്നു.

സംസ്ഥാനത്തെ റോഡ് ശൃംഖലയുടെ 83.74 ശതമാനവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലാണ്. ദേശീയപാതകൾ ഉൾപ്പെടെ 13.1 ശതമാനം റോഡുകൾ പൊതു മരാമത്ത് വകുപ്പാണ് സംരക്ഷിക്കുന്നത്. സംസ്ഥാനത്ത് വികസിപ്പിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന റോഡുകളുടെ വകുപ്പ് തിരിച്ചുള്ള വിശദാംശങ്ങൾ **പട്ടിക 11.1.3**–ൽ നൽകിയിരിക്കുന്നു.

2020–21 ലെ കണക്ക് പ്രകാരം വിവിധ തദ്ദേശ സർക്കാർ സ്ഥാപനങ്ങൾ പരിപാലിക്കുന്ന റോഡുകൾ 1,99,953.70 കിലോമീറ്റർ ആണ്. ഇവയിൽ 1,31,597.6 കിലോമീറ്റർ (49.58 ശതമാനം)ടാർ ചെയ്തതും 31,395.10 കിലോമീറ്റർ (11.83 ശതമാനം) കോൺക്രീറ്റ് ചെയ്തതും 72,762.70 കിലോമീറ്റർ (27.41 ശതമാനം) മണ്ണ് പാകിയതും 18,669.70 കിലോമീറ്റർ (7.03 ശതമാനം) മെറ്റൽ ചെയ്ത റോഡുകളും മറ്റുള്ളവ 10,996.02 കിലോമീറ്ററുമാണ്.

### റോഡ് ഗതാഗതം

2021 മാർച്ച് വരെയുള്ള കണക്കനുസരിച്ച് സംസ്ഥാനത്ത് 148.47 ലക്ഷം മോട്ടോർ വാഹനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകളായി ഇത് ഏകദേശം 9 ശതമാനം വാർഷിക വളർച്ചാ നിരക്ക് കാണിക്കുന്നു. 2021 മാർച്ച് വരെയുള്ള കണക്കുകൾ പ്രകാരം വാഹനങ്ങളുടെ എണ്ണം ആയിരം ആളുകൾക്ക് 445 എന്ന കണക്കിലാണ്. 2015 ലെ ലോക വികസന സൂചകങ്ങൾ പ്രകാരം ഇന്ത്യയിലെ വാഹനങ്ങളുടെ എണ്ണം ആയിരം ജനസംഖ്യക്ക് 18 ആണെങ്കിൽ ചൈനയിലും അമേരിക്കയിലും ഇത് യഥാക്രമം 47 ഉം 507 ഉം ആണ്. അതായത് നമ്മുടെ

**പട്ടിക 11.1.3** കേരളത്തിലെ റോഡുകളുടെ ഏജൻസി തിരിച്ചുള്ള വിശദാംശങ്ങൾ 2019–20 മുതൽ 2020–21 വരെ

| ക്രമ നം. | വകുപ്പ് | നീളം (കി.മീ) 2019–20 | ശതമാനം | നീളം (കി.മീ) 2020–21 | ശതമാനം |
|---|---|---|---|---|---|
| 1 | തദ്ദേശ സ്വയം ഭരണ വകുപ്പ് | 1,87,655.00 | 81.91 | 1, 99,953.70 | 83.74 |
| 2 | പൊതു മരാമത്ത് വകുപ്പ് (ആർ & ബി) | 31,812.06 | 13.88 | 29,522.15 | 12.36 |
| 3 | പൊതു മരാമത്ത് വകുപ്പ് (എൻ.എച്ച്) | 1,781.50 | 0.77 | 1,781.50 | 0.74 |
| 4 | മറ്റുള്ളവ (റെയിൽവേ, വനം, കെ എസ് ഇ ബി, ജലസേചനം) | 7,833.49 | 3.41 | 7,515.67 | 3.14 |
| | ആകെ | 2,29,082.02 | 100.00 | 2,38,773.02 | 100 |

അവലംബം: വിവിധ വകുപ്പുകൾ


സംസ്ഥാനത്തിലെ വാഹനങ്ങളുടെ എണ്ണം ചൈനയേക്കാൾ വളരെ കൂടുതലും വികസിത രാജ്യങ്ങളുടേതിന് തുല്യവുമാണ്. കേരളത്തിലെ വാഹന ജനസംഖ്യാ വളർച്ച മുൻവർഷത്തേക്കാൾ 4.7 ശതമാനം കുറഞ്ഞിട്ടുണ്ട്. 2011 മുതൽ കഴിഞ്ഞ പതിനൊന്ന് വർഷങ്ങളിലെ മോട്ടോർ വാഹനങ്ങളുടെ എണ്ണത്തിലെ വളർച്ച **ചിത്രം 11.1.1**–ൽ കാണിച്ചിരിക്കുന്നു.

മാർച്ച് 31, 2021 വരെയുള്ള കണക്ക് പ്രകാരം സാധുവായ രജിസ്ട്രേഷനുള്ള മോട്ടോർ വാഹനങ്ങളുടെ എണ്ണം 1,48,47,163 ആണ്. മുൻവർഷം ഇത് 1,41,84,184 ആയിരുന്നു. 2020–21 –ൽ പുതുതായി രജിസ്റ്റർ ചെയ്ത വാഹനങ്ങളുടെ എണ്ണം 6,62,979 ആണ് (2019–20 –ൽ 8,49, 200). വിശദാംശങ്ങൾ **അനുബന്ധം 11.1.6, അനുബന്ധം 11.1.7** എന്നിവയിൽ നൽകിയിരിക്കുന്നു. 2021–22 –ൽ രജിസ്റ്റർ ചെയ്ത മോട്ടോർ വാഹനങ്ങളുടെ ഇനം തിരിച്ചുള്ള ശതമാന കണക്ക് **ചിത്രം 11.1.2**–ൽ കൊടുത്തിരിക്കുന്നു.

കേരളത്തിൽ ഏറ്റവും കൂടുതൽ വാഹനങ്ങൾ ഉള്ളത് ഏറണാകുളം ജില്ലയിലാണ്, 21,31,332 വാഹനങ്ങൾ (14.35 ശതമാനം). തൊട്ടടുത്ത് 18,49,460 (12.49 ശതമാനം) വാഹനങ്ങളുള്ള തിരുവനന്തപുരം ജില്ലയാണ്. 2,35,759 (1.66 ശതമാനം) വാഹനങ്ങൾ ഉള്ള വയനാട് ജില്ലയിലാണ് ഏറ്റവും കുറച്ച് വാഹനങ്ങൾ ഉള്ളത്. കേരളത്തിലെ മോട്ടോർ വാഹനങ്ങളുടെ ജില്ല തിരിച്ചുള്ള വളർച്ച **അനുബന്ധം 11.1.8**–ൽ കൊടുത്തിരിക്കുന്നു. 2012–13 മുതൽ 2020–21 വരെയുള്ള കാലയളവിൽ കേരളത്തിലെ മോട്ടോർ വാഹന രജിസ്ട്രേഷനുകളുടെ ഇനം തിരിച്ചുള്ള വളർച്ച **അനുബന്ധം 11.1.9**–ൽ കൊടുത്തിരിക്കുന്നു. മോട്ടോർ വാഹനങ്ങളുടെ വളർച്ചയും റോഡുകളുടെ ശേഷി വർദ്ധനവും തമ്മിലുള്ള പൊരുത്തക്കേട് കേരള ത്തിൽ ഉടനീളമുള്ള ഗതാഗതക്കുരുക്കിനും റോഡപകടങ്ങൾക്കും കാരണമാകുന്നു.


ഹരിത ഗതാഗതത്തിലേക്കുള്ള ചുവടുമാറ്റം സംസ്ഥാനത്ത് ശ്രദ്ധേയമാണ്. 2021 സെപ്റ്റംബറിലെ കണക്കനുസരിച്ച് കേരളത്തിലെ ഇലക്ട്രിക് ടൂ വീലർ രജിസ്ട്രേഷൻ മുൻ വർഷത്തെ 1,334 –ൽ നിന്ന് 28.13 ശതമാനം വർദ്ധിച്ച് 4,742 ആയിട്ടുണ്ട്. 2021 സെപ്റ്റംബർ വരെ രജിസ്റ്റർ ചെയ്യപ്പെട്ട ഇ–റിക്ഷകൾ (യാത്രയ്ക്കുള്ള) 728 ആണ്. മുൻ വർഷം ഇത് 544 ആയിരുന്നു. മുച്ചക്ര വാഹനങ്ങളുടെ (വ്യക്തിഗത) രജിസ്ട്രേഷനിൽ 77.41 ശതമാനം കുറവ് കാണിക്കുന്നു. 2020–ലെയും 2021 –ലെയും (2021 സെപ്റ്റംബർ വരെയുള്ള കണക്ക്

**ചിത്രം 11.1.1** മോട്ടോർ വാഹനങ്ങളുടെ എണ്ണത്തിലെ വളർച്ച, 2011 മുതൽ




അവലംബം: മോട്ടോർ വാഹന വകുപ്പ്, കേരള സർക്കാർ

**ചിത്രം 11.1.2** രജിസ്റ്റർ ചെയ്ത മോട്ടോർ വാഹനങ്ങൾ ഇനം തിരിച്ച്, 2021-22-ൽ




അവലംബം : മോട്ടോർ വാഹന വകുപ്പ്, കേരള സർക്കാർ

പ്രകാരം) കേരളത്തിലെ ഇ-വാഹന രജിസ്ട്രേഷൻ വിശദാംശങ്ങൾ **അനുബന്ധം 11.1.10**-ൽ നൽകിയിരിക്കുന്നു.

സർക്കാർ ഓഫീസുകളിൽ ഇലക്ട്രിക് വാഹനങ്ങൾ ഉപയോഗിക്കുന്നതിനുവേണ്ടിയുള്ള പ്രോത്സാഹനം നൽകിവരുന്നു. മോട്ടോർ വാഹന വകുപ്പിനെ പിന്തുടർന്ന് മറ്റ് വകുപ്പുകളും അനെർട്ട് വഴി കേന്ദ്ര വൈദ്യുതി മന്ത്രാലയത്തിന് കീഴിലുള്ള കേന്ദ്ര സർക്കാർ സ്ഥാപനമായ എനർജി എഫിഷേൻസി സർവീസസ് ലിമിറ്റഡിൽ നിന്നും ഡ്രൈ ലീസ് പ്രകാരം പ്ലഗ് -ഇൻ ഇലക്ട്രിക് വാഹനങ്ങൾക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഗ്രീൻ മൊബിലിറ്റിയിലേക്ക് മാറുന്നതിന്റെ ഭാഗമായി, ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ് (ഐഒസിഎൽ), കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് (സിയാൽ) എന്നിവയുമായി സഹകരിച്ച് കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (കെഎസ്ആർടിസി) പൈലറ്റ് അടിസ്ഥാനത്തിൽ 10 ഹൈഡ്രജൻ ബസുകൾ അവതരിപ്പിക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ നടത്തിവരുന്നു.

കോവിഡ്-19 നിയന്ത്രണങ്ങളും തുടർച്ചയായ ലോക്ക്ഡൗണും വാഹനവിൽപ്പന,നികുതി നികുതി ഇതര മാർഗ്ഗങ്ങൾ എന്നിവയിലൂടെ മോട്ടോർ വാഹന വകുപ്പിന് ലഭിക്കേണ്ട വരുമാനം ഗണ്യമായി കുറച്ചു. 2019-20 വർഷത്തിൽ ഈയിനത്തിൽ വകുപ്പിന് 4,582 കോടി രൂപയുടെ വരുമാനം ലഭിച്ചപ്പോൾ 2020-21 ആയപ്പോഴേക്കും ഇത് 30.51 ശതമാനം വരുമാന നഷ്ടം രേഖപ്പെടുത്തി 3,184.52 കോടി രൂപയായി കുറഞ്ഞു. 2021 സെപ്റ്റംബർ വരെ വകുപ്പിന് വരുമാനമായി ലഭിച്ചത് 1,688.8 കോടി രൂപയാണ്.

### റോഡ് സുരക്ഷ

നല്ല രീതിയിൽ പരസ്പര ബന്ധിതമാണെങ്കിലും നഗര വ്യാപനവും വഴിയിലുടനീളമുള്ള അടുക്കും ചിട്ടയുമില്ലാത്ത വികസന രീതികളും കേരളത്തിലെ പ്രധാന റോഡ് ശൃംഖല രൂക്ഷമായ പ്രതിസന്ധികൾ നേരിടുന്നതിനു കാരണമാകുന്നു. മിക്ക സ്ഥലങ്ങളിലും നിലവിലുള്ള ഗതാഗത നില റോഡിന്റെ ശേഷിക്ക് അപ്പുറമാണ്. സംസ്ഥാന റോഡ് ശൃംഖലയിൽ സമ്മർദ്ദം സൃഷ്ടിച്ചുകൊണ്ട് റോഡുകളിലെ ഗതാഗതം പ്രതിവർഷം ശരാശരി 12 മുതൽ 14 ശതമാനം വരെ ക്രമാനുഗതമായി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. നിലവിലുള്ള റോഡുകളുടെ ശേഷി വർധിപ്പിക്കുന്നതിനു തടസ്സമായി നിൽക്കുന്നത് പരിമിതമായ പ്രവേശന മാർഗ്ഗങ്ങൾ,ഭൂമി ഏറ്റെടുക്കൽ മുതലായ പ്രശ്നങ്ങളാണ്.


സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോ ഓഫ് കേരളയുടെ കണക്കനുസരിച്ച്, 2020ൽ 27,877 റോഡപകടങ്ങളിൽ 2,979 മരണങ്ങളും 30,510 പരിക്കുകളും കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. 2021 ഓഗസ്റ്റ് വരെ 20,818 അപകടങ്ങളാണ് റിപ്പോർട്ട് ചെയ്തത്. ഡ്രൈവിംഗ് അശ്രദ്ധ, റോഡിന്റെ ശോച്യാവസ്ഥ, ക്ഷമതയില്ലാത്ത വാഹനങ്ങൾ, പരിസ്ഥിതി പ്രശ്നങ്ങൾ തുടങ്ങിയവ മൂലമാണ് പ്രധാനമായും റോഡ് അപകടങ്ങൾ സംഭവിക്കുന്നത്. റോഡ് സുരക്ഷ ഒരു സങ്കീർണ്ണ പ്രശ്നമായതിനാൽ, ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് വിവിധ സ്റ്റേക്ക് ഹോൾഡർമാരിൽ നിന്നും സ്ഥായിയായതും ദീർഘവും സംഘടിതവുമായ ശ്രമങ്ങൾ ആവശ്യമാണ്.

നിയമങ്ങളും റോഡ് അച്ചടക്കവും നടപ്പിലാക്കാൻ മോട്ടോർ വാഹന വകുപ്പും പോലീസും നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും റോഡപകടങ്ങൾ വർധിച്ചുവരികയാണ്. വാഹനാപകടങ്ങളുടെ വർധിച്ചുവരുന്ന പ്രവണത ഏറെ ആശങ്കാജനകമാണ്. കേരളത്തിലെ ജില്ല തിരിച്ചുള്ള മോട്ടോർ വാഹന അപകടങ്ങളും റോഡപകടങ്ങളിൽ ഉൾപ്പെട്ട മോട്ടോർ വാഹനങ്ങളുടെ ഇനംതിരിച്ചുള്ള വിശദാംശങ്ങളും യഥാക്രമം **അനുബന്ധം 11.1.11, അനുബന്ധം 11.1.12** എന്നിവയിൽ നൽകിയിരിക്കുന്നു.

സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള വാഹനങ്ങളിൽ 65 ശതമാനം വരുന്ന ഇരുചക്ര വാഹനങ്ങൾ മുഖേനയാണ് ഭൂരിഭാഗം റോഡ് അപകടങ്ങളും സംഭവിക്കുന്നത്. 2020-ൽ കേരളത്തിൽ ഉണ്ടായിട്ടുള്ള അപകടങ്ങളുടെ വാഹന ഇനം തിരിച്ചുള്ള ശതമാനം **ചിത്രം 11.1.3** -ൽ കാണിച്ചിരിക്കുന്നു.

2020 -ൽ സംസ്ഥാനത്ത് ആകെ 1,521 ബസ് അപകട

**ചിത്രം 11.1.3** കേരളത്തിൽ ഉണ്ടായിട്ടുള്ള റോഡ് അപകടങ്ങളുടെ വാഹന ഇനം തിരിച്ചുള്ള വിശദാംശങ്ങൾ 2020–ൽ





അവലംബം: സംസ്ഥാന ക്രൈം റെക്കോർഡ്സ് ബ്യൂറോ, കേരളം

ങ്ങളാണ് രജിസ്റ്റർ ചെയ്തത്. ഇവയിൽ 296 അപകടങ്ങൾ കെ.എസ്.ആർ.ടി.സി ബസുകൾ ഉൾപ്പെട്ടതാണ്. 2021 ഓഗസ്റ്റ് വരെയുള്ള കണക്ക് പ്രകാരം കെ എസ് ആർ ടി സി ബസുകൾ 174 അപകടങ്ങളും മറ്റു ബസുകൾ 792 അപകടങ്ങളും സൃഷ്ടിച്ചു. 2019–20 ൽ 92.07 ലക്ഷമായിരുന്ന ഇരു ചക്ര വാഹനങ്ങളുടെ എണ്ണം 2020–21 –ൽ ശരാശരി വാർഷിക വളർച്ചാ നിരക്ക് 5.05 ശതമാനം രേഖപ്പെടുത്തി 96.72 ലക്ഷമായി ഉയർന്നു. ഇരുചക്രവാഹനങ്ങൾ ഉൾപ്പെടുന്ന ട്രാഫിക് അപകടങ്ങളുടെ എണ്ണം 2018–ൽ 34,473 (പ്രതിദിനം 94) ആയിരുന്നത് 2021–ൽ 8,533 (പ്രതിദിനം 23.37) ആയി കുറഞ്ഞിട്ടുണ്ട്. സംസ്ഥാനത്ത് രേഖപ്പെടുത്തിയിട്ടുള്ള മൊത്തം അപകടങ്ങളുടെ 41 ശതമാനം ഇരുചക്ര വാഹനാപകടങ്ങളും 30.30 ശതമാനം കാർ അപകടങ്ങളുമാണ്. കേരളത്തിലെ മോട്ടോർ വാഹന അപകടങ്ങളുടെ പ്രവണത **ചിത്രം 11.1.4**–ൽ കാണിച്ചിരിക്കുന്നു.

2018–19–ൽ ഒരു ലക്ഷം വാഹനങ്ങൾക്ക് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ട അപകടങ്ങൾ 305 ആണെങ്കിൽ 2020 ൽ ഇത് 188 ആയി കുറഞ്ഞു. 2020–ൽ 27,877 റോഡപകടളാണ് സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തത്. അപകട സംഭവങ്ങൾ വിവിധ കാലഘട്ടങ്ങളിൽ ഏറ്റക്കുറച്ചിലുകൾ പ്രകടമാക്കിയിട്ടുണ്ടെങ്കിലും, പ്രതിവർഷം ഇത് ഒരു നിശ്ചിത തോതിൽ കുറഞ്ഞുവരുന്നതായി കാണാം. 2010 മുതൽ 2020 വരെയുള്ള കാലയളവിൽ കേരളത്തിലുണ്ടായിട്ടുള്ള അപകടങ്ങളുടെ പ്രവണത **പട്ടിക 11.1.4**–ൽ നൽകിയിരിക്കുന്നു.

2011 മുതൽ ഓരോ വർഷവും ലക്ഷം വാഹനങ്ങൾക്ക് ഉണ്ടാകുന്ന അപകട നിരക്ക് (ലക്ഷം വാഹന–അപകട അനുപാത നിരക്ക്) സ്ഥിരമായി കുറഞ്ഞു കൊണ്ടിരിക്കുന്നു എന്നത് എടുത്തു പറയേണ്ടതാണ്.

**ചിത്രം 11.1.4.** കേരളത്തിലെ മോട്ടോർ വാഹന അപകടങ്ങളുടെ പ്രവണത




അവലംബം: സംസ്ഥാന ക്രൈം റെക്കോർഡ്സ് ബ്യൂറോ

**പട്ടിക 11.1.4** കേരളത്തിലെ റോഡ് അപകടങ്ങളുടെ പ്രവണത, 2011–2020–ൽ

| വർഷം | മോട്ടോർ വാഹനങ്ങളുടെ എണ്ണം | അപകടങ്ങളുടെ എണ്ണം | അപകടങ്ങൾ /ലക്ഷം വാഹനങ്ങൾ |
|---|---|---|---|
| 2011 | 60,72,019 | 34,946 | 576 |
| 2012 | 68,70,354 | 35,282 | 514 |
| 2013 | 80,48,673 | 37,204 | 462 |
| 2014 | 85,47,966 | 35,198 | 412 |
| 2015 | 94,21,245 | 37,253 | 395 |
| 2016 | 1,01,71,813 | 39,137 | 385 |
| 2017 | 1,10,30,037 | 38,777 | 351 |
| 2018 | 1,20,42,691 | 38,734 | 322 |
| 2019 | 1,41,84,184 | 41,111 | 289 |
| 2020 | 1,48,47,163 | 27,877 | 188 |

അവലംബം: മോട്ടോർ വാഹന വകുപ്പ്, സംസ്ഥാന ക്രൈം റെക്കോർഡ്സ് ബ്യൂറോ,കേരളം.

ലഭ്യമായ ട്രാഫിക് പോലീസ് രേഖകൾ പ്രകാരം ഡ്രൈവർമാരുടെ പിഴവാണ് മിക്ക അപകടങ്ങൾക്കും കാരണം. എന്നിരുന്നാലും റോഡിന്റെ മോശം അവസ്ഥ, റോഡ് രൂപകല്പനയിലെ അപാകതകൾ എന്നിവ മോട്ടോർ വാഹനങ്ങളെ ബാധിക്കുന്നു എന്നത് പൊതുവേ അംഗീകരിക്കപ്പെടാതെ പോകുന്ന വസ്തുതയാണ്. വിവിധ വിഭാഗം റോഡ് ഉപയോക്താക്കൾക്കുള്ള റോഡ് സുരക്ഷാ പരിശീലനം, റോഡ് രൂപകൽപനയിലെ തിരുത്തൽ, റോഡ് നിർമ്മാണത്തിലെ ആസൂത്രണത്തിലും പ്രവർത്തന ഘട്ടങ്ങളിലും റോഡ് സുരക്ഷാ വശങ്ങൾ ഉൾപ്പെടുത്തുന്നതിലെ പോരായ്മകൾ എന്നിവയാണ് അപകടങ്ങൾ കുറയ്ക്കുന്നതിന് പ്രധാനമായും സ്വീകരിക്കേണ്ട വസ്തുതകൾ.

**അപകട സ്ഥലങ്ങൾ:** അപകട സ്ഥലങ്ങളുടെ തിരിച്ചറിയൽ, വിശകലനം, പരിഹാരം എന്നിവ റോഡ് അപകടങ്ങൾ തടയുന്നതിനുള്ള ഏറ്റവും ഫലപ്രദമായ സമീപനങ്ങളിലൊന്നായി പരക്കെ കണക്കാക്കപ്പെടുന്നു. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ അപകടങ്ങളുടെ തീവ്രത സൂചിക(എ എസ് ഐ )അടിസ്ഥാനമാക്കി അപകടകരമായ സ്ഥലങ്ങൾ തീരുമാനിക്കുന്നു. ത്രെഷോൾഡ് മൂല്യത്തേക്കാൾ അപകട തീവ്രതാ സൂചിക ഉള്ള സ്പോട്ടുകൾ (ശരാശരി തീവ്രത + 1.5 *സ്റ്റാൻഡേർഡ് ഡീവിയേഷൻ) അപകട സ്ഥലങ്ങളായി കണക്കാക്കുന്നു.

2016–2018ൽ പോലീസ് ഡിപ്പാർട്ട്മെന്റ് നൽകിയ ക്രാഷ് ഡാറ്റ അടിസ്ഥാനത്തിൽ 2019–ൽ കേരളത്തിൽ ഉടനീളം 340 മുൻഗണനാ അപകട സ്ഥലങ്ങൾ നാറ്റ്പാക് കണ്ടെത്തിയിട്ടുണ്ട്. ഉയർന്ന അപകട സാധ്യതയുള്ള അപകട സ്ഥലങ്ങൾ (232 സ്ഥലങ്ങൾ), മിതമായ അപകട സാധ്യതയുള്ള അപകട സ്ഥലങ്ങൾ (108 സ്ഥലങ്ങൾ) എന്നിങ്ങനെ ഇതിനെ വീണ്ടും തരം തിരിച്ചിരിക്കുന്നു. 2021 മാർച്ചിൽ തിരഞ്ഞെടുത്ത ക്രാഷ് അപകട സ്ഥലങ്ങൾക്കായി ഉടനടിയുള്ള ഹ്രസ്വകാല പരിഹാര നടപടികളും കേരള റോഡ് സുരക്ഷ അതോറിറ്റിയോട് അവർ നിർദേശിച്ചിട്ടുണ്ട്. 2018–2020 വർഷങ്ങളിലെ പോലീസ് ഡിപ്പാർട്ട്മെന്റ് നൽകിയ ക്രാഷ് ഡാറ്റയെ അടിസ്ഥാനമാക്കി, ജിയോസ്പേഷ്യൽ, സ്റ്റാറ്റിസ്റ്റിക്കൽ വിശകലനം എന്നിവയെ അടിസ്ഥാനമാക്കി നാറ്റ്പാക് അടുത്തിടെ 2021–ൽ ഒരു പഠനം നടത്തുകയും കേരളത്തിൽ ഉടനീളമുള്ള മൊത്തം 4592 അപകട സ്ഥലങ്ങളുടെ ഒരു താൽക്കാലിക പട്ടിക തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. കണ്ടെത്തിയ അപകട സ്ഥലങ്ങളിൽ 1,286 അപകട സ്ഥലങ്ങൾ കേരളത്തിലെ ദേശീയ പാതകളിലാണ്. കേരളത്തിലെ സംസ്ഥാന പാതകളിൽ 1,462 അപകട സ്ഥലങ്ങളും മറ്റ് റോഡുകളിൽ 1,844 അപകട സ്ഥലങ്ങളും ഉണ്ട്. അപകട സ്ഥലങ്ങളിലെ മരണത്തിന്റെയും അപകട തീവ്രതയുടെയും അടിസ്ഥാനത്തിൽ അപകട സ്ഥലങ്ങളെ തരം തിരിച്ച് കൊണ്ട് എൻ.എച്ച്,എസ്.എച്ച്, മറ്റ് റോഡുകൾ എന്നിവയിൽ ഉടനീളമുള്ള അപകട സ്ഥലങ്ങളുടെ എണ്ണം **പട്ടിക 11.1.5**–ൽ നൽകിയിരിക്കുന്നു. ക്ലാസ് I വിഭാഗത്തിൽ വരുന്ന അപകട സ്ഥലങ്ങൾ അപകടത്തിനും മരണത്തിനും കൂടുതൽ സാധ്യതയുള്ളതാണ്, ക്ലാസ് III അപകട സ്ഥലങ്ങളിൽ ഇത് കുറവായിരിക്കും.

കേരള റോഡ് സേഫ്റ്റി അതോറിറ്റിയുമായി (കെആർഎസ്എ) നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ അപകട സ്ഥലങ്ങളുടെ പട്ടികയിൽ നിന്ന് 374 മുൻഗണനാ അപകട സ്ഥലങ്ങളുടെ താൽക്കാലിക പട്ടികയും തയ്യാറാക്കിയിട്ടുണ്ട്. കേരളത്തിലെ ദേശീയ പാതകളിൽ 227 മുൻഗണനാ അപകട സ്ഥലങ്ങളും തുടർന്ന് സംസ്ഥാന പാതകളിൽ 84 അപകട സ്ഥലങ്ങളും മറ്റ് റോഡുകളിൽ 63 മുൻഗണനാ അപകട സ്ഥലങ്ങളും കണ്ടെത്തിയിട്ടുണ്ട്.

**പട്ടിക 11.1.5** വിവിധ തരം റോഡുകളിലെ അപകട സ്ഥലങ്ങൾ

| റോഡിന്റെ തരം | മുൻഗണന അപകട സ്ഥലങ്ങളുടെ എണ്ണം | | | ആകെ അപകട സ്ഥലങ്ങൾ |
|---|---|---|---|---|
| | വിഭാഗം I | വിഭാഗം II | വിഭാഗം III | |
| ദേശീയ പാത | 339 | 363 | 584 | 1286 |
| സംസ്ഥാന പാത | 153 | 350 | 959 | 1462 |
| മറ്റ് റോഡുകൾ | 114 | 323 | 1407 | 1844 |
| ആകെ | 606 | 1036 | 2950 | 4592 |

അവലംബം: നാറ്റ്പാക്

### റോഡ് മെച്ചപ്പെടുത്തലുകൾ

ദേശീയ പാത അതോറിറ്റിക്കുവേണ്ടി (എൻ.എച്ച്.എ.ഐ) ദേശീയ–സംസ്ഥാന പാതകൾ, പ്രധാന ജില്ലാ റോഡുകൾ (എം.ഡി.ആർ.) എന്നിവയ്ക്കുവേണ്ടിയുള്ള നയരൂപീകരണം, ആസൂത്രണം, ഡിസൈൻ, നിർമ്മാണം, അറ്റകുറ്റപ്പണികൾ തുടങ്ങിയവ നടത്തുന്നതിനുള്ള പ്രാഥമിക ഉത്തരവാദിത്തം സംസ്ഥാന പൊതുമരാമത്ത് വകുപ്പിനുണ്ട്. കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് (കെ.എസ്.ടി,പി.), കേരള റോഡ് ഫണ്ട് ബോർഡ് (കെ.ആർ.എഫ്.ബി.), റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്(ആർ.ബി.ഡി.സി.കെ.), റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് (ആർ.ഐ.സി.കെ) എന്നിവയും സംസ്ഥാനത്തെ റോഡ് പദ്ധതികൾ നടപ്പിലാക്കുന്നതിൽ പങ്കാളികളാണ്.

കേന്ദ്ര ധനസഹായമാണ് ദേശീയപാത അറ്റകുറ്റപണികൾക്കുള്ള പ്രധാന സാമ്പത്തിക സ്രോതസ്സ്.സെൻട്രൽ റോഡ് ആൻഡ് ഇൻഫ്രാസ്ട്രക്ചർ ഫണ്ട് (സി.ആർ.ഐ.എഫ്) സംസ്ഥാനങ്ങളുടെ/കേന്ദ്ര ഭരണ പ്രദേശങ്ങളുടെ ഭൂപ്രദേശത്തെ അടിസ്ഥാനമാക്കി 30:70 അനുപാതത്തിൽ ഫണ്ട് അനുവദിക്കുന്നു. സി. ആർ.ഐ.എഫ്–ന് കീഴിൽ, സംസ്ഥാന സർക്കാരുമായി ഏകോപിച്ച് ഏറ്റെടുക്കേണ്ട പദ്ധതികളുടെ പട്ടികയ്ക്ക് റോഡ്–ദേശീയപാത മന്ത്രാലയം അംഗീകാരം നൽകുന്നു, അതിനുശേഷം സാങ്കേതിക അനുമതിയും സാമ്പത്തിക അനുമതിയും സംസ്ഥാന സർക്കാർ നൽകേണ്ടതാണ്. സംസ്ഥാന സർക്കാർ സെൻട്രൽ റോഡ് ഫണ്ട് ജോലികൾക്കായി വരുന്ന ചെലവ് മുൻകൂറായി മുടക്കുകയും പിന്നീട് ഈ തുക ഗതാഗത മന്ത്രാലയം മടക്കി നൽകുകയുമാണ് സാധാരണയായി ചെയ്തു വരുന്നത്. സി.ആർ.ഐ.എഫ് ജോലികളുടെ (സംസ്ഥാന പാതകൾ) സ്ഥിതി **അനുബന്ധം 11.1.13**–ൽ നൽകിയിരിക്കുന്നു.

ദേശീയപാതയെ ഗതാഗതയോഗ്യമായ അവസ്ഥയിൽ നിലനിർത്തുന്നതിന്, സംസ്ഥാനത്തിന്റെ പദ്ധതി–പദ്ധതിയേതര ഫണ്ടുകൾ വിനിയോഗിച്ചുകൊണ്ട് സംസ്ഥാന സർക്കാരും റോഡ് അറ്റകുറ്റപ്പണികളും മെച്ചപ്പെടുത്തൽ ജോലികളും ചെയ്യുന്നുണ്ട്. നഗര പ്രദേശങ്ങളെ ദേശീയ പാതകളുമായി ബന്ധിപ്പിക്കുന്ന റോഡുകളുടെയും, ദേശീയപാത ബൈ പാസ് റോഡുകളുടെയും മെച്ചപ്പെടുത്തൽ പ്രവൃത്തികളും അറ്റകുറ്റപ്പണികളും സംസ്ഥാന ദേശീയ പാത വിഭാഗമാണ് നിർവഹിക്കുന്നത്. സംസ്ഥാനത്ത് അനിവാര്യമായ പതിവ് അറ്റകുറ്റപ്പണികൾ, ദേശീയ പാതകളിലെ ഗതാഗത സുരക്ഷാ ജോലികൾ, ജംഗ്ഷൻ മെച്ചപ്പെടുത്തൽ പ്രവൃത്തികൾ, ബൈപാസ് പ്രവൃത്തികൾ എന്നിവ കേരള ബജറ്റ് വിഹിതം ഉപയോഗിച്ചാണ് നടത്തുന്നത്.

സംസ്ഥാന പാതകളുടെയും(എസ്.എച്ച്) പ്രധാന ജില്ല റോഡുകളുടെയും (എം.ഡി.ആർ.) ദീർഘിപ്പിക്കൽ പ്രവൃത്തികൾ 2021–22 കാലയളവിൽ നടത്തിയിട്ടില്ല. എന്നാൽ റോഡ് മെച്ചപ്പെടുത്തൽ, നിലവിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾ, ജ്യാമിതീയ മെച്ചപ്പെടുത്തൽ, ജംഗ്ഷൻ മെച്ചപ്പെടുത്തൽ, മറ്റ് സാങ്കേതിക തിരുത്തലുകൾ എന്നിവ പരിഹരിക്കുന്നതിനായി റിലേയിംഗ്, നവീകരണം തുടങ്ങിയവ പ്രസ്തുത കാലയളിവിൽ നടത്തപ്പെട്ട പ്രധാന പ്രവൃത്തികളാണ്. 2020–21 ൽ, വിവിധ പദ്ധതികൾക്ക് കീഴിൽ 3,873.167 കിലോമീറ്റർ ബിറ്റുമെൻ മക്കാഡവും ബിറ്റുമെൻ കോൺക്രീറ്റും (ബിഎം, ബിസി) ഉൾപ്പെടെ മൊത്തം 6,437.761 കിലോമീറ്റർ റോഡുകളുടെ വികസനവും മെച്ചപ്പെടുത്തലും നടത്തി. ഇതിൽ 207.573 കി.മീ സംസ്ഥാനപാതകളും (118.336 കി.മീ.–ബി.എം.,ബി.സി.) 6,230.188 കി.മീ. പ്രധാന ജില്ലാ റോഡു (3,754.831 കി.മീ ബി.എം./ബി.സി.)കളുമാണ്.

വിവിധ ജില്ലകളിലായി 2020–21 കാലയളവിൽ വകുപ്പ് നടപ്പിലാക്കിയ മറ്റു പ്രവൃത്തികളിൽ 16 കി.മീ. പരിധിയിൽ എടുത്ത ട്രാഫിക് സുരക്ഷാ നടപടികൾ, 27 റോഡ് നിർമ്മാണ പ്രവൃത്തികൾ കൂടാതെ സി.ആർ.ഐ.എഫ് പദ്ധതിക്ക് കീഴിൽ പൂർത്തികരിച്ച 2 പാലങ്ങളുടെ പ്രവൃത്തികൾ, മലപ്പുറത്ത് ദേശീയപാത ബൈ–ലൈൻ നിർമ്മാണം (2 കി.മീ) ആറ്റിങ്ങൽ പട്ടണം മെച്ചപ്പെടുത്തൽ പദ്ധതിയുടെ അവസാനഘട്ട പ്രവൃത്തികൾ എന്നിവ ഉൾപ്പെടുന്നു. പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉപയോഗിച്ച് 512 കിലോമീറ്ററും നാച്ചുറൽ റബ്ബർ മോഡിഫൈഡ് ബിറ്റുമെൻ (എൻ.ആ.എം.ബി) ഉപയോഗിച്ച് 2672 കിലോമീറ്റർ ദൈർഘ്യ ത്തിലും റോഡ് നിർമ്മിക്കുന്നതിൽ വകുപ്പ് വിജയിച്ചു. കൂടാതെ റോഡിന്റെ സ്ഥിരതയ്ക്കായി 50.4 കിലോ മീറ്ററിൽ ജിയോ ടെക്സ്റ്റൈൽസ് ഉപയോഗിക്കുകയും ആലപ്പുഴ നഗര പാത വികസന പദ്ധതിയ്ക്ക് കീഴിൽ റോഡുകളിൽ വൈറ്റ് ടോപ്പിംഗ് പൂർത്തിയാക്കുകയും ചെയ്തു.

2019 ജൂലൈ മുതൽ റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം (ആർ.എം.എം.എസ്) നടപ്പിലാക്കുന്നതിനവശ്യമായ വിവരശേഖരണം റോഡ് മെയിന്റനൻസ് വിഭാഗം നടത്തിവരുന്നു. മെച്ചപ്പെട്ടതും ഉപയോക്തൃ സൗഹൃദവുമായ ഒരു വെബ് അധിഷ്ഠിത റോഡ് വിവര സംവിധാനം സ്ഥാപിക്കുക എന്നതാണ് ആർ.എം.എം.എസ്–ന്റെ അത്യന്തികമായ ലക്ഷ്യം. അറ്റ കുറ്റപണികൾക്കായി ലഭ്യമായതും പരിമിതവുമായ വിഭവങ്ങളുടെ പരമാവധി വിനിയോഗം, റോഡ് അറ്റകുറ്റപ്പണികളുടെ ചിട്ടയായ സമീപനവും ആസൂത്രണവും, ശരിയായതും സമയോചിതവുമായ റോഡ് അറ്റകുറ്റപ്പണിയിലൂടെ മുഴുവൻ ഗതാഗത ചെലവുകൾ കുറക്കുകയും ചെയ്യുക എന്നതാണ് ആർ.എം.എം.എസ്–ന്റെ മറ്റൊരു ലക്ഷ്യം.സാമ്പത്തിക പ്രാധാന്യം, സാമ്പത്തിക വളർച്ചാ കേന്ദ്രങ്ങൾ, തന്ത്രപ്രധാനമായ ഇടനാഴികൾ, ഗതാഗതത്തിന്റെ വ്യാപ്തി, വാണിജ്യ വാഹനങ്ങളുടെ വിഹിതം, പൊതുഗതാഗത റൂട്ടുകൾ, ദുരന്ത നിവാരണ–കാലാവസ്ഥാ പ്രതിരോധ സംവിധാനങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയാണ് കോർ റോഡ് നെറ്റ്‌വർക്കുകൾക്ക് (സിആർഎൻ) മുൻഗണന നൽകുന്നത്. എല്ലാ സംസ്ഥാന പാതകളും ചില എംഡിആറുകൾ ഉൾപ്പെടെ 7,000 കിലോമീറ്റർ പിഡബ്ല്യുഡി റോഡുകൾ കോർ റോഡ് നെറ്റ്‌വർക്കുകൾക്കായി (സിആർഎൻ) സർക്കാർ നീക്കിവച്ചിട്ടുണ്ട്. ഇതിൽ 4,000 കിലോമീറ്റർ റോഡുകൾ പൂർണമായും ആർ.എം.എം.എസ് നടപ്പിലാക്കുന്നതിനുള്ള പൈലറ്റ് പ്രോജക്റ്റായി തിരഞ്ഞെടുത്തിട്ടുള്ളതാണ്, ഇത് 2021 ഡിസംബറോടെ പൂർത്തിയാവും. ബാക്കിയുള്ള 3,000 കിലോമീറ്റർ സി.ആർ.എൻ–നു വേണ്ട വിവരശേഖരണം പുരോഗമിക്കുകയാണ്, സാമ്പത്തിക വർഷാന്ത്യത്തോടുകൂടി ഇത് പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു.

**ബോക്സ് 11.1.1** പഴയ വാഹനങ്ങളുടെ പൊളിക്കൽ നയം

ഇന്ത്യൻ റോഡുകളിൽ നിന്നും പഴയ വാഹനങ്ങൾ ഒഴിവാക്കുന്നതിനുള്ള സർക്കാർ ധനസഹായ പരിപാടിയാണ് വാഹന സ്ക്രാപ്പേജ് നയം. മലിനീകരണം കുറയ്ക്കാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും പുതിയ വാഹനങ്ങളുടെ ആവശ്യം വർദ്ധിപ്പിക്കാനും ഈ നയം സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു. പുതിയ നയം അനുസരിച്ച്, 15 വർഷത്തിന് കൂടുതൽ പഴക്കമുള്ള വാണിജ്യ വാഹനങ്ങളും 20 വർഷത്തിന് മുകളിൽ പഴക്കമുള്ള പാസഞ്ചർ വാഹനങ്ങളും ഫിറ്റ്നസ്, എമിഷൻ ടെസ്റ്റുകളിൽ വിജയിച്ചില്ലെങ്കിൽ നിർബന്ധമായും പൊളിക്കേണ്ടതായിവരും. 15–20 വർഷത്തിലേറെ പഴക്കമുള്ള കാറുകളും വാണിജ്യ വാഹനങ്ങളും ഘട്ടംഘട്ടമായി നിർത്തലാക്കാനും നഗര മലിനീകരണത്തിന്റെ തോത് കുറയ്ക്കാനും വാഹന വിൽപ്പന വർദ്ധിപ്പിക്കുന്നതിനുമായാണ് ഈ ആശയം നടപ്പിലാക്കുന്നത്. ഇതിനു പുറമേ, വാഹന സ്ക്രാപ്പേജ് നയം യഥാർത്ഥ ഉപകരണ നിർമ്മാതാക്കൾക്ക് (ഒ.ഇ.എം–കൾ) അവരുടെ ഉൽപ്പന്നങ്ങളുടെ ചോദനം വർദ്ധിപ്പിക്കുന്നതിനുള്ള ഉത്തേജക പാക്കേജിന്റെ ഭാഗമാണെന്നും കരുതപ്പെടുന്നു.

**പഴയ വാഹനങ്ങൾ ഒഴിവാക്കുന്നതിനും പുതിയവ വാങ്ങുന്നതിനുമുള്ള പ്രോത്സാഹനങ്ങൾ:**
- വാഹന നിർമ്മാതാക്കൾക്ക് പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് 5 ശതമാനം വരെ കിഴിവ് നൽകാം
- പുതിയ രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുകയില്ല.
- പുതിയ വാഹനങ്ങളുടെ എക്സ്–ഷോറൂം വിലയുടെ 4–6 ശതമാനത്തിന് തുല്യമായ അളവിൽ സ്ക്രാപ്പ് മൂല്യം ലഭ്യമാക്കൽസം
- സ്ഥാനങ്ങൾക്ക് ആവശ്യമെങ്കിൽ വ്യക്തിഗത വാഹനങ്ങൾക്കും വാണിജ്യ വാഹനങ്ങൾക്കും യഥാക്രമം 25 ശതമാനവും 15 ശതമാനവും റോഡ് നികുതിയിൽ ഇളവ് നൽകാം.
- കുറഞ്ഞ അറ്റകുറ്റപ്പണി ചെലവ്, ഇന്ധനത്തിൽ നിന്നുള്ള സമ്പാദ്യം

**പ്രയോജനങ്ങൾ:**
പഴയ വാഹനങ്ങളുടെ പൊളിക്കൽ നയം താഴെപ്പറയുന്ന നേട്ടങ്ങൾക്ക് കാരണമാകുമെന്ന് റോഡ് ഗതാഗത –ദേശീയപാത മന്ത്രാലയം പറയുന്നു:
- ഇന്ത്യൻ ഓട്ടോമൊബൈൽ വ്യവസായം നിലവിലെ 4.5 ലക്ഷം കോടി വിറ്റുവരവിൽ നിന്ന് 10.00 ലക്ഷം കോടി രൂപയായി ഉയർത്തികൊണ്ട് വരും വർഷങ്ങളിൽ 30 ശതമാനത്തിന്റെ വർദ്ധനവ്.
- നിലവിലെ വിറ്റ് വരവിൽ 1.45 ലക്ഷം കോടി രൂപയുടെ കയറ്റുമതി ഘടകം ഉണ്ടായിരുന്നത് 3.00 ലക്ഷം കോടി രൂപയായി വർധിപ്പിക്കാൻ സാധിക്കും.
- ഉരുക്ക്, പ്ലാസ്റ്റിക്, റബ്ബർ, അലുമിനിയം തുടങ്ങിയ പാഴ് വസ്തുക്കളുടെ ലഭ്യത വർദ്ധിക്കും. ഓട്ടോമൊബൈൽ പാർട്സ് നിർമ്മാണത്തിൽ ഇവയുടെ ഉപയോഗം വഴി ചെലവ് 30–40 ശതമാനം വരെ കുറയ്ക്കാൻ സാധിക്കും.
- ഹരിത ഇന്ധനത്തെയും വൈദ്യുതിയെയും പ്രോത്സാഹിപ്പിക്കുന്നത് കൂടാതെ മികച്ച മൈലേജുള്ള സാങ്കേതികവിദ്യകളോടുകൂടിയ വാഹനങ്ങളെ പ്രോത്സാഹിപ്പിക്കാൻ സാധിക്കും.
- പത്ത് ലക്ഷം കോടി വരുന്ന ഇന്ത്യുടെ ഭീമമായ ക്രൂഡ് ഓയിൽ ഇറക്കുമതി ബാധ്യത കുറയ്ക്കാൻ സഹായിക്കും.
- ₹10,000 കോടിയുടെ പുതിയ നിക്ഷേപങ്ങൾ ആകർഷിക്കുകയും മുപ്പത്തി അയ്യായിരത്തോളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സഹായിക്കും

**വെല്ലുവിളികൾ**
നിർദ്ദിഷ്ട നയം വിജയിക്കുന്നതിന്, രാജ്യത്തുടനീളം ടെസ്റ്റിംഗ്, സ്ക്രാപ്പിംഗ് സെന്ററുകൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ വേഗത്തിൽ നിർമ്മിക്കുക എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട ചുവട് വയ്പ്. അനുബന്ധ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം സ്ക്രാപ്പേജ് നയം നടപ്പാക്കുന്നതിൽ ഒരു വെല്ലുവിളി സൃഷ്ടിക്കും. നിലവിൽ, ഇന്ത്യയിൽ ഏഴ് ഓട്ടോമേറ്റഡ് ഫിറ്റ്നസ് ടെസ്റ്റ് സെന്ററുകളും രണ്ട് അംഗീകൃത സ്ക്രാപ്പേജ് സെന്ററുകളും മാത്രമേയുള്ളൂ, ഇത് വിപണിയെ തൃപ്തിപ്പെടുത്താൻ അപര്യാപ്തമാണ്. കൂടാതെ, വാഹനങ്ങളുടെ രജിസ്ട്രേഷൻ റദ്ദാക്കുന്നതിനുള്ള നടപടികളും ലളിതമാക്കേണ്ടതുണ്ട്. നിലവിൽ, പഴയ വാഹനങ്ങൾ വിൽക്കാനോ സ്ക്രാപ്പ് ചെയ്യാനോ ആഗ്രഹിക്കുന്ന മിക്ക ഉടമകൾക്കും വാഹനങ്ങളുടെ രജിസ്ട്രേഷൻ റദ്ദാക്കുന്നത് പ്രയാസകരമായ ഒരു അനുഭവമാണ്, പഴയ വാഹനങ്ങൾ ഉപേക്ഷിക്കാൻ താൽപ്പര്യമുള്ള പലരെയും ഇത് നിരുത്സാഹപ്പെടുത്തുന്നു.
എന്നിരുന്നാലും, ഈ വെല്ലുവിളി മറികടക്കാൻ, രാജ്യത്തുടനീളമുള്ള വാഹന പരിശോധന, സ്ക്രാപ്പേജ് സെന്ററുകളുടെ അടിസ്ഥാന സൗകര്യം ഒരുക്കൽ എന്നിവയുമായി ബന്ധപ്പെട്ട് സർക്കാരുമായി സഹകരിച്ച് പ്രവർത്തിക്കുമെന്ന് സൊസൈറ്റി ഓഫ് ഇന്ത്യൻ ഓട്ടോമൊബൈൽ മാനുഫാക്ചേഴ്സ് (സിയാം) പ്രസ്താവിച്ചിട്ടുണ്ട്.

അവലംബം : ഹൈവേ, റോഡ് ഗതാഗത മന്ത്രാലയം, ഭാരത സർക്കാർ.

കേരളത്തിലെ തിരഞ്ഞെടുത്ത റോഡുകൾക്കായി 5/7 വർഷത്തേക്ക് ഔട്ട്പുട്ട് ആൻഡ് പെർഫോമൻസ് ബേസ്ഡ് റോഡ് മെയിന്റനൻസ് കരാർ (ഒ.പി.ബി.ആർ.സി) നടപ്പിലാക്കുന്നതിനുള്ള വിവരശേഖരണവും 2019–20 ൽ ആരംഭിച്ചു.28.72 കോടി രൂപയുടെ 2 പാക്കേജുകളിലായി ഒപിബിആർസി നടപ്പാക്കുന്നത് ഉടൻ ആരംഭിക്കും. മറ്റ് 2 പാക്കേജുകൾ ടെൻഡർ ഘട്ടത്തിലാണ്. രണ്ട് പദ്ധതികളും (ഒ.പി.ബി.ആർ.സി, ആർ.എം.എം.എസ്) ലോകബാങ്കിന്റെ സാമ്പത്തിക സഹായത്തോടെ കെഎസ്ടിപി മുഖേനയാണ് നടപ്പിലാക്കുന്നത്.

### തീരദേശ ഹൈവേ

സംസ്ഥാനത്തെ ഏറ്റവും മനോഹരമായ തീരപ്രദേശത്ത് കേരള സർക്കാർ വിഭാവനം ചെയ്യുന്ന ഒരു അഭിമാനകരമായ പദ്ധതിയാണ് തിരുവനന്തപുരം മുതൽ കാസർകോഡ് വരെയുള്ള തീരദേശ ഹൈവേ. തെക്ക് കേരള–തമിഴ്നാട് അതിർത്തിയിലെ കൊല്ലങ്കോട് നിന്ന് ആരംഭിച്ച് വടക്ക് കാസർകോഡ് ജില്ലയിലെ കുഞ്ചത്തൂരിൽ അവസാനിക്കുന്നതും നിലവിലെ എൻഎച്ച് 66 ന് സമാന്തരവുമായു തീരദേശ ഹൈവേ, കിഫ്ബി സാമ്പത്തിക സഹായത്തോടെ 6,500 കോടി രൂപ

ചെലവിൽ 655 കിലോമീറ്റർ ദൈർഘ്യത്തിൽ നിർമ്മിക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇത് ദേശീയപാതയിലെ ഗതാഗതക്കുരുക്ക് കുറയ്ക്കുന്നതിനും വല്ലാർപാടത്തെ അന്താരാഷ്ട്ര കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലിൽ നിന്നും വിഴിഞ്ഞത്തെ നിർദ്ദിഷ്ട ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലിൽ നിന്നുള്ള കണ്ടെയ്നർ നീക്കത്തിന് സഹായകരമാവും. 9 ജില്ലകളിലൂടെ കടന്ന് പോകുന്ന തീരദേശ ഹൈവേ ചെറുകിട തുറമുഖങ്ങളെ കൂടാതെ വല്ലാർപാടം, കൊല്ലം, വിഴിഞ്ഞം എന്നീ പ്രദേശങ്ങളെയും ബന്ധിപ്പിക്കും. കിഫ്ബി അംഗീകരിച്ച തീരദേശ ഹൈവേ സ്ട്രെച്ചുകൾ **അനുബന്ധം 11.1.14**–ൽ നൽകിയിരിക്കുന്നു.

### മലയോര ഹൈവേ

കേരളത്തിലെ ഏറ്റവും നീളം കൂടിയ സംസ്ഥാന പാതയായി സംസ്ഥാന ഹൈവേ 59 (എസ്.എച്ച്. 59) ആലപ്പുഴ ഒഴികെ കേരളത്തിലെ എല്ലാ ജില്ലകളെയും ബന്ധിപ്പിച്ചും കാസർഗോഡിലെ നന്ദാരപടവിൽ നിന്ന് തിരുവനന്തപുരം ജില്ലയിലെ പാറശാല വരെ വ്യാപിച്ചുകിടക്കുന്നു. ഇതിനെ ഹിൽ ഹൈവേ അഥവാ മലയോര ഹൈവേ ആയി കേരള സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. നിലവിലുള്ള ശൃംഖല മികച്ച രീതിയിൽ നവീകരിക്കുകയോ മെച്ചപ്പെടുത്തുകയോ ചെയ്തുകൊണ്ട് മലയോര മേഖലകളിലൂടെ ഏറെ ആവശ്യമുള്ള വടക്ക്–തെക്ക് ഇടനാഴികളുടെ വികസനമാണ് നിർദ്ദിഷ്ട മലയോര ഹൈവേ വിഭാവനം ചെയ്യുന്നത്. സർക്കാർ അംഗീകരിച്ച അലൈൻമെൻറ് അടിസ്ഥാനത്തിൽ മലയോര ഹൈവേയുടെ ആകെ നീളം 1332.16 കിലോമീറ്ററാണ്. കേരളത്തിലെ സുഗന്ധവ്യഞ്ജനങ്ങളുടെയും മറ്റ് ഹൈറേഞ്ച് ഉൽപ്പന്നങ്ങളുടെയും വ്യാപാരത്തിലും കൃഷിയിലും ഏർപ്പെട്ടിരിക്കുന്ന മിക്കവാറും എല്ലാ നഗരങ്ങളെയും ബന്ധിപ്പിക്കുന്നതിനാൽ നിർദ്ദിഷ്ട ഹിൽ ഹൈവേയെ "കേരള സ്പൈസസ് റൂട്ട്" എന്നും വിളിക്കുന്നു. ഹൈറേഞ്ചുകളിലെ വ്യാപാരം വർദ്ധിപ്പിക്കുക, സുഗന്ധവ്യഞ്ജനങ്ങൾ, കാർഷിക ഉൽപന്നങ്ങൾ എന്നിവയുടെ സുഗമമായ സഞ്ചാരം ഉറപ്പാക്കുക അതുപോലെ കേരളത്തിലെ പ്രധാന മധ്യ പാതയിലെ ഗതാഗത തീവ്രത കുറയ്ക്കുകയും ചെയ്യുക എന്നതാണ് ഇത്തരമൊരു ഹൈവേ രൂപീകരിക്കുന്നതിന്റെ ലക്ഷ്യം. കൂടാതെ, മലയോര മേഖലകളിൽ ആവശ്യത്തിന് ഒഴിഞ്ഞുകിടക്കുന്ന ഭൂമിയുള്ളതിനാൽ മലയോര ഹൈവേ ബന്ധിപ്പിക്കുന്ന സ്ഥലങ്ങളെ വ്യാവസായിക മേഖല/ഐടി ഹബ്ബുകളായി വികസിപ്പിക്കാൻ സഹായിക്കും. കെ.ആർ.എഫ്ബിയെ പ്രത്യേക ഉദ്ദേശ സ്ഥാപനമായി(എസ്.പി.വി) നിയമിച്ചിട്ടുണ്ട്. ഇതുവരെ 21 പ്രദേശങ്ങൾക്കായി 1,734.14 കോടി രൂപയുടെ പ്രവൃത്തികൾ അനുവദിച്ചിട്ടുണ്ട്. 521.79 കിലോമീറ്ററാണ് അനുവദിച്ച ആകെ നീളം. 2 റീച്ചുകളുടെ പണി പൂർത്തിയാക്കി മറ്റുള്ളവ പുരോഗമിക്കുകയാണ്. കിഫ്ബി അംഗീകരിച്ച ഹിൽ ഹൈവേ സ്ട്രെച്ചുകൾ **അനുബന്ധം 11.1.15**–ൽ നൽകിയിരിക്കുന്നു.

### കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്റ്റ് (കെ.എസ്.ടി.പി):

**കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്റ്റ് (കെ.എസ്.ടി.പി):** ലോകബാങ്ക് സഹായത്തോടെയുള്ള പദ്ധതിയാണ് കേരള സംസ്ഥാന ഗതാഗത പദ്ധതി (കെ.എസ്.ടി.പി–II). ലോകബാങ്ക് 2,403 കോടി രൂപ (US$445 ദശലക്ഷം) പദ്ധതിക്ക് അനുവദിച്ചിട്ടുണ്ട്. നിർദിഷ്ട ഇനങ്ങളിൽ (ഭൂമി ഏറ്റെടുക്കലും പ്രവർത്തനച്ചെലവും ഒഴികെ) ലോക ബാങ്കും കേരള സർക്കാരും തമ്മിലുള്ള സാമ്പത്തിക ഇടപാടിന്റെ അനുപാതം 56:44 ആണ്. യഥാർത്ഥ വായ്പാ തിരിച്ചടവ് തീയതി 2019 എപ്രിൽ ആയിരുന്നുവെങ്കിലും ഇത് 2021 ഏപ്രിൽ വരെ നീട്ടി.363 കിലോമീറ്റർ റോഡ് സെക്ഷനിലെ ഗതാഗത നിലവാരം മെച്ചപ്പെടുത്തുകയാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതിക്ക് മൂന്ന് ഘടകങ്ങളാണുള്ളത് (എ) 363 കിലോമീറ്റർ റോഡിന്റെ നവീകരണം, (ബി) റോഡ് സുരക്ഷാ മാനേജ്മെന്റ്, കൂടാതെ, (സി) സ്ഥാപനപരമായ ശക്തിപ്പെടുത്തൽ.എട്ട് ജില്ലകളിലെ 87 വില്ലേജുകളിലൂടെയാണ് നവീകരണത്തിനായി കണ്ടെത്തിയ റോഡുകൾ കടന്നുപോകുന്നത്. 80 കിലോമീറ്റർ ദൈർഘ്യമുള്ള ഒരു ഡെമോൺസ്ട്രേഷൻ സുരക്ഷിത ഇടനാഴിയുടെ വികസനം, കേരള റോഡ് സുരക്ഷാ അതോറിറ്റി, പിഡബ്ല്യുഡി റോഡ് സുരക്ഷാ സെൽ, കമ്മ്യൂണിറ്റി പാർടിസിപ്പേറ്ററി റോഡ്, അസറ്റ് മാനേജ്മെന്റ് പ്രോഗ്രാമുകൾ ഉൾപ്പെടെയുള്ള മറ്റ് സ്ഥാപനങ്ങൾ ശക്തിപ്പെടുത്തൽ, പൊതുവിവരങ്ങളും പരാതി പരിഹാര സെല്ലും ശക്തിപ്പെടുത്തൽ, പൊതു സ്വകാര്യ പങ്കാളിത്തത്തോടെ (പിപിപി) റോഡ് മെച്ചപ്പെടുത്തുന്നതിനുള്ള പൈലറ്റ് പദ്ധതി തുടങ്ങിയ നൂതന ഘടകങ്ങൾ പദ്ധതിയിൽ ഉൾപ്പെടുന്നു.കെഎസ്ടിപി രണ്ടാം ഘട്ട പദ്ധതിയുടെ ഭാഗമായ കുട്ടുപുഴ പാലം എരഞ്ഞോളി പാലം എന്നിവയുടെ അപ്രോച്ച് റോഡും ഒഴികെയുള്ള 11 റീച്ചുകളും പൂർത്തിയായി. വിശദാംശങ്ങൾ **അനുബന്ധം 11.1.16**–ൽ നൽകിയിരിക്കുന്നു..

### ചലഞ്ച് ഫണ്ട് പ്രോഗ്രാം

ലോകബാങ്ക് സഹായത്തോടെയുള്ള കേരള സംസ്ഥാന ഗതാഗത പദ്ധതി യുടെ രണ്ടാംഘട്ട സുരക്ഷാ മാനേജ്മെന്റ് സംരംഭങ്ങൾക്ക് കീഴിലാണ് ചലഞ്ച് ഫണ്ട് പ്രോഗ്രാം വരുന്നത്. പ്രാദേശിക പങ്കാളിത്തത്തിലൂടെ സംസ്ഥാനത്തുടനീളം അഞ്ച് "സുരക്ഷിത ഇടനാഴികൾ/മേഖലകൾ" വികസിപ്പിക്കുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം. പ്രാദേശിക റോഡ് ഉപഭോക്താക്കളുടെ ഗ്രൂപ്പുകൾ, ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾ (ഡിആർഎസ്സി), കേരള റോഡ് സുരക്ഷാ അതോറിറ്റി (കെആർഎസ്എ), പിഡബ്ല്യുഡി, കെഎസ്ടിപി എന്നിവയുടെ സഹകരണത്തോടെ നൂതനമായ റോഡ് സുരക്ഷാ നിർദേശങ്ങൾ ആവിഷ്കരിക്കുക എന്നതാണ് ചലഞ്ച് ഫണ്ട് പരിപാടികൊണ്ട് ഉദ്ദേശിക്കുന്നത്. വളരെ ദുർബലരായ (കാൽനടയാത്രക്കാർ, സൈക്കിൾ യാത്രക്കാർ, മോട്ടോർ സൈക്കിൾ യാത്രക്കാർ)റോഡ് ഉപയോക്താക്കളുടെ സുരക്ഷ മുൻനിർത്തി ഉയർന്ന അപകടസാധ്യതയുള്ള സ്ഥലങ്ങളെ കണ്ടെത്തി ഒഴിവാക്കുന്നതിനും ചലഞ്ച് ഫണ്ട് ലക്ഷ്യമിടുന്നു. അപകട ചരിത്രം, സമീപനത്തിലെ നൂതനത, പ്രാദേശിക പങ്കാളിത്തത്തിന്റെയും പ്രതിബദ്ധതയുടെയും വ്യാപ്തി എന്നിവയാണ് ഫണ്ട് വിനിയോഗത്തിന്റെ മാനദണ്ഡങ്ങൾ. ചലഞ്ച് ഫണ്ടിന് കീഴിൽ പുരോഗമിക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ **അനുബന്ധം 11.1.17**–ൽ നൽകിയിരിക്കുന്നു.

**റീ–ബിൽഡ് കേരള:** റീ–ബിൽഡ് കേരള (ആർ.കെ.ഐ) പദ്ധതിയുടെ ഭാഗമായി, ലോക ബാങ്ക്, ജർമ്മൻ ബാങ്ക് എന്നീ സ്ഥാപനങ്ങളുടെ സാമ്പത്തിക സഹകരണത്തോടെ(യഥാക്രമം 1200, 1800 കോടി രൂപ) 2018–ലെ വെള്ളപ്പൊക്കത്തിലും ഉരുൾപൊട്ടലിലും തകർന്ന റോഡുകളുടെ പുനർനിർമ്മാണവും പുനരുദ്ധാരണ

വും കെ.എസ്.ടി.പി ഏറ്റെടുത്തു.വികസന നയ വായ്പയിൻ കീഴിൽ ലോകബാങ്ക് 100 ശതമാനം സഹായവും ജർമ്മൻ ബാങ്ക് (കെഎഫ്ഡബ്ല്യു) മതിപ്പുചെലവിന്റെ 70 ശതമാനം വായ്പാ സഹായവും നൽകും. വെള്ളപ്പൊക്ക ത്തിന്റെ ആഘാതവും സാമൂഹിക–സാമ്പത്തിക വികസ നത്തിൽ റോഡിന്റെ പ്രാധാന്യവും അടിസ്ഥാനമാക്കി 59 റോഡുകൾ പദ്ധതിക്ക് കീഴിൽ ഏറ്റെടുത്തു. തിരഞ്ഞെടുത്ത റോഡുകളുടെ ഡിപിആർ തയ്യാറാക്കൽ പൂർത്തിയാക്കി കരാർ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുള്ള ലേല നടപടി കൾ ആരംഭിച്ചു. ലോകബാങ്ക് ധനസഹായം നൽകുന്ന പദ്ധതികൾ എൻജിനീയറിങ്, സംഭരണം, നിർമ്മാണം (ഇപിസി) രീതിയിലും ജർമൻ ബാങ്കിന്റേത് നിരക്ക് കരാറിനു കീഴിലുമാണ് നടപ്പിലാക്കുന്നത്.

### നഗര പാതകളുടെ മെച്ചപ്പെടുത്തൽ

2001–ലെ കേരള റോഡ് ഫണ്ട് ആക്റ്റ് (കെ.ആർ.എഫ് ആക്റ്റ്) പ്രകാരം സംസ്ഥാന സർക്കാരിന് കീഴിൽ സ്ഥാപി തമായ ഒരു സ്ഥാപനമാണ് കേരള റോഡ് ഫണ്ട് ബോർഡ് (കെ.ആർ.എഫ്.ബി). പൊതു സ്വകാര്യ പങ്കാളിത്തത്തോടെ യുള്ള നഗര പാതകളുടെ മെച്ചപ്പെടുത്തൽ പദ്ധതി (പി.പി.പി) കളാണ് പ്രധാനമായും കേരള റോഡ് ഫണ്ട് ബോർഡ് നടപ്പിലാക്കുന്നത്. ഡിസൈൻ, നിർമ്മാണം, ധനകാര്യം, ഓപ്പറേറ്റ് ആൻഡ് ട്രാൻസ്ഫർ (DBFOT) ആന്വിറ്റി രീതിയിൽ നഗര മെച്ചപ്പെടുത്തലുകൾ കെ.ആർ. എഫ്.ബി നടത്തി. തിരുവനന്തപുരം നഗരത്തിൽ 16 സ്ട്രെച്ചുകളിലെ 42.069 കിലോമീറ്റർ റോഡുകൾ പൂർത്തീകരിച്ചു, ഇപ്പോൾ പദ്ധതി അതിന്റെ പ്രവർത്തന–പരിപാലന ഘട്ടത്തിലാണ്.

211.00 കോടി രൂപ ചെലവിൽ 6 ഇടനാഴികളിലായി 22.251 കിലോമീറ്റർ റോഡ് വികസനം ഉൾപ്പെട്ട കോഴിക്കോട് സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് ഒന്നാം ഘട്ടം (എ) കെ.ആർ.എഫ്.ബി പൂർത്തിയാക്കി. മാനാഞ്ചിറ–വെള്ളിമാട്ടുകുന്ന് റോഡിന്റെ (ഘട്ടം I–B) സ്ഥലമെടുപ്പ് പ്രവൃത്തികൾക്കായി 344.50 കോടി രൂപ അനുവദിച്ചിരുന്നു. നിലവിൽ ഈ പ്രവൃത്തി പുരോഗമിക്കു ന്നു. 29.24 കിലോമീറ്റർ ദൈർഘ്യത്തിൽ 10 റോഡുകൾ വികസിപ്പിക്കുന്നതിനുള്ള കോഴിക്കോട് സിറ്റി റോഡ് മെച്ചപ്പെടുത്തൽ പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്ത നങ്ങൾക്കും കെ.ആർ.എഫ്.ബി തുടക്കം കുറിക്കുകയും സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തു.

കണ്ണൂർ നഗരവികസന പദ്ധതിയിൽ 11 ഇടനാഴികളിലായി സ്ഥലം ഏറ്റെടുക്കൽ ചെലവ് ഒഴികെ 401.467 കോടി രൂപ മതിപ്പ് ചെലവിൽ 44.065 കി.മീ.,ഉൾപ്പെടുന്നു. 337.648 കോടി രൂപ ചെലവിൽ 26 ഹെക്ടർ ഭൂമി ഏറ്റെടുക്കലാണ് പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നത്. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിച്ചതോടെ 11 ഇടനാഴികളിൽ 7 എണ്ണം ഒന്നാം ഘട്ടമായി ഏറ്റെടുക്കാൻ കെ.ആർ.എഫ്. ബി തീരുമാനിച്ചു.ആലപ്പുഴ, തൃശ്ശൂർ, കൊല്ലം, കോട്ടയം, മലപ്പുറം നഗരങ്ങളിലും കെആർഎഫ്ബി പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. സാധാരണ പൊതു സ്വകാര്യ പങ്കാളിത്ത സംരംഭങ്ങൾക്ക് പുറമേ, അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യംവച്ചുകൊണ്ടുള്ള സുസ്ഥിര–ആസൂത്രിത പരിശ്രമത്തിന് കീഴിലെ (എസ്.പി.ഇ.ഇ.ഐ.ഡി) 4 പദ്ധതികൾക്കും ജില്ലാ മുൻനിര ഇൻഫ്രാസ്ട്രക്ചർ പ്രോജക്റ്റിലെ (ഡി.എഫ്.ഐ .പി) 5 പദ്ധതികൾക്കും കെആർഎഫ്ബി ധനസഹായം നൽകുന്നു. കിഫ്ബി നിയമ ഭേദഗതിക്ക് ശേഷം, കിഫ്ബി ധനസഹായമുള്ള പദ്ധതികൾക്ക് കെആർഎഫ്ബി യെ പ്രത്യേക ഉദ്ദേശ്യ സ്ഥാപനമായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

തിരഞ്ഞെടുത്ത സംസ്ഥാന പാതകളുടെയും എംഡി ആറുകളുടെയും വികസനം ലക്ഷ്യമിട്ടുള്ള സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്റ്റ് (എസ്.ആർ.ഐ.പി) നടപ്പിലാ ക്കുന്നതിന് കെആർഎഫ്ബിയുടെ കീഴിൽ സംസ്ഥാന സർക്കാർ ഒരു പ്രത്യേക ഉദ്ദേശ്യ സ്ഥാപനമായി (എസ്.പി.വി) റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് (റിക്ക്)–നെ നിയമിച്ചിട്ടുണ്ട്. പൊതു സ്വകാര്യ പങ്കാളിത്ത ആന്വിറ്റി മോഡിനും ബഹുമുഖ ഫണ്ടിംഗ് ഏജൻസികളിൽ നിന്നുള്ള ധനസഹായത്തോടെയു ള്ള നവീകരണം എന്നിങ്ങനെ രണ്ട് പാക്കേജുകളാണ് എസ്.ആർ.ഐ.പി–പുനരധിവാസത്തിന് കീഴിലുള്ളത്. തിരുവനന്തപുരം, കോട്ടയം, കാസർകോട് ജില്ലകളിൽ എ,ബി എന്നീ രണ്ട് പാക്കേജുകളിലായി 83 കിലോമീറ്റർ റോഡ് നവീകരിക്കാനാണ് പുനരധിവാസ പാക്കേജിൽ ഉദ്ദേശിക്കുന്നത്. ഉപ്പള–കണിയാന റോഡ് (9.4 കി.മീ), വിദ്യാനഗർ–സീതാംഗോളി റോഡ് (15.6 കി.മീ), കാഞ്ഞി രപ്പള്ളി– കാഞ്ഞിരംകവല റോഡ് (36.10 കി.മീ), വെള്ള നാട്–ചെറ്റച്ചൽ റോഡ് (21.90 കി.മീ), കരമന –വെള്ളട റോഡ് (35.5 കിലോമീറ്റർ)ഭൂമി ഏറ്റെടുക്കൽ എന്നിവയാണ് റിക്ക് ഏറ്റെടുത്തിരിക്കുന്നത്.ഭൂമി, റോഡ് നിർമ്മാണം, റെയിൽവേ മേൽപ്പാലങ്ങൾ,ടോൾ പിരിവ് അവകാശങ്ങൾ, ഇടപെടൽ, വിശദ പദ്ധതി രേഖ (ഡി.പി.ആർ.) തയ്യാറാക്കൽ, സ്ഥാവര–ജംഗമ സ്വത്തുക്കളും ആസ്തികളും കൈകാര്യം ചെയ്യൽ, തുടങ്ങിയ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് ആർ.ബി.ഡി.സി. കെ) എന്നൊരു കമ്പനി സംസ്ഥാന പിഡബ്ല്യുഡിയുടെ കീഴിൽ രൂപീകരിച്ചിട്ടുണ്ട്.

**സ്മാർട്ട് സിറ്റി പദ്ധതികൾ:** തിരുവനന്തപുരം സ്മാർട്ട് സിറ്റി പദ്ധതിക്ക് കീഴിൽ 54 കിലോമീറ്റർ റോഡ് സ്മാർട്ട് റോഡുകളായി വികസിപ്പിക്കുന്നതിന് കണ്ടെത്തിയിട്ടുണ്ട്. വിശദമായ സ്ട്രിപ്പ് പ്ലാനുകൾ, ജംഗ്ഷൻ ഡിസൈനു കൾ, സൈക്കിൾ ട്രാക്ക്, ഫുട്പാത്ത് ഡിസൈൻ എന്നിവ ഉപയോഗിച്ച് നിലവിലുള്ള റോഡിന് ഓവർലേ ഡിസൈൻ നൽകുക എന്നതാണ് സ്മാർട്ട് റോഡ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഈ പദ്ധതിക്ക് കീഴിൽ റോഡ് രൂപകൽപന, റോഡ് അടയാളപ്പെടുത്തൽ തുടങ്ങിയവ ചെയ്തുവരുന്നു.

### റോഡ് മേഖലയിലെ ഗവേഷണവും വികസനവും

റോഡ് സംവിധാനം നവീകരിക്കുന്നതുമായി ബന്ധപ്പെട്ട പൊതുവായ വെല്ലുവിളികളെ അഭിമുഖീകരിക്കുന്നതിനും, മിതവ്യയത്തിലൂടെ അടിസ്ഥാന സൗകര്യങ്ങളുടെ സാങ്കേതിക നിലവാരം ഉയർത്തുന്നതിനുമുള്ള നൂതന മാതൃകകളും സാങ്കേതിക വിദ്യകളും വികസിപ്പിക്കുന്നതിൽ ഗവേഷണ വികസന പ്രവർത്തനങ്ങൾ ഒരു പ്രധാന പങ്ക് വഹിക്കുന്നു. ഡിസൈൻ, റിസർച്ച്, ഇൻവെസ്റ്റിഗേഷൻസ് ആൻഡ് ക്വാളിറ്റി കൺട്രോൾ ബോർഡ് (ഡി.ആർ.ഐ .ക്യു ബോർഡ്), കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

(കെ.എച്ച്.ആർ.ഐ), നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിംഗ് ആൻഡ് റിസർച്ച് സെന്റർ (നാറ്റ്പാക്) എന്നിവയാണ് നിലവിൽ റോഡ് ഗതാഗത മേഖലയുടെ ഗവേഷണത്തിലും വികസനത്തിലും ഏർപ്പെട്ടിരിക്കുന്ന ഗവേഷണ സ്ഥാപനങ്ങൾ.

കേരള ദേശീയപാത ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് (കെഎച്ച്ആർഐ), കേരളത്തിലെ റോഡ് മേഖലയെ നവീകരിക്കുന്നതിന് വേണ്ടിയുള്ള ഒരു ഉപദേശക സമിതി/ബുദ്ധി കേന്ദ്രമായാണ് വിഭാവനം ചെയ്തിരിക്കുന്നത്. റോഡ് അസറ്റ് മാനേജ്മെന്റ്, റോഡ് സുരക്ഷാ മാനേജ്മെന്റ്, ഗുണനിലവാരം ഉറപ്പാക്കൽ,കരാർ മാനേജ്മെന്റ്, തദ്ദേശീയ ഗവേഷണ–വികസനപ്രവർത്തനങ്ങളുടെ പ്രോത്സാഹനം,ഡിസൈൻ/കൺസ്ട്രക്ഷൻ പ്രാക്ടീസ് എന്നി നൂതന തത്വങ്ങളിൽ കെ.എച്ച്.ആർ.ഐ. ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നു.

കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി ആൻഡ് എൻവയോൺമെന്റിന്റെ (കെ.എസ്.സി.എസ.ടി.ഇ.)കീഴിൽ ഗതാഗത മേഖലയിലും അനുബന്ധ മേഖലകളിലുമുള്ള വികസന, ഗവേഷണ, വിപുലീകരണ പ്രവർത്തനങ്ങൾ നടത്തുന്ന ദേശീയ കേന്ദ്രമാണ് നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിംഗ് ആൻഡ് റിസർച്ച് സെന്റർ (നാറ്റ്പാക്). ഗതാഗതം, ട്രാഫിക് മാനേജ്മെന്റ്, റോഡ് സുരക്ഷ തുടങ്ങിയ എല്ലാ മേഖലകളിലും പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും സർക്കാരിനും മേഖലയിലെ വിവിധ ഉപയോക്തൃ ഏജൻസികൾക്കും കൺസൾട്ടൻസി സേവനങ്ങൾ നൽകുന്നതിനും നാറ്റ്പാക് ശ്രദ്ധ കേന്ദ്രീകരിക്കുന്നു. റോഡ് സുരക്ഷ, ട്രാഫിക് എഞ്ചിനീയറിംഗ്, പരിസ്ഥിതി പ്രശ്നങ്ങൾ, നയങ്ങളും പരിപാടികളും, നഗര ഗതാഗതം, പൊതുഗതാഗത പ്രശ്നങ്ങൾ, ടൂറിസം, ഉൾനാടൻ ജലഗതാഗതം തുടങ്ങിയ മേഖലകളിലാണ് നാറ്റ്പാക്–ന്റെ സേവനം ലഭ്യമാവുന്നത്. കേരളത്തിലെ അപകട സ്ഥലങ്ങൾ തിരിച്ചറിയുകയും മുൻഗണന നൽകുകയും ചെയ്യുക, അഡാപ്റ്റീവ് ട്രാഫിക് സിഗ്നൽ സംവിധാനത്തിലൂടെ റോഡ് സുരക്ഷ വർദ്ധിപ്പിക്കുക, മോഡൽ റോഡ് സുരക്ഷാ ഇടനാഴികളുടെ രൂപകല്പന, പ്രധാന അപകട സ്ഥലങ്ങളുടെ അന്വേഷണവും, അവയുടെ കാരണ വിശകലനവും ലഘൂകരണവും തുടങ്ങിയവയാണ് സമീപ വർഷങ്ങളിൽ ഈ ഗവേഷണ സ്ഥാപനം നൽകി വന്ന ചില പ്രധാന സേവനങ്ങൾ.

ഘടനാപരമായ ഡിസൈൻ, ഫീൽഡ് ഇൻവെസ്റ്റിഗേഷൻ, പ്രോജക്ട് തയ്യാറാക്കൽ, ഗുണനിലവാര നിയന്ത്രണ പ്രവർത്തനങ്ങൾ എന്നീ സേവനങ്ങൾ നൽകുന്ന സ്ഥാപനമാണ് ഡിസൈൻ, റിസർച്ച്, ഇൻവെസ്റ്റിഗേഷൻസ് ആൻഡ് ക്വാളിറ്റി കൺട്രോൾ ബോർഡ് (ഡി.ആർ.ഐ.ക്യു ബോർഡ്). പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവയുടെ ഘടനാപരമായ ഡിസൈൻ, റോഡുകളുടെ വിശദപദ്ധതി രേഖ (ഡി.പി.ആർ) തയ്യാറാക്കൽ, പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതികളുടെ ഗുണനിലവാര നിയന്ത്രണം, പി.ഡബ്ല്യൂ.ഡി ഉദ്യോഗസ്ഥർക്കായുള്ള പരിശീലനം, ഗവേഷണം എന്നിവ പിഡബ്ല്യൂഡിയുടെ ഡിസൈൻ വിഭാഗം ഏറ്റെടുക്കുന്നു. 2020–21–ൽ, പാണത്തുതാഴത്ത് (കോഴിക്കോട്) മിനി ബൈപാസിന് കുറുകെയുള്ള ഫ്ളൈഓവർ (395 മീ), തീരദേശ ഹൈവേയിലെ കോട്ടക്കൽ മണൽത്തീരത്തുള്ള (കോഴിക്കോട്) പാലത്തിന്റെ (537.5 മീ) ഫ്ളൈ ഓവർ എന്നിവയുടെ ഡിസൈൻ/ഡിപിആർ തയ്യാറാക്കൽ, ഔട്ട്പുട്ട്, പെർഫോമൻസ് അടിസ്ഥാനമാക്കിയുള്ള 5 പദ്ധതികളുടെ റോഡ് കരാർ (ഒപിബിആർസി) തുടങ്ങിയ 10 പദ്ധതികൾ കോഴിക്കോട് സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടിൽ (കെസിആർഐപി) ഡി.ആർ.ഐ.ക്യു ബോർഡ് ഏറ്റെടുത്ത പരിപാടികളാണ്.

## റോഡ് സുരക്ഷാ നടപടികൾ

അപകടങ്ങൾ കുറയ്ക്കുന്നതിനും റോഡ് സുരക്ഷ ഉറപ്പാക്കുന്നതിനും സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും മോട്ടോർ വാഹന നികുതി പിരിവ് വർധിപ്പിക്കുന്നതിനുമായി മോട്ടോർ വാഹന നിയമവും ചട്ടങ്ങളും ഫലപ്രദമായി നടപ്പിലാക്കാൻ മോട്ടോർ വാഹന വകുപ്പ് ലക്ഷ്യമിടുന്നു.റോഡ് സുരക്ഷാ നടപടികൾ, വാഹന പരിശോധനാ സ്റ്റേഷനുകൾ സ്ഥാപിക്കൽ, ചെക്ക് പോസ്റ്റുകളുടെ നവീകരണം എന്നിവയാണ് മോട്ടോർ വാഹന വകുപ്പ് നടപ്പാക്കുന്ന പ്രധാന പദ്ധതികൾ. റഡാർ നിരീക്ഷണ സംവിധാനത്തിന് കീഴിൽ, വേഗത, ചുവന്ന ലൈറ്റ് ലംഘന ഡിറ്റക്ഷൻ ക്യാമറകളുടെ സഹായത്തോടെ, ഇതുവരെ 28, 33,817 കുറ്റകൃത്യങ്ങൾ രേഖപ്പെടുത്തുകയും വകുപ്പിന്റെ പേയ്മെന്റ് സേവന മൊഡ്യൂൾ (പിഎസ്എം) പ്രകാരം ₹85.43 കോടിരൂപ പിഴയിനത്തിൽ പിരിച്ചെടുക്കുകയും ചെയ്തു.മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിനുള്ള ബജറ്റ് വിഹിതം പ്രധാനമായും അഡ്മിനിസ്ട്രേറ്റീവ്, ഗവേണൻസ്, റെഗുലേറ്ററി ഇൻഫ്രാസ്ട്രക്ചർ, റോഡ് സുരക്ഷാ സംരംഭങ്ങൾ, മാനവ വിഭവശേഷി വികസനം എന്നിവയ്ക്കാണ് ഉപയോഗിക്കുന്നത്.

2021–22 കാലയളവിൽ വകുപ്പ് സംസ്ഥാനത്ത് 7 പുതിയ സബ് ആർ.ടി ഓഫീസുകൾ തുറന്നു. എൻഫോഴ്സ്മെന്റിനായി അനെർട്ടിൽ നിന്ന് 65 ഇലക്ട്രിക് വാഹനങ്ങൾ ഡ്രൈ ലീസിൽ ഡിപ്പാർട്ട്മെന്റ് വാടകയ്ക്കെടുത്തു, എൻ.ഐ.സിയുടെ സഹായത്തോടെ ഓൺലൈൻ വാഹന മലിനീകരണ പരിശോധന സംവിധാനം നടപ്പിലാക്കി, ദ്വിഭാഷാ വെബ്സൈറ്റ് ആരംഭിച്ചു, ഇ–ചലാൻ സംവിധാനം നടപ്പിലാക്കി, ഓൺലൈൻ ലേണേഴ്സ് ഡ്രൈവിംഗ് ലൈസൻസ് അപേക്ഷയും ഓൺലൈൻ ഡ്രൈവിംഗ് ലൈസൻസുമായി ബന്ധപ്പെട്ട സേവനങ്ങളും നടപ്പാക്കി, എറണാകുളത്ത് വയർലെസ് കമ്മ്യൂണിക്കേഷനും അനുബന്ധ ഇൻഫ്രാസ്ട്രക്ചർ നെറ്റ്വർക്ക് പദ്ധതിയും പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കി, ഓക്സിജൻ വാഹനങ്ങളെ തത്സമയം നിരീക്ഷിക്കുന്നതിനായി വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് ഉപകരണ സംവിധാനം നടപ്പാക്കുകയും അതുവഴി മുഴുവൻ സമയവും ഓക്സിജൻ ലഭ്യത ഉറപ്പാക്കുനതിനുള്ള സംവിധാനം പ്രാപ്തമാകുകയും ചെയ്തു. ലോക്ക് ഡൗൺ ദിവസങ്ങൾക്ക് ശേഷം വിദ്യാഭ്യാസ സ്ഥാപന ബസുകളുടെ (ഇഐബി) റോഡ് യോഗ്യത കണ്ടെത്തുന്നതിനായി "വിദ്യാവാഹൻ"പദ്ധതി നടപ്പാക്കി.കൂടാതെ ഇഐബികളുടെ ഡ്രൈവർമാർക്കായി റോഡ് സുരക്ഷാ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചു. 151.562 കിലോമീറ്റർ റോഡ് സുരക്ഷാ ജോലികളുടെ ഭാഗമായി സൈൻ ബോർഡുകൾ, റോഡ് അടയാളപ്പെടുത്തൽ, ഹാൻഡ് റെയിലുകൾ, നിരീക്ഷണ ക്യാമറകൾ, റിഫ്ളക്ടറുകൾ, മോഡുലാർ ബമ്പുകൾ, ക്രാഷ് ബാരിയറുകൾ സ്ഥാപിക്കൽ എന്നിവ പൂർത്തിയാക്കി.

## കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (കെ.എസ്.ആർ.ടി.സി.)

കേരളത്തിലെ റോഡ് ഗതാഗത മേഖലയിൽ സ്വകാര്യ സേവന ദാതാക്കൾക്കാണ് ആധിപത്യമുള്ളത്. റോഡ് മാർഗമുള്ള ചരക്ക് നീക്ക സേവനങ്ങൾ പൂർണ്ണമായും സ്വകാര്യ ഉടമസ്ഥതയിലാണ് പ്രവർത്തിക്കുന്നത്. യാത്രാ സേവനങ്ങൾ നടത്തുന്ന സംസ്ഥാനത്തെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമാണ് കെ.എസ്.ആർ.ടി.സി. അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമാക്കിക്കൊണ്ടുള്ള മാറ്റത്തിന്റെ പാതയിലാണ് ഇപ്പോൾ ഈ സ്ഥാപനം. കെ.എസ്.ആർ.ടി.സി വർക്ക് ഷോപ്പുകളുടെ നവീകരണവും സമ്പൂർണ്ണ കംപ്യൂട്ടർവൽക്കരണവും (ചീഫ് ഓഫീസിലും ഉൾപ്പെടുന്ന മൂന്ന് സോണൽ ഓഫീസുകളിൽ ഇ–ഓഫീസ് നടപ്പാക്കുന്നത്) ഇതിന്റെ ഭാഗമാണ്. ഡീസൽ ബസുകളെ സിഎൻജി/എൽഎൻജി ആക്കി മാറ്റുന്നതിനും അടുത്ത അഞ്ച് വർഷത്തിനുള്ളിൽ പുതിയ ഇലക്ട്രിക് ബസുകൾ വാങ്ങുന്നതിനുമുള്ള പദ്ധതികൾ നിർദേശിച്ചിട്ടുണ്ട്. ആദ്യ ഘട്ടത്തിൽ 1,000 ബസുകളും പിന്നീട് ബാക്കിയുള്ള 2,000 ബസുകളും ഘട്ടം ഘട്ടമായി സിഎൻജിയിലേയ്ക്ക് മാറ്റും. ഇത് അന്തരീക്ഷ മലിനീകരണം കുറയ്ക്കുന്നതോടൊപ്പം ഇന്ധന ഉപഭോഗം 30 ശതമാനം വരെ കുറയ്ക്കുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു.

പ്രവർത്തനേതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നൂതന പദ്ധതികളും കോർപറേഷൻ ആസൂത്രണം ചെയ്തുവരുന്നു. അന്തരീക്ഷ മലിനീകരണം കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ തിരുവനന്തപുരം നഗരത്തിൽ ഡീസൽ–ഇതര ബസുകൾ സർവീസ് നടത്താനും സർക്കാർ ആലോചിക്കുന്നുണ്ട്. പൊതുഗതാഗതം കൂടുതൽ മെച്ചപ്പെടുതന്നതിനുള്ള പ്രാരംഭ നടപടിയെന്ന നിലയിൽ, കെഎസ്ആർടിസി ബസുകളെയും തുടർന്ന് സ്വകാര്യ ബസുകളെയും പരിഷ്കരിച്ച് തിരുവനന്തപുരം നഗരത്തെ ഗ്രീൻ സിറ്റിയാക്കി. മാറ്റുക യെന്ന ലക്ഷ്യം കൈവരിക്കനാകുമെന്ന് പ്രതീക്ഷിക്കുന്നു. ഫ്ലീറ്റ് നവീകരണത്തിന്റെ ഭാഗമായി, കെ.എസ്.ആർ.ടി.സി അതിന്റെ ഡീലർമാരിൽ നിന്ന് വെറ്റ് ലീസ് അടിസ്ഥാനത്തിൽ സ്കാനിയ പോലുള്ള മൾട്ടി ആക്സിൽ ബസുകൾ നിരത്തിലിറക്കുകയും അന്തർ സംസ്ഥാന റൂട്ടുകളിൽ സർവീസ് നടത്തുകയും ചെയ്തുവരുന്നു. 2021 ൽ 9 സ്കാനിയയും 8 ഇലക്ട്രിക് ബസുകളും ഉൾപ്പെടെ 17 ബസുകളാണ് വെറ്റ് ലീസ് അടിസ്ഥാനത്തിൽ ഏർപ്പെടുത്തിയത്. കെഎസ്ആർടിസിയുടെ ഫ്ലീറ്റ് വിനിയോഗം 33.59 ശതമാനം മാത്രമാണ്. കെഎസ്ആർടിസിയുടെ ഉടമസ്ഥതയിലുള്ള ബസുകളുടെ എണ്ണം **അനുബന്ധം 11.1.18**–ലും കെഎസ്ആർടിസിയുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ കാലപ്പഴക്കം തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 11.1.19**–ലും കെഎസ്ആർടിസിയുടെ പ്രധാന ആന്തരിക സൂചകങ്ങൾ **അനുബന്ധം 11.1.20**–ലും നൽകിയിട്ടുണ്ട്.

**കേരളാ അർബൻ റോഡ് ട്രാൻസ്പോർട്ട്** കോർപ്പറേഷൻ (കെ.യു.ആർ.ടി.സി.) സംസ്ഥാനത്തെ നഗര പൊതുഗതാഗത സംവിധാനം മെച്ചപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ രൂപീകരിച്ചിട്ടുള്ളതാണ്. 2008–ൽ, ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷന്റെ (ജെ.എൻ.എൻ.യു.ആർ.എം) കീഴിൽ നഗര ഗതാഗതം നമ്മുടെ രാജ്യത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ വികസനത്തിന്റെ പ്രധാന ചാലകശക്തിയായി വർത്തിക്കുമെന്നും ജനങ്ങളുടെ യാത്ര ആവശ്യങ്ങൾ നിറവേറ്റാൻ ഉതകുമെന്നുമുള്ള ആശയത്തോടെ നഗര ബസുകൾക്ക് ധനസഹായം നൽകുന്നതിനുള്ള പദ്ധതി ഭാരത സർക്കാർ ആവിഷ്കരിച്ചു. ജെ.എൻ.എൻ.യു.ആർ.എം പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ തിരുവനന്തപുരം, എറണാകുളം കോർപ്പറേഷനുകളെയാണ് നഗര ഗതാഗത സംവിധാനം നടപ്പിലാക്കാനായി തെരഞ്ഞെടുത്തത്. പദ്ധതി പ്രകാരം 320 ബസുകൾ (80 എ.സി ബസുകളും 240 നോൺ–എ.സി ബസുകളും) ഈ നഗരങ്ങളിലേക്ക് അനുവദിച്ചിട്ടുണ്ട്. ഇതിൽ 50 എ.സി ലോ–ഫ്ലോർ,120 നോൺ–എസി ബസുകൾ എറണാകുളത്തും 30 എ.സി ബസുകളും 120 നോൺ എസി ബസുകൾ തിരുവനന്തപുരത്തുമാണ് സർവീസ് നടത്തുന്നത്. പദ്ധതിയുടെ ഫണ്ടിംഗ് ഘടന കേന്ദ്ര–സംസ്ഥാന സർക്കാരും കെ.എസ്.ആർ.ടി.സിയും യഥാക്രമം 80:10:10 എന്ന അനുപാതത്തിലാണ് ചിലവിടുന്നത്. കെ.യു.ആർ. ടി.സി–യുടെ പ്രവർത്തനക്ഷമത **അനുബന്ധം 11.1.21**–ൽ നൽകിയിരിക്കുന്നു.

കെഎസ്ആർടിസിയുടെ പ്രകടന സൂചകങ്ങൾ കാണിക്കുന്നത് കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള 50 ശതമാനത്തിലധികം ബസുകളും പത്തോ അതിലധികമോ വർഷത്തെ പഴക്കമുള്ളവയാണ് (5,483 ബസുകളിൽ 2,998). ശരാശരി 1842 ഫ്ലീറ്റുകൾ പ്രവർത്തിക്കുന്നുണ്ട്, ഇവയുടെ ശരാശരി പഴക്കം 9.07 വർഷമാണ്. 2020–21 വർഷത്തെ കണക്കുകൾപ്രകാരം കെഎസ്ആർടിസിയിൽ 28,089 ജീവനക്കാരാണുള്ളത്. ഒരു ബസിലെ ഡ്രൈവർ–കണ്ടക്ടർ അനുപാതം 1.8 ആണ്. മിനിസ്റ്റീരിയൽ മെക്കാനിക്കൽ–ജീവനക്കാർ തമ്മിലുള്ള അനുപാതം യഥാക്രമം 0.25 ഉം 0.4 ഉം ആണ്. 2020–21 കാലയളവിൽ യാത്രക്കാർ/ബസ്/മാസം അനനുപാതം ശരാശരി 67 മാത്രമാണ്, ഇത് മുൻ വർഷങ്ങളെ അപേക്ഷിച്ച് നോക്കുമ്പോൾ കുത്തനെ ഇടിവാണ് കാണിക്കുന്നത് (2019–20 ൽ 603 & 2018–19 ൽ 612). കൊവിഡ്–19 പകർച്ചവ്യാധി ഏറ്റവും കൂടുതൽ ബാധിച്ച മേഖലകളാണ് ഓട്ടോമൊബൈൽ വ്യവസായവും ഗതാഗതവും. വൈറസിന്റെ വ്യാപനത്തിന്റെ അനന്തര ഫലമായി രാജ്യവ്യാപകമായി ലോക്ക്ഡൗൺ നിലവിൽ വന്നത് സംസ്ഥാന ഗതാഗതത്തെ അപകടത്തിലാക്കി, മുൻ വർഷങ്ങളെ അപേക്ഷിച്ച് യാത്രക്കാരുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടായി. 2019–20ൽ ഒരു വാഹനത്തിന് പ്രതിദിനം ലഭിക്കുന്ന ശരാശരി വരുമാനം ₹13,521ൽ നിന്ന് 2020–21ൽ ₹9,265 ആയി കുറഞ്ഞു. ഓർഡിനറി, സിറ്റി ബസുകൾക്ക് കിലോമീറ്ററിന് 70 പൈസ മുതൽ ഹൈടെക് വോൾവോ ബസുകൾക്ക് 145 പൈസ വരെയാണ് കെഎസ്ആർടിസി ഈടാക്കുന്നത്. കെഎസ്ആർടിസിയുടെ പ്രവർത്തന കാര്യക്ഷമതയും ജില്ല തിരിച്ചുള്ള പ്രവർത്തന സ്ഥിതി വിവരക്കണക്കുകളും കാണിക്കുന്ന പ്രധാന സൂചകങ്ങൾ **അനുബന്ധം 11.1.22, അനുബന്ധം 11.1.23** എന്നിവയിൽ നൽകിയിരിക്കുന്നു. കെഎസ്ആർടിസിയുടെ നിരക്ക് ഘടന **അനുബന്ധം 11.1.24** ലും നൽകിയിരിക്കുന്നു.

കൊവിഡ്–19 കെഎസ്ആർടിസിയുടെ വരുമാനത്തെ സാരമായി ബാധിച്ചു. കെഎസ്ആർടിസിയുടെ മൊത്ത വരുമാനം 2019–20ൽ 2,245.60 കോടി രൂപയിൽ നിന്ന് 2020–21ൽ 628.62 കോടി രൂപയായി കുറഞ്ഞു. 2019–20 ലെ 3,449.66 കോടി രൂപയുമായി താരതമ്യം ചെയ്യുമ്പോൾ

2020–21 ലെ മൊത്ത റവന്യൂ ചെലവ് 1,546.20 കോടി രൂപയാണ്, 2019–20 ലെ 143.89 കോടി രൂപയെ അപേക്ഷിച്ച് 2020–21 കാലയളവിലെ പ്രവർത്തന നഷ്ടം 174.56 കോടി രൂപയാണ്. കോവിഡിന് മുമ്പുള്ള ദിവസങ്ങളിൽ, കെഎസ്ആർടിസിയുടെ ശരാശരി പ്രതിദിന വരുമാനം ഏകദേശം 6.30 കോടി രൂപയും ശരാശരി പ്രതിമാസ വരുമാനം ഏകദേശം 190.00 കോടി രൂപയുമാണ്. കോവിഡ്–19 മഹാമാരിയുടെ ഒന്നാം തരംഗവും തുടർന്ന് 2020 മാർച്ച് മുതൽ ലോക്ക് ഡൗണും കാരണം സ്ഥിതി കൂടുതൽ വഷളായി. 2020 ജൂണിൽ KSRTC യുടെ പ്രതിമാസ വരുമാനം 3.00 കോടി രൂപയായി കുറഞ്ഞു. 2021 മെയ്, ജൂൺ മാസങ്ങളിലെ പ്രതിമാസ വരുമാനവും കുത്തനെ കുറഞ്ഞു. 2021 മെയ് 8 മുതൽ 2021 ജൂൺ 16 വരെ നിലനിന്ന സംസ്ഥാനവ്യാപക ലോക്ക് ഡൗൺ കാലയളവിൽ ഇത് യഥാക്രമം 8.47 കോടി രൂപയായും 21.19 കോടി രൂപയുമാണ്.

സമ്പദ്‌വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കാൻ, ബസ് ഓൺ ഡിമാൻഡ് (ബോണ്ട്), ലോജിസ്റ്റിക്സ്, ഷോപ്പ് ഓൺ വീൽസ്, താമസസൗകര്യമുള്ള ബസ്(മൂന്നാർ),ബസ് സർവീസുകൾ യുക്തി സഹമാക്കൽ തുടങ്ങിയ പുതിയ പദ്ധതികൾ കെഎസ്ആർടിസി അവതരിപ്പിച്ചു. ഇതിന്റെ ഫലമായി വരുമാനത്തിലും പ്രതിദിന വരുമാനത്തിലും നേരിയ വർധനയുണ്ടായി. 2021 മാർച്ചിൽ പ്രതിദിനം 3.86 കോടി രൂപയുടെ വരുമാന വർധനവുണ്ടായി. കോവിഡ് –19 ന്റെ രണ്ടാം തരംഗത്തെ തുടർന്നുള്ള പ്രതിസന്ധി മറികടക്കാൻ, കെഎസ്ആർടിസി ലൂബ് ഷോപ്പ്, ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ, ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ എന്നിവയുമായി സഹകരിച്ച് റീട്ടെയിൽ ഇന്ധനം നിറയ്ക്കൽ സ്റ്റേഷനുകൾ, തുടങ്ങി ടിക്കറ്റ് ഇതര വരുമാനം വർധിപ്പിക്കുന്നതിനായി നൂതന പദ്ധതികൾ അവതരിപ്പിച്ചു. എന്നിരുന്നാലും, വർഷങ്ങളായി, പ്രവർത്തനച്ചെലവിലെ വർദ്ധനവ്, പെൻഷൻ ബാധ്യത വർദ്ധനവ്, പലിശ അടയ്ക്കൽ, സാമ്പത്തികമല്ലാത്ത റൂട്ടുകളിലെ സർവീസ്, യാത്രാ ഇളവുകൾ അനുവദിക്കൽ എന്നിവ കാരണം കോർപ്പറേഷന്റെ നഷ്ടം വർധിപ്പിക്കുന്നതിനാൽ കെഎസ്ആർടിസിയുടെ സാമ്പത്തിക സ്ഥിതി ഇന്ന് തീർത്തും മോശമാണ്. പ്രവർത്തനത്തിലെ കാര്യക്ഷമതയില്ലായ്മ, ഉയർന്ന ബസ്–സ്റ്റാഫ് അനുപാതം,പ്രായോഗികമല്ലാത്ത ഡിപ്പോകൾ എന്നിവ മൂലമുണ്ടാകുന്ന നഷ്ടങ്ങളും കെഎസ്ആർടിസിക്ക് വലിയ വെല്ലുവിളിയാണ് ഉയർത്തുന്നത്.

14–ാം പഞ്ചവത്സര പദ്ധതി കാലയളവിൽ കെഎസ്ആർടിസി അതിന്റെ പ്രവർത്തനങ്ങളിൽ സമൂലമായ മാറ്റത്തിനായി തയ്യാറെടുക്കുകയാണ്. യാത്ര ചെയ്യുന്ന പൊതുജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട സൗകര്യങ്ങൾ നൽകാനും കോർപ്പറേഷന്റെ ലാഭം വർദ്ധിപ്പിക്കാനും ഉദ്ദേശിക്കുന്നു. 100 സൂപ്പർ ക്ലാസ് ബസുകൾ വാങ്ങുന്നതിന് ഭരണാനുമതിയും ബസുകൾ സിഎൻജിയിലേക്ക് മാറ്റുന്നതിനുള്ള ടെൻഡറും നൽകിയിട്ടുണ്ട്. ഇന്റലിജന്റ് ട്രാൻസ്പോർട്ട് മാനേജ്മെന്റ് സിസ്റ്റത്തിന്റെ (ഐടിഎംഎസ്) പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ 300 വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് ഉപകരണങ്ങൾ(വിഎൽടിഡി) സ്ഥാപിക്കുന്ന ജോലി പുരോഗമിക്കുന്നു. സേവന കാര്യങ്ങളുടെ ഓട്ടോമേഷനായി കോർപ്പറേഷൻ ജി–സ്പാർക്ക് സോഫ്റ്റ്‌വെയറിലേക്ക് മാറുകയും കണ്ടക്ടർമാർ, എടിഒമാർ, ഡിടിഒമാർ, കൊമേഴ്സ്യൽ ടീം, എഒമാർ, എടിഒമാർ, പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർ, അസിസ്റ്റന്റമാർ എന്നിവരടക്കം 1,283 ജീവനക്കാർക്ക് പരിശീലനം നൽകുകയും ചെയ്തു.

### സാമ്പത്തിക പ്രകടനം

2020–21, 2021–22 വർഷങ്ങളിലെ ഗതാഗത മേഖലയിലെ ബജറ്റ് വിഹിതവും ചെലവും (2021 സെപ്റ്റംബർ വരെയുള്ള ചെലവ്) **പട്ടിക 11.1.6**–ൽ നൽകിയിരിക്കുന്നു.

### വെല്ലുവിളികൾ

സംസ്ഥാനത്തെ ഒട്ടുമിക്ക റോഡുകളും നിലവിലെ ഗതാഗതത്തിരക്ക് പരിഹരിക്കാൻ പര്യാപ്തമായ വീതിയുള്ളവയല്ല. റോഡുകളുടെ നാലിലൊന്നിന് മാത്രമേ രണ്ടുവരിയോ നാലുവരിയോ ശേഷിയുള്ളൂ. മിക്ക റോഡുകളും ഒറ്റവരിയോ ഇന്റർമീഡിയറ്റ് ലെയ്ൻ ശേഷിയോ മാത്രമുള്ളവയാണ്. ദേശീയ പാതയുടെ കാര്യത്തിൽ, ഏകദേശം 12 ശതമാനം റോഡുകൾക്ക് മാത്രമേ നാല് വരി വീതി ഉള്ളൂ, ബാക്കിയുള്ള റോഡുകൾ രണ്ട് വരികളോ ഇന്റർമീഡിയറ്റ് ലെയ്ൻ ശേഷിയോ ഉള്ളവയാണ്. മൊത്തം റോഡ് ശൃംഖലയുടെ 8 ശതമാനം മാത്രമുള്ള ദേശീയ, സംസ്ഥാന പാതകളാണ് അന്തർ–നഗര, അന്തർ–സംസ്ഥാന ഗതാഗതത്തിന്റെ ഭൂരിഭാഗവും വഹിക്കുന്നത്. ഡിമാൻഡ് സപ്ലൈ വിടവ് കണക്കിലെടുക്കുമ്പോൾ, നിലവിലുള്ള റോഡ് ശൃംഖലയുടെ തരംതിരിക്കൽ വലിയ തോതിൽ ആവശ്യമാണ്. ഗതാഗതക്കുരുക്കും കാലതാമസവും കുറയ്ക്കുക, ലക്ഷ്യസ്ഥാനങ്ങളിലേക്ക് വേഗത്തിലുള്ള യാത്ര, അപകടസാധ്യതകൾ കുറയ്ക്കുക എന്നീ ലക്ഷ്യങ്ങളോടെ നിലവിലുള്ള റോഡ് ശൃംഖല ഗുണപരമായ മാറ്റത്തിന് വിധേയമാക്കേണ്ടതുണ്ട്. ഒട്ടുമിക്ക പി.ഡബ്ല്യു.ഡി. റോഡുകളും വീതികൂട്ടി റോഡ് സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തി നവീകരിക്കേണ്ടത് അനിവാര്യമാണ്.

### മുന്നോട്ടുള്ള വഴി

സംസ്ഥാനത്തെ റോഡ് പ്രവൃത്തികൾക്ക് മുൻഗണന നൽകുന്നതിന് കർമപദ്ധതി തയ്യാറാക്കണം. പ്രൊഫഷണൽ ഡിസൈൻ, മതിയായ ഡ്രെയിനേജ് സൗകര്യങ്ങൾ എന്നിവയ്ക്കൊപ്പം സംസ്ഥാന പാതകളും എം.ഡി.ആറുകളും വീതികൂട്ടുന്നതിന് പ്രത്യേക ഊന്നൽ നൽകണം. നാല് വരി, ഹൈവേകൾ, തീരദേശ ഹൈവേകൾ, ബൈ പാസുകൾ തുടങ്ങിയ പുതിയ റോഡ് വികസന സംരംഭങ്ങൾ 14–ാം പഞ്ചവത്സര പദ്ധതി കാലയളവിൽ പൂർത്തിയാക്കേണ്ടതുണ്ട്.

കൊറോണ രോഗ വ്യപനത്തെ തുടർന്നുണ്ടായ രാജ്യവ്യാപക ലോക്ക്ഡൗൺ ഗതാഗത മേഖലയെ നിശ്ചലമാക്കുകയും ഓപ്പറേറ്റർമാർക്ക് ഇത് വലിയ സാമ്പത്തിക നഷ്ടംവരുത്തുകയും ചെയ്തു. ഇന്ധനവില വർധിപ്പിച്ചതോടെ സ്വകാര്യ ബസുടമകളുടെ സ്ഥിതി കൂടുതൽ വഷളായി. തകർന്ന ഗതാഗത മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനും സ്വകാര്യ കമ്പനികൾക്ക് പിന്തുണ നൽകുന്നതിനുമായി, കെഎസ്ആർടിസിക്കൊപ്പം സ്വകാര്യ ബസ് ഓപ്പറേറ്റർമാരെയും സംസ്ഥാന ഗതാഗത വകുപ്പ് വിഭാവനം ചെയ്ത 'ഗ്രാമവണ്ടി' എന്ന പദ്ധതിയുടെ പരിധിയിൽ കൊണ്ടുവരുന്നത് സാമ്പത്തിക നഷ്ടം നേരിട്ടുകൊണ്ടിരിക്കുന്ന സ്വകാര്യ ബസ് ഓപ്പറേറ്റർമാർക്ക് ആശ്വാസം പകരും. വിദൂര ബന്ധമില്ലാത്ത സ്ഥലങ്ങളിലേക്ക് ബസ് സർവീസ് നടത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കെഎസ്ആർടിസിയും തമ്മിലുള്ള ചെലവ് പങ്കിടൽ മാതൃകയായാണ് ഗ്രാമവണ്ടി വിഭാവനം ചെയ്തിരിക്കുന്നത്.

**പട്ടിക 11.1.6** 2020–21, 2021–22 വർഷങ്ങളിലെ ഗതാഗത മേഖലയിലെ അടങ്കലും ചെലവും (2021 സെപ്റ്റംബർ വരെയുള്ള ചെലവ്), ₹ ലക്ഷം രൂപയിൽ

| ക്രമ നമ്പർ | ഉപ മേഖലകൾ | വാർഷിക പദ്ധതി 2020–21 | | വാർഷിക പദ്ധതി 2021–22 | |
|---|---|---|---|---|---|
| | | ബജറ്റ് വിഹിതം | ചെലവ് (%) | ബജറ്റ് വിഹിതം | 2021 സെപ്റ്റംബർ വരെ യുള്ള ചെലവ് (%) |
| റോഡ് വികസനം | | | | | |
| 1 | പൊതുമരാമത്ത് വകുപ്പ് (റോഡുകളും പാലങ്ങളും) | 100616.00 | 216851.06 (214.04) | 81432.00 | 112640.78 (136.82) |
| 2 | പൊതുമരാമത്ത് വകുപ്പ് (ദേശീയ പാത ) | 9594.00 | 43927.87 (493.76) | 9594.00 | 16556.62 (19037) |
| | ആകെ | 110210.00 | 260778.93 (236.62) | 91,026.00 | 129,197.4 (141.93) |
| റോഡ് ഗതാഗതം | | | | | |
| 1 | കേരള സംസ്ഥാന ഗതാഗത കോർപ്പ റേഷൻ (കെ.എസ്.ആർ.ടി.സി) | 5600 | 100646.62 (1007.37) | 9991.00 | 100.00 (1.00) |
| 2 | മോട്ടോർ വാഹന വകുപ്പ് | 4643 | 1954.49 (50.41) | 3877.00 | 207.55 (5.35) |
| 3 | ശ്രീ ചിത്തിര തിരുനാൾ എഞ്ചിനിയറിം ഗ് കോളേജ് | 0 | 0.00 (0.00) | 900.00 | 0.00 (0.00) |
| | ആകെ | 10243 | 102,601.11 (694.75 | 14768 | 307.55 (2.08) |
| 3 | റോഡ് ഗതാഗതം | 14768.00 | 102601.11 (694.75) | 14768.00 | 307.55 (2.08) |
| 4 | തുറമുഖ വകുപ്പ് | 8013.00 | 12970.45 (101.04) | 8013.00 | 915.01 (11.42) |
| 4 | ഉൾനാടൻ ജല ഗതാഗതം | 11110.00 | 4,769.42 (42.93) | 14610.00 | 4439.37 (30.39) |

അവലംബം: സംസ്ഥാന ബജറ്റ് 2020-21, 2021-22 & പ്ലാൻസ്പെയ്സ്, സംസ്ഥാന ആസൂത്രണ ബോർഡ്.

ജ്യാമിതീയ മെച്ചപ്പെടുത്തൽ, ജംഗ്ഷൻ മെച്ചപ്പെടുത്തൽ, കാൽനട സൗകര്യങ്ങൾ, യൂട്ടിലിറ്റി ഡക്ടുകൾ, സാങ്കേതിക തിരുത്തലുകൾ ഉൾപ്പെടുത്തി റോഡുകൾ പുനർനിർമ്മിക്കൽ, അറ്റകുറ്റപ്പണി കരാറുകളിൽ ഏർപ്പെടൽ എന്നിവയിലൂടെ സംസ്ഥാന പാതകളുടെയും പ്രധാനപ്പെട്ട എംഡിആറുക ളുടെയും സംസ്ഥാനത്തെ നഗര റോഡുകളുടെയും ഭാവി വികസനം ഏറ്റെടുക്കേണ്ടത് ആവശ്യമാണ്. സർവീസ് നിലവാരം മെച്ചപ്പെടുത്താൻ ശ്രദ്ധിക്കേണ്ട മറ്റൊരു പ്രശ്നമാണ് റോഡ് സൈഡ് പാർക്കിംഗ്. ജപ്പാൻ ബാങ്ക് ഫോർ ഇന്റർനാഷണൽ കോഓപ്പറേഷൻ (ജെബിഐസി), വേൾഡ് ബാങ്ക്, ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് (എഡിബി) തുടങ്ങിയ ബഹുമുഖ ഏജൻസികളുടെ സഹാ യത്തിലൂടെ സ്വകാര്യമേഖലയുടെ പങ്കാളിത്തത്തോടുകൂടി വൻകിട പദ്ധതികൾ നടപ്പാക്കുന്നതിന് ഊന്നൽ നൽകി ക്കൊണ്ട് റോഡ് മേഖലയെ നിലവിലെ ആവശ്യങ്ങളിലേക്ക് പുനഃക്രമീകരിക്കേണ്ടതുണ്ട്.

### റെയിൽ ഗതാഗതം

1,045 റൂട്ട് കിലോമീറ്ററും 1,745 കിലോമീറ്റർ റണ്ണിംഗ് ട്രാക്കും 2,087 കിലോമീറ്റർ മൊത്തം ട്രാക്കുകളോടും കൂടിയ ഇന്ത്യൻ റെയിൽവേയുടെ ഭൂപടത്തിൽ കേരളം ഒരു സുപ്രധാന സ്ഥാനം അലങ്കരിക്കുന്നു. ദക്ഷിണ റെയിൽവേയുടെ തി രുവനന്തപുരം, പാലക്കാട് ഡിവിഷനുകളുടെ കീഴിലാണ് സം സ്ഥാനത്തെ റെയിൽവേ സംവിധാനം പ്രവർത്തിക്കുന്നത്. പാലക്കാട് ഡിവിഷന്റെ ആകെ റൂട്ട് ദൈർഘ്യം 577.74 കിലോമീറ്ററാണ്. 99 മെയിൽ/എക്സ്പ്രസ്, 60 പാസഞ്ചർ ട്രെയിനുകളും 64 ചരക്ക് ട്രെയിനുകളും ഇതിലൂടെ ഓടുന്നു. തിരുവനന്തപുരം ഡിവിഷന്റെ ആകെ റൂട്ട് ദൈർഘ്യം 623 കിലോമീറ്ററാണ്, കൂടാതെ പ്രതിദിനം 170 മെയിൽ/ എക്സ്പ്രസ്/പാസഞ്ചർ ട്രെയിനുകളും 8 ഗുഡ്സ് ട്രെയിനു കളും ഓടുന്നു. സംസ്ഥാനത്ത് കൂടെ കടന്ന് പോകുന്ന എല്ലാ റെയിൽവേ ലൈനുകളും ബ്രോഡ് ഗേജാക്കി മാറ്റിയിട്ടുണ്ട്. സംസ്ഥാനത്ത് ഏകദേശം 200 റെയിൽ വേസ്റ്റേഷനുക ൾ (പാലക്കാട് ഡിവിഷനു കീഴിൽ 95, തിരുവനന്തപുരം ഡിവിഷന് കീഴിൽ 105) ഉണ്ട്. തിരുവനന്തപുരം ഡിവിഷൻ 2018–19ൽ 1,197 കിലോമീറ്റർ പാത വൈദ്യുതീകരിക്കുക യും 1,703.67 കോടി രൂപ വരുമാനം നേടുകയും ചെയ്തു. സം സ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ട്രാക്ക് ഇരട്ടിപ്പിക്കൽ, വൈദ്യുതീകരണ പ്രവൃത്തികൾ എന്നിവ പുരോഗമിക്കുന്നു. പുതിയ ചില പാതകളുടെ സാധ്യതാപഠനവും റെയിൽവേ നടത്തുന്നു.

### കേരള റെയിൽ വികസന കോർപ്പറേഷൻ (കെ–റെയിൽ)

കേരള സർക്കാരിന് 51 ശതമാനവും ഭാരത സർക്കാരിന് 49 ശതമാനവും ഇക്വിറ്റി ഷെയറുള്ള ഒരു സംയുക്ത സംരംഭ മാണ് കേരള റെയിൽ വികസന കോർപ്പറേഷൻ അഥവാ കെ–റെയിൽ. ചെലവ് പങ്കിടൽ രീതിയിൽ കേരളത്തിലെ പ്രധാന റെയിൽവേ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ഏറ്റെടുക്കുക എന്ന പ്രത്യേക ലക്ഷ്യത്തോടെ

യാണ് ഇത് രൂപീകരിച്ചത്. 100 കോടി രൂപയുടെ പ്രാരംഭ മൂലധനമുള്ള കമ്പനിക്ക് ഏറ്റെടുക്കേണ്ട പ്രോജക്റ്റുകളുടെ ആവശ്യാനുസരണം ഇത് വർദ്ധിപ്പിക്കാൻ കഴിയും.

കെ-റെയിൽ തലശ്ശേരിക്കും മൈസൂരിനും ഇടയിൽ (മാനന്തവാടി വഴി) നിലമ്പൂരിൽ നിന്ന് നഞ്ചൻഗുഡ് ലേക്കുള്ള ബ്രോഡ് ഗേജ് പാതയുടെ പ്രാഥമിക സർവേ ആരംഭിച്ചു. രണ്ട് ലൈനുകളുടെയും ആവശ്യകതകൾ നിറവേറ്റുന്നതിന് കെ-റെയിൽ പശ്ചിമഘട്ടത്തിന് കുറുകെ ഒരു പൊതു പ്രവേശന കവാടം നിർദ്ദേശിച്ചിട്ടുണ്ട്. തലശ്ശേരി, മൈസൂർ പാതയുടെ കേരളത്തിന്റെ പ്രദേശങ്ങളിലെ സർവേ പൂർത്തിയാക്കി.നിർമാണ ചുമതലയുള്ള കൊങ്കൺ റെയിൽ കോർപറേഷൻ ലിമിറ്റഡ് 200 കിലോമീറ്റർ ഇടനാഴിക്കുള്ള പുതുക്കിയ സാധ്യതാ പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. 13,987 കോടി രൂപയാണ് പദ്ധതിയുടെ ഏകദേശ ചെലവ്. കർണാടകയുടെ അനുമതികൂടി ലഭ്യമാകേണ്ടതുണ്ട്.

വാണിജ്യ വികസന പദ്ധതിയുമായി ബന്ധപ്പെട്ട് എറണാകുളത്ത് പുതിയ ടെർമിനസ് സ്റ്റേഷൻ വികസിപ്പിക്കുന്നതിനുള്ള വിശദ പദ്ധതി രേഖ 2017 ഡിസംബറിൽ റെയിൽവേ ബോർഡിന് അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. നിർദിഷ്ട സിൽവർ ലൈൻ, നിലവിലുള്ള കൊച്ചി മെട്രോ എന്നിവയുമായി സംയോജിപ്പിക്കാനും ലഭ്യമായ ഭൂമി വാണിജ്യാടിസ്ഥാനത്തിൽ പരമാവധി പ്രയോജനപ്പെടുത്തി ഒരു ലോകോത്തര കോച്ചിംഗ് ടെർമിനലായി എറണാകുളം മാർഷലിംഗ് യാർഡ് വികസിപ്പിക്കുന്നതിനുള്ള സാധ്യതാ റിപ്പോർട്ടും കെ-റെയിൽ സമർപ്പിച്ചിട്ടുണ്ട്. ഇതിന് റെയിൽവേ ബോർഡിന്റെ അനുമതി ലഭ്യമാവണം. ഇന്ത്യൻ റെയിൽവേയുടെ 1997-1998 വർക്കിംഗ് പ്രോഗ്രാമിൽ പുതിയതായി ഉൾപ്പെടുത്തിയ അങ്കമാലി-എരുമേലി-ശബരി റെയിൽപാതയ്ക്കും റെയിൽവേ ബോർഡിന്റെ പച്ചക്കൊടി ലഭിക്കേണ്ടതുണ്ട്

**സിൽവർ ലൈൻ (അർദ്ധ അതിവേഗ റെയിൽ)**

കാസർഗോഡിനെയും തിരുവനന്തപുരത്തെയും ബന്ധിപ്പിക്കുന്ന 529.45 കിലോമീറ്റർ ദൈർഘ്യമുള്ള അർദ്ധ അതിവേഗ റെയിൽ ഇടനാഴിയാണ് സിൽവർ ലൈൻ പദ്ധതി. പദ്ധതി സാധ്യമാവുന്നതോടെ മണിക്കൂറിൽ 200 കിലോമീറ്റർ വേഗതയിൽ ട്രെയിനുകൾക്ക് സഞ്ചരിക്കാനാവും. ഇതിന് 1435 എം.എം സ്റ്റാൻഡേർഡ് ഗേജും ഇരട്ട ട്രാക്കും ഉണ്ടാകും. തുടക്കത്തിൽ 9 കോച്ചുകളുള്ള റോളിംഗ് സ്റ്റോക്കാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇത് ക്രമേണ 12 ആയി ഉയർത്തും. സംസ്ഥാനത്തിന്റെ വടക്ക്- തെക്ക് അറ്റങ്ങൾ തമ്മിലുള്ള ഗതാഗതം ഇതുവഴി സുഗമമാവുകയും നിലവിലുള്ള 10-12 മണിക്കൂറിൽ നിന്ന് മൊത്തം യാത്രാ സമയം 4 മണിക്കൂറായി ചുരുങ്ങുകയും ചെയ്യും. 100 ശതമാനം ഹരിത പദ്ധതിയായാണ് സിൽവർ ലൈൻ വിഭാവനം ചെയ്തിട്ടുള്ളത്.

11 ജില്ലകളിലൂടെ കടന്നുപോകുന്ന ഇടനാഴിക്ക് 11 സ്റ്റേഷനുകളുണ്ട്. വിമാനത്താവളങ്ങൾ, ഐടി പാർക്കുകൾ, ആരോഗ്യ കേന്ദ്രങ്ങൾ,സാംസ്കാരിക സ്ഥാപനങ്ങൾ, വാണിജ്യ കേന്ദ്രങ്ങൾ എന്നിവയെ തമ്മിൽ ഇത് ബന്ധിപ്പിക്കും. ഈ സെമി ഹൈ സ്പീഡ് റെയിൽ (എസ്.എച്ച്.എസ്.ആർ) വാഹനങ്ങളെയും ട്രക്കുകളെയും റോഡിൽ നിന്ന് ഒഴിവാക്കുകയും 2028 ഓടെ ഏകദേശം 2,87,994 ടണ്ണും 2051 ഓടെ 5,94,636 ടണ്ണും കാർബൺ ഡൈ ഓക്സൈഡ് പുറന്തള്ളുന്നത് കുറയ്ക്കുകയും ചെയ്യും. ചരക്ക് നീക്കത്തിനുള്ള റോ-റോ സേവനവും യാത്രാന്ത്യ സേവനങ്ങളും അനുബന്ധ സേവനങ്ങളും പദ്ധതിയിൽ നിർദേശിക്കപ്പെട്ടിട്ടുണ്ട്.

പദ്ധതിയുടെ മുൻകൂർ സാധ്യതാ പഠന റിപ്പോർട്ട് കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ-റെയിൽ) തയ്യാറാക്കി. എന്നാൽ റെയിൽവേ ബോർഡ് വിശദ പഠനം നടത്തി റെയിൽവേ പദ്ധതികൾക്കായി നിലവിലുള്ള മാനദണ്ഡങ്ങളും സമ്പ്രദായങ്ങളും അനുസരിച്ച് ഒരു പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കാൻ നിർദേശിച്ചിട്ടുണ്ട്. സിൽവർ ലൈൻ പദ്ധതിയുടെ സാധ്യതാ റിപ്പോർട്ട് പാരീസിലെ M/s. സിസ്റ്റോവ മുഖേന കെ-റെയിൽ തയ്യാറാകുകയും അതിന് കേരള സർക്കാർ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതിക്ക് കേന്ദ്ര റെയിൽവേ മന്ത്രാലയം തത്വത്തിലുള്ള അംഗീകാരം (ഐ.പി.എ) നൽകിയിട്ടുണ്ട്. പദ്ധതിയുടെ വിശദ പദ്ധതി രേഖ അനുസരിച്ച് പദ്ധതിച്ചെലവ് 63,941 കോടി രൂപയാണ്. ധനസഹായത്തിനായി സാമ്പത്തിക കാര്യ വകുപ്പ് മുഖേന ഉഭയകക്ഷി/ബഹുകക്ഷി ഏജൻസികൾക്ക് സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം നിതി ആയോഗും റെയിൽവേ ബോർഡും ധനവിനിയോഗ വകുപ്പും 2021 ഏപ്രിലിൽ അംഗീകരിച്ചു. സംസ്ഥാന സർക്കാർ ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് അനുമതി നൽകുകയും കെ-റെയിലിനെ ഇതിനായി പ്രത്യേക ഉദ്ദേശ്യ സ്ഥാപനമായി പ്രഖ്യാപിക്കുകയും ചെയ്തു. ഇതനുസരിച്ച് റവന്യൂ വകുപ്പ് ജില്ലകളിൽ ഭൂമി ഏറ്റെടുക്കൽ യൂണിറ്റുകൾ/സെല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്.

**കൊച്ചി മെട്രോ റെയിൽ പദ്ധതി (കെ.എം.ആർ.പി)**

കൊച്ചി നഗരത്തിന്റെ ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് രൂപകൽപ്പന ചെയ്ത കേരള സർക്കാരിന്റെ സുപ്രധാന പദ്ധതിയാണ് കൊച്ചി മെട്രോ റെയിൽ പദ്ധതി. കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (കെ.എം.ആർ.എൽ) ആണ് പദ്ധതി നടപ്പിലാക്കുന്നത്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഓഹരി പങ്കാളിത്തവും സംയുക്ത ഉടമസ്ഥതയുമുള്ള ഒരു പ്രത്യേക ഉദ്ദേശ്യ സ്ഥാപനമാണ് കെ.എം.ആർ.എൽ. ആലുവ മുതൽ പേട്ട മുതൽ വരെ 25.612 കിലോമീറ്റർ ദൈർഘ്യത്തിൽ 5,181.79 കോടി രൂപ ചെലവിൽ 22 സ്റ്റേഷനുകൾ ഉൾപ്പെടുന്ന പൂർണമായും എലവേറ്റഡ് മെട്രോ വയഡക്ട് നിർമ്മിക്കാൻ 2012 ജൂലൈയിൽസർക്കാർ അനുമതി നൽകി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കെ.എം.ആർ.എൽമായി ഒപ്പുവെച്ച ത്രികക്ഷി കരാർ പ്രകാരം പദ്ധതി നടപ്പിലാക്കുന്നതിന് കെഎംആർഎൽ ഭാരത സർക്കാരും ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് (ഡി.എം.ആർ.സി)മായും കരാറിൽ ഒപ്പുവച്ചു.

22 സ്റ്റേഷനുകളുള്ള ആലുവ മുതൽ പേട്ട വരെയുള്ള (25.612 കി.മീ.) ഒന്നാം ഘട്ടത്തിന്റെ പ്രധാന ഭാഗം 2017 ജൂൺ 19-ന് കമ്മീഷൻ ചെയ്തു. പേട്ട മുതൽ എസ്.എൻ ജംഗ്ഷൻ (1.8 കി.മീ)വരെയുള്ള ഭാഗം 2022 മാർച്ചിലും എസ്.എൻ. ജംഗ്ഷൻ മുതൽ തൃപ്പൂണിത്തുറ വരെയുള്ള ഭാഗം (1.2 കി.മീ.) 2022 ഡിസംബറോടെയും കമ്മീഷൻ ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. ജെ.എൽ.എൻ സ്റ്റേഡിയം മുതൽ കാക്കനാട് ഐടി സിറ്റി (11 കിലോമീറ്റർ) വരെ 1957.05 കോടി രൂപ ചെലവിൽ രണ്ടാം ഘട്ടം വിഭാവനം ചെയ്തിട്ടുണ്ട്. ഭാരത സർക്കാരിന്റെ അനുമതി ലഭിച്ചതിന് ശേഷം

നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. റോഡ് വീതി കൂട്ടുന്നതിനുള്ള ഒരുക്കങ്ങൾ തുടങ്ങിക്കഴിഞ്ഞു.

കൊച്ചി മെട്രോ പദ്ധതിയിൽ കൊവിഡ്-19 രണ്ടുവിധതിലാണ് സ്വാധീനം ചെലുത്തിയത്. ഒരു വശത്ത്, നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതിയെ പ്രതികൂലമായി ബാധിച്ചപ്പോൾ മറുവശത്ത് യാത്രക്കാരുടെ തിരക്കും മെട്രോ സർവീസുകളിൽ നിന്നുള്ള വരുമാനവും ഒരുപോലെ കുറയുന്നതിന് കാരണമാവുകയും ചെയ്തു. കൊച്ചി മെട്രോയുടെ മൊത്ത വരുമാനം 2020-21 ലെ 39.97 കോടി രൂപയിൽ നിന്ന് 2021-22-ൽ (സെപ്റ്റംബർ വരെ) 21.19 കോടി രൂപയായി കുറഞ്ഞു. 2020-21-ലെ മൊത്ത റവന്യൂ ചെലവായ 112.36 കോടി രൂപ യുമായി താരതമ്യം ചെയ്യുമ്പോൾ 2021-22-ലെ (2021 സെപ്റ്റംബർ വരെ) മൊത്ത റവന്യൂ ചെലവ് 49.1 കോടി രൂപയാണ്. മൊത്ത പ്രവർത്തന നഷ്ടം 2020-21 ലെ 72.39 കോടി രൂപയെ അപേക്ഷിച്ച് 2021-22 ൽ ഇത് 27.91 കോടി രൂപയായി കുറഞ്ഞിട്ടുണ്ട്. യാത്രക്കാരുടെ എണ്ണം 2020-21 ലെ 38 ലക്ഷത്തിൽ നിന്ന് 2021-22 (സെപ്റ്റംബർ വരെ) എത്തിയപ്പോഴേക്കും 23 ലക്ഷമായി കുറഞ്ഞു, അതായത് യാത്രക്കാരുടെ എണ്ണത്തിൽ 60.52 ശതമാനം കുറവ് വന്നു. വിശദാംശങ്ങൾ **അനുബന്ധം 11.1.25**-ൽ നൽകിയിരിക്കുന്നു.

3.54 മെഗാ വാട്ട് പവർ ശേഷിയുള്ള ഒരു സൗരോർജ്ജ പദ്ധതി കെ.എം.ആർ.എൽ സ്ഥാപിക്കുന്നുണ്ട്. ഇത് വൈദ്യുതി ഉൽപ്പാദനം 10.83 മെഗാവാട്ടായി ഉയർത്തുകയും കെഎംആർഎൽ-ന് ഇതിലൂടെ കാർബൺ ന്യൂട്രാലിറ്റി 60 ശതമാനമായി വർധിപ്പിക്കുവാനും സഹായിക്കും.

### ലൈറ്റ് മെട്രോ റെയിൽ പദ്ധതികൾ-തിരുവനന്തപുരം,കോഴിക്കോട്.

ഒരു പ്രത്യേക ഉദ്ദേശ്യ സ്ഥാപനമായ കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെആർടിഎൽ)തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ഒരു മാസ് റാപ്പിഡ് ട്രാൻസിറ്റ് സംവിധാനമാണ് (എംആർടിഎസ്)ലൈറ്റ് മെട്രോ റെയിൽ പദ്ധതി. ഇതിനുള്ള വിശദ പദ്ധതി രേഖ ഡി.എം.ആർ.സി തയ്യാറാക്കുകയും ഭാരത സർക്കാരിന്റെ മാറിയ മെട്രോ നയത്തിന് അനുസൃതമായി 2017 ഡിസംബറിൽ പുതുക്കുകയും ചെയ്തു. പരിഷ്കരിച്ച പദ്ധതി രേഖ പ്രകാരം കോഴിക്കോട് തിരുവനന്തപുരം നഗരങ്ങൾക്കുള്ള പുതുക്കിയ പദ്ധതിച്ചെലവ് യഥാക്രമം 2,773 കോടിരൂപയും 4,673 കോടി രൂപയുമാണ്.

തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയുടെ റൈഡർഷിപ്പും പ്രവർത്തനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതകൾ കണ്ടെത്താൻ കെ.ആർ.ടി.എൽ. തീരുമാനിക്കുകയും ടെക്നോപാർക്കിനെ തിരുവനന്തപുരം ലൈറ്റ് മെട്രോ അലൈൻമെന്റുമായി ബന്ധിപ്പിക്കുന്നതിന്റെ സാധ്യതയെക്കുറിച്ച് പഠനം നടത്താൻ ഹൈദരാബാദിലെ എം./എസ്.യു.എം.ടി.സി ലിമിറ്റഡിനെ ചുമതലപ്പെടുത്തുകയും ചെയ്തു. 2020 സെപ്റ്റംബറിൽ ഈ സ്ഥാപനം പഠന റിപ്പോർട്ട് സമർപ്പിച്ചു.

കെ.ആർ.ടി.എൽ-ന്റെ ഡയറക്ടർ ബോർഡ് 2020 ഒക്ടോബർ 19-ന്, തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ റെയിൽ പദ്ധതികളുടെ പുതുക്കിയ ഡി.പി.ആർ അംഗീകരിക്കുകയും സംസ്ഥാന സർക്കാരിന്റെ അംഗീകാരത്തിനും തുടർന്ന് കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനും വേണ്ടി കൈമാറുന്നതിന് കേരള സർക്കാരിന് സമർപ്പിച്ചു. സർക്കാർ തിരുവനന്തപുരത്തും കോഴിക്കോട്ടും ഡിപ്പോകൾ നിർമിക്കുന്നതിനുള്ള സ്ഥലം അനുവദിച്ചു. ശ്രീകാര്യം, പട്ടം, ഉള്ളൂർ എന്നിവിടങ്ങളിലെ മേൽപ്പാലങ്ങളുടെ നിർമാണം ഉൾപ്പെടുന്ന തിരുവനന്തപുരം ലൈറ്റ് മെട്രോ റെയിൽ പദ്ധതിയുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ (എൽഎ) പ്രവൃത്തികൾ പുരോഗമിക്കുകയാണ്. ഭൂമി ഏറ്റെടുക്കൽ പൂർത്തിയാക്കിയ ഉടൻ നിർമാണം ആരംഭിക്കാനുള്ള ഒരുക്കത്തിലാണ് കെആർടിഎൽ. പദ്ധതിയുടെ പൂർത്തീകരണത്തിന് ആവശ്യമായ സാമ്പത്തിക സഹായം കിഫ്ബി മുഖേനയാണ് നൽകുന്നത്.

കേന്ദ്ര ഭവന, നഗരകാര്യ മന്ത്രാലയത്തിന്റെ നിർദ്ദേശമനുസരിച്ച്, ഒരു സംസ്ഥാനത്തെ വിവിധ നഗരങ്ങളിൽ മെട്രോ റെയിൽ നിർമ്മാണത്തിന് സംസ്ഥാനത്ത് ഒരു പ്രത്യേക ഉദ്ദേശ്യ സ്ഥാപനം മാത്രമേ രൂപീകരിക്കാൻ പാടുകയുള്ളൂ. ആയതിനാൽ കെആർടിഎല്ലി-നു പകരം തിരുവനതപുരത്തെയും കോഴിക്കോട്ടെയും ലൈറ്റ് മെട്രോയുടെ നിർവ്വഹണ ഏജൻസിയായി കെഎംആർഎലിനെ നിയമിക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണ്.

### വാട്ടർ മെട്രോ പദ്ധതി

2015 നവംബറിലാണ് കൊച്ചി വാട്ടർ മെട്രോ പദ്ധതിക്ക് കേരള സർക്കാർ അനുമതി നൽകിയത്. 748.00 കോടി രൂപ മൊത്ത ചെലവിൽ 16 റൂട്ടുകളിലായി 38 ജെട്ടികളും ഉൾപ്പെടുന്ന 76 കിലോമീറ്റർ ദൈർഘ്യവും വരുന്നതാണ് നിർദ്ദിഷ്ട വാട്ടർ മെട്രോ പദ്ധതി. ഇതിനായി 682.01 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്, ഇതിൽ 579.71 കോടി വായ്പാ ഘടകവും 102.30 കോടി സംസ്ഥാന വിഹിതവുമാണ്.പദ്ധതിയുടെ നടത്തിപ്പിനായി 2016 ജൂണിൽ ഭാരത സർക്കാർ,കെ.ഡബ്ല്യു.എഫ് (ജർമ്മനി), കെ.എം.ആർ.എൽ. എന്നിവർ തമ്മിൽ 85 ദശലക്ഷം യൂറോയുടെ ത്രികക്ഷി കരാറിലേർപ്പെട്ടു. ഇതിന്റെ ജനറൽ കൺസൾട്ടൻസി എ.ഇ.സി.ഒ.എം കൺസോർഷ്യയ്ക്ക് നൽകുകയും കൺസൾട്ടൻസിയുമായി 2017 ജൂൺ 2-ന് കരാർ ഒപ്പിടുകയും ചെയ്തു. വിശദാംശങ്ങൾ **പട്ടിക 11.1.7**-ൽ നൽകിയിരിക്കുന്നു.

5 ടെർമിനലുകൾ ഉൾപ്പെടുന്ന വാട്ടർ മെട്രോ ബോട്ടുകളുടെ ഉദ്ഘാടനം 2021 ഡിസംബറിൽ പ്രതീക്ഷിച്ചിരുന്നു. 25 ബോട്ടുകളും ടെർമിനലുകളും ഉൾപ്പെടുന്ന വാട്ടർ മെട്രോ പദ്ധതി 2022 ജൂണിൽ പൂർണമായും കമ്മീഷൻ ചെയ്യും. കൊച്ചി മെട്രോ റെയിലുമായി ചേർന്നുള്ള സംയോജിത ടിക്കറ്റിംഗ് സംവിധാനമാണ് വാട്ടർ മെട്രോയിൽ ഉണ്ടാവുക.

### വ്യോമ ഗതാഗതം

കോവിഡ്-19 മഹാമാരി ഏറ്റവും പ്രതികൂലമായി ബാധിച്ചത് വ്യോമ ഗതാഗത മേഖലയെയാണ്, പല എയർലൈനുകളും അതിന്റെ പ്രവർത്തനങ്ങൾ താൽക്കാലികമായി നിർത്തിവയ്ക്കാനോ അടയ്ക്കാനോ നിർബന്ധിതമാവുകയും, ആഗോള വിതരണ ശൃംഖലയെ തകിടംമറിക്കും വിധം തൊഴിൽ നഷ്ടത്തിലേക്ക് തള്ളിവിടുകയും ചെയതു. 2020-21-ൽ ഇന്ത്യയിലെ ആഭ്യന്തര യാത്രക്കാരുടെ എണ്ണം 10 വർഷത്തെ ഏറ്റവും താഴ്ന്ന നിലയിലേക്ക്കൂപ്പുകുത്തി. എന്നാൽ,

**പട്ടിക 11.1.7** വാട്ടർ മെട്രോ–ധനവിനിയോഗം, ₹ കോടിയിൽ

| സാമ്പത്തിക സ്രോതസ്സ് | ഘട്ടം I | ഘട്ടം II | അനുബന്ധ അടിസ്ഥാന സൗകര്യങ്ങൾ | ആകെ |
|---|---|---|---|---|
| വായ്പ | 181.81 | 132.78 | 265.12 | 579.71 |
| ഓഹരി (സംസ്ഥാന സർക്കാർ വിഹിതം ) | 32.08 | 23.43 | 46.79 | 102.30 |
| ആകെ | 213.89 | 156.21 | 311.91 | 682.01 |

അവലംബം: കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ഓക്സിജൻ കോൺസെൻട്രേറ്ററുകളും വെന്റിലേറ്ററും ഉൾപ്പെടെ 150 ടണ്ണിലധികം കോവിഡ് അനുബന്ധ മെഡിക്കൽ ഉപകരണങ്ങൾ കൊണ്ടുവരികയും, പകർച്ച വ്യാധിതടയുന്നതിനുള്ള വാക്സിൻ ഗതാഗതം സുഗമമാക്കുകയും തുടങ്ങി നിരവധി സംരംഭങ്ങൾ വ്യോമയാന മേഖല ഇക്കാലയളവിൽ സ്വീകരിച്ചിട്ടുണ്ട്.

കേരളത്തിലെ വിമാന ഗതാഗതം നാല് വിമാനത്താവളങ്ങളിലും തുല്യമായി വിതരണം ചെയ്യപ്പെട്ടിരിക്കുന്നു. ഇന്ത്യയിലെ ഏറ്റവും തിരക്കേറിയ 15 വിമാനത്താവളങ്ങളിൽ കേരളത്തിലെ മൂന്ന് അന്താരാഷ്ട്ര വിമാനത്താവളങ്ങളും ഉൾപ്പെടുന്നു. എട്ട് ലക്ഷത്തിലധികം ആഭ്യന്തര യാത്രക്കാരും 50 ലക്ഷം വരുന്ന അന്താരാഷ്ട്ര യാത്രക്കാരും പ്രതിവർഷം ഈ വിമാനത്താവളങ്ങളിലെ സൗകര്യങ്ങൾ ഉപയോഗിച്ച് വരുന്നു.

തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കണ്ണൂർ എന്നിങ്ങനെ നാല് അന്താരാഷ്ട്ര വിമാനത്താവളങ്ങളുള്ള രാജ്യത്തെ ആദ്യ സംസ്ഥാനമാണ് കേരളം. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ സിവിലിയൻ വിമാനത്താവളങ്ങളും അന്താരാഷ്ട്ര വിമാനത്താവളങ്ങളാണ് എന്നത് കേരളത്തിന്റെ മാത്രം പ്രത്യേകതയാണ്. ദക്ഷിണേന്ത്യയിലെ പ്രധാന വിമാനത്താവളങ്ങളിൽ ഒന്നായ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം ലോക വ്യോമയാന ഭൂപടത്തിൽ പ്രധാന പങ്ക് വഹിക്കുന്നു. ഏകദേശം ഒമ്പത് അന്താരാഷ്ട്ര വ്യോമ മാർഗ്ഗങ്ങളെയും എട്ട് ആഭ്യന്തര വ്യോമ മാർഗ്ഗങ്ങളെയും പരസ്പരം ബന്ധിപ്പിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നത് കൂടാതെ എട്ട് വലുതും ചെറുതുമായ വിമാനത്താവളങ്ങൾക്ക് സമീപന നിയന്ത്രണ സേവനം നൽകുന്നുണ്ട്. ഇന്ത്യയിലെ തിരക്കേറിയ പന്ത്രണ്ടാമത്തെയും കേരളത്തിലെ മൂന്നാമത്തെയും വിമാനത്താവളമാണ് കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളം.

### കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം

ഇന്ത്യയിലെ ആദ്യത്തെ ഗ്രീൻഫീൽഡ് വിമാനത്താവളമായ കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം കാനഡയിലെ മോൺട്രിയലിൽ പ്രവർത്തിക്കുന്ന എയർപോർട്ട് കൗൺസിൽ ഇന്റർനാഷണൽ (എസിഐ) 2016–ൽ നടത്തിയ എയർപോർട്ട് സർവീസ് ക്വാളിറ്റി (എഎസ്ക്യൂ) സർവേയിൽ 50 മുതൽ 150 ലക്ഷം വരെ യാത്രക്കാരെ കൈകാര്യം ചെയ്യുന്ന വിഭാഗത്തിൽ മൂന്നാമത്തെ മികച്ച വിമാനത്താവളമായി സിയാൽ അഥവാ കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിനെ തെരഞ്ഞെടുത്തു. നിലവിൽ വിമാനത്താവളം സമഗ്രവും സുസ്ഥിരവും ചെലവ് കുറഞ്ഞതും നൂതനവുമായ മാതൃകകൾ പരീക്ഷിച്ചുവരുന്നു.

വിമാനത്താവളത്തിന് 3,400 മീറ്റർ നീളവും 45 മീറ്റർ വീതിയുള്ള കോഡ് ഇ–റൺവേയുണ്ട്. നിലവിലുള്ള ഒരു ലക്ഷം ചതുരശ്ര അടികൂടാതെ പുതുക്കിയ ആഭ്യന്തര ടെർമിനലിന്റെ ആകെ വിസ്തീർണ്ണം 6 ലക്ഷം ചതുരശ്ര അടിയാണ്. തിരക്കേറിയ സമയങ്ങളിൽ 2000 യാത്രക്കാരെ വരെ കൈകാര്യം ചെയ്യാൻ ശേഷിയുള്ള 56 ചെക്ക് ഇൻ കൗണ്ടറുകൾ, 11 ഗേറ്റുകൾ, 7 എയ്റോ ബ്രിഡ്ജുകൾ എന്നിവ ഉൾപ്പെടുന്ന അത്യാധുനിക സൗകര്യങ്ങളും ഇവിടെ ലഭ്യമാണ്. ആധുനിക രീതിയിൽ ലഗേജ് കൈകാര്യം ചെയ്യാനുള്ള സൗകര്യമാണ് വിമാനത്താവളത്തിന്റെ പ്രത്യേകത.

2020–21–ൽ 18,857 ആഭ്യന്തര വിമാന സർവീസുകളും 8,129 അന്താരാഷ്ട്ര വിമാന സർവീസുകളും വിമാനത്താവളത്തിൽ നിന്നും നടത്തിയിട്ടുണ്ട്. എന്നാൽ 2021–22 കാലയളവിൽ (2021 സെപ്റ്റംബർ വരെ) ഇത് യഥാക്രമം 11,119, 6,658 വിമാനസർവീസുകളാണ്. 2020–21–ൽ 15,50,750 ആഭ്യന്തര യാത്രക്കാരും 9,19,346 അന്താരാഷ്ട്ര യാത്രക്കാരും വിവിധ ലക്ഷ്യസ്ഥാനങ്ങളിലേക്ക് ഇവിടെ നിന്ന് യാത്രചെയ്തു. 2021–22–ൽ (2021 സെപ്റ്റംബർ വരെ) ഇത് 8,65,650 ആഭ്യന്തര യാത്രക്കാരും 6,81,003 രാജ്യാന്തര യാത്രക്കാരുമാണ്. 2020–21–ൽ ആഭ്യന്തര സർവീസുകളിലൂടെ 31,756 ടൺ ചരക്കും രാജ്യാന്തര സർവീസുകളിലൂടെ 14,089 ടൺ ചരക്കും കൈകാര്യം ചെയ്തു. 2021–22–ൽ (2021 സെപ്റ്റംബർ വരെ) ആഭ്യന്തര, അന്തർദേശീയ സർവീസുകൾ വഴി യഥാക്രമം 20,236, 9,296 ടൺ കാർഗോ നീക്കം നടന്നു. 2020–21–ൽ സിയാലിന്റെ വരുമാനം 253 കോടിയും 2021–22–ൽ (2021 സെപ്റ്റംബർ വരെ) 145.00 കോടിയും ആയിരുന്നു. മറുവശത്ത്, 2020–21–ൽ ചെലവ് 368.00 കോടി രൂപയും, 2021–22 വർഷത്തിൽ ഇത് 183.00 കോടിയുമാണ്.

### കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നിർമ്മാണത്തിനും പ്രവർത്തനത്തിനുമായി കേരള സർക്കാർ സ്ഥാപിച്ച ഒരു കമ്പനിയാണ് കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് അഥവാ കിയാൽ. രണ്ട് ഘട്ടങ്ങളിലായാണ് വിമാനത്താവള പദ്ധതി കിയാൽ വികസിപ്പിക്കുന്നത്. ആദ്യ ഘട്ടം 2016–17 മുതൽ 2025–26 വരെയും രണ്ടാം ഘട്ടം 2026–27 മുതൽ 2045–46 വരെയും ആണ്. ആദ്യ ഘട്ടം 2018 ഡിസംബറിൽ ഉദ്ഘാടനം ചെയ്തു. മധ്യ കിഴക്കൻ മേഖലയിൽ ജോലി ചെയ്യുന്ന പ്രവാസി മലയാളികൾക്ക്(NRK) ഏറെ പ്രയോജനപ്രദമായ ഈ വിമാനത്താവളം വിനോദസഞ്ചാരവും കയറ്റുമതിയും വർദ്ധിപ്പിക്കുന്നതോടൊപ്പം നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കാരണമാവുന്നുണ്ട്.

3,050 മീറ്റർ (10,006.56 അടി) നീളമുള്ള റൺവേ, 96,000 ചതുരശ്ര മീറ്റർ ടെർമിനൽ കെട്ടിടം, 20 പാർക്കിംഗ് സ്റ്റാൻഡുകൾ (ഏപ്രോൺ), 22,000 ചതുരശ്ര മീറ്റർ കാർ/ബസ് പാർക്കിംഗ്, 1,200 ചതുരശ്ര അടി എയർ ട്രാഫിക് കണ്ട്രോൾ/ടെക്നിക്കൽ ബിൽഡിംഗ്, ഏപ്രോൺ ഏരിയയ്ക്ക് സമീപത്തായുള്ള 7,750 ച.മീ വിസ്തൃതിയിലുള്ള ഗ്രൗണ്ട് സർവീസ് എക്യുപ്മെന്റ് പാർക്കിംഗ് ഏരിയ എന്നിവ വിമാനത്താവളത്തിലെ സൗകര്യങ്ങളിൽ ഉൾപ്പെടുന്നു. റൺവേയുടെ നീളം 3,050 മീറ്ററിൽ നിന്ന് 3,400 മീറ്ററായി ഉയർത്താൻ ഡയറക്ടർ ബോർഡ് തീരുമാനിച്ചു, ഇതിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുകയാണ്.

2021–22–ൽ (2021 സെപ്റ്റംബർ വരെ) 2,808 ആഭ്യന്തര വിമാനങ്ങളും 1,620 അന്താരാഷ്ട്ര വിമാനങ്ങളും വിമാനത്താവളത്തിൽ നിന്ന് സർവീസ് നടത്തിയിട്ടുണ്ട്. 2020–21 കാലയളവിൽ 1, 87,402 ആഭ്യന്തര യാത്രക്കാരും 3, 04,289 അന്താരാഷ്ട്ര യാത്രക്കാരും ഈ വിമാനത്താവളത്തിലൂടെ യാത്ര ചെയ്തു. 2021–22–ൽ (2021 സെപ്റ്റംബർ വരെ), 1, 11,955 ആഭ്യന്തര യാത്രക്കാരും 1, 75,761 അന്താരാഷ്ട്ര യാത്രക്കാരും വിവിധ ലക്ഷ്യസ്ഥാനങ്ങളിലേക്ക് യാത്ര ചെയ്തു. 2021–22 ൽ (2021 സെപ്റ്റംബർ വരെ) വിമാനത്താവളത്തിന് ലഭിച്ച വരുമാനം 27.49 കോടി രൂപയാണ്, 2020–21–ൽ ഇത് 42.00 കോടി രൂപയായിരുന്നു. മറുവശത്ത്, 2021–22 (2021 സെപ്റ്റംബർ വരെ) 116.63 കോടിയും 2020–21 കാലയളവിൽ 224.27 കോടി രൂപയുമാണ് വിമാനത്താവളം ചെലവഴിച്ചത്.

### തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം

സംസ്ഥാനത്തെ ആദ്യത്തെ വിമാനത്താവളമാണ് തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം. 1935 നവംബർ 1 നാണ് ഇവിടെ നിന്നും ആദ്യ വിമാനം പറന്നുയർന്നത്.സ്വാതന്ത്ര്യാനന്തരം,ആഭ്യന്തരടെർമിനൽ ടി–1 ന്റെ നിർമ്മാണത്തോടെ ആഭ്യന്തര വിമാനങ്ങൾക്കായി ഈ വിമാനത്താവളം ഉപയോഗിച്ചുപോന്നു. ഒരേ സമയം 400 യാത്രക്കാരെ വരെ കൈകാര്യം ചെയ്യാൻ ശേഷിയുള്ള ആഭ്യന്തര ടെർമിനലിന് 99,000 ചതുരശ്ര അടി വിസ്തീർണ്ണമാണുള്ളത്.കൂടാതെ,1600 യാത്രക്കാരെ കൈകാര്യം ചെയ്യാൻ ശേഷിയുള്ള ടെർമിനൽ–2, അന്താരാഷ്ട്ര വ്യോമഗതാഗതവും എയർ ഇന്ത്യയ്ക്കുവേണ്ടി ആഭ്യന്തര സർവീസുകളും നടത്തുന്നു. വാർഷികാടിസ്ഥാനത്തിൽ,ഏകദേശം 1.8 ദശലക്ഷം യാത്രക്കാരെ കൈകാര്യം ചെയ്യാൻ ടെർമിനൽ–2–ന് കഴിയും. തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ സർവീസുകൾ കൂടുതലും മധ്യകിഴക്കൻ, തെക്ക് കിഴക്കൻ രാജ്യങ്ങളിലേക്കാണ്. അനുബന്ധ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് കൊണ്ട് വിമാനത്താവളത്തിന്റെ വിപുലീകരണം പൂർത്തിയാക്കാൻ പദ്ധതിയിട്ടിട്ടുണ്ട്. പുതിയ ആഭ്യന്തര ടെർമിനൽ നിർമ്മാണത്തിന് 18 ഏക്കർ സ്ഥലം ഏറ്റെടുക്കാൻ സംസ്ഥാന സർക്കാർ അനുമതി നല്കിയിട്ടുണ്ട്.

അഹമ്മദാബാദ്, ജയ്പൂർ, ലഖ്നൗ, ഗുവാഹത്തി, തിരുവനന്തപുരം, മംഗലാപുരം എന്നീ ആറ് വിമാനത്താവളങ്ങളുടെ പ്രവർത്തനം,നടത്തിപ്പ്,വികസനം എന്നിവ അടുത്ത 50 വർഷത്തേക്ക് പൊതു സ്വകാര്യ പങ്കാളിത്ത (പിപിപി) ത്തോടെ നടപ്പാക്കാൻ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ (എഎഐ) തീരുമാനിക്കുകയും ഇതിനുള്ള ലേലനടപടികൾ പൂർത്തിയാക്കുകയും ചെയ്തു. ഇപ്രകാരം നടത്തിയ ലേലത്തിൽ, ആറ് വിമാനത്താവളങ്ങളുടെയും ലേലാവകാശം അദാനി ഗ്രൂപ്പ് നേടി. ഇതനുസരിച്ച് 2021 ഒക്ടോബർ 14–ന് തിരുവനന്തപുരം വിമാനത്താവളം അദാനി തിരുവനന്തപുരം ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡി (എ.ടി.ഐ.എ.എൽ)–ന് ഔപചാരികമായി കൈമാറി.

### ശബരിമല വിമാനത്താവള പദ്ധതി

ശബരിമല തീർഥാടകരുടെ സൗകര്യാർത്ഥം കോട്ടയം ജില്ലയിലെ എരുമേലിയിൽ നിർമിക്കാൻ ഉദ്ദേശിക്കുന്ന ഗ്രീൻഫീൽഡ് എയർപോർട്ട് പദ്ധതിയാണ് ശബരി എയർപോർട്ട്. കാഞ്ഞിരപ്പള്ളി താലൂക്കിലെ മണിമല പഞ്ചായത്തിലെ ചെറുവള്ളി എസ്റ്റേറ്റിൽ 2,263 ഏക്കർ (9.16 കി.മീ$^2$) ശബരിമല ക്ഷേത്ര വഴിമധ്യേയാണ് നിർദ്ദിഷ്ട പദ്ധതി വരുന്നത്. ഇതിനായി ചെറുവള്ളി എസ്റ്റേറ്റ് എന്നറിയപ്പെടുന്ന മലയാളം പ്ലാന്റേഷനിൽ ഏറ്റവും അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന് ഒരു കമ്മിറ്റിയെ സർക്കാർ നിയമിക്കുകയും സ്ഥലമെടുപ്പിന് സ്പെഷ്യൽ ഓഫീസറെ നിയമിക്കുകയും ചെയ്തു. നിർദിഷ്ട വിമാനത്താവളത്തിന് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നോഡൽ ഏജൻസിയായി സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഐ. ഡി.സി.യെ നിയമിക്കാനും തീരുമാനിച്ചു.

### എയർ സ്ട്രിപ്പുകൾ

നിലവിലെ നാല് അന്താരാഷ്ട്ര വിമാനത്താവളങ്ങൾ കൂടാതെ, പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിച്ച് ചെറിയ, ഒറ്റ എഞ്ചിൻ വിമാനങ്ങൾ പ്രവർത്തിപ്പിക്കാൻ കഴിയുന്ന എയർസ്ട്രിപ്പുകൾ–ഹെലിപോർട്ടുകളുടെ ഒരു നിരതന്നെ കേരളത്തിന് ഉടൻ ഉണ്ടായേക്കാം. സംസ്ഥാനത്തിന്റെ വ്യോമയാന മേഖലയുടെ സമഗ്ര വികസനമാണ് ഈ ഉദ്യമത്തിന്റെ ലക്ഷ്യം. 8–10 സീറ്റുകളുള്ള ചെറിയ ഒറ്റ എൻജിൻ വിമാനങ്ങൾ ഉപയോഗിച്ച് സംസ്ഥാനത്തെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിച്ച് എയർലൈൻ സർവീസ് ആരംഭിക്കാനാണ് എയർസ്ട്രിപ്പ്–ഹെലിപോർട്ട് സർവ്വീസ് കൊണ്ട് ഉദ്ദേശിക്കുന്നത്. പ്രാരംഭഘട്ടത്തിൽ കാസർകോട് (ബേക്കൽ), വയനാട് (കല്പറ്റ), ഇടുക്കി എന്നിവിടങ്ങളിൽ എയർ സ്ട്രിപ്പുകൾ സ്ഥാപിക്കാനാണ് പദ്ധതി. നിർദ്ദിഷ്ട എയർ സ്ട്രിപ്പുകൾ അന്താരാഷ്ട്ര വിമാനത്താവളങ്ങളുടെ ഫീഡർ പോർട്ടുകളായി പ്രവർത്തിപ്പിക്കുന്നതിന് പ്രാദേശിക കണക്റ്റിവിറ്റി പദ്ധതിയായ–ഉഡാനിൽ ഉൾപ്പെടുത്തണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

**ബേക്കൽ എയർസ്ട്രിപ്പ് :** ബേക്കലിൽ എയർ സ്ട്രിപ്പുകൾ നിർമിക്കുന്നതിനുള്ള സാധ്യതാ പഠന റിപ്പോർട്ട് സിവിൽ ഏവിയേഷൻ മന്ത്രാലയത്തിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.സ്ഥലം ക്ലിയറൻസും ടോപ്പോഗ്രാഫിക്കൽ ഭൂപടവും സംബന്ധിച്ച സ്റ്റിയറിംഗ് കമ്മിറ്റിയുടെ മെമ്മോറാണ്ടം സിവിൽ ഏവിയേഷൻ മന്ത്രാലയത്തിന് സമർപ്പിച്ചിരുന്നു. എയർ സ്ട്രിപ്പുകൾ നിർമിക്കുന്നതിനുവേണ്ട ഭൂമി ഏറ്റെടുക്കുന്നതിനായുള്ള ഭാരണാനുമതി കേരള സർക്കാരിന്റെ ധനകാര്യ വകുപ്പിൽ നിന്നും ലഭ്യമാകേണ്ടതുണ്ട്.

**കൽപ്പറ്റ എയർ സ്ട്രിപ്പ്:** വയനാട് ജില്ലയിലെ കൽപ്പറ്റയിൽ എൽസ്റ്റോൺ എസ്റ്റേറ്റിൽ എയർ സ്ട്രിപ്പിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ട്.ഡിപിആർ തയ്യാറാക്കുന്നതിനായി എയർ സ്ട്രിപ്പ് നിർമ്മിക്കുന്നതിന് കണ്ടെത്തിയ സ്ഥലം അനുയോജ്യമാണോയെന്നതു സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ കെഎസ്ഐഡിസിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. സാധ്യതാ പഠന റിപ്പോർട്ട് സിവിൽ ഏവിയേഷൻ മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. സ്ഥലം ക്ലിയറൻസ്, ടോപ്പോഗ്രാഫിക്കൽ മാപ്പ് തയ്യാറാക്കുന്നതിനായി സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിക്കാൻ വയനാട് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി.

**ഇടുക്കി എയർസ്ട്രിപ്പ്:** എയർ സ്ട്രിപ്പിന്റെ സാധ്യതാ പഠന റിപ്പോർട്ട് വ്യോമയാന മന്ത്രാലയത്തിന് സമർപ്പിച്ചു. സ്ഥലം ക്ലിയറൻസിനും, ടോപ്പോഗ്രാഫിക്കൽ മാപ്പ് തയ്യാറാക്കുന്നതിനും സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിക്കാൻ ഇടുക്കി ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

### ജലഗതാഗതം

ജലഗതാഗതം ചെലവു കുറഞ്ഞ ഗതാഗത രീതിയാണ്. ഇത് സുരക്ഷിതവും ഊർജ്ജക്ഷമതയുമുള്ളതും കൂടുതൽ പരിസ്ഥിതി സൗഹൃദവും ഏറ്റവും കുറവ് കാർബൺ നിർഗമനവും ഉള്ളതാകുന്നു. കേരളത്തിൽ റോഡ്, റെയിൽ ഗതാഗതം എന്നിവയ്ക്ക് അനുയോജ്യമായ അനുബന്ധ ഗതാഗത രീതിയാണിത്. ഇതിന് വലിയ ഭാരങ്ങൾ ഉൾക്കൊള്ളാനുള്ള ശേഷിയുണ്ട്. കൂടാതെ കൂടുതൽ ദൂരത്തേക്ക് ഭാരിച്ച സാധനങ്ങൾ വഹിക്കാനും അനുയോജ്യമാണ്. ജലഗതാഗതത്തിന് പ്രധാനമായും മൂന്ന് പ്രാഥമിക വിഭാഗങ്ങളാണുള്ളത്. സമുദ്രഗതാഗതം, ഉൾനാടൻ ജലഗതാഗതം, തീരദേശ കപ്പൽ ഗതാഗതം എന്നിവയാണത്. ജലഗതാഗതത്തിന്റെ കാര്യക്ഷമതയും സുസ്ഥിരതയും ഉയർത്തുന്നതിലൂടെ ജലഗതാഗതവുമായി ബന്ധപ്പെട്ട സുപ്രധാന കാര്യങ്ങൾക്ക് ഒരു സമഗ്രമായ ചട്ടക്കൂട് രൂപപ്പെടുത്തേണ്ടതാണ്. തീരദേശ കപ്പൽ ഗതാഗതം, വിദേശ വ്യാപാരം, ഉൾനാടൻ ജലഗതാഗതം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും തുറമുഖങ്ങളുടേയും ഉൾനാടൻ ജലപാതകളുടേയും സമഗ്രവികസനത്തിനായും ഉള്ള വിവിധ സർക്കാർ പദ്ധതികളും നയങ്ങളുമാണ് ഈ ഭാഗത്ത് പ്രതിപാദിച്ചിരിക്കുന്നത്.

ആഗോളതല വ്യാപാരത്തിന്റെയും ഉൽപാദന വിതരണ ശൃംഖലയുടെയും നട്ടെല്ലാണ് സമുദ്ര ഗതാഗതം, എന്തെന്നാൽ ലോക വ്യാപാരത്തിന്റെ അഞ്ചിൽ നാലു ഭാഗവും നടക്കുന്നത് സമുദ്ര മാർഗ്ഗം വഴിയാണ്. ഐക്യരാഷ്ട്രസഭയുടെ വ്യാപാരവും വികസനവും സംബന്ധിച്ച സമ്മേളനം (യു.എൻ.സി.ടി.എ.ഡി) 2019 ലെ സ്റ്റാറ്റിസ്റ്റിക്സ് മാനുവലിൽ നിലവിലെ ആഗോള വ്യാപാര സൂചകങ്ങൾ റിപ്പോർട്ടു ചെയ്യുന്നുണ്ട്. മാനുവൽ അനുസരിച്ച് ആഗോള വ്യാപാരത്തിന്റെ (കയറ്റുമതി) മൊത്തം മൂല്യം 19.5 ട്രില്യൺ ഡോളറാണ് (യു.എൻ.സി.ടി.എ.ഡി, 2019). ലോകമെമ്പാടുമുള്ള തുറമുഖങ്ങളിൽ 793 ദശലക്ഷം ടി.ഇ.യു കൈകാര്യം ചെയ്തു. 2017 നും 2018 നും ഇടയിൽ ഇത്തരത്തിൽ സമാഹരിച്ചത് 4.7 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

2020 ലെ പ്രാരംഭ പ്രതീക്ഷകൾ, സമ്പദ്‌വ്യവസ്ഥയിലും വ്യാപാരത്തിലും മിതമായ പുരോഗതി കൈവരിക്കുമെന്നായിരുന്നു, കോവിഡ്–19 പകർച്ചവ്യാധി മൂലമുണ്ടായ വലിയതോതിലുള്ള ആഗോള ആരോഗ്യ–സാമ്പത്തിക പ്രതിസന്ധി സമ്പദ്‌വ്യവസ്ഥയുടെ കാഴ്ചപ്പാടിനെ സാരമായി ബാധിക്കുകയുണ്ടായി. എല്ലാ സാമ്പത്തിക സൂചകങ്ങളും താഴേക്കുള്ള പ്രവണത കാണിക്കുന്നതോടൊപ്പം തന്നെ സമുദ്ര ഗതാഗതത്തിലും വ്യാപാരത്തിലും സാരമായ കുറവ് സംഭവിച്ചിട്ടുണ്ട്. നിലവിലുള്ള നിരന്തരവുമായ അനിശ്ചിതത്വത്തിൽ, 2020 –ൽ അന്താരാഷ്ട്ര സമുദ്ര വ്യാപാരത്തിന്റെ അളവ് 4.1 ശതമാനം കുറയുമെന്ന് യു.എൻ.സി ടി.എ.ഡി കണക്കാക്കുന്നുത്. (ഉറവിടം: മാരിടൈം ട്രാൻസ്പോർട്ട് 2020 അവലോകനം)

രാജ്യത്തിന്റെ വാണിജ്യ, വ്യാപാര മേഖലയിലെ വളർച്ച നിലനിർത്തുന്നതിൽ ഇന്ത്യൻ തുറമുഖങ്ങളും ഷിപ്പിംഗ് വ്യവസായവും നിർണായക പങ്ക് വഹിക്കുന്നുണ്ട്. ഷിപ്പിംഗ് മന്ത്രാലയം സൂചിപ്പിക്കുന്നതനുസരിച്ച്, ഇന്ത്യയുടെ വ്യാപാരത്തിന്റെ അളവിൽ 95 ശതമാനവും, മൂല്യത്തിന്റെ 70 ശതമാനവും സമുദ്ര ഗതാഗതത്തിലൂടെയാണ് ലഭ്യമാകുന്നത്. ഏകദേശം 7,517 കിലോമീറ്റർ തീരപ്രദേശമുള്ള ലോകത്തെ പതിനാറാമത്തെ രാജ്യമാണ് ഇന്ത്യയിൽ 13 പ്രധാന തുറമുഖങ്ങളും, 205 നോട്ടിഫൈഡ് മൈനർ, ഇന്റർമീഡിയറ്റ് തുറമുഖങ്ങളുണ്ട്. തുറമുഖ നിർമ്മാണം, പരിപാലന പദ്ധതികൾക്കായി ഓട്ടോമാറ്റിക് റൂട്ടിന് കീഴിൽ 100 ശതമാനം വരെ വിദേശ നിക്ഷേപം (എഫ്. ഡി.ഐ) അനുവദിക്കുന്നുണ്ട്. തുറമുഖങ്ങൾ, ഉൾനാടൻ ജലപാതകൾ, ഉൾനാടൻ തുറമുഖങ്ങൾ എന്നിവ വികസിപ്പിക്കുകയും പരിപാലിക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്യുന്ന സംരംഭങ്ങൾക്ക് 10 വർഷത്തെ നികുതി ഇളവും നൽകി സഹായിക്കുന്നുണ്ട്. സാഗർമാലയുടെ ദേശീയ പരിപ്രേക്ഷ്യ പദ്ധതി പ്രകാരം രാജ്യത്ത് ആറ് പുതിയ മെഗാ തുറമുഖങ്ങൾ വികസിപ്പിക്കുന്നതാണ്. 2020 സാമ്പത്തിക വർഷത്തിൽ ഇന്ത്യയുടെ വൻകിട തുറമുഖങ്ങൾക്ക് പ്രതിവർഷം 1,534.91 ദശലക്ഷം ടൺ (എംടിപിഎ) ശേഷിയുണ്ടായിരുന്നു. 2021 സാമ്പത്തിക വർഷത്തിൽ, ഇന്ത്യയിലെ എല്ലാ തുറമുഖങ്ങളും 672.60 ദശലക്ഷം ടൺ (മില്ല്യൻ ടൺ) ചരക്ക് ഗതാഗതം കൈകാര്യം ചെയ്തിട്ടുണ്ട്. സാമ്പത്തിക വർഷം 2021–ൽ ചരക്ക് കയറ്റുമതി 290.63 ബില്യൺ യുഎസ് ഡോളറിലെത്തി.

ഇന്ത്യയുടെ 7,517 കിലോമീറ്റർ ദൈർഘ്യമുള്ള തീരപ്രദേശം, 14,500 കിലോമീറ്റർ സഞ്ചാരയോഗ്യമായ ജലപാതകൾ, പ്രധാന അന്തർദേശീയ സമുദ്ര വ്യാപാര പാതകളിലെ സുപ്രധാന സ്ഥാനം എന്നിവ പ്രയോജനപ്പെടുത്തുന്നതിനും, പുതിയവയുടെ നവീകരണത്തിലൂടെയും വികസനത്തിലൂടെയും രാജ്യത്ത് തുറമുഖത്തെ അടിസ്ഥാനമാക്കിയുള്ള വികസനം പ്രോത്സാഹിപ്പിക്കുന്നതിന് ഇന്ത്യാ ഗവൺമെന്റ് സാഗർമാല പദ്ധതി ആരംഭിച്ചു. തുറമുഖങ്ങൾ, കണക്റ്റിവിറ്റി വർധിപ്പിക്കൽ, തുറമുഖ ബന്ധിത വ്യവസായവൽക്കരണം പ്രോത്സാഹിപ്പിക്കൽ, തീരദേശ സമൂഹ വികസനം, ഇന്ത്യയിലെ തീരദേശ ഷിപ്പിംഗ്, ഉൾനാടൻ ജലപാത എന്നിവയുടെ പ്രോത്സാഹനം എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെടുന്ന തുറമുഖവുമായി ബന്ധപെട്ട മേഖലകൾ. 2019 സെപ്റ്റംബർ 30 ലെ കണക്കനുസരിച്ച് മൊത്തം 121 പ്രോജക്ട്കൾ (ചെലവ്: 30,228 കോടി രൂപ) പൂർത്തിയായി, 201 പ്രോജക്ട്കൾ (ചെലവ്: 309,048 കോടി) നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. സാഗർമാല പദ്ധതിക്ക് കീഴിൽ ഏറ്റെടുക്കുന്ന പദ്ധതികളുടെ സംഗ്രഹം **അനുബന്ധം 11.1.26**–ൽ നൽകിയിരിക്കുന്നു.

## ഇന്ത്യൻ തുറമുഖങ്ങളിലെ ചരക്ക് ഗതാഗതം

ഒരു സമ്പദ്‌വ്യവസ്ഥയിലെ വീണ്ടെടുക്കൽ, മാന്ദ്യം എന്നിവ കണക്കാക്കുന്നതിലെ സുപ്രധാന സൂചകങ്ങളാണ് സമുദ്ര ഗതാഗത വിവരങ്ങൾ. ഇതിനു കാരണം വളരെ സൂക്ഷ്മമായ രീതിയിലും കൃത്യവുമായ വിവര ശേഖരണമാണ്. കോവിഡ് പ്രതിസന്ധിക്കും തുടർന്നുള്ള ലോക്ക്ഡൗണുകൾക്കും തൊട്ടുമുമ്പ് അതായത് 2019 ഏപ്രിൽ–ഡിസംബർ കാലയളവിൽ ഇന്ത്യയിലെ 13 വൻകിട തുറമുഖങ്ങളിലെ ചരക്ക് ഗതാഗതം വർദ്ധിച്ചിട്ടുണ്ട്. 2020–21–ലെ തുറമുഖ, ഷിപ്പിംഗ്, ജലപാത മന്ത്രാലയത്തിന്റെ ദ്വൈവാർഷിക പ്രസിദ്ധീകരണത്തിൻ പ്രകാരം ['ഇന്ത്യൻ തുറമുഖ മേഖല–(31.03.2021) സമകാലികവിവരങ്ങൾ] ഇന്ത്യയിലെ വൻകിട ചെറുകിട തുറമുഖങ്ങൾ മൊത്തം 1,251.38 ടൺ ദശലക്ഷം ചരക്ക് ഗതാഗതം കൈകാര്യം ചെയ്തിട്ടുണ്ട്. ഇതിൽ 2019–20 കാലയളവിനെ അപേക്ഷിച്ച് ചരക്ക് ഗതാഗതത്തിൽ 5.2 ശതമാനത്തിന്റെ കുറവ് പ്രതിഫലിപ്പിച്ചിരിക്കുന്നത്. 2020–21 കാലയളവിൽ വൻകിട ചെറുകിട തുറമുഖങ്ങളിൽ കൈകാര്യം ചെയ്ത ചരക്ക് യഥാക്രമം 4.6 ശതമാനവും 5.9 ശതമാനവും (പ്രതികൂലമായ വളർച്ച) രേഖപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യൻ തുറമുഖത്ത് കൈകാര്യം ചെയ്യുന്ന മൊത്തം ഗതാഗതത്തിൽ ചെറുകിട തുറമുഖത്തിന്റെ വിഹിതം 2019–20ൽ 46.6 ശതമാനത്തിൽ നിന്ന് 2020–21ൽ 46.3 ശതമാനമായി കുറഞ്ഞിട്ടുണ്ട്. ഇന്ത്യയിലെ വൻകിട–ചെറുകിട തുറമുഖങ്ങൾ കൈകാര്യം ചെയ്യുന്ന ട്രാഫിക്കിലെ പ്രവണത **അനുബന്ധം 11.1.27** നൽകിയിരിക്കുന്നു

കഴിഞ്ഞ കുറച്ച് വർഷങ്ങളായി രാജ്യത്തെ പ്രധാന തുറമുഖങ്ങളിലെ ചരക്ക് ഗതാഗതം പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ചുരുക്കത്തിൽ, കോവിഡ്–19 ന് മുമ്പുള്ള ഒരു ചെറിയ ഇടവേളയ്ക്ക് ശേഷം ചരക്ക് ഗതാഗതത്തിൽ നേരിയ വർദ്ധനവുണ്ടായിട്ടുണ്ട്. 2019–20 കാലഘട്ടത്തെ അപേക്ഷിച്ച് 2020–21 കാലയളവിൽ ഇന്ത്യൻ തുറമുഖങ്ങളിൽ കൈകാര്യം ചെയ്യുന്ന വിദേശ ചരക്ക് 3.7 ശതമാനവും തീരദേശ ചരക്ക് 11.4 ശതമാനവും ആയി കുറഞ്ഞിട്ടുണ്ട്. 2020–21 ൽ ഇന്ത്യയിലെ വൻകിട തുറമുഖങ്ങളിൽ കൈകാര്യം ചെയ്ത തീരദേശ, വിദേശ ചരക്ക് മുൻവർഷത്തെ അപേക്ഷിച്ച് യഥാക്രമം 3.6 ശതമാനമായും 8.0 ശതമാനമായും കുറഞ്ഞു. മേൽപ്പറഞ്ഞ കാലയളവിൽ ചെറുകിട തുറമുഖങ്ങളിൽ കൈകാര്യം ചെയ്യുന്ന വിദേശ ചരക്ക് 3.8 ശതമാനവും തീരദേശ ചരക്ക് 17.4 ശതമാനവും കുറഞ്ഞിട്ടുണ്ട്. 2020–21, 2019–20 വർഷങ്ങളിൽ ഇന്ത്യൻ തുറമുഖങ്ങളിൽ കൈകാര്യം ചെയ്ത വിദേശ–തീരദേശ ചരക്ക് ഗതാഗതം **അനുബന്ധം 11.1.28** നൽകിയിരിക്കുന്നു.

വൻകിട തുറമുഖങ്ങളിൽ, ദീൻദയാൽ തുറമുഖം 19.5 ശതമാനം വിഹിതത്തോടെ 102.41 ദശലക്ഷം ടൺ പരമാവധി വിദേശ ചരക്ക് കൈകാര്യം ചെയ്തിട്ടുണ്ട്. 2020– 21 ൽ ഏറ്റവും കുറവ് വിദേശ ചരക്ക് കൈകാര്യം ചെയ്തത് കാമരാജർ തുറമുഖം (2.8 ശതമാനം) ആണ്. തീരദേശ ചരക്കുകളുടെ കാര്യത്തിൽ, പാരദ്വീപ് തുറമുഖവും 20.9 ശതമാനത്തോടെ 30.75 ദശലക്ഷം ടൺ പരമാവധി തീരദേശ ചരക്കും, മുംബൈ തുറമുഖം (16.1 ശതമാനം), കൊൽക്കത്ത ഡോക്ക് 0.4 ശതമാനവുമായി തൊട്ടു താഴെ നിൽക്കുന്നു. ചെറുകിട തുറമുഖങ്ങളിൽ, ഗുജറാത്ത് മാരിടൈം ബോർഡ് (ജിഎംബി) 69.4 ശതമാനത്തോടെ 348.06 ദശലക്ഷം ടൺ പരമാവധി വിദേശ ചരക്ക് കൈകാര്യം ചെയ്തിട്ടുണ്ട്, 2020–21 കാലയളവിൽ കർണാടക ഏറ്റവും കുറവ് (0.1 ശതമാനം) ചരക്ക് ഗതാഗതം കൈകാര്യം ചെയ്തതായി രേഖപെടുത്തിയിട്ടുണ്ട്. ഗുജറാത്ത് മാരിടൈം ബോർഡ് 50.9 ശതമാനം വിഹിതത്തോടെ 39.51 ദശലക്ഷം ടൺ പരമാവധി തീരദേശ ചരക്ക് കൈകാര്യം ചെയ്തു, തുടർന്ന് മുംബൈ മാരിടൈം ബോർഡ് (എംഎംബി) 24.2 ശതമാനവുംചരക്ക് കൈകാര്യം ചെയ്തിട്ടുണ്ട്. ഗോവ തുറമുഖം 2020–21–ൽ തീരദേശ ചരക്കുകളൊന്നും കൈകാര്യം ചെയ്തിട്ടില്ല. ഇന്ത്യയിലെ വൻകിട– ചെറുകിട തുറമുഖങ്ങൾ കൈകാര്യം ചെയ്യുന്ന വിദേശ, തീരദേശ ചരക്ക് ഗതാഗത വിവരങ്ങൾ **ചിത്രം 11.1.5** –ൽ നൽകിയിരിക്കുന്നു.


## വൻകിട,ചെറുകിട തുറമുഖങ്ങളിലെ ശേഷി വിനിയോഗം


വർഷങ്ങളായി, ആഭ്യന്തരവും വൈദേശികവുമായ വ്യാപാരത്തിന്റെ വർദ്ധിച്ചുവരുന്ന വ്യാപ്തി നിറവേറ്റുന്നതിനായി വൻകിട തുറമുഖങ്ങളുടെ ചരക്ക് കൈകാര്യം ചെയ്യാനുള്ള ശേഷി ക്രമാനുഗതമായി വർദ്ധിച്ചു വരുന്നു. 1993–94 അവസാനത്തിൽ 172.59 ദശലക്ഷം ടണ്ണായിരുന്ന തുറമുഖങ്ങളുടെ ശേഷി 2020–21 –ൽ 1534.91 ദശലക്ഷം ടണ്ണായി ഉയർന്നിട്ടുണ്ട്. വൻകിട തുറമുഖങ്ങളുടെ ശേഷി വിനിയോഗം 2020–21ൽ 43.8 ശതമാനമായിരുന്നു. 2020–21–ൽ എസ്എംപി കൊൽക്കത്ത പോർട്ട് ട്രസ്റ്റാണ് ശേഷി വിനിയോഗത്തിൽ 74.3 ശതമാനതോടെ ഏറ്റവും കൂടുതൽ ഉയർച്ച കൈവരിച്ചിരിക്കുന്നത്. ചെറുകിട തുറമുഖങ്ങളിലെ ശേഷി വിനിയോഗം 58.2 ശതമാനവും, ഇതിൽ 2020–21–ൽ ഉയർന്ന ശേഷി വിനിയോഗം കൈവരിച്ചിരിക്കുന്നത് 71.2 ശതമാനത്തോടെ ഗുജറാത്ത് മാരിടൈം ബോർഡ് ആണ്. 2020–21 കാലയളവിൽ വൻകിട– ചെറുകിട തുറമുഖങ്ങളിൽ കൈകാര്യം ചെയ്ത തുറമുഖങ്ങൾ തിരിച്ചുള്ള ശേഷിയും ചരക്ക് ഗതാഗതവും യഥാക്രമം **അനുബന്ധം 11.1.29, അനുബന്ധം 11.1.30** എന്നിവയിൽ നൽകിയിരിക്കുന്നു. കേരളത്തിലെ തുറമുഖം തിരിച്ചുള്ള (ചെറുകിട) ശേഷിയും ശേഷി വിനിയോഗവും **അനുബന്ധം 11.1.31**–ൽ നൽകിയിരിക്കുന്നു.

## കേരളത്തിലെ വൻകിട– ചെറുകിട തുറമുഖങ്ങളിൽ ചരക്ക് ഗതാഗതം കൈകാര്യം ചെയ്യുന്നതിലെ പ്രവണതകൾ


590 കിലോമീറ്റർ തീരപ്രദേശമുള്ള കേരളത്തിൽ, കൊച്ചിയിലെ ഒരു വൻകിട തുറമുഖവും 17 ചെറുകിട തുറമുഖങ്ങളുമുണ്ട്. സംസ്ഥാനത്തെ കൊച്ചി തുറമുഖം കൂടാതെ നാല് ചെറുകിട തുറമുഖങ്ങളായ വിഴിഞ്ഞം, നീണ്ടകര (കൊല്ലം), ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങളിലും ചരക്ക് കൈകാര്യം ചെയ്തുവരുന്നു.. 2019–20ൽ മൊത്തം കൈകാര്യം ചെയ്ത ചരക്ക് ഗതാഗതത്തിൽ 34.19 ദശലക്ഷം ടൺ ആണ്. ഇത് 2019–20 മായി താരതമ്യം ചെയ്യുമ്പോൾ 2020–21ൽ സംസ്ഥാനത്ത് കൈകാര്യം ചെയ്ത മൊത്തം ചരക്ക് 31.62 ദശലക്ഷം ടണ്ണാണ്, ഇത് വർദ്ധനവിൽ 7.5 ശതമാനം ഇടിവ് പ്രതിഫലിപ്പിക്കുന്നു. സംസ്ഥാനത്തിന്റെ കഴിഞ്ഞ ഏതാനും വർഷങ്ങളിലെയും നടപ്പുവർഷത്തെയും ചരക്ക് ഗതാഗതത്തിൽ വന്ന മാറ്റങ്ങൾ **പട്ടിക 11.1.8**–ൽ നൽകിയിരിക്കുന്നു. ഇന്റർമീഡിയറ്റ്, മൈനർ പോർട്ടുകൾ കൈകാര്യം ചെയ്യുന്ന ചരക്ക് തിരിച്ചുള്ള ചരക്ക് ഗതാഗതം **അനുബന്ധം 11.1.32**–ൽ നൽകിയിരിക്കുന്നു. 2020–21ൽ കേരളത്തിലെ ഇന്റർമീഡിയറ്റ്, മൈനർ തുറമുഖങ്ങളിൽ നിന്ന് സമാഹരിച്ച വരുമാനത്തിന്റെ ഇനം തിരിച്ചുള്ള സംഗ്രഹം **അനുബന്ധം 11.1.33**–ൽ നൽകിയിരിക്കുന്നു.

**ചിത്രം 11.1.5** 2020–21 ലെ വൻകിട–ചെറുകിട തുറമുഖങ്ങളിലെ വിദേശ– തീരദേശ ചരക്ക് ഗതാഗതത്തിന്റെ പങ്ക്




2020–21ൽ ചെറുകിട തുറമുഖങ്ങളിൽ കൈകാര്യം ചെയ്ത വിദേശ ചരക്ക് ഗതാഗതം




2020–21–ൽ ചെറുകിട തുറമുഖങ്ങളിൽ കൈകാര്യം ചെയ്ത തീരദേശ ചരക്ക് ഗതാഗതം




അവലംബം: തുറമുഖ ഷിപ്പിംഗ് ജലപാത മന്ത്രാലയം ,എച്ച്ഡിസി - ഹാൽഡിയ ഡോക്ക് കോംപ്ലക്സ്
കുറിപ്പ്: ഗോവ, കേരളം, ആൻഡമാൻ നിക്കോബാർ ദ്വീപുകൾ എന്നീ പ്രധാന തുറമുഖങ്ങളിൽ വിദേശ ചരക്ക് ഗതാഗതം കൈകാര്യം ചെയ്തിട്ടില്ല, ഗോവയിൽ ചെറുകിട തുറമുഖങ്ങളിൽ തീരദേശ ചരക്ക് ഗതാഗതം നടന്നിട്ടില്ല

**പട്ടിക 11.1.8** കേരളത്തിലെ വൻകിട ചെറുകിട തുറമുഖങ്ങളിൽ ചരക്ക് കൈകാര്യം ചെയ്യൽ (മില്യൺ ടണ്ണിൽ)

| വൻകിട/ചെറുകിട | 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 (പി) |
|---|---|---|---|---|---|---|
| വൻകിട | 22.10 | 25.01 | 29.14 | 32.02 | 34.04 | 31.50 |
| | (02.3) | (13.2) | (16.5) | (09.9) | (06.3) | –(07.4) |
| ചെറുകിട | 0.14 | 0.14 | 0.14 | 0.22 | 0.16 | 0.11 |
| | –(09.4) | –(02.8) | –(01.4) | (60.9) | –(29.7) | –(27.6) |
| | 22.24 | 25.15 | 29.28 | 32.24 | 34.19 | 31.62 |
| ആകെ | (02.2) | (13.1) | (16.4) | (10.1) | (06.1) | -(07.5) |

അവലംബം: തുറമുഖ, ഷിപ്പിംഗ്, ജലപാത മന്ത്രാലയം

### കൊച്ചി തുറമുഖം

കേരളത്തിലെ ഏക വൻകിട തുറമുഖമാണ് കൊച്ചി തുറമുഖം. ഇത് 827 ഹെക്ടറിൽ വ്യാപിച്ചുകിടക്കുന്നു. ഇതിന് 7.5 കിലോമീറ്റർ ദൂരമുണ്ട്. എൻഎച്ച് 544, എൻഎച്ച് 66, എൻഎച്ച് 185 എന്നിവയിലൂടെ തുറമുഖത്തിന് ഉൾനാട്ടുകളിലേക്ക് ബന്ധപ്പെടുന്നു. കൊങ്കൺ, ദക്ഷിണ റെയിൽവേ എന്നിവയിലേക്കുള്ള റെയിൽ ലിങ്കുകളും ഇതിന്റെ ഉൾപ്രദേശങ്ങളിലേക്ക് റെയിൽ പ്രവേശനം നൽകുന്നു. ഇൻലാൻഡ് വാട്ടർവേസ് അതോറിറ്റി ഓഫ് ഇന്ത്യ കൊല്ലത്തെയും കോട്ടപ്പുറത്തെയും ബന്ധിപ്പിക്കുന്ന ഉൾനാടൻ ജലപാത ഇതിന്റെ ഇരുവശത്തും വികസിപ്പിക്കുന്നുണ്ട്. അഭിമാനകരമായ വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ പദ്ധതിയുടെ പൂർത്തീകരണം കൊച്ചി തുറമുഖത്തെ ഇന്ത്യൻ മഹാസമുദ്ര മേഖലയിലെ പ്രധാന കേന്ദ്രമാക്കി മാറ്റുന്നതാണ്.

അതേസമയം, കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ രാജ്യത്തുടനീളമുള്ള ഷിപ്പിംഗ് ബിസിനസിൽ മഹാമാരിയുടെ ആഘാതം തുറമുഖം വഴിയുള്ള ചരക്ക് നീക്കത്തിലും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇത് 2020-21-ൽ ഏകദേശം എട്ട് ശതമാനം കുറഞ്ഞു. എന്നിരുന്നാലും, തുറമുഖത്തിന്റെ കണ്ടെയ്നർ ചരക്ക് കൈകാര്യം ചെയ്യുന്നത് ഏകദേശം 11 ശതമാനം ഉയർന്നിട്ടുണ്ട്. തുറമുഖം 2020-21-ൽ 31.50 ദശലക്ഷം ടൺ ചരക്ക് കൈകാര്യം ചെയ്തു, മുൻ സാമ്പത്തിക വർഷത്തെ ചരക്ക് ഗതാഗതം 34 ദശലക്ഷം ടണ്ണായിരുന്നു. എന്നിരുന്നാലും കണ്ടെയ്നർ ചരക്ക് നീക്കത്തിൽ വർദ്ധനവ് സൂചിപ്പിക്കുന്നു. 2019-20-ൽ 6.20 ലക്ഷം ടിഇയു കൈകാര്യം ചെയ്തിരുന്നതിൽ നിന്നും വ്യത്യസ്തമായി 2020-21 -ൽ 6.89 ലക്ഷം ടിഇയു ആണ് കൈകാര്യം ചെയ്തത്.

ഈ സാമ്പത്തിക വർഷത്തിന്റെ ആദ്യ രണ്ട് മാസങ്ങളിൽ കൊച്ചി തുറമുഖത്ത് ചരക്ക് വിതരണത്തിന്റെ തോതിൽ വർധനവുണ്ടായതോടെ തുറമുഖങ്ങളിലെ ബിസിനസുകളിൽ കൊവിഡ്-19 മായി ബന്ധപ്പെട്ട സമ്മർദ്ദം അൽപ്പം കുറഞ്ഞ തായി കാണുന്നു. ഇന്ത്യൻ പോർട്ട് അസോസിയേഷൻ, കൊച്ചി-യുടെ കണക്കുകൾ പ്രകാരം, 2020 ലെ ഇതേ മാസങ്ങളിലെ 3.41 ദശലക്ഷം ടണ്ണുമായി താരതമ്യം ചെയ്യുമ്പോൾ നടപ്പുവർഷം അതായത് ഏപ്രിൽ, മെയ് മാസങ്ങളിൽ മൊത്തം 5.17 ദശലക്ഷം ടണ്ണായി ചരക്ക് ഉൽപാദനം വർദ്ധിച്ചിട്ടുണ്ട്. പെട്രോളിയം, ഓയിൽ, ലൂബ്രിക്കൻസ് എന്നീ ഉൽപ്പന്നങ്ങളുടെ വർദ്ധനവ്, മുൻ വർഷത്തെ ഇതേ മാസങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ 2.24 ദശലക്ഷം ടണ്ണും ഇത് 2021 ഏപ്രിൽ-മെയ് മാസങ്ങളിൽ 3.17 ദശലക്ഷം ടണ്ണായി ഉയരുകയും ചെയ്തു.

### വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് (വിസിൽ)

വിഴിഞ്ഞം ഇന്റർനാഷണൽ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ ഇന്ത്യയിലെ ആദ്യത്തെ ഡീപ് വാട്ടർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ ആണ്. വിഴിഞ്ഞം തുറമുഖത്തിന്റെ അനുകൂലാവസ്ഥ അതിന്റെ 18 മീ. സ്വാഭാവിക ആഴം അന്തർദ്ദേശീയ ഷിപ്പിംഗ് റൂട്ടിലേക്ക് 10 നോട്ടിക്കൽ മൈൽ മാത്രം ദൂരം, തീരത്ത് കുറഞ്ഞ മണ്ണടിയൽ എന്നിവയാണ്. ഇതിലേക്കായി കേരള സർക്കാർ വിഴിഞ്ഞം ഇന്റർനാഷണൽ സീ പോർട്ട് ലിമിറ്റഡ് (വിസിൽ) എന്ന പ്രത്യേക ഉദ്ദേശ്യ സ്ഥാപനം രൂപീകരിച്ചു. വിഴിഞ്ഞം തുറമുഖത്തിന് ഒരു അന്താരാഷ്ട്ര ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലായി വികസിപ്പിക്കുന്നതിന് ഭൂമിശാസ്ത്രപരമായ നിരവധി നേട്ടങ്ങളുണ്ട്.തീരത്ത് നിന്ന് ഒരു നോട്ടിക്കൽ മൈലിനുള്ളിൽ 20 മീറ്റർ കോണ്ടൂർ ലഭ്യതയും തീരത്ത് കുറഞ്ഞ ലിറ്റോറൽ ഡ്രിഫ്റ്റും ആവശ്യമില്ലാത്ത ഡ്രെഡ്ജിംഗ്, ദേശീയ/പ്രാദേശിക റോഡ്, റെയിൽ ശൃംഖലയിലേക്കുള്ള ലിങ്കുകൾ, അന്താരാഷ്ട്ര ഷിപ്പിംഗ് റൂട്ടിന്റെ സാമീപ്യം, ഗ്രീൻഫീൽഡ് പ്രോജക്റ്റായി രൂപകല്പന ചെയ്യുന്നതിനും വികസിപ്പിക്കുന്നതിനുമുള്ള വഴക്കം എന്നിവ ശ്രദ്ധേയമായ നേട്ടങ്ങളാണ്.

തുറമുഖ വികസനപ്രവർത്തനങ്ങൾ പിപിപി മാതൃകയിൽ സമ്മതപത്ര പ്രകാരമുള്ള കാലയളവിലേക്ക് ആസൂത്രണം ചെയ്തിട്ടുള്ളതാണ്. കണ്ടെയ്നർ യാർഡ്, ടെർമിനൽ കെട്ടിടങ്ങൾ എന്നിവ വികസിപ്പിക്കുന്നതിനും കാർഗോ കൈകാര്യം ചെയ്യുന്നതിനുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും ടെർമിനൽ ഓപ്പറേറ്റർ (കൾ) ആവശ്യമാണ്. വിസിലിന്റെ വികസനത്തിനായുള്ള ഫണ്ടിംഗിനെ സംബന്ധിച്ചിടത്തോളം, ഏറ്റവും വലിയ വിഹിതം സംസ്ഥാന സർക്കാരിൽ നിന്നാണ് വരുന്നത്, ഇത് മൊത്തം ഫണ്ടിംഗിന്റെ 57.5 ശതമാനം വരും, തുടർന്ന് കൺസഷനയർ (അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ്) 31.8 ശതമാനവും ബാക്കിയുള്ളവ 10.62 ശതമാനം ഇന്ത്യാ ഗവൺമെന്റിന്റെ വിഹിതവുമാണ്.

### മലബാർ ഇന്റർനാഷണൽ പോർട്ട് ആൻഡ് സെസ് ലിമിറ്റഡ് (അഴീക്കൽ തുറമുഖം)

അഴീക്കൽ തുറമുഖത്തിന്റെ വികസനത്തിനായുള്ള പദ്ധതി നടപ്പിലാക്കുന്നതിനായി കേരള സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ള മലബാർ ഇന്റർനാഷണൽ പോർട്ട് ആൻഡ് സെസ് ലിമിറ്റഡ് (എംഐപിഎസ് ലിമിറ്റഡ്) എന്ന കമ്പനി രൂപീകരിച്ചിട്ടുണ്ട്. മലബാർ മേഖലയിലെ സാധ്യതയുള്ള മേഖലകളിലേക്ക് തുറമുഖത്തേക്കുള്ള ചരക്കുകളും സംരംഭക വിഭവങ്ങളും എത്തിക്കാൻ കഴിയുന്ന പ്രത്യേക സാമ്പത്തിക

**ബോക്സ് 11.1.2** തുറമുഖ ബിൽ 2021–നെ സംബന്ധിച്ച കേരളത്തിന്റെ ഉത്കണ്ഠ

ഇന്ത്യൻ പോർട്ട് ആക്ട് 1908-ന് ശേഷം തുറമുഖ മേഖലയിലെ നിയമനിർമ്മാണത്തിലെ ഒരു നാഴികക്കല്ലായ ഇന്ത്യൻ പോർട്ട് ബിൽ 2021-ലേക്ക് ഇന്ത്യാ ഗവൺമെന്റ് അവതരിപ്പിക്കുകയുണ്ടായി. ബില്ലിന്റെ 10-ാം സെക്ഷൻ, ചെറുകിട തുറമുഖങ്ങളിൽ സംസ്ഥാനത്തിനുള്ള അധികാരം ഇല്ലാതാക്കുന്നതാണ്. സംസ്ഥാനങ്ങളിലെ ചെറുകിട തുറമുഖങ്ങളുടെ വികസനത്തിന്റെ നിരീക്ഷണം മാരിടൈം സ്റ്റേറ്റ് ഡെവലപ്മെന്റ് കൗൺസിലിനെ ചുമതലപ്പെടുത്തുന്നതോടൊപ്പം തുറമുഖങ്ങളുടെ ചുമതലയുള്ള കേന്ദ്രമന്ത്രിയും ഇന്ത്യൻ സർക്കാർ ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ട സംസ്ഥാന മന്ത്രിമാരും അംഗങ്ങളാണ്. ചെറുകിട തുറമുഖങ്ങളുടെ നിലവിലുള്ളതും പുതിയതുമായ തുറമുഖങ്ങളുടെ വികസനം വിലയിരുത്തുന്നതിനുള്ള അധികാരം കൗൺസിലിന് നൽകാൻ നിർദ്ദേശിക്കുന്നു. അതിനാൽ ഇതുവരെ സംസ്ഥാന സർക്കാർ ചെറുകിട തുറമുഖങ്ങളുടെമേൽ അവലംബിച്ചിരുന്ന അധികാരങ്ങൾ കൗൺസിലിന് അസാധുവാക്കാൻ സാധിക്കുന്നു. എന്നാൽ കൺകറന്റ് ലിസ്റ്റിലെ എൻട്രി 31ൽ ചെറുകിട തുറമുഖങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത്.

മേഖലകൾ/ഇൻഡസ്ട്രിയൽ പാർക്കുകൾ എന്നിവയുമായി ഇന്റർ മോഡൽ കണക്റ്റിവിറ്റിയുള്ള ഒരു അന്തർദേശീയ, തീരദേശ ഷിപ്പിംഗ് തുറമുഖമായാണ് അഴീക്കൽ തുറമുഖം വിഭാവനം ചെയ്തിരിക്കുന്നത്.

അഴീക്കലിൽ കടലിൽ ആഭ്യന്തര, അന്തർദേശീയ ചരക്കുകൾക്കായി ഒരു പുതിയ തുറമുഖം വികസിപ്പിക്കുന്നത് 3 ഘട്ടങ്ങളിലായാണ് വിഭാവനം ചെയ്തിരിക്കുന്നത് – പനമാക്സ് വലുപ്പമുള്ള കപ്പലുകൾ വരെ (4,000 മുതൽ 4,500 കണ്ടെയ്നറുകൾ വരെ) കൈകാര്യം ചെയ്യാൻ കഴിയും. ഒന്നാം ഘട്ടത്തിൽ 500 മീറ്റർ ബെർത്തും, രണ്ടാം ഘട്ടത്തിൽ 300 മീറ്റർ ബെർത്തും, മൂന്നാം ഘട്ടത്തിൽ 300 മീറ്റർ ബെർത്തും ആസൂത്രണം ചെയ്തിട്ടുണ്ട്. ഹാർബർ ബേസിനിൽ 14.5 മീറ്റർ ആഴത്തിൽ ഡ്രെഡ്ജ് ചെയ്ത പനമാക്സ് കപ്പലുകൾ, തുറമുഖത്തിന് കണ്ടെയ്നറുകൾ, ലിക്വിഡ് ബൾക്ക്, പെട്രോളിയം ഉൽപ്പന്നങ്ങൾ, ഡ്രൈ ബൾക്ക് / ബ്രേക്ക്–ബൾക്ക് ചരക്ക് മുതലായവ കൈകാര്യം ചെയ്യാൻ കഴിയും.

തുടക്കത്തിൽ 60 ഹെക്ടർ സർക്കാർ ഭൂമി ലഭ്യമാക്കി സർവേ നടത്തി തുറമുഖം വികസിപ്പിക്കുന്നതാണ്. തുറമുഖം, റെയിൽ, റോഡ്, പ്രത്യേക സാമ്പത്തിക മേഖല/വ്യാവസായിക പാർക്കുകൾ മുതലായവയ്ക്ക് വേണ്ടിയുള്ള അധിക ഭൂമി വീണ്ടെടുക്കലും ഭൂമി ഏറ്റെടുക്കലും കൂട്ടിച്ചേർക്കും. 2019ലെ ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് പ്രകാരം 3 ഘട്ടങ്ങളിലായി 3698 കോടി രൂപയാണ് കണക്കാക്കിയിരിക്കുന്ന പദ്ധതിച്ചെലവ് (യഥാക്രമം 2263 + Rs.688 + Rs.747 കോടി രൂപ). നാഷണൽ ഹൈവേ വരെയുള്ള റോഡിനു 103 കോടി രൂപ (48 + 2+ 53 കോടി രൂപ)ആണ്. മൂന്നാം ഘട്ടത്തിൽ റെയിൽവേ കണക്റ്റിവിറ്റി നിർദ്ദേശിക്കുന്നു. ഡിപിആർ തയ്യാറാക്കലും ഇഐഎ പഠനവും അവസാന ഘട്ടത്തിലാണ്.

## സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളുടെ വികസനം

കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ സ്ഥാനം അന്താരാഷ്ട്ര ഷിപ്പിംഗ് റൂട്ടിന് വളരെ അടുത്താണ്. കേരളത്തിൽ വിജ്ഞാപനം ചെയ്യപ്പെട്ട 17 ചെറുകിട തുറമുഖങ്ങളുണ്ട്, അതിൽ മൂന്നെണ്ണം ബെർത്തിംഗ്, ചരക്ക് കൈകാര്യം ചെയ്യൽ, സംഭരണ സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഇന്റർമീഡിയറ്റ് തുറമുഖങ്ങളായി കണക്കാക്കപ്പെടുന്നു. കേരള സർക്കാരിന് കീഴിലുള്ള കേരള മാരിടൈം ബോർഡ് (കെഎംബി) കേരളത്തിലെ സമുദ്ര സംസ്ഥാനത്തിലെ ചെറുകിട തുറമുഖങ്ങളുടെ ഭരണം നിർവഹിക്കുന്നു. തുറമുഖവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും, തുറമുഖങ്ങളുടെ നവീകരണവും, ഷിപ്പിംഗ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തലും കേരള മാരിടൈം ബോർഡിന്റെ പ്രധാന ലക്ഷ്യങ്ങളാണ്. ഇന്ത്യയുടെ സമുദ്രവ്യാപാരത്തിൽ സംസ്ഥാനത്തിന്റെ വിഹിതം വർധിപ്പിക്കാനും ചരക്ക് എണ്ണത്തിൽ രാജ്യത്തെ ഏറ്റവും മികച്ച മൂന്ന് സമുദ്ര സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളത്തെ എത്തിക്കാനും കെഎംബി വിഭാവനം ചെയ്യുന്നു.

പിപിപി മോഡിൽ അഞ്ച് തുറമുഖങ്ങൾ വികസിപ്പിക്കാൻ കേരള സർക്കാർ തീരുമാനിച്ചു. ഈ തുറമുഖങ്ങൾ ബേപ്പൂർ, പൊന്നാനി, ആലപ്പുഴ, കൊല്ലം, അഴീക്കൽ, എന്നിവയും വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം എന്ന വൻകിട പദ്ധതിയുമാണ്. മൂന്ന് തുറമുഖങ്ങളിൽ, അതായത് വിഴിഞ്ഞം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ മാത്രമാണ് ഇപ്പോൾ ചരക്ക് നീക്കങ്ങൾ നടക്കുന്നത്. വിഴിഞ്ഞം 1,000 ടണ്ണും ബേപ്പൂർ 50,000 ടണ്ണും അഴീക്കൽ 5,000 ടണ്ണും പ്രതിവർഷം കൈകാര്യം ചെയ്യുന്നു. ചെറുകിട തുറമുഖങ്ങൾ രാജ്യത്തെ വ്യവസായം, വ്യാപാരം, വാണിജ്യം, കാർഷികം എന്നിവയുടെ വികസനത്തിന് വളരെയധികം സംഭാവന നൽകിയിട്ടുണ്ട്, എന്നാൽ സാധ്യതകൾ പൂർണ്ണമായി പ്രയോജനപ്പെടുത്താൻ ഇതുവരെ കഴിഞ്ഞിട്ടില്ല. തുറമുഖങ്ങൾ സമയബന്ധിതമായി വികസിപ്പിക്കേണ്ടതിന്റെ ആവശ്യകത തിരിച്ചറിഞ്ഞ്, ഈ മേഖലയിൽ സ്വകാര്യമേഖലയുടെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

ഫിഷിംഗ് ഹാർബറുകളുടെയും ഫിഷ് ലാൻഡിംഗ് സെന്ററുകളുടെയും നിർമ്മാണവും പരിപാലനവും, മത്സ്യബന്ധന അടിസ്ഥാന സൗകര്യങ്ങൾ (ഹാച്ചറികൾ, കുളങ്ങൾ, ഫാമുകൾ പോലുള്ളവ) തീരത്തെ അടിസ്ഥാനമാക്കിയുള്ള ടൂറിസം പദ്ധതികൾ, തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ, തീരദേശ റോഡുകൾ എന്നിവയിലാണ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് (എച്ച്ഇഡി) പ്രാഥമികമായി ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഇതുവരെ വകുപ്പ് 21 ഫിഷറീസ് ഹാർബറുകളുടെ പ്രവൃത്തി പൂർത്തിയാക്കി, മറ്റ് 4 ഫിഷറീസ് ഹാർബറുകളുടെ പ്രവൃത്തി പുരോഗമിക്കുകയാണ്. മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനായി കേരള തീരപ്രദേശത്ത് ഫിഷ് ലാൻഡിംഗ് സെന്ററുകൾ, മത്സ്യവിത്ത് ഫാമുകൾ, ഹാച്ചറികൾ, ഫിഷറീസ് സ്കൂളുകൾ, ഡിസ്പെൻസറികൾ, തീരദേശ റോഡുകൾ, ജലവിതരണം, ശുചിത്വ പദ്ധതികൾ തുടങ്ങി നിരവധി സാമൂഹിക അടിസ്ഥാന സൗകര്യങ്ങളും വകുപ്പ് നടപ്പാക്കിയിട്ടുണ്ട്. വകുപ്പ് നടപ്പിലാക്കുന്ന വിവിധ കേന്ദ്രാവിഷ്കൃത ഫിഷറീസ് ഹാർബർ പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം 11.1.34** –ൽ നൽകിയിട്ടുണ്ട്.

2017-ൽ വകുപ്പ് ഏറ്റെടുത്ത ഒരു നവീന പദ്ധതിയാണ് ശുചിത്വ സാഗരം, മത്സ്യത്തൊഴിലാളികളുടെ സഹായത്തോടെ കടൽത്തീരത്ത് നിന്ന് മാലിന്യം ശേഖരിക്കുകയും അവ പുനരുപയോഗിക്കുകയും എച്ച്ഇഡിയുടെ കീഴിലുള്ള റോഡ് ജോലികളിൽ ഉപയോഗിക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ഈ പദ്ധതി ലോകശ്രദ്ധ ആകർഷിച്ചു. നീണ്ടകര ഫിഷിംഗ് ഹാർബറിലാണ് ഈ പദ്ധതി ആദ്യം ആരംഭിച്ചത്, 2018-ൽ മറൈൻ ബയോളജി അസോസിയേഷൻ ഓഫ് ഇന്ത്യയുടെ മികച്ച വിജയഗാഥ ഇത് പുരസ്കാരം കരസ്ഥമാക്കി. വേൾഡ് ഇക്കണോമിക് ഫോറത്തിന്റെയും നാഷണൽ ജ്യോഗ്രഫി മാസികയുടെയും അംഗീകാരം ഈ പദ്ധതിക്ക് ലഭിച്ചിട്ടുണ്ട്. 2017-ൽ ഈ പദ്ധതി പ്രതീക്ഷയോടെ ആരംഭിച്ചെങ്കിലും, ഫണ്ടിന്റെ കുറവ് കാരണം സ്കീം നിലനിർത്തുന്നത് പ്രയാസം നേരിട്ടതിനാൽ പ്രതീക്ഷിച്ചത്ര വരുമാനം ലഭിക്കാത്തതും സ്വയം സുസ്ഥിരവുമായ ഒരു മാതൃകയായി ഈ പദ്ധതിയെ നിലനിർത്താനും നവീകരിക്കാനും സാധിച്ചിട്ടില്ല.

സംസ്ഥാനത്തിന്റെ തുറമുഖ മേഖലയിലെ മറ്റൊരു ഏജൻസിയായ ഹൈഡ്രോഗ്രാഫിക് സർവേ വിംഗ് (എച്ച്എസ്ഡബ്ലിയു) പര്യവേഷണം നടത്തുകയും ഹൈഡ്രോഗ്രാഫിക് ഡിജിറ്റൽ പ്രിന്റഡ് മാതൃകകളിൽ ചാർട്ടുകൾ തയ്യാറാക്കുകയും ചെയ്യുന്നു. ഇത്തരം ഹൈഡ്രോഗ്രാഫിക് ചാർട്ടുകൾ മൊത്തത്തിലുള്ള ജല പിണ്ഡത്തിന്റെ ആഴം, വെള്ളത്തിനടിയിലെ ഭൂപ്രകൃതി, രൂപരേഖകൾ, തീരത്തിന്റെയും കരയുടെയും സവിശേഷതകൾ, ജലത്തിന്റെ അടിഭാഗത്തിന്റെ സ്വഭാവം എന്നിവയെക്കുറിച്ചുള്ള നേരിട്ടുള്ള വിവരങ്ങൾ നൽകുന്നു.

വിംഗ് എല്ലാ ഹൈഡ്രോഗ്രാഫിക് ഡാറ്റയും ശേഖരിക്കുകയും നാവിഗേഷൻ ചാർട്ടുകൾ അപ്ഡേറ്റ് ചെയ്യുന്നതിനായി നാഷണൽ ഹൈഡ്രോഗ്രാഫിക് ഓഫീസിലേക്ക് കൈമാറുകയും ചെയ്യുന്നു. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനും തുറമുഖ വകുപ്പിനും വേണ്ടി വിങ് എല്ലാ വർഷവും വിവിധ സ്ഥലങ്ങളിൽ 20 ഓളം സർവേകൾ നടത്തുകയും കേരള തീരത്തെ വിവിധ സ്ഥലങ്ങളിലെ വേലിയേറ്റ ഡാറ്റ ശേഖരിക്കുകയും ചെയ്യുന്നു. ഹൈഡ്രോഗ്രാഫിക് സർവേ വിഭാഗം ഈ മേഖലയ്ക്ക് യോഗ്യമായ മാനവ വിഭവശേഷി നൽകാൻ വേണ്ടി കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹൈഡ്രോഗ്രഫി ആൻഡ് അഡ്വാൻസ്ഡ് സ്റ്റഡീസ് (കിഹാസ്) ആരംഭിക്കുകയും അക്കാദമിക് കോഴ്സുകൾ നടത്തിവരികയും ചെയ്യുന്നുണ്ട്

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് (എച്ച്ഇഡി) 2020-21, 2021-22 വർഷങ്ങളിൽ (2021 ഓഗസ്റ്റ് വരെ) സംസ്ഥാനത്തുടനീളം അഞ്ച് ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണം പൂർത്തിയാക്കി. 3102 ലക്ഷം രൂപ ചെലവിൽ നിർമ്മിച്ച മുതലപ്പൊഴി ഫിഷിംഗ് ഹാർബർ 2020 ജൂണിൽ കമ്മീഷൻ ചെയ്തു. 2021 ഫെബ്രുവരിയിൽ വെള്ളയിൽ, താന്നൂർ മത്സ്യബന്ധന തുറമുഖങ്ങൾ യഥാക്രമം 3930 ലക്ഷം രൂപയും 5585 ലക്ഷം രൂപയും ചെലവഴിച്ച് പൂർത്തീകരിച്ചിട്ടുണ്ട്. അടുത്തിടെ, 2021 ഒക്ടോബറിൽ കൊയിലാണ്ടി (6,399 ലക്ഷം രൂപ), മഞ്ചേശ്വരം (4,880 ലക്ഷംരൂപ) മത്സ്യബന്ധന തുറമുഖങ്ങളും വകുപ്പ് കമ്മീഷൻ ചെയ്തു.

## വെല്ലുവിളികളും അവസരങ്ങളും

ഉചിതവും യോജിച്ചതുമായ ശ്രമങ്ങൾക്കിടയിലും, ഈ മേഖലയിൽ അതിന്റെ വികസനത്തിൽ ഇപ്പോഴും തടസ്സങ്ങൾ നേരിടുന്നു. തുറമുഖ വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നതിലെ കാലതാമസം തുറമുഖങ്ങളുടെ വികസനത്തിന് വലിയ തടസ്സമാണ്. കൂടാതെ തീരദേശ മേഖല വളരെ സെൻസിറ്റീവായ പ്രദേശമായതിനാൽ തുറമുഖത്തിന്റെ നേതൃത്വത്തിലുള്ള വികസന പദ്ധതികൾ നടപ്പാക്കുന്നതിൽ പലവിധ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുണ്ട്. വിവിധ കാരണങ്ങളാൽ സംസ്ഥാനത്തെ തുറമുഖങ്ങൾ ഗതാഗതത്തെ ആകർഷിക്കുന്നതിൽ പരാജയപ്പെടുന്നു, ചരക്ക് പ്രോത്സാഹനം കുറവായതാണ് പ്രധാന കാരണങ്ങളിലൊന്ന്. കാലഹരണപ്പെട്ട സാങ്കേതികവിദ്യയും വൈദഗ്ധ്യമുള്ള മനുഷ്യവിഭവശേഷിയുടെ അഭാവവും മൂലം തൊഴിലാളികളുടെയും, ഉപകരണങ്ങളുടെയും കുറഞ്ഞ ഉൽപ്പാദനക്ഷമത എന്നിവയാണ് ഈ മേഖലയിൽ നേരിടുന്ന മറ്റൊരു പരിമിതി.

## ഉൾനാടൻ ജലഗതാഗതം

റോഡ്, റെയിൽ ഗതാഗതം, വ്യോമ ഗതാഗതം എന്നിവ പോലെയുള്ള മറ്റൊരു ഗതാഗത മാർഗ്ഗമാണ് ഉൾനാടൻ ജലഗതാഗതം (ഐഡബ്ല്യുടി). നദികൾ, കനാലുകൾ, കായലുകൾ, തോടുകൾ എന്നിങ്ങനെയുള്ള ഉൾനാടൻ ജലപാതകളുടെ വിപുലമായ ശൃംഖല ഇന്ത്യയിലുണ്ട്. വികസിത രാജ്യങ്ങളെ അപേക്ഷിച്ച് ജലപാതകൾ വഴിയുള്ള ചരക്ക് ഗതാഗതം രാജ്യത്ത് വളരെ കുറവാണ്. ഇന്ത്യയുടെ ഉൾനാടൻ കണക്റ്റിവിറ്റി പ്രധാനമായും ആഭ്യന്തര ജലപാതകളുടെ റോഡ്, റെയിൽ കണക്റ്റിവിറ്റിയെ അടിസ്ഥാനമാക്കിയുള്ളതാണ്. അമിതഭാരമുള്ള ചരക്കുകൾ നീക്കം ചെയ്യുന്നതിനുള്ള ശേഷി റെയിൽപ്പാതകൾക്കും റോഡ്‌വേകൾക്കും അനുബന്ധമായി ശേഷി ഇന്ത്യയിലെ ഉൾനാടൻ ജലഗതാഗതത്തി (ഐ ഡബ്ലിയു ടി) നുണ്ട്. ചരക്ക് നീക്കത്തിന് പുറമേ, വാഹനങ്ങളുടെ ക്യാരേജ് {ഓൺ റോൾ-ഓൺ-റോൾ-ഓഫ് (റോ-റോ) മോഡ് ഓഫ് ക്രോസ് ഫെറി}, ടൂറിസം തുടങ്ങിയ അനുബന്ധ പ്രവർത്തനങ്ങളിലും ഉൾനാടൻ ജലഗതാഗത മേഖല സൗകര്യം നൽകി വരുന്നു.

ഷിപ്പിംഗും നാവിഗേഷനും പ്രോത്സാഹിപ്പിക്കുന്നതിനായി രാജ്യത്തെ 111 ഉൾനാടൻ ജലപാതകൾ 2016-ലെ ദേശീയ ജലപാത നിയമ പ്രകാരം, 'ദേശീയ ജലപാതകൾ' (എൻ ഡബ്ലിയു) ആയി പ്രഖ്യാപിക്കുകയുണ്ടായി. ദേശീയ ജലപാത നിയമം, 2016 പ്രകാരം ദേശീയ ജലപതകളായി പ്രഖ്യാപിച്ചിട്ടുള്ള ജലപാതകളുടെ വികസനം, പരിപാലനം, നിയന്ത്രണം എന്നിവയുടെ പ്രാഥമിക പ്രവർത്തനങ്ങൾ ഷിപ്പിംഗ് തുറമുഖ, ജലപാത മന്ത്രാലയത്തിന് കീഴിലുള്ള ഒരു സ്വയംഭരണ സ്ഥാപനമായ ഇൻലാൻഡ് വാട്ടർവേസ് അതോറിറ്റി ഓഫ് ഇന്ത്യ (ഐഡബ്ലിയുഎഐ) ആണ് നടപ്പിലാക്കുന്നത്

വെസ്റ്റ് കോസ്റ്റ് കനാൽ (ഡബ്ല്യുസിസി), ഫീഡർ കനാലുകൾ എന്നിങ്ങനെയുള്ള പ്രധാന മാർഗങ്ങളിലെ ജലപാതകൾ സംസ്ഥാനത്തെ ജലപാതകളിൽ ഉൾപ്പെടുന്നു. സംസ്ഥാനത്തെ ഉൾനാടൻ ജലപാതകളുടെ ആകെ നീളം 1,700 കിലോമീറ്ററാണ്. വെസ്റ്റ് കോസ്റ്റ് കനാൽ (ഡബ്ല്യുസിസി) യുടെ ആകെ നീളം 616 കിലോമീറ്ററാണ്. ഡബ്ല്യുസിസിയെയും വാണിജ്യ കേന്ദ്രങ്ങൾ, തുറമുഖങ്ങൾ, ടൂറിസം സ്പോട്ടുകൾ തുടങ്ങിയ പ്രധാന സ്ഥലങ്ങളെയും ബന്ധിപ്പിക്കുന്ന 1,100 കിലോമീറ്റർ ഫീഡർ/ലിങ്ക് കനാലുകൾ ഉണ്ട്. ഡബ്ല്യുസിസിയെ അഞ്ച് വിഭാഗങ്ങളായി തിരിക്കാം, അതായത് (1) കോവളം-കൊല്ലം (74.18 കി.മീ), (2) കൊല്ലം-കോട്ടപ്പുറം (കൊടുങ്ങല്ലൂർ) (168 കി.മീ), (3) കോട്ടപ്പുറം-കോഴിക്കോട് (160 കി.മീ), (4) കോഴിക്കോട്-നീലേശ്വരം (187.82 കി.മീ), (5) നീലേശ്വരം-കാസർഗോഡ്

**പട്ടിക 11.1.9** കഴിഞ്ഞ 5 വർഷത്തെ ദേശീയ ജലപാത–3 ലെ ചരക്ക് നീക്കം ദശലക്ഷം ടൺ (എൽ എം ടി)

| സാമ്പത്തിക വർഷം | ചരക്ക് നീക്കം (എൽ എം ടി യിൽ) | | ആകെ ചരക്ക് നീക്കം (എൽ എം ടി യിൽ) |
|---|---|---|---|
| | ചമ്പക്കര കനാൽ | ഉദ്യോഗമണ്ഡൽ കനാൽ | |
| 2016–17 | 3.20 | 7.13 | 10.33 |
| 2017–18 | 2.83 | 1.90 | 4.73 |
| 2018–19 | 3.50 | 0.78 | 4.283 |
| 2019–20 | 4.44 | 1.30 | 5.74 |
| 2020–21 | 5.37 | 1.98 | 7.35 |

അവലംബം: ഇൻലാൻഡ് വാട്ടർ വേസ് അതോറിറ്റി ഓഫ് ഇന്ത്യ, കൊച്ചി

(41 കി.മീ). കേരളത്തിലെ മുഴവൻ നാവിഗേഷൻ കനാൽ സംവിധാനത്തിനും വർഷം മുഴവനും മതിയായ ജലം ഉറപ്പാക്കാനും സ്മാർട്ട് ജലപാതകളായി വികസിപ്പിക്കാനും കഴിയും. മൊത്തം 616 കിലോമീറ്റർ നീളത്തിൽ, മാഹിക്കും വളപട്ടണത്തിനും ഇടയിൽ 26 കിലോമീറ്റർ നീളമുള്ള മൂന്ന് ഭാഗങ്ങൾ കരഭാഗങ്ങളാണ്. നീലേശ്വരം മുതൽ ബേക്കൽ വരെ 41 കിലോമീറ്റർ നീട്ടുന്നതും പരിഗണനയിലാണ്.

ഓവർ ഡൈമൻഷണൽ കാർഗോ (ഒഡിസി) ഗതാഗതത്തിന് ഇൻലാൻഡ് വാട്ടർവേ ട്രാൻസ്പോർട്ട് (ഐഡബ്ല്യുടി) മോഡാണ് പല കാരണങ്ങളാൽ റോഡ് ഗതാഗതത്തെക്കാൾ മെച്ചം. റൂട്ട്, സമയ നിയന്ത്രണങ്ങൾ, ഒന്നിലധികം അനുമതികളുടെ ആവശ്യകത എന്നിവ പോലുള്ള കാര്യമായ വെല്ലുവിളികൾ റോഡ് ഗതാഗതം അഭിമുഖീകരിക്കേണ്ടി വരുന്നു. റെയിൽ ഗതാഗതത്തിന്റെ കാര്യത്തിൽ ഒഡിസി കൊണ്ടുപോകുന്നതിനുള്ള റൂട്ട് സർവേകൾ നടത്തുന്നതിനു വളരെ പരിശ്രമം ആവശ്യമായതിനാലും ഗണ്യമായ ശ്രമം കുവയതിനാലും, സ്റ്റാൻഡേർഡ് വാഗൺ വലുപ്പം ഉള്ളതിനാലും ഒഡിസി ഉൾക്കൊള്ളാൻ റെയിൽ ഗതാഗതത്തിന് കാര്യമായ വഴക്കമില്ലാത്തതും ഇൻലാൻഡ് വാട്ടർവേ ട്രാൻസ്പോർട്ട് (ഐഡബ്ല്യുടി)തെരഞ്ഞെടുക്കുന്നതിനുള്ള സാധ്യത കൂട്ടുന്നുണ്ട്. ഉൾനാടൻ ജലഗതാഗത രീതി താരതമ്യേന സൗകര്യപ്രദമായ രീതിയിൽ ഒഡിസി ചരക്ക് നീക്കാൻ സാധിക്കുന്നു.
ടൺ കണക്കിലെടുത്താൽ, 2019–20ൽ ബാർജുകൾ വഴി ദേശീയ ജലപാത–3–ൽ നീക്കിയ മൊത്തം ചരക്ക് 5.74 ലക്ഷം ടൺ ആയിരുന്നു, അതിൽ പ്രധാനമായും സൾഫർ, ഫോസ്ഫോറിക് ആസിഡ്, ദ്രവീകൃത അമോണിയ വാതകം, റോക്ക് ഫോസ്ഫറസ് മുതലായവ ഉൾപ്പെടുന്നു. എന്നാൽ ചരക്ക് സ്വീകരിക്കുന്ന വ്യക്തികളും വിതരണക്കാരും ഐഡബ്ല്യുടി മോഡിലേക്ക് മാറുന്നതിനു വിമുഖത പ്രകടിപ്പിക്കുന്നതിനാൽ ടെർമിനലുകളിൽ പ്രതീക്ഷിക്കുന്ന ചരക്ക് ആകർഷിക്കുന്നില്ല.

**കേരളത്തിലെ ദേശീയ ജലപാതകൾ**

കേന്ദ്രസർക്കാരിന്റെ ജലപാത വികസിപ്പിക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി, 1993–ൽ വെസ്റ്റ് കോസ്റ്റ് കനാലിന്റെ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ഭാഗവും ഉദ്യോഗമണ്ഡലം, ചമ്പക്കര കനാലുകളും ദേശീയ ജലപാത 3 ആയി പ്രഖ്യാപിക്കുകയുണ്ടായി. ഇപ്പോൾ 2016 ലെ ജലപാത നിയമ പ്രകാരം ദേശീയപാത–3 കോഴിക്കോട് വരെ നീട്ടുന്നു.

2016 ലെ ദേശീയ ജലപാത നിയമം നിലവിൽ വന്നതിനു ശേഷം 2.20 മീറ്റർ ഡ്രാഫ്റ്റ്, 6.0 മീറ്റർ വെർട്ടിക്കൽ ക്ലിയറൻസ്, 32– 40 മീറ്റർ വീതി എന്നിങ്ങനെ ക്ലാസ് 3 സ്പെസിഫിക്കേഷനിൽ മൂന്ന് കനാലുകൾ ദേശീയ ജലപാതകളിലേക്ക് ചേർത്തിട്ടുണ്ട്. കേരളത്തിലെ ദേശീയ ജലപാതകൾ **പട്ടിക 11.1.10** –ൽ പട്ടികപ്പെടുത്തിയിട്ടുണ്ട്.

**സംസ്ഥാന ജലപാതകൾ**

ഡബ്ല്യുസിസിയുടെ സംസ്ഥാന ജലപാത ഭാഗം തെക്ക്

**പട്ടിക 11.1.10** കേരളത്തിലെ ദേശീയ ജലപാതകൾ

| ക്രമ നം | റൂട്ട് | നീളം (കിലോമീറ്ററിൽ) | ദേശീയ ജലപാത നം |
|---|---|---|---|
| 1 | ഡബ്ല്യുസിസിയുടെ കൊല്ലം – കോട്ടപ്പുറം ഭാഗം | 168 | |
| | ഉദ്യോഗമണ്ഡൽ കനാൽ | 23 | ദേശീയ ജലപാത –3 |
| | ചമ്പക്കര കനാൽ | 14 | |
| | ഡബ്ല്യുസിസിയുടെ കോട്ടപ്പുറം–കോഴിക്കോട് ഭാഗം | 160 | |
| 2 | ആലപ്പുഴ –ചങ്ങനാശ്ശേരി | 28 | ദേശീയ ജലപാത –8 |
| 3 | ആലപ്പുഴ– കോട്ടയം– ആതിരപ്പുഴ | 38 | ദേശീയ ജലപാത –9 |
| 4 | കോട്ടയം–വൈക്കം | 28 | ദേശീയ ജലപാത –59 |
| 5 | പൂവാർ– എരയുമാന്തുറൈ–എവിഎം കനാൽ (തമിഴ്നാട്ടിലെ പ്രധാന ഭാഗം) | | ദേശീയ ജലപാത –13 |
| ആകെ നീളം (എവിഎം കനാൽ ഒഴികെ) | | 459 കിലോമീറ്റർ | |

അവലംബം: ഇൻലാൻഡ് വാട്ടർ വേസ് അതോറിറ്റി, കൊച്ചി

കോവളത്ത് നിന്ന് ആരംഭിച്ച് കൊല്ലത്തെ ദേശീയ ജലപാത (ദേശീയ ജലപാത –3) കൂടിച്ചേരുന്നു. ഇതിന് 74 കിലോമീറ്റർ നീളമുണ്ട്. 15 വർഷം മുമ്പ് ഈ മേഖലയിൽ വികസന പ്രവർത്തനങ്ങൾ ഭാഗികമായി പൂർത്തിയാക്കിയെങ്കിലും ഫണ്ടിന്റെ ദൗർലഭ്യവും കനാൽ തീരങ്ങളിലെ കൈയേറ്റങ്ങളും കാരണം പ്രവൃത്തികൾ മന്ദഗതിയിലാണ് പുരോഗമിക്കുന്നത്. കോഴിക്കോട്–വടകര പാത ഭാഗികമായി സഞ്ചാരയോഗ്യമാണ്. നബാർഡ്, പതിമൂന്നാം ധനകാര്യ കമ്മീഷൻ, സംസ്ഥാന പദ്ധതി ഫണ്ട് എന്നിവയിൽ നിന്നുള്ള തുക ഉപയോഗിച്ചാണ് വടകര–മാഹി (17.61 കിലോമീറ്റർ) കനാൽ രൂപീകരണപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. ദേശീയ ജലപാത ക്ലാസ്–3 നിലവാരത്തിൽ ഈ റീച്ച് വികസിപ്പിക്കുന്ന പ്രവൃത്തികൾ പുരോഗമിക്കുകയും ചെയ്യുന്നു. മാഹി–വളപട്ടണം കനാലിന് 58.51 കിലോമീറ്റർ നീളമുണ്ട്. 26 കിലോമീറ്റർ നീളമുള്ള മൂന്ന് കരഭാഗങ്ങളുണ്ട്. ഇപ്പോൾ വളപട്ടണത്തിന് വടക്ക് മുതൽ നീലേശ്വരം വരെയുള്ള ജലപാതയുടെ ഭാഗങ്ങൾ സംസ്ഥാന ജലപാത മാനദണ്ഡങ്ങൾക്കനുസൃതമായി സഞ്ചാരയോഗ്യമാണ്. ഡബ്ല്യുസിസി ബേക്കൽ വരെ നീട്ടുന്നതിനായി നീലേശ്വരം പുഴയും ചിറ്റാരി പുഴയും 6.5 കിലോമീറ്റർ ദൂരത്തിൽ പുതിയ കനാലു വഴി ബന്ധിപ്പിക്കും. വെസ്റ്റ് കോസ്റ്റ് കനാൽ വികസനത്തിന് കേരള സർക്കാർ മുൻഗണന നൽകിയിട്ടുണ്ട്. ഡബ്ല്യുസിസിയുടെ വിവിധ റീച്ചുകളുടെ പട്ടിക **അനുബന്ധം 11.1.35**–ൽ നൽകിയിരിക്കുന്നു.

ഡബ്ല്യുസിസിയെ കൂടാതെ, വിവിധ വാണിജ്യ, ടൂറിസം കേന്ദ്രങ്ങളെയും വിവിധ തുറമുഖങ്ങളെയും ബന്ധിപ്പിക്കുന്ന നിരവധി ഫീഡർ കനാലുകളും ലിങ്ക് കനാലുകളും ഉണ്ട്. ഈ ഫീഡർ കനാലുകളുടെ വികസനം മുൻഗണനാടിസ്ഥാനത്തിൽ ഏറ്റെടുത്തു നടപ്പിലാക്കും. വർഗ്ഗീകരണം, വികസന മാനദണ്ഡങ്ങൾ രൂപപ്പെടുത്തൽ, ട്രാഫിക് പ്രവചനത്തെ അടിസ്ഥാനമാക്കി മുൻഗണന നൽകൽ, വികസനം ആവശ്യമുള്ള ഫീഡർ കനാലുകൾ ശുപാർശ ചെയ്യൽ എന്നിവയുള്ള പഠനത്തിനായി നാറ്റ്പാക്കിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. **ചിത്രം 11.1.6** സംസ്ഥാനത്തിലെ ദേശീയ ജലപാതകളും സംസ്ഥാന ജലപാതകളും അതിന്റെ റൂട്ടും സൂചിപ്പിക്കുന്നു.

### സംസ്ഥാനത്തെ ജലപാതകളുടെ വികസനം

ദേശീയ ജലപാതയിൽ കോട്ടപ്പുറം, ആലുവ, മരട്, വൈക്കം, തണ്ണീർമുക്കം, തൃക്കുന്നപ്പുഴ, കായംകുളം, കൊല്ലം, ആലപ്പുഴ എന്നിവിടങ്ങളിലായി 9 കാർഗോ ടെർമിനലുകൾ നിർമ്മിച്ചിട്ടുണ്ട്. ആലപ്പുഴ ടെർമിനൽ സെൻട്രൽ പബ്ലിക് വർക്ക് വകുപ്പിൽ നിന്ന് 2020 ഫെബ്രുവരിയിൽ ഏറ്റെടുക്കുകയുണ്ടായി. 24.57 കോടി രൂപ ചിലവഴിച്ച് വില്ലിംഗ്ടൺ ഐലൻഡിനും ബോൾഗാട്ടി ജെട്ടിക്കുമിടയിൽ വിന്യസിക്കുന്നതിനായി കൊച്ചിൻ ഷിപ്പ്യാർഡിൽ രണ്ട് റോ–റോ കപ്പലുകൾ നിർമ്മാണത്തിലാണ്. 24 മണിക്കൂറും സുരക്ഷിതമായ നാവിഗേഷൻ സുഗമമാക്കുന്നതിനായി ദേശീയ ജലപാത.3–ൽ ആകെ 312 സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന ലൈറ്റഡ് ബോയ്സും 17 ബീക്കൺ ലൈറ്റുകളും ഐഡബ്ലിയുഎഐ പരിപാലിക്കുന്നുണ്ട്.


നിർദ്ദിഷ്ട അളവുകളോടെ നാവിഗേഷൻ ചാനൽ വികസിപ്പിക്കുന്നതിന്, 2020 മാർച്ച് 31 കാലയളവ് വരെ കൊല്ലത്തെ കായംകുളം കായലിൽ 1.00 കിലോമീറ്ററും ഇടപ്പള്ളിക്കോട്ട–കൊല്ലം സ്ട്രെച്ചിൽ 1.10 കിലോമീറ്ററും ഒഴികെയുള്ള എല്ലാ റീച്ചുകളിലും കൂടി 40.16 എൽ എം3 ക്യാപിറ്റൽ ഡ്രെഡ്ജിംഗ് പൂർത്തിയായിട്ടുണ്ട്. 2020 മാർച്ച് 31 വരെ, ഇടപ്പള്ളിക്കോട്ട–കൊല്ലം സ്ട്രെച്ചിന്റെ പ്രവൃത്തി പുരോഗമിക്കുകയാണ്. മണ്ണൊലിപ്പിനെതിരെ കനാൽ തീരങ്ങളുടെ സംരക്ഷണം ദേശീയ ജലപാത–3 ലെ സുരക്ഷിതമായ നാവിഗേഷനുള്ള മറ്റൊരു പ്രധാന പ്രവർത്തനമാണ്. ചമ്പക്കര, ഉദ്യോഗമണ്ഡൽ കനാലുകളിലെ 15.97 കി.മീ കനാൽ തീരങ്ങൾക്ക് ഐ.ഡബ്ല്യു.എ.ഐ ഇതുവരെ നദീതീര സംരക്ഷണം നൽകിയിട്ടുണ്ട്. ആലപ്പുഴയ്ക്കും കൊല്ലത്തിനും ഇടയിലുള്ള കനാലിന്റെ ഇടുങ്ങിയ ഭാഗങ്ങളിൽ വീതികൂട്ടൽ നടത്തിയ ഇടങ്ങളിലെല്ലാം 12.44 കിലോമീറ്റർ നീളത്തിൽ നദീതീര സംരക്ഷണം നൽകിയിട്ടുണ്ട്.

ഡ്രെഡ്ജ് ചെയ്തു മാറ്റിയ വസ്തുക്കളുടെ നീക്കം ചെയ്യൽ, കൂടുതൽ സ്ഥലങ്ങളിൽ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനുള്ള ആവശ്യം എന്നിവ മൂലം, പ്രവൃത്തികൾ ഇടയ്ക്കിടെ നിർത്തിവയ്ക്കലിലേക്കും, വ്യവഹാരങ്ങളിലേക്കും, പ്രദേശവാസികളുടെയും മത്സ്യത്തൊഴിലാളികളുടെയും എതിർപ്പിലേക്ക് നയിക്കുന്നു. ബന്ധപ്പെട്ട വിവിധ പ്രാദേശിക പ്രശ്നങ്ങൾ കാരണം ദേശീയ ജലപാത–3 ലെ ക്യാപിറ്റൽ ഡ്രെഡ്ജിംഗിന്റെയും ഇടുങ്ങിയ ഭാഗങ്ങളുടെ വീതി കൂട്ടലിന്റെയും പുരോഗതിയിൽ വർഷങ്ങളായി കാലതാമസം നേരിടുന്നു. അതിനാൽ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിനുമായി, ഐഡബ്ലിയുഎഐ തല്പരകക്ഷികളുമായി പതിവായി ചർച്ചകൾ നടത്തിവരുന്നുണ്ട്. എന്നിട്ടും, ഡംപിംഗ് സൈറ്റുകൾ അനുവദിക്കുന്നതിനുള്ള കാലതാമസവും, ദേശീയ ജലപാത–3–ൽ ഐ ഡബ്ളിയു എ ഐ–യുടെ ഡ്രെഡ്ജിംഗ് ശേഷി ഗണ്യമായി ഉപയോഗശൂന്യമാക്കുന്നു.

### തീരദേശ ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് (സിഎസ്ഐഎൻഡി)

കേരളത്തിലെ ജലപാതകളുടെ അടിസ്ഥാന സൗകര്യ വികസനവും ഉൾനാടൻ നാവിഗേഷൻ പ്രോത്സാഹിപ്പിക്കുന്നതുമായ പ്രവർത്തനങ്ങൾ കോസ്റ്റൽ ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് ഏറ്റെടുത്ത നടപ്പിലാക്കുന്നു. വകുപ്പ് സംസ്ഥാന ജലപാതകളുടെ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുകയും അവ സഞ്ചാരയോഗ്യമാക്കുകയും ചെയ്യുന്നു. കോവളം മുതൽ ആക്കുളം കനാൽ വരെയും ആക്കുളം മുതൽ വെട്ടൂർ വരെയും നവീകരിക്കുകയും കൊല്ലം കനാലിൽ (മൂന്നാം റീച്ച് ഒഴികെ) ഇരവിപുരം–അഷ്ടമുടി കായലിലും വർക്കല തടാകം മുതൽ ഇരവിപുരം കനാൽ വരെയുള്ള 5 റീച്ചുകളുടെ പ്രവൃത്തിയും പൂർത്തീകരിക്കുകയും പാർവതി പുത്തനാർ റൂട്ടിൽ പ്രത്യേക ബോട്ട് ആരംഭിക്കുകയും ചെയ്തു.. വടകര മുതൽ മാഹി കനാൽ വരെയുള്ള 10 കിലോമീറ്റർ ദൂരം സഞ്ചാരയോഗ്യമാക്കുകയും 6 അടിപ്പാലങ്ങളിൽ 3 എണ്ണം നിർമ്മിക്കുകയും രണ്ട് റോഡ് പാലങ്ങളുടെ (പറമ്പിൽ, കല്ലായി) നിർമ്മാണം പൂർത്തിയാക്കി ഗതാഗതത്തിന് തുറന്നുകൊടുക്കുകയും ചെയ്തു. വളപട്ടണം മുതൽ നീലേശ്വരം വരെയുള്ള ഭാഗവും സഞ്ചാരയോഗ്യമാക്കി. തീരദേശ ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് ആലപ്പുഴയിൽ ചമ്പക്കുളം ജങ്കാർ ബോട്ട് ജെട്ടിയും സൾഫ്യൂറിക് ആസിഡ്, ഫർണസ് ഓയിൽ തുടങ്ങിയ അപകടകരമായ വസ്തുക്കൾ കൈകാര്യം ചെയ്യുന്നതിനായി ചവറ കെഎംഎംഎല്ലിന് സമീപം ബോട്ട് ജെട്ടിയും നിർമ്മിച്ചു.

**ചിത്രം 11.1.6** കേരളത്തിലെ ദേശീയ സംസ്ഥാന ജലപാതകൾ




അവലംബം: ഇൻലാൻഡ് വാട്ടർ വേസ് അതോറിറ്റി, കൊച്ചി.

**കേരള ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ. ലിമിറ്റഡ് (കെഎസ്ഐഎൻസി)**

കേരള ജലപാതകളിലെ ഉൾനാടൻ നാവിഗേഷന്റെ പ്രഥമ പ്രവർത്തകരാണ് കേരള ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ്(കെഎസ്ഐഎൻസി), ഇത് കേരള സർക്കാരിൻ കീഴിൽ വരുന്ന സ്ഥാപനമാണ്. ചെറിയ ജലയാനങ്ങളുടെ നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കുമായി കെഎസ്ഐഎൻസിക്ക് രണ്ട് യാർഡുകൾ ഉണ്ട്. ഉപഭോക്തൃ ആവശ്യങ്ങൾ നിറവേറ്റുന്ന ജലയാനങ്ങൾ നിർമ്മിക്കുന്നതിനും പരിപാലിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനുമുള്ള മേഖലകളിലും കെഎസ്ഐഎൻസി ഉയർന്ന നിലവാരം പുലർത്തുന്നു. കെ എസ് ഐ എൻ സി–യുടെ സ്വന്തം ക്രൂയിസ് വെസ്സലുകളായ പ്രീമിയർ സാഗരറാണി (1 ഉം 2 ഉം) ആഡംബര കപ്പലായ നെഫെർറ്റിറ്റിയും ഇതിന്റെ എടുത്തു പറയാവുന്ന പ്രത്യേകതകളാണ്. കെഎസ്ഐഎൻസി 2005–ൽ ടൂറിസം പ്രവർത്തനം ആരംഭിച്ചു, വിനോദസഞ്ചാരികളെ 'സാഗരറാണി'യിൽ കടലിലേക്ക് കൊണ്ടുപോകുന്നു, ഇതിനായി നിലവിൽ രണ്ട് ജലയാനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കേരളത്തിലെ യന്ത്രവൽകൃത ചരക്ക് നീക്കത്തിന്റെ മുൻ നിരക്കാരായി പ്രവർത്തിച്ചുവരുന്നു. കെഎസ്ഐഎൻസി ക്ക് ഇപ്പോൾ രണ്ട് കാർഗോ ബാർജുകളും നാല് പെട്രോളിയം ബാർജുകളും ഒരു ആസിഡ് ബാർജും രണ്ട് ജങ്കാറുകളും പ്രവർത്തിപ്പിക്കുന്നു. കേരളത്തിലെ ഉൾനാടൻ ജലഗതാഗത ഏജൻസികളു

ടെ പ്രവർത്തന സ്ഥിതിവിവരക്കണക്കുകൾ **അനുബന്ധം 11.1.36**–ൽ നൽകിയിരിക്കുന്നു.

സാഗരറാണിയുടെ സമാനമായ ലൈനിൽ ഒരു സൗരോർജ്ജ/വൈദ്യുത കപ്പൽ കോഴിക്കോട് അവതരിപ്പിക്കാൻ പദ്ധതിയിട്ടിട്ടുണ്ട്. നെഫെർറ്റിറ്റി – ഒരു പുതിയ 200 പാക്സ് സീ ഗോയിംഗ് ഡേ ക്രൂയിസ് കപ്പൽ ഇതിനകം പ്രവർത്തനം ആരംഭിച്ച കഴിഞ്ഞു. പതിവ് ഉല്ലാസയാത്രകൾ കൂടാതെ മീറ്റിംഗുകൾ, പാർട്ടികൾ തുടങ്ങിയ വിവിധോദ്ദേശ്യ പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ ഒരു ആഡംബര കപ്പൽ ആണിത്. ബോർഡിലെ സൗകര്യങ്ങളിൽ റെസ്റ്റോറന്റ് (60 പാക്സ്), ഓഡിറ്റോറിയം (200 പാക്സ്) ടിവി റൂം (20 പാക്സ്), മിനി കോൺഫറൻസ് റൂം (10 പാക്സ്), ഗെയിംസ് റൂം (പ്ലേ സ്റ്റേഷൻ ഗെയിമിംഗ് കൺസോളുള്ള ടിവി), സുവനീർ ഷോപ്പ്, ബാർ കൗണ്ടർ, കുട്ടികൾക്കുള്ള കളിസ്ഥലം, കടൽ കാണാനുള്ള ഡെക്ക് എന്നീ സൗകര്യങ്ങൾ ഇതിലുൾപ്പെടുന്നുണ്ട്.

### കേരള വാട്ടർവേസ് ആൻഡ് ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (ക്വിൽ)

ജലപാതകൾ വികസിപ്പിക്കുന്നതിനായി, 2017–ൽ സംസ്ഥാന സർക്കാരിന്റെയും സിയാൽ കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിന്റെയും (സിയാൽ) തുല്യ ഓഹരികളോടെ കേരള വാട്ടർവേസ് ആൻഡ് ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (കെഡബ്ല്യൂഐഎൽ) എന്ന പേരിൽ ഒരു പ്രത്യേക പർപ്പസ് വെഹിക്കിൾ സംസ്ഥാനം രൂപീകരിച്ചു. കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡാണ് (കിഫ്ബി) പ്രധാനമായും ഫണ്ട് നൽകുന്നത്. 2017–2021 കാലയളവിൽ, സർക്കാർ കാലാകാലങ്ങളിൽ നിർദ്ദേശിച്ച പ്രകാരം ഡബ്ലിയുസിസി യുടെ വിവിധ ഭാഗങ്ങളിൽ ഭൂമി ഏറ്റെടുക്കൽ, കനാൽ ശുചീകരണ പ്രവർത്തനങ്ങൾ എന്നിങ്ങനെയുള്ള പ്രാഥമിക പ്രവർത്തനങ്ങൾ ക്വിൽ ഏറ്റെടുത്തു നടപ്പിലാക്കുന്നു.

### സംസ്ഥാന ജലഗതാഗത വകുപ്പ്

സംസ്ഥാന ജലഗതാഗത വകുപ്പ് ആലപ്പുഴ, കോട്ടയം, കൊല്ലം, എറണാകുളം, കണ്ണൂർ, കാസർകോട് ജില്ലകളിലെ വെള്ളക്കെട്ടുള്ള പ്രദേശങ്ങളിലെ നിവാസികളുടെ ഗതാഗത ആവശ്യങ്ങൾ നിറവേറ്റുന്ന ഒരു അവശ്യ സർവീസാണ്. മരം/സ്റ്റീൽ/സോളാർ അധിഷ്ഠിത ഫൈബർ ഗ്ലാസ് പാസഞ്ചർ ബോട്ടുകൾ ഉപയോഗിച്ച് ഡിപ്പാർട്ട്മെന്റ് പ്രതിവർഷം 160 ലക്ഷം യാത്രക്കാരെ കൈകാര്യം ചെയ്യുന്നു.

സമ്പൂർണ സൗരോർജത്തിൽ പ്രവർത്തിക്കുന്ന ആദ്യത്തെ സ്റ്റേഷൻ ഓഫീസ് വൈക്കത്ത് ആരംഭിക്കാൻ വകുപ്പ് ലക്ഷ്യമിടുന്നു. പ്രവർത്തനച്ചെലവും മലിനീകരണവും ഗണ്യമായി കുറയ്ക്കുന്നതിനായി ഈ മേഖലയിലെ പഴയ തടി ബോട്ടുകൾക്ക് പകരമായി സോളാർ ബോട്ടുകൾ വാങ്ങാനും പദ്ധതിയിടുന്നുണ്ട്. അപകടകരവും ആപത്കരവുമായ ഉൽപ്പന്നങ്ങൾ പ്രധാനമായും രാസവസ്തുക്കൾ, പെട്രോളിയം ഉൽപന്നങ്ങൾ മുതലായവ കൊണ്ടുപോകുന്നതിനും, ദേശീയ ജലപാതകളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനുമായി വകുപ്പ് പദ്ധതി ആരംഭിച്ചിട്ടുണ്ട്. വായു നിറച്ച 5 ഡിങ്കി ബോട്ടുകൾ വാങ്ങാനും വകുപ്പ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. കൊല്ലം ജില്ലയിലെ അഷ്ടമുടിക്കായലിൽ സാധാരണ യാത്രക്കാർക്കും വിനോദസഞ്ചാരികൾക്കും വേണ്ടി രൂപകൽപ്പന ചെയ്ത ഡബിൾ ഡെക്ക് പാസഞ്ചർ കം ടൂറിസ്റ്റ് വെസലുകളുടെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ താമസിക്കുന്ന യാത്രക്കാർക്ക് യാത്രചെയ്യുന്നതിനായി, 30 യാത്രാ ശേഷിയുള്ള നാല് സോളാർ ഇലക്ട്രിക് യാനങ്ങൾ നിർമ്മിക്കാൻ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. വകുപ്പ്/ഏജൻസികളുടെ സാമ്പത്തിക പ്രകടനം **പട്ടിക 11.1.11**–ൽ നൽകിയിരിക്കുന്നു.

### വെല്ലുവിളികളും അവസരങ്ങളും

സംയോജിത മൾട്ടിമോഡൽ ട്രാൻസ്പോർട്ട് നയത്തിന് അനുസൃതമായി ഐഡബ്ല്യൂടി ഉപമേഖലയുടെ സുസ്ഥിര വികസനം ഉറപ്പാക്കുന്ന ഒരു മധ്യകാല, ദീർഘകാല കാഴ്ചപ്പാട് സർക്കാർ തയ്യാറാക്കേണ്ടതുണ്ട്. ഗതാഗത മേഖലയുടെ വികസനത്തിനുള്ള മോഡൽ ഓപ്ഷനുകൾ സാമൂഹികവും പാരിസ്ഥിതികവുമായ നേട്ടങ്ങളെ അടിസ്ഥാനമാക്കിയുള്ളതായിരിക്കണം.

സുസ്ഥിര നാവിഗബിലിറ്റിയും ഗതാഗത പ്രാധാന്യവും അനുസരിച്ച് ഉൾനാടൻ ജലപാത ശൃംഖല പുനഃക്രമീകരിക്കേണ്ടതാണ്. കോർ ജലപാതകളിൽ തിരുവനന്തപുരത്തെയും ബേക്കലിനെയും മറ്റ് ദേശീയ ജലപാതകളെയും ബന്ധിപ്പിക്കുന്ന ഫെയർവേകളും ഉൾപ്പെടുത്തേണ്ടതാണ്. കൂടാതെ ഇത് കോട്ടയത്തെ ഉൾനാടൻ തുറമുഖം ഉൾപ്പെടെ എല്ലാ തുറമുഖങ്ങളെയും ബന്ധിപ്പിക്കുന്നതും പ്രാദേശിക പട്ടണങ്ങളെ ബന്ധിപ്പിക്കുന്നതുമായിരിക്കണം. ജലപാത മാനേജ്മെന്റ് പ്ലാനിന് അനുസൃതമായി നെറ്റ്വർക്ക് വികസനവും ഡ്രെഡ്ജിംഗ് തന്ത്രവും തയ്യാറാക്കേണ്ടതാണ്. പുതിയ ഡ്രെഡ്ജിംഗ് തന്ത്രം സിഎസ്ഐഎൻഡിയുടെയും കേരള വാട്ടർവേയ്സ് ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന്റെയും (കെഡബ്ല്യൂഐഎൽ) പ്രോഗ്രാം ഏകോപിപ്പിക്കുകയും സംയോജിപ്പിക്കുകയും വേണം.

ജലപാത മാനേജ്മെന്റ്, ഓപ്പറേഷൻസ്, ഐഡബ്ല്യൂടി ഇൻഫ്രാസ്ട്രക്ചർ വികസനം, ജലപാതകളുടെ ഡ്രെഡ്ജിംഗ്, മെയിന്റനൻസ്, ചരക്ക് കൈകാര്യം ചെയ്യൽ യന്ത്ര

**പട്ടിക 11.1.11** വകുപ്പ് തിരിച്ചുള്ള 2019–20 മുതൽ 2021–22 വരെയുള്ള പദ്ധതി വിഹിതവും ചെലവും (രൂപ ലക്ഷത്തിൽ)

| വകുപ്പ് / ഏജൻസി | വാർഷിക പദ്ധതി 2019–20 | | വാർഷിക പദ്ധതി 2020–21 | | വാർഷിക പദ്ധതി 2021–22 | |
|---|---|---|---|---|---|---|
| | ബജറ്റ് വിഹിതം | ചെലവ് | ബജറ്റ് വിഹിതം | ചെലവ് | ബജറ്റ് വിഹിതം | ചെലവ് |
| എസ് ഡബ്ലിയുടി | 2811 | 637.9 | 2610 | 1384.7 | 2761 | 490.6 |
| സി എസ് ഐ എൻ ഡി | 8762 | 1381.3 | 7482 | 534.2 | 867 | 0.0 |
| കെ എസ് ഐ എൻ സി | 1572 | 1011 | 1018 | 322 | 10982 | 4674.8 |

ഉറവിടം: പ്ലാൻ സ്പേസ്, സംസ്ഥാന ആസൂത്രണ ബോർഡ്.

വൽക്കരണം, ഉൾനാടൻ കണ്ടെയ്നർ ടെർമിനലുകളുടെ വികസനം, ജലപാതകളിലെ കണ്ടെയ്നർ ട്രാഫിക് എന്നിവയിൽ കൂടുതൽ സ്വകാര്യ പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്. അതിനായി, ഉൾനാടൻ കപ്പൽ സുരക്ഷ, കപ്പൽ നിർമ്മാണം, കപ്പൽ രൂപകൽപന, കപ്പൽ നിർമാണത്തിന്റെ മേൽനോട്ടം, സർവേ സർട്ടിഫിക്കറ്റുകൾ നൽകൽ, ഓരോ കപ്പലിനും ആവശ്യമായ തൊഴിലാളികളെ നിശ്ചയിക്കൽ തുടങ്ങിയവയുടെ നിലവിലുള്ള നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തി പുതിയ മാർഗനിർദേശങ്ങളും നടപടിക്രമങ്ങളും തയ്യാറാക്കേണ്ടതാണ്. ഓരോ വിഭാഗത്തിനും വേണ്ടിയുള്ള സേവനവും പരിശീലന മൊഡ്യൂളുകളും വിജയകരമായി പൂർത്തിയാക്കിയതിന് ശേഷം പരിശീലന സ്ഥാപനങ്ങൾ വിവിധ വിഭാഗങ്ങളിലെ ക്രൂവിന് കോംപിറ്റൻസി സർട്ടിഫിക്കറ്റുകൾ നൽകേണ്ടതാണ്.

യാത്രക്കാരുടെയും ചരക്കുകളുടെയും നീക്കത്തിനൊപ്പം വികസന പ്രവർത്തനങ്ങളിലും ഊന്നൽ നൽകി സംസ്ഥാനത്തെ ജലപാതകളുടെ സമഗ്ര വികസനത്തിന് കോവളം–കാസർകോട് ജലപാത 2025–ഓടെ ദേശീയ നിലവാരമനുസരിച്ച് പ്രവർത്തിപ്പിക്കുക, ആധുനിക യാനങ്ങൾ വാങ്ങുന്നതിന് പ്രോത്സാഹനം നൽകൽ എന്നിവയ്ക്കായി ഒരു സംയോജിത മാസ്റ്റർ പ്ലാൻ രൂപപ്പെടുത്തേണ്ടതുണ്ട്. യാത്രാ, ചരക്ക് ഗതാഗതം, തുറമുഖങ്ങളും ഉൾപ്രദേശങ്ങളും തമ്മിൽ ടെർമിനൽ സൗകര്യങ്ങളും കണക്റ്റിവിറ്റിയും സ്ഥാപിക്കുക, നദീതട വ്യാവസായിക ഇടനാഴികളും വിനോദസഞ്ചാരവും പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക, ഉൾനാടൻ ജലപാതകളിലെ ജലത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുക, ജലപാതകളിലെ ദ്രവ–ഖര മലിനീകരണം കുറയ്ക്കുന്നതിനും ജലപാത അടിസ്ഥാനമാക്കിയുള്ള വ്യവസായവൽക്കരണം പ്രോത്സാഹിപ്പിക്കുക എന്നീ നടപടികൾ കൈകൊള്ളേണ്ടതുമാണ്.

# 11.2 ഊർജ്ജം

**ഇന്ത്യയിലെ ഊർജ്ജ മേഖല**

ലോകത്ത് ഊർജ്ജ ഉത്പാദനത്തിലും ഉപയോഗത്തിലും ഇന്ത്യയ്ക്ക് മൂന്നാം സ്ഥാനമുണ്ട്. കഴിഞ്ഞ മൂന്നു വർഷമായി വൈദ്യുതി ക്ഷാമം ഗണ്യമായി കുറഞ്ഞു. ഡിമാൻഡ് സൈഡ് മാനേജ്മെന്റിലൂടെ (ഡിഎസ്എം) വിഭവ ഉപയോഗം മെച്ചപ്പെടുത്തുന്നതിലും വൈദ്യുതി വിതരണ പ്രസരണ നഷ്ടം (റ്റി&ഡി നഷ്ടം) കുറയ്ക്കുന്നതിനും കേന്ദ്ര സർക്കാർ പ്രേത്യേകം ഊന്നൽ നൽകുന്നുണ്ട്. താരിഫ് അധിഷ്ഠിത ബിഡ്ഡിംഗ് വൈദ്യുത പദ്ധതികളുടെ വികസനം, പ്രസരണ മേഖലയിലെ സ്വകാര്യമേഖലാ പങ്കാളിത്തം, മെച്ചപ്പെട്ട ഊർജ്ജ കാര്യക്ഷമതയ്ക്കുള്ള ദേശീയ ദൗത്യം, പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളുടെ (ആർഇഎസ്) വികസനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുക, വൈദ്യുതി ഉൽപാദിപ്പിക്കുന്നതിന് വിലകുറഞ്ഞ ഉൽപാദന സ്രോതസ്സായ കൽക്കരിയുടെ ബഹുമുഖമായ ഉപയോഗം തുടങ്ങിയ നയ സംരംഭങ്ങളിലൂടെ എല്ലാവർക്കും വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള സമഗ്രമായ ശ്രമങ്ങൾ നടക്കുന്നു. വേൾഡ് ഇക്കണോമിക് ഫോറം (ഡബ്ല്യുഇഎഫ്) റിപ്പോർട്ട് അനുസരിച്ച്, എനർജി ട്രാൻസിഷൻ ഇൻഡക്സിൽ (ഇടിഐ) 115 രാജ്യങ്ങളിൽ 87–ാം സ്ഥാനത്താണ് ഇന്ത്യ. സാമ്പത്തിക വികസനവും വളർച്ചയും, പാരിസ്ഥിതിക സുസ്ഥിരതയും, ഊർജ സുരക്ഷയും പ്രവേശന സൂചകങ്ങളും സുരക്ഷിതവും സുസ്ഥിരവും താങ്ങാനാവുന്നതും ഉൾക്കൊള്ളുന്നതുമായ ഊർജ്ജ സംവിധാനങ്ങളിലേക്കുള്ള പരിവർത്തനത്തിനുള്ള സന്നദ്ധതയും കണക്കാക്കിയാണ് ഇത് നിശ്ചയിക്കുന്നത്. 2022 ആകുമ്പോഴേക്കും സൗരോർജ്ജം 114 GW, തുടർന്ന് 67 GW കാറ്റിൽ നിന്നും 15 GW ജൈവവസ്തുക്കളിൽ നിന്നും ജലവൈദ്യുതിയിൽ നിന്നും സംഭാവന ചെയ്യുമെന്നും കണക്കാക്കപ്പെടുന്നു.

2021 സെപ്റ്റംബർ 31 ആയപ്പോഴേക്കും രാജ്യത്തിന്റെ മൊത്തം സ്ഥാപിത ശേഷി 3,73,029.36 മെഗാവാട്ടാണ്. ഇന്ത്യയിൽ, താപോർജ്ജത്തിൽ നിന്നുള്ള വൈദ്യുതിയാണ് ഊർജ്ജ സ്രോതസ്സുകളിൽ പ്രധാന മായിട്ടുള്ളത്. 2020 സെപ്റ്റംബർ 30 ന്റെ കണക്കനുസരിച്ച് ഇത് രാജ്യത്തിന്റെ മൊത്തം സ്ഥാപിത ശേഷിയുടെ 62.01 ശതമാനം വരുന്നു. നാഷണൽ ഗ്രിഡിലേക്ക് വിവിധ ഊർജ്ജ സ്രോതസ്സുകളിൽ നിന്ന് 2020 സെപ്റ്റംബർ 31 അടിസ്ഥാനമാക്കിയുള്ള ഊർജ്ജ വിഹിതവും അതിന്റെ ശതമാനവും **പട്ടിക 11.2.1**–ൽ കൊടുത്തിരിക്കുന്നു. അടുത്തകാലത്ത്, പുനരാവർത്തക ഊർജ്ജസ്രോതസ്സുകളിൽ നിന്നുള്ള ഊർജ്ജോത്പാദനം ജല വൈദ്യുതി ഉൽപാദനത്തെ മൂന്നാം സ്ഥാനത്തേക്ക് പിന്തള്ളി രണ്ടാം സ്ഥാനത്തെത്തി.

ഊർജ്ജോൽപ്പാദനത്തിന്റെ മേഖല തിരിച്ചുള്ള ആകെ കണക്കുകൾ **പട്ടിക 11.2.2**–ൽ ഉൾപ്പെടുത്തിയിരിക്കുന്നു. അതിൻ പ്രകാരം, 1,03,921.00 മെഗാവാട്ട് (26.77 ശതമാനം) സംസ്ഥാന മേഖലയിൽ നിന്നും 97,637.00 മെഗാവാട്ട് (25.11 ശതമാനം) കേന്ദ്ര മേഖലയിൽ നിന്നും 1,86,576 മെഗാവാട്ട് (48.10 ശതമാനം) സ്വകാര്യ മേഖലയിൽ നിന്നുമാണ്.

**പട്ടിക 11.2.2** 2021 ആഗസ്റ്റ് 31 അനുസരിച്ചുള്ള ഇന്ത്യയുടെ മൊത്തം സ്ഥാപിതശേഷി

| മേഖല | സ്ഥാപിതശേഷി (മെ.വാ.) | ശതമാനം |
|---|---|---|
| സംസ്ഥാന മേഖല | 1,03,921.00 | 26.77 |
| കേന്ദ്ര മേഖല | 97,637.00 | 25.15 |
| സ്വകാര്യ മേഖല | 1,86,576 | 48.06 |
| ആകെ | 388134.00 | |

അവലംബം: കേന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റി (സി.ഇ.എ)

**കേരളത്തിലെ ഊർജ്ജ മേഖല**

രാജ്യത്ത് 100 ശതമാനം വീടുകളും വൈദ്യുതീകരിച്ച ആദ്യ സംസ്ഥാനം കേരളമാണ്. സാർവത്രിക വൈദ്യുതീകരണം നേടിയ ശേഷം, എന്നും വർധിച്ചുകൊണ്ടിരിക്കുന്ന ഉപഭോ

**പട്ടിക 11.2.1** ഇന്ത്യയുടെ മൊത്തം സ്ഥാപിതശേഷി 2021 സെപ്റ്റംബർ 31 അനുസരിച്ചുള്ളത്

| ഇന്ധനം | 31.10.2019 അനുസരിച്ചുള്ള സ്ഥാപിതശേഷി (മെ.വാ.) | ശതമാനം | 31.10.2020 അനുസരിച്ചുള്ള സ്ഥാപിതശേഷി (മെ.വാ.) | ശതമാനം | 31.9.2021 അനുസരിച്ചുള്ള സ്ഥാപിതശേഷി (മെ.വാ.) | ശതമാനം |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| താപവൈദ്യുതി | 229,401.42 | 62.86 | 2,31,320.72 | 62.01 | 2,34,258.00 | 60.40 |
| ജല വൈദ്യുതി | 45,399.22 | 12.44 | 45,699.22 | 12.25 | 46,412.00 | 12 |
| ആണവോർജ്ജം | 6,780.00 | 1.86 | 6,780.00 | 1.82 | 6780 | 1.70 |
| പുനരാവർത്തക ഊർജ്ജം | 83,379.50 | 22.84 | 89,229.42 | 23.92 | 1,00,684.00 | 25.94 |
| ആകെ | 3,64,960.14 | | 3,73,029.36 | | 3,88,134.00 | |

അവലംബം: കേന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റി (സി.ഇ.എ)

**ബോക്സ് 11.2.1** വൈദ്യുതി ഭേദഗതി ബിൽ 2021

വൈദ്യുതി ഉൽപ്പാദനം, പ്രക്ഷേപണം, വിതരണം എന്നിവയിൽ കാര്യമായ പുരോഗതി കൈവരിച്ചിട്ടുണ്ടെങ്കിലും, ഇന്ത്യയുടെ വൈദ്യുത മേഖല പ്രവർത്തനപരമായ കാര്യക്ഷമതയില്ലായ്മ, പണലഭ്യത, സാമ്പത്തിക സോൾവൻസി എന്നിവയുടെ പ്രശ്ന ങ്ങളാൽ വലയുകയാണ്. ഈ സാഹചര്യത്തിൽ, ഉപഭോക്തൃ കേന്ദ്രീകൃതത ഉറപ്പുവരുത്തുക, ബിസിനസ്സ് ചെയ്യാനുള്ള എളുപ്പം പ്രോത്സാഹിപ്പിക്കുക, വൈദ്യുതി മേഖലയുടെ സുസ്ഥിരത വർധിപ്പിക്കുക, ഹരിത ഊർജം പ്രോത്സാഹിപ്പിക്കുക എന്നീ വിശാലമായ ലക്ഷ്യങ്ങളോടെ 2003 ലെ വൈദ്യുതി നിയമം ഭേദഗതി ചെയ്യാൻ കേന്ദ്ര ഊർജ മന്ത്രാലയം നിർദ്ദേശിച്ചു. ചെലവുകളുടെ സുസ്ഥി രത, താരിഫ്, ക്രോസ് സബ്സിഡികൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുക, വൈദ്യുതിയുടെ വാങ്ങൽ അല്ലെങ്കിൽ വിൽപ്പന അല്ലെങ്കിൽ കൈമാറ്റം എന്നിവയുമായി ബന്ധപ്പെട്ട കരാറുകളുടെ പ്രകടനം എന്നിവയും പുനരുപയോഗിക്കാവുന്ന വൈദ്യുതിയും ജലവൈദ്യുതിയും കരട് നയത്തിന്റെ മറ്റ് പ്രധാന വശങ്ങളാണ്.

ബില്ലിനെതിരെ കേരളം ഉൾപ്പെടെ നിരവധി സംസ്ഥാനങ്ങളിൽ നിന്ന് വിമർശനം ഉയർന്നിരുന്നു. 2021 ഓഗസ്റ്റ് ആദ്യവാരം (2021 ഓഗസ്റ്റ് 6) ബിൽ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാന നിയമസഭ സംയുക്ത പ്രമേയം പാസാക്കി.

ദരിദ്ര കുടുംബങ്ങൾ, കർഷകർ, ഗ്രാമപ്രദേശങ്ങളിലുള്ളവർ എന്നിവരുൾപ്പെടെ സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്ക് വൈദ്യുതി നിരക്ക് വർധിക്കുമെന്നതാണ് സംസ്ഥാനം ഉയർത്തുന്ന പ്രധാന ആശങ്കകളിലൊന്ന്. ഉപഭോക്താക്കൾക്ക് ചോയ്സ് നൽകു ന്നതിന് വിതരണ മേഖലയുടെ ലൈസൻസ് റദ്ദാക്കാൻ കരട് ബിൽ ശ്രമിക്കുന്നു. എന്നിരുന്നാലും, വിതരണക്കാർക്ക് സിസ്റ്റത്തി നുള്ളിൽനിന്നും ലാഭകരമായ മേഖലകൾ തിരഞ്ഞെടുത്ത് തിരഞ്ഞെടുക്കുന്നതിനുള്ള അവകാശ ബിൽ നൽകുന്നതായി തോന്നു ന്നു. ദുർബല വിഭാഗങ്ങൾക്ക് നിലവിൽ നൽകുന്ന ക്രോസ് സബ്സിഡി പിന്തുണയെ ഇത് ബാധിക്കും. ഉയർന്ന താരിഫുകളിൽ നിന്ന് ദുർബല വിഭാഗങ്ങളെ സംരക്ഷിക്കുന്നതിന് കരട് ബില്ലിൽ മതിയായ മുൻകരുതലുകൾ ഉണ്ടായിരിക്കണം. വൈദ്യുതി മേഖല പൊതുമേഖലയിൽ തന്നെ തുടരണമെന്നാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്.

ഡിസ്ട്രിബ്യൂഷൻ ഇൻഫ്രാസ്ട്രക്ചറിൽ കാര്യമായ നിക്ഷേപം കൊണ്ടുവരാതെ പുതിയ സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കാൻ കരട് ബിൽ അനുവദിക്കുന്നു. ഈ മേഖലയിലെ മൊത്തം സാങ്കേതിക, വാണിജ്യ നഷ്ടങ്ങളെ ഇത് ബാധിക്കും. സംസ്ഥാന ഇല ക്ട്രിസിറ്റി റെഗുലേറ്ററി കമ്മിഷന്റെ പ്രവർത്തനങ്ങൾ കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിനുള്ള വ്യവസ്ഥ യും നിർദേശത്തിലുണ്ട്.

" One size fits all" എന്ന സമീപനത്തിന് പകരം സംസ്ഥാനങ്ങൾക്ക് നിർദ്ദിഷ്ട പരിഷ്ക്കാരങ്ങളാണ് നീതി ആയോഗ്, ഭാരത സർക്കാർ ശുപാർശ ചെയ്തിട്ടുള്ളത്.

അവലംബം: പ്രസ് ഇൻഫർമേഷൻ ബ്യൂറോ, ഭാരത സർക്കാർ

ക്താക്കളുടെ അഭിലാഷങ്ങളുടെ വിശ്വാസ്യത നേടുന്നതിനും വൈദ്യുതി നഷ്ടത്തിന്റെ ഏറ്റവും താഴ്ന്ന നില കൈവരിക്കു ന്നതിനും വികേന്ദ്രീകൃത പുനരുൽപ്പാദക ജനറേറ്ററുകൾ ഉയർത്തുന്ന ആവശ്യകതകൾ നിറവേറ്റുന്നതിനും ഇൻ സ്റ്റലേഷനുകളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനുമായി സംസ്ഥാനം ഇപ്പോൾ ഗ്രിഡിന്റെ നവീകരണത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഇവയ്ക്കെല്ലാം പുറമേ, ഇ-മൊബിലിറ്റി യിൽ പ്രതീക്ഷിക്കുന്ന കുതിച്ചുചാട്ടത്തിന് തയ്യാറാകുന്നതി ന് പുതിയ ലൈനുകൾ, സബ്സ്റ്റേഷനുകൾ, നിലവിലുള്ള സംവിധാനങ്ങൾ എന്നിവ നവീകരിക്കുക വഴി ഒരു മികച്ച ട്രാൻസ്മിഷൻ ശൃംഖല കെട്ടിപ്പടുക്കുന്നതിനുള്ള ദൗത്യവും സംസ്ഥാനം ആരംഭിച്ചു കഴിഞ്ഞു. മേല്പറഞ്ഞ കാര്യങ്ങൾ മുന്ഗണനയനുസരിച്ച് സജ്ജമാക്കുന്നതിനായി 'ദ്യുതി 2021', 'സൗര', 'ഫിലമെന്റ് ഫ്രീ കേരളം', 'ട്രാൻസ്ഗ്രിഡ് 2.0', 'ഇ-സേഫ്' എന്നീ അഞ്ച് അനുബന്ധ പദ്ധതികൾ സംയോ ജിപ്പിച്ച് കൊണ്ടുള്ള 'ഊർജ്ജ കേരള മിഷൻ' സംസ്ഥാനം ആരംഭിച്ചു. കാലാവസ്ഥാ വ്യതിയാനത്തിന്റെ വെല്ലുവിളികൾ ഉൾക്കൊള്ളുക, കാർബൺ ഫൂട്ട് പ്രിന്റ് കുറയ്ക്കുക എന്നിവയാ ണ് സംസ്ഥാനത്തിന്റെ ഊർജ്ജ മേഖലയിൽ വിഭാവനം ചെയ്യുന്ന എല്ലാ പദ്ധതികളുടെയും അടിസ്ഥാനം.

രാജ്യത്ത് ഇക്കഴിഞ്ഞ രണ്ട് ദശകങ്ങളിൽ സംഭവിച്ച സാങ്കേതികമുന്നേറ്റങ്ങൾക്ക്,ഈമുന്നേറ്റത്തിന്റെനേട്ടങ്ങളെ നേടിയെടുക്കുന്നതിന്റെ തന്ത്രമാണ് സംസ്ഥാനത്തിന്റേത്, സംസ്ഥാനത്തെ ഊർജ്ജ മേഖല പൂർണ്ണമായും സജീവമാ ണ്. സുസ്ഥിരതയുടെ പുതിയ കാലഘട്ടത്തിൽ അതിന്റെ വളർച്ച നിലനിർത്തുന്നതിനായി നിരവധി പുതിയ നൂതന ആശയങ്ങളും സംരംഭങ്ങളും ഇത് പ്രയോജനപ്പെടുത്തുന്നു. പ്രത്യേകിച്ചും പുനരുപയോഗ ഊർജ്ജ കാലഘട്ടത്തിൽ, സൗരോർജ്ജത്തിനും കാറ്റിനും അപ്പുറത്തുള്ള പുതിയ രൂപങ്ങൾ സംസ്ഥാനത്തെ വികസനത്തിനും വിന്യാസത്തി നും പരിഗണിക്കുകയും വിലയിരുത്തുകയും ചെയ്യേണ്ടതുണ്ട്. അത്തരം ശ്രമങ്ങളിൽ സംസ്ഥാനത്തിന്റെ ശാസ്ത്ര സാങ്കേ തികതയുടെയും, സാങ്കേതിക ഉന്നത വിദ്യാഭ്യാസ സ്ഥാ പനങ്ങളുടെയും പങ്കാളിത്തം ഈ രണ്ട് സ്ഥാപനങ്ങൾക്കും വൈദ്യുതി മേഖലയ്ക്കും പരസ്പരം പ്രയോജനകരമാകും. കേരള സംസ്ഥാനത്തിന്റെ 2020-21 ലെ ഊർജ്ജ മേഖലയുടെ സംക്ഷിപ്തരൂപം **പട്ടിക 11.2.3**-ൽ കൊടുത്തിരിക്കുന്നു.

## വൈദ്യുതി ആവശ്യകത

സംസ്ഥാനത്ത് 2019-20 ലെ 4316 മെഗാവാട്ട് എന്നതി ൽ നിന്ന് നേരിയ കുറവ് രേഖപ്പെടുത്തിക്കൊണ്ട് 2020-21-ൽ ഏറ്റവും കൂടിയ ഊർജ്ജ ആവശ്യകത മാർച്ച് 31 ന് 22.00 മുതൽ 22.30 വരെയുള്ള മണിക്കൂറികളിൽ 4284 മെഗാവാട്ടായിരുന്നു. 2021ലെ ഊർജ ആവശ്യകതയി ലെ കുറവിന് കാരണം കോവിഡ്-19 മൂലം സാമ്പത്തിക പ്രവർത്തനങ്ങളിൽ കുറവ് സംഭവിച്ചതിനാൽ ആയിരു ന്നു. 2021 പ്രഭാത സമയത്തെ ഏറ്റവും കൂടിയ ഊർജ്ജ ആവശ്യകത മാർച്ച് 19, 2021 ന് 3,394 മെഗാവാട്ടായിരു ന്നു. ഏറ്റവും കുറഞ്ഞ ഊർജ്ജ ആവശ്യകത ഓഗസ്റ്റ് 9 ന് 4.30 മുതൽ 5.00 വരെയുള്ള മണിക്കൂറികളിൽ 1,302 മെഗാവാട്ടായിരുന്നു. 2021 ലെ ശരാശരി ഊർജ്ജ ആവശ്യകത 3392 മെഗാവാട്ടായിരുന്നു.

**പട്ടിക 11.2.3** കേരള സംസ്ഥാനത്തിന്റെ ഊർജ്ജ മേഖലയുടെ സംക്ഷിപ്ത രൂപം, 2020–21–ൽ

| | വിശദാംശങ്ങൾ | വൈദ്യുതി (മില്യൺ യൂണിറ്റ്) |
|---|---|---|
| 1 | കെ.എസ്.ഇ.ബി.എൽന്റെ മൊത്തം ഊർജ്ജ ഉത്പാദനം | 7109.09 |
| 2 | കേരള ചുറ്റളവിലുള്ള സിജിഎസിൽ നിന്ന് വൈദ്യുതി വാങ്ങൽ | 9167.26 |
| 3 | ദീർഘകാല / ഇടത്തരം / ഹ്രസ്വകാല കരാറുകളിലൂടെ / സ്വാപ്പ് വഴി കേരള ചുറ്റളവിൽ വൈദ്യുതി വാങ്ങൽ | 8628.08 |
| 4 | സംസ്ഥാനത്തിനുള്ളിലെ ഐപിപി / സിപിപിയിൽ നിന്നുള്ള മൊത്തം വൈദ്യുതി വാങ്ങൽ | 467.01 |
| 5 | കേരള ചുറ്റളവിൽ മൊത്തം വൈദ്യുതി വാങ്ങൽ | 18262.34 |
| 6 | ഓപ്പൺ ആക്സസ് വഴി സംസ്ഥാനത്തിന് പുറത്ത് വിൽപ്പന നടത്തുന്നതിനു സ്വകാര്യ ഐപിപി ജനറേറ്റർ വഴിയുള്ള വൈദ്യുതി | 38.66 |
| 7 | കേരള ചുറ്റളവിൽ ഓപ്പൺ ആക്സസ് വഴി ലഭിച്ച ഊർജ്ജം | 407.41 |
| 8 | കുറയ്ക്കേണ്ട സഹായ ഉപഭോഗം. | 51.19 |
| 9 | കയറ്റുമതി– കെ എസ് ബി എൽ വഴിയുള്ള ഉർജ്ജവില്പന, സ്വപ്പിനുള്ള തിരിച്ചുവരവ് കൂടാതെ ഓപ്പൺ ആക്സസ് വഴി സംസ്ഥാനത്തിന് പുറത്ത് വിൽപ്പന നടത്തുന്നതിനു സ്വകാര്യ ഐപിപി ജനറേറ്റർ വഴിയുള്ള വൈദ്യുതി | 633.39 |
| 10 | ഓപ്പൺ ആക്സിസിലൂടുള്ള വൈദ്യുതി ഉൾപ്പെടെ കേരള ചുറ്റളവിൽ സംസ്ഥാനത്തിന്റെ ഉപഭോഗത്തിനുള്ള വൈദ്യുതി ഇൻപുട്ട് | 25132.93 |
| 11 | ഓപ്പൺ ആക്സിസിലൂടുള്ള വൈദ്യുതി ഉൾപ്പെടെ ഉപഭോക്താക്കൾക്കുള്ള മൊത്തം ഊർജ്ജം | 22540.32 |

അവലംബം: കെ.എസ്.ഇ.ബി.എൽ

## ഊർജ്ജ ഉപഭോഗത്തിന്റെ രീതി

കേരളത്തിൽ 2020–21 ലെ വൈദ്യുതോർജ്ജ ഉപഭോഗം 2019–20–ൽ ലെ 23,058.91 എം.യു.യിൽ നിന്ന് 2.24 ശതമാനം കുറഞ്ഞു 23058.91 എം യുആയി (ഓപ്പൺ ആക്സസ് ഉപഭോഗം ഉൾപ്പെടെ). 2016–17 മുതൽ 2020–21 വരെ കേരളത്തിലെ വൈദ്യുതോർജ്ജ ഉപഭോഗം, **ചിത്രം 11.2.1**–ൽ നൽകിയിരിക്കുന്നു. ഊർജ്ജ ഉപഭോഗ രീതിയുടെ വിശദാംശങ്ങളും 2020–21–ൽ ശേഖരിച്ച വരുമാനവും **അനുബന്ധം 11.2.1**–ൽ നൽകിയിരിക്കുന്നു.


## മൊത്തം സാങ്കേതിക വാണിജ്യ (എ. റ്റി. ആൻഡ് സി) നഷ്ടങ്ങൾ

2020–21 വർഷം മൊത്തം സാങ്കേതിക വാണിജ്യ നഷ്ടം 13.15 ശതമാനത്തിൽ നിന്നും 7.76 ശതമാനമായി കുറയുകയും പ്രസരണ വിതരണ നഷ്ടം 12.08 ശതമാനത്തിൽ നിന്നും 10.32 ശതമാനമായി കുറയുകയും ചെയ്തു. മൊത്തം സാങ്കേതിക വാണിജ്യ നഷ്ടത്തിൽ 2019–20 ലെ വർദ്ധനയും 2020–21 ലെ കുറവും അതാത് കാലയളവിലെ ശേഖരണ കാര്യക്ഷമതയിലുണ്ടായ കുറവ്/ വർദ്ധന മൂലമാണ്,കഴിഞ്ഞ അഞ്ചു വർഷമായുള്ള എ.റ്റി.&സി നഷ്ടം **അനുബന്ധം 11.2.2**–ൽ കൊടുത്തിരിക്കുന്നു. 2016–17 മുതൽ 2020–21 വരെ മൊത്തം സാങ്കേതിക വാണിജ്യ (എ.റ്റി.&സി) നഷ്ടത്തിലും പ്രസരണ വിതരണ (റ്റി&ഡി) നഷ്ടത്തിലും ഉണ്ടായിട്ടുള്ള പ്രവണത **ചിത്രം 11.2.2**–ൽ കൊടുത്തിരിക്കുന്നു.

## ഊർജ്ജമേഖലയിലെ ഏജൻസികളുടെ പ്രവർത്തന നേട്ടം


കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് (കെ.എസ്.ഇ.ബി.എൽ), ഏജൻസി ഫോർ നോൺ കൺവെ

**ചിത്രം 11.2.1** കേരളത്തിലെ വൈദ്യുതോർജ്ജ ഉപഭോഗം




അവലംബം: കെ.എസ്.ഇ.ബി.എൽ

**ചിത്രം 11.2.2** എ.റ്റി & സി നഷ്ടവും, റ്റി&ഡി നഷ്ടവും (ശതമാനത്തിൽ)




അവലംബം: കെ.എസ്.ഇ.ബി.എൽ

ൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജി (അനർട്ട്), ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി) എന്നീ നാല് ഏജൻസികൾ മുഖേനയാണ് മുഖ്യമായും കേരളത്തിൽ ഊർജ്ജ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നത്. ഈ വകുപ്പുകളുടെ 2020–21, 2021–22 എന്നീ വർഷങ്ങളിലെ വിഹിതം, ചെലവ്, ചെലവ് ശതമാനം എന്നിവ **പട്ടിക 11.2.4**–ൽ കൊടുത്തിരിക്കുന്നു.

**കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് (കെ.എസ്.ഇ.ബി.എൽ)**

ഇന്ത്യൻ കമ്പനീസ് ആക്ട് 1956 (കേന്ദ്ര നിയമം 1956 ന്റെ 1) പ്രകാരം സംയോജിക്കപ്പെട്ട പവർ യൂട്ടിലിറ്റി കമ്പനിയാണ് കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് (കെ.എസ്.ഇ.ബി.എൽ). 2003 ലെ ഇലെക്ട്രിസിറ്റി ആക്ട്, വകുപ്പ് 131 പ്രകാരം കേരള സർക്കാരിന്റെ പൂർണ ഉടമസ്ഥതയിലുള്ളതാണെങ്കിലും വകുപ്പ് 131, 133 എന്നിവയുടെ ഉപവകുപ്പ് 2 പ്രകാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായിരുന്ന പ്രവർത്തനങ്ങളും, പ്രത്യേകതകളും, താത്പര്യങ്ങളും, അവകാശങ്ങളും, ബാധ്യതകളും, ഉത്തരവുകളും, സ്വകാര്യതകളും പഴയ കേരള സംസ്ഥാന വൈദ്യുതി ബോർഡിന് 2013 ഒക്ടോബർ 31 ന് തിരികെ ഏല്പിച്ചു.


കെ.എസ്.ഇ.ബി.എൽ ഉത്പാദനത്തിനും, പ്രസരണത്തിനും, വിതരണത്തിനും പ്രേത്യേകം ലാഭകേന്ദ്രങ്ങളുള്ള സ്വതന്ത്ര ചുമതലയുള്ള കമ്പനിയാണ്. സംസ്ഥാനത്ത് വൈദ്യുതി ഉല്പാദനം, പ്രസരണം, വിതരണം, എന്നിവ കെ.എസ്.ഇ.ബി.എൽ നിർവ്വഹിക്കുന്നു. ഗാർഹികാവശ്യങ്ങൾക്കും കാർഷികാ വശ്യങ്ങൾക്കും വേണ്ട വൈദ്യുതി താങ്ങാവുന്ന വിലയ്ക്ക് ഉപഭോക്താ ക്കൾക്ക് നൽകുക എന്നതാണ് പ്രഖ്യാപിത ലക്ഷ്യം. 2021 മാർച്ച് 31 വരെ കെഎസ്ഇ ബിഎല്ലിന്റെ ജനറേഷൻ യൂണിറ്റുകളുടെ മൊത്തം സ്ഥാപിത ശേഷി 2,174.27 മെഗാ വാട്ട് ആയിരുന്നു. കെ.എസ്.ഇ.ബി.എൽ –ന്റെ ഉടമസ്ഥതയിലുള്ള ട്രാൻസ്മിഷൻ സബ്സ്റ്റേഷനുകളുടെ എണ്ണം 421 ആണ്. സംസ്ഥാനത്തെ 99 ശതമാനം ഉപഭോക്താക്കൾക്കും കെ.എസ്.ഇ.ബി.എൽ നേരിട്ട് വൈദ്യുതി വിതരണം ചെയ്യുന്നു. കെ.എസ്.ഇ.ബി.എൽ ന്റെ പ്രസരണ ശൃംഖല 3.62 ലക്ഷം കിലോമീറ്റർ ലൈനും 83,339 വിതരണ ട്രാൻസ്ഫോർമറുകളും വഹിക്കുന്നു. 2021–ൽ 11 ബൾക്ക് ലൈസെൻസികൾ ഉൾപ്പെടെ 1,31,42,910 ഉപഭോക്താക്കൾക്കായി 22,151.60 മെഗാ യൂണിറ്റ് വൈദ്യുതി കെ എസ് ഇ ബി എൽ വിറ്റു. സംസ്ഥാനത്തിന് പുറത്ത് മറ്റു യൂട്ടിലിറ്റികൾക്ക് വൈദ്യുതി വിറ്റതുൾപ്പെടെ മൊത്തം വിറ്റുവരവ് 14,420.64 കോടി രൂപയാണ്.

**പട്ടിക 11.2.4** വാർഷിക പദ്ധതി വിഹിതവും ചെലവുകളും (രൂപ ലക്ഷത്തിൽ), 2020–21, 2021–22 വർഷങ്ങളിൽ

| ക്രമ നമ്പർ | വകുപ്പിന്റെ/ ഏജൻസിയുടെ പേര് | വാർഷിക പദ്ധതി 2020–21 | | | വാർഷിക പദ്ധതി 2021–22 | | |
|---|---|---|---|---|---|---|---|
| | | വിഹിതം | ചെലവ് | ചെലവ് ശതമാനത്തിൽ | വിഹിതം | ചെലവ് സെപ്റ്റംബർ 2020 | ചെലവ് ശതമാനത്തിൽ |
| 1 | കെ.എസ്.ഇ.ബി. എൽ | 170821.00 | 137868.41 | 80.70 | 109375.00 | 54667.71 | 49.98 |
| 2 | അനെർട്ട് | 4180.00 | 2144.12 | 51.29 | 4313.00 | 276.91 | 6.42 |
| 3 | ഇ.എം.സി | 763.00 | 673.41 | 88.25 | 763.00 | 159.09 | 20.85 |
| 4 | ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് | 693.00 | 121.80 | 18 | 560.00 | 37.16 | 6.63 |
| | ആകെ | 176457.00 | 140807.74 | 79.79 | 115011.00 | 55140.87 | 47.94 |

അവലംബം: പ്ലാൻ സ്പേസ്

**ചിത്രം 11.2.3** കേരളത്തിന്റെ മൊത്തം സ്ഥാപിത ശേഷി 2020-21




അവലംബം: കെ.എസ്.ഇ.ബി.എൽ

## ഉല്പാദനം

കേരളത്തിലെ 2021 മാർച്ച് വരെയുള്ള മൊത്തം ഊർജ്ജ സ്ഥാപിത ശേഷി 2,965.66 മെഗാവാട്ട് ആണ്. ഇതിൽ 2,129.42 മെഗാവാട്ട് (71.80 ശതമാനം) ജല വൈദ്യുത പദ്ധതികളിൽ നിന്നും, 465.58 മെഗാവാട്ട് (15.70 ശതമാനം) തെർമൽ പദ്ധതികളിൽ നിന്നും, 300.33 മെഗാവാട്ട് (10.13 ശതമാനം) സൗരോർജ്ജത്തിൽ നിന്നും 70.28 മെഗാവാട്ട് (2.37 ശതമാനം) കാറ്റിൽ നിന്നും, ഉൽപാദിപ്പിക്കുന്നു. ജലം, താപം, പുനരാവർത്തക ഊർജ്ജ സ്രോതസ്സുകൾ എന്നിവയിൽ നിന്നുള്ള കേരളത്തിന്റെ മൊത്തം സ്ഥാപിത ശേഷി **ചിത്രം 11.2.3**-ൽ കൊടുത്തിരിക്കുന്നു

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഉടമസ്ഥതയിൽ 2,058.76 മെഗാ വാട്ട് ശേഷിയുള്ള 38 ജല വൈദ്യുത നിലയങ്ങളും 2.03 മെഗാ വാട്ട് ശേഷിയുള്ള ഒരു കാറ്റാടിപ്പാടവും 2.03 മെഗാ വാട്ട് ശേഷിയുള്ള ഒരുതെർമൽ പവർ പ്ലാന്റും 17. സോളാർ പ്ലാന്റുകളും വിവിധ സ്ഥലങ്ങളിലായി നിലവിലുണ്ട്കെ എസ് ഇ ബി -ൽ ന്റെ ആഭ്യന്തര ഉത്പാദനം ശേഷി **പട്ടിക 11.2.5**-ൽ ചേർത്തിരിക്കുന്നു.

**പട്ടിക 11.2.5** കെ എസ് ബി എല്ലിന്റെ ആഭ്യന്തര ഉൽപാദന **ശേഷി**

| ക്രമ നമ്പർ | ഇനം | 31.03.2019 ൽ ഉത്പാദന ശേഷി (മെ. വാ.) | 2019-20 ൽ ആകെ ഉല്പാദനം (മി. യു) |
|---|---|---|---|
| 0 | 1 | 2 | 5 |
| 1 | ജല വൈദ്യുതി | 2058.76 | 7071.37 |
| 2 | താപവൈദ്യുതി | 96.00 | 7.84 |
| 3 | കാറ്റ് | 2.03 | 1.14 |
| 4 | സൗരോർജ്ജം | 17.48 | 28.73 |
| | ആകെ | 2174.27 | 7109.08 |

അവലംബം: കെ.എസ്.ഇ.ബി.എൽ

ഊർജ്ജ സ്രോതസ്സ് സംബന്ധിച്ചും കഴിഞ്ഞ അഞ്ചു വർഷത്തെ സ്ഥാപിതശേഷി സംബന്ധിച്ചും ഉള്ള വിശദാംശങ്ങൾ **അനുബന്ധം 11.2.3** ലും മേഖല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 11.2.4** ലും നല്കിയിരിക്കുന്നു. 2020-21 ലെ മൊത്തം സ്ഥാപിത ശേഷിയായ 2,965.66 മെഗാവാട്ടിൽ, 2,174.274 മെഗാവാട്ട് (73ശതമാനം) സംസ്ഥാന മേഖലയിൽ നിന്നും, 359.58 മെഗാവാട്ട് (12 ശതമാനം) കേന്ദ്ര മേഖലയിൽ നിന്നും, 431.81 മെഗാവാട്ട് (15 ശതമാനം) സ്വകാര്യ മേഖലയിൽ നിന്നുമാണ്. കഴിഞ്ഞ അഞ്ചു വർഷത്തെ ഊർജ്ജ ലഭ്യത സംബന്ധിച്ച വിശദംശങ്ങൾ **അനുബന്ധം 11.2.5**-ൽ നൽകിയിരിക്കുന്നു.

## സംസ്ഥാനത്ത് നിർമ്മാണത്തിലിരിക്കുന്ന ജല വൈദ്യുത പദ്ധതികൾ

187.65 മെഗാവാട്ടിന്റെ സ്ഥാപിത ശേഷിയുള്ള 9 ജലവൈദ്യുത പദ്ധതികളാണ് 2023-ഓടെ പൂർത്തിയാക്കാനുദ്ദേശിക്കുന്നു. കെഎസ്ഇബിഎൽ സംസ്ഥാനത്ത് നടപ്പാക്കുന്നത്. സംസ്ഥാനത്തെ നിർമ്മാണത്തിലിരിക്കുന്ന പ്രധാന ജല വൈദ്യുതി പദ്ധതികളുടെ വിശദാംശങ്ങൾ **പട്ടിക 11.2.6**-ൽ നൽകിയിരിക്കുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുന്ന മറ്റു ജല വൈദ്യുതി പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം 11.2.6**-ൽ നൽകിയിരിക്കുന്നു

## പുനരുപയോഗ ഊർജം

പുനരുപയോഗ ഊർജ്ജം ഉപയോഗപ്പെടുത്താനുള്ള എല്ലാ സാധ്യതകളും കെഎസ്ഇബിഎൽ പരിഗണിക്കുന്നു. സൗര പദ്ധതികളിലൂടെ സൗരോർജ്ജം വികസിപ്പിക്കുന്നതിനു പുറമേ, മറ്റ് പുനരുപയോഗ ഊർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതും ത്വരിതപ്പെടുത്തുന്നു. 2026 ഓടെ പുനരുപയോഗ ഉർജ്ജത്തിൽനിന്നും 50 ശതമാനം ഊർജ്ജ ആവശ്യകതകൾ നിറവേറ്റുക 3,000 മെഗാവാട്ട് പുനരുപയോഗ ഊർജം ചേർക്കുകയാണ് ലക്ഷ്യം. നിലവിലുള്ള സൗരോർജ്ജ വിശദാംശങ്ങൾ **അനുബന്ധം 11.2.7**-ൽ നൽകിയിരിക്കുന്നു.

**പട്ടിക 11.2.6** നിർമ്മാണം പുരോഗമിക്കുന്ന സംസ്ഥാനത്തെ പ്രധാന ജല വൈദ്യുത പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ജില്ല | സ്ഥാപിത ശേഷി (മെ. വാ) | ഉല്പാദനം(മി. യൂ) |
|---|---|---|---|---|
| 1 | തോട്ടിയാർ എച്ച്.ഇ.പി | ഇടുക്കി | 40 | 99 |
| 2 | സെങ്കുളം ഓഗ്മെന്റേഷൻ പദ്ധതി | ഇടുക്കി | | 85 |
| 3 | ചാത്തൻകോട്ടു നട II എസ്.എച്ച്.ഇ.പി | കോഴിക്കോട് | 24 | 45.02 |
| 4 | ഭൂതത്താൻകെട്ട് എസ്.എച്ച്.ഇ.പി | എറണാകുളം | 24 | 83.50 |
| 5 | അപ്പർ കല്ലാർ | ഇടുക്കി | 2 | 5.14 |
| 6 | പള്ളിവാസൽ എക്സ്റ്റൻഷൻ | ഇടുക്കി | 60 | 153.90 |
| 7 | പഴശ്ശി സാഗർ | കണ്ണൂർ | 7.5 | 25.16 |
| 8 | ചിന്നാർ | ഇടുക്കി | 24 | 76.45 |
| 9 | പെരുവണ്ണാമൂഴി | കോഴിക്കോട് | 6 | 24.70 |

അവലംബം: കെ.എസ്.ഇ.ബി.എൽ

## പ്രസരണം– സാധാരണ

കേരളത്തിന് 13,614.64 സർക്യൂട്ട് കിലോമീറ്റർ ലൈനുകളുള്ള 426 ട്രാൻസ്മിഷൻ സബ്സ്റ്റേഷനുകളുണ്ട്, അതിൽ 421 സബ്സ്റ്റേഷനുകൾ കെഎസ്ഇബിഎല്ലിന്റെഉടമസ്ഥതയിലുള്ളതും പ്രവർത്തിപ്പിക്കുന്നതും ആണ്. 2020–21 ൽ മൊത്തം 17 ട്രാൻസ്മിഷൻ സ്റ്റേഷനുകളും 696.10 സർക്യൂട്ട് കിലോമീറ്റർ ലൈനുകളും 1581 എംവിഎ കപ്പാസിറ്റി കൂട്ടിച്ചേർക്കപ്പെട്ടു വ്യത്യസ്ത വോൾട്ടേജ് ലെവലിന്റെ 45 സബ്സ്റ്റേഷനുകളും 1,300 സർക്യൂട്ട് കിലോമീറ്റർ ട്രാൻസ്മിഷൻ ലൈനുകളും 2022 മാർച്ചോടെ പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നു.

2020 മാർച്ച് 31 ലെ സബ്സ്റ്റേഷനുകൾ, അതിന്റെ ലക്ഷ്യങ്ങൾ, നേട്ടങ്ങൾ, നെറ്റ്‌വർക്ക് വിശദാംശങ്ങൾ എന്നിവ ഉൾപ്പെടുന്ന കേരളത്തിന്റെ ട്രാൻസ്മിഷൻ ഇൻഫ്രാസ്ട്രക്ചർ **അനുബന്ധം 11.2.8** ലും **അനുബന്ധം 11.2.9** ലും നൽകിയിരിക്കുന്നു.

## വിതരണം

2021 മാർച്ച് 31 ലെ കണക്ക് പ്രകാരം കെ എസ് ഇ ബി ലിമിറ്റഡിന് വിതരണ വിഭാഗത്തിൽ 66,000 സർക്യൂട്ട് കിലോമീറ്റർ 11 കെ വി ലൈനുകളും 2,95,697 സർക്യൂട്ട് കിലോമീറ്റർ എൽ റ്റി ലൈനുകളും 10,166 മെഗാ വോൾട്ട് ആംപിയർ സ്റ്റെപ്പ് ഡൗൺ കപ്പാസിറ്റിയുള്ള 83,399 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളും ഉണ്ട്. 2020–21–ൽ വിതരണ വിഭാഗത്തിൽ ലക്ഷ്യമിട്ടിരുന്ന അടിസ്ഥാന സൗകര്യങ്ങളും നേട്ടങ്ങളും **അനുബന്ധം 11.2.10**–ൽ കൊടുത്തിരിക്കുന്നു. ഊർജ്ജ കേരള മിഷന്റെ കീഴിലുള്ള ദ്യുതി 2021 പദ്ധതിയിൽ വിതരണ വിഭാഗത്തിന്റെ അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടുത്തിയിരിക്കുന്നു. കോവിഡ് –19 ലോക്ക് ഡൌൺ കാലത്തെ ബുദ്ധിമുട്ടേറിയ സമയങ്ങളിൽ ഉപഭോക്താക്കളെ പിന്തുണയ്ക്കുന്നതിനായി കെഎസ്ഇബിഎൽ നിരവധി ദുരിതാശ്വാസ നടപടികൾ നടപ്പിലാക്കി. കസ്റ്റമർ കെയർ സെന്റർ ശക്തിപ്പെടുത്തുകയും ഉപഭോക്തൃ വിശ്വസ്തത നേടുന്നതിനും സേവന പരിപാലനം സുഗമമാക്കുന്നതിനും പുതിയ സേവനങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു. KSEBL നൽകുന്ന എല്ലാ സേവനങ്ങളും പൊതുജനങ്ങൾക്കും ഉപഭോക്താക്കൾക്കും അവരുടെ വാതിൽപ്പടിയിൽ നൽകുന്നതിനുള്ള ഒരു പ്രോഗ്രാം 2020–21 ൽ അവതരിപ്പിച്ചു. 368 ഇലക്ട്രിക്കൽ സ്റ്റേഷനുകളിൽ ഈ സൗകര്യം ഉപഭോക്താക്കൾക്ക് ലഭ്യമാണ്. കെ.എസ്.ഇ.ബി.എല്ലിന്റെ സെക്ഷൻ ഓഫീസുകൾ സന്ദർശിക്കാനുള്ള വെർച്വൽ ക്യൂവായ ഇ–സമയം, പൈലറ്റ് പ്രോജക്ടായി തിരുവനന്തപുരത്തെ കേശവദാസപുരം, വെള്ളയമ്പലം സെക്ഷനുകളിൽ നടപ്പാക്കുന്നു.

## ഊർജ്ജ കേരള മിഷൻ

സംസ്ഥാനത്തെ വൈദ്യുതി മേഖലയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് 2018 ജൂൺ 14 ന് കേരള സർക്കാർ 'ഊർജ്ജ കേരള മിഷൻ' ആരംഭിച്ചു. അടുത്ത 3 വർഷത്തിനുള്ളിൽ ചുവടെ വിശദമാക്കിയിരിക്കുന്ന അഞ്ച് പ്രധാന പ്രോജക്ടുകൾ നടപ്പിലാക്കാൻ ഇത് ലക്ഷ്യമിടുന്നു.

## സൗര

2021 ഓടെ പുനരാവർത്തക ഊർജ്ജമായ സൗരോർജ്ജ പദ്ധതികളിലൂടെ 1,000 മെഗാവാട്ടിന്റെ ശേഷി വർധന കൈവരിക്കാൻ കെഎസ്ഇബി ഉദ്ദേശിക്കുന്നു.

## ഫിലമെന്റ് രഹിത കേരളം

ഈ പദ്ധതിയിലൂടെ പീക്ക് ഡിമാൻഡ്, ഗ്ലോബൽ വാമിങ്, ഹൈഡ്രജൻ(എച്ച്ജി) പൊല്യൂഷൻ തുടങ്ങിയവ കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ വീടുകളിലെയും, തെരുവ് വിളക്ക് മേഖലയിലെയും നിലവിലുള്ള എല്ലാ സിഎഫ്എൽ, ഫിലമെന്റ് ബൾബുകൾക്ക് പകരം ഉർജ്ജക്ഷമവും ദീർഘകാലം നിലനിൽക്കുന്നതുമായ എൽഇഡി വിളക്കുകൾ സ്ഥാപിക്കും. 2021 മാർച്ച് 31 ലെ കണക്ക് പ്രകാരം 14 ലക്ഷം ഉപഭോക്താക്കൾ 18 ലക്ഷം ബൾബുകൾക്കായി രജിസ്റ്റർ ചെയ്തിട്ടുണ്ട്, 84 ലക്ഷം ഉപഭോക്താക്കൾക്ക് ബൾബുകൾ വിതരണം ചെയ്തു.

## ദ്യുതി 2021

ഏറ്റവും കുറഞ്ഞ സാങ്കേതികവും വാണിജ്യപരവുമായ നഷ്ടങ്ങളോടെ എല്ലാവർക്കും തടസ്സമില്ലാത്തതും ഗുണനിലവാരമുള്ളതുമായ വൈദ്യുതി പ്രദാനം ചെയ്യുന്നതിനും മികച്ച സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നതിനും പുനരുപയോഗ ഊർജ സ്രോതസ്സുകളെ സംയോജിപ്പിക്കാൻ കഴിവുള്ള ഒരു സംവിധാനം വികസിപ്പിക്കുന്നതിനും ഒരു സമഗ്ര ശൃംഖല അടിസ്ഥാനമാക്കിയുള്ള വിതരണമാണ് ദ്യുതി 2021. 2021 മാർച്ച് 31 വരെ 1,457.06 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തിയായി.

## ട്രാൻസ്ഗ്രിഡ് 2.0 – സെക്കന്റ് ജനറേഷൻ ട്രാൻസ്മിഷൻ നെറ്റ്‌വർക്ക്

സംസ്ഥാനത്തിന്റെ ഭാവി ഊർജ ആവശ്യകത നിറവേറ്റുന്നതിനായി പ്രസരണ ശൃംഖല ശക്തിപ്പെടുത്തുകയാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്, ഇത് രണ്ട് ഘട്ടങ്ങളിലായി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. പദ്ധതിയുടെ ഒന്നാം ഘട്ടം 2017–2022 കാലയളവിലും രണ്ടാം ഘട്ടം 2019–2024 ലും നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രവൃത്തികൾ 13 പാക്കേജുകളായി തിരിച്ചിരിക്കുന്നു, അതിൽ 12 സബ്സ്റ്റേഷനുകളും 2084 സർക്യൂട്ട് കിലോമീറ്റർ ഇഎച്ച്ടി ലൈനുകളും ഉൾപ്പെടുന്നു. ഈ 12 സബ്സ്റ്റേഷനുകളിൽ 4 എണ്ണം എയർ ഇൻസുലേറ്റഡ് സബ്സ്റ്റേഷനുകളും (എഐഎസ്) ശേഷിക്കുന്ന 8 ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷനുകളുമാണ് (ജിഐഎസ്). 12 പാക്കേജുകളായി തിരിച്ചിരിക്കുന്ന പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 12 സബ്സ്റ്റേഷനുകൾ (AIS– 3 നമ്പർ, GIS – 9 എണ്ണം) ഉൾപ്പെടുത്തിയിട്ടുണ്ട്. പൂർത്തിയാക്കിയ പ്രോജക്റ്റുകളുടെ വിശദാംശങ്ങൾ ചുവടെ പട്ടികപ്പെടുത്തിയിരിക്കുന്നു:

- i. 400 കെവി എംസിഎംവി ലൈൻ മലാപ്പറമ്പ് മുതൽ അരീക്കോട് വരെ (86 സർക്യൂട്ട് കി.മി), 220 കെവിഎംസിഎംവി ലൈൻ മലാപ്പറമ്പ് മുതൽ കിഴിശ്ശേരി വരെ (59.82 സർക്യൂട്ട് കി.മി), 220/110 കെവി എംസിഎംവി ലൈൻ കിഴിശ്ശേരി മുതൽ ചേളാരി വരെ (20.2 സർക്യൂട്ട് കി.മി), ചേളാരി മുതൽ നല്ലളം വരെ (24.74 സർക്യൂട്ട് കി.മി), അരീക്കോട് മുതൽ കിഴിശ്ശേരി വരെ (14.87 സർക്യൂട്ട് കി.മി) 110 കെ വി ലൈൻ
- ii. ചാലക്കുടി മുതൽ കോതമംഗലം വരെയുള്ള 220 കെവി സബ്സ്റ്റേഷൻ
- iii. 220/110kV ബാലരാമപുരം മുതൽ തുതിയൂർ (7.87 കി.മീ), കോതമംഗലം മുതൽ ആലുവ (68 കി.മീ)
- iv. ആലുവയിലും കലൂരിലും 220കെ.വി.ജി.ഐ.എസ്
- v. തുതിയൂർ മുതൽ കലൂർ വരെ (14 കി.മീ) 220 കെ.വി.
- vi. നോർത്ത് സൗത്ത് ഇന്റർലിങ്കിംഗ് പാക്കേജിന്റെ 220 കെവി ലൈൻ ചാലക്കുടി–കൊണ്ണൂക്കുഴി ഭാഗം (22.3 കി.മീ.)

## ഇ–സെയ്ഫ്

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റും കെഎസ്ഇബിയും സംയുക്തമായി വികസിപ്പിച്ചെടുത്ത ഇസേഫ് പ്രോജക്റ്റ് വൈദ്യുത അപകടങ്ങൾ ഇല്ലാതാക്കുക എന്നതാണ് ലക്ഷ്യമിടുന്നത്. 1,632.00 കോടി രൂപയുടെ 43,378 പ്രവൃത്തികളാണ് 4 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 2021 മാർച്ച് 31 വരെ, 775.00 കോടി രൂപയുടെ 26,145 പ്രവൃത്തികൾ പൂർത്തീകരിക്കുകയും 17,390 സുരക്ഷാ പരിശോധനകൾ സുരക്ഷാ ഉദ്യോഗസ്ഥർ നടത്തുകയും ചെയ്തു.

## കെഎസ്ഇബിഎല്ലിന്റെ ഫ്ലാഗ്ഷിപ്പ് പദ്ധതികൾ

മുകളിൽ സൂചിപ്പിച്ച ഊർജ്ജ കേരള മിഷനിൽ ഉൾപ്പെടുത്തിയിട്ടുള്ള അഞ്ച് പ്രോജക്ടുകൾക്ക് പുറമേ, ഇനിപ്പറയുന്ന നാല് പ്രോജക്ടുകളും കെഎസ്ഇബിഎല്ലിന്റെ ഫ്ലാഗ്ഷിപ്പ് പദ്ധതികളാണ്.

## ഇ–മൊബിലിറ്റി

ഇ–മൊബിലിറ്റി നയം പ്രഖ്യാപിച്ച ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ ആദ്യത്തേതാണ് കേരള സംസ്ഥാനം. സംസ്ഥാനത്തൊട്ടാകെ ഇ–വെഹിക്കിൾ ചാർജിംഗ് സ്റ്റേഷനുകൾ വിന്യസിക്കുന്നത് ഉറപ്പാക്കുന്നതിന് കെ.എസ്.ഇ.ബിയെ സ്റ്റേറ്റ് നോഡൽ ഏജൻസിയായി നിയമിച്ചിട്ടുണ്ട്. 8.2 കോടി രൂപ സംസ്ഥാന ധനസഹായത്തോടെ, സംസ്ഥാന വ്യാപകമായി ഇ–വാഹനങ്ങൾക്ക്ചാർജിംഗ് സൗകര്യം ഉറപ്പ വരുത്തുന്നതിനായി എല്ലാ ജില്ലകളിലുമായി 32 ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ കെ.എസ്. ഇ.ബി. എൽ പദ്ധതിയിട്ടിട്ടുണ്ട്. ഇതിൽ 6 സ്റ്റേഷനുകൾ പൂർത്തിയായി, ബാക്കി സ്റ്റേഷനുകൾക്കുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഹെവി ഇൻഡസ്ട്രീസ് ഡിപ്പാർട്ട്മെന്റ്, ഫാസ്റ്റ് അഡോപ്ഷൻ, മാനുഫാക്ചറിംഗ് ഓഫ് ഇലക്ട്രിക് വെഹിക്കിൾസ് (ഫെയിം–ഇന്ത്യ) ഫേസ്–2 സ്കീം മുഖേനയുള്ള കേന്ദ്ര ധനസഹായത്തിൽ, ഏഴ് നഗരങ്ങളിൽ 30 ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നു. മുച്ചക്ര വാഹനങ്ങൾക്കും ഇരുചക്ര വാഹനങ്ങൾക്കുമായി കെഎസ്ഇബിഎൽ സംസ്ഥാന വ്യാപകമായി ചാർജിംഗ് പോയിന്റുകളുടെ ശൃംഖലയും സ്ഥാപിക്കുന്നു, കൂടാതെ 10 ചാർജിംഗ് പോയിന്റുകളുടെ പൈലറ്റ് പ്രോജക്റ്റ് കോഴിക്കോട്ട് കമ്മീഷൻ ചെയ്തിട്ടുണ്ട്.

## കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (കെ–ഫോൺ)

30,000 സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ചെലവ് കുറഞ്ഞതും അതിവേഗത്തി ലുള്ളതുമായ ഇന്റർനെറ്റ് കണക്ഷനുകളും 20 ലക്ഷം ബിപിഎൽ കുടുംബങ്ങൾക്ക് സൗജന്യ ഇൻറർനെറ്റ് സൗകര്യവും ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തുടനീളം ഒരു വൈഡ് ഏരിയ നെറ്റ്‌വർക്ക് നിർമ്മിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. 49: 49: 2 എന്ന അനുപാതത്തിൽ കെഎസ്ഇബിഎൽ, കെഎസ് ഐടിഐഎൽ, സംസ്ഥാന സർക്കാർ എന്നിവയുടെ ഇക്വിറ്റി പങ്കാളിത്തത്തോടെ പ്രത്യേക ഉദ്ദേശ്യ സ്ഥാപനം (എസ്പിവി) നെറ്റ്‌വർക്കിന്റെ നടപ്പാക്കലും പരിപാലനവും നടത്തും. കെഎസ്ഇബിഎല്ലിന് ലഭിക്കുന്ന മറ്റ് ആനുകൂല്യങ്ങൾക്കൊപ്പം, ഈ പദ്ധതി കെഎസ്ഇബിഎൽ ന്റെ എല്ലാ ഓഫീസുകളിലേക്കും ഹൈ സ്പീഡ് ഇൻറർനെറ്റ് കണക്റ്റിവിറ്റി ഉറപ്പാക്കുന്നു. വിതരണ നിരയിൽ (47,289 കിലോമീറ്റർ) പോൾ വാടകയും 4 ഫൈബറുകളും കെഎസ്ഇബിക്ക് സൗജന്യമായി ലഭിക്കും. കൺട്രോൾ ആൻഡ് പ്രൊട്ടക്ഷൻ, സ്മാർട്ട് ഗ്രിഡുകൾ, സ്മാർട്ട് മീറ്ററുകൾ, ഇന്റർനെറ്റ് ഓഫ് തിംഗ്സ് എന്നിവയ്ക്കുള്ള അധിക ഡാറ്റാ ആശയവിനിമയ ആവശ്യകതകൾ ഇത് നിറവേറ്റും. സൃഷ്ടിച്ച ആസ്തികൾ കെഎസ്ഇബിഎല്ലിന് നിക്ഷിപ്തമായിരിക്കും.

രണ്ട് പാക്കേജുകളിലാണ് പ്രവർത്തികൾ ഉൾപ്പെടുത്തിയിരിക്കുന്നത്. കിഫ്ബിയുമായി കരാറിൽ ഏർപ്പെട്ട തുകയായ (പിഎസി) 1,028.2കോടി രൂപയുള്ള കെ–ഫോൺ പ്രവർത്തികൾ പാക്കേജ് – എയിലും പിഎസ്ഡിഎഫ് ഫണ്ടിൽ പിഎസി തുകയായ 99.2 കോടി രൂപയുള്ള, വിശ്വസനീയമായ കമ്മ്യൂണിക്കേഷൻ ആൻഡ് ഡാറ്റാ അക്വിസിഷൻ നെറ്റ്‌വർക്ക് (ആർസി & ഡിഎ നെറ്റ്‌വർക്ക്) പാക്കേജ് – ബിയിലും ആണ്. ഏഴ് വർഷത്തേക്ക് പാക്കേജ് എ, ബി എന്നിവയുടെ ഓപിഇഎക്സ് 363.42 കോടി രൂപയാണ്.

2021 സെപ്റ്റംബർ 30 വരെ, എൻഒസി ഇതര ഐടി– 85 ശതമാനം പൂർത്തിയായി. പോയിന്റ് ഓഫ് പ്രെസെൻസ് (പിഒപി) – 119/375 പിഒപികൾക്കായി സിവിൽ ഫൌണ്ടേഷൻ പ്രവർത്തനങ്ങളും 85/375 പിഒപികൾക്കായി പ്രീഫാബ് സ്ഥാപിക്കലും പൂർത്തിയായിട്ടുണ്ട്. ഒപ്റ്റിക്കൽ ഗ്രൗണ്ട് വയർ (ഓപിജിഡബ്ല്യൂ) – 42.511 / 2600.066 KM പൂർത്തിയായി. എല്ലാ ഡൈലെക്ട്രിക് സെൽഫ് സപ്പോർട്ടിംഗ് കേബിൾ – 5535/35000 കിലോമീറ്റർ പൂർത്തിയായി.

### കമ്മ്യൂണിക്കേറ്റിംഗ് ഫോൾട് പാസ് ഡിറ്റക്ടേർസ് (സി എഫ് പി ഡി)

ഉയർന്ന ടെൻഷൻ ഫീഡർ തകരാറുകൾ കണ്ടെത്തുന്നതിനായി കമ്മ്യൂണിക്കേറ്റിംഗ് ഫോൾട്ട് പാസ് ഡിറ്റക്ടറുകൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. വളരെ ഉപയോക്തൃ സൗഹൃദമായതിനാൽ, ഹൈ ടെൻഷൻ ജി ഐ എസ് പി എം യു മാപ്പിൽ 11 കെ വി ലൈനുകളിലെ പിഴവുകളുടെ സ്ഥാനം കൃത്യമായി കണ്ടെത്താൻ ഈ സൗകര്യം സഹായിക്കും. 2021 സെപ്തംബർ 30–ലെ കണക്കനുസരിച്ച് 8,400 സിഎഫ്പിഡിഎസ് പാലക്കാട്ട് നിർമ്മിക്കുകയും 6,600 എണ്ണം സംസ്ഥാനത്തുടനീളം ഉപയോഗിക്കുകയും ചെയ്തു.

### കേന്ദ്ര സർക്കാർ പദ്ധതികൾ74

കേരളത്തിൽ നടപ്പിലാക്കുന്ന, കേന്ദ്ര സർക്കാരിന്റെ പ്രധാനപ്പെട്ട ഊർജ്ജമേഖല പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ വിശദീകരിച്ചിരിക്കുന്നു.

### ഉജ്ജ്വൽ ഡിസ്കോം അഷ്വറൻസ് യോജന (യുഡിഎഐ)

വൈദ്യുതിവിതരണ കമ്പനികളുടെ (ഡിസ്കോം) സാമ്പത്തിക മാറ്റവും പുനരുജ്ജീവനവും ലക്ഷ്യംവച്ച് ഇന്ത്യാ ഗവൺമെന്റ് ആരംഭിച്ച പാക്കേജാണ് ഉജ്ജ്വൽ ഡിസ്കോം അഷ്വറൻസ് യോജന. കെഎസ്ഇബിഎല്ലിന്റെ ആഭ്യന്തര കാര്യക്ഷമത മെച്ചപ്പെടുത്തലാണ് ധാരണാപത്രം ഒപ്പിട്ടതിന്റെ ഉദ്ദേശ്യം. ധാരണാപത്രത്തിൽ സാമ്പത്തിക സഹായമൊന്നും ഉൾപ്പെടുത്തിയിട്ടില്ല. പ്രധാനപ്പെട്ട പ്രവർത്തന ലക്ഷ്യങ്ങൾ കെഎസ്ഇബിഎൽ നേടിയിട്ടുണ്ട്.

### ദീൻ ദയാൽ ഉപാധ്യായ ഗ്രാമ ജ്യോതി യോജന (ഡി.ഡി.യു.ജി.ജെ.വൈ)

ഗ്രാമീണ വൈദ്യുതീകരണത്തിനും ഉപ പ്രസരണ, വിതരണ ഇൻഫ്രാസ്ട്രക്ചർ ശക്തിപ്പെടുത്തുന്നതിനും വേണ്ടി ഗ്രാമീണ മേഖലകൾക്കായി (വിതരണ ട്രാൻസ്ഫോർമറുകൾ, ഫീഡറുകൾ, ഉപഭോക്താക്കൾ എന്നിവിടങ്ങളിലെ മീറ്ററിങ് ഉൾപ്പെടെ) കേന്ദ്ര സർക്കാരിന്റെ പദ്ധതിയാണ് ദീൻ ദയാൽ ഉപാധ്യായ ഗ്രാമ ജ്യോതി യോജന (ഡി.ഡി.യു.ജി.ജെ.വൈ). ഡി.ഡി.യു.ജി.ജെ.വൈ നടപ്പിലാക്കുന്നതിന്റെ സാമ്പത്തികവും ഭൗതികവുമായ പുരോഗതിയുടെ വിശദാംശങ്ങൾ **അനുബന്ധം 11.2.11**–ൽ കാണിച്ചിരിക്കുന്നു.

### പ്രധാനമന്ത്രി സഹജ് ബിജിലി ഹർ ഘർ യോജന–"സൗഭാഗ്യ"

ഗ്രാമപ്രദേശങ്ങളിലെ എല്ലാ വീടുകൾക്കും (എപിഎല്ലും ദരിദ്ര കുടുംബങ്ങൾക്കും) നഗരപ്രദേശങ്ങളിലെ ബിപിഎൽ കുടുംബങ്ങൾക്കും സിംഗിൾ പോയിൻറ് വയറിംഗ് ഉൾപ്പെടെ സൗജന്യ വൈദ്യുതി കണക്ഷൻ സൗഭാഗ്യയിൽ വിഭാവന ചെയ്തിരിക്കുന്നു.. 2018 ലെ വെള്ളപ്പൊക്കത്തിൽ വൈദ്യുതീകരിക്കപ്പെട്ട 3,19,171 വീടുകളെ വീണ്ടും നന്നാക്കുന്നതിന് 95.75 കോടി രൂപ (സംസ്ഥാന നികുതി കുറച്ച്, മൊത്തം തുക 88.45 കോടി രൂപ) കേരളത്തിന് അനുവദിച്ചു.

### പ്രധാൻ മന്ത്രി കിസാൻ ഊർജ്ജ സുരക്ഷാ ഏവം ഉത്തഹാൻ മഹാഭിയാൻ (പിഎം കുസും)

സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിനായി തരിശായ കാർഷിക ഭൂമി വിനിയോഗിക്കുക, വൈദ്യുതി ഉൽപാദനത്തിൽ നിന്ന് കർഷകർക്ക് സ്ഥിരമായ വരുമാനം നൽകുക, കാർഷിക പമ്പുകൾ സൗരവത്കരിക്കുക എന്നിവ ഗ്രിഡിൽ നിന്നുള്ള വൈദ്യുതി ഉപയോഗം കുറയ്ക്കുകയും സബ്സിഡികളുടെ രൂപത്തിൽ സർക്കാരിൽ നിന്നുള്ള സാമ്പത്തിക സഹായം കുറയ്ക്കുകയും ചെയ്യും. പിഎം–കുസും പദ്ധതിയുടെ ഘടകം – എയിൽ എംഎൻആർഇ 10 മെഗാവാട്ട് സോളാർ പ്ലാന്റുകൾ സംസ്ഥാനത്തിന് അനുവദിച്ചു. കെഎസ്ഇബിഎൽ ഈ പദ്ധതി നടപ്പിലാക്കുകയും ഭൂവുടമകൾക്കായി രണ്ട് മോഡലുകൾ മുന്നോട്ട് വയ്ക്കുകയും ചെയ്തു.ആദ്യത്തേത് പാട്ടത്തിനെടുത്ത് പാനലുകൾ സ്ഥാപിക്കുന്ന ലീസ് മോഡൽ (ഇപിസി / റെസ്കോ രീതി). രണ്ടാമത്തേത് ഭൂവുടമകൾ തന്നെ നിക്ഷേപം നടത്തുന്ന നിക്ഷേപ മോഡൽ (പിപിഎ രീതി). ഘടകം–സിയിൽ, 7.5 എച്ച്പി വരെ വ്യക്തിഗത പമ്പ് ശേഷിയുള്ള 10 ലക്ഷം ഗ്രിഡ് കണക്റ്റ്ചെയ്ത കാർഷിക പമ്പുകളുടെ സോളറൈസേഷൻ ഉൾപ്പെടുത്തിയിട്ടുണ്ട്. സോളറൈസേഷന്റെ ചിലവിന്റെ 30 ശതമാനം വരെ കേന്ദ്ര സർക്കാർ ധനസഹായം നൽകയും 30 ശതമാനം സംസ്ഥാന സർക്കാരും ബാക്കി ഗുണഭോക്തൃ കൃഷിക്കാരൻ വഹിക്കേണ്ടിയും വരും. ഗ്രിഡ് കണക്റ്റ്ചെയ്ത പമ്പുകളുടെ സോളറൈസേഷൻ നടപ്പിലാക്കാൻ അനെർട്ടിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

### ഇന്ത്യയുടെ സോളാർ ട്രാൻസ്ഫിഗറേഷനായി സുസ്ഥിര മേൽക്കൂര നടപ്പാക്കൽ (എസ് ആർ ഐ എസ് റ്റി ഐ)

പവർ ഡിസ്ട്രിബ്യൂട്ടിംഗ് കമ്പനികൾ (ഡിസ്കോംസ്) നിർവ്വഹണ ഏജൻസികളായി മൊത്തം 11,814 കോടി രൂപയുടെ കേന്ദ്ര സാമ്പത്തിക സഹായത്തോടെ 2022 ആകുമ്പോഴേക്കും മേൽക്കൂര സോളാർ (ആർടിഎസ്) പദ്ധതികളിൽ നിന്ന് 40,000 മെഗാവാട്ട് സഞ്ചിതശേഷി കൈവരിക്കാനുള്ള ലക്ഷ്യത്തോടെ ഇന്ത്യാ ഗവൺമെന്റ്, രണ്ടാം ഘട്ട ഗ്രിഡ് കണക്റ്റ്ചെയ്ത മേൽക്കൂര സോളാർ പ്രോഗ്രാം നടപ്പാക്കും. 10 കിലോവാട്ട് പ്ലാന്റുകൾ വരെ റെസിഡൻഷ്യൽ മേഖലയ്ക്ക് കേന്ദ്ര സാമ്പത്തിക സഹായം/സബ്സിഡി ലഭിക്കും. ഈ സബ്സിഡി പദ്ധതിയിൽ 50 മെഗാവാട്ട് സംസ്ഥാനത്തിന് അനുവദിച്ചു. പദ്ധതി 75 ശതമാനം കെഎസ്ഇബിഎല്ലും ബാക്കി 25 ശതമാനം അനെർട്ടും നടപ്പാക്കും. 2021 ഒക്ടോബർ 30–ലെ മൊത്തം രജിസ്ട്രേഷൻ 93 മെഗാ വാട്ടിനാണ് (26,000 ഉപഭോക്തൃ പരിസരം) കൂടാതെ എംഎൻആർഇ 2020–21–ൽ 200 മെഗാ വാട്ട് അനുവദിച്ചു.

### ഉന്നത് ജ്യോതി ബൈ അഫൊർഡബിൾ എൽഇഡി ഫോർ ഓൾ (യുജെഎഎൽഎ)

ഇൻകാൻഡസെന്റ് ബൾബുകൾ മാറ്റി പകരം എൽഇഡി ബൾബുകൾ സ്ഥാപിക്കുകയെന്ന ലക്ഷ്യത്തോടെ ഗാർഹീക ഉപഭോക്താക്കൾക്ക് എൽഇഡി ബൾബുകൾ നൽകുന്നതാണ് ഈ പദ്ധതി. കേരളം

ഇതിനകം തന്നെ വീടുകളിൽ 150 ലക്ഷം വിളക്കുകൾ മാറ്റി എൽഇഡി ബൾബുകൾ സ്ഥാപിച്ചിട്ടുണ്ട്.

### പെർഫോം അച്ചീവ് ആൻഡ് ട്രേഡ് (പിഎടി)

നാഷണൽ മിഷൻ ഫോർ എൻഹാൻസ്ഡ് എനർജി എഫിഷ്യൻസി (എൻഎംഇഇ) യുടെ കീഴിലുള്ള ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയുടെ ഒരു ഫ്ലാഗ്ഷിപ് പ്രോഗ്രാമാണ് പാറ്റ് സ്കീം. ഡിസ്കോമുകളെയും ഉൾക്കൊള്ളുന്ന പാറ്റിന്റെ രണ്ടാമത്തെ സൈക്കിൾ 2016 മാർച്ചിൽ പ്രഖ്യാപിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് പാറ്റ് നിയമങ്ങൾ പ്രകാരം എല്ലാ ആവശ്യകതകളും പാലിച്ചിരിക്കുന്നു. പിഎടി സൈക്കിൾ II ന്റെ ഭാഗമായി പിഎടി സ്കീമിൽ പറഞ്ഞിട്ടുള്ള എല്ലാ ആക്ഷൻ പോയിന്റുകളിലും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

## പിജിസിഎൽ അന്തർസംസ്ഥാന പദ്ധതികൾ

### പ്രധാന അന്തർസംസ്ഥാന ട്രാൻസ്മിഷൻ പദ്ധതികൾ

### പുഗലൂർ–തൃശൂർ എച്ച് വി ഡി സി പദ്ധതി

കേരളത്തിലേക്കുള്ള 600 മെഗാവാട്ട് റായ്ഗഢ് –പുഗലൂർ എച്ച്‌വിഡിസി ഇടനാഴിയുടെ വിപുലീകരണമാണ് ഈ പദ്ധതി. 2020 മെയ് മാസത്തിലാണ് റായ്ഗഢ്–പുഗലൂർ ഇടനാഴി ടെസ്റ്റ് ചാർജ് ചെയ്തത്. 153.5 കിലോമീറ്റർ ദൈർഘ്യമുള്ള ഈ 320 കെവി ഡിസി ലൈനിന് കേരളത്തിനുള്ളിൽ 92 കിലോമീറ്റർ ഉണ്ട്. ഇതിൽ 64 കിലോമീറ്റർ വടക്കാഞ്ചേരി വരെ ഓവർഹെഡും ബാക്കി 28 കിലോമീറ്റർ യുജി കേബിളിലൂടെയുമാണ്. ലൈനിന് 2,000 മെഗാവാട്ട് ശേഷി ഉണ്ട്. എച്ച് വി ഡി സി ലൈൻ 2021 ഒക്ടോബർ 10 ന് കമ്മീഷൻ ചെയ്തു.

### അണക്കെട്ട് പുനരധിവാസ വികസന പദ്ധതി (ഡ്രിപ്പ്)

കേന്ദ്ര സർക്കാർ മുഖേന ലോക ബാങ്ക് ധന സഹായത്തോടെ സംസ്ഥാനത്തെ നിലവിലുള്ള ഡാമുകളുടെ സുരക്ഷിതത്വവും സ്ഥായിയായ പ്രകടനവും ഘടനാപരമായ കാര്യങ്ങളും മെച്ചപ്പെടുത്തുക എന്നുള്ളതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കേന്ദ്ര ജലവിഭവ മന്ത്രാലയത്തിന്റെ ജിആർ & ആർഡിയുടെ ഒരു സുപ്രധാന പദ്ധതിയാണിത്. പദ്ധതി വിഹിതമായ 134 കോടിയിൽ 125 കോടി രൂപ വിനിയോഗിച്ചു

നടന്നുകൊണ്ടിരിക്കുന്ന ഡ്രിപ്പ് പ്രോജക്ടുകൾക്ക് അനുസൃതമായി, കേന്ദ്ര വാട്ടർ കമ്മീഷന്റെ സെൻട്രൽ പ്ലാൻ മോണിറ്ററിങ് യൂണിറ്റ്(സിപിഎംയു) ലോക ബാങ്ക് സഹായത്തോടെ ഡ്രിപ്പ് രണ്ടാമത്തെയും മൂന്നാമത്തെയും ഘട്ടം തുടർന്ന് വരുന്നു.

### പവർ തെഫ്റ്റ്

നിയമത്തിന്റെ കർശനമായ നടപ്പാക്കലും സമൂഹത്തിലുള്ള അവബോധവും മൂലം സംസ്ഥാനത്ത് വൈദ്യുതി മോഷണവും ബന്ധപ്പെട്ട തകരാറുകളും വളരെ കുറവാണ്. വൈദ്യുതി ചെറുമോഷണവും ദുരുപയോഗവും കണ്ടെത്തുന്നതിനായി എല്ലാ ജില്ലകളിലും കെഎസ്ഇബിഎല്ലിന് ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് (എപിടിഎസ്) ഉണ്ട്. ഫീൽഡ് സ്റ്റാഫിന് പരിശോധനയ്ക്കായി പ്രതിമാസ ലക്ഷ്യങ്ങളും നൽകുന്നു. 2020–21 കാലയളവിൽ 379 മോഷണക്കേസുകൾ കണ്ടെത്തി.

### കുടിശ്ശിക ശേഖരണം

കാലാകാലങ്ങളിൽ കുടിശ്ശികയുള്ള വൈദ്യുതി ബിൽ തുക ശേഖരിക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകി വരുന്നു. 30–9–2021 വരെ സ്വകാര്യ ഉപഭോക്താക്കളുടെ കുടിശ്ശിക 3,074.72 കോടി രൂപയാണ്. കേന്ദ്രത്തിന്റെയും സംസ്ഥാനത്തിന്റെയും ഉൾപ്പെടെ സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിന്റെ അവസാനത്തിൽ സർക്കാർ കുടിശ്ശിക 1,150.89 കോടി രൂപയാണ്. ഇതിൽ 1,079.53 കോടി രൂപ സംസ്ഥാന സർക്കാർ വകുപ്പുകളുടെയും സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെയുമാണ്.

### കെ എസ് ഇ ബി എൽ ന്റെ 2020–21–ന്റെ പ്രധാന ഭൗതിക നേട്ടങ്ങൾ

- നിയന്ത്രണങ്ങൾ ഏർപ്പെടുത്താതെ എല്ലാവർക്കും ആവശ്യാനുസരണം വൈദ്യുതി നൽകി
- മൊത്തം 3.72 ലക്ഷം പുതിയ സർവീസ് കണക്ഷനുകൾ നൽകി, 2,372 പുതിയ വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചു, 2,195 കിലോമീറ്റർ 11 കെവി ലൈനുകളും 3650 കിലോമീറ്റർ എൽടി ലൈനുകളും നിർമ്മിച്ചു.
- HVDC പുഗലൂർ– മടക്കത്തറ പോൾ I, II, 400 kV കോഴിക്കോട്–മാടക്കത്തറ ഇരട്ട സർക്യൂട്ടുകൾ കമ്മീഷൻ ചെയ്തു
- പ്രസരണ മേഖലയിൽ നാല് 220 കെവി സബ്സ്റ്റേഷനുകൾ, ഒന്ന് 66 കെവി, രണ്ട് 33 കെവി സബ്സ്റ്റേഷനുകൾ നിർമ്മിച്ചു.
- 63.25 മെഗാവാട്ട് ഉൽപ്പാദന ശേഷി കൂട്ടി
- ഡിസ്ട്രിബ്യൂഷൻ സ്ട്രാറ്റജിക് ബിസിനസ് യൂണിറ്റിനുള്ള ട്രാൻസ്മിഷൻ ആൻഡ് ഡിസ്ട്രിബ്യൂഷൻ നഷ്ടം (10.32 ശതമാനം), എടി & സി നഷ്ടം (7.76 ശതമാനം) എക്കാലത്തെയും താഴ്ന്ന നിലയിലേക്ക് കുറച്ചു.

### വെല്ലുവിളികളും പ്രശ്നങ്ങളും

- എല്ലാവർക്കും ഗുണനിലവാരമുള്ള വൈദ്യുതി ഉറപ്പാക്കൽ: നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരത്തിലെ നഗര–ഗ്രാമ വ്യത്യാസം ഇല്ലാതാക്കുക
- ശേഷി കൂട്ടിച്ചേർക്കലുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ
- RE പവർ വികസിപ്പിക്കുന്നതിലെ തടസ്സങ്ങൾ: സോളാർ പ്ലാന്റുകൾ സ്ഥാപിക്കാൻ തരിശായി കിടക്കുന്ന ഭൂമിയുടെ ദൗർലഭ്യവും കാറ്റിൽ നിന്നുള്ള ഊർജ്ജത്തിന്റെ പരിമിതിയും
- നോർത്തേൺ ഗ്രിഡിൽ നിന്ന് വൈദ്യുതി ഇറക്കുമതി ചെയ്യുന്നതിന് അപര്യാപ്തമായ പവർ കോറിഡോറുകളും ഇൻട്രാ സ്റ്റേറ്റ് ട്രാൻസ്മിഷൻ ലൈനുകളുടെ അപര്യാപ്തമായ ശൃംഖലയും
- വിതരണത്തിലെ വെല്ലുവിളികൾ: പഴയതും താഴ്ന്നതുമായ ലൈനുകളുടെ മോശം നെറ്റ്‌വർക്കിംഗ്, ഇതര ഭക്ഷണ സൗകര്യങ്ങളുടെ അഭാവം, കുറഞ്ഞ HT/LT റേഷൻ, നിലവാരമില്ലാത്ത ഘടനകൾ
- ഇന്ത്യാ ഗവൺമെന്റ് വിഭാവനം ചെയ്യുന്ന വിതരണത്തിൽ സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള ചുമതല.

### പാരമ്പര്യേതര പുനരാവർത്തക ഊർജ്ജ സ്രോതസ്സുകൾ

ഊർജ്ജത്തെ പൊതുവെ പുനരാവർത്തക ഊർജ്ജമെന്നും പുനരാവർത്തിക്കാനാവാത്ത ഊർജ്ജമെന്നും രണ്ടായി വിഭജിച്ചിരിക്കുന്നു. ലോകത്തിലെ 85 ശതമാനത്തിലധികം ഊർജ്ജം പുനരാവർത്തിക്കാനാവാത്ത സ്രോതസ്സക

ളിൽ നിന്നാണ് ലഭിക്കുന്നത്. മിക്ക വികസിത രാജ്യങ്ങളും പുനരാവർത്തിക്കാനാവാത്ത ഊർജ്ജ സ്രോതസ്സുകളായ ഫോസിൽ ഇന്ധനങ്ങൾ (കൽക്കരി, എണ്ണ), ആണവോർജ്ജം എന്നിവയെയാണ് ആശ്രയിച്ചിരിക്കുന്നത്. സരോർജ്ജം, ജിയോ തെർമൽ, ജലവൈദ്യുതി, ബയോമാസ്, കാറ്റ് തുടങ്ങിയവ പുനരാവർത്തക ഊർജ്ജസ്രോതസ്സുകളിൽ ഉൾപ്പെടുന്നു. മിക്ക വികസ്വര രാജ്യങ്ങളിലും ധാരാളം പുനരാവർത്തക ഊർജ്ജ സ്രോതസ്സുകൾ ഉണ്ട്.

കേരളത്തിൽ പാരമ്പര്യേതര പുനരാവർത്തക ഊർജ്ജ സ്രോതസ്സുകൾ നിയന്ത്രിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നത് (i) ഏജൻസി ഫോർ നോൺകൺവെൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജി (അനർട്ട്), (ii) എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി), (iii) മീറ്റർ ടെസ്റ്റിംഗ് ആന്റ് സ്റ്റാന്റേർഡ്സ് ലബോറട്ടറി (എംറ്റിഎസ്എൽ) എന്നീ ഏജൻസികൾ മുഖേനയാണ്.

### ഏജൻസി ഫോർ നോൺകൺവെൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജി (അനർട്ട്)

കേരള സർക്കാരിന്റെ ഊർജ്ജ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്വയം ഭരണ സ്ഥാപനമാണ് ഏജൻസി ഫോർ നോൺ കൺവെൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജി(അനർട്ട്). സംസ്ഥാനത്ത് പാരമ്പര്യേതര ഊർജ്ജപ്രചരണത്തിനും നടപ്പാക്കലിനും അധികാരമുള്ള നോഡൽ ഏജൻസിയാണ് അനർട്ട്. കേരളത്തിൽ കേന്ദ്രസർക്കാർ പരിപാടികൾ നടപ്പിലാക്കുന്നതിനുള്ള മിനിസ്ട്രി ഓഫ് ന്യൂ ആൻഡ് റിന്യൂവബിൾ എനർജിയുടെ (എം.എൻ.ആർ. ഇ) നോഡൽ ഏജൻസി കൂടിയാണ് ഇത്.

### 2020-21 ലെ അനർട്ടിന്റെ നേട്ടങ്ങൾ

- 100 കിലോ വാട്ട് ഹൈബ്രിഡ് പവർ പ്ലാൻറുകൾ സ്ഥാപിച്ചു.
- സൌരോർജ്ജം ഉപയോഗിച്ചുകൊണ്ടുള്ള ആട്ടോമേറ്റഡ് വാട്ടർ ഡിസ്പെൻസിംഗ് മെഷീനുകൾ സ്ഥാപിച്ചു.
- 619 കിലോ വാട്ട്, 1,350 കിലോ വാട്ട് കപ്പാസിറ്റിയോടുകൂടിയ സോളാർ പവർ പ്ലാന്റുകൾ സർക്കാർ കെട്ടിടങ്ങളിൽ സ്ഥാപിച്ചു.
- വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 4 പ്രോജക്റ്റുകൾക്ക് അനർട്ട് ധനസഹായം നൽകുകയുണ്ടായി.
- ഇ.ഇ.എസ്.എൽ.ഉം ആയി ചേർന്ന് സർക്കാർ വകുപ്പുകളിലും സ്ഥാപനങ്ങളിലും 135 ഇലക്ട്രിക്കൽ വാഹനങ്ങൾ വാടകയ്ക്ക് നൽകുകയുണ്ടായി.
- സോളാർ അഗ്രോഫാമിംഗ്: പാലക്കാട് ചിറ്റൂരിൽ 25 കിലോ വാട്ട് സോളാർ പമ്പുകൾ കൃഷിയിടങ്ങളിൽ സ്ഥാപിച്ചു.

### വെല്ലുവിളികളും പ്രശ്നങ്ങളും

- ഭൂമിയുടെ ലഭ്യതയും പ്രവേശനക്ഷമതയും.
- പുനരുപയോഗ ഊർജ്ജ പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള വിഭവ പരിമിതികൾ.
- പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി സംഭരണത്തെക്കുറിച്ച് വ്യക്തമായ നയമൊന്നുമില്ല.
- റിന്യൂവബിൾ പർച്ചേസ് ഒബ്ലിഗേഷൻ (ആർപിഒ) ടാർഗെറ്റുകൾ പാലിക്കാത്തതും അതിനുള്ള നഷ്ടപരിഹാരവും.
- പുനരുപയോഗ ഊർജ്ജ പ്രോജക്റ്റുകൾക്കായുള്ള എസ്ഓപി യുടെ അഭാവവും വീലിംഗ്, ട്രാൻസ്മിഷൻ ചാർജ്ജുകളിൽ ഇളവും.

### എനർജി മാനേജ്മെന്റ് സെന്റർ- കേരള (ഇ.എം.സി)

സംസ്ഥാനത്ത് ഊർജ്ജ സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനും ഊർജ്ജ കാര്യക്ഷമത വർധിപ്പിക്കുന്നതിനും 2001 ലെ ഊർജ്ജ സംരക്ഷണ നിയമം നടപ്പാക്കുന്നതിനും കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയുടെ സംസ്ഥാന അംഗീകൃത ഏജൻസിയാണ് എനർജി മാനേജ്മെന്റ് സെന്റർ (ഇ എം സി). സ്മോൾ/ മിനി/ മൈക്രോ ജല വൈദ്യുത പദ്ധതികളെ പ്രോത്സാഹിപ്പിക്കുന്നതും ഇ എം സി ആണ്. സ്വകാര്യ പങ്കാളിത്തത്തോടെ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ വികസനത്തിന് പ്രചോദനം നൽകുന്നതിനായി സംസ്ഥാന സർക്കാർ വൈദ്യുതി വകുപ്പിന് കീഴിൽ രൂപീകരിച്ച എസ്.എച്ച്.പി. സെൽ ഇ.എം.സിയുമായി ചേർന്ന് പ്രവർത്തിക്കുന്നു.

### 2020-21ലെ ഇഎംസിയുടെ നേട്ടങ്ങൾ

- സംസ്ഥാന നിയുക്ത ഏജൻസിയുടെ വിഭാഗത്തിൽ ഇന്ത്യാ ഗവൺമെന്റിന്റെ ഊർജ്ജ മന്ത്രാലയം ഏർപ്പെടുത്തിയ ദേശീയ ഊർജ്ജ സംരക്ഷണ അവാർഡിൽ EMC ഒന്നാം സ്ഥാനം കരസ്ഥമാക്കി.
- സംസ്ഥാനത്തെ ഊർജ്ജ സംരക്ഷണ ശ്രമങ്ങൾ 337.6 MU വൈദ്യുതിയും 17,647.8 കിലോ ലിറ്റർ എണ്ണയും ലാഭിച്ചു.
- ഇലക്ട്രോ-ടെക്നിക്കൽ കാലിബ്രേഷന്റെ അച്ചടക്കത്തിനായി IS/ISO/IEC 17025:2017 അനുസരിച്ച് NABL അക്രഡിറ്റേഷനോടെ EMC-യുടെ എനർജി മീറ്റർ കാലിബ്രേഷൻ ലബോറട്ടറി അനുവദിച്ചു.
- ആറ് സർക്കാർ ആശുപത്രികളിൽ ഊർജ്ജ കാര്യക്ഷമത പദ്ധതികൾ നടപ്പിലാക്കി: സർക്കാർ മെഡിക്കൽ കോളേജ് തിരുവനന്തപുരം, സർക്കാർ മെഡിക്കൽ കോളേജ് തൃശ്ശൂർ, ഗവൺമെന്റ് മെഡിക്കൽ കോളേജ് കളമശ്ശേരി, ഗവൺമെന്റ് ചെസ്റ്റ് ഹോസ്പിറ്റൽ തൃശ്ശൂർ, ജനറൽ ഹോസ്പിറ്റൽ പാലാ, ജില്ലാ ആശുപത്രി തൃശ്ശൂർ.
- പെരുമ്പളം പബ്ലിക് ഹെൽത്ത് സെന്ററിൽ 10 kWp ഓഫ് ഗ്രിഡ് സോളാർ പിവി സിസ്റ്റം, മിൽമ വയനാട് യൂണിറ്റിൽ കണ്ടൻസേറ്റ് റിക്കവറി യൂണിറ്റ് സ്ഥാപിച്ചു
- സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഊർജ്ജ ഓഡിറ്റ് നടത്തി.

### വെല്ലുവിളികളും പ്രശ്നങ്ങളും

- ആഭ്യന്തര മേഖലയിൽ ഊർജ്ജ കാര്യക്ഷമത സ്വീകരിക്കുന്നതിനുള്ള പ്രോട്ടോക്കോളുകൾ / നയങ്ങൾ.
- ജലവൈദ്യുതി വികസനത്തിൽ ഉയർന്ന ഭൂമി ചെലവും ഫോറസ്റ്റ് ക്ലിയറൻസ് പ്രശ്നങ്ങളും.
- വികിരണം കുറയ്ക്കുന്നതും കാലാവസ്ഥാ വ്യതിയാന ലഘൂകരണവും നിർബന്ധമില്ല.
- ഊർജ്ജ മാനേജ്മെന്റ് പ്രോജക്ടുകൾ കൈകാര്യം ചെയ്യാനും നടപ്പാക്കാനുമുള്ള സംവിധാനം
- ഡിസൈൻ / നിർമ്മാണ ഘട്ടങ്ങളിൽ ഊർജ്ജ കാര്യക്ഷമത പിന്തുടരാൻ വാണിജ്യ മേഖലയിലെ പ്രവർത്തനങ്ങൾക്ക് നിർബന്ധമില്ല.
- എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് റൂളുകൾ (ഇസിബിസി) പിഡബ്ല്യുഡി, എൽഎസ്ജിഡി, ഡവലപ്പർമാർ എന്നിവർ സ്വീകരിക്കേണ്ടതുണ്ട്.
- നിലവിലുള്ള കാര്യക്ഷമമല്ലാത്ത ഉപകരണങ്ങളുടെ ഡിമാൻഡ് സമാഹരണവും അവ മാറ്റിസ്ഥാപിക്കലും.
- കാർഷിക മൂല്യ ശൃംഖലയിൽ ഊർജ്ജ കാര്യക്ഷമമായ നടപ്പാക്കൽ.

## ഡിപ്പാർട്ടുമെന്റ് ഓഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്

കേരള സർക്കാരിന്റെ ഊർജ്ജ വകുപ്പിന്റെ കീഴിൽ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് പ്രവർത്തിക്കുന്നു. സുരക്ഷാ പരിശോധനകൾ നടത്തുന്നതും ഹൈടെൻഷൻ, എക്സ്ട്രാ ഹൈടെൻഷൻ, മീഡിയം വോൾട്ടേജ് ഇൻസ്റ്റലേഷൻ പ്രവർത്തനങ്ങൾക്ക് അനുവാദം നൽകുന്നതും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് ആണ്. വിവിധ ഇലക്ട്രിക്കൽ ഉപകരണങ്ങളുടെ പരിശോധന, കാലിബറേഷൻ എന്നിവ നടത്തുക എന്നതാണ് മീറ്റർ ടെസ്റ്റിംഗ് ആൻഡ് സ്റ്റാൻഡേർഡ്സ് ലബോറട്ടറി (എംടിഎസ്ൽ) യുടെ ലക്ഷ്യം. വോൾട്ടേജ്, കറന്റ്, റെസിസ്റ്റൻസ്, ഫ്രീക്വൻസി, പവർ, പവർ ഫാക്ടർ, എനർജി മുതലായവയുടെ കാലിബ്രേഷൻ അളക്കുന്നതിനുള്ള സൌകര്യങ്ങൾ നിലവിൽ ഇവിടെ ലഭ്യമാണ്. പ്രൊട്ടക്ഷൻ റിലെ, ഇൻസ്ട്രുമെന്റ് ട്രാൻസ്ഫോർമർ എന്നിവയുള്ള പ്രീ കമ്മീഷണിംഗ് ടെസ്റ്റിംഗ് സൌകര്യം എന്നിവ ഇതിലുൾപ്പെടുന്നു. പവർ ട്രാൻസ്ഫോർമറുകൾ, കേബിളുകൾ, സർക്യൂട്ട് ബ്രേക്കുകൾ എന്നിവയുള്ള പ്രീ കമ്മീഷണിംഗ് ടെസ്റ്റുകൾ എന്നിവ ഇവിടെ നടത്തപ്പെടുന്നു. ഇവിടെ നടത്തുന്ന എല്ലാ കാലിബറേഷനുകളും ടെസ്റ്റുകളും ദേശീയ, അന്തർ ദേശീയ നിലവാരത്തിനൊത്തതാണ്. സംസ്ഥാനത്തെ എല്ലാ ഇലക്ട്രിക്കൽ അപകടങ്ങളും അന്വേഷിപ്പിക്കുന്നതും അന്വേഷണ റിപ്പോർട്ടുകൾ സർക്കാരിനു സമർപ്പിക്കുന്നതും അപകടങ്ങൾക്ക് ഉത്തരവാദിയായ വ്യക്തി/അധികാരികൾ എന്നിവർക്കെതിരെ നടപടികൾ എടുക്കുന്നതും ഈ വകുപ്പാണ്.

## 2020–21 ലെ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ നേട്ടങ്ങൾ

- എറണാകുളത്തെ റവന്യൂ ടവറിലെ റീജിയണൽ മീറ്റർ ടെസ്റ്റിംഗ് ലബോറട്ടറി ഒരേസമയം 20 എനർജി മീറ്ററുകൾ പരിശോധിക്കാനുള്ള സൗകര്യത്തോടെ.
- ആലപ്പുഴയിൽ പുതിയ റീജിയണൽ ടെസ്റ്റിംഗ് ലബോറട്ടറിയുടെ പ്രവർത്തനം പൂർത്തിയായി.
- സംഭരിച്ച സിംഗിൾ ഫേസ് റിലേ ടെസ്റ്റ് സെറ്റ്.
- കൊല്ലം ജില്ലയിലെ റീജിയണൽ ടെസ്റ്റിംഗ് ലബോറട്ടറി നവീകരിച്ച് NABL നിലവാരത്തിലേക്ക് ഉയർത്തി.
- മീറ്റർ ടെസ്റ്റിംഗിനും സ്റ്റാൻഡേർഡ് ലബോറട്ടറികൾക്കുമായി 2 ലക്ഷം എനർജി മീറ്റർ സീലുകൾ വാങ്ങി.
- ISO 15700:2018 പ്രകാരം സേവന ഗുണനിലവാര മാനേജ്മെന്റ് ഉൾപ്പെടെയുള്ള സാങ്കേതിക പരിശീലന പരിപാടികൾ നടത്തി.
- NABL അക്രഡിറ്റേഷൻ മീറ്റർ ടെസ്റ്റിംഗ് ആൻഡ് സ്റ്റാൻഡേർഡ് ലബോറട്ടറി–തിരുവനന്തപുരത്തും കോട്ടയം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കാസർകോട് എന്നിവിടങ്ങളിലെ റീജിയണൽ ടെസ്റ്റിംഗ് ലബോറട്ടറികളിലും നിലനിർത്തുന്നു.
- വൈദ്യുത സുരക്ഷയെക്കുറിച്ചുള്ള വെബിനാറുകൾ സംസ്ഥാനത്തുടനീളം നടത്തി.

## വെല്ലുവിളികളും പ്രശ്നങ്ങളും

- പരിശോധനകൾ നടത്തുന്നതിന് ആവശ്യമായ ആധുനിക ടെസ്റ്റിംഗ് ഉപകരണങ്ങളുടെ അഭാവം
- തീപിടുത്തമുണ്ടായ സ്ഥലത്ത് നിന്ന് ശേഖരിച്ച സാമ്പിൾ പരിശോധിക്കാൻ ലബോറട്ടറിയുടെ അഭാവം

## കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ (KSERC)

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, ഒരു അർദ്ധ ജുഡീഷ്യൽ സ്റ്റാറ്റ്യൂട്ടറി ഓർഗനൈസേഷൻ 2003 ൽ സ്ഥാപിതമായി. സംസ്ഥാനത്ത് വൈദ്യുതി ഉൽപ്പാദനം, വിതരണം, പ്രക്ഷേപണം, ചില്ലറ വിൽപ്പന എന്നിവയുള്ള താരിഫ് നിർണയമാണ് കമ്മീഷന്റെ പ്രധാന പ്രവർത്തനം. സംസ്ഥാനത്തെ വിതരണ ലൈസൻസികളുടെ പവർ പർച്ചേസ് കരാറുകളുടെ അംഗീകാരം, ലൈസൻസികൾ/ജനറേറ്റിംഗ് കമ്പനികൾ തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കൽ, താരിഫുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, നിയമത്തിലെ വ്യവസ്ഥകൾ പ്രകാരമുള്ള നഷ്ടപരിഹാരം നിർണയിക്കൽ തുടങ്ങിയ മറ്റ് പ്രവർത്തനങ്ങൾക്കും ഇത് നിക്ഷിപ്തമാണ്. പൊതുജനങ്ങളുടേയും പങ്കാളികളുടേയും അഭിപ്രായങ്ങൾ ക്ഷണിക്കുന്നതിനായി കേരള ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ (താരിഫ് നിശ്ചയിക്കുന്നതിനുള്ള നിബന്ധനകളും വ്യവസ്ഥകളും) റെഗുലേഷൻസ്, 2021-ന്റെ കരട് കമ്മീഷൻ പ്രസിദ്ധീകരിച്ചു. 2020–21–ൽ 111 ഹർജികളിൽ കോടതി വാദം കമ്മീഷൻ നടത്തി.

## ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ

ഉപഭോക്തൃ പരാതി പരിഹാര ഫോറം അവരുടെ പരാതികൾ പരിഹരിക്കാത്തതിനാൽ ബുദ്ധിമുട്ടുന്ന ഉപഭോക്താക്കളുടെ പരാതികൾ തീർപ്പാക്കുന്നതിനായി 2003 ലെ ഇലക്ട്രിസിറ്റി ആക്ട് സെക്ഷൻ 42–ലെ ഉപവകുപ്പ് (6) പ്രകാരം കമ്മീഷൻ നിയമിച്ച നിയമപരമായ അധികാരിയാണ് ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ. 2021–ൽ തീർപ്പാക്കിയ 41 ഹർജികളിൽ 27 അപ്പീലുകളും 1 അവലോകനവും ഉപഭോക്താക്കൾക്ക് അനുകൂലമായിരുന്നു.

## കൺസ്യൂമർ ഗ്രീവൻസ് മെക്കാനിസം (സിജിആർഎഫ്)

സംസ്ഥാനത്തെ എല്ലാ വിതരണ ലൈസൻസികളും ഉപഭോക്താക്കളുടെ പരാതികൾ പരിഹരിക്കുന്നതിനായി 2003 ലെ ഇലക്ട്രിസിറ്റി ആക്ട് പ്രകാരം CGRF രൂപീകരിച്ചു. ഉപഭോക്താക്കളുടെ തർക്കങ്ങളും പരാതികളും പരിഹരിക്കുന്നതിനായി കെഎസ്ഇബി മൂന്ന് ഉപഭോക്തൃ പരാതി പരിഹാര ഫോറങ്ങൾ രൂപീകരിച്ചിരുന്നു. 2021ൽ തീർപ്പാക്കിയ ആകെ പരാതികളിൽ 233 എണ്ണവും ഉപഭോക്താക്കൾക്ക് അനുകൂലമായവയാണ്.

## ഉപഭോക്തൃ അഭിഭാഷക സെൽ (CAC)

വൈദ്യുതി മേഖലയെക്കുറിച്ചും നിയന്ത്രണ പ്രക്രിയയെക്കുറിച്ചും ഉപഭോക്താക്കൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനായി ഉപഭോക്തൃ അഭിഭാഷക സെൽ രൂപീകരിച്ചു, അതുവഴി വൈദ്യുതി നിയന്ത്രണ പ്രക്രിയയിൽ ഉപഭോക്തൃ പങ്കാളിത്തം ഉറപ്പാക്കുന്നു. വിവിധ കേന്ദ്രങ്ങളിൽ ക്ലാസുകൾ നടത്തി, വാർത്താക്കുറിപ്പുകൾ, ലഘുലേഖകൾ തുടങ്ങിയവ പ്രസിദ്ധീകരിച്ചുകൊണ്ട് റെഗുലേറ്ററി മെക്കാനിസത്തെക്കുറിച്ചും വൈദ്യുതി റെഗുലേറ്ററി കമ്മിഷന്റെ പ്രവർത്തനങ്ങളിലെ അവരുടെ പങ്കിനെക്കുറിച്ചും ഉപഭോക്താക്കളെ ബോധവൽക്കരിക്കുക എന്നതാണ് CAC ലക്ഷ്യമിടുന്നത്. കൺസ്യൂമർ അഡ്വക്കസി, ഉപഭോക്തൃ സംരക്ഷണം, കമ്മിഷന്റെ ബോധവൽക്കരണ സംരംഭങ്ങളും.

# 11.3 വാർത്താവിനിമയം

### ടെലികമ്മ്യൂണിക്കേഷൻസ്

സമ്പദ്‌വ്യവസ്ഥയുടെ ദ്രുതഗതിയിലുള്ള വളർച്ചയ്ക്കും നവീകരണത്തിനും ആവശ്യമായ പ്രധാന പിന്തുണ സേവനങ്ങളിലൊന്നാണ് ടെലികമ്മ്യൂണിക്കേഷൻ. സ്വാതന്ത്ര്യാനന്തരം ഇന്ത്യയിലെ ടെലികമ്മ്യൂണിക്കേഷൻ സേവനം ഗണ്യമായി മെച്ചപ്പെട്ടിട്ടുണ്ട്.

### ടെലിഫോൺ വരിക്കാരുടെ വിവരങ്ങൾ


2020, ഡിസംബർ അവസാന പാദത്തിലെ 1,173.83 ദശലക്ഷത്തിൽ നിന്ന് 2.33 ശതമാനം വളർച്ചാ നിരക്ക് രേഖപ്പെടുത്തി. 2021, മാർച്ച് അവസാനത്തോടെ 1,201.20 ദശലക്ഷമായി ഉയർന്ന ടെലിഫോൺ വരിക്കാരുടെ അടിത്തറയുള്ള ഇന്ത്യ നിലവിൽ ലോകത്തിലെ രണ്ടാമത്തെ വലിയ ടെലികമ്മ്യൂണിക്കേഷൻ വിപണിയാണ്. വർഷാവർഷമുള്ള ടെലിഫോൺ വരിക്കാരുടെ എണ്ണത്തിലുള്ള വർദ്ധനവ് കഴിഞ്ഞ വർഷത്തെ ഇതേ പാദത്തെ അപേക്ഷിച്ച് 1.97 ശതമാനം കൂടുതലാണ്.

ഇന്ത്യയിലെ മൊത്തത്തിലുള്ള ടെലിസാന്ദ്രത ഡിസംബർ, 2020 പാദവർഷത്തിലെ 86.38 ശതമാനത്തിൽ നിന്ന് മാർച്ച്, 2021-ന് അവസാനിക്കുന്ന പാദവർഷത്തിൽ (1,180.96 ദശലക്ഷം വയർലെസും 20.24 ദശലക്ഷം വയർ-ലൈൻ വരിക്കാരും) 88.17 ശതമാനമായി വർദ്ധിച്ചു.

### കേരളത്തിന്റെ സാഹചര്യം

കേരളത്തിലെ ആകെ ടെലി സാന്ദ്രത 129.47 ശതമാനവും ടെലിഫോൺ വരിക്കാരുടെ എണ്ണം 46.04 ദശലക്ഷവുമാണ് (44.84 വയർലെസും 1.21 വയർ ലൈനും).

**ചിത്രം 11.3.1** വയർലെസ് സേവന ദാതാക്കളുടെ മാർക്കറ്റ് വിഹിതം





അവലംബം: ട്രായ്

കേരളത്തിൽ ആകെ വയർലെസ് വരിക്കാരുടെ എണ്ണം 44837822 ആണ്. 16934704 എണ്ണം ഉപഭോക്താകളുള്ള വോഡഫോണാണ് ഏറ്റവും വലിയ വയർലെസ് കണക്ഷൻ ദാതാവ്, ബി.എസ്.എൻ.എൽ-ന് 10912516 വരിക്കാരും ഭാരതി എയർടെല്ലിന് (ടാറ്റ ടെലിസർവീസുകൾ ഉൾപ്പെടെ) 6793854 വരിക്കാരുമാണുള്ളത്. റിലയൻസ് കമ്മ്യൂണിക്കേഷൻസിന് 461 വരിക്കാർ മാത്രമാണുള്ളത്. വയർലെസ് സേവന ദാതാക്കളുടെ മാർക്കറ്റ് വിഹിതം **ചിത്രം 11.3.1**-ൽ നൽകിയിരിക്കുന്നു.

വയർ ലൈൻ വരിക്കാരുടെ ആകെ എണ്ണം 12,06,471 ആണ്. ബി.എസ്.എൻ.എൽ നാണ് ഏറ്റവും വലിയ വയർ ലൈൻ കണക്ഷനുകൾ (10,33,144) ഉള്ളത്, റിലയൻസ് ജിയോക്ക് 73,093 വരിക്കാരുണ്ട്. റിലയൻസ് കമ്മ്യൂണിക്കേഷൻസിന് 5,699 വരിക്കാർ മാത്രമാണുള്ളത്. വയർ ലൈൻ സേവന ദാതാക്കളുടെ മാർക്കറ്റ് വിഹിതം **ചിത്രം 11.3.2**-ൽ നൽകിയിരിക്കുന്നു.

**ചിത്രം 11.3.2** വയർ ലൈൻ സേവന ദാതാക്കളുടെ മാർക്കറ്റ് വിഹിതം




അവലംബം: ട്രായ്

### ഇന്റർനെറ്റ് വരിക്കാരുടെ വിവരങ്ങൾ

2021, മാർച്ച് 31- ലെ കണക്കുകൾ പ്രകാരം ഇന്ത്യയിലെ മൊത്തം ഇന്റർനെറ്റ് വരിക്കാരുടെ എണ്ണം 825.30 ദശലക്ഷമാണ്. ഇതിൽ ഭൂരിഭാഗവും വയർലെസ്സ് കണക്ഷൻ ഉപഭോക്താക്കളാണ്. ആകെ ഇന്റർനെറ്റ് വരിക്കാരിൽ 96.95 ശതമാനമായ 1,180.96 ദശലക്ഷം വരിക്കാർ വയർലെസ്സ് കണക്ഷൻ ഉപയോഗിക്കുന്നുണ്ട്. എന്നാൽ കേവലം 3.07 ശതമാനം വരുന്ന 20.24 ദശലക്ഷം വരിക്കാർ മാത്രമാണ് വയർ ലൈൻ കണക്ഷൻ ഉപയോഗിക്കുന്നത്.

കേരളത്തിൽ ആകെ 31,713 ടെലിഫോൺ ടവറുകൾ ഉണ്ട്. ഇതിൽ 10,101 ടവറുകൾ ഉള്ള റിലയൻസ് ജിയോ ആണ് ഏറ്റവും കൂടുതൽ ടവറുകളുള്ള സേവന ദാതാവ്. വോഡഫോൺ ഐഡിയയ്ക്ക് 8593 ടവറുകളും. ബി.എസ്. എൻ.എല്ലി–ന് 6012 ടവറുകളുമാണുള്ളത്.

കേരള ടെലികോം സിർക്കിളിൽ, കേരള സംസ്ഥാനം കൂടാതെ കേന്ദ്ര ഭരണ പ്രദേശങ്ങളായ ലക്ഷദ്വീപും പുതുച്ചേരിയുടെ ചില ഭാഗങ്ങളും (മാഹിയും) ഉൾപ്പെടുന്നു. സർക്കിളിന് കീഴിൽ 11 പ്രധാന സെക്കൻഡറി സ്വിച്ചിംഗ് ഏരിയകളും (എസ്എസ്എ) ലക്ഷദ്വീപിൽ ഒരു മൈനർ എസ്എസ്എയും ഉണ്ട്. 21,51,842 നമ്പർ ശേഷിയുള്ള 1,355 ടെലിഫോൺ എക്സ്ചേഞ്ചുകൾ സർക്കിളിന് കീഴിൽ പ്രവർത്തിക്കുന്നു. കൂടാതെ 1,17,48,612 (1,08,38,814 മൊബൈൽ, 9,09,798 ലാൻഡ്‌ലൈൻ കണക്ഷനുകൾ) സജീവ കണക്ഷനുകളുണ്ട്. ഇപ്രകാരം ആയിരം പേർക്ക് 350 എന്ന കണക്കിലുള്ള ടെലിസാന്ദ്രത സംസ്ഥാനത്തിനുണ്ട്. 2021, ജൂൺ 30 വരെയുള്ള ബി.എസ്.എൻ.എൽ കേരള ടെലിഫോൺ നെറ്റ്‌വർക്കിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 11.3.5**–ൽ നൽകിയിരിക്കുന്നു.

### ആശയവിനിമയ അടിസ്ഥാന സൗകര്യങ്ങൾ

സംസ്ഥാനത്തെ പ്രധാന ഇ–ഗവേണൻസ് അടിസ്ഥാന സൗകര്യങ്ങളിൽ ഉൾപ്പെടുന്നവയാണ് കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്‌വർക്ക് (കെസ്വാൻ), സെക്രട്ടേറിയറ്റ് വൈഡ് ഏരിയ നെറ്റ്‌വർക്ക്, സ്റ്റേറ്റ് ഡാറ്റാ സെന്റർ, സ്റ്റേറ്റ് സർവീസ് ഡെലിവറി ഗേറ്റ്‌വേ, പബ്ലിക് വൈഫൈ പ്രോജക്റ്റ് എന്നിവ.

തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളെ ബന്ധിപ്പിച്ച് സംസ്ഥാനത്തെ 14 ജില്ലകളിലും 152 ബ്ലോക്ക് പഞ്ചായത്തുകളിലുമായി വ്യാപിച്ച് കിടക്കുന്ന സംസ്ഥാന ഇൻഫർമേഷൻ ഇൻഫ്രാസ്ട്രക്ചറിന്റെ (എസ്ഐഐ) നട്ടെല്ലാണ് കെസ്വാൻ വിവിധ സർക്കാർ വകുപ്പുകളുടെ 3,500 ഓഫീസുകളെ തമ്മിൽ വയർലെസ് പാട്ടത്തിനെടുത്ത ലൈനുകൾ ലോക്കൽ ഏരിയ നെറ്റ്‌വർക്ക് എന്നിവയിലൂടെ ഈ ശൃംഖല ബന്ധിപ്പിക്കുന്നു. കെസ്വാൻ രണ്ട് സംസ്ഥാന ഡാറ്റാ സെന്ററുകളുമായി പരിധികളില്ലാതെ സംയോജിപ്പിച്ചിരിക്കുന്നതിനാൽ ഗവൺമെന്റുകൾ തമ്മിലും ഗവൺമെന്റ് ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളും സുരക്ഷിതമായ ഇൻ്ടാനെറ്റിലൂടെ സർക്കാർ സ്ഥാപനങ്ങൾക്ക് നൽകാൻ നെറ്റ്‌വർക്ക് പ്രാപ്തമാക്കുന്നു.

### തപാൽ ശൃംഖല

കേരളം, കേന്ദ്രഭരണ പ്രദേശങ്ങളായ ലക്ഷദ്വീപ്, പുതുച്ചേരിയുടെ ഭാഗമായ മാഹി എന്നിവ ഉൾപ്പെടുന്നതാണ് കേരള തപാൽ സർക്കിൾ. കേരളത്തിൽ എല്ലാ ഗ്രാമങ്ങളിലും ഒരു പോസ്റ്റ് ഓഫീസെങ്കിലും പ്രവർത്തിക്കുന്നുണ്ട്. 30.09.2021 ലെ കണക്കുകൾ പ്രകാരം, കേരള തപാൽ സർക്കിളിൽ 5,063 തപാൽ ഓഫീസുകളും, 1,509 ഡിപ്പാർട്ട്മെന്റൽ പോസ്റ്റ് ഓഫീസുകളും ബാക്കി 3,554 എക്സ്ട്രാ ഡിപ്പാർട്ട്മെന്റൽ പോസ്റ്റ് (ബ്രാഞ്ച് പോസ്റ്റ് ഓഫീസുകൾ) ഓഫീസുകളുണ്ട്. കേരളത്തിലെ ഓരോ തപാൽ ഓഫീസുകളും 7.7 ചതുരശ്രകിലോമീറ്ററിൽ ഏകദേശം 6613–ഓളം വരുന്ന ജനങ്ങൾക്ക് സേവനം പ്രദാനം ചെയ്യുമ്പോൾ ദേശീയ ശരാശരി 21.21 ചതുരശ്ര കിലോമീറ്ററിന് 7,175 ജനസംഖ്യയാണ്. ആകെ തപാൽ ഓഫീസുകളിൽ 82.2 ശതമാനം താപാൽ ഓഫീസുകളും ഗ്രാമ പ്രദേശങ്ങളിലാണ്. കേരളത്തിലെ തപാൽ ഓഫീസുകളുടെ 2021, സെപ്റ്റംബർ, 30 വരെയുള്ള ജില്ല തിരിച്ചുള്ള കണക്ക് **പട്ടിക 11.3.1**–ൽ നൽകിയിരിക്കുന്നു.

**പട്ടിക 11.3.1** പോസ്റ്റ് ഓഫീസുകളുടെ ജില്ല തിരിച്ചുള്ള എണ്ണം, 2021, സെപ്റ്റംബർ 30 വരെ

| ക്രമ. നമ്പർ | ജില്ല/ കേന്ദ്ര ഭരണ പ്രദേശം | പോസ്റ്റ് ഓഫീസികളുടെ എണ്ണം |
|---|---|---|
| 1 | കാസർകോട് | 231 |
| 2 | കണ്ണൂർ | 382 |
| 3 | വയനാട് | 163 |
| 4 | പുതുച്ചേരി കേന്ദ്ര ഭരണ പ്രദേശം (മാഹി മാത്രം) | 4 |
| 5 | കോഴിക്കോട് | 407 |
| 6 | മലപ്പുറം | 438 |
| 7 | പാലക്കാട് | 455 |
| 8 | തൃശ്ശൂർ | 484 |
| 9 | ലക്ഷദ്വീപ് കേന്ദ്ര ഭരണ പ്രദേശം | 10 |
| 10 | എറണാകുളം | 391 |
| 11 | ഇടുക്കി | 296 |
| 12 | കോട്ടയം | 409 |
| 13 | ആലപ്പുഴ | 300 |
| 14 | പത്തനംതിട്ട | 312 |
| 15 | കൊല്ലം | 367 |
| 16 | തിരുവനന്തപുരം | 414 |
| | ആകെ | 5063 |

അവലംബം: ചീഫ് പോസ്റ്റ് മാസ്റ്റർ ജനറൽ, കേരള സർക്കിൾ,തിരുവനന്തപുരം

സംസ്ഥാനത്തെ തപാൽ ശൃംഖലയുടെ വ്യാപ്തി കണക്കിലെടുത്ത്, പുതിയതായി വികസിച്ച നഗര–ഗ്രാമ പ്രദേശങ്ങളിൽ പുതിയ പോസ്റ്റോഫീസുകൾ തുറന്നോ നിലവിലുള്ള എക്സ്ട്രാ ഡിപ്പാർട്ട്മെന്റൽ പോസ്റ്റോഫീസുകളെ (ഇ.ഡി.ബി.ഒ.) മുഴുവൻ സമയ പോസ്റ്റോഫീസുകളാക്കി ഉയർത്തിയോ തപാൽ സൗകര്യങ്ങൾ കൂടുതൽ വ്യാപിപ്പിക്കുന്നതിന് നിരന്തര ശ്രമങ്ങൾ നടന്ന് വരുന്നു.

കേരളത്തിലെ എല്ലാ തപാൽ ഓഫീസുകളും ഒരു സിറ്റിസൺ ഹബ്ബ് എന്ന നിലയിൽ അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തിയിട്ടുണ്ട്. ഓരോ പൗരനും അവന്റെ/അവളുടെ വീട്ടുവാതിൽക്കൽ ഇത്തരം ഹബ്ബുകളുടെ സേവനം ഇപ്പോൾ ലഭ്യമാണ്. വിശദാംശങ്ങൾ **അനുബന്ധം 11.3.1, 11.3.2, 11.3.3, 11.3.4** എന്നിവയിൽ കാണിച്ചിരിക്കുന്നു.

സംസ്ഥാനത്തെ മെയിൽ നെറ്റ്‌വർക്ക് 5 ദേശീയ ഹബ്ബുകൾക്ക് കീഴിലുള്ള 14 സ്പീഡ് പോസ്റ്റ് പ്രോസസ്സിംഗ് സെന്ററുകൾ, സാങ്കേതിക വിദ്യയുടെ സഹായത്തോടെ തപാൽ സേവനങ്ങളുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിന് തപാൽ സ്വീകരിക്കുന്നത് മുതൽ വിതരണം ചെയ്യുന്നത് വരെയുള്ള ട്രാക്ക് ആൻഡ് ട്രെയിസ് സൗകര്യത്തോടെ

**പട്ടിക 11.3.2** കേരള തപാൽ സർക്കിളിന്റെ ഇ–അധിഷ്ഠിതവും മൂല്യവർദ്ധിതവുമായ സേവനങ്ങൾ

| ക്രമ നമ്പർ | സേവനം | പ്രവർത്തനം |
|---|---|---|
| 1 | ഇ–പോസ്റ്റ് | ഭൗതിക പ്രക്ഷേപണം ഒഴിവാക്കിക്കൊണ്ട് ലക്ഷ്യസ്ഥാനത്തേക്ക് ആശയവിനിമയം വേഗത്തിൽ സാധ്യമാക്കുന്നതോടൊപ്പം പോസ്റ്റ്മാൻ വഴി നിശ്ചിത സ്ഥലത്തേക്ക് എത്തിക്കുകയും ചെയ്യുന്നു. 2021, മാർച്ച് 31 വരെ 1338 പോസ്റ്റ് ഓഫീസുകളിൽ ഈ സേവനം ലഭ്യമാക്കിയിട്ടുണ്ട്. |
| 2 | മെനി ടു വൺ | പലരിൽ നിന്നും ഇ–പോസ്റ്റ് സന്ദേശം ഒരു സ്വീകർത്താവിന്റെ ഇമെയിൽ ഇൻബോക്സിലേയ്ക്ക് അയയ്ക്കാൻ സഹായിക്കുന്നു. |
| 3 | വൺ ടു മെനി | ഒരേ ഇ–പോസ്റ്റ് സന്ദേശം ഒരാളിൽനിന്നും അനേകം സ്വീകർ ത്താക്കൾക്ക് അയയ്ക്കാൻ ഇത് സഹായിക്കുന്നു. |
| 4 | ഇ–മണി ഓർഡർ | 2008– ലാണ് ഇ–മണി ഓർഡർ സംവിധാനം രാജ്യത്ത് നിലവിൽ വരുന്നത്.ഇന്ന് ഏകദേശം 98 ശതമാനത്തോളം വരുന്ന മണി ഓർഡർ കൈമാറ്റങ്ങൾ ഇലക്ട്രോണിക് രീതിയിലാണ് നടന്ന് വരുന്നത്. നിലവിൽ കേരള സർക്കിളിലെ 1508 പോസ്റ്റ് ഓഫീസിസുകളിൽ ഈ സൗകര്യം ലഭ്യമാണ് |
| 5 | ഇ–പേയ്മെന്റ് | എല്ലാ കമ്പ്യൂട്ടറൈസ്ഡ് പോസ്റ്റോഫീസുകളിൽ നിന്നും വിവിധ സേവന ദാതാക്കളുടെ പേരിൽ യൂട്ടിലിറ്റി ബില്ലുകൾ ഉൾപ്പെടെയുള്ള ബില്ലുകൾ ശേഖരിക്കാനും യഥാകാലങ്ങളിൽ ക്ലയന്റ് ഓർഗനൈസേഷന് പണം നൽകുന്നതിനുള്ള സേവനം. നിലവിൽ കേരളത്തിലെ 1508 പോസ്റ്റ് ഓഫീസിസുകളിൽ(ഹെഡ് പോസ്റ്റ് ഓഫീസുകളിലും സബ് പോസ്റ്റ് ഓഫീസുകളിലും)ഈ സൗകര്യം ലഭ്യമാണ്. |
| 6 | അന്താരാഷ്ട്ര സ്പീഡ് പോസ്റ്റ്/ഇ.എം.എസ് | ഈ സേവനം ഇന്ത്യയിൽ നിന്നും 99 വിദേശ രാജ്യങ്ങളിലേക്ക് ലഭ്യമാണ്. |
| 7 | ഡയറക്ട് പോസ്റ്റ് | ടാർഗെറ്റഡ് മാർക്കറ്റിംഗിലൂടെ സ്ഥാപനങ്ങൾക്ക് അവരുടെ നിലവിലുള്ള അല്ലെങ്കിൽ വരാനിരിക്കുന്ന ക്ലയന്റുകളുമായി ബന്ധപ്പെടാൻ അനുവദിക്കുന്ന സേവനമാണ് ഡയറക്ട് പോസ്റ്റ്. ഏതെങ്കിലും ലഘുലേഖയോ ബ്രോഷറോ ഹാൻഡ് ബില്ലുകളോ അവർക്ക് ഡയറക്ട് പോസ്റ്റിന് കീഴിൽ വിലാസമില്ലാത്ത മെയിലായി അയയ്ക്കാം, കൂടാതെ ഉപഭോക്താവുമായി കൂടിയാലോചിച്ച് പോസ്റ്റോഫീസുകൾ തിരഞ്ഞെടുക്കുന്ന സ്ഥലങ്ങളുടെ അടിസ്ഥാനത്തിൽ അവ ടാർഗെറ്റ് ഉപഭോക്താക്കൾ താമസിക്കുന്ന പ്രദേശങ്ങളിൽ വിതരണം ചെയ്യുകയും ചെയ്യാം. |
| 8 | പാക്ക് പോസ്റ്റ് സേവനം | 30 കിലോഗ്രാം വരെ ഭാരമുള്ള സാധനങ്ങൾ ലോകത്തെവിടെയും അയക്കാനുള്ള മാർഗമാണ് പാക്ക് പോസ്റ്റ്. പ്രധാന പോസ്റ്റ് ഓഫീസുകളിൽ ഉപഭോക്താക്കൾക്ക് പാഴ്സൽ പാക്കേജിംഗ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട് |

അവലംബം: ചീഫ് പോസ്റ്റ് മാസ്റ്റർ ജനറൽ, കേരള സർക്കിൾ, തിരുവനന്തപുരം.

നവീകരിച്ചു. രജിസ്റ്റർ ചെയ്ത മെയിലുകളുടെ വിഭാഗത്തിലും ട്രാക്ക് ആൻഡ് ട്രെയ്സ് സൗകര്യം ഇപ്പോൾ ഉപഭോക്താക്കൾക്ക് ലഭ്യമാണ്. ദേശീയ നയത്തിന്റെ ഭാഗമായി, ഈ മേഖലയിൽ മികച്ച സേവന നിലവാരം ഉറപ്പാക്കുന്നതിന് സാധാരണ മെയിലുകൾ പ്രോസസ്സ് ചെയ്യുന്നതിനുള്ള നെറ്റ്‌വർക്ക് സർക്കിൾ നവീകരിക്കുകയും സർക്കിളിലെ 1509 ഡിപ്പാർട്ട്മെന്റ് പോസ്റ്റോഫീസുകൾ കംപ്യൂട്ടർവൽക്കരിക്കുകയും ചെയ്തു.

കേരള തപാൽ സർക്കിളിന്റെ പുതിയ ഇ–അധിഷ്ഠിത, മൂല്യവർദ്ധിത സേവനങ്ങൾ **പട്ടിക 11.3.2**–ൽ നൽകിയിരിക്കുന്നു.

### കേരള സർക്കിൾ ഏറ്റെടുത്ത ബിസിനസ് സംരംഭങ്ങൾ

1. കേരളത്തിലുടനീളം 152 എഞ്ചിനീയറിംഗ് കോളേജുകളിലേക്ക് സർവകലാശാലയുടെ സെൻസിറ്റീവ് പരീക്ഷാസാമഗ്രികളുടെ ശേഖരണത്തിനും ബുക്കിംഗിനും ഡെലിവറി ചെയ്യുന്നതിനും എ.പി.ജെ അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുമായി ധാരണ ഉണ്ടാക്കി.
2. 73 പോളിടെക്നിക് കോളേജുകൾ, 11 ടെക്നിക്കൽ ഹൈസ്കൂളുകൾ, 17 സർക്കാർ വാണിജ്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള സെൻസിറ്റീവ് പരീക്ഷാ സാമഗ്രികൾ ബുക്ക് ചെയ്യുന്നതിനും അയയ്ക്കുന്നതിനും കേരളത്തിലെ സാങ്കേതിക പരീക്ഷാ കൺട്രോളറുമായി യോജിച്ച പ്രവർത്തനം.
3. ഉപഭോക്താക്കൾക്ക് പാസ്പോർട്ട് ലഭിക്കുന്നതിനുള്ള നടപടികൾ സുഗമമാക്കുന്നതിന് പത്തനംതിട്ട, കവരത്തി, കാസർകോട്, ചെങ്ങന്നൂർ, കട്ടപ്പന, ഒലവക്കോട്, ആറ്റിങ്ങൽ, നെന്മാറ എന്നിവിടങ്ങളിൽ പോസ്റ്റ് ഓഫീസ് പാസ്പോർട്ട് സേവാ കേന്ദ്രങ്ങൾ സ്ഥാപിച്ചു.
4. യുഐഡിഎഐയുമായി സഹകരിച്ച് ആധാർ എൻറോൾമെന്റ് കം അപ്ഡേറ്റ് സെന്ററുകൾ ആരംഭിച്ചു.
5. ഗംഗോത്രിയിൽ നിന്ന് ലഭിക്കുന്ന ഗംഗാജലത്തിന്റെ വിൽപ്പന
6. ഉജാല പദ്ധതിയിൽ വിതരണം ചെയ്യുന്ന എൽഇഡി ബൾബുകൾ, ട്യൂബ് ലൈറ്റുകൾ, എനർജി എഫിഷ്യന്റ് ഫാനുകൾ എന്നിവയുടെ വിൽപ്പനയ്ക്കായി കേരള പോസ്റ്റൽ സർക്കിൾ എം/എസ് എനർജി എഫിഷ്യൻസി സർവീസസ് ലിമിറ്റഡുമായി കരാറിൽ ഏർപ്പെട്ടു.
7. അധ്യാപകർ നടത്തിയ പരിശ്രമങ്ങളുടെ സ്മരണയ്ക്കായി "ആചാര്യ ദേവോ ഭവ" കാമ്പെയ്നിനൊപ്പം "ഗിഫ്റ്റ് പോസ്റ്റ്" എന്ന ബിസിനസ് ഉൽപ്പന്നം അവതരിപ്പിച്ചു. ഈ സേവനത്തിൽ, വിദ്യാർത്ഥികൾക്ക് അവരുടെ അധ്യാപകർക്ക് ഇ–പോസ്റ്റ് സന്ദേശങ്ങൾ അയക്കുകയോ അല്ലെങ്കിൽ അടുത്തുള്ള പോസ്റ്റ് ഓഫീസിൽ

ഓർഡർ ഫോം പൂരിപ്പിച്ച് കാറ്റലോഗിൽ നിന്ന് ചില സമ്മാനങ്ങൾ തിരഞ്ഞെടുക്കുകയോ ചെയ്യാം.

8. ഇന്ത്യയിൽ ഉടനീളമുള്ള അയ്യപ്പഭക്തർക്ക് സ്പീഡ് പോസ്റ്റിലൂടെ ശബരിമല പ്രസാദം ബുക്ക് ചെയ്യുന്നതിനും വിതരണം ചെയ്യുന്നതിനും തിരുവിതാംകൂർ ദേവസ്വം ബോർഡുമായി കരാറിലേർപ്പെട്ടു.
9. എൻഡിഎ, സ്റ്റേറ്റ് പിഎസ്‌സി, യുപിഎസ്‌സി, എസ്എസ്‌സി എന്നിവർക്ക് പ്രത്യേക ബുക്കിംഗുകൾ നടത്തുന്നതിന് സ്ഥാപനത്തിന് സൗകര്യപ്രദമായ പോസ്റ്റ് ഓഫീസുകളിൽ പ്രത്യേക സ്പീഡ് പോസ്റ്റ് ബുക്കിംഗ് കൗണ്ടർ സൗകര്യം ക്രമീകരിച്ചു.
10. 2021–ലെ സെൻസസിനുള്ള ഇന്ത്യയുടെ രജിസ്ട്രാർ ജനറലിന്റെ സെൻസസ് മെറ്റീരിയലുകൾ ഇന്ത്യയിലുടനീളമുള്ള തഹസിൽ/താലൂക്ക് തല അഡ്മിനിസ്ട്രേറ്റീവ് അധികാരികൾക്ക് വിതരണം ചെയ്യുന്ന പദ്ധതി ഡിപ്പാർട്ട്മെന്റ് ഓഫ് പോസ്റ്റ് ഏറ്റെടുത്തു.

## ഫിലാറ്റലി

ഫിലാറ്റലി ഒരു ഹോബി എന്ന നിലയിൽ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി, വിവിധ നടപടികൾ കേരള പോസ്റ്റൽ സർക്കിൾ സ്വീകരിച്ചിട്ടുണ്ട്. കേരള പോസ്റ്റൽ സർക്കിളിൽ 4 ഫിലാറ്റലിക് ബ്യൂറോയും 47 ഫിലാറ്റലിക് കൗണ്ടറുകളും 44 മൈ സ്റ്റാമ്പ് കൗണ്ടറുകളും 33 അംഗീകൃത കൗണ്ടറുകളും ഫിലാറ്റലിയുടെ പ്രചാരണത്തിനായി പ്രവർത്തിക്കുന്നു. ഇതിനായി തിരുവനന്തപുരം എറണാകുളം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിലെ ഹെഡ് ഓഫീസുകളിൽ ഫിലാറ്റലിക് ബ്യൂറോകൾ പ്രവർത്തനം ആരംഭിച്ചു.

## പോസ്റ്റൽ എക്സിബിഷൻ– തൃശ്ശൂർപെക്സ്

തപാൽ വകുപ്പ് വിവിധ തലങ്ങളിൽ ഫിലാറ്റലിക് പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നു. ഫിലാറ്റലി പ്രോത്സാഹന പദ്ധതികളുടെ ഭാഗമായി സ്ഥിരമായി പ്രദർശനങ്ങൾ സംഘടിപ്പിക്കുക എന്നതാണ് വകുപ്പിന്റെ ലക്ഷ്യം. അതാത് പ്രദേശത്ത് പ്രവർത്തിക്കുന്ന ഫിലാറ്റലിക് സംഘടനകളുടെ സഹകരണത്തോടെയാണ് പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നത്.

കോവിഡ്–19 രോഗവ്യാപന സാഹചര്യം കണക്കിലെടുത്ത് "ആസാദി കാ അമൃത് മഹോത്സവ്" (ഇന്ത്യ @75) പരിപാടിയുടെ ഷെഡ്യൂൾ പ്രകാരം "ഇന്ത്യയുടെ സമ്പന്ന സാംസ്കാരിക പൈതൃകം" എന്ന വിഷയത്തിൽ 2021, സെപ്റ്റംബറിൽ കേരള സർക്കിളിന്റെ ജില്ലാതല വെർച്വൽ ഫിലാറ്റലിക് എക്സിബിഷൻ നടന്നു. രാജ്യം ജാഗ്രതയോടെ ലോക്ക്ഡൗണിൽ നിന്ന് പുറത്തുവരുന്ന സാഹചര്യത്തിൽ, ഫിലാറ്റലിക്ക് വലിയ അവസരങ്ങൾ തുറക്കുന്നതിനും ഫിലാറ്റലിക് പ്രവർത്തനങ്ങൾ വീണ്ടും സജീവമാക്കുന്നതിനും പ്രദർശനം സഹായിച്ചു.

## ലൈഫ് ഇൻഷുറൻസ്

തപാൽ ലൈഫ് ഇൻഷുറൻസ്, ഗ്രാമീണ തപാൽ ലൈഫ് ഇൻഷുറൻസ് എന്നിവയിലൂടെ ഇന്ത്യാ പോസ്റ്റ് പൗരന്മാർക്ക് ഇൻഷുറൻസ് പരിരക്ഷ നൽകുന്നു. തപാൽ ലൈഫ് ഇൻഷുറൻസ് എന്നത് കേന്ദ്ര–സംസ്ഥാന സർക്കാരുകൾ, പ്രതിരോധ ഉദ്യോഗസ്ഥർ, തദ്ദേശ സ്ഥാപനങ്ങൾ, സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ, ഷെഡ്യൂൾഡ്/കൊമേഴ്സ്യൽ ബാങ്കുകൾ എന്നിവയിലെ ജീവനക്കാർക്ക് നൽകുന്ന ഇൻഷുറൻസ് പദ്ധതിയാണ്. ഇപ്പോൾ, ഇത് എല്ലാ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും അധ്യാപക/അനധ്യാപക ജീവനക്കാർ, പ്രൊഫഷണലുകൾ തുടങ്ങിയവരിലേയ്ക്കും വ്യാപിപ്പിച്ചിട്ടുണ്ട്.

ഗ്രാമീണ ലൈഫ് ഇൻഷുറൻസ് മുഖേന ജീവിതം ഇൻഷ്വർ ചെയ്യുന്നതിലൂടെ, ദുർബലവിഭാഗത്തെ, അതായത് സ്ത്രീകളെ, ശാക്തീകരിക്കുന്നതിന് കേരള പോസ്റ്റൽ സർക്കിൾ പ്രത്യേക ക്യാമ്പെയിൻ തന്നെ ആരംഭിച്ചിട്ടുണ്ട്.

# 11.4 കുടിവെള്ളം

എല്ലാവർക്കും കുടിവെള്ളം എത്തിക്കുക എന്നത് ലോകമെമ്പാടുമുള്ള രാജ്യങ്ങൾ നേരിടുന്ന ഒരു വെല്ലുവിളിയാണ്. മെച്ചപ്പെട്ട ജലവിതരണവും ശുചീകരണവും ജലസ്രോതസ്സുകളുടെ മികച്ച മാനേജ്മെന്റും രാജ്യങ്ങളുടെ സാമ്പത്തിക വളർച്ചയെ ഉത്തേജിപ്പിക്കുകയും ദാരിദ്ര്യ നിർമാർജനത്തിന് വലിയ സംഭാവന നൽകുകയും ചെയ്യും. ഇന്ത്യയിൽ ഏതാണ്ട് മൂന്നിൽ രണ്ട് ഭാഗം രോഗങ്ങൾക്കും കാരണം ആളുകൾ കുടിക്കുന്ന വെള്ളമാണ്. മൂന്നിലൊന്ന് മരണങ്ങളും ജലജന്യ രോഗങ്ങൾ മൂലമാണ്. കാലാവസ്ഥാ വ്യതിയാനം, ഭൂഗർഭജലനിരപ്പ് കുറയുക, ജലസ്രോതസ്സുകളെ അമിതമായി ചൂഷണം ചെയ്യുക, ജലത്തിന്റെ ഗുണനിലവാരം കുറയുക എന്നിവ എല്ലാവർക്കും കുടിവെള്ളം നൽകുന്നതിനുള്ള പ്രധാനപ്പെട്ട ചില വെല്ലുവിളികളാണ്. ലോക ജനസംഖ്യയുടെ 16 ശതമാനം ഇന്ത്യയിലാണെങ്കിലും ലോകത്തിലെ ശുദ്ധജല സ്രോതസ്സുകളുടെ നാല് ശതമാനം മാത്രമാണ് രാജ്യത്തുള്ളത്.

വർദ്ധിച്ചുവരുന്ന ജല പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഫലപ്രദമായി ജല പരിപാലനം സാധ്യമാക്കുന്നതിനായി നാഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ഫോർ ട്രാൻസ്ഫോമിംഗ് ഇന്ത്യ (എൻ.ഐ.ടി.ഐ)–നീതി ആയോഗ് സംയോജിത ജല മാനേജ്മെന്റ് സൂചിക (സി.ഡബ്ല്യൂ.എം.ഐ) വികസിപ്പിച്ചെടുത്തു. ജലസ്രോതസ്സുകളുടെ കാര്യക്ഷമമായ പരിപാലനത്തിൽ സംസ്ഥാനങ്ങളുടെയും കേന്ദ്ര ഭരണ പ്രദേശങ്ങളുടെയും പ്രകടനം വിലയിരുത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനുമുള്ള ഒരു പ്രധാന ഉപകരണമാണ് സംയോജിത ജല മാനേജ്മെന്റ് സൂചിക (സി.ഡബ്ല്യൂ.എം.ഐ). 2018 ലെയും 2019–ലെയും രണ്ടു ജല മാനേജ്മെന്റ് സൂചിക റിപ്പോർട്ടുകൾ പ്രകാരം കേരളം പന്ത്രണ്ടാം സ്ഥാനത്താണ്. സി.ഡബ്ല്യൂ.എം.ഐ 2019–ലെ കണ്ടെത്തലുകൾ സൂചിപ്പിക്കുന്നത് കേരളത്തിൽ കണ്ടെത്തിയിട്ടുള്ള ജലാശയങ്ങളിലെ ജലസേചന സാധ്യതയുടെ 95 ശതമാനവും പുനസ്ഥാപിക്കുകയും അവയുടെ ജലസേചന സാധ്യതയെ 80 ശതമാനവും ഉപയോഗപ്പെടുത്തിയിട്ടുണ്ടെന്നുമാണ്. പ്രധാന ഭൂഗർഭജല റീചാർജ് പ്രദേശങ്ങളിൽ 30 ശതമാനത്തിൽ താഴെയാണ് സംസ്ഥാനം മാപ്പ് ചെയ്തിട്ടുള്ളത്, അത്തരം ഭൂഗർഭജല റീചാർജ് പ്രദേശങ്ങളിൽ 5 ശതമാനം മാത്രമേ റീചാർജ് ചെയ്യപ്പെടുന്നുള്ളൂ. ഗ്രാമീണ ജനസംഖ്യയുടെ മൂന്നിൽ രണ്ട് ഭാഗവും നഗര ജനസംഖ്യയുടെ മൂന്നിലൊന്ന് ഭാഗവും പൈപ്പ് കുടിവെള്ള വിതരണ ലഭ്യതയിൽ ഉൾപ്പെടുന്നില്ല. കേരളത്തിലെ ജനങ്ങൾ അവരുടെ എല്ലാ ഗാർഹിക ജല ആവശ്യങ്ങൾക്കും തുറന്ന കുഴിച്ച കിണറുകളെ ആശ്രയിക്കുന്നുണ്ടെങ്കിലും കി

**ബോക്സ് 11.4.1** ലോകാരോഗ്യ സംഘടന/യൂണിസെഫ്, ജോയിന്റ് മോണിറ്ററിംഗ് പ്രോഗ്രാം (ജെ എം പി) റിപ്പോർട്ട് 2021– പ്രധാന ഭാഗങ്ങൾ

ലോകാരോഗ്യ സംഘടനയും/യൂണിസെഫും സംയുക്തമായി തയ്യാറാക്കിയ ജോയിന്റ് മോണിറ്ററിംഗ് പ്രോഗ്രാം റിപ്പോർട്ട്[1] പ്രകാരം ഗാർഹിക ആവശ്യത്തിനുള്ള ശുദ്ധമായ കുടിവെള്ളം, ശുചിത്വം, ശുചിത്വ സേവനങ്ങൾ എന്നിവയുടെ ലഭ്യതയേക്കുറിച്ചുള്ള എസ്റ്റിമേറ്റ് അവതരിപ്പിക്കുന്നു. കൂടാതെ 2030–ഓടെ എല്ലാവർക്കും ജലത്തിന്റെയും ശുചിത്വത്തിന്റെയും ലഭ്യതയും സുസ്ഥിര മാനേജ്മെന്റും ഉറപ്പാക്കുന്നതുനുള്ള ആറാമത്തെ സുസ്ഥിര വികസന ലക്ഷ്യം (എസ് ഡി ജി) കൈവരിക്കുന്നതിനുള്ള പുരോഗതി വിലയിരുത്തുന്നു. 2030–ഓടെ സാർവത്രിക കവറേജ് കൈവരിക്കുന്നതിന് സുരക്ഷിതമായി കൈകാര്യം ചെയ്യപ്പെടുന്ന കുടിവെള്ള സേവനങ്ങൾ, സാനിറ്റേഷൻ, അടിസ്ഥാന ശുചിത്വ സേവനങ്ങൾ എന്നിവയിൽ നിലവിലെ പുരോഗതിയുടെ നാലിരട്ടി വർദ്ധനവ് ആവശ്യമാണ്.

**കുടിവെള്ള സംബന്ധമായ യുണീസെഫ് നയപ്രകാരം**[2]

- സുരക്ഷിതമായ കുടിവെള്ളത്തിലേക്കുള്ള സാർവത്രിക ലഭ്യത എന്നത് ഒരു അടിസ്ഥാന ആവശ്യവും മനുഷ്യാവകാശവുമാണ്.
- എല്ലാവർക്കും കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നത് രോഗവും മരണവും കുറയ്ക്കുന്നതിന് വളരെയധികം സഹായിക്കും; പ്രത്യേകിച്ച് കുട്ടികൾക്കിടയിൽ.
- "സുരക്ഷിതമായി കൈകാര്യം ചെയ്യപ്പെടുന്ന" കുടിവെള്ള സേവനങ്ങൾ, കുടിവെള്ള പുരോഗതി നിരീക്ഷിക്കുന്നതിനുള്ള ഒരു പുതിയ തലത്തെ പ്രതിനിധീകരിക്കുന്നു.
- 2000 മുതൽ, 2 ബില്യൺ ആളുകൾക്ക് സുരക്ഷിതമായി കൈകാര്യം ചെയ്യുന്ന സേവനങ്ങൾ ലഭ്യമായിട്ടുണ്ട്. (അതായത്, താമസസ്ഥലത്ത് നിന്ന് തന്നെ ആവശ്യമുള്ളപ്പോൾ ലഭ്യമാകുന്ന മലിനീകരണ മുക്തവുമായ സേവനങ്ങൾ). 2020–ൽ, 5.8 ബില്യൺ ആളുകൾ സുരക്ഷിതമായ സേവനങ്ങളും കൂടാതെ, 2 ബില്യൺ ആളുകൾ അടിസ്ഥാന സേവനങ്ങളും ഉപയാഗിച്ചു. (ജല വിതരണ സേവനം മെച്ചപ്പെടുത്തുന്നതിനായി ഓരോ 30 മിനിറ്റിലും ജലശേഖരണത്തിനായി പുതിയ സ്രോതസ്സുകൾ കണ്ടെത്തി).
- എന്നിരുന്നാലും, 771 ദശലക്ഷം ആളുകൾക്ക് ഇപ്പോഴും അടിസ്ഥാന തലത്തിലുള്ള സേവനം പോലും ലഭ്യമല്ല. ഇതിൽ 282 ദശലക്ഷം പേർ, "പരിമിതമായ" ജലസേവനം (30 മിനിറ്റിൽ അധികം വെള്ളം ശേഖരിക്കുന്ന മെച്ചപ്പെട്ട സ്രോതസ്സ്) ലഭിച്ചവരും 367 ദശലക്ഷം ആളുകൾ മെച്ചപ്പെടാത്ത സ്രോതസ്സുകൾ ഉപയാഗിച്ചവരും 122 ദശലക്ഷം പേർ ഇപ്പോഴും നദികൾ, തടാകങ്ങൾ, മറ്റ് ഉപരിതല ജലസ്രോതസ്സുകൾ എന്നിവയിൽ നിന്ന് നേരിട്ട് കുടിവെള്ളം ശേഖരിക്കുന്നവരുമാണ്.

[1] ഗാർഹിക കുടിവെള്ളം, സാനിറ്റേഷൻ, ശുചിത്വം എന്നിവയിലെ പുരോഗതി- 2000-2020: അഞ്ചു വർഷത്തേക്കുള്ള സുസ്ഥിര വികസന ലക്ഷ്യങ്ങൾ ജെ.എം.പി 2021 റിപ്പോർട്ട്.
[2] യൂണിസെഫ് 'അക്സ്സ് ടു ഡ്രിങ്കിംഗ് വാട്ടർ'

ണറുകളിൽ നിന്നുള്ള ജല വിതരണം ജൽ ജീവൻ മിഷൻ (ജെ.ജെ.എം) മാനദണ്ഡ പ്രകാരവും സി.ഡബ്ല്യൂ.എം.ഐ പ്രകാരവും സുരക്ഷിത ജല ലഭ്യതയായി പരിഗണിക്കപ്പെടുന്നില്ല.

സ്ഥാപിതമായ സാമൂഹിക മാനദണ്ഡങ്ങളും മെച്ചപ്പെട്ട പൊതു ശുചിത്വത്തിനും ശുചീകരണത്തിനും വേണ്ടിയുള്ള ആവശ്യവും കാരണം ദേശീയ ശരാശരിയേക്കാൾ ഉയർന്ന ജല ആവശ്യകതയാണ് കേരളത്തിലുള്ളത്. 2011-ലെ സെൻസസ് പ്രകാരം ജനസംഖ്യയുടെ 62 ശതമാനവും കിണറുകളെയാണ് പ്രധാന കുടിവെള്ള സ്രോതസ്സായി ഉപയോഗിക്കുന്നത്. ജനസംഖ്യയുടെ 29 ശതമാനം പേർക്ക് പൈപ്പ് ജലവിതരണം ലഭ്യമാണ്. അതേസമയം 78 ശതമാനം കുടുംബങ്ങൾക്ക് ചുറ്റുവട്ടത്തിൽ തന്നെ ജലസ്രോതസ്സുകളുള്ളപ്പോൾ 14 ശതമാനം കുടുംബങ്ങൾ വീടിനു സമീപത്തുള്ള ജലസ്രോതസ്സുകളാണ് ഉപയോഗിക്കുന്നത്. 2011-ലെ സെൻസസ് അടിസ്ഥാനമാക്കിയുള്ള സംസ്ഥാന സാനിറ്റേഷൻ കവറേജ് കാണിക്കുന്നത് 67 ശതമാനം കുടുംബങ്ങൾക്ക് വാട്ടർ സീൽഡ് ടോയ്ലറ്റുകളുണ്ടെന്നും 95 ശതമാനത്തിന് ചുറ്റുവട്ടത്തിൽ തന്നെ ടോയ്ലറ്റ് സൗകര്യമുണ്ടെന്നുമാണ്.

കേരളത്തിൽ കേരള ജല അതോറിറ്റി (കെ.ഡബ്ല്യൂ.എ), കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി (കെ.ആർ.ഡബ്ല്യൂ.എസ്.എ) എന്നിവയാണ് കുടിവെള്ള മേഖലയിലെ പ്രധാന നടപ്പാക്കൽ ഏജൻസികൾ. പ്രാദേശിക സർക്കാരുകളും ഇതിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു.

### കേരള വാട്ടർ അതോറിറ്റി (കെ.ഡബ്ല്യൂ.എ)

കേരളത്തിലെ ജലവിതരണത്തിന്റെ വികസനത്തിനും ക്രമീകരണത്തിനും മലിനജല ശേഖരണത്തിനും നീക്കം ചെയ്യലിനുമായി കെ.ഡബ്ല്യൂ.എ 1984-ൽ സ്ഥാപിച്ചു. ഓപ്പറേഷൻ ആന്റ് മെയിന്റനൻസ്, പ്രോജക്ട്കൾ, പ്രോജക്ട് ആസൂത്രണം, വികസനം, ഗുണനിലവാര നിയന്ത്രണം, കൺസൾട്ടൻസി, സിവറേജ് വെർട്ടിക്കൽസ് എന്നിവയാണ് ഇതിന്റെ പ്രധാന പ്രവർത്തന യൂണിറ്റുകൾ.

കേരള വാട്ടർ അതോറിറ്റിക്ക് വിപുലീകരിച്ച ജല ഗുണനിലവാര പരിശോധനയ്ക്കായി-കൊച്ചിയിൽ ഒരു സംസ്ഥാന റഫറൽ ഇൻസ്റ്റിറ്റ്യൂട്ടും, 14 ജില്ലാ ലാബുകളും 32 സബ് ഡിവിഷണൽ ലാബുകളും ഉണ്ട്. സ്റ്റേറ്റ് ലാബിന് പുറമേ, തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, കോഴിക്കോട്, കണ്ണൂർ, പാലക്കാട് ജില്ലാ ലാബുകൾ എന്നിവയ്ക്കും ഐ.എസ്.ഒ /ഐ.ഇ.സി/17025:2017 അനുസരിച്ച് എൻ.എ.ബി.എൽ (നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആൻഡ് കാലിബ്രേഷൻ ലബോറട്ടറീസ്) അംഗീകാരം നേടിയിട്ടുണ്ട്.

### മലിന ജലനിവാരണം

മലിനജല ശേഖരണവും പുറന്തള്ളലും വാട്ടർ അതോറിറ്റിയുടെ ഉത്തരവാദിത്തമാണ്. എന്നാൽ ഈ മേഖലയിൽ വാട്ടർ അതോറിറ്റിയുടെ സാന്നിദ്ധ്യം വളരെ കുറവാണ്. ഇത് തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകളിൽ മാത്രമായി പരിമിതപ്പെട്ടിരിക്കുന്നു. നിലവിൽ ഈ തലത്തിന് കീഴില് ഏറ്റെടുക്കുന്ന പ്രധാന പ്രവർത്തനങ്ങൾ, ആവശ്യമുള്ള വലുപ്പത്തിൽ കുറവുള്ള ലൈനുകൾ വർദ്ധിപ്പിക്കുക, മലിനജലം കവിഞ്ഞൊഴുകുന്നത് ഒഴിവാക്കാൻ കേടായ മാൻഹോളുകൾ നന്നാക്കുക, മലിനജല നിർമാർജന സംവിധാനത്തിന്റെ മറ്റ് ഉറവിടങ്ങളില്ലാത്ത പ്രദേശങ്ങളിൽ ചെറിയ വിപുലീകരണങ്ങളിലൂടെ മലിന ജല സൗകര്യം നൽകുക എന്നിവയാണ്. പാരിസ്ഥിതിക നാശത്തിന്റ ഭീഷണി മറികടക്കാൻ, നിലവിലുള്ള മലിനജല സംവിധാനം ശക്തിപ്പെടുത്തുന്നതിന് മതിയായ ശ്രദ്ധ അത്യാവശ്യമാണ്. മലിനജല മേഖലയിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. എന്നിരുന്നാലും പണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, മലിനജല മാനേജ്മെന്റ് പ്ലാന്റുകൾ, പമ്പ് ഹൗസുകൾ എന്നവയ്ക്കെതിരായ ജനങ്ങളുടെ പ്രതിഷേധം, ഭൂമി ലഭിക്കുന്നതിലും റോഡ് മുറിക്കുന്നതിന് അനുവാദം ലഭിക്കുന്നതിനായുള്ള കാലതാമസം എന്നിവ മലിനജല മാനേജ്മെന്റ് പദ്ധതികൾ ഏറ്റെടുക്കുന്നതിന് മുമ്പ് പരിശോധിക്കേണ്ടതുണ്ട്. 2 മുതൽ 3 വരെ വാർഡുകൾ ഒരു ക്ലസ്റ്ററായി എടുത്ത് പുതിയ ചെറുകിട പദ്ധതികൾ ഏറ്റെടുക്കാനും 20 മില്ല്യൻ ലിറ്റർ (എം.എൽ.ഡി) വരെ മലിനജലം സംസ്കരിക്കുന്നതിന് വിവിധ ശേഷിയുള്ള ചെറിയ വികേന്ദ്രീകൃത സംസ്കരണ പ്ലാന്റുകൾ നൽകാനും കെ.ഡബ്ല്യൂ.എ വിഭാവനം ചെയ്യുന്നു. ദേശീയ ഹരിത ട്രൈബ്യൂണൽ (എൻ.ജി.ടി) നിർദേശ പ്രകാരം ശുദ്ധീകരിച്ച മലിനജലത്തിന്റെ പുനരുപയോഗം ഉൾക്കൊള്ളുന്ന ഏറ്റവും പുതിയ സാങ്കേതിക വിദ്യകളാണ് ഈ പദ്ധതികളിൽ ഉപയോഗിക്കേണ്ടത്.

ഗുരുവായൂരിൽ 2021 സെപ്തംബർ 30-ന് മലിനജല പദ്ധതി കമ്മീഷൻ ചെയ്തു. പഴയ മലിനജല ലൈനുകൾ മാറ്റി സ്ഥാപിക്കൽ, മലിനജല ശൃംഖല നീട്ടൽ, പഴയ മാൻഹോളുകളുടെ പുനരുദ്ധാരണം, പുതിയ മാൻഹോളുകളുടെ നിർമാണം എന്നിവ ഉൾപ്പെടുന്ന 17 പ്രവർത്തികൾ 2020-21-ൽ പൂർത്തീകരിക്കുകയുണ്ടായി. 2020-21 ലെ ബജറ്റ് വിഹിതമായ 800.00 ലക്ഷം രൂപയിൽ, 742.13 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി.

### ജലവിതരണ കവറേജ്

കേരളത്തിലെ 33.71 ലക്ഷം കണക്ഷനുകളിലൂടെയും 2 ലക്ഷം പൊതു ടാപ്പുകളിലൂടെയും കെ ഡബ്ല്യൂ എ പരിപാലിക്കുന്ന 928 ജലവിതരണ പദ്ധതികളിൽ നിന്ന് ഏകദേശം 2.36 കോടി ജനങ്ങൾക്ക് ജലവിതരണം ലഭ്യമാക്കുന്നു. പൈപ്പ് വെള്ളത്തിന്റെ ശരാശരി പ്രതിശീർഷ ലഭ്യത പ്രതിദിനം 84.76 ലിറ്ററാണ് (എല്ലാ ജില്ലകളിലേയും ആവാസ വ്യവസ്ഥകളിൽ പ്രതിശീർഷ ലഭ്യത വ്യത്യസ്തമാണ്). കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ ഗ്രാന്റുകളുടെയും പദ്ധതികളുടെയും (ജെ.ജെ.എം, നബാർഡ്, സംസ്ഥാന പദ്ധതി, എൻ.ആർ.ഡി.ഡബ്ല്യൂ.പി, കിഫ്ബി, അമൃത്) സഹായത്തോടെ നടപ്പിലാക്കിയ വിവിധ ജലവിതരണ പദ്ധതികൾ കമ്മീഷൻ ചെയ്ത് കൊണ്ട് ഗ്രാമീണ നഗര ജലവിതരണ മേഖലകളിൽ ഇത് ശ്രദ്ധേയമായ പുരോഗതി കൈവരിച്ചു. 14,000 കോടിയിലധികം രൂപയുടെ പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി നടപ്പാക്കിവരികയാണ്. ഈ പദ്ധതികൾ പൂർത്തിയാകുമ്പോൾ അടുത്ത 3 വർഷത്തിനുള്ളിൽ 1,400 എം.എൽ.ഡി (പ്രതിദിനം ദശലക്ഷം ലിറ്റർ) വെള്ളം അധികമായി വിതരണത്തിന് ലഭ്യമാകും. സംസ്ഥാന പദ്ധതിയുടേയും നബാർഡിന്റെയും പദ്ധതികൾ ഏറ്റെടുക്കുന്നതു

കൂടാതെ കിഫ്ബി (കെ.ഐ.ഐ.എഫ്.ബി), ആർ.കെ.ഐ എന്നിവയ്ക്ക് കീഴിലും പുതിയ പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. 2020–21 കാലയളവിൽ സംസ്ഥാന പദ്ധതിക്ക് കീഴിലുള്ള 19 പദ്ധതികളും നബാർഡിന് കീഴിൽ 5 പദ്ധതികളും അമൃതിന് കീഴിൽ 21 പദ്ധതികളും കിഫ്ബിയുടെ കീഴിലുള്ള 34 പദ്ധതികളും പൂർത്തിയായിട്ടുണ്ട്. ജൽജീവൻ മിഷൻ (ജെ.ജെ.എം) പ്രകാരം 4.04 ലക്ഷം പ്രവർത്തനക്ഷമമായ ടാപ്പ് കണക്ഷനുകൾ (എഫ്.എച്ച്.ടി.സി) നൽകി. ആഗസ്റ്റ് 31, 2021 പ്രകാരം കേരള ജനസംഖ്യയുടെ 63.98 ശതമാനം (59.48 ശതമാനം ഗ്രാമീണരും 79.28 ശതമാനം നഗരീകരും) പേർക്ക് കെ ഡബ്ല്യൂ എ യുടെ നിലവിലുള്ള പദ്ധതികളിൽ നിന്ന് പൈപ്പ് ജലവിതരണം ലഭിക്കുന്നു.

2021 ആഗസ്റ്റ് 31 ലെ കണക്കനുസരിച്ച് ജലവിതരണ പദ്ധതികളിൽ ഉൾപ്പെട്ടിട്ടുള്ള, ജില്ല തിരിച്ചുള്ള ജനസംഖ്യ **ചിത്രം 11.4.1–ൽ** കാണിച്ചിരിക്കുന്നു. കേരളത്തിലെ 14 ജില്ലകളിൽ 88.89 ശതമാനത്തോടെ എറണാകുളം ജില്ലയാണ് ഏറ്റവും കൂടുതൽ കവറേജുള്ളത്. 86.66 ശതമാനത്തോടെ ആലപ്പുഴ ജില്ല പിന്നിൽത്തന്നെയുണ്ട്. കാസർഗോഡ് ജില്ലയിലാണ് കവറേജ് ഏറ്റവും കുറവ് (33.26 ശതമാനം). വിശദാംശങ്ങൾ **അനുബന്ധം 11.4.1**–ൽ നൽകിയിട്ടുണ്ട്. 2021 ആഗസ്റ്റ് 31 പ്രകാരം ജില്ലാതലത്തിലും ഇനം തിരിച്ചുമുള്ള വിശകലനം കാണിക്കുന്നത് തിരുവനന്തപുരത്താണ് ഏറ്റവും കൂടുതൽ ജലവിതരണ പദ്ധതികളെന്നും (96), വയനാട് ഏറ്റവും കുറവ് ജലവിതരണ പദ്ധതികളെന്നും (24) ആണ്. ഏറ്റവും കൂടുതൽ നഗര ജലവിതരണ പദ്ധതികൾ കോഴിക്കോടും (16) ഏറ്റവും കുറവ് പാലക്കാടും (1) ആണ് **അനുബന്ധം 11.4.2.**


ഗാർഹിക സേവന കണക്ഷനുകൾ (എച്ച്.എസ്.സി), തെരുവു ടാപ്പുകൾ എന്നിവയിലൂടെ കെ.ഡബ്ല്യൂ.എ കുടിവെള്ളം വിതരണം ചെയ്യുന്നു. ഗാർഹിക, ഗാർഹികേതര, വ്യാവസായിക കണക്ഷനുകളുടെ ആകെ എണ്ണം യഥാക്രമം 31,28,238, 2,40,365, 2,601 എന്നിവയാണ്. ആഗസ്റ്റ് 31, 2021 വരെ ആകെ 1,94,859 തെരുവു ടാപ്പ് കണക്ഷനുകളിൽ 1,46,783 എണ്ണം പഞ്ചായത്തിലും 29,220 എണ്ണം കോർപ്പറേഷനുകളിലും 18,856 എണ്ണം മുൻസിപ്പാലിറ്റികളിലുമാണ്. **അനുബന്ധം 11.4.3.** 2021 ആഗസ്റ്റ് 31 വരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് മാറ്റിയ കെ ഡബ്ല്യൂ എ യുടെ ഗ്രാമീണ ജലവിതരണ പദ്ധതികളുടെ എണ്ണം 567–ഉം 14 ജില്ലകളിലേയും ആകെ ജനസംഖ്യാ കവറേജ് 13,36,362 ഉം ആണ്. പ്രാദേശിക സർക്കാരുകളിലേക്ക് മാറ്റിയ ജലവിതരണ പദ്ധതികളുടെ ജില്ലാതല വിശദാംശങ്ങൾ **അനുബന്ധം 11.4.4**–ൽ കൊടുത്തിരിക്കുന്നു. **ചിത്രം 11.4.2**–ൽ കാണിച്ചിരിക്കുന്ന ആഗസ്റ്റ് 31, 2021 ലെ ജല ലഭ്യതാ ഡാറ്റ പ്രകാരം എറണാകുളം ജില്ലയിലാണ് ഏറ്റവും കൂടുതൽ ജലലഭ്യത (188.18 എൽ പി സി ഡി) കാസർഗോഡാണ് ഏറ്റവും കുറഞ്ഞ ലഭ്യത (18.19 എൽ പി സി ഡി). ഇത് കഴിഞ്ഞ വർഷത്തെ കണക്കുകളിൽ നിന്ന് വ്യത്യാസപ്പെട്ടിട്ടില്ല **അനുബന്ധം 11.4.5.**

### വരുമാനം

കെ ഡബ്ല്യൂ എ യുടെ പ്രധാന വരുമാനം ജലവില്പനയിൽ നിന്നാണ്. കൂടാതെ 100 ശതമാനവും മീറ്റർ റീഡ് ചെയ്യുന്ന ജല കണക്ഷനുകളുള്ള, രാജ്യത്തെ ഏക സംസ്ഥാനം കേരളമാണ്. ബ്ലോക്ക് താരിഫ് ഘടനയോടു കൂടിയ (ഉപഭോഗം കൂടുന്നതിനനുസരിച്ച് നിരക്ക് വർദ്ധിക്കുന്നു) ജലതാരിഫ് സംസ്ഥാനത്തുടനീളം ഒരുപോലെയാണ്. ജലതാരിഫിൽ അവസാനം മാറ്റം വരുത്തിയത് 2014 ഒക്ടോബർ 1 ലാണ്. 2020–21 കാലയളവിൽ സമാഹരിച്ച ആകെ വരുമാനം 601.46 കോടി രൂപയാണ്. ജലവില്പനയിൽ നിന്നുള്ള വരുമാനം, കേരള സർക്കാരിൽ നിന്നുള്ള പദ്ധതിയേതര ഗ്രാന്റും, പദ്ധതി വിഹിതവും, നബാർഡ്, എൻ.ആർ.ഡി.ഡബ്ല്യൂ.പി, ജെ.ജെ.എം എന്നിവയ്ക്ക് കേന്ദ്ര സർക്കാരിൽ നിന്നുള്ള വിഹിതങ്ങൾ എന്നിവയാണ് വാട്ടർ അതോറിറ്റിയുടെ പ്രധാന വരുമാന സ്രോതസ്സുകൾ.

2020–21 കാലയളവിൽ ഗാർഹിക ഗാർഹികേതര വ്യാവസായിക പദ്ധതികളുടെ ജല നിരക്കുകളിൽ നിന്നുള്ള വരുമാനം 51,047 ലക്ഷം രൂപയും തെരുവു ടാപ്പുകളിൽ നിന്ന് ലഭിച്ചത് 9,099 ലക്ഷം രൂപയുമാണ്. 2014–15 –ൽ 369.65 കോടി രൂപയായിരുന്ന വാട്ടർ ചാർജിൽ നിന്നുള്ള മൊത്തം

**ചിത്രം 11.4.1** ജലവിതരണ പദ്ധതികളുടെ പരിധിയിൽ വരുന്ന കുടുംബങ്ങളുടെ (2021 ആഗസ്റ്റ് 31 വരെ) ജില്ലതിരിച്ചുള്ള അനുപാതം




*ഉറവിടം : കേരള വാട്ടർ അതോറിറ്റി*

വരുമാനം (ഗാർഹിക, ഗാർഹികേതര, വ്യവസായിക തെരുവ് ടാപ്പുകൾ ഉൾപ്പെടെ) 2020–21–ൽ 601.46 കോടി രൂപയായി വർദ്ധിച്ചു. (**അനുബന്ധം 11.4.6**).

## സംസ്ഥാന പദ്ധതികൾ

### സർവ്വേയും അന്വേഷണവും

കേരളത്തിന്റെ എല്ലാ ഭാഗങ്ങളിലും വെള്ളം എത്തിക്കുക എന്നതാണ് കെ.ഡബ്ല്യൂ.എ യുടെ ലക്ഷ്യം. ഇതിനായി പദ്ധതികളുടെ ഷെൽഫ് തയ്യാറാക്കുന്നതിനായി വിശദമായ സർവ്വേകൾ നടത്തണം. 2020–21 കാലയളവിൽ 9 ജോലികൾ പൂർത്തീകരിക്കുകയും ആകെ 66.56 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു.

### നബാർഡ് സഹായ ഗ്രാമീണ ജലവിതരണ പദ്ധതികൾ–ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ട്

നബാർഡിന്റെ വായ്പാ സഹായത്തോടെ കേരളത്തിലെ ഗ്രാമപ്രദേശങ്ങളിൽ ജലവിതരണ പദ്ധതികൾ കെ.ഡബ്ല്യൂ.എ നടപ്പിലാക്കുന്നു. അനുവദിച്ച മൊത്തം 29 പദ്ധതികളിൽ 8 പ്രോജക്ട്കൾ പൂർത്തിയാക്കുകയും 4 പ്രോജക്ട്കൾ ഉപേക്ഷിക്കുകയും ചെയ്തു. ഈ സാമ്പത്തിക വർഷത്തിൽ 8 പ്രോജക്ട്കൾ കമ്മീഷൻ ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു (ട്രാൻചേ XX, XXII എന്നിവയുടെ അവശേഷിക്കുന്ന ജോലികളും, XXIII, XXIV ട്രാൻചേകളിലെ ചില ജോലികളും). പത്തനംതിട്ട ജില്ലയിലെ കോന്നി മെഡിക്കൽ കോളേജ് ജലവിതരണ പദ്ധതി, പാലക്കാട് അഗളിയിലേക്കും സമീപ പഞ്ചായത്തുകളിലേക്കുമുള്ള സമഗ്ര ജലവിതരണ പദ്ധതി (സി ഡബ്ല്യൂ എസ് എസ്), പെറുനാട് പഞ്ചായത്തിലെ നിലക്കൽ പ്ലാപ്പള്ളി പ്രദേശത്തേക്കും സീതത്തോട് പഞ്ചായത്തിലേക്കും, പൂവാർ പഞ്ചായത്തുകളിലെ ജലവിതരണ പദ്ധതി, കുളകട, വിതുര തൊളിക്കോട് എന്നിവിടങ്ങളിലേക്കുള്ള ജലവിതരണ പദ്ധതികൾ എന്നിങ്ങനെ ചില പ്രധാന ജോലികൾ നബാർഡിന് കീഴിൽ അനുവദിച്ചു. മുട്ടം, കരികുന്നം, കുടയത്തൂർ പഞ്ചായത്തുകളിലേക്കുള്ള ജലവിതരണ പദ്ധതിയും മേലില പഞ്ചായത്തുകളിലേക്കുള്ള ജലവിതരണ പദ്ധതിയുമാണ് 2020–21–ൽ ട്രാൻചേ XXVI–ൽ അനുവദിച്ച രണ്ട് പ്രധാന പദ്ധതികൾ. കോവിഡ്–19 കാരണം 2020–21–ൽ പദ്ധതികൾ ഏറ്റെടുക്കാൻ കഴിയാത്തതിനാൽ ഈ വർഷം വീണ്ടും അനുമതി ലഭിച്ചു. കുന്നത്തൂർ താലൂക്കിലെ കുന്നത്തൂർ പോരുവഴി, ശൂരനാട് വടക്ക് പഞ്ചായത്തുകളിലേക്കും കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിലെ തഴവ തൊടിയൂർ, കുലശേഖരപുരം പഞ്ചായത്തുകളിലേക്കുമുള്ള ജല വിതരണ പദ്ധതിയും കണ്ണൂർ ജില്ലയിലെ തലശ്ശേരി താലൂക്കിലെ മാങ്ങാട്ടിടം പഞ്ചായത്തിലെ മാങ്ങാട്ടിടം സോൺ IIIലേക്കുമുള്ള ജലവിതരണ പദ്ധതിയുമാണ് 2021–22 ൽ അനുവദിച്ച രണ്ട് പ്രധാന പദ്ധതികൾ.


### കുപ്പിവെള്ളത്തിനുള്ള നിർമ്മാണ യൂണിറ്റുകൾ

പൊതുജനങ്ങൾക്ക് ന്യായമായ വിലക്ക് ഗുണനിലവാരമുള്ള, പാക്കേജ് ചെയ്ത/കുപ്പിവെള്ളം കെ.ഡബ്ല്യൂ.എ വഴി ലഭ്യമാക്കുന്നതിനായി തിരുവനന്തപുരത്ത് ഒരു കുപ്പിവെള്ള പ്ലാന്റ് സ്ഥാപിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. സിവിൽ, മെക്കാനിക്കൽ ജോലികൾ പൂർത്തിയായി. കുപ്പിവെള്ള പ്ലാന്റ് കെ.ഐ.ഐ.ഡി.സി (കേരള ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് ഇൻവെസ്റ്റ്മെന്റ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ)– ക്ക് കൈമാറി. ഇപ്പോൾ പ്ലാന്റ് പ്രവർത്തിക്കുകയും പരിപാലിക്കുകയും ചെയ്യുന്നത് കെ.ഐ.ഐ.ഡി.സി ആണ്.

### കെ.ഡബ്ല്യൂ.എ യുടെ ഉടമസ്ഥതയിൽ നിലവിലുള്ള സിവിൽ ഘടനകളുടെ നവീകരണം

സമയബന്ധിതമായ അറ്റകുറ്റപ്പണികൾ, സംരക്ഷണം, നവീകരണം എന്നിവയുടെ അഭാവം മൂലം കേടുപാടുകൾ സംഭവിച്ച കെട്ടിടങ്ങളെ നവീകരിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഓഫീസ് കെട്ടിടങ്ങൾ, ട്രീറ്റ്മെന്റ് പ്ലാന്റുകൾ, ഇൻടേക്ക്, വാട്ടർ ടാങ്കുകൾ, പമ്പ് ഹൗസുകൾ, സ്റ്റാഫ് ക്വാർട്ടേഴ്സുകൾ തുടങ്ങിയ വിവിധ സിവിൽ ഘടനകളുടെ വാർഷിക അറ്റകുറ്റപ്പണികൾ സംസ്ഥാനത്തുടനീളം നടത്തേണ്ടതുണ്ട്. അതിനാൽ സൃഷ്ടിച്ച നേട്ടങ്ങളെ സംരക്ഷിക്കുവാനും സേവന ഗുണ നിലവാരം മെച്ചപ്പെടുത്തുന്നതിനും സിവിൽ ഘടനകളുടെ ഘട്ടം ഘട്ടമായുള്ള പരിപാലനവും നിർദ്ദേശിക്കുന്നു. ഡബ്ല്യൂ.ടി.പി.

**ചിത്രം 11.4.2** 2021 ആഗസ്റ്റ് 31 ലെ ജില്ല തിരിച്ചുള്ള ആളോഹരി ജലലഭ്യത




*ഉറവിടം : കേരള വാട്ടർ അതോറിറ്റി*

കൾ, കെ.ഡബ്ല്യൂ.എ ഓഫീസുകൾ, ഒഴിഞ്ഞ പ്ലോട്ടുകൾ എന്നിവയ്ക്ക് ചുറ്റും കോമ്പൗണ്ട് മതിലുകൾ നിർമ്മാണവും ഈ പദ്ധതി പ്രകാരം ഏറ്റെടുക്കുന്നു. സാമൂഹിക വിരുദ്ധരുടെ കയ്യേറ്റവും കടന്നുകയറ്റവും തടയുന്നതിന് കെ.ഡബ്ല്യൂ.എ യുടെ ഉടമസ്ഥതയിലുള്ള ഭൂമി വ്യക്തമായി നിർണ്ണയിക്കാൻ ഇത് സഹായിക്കും.

2020–21–ൽ 300 ലക്ഷം രൂപ വകയിരുത്തിയതോടെ വിവിധ ജില്ലകളിൽ സ്ഥിതി ചെയ്യുന്ന ഓഫീസ് കെട്ടിടങ്ങൾ, ഗസ്റ്റ് ഹൗസുകൾ, ടാങ്കുകൾ, സ്റ്റാഫ് ക്വാർട്ടേഴ്സ്, പമ്പ് ഹൗസുകൾ എന്നിവയുടെ അറ്റ കുറ്റപ്പണികൾ ഉൾപ്പടെ 31 ജോലികൾ ഈ ബജറ്റ് വിഹിതത്തിൽ പൂർത്തിയായി. 289.08 ലക്ഷം രൂപയാണ് ചെലവായത്.

### നൂതന സാങ്കേതിക വിദ്യകളും ആധുനിക മാനേജ്മെന്റ് രീതികളും

പുതിയ സാങ്കേതിക വിദ്യകളും ആധുനിക മാനേജ് മെന്റ് രീതികളും സ്വീകരിച്ച് സേവന വിതരണവും ഗുണനിലവാരവും മെച്ചപ്പെടുത്തുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. നൂതന ആശയങ്ങൾ പരിശീലിപ്പിക്കുന്നതിലൂടെ പരിഹരിക്കാനോ മെച്ചപ്പെടുത്താനോ കഴിയാത്ത ചില പ്രശ്നങ്ങൾ പരിഹരിക്കാനോ മെച്ചപ്പെടുത്താനോ കഴിയും. ആട്ടോമേറ്റഡ് നെറ്റവർക്കുകൾ ഫ്ലോ മീറ്ററുകൾ സ്മാർട്ട് മീറ്ററുകൾ എന്നിവ സ്ഥാപിക്കുന്നതിലൂടെ വരുമാന രഹിതജലം (എൻ.ആർ.ഡബ്ല്യൂ) കുറക്കുന്നതിനായി നടപടികൾ കൈകൊള്ളാനാകും. എല്ലാ പ്രധാന പദ്ധതികളിലും ബൾക്ക് മീറ്ററുകൾ വാങ്ങാനും ഇവ സൂപ്പർ വൈസറി കൺട്രോൾ ആൻഡ് ഡാറ്റാ അക്വിസിഷനുമായി (എസ്.സി.എ.ഡി.എ) സംയോജിപ്പിക്കുവാനും പദ്ധതി വിഭാവനം ചെയ്യുന്നു. ലീക്ക് ഡിറ്റക്ഷൻ ഉപകരണങ്ങളുടെ സംഭരണം, പമ്പ് ഹൗസുകളുടെ ഓട്ടോമേഷൻ, ഡബ്ല്യൂ.ടി.പി കൾ വർദ്ധിപ്പിക്കുന്നതിന് ഡ്യുവൽ മീഡിയയുടെ ഉപയോഗം ജല വിതരണ പദ്ധതികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് പമ്പിംഗിലെ ഊർജ്ജ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനുവേണ്ടി പമ്പുകളുടെ കാര്യക്ഷമതാ പഠനം, ശുദ്ധീകരിച്ച ജലത്തിന്റെ പാഴാക്കൽ കുറയ്ക്കൽ, വരുമാന വർദ്ധനവ് എന്നിവയും ഈ പദ്ധതി ലക്ഷ്യമിടുന്നു. 2020–21–ൽ 11 ജോലികൾ പൂർത്തീകരിക്കുകയുണ്ടായി. കെ.ഡബ്ല്യൂ.എ കെട്ടിടത്തിന്റെ മേൽക്കൂരയിൽ സോളാർ പാനലുകൾ സ്ഥാപിക്കൽ, പമ്പ് ഹൗസുകളുടെ ഓട്ടോമേഷൻ, എറണാകുളത്തെ നെട്ടൂരിലുള്ള സ്റ്റേറ്റ് ക്വാളിറ്റി കൺട്രോൾ ലാബിന് പുതിയതും അത്യാധുനികവുമായ ഉപകരണങ്ങൾ വാങ്ങൽ എന്നിവ ഉൾപ്പെടുന്നു.

### മാനവ വിഭവ ശേഷി, ഗവേഷണം, വികസനവും ഗുണനിലവാര നിയന്ത്രണവും

പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും പുതിയ ഹൈ.ടെക് സംവിധാനങ്ങൾ പരിപാലിക്കുന്നതിനും വേണ്ടി ആധുനിക മാനേജ്മെന്റ് രീതികളും വിദ്യകളും പരിശീലിപ്പിച്ചുകൊണ്ട് എഞ്ചിനിയർമാരേയും മറ്റ് സ്റ്റാഫിനേയും സജ്ജരാക്കേണ്ടതുണ്ട്. 2020–21 സാമ്പത്തിക വർഷത്തിലെ ഒരു പ്രധാന നേട്ടം 2,154 പേർ പങ്കെടുത്ത 62 ഇൻ–ഹൗസ് ഔട്ട്സ്റ്റേഷൻ പരിശീലന കോഴ്സുകൾ നടത്തി എന്നതാണ്. 2020–21 സാമ്പത്തിക വർഷത്തിൽ ഓൺലൈൻ പരിശീലനങ്ങൾ നടത്തി.

### നഗര ജലവിതരണ പദ്ധതിയുടെ പുനരധിവാസം, മെച്ചപ്പെടുത്തൽ, പ്രവർത്തനങ്ങൾ

നഗര പ്രദേശങ്ങളിൽ 100 ശതമാനം കവറേജ് നേടുക, പരിധിയില്ലാത്ത നഗര തദ്ദേശ സ്ഥാപനങ്ങളിൽ പുതിയ പദ്ധതികൾ ഏറ്റെടുക്കുക, ഉൽപാദന ഘടകങ്ങൾ പൂർത്തീകരിച്ച പദ്ധതികളിൽ വിതരണ സംവിധാനങ്ങൾ സ്ഥാപിക്കുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം. നിലവിൽ കൊച്ചി നഗരത്തിന്റെയും സമീപ പ്രദേശങ്ങളുടെയും ഇടക്കാല വർദ്ധനവാണ് നടക്കുന്നത്. 2020–21–ൽ മഞ്ചേരി മുൻസിപ്പാലിറ്റിയിലെ മഞ്ചേരി–വീട്ടിക്കുന്ന് വാർഡ് നമ്പർ 28, 29, 30, 31, 32 ലേക്കുള്ള ജലവിതരണ പദ്ധതിയുടെ മെച്ചപ്പെടുത്തലുകൾ പൂർത്തിയായി. 2020–21 സാമ്പത്തിക വർഷത്തെ ആകെ ചെലവ് 1,894.04 ലക്ഷം രൂപയാണ്.

### ഗ്രാമീണ ജല വിതരണപദ്ധതികൾ

പൈപ്പ് ജലവിതരണത്തിലൂടെ ശുദ്ധമായ കുടിവെള്ളം ലഭ്യമല്ലാത്ത ഗ്രാമീണ വീടുകളിൽ ജലവിതരണം മെച്ചപ്പെടുത്തുകയാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഏപ്രിൽ 1, 2020 ലെ കണക്കുകൾ പ്രകാരം ഏകദേശം 34 ശതമാനത്തിന് മാത്രമാണ് പൈപ്പ് വിതരണമുള്ളത്. 2024–ഓടെ എല്ലാ വീടുകളിലും പൈപ്പ് ജലവിതരണം ലക്ഷ്യമിട്ടുള്ള ജൽ ജീവൻ മിഷൻ ആരംഭിച്ചതോടെ ഈ മേഖലയ്ക്ക് കൂടുതൽ ഊന്നൽ നൽകിയിട്ടുണ്ട്. പുതിയ ഗ്രാമീണ പദ്ധതികൾ, തുടർന്നു വരുന്ന ഗ്രാമീണ പദ്ധതികളുടെ പൂർത്തീകരണം നിലവിലുള്ള സ്കീമുകളുടെ നവീകരണം എന്നിവ ഈ പദ്ധതിയിൽ നിർദ്ദേശിക്കുന്നു. 2020–21–ൽ 10 കോടി രൂപയോ അതിൽ കൂടുതലോ മൂല്യമുള്ള 3 പദ്ധതികൾ പൂർത്തീകരിക്കുകയും ഗ്രാമീണ ജനതയ്ക്ക് ജലവിതരണം മെച്ചപ്പെടുത്തുന്നതിനുള്ള 3 ചെറിയ ജോലികൾ പൂർത്തീകരിക്കുകയും ചെയ്തു. 2020–21 സാമ്പത്തിക വർഷത്തെ ആകെ ചെലവ് 7,143.20 ലക്ഷം രൂപയാണ്.

### പ്രത്യേക സ്ഥാപനങ്ങൾ/സ്ഥലങ്ങളിലേക്കുള്ള ജല വിതരണ പദ്ധതി

മെഡിക്കൽ കോളേജുകൾ, താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, ഗ്രാമീണ സ്കൂളുകൾ, മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ പോലെയുള്ള ചില പ്രത്യേക സ്ഥാപനങ്ങൾ/സ്ഥലങ്ങളിലേക്ക് തടസ്സമില്ലാതെ ജലവിതരണം നൽകാനും സിവിൽ സ്റ്റേഷൻ പരിസരം, ജയിൽ, കറക്ഷൻ ഹോം തുടങ്ങിയ സർക്കാർ സ്ഥാപനങ്ങളിലും ശബരിമല പോലുള്ള സന്ദർശ്ശന കേന്ദ്രങ്ങളിലെ തീർത്ഥാടകർക്ക് മതിയായ അളവിൽ കുടിവെള്ളം നൽകാനും ഉദ്ദേശിച്ചുള്ളതാണ് ഈ പദ്ധതി. 2020–21–ൽ 3 ജോലികൾ പൂർത്തിയായി.

### അരുവിക്കര പമ്പിംഗ് സ്റ്റേഷൻ നവീകരണം

തിരുവനന്തപുരം നഗരത്തിലേക്കുള്ള ജലവിതരണത്തിന്റെ വർദ്ധിച്ചുവരുന്ന ആവശ്യം നിറവേറ്റുന്നതിനായി കെ.ഡബ്ല്യൂ.എ യുടെ ഒരു പ്രധാന പദ്ധതിയാണ് അരുവിക്കരയുടെ ആധുനികവൽക്കരണം. പഴയതും കേടായതുമായ പമ്പുകൾ മാറ്റി സ്ഥാപിക്കൽ, മോട്ടോറുകൾ, ജല ശുദ്ധീകരണ പ്ലാന്റുകളിലെ സിവിൽ, ഇലക്ട്രിക്കൽ, മെക്കാനിക്കൽ ഇൻസ്റ്റാലേഷനുകൾ, പമ്പ് ഹൗസുകൾ, ചിത്തിരക്കുന്ന്, അരുവിക്കര 86 എം.എൽ.ഡി കാമ്പസിലെ സബ്സ്റ്റേഷനുകൾ എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രധാന പ്രവർത്തികൾ. പ്രധാന ജോലികൾ തൃപ്തികരമായി

പൂർത്തീകരിക്കുകയും ചെറിയ ജോലികൾ 2021 ഡിസംബറോടെ പൂർത്തീയാകുമെന്നും പ്രതീക്ഷിക്കുന്നു. 2020–21 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിക്ക് കീഴിലുള്ള ആകെ ചെലവ് 632.08 ലക്ഷം രൂപയാണ്.

### ഉൽപ്പാദനവും വിതരണവും മെച്ചപ്പെടുത്തുക

നിലവിലുള്ള പദ്ധതികളിലെ ഫലങ്ങൾ വർദ്ധിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ കീഴിൽ ഏറ്റെടുക്കുന്ന പ്രവർത്തനങ്ങളുടെ പ്രധാന ലക്ഷ്യം. തടസ്സമില്ലാത്ത ജല വിതരണം, ചോർച്ച, പൊട്ടൽ എന്നിവയിലുള്ള ജലനഷ്ടം കുറയ്ക്കൽ, ഊർജ്ജ സംരക്ഷണം എന്നിവ ഉറപ്പാക്കാനാണ് ഇതു ഉദ്ദേശിക്കുന്നത്. 2020–21 സാമ്പത്തിക വർഷത്തിൽ 156 ജോലികൾ പൂർത്തിയാക്കി. പഴയ ജലശുദ്ധീകരണ പ്ലാന്റുകളുടെ നവീകരണം, നിലവിലുള്ള ഡബ്ല്യൂ.എസ്.എസ് പൈപ്പുകളുടെ മാറ്റി സ്ഥാപിക്കലും പൈപ്പുകൾ നീട്ടുകയും കാലഹരണപ്പെട്ട പമ്പുകളും മോട്ടോറുകളും മാറ്റി സ്ഥാപിക്കുകയും ചെയ്യുക എന്നിവ അവയിൽ ഉൾപ്പെടുന്നു. 2020–21 സാമ്പത്തിക വർഷത്തെ ആകെ ചെലവ് 12,623.18 ലക്ഷം രൂപയാണ്.

### ഉറവിടം മെച്ചപ്പെടുത്തലും ജലസംരക്ഷണവും

വേനൽക്കാലത്ത്/വരൾച്ചാ കാലാവസ്ഥയിൽ മതിയായ വെള്ളം ഉറവിടത്തിൽ ലഭ്യമാണെന്ന് ഉറപ്പാക്കുകയും ജല സ്രോതസ്സുകളിലെ സംഭരണശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങളുടെ ലക്ഷ്യം. ഇത് പദ്ധതിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ജല നിരപ്പിലെ കാലാനുസൃതമായ വ്യതിയാനങ്ങൾ പരിഹരിക്കുന്നതിനും സഹായിക്കും. 2020–21 കാലയളവിൽ ഉറവിടം ശക്തിപ്പെടുത്തുന്നതിനും സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുമായി നിരവധി പ്രവർത്തനങ്ങൾ ചെയ്തു. അതിൽ പ്രധാനമായും ചെക്ക് ഡാമുകളുടെയും റെഗുലേറ്ററുകളുടെയും നിർമ്മാണം ഉൾപ്പെടുന്നു. ട്യൂബ് കിണറുകൾ, തുറന്ന കിണറുകൾ, വെള്ളം അരിച്ച് എടുക്കുന്ന ഗാലറി, പ്രധാന കനാൽ തുടങ്ങിയവയുടെ മെച്ചപ്പെടുത്തൽ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. ജലസംഭരണികളുടെ സംരക്ഷണ പ്രവർത്തനങ്ങൾ, അണകളിലെ പാർശ്വ സംരക്ഷണം, ചെക്ക് ഡാമുകൾ എന്നിവ നടത്തുകയും നിലവിലുള്ള ഘടനകളുടെ അറ്റകുറ്റപ്പണികൾ ചെയ്യേണ്ടതുമാണ്. ഈ പ്രവർത്തനത്തിലൂടെ വേനൽക്കാലത്തെ ജല സമ്മർദ്ദം വലിയൊരളവിൽ ലഘൂകരിക്കാനാകും. 2020–21 കാലയളവിൽ 9 ജോലികൾ പൂർത്തീകരിക്കുകയും 24.24 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു.

### കുടിവെള്ള വരൾച്ച ലഘൂകരണം

വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളും മുൻകൂട്ടി പ്രതീക്ഷിക്കാത്ത അടിയന്തിര ഇടപെടലുകളും ഈ പദ്ധതിയിൽ ഏറ്റെടുക്കുന്നു. ഇവയ്ക്ക് പുറമേ വലിയ വ്യാസമുള്ള പൈപ്പ് പൊട്ടുമ്പോൾ വസ്തുവകകൾക്കും ജലവിതരണ സംവിധാനങ്ങൾക്കും സംഭവിക്കുന്ന നാശ നഷ്ടങ്ങൾ എന്നിവ പോലുള്ള ദുരന്തോൻമുഖ സാഹചര്യങ്ങളിലും പ്രകൃതിദുരന്ത സമയത്ത് അടിയന്തിര ദുരിതാശ്വാസ ക്യാമ്പുകളിലേക്കുള്ള ജലവിതരണം എന്നിവയും ഈ പദ്ധതിയുടെ കീഴിൽ ഏറ്റെടുക്കേണ്ടതുണ്ട്. വരൾച്ചാ പ്രദേശങ്ങളിലേക്ക് പൈപ്പ് ലൈൻ വിപുലീകരണം, വരൾച്ചാക്കാലത്ത് അധിക പമ്പിംഗ്, ശേഷി വർദ്ധിപ്പിക്കൽ എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്. 2020–21 സാമ്പത്തിക വർഷത്തെ മൊത്തം വകയിരുത്തിയ തുകയും (1,000 ലക്ഷം രൂപ) ചെലവഴിക്കുകയുണ്ടായി.

### എ.ഡി.ബി സഹായത്തോടെ കേരള നഗര ജലവിതരണ മെച്ചപ്പെടുത്തൽ പദ്ധതി – കെ.യു.ഡബ്ല്യൂ.എസ്.ഐ.പി

എൻ.ആർ.ഡബ്ല്യൂ (വരുമാന രഹിതജലം) ഗണ്യമായി കുറയ്ക്കുകയും കാര്യക്ഷമതയുടെ മൊത്തത്തിലുള്ള മെച്ചപ്പെടുത്തലും വഴി പഴയ ഉൽപ്പാദന ഘടകങ്ങളെയും ശൃംഖലയെയും പുനരധിവസിപ്പിച്ച് കൊച്ചി, തിരുവനന്തപുരം കോർപ്പറേഷനുകളിലെ ജലവിതരണം മെച്ചപ്പെടുത്തുകയും മേൽപ്പറഞ്ഞ മേഖലകളിൽ 24x7 വിതരണം നേടുകയുമാണ് എ.ഡി.ബി സഹായത്തോടെയുള്ള കെ.യു.ഡബ്ല്യൂ.എസ്.ഐ.പി ലക്ഷ്യമിടുന്നത്. നിലവിലുള്ള ഉൽപ്പാദന സൗകര്യങ്ങൾ കാലപ്പഴക്കമുള്ളതും പുനരധിവാസം ആവശ്യമുള്ളതുമാണ്. അതുപോലെ തന്നെ വിതരണ ശൃംഖലയിലെ ചോർച്ച, ഉയർന്ന എൻ.ആർ.ഡബ്ല്യൂ–വിന് കാരണമാവുകയും ചെയ്യുന്നു. എം.ഐ.എസ് (മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം) ശാക്തീകരിക്കേണ്ടതുണ്ട്.

### എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് (ഇ.ആർ.പി), ഇ–ഗവേണൻസ്, ജി.ഐ.എസ്, ഇൻഫർമേഷൻ മാനേജ് മെന്റ്

കേരള വാട്ടർ അതോറിറ്റിയിൽ സുസജ്ജമായ വെബ് അധിഷ്ഠിത മാനേജ്മെന്റ് സംവിധാനം വികസിപ്പിക്കുക എന്നതാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. കെ.ഡബ്ല്യൂ.എ യിൽ ഇ.ആർ.പി നടപ്പിലാക്കുന്നതിൽ സിസ്റ്റം പഠനം, സോഫ്റ്റ് വെയർ ആവശ്യകത സ്പെസിഫിക്കേഷൻ ഡോക്യുമെന്റുകളുടെ തയ്യാറാക്കൽ, അംഗീകാരം, ലൈസൻസ് വാങ്ങൽ, ഹാർഡ് വെയർ, കെ.ഡബ്ല്യൂ.എ യുടെ പ്രോജക്ട് മോണിറ്ററിംഗ് കൺസൾട്ടന്റുമാരും കെ.ഡബ്ല്യൂ.എ യുടെ കൺസൾട്ടന്റുമാരും വഴിയുള്ള സിസ്റ്റം ഇന്റഗ്രേഷൻ എന്നിവ ഉൾപ്പെടുന്നു.

ഈ പ്രോഗ്രാമിന് കീഴിലുള്ള 2020–21 ലെ പ്രധാന നേട്ടങ്ങൾ ഇനിപ്പറയുന്നവയാണ്.

- പെൻഷൻ നൽകുന്നതിനുള്ള സോഫ്റ്റ് വെയർ എൻ.ഐ.സി വികസിപ്പിച്ചെടുത്തു.
- കെ.ഡബ്ല്യൂ.എ. യിലെ വിവിധ വിഭാഗങ്ങൾക്കായി പുതിയ ഇൻ ഹൗസ് സോഫ്റ്റ് വെയറിന്റെ വികസനം പുരോഗമിക്കുകയാണ്.
- ഇ–അബാക്കസ് പൂർത്തീകരണ പ്രവർത്തനങ്ങൾ നവീകരിച്ചു.
- ക്വിക്ക് പേ പോർട്ടൽ നടപ്പിലാക്കി.
- ഭാരത് ബിൽ പേയ്മെന്റ് സിസ്റ്റം (ബി.ബി.പി.എസ്) നടപ്പിലാക്കി.
- ബാങ്കുകളുടെ സന്നദ്ധതയെ അടിസ്ഥാനമാക്കി യുള്ള പി.ഒ.എസ് മെഷീനുകൾ എല്ലാ റവന്യൂ കേന്ദ്രങ്ങളിലും ആരംഭിച്ചു.
- മീറ്റർ റീഡറുകൾക്കായി മൊബൈൽ ആപ്ലിക്കേഷനും ഉപഭോക്താവിന് ആവശ്യമുള്ളിടത്തെല്ലാം വാട്ടർ ചാർജ്ജുകളുടെ സ്പോട്ട് ബില്ലിംഗും നടപ്പിലാക്കി.
- പരാതി പരിഹാരത്തിനായി 24 മണിക്കൂർ കോൾ സെന്റർ നടപ്പിലാക്കി (1916).

### കിഫ്ബി

കിഫ്ബിയുടെ കീഴിൽ കെ.ഡബ്ല്യൂ.എ യുടെ 72 കുടിവെള്ള പദ്ധതികൾക്ക് കേരള സർക്കാർ അനുമതി നൽകിയിരുന്നു. 71 പദ്ധതികൾക്ക് 4,453.74 കോടി രൂപയ്ക്ക് ധനസഹായം

നൽകാൻ അംഗീകാരം നൽകിയിട്ടുണ്ട്. കിഫ്ബി ധനസഹായത്തിൽ 2016-17-ൽ 1,257.1 കോടി രൂപയുടെ 23 ജലവിതരണ പദ്ധതികൾ 68 പാക്കേജുകളിലായി നടപ്പിലാക്കുന്നു. ഇതിൽ 59 പാക്കേജുകൾ ടെൻഡർ ചെയ്യുകയും നടപ്പാക്കലിന്റെ വിവിധ ഘട്ടങ്ങളിലെത്തുകയും 36 പാക്കേജുകൾ ഇതിനോടകം പൂർത്തിയാവുകയും ചെയ്തിട്ടുണ്ട്. ഇതിനു പുറമേ, 11 സർക്കിളുകളിൽ "പഴയ ട്രാൻസ്മിഷൻ മെയിനുകൾ മാറ്റി സ്ഥാപിക്കുക" എന്നതിലുള്ള 11 പദ്ധതികളിൽ 407.61 കോടി രൂപയ്ക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ 11 സർക്കിളുകളിലെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന്റെ വിവിധ ഘട്ടങ്ങളിലാണ്.

കിഫ്ബി 2017-18 പ്രകാരം 2,468.62 കോടി രൂപയുടെ 35 പദ്ധതികൾക്ക് കേരള സർക്കാർ തത്വത്തിൽ അനുമതിയും ധനസഹായവും നൽകുകയും ചെയ്തു. 90 പാക്കേജുകളിലാണ് ഈ പദ്ധതികൾ നടപ്പിലാക്കുന്നത്. ഇവയിൽ 60 പാക്കേജുകൾ ടെൻഡർ ചെയ്യുകയും നടപ്പാക്കലിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. 11 പാക്കേജുകൾ ഇതിനോടകം പൂർത്തിയായി. ശേഷിക്കുന്ന പാക്കേജുകൾക്ക് ഭൂമി ഏറ്റെടുക്കൽ ആവശ്യമാണ്. കിഫ്ബി 2018-19-നു കീഴിൽ 2 പദ്ധതികൾക്ക് കേരള സർക്കാർ തത്വത്തിൽ അനുമതി നൽകുകയും 320.41 കോടി രൂപയുടെ ധനസഹായം 2 പദ്ധതികൾക്ക് നൽകുന്നതിന് കിഫ്ബി അംഗീകാരം നൽകുകയും ചെയ്തു. ഈ പദ്ധതികൾ 10 പാക്കേജുകളിലായി നടപ്പിലാക്കുന്നു. ഈ 10 പാക്കേജുകളിൽ 2 എണ്ണം ടെൻഡർ ചെയ്യുകയും ഈ 2 പാക്കേജുകൾക്കായി കരാർ നടപ്പാക്കുകയും ചെയ്തു.

### അടൽ മിഷൻ ഫോർ റിജുവിനേഷൻ ആന്റ് അർബൻ ട്രാൻസ്ഫോർമേഷൻ (എ.എം.ആർ.യു.റ്റി-അമൃത്)

അടൽ മിഷൻ ഫോർ റിജുവിനേഷൻ ആന്റ് അർബൻ ട്രാൻസ്ഫോർമേഷൻ (അമൃത്)-നു കീഴിൽ ജലവിതരണ, മലിനജല ജോലികളുടെ നടപ്പാക്കൽ ഏജൻസിയാണ് കേരള വാട്ടർ അതോറിറ്റി. ഭാരത സർക്കാരിന്റെ നഗര വികസന മന്ത്രാലയം പദ്ധതിയുടെ നടത്തിപ്പിനായി കേരളത്തിലെ 9 നഗരങ്ങൾ- തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നിവയും ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് എന്നീ മൂന്ന് മുൻസിപ്പാലിറ്റികളും തെരഞ്ഞെടുത്തു. 2015-16 സാമ്പത്തിക വർഷം മുതൽ 2019-20 വരെ അഞ്ച് വർഷമാണ് പദ്ധതി കാലയളവ്. ഇത് ഇപ്പോൾ 2022 മാർച്ച് 31 വരെ നീട്ടിയിട്ടുണ്ട്. മേൽപ്പറഞ്ഞ നഗരങ്ങളിൽ 173 ജലവിതരണ ജോലികളും 116 മലിനജല പദ്ധതികളും നിർവ്വഹിക്കുന്നതിന് 1,445.5 കോടി രൂപയുടെ ഭരണാനുമതി കെ.ഡബ്ല്യു. എ ക്ക് നൽകിയിട്ടുണ്ട്. ആകെ പദ്ധതി വിഹിതം 50 : 30 : 20 അനുപാതത്തിൽ യഥാക്രമം കേന്ദ്ര, സംസ്ഥാന, അതത് നഗര പ്രാദേശിക സർക്കാരുകൾ എന്നിങ്ങനെ വിഭജിച്ചിരിക്കുന്ന രീതിയിലാണ് ഫണ്ടിംഗ് രീതി. കെ.ഡബ്ല്യു.എ 1,345.87 കോടി രൂപയുടെ ജോലികൾ ടെൻഡർ ചെയ്യുകയും അതിൽ 1,277.2 കോടിയുടെ ജോലികൾ ക്രമീകരിക്കുകയും ചെയ്തു. ഇവയിൽ ഇതുവരെ 429.78 കോടിയുടെ ജോലികൾ പൂർത്തിയായിട്ടുണ്ട്. അവശേഷിക്കുന്നവ നടപ്പാക്കലിന്റെ വിവിധ ഘട്ടങ്ങളിലാണ്.

### റീബിൽഡ് കേരള ഇൻഷ്യേറ്റീവ് (ആർ.കെ.ഐ)

റീബിൽഡ് കേരള ഇൻഷ്യേറ്റീവ് (ആർ.കെ.ഐ) യുടെ കീഴിൽ ഭരണാനുമതി ലഭിച്ച 182.6 കോടി രൂപയുടെ ഏഴ് പുതിയ പദ്ധതികൾക്ക് 2020 മാർച്ചിൽ അനുമതി നൽകി. ചേരാനല്ലൂർ പഞ്ചായത്തിലേക്കുള്ള ജലവിതരണ പദ്ധതി, തിരുവനന്തപുരം പഞ്ചായത്തിലേയ്ക്കുള്ള ഗ്രാമീണ ജലവിതരണ പദ്ധതിക്കു വേണ്ടിയുള്ള വിതരണ ശൃംഖല, കടുത്തുരുത്തിയിലേക്കും സമീപ ഗ്രാമങ്ങളിലേക്കുമുള്ള ജലവിതരണ പദ്ധതി, എരുമേലി ഭാഗത്തെ ജലവിതരണ സംവിധാനത്തേക്കുള്ള ജലവിതരണ പദ്ധതി, ചാവക്കാട് താലൂക്ക് ഘട്ടം 2-ലെ മുല്ലശ്ശേരി പവറട്ടി പഞ്ചായത്തുകളിലേക്കുള്ള ജലവിതരണ പദ്ധതി, വയനാട് ജില്ലയിലെ സുൽത്താൻബത്തേരി മുൻസിപ്പാലിറ്റി, നൂൽപ്പുഴ, മുട്ടിൽ ഗ്രാമ പഞ്ചായത്ത് എന്നിവിടങ്ങളിലേക്കുള്ള ജല വിതരണ പദ്ധതികൾ, എരുമേലി പഞ്ചായത്ത് സ്ഥാപിക്കുന്ന കനകപ്പള്ളം മേഖല വിതരണ സംവിധാനത്തിലേക്കുള്ള ജലവിതരണ പദ്ധതി എന്നിവ ഇതിൽ ഉൾപ്പെടുന്നു. തിരുവനന്തപുരം കോർപ്പറേഷനു നിലവിലുള്ള സംവിധാനം പുനഃസ്ഥാപിക്കുന്നതിനും മലിനജലം/സെപ്റ്റേജ് മാനേജ്മെന്റ് സംവിധാനം ലഭ്യമാക്കുന്നതിനും ഡി.പി.ആർ തയ്യാറാക്കുന്നതിനുമായി 2020-21 ൽ 8 കോടി രൂപയും, കെ.ഡബ്ല്യു.എ മുഖേന പരിപാലിക്കുന്ന പമ്പിംഗ് സ്റ്റേഷനുകളുടെ ഊർജ്ജ ഓഡിറ്റ് നടത്തുന്നതിന് 30 ലക്ഷം രൂപയും ഭരണാനുമതി ലഭിച്ചിട്ടുണ്ട്. കെ.ഡബ്ല്യു.എയുടെ എല്ലാ ആർ.കെ.ഐ ജോലികളും നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

### ജപ്പാൻ ഇന്റർ നാഷണൽ കോ-ഓപ്പറേഷൻ ഏജൻസി (ജൈക്ക) സഹായ കേരള ജല വിതരണ പദ്ധതി

തിരുവനന്തപുരം, മീനാട് ചേർത്തല, കോഴിക്കോട്, പട്ടുവം എന്നിവിടങ്ങളിൽ അഞ്ച് ജലവിതരണ പദ്ധതികൾ നടപ്പാക്കാനാണ് ജെ.ഐ.സി.എ ജൈക്ക (ജപ്പാൻ ഇന്റർ നാഷണൽ കോ-ഓപ്പറേഷൻ ഏജൻസി) സഹായ ജല വിതരണ പദ്ധതി വിഭാവനം ചെയ്യുന്നത്.

അഞ്ച് പദ്ധതികളും കമ്മീഷൻ ചെയ്യുകയും ഗുണഭോക്താക്കൾക്ക് ജലവിതരണ സംവിധാനം നടത്തുകയും ചെയ്യുന്നു. തിരുവനന്തപുരം, ചേർത്തല, പട്ടുവം എന്നിവിടങ്ങളിൽ വിഭാവനം ചെയ്ത വിതരണ ശൃംഖലകൾ പൂർണമായും സജ്ജമായി. തിരുവനന്തപുരത്ത് രണ്ട് ഡബ്ല്യുഡിപികളുടെ പുനഃസ്ഥാപിക്കൽ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു. കോഴിക്കോട് മീനാട് പദ്ധതികൾക്കായി, വിതരണ സംവിധാനത്തിന്റെ ഒരു ഭാഗം ഒഴികെയുള്ള എല്ലാ ഘടകങ്ങളും പൂർത്തീകരിക്കുകയും പദ്ധതികൾ ഭാഗീകമായി കമ്മീഷൻ ചെയ്യുകയും ചെയ്തു. 2036-ഓടെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോഴിക്കോട്, കണ്ണൂർ എന്നീ 5 ജില്ലകളിലായി ഏകദേശം 41 ലക്ഷം ജനങ്ങൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കും.

### ജൽജീവൻ മിഷൻ (ജെ.ജെ.എം)

2024 ഓടെ ഗ്രാമീണ ഇന്ത്യയിലെ എല്ലാ കുടുംബങ്ങൾക്കും പ്രവർത്തനക്ഷമമായ ഗാർഹിക ടാപ്പ് കണക്ഷനുകളിലൂടെ സുരക്ഷിതവും മതിയായതുമായ കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള ഭാരത സർക്കാർ പദ്ധതിയാണ് ജൽജീവൻ മിഷൻ (ജെ.ജെ.എം). എല്ലാ ഗ്രാമീണ കുടുംബങ്ങൾക്കും ദീർഘകാലാടിസ്ഥാനത്തിൽ നിർദ്ദേശിക്കപ്പെട്ട ഗുണനിലവാരത്തോടുകൂടിയതും മതിയായ അളവിലും നിരന്തരമായ കുടിവെള്ള വിതരണം ഉറപ്പുവ

**ബോക്സ് 11.4.2** കെ.ഡബ്ല്യൂ.എ യുടെ കീഴിലുള്ള സമഗ്ര ഇ–സൊല്യൂഷനുകൾ

ഇ അബാക്കസ്സ്: കേരള വാട്ടർ അതോറിറ്റിയുടെ (കെ.ഡബ്ല്യൂ.എ) ഉപഭോക്തൃ മാനേജ്മെന്റിനായി ഉപയോഗിക്കുന്ന ഓൺലൈൻ ഇടപാട് പ്രോസസ്സിംഗ് സംവിധാനമുള്ള ഇ–അബാക്കസ് എന്റർപ്രൈസ് ബില്ലിംഗ് ആപ്ലിക്കേഷൻ മിക്കവാറും എല്ലാ ഉപവിഭാഗങ്ങളിലേക്കും, സെക്ഷൻ ഓഫീസുകളിലേക്കും വ്യാപിപ്പിച്ചു. 32 ലക്ഷം ഉപഭോക്താക്കളാണ് അപേക്ഷയിൽ രജിസ്റ്റർ ചെയ്തിരിക്കുന്നത്. കെ.ഡബ്ല്യൂ.എ യുടെ എല്ലാ ഉപഭോക്താക്കളെയും ഈ സംവിധാനത്തിനു കീഴിൽ കൊണ്ടുവന്നു. എടുത്തു പറയേണ്ട ഒരു നാഴിക കല്ലാണിത്. നിലവിലുള്ള ബില്ലിംഗ് ആപ്ലിക്കേഷൻ നവീകരിക്കുന്നതിന്റെ ഭാഗമായി ഫീൽഡ് സ്റ്റാഫ് മുതൽ ചീഫ് എഞ്ചിനീയർമാർ വരെയുള്ള എല്ലാ തലത്തിലുള്ള ഉദ്യോഗസ്ഥരുടെ ആവശ്യങ്ങളും പ്രതികരണങ്ങളും ശേഖരിച്ചതിനു ശേഷം ഒരു യൂസർ റിക്വയർമെന്റ് സ്പെസിഫിക്കേഷൻ (യു.ആർ.എസ്) തയ്യാറാക്കിയിട്ടുണ്ട്. ബില്ലിംഗ് ആപ്ലിക്കേഷൻ പുതുക്കുന്ന ജോലികൾ പുരോഗമിക്കുകയാണ്.

സമഗ്രമായ ഐടി സൊല്യൂഷൻ: കെ.ഡബ്ല്യൂ.എ–യിലെ സമഗ്രമായ ഐടി സൊല്യൂഷനിൽ സിസ്റ്റം പഠനം, സോഫ്റ്റ് വെയർ ആവശ്യകത സ്പെസിഫിക്കേഷൻ ഡോക്യുമെന്റുകൾ തയ്യാറാക്കൽ, അംഗീകാരം, ലൈസൻസുകളുടെയും ഹാർഡ് വെയറിന്റെയും സംഭരണം, റിലേഷണൽ ഡാറ്റാ ബേസ് മാനേജ്മെന്റ് സിസ്റ്റത്തിന്റെ വികസനം, സിസ്റ്റം ഇന്റഗ്രേഷൻ എന്നിവ ഉൾപ്പെടുന്നു.സമഗ്രമായ ഐടി സൊല്യൂഷൻസിന്റെ വികസനം പുരോഗമിക്കുകയാണ്.

ജിയോഗ്രാഫിക് ഇൻഫർമേഷൻ സിസ്റ്റം (ജി.ഐ.എസ്): സംസ്ഥാനത്തെ ജലവിതരണ സംവിധാനം കൈകാര്യം ചെയ്യുന്നതിൽ കേരള വാട്ടർ അതോറിറ്റിയെ സഹായിക്കുന്ന ഒരു പ്രധാന ഉപകരണമാണ് ജിയോഗ്രാഫിക് ഇൻഫർമേഷൻ സിസ്റ്റം (ജി.ഐ.എസ്). നെറ്റ് വർക്ക് അസറ്റുകൾ, പ്രവർത്തനവും പരിപാലനവും, ഉപഭോക്താക്കൾ, സാമ്പത്തിക രേഖകൾ എന്നിവയുൾപ്പെടെ സ്ഥാപനത്തിന്റെ എല്ലാ വശങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ സൂക്ഷിക്കാനും നിരീക്ഷിക്കാനും ജിയോസ്പേഷ്യൽ വിവരങ്ങൾ സഹായിക്കും. കെ.ഡബ്ല്യൂ.എ യിലെ ജി.ഐ.എസ് സെൽ ഒരു പൊതു സംഭരണിയിൽ ജലവിതരണ ആസ്തികളും അനുബന്ധ വിഭവങ്ങളും തയ്യാറാക്കാനും അപ്ഡേറ്റ് ചെയ്യാനും നിയന്ത്രിക്കാനും സ്ഥാപനത്തെ പ്രാപ്തമാക്കും.

*ഉറവിടം: കെ.ഡബ്ല്യൂ.എ*

രത്തുക എന്നതാണ് ഈ മിഷന്റെ ലക്ഷ്യം. മഴവെള്ള സംഭരണം, ഭൂഗർഭജല റീചാർജ്, ഗാർഹിക മലിനജലത്തെ കൃഷിക്ക് പുനരുപയോഗിക്കുന്നതിനു വേണ്ടിയുള്ള പരിപാലനം തുടങ്ങിയ ഉറവിട സുസ്ഥിരതയ്ക്കായി പ്രാദേശിക അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കൽ ഉൾപ്പെടെ പ്രാദേശിക തലത്തിൽ ജലത്തിന്റെ ആവശ്യ–വിതരണ വശത്തിന്റെ സമഗ്രമായ മാനേജ്മെന്റിൽ മിഷൻ ശ്രദ്ധ കേന്ദ്രീകരിക്കും. രാജ്യത്തുടനീളം സുസ്ഥിര ജലവിതരണ പരിപാലനത്തിന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി മിഷൻ മറ്റ് കേന്ദ്ര, സംസ്ഥാന സർക്കാർ പദ്ധതികളുമായി ഒത്തുചേരും. കേന്ദ്രവും സംസ്ഥാനവും തമ്മിൽ 50:50 ചെലവ് പങ്കിടൽ അടിസ്ഥാനത്തിലാണ് ഈ പദ്ധതി കേരളത്തിൽ നടപ്പിലാക്കുന്നത്. 50 ശതമാനം സംസ്ഥാന വിഹിതത്തിൽ 15 ശതമാനം പഞ്ചായത്ത് വഹിക്കുകയും 10 ശതമാനം ഗുണഭോക്തൃ വിഹിതമായി ഉറപ്പാക്കുകയും വേണം.

2020–21–ൽ ജെ.ജെ.എമ്മിന് കീഴിൽ 21.64 ലക്ഷം ഗാർഹിക കണക്ഷനുകൾ നൽകാൻ ലക്ഷ്യമിട്ട് 6,657.00 കോടി രൂപയുടെ പദ്ധതികൾ അനുവദിച്ചു. കേന്ദ്ര വിഹിതമായി സംസ്ഥാനത്തിന് 301.18 കോടി രൂപ കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ചു. മൊത്തം തുകയിൽ 304.29 കോടി രൂപ കേന്ദ്ര വിഹിതത്തിൽ നിന്ന് ഓപ്പണിംഗ് ബാലൻസ് ഉൾപ്പെടെ വിനിയോഗിച്ചു. 2020–21–ൽ സംസ്ഥാന മാച്ചിംഗ് ഷെയർ ഉൾപ്പെടെ ജെ.ജെ എമ്മിന് കീഴിൽ ഉപയോഗിച്ച മൊത്തം ഫണ്ട് 621.90 കോടി രൂപയാണ്. ജെ.ജെ എമ്മിന് കീഴിൽ കേരളം 4,04,464 ഗ്രാമീണ ഗാർഹിക കണക്ഷൻ നൽകുക ഉണ്ടായി. 21.42 ലക്ഷം കണക്ഷനുകൾ നൽകാൻ പദ്ധതിയിട്ടിരുന്നെങ്കിലും കോവിഡ്–19 പകർച്ച വ്യാധിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കാരണം, വിഭാവനം ചെയ്ത ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞില്ല.

### ജലനിധി

ലോകബാങ്ക് സഹായത്തോടെ ജലനിധി നടപ്പാക്കുന്നതിനുള്ള ഒരു പ്രത്യേകോദ്ദേശ്യമായാണ് കേരള സംസ്ഥാന ഗ്രാമീണ ജലവിതരണ, ശുചിത്വ ഏജൻസി (കെ.ആർ. ഡബ്ല്യു.എസ്.എ) രൂപീകരിച്ചത്. 2000–2008 കാലയളവിൽ ജലനിധി ഘട്ടം–1, 2012–2019 കാലയളവിൽ ഘട്ടം–2 എന്നിങ്ങനെ ജലനിധിയുടെ രണ്ട് ഘട്ടങ്ങൾ കെ.ആർ. ഡബ്ല്യു.എസ്.എ വിജയകരമായി നടപ്പാക്കിയിട്ടുണ്ട്. ജലനിധിയുടെ കീഴിൽ സമൂഹാധിഷ്ഠിത ജലവിതരണ പദ്ധതികൾ നടപ്പാക്കുന്നതിൽ ഗ്രാമ പഞ്ചായത്തുകൾക്ക് നിർണ്ണായക പങ്കുണ്ട്. പങ്കാളിത്ത, സാമൂഹിക നിയന്ത്രിത ജലവിതരണവും ശുചിത്വ സൗകര്യങ്ങളും അവരുടെ തന്നെ ഉടമസ്ഥതയിലുള്ളതും പരിപാലിക്കപ്പെടുന്നതുമായ രീതിയിൽ നടപ്പിലാക്കുന്നതിനായി കെ.ആർ.ഡബ്ല്യു.എസ്.എ എൻ.ജി.ഒ കളുടെ വിപുലമായ ഒരു ശൃംഖലയും സ്ഥാപിച്ചിട്ടുണ്ട്. കേരളത്തിലെ ഗ്രാമീണ കുടുംബങ്ങളിലെ പ്രധാനമായും പട്ടികജാതി, പട്ടികവർഗ്ഗ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വിഭാഗങ്ങൾക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ തുല്യവും ഉൾക്കൊള്ളിക്കുന്നതും വികേന്ദ്രീകൃതവുമായ ഒരു വിതരണ സംവിധാനം ജലനിധിക്കു കീഴിൽ ഈ പദ്ധതി മാതൃകയിൽ വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്.

സംസ്ഥാനത്ത് മഴവെള്ള സംഭരണ പദ്ധതി നടപ്പിലാക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ നോഡൽ ഏജൻസി കൂടിയാണ് കെ.ആർ.ഡബ്ല്യു.എസ്.എ ഇതിനായി പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനായി 'മഴകേന്ദ്രം' എന്നൊരു പ്രത്യേക സെൽ കെആർഡബ്ല്യുഎസ്എ–ക്ക് കീഴിൽ ആരംഭിച്ചു. കൂടാതെ, സംസ്ഥാനത്ത് മഴവെള്ള സംഭരണ പദ്ധതിയും (ആർ. ഡബ്ല്യൂ.എച്ച്) ഭൂഗർഭ പുനരുജ്ജീവന പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനായി 2004–ൽ 'മഴകേന്ദ്രം' രൂപീകരിച്ചു. പദ്ധതിയുടെ സഹായം

ഇപ്പോൾ സർക്കാർ, എയ്ഡഡ് മേഖലകളിൽ ഉൾപ്പെടുന്ന സ്കൂളുകളിലേക്കും വ്യാപിപ്പിച്ചിരിക്കുന്നു. 'ജലസൗഹൃദ വിദ്യാലയം' എന്ന് പേരിട്ടിരിക്കുന്ന ഈ പരിപാടി സംസ്ഥാനമൊട്ടാകെ തിരഞ്ഞെടുത്ത എയ്ഡഡ്/സർക്കാർ സ്കൂളുകളിൽ മഴവെള്ള സംഭരണ ഘടനകൾ നിർമ്മിക്കുന്നതിനായി നടപ്പിലാക്കി. സംസ്ഥാനത്തെ ജലവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായികെ.ആർ. ഡബ്ല്യൂ.എസ്.എ–യെ കേരള സർക്കാരിന്റെ ഡബ്ല്യൂ.എസ്.എസ്.ഒ (വാട്ടർ ആന്റ് സാനിറ്റേഷൻ സപ്പോർട്ട് ഓർഗനൈസേഷൻ) ആയി നിയമിച്ചു. 2020–24 കാലയളവിൽ സംസ്ഥാനത്ത് ജൽ ജീവൻ മിഷൻ നടപ്പിലാക്കുന്നതിനുള്ള നിർവഹണ ഏജൻസികളിലൊന്നായി കേരള സർക്കാർ കെആർഡബ്ല്യൂഎസ്എയെ തിരഞ്ഞെടുത്തു.

2021 ആഗസ്റ്റ് 31 പ്രകാരം ജലനിധിയുടെ ജലവിതരണ കണക്ഷനുകളുടെ ജില്ലാ തല വിവരങ്ങൾ **പട്ടിക 11.4.1**–ൽ നൽകിയിട്ടുണ്ട്.

### പദ്ധതി നേട്ടങ്ങൾ

ജലനിധി ഘട്ടം1–ൽ മൊത്തത്തിൽ 10.56 ലക്ഷം ജനങ്ങൾക്ക് പ്രയോജനകരമാംവിധം 3,694 ചെറിയ ജലവിതരണ പദ്ധതികളും 16 വലിയ ജലവിതരണ പദ്ധതികളും കമ്മീഷൻ ചെയ്തു. ജലവിതരണ പദ്ധതികൾക്ക് പുറമേ ഭൂഗർഭജല റീച്ചാർജ്ജ് പ്രവർത്തനങ്ങൾ, ശൗചാലയങ്ങൾ, പരിസ്ഥിതി ശുചിത്വ നടപടികൾ, മഴവെള്ള സംഭരണം തുടങ്ങിയ ഘടകങ്ങളും ഈ പദ്ധതി പ്രകാരം ഏറ്റെടുക്കുകയും വിജയകരമായി പൂർത്തിയാക്കുകയും ചെയ്തു. 112 ഗ്രാമ പഞ്ചായത്തുകളിൽ പദ്ധതി നടപ്പാക്കുകയും 411 കോടി രൂപ ചെലവഴിക്കുകയും ചെയ്തു.

**പട്ടിക 11.4.1** 2021 ആഗസ്റ്റ് 31 പ്രകാരം ജലനിധിയുടെ ജല വിതരണ കണക്ഷനുകളുടെ ജില്ലാ തല വിവരങ്ങൾ

| ക്രമ നം | ജില്ല | ഗാർഹിക കണക്ഷനുകൾ |
|---|---|---|
| 1 | തിരുവനന്തപുരം | 4,572 |
| 2 | കൊല്ലം | 20,285 |
| 3 | പത്തനംതിട്ട | 5,977 |
| 4 | ആലപ്പുഴ | 0 |
| 5 | കോട്ടയം | 50,541 |
| 6 | ഇടുക്കി | 38,143 |
| 7 | എറണാകുളം | 2,173 |
| 8 | തൃശ്ശൂർ | 64,954 |
| 9 | പാലക്കാട് | 50,407 |
| 10 | മലപ്പുറം | 86,354 |
| 11 | കോഴിക്കോട് | 50,716 |
| 12 | വയനാട് | 36,274 |
| 13 | കണ്ണൂർ | 23,492 |
| 14 | കാസർഗോഡ് | 22,416 |
| | **ആകെ** | **4,56,304** |

ഉറവിടം:കെ.ആർ.ഡബ്ല്യൂ.എസ്.എ

115 ഗ്രാമപഞ്ചായത്തുകളിൽ ജലനിധി ഘട്ടം–II പദ്ധതി നടപ്പിലാക്കി. ആവശ്യമായ കാര്യശേഷി വർദ്ധിപ്പിച്ചു കൊണ്ടും ഐ.ഇ.സി നടപടികൾ നൽകികൊണ്ടും 2,173 ജലവിതരണ പദ്ധതികൾ കമ്മീഷൻ ചെയ്ത് പ്രവർത്തനത്തിനും പരിപാലനത്തിനുമായി ഗുണഭോക്തൃ ഗ്രൂപ്പിലേക്ക് കൈമാറി. 11.57 ലക്ഷം ജനങ്ങളുടെ ജലദുരിതങ്ങൾ പദ്ധതി പരിഹരിച്ചു. ഈ പദ്ധതിയ്ക്കായി 1,360 കോടി രൂപയാണ് ചെലവഴിച്ചത്.

ജലനിധി ഘട്ടം–1 നും 2–നും ഒരുമിച്ച് 227 ഗ്രാമപഞ്ചായത്തുകളിലായി 22 ലക്ഷം ജലനിധി ഗുണഭോക്താക്കളാണ് ഇപ്പോൾ കേരളത്തിലുള്ളത്. ജലവിതരണ ശുചിത്വ പദ്ധതികൾ കൈകാര്യം ചെയ്യാനും, ആവശ്യപ്പെടാനും, ആസൂത്രണം ചെയ്യാനും, രൂപകല്പന ചെയ്യാനും, നടപ്പാക്കാനും ഭാഗിക മൂലധന നിക്ഷേപത്തിന് സംഭാവന നൽകാനും പ്രവർത്തനത്തിന്റെയും പരിപാലനത്തിന്റെയും മൊത്തം ചെലവ് വഹിക്കാനും തീരെ ദരിദ്രരും ദുർബലരുമായ ഗ്രൂപ്പുകൾ ഉൾപ്പെടെയുള്ള സമുദായങ്ങൾക്ക് കഴിയുമെന്ന് ജലനിധി മാതൃക വിജയകരമായി തെളിയിച്ചു. മുഴുവൻ പ്രവർത്തന പരിപാലന ചെലവ് (ഓ&എം) സമുദായങ്ങൾ വഹിക്കുന്നതിനാൽ ജലനിധി പദ്ധതികൾ പൊതു ഖജനാവിന് കൂടുതൽ ബാധ്യതയല്ല. കഴിഞ്ഞ 19 വർഷമായി ജലനിധി കാര്യക്ഷമവും സുസ്ഥിരവുമായ ഗ്രാമീണ കുടിവെള്ള വിതരണ മാനേജ്മെന്റ് പ്രകടമാക്കുന്നു.

ജലനിധിയുടെ ജലവിതരണ പദ്ധതികളുടെ പരിധിയിൽ വരുന്ന ജില്ലതിരിച്ചുള്ള ഗ്രാമീണ ജനസംഖ്യ കണക്കിലെടുക്കുമ്പോൾ വയനാട് ജില്ലയിലാണ് ഏറ്റവും കൂടുതൽ കവറേജ് ഉള്ളത് (24.41 ശതമാനം). കോഴിക്കോട് ഏറ്റവും കൂടുതൽ പദ്ധതികൾ (1,052) ഉള്ളപ്പോൾ ആലപ്പുഴയ്ക്ക് പദ്ധതികളൊന്നുമില്ല. 2021 ആഗസ്റ്റ് 31 പ്രകാരം 5,883 പദ്ധതികളുടെ പരിധിയിൽ ആകെ 22,21,046 ഗ്രാമീണ ജനങ്ങൾ ഉൾപ്പെടുന്നു. 2021 ആഗസ്റ്റ് 31 പ്രകാരം ആകെ 4,56,304 ജലവിതരണ ഗാർഹിക കണക്ഷനുകളിൽ മലപ്പുറത്ത് ഏറ്റവും കൂടുതൽ എണ്ണവും (86,354) തൃശ്ശൂരിന് രണ്ടാമത് ഏറ്റവും കൂടുതൽ എണ്ണവും (64,954) കണക്ഷനുകൾ ഉണ്ട്. ജലനിധി പ്രോജക്ട് മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച്, പദ്ധതികൾ കമ്മീഷൻ ചെയ്തതിനുശേഷം, മുഴവൻ പ്രവർത്തനങ്ങളും പരിപാലനവും (ഓ&എം) ഗുണഭോക്തൃ സമൂഹങ്ങൾ കൈകാര്യം ചെയ്യേണ്ടതുണ്ട്. അതിനാൽ, അതത് പദ്ധതി മാനേജ്മെന്റ് കമ്മിറ്റി തീരുമാനിക്കുന്ന പ്രകാരം ഒരോ പദ്ധതിക്കും ജലനിരക്കുകൾ വ്യത്യസ്തപ്പെടുന്നു. മിക്ക പദ്ധതികളിലും ഓരോ കുടുംബങ്ങൾക്കും 10,000 ലിറ്ററിന് പ്രതിമാസം ഈടാക്കുന്നത് ശരാശരി 100 രൂപയാണ്. എല്ലാ ജില്ലകളിലേയും ജലനിധിയുടെ ജലവിതരണ പദ്ധതികളുടെ പ്രതിശീർഷ പ്രതിദിന (എൽ പി സി ഡി) ജല ലഭ്യത 70 എൽ പി സി ഡി യാണ്.

2008–ൽ ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് കൈമാറിയതിനുശേഷം 35 ശതമാനത്തോളം സ്കീമുകളും തുടർച്ചയായ പ്രവർത്തനത്തിനിടയിൽ സാങ്കേതികവും സാമൂഹികവും സാമ്പത്തികവുമായ പ്രശ്നങ്ങളുമായി ഭാഗീകമായോ പൂർണമായോ പ്രവർത്തനരഹിതമായി എന്ന് 2015–ൽ സി.എ.ജി നടത്തിയ വിലയിരുത്തലിൽ കണ്ടെത്തുകയുണ്ടായി. ഭാഗീകമായോ പൂർണ്ണമായോ മുടങ്ങിക്കിടക്കുന്ന സാമൂഹിക ഉടമസ്ഥതയിലുള്ള കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണത്തിന് വേണ്ടി കേരള സർക്കാർ അനുവദിച്ച പദ്ധതിയാണ് സുസ്ഥിരതാ പദ്ധതി. ഈ പദ്ധതിയ്ക്കായി 2018 മുതൽ ബഡ്ജറ്റ് വിഹിതം നീക്കിവെയ്ക്കാറുമുണ്ട്. സുസ്ഥിരതാ പദ്ധതിയുടെ കീഴിൽ 448 പദ്ധതികൾ കെആർഡബ്ല്യൂഎസ്എയ്ക്ക് 2021 ആഗസ്റ്റ് 31 ന് പുനഃസ്ഥാപിക്കാനാകും.

**ബോക്സ് 11.4.3** പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ കേരള വാട്ടർ അതോറിറ്റിയുടെ (കെ.ഡബ്ല്യൂ.എ) നേട്ടങ്ങൾ

- **പമ്പ് ഹൗസുകളുടെ ഓട്ടോമേഷൻ:** മനുഷ്യ ഇടപെടൽ കുറയ്ക്കുന്നതിനും പ്രവർത്തനച്ചെലവ് ലഘൂകരിക്കുന്നതിനും കെ.ഡബ്ല്യൂ.എ–ലെ പമ്പിംഗ് സ്റ്റേഷനുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വിവിധ ജല വിതരണ പദ്ധതികൾക്ക് കീഴിലുള്ള 439 പമ്പ് ഹൗസുകൾ ഓട്ടോമേറ്റ് ചെയ്തിട്ടുണ്ട്.
- 24x7 **കോൾ സെന്ററും അക്വാലൂമും:** ഉപഭോക്തൃ പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനായി ജലഭവനിലെ ഹെഡ് ഓഫീസിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന പരാതി പരിഹാര യൂണിറ്റ് സ്ഥാപിച്ചു. പരാതി പരിഹാര സംവിധാനത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും രജിസ്ടർ ചെയ്ത പൊതു പരാതികളുടെ പുരോഗതി ട്രാക്ക് ചെയ്യുന്നതിനും നിരീക്ഷണത്തിനുമുള്ള ഒരു സോഫ്റ്റ് വെയർ "അക്വാലൂം" ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്.
- **എഫ്.എഫ്.എ.എസ് (ഫ്ലോ ഫെയ്ലുവർ അലർട്ട് സിസ്റ്റം)** : പമ്പിംഗിൽ പ്രധാന തകരാർ സംഭവിക്കുമ്പോൾ ഉടനടി അറിയിപ്പ് നൽകുന്ന എഫ്.എഫ്.എ.എസ് (ഫ്ലോ ഫെയ്ലുവർ അലേർട്ട് സിസ്റ്റം) എന്ന ഒരു അലേർട്ട് സിസ്റ്റം രൂപകല്പന ചെയ്തിട്ടുണ്ട്. വടക്കൻ മേഖലകളിലെ ഏഴ് മലിനജല ശുദ്ധീകരണ പ്ലാന്റുകളിൽ ഈ സംവിധാനം നടപ്പിലാക്കുകയും ഇത് വളരെ വിജയകരമാണെന്ന് തെളിയിച്ചിട്ടുണ്ട്. തെക്കൻ, വടക്കൻ മേഖലകളിലെ മറ്റ് പ്രധാന ഡബ്ല്യൂ.ടി.പി കളിലേക്ക് ഇത് ക്രമേണ വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.
- **യന്ത്രവൽകൃത മാൻഹോൾ ക്ലീനിംഗ്** : കെ.ഡബ്ല്യൂ.എ ഇന്നൊവേഷൻ സോണിന് കീഴിൽ ജനറൽ റോബോട്ടിക്സ് ഇന്നൊവേഷൻ പ്രൈവറ്റ് ലിമിറ്റഡ് വികസിപ്പിച്ച ബാൻഡിക്കൂട്ട് റോബോട്ട് മാനുവൽ സ്കാവെഞ്ചിംഗ് ഇല്ലാതാക്കുന്നതിനുള്ള ഒരു സാങ്കേതിക വിദ്യയാണ്. നിലവിൽ തിരുവനന്തപുരത്തെ മലിനജല ഡിവിഷനു കീഴിലുള്ള മാൻഹോളുകൾ വൃത്തിയാക്കുന്നതിനുള്ള പൈലറ്റ് പദ്ധതിയിലാണ് ഇത് ഉപയോഗിക്കുന്നത്.
- **എനർജി മാനേജ്മെന്റും എനർജി ഓഡിറ്റും:** ആറ് ഹൈ ടെൻഷൻ (എച്ച്.ടി) കണക്ഷനുകളുടെ പൂർണ്ണ ഊർജ്ജ ഓഡിറ്റ് ഇതിനോടകം നടത്തുകയും അന്തിമ കണ്ടെത്തലുകൾ കെ.ഡബ്ല്യൂ.എ ക്ക് സമർപ്പിക്കുകയും ചെയ്തു.

*ഉറവിടം: കെ.ഡബ്ല്യൂ.എ*

**ബോക്സ് 11.4.4** പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിലെ ജലനിധി പദ്ധതിയുടെ നേട്ടങ്ങൾ

- 1.61 ലക്ഷം കുടുംബങ്ങൾക്ക് പ്രയോജനപ്പെടുന്ന ജലനിധി–2 പദ്ധതിക്ക് കീഴിൽ 811 ജലവിതരണ പദ്ധതികൾ കമ്മീഷൻ ചെയ്തു.
- 146 സിംഗിൾ ഗ്രാമപഞ്ചായത്ത് കെ.ഡബ്ല്യൂ.എ/ജിപി സ്കീമുകൾ പുനഃസ്ഥാപിക്കുകയും ജലനിധി –2 പദ്ധതിക്ക് കീഴിൽ പ്രവർത്തനത്തിനും പരിപാലനത്തിനുമായി ഗുണഭോക്തൃ ഗ്രൂപ്പിലേക്ക് കൈമാറി.
- 483 ഭൂഗർഭ ജലറീച്ചാർജ്ജ് (ജിഡബ്ല്യൂ.ആർ) ഘടനകൾ നിർമ്മിച്ചു.
- 2003 ശുചിത്വ ഘടനകൾ നിർമ്മിച്ചു.
- സുസ്ഥിരതാ പിന്തുണയുടെ കീഴിൽ ഓഗസ്റ്റ് 31, 2021 വരെ ഭാഗികമായോ പൂർണ്ണമായോ പ്രവർത്തനരഹിതമായ 448 സ്കീമുകൾ പ്രവർത്തനക്ഷമമായ സ്കീമുകളിലേക്ക് പുനഃസ്ഥാപിച്ചു. 604 പദ്ധതികളിൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്.
- ജൽ ജീവൻ മിഷന് (ജെ.ജെ.എം) കീഴിൽ ഓഗസ്റ്റ് 31, 2021 വരെ 9,625 പ്രവർത്തനക്ഷമമായ ഗാർഹിക ടാപ്പ് കണക്ഷനുകൾ (എഫ്.എച്ച്.ടി.സി) നൽകിയിട്ടുണ്ട്.
- റെയിൻ സെന്റർ പ്രവർത്തനങ്ങളുടെ ഭാഗമായി ഓഗസ്റ്റ് 31, 2021 വരെ 10,000 ലിറ്റർ ശേഷിയുള്ള 2,745 മഴവെള്ള സംഭരണ ഘടകങ്ങളും 2,471 തുറന്ന കിണർ റീചാർജ് സ്ട്രക്ചറുകളും പൂർത്തിയായി.
- 2017–18 ലെ (ഒക്ടോബർ, നവംബർ 2017) ഇന്ത്യയിലെ ലോക ബാങ്ക് സഹായത്തോടെയുള്ള പദ്ധതികളിൽ ഏറ്റവും മികച്ച ജല വിതരണ പദ്ധതിക്കുള്ള അവാർഡ് കെ.ആർ.ഡബ്ല്യൂ.എസ്.എ കരസ്ഥമാക്കി.
- പ്രോജക്ടിന്റെ തത്സമയ നിരീക്ഷണവും വിലയിരുത്തലും നൽകുന്നതിന് കെ.ആർ.ഡബ്ല്യൂ.എസ്.എ എം.ഐ.എസ് സിസ്റ്റത്തിന് സ്കോച്ച് അവാർഡ് ലഭിച്ചു. പദ്ധതിയിലെ കാലതാമസമോ തടസ്സങ്ങളോ ട്രാക്കുചെയ്യുന്നതിന് ഈ സംവിധാനം സഹായിച്ചിട്ടുണ്ട്.

*ഉറവിടം- കെ.ആർ.ഡബ്ല്യൂ.എസ്.എ.*

ശുചീകരണ പ്രവർത്തനങ്ങളുടെ ഒന്നും രണ്ടും ഘട്ടങ്ങളിലെ ജില്ല തിരിച്ചുള്ള നേട്ടങ്ങൾ കാണിക്കുന്നത് മലപ്പുറം ജില്ലയിൽ 26,385 മീറ്റർ ഡ്രെയിനേജ് കവറേജ് ഉണ്ടെന്നും ഇത് 14 ജില്ലകളിൽ ഏറ്റവും ഉയർന്നതാണെന്നും ആണ്. ആഗസ്റ്റ് 31, 2021 ലെ കണക്കനുസരിച്ച് ഏറ്റവും കൂടുതൽ ബയോഗ്യാസ് പ്ലാന്റുകൾ (557) കോട്ടയത്താണ് (**അനുബന്ധം 11.4.7**). ആഗസ്റ്റ് 31, 2021 വരെയുള്ള ഭൂഗർഭ ജലറീച്ചാർജ്ജ് (ജി ഡബ്ല്യൂ ആർ) ഘടനകളുടെ ഭൂരിഭാഗവും (988) കോട്ടയത്താണ്. അതുപോലെ കെ.ആർ.ഡബ്ല്യൂ.എസ്.എ സംസ്ഥാനത്ത് സ്ഥാപിച്ച മൊത്തം മഴവെള്ള സംഭരണ (ആർ. ഡബ്ല്യൂ.എച്ച്) ടാങ്കുകളുടെ എണ്ണം ആഗസ്റ്റ് 31, 2021 വരെ 32,466 ആണ്. ഇത് ഏറ്റവും കൂടുതൽ എണ്ണം (9,928) ഇടുക്കിയിലും ഏറ്റവും കുറവ് (251) വയനാട്ടുമാണ് **അനുബന്ധം 11.4.8**. കെ.ആർ.ഡബ്ല്യൂ.എസ്.എ യുടെ കണക്കനുസരിച്ച് ആഗസ്റ്റ് 31, 2021 പ്രകാരമുള്ള 5,883 പദ്ധതികളിൽ പ്രവർത്തനക്ഷമമായുള്ള 5,353 ചെറുകിട ജലവിതരണ പദ്ധതികളും 41 വൻകിട ജല വിതരണ പദ്ധതികളും ഇവയുടെ പരിധിയിൽ 4,56,304 കുടുംബങ്ങളെ ഉൾക്കൊള്ളുന്നതുമായ പദ്ധതികളാണിത് (**അനുബന്ധം 11.4.9**).

# 11.5 ഭവന നിർമ്മാണം

കഴിഞ്ഞ അഞ്ചു വർഷങ്ങളായി കേരള സർക്കാർ പാവങ്ങൾക്ക് വീട് നൽകുന്നതിലും, നിലവാരമുള്ള ഭവനങ്ങൾ ജനങ്ങൾക്ക് നൽകുന്നതിലും പ്രത്യേക ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. ഭവന നിർമ്മാണ മേഖല യിലെ പ്രധാന പരിപാടിയാണ് ലൈഫ് മിഷൻ. മറ്റ് ഏജൻസികൾ i) കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് ii) ഹൗസിംഗ് കമ്മീഷണറേറ്റ്/ടെക്നിക്കൽ സെൽ ഓഫ് ഹൗസിംഗ് iii) കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം iv) പൊതുമരാമത്ത് വകുപ്പ് എന്നിവയാണ്. കൂടാതെ പട്ടി കജാതി വികസന വകുപ്പ്, കുടുംബശ്രീ, ഗ്രാമവികസന കമ്മീഷണറേറ്റ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയും ഈ മേഖലയിൽ സജീവമായി പ്രവർത്തിക്കുന്നു.

### I. തദ്ദേശ സ്വയംഭരണ വകുപ്പ് (എൽ.എസ്.ജി.ഡി)–ഉപജീവനം, ഉൾച്ചേർക്കൽ, സാമ്പത്തിക ശാക്തീകരണ (ലൈഫ്) മിഷൻ

സംസ്ഥാനത്തെ ഭവനരഹിതരുടെ പ്രശ്നങ്ങൾ പരിഹ രിക്കുന്നതിനുള്ള ഒരു പ്രധാന പരിപാടിയായി 2016–ൽ കേരള സർക്കാർ ലൈഫ് മിഷൻ ആരംഭിച്ചു. അടിസ്ഥാന തലത്തിലെ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്നതി നായി ബഹുമുഖ സമീപനത്തിലൂടെ സമയബന്ധിതമായി നടപ്പിലാക്കുന്ന ഒരു പരിപാടിയായാണ് ഇത് വിഭാവനം ചെയ്തിരിക്കുന്നത്. സാമ്പത്തിക സ്വാശ്രയത്തിലേക്ക് നയി ക്കുകയും എല്ലാവരെയും ഉൾക്കൊള്ളുന്ന വികസനം ഉറപ്പാ ക്കുകയും ചെയ്യുന്നതിനായി നൈപുണ്യ വികസനത്തിലൂടെ സുസ്ഥിരമായ ഉപജീവനമാർഗം ലക്ഷ്യമിട്ടുള്ള സമഗ്രമായ പുനരധിവാസ പരിപാടിയ്ക്കൊപ്പം ഭവനരഹിത–ദരിദ്രർക്ക് മിഷൻ ഭവനം നൽകുന്നു, അപൂർണ്ണമായ വീടുകളുടെ പൂർത്തീകരണത്തിനു പുറമെ, ജീർണിച്ച വീടുകൾ പുനരു ദ്ധാരണം, സ്വന്തമായി ഭൂമിയുള്ളവർക്ക് വീട് നിർമ്മിക്കുന്ന തിന് സാമ്പത്തിക സഹായം നൽകുക, സംസ്ഥാനത്തെ ഭൂരഹിത–ഭവനരഹിതരായ ഗുണഭോക്താക്കളെ അപ്പാർ ട്ട്മെന്റ് സമുച്ചയങ്ങ ളിലാക്കി പുനരധിവസിപ്പിക്കുക എന്നി വയാണ് മിഷൻ ലക്ഷ്യം വയ്ക്കുന്നത്. പ്രാഥമിക ആരോഗ്യ സംരക്ഷണം, വയോജന പിന്തുണ, നൈപുണ്യ വികസനം, സാമ്പത്തിക സേവനങ്ങൾക്കുള്ള സംവിധാനങ്ങൾ എന്നിവ ഉൾപ്പെടെ നിരവധി സേവനങ്ങൾ ലൈഫ് സംയോജി പ്പിക്കുന്നു. തീരദേശവാസികൾ, തോട്ടം തൊഴിലാളികൾ, സർക്കാർ ഭൂമിയിൽ താത്കാലിക പാർപ്പിടങ്ങളിൽ കഴി യുന്നവർ എന്നിവരുൾപ്പെടെയുള്ള സമൂഹത്തിലെ ഏറ്റവും ദരിദ്രരായ വിഭാഗങ്ങൾക്കാണ് പദ്ധതിയിൽ പ്രഥമ പരിഗ ണന നൽകുന്നത്.

### ലൈഫ് മിഷന്റെ നേട്ടങ്ങൾ (02–11–2021)

ലൈഫ് മിഷന്റെ പ്രവർത്തനങ്ങൾ മൂന്ന് ഘട്ടങ്ങളായാ ണ് ക്രമീകരിച്ചിരിക്കുന്നത്. പൂർത്തിയാകാത്ത വീടുകളുടെ പൂർത്തീകരണമാണ് ആദ്യഘട്ടം ലക്ഷ്യമിട്ടത്. രണ്ടാം ഘട്ട ത്തിൽ സ്വന്തമായി ഭൂമിയുള്ളവർക്ക് വീട് നിർമിക്കുന്നതിനു ള്ള ധനസഹായം നൽകലും മൂന്നാം ഘട്ടത്തിൽ ഭൂരഹിതരും വീടില്ലാത്തവരുമായ ഗുണഭോക്താക്കളെ പുനരധിവസിപ്പി ക്കലും. 2021–22 ൽ അവസാനത്തോടെ ഒരു ലക്ഷത്തിലധി കം വീടുകൾ ഗുണഭോക്താക്കൾക്ക് നൽകാനാണ് ലൈഫ് മിഷൻ പദ്ധതി ലക്ഷ്യമിടുന്നത്. നവംബർ 2, 2021–ലെ കണക്കനുസരിച്ച് സംസ്ഥാനത്ത് ലൈഫ് മിഷൻ നിർമ്മിച്ച ആകെ വീടുകളുടെ എണ്ണം 2,76,009 ആണ്. വിശദാംശങ്ങൾ **പട്ടിക 11.5.1**–ൽ നൽകിയിരിക്കുന്നു.

ഭവനരഹിതരായ ഗുണഭോക്താക്കളെ ഭവന സമുച്ചയ ങ്ങളിൽ പുനരധിവസിപ്പിക്കാനാണ് മിഷൻ ലക്ഷ്യമിട്ടി ന്നത്. മൂന്നാം ഘട്ടത്തിലുള്ള എല്ലാ ഭവന സമുച്ചയങ്ങളും സമയവും അധ്വാനവും ലാഭിക്കുന്നതിനായി പ്രീഫാബ് സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മിക്കും. ലൈഫ് ഗുണഭോക്താക്കൾ അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നങ്ങളിലൊന്ന് വീടുകളുടെ നിർമ്മാണ സാമഗ്രികളുടെ ഉയർന്ന വിലയാണ്. ആവർത്തിച്ചു ള്ള വെള്ളപ്പൊക്കത്തിന്റെയും ഉരുൾപൊട്ടലിന്റെയും പശ്ചാത്തലത്തിൽ, ഭവനരഹിതർക്കുള്ള ഭവനം സുസ്ഥി രവും പരിസ്ഥിതി സൗഹൃദവുമായ നിർമ്മാണത്തിലൂടെ അതിവേഗം ട്രാക്ക് ചെയ്യാൻ മിഷൻ തയ്യാറാണ്. ഘട നാപരമായ പ്രകടനത്തിൽ വിട്ടുവീഴ്ച ചെയ്യാത്ത സുസ്ഥി രതയും വേഗതയും സുരക്ഷയും മിഷൻ അവലംബിക്കുന്ന സാങ്കേതികവിദ്യകളുടെ മുഖമുദ്രയായിരിക്കും.

പ്രധാൻ മന്ത്രി ആവാസ് യോജന (പി.എം.എ.വൈ) എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം, വീട് നിർമ്മാണത്തിനു ള്ള യൂണിറ്റ് സഹായം ഗ്രാമപ്രദേശങ്ങൾക്ക് 72,000 രൂപയും നഗരപ്രദേശങ്ങൾക്ക് 1.5 ലക്ഷം രൂപയുമാണ്. ലൈഫ് മിഷനുമായി സംയോജിപ്പിച്ചാണ് പ്രധാനമന്ത്രി ആവാസ് യോജന (അർബൻ) സംസ്ഥാനത്ത് നടപ്പാക്കുന്നത്. പദ്ധതി പ്രകാരം, കേന്ദ്ര വിഹിതം 1.5 ലക്ഷം രൂപയും ബാക്കി 2.5 ലക്ഷം രൂപയുമാണ് (ഇതിൽ സംസ്ഥാന വിഹിതം 50,000 രൂപയും നഗര തദ്ദേശഭരണ സ്ഥാപന വിഹിതം 2 ലക്ഷം രൂപയും ആണ്). പി.എം.എ.വൈ (അർബൻ) പദ്ധതിയിലൂടെ 70454 വീടുകൾ 2021 വരെ പൂർത്തിയാക്കി **(പട്ടിക 11.5.1 കാണുക)**.

### II. കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്

കേരള സർക്കാരിന്റെ കീഴിലുള്ള ഭവന നിർമ്മാണ മേഖ ലയിലെ പ്രധാന നിർവ്വഹണ ഏജൻസികളി ലൊന്നായ കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് (കെഎസ്എച്ച്ബി) ഭവന നിർമ്മാണത്തിനുള്ള വായ്പാ സഹായത്തിന് പുറമെ പൊതു ഭവന പദ്ധതികളിലൂടെ അർഹരായ ഗുണഭോക്താക്കൾക്ക് പാർപ്പിട സൗകര്യങ്ങൾ നൽകുന്നു ണ്ട്. 2020–21 ൽ ആകെ 25 വീടുകളും ഓഗസ്റ്റ് 31, 2021 വരെ 9 വീടുകളും കെ.എസ്.എച്ച്.ബിയുടെ വിവിധ ഭവന പദ്ധതികളിലൂടെ നിർമ്മിച്ചു. ഗൃഹശ്രീ ഭവന പദ്ധതി പ്രകാരം 2017–18 മുതൽ 2021–22 വരെ (ഓഗസ്റ്റ് 31, 2021 വരെ) ആകെ 905 വീടുകൾ നിർമ്മിച്ചു. കെ.എസ്.എച്ച്.ബി 2021 മാർച്ച് 31 വരെ 12 വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ നിർമ്മിച്ചു. 2020–21 ൽ തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ ഉടമസ്ഥതയിലുള്ള 50 സെന്റ് സ്ഥലത്ത് 75 കിടക്കകളുള്ള ഇരുനില കെട്ടിടം ആശ്വാസ് വാടക ഭവനം പദ്ധതിയിൽ നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ചു.

**പട്ടിക 11.5.1** ലൈഫ് മിഷൻ നിർമ്മിച്ച വീടുകളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ

| ജില്ല | ഒന്നാം ഘട്ടം | രണ്ടാം ഘട്ടം | മൂന്നാം ഘട്ടം | പി.എം.എ.വൈ (അർബൻ) | പി.എം.എ.വൈ (റൂറൽ) | പട്ടികജാതി വകുപ്പ് | പട്ടികവർഗ്ഗ വകുപ്പ് | ഫിഷറീസ് വകുപ്പ് | ന്യൂനപക്ഷ വകുപ്പ് | അഡീഷണൽ ലിസ്റ്റ് (ഭൂമിയുള്ള ഭവന രഹിതർ | ആകെ |
|---|---|---|---|---|---|---|---|---|---|---|---|
| തിരുവനന്തപുരം | 6049 | 15170 | 624 | 10437 | 3077 | 2384 | 3 | 1617 | 152 | 50 | 39563 |
| കൊല്ലം | 3617 | 8440 | 1058 | 5555 | 1477 | 1956 | 3 | 770 | 107 | 18 | 23001 |
| പത്തനംതിട്ട | 1176 | 1987 | 438 | 1403 | 800 | 1248 | 7 | 10 | 75 | 106 | 7250 |
| ആലപ്പുഴ | 2728 | 9203 | 386 | 4343 | 796 | 1278 | 10 | 607 | 193 | 204 | 19748 |
| കോട്ടയം | 1102 | 4222 | 777 | 2050 | 617 | 1240 | 42 | 79 | 81 | 171 | 10381 |
| ഇടുക്കി | 3129 | 9989 | 1261 | 1722 | 783 | 1227 | 114 | 15 | 97 | 48 | 18385 |
| എറണാകുളം | 1059 | 5411 | 906 | 9147 | 799 | 1944 | 53 | 329 | 79 | 178 | 19905 |
| തൃശ്ശൂർ | 2997 | 4939 | 729 | 6984 | 1666 | 2228 | 22 | 117 | 118 | 163 | 19963 |
| പാലക്കാട് | 7611 | 11936 | 517 | 5737 | 2149 | 2763 | 493 | 14 | 127 | 32 | 31379 |
| മലപ്പുറം | 2729 | 6232 | 863 | 9265 | 2436 | 2553 | 29 | 481 | 678 | 16 | 25282 |
| കോഴിക്കോട് | 6483 | 4924 | 266 | 5541 | 1212 | 1311 | 12 | 345 | 124 | 204 | 20422 |
| വയനാട് | 8440 | 3680 | 356 | 2513 | 934 | 1073 | 1716 | 0 | 218 | 30 | 18960 |
| കണ്ണൂർ | 2644 | 2396 | 252 | 4113 | 708 | 777 | 345 | 212 | 176 | 174 | 11797 |
| കാസർഗോഡ് | 2871 | 3450 | 425 | 1644 | 639 | 623 | 50 | 122 | 138 | 11 | 9973 |
| ആകെ | 52635 | 91979 | 8858 | 70454 | 18093 | 22605 | 2899 | 4718 | 2363 | 1405 | 276009 |

അവലംബം : ലൈഫ് മിഷൻ
നോട്ട്: നവംബർ 2, 2021-ലെ ഡാറ്റ

## III. ഹൗസിംഗ് കമ്മീഷണറേറ്റ് (ഹൗസിംഗിന്റെ ടെക്നിക്കൽ സെൽ)

ഹൗസിംഗ് മേഖലയിലെ പ്രവർത്തനങ്ങളിൽ സാങ്കേതിക മികവ്, ആസൂത്രണം, ഏകോപനം എന്നിവ കൈവരിക്കുക എന്ന ലക്ഷ്യത്തോടെ 1980 ലാണ് ഹൗസിംഗ് കമ്മീഷണറേറ്റ് രൂപീകരിച്ചത്. ഈ ഓഫീസ്, ഭവന നിർമ്മാണ മേഖലയിലെ വിവിധ ഏജൻസികളുടെ നയ രൂപീകരണം, സാങ്കേതിക സഹായം എന്നിവയിൽ ഏർപ്പെട്ടിരിക്കുന്നു, നൂതന ഭവന സാങ്കേതികവിദ്യകളെക്കുറിച്ച് അവബോധം, ഭവന നിർമ്മാണത്തെക്കുറിച്ചുള്ള വിവരശേഖരണം അതിന്റെ വ്യാഖ്യാനവും ഭവന നിർമ്മാണ മേഖലയിലെ തീരുമാന മെടുക്കൽ പ്രക്രിയ സുഗമമാക്കൽ എന്നിവയിലും സജീവമായി ഏർപ്പെട്ടിരിക്കുന്നു. 2020–21–ൽ 'നൂതന നിർമ്മാണ സാങ്കേതികവിദ്യയുടെയും ഭവന സാക്ഷരതാ പരിപാടിയുടെയും പ്രോത്സാഹനം' (Promotion of Innovative Building Technology and Housing Literacy Programme) എന്ന പദ്ധതിക്ക് കീഴിൽ ദുരന്ത നിവാരണ കെട്ടിട നിർമ്മാണ സാങ്കേതികവിദ്യകളെക്കുറിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ സാങ്കേതിക ലഘുലേഖകൾ കേരള സംസ്ഥാന ദുരന്ത നിവാരണ നിർവഹണ അതോറിറ്റിയുടെ (കെ.എസ്.ഡി.എം.എ) സഹകരണത്തോടെ തയ്യാറാക്കി സി–ആപ്റ്റ് അച്ചടിച്ചു.

## IV. കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം

കേരള സർക്കാരിന്റെ ഭവന വകുപ്പിന് കീഴിലുള്ള ഒരു അംഗീകൃത ഏജൻസിയാണ് കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം (KESNIK). കെസ്നിക്–ന്റ നേതൃത്വത്തിൽ കാട്ടാക്കടയിൽ 30 പാർപ്പിട യൂണിറ്റുകൾ അടങ്ങുന്ന ഒരു മാതൃകാ സുസ്ഥിര ഗ്രാമത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നു. 2020–21–ൽ, കെസ്നിക് നിർമ്മാണ മേഖലയിൽ നൈപുണ്യ വികസനം നൽകുന്നതിന് നൈപുണ്യ പരിശീലനം നടത്തി 281 ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിച്ചു. 2020–21–ൽ സുസ്ഥിര ആവാസ സാങ്കേതികവിദ്യയെക്കുറിച്ചുള്ള ഒരു കൈപ്പുസ്തകം പ്രസിദ്ധീകരിച്ചു. സിവിൽ, ആർക്കിടെക്ചർ എൻജിനീയറിങ് ബിരുദധാരികളെ നല്ല പ്രൊഫഷണലുകളാക്കാനായി തിരുവനന്തപുരത്തും എറണാകുളത്തും ഫിനിഷിംഗ് സ്കൂളിൽ 3 കോഴ്സുകൾ നടത്താൻ കെസ്നിക് 2021–22–ൽ നിർദ്ദേശിച്ചിരുന്നു.

## V. കുടുംബശ്രീയുടെ കീഴിലുള്ള ഭവന പദ്ധതികൾ

കേന്ദ്ര–സംസ്ഥാന സർക്കാരുകളും മുനിസിപ്പാലിറ്റികളും സംയുക്തമായി നടപ്പാക്കുന്ന പ്രധാൻ മന്ത്രി ആവാസ് യോജന (പിഎംഎവൈ–യു) പദ്ധതിയുടെ സംസ്ഥാനതല നോഡൽ ഏജൻസിയാണ് കുടുംബശ്രീ. '2022–ഓടെ എല്ലാവർക്കും വീട്' എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന കേന്ദ്ര–സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമാണ് പ്രധാൻ മന്ത്രി ആവാസ് യോജന (പിഎംഎവൈ–യു). അഫോർഡബിൾ ഹൗസിങ് പദ്ധതി പ്രകാരം, ലൈഫ് മിഷനുമായി സഹകരിച്ച് ഭൂരഹിതർക്കായി 774 ഭവന യൂണിറ്റുകൾക്ക് അനുമതി നൽകി. അയ്യങ്കാളി അർബൻ എംപ്ലോയ്മെന്റ് സ്കീമിന്റെ സഹകരണത്തോടെ പിഎംഎവൈ (യു) വഴി ലൈഫ് ഗുണഭോക്താക്കൾക്ക് 18,28,305 തൊഴിൽ

ദിനങ്ങൾ നൽകി. 63,449 വീടുകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കി.

### VI. ഗ്രാമ വികസന കമ്മീഷണറേറ്റ്

സുസ്ഥിര സാമ്പത്തിക പ്രവർത്തനങ്ങൾ, പാർപ്പിടം, ശുചിത്വം, ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ, കണക്റ്റിവിറ്റി തുടങ്ങിയ വിഷയങ്ങളിൽ ഗ്രാമീണ മേഖലയിലെ ജനങ്ങളുടെ ആവശ്യങ്ങൾ പരിഹരിക്കുന്നതിലാണ് ഗ്രാമീണ വികസന വകുപ്പ് പ്രാഥമികമായി ശ്രദ്ധിക്കുന്നത്. പ്രധാൻ മന്ത്രി ആവാസ് യോജന-(ഗ്രാമീൺ) (ഗ്രാമവികസന വകുപ്പാണ്) ഭവന പദ്ധതി നടപ്പിലാക്കുന്നത്. പിഎംഎവൈ-ജി 2022-ഓടെ ഗ്രാമപ്രദേശത്തിലെ വീടില്ലാത്ത എല്ലാ കുടുംബങ്ങൾക്കും ഉറപ്പില്ലാത്ത ജീർണിച്ച വീടുകളിൽ താമസിക്കുന്നവർക്കും അവശ്യ സൗകര്യങ്ങളുള്ള വീട് നൽകാനാണ് ലക്ഷ്യമിടുന്നത്. 2020-21 ൽ പിഎംഎവൈ പദ്ധതിയുടെ (സ്പിൽ ഓവർ ഉൾപ്പെടെ) ഭൗതിക നേട്ടം 711 വീടുകളാണ്. ഇതിൽ 217 വീടുകൾ എസ്.സി വിഭാഗത്തിലും 49 എണ്ണം എസ്.ടിക്കും 197 ന്യൂനപക്ഷങ്ങൾക്കും 248 വീടുകൾ മറ്റ് വിഭാഗക്കാർക്കും ഉള്ളതാണ്.

### VII. ഫിഷറീസ് വകുപ്പ്

കേരള സർക്കാരിന്റെ ഫിഷറീസ് വകുപ്പിന്റെ ലക്ഷ്യം മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ദീർഘകാല വികസനത്തിന് ക്ഷേമ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക എന്നതാണ്. മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യവികസനത്തിനും മാനവിക വികസനത്തിനുമായി ഭവന പദ്ധതിയുടെ കീഴിൽ 2016-ൽ 100.00 കോടി രൂപ അനുവദിച്ചു. 50 മീറ്റർ ഹൈ ടൈഡ് ലൈനിനുള്ളിൽ (എച്ച്ടിഎൽ) താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ പുനരധിവാസ പദ്ധതി നടപ്പാക്കുന്നതിന് 2019-ൽ സർക്കാർ അനുമതി നൽകി. മൊത്തം പദ്ധതിച്ചെലവ് 2450.00 കോടി രൂപ, അതിൽ 1398.00 കോടി രൂപ സി.എം.ഡി.ആർ.എഫ് ൽ നിന്നും ബാക്കി 1052.00 കോടി രൂപ ഫിഷറീസ് വകുപ്പിന്റെ ബജറ്റ് വിഹിതത്തിൽ നിന്നും കണ്ടെത്തണം. 'പുനർഗേഹം' എന്ന പദ്ധതി മൂന്ന് ഘട്ടങ്ങളിലായാണ് ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്നത്. പദ്ധതിയുടെ ആദ്യഘട്ടത്തിന് 998.61 കോടി രൂപയും രണ്ടാം ഘട്ടത്തിന് 796.54 കോടിയും രൂപയും മൂന്നാം ഘട്ടത്തിന് 654.85 കോടി രൂപയുമാണ്. ആദ്യ ഘട്ടത്തിൽ 8487 കുടുംബങ്ങളെയും, രണ്ട്, മൂന്ന് ഘട്ടത്തിലോരോന്നിലും 5099 കുടുംബങ്ങളെയും പുനരധിവസിപ്പിക്കാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. സംസ്ഥാനത്തെ 14 ജില്ലകളിലും മത്സ്യത്തൊഴിലാളി കൾക്ക് ഭവന പദ്ധതികൾ ലൈഫ് മിഷൻ നടപ്പിലാക്കുന്നു. മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കായി ലൈഫ് മിഷൻ നവംബർ 2, 2021 വരെ നിർമ്മിച്ച വീടുകളുടെ ആകെ എണ്ണം 4718 ആണ് **(പട്ടിക 11.5.1 കാണുക).**

### VIII. പട്ടികജാതി വികസന വകുപ്പ്

ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് സംസ്ഥാന സർക്കാർ ധനസഹായം നൽകുന്നു. പട്ടികജാതി വികസന വകുപ്പിന്റെ കണക്ക് പ്രകാരം 1,00,475 പട്ടികജാതിക്കാർ ഭൂരഹിതരാണ്. ഇതിൽ 2020-21 ൽ 3507 കുടുംബങ്ങൾക്ക് ഈ പദ്ധതി പ്രകാരം സഹായം ലഭിക്കും. ബജറ്റ് വിഹിതമായ 185.00 കോടിയിൽ 140.79 കോടി (76.10 ശതമാനം) നവംബർ 2, 2020-21 ൽ ചെലവഴിച്ചു. നവംബർ 2, 2021 വരെ പട്ടികജാതി വിഭാഗത്തിനായി ലൈഫ് മിഷൻ 22,605 വീടുകൾ നിർമ്മിച്ചു. **(പട്ടിക 11.5.1 കാണുക).**

### IX. പട്ടികവർഗ്ഗ വികസന വകുപ്പ്

പട്ടികവർഗ്ഗ വികസന വകുപ്പ് 2020-21-ൽ നടത്തിയ പട്ടികവർഗ്ഗ കുടുംബങ്ങളുടെ സോഷ്യോ ഇക്കണോമിക് ഇ-സർവേ പ്രകാരം ഭൂമിയുള്ള 16,070 പട്ടികവർഗ്ഗ കുടുംബങ്ങൾ ഭവനരഹിതരും 7,930 പട്ടികവർഗ്ഗ കുടുംബങ്ങൾ ഭൂരഹിതരുമാണെന്ന് കണക്കാക്കപ്പെടുന്നു. 2020-21-ൽ ഭവന പദ്ധതികൾക്കായി പട്ടികവർഗ്ഗ വികസന വകുപ്പിന് ബജറ്റിൽ വകയിരുത്തിയ 5,720 ലക്ഷം രൂപയിൽ 6,163.54 ലക്ഷം രൂപ (107.75%) ചെലവഴിച്ചു. 2017-18 മുതൽ ലൈഫ് മിഷൻ ഭവന പദ്ധതി വഴി നവംബർ 2, 2021 വരെ 2,899 വീടുകളാണ് ലൈഫ് മിഷൻ എസ്.ടി വിഭാഗത്തിനായി നിർമ്മിച്ചു നൽകിയത്.

### X. കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ

കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ ലിമിറ്റഡ് അതിന്റെ കീഴിലുള്ള സംസ്ഥാനത്തെ പ്രാഥമിക സഹകരണ ഹൗസിംഗ് സൊസൈറ്റികൾക്ക് അതിലെ അംഗങ്ങൾക്ക് എളുപ്പത്തിൽ തിരിച്ചടവ് വ്യവസ്ഥകളിൽ സാധ്യമായ ഏറ്റവും കുറഞ്ഞ ചെലവിൽ വീടുകൾ നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നതിനുള്ള അപ്പക്സ് ബോഡിയാണ്. ഫെഡറേഷന്റെ ഫണ്ടുകളുടെ പ്രധാന സ്രോതസ്സുകൾ അംഗ സംഘങ്ങളിൽ നിന്നും, സംസ്ഥാന സർക്കാരിൽ നിന്നുമുള്ള ഓഹരി മൂലധന സംഭാവനയും എൽഐസി, നാഷണൽ ഹൗസിംഗ് ബാങ്ക്, മറ്റ് വാണിജ്യ ബാങ്കുകൾ എന്നിവയിൽ നിന്നുള്ള വായ്പയുമാണ്. കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗത്തിന് (EWS), മധ്യവർഗ്ഗ വിഭാഗം (MIG) കൂടാതെ അറ്റകുറ്റപ്പണികൾക്കുമായി ഭവനവായ്പ നൽകി വരുന്നു. 2016-17 മുതൽ 2021-22 വരെയുള്ള കാലയളവിൽ 8,574.00 ലക്ഷം രൂപ കെ.എസ്.സി.എച്ച്.എഫ് ഭവന വായ്പയായി വിതരണം ചെയ്തു. വിശദാംശങ്ങൾ **അനുബന്ധം 11.5.2**-ൽ നൽകിയിരിക്കുന്നു.

### XI. ഹൗസിംഗ് ഫിനാൻസ്

ദീർഘകാലാടിസ്ഥാനത്തിൽ താങ്ങാനാവുന്ന (affordable) ഭവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള ഒരു നിർണായക മാർഗമാണ് വീട് നിർമ്മാണത്തിനുള്ള ധനസഹായം. ബാങ്കുകളിൽ നിന്നുള്ള വായ്പകൾ, സബ്സിഡികൾ, കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നുള്ള ഗ്രാന്റുകൾ, സംസ്ഥാന പദ്ധതികൾ, പഞ്ചായത്തുകളുടെ സ്വന്തം ഫണ്ട്, പ്രാദേശിക സർക്കാർ വിഹിതം, വായ്പകൾ എന്നിവ ഭവനനിർമ്മാണത്തിനുള്ള ധനത്തിൽ ഉൾപ്പെടുന്നു. ആർബിഐ നിയമങ്ങൾക്ക് കീഴിൽ വരുന്ന എല്ലാ പ്രധാന ഷെഡ്യൂൾഡ് ബാങ്കുകളും വിവിധ ബാങ്ക് സ്കീമുകളിലൂടെ ഭവനവായ്പ നൽകി വരുന്നു. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗം, താഴ്ന്ന വരുമാനക്കാർ, ഇടത്തരം വരുമാനക്കാർ, ഉയർന്ന വരുമാനക്കാർ എന്നിവർക്ക് സർക്കാരിന്റെ വിവിധ ഭവന പദ്ധതികളിലൂടെ ബാങ്കുകൾ വായ്പ വാഗ്ദാനം ചെയ്യുന്നു. ദേശസാൽകൃത ബാങ്കുകൾ, കേരള ഗ്രാമീൺ ബാങ്ക്, സ്വകാര്യ മേഖലയിലെ വാണിജ്യ ബാങ്കുകൾ, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കുകൾ, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് അഗ്രികൾച്ചർ ആൻഡ് റൂറൽ ഡെവലപ്മെന്റ് ബാങ്ക് ലിമിറ്റഡ് (കെ.എസ്.സി.ആർ.ഡി), ചെറുകിട ധനകാര്യ ബാങ്കുകളായ ഹൗസ്ഫെഡ്, ഹഡ്കോ, എച്ച്.ഡി.എഫ്.സി എന്നിവയാണ് സംസ്ഥാനത്തെ സർക്കാർ ഏജൻസികൾക്കൊപ്പം വീട് നിർമ്മാണ

ത്തിന് വായ്പ നൽകുന്ന ധനകാര്യ സ്ഥാപനങ്ങൾ. ഇന്ത്യ ഗവണ്മെന്റ്, റിസർവ് ബാങ്ക് ഓഫ് ഇന്ത്യ എന്നിവയുടെ പ്രഖ്യാപനങ്ങൾ ക്കനുസരിച്ച് ഭവന വായ്പകളുടെ പലിശ നിരക്കുകൾ മാറുന്നു. ഓഗസ്റ്റ് 31, 2021 വരെയുള്ള വിവിധ ധനകാര്യ സ്ഥാപനങ്ങളുടെ ഭവന വായ്പകളുടെ പലിശ നിരക്ക് **അനുബന്ധം 11.5.3**–ൽ നൽകിയിരിക്കുന്നു.

## പ്രശ്നങ്ങൾ, വെല്ലുവിളികൾ, മുന്നോട്ടുള്ള വഴികൾ

സോഷ്യൽ ഹൗസിംഗ് രംഗത്ത് നിരവധി ഏജൻസികൾ നിലവിലുണ്ടെങ്കിലും ലൈഫ് മിഷൻ സംസ്ഥാന വ്യാപക മായി വീടില്ലാത്തവരിൽ നിന്നും അപേക്ഷ ക്ഷണിച്ചതിൽ 9,20,260 കുടുംബങ്ങൾ അപേക്ഷിക്കുകയും ഇതിന്റെ വെരി ഫിക്കേഷൻ നടപടികൾ പൂർത്തീകരണ ഘട്ടത്തിലുമാണ്. സംസ്ഥാനത്ത് ഭൂരഹിതരായ ഭവനരഹിതർ വളരെയേ റെയുണ്ട്. അതിൽ അതീവ ദരിദ്രരായി കണക്കാക്കപ്പെ ടുന്നതും സ്വന്തമായി വീട് വാങ്ങാൻ കഴിവില്ലാത്തവരും വളരെയധികം ആണ്. ഇതിൽ പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗക്കാരും മത്സ്യത്തൊഴിലാളികളും കുടിയേറ്റക്കാരും ഉൾപ്പെടുന്നു. ഇതുകൂടാതെ, വലിയ സാമ്പത്തിക അസമത്വ ങ്ങൾ ഈ മേഖലയിൽ നിലവിലുണ്ട്. സ്വകാര്യമേഖലയിൽ പാർപ്പിടത്തിനായി വൻ നിക്ഷേപങ്ങൾ ഉള്ളപ്പോൾ തന്നെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഭവന നിർമ്മാണത്തിന് താരതമ്യേന കുറഞ്ഞ നിക്ഷേപം ആണുള്ളത്. ചേരിപ്രദേശ ത്ത് താമസിക്കുന്നവരുടെ പുനരധിവാസമാണ് മറ്റൊരു പ്രശ്നം. കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരുകളും ചേരി വികസനത്തിനായി വിവിധ പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്.

നിർമ്മാണ ചെലവ് കുറയ്ക്കാൻ വേണ്ടി തദ്ദേശീയ സാങ്കേ തികവിദ്യകളുടെയും പ്രീഫാബ് അടിസ്ഥാനപ്പെടുത്തിയ നിർമ്മാണത്തിന്റെയും യുക്തിപൂർവ്വമായ ഉപയോഗം നടപ്പിലാക്കുവാൻ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. ഇങ്ങ നെയുള്ള നിർമ്മാണം ചെലവ് കുറഞ്ഞതും പരിസ്ഥിതി സൗഹാർദ്ദവുമായിരിക്കണം. ആയതിനാൽ, കാലാവസ്ഥ യെ പ്രതിരോധിക്കുന്ന ഭവന നയം അടിയന്തരമായി ആവ ശ്യമാണ്. പ്രകൃതി വിഭവങ്ങളുടെ ദുരുപയോഗം തടയുന്നതി ന് സംസ്ഥാനത്തെ ഭവന മേഖലയെ നിയന്ത്രിക്കേണ്ടത് ആവശ്യമാണ്. കേരളത്തിലെ ഭൂരഹിതരായ ഭവനരഹി തർക്ക് സുരക്ഷിതവും സുദൃഢവുമായ പാർപ്പിടം ഒരുക്കുക എന്നതാണ് സംസ്ഥാനത്തിന്റെ ലക്ഷ്യം. മാന്യമായി ജീവിക്കുവാനുള്ള അവകാശം അംഗീകരിക്കുകയും ചോദന അടിസ്ഥാനമാക്കിയുള്ള സമീപനം സ്വീകരിക്കുകയും ചെയ്യണം. ഇത് നിർമ്മാണത്തിന്റെയും ചെലവ് കുറഞ്ഞ രീതികളുടെയും ഗുണനിലവാരമുള്ള സേവനങ്ങളുടെയും സംയോജിപ്പിക്കുന്നതിലൂടെ സാധ്യമാണ്.

# 11.6 നവകേരള നിർമ്മാണം

2018 ലും 2019 ലും കേരളം തുടർച്ചയായി രണ്ട് അതിശക്തമായ മഴക്കെടുതികൾ നേരിട്ടു. ഇത് വെള്ളപ്പൊക്കത്തിനും മണ്ണിടിച്ചിലിനും കാരണമാകുകയും, തന്മൂലം സംസ്ഥാനത്തിന്റെ ഭൗതിക അടിസ്ഥാന സൗകര്യങ്ങൾക്ക് വ്യാപക നഷ്ടം ഉണ്ടാക്കുകയും, ജീവനും ജീവനോപാധികളും നഷ്ടപ്പെടുന്നതിനും ഇടയാക്കുകയുണ്ടായി. ദുരന്ത പ്രതിരോധശേഷിയുള്ള കേരളം പുനഃസ്ഥാപിക്കുന്നതിനായി കേരള സർക്കാർ കേരള പുനർ നിർമ്മാണ പദ്ധതി (ആർ.കെ.ഐ) ആരംഭിച്ചു. ഭാവിയിൽ പ്രളയ ദുരന്തത്തെ നേരിടാൻ പറ്റിയ തരത്തിൽ പുനഃസംഘടിപ്പിക്കുന്ന ആസ്തികൾക്ക് ഉയർന്ന നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും പാരിസ്ഥിതികവും സാങ്കേതികവുമായ സുരക്ഷാസംവിധാനങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനും സംസ്ഥാനത്തെ ജനങ്ങളുടെ ജീവിതത്തിലും ഉപജീവന മാർഗത്തിലും പ്രകടമായ മാറ്റം കൊണ്ടുവരാനുമാണ് ഈ സംരംഭം ഉദ്ദേശിക്കുന്നത്.

ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം, നഗര കേന്ദ്രീകരണം, റോഡുകൾ, പാലങ്ങൾ, ഗതാഗതം, വനം, കൃഷി, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മത്സ്യബന്ധനം, ഉപജീവനമാർഗ്ഗം, ഭൂവികസനം എന്നിവയാണ് ആർ.കെ.ഐ യുടെ പ്രധാന മേഖലകൾ. ഈ പ്രധാന മേഖലകൾക്ക് പുറമേ ഡിസാസ്റ്റർ റിസ്ക് മാനേജ്മെന്റും പ്രതിരോധവും, പരിസ്ഥിതിയും കാലാവസ്ഥ വ്യതിയാനവും, സ്ഥാപനങ്ങളുടെ കാര്യക്ഷമതയും ശക്തിപ്പെടുത്തലും, ഓപ്പൺ ഡേറ്റ എന്നീ നാല് ക്രോസ് കട്ടിംഗ് സെക്ടറുകളും ഉണ്ട്.

### റിബിൽഡ് കേരള ഡവലപ്പ്മെന്റ് പ്രോഗ്രാമിന്റെ (ആർ.കെ.ഡി.പി) ധന സ്രോതസ്സുകൾ

ആർ.കെ.ഐ യുടെ കീഴിലുള്ള പദ്ധതികൾ സുഗമമായും സമയബന്ധിതവുമായി നടപ്പിലാക്കുന്നതിനായി സംസ്ഥാന സർക്കാർ 2019–20 ലും, 2020–21 ലും, 1,000 കോടി രൂപ വീതവും, 2021–22–ൽ 1,830 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. വിവിധ വകുപ്പുകളുടെ/നിർവ്വഹണ ഏജൻസികളുടെ ആവശ്യാനുസരണം തുക വിതരണം ചെയ്തു വരുന്നു.

### ലോക ബാങ്കിന്റെ വികസന നയ വായ്പ (ഡി.പി. എൽ)

കേരളത്തിന്റെ പുനർ നിർമ്മാണ പദ്ധതിക്കായി ലോക ബാങ്ക് ധനസഹായം വാഗ്ദാനം ചെയ്തിട്ടുണ്ട്. രണ്ട് ഡെവലപ്മെന്റ് പോളിസി ഓപ്പറേഷനുകൾ (ഡി.പി.ഒ) വഴിയാണ് ലോകബാങ്ക് ധനസഹായം നൽകുന്നത്. വായ്പ സ്വീകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനം ചില മുന്നൊരുക്കങ്ങൾ താഴെ **പട്ടിക 11.6.1**–ൽ കൊടുത്തിട്ടുള്ളത് പ്രകാരം സ്വീകരിച്ചിട്ടുണ്ട്.

ഡി.പി.ഒ–1 ന് കീഴിൽ ആദ്യ ഗഡു വായ്പ ലഭിക്കുന്നതിനുള്ള മുന്നൊരുക്ക നടപടികൾ വിവിധ വകുപ്പുകൾ പൂർത്തിയാക്കുകയും ലോകബാങ്ക് ഡി.പി.എൽ അംഗീകരിക്കുകയും, 2019 ൽ 250 മില്യൺ യു.എസ് ഡോളർ അനുവദിക്കുകയും ഉണ്ടായി. ഈ മുന്നൊരുക്ക നടപടികൾ കേരളത്തിന്റെ തന്ത്രപരമായ മേഖലകളിൽ സ്വാധീനം ചെലുത്തുന്ന നയപരമായ പ്രവർത്തനങ്ങളെ കൂടുതൽ ശക്തമാക്കുന്നതും സമഗ്ര നദീതട പരിപാലനം, സുസ്ഥിരവും കാലാവസ്ഥയെ

**പട്ടിക 11.6.1** വികസന നയ പ്രവർത്തനങ്ങൾ (ഡി.പി.ഒ) –1–മുന്നൊരുക്ക പ്രവർത്തനങ്ങൾ

- സമഗ്ര പങ്കാളിത്ത സമീപനത്തോടെ എല്ലാവരെയും ഉൾപ്പെടുത്തിക്കൊണ്ട് ദുരന്തത്തെ പ്രതിരോധിക്കുന്നതിനും കാലാവസ്ഥയെ നേരിടുന്നതിനുമുള്ള പ്രതിരോധപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുമായി റീ ബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാം (ആർ.കെ.ഡി.പി) ഏറ്റെടുത്തു.
- പ്രതിരോധശേഷിയോടെയുള്ള വീണ്ടെടുക്കൽ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്നതിനായി പുതിയ വെള്ളപ്പൊക്ക സെസ്സ് ഏർപ്പെടുത്തി.
- വിവിധ വകുപ്പുകൾക്ക് അടിയന്തിര ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള തയ്യാറെടുപ്പുകൾക്കായി പുതിയ പ്രോട്ടോകോൾ രൂപീകരിച്ചു.
- റിവർ ബേസിൻ കൺസർവേഷൻ ആൻഡ് മാനേജ്മെന്റ് അതോറിറ്റി സ്ഥാപിക്കുന്നതിനായി റിവർ ബേസിൻ കൺസർവേഷൻ & മാനേജ്മെന്റ് അതോറിറ്റി നിയമത്തിന്റെ കരട് തയ്യാറാക്കുന്നതിനുള്ള സംസ്ഥാനതല കമ്മിറ്റി രൂപീകരിച്ചു.
- അഞ്ച് കാർഷിക പാരിസ്ഥിതിക മേഖലകൾ കണ്ടെത്തുകയും അതോടൊപ്പം കൃഷി വകുപ്പിനെ പുനസംഘടിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചു.
- മുഖ്യ റോഡ് ശൃംഖല കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ രൂപീകരിക്കുകയും റോഡ് ശൃംഖലയുടെ സുസ്ഥിര രൂപകല്പനയും നിർമ്മാണവും പരിപാലനവും ഉറപ്പാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിന്റെ റോഡ് നിയമങ്ങളുടെയും, നിർമ്മാണ ചട്ടങ്ങളുടെയും, മാനുവലുകളുടെയും അവലോകനം നടത്തുന്നതിന് തീരുമാനിച്ചു.
- നഗര തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ മാസ്റ്റർ പ്ലാനുകൾ ദുരന്തവുമായി ബന്ധപ്പെട്ട അപകടസാധ്യതകൾ ചൂണ്ടിക്കാണിക്കുന്ന തരത്തിൽ പുതുക്കുന്നതിനും, നഗര തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് ബഹുവർഷ മുനിസിപ്പൽ അടിസ്ഥാന സൗകര്യ നിക്ഷേപങ്ങൾ ഏറ്റെടുക്കുന്നതിനായി വാർഷിക ചെലവും ആസൂത്രണവും ബജറ്റ് നിർദ്ദേശങ്ങളും ഭേദഗതി വരുത്തുന്നതിനുമായി ടൗൺ & കൺട്രി പ്ലാൻ ആക്ട് പുതുക്കുന്നതിന് കമ്മിറ്റി രൂപീകരിച്ചു.
- ജലവിതരണ–ശുചിത്വ സേവനങ്ങൾ ശക്തിപ്പെടുത്തി കൊണ്ട് കാലാവസ്ഥ വ്യതിയാനം മൂലമുള്ള ദുരന്തങ്ങളും ആഘാതങ്ങളും നേരിടുന്നതിനുള്ള പ്രതിരോധം ശക്തിപ്പെടുത്തുന്നതിനായി നയങ്ങളും സ്ഥാപന പരിപാടികളും തയ്യാറാക്കുന്നതിനായി കമ്മിറ്റി രൂപീകരിച്ചു.

പ്രതിരോധിക്കുന്നതുമായ കൃഷി, അപകടസാധ്യത ഒഴിവാക്കിക്കൊണ്ടുള്ള ഭൂവിനിയോഗ ആസൂത്രണവും, ബഹുവർഷ മൂലധന ആസൂത്രണവും, എല്ലാ തലങ്ങളിലും ദുരന്തനിവാരണ പദ്ധതികൾ എന്നിവ പ്രാപ്തമാക്കുന്നതുമാണ്. ലോകബാങ്ക് കേരള സംസ്ഥാനവുമായുള്ള പങ്കാളിത്തത്തിന്റെ രണ്ടാംഘട്ടമെന്ന നിലയിൽ ഡി.പി.ഒ-2 ന് ധനസഹായം നൽകാൻ സന്നദ്ധത പ്രകടിപ്പിച്ചു. എന്നാൽ കോവിഡ്-19 മഹാമാരിയുടെ വ്യാപനവും ലോകബാങ്ക് ധനസഹായം വിനിയോഗിക്കുന്നതിൽ ഇന്ത്യയുടെ നയ മാറ്റം മൂലവും കേന്ദ്രസർക്കാർ ഡി.പി.ഒ-2 നുള്ള അഭ്യർത്ഥന ഉപേക്ഷിച്ചു.

മുഖ്യ നയപരിപാടികളിൽ ഭൂരിഭാഗവും കേരള സർക്കാർ കൈവരിച്ചതിനാൽ, ലോകബാങ്ക്-കെ.എഫ്. ഡബ്ല്യു സംയുക്ത സംഘം കേരളത്തിന് സാമ്പത്തിക സഹായം വാഗ്ദാനം ചെയ്തു. പ്രകൃതി ദുരന്തങ്ങൾക്കും കാലാവസ്ഥ വ്യതിയാനങ്ങളുടെ ആഘാതങ്ങൾക്കും എതിരെ സംസ്ഥാന സർക്കാരിന്റെ പരിഷ്കരിച്ച പരിപാടികൾക്ക് പിന്തുണ നൽകുന്നതിനായി 'കേരള പരിപാടികൾക്ക് കാലാവസ്ഥ വായ്പ' എന്ന പരിപാടിയിൻ കീഴിൽ കേന്ദ്ര സർക്കാരും ജർമ്മൻ ബാങ്കും (കെ.എഫ്. ഡബ്ല്യു) 100 മില്ല്യൺ യൂറോയുടെ വായ്പാ കരാറിലും രണ്ടു മില്ല്യൺ യൂറോയുടെ ഗ്രാന്റ് കരാറിലും 2020-ൽ ഒപ്പു വെച്ചു.

### ഡി.പി.എൽ-2 ലെ പ്രോഗ്രാം ഫോർ റിസൾട്ട് (പി.എഫ്.ആർ) ധനസഹായം

ഡി.പി.എൽ-2 അംഗീകരിക്കാത്ത സാഹചര്യത്തിൽ നേരത്തേയുളള ഡി.പി. എൽ അടിസ്ഥാനമാക്കി ലോക ബാങ്ക് പ്രോഗ്രാം ഫോർ റിസൾട്ട് (പി.എഫ്. ആർ) എന്ന നൂതന സാമ്പത്തിക പരിപാടി നിർദ്ദേശിച്ചു. ഡി.പി.ഒ-1 ൽ ഉള്ള നയപരമായ പ്രവർത്തനങ്ങൾ യാഥാർത്ഥ്യമാക്കികൊണ്ട് അവ ഫലപ്രദമായി നടപ്പിലാക്കുന്നതിനാണ് പി.എഫ്.ആർ ഉദ്ദേശിച്ചിട്ടുള്ളത്. കൃഷി, ഡിസാസ്റ്റർ റിസ്ക് ഫൈനാൻസിംഗ് ആൻഡ് ഇൻഷ്വറൻസ് (ഡി.ആർ.എഫ്.ഐ) ഡിസാസ്റ്റർ റിസ്ക് മാനേജ്മെന്റ്, സാമ്പത്തികവും ഭരണവും, ആരോഗ്യം, റോഡുകൾ, നഗരകാര്യം, ജലവിഭവ മാനേജ്മന്റ് എന്നിവയാണ് പി.എഫ് ആർ ന്റെ പ്രസക്തമായ മേഖലകൾ.

350 മില്യൺ ഡോളറിന്റെ പ്രാഥമിക പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര സർക്കാരിന്റെ ധനമന്ത്രാലയത്തിന് കീഴിലുള്ള സാമ്പത്തിക കാര്യവകുപ്പ് അംഗീകരിച്ചു. ലോകബാങ്കും ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്കും (എ.ഐ.ഐ.ബി) 50:50 എന്ന അനുപാതത്തിൽ സംയുക്ത ധനസഹായം നിർദ്ദേശിക്കുകയും പദ്ധതിക്ക് അംഗീകാരം നൽകുകയും ചെയ്തു. 2021 ജൂലൈയിൽ ലോക ബാങ്കുമായി 250 മില്ല്യൺ ഡോളറിന്റെ പ്രോഗ്രാം കരാറും വായ്പ കരാറും ഒപ്പു വച്ചു. 2021 ആഗസ്റ്റിൽ എ.ഐ.ഐ.ബി യുമായി 125 മില്ല്യൺ ഡോളറിന്റെ കോ-ഫൈനാൻസിംഗ് കരാറും ഒപ്പു വച്ചു. അഞ്ചുവർഷമാണ് (2022- 27 സാമ്പത്തിക വർഷം) പരിപാടി നടപ്പിലാക്കുന്നതിന്റെ കാലാവധി.

### ആർ.കെ.ഡി.പി യുടെ നിർവ്വഹണം

2021 സെപ്റ്റംബർ 30 ലെ കണക്കനുസരിച്ച് 12 വകുപ്പുകൾക്ക് കീഴിലുള്ള വിവിധ പദ്ധതികൾക്കായി 7,803.95 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ **പട്ടിക 11.6.2**-ൽ നൽകിയിരിക്കുന്നു.

### വകുപ്പുകൾ തിരിച്ചുള്ള പദ്ധതി നേട്ടങ്ങൾ. (2021 സെപ്റ്റംബർ വരെ)

**പൊതുമരാമത്ത് വകുപ്പ് (പി.ഡബ്ല്യു.ഡി):** പ്രളയത്തിൽ തകർന്ന 31 സംസ്ഥാന പാതകളുടെയും പ്രധാന ജില്ലാ റോഡുകളുടെയും പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി 5,173.77 കോടി രൂപയുടെ ഭരണാനുമതി നൽകി. ഇതിൽ 3,965.88 കോടി രൂപയുടെ പ്രവർത്തികൾ ടെൻഡർ ചെയ്തിട്ടുണ്ട്. 159.29 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

**തദ്ദേശസ്വയംഭരണ വകുപ്പ് റോഡുകൾ:** പ്രളയത്തിൽ തകർന്ന 516.04 കിലോമീറ്റർ റോഡുകളുടെയും 5 പാലങ്ങളുടെയും പുനരുദ്ധാരണത്തിനും പുനർനിർമ്മാണത്തിനുമായി 515.15 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. ഇതിൽ 359.70 കോടി രൂപയുടെ പ്രവർത്തികൾ ടെൻഡർ ചെയ്യുകയും 15.48 കോടി രൂപ ചെലവഴിക്കുകയും ചെയ്തു. ഭൗതിക ലക്ഷ്യങ്ങളുടെ 20 ശതമാനം കൈവരിച്ചു.

**തദ്ദേശസ്വയംഭരണ വകുപ്പ്: സ്റ്റേറ്റ് കുടുംബശ്രീ മിഷൻ:** ദുരന്ത ബാധിതരായ 2,00,000 ഗുണഭോക്താക്കൾക്ക് ആശ്വാസ ധനവും 1,60,000 ഗുണഭോക്താക്കൾക്ക് ഉപജീവനമാർഗ്ഗവും നൽകുന്നതിനായി 250 കോടി രൂപയുടെ പ്രോജക്റ്റിന് ഭരണാനുമതി നൽകി. ഇതിൽ 28,490 അയൽക്കൂട്ടങ്ങൾക്ക് ആശ്വാസ ധനമായി 26 കോടി രൂപ വിതരണം ചെയ്തു. നാളിതുവരെ 187.9 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ലക്ഷ്യമിട്ട പ്രവർത്തനങ്ങളുടെ 60 ശതമാനത്തിലധികം പൂർത്തിയായിട്ടുണ്ട്.

**തദ്ദേശസ്വയംഭരണ വകുപ്പ്: ശുചിത്വം:** താഴെ പറയുന്ന 4 പദ്ധതികൾക്കായി 16.69 കോടി രൂപയുടെ ഭരണാനുമതി ക്ലീൻ കേരള കമ്പനിക്ക് നൽകി- എല്ലാ സർക്കാർ ഓഫീസുകളിലും മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്) സ്ഥാപിക്കുക, തിരുവനന്തപുരം (മുട്ടത്തറ), തൃശ്ശൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ ജില്ലാതല സോർട്ടിങ് & സെഗ്രിഗേഷൻ സൗകര്യം സ്ഥാപിക്കുക, മലപ്പുറം ജില്ലയിൽ സംയോജിത പ്ലാസ്റ്റിക് മാലിന്യ സംസ്കരണ സൗകര്യം, ക്ലീൻ കേരള കമ്പനി ലിമിറ്റഡിന്റെ പ്ലാന്റിന്റെ ഭൂവികസനവും ചുറ്റുമതിൽ നിർമ്മാണം തുടങ്ങിയ പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഭൗതിക ലക്ഷ്യങ്ങളുടെ 20 ശതമാനം പൂർത്തിയായിട്ടുണ്ട്. ചേർത്തല മുനിസിപ്പാലിറ്റിയിലെ സെപ്റ്റേജ് മാനേജ്മെന്റ് സൗകര്യം സ്ഥാപിക്കുന്നതിന് ഇംപാക്ട് കേരള ലിമിറ്റഡിന് 5.00 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

**ജല വിഭവ വകുപ്പ്:** സംയോജിത ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം എന്നീ മേഖലകളിൽ നടപ്പിലാക്കുന്ന പദ്ധതികൾക്കായി 348.95 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 208.85 കോടി രൂപയുടെ പ്രവർത്തികൾ ടെണ്ടർ ചെയ്ത് 67.13 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഭൗതിക ലക്ഷ്യങ്ങളുടെ 30 ശതമാനത്തിലധികം കൈവരിച്ചു. 99 ജലസേചന നിർമ്മിതികളുടെ അറ്റകുറ്റപ്പണികൾ, 5 സാമൂഹ്യ ജലസേചന സംവിധാനങ്ങൾ, കേരള ജലവിഭവ വിവര സംവിധാനത്തിന്റെ വികസനം, റൂം ഫോർ റിവർ പ്രൊജക്റ്റിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ, റിവർ ബേസിൻ കൺസർവേഷൻ ആന്റ്

**പട്ടിക 11.6.2** വിവിധ പദ്ധതികൾക്കായി ഭരണാനുമതി നൽകിയിട്ടുള്ളതിന്റെ വിശദാംശങ്ങൾ തുക കോടിയിൽ, 2021 സെപ്റ്റംബർ 30 വരെ

| ക്രമ നം. | മേഖല | വകുപ്പ് | നിർവ്വഹണ സ്ഥാപനം | തുക |
|---|---|---|---|---|
| 1 | റോഡുകൾ/ പാലങ്ങൾ | പൊതുമരാമത്ത് വകുപ്പ് | പൊതുമരാമത്ത് -റോഡ്സ് വിഭാഗം | 5,173.77 |
| 2.1 | റോഡുകൾ/ പാലങ്ങൾ | തദ്ദേശ സ്വയം ഭരണ വകുപ്പ് | തദ്ദേശ സ്വയം ഭരണ വകുപ്പ്-പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ്/റോഡ്സ് വിഭാഗം | 515.15 |
| 2.2 | ഉപജീവനമാർഗ്ഗം | തദ്ദേശ സ്വയം ഭരണ വകുപ്പ് | സ്റ്റേറ്റ് കുടുംബശ്രീ മിഷൻ | 250.00 |
| 2.3.1 | ശുചിത്വം | തദ്ദേശ സ്വയം ഭരണ വകുപ്പ് | ക്ലീൻ കേരള കമ്പനി ലിമിറ്റഡ് | 16.69 |
| 2.3.2 | ശുചിത്വം | തദ്ദേശ സ്വയം ഭരണ വകുപ്പ് | ഇംപാക്ട് കേരള ലിമിറ്റഡ് | 5.00 |
| 3.1 | സംയോജിത ജല വിഭവ മാനേജ് മെന്റ് | ജലവിഭവ വകുപ്പ് | ജലസേചനം | 152.05 |
| 3.2 | ജല വിതരണം | ജലവിഭവ വകുപ്പ് | കേരള വാട്ടർ അതോറിറ്റി | 182.90 |
| 3.3 | ശുചിത്വം | ജലവിഭവ വകുപ്പ് | കേരള വാട്ടർ അതോറിറ്റി | 14.00 |
| 4 | കൃഷി | കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് | കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് | 520.48 |
| 5.1 | മൃഗസംരക്ഷണം | മൃഗസംരക്ഷണ വകുപ്പ് | മൃഗസംരക്ഷണ വകുപ്പ് | 163.12 |
| 5.2 | ക്ഷീരവികസനം | ക്ഷീരവികസന വകുപ്പ് | മിൽമ | 5.40 |
| 6.1 | മത്സ്യബന്ധനം | ഫിഷറീസ് വകുപ്പ് തുറമുഖവകുപ്പ് | ഏജൻസി ഫോർ ഡെവലപ്മെന്റ് ഓഫ് അക്വാകൾച്ചർ (അഡാക്ക്) കേരള അക്വാ വെഞ്ചേഴ്സ് ഇന്റർനാഷണൽ ലിമിറ്റഡ് (കാവിൽ) | 6.11 |
| 6.2 | മത്സ്യബന്ധനം/തുറമുഖം | ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് | ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് | 52.90 |
| 7 | വനം / വന്യജീവി | വനം വകുപ്പ് | വനം വകുപ്പ് | 130.41 |
| 8 | പരിസ്ഥിതിയും, കാലാവസ്ഥ വ്യതിയാനവും | പരിസ്ഥിതി വകുപ്പ് | കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് | 5.00 |
| 9 | ഡിസാസ്റ്റർ റിസ്ക് മാനേജ്മെന്റ് | ഊർജ്ജം | കേരള സംസ്ഥാന വൈദ്യുതി ബോർഡ് | 53.55 |
| 10 | ഡിസാസ്റ്റർ റിസ്ക് മാനേജ്മെന്റ് / ഓപ്പൺ ഡേറ്റ | ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി | ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി | 4.24 |
| 11.1 | ഡിസാസ്റ്റർ റിസ്ക് മാനേജ്മെന്റ് | റവന്യൂവും ദുരന്ത നിവാരണവും | റവന്യൂ, ദുരന്ത നിവാരണ വകുപ്പ് | 198.38 |
| 11.2 | ഭൂമി | റവന്യൂവും ദുരന്ത നിവാരണവും | സർവ്വേ & ലാന്റ് റിക്കോർഡ്സ് | 339.44 |
| 11.3 | ഡിസാസ്റ്റർ റിസ്ക് മാനേജ്മെന്റ് | റവന്യൂവും ദുരന്ത നിവാരണവും | കേരള സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ് മെന്റ് അതോറിറ്റി (KSDMA)/ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (KILA), സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (C-DIT), നമ്മൾ നമുക്കായി (KILA) | 7.30 |
| 12 | ഡിസാസ്റ്റർ റിസ്ക് മാനേജ്മെന്റ് | വനിത ശിശു വികസന വകുപ്പ് | വനിത ശിശു വികസന വകുപ്പ് | 8.06 |
| | | ആകെ | | 7,803.95 |

മാനേജ്മെന്റ് അതോറിറ്റി (ആർ.ബി.സി.എം.എ) സ്ഥാപിക്കൽ, 1.25 ലക്ഷം പ്രളയ ബാധിതർക്ക് പ്രയോജനം ലഭിക്കുന്നതിനായി 30,700 പുതിയ കണക്ഷനുകൾ ലക്ഷ്യമിട്ടുകൊണ്ടുള്ള ഏകദേശം പൂർത്തിയായ കേരള വാട്ടർ അതോറിറ്റിയുടെ 7 പദ്ധതികളുടെ പൂർത്തീകരണം, തിരുവനന്തപുരത്തെ സീവേജ് & സെപ്റ്റേജ് മാനേജ്മെന്റിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ, തിരഞ്ഞെടുത്ത 28 നഗര തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ടോപ്പോഗ്രാഫിക്കൽ സർവ്വേ, 4 നഗര തദ്ദേശഭരണ സ്ഥാപനങ്ങളിൽ സ്വീവറേജ് സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള ഡിസാസ്റ്റർ & എമർജൻസി റെസ്പോൺസ് (ഡി.ഇ.ആർ) തയ്യാറാക്കൽ എന്നിവയാണ് പ്രധാന പ്രോജക്ടുകൾ.

**കൃഷി വകുപ്പ്:** നേര്യമംഗലം ജില്ലാ കാർഷിക ഫാമിന്റെ സമഗ്ര വികസനത്തിനുള്ള സംയോജിത ഫാം മാനേജ്മെന്റ് പദ്ധതി, ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ 6,800 ഗുണഭോക്താക്കൾ ഉൾപ്പെട്ട 4,000 ഹെക്ടർ നെൽകൃഷി, രാമമംഗലം പഞ്ചായത്തിലെ പാമ്പുരിച്ചൽ പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യവികസനം, തൃശ്ശൂർ, പൊന്നാനി കോൾലാന്റിലെ വെള്ളപ്പൊക്കവും വരൾച്ചയും തരണം ചെയ്യാൻ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, കാർഷിക സേവന കേന്ദ്രങ്ങളേയും, കാർഷിക കർമ്മ സേന യൂണിറ്റുകളേയും ശക്തിപ്പെടുത്തൽ, സംസ്ഥാനത്തെ പ്രളയവും ഉരുൾപൊട്ടലും ബാധിച്ച ഏകദേശം 22,841 ഹെക്ടർ ഭൂമിയുടെ പാരിസ്ഥിതിക പുനരുജ്ജീവനം, ഇടുക്കി/വയനാട് ജില്ലകൾക്ക് പ്രത്യേക ഊന്നൽ നൽകിക്കൊണ്ട് സംയോജിത കൃഷിയിലൂടെ ഉപജീവനമാർഗം മെച്ചപ്പെടുത്തുക, കുട്ടനാട് നെൽകൃഷിയുടെ സുസ്ഥിരവികസനം, യന്ത്രവൽകൃത കൃഷിയിലൂടെ വടക്കൻ കേരളത്തിലെ കൈപ്പാട് ജൈവ വേലിയേറ്റ തണ്ണീർ തടങ്ങളുടെ വികസനം, നെല്ലിന്റെ ജെംപ്ലാസം സംരക്ഷണവും ജൈവ വൈവിധ്യാതിഷ്ഠിത കൃഷിയും, സുസ്ഥിര കൃഷിയിലൂടെ ആതിരപള്ളി ആദിവാസി ന്യൂനപക്ഷ വിഭാഗങ്ങളുടെ വരുമാനം മെച്ചപ്പെടുത്തൽ, മൂല്യവർധനവും കേരളത്തിലെ വിപണി ശൃംഖലയുടെ ശക്തിപ്പെടുത്തലും, വയനാട്ടിലെ അമ്പലവയലിൽ പച്ചക്കറിയുടെയും പൂക്കളുടെയും സെന്റർ ഓഫ് എക്സലൻസ് സ്ഥാപിക്കൽ, അട്ടപ്പാടി ആദിവാസി വർഗ്ഗക്കാർക്കായുള്ള സമഗ്ര കാർഷിക വികസന പരിപാടി, നിലവിലുള്ള സംസ്ഥാന ബയോ കൺട്രോൾ ലബോറട്ടറിയുടെ വിപുലീകരണം എന്നിവയാണ് പ്രധാന പ്രോജക്ടുകൾ. ഉപജീവന പദ്ധതികൾക്കായുള്ള 456.13 കോടി രൂപ ഉൾപ്പെടെ മൊത്തം 520.48 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകി. ഇതിൽ 264.06 കോടി രൂപയുടെ പ്രവർത്തികൾ ടെണ്ടർ ചെയ്ത് 117.61 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. നിർദ്ദിഷ്ട ഭൗതിക ലക്ഷ്യത്തിന്റെ 50 ശതമാനം പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ പദ്ധതികളിലൂടെ 2.83 ലക്ഷത്തിലധികം ആളുകൾക്ക് നേരിട്ട് പ്രയോജനം ലഭിക്കുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നു.

**മൃഗസംരക്ഷണ/ ക്ഷീര വികസന വകുപ്പ്:** കേരള ചിക്കൻ പ്രോജക്ട്, ഉപജീവന സഹായ പാക്കേജ്, പ്രാദേശികാടിസ്ഥാനത്തിൽ മൊബൈൽ ടെലി വെറ്റിനറി യൂണിറ്റുകൾ, പത്തനംതിട്ട ജില്ലയിൽ ജി.ഐ.എസ് മാപ്പിങ്ങും ആർ.എഫ്.ഐ.ഡി ടാഗിംഗും, 12 മൊബൈൽ ടെലി വെറ്റിനറി യൂണിറ്റുകൾ സ്ഥാപിക്കൽ എന്നീ നാല് പ്രോജക്ടുൾ നടപ്പിലാക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പിന് 163.12 കോടി രൂപയുടെ ഭരണാനുമതി നൽകി. പ്രളയബാധിത മേഖലയിൽ തീറ്റപ്പുൽ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി ക്ഷീര വികസന വകുപ്പിന് 5.40 കോടി രൂപ അനുവദിച്ചു. ആകെ 61 കോടി രൂപ ചെലവഴിച്ച് 30 ശതമാനം ഭൗതിക ലക്ഷ്യം കൈവരിച്ചു. ഈ പദ്ധതിയിലൂടെ 20.80 ലക്ഷത്തിലധികം ആളുകൾക്ക് നേരിട്ട് പ്രയോജനം ലഭിക്കുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നു.

**ഫിഷറീസ് വകുപ്പ്:** ബാണാസുരസാഗർ റിസർവോയറിൽ പങ്കാളിത്ത സമീപനത്തോടെ കൂടുകളിൽ മത്സ്യ ഉത്പാദനത്തിനും, അലങ്കാര മത്സ്യ ഉത്പാദനത്തിനും കയറ്റുമതിക്കുമായി കേരള അക്വാ വെഞ്ചേഴ്സ് ഇന്റർനാഷണൽ ലിമിറ്റഡിന് (കാവിൽ) 2.91 കോടി രൂപ ഉൾപ്പെടെ എണ്ണൂറിലധികം ആളുകൾക്ക് പ്രയോജനം ലഭിക്കുന്ന 6.11 കോടി രൂപയുടെ 5 പ്രോജക്റ്റുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 4.39 കോടി രൂപ ചെലവഴിച്ച് 55 ശതമാനത്തോളം പ്രവർത്തികൾ പൂർത്തിയാക്കി.

**ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്:** കണ്ണൂർ ജില്ലയിലെ പുതിയങ്ങാടിയിലും കാസർഗോഡ് ജില്ലയിലെ ഷിറിയയിലും റിവർ ട്രെയിനിങ് വർക്കുകൾക്കായി 52.90 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. റൂം റിവർ പ്രോജക്ടുമായി സംയോജിപ്പിച്ചു കൊണ്ട് സമീപ പ്രദേശങ്ങളെ സാധാരണ വെള്ളപ്പൊക്കത്തിൽ നിന്നും സംരക്ഷിക്കുന്നതിനായി അഴിമുഖങ്ങളിലെ ജല പരിപാലന സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണിത്. പദ്ധതിയുടെ ആനുകൂല്യം പുതിയങ്ങാടിയിലെ 3 വില്ലേജുകളിലായുള്ള 782 സജീവ മത്സ്യ തൊഴിലാളികൾക്കും 17,588 ആളുകൾക്കും, ഷിറിയയിലെ 704 സജീവ മത്സ്യത്തൊഴിലാളികൾക്കും 11,995 ആളുകൾക്കും ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. രണ്ടു പ്രോജക്റ്റുകളുടെയും പരിസ്ഥിതി ആഘാത പഠനങ്ങൾ പൂർത്തിയായി, തീരദേശ നിയന്ത്രണ മേഖലയുമായി ബന്ധപ്പെട്ട ക്ലിയറൻസ് നടപടി പുരോഗമിക്കുകയാണ്. 2022 ഡിസംബറോടെ പദ്ധതികൾ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

**വനം–വന്യജീവി വകുപ്പ്:** വന ശിഥിലീകരണം വലിയതോതിൽ തടയുന്നതിനും വനമേഖല സംരക്ഷിക്കുന്നതിനുമായി വനം–വന്യജീവി വകുപ്പ് 4 പദ്ധതികൾ നടപ്പിലാക്കുന്നു. 130.41 കോടി രൂപ ഭരണാനുമതി നൽകിയിട്ടുള്ള പദ്ധതിയുടെ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. 2023 ഏപ്രിലിലോടെ പ്രോജക്ടുകൾ പൂർത്തിയാകുമെന്നും 2024 ഏപ്രിലിലോടെയും 2025 ഏപ്രിലിലോടെയും പഠനങ്ങൾ പൂർത്തിയാകുമെന്നും പ്രതീക്ഷിക്കുന്നു.

**പരിസ്ഥിതി വകുപ്പ്:** കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് താഴെപ്പറയുന്ന മൂന്ന് പദ്ധതികൾ നിർദ്ദേശിച്ച നടപ്പിലാക്കി വരുന്നു. വ്യാപാര യോഗ്യമായ/വാണിജ്യ സാധ്യതയുള്ള ജൈവ വിഭവങ്ങളുടെ ഡേറ്റാബേസ്, നദീതട ജൈവ വൈവിധ്യ പുനരുജ്ജീവനം, കാർഷിക ജൈവ വൈവിധ്യ സംരക്ഷണം. 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു, 2022 മാർച്ചോടെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

**വൈദ്യുതി വകുപ്പ്:** കുട്ടനാട്ടിലെ 66 കെ.വി സബ്സ്റ്റേഷൻ 110 കെ.വി ആയി ഉയർത്തുക, കാവാലത്ത് പുതിയ 110 കെ.വി സബ്സ്റ്റേഷൻ നിർമ്മാണം, കിടങ്ങറയിൽ 33 കെ.വി സബ്സ്റ്റേഷൻ നിർമ്മാണം എന്നീ മൂന്ന് പദ്ധതി

**ബോക്സ് 11.6.1** ആർ.കെ.ഐ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് സ്വീകരിച്ച തന്ത്രങ്ങൾ

സുസ്ഥിര വളർച്ചയുള്ള പുതിയ ആശയങ്ങളും സാങ്കേതികവിദ്യകളും രീതിശാസ്ത്രവും ഉറപ്പാക്കി കൊണ്ട് 'ബിൽഡ് ബാക്ക് ബെറ്റർ' എന്നതിനാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർ.കെ.ഐ) ലക്ഷ്യമിടുന്നത്. ആർ.കെ.ഐ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും സ്വീകരിച്ച തന്ത്രങ്ങളിൽ താഴെ പറയുന്നവ ഉൾപ്പെടുന്നു.

- അടിസ്ഥാന സൗകര്യങ്ങളുടെ അറ്റകുറ്റപ്പണികൾക്കും പുനർനിർമ്മാണത്തിനും ഉയർന്ന നിലവാരം പാലിക്കുക.
- നിർമ്മാണങ്ങൾക്ക് പാരിസ്ഥിതിക സംരക്ഷണവും മാനദണ്ഡങ്ങളും ഉറപ്പാക്കുക.
- കൂടുതൽ പ്രതിരോധശേഷിയും സുസ്ഥിരതയും ഉറപ്പാക്കുന്ന തരത്തിൽ അടിസ്ഥാന സൗകര്യങ്ങളുടെ രൂപകല്പന.
- കൂടുതൽ ചെലവു കുറഞ്ഞതും വിഭവശേഷി കുറഞ്ഞതും മൂല്യം നൽകുന്നതുമായ പാരമ്പര്യേതര രീതികൾ സ്വീകരിക്കുക.
- ഏറ്റവും ആവശ്യമുള്ളവർക്കും ദുർബലർക്കും വേണ്ടിയുള്ള ആനുകൂല്യങ്ങൾ സുഗമമാക്കുന്നതിന് സാമൂഹിക ഉൾപ്പെടുത്തലും ലിംഗ ശാക്തീകരണം ഉറപ്പാക്കലും.
- നൂതനവും ആധുനികവുമായ സാങ്കേതികവിദ്യകൾ സ്വായത്തമാക്കൽ.
- ന്യായവും നീതിയുക്തവുമായ പുനരധിവാസ സമ്പ്രദായങ്ങൾ ഉറപ്പാക്കുന്നു.
- സ്ഥാപനപരമായ ശക്തിപ്പെടുത്തലിനും കാര്യശേഷി വർദ്ധിപ്പിക്കുന്നതിനും സൗകര്യമൊരുക്കുന്നു.
- പൊതു നിക്ഷേപത്തിന്റെ സുസ്ഥിരത ഉറപ്പു വരുത്തുന്നതിനായി ശക്തമായ ആസ്തി പരിപാലന ചട്ടങ്ങൾ ഉറപ്പാക്കുക.

കൾക്കായി 53.55 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 10.51 കോടി രൂപയുടെ പദ്ധതികൾ ടെൻഡർ ചെയ്തിട്ടുണ്ട്. മുഴുവൻ പദ്ധതികളും 2022 ഡിസംബറോടെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

**ഇലക്ട്രോണിക്സ് & ഐടി വകുപ്പ്:** മെച്ചപ്പെട്ട ദുരന്ത പ്രതിരോധം ലക്ഷ്യമിട്ടുള്ള പരിപാടികളുടെ കാര്യക്ഷമമായ ആസൂത്രണത്തിനും നടത്തിപ്പിനുമായി മാപത്തോൺ പദ്ധതിക്ക് 4.24 കോടി രൂപയുടെ ഭരണാനുമതി നൽകി. കേരളത്തിന്റെ ഭൂപടത്തിന്റെ സമഗ്രവും പ്രാദേശികവുമായ പങ്കാളിത്ത വികസനം ഓപ്പൺ സ്ട്രീറ്റ് മാപ്പ് പ്ലാറ്റ്ഫോമിലൂടെ വിഭാവനം ചെയ്യുന്നു.

**റവന്യൂ ദുരന്ത നിവാരണ വകുപ്പ്:** 255 വില്ലേജ് ഓഫീസുകളുടെയും മറ്റ് 38 റവന്യൂ കെട്ടിടങ്ങളുടെയും പുനർനിർമ്മാണത്തിനും സംസ്ഥാനത്തെ 1,550 വില്ലേജുകളിലെ ഡിജിറ്റൽ റീസർവേയുടെ ആദ്യഘട്ട പ്രവർത്തനങ്ങൾക്കുമായി 537.82 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. 43.41 കോടി രൂപയുടെ പ്രവർത്തികൾ ടെൻഡർ ചെയ്ത് 6.64 കോടി രൂപ ആർ.കെ.ഐ വിതരണം ചെയ്തിട്ടുണ്ട്.

**റവന്യൂ ദുരന്ത നിവാരണ വകുപ്പ്– നമ്മൾ നമുക്കായി ക്യാമ്പയിൻ:** പ്രകൃതിക്ഷോഭങ്ങളെയും കാലാവസ്ഥാ വ്യതിയാനത്തേയും നേരിടുന്നതിനായി സംസ്ഥാനത്തിന്റെ പ്രതിരോധശേഷി വർദ്ധിപ്പിക്കുന്ന പ്രധാന വിഷയങ്ങളിലും ഭൂമിശാസ്ത്രപരമായും, വിവിധ മേഖലകളിലെ പ്രായോഗിക പരിജ്ഞാനം ഉള്ളവരിൽ നിന്നും വിവരങ്ങളും ഉൾക്കാഴ്ചകളും ശേഖരിക്കുന്ന പരിപാടിയാണിത്. 2019 ൽ നമ്മൾ നമുക്കായി പോർട്ടൽ സ്ഥാപിച്ചിട്ടുണ്ട്. 7.30 കോടി രൂപ അനുവദിക്കുകയും മുഴുവൻ തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

**വനിതാ ശിശു വികസന വകുപ്പ്:**–സംസ്ഥാനത്തെ 8 ജില്ലകളിലായി 29 സ്മാർട്ട് അങ്കണവാടികളുടെ നിർമ്മാണത്തിനായി 8.06 കോടി രൂപ അനുവദിച്ചു. ഇതിൽ 2.58 കോടി രൂപയുടെ പദ്ധതികൾ ടെണ്ടർ ചെയ്തിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

**ധനകാര്യ വകുപ്പ്:–യൂണിഫൈഡ് രജിസ്ട്രി:** വിവിധ സാമൂഹ്യ സുരക്ഷാ പദ്ധതികളുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും തിരഞ്ഞെടുക്കുന്നതിനുമുള്ള കേന്ദ്രീകൃത പ്ലാറ്റ്ഫോമായി പ്രവർത്തിക്കുന്ന ഒരു യൂണിഫൈഡ് രജിസ്ട്രി സംസ്ഥാനത്ത് സ്ഥാപിക്കുന്നതിനുള്ള പദ്ധതിയാണിത്. ഇതിനായുള്ള സോഫ്റ്റ്‌വെയർ, ഹാർഡ് വെയർ മാനവശേഷി, എന്നീ ചെലവുകൾക്കായി 34.32 കോടി രൂപ ചെലവ് കണക്കാക്കിയിട്ടുണ്ട്.

ആർ.കെ.ഐ പദ്ധതികൾ നടപ്പിലാക്കുന്നതിനായി സ്വീകരിച്ച തന്ത്രങ്ങൾ **ബോക്സ് 11.6.1**–ൽ കൊടുത്തിരിക്കുന്നു.

# 11.7 കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി)

കേരള സർക്കാരിന് വേണ്ടി മൂലധനച്ചെലവുകൾക്കായി ഫണ്ട് സ്വരൂപിക്കുന്നതിനുള്ള ഏജൻസിയായി 1999–ൽ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി) രൂപീകരിച്ചു. 2016–ലെ കേരള ഇൻഫ്രാസ്ട്രക്ക്ചെർ ആൻഡ് ഇൻവെസ്റ്റ്മെന്റ് ഫണ്ട് നിയമത്തിൽ വരുത്തിയ സമഗ്രമായ ഭേദഗതിക്കുശേഷം ഘടനാപരമായി പുനഃസംഘടിപ്പിക്കപ്പെട്ട കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി) കൂടുതൽ മൂലധന ചിലവുള്ളതും പ്രധാനപ്പെട്ടതുമായ അടിസ്ഥാനസൗകര്യ വികസന പദ്ധതികൾക്ക് ധനസഹായം നൽകുന്നതിനുള്ള പ്രധാന ഏജൻസിയായി പ്രവർത്തിക്കുന്നു.

സെക്യൂരിറ്റീസ് & എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ (സെബി), റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (ആർബിഐ) എന്നിവ അംഗീകരിച്ച സാമ്പത്തിക മാർഗ്ഗങ്ങൾ ഉപയോഗിച്ച് കൊണ്ട്, വികസനത്തിന്റെ അവിഭാജ്യ ഘടകമായ ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെയുള്ള ഭൗതിക–സാമൂഹിക അടിസ്ഥാന സൗകര്യങ്ങളുടെ ആസൂത്രിതവും തടസ്സരഹിതവും സുസ്ഥിരവുമായ വികസനത്തിന് കിഫ്ബി സഹായം നൽകുന്നു. അടിസ്ഥാന സൗകര്യ വികസനത്തിൽ ഭരണ വകുപ്പുകളെ സഹായിക്കുന്നതിന് പ്രത്യേക ഉദ്ദേശ്യ സ്ഥാപനമായി(എസ്.പി.വി.) സംസ്ഥാന/കേന്ദ്ര പൊതുമേഖലാ ഏജൻസികളെ ഇത് പ്രയോജനപ്പെടുത്തുന്നു.

അടിസ്ഥാന സൗകര്യ വികസന പദ്ധതികളും ഭൂമി ഏറ്റെടുക്കൽ പദ്ധതികളും കിഫ്ബി ഏറ്റെടുത്തു. 2021 സെപ്റ്റംബർ വരെ, ആരോഗ്യ സംരക്ഷണം, വിദ്യാഭ്യാസം, റോഡുകൾ, ഗതാഗതം, ജലസേചനം, ജലവിതരണം, വൈദ്യുതി, തുറമുഖങ്ങൾ, ഉൾനാടൻ ഗതാഗതം, ജലനിർഗ്ഗമന സംവിധാനം ഖരമാലിന്യ സംസ്കരണം എന്നിങ്ങനെ 44,323.59 കോടി രൂപയുടെ 912 അടിസ്ഥാന സൗകര്യ പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകി. കൂടാതെ, ലാൻഡ് അക്വസിഷൻ പൂളിന് കീഴിൽ 20,000 കോടി രൂപയുടെ 6 വൻകിട ഭൂമി ഏറ്റെടുക്കൽ പദ്ധതികൾക്ക് അംഗീകാരം നൽകി. 2020–21 കാലയളവിൽ, 9,340.03 കോടി രൂപയുടെ 206 അടിസ്ഥാന സൗകര്യ പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകി, 2021–22 സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതിയിൽ (2021, സെപ്റ്റംബർ വരെ) 1,074.59 കോടി രൂപയുടെ 15 പദ്ധതികൾക്കും അംഗീകാരം നൽകി. അംഗീകരിച്ച പ്രോജക്റ്റിന്റെ ഏകീകൃത വിശദാംശങ്ങൾ **പട്ടിക 11.7.1**–ലും വകുപ്പ് തിരിച്ച് പ്രോജക്റ്റ് അംഗീകരിച്ചത് **അനുബന്ധം 11.7.1**–ലും കാണിച്ചിരിക്കുന്നു.

കിഫ്ബി പദ്ധതികളുടെ പ്രധാന പങ്ക് റോഡുകളും റോഡ് ഗതാഗത മേഖലയുമായി ബന്ധപ്പെട്ടതാണ്, ഇത് ഏകദേശം 18,748 കോടി രൂപയാണ്. 2021 സെപ്റ്റംബർ വരെ 211 റോഡ് പദ്ധതികൾ, 87 പാലങ്ങൾ, 53 റെയിൽവെ മേൽപ്പാലങ്ങൾ, 14 മേൽപ്പാലങ്ങൾ, ഒരു അടിപാത, 6 തീരദേശ ഹൈവേ റീച്ചുകൾ എന്നിവയ്ക്ക് കിഫ്ബി അനുമതി നൽകി. പൊതുഗതാഗതം മെച്ചപ്പെടുത്തുന്നതിനായി 310 സിഎൻജി ബസുകളും 50 ഇലക്ട്രിക് ബസുകളും കെഎസ്ആർടിസിക്ക് വാങ്ങാനും 400 ഡീസൽ ബസുകൾ എൽഎൻജി ആക്കി മാറ്റാനും കിഫ്ബി അനുമതി നൽകിയിട്ടുണ്ട്. ആലപ്പുഴയിൽ മൊബിലിറ്റി ഹബ്ബ് നിർമിക്കുന്നതിനും ആലപ്പുഴ കനാലുകളിൽ ജലഗതാഗതം നവീകരിക്കുന്നതിനുമുള്ള പദ്ധതികൾക്കും അനുമതി നൽകിയിട്ടുണ്ട്. മേഖല തിരിച്ചുള്ള കിഫ്ബി ധനസഹായത്തിന്റെ വിശദാംശങ്ങൾ **ചിത്രം 11.7.1**–ൽ കാണിച്ചിരിക്കുന്നു.

കിഫ്ബി ഫണ്ട് വിനിയോഗത്തിൽ റോഡ്, ഗതാഗത മേഖലയെ പിന്തുർന്ന് ജലവിഭവങ്ങളും (5,594 കോടി രൂപ), വൈദ്യുതി (രൂപ, 5,200 കോടി) മേഖലകളുമാണ്. തകർന്ന കടൽഭിത്തിയുടെ നവീകരണവും ചെല്ലാനത്ത് 344.2 കോടി രൂപ ചെലവിൽ ഗ്രോയിൻ ഫീൽഡ് പദ്ധതിയുടെ നിർമ്മാണവും ജലവിഭവ മേഖലയിൽ ഏറ്റെടുത്തിട്ടുള്ള സുപ്രധാന പദ്ധതികളാണ്. കൂടാതെ, കിഫ്ബി ധനസഹായത്താൽ അഞ്ച് പുലിമുട്ട് പ്രവൃത്തികൾ, രണ്ട് കനാൽ നവീകരണ പ്രവർത്തനങ്ങൾ, പത്ത് ചെക്ക് ഡാമുകളുടെ നിർമ്മാണം, കുടിവെള്ള പദ്ധതികൾ എന്നിവ ഏറ്റെടുത്തു. ഉൾനാടൻ ഗതാഗത മേഖലയിൽ 247.2 കോടി രൂപ (താൽക്കാലികമായി) പുനരധിവാസ വിഹിതം നൽകിക്കൊണ്ട് വെസ്റ്റ് കോസ്റ്റ് കനാലിന്റെ പുനരുജ്ജീവനം കിഫ്ബി ത്വരിതപ്പെടുത്തി, കൂടാതെ കൊച്ചിയിൽ നഗര പുനരുജ്ജീവനത്തിനും സംയോജിത ജലഗതാഗത സംവിധാനത്തിനും 556.51 കോടി രൂപ അനുവദിച്ചു.


കിഫ്ബി ധനസഹായത്തോടെ കെഎസ്ഇബിഎൽ ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിക്ക് തുടക്കമിട്ടു.വൈദ്യുതി ട്രാൻസ്മിഷൻ സംവിധാനത്തിന്റെ വിശ്വാസ്യതയും സുരക്ഷയും വർദ്ധിപ്പി

**പട്ടിക 11.7.1** 2021 സെപ്റ്റംബർ വരെയുള്ള കിഫ്ബി അംഗീകരിച്ച പ്രോജക്റ്റുകളുടെ ഏകീകൃത വിശദാംശങ്ങൾ

| പദ്ധതി ഇനം | 2020–21 | | 2021–22* | | ആകെ (2016–22) | |
|---|---|---|---|---|---|---|
| | എണ്ണം | ചെലവ് | എണ്ണം | ചെലവ് | എണ്ണം | ചെലവ് |
| അടിസ്ഥാന സൗകര്യ പദ്ധതികൾ | 206 | 9,340.03 | 15 | 1,074.59 | 912 | 44,323.59 |
| ലാൻഡ് അക്വിസിഷൻ പൂളിന് കീഴിലുള്ള പദ്ധതികൾ | | | | | 6 | 20,000.00 |
| ആകെ | | | | | 918 | 64,323.59 |

അവലംബം: കിഫ്ബി
*വിശദാംശങ്ങൾ 2021, സെപ്റ്റംബർ വരെ

**ചിത്രം 11.7.1** മേഖല തിരിച്ചുള്ള കിഫ്ബി ധനസഹായം




അവലംബം: കിഫ്ബി

ക്കാനും, പരിസ്ഥിതിക്കും പൊതുജനങ്ങൾക്കും തടസ്സങ്ങൾ സൃഷ്ടിക്കാതെ പ്രസരണ നഷ്ടം കുറയ്ക്കാനും മെച്ചപ്പെട്ട ഊർജ മാനേജ്മെന്റിനുള്ള ഹരിത കാഴ്ചപ്പാടോടുകൂടിയുമാണ് ഇത് നടപ്പാക്കുന്നത്. ട്രാൻസ്ഗ്രിഡ് പദ്ധതിക്കായി കിഫ്ബി 5,200.00 കോടി രൂപ അനുവദിച്ചു. വിഭാവനം ചെയ്ത പദ്ധതികൾ നടപ്പിലാക്കുന്നതിലൂടെ പീക്ക് ലോഡ് സിസ്റ്റം നഷ്ടത്തിൽ ഏകദേശം 107.8 മെഗാവാട്ടിന്റെ കുറവും 522.21 ദശലക്ഷം യൂണിറ്റിന്റെ ഊർജ്ജ ലാഭവും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

ആയുഷ് പദ്ധതികൾ ഉൾപ്പെടെ ആരോഗ്യ കുടുംബക്ഷേമത്തിനായി 4,531 കോടി രൂപ കിഫ്ബി അംഗീകരിച്ചു. കിഫ്ബി അംഗീകരിച്ച മൊത്തം പദ്ധതികളുടെ 10 ശതമാനമാണിത്. താലൂക്ക് ആശുപത്രികൾ, ജനറൽ ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ, കൊച്ചിൻ കാൻസർ സെന്റർ, സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ മട്ടന്നൂർ തുടങ്ങിയ സ്പെഷ്യാലിറ്റി ആശുപത്രികൾ ഉൾപ്പെടെ സംസ്ഥാനത്തെ 55 ആശുപത്രികളുടെ വികസനത്തിനുള്ള പദ്ധതികൾ ഇതിൽ ഉൾപ്പെടുന്നു. ഇതിനുപുറമെ, 140 ലോക്സഭാ നിയമസഭാ മണ്ഡലങ്ങളിൽ 10 കിടക്കകളുള്ള ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണത്തിന് 2021–22ൽ 236.30 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 10 സിസിയു, 10 കാത്‌ലാബ്, 56 ഡയാലിസിസ് യൂണിറ്റുകൾ എന്നിവയുടെ നിർമാണവും പുരോഗമിക്കുകയാണ്. ആയുഷ് വകുപ്പിന് കീഴിൽ മട്ടന്നൂരിൽ ആയുർവേദ ഇന്റർനാഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് 2019–20ൽ 69.05 കോടി രൂപ അനുവദിച്ചു.

വിദ്യാഭ്യാസ മേഖലയ്ക്ക് 3,966 കോടി രൂപ കിഫ്ബി വകയിരുത്തി. ഉന്നത വിദ്യാഭ്യാസ മേഖലയിൽ 51 ആർട്സ് ആൻഡ് സയൻസ് കോളേജുകൾ, 6 എഞ്ചിനീയറിംഗ് കോളേജുകൾ, 8 പോളിടെക്നിക്കുകൾ, 5 ഹെറിറ്റേജ് കോളേജുകൾ, 5 സർവ്വകലാശാലകൾ എന്നിവയുടെ നവീകരണത്തിന് 1,094.19 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം ലഭിച്ചു. പൊതുവിദ്യാഭ്യാസ മേഖലയിൽ, 11,300 സ്കൂൾ ലബോറട്ടറികൾ നവീകരിക്കുന്നതിനും 44,705 സ്കൂളുകളിൽ ഹൈടെക് ക്ലാസ് മുറികൾ നിർമിക്കുന്നതിനുമായി രണ്ട് പദ്ധതികൾ 2,871.77 കോടി രൂപ ചെലവിൽ നടപ്പാക്കും.

ഗ്രാമീണ മേഖലകളിൽ മികച്ച സേവന ലഭ്യത നൽകുന്നതിൽ ടെലികോം കമ്പനികളുടെ പരിമിതികൾ കണക്കിലെടുത്ത്, കാര്യക്ഷമമായ സേവന വിതരണത്തിന് സംസ്ഥാനമൊട്ടാകെ കോർ ഒപ്റ്റിക്കൽ ഫൈബർ ശൃംഖല സ്ഥാപിക്കുന്നതിന് കെ-ഫോൺ (കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക്) പദ്ധതിക്ക് സംസ്ഥാന സർക്കാർ കിഫ്ബി ഫണ്ട് അനുവദിച്ചു. സേവനം (QoS), വിശ്വാസ്യത, ആവർത്തനം, സുരക്ഷ, ഭാവിയിലെ ബാൻഡ്‌വിഡ്ത്ത് ആവശ്യങ്ങൾ എന്നിവ വേണ്ടത്ര അളവിൽ നിറവേറ്റുന്നതാണ് ഈ പദ്ധതി. ഇത് എല്ലാ സേവന ദാതാക്കൾക്കും പ്രയോജനം ലഭിക്കുന്നതും 30,000-ത്തില ധികം സർക്കാർ സ്ഥാപനങ്ങളെ ബന്ധിപ്പിക്കുന്നതുമാണ്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് സൗജന്യമായും മറ്റുള്ളവർക്ക് സബ്സിഡി നിരക്കിലും ഇന്റർനെറ്റ് പ്രദാനം ചെയ്യുന്നു. ഐടി മേഖലയിലെ രണ്ട് ഐടി പാർക്കുകളുടെ വികസനത്തിനും കിഫ്ബി ധനസഹായം നൽകുന്നുണ്ട്.

അക്വാട്ടിക് കോംപ്ലക്സിന്റെ നിർമ്മാണം, 44 സ്റ്റേഡിയങ്ങൾ, രണ്ട് സ്പോർട്സ് സ്കൂളുകളുടെ വികസനം എന്നിവയുൾപ്പെടെ കായിക മേഖലയിൽ 774.7 കോടി രൂപയുടെ 38 പദ്ധതികൾക്കാണ് കിഫ്ബി ധനസഹായം നൽകുന്നത്. ആലപ്പുഴ, തലശ്ശേരി പൈതൃക പദ്ധതികൾ, കനാലുകളുടെയും ബീച്ചുകളുടെയും നവീകരണം, 9 തിയേറ്റർ കോംപ്ലക്സുകളുടെയും 7 സാംസ്കാരിക സമുച്ചയങ്ങളുടെയും നിർമ്മാണം, ഫിലിം സിറ്റിയുടെ നവീകരണം തുടങ്ങിയ ടൂറിസം, സാംസ്കാരിക പദ്ധതികൾക്കും ധനസഹായം നൽകി വരുന്നു.

## കിഫ്ബി ധനസമാഹരണം

**കടമെടുക്കലുകൾ:** നിലവിൽ ഒരു ബീറ്റ പതിപ്പായ അസറ്റ് ലയബിലിറ്റി മാനേജ്മെന്റിന്റെ ഒരു സിസ്റ്റം/ പ്രോസസ്സ് കംപ്യൂട്ടേഷൻ കിഫ്ബി ഏർപ്പെടുത്തിയിട്ടുണ്ട്. കിഫ്ബിയുടെ ധനസമാഹരണ പദ്ധതി നിലവിൽ ഈ സംവിധാനത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. 2020–21 ൽ കിഫ്ബി 663.02 കോടി രൂപയും 2021 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുള്ള കാലയളവിൽ 6,290.41 കോടി രൂപയും വിപണിയിൽ നിന്ന് സമാഹരിച്ചിട്ടുണ്ട്. വിവിധ അന്തർദേശീയ, ആഭ്യന്തര ചാനലുകളിൽ നിന്നുള്ള 2021 സെപ്റ്റംബർ വരെയുള്ള മൊത്തം ധനസമാഹരണം ₹11,990.04 കോടിയാണ്. വിശദാംശങ്ങൾ **പട്ടിക 11.7.2**-ൽ നൽകിയിരിക്കുന്നു.

**പട്ടിക 11.7.2** കിഫ്ബി ധനസമാഹരണം-പുരോഗതി

| വർഷം | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22* | ആകെ |
|---|---|---|---|---|---|---|
| ബാങ്കുകൾ/ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ. | 100.80 | 850.00 | 1,764.20 | 300.00 | 6,062.12 | 9,077.12 |
| രൂപയുടെ മൂല്യമുള്ള ബോണ്ട് ഇഷ്യൂ | – | 2,150.00 | – | – | – | 2,150.00 |
| കെ.എസ്.എഫ്.ഇ ലിമിറ്റഡ് ലേക്കുള്ള ബോണ്ടുകൾ (പ്രവാസി ചിട്ടി) | – | 5.768 | 109.26 | 245.29 | 142.45 | 502.77 |
| NORKWB-ൽ നിന്നുള്ള വായ്പ (ഡിവിഡന്റ് സ്കീം) | – | – | 56.58 | 123.77 | 79.52 | 260.15 |
| ആകെ (വാർഷികം) | 100.80 | 3,005.77 | 1,930.04 | 669.06 | 6284.09 | 11,990.04 |

അവലംബം: കിഫ്ബി
*2021, സെപ്റ്റംബർ വരെയുള്ള വിശദാംശങ്ങൾ.

### പെട്രോളിയം സെസ്സ്, മോട്ടോർവാഹന നികുതി എന്നിവയുടെ സർക്കാർ വരുമാനത്തിൽനിന്നുള്ള വിഹിതം

2016-ലെ കിഫ്ബി നിയമം അനുസരിച്ച്, പെട്രോളിയം സെസ്സ്, മോട്ടോർവാഹന നികുതി (എം.വി.റ്റി) എന്നിവയിൽ നിന്നും സർക്കാരിനു ലഭിക്കുന്ന വരുമാനത്തിന്റെ ഒരു വിഹിതം കിഫ്ബി നിയമത്തിൽ പറയുന്ന ചിലവുകൾ നിറവേറ്റുന്നതിനായി നൽകണമെന്ന് അനുശാസിക്കുന്നു. അതനുസരിച്ച്, 2020-21-ൽ, കിഫ്ബിക്ക് എം.വി.റ്റിയുടെ ഓഹരിയായി ₹1,633.86 കോടിയും 2021 സെപ്റ്റംബർ വരെയുള്ള അർദ്ധവർഷത്തിൽ ₹1,058.67 കോടിയും ലഭിച്ചു. പെട്രോളിയം സെസ് വിഹിതത്തിന് ലഭിച്ച ഫണ്ട് 2021-22-ൽ 539 കോടി രൂപയും 2021 ഏപ്രിൽ-സെപ്തംബർ വരെ 396.71 കോടി രൂപയുമാണ്. പെട്രോളിയത്തിന്മേലുള്ള എം.വി.ടി,സെസ്സ് നിയമങ്ങളുടെ അടിസ്ഥാനത്തിൽ ₹9,201.09 കോടി രൂപ സർക്കാർ വിഹിതമായി ലഭിച്ചു. വിശദാംശങ്ങൾ **പട്ടിക 11.7.3-ൽ** നൽകിയിരിക്കുന്നു.

### പദ്ധതി നടപ്പാക്കൽ പുരോഗതി

കിഫ്ബി അനുവദിച്ച 918 പ്രവൃത്തികളിൽ 58 പ്രവൃത്തികളുടെ നിർമാണം പൂർത്തിയാക്കി 390 പ്രവൃത്തികൾ പുരോഗമിക്കുകയാണ്. 2021, സെപ്റ്റംബർ വരെ, 26 പ്രവൃത്തികൾക്കുള്ള സാങ്കേതിക അനുമതി (റ്റി.എസ്) അനുവദിക്കുകയും 6 പ്രവൃത്തികൾക്ക് സാങ്കേതിക അനുമതിയ്ക്കായുള്ള നടപടിക്രമങ്ങൾ ആരംഭിക്കുകയും ചെയ്തു. മുകളിൽ സൂചിപ്പിച്ച കാലയളവിൽ മറ്റ് 46 പ്രവൃത്തികൾ അവാർഡ് ചെയ്യുകയും 47 എണ്ണം ടെൻഡർ ചെയ്യുകയും ചെയ്തു. **ചിത്രം 11.7.2-ൽ** കിഫ്ബി പ്രോജക്ടുകളുടെ ഭൗതിക പ്രകടനം കാണിച്ചിരിക്കുന്നു.


ഈ കാലയളവിൽ, കിഫ്ബി 10,000 കോടി രൂപയുടെ പദ്ധതി വിതരണ നാഴികക്കല്ലും പിന്നിട്ടു. 2020-21 സാമ്പത്തിക വർഷത്തിൽ കിഫ്ബി 5,484.88 കോടി രൂപയും 2021-22 സെപ്റ്റംബർ വരെ 3,611.12 കോടി രൂപയും പ്രോജക്ട് ഫണ്ടിംഗിനായി അനുവദിച്ചു. 2021 സെപ്റ്റംബർ

**പട്ടിക 11.7.3** സർക്കാരിൽ നിന്ന് ലഭിച്ച മോട്ടോർ വാഹന നികുതി, പെട്രോളിയം സെസ്സ് എന്നിവയുടെ വിഹിതം

| വർഷം | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22* | Total |
|---|---|---|---|---|---|---|---|
| കിഫ്ബി-യിലേക്കുള്ള മോട്ടോർവാഹന നികുതിയുടെ വിഹിതം | 281.43 | 621.45 | 1,098.86 | 1,650.00 | 1,633.86 | 1,058.67 | 6,344.27 |
| കിഫ്ബി -ലേക്കുള്ള പെട്രോളിയം സെസ് വിഹിതം | 448.10 | 421.19 | 501.82 | 550.00 | 539.00 | 396.71 | 2,856.82 |
| ആകെ | 729.53 | 1,042.64 | 1,600.68 | 2,200.00 | 2,172.86 | 1,455.38 | 9,201.09 |


അവലംബം: കിഫ്ബി
* 2021, സെപ്റ്റംബർ വരെയുള്ള വിശദാംശങ്ങൾ.

**ചിത്രം 11.7.2** 2021 സെപ്തംബർ വരെയുള്ള കിഫ്ബി പ്രോജക്റ്റുകളുടെ ഭൗതിക പ്രകടനം




അവലംബം: കിഫ്ബി

**ചിത്രം 11.7.3** കിഫ്ബിയുടെ സാമ്പത്തിക പ്രകടനം (2021 സെപ്റ്റംബർ വരെ)




അവലംബം: കിഫ്ബി

വരെ കിഫ്ബി അംഗീകരിച്ച വിവിധ പ്രോജക്റ്റുകൾക്ക് ചെലവഴിച്ച മൊത്തം തുക 14,110.17 കോടി രൂപയിൽ എത്തിയിട്ടുണ്ട്, ഇത് **പട്ടിക 11.7.4**–ൽ വിശദമാക്കിയിരിക്കുന്നു.

**പട്ടിക 11.7.4** അടിസ്ഥാന സൗകര്യത്തിനും ലാൻഡ് അക്വസിഷൻ പൂളിനും കീഴിൽ കിഫ്ബി അംഗീകരിച്ച പദ്ധതികളുടെ വിവരണം

| പദ്ധതികൾ | പദ്ധതികളുടെ എണ്ണം | തുക | വിതരണം ചെയ്ത തുക |
|---|---|---|---|
| അടിസ്ഥാന സൗകര്യ പദ്ധതികൾ | 912 | 44,323.59 | 7,673.75 |
| ലാൻഡ് അക്വിസിഷൻ പൂളിന് കീഴിലുള്ള പദ്ധതികൾ | 6 | 20,000.00 | 6,436.42 |
| ആകെ | 918 | 64,323.59 | 14,110.17 |

അവലംബം: കിഫ്ബി

ഭൂമി ഏറ്റെടുക്കൽ പദ്ധതികൾക്ക് മാത്രമായി കിഫ്ബി 6,436.42 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്, ഇത് മൊത്തം വിതരണത്തിന്റെ 45 ശതമാനമാണ്. ഇതിൽ 4,084.63 കോടി രൂപ ദേശീയ പാതയ്ക്കും, 1,756.26 കോടി രൂപ വ്യവസായ പാർക്കുകളുടെ 3 പദ്ധതികൾക്കും, 145.60 കോടി രൂപ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ ഭൂമി ഏറ്റെടുക്കലിനും, 449.93 കോടി രൂപ കൊച്ചി–ബാംഗ്ലൂർ വ്യാവസായിക ഇടനാഴിക്കുമാണ്. 2021 സെപ്റ്റംബർ വരെയുള്ള കിഫ്ബിയുടെ സാമ്പത്തിക പ്രകടനം **ചിത്രം 11.7.3**–ൽ നൽകിയിരിക്കുന്നു.

2021 സെപ്റ്റംബർ വരെ 14,110.17 കോടി രൂപ വിതരണം ചെയ്തു. ഇതിൽ കിഫ്ബി 21,190.85 കോടി സമാഹരിക്കുകയും എസ് ആന്റ് പി ഗ്ലോബൽ റേറ്റിംഗ്സ് സ്റ്റേബിൾ ഔട്ട്ലുക്കോടെയുള്ള കിഫ്ബിയുടെ റേറ്റിംഗ് 'ബിബി–/ബി' ആയും കൂടാതെ കമ്പനിയുടെ കുടിശ്ശികയുള്ള കടത്തിന്റെ 'ബിബി–' ഇഷ്യൂ റേറ്റിംഗും സ്ഥിരീകരിച്ചു.

# 11.8 കാസറഗോഡ് വികസന പാക്കേജ്

കാസറഗോഡ് ജില്ലയ്ക്കായി ഒരു സംയോജിത വികസന പദ്ധതി തയ്യാറാക്കാൻ സർക്കാർ ഡോ.പി.പ്രഭാകരൻ കമ്മീഷനെ നിയോഗിച്ചിരുന്നു. ജില്ലയിലെ പിന്നോക്ക മേഖലകളെയും പ്രദേശങ്ങളെയും കണ്ടെത്തി കാസറഗോഡിന്റെ സമഗ്ര വികസനത്തിനായി ഒരു പാക്കേജ് കമ്മീഷൻ നിർദ്ദേശിച്ചു. വിവിധ മേഖലകൾ ഉൾക്കൊള്ളുന്ന 11,123.07 കോടി രൂപയുടെ പ്രവൃത്തികളാണ് പാക്കേജിൽ വിഭാവനം ചെയ്യുന്നത്. ഇതിൽ 2,524.56 കോടി രൂപയാണ് കേരള സർക്കാരിന്റെ പദ്ധതി വിഹിതം, 756.19 കോടി രൂപ ഇന്ത്യാ ഗവൺമെന്റിന്റെ വിഹിതവും, 543.00 കോടി രൂപ മറ്റ് ഏജൻസികൾ വഴിയും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ വിഹിതമായി 7264.16 കോടി രൂപയും മറ്റ് സ്രോതസ്സുകളിൽ നിന്ന് 35.16 കോടി രൂപയുമാണ് ആകെ പദ്ധതി അടങ്കൽ.

**പട്ടിക 11.8.1** കാസറഗോഡ് വികസന പാക്കേജ് സാമ്പത്തിക പുരോഗതി (ഒക്ടോബർ 31, 2021 വരെ)

| സാമ്പത്തിക വർഷം | ബജറ്റ് വിഹിതം | ഭരണാനുമതി തുക | ചെലവ് |
|---|---|---|---|
| 2013-14 | 2500.00 | 2790.67 | 2309.55 |
| 2014-15 | 7500.00 | 9332.94 | 5367.07 |
| 2015-16 | 8500.00 | 9751.49 | 4718.33 |
| 2016-17 | 8798.00 | 14299.84 | 5271.38 |
| 2017-18 | 9000.00 | 7629.72 | 2137.90 |
| 2018-19 | 9500.00 | 7882.22 | 275.27 |
| 2019-20 | 9065.00 | 9048.73 | 2102.91 |
| 2020-21 | 7500.00 | 7500.00 | 4932.17 |
| 2021-22 | 7832.00 | 2033.88 | 4238.42 |
| ആകെ | 70195.00 | 70269.49 | 31352.51 |

കാസറഗോഡ് വികസന പാക്കേജിൽ പരാമർശിച്ച പദ്ധതികൾ 2013-14 സാമ്പത്തിക വർഷം മുതൽ ആരംഭിച്ചതാണ്. 2013-14 മുതൽ 2021-22 വരെ പാക്കേജ് നടപ്പാക്കുന്നതിന് സംസ്ഥാന ബജറ്റിൽ നിന്നും 70,195 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. 2013-14 മുതൽ 2020-21 ഒക്റ്റോബർ വരെ 70,269.49 ലക്ഷം രൂപ 503 പ്രോജക്ട്ടുകൾക്കായി അനുവദിച്ചു. ഇതിൽ 309 പ്രോജക്ട്ടുകൾ പൂർത്തീകരിക്കുകയും 194 പ്രോജക്ട്ടുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലും ആണ്.

വേനൽക്കാലത്ത് ജലലഭ്യത ഉറപ്പുവരുത്തുന്നതിനും കൃഷിക്കായി ജലസേചനത്തിനും ജലസംരക്ഷണത്തിനും ഊന്നൽ നൽകുകയും തുടങ്ങിയവയാണ് കാർഷിക മേഖലയിലും അനുബന്ധ മേഖലകളിലും ഏറ്റെടുത്ത് പൂർത്തിയാക്കിയ പ്രധാന പദ്ധതികൾ. കാർഷിക മേഖലയിലെ പദ്ധതികൾക്കായി ആകെ അടങ്കൽ 1651.19 ലക്ഷം രൂപ ചെലവഴിച്ചു. വിദ്യാഭ്യാസ മേഖലയിൽ സ്കൂളുകളുടെയും കോളേജുകളുടെയും അടിസ്ഥാന സൗകര്യ വികസനത്തിന് പ്രാധാന്യം നൽകി 1490.52 ലക്ഷം രൂപ വകയിരുത്തി.

ആരോഗ്യമേഖലയിൽ കാസറഗോഡ് മെഡിക്കൽ കോളേജ് നിർമ്മാണം, അനുബന്ധ അടിസ്ഥാന സൗകര്യ വികസനം, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങൾ എന്നിവ 'ആർദ്രം' നിലവാരത്തിലേക്ക് ഉയർത്തുക, ആശുപത്രികളിലെ മലിനജല ശുദ്ധീകരണ പ്ലാന്റ്, ആശുപത്രി ലാബുകളുടെ നവീകരണം തുടങ്ങിയ പദ്ധതികൾക്കായി മൊത്തം 1743.37 ലക്ഷം രൂപ ചെലവഴിച്ചു.

**പട്ടിക 11.8.2** കാസറഗോഡ് വികസന പാക്കേജ് ഭൗതിക പുരോഗതി (ഒക്ടോബർ 31, 2021 വരെ)

| സാമ്പത്തിക വർഷം | പദ്ധതികൾ അനുവദിച്ചത് | പദ്ധതികൾ പൂർത്തിയാക്കിയത് | നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ |
|---|---|---|---|
| 2013-14 | 28 | 28 | 0 |
| 2014-15 | 25 | 23 | 2 |
| 2015-16 | 79 | 72 | 7 |
| 2016-17 | 81 | 72 | 9 |
| 2017-18 | 64 | 50 | 14 |
| 2018-19 | 82 | 43 | 39 |
| 2019-20 | 50 | 16 | 34 |
| 2020-21 | 73 | 5 | 68 |
| 2021-22 | 21 | 0 | 21 |
| ആകെ | 503 | 309 | 194 |

5 കോടി രൂപയിൽ താഴെ എസ്റ്റിമേറ്റുള്ള പദ്ധതികൾക്ക് ഭരണാനുമതി കാസറഗോഡ് പാക്കേജിൽ ഉൾപ്പെടുത്തി നൽകുന്നതിനായി ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ 16 അംഗ ജില്ലാതല സമിതി സർക്കാർ രൂപീകരിച്ചു. സംസ്ഥാനതലത്തിൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാന ആസൂത്രണ ബോർഡിന്റെ ഏകോപനത്തോടെ സംസ്ഥാനതല ഉന്നതാധികാര സമിതി (എസ്എൽ ഇ സി) കാസറഗോഡ് വികസന പാക്കേജിന് കീഴിലുള്ള പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി നിരന്തരം അവലോകനം ചെയ്യുന്നു.

അദ്ധ്യായം

# 12

# പ്രാദേശിക സർക്കാരും വികേന്ദ്രീകൃത ആസൂത്രണവും

അദ്ധ്യായം
12

# പ്രാദേശിക സർക്കാരും വികേന്ദ്രീകൃത ആസൂത്രണവും

വികേന്ദ്രീകൃത ആസൂത്രണത്തിൽ കേരളം കൈവരിച്ച നേട്ടങ്ങൾ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാണ്. സംസ്ഥാന പുനഃസംഘടനയ്ക്ക് തൊട്ടുപിന്നാലെ 1957–ൽ തന്നെ പ്രാദേശികതല ജനാധിപത്യ സ്ഥാപനങ്ങളിലേക്ക് അധികാരം വികേന്ദ്രീകരിക്കാനുള്ള ആദ്യ ശ്രമം കേരളം നടത്തി. 1961–ൽ സംസ്ഥാന നിയമസഭ 1961–ലെ കേരള പഞ്ചായത്ത് നിയമം പാസ്സാക്കുകയും ഇത് സംസ്ഥാനത്ത് തദ്ദേശ സ്ഥാപനങ്ങളുടെ രൂപീകരണത്തിന് വഴിയൊരുക്കുകയും ചെയ്യുകയുണ്ടായി. 1987–ലെ ജില്ലാ കൗൺസിലുകളുടെ രൂപീകരണം, ഭരണപരമായ വികേന്ദ്രീകരണം ജില്ലാതലത്തിൽ സാധ്യമാക്കുകയുണ്ടായി. 1992–ലെ ഭരണഘടനാ ഭേദഗതികളെത്തുടർന്ന് (73–ഉം 74–ഉം), കേരള നിയമസഭ 1994–ൽ കേരള പഞ്ചായത്തിരാജ് നിയമം പാസാക്കി, രണ്ടുവർഷത്തിനു ശേഷം, ജനാധിപത്യ വികേന്ദ്രീകരണം എന്ന മുദ്രാവാക്യത്തോടെ സർക്കാർ ജനകീയാസൂത്രണ കാമ്പയിന് (പിപിസി) തുടക്കം കുറിക്കുകയുണ്ടായി.

സംസ്ഥാനത്തെ പൊതുഭരണത്തിലെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷതകളിലൊന്നാണ് ഭരണപരമായ വികേന്ദ്രീകരണം. വിഭവങ്ങൾ, ഉദ്യോഗസ്ഥ സംവിധാനം, ഭരണപരമായ അധികാരങ്ങൾ എന്നിവയുടെ കൈമാറ്റത്തിലൂടെ കേരളത്തിലെ പ്രാദേശിക സർക്കാരുകൾ അർത്ഥപൂർണമായി ശാക്തീകരിക്കപ്പെട്ടു. വർഷങ്ങളായി, വികസന പരിപാടികൾ രൂപീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും പ്രാദേശിക വികസനത്തിൽ ഏർപ്പെട്ടിരിക്കുന്ന വിവിധ ഏജൻസികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമുള്ള ഫലപ്രദമായ ഉപകരണങ്ങളായി പ്രാദേശിക സർക്കാരുകൾ മാറിയിട്ടുണ്ട്. 2018–ലെയും 2019–ലെയും പ്രളയത്തിലും കോവിഡ്–19 മഹാമാരിയിലും പ്രാദേശിക സർക്കാരുകൾ വഹിച്ച പങ്ക് നിർണായകമാണ്. കേരളത്തിൽ 941 ഗ്രാമപഞ്ചായത്തുകൾ, 152 ബ്ലോക്ക് പഞ്ചായത്തുകൾ, 14 ജില്ലാ പഞ്ചായത്തുകൾ, 87 മുനിസിപ്പാലിറ്റികൾ, 6 മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവ ഉൾപ്പെടുന്ന 1,200 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണുള്ളത്.

കേരളത്തിന്റെ വികേന്ദ്രീകരണത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷത ഫോർമുല അടിസ്ഥാനമാക്കി വിവേചനാധികാരമില്ലാതെ നീതിപൂർവകവുമായ രീതിയിലുള്ള വിഭവ വിന്യാസമാണ്. സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശകൾ പ്രകാരം മൂന്ന് സ്രോതസ്സുകളിൽ ഫണ്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിനിയോഗിക്കുന്നു:

- പരമ്പരാഗത ചുമതലകൾ, സ്ഥാപന ചെലവുകൾ എന്നിവ നിറവേറ്റുന്നതിനുള്ള ജനറൽ പർപ്പസ് ഫണ്ട്;
- വികേന്ദ്രീകരണത്തിന്റെ ഭാഗമായി കൈമാറ്റം ചെയ്യപ്പെട്ടവ ഉൾപ്പെടെയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികൾ പരിപാലിക്കുന്നതിനുള്ള മെയിന്റനൻസ് ഫണ്ട്;
- വികസന ചെലവുകൾ നിറവേറ്റുന്നതിനുള്ള വികസന ഫണ്ട് (പ്ലാൻ ഫണ്ട്).

2021–22 –ൽ, സംസ്ഥാനം നികുതി വരുമാനത്തിന്റെ 3.5 ശതമാനം ജനറൽ പർപ്പസ് ഫണ്ടായും തനത് നികുതി വരുമാനത്തിന്റെ 6 ശതമാനം മെയിന്റനൻസ് ഫണ്ടായും സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 26 ശതമാനം വികസന ഫണ്ടായും പ്രാദേശിക സർക്കാറുകൾക്ക് കൈമാറുകയുണ്ടായി. ഫോർമുല അധിഷ്ഠിത വികേന്ദ്രീകരണം സംസ്ഥാനത്തിന്റെ എല്ലാ കോണുകളിലും ഫണ്ടുകൾ എത്തുന്നുവെന്ന് ഉറപ്പാക്കുന്നുണ്ട്. വിഭവങ്ങളുടെ കൈമാറ്റം വഴി എല്ലാ മേഖലകളിലും മതിയായ ഫണ്ട് എത്തുന്നുവെന്ന് ഉറപ്പാക്കുവാനും അതുവഴി പ്രാദേശിക വികസനത്തിന് ഉത്തേജനം നൽകി ജന ജീവിതം മെച്ചപ്പെടുത്തുവാൻ സാധിക്കുന്നുണ്ട്.

## പതിമൂന്നാം പദ്ധതിയിൽ അവതരിപ്പിച്ച പ്രധാന ഉദ്യമങ്ങളും നയ മാറ്റങ്ങളും

സംസ്ഥാനത്ത്, കാൽ നൂറ്റാണ്ട് കാലത്തെ അനുഭവ പരിചയമാണ് ജനകീയാസൂത്രണത്തിനുള്ളത്. ഇതുമായി ബന്ധപ്പെട്ട് നടന്നിട്ടുള്ള പഠനങ്ങളുടെയും ചർച്ചകളുടെയും വെളിച്ചത്തിൽ, വികേന്ദ്രീകൃത ജനാധിപത്യ ഭരണ സംവിധാനത്തെ പുനരുജ്ജീവിപ്പിക്കാൻ ലക്ഷ്യമിട്ടുള്ള സുപ്രധാന മാറ്റങ്ങൾക്ക് കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ ആരംഭം കുറിക്കുകയുണ്ടായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ പദ്ധതികൾ കൃത്യസമയത്ത് തയ്യാറാക്കാൻ പ്രാപ്തമാക്കുന്ന തരത്തിൽ ആസൂത്രണ പ്രക്രിയ പുനഃക്രമീകരിക്കൽ, പദ്ധതിയും ബജറ്റും സംയോജിപ്പിക്കൽ, സമയബന്ധിതമായി പദ്ധതി നടപ്പാക്കൽ, ഫണ്ടുകളുടെ മെച്ചപ്പെട്ട വിനിയോഗം, നൂതന പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ഫലപ്രദമായി നടപ്പാക്കുന്നതിനുമുള്ള അവസരം, ഉൽപ്പാദന മേഖലയിലേക്ക് ഫണ്ട് വിഹിതം വർദ്ധിപ്പിക്കൽ, ജില്ലാ പദ്ധതികൾ തയ്യാറാക്കലും ജില്ല കേന്ദ്രീകരിച്ചുള്ള ആസൂത്രണവും, ജില്ലാ റിസോഴ്സ് സെന്ററുകളുടെ രൂപീകരണവും പ്രകൃതി ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ കാര്യക്ഷമമായ ദുരന്ത നിവാരണവും എന്നിവ ഇതിൽ ഉൾപ്പെടുന്നു. പ്രധാനപ്പെട്ടവ ചുവടെ സംഗ്രഹിച്ചിരിക്കുന്നു.

### 1) പദ്ധതി മാർഗ്ഗരേഖയുടെ പരിഷ്കരണവും സമയബന്ധിത പ്രാദേശിക പദ്ധതി രൂപീകരണവും.

പ്രാദേശിക സർക്കാരുകൾക്ക് പ്രാദേശിക പദ്ധതികൾ രൂപീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള മാർഗ്ഗ

നിർദ്ദേശങ്ങളിൽ പതിമൂന്നാം പദ്ധതിയുടെ ആദ്യ വർഷം തന്നെ വലിയ മാറ്റങ്ങൾ വരുത്തുകയുണ്ടായി. മുൻകാലങ്ങളിൽ പദ്ധതി രൂപീകരണത്തിലെ സങ്കീർണ്ണമായ നടപടിക്രമങ്ങൾ കാരണം പദ്ധതി രൂപീകരണത്തിനും അംഗീകാരത്തിനും പദ്ധതി നിർവ്വഹണത്തേക്കാൾ കൂടുതൽ സമയമെടുക്കുമായിരുന്നു. അതിനാൽ സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളിൽ പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പൂർത്തിയാക്കുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ നിർബന്ധിതരാവുകയും ഇത് മാർച്ച് മാസത്തിലേക്ക് പേയ്മെന്റുകൾ കുമിഞ്ഞുകൂടാനും കാരണമായിരുന്നു. ഇതിന് പരിഹാരം കാണുക എന്ന ലക്ഷ്യത്തോടെയാണ് നടപടിക്രമങ്ങൾ ലഘൂകരിച്ചുകൊണ്ടുള്ള മാർഗ്ഗരേഖ മുന്നോട്ട് വെച്ചത്. ഇതുവഴി ആസൂത്രണത്തിന്റെ നടപടിക്രമങ്ങൾ ലളിതമാക്കുവാനും ആസൂത്രണ ഘട്ടങ്ങൾ യുക്തിസഹമാക്കുവാനും പദ്ധതി സമർപ്പണം നേരത്തേയാക്കുന്നതിനും കാരണമായി. പതിമൂന്നാം പദ്ധതിയുടെ ആദ്യ വർഷത്തിൽ (2017–18) സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്ഥാപനങ്ങളും അവരുടെ പദ്ധതി രൂപീകരണ പ്രക്രിയ 2017 ജൂൺ 15 നകം പൂർത്തീകരിക്കുകയുണ്ടായി. പ്രാദേശിക ആസൂത്രണ ചരിത്രത്തിലെ അഭൂതപൂർവ്വമായ നേട്ടമായിരുന്നു ഇത്. പദ്ധതി നിർവ്വഹണം നേരത്തേ ആരംഭിക്കുന്നതിനും നിർവ്വഹണത്തിനായി 10 മാസസമയം ലഭിക്കുന്നതിനും സംസ്ഥാനം സാക്ഷ്യം വഹിക്കുകയുണ്ടായി.

പതിമൂന്നാം പദ്ധതിയുടെ ആദ്യ വർഷ അനുഭവത്തിന്റെ വെളിച്ചത്തിൽ പദ്ധതി മാർഗ്ഗരേഖയും, സബ്സിഡി മാർഗ്ഗരേഖയും അടുത്ത നാല് വർഷത്തേക്കായി പരിഷ്കരിക്കുകയുണ്ടായി. ആദ്യ വർഷത്തെ അനുഭവപാഠങ്ങൾ ഉൾച്ചേർക്കുന്നതിനും പ്രാദേശിക സർക്കാരുകൾ ഉന്നയിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പരിഷ്കരണം അനിവാര്യമായിരുന്നു. സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുൻപ് തന്നെ പ്രാദേശിക സർക്കാറുകൾക്ക് അവരുടെ 2018–19 വർഷത്തെ പദ്ധതിക്ക് അംഗീകാരം നേടിയെടുക്കുന്നതിനായി പരിഷ്കരിച്ച മാർഗ്ഗനിർദ്ദേശങ്ങൾ നേരത്തെതന്നെ പുറപ്പെടുവിപ്പിച്ചു. സംസ്ഥാനത്തെ 1,147 തദ്ദേശ സ്ഥാപനങ്ങൾ 2018–19 ലേക്കുള്ള അവരുടെ വാർഷിക പദ്ധതിക്ക് 2018 ഏപ്രിൽ ഒന്നിന് മുമ്പ് തന്നെ അംഗീകാരം നേടി എടുക്കുകയുണ്ടായി. അതിലൂടെ നിർവ്വഹണത്തിന് പൂർണ്ണമായ ഒരു വർഷം അവർക്ക് ലഭിക്കുകയും ചെയ്തു.

2019–20 ലെ പ്രാദേശിക പദ്ധതികൾ രൂപീകരിക്കുന്ന പ്രക്രിയ 2018 ഒക്ടോബർ 2 ന് തന്നെ ആരംഭിക്കുകയുണ്ടായി. പതിനേഴാമത് ലോകസഭയിലേക്കുള്ള പൊതു തെരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുമുമ്പ് പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചതിനാൽ വിജ്ഞാപനം വരുന്നതിനു മുന്നേ തന്നെ ഒട്ടുമിക്ക പ്രാദേശിക സർക്കാരുകളും (1,181 എണ്ണം) വാർഷിക പദ്ധതികൾ സമർപ്പിക്കുകയുണ്ടായി. 2020–21 വർഷത്തിൽ, കോവിഡ്–19 പകർച്ചവ്യാധികൾക്കിടയിലും, 818 തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മാർച്ച് 31 നകം പദ്ധതികൾ സമർപ്പിക്കാൻ കഴിഞ്ഞു. ശേഷിക്കുന്ന തദ്ദേശ സ്ഥാപനങ്ങളിൽ നാലെണ്ണമൊഴികെ മറ്റെല്ലാവരും ഏപ്രിൽ 21–നകം പദ്ധതികൾ സമർപ്പിക്കുകയുണ്ടായി. 2021–22–ൽ 1,141 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 2021 ഫെബ്രുവരി 26–ന് തന്നെ വാർഷിക പദ്ധതികൾ സമർപ്പിക്കുകയുണ്ടായി. പദ്ധതികൾ സമയബന്ധിതമായി തയ്യാറാക്കുന്നതിലെ പ്രാധാന്യം പ്രാദേശിക സർക്കാരുകൾ ഇപ്പോൾ തിരിച്ചറിഞ്ഞിട്ടുണ്ട് എന്നതാണ് കഴിഞ്ഞ അഞ്ച് വർഷത്തെ അനുഭവം വെളിപ്പെടുത്തുന്നത്.

പദ്ധതിയുടെ നേരത്തെയുള്ള നിർവഹണം ഉയർന്ന ചെലവിടലിന് കാരണമായിട്ടുണ്ട്. മുൻകാലങ്ങളിൽ, പദ്ധതികൾക്ക് വർഷാവസാനം മാത്രമാണ് അംഗീകാരം ലഭിച്ചിരുന്നത് എന്നതിനാൽ സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളിൽ മാത്രമേ പണം ചെലവഴിക്കാൻ കഴിയുമായിരുന്നുള്ളൂ. ഇപ്പോഴാകട്ടെ ആദ്യ മാസം മുതൽ, പദ്ധതി ചെലവ് രേഖപ്പെടുത്തുകയും പദ്ധതി പ്രവർത്തനങ്ങൾ വർഷം മുഴുവനുമുള്ള ഒരു പ്രക്രിയയായി മാറുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ **അനുബന്ധം 12.1.1, ചിത്രം 12.1.1** എന്നിവയിൽ കാണിച്ചിരിക്കുന്നു.


### 2) പരിശോധന ഉദ്യോഗസ്ഥരുടെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെയും എണ്ണം വർദ്ധിപ്പിച്ചു.

പ്രോജക്ടുകളുടെ സുഗമമായ നിർവ്വഹണത്തിൽ തടസ്സമായിരുന്ന ഒരു ഘടകമായിരുന്നു, അവ സൂക്ഷ്മമായി പരിശോധിക്കുന്നതിനും അംഗീകരിക്കുന്നതിനും, പ്രത്യേകിച്ചും നിർമ്മാണ പദ്ധതികളിൽ, അതത് തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെ അഭാവം. സാധാരണയായി ഒരു പ്രോജക്ടിന്റെ വിലയിരുത്തൽ (വെറ്റിംഗ്) നടത്തുന്നത് പ്രോജക്ട് നടപ്പാക്കുന്ന ഉദ്യോഗസ്ഥനേക്കാൾ മുതിർന്ന ഉദ്യോഗസ്ഥനാണ്. മുൻകാലങ്ങളിൽ കൈമാറ്റം ചെയ്യപ്പെട്ട മേഖലയിലെ മുതിർന്ന ഉദ്യോഗസ്ഥനെ മാത്രമേ നിർവഹണ ഉദ്യോഗസ്ഥനായി നിയമിക്കാൻ കഴിയുമായിരുന്നുള്ളൂ. ഇത് കാരണം പ്രോജക്ട് വെറ്റിംഗിനായി പലപ്പോഴും മറ്റ് ഓഫീസുകളിലേയ്ക്ക് അയയ്ക്കാൻ പ്രാദേശിക സർക്കാരുകൾ നിർബന്ധിതരായിരുന്നു. ഇത് പദ്ധതി നിർവ്വഹണത്തിലെ കാലതാമസത്തിന് കാരണമായിരുന്നു. ഉദാഹരണത്തിന് ജില്ലാ പഞ്ചായത്തുകളുടെയും കോർപ്പറേഷനുകളുടെയും നിർമ്മാണ പ്രോജക്ടുകൾ സൂപ്രണ്ടിങ് എഞ്ചിനീയറുടെയോ ചീഫ് എഞ്ചിനീയറുടെയോ ഓഫീസുകളിൽ സൂക്ഷ്മപരിശോധന നടത്തേണ്ടതായിട്ടുണ്ട്. പ്രാദേശിക സർക്കാറുകളിൽ വിവിധ തട്ടുകളിൽ കൂടുതൽ നിർവ്വഹണ ഉദ്യോഗസ്ഥരെയും വെറ്റിംഗ് ഉദ്യോഗസ്ഥന്മാരെയും അനുവദിച്ചുകൊണ്ട് ഇതിന് പരിഹാരം കാണുകയുണ്ടായി.


### 3) പദ്ധതി അംഗീകാരത്തിൽ വരുത്തിയ മാറ്റം – ആദ്യം വാർഷിക പദ്ധതി അംഗീകാരം തുടർന്ന് പ്രോജക്ട് വിലയിരുത്തൽ

മുൻകാലങ്ങളിൽ പ്രോജക്ടുകൾ ബന്ധപ്പെട്ട വെറ്റിംഗ് ഓഫീസർ പരിശോധിച്ചശേഷമാണ് വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നത്. അതിനാൽ എല്ലാ പ്രോജക്ടുകളുടെയും അംഗീകാരപ്രക്രിയ പൂർത്തിയായെങ്കിൽ മാത്രമെ വാർഷിക പദ്ധതി സമർപ്പിക്കാൻ കഴിയുമായിരുന്നുള്ളൂ. വാർഷിക പദ്ധതി സമർപ്പിക്കേണ്ട സമ്മർദ്ദം കാരണം വെറ്റിംഗ് ഓഫീസർമാർക്ക് പദ്ധതികളുടെ പോരായ്മകൾ പരിഹരിക്കുവാൻ കഴിയാത്ത സാഹചര്യം ഉണ്ടാവുകയും പദ്ധതി നിർദ്ദേശങ്ങൾ തിടുക്കത്തിൽ

**ചിത്രം 12.1.1** പ്രാദേശിക സർക്കാരുകളുടെ ഓരോ പാദത്തിലെയും പദ്ധതി ചെലവ്, 2017–18 മുതൽ 2021–22 വരെ, ശതമാനത്തിൽ




(തുടർച്ച) പ്രാദേശിക സർക്കാരുകളുടെ ഓരോ പാദത്തിലെയും പദ്ധതി ചെലവ്, 2017–18 മുതൽ 2021–22 വരെ, ശതമാനത്തിൽ




ഉറവിടം: ഇൻഫർമേഷൻ കേരള മിഷൻ 2021
*(സെപ്റ്റംബർ 2021 വരെ)

അംഗീകരിക്കുകയും ചെയ്യേണ്ടിവന്നിരുന്നു. ഇത്തരം സാഹചര്യം ഒഴിവാക്കുവാനായി ആദ്യം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കുവാനും തുടർന്ന് മാത്രം പ്രോജക്ടുകളുടെ വിലയിരുത്തൽ നടത്താനും തീരുമാനിക്കുകയുണ്ടായി. ഇതാകട്ടെ വാർഷിക പദ്ധതിയുടെ അംഗീകാരത്തിലെയും പ്രോജക്ട് വെറ്റിംഗിലേയും കാലതാമസം ഒഴിവാക്കാൻ സഹായിക്കുകയുണ്ടായി. പ്രോജക്ടുകൾ വിശദമായി പരിശോധിക്കാനും കുറവുകൾ പരിഹരിക്കാനും വെറ്റിംഗ് ഓഫീസർമാർക്ക് ഇപ്പോൾ മതിയായ സമയം ലഭിക്കുന്നതിനാൽ പ്രോജക്ടുകളുടെ ഗുണനിലവാരം ഗണ്യമായി മെച്ചപ്പെടുത്തുന്നതിന് കാരണമായിട്ടുണ്ട്.

#### 4) അപ്പീൽ കമ്മിറ്റി സംവിധാനം പുനസംഘടിപ്പിച്ചു

പരിശോധന ഓഫീസർമാർ നിരസിക്കുന്ന പ്രോജക്ടുകൾ പരിഗണിക്കുന്ന ജില്ലാതല അപ്പീൽ കമ്മിറ്റിയുടെ ഉദ്യോഗസ്ഥ മേധാവിത്വ സമീപനം പന്ത്രണ്ടാം പദ്ധതിയിൽ ഉയർന്നുവന്ന ഒരു പ്രധാന വിമർശനമായിരുന്നു. ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സന്റെ അധ്യക്ഷതയിൽ ഈ സമിതിയെ പുനസംഘടിപ്പിക്കുകയുണ്ടായി.

#### 5) ജില്ലാ പദ്ധതികൾ തയ്യാറാക്കൽ

ജില്ലയുടെ വികസനത്തിനായി ഒരു സംയോജിത സമീപനം രൂപകൽപ്പന ചെയ്യുകയെന്ന ലക്ഷ്യത്തോടെ ജില്ലാ ആസൂത്രണ സമിതികൾ (ഡി.പി.സി) ജില്ലാ പദ്ധതികൾ തയ്യാറാക്കിയത് ശ്രദ്ധേയമായ ഒരു കാൽവെയ്പായിരുന്നു. ആർട്ടിക്കിൾ 243ZD പ്രകാരം ജില്ലാ പദ്ധതികൾ ആവിഷ്കരിക്കേണ്ടത് ഡി.പി.സികളുടെ ഭരണഘടനാപരമായ ചുമതലയാണ്. സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് കൊണ്ട് കേരളത്തിലെ എല്ലാ ഡി.പി.സികളും ഈ ദൗത്യം പൂർത്തീകരിക്കുകയുണ്ടായി കൂടാതെ ഇതൊരു മാർഗനിർദേശക രേഖയായി പരിഗണിച്ചു കൊണ്ട് ജില്ലാ പദ്ധതി നിർദ്ദേശങ്ങൾ പ്രാദേശിക സർക്കാരുകളുടെ വാർഷിക പദ്ധതികളിൽ പ്രതിഫലിക്കുന്നുണ്ട് എന്ന് ഉറപ്പാക്കുകയും ചെയ്യുന്നുണ്ട്. പ്രദേശിക പദ്ധതികൾ തയ്യാറാക്കുന്ന തിനുമുമ്പായി ജില്ലാ പദ്ധതി നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ എല്ലാ വർഷവും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കാൻ ഡി.പി.സികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കേരളത്തിലെ വികേന്ദ്രീകൃത ആസൂത്രണ ചരിത്രത്തിലെ സുപ്രധാന നാഴികക്കല്ലാണ് ജില്ലാ പദ്ധതികളുടെ രൂപീകരണം. ജില്ലാ പദ്ധതികളിൽ ഉയർന്നു വന്ന വൻകിട പദ്ധതികളെക്കുറിച്ചുള്ള ചില ആശയങ്ങൾ, നടപ്പിലാക്കാവുന്ന പദ്ധതികളാക്കി മാറ്റുന്നതിനുള്ള ചുമതലകൾ കൂടി സംസ്ഥാനത്തെ ഡി.പി.സികൾ ഏറ്റെടുത്തിരിക്കുകയാണ്. ഇത്തരം പദ്ധതികൾ പ്രാദേശിക സർക്കാരുകളും മറ്റ് ഏജൻസികളും സംയുക്തമായിട്ടാണ് നടപ്പിലാക്കുന്നത്.

#### 6) ജില്ലാ പദ്ധതിക്ക് പ്രോത്സാഹനം

ത്രിതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ തലങ്ങളിലുള്ള പ്രോജക്ടുകളുടെ സംയോജനം പ്രധാനമായതിനാൽ, ജില്ലാ പദ്ധതികളിൽ ഉയർന്നുവന്ന വൻകിട പദ്ധതികളെക്കുറിച്ചുള്ള ചില ആശയങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സംയുക്തമായി നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികളാക്കി മാറ്റുന്നതിനുള്ള ചുമതല ഡി.പി.സികൾ ഏറ്റെടുത്തിരുന്നു. ജില്ലകളിൽ ഇത്തരം സംയോജിത പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിന് ജില്ലാ പദ്ധതികൾക്ക് പ്രോത്സാഹനം നൽകുന്ന ഒരു പദ്ധതി സർക്കാർ അവതരിപ്പിച്ചിരുന്നു. ജില്ലാ പദ്ധതികളിലെ ഇത്തരം സംയോജന സാധ്യതകൾ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ "ജില്ലാ പദ്ധതിക്ക് പ്രോത്സാഹനം" എന്ന പേരിൽ ഒരു സ്കീം തന്നെ ആരംഭിക്കുകയുണ്ടായി.

#### 7) നാഗരിക പ്രശ്നങ്ങളിൽ കൂടുതൽ ശ്രദ്ധ

കേരളത്തിലെ ദ്രുതഗതിയിലുള്ള നഗരവൽക്കരണം മൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾക്ക് പതിമൂന്നാം പഞ്ചവത്സര പദ്ധതി പ്രത്യേക പ്രാധാന്യം നൽകുന്നുണ്ട്. നാഗരികത ഉയർത്തുന്ന വെല്ലുവിളികളെയും അവസരങ്ങളെയും നേരിടാൻ ഉചിതമായ തന്ത്രങ്ങളും പരിപാടികളും വികസിപ്പിക്കുന്നതിന്റെ പ്രാധാന്യം തിരിച്ചറിയുകയും ഇതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ പതിമൂന്നാം പദ്ധതിയിൽ ആദ്യമായി നഗര തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി രൂപീകരണത്തിനായി പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യുകയുണ്ടായി.

#### 8) ഉൽപാദന മേഖലയുടെ വിഹിതം വർദ്ധിപ്പിച്ചു

ജനകീയാസൂത്രണ പദ്ധതിയുടെ തുടക്കം മുതൽ തന്നെ പൊതുമേഖലാ വിഭാഗത്തിലെ സാധാരണ വിഹിതത്തിൽ നിന്നും ഒരു നിശ്ചിത ശതമാനം തുക ഉൽപാദന മേഖലയ്ക്കായി നീക്കിവയ്ക്കണമെന്ന വ്യവസ്ഥ ചെയ്തിട്ടുണ്ടായിരുന്നു. എന്നാൽ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ തുടക്കത്തിൽ ഇത് ഇല്ലാതാക്കി. നിലവിലെ സർക്കാർ 2016 മെയ് മാസത്തിൽ അധികാരമേറ്റപ്പോൾ പന്ത്രണ്ടാം പദ്ധതിയുടെ ആദ്യ നാല് വർഷത്തെ അനുഭവം അവലോകനം ചെയ്യുകയും 2016–17 വാർഷിക പദ്ധതിയിൽ ഉല്പാദന മേഖലയ്ക്കായി 20 ശതമാനം നിർബന്ധിത മിനിമം വിഹിതം പുനസ്ഥാപിക്കാൻ തീരുമാനിക്കുയും ചെയ്യുകയുണ്ടായി. പതിമൂന്നാം പദ്ധതിയുടെ തുടക്കത്തിൽ ഇത് വീണ്ടും പരിഷ്കരിക്കുകയും ഗ്രാമ, ബ്ലോക്ക് ജില്ല പഞ്ചായത്തുകൾ ഉൽപാദന മേഖലയിൽ കുറഞ്ഞത് 30 ശതമാനം തുകയും നഗര തദ്ദേശ ഭരണങ്ങളുടെയും കാര്യത്തിൽ ഇത് 10 ശതമാനമായും നിശ്ചയിക്കുകയുണ്ടായി. അടിസ്ഥാന സൗകര്യ വികസനത്തിൽ മാത്രം ശ്രദ്ധകേന്ദ്രീകരിച്ചിരുന്ന പ്രാദേശിക സർക്കാറുകൾ ഉൽപാദന മേഖലയിൽ കൂടുതൽ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് ഇത് വഴിവെക്കുകയുണ്ടായി. പതിമൂന്നാം പദ്ധതിയുടെ സമീപനരേഖയിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ ഉൽപാദനം, വർദ്ധിപ്പിക്കുന്നതിന് കൊടുത്ത ഊന്നലിനെയാണ് ഇത് സൂചിപ്പിക്കുന്നത്. വിശദാംശങ്ങൾ **പട്ടിക 12.1.1**–ൽ നൽകിയിരിക്കുന്നു.

#### 9) പ്രത്യേക വിഭാഗങ്ങൾക്കുള്ള പദ്ധതികൾക്ക് കൂടുതൽ ശ്രദ്ധയും വിഹിതവും

പ്രത്യേക വിഭാഗക്കാരുടെ വികസനത്തിന് ഉയർന്ന മുൻഗണന നൽകുന്നതിന്റെ ഭാഗമായി പതിമൂന്നാം പദ്ധതിയുടെ തുടക്കത്തിൽ, കുട്ടികൾ, പ്രായമായവർ, ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്നവർ എന്നിവരുടെ പദ്ധതിയ്ക്കായി വികസന ഫണ്ടിന്റെ വിഹിതം 10 ശതമാനമായി ഉയർത്താനും ട്രാൻസ്ജെൻഡർ വിഭാഗത്തെ പ്രത്യേക വിഭാഗക്കാരുടെ ഗ്രൂപ്പിൽ ഉൾപ്പെടുത്താനും തീരുമാനിക്കുകയുണ്ടായി. ഇപ്പോൾ, പ്രാദേശിക സർക്കാരുകൾ, കുട്ടികൾ, ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്നവർ ട്രാൻസ്ജെൻഡർമാർ എന്നിവരുടെ വികസനത്തിന് 5 ശതമാനവും വയോജനങ്ങളുടെ ക്ഷേമത്തിനും സാന്ത്വന പരിചരണ പദ്ധതികൾക്ക് 5 ശതമാനവും നീക്കിവയ്ക്കുന്നുണ്ട്. വിശദാംശങ്ങൾ **അനുബന്ധം 12.1.2**–ൽ കാണിച്ചിരിക്കുന്നു.

#### 10) വനിതാ ഘടക പദ്ധതികൾ – ഒരു അവലോകനം

സ്ത്രീകളുടെ മുഖ്യധാരാ പങ്കാളിത്തവും വികസനവുമാണ് വനിതാ ഘടക പദ്ധതിയുടെ പ്രധാന ലക്ഷ്യം. സ്ത്രീകളുടെ വരുമാനം മെച്ചപ്പെടുത്തുന്ന പ്രവർത്തനങ്ങൾ വർദ്ധിപ്പി

**പട്ടിക 12.1.1** പ്രാദേശിക സർക്കാരുകളുടെ (2015–16 മുതൽ 2021–22 വരെ) പൊതുവിഭാഗം ഫണ്ടിലെ സാധാരണ വിഹിതത്തിലെ മൊത്തം ചെലവിൽ ഉൽപാദന മേഖലയുടെ വിഹിതം, രൂപ കോടിയിൽ

| വർഷം | പൊതുവിഭാഗം സാധാരണ വിഹിതത്തിലെ ഉത്പാദനമേഖല ചെലവ് | പൊതുവിഭാഗം സാധാരണ വിഹിതത്തിലെ ആകെയുള്ള ചെലവ് | പൊതുവിഭാഗം സാധാരണ വിഹിതം ചിലവിൽ ഉത്പാദന മേഖലയുടെ പങ്ക് |
|---|---|---|---|
| 2015–16 | 242.43 | 2,400.98 | 10.10 |
| 2016–17 | 373.42 | 2,040.85 | 18.30 |
| 2017–18 | 660.46 | 2,750.19 | 24.02 |
| 2018–19 | 674.26 | 3,330.11 | 20.25 |
| 2020–21 | 454.92 | 2,445.03 | 18.61 |
| 2020–21 | 1009.23 | 3580.34 | 28.18 |
| 2021–22* | 32.40 | 541.43 | 6.00 |

ഉറവിടം: ഇൻഫർമേഷൻ കേരള മിഷൻ 2021
*(സെപ്റ്റംബർ 2021 വരെ)

ക്കുന്നതിലും സ്ത്രീകളുടെ സാമൂഹിക നില മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു. പ്രാദേശിക സർക്കാറുകൾ കൃഷി, മൃഗസംരക്ഷണം, ഡയറി, മത്സ്യബന്ധനം, ചെറുകിട വ്യവസായങ്ങൾ, സ്വയം തൊഴിൽ പദ്ധതികൾ എന്നീ മേഖലകളിൽ നിന്നുള്ള പദ്ധതികളാണ് പ്രധാനമായും വനിതാഘടക പദ്ധതിയിൽ ഏറ്റെടുത്തിരിക്കുന്നത് (**പട്ടിക 12.1.2**).

**പട്ടിക 12.1.2** (a) വനിതാ ഘടക പദ്ധതി – പ്രോജക്ടുകളുടെ എണ്ണവും വകയിരുത്തലും പതിമൂന്നാം പഞ്ചവത്സര പദ്ധതി – തദ്ദേശ തല ക്രോഡീകൃത വിവരങ്ങൾ, 2017–22

| ക്രമ നം | തദ്ദേശഭരണ സ്ഥാപന തരം | പ്രോജക്ടുകളുടെ എണ്ണം | വകയിരുത്തിയ തുക (കോടിയിൽ) |
|---|---|---|---|
| 1 | ഗ്രാമപഞ്ചായത്ത് | 28751 | 949.31 |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 3180 | 293.5 |
| 3 | ജില്ലാ പഞ്ചായത്ത് | 560 | 157.13 |
| 4 | മുനിസിപ്പാലിറ്റി | 2295 | 119.49 |
| 5 | കോർപ്പറേഷൻ | 447 | 70.34 |
| | ആകെ | 35233 | 1589.8 |

**പട്ടിക 12.1.2** (b) വനിതാ ഘടക പദ്ധതി – പ്രോജക്ടുകളുടെ എണ്ണവും ശതമാനവും – മേഖലാ തല വിവരങ്ങൾ, 2017–22

| ക്രമ നം | തദ്ദേശഭരണ സ്ഥാപന തരം | കൃഷി | | മൃഗസംരക്ഷണം | | ക്ഷീരവികസനം | | ഫിഷറീസ് | | ചെറുകിട വ്യവസായം | | സ്വയംതൊഴിൽ, വ്യവസായം | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | പ്രോജക്ടുകളുടെ എണ്ണം | ചെലവ് % | പ്രോജക്ടുകളുടെ എണ്ണം | ചെലവ് % | പ്രോജക്ടുകളുടെ എണ്ണം | ചെലവ് % | പ്രോജക്ടുകളുടെ എണ്ണം | ചെലവ് % | പ്രോജക്ടുകളുടെ എണ്ണം | ചെലവ് % | പ്രോജക്ടുകളുടെ എണ്ണം | ചെലവ് % |
| 1 | ഗ്രാമപഞ്ചായത്ത് | 8039 | 59.78 | 14764 | 54.76 | 976 | 61.27 | 916 | 7.63 | 444 | 23.02 | 3612 | 32.95 |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 562 | 52.11 | 356 | 52.98 | 307 | 64.61 | 264 | 7.41 | 184 | 44.81 | 1507 | 48.26 |
| 3 | ജില്ലാ പഞ്ചായത്ത് | 51 | 32.41 | 46 | 45.14 | 14 | 60.21 | 65 | 1.56 | 34 | 35.95 | 350 | 45.16 |
| 4 | മുനിസിപ്പാലിറ്റി | 611 | 48.88 | 860 | 38.93 | 45 | 53.09 | 145 | 1.68 | 102 | 38.26 | 532 | 26.00 |
| 5 | കോർപ്പറേഷൻ | 151 | 41.70 | 61 | 43.15 | 3 | 44.49 | 45 | 3.44 | 20 | 9.75 | 167 | 30.71 |
| ആകെ | | 9414 | 56.14 | 16087 | 53.41 | 1345 | 62.38 | 1435 | 5.11 | 784 | 33.78 | 6168 | 39.66 |

ഉറവിടം: ഇൻഫർമേഷൻ കേരള മിഷൻ 2021

### 11) നൂതന പദ്ധതികൾക്കായി പ്രത്യേക ജാലകം

നൂതനവും പ്രസക്തവും എന്നാൽ സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് പ്രാദേശിക സർക്കാറുകൾക്ക് ഏറ്റെടുക്കാൻ സാധിക്കാത്തതുമായ പ്രോജക്ട്ടുകൾ രൂപകൽപന ചെയ്യുന്നതിനായി ഒരു പ്രത്യേക ജാലകം ആരംഭിച്ചത് പതിമൂന്നാം പദ്ധതിയുടെ ഒരു പ്രധാന സവിശേഷതയാണ്. വികേന്ദ്രീകൃത ആസൂത്രണത്തിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്ന് പ്രാദേശിക വികസന പ്രശ്നങ്ങൾ വിശകലനം ചെയ്യുകയും വിഭവ ശേഷിയെ അടിസ്ഥാനമാക്കി അനുയോജ്യമായ പരിഹാരങ്ങൾ രൂപപ്പെടുത്തുകയുമാണ്. പ്രാദേശികകമായി ഉയർന്നുവരുന്ന ചില പ്രോജക്ട്ടുകൾ നിലവിലുള്ള സബ്സീഡി മാനദണ്ഡങ്ങൾക്കനുസൃതമായി നടപ്പിലാക്കാൻ പറ്റിയെന്നുവരില്ല. അത്തരം പ്രോജക്ട്ടുകളുടെ പരിശോധനയ്ക്കും തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനുമായി ജില്ലാ കളക്ടർ അധ്യക്ഷനായി ജില്ലാതല വിദഗ്ധ സമിതി രൂപീകരിക്കുകയുണ്ടായി. വിവിധ തലങ്ങളിലെ പ്രാദേശിക സർക്കാരുകളുടെ നൂതന പ്രോജക്ട്ടുകൾ പരിശോധിച്ച് തീരുമാനമെടുക്കുന്നത് ഈ സമിതിയാണ് **(പട്ടിക 12.1.3).**


### 12) സബ്സിഡികളുടെ വ്യാപ്തി വിശാലമാക്കി

പതിമൂന്നാം പദ്ധതിയിലെ ശ്രദ്ധേയമായ മാറ്റങ്ങളിലൊന്ന് സബ്സിഡി നിരക്കുകൾ വർദ്ധിപ്പിക്കുകയും വകുപ്പുകളുടെ നിരക്കുകളുമായി ഏകീകരിക്കുകയും ചെയ്യുകയുണ്ടായി എന്നതാണ്. സബ്സീഡി മാർഗ്ഗനിർദ്ദേശങ്ങളിൽ ഇല്ലാത്തും എന്നാൽ വകുപ്പുകളിൽ സബ്സീഡി മാനദണ്ഡം നിലവിലുള്ളതുമായ പ്രോജക്ട്ടുകൾ വകുപ്പുകളുടെ മാനദണ്ഡങ്ങൾ പ്രകാരം ഏറ്റെടുക്കുവാൻ പ്രാദേശിക സർക്കാരുകൾക്ക് അനുമതി നൽകുകയുണ്ടായി. കൂടാതെ ഗുണഭോക്താക്കളുടെ വരുമാന പരിധിയിലും വർദ്ധനവ് വരുത്തുകയുണ്ടായി. കാർഷിക മേഖലയിൽ നാമമാത്ര, ചെറുകിട കർഷകർക്ക് ആനുകൂല്യങ്ങൾ നൽകാം. നെൽകൃഷിയുടെ കാര്യത്തിൽ അഞ്ച് ഏക്കറിൽ കൂടുതൽ ഭൂമി ഉള്ള കർഷകർക്കും ആനുകൂല്യങ്ങൾ നൽകി വരുന്നു. മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധന മേഖലകൾക്ക് വരുമാന പരിധി 5 ലക്ഷം രൂപയും ഭവന നിർമ്മാണത്തിനുള്ള വരുമാന പരിധി 3 ലക്ഷമായും ഉയർത്തുകയുണ്ടായി. മറ്റ് പദ്ധതികളിൽ വരുമാന പരിധി പൊതുവിഭാഗത്തിന് 2 ലക്ഷം രൂപയായും പട്ടികജാതി വിഭാഗത്തിന് 3 ലക്ഷം രൂപയായും വർദ്ധിപ്പിച്ചു. പട്ടികവർഗ വിഭാഗക്കാരെ വരുമാനത്തിന്റെ പരിധിയിൽനിന്നും ഒഴിവാക്കുകയുമുണ്ടായി.

### 13) ടെണ്ടർ സേവിംഗിലൂടെ കൂടുതൽ നിക്ഷേപം

ഗുണഭോക്തൃ സമിതികൾ നടത്തുന്ന നിർമാണ പ്രവർത്തനങ്ങളെക്കുറിച്ച് വ്യാപക പരാതി ഉയർന്നിരുന്നു. ഈ പ്രശ്നം പരിഹരിക്കുന്നതിനും ഈ സംവിധാനത്തിന്റെ സുതാര്യത ഉറപ്പാക്കുന്നതിനുമായി, 13-ാം പദ്ധതിയുടെ തുടക്കത്തിൽ, ഗുണഭോക്തൃ സമിതികളുടെ സ്ഥാനത്ത് പൊതുമരാമത്ത് നടത്തിപ്പിൽ മത്സരാധിഷ്ഠിത ടെൻഡറിംഗ് ഏർപ്പെടുത്തി. ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കാവുന്ന പദ്ധതികളുടെ സാമ്പത്തിക പരിധി 5 ലക്ഷം രൂപയിൽ നിന്ന് 50,000 രൂപയായി കുറച്ചു. എന്നിരുന്നാലും, രക്ഷാകർതൃ അധ്യാപക സംഘടനകൾ പോലുള്ള അംഗീകൃത ഏജൻസികൾക്ക് ഇത് ബാധകമല്ല. അത്തരം കമ്മിറ്റികളെ 25.00 ലക്ഷം രൂപ വരെയുള്ള പ്രവൃത്തികൾ ഏൽപ്പിക്കാൻ അനുമതി നൽകുകയുണ്ടായി. മത്സരാധിഷ്ഠിത ടെൻഡറിങ്ങിന്റെ ഫലമായി, 13-ാം പദ്ധതിയുടെ നാല് വർഷങ്ങളിൽ 730.82 കോടി രൂപയുടെ ടെൻഡർ സേവിങ്സ് ലഭ്യമായി. ഇത് അധിക പദ്ധതികൾ ഏറ്റെടുക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിച്ചു. വിശദാംശങ്ങൾ **ചിത്രം 12.1.3**-ൽ നൽകിയിരിക്കുന്നു.

**ചിത്രം 12.1.3** വിവിധ തലത്തിലുള്ള പ്രാദേശിക സർക്കാറുകൾ പദ്ധതി മെയിന്റിനൻസ് ഫണ്ടിൽ നിന്നുള്ള ടെണ്ടർ സേവിംഗ് (കോടി രൂപയിൽ), 2017-18, 2018-19, 2019-20, 2020-21 വർഷങ്ങളിൽ




ഉറവിടം: എൻജിനീയറിങ് വിഭാഗം, തദ്ദേശസ്വയംഭരണ വകുപ്പ്

**പട്ടിക 12.1.3** നൂതന പ്രോജക്ട്ടുകൾ – തസ്വഭ സ്ഥാപന തല ക്രോഡീകൃത വിവരങ്ങൾ – 31.08.2021 വരെ, രൂപ കോടിയിൽ

| ക്രമ നം | തദ്ദേശഭരണ സ്ഥാപന തരം | ഉത്പാദനം | | | സേവനം | | | ആകെ | | |
|---|---|---|---|---|---|---|---|---|---|---|
| | | പ്രോജക്ട്ടുകളുടെ എണ്ണം | വകയിരുത്തൽ | ചെലവ് | പ്രോജക്ട്ടുകളുടെ എണ്ണം | വകയിരുത്തൽ | ചെലവ് | പ്രോജക്ട്ടുകളുടെ എണ്ണം | വകയിരുത്തൽ | ചെലവ് |
| 1 | ഗ്രാമപഞ്ചായത്ത് | 11 | 25.00 | 11.99 | 9 | 16.17 | 11.89 | 20 | 41.17 | 23.89 |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 29 | 26.38 | 15.51 | 11 | 10.75 | 8.71 | 40 | 37.14 | 24.22 |
| 3 | ജില്ലാ പഞ്ചായത്ത് | 8 | 2.07 | 1.16 | 1 | 1.50 | .89 | 9 | 3.57 | 2.05 |
| 4 | മുനിസിപ്പാലിറ്റി | 2 | .80 | .77 | 1 | .50 | 0 | 3 | 1.30 | .77 |
| 5 | കോർപ്പറേഷൻ | 61 | 7.85 | 3.15 | 19 | 5.81 | 3.42 | 82 | 13.67 | 6.5. |
| ആകെ | | 111 | 62.12 | 32.60 | 41 | 34.74 | 24.91 | 152 | 96.87 | 57.51 |

ഉറവിടം: ഇൻഫർമേഷൻ കേരള മിഷൻ 2021

### 14) പദ്ധതികളിൽ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും സാങ്കേതിക പിന്തുണ നൽകുന്നതിനുമുള്ള സംവിധാനങ്ങൾ

പ്രാദേശിക പദ്ധതികളിൽ പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ, ചില പരിഷ്കാരങ്ങൾക്ക് 13-ാം പദ്ധതിയിൽ തുടക്കമിട്ടു. ഇതിന്റെ ഭാഗമായി വിദഗ്ദ്ധരുടെ പങ്കാളിത്തവും സന്നദ്ധ പ്രവർത്തകരുടെ സേവനങ്ങളും ഉപയോഗപ്പെടുത്തുന്നതിനുള്ള ചില തീരുമാനങ്ങൾ എടുക്കുകയുണ്ടായി. പദ്ധതി രൂപീകരണം നിർവ്വഹണം, നിരീക്ഷണം എന്നിവയിൽ സഹായം ലഭിക്കുന്നതിനായി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ആസൂത്രണ സമിതികൾ രൂപീകരിക്കുകയുണ്ടായി ഈ സമിതിയിൽ സന്നദ്ധ പ്രവർത്തകരുടെയും വിദഗ്ധരുടെയും പങ്കാളിത്തം ഉറപ്പാക്കുന്നുണ്ട്. പ്രാദേശിക സർക്കാരുകളെ സഹായിക്കാൻ ഒരു സന്നദ്ധ വിദഗ്ദ്ധന്റെ സേവനം ഉപയോഗിക്കാനും നിർദ്ദേശിക്കുകയുണ്ടായി ഇവർക്ക് പ്രതിമാസം 5,000 രൂപ ഓണറേറിയം നൽകാനും പ്രാദേശിക സർക്കാരുകൾക്ക് അനുമതി നൽകി. റിസോഴ്സ് പേഴ്സൺമാരെ തിരഞ്ഞെടുക്കുന്നതിൽ പ്രാദേശിക സർക്കാരുകൾക്ക് പൂർണ്ണ സ്വാതന്ത്ര്യം നൽകുകയും ആസൂത്രണത്തിൽ പങ്കാളിത്തമുറപ്പാക്കാൻ പ്രവാസി മലയാളികൾ ഉൾപ്പെടെയുള്ള പൊതുജനങ്ങളിൽ നിന്നും ആശയങ്ങൾ സ്വീകരിക്കുന്നതിനായി ഒരു ഗ്രാമസഭ പോർട്ടൽ വികസിപ്പിക്കുകയും ചെയ്തു. പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും പ്രാദേശിക സർക്കാരുകൾ തയ്യാറാക്കിയ പദ്ധതികളുടെ വിജ്ഞാന ഉള്ളടക്കം മെച്ചപ്പെടുത്തുന്നതിനുമായി, വികസനം, ഗവേഷണം, സാങ്കേതിക സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുള്ള പ്രൊഫഷണലുകളെ ഉൾപ്പെടുത്തി ജില്ലാ റിസോഴ്സ് സെന്ററുകൾ (ഡി.ആർ.സി) രൂപീകരിക്കുകയുണ്ടായി. ഡി.ആർ.സിയുടെ പ്രധാന പ്രവർത്തനങ്ങൾ ഇവയാണ്.

എ) ഡി.പി.സിക്കും പ്രാദേശിക സർക്കാരുകൾക്കും ആവശ്യമായ മേഖലകളിലും വിഷയങ്ങളിലും പഠനങ്ങൾ നടത്തുക. ബി) തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതികളുടെ വിജ്ഞാന ഉള്ളടക്കം മെച്ചപ്പെടുത്തുന്നതിന് സാങ്കേതിക ഉപദേശം നൽകുക. സി) പ്രാദേശിക സർക്കാരുകൾ ആവശ്യപ്പെടുന്ന പദ്ധതികളുടെ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുക. ഡി) പ്രാദേശിക സർക്കാരുകൾ തയ്യാറാക്കിയ പദ്ധതികളുടെ സൂക്ഷ്മപരിശോധന നടത്തുകയും പോരായ്മകൾ ചൂണ്ടിക്കാണിക്കുകയും മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ നിർദ്ദേശിക്കുകയും ചെയ്യുക. ഇ) മാതൃകാ പദ്ധതികൾ പഠന വിധേയമാക്കുകയും അത് സംസ്ഥാന ശ്രദ്ധയിൽ കൊണ്ട് വരുക. എഫ്) ജില്ലാ പദ്ധതിയുടെ വാർഷിക പരിഷ്കരണം. പ്രാദേശിക സർക്കാരുകളുടെ പദ്ധതി ഗുണനിലവാരം ഉയർത്താൻ സഹായിക്കുന്ന പ്രത്യേക ശ്രദ്ധ ആവശ്യമുള്ള മേഖലകൾക്ക് ഊന്നൽ നൽകുവാൻ ജില്ലാ റിസോഴ്സ് സെന്ററുകൾക്ക് സാധിക്കുമെന്നും പ്രതീക്ഷിക്കുന്നു.

### 15) തദ്ദേശ സ്ഥാപന പദ്ധതി അടങ്കലിലെ വർദ്ധനവ്

തദ്ദേശസ്ഥാപനങ്ങൾക്ക് വകയിരുത്തുന്ന പദ്ധതി വിഹിതം വർദ്ധിച്ച് വരുന്നതായി കാണാവുന്നതാണ്. സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശകൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട് (എ.ടിആർ) സർക്കാർ നടപ്പിലാക്കുന്നതായി കാണാവുന്നതാണ്. തദ്ദേശ സ്ഥാപന പദ്ധതി വിഹിതം 2017-18 മുതൽ എല്ലാ വർഷവും 0.50 ശതമാനം വർദ്ധിപ്പിക്കാനും മെയിന്റനൻസ് ഫണ്ട് വിഹിതം സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിന്റെ 5.5 ശതമാനത്തിൽ നിന്ന് ആറ് ശതമാനമായി ഉയർത്താനുമുള്ള എടിആർ ശുപാർശയും നടപ്പിലാക്കുന്നതായി കാണാവുന്നതാണ്. കൂടാതെ സംസ്ഥാനത്തിന്റെ സ്വന്തം നികുതി വരുമാനത്തിന്റെ 3.5 ശതമാനം ജനറൽ പർപ്പസ് ഫണ്ടായും വകയിരുത്തുന്നുണ്ട്. അൺടൈഡ് ഫണ്ടുകളുടെ വിഭജനം സംബന്ധിച്ച വിശദാംശങ്ങൾ **പട്ടിക 12.1.4, പട്ടിക 12.1.5, പട്ടിക 12.1.6** എന്നിവ കാണിച്ചിരിക്കുന്നു.

### പതിമൂന്നാം പദ്ധതിയിലെ മറ്റ് കാൽവെയ്പുകൾ

1) ദുരന്ത നിവാരണ പദ്ധതികളുടെ രൂപീകരണം കഴിഞ്ഞ കുറച്ചു വർഷങ്ങളായി അടിക്കടിയുണ്ടാകുന്ന കാലാവസ്ഥാ വ്യതിയാനങ്ങളും, വെള്ളപ്പൊക്കം, തീരദേശ ശോഷണം, വരൾച്ച, ഉരുൾപൊട്ടൽ തുടങ്ങിയ പ്രകൃതി ദുരന്തങ്ങൾ സംസ്ഥാനത്തിന് ഗുരുതരമായ വെല്ലുവിളികളാണ് ഉയർത്തുന്നത്. ഇത്തരം

**പട്ടിക 12.1.4** 13-ാം പദ്ധതിയിലെ പ്രാദേശിക സർക്കാരുകൾക്ക് പദ്ധതി വിഹിതം, വികസന ഫണ്ട് കോടിയിൽ

| വർഷം | സംസ്ഥാന പദ്ധതി വിഹിതം | പ്രാദേശിക സർക്കാർ വിഹിതം | | | | | സംസ്ഥാന പദ്ധതി വിഹിതത്തിന്റെ % |
|---|---|---|---|---|---|---|---|
| | | പൊതുവിഭാഗം | | പട്ടികജാതി ഉപപദ്ധതി | പട്ടികവർഗ്ഗ ഉപപദ്ധതി | ആകെ | |
| | | സാധാരണ വിഹിതം | കേന്ദ്ര ധനകാര്യ കമ്മീഷൻ അവാർഡ് | | | | |
| 2017-18 | 26,500 | 3,371.57 | 1,507.88 | 1,172.05 | 176.00 | 6,227.50 | 23.5 |
| 2018-19 | 29,150 | 3,777.58 | 1,739.56 | 1,289.26 | 193.60 | 7,000.00 | 24.0 |
| 2019-20 | 30,610 | 3,604.62 | 2,338.55 | 1,353.84 | 202.99 | 7,500.00 | 24.5 |
| 2020-21 | 27,610 | 3,534.60 | 1,964.15 | 1,221.15 | 183.10 | 7,158.00* | 25.9 |
| 2021-22 | 27,610 | 3363.75 | 1538.63 | 1221.15 | 183.10 | 7280.00# | 26.0 |

* 255 കോടി രൂപ ലോകബാങ്ക് സഹായമായി, നഗരസഭകൾക്ക് കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ടിന് ലഭിച്ചത് ഉൾപ്പടെ
\# കേന്ദ്ര ധനകാര്യ കമ്മീഷൻ വിഹിതം 973.37 കോടി രൂപ ഉൾപ്പടെ
ഉറവിടം: : വിവിധ വർഷങ്ങളിലെ ബജറ്റ് രേഖകൾ

**പട്ടിക 12.1.5** 13-ാം പദ്ധതിയിൽ പ്രാദേശിക സർക്കാറുകളുടെ മെയിന്റനൻസ് ഫണ്ടും പൊതു ആവശ്യ ഫണ്ടും, കോടിയിൽ

| വർഷം | മെയിന്റനൻസ് ഫണ്ട് | | | പൊതു ആവശ്യ ഫണ്ട് |
|---|---|---|---|---|
| | റോഡിതരം | റോഡ് | ആകെ | |
| 2017-18 | 655.03 | 1,528.41 | 2,183.44 | 1,364.66 |
| 2018-19 | 703.16 | 1,640.72 | 2,343.88 | 1,426.71 |
| 2019-20 | 822.34 | 1,918.78 | 2,741.12 | 1,626.09 |
| 2020-21 | 883.15 | 2,060.68 | 2,943.83 | 1,717.23 |
| 2021-22 | 883.15 | 2,060.68 | 2,943.83 | 1,949.80 |
| 2021-22 | 883.15 | 2,060.68 | 2,943.83 | 1,949.80 |

ഉറവിടം: വിവിധ വർഷങ്ങളിലെ ബജറ്റ് രേഖകൾ

**പട്ടിക 12.1.6** പ്രാദേശിക സർക്കാരുകളുടെ പദ്ധതി വിഹിതവും ചെലവും, വികസന ഫണ്ട് കോടിയിൽ

| വർഷം | അനുവദിച്ച തുക | ചെലവ് | ചെലവ് % | പെൻഡിങ് ബില്ലുകൾ ഉൾപ്പടെ ചെലവ് | പെൻഡിങ് ബില്ലുകൾ ഉൾപ്പടെയുള്ള ചെലവ് % |
|---|---|---|---|---|---|
| 2017-18 | 6194.62 | 5292.71 | 85.44 | 5580.47 | 90.09 |
| 2018-19 | 6721.91 | 5696.08 | 84.74 | 6250.24 | 92.98 |
| 2019-20 | 7209.10 | 4027.44 | 55.87 | 5664.41 | 78.57 |
| 2020-21 | 7276.66 | 6927.83 | 95.21 | 6953.73 | 95.60 |

ഉറവിടം: തസ്വഭവ വെബ്സൈറ്റ്

ദുരന്തങ്ങളുടെ ആഘാതം ലഘൂകരിക്കുന്നതിനും ദുരന്തനിവാരണ മുന്നൊരുക്കങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി രാജ്യത്ത് തന്നെ ആദ്യമായി സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളും നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും 2020-21-ൽ പ്രാദേശിക ദുരന്തനിവാരണ പദ്ധതികൾ തയ്യാറാക്കുകയുണ്ടായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ദുരന്തനിവാരണ പദ്ധതിയിലെ ഘടകങ്ങൾ താഴെപ്പറയുന്നവയാണ്:

a. പ്രാദേശിക സർക്കാർ വിവരങ്ങൾ
b. അപകടവും ദൗർബല്യവും സംബന്ധിച്ച വിവരങ്ങൾ.
c. പ്രാദേശിക ഭരണകൂടത്തന്റെ ശേഷിയും വിഭവങ്ങളും.
d. പ്രതികരണ പദ്ധതികൾ.
e. തയ്യാറെടുപ്പ്, ലഘൂകരണം, സമൂഹ പുന സ്ഥാപന പദ്ധതി.

അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രകൃതിദുരന്തങ്ങൾക്കുള്ള സാധ്യതയും അത് നേരിടാനുള്ള നിലവിലുള്ള ശേഷിയും കണക്കിലെടുത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ വാർഷിക പദ്ധതികളിൽ ദുരന്തനിവാരണത്തിനും ലഘൂകരണത്തിനുമുള്ള പ്രോജക്ടുകൾ ഉൾപ്പെടുത്തണം. പ്രകൃതി ദുരന്തങ്ങളുടെ തീവ്രത, ആവൃത്തി, അനിശ്ചിതത്വം എന്നിവ കണക്കിലെടുക്കുമ്പോൾ ഈ പ്രാദേശിക ദുരന്തനിവാരണ പദ്ധതി രാജ്യമെമ്പാടും അനുകരിക്കേണ്ട ഒരു മാതൃകതന്നെയാണ്. ദുരന്ത നിവാരണ പദ്ധതികളുടെ സ്ഥിതി **പട്ടിക 12.1.7**-ൽ കാണിച്ചിരിക്കുന്നു.

### 2) മിഷൻ അന്ത്യോദയ സർവേ – തുടർച്ചയായ വർഷങ്ങളിൽ കേരളം ഒന്നാമത്

ഗ്രാമീണ മേഖലകളുടെ വികസനത്തിനായി വിവിധ പരിപാടികൾക്ക് കീഴിൽ ഇന്ത്യാ ഗവൺമെന്റിന്റെ 27 മന്ത്രാലയങ്ങൾ/വകുപ്പുകൾ വകയിരുത്തുന്ന വിഭവങ്ങളുടെ സമുചിതമായ ഉപയോഗവും മാനേജ്മെന്റും കൊണ്ടുവരാൻ ലക്ഷ്യമിട്ടുള്ള ഒരു ഏകീകൃത ചട്ടക്കൂടാണ് മിഷൻ അന്ത്യോദയ. ഗ്രാമപഞ്ചായത്തുകളുടെ സമ്പൂർണ്ണ പരിവർത്തനം സാധ്യമാക്കുന്നതിലൂടെ വികസനത്തിന്റെ കേന്ദ്രബിന്ദുവാക്കി മാറ്റാനുള്ള ചില കാൽവെയ്പുകളാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

മിഷൻ അന്ത്യോദയ ചട്ടക്കൂടിന്റെ ഒരു പ്രധാന വശമാണ് രാജ്യത്തുടനീളമുള്ള ഗ്രാമപഞ്ചായത്തുകളിലെ വാർഷിക സർവേ. പഞ്ചായത്ത് രാജ് മന്ത്രാലയത്തിന്റെ പീപ്പിൾസ് പ്ലാൻ കാമ്പെയ്നുമായി (പിപിസി) ചേർന്നാണ് ഇത് നടപ്പിലാക്കുന്നത്, ഗ്രാമപഞ്ചായത്ത് വികസന പദ്ധതിക്ക് (ജിപിഡിപി) പങ്കാളിത്ത ആസൂത്രണ പ്രക്രിയയ്ക്ക് പിന്തുണ നൽകുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യം. തുടർച്ചയായി ഈ സർവേയിൽ കേരളം തുടർച്ചയായി ഒന്നാം സ്ഥാനം നേടിക്കൊണ്ടിരിക്കുകയാണ്.

### 3) വികേന്ദ്രീകരണ റൗണ്ട് സർവ്വേ

2020-21-ൽ "വികേന്ദ്രീകരണ ആസൂത്രണ റൗണ്ട്" പേരിൽ ഒരു ഡാറ്റാ ശേഖരണ റൗണ്ട് നടത്താൻ സർക്കാർ തീരുമാനിക്കുകയുണ്ടായി. പ്രാദേശിക സർക്കാരുകൾ കൈകാര്യം ചെയ്യുന്ന വിഷയങ്ങളുമായി ബന്ധപ്പെട്ട നേട്ടങ്ങൾ സംബന്ധിച്ച ചോദ്യാവലി അടിസ്ഥാനമാക്കിയാണ് വിവരങ്ങൾ ശേഖരിക്കുക. ഈ വിവര ശേഖരണം ഭാവിപരിപാടികളും മുൻഗണനകളും ആസൂത്രണം ചെയ്യാനും സഹായമാവുകയും മാതൃകാ പദ്ധതികൾ കണ്ടെത്തുന്നതിനും മാതൃകയായ പ്രാദേശിക സർക്കാരുകളുടെ പ്രവർത്തനങ്ങൾ പഠിക്കുന്നതിനും മുൻകാല അനുഭവങ്ങളിൽ നിന്നും പഠിക്കുന്നതിനും, പുതിയ അറിവ് നേടുന്നതിനും എല്ലാം ഇത് സഹായകരമായിട്ടുണ്ട്. വിവരശേഖരണവുമായി ബന്ധപ്പെട്ട ഉത്ത

**പട്ടിക 12.1.7 (എ)** തസ്വഭ സ്ഥാപനതല ദുരന്ത നിവാരണ പ്രോജക്ടുകളുടെ വിവരങ്ങൾ, തുക കോടിയിൽ

| ക്രമ നം | തദ്ദേശഭരണ സ്ഥാപന തരം | ഉത്പാദനം | | | സേവനം | | |
|---|---|---|---|---|---|---|---|
| | | പ്രോജക്ടുക ളുടെ എണ്ണം | വകയിരു ത്തിയ തുക | ചെലവ് | പ്രോജക്ടുക ളുടെ എണ്ണം | വകയിരു ത്തിയ തുക | ചെലവ് |
| 1 | ഗ്രാമപഞ്ചായത്ത് | 1024 | 257.93 | 16.512 | 2060 | 502.71 | 247.37 |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 62 | 49.04 | 30.66 | 75 | 40.74 | 20.89 |
| 3 | ജില്ലാ പഞ്ചായത്ത് | 12 | 36.62 | 11.58 | 20 | 60.81 | 58.93 |
| 4 | മുനിസിപ്പാലിറ്റി | 172 | 74.06 | 41.57 | 205 | 161.43 | 74.25 |
| 5 | കോർപ്പറേഷൻ | 12 | 8.86 | 7.95 | 118 | 110.07 | 59.50 |
| | ആകെ | 1282 | 426.53 | 256.89 | 2478 | 875.78 | 460.96 |

ഉറവിടം: ഇൻഫർമേഷൻ കേരള മിഷൻ 2021

**പട്ടിക 12.1.7 (ബി)** തസ്വഭ സ്ഥാപനതല ദുരന്ത നിവാരണ പ്രോജക്ടുകളുടെ വിവരങ്ങൾ, തുക കോടിയിൽ

| ക്രമ നം | തദ്ദേശഭരണ സ്ഥാപന തരം | അടിസ്ഥാന സൗകര്യം | | | ആകെ | | |
|---|---|---|---|---|---|---|---|
| | | പ്രോജക്ടുകളു ടെ എണ്ണം | വകയിരു ത്തിയ തുക | ചെലവ് | പ്രോജക്ടുകളു ടെ എണ്ണം | വകയിരു ത്തിയ തുക | ചെലവ് |
| 1 | ഗ്രാമപഞ്ചായത്ത് | 2042 | 180.53 | 124.24 | 5126 | 941.18 | 536.73 |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 21 | 14.61 | 10.43 | 158 | 104.39 | 61.99 |
| 3 | ജില്ലാ പഞ്ചായത്ത് | 0 | 0.00 | 0.00 | 54 | 97.44 | 70.51 |
| 4 | മുനിസിപ്പാലിറ്റി | 83 | 14.85 | 3.59 | 460 | 250.36 | 119.42 |
| 5 | കോർപ്പറേഷൻ | 5 | .80 | 0.00 | 135 | 119.73 | 67.46 |
| | ആകെ | 2173 | 210.80 | 138.28 | 5933 | 1513.12 | 856.14 |

ഉറവിടം: ഇൻഫർമേഷൻ കേരള മിഷൻ 2021

രവാദിത്വങ്ങൾ ഡയറക്ടറേറ്റ് ഓഫ് ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സിനാണ്. ഓരോ അഞ്ച് വർഷത്തിലും ഈ റൗണ്ട് സർവ്വേ നടത്താൻ പദ്ധതിയിട്ടിട്ടുണ്ട്. ഭാവിയിൽ ഗവേഷകർക്കും ആസൂത്രകർക്കും വലിയൊരു വിവര സ്രോതസ്സായിരിക്കും ഇത് വഴി ലഭിക്കുക.

### സദ്ഭരണ കാൽവെയ്പ്പുകൾ

പ്രാദേശിക സർക്കരുകളിൽ സദ്ഭരണം ലക്ഷ്യമിട്ട് ആരംഭിച്ച ചില പരിഷ്കാരങ്ങൾ താഴെ കൊടുക്കുന്നു.

### i) തദ്ദേശ സ്വയംഭരണ വകുപ്പിന് പൊതു സർവ്വീസ്

തദ്ദേശ സ്വയംഭരണ സംവിധാനത്തെ ശക്തിപ്പെടുത്തുന്നതിനും മെച്ചപ്പെട്ട സേവനം ഉറപ്പാക്കുന്നതിനുമായി തദ്ദേശ വകുപ്പിന് കീഴിലുള്ള അഞ്ച് വകുപ്പുകളെ ഏകീകരിച്ച് സംയോജിത തദ്ദേശ സ്വയംഭരണ വകുപ്പ് രൂപീകരിക്കുകയുണ്ടായി. ഇപ്പോൾ വിവിധ വകുപ്പുകളുടെ പരിധിയിൽ വരുന്ന പ്രാദേശിക സർക്കാരുകളുടെ ഏകോപനം ഇത് വഴി സാധ്യമാവും. നിലവിലുള്ള പഞ്ചായത്തുകൾ, നഗര കാര്യങ്ങൾ, ഗ്രാമവികസനം, ടൗൺ പ്ലാനിംഗ്, എഞ്ചിനീയറിംഗ് എന്നീ വകുപ്പുകൾ, പുതിയ ഏകീകൃത സംവിധാനത്തിന് കീഴിൽ വരുന്നതാണ്.

### ii) സംയോജിത പ്രാദേശിക ഭരണ മാനേജ്മെന്റ് സംവിധാനം

പൗരൻമാർക്ക് വിവിധ സേവനങ്ങൾ നൽകുന്നതിൽ സുതാര്യത, ഉത്തരവാദിത്തം, കൃത്യത, സമയനിഷ്ഠ. സാങ്കേതിക മേൽനോട്ടം എന്നിവ ഉറപ്പുവരുത്തുന്നതിനായി ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചെടുത്ത സോഫ്റ്റ് വെയറായ ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെന്റ് സിസ്റ്റം (ഐ.എൽ.ജി.എം.എസ്) 2020 ഒക്ടോബർ മാസത്തോടെ സംസ്ഥാന 303 ഗ്രാമ പഞ്ചായത്തുകളിൽ വിന്യസിപ്പിക്കുകയുണ്ടായി 1998 മുതൽ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവയ്ക്കായി ഇൻഫർമേഷൻ കേരള മിഷൻ നിരവധി സോഫ്റ്റ് വെയർ ആപ്ലിക്കേഷനുകൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. എന്നാൽ ഈ സോഫ്റ്റ് വെയറുകൾ ആപ്ലിക്കേഷനുകൾ മാറിമാറിവരുന്ന വെല്ലുവിളികളെ നേരിടാൻ അപര്യാപ്തമാണെന്ന് കണ്ടെത്തിയതിനാൽ സമഗ്രവും സാങ്കേതികമികവും നൂതനവുമായ ഒരു സോഫ്റ്റ് വെയർ വികസിപ്പിക്കേണ്ടത് ആവശ്യമായിരുന്നു. ഇതാണ് ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെന്റ് സിസ്റ്റം വികസിപ്പിച്ചെടുക്കുന്നതിലേക്ക് നയിച്ചത്. ഒരു സിസ്റ്റം സോഫ്റ്റ് വെയർ ആപ്ലിക്കേഷനുമായി സംയോജിപ്പിച്ചിരിക്കുന്ന സാറ്റലൈറ്റ് സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ ആണിത്.

തിരുവനന്തപുരം ജില്ലയിലെ ചെമ്മരുതി ഗ്രാമപഞ്ചായത്തിൽ പൈലറ്റ് പ്രോജക്ടായി ഇത് ഇൻസ്റ്റാൾ ചെയ്യുകയും ഉണ്ടായി. നിലവിൽ ജനനം, മരണം, വിവാഹ രജിസ്ട്രേഷൻ എന്നിവയ്ക്കായുള്ള ഇ–ഫയൽ ചെയ്താലും രേഖകൾ ഹാജരാക്കേണ്ടതായിട്ടുണ്ട്. പുതിയ സോഫ്റ്റ് വെയർ നിലവിൽവന്നപ്പോൾ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നേരിട്ട് പോകാതെ ജനനം. മരണം, വിവാഹ രജിസ്ട്രഷൻ, പേര് ചേർക്കൽ, തിരുത്തൽ തുടങ്ങി എല്ലാ സേവനങ്ങൾക്കും ഓൺലൈനായി അപേക്ഷിക്കാനും സേവനങ്ങൾ സമയബന്ധിതമായി ഓൺലൈനിൽ തന്നെ ലഭ്യമാകുകയും ചെയ്യും. തുടർന്ന് എല്ലാ തദ്ദേശ

സ്ഥാപനങ്ങളിലും ഇത് വിന്യസിപ്പിക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടു പോകുന്നു.

### iii) സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ, സ്ഥാപനങ്ങൾക്ക് ഐ.എസ്.ഒ സ്റ്റാൻഡേർഡ്

പതിമൂന്നാം പദ്ധതിയുടെ സമീപന രേഖയിൽ കേരളത്തിലെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളെയും ഐ.എസ്.ഒ നിലവാരത്തിലേക്ക് ഉയർത്തുമെന്ന് പറഞ്ഞിരുന്നു. ഇത് ഏറെക്കുറെ നടപ്പായിക്കഴിഞ്ഞിരിക്കുന്നതായി കാണാം. സമയബന്ധിതമായി ജനങ്ങൾക്ക് ഗുണനിലവാരമുള്ള സേവനം നൽകുന്നതിൽ സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾ മുൻപന്തിയിലാണ്. കേരളത്തിലെ 941 ഗ്രാമപഞ്ചായത്തുകളിൽ 939 ഉം മുഴുവൻ ബ്ലോക്ക് പഞ്ചായത്തുകൾക്കും അന്താരാഷ്ട്ര നിലവാര സർട്ടിഫിക്കേഷനായ ഐ.എസ്.ഒ ലഭിച്ചു. ഗുണനിലവാര മാനേജ്മെന്റിന്റെ അന്താരാഷ്ട്ര സർട്ടിഫിക്കേഷനാണ് ഐ.എസ്.ഒ 9001:2015. ജനങ്ങൾക്ക് തടസ്സമില്ലാതെയും സമയബന്ധിതമായും സേവനങ്ങൾ നൽകുന്നതിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പൊതു ജന സൗഹാർദ്ദപരവും കൃത്യമായ ഫ്രണ്ട് ഓഫീസ് സംവിധാനവും, റെക്കോർഡുകൾ ക്രമീകരിക്കുവാനും സൂക്ഷിക്കാനും കഴിയുന്ന കമ്പ്യൂട്ടറൈസ്ഡ് റെക്കോർഡ് കീപ്പിംഗ് സംവിധാനവും ചിട്ടയായ ഓഫീസ് സംവിധാനവും ഈ അന്തർദ്ദേശീയ സർട്ടിഫിക്കഷൻ നേടുന്നതിന് കാരണമായി, പ്രാദേശിക സർക്കാരുകൾ ആകട്ടെ ജനങ്ങൾക്ക് ഗുണനിലവാരമുള്ള സേവനം നൽകുന്ന ജനസൗഹാർദ്ദ സ്ഥാപനങ്ങൾ എന്ന ലക്ഷ്യത്തിലേക്കുള്ള യാത്രയുടെ ഒരു പ്രധാന ചവിട്ടുപടി ആയിട്ടാണ് ഈ അന്താരാഷ്ട്ര സർട്ടിഫിക്കേഷനെ നോക്കിക്കാണുന്നത്.

### കോവിഡ്–19 ഉം പ്രാദേശിക സർക്കാരുകളും

കോവിഡ്–19 മഹാമാരി – ജീവിതത്തിലൊരിക്കലുണ്ടാകുന്ന ഈ ആരോഗ്യ പ്രതിസന്ധിയെ, സംസ്ഥാനങ്ങൾ, ജില്ലകൾ, നഗരങ്ങൾ എന്നിവയിലുടനീളമുള്ള ആരോഗ്യ, സാമ്പത്തിക, സാമ്പത്തിക മാനദണ്ഡങ്ങളിലെ വ്യത്യസ്തമായ സ്വാധീനത്തിന്റെ അടിസ്ഥാനത്തിൽ അടയാളപ്പെടുത്തിയിരിക്കുന്നു. അതിന്റെ വ്യാപനം തടയുന്നതിനും അതിന്റെ വിനാശകരമായ ആഘാതം ലഘൂകരിക്കുന്നതിനും ജീവിതത്തിലും ഉപജീവനമാർഗത്തിലും അത് അവശേഷിപ്പിച്ച മുറിവുകൾ ലഘൂകരിക്കുന്നതിനും ഏകോപിച്ച് പ്രവർത്തിക്കാൻ സർക്കാരിന്റെ എല്ലാ തലങ്ങളും ഒത്തു ചേർന്നു. മഹാമാരിക്കെതിരായ ഈ യുദ്ധശ്രമത്തിൽ, പ്രാദേശിക സർക്കാരുകളുടെ പങ്ക് നിർണായകമാണ്, പ്രത്യേകിച്ചും സാമൂഹ്യ വ്യാപകമായ പ്രതികരണം സമാഹരിക്കുന്നതിന്റെ വീക്ഷണകോണിൽ. ഈ സാഹചര്യത്തിലാണ് "പാൻഡെമിക്കും അതിന്റെ സ്ഥലകാല മാനങ്ങളും" എന്ന പേരിൽ കഴിഞ്ഞ വർഷത്തെ സംസ്ഥാന ധനകാര്യ റിപ്പോർട്ടിന്റെ തുടർച്ചയായി ഈ വർഷത്തെ സംസ്ഥാന ധനകാര്യ റിപ്പോർട്ടിനായി "പകർച്ചവ്യാധിയെ നേരിടൽ: ഒരു മൂന്നാം–തല മാനം" എന്ന വിഷയം, ഭാരതീയ റിസർവ് ബാങ്ക് തിരഞ്ഞെടുത്തതെന്ന് കാണാവുന്നതാണ്.

രാജ്യത്ത് കൊവിഡ്–19 ന്റെ സാന്നിധ്യം ആദ്യമായി കണ്ടെത്തിയത് കേരളത്തിലാണ്. ആരോഗ്യവകുപ്പിനൊപ്പം പ്രാദേശിക സർക്കാരുകളും ദ്രുതഗതിയിൽ കോവിഡിനെതിരെ പ്രതികരിച്ചത് ആഗോളതലത്തിൽതന്നെ ശ്രദ്ധിക്കപ്പെടുകയുണ്ടായി. ഗ്രാമീണ ആരോഗ്യ മേഖലയിലെ സാമൂഹിക നിക്ഷേപം, സാർവത്രിക വിദ്യാഭ്യാസം, അധികാരങ്ങളുടേയും വിഭവങ്ങളുടേയും വികേന്ദ്രീകരണം, സ്ത്രീ ശാക്തീകരണം തുടങ്ങിയവ കോവിഡ് മഹാമാരിക്കെതിരെ പോരാടുന്നതിൽ കേരളത്തെ സഹായിച്ച പ്രധാന ഘടകങ്ങളാണ്.

ഈ മഹാമാരിയെ നിയന്ത്രിക്കുന്നതിലും പ്രതിരോധിക്കുന്നതിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രധാന പങ്കുവഹിക്കുകയുണ്ടായി. അവയിൽ പ്രധാനപ്പെട്ടത് 1. ലോക്ക് ഡൗൺ സമയത്ത് സാമൂഹിക അടുക്കളകളുടെ സജ്ജീകരണവും കൈകാര്യം ചെയ്യലും 2. ശുചീകരണ–അണുവിമുക്ത പ്രവർത്തനങ്ങൾ, 3. "ബ്രേക്ക് ദ ചെയിൻ" എന്ന സാമൂഹിക അകലം കാമ്പെയ്നും ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുകയും നടത്തുകയും ചെയ്യുക, 4. അതിഥി (കുടിയേറ്റ) തൊഴിലാളികൾക്ക് താമസം, ഭക്ഷണം, മറ്റ് അവശ്യ പിന്തുണ എന്നിവ നൽകുക. 5. ഹോം ക്വാറന്റൈൻ, കൗൺസിലിംഗ്, ഐസൊലേഷൻ എന്നിവയുടെ ഏകോപനം 6. ഇതര സംസ്ഥാനങ്ങളിൽ നിന്നും വിദേശത്ത് നിന്നും സംസ്ഥാനത്തേക്ക് മടങ്ങിയെത്തിയവരെ നിയന്ത്രിക്കുന്നതിന് ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റൈൻ സജ്ജീകരിക്കുക, 7. കോവിഡ് ഫസ്റ്റ് ലൈൻ സജ്ജീകരിക്കുകയും നിയന്ത്രിക്കുകയും ചെയ്യുക. ചികിത്സാ കേന്ദ്രങ്ങൾ, 8. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിയന്ത്രിക്കുന്ന ആരോഗ്യ സ്ഥാപനങ്ങളിലെ ജീവനക്കാരെ ഉൾപ്പെടുത്തൽ, 9. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന ആശുപത്രികളിലേക്ക് മരുന്നുകളും മറ്റ് ഉപകരണങ്ങളും വാങ്ങൽ, 10. സൗജന്യ മരുന്നുകളുടെ വിതരണം, 11. ജനങ്ങളെ സഹായിക്കുന്നതിന് പ്രാദേശിക സാമ്പത്തിക പദ്ധതികൾ നടപ്പിലാക്കൽ "സുഭിക്ഷകേരളം" എന്ന ബാനറിന് കീഴിൽ ഭക്ഷ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും കാർഷിക മേഖലയിൽ സ്വയംപര്യാപ്തത നേടുന്നതിനുമുള്ള തൊഴിലുകളും പദ്ധതികളും നഷ്ടപ്പെട്ടവർ, 12. ക്രമീകരണം എഫ്. അല്ലെങ്കിൽ ഓൺലൈൻ സ്കൂൾ ഇൻറർനെറ്റ് കണക്റ്റിവിറ്റി ഉറപ്പാക്കൽ. പ്രാദേശിക സർക്കാരുകൾ ഏറ്റെടുത്തിട്ടുള്ള കോവിഡ് പ്രത്യേക പദ്ധതികളുടെ വിശദാംശങ്ങൾ **പട്ടിക 12.1.8**–ൽ കാണിച്ചിരിക്കുന്നു.

### സുഭിക്ഷ കേരളം

കോവിഡ് 19 ബാധയുടെ പശ്ചാത്തലത്തിൽ ഭക്ഷ്യക്ഷാമം നേരിടാൻ സംസ്ഥാന സർക്കാർ 2020–21 ലാണ് സുഭിക്ഷ കേരളം പദ്ധതി ആരംഭിച്ചത്. നെല്ല്, പഴങ്ങൾ, പച്ചക്കറികൾ, കിഴങ്ങുകൾ, ധാന്യങ്ങൾ എന്നിവയുടെ വൻതോതിലുള്ള ഉൽപ്പാദനമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഉൽപ്പാദനം പുനരുജ്ജീവിപ്പിക്കുന്നതിനൊപ്പം, അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ഭക്ഷ്യ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന്റെ ഭാഗമായി പശു, ആട്, മുയൽ, പന്നി, മത്സ്യം എന്നിവ വളർത്തുന്നതിന് സഹായം നൽകി ഉപജീവനം പ്രോത്സാഹിപ്പിക്കാനും പദ്ധതി ലക്ഷ്യമിടുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ വകുപ്പുകൾ, കുടുംബശ്രീ, ഹരിതകേരളം മിഷൻ തുടങ്ങിയ ഏജൻസികളുടെ, പൊതുമേഖലാ സ്ഥാപനങ്ങളും എൻജിഒകളും ഉൾപ്പെടെ,

**പട്ടിക 12.1.8** തസ്വഭ സ്ഥാപനങ്ങൾ ഏറ്റെടുത്തിട്ടുള്ള കോവിഡ്-19 പ്രത്യേക പദ്ധതികളുടെ വിശദാംശങ്ങൾ, 2020-21, തുക കോടിയിൽ

| ക്രമ നം | തദ്ദേശഭരണ സ്ഥാപന തരം | സേവനം | | | അടിസ്ഥാന സൗകര്യം | | | ആകെ | | |
|---|---|---|---|---|---|---|---|---|---|---|
| | | പ്രോജക്ടുകളുടെ എണ്ണം | വകയിരുത്തൽ | ചെലവ് | പ്രോജക്ടുകളുടെ എണ്ണം | വകയിരുത്തൽ | ചെലവ് | പ്രോജക്ടുകളുടെ എണ്ണം | വകയിരുത്തൽ | ചെലവ് |
| 1 | ഗ്രാമപഞ്ചായത്ത് | 578 | 33.95 | 11.95 | 32 | .89 | .66 | 610 | 34.84 | 12.61 |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 53 | 2.90 | 2.02 | 0 | 0 | 0 | 53 | 2.90 | 2.02 |
| 3 | ജില്ലാ പഞ്ചായത്ത് | 18 | 7.91 | 7.50 | 0 | 0 | 0 | 18 | 7.91 | 7.50 |
| 4 | മുനിസിപ്പാലിറ്റി | 91 | 18.31 | 11.49 | 1 | .10 | .09 | 92 | 18.41 | 11.59 |
| 5 | കോർപ്പറേഷൻ | 11 | 10.52 | 4.89 | 0 | 0 | 0 | 11 | 10.52 | 4.89 |
| | ആകെ | 751 | 73.59 | 37.86 | 33 | .99 | .76 | 784 | 74.59 | 38.62 |

ഉറവിടം: ഇൻഫർമേഷൻ കേരള മിഷൻ 2021

സംയുക്ത പ്രവർത്തനം പദ്ധതി വിഭാവനം ചെയ്യുന്നു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNREGS), അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി (AUEGS) തുടങ്ങിയ വിവിധ തൊഴിൽ പദ്ധതികളുടെ സംയോജനവും ഇതിൽ ഉറപ്പാക്കിയിട്ടുണ്ട്. പ്രാദേശിക തലത്തിൽ പദ്ധതികൾ രൂപീകരിക്കുന്നതിനും പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിനുമുള്ള പ്രധാന പങ്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്.

തരിശുനിലത്ത് കൃഷി, സംയോജിത കൃഷി സമ്പ്രദായം നടപ്പിലാക്കുക, ഒരു കോടി ഫലവൃക്ഷത്തൈകൾ നടുക, മഴമറ കൃഷി പ്രോത്സാഹിപ്പിക്കുക, കാർഷിക വികസനം ശക്തിപ്പെടുത്തുക, കർഷകർക്ക് ആവശ്യമായ വായ്പകൾ നൽകുക എന്നിവയായിരുന്നു സുഭിക്ഷ കേരളത്തിലെ കാർഷിക മേഖലയിലെ പ്രധാന ലക്ഷ്യം.

## തരിശുനില കൃഷി

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൻ്റെയും പരിധിയിൽ തരിശായി കിടക്കുന്ന കൃഷിഭൂമി കണ്ടെത്തി പ്രധാനമായും നെല്ല്, പച്ചക്കറികൾ, ഫലവിളകൾ, കിഴങ്ങുവർഗ്ഗങ്ങൾ, പയർവർഗ്ഗങ്ങൾ, തിന എന്നിവ കൃഷിചെയ്യുകയായിരുന്നു ലക്ഷ്യം. ഈ പദ്ധതിയിലൂടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളിലൂടെയും 25,000 ഹെക്ടർ സ്ഥലത്ത് കൃഷിയിറക്കാനാണ് ലക്ഷ്യമിട്ടത്. 2020-21-ൽ നടപ്പിലാക്കിയ തരിശുനിലങ്ങളിലെ കൃഷിയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:

**(എ) നെല്ല്:** സംസ്ഥാനത്തുള്ള 5,000 ഹെക്ടർ തരിശു നിലങ്ങൾ കണ്ടെത്തി കൃഷി ഇറക്കുന്നതിന് ഹെക്ടറിന് 40,000 രൂപ ധനസഹായം നല്കാൻ പദ്ധതിയിട്ടിരുന്നു. നാളിതുവരെ 9,070 ഹെക്ടർ തരിശ് കൃഷി ചെയ്തിട്ടുണ്ട്.

**(ബി) പച്ചക്കറി കൃഷി:** ഓരോ പഞ്ചായത്തിലും കൃഷിയോഗ്യമായ തരിശു ഭൂമി കണ്ടുപിടിച്ച്, 7,000 ഹെക്ടർ സ്ഥലത്ത് പച്ചക്കറി അധികമായി ഉണ്ടാക്കുക എന്നതാണ് ലക്ഷ്യം. പ്രത്യേക പ്രോത്സാഹനമെന്ന നിലയിൽ ഹെക്ടറിന് 40,000 രൂപ സഹായമായി നല്കാൻ പദ്ധതിയിട്ടിരുന്നു. നാളിതുവരെ 4,527 ഹെക്ടർ തരിശ് കൃഷി ചെയ്തിട്ടുണ്ട്.

**(സി) ഫല വർഗ്ഗ കൃഷി:** ആരോഗ്യദായകമായ ഭക്ഷണങ്ങളുടെ പട്ടികയിൽ പഴങ്ങൾ ഒഴിച്ചുകൂടാനാകാത്തതാണ്. ഇതിൽ വാഴപ്പഴത്തിനാണ് ഒന്നാം സ്ഥാനം. അൻപതോളം പഴയിനങ്ങൾ കേരളത്തിൽ ഉണ്ടെങ്കിലും നേന്ത്രൻ, ഞാലി പൂവൻ, പൂവൻ, കപ്പവാഴ, പാളയംകോടൻ, റോബസ്റ്റ എന്നീ ഇനങ്ങളാണ് വ്യാപകമായി ഉള്ളത്. കൃഷി ചെയ്ത് ഒരു വർഷത്തിനകം ഉല്പാദനക്ഷമമാവുകയും ഭക്ഷ്യ - പോഷക ഭദ്രത ഉറപ്പ് വരുത്തുകയും ചെയ്യും. നടപ്പ് വർഷം 7,000 ഹെക്ടർ സ്ഥലത്ത് യോജ്യമായ ഫലവർഗ്ഗ കൃഷി വ്യാപനത്തിന് ഹെക്ടർ ഒന്നിന് 40,000 രൂപ പ്രകാരം ധനസഹായം നല്കാൻ പദ്ധതിയിട്ടിരുന്നു. നാളിതുവരെ 3,381 ഹെക്ടർ തരിശ് കൃഷി ചെയ്തിട്ടുണ്ട്.

**(ഡി) കിഴങ്ങ് കൃഷി:** നാമമാത്രമായ പരിചരണം കൊണ്ട് മികച്ച ഉല്പാദനം ലഭിക്കുന്ന കിഴങ്ങുവിളകൾ, ഉഷ്ണമേഖലയായ കേരളത്തിൽ വളരെ യോജിച്ചതാണ്. ചേന, മരച്ചീനി, ചേമ്പ്, കാച്ചിൽ, മധുര കിഴങ്ങ്, കൂർക്ക തുടങ്ങിയ ഒട്ടനവധി കിഴങ്ങ് വർഗ്ഗങ്ങൾ കൃഷി ചെയ്ത് 5,000 ഹെക്ടർ തരിശ് ഭൂമിയിൽ ഹെക്ടറിന് 30,000 രൂപ സഹായത്തോടെ കൃഷി ചെയ്യിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. നാളിതുവരെ 4,908 ഹെക്ടർ തരിശ് കൃഷി ചെയ്തിട്ടുണ്ട്

**(ഇ) പയർ വർഗ്ഗ കൃഷി:** മാംസ്യത്തിന്റെ മികച്ച സ്രോതസ്സായ പയര് വർഗ്ഗങ്ങൾ നിത്യവും ആഹാരത്തിന്റെ ഭാഗമാക്കേണ്ടത് ആരോഗ്യത്തിനും വളർച്ചയ്ക്കും അത്യന്താപേക്ഷിതമാണ് ഉഴുന്ന്, മുതിര, തുവര, ചെറുപയർ, വൻപയർ ഒന്നാം വിളക്ക് ശേഷമോ രണ്ടാം വിളക്ക് ശേഷമോ കൃഷി ചെയ്യുന്നത് ഇവിടത്തെ സമ്പ്രദായമായിരുന്നു. 500 ഹെക്ടർ സ്ഥലത്ത് 30,000 രൂപ സഹായത്തോടെ പയർ കൃഷിക്ക് ധനസഹായം നല്കാൻ പദ്ധതിയിട്ടിരുന്നു. നാളിതുവരെ 636 ഹെക്ടർ തരിശ് കൃഷി ചെയ്തിട്ടുണ്ട്.

**(എഫ്) ചെറുധാന്യങ്ങൾ:** സംസ്ഥാനത്തിന് ആവശ്യമായ ഭക്ഷ്യധാന്യത്തിന്റെ 20 ശതമാനത്തിൽ താഴേ മാത്രം ഉല്പാദിപ്പിക്കുന്ന നമ്മുടെ നാട്ടിൽ ഫലഭൂയിഷ്ഠത കുറഞ്ഞ മണ്ണിൽ വലിയ പരിചരണമില്ലാതെ തന്നെ ഉല്പാദിപ്പിച്ചെടുക്കാവുന്ന ഭക്ഷ്യവിളയാണ് ചെറുധാന്യങ്ങൾ. പ്രാഥമികമായി 500 ഹെക്ടർ തരിശ് സ്ഥലത്ത് ഹെക്ടറിന് 30,000 രൂപ സഹായത്തോടെ കൃഷിക്ക് ധനസഹായം നല്കാൻ പദ്ധതിയിട്ടിരുന്നു. നാളിതുവരെ 325 ഹെക്ടർ തരിശ് കൃഷി ചെയ്തിട്ടുണ്ട്. ഇതിലൂടെ 1,49,163 കർഷകർ കൃഷിയിൽ ഏർപ്പെട്ടു.

വിപണിയിലെ പ്രതികൂല വില വ്യതിയാനങ്ങളിൽ നിന്ന് കർഷകരെ സംരക്ഷിക്കുന്നതിനായി ഭക്ഷ്യ കാർഷിക ഉല്പന്നങ്ങൾക്ക് അടിസ്ഥാന വില നിശ്ചയിച്ചത് ഈ പദ്ധതിയുടെ എടുത്തു പറയേണ്ട ഒരു സവിശേഷത തന്നെയാണ്. 2020 നവംബർ 1 മുതൽ ഈ വിലകൾ സംസ്ഥാനത്ത് പ്രാബല്യത്തിൽ വരുകയുമുണ്ടായി. അടിസ്ഥാനവിലകൾ ഇവയാണ്. (1 k.g): മരിച്ചീനി (12 രൂപ), നേന്ത്രൻ വാഴപ്പഴം/വയനാടൻ നേന്ത്രൻ (30 രൂപ–24 രൂപ), പൈനാപ്പിൾ (15 രൂപ), കുമ്പളങ്ങ (9 രൂപ), കുക്കുമ്പർ (8 രൂപ), കയ്പക്ക (30 രൂപ), പടവലങ്ങ (30 രൂപ) വള്ളിപ്പയർ (34 രൂപ) തക്കാളി (8 രൂപ) വെണ്ടക്ക (20 രൂപ) കാബേജ് (11 രൂപ), കാരറ്റ് (21 രൂപ) ഉരുളക്കിഴങ്ങ് (20 രൂപ) ബീൻസ് (28 രൂപ) ബീറ്റ്റൂട്ട് (21 രൂപ) വെളുത്തുള്ളി (139 രൂപ). കൃഷി വകുപ്പ്, VFPCK, ഹോർട്ടികോർപ്പ്, പ്രാഥമിക കൃഷി വായ്പാ സഹകരണ സംഘങ്ങൾ എന്നിവയുടെ ഔട്ട് ലറ്റുകൾ വഴി കാർഷിക ഉല്പന്നങ്ങൾ ശേഖരിക്കപ്പെടുന്നതാണ്. വിശദാംശങ്ങൾ, **അനുബന്ധം 12.1.3, 12.1.4, പട്ടിക 12.1.9, പട്ടിക 12.1.10, പട്ടിക 12.1.11** എന്നിവയിൽ കാണിച്ചിരിക്കുന്നു.

കൃഷി, മത്സ്യബന്ധനം, മൃഗസംരക്ഷണം, ക്ഷീരവികസനം, ഭക്ഷ്യസംസ്കരണം എന്നീ മേഖലകളിൽ വിവിധ തലങ്ങളിലായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സുഭിക്ഷ കേരളം പദ്ധതിക്ക് കീഴിൽ 1,870.30 കോടി രൂപയുടെ 26,135 പദ്ധതികൾ നടപ്പിലാക്കുകയുണ്ടായി. വിശദാംശങ്ങൾ **പട്ടിക 12.1.10**–ൽ നൽകിയിരിക്കുന്നു.

### പന്ത്രണ്ടിന പരിപാടികൾ

പ്രാദേശിക സർക്കാരുകളുടെ 2020–21 വാർഷിക പദ്ധതിയിൽ നടപ്പിലാക്കുന്നതിനായി 'പന്ത്രണ്ടിന പരിപാടികൾ' സംസ്ഥാന സർക്കാർ പ്രഖ്യാപിക്കുകയുണ്ടായി. ഇതിലെ രണ്ട് പ്രധാന പദ്ധതികളാണ് "വിശപ്പ് രഹിത കേരളം", "ടേക്ക് എ ബ്രേക്ക്" എന്നിവ. വിശപ്പ് രഹിത കേരള പദ്ധതിയിൽ 1000 ജനകീയ ഹോട്ടലുകൾ വഴി 25 രൂപയ്ക്ക് സബ്സിഡി നിരക്കിൽ ഭക്ഷണം ലഭ്യമാക്കുകയാണ് ഇതിൽ ലക്ഷ്യമിട്ടത്. എല്ലാ ഗ്രാമപഞ്ചായത്തുകളിലും ചെറിയ മുനിസിപ്പാലിറ്റികളിലും അത്തരത്തിലുള്ള ഒരു ഹോട്ടലും സ്ഥാപിക്കുകയുമുണ്ടായി. കോർപ്പറേഷൻ പരിധിയിൽ 10 വാർഡിന് ഒരു ഹോട്ടലുകളുടെ എന്ന നിലയിലും സ്ഥാപിച്ചു. 2020 നവംബർ 23 വരെ 838 ജനകീയ ഹോട്ടലുകൾ സംസ്ഥാനത്ത് ആരംഭിക്കുകയുണ്ടായി. കുറഞ്ഞ നിരക്കും ഉച്ചഭക്ഷണ സമയങ്ങളിൽ ഹോം ഡെലിവറി സേവനവും ഹോട്ടലുകളുടെ ജനപ്രീതി

**പട്ടിക 12.1.9** സുഭിക്ഷ കേരളം – തസ്വഭ സ്ഥാപന തലത്തിലുള്ള പ്രോജക്ട് വിവരങ്ങൾ 2020–21, രൂപ കോടിയിൽ

| ക്രമ നം | തദ്ദേശഭരണ സ്ഥാപന തരം | പ്രോജക്ടുകളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവ് | ശതമാനം |
|---|---|---|---|---|---|
| 1 | ഗ്രാമപഞ്ചായത്ത് | 21439 | 1218.09 | 694.43 | 57.01 |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 1532 | 233.09 | 126.04 | 54.08 |
| 3 | ജില്ലാ പഞ്ചായത്ത് | 711 | 220.46 | 125.18 | 56.78 |
| 4 | മുനിസിപ്പാലിറ്റി | 1984 | 127.58 | 65.08 | 51.01 |
| 5 | കോർപ്പറേഷൻ | 469 | 71.07 | 39.18 | 55.13 |
| ആകെ | 26135 | | 1870.30 | 1049.93 | 56.14 | 56.14 |

ഉറവിടം: ഇൻഫർമേഷൻ കേരള മിഷൻ 2021

**പട്ടിക 12.1.10** സുഭിക്ഷ കേരളം – മേഖലാ തലത്തിലുള്ള പ്രോജക്ട് വിവരങ്ങൾ, രൂപ കോടിയിൽ

| ക്രമ നം | തദ്ദേശഭരണ സ്ഥാപന തരം | കൃഷി | ഫിഷറീസ് | മൃഗസംരക്ഷണം | ക്ഷീരവികസനം | ഭക്ഷ്യ സംസ്കരണം | ആകെ |
|---|---|---|---|---|---|---|---|
| 1 | ഗ്രാമപഞ്ചായത്ത് | 10141 | 1531 | 7753 | 1963 | 51 | 21439 |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 801 | 76 | 183 | 412 | 60 | 1532 |
| 3 | ജില്ലാ പഞ്ചായത്ത് | 477 | 43 | 145 | 43 | 3 | 711 |
| 4 | മുനിസിപ്പാലിറ്റി | 946 | 213 | 688 | 128 | 9 | 1984 |
| 5 | കോർപ്പറേഷൻ | 285 | 57 | 102 | 21 | 4 | 469 |
| ആകെ | | 12650 | 1920 | 8871 | 2567 | 127 | 26135 |

ഉറവിടം: ഇൻഫർമേഷൻ കേരള മിഷൻ 2021

**പട്ടിക 12.1.11** സുഭിക്ഷ കേരളം – മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ/ അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതികളുടെ വിവരങ്ങൾ

| ക്രമ നം | പ്രവൃത്തിയുടെ പേര് | ലക്ഷ്യമിട്ടവ (എണ്ണം) | പൂർത്തീകരിച്ചത് |
|---|---|---|---|
| 1 | കാർഷിക കുളങ്ങൾ | 4000 | 995 |
| 2 | കാലിത്തൊഴുത്ത് | 25000 | 5383 |
| 3 | ആട്ടിൻകൂട് | 15962 | 3988 |
| 4 | കോഴിക്കൂട് | 10000 | 3643 |
| 5 | തീറ്റപ്പുൽ കൃഷി | 500 | 146.7 |
| 6 | അസോള ടാങ്ക് | 5000 | 698 |
| 8 | സ്വാശ്രയ സംഘങ്ങളുടെ വർക്ക് ഷെഡ് | 100 | 40 |
| 9 | കമ്പോസ്റ്റ പിറ്റ് | 100000 | 3400 |
| 10 | സോക്ക് പിറ്റ് | 100000 | 5969 |
| 11 | കിണർ റീചാർജിംഗ് | 51000 | 821 |

ഉറവിടം: എം.എൻ.ആർ.ഇ.ജി.എസ് വകുപ്പ് വിവരങ്ങൾ

വർദ്ധിപ്പിക്കുകയുണ്ടായി. ഹോട്ടലുകൾക്ക് ഉള്ള വാടക, വൈദ്യുതി, വാട്ടർ ചാർജ് എന്നിവ അതാത് പ്രാദേശിക സർക്കാരുകളാണ് വഹിക്കുന്നത്. സംസ്ഥാനത്ത് ഒട്ടാകെ ഗുണനിലവാരമുള്ള കമ്മ്യൂണിറ്റി സാനിട്ടറി കോംപ്ലക്സുകൾ സ്ഥാപിക്കുക, ടോയ്ലറ്റ് കോംപ്ലക്സുകൾക്ക് വേണ്ടിയുള്ള ദീർഘകാല ആവശ്യങ്ങൾക്ക് പരിഹാരം കാണുക എന്നതാണ് ടേക്ക് എ ബ്രേക്ക് റിഫ്രഷ്മെന്റ് സെന്ററുകളിലൂടെ ലക്ഷ്യമിടുന്നത്. ടേക്ക് എ ബ്രേക്ക് സെന്ററുകൾ പൊതു ജനങ്ങൾക്കും യാത്രക്കാർക്കും വിശ്രമിക്കുവാനും മറ്റ് ഗുണനിലവാരമുള്ള സേവനങ്ങളും പ്രധാനം ചെയ്യും.

**പന്ത്രണ്ടിന പരിപാടിയുടെ ഭാഗമായുള്ള മറ്റ് പദ്ധതികൾ താഴെക്കൊടുക്കുന്നു.**

- വയോ ക്ലബുകൾ (പ്രായമായവർക്കുള്ള റിക്രിയേഷൻ ക്ലബുകൾ)
- ശുചിത്വ കേരളം (എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും സമഗ്ര ശുചിത്വ പദവി)
- അരുവികൾ വൃത്തിയാക്കൽ
- ഒരു കോടി ഫലവൃക്ഷങ്ങളുടെ നടീലും പരിപാലനവും
- ജൈവ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുക
- ലോക്കൽ എംപ്ലോയ്മെന്റ് അഷ്വറൻസ് പ്രോഗ്രാം (LEAP)
- പൊതുവിദ്യാഭ്യാസ പുനരുജ്ജീവന ദൗത്യം
- എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും പാലിയേറ്റീവ് കെയർ പദ്ധതികൾ
- പട്ടികജാതി/പട്ടികവർഗ്ഗങ്ങളുടെ വികസനം
- സമഗ്ര ദുരന്ത നിവാരണ പദ്ധതി (നമ്മൾ നമുക്കായി)

## സുസ്ഥിര വികസന ലക്ഷ്യങ്ങളുമായി പ്രാദേശിക പദ്ധതികൾ ബന്ധിപ്പിക്കൽ

ഐക്യരാഷ്ട്രസഭ മുന്നോട്ടുവയ്ക്കുന്ന അജണ്ട 2030, സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിന് പ്രാദേശിക സർക്കാരുകൾക്ക് സൗകര്യമൊരുക്കുന്ന പ്രോട്ടോക്കോളുകൾ വികസിപ്പിക്കേണ്ടതുണ്ട്. നഗര, ഗ്രാമ പ്രാദേശിക സർക്കാരുകൾക്ക് വ്യത്യസ്ത സൂചക ചട്ടക്കൂട് ആവശ്യമായി വന്നേക്കാം. പ്രാദേശിക പദ്ധതികളിലൂടെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കൽ എന്ന വിശാലമായ ലക്ഷ്യമാണ് പ്രാദേശിക സർക്കാറുകൾക്ക് മുന്നിലുള്ളത്.

## ഗ്രാമപഞ്ചായത്ത് വികസന പദ്ധതി (ജിപിഡിപി)

ദേശീയതലത്തിൽ അനുകരിക്കപ്പെടുന്ന പ്രാദേശിക ആസൂത്രണത്തിന്റെ രീതിശാസ്ത്രം വികസിപ്പിക്കുന്നതിൽ കേരളം വലിയ സംഭാവനകൾ നല്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് വികസന പദ്ധതികൾ (ജിപിഡിപി), ബ്ലോക്ക് പഞ്ചായത്ത് വികസന പദ്ധതികൾ (ബിപിഡിപി), ജില്ലാ പഞ്ചായത്ത് വികസന പദ്ധതികൾ (ഡിപിഡിപി) എന്നിവ നടപ്പാക്കാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചതോടെ കേരളത്തിന്റെ ജനകീയ വികസന പദ്ധതിയുടെ വിജയകരമായ അനുഭവം ദേശീയ തലത്തിൽ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. 'സബ്കി യോജന, സബ്കാ വികാസ് കാമ്പെയ്ൻ' എന്ന് അറിയപ്പെടുന്ന പീപ്പിൾസ് പ്ലാൻ കാമ്പെയ്ൻ ആരംഭിക്കാൻ കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയം തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനങ്ങളിലെ പഞ്ചായത്തീരാജ് സ്ഥാപനങ്ങളും (പിആർഐ) ബന്ധപ്പെട്ട ലൈൻ ഡിപ്പാർട്ട്മെന്റുകളും തമ്മിൽ സംയോജിപ്പിച്ച് പ്രാദേശിക തലത്തിൽ പദ്ധതി ആസൂത്രണം ചെയ്യുന്നതിനുള്ള തീവ്രവും ഘടനാപരവുമായ വ്യായാമമായാണ് കാമ്പെയ്ൻ രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഗ്രാമസഭകൾക്ക് വലിയ പ്രാധാന്യം കാമ്പയിൻ നൽകുന്നുണ്ട്.

## പതിനഞ്ചാം കേന്ദ്ര ധനകാര്യ കമ്മീഷൻ വിഹിതത്തിന് അനുസൃതമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2020–21 ലെ പദ്ധതികളുടെ പുനഃക്രമീകരണം:

പതിനഞ്ചാമത് കേന്ദ്ര ധനകാര്യ കമ്മീഷൻ മുൻ കേന്ദ്ര ധനകാര്യ കമ്മീഷനുകളിൽ നിന്നും വിഭിന്നമായി നഗര പ്രാദേശിക സർക്കാരുകളുടെ അവാർഡ് തുകയുടെ വിനിയോഗ മാനദണ്ഡങ്ങളിൽ കാര്യമായ മാറ്റങ്ങൾ വരുത്തുകയുണ്ടായി. കൂടാതെ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ ഉൾപ്പെടെയുള്ള എല്ലാ തലത്തിലുമുള്ള പ്രാദേശിക സർക്കാരുകൾക്കും ധനകാര്യ കമ്മീഷൻ ഗ്രാന്റ് നൽകാൻ ശുപാർശ ചെയ്യുകയുണ്ടായി. നഗരഭരണ പ്രദേശങ്ങളുടെ കാര്യത്തിൽ നഗരങ്ങളെ രണ്ട് വിഭാഗമായി തിരിച്ചുകൊണ്ട് ഗ്രാന്റുകൾ നൽകാൻ ശുപാർശ ചെയ്യുകയുമുണ്ടായി.

a. ഒരു ദശലക്ഷത്തിന് മുകളിൽ ജനസംഖ്യയുള്ള 50 നഗരസഞ്ചയങ്ങൾ[1]/നഗരങ്ങൾ
b. ഒരു ദശലക്ഷത്തിൽ താഴെ ജനസംഖ്യയുള്ള നഗരങ്ങളും പട്ടണങ്ങളും

[1] ഒരു നഗരവും അതിനോട് ചേർന്ന് തുടർച്ചയായി കിടക്കുന്ന നഗര സ്വഭാവത്തിലുള്ള സെൻസസ് ടൗണുകൾ/സ്റ്റാറ്റ്യൂട്ടറി ടൗണുകൾ, ഔട്ട് ഗ്രോത്തുകൾ എന്നിവയും ചേരുന്ന മൊത്തം പ്രദേശത്തെയാണ് നഗരസഞ്ചയമായി കണക്കാക്കുന്നത്.

**പട്ടിക 12.1.12** കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് – ബേസിക് ഗ്രാന്റ് ഉപയോഗിച്ച് ഏറ്റെടുത്ത പ്രോജക്ടുകൾ – തസ്വഭ സ്ഥാപന തലത്തിൽ, തുക കോടിയിൽ

| ക്രമ നം | തദ്ദേശഭരണ സ്ഥാപന തരം | ബേസിക് ഗ്രാന്റ് ഉപയോഗിച്ച് ഏറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം | ബേസിക് ഗ്രാന്റിലെ വിഹിതം | ബേസിക് ഗ്രാന്റിലെ ചെലവ് | % |
|---|---|---|---|---|---|
| 1 | ഗ്രാമപഞ്ചായത്ത് | 36123 | 961.85 | 825.31 | 85.80 |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 1745 | 99.82 | 82.68 | 82.83 |
| 3 | ജില്ലാ പഞ്ചായത്ത് | 593 | 100.96 | 70.22 | 69.55 |
| 4 | മുനിസിപ്പാലിറ്റി | 8055 | 414.73 | 333.84 | 80.49 |
| 5 | കോർപ്പറേഷൻ | 2040 | 213.40 | 181.19 | 84.91 |
| ആകെ | 48556 | 1790.79 | 1493.25 | 83.38 | 83.38 |

ഉറവിടം: ഇൻഫർമേഷൻ കേരള മിഷൻ 2021

**പട്ടിക 12.1.13** പതിനഞ്ചാം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് – ടൈഡ് ഗ്രാന്റ് ഉപയോഗിച്ച് ഏറ്റെടുത്ത പ്രോജക്ടുകളുടെ വിശദാംശങ്ങൾ (ശുചിത്വം, കുടിവെള്ളം) – തസ്വഭ സ്ഥാപന തലത്തിൽ (തുക കോടിയിൽ)

| ക്രമ നം | തദ്ദേശഭരണ സ്ഥാപന തരം | ശുചിത്വം | | | | കുടിവെള്ളം | | | |
|---|---|---|---|---|---|---|---|---|---|
| | | പ്രോജക്ടുകളുടെ എണ്ണം | വിഹിതം | ചെലവ് | ശതമാനം | പ്രോജക്ടുകളുടെ എണ്ണം | വിഹിതം | ചെലവ് | ശതമാനം |
| 1 | ഗ്രാമപഞ്ചായത്ത് | 6185 | 260.67 | 95.62 | 36.68 | 6762 | 259.86 | 131.04 | 50.43 |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 622 | 46.36 | 21.66 | 46.72 | 767 | 47.74 | 24.75 | 51.86 |
| 3 | ജില്ലാ പഞ്ചായത്ത് | 305 | 39.60 | 14.55 | 36.75 | 370 | 58.46 | 26.02 | 44.51 |
| 4 | മുനിസിപ്പാലിറ്റി | 1477 | 135.48 | 46.71 | 34.48 | 805 | 104.86 | 68.12 | 64.97 |
| 5 | കോർപ്പറേഷൻ | 594 | 169.95 | 65.92 | 38.79 | 153 | 106.86 | 62.62 | 58.60 |
| | ആകെ | 9183 | 652.09 | 244.48 | 37.49 | 8857 | 577.80 | 312.56 | 54.10 |

ഉറവിടം: ഇൻഫർമേഷൻ കേരള മിഷൻ 2021

2020–21 വർഷത്തെ സംസ്ഥാന ബജറ്റ് തയ്യാറാക്കുന്ന സമയത്ത്, പ്രാദേശിക സർക്കാരുകൾക്ക് നൽകേണ്ട ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിഹിത വിശദാംശങ്ങൾ അറിവായിട്ടില്ലായിരുന്നു. എന്നാൽ പ്രാദേശിക സർക്കാരുകൾക്ക് ബഡ്ജറ്റിൽ താൽക്കാലിക വിഹിതം നൽകുകയും ഇതിന്റെ അടിസ്ഥാനത്തിൽ പതിനാലാമത് ധനകാര്യ കമ്മീഷൻ മാർഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പായി 2020–21 ലെ വാർഷിക പദ്ധതികൾ തയ്യാറാക്കാൻ നിർദ്ദേശിക്കുകയുണ്ടായി. എന്നാൽ പതിനഞ്ചാം ധനകാര്യ കമ്മീഷൻ റിപ്പോർട്ട് വന്നതിനുശേഷം 2020 ജൂണിൽ, ധനകാര്യ കമ്മീഷൻ വിഹിതം കൂടി ഉൾപ്പെടുത്തി പ്രാദേശിക സർക്കാറുകളുടെ വികസന ഫണ്ട് വിഹിതം പരിഷ്ക്കരിക്കുകയും ഇതിനനുസരിച്ച് പതിനഞ്ചാം ധനകാര്യ കമ്മീഷൻ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളോട് പദ്ധതി പുനഃക്രമീകരിക്കാൻ നിർദ്ദേശം നൽകുകയും ചെയ്യുകയുമുണ്ടായി.

ഓരോ പ്രാദേശിക സർക്കാരുകളും ധനകാര്യ കമ്മീഷൻ വിഹിത വിനിയോഗത്തിനായി സബ്പ്ലാൻ തയ്യാറാക്കേണ്ടതാണ്. നഗരസഞ്ചയത്തിന് കീഴിൽ വരുന്ന തദ്ദേശ സ്ഥാപനങ്ങൾ പ്രത്യേകം പദ്ധതി തയ്യാറാക്കുന്ന പതിവ് രീതിക്ക് പകരം നഗരസഞ്ചയ മേഖയ്ക്കായി ഒരു പദ്ധതി തയ്യാറാക്കുക എന്നത് ഒരു വെല്ലുവിളി തന്നെയായിരുന്നു. ഇതിനായി സംസ്ഥാന സർക്കാർ ജോയിന്റ് പ്ലാനിംഗ് കമ്മിറ്റി (JPC) രൂപീകരിക്കാൻ നിർദ്ദേശിക്കുകയുണ്ടായി. മുഖ്യ തദ്ദേശ സ്ഥാപനത്തിലെ അദ്ധ്യക്ഷൻ JPCയുടെ ചെയർപേഴ്സനായും സഞ്ചയനത്തിലെ മറ്റ് പ്രാദേശിക സർക്കാരുകളുടെ അദ്ധ്യക്ഷൻമാരും അവിടെയുള്ള സെക്രട്ടറിമാരും കമ്മിറ്റിയിൽ അംഗങ്ങളുമായിരിക്കും. മുഖ്യ നഗര സർക്കാർ ധനകാര്യ കമ്മീഷൻ വിഹിതത്തിലെ ഒരു ഭാഗം നിർബന്ധമായും മുഖ്യ നഗര പരിധിക്ക് പുറത്ത് ചിലവഴിക്കാൻ സർക്കാർ പുറപ്പെടുവിച്ച മാർഗ നിർദ്ദേശിങ്ങളിൽ അനുശാസിക്കുന്നുണ്ട്. പതിനാലാം ധനകാര്യ കമ്മീഷൻ അവാർഡ് തുകയുമായി പതിനഞ്ചാമത് ധനകാര്യ കമ്മീഷന്റെ തുകയെ താരതമ്യം ചെയ്താൽ കേരളത്തിന്റെ വിഹിതം വർദ്ധിച്ചിട്ടുണ്ടെങ്കിലും ചെലവിടുന്നതിലുള്ള അനായാസകത കുറവാണെന്നു കാണാം. പതിനാലാം ധനകാര്യ കമ്മീഷൻ ഫണ്ടിന്റെ ഭൂരിഭാഗം അടിസ്ഥാന ഗ്രാന്റായി നൽകുകയും ഗ്രാമീണ, നഗര തദ്ദേശഭരണ സ്ഥാപന

ങ്ങൾക്ക് സാമൂഹിക ആസ്തികളുടേയും റോഡുകളുടേയും പരിപാലനം ഉൾപ്പെടെയുള്ള അടിസ്ഥാന സേവനങ്ങളുമായി ബന്ധപ്പെട്ട എല്ലാ ചെലവുകളും ഈ വിഹിതം വിനിയോഗിക്കാൻ അവസരമുണ്ടായിരുന്നു. എന്നാൽ പതിനഞ്ചാം ധനകാര്യ കമ്മീഷൻ ദശലക്ഷത്തിലധികം ജനസംഖ്യയുള്ള നഗരങ്ങൾക്ക് അനുവദിച്ച മുഴുവൻ തുകയും ഉപാധികളോടെയുള്ളതും (Tied Grant), മറ്റ് നഗര ഗ്രാമീണ പ്രാദേശിക സർക്കാരുകൾക്ക് അനുവദിച്ച തുകയിൽ 50 ശതമാനം ഉപാധികളോടെയുള്ളതും (Tied Grant) ആയിരുന്നു. കൂടാതെ ഈ തുകയാകട്ടെ നിർണ്ണായകമായ കുടിവെള്ളം, ശുചിത്വം എന്നീ രണ്ട് മേഖലകളിൽ മാത്രമേ വിനിയോഗിക്കാവൂ എന്നും മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നുണ്ട്. ഇവയെല്ലാം സംസ്ഥാന തദ്ദേശ സ്ഥാപനങ്ങളുടെ പ്രവർത്തന സ്വാതന്ത്ര്യത്തെ വലിയ തോതിൽ ബാധിക്കുന്ന അവസ്ഥ സംജാതമായിട്ടുണ്ട്. വിശദാംശങ്ങൾ, **അനുബന്ധം 12.1.5, 12.1.6, പട്ടിക 12.1.12, പട്ടിക 12.1.13, പട്ടിക 12.1.14** എന്നിവയിൽ കാണിച്ചിരിക്കുന്നു.

**പട്ടിക 12.1.14** നഗരസഞ്ചയങ്ങൾക്കുള്ള പദ്ധതികൾക്കായി 2020-21-ൽ കേന്ദ്ര ധനകാര്യകമ്മീഷൻ വകയിരുത്തിയ തുകയുടെ വിശദാംശങ്ങൾ

| നഗരസഞ്ചയങ്ങൾ | ജനസംഖ്യ (ലക്ഷത്തിൽ) | ജനസംഖ്യാടിസ്ഥാനത്തിലുള്ള വിഹിതം (തുക കോടിയിൽ) |
|---|---|---|
| തിരുവനന്തപുരം | 16.8 | 47.00 |
| കൊല്ലം | 11.1 | 31.00 |
| കൊച്ചി | 21.2 | 59.00 |
| തൃശ്ശൂർ | 18.6 | 52.00 |
| മലപ്പുറം | 20.3 | 57.00 |
| കോഴിക്കോട് | 16.4 | 46.00 |
| കണ്ണൂർ | 17.0 | 47.00 |
| ആകെ | | 339.00 |

ഉറവിടം: ഇൻഫർമേഷൻ കേരള മിഷൻ 2021

## തദ്ദേശ സർക്കാരുകളുടെ 2020-21 ലെ പദ്ധതി ധന വിനിയോഗം

വാർഷിക പദ്ധതി വിഹിതമായി തദ്ദേശ സർക്കാരുകൾക്ക് സാധാരണയായി രണ്ട് രീതിയിലാണ് ഫണ്ടുകൾ വകയിരുത്തുന്നത്. ആദ്യത്തേത് ഉപാധി രഹിത പദ്ധതി ധനസഹായം (വികസന ഫണ്ട്). രണ്ടാമത്തേത് ആവിഷ്കൃത പദ്ധതികൾക്കുള്ള (സ്പോൺസേർഡ്) പദ്ധതി സഹായം. പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിലും മുൻഗണനകൾ നിശ്ചയിക്കുന്നതിലും നിർവഹണം നടത്തുന്നതിലും സംസ്ഥാന ഗവൺമെന്റ് പുറപ്പെടുവിക്കുന്ന മാർഗ്ഗരേഖകൾക്ക് വിധേയമായി തദ്ദേശ സ്ഥാപനങ്ങൾക്ക് പൂർണ്ണമായ സ്വാതന്ത്ര്യമാണ് ഉള്ളത്. മുമ്പ് സൂചിപ്പിച്ചത് പ്രകാരം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശകളിന്മേൽ സ്വീകരിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട് പ്രകാരമാണ് തദ്ദേശ സ്ഥാപനങ്ങൾക്ക് വികസന ഫണ്ട് വകയിരുത്തുന്നത്. വിവിധ വിഭാഗത്തിലെ ഫണ്ട് ഓരോ തദ്ദേശഭരണ സ്ഥാപനത്തിനും വിതരണം നടത്തുന്നത് അഞ്ചാം ധനകാര്യ കമ്മീഷന്റെ ശുപാർശകളിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ട് പ്രകാരമാണ്. വിവിധ തലത്തിലുള്ള തദ്ദേശ സ്ഥാപനങ്ങൾക്ക് ഓരോ വിഭാഗത്തിലും 2020-21-ൽ വകയിരുത്തിയ വികസന ഫണ്ട് വിഹിതത്തെ സംബന്ധിച്ച വിശദാംശങ്ങൾ **പട്ടിക 12.1.15**-ൽ കൊടുത്തിരിക്കുന്നു.

2020-21 ൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ആകെ പദ്ധതികളുടെ അടങ്കൽ 11,820.03 കോടി രൂപയായിരുന്നു. ഇതിൽ 9,592.88 കോടി രൂപ ചെലവഴിക്കുകയുണ്ടായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചെലവ് പാറ്റേണിന്റെ വിഭജനം പരിശോധിച്ചാൽ മൊത്തം ചെലവഴിച്ചതിൽ ഏറ്റവും കൂടുതൽ തുക ചെലവഴിച്ചത് വികസന ഫണ്ടിൽ നിന്നാണ് (72.87 ശതമാനം), തുടർന്ന് റോഡ് മെയിന്റനൻസ് ഫണ്ടിൽ നിന്ന് (70.04 ശതമാനം), നോൺ റോഡ് മെയിന്റനൻസ് ഫണ്ടിൽ നിന്ന് (70.08 ശതമാനം). കൂടാതെ തനത് ഫണ്ട് (42.94 ശതമാനം). കേന്ദ്രാവിഷ്കൃത സ്കീമുകൾ, സഹകരണ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ, ഗുണഭോക്തൃ വിഹിതം തുടങ്ങിയ ഫണ്ടിന്റെ മറ്റ് ഉറവിടങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചെലവിന്റെ 9.93 ശതമാനവും ചെലവഴിക്കുകയുണ്ടായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ പദ്ധതികൾക്ക് ധനസഹായം നൽകുന്നതിന് വികസന ഫണ്ടിനെയാണ് പ്രധാനമായും ആശ്രയിക്കുന്നതെന്ന് കാണാം. മൊത്തം ചെലവിന്റെ ഗണ്യമായ തുക (16.65 ശതമാനം) റോഡുകളുടെ അറ്റകുറ്റപ്പണികൾക്കും മറ്റ് കൈമാറ്റം ചെയ്ത ആസ്തികൾക്കുമായി ചെലവഴിക്കുന്നു. വിശദാംശങ്ങൾ **ചിത്രം 12.1.4, അനുബന്ധം 12.1.7** എന്നിവയിൽ നൽകിയിരിക്കുന്നു.

## തദ്ദേശസ്ഥാപനങ്ങളുടെ പ്രകടനം – വികസന ഫണ്ട്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രധാന വിഭവ സ്രോതസ്സ് വികസന ഫണ്ടാണ്. 2020-21ൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വികസന ഫണ്ടിന് കീഴിലുള്ള മൊത്തം ബജറ്റ് വിഹിതം 7,158.00 കോടി രൂപയായിരുന്നു. മുനിസിപ്പൽ കോർപ്പറേഷനുകൾക്ക് 117.42 കോടി രൂപ അധികമായി അനുവദിച്ചതിനാൽ മൊത്തം ബജറ്റ് തുക 7,276.66 കോടി രൂപയായി ഉയരുകയുണ്ടായി. വികസന ഫണ്ടായി അനുവദിച്ച തുകയുടെ 95.22 ശതമാനമായ 6,928.49 കോടി രൂപയാണ് ഇതിൽ നിന്നും ചെലവിട്ടത്. 2020-21 ലെ ചെലവ് കഴിഞ്ഞ രണ്ട് വർഷങ്ങളെ അപേക്ഷിച്ച് ഉയർന്നതാണ്.

ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ എന്നിവയുമായി ബന്ധപ്പെട്ട് മൊത്തത്തിലുള്ള ചെലവ് പ്രകടനം 95 ശതമാനത്തിന് മുകളിലും നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേത് (മുനിസിപ്പാലിറ്റികൾ) 90 ശതമാനത്തിന് മുകളിലും മുനിസിപ്പൽ കോർപ്പറേഷനുകളുടെ ചെലവ് 70 ശതമാനത്തിനും മുകളിലുമാണ്. തരം തിരിച്ചുള്ള ചെലവുകളുടെ വിശദാംശങ്ങൾ **ചിത്രം 12.1.5**-ൽ നൽകിയിരിക്കുന്നു.

## വികസന ഫണ്ടിന്റെ പ്രകടനം


തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കുള്ള വികസനഫണ്ട് മൂന്ന് വിഭാഗങ്ങളിലായിട്ടാണ് വകയിരുത്തുന്നത്. പൊതുവിഭാഗം, പട്ടികജാതി ഉപപദ്ധതി (എസ്.സി.എസ്.പി) പട്ടികവർഗ്ഗ ഉപപദ്ധതി (റ്റി.എസ്.പി)

**പട്ടിക 12.1.15** വിവിധ തലത്തിലുള്ള തദ്ദേശ സ്ഥാപനങ്ങൾക്ക് വകയിരുത്തിയിട്ടുള്ള വികസന ഫണ്ട് വിഹിതം. 2020–21, തുക കോടിയിൽ

| തദ്ദേശഭരണ സ്ഥാപന തരം | പൊതുവിഭാഗം | | | പട്ടികജാതി ഉപപദ്ധതി | പട്ടികവർഗ്ഗ ഉപപദ്ധതി | ആകെ |
|---|---|---|---|---|---|---|
| | സാധാരണ വിഹിതം | 15th ധനകാര്യ കമ്മീഷൻ | | | | |
| | | ബേസിക് ഗ്രാന്റ് | ടൈഡ് ഗ്രാന്റ് | | | |
| ഗ്രാമപഞ്ചായത്ത് | 1413.43 | 610.5 | 610.5 | 609.9962 | 102.1852 | 3346.6135 |
| ബ്ലോക്ക് പഞ്ചായത്ത് | 423.85 | 101.75 | 101.75 | 203.332 | 34.0618 | 864.7461 |
| ജില്ലാ പഞ്ചായത്ത് | 423.85 | 101.75 | 101.75 | 203.332 | 34.0618 | 864.7461 |
| മുനിസിപ്പാലിറ്റി | 440.96 | 223.9011 | 269.5 | 125.0918 | 9.4859 | 1068.9454 |
| കോർപ്പറേഷൻ | 562.35 | 76.878 | 292 | 79.398 | 3.3053 | 1013.9314 |
| ആകെ | 3264.45 | 1114.7791 | 1375.5 | 1221.15 | 183.1 | 7158.9825 |


സ.ഉ (പി) നം.87/2020/Fin, തീയതി 29.06.2020, പ്രകാരം പുതുക്കിയ ഫണ്ട് വിഹിതം

**ചിത്രം 12.1.4** തദ്ദേശസ്ഥാപനങ്ങളുടെ വിവിധ സ്രോതസ്സുകളിൽ നിന്നുള്ള ചെലവ് (2020–21)




ഉറവിടം - ഇൻഫർമേഷൻ കേരള മിഷൻ 2021

**ചിത്രം 12.1.5** വിതരണം ചെയ്ത വികസന ഫണ്ട് അടിസ്ഥാനത്തിൽ വിവിധ പ്രാദേശിക സർക്കാരുകളുടെ ചെലവ്




ഉറവിടം - ഇൻഫർമേഷൻ കേരള മിഷൻ 2021

എന്നിവയാണവ. വികസനഫണ്ടായി വകയിരുത്തിയ 7,276.66 കോടി രൂപയിൽ 3,264.45 കോടി രൂപ (44.87 ശതമാനം) പൊതുവിഭാഗത്തിലും എസ്.സി.എസ്.പി വിഭാഗത്തിൽ 1,221.15 കോടിരൂപയും (16.78 ശതമാനം) റ്റി.എസ്.പി വിഭാഗത്തിൽ 183.10 കോടി രൂപയും (2.52 ശതമാനം) വകയിരുത്തുകയുണ്ടായി. പൊതുമേഖലാ ഫണ്ടുമായി താരതമ്യപ്പെടുത്തുമ്പോൾ എസ്.സി.എസ്.പി, റ്റി.എസ്.പി ഫണ്ടുകളുടെ ചെലവ് ഗ്രാമപഞ്ചായത്തുകളിൽ കുറവാണ്. പൊതുമേഖലാ ഫണ്ടുകളെ അപേക്ഷിച്ച് നഗരതദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എസ്.സി.എസ്.പി ഫണ്ടിൽ ഉയർന്ന ചെലവ് കാണിക്കുന്നുണ്ട്. വിശദാംശങ്ങൾ **അനുബന്ധം 12.1.8, ചിത്രം 12.1.6** എന്നിവയിൽ നൽകിയിരിക്കുന്നു.

### മേഖലാ വിശകലനം

പദ്ധതി മാർഗ്ഗരേഖ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മൂന്ന് മേഖലകളിലായിട്ടാണ് ഫണ്ട് വകയിരുത്തുന്നത്. ഉത്പാദനം, സേവനം, പശ്ചാത്തലം എന്നിവയാണവ. മേഖല തിരിച്ചുള്ള പ്രകടനം **ചിത്രം 12.1.7**–ൽ നൽകിയിരിക്കുന്നു. ആകെ ചെലവിൽ ഉത്പാദന മേഖലയുടെ പങ്ക് 73.06 ശതമാനമാണ്. സേവന മേഖല വിഹിതം 71.27 ശതമാനം. പശ്ചാത്തല മേഖലാ വിഹിതം 76.44 ശതമാനമാണ്. വിശദാംശങ്ങൾ **അനുബന്ധം 12.1.9** നൽകിയിരിക്കുന്നു.

### ഉത്പാദനമേഖല


ഉത്പാദനമേഖലയിലെ ആകെ ചെലവിന്റെ ഉപവിഭാഗം തിരിച്ചുള്ള ചെലവാണ് **ചിത്രം 12.1.8**–ൽ കാണിക്കുന്നത്. ഉത്പാദനമേഖലയിൽ ചെലവഴിച്ച തുകയിൽ 89.80 ശതമാനം ക്ഷീരവികസന മേഖലയിലും തൊട്ടുപിന്നാലെ 86.17 ശതമാനം കാർഷിക മേഖലയിലുമാണ്. മൃഗസംരക്ഷണം (68.25 ശതമാനം), ജലസേചനം (65.71 ശതമാനം), വ്യവസായം, സ്വയംതൊഴിൽ (62.07 ശതമാനം) എന്നീ മേഖലയിലാണ്. മത്സ്യബന്ധന മേഖലയിൽ ചെലവ് 53.75.37 ശതമാനം. മണ്ണിന്റെയും ജലത്തിന്റേയും സംരക്ഷണത്തിനായി 50.60 ശതമാനമാണ് വിനിയോഗിച്ചിരിക്കുന്നത്. വിശദാംശങ്ങൾ **അനുബന്ധം 12.1.10** –ൽ നൽകിയിരിക്കുന്നു.

2020–21 വാർഷിക പദ്ധതിയിൽ നിശ്ചയിച്ചിട്ടുള്ള മേഖലാ മാനദണ്ഡങ്ങൾ അനുസരിച്ച് ഗ്രാമീണ തദ്ദേശഭരണ സ്ഥാപനങ്ങൾ അവരുടെ പൊതുമേഖലാ ഫണ്ടിന്റെ 30 ശതമാനം ഉത്പാദനമേഖലയുടെ പ്രവർത്തനങ്ങൾക്കായി നീക്കി വയ്ക്കേണ്ടി വരുമ്പോൾ നഗരതദ്ദേശഭരണസ്ഥാപനങ്ങൾക്ക് ഇത് 10 ശതമാനമായിട്ടാണ് നിഷ്കർഷിച്ചിരുന്നത്. പ്രാദേശിക സർക്കാരുകളുടെ പൊതുമേഖല (സാധാരണ വിഹിതം) ഫണ്ടിലെ ഉത്പാദന മേഖലയുടെ വിഹിതം **പട്ടിക 12.1.16** –ൽ കാണിക്കുന്നു. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ട്രഷറിയിൽ ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണങ്ങൾ കാരണം എല്ലാ തലത്തിലുമുള്ള തദ്ദേശഭരണസ്ഥാപനങ്ങളും ഉത്പാദന മേഖലയ്ക്കായി നിഷ്കർഷിച്ചിരുന്ന തുകയേക്കാൾ കുറച്ച് മാത്രമേ ചെലവഴിക്കുവാൻ സാധിച്ചിട്ടുള്ളൂവെന്ന് കാണാവുന്നതാണ്.

### സേവന മേഖല


തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന ഉപമേഖലാ തിരിച്ചുള്ള സേവനമേഖലാ ചെലവുകൾ **ചിത്രം 12.1.9**–ൽ കാണിച്ചിരിക്കുന്നു. ഭവനം, വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം, ശുചിത്വം, മാലിന്യ സംസ്കരണം, ആരോഗ്യം തുടങ്ങി സേവനമേഖലയ്ക്ക് കീഴിലുള്ള 19 ഉപമേഖലകളുണ്ട്. ഈ ഉപമേഖലകളുടെ ചെലവ് വശം പരിഗണിക്ക

**ചിത്രം 12.1.6** – 2020–21 ൽ വിതരണം ചെയ്ത ഫണ്ട് അടിസ്ഥാനത്തിൽ പ്രാദേശിക സർക്കാരുകളുടെ വിഭാഗം തിരിച്ചുള്ള ചെലവ്





ഉറവിടം - ഇൻഫർമേഷൻ കേരള മിഷൻ 2021

**ചിത്രം 12.1.7** തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നടത്തിയ മൊത്തം ചെലവിൽ വിവിധ മേഖലകളുടെ പങ്ക്, 2020–21–ൽ




ഉറവിടം - ഇൻഫർമേഷൻ കേരള മിഷൻ 2021

**ചിത്രം 12.1.8** ഉത്പാദനമേഖലയിലെ ആകെ ചെലവിന്റെ ഉപമേഖല തിരിച്ചുള്ള ചെലവ് വിഹിതം (2020–21) ശതമാനത്തിൽ




ഉറവിടം - ഇൻഫർമേഷൻ കേരള മിഷൻ 2021

**പട്ടിക 12.1.16** വാർഷിക പദ്ധതി 2020–21 പൊതുമേഖലാ ഫണ്ടിൽ സാധാരണ വിഹിത ചെലവിൽ ഉത്പാദനമേഖലയുടെ പങ്ക് (കോടി രൂപ)

| ക്രമ നം. | പ്രാദേശിക സർക്കാർ തരം | പൊതുമേഖലാ ഫണ്ടിലെ സാധാരണ വിഹിതത്തിൽ ഉല്പാദന മേഖലയിലെ ചിലവ് | പൊതുമേഖലാ ഫണ്ടിലെ സാധാരണ വിഹിതത്തിലെ ആകെ ചിലവ് | ചിലവ് ശതമാനം |
|---|---|---|---|---|
| 1 | ഗ്രാമപഞ്ചായത്ത് | 493.24 | 2221.89 | 22.20 |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 193.69 | 564.59 | 34.31 |
| 3 | ജില്ലാ പഞ്ചായത്ത് | 180.98 | 429.44 | 42.14 |
| 4 | മുനിസിപ്പാലിറ്റി | 78.17 | 491.78 | 15.90 |
| 5 | കോർപ്പറേഷൻ | 63.13 | 327.83 | 19.26 |
| | ആകെ | 1009.23 | 4035.56 | 25.01 |

ഉറവിടം: ഇൻഫർമേഷൻ കേരള മിഷൻ 2021

മ്പോൾ, 77.68 ശതമാനം ചെലവും ഭവനനിർമ്മാണ, ഭവന വൈദ്യുതീകരണ മേഖലയിലാണ്. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നിർബന്ധിത വിഹിതം വകയിരുത്തേണ്ടതിനാലാണ് ഈ ഉയർന്ന ചെലവെന്ന് കാണാവുന്നതാണ്. പൊതുമേഖല, എസ്‌സിപി, ടിഎസ്‌പി എന്നിവയുടെ സാധാരണ വിഹിതത്തിന് കീഴിലുള്ള മൊത്തം ഫണ്ടിന്റെ 20 ശതമാനം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ നിർബന്ധമായും ഭവന നിർമ്മാണത്തിനായി വകയിരുത്തണം, അതുപോലെ തന്നെ പിഎംഎവൈയുടെ ചെലവുകൾക്കും തുക വകയിരുത്തേണ്ടതായിട്ടുണ്ട്. വീടുകൾ നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അതീവ പ്രാധാന്യം നൽകുന്നുണ്ട്. 77.14 ശതമാനം വിദ്യാഭ്യാസത്തിനും 75.03 ശതമാനം സാമൂഹിക ക്ഷേമത്തിനും സാമൂഹിക സുരക്ഷയ്ക്കും 62.96 ശതമാനം കുടിവെള്ളത്തിനും 48.04 ശതമാനം ശുചിത്വത്തിനും ചെലവഴിച്ചു. വിശദാംശങ്ങൾ **അനുബന്ധം 12.1.11, ചിത്രം 12.1.9** എന്നിവയിൽ നൽകിയിരിക്കുന്നു.


### പശ്ചാത്തലമേഖല

ഗതാഗതം, പൊതു കെട്ടിടങ്ങൾ, തെരുവ് വിളക്കുകൾ തുടങ്ങി അടിസ്ഥാന സൗകര്യ മേഖലയ്ക്ക് കീഴിൽ 7 ഉപമേഖലകളുണ്ട്. 2020–21–ൽ, അടിസ്ഥാന സൗകര്യ മേഖലയ്ക്ക് കീഴിലുള്ള മൊത്തം ചെലവിൽ, കൂടിയ പങ്കം (78.98 ശതമാനം) റോഡുകൾ ഉൾപ്പെടുന്ന ഗതാഗത ഉപമേഖലയ്ക്കായി ഉപയോഗിച്ചു. 2020–21 ലെ ഇൻഫ്രാസ്ട്രക്ചർ മേഖലയ്ക്ക് കീഴിലുള്ള ഉപമേഖലാ തിരിച്ചുള്ള ചെലവുകളുടെ വിശദാംശങ്ങൾ **ചിത്രം 12.1.10, അനുബന്ധം 12.1.12** എന്നിവയിൽ നൽകിയിരിക്കുന്നു.

### പ്രത്യേകമേഖലാ പദ്ധതികളുടെ പ്രകടനം


വനിതാഘടക പദ്ധതിയും ദുർബല വിഭാഗങ്ങൾക്കുള്ള (വൃദ്ധർ, കുട്ടികൾ ഭിന്നശേഷിക്കാർ, സാന്ത്വന പരിചരണം ആവശ്യമുള്ളവർ, ട്രാൻസ്ജെന്റേഴ്സ്) പദ്ധതിയും കേരളത്തിന്റെ വികേന്ദ്രീകൃത ആസൂത്രണത്തിന്റെ എടുത്തു പറയേണ്ട പ്രത്യേകത തന്നെയാണ്. തദ്ദേശഭരണസ്ഥാപനങ്ങൾ പൊതുവിഭാഗം, എസ്.സി.എസ്.പി., റ്റി.എസ്.പി എന്നിവയുടെ ആകെ വിഹിതത്തിന്റെ 10 ശതമാനം വനിതാഘടക പദ്ധതിക്കും 5 ശതമാനം കുട്ടികൾക്കും ഭിന്നശേഷിക്കാർ, ട്രാൻസ് ജെന്റേഴ്സ് എന്നിവർക്കും കൂടാതെ 5 ശതമാനം തുക വൃദ്ധർക്കും സാന്ത്വന പരിചരണത്തിനുമായി നിർബന്ധമായും വകയിരുത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 2020–21 ൽ വനിതാഘടകപദ്ധതി ചെലവ് (പൊതുവിഭാഗ ഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, റ്റി.എസ്.പി എന്നിവ ഒരുമിച്ച്) 7.82 ശതമാനമാണ്. കുട്ടികൾ, ഭിന്നശേഷിക്കാർ എന്നിവർക്കായുള്ള പ്രത്യേക പരിപാടിയുടെ കാര്യത്തിൽ ഇത് യഥാക്രമം 3.83 ശതമാനവും 1.48 ശതമാനവുമാണ്. വൃദ്ധർക്കായുള്ള പ്രത്യേക പരിപാടിയുടെ കാര്യത്തിൽ ഇത് 2.88 ശതമാനമാണ്. സാന്ത്വന പരിപാലനത്തിന് 1.24 ശതമാനമാണ് ചിലവായത്. പ്രത്യേക മേഖലാ പദ്ധതികളിൽ പ്രാദേശിക സർക്കാരുകളുടെ പദ്ധതി ചെലവ് സർക്കാർ നിഷ്കർഷിച്ചതിനെക്കാളും കുറവാണെന്ന് കാണാവുന്നതാണ്. ഈ മേഖലകളിലെ പദ്ധതികൾ ഏറ്റെടുക്കുന്നതിലും നിർവ്വഹണത്തിലും പ്രത്യേകമായ ശ്രദ്ധ തദ്ദേശസ്ഥാപനങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതായിട്ടുണ്ട്. 2020–21 ലെ പ്രത്യേക മേഖലാ പദ്ധതികൾക്കുള്ള ചെലവുകളുടെ വിശദാംശങ്ങൾ **പട്ടിക 12.1.17–ൽ** നൽകിയിരിക്കുന്നു.

**ചിത്രം 12.1.9** സേവനമേഖലയിലെ ആകെ ചിലവിൽ ഉപമേഖല തിരിച്ചുള്ള 2020–21 ലെ ചെലവ് വിഹിതം, ശതമാനം




ഉറവിടം: ഇൻഫർമേഷൻ കേരള മിഷൻ 2021

**ചിത്രം 12.1.10** പശ്ചാത്തലമേഖലയിലെ ആകെ ചെലവിൽ ഉപമേഖല തിരിച്ചുള്ള ചെലവ് വിഹിതം (2020–21)




ഉറവിടം: ഇൻഫർമേഷൻ കേരള മിഷൻ 2021

**പട്ടിക 12.1.17** പ്രത്യേകമേഖലകളുടെ പദ്ധതിക്കുള്ള ചെലവ് വിഹിതം (2020–21)

| ക്രമ നം. | പ്രത്യേക പദ്ധതികൾ | പൊതു വിഭാഗം സാധാരണ വിഹിതം എസ്.സി.പി/റ്റി.എസ്.പി എന്നിവയുടെ ആകെ തുകയിൽ പ്രത്യേക പദ്ധതികളുടെ ചെലവ് ശതമാനം |
|---|---|---|
| 1 | വനിതാ ഘടക പദ്ധതി | 7.82 |
| 2 | കുട്ടികൾക്കുള്ള പ്രത്യേക പദ്ധതി | 3.83 |
| 3 | വയോജനങ്ങൾക്കുള്ള പ്രത്യേക പദ്ധതി | 2.88 |
| 4 | ഭിന്നശേഷിക്കാർക്കുള്ള പദ്ധതി | 1.48 |
| 5 | സാന്ത്വന പരിരക്ഷ | 1.24 |
| 6 | ട്രാൻസ് ജെൻഡേഴ്സിനുള്ള പ്രത്യേക പദ്ധതി | 0.009 |

ഉറവിടം: ഇൻഫർമേഷൻ കേരള മിഷൻ 2021

ജനകീയാസൂത്രണത്തിന് നാം തുടക്കം കുറിച്ചിട്ട് 25 വർഷം പിന്നിട്ടിരിക്കുകയാണ്. വികസനമെന്നത് പങ്കാളിത്തത്തോടെയും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ ഒരു പ്രക്രിയയാക്കി മാറ്റുന്നതിൽ വികേന്ദ്രീകൃതാസൂത്രണം ഏറെ സഹായകരമായിട്ടുണ്ട്. പ്രാദേശിക സർക്കാരുകൾ, ഭരണത്തിലെ ശക്തവും പ്രധാനപ്പെട്ടതുമായ സ്ഥാപനങ്ങളായി മാറിയതായി നമുക്ക് കാണാവുന്നതാണ്. കഴിഞ്ഞ 25 വർഷക്കാല അനുഭവങ്ങൾ, നേടിയെടുത്ത നേട്ടങ്ങൾ, വിടവുകൾ നികത്തൽ നടപടികൾ എന്നിവയിൽ നിന്നും വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയെ കൂടുതൽ ശക്തമാക്കേണ്ട നടപടികൾ ഇനിയും പഠിക്കേണ്ടതായിട്ടുണ്ട്. പങ്കാളിത്ത ആസൂത്രണ പ്രക്രിയയിൽ കേരളം മറ്റ് സംസ്ഥാനങ്ങൾക്ക് വഴികാട്ടിയാകുമ്പോൾ സമൂഹത്തിലെ എല്ലാ വിഭാഗക്കാരിലേക്കും വികസനം എത്തുന്നത് ഉറപ്പാക്കുന്ന തലത്തിലേക്ക് കൂടുതൽ ആഴത്തിലും ശക്തമായും വികേന്ദ്രീകൃതാസൂത്രണത്തെ വിപുലീകരിക്കേണ്ടതായിട്ടുണ്ട്.

## പ്രാദേശിക സർക്കാരുകളുടെ മേഖലയിൽ കേന്ദ്ര–സംസ്ഥാന പരിപാടികളുടെ അവലോകനം

സംസ്ഥാനത്തെ ദ്രുതഗതിയിലുള്ള നഗരവത്ക്കരണം നഗരജനതയുടെ വൈവിധ്യങ്ങളായ ആവശ്യങ്ങൾ നിറവേറ്റുന്നതിൽ സംസ്ഥാന സർക്കാരിന് മുന്നിൽ വലിയ വെല്ലുവിളികൾ സൃഷ്ടിക്കുന്നുണ്ട്. നഗരത്തിലെ പാവപ്പെട്ടവരുടെ ജീവിത നിലവാരവും പൗരത്വ സേവനവും മെച്ചപ്പെടുത്തുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായിട്ടുള്ള പരിപാടികളാണ് ഇതുമായി ബന്ധപ്പെട്ട് രൂപകൽപ്പന ചെയ്തിട്ടുള്ളത്. കേന്ദ്രാവിഷ്കൃത പദ്ധതി നിർവ്വഹണത്തോടൊപ്പം സംസ്ഥാന സർക്കാർ സംസ്ഥാന ത്തിന്റേതായ തനത് പരിപാടികളുടെ വിഹിതവും കൂടി ഇതിലേക്ക് ചേർത്തുകൊണ്ടാണ് അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പദ്ധതികൾ നടപ്പിലാക്കുന്നത്. നഗരപശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, ഗ്രാമങ്ങളെ ബന്ധിപ്പിക്കുക, ശുചിത്വ–മാലിന്യ നിർമ്മാർജ്ജനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുക, ഗ്രാമ–നഗര പ്രദേശങ്ങളിൽ

ഭവനത്തോടൊപ്പം തൊഴിലും ഉപജീവനമാർഗ്ഗങ്ങളും സൃഷ്ടിക്കുക തുടങ്ങി അടിസ്ഥാന സൗകര്യവുമായി ബന്ധപ്പെട്ട സംസ്ഥാനത്തിന്റെ ഇടപെടലുകൾ ചുവടെ കൊടുക്കുന്നു.

### I. അടിസ്ഥാനസൗകര്യ വികസനം

രാജ്യത്തെ ഇതര സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തെ വ്യത്യസ്തമാക്കുന്നത് വികസിത രാജ്യങ്ങളോട് കിടപിടിക്കുന്ന തരത്തിൽ ജനങ്ങൾക്ക് മെച്ചപ്പെട്ട സാമൂഹ്യ സേവന പശ്ചാത്തല സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിലൂന്നിയ സംസ്ഥാനത്തിന്റെ വികേന്ദ്രീകൃതാസൂത്രണമാണ്. ജീവിത ഗുണനിലവാരത്തിന്റെ പ്രധാന സൂചകങ്ങളായ പാർപ്പിടത്തോടൊപ്പം കുടിവെള്ളം, ശുചിത്വം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നത് ജനങ്ങളുടെ ജിവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് സഹായിക്കുന്നു.

### i. പാർപ്പിടം

പാർപ്പിടം സംസ്ഥാന സർക്കാരിന്റെ ഒരു പ്രധാനപ്പെട്ട മുൻഗണനയായതിനാൽ സമൂഹത്തിലെ വീടില്ലാത്തവർക്ക് വീട് നൽകുന്നതിന് ശ്രമകരമായ ഇടപെടലുകളാണ് സംസ്ഥാന സർക്കാർ നടത്തുന്നത്. ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റിന്റെ പരിപാടികളുമായിട്ട് സംയോജിപ്പിക്കുന്നതിന് വളരെയധികം ശ്രമങ്ങളാണ് നടത്തുന്നത്.

സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതിയാണ് പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ.). പ്രധാനമന്ത്രി ആവാസ് യോജന–ഗ്രാമീൺ, പ്രധാനമന്ത്രി ആവാസ് യോജന–നഗരം എന്നിങ്ങനെ ഗ്രാമ–നഗര മേഖലകൾക്കായി പ്രത്യേകം ഭവന പദ്ധതികളുണ്ട്. 2022 ഓടെ പഴകിയതും വാസയോഗ്യമല്ലാത്തതുമായ വീടുകളിൽ താമസിക്കുന്ന ഗ്രാമപ്രദേശങ്ങളിലെ എല്ലാ കുടുംബങ്ങൾക്കും അടിസ്ഥാന സൗകര്യങ്ങളോടൊപ്പം വീടും നൽകുകയെന്നതാണ് പി.എം.എ.വൈ ഗ്രാമീൺ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഗ്രാമീണ മേഖലയിലെ ഗുണഭോക്താവിന് പി.എം.എ.വൈ ഗ്രാമം പദ്ധതിയിൽ ഭവനനിർമ്മാണത്തിനായി 90 ദിവസം വരെയുള്ള അവിദഗ്ദ്ധ തൊഴിലിനുള്ള വേതനം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെയും ശൗചാലയം നിർമ്മിക്കുന്നതിനായി 12,000 രൂപ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയിലൂടെയും നൽകുന്നുണ്ട്.

പ്രധാനമന്ത്രി ആവാസ് യോജന–ഗ്രാമീൺ പദ്ധതിയിലൂടെ ഗ്രാമീണമേഖലയിൽ 2016–17 ൽ 32,559 ഉം 2017–18–ൽ 9,872 ഉം പുതിയ വീടുകൾ വീതം നിർമ്മിക്കാൻ ലക്ഷ്യമിട്ടിരുന്നു. ഭാരതസർക്കാർ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി സ്വീകരിച്ച മാനദണ്ഡങ്ങൾ സംസ്ഥാനത്തിന്റെ സാഹചര്യവുമായി യോജിക്കാത്തതിനാൽ ഈ ലക്ഷ്യം നേടിയെടുക്കാൻ സാധിച്ചിരുന്നില്ല. 2019–20, 2020–21 വർഷങ്ങളിൽ നിർമ്മിക്കേണ്ട വീടുകളെ സംബന്ധിച്ച് ലക്ഷ്യമിട്ട കൃത്യമായ എണ്ണം ഭാരത സർക്കാർ നൽകിയിട്ടില്ലാത്തതിനാൽ പ്രസ്തുത വർഷങ്ങളിൽ 2016–17, 2017–18 വർഷങ്ങളിലെ ലക്ഷ്യത്തിനനുസൃതമായിട്ടാണ് (അതായത് 42,431) ഭവനനിർമ്മാണം നടത്തിയത്. 2019–20 ൽ 1,364 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 2020–21–ൽ പൂർത്തീകരിച്ച 711 വീടുകളിൽ 217 പട്ടികജാതി ഗുണഭോക്താക്കളും 49 പട്ടികവർഗ്ഗ ഗുണഭോക്താക്കളും ഉൾപ്പെടുന്നുണ്ട്. പ്രധാനമന്ത്രി ആവാസ് യോജന–ഗ്രാമീൺ പദ്ധതിയുടെ 2020–21 ലെയും 2021–22 (2021 സെപ്റ്റംബർ 30 വരെ) ലെയും സാമ്പത്തിക ഭൗതിക പുരോഗതി യഥാക്രമം **അനുബന്ധം 12.1.13, 12.1.14**–ൽ ചേർത്തിരിക്കുന്നു.

ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി 2011 ലെ സാമൂഹ്യ സാമ്പത്തിക ജാതി സെൻസസിലെ വിവരങ്ങളാണ് കേന്ദ്രസർക്കാർ അവലംബമാക്കിയത്. വീടില്ലാത്ത അവസ്ഥയും മറ്റ് സാമൂഹ്യ അധഃസ്ഥിതാവസ്ഥയും മാനദണ്ഡങ്ങളായി എടുത്ത് ഗ്രാമസഭയിലൂടെയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. അങ്ങനെ തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കൾക്ക് 70,000 രൂപ വരെ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്നതാണ്. ആവാസ് സോഫ്റ്റ് എം.ഐ.എസിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഗുണഭോക്താക്കളുടെ ബാങ്ക്/പോസ്റ്റാഫീസ് അക്കൗണ്ടുകളിലേക്ക് ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫറിലൂടെയാണ് തുക കൈമാറുന്നത്.

ചേരിനിവാസികൾ ഉൾപ്പെടെ നഗരത്തിലെ പാവപ്പെട്ടവരിൽ വീടില്ലാത്ത എല്ലാവർക്കും 2022 ഓടെ വീട് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ, നഗര തദ്ദേശ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പിലാക്കുന്ന ഒരു കേന്ദ്രാവിഷ്കൃത ഭവന പദ്ധതിയാണ് പ്രധാനമന്ത്രി ആവാസ് യോജന (നഗരം)–ലൈഫ് പദ്ധതി. പി.എം.എ.വൈ (നഗരം)–ലൈഫ് പദ്ധതിയുടെ അംഗീകരിച്ച മൊത്തം പദ്ധതി തുക (2021 സെപ്റ്റംബർ 30) 3938.65 കോടി രൂപയാണ്. ഇതിൽ കേന്ദ്ര സംസ്ഥാന വിഹിതമായി യഥാക്രമം 941.87 കോടി രൂപയും 402.56 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്.

പി.എം.എ.വൈ (നഗരം)–ലൈഫ് ഭവന പദ്ധതിയുടെ ഗുണഭോക്തൃ നേതൃത്വത്തോടെയുള്ള ഭവന നിർമ്മാണമെന്ന മുഖ്യ ഘടകത്തിൽ, 93 നഗര തദ്ദേശ സ്ഥാപനങ്ങളും തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ), കൊച്ചി വികസന അതോറിറ്റി (ജി.സി.ഡി.എ), ഗോശ്രീ ഐലന്റ് വികസന അതോറിറ്റി (ജിഡ) എന്നീ വികസന അതോറിറ്റികളുടെയും പരിധിയിൽ വരുന്ന 34 പഞ്ചായത്തുകളിൽ നിന്നും സമർപ്പിച്ച 577 വിശദമായ പദ്ധതി രേഖകളുടെ (ഡി.പി.ആർ) അടിസ്ഥാനത്തിൽ 1,11,835 വീടുകളുടെ നിർമ്മാണം കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയം (എം.ഒ.എച്ച്.യു.എ) അംഗീകരിച്ചിട്ടുണ്ട്. കൂടാതെ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നഗര ദരിദ്രർക്ക് പാർപ്പിടങ്ങൾ എന്ന ഘടകത്തിൽ ലൈഫ് മിഷന്റെ സഹായത്തോടെ പാർപ്പിട സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായി 970 യൂണിറ്റുകൾ ഉൾപ്പെട്ട 113.69 കോടി രൂപയുടെ 11 ഡി.പി.ആറിനും എം.ഒ.എച്ച്.യു.എ യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. സമർപ്പിച്ച ഡി.പി.ആറുകൾ പ്രകാരം 87,001 വീടുകളുടെ നിർമ്മാണം ആരംഭിക്കുകയും ഇതിൽ 2021 സെപ്റ്റംബർ 30 വരെ 59,839 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. നഗര ദരിദ്രരുടെ ഭവന പ്രശ്നങ്ങൾക്ക് പരിഹാരം കാണാനായി വിവിധ സ്ഥാപനങ്ങൾ വഴിയുള്ള വായ്പാ ലഭ്യത

ഉറപ്പാക്കുന്നതിനാണ് ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി (സി.എൽ.എസ്) എന്ന ഘടകത്തിലൂടെ ലക്ഷ്യമിടുന്നത്. അർഹരായ നഗര ദരിദ്രർക്ക് വീട് വയ്ക്കുന്നതിനും ഭൂമി ഏറ്റെടുക്കുന്നതിനുമായി ഭവന വായ്പയ്ക്ക് പലിശ സബ്സിഡി ഇതിലൂടെ നൽകുന്നുണ്ട്. ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി എന്ന ഘടകത്തിലൂടെ 25,832 ഗുണഭോക്താക്കളെ കണ്ടെത്തുകയും 23,104 ഗുണഭോക്താക്കൾക്ക് ഭവന സബ്സിഡി നൽകിയിട്ടുണ്ട്. പി.എം.എ.വൈ (നഗരം)–ലൈഫ് പദ്ധതിയുടെ കേന്ദ്ര വിഹിതം 40 ശതമാനം, 40 ശതമാനം, 20 ശതമാനം എന്നിങ്ങനെ മൂന്ന് തവണകളായാണ് ലഭിക്കുന്നത്. പി.എം.എ.വൈ (നഗരം)–ലൈഫ് പദ്ധതിയുടെ 2021 സെപ്റ്റംബർ 30 വരെയുള്ള സാമ്പത്തിക പുരോഗതി **അനുബന്ധം 12.1.15** ലും നഗര തദ്ദേശഭരണ സ്ഥാപനങ്ങൾ തിരിച്ചുള്ള ഗുണഭോക്തൃ നേതൃത്വത്തോടെയുള്ള ഭവനനിർമാണ ഘടകത്തിന്റെയും നഗരദരിദ്രർക്ക് പാർപ്പിടങ്ങൾ എന്ന ഘടകത്തിന്റെയും ഭൗതിക പുരോഗതി സംബന്ധിച്ചുമുള്ള വിവരങ്ങൾ യഥാക്രമം **അനുബന്ധം 12.1.16, 12.1.17**–ൽ ചേർത്തിരിക്കുന്നു.

പി.എം.എ.വൈ (നഗരം)–ലൈഫ് പദ്ധതിയിലൂടെ വാസയോഗ്യമായ ഭവനം നൽകുന്നതിലുപരി ദേശീയ നഗര ഉപജീവന ദൗത്യം, പ്രധാനമന്ത്രി ഉജ്ജ്വല യോജന എന്നീ പദ്ധതികളുടെ സംയോജനത്തിലൂടെ ഗുണഭോക്താക്കൾക്ക് സഹായവും നൽകുന്നുണ്ട്. നൈപുണ്യ വികസനത്തിലൂടെയും സ്വയം തൊഴിൽ സംരംഭങ്ങളിലൂടെയും നഗരത്തിലെ വീടില്ലാത്തവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുമാണ് ദേശീയ നഗര ഉപജീവന ദൗത്യം പദ്ധതിയുടെ സംയോജനത്തിലൂടെ വിഭാവനം ചെയ്യുന്നത്. തൊഴിൽ ലഭ്യമാക്കലും തൊഴിൽ സൗകര്യം ഉറപ്പിക്കലും എന്ന എൻ.യു.എൽ.എം പദ്ധതി ഘടകത്തിലൂടെ 2021 സെപ്റ്റംബർ 30 വരെ 750 അംഗങ്ങൾക്ക് നൈപുണ്യ വികസനത്തിൽ പരിശീലനം നൽകുകയും 240 പേർക്ക് തൊഴിൽ ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. എൻ.യു.എൽ.എം ന്റെ സ്വയം തൊഴിൽ ഘടകത്തിലൂടെ 60 ഗുണഭോക്തൃ കുടുംബങ്ങൾ പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. പ്രധാനമന്ത്രി ഉജ്ജ്വല യോജന പദ്ധതിയിലൂടെ സംസ്ഥാനത്തെ പി.എം.എ.വൈ (നഗരം)–ലൈഫ് പദ്ധതിയുടെ 215 ഗുണഭോക്താക്കൾക്ക് ഗ്യാസ് കണക്ഷനും നൽകിയിട്ടുണ്ട്. അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയുമായുള്ള സംയോജനത്തിലൂടെ പി.എം.എ.വൈ (നഗരം)–ലൈഫ് പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് 90 ദിവസത്തെ തൊഴിൽ ദിനങ്ങൾ നൽകാനും സാധിച്ചിട്ടുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതിയെന്ന നിലയിൽ ഗ്രാമ–നഗര പ്രദേശങ്ങളിലെ ഓരോ ഭവനങ്ങളുടെ നിർമ്മാണത്തിനും പ്രധാനമന്ത്രി ആവാസ് യോജന–ഗ്രാമീൺ, നഗരം എന്നീ പദ്ധതികളിലൂടെ യഥാക്രമം 72,000 രൂപ, 1.50 ലക്ഷം രൂപ വീതമാണ് കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്നത്. സംസ്ഥാനത്തിന്റെ പാർപ്പിട ആവശ്യങ്ങൾ നിറവേറ്റാൻ ഈ ഭവന നിർമ്മാണ പദ്ധതികൾ പ്രകാരമുള്ള സഹായം അപര്യാപ്ത മായതുകൊണ്ടാണ് സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ സമഗ്രമായ ഒരു സമീപനം സ്വീകരിക്കുകയും സംസ്ഥാനത്തെ ഭവനരഹിതരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ലൈഫ് (ഉപജീവനം, ഉൾപ്പെടുത്തൽ, സാമ്പത്തിക ശാക്തീകരണം) മിഷൻ ആരംഭിച്ചത്. ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിനായി ലൈഫ് മിഷനിൽ നിന്നും, വിദൂരത്തും ഒറ്റപ്പെട്ടും നിൽക്കുന്ന പട്ടികവർഗസങ്കേതങ്ങളിൽ താമസിക്കുന്ന പട്ടികവർഗ ഗുണഭോക്താക്കളാണെങ്കിൽ 6.00 ലക്ഷം രൂപയും മറ്റ് എല്ലാ ഗുണഭോക്താക്കൾക്കും 4.00 ലക്ഷം രൂപയും നൽകുന്നു. ഇതിന്റെ വിശദാംശങ്ങൾ പതിനൊന്നാം അദ്ധ്യായത്തിൽ കൊടുത്തിട്ടുണ്ട്.

### ii . ശുചിത്വവും മാലിന്യ നിർമ്മാർജ്ജനവും

ശുചിത്വ സൗകര്യങ്ങളുടെ അഭാവം ദാരിദ്ര്യത്തിന്റെ അടിസ്ഥാന സൂചകങ്ങളിൽ ഒന്നാണ്. ശരിയായ ശുചിത്വ മാലിന്യ നിർമ്മാർജ്ജന സൗകര്യങ്ങൾ ജനങ്ങളുടെ ജീവിത നിലവാരത്തിൽ ഗുണപരമായ സ്വാധീനമുണ്ടാക്കുന്നുണ്ട്. സംസ്ഥാനത്ത് മാലിന്യ നിർമ്മാർജ്ജനം രൂക്ഷമായ ഒരു പ്രശ്നമായതുകൊണ്ട് തന്നെ സർക്കാർ വിവിധ തരം ഇടപെടലുകളിലൂടെ ഈ മേഖലയിൽ ശ്രദ്ധ ചെലുത്തുന്നുണ്ട്. ഖരദ്രവ മാലിന്യ നിർമ്മാർജ്ജന നയങ്ങളും പ്രോജക്ടുകളും രൂപീകരിക്കുന്നതിന് പ്രാദേശിക സർക്കാരുകൾക്കും സംസ്ഥാന സർക്കാരിനും ആവശ്യമായ സാങ്കേതിക സഹായം നൽകുന്നതിനും നിർവ്വഹണ തന്ത്രം രൂപപ്പെടുത്തുന്നതിനുമുള്ള നോഡൽ ഏജൻസിയാണ് ശുചിത്വ മിഷൻ.

സംസ്ഥാനത്ത് പ്രതിദിനം 10504 ടൺ (ടിപിഡി) ഖരമാലിന്യം ഉത്പാദിപ്പിക്കുന്നുണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്. അതിൽ 3472 ടൺ നഗര തദ്ദേശഭരണ സ്ഥാപനങ്ങളും 7,032 ടൺ ഗ്രാമപഞ്ചായത്തുകളുമാണ്. ഇതിൽ 49 ശതമാനം മാലിന്യം വീടുകളിൽ നിന്നും 36 ശതമാനം സ്ഥാപനങ്ങളിൽ നിന്നും 15 ശതമാനം പൊതുസ്ഥലങ്ങളിലുമാണ് ഉത്പാദിപ്പിക്കപ്പെടുന്നതെന്ന് കണക്കാക്കിയിരിക്കുന്നു. മൊത്തം മാലിന്യത്തിന്റെ 77 ശതമാനം (6410 ടൺ) മാലിന്യം ജീർണ്ണിക്കുന്നവയും 18 ശതമാനം ജീർണ്ണിക്കാത്തവയും 5 ശതമാനം നിർജ്ജീവവുമാണ് (ഇനെർട്ട്). 6,410 ടൺ പ്രതിദിന ജൈവമാലിന്യവും 592 ടൺ പ്രതിദിന പ്ലാസ്റ്റിക് മാലിന്യവും ഖരമാലിന്യത്തിലെ പ്രധാന ഘടകങ്ങളാണ്. മുൻഗണനാടിസ്ഥാനത്തിൽ ഇതിന് പരിഹാരം കാണേണ്ടത് തന്നെയാണ്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ബയോമെഡിക്കൽ മാലിന്യത്തിന്റെയും പ്ലാസ്റ്റിക്കിന്റെയും ഉപഭോഗം വർദ്ധിച്ചതായി കാണാം.

ജൈവനശീകരണ മാലിന്യത്തിന്റെ 70 ശതമാനം വീടുകളിലും സ്ഥാപനങ്ങളിലും കമ്മ്യൂണിറ്റി തലത്തിലും നിലവിൽ സംസ്കരിക്കുന്നുണ്ട്. ഇപ്പോൾ വിഭാവനം ചെയ്തിരിക്കുന്ന പദ്ധതിയായ 14,89,000 വീട്ടുതല കമ്പോസ്റ്റിംഗും അല്ലെങ്കിൽ ബയോ മെത്തനൈസേഷൻ യൂണിറ്റുകളും സ്ഥാപിക്കുന്നതിലൂടെ മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള ശേഷി 85 ശതമാനം വർദ്ധിപ്പിക്കാൻ സാധിക്കും. അജൈവ മാലിന്യങ്ങൾ ഉറവിടങ്ങളിൽ നിന്ന് ശേഖരിക്കുകയും മെറ്റീരിയൽ കളക്ഷൻ കേന്ദ്രങ്ങളിൽ (എം.സി.എഫ്) താത്ക്കാലികമായി സൂക്ഷിക്കുകയും ചെയ്യുന്നു. ഈ മാലിന്യം തരംതിരിച്ചതിന് ശേഷം ഷ്രെഡ് ചെയ്ത് ബെയ്ൽ ചെയ്യുന്നതിന് റിസോഴ്സ് റിക്കവറി കേന്ദ്രങ്ങളിലേക്ക് കൈമാറുന്നു. സംസ്ഥാനത്താകമാനം 1,018 എം.സി.എഫും 177 ആർ.ആർ.എഫും 1,005 തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഹരിതകർമ്മസേനയും നിലവിലുണ്ട്. ഹരിതകർമ്മസേന, മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി കേന്ദ്രങ്ങൾ, റിസോഴ്സ് റിക്കവറി ഫെസിലിറ്റി

കേന്ദ്രങ്ങൾ എന്നിവയെ സംബന്ധിച്ച ജില്ലാതല വിവരങ്ങൾ യഥാക്രമം **അനുബന്ധം 12.1.18** ലും **അനുബന്ധം 12.1.19** ലും കൊടുത്തിരിക്കുന്നു.

ഹരിതകർമ്മസേനയും മറ്റ് കളക്ഷൻ ഏജൻസികളും ചേർന്ന് ഉറവിടങ്ങളിൽ നിന്ന് 46 ലക്ഷം അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നു (35.7 ലക്ഷം ഗ്രാമ തദ്ദേശഭരണ സ്ഥാപനങ്ങളും 10.3 ലക്ഷം നഗര തദ്ദേശഭരണ സ്ഥാപനങ്ങളും). ഇത്തരത്തിൽ ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എം.സി.എഫ് കേന്ദ്രങ്ങളിൽ സൂക്ഷിക്കുന്നു. എം.സി.എഫുകളിൽ സൂക്ഷിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ റിസോഴ്സ് റിക്കവറി ഫെസിലിറ്റി കേന്ദ്രങ്ങളിൽ വച്ച് വീണ്ടും തരംതിരിച്ച് പാർട്ട്നർ കമ്പനികൾക്ക് വിൽക്കുന്നു. ഇത് പുനരുപയോഗത്തിനോ അല്ലെങ്കിൽ പ്രോസസിംഗിനോ (ഷ്രെഡ് ചെയ്ത് ബെയ്ൽ ചെയ്യുക) പ്രത്യേകിച്ച് റോഡ് ടാറിംഗിനായി ഉപയോഗിക്കുന്നതിനായി ക്ലീൻ കേരള കമ്പനിയ്ക്ക് വിൽക്കുന്നു. പൊതു പ്രവൃത്തികളിൽ റോഡ് ടാറിംഗിന് ഷ്രെഡ് ചെയ്ത പ്ലാസ്റ്റിക്ക് നിർബന്ധമായും ഉപയോഗിക്കണമെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ക്ലീൻ കേരള കമ്പനി 2019-20, 2020-21 വർഷങ്ങളിലായി യഥാക്രമം 173 ടൺ, 77 ടൺ ഇ-മാലിന്യം ശേഖരിച്ചിട്ടുണ്ട്. സംസ്ഥാനത്തിന് ഇലക്ട്രോണിക് മാലിന്യം റീസൈക്ലിംഗ് സൗകര്യമില്ലാത്ത തുകൊണ്ട് ഇങ്ങനെ ശേഖരിക്കുന്ന ഇലക്ട്രോണിക് മാലിന്യം മറ്റ് സംസ്ഥാനങ്ങളിലെ റീസൈക്ലിംഗ് പ്ലാന്റുകളിലേക്ക് കൊണ്ടുപോകുന്നു. മലപ്പുറം ജില്ലയിലെ കുറ്റിപ്പുറത്ത് പ്രതിദിനം 5 ടൺ ശേഷിയുള്ള ഒരു ഇലക്ട്രോണിക് മാലിന്യ സംസ്കരണ പ്ലാന്റിന്റെ നിർമാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ ബയോമെഡിക്കൽ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ ഗോസ് ഇക്കോ ഫ്രണ്ട്ലി (IMAGE) എന്ന സ്ഥാപനത്തിന്റെ പങ്കാളിത്തത്തോടെ പ്രവർത്തിക്കുന്നുണ്ട്. പാലക്കാട് ജില്ലയിൽ പ്രതിദിനം 55.8 ടൺ ശേഷിയുള്ള ഒരു ബയോമെഡിക്കൽ വേസ്റ്റ് ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തിക്കുന്നുണ്ട്. എറണാകുളം ജില്ലയിലെ ബ്രഹ്മപുരത്തും അമ്പലമുകളിലും മറ്റ് രണ്ട് ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ നിർമാണം പരിഗണനയിലാണ്. വ്യവസായങ്ങളിലെ അപകടകരമായ മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള സംവിധാനമുണ്ടാക്കണമെന്ന് നിയമപരമായി നിഷ്കർഷിച്ചിട്ടുള്ളതിനാൽ പരിസ്ഥിതി പ്രശ്നങ്ങൾ ലഘൂകരിക്കുവാൻ സഹായിച്ചിട്ടുണ്ട്. കേരള എൻവിറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന്റെ കീഴിൽ എറണാകുളം ജില്ലയിലെ അമ്പലമുകളിൽ പ്രതിദിനം 130 ടൺ ശേഷിയുള്ള ഒരു പൊതു ഹസാഡഡ് മാലിന്യ ഡിസ്പോസൽ കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്.

### ശുചിത്വകേരളം (ഗ്രാമവും നഗരവും)

ഖരമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഉറവിടതല മാലിന്യ സംസ്കരണത്തിനാണ് സംസ്ഥാന സർക്കാർ മുൻഗണന നൽകുന്നത്. അതിനുള്ള യൂണിറ്റ് ചെലവ് നിർണ്ണയിക്കുന്നത് ജൈവമാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള അനുയോജ്യമായ സാങ്കേതിക വിദ്യയുടെയും പ്രവർത്തനത്തിന്റെയും അടിസ്ഥാനത്തിലാണ്. ഗ്രാമപഞ്ചായത്തുകളും നഗരതദ്ദേശഭരണ സ്ഥാപനങ്ങളും ഈ മേഖലയിൽ ഏറ്റെടുക്കുന്ന പ്രോജക്ടുകൾക്ക് ഭാഗികമായ സഹായം സർക്കാർ നൽകുന്നു. സംസ്ഥാനത്ത് പകർച്ചവ്യാധികൾ നിയന്ത്രിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താറുണ്ട്. ആരോഗ്യവകുപ്പ് ഡയറക്ടേറ്റ്, നാഷണൽ ഹെൽത്ത് മിഷൻ, ഹരിതകേരളം മിഷൻ എന്നിവയുമായി സഹകരിച്ച് മൺസൂണിന് മുമ്പുള്ള ക്ലീനിംഗ് ക്യാമ്പയിൻ നടപ്പിലാക്കുകയുണ്ടായി. ഈ അവലോകന കാലയളവിൽ 10 നഗരതദ്ദേശഭരണ സ്ഥാപനങ്ങൾ ശുചിത്വകേരളം നഗരം പദ്ധതിയിലൂടെ മൊത്തം 5.61 കോടി രൂപയുടെ ഖരമാലിന്യ സംസ്കരണ പ്രോജക്ടുകളും ശുചിത്വകേരളം ഗ്രാമം പദ്ധതിയിലൂടെ 25 ഗ്രാമപഞ്ചായത്തുകൾ 4.13 കോടി രൂപയുടെ പ്രോജക്ടുകളും ഏറ്റെടുക്കുകയുണ്ടായി. ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെയും പത്ര മാധ്യമങ്ങളിലൂടെയും അവബോധം വളർത്തുന്നതിനുള്ള ക്യാമ്പയിനുകൾ സംഘടിപ്പിച്ചതിലൂടെ ജനങ്ങൾക്കിടയിൽ ശാസ്ത്രീയമായി മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള ശീലം വളർത്തിയെടുക്കാൻ സാധിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് സൃഷ്ടിക്കപ്പെടുന്ന മാലിന്യത്തിന്റെ 70-80 ശതമാനം വരെ ഈർപ്പമുള്ള ജൈവ മാലിന്യങ്ങളാണ്. 'എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം' എന്ന മുദ്രാവാക്യം വ്യാപകമായി പ്രചരിപ്പിക്കുകയും അത് ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സൗകര്യമുണ്ടാക്കുകയും ചെയ്തിട്ടുണ്ട്. മാലിന്യ സംസ്കരണ സംവിധാനത്തിലൂടെ ഏകദേശം 60 ശതമാനം വീടുകളിലും ജൈവമാലിന്യം കൈകാര്യം ചെയ്യുകയുണ്ടായി. കൂടാതെ, സ്ഥാപന കമ്മ്യൂണിറ്റിതല മാലിന്യ സംസ്കരണവും ഉറവിടത്തിൽതന്നെ ചെയ്യുകയുണ്ടായി. മാലിന്യത്തിന്റെ വ്യാപ്തിയും അത് കൈകാര്യം ചെയ്യുന്നതും പരിഗണിച്ച് വിവിധ തരം സാങ്കേതിക വിദ്യ ഉപയോഗിക്കുന്ന ബയോസ്ടീം സാങ്കേതിക വിദ്യയായ കമ്പോസ്റ്റിംഗും ബയോമെത്തനൈസേഷനും ഉപയോഗിച്ച് ജൈവമാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കാനും സാധിച്ചിട്ടുണ്ട്. ഗാർഹിക, സ്ഥാപന, കമ്മ്യൂണിറ്റി തലങ്ങളിൽ ചെറുതും, ഇടത്തരവും വലുതുമായ ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിച്ചതിലൂടെ സംസ്ഥാനത്തെ 1,99,806 വീടുകളിലെയും സ്ഥാപനങ്ങളിലെയും മാലിന്യം കൈകാര്യം ചെയ്യുന്നതിന് സാധിച്ചിട്ടുണ്ട്.

### സ്വച്ഛ്ഭാരത് മിഷൻ (ഗ്രാമീൺ) എസ്.ബി.എം. (ജി)

എല്ലാ ഗ്രാമീണ കുടുംബങ്ങൾക്കും വൃത്തിയായ ടോയിലറ്റുകൾ ഉറപ്പാക്കുന്നതിനാണ് മിഷൻ ലക്ഷ്യമിടുന്നത്. 2016 നവംബർ 1 മുതൽ സംസ്ഥാനത്തെ ഗ്രാമ പ്രദേശങ്ങൾ വെളിയിട വിസർജ്ജന മുക്തമായിട്ടുണ്ട് (ഒ.ഡി.എഫ്). വെളിയിട വിസർജ്ജന മുക്ത നിലവാരം സുസ്ഥിരമായി നിലനിർത്താൻ ശ്രമിക്കുന്നതോടൊപ്പം ഒ.ഡി.എഫ് പ്ലസ് പ്രവർത്തനങ്ങളിലാണ് ഇപ്പോൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഗ്രാമങ്ങളിൽ 1,74,720 വ്യക്തിഗത ടോയിലറ്റുകൾ (ഐ.എച്ച്.എച്ച്.എൽ) നിർമ്മിച്ചതിലൂടെ വെളിയിട വിസർജ്ജന മുക്തമായി (ഒ.ഡി.എഫ്) സംസ്ഥാനമായി കേരളം മാറി. സ്വച്ഛ് ഭാരത് മിഷൻ ഗ്രാമീൺ എസ്.ബി.എം (ജി) പ്രകാരം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർ (ബി.പി.എൽ), കണ്ടെത്തിയ എ.പി.എൽ കുടുംബങ്ങൾ എന്നിവർക്ക് ഒരു വ്യക്തിഗത ടോയിലറ്റ് (ഐ.എച്ച്.എച്ച്.എൽ) നിർമ്മിക്കുന്നതിനും ശുചീകരണത്തിനും ടോയിലറ്റ് വൃത്തിയാക്കുന്നതിനുമുള്ള ജലലഭ്യതയും ജലസംഭരണ

സംവിധാനവും ഉൾപ്പെടെയുള്ളവ നിർമ്മിക്കുന്നതിന് 12,000 രൂപ വരെയാണ് പ്രോത്സാഹന ധനസഹായ മായി നൽകുന്നത്. ഇതിൽ കേന്ദ്ര വിഹിതമായി 7,200 രൂപയും (60 ശതമാനം) സംസ്ഥാന വിഹിതമായി 4,800 രൂപയും (40 ശതമാനം) സ്വച്ഛ് ഭാരത് മിഷൻ ഗ്രാമീൺ പദ്ധതിയിലൂടെ പ്രോത്സാഹന ധന സഹായമായി ശുചിത്വ മിഷൻ നൽകുന്നു.

### ഒ.ഡി.എഫ് പ്ലസ്

വെളിയിട വിസർജ്ജനം ഒഴിവാക്കാതെ ഗ്രാമപ്രദേ ശങ്ങളിലെ ശുചിത്വ പ്രവർത്തനം പൂർണ്ണമാവുകയില്ല. ആയതിനാൽ ഗ്രാമപ്രദേശങ്ങളിലെ എല്ലാ ഗാർഹിക കമ്മ്യൂണിറ്റി തലത്തിലും ടോയിലറ്റുകളും പൊതുടോയി ലറ്റുകളും നിർമ്മിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒ.ഡി.എഫ് പ്ലസ് നേടുന്നതിന് എല്ലാ ഗ്രാമപഞ്ചായത്തുകളും കുടിവെള്ള ശുചിത്വ വകുപ്പ് നിശ്ചയിച്ചിട്ടുള്ള എല്ലാ മാനദണ്ഡങ്ങളും നേടിയെടുക്കു ന്നതിലുള്ള പരിശ്രമത്തിലാണ്. എല്ലാ വ്യക്തികൾക്കും ടോയിലറ്റ് സൗകര്യം, ടോയിലറ്റുകളുടെ ശരിയായ ഉപയോഗം, ഖരദ്രവമാലിന്യങ്ങൾ ശാസ്ത്രീയമായി കൈകാര്യം ചെയ്യൽ, പൊതുശുചീകരണ സംവിധാ നങ്ങൾ ഉറപ്പാക്കൽ എന്നിവയാണ് ഒ.ഡി.എഫ് പ്ലസ് നേടുന്നതിനുള്ള മാനദണ്ഡങ്ങൾ. ദ്രവമാലിന്യ സംസ്ക്ക രണം ഫലപ്രദമായി കൈകാര്യം ചെയ്താൽ മാത്രമേ ഗ്രാമപഞ്ചായത്തു കൾക്ക് ഒ.ഡി.എഫ് പ്ലസ് കൈവ രിക്കാൻ സാധിക്കുകയുള്ളൂ. ടോയിലറ്റുകളിൽ നിന്നുള്ള മലിനജലം പൊതുസ്ഥലങ്ങളിലും ജല ഉറവിടങ്ങളിലും മറ്റ് ജലാശയങ്ങളിലും ഒഴുകുന്നത് തടയേണ്ടതും അതുപോലെ ഉപരിതലജലത്തെ മലിനമാക്കുന്നത് തടയേണ്ടതുമാ ണ്. മലിനജലം കൈകാര്യം ചെയ്യുന്നതിന് സെപ്റ്റി ക് ടാങ്കുകളും ട്വിൻ പിറ്റ്സുകളുമാണ് ഉചിതം. സോക്ക് പിറ്റ്സുകൾ/ലീച്ച് പിറ്റ്സുകൾ എന്നിവയിലൂടെ ഗ്രേ വാട്ടർ കൈകാര്യം ചെയ്യേണ്ടതാണ്. നിലവിൽ 381 വില്ലേജുകൾ ഒ.ഡി.എഫ് പ്ലസ് ആയി പ്രഖ്യാപിച്ചിട്ടുണ്ട്. ഘട്ടംഘട്ടമായി എല്ലാ ഗ്രാമപഞ്ചായത്തുകളെയും ഒ.ഡി. എഫ് പ്ലസ് ആകുന്നതിനായി ലക്ഷ്യമിടുന്നു.

നാളിതുവരെ സംസ്ഥാനത്തെ 8,165 ഖരദ്രവമാലിന്യ സംസ്കരണ പ്രോജക്ട്കൾക്ക് 28.33 കോടി രൂപ ചെല വഴിച്ചിട്ടുണ്ട്. കമ്മ്യൂണിറ്റി സാനിറ്ററി കോംപ്ലക്സുകൾ/ പൊതു ടോയിലറ്റുകൾ ഘടകത്തിൽ നാളിതുവരെ 46 സാനിറ്ററി കോംപ്ലക്സുകൾ/പൊതു ടോയിലറ്റുകൾ എന്നിവ നിർമ്മിക്കുകയും 91.17 ലക്ഷം രൂപ ചെലവഴിക്കു കയും ചെയ്തു. ഒ.ഡി.എഫ് നിലവാരം നിലനിർത്തുന്ന തിന് വിവിധ തരത്തിലുള്ള വിവരവിദ്യാഭ്യാസ വിനിമയ/ കാര്യശേഷി വികസന പ്രവർത്തനങ്ങളും 2020–21–ൽ ഏറ്റെടുത്തിട്ടുണ്ട്. വിവരവിദ്യാഭ്യാസ വിനിമയ /കാര്യ ശേഷി വികസന പ്രവർത്തനങ്ങൾക്കായി എസ്.ബി.എം (ഗ്രാമീൺ) പദ്ധതിയിൽ 2.88 കോടി രൂപ ചെലവഴിച്ചിട്ടു ണ്ട്.

എസ്.ബി.എം ഗ്രാമീണിന്റെ ഒന്നാം ഘട്ടത്തിൽ ഖരദ്രവ മാലിന്യ സംസ്കരണ പ്രോജക്ട്കൾക്കുള്ള ഫണ്ട് കണ ക്കാക്കിയിരുന്നത് 500 കുടുംബങ്ങളിൽ കൂടുതലുള്ള ഗ്രാമ പഞ്ചായത്തുകൾക്ക് പരമാവധി 20 ലക്ഷം രൂപ എന്ന രീതിയിൽ ഓരോ ഗ്രാമപഞ്ചായത്തിലുമുള്ള ആകെ കുടും ബങ്ങളുടെ അടിസ്ഥാനത്തിലാണ്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ 60:40 എന്നനുപാതത്തിലാണ് എസ്. ബി.എം ഗ്രാമീണിന്റെ കീഴിലുള്ള ഖരദ്രവമാലിന്യ സംസ്ക്ക രണ പ്രോജക്ട്കൾക്ക് ഫണ്ട് അനുവദിക്കുന്നത്. എസ്. ബി.എം ഗ്രാമീണിന്റെ ഒന്നാം ഘട്ടം അവസാനിക്കുക യും പ്രോജക്ട്കൾ പൂർത്തീകരണ ഘട്ടത്തിലുമാണ്. ഇപ്പോൾ ഗ്രാമപഞ്ചായത്തുകൾ സ്വച്ഛ് ഭാരത് മിഷൻ ഗ്രാമീണിന്റെ രണ്ടാം ഘട്ടമായിട്ടാണ് പ്രോജക്ട് ഏറ്റെടു ക്കുന്നത്.

ഖരദ്രവമാലിന്യ സംസ്കരണമാണ് സ്വച്ഛ്ഭാരത് മിഷൻ (ഗ്രാമീൺ) ന്റെ രണ്ടാം ഘട്ടത്തിലെ ഒരു പ്രധാന ഘടകം. ഇതിലൂടെ ജനങ്ങൾക്ക് ഫലപ്രദമായ രീതിയിൽ ശാസ്ത്രീ യമായി മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള സംവി ധാനങ്ങൾ സൃഷ്ടിക്കുന്നതിന് സാധിക്കുന്നു. കമ്മ്യൂണി റ്റി/ഗ്രാമപഞ്ചായത്തുകൾക്ക് പ്രോത്സാഹനം നൽകി മുന്നോട്ട് കൊണ്ടുവരുന്നതിനും, ഈ സംവിധാനത്തെ നിലനിർത്തുന്നതിനും ഓരോ പ്രദേശത്തിനും അനുയോ ജ്യമായ സാങ്കേതിക വിദ്യകൾ കണ്ടെത്തുന്നതിനും സാ ധിക്കുന്നു. വീടുകളിലെ മാലിന്യം ശേഖരിച്ച്, തരംതിരിച്ച് ശരിയായ രീതിയിൽ നീക്കം ചെയ്യുന്നതിന് വികേന്ദ്രീകൃത സംവിധാനങ്ങളായ ഗാർഹിക കമ്പോസ്റ്റിംഗ് പ്ലാന്റുകളും ബയോഗ്യാസ് പ്ലാന്റുകളും അനുവദിക്കാവുന്നതാണ്. ഓർഗാനിക് ഖരമാലിന്യം പരമാവധി പുനരുപയോഗ ത്തിലൂടെ വളമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും ഏറ്റെടു ക്കേണ്ടതാണ്.

### എസ്.ബി.എം (ഗ്രാമീൺ) ലൂടെ ഓരോ ജില്ലയി ലെയും തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത കമ്മ്യൂണിറ്റി സാനിറ്ററി കോംപ്ലക്സ് (സി.എസ്.സി) പ്രോജക്ട്കളെ സംബന്ധിച്ച വിവരങ്ങൾ

സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയിൽ കുടിയേറ്റ ജനസംഖ്യയുടെ ശുചിത്വപരമായ ആവശ്യങ്ങൾ കൂടി പരി ഗണിച്ച് 100 കുടുംബങ്ങളിൽ കൂടുതലുള്ള ഒ.ഡി.എഫ് പ്ലസ് വില്ലേജുകൾക്ക് കുറഞ്ഞത് ഒരു സി.എസ്.സി വേണമെ ന്നത് നിർബന്ധമാക്കിയിട്ടുണ്ട്. കമ്മ്യൂണിറ്റി സാനിറ്ററി കോംപ്ലക്സ് സ്ഥാപിക്കുന്നതിന് സ്ഥലം തെരഞ്ഞെടുക്കു മ്പോൾ പട്ടികജാതി/പട്ടികവർഗ്ഗക്കാർ കൂടുതലായി അധി വസിക്കുന്ന പ്രദേശങ്ങൾക്കും ദരിദ്രരിൽ ദരിദ്രരായവ ർതാമസിക്കുന്നപ്രദേശങ്ങൾക്കുംഅതിഥിതൊഴിലാളികൾ കൂടുതലുള്ള പ്രദേശങ്ങൾക്കും മുൻഗണന നൽകേണ്ടതാ ണ്.

വില്ലേജിലെ അനുയോജ്യമായതും എത്തിച്ചേരാൻ കഴി യുന്നതുമായ പ്രദേശത്തായിരിക്കണം ആവശ്യത്തിനു ള്ള ടോയിലറ്റ് സീറ്റുകളും, ബാത്തിംഗ് ക്യൂബിക്കിൾസും വാഷിംഗ് പ്ലാറ്റ്ഫോമുകളും വാഷ് ബെയ്സിനുകളോടും കൂടിയ സാമൂഹിക ശുചിത്വ കോംപ്ലക്സുകൾ സ്ഥാപിക്കേ ണ്ടത്. സാമൂഹിക ശുചിത്വ കോംപ്ലക്സിന്റെ ഓരോ യൂണി റ്റിനും നിർദ്ദേശിച്ചിരിക്കുന്ന പരമാവധി സഹായം 2.00 ലക്ഷം രൂപയാണ്. കേന്ദ്രവും സംസ്ഥാനവും കമ്മ്യൂണി റ്റിയും 60:30:10 എന്നനുപാതത്തിലാണ് ഫണ്ട് വകയി രുത്തേണ്ടത്. പഞ്ചായത്ത് അവരുടെ തനത് ഫണ്ടിൽ നിന്നാണ് ഫണ്ട് വകയിരുത്തുന്നത്.

### സ്വച്ഛ്ഭാരത് മിഷൻ(നഗരം)

രാജ്യത്താകമാനം വൃത്തി, മാലിന്യസംസ്കരണം, ശുചിത്വം എന്നിവ ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെയാണ്

സ്വച്ഛ്ഭാരത് മിഷൻ (നഗരം) പദ്ധതി ആരംഭിച്ചത്. വെളിയിട വിസർജ്ജനം പൂർണ്ണമായും ഒഴിവാക്കുക, മാനുവൽ സ്കാവൻച്ചിംഗ് നിർമ്മാർജ്ജനം ചെയ്യുക, ഖര മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുക, ആരോഗ്യപര മായ ശുചിത്വശീലങ്ങൾ ഉണ്ടാക്കുക എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. വ്യക്തിഗത ടോയില റ്റുകൾ, പൊതുടോയിലറ്റുകൾ, ഖരമാലിന്യ സംസ്കരണം, ഓഫീസ് ചെലവ്, കാര്യശേഷി വികസനം, വിവര വിദ്യാ ഭ്യാസ വിനിമയ പ്രവർത്തനങ്ങൾ എന്നിവയാണ് ഈ പ്രോജക്ടിന്റെ അഞ്ച് പ്രധാന ഘടകങ്ങൾ.

നഗരപ്രദേശങ്ങളിൽ 29,578 വ്യക്തിഗത ടോയിലറ്റുക ൾ നിർമ്മിക്കുകയും അതിൽ 92 നഗര തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയു ടെ ഒ.ഡി.എഫ് സർട്ടിഫിക്കറ്റും ലഭിച്ചിട്ടുണ്ട്. വ്യക്തിഗത ടോയിലറ്റിനായി നിർമ്മിക്കുന്നതിന് കേന്ദ്ര സർക്കാർ 4,000 രൂപയും, സംസ്ഥാനം കുറഞ്ഞത് 2,667 രൂപയും പ്രോത്സാഹന സഹായമായി നൽകുന്നുണ്ട്. 2020-21 ൽ വ്യക്തിഗത ടോയിലറ്റിനായി 1,064 പുതിയ ഗുണഭോ ക്താക്കളെ കണ്ടെത്തുകയും 70.93 ലക്ഷം രൂപയുടെ പ്രോ ജക്ട് തയ്യാറാക്കുകയും ഈ കാലയളവിൽ 97 ശതമാനം ടാർജറ്റ് കൈവരിക്കുകയും ചെയ്തിട്ടുണ്ട്. കൊച്ചി, കൊല്ലം, കോഴിക്കോട്, തിരുവനന്തപുരം കോർപ്പറേഷനുകൾ ഉൾപ്പെടെ 30 നഗര തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഒ.ഡി.എഫ് പ്ലസ് അംഗീകാരവും ലഭിച്ചിട്ടുണ്ട്.

പുതുക്കിയ ടാർജറ്റ് പ്രകാരം 1,294 പൊതുടോയിലറ്റുകളു ടെ നിർമ്മാണമാണ് ലക്ഷ്യം വെച്ചിരിക്കുന്നത്. ഇതിൽ, 587 ടോയിലറ്റ് സീറ്റുകളുടെ നിർമ്മാണം പൂർത്തീകരി ച്ചിട്ടുണ്ട്. ബാക്കിയുള്ളവ പുരോഗതിയിലുമാണ്. പൊതു ടോയിലറ്റുകളും മൂത്രപ്പുരകളും നിർമ്മിക്കുന്നതിന് ഓരോ ടോയിലറ്റ് ബ്ലോക്കിനും 40 ശതമാനം ഗ്രാന്റ്/വയബി ലിറ്റി ഗ്യാപ് ഫണ്ട് (വി.ജി.എഫ്) എന്ന നിരക്കിലാണ് കേന്ദ്ര സർക്കാർ ഇൻസെന്റീവ് നൽകുന്നത്. പൊതു ടോയിലറ്റിന്റെ നിർമ്മാണത്തിന് ഒരു സീറ്റിന് 98,000 രൂപയാണ് യൂണിറ്റ് ചെലവെങ്കിൽ ഇതിനായി 39,200 രൂപയാണ് വി.ജി.എഫ്/ഗ്രാന്റായി നൽകുന്നത്. പൊതു ടോയിലറ്റ് പദ്ധതികളിൽ ഒരു സീറ്റിന് 39,200 രൂപ കേന്ദ്ര സർക്കാർ നൽകുമ്പോൾ സംസ്ഥാനങ്ങൾ കുറഞ്ഞത് 26,134 രൂപ വകയിരുത്തേണ്ടതാണ്. ബാക്കി തുകയായ 32,666 രൂപ തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഹിക്കേണ്ട താണ്. അതേസമയം മൂത്രപ്പുരകൾക്ക്, യൂറിനലുകളുടെ യൂണിറ്റ് നിരക്ക് ഒരു സീറ്റിന് 32,000 രൂപയാണ്, ഇതിൽ 12,800 രൂപയാണ് വി.ജി.എഫ്/ഗ്രാന്റായി ലഭിക്കുന്നത്.

### എസ്.ബി.എം (നഗരം) പദ്ധതിയുടെ കീഴിലെ ഖരമാലിന്യ സംസ്ക്കരണം (എസ്.ഡബ്ല്യൂ.എം)

എസ്.ഡബ്ല്യൂ.എം പ്രോജക്ടുകൾക്ക് കേന്ദ്ര സർക്കാരി ന്റെ പ്രോത്സാഹന സഹായം പരമാവധി 35 ശതമാന മാണ്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ 82 നഗര തദ്ദേശഭരണ സ്ഥാപനങ്ങൾ ഡി.പി.ആർ തയ്യാറാക്കു കയും ശുചിത്വത്തിന്റെ സംസ്ഥാനതല എംപവേർഡ് കമ്മിറ്റിയ്ക്ക് (എസ്.എൽ.ഇ.സി) സമർപ്പിക്കുകയും ആകെ 295.09 കോടി രൂപ (കേന്ദ്ര വിഹിതം - 103.28 കോടി രൂപ, സംസ്ഥാനവിഹിതം - 68.75 കോടി രൂപ, നഗര തദ്ദേശഭരണ സ്ഥാപനം - 123.05 കോടി രൂപ) യുടെ പ്രോജക്ടുകൾക്ക് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ഭവന നഗരകാര്യ മന്ത്രാലയവും 82 ഡി.പി.ആർ അംഗീകരിച്ചിട്ടുണ്ട്. ആദ്യ തവണയായി ആകെ 78.53 കോടി രൂപ 82 തദ്ദേശഭരണ സ്ഥാപനങ്ങ ൾക്ക് അനുവദിച്ചിട്ടുണ്ട്. 82 തദ്ദേശഭരണ സ്ഥാപനങ്ങളു ടെ ആകെ 295.09 കോടി രൂപയുടെ 633 പ്രോജക്ടുകൾ ഏറ്റെടുക്കുകയും എല്ലാ മാസവും അതിന്റെ പുരോഗതി വിലയിരുത്തുകയും ചെയ്യുന്നുണ്ട്.

സ്വച്ഛ്ഭാരത് മിഷൻ-നഗരം പദ്ധതിയുടെ കീഴിൽ സംസ്ഥാനം അംഗീകാരം നൽകിയ ഡി.പി.ആർ പ്രകാരം നാല് ലക്ഷം രൂപയിൽ കൂടുതൽ വരുന്ന ഉറവി ടതല മാലിന്യസംസ്കരണ സംവിധാനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള പ്രോജക്ടുകൾ നഗര പ്രാദേശിക സർക്കാരുകൾ രൂപീകരിക്കുകയുണ്ടായി. അതിൽ 1,38,983 യൂണിറ്റുകൾ അതായത് വിഭാവനം ചെയ്ത ടാർജറ്റിന്റെ 33 ശതമാനം മാർച്ച് 2022 ഓടെ നേടിയെ ടുക്കാൻ ലക്ഷ്യമിടുന്നു. വിഭാവനം ചെയ്ത ടാർജറ്റ് നേടുന്ന തിലൂടെ എസി.ബി.എം നഗരം പ്രോജക്ടിന്റെ ഭാഗമായി നഗര കുടുംബങ്ങളിലെ 10 ശതമാനത്തിൽ കൂടുതൽ വരുന്ന കുടുംബങ്ങൾക്ക് സ്വന്തമായി മാലിന്യ സംസ്ക രണ സംവിധാനങ്ങൾ ലഭ്യമാകും.

### പുതിയ കാൽവെയ്പ്പുകൾ

ഗോബർധൻ (ഗാൽവനൈസിംഗ് ഓർഗാനിക് ബയോ-അഗ്രോ റിസോഴ്സ് ധൻ) പദ്ധതി 2018 ഏപ്രിലിൽ ആരംഭിച്ച എസ്.ബി.എം (ജി) പദ്ധതിയു ടെ പ്രധാനഘടകമായ ഗോബർധനിലൂടെ ജന്തുമാ ലിന്യം ഉൾപ്പെടെയുള്ള ജൈവമാലിന്യം, അടുക്കളയി ൽ ബാക്കി വന്ന അവശിഷ്ടങ്ങൾ, കമ്പോള മാലിന്യം തുടങ്ങിയവ ബയോ ഗ്യാസാക്കി മാറ്റുന്നതിന് ലക്ഷ്യമിടു ന്നു. ഗോബർധൻ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്ന തുമായി ബന്ധപ്പെട്ട് 2020-21-ൽ 21 പ്രോജക്ടുകൾ സംസ്ഥാനത്ത് ആരംഭിച്ചതിൽ 12 എണ്ണം പൂർത്തിയായി ട്ടുണ്ട്. ഇത് കൂടാതെ 2021-22-ൽ 40 പ്രോജക്ടുകൾ കൂടി വിഭാവനം ചെയ്യുകയും ഇതിന്റെ പ്രോജക്ട് രൂപീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുമുണ്ട്. 40 പ്രോജക്ടുകളുടെ എസ്റ്റിമേറ്റ് ചെലവ് 446.00 ലക്ഷം രൂപയാണ്. 12 ടൺ ജൈവമാലിന്യ സംസ്കരണം ഇത് വഴി സാധ്യമാകും.

### ടേക്ക് എ ബ്രേക്ക് (ടി.എ.ബി)

സംസ്ഥാനത്തെ ഗുണനിലവാരമുള്ള പൊതു ടോയിലറ്റു കളുടെ അഭാവം പരിഹരിക്കുന്നതിന് വേണ്ടി സംസ്ഥാന സർക്കാർ മുന്നോട്ട് വെച്ച കാൽവെയ്പ്പാണ് ടേക്ക് എ ബ്രേക്ക് റിഫ്രഷ്മെന്റ് സൗകര്യങ്ങളും ടോയിലറ്റ് കോംപ്ലക്സുകളും. ദേശീയ, സംസ്ഥാന ഹൈവേകൾ, ട്രാൻസ്പോർട്ട് സ്റ്റേഷനുകൾ, ഷോപ്പിംഗ് കോംപ്ലക്സ് എന്നിവിടങ്ങളിലാണ് ഈ സൗകര്യം ലഭ്യമാക്കുന്ന ത്. സുരക്ഷിതത്വവും, വൃത്തിയാക്കലുമെല്ലാം ടേക്ക് എ ബ്രേക്ക് ടോയിലറ്റുകളിൽ വളരെ പ്രാധാന്യമുള്ളതാ ണ്. നാപ്കിൻ വെൻഡിംഗ് മെഷീനുകൾ, നാപ്കിൻ നശീകരണ സംവിധാനങ്ങൾ, വേസ്റ്റ് ബിന്നുകൾ, വൃ ത്തിയാക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ, കോഫി ഷോപ്പുകൾ, വിശ്രമസ്ഥലങ്ങൾ എന്നിവ ഇതിന്റെ ഭാഗമാണ്. നിലവാരമുള്ള ടോയിലറ്റുകൾ കുറഞ്ഞത് 2 എണ്ണം എങ്കിലും ഓരോ ഗ്രാമപഞ്ചായത്തിലും, 5 എണ്ണം നഗരസഭകളിലും 8 എണ്ണം മുനിസിപ്പൽ കോർപ്പറേഷ നിലും ചേർത്ത് സംസ്ഥാനത്ത് ഘട്ടംഘട്ടമായി 2365

ടി.എ.ബികളുടെ നിർമ്മാണമാണ് ലക്ഷ്യമിടുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങൾ നാളിതുവരെ 1,213 ടി.എ.ബി പ്രോജക്ട്ടുകൾ ഏറ്റെടുക്കുകയും 1,063 പ്രോജക്ട്ടുകളുടെ ടെൻഡറിംഗ് നടപടികൾ പൂർത്തിയാക്കുകയും 524 ടി.എ.ബികളുടെ നിർമ്മാണം ആരംഭിച്ചിട്ടുമുണ്ട്. മുഖ്യമന്ത്രിയുടെ 100 ദിന പരിപാടിയുടെ ഭാഗമായി 100 ടി.എ.ബികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഈ പ്രോജക്ടിലൂടെ പൊതു ശുചിത്വ സൗകര്യങ്ങൾ സൃഷ്ടിക്കുകയെന്ന ടൂറിസ്റ്റുകളുടെ വളരെ കാലത്തെ ആവശ്യവും പരിഹരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. സംസ്ഥാനത്തെ ടൂറിസം മേഖലയിൽ വലിയൊരു കുതിച്ച് ചാട്ടം ഇത് വഴി ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

### ശുചിത്വപദവി പ്രഖ്യാപനം

ജൈവ അജൈവ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിലും വീടുകൾ തോറുമുള്ള മാലിന്യ ശേഖരണം, ഹരിത കർമ്മസേന പ്രവർത്തനങ്ങൾ, പൊതു ടോയിലറ്റുകൾ, എല്ലാ വീടുകളിലും ടോയിലറ്റ് സൗകര്യം ഉറപ്പാക്കൽ തുടങ്ങിയ സൗകര്യങ്ങൾ പ്രദാനം ചെയ്ത തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ശുചിത്വ പദവി നൽകിവരുന്നു. ശുചിത്വ പദവി നേടിയ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഹരിത പെരുമാറ്റച്ചട്ടം നടപ്പിലാക്കുന്നതിനും, ഡിസ്പോസബിൾ പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുന്നതിനും മാലിന്യ സംസ്കരണത്തിനെ കുറിച്ചുള്ള പൊതു അവബോധം ഉണ്ടാക്കുന്നതിനും സാധിക്കുന്നുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെയും, ഹരിതകേരളം മിഷന്റെയും ശുചിത്വമിഷൻ, മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി, അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി, കുടുംബശ്രീ മിഷൻ, ക്ലീൻ കേരള കമ്പനി എന്നിവയുടെ ഏകോപിതമായ പ്രവർത്തനത്തിലൂടെ 791 തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നവംബർ 2021 ഓടെ ശുചിത്വ പദവി കൈവരിക്കുന്നതിന് സാധിച്ചിട്ടുണ്ട്. ശുചിത്വ പദവി കൈവരിച്ച തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വിവരങ്ങൾ **പട്ടിക 12.1.18**–ൽ കൊടുത്തിരിക്കുന്നു.

മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ എല്ലാ തദ്ദേശഭരണ സ്ഥാപനത്തിലും ഉറപ്പാക്കുക, മറ്റ് മാലിന്യങ്ങളായ ദ്രവമാലിന്യം, ടോയിലറ്റ് മാലിന്യം, കെട്ടിട നിർമ്മാണ മാലിന്യം, ഇറച്ചി, മുടി മാലിന്യം എന്നിവ കൈകാര്യം ചെയ്ത് പൂർണ്ണ ശുചിത്വ സൗകര്യങ്ങൾ കൈവരിക്കുക എന്നതാണ് അടുത്ത ഘട്ടത്തിൽ സംസ്ഥാനം ലക്ഷ്യമിടുന്നത്. മാലിന്യവും ജൈവമാലിന്യവും ശേഖരിക്കുക, ഹരിത പെരുമാറ്റച്ചട്ടം നടപ്പിലാക്കുക, ഒറ്റ ഉപയോഗ പ്ലാസ്റ്റിക്കുകളുടെ ഉപഭോഗം കുറയ്ക്കുക, പൊതു അവബോധം വളർത്തുക, പ്ലാസ്റ്റിക്കിന്റെ പുനരുപയോഗം സാധ്യമാക്കുകയും അത് റോഡ് ടാർ ചെയ്യുന്നതിന് ഉപയോഗിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. കൂടാതെ ഉറവിടത്തിൽ തന്നെ ജൈവമാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടികളും ഏറ്റെടുക്കുന്നുണ്ട്. വർഷംതോറും തദ്ദേശഭരണ സ്ഥാപനങ്ങൾ 12,684 ടൺ ഓർഗാനിക് വളം ഉല്പാദിപ്പിക്കുന്നുണ്ട്. ആന്റിഗ്രീൻ, കർഷകമിത്ര, ജൈവശ്രീ, എൻവയറോഗ്രീൻ, കൃഷിമിത്രം, സമതഗ്രീൻ, ഹരിതം, നാട്ടുപച്ച, അമൃതകം, സമൃദ്ധി, വെർമികമ്പോസ്റ്റ്, കമ്പോസ്റ്റ്, ജിവോ, നിർമൽ കമ്പോസ്റ്റ് തുടങ്ങിയ ബ്രാൻഡുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ഉല്പാദിപ്പിക്കുന്നുമുണ്ട്. സംസ്ഥാനത്തെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും സമ്പൂർണ്ണ ശുചിത്വം നേടിയെടുക്കു ന്നതിനുള്ള സുസ്ഥിര പ്രവർത്തനങ്ങളും ഏറ്റെടുക്കുന്നുണ്ട്.

### ഗ്രീൻ ഓഫീസ് ക്യാമ്പയിൻ

ഹരിത പെരുമാറ്റച്ചട്ട പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ 10,000 സർക്കാർ ഓഫീസുകളെ ഗ്രീൻ ഓഫീസ് ആക്കി മാറ്റുന്നതിനുള്ള നടപടികൾ ഏറ്റെടുക്കുകയുണ്ടായി. ഗ്രീൻ ഓഫീസ് ക്യാമ്പയിന്റെ ഭാഗമായുള്ള ക്യാമ്പയിൻ ഏകദേശം ഒരു മാസം നീണ്ടുനിൽക്കുകയുണ്ടായി. ഓഫീസുകൾ ജില്ലാതല ടീമുകൾ പരിശോധന നടത്തുകയും അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗ്രീൻ ഓഫീസായി തെരഞ്ഞെടു ക്കുകയും ചെയ്തിട്ടുണ്ട്.

**പട്ടിക 12.1.18** ശുചിത്വ പദവി കൈവരിച്ച തദ്ദേശഭരണ സ്ഥാപനങ്ങൾ സംബന്ധിച്ച വിവരങ്ങൾ (2021 നവംബർ വരെ)

| ക്രമ നം. | ജില്ല | ഗ്രാമ പഞ്ചായത്തുകൾ | മുനിസിപ്പാലിറ്റികൾ | കോർപ്പറേഷനുകൾ | ആകെ |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 67 | 4 | 1 | 72 |
| 2 | കൊല്ലം | 68 | 4 | 1 | 73 |
| 3 | പത്തനംതിട്ട | 42 | 2 | 0 | 44 |
| 4 | ആലപ്പുഴ | 57 | 6 | 0 | 63 |
| 5 | കോട്ടയം | 70 | 6 | 0 | 76 |
| 6 | ഇടുക്കി | 39 | 2 | 0 | 41 |
| 7 | എറണാകുളം | 44 | 9 | 0 | 53 |
| 8 | തൃശ്ശൂർ | 46 | 7 | 0 | 53 |
| 9 | പാലക്കാട് | 64 | 5 | 0 | 69 |
| 10 | മലപ്പുറം | 56 | 10 | 0 | 66 |
| 11 | കോഴിക്കോട് | 46 | 5 | 1 | 52 |
| 12 | വയനാട് | 22 | 2 | 0 | 24 |
| 13 | കണ്ണൂർ | 66 | 7 | 0 | 73 |
| 14 | കാസർഗോഡ് | 30 | 2 | 0 | 32 |
| | ആകെ | 717 | 71 | 3 | 791 |

അവലംബം : ശുചിത്വമിഷൻ, കേരളസർക്കാർ

**ബോക്സ് 12.1.1** സ്മാർട്ട് ഗാർബേജ് മാനേജ് മെന്റ്

മാലിന്യത്തിന്റെ ഉറവിടം, മാലിന്യം കുറയ്ക്കൽ, ശരിയായ രീതിയിൽ സംസ്കരണം, തരംതിരിക്കൽ, പരിഹാരമാർഗ്ഗങ്ങൾ എന്നിവ സംബന്ധിച്ച പൂർണ്ണമായ ഒരു ഡാറ്റാബെയ്സ് ഉറപ്പാക്കുന്ന ഐ.ടി അധിഷ്ഠിതമായ മാലിന്യസംസ്കരണ മോണിറ്ററിംഗ് സംവിധാനമാണ് സ്മാർട്ട് ഗാർബേജ് മാനേജ്മെന്റ്. ജനങ്ങളുടെ പങ്കാളിത്തത്തോടെ സംസ്ഥാനത്തിന്റെ ശുചിത്വനിലവാരം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു ഓൺലൈൻ പ്ലാറ്റ്ഫോമായി ഇത് പ്രവർത്തിക്കുന്നു. തദ്ദേശഭരണ സ്ഥാപനതലത്തിൽ കാൾസെന്റർ സൗകര്യവും സംസ്ഥാനത്ത് ഒരു കേന്ദ്രീകൃത കൺട്രോൾ റൂമും ചേർന്നുള്ള ഒരു കേന്ദ്രീകൃത ഓൺലൈൻ പ്ലാറ്റ്ഫോമും കൂടിയാണ് ഇത്.

**സ്മാർട്ട് ഗാർബേജ് ആപ്പിന്റെ പ്രത്യേകത**

- സ്റ്റേക്ക്ഹോൾഡേഴ്സിന് ഉടനടി സമഗ്രവും തുടർച്ചയായതുമായ മോണിറ്ററിങ്ങ്
- വികേന്ദ്രീകൃത സമൂഹതല ജൈവ മാലിന്യ കമ്പോസ്റ്റിംഗ്
- ഖരമാലിന്യ സംസ്കരണത്തിൽ ജനങ്ങളുടെ പങ്കാളിത്തം
- ലഭ്യമായ മാലിന്യസംസ്കരണ സംവിധാനങ്ങളെ സംബന്ധിച്ച് ജനങ്ങൾക്ക് അറിവ് നൽകുന്നു.
- മാലിന്യം പൊതുസ്ഥലങ്ങളിൽ വലിച്ചെറിയുന്നത് തടയുന്നത് ഉറപ്പാക്കുന്നു
- ആവശ്യമായ അസംസ്കൃത വസ്തുക്കൾ സംരംഭങ്ങൾക്ക് എത്തിക്കുന്നതിന് സാധിക്കുന്നു.
- മെച്ചപ്പെട്ട രീതിയിലുള്ള മാലിന്യസംസ്കരണ ഗവേണൻസ്
- തദ്ദേശഭരണ സ്ഥാപനങ്ങളിലൂടെ പൂർണ്ണമായ ശുചിത്വ കവറേജ്
- വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനം

2021, ജനുവരി 26 ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസ്ഥാനത്തെ 11,510 ഓഫീസുകൾക്ക് ഗ്രീൻ ഓഫീസ് പദവി നൽകുകയുണ്ടായി.

### iii .നഗര അടിസ്ഥാന സൗകര്യങ്ങൾ

സ്ഥായിയായ നഗരവളർച്ച സാധ്യമാക്കുന്നതിനുള്ള ഉചിതമായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനുള്ള സംസ്ഥാനത്തിന്റെ ശേഷിയെ ആശ്രയിച്ചാണ് സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനം നിലനിൽക്കുന്നത്. മെച്ചപ്പെട്ട രീതിയിലുള്ള സേവനം ലഭ്യമാക്കുന്നതിന്, നഗര തദ്ദേശഭരണ സ്ഥാപനങ്ങൾ ഫെസിലിറ്റേറ്റർമാരായി പ്രവർത്തിക്കേണ്ടതും വികസന പ്രോജക്ട്കൾക്ക് പൊതു സ്വകാര്യ സമൂഹ പങ്കാളിത്ത രീതികൾ കണ്ടെത്തുന്നതിനുള്ള ഊന്നൽ നൽകേണ്ടതാണ്.

കുടിവെള്ള വിതരണം, മാലിന്യ സംസ്കരണ സംവിധാനം, നഗര ശുചീകരണം, പൊതു ശൗചാലയങ്ങളുടെ സ്ഥാപനവും വ്യാപനവും, അഴുക്കുചാൽ നിർമ്മാണവും നന്നാക്കലും, ഓവുചാലുകളുടെ നിർമ്മാണം, ഫലപ്രദമായ വാഹന പാർക്കിംഗ് നയവും, ആധുനിക രീതിയിലുള്ള പാർക്കിംഗ് സംവിധാനവും, നഗരങ്ങളുടെ മനോഹാരിത വർദ്ധിപ്പിക്കൽ, ഹരിത നഗരം സൃഷ്ടിക്കുക, യന്ത്രവൽകൃതമല്ലാത്ത നഗര ഗതാഗത സംവിധാനങ്ങളുടെ സ്ഥാപനം തുടങ്ങിയ പ്രവർത്തനങ്ങളാണ് നഗര അടിസ്ഥാനസൗകര്യ വികസന പരിപാടികളിൽ ഉൾപ്പെടുന്നത്. സംസ്ഥാനത്ത് നടപ്പാക്കിവരുന്ന പ്രധാന നഗര അടിസ്ഥാനസൗകര്യ വികസന പരിപാടികൾ ചുവടെ വിവരിക്കുന്നു.

### അടൽ മിഷൻ ഫോർ റിജുവനേഷൻ ആന്റ് അർബൻ ട്രാൻസ്ഫർമേഷൻ (അമൃത്)

അടൽ മിഷൻ ഫോർ റിജുവനേഷൻ ആന്റ് അർബൻ ട്രാൻസ്ഫർമേഷൻ (അമൃത്) എന്ന പദ്ധതി കുടിവെള്ള വിതരണം, അഴുക്കുചാൽ നിർമ്മാണം, കക്കൂസ് മാലിന്യ നിർമ്മാർജ്ജനം, മഴവെള്ള ഓവുചാലുകളുടെ നിർമ്മാണം, നഗര ഗതാഗതം, ഹരിത പ്രദേശങ്ങൾ, പാർക്കുകൾ, കാര്യശേഷി വികസനം തുടങ്ങി നഗര മേഖല അഭിമുഖീകരിക്കുന്ന വെല്ലുവിളികളെ അതിജീവിക്കുന്നതിനും നഗര പ്രദേശത്തെ ഭൗതികവും സ്ഥാപനപരവുമായ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനുമാണ് ലക്ഷ്യം വയ്ക്കുന്നത്. സംസ്ഥാനത്തെ ആറ് മുനിസിപ്പൽ കോർപ്പറേഷനുകളെയും ആലപ്പുഴ, പാലക്കാട്, ഗുരുവായൂർ എന്നീ മൂന്ന് മുനിസിപ്പാലിറ്റികളെയും അമൃത് പദ്ധതിയുടെ ഭാഗമാക്കിയിട്ടുണ്ട്. 2015–16–ൽ ആരംഭിച്ച് 2019–20 വരെയുള്ള അഞ്ച് വർഷമായിരുന്നു പദ്ധതി കാലാവധിയെങ്കിലും 2022 മാർച്ച് വരെ ഇത് നീട്ടിയിട്ടുണ്ട്. മൂന്ന് സംസ്ഥാന വാർഷിക കർമ്മ പദ്ധതി (സാപ്പ്) കളിലൂടെ (2015–16, 2016–17, 2017–18) 2,357.69 കോടി രൂപയുടെ 1,000 പ്രോജക്ടുകൾ ഉൾപ്പെടുന്ന പദ്ധതികളാണ് അംഗീകരിച്ചിട്ടുള്ളത്. 50:30:20 എന്ന അനുപാതത്തിൽ കേന്ദ്രവും സംസ്ഥാനവും നഗര തദ്ദേശഭരണ സ്ഥാപനവും ഫണ്ട് വകയിരുത്തുന്നു. 1,000 മൊത്തം പ്രോജക്ടുകളിൽ 996 പ്രോജക്ടുകൾ ടെൻഡർ ചെയ്യുകയും 983 പ്രോജക്ട്കൾ കരാർ നൽകുകയും ചെയ്തിട്ടുണ്ട്. അതിൽ 30.09.2021 വരെയുള്ള കണക്കുകൾ പ്രകാരം 738 പ്രോജക്ടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

കുടിവെള്ള വിതരണവും അഴുക്കുചാൽ നിർമ്മാണവുമാണ് അമൃത് പദ്ധതിയിൽ മുൻഗണന നൽകുന്ന പ്രധാന മേഖലകൾ എല്ലാ കുടുംബങ്ങൾക്കും പൈപ്പ് കണക്ഷൻ നൽകി കുടിവെള്ളം ലഭ്യമാക്കുക എന്നതാണ് കുടിവെള്ള വിതരണ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ജലവിഭവങ്ങൾ പുനരുജ്ജീവിപ്പിക്കുക, ജലസംഭരണികളും, ജലസംഭരണ പ്ലാന്റുകളും നിർമ്മിക്കുക, പുതിയ പൈപ്പ് ലൈൻ ഇടുക, പഴയ പൈപ്പുകൾ മാറ്റുക എന്നിവയാണ് ഈ പ്രോജക്ടിൽ ഉൾപ്പെടുന്ന പ്രധാന പ്രവൃത്തികൾ. ഈ മേഖലയിൽ 1,124.97 കോടി രൂപയുടെ 173 പ്രോജക്ടുകൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. 165 പ്രോജക്ടുകൾ കേരള ജല അതോറിറ്റി മുഖേനയും ശേഷിക്കുന്നവ നഗര തദ്ദേശ സ്ഥാപനങ്ങൾ മുഖേനയുമാണ് നടപ്പിലാക്കുന്നത്. ഇതിൽ 115 പ്രോജക്ടുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

അഴുക്കുചാൽ നിർമ്മാണവും കക്കൂസ് മാലിന്യം കൈകര്യം ചെയ്യുന്നതിനുള്ള പ്രോജക്ടുകളിലൂടെ അമൃത് നഗരങ്ങളിൽ ശാസ്ത്രീയമായി ദ്രവമാലിന്യം കൈകാര്യം ചെയ്യുന്നതിനും എല്ലാ കുടുംബങ്ങൾക്കും സ്വീവറേജ് കണക്ഷനിലൂടെ മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള കണക്ഷൻ ലഭ്യമാക്കുന്നതിനും ലക്ഷ്യമിടുന്നു. അഴുക്കുചാൽ നിർമ്മാണവും കക്കൂസ് മാലിന്യം കൈകാര്യം ചെയ്യുന്ന പ്രോജക്ടുകളിലേക്കായി 560.11 കോടി രൂപയുടെ 137 പ്രോജക്ടുകൾക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ഇതിൽ 114 പ്രോജക്ടുകൾ കേരള ജല അതോറിറ്റി മുഖേനയും ശേഷിക്കുന്നവ നഗര തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേനയുമാണ് നടപ്പിലാക്കുന്നത്. ഇതിൽ 9 സെപ്റ്റേജ് പ്ലാന്റുകളും 18 സ്വീവറേജ് പ്ലാന്റുകളും ഉൾപ്പെടുന്നു. ഇതുവരെ 84 പ്രോജക്ടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

ഓടകളും മഴവെള്ള ഓവുചാലുകളും നിർമ്മിക്കുകയും നന്നാക്കുകയും ചെയ്യുന്നതിലൂടെ നഗരങ്ങളിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനാണ് മഴവെള്ള ഡ്രെയിനേജ് മേഖലയിലെ പ്രോജക്ടുകളിലൂടെ ലക്ഷ്യമിടുന്നത്. ഇതിൽ 365.21 കോടി രൂപയുടെ 496 പ്രോജക്ടുകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അതിൽ 427 പ്രോജക്ടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

നഗര പ്രദേശങ്ങളിൽ മോട്ടോർ രഹിത ഗതാഗത സൗകര്യം സൃഷ്ടിക്കുന്നതിനുള്ള പരിപാടികളാണ് നഗര ഗതാഗതമേഖലയിലെ പ്രോജക്ടുകളിലൂടെ ലക്ഷ്യമിടുന്നത്. ഇതിൽ സ്കൈ വാക്ക്, നടപ്പാത, സൈഡ് വാക്ക്, മേൽപ്പാലം എന്നിവയുടെ നിർമ്മാണവും ബഹുനില പാർക്കിംഗ് സൗകര്യം എന്നീ പ്രോജക്ടുകൾ ഉൾപ്പെടുന്നുണ്ട്. 204.96 കോടി രൂപയുടെ 122 പ്രോജക്ടുൾ ഉൾപ്പെടുത്തിയ ഈ പദ്ധതിയിൽ 71 പ്രോജക്ടുകൾ പൂർത്തിയായിട്ടുണ്ട്.

ഹരിത ഇടങ്ങളും പാർക്കുകളും എന്ന മേഖലയിൽ ബാല സൗഹൃദ ഘടകങ്ങൾക്ക് പ്രത്യേക പരിഗണന നൽകികൊണ്ട് ഹരിത ഇടങ്ങളും പാർക്കുകളും വികസിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതിൽ 46.40 കോടി രൂപയുടെ 72 പ്രോജക്ടുകൾ ഉൾപ്പെടുന്നുണ്ട്. അതിൽ 41 പ്രോജക്ടുകൾ പൂർത്തിയായിട്ടുണ്ട്. അമൃത് പ്രോജക്ടിന്റെ 2021 സെപ്റ്റംബർ 30 വരെയുള്ള സാമ്പത്തിക പുരോഗതി **അനുബന്ധം 12.1.20** ൽ കൊടുത്തിരിക്കുന്നു. ഒമ്പത് നഗര തദ്ദേശഭരണ സ്ഥാപനങ്ങളിലെ അമൃത് പ്രോജക്ടിന്റെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 12.1.21** ലും മേഖലാ പുരോഗതി സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 12.1.22** ലും കൊടുത്തിരിക്കുന്നു.

ഗവേണൻസ് മെച്ചപ്പെടുത്തുന്നതിനുള്ള ചില പരിഷ്കാരങ്ങളാണ് ഇൻസെന്റീവ് ഫോർ റിഫോം പരിപാടിയിലൂടെ മിഷൻ ലക്ഷ്യമിടുന്നത്. ഇക്കാലയളവിൽ പതിനൊന്ന് പരിഷ്ക്കരണങ്ങൾ നടപ്പിലാക്കാനാണ് മിഷൻ ഉദ്ദേശിക്കുന്നത്. ഇവ നടപ്പിലാക്കുന്നതിനായി വാർഷിക പദ്ധതി വിഹിതത്തിന്റെ 10 ശതമാനം ഓരോ വർഷവും മാറ്റി വയ്ക്കുകയും ഇത് സംസ്ഥാനങ്ങൾക്കും കേന്ദ്ര ഭരണ പ്രദേശങ്ങൾക്കുമായി പരിഷ്ക്കരണ നേട്ടത്തിന് ഇൻസെന്റീവായി നൽകുകയും ചെയ്യുന്നു. മുൻവർഷത്തെ ഇൻസെന്റീവ് വിഹിതം തുടർന്നു വരുന്ന ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ തന്നെ സംസ്ഥാനങ്ങൾക്ക് നൽകുന്നതാണ്. ഓരോ സംസ്ഥാനവും അവരുടെ സ്വയം വിലയിരുത്തൽ മിഷന് ലഭ്യമാക്കുമ്പോൾ മിഷന്റെ കേന്ദ്ര ഡയറക്ടറേറ്റ് സംസ്ഥാനങ്ങൾക്കുള്ള ഇൻസെന്റീവ് തുക പ്രഖ്യാപിക്കും. കഴിഞ്ഞ നാലുവർഷക്കാലവും തുടർച്ചയായി സംസ്ഥാനത്തിന് ഇൻസെന്റീവ് ഇനത്തിൽ തുക ലഭിക്കുകയും ദേശീയ തലത്തിൽ സംസ്ഥാനം ഏഴാം സ്ഥാനത്ത് നിൽക്കുകയും ചെയ്യുന്നു. നാളിതുവരെ റിഫോം ഇൻസെന്റീവായി കേരളത്തിന് 59.82 കോടി രൂപ ലഭിച്ചിട്ടുണ്ട്.

## സ്മാർട്ട് സിറ്റി മിഷൻ

പൗരൻമാർക്ക് പ്രധാന അടിസ്ഥാന സൗകര്യങ്ങൾ, മെച്ചപ്പെട്ട ജീവിത സൗകര്യങ്ങൾ, വൃത്തിയുള്ളതും സുസ്ഥിരവുമായ പരിസ്ഥിതിയും, സ്മാർട്ട് സൊല്യൂഷനുകളും ഉറപ്പാക്കിക്കൊണ്ട് നഗരങ്ങളുടെ വികസനം പ്രോത്സാഹിപ്പിക്കുന്നതിനായി ഭവന നഗരകാര്യ മന്ത്രാലയം 2015-ൽ ആരംഭിച്ച അടിസ്ഥാന സൗകര്യ വികസന പരിപാടിയാണ് സ്മാർട്ട് സിറ്റി മിഷൻ. ഈ പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ കൊച്ചി നഗരത്തെയും മൂന്നാം ഘട്ടത്തിൽ തിരുവനന്തപുരം നഗരത്തെയും തെരഞ്ഞെടുത്തിട്ടുണ്ട്.

കൊച്ചി സ്മാർട്ട് സിറ്റിക്ക് പ്രോജക്ട് ചെലവായി കണക്കാക്കിയിരിക്കുന്നത് 2,076.00 കോടി രൂപയാണ്. ഇതിൽ കേന്ദ്ര, സംസ്ഥാന ഗവൺമെന്റുകളുടെ വിഹിതം 500.00 കോടി രൂപ വീതമാണ്. കൊച്ചി കോർപ്പറേഷൻ, 70.00 കോടി രൂപയും മറ്റ് പദ്ധതികളുമായുള്ള സംയോജനം വഴി 1,006.00 കോടി രൂപയും കണ്ടെത്തുന്നു.

അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി ഫോർട്ട് കൊച്ചി-മട്ടാഞ്ചേരി പ്രദേശത്തെ ആസൂത്രിതമായ സമഗ്ര വികസനമാണ് കൊച്ചി സ്മാർട്ട് സിറ്റി പ്രോജക്ടിലൂടെ ലക്ഷ്യമിടുന്നത്. കൊച്ചി സ്മാർട്ട് സിറ്റി പ്രോജക്ടിൽ 42 പ്രോജക്ടുകൾ വിഭാവനം ചെയ്തിട്ടുണ്ട്. ഇതിൽ 12 പ്രോജക്ടുകൾ പൂർത്തിയായിട്ടുണ്ട്. ഇതിൽ 22 പ്രോജക്ടുകൾ നിലവിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. 2 പ്രോജക്ടുകളുടെ ടെണ്ടറിംഗ് നടപടികൾ പുരോഗമിക്കുകയും 2 പ്രോജക്ടുകൾ ടെണ്ടർചെയ്യേണ്ടതും 4 പ്രോജക്ടുകൾ സംയോജിത പ്രോജക്ടുകളുമാണ്. ആശുപത്രി റോഡിൽ ആധുനിക രീതിയിലുള്ള നടപ്പാതകൾ, സർക്കാർ കെട്ടിടത്തിലെ ഗ്രിഡ് കണക്ടഡ് റൂഫ് ടോപ്പ് സംവിധാനം, ഇന്റഗ്രേറ്റഡ് കമാന്റ് കൺട്രോൾ ആന്റ് കമ്മ്യൂണിക്കേഷൻ സെന്റർ, ഇന്റലിജന്റ് ട്രാഫിക്ക് മാനേജ്മെന്റ് സംവിധാനം, ജനറൽ ഹോസ്പിറ്റലിൽ ഇ-ഹെൽത്ത് സംവിധാനം, വീടുകളിലേയും തെരുവുകളിലേയും ബിന്നുകൾ, ഡച്ച് പാലസിന്റെ പ്രവേശന കവാടത്തിന്റെ നവീകരണം, ഫോർട്ട് കൊച്ചിയിലെ ഓപ്പൺ എയർ തിയേറ്റർ, വാസ്കോ സ്ക്വയറിലെ ബീച്ച് കം ഫ്രണ്ട് നവീകരണം, ഹെൽത്ത് എ.ടി.എം, പോലീസ് കിയോസ്കുകൾ, സി.എച്ച് ഗ്രൗണ്ട് മുതൽ മംഗലവനം വരെ ബന്ധിപ്പിക്കുന്ന പൊതു ഇടനാഴി എന്നിവയാണ് പൂർത്തിയാക്കിയ പ്രോജക്ടുകളിൽ പ്രധാനമായും ഉൾപ്പെടുന്നത്.

സ്മാർട്ട് സിറ്റി തിരുവനന്തപുരത്തിന്റെ മൊത്തം പ്രോജക്ട് ചെലവ് ആകെ 1538.20 കോടി രൂപയാണ്. ഇതിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതം 500.00

കോടി രൂപ വീതമാണ്. തിരുവനന്തപുരം കോർപ്പറേഷൻ 135.7 കോടി രൂപ, മറ്റ് സംയോജിത പ്രോജക്ടുകളിലൂടെ 260.10 കോടി രൂപ, പൊതു സ്വകാര്യ പങ്കാളിത്തത്തോടെ 142.40 കോടി രൂപ എന്നിങ്ങനെയാണ്.

സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡ് 44 പ്രോജക്ടുകളാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇതിൽ 13 പ്രോജക്ടുകൾ പൂർത്തിയായിട്ടുണ്ട്. 26 പ്രോജക്ടുകൾ നിലവിൽ പുരോഗമിച്ചു കൊണ്ടിരിക്കുന്നു, 4 പ്രോജക്ടുകൾ ടെണ്ടർ ചെയ്യേണ്ടതും ഒരു പ്രോജക്ട് ഡി.പി.ആർ രൂപീകരണത്തിലുമാണ്. പാളയത്തും തമ്പാനൂരിലും ബഹുനില കാർ പാർക്കിങ്ങിന്റെ നിർമ്മാണം, മഴവെള്ള സംഭരണം, ഇന്റഗ്രേറ്റഡ് കമാന്റ് ആന്റ് കൺട്രോൾ സെന്ററിന്റെ നിർമ്മാണം, രാജാജി നഗറിൽ സംയോജിത സോഷ്യൽ ഹൗസിംഗ് കോംപ്ലക്സിന്റെ നിർമ്മാണം, രാജാജി നഗറിലെ പൊതു ആരോഗ്യ കേന്ദ്രം മെച്ചപ്പെടുത്തൽ, ടിഡയ്ക്കായി ഒരു പുനരധിവാസ ബ്ലോക്ക്, പുത്തരിക്കണ്ടത്ത് ഓപ്പൺ എയർ തിയേറ്ററിന്റെയും പാർക്കിന്റെയും നിർമ്മാണം, കേരള ജല അതോറിറ്റിയുടെ പരിസരത്ത് കുട്ടികളുടെ പാർക്കിന്റെയും നിർമാണം, അഞ്ച് സ്ഥലങ്ങളിൽ സോളാർ റൂഫ് ടോപ്പുകൾ, അംഗൻവാടികളുടെ നവീകരണം, ഇൻഫർമേഷൻ കിയോസ്കുകളുടെയും കുടിവെള്ള കിയോസ്കുകളുടെയും നിർമ്മാണം എന്നീ പ്രോജക്ടുകൾ പുരോഗതിയിലാണ്. 15 ഇലക്ട്രിക് ഓട്ടോയും, 15 ഇലക്ട്രിക് റിക്ഷായും, സ്മാർട്ട് ഇവി ചാർജർ എന്നിവ വാങ്ങിയതും, മൂന്ന് അംഗൻവാടികളുടെ നവീകരണം, ഓപ്പൺ ജിംനേഷ്യവും, കുട്ടികൾക്ക് വിനോദത്തിനാവശ്യമായ ഉപകരണങ്ങൾ വാങ്ങിയതും, സ്മാർട്ട് ബസ്ഷെൽട്ടറിന്റെ നിർമ്മാണം, ഇന്ററാക്ടീവ് ഇൻഫർമേഷൻ കിയോസ്കുകളും ഡിസ്പ്ലേ ബോർഡുകളും, പൊതു ടോയിലറ്റുകളുടെ നവീകരണം, അനെർട്ടിന്റെ സോളാർ പി.വി പവർ പ്ലാന്റിന്റെ നിർമാണം, പൊന്നറ ശ്രീധർ പാർക്കിന്റെ നവീകരണം, 12 സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള സ്മാർട്ട് മൊസ്കിറ്റോ ഡെൻസിറ്റി സംവിധാനം, പാളയത്തെ മാലിന്യത്തിന്റെ ബയോമൈനിംഗ് എന്നിവ പൂർത്തിയാക്കിയ 13 പ്രോജക്ടുകളിൽപ്പെടുന്നു.

## ഗ്രാമങ്ങളെ തമ്മിൽ ബന്ധിപ്പിക്കൽ

ഗ്രാമങ്ങളെ റോഡ് മാർഗ്ഗം ബന്ധിപ്പിച്ച് ജനങ്ങൾക്ക് സാമ്പത്തികവും സാമൂഹികവുമായ സേവനങ്ങൾ പ്രാപ്യമാക്കുക അതുവഴി കാർഷിക വരുമാനം വർദ്ധിപ്പിക്കുക, ഉത്പാദനക്ഷമമായ തൊഴിൽ അവസരങ്ങളും സൃഷ്ടിക്കുകയും ചെയ്യുക എന്നത് ഗ്രാമീണ വികസനത്തിന്റെ ഏറ്റവും പ്രധാന ഘടകങ്ങളിലൊന്നാണ്. ഗ്രാമീണ റോഡുകൾ മികച്ച ചരക്ക് വിതരണം സുഗമമാക്കുകയും മാർക്കറ്റ് കേന്ദ്രങ്ങളുടെ വികസനം പ്രോത്സാഹിപ്പിക്കുകയും കർഷകർക്ക് മാർക്കറ്റ് സർപ്ലസ് ഉണ്ടാക്കാൻ പ്രചോദനം നൽകുന്നതുമാണ്. സംയോജിത റോഡ് ശൃംഖല, കാർഷിക യന്ത്രവത്ക്കരണം, വിഭവങ്ങളുടെ ഫലപ്രദമായ വിനിയോഗം, ഗ്രാമപ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളുടെ മികച്ച ഉപയോഗം എന്നിവ സാധ്യമാക്കുന്നു. പി.എം.ജി.എസ്.വൈ യുടെ പ്രാഥമിക ലക്ഷ്യം എല്ലാ കാലവസ്ഥയിലും അനുയോജ്യമായ റോഡുകൾ വഴി (ആവശ്യമായ കലുങ്കുകളും ക്രോസ് ഡ്രെയിനേജ് ഘടനകളുമുള്ള, വർഷം മുഴുവൻ പ്രവർത്തിക്കാവുന്ന) ഗ്രാമപ്രദേശങ്ങളിലെ ബന്ധിക്കപ്പെടാത്ത ആവാസ വ്യവസ്ഥകളെ ബന്ധിപ്പിക്കുക എന്നതാണ്. സമതല പ്രദേശങ്ങളിൽ 500 ഉം അതിന് മുകളിലും, കുന്ന്–മരുഭൂമി–ആദിവാസ മേഖലകളിൽ 250–ന് മുകളിലുള്ള ആൾക്കാർ താമസിക്കുന്ന ആവാസ വ്യവസ്ഥകളെയാണ് ബന്ധിപ്പിക്കുന്നത്.

സംസ്ഥാനത്തെ ഗ്രാമീണ നിവാസികൾക്ക് ഏറെ പ്രയോജനപ്രദവും ഗ്രാമീണ മേഖലയെ പരസ്പരം ബന്ധിപ്പിക്കുന്നതുമായ പദ്ധതിയാണ് പ്രധാനമന്ത്രി ഗ്രാമ സഡക് യോജന (പി.എം.ജി.എസ്.വൈ). ദേശീയം, സംസ്ഥാനം, ജില്ല എന്നീ മൂന്ന് തലത്തിൽ ഗുണനിലവാര പരിശോധനാസംവിധാനം നിലവിലുള്ള പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഏറ്റെടുത്ത് നിർമ്മിക്കുന്ന റോഡുകൾ ഉയർന്ന ഗുണനിലവാരമുള്ളതും ദീർഘകാലം നിലനിൽക്കുന്നതുമാണ്. സംസ്ഥാനത്തെ നോഡൽ ഏജൻസിയായ കേരള സംസ്ഥാന ഗ്രാമീണ റോഡ് വികസന ഏജൻസി (കെ.എസ്.ആർ.ആർ.ഡി.എ.) യാണ് ഈ പദ്ധതിയുടെ നിർവ്വഹണം നടത്തുന്നത്. കേന്ദ്ര സർക്കാർ നൽകുന്ന തുകയിൽ നിന്നും പദ്ധതിയുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക മാത്രമെ ചെലവഴിക്കാൻ പാടുള്ളൂ. ടെണ്ടർ എക്സെസ്സ്, സാധന സാമഗ്രികൾ മാറ്റിസ്ഥാപിക്കൽ, പണി പൂർത്തീകരിച്ച റോഡുകളുടെ അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായി കേന്ദ്ര വിഹിതം ഉപയോഗിക്കാൻ പാടുള്ളതല്ല. അതിനാൽ സംസ്ഥാന സർക്കാർ പി.എം.ജി.എസ്.വൈ. പദ്ധതിയുടെ സംസ്ഥാന വിഹിതമായി വകയിരുത്തുന്ന 40 ശതമാനം തുകയ്ക്ക് ഉപരിയായി പി.എം.ജി.എസ്.വൈ. പദ്ധതിക്കായുള്ള സംസ്ഥാന സഹായം' എന്ന പദ്ധതിയിലൂടെ പ്രധാനമന്ത്രി ഗ്രാമ സഡക് യോജന പദ്ധതിയുടെ പരിധിയിൽ വരാത്ത മുകളിൽ പ്രതിപാദിച്ച പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനായി തുക വകയിരുത്തുന്നുണ്ട്.

ദേശീയ തലത്തിൽ പി.എം.ജി.എസ്.വൈ രണ്ട് ഘട്ടങ്ങൾ പൂർത്തിയാക്കുകയും 1.25 ലക്ഷം കിലോമീറ്റർ എല്ലാ കാലാവസ്ഥയ്ക്കും അനുയോജ്യമായ റോഡ് കണക്റ്റിവിറ്റി ലക്ഷ്യമിട്ട് മൂന്നാം ഘട്ടം ആരംഭിക്കുകയും ചെയ്തിരിക്കുന്നു. ഈ പദ്ധതി പ്രകാരം ഇതുവരെ 6.44 ലക്ഷം കിലോമീറ്ററിലധികം റോഡുകൾ നിർമിച്ചിട്ടുണ്ട്. ഗ്രാമീണ കാർഷിക വിപണികൾ, ഹയർ സെക്കന്ററി സ്കൂളുകൾ, ആശുപത്രികൾ എന്നിവയുമായി ബന്ധിപ്പിച്ചിട്ടുള്ള നിലവിലുള്ള റോഡുകൾ നവീകരിക്കുന്നതിലൂടെ ഗ്രാമീണ റോഡ് ശൃംഖലയുടെ ഏകീകരണമാണ് പ്രധാൻ മന്ത്രി ഗ്രാമ സഡക് യോജന–III ന്റെ മാർഗ്ഗ നിർദ്ദേശങ്ങളിൽ വിഭാവനം ചെയ്യുന്നുണ്ട്. കേരളത്തിൽ 2020–21–ൽ 104.56 കിലോമീറ്റർ റോഡ് 8285.50 ലക്ഷം രൂപ ചെലവിൽ അനുവദിച്ചതിൽ 76.78 കി.മീ. റോഡ് പൂർത്തീകരിക്കുകയുണ്ടായി. പി.എം.ജി.എസ്.വൈ പദ്ധതിക്ക് കീഴിൽ 2020–21, 2021–22 വർഷങ്ങളിൽ (സെപ്റ്റംബർ 30, 2020 വരെ) റോഡുകൾ സ്ഥാപിക്കുന്നതിന്റെ ജില്ലാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ **അനുബന്ധം 12.1.23**–ൽ നൽകിയിരിക്കുന്നു.

## പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജന (പി.എം.കെ.എസ്.വൈ) നീർത്തട ഘടകം

കേന്ദ്രസർക്കാർ 2015–16 ൽ സമഗ്ര നീർത്തട പരിപാലന പരിപാടിയെ പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജനയിൽ ലയിപ്പിക്കുകയുണ്ടായി. അതിനുശേഷം

ഈ പരിപാടി പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജനയുടെ നീർത്തട ഘടകമായി നടപ്പിലാക്കിവരുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകൾ 60:40 എന്ന അനുപാതത്തിലാണ് ഇതിന് വിഹിതം വകയിരുത്തുന്നത്. കൃഷിവകുപ്പാണ് സംസ്ഥാനത്ത് പി.എം.കെ.എസ്.വൈ നടപ്പാക്കുന്ന നോഡൽ വകുപ്പായി പ്രവർത്തിക്കുന്നത്.

മണ്ണൊലിപ്പ് തടയൽ, പ്രകൃതിദത്ത സസ്യങ്ങളുടെ പുനരുജ്ജീവനം, മഴവെള്ള സംഭരണം, ഭൂഗർഭജല റീചാർജിംഗ്, തരിശുഭൂമി കൃഷിയോഗ്യമാക്കൽ എന്നിവയാണ് ഈ പരിപാടിയുടെ ലക്ഷ്യങ്ങൾ. നീർത്തട വികസന പരിപാടികൾ നടപ്പിലാക്കുന്നതിലൂടെ കാർഷിക മേഖലയിൽ ഒന്നിലധികം വിളവുകൾ സാധ്യമാക്കുകയും വിവിധ കാർഷികാധിഷ്ഠിത പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിലൂടെ നീർത്തട മേഖലയിലെ ഗ്രാമീണ ജനതയുടെ ജീവനോപാധികൾ സുസ്ഥിരമായി നിലനിർത്തുക എന്നതാണ് ആത്യന്തികമായി ഈ പദ്ധതിയിലൂടെ ലക്ഷ്യംവെയ്ക്കുന്നത്. 4,000 മുതൽ 6,000 ഹെക്ടർ വരെ വിസ്തീർണ്ണമുള്ള 5 മുതൽ 10 വരെ ചെറു നീർത്തടങ്ങൾ അടങ്ങിയ ഒരു ക്ലസ്റ്ററിനെയാണ് പ്രോജക്ട് ഏരിയ ആയി കണക്കാക്കുന്നത്. ബ്ലോക്ക്പഞ്ചായത്തുകളാണ് പദ്ധതി നിർവ്വഹണ ഏജൻസിയായി പ്രവർത്തിക്കുന്നത്. പദ്ധതി നടത്തിപ്പിനായി ഹെക്ടറിന് നിരപ്പ് ഭൂമിയാണെങ്കിൽ 12,000 രൂപയും മലയോരപ്രദേശമാണെങ്കിൽ 15,000 രൂപയുമാണ് നൽകുന്നത്.

പി.എം.കെ.എസ്.വൈ പദ്ധതിയിലൂടെ 2020–21 ലും 2021–22 ലും (2021 സെപ്റ്റംബർ 30 വരെ) യഥാക്രമം 2,831.00 ലക്ഷം രൂപ, 1,546.98 ലക്ഷം രൂപ എന്നിങ്ങനെ ചെലവഴിക്കുകയുണ്ടായി. ബാച്ച് II–ൽ ഉൾപ്പെട്ട 203.96 കോടി രൂപയുടെ 26 പ്രോജക്ടുകളും ബാച്ച് III–ൽ ഉൾപ്പെട്ട 106.86 കോടി രൂപയുടെ 15 പ്രോജക്ടുകളും യഥാക്രമം 2018 മാർച്ചിലും 2020 സെപ്റ്റംബറിലുമായി പൂർത്തീകരിക്കുകയുണ്ടായി.

**II. തൊഴിലിനും ഉപജീവനത്തിനുമുള്ള സഹായം**

ദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെ ഒരു പ്രധാന സൂചകമാണ് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലൂടെ വരുമാനത്തിലുണ്ടാവുന്ന വർദ്ധനവ്. ഗ്രാമീണ മേഖലയിലുള്ളവർക്ക് തൊഴിൽ നൽകുന്നതിൽ സുപ്രധാന പങ്ക് വഹിക്കുന്ന പ്രധാന കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഒന്നാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. അവിദഗ്ദ്ധ തൊഴിൽ ചെയ്യാൻ കഴിവും താല്പര്യവുമുള്ള ഗ്രാമപ്രദേശങ്ങളിലെ പ്രായപൂർത്തിയായ കുടുംബാംഗങ്ങൾക്ക് എല്ലാ സാമ്പത്തിക വർഷവും 100 ദിവസം വേതനത്തോടുകൂടി തൊഴിൽ ഉറപ്പുവരുത്തുന്നതിലൂടെ ഗ്രാമീണ മേഖലയിലെ കുടുംബങ്ങളുടെ ഉപജീവന സുരക്ഷ വർദ്ധിപ്പിക്കുന്നു.

ദേശീയ തലത്തിൽ 2020–21 സാമ്പത്തിക വർഷത്തിൽ (21.01.2021 വരെ) 311.92 കോടി തൊഴിൽദിനങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞത് എക്കാലത്തെയും ഉയർന്ന നിരക്കാണ്. മൊത്തം തൊഴിൽദിനങ്ങളിൽ, 52.69 ശതമാനം സ്ത്രീകൾക്കും, 19.9 ശതമാനം പട്ടികജാതി വിഭാഗക്കാർക്കും 17.8 ശതമാനം പട്ടികവർഗ്ഗ വിഭാഗക്കാർക്കും അനുവദിച്ചിരിക്കുന്നു. 2020–21 സാമ്പത്തിക വർഷത്തിൽ (21.01.2021 വരെ) ഏറ്റെടുത്ത മൊത്തം പ്രവൃത്തികളുടെ 61 ശതമാനവും വ്യക്തിഗത ഗുണഭോക്തൃ പദ്ധതികളുമായി ബന്ധപ്പെട്ടതും മൊത്തം ചെലവിന്റെ 68.37 ശതമാനം കൃഷിക്കും കാർഷികേതര അനുബന്ധ ജോലികൾക്കുമാണ്. 4.24 കോടി മൂല്യമുള്ള മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആസ്തികൾ ജിയോ ടാഗ് ചെയ്ത് പൊതുസഞ്ചയത്തിൽ ലഭ്യമാക്കി. 2013–14 സാമ്പത്തിക വർഷത്തിൽ എം.ജി.എൻ.ആർ.ഇ.ജി.എ തൊഴിലാളികളുടെ അക്കൗണ്ടുകളിലേക്ക് വേതനത്തിന്റെ 37.17 ശതമാനം മാത്രം നൽകിയിരുന്നെങ്കിൽ 2020–21 വർഷത്തിൽ വേതനത്തിന്റെ 99 ശതമാനവും സാങ്കേതിക സംവിധാനങ്ങളിലൂടെ നൽകിയിട്ടുണ്ട്.

കേരളത്തിൽ 2020–21 സാമ്പത്തിക വർഷത്തിൽ, മൊത്തം 10.22 കോടി തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടതിൽ 18.3 ശതമാനം പട്ടികജാതി വിഭാഗക്കാർക്കും 6.53 ശതമാനം പട്ടികവർഗ്ഗ വിഭാഗക്കാർക്കുമാണ്. 2021–22 സാമ്പത്തിക വർഷത്തിൽ (സെപ്റ്റംബർ 30 വരെ) 3.07 കോടി തൊഴിൽദിനങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ 2019–20, 2020–21 (2021 സെപ്റ്റംബർ 30 വരെ) സാമ്പത്തിക വർഷത്തെ സാമ്പത്തികവും ഭൗതികവുമായ പുരോഗതി യഥാക്രമം **അനുബന്ധം 12.1.24, 12.1.25, 12.1.26, 12.1.27** എന്നിവയിൽ നൽകിയിരിക്കുന്നു. സംസ്ഥാനത്ത് 2017–18 മുതൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനങ്ങൾ ഹരിത കേരളം മിഷനുമായി സംയോജിപ്പിച്ചാണ് നടപ്പിലാക്കുന്നത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സംയോജന സാധ്യതകളെ പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനായി മറ്റ് വകുപ്പുകളുടെ പദ്ധതികളുമായി സംയോജിപ്പിച്ചാണ് നടപ്പിലാക്കുന്നത്. 2020–21, 2021–22 ൽ സംസ്ഥാനത്ത് നടപ്പിലാക്കിയ പ്രധാന ഇടപെടലുകൾ ചുവടെ വിശദമാക്കുന്നു.

കൃഷി, ജലസേചനം, മൃഗസംരക്ഷണം, മത്സ്യബന്ധനം, ക്ഷീരവികസനം, വനം എന്നീ മേഖലകളിലെ ഉത്പാദനവും വികസനവും വർദ്ധിപ്പിക്കുന്നതിനായി ഈ മേഖലകളിലെ വ്യക്തിഗതവും പൊതുവായതുമായ ഉത്പാദന ആസ്തികൾ സൃഷ്ടിക്കുന്നതിന് ഊന്നൽ നൽകുന്നു. വിദ്യാലയങ്ങൾക്ക് ചുറ്റുമതിൽ, കളിസ്ഥലം എന്നിവയുടെ നിർമ്മാണം, അംഗൻവാടികളുടെ നിർമ്മാണം എന്നിങ്ങനെയുള്ള പൊതു ആസ്തികൾ സൃഷ്ടിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നു. കന്നുകാലികൾ, ആട്, കോഴി എന്നിവയ്ക്കായുള്ള ഷെഡുകൾ പോലെയുള്ള വ്യക്തിഗത ഉപജീവന ആസ്തികൾ നിർമ്മിച്ചു. അനുവദനീയമായ എല്ലാ പ്രവർത്തികളും ഉൾപ്പെടുത്തിക്കൊണ്ട് ഗ്രാമപഞ്ചായത്ത് തലത്തിൽ സംയോജിത പദ്ധതിയുടെ അടിസ്ഥാനത്തിൽ ജിയോഗ്രാഫിക്ക് ഇൻഫർമേഷൻ സംവിധാനത്തിന്റെ (ജി.ഐ.എസ്) സാധ്യതകൾ കൂടി കണക്കിലെടുത്തുകൊണ്ട് എം.ജി.എൻ.ആർ.ഇ.ജി.എയിൽ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ 2019–ൽ സംസ്ഥാനസർക്കാർ ഉത്തരവ് പുറപ്പെടുവിപ്പിച്ചിട്ടുണ്ട്. തൻവർഷം പ്രാരംഭമായി 100 ഗ്രാമപഞ്ചായത്തുകളിൽ ജി.ഐ.എസ് സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി സമഗ്ര പ്ലാൻ തയ്യാറാക്കുന്നതിനായി തിരഞ്ഞെടുത്തിട്ടുണ്ട്. ദരിദ്രരുടെ ഉപജീവന അടിത്തറ ശക്തിപ്പെടുത്തുന്നതിന് ഉത്പാദന

ആസ്തികൾ സൃഷ്ടിക്കുന്നതിൽ സുഭിക്ഷ കേരളം പദ്ധതിയിലൂടെ ശ്രദ്ധേയമായ ഇടപെടൽ നടത്തിയിട്ടുണ്ട്.

പട്ടികവർഗ്ഗ വിഭാഗത്തിനായുള്ള പ്രത്യേക സഹായം (സംസ്ഥാനാവിഷ്കൃത ഘടകം)–ട്രൈബൽ പ്ലസ് പദ്ധതി – സംസ്ഥാന സർക്കാരിന്റെ പ്രത്യേക ധനസഹായം ഉപയോഗിച്ച് പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 100 ദിവസത്തെ അധിക തൊഴിൽ നൽകുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു.

തൊഴിലുറപ്പ് പദ്ധതിയിലെ പട്ടികവർഗ്ഗ തൊഴിലാളികളുടെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കു ന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സംസ്ഥാന പദ്ധതി വിഹിതം ഉപയോഗിച്ച് പട്ടികവർഗ്ഗ തൊഴിലാളികൾക്ക് മുൻകൂറായി വേതനം നൽകുന്നതിനായി കുടുംബശ്രീ മുഖേന ഒരു സംവിധാനം സംസ്ഥാന സർക്കാർ ആരംഭിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ റിവോൾവിംഗ് ഫണ്ട് ഉപയോഗിച്ച് ഗുണഭോക്താക്കൾക്ക് ഓരോ ആഴ്ചയും അവിദഗ്ദ്ധ വേതനം മുൻകൂറായി നൽകുകയും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വേതനം അവരുടെ ബാങ്ക് അക്കൗണ്ടുകളിൽ എത്തുമ്പോൾ ഗുണഭോക്താക്കളുടെ സമ്മതത്തോടെ, മുൻകൂറായി നൽകിയ വേതനം തിരിച്ചുപിടിക്കുന്നതുമാണ്.

മേൽപറഞ്ഞ നൂതന പരിപാടികളുടെയെല്ലാം ഫലമായി 2019–20 ൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പട്ടികവർഗ്ഗ കുടുംബങ്ങളുടെ പങ്കാളിത്തത്തിൽ വലിയ മാറ്റം ഉണ്ടായിട്ടുണ്ട്. 2019–20 സാമ്പത്തിക വർഷത്തിൽ പട്ടികവർഗ്ഗ വിഭാഗക്കാരുടെ തൊഴിൽ ദിനങ്ങളുടെ എണ്ണം 55.27 ലക്ഷത്തിൽ നിന്ന് 2020–21ൽ 66.90 ലക്ഷമായി വർദ്ധിച്ചു. 2019–20 വർഷത്തിൽ 21,726 കുടുംബങ്ങൾ 100 തൊഴിൽദിനങ്ങൾ പൂർത്തിയാക്കിയപ്പോൾ 2020–21 വർഷത്തിൽ ഇത് 31,870 കുടുംബങ്ങളായി വർദ്ധിക്കുകയുണ്ടായി.

എന്നിരുന്നാലും, കേന്ദ്രസർക്കാർ പരിഹരിക്കേണ്ടതായ ചില പ്രവർത്തനപരമായ പ്രശ്നങ്ങൾ നിലനിൽക്കുന്നതിനാൽ സംസ്ഥാനത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുന്നതിന് വിഘാതം സൃഷ്ടിക്കുന്നു. ഗുണഭോക്താവിന്റെ അക്കൗണ്ടുകളിലേക്ക് വേതനം കൈമാറുന്നതിലെ കാലതാമസം ഒരു പ്രധാന പ്രശ്നമാണ്. വേതനം നൽകുന്നതിൽ കാലതാമസം വരുന്നതിനാൽ ആദായമില്ലാതെ ജോലി ചെയ്യാൻ തൊഴിലാളികൾ നിർബന്ധിതരായി. തമിഴ്നാട്ടിലും പുതുച്ചേരിയിലും കൂലി നിരക്ക് 17 രൂപയും, അസമിൽ 11 രൂപയും, പശ്ചിമ ബംഗാളിൽ 9 രൂപയുമായി വർദ്ധിപ്പിച്ചപ്പോൾ വേതന വർദ്ധന നൽകിയ സംസ്ഥാനങ്ങളുടെ പട്ടികയിൽ നിന്ന് കേരളത്തെ ഒഴിവാക്കി. അവിദഗ്ധ കൂലി നിരക്ക് എന്ന നിലയിൽ കേരളത്തിൽ ഇപ്പോഴും 291 രൂപ തുടരുന്നു. കാർഷിക മേഖലയിലെ കേരളത്തിലെ മിനിമം കൂലി നിരക്ക് 490 രൂപയാണ് എന്നത് സംസ്ഥാനത്തിന്റെയും രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളുടെയും ജീവിതച്ചെലവിലെ കടുത്ത വ്യത്യാസത്തെ സൂചിപ്പിക്കുന്നു.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഗ്രാമീണമേഖലയ്ക്ക് മാത്രമായിട്ടുള്ളതാണ്. ഗ്രാമപ്രദേശങ്ങളിലെ ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുന്നതിൽ ഈ പദ്ധതി വഹിക്കുന്ന പങ്ക് ഉൾക്കൊണ്ടാണ് സംസ്ഥാന സർക്കാർ നഗര പ്രദേശങ്ങളിൽ അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി ആരംഭിച്ചത്. നഗര പ്രദേശങ്ങളിലെ ഓരോ കുടുംബത്തിലെയും അവിദഗ്ദ്ധ തൊഴിൽ ചെയ്യാൻ താല്പര്യമുള്ള പ്രായപൂർത്തിയായ അംഗത്തിന് കുറഞ്ഞത് 100 ദിവസത്തെ തൊഴിൽ ദിനങ്ങൾ നൽകിക്കൊണ്ട് അവരുടെ ഉപജീവനം മെച്ചപ്പെടുത്താനുദ്ദേശിച്ചിട്ടുള്ള ഒരു സംസ്ഥാന പദ്ധതിയാണിത്. 2009–10 ലാണ് എം.ജി.എൻ.ആർ.ഇ.ജി. എസിന്റെ മാതൃകയിൽ സംസ്ഥാന സർക്കാർ അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതി ആരംഭിച്ചത്. പ്രാദേശിക സർക്കാരുകളുടെ സ്ഥിര ആസ്തികൾ സൃഷ്ടിക്കാനാണ് ഈ ഫണ്ട് വിനിയോഗിക്കുന്നത്.

2020–21–ൽ 75.00 കോടി രൂപ ഈ പദ്ധതിയ്ക്കായി വകയിരുത്തിയിരുന്നു. ഇതിൽ 90.47 കോടി രൂപ (അഡീഷണൽ ആതറൈസേഷൻ ഉൾപ്പെടെ) ചെലവഴിക്കുകയും വിവിധ കോർപ്പറേഷനിലും നഗരസഭകളിലുമായി 32,53,802 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. 2020–21 ൽ പൊതുവിഭാഗം, പട്ടികജാതി, പട്ടികവർഗ്ഗം എന്നീ വിഭാഗങ്ങളിലായി യഥാക്രമം 1,91,722, 44,497, 4,357 കുടുംബങ്ങൾക്ക് തൊഴിൽ കാർഡുകൾ ഇക്കാലയളവിൽ നൽകുകയുണ്ടായി. അതിൽ 27,247 പുരുഷൻമാരും 2,13,329 സ്ത്രീകളും ഉൾപ്പെടുന്നു. ഈ കാലയളവിൽ 92,663 കുടുംബങ്ങൾക്കും 85,217 സ്ത്രീകൾക്കും തൊഴിൽ നൽകുകയും 4,406 കുടുംബങ്ങൾ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

2021–22 വർഷം അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയ്ക്കായി 100.00 കോടി രൂപ വകയിരുത്തിയിരുന്നു. 2021 ഒക്ടോബർ 31 വരെ 54.76 കോടി രൂപ ചെലവഴിച്ച് 14,75,740 തൊഴിൽദിനങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. 31.10.2021 വരെ 58,500 കുടുംബങ്ങൾക്കും 54,863 സ്ത്രീകൾക്കും തൊഴിൽ ലഭിക്കുകയും 1,083 കുടുംബങ്ങൾ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഈ കാലയളവിൽ പൊതുവിഭാഗം, പട്ടികജാതി, പട്ടികവർഗ്ഗം എന്നീ വിഭാഗങ്ങളിലായി യഥാക്രമം 2,13,387, 49,842, 5,152 വ്യക്തികൾക്ക് തൊഴിൽ കാർഡ് നൽകുകയും ചെയ്തിട്ടുണ്ട്. ഇതിൽ 31,470 പുരുഷൻമാരും 2,36,911 സ്ത്രീകളും ഉൾപ്പെടുന്നു. 2019–20 ൽ ക്ഷീരോൽപാദനവും ഈ പദ്ധതിയുടെ ഭാഗമാക്കിയതിലൂടെ രണ്ട് കന്നുകാലികളിൽ കൂടുതലുള്ള കർഷകർക്ക് തൊഴിലും വേതനവും ഈ പദ്ധതിയിലൂടെ മാനദണ്ഡമനുസരിച്ച് നൽകുകയുണ്ടായി. അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയിലൂടെ 2020–21, 2021–22 (31.10.2021 വരെ) വർഷങ്ങളിലെ തദ്ദേശ ഭരണ സ്ഥാപനം തിരിച്ചിട്ടുള്ള ഫണ്ട് വിതരണം സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 12.1.28** ലും പദ്ധതിയുടെ ജില്ല തിരിച്ചുള്ള ഭൗതിക നേട്ടങ്ങൾ സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 12.1.29** ലും കൊടുത്തിരിക്കുന്നു.

എം.ജി.എൻ.ആർ.ഇ.ജി.എസും എ.യു.ഇ.ജി.എസും തൊഴിൽ ഉറപ്പ് നൽകുന്ന പദ്ധതികളായതിനാൽ ജീവനോപാധികളുടെ പരിപോഷണത്തിന് പ്രത്യേക ഊന്നൽ നൽകേണ്ടതുണ്ട്. ഉപജീവന പ്രവർത്തനങ്ങൾ, ദാരിദ്ര്യ ലഘൂകരണം, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ എന്നീ ഘടകങ്ങൾ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിൽ വലിയ പങ്ക് വഹിക്കുന്നു. ഉപജീവനത്തിനായുള്ള കേന്ദ്ര സർക്കാരിന്റെ പ്രധാന ഉദ്യമങ്ങളാണ്

ഗ്രാമീണ മേഖലയിൽ നടപ്പാക്കുന്ന ദേശീയ ഗ്രാമീണ ഉപജീവന മിഷനും (എൻ.ആർ.എൽ.എം.) നഗര മേഖലയിൽ നടപ്പാക്കുന്ന ദേശീയ നഗര ഉപജീവന മിഷനും (എൻ.യു.എൽ.എം.) കേന്ദ്ര സംസ്ഥാന സർക്കാരുകൾ 60:40 എന്ന അനുപാതത്തിലാണ് ഈ പദ്ധതിയ്ക്ക് തുക വിനിയോഗിക്കുന്നത്.

ഗ്രാമീണ ദരിദ്രരുടെ സ്വയം തൊഴിൽ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആവശ്യകതയ്ക്ക് അനുസരിച്ച് സഹായം ലഭ്യമാക്കുന്ന പദ്ധതിയാണ് ദീൻദയാൽ അന്ത്യോദയ യോജന–ദേശീയ ഗ്രാമീണ ഉപജീവന മിഷൻ. ദീൻദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന (ഡി.ഡി.യു.ജി.കെ.വൈ) സ്റ്റാർട്ട്–അപ്പ് ഗ്രാമീണ സംരഭക്ത്വ പരിപാടി (എസ്.വി .ഇ.പി) മഹിളാ കിസാൻ ശാക്തീകരണ പരിയോജന (എം.കെ.എസ്.പി) എന്നിവ ദീൻദയാൽ അന്ത്യോദയ യോജന–ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ ഉപ പദ്ധതികളാണ്. ദീൻദയാൽ അന്ത്യോദയ യോജന–ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ കീഴിൽ തൊഴിൽ വൈദഗ്ധ്യം നൽകി ജോലി ലഭ്യമാക്കുന്നതിനുമുള്ള പരിപാടിയാണ് ദീൻ ദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന. 2021 സെപ്റ്റംബർ 31 വരെ, 58,440 ഗുണഭോക്താക്കൾക്ക് ഈ പദ്ധതിയുടെ കീഴിൽ പരിശീലനം നൽകിയതിൽ 46,549 പേർക്ക് തൊഴിൽ ലഭിച്ചു. ഗ്രാമീണ മേഖലകളിലെ സാമ്പത്തിക വളർച്ചയെ ഉത്തേജിപ്പിക്കുന്നതിനും ദാരിദ്ര്യവും തൊഴിലില്ലായ്മയും കുറയ്ക്കുന്നതിനും ഗ്രാമീണ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സഹായവും പിന്തുണയും എസ്.വി.ഇ.പി. യിലൂടെ നൽകുന്നു. സാമൂഹിക അടിസ്ഥാനത്തിലുള്ള സംഘടനാ ശൃംഖല പിന്തുണയ്ക്കുന്ന സംരംഭങ്ങൾക്ക് ബിസിനസ്സ് വൈദഗ്ധ്യം, സമാന മേഖലകളുമായി സമ്പർക്ക സാധ്യത, സംരംഭങ്ങൾ തുടങ്ങുന്നതിനും വായ്പയും സംരംഭത്തിന്റെ നിർണ്ണായകമായ ആദ്യത്തെ ആറ് മാസത്തേയ്ക്ക വാണിജ്യ സഹായവും എസ്. വി.ഇ.പി നൽകുന്നു. 2021 സെപ്റ്റംബർ 31 കണക്കനുസരിച്ച് എസ്.വി.ഇ.പി യുടെ കീഴിൽ 18,536 സംരംഭങ്ങൾ രൂപീകരിക്കുകയും കമ്മ്യൂണിറ്റി എന്റർപ്രൈസസ് ഫണ്ട്. (സി. ഇ.എഫ്) മുഖേന 11,696 സംരംഭങ്ങൾക്ക് 43.82 കോടി രൂപ നൽകാൻ സാധിച്ചിട്ടുണ്ട്. കാർഷിക മേഖലയിലെ സ്ത്രീ, പുരുഷ വ്യത്യാസം കുറയ്ക്കുക, കാർഷിക വൃത്തിയിൽ നിന്നും പിൻവാങ്ങുന്ന പ്രവണത കുറയ്ക്കുക സ്ത്രീ കർഷകർ സുസ്ഥിര കാർഷിക രീതികൾ സ്വീകരിക്കുക എന്നിവയ്ക്കാണ് എം.കെ.എസ്.പി പ്രധാന്യം നൽകുന്നത്. കുടുംബശ്രീയുടെ സംയുക്ത ഉത്തരവാദിത്ത സംഘങ്ങളുടെ (ജെ.എൽ. ജി) ശൃഖല ഉപയോഗിച്ചാണ് സംസ്ഥാനത്ത് ഈ പദ്ധതി നടപ്പിലാക്കുന്നത്.

നഗരദരിദ്രർക്കിടയിലെ ദാരിദ്ര്യം, കഷ്ടതകൾ എന്നിവ ലഘൂകരിക്കാനായി ലക്ഷ്യമിടുന്ന പദ്ധതിയാണ് ഡേ–എൻ.യു.എൽ.എം. സംസ്ഥാനത്തെ എല്ലാ നഗര തദ്ദേശ ഭരണ സ്ഥാപനങ്ങളിലും ഈ പദ്ധതി നടപ്പിലാക്കി വരുന്നു. 'ഭവന രഹിതർക്ക് അഭയകേന്ദ്രം' എന്ന പദ്ധതി ഘടകത്തിലൂടെ 3,195 ഭവന രഹിതരെ കണ്ടെത്തിയിട്ടുണ്ട്. 'നഗരത്തിലെ വഴിയോര കച്ചവടക്കാർക്ക് സഹായം' എന്ന ഘടകത്തിൽ (സെപ്റ്റംബർ 30 2021 വരെ) 24,643 വഴിയോര കച്ചവടക്കാരെ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ഈ കാലയളവിൽ 13,509 വഴിയോര കച്ചവടക്കാർക്ക് തിരിച്ചറിയൽ കാർഡ് നൽകുകയുമുണ്ടായി. 'നൈപുണ്യവികസനവും ജോലി ഉറപ്പാക്കലും' എന്ന ഘടകത്തിൽ 2,654 പേരെ ഉൾപ്പെടുത്തിയതിൽ 1,907 പേർക്ക് സർട്ടിഫിക്കറ്റ് നൽകുകയും 677 പേർക്ക് ജോലി ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. നഗര പ്രദേശങ്ങളിലെ തൊഴിൽ രഹിതരായ ദരിദ്ര ജനങ്ങൾക്ക് സൈബർ സുരക്ഷിതത്വം, അക്കൗണ്ടിംഗ്, ആരോഗ്യ സംരക്ഷണം, പ്ലാസ്റ്റിക് സാങ്കേതിക വിദ്യ, ഇലക്ട്രോണികസ്, ഇലക്ട്രിക്കൽ, ആയുർവേദ നഴ്സിംഗ്, ഹോസ്പിറ്റാലിറ്റി, ടെലികോം, ഭക്ഷ്യ സംസ്കരണം തുടങ്ങി 74 ഓളം തൊഴിൽ മേഖലകളിൽ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. എൻ.യു.എൽ.എം പദ്ധതിയുടെ സ്വയം തൊഴിൽ പരിപാടിയിലൂടെ 1,048 വ്യക്തിഗത തൊഴിൽ സംരംഭങ്ങളും, 236 ഗ്രൂപ്പ് സംരംഭങ്ങളും ആരംഭിച്ചിട്ടുണ്ട്. എൻ.യു.എൽ.എം പദ്ധതിയുടെ 'സാമൂഹ്യവിഭവ സമാഹരണവും സ്ഥാപന ശാക്തികരണവും' എന്ന ഘടകത്തിലൂടെ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി 2,720 പുതിയ അയൽക്കൂട്ട സംഘങ്ങൾ രൂപീകരിക്കുകയും 2,557 അയൽക്കൂട്ട സംഘങ്ങൾക്കും 172 പ്രാദേശിക വികസന സൊസൈറ്റികൾക്കും (എ.ഡി. എസ്) റിവോൾവിംഗ് ഫണ്ട് സഹായം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. എൻ.യു.എൽ.എം പദ്ധതിയുടെ നടത്തിപ്പിൽ മികച്ച പ്രകടനം നടത്തിയ സംസ്ഥാനത്തിനുള്ള ദേശീയ അവാർഡ് കഴിഞ്ഞ 3 വർഷമായി സംസ്ഥാനത്തിന് ലഭിക്കുകയുണ്ടായി. അതിന്റെ ഭാഗമായി സംസ്ഥാനത്തിന് നിലവിലുള്ള പദ്ധതി വിഹിതത്തിനുപരിയായി 45.94 കോടി രൂപ അധികമായി ലഭിച്ചു. ഡേ–എൻ.യു.എൽ.എം പദ്ധതിയുടെ സാമ്പത്തികവും ഭൗതീകവുമായ നേട്ടങ്ങളെ സംബന്ധിച്ച വിവരങ്ങൾ യഥാക്രമം **അനുബന്ധം 12.1.30** ലും **12.1.31** ലും കൊടുത്തിരിക്കുന്നു. ജില്ലാതല സൂക്ഷ്മ സംരംഭങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങളും വായ്പാ ബന്ധിത അയൽക്കൂട്ടങ്ങളെ സംബന്ധിച്ച വിവരങ്ങളും യഥാക്രമം **അനുബന്ധം 12.1.32 ലും 12.1.33** ലും കൊടുത്തിരിക്കുന്നു.

### കുടുംബശ്രീ

സ്ത്രീ ശാക്തീകരണത്തിലൂടെ ദാരിദ്ര്യ നിർമ്മാർജ്ജനം എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ അഥവാ കുടുംബശ്രീ രൂപീകൃതമായത്. 1998–ൽ സംസ്ഥാന സർക്കാർ ആരംഭിച്ച നൂതന സ്ത്രീ കേന്ദ്രീകൃത പങ്കാളിത്ത ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടിയായ കുടുംബശ്രീയിൽ 45 ലക്ഷത്തോളം വനിതകളുടെ പങ്കാളിത്തം ഉണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളായ ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (എൻ. ആർ.എൽ.എം.), ദേശീയ നഗര ഉപജീവന ദൗത്യം (എൻ.യു.എൽ.എം.), പ്രധാന മന്ത്രി ആവാസ് യോജന (നഗരം) എന്നിവയുടെ നിർവ്വഹണം നടത്തുന്ന നോഡൽ ഏജൻസി കൂടിയാണ് കുടുംബശ്രീ. ഇതിനു പുറമെ സംസ്ഥാനത്തെ ഒട്ടനവധി പ്രവർത്തനങ്ങളിലും കുടുംബശ്രീയുടെ സാന്നിദ്ധ്യമുണ്ട്. 2020–21, 2021–22 (2021 സെപ്റ്റംബർ 30 വരെ) ൽ കുടുംബശ്രീയുടെ പ്രധാന നേട്ടങ്ങൾ താഴെ കൊടുക്കുന്നു.

ദരിദ്രരിൽ ദരിദ്രരുടെ പുനരധിവാസം ലക്ഷ്യമിടുന്ന 'ആശ്രയ' പദ്ധതിയുടെ പേരും വ്യാപ്തിയും വിശാലമാക്കിക്കൊണ്ട് 'അഗതിരഹിത കേരളം' ഡെസറ്റിറ്റ്യൂട്ട് ഫ്രീ

കേരള (ഡി.എഫ്.കെ) പദ്ധതി കുടുംബശ്രീ ആരംഭിക്കുക യുണ്ടായി. നിരാലംബരായ അഗതികളുടെ ആവശ്യങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് വില യിരുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ വിശദമായ പോജക്ട് റിപ്പോർട്ടുകൾ രൂപീകരിക്കുകയും ചെയ്യും. ചലഞ്ച് ഫണ്ടായി അഗതിരഹിത കേരളം പൊതുവിഭാഗ പദ്ധതികളിൽ ആകെ പദ്ധതി ചെലവിന്റെ നാൽപത് ശതമാനമോ പരമാവധി നാൽപത് ലക്ഷം രൂപയോ, പട്ടികവർഗ്ഗ പ്രത്യേക അഗതിരഹിത കേരളം പദ്ധതി യിൽ 50 ലക്ഷം രൂപയോ കുടുംബശ്രീ വഴി നൽകുന്നു. നിലവിൽ 1.56 ലക്ഷം ഗുണഭോക്താക്കൾക്ക് അഗതിര ഹിത കേരളം പദ്ധതിയുടെ ഗുണം ലഭിക്കുന്നുണ്ട്. 1,033 ഓളം തദ്ദേശ സ്ഥാപനങ്ങളിൽ 1,56,647 ഗുണഭോക്തൃ കുടുംബങ്ങളെ ഉൾപ്പെടുത്തി പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്. ഭക്ഷണം, മരുന്ന്, വിദ്യാഭ്യാസം തുടങ്ങി ഗുണഭോക്താക്കളുടെ അടിസ്ഥാന പരിചരണം നിറവേറ്റുന്നതിനായുള്ള പദ്ധതികളിലും കുടുംബശ്രീ ചലഞ്ച് ഫണ്ട് വിനിയോഗിക്കുന്നുണ്ട്.

പ്രാദേശിക സർക്കാരുകളുടെ നിയന്ത്രണത്തിലുള്ള വിഭിന്നശേഷിയുള്ള കുട്ടികൾക്കായുള്ള ബഡ്സ് സ്ഥാ പനങ്ങൾ കുടുംബശ്രീയുടെ മേൽനോട്ടത്തിലാണ് പ്രവർത്തിക്കുന്നത്. 2018–19 ൽ 12.50 ലക്ഷം രൂപ 200 പ്രാദേശിക സർക്കാരുകൾക്ക് പുതിയ ബഡ്സ് സ്ഥാപ നങ്ങൾ ആരംഭിക്കുന്നതിന് കുടുംബശ്രീ നൽകുകയുണ്ടാ യി. ഇതിൽ 145 പുതിയ ബഡ്സ് സ്ഥാപനങ്ങൾ 2020 സെപ്റ്റംബർ വരെ ആരംഭിക്കുക യുണ്ടായി. 2020–21 കാലയളവിൽ ബഡ്സ് സ്ഥാപനങ്ങളിലെ കുട്ടികൾക്കാ യി ഓൺലൈൻ ക്ലാസ്സുകൾ ആരംഭിക്കുകയും മാതാ പിതാക്കൾക്കും ബഡ്സ് കുട്ടികൾക്കും ഓൺലൈൻ തെറാപ്പി നൽകുന്നതിനായി കോഴിക്കോട് ആസ്ഥാ നമായുള്ള കോംപോസിറ്റ് റീജിയണൽ സെന്ററുമായി കൂടിച്ചേർന്ന് സംയുക്ത പരിപാടി ആരംഭിക്കുകയുമുണ്ടാ യി. സഞ്ജീവനി എന്ന പേരിൽ അഗ്രി തെറാപ്പിയിലൂടെ അംഗങ്ങളുടെ മാനസികവും ശാരീരികവുമായ വികസന മാണ് വിഭാവനം ചെയ്യുന്നത്. ബഡ്സ്, ബി.ആർ.സി. യിലൂടെ കുട്ടികൾക്ക് പച്ചക്കറി കൃഷി ചെയ്യാനുള്ള പദ്ധതി കുടുംബശ്രീ വിഭാവനം ചെയ്യുകയുണ്ടായി. കുറഞ്ഞത് 2 സെന്റ് സ്ഥലം വിദ്യാർത്ഥികൾ കൃഷി ചെയ്യാൻ ഉപയോഗിക്കുകയും സംസ്ഥാനത്തെ 230 ബഡ്സ്, ബി.ആർ.സി സ്ഥാപനങ്ങൾ ഈ പരിപാടിയിൽ ഉൾപ്പെ ടുന്നു. ആകെ 342 ബഡ്സ് ഇൻസ്റ്റിറ്റ്യൂട്ടുകളും (18 വയ സ്സിന് താഴെയുള്ള വൈകല്യമുള്ള കുട്ടികൾക്കായി 177 ബഡ്സ് സ്കൂൾ) 165 ബി.ആർ.സിയും (18 വയസ്സിന് മുകളിലുള്ള ബുദ്ധിപരമായി വൈകല്യമുള്ളവർക്കായി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്നു.

നാഷണൽ ട്രസ്റ്റ് ആക്ട് 1999 ന്റെ പരിധിയിൽ വരുന്ന ഓട്ടിസം, സെറിബ്രൽ പൾസി, മെന്റൽ റിട്ടാ ർഡേഷൻ, ഒന്നിലധികം വൈകല്യങ്ങൾ എന്നിവയുള്ള വർക്ക് സഹായകമായി നിരാമയ ആരോഗ്യ ഇൻഷ്വറ ൻസ് പദ്ധതി ആരംഭിക്കുകയുണ്ടായി. ഈ പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് ഒരു ലക്ഷം രൂപ വരെ ഇൻഷ്വറ ൻസ് പരിരക്ഷ ലഭിക്കും. 2019–20–ൽ ഒരു മാസത്തിനു ള്ളിൽ തന്നെ 5,164 കുട്ടികളെ ഈ ആരോഗ്യ ഇൻഷ്വറ ൻസ് പദ്ധതിയുടെ ഭാഗമാക്കുകയുണ്ടായി.

കുട്ടികൾക്ക് അഭിപ്രായം പ്രകടിപ്പിക്കുന്നതിനും തീരുമാന ങ്ങൾ എടുക്കുന്ന പ്രക്രിയകളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനും, കഴിവുകൾ പരിപോഷിപ്പിക്കുന്നതിനും, പങ്കാളിത്തം ശക്തിപ്പെടുത്തുന്ന തിനുമുള്ള പ്ലാറ്റ്ഫാമുക ളാണ് ബാലസഭ. നിലവിൽ 31,648 ബാലസഭകളിലായി 4,39,866 കുട്ടികളാണ് അംഗങ്ങളായുള്ളത്. ഹരിതകേ രളം മിഷനുമായി ചേർന്ന് ബാലസഭാ കുട്ടികൾക്കായി സംഘടിപ്പിച്ച പെൻസിൽ ക്യാമ്പ് പരിപാടി കുട്ടികളിൽ ആരോഗ്യകരമായ ജീവിതശൈലി പ്രചരിപ്പിക്കുന്നതി നും ആരോഗ്യകരമായ കുടുംബവും സമൂഹവും കെട്ടിപ്പടു ക്കുന്നതിനും ലക്ഷ്യം വച്ചുള്ളതായിരുന്നു. ജില്ല, ബ്ലോക്ക്, ഗ്രാമപഞ്ചായത്ത്, നഗര കോർപ്പറേഷൻ തലങ്ങളിൽ പെൻസിൽ ക്യാമ്പിന്റെ പരിശീലന സെക്ഷനുകൾ പൂർത്തിയാക്കുകയുണ്ടായി.

കുടുംബശ്രീ മിഷൻ തുടക്കം കുറിച്ച "ബിൽഡിംഗ് റെസീ ലിയൻസ്" എന്ന പരിപാടിയുടെ ഭാഗമായി ബാലജാ ഗ്രത സേന എന്ന പേരിൽ ഒരു ടാസ്ക് ഫോഴ്സിനെ സംജാതമാക്കുകയും ചെയ്തു. കേരള സംസ്ഥാന ദുരന്ത നിവാരണം, ഇന്ത്യൻ കാലാവസ്ഥാ വകുപ്പ്, കേരള അഗ്നി ശമനസേന, ആരോഗ്യവകുപ്പ് എന്നിവരുമായി സംയോജിപ്പിച്ചുകൊണ്ടുള്ള പരിപാടിയായ ബിൽഡിംഗ് റെസിലിയൻസ്, കുട്ടികളിൽ ദുരന്തങ്ങളെക്കുറിച്ചുള്ള അവബോധം ഉണ്ടാക്കുന്നതിനുള്ള ശ്രദ്ധ കേന്ദ്രീകരിക്കു ന്നു. ആരോഗ്യം, ശുചിത്വം, പരിസ്ഥിതി എന്നിവയുമായി ബന്ധപ്പെട്ട പതിവ് പ്രവർത്തനങ്ങളും ടാസ്ക് ഫോഴ്സ് വഴി ഏറ്റെടുത്ത് നടത്തുന്നു. സംസ്ഥാനത്തെ 7,337 ടാസ്ക് ഫോഴ്സുകളിലായി 1,15,824 കുട്ടികൾ ഇതിന്റെ ഭാഗമാകുകയുണ്ടായി.

450 ആഴ്ച ചന്തകൾ/നാട്ടുചന്തകൾക്ക് അടിസ്ഥാന സൗകര്യങ്ങളും റിവോൾവിംഗ് ഫണ്ടും കുടുംബശ്രീവ ഴി നൽകിയതിന്റെ ഫലമായി 14 കോടി രൂപയുടെ വില്പന നടക്കുകയും 2,918 ടണ്ണിലധികം പച്ചക്കറിക ൾ, വാഴപ്പഴം, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവ സംയുക്ത ഉത്തരവാദിത്ത സംഘങ്ങൾ വഴി (JLG) വിൽക്കുകയും ചെയ്യുകയുണ്ടായി. 2019–20 ൽ ആകെ 5,631 ചന്തകൾ നടത്തുവാൻ കഴിഞ്ഞു. പുതിയതായി 3,437 സംയുക്ത ഉത്തരവാദിത്ത സംഘങ്ങൾകൂടി (JLG) സുഭിക്ഷ കേര ളത്തിന്റെ ഭാഗമായി രൂപീകരിക്കാനും പ്രവർത്തനം നിലച്ചിരുന്ന 1,522 ജെ.എൽ.ജികളെ പ്രവർത്തന സജ്ജ മാക്കാനും സാധിച്ചു. 4,984 ഹെക്ടർ ഭൂമിയിൽ കൃഷി ചെയ്യാനും 1,666 ഹെക്ടർ തരിശ്ശ് ഭൂമി കൃഷിയോഗ്യമാ ക്കാനും കൃഷി സംഘങ്ങൾക്ക് കഴിയുകയുണ്ടായി. 132 മൃഗ സംരക്ഷണ യൂണിറ്റുകൾ ആരംഭിക്കുകയുണ്ടായി.

പട്ടികവർഗ്ഗ സമുദായങ്ങൾക്കിടയിൽ കാർഷിക പ്രവ ർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതി നുമായി, ആദിവാസി ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളും (കൃഷി സംഘങ്ങളും) ഗോത്ര സംയുക്ത ഉത്തരവാദിത്ത സംഘ മൂല്യനിർണ്ണയ ഏജന്റ് (JEVA) കൾ രൂപീകരിക്കു കയും ചെയ്തു. പാരമ്പര്യ കൃഷി നടത്തുന്ന 1,057 പുതിയ ആദിവാസി ജെ.എൽ.ജി കളും 34 സംയുക്ത ഉത്തരവാ ദിത്ത സംഘ മൂല്യ നിർണ്ണയ ഏജന്റുകളും സംസ്ഥാന ത്ത് രൂപീകരിക്കുകയുണ്ടായി. ഈ ജെ.എൽ.ജി കളെ സാമ്പത്തികമായി സഹായിക്കുന്നതിന് ഓരോന്നിനും 10,000 എന്ന നിരക്കിൽ റിവോൾവിംഗ് ഫണ്ട് നൽകുക

യുണ്ടായി. 2019–20 കാലയളവിൽ 847 ഏക്കർ ഭൂമിയിൽ ട്രൈബൽ ജെ.എൽ.ജി കൾ കൃഷി ചെയ്യുകയുണ്ടായി.

ബുദ്ധി വൈകല്യമുള്ള കുട്ടികളുടെ അമ്മമാർ, അംഗവൈകല്യമുള്ളവർ, പ്രായമായവർ, കുറ്റകൃത്യങ്ങൾക്ക് വിധേയരാക്കുന്ന സ്ത്രീകൾ, വിധവകൾ, കഠിന രോഗബാധിതർ, കിടപ്പുരോഗികളുടെ ആശ്രിതർ തുടങ്ങി ദുർബല സ്ത്രീകൾക്കിടയിൽ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച "പ്രത്യാശ" പദ്ധതിയിലൂടെ 668 സ്ത്രീ സംരംഭകർക്ക് പ്രയോജനം ലഭിക്കുകയുണ്ടായി. 2019–20 ൽ 205 "പ്രത്യാശ" സംരംഭങ്ങൾ രൂപീകരിക്കുകയുണ്ടായി. ഇതിൽ 95 എണ്ണം സംയുക്ത സംരംഭങ്ങളും 110 എണ്ണം വ്യക്തിഗത സംരംഭങ്ങളുമാണ്.

മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് പ്രാദേശിക സർക്കാരുകളെ സഹായിക്കു ന്നതിനുള്ള ഹരിത കർമ്മസേന അംഗങ്ങൾക്ക് പരിശീലനം നൽകുന്നത് കുടുംബശ്രീയാണ്. 2019–20 ൽ 28,589 വനിതകൾക്കാണ് കുടുംബശ്രീ പരിശീലനം നൽകിയത്.

2018–19 ൽ കുടുംബശ്രീ ഏറ്റെടുത്ത ആരോഗ്യ മേഖലയിലെ ഒരു പ്രധാന സംരംഭമാണ് 'ഹർഷം വയോജന പരിപാലന പദ്ധതി'. ഉപജീവനത്തിനായി ആരോഗ്യ പരിപാലന മേഖലയിൽ പരിശീലനം നൽകി ആരോഗ്യ പരിചരണം നൽകുന്ന ഒരു സംഘത്തെ വികസിപ്പിച്ചെടുക്കുക എന്നതാണ് ഈ പരിപാടിയുടെ പ്രധാന ലക്ഷ്യം. 2019–20 ൽ 645 കുടുംബശ്രീ അംഗങ്ങൾക്ക് ആരോഗ്യ പരിപാലനത്തിൽ പരിശീലനം നൽകുകയുണ്ടായി.

നിർമ്മാണ മേഖലയിലെ അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി നിർമ്മാണ പ്രവർത്തനങ്ങളിൽ താല്പര്യമുള്ള കുടുംബശ്രീ അംഗങ്ങളെ കണ്ടെത്തി പരിശീലനം നൽകുകയും അവരെ അതത് പ്രാദേശിക സർക്കാരുകളുടെ കീഴിൽ രജിസ്റ്റർ ചെയ്ത് പ്രാദേശിക സർക്കാരുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഈ ഗ്രൂപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്യുന്നുണ്ട്. 2019–20 ൽ 2,376 അംഗങ്ങൾ ഉൾപ്പെട്ട 288 കുടുംബശ്രീ വനിതാ നിർമ്മാണ സംഘങ്ങൾ (257 ഗ്രാമീണ ഗ്രൂപ്പുകളും 31 നഗര ഗ്രൂപ്പുകളും) സംസ്ഥാനത്ത് രൂപീകരിക്കുകയും അവർക്ക് പരിശീലനം നൽകുകയും 465 വീടുകൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. 2019–20 ൽ ഹൈദരാബാദിലെ റാമോജി ഫിലിം സിറ്റിയിൽ നിന്നും സി.എസ്.ആർ ഫണ്ടായി ലഭിച്ച തുക ഉപയോഗിച്ച് ആലപ്പുഴയിലെ 42 കുടുംബശ്രീ നിർമ്മാണ യൂണിറ്റുകൾ 121 വീടുകൾ നിർമ്മിക്കുകയുണ്ടായി. പി.എം.എ.വൈ പദ്ധതിയുടെ ഭാഗമായി 19 കുടുംബശ്രീ നിർമ്മാണ യൂണിറ്റുകൾ കൊല്ലത്ത് 20 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കുകയുണ്ടായി. എറണാകുളത്തെ 4 നിർമ്മാണ യൂണിറ്റുകൾ ഹഡ്കോ വഴി ലഭിച്ച ഫണ്ട് ഉപയോഗിച്ച് 15 വീടുകൾ പൂർത്തിയാക്കുകയുണ്ടായി.

ശാരീരിക, മാനസിക ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുടുംബങ്ങൾ, ട്രാൻസ്ജെൻഡർ, വയോജനങ്ങൾ തുടങ്ങിയവർക്ക് പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിച്ച് പ്രവർത്തിക്കുന്നതിന് 'റിലേഷൻഷിപ്പ് കേരള' എന്ന പ്രോഗ്രാമിന് കുടുംബശ്രീ തുടക്കം കുറിക്കുകയുണ്ടായി. 2019–ൽ 16,195 വയോജന അയൽക്കൂട്ടങ്ങൾ (1,78,902 അംഗങ്ങൾ), ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ 1,847 അയൽക്കൂട്ടങ്ങളും (15,001 അംഗങ്ങൾ), 12 ട്രാൻസ് ജെൻഡർ അയൽക്കൂട്ടങ്ങളും (140 അംഗങ്ങൾ) രൂപീകരിക്കുകയുണ്ടായി.

തീരദേശ നിവാസികളുടെ വികസനത്തിലൂടെ തീരദേശ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി കുടുംബശ്രീ 'തീരശ്രീക്ക്' ക്ക് തുടക്കം കുറിക്കുകയുണ്ടായി. ഇതിനായി 91 തീരദേശ കമ്മ്യൂണിറ്റി വോളണ്ടിയർമാരെ നിയമിക്കുകയും 2019–20 സാമ്പത്തിക വർഷത്തിൽ 707 പുതിയ അയൽക്കൂട്ടങ്ങൾ (8,730 അംഗങ്ങൾ) രൂപീകരിക്കുകയും, 179 നിർജ്ജീവമായി കിടന്ന അയൽക്കൂട്ടങ്ങളെ പുനർജ്ജീവിപ്പിക്കുകയും ചെയ്യുകയുണ്ടായി. 1,761 തീരദേശ അയൽക്കൂട്ടങ്ങൾക്ക് ബാങ്ക് ലിങ്കേജ് വഴി 107 കോടി രൂപയുടെ വായ്പ ലഭ്യമാക്കുകയുണ്ടായി. കൂടാതെ പ്രതിഭാ തീരം, കായികതീരം എന്ന രണ്ട് ഉപ പരിപാടികൾ ആരംഭിക്കുകയും ചെയ്തു. തീരദേശ മേഖലയിലെ കുട്ടികളുടെ സർഗ്ഗ വാസനകൾ, വിദ്യാഭ്യാസം എന്നിവ പരിപോഷിപ്പിക്കുന്നതിന് വൈകുന്നേരങ്ങളിൽ പ്രത്യേക ട്യൂഷനുകളും ജീവിത നൈപുണ്യ വിദ്യാഭ്യാസവും നൽകാനാണ് പ്രതിഭാ തീരം ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി, 62 കേന്ദ്രങ്ങൾ ആരംഭിക്കുകയും തീരപ്രദേശങ്ങളിൽ നിന്നുള്ള 1,312 കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുകയുണ്ടായി. കായിക മേഖലയിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനുവേണ്ടി, പ്രത്യേക കായിക പരിശീലനം നൽകുന്ന പരിപാടിയാണ് കായികതീരം.

കോവിഡ് കാലത്ത് "പട്ടിണി രഹിത കേരളം പദ്ധതിയുടെ" ഭാഗമായി 1095 ജനകീയ ഹോട്ടലുകൾ കുടുംബശ്രീ ആരംഭിക്കുകയുണ്ടായി. ഇത് സംസ്ഥാനത്തുടനീളം വിജയകരമായി പ്രവർത്തിച്ചു വരികയാണ്. ഈ ഹോട്ടലുകൾ വഴി ശരാശരി ഒരു ദിവസം 1.65 ലക്ഷം ഊണ് വിൽക്കപ്പെടുന്നുണ്ട്.

പ്രളയാനന്തര കേരളത്തിന്റെ പുനരുജ്ജീവന പ്രവർത്തനങ്ങളുടെ ഭാഗമായി കുടുംബശ്രീ "എറൈസ്"(സുസ്ഥിര തൊഴിൽവഴി പുനസ്ഥാപനവും വ്യക്തിത്വം സാധ്യമാക്കൽ) എന്ന പേരിൽ നൈപുണ്യ ക്യാമ്പയിൻ ആരംഭിക്കുകയുണ്ടായി. തെരഞ്ഞെടുക്കപ്പെട്ട 10 മേഖലകളിലായി 50,000 പരിശീലനാർത്ഥികൾക്ക് നൈപുണ്യ പരിശീലനം നൽകുകയായിരുന്നു ഈ പരിപാടിയുടെ ലക്ഷ്യം. ഹൗസ് കീപ്പിംഗ്, ഗാർഹിക ജോലികൾ, പ്ലംബിംഗ്, ഇലക്ട്രിക്കൽ ജോലികൾ, ഇലക്ട്രോണിക്സ് റിപ്പയർ ഡേ കെയർ, കാർഷികതൊഴിൽ, വില്പന, ഡാറ്റാ എൻട്രി, അലക്കലും ഇസ്തിരിയിടലും എന്നിവയാണ് 10 മേഖലകൾ 2020 സെപ്റ്റംബർ 30 വരെ ഏകദേശം 14,049 പേർക്ക് പരിശീലനം നൽകുകയും 219 മൾട്ടി ടാസ്ക് ടീമുകൾ രൂപീകരിച്ച് എറൈസ് വഴി 4,883 ആളുകളുടെ ഉപജീവന മാർഗ്ഗം ഉറപ്പുവരുത്തുകയുണ്ടായി.

യുവതികളുടെ സാമൂഹിക, സാംസ്കാരിക ഉപജീവന ഉന്നമനത്തിന് പുതിയ ഇടം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് കുടുംബശ്രീയുടെ പുതിയ സംവിധാനമായ ഓക്സിലറി ഗ്രൂപ്പുകൾ രൂപീകരിക്കുന്നത്. കുടുംബശ്രീ കൂട്ടായ്മയിലേക്ക് കൂടുതൽ യുവതികളെ ചേർക്കാനും, സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനും സാമൂഹിക,

സാമ്പത്തിക സ്ത്രീ ശാക്തീകരണവുമായി ബന്ധപ്പെട്ട് വിവിധ വിഷയങ്ങളിൽ അവബോധം നൽകാനും ഓക്സി ലറി ഗ്രൂപ്പുകൾ ലക്ഷ്യമിടുന്നു. യുവജന കമ്മീഷൻ, യൂത്ത് വെൽഫെയർ ബോർഡ് തുടങ്ങിയ യുവജനങ്ങളുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടി പ്രവർത്തിക്കുന്ന വിവിധ ഏജൻസികളുടെ പ്രവർത്തനങ്ങൾ പരിചയപ്പെ ടുത്തുന്നതിനുള്ള ഒരു വഴി സൃഷ്ടിക്കാൻ വിഭാവനം ചെയ്യു ന്നു. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, സഹകരണ വകുപ്പ് തുടങ്ങിയവ നടപ്പിലാക്കുന്ന വിവിധ ഉപജീവന പദ്ധതികളെക്കുറിച്ച് അവബോധം സൃഷ്ടിക്കാനും അതുവഴി സുസ്ഥിരമായ ഉപജീവനമാർഗ്ഗം സാധ്യമാക്കുന്നതിനു ള്ള അവസരങ്ങൾ സൃഷ്ടിക്കാനും ഇവ ലക്ഷ്യമിടുന്നു.

ഓരോ സി.ഡി.എസുകൾ അവരുടെ വാർഡുകളി ൽ ഓക്സിലറി ഗ്രൂപ്പുകൾ രൂപീകരിക്കും. 18 നും 40 നും ഇടയിൽ പ്രായമുള്ള വനിതകൾക്ക് ഈ ഗ്രൂപ്പുകളിൽ അം ഗങ്ങളാകാം. ഇത്തരം 20,000 ഗ്രൂപ്പുകൾ തുടങ്ങാനാണ് ലക്ഷ്യമിടുന്നത്. ഒരു ഗ്രൂപ്പിൽ പരമാവധി 50 അംഗങ്ങളെ ഉൾപ്പെടുത്താം. 50-ൽ കൂടുതൽ വനിതകൾ വരുകയാ ണെങ്കിൽ കൂടുതൽ ഗ്രൂപ്പുകൾ രൂപീകരിക്കാം. സി.ഡി. എസുകളുടെ ശുപാർശയോടെ ഗ്രൂപ്പുകൾ ജില്ലാ മിഷനുക ളുമായി രജിസ്റ്റർ ചെയ്യാവുന്നതാണ്.

കേരളത്തിലുടനീളമുള്ള ഉപഭോക്താക്കൾക്ക് ഗുണ മേൻമയുള്ള ബ്രോയിലർ കോഴിയിറച്ചിയുടെ ലഭ്യത മിതമായ നിരക്കിൽ ലഭ്യമാക്കുന്നതിനാണ് കുടുംബശ്രീ കേരള ചിക്കൻ ആരംഭിച്ചത്. മൃഗസംരക്ഷണ വകുപ്പുമാ യും കെപ്കോയുമായും ചേർന്നാണ് കുടുംബശ്രീ ഈ പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതി പ്രകാരം ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ തീറ്റയും മരു ന്നുകളും സഹിതം കർഷകർക്ക് നൽകുകയും 40 ദിവസ ത്തിനു ശേഷം തിരികെ വാങ്ങുകയും ചെയ്യുന്നു. നിലവിൽ സംസ്ഥാനത്തുടനീളം 248 ഫാമുകളും 84 ഔട്ട് ലെറ്റുക ളും കേരള ചിക്കൻ വിതരണം ചെയ്യുന്നുണ്ട്. ഇതിന്റെ ഭാഗമായി 152 കർഷകർക്ക് ഫാം മാനേജ്മെന്റ്, കരാർ കൃഷി എന്നിവയിൽ പരിശീലനം നൽകുകയുണ്ടായി. സംസ്ഥാനത്തുടനീളം 350 സ്ത്രീകൾക്ക് ഈ പദ്ധതിയിലൂ ടെ ഉപജീവന മാർഗ്ഗം കണ്ടെത്താനായി.

### കുടുംബശ്രീ ഇനിഷേറ്റീവ് ഫോർ ബിസിനസ് സൊല്യൂഷൻസ് (കിബ്സ്)

ജനങ്ങൾക്ക് അത്യാവശ്യമുള്ള സൗകര്യങ്ങളായ ഹൗസ് കീപ്പിംഗ്, കസ്റ്റമർ സേവനങ്ങൾ, പൂന്തോട്ടം, കാന്റീൻ, കാൾസെന്റർ സേവനങ്ങൾ എന്നിവ നൽകുന്നതിനു വേണ്ടി കുടുംബശ്രീ ആരംഭിച്ചിട്ടുള്ള ഒരു രജിസ്റ്റേഡ് സൊ സൈറ്റിയാണ് കിബ്സ്. 10 ട്രാൻസ്ജെൻഡേഴ്സ് ഉൾപ്പെടെ 631 തൊഴിലാളികളെ ഉൾപ്പെടുത്തിക്കൊണ്ട് കിബ്സിന്റെ സേവനം കൊച്ചി മെട്രോയിൽ ഉപയോ ഗിക്കുന്നുണ്ട്. കൊച്ചി മെട്രോയെ കൂടാതെ വൈറ്റില മൊബിലിറ്റി ഹബ്, എൻ.യു.എ.എൽ.എസ്, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ് എന്നി ങ്ങനെയുള്ള വിവിധ സ്ഥാപനങ്ങളിലായി ഹൗസ് കീപ്പിംഗ്, പാർക്കിംഗ് ഫീ കളക്ഷൻ, സെക്യൂരിറ്റി എന്നീ ജോലികളിലായി 115 തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്.

### കോവിഡ്-19 മഹാമാരിയുടെ ഭാഗമായി ഏറ്റെടുത്ത പ്രവർത്തനങ്ങൾ

കോവിഡ്-19 മഹാമാരിക്കാലത്ത് രോഗ വ്യാപനം കുറ യ്ക്കുന്നതിനായി ഒട്ടനവധി പ്രവർത്തനങ്ങൾ മിഷൻ എടു ക്കുകയുണ്ടായി. മാറിയ സാഹചര്യത്തിൽ സുസ്ഥിരമായ ഉപജീവനമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുള്ള പുതിയ അവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭി ക്കുകയുണ്ടായി.

- സാമൂഹ്യ മാധ്യമങ്ങളിലൂടെ അവബോധം സൃഷ്ടിക്കു ന്നതിനും പ്രായമായവരേയും, നിരാലംബരെയും, അതിഥി തൊഴിലാളികളേയും, തെരുവുകച്ചവടക്കാരേ യും സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്ര ണം ചെയ്തു നടപ്പിലാക്കുകയുണ്ടായി.
- സോപ്പ്, ഡിറ്റർജന്റ്, തുണി ബാഗുകൾ എന്നിവ നി ർമ്മിച്ചിരുന്ന സൂക്ഷ്മ സംരംഭങ്ങളെ മാസ്ക്, സാനി റ്റൈസർ, ഹാന്റ് വാഷ്, സർജിക്കൽ ഗൗൺ, പിപിഇ കിറ്റുകൾ എന്നിവ നിർമ്മിക്കുന്ന സംരംഭങ്ങളാക്കി മാറ്റുകയുണ്ടായി.
- ആശ്രയ കുടുംബങ്ങൾക്കും അഗതികൾക്കും ഫുഡ്കി റ്റുകളും ആവശ്യമായ മരുന്നുകളും അവരുടെ വീടുക ളിൽ നൽകിക്കൊണ്ട് സംരക്ഷണമൊരുക്കുകയു ണ്ടായി.
- അതിഥി തൊഴിലാളികൾക്ക് വേണ്ടി പ്രത്യേകമായി താൽക്കാലിക അഭയ കേന്ദ്രങ്ങൾ തുറക്കുകയും ആരോഗ്യ പരിശോധനയ്ക്കൊപ്പം സൗജന്യ ഭക്ഷണ വും നൽകുകയുണ്ടായി.

# ശബ്ദാവലി

**അടിസ്ഥാന വില**
ഒരു ഉൽപാദകന് അയാളുടെ ഉൽപാദനത്തിന്റെയോ വിൽപ്പനയുടെയോ ഫലമായി തന്റെ ഉല്പന്നത്തിന്റെ ഒരു യൂണിറ്റിന് (സാധനത്തിന്റെയോ സേവനത്തിന്റെയോ) വാങ്ങുന്ന ആളിൽ നിന്നും ലഭ്യമാകുന്ന തുകയിൽ നിന്നും അടക്കേണ്ട നികുതികൾ കിഴിച്ചും, ലഭിക്കേണ്ട സബ്സിഡികൾ സംയോജിപ്പിച്ചും ഉള്ളതാണ് അടിസ്ഥാന വില. ഉൽപാദകൻ പ്രത്യേകമായി വരുത്തുന്ന ഗതാഗത ചെലവുകൾ ഇതിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു

**കാഷ്വൽ ലേബർ**
മറ്റുള്ളവരുടെ കൃഷി അല്ലെങ്കിൽ കൃഷി ഇതര സംരംഭങ്ങളിൽ (ഗാർഹിക, ഗാർഹിക-ഇതര) ഏർപ്പെട്ടിരിക്കുന്ന ഒരാൾക്ക് അതിലൂടെ ദിവസ അടിസ്ഥാനത്തിൽ അല്ലെങ്കിൽ നിശ്ചിത ഇടവേളകളിലോ തൊഴിൽ കരാറിന്റെ നിബന്ധനകൾക്കനുസൃതമായി വേതനം ലഭിച്ചു എങ്കിൽ, ഇത് ഒരു കാഷ്വൽ ലേബർ ആയി കണക്കാക്കപ്പെടുന്നു.

**നിലവിലെ ദൈനംദിന പ്രവർത്തന നില (സി.ഡി.എസ്)**
റഫറൻസ് ആഴ്ചയിലെ ഓരോ ദിവസവും ഓരോ വ്യക്തിയുടെയും മുൻഗണനയും പ്രധാന പ്രവർത്തന സമയവും മാനദണ്ഡമാക്കി കണക്കാക്കുന്ന പ്രവർത്തന നിലയുടെ അടിസ്ഥാനത്തിലാണ് ഒരു വ്യക്തിയുടെ നിലവിലെ ദൈനംദിന പ്രവർത്തന നില (സി.ഡി.എസ്) നിർണ്ണയിക്കുന്നത്.

**ഉപഭോക്തൃവില സൂചിക (സിപിഐ)**
ഒരു നിശ്ചിത കാലയളവിനുള്ളിൽ നിശ്ചിത ഇനങ്ങളിൽപ്പെട്ട ചരക്കുകളുടെയും സേവനങ്ങളുടെയും ചില്ലറ വില്പന വിലയിൽ ഉണ്ടാകുന്ന വ്യതിയാനമാണ് ഉപഭോക്തൃവില സൂചിക സൂചിപ്പിക്കുന്നത്. ഒരു പ്രത്യേക സ്ഥലത്തെ, പ്രത്യേകം നിർദ്ദേശിക്കപ്പെട്ട ജനങ്ങളുടെ സംഘങ്ങളിൽ നിന്നും ഒരു ശരാശരി കുടുംബം ഒരു നിശ്ചിത കാലയളവിൽ ഉപയോഗിക്കുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും വില വ്യത്യാസത്തിന്റെ അടിസ്ഥാനത്തിലാണ് ഇത് കണക്കാക്കുന്നത്.

**നിലവിലെ പ്രതിവാര നില (സി.ഡബ്ല്യൂ.എസ്)**
സർവേ തീയതിക്ക് മുമ്പുള്ള ഏഴു ദിവസത്തെ കാലയളവിനെ അടിസ്ഥാനമാക്കി നിർണ്ണയിക്കുന്ന പ്രവർത്തന നിലയെയാണ് ഒരു വ്യക്തിയുടെ നിലവിലെ പ്രതിവാര പ്രവർത്തന നില (സി.ഡബ്ല്യൂ.എസ്) എന്ന് കണക്കാക്കപ്പെടുന്നത്. ഒരു നിശ്ചിത മുൻഗണനാക്രമവും പ്രധാന സമയവും മാനദണ്ഡമാക്കി കണക്കാക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് ഇത് തീരുമാനിക്കുന്നത്. മുൻഗണനാ മാനദണ്ഡമനുസരിച്ച്, ജോലി ചെയ്യുന്ന നിലയ്ക്ക്, ജോലി ചെയ്യുന്നില്ല, പക്ഷെ ജോലി അന്വേഷിക്കുന്നു അല്ലെങ്കിൽ ജോലി ലഭ്യമാണ് എന്ന നിലയേക്കാൾ മുൻഗണന ലഭിക്കുന്നു, ഇത് ജോലി ചെയ്യുന്നില്ല അല്ലെങ്കിൽ ജോലി ലഭ്യമല്ല എന്ന നിലയെക്കാൾ മുൻഗണന നൽകുന്നു.

**ജനസാന്ദ്രത**
ജനങ്ങൾ തിങ്ങിപ്പാർക്കുന്ന അവസ്ഥ മനസ്സിലാക്കുന്ന സൂചകങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് ജനസാന്ദ്രത. ഒരു ചതുരശ്ര കിലോമീറ്ററിൽ അധിവസിക്കുന്ന ജനങ്ങളുടെ എണ്ണത്തെയാണ് ജനസാന്ദ്രത എന്ന പദം കൊണ്ടുദ്ദേശിക്കുന്നത്. വാർഡ്, ടൗൺ, ജില്ല, സംസ്ഥാനം എന്നിവയാണ് ഇതിന്റെ ഭൂമിശാസ്ത്രപരമായ യൂണിറ്റ്.

**മൊത്തം ദേശീയ വരുമാനം (ജി.എൻ.ഐ)**
മൊത്തം ആഭ്യന്തര ഉൽപാദനത്തിൽ നിന്നു നിർമ്മാണത്തിനും ഇറക്കുമതിക്കുമുള്ള നികുതികളും തൊഴിലാളികൾക്കുള്ള നഷ്ടപരിഹാരവും മറ്റു രാജ്യങ്ങൾക്കു നൽകേണ്ട ആസ്തി വരുമാനവും കുറവ് ചെയ്തതിനു ശേഷം മറ്റു രാജ്യങ്ങളിൽ നിന്ന് ലഭിക്കേണ്ട വരുമാനം കൂട്ടിച്ചേർത്താൽ ലഭിക്കുന്ന സംഖ്യയാണ് മൊത്തം ദേശീയ വരുമാനം. മറ്റൊരു രീതിയിൽ പറഞ്ഞാൽ മൊത്തം ആഭ്യന്തര ഉൽപാദനത്തിൽ നിന്നു പ്രവാസി യൂണിറ്റുകൾക്ക് നൽകേണ്ട പ്രാഥമിക വരുമാനം കിഴിവ് ചെയ്ത് പ്രവാസി യൂണിറ്റുകളിൽ നിന്നും ലഭിക്കുന്ന പ്രാഥമിക വരുമാനം കൂട്ടിച്ചേർക്കുമ്പോൾ ലഭിക്കുന്നതാണ് മൊത്തം ദേശീയ വരുമാനം. ഇത് കണക്കാക്കുന്നതിനുള്ള മറ്റൊരു മാർഗ്ഗം എല്ലാ മേഖലയിലെയും മൊത്തം പ്രാഥമിക വരുമാനത്തിന്റെ ആകെ മൂല്യം കണക്കാക്കി നിശ്ചയിക്കുക എന്നതാണ്. (മൊത്തം ദേശീയ വരുമാനം മുമ്പ് ദേശീയ കണക്കുകളിൽ ഉപയോഗിച്ചിരുന്ന മൊത്തം ദേശീയ ഉൽപ്പന്നത്തിന് (ജിഎൻപി) സമാനമാണെന്ന് ശ്രദ്ധിക്കുക)

**മൊത്തം സംയോജിത മൂല്യം (ജി.വി.എ.)**
സമ്പദ് വ്യവസ്ഥയിലെ ഒരു പ്രദേശത്തോ, വ്യവസായത്തിലോ ഒരു മേഖലയിലോ ഉല്പാദിപ്പിച്ച സാധനങ്ങളുടെയും സേവനങ്ങളുടെയും മൂല്യമാണ് സാമ്പത്തിക ശാസ്ത്രത്തിലെ മൊത്തം സംയോജിത മൂല്യം (ജി.വി.എ). ദേശീയ കണക്കിൽ ഉല്പന്നത്തിൽ നിന്ന് ഇന്റർമീഡിയറ്റ് ഉപഭോഗം കുറച്ചാണ് ജി.വി.എ കണക്കാക്കുന്നത്, ഇത് ദേശിയ കണക്കിലെ പ്രൊഡക്ഷൻ കണക്കുകളുടെ ബാലൻസിങ് ഇനമാണ്.

**അടിസ്ഥാന വിലയിലെ –മൊത്തം സംയോജിത മൂല്യം**
അടിസ്ഥാന വിലയിൽ ഉല്പന്നത്തിന്റെ മൂല്യത്തിൽ നിന്ന് വാങ്ങുന്ന ആളിന്റെ വിലയിൽ ഇടക്കുള്ള ഉപഭോഗത്തിന്റെ മൂല്യം കുറച്ചതിനെ അടിസ്ഥാന വിലയിൽ മൊത്തം സംയോജിത മൂല്യം എന്ന് നിർവചിച്ചിരിക്കുന്നു. ഉല്പന്നത്തിന്റെ മൂല്യം കണക്കാക്കുന്ന വിലയാണ് ഇവിടെ ജി വി എ എന്ന് അറിയപ്പെടുന്നത്. ഉൽപാദകന്റെ കാഴ്ചപ്പാടിൽ നിന്ന് നോക്കിയാൽ ഇൻപുട്ടുകൾ വാങ്ങുന്നവരുടെ വിലയും ഉൽപ്പന്നത്തിന്റെ അടിസ്ഥാന വിലയുമാണ് യഥാർത്ഥത്തിൽ കൊടുക്കുകയും സ്വീകരിക്കുകയും ചെയ്ത വിലയെ പ്രതിനിധാനം ചെയുന്നത്. അവയുടെ ഉപയോഗം മൊത്തം സംയോജിത മൂല്യം കണക്കാക്കുന്നതിലേയ്ക്ക് നയിക്കുകയും ആയത് പ്രത്യേകിച്ച് ഉൽപാദകന് സഹായകമാക്കുകയും ചെയ്യുന്നു.

**ശിശു മരണ നിരക്ക്**
ഓരോ ആയിരം ശിശു ജനനത്തിലും ഉണ്ടാകുന്ന ശിശു മരണ (ഒരു ശിശുവിന്റെ ഒരു വയസു തികയുന്നതിനു മുൻപുള്ള മരണം) കണക്കിനെയാണ് ശിശു മരണ നിരക്ക് എന്ന് പറയുന്നത്.

**വാർധക്യ ആശ്രയ നിരക്ക്**

60-നും അതിനുമുകളിലും പ്രായമുള്ളവരും 15 മുതൽ 59 പ്രായമുള്ളവരും തമ്മിലുള്ള അനുപാതമാണ് ആശ്രയ നിരക്ക് .

**സമത്വ സൂചിക**
സമ്പത് വ്യവസ്ഥയിലെ വിലയുടെ അസ്ഥിരതകളുടെ പരിണത ഫലമായി കർഷകർക്ക് ഉണ്ടായ നേട്ടങ്ങളുടെയും നഷ്ടങ്ങളുടെയും ആനുപാതികമായ കണക്കാണ് സമത്വ സൂചിക.

**ലൈംഗിക അതിക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്ന ആക്ട്, 2012**
ഈ ആക്ട് കുട്ടികൾക്ക് നേരെ ഉണ്ടാവുന്ന അധിക്ഷേപങ്ങളെക്കുറിച്ച് പ്രതിപാദിക്കുകയും ലൈംഗിക കയ്യേറ്റം, ലൈംഗിക പീഡനം എന്നിവയിൽ നിന്ന് കുട്ടികളെ സംരക്ഷിക്കാനുള്ള രക്ഷാമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുന്നു.

**തൊഴിൽ ശക്തി**
ഒന്നുകിൽ ജോലി ചെയ്യുന്ന (അല്ലെങ്കിൽ തൊഴിൽ ഉള്ള) അല്ലെങ്കിൽ തൊഴിൽ അന്വേഷിക്കുന്ന അല്ലെങ്കിൽ ജോലിയ്ക്കായി ലഭ്യമായ വ്യക്തികൾ (അല്ലെങ്കിൽ തൊഴിലില്ലാത്തവർ) തൊഴിൽ ശക്തിയായി കണക്കാക്കപ്പെടുന്നു.

**തൊഴിൽ ശക്തി പങ്കാളിത്ത നിരക്ക്**
**(എൽ.എഫ്.പി.ആർ.)**
രാജ്യത്തെ ഒരു സമപ്രായത്തിൽപ്പെട്ട ജനസംഖ്യയും തൊഴിൽ ശക്തിയും തമ്മിലുള്ള അനുപാതമാണ് തൊഴിൽ ശക്തി പങ്കാളിത്ത നിരക്ക്.

**സാക്ഷരതാ നിരക്ക്**
ആറു വയസിനും അതിന് മുകളിലും പ്രായമുള്ള ജനങ്ങളിൽ നിത്യ ജീവിതത്തിൽ ഉപയോഗിക്കേണ്ടി വരുന്ന ഭാഷയിൽ എഴുതാനും വായിക്കാനും, ചെറിയ ലളിതമായ സ്റ്റേറ്റ്മെന്റുകൾ മനസിലാക്കാനും കഴിയുന്നവരുടെ ശതമാനമാണ് സാക്ഷരതാ നിരക്ക്.

**ചില്ലറ വില്പന വില**
ചില്ലറ വില്പന വിലയെന്നത് ഉപഭോക്താക്കൾ ഒരു സാധനം ചെറിയ അളവിൽ വാങ്ങുമ്പോൾ നൽകേണ്ടി വരുന്ന വിലയാണ്.

**മൊത്തവ്യാപാര വില സൂചിക (ഡബ്ല്യൂപിഐ)**
ഇടപാടിന്റെ ആദ്യഘട്ട തലത്തിൽ ബൾക്ക് (മൊത്ത) വിൽപ്പനയ്ക്കുള്ള ചരക്കുകളുടെ വിലയുടെ ശരാശരി മാറ്റങ്ങളെ അളക്കുന്നു.

**തൊഴിലാളി ജനസംഖ്യ നിരക്ക് (വർക്ക് പോപുലേഷൻ റേഷ്യോ, (ഡബ്ല്യൂപിആര്))**
മൊത്ത ജനസംഖ്യയുടെ തൊഴിലിലേർപ്പെട്ട വ്യക്തികളുടെ ശതമാനമായി ഡബ്ല്യൂപിആർ നിർവചിക്കപ്പെടുന്നു

# ചുരുക്കെഴുത്തുകൾ

**എഎവൈ:**
അന്ത്യോദയ അന്ന യോജന

**എഡിബി :**
ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക്

**എ.എച്ച്.ഐ.ഡി.എഫ്:**
അനിമൽ ഹസ്ബൻഡറി ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട്

**എ.ഐ:**
ആർട്ടിഫിഷ്യൽ ഇൻസെമിനേഷൻ

**എ.ഐ.ഐ.ബി:**
ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്ക്

**എ.കെ.സി:**
അഗ്രിക്കൾച്ചറൽ നോളഡ്ജ് സെന്റേഴ്സ്

**അമുൽ:**
ആനന്ദ് മിൽക്ക് യൂണിയൻ ലിമിറ്റഡ്

**അനെർട്ട് :**
ഏജൻസി ഫോർ നോൺ-കണവെൻഷനൽ എനർജി ആന്റ് റൂറൽ ടെക്നോളജി

**എഎൻപി :**
അന്നപൂർണ്ണ സ്കീം

**ആപ്കോസ്:**
ആനന്ദ് പാറ്റേൺ കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്

**എ.പി.ഇ.ഡി.എ:**
അഗ്രിക്കൾച്ചറൽ ആന്റ് പ്രോസസ്സ്ഡ് ഫുഡ് പ്രോഡക്ട്സ് എക്സ്പോർട്ട് ഡെവലപ്മെന്റ് അതോറിറ്റി

**എപിഎൽ:**
എബൗ പോവർട്ടി ലൈൻ

**എആർഡി :**
ഓതറൈസ്ഡ് റീട്ടെൽ ഡിസ്ട്രിബ്യൂട്ടേഴ്സ്

**ആംസ്:**
അനിമൽ റിസോഴ്സ് മാനേജ്മെന്റ് സിസ്റ്റം

**എ.എസ്.സി:**
അഗ്രോ സർവ്വീസ് സെന്റേഴ്സ്

**എ.എസ്.സി.എ.ഡി:**
അസിസ്റ്റന്റ്സ് ടു സ്റ്റേറ്റ്സ് ഫോർ കൺട്രോൾ ഓഫ് അനിമൽ ഡിസീസസ്

**ആസിയാൻ:**
അസോസിയേഷൻ ഓഫ് സൗത്ത് ഈസ്റ്റ് ഏഷ്യൻ നേഷൻസ്

**ബി.എം.സി:**
ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റികൾ

**ബി.എം.ഡബ്ല്യു:**
ബയോമെഡിക്കൽ വേസ്റ്റ്

**ബി.ഒ.ഡി:**
ബയോകെമിക്കൽ ഓക്സിജൻ ഡിമാന്റ്

**ബി.പി.എൽ:**
ബിലോ പോവെർട്ടി ലൈൻ (ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ)

**സി.എ.എ.ക്യൂ.എം.എസ്:**
കണ്ടിന്യൂവസ് ആംബിയന്റ് എയർ ക്വാളിറ്റി മോണിറ്ററിംഗ് സ്റ്റേഷനുകൾ

**സി.എ.എം.പി.എ:**
കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ ഫണ്ട് മാനേജ്മെന്റ് ആൻഡ് പ്ലാനിംഗ് അതോറിറ്റി

**കാപെക്സ് :**
കേരള സ്റ്റേറ്റ് കാഷ്യൂ വർക്കേഴ്സ് അപ്പക്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

**സി.ബി.ഡി:**
ജൈവ വൈവിധ്യത്തെക്കുറിച്ചുള്ള കൺവെൻഷൻ

**സി.ബി.ഡബ്ല്യൂ.റ്റി.ഡി.എഫ്:**
കോമൺ ബയോമെഡിക്കൽ വേസ്റ്റ് ട്രീറ്റ്മെന്റ് ആൻഡ് ഡിസ്പോസൽ ഫെസിലിറ്റി

**സി–ഡാക്:**
സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് അഡ്വാൻസ്ഡ് കംപ്യൂട്ടിംഗ്

**സി.എച്ച്.സി:**
കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

**സി.എച്ച്.സി:**
കസ്റ്റം ഹയറിംഗ് സെന്റേഴ്സ്

**സി.എച്ച്.ഐ.എസ്:**
കോംപ്രിഹെൻസീവ് ഹെൽത്ത് ഇൻഷുറൻസ് സ്കീം

**കോട്പാ:**
സിഗരറ്റും മറ്റ് പുകയില ഉല്പന്നങ്ങളുടെയും നിയന്ത്രണം സംബന്ധിച്ച നിയമം

**സി.പി.സി:**
സെന്റർലൈസ്ഡ് പ്രോസസിംഗ് സെന്റർ

**സി.പി.സി:**
കോക്കൊനട്ട് പ്രൊഡ്യൂസർ കമ്പനി

**സി.പി.എഫ്:**
കോക്കൊനട്ട് പ്രൊഡ്യൂസർ ഫെഡറേഷൻസ്

**സി.പി.ഐ:**
കൺസ്യൂമർ പ്രൈസ് ഇൻഡക്സ്

**സി.പി.എസ്:**
കോക്കൊനട്ട് പ്രൊഡ്യൂസർ സൊസൈറ്റീസ്

**സി.എസ്.ഒ:**
സെൻട്രൽ സ്റ്റാറ്റിസ്റ്റിക്സ് ഓഫീസ്

**സി.ഡബ്ല്യൂ.ആർ.ഡി.എം:**
സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മന്റ് ആൻഡ് മാനേജ്മന്റ്

**സി.ഇസഡ്.എം.പി:**
തീരദേശപരിപാലന പദ്ധതി

**ഡി.സി.എസ്:**
ഡയറി കോ-ഓപ്പറേറ്റീവ് സൊസൈറ്റി

**ഡി.ഇ.എസ്:**
ഡയറക്ടറേറ്റ് ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്

**ഡി.ഒ.ഇ.സി.സി:**
ഡയറക്ടറേറ്റ് ഓഫ് എൻവയോൺമെന്റ് ആൻഡ് ക്ലൈമറ്റ് ചെയ്ഞ്ച്

**ഡി.പി.എൽ:**
വികസന നയ വായ്പ

**ഡി.ആർ.എഫ്.ഐ:**
ഡിസാസ്റ്റർ റിസ്ക് ഫൈനാൻസിംഗ് ആൻഡ് ഇൻഷുറൻസ്

**ഇ.ഡി.സി:**
പരിസ്ഥിതി വികസന സമിതികൾ

**ഇ.ഇ.ഇസഡ്:**
എക്സ്ക്ലൂസീവ് ഇക്കോണമിക് സോൺ

**ഇ.പി.ഐ.:**
പരിസ്ഥിതി പ്രകടന സൂചിക

**ഇ–പോസ്:**
ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ

**ഇ ആർ എസ് എസ്:**
എമർജൻസി റെസ്പോൺസ് സപ്പോർട്ട് സിസ്റ്റം

**എഫ്.എ.ഒ:**
ഫുഡ് ആന്റ് അഗ്രിക്കൾച്ചർ ഓർഗനൈസേഷൻ

**എഫ് സി ഐ:**
ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ

**എഫ് ഡി എ:**
വന വികസന ഏജൻസി

**എഫ്.പി.ഒ:**
ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ

**എഫ്.ടി.എ:**
ഫ്രീ ട്രേഡ് എഗ്രിമെന്റ്

**ജിഡിപി:**
മൊത്തം ആഭ്യന്തര ഉൽപ്പാദനം

**ജി.ഐ.എസ്:**
ജ്യോഗ്രാഫിക് ഇൻഫർമേഷൻ സിസ്റ്റം

**ജിഎൻഐ:**
മൊത്തം ദേശീയ വരുമാനം

**ജിഎസ്ഡിപി:**
മൊത്തം സംസ്ഥാന ആഭ്യന്തരോൽപ്പന്നം

**ജി.എസ്.വി.എ:**
ഗ്രോസ് സ്റ്റേറ്റ് വാല്യൂ ആഡഡ്

**ജിവിഎ :**
ഗ്രോസ് വാല്യൂ ആഡഡ്

**ജി ഒ ഐ :**
ഗവൺമെന്റ് ഓഫ് ഇന്ത്യ

**എച്ച് ഡി സി കെ :**
ഹാന്റ്റിക്രാഫ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള

**ഹഡ്കോ:**
ഹൗസിംഗ് ആന്റ് അർബൻ ഡവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്

**ഐഐഐറ്റിഎംകെ:**
ഇന്ത്യൻ ഇൻസ്റ്റിട്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് കേരള

**ഐ.പി.ബി.ഇ.എസ്:**
ഇന്റർ ഗവൺമെന്റൽ സയൻസ് പോളിസി പ്ലാറ്റ്ഫോം ഓൺ ബയോഡൈവേഴ്സിറ്റി ആന്റ് ഇക്കോസിസ്റ്റം സർവ്വീസസ്

**ഐഡബ്ല്യുആർഎം:**
ഇന്റഗ്രേറ്റഡ് വാട്ടർ റിസോഴ്സ് മാനേജ്മെന്റ്

**ജെഐസിഎ:**
ജപ്പാൻ ഇന്റർനാഷണൽ കോർപ്പറേഷൻ ഏജൻസി

**ജെജെ:**
ജുവനൈൽ ജസ്റ്റിസ്

**ജെഎൻറ്റിബിജിആർഐ:**
ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**കെ.എ.ആർ.എസ്.എ.പി:**
കേരള ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് സ്ട്രാറ്റജിക് ആക്ഷൻ പ്ലാൻ

**കെഎഎസ്പി:**
കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി

**കാവിൽ:**
കേരള അക്വാ വെഞ്ച്വേഴ്സ് ഇന്റർനാഷണൽ ലിമിറ്റഡ്

**കെ.സി.സി:**
കിസാൻ ക്രെഡിറ്റ് കാർഡ്

**കെ സി ഇ എം എസ്:**
കേരള ക്യാപ്റ്റീവ് എലിഫെന്റ് മാനേജ്മന്റ് സിസ്റ്റം

**കെ.സി.എം.എം.എഫ്:**
കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ

**കെഇഎസ്ആർയു:**
കേരള സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ ദി രജിസ്റ്റേർഡ് അൺ എംപ്ലോയ്ഡ്

**കെ.എഫ്.ഡബ്ല്യു.എഫ്.ബി:**
കേരള ഫിഷർമെൻസ് വെൽഫെയർ ഫണ്ട് ബോർഡ്

**കെ.ഐ.ഐ.എഫ്.ബി:**
കേരളാ ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ്

**കിൻഫ്ര:**
കേരള ഇൻഡസ്ട്രീയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ

**കെഐറ്റിറ്റിഎസ്:**
കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ്

**കൈറ്റ്:**
കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യുക്കേഷൻ

**കെ.കെ.എസ്:**
കാർഷിക കർമ്മ സേന

**കെ.എൽ.ഡി.ബി:**
കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്

**കെ–ഫോൺ:**
കേരള ഫൈബർ ഒപ്റ്റിക്ക് നെറ്റ് വർക്ക്

**കെആർഡിസിഎൽ:**
കേരള റെയിൽ വികസന കോർപ്പറേഷൻ

**കെആർഎഫ്ബി:**
കേരള റോഡ് ഫണ്ട് ബോർഡ്

**കെ.എസ്.എ.എം.എം:**
കേരളാ സ്റ്റേറ്റ് അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ മിഷൻ

**കെ എസ് ബി ബി:**
കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്

**കെ.എസ്.സി.എ.ഡി.സി:**
കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ

**കെഎസ്ഇബിഎൽ:**
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

**കെഎസ്ഇആർസി:**
കേരള സംസ്ഥാന വൈദ്യുതി നിയന്ത്രണ കമ്മീഷൻ

**കെ.എസ്.ഐ.ഡി.സി:**
കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ

**കെഎസ്ഐഇ:**
കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്

**കെഎസ്ഐഎൻസി:**
കേരള ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ്

**കെഎസ്ഐടിഐഎൽ:**
കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്

**കെ.എസ്.ഐ.ടി.എം:**
കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷൻ

**കെഎസ്എൽഎംഎ:**
കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി

**കെ എസ് പി സി ബി:**
കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

**കെ.എസ്.പി.ഡി.സി:**
കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ

**കെ.എസ്.എൽ.എം.എ:**
കേരള സാക്ഷരത മിഷൻ അതോറിറ്റി

**കെ.സ്വിഫ്റ്റ് :**
വേഗതയേറിയതും സുതാര്യവുമായ ഓൺ ലൈൻ ഏകജാലക ക്ലിയറൻസ് സംവിധാനം

**കെ.വി.എ.എസ്.യു:**
കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി

**എൽഎഫ് പിആർ:**
ലേബർ ഫോഴ്സ് പങ്കാളിത്ത നിരക്ക്

**എൽജിഎസ്:**
ലോക്കൽ ഗവൺമെന്റുകൾ

**ലൈഫ് :**
ലൈവ്ലിഹുഡ് ഇൻക്ലൂഷൻ ആൻഡ് ഫൈനാൻഷ്യൽ എംപവർമെന്റ്

**എൽപിജി:**
ദ്രവീകൃത പെട്രോളിയം ഗ്യാസ്

**എൽ.എസ്.ജി.ഡി:**
ലോക്കൽ സെൽഫ് ഗവൺമെന്റ് ഡിപ്പാർട്ട്മെന്റ്

**എം.ഡി.ഡി.റ്റി:**
മൾട്ടി ഡിസിപ്ലിനറി ഡയഗ്നോസ്റ്റിക് ടീം

**എം.എഫ്.പി:**
ചെറുകിട വന ഉൽപ്പന്നങ്ങൾ

**എംജിഎൻആർഈജിഎസ്:**
മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴില് ഉറപ്പ് പദ്ധതി.

**എം.പി.ഐ:**
മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ

**എം.എസ്.എം.ഇ:**
മൈക്രോ സ്മാൾ മീഡിയം എന്റർപ്രൈസസ്

**എംറ്റി:**
മെട്രിക് ടൺ

**നബാർഡ്:**
ദേശീയ കാർഷിക ഗ്രാമ വികസന ബാങ്ക്

**എൻ.എ.ബി.എൽ:**
നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആന്റ് കാലിബ്രേഷൻ ലബോറട്ടറീസ്

**എൻ.എ.എഫ്.ഇ.ഡി:**
നാഷണൽ അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ്

**എൻ.എ.എം.പി:**
നാഷണൽ ആംബിയന്റ് എയർ ക്വാളിറ്റി മോണിറ്ററിംഗ് പ്രോഗ്രാം

**എൻ എ പി സി സി:**
കാലാവസ്ഥാ വ്യതിയാനത്തിനായുള്ള ദേശീയ കർമ്മ പദ്ധതി

**എൻ.സി.ഡി.സി:**
നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷൻ

**എൻ.ഡി.ഡി.ബി:**
നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡ്

**എൻഡിപി:**
അറ്റ ആഭ്യന്തരോൽപ്പന്നം

**എൻഡിപിഎസ്:**
നർക്കോട്ടിക്ക് ഡ്രഗ്സ് ആന്റ് സൈക്കോട്രോപിക് സബ്സ്റ്റൻസ്

**എൻഇറ്റിഎഫ്.ഐഎസ്എച്ച്:**
നെറ്റ്വർക്ക് ഫോർ ഫിഷ് ക്വാളിറ്റി മാനേജ്മന്റ് ആന്റ് സസ്റ്റൈനബിൾ ഫിഷിംഗ്

**എൻഎഫ്എച്ച്എസ്:**
ദേശീയ കുടുംബ ആരോഗ്യ സർവേ

**എൻഎഫ്എസ്എ:**
ദേശീയ ഭക്ഷ്യസുരക്ഷാ നിയമം

**എൻഎച്ച്എഐ:**
നാഷണൽ ഹൈവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ

**എൻഎച്ച്എം:**
ദേശീയ ആരോഗ്യ ദൗത്യം

**എൻഎൻഐ:**
അറ്റ ദേശീയ വരുമാനം

**നോർക്ക:**
നോൺ റസിഡന്റ് കേരള അഫയേഴ്സ്

**എൻ.പി.സി.എ:**
അക്വാട്ടിക് ഇക്കോസിസ്റ്റംസ് സംരക്ഷണത്തിനുള്ള ദേശീയ പദ്ധതി

**എൻപിഎസ്:**
മുൻഗണന ഇതര സബ്സിഡി

**എൻ.ആർ.സി.ബി:**
നാഷണൽ റിസർച്ച് സെന്റർ ഫോർ ബനാന

**എൻ.എസ്.ഒ:**
നാഷണൽ സ്റ്റാസ്റ്റിക്കൽ ഓഫീസ്

**എൻ.എസ്.എസ്:**
നാഷണൽ സാമ്പിൾ സർവേ

**എൻഎസ്എസ്ഒ:**
നാഷണൽ സാമ്പിൾ സർവേ ഓർഗനൈസേഷൻ

**എൻ.റ്റി.എഫ്.പി:**
തടി ഇതര വന ഉൽപ്പന്നം

**എൻയുഎഎൽഎസ്:**
നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്

**എൻയുഎൽഎം:**
ദേശീയ നഗര ഉപജീവന ദൗത്യം

**എൻ.ഡബ്ല്യു.എം.പി:**
നാഷണൽ വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് പ്രോഗ്രാം

**ഒ.എഫ്.പി:**
ഓപ്പറേഷൻ ഫ്ലഡ് പ്രോഗ്രാം

**പി.ബി.ആർ:**
പീപ്പിൾസ് ജൈവവൈവിധ്യ രജിസ്റ്റർ

**പിഡിഎസ്:**
പൊതു വിതരണ സമ്പ്രദായം

**പിഎഫ്എംഎസ്:**
പബ്ലിക് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം

**പിഎഫ്ആർ:**
പ്രോഗ്രാം ഫോർ റിസൾട്ട്

**പിഎച്ച്എച്ച് :**
മുൻഗണനാ കുടുംബം

**പിഎൽഎഫ്എസ്:**
ആനുകാലിക ലേബർ ഫോഴ്സ് സർവേ

**പി.പി.സി:**
പ്രൈമറി പ്രോസസ്സിംഗ് സെന്റേഴ്സ്

**പ്രൗഡ്:**
പ്രോഗ്രാം ഫോർ റിമൂവൽ ഓഫ് അൺയൂസ്ഡ് ഡ്രഗ്സ്

**പി.എസ്.യു:**
പബ്ലിക് സെക്ടർ അണ്ടർടേക്കിംഗ്

**ആർബിസിഎംഎ:**
റിവർ ബേസിൻ കൺസ്ട്രക്ഷൻ ആന്റ് മാനേജ്മെന്റ് അതോറിറ്റി

**ആർബിഡിസികെ:**
റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള

**ആർസിസി:**
പ്രാദേശിക കാൻസർ സെന്റർ

**ആർ.സി.ഇ.പി:**
റീജിയണൽ കോംപ്രിഹെൻസീവ് ഇക്കണോമിക് പാർടനർഷിപ്പ്

**ആർകെഡിപി:**
കേരള പുനർനിർമ്മാണ വികസന പരിപാടി

**ആർ.കെ.ഐ:**
റീബിൽഡ് കേരള ഇനിഷിയേറ്റീവ്

**റൂസ:**
രാഷ്ട്രീയ ഉച്ചതാർ ശിക്ഷാ അഭിയാൻ

**എസ്എഫ്:**
സൊസൈറ്റി ഫോർ അസിസ്റ്റന്റ്സ് ടു ഫിഷർവിമൺ

**എസ്.എ.എം.പി:**
സംസ്ഥാന ആംബിയന്റ് എയർ ക്വാളിറ്റി മോണിറ്ററിംഗ് പ്രോഗ്രാം

**എസ്.എ.പി.സി.സി:**
കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള സംസ്ഥാന പ്രവർത്തന പദ്ധതി

**എസ്.ഡി.ജി:**
സസ്റ്റെയിനബിൾ ഡവലപ്മെന്റ് ഗോൾ

**എസ്.എഫ്.എ.സി :**
സ്മാൾ ഫാർമേഴ്സ് അഗ്രിബിസിനസ്സ് കൺസോർട്ടിയം

**എസ്എഫ്സി:**
സംസ്ഥാന ധനകാര്യ കമ്മീഷൻ

**ഷീ:** സ്കീം ഫോർ ഹെർ എംപവർമെന്റ് ഇൻ എഞ്ചിനീയറിംഗ് എഡ്യൂക്കേഷൻ

**എസ്.എച്ച്.ജി സ്:**
സെൽഫ് ഹെൽപ് ഗ്രൂപ്സ്

**എസ്.എച്ച്.എം:**
സ്റ്റേറ്റ് ഹോർട്ടീക്കൾച്ചർ മിഷൻ

**എസ് ഐ–എം ഇ റ്റി:**
സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആൻഡ് ടെക്നോളജി

**എസ്.ജെ.ഡി:**
സാമൂഹിക നീതി വകുപ്പ്

**എസ് എൽ ബി സി:**
സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി

**എസ്.എൽ.ബി.പി:**
സ്പെഷ്യൽ ലൈവ്സ്റ്റോക്ക് ബ്രീഡിംഗ് പ്രോഗ്രാം

**എസ്എൽഇസി:**
സംസ്ഥാനതല എംപവേർഡ് കമ്മിറ്റി

**എസ്.എം.പി:**
സ്കിംഡ് മിൽക്ക് പൗഡർ

**എസ് ഒ എൻ റ്റി ആർ:**
സംസ്ഥാനത്തിന്റെ തനത് നികുതി ഇതര വരുമാനം

**എസ് ഒ റ്റി ആർ:**
സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം

**എസ് പി ബി:**
സംസ്ഥാന ആസൂത്രണ ബോർഡ്

**സപ്ലൈകോ:**
കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ്

**എസ്.ഡബ്ല്യു.എം.പി:**
സ്റ്റേറ്റ് വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് പ്രോഗ്രാം

**എസ്ഡബ്ല്യുടിഡി:**
സംസ്ഥാന ജലഗതാഗത വകുപ്പ്

**ടിഡിഎസ്:**
ടാർജറ്റ്ഡ് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം

**റ്റി എസ് ജി:**
സാങ്കേതിക പിന്തുണ ഗ്രൂപ്പുകൾ

**യുഎൻ ഡിഇഎസ്എ:**
യുണൈറ്റഡ് നേഷൻസ് ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക് ആന്റ്സോഷ്യൽ അഫയേഴ്സ്

**യു.പി.എ.എസ്.ഐ:**
യുണൈറ്റഡ് പ്ലാന്റേഴ്സ് അസോസ്സിയേഷൻ ഓഫ് സതേൺ ഇന്ത്യ

**വി.എ.റ്റി:**
മൂല്യവർധിത നികുതി

**വി.എഫ്.പി.സി.കെ:**
വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരള

**വി.എസ്.എസ്:**
വനസംരക്ഷണ സമിതികൾ

**ഡബ്ല്യു എച്ച് ഒ:**
ലോകാരോഗ്യ സംഘടന

**ഡബ്ല്യു.പി.ഐ:**
മൊത്ത വില സൂചിക

**ഡബ്ല്യു പി ആർ:**
തൊഴിലാളി ജനസംഖ്യാ അനുപാതം



കേരള സർക്കാർ

# സാമ്പത്തിക അവലോകനം 2021

കേരള സംസ്ഥാന ആസൂത്രണ ബോർഡ്

രൂപകല്പന സി-ഡിറ്റ്, WWW.CDIT.ORG
സർക്കാർ മുദ്രാലയം

